ജില്ലാ പദ്ധതി

കാസറഗോഡ്

ഭാഗം -1

ജില്ലാ ആസൂത്രണ സമിതി

മുഖ്യ ഉപദേഷ്ടാക്കൾ

ശ്രീ. എ.ജി.സി.ബഷീർ (പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത് & ചെയർമാൻ ജില്ലാ ആസൂത്രണ സമിതി)
ശ്രീ. ജീവൻബാബു.കെ. IAS (ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി)

പത്രാധിപ സമിതി

ഡോ. വി.പി.പി. മുസ്തഫ (ഡി.പി.സി. അംഗം)
ശ്രീ. കെ. ബാലകൃഷ്ണൻ (ഡി.പി.സി. സർക്കാർ നോമിനി)
ശ്രീ. കെ.എം. സുരേഷ്, ജില്ലാ പ്ലാനിംഗ് ഓഫീസർ
ശ്രീ. പി.വി. പത്മനാഭൻ, ജില്ലാ ഫെസിലിറ്റേറ്റർ, ജനകീയാസൂത്രണം
ശ്രീ. കെ.വി രാജീവ് കുമാർ, പി.എ ടു എം.പി & സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്
ശ്രീ. രവീന്ദ്രൻ പലേരി, ഡെ. ഡയറക്ടർ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
ശ്രീ. കെ.വിനോദ് കുമാർ, പഞ്ചായത്ത് ഡെ. ഡയറക്ടർ ഇൻ-ചാർജ്ജ്
ശ്രീ. നിനോജ് മേപ്പടിയത്ത്, അസി. ജില്ലാ പ്ലാനിംഗ് ഓഫീസർ
ശ്രീമതി. ജിജി ഭാസ്കരൻ, അസി. ടൗൺ പ്ലാനർ
ശ്രീ. എം. കണ്ണൻ നായർ, പഞ്ചായത്ത് അസി. ഡയറക്ടർ ഇൻ-ചാർജ്ജ്
ശ്രീ. എം. പി. സുബ്രഹ്മണ്യൻ, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ
ശ്രീ. എം. ഗംഗാധരൻ നായർ, ലൈഫ് മിഷൻ ജില്ലാ കോർഡിനേറ്റർ
ശ്രീ. പ്രദീഷ്. എ, റിസർച്ച് ഓഫീസർ
ശ്രീ. റിജു മാത്യു, റിസർച്ച് ഓഫീസർ
ശ്രീ. ഇ. ഗംഗാധരൻ നായർ, കില ഫാക്കൽട്ടി
ശ്രീ. എച്ച്. കൃഷ്ണ, കിലാ ഫാക്കൽട്ടി
ശ്രീ. സുനിൽ കുമാർ ഫിലിപ്പ്, റിസർച്ച് അസിസ്റ്റന്റ്
ശ്രീ. നിർമ്മൽ റോയ്. വി.പി., റിസർച്ച് അസിസ്റ്റന്റ്

കോർ ടീം

ശ്രീ. കെ.എം. സുരേഷ്, ജില്ലാ പ്ലാനിംഗ് ഓഫീസർ
ഡോ. പി.വി. കൃഷ്ണകുമാർ, പ്രോജക്ട് അസോസിയേറ്റ്
ശ്രീ. കെ.വി രാജീവ് കുമാർ, പി.എ ടു എം.പി & സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്
ശ്രീ. കെ. ബാലകൃഷ്ണൻ, ഡി.പി.സി. സർക്കാർ നോമിനി
ശ്രീ. പി.വി. പത്മനാഭൻ, ജില്ലാ ഫെസിലിറ്റേറ്റർ, ജനകീയാസൂത്രണം
ശ്രീ. നിനോജ് മേപ്പടിയത്ത്, അസി. ജില്ലാ പ്ലാനിംഗ് ഓഫീസർ

പ്രിന്റിംഗ്
കാസറഗോഡ് പ്രിന്റിംഗ് & മൾട്ടി ഇൻഡസ്ട്രിയൽ
കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കാസറഗോഡ്

കോപ്പി: 200

പ്രസാധനം:
ജില്ലാ ആസൂത്രണസമിതി, കാസറഗോഡ്

കേരള സർക്കാർ

പിണറായി വിജയൻ
മുഖ്യമന്ത്രി

നം.396/പ്രസ്/സി.എം.ഒ/2018

സന്ദേശം

ഈ സർക്കാർ വന്നശേഷം ജനകീയാസൂത്രണത്തിൽ വലിയ മാറ്റങ്ങളാണ് ഉണ്ടായത്. 2018-19 ലെ പ്രാദേശിക പദ്ധതികൾ നടപ്പാക്കാൻ ഒരു വർഷം ലഭിക്കുമെന്നത് പദ്ധതി ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും ചരിത്രനേട്ടമായി നമുക്ക് അഭിമാനിക്കാൻ കഴിയും. പദ്ധതി തയ്യാറാക്കാൻ എട്ടു മാസം, നടപ്പാക്കാൻ നാലു മാസം എന്ന രീതിക്ക് അവസാനമായി. 2018-19 ലെ പ്രാദേശിക പദ്ധതികൾ മാർച്ച് 31ന് മുമ്പ് തയ്യാറാക്കി ഏപ്രിൽ ഒന്നിനു നിർവ്വഹണം ആരംഭിക്കുകയാണ്. പദ്ധതി നടപ്പാക്കാൻ ഒരു വർഷം പൂർണ്ണമായി ലഭിക്കും എന്നതാണ് ഇതിന്റെ നേട്ടം.

ജില്ലാ ആസൂത്രണ സമിതികളുടെ നേതൃത്വത്തിൽ ജില്ലാ പദ്ധതി രൂപീകരണം ഈ വർഷം യാഥാർത്ഥ്യമായിരിക്കുകയാണ്. അധികാര വികേന്ദ്രീകരണത്തിൽ ഒരു ചുവടുകൂടി നാം മുന്നോട്ടു വയ്ക്കുന്നു എന്നാണ് ഇതിനർത്ഥം. പതിനാലു ജില്ലകളിലും ജില്ലാ പദ്ധതി പൂർത്തിയായിക്കഴിഞ്ഞു.

സംസ്ഥാന സർക്കാരിന്റെ വികസന ലക്ഷ്യങ്ങൾ കൂടി കണക്കിലെടുത്തുവേണം ജില്ലയുടെ വികസന ലക്ഷ്യങ്ങൾ നിശ്ചയിക്കാനെന്ന് നേരത്തേതന്നെ നിർദ്ദേശിച്ചിരുന്നു. കാസറഗോഡ് ജില്ലാപദ്ധതിയും ആ രീതിയിലാണ് തയ്യാറാക്കിയതെന്ന് മനസ്സിലാക്കുന്നു. ജില്ലയുടെ വികസന ലക്ഷ്യങ്ങൾ സാധ്യമാക്കാൻ എല്ലാ വികസന ഏജൻസികളും കൂട്ടായി ശ്രമിക്കേണ്ടതുണ്ട്. പൊതുജന പങ്കാളിത്തമാണ് പദ്ധതി നടത്തിപ്പിൽ ഏറ്റവും പ്രധാനം.

സർക്കാരിന്റെ വികസന ലക്ഷ്യങ്ങൾക്കനുസൃതമായി ജില്ലാപദ്ധതി തയ്യാറാക്കിയ കാസറഗോഡ് ആസൂത്രണ സമിതിയെ അഭിനന്ദിക്കുന്നു. പദ്ധതി നിർവ്വഹണം വിജയമാകട്ടെ എന്ന് ആശംസിക്കുന്നു.

പിണറായി വിജയൻ

ഡോ. കെ. ടി. ജലീൽ
തദ്ദേശസ്വയംഭരണം, ന്യൂനപക്ഷ കേന്ദ്രം
വഖഫ് & ഹജ്ജ് വകുപ്പുമന്ത്രി
കേരള സർക്കാർ

13.04.2018

നം.396/പ്രസ്/സി.എം.ഒ/2018

സന്ദേശം

വികസന പദ്ധതികളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള സംയോജനവും വികസന പ്രവർത്തനങ്ങളുടെ കുറ്റമറ്റ ഏകോപനവും ലക്ഷ്യമിടുന്ന ജില്ലാ പദ്ധതികൾ സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് കരുത്തുപകരുന്നത് ആഹ്ലാദകരമാണ്. കാസർഗോഡ് ജില്ലയുടെ വികസനത്തിന് ദിശാബോധവും വേഗവും പകരുന്ന ഈ പദ്ധതി, പ്രാദേശിക സർക്കാരുകളുടെയും വിവിധ വകുപ്പുകളുടെയും വികസന ഏജൻസികളുടെയും മുൻകൈ പ്രവർത്തനങ്ങളുടെ സമ്പൂർണ്ണ സംയോജനം സാധ്യമാക്കുന്ന ഒരു മാതൃകാ പദ്ധതിയാവട്ടെ എന്നാശംസിക്കുന്നു.

സ്നേഹപൂർവ്വം

ഡോ. കെ.ടി.ജലീൽ

ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവന നിർമാണവും വകുപ്പുമന്ത്രി
കേരള സർക്കാർ

സന്ദേശം

സമൂഹത്തോടും പരിസ്ഥിതിയോടും ഭാവിയോടും നീതി പുലർത്തുന്ന ഒരു ജനപക്ഷ വികസന സങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ മുന്നോട്ടുവെച്ച നിർദ്ദേശങ്ങളനുസരിച്ച് തയ്യാറാക്കിയ ജില്ലാ വികസന പദ്ധതി കാസറഗോഡ് ജില്ലയുടെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിന്റെ കരുത്തുറ്റ മാർഗ്ഗരേഖയായിത്തീരട്ടെ എന്നാശംസിക്കുന്നു.

സ്നേഹപൂർവ്വം

ഇ.ചന്ദ്രശേഖരൻ

ഡോ.വി.കെ.രാമചന്ദ്രൻ
സംസ്ഥാന ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ

സന്ദേശം

ഈ സർക്കാരിന്റെ ആദ്യ തീരുമാനങ്ങളിലൊന്നായിരുന്നു കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക വികസനത്തിന് വഴികാട്ടുന്നതിനായി പഞ്ചവത്സര വാർഷിക പദ്ധതികൾ തുടരുക എന്നത്. ആസൂത്രണപ്രക്രിയ തുടരുമെന്ന് പ്രതിജ്ഞയെടുത്തിട്ടുള്ള ഏക സംസ്ഥാനമാണ് കേരളം. കേരളത്തിലെ ആസൂത്രണപ്രക്രിയയിലെ ഒരു പ്രധാന ഘടകമാകുന്നു വികേന്ദ്രീകൃത ആസൂത്രണം. 73, 74 ഭരണഘടനാ ഭേദഗതികളും തുടർന്നുള്ള സംസ്ഥാന നിയമങ്ങളും തദ്ദേശഭരണ സംവിധാനങ്ങൾക്കും കേരളത്തിലെ വികേന്ദ്രീകൃത, പങ്കാളിത്ത ആസൂത്രണത്തിനും വ്യവസ്ഥ ചെയ്യുന്നതാണ്.

തദ്ദേശസ്വയം ഭരണ സംവിധാനവുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ അനുഭവം മൂന്നു പ്രധാന രീതിയിൽ വ്യത്യസ്തമാണ്. ഒന്നാമത്തേത്, മറ്റെല്ലായിടത്തെക്കാളും കേരളത്തിലെ സാമ്പത്തിക അധികാര കൈമാറ്റം വളരെ പ്രധാനപ്പെട്ടതാണ്. രണ്ടാമത്തേത്, പദ്ധതികൾ രൂപപ്പെടുത്തുന്നതിലും നടപ്പാക്കുന്നതിലും തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് മറ്റെല്ലായിടത്തേക്കാളും കേരളത്തിൽ വലുതാണ്. മൂന്നാമത്തേത്, മറ്റെവിടുത്തെക്കാളും വികസന ആസൂതണത്തിൽ ജനങ്ങളുടെ പങ്കാളിത്തത്തിന്റെ വ്യാപ്തി വളരെക്കൂടുതലാണ്.

ജില്ലയിലെ വിവിധ തലങ്ങളിലുള്ള പ്രാദേശിക സർക്കാരുകൾ, പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ - തയ്യാറാക്കിയ വികസന പദ്ധതികൾ ഏകോപിപ്പിക്കുക എന്നത് ജില്ലാ ആസൂത്രണ സമിതികളുടെ ഒരു ഭരണഘടനാ ചുമതലയാണ്. ഈ ഭരണഘടനാ ചുമതല നിറവേറ്റുന്നതിനുള്ള ശ്രമത്തിന്റെ ഏറ്റവും ഉന്നതസ്ഥാനത്താണ് കേരളത്തിലെ ജില്ലാ പദ്ധതികൾ തയ്യാറാക്കുകയെന്നത്. ജില്ലാ പദ്ധതികൾ വിവിധ വിദഗ്ദ്ധരും ഇതുമായി ബന്ധപ്പെട്ടവരുമൊക്കെയായി നടത്തിയ അനേകം കൂടിയാലോചനകളുടെ പരിണിതഫലമാണ്. സ്ഥലസംബന്ധിയായവയുടെ സംയോജനം (Spatial integration) മേഖലാതല സംയോജനം, വിഭവങ്ങളുടെ സംയോജനം എന്നിവയിലൂടെ ജില്ലകളിൽ സന്തുലിതവും സംയോജിതവുമായ വികസനം നേടുകയെന്നത് ജില്ലാ പദ്ധതി രൂപീകരണം ലക്ഷ്യമിടുന്നു. ഇത് ജില്ലകളിലെ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും സംസ്ഥാന-ദേശീയ മുൻഗണനകളുമായി കൂടുതൽ സുതാര്യവും ചേർന്നു നിൽക്കുന്നതുമായ ബന്ധം കെട്ടിപ്പടുക്കുകയും ചെയ്യും.

ജില്ലാ പദ്ധതി രൂപീകരിക്കുന്നതിനുവേണ്ടി പ്രയത്നിച്ച ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിവിധ ഏജൻസികൾ, വിദഗ്ദ്ധർ എന്നിവരെ ഞാൻ അഭിനന്ദിക്കുകയും അതിന്റെ വിജയകരമായ നടപ്പാക്കലിന് എല്ലാവിധ ആശംസകളും നേരുകയും ചെയ്യുന്നു.

ഡോ.വി.കെ. രാമചന്ദ്രൻ

എ.ജി.സി.ബഷീർ
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് &
ചെയർമാൻ, ജില്ലാ ആസൂത്രണ സമിതി, കാസറഗോഡ്

ജില്ല വികസന കുതിപ്പിലേക്ക്

അധികാരവികേന്ദ്രീകരണം സ്വായത്തമാക്കുന്നതിനായി നടന്ന 73, 74 ഭരണഘടനാ ഭേദഗതിയുടെ രജതജൂബിലി വർഷത്തിൽ ജില്ലാ ആസൂത്രണസമിതിയുടെ സുപ്രധാന കർത്തവ്യമായ ജില്ലാപദ്ധതി രൂപീകരണം യാഥാർത്ഥ്യമാക്കുവാൻ കഴിഞ്ഞതിൽ അതിയായ ചാരിതാർത്ഥ്യമുണ്ട്. ദശാബ്ദക്കാലം മുൻപ് ജില്ലാ പദ്ധതി തയ്യാറാക്കിയെങ്കിലും അത് പ്രവർത്തന പഥത്തിലേക്ക് എത്തിക്കുവാൻ സാധിച്ചില്ല. വികേന്ദ്രീകൃതാസൂത്രണം യാഥാർത്ഥ്യമാക്കുന്നതിൽ ജില്ലാ പദ്ധതിക്ക് നിർണ്ണായകമായ സ്ഥാനമാണ് വിഭാവനം ചെയ്തിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ജില്ലാപദ്ധതി വിഷയത്തിൽ ഇച്ഛാശക്തിയോടെയുള്ള ഉറച്ച കാൽവയ്പാണ് സർക്കാർ നടത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ സർക്കാരിൽ നിന്ന് 2017 സെപ്റ്റംബർ മാസത്തിൽ പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി രൂപീകരണത്തിൽ സംസ്ഥാന ആസൂത്രണബോർഡ്, കില എന്നിവയുടെ കൂട്ടായ മാർഗ്ഗനിർദ്ദേശവും ജില്ലാ ആസൂത്രണസമിതിയുടെ നേതൃപാടവവും ഫലപ്രദമായി സമന്വയിപ്പിച്ചിട്ടുണ്ട്.

ഭരണഘടനയുടെ അനുച്ഛേദം 243 ZD പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ജില്ലാ ആസൂത്രണ സമിതിയുടെ മുഖ്യ ചുമതലയാണ് ജില്ലാ പദ്ധതി തയ്യാറാക്കൽ. സർക്കാർ വകുപ്പുകൾ, പ്രാദേശിക സർക്കാരുകൾ, ഏജൻസികൾ തുടങ്ങി വികസനത്തിന്റെ മേഖലയിൽ ഇടപെടുന്ന ഓരോ യൂണിറ്റിനും ദിശാബോധം നൽകുന്നതിന് സഹായിക്കുന്നതും ജില്ലയുടെ സമഗ്ര വികസനം വിഭാവനം ചെയ്യുന്നതുമായ ഒരു രേഖയാണല്ലോ ജില്ലാ പദ്ധതി. പ്രാദേശിക സർക്കാരുകൾ തയ്യാറാക്കുന്ന പദ്ധതിയുടെ ഏകോപന സംയോജന ചുമതല ജില്ലാ ആസൂത്രണ സമിതിക്കാണ്. ജില്ലയുടെ സമഗ്രവികസനം വിഭാവനം ചെയ്യുന്നതും വികസന വിടവുകൾ കണ്ടെത്തി ജില്ലാതല ലക്ഷ്യങ്ങളും മുൻഗണനകളും നിശ്ചയിക്കുന്നതും പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് ഏറ്റെടുത്ത പ്രവർത്തനങ്ങൾക്ക് ദിശാനിർണ്ണയം ചെയ്യുന്നതുമാണ് ജില്ലാ പദ്ധതി. ജില്ലയിൽ ലഭ്യമായ മനുഷ്യ, പ്രകൃതി, ധന, സ്ഥാപന വിഭവങ്ങളെ ഫലപ്രദമായി ഉപയോഗിക്കുന്നതിനും പരിപാടികളുടെ സമന്വയം പരമാവധി ഉറപ്പാക്കുന്നതിനും വികസന പ്രശ്നങ്ങൾ സംയുക്തമായി പരിഹരിക്കുന്നതിനുമുള്ള സാധ്യതകളാണ് ജില്ലാ പദ്ധതിയിലൂടെ ഉറപ്പു വരുത്തുന്നത്.

മറ്റു ജില്ലകളിൽ നിന്ന് വിഭിന്നവും സവിശേഷവുമായ സാഹചര്യമാണ് കാസറഗോഡിനുള്ളത്. വികസനത്തിന്റെ വിശാലവീഥിയിൽ നമ്മുടെ ജില്ലാ പദ്ധതി ഏറെ പ്രസക്തമാകുന്നതും അതുകൊണ്ടാണ്. ഭൂവിസ്തൃതി താരതമ്യേന കുറഞ്ഞ നമ്മുടെ ജില്ലയിലൂടെയാണ് സംസ്ഥാനത്തെ 44 നദികളിൽ 12 എണ്ണവും ഒഴുകുന്നത്. കായൽ, കുളം, തോട് തുടങ്ങി 500

ഹെക്ടറോളം ജലാശയങ്ങൾ ജില്ലയെ ജലസമൃദ്ധമാക്കുന്നുണ്ട്. ജില്ലയുടെ തനതു ജലസ്രോതസ്സുകളായ പള്ളങ്ങളും, സുരങ്കങ്ങളും ലോക പൈതൃകപട്ടികയിൽ ഇടംപിടിക്കാൻ സാധ്യതയുള്ളതാണ്. ജലസംഭരണികളായ ചെങ്കൽക്കുന്നുകളും തണ്ണീർത്തടങ്ങളും ജില്ലയുടെ വൈവിധ്യത്തിന്റെ മറ്റൊരുതലം കൂടിയാണ്. ഭൂപ്രകൃതിയുടെ കാര്യത്തിൽ ഒരു ഭാഗത്ത് ചെങ്കുത്തായ മലനിരകളും മറുഭാഗത്ത് വിശാലമായ 86 കിലോമീറ്ററോളം ദൈർഘ്യമുള്ള കടലോരവും ഇടയിൽ കാർഷിക സമൃദ്ധമായ ഭൂപ്രദേശങ്ങളും ജില്ലയുടെ പ്രകൃതി വിഭവ വൈവിധ്യത്തിന് മാറ്റുകൂട്ടുന്നു.

സംസ്ഥാനത്ത് നിലവിൽ ജൈവ ജില്ലയായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത് നമ്മുടെ ജില്ല മാത്രമാണ്. ജനസംഖ്യയിൽ ഗണ്യമായ വിഭാഗം കാർഷിക വൃത്തിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. നെല്ല്, തെങ്ങ്, കവുങ്ങ്, കുരുമുളക്, കശുവണ്ടി, റബ്ബർ തുടങ്ങിയവയാണ് ജില്ലയിലെ പ്രധാന കാർഷിക വിഭവങ്ങൾ. സമ്പന്നമായ ജൈവ വൈവിധ്യമുള്ള ജില്ലയാണ് കാസറഗോഡ്. ലോകത്തിലെതന്നെ വലിപ്പം കുറഞ്ഞ പശുക്കളിൽ ഒന്നാണ് കാസറഗോഡ് കുള്ളൻ. സംസ്ഥാനത്തെ ഏറ്റവും കൂടുതൽ പ്രവാസികളുള്ള ജില്ലകളിലൊന്നാണ് കാസറഗോഡ്. പ്രതിവർഷം 3700 കോടിയോളം രൂപ പ്രവാസികളുടെ വരുമാനയിനത്തിൽ ജില്ലയ്ക്ക് ലഭിക്കുന്നുണ്ട്. 13,000 ഹെക്ടറോളം കൃഷിയോഗ്യമായ തരിശുഭൂമിയുള്ള ജില്ലയിൽ വ്യവസായവികസനത്തിന് സാധ്യമായ പൊതുഭൂമിയും ഏറെയുണ്ട്. രാജ്യാന്തര ടൂറിസം ഭൂപടത്തിലിടം നേടിയ ബേക്കൽ പൈതൃക ഉത്തരവാദിത്വ ടൂറിസത്തിന് ജില്ലയിൽ അനന്തവിഹായുസ്സ് ഒരുക്കുമെന്ന് പ്രതീക്ഷിക്കാം. ഇതിന്റെ മുന്നൊരുക്കമെന്ന നിലയിൽ ശുപാർശ ചെയ്യപ്പെട്ട പെരിയ എയർസ്ട്രിപ്പ് യാഥാർത്ഥ്യമാകുന്നതിനുള്ള ശ്രമങ്ങൾക്ക് ജില്ലാ പഞ്ചായത്ത് തുടക്കം കുറിച്ചിട്ടുണ്ട്. ജില്ല ഊർജ്ജ സ്വയം പര്യാപ്തത നേടുന്നതിന്റെ ഭാഗമായി, ആറോളം ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രവർത്തിപഥത്തിലെത്തിക്കേണ്ടതുണ്ട്. അതുപോലെ ജില്ലയുടെ വ്യവസായ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നതിന് ഇൻവെസ്റ്റേർസ് മീറ്റ് നടത്തുന്നതിനും പ്രാരംഭപ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്.

ഏഷ്യയിൽ ഏറ്റവും കൂടുതൽ കല്ലുമ്മക്കായ ഉൾപ്പാദിപ്പിക്കുന്നത് നമ്മുടെ ജില്ലയിലാണ്. ഈ സാധ്യതയും വേണ്ട വിധം പ്രയോജനപ്പെടുത്താൻ ഇതുവരെ സാധിച്ചിട്ടില്ല. ജില്ലയിലെ 41 തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെയും പുഴ ഒഴുകുന്നു എന്നത് ജലഗതാഗതത്തിന് അനന്തമായ സാധ്യതകൾ പ്രദാനം ചെയ്യുന്നുണ്ട്. ദേശീയപാത, മലയോരഹൈവേ, തീരദേശ ഹൈവേ എന്നിവ കാസറഗോഡിന്റെ പൊതുവികസനത്തിന് ഗതിവേഗം വർദ്ധിപ്പിക്കുമെന്ന് ഉറപ്പാണ്.

ജലസമ്പത്തിലും വർഷപാതത്തിലും ഉയർന്ന സൂചികയിൽ നിൽക്കുമ്പോഴും ജില്ല കൊടിയ വരൾച്ചയെ അഭിമുഖീകരിക്കുന്നു. ഈ യാഥാർത്ഥ്യം ഒരു പുനർവിചിന്തനം അനിവാര്യമാക്കുന്നുണ്ട്. ഭൂഗർഭജല ശോഷണത്തിന്റെ കാര്യത്തിൽ സംസ്ഥാനതലത്തിൽ അതീവ ഗുരുതര ശ്രേണി (ക്രിട്ടിക്കൽ സോൺ)യിൽ നിൽക്കുന്ന 4 ബ്ലോക്കുകളിൽ ഒന്ന് കാസറഗോഡ് ജില്ലയിലാണ്. അതിനാൽ വികസന മുൻഗണനാ നിർണ്ണയത്തിൽ ജലപുനരുജ്ജീവന പ്രവർത്തനത്തിന് പ്രഥമ പരിഗണന നൽകാൻ നാം ബാധ്യസ്ഥരായിരിക്കുകയാണ്. ഇത് ഒരു ബദൽ സമീപനത്തിനുകൂടി വഴിയൊരുക്കുന്നു. കൃഷിയോഗ്യമായ ഭൂമിപോലും തരിശിടുന്ന പ്രവണത വർഷങ്ങളായി ജില്ലയിൽ കൂടി വരികയാണ്. ഇതിന്റെ ഫലമായി കഴിഞ്ഞ 10 വർഷത്തിനു

ള്ളിൽ നെൽകൃഷിയുടെ വിസ്തൃതി പകുതിയോളമായി കുറഞ്ഞു. ഈ ഭൂമി പ്രയോജനപ്പെടുത്തുന്നതിലൂടെ ഭക്ഷ്യസുരക്ഷാ ജില്ല എന്ന ലക്ഷ്യത്തിലെത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾ കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

മനുഷ്യനിർമ്മിത കീടനാശിനി ദുരന്തം ഏറ്റുവാങ്ങിയ കാസറഗോഡിന്റെ ഗ്രാമങ്ങളിൽ ജൈവ പുനരുജ്ജീവനം മുഖ്യ അജണ്ടയായി ഏറ്റെടുത്ത് ചികിൽസയും പുനരധിവാസവും ത്വരിതപ്പെടുത്തേണ്ടതുണ്ട്.

'സീറോവേസ്റ്റ് കാസറഗോഡ്' എന്ന സങ്കല്പം സമീപഭാവിയിൽ യാഥാർത്ഥ്യമാക്കി മാറ്റുന്നതിന് നമ്മുടെ കൂട്ടായ പ്രവർത്തനങ്ങൾ അനിവാര്യമാണ്. ക്യാൻസർ വിമുക്ത ജില്ല എന്ന ലക്ഷ്യം മുന്നോട്ട് വച്ച ആദ്യ ജില്ലയാണ് കാസറഗോഡ്. എല്ലാവർക്കും ഭവനം എന്ന LIFE പദ്ധതി പ്രവർത്തനത്തിൽ മികച്ച മുന്നേറ്റം നടത്തുന്ന ജില്ലയും നമ്മുടേതാണ്. ഈ കൂട്ടായ്മയിൽ നവകേരളം കർമ്മപദ്ധതിക്ക് 'ഒരു കാസറഗോഡൻ മാതൃക' തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. അതിലേക്കുള്ള ഉറച്ച കാൽവയ്പ്പ് കൂടിയാണ് ജില്ലാ പദ്ധതി.

പരിമിതമായ മനുഷ്യവിഭവ ശേഷിയിലും സംസ്ഥാനത്തെ ഏറ്റവും മികച്ച ജില്ലാ പദ്ധതി ഒരുക്കാൻ നമുക്ക് സാധിച്ചു എന്നത് അഭിമാനാർഹമാണ്. നിർവ്വഹണത്തിലും ഈ ആർജ്ജവം തുടരാൻ കഴിയുമെന്നാണ് പ്രത്യാശിക്കുന്നത്. കേവലം ഒരു അക്കാദമിക് രേഖ എന്നതിലപ്പുറം വികസനത്തിന്റെ ചാലകശക്തിയായി വികസനസൂചികകളിൽ സമസ്തമേഖലകളിലും ഉയർന്ന നിരക്ക് കൈവരിക്കാൻ ഉതകുന്ന രീതിയിൽ ജില്ലാപദ്ധതിയെ ഉപയുക്തമാക്കാൻ നമുക്ക് കഴിയണം. പദ്ധതിയിൽ വിഭാവനം ചെയ്ത നൂതനാശയങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാനും വികസനപരിപ്രേക്ഷ്യം നിരന്തരപുതുക്കലുകൾക്ക് വിധേയമാക്കാനും ശ്രമമുണ്ടാകണം.

കേന്ദ്ര-സംസ്ഥാന പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയും തമ്മിൽ ശാസ്ത്രീയമായ ഏകോപനം സാധ്യമാക്കുന്നതിൽ കാലവിളംബം വരുന്നതിനാൽ സമയബന്ധിതമായി പല പദ്ധതികളും പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. കൂടാതെ ചില പദ്ധതികളിൽ ഇരട്ടിപ്പ് സംഭവിക്കുകയും ചെയ്യുന്നു. സാമ്പത്തികവർഷാരംഭത്തിൽത്തന്നെ മേൽ പദ്ധതികൾ പ്രഖ്യാപിക്കപ്പെടുകയും തദ്ദേശഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട വകുപ്പുകളും കൂട്ടായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നതായിരിക്കും അഭികാമ്യം.

ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യയിലെ ഏറ്റവും ഒടുവിലത്തെ മാറ്റങ്ങൾക്കനുസരിച്ച് ബഡ്ജറ്റ് വിഹിതത്തിൽ പുന:ക്രമീകരണം നടന്നില്ലായെന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന, ജില്ലയിലെ ഈ വിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് ഒരു പരിധിവരെ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇതോടൊപ്പം ജില്ലയിലെ പൊതു പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള മറ്റു മേൽത്തട്ട് നിർദ്ദേശങ്ങൾ യാഥാർത്ഥ്യമാക്കാൻ അനുപൂരകമായ ഉത്തരവുകൾ സർക്കാരിൽ നിന്ന് താമസംവിനാ ലഭിക്കുമെന്ന് പ്രത്യാശിക്കുന്നു.

ജില്ലാ പദ്ധതിയിൽ ഉൾപ്പെട്ട ജലസുരക്ഷ, അതിജീവനം (ക്യാൻസർ വിമുക്ത ജില്ല) തുടങ്ങിയ എട്ടോളം പദ്ധതികൾ 2018-19 വർഷം ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള കാര്യം അഭിമാനപൂർവ്വം സൂചിപ്പിക്കുന്നു.

ജില്ലാ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ജില്ലയിലെ എല്ലാ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും അകമഴിഞ്ഞ പിന്തുണയും സഹകരണവും ലഭിച്ചിട്ടുണ്ട്. വികസന സെമിനാർ ഉൽഘാടനം ചെയ്ത ബഹുമാനപ്പെട്ട റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി ശ്രീ.ഇ.ചന്ദ്രശേഖരൻ, വിലയേറിയ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ ബഹു.എം.പി.ശ്രീ.പി.കരുണാകരൻ, കരട് ജില്ലാ പദ്ധതി പ്രകാശനം ചെയ്ത ശ്രീ.എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ, നവനവങ്ങളായ നിർദ്ദേശങ്ങൾ നൽകിയ എം.എൽ.എ മാരായ ശ്രീ.പി.ബി.അബ്ദുൾ റസാഖ്, ശ്രീ.കെ.കുഞ്ഞിരാമൻ, ശ്രീ.എം.രാജഗോപാലൻ, എന്നിവർക്കും ഉപസമിതികളെ സജീവമാക്കിയ ഡി.പി.സി മെമ്പർമാർക്കും ഉദ്യോഗസ്ഥർക്കും വിദഗ്ധർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ജില്ലാ പദ്ധതിയെ സമ്പുഷ്ടമാക്കുന്നതിന് അക്കാദമിക പിന്തുണ നൽകിയ സംസ്ഥാന ആസൂത്രണ ബോർഡ്, കില എന്നീ സ്ഥാപനങ്ങളെയും, ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ, ജില്ലാതല ഉദ്യോഗസ്ഥർ, ഉപസമിതി അംഗങ്ങൾ, എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ, മാധ്യമ പ്രവർത്തകർ, ഗവേഷണ സ്ഥാപനങ്ങളിലെ വിദഗ്ധർ, പൊതുപ്രവർത്തകർ, ഏവരേയും ഈ സന്ദർഭത്തിൽ പ്രത്യേകം സ്മരിക്കുന്നു. എല്ലാ തലങ്ങളിലുമുള്ള ഉദ്യോഗസ്ഥരെയും വിദഗ്ധരെയും ഏകോപിപ്പിച്ച കൂട്ടായ്മയോടെ ജില്ലാ പദ്ധതി യാഥാർത്ഥ്യമാക്കിയ ജില്ലാ കലക്ടർ ശ്രീ.ജീവൻ ബാബു.കെ. ഐ.എ.എസിന് സ്നേഹപൂർവ്വം നന്ദി പ്രകാശിപ്പിക്കുന്നു.

ജില്ലയുടെ വികസന കുതിപ്പിനായി നമുക്ക് കൂട്ടായി കൈകോർക്കാം.

എ.ജി.സി.ബഷീർ
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് &
ചെയർമാൻ, ജില്ലാ ആസൂത്രണ സമിതി, കാസറഗോഡ്

ജീവൻ ബാബു കെ, ഐ.എ.എസ്
ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി,
ജില്ലാ ആസൂത്രണ സമിതി

വികസനത്തിന്റെ വിശാലവീഥിയിലേക്ക്

തുളുനാടൻ സംസ്കൃതിയും മലബാറിന്റെ മൂല്യശോഭയും സമഞ്ജസമായി സമന്വയിപ്പിച്ച ബഹുഭാഷാ ഭൂമികയാണ് കാസറഗോഡ്. മലയാളം, തുളു, കന്നഡ, കൊങ്കിണി, ബ്യാരി, മറാഠി, ഹിന്ദുസ്ഥാനി, കൊടവ, ഉറുദു തുടങ്ങിയ ഭാഷകൾ, വ്യത്യസ്ഥമായ ഭൂപ്രകൃതി, സംസ്കൃതി, തനതുപാരമ്പര്യകലകൾ, സമ്പന്നമായ പൈതൃകം എന്നിങ്ങനെ വൈവിദ്ധ്യങ്ങളുടെയും സമൃദ്ധിയുടെയും പിൻബലത്തിൽ ജില്ല വേറിട്ട് നിൽക്കുന്നു. കിഴക്കൻ മലയോരങ്ങളിൽ നിന്നുൽഭവിക്കുന്ന ചെറുതും വലുതുമായ 12 നദികൾ ഈ നാടിനെ ഫലഭൂയിഷ്ടമാക്കുന്നു. പൈതൃക ജലസ്രോതസ്സുകളാലും ജലാശയങ്ങളാലും സമ്പന്നമാണ് കാസറഗോഡ്. ഒരേസമയം ജലസമ്പന്നതയും വരൾച്ചയും അഭിമുഖീകരിക്കുന്ന ജില്ല എന്ന വൈരുദ്ധ്യവും നാം അനുഭവിക്കുന്നു.

മഹാശിലായുഗസംസ്ക്കാരത്തിന്റെ ബാക്കിപത്രങ്ങൾ നമ്മുടെ ഗ്രാമങ്ങളിൽ പലയിടത്തായി അനാവരണം ചെയ്യപ്പെട്ടിട്ടുണ്ട്. പാരമ്പര്യത്തിന്റെ അടയാളങ്ങളായി നിലനിൽക്കുന്ന കോട്ടകൾ, ചിത്രച്ചുമരുകൾ, കൊത്തുപണികൾ തുടങ്ങിയവ വാണിജ്യവൽക്കരിക്കപ്പെടാത്ത നമ്മുടെ സാംസ്ക്കാരികപാരമ്പര്യത്തിന്റെ നേർസാക്ഷ്യങ്ങളാണ്. കാർഷികാചാരങ്ങൾക്കും ഉത്സവങ്ങൾക്കും പ്രാധാന്യം നൽകിയിരുന്ന ജില്ലയാണ് കാസറഗോഡ്. തനത് കാർഷിക സംസ്കാരത്തിന്റെ തിരുശേഷിപ്പുകൾ ജില്ലയിലുടനീളം കാണാം.

പ്രകൃതിസമ്പന്നമായ നാടിനെ നീണ്ട കടലോരം മികവുറ്റതാക്കുന്നു. ചരിത്രാതീത കാലത്ത് വാണിജ്യാവശ്യത്തിനായി വിദേശികൾ കടൽമാർഗ്ഗം നമ്മുടെ ജില്ലയിലെത്തിയിട്ടുണ്ട്. തെയ്യം, യക്ഷഗാനം, തുള്ളൽ, കളംപാട്ട്, കോൽക്കളി, ദഫ്മുട്ട്, ആലാമിക്കളി, മംഗലംകളി, എരുതുകളി തുടങ്ങി വൈവിധ്യമാർന്ന കലാപാരമ്പര്യമുള്ള നാടാണ് കാസറഗോഡ്. ഉത്തരവാദിത്ത ഗ്രാമീണ ടൂറിസത്തിന് ഏറെ സാധ്യതയുള്ള മനോഹരമായ പ്രദേശങ്ങളും ജില്ലയിൽ ഏറെയുണ്ട്.

സംസ്ഥാനത്ത് പട്ടികവർഗ്ഗ ജനസംഖ്യയിൽ രണ്ടാം സ്ഥാനത്താണ് നമ്മുടെ ജില്ല. പ്രവാസി ജനസംഖ്യയിലും നാം മുന്നിലാണ്. ജില്ലയിൽ ഒരു ലക്ഷത്തിലധികം പേർ പ്രവാസി ജീവിതം നയിക്കുന്നതായി കണക്കാക്കപ്പെടുന്നു. ജില്ലയുടെ സാമ്പത്തികമേഖലയിൽ വലിയൊരു വിഹിതം ഈ സ്രോതസ്സിൽ നിന്ന് ലഭിക്കുന്നു. തൊഴിൽ ശേഷിയുള്ള പ്രായപരിധിയിൽ ഏറ്റവുമധികം ജനങ്ങൾ അധിവസിക്കുന്ന ജില്ല കൂടിയാണ് കാസറഗോഡ്.

കാർഷികോൽപ്പാദന വിഹിതത്തിൽ സംസ്ഥാന ശരാശരിയേക്കാൾ മുകളിലാണ് ജില്ല. അതേസമയം തൃതീയമേഖലയിൽ (സേവനം) സംസ്ഥാനവിഹിതത്തേക്കാൾ നാം പിറകിലുമാണ്. അടയ്ക്ക, കശുവണ്ടി തുടങ്ങിയ നാണ്യവിളകളുടെ ഉൽപാദനത്തിൽ സംസ്ഥാന തലത്തിൽ ജില്ല മുന്നിലാണ്. ഏഷ്യയിൽത്തന്നെ ഏറ്റവുമധികം കല്ലുമ്മക്കായ കൃഷി നടത്തുന്നത് കാസറഗോഡ് ജില്ലയിലാണ്. ചക്ക, മാങ്ങ തുടങ്ങിയ ഫലവർഗ്ഗങ്ങളുടെ ഉൽപാദനത്തിലും ജില്ല ഒട്ടും പിറകിലല്ല. അതേസമയം കൃഷിയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരുടെ എണ്ണവും കൃഷിയനുബന്ധ വ്യവസായങ്ങളും ജില്ലയിൽ കുറവാണ്.

1984 മെയ് 24നു രൂപീകൃതമായ കാസറഗോഡ് ജില്ല വളർച്ചയുടെ മൂന്നരപതിറ്റാണ്ട് പിന്നിടുകയാണ്. സംസ്ഥാനം അധികാരവികേന്ദ്രീകരണത്തിന്റെ രജതജൂബിലി നിറവിൽ വികസനക്കുതിപ്പിലേക്ക് നീങ്ങുകയുമാണ്. നേട്ട കോട്ട വിശകലനവും വികസനവിടവുകളുടെ അവലോകനവും ഗൗരവതരമായി അപഗ്രഥനം ചെയ്യേണ്ടുന്ന നിർണ്ണായകഘട്ടം കൂടിയാണിത്. ജനാധിപത്യവികേന്ദ്രീകരണത്തിന്റെ രണ്ടാംഘട്ട നിർവ്വഹണത്തിൽ അത് പരമപ്രധാനവുമാണ്. ജില്ലാ പദ്ധതി പ്രസക്തമാകുന്നതും ഈ ഘട്ടത്തിലാണ്.

സമ്പന്നമായ സാധ്യതകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി വികസനപരിമിതികൾ മറികടക്കുന്നതിന് അനുയോജ്യമായ വികസനപരിപ്രേക്ഷ്യം രൂപപ്പെടുത്തുകയെന്നതാണ് ജില്ലാപദ്ധതിയുടെ ലക്ഷ്യം.

പുഷ്ക്കലവും തനതുമായ കാർഷിക സംസ്കാരം തിരികെ കൊണ്ടുവരാൻ ശാസ്ത്രീയമായ ഒരു നീർത്തടാധിഷ്ഠിത സമീപനം ജില്ലയ്ക്ക് അനിവാര്യമാണ്. സംസ്ഥാനത്ത് ഏറ്റവുമധികം മഴ ലഭിക്കുന്ന ജില്ലയിൽ ലഭ്യമാകുന്ന മഴവെള്ളമെല്ലാം മിനിറ്റുകൾക്കകം കടലിലേക്കൊഴുകി പാഴാകുന്ന അവസ്ഥയാണുള്ളത്. ഈ സാഹചര്യത്തിൽ ജലസമ്പത്ത് സംരക്ഷിക്കുന്നതിനും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനും ഉപയുക്തമായ ഒരു കർമ്മപദ്ധതി അത്യന്താപേക്ഷിതമാണ്.

ജില്ലയുടെ സവിശേഷതകളായ പരമ്പരാഗതജലസ്രോതസ്സുകളുടെ (സുരങ്കം, പള്ളം മുതലായവ) പുനരുജ്ജീവനം ഉറപ്പ് വരുത്തുന്നതിനുള്ള 'ഉറവ', പ്രകൃതിയെയും ആവാസവ്യവസ്ഥയെയും ശക്തിപ്പെടുത്തി പൂക്കളെയും പൂമ്പാറ്റകളെയും തിരിച്ചുകൊണ്ടുവരുന്നതിനുള്ള 'ജൈവം ജീവനം,' സമഗ്ര ജല സുരക്ഷ ലക്ഷ്യം വച്ചുള്ള 'മഴക്കൊയ്ത്ത്,' തരിശുരഹിത ജില്ല എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള 'ബ്ലോസ്സം' തുടങ്ങിയവ ഉൾപ്പെടുന്ന 'ജലജീവനം' എന്ന സമഗ്രപദ്ധതിയാണ് നീർത്തടാധിഷ്ഠിത വികസനത്തിന് അടിത്തറ പാകുന്നതിന് വിഭാവനം ചെയ്തിരിക്കുന്നത്.

ജില്ലയുടെ തനത് സവിശേഷതയാണ് കാസറഗോഡ് കുള്ളൻ പശു. ഈ ജനുസ്സിനെ സംരക്ഷിച്ച് ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 'സഹ്യപശു പദ്ധതി' നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. അതുപോലെ മൃഗസംരക്ഷണമേഖലയിൽ നിരവധി പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട്. ജില്ലയുടെ വടക്കൻപ്രദേശങ്ങളിൽ പശുക്കൾ എണ്ണത്തിൽ കൂടുതലാണെങ്കിലും പാലുൽപ്പാദനം തീരെ കുറവാണ്. ജില്ലയുടെ വടക്കും തെക്കും ഭാഗങ്ങളിലുള്ള വികസന വ്യത്യാസം പരിഹരിച്ച് സ്വാശ്രയ പാലുൽപ്പാദന ജില്ലയാക്കി മാറ്റാൻ 'ഹാലു യോജന' പദ്ധതി ലക്ഷ്യംവെക്കുന്നു.

സംസ്ഥാനത്തെ കടൽത്തീരത്തിന്റെ 11.8 ശതമാനം കാസറഗോഡ് ജില്ലയിലാണ്. ജില്ലയുടെ വിഭവസമ്പത്തിൽ 14 ശതമാനവും മത്സ്യമേഖലയിൽ നിന്നാണ് ലഭിക്കുന്നത്. മത്സ്യത്തൊഴിലാളികളിൽ 95.6 ശതമാനവും ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്. മത്സ്യഗ്രാമങ്ങളെ കേന്ദ്രീകരിച്ച് ഇവരുടെ സാമൂഹിക, സാമ്പത്തിക, ആരോഗ്യ റിപ്പോർട്ട് തയ്യാറാക്കുക എന്നതാണ് മത്സ്യ മേഖലയിലെ പ്രധാന ദൗത്യം. ഇതിനെ ആസ്പദമാക്കി മത്സ്യബന്ധനം, സംസ്കരണം, വിപണനം, സുരക്ഷ, അടിസ്ഥാന സൗകര്യ വികസനം എന്നീ ഘടകങ്ങളുടെ സമഗ്ര വികസനത്തിന്' തീരപഥം' പദ്ധതി ശുപാർശ ചെയ്യുന്നു.

ജില്ലയിലെ വലിയപറമ്പ, പടന്ന, തൃക്കരിപ്പൂർ, ചെറുവത്തൂർ ഭാഗങ്ങളെ കേന്ദ്രീകരിച്ചാണ് രാജ്യത്ത് ഏറ്റവും കൂടുതൽ കല്ലുമ്മക്കായ കൃഷി ചെയ്യുന്നത്. ഇതിന്റെ ശാസ്ത്രീയമായ സംസ്കരണം, വിപണനം, വൈവിധ്യവത്ക്കരണം എന്നിവക്കുള്ള ശ്രമങ്ങളും അനിവാര്യമാണ്. ജില്ലയിലെ വനമേഖലയാകട്ടെ ഭൂപ്രദേശത്തിന്റെ 6 ശതമാനം മാത്രമാണ്. സംസ്ഥാന ശരാശരിയുടെ നാലിലൊന്ന് വനഭൂമിപോലും ജില്ലയിലില്ല. 80 ചതുരശ്രകിലോമീറ്റർ കാർഷികേതര തരിശുഭൂമി ജില്ലയിലുണ്ട്. ഇതിനെ ഫലപ്രദമായി പ്രയോജനപ്പെടുത്തിയാൽ വനവിസ്തൃതി പരമാവധി വർദ്ധിപ്പിക്കാൻ സാധിക്കും. ഈ ലക്ഷ്യത്തിലൂന്നി വിവിധ ഏജൻസികൾ, വകുപ്പുകൾ, പ്രൊജക്ടുകൾ എന്നിവയുമായി സംയോജിച്ച് ഘട്ടം ഘട്ടമായി വനവിസ്തൃതി വർദ്ധിപ്പിക്കാനുതകുന്ന 'വനവ്യാപനം' പദ്ധതി ജില്ലാപദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു. കാവുകളും കണ്ടൽക്കാടുകളും തണ്ണീർത്തടങ്ങളും ചെങ്കൽക്കുന്നുകളും സംരക്ഷിക്കാൻ ലക്ഷ്യാധിഷ്ഠിതമായ പ്രവർത്തനങ്ങളും നിർദ്ദേശിക്കുന്നുണ്ട്.

വ്യവസായമേഖലയ്ക്ക് അനന്തസാധ്യതകളാണ് ജില്ലയിലുള്ളത്. വ്യവസായവൽക്കരണത്തിന് അനുയോജ്യമായ ഭൂമി ലഭ്യമായ ജില്ല എന്ന പ്രത്യേകതയും നമുക്കുണ്ട്. വ്യവസായ പാർക്കുകളും ടെക്നോളജി സെന്ററുകളും സ്ഥാപിക്കുന്നതിന് പുറമെ പരമ്പരാഗത തൊഴിൽ മേഖലയുടെ സംരക്ഷണവും വൈവിധ്യവൽക്കരണവും 'സഫലം' എന്ന പദ്ധതികൊണ്ട് ലക്ഷ്യമിടുന്നു. ഏറ്റവും കൂടുതൽ അടയ്ക്ക ഉൽപ്പാദിപ്പിക്കുന്ന കാസറഗോഡ് ജില്ലയിൽ 12,000 ടൺ കശുവണ്ടിയും പ്രതിവർഷം ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. ഇവയുടെയെല്ലാം സാധ്യതകൾ സമന്വയിപ്പിച്ച് ജില്ലയുടെ വ്യവസായമേഖലയിലുള്ള 'ഉജ്ജീവന'മാണ് ജില്ലാ പദ്ധതി ലക്ഷ്യം വെക്കുന്നത്.

ജില്ലയുടെ സമ്പദ്മേഖലയിലേക്ക് ഗണ്യമായ സംഭാവന നൽകുന്ന വിഭാഗമാണ് പ്രവാസികൾ. പ്രതിവർഷം 4000 കോടിയോളം രൂപ പ്രവാസ മേഖലയിൽ നിന്നും ജില്ലയിലേക്കെത്തുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദേശമലയാളികളുള്ള (ഒരു ലക്ഷത്തിലധികം) ജില്ലകളിലൊന്നാണ് കാസറഗോഡ്. ഇവരുടെ ക്ഷേമം, പുനരധിവാസം എന്നിവയോടൊപ്പംതന്നെ പ്രധാനമാണ് ജില്ലയിലേക്കെത്തുന്ന ധനത്തിന്റെ ക്രിയാത്മകമായ വിനിയോഗവും. വ്യവസായ മേഖലയിലും തൊഴിൽ സംരംഭങ്ങളിലും വിദേശ മലയാളികളുടെ പങ്കാളിത്തം കൂടുതൽ ഉറപ്പു വരുത്താൻ നമുക്കു സാധിക്കണം. 'പ്രവാസിനിധി' എന്ന പദ്ധതി ഇത്തരത്തിലുള്ള സാധ്യതകൂടി കണക്കിലെടുത്ത് തയ്യാറാക്കിയതാണ്.

ജനകീയാരോഗ്യത്തിന് ഊന്നൽ നൽകിയും വ്യവസ്ഥാപിത ക്ലിനിക്കൽ സാന്ത്വന പരിചരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയുമുള്ള സംസ്ഥാന ആരോഗ്യനയത്തിന് അനുപൂരകമായ സമീപനമാണ് ആരോഗ്യരംഗത്ത് സ്വീകരിച്ചിട്ടുള്ളത്. ആരോഗ്യമേഖലയിലെ വിവിധ വിഭാഗങ്ങളെ സമന്വയിപ്പിച്ചുകൊണ്ടും ശുചിത്വമേഖലയിൽ 'സീറോവേസ്റ്റ് കാസറഗോഡ്' എന്ന ആശയം പ്രാവർത്തികമാക്കാൻ ലക്ഷ്യമിട്ടുകൊണ്ടും രോഗപ്രതിരോധത്തിന് മുൻഗണന നൽകാനും രോഗാതുരത കുറച്ചുകൊണ്ടുവരാനും സവിശേഷ പദ്ധതി ഒരുക്കിയിട്ടുണ്ട്. 'ആയുർജീവനം', 'സ്പർശം' എന്നീ സമഗ്രപദ്ധതികൾ ഈ ദിശയിലുള്ളവയാണ്. വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗത്തിന് തടയിടാനും സമഗ്ര ക്യാൻസർ പ്രതിരോധ ജില്ല എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കാനും 'അതിജീവനം' പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സാന്ത്വനസൗഹൃദ ജില്ലയാക്കി മാറ്റാനും പ്രത്യേക പദ്ധതിയുണ്ട്. മാലിന്യമുക്തപദ്ധതിയുടെ ഭാഗമായി ജില്ലയിലെ 12 നദികളും ജലാശയങ്ങളും ശുചീകരിക്കുവാൻ ലക്ഷ്യമിടുന്നു. സീറോവേസ്റ്റ് കാസറഗോഡ് മാസ്റ്റർപ്ലാൻ മുഴുവൻ ഘടകങ്ങളോടുംകൂടി 2018ൽ തയ്യാറാക്കി തുടർ പ്രവർത്തനം ആസൂത്രണം ചെയ്യും. 2022 ഓടെ സമ്പൂർണ്ണ ഭവന ജില്ല എന്ന ലക്ഷ്യം കൈവരിക്കാനുതകുന്ന കർമ്മപദ്ധതികൾ 'തണൽ ഭവന' പദ്ധതിയിലൂടെ മുന്നോട്ട് വയ്ക്കുന്നു. സർക്കാർ വിഹിതത്തിന് പുറമെ സന്നദ്ധ പ്രവർത്തനം, സംഭാവന തുടങ്ങിയവയിലൂടെ പ്രത്യേക 'തണൽനിധി' സമാഹരിക്കാനും ആലോചിക്കുന്നു.

ഭാഷാവൈവിധ്യംകൊണ്ട് ശ്രദ്ധേയമായ ജില്ലയ്ക്ക് പലപ്പോഴും ആശയവിനിമയത്തിലും വികസനത്തിന്റെ മേഖലയിലും ഈ വൈവിധ്യം വെല്ലുവിളിയാകാറുണ്ട്. ഭാഷാകൈമാറ്റ പദ്ധതിയിലൂടെ ഈ പരിമിതി മറികടക്കാൻ ഉദ്ദേശിക്കുന്നു. പ്രീ-പ്രൈമറി മുതൽ സർവ്വകലാശാലാതലം വരെ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിലൂന്നി 'പഠനമുന്നേറ്റം' പദ്ധതിയും വിദ്യാഭ്യാസമേഖലയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

കലയിലും സംസ്കാരത്തിലും വിളക്കിച്ചേർത്തിരിക്കുന്ന തുളുസംസ്കൃതിയെ ശാക്തീകരിക്കാൻ തുളുഭാഷയെ ഭരണഘടനയുടെ VIII-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്. അതോടൊപ്പം കലയ്ക്കും കായികത്തിനും വളക്കൂറുള്ള ജില്ലയുടെ മണ്ണിൽ നിന്ന് പ്രതിഭകളെ വാർത്തെടുക്കാനുള്ള പ്രവർത്തനങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. കായികക്ഷമതയും ആർജ്ജവവുമുള്ള പുതുതലമുറയെ വാർത്തെടുക്കാൻ 'മലബാർ സ്പോർട്സ് കോംപ്ലക്സ്' പോലുള്ള സമഗ്ര കായികവികസന പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ 'ഖേലോ ഇൻഡ്യ' പദ്ധതി സംസ്ഥാന സർക്കാരിന്റെ 'ഓപ്പറേഷൻ ഒളിമ്പിയ' എന്നിവയ്ക്ക് ഒരു കാസറഗോഡൻ മാതൃക തീർക്കാനും ജില്ലാ പദ്ധതിയിൽ രൂപകൽപ്പന ചെയ്തിട്ടുണ്ട്.

ജില്ലയിൽ അധിവസിക്കുന്ന 30 ശതമാനം പേർക്ക് മാത്രമേ വിവിധ പദ്ധതികളിലൂടെ നിലവിൽ കുടിവെള്ളവിതരണം സാധ്യമാക്കാൻ കഴിയുന്നുള്ളു. വിവിധ പദ്ധതികളുടെ ഏകോപനത്തിലൂടെ 2022 നകം ജില്ലയിൽ എല്ലാവർക്കും ശുദ്ധജലം എത്തിക്കുന്നതിന് 'കുടിനീർ' പദ്ധതി ലക്ഷ്യംവെക്കുന്നു. ജലപുനരുജ്ജീവനത്തിലൂടെ സ്രോതസ്സുകൾ ശക്തിപ്പെടുത്താനും സാധിക്കുമെന്നാണ് പ്രത്യാശിക്കുന്നത്.

സ്ത്രീ-സൗഹൃദ ജില്ല എന്ന ലക്ഷ്യസാക്ഷാത്ക്കാരത്തിന്റെ ആദ്യ ചുവടായി 'സുരക്ഷിത ഊര്,' 'ഷീലോഞ്ച്,' 'അതിജീവനം,' 'വനിതാജീവനം,' 'മാതൃശിശുപരിപാലനം' തുടങ്ങിയ പദ്ധതികൾ നിർദ്ദേശിക്കുന്നു. സ്ത്രീ പദവി പഠനത്തിലൂടെ ജില്ലാതല അടിസ്ഥാനരേഖ 2018-19 വർഷത്തിൽ തയ്യാറാക്കി വനിതാക്ഷേമ, ശാക്തീകരണ പ്രവർത്തനങ്ങൾ സമഗ്രവും സുഗമ വുമാക്കാനാണ് ഉദ്ദേശിക്കുന്നത്. 'ബാലസൗഹൃദ ജില്ല' എന്നത് കുട്ടികളുടെ മേഖലയിൽ അവശ്യം ആവശ്യമായ പദ്ധതിയാണ്. അതുപോലെ വയോജന സൗഖ്യത്തിനായി 'പകൽവീട്' പദ്ധതിയും ജില്ലാപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

സമ്പൂർണ്ണ ഊർജ്ജ സുരക്ഷിത ജില്ലയായി മാറാനുള്ള 'ഊർജ്ജയാൻ' പദ്ധതി, 'റോഡ് നെറ്റ്വർക്കും' 'ജിയോടാഗും' ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകൾ കോർത്തിണക്കിയ 'വികസനപഥം' പദ്ധതി, ജില്ലയിൽ ലഭ്യമായ യുവജനങ്ങളുടെ തൊഴിൽശേഷി പുഷ്ടിപ്പെടുത്തുന്ന 'നാഷണൽ സ്കിൽപാർക്ക്,' 'മൽസര പരീക്ഷാ കേന്ദ്രം' തുടങ്ങിയ സവിശേഷ നിർദ്ദേശങ്ങളും ജില്ലാ പദ്ധതിയുടെ ഭാഗമായുണ്ട്.

പാർശ്വവൽകൃതജനവിഭാഗങ്ങളെ മുഖ്യധാരയിൽ എത്തിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമുള്ള വിവിധ പ്രവർത്തനങ്ങൾ ജില്ലാ പദ്ധതിയിൽ ഉൾച്ചേർത്തിരിക്കുന്നു. 'ഗോത്രരേഖ,' (സമഗ്രസ്ഥിതി വിവരപഠനം), 'പഠനമുറ്റം' പദ്ധതി, 'ശുചിത്വ ഊര്,' 'തൊഴിലറിവ് പഠനകേന്ദ്രം' തുടങ്ങിയ നിർദ്ദേശങ്ങൾ ജില്ലാ പദ്ധതിയിലുണ്ട്. കൊറഗ പാക്കേജിന് സമാനമായി പ്രാക്തന ഗോത്രവർഗ്ഗമായ മലവേട്ടുവവിഭാഗത്തിന് നിർദ്ദേശിച്ച പ്രത്യേക വികസനപാക്കേജിന് സർക്കാർ അനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ജില്ലാപദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ട കുറെയേറെ പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്ത് ഉൾപ്പെടെ പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇതിനകം ഏറ്റെടുത്തു എന്നത് ശുഭോദർക്കമായ കാര്യമാണ്. മുഴുവൻ വകുപ്പുകളും തദ്ദേശഭരണസ്ഥാപനങ്ങളും ജില്ലാപദ്ധതിയുടെ അന്ത:സത്ത ഉൾക്കൊണ്ട് പദ്ധതികൾ കർമ്മപഥത്തിലെത്തിക്കുമ്പോഴാണ് ജില്ലാപദ്ധതി ലക്ഷ്യം സാർത്ഥകമാകുന്നത്.

ജീവൻ ബാബു കെ, ഐ.എ.എസ്
ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി,
ജില്ലാ ആസൂത്രണ സമിതി

കെ.എം.സുരേഷ്
ജില്ലാ പ്ലാനിംഗ് ഓഫീസർ &
ജോയിന്റ് സെക്രട്ടറി (കോ-ഓർഡിനേഷൻ)
ജില്ലാ ആസൂത്രണ സമിതി

ജില്ലാ പദ്ധതിയുടെ നാൾവഴികൾ

കാസറഗോഡ് ജില്ലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി ജില്ലാപദ്ധതി യാഥാർത്ഥ്യമായിരിക്കുകയാണ്. വിവിധങ്ങളായ പ്രവർത്തനങ്ങൾ ചിട്ടയായും സമയബന്ധിതമായും പൂർത്തീകരിച്ച് കൂട്ടായ പരിശ്രമത്തിലൂടെയാണ് ഈ ലക്ഷ്യം നേടാൻ കഴിഞ്ഞത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖയിൽ, ജില്ലാ പദ്ധതി തയ്യാറാക്കുക എന്ന നയം സർക്കാർ വ്യക്തമാക്കുകയും ഇതിന് ഉപോൽബലകമായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവ് (അച്ചടി)നം.19/2017/പ്ലാനിംഗ് തീയതി 23.09.2017 പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തു. ജില്ലാപദ്ധതി തയ്യാറാക്കുന്നതിനുള്ള നേതൃത്വം ജില്ലാ ആസൂത്രണ സമിതിക്കാണ്. സംസ്ഥാന ആസൂത്രണ ബോർഡും കിലയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകിയെന്നതും എടുത്തു പറയേണ്ട കാര്യമാണ്.

കരട് ജില്ലാപദ്ധതി തയ്യാറാക്കുന്നതിന് ജില്ലാ ആസൂത്രണസമിതിയെ സഹായിക്കുന്നതിന് 1995 ലെ കേരള ജില്ലാ ആസൂത്രണ സമിതി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗനടപടി ക്രമവും) ചട്ടങ്ങളിലെ-16-ാം ചട്ടത്തിൽ നിർദ്ദേശിച്ചതു പ്രകാരം ജില്ലയിൽ 19 വിഷയമേഖലാ ഉപസമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുവാൻ 23.09.2017ന് ചേർന്ന ജില്ലാ ആസൂത്രണസമിതി തീരുമാനിച്ചു. 1. ആമുഖ വിവരങ്ങൾ, 2. വിഭവ ലഭ്യത 3. വികസനത്തിന്റെ സ്ഥലമാനങ്ങൾ, 4. നീർത്തടാധിഷ്ഠിത വികസനം (കൃഷി, ജലസേചനം, മണ്ണുസംരക്ഷണം ഉൾപ്പെടെ), 5. മൃഗസംരക്ഷണം, ക്ഷീരവികസനം, 6. മൽസ്യവികസനം, 7. പരിസ്ഥിതി, വനവികസനം, കാലാവസ്ഥാ വ്യതിയാനം, 8.വ്യവസായം, വാണിജ്യം, സ്വയംതൊഴിൽ സംരംഭങ്ങൾ, പ്രവാസി തൊഴിലാളികൾ, 9. ആരോഗ്യം, ശുചിത്വം (ഖരമാലിന്യ നിർമ്മാർജ്ജനം ഉൾപ്പെടെ) 10. പാർപ്പിടം, സഹകരണം, ദാരിദ്ര്യ ലഘൂകരണം, 11. വിദ്യാഭ്യാസം, സാക്ഷരത, 12. സംസ്കാരം, കല, യുവജനകാര്യം, കായികം, 13. കുടിവെള്ളം, 14. സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം, 15. ഊർജ്ജം, 16. ഗതാഗതം, വാർത്താ വിനിമയം, നഗരവൽക്കരണം, പൊതുകെട്ടിടങ്ങൾ, വിനോദ സഞ്ചാരം 17. പട്ടികജാതി വികസനം, 18. പട്ടികവർഗ്ഗ വികസനം, 19. വനിതകൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ എന്നിങ്ങനെ 19 ഉപസമിതികളാണ് രൂപീകരിക്കുവാൻ തീരുമാനിച്ചത്. 06.10.2017ന് ചേർന്ന ജില്ലാ ആസൂത്രണ സമിതിയോഗം 19 വിഷയ ഉപമേഖലകളിലായി 126 ഔദ്യോഗിക അംഗങ്ങളെയും 206 അനൗദ്യോഗികാംഗങ്ങളെയും ഉൾപ്പെടുത്തി

രൂപീകരിച്ച ഉപസമിതികൾക്ക് അംഗീകാരം നൽകി. അതനുസരിച്ച് ഓരോ ഉപസമിതിക്കും ഡിപിസി മെമ്പർ ചെയർമാനായും മേഖലയിലെ വിദഗ്ദ്ധൻ വൈസ് ചെയർമാനായും വിഷയ മേഖലയിലെ ജില്ലാതല ഉദ്യോഗസ്ഥൻ കൺവീനറായും കമ്മിറ്റി രൂപീകരിച്ചു. ബന്ധപ്പെട്ട ഉപമേഖലകളിലെ ജില്ലാതലഉദ്യോഗസ്ഥർ ജോയിന്റ് കൺവീനർമാരും മേഖല/ഉപമേഖലകളിലെ ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ എന്നിവർ കമ്മിറ്റിയിലെ അംഗങ്ങളുമാണ്. ഉപസമിതി അംഗങ്ങൾക്ക് കിലയുടെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ജില്ലാപദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച് 12.10.2017ന് കാസറഗോഡ് മുനിസിപ്പൽ ടൗൺഹാളിൽ ഏകദിനപരിശീലനം നൽകി. 224 ഉപസമിതി അംഗങ്ങൾ ഈ യോഗത്തിൽ പങ്കെടുക്കുകയുണ്ടായി.

ഉപസമിതികൾ അവരവരുടെ ദൗത്യം ഏറ്റെടുത്ത് ആവശ്യാനുസരണം യോഗം ചേർന്ന് ഓരോ വികസന മേഖലയുടെയും ഉപമേഖലകളുടെയും നിലവിലുള്ള അവസ്ഥ വിശകലനം ചെയ്ത് സ്ഥിതിവിവരക്കണക്കുകൾ അപഗ്രഥനം ചെയ്തു. തുടർന്ന് സ്റ്റേക്ക് ഹോൾഡർ ചർച്ച, ഫോക്കസ് ഗ്രൂപ്പ് ചർച്ച എന്നിവയിലൂടെ വികസനത്തിന്റെ വിടവുകൾ, വികസന പ്രശ്നങ്ങൾ, ജനകീയ ആവശ്യങ്ങൾ, വികസനസാധ്യതകൾ, ഏകോപന സാധ്യതകൾ, പുതിയ പ്രശ്നപരിഹാരരീതികൾ, നൂതനാശയങ്ങൾ തുടങ്ങിയവ കണ്ടെത്തി ക്രോഡീകരിക്കുകയുണ്ടായി. നിർദ്ദിഷ്ട വകുപ്പുകൾ, പ്രാദേശികസർക്കാരുകൾ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ തുടങ്ങി സമൂഹത്തിന്റെ നാനാമേഖലയിൽ നിന്നുള്ളവരുടെയെല്ലാം അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചും വിലയിരുത്തിയും ഓരോ മേഖലയുടെയും പൊതുവായ വികസനപരിപ്രേക്ഷ്യം തയ്യാറാക്കുകയും ചെയ്തു. ഇതിന് സമൂഹത്തിന്റെ വിവിധതലത്തിലുള്ള ഏവരുടെയും സഹകരണം ലഭിച്ചുവെന്നത് പ്രത്യേകം പരാമർശിക്കേണ്ട കാര്യമാണ്. ജില്ലാപദ്ധതി രൂപീകരണത്തിൽ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ ക്ഷണിച്ചുകൊണ്ട് 19.09.2017നും 31.10.2017നും പത്രപ്പരസ്യം നൽകുകയും ലഭിച്ച നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉപസമിതികൾ പരിഗണിക്കുകയും ചെയ്തു.

ഉപസമിതിയുടെ പ്രവർത്തനം കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ജില്ലാ ആസൂത്രണസമിതി ചെയർമാൻ അദ്ധ്യക്ഷനായി 12 അംഗ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ വിലയിരുത്തുകയും ചെയ്തു. ജില്ലാ പദ്ധതി രൂപീകരണ പ്രക്രിയയുടെ ഭാഗമായ ജില്ലാതല കൂടിയാലോചനായോഗം 24.10.2017ന് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്നു. 112 പേർ പങ്കെടുത്ത ഈ യോഗത്തിൽ ബഹുമാന്യരായ എം.പി, എം.എൽ.എമാർ അടക്കമുള്ള ജനപ്രതിനിധികൾ, രാഷ്ട്രീയപ്പാർട്ടി പ്രതിനിധികൾ, ട്രേഡ് യൂണിയൻ ഭാരവാഹികൾ, സംരംഭകർ, ഗവേഷണസ്ഥാപനങ്ങളുടെ പ്രതിനിധികൾ, വ്യാപാരി വ്യവസായി സംഘടനാപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കുകയും അഭിപ്രായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. വിഷയമേഖലാ ഉപസമിതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിന്റെ ചുമതല ജില്ലാ പ്ലാനിംഗ് ഓഫീസിനായിരുന്നു. ഇതിനായി ജില്ലാ പ്ലാനിംഗ് ഓഫീസിലെ ഉദ്യോഗസ്ഥർക്ക് ചുമതല നൽകുകയും പ്രവർത്തനം ഫലപ്രദമായി ഏകോപിപ്പിക്കുകയും ചെയ്തു. ജില്ലാ പദ്ധതിക്ക് സ്ഥിതിവിവരക്കണക്കുകളും സ്ഥലപരാസൂത്രണം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്നതിന്റെ ചുമതല യഥാക്രമം ഡി.പി.സി സെക്രട്ടറിയേറ്റിലെ ജില്ലാ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിനും ജില്ലാ ടൗൺ & കൺട്രി പ്ലാനിംഗ് ഓഫീസിനുമായിരുന്നു.

ജില്ലാപദ്ധതിരൂപീകരണം അവലോകനം ചെയ്യുന്നതിനായി ബഹു. പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ.കെ.എൻ ഹരിലാലിന്റെ അദ്ധ്യക്ഷതയിൽ 27.10.2017ന് കിലയിൽ ചേർന്ന അവലോകനയോഗവും 4.12.2017ൽ ബഹു. കേരളാ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നടത്തിയ വീഡിയോ കോൺഫറൻസും ഉപസമിതിയംഗങ്ങൾക്കും കമ്മിറ്റിയംഗങ്ങൾക്കും പ്രത്യേക ഉണർവ്വും ദിശാബോധവും നൽകുന്നതായി.

സംസ്ഥാന ആസൂത്രണബോർഡിലെയും കിലയുടെയും വിദഗ്ദ്ധരുടെ സാന്നിദ്ധ്യത്തിൽ 22.12.2017 ന് നടന്ന ജില്ലാതല അവതരണത്തിൽ, വിഷയ മേഖലാ ഉപസമിതി കൺവീനർമാർ അതാത് മേഖലയുടെ കരട് റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും വിദഗ്ദ്ധാംഗങ്ങൾ അവയെ വിലയിരുത്തി അഭിപ്രായങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. കില ഡയറക്ടർ ഡോ.ജോയി ഇളമൺ, ശ്രീ.ടി.ഗംഗാധരൻ, ശ്രീ.എൻ.ജഗജീവൻ, ശ്രീ.പി.വി.രത്നാകരൻ, ശ്രീ.കെ.കെ.ജനാർദ്ദനൻ എന്നിവരായിരുന്നു സംസ്ഥാനതല വിദഗ്ദ്ധാംഗങ്ങൾ. നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരിഷ്ക്കരിച്ച കരട് ഉപസമിതി റിപ്പോർട്ടുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ വിളിച്ചുചേർത്ത് അഭിപ്രായ രൂപീകരണം, നടത്തി തിരികെ ലഭ്യമാക്കുന്നതിനായി 23.12.2017ന് അയച്ചുകൊടുത്തു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി പരിഷ്ക്കരിച്ച കരട് ജില്ലാ പദ്ധതി 2018 ജനുവരി 6-ാം തീയതി ജില്ലാ ആസൂത്രണ സമിതി ഹാളിൽ നടന്ന ജില്ലാതല വികസന സെമിനാറിൽ അവതരിപ്പിച്ചു. ജില്ലാ ആസൂത്രണ സമിതി ചെയർമാൻ ശ്രീ.എ.ജി.സി.ബഷീറിന്റെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട റവന്യൂ- ഭവന നിർമ്മാണ വകുപ്പ് മന്ത്രി ശ്രീ.ഇ.ചന്ദ്രശേഖരൻ അവർകളാണ് വികസനസെമിനാർ ഉദ്ഘാടനം ചെയ്തത്. വികസന സെമിനാറിൽ വെച്ച് കരട് ജില്ലാപദ്ധതി ബഹു. ശ്രീ.എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ പ്രകാശനം ചെയ്യുകയും ജില്ലാ കലക്ടർ ശ്രീ.ജീവൻ ബാബു.കെ, ഐ.എ.എസ് ഏറ്റുവാങ്ങുകയും ചെയ്തു. ജില്ലാ പ്ലാനിംഗ് ഓഫീസർ ശ്രീ.കെ.എം.സുരേഷ് സെമിനാറിൽ കരട് ജില്ലാപദ്ധതി അവതരിപ്പിച്ചു. വികസനസെമിനാറിൽ ബഹു. എം.പി. ശ്രീ.പി.കരുണാകരൻ, ശ്രീ.പി.ബി.അബ്ദുൾ റസാഖ് എം.എൽ.എ, ശ്രീ.കെ.കുഞ്ഞിരാമൻ.എം.എൽ.എ, ശ്രീ. എം. രാജഗോപാലൻ എം.എൽ.എ എന്നിവരും സംബന്ധിച്ചു. കൂടാതെ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ, ഉപസമിതികളുടെ ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സൺമാർ, കൺവീനർമാർ, ജോയിന്റ് കൺവീനർമാർ, ലീഡ് ബാങ്ക് മാനേജർ, നബാർഡിന്റെ ജനറൽ മാനേജർ, ഗവേഷണസ്ഥാപന പ്രതിനിധികൾ, വിദഗ്ധർ തുടങ്ങിയവരും സെമിനാറിൽ പങ്കെടുത്തു. പ്രാതിനിധ്യംകൊണ്ടും ചർച്ചയുടെ ഗൗരവംകൊണ്ടും ശ്രദ്ധേയമായിരുന്നു സെമിനാർ. വികസനസെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ഉപസമിതികൾ കരട്രേഖ പരിഷ്ക്കരിച്ചു. 2018 ജനുവരി 15-ാം തീയതി ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ സംബന്ധിച്ച് മാധ്യമപ്രവർത്തകരുമായി ഒരു ചർച്ചായോഗം ഡി.പി.സി ചെയർമാന്റെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടറുടെ ചേമ്പറിൽ സംഘടിപ്പിച്ചു.

സർക്കാർ നിർദ്ദേശമനുസരിച്ച് കരാറടിസ്ഥാനത്തിൽ നിയമിച്ച പ്രോജക്ട് അസോസിയേറ്റുമാർ, പ്ലാനിംഗ് അസിസ്റ്റന്റ് (ജി.ഐ.എസ്), ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരുടെ സേവനം ജില്ലാപദ്ധതിരൂപീകരണ പ്രവർത്തനത്തിൽ സഹായകരമായി വർത്തിച്ചു. വിഷയമേഖലാ ഉപസമിതികൾ തയ്യാറാക്കിയ പദ്ധതിരേഖ പരിശോധിച്ച് പോരായ്മകൾ പരിഹരിക്കുന്നതിന് 18 അംഗ എഡിറ്റോറിയൽ ബോർഡ് രൂപീകരിച്ച് പ്രവർത്തനം ഫലപ്രദമാക്കുകയും ചെയ്തു.

ഇങ്ങനെ പടിപടിയായി വികസിപ്പിച്ച കരട് ജില്ലാപദ്ധതി ഡി പി സിയുടെ അംഗീകാരത്തോടെ സർക്കാർ അനുമതിയ്ക്കായി 27.01.2018 ന് സംസ്ഥാന ആസൂത്രണബോർഡിന് സമർപ്പിച്ചു. ആയത് 2018 ജനുവരി 31, ഫെബ്രുവരി 1 തീയതികളിൽ സംസ്ഥാന ആസൂത്രണ ബോർഡിൽവെച്ച് വിദഗ്ദ്ധരും ഉദ്യോഗസ്ഥരും അടങ്ങുന്ന സംഘം വിശദമായി പരിശോധിച്ചു. തുടർന്ന് 2018 ഫെബ്രുവരി 12, 14 തീയതികളിൽ തിരുവനന്തപുരത്ത് മസ്ക്കറ്റ് ഹോട്ടലിൽ നടന്ന സംസ്ഥാനതലശിൽപശാലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ, കാസറഗോഡ് ജില്ലാആസൂത്രണസമിതിക്ക് വേണ്ടി കരട് ജില്ലാപദ്ധതി, ആസൂത്രണസമിതി മെമ്പർസെക്രട്ടറി കൂടിയായ ജില്ലാകലക്ടർ ശ്രീ.ജീവൻബാബു.കെ, ഐ.എ.എസ് അവതരിപ്പിക്കുകയുണ്ടായി. യോഗത്തിൽ ജില്ലാ പഞ്ചായതത് പ്രസിഡന്റും ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു. ഉള്ളടക്കം കൊണ്ടും അവതരണത്തിന്റെ സവിശേഷത കൊണ്ടും സംസ്ഥാനതലത്തിൽ ശ്രദ്ധ പിടിച്ചുപറ്റാൻ കാസറഗോഡ് ജില്ലയ്ക്ക് സാധിച്ചുവെന്നത് എടുത്ത് പറയേണ്ട കാര്യമാണ്. അതിന് ജില്ലാപദ്ധതി രൂപീകരണത്തിൽ ഭാഗവാക്കായ ഏവരോടുമുള്ള കടപ്പാടും നന്ദിയും അറിയിക്കുന്നു.

2018 ഫെബ്രുവരി 20നു ചേർന്ന സംസ്ഥാന വികസനകൗൺസിൽ, സർക്കാർ അംഗീകാരത്തിന് മുന്നോടിയായി ജില്ലാപദ്ധതി പരിഗണിക്കുകയും ചില ഭേദഗതി നിർദ്ദേശങ്ങളോടെ പദ്ധതി, സർക്കാരിന്റെ അംഗീകാരത്തിന് ശുപാർശ ചെയ്യുകയുമുണ്ടായി. സംസ്ഥാന വികസന കൗൺസിൽ നിർദ്ദേശം കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ച ജില്ലാ പദ്ധിയാണ് ഒരു പൊതു രേഖയായി പ്രകാശനം ചെയ്തിരിക്കുന്നത്.

ഇത് ഒരു അന്തിമരേഖയല്ല. ഇനിയും രൂപംകൊള്ളുന്ന വികസനകാഴ്ച്ചപ്പാടുകൾക്കും നയസമീപനങ്ങൾക്കും അനുസൃതമായി പരിഷ്ക്കരണത്തിന് വിധേയമാണ്. ജില്ലയുടെ പരിമിതികളും വൻ വികസനസാധ്യതകളും പരിഗണിച്ച് തയ്യാറാക്കിയ ജില്ലാപദ്ധതി നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ സാധിച്ചാൽ, നമ്മുടെ ജില്ല വികസനസൂചികകളിൽ സംസ്ഥാനശരാശരിയെക്കാൾ മുകളിലേക്ക് ഉയരും എന്നത് സുനിശ്ചിതമാണ്. മേൽ ലക്ഷ്യസാക്ഷാത്ക്കരണത്തിനായി നമുക്ക് കൂട്ടായി യത്നിക്കാം.

കെ.എം.സുരേഷ്,
ജില്ലാ പ്ലാനിംഗ് ഓഫീസർ &
ജോയിന്റ് സെക്രട്ടറി (കോ-ഓർഡിനേഷൻ)
ജില്ലാ ആസൂത്രണ സമിതി

ഉള്ളടക്കം

ഭാഗം-1

ജില്ലാ വികസന പരിപ്രേക്ഷ്യം

അദ്ധ്യായം	വിഷയം / ശീർഷകം	പേജ് നം.
1.	**ആമുഖവിവരങ്ങൾ**	1–48
2.	**വിഭവലഭ്യത**	49–96
3.	**വികസനത്തിന്റെ സ്ഥലമാനങ്ങൾ**	97–146
4.	**വികസനമേഖലകൾ അവസ്ഥയും പരിപ്രേക്ഷ്യവും**	
	4.1 ഉൽപാദന മേഖല	
	4.1.1. നീർത്തടാധിഷ്ഠിത വികസനം (കൃഷി, ജലസേചനം, മണ്ണ് ജലസംരക്ഷണം ഉൾപ്പെടെ)	147–200
	4.1.2. മൃഗ സംരക്ഷണം, ക്ഷീര വികസനം	201–222
	4.1.3. മത്സ്യ വികസനം	223–266
	4.1.4. പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, വന വികസനം	267–286
	4.1.5. വ്യവസായം, വാണിജ്യം, സ്വയംതൊഴിൽ സംരംഭങ്ങൾ, പ്രവാസി തൊഴിലാളികൾ	287–318
	4.2. സേവന മേഖല	
	4.2.1. ആരോഗ്യം, ശുചിത്വം (ഖര-ദ്രാവക മാലിന്യ സംസ്കരണം ഉൾപ്പെടെ)	319–376
	4.2.2. പാർപ്പിടം, സഹകരണം, ദാരിദ്ര്യ ലഘൂകരണം	377–402
	4.2.3. വിദ്യാഭ്യാസം, സാക്ഷരത	403–470
	4.2.4. സംസ്കാരം, കായികം, കല, യുവജനകാര്യം	471–486
	4.2.5. കുടിവെള്ളം	487–514
	4.2.6. സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം (വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡർ വിഭാഗം)	515–554
	4.3 പശ്ചാത്തല മേഖല	
	4.3.1. ഊർജ്ജം	555––566
	4.3.2. ഗതാഗതം, വാർത്താ വിനിമയം, വിനോദ സഞ്ചാരം	567–607
	4.4 പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ	
	4.4.1. പട്ടികജാതി വികസനം	609–634
	4.4.2. പട്ടികവർഗ്ഗ വികസനം	635–660
	4.4.3. വനിതാവികസനം	661–684

പട്ടികകൾ

	1 – ആമുഖവിവരങ്ങൾ	
ക്രമ നമ്പർ	**ഇനം**	**പേജ്**
പട്ടിക 1.1	ജനസംഖ്യാപരമായ പ്രത്യേകതകൾ	8
പട്ടിക 1.2	ജില്ലയുടെ വരുമാനം	8
പട്ടിക 1.3	പ്രധാന വിളകൾ	9
പട്ടിക 1.4	സ്കൂളുകൾ, കോളേജുകൾ	9
പട്ടിക 1.5	2011 സെൻസസ് പ്രകാരം ജില്ലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരങ്ങൾ	10
പട്ടിക 1.6	കാസറഗോഡ് ജില്ലയിലെ ജനസംഖ്യ	11
പട്ടിക 1.7	2011 സെൻസസ്സിനെ അടിസ്ഥാനമാക്കി ജില്ലയിലെ ജനസംഖ്യയുടെ ബ്ലോക്ക് / മുനിസിപ്പാലിറ്റി അടിസ്ഥാനത്തിലുള്ള പട്ടിക	11
പട്ടിക 1.8	ബ്ലോക്ക്/ പഞ്ചായത്തടിസ്ഥാനത്തിലുള്ള ജനസംഖ്യ മഞ്ചേശ്വരം ബ്ലോക്ക്/ പഞ്ചായത്തടിസ്ഥാനത്തിൽ	11
പട്ടിക 1.9	കാറഡുക്ക ബ്ലോക്ക് / പഞ്ചായത്തടിസ്ഥാനത്തിൽ	11
പട്ടിക 1.10	കാസറഗോഡ് ബ്ലോക്ക് / പഞ്ചായത്തടിസ്ഥാനത്തിൽ	12
പട്ടിക 1.11	കാഞ്ഞങ്ങാട് ബ്ലോക്ക് / പഞ്ചായത്തടിസ്ഥാനത്തിൽ	12
പട്ടിക 1.12	നീലേശ്വരം ബ്ലോക്ക്/ പഞ്ചായത്തടിസ്ഥാനത്തിൽ	12
പട്ടിക 1.13	പരപ്പ ബ്ലോക്ക്/ പഞ്ചായത്തടിസ്ഥാനത്തിൽ	12
പട്ടിക 1.14	ഉപജീവനത്തിനായി കാർഷിക രംഗത്തെ ആശ്രയിക്കുവരുടെ കണക്ക് (2001, 2011 സെൻസസ് വിവരങ്ങളിൽ നിന്നും ലഭിച്ചത്)	13
പട്ടിക 1.15	ജില്ലയിലെ ആൺ പെൺ അനുപാതം	13
പട്ടിക 1.16	പ്രായത്തിന്റെ അടിസ്ഥാനത്തിലുള്ള ജനസംഖ്യാ വിതരണം 2011	13
പട്ടിക 1.17	കാസറഗോഡ് ജില്ലയിലെ പ്രതീക്ഷിത ജനസംഖ്യ	14
പട്ടിക 1.18	പട്ടികജാതി കോളനികളുടെ എണ്ണം, കുടുംബങ്ങളുടെ എണ്ണം, ജനസംഖ്യ	15
പട്ടിക 1.19	പട്ടികവർഗ്ഗ കോളനികളുടെ എണ്ണം, കുടുംബങ്ങളുടെ എണ്ണം, ജനസംഖ്യ	16
പട്ടിക 1.20	ജില്ലയുടെ ആഭ്യന്തര ഉൽപാദനവും പ്രതിശീർഷ വരുമാനവും	17
പട്ടിക 1.21	കാസറഗോഡ് ജില്ലയുടെ ആഭ്യന്തര ഉൽപാദനവും അതിൽ കാർഷിക മേഖലയുടെ വിഹിതവും	18
പട്ടിക 1.22	ഭൂവിനിയോഗം	18
പട്ടിക 1.23	ജില്ലയിലെ നെൽകൃഷിയുടെ വിസ്തീർണ്ണം	19
പട്ടിക 1.24	കൃഷിയെ സംബന്ധിച്ച നെറ്റ് വിസ്തീർണ്ണം, ഗ്രോസ്സ് വിസ്തീർണ്ണം, വിളയുടെ സാന്ദ്രത (2006-2016)	20
പട്ടിക 1.25	പ്രധാന വിളകളുടെ വിസ്തീർണ്ണവും ഉല്പാദനവും ഉല്പാദനക്ഷമതയും	20
പട്ടിക 1.26	കാസറഗോഡ് ജില്ലയിലെ പ്രധാന കാർഷിക വിളകളുടെ വ്യാപ്തി	21
പട്ടിക 1.27	ജല സേചനത്തിന്റെ സ്രോതസ്സ് തിരിച്ചുള്ള കണക്ക് (2015-16 വർഷം)	22
പട്ടിക 1.28	പ്രധാന കാർഷിക വിളകളുടെ ഉൽപാദനം (2010-11 മുതൽ 2015-16 വരെ)	22
പട്ടിക 1.28(i)	പ്രധാന കാർഷിക വിളകളുടെ ഉൽപാദനം (2010-11 മുതൽ 2015-16)	23
പട്ടിക 1.29	വാർഷിക റിപ്പോർട്ടുകൾ - പ്രധാന കാർഷിക വിളകളുടെ ഉൽപ്പാദന മൂല്യം (ലക്ഷത്തിൽ)	23
പട്ടിക 1.29(i)	വാർഷിക റിപ്പോർട്ടുകൾ - പ്രധാന കാർഷിക വിളകളുടെ ഉൽപ്പാദന മൂല്യം (ലക്ഷത്തിൽ)	23
പട്ടിക 1.30	പ്രധാന കാർഷിക വിളകൾ കൃഷി ചെയ്ത വിസ്തൃതി (2015-16 വർഷം)	23

പട്ടിക 1.31	കാസറഗോഡ് ജില്ലയിലെ പുകയിലകൃഷിയുടെ വിസ്തീർണ്ണം, ഉല്പാദനം, ഉല്പാദനക്ഷമത	24
പട്ടിക 1.32	കൈവശാവകാശ ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സാമൂഹ്യ വിഭാഗത്തിന്റെയും കൈവശമുള്ള കൃഷി ഭൂമിയുടെ വിവരങ്ങൾ	24
പട്ടിക 1.33	കൈവശാവകാശ ഭൂമിയുടെ വിസ്തൃതി	25
പട്ടിക 1.34	നദികൾ	25
പട്ടിക 1.35	2007 മുതൽ 2016 വരെ കാസറഗോഡ് ജില്ലയിൽ ലഭിച്ച മഴയുടെ തോത് (മി.മീ)	26
പട്ടിക 1.36	2007 മുതൽ 2016 വരെ കാസറഗോഡ് ജില്ലയിലെ താപനില (ഡിഗ്രി സെൽഷ്യസിൽ)	27
പട്ടിക 1.37	സഹകരണ സംഘങ്ങൾ	29
പട്ടിക 1.38	കൈത്തറി സഹകരണ സംഘങ്ങൾ	29
പട്ടിക 1.39	ജില്ലയിലെ കൈത്തറി / കരകൗശല സ്ഥാപനങ്ങളുടെ എണ്ണം	30
പട്ടിക 1.40	കൈത്തറി കരകൗശല മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം	30
പട്ടിക 1.41	ഉടമസ്ഥതയുടെ അടിസ്ഥാനത്തിലുള്ള വർഗ്ഗീകരണം	30
പട്ടിക 1.42	അംഗൻവാടികളുടെ എണ്ണം ബ്ലോക്ക്/മുനിസിപ്പാലിറ്റി തലത്തിൽ	30
പട്ടിക 1.43	അനാഥാലയങ്ങളുടെ വിവരങ്ങൾ	31
പട്ടിക 1.44	ബ്ലോക്ക് അടിസ്ഥാനത്തിലുള്ള പി.എച്ച്.സി/സി.എച്ച്.സികളുടെ എണ്ണം	31
പട്ടിക 1.45	ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ (അലോപ്പതി)	31
പട്ടിക 1.46	പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ	32
പട്ടിക 1.47	പകർച്ചവ്യാധി പിടിപെട്ടവരുടെ എണ്ണവും അതുമൂലം മരണം സംഭവിച്ചവരുടെ എണ്ണവും	32
പട്ടിക 1.48	2015-16 ൽ നടന്ന പ്രസവങ്ങളുടെ വിവരങ്ങൾ	32
പട്ടിക 1.49	2015 ൽ ജില്ലയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ജനന-മരണങ്ങളുടെ വിവരങ്ങൾ	33
പട്ടിക 1.50	മാതൃമരണങ്ങളുടേയും ശിശുമരണങ്ങളുടേയും വിശദാംശങ്ങൾ	33
പട്ടിക 1.51	ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ (ആയുർവേദം)	33
പട്ടിക 1.52	ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ (ഹോമിയോ)	33
പട്ടിക 1.53	ലാബുകൾ	34
പട്ടിക 1.54	ബഡ്സ് സ്കൂൾ	34
പട്ടിക 1.55	രജിസ്ട്രേഷനും ലൈസൻസിന്റെയും അടിസ്ഥാനത്തിലുള്ള വിഭജനം	35
പട്ടിക 1.56	മാലിന്യ സംസ്കരണ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ വർഗ്ഗീകരണം	35
പട്ടിക 1.57	സ്കൂളുകളുടെ ഉടമസ്ഥത വിവരങ്ങൾ	35
പട്ടിക 1.58	ആറാമത് പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണം 2016 -17	36
പട്ടിക 1.59	സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് ഗ്രൂപ്പുകളുള്ള സ്കൂളുകളുടെ വിവരങ്ങൾ	36
പട്ടിക 1.60	കാസറഗോഡ് ജില്ലയിലെ ഉപരിപഠന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരങ്ങൾ	36
പട്ടിക 1.61	ഡിവിഷനെ അടിസ്ഥാനമാക്കിയുള്ള സർവ്വീസ് കണക്ഷനുകൾ	37

പട്ടിക 1.62	30.09.2017 വരെയുള്ള എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ	38
പട്ടിക 1.63	കഴിഞ്ഞ 8 വർഷങ്ങളിലെ ജില്ലയിലെ ലൈവ് രജിസ്ട്രേഷന്റെ താരതമ്യ പട്ടിക	38
പട്ടിക 1.64	കേന്ദ്ര സംസ്ഥാന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം	38
പട്ടിക 1.65	പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി ജോലി എടുക്കുന്നവരുടെ എണ്ണം	38
പട്ടിക 1.66	ജില്ലയിൽ ജോലി ചെയ്യുന്നവരിൽ സ്ത്രീകളുടെ പങ്കാളിത്തം 31.03.2014 ലെ വിവരം	39
പട്ടിക 1.67	ജില്ലയിലെ വിവിധ തരത്തിലുള്ള റോഡുകൾ	39
പട്ടിക 1.68	ജില്ലയിലെ സ്റ്റേറ്റ് ഹൈവേകൾ	39
പട്ടിക 1.69	ജില്ലയിലെ മേജർ ജില്ലാ റോഡുകളുടെ നീളത്തിന്റെ അടിസ്ഥാനത്തിലുള്ള വർഗ്ഗീകരണം.	38
പട്ടിക 1.70	ജില്ലയിലും സംസ്ഥാനത്തും രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ എണ്ണം (31.03.2016 വരെ)	40
പട്ടിക 1.71	ബ്ലോക്കടിസ്ഥാനത്തിലുള്ള ജില്ലയിലെ ബാങ്കുകളുടെ എണ്ണം	40
പട്ടിക 1.72	പ്രവാസികൾ താമസിക്കുന്ന മേഖലകളും അവരുടെ എണ്ണവും	46
പട്ടിക 1.73	വിവിധ വിഭാഗങ്ങളിലെ റേഷൻ കാർഡുകളുടെ എണ്ണം ബ്ലോക്ക് /പഞ്ചായത്തടിസ്ഥാനത്തിൽ	47

	2 – വിഭവലഭ്യത	
ക്രമ നമ്പർ	**ഇനം**	**പേജ്**

പട്ടിക 2.1	പ്രധാനസാമ്പത്തിക സൂചകങ്ങൾ കാസറഗോഡ് ജില്ല	51
പട്ടിക 2.2	ജനസംഖ്യാ വിവരങ്ങൾ	52
പട്ടിക 2.3	തൊഴിലിൽ ഏർപ്പെട്ടവർവരും ഏർപ്പെടാത്തവരും	53
പട്ടിക 2.4	തൊഴിലുകളിൽ ഏർപ്പെട്ടവരുടെ തരം തിരിവ്	54
പട്ടിക 2.5	ജനസംഖ്യാ ഘടന(ശതമാന കണക്കിൽ)	54
പട്ടിക 2.6	പ്രവാസികാര്യ സൂചകങ്ങൾ	55
പട്ടിക 2.7	പഠനാവശ്യത്തിനായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുവർ	56
പട്ടിക 2.8	ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ	57
പട്ടിക 2.9	കൊഴിഞ്ഞുപോക്ക് നിരക്ക്	58
പട്ടിക 2.10	ജില്ലയിലെ ചികിൽസ സൗകര്യങ്ങൾ	58
പട്ടിക 2.11	ആധുനിക സർക്കാർ ചികിൽസ സൗകര്യങ്ങൾ (സർക്കാർ)	58
പട്ടിക 2.12	ഹോമിയോ ചികിൽസ സൗകര്യങ്ങൾ സർക്കാർ	59
പട്ടിക 2.13	ഇന്ത്യൻ ചികിൽസാസമ്പ്രദായ സൗകര്യങ്ങൾ (സർക്കാർ)	59
പട്ടിക 2.14	മൃഗസംരക്ഷണ വകുപ്പിന്റെ സൗകര്യങ്ങൾ (സർക്കാർ)	59
പട്ടിക 2.15	ജില്ലയിലെ വിവിധ മൃഗങ്ങളുടെ എണ്ണം.	60
പട്ടിക 2.16	കാസറഗോഡ് ജില്ലയിലെ മൃഗവിഭവ ഉത്പാദനം.	60
പട്ടിക 2.17	2016ൽ ജില്ലയിൽ ലഭിച്ച മഴയുടെ തോത് (മി.മീ)	60
പട്ടിക 2.18	2011 മുതൽ 2016 വരെ കാസറഗോഡ് ജില്ലയിൽ ലഭിച്ച മഴയുടെ തോത് (മി.മീ)	61

പട്ടിക 2.19	ജില്ലയിലെ നദികളും അവയുടെ നീളവും	62
പട്ടിക 2.20	ജില്ലയിലെ നദീതടങ്ങൾ	62
പട്ടിക 2.21	കാസറഗോഡ് ജില്ലയുടെ ഭൂവിനിയോഗം	64
പട്ടിക 2.22	കാസറഗോഡ് ജില്ലയുടെ വന വിസ്തൃതി കണക്ക് (31.03.2016)	65
പട്ടിക 2.23	ജില്ലയിലെ വിളകളുടെ വിസ്തൃതി, ഉല്പാദനം	65
പട്ടിക 2.24	ജില്ലയിലെ നെൽകൃഷിയുടെ വിസ്തൃതി, ഉല്പാദനം	65
പട്ടിക 2.25	കാസറഗോഡ് ജില്ലയിലെ ബാങ്കിംഗ് സൗകര്യങ്ങൾ	66
പട്ടിക 2.26	കാസറഗോഡ് ജില്ലയിലെ സഹകരണ സംഘങ്ങൾ	66
പട്ടിക 2.27	ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ	68
പട്ടിക 2.28	ജില്ലയുടെ വികസന പദ്ധതികൾക്കായി വിവിധതലത്തിൽ നിന്നും പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ വിശദാംശം	71
പട്ടിക 2.29	പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ജില്ലയ്ക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ വിവരങ്ങൾ	73
പട്ടിക 2.30	പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ സംസ്ഥാനപദ്ധതികൾക്കായി ജില്ലയ്ക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ വിവരങ്ങൾ	72
പട്ടിക 2.31	പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്കായി വികസന ഫണ്ടിൽ ജില്ലയ്ക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ വിവരങ്ങൾ	74
പട്ടിക 2.32	പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതികൾക്കായി മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ ജില്ലയ്ക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ വിവരങ്ങൾ	74
പട്ടിക 2.33	പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതികൾക്കായി മെയിന്റനൻസ് ഫണ്ട് റോഡിനത്തിൽ ജില്ലയ്ക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ വിവരങ്ങൾ	74
പട്ടിക 2.34	പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതികൾക്കായി ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ ജില്ലയ്ക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ വിവരങ്ങൾ	75
പട്ടിക 2.35	പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതിക്കായി ഉൾപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്ന തനതുഫണ്ട് തുകയുടെ വിവരങ്ങൾ	75
പട്ടിക 2.36	പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ എം.എൽ.എ മാരുടെ പ്രാദേശിക വികസന പദ്ധതിക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ വിവരങ്ങൾ	75
പട്ടിക 2.37	എം.എൽ.എമാരുടെ ആസ്തിവികസനഫണ്ടിൽ 13-ാം പഞ്ചവൽസര പദ്ധതിയിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ വിവരങ്ങൾ	75
പട്ടിക 2.38	എം.പി മാരുടെ പ്രാദേശിക വികസന പദ്ധതിയിൽ 13-ാം പഞ്ചവൽസര പദ്ധതിയിൽ ലഭിക്കു മെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ വിവരങ്ങൾ	76
പട്ടിക 2.39	കാസറഗോഡ് വികസന പാക്കേജിൽ 13-ാം പഞ്ചവൽസര പദ്ധതിയിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ വിവരങ്ങൾ	76
പട്ടിക 2.40	ഊർജിത ഗ്രാമീണ ജലവിതരണ പദ്ധതിക്കായി (എ.ആർ.ഡബ്ല്യു.എസ്.എസ്) 13-ാം പഞ്ചവൽസര പദ്ധതിയിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ വിവരങ്ങൾ	76
പട്ടിക 2.41	പശ്ചിമഘട്ട വികസന പരിപാടിക്ക് 13-ാം പഞ്ചവൽസര പദ്ധതിയിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ വിവരങ്ങൾ	76

പട്ടിക 2.42	എസ്.സി.എ ടു എസ്.സി.എസ്.പി, എസ്.സി.എ ടു ടി.എസ്..പി എന്നിവയിൽ 13-ാം പഞ്ചവൽസര പദ്ധതിയിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ വിവരങ്ങൾ	76
പട്ടിക 2.43	കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി ഫണ്ടിൽ 13-ാം പഞ്ചവൽസര പദ്ധതിയിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ വിവരങ്ങൾ	76
പട്ടിക 2.44	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2017-18ൽ വികസനഫണ്ടിൽ നിന്ന് ലഭിക്കുന്ന ബജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ)	77
പട്ടിക 2.45	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ 2018-19 വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന ബജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ)	78
പട്ടിക 2.46	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ 2019-20 വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന ബജറ്റ് വിഹിതം(രൂപ ലക്ഷത്തിൽ)	80
പട്ടിക 2.47	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനഫണ്ടിൽ 2020-21 വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന ബജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ)	81
പട്ടിക 2.48	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ 2021-22 വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന ബജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ)	83
പട്ടിക 2.49	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ 2017-22 വർഷങ്ങളിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന ആകെ ബജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ)	84
പട്ടിക 2.50	പരമ്പരാഗത ചുമതലകൾ, സംരക്ഷണച്ചെലവ് (റോഡിതരയിനം, റോഡിനം) 2017-18 ബഡ്ജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ)	86
പട്ടിക 2.51	2018-19 സാമ്പത്തിക വർഷം പരമ്പരാഗത ചുമതലകൾ, സംരക്ഷണച്ചെലവ് (റോഡിതരയിനം, റോഡിനം) എന്നിവയ്ക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ)	87
പട്ടിക 2.52	2019-20 സാമ്പത്തിക വർഷം പരമ്പരാഗതചുമതലകൾ, സംരക്ഷണച്ചെലവ് (റോഡിതരയിനം, റോഡിനം) എന്നിവയ്ക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് വിഹിതം(രൂപ ലക്ഷത്തിൽ)	89
പട്ടിക 2.53	2020-21 സാമ്പത്തികവർഷം പരമ്പരാഗതചുമതലകൾ, സംരക്ഷണച്ചെലവ് (റോഡിതരയിനം, റോഡിനം) എന്നിവയ്ക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് വിഹിതം (രൂപ ലക്ഷത്തിൽ)	90
പട്ടിക 2.54	2021-22 സാമ്പത്തിക വർഷം പരമ്പരാഗത ചുമതലകൾ, സംരക്ഷണച്ചെലവ് (റോഡിതരയിനം, റോഡിനം) എന്നിവയ്ക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് വിഹിതം(രൂപ ലക്ഷത്തിൽ)	91
പട്ടിക 2.55	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പരമ്പരാഗത ചുമതലകൾ, സംരക്ഷണച്ചെലവ് (റോഡിതരയിനം, റോഡിനം) എന്നീ ഇനത്തിൽ ലഭ്ക്കുമെന്ന് പ്രതീക്ഷിക്കുന്ന ആകെ തുകകൾ (2017- 18) - (2021 -22) (രൂപ ലക്ഷത്തിൽ)	93
പട്ടിക 2.56	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്ന തനതുഫണ്ട് വിവരങ്ങൾ (രൂപ ലക്ഷത്തിൽ)	94

3. വികസനത്തിന്റെ സ്ഥലമാനങ്ങൾ

ക്രമ നമ്പർ	ഇനം	പേജ്
പട്ടിക 3.1	കാസറഗോഡ് ജില്ലയിൽ നിന്നും പ്രധാനപ്പെട്ട സ്ഥലങ്ങളിലേക്കുള്ള ദൂരം	103
പട്ടിക 3.2	കാസറഗോഡ് ജില്ലയിലെ ജനസംഖ്യാ വളർച്ചാ നിരക്ക്	114
പട്ടിക 3.3	ജില്ലയിലെ പ്രധാന ഭാഷകൾ	121
പട്ടിക 3.4	കാസറഗോഡ് ജില്ലയിലെ നഗരങ്ങൾ	125
പട്ടിക 3.5	തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലെ റോഡുകളുടെ സാന്ദ്രത	131
പട്ടിക 3.6	കാസറഗോഡ് ജില്ലയുടെ വിശദമായ നഗര വീക്ഷണം- 2021	136
പട്ടിക 3.7	ഭൂവിനിയോഗ ക്രമമനുസരിച്ചുള്ള വികസന സ്വഭാവം	139
പട്ടിക 3.8	കാർഷിക മേഖലയ്ക്ക് അനുയോജ്യമായ ഘടകങ്ങൾ	141

4.1 ഉൽപാദന മേഖല

4.1.1 നീർത്തടാധിഷ്ഠിത വികസനം (കൃഷി, ജലസേചനം, മണ്ണ് ജല സംരക്ഷണം ഉൾപ്പെടെ)

ക്രമ നമ്പർ	ഇനം	പേജ്
പട്ടിക 4.1.1.1	കാസറഗോഡ് ജില്ല ഭൂമിയുടെ തരംതിരിച്ചുള്ള കണക്ക്	153
പട്ടിക 4.1.1.2	ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ തിരിച്ചുള്ള കാർഷിക വിളകളുടെ വിസ്തീർണ്ണം	154
പട്ടിക 4.1.1.3	കാസറഗോഡ് ജില്ലയിലെ പാടശേഖരങ്ങളുടെ വിശദാംശങ്ങൾ കാണിക്കുന്ന കണക്കുകൾ	156
പട്ടിക 4.1.1.4	ജില്ലയിലെ തരിശ് ഭൂമിയുടെ വിസ്തീർണ്ണം	161
പട്ടിക 4.1.1.5	സ്ഥിരം തൊഴിലാളികൾ	163
പട്ടിക 4.1.1.6	കാഷ്വൽ തൊഴിലാളികൾ	163
പട്ടിക 4.1.1.7	പ്രധാന കാർഷിക വിളകളുടെ ഉൽപ്പാദനക്ഷമത (കി.ഗ്രാം./ഹെ)	167
പട്ടിക 4.1.1.8	വിവിധ ഭക്ഷ്യോൽപ്പന്നങ്ങളുടെ ഉപഭോഗം സംബന്ധിച്ച കണക്ക്	168
പട്ടിക 4.1.1.9	കാർഷിക വിളകളുടെ വിസ്തീർണ്ണത്തിൽ വന്നിരിക്കുന്ന കുറവ് സൂചിപ്പിക്കുന്ന വിവരങ്ങൾ	169
പട്ടിക 4.1.1.10	ഭൂവിസ്തൃതിയിൽ 30 വർഷത്തിനിടയിൽ വന്നിരിക്കുന്ന മാറ്റം	169
പട്ടിക 4.1.1.11	കൃഷിയിടങ്ങളുടെ തരം തിരിവ്	172
പട്ടിക 4.1.1.12	കേരളത്തിലെ തോട്ടവിള കൃഷിയിൽ ജില്ലയുടെ സ്ഥാനം.	173
പട്ടിക 4.1.1.13	കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2016-17 വർഷം സംസ്ഥാന ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ	178
പട്ടിക 4.1.1.14	കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2016-17 വർഷം കേന്ദ്ര ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ	179
പട്ടിക 4.1.1.15	ജില്ലയിലെ വാട്ടർ ഷെഡ്- അടിസ്ഥാന വിവരങ്ങൾ	184
പട്ടിക 4.1.1.16	മണ്ണിന്റെ ഫലഭൂയിഷ്ഠത പരിശോധന വിവരങ്ങൾ	189
പട്ടിക 4.1.1.17	ചെറുകിട ജലസേചനം- ഇന്നത്തെ അവസ്ഥ (സംക്ഷിപ്ത വിവരങ്ങൾ)	192
പട്ടിക 4.1.1.18	ജില്ലയിലെ നദികളും അവയുടെ വിശദാംശങ്ങളും	194
പട്ടിക 4.1.1.19	ജില്ലയിലെ പ്രധാന കുളങ്ങളും അവയുടെ വിശദാംശങ്ങളും	196
പട്ടിക 4.1.1.20	ജില്ലയിലെ പ്രധാന നീരുറവകൾ	197

4.1.2 മൃഗസംരക്ഷണം, ക്ഷീരവികസനം

ക്രമ നമ്പർ	ഇനം	പേജ്
പട്ടിക 4.1.2.1	പാലുൽപാദനം ബ്ലോക്ക് തലത്തിൽ	204
പട്ടിക 4.1.2.2	കന്നുകാലി സെൻസസ് 2012	204
പട്ടിക 4.1.2.3	കന്നുകാലി സെൻസസ് 2012 (പഞ്ചായത്ത്, മുൻസിപ്പാലിറ്റി അടിസ്ഥാനത്തിൽ)	204
പട്ടിക 4.1.2.4	പാൽ, മുട്ട, മാംസം ഉൽപാദനം	207
പട്ടിക 4.1.2.5	ക്ഷീരസഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങൾ	207
പട്ടിക 4.1.2.6	കറവപ്പശു, തീറ്റപ്പുൽകൃഷി ഉൽപാദന മാതൃകാ വിവരങ്ങൾ	208
പട്ടിക 4.1.2.7	മിൽമ പ്രവർത്തന റിപ്പോർട്ട്-2016-17	208
പട്ടിക 4.1.2.8	ക്ഷീരവികസന വകുപ്പ്തല പദ്ധതികൾ, ഗുണഭോക്താക്കൾ, തുക-2017-18	213
പട്ടിക 4.1.2.9	അസിസ്റ്റൻസ് ടു ഡയറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്	213
പട്ടിക 4.1.2.10	തീറ്റപ്പുൽ കൃഷി വികസന പദ്ധതി	214
പട്ടിക 4.1.2.11	റൂറൽ ഡയറി എക്സ്റ്റെൻഷൻ & അഡ്വൈസറി സർവ്വീസ്	214
പട്ടിക 4.1.2.12	സ്ട്രങ്തനിംഗ് ഓഫ് ക്വാളിറ്റി കൺട്രോൾ ആക്ടിവിറ്റീസ്	214

4.1.3 മത്സ്യവികസനം

ക്രമ നമ്പർ	ഇനം	പേജ്
പട്ടിക 4.1.3.1	മത്സ്യ മേഖല അടിസ്ഥാന വിവരങ്ങൾ	225
പട്ടിക 4.1.3.2	കാസർഗോഡ് ജില്ലയിലെ നദികളും ദൈർഘ്യവും	225
പട്ടിക 4.1.3.3	ജില്ലയിലെ കായലുകൾ	226
പട്ടിക 4.1.3.4	ജില്ലയിലെ മത്സ്യഗ്രാമങ്ങൾ	227
പട്ടിക 4.1.3.5	കാസറഗോഡ് ജില്ലയിലെ തീരദേശ പഞ്ചായത്തുകൾ	227
പട്ടിക 4.1.3.6	കാസറഗോഡ് ജില്ലയിലെ തീരദേശ മുനിസിപ്പാലിറ്റികൾ	228
പട്ടിക 4.1.3.7	കാസറഗോഡ് ജില്ലയിലെ മത്സ്യത്തൊഴിലാളി ജനസംഖ്യ	228
പട്ടിക 4.1.3.8	കാസറഗോഡ് ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ എണ്ണം (മത്സ്യഗ്രാമങ്ങൾ തിരിച്ച്)	229
പട്ടിക 4.1.3.9	മത്സ്യത്തൊഴിലാളി കുടുംബങ്ങൾ-ദാരിദ്ര്യസൂചികയുടെ അടിസ്ഥാനത്തിൽ	229
പട്ടിക 4.1.3.10	ജില്ലയിലെ മത്സ്യോല്പാദനം 2015-16	230
പട്ടിക 4.1.3.11	ഇനം തരംതിരിച്ചുള്ള മറൈൻ മത്സ്യോല്പാദനം	230
പട്ടിക 4.1.3.12	സഹകരണ സംഘങ്ങൾ	231
പട്ടിക 4.1.3.13	ജില്ലയിലെ മത്സ്യ ലേല കേന്ദ്രങ്ങൾ-വിശകലനം	232
പട്ടിക 4.1.3.14	മത്സ്യഭവനുകൾ നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	232
പട്ടിക 4.1.3.15	പ്രൈമറി ഹെൽത്ത് സെന്ററുകൾ	233
പട്ടിക 4.1.3.16	തീരദേശ അംഗൻവാടികൾ	233
പട്ടിക 4.1.3.17	ജില്ലയിലെ തീരദേശ സ്ക്കൂളുകൾ (ഗവൺമെന്റ് വിദ്യാലയങ്ങൾ)	234
പട്ടിക 4.1.3.18	കാസറഗോഡ് ജില്ലയിലെ മത്സ്യമേഖലയിലെ അനുബന്ധത്തൊഴിലാളികൾ	235
പട്ടിക 4.1.3.19	ഫിഷ് മാർക്കറ്റുകൾ	236
പട്ടിക 4.1.3.20	കാസറഗോഡ് ജില്ലയിലെ മത്സ്യബന്ധന തുറമുഖങ്ങൾ	237
പട്ടിക 4.1.3.21	ജില്ലയിലെ കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ (ഫിഷ്ലാന്റിംഗ് സെന്ററുകൾ)	237
കാർ / ജീപ്പ് / വാൻ	10426	8.11	9012	6.47	19438	7.26
സ്കൂട്ടർ / മോട്ടോർ സൈക്കിൾ	17696	13.76	16571	11.91	34267	12.8
സൈക്കിൾ	10683	8.31	17053	12.25	27736	10.36
കമ്പ്യൂട്ടർ	16553	12.87	15931	11.45	32484	12.13
ടെലിവിഷൻ	84683	65.86	94981	68.24	179664	67.1

ജനസംഖ്യ

ഒരു പ്രദേശത്തിന് പാകപ്പെട്ട ജനസംഖ്യ (Optimum Population) എന്നത് വികസനത്തിന്റെ സൂചികയായി കണക്കാക്കാം. പ്രദേശത്തിന്റെ വിഭവങ്ങൾ, സാധ്യതകൾ എന്നിവ ഉപയോഗപ്പെടുത്തി പ്രകൃതിക്കും ചുറ്റുപാടിനും കോട്ടം തട്ടാതെ സംരക്ഷിച്ച് നല്ല ഗുണനിലവാരമുള്ള ജീവിതം നയിക്കാൻ ആ പ്രദേശത്തെ ജനങ്ങൾക്ക് കഴിയണം. എന്നാൽ ജില്ലയിലെ സ്ഥിതി ഇതിൽ നിന്നും വിഭിന്നമാണ്. ഈ ഭൂപ്രദേശത്തിന് താങ്ങാൻ പറ്റാത്ത ജനപ്പെരുപ്പമാണ് ജില്ലയിലുള്ളത്. അതുകൊണ്ട് തന്നെ ജീവിക്കാനുള്ള വരുമാനത്തിന്റെ സാധ്യത തേടി അന്യദേശത്തേക്കുള്ള കുടിയേറ്റം, പ്രത്യേകിച്ചും ഗൾഫ് നാടുകളിലേക്ക് പണ്ടു മുതലേ ജില്ലയിൽ നിലനിന്നു വരുന്നു. ജനസംഖ്യയുമായി ബന്ധപ്പെട്ട ചില സൂചകങ്ങൾ താഴെ കാണുന്ന പട്ടികയിൽ നിന്നും ലഭ്യമാകുന്നതാണ്.

പട്ടിക 1.6: കാസറഗോഡ് ജില്ലയിലെ ജനസംഖ്യ

	1991	2001	2011
പുരുഷന്മാർ	528803	588083	628613
സ്ത്രീകൾ	542705	615995	678762
ആകെ	1071508	1204078	1307375
കുടുംബങ്ങളുടെ എണ്ണം	–	225252	273410
ജനസാന്ദ്രത	538	604	657
ദശവാർഷിക ജനസംഖ്യാ വർദ്ധനവ്	–	132570	103297
ദശവാർഷിക ജനസംഖ്യാ വർദ്ധന നിരക്ക്	–	12.37	8.58

(ഉറവിടം - ഡിസ്ട്രിക്ട് സെൻസസ് ഹാന്റ് ബുക്ക് 2011, കാസറഗോഡ്. പബ്ലിഷർ - സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്.)

പട്ടികയിൽ നിന്നും 2011-ലെ സെൻസസ് പ്രകാരം ജില്ലയിലെ ജനസംഖ്യ 1307375 ആണ്. പ്രവാസികളുടെ എണ്ണം സെൻസസിന്റെ നിർവ്വചനങ്ങളുടെ അടിസ്ഥാനത്തിൽ ഇതിൽപ്പെടുന്നില്ല. സാമ്പത്തിക സ്ഥിതിവിവരകണക്ക് 2013 ൽ നടത്തിയ പ്രവാസികളെ സംബന്ധിച്ച സെൻസസ് പ്രകാരം ജില്ലയിൽ 65209 പ്രവാസികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

ജില്ലയുടെ ജനസാന്ദ്രത 657 എന്ന് നിർണ്ണയിച്ചിട്ടുണ്ട്. ഇത് സംസ്ഥാന ശരാശരിയെക്കാൾ കുറവാണെങ്കിലും ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്. മഞ്ചേശ്വരം, കാറഡുക്ക ബ്ലോക്കുകളിൽ ഉൾപ്പെടുന്ന ചില പ്രദേശങ്ങൾ ജനവാസത്തിന് തീർത്തും പ്രയാസമുള്ളവയാണ്. ലാറ്ററൈറ്റ് വിഭാഗത്തിൽപ്പെട്ട പാറ പ്രദേശവും വെള്ളം കിട്ടാനുള്ള ബുദ്ധിമുട്ടുമാണ് ഇതിന് കാരണം.

പട്ടിക 1.7: 2011 സെൻസസിനെ അടിസ്ഥാനമാക്കി ജില്ലയിലെ ജനസംഖ്യയുടെ ബ്ലോക്ക് / മുൻസിപ്പാലിറ്റി അടിസ്ഥാനത്തിലുള്ള പട്ടിക

ബ്ലോക്ക്/ മുൻസിപ്പാലിറ്റി	വിസ്തീർണ്ണം	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ			എസ്.സി			എസ്.ടി			ജനസാന്ദ്രത
			പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	
മഞ്ചേശ്വരം	341.44	41525	109031	112920	221951	6149	6109	12258	996	104	2037	650
കാറഡുക്ക	353.12	30525	72239	74644	146883	4738	4817	9555	4592	4606	9198	416
കാസറഗോഡ്	240.73	49805	125165	133563	258728	6598	6657	13255	564	719	1283	1075
കാഞ്ഞങ്ങാട്	205.54	39004	84891	96746	181637	1962	1966	3928	2890	2966	5856	884
നീലേശ്വരം	177.41	32917	69407	80256	149663	4070	4210	8280	455	372	827	844
പരപ്പ	562.36	44137	88540	92707	181247	604	660	1264	13949	14698	28647	322
കാസറഗോഡ് മുൻസിപ്പാലിറ്റി	16.69	10202	26319	27853	54172	725	818	1543	82	84	166	3246
കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി	70.47	16171	34518	38824	73342	816	891	1707	374	380	754	1041
നീലേശ്വരം മുൻസിപ്പാലിറ്റി	26.23	9124	18503	21249	39752	723	770	1493	48	41	89	1515
ആകെ	1992	273410	628613	678762	1307375	26385	26898	53283	23950	23970	48857	657

ബ്ലോക്ക് അടിസ്ഥാനത്തിലുള്ള ജനസംഖ്യ താരതമ്യം ചെയ്താൽ ഏറ്റവും കൂടുതൽ ജനങ്ങളുള്ളത് കാസറഗോഡ് ബ്ലോക്കിലാണ്. അതുപോല ജനസാന്ദ്രത ഏറ്റവും കൂടുതലുള്ള ബ്ലോക്കും കാസറഗോഡ് തന്നെ. മുൻസിപ്പാലിറ്റികളിൽ ഏറ്റവും കൂടിയ ജനസംഖ്യ കാഞ്ഞങ്ങാടാണ്. എന്നാൽ ജനസാന്ദ്രത കൂടിയ മുൻസിപ്പാലിറ്റി കാസറഗോഡാണ്. ബ്ലോക്ക്/ പഞ്ചായ ത്തടിസ്ഥാനത്തിലുള്ള ജനസംഖ്യ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 1.8: ബ്ലോക്ക്/ പഞ്ചായത്തടിസ്ഥാനത്തിലുള്ള ജനസംഖ്യ

മഞ്ചേശ്വരം ബ്ലോക്ക്/പഞ്ചായത്തടിസ്ഥാനത്തിൽ

ബ്ലോക്ക്/ മുൻസിപ്പാലിറ്റി	വിസ്തീർണ്ണം	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ			എസ്.സി			എസ്.ടി			ജനസാന്ദ്രത
			പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	
മഞ്ചേശ്വരം	24.4	7762	20320	21195	41515	850	934	1784	167	194	361	1701
വൊർക്കാടി	45.4	4751	12767	12989	25756	369	364	733	125	124	249	567
മീഞ്ച	44.91	4527	11406	11912	23318	690	666	1356	79	73	152	519
മംഗൽപ്പാടി	36.38	9218	23036	25405	48441	1359	1320	2679	81	83	164	1331
പൈവളിഗെ	72.51	6212	17259	17015	34274	1126	1110	2236	274	288	562	473
എൺമകജെ	78.23	5135	13446	13378	26824	1111	1039	2150	126	117	243	343
പുത്തിഗെ	39.61	3920	10797	11026	21823	644	676	1320	144	162	306	551
ആകെ	341.44	41525	109031	112920	221951	6149	6109	12258	996	1041	2037	650

പട്ടിക 1.9: കാറഡുക്ക ബ്ലോക്ക് / പഞ്ചായത്തടിസ്ഥാനത്തിൽ

ബ്ലോക്ക്/ മുൻസിപ്പാലിറ്റി	വിസ്തീർണ്ണം	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ			എസ്.സി			എസ്.ടി			ജനസാന്ദ്രത
			പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	
കുമ്പഡാജെ	31.5	2787	7370	7402	14772	751	740	1491	20	18	38	469
ബെള്ളൂർ	26.93	2074	5112	5129	10241	834	874	1708	22	33	55	380
കാറഡുക്ക	41.17	4265	10535	10676	21211	997	953	1950	80	84	164	515
ദേലംപാടി	56.28	4371	11360	11413	22773	882	935	1817	503	504	1007	404
മുളിയാർ	45.75	4980	12248	12847	25095	1003	1019	2022	36	48	84	548
ബേഡഡുക്ക	85.49	6305	13281	14587	27868	186	216	402	1696	1652	3348	326
കുറ്റിക്കോൽ	66	5743	12333	12590	24923	85	80	165	2235	2267	4502	378
ആകെ	353.12	30525	72239	74644	146883	4738	4817	9555	4592	4606	9198	416

പട്ടിക 1.10: കാസറഗോഡ് ബ്ലോക്ക് / പഞ്ചായത്തടിസ്ഥാനത്തിൽ

ബ്ലോക്ക്/ മുൻസിപ്പാലിറ്റി	വിസ്തീർണ്ണം	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ			എസ്.സി			എസ്.ടി			ജനസാന്ദ്രത
			പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	
ബദിയഡുക്ക	67.08	6744	16988	17219	34207	1937	1985	3922	193	170	363	510
കുമ്പള	40.18	8674	22629	24062	46691	1229	1281	2510	159	146	305	1162
മധൂർ	26.4	8388	20249	21214	41463	1047	980	2027	81	101	182	1571
ചെമ്മനാട്	40.11	10597	25689	29058	54747	588	688	1276	44	229	273	1365
ചെങ്കള	52.73	10629	27793	28988	56781	1170	1128	2298	59	49	108	1077
മൊഗ്രാൽപുത്തൂർ	14.23	4773	11817	13022	24839	627	595	1222	28	24	52	1746
ആകെ	240.73	49805	125165	133563	258728	6598	6657	13255	564	719	1283	1075

പട്ടിക 1.11: കാഞ്ഞങ്ങാട് ബ്ലോക്ക് / പഞ്ചായത്തടിസ്ഥാനത്തിൽ

ബ്ലോക്ക്/ മുൻസിപ്പാലിറ്റി	വിസ്തീർണ്ണം	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ			എസ്.സി			എസ്.ടി			ജനസാന്ദ്രത
			പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	
ഉദുമ	23.54	7519	17319	20218	37537	637	631	1268	33	53	86	1595
പള്ളിക്കര	39.09	8856	20099	23156	43255	486	480	966	500	470	970	1107
അജാനൂർ	27.83	10335	22952	26201	49153	449	471	920	273	274	547	1766
പുല്ലൂർ പെരിയ	63.25	6767	14154	15488	29642	223	226	449	1466	1523	2989	469
മടിക്കൈ	51.83	5527	10367	11683	22050	167	158	325	618	646	1264	425
ആകെ	205.54	39004	84891	96746	181637	1962	1966	3928	2890	2966	5856	884

പട്ടിക 1.12: നീലേശ്വരം ബ്ലോക്ക്/ പഞ്ചായത്തടിസ്ഥാനത്തിൽ

ബ്ലോക്ക്/ മുൻസിപ്പാലിറ്റി	വിസ്തീർണ്ണം	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ			എസ്.സി			എസ്.ടി			ജനസാന്ദ്രത
			പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	
കയ്യൂർ ചീമേനി	72.46	6000	11136	12359	23495	430	454	884	163	183	346	324
പിലിക്കോട്	26.77	6142	11984	13138	25122	722	676	1398	182	90	272	938
പടന്ന	20.41	4335	10222	11912	22134	864	877	1741	21	22	43	1084
വലിയ പറമ്പ	16.12	2561	5758	7032	12790	293	321	614	16	8	24	793
തൃക്കരിപ്പൂർ	23.31	7850	17639	21048	38687	1132	1210	2342	33	24	57	1660
ചെറുവത്തൂർ	18.34	6029	12668	14767	27435	629	672	1301	40	45	85	1496
ആകെ	177.41	32917	69407	80256	149663	4070	4210	8280	455	372	827	844

പട്ടിക 1.13: പരപ്പ ബ്ലോക്ക്/ പഞ്ചായത്തടിസ്ഥാനത്തിൽ

ബ്ലോക്ക്/ മുൻസിപ്പാലിറ്റി	വിസ്തീർണ്ണം	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ			എസ്.സി			എസ്.ടി			ജനസാന്ദ്രത
			പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	
കോടോം ബേളൂർ	95.44	8024	15915	17296	33211	91	100	191	3069	3411	6480	348
കള്ളാർ	60.83	4691	9463	9921	19414	54	67	121	1757	1862	3619	319
പനത്തടി	95.44	5563	11319	11657	22976	140	140	280	1104	1173	2277	241
ബളാൽ	93.2	5789	11695	11975	23670	46	48	94	3007	3110	6117	254
വെസ്റ്റ് എളേരി	77.45	6974	14355	14961	29316	46	54	100	2304	2403	4707	379
ഈസ്റ്റ് എളേരി	62.52	6097	12344	12731	25075	83	87	170	1103	1120	2223	401
കിനാനൂർ കരിന്തളം	77.48	6999	13419	14166	27585	144	164	308	1605	1619	3224	356
ആകെ	562.36	44137	88510	92707	181247	604	660	1264	13949	14698	28647	322

പട്ടിക 1.14: ഉപജീവനത്തിനായി കാർഷിക രംഗത്തെ ആശ്രയിക്കുവരുടെ കണക്ക് (2001, 2011 സെൻസസ് വിവരങ്ങളിൽനിന്നും ലഭിച്ചത്)

	2001 സെൻസസ് പ്രകാരം			2011 സെൻസസ് പ്രകാരം			2011 ലെ വ്യത്യാസം ശതമാനത്തിൽ
	കർഷകർ	കർഷക തൊഴിലാളികൾ	ആകെ	കർഷകർ	കർഷക തൊഴിലാളികൾ	ആകെ	
കാസറഗോഡ്	20869	41999	62868	22077	38774	64851	3.15
കേരളം	724155	1620851	2345006	668279	1322850	1991129	-15.09

ആകെ ജനസംഖ്യ പരിശോധിച്ചാൽ ജില്ലയിൽ കാർഷിക രംഗത്ത് പണിയെടുക്കുന്നവരുടെ ശതമാനം 2001, 2011 സെൻസസുകളിൽ യഥാക്രമം 5.22, 4.96 എന്നിങ്ങനെയാണ്.

മേൽ കാണിച്ച പട്ടിക പരിശോധിച്ചാൽ 2011 ൽ കാർഷിക രംഗത്ത് പണിയെടുക്കുന്ന വരുടെ എണ്ണവും നിരക്കും കൂടിയിട്ടുണ്ടെങ്കിലും ജനസംഖ്യാനുപാതികമായി പരിശോധിക്കുമ്പോൾ കുറയുകയാണുണ്ടായത്. ഇത് സൂചിപ്പിക്കുന്നത് ജനങ്ങളിൽ കൂറെ ആളുകളെങ്കിലും കാർഷിക രംഗത്ത് നിന്ന് പിൻവലിയുകയോ പുതിയ ആളുകൾ ഈ രംഗത്തേക്ക് കടന്നു വരാതിരിക്കുകയോ ചെയ്യുന്നു എന്നതാണ്.

ആൺ പെൺ അനുപാതം

1901 മുതലുള്ള സെൻസസ് പ്രകാരം ജില്ലയിലെ ആൺ, പെൺ അനുപാതം ചുവടെ ചേർക്കുന്നു.

പട്ടിക 1.15: ജില്ലയിലെ ആൺ പെൺ അനുപാതം

വർഷം	കാസറഗോഡ്	കേരളം
1901	1060	1004
1911	1053	1008
1921	1050	1011
1931	1040	1022
1941	1039	1027
1951	1046	1028
1961	1026	1022
1971	998	1016
1981	1020	1032
1991	1026	1036
2001	1047	1058
2011	1080	1084

(ഉറവിടം - വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ്, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്)

പട്ടിക 1.16: പ്രായത്തിന്റെ അടിസ്ഥാനത്തിലുള്ള ജനസംഖ്യാ വിതരണം 2011

പ്രായം	പുരുഷൻമാർ	സ്ത്രീകൾ	ആകെ	ആൺപെൺ അനുപാതം
എല്ലാ വിഭാഗത്തിലും	628613	678762	1307375	1080
0-4	56396	54322	110718	963
5-9	56329	53778	110107	955
10-14	62341	59530	121871	955
15-19	57765	56708	114473	982
20-24	55642	61994	117636	1114
25-29	51448	62510	113958	1215
30-34	46516	55608	102124	1195
35-39	45539	54313	99852	1193
40-44	39985	45222	85207	1131
45-49	39615	43085	82700	1088
50-54	31483	32733	64216	1040
55-59	27166	27779	54945	1023
60-64	21606	22730	44336	1052
65-69	14340	18124	32464	1264
70-74	9802	12360	22162	1261
75-79	5958	8096	14054	1359
80+	5745	9053	14798	1576
പ്രായം വെളിപ്പെടുത്താത്തവർ	937	817	1754	872

(ഉറവിടം - ജെന്റർ സ്റ്റാറ്റിസ്റ്റിക്സ് 2015 - 16, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്)

ചിത്രം 1.1: ജനസംഖ്യാ പിരമിഡ്



ഉറവിടം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

2011 സെൻസസ് ജനസംഖ്യ വിതരണത്തെ അടിസ്ഥാനമായി ചിത്രീകരിച്ച ജനസംഖ്യ പിരമിഡിൽ വിവിധ പ്രായത്തിലെ ആൺ പെൺ വിഭാഗത്തിലെ ജനസംഖ്യ (ശതമാനത്തിൽ) രേഖപ്പെടുത്തിയിരിക്കുന്നു. ആകെ ജനസംഖ്യയുടെ 26% പതിനാല് വയസ്സിനു താഴെ പ്രായ മുള്ളവരും, 42% പതിനഞ്ചിനും നാൽപതിനും ഇടക്ക് പ്രായമുള്ളവരും, 22% നാൽപതിനും അറുപതിനും ഇടക്ക് പ്രായമുള്ളവരുമാണ്. ആകെ ജനസംഖ്യയുടെ 10 ശതമാനത്തോളം മാത്രമാണ് 60 വയസ്സിനു മുകളിൽ പ്രായമുള്ളവർ. ജില്ലയുടെ ജനസംഖ്യയുടെ 64% തൊഴിലിൽ ഏർപ്പെടാൻ പ്രാപ്തിയുള്ള വിഭാഗമാണ്. ജില്ലയുടെ വികസന സമീപനത്തിൽ നിർണ്ണായകമാണ് ഈ സാന്നിധ്യം,

പ്രൊജക്ടഡ് പോപ്പുലേഷൻ

2021, 2022, 2031 വർഷങ്ങളിലെ കാസറഗോഡ് ജില്ലയിലെ പ്രതീക്ഷിത ജനസംഖ്യ ചുവടെ ചേർക്കുന്നു.

പട്ടിക 1.17: കാസറഗോഡ് ജില്ലയിലെ പ്രതീക്ഷിത ജനസംഖ്യ

പഞ്ചായത്തിന്റെ പേര്	സെൻസസ് വർഷം						പ്രൊജക്ടഡ് പോപ്പുലേഷൻ 2022
	1981	1991	2001	2011	2021	2031	
വൊർക്കാടി	17263	20821	23845	25756	27036	27870	27120
മീഞ്ച	15189	18246	20585	23318	26142	29116	26440
മഞ്ചേശ്വരം	26476	32097	36942	41515	45628	49279	45993
മംഗൽപ്പാടി	30013	37565	43362	48441	52786	56445	53152
പൈവളിഗെ	23277	27913	31181	34274	36977	39316	37211
മധൂർ	18493	26260	33843	41463	48864	55854	49563
എൺമകജെ	21302	24166	26427	26824	26679	26215	26633
ബദിയഡുക്ക	22576	27265	31203	34207	36517	8258	36691
പുത്തിഗെ	13041	16486	19095	21823	24471	27027	24727
കുമ്പള	28921	357	40168	46691	54704	65410	55775
ബെള്ളൂർ	7614	9101	10117	10241	10164	9969	10145
കുമ്പഡാജെ	10365	12545	14173	14772	14995	15008	14996

മൊഗ്രാൽപുത്തൂർ	14123	19256	22109	24839	27313	29530	27535
ചെമ്മനാട്	33763	41651	47922	54747	61537	68297	62213
ചെങ്കള	28683	38550	47967	56781	64922	72272	65657
കാറഡുക്ക	14802	18067	20091	21211	21829	22113	21858
മുളിയാർ	16132	19881	22327	25095	27877	30713	28161
ബേഡഡുക്ക	19266	43918	26657	27868	28071	28091	28073
കുറ്റിക്കോൽ	16219	0	23642	24923	25521	25740	25543
ദേലംപാടി	16823	20625	22687	22773	22480	21924	22424
ഉദുമ	26958	32441	35026	37537	39626	41351	39798
പള്ളിക്കര	26999	34696	39663	43255	45908	47825	46100
അജാനൂർ	34307	42467	45578	49153	52532	55848	52864
പുല്ലൂർ - പെരിയ	18500	22879	26816	29642	31778	33375	31937
കോടോം - ബേളൂർ	23259	28198	32325	33211	33304	32986	33272
പനത്തടി	29001	36239	22307	22976	22987	22793	22967
കള്ളാർ	0	0	19162	19414	19266	18904	19229
ബളാൽ	16019	20433	23412	23670	23470	22999	23423
മടിക്കൈ	16116	19352	20584	22050	23439	24827	23578
വെസ്റ്റ്എളേരി	22286	26882	29551	29316	28747	27815	28653
ഈസ്റ്റ്എളേരി	20127	22738	24618	25075	25011	24638	24974
കിനാനൂർ - കരിന്തളം	18144	22219	25806	27585	28598	29151	28653
കയ്യൂർ - ചീമേനി	17442	21115	22609	23495	23905	23974	23912
പിലിക്കോട്	17964	21210	23338	25122	26501	27534	26604
പടന്ന	11447	17608	19005	22134	27382	39273	28571
വലിയപറമ്പ	11723	11917	12037	12790	15515	37084	17672
തൃക്കരിപ്പൂർ	26694	32626	35897	38687	40874	42541	41041
നീലേശ്വരം	31528	36545	38211	39752	40747	41297	40802
ചെറുവത്തൂർ	20573	24504	25653	27435	29458	32144	29727
കാസറഗോഡ് മുൻസിപ്പാലിറ്റി	43137	50126	52634	54172	54700	54488	54679
കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി	46176	57165	65503	73342	80348	86530	80966
ആകെ	**872741**	**1071508**	**1204078**	**1307375**	**1398611**	**1505823**	**1409332**

ജില്ലയിലെ പട്ടികജാതി / പട്ടികവർഗ്ഗ കോളനികൾ

പട്ടികജാതി വികസന വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും കോളനി അടിസ്ഥാനത്തിൽ നടത്തിയ സർവ്വേയുടെ വെളിച്ചത്തിൽ ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 1.18: പട്ടികജാതി കോളനികളുടെ എണ്ണം, കുടുംബങ്ങളുടെ എണ്ണം, ജനസംഖ്യ

ബ്ലോക്കിന്റെ പേര്	പട്ടികജാതി കോളനികളുടെ എണ്ണം	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ
കാസറഗോഡ്	132	1417	9121
മഞ്ചേശ്വരം	129	2249	10853
കാറഡുക്ക	155	1892	8543
കാഞ്ഞങ്ങാട്	30	851	3839
നീലേശ്വരം	46	1699	6147
പരപ്പ	8	393	1484
കാസറഗോഡ് നഗരസഭ	14	314	1598
കാഞ്ഞങ്ങാട് നഗരസഭ	16	436	1852
നീലേശ്വരം നഗരസഭ	0	288	1277
ആകെ	530	9539	44714

പട്ടിക 1.19: പട്ടികവർഗ്ഗ കോളനികളുടെ എണ്ണം, കുടുംബങ്ങളുടെ എണ്ണം, ജനസംഖ്യ

ബ്ലോക്കിന്റെ പേര്	പട്ടികവർഗ്ഗ കോളനികളുടെ എണ്ണം	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ
കാസറഗോഡ്	80	1744	6773
മഞ്ചേശ്വരം	312	3330	12706
കാറഡുക്ക	287	4371	18647
കാഞ്ഞങ്ങാട്	66	1479	5717
നീലേശ്വരം	10	180	504
പരപ്പ	497	9971	38901
കാസറഗോഡ് നഗരസഭ	0	0	0
കാഞ്ഞങ്ങാട് നഗരസഭ	9	175	605
നീലേശ്വരം നഗരസഭ	0	3	12
ആകെ	1261	21253	83865

2011 ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ പട്ടികജാതി ജനസംഖ്യ (53283) പട്ടികവർഗ്ഗ ജനസംഖ്യ (48857) യെക്കാൾ കൂടുതലാണ്. എന്നാൽ മുകളിൽ കാണിച്ച പട്ടികകൾ പരിശോധിച്ചാൽ നിലവിൽ ജില്ലയിലെ പട്ടികജാതി ജനസംഖ്യ (44714) പട്ടികവർഗ്ഗ ജനസംഖ്യയേക്കാൾ (83865) വളരെ കുറവായിട്ടാണ് കാണുന്നത്. 2011 ലെ ജനസംഖ്യ കണക്കെടുപ്പിൽ മാവിലൻ, മലവേട്ടുവൻ എന്നീ വിഭാഗങ്ങൾ പട്ടികജാതിയിൽ നിന്നും പട്ടികവർഗ്ഗമായി മാറ്റപ്പെട്ടത് ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ മറ്റ് സാമൂഹിക വിഭാഗത്തിൽപ്പെട്ട മറാഠി സമൂഹം 2013 ഓടെ പട്ടികവർഗ്ഗ വിഭാഗമായി മാറ്റപ്പെടുകയുണ്ടായി.

ചിത്രം 1.2: പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ കുടുംബങ്ങളുടെ എണ്ണം, ജനസംഖ്യ



ഉറവിടം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

ആഭ്യന്തര ഉൽപാദനവും പ്രതിശീർഷ വരുമാനവും

സംസ്ഥാനത്ത് വിസ്തൃതിയിൽ പതിമൂന്നാം സ്ഥാനത്തും ജനസംഖ്യയിൽ പതിനൊന്നാം സ്ഥാനത്തും നിൽക്കുന്ന കാസറഗോഡ് ജില്ല മൊത്തം ആഭ്യന്തര ഉൽപാദനത്തിലും പ്രതിശീർഷ വരുമാനത്തിലും പിന്നിലാണ്. സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 2016-17 ലെ ത്വരിത കണക്കിൽ (2011-12 സ്ഥിരവിലയിൽ) ജില്ലയുടെ മൊത്തം ആഭ്യന്തര ഉൽപാദനവും പ്രതിശീർഷ വരുമാനവും യഥാക്രമം 1443907 ലക്ഷം രൂപയും 105555 രൂപയുമാണ്. ഇതനുസരിച്ച് ജില്ല ആഭ്യന്തര ഉൽപാദനത്തിൽ സംസ്ഥാനത്ത് 12-ാം സ്ഥാനത്തും പ്രതി ശീർഷ വരുമാനത്തിൽ 10-ാം സ്ഥാനത്തുമാണ്. പ്രാഥമിക മേഖലയിൽ കൃഷി, കന്നുകാലി പരിചരണം, ദ്വിതീയ മേഖലയിൽ ഉൽപാദനം, നിർമ്മാണ പ്രവർത്തനം തൃതീയ മേഖലയിൽ വ്യാപാരം, ഗതാഗതവും വാർത്താവിനിമയവും, റിയൽ എസ്റ്റേറ്റ്, മറ്റു സേവനങ്ങൾ എന്നിവയാണ് ആഭ്യന്തര ഉൽപാദനത്തിൽ പ്രധാന സംഭാവന നൽകുന്ന ഘടകങ്ങൾ.

ആഭ്യന്തര വരുമാനം

ത്വരിത കണക്കുകളിൽ ജില്ലയുടെ മൊത്ത ആഭ്യന്തര ഉൽപാദനം (2011-12 ലെ സ്ഥിര വിലയിൽ)

2015-16 ലെ താൽക്കാലിക കണക്കുകളിൽ 1359393 ലക്ഷം രൂപയിൽ നിന്ന് 2016-17 ൽ 1443907 ലക്ഷം രൂപയായി വർദ്ധിച്ചു. വളർച്ചാ നിരക്ക് 2015-16 ലെ 6.87% വുമായി താരതമ്യപ്പെടുത്തുമ്പോൾ 2016-17 ൽ 6.22% മാത്രമാണ്. നടപ്പുവിലയിൽ മൊത്ത ആഭ്യന്തര ഉൽപാദനം 2015-16 ലെ 1718063 ലക്ഷം രൂപയിൽ നിന്ന് 10% വളർച്ചയോടെ 2016-17 ൽ 1889926 ലക്ഷം രൂപയായി.

ത്വരിത കണക്കുകൾ പ്രകാരം ജില്ലയുടെ അറ്റ ആഭ്യന്തര ഉൽപാദനം (2011-12 ലെ സ്ഥിര വിലയിൽ) 2015-16 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 1196036 ലക്ഷം രൂപ യിൽ നിന്ന് 6.65% വളർച്ച കൈവരിച്ച് 2016-17 ൽ 1275572 ലക്ഷം രൂപയായി. നടപ്പുവിലയിലുള്ള അറ്റ ആഭ്യന്തര ഉൽപാദനം 2015-16 ലെ 1484447 ലക്ഷം രൂപയിൽ നിന്ന് വർദ്ധിച്ച് 2016-17 ൽ 1636508 ലക്ഷം രൂപയായി. വളർച്ചാ നിരക്ക് നടപ്പ് വിലയിൽ 2015-16 ൽ 8.30% ൽ നിന്ന് 2016-17 ൽ 10.24% ആയി. (പട്ടിക 1.20 കാണുക).

പ്രതിശീർഷ വരുമാനം

2016-17 ലെ ത്വരിത കണക്കുകൾ പ്രകാരം പ്രതിശീർഷ വരുമാനം (2011-12 ലെ സ്ഥിര വിലയിൽ) 105555 രൂപയാണ്. ഇത് 2015-16 ലെ താൽക്കാലിക കണക്ക് പ്രകാരം 100198 രൂപ യായിരുന്നു. 2016-17 ൽ 5.35% വളർച്ച രേഖപ്പെടുത്തുന്നു. നടപ്പ് വിലയിൽ ജില്ലയുടെ പ്രതി ശീർഷ വരുമാനം 2015-16 ൽ 126635 രൂപയായിരുന്നത് 9.10% വളർച്ച നേടി 2016-17 ൽ 138161 രൂപയായി. അറ്റ ആഭ്യന്തര ഉൽപാദനത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രതിശീർഷ ഉൽപാദനം 2015-16 ൽ (2011-12 സ്ഥിര വിലയിൽ) 88157 രൂപയായിരുന്നത് 2016-17 ൽ 5.78% വളർച്ച നേടി 93249 രൂപയായി.

മേഖലാ വിതരണം

2016-17 ൽ (2011-12 സ്ഥിര വിലയിൽ) ജില്ലയുടെ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളുടെ വിഹിതം യഥാക്രമം 19.76%, 26.95%, 53.29% എന്നിങ്ങനെയാണ്. നടപ്പു വിലയിൽ ഇക്കാലയളവിൽ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ ഈ മേഖലകളുടെ വിഹിതം യഥാക്രമം 22.73%, 24.37%, 52.90% എന്നിങ്ങനെയാണ് വരുമാനത്തിന്റെ മേഖലാ വിതരണം പരിശോധിച്ചാൽ പ്രാഥമിക മേഖലയുടെ പങ്ക് മുൻ വർഷത്തെയപേക്ഷിച്ച് നേരിയ വർദ്ധന രേഖപ്പെടുത്തുന്നുണ്ട്. 2016-17 ലെ വളർച്ചാ നിരക്ക് മേഖലാ തലത്തിൽ പരിശോധിക്കുമ്പോൾ പ്രാഥമിക മേഖലയാണ് ഏറ്റവും കൂടുതൽ വളർച്ച നേടിയത്. 2016-17 ൽ (2011-12 സ്ഥിരവിലയിൽ) ത്വരിത കണക്ക് പ്രകാരം പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകൾ യഥാക്രമം 16.24%, 1.43%, 5.36% വളർച്ച കൈവരിച്ചു. നടപ്പുവിലയിൽ കണക്കാക്കിയാൽ ഈ മേഖലയുടെ വളർച്ചാനിരക്ക് യഥാക്രമം 23.3%, 2.48%, 8.63% എന്നിങ്ങനെയാണ്. പ്രാഥമിക മേഖലയുടെ വളർച്ചാനിരക്കിൽ കന്നുകാലി പരിചരണവും വിളകളും നിർണ്ണായക പങ്കുവഹിച്ച ഘടകങ്ങളാണ്.

പട്ടിക 1.20: ജില്ലയുടെ ആഭ്യന്തര ഉൽപാദനവും പ്രതിശീർഷ വരുമാനവും

ക്രമ നമ്പർ	ഇനം		വരുമാനം (ലക്ഷത്തിൽ)			വളർച്ചാ നിരക്ക് %	
			2014-15	2015-16 (*പി)	2016-17 (**ക്യു)	2015-16 (*പി)	2016-17 (**ക്യു)
1	മൊത്തം ആഭ്യന്തര ഉൽ	a. സ്ഥിരവിലയിൽ (2011-12)	1271893	1359393	1443907	6.88	6.22
	പാദനം (ലക്ഷം രൂപ)	b. നടപ്പുവിലയിൽ	1589175	1718065	1889926	8.11	10
2	അറ്റ ആഭ്യന്തര	a. സ്ഥിരവിലയിൽ (2011-12)	1117942	1196036	1275572	6.99	6.65
	ഉൽപാദനം	b. നടപ്പു വിലയിൽ	1370661	1484447	1636508	8.3	10.24
3	പ്രതിശീർഷ വരുമാനം	a. സ്ഥിരവിലയിൽ	94523	100198	105555	6	5.35
	(രൂപയിൽ)	b. നടപ്പു വിലയിൽ	118103	126635	138161	7.22	9.1
4	അറ്റ പ്രതിശീർഷ	a. സ്ഥിരവിലയിൽ	83082	88157	93249	6.11	5.78
	ആഭ്യന്തര ഉൽപാദനം	b. നടപ്പു വിലയിൽ	101864	109416	119635	7.41	9.33

* പി : താൽക്കാലിക കണക്ക്** ക്യു : ത്വരിത കണക്ക്

ജില്ലയുടെ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ കാർഷിക മേഖലയുടെ പങ്ക്.

ജില്ലയുടെ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ (Gross District Domestic Product) കാർഷിക മേഖലയ്ക്ക് നിർണ്ണായക പങ്കാണുള്ളത്. 2016-17 വർഷത്തെ ജില്ലയുടെ പ്രാഥമിക മേഖലയിലെ മൊത്തം ആഭ്യന്തര ഉൽപാദനമായ 429590 ലക്ഷം രൂപയിൽ (നടപ്പുവിലയിൽ) പ്രൊവിഷണൽ കണക്ക്) 417728 ലക്ഷം രൂപ കൃഷി, അനുബന്ധ മേഖലയുടെ സംഭാവനയാണ് (97%).

കൃഷി, അനുബന്ധ മേഖലയിൽ മൊത്തം ഉൽപാദനത്തിന്റെ 57.80%. അതായത് 241476 ലക്ഷം രൂപ

വിളകളുടെ വിഹിതമാണ്. 2011-12 മുതൽ ആറ് വർഷക്കാലത്തെ ജില്ലയുടെ ആഭ്യന്തര ഉൽപാദനവും അതിൽ കാർഷിക മേഖലയുടെ വിഹിതവും കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 1.21: കാസറഗോഡ് ജില്ലയുടെ ആഭ്യന്തര ഉൽപാദനവും അതിൽ കാർഷിക മേഖലയുടെ വിഹിതവും

വർഷം	ജില്ലയുടെ മൊത്തം ആഭ്യന്തര ഉൽപാദനം (നടപ്പ് വിലയിൽ)	കൃഷി, അനുബന്ധ മേഖലയിൽ നിന്നുള്ള വിഹിതം		കൃഷി, അനുബന്ധ മേഖലയിൽ വിളകളിൽ നിന്നുള്ള വിഹിതം	
	അടിസ്ഥാന വർഷം 2011-12	തുക (ലക്ഷത്തിൽ)	ശതമാനം	തുക (ലക്ഷത്തിൽ)	ശതമാനം
2011-12	1217357	225869	18.55	178094	78.85
2012-13	1122046	225752	20.12	175816	77.88
2013-14	1277929	222681	17.43	171622	77.08
2014-15	1271893	235859	18.54	180374	76.48
2015-16 *	1359393	239156	17.59	163887	68.53
2016-17 **	1443907	274945	19.04	182612	66.42

പട്ടിക 1.22: ഭൂവിനിയോഗം

ആകെ ഭൂമി (ഹെക്ടറിൽ)	199166
വനവും കൃഷിക്കല്ലാതെ മറ്റു ഉപയോഗത്തിനുള്ളതും	31236
തരിശും കൃഷി ചെയ്യാൻ പറ്റാത്തതുമായ സ്ഥലം	3588
മറ്റിനം വൃക്ഷങ്ങൾ	258
കൃഷിക്ക് ഉപയുക്തമായ തരിശ്	13563
ജലാശയങ്ങൾ	4336
വെള്ളക്കെട്ട്	22
സാമൂഹിക വനവൽക്കരണം	105
കൃഷി ചെയ്ത സ്ഥലം	146058

ചിത്രം 1.3: ജില്ലയുടെ ഭൂവിനിയോഗം



ജില്ലയുടെ ആകെ ഭൂവിസ്തൃതി 199166 ഹെക്ടറും (1992 ച.കി.മീ) അതിൽ കൃഷി ചെയ്യുന്ന ഭാഗം 146058 ഹെക്ടറുമാണ്. ഇത് ആകെ ഭൂവിസ്തൃതിയുടെ 73% വരും. സംസ്ഥാന ശരാശരി കേവലം 52.06% മാത്രമാണ്.

വനം

നിക്ഷിപ്ത വനഭൂമിയായി വനം വകുപ്പിന്റെ കണക്ക് പ്രകാരം ജില്ലയിൽ ആകെയുള്ളത് 12018 ഹെക്ടർ ഭൂമിയാണ്. ഇത് ജില്ലയുടെ കുറ്റിക്കോൽ, മുളിയാർ, കാറഡുക്ക, ദേലംപാടി, എൺമകജെ, പനത്തടി, ബളാൽ, കിനാനൂർ കരിന്തളം, വെസ്റ്റ് എളേരി എന്നീ പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്നു.

കൃഷിക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്കുള്ള ഭൂമി (Non Agricultural Use)

കെട്ടിടങ്ങൾ, റോഡുകൾ, റെയിൽവെയുള്ള പ്രദേശം, ബസ്സ്റ്റാന്റുകൾ തുടങ്ങിയ ഭൂവിഭാഗങ്ങളാണ് ഇതിൽപ്പെടുന്നത്. പശ്ചാത്തല സൗകര്യ വികസനത്തിന്റെ ഭാഗമായി പല പഞ്ചായത്തുകളിലും പുതുതായി ധാരാളം റോഡുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഇങ്ങനെ ഉപയോഗപ്പെടുത്തുന്നതിൽ നല്ലൊരു ശതമാനവും കൃഷി ഭൂമിയാണെന്നുള്ളത് വസ്തുതയാണ്.

തരിശും കൃഷി ചെയ്യാൻ പറ്റാത്തതുമായ സ്ഥലം

ജില്ലയെ സംബന്ധിച്ച് ഈ വിഭാഗത്തിലുള്ള ഭൂമിയുടെ വിസ്തൃതി കൂടുതലാണ്. മഞ്ചേശ്വരം, കാസറഗോഡ്, കാഞ്ഞങ്ങാട്, നീലേശ്വരം തുടങ്ങിയ ബ്ലോക്കുകളിലെ ചെങ്കൽപ്പാറ പ്രദേശങ്ങൾ ഈ വിഭാഗത്തിലാണ് വരുന്നത്. സംസ്ഥാനത്തെ സംബന്ധിച്ച് ഈ വിഭാഗത്തിൽ ഏറ്റവും കൂടുതൽ വിസ്തൃതി 3588 ഹെക്ടർ രേഖപ്പെടുത്തുന്നത് കാസറഗോഡ് ജില്ലയിലാണ്. വെള്ളം, വൈദ്യുതി, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയാൽ വ്യവസായ സംരംഭങ്ങൾക്ക് വളരെ അനുയോജ്യമാണ് ഈ പ്രദേശങ്ങൾ.

മറ്റിനം വൃക്ഷങ്ങൾ

കാറ്റാടി, മുള പച്ചിലവളത്തിനും വിറകിനും ഉപയോഗപ്പെടുത്തുന്ന കുറ്റിച്ചെടികൾ എന്നിവ ഉൾപ്പെടുന്ന 258 ഓളം ഹെക്ടർ ഭൂപ്രദേശം ജില്ലയിലുണ്ട്. ഇതിനെയാണ് മറ്റിനം വൃക്ഷങ്ങളുടെ ഭൂപ്രദേശമെന്ന് രേഖപ്പെടുത്തിയിരിക്കുന്നത്.

കൃഷിക്ക് ഉപയുക്തമായ തരിശ്

തരിശു ഭൂമിയെ മൂന്നായി വിഭജിക്കാം.

(i) ഒരു വർഷം വരെ തരിശായിട്ടിരിക്കുന്ന പ്രദേശം.
(ii) ഒന്നു മുതൽ മൂന്ന് വർഷം വരെ തരിശായിട്ടിരിക്കുന്ന പ്രദേശം.
(iii) അഞ്ച് വർഷത്തിലേറെ തരിശായിട്ടിരിക്കുന്ന പ്രദേശം. ജില്ലയിൽ ഇത്തരത്തിലുള്ള ആകെ ഭൂവിസ്തൃതി 13563 ഹെക്ടറാണ്. ഈ പ്രദേശങ്ങൾ കൃത്യമായി കണ്ടെത്തി കൃഷിക്കനുയോജ്യമാക്കാവുന്നതാണ്.

ജലാശയങ്ങൾ

നദികൾ, കുളങ്ങൾ, കായലുകൾ തുടങ്ങിയ പ്രദേശങ്ങളെയാണ് ജലാശയങ്ങളായി കരുതുന്നത്. ജില്ലയിൽ 9 വലുതും, 3 ചെറുതുമായി പന്ത്രണ്ട് നദികളുണ്ട്. കൂടാതെ കായൽ, നീർത്തടങ്ങൾ, കുളങ്ങൾ തുടങ്ങിയ ജലാശയങ്ങളുമുണ്ട്. ഈ നദികളുടെയും മറ്റ് ജലാശയ ങ്ങളുടെയും ആകെ വിസ്തൃതിയായി കണക്കാക്കിയിട്ടുള്ളത് 4336 ഹെക്ടറാണ്.

വെള്ളക്കെട്ട് പ്രദേശം

വർഷത്തിൽ എല്ലാ മാസവും പ്രകൃത്യാ വെള്ളം കെട്ടിനിൽക്കുന്ന പ്രദേശത്തെയാണ് വെള്ളക്കെട്ട് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ജില്ലയിൽ ഇത്തരത്തിൽ 22 ഹെക്ടർ ഭൂമിയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

സാമൂഹിക വനവൽക്കരണം

സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി വിവിധ ഇടങ്ങളിൽ മരങ്ങൾ വെച്ച് പിടിപ്പിച്ചിട്ടുണ്ട്. 105 ഹെക്ടർ ഭൂപ്രദേശത്താണ് ഇങ്ങനെ വനവൽക്കരണം നടത്തിയത്.

കൃഷി ചെയ്ത സ്ഥലം

ഒരു കാർഷിക വർഷത്തിൽ ഏതെങ്കിലും ഒരു സമയത്ത് നടത്തുന്ന ആകെ കൃഷിയുടെ വിസ്തീർണ്ണത്തെയാണ് കൃഷി ചെയ്ത സ്ഥലമായി കണക്കാക്കുന്നത് (Net Area Sown). ജില്ലയെ സംബന്ധിച്ച് നിലവിൽ ഇത് 146058 ഹെക്ടർ ഭൂമിയാണ്.

നമ്മുടെ പ്രധാനപ്പെട്ട ഭക്ഷണം അരിയാണെങ്കിലും കേരളത്തിൽ ആകെ ഉൽപാദിപ്പിക്കുന്ന അരി നമ്മുടെ ആവശ്യത്തിന്റെ 10 ശതമാനത്തിൽ താഴെമാത്രമാണെന്ന് കണക്കാക്കിയിട്ടുണ്ട്. അതിൽ കാസറഗോഡ് ജില്ലയുടെ വിഹിതം ചുവടെ കൊടുത്തിരിക്കുന്നു.

പട്ടിക 1.23: ജില്ലയിലെ നെൽകൃഷിയുടെ വിസ്തീർണ്ണം

വർഷം	സീസൺ (ജില്ലയിലെ വിസ്തീർണ്ണം ഹെക്ടറിൽ)				സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തീർണ്ണം	ജില്ലയിലെ നെൽകൃഷിയുടെ ശതമാനം
	വിരിപ്പ്	മുണ്ടകൻ	പുഞ്ച	ആകെ		
2005-06	3237	2633	160	6030	275742	12.53
2006-07	2766	2369	188	5323	263529	11.06
2007-08	3060	1936	168	5164	228938	10.73
2008-09	2796	2025	170	4991	234265	10.37
2009-10	2464	1814	116	4394	234013	9.12
2010-11	2284	1457	414	4155	213187	8.64
2011-12	2021	1501	335	3857	208160	8.02
2012-13	1883	1363	268	3514	197277	7.30
2013-14	2091	1707	407	4205	149611	8.74
2014-15	1629	740	296	2665	198159	5.54
2015-16	2393	1162	288	3843	196870	7.99

(ഉറവിടം - അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ്, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്)

ജില്ലയിലും സംസ്ഥാനത്താകെയും നെൽകൃഷിയുടെ വിസ്തീർണ്ണം പൊതുവെ കുറഞ്ഞുവരുന്ന പ്രവണതയാണ് പട്ടിക സൂചിപ്പിക്കുന്നത്. വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയുടെ ഭാഗമായി ഓരോ ഗ്രാമ പഞ്ചായത്തും നിശ്ചിത ശതമാനം തുക ഉൽപാദന മേഖലയ്ക്ക് മാറ്റിവെക്കണമെന്ന നിബന്ധന ഉണ്ടായിട്ടും ഈ മേഖലയിൽ കാര്യമായ പുരോഗതി പ്രതിഫലിക്കുന്നില്ല.

കൃഷിയെ സംബന്ധിച്ചുള്ള നെറ്റ് വിസ്തീർണ്ണം (Net Area Cultivated), ഗ്രോസ്സ് വിസ്തീർണ്ണം (Gross Area cultivated), വിളയുടെ സാന്ദ്രത (Cropping Intensity) ഇവയുടെ കഴിഞ്ഞ 10 വർഷത്തെ വിവരങ്ങൾ പരിശോധിക്കുന്നത് നന്നായിരിക്കും.

ആമുഖവിവരങ്ങൾ

പട്ടിക 1.24: കൃഷിയെ സംബന്ധിച്ച നെറ്റ് വിസ്തീർണ്ണം, ഗ്രോസ്സ് വിസ്തീർണ്ണം, വിളയുടെ സാന്ദ്രത (2006 - 2016)

ക്രമ നമ്പർ	വർഷം	ഗ്രോസ്സ് വിസ്തീർണ്ണം (Gross croped area) ഹെക്ടറിൽ	നെറ്റ് വിസ്തീർണ്ണം (Net cropped area) ഹെക്ടറിൽ	വിളയുടെ സാന്ദ്രത (Cropping Intensity)	
				കേരളം	കാസറഗോഡ്
1	2006 - 07	147057	135780	108.31	138.66
2	2007 - 08	145083	136319	106.43	132.06
3	2008 - 09	139397	139325	100.05	129.01
4	2009 - 10	138165	135376	102.06	128.38
5	2010 - 11	144921	141948	102.09	127.74
6	2011 - 12	150773	140788	107.09	130.47
7	2012 - 13	148268	141858	104.52	126.57
8	2013 - 14	151871	148064	102.57	127.58
9	2014 - 15	152632	147753	103.30	128.48
10	2015 - 16	155498	146058	106.46	129.88

(ഉറവിടം - അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ്, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്)

ജില്ലയുടെയും സംസ്ഥാനത്തെയും കഴിഞ്ഞ 10 വർഷത്തെ വിളയുടെ സാന്ദ്രത ലൈൻ ഗ്രാഫിലൂടെ ചിത്രീകരിച്ചിരിക്കുന്നു.

ചിത്രം 1.4: വിളയുടെ സാന്ദ്രത



ജില്ലയിലെ പ്രധാനപ്പെട്ട വിളകളുടെ വിസ്തീർണ്ണവും ഉല്പാദനവും ഉല്പാദനക്ഷമതയും ബ്ലോക്കടിസ്ഥാനത്തിലും മുൻസിപ്പാലിറ്റി തലത്തിലും താരതമ്യം ചെയ്യുന്നത് ഉചിതമായിരിക്കും.

പട്ടിക 1.25: പ്രധാന വിളകളുടെ വിസ്തീർണ്ണവും ഉല്പാദനവും ഉല്പാദനക്ഷമതയും

ബ്ലോക്ക്	വിളകൾ					
	നെല്ല്			കുരുമുളക്		
	വിസ്തീർണ്ണം	ഉല്പാദനം	ഉല്പാദന ക്ഷമത	വിസ്തീർണ്ണം	ഉല്പാദനം	ഉല്പാദന ക്ഷമത
മഞ്ചേശ്വരം	594.87	1440.793	2422	0.61	85.842	140725
കാറഡുക്ക	552.54	1350.099	2443	0.61	530.996	870485
കാസറഗോഡ്	373.36	919.589	2463	0.2	227.840	1139200
കാഞ്ഞങ്ങാട്	708.32	1630.147	2301	4.04	71.171	17617
നീലേശ്വരം	986.36	2029.729	2058	2.89	43.800	15156
പരപ്പ	180.41	389.556	2159	23.96	217.046	9059
ആകെ	3395.86	7759.913	2285	32.31	1176.695	36419
മുൻസിപ്പാലിറ്റികൾ	447.12	799.662	1788	0.49	12.461	25431
ആകെ	3842.98	8559.575	2227	32.80	1189.156	36255

ആമുഖവിവരങ്ങൾ

ബ്ലോക്ക്	വിളകൾ					
	അടക്ക			കശുമാവ്		
	വിസ്തീർണ്ണം	ഉല്പാദനം	ഉല്പാദന ക്ഷമത	വിസ്തീർണ്ണം	ഉല്പാദനം	ഉല്പാദന ക്ഷമത
മഞ്ചേശ്വരം	5240.91	11981.351	2286	1611.15	816.853	507
കാറഡുക്ക	5206.65	15279.534	2935	1641.22	1086.488	662
കാസറഗോഡ്	2814.47	8033.548	2854	770.45	379.061	492
കാഞ്ഞങ്ങാട്	1341.78	3360.813	2505	937.07	435.738	465
നീലേശ്വരം	607.96	829.281	1364	437.71	170.707	390
പരപ്പ	4205.96	13111.651	3117	1170.86	787.989	673
ആകെ	19417.73	52596.178	2709	6568.46	3676.836	560
മുൻസിപ്പാലിറ്റികൾ	263.04	546.489	2078	276.29	179.892	651
ആകെ	19680.77	53142.667	2700	6844.75	3856.728	563

ബ്ലോക്ക്	വിളകൾ					
	കപ്പ			തെങ്ങ്		
	വിസ്തീർണ്ണം	ഉല്പാദനം	ഉല്പാദന ക്ഷമത	വിസ്തീർണ്ണം	ഉല്പാദനം	ഉല്പാദന ക്ഷമത
മഞ്ചേശ്വരം	0.79	24.688	31251	11775.1	125	11
കാറഡുക്ക	67.67	2530.803	37399	9460.6	97	10
കാസറഗോഡ്	5.39	182.153	33795	10194.19	99	10
കാഞ്ഞങ്ങാട്	31.26	967.50	30950	11122.66	87	8
നീലേശ്വരം	27.02	735.93	27236	8399.71	71	8
പരപ്പ	360.51	15340.422	42552	9313.49	100	11
ആകെ	492.64	19781.496	40154	60265.75	579	10
മുൻസിപ്പാലിറ്റികൾ	11.67	209.738	17972	4069.31	40	10
ആകെ	504.31	19991.234	39641	64335.06	619	10

(ഉറവിടം - അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ്, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്)

ജില്ലയിലെ പ്രധാനപ്പെട്ട കാർഷികവിളകൾ കമുക്, തെങ്ങ്, റബ്ബർ, കശുമാവ്, കുരുമുളക് എന്നിവയാണ്. പ്രധാന നാണ്യവിളകളായ ഇവയുടെ കഴിഞ്ഞ പത്ത് (2006-2016) വർഷങ്ങളിലെ കൃഷിയുടെ വ്യാപ്തി പരിശോധിക്കാം.

പട്ടിക 1.26: കാസറഗോഡ് ജില്ലയിലെ പ്രധാന കാർഷിക വിളകളുടെ വ്യാപ്തി

വർഷം	കമുക്	തെങ്ങ്	റബ്ബർ	കശുമാവ്	കുരുമുളക്	കപ്പ
2006-07	14910	58236	26620	14578	6657	503
2007-08	15060	57057	28230	11667	6660	452
2008-09	14927	52266	29380	9487	5407	245
2009-10	15256	54224	30624	8205	4764	389
2010-11	18039	56174	31740	6803	6830	335
2011-12	19552	59656	32650	8250	2729	292
2012-13	18937	58836	32650	7981	2707	274
2013-14	19488	61836	33705	7811	2927	331
2014-15	18733	63791	33860	7182	3084	412
2015-16	19681	64335	33910	6845	2747	504

(ഉറവിടം - അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ്, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്)

ചിത്രം 1.5: പ്രധാന കാർഷികവിളകളുടെ വ്യാപ്തി



പട്ടികയും അതിനെ അടിസ്ഥാനമാക്കി രേഖപ്പെടുത്തിയ ഗ്രാഫും പരിശോധിച്ചാൽ കശുമാവ്, കുരുമുളക് എന്നീ വിളകളുടെ വ്യാപ്തി കുറഞ്ഞു വരുന്നതായും റബ്ബർ കൃഷിയുടെ വ്യാപ്തി കൂടിവരുന്നതായും കാണാം. കശുമാവ്, കുരുമുളക് തോട്ടങ്ങൾ വ്യാപകമായി നശിപ്പിച്ച് അതിന് ബദലായി റബ്ബർ കൃഷി ജില്ലയിൽ വ്യാപിച്ചിട്ടുണ്ട്. റബ്ബർ ബോർഡിന്റെ ഇടപെടലും കർഷകനെ സംബന്ധിച്ച് സ്ഥിരവരുമാനം ലഭിക്കുന്ന വിള എന്ന നിലയും റബ്ബർ കൃഷി വ്യാപിക്കാൻ ഇടയാക്കി. എല്ലാ വിളകളും സമന്വയിപ്പിച്ച് കൊൺണ്ടുള്ള കൃഷി രീതിയാണ് കർഷകനും അതുപോലെ പരിസ്ഥിതിക്കും ഗുണം ചെയ്യുന്നത്. ഇതിനെ സംബന്ധിച്ച അവബോധം കർഷകരിൽ ഉണ്ടാക്കേണ്ടത് നമ്മുടെ അനിവാര്യമായ ചുമതലയാണ്.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കമുക് കൃഷിയുള്ള ജില്ലയാണ് കാസറഗോഡ്. 2006-07 മുതൽ 2010-11 വരെയുള്ള വർഷങ്ങളിൽ കമുക് കൃഷിയിൽ ക്രമേണയുള്ള വർദ്ധനവ് കാണാം. നെൽകൃഷി ചെയ്തുവന്ന വയലുകൾ പലയിടത്തും കമുക് കൃഷിക്കായി മാറ്റപ്പെട്ടു എന്നത് വസ്തുതയാണ്.

പട്ടിക 1.27: ജലസേചനത്തിന്റെ സ്രോതസ്സ് തിരിച്ചുള്ള കണക്ക് (2015-16 വർഷം)

സ്രോതസ്സ്	വിസ്തൃതി (ഹെക്ടർ)
തോട്/ കനാൽ	549
കുളം	12184
കിണർ	28123
കുഴൽ കിണർ	10269
പുഴ	3138
മറ്റുള്ളവ	450
ആകെ	54713

പട്ടിക 1.28: പ്രധാന കാർഷിക വിളകളുടെ ഉൽപാദനം (2010-11 മുതൽ 2015-16 വരെ)

വർഷം	നെല്ല് (മെ.ടൺ) 3 സീസൺ	റബ്ബർ (മെ.ടൺ)	നാളികേരം (ദശലക്ഷത്തിൽ)	അടക്ക (മെ.ടൺ)	നേന്ത്രവാഴ (മെ.ടൺ)	കുരുമുളക് (മെ.ടൺ)	കശുവണ്ടി (മെ.ടൺ)	ഇഞ്ചി (മെ.ടൺ)	കൊക്കോ (മെ.ടൺ)	ചക്ക (ദശലക്ഷത്തിൽ)	മാങ്ങ (മെ.ടൺ)	മഞ്ഞൾ (മെ.ടൺ)
2010-11	9834	41260	418	30036	4380	2539	5132	66	88	7	10442	49
2011-12	8555	44560	508	38143	3189	2193	5684	75	178	9	12840	54
2012-13	8116	45900	469	36797	4671	1596	5144	56	192	8	6261	45
2013-14	9439	38160	602	33652	3420	1809	6193	63	280	9	7509	55
2014-15	6095	30200	705	51406	4890	2077	6323	66	235	10	10202	103
2015-16	8560	25850	619	53143	7015	1189	3857	56	259	11	9508	84

പട്ടിക 1.28(i): പ്രധാന കാർഷിക വിളകളുടെ ഉൽപാദനം (2010-11 മുതൽ 2015-16 വരെ)

വർഷം	ജാതി (മെ.ടൺ)	ഗ്രാമ്പു (മെ. ടൺ)	പയർ വർഗ്ഗം (മെ.ടൺ)	പുകയില (മെ.ടൺ)	വെറ്റില (മെ.ടൺ)	മറ്റുവാഴ (മെ. ടൺ)	പൈനാപ്പിൾ (മെ.ടൺ)	പുളി (മെ.ടൺ)	മരച്ചീനി (മെ.ടൺ)	മുരിങ്ങ (മെ.ടൺ)	പച്ചമുളക് (മെ.ടൺ)	പപ്പായ (മെ.ടൺ)	മധുര ക്കിഴങ്ങ് (മെ.ടൺ)
2010-11	37	4	47	48	581	10232	362	225	8059	841	46	4586	1273
2011-12	78	2	61	37	1095	10035	524	297	7256	955	55	4752	1157
2012-13	87	3	44	23	855	9574	310	175	6048	572	63	5151	1533
2013-14	133	4	27	17	1079	8823	311	671	9826	528	55	4655	1421
2014-15	178	3	102	21	1169	11275	296	682	12926	615	72	5176	1138
2015-16	204	2	154	15	1377	11424	284	677	19991	663	68	5155	1045

അവലംബം - സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച അഗ്രികൾച്ചർ സ്റ്റാറ്റിസ്റ്റിക്സ്

പട്ടിക 1.29: വാർഷിക റിപ്പോർട്ടുകൾ

പ്രധാന കാർഷിക വിളകളുടെ വാർഷിക ഉൽപാദന മൂല്യം (ലക്ഷത്തിൽ)
(2010-11 മുതൽ 2014-15 വരെ)

വർഷം	നെല്ല്	നാളികേരം	റബ്ബർ	കുരുമുളക്	മരച്ചീനി	നേന്ത്രവാഴ	മറ്റുവാഴ	ഇഞ്ചി	മഞ്ഞൾ	ചക്ക	മാങ്ങ	കശുവണ്ടി
2010-11	1731	23199	71320	4657	745	855	934	87	58	800	2705	3057
2011-12	1593	38788	86038	6262	747	639	1250	105	81	1141	2818	3741
2012-13	1371	22610	54965	5857	659	1395	1749	78	38	304	1413	3360
2013-14	1992	50480	57145	7639	1804	1186	1731	2	83	1141	1810	4098
2014-15	1450	99471	34636	13018	2319	1429	2166	125	155	1268	2021	4849

പട്ടിക 1.29(i): വാർഷിക റിപ്പോർട്ടുകൾ.
പ്രധാന കാർഷിക വിളകളുടെ വാർഷിക ഉൽപാദന മൂല്യം (ലക്ഷത്തിൽ)
(2010-11 മുതൽ 2014-15 വരെ)

വർഷം	വെറ്റില	അടക്ക	പുളി	കൊക്കോ	പൈനാപ്പിൾ	മധുര ക്കിഴങ്ങ്	മുരിങ്ങ	ജാതി	ഗ്രാമ്പു	ആകെ
2010-11	425	33094	91	27	32	90	97	79	12	144106
2011-12	939	58965	209	63	62	98	409	270	15	204233
2012-13	947	66833	127	68	36	156	165	302	23	162506
2013-14	1362	59145	53	110	62	199	149	356	30	191027
2014-15	1654	101504	481	119	35	140	169	461	23	267492

പട്ടിക 1.30: പ്രധാന കാർഷിക വിളകൾ കൃഷി ചെയ്ത വിസ്തൃതി (2015-16 വർഷം)

വിളയുടെ പേര്	വിസ്തൃതി (ഹെക്ടർ)	ശതമാനം
തെങ്ങ്	64335	41
കശുവണ്ടി	6845	4
റബ്ബർ	33910	22
കമുക്	19681	13
നെല്ല്	3843	3
കുരുമുളക്	2747	2
പച്ചക്കറികൾ	1445	1
മറ്റുള്ളവ	22691	14
മൊത്തം കൃഷി ചെയ്ത വിസ്തൃതി	155497	100

(ഉറവിടം - അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ്, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്)

സംസ്ഥാനത്ത് അടക്ക ഉൽപാദനത്തിൽ ജില്ല മറ്റു ജില്ലകളെ അപേക്ഷിച്ച് വളരെയേറെ മുന്നിലാണ്. 2015-16 വർഷത്തിൽ ജില്ലയുടെ ഉൽപാദനം 53143 മെ.ടൺ ആണ്. ഇത് സംസ്ഥാനത്തിന്റെ മൊത്തം ഉൽപാദനത്തിന്റെ (132453 മെ.ടൺ) 40.12% ആണ്. സംസ്ഥാനത്തെ മൊത്തം കശുവണ്ടിയുൽപാദനത്തിന്റെ 16 ശതമാനവും ജില്ലയുടെ സംഭാവനയാണ്. അതുപോലെ മധുരക്കിഴങ്ങ് ഉൽപാദനത്തിലും ജില്ല മുൻപന്തിയിലാണ്.

പുകയില

കേരളത്തിൽ കാസറഗോഡ് ജില്ലയിൽ മാത്രം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന വിളയാണ് പുകയില. മഹാരാഷ്ട്രയിൽ നിന്നും മറ്റുമുള്ള സിഗരറ്റ് കമ്പനികൾ ജില്ലയിലെ കൃഷിക്കാരിൽ നിന്നും നേരിട്ട് വാങ്ങുന്ന രീതിയിലാണ് ഇതിന്റെ വ്യാപാരം. അതുകൊണ്ട് തന്നെ മാർക്കറ്റ് വിലയുടെ നാല് മുതൽ അഞ്ച് മടങ്ങോളം വില കർഷകന് കിട്ടാനുള്ള സാധ്യതയുണ്ട്. ജില്ലയിൽ പുകയില കൃഷി നാൾക്കുനാൾ കുറഞ്ഞു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

പട്ടിക 1.31: കാസറഗോഡ് ജില്ലയിലെ പുകയില കൃഷിയുടെ വിശദാംശം

വർഷം	വിസ്തീർണ്ണം (ഹെക്ടറിൽ)	ഉല്പാദനം (ടണ്ണിൽ)	ഉല്പാദനക്ഷമത (കി.ഗ്രാം/ഹെക്ടറിൽ)
2005-06	43	69	1605
2006-07	31	50	1613
2007-08	43	69	1605
2008-09	39	63	1615
2009-10	29	34	1172
2010-11	27	48	1778
2011-12	21	37	1762
2012-13	13	23	1769
2013-14	9	17	1889
2014-15	13	23	1769
2015-16	9	15	1667

കുടികിടപ്പവകാശം

1963 ലെ ഭൂപരിഷ്കരണ നിയമവും അതോടനുബന്ധിച്ച് 1966, 1969, 1971, 1972 എന്നീ വർഷങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങളും കാർഷിക രംഗത്ത് വലിയ പരിവർത്തനമാണ് ജില്ലയിലുണ്ടാക്കിയത്. പ്രായപൂർത്തിയായ ഒരു വ്യക്തിയെ സംബന്ധിച്ച് കൈവശം വെക്കാവുന്ന ഭൂമിയുടെ അളവ് 5 ഏക്കറും കുടുംബത്തെ സംബന്ധിച്ച് പരമാവധി 20 ഏക്കറുമാണ്. പ്ലാന്റേഷനെ സംബന്ധിച്ച് ഇക്കാര്യത്തിൽ ഇളവുണ്ട്.

2010-11 വർഷത്തെ അടിസ്ഥാനപ്പെടുത്തി സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ വിവിധ വിഭാഗത്തിൽപ്പെട്ട ആളുകളുടെ കൃഷിയെ ആസ്പദമാക്കി കൈവശാവകാശ ഭൂമിയുടെ എണ്ണവും അവയുടെ വിസ്തൃതിയും താഴെ കൊടുത്ത പ്രകാരം കണക്കാക്കിയിട്ടുണ്ട്.

പട്ടിക 1.32: ഓരോ സാമൂഹ്യ വിഭാഗത്തിന്റെയും കൈവശമുള്ള കൃഷി ഭൂമിയുടെ വിവരങ്ങൾ

ഭൂമിയുടെ തരം	പട്ടികജാതി		പട്ടികവർഗ്ഗം		മറ്റുള്ളവർ		ആകെ	
	എണ്ണം	വിസ്തീർണ്ണം	എണ്ണം	വിസ്തീർണ്ണം	എണ്ണം	വിസ്തീർണ്ണം	എണ്ണം	വിസ്തീർണ്ണം
നാമമാത്രം (1 ഹെ. താഴെ)	7568	771.47	10458	1630.96	190899	40770.49	208925	43172.92
ചെറുകിട (1.00 - 1.99 ഹെ.)	35	53.83	125	149.87	12354	19990.95	12514	20194.65
ഇടത്തരം (2.00 - 9.99 ഹെ.)	0	0	10	22.25	5424	17430.41	5434	17452.66
വൻകിട (10 ഹെ.കൂടുതൽ)	0	0	0	0	85	4772.36	85	4772.36
ആകെ	7603	825.30	10593	1803.08	208762	82964.21	226958	85592.59

ഇടത്തരം കർഷകരുടെ എണ്ണം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നാമമാത്രമാണ്. ഭൂമിയുടെ കൈവശാവകാശത്തിന്റെ അടിസ്ഥാനത്തിൽ മറ്റുള്ള വിഭാഗത്തിൽ ഒരു കർഷകന്റെ കൈവശമുള്ള ശരാശരി ഭൂമിയുടെ അളവ് 0.40 ഹെക്ടറാണെന്നിരിക്കെ പട്ടികജാതി വിഭാഗ ത്തിൽ ഇത് 0.11 ഹെക്ടറും പട്ടിക വർഗ്ഗ വിഭാഗത്തിൽ 0.17 ഹെക്ടറുമാണ്. ഇത്തരത്തിൽ കഴിഞ്ഞ രണ്ട് കാർഷിക സെൻസസിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലയിലെ ഒരു കൈവശക്കാരന്റെ ശരാശരി കൈവശാവകാശ ഭൂമിയുടെ വിസ്തൃതി താരതമ്യം ചെയ്ത് പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക 1.33: കൈവശാവകാശ ഭൂമിയുടെ വിസ്തൃതി

ഭൂമിയുടെ തരം	2005 - 06	2010 - 11	വ്യത്യാസം
നാമമാത്രം (1 ഹെ. താഴെ)	0.21	0.21	വ്യത്യാസമില്ല
ചെറുകിട(1.00 -1.99 ഹെ.)	1.35	1.61	0.26 കുറവ്
ഇടത്തരം 1(2.00 3.99 ഹെ.)	2.61	2.83	0.22 കുറവ്
ഇടത്തരം 2(4.00 9.99 ഹെ.)	5.11	5.13	0.02 കുറവ്
വൻകിട (10 ഹെ. മുകളിൽ)	27.68	56.15	28.47 കുറവ്
എല്ലാ വിഭാഗങ്ങളിലും.	0.39	0.38	0.01 കുറവ്

പട്ടിക പ്രകാരം ശരാശരി കൈവശ ഭൂമിയുടെ വിസ്തീർണ്ണം എല്ലാ വിഭാഗങ്ങളിലും കുറഞ്ഞതായി കാണുന്നു. ജനസംഖ്യയിലുള്ള വർദ്ധനവും കൃഷി ഭൂമി ഭാഗം ചെയ്ത് പോകുന്നതുമാണ് ഈ അവസ്ഥക്ക് കാരണമാകുന്നത്.

നദികൾ

നദികളുടെ എണ്ണത്തിൽ സമ്പന്നമാണ് കാസറഗോഡ് ജില്ല. 3 ചെറിയ നദികൾ ഉൾപ്പെടെ 12 നദികൾ ജില്ലയിലുണ്ട്. ഇവയെല്ലാം കിഴക്ക് ഭാഗത്ത് ഉൽഭവിച്ച് പടിഞ്ഞാറോട്ട് ഒഴുകുന്നവയാണ്. ജില്ലയിൽ ആകെയുള്ള 12 നദികളും അവയുടെ നീളവും ചുവടെ ചേർക്കുന്നു.

പട്ടിക 1.34: നദികൾ

ക്രമ നമ്പർ	നദിയുടെ പേര്	നീളം (കി.മീ)
1	മഞ്ചേശ്വരം പുഴ	16
2	ഉപ്പള പുഴ	50
3	ഷിരിയ പുഴ	61
4	കുമ്പള പുഴ	11
5	മൊഗ്രാൽ പുഴ	34
6	ചന്ദ്രഗിരി പുഴ	105
7	കളനാട് പുഴ	8
8	ബേക്കൽ പുഴ	11
9	ചിത്താരി പുഴ	25
10	നീലേശ്വരം പുഴ	47
11	കാര്യങ്കോട് പുഴ	64
12	കവ്വായി പുഴ	23

ഇവയിൽ ഏറ്റവും നീളം കൂടിയ ചന്ദ്രഗിരിപ്പുഴ കർണ്ണാടക സംസ്ഥാനത്തിലെ കൂർഗിൽ നിന്നും ഉൽഭവിച്ച് തളങ്കരക്കടുത്ത് കടലിൽ പതിക്കുന്നു. 1250 ച.കി. വൃഷ്ടി പ്രദേശമുള്ള ഈ പുഴയിലൂടെ പ്രതിവർഷം ശരാശരി 3000 മില്യൻ ഘനയടി വെള്ളം ഒഴുകുന്നതായി കണക്കാക്കിയിട്ടുണ്ട്. ദേലംപാടി, ആദൂർ, കാറഡുക്ക, ബേഡഡുക്ക, മുളിയാർ, ചെങ്കള, കൊളത്തൂർ, തെക്കിൽ, പെരുമ്പള, ചെമ്മനാട്, കളനാട്, കാസറഗോഡ് എന്നീ വില്ലേജുകളിലൂടെ ഈ പുഴ കടന്നുപോകുന്നു.

ചന്ദ്രഗിരിപ്പുഴ കഴിഞ്ഞാൽ വലുപ്പത്തിൽ രണ്ടാമത് കാര്യങ്കോട് പുഴയാണ്. തേജസ്വിനി പുഴ എന്നും ഇത് അറിയപ്പെടുന്നു. കർണ്ണാടകത്തിലെ കുടക് വനത്തിൽ നിന്നും ഉൽഭവിച്ച് ഈ നദി അറബിക്കടലിൽ പതിക്കുന്നു. വെസ്റ്റ് എളേരി, ഭീമനടി, ചീമേനി, കരിന്തളം, കയ്യൂർ, ക്ലായിക്കോട്, നീലേശ്വരം, ചെറുവത്തൂർ എന്നീ വില്ലേജുകളിലൂടെ ഒഴുകുന്ന കാര്യങ്കോട് പുഴക്ക് 600 ച.കി. മീ. വൃഷ്ടി പ്രദേശമുള്ളതായി കണക്കാക്കുന്നു. അതുപോലെ 1700 മില്യൺ ഘനയടി വെള്ളം ഈ പുഴയിലൂടെ പ്രതിവർഷം ഒഴുകുന്നതായി മ

നസ്സിലാക്കുന്നു. ജില്ലയിലെ നദികളെ പ്രയോജനപ്പെടുത്തി കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ക്രിയാത്മക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ജില്ലയിലെ 41 തദ്ദേശ സ്ഥാപനങ്ങളിലൂടെയും നദികൾ ഒഴുകുന്നു എന്നത് കാസറഗോഡ് ജില്ലയുടെ സവിശേഷതയാണ്; സാധ്യതയും.

കാലാവസ്ഥ

പട്ടിക 1.35: 2007 മുതൽ 2016 വരെ കാസറഗോഡ് ജില്ലയിൽ ലഭിച്ച മഴയുടെ തോത് (മി.മീ)

വർഷം/മാസം	2007	2008	2009	2010	2011	2012	2013	2014	2015	2016
ജനുവരി	–	–	–	13.0	–	–	–	–	0.8	5.7
ഫെബ്രുവരി	0.1	7.6	–	–	–	–	149.6	–	–	–
മാർച്ച്	–	332.0	29.8	0.2	–	–	10.6	–	34.6	–
ഏപ്രിൽ	15.2	101.2	11.2	58.6	147.0	67.0	28.8	14.7	104.4	0.2
മെയ്	220.8	60.4	207.0	47.6	88.2	31.8	137.7	299.7	73.0	150.6
ജൂൺ	1068.4	974.0	589.6	1065.6	957.2	934.6	1332.4	598.3	643.8	976.6
ജൂലൈ	637.8	630.6	1205.6	1383.4	1100.8	539.2	910.6	690.5	806.0	725.4
ആഗസ്റ്റ്	781.8	554.4	365.4	662.0	829.8	1025.0	411.8	956.3	437.6	470.8
സെപ്റ്റംബർ	670.6	317.4	375.6	427.6	617.2	361.7	265.0	456.6	224.4	129.0
ഒക്ടോബർ	163.0	131.4	93.8	236.2	192.4	104.1	179.6	379.4	357.2	36.2
നവംബർ	47.2	78.8	353.4	335.8	166.2	79.0	48.0	29.4	127.3	24.4
ഡിസംബർ	–	23.6	11.2	26.6	0.6		9.2	23.5	22.2	26.8
ആകെ	3604.9	3211.4	3242.6	4256.6	4099.4	3142.4	3483.3	3448.4	2831.3	2545.7

(ഉറവിടം - സി.പി.സി.ആർ.ഐ, കാസറഗോഡ്)

സംസ്ഥാന ശരാശരിയെക്കാൾ കൂടുതൽ മഴ ലഭിക്കുന്ന പ്രദേശമാണ് കാസറഗോഡ്. ജൂൺ മുതൽ സെപ്തംബർ വരെ നീളുന്ന തെക്ക് പടിഞ്ഞാറൻ കാലവർഷവും ഒക്ടോബർ, നവംബർ മാസങ്ങളിൽ ലഭിക്കുന്ന വടക്ക് കിഴക്കൻ തുലാവർഷവും ജില്ലയ്ക്ക് ജല സമൃദ്ധി നൽകുന്നു. ഡിസംബർ മുതൽ ഫെബ്രുവരി മാസം വരെ വരണ്ട കാലാവസ്ഥയാണെങ്കിലും രാത്രി കാലങ്ങളിൽ ശൈത്യം അനുഭവപ്പെടുന്നു. മാർച്ച് മാസം മുതൽ മെയ് മാസം വരെ പൊതുവെ ചൂടുള്ള കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്.

2007 മുതൽ 2016 വരെ ജില്ലയിൽ ലഭിച്ച മഴയുടെ കണക്ക് വിശകലനം ചെയ്താൽ കഴിഞ്ഞ പത്ത് വർഷത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിച്ചത് 2010 ലാണെന്ന് കാണാം. ജില്ലയിലെ സാധാരണ മഴ ലഭ്യതയുടെ അളവ് 3587 മി.മീ. എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതുമായി താരതമ്യം ചെയ്യുമ്പോൾ 2010, 2011 ഒഴികെയുള്ള വർഷങ്ങളിലെല്ലാം ജില്ലയിൽ മഴയുടെ തോത് കുറഞ്ഞതായി കാണാം.

പട്ടിക 1.36: 2007 മുതൽ 2016 വരെ ജില്ലയിലെ താപനില (ഡിഗ്രി സെൽഷ്യസിൽ)

വർഷം	2007		2008		2009		2010		2011		2012		2013		2014		2015		2016	
മാസം	കൂടിയ താപനില	കുറഞ്ഞ താപനില	കൂടിയ താപനില	കുറഞ്ഞ താപനില	കൂടിയ താപനില	കുറഞ്ഞ താപനില	കൂടിയ താപനില	കുറഞ്ഞ താപനില	കൂടിയ താപനില	കുറഞ്ഞ താപനില	കൂടിയ താപനില	കുറഞ്ഞ താപനില	കൂടിയ താപനില	കുറഞ്ഞ താപനില	കൂടിയ താപനില	കുറഞ്ഞ താപനില	കൂടിയ താപനില	കുറഞ്ഞ താപനില	കൂടിയ താപനില	കുറഞ്ഞ താപനില
ജനുവരി	32.3	19.7	32.1	18.9	33.1	19.8	32.0	20.7	31.8	19.7	31.3	20.4	31.9	21.5	31.5	22.0	30.9	20.1	32.6	20.8
ഫെബ്രുവരി	32.0	20.6	31.2	21.1	32.8	21.4	32.4	21.1	32.3	20.1	32.3	21.1	32.0	23.0	31.6	22.2	31.8	20.8	32.4	22.8
മാർച്ച്	32.5	23.2	31.8	22.1	33.6	23.5	33.3	23.9	32.5	22.8	31.9	23.1	32.6	24.3	32.4	23.8	32.5	22.7	33.5	25.2
ഏപ്രിൽ	33.9	24.9	32.4	24.0	34.1	25.4	34.0	24.3	32.8	23.9	31.9	24.4	32.7	24.8	33.6	26.3	32.7	23.4	34.2	27.0
മെയ്	33.1	24.2	32.5	23.3	33.2	24.1	33.7	24.4	32.9	24.1	32.3	24.7	31.6	26.0	32.9	25.0	32.6	23.6	33.8	25.3
ജൂൺ	29.8	22.8	29.9	22.3	30.2	22.4	30.1	22.2	29.6	23.1	28.5	22.6	28.9	23.6	31.1	24.8	30.7	22.3	29.7	21.9
ജൂലൈ	28.8	22.7	28.1	22.3	28.4	22.2	27.9	21.3	27.8	22.0	28.8	22.7	28.7	24.7	28.9	24.3	29.7	22.3	28.7	21.4
ആഗസ്റ്റ്	28.2	21.9	28.7	21.9	29.3	22.7	27.7	21.6	28.1	21.9	28.2	22.4	28.9	25.0	28.1	24.2	29.6	22.1	29.4	21.8
സെപ്റ്റംബർ	29.1	22.4	30.4	22.2	29.2	22.5	29.7	21.9	29.1	21.9	29.4	22.5	29.3	25.1	29.4	24.5	30.2	22.0	29.1	21.8
ഒക്ടോബർ	30.6	22.1	31.9	22.4	30.6	21.3	30.4	23.0	31.0	22.1	31.4	23.2	30.2	25.3	30.9	24.9	30.9	22.2	30.1	23.0
നവംബർ	33.0	19.9	33.1	21.5	31.7	22.1	30.8	22.3	32.2	22.0	31.4	22.1	32.1	24.7	31.9	22.7	31.5	21.5	32.1	22.9
ഡിസംബർ	32.9	21.0	33.4	20.8	33.1	21.8	31.5	21.6	32.6	20.8	32.9	21.9	32.1	22.0	31.2	22.0	32.3	20.7	31.9	21.7
ശരാശരി	31.3	22.1	31.3	21.9	31.6	22.4	31.1	22.4	31.1	22.0	30.8	22.6	30.9	24.2	31.1	23.9	31.3	22.0	31.5	23.0
വർഷത്തിലെ ശരാശരി താപനില	26.7		26.6		27.0		26.8		26.6		26.7		27.6		27.5		26.6		27.3	

(ഉറവിടം - സി.പി.സി.ആർ.ഐ, കാസറഗോഡ്)

പട്ടികയിൽ നിന്നും 2007 ലെ ഏറ്റവും കുറഞ്ഞ ചൂട് 19.7 ഡിഗ്രി സെൽഷ്യസും ഏറ്റവും കൂടിയ ചൂട് 33.9 ഡിഗ്രി സെൽഷ്യസും ആണെന്ന് കാണാം. അതേസമയം 2016 ലെ ഏറ്റവും കുറഞ്ഞ ചൂട് 20.8 ഡിഗ്രി സെൽഷ്യസും ഏറ്റവും കൂടിയ ചൂട് 34.2 ഡിഗ്രി സെൽഷ്യസും ആണ്. അന്തരീക്ഷ താപനില പൊതുവെ കൂടി വരുന്നതിന്റെ സൂചകമായി ഇതിനെ കാണാവുന്നതാണ്.

മണ്ണ്

പ്രധാനമായും നാല് ഇനം മണ്ണുകളാണ് ജില്ലയിൽ കാണപ്പെടുന്നത്. അതിൽ ഏറ്റവും കൂടുതൽ ചെങ്കൽ മണ്ണാണ്. ഇത് ഇടനാട്ടിലും മലനാട്ടിലും നിമ്നോന്നതങ്ങളായി വിതരണം ചെയ്യപ്പെട്ടിരിക്കുന്നു. ഫലഭൂയിഷ്ഠത കുറഞ്ഞ മണ്ണാണിത്. ചെങ്കൽ പാറകൾക്ക് അപചയം സംഭവിച്ചാണ് ഇത്തരത്തിലുള്ള മണ്ണ് ഉണ്ടാകുന്നത്.

ഇടനാട്ടിലെ കുന്നിൻ പ്രദേശങ്ങൾക്കിടയിലുള്ള താഴ്വരകളിലും തീര പ്രദേശങ്ങളിലും തവിട്ടു നിറത്തിലുള്ള ജലജന്യമായ മണ്ണ് കാണുന്നു. നേരിയ മണലും കളിമണ്ണും ചേർന്നിട്ടുള്ള തരികളാണ് ഇവയിലുള്ളത്. കുന്നിൻ പ്രദേശങ്ങളിൽ നിന്ന് ഒഴുകിവരുന്ന അരുവികളും നീരൊഴുക്കുകളും കൊണ്ടുവരുന്ന മണൽ തരികൾ നിക്ഷേപിച്ചുണ്ടാകുന്ന മണ്ണാണിത്.

തീരപ്രദേശത്തെ അഴിമുഖങ്ങളിലും കണ്ടൽക്കാട് പ്രദേശങ്ങളിലും ചതുപ്പ് നിലങ്ങളിലും എക്കൽ മണ്ണ് കാണുന്നു. സമീപമുള്ള കരഭാഗത്ത് നിന്നും ഒലിച്ചുവരുന്നതും തീരങ്ങളിൽ നിക്ഷേപിക്കപ്പെടുന്നതും ആയ മണ്ണായതിനാൽ ഇതിൽ മണൽ തരികൾ കൂടുതലാണ്. ഇവ കൂടാതെ നദീതീരങ്ങളിൽ നിക്ഷേപിക്കപ്പെടുന്ന ഫലഭൂയിഷ്ഠമായ എക്കൽ മണ്ണും ഈ വിഭാഗത്തിൽപ്പെടുന്നു. നദികളുടെ പാർശ്വങ്ങളിലും ചെങ്കൽ മണ്ണിന്റെ ഉപരിതലങ്ങളിലും ഇവ കാണപ്പെടുന്നു.

വനപ്രദേശങ്ങളിൽ ഇലകൾ ദ്രവിച്ച് കാലാകാലം ജൈവാവശിഷ്ടങ്ങൾ ജീർണ്ണിച്ച് മണ്ണിനോട് ചേരുന്നതിനാൽ ഇവിടെയുള്ള മണ്ണ് വളരെ ഫലഭൂയിഷ്ഠമായിരിക്കും. ഇത്തരത്തിലുള്ള മണ്ണിനെ വനപ്രദേശങ്ങളിലെ എക്കൽ മണ്ണ് എന്ന് വിശേഷിപ്പിക്കുന്നു. കടും തവിട്ടു നിറമോ കറുപ്പ് നിറമോ ഉള്ള ഈ മണ്ണിൽ നൈട്രജൻ ധാരാളം അടങ്ങിയിരിക്കുന്നു.

കണ്ടൽക്കാടുകൾ

കണ്ടൽക്കാടുകളാൽ സമൃദ്ധമായിരുന്നു ഒരു കാലത്ത് ജില്ലയിലെ നദീ മുഖങ്ങൾ. ചിത്താരി, മഞ്ചേശ്വരം, മൊഗ്രാൽ, ഉപ്പള, ഷിറിയ എന്നീ നദികളുടെ പതന മുഖങ്ങളിൽ ഇപ്പോഴും കണ്ടൽക്കാടുകളുടെ ചില തുരുത്തുകളെങ്കിലും കാണാം. ഉപ്പട്ടി, കണ്ണാമ്പൊട്ടി, പൂക്കണ്ടൽ, റൈസോഫോറ, ബ്രുഹേരിയ തുടങ്ങിയ വിഭാഗത്തിൽപ്പെട്ട കണ്ടൽമരങ്ങളാണ് ജില്ലയിൽ കണ്ടുവരുന്നത്. ഇവയിൽ ഉപ്പട്ടിയാണ് ഈ മേഖലയിലെ പ്രധാന ഇനം. കായൽ ജലത്തിൽ നിന്നും വലിച്ചെടുക്കുന്ന ഉപ്പിനെ ഇലകളിലൂടെ പുറന്തള്ളുന്ന ഈ മരത്തിന്റെ തടിക്ക് ഉറപ്പും ഇന്ധനക്ഷമതയും വളരെ കൂടുതലാണ്. ജില്ലയുടെ തെക്കൻ പ്രദേശമായ കവ്വായി കായലിന്റെ തീരം ഒരു കാലത്ത് കണ്ടൽച്ചെടി കൊണ്ട് സമൃദ്ധമായിരുന്നു. കായൽ നികത്തലും കൽമതിൽ കെട്ടലും കൊണ്ട് ഇവിടെ കണ്ടൽ ചെടികൾ നാശോന്മുഖമായിത്തുടങ്ങി. പടന്ന, പടന്നക്കാട്, കാപ്പിൽ തുടങ്ങിയ സ്ഥലനാമങ്ങൾ കണ്ടൽക്കാടുകൾ സമൃദ്ധമായിരുന്ന ഭൂതകാലത്തിന്റെ സൂചനകളാണ്.

കാവുകൾ

സുപ്രധാനമായ ഒരാവാസസ്ഥാനമാണ് കാവുകൾ. അമ്പത് ഏക്കറിലേറെ വിസ്തൃതി യുള്ള കമ്മാടം കാവു മുതൽ ഏതാനും സെന്റുകൾ വിസ്തൃതിയുള്ള സർപ്പക്കാവുകൾ വരെ ഉൾപ്പെടുന്ന ജില്ലയിലെ കാവുകളുടെ മൊത്ത വിസ്തൃതി 500 ഏക്കറിലേറെ വരുമെന്ന് കണക്കാക്കുന്നു. വിശ്വാസത്തിന്റെ പേരിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്ന ഇവ ഹരിത വനത്തിന്റെ രൂപ ഘടന പ്രദർശിപ്പിക്കുന്നു. തീരദേശ കാവുകളുടെയും ഇടനാടൻ കാവുകളുടെയും സസ്യ ഘടന വിഭിന്നമാണ്. മാപ്പിടിച്ചേരിക്കാവ് (കൊടക്കാട്), കരക്കക്കാവ് (കാലിക്കടവ്) എന്നീ തീരദേശ കാവുകൾ വെള്ളപ്പയിൽ വനങ്ങൾക്ക് പ്രാമുഖ്യമുള്ളതാണ്. കടലിനും കായലിനും ഇടയിൽ സ്ഥിതിചെയ്യുന്ന ഇടയിലക്കാട്ടിലെ സസ്യ വൈവിധ്യം നിത്യഹരിത വനത്തെപ്പോലെ അതിശയിപ്പിക്കുന്നു.

മൃഗ സംരക്ഷണം

ജില്ലയിൽ മൃഗസംരക്ഷണം കൃഷിയുമായി ബന്ധപ്പെടുത്തി ചെയ്യുന്ന വരുമാന സ്രോതസ്സാണ്. പാലിനും ഇറച്ചിക്കുമായിട്ടാണ് മൃഗങ്ങളെ വളർത്തുന്നത്. ജില്ലയിലെ മൃഗ, പക്ഷി സമ്പത്ത് വളരെ പരിമിതമാണ്. പൊതുവെ മാംസഭുക്കുകളാണ് ജില്ലയിലെ നല്ലൊരു ശതമാനം ജനങ്ങൾ. സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിന്റെ 2013 ലെ സർവ്വേ പ്രകാരം സംസ്ഥാനത്തെ ഇറച്ചി ഉപഭോഗത്തിന്റെ 55% വും കോഴിയിറച്ചിയുടെ 70% വും പുറമേനിന്നുവരുന്നതാണ്. ജില്ലയെ സംബന്ധിച്ചും ഈ കണക്കിൽ വലിയ മാറ്റം വരാനിടയില്ല. ജില്ലയിൽ മൃഗങ്ങളുടെയും പക്ഷികളുടെയും കശാപ്പ് ഉൾപ്പെടെ ഇറച്ചി വിൽപ്പന കേന്ദ്രങ്ങളുടെ എണ്ണം 674 എന്ന് കണക്കാക്കിയിട്ടുണ്ട്. ഈ കേന്ദ്രങ്ങളിലൂടെ പ്രതിവർഷം 31761 മൃഗങ്ങളെയും 39 ലക്ഷത്തോളം കോഴികളെയും കശാപ്പ് ചെയ്യുന്നതായിട്ടാണ് സർവ്വേ റിപ്പോർട്ട്. അതുകൊണ്ട് ജില്ലയിലെ ഇറച്ചിയുൽപാദനം വർദ്ധിക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. തൊഴിലില്ലായ്മയെക്കുറിച്ച് പരിതപിക്കുന്ന യുവതീയുവാക്കൾക്ക് മൃഗപക്ഷി പരിപാലനത്തിലൂടെ നല്ലൊരു വരുമാനമുണ്ടാക്കാനും അതിലൂടെ നല്ലൊരു തൊഴിൽ സംസ്കാരം സൃഷ്ടിക്കാനും കഴിയേണ്ടതുണ്ട്.

വ്യവസായം

ജില്ലയിൽ 4357 വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 21179 തൊഴിലാളികൾ ഈ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്നു. ജില്ലയിലെ വ്യവസായ വികസനത്തിന്റെ സൂചകങ്ങളായി പ്രവർത്തിക്കുന്ന

ആമുഖവിവരങ്ങൾ

അടിസ്ഥാന സൗകര്യങ്ങൾ താഴെ പറയുന്നു.

ഇൻഡസ്ട്രിയൽ ഏരിയ (DA/DP)	3 എണ്ണം
മിനി ഇൻഡസ്ട്രിയൽ ഏരിയ	5 എണ്ണം
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - സിഡ്കോ	2 എണ്ണം
ഇൻഡസ്ട്രിയൽ പാർക്ക് - കിൻഫ്ര	1 എണ്ണം

ഇൻഡസ്ട്രിയൽ കോ-ഓപറേറ്റീവ് നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ 15 എണ്ണം മാത്രമാണ് പ്രവർത്തിച്ചുവരുന്നത്. 68 എണ്ണം നിലവിൽ പ്രവർത്തിക്കാത്തവയാണ്. പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ തന്നെ 7 എണ്ണം ബീഡി സഹകരണ സംഘങ്ങളാണ്.

പട്ടിക 1.37: സഹകരണ സംഘങ്ങൾ

മറ്റ് കരകൗശലം		ബീഡി നിർമ്മാണം		ആകെ സ്ഥാപനങ്ങൾ	
എണ്ണം	തൊഴിലാളികൾ	എണ്ണം	തൊഴിലാളികൾ	എണ്ണം	തൊഴിലാളികൾ
8	42	7	2223	15	2265

കൈത്തറിയും കരകൗശലവും

ഏതൊരു സാമൂഹിക വ്യവസ്ഥയിലും ഏറ്റവും പ്രധാനപ്പെട്ട ഒരു ജനവിഭാഗമാണ് നെയ്ത്തുകാർ. ഈ തൊഴിൽക്കൂട്ടം കാസറഗോഡ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്നു. നെയ്ത്ത് ഉപജീവനമാർഗ്ഗവും കുലത്തൊഴിലുമാക്കിയ തൊഴിൽക്കൂട്ടം എന്ന നിലയിലാണ് ശാലിയർക്ക് ചരിത്രത്തിൽ സ്ഥാനം. കൂട്ടം കൂട്ടമായാണ് ഇവർ താമസിച്ചുപോരുന്നത്. ഈ ഇഴയടുപ്പത്തിന് കാരണം അവരുടെ തൊഴിലിന്റെ പ്രത്യേകതയാണ്. നൂൽനൂൽപ്പ്, താരുരുട്ടൽ, പാവ് ചുറ്റൽ, പാവ് കേറ്റൽ എന്നിവയ്ക്ക് സ്ത്രീകളുടെയും കുട്ടികളുടെയും അയൽക്കാരുടെയും സഹായം ആവശ്യമാണ്.

നിലവിൽ ജില്ലയിൽ 9 കൈത്തറി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 1.38: കൈത്തറി സഹകരണ സംഘങ്ങൾ

പ്രവർത്തിക്കുന്നത്	7	217 തൊഴിലാളികൾ
പ്രവർത്തിക്കാത്തത്	2	

മൺപാത്ര നിർമ്മാണം, സ്വർണ്ണപ്പണി, കൊല്ലപ്പണി, ശില്പവേല തുടങ്ങിയ കരകൗശല വേലകളിൽ ജില്ലക്ക് തനതായ സ്ഥാനമുണ്ട്.

തട്ടാന്മാർ

പരമ്പരാഗത സ്വർണ്ണപ്പണിക്കാരെ തട്ടാന്മാർ എന്നു പറയുന്നു. നീലേശ്വരം മടയന്നൂർ കഴകം കേന്ദ്രീകരിച്ചാണ് ഇവർ ഭൂരിഭാഗവും താമസിക്കുന്നത്. ഈ സ്ഥലത്തെ തട്ടാച്ചേരി എന്നു വിളിക്കുന്നു. നീലേശ്വരം രാജവംശത്തിന്റെ ആവിർഭാവവുമായി ബന്ധപ്പെട്ടാണ് തട്ടാച്ചേരിയുടെ ആരംഭം. രാജകുടുംബങ്ങൾക്ക് ആവശ്യമായ ആഭരണങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി ക്ഷണിച്ചുവരുത്തിയവരോ, അറിഞ്ഞുവന്നവരോ ആണ് ഇവിടത്തെ തട്ടാന്മാർ.

കൊല്ലന്മാർ

പഴയ കാലത്ത് ഉത്സവസമയങ്ങളിൽ ആയുധം കടയുക, തെയ്യത്തിന്റെ വാളും പരിചയും കഠാരയും അമ്പും വില്ലും മറ്റും എണ്ണയിട്ട് രാകി മിനുക്കുക തുടങ്ങിയ ജോലിയാണ് കൊല്ലപ്പണിക്കാർ ചെയ്തുവന്നത്. കാർഷികവൃത്തി പുഷ്ടിപ്പെട്ടതോടെ കലപ്പയുടെ കൊഴു ഉണ്ടാക്കുകയും കാട് വെട്ടിത്തെളിക്കാനുള്ള മഴു, കത്തി തുടങ്ങിയ ഉപകരണങ്ങൾ നിർമ്മിക്കലുമായി ഇവരുടെ പ്രധാന ജോലി. സാങ്കേതികവിദ്യ ആവശ്യമുള്ള ജോലിയായതിനാൽ ഇതിൽ ഏർപ്പെടുന്ന ആളുകളുടെ എണ്ണം ഇന്ന് വളരെ കുറവാണ്.

ശില്പികൾ

കല്ലിലും മരത്തിലും ശില്പമുണ്ടാക്കുന്ന വളരെ ചെറിയ വിഭാഗമാണിത്. കരിങ്കൽ വേലകൾ ചുരുക്കമായതുകൊണ്ട് വീട്ടിലെ അമ്മിയും ആട്ടുകല്ലും മുന്നാരിക്കല്ലും മറ്റുമാണ് കരിങ്കല്ലിൽ നിർമ്മിച്ചിരുന്നത്.

മൺപാത്ര നിർമ്മാണം

കാസറഗോട്ടെ മൺപാത്ര നിർമ്മാണത്തിന് മഹാശിലാ സംസ്കാരത്തോളം പഴക്കമുണ്ട്. ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജനസമൂഹത്തെ കുശവന്മാർ എന്നാണറിയപ്പെടുന്നത്. ജില്ലയിൽ കുശവൻ, കുലാലൻ, ഓടൻ, മുഖ്യൻ എന്നീ വിഭാഗങ്ങളിലുള്ള മൺപാത്ര നിർമ്മാതാക്കൾ അധിവസിക്കുന്നു. ഇവരിൽ പലരും കർണ്ണാടകത്തിൽ നിന്നും വന്നവരാണ്. ജില്ലയിൽ മടിക്കൈക്കടുത്ത എരിക്കുളം, പെരിയയിലെ കായക്കുളം, കോടോത്തിനടുത്ത എരുമക്കുളം, പൈക്ക, ബോവി ക്കാനം, പൊടവടുക്കം, കീക്കാനം, പിലിക്കോട്, ബന്തിയോട് എന്നിവിടങ്ങളിലായി ആയിരത്തിലധികം കുശവന്മാർ അധിവസിക്കുന്നു.

അലുമിനിയം പാത്രങ്ങളുടെയും സ്റ്റീൽ പാത്രങ്ങളുടെയും വരവോടെ ഈ മേഖല തളർച്ചയുടെ വക്കിലേക്ക് നീങ്ങിയിരിക്കുകയാണ്.

2013 ൽ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് നടത്തിയ കണക്കെടുപ്പിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ കൈത്തറി/കരകൗശല സ്ഥാപനങ്ങളുടെ എണ്ണം താഴെ കൊടുക്കുന്നു.

പട്ടിക 1.39: ജില്ലയിലെ കൈത്തറി / കരകൗശല സ്ഥാപനങ്ങളുടെ എണ്ണം

	സ്ഥാപനമായി നടത്തുന്നത്	വീടിനകത്ത് നടത്തുന്നത്	പ്രത്യേക കെട്ടിടമില്ലാതെ നടത്തുന്നത്	ആകെ
ഗ്രാമ പ്രദേശം	30	313	5	348
നഗര പ്രദേശം	77	141	15	233
ആകെ	107	454	20	581

കൈത്തറി കരകൗശല മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക 1.40: കൈത്തറി കരകൗശല മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം

	സ്ഥാപനമായി നടത്തുന്നത്	വീടിനകത്ത് നടക്കുന്നതുംപ്രത്യേക സ്ഥാപനമില്ലാത്തതും കൂടി	ആകെ
ഗ്രാമ പ്രദേശം	202	395	597
നഗര പ്രദേശം	361	190	551
ആകെ	563	585	1148

പട്ടിക 1.41: ഉടമസ്ഥതയുടെ അടിസ്ഥാനത്തിലുള്ള വർഗ്ഗീകരണം

	ഗവ / പൊതു മേഖല	സ്വകാര്യ സ്ഥാപനം/സ്വന്തം	സ്വകാര്യസ്ഥാപനം പാർട്ട്ണർഷിപ്പ്	പ്രൈവറ്റ് ലിമിറ്റഡ്	സഹകരണ സ്ഥാപനം	സ്വയംസഹായ സംഘം	ആകെ
ഗ്രാമ പ്രദേശം	6	339	0	0	3	0	348
നഗര പ്രദേശം	1	221	4	0	6	1	233
ആകെ	7	560	4	0	9	1	581

അംഗൻവാടികൾ

ജില്ലയിൽ 38 പഞ്ചായത്തിലും 3 മുൻസിപ്പാലിറ്റികളിലും അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. 12 പ്രൊജക്ട് ഓഫീസുകളുടെ കീഴിലായി 1312 അംഗൻവാടികളും 36 മിനി അംഗൻ വാടികളും ഉൾപ്പെടെ ആകെ 1348 എണ്ണമാണ് നിലവിലുള്ളത്. ബ്ലോക്ക്/മുൻസിപ്പാലിറ്റി തലത്തിൽ അംഗൻവാടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

പട്ടിക 1.42: അംഗൻവാടികളുടെ എണ്ണം ബ്ലോക്ക്/മുനിസിപ്പാലിറ്റി തലത്തിൽ

ബ്ലോക്ക് / മുൻസിപ്പാലിറ്റി	പ്രൊജക്ട് ഓഫീസുകളുടെ എണ്ണം	അംഗൻവാടികളുടെ എണ്ണം	മിനി അംഗൻവാടികളുടെ എണ്ണം	ആകെ
മഞ്ചേശ്വരം	2	211	13	224
കാറഡുക്ക	2	185	13	198
കാസറഗോഡ്	2	233	2	235
കാഞ്ഞങ്ങാട്	2	169	0	169
നീലേശ്വരം	2	157	6	163
പരപ്പ	2	218	1	219
കാസറഗോഡ് മുൻസിപ്പാലിറ്റി	-	49	0	49
കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി	-	53	0	53
നീലേശ്വരം മുൻസിപ്പാലിറ്റി	-	37	1	38
ആകെ	12	1312	36	1348

ഹോംനഴ്സിംഗ് സ്ഥാപനങ്ങൾ

കേരളത്തിൽ പാരമ്പര്യ കുടുംബ സംവിധാനത്തിൽ വന്ന മാറ്റവും ജീവിത സാഹചര്യത്തിൽ വന്നിട്ടുള്ള പരിവർത്തനങ്ങളും മൂലം വീട്ടിലെ പ്രായമായവരെയും പരിചരണം ആവശ്യമുള്ള രോഗികളുൾപ്പെടെയുള്ളവരെയും ശുശ്രൂഷിക്കുന്നതിനും കുഞ്ഞുങ്ങളെ പരിചരിക്കുന്നതിനും കുടംബങ്ങൾക്ക് വേണ്ടത്ര കഴിയാതെ വന്നിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് പരിചരണ മേഖലയിൽ പ്രത്യേകം പരിശീലനം ലഭിച്ച ആളുകളെ ലഭ്യമാക്കുന്ന സ്ഥാപനങ്ങൾ പ്രസക്തമാകുന്നത്. ഇത്തരം സ്ഥാപനങ്ങളാണ് ഹോം നഴ്സിംഗ് സ്ഥാപനങ്ങൾ. ഈ മേഖല സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ, ഇവ സമൂഹത്തിന് നൽകുന്ന സേവനങ്ങൾ, സമൂഹത്തിന് ഇത്തരം സ്ഥാപനങ്ങളോടുള്ള പൊതുസമീപനം മുതലായവ പഠിക്കുന്നതിന് 2015-16 ൽ സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് സംസ്ഥാനത്താകമാനം സർവ്വേ നടത്തുകയുണ്ടായി. ജില്ലയിൽ ഇത്തരം 16 സ്ഥാപനങ്ങൾ ഉണ്ടെന്ന് കണ്ടെത്തി. സംസ്ഥാനത്ത് മൊത്തം 593 സ്ഥാപനങ്ങളാണുള്ളത്. ഈ രംഗത്ത് ജോലി ചെയ്യുന്നവരിൽ ബ

ഹു ഭൂരിപക്ഷവും സ്ത്രീകളാണ്.

അനാഥാലയങ്ങൾ

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് 2013-14 വർഷത്തെ അധികരിച്ച് സംസ്ഥാനത്തെ അനാഥാലയങ്ങളെപ്പറ്റി നടത്തിയിട്ടുള്ള സർവ്വേ പ്രകാരം ജില്ലയിൽ 70 അനാഥാലയങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. അനാഥാലയങ്ങളുടെ പെരുപ്പം ആരോഗ്യകരമായ ഒരു ജനസമൂഹത്തെയല്ല സൂചിപ്പിക്കുന്നത്. കേരളത്തെ സംബന്ധിച്ച് കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ചയും തൊഴിൽ തേടിയുള്ള പ്രവാസവും അതിലുപരി മക്കളുടെ തികഞ്ഞ സ്വാർത്ഥതയും മാതാപിതാക്കളോടുള്ള മനോഭാവത്തിൽ വന്ന മാറ്റവും സമൂഹത്തിൽ അനാഥരെ സൃഷ്ടിക്കാൻ ഇടവരുത്തിയിട്ടുണ്ട്. കൂടാതെ ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങൾ, മറ്റ് ദേശങ്ങളിൽ നിന്നും വന്നുപെടുന്നവർ തുടങ്ങി പല രീതിയിൽ സമൂഹത്തിൽ അനാഥർ സൃഷ്ടിക്കപ്പെടുന്നു. ജില്ലയിലെ വിവിധ വിഭാഗത്തിലുള്ള അനാഥാലയങ്ങളുടെ വിശദാംശം ചേർക്കുന്നു.

പട്ടിക 1.43: അനാഥാലയങ്ങളുടെ വിശദാംശങ്ങൾ

സ്ഥാപനത്തിന്റെ തരം		എണ്ണം
സർക്കാർ		11
എൻ.ജി.ഒ കൾ നടത്തുന്നത്	1. സാമൂഹ്യ നീതി വകുപ്പിന് കീഴിൽ	13
	2. ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ	35
	3. മറ്റുള്ളവ	9
വ്യക്തികൾ നടത്തുന്നത്		2
ആകെ		70

സംസ്ഥാനത്ത് ഏറ്റവും കുറവ് അനാഥാലയങ്ങളുള്ള ജില്ല കാസറഗോഡാണ്. എൻ.ജി.ഒകൾ നടത്തുന്ന ആകെ 57 സ്ഥാപനങ്ങളിൽ 32 എണ്ണം ചാരിറ്റബിൾ സൊസൈറ്റികളും 23 എണ്ണം വ്യത്യസ്ത ട്രസ്റ്റുകളും 2 എണ്ണം കമ്പനി വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളും നടത്തുന്നവയാണ്.

ആരോഗ്യം

അലോപ്പതി

ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അലോപ്പതി വിഭാഗത്തിൽപെട്ട ഒരു ആരോഗ്യ കേന്ദ്രമെങ്കിലും നിലവിലുണ്ട്. അതിർത്തി ജില്ല ആയതിനാൽ മംഗലാപുരത്തെ സ്പെഷ്യാലിറ്റി ആശുപത്രികളുടെ സേവനം തേടാനുള്ള അവസരം കാസറഗോഡ് നിവാസികൾക്കു ലഭ്യമാണ്. അയൽ ജില്ലയായ കണ്ണൂരിലെ പരിയാരം മെഡിക്കൽ കോളേജിന്റെ സേവനവും ജനങ്ങൾ ഉപയോഗപ്പെടുത്തുന്നു. സർക്കാർ സംവിധാനത്തിലുള്ള ചികിത്സാ സൗകര്യങ്ങളുടെ മുൻസിപ്പാലിറ്റി, ബ്ലോക്ക് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

പട്ടിക 1.44: ബ്ലോക്ക് അടിസ്ഥാനത്തിലുള്ള പി.എച്ച്.സി/സി.എച്ച്.സി കളുടെ എണ്ണം

ബ്ലോക്ക്	പഞ്ചായത്തുകളുടെ എണ്ണം	പി.എച്ച്.സി കളുടെ എണ്ണം	സി.എച്ച്.സികളുടെ എണ്ണം
മഞ്ചേശ്വരം	7	7	2
കാസറഗോഡ്	6	6	2
കാറഡുക്ക	7	5	2
കാഞ്ഞങ്ങാട്	5	6	1
പരപ്പ	7	8	1
നീലേശ്വരം	6	7	1
നീലേശ്വരം മുനിസിപ്പാലിറ്റി	–	1	–
ആകെ	38	40	9

കാസറഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പ് (അലോപ്പതി) ന് കീഴിലുള്ള സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 1.45: ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ (അലോപ്പതി)

സ്ഥാപനങ്ങൾ	എണ്ണം	കിടക്കകൾ
ജനറൽ ആശുപത്രി	1	212
ടി.ബി.സെന്റർ	1	0
താലൂക്ക് ആശുപത്രികൾ	2	84
കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (സി.എച്ച്.സി)	9	229
പ്രൈമറി ഹെൽത്ത് സെന്റർ (24 X 7)	10	168
പ്രൈമറി ഹെൽത്ത് സെന്റർ (പി.എച്ച്.സി)	30	0
കുടുംബക്ഷേമ ഉപകേന്ദ്രം	247	–
മറ്റുള്ളവ	3	0
ആകെ	303	693

ആമുഖവിവരങ്ങൾ

38 പഞ്ചായത്തുകളിലും 3 മുൻസിപ്പാലിറ്റികളിലും പ്രൈമറിതല പാലിയേറ്റീവ് കെയർ പ്രവർത്തനം നടന്നു വരുന്നുണ്ട്. 2016-17 വർഷത്തെ പ്രവർത്തനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 1.46: പാലിയേറ്റീവ് കെയർപ്രവർത്തനങ്ങൾ

പരിചരണം ആവശ്യമുള്ള രോഗികൾ	72091
നടത്തിയ ഹോം കെയർ	7713
പരിചരണം നൽകിയ രോഗികളുടെ എണ്ണം	65720
മരുന്ന് നൽകിയവരുടെ എണ്ണം	132222
ക്യാൻസർ രോഗികൾ	26046
ഡയാലിസിസ് ചെയ്യുന്നവർ	3234
അരയ്ക്ക് താഴെ തളർന്നവർ	2645
മോർഫിൻ കഴിക്കുന്നവർ	710
റൈൽസ് ട്യൂബ് ഇട്ടവർ	541
കൊളോസ്റ്റമി ചെയ്തവർ	848
ട്രക്കിയോസ്റ്റമി ചെയ്തവർ	512
ലിംഫെഡിമ	1311
60 വയസ്സിനു താഴെ കിടപ്പിലായവർ	16105
60 വയസ്സിനു മുകളിൽ കിടപ്പിലായവർ	24717
കത്തീറ്റർ ഇട്ടവർ	4247

എല്ലാ പഞ്ചായത്തുകളിലും മാസത്തിൽ 16 ഹോം കെയറുകളും 4 ദിവസം ഒ.പി പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. കൂടാതെ ഫിസിയോ തെറാപ്പിയും നൽകിവരുന്നു.

ജില്ലയിൽ 2010 മുതൽ 2016 വരെ വർഷങ്ങളിൽ പകർച്ചവ്യാധി പിടിപെട്ടവരുടെയും അതുമൂലം മരണം സംഭവിച്ചവരുടെയും എണ്ണം ചുവടെ ചേർക്കുന്നു.

പട്ടിക 1.47: പകർച്ചവ്യാധി പിടിപെട്ടവരുടെ എണ്ണവും അതുമൂലം മരണം സംഭവിച്ചവരുടെ എണ്ണവും

പകർച്ചവ്യാധി	2012		2013		2014		2015		2016	
	Case	Death	Case	Death	Case	Death	Case	Death	Case	Death
മലമ്പനി	286	0	306	0	328	0	251	0	306	0
എലിപ്പനി	31	0	20	2	16	1	13	4	6	0
ഡെങ്കിപ്പനി	99	22	176	0	46	2	476	4	241	2
എച്ച് 1 എൻ 1	57	1	1	0	3	1	58	4	1	0
മഞ്ഞപ്പിത്തം എ	264	0	1190	0	262	0	112	0	114	0
മഞ്ഞപ്പിത്തം ബി	32	0	19	0	13	0	7	0	2	0
ടൈഫോയ്ഡ്	113	0	149	0	92	0	67	0	44	0
സ്കമ്പ് ടൈഫ്സ്	5	1	1	0	1	0	5	0	1	0

ഇന്ന് കേരളത്തിൽ പൊതുവെ ജനനവും മരണവും നടക്കുന്നത് ആശുപത്രികളിലാണ്. പ്രത്യേകിച്ചും ജനനം. 2015-16 ൽ നടന്ന പ്രസവങ്ങൾ അവ നടന്ന ഇടത്തിന്റെ അടിസ്ഥാനത്തിൽ താഴെ കൊടുക്കുന്നു.

പട്ടിക 1.48: 2015-16 ൽ നടന്ന പ്രസവങ്ങളുടെ വിവരങ്ങൾ

വീട്	സർക്കാർ ആശുപത്രി	സ്വകാര്യ ആശുപത്രി	ആകെ	സിസേറിയൻ വഴിയുള്ള ജനനം		ആകെ
				സർക്കാർ ആശുപത്രി	സ്വകാര്യ ആശുപത്രി	
30	3838	16671	20539	988	4037	5025

ആകെ നടന്ന ജനനത്തിൽ 24.47% സിസേറിയൻ വഴിയാണ്. ഇത് സംസ്ഥാന ശരാശരിയെക്കാൾ (41.48%) വളരെ കുറവാണ്. ജില്ലയെ സംബന്ധിച്ച് ഇവിടെ രജിസ്റ്റർ ചെയ്യപ്പെടേണ്ട ധാരാളം ജനനവും മരണവും മംഗലാപുരത്ത് സംഭവിക്കുന്നുണ്ട്. ഇവയുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

ആമുഖവിവരങ്ങൾ

പട്ടിക 1.49: 2015 ൽ ജില്ലയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ജനന-മരണങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജനനത്തിന്റെ എണ്ണം			മരണത്തിന്റെ എണ്ണം		
ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ആകെ
11124	10073	21197	4031	3369	7400

ജനന സമയത്തെ ആൺ പെൺ അനുപാതം 906. ഇത് സംസ്ഥാനത്തിന്റെ അനുപാതത്തെക്കാൾ (948) കുറവാണ്. പെൺകുട്ടികളുടെ എണ്ണം ആനുപാതികമായി കുറഞ്ഞുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

ഗർഭാവസ്ഥയിലോ പ്രസവസമയത്തോ സംഭവിക്കുന്ന മാതൃമരണങ്ങളുടെയും ജനിച്ച് ഒരു വയസ്സിൽ കുറവ് പ്രായത്തിലുള്ള ശിശു മരണങ്ങളുടെയും 2011-15 വരെ വർഷങ്ങളിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 1.50: മാതൃമരണങ്ങളുടേയും ശിശുമരണങ്ങളുടേയും വിശദാംശങ്ങൾ

വർഷം	ശിശു മരണനിരക്ക് (ആയിരത്തിൽ) (IMR)		മാതൃ മരണനിരക്ക് (ആയിരത്തിൽ) (MMR)	
	കേരളം	കാസറഗോഡ്	കേരളം	കാസറഗോഡ്
2011	7.53	3.97	0.18	0.09
2012	8.02	3.16	0.20	0.53
2013	7.22	3.06	0.36	1.14
2014	6.45	2.21	0.28	0.44
2015	5.91	2.50	0.17	0.23

സംസ്ഥാനത്തെ അപേക്ഷിച്ച് ശിശു മരണ നിരക്ക് ജില്ലയിൽ കുറവാണ്. എന്നാൽ മാതൃ മരണ നിരക്ക് സംസ്ഥാന നിരക്കിനെക്കാൾ താരതമ്യേന കൂടുതലാണ് താനും.

സ്റ്റെറിലൈസേഷന്റെ (കുടുംബാസൂത്രണത്തിന്റെ മാർഗ്ഗം) എണ്ണവും ആകെ പ്രസവങ്ങളുടെയും കണക്കുകൾ പരിശോധിച്ചാൽ ആകെ 8.25% കേസുകളിൽ മാത്രമേ സ്റ്റെറിലൈസേഷൻ നടന്നതായി രേഖപ്പെടുത്തിയിട്ടുള്ളൂ. ആകെ നടന്ന സ്റ്റെറിലൈസേഷന്റെ എണ്ണം (Sterilization) 1694. ഇതിൽ സർക്കാർ ആശുപത്രികളിൽ നടന്നത് 869 ഉം സ്വകാര്യ ആശുപത്രി യിൽ നടന്നത് 825 ഉം ആണ്. ആരോഗ്യ വകുപ്പ് നൽകുന്ന ഇത്തരത്തിലുള്ള സൂചകങ്ങൾ ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും.

ആയുർവേദം

ആയുർവേദ ചികിത്സാ രംഗത്ത് ജില്ലയിൽ സർക്കാർ ഉടമസ്ഥതയിൽ 51 സ്ഥാപനങ്ങളാ ണുള്ളത്. ഇവയെ താഴെ പട്ടികയിൽ കാണിച്ച പ്രകാരം വർഗ്ഗീകരിക്കാം.

പട്ടിക 1.51: ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ (ആയുർവേദം)

സ്ഥാപനങ്ങൾ	എണ്ണം
ജില്ലാ ആയുർവേദ ആശുപത്രി	1
സർക്കാർ ആയുർവേദ ആശുപത്രി	4
സർക്കാർ ആയുർവേദ ഡിസ്പെൻസറി	35
സർക്കാർ ആയുർവേദ ഡിസ്പെൻസറി (ട്രൈബൽ)	1
സർക്കാർ ആയുർവേദ ഡിസ്പെൻസറി (എൻ.ആർ.എച്ച്.എം)	8
സർക്കാർ യുനാനി ഡിസ്പെൻസറി	1
സർക്കാർ സിദ്ധ ഡിസ്പെൻസറി	1
ആകെ	51

ഹോമിയോപ്പതി

ഹോമിയോ ചികിത്സാരംഗത്ത് ജില്ലയിൽ 49 സ്ഥാപനങ്ങളുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 1.52: ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ (ഹോമിയോ)

സ്ഥാപനങ്ങൾ	എണ്ണം
ജില്ലാ ഹോമിയോ ആശുപത്രി	1
സർക്കാർ ഹോമിയോ ആശുപത്രി	2
സർക്കാർ ഹോമിയോ ഡിസ്പെൻസറി	27
NHM ഹോമിയോ ഡിസ്പെൻസറി	19
ആകെ	49

ആമുഖവിവരങ്ങൾ

പൊതുജനാരോഗ്യ രംഗത്ത് സർക്കാർ സംവിധാനത്തോടൊപ്പം സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന സേവനവും ചെറുതല്ല. എന്നാൽ ഇവയെ സംബന്ധിച്ചുള്ള കൃത്യമായ കണക്കുകൾ ലഭ്യമല്ല. 2004 ൽ സാമ്പത്തിക സ്ഥിതിവിവരകണക്ക് നടത്തിയ സർവ്വേയുടെ വെളിച്ചത്തിൽ സ്വകാര്യ മേഖലയിൽ ക്ലിനിക്കുകൾ ഉൾപ്പെടെ ജില്ലയിൽ 184 അലോപ്പതി സ്ഥാപനങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.

സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങൾ	184
വാർഡുകളുടെ എണ്ണം	182
ബെഡ്ഡുകളുടെ എണ്ണം	1441

മെഡിക്കൽ ലാബുകൾ

രോഗ നിർണ്ണയത്തിന് അത്യന്താപേക്ഷിതമാണ് ആരോഗ്യ രംഗത്ത് മെഡിക്കൽ ലബോറ ട്ടറികൾ. എന്നാൽ ഇത്തരം സ്ഥാപനങ്ങളുടെ കൃത്യമായ കണക്ക് ആരോഗ്യ വകുപ്പിലോ മറ്റ് ഏജൻസികളിലോ ലഭ്യമല്ല. അതിനാൽ 2014 ൽ സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് സംസ്ഥാന തലത്തിൽ സർവ്വേ നടത്തുകയുണ്ടായി. പ്രസ്തുത സർവ്വേയുടെ അടിസ്ഥാനത്തിൽ ജില്ലയിൽ 71 മെഡിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് കണ്ടെത്തി. ഇത് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൊത്തം സ്ഥാപനങ്ങളുടെ (4168) ഏകദേശം 2% വരും.

പട്ടിക 1.53: ലാബുകൾ

	അല്ലാത്തവ	തദ്ദേശ സ്വയംഭരണ സ്ഥാപന ലൈസൻസ് ഉള്ളത്	ഇല്ലാത്തത്	ആകെ ലബോറട്ടറികൾ
59	12	61	10	71

ജില്ലയിലെ 71 സ്ഥാപനങ്ങളിൽ 27 സ്ഥാപനങ്ങൾക്ക് ഒരു തരത്തിലുള്ള രജിസ്ട്രേഷനും ഇല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. 46 സ്ഥാപനങ്ങൾ അവരുടെ സ്ഥാപനത്തിലുണ്ടാകുന്ന അവശിഷ്ടം (മാലിന്യം) പ്രാദേശികമായി സംസ്കരിക്കുന്നതായും 19 സ്ഥാപനങ്ങൾ IMAGE വഴി സംസ്കരിക്കുന്നതായും ബാക്കിയുള്ള ആറ് സ്ഥാപനങ്ങൾ IMAGE വഴിയും പ്രാദേശികമായി സംസ്കരിക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എൻഡോസൾഫാനും ഇരകളുടെ പുനരധിവാസവും

കൃഷിവകുപ്പ് കാസറഗോഡ് പഡ്രെ വില്ലേജിന്റെ മലയോര മേഖലയിൽ 1963-64 കാലഘട്ടത്തിൽ കശുമാവ് വച്ച് പിടിപ്പിക്കാൻ ആരംഭിച്ചു. 1978 ൽ പ്ലാന്റേഷൻ കോർപ്പറേഷൻ ഇത്തരത്തിൽ നട്ടുപിടിപ്പിച്ച കശുമാവിൻ തോട്ടങ്ങൾ ഏറ്റെടുത്തു. ആ കാലഘട്ടം മുതൽ 2001 വരെ വർഷത്തിൽ മൂന്ന് തവണയെന്ന രീതിയിൽ തേയില കൊതുകിനെ നശിപ്പിക്കുന്നതിനായി മാരക വിഷമായ എൻഡോസൾഫാൻ ഹെലികോപ്റ്റർ ഉപയോഗിച്ച് തളിക്കാൻ തുടങ്ങി. 1979-ാടുകൂടി തന്നെ ഇത്തരം പ്രദേശങ്ങളിൽ അംഗവൈകല്യത്തോടെ പെറ്റുവീഴുന്ന പശുക്കുട്ടികളെ കാണാനിടയായി. 1990-ാടുകൂടി മനുഷ്യർക്ക് പിറക്കുന്ന കുട്ടികളിലും പലതരത്തിലുള്ള വൈകല്യങ്ങൾ കാണപ്പെട്ടുതുടങ്ങി. അംഗവൈകല്യം, ബുദ്ധിമാന്ദ്യം, സെറിബ്രൽ പാൾസി, അപസ്മാരം തുടങ്ങിയവയാണ് പ്രധാനമായും കണ്ടുതുടങ്ങിയത്. കുട്ടികളാണ് ഇതിന്റെ ഏറ്റവും ക്രൂരമായ ഇരകൾ. എന്നാൽ പിന്നീട് മറ്റുള്ളവർക്കും കാൻസർ ഉൾപ്പെടെയുള്ള അസുഖങ്ങൾ കണ്ടു തുടങ്ങി.

എൻഡോസൾഫാൻ ഇരകളുടെ ആശ്വാസ പ്രവർത്തനങ്ങൾക്കായി 2007 ൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു സെൽ രൂപീകരിച്ചുകൊണ്ട് പ്രവർത്തനമാരംഭിച്ചു. അതുപോലെ 2011 ൽ ഇവരുടെ പുനരധിവാസത്തിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിനുമായി കലക്ടറേറ്റിൽ ഡെപ്യൂട്ടി കലക്ടറുടെ നേതൃത്വത്തിൽ എൻഡോസൾഫാൻ സെൽ ആരംഭിച്ചു. അതിന്റെ പ്രവർത്തനം ഇപ്പോഴും നടന്നുവരുന്നു.

എൻഡോസൾഫാൻ ബാധിതമേഖല പ്രധാനമായും 11 ഗ്രാമ പഞ്ചായത്തുകൾ ഉൾക്കൊള്ളുന്നതാണ്. എൻമകജെ, കുമ്പഡാജെ, ബദിയഡുക്ക, ബെളളൂർ, കാറഡുക്ക, മുളിയാർ, അജാനൂർ, കളളാർ, പനത്തടി, പുല്ലൂർ-പെരിയ, കയ്യൂർ-ചീമേനി എന്നിവയാണ് പ്രസ്തുത പഞ്ചായത്തുകൾ. 5300 എൻഡോസൾഫാൻ ഇരകളെ ഫീൽഡ് സർവ്വെയിലൂടെ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ ദുരിതബാധിത മേഖല എന്നത് 11 ഗ്രാമ പഞ്ചായത്തുകൾക്ക് പുറമേ കൂടി പരിഗണിക്കപ്പെട്ടിട്ടുണ്ട്.

ബഡ്സ് സ്കൂൾ

എൻഡോസൽഫാൻ ദുരിതബാധിതരായിട്ടുള്ള കുട്ടികളിൽ നല്ലൊരു വിഭാഗവും മാനസിക വെല്ലുവിളികൾ നേരിടുന്നവരാണ്. ഇത്തരം കുട്ടികളുടെ വിദ്യാഭ്യാസത്തിനായി പ്രത്യേകം സ്ഥാപിച്ചവയാണ് ബഡ്സ് സ്കൂളുകൾ. പഞ്ചായത്തുകളാണ് ഇത്തരം സ്കൂളുകളുടെ മേൽനോട്ടം വഹിക്കുന്നത്. നിലവിൽ 11 ബഡ്സ് സ്കൂളുകളാണ് ജില്ലയിലുള്ളത്.

പട്ടിക 1.54: ബഡ്സ് സ്കൂൾ

ക്രമ നമ്പർ	പഞ്ചായത്ത്	സ്കൂളിന്റെ പേര്
1	കളളാർ	ചാച്ചാജി ബഡ്സ് സ്കൂൾ
2	എൻമകജെ	സാന്ത്വന ബഡ്സ് സ്കൂൾ
3	മുളിയാർ	തണൽ ബഡ്സ് സ്കൂൾ
4	കാറഡുക്ക	സ്നേഹ ബഡ്സ് സ്കൂൾ
5	കയ്യൂർ - ചീമേനി	സ്നേഹ തീരം ബഡ്സ് സ്കൂൾ
6	പുല്ലൂർ - പെരിയ	മഹാത്മ ബഡ്സ് സ്കൂൾ

7	നീലേശ്വരം മുൻസിപ്പാലിറ്റി	നീലേശ്വരം ബഡ്സ് സ്കൂൾ
8	ബദിയഡുക്ക	
9	ബെള്ളൂർ	
10	പനത്തടി	
11	കുമ്പഡാജെ	

നബാർഡ് എൻഡോസൾഫാൻ പാക്കേജിന്റെ ഭാഗമായി ജില്ലയിലെ 10 ബഡ്സ് സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യവും കെട്ടിടവും തയ്യാറാക്കിവരുന്നുണ്ട് (നീലേശ്വരം മുൻസിപ്പാലിറ്റി ഒഴികെ).

ശുചിത്വം

സമകാലീന കേരളത്തിന്റെ പരിഛേദം എന്ന പോലെ ശുചിത്വത്തിന്റെ കാര്യത്തിൽ ഇരട്ടത്താപ്പുള്ള ജനസമൂഹമാണ് ജില്ലയിലും ഉള്ളത്. ബഹു ഭൂരിപക്ഷം ജനങ്ങളും ഉപഭോഗ തൃഷ്ണ കൂടിയവരാണ്. അതുകൊണ്ട് തന്നെ മാലിന്യത്തിന്റെ തോതും കൂടിവരികയാണ്.

വ്യക്തിശുചിത്വത്തോടൊപ്പം അവനവന്റെ പരിസരത്തിന്റെയും ചുറ്റുപാടിന്റെയും ശുചിത്വം ഓരോ വ്യക്തിയുടെയും കടമയായി കാണേണ്ടതാണ്. ഇങ്ങനെ കാണാത്ത വ്യക്തികൾക്കെതിരെ ഉചിതമായ നിയമനടപടിയിലൂടെ അവരെ തിരുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രമിക്കേണ്ടതുണ്ട്. ഇന്ന് നമ്മുടെ പാതയോരങ്ങളും പുഴകളും മലിനമാക്കുന്നതിൽ ഏറിയ കൂറും പങ്ക് വഹിക്കുന്നത് കശാപ്പു ശാലകളാണ്. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 2013 ൽ ജില്ലയിൽ നടത്തിയ സർവ്വെ പ്രകാരം 674 സ്ഥാപനങ്ങൾ മൃഗങ്ങളുടെയും പക്ഷികളുടെയും ഇറച്ചി വിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 1.55: രജിസ്ട്രേഷന്റെയും ലൈസൻസിന്റെയും അടിസ്ഥാനത്തിലുള്ള വിഭജനം

രജിസ്ട്രേഷനില്ലാത്ത സ്ഥാപനങ്ങളുടെ എണ്ണം	രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളുടെ എണ്ണം	ആകെ	ലൈസൻസുള്ള സ്ഥാപനങ്ങളുടെ എണ്ണം	ലൈസൻസില്ലാത്ത സ്ഥാപനങ്ങളുടെ എണ്ണം	ആകെ
331	343	674	239	435	674

ഇവയിൽ മാലിന്യ സംസ്കരണ സംവിധാനമുള്ളത് 386 സ്ഥാപനങ്ങൾക്കാണെന്നും കണ്ടെത്തിയിട്ടുണ്ട്. രജിസ്ട്രേഷനും ലൈസൻസും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലാണെന്നിരിക്കെ ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജന സംവിധാനമില്ലാത്ത സ്ഥാപനങ്ങൾ അടച്ചു പൂട്ടുവാനും ലൈസൻസ് നേടിയെടുത്തവ കൃത്യമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ടോയെന്ന് പരിശോധിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. മാലിന്യ സംസ്കരണ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ അറവു ശാലകളെ താഴെ കാണും വിധം വർഗ്ഗീകരിക്കാം.

പട്ടിക 1.56: മാലിന്യ സംസ്കരണ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ വർഗ്ഗീകരണം

ഒരു സംവിധാനവുമില്ലാത്തത്	തുറന്ന കുഴി	അടച്ചുറപ്പുള്ള കുഴി	ട്രീറ്റ്മെന്റ് സംവിധാനം	ഉപോൽപന്നങ്ങളായി മാറ്റുവാനുള്ള സംവിധാനം	മറ്റുള്ളവ	ആകെ
21	30	310	46	15	252	674

പട്ടികയിൽ നിന്നും 401 സ്ഥാപനങ്ങൾക്ക് എന്തെങ്കിലും തരത്തിലുള്ള മാലിന്യ സംസ്കരണ സംവിധാനമുള്ളതായി കാണാം. എന്നാൽ 21 സ്ഥാപനങ്ങൾക്ക് ഒരുതരത്തിലുള്ള സംവിധാനവുമില്ലെന്ന് വെളിപ്പെട്ടിട്ടുണ്ട്. എന്നാൽ 252 സ്ഥാപനങ്ങളെ സംശയദൃഷ്ടിയോടെ മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. കൃത്യമായ വിവരം ലഭ്യമാക്കാൻ വിമുഖത കാണിച്ച സ്ഥാപനങ്ങളായിട്ടുവേണം ഇവയെ വിലയിരുത്താൻ. അറവ് ശാലകളും പൗൾട്രി സ്റ്റാളുകളും ഉൾപ്പെടെയുള്ള ഇറച്ചി വിൽപന കേന്ദ്രങ്ങളുടെ ലൈസൻസ്, രജിസ്ട്രേഷൻ എന്നീ മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശക്തമായി ഇടപെടേണ്ടതിന്റെ ഗൗരവം ഇതിൽ നിന്നും വ്യക്തമാണ്.

വിദ്യാഭ്യാസം

പ്രാഥമിക വിദ്യാഭ്യാസം

പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ സമ്പുഷ്ടമാണ് കാസറഗോഡ് ജില്ല. സർക്കാർ മേഖലയിൽ ധാരാളം സ്കൂളുകൾ ജില്ലയിലുണ്ട്. വിവിധ തരത്തിലുള്ള സ്കൂളുകളെ അവയുടെ ഉടമസ്ഥതതയുടെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി ചുവടെ ചേർക്കുന്നു.

പട്ടിക 1.57: സ്കൂളുകളുടെ ഉടമസ്ഥത വിവരങ്ങൾ

ഉടമസ്ഥത	ഹൈസ്കൂൾ	യു.പി.സകൂൾ	എൽ.പി.സ്കൂൾ	ആകെ
സർക്കാർ	96	60	142	298
എയ്ഡഡ്	35	70	112	217
അൺ എയ്ഡഡ്	31	26	16	73
ആകെ	162	156	270	588

(ഡയറ്റ് ലാബ് യു.പി സ്കൂൾ-1, അന്ധ വിദ്യാലയം - 1, എം.ആർ.എച്ച്.എസ് - 2)

സ്റ്റേറ്റ് സിലബസിൽ പഠിപ്പിക്കുന്ന അംഗീകാരമില്ലാത്ത 70 സ്കൂളുകൾ ജില്ലയിലുണ്ട്. കൂടാതെ മൾട്ടി ട്രേഡ് ലേണിംഗ് സെന്റർ (എം.ജി.എൽ.സി) വിഭാഗത്തിൽ 53 സ്ഥാപനങ്ങളും ഒരു എ.ഐ.പി സെന്ററും ജില്ലയിലുണ്ട്. കന്നഡ മീഡിയം ഉള്ള 187 സ്കൂളുകൾ ജില്ലയുടെ മറ്റൊരു പ്രധാന പ്രത്യേകതയാണ്. ഉറുദു മീഡിയത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ ഏക വിദ്യാലയവും കാസറഗോഡ് ജില്ലയിലാണ്.

പട്ടിക 1.58: ആറാമത് പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണം 2016 –17

ഉടമസ്ഥത	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ
സർക്കാർ	42926	41694	84620
എയ്ഡഡ്	34084	31809	65893
അൺ എയ്ഡഡ്	11703	11459	23162
ആകെ	88713	84962	173675

ജില്ലയിലെ വിദ്യാർത്ഥികളിൽ 49% സർക്കാർ സ്കൂളുകളിലും 38% എയ്ഡഡ് സ്കൂളുകളിലും 13% അൺ എയ്ഡഡ് സ്കൂളുകളിലും പഠിക്കുന്നു.

ഹയർ സെക്കന്ററി വിദ്യാഭ്യാസം

ഒരു റസിഡൻഷ്യൽ സ്കൂളും ഒരു സ്പെഷ്യൽ സ്കൂളും ഉൾപ്പെടെ 106 സ്കൂളുകളിൽ ഹയർ സെക്കന്ററി വിഭാഗം പ്രവർത്തിച്ചുവരുന്നു. ഇതിൽ 65 (64+1 റെസിഡൻഷ്യൽ) എണ്ണം ഗവൺമെന്റ് മേഖലയിലും 24 എണ്ണം എയ്ഡഡ് മേഖലയിലും 17 (16+1 സ്പെഷ്യൽ) എണ്ണം അൺ എയ്ഡഡ് മേഖലയിലുമാണ്. സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് ഗ്രൂപ്പുകളുള്ള സ്കൂളുകളുടെ വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

പട്ടിക1.59: സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് ഗ്രൂപ്പുകളുള്ള സ്കൂളുകളുടെ വിവരങ്ങൾ

ഉടമസ്ഥത	ആകെ സ്കൂളുകളുടെ എണ്ണം	സയൻസ് ഗ്രൂപ്പ്	കൊമേഴ്സ് ഗ്രൂപ്പ്	ഹ്യുമാനിറ്റീസ് ഗ്രൂപ്പ്
സർക്കാർ	65	48	56	43
എയ്ഡഡ്	24	21	15	11
അൺ എയ്ഡഡ്	17	11	15	2
ആകെ	106	80	86	56

ഇവയ്ക്കുപുറമെ ഒരു നവോദയ വിദ്യാലയവും 4 കേന്ദ്രീയ വിദ്യാലയങ്ങളും ജില്ലയിൽ പ്രവർത്തിച്ചുവരുന്നു. നവോദയ വിദ്യാലയം പെരിയയിലും രണ്ട് കേന്ദ്രീയ വിദ്യാലയങ്ങൾ കാസറഗോഡും മറ്റുരണ്ടെണ്ണം കാഞ്ഞങ്ങാടും നീലേശ്വരത്തുമായി സ്ഥിതി ചെയ്യുന്നു.

ഉപരിപഠനത്തിനുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഉപരിപഠനത്തിനുള്ള വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വികസനത്തിന്റെ പാതയിലാണ് കാസറഗോഡ് ജില്ല. മുൻകാലങ്ങളിൽ വിദ്യാർത്ഥികളിൽ ഏറിയ പങ്കും ഉന്നത പഠനത്തിനായി മറ്റു ജില്ലകളിലെയും കർണ്ണാടക സംസ്ഥാനത്തിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് ആശ്രയിച്ചിരുന്നത്. നിലവിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് വിഭാഗങ്ങളിലായി 24 ആർട്സ് ആന്റ് സയൻസ് കോളേജുകളും അൺ എയ്ഡഡ് മേഖലയിൽ ഒരു ആയുർവേദ കോളേജും ഒരു ഡെന്റൽ കോളേജും ജില്ലയിൽ പ്രവർത്തിച്ചുവരുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു കാർഷിക കോളേജും ജില്ലയിലുണ്ട്. 2009 ൽ ജില്ലയിൽ പ്രവർത്തനം ആരംഭിച്ച കേരള കേന്ദ്ര സർവ്വകലാശാല ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുത്തനുണർവ്വേകിയിട്ടുണ്ട്. മറ്റു ജില്ലകളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നുമായി ധാരാളം വിദ്യാർത്ഥികൾ ഉപരിപഠനത്തിന് ജില്ലയിൽ എത്തുന്നുണ്ട്. കാസറഗോഡ് ജില്ലയിലെ ഉപരിപഠന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക1.60: കാസറഗോഡ് ജില്ലയിലെ ഉപരിപഠന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരങ്ങൾ

വിദ്യാഭ്യാസ സ്ഥാപനം	ഗവൺമെന്റ്	എയ്ഡഡ്	അൺ എയ്ഡഡ്
ആർട്സ് & സയൻസ് കോളേജ്	4	2	18
ആയുർവേദ കോളേജ്			1
ഡെന്റൽ കോളേജ്			1
എഞ്ചീനിയറിംഗ് കോളേജ്		1	5
എം.ബി.എ കോളേജ്			2
നഴ്സിംഗ് കോളേജ്			3
അറബിക് കോളേജ്			4
ഫാർമസി കോളേജ്			2
ടീച്ചർ ട്രെയിനിംഗ് കോളേജ്	2	1	1
ബി.എഡ് ട്രെയിനിംഗ് സെന്റർ			5
അഗ്രികൾച്ചറൽ കോളേജ്	1		
സെൻട്രൽ യൂണിവേഴ്സിറ്റി	1		
പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം	1		
ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്	7, എസ്.സി.ഡി.ഡി –3		4
പോളി ടെക്നിക്	2	1	

പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്

തെങ്ങ് ഗവേഷണം ഇന്ത്യയിൽ ആരംഭിച്ചത് 1916 ൽ ആണ്. അന്നത്തെ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന ഇപ്പോഴത്തെ കാസറഗോഡ് ജില്ലയിൽ 4 ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുകയുണ്ടായി. പിലിക്കോട്, കാസറഗോഡ് എന്നിവിടങ്ങളിൽ ഓരോന്നു വീതവും നീലേശ്വരത്ത് 2 എണ്ണവും. പിന്നീട് സെൻട്രൽ കോക്കനട്ട് കമ്മിറ്റി നിലവിൽ വരികയും 1947 ൽ കാസറഗോഡ് കേന്ദ്രം പ്രസ്തുത കമ്മിറ്റി ഏറ്റെടുക്കുകയും ഇത് 1970 ൽ ഐ.സി.എ.ആർ ന്റെ കീഴിൽ സി.പി.സി.ആർ.ഐ ആക്കി മാറ്റുകയുമുണ്ടായി. 1956 ൽ കേരള സംസ്ഥാന രൂപീകരണത്തോടെ ജില്ലയിലെ മറ്റ് മൂന്ന് സ്ഥാപനങ്ങളും സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലായി. 1972 ൽ കേരള കാർഷിക സർവ്വകലാശാല നിലവിൽ വരികയും അതിന്റെ ഒരു കേന്ദ്രമായി നീലേശ്വരം മാറ്റപ്പെടുകയുണ്ടായി. പിലിക്കോടുള്ള സ്ഥാപനം കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള സ്ഥാപനമായി മാറ്റി. 1980 ഓടെ മേൽ പറഞ്ഞ സ്ഥാപനങ്ങൾ പ്രാദേശിക കാർഷിക ഗവേഷണ സ്ഥാപനം എന്ന നിലയിൽ വടക്കൻ പ്രദേശങ്ങൾക്കുവേണ്ടി വികസിപ്പിച്ചു.

സി.പി.സി.ആർ.ഐ

1916 ൽ അന്നത്തെ മദ്രാസ് സർക്കാർ തെങ്ങ് ഗവേഷണത്തിന് വേണ്ടി സ്ഥാപിച്ചതാണ് സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.പി.സി.ആർ.ഐ). 1947 ൽ ഇൻഡ്യൻ സെൻട്രൽ കോക്കനട്ട് കമ്മിറ്റി ഈസ്ഥാപനത്തെ ഏറ്റെടുത്തു. തുടർന്ന് ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് (ഐ.സി.എ.ആർ) ന്റെ കീഴിൽ നാഷണൽ അഗ്രികൾച്ചർ സിസ്റ്റത്തിന്റെ ഭാഗമായി (എൻ.എ.ആർ.എസ്) 1970 ലാണ് ഇപ്പോൾ കാണുന്ന നിലയിൽ സി.പി.സി.ആർ.ഐ സ്ഥാപിതമായത്.

കേരള കേന്ദ്ര സർവ്വകലാശാല

ഇന്ത്യയിൽ ആകെയുള്ള 15 കേന്ദ്രസർവ്വകലാശാലകളിലൊന്നാണ്, കേന്ദ്രസർവ്വ കലാശാല ബിൽ 2009 പ്രകാരം നിലവിൽ വന്ന കേരള കേന്ദ്ര സർവ്വകലാശാല. കാസറഗോഡിനടുത്തുള്ള നായന്മാർമൂലയിലെ താൽക്കാലിക കാമ്പസ് കേന്ദ്രീകരിച്ച് പ്രവർത്തനമാരംഭിച്ച സർവ്വകലാശാല 2013 നവംബർ മുതൽ പെരിയ കാമ്പസ്സിൽ പ്രവർത്തിച്ചു വരുന്നു. വിവിധ വിഷയങ്ങളിലായി ഇരുപതോളം ബിരുദാനന്തര ബിരുദ കോഴ്സുകളും PhD കോഴ്സുകളും ഇവിടെ നടന്നുവരുന്നുണ്ട്. പഠനത്തിനും ഗവേഷണത്തിനുമായി സംസ്ഥാനത്തിനകത്തും പുറത്തുനിന്നുമുള്ള ധാരാളം വിദ്യാർത്ഥികൾ ഇവിടെ എത്തിച്ചേരുന്നു. കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര സർവ്വകലാശാല കാസറഗോഡ് ജില്ലയക്ക് മികച്ച മുതൽക്കൂട്ട് തന്നെയാണ്.

വൈദ്യുതി

വൈദ്യുതിയുമായി ബന്ധപ്പെട്ട് ജില്ലയിൽ രണ്ട് ഡിവിഷണൽ ഓഫീസുകളാണുള്ളത്. കാസറഗോഡ് ഡിവിഷനും കാഞ്ഞങ്ങാട് ഡിവിഷനും. കാസറഗോഡ്, കാഞ്ഞങ്ങാട് ഡിവി ഷന്റെ കീഴിൽ 15 വീതം സെക്ഷൻ ഓഫീസുകളുണ്ട്.

പട്ടിക 1.61: ഡിവിഷനെ അടിസ്ഥാനമാക്കിയുള്ള സർവ്വീസ് കണക്ഷനുകൾ

വിഭാഗം	കാസറഗോഡ്			കാഞ്ഞങ്ങാട്			ആകെ
	സിംഗിൾ ഫേസ് (SP)	ത്രീ ഫേസ് (TP)	ആകെ (TP)	സിംഗിൾ ഫേസ് (SP)	ത്രീ ഫേസ്	ആകെ	
ഗാർഹികം	185115	9003	194118	157535	8328	165863	359981
വാണിജ്യം	38688	2237	40925	36057	1412	37469	78394
കാർഷികം	29503	12768	42271	19795	3535	23330	65601
വ്യവസായികം	482	2041	2523	278	1442	1720	4243
മറ്റു സർവ്വീസുകൾ	5583	377	5960	6426	814	7240	13200
ലോ ടെൻഷൻ സർവ്വീസ് കണക്ഷനുകൾ (LT SC)	259371	26426	285797	220091	15531	235622	521419
ഹൈ ടെൻഷൻ സർവ്വീസ് കണക്ഷനുകൾ (HT SC)	-	-	52	-	-	49	101
തെരുവു വിളക്കുകൾ (Street light SC)	-	-	2352	-	-	83	2435
ആകെ	259371	26426	288201	220091	15531	235754	523955

ജില്ലയിൽ ആകെയുള്ള സർവ്വീസ് കണക്ഷനുകളിൽ ഗാർഹിക കണക്ഷനുകൾ 359981 ആണ്. ഇത് ആകെ കണക്ഷനുകളുടെ 69% വരും. കാസറഗോഡ്, കാഞ്ഞങ്ങാട് ഡിവിഷനുകളിലെ വിവിധ തരത്തിലുള്ള സർവ്വീസ് കണക്ഷനുകളെ താഴെ കാണും പ്രകാരം പെർസന്റേജ് ബാർ ഡയഗ്രാം മുഖേന ചിത്രീകരിച്ചിരിക്കുന്നു.

ചിത്രം1.6: വിവിധ ഇനം സർവ്വീസ് കണക്ഷനുകൾ പെർസന്റേജ് ബാർ ഡയഗ്രത്തിൽ



എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ

ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ലൈവ് രജിസ്ട്രേഷന്റെ എണ്ണം 89504 ആണ്. വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷന്റെ എണ്ണത്തെ താഴെ കാണും വിധം ക്രമീകരിച്ചിരിക്കുന്നു.

പട്ടിക 1.62: 30.09.2017 വരെയുള്ള എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ

വിദ്യാഭ്യാസ യോഗ്യത	രജിസ്ട്രേഷന്റെ എണ്ണം	ആകെ
പത്താം തരത്തിൽ താഴെ	4211 + 1386	5597
പത്താം തരം	34120 + 12812	46932
+2 യോഗ്യത	18264 + 8571	26835
ബിരുദം	3821 + 3110	6931
ബിരുദാനന്തര ബിരുദം	1315 + 556	1871
പ്രൊഫഷണൽ	1338 +	1338
ആകെ		**89504**

2010 മുതലുള്ള എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ വിവരങ്ങൾ പരിശോധിച്ചാൽ ലൈവ് രജിസ്ട്രേഷന്റെ എണ്ണം ഓരോ വർഷവും ഏറിയും കുറഞ്ഞും വരുന്നതായി കാണാൻ കഴിയും.

പട്ടിക 1.63: കഴിഞ്ഞ 8 വർഷങ്ങളിലെ ജില്ലയിലെ ലൈവ് രജിസ്ട്രേഷന്റെ താരതമ്യ പട്ടിക

വർഷം (വരെ)	രജിസ്ട്രേഷന്റെ എണ്ണം
31.03.2010	9825
31.03.2011	105488
31.03.2012	105609
31.03.2013	92883
31.03.2014	93312
31.03.2015	91702
31.03.2016	91064
31.03.2017	89734

ജില്ലയിലെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലും സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലുമായി ജോലി ചെയ്യുന്ന ആളുകളുടെ എണ്ണം വിവിധ വർഷങ്ങളിലേത് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 1.64: കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം

വർഷം	സംസ്ഥാന സർക്കാർ	കേന്ദ്ര സർക്കാർ	ആകെ
2010	12578	783	13361
2011	12301	763	13064
2012	12344	800	13144
2013	12659	779	13438
2014	12448	755	13203

പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി ജോലി എടുക്കുന്നവരുടെ എണ്ണം വിവിധ വർഷങ്ങളിലേത് താഴെ പറയും പ്രകാരമാണ്.

പട്ടിക1.65: പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി ജോലി എടുക്കുന്നവരുടെ എണ്ണം

വർഷം	പൊതുമേഖല	സ്വകാര്യ മേഖല	ആകെ
2010	20734	29030	49764
2011	18489	33689	52178
2012	18144	27017	45161
2013	18488	27076	45564
2014	18218	33835	52053

ആമുഖവിവരങ്ങൾ

വിവിധ മേഖലകളിൽ ജില്ലയിൽ ജോലി ചെയ്യുന്നവരിൽ സ്ത്രീകളുടെ പങ്കാളിത്തം പരിശോധിക്കുന്നത് ഉചിതമായിരിക്കും. ഇത് സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 1.66: ജില്ലയിൽ ജോലി ചെയ്യുന്നവരിൽ സ്ത്രീകളുടെ പങ്കാളിത്തം 31.03.2014 ലെ വിവരം

ക്രമ നമ്പർ	വിഭാഗം	എണ്ണം	
1	കേന്ദ്ര സർക്കാർ	ആകെ	755
		സ്ത്രീ	199
2	സംസ്ഥാന സർക്കാർ	ആകെ	12448
		സ്ത്രീ	4939
3	കേന്ദ്ര അർദ്ധ സർക്കാർ	ആകെ	1311
		സ്ത്രീ	313
4	സംസ്ഥാന അർദ്ധ സർക്കാർ	ആകെ	3051
		സ്ത്രീ	499
5	തദ്ദേശ സ്വയംഭരണ സ്ഥാപനം	ആകെ	653
		സ്ത്രീ	189
	ആകെ	ആകെ	18218
		സ്ത്രീ	6139

ആകെയുള്ള ജോലിക്കാരിൽ 34% സ്ത്രീ പങ്കാളിത്തമുണ്ടെന്ന് പട്ടികയിൽ നിന്നും മനസ്സിലാക്കാം.

ഗതാഗത സൗകര്യങ്ങൾ

ജില്ലയിലൂടെ കടന്നുപോകുന്ന ഏക ദേശീയ പാതയാണ് എൻ.എച്ച് 66 (പഴയ എൻ.എച്ച് 17) ജില്ലയിൽ ഇതിന്റെ നീളം 85.9 കി.മീ. അതുപോലെ സ്റ്റേറ്റ് ഹൈവെകളും മേജർ ജില്ലാ റോഡുകളും പ്രധാനപ്പെട്ട ഗതാഗത മാർഗ്ഗങ്ങളാണ്.

പട്ടിക 1.67: ജില്ലയിലെ വിവിധ തരത്തിലുള്ള റോഡുകൾ

റോഡുകളുടെ തരം	എണ്ണം	കി.മീ
നാഷണൽ ഹൈവേ (എൻ.എച്ച് 66)	1	85.9
സ്റ്റേറ്റ് ഹൈവേ	4	141.780
മേജർ ജില്ലാ റോഡുകൾ	191	1318.882

പട്ടിക 1.68: ജില്ലയിലെ സ്റ്റേറ്റ് ഹൈവേകൾ

ക്രമ നമ്പർ	റോഡിന്റെ പേര്	ദൂരം (കി.മീ)
1	ചെർക്കള - ജാൽസൂർ റോഡ് (എസ്.എച്ച് 55)	39.138
2	ഹോസ്ദുർഗ്ഗ് - പാണത്തൂർ റോഡ് (എസ്.എച്ച് 56)	44.175
3	കാസറഗോഡ് - കാഞ്ഞങ്ങാട് റോഡ് (എസ്.എച്ച് 57)	29.500
4	കല്ലട്ക്ക - ചെർക്കള റോഡ് (എസ്.എച്ച് 31)	28.967

പട്ടിക 1.69: ജില്ലയിലെ മേജർ ജില്ലാറോഡുകളുടെ നീളത്തിന്റെ അടിസ്ഥാനത്തിലുള്ള വർഗ്ഗീകരണം.

മേജർ ജില്ലാ റോഡുകൾ (എണ്ണം)	നീളം (കി.മീ)					
	1-<5	5-<10	10-<15	15-<20	20-<25	>25
	31	32	16	6	2	3

ട്രാൻസ്പോർട്ട് സൗകര്യങ്ങൾ

പട്ടിക 1.70: ജില്ലയിലും സംസ്ഥാനത്തും രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ എണ്ണം (31.03.2016 വരെ)

വാഹനം	ജില്ല	സംസ്ഥാനം
ചരക്ക് വാഹനങ്ങൾ		
നാലും അതിൽ കൂടുതലും ചക്രങ്ങളുള്ളവ	11560	419857
ടെമ്പോകളും മുച്ചക്ര വാഹനങ്ങളും	2136	136938
ബസ്സുകൾ		
ബസ്സ് ക്യാരേജുകൾ	673	42707
കോൺട്രാക്ട് വാഹനങ്ങളും ഓമ്നി ബസ്സുകളും	1289	64051
നാല് ചക്ര വാഹനങ്ങൾ		
കാറുകൾ	68514	2070635
ടാക്സികൾ	3198	107567
ജീപ്പുകൾ	0	0
മൂന്ന് ചക്ര വാഹനങ്ങൾ		
ഓട്ടോറിക്ഷകൾ	24281	610235
യന്ത്രവൽകൃത സൈക്കിൾ റിക്ഷകൾ	0	0
ഇരുചക്ര വാഹനങ്ങൾ		
യന്ത്രവൽകൃത സൈക്കിൾ	0	0
സ്കൂട്ടറുകളും മോട്ടോർ സൈക്കിളുകളും	155024	6472302
ട്രാക്ടറുകളും ട്രെയിലറുകളും	229	14213
ട്രെയിലേഴ്സ്	24	699
മറ്റുള്ളവ	10820	232609
	277748	10171813

ബാങ്കിംഗ് മേഖല

ജില്ലയിൽ ബാങ്കിംഗ് രംഗത്ത് വിവിധ തരത്തിലുള്ള സ്ഥാപനങ്ങളുണ്ട്. ഇവയെ ദേശസാൽകൃത ബാങ്കുകൾ (Nationalized Banks), സ്വകാര്യ ബാങ്കുകൾ (Private Banks), പൊതുമേഖലാ ബാങ്കുകൾ (Public Sector Banks), ഷെഡ്യൂൾഡ് ബാങ്കുകൾ (Scheduled Banks), സഹകരണ ബാങ്കുകൾ (Co-operative Banks) എന്നിങ്ങനെ തരം തിരിക്കാം.

പൂർണ്ണമായും സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ബാങ്കുകളാണ് ദേശസാൽകൃത ബാങ്കുകൾ (Nationalized Banks) സ്വകാര്യ ബാങ്കുകളുടെ ഷെയറുകളിൽ 50% ത്തിലേറെ സ്വകാര്യ മേഖലയിലും ബാക്കി ഗവൺമെന്റിന്റെ കൈയിലുമായിരിക്കും.

ഉദാരവർക്കരണ നയങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കുന്നതിനുമുമ്പുള്ള സ്വകാര്യ ബാങ്കുകളും 1991 നു ശേഷം വന്ന സ്വകാര്യ ബാങ്കുകളും (New Generation Banks) എന്നിങ്ങനെ ഇവയെ രണ്ടായി തിരിക്കാം.

സഹകരണ നിയമം 1912 പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ നടത്തുന്ന ബാങ്കുകളാണ് സഹകരണ ബാങ്കുകൾ.

ബംഗാളിൽ ജനിച്ച് ബംഗ്ലാദേശിൽ ജീവിച്ച് സാമ്പത്തിക വിദഗ്ദ്ധൻ, സാമൂഹിക പരിഷ്കർത്താവ് എന്നീ നിലകളിൽ പ്രസിദ്ധനായ മുഹമ്മദ് യൂനസ് എന്ന വ്യക്തിയുടെ ആശയമായിരുന്നു ഗ്രാമീൺ ബാങ്ക്. കേരള ഗ്രാമീൺ ബാങ്ക് ഏറ്റവും വലിയ റീജിയണൽ റൂറൽ ബാങ്കായിട്ടാണ് അറിയപ്പെടുന്നത്. കേന്ദ്ര സംസ്ഥാന സർക്കാറുകളും കാനറാ ബാങ്കും സ്പോൺസർമാരായിട്ടുള്ളതാണ് കേരള ഗ്രാമീൺ ബാങ്ക്.

പട്ടിക 1.71: ബ്ലോക്കടിസ്ഥാനത്തിലുള്ള ജില്ലയിലെ ബാങ്കുകളുടെ എണ്ണം

ബ്ലോക്ക്	ദേശ സാൽകൃത ബാങ്കുകൾ (Nationalized Banks)	സ്വകാര്യ ബാങ്കുകൾ (Private Banks)	KSCARD / KFC	ഗ്രാമീണ ബാങ്കുകൾ (KGB)	(KDCB) ജില്ലാ സഹകരണ ബാങ്ക്	സഹകരണ ബാങ്കുകൾ (Co-operative Banks)
മഞ്ചേശ്വരം	10	3	1 KSCARD)	12	3	13
കാറഡുക്ക	3	1	2 KSCARD)	9	4	6
കാസറഗോഡ്	33	10	2 (1 KSCARD1 KFC)	9	10	11
കാഞ്ഞങ്ങാട്	30	10	1 KSCARD)	7	8	11
നീലേശ്വരം	13	4	2 KSCARD)	6	6	12
പരപ്പ	8	4	2 KSCARD)	9	5	6
ആകെ	97	32	10	52	36	59

പ്രധാന ആരാധനാലയങ്ങൾ

ശ്രീ. മഹാലിംഗേശ്വര ക്ഷേത്രം, അഡൂർ

കാസറഗോഡ് നിന്നും 45 കി.മീ.കിഴക്ക് ഭാഗത്തായിട്ടാണ് അഡൂർ ശിവക്ഷേത്രം. ശ്രീ മഹാലിംഗേശ്വര ക്ഷേത്രമെന്നറിയപ്പെടുന്ന ഈ ക്ഷേത്രം മഹാഭാരത കഥയിലെ അർജ്ജുനൻ സ്ഥാപിച്ചതാണെന്ന് വിശ്വസിക്കപ്പെടുന്നു.

മഡിയൻ കുലോം ക്ഷേത്രം, അജാനൂർ

കാഞ്ഞങ്ങാടിനടുത്ത് അജാനൂരിലാണ് മഡിയൻ കുലോം ക്ഷേത്രം. ഭദ്രകാളിയാണ് പ്രധാന ആരാധനാമൂർത്തിയെങ്കിലും ക്ഷേത്രപാലൻ, ഭഗവതി, ഭൈരവൻ തുടങ്ങിയ ആരാധനാ മൂർത്തികളും ഈ ക്ഷേത്രത്തിലുണ്ട്. ഉച്ചപൂജ ചെയ്യുന്നത് നമ്പൂതിരി വിഭാഗമാണെങ്കിലും പ്രഭാത പ്രദോഷ പൂജകൾ ചെയ്യുന്നത് മണിയാണി സമുദായത്തിൽപ്പെട്ടവരാണെന്ന പ്രത്യേകതയും ഈ ക്ഷേത്രത്തിനുണ്ട്.

അനന്തേശ്വര ക്ഷേത്രം

ഗൗഡസാരസ്വത സമുദായത്തിൽപ്പെട്ടവരുടെ ഉടമസ്ഥതയിലുള്ള ആരാധനാ കേന്ദ്രമാണ് അനന്തേശ്വര ക്ഷേത്രം. മഞ്ചേശ്വരത്താണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. രാജ്യത്തെ പ്രധാന തീർഥാടന കേന്ദ്രമാണ്. കന്യാകുമാരി മുതൽ ഗോവ വരെയുള്ള തീർഥാടകരുടെ പ്രധാന ആകർഷണകേന്ദ്രം കൂടിയാണ് അനന്തേശ്വര ക്ഷേത്രം.

കീഴൂർ ശാസ്താ ക്ഷേത്രം

പൗരാണികമായ ശാസ്താ ക്ഷേത്രമാണിത്. ചന്ദ്രഗിരിയിലാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. പാട്ടുത്സവമെന്നാണ് ഈ ക്ഷേത്രത്തിലെ ഉത്സവം അറിയപ്പെടുന്നത്. വിവിധ കഴകങ്ങളിൽ നിന്നും ശാലിയ സമുദായത്തിൽപ്പെട്ടയാളുകൾ പാട്ടുത്സവത്തിൽ പങ്കെടുത്ത് ഭജന നടത്താറുണ്ട്.

ശ്രീ. ഗോപാലകൃഷ്ണ ക്ഷേത്രം, കുമ്പള.

കുമ്പള നഗര ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രമാണിത്. കുന്നും മലയും പുഴയും ഇടകലർന്ന പ്രദേശമാണിത്. അഞ്ച് ദിവസം നീളുന്ന ഉത്സവം ആരംഭിക്കുന്നത് മകര സംക്രാന്തിയോടു കൂടിയാണ്.

നാരംപാടി ചർച്ച്

റോമൻ കാത്തലിക് ചർച്ചാണിത്. ബദിയഡുക്ക-മുളേളരിയ റൂട്ടിലാണ് ഈ ചർച്ച് സ്ഥിതി ചെയ്യുന്നത്. സെന്റ് ജോൺ ബ്രിട്ടോ ചർച്ച് എന്നറിയപ്പെടുന്ന ഈ ആരാധനാലയം സ്ഥാപിച്ചത് 1939 ലാണ്.

നെല്ലിക്കുന്ന് പള്ളി

കാസറഗോഡ് നെല്ലിക്കുന്ന് കടപ്പുറം റോഡിലാണ് ഈ ആരാധനാലയം സ്ഥിതിചെയ്യുന്നത്. ആയിരങ്ങൾ പങ്കെടുക്കുന്ന ഉറൂസ് ഈ പള്ളിയുടെ പ്രത്യേകതയാണ്. നേർച്ച പെരുന്നാൾ എന്നറിയപ്പെടുന്ന ഉറൂസ് ആഘോഷം നവംബർ മാസം പകുതിയോടെയാണ് നടക്കുന്നത്.

മല്ലികാർജ്ജുന ക്ഷേത്രം

കാസറഗോഡ് നഗര ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന പ്രധാന ആരാധനാകേന്ദ്രമാണ് മല്ലികാർജ്ജുന ക്ഷേത്രം. മാർച്ച് മാസത്തിലാണ് ഈ ക്ഷേത്രത്തിൽ ഉത്സവം നടക്കാറ്. വെങ്കട്ടരമണ ക്ഷേത്രം, ആര്യകാർത്ത്യായിനി ക്ഷേത്രം, പാണ്ഡുരംഗ ക്ഷേത്രം എന്നിവയും നഗരത്തിലെ പ്രധാന ക്ഷേത്രങ്ങളാണ്.

ചക്രപാണി ക്ഷേത്രം

കാസറഗോഡിന്റെ തെക്കേയറ്റത്തുള്ള തൃക്കരിപ്പൂരിലാണ് ഈ ക്ഷേത്രം.

തൃക്കണ്ണാട് ക്ഷേത്രം.

ബേക്കലിനടുത്ത് കടൽത്തീരത്തോടടുത്തുള്ള ശിവ ക്ഷേത്രമാണ് തൃക്കണ്ണാട് ക്ഷേത്രം. കടലിൽ നിന്നും ഉയർന്ന് നിൽക്കുന്ന പാണ്ഡ്യൻപാറ ഈ ക്ഷേത്രത്തിന് സമീപത്താണ്. സാഹസിക നീന്തലിന് പേര് കേട്ട പ്രദേശമാണിത്. പാലക്കുന്ന് ഭഗവതി ക്ഷേത്രവും ഇതിനടുത്താണ്. കാസറഗോഡ്, കാഞ്ഞങ്ങാട് സംസ്ഥാന പാതയിലാണ് ഈ രണ്ട് ക്ഷേത്രങ്ങളും.

അനന്തപുരം ക്ഷേത്രം

ചിത്രം 1.7: അനന്തപുരം തടാക ക്ഷേത്രം

9-ാം നൂറ്റാണ്ടിൽ സ്ഥാപിച്ചതെന്ന് വിശ്വസിക്കപ്പെടുന്ന കേരളത്തിലെ ഏക തടാക ക്ഷേത്രമാണ് അനന്തപുരം ക്ഷേത്രം. കുമ്പളയിൽ നിന്നും നാല് കിലോമീറ്റർ ദൂരത്തിൽ കുമ്പള- സീതാംഗോളി റൂട്ടിലാണ് ഈ ക്ഷേത്രം. തിരുവനന്തപുരം ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ മൂലസ്ഥാനമാണ് ഈ ക്ഷേത്രമെന്ന് ഐതിഹ്യം. ഇവിടെ തടാകത്തിലെ മുതല പ്രധാന ആകർഷണമാണ്.

ചിത്രം 1.8: മധൂർ ശ്രീ മദനന്തേശ്വര സിദ്ധിവിനായക ക്ഷേത്രം

കാസറഗോഡ് നിന്നും 7 കി.മീ മാത്രം ദൂരമുള്ള പ്രശസ്തമായ ശിവ-ഗണപതി ക്ഷേത്രമാണിത്. ശ്രീ. മദനന്തേശ്വര സിദ്ധിവിനായക ക്ഷേത്രമെന്നാണ് ഈ ആരാധനാകേന്ദ്രം അറിയപ്പെടുന്നത്. വയലുകളും, കുന്നുകളും ഉൾപ്പെടുന്നതാണ് ഈ പ്രദേശം. മധുവാഹിനി പുഴയുടെ തീരത്താണ് ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. മൂഡപ്പ സേവ എന്നറിയപ്പെടുന്ന ആഘോഷം ക്ഷേത്രത്തിന്റെ പ്രത്യേകതയാണ്.

ബേള ചർച്ച്

ചിത്രം1.09: ബേള ചർച്ച്

കുമ്പള-ബദിയഡുക്ക റൂട്ടിലാണ് ബേള ചർച്ച്. മംഗലാപുരം രൂപതയുടെ കീഴിലാണ് റോമൻ കാത്തോലിക് വിഭാഗത്തിൽപ്പെട്ട ഈ ചർച്ച്. 100 വർഷത്തിലേറെ പഴക്കവും ചരിത്രവുമുള്ള ചർച്ചാണിത്.

മാലിക്ദീനാർ പള്ളി

ജില്ലയിലെ പ്രശസ്തമായ മുസ്ലീം ആരാധനാ കേന്ദ്രമാണിത്. മാലിക് ഇബൻ ദീനാർ സ്ഥാപിച്ചതുകൊണ്ടാണ് മാലിക് ദിനാർ പള്ളി എന്നറിയപ്പെടുന്നത്. തളങ്കരയിലുള്ള ഈ പള്ളിയിലെ ഉറൂസ് വളരെ പ്രശസ്തമാണ്. മറ്റൊരു പ്രശസ്തമായ പള്ളിയാണ് തെരുവത്ത് പള്ളി. നഗരഹൃദയത്തിലാണ് ഈ പള്ളി സ്ഥിതി ചെയ്യുന്നത്.

ചിത്രം1.10:മാലിക്ദീനാർ ജുമാ മസ്ജിദ്, തളങ്കര

ജൈനബസ്തി, മഞ്ചേശ്വരം

മഞ്ചേശ്വരത്തിനടുത്തുള്ള ഹൊസങ്കടിയിലെ ചതുർമുഖ ബസ്തി (ചതുർ വാതായന ക്ഷേത്രം) ഇപ്പോഴും ആരാധന നടത്തുന്ന പ്രധാന ജൈനമത കേന്ദ്രമാണ്. പ്രാചീനമായ ഈ ബസ്തിക്ക് ചുറ്റും ഒരുകാലത്ത് നിരവധി ജൈന കുടുംബങ്ങൾ താമസിച്ചിരുന്നു. ഇപ്പോൾ ഒരു കുടുംബം മാത്രമാണ് ബസ്തി പരിപാലിക്കുന്നതിന് ഇവിടെയുള്ളത്. ഇന്ത്യയിൽ ആകെ നാല് ചതുർമുഖ ബസ്തികളുള്ളതിൽ ഒന്ന് ഹൊസങ്കടിയിലെ ഈ ക്ഷേത്രമാണ്. ഇതിന് തൊട്ടടുത്തായി പഴയ വലിയ ജൈനബസ്തിയുണ്ടെങ്കിലും അത് തകർച്ചയുടെ വക്കിലാണ്.

ചിത്രം 1.11: ജൈനബസ്തി, മഞ്ചേശ്വരം

വിനോദ സഞ്ചാര കേന്ദ്രങ്ങൾ

ബേക്കൽ കോട്ട

ഏകദേശം 300 വർഷം പഴക്കമുള്ള കേരളത്തിലെ തന്നെ ഏറ്റവും വലിയ കോട്ടകളിലൊന്നാണ് ബേക്കൽ കോട്ട. കാസറഗോഡ് നിന്നും 14 കി.മീ. തെക്ക് ഭാഗ

ചിത്രം 1.12: ബേക്കൽ കോട്ട

ത്തായി പള്ളിക്കര പഞ്ചായത്തിലാണ് ഈ കോട്ട സ്ഥിതി ചെയ്യുന്നത്. അറബിക്കടലിന്റെ തീരത്തുള്ള ഈ കോട്ട സമുദ്രനിരപ്പിൽ നിന്നും 130 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. 35 ഏക്കറോളം വിസ്തൃതിയുണ്ട് കോട്ടക്ക്. ജില്ലയിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രം കൂടിയാണിത്.

ചന്ദ്രഗിരി കോട്ട

സമചതുരാകൃതിയിലുള്ള ചന്ദ്രഗിരി കോട്ട ചന്ദ്രഗിരി പുഴയുടെ തീരത്താണ് സ്ഥിതി ചെയ്യുന്നത്. ചെമ്മനാട് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഈ കോട്ടയിൽ നിന്നുമുള്ള കാഴ്ച അതി മനോഹരമാണ്.

ചെറുവത്തൂർ

മഹാകവി കുട്ടമത്തിന്റെ ജന്മസ്ഥലം എന്ന നിലയിൽ പ്രശസ്തമാണ് ചെറുവത്തൂർ. നാഷണൽ ഹൈവേ 66 ലാണ് ഈ ചെറുപട്ടണം. തുള്ളൽ ഗ്രാമം എന്ന നിലയിലും പ്രഖ്യാതമാണ് ഈ ദേശം.

കാഞ്ഞങ്ങാട്

ഹോസ്ദുർഗ്ഗ് താലൂക്കിന്റെ ആസ്ഥാനം എന്ന നിലയിലും ഹോസ്ദുർഗ്ഗ് കോട്ട, വെങ്കട്ടരമണ ക്ഷേത്രം, കർപ്പൂരേശ്വര ക്ഷേത്രം എന്നിവയുടെ ആസ്ഥാനം എന്ന നിലയിലും പ്രശസ്തമാണ് കാഞ്ഞങ്ങാട്. ആനന്ദാശ്രമം, നിത്യാനന്ദാശ്രമം എന്നീ ആത്മീയ കേന്ദ്രങ്ങളും കാഞ്ഞങ്ങാട് സ്ഥിതിചെയ്യുന്നു. 1939 ൽ സ്വാമിരാമദാസ് സ്ഥാപിച്ചതാണ് ആനന്ദാശ്രമം.

നിത്യാനന്ദാശ്രമം

സ്വാമി നിത്യാനന്ദ സ്ഥാപിച്ചതാണ് ഈ ആശ്രമം. വലിയൊരു ചെങ്കൽ പാറയിൽ 45 ഗുഹകളുള്ള ഈ ആശ്രമത്തിൽ 1963 ൽ ക്ഷേത്രം സ്ഥാപിച്ചു. ഗുജറാത്തിലെ സോമനാഥ ക്ഷേത്ര മാതൃകയിലാണ് ആശ്രമത്തിലെ ക്ഷേത്രം നിർമ്മിച്ചിട്ടുള്ളത്. സ്വാമി നിത്യാനന്ദയുടെ പഞ്ചലോഹത്തിൽ നിർമ്മിച്ച പ്രതിമ ഈ ആശ്രമത്തിന്റെ ആകർഷണമാണ്.

കൂട്ലു

കന്നഡയിൽ കുട്ലു എന്ന പദത്തിനർത്ഥം പരസ്പരം കണ്ടുമുട്ടുക എന്നാണ്. അദ്വൈത പണ്ഡിതൻ ത്രിവിക്രം പണ്ഡിറ്റും പ്രശസ്ത തത്വചിന്തകൻ മാധവാചാര്യയും കൂട്ലു ഭരിച്ചി രുന്ന ജയസിംഹ രാജാവിന്റെ സാന്നിധ്യത്തിൽ ദ്വൈത അദ്വൈത ചിന്തകളെകുറിച്ച് തർക്കങ്ങൾ നടന്ന സ്ഥലമാണിത്. യക്ഷഗാനം പിറവിയെടുത്ത സ്ഥലമായും കൂട്ലു ചരിത്രത്തിൽ രേഖപ്പെടുത്തുന്നു.

എടനീർ മഠം

കാസറഗോഡിൽ നിന്നും വടക്ക് കിഴക്കായി പുത്തൂർ റോഡിലാണ് എടനീർ മഠം. ശങ്കരാചാര്യരുടെ പാരമ്പര്യം അവകാശപ്പെടുന്നതാണ് ഈ മഠം.

പൊസടിഗുംബെ

മംഗൽപ്പാടിയിൽ നിന്നും 18.കി.മീ ദൂരെ ധർമ്മത്തടുക്കയിലാണ് പൊസടിഗുംമ്പെ. സമുദ്രനിരപ്പിൽ നിന്നും 48.68 മീറ്റർ ഉയരത്തിലുള്ള മലമ്പ്രദേശമാണിത്. ഈ കുന്നിന്റെ മുകളിൽ നിന്നുമുള്ള അറബിക്കടലിന്റെയും കാസറഗോഡിന്റെ ഭൂപ്രദേശത്തിന്റെയും കാഴ്ച അതി മനോഹരമാണ്.

തുളൂർ വനം

പാണത്തൂരിൽ നിന്നും നാല് കി.മീ. കിഴക്കായിട്ടുള്ള വിനോദസഞ്ചാര കേന്ദ്രമാണിത്. ഇവിടെയുള്ള ക്ഷേത്ര പാലകനും ഭഗവതിയും കുടിയിരിക്കുന്ന ക്ഷേത്രം നിരവധി ജനങ്ങളെ ആകർഷിക്കുന്ന ആരാധനാ കേന്ദ്രമാണ്.

തേജസ്വനി- വലിയ പറമ്പ കായൽ

വളരെയേറെ വിനോദസഞ്ചാര സാധ്യതകളുടെ കായൽ പ്രദേശമാണിത്. വലിയപറമ്പ പഞ്ചായത്ത് തന്നെ വളരെയധികം ദ്വീപുകൾ ഉൾപ്പെടുന്ന പ്രദേശമാണ്. പടിഞ്ഞാറ് വശം കടലും കിഴക്ക് ഭാഗം കായലുമുള്ള ഭൂപ്രദേശമാണ് വലിയപറമ്പ. ഇടയിലക്കാട് കാവ് ഈ പ്രദേശത്താണ്. വിനോദസഞ്ചാരികൾക്ക് ഹൗസ് ബോട്ട് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാണ്. ഇവിടത്തെ കായലിൽ യാത്ര ചെയ്യുന്നത് നയനമനോഹരമായ കാഴ്ചയാണ്.

റാണിപുരം

ചിത്രം 1.13: റാണിപുരം

കാഞ്ഞങ്ങാട്ട് നിന്നും 45 കി.മീ ദൂരമുണ്ട് റാണിപുരത്തിന്. ട്രക്കിംഗിന് പേരുകേട്ട സ്ഥലമാണിത്. ചോലവനങ്ങളും മൺസൂൺ കാടുകളും പുൽമേടകളും ഉൾപ്പെടുന്ന പ്രദേശമാണ് റാണിപുരം. കാട്ടാനകളെ ധാരാളമായി കണ്ടുവരുന്ന പ്രദേശമാണിത്.

യക്ഷഗാനം

ചിത്രം 1.14: യക്ഷഗാനം

സംഗീത, സാഹിത്യ നൃത്യാദികൾ സമന്വയിക്കുന്ന ഒരു പരിപൂർണ്ണ കലയാണ് യക്ഷഗാനം. അഭിനയത്തിന്റെ എല്ലാ ഭാവങ്ങളും ഇതിലുണ്ട്. ക്രിസ്തു വർഷം പതിനാറാം നൂറ്റാണ്ടിൽ ഈ കല പ്രചാരത്തിൽ വന്നതായി പറയപ്പെടുന്നു. പഴയകാലത്ത് ഒരേ രൂപത്തിലുള്ള യക്ഷഗാനമാണ് കർണ്ണാടകത്തിൽ ആദ്യന്തം പ്രചാരത്തിലുണ്ടായിരുന്നത്. കാലക്രമേണ മാറ്റങ്ങൾക്ക് വിധേയമായി കിഴക്കൻ രൂപമെന്നും പടിഞ്ഞാറൻ രൂപമെന്നും രണ്ടു തരത്തിലായി. പശ്ചിമഘട്ട പ്രദേശങ്ങളായ മൈസൂർ, ചിക്ക മംഗ്ലൂർ, ബെല്ലാരി മുതലായ പ്രദേശങ്ങളിൽ കിഴക്കൻ ശൈലിയും പശ്ചിമ തീര പ്രദേശത്ത് ഹൊനാവർ മുതൽ കാസറഗോഡ് വരെ പടിഞ്ഞാറൻ ശൈലിയും കാണാം. 1564 ൽ രചിക്കപ്പെട്ട 'വിരാട പരവും' ഇതുവരെ കണ്ടുപിടിക്കപ്പെട്ടതിൽ ഏറ്റവും പഴക്കമുള്ള കൃതിയാണ്. പിന്നീട് 1590-1620 കാലഘട്ടത്തിൽ രചിച്ച രാമായണം യക്ഷഗാന കലയിലെ ഒരു നാഴികക്കല്ലാണ്.

യക്ഷഗാനത്തിലെ ഇതിവൃത്തങ്ങൾ പൊതുവെ ദേവാസുരമാണ്. സത്യത്തിന് വിജയവും അസത്യത്തിന് പരാജയവുമെന്ന് സ്ഥാപിക്കുന്ന മഹാഭാരത, രാമായണ, ഭാഗവത പുരാണകഥകളാണ് സാധാരണയായി അവതരിപ്പിക്കുന്നത്. യക്ഷഗാനത്തിൽ പടിഞ്ഞാറൻ ശൈലിയിൽ തന്നെ തെക്കൻ, വടക്കൻ എന്നീ വകഭേദങ്ങളുണ്ട്. കാസറഗോഡിന്റെ ചന്ദ്രഗിരി മുതൽ ഉടുപ്പി കല്യാണപുരം നദി വരെ തെക്കൻ ശൈലിയും അവിടെ നിന്നു വടക്ക് കുന്താപുരം വരെ വടക്കൻ ശൈലിയുമാണ്. പക്കമേളം, പാട്ട്, വേഷവിധാനം എന്നിവയിൽ തെക്ക് വടക്ക് ശൈലികളിൽ ചെറിയ മാറ്റങ്ങൾ കാണാം. ചെണ്ട, മദ്ദളം എന്നിവയാണ് പ്രധാന വാദ്യോപകരണങ്ങളായി യക്ഷഗാനത്തിൽ ഉപയോഗിക്കുന്നത്.

തിടമ്പ് നൃത്തം

വടക്കൻ കേരളത്തിന്റെ തനത് കലാരൂപങ്ങളിലൊന്നാണ് തിടമ്പ് നൃത്തം. ഉത്സവകാലത്ത് ക്ഷേത്രത്തിനകത്ത് നടത്തുന്ന അനുഷ്ഠാന കല തികച്ചും ക്ഷേത്ര കലയായി നിലനിൽക്കുന്നു.

ചെണ്ട, വലംതല, ഇലത്താളം, ശ്രുതി, കുഴൽ, ശംഖ് തുടങ്ങിയ വാദ്യങ്ങളുടെ അകമ്പടിയോടെ അലങ്കരിച്ച ദേവീദേവന്മാരുടെ വിഗ്രഹം (തിടമ്പ്) തലയിൽ എഴുന്നെള്ളിച്ച് നടത്തുന്ന നൃത്ത പ്രകടനം. ഞൊറിവെച്ച വെള്ള വസ്ത്രം തറ്റുടുത്ത നമ്പൂതിരിയാണ് നൃത്തക്കാരൻ. കാതിൽ കുണ്ഡലം, കൈകളിൽ വലിയ സ്വർണ്ണവളകൾ, ഞൊറിയിട്ട് വിടർത്തി കെട്ടിയ തലപ്പാവ്. തലപ്പാവിന് മുകളിലായി ചെത്തിപ്പൂ, തുളസിയില എന്നിവ കൊണ്ട് കമനീയമായി അലങ്കരിച്ച ദേവന്റെയോ, ദേവിയുടെയോ വിഗ്രഹം എന്നിവ തിടമ്പുനൃത്തത്തിന്റെ പ്രധാന ഘടകങ്ങളാണ്. നൃത്തക്കാരന്റെ ഒരു കൈ ചുരുട്ടിപ്പിടിച്ച് നെഞ്ചോട് ചേർത്തു വയ്ക്കും. മേളം മുറുകുമ്പോൾ നൃത്തക്കാരൻ ശരീരമാസകലം വിറപ്പിച്ച് ഉറഞ്ഞ് നൃത്തം ചെയ്യുന്നു. മെയ്‌വഴക്കത്തോടെ താളത്തിനൊപ്പിച്ച് കാലും മേലും കണ്ണും പ്രവർത്തിക്കുന്ന നൃത്തരൂപത്തിന് ശാസ്ത്രീയ നൃത്ത പാരമ്പര്യം അവകാശപ്പെടാം.

ചിത്രം 1.15: തിടമ്പ് നൃത്തം

സാഹിത്യ നായകന്മാർ

കുഞ്ഞുണ്ണിക്കുറുപ്പ് (1813 – 1885)

കുട്ടമത്ത് കുന്നിയൂർ കുടുംബം ചെറുവത്തൂർ കുട്ടമത്ത് എന്ന സ്ഥലത്താണ് അധിവസിച്ചത്. മലയാള സാഹിത്യ രംഗത്ത് ധാരാളം പണ്ഡിതന്മാരെ സംഭാവന ചെയ്ത കുടുംബമാണിത്. ഇവരിൽ ആദ്യത്തെ പണ്ഡിത ശ്രേഷ്ഠനാണ് കുഞ്ഞുണ്ണി കുറുപ്പ്. പ്രശസ്ത സംസ്കൃത പണ്ഡിതനും ജ്യോതിഷിയുമായിരുന്നു ഇദ്ദേഹം. ദേവീ മാഹാത്മ്യം, വ്യാസോൽപത്തി മുതലായവ ഇദ്ദേഹത്തിന്റെ പ്രശസ്തമായ സംസ്കൃതകൃതികളാണ്.

കുട്ടമത്ത് ചെറിയ രാമക്കുറുപ്പ് (1847 – 1906)

നാടകകൃത്ത്, കവി, വൈയാകരണൻ, ആയുർവ്വേദ ഭിഷഗ്വരൻ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു ഇദ്ദേഹം. ശ്രീരാമാവതാരം, കംസവധം തുടങ്ങിയ മലയാള കൃതികൾ ഇദ്ദേഹത്തിന്റെതാണ്. കൂടാതെ കൃഷ്ണാവതാരം, പൂതനാമോക്ഷം, അഹല്യാമോക്ഷം മുതലായ തുള്ളൽ കൃതികളും രചിച്ചിട്ടുണ്ട്.

കുട്ടമത്ത് കുഞ്ഞിക്കേളുക്കുറുപ്പ് (1863–1915)

തുള്ളൽ കൃതികളാണ് പ്രധാനമായും ഇദ്ദേഹത്തിന്റെ സൃഷ്ടികളായിട്ടുള്ളത്. സീമന്തിനി സ്വയംവരം, സീതാ സ്വയംവരം, കുചേല ഗോപാലം, ശങ്കരാചാര്യ ചരിതം, രാധാമാധവം മുതലായവ ഇദ്ദേഹത്തിന്റെ പ്രധാന തുള്ളൽ കൃതികളാണ്.

കുട്ടമത്ത് കുഞ്ഞമ്പുക്കുറുപ്പ് (1855–1911)

സംസ്കൃത പണ്ഡിതനും ആയുർവേദ ഭിഷഗ്വരനുമായിരുന്നു ഇദ്ദേഹം. കീർത്തി ഭൂഷണ ചരിതം എ

ന്നത് ഇദ്ദേഹത്തിന്റെ പ്രശസ്തമായ കാവ്യമാണ്. വൈദർഭീവാസുദേവം, അരശൂലനീധർമ്മഗുപ്തം എന്നീ സംഗീത നാടകങ്ങളും രചിച്ചിട്ടുണ്ട്.

മഹാകവി കുട്ടമത്ത് (കുഞ്ഞികൃഷ്ണക്കുറുപ്പ് (1881-1944))

കുട്ടമത്ത് കവികളിൽ ഏറ്റവും പ്രശസ്തനാണ് കുഞ്ഞികൃഷ്ണക്കുറുപ്പ്. ഇദ്ദേഹത്തെയാണ് മഹാകവി കുട്ടമത്ത് എന്ന് വിശേഷിപ്പിക്കുന്നത്. ധാരാളം കൃതികൾ ഇദ്ദേഹത്തിന്റേതായി കൈരളിക്ക് ലഭിച്ചിട്ടുണ്ട്. കാളിയമർദ്ദനം ഇദ്ദേഹത്തിന്റെ ആദ്യകാല കൃതിയാണ്. ദേവയാനി ചരിതം, ബാലഗോപാലൻ, ധ്രുവ മാധവം, ഹരിശ്ചന്ദ്ര ചരിതം തുടങ്ങിയവ ഇദ്ദേഹത്തിന്റെ സംഗീത നാടക കൃതികളാണ്. ശ്രീരാമകൃഷ്ണ ഗീത, മൂകാംബിക പുരാണം കിളിപ്പാട്ട്, അമൃതരശ്മി തുടങ്ങിയവയും സാഹിത്യസംഭാവനകളിൽപ്പെടുന്നു. ബാലഗോപാലൻ എന്ന ആട്ടക്കഥയും രചനയിൽപ്പെടുന്നു.

പി.കുഞ്ഞിരാമൻ നായർ (1905–1978)

മഹാകവി. പി എന്നറിയപ്പെടുന്ന പ്രശസ്തനായ മലയാളം കവിയാണ് പി. കുഞ്ഞിരാമൻ നായർ. കാഞ്ഞങ്ങാടിനടുത്ത് വെള്ളിക്കോത്താണ് ജനനം. അധ്യാപകനായിട്ടാണ് ജീവിതം ആരംഭിച്ചത്. ധാരാളം കവിതകൾ മലയാളത്തിൽ രചിച്ചിട്ടുണ്ട്. പ്രകൃതിയെ കാൽപനികതയിലൂടെ ചാലിച്ചതാണ് അദ്ദേഹത്തിന്റെ കൃതികൾ. കൃതികളെല്ലാം തന്നെ അദ്ദേഹം ജീവിച്ച കാലഘട്ടത്തിന്റെ പ്രതിഫലനമാണ്. കേന്ദ്രസാഹിത്യ അക്കാദമിയുടെയും കേരള സാഹിത്യ അക്കാദമിയുടെയും പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. കവിയുടെ കാൽപ്പാടുകൾ ഇദ്ദേഹത്തിന്റെ ആത്മകഥയാണ്.

ടി.ഉബൈദ് (1908 – 1972)

കാസറഗോഡിന്റെ സാംസ്കാരിക നായകനായ ടി.ഉബൈദ് ജനിച്ചത് തളങ്കരയിലാണ്. മലയാളത്തിലും കന്നടയിലും പാണ്ഡിത്യമുണ്ടായിരുന്ന ഇദ്ദേഹം ധാരാളം കൃതികൾ മലയാളത്തിൽ നിന്നും തിരിച്ചും തർജ്ജമ ചെയ്തിട്ടുണ്ട്. അറേബ്യൻ-മലയാളം ഭാഷയിലും ധാരാളം കവിതകൾ രചിച്ചിട്ടുണ്ട്.

രാഷ്ട്രകവി ഗോവിന്ദ പൈ (1883–1963)

രാഷ്ട്ര കവി എം.ഗോവിന്ദ പൈ മലയാളം കന്നഡ സാഹിത്യത്തിനു നൽകിയ സംഭാവന വളരെ വലുതാണ്. മഞ്ചേശ്വരത്ത് ജനിച്ച ഇദ്ദേഹം കവി, സാഹിത്യ വിമർശകൻ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. തുളുനാടിന്റെ ചരിത്രപരമായ വിശകലനത്തിന്റെ അതികായനായിരുന്നു ഇദ്ദേഹം. ഗിളിവിണ്ടു ഇദ്ദേഹത്തിന്റെ പ്രശസ്തമായ കന്നഡ കൃതിയാണ്. കുടാതെ, ഗോൽഗോദ, വൈശാലി, ഹെബരാലു തുടങ്ങിയവ ഇദ്ദേഹത്തിന്റെ കന്നഡയിലുള്ള മറ്റ് കൃതികളാണ്.

ടി.എസ്.തിരുമുമ്പ്

1906 ൽ പിലിക്കോടാണ് ഇദ്ദേഹത്തിന്റെ ജനനം. കർഷക പ്രസ്ഥാനത്തിന്റെ നേതാവായിരുന്ന ഇദ്ദേഹം ധാരാളം കവിതകൾ രചിച്ചിട്ടുണ്ട്. സ്വാതന്ത്ര്യ സമര സേനാനി കൂടിയായിരുന്നു. ഇദ്ദേഹത്തിന്റെ ഓർമ്മക്കായി കേരള കാർഷിക സർവ്വകലാശാല അദ്ദേഹത്തിന്റെ വീടും പറമ്പും ഏറ്റെടുത്ത് പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രമാക്കി മാറ്റിയിട്ടുണ്ട്.

വിദ്വാൻ പി.കേളുനായർ (1899 – 1929)

ദേശീയ പ്രസ്ഥാനത്തിന്റെ നേതാവായിരുന്ന ഇദ്ദേഹത്തിന്റെ ജനനം നീലേശ്വരത്താണ്. വെള്ളിക്കോത്ത് വിജ്ഞാനദായിനി എന്ന സംസ്കൃത വിദ്യാലയം സ്ഥാപിച്ചിരുന്നു. സ്വാതന്ത്ര്യ സമര കാലത്ത് രചിച്ച അദ്ദേഹത്തിന്റെ കൃതികളെല്ലാം തന്നെ സമരത്തിന് പ്രചോദനം നൽകുന്നതായിരുന്നു.

കയ്യാർ കിഞ്ഞണ്ണ റൈ

സ്വാതന്ത്ര്യ സമര നേതാവാണ് കയ്യാർ കിഞ്ഞണ്ണ റൈ. പ്രശസ്തനായ കന്നഡ സാഹിത്യകാരനായ ഇദ്ദേഹം ജനിച്ചത് 1915 ൽ പെർഡാല എന്ന സ്ഥലത്താണ്. വിദ്വാൻ, എം.എ മുതലായ വിദ്യാഭ്യാസ യോഗ്യതകൾ സമ്പാദിച്ച ശേഷം അധ്യാപകനായി ജോലി ചെയ്തു. ശ്രീമുഖ, പുനർനവ, ചേതന മുതലായവ കന്നഡയിൽ രചിച്ച കൃതികളാണ്.

കാനായി കുഞ്ഞിരാമൻ

കലാകാരനും ശിൽപിയുമായ കാനായി കുഞ്ഞിരാമൻ ജനിച്ചത് കാഞ്ഞങ്ങാട്ടാണ്. ലളിതകലാ അക്കാദമി ചെയർമാനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. മലമ്പുഴയിലെ യക്ഷി, ശംഖുമുഖം ബീച്ചിലെ ജലകന്യക, പയ്യാമ്പലത്തെ അമ്മയും കുഞ്ഞും, വേളിയിലെ ശംഖ് മുതലായവ ഇദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ശിൽപങ്ങളാണ്.

പുണിഞ്ചിത്തായ. പി.എസ്.

ചിത്രകാരനായ പുണിഞ്ചിത്തായ സ്ഥാപിച്ചതാണ് കാറഡുക്ക കാഞ്ചൻഗംഗ കലാഗ്രാമത്തിലുള്ള റൂറൽ ആർട്ട് ഗാലറി. 1997 ൽ കർണ്ണാടക സർക്കാറിന്റെ കർണ്ണാടക ലളിതകലാ അക്കാദമി അവാർഡ് ലഭിക്കുകയുണ്ടായി. കർണ്ണാടക രാജ ഭവനിലും തിരുവനന്തപുരം, മുംബൈ, മൈസൂർ, മംഗലാപുരം എന്നിവിടങ്ങളിലെ മ്യൂസിയത്തിലും ഇദ്ദേഹം വരച്ച ചിത്രങ്ങളുടെ ശേഖരമുണ്ട്.

മലബാർ വി.രാമൻ നായർ

തുള്ളൽക്കലയെ ജനകീയമാക്കുകയും പരിഷ്കരിക്കുകയും ചെയ്ത കലാകാരനാണ് മലബാർ വി. രാമൻ നായർ. കുട്ടമത്ത് ദേശത്താണ് ജനനം. തിരുവിതാംകൂർ മഹാരാജാവിൽ നിന്ന് മലബാർ രാമൻ നായർ എന്ന നാമധേയം ലഭിച്ചു. കേരള കലാമണ്ഡലത്തിലെ ആദ്യ തുള്ളൽ ഗുരുനാഥനായിരുന്നു. വടക്കൻ കണ്ണനാശാൻ, കന്യാട്ടിൽ കൃഷ്ണൻ നായർ, കുട്ടമത്ത് കുഞ്ഞികൃഷ്ണ പൊതുവാൾ, നീലേശ്വരം കുട്ടികൃഷ്ണ മാരാർ തുടങ്ങിയവർ ജില്ലയിലെ പേരുകേട്ട തുള്ളൽ കലാകാരന്മാരാണ്.

എ. കൃഷ്ണ

ഉപ്പള കൃഷ്ണൻ മാസ്റ്റർ എന്നറിയപ്പെടുന്ന ഇദ്ദേഹം പ്രശസ്തനായ യക്ഷഗാന കലാകാരനാണ്. വിദേശ രാജ്യങ്ങളടക്കം ഒരുപാട് വേദികളിൽ ഇദ്ദേഹ

ത്തിന്റെ നേതൃത്വത്തിൽ യക്ഷഗാനം അവതരിപ്പിച്ചിട്ടുണ്ട്. 1996-97 ൽ കർണ്ണാടക ജനപഥ യക്ഷഗാന അക്കാദമി അവാർഡ് ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

കുടിയേറ്റ ചരിത്രം-നമ്മുടെ ജില്ലയിൽ

1924 നും 1930 നുമിടയിൽ വിരലിൽ എണ്ണാവുന്ന കുടിയേറ്റങ്ങൾ മലബാറിലേക്ക് നടന്നിരുന്നു. പക്ഷേ 'സംഘടിത കുടിയേറ്റം' എന്ന രീതിയിൽ നടക്കുന്നത് രണ്ടാം ലോക മഹായുദ്ധത്തിന്റെ രണ്ടാംപാദത്തിൽ 1943 മുതലാണ്. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന, കാർഷിക ഉത്പന്നങ്ങളുടെ വിലയിടിച്ചിൽ, രൂക്ഷമായ ഭക്ഷ്യക്ഷാമം, വർദ്ധിച്ചുവരുന്ന ജനസംഖ്യ ആകെ കലുഷിതമായ ആ സാമൂഹ്യ അന്തരീക്ഷത്തിലാണ് മലബാറിലേക്ക് സംഘടിത കുടിയേറ്റം നടക്കുന്നത്.

കോട്ടയം രൂപതയിലെ വിവിധ ഇടങ്ങളിൽപ്പെട്ട സാമ്പത്തിക പരാധീനത അനുഭവിക്കുന്ന 72 കുടുംബക്കാർ മലബാറിലേക്ക് കുടിയേറി. മംഗലാപുരം സെന്റ് അലോഷ്യസ് കോളേജിലെ അദ്ധ്യാപകനായിരുന്ന പ്രൊഫസർ വി.ജെ.ജോസഫ് കുടിയേറ്റക്കാർക്കായി കാഞ്ഞങ്ങാടിനു കിഴക്ക് പനത്തടി ഗ്രാമത്തിൽ കക്കാട്ടു മഠം കോവിലകത്തിന്റെ കൈവശം ഉണ്ടായിരുന്ന 1800 ഏക്കർ സ്ഥലം വാങ്ങുകയും 12.5 ഏക്കർ വീതമുള്ള 72 ബ്ലോക്കുകളായി തിരിച്ചു നൽകുകയും ചെയ്തു. ഏക്കറിനു 8 രൂപ നിരക്കിൽ 100 രൂപ വീതം അടച്ചായിരുന്നു സ്ഥലം കുടിയേറ്റക്കാർക്ക് കൈമാറിയത്.

രാജപുരത്തും ചിറ്റാരിക്കൽ തോമാപുരത്തും സമാന കാലഘട്ടങ്ങളിലാണ് കുടിയേറ്റം നടന്നത്. മംഗലാപുരം കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വന്നിരുന്ന ക്രിസ്തീയ സന്യാസിവര്യന്മാരാണ് ആരോഗ്യ കാര്യങ്ങളിൽ കുടിയേറ്റക്കാർക്ക് സംരക്ഷണം നൽകി പോന്നത്. 1943-1965 വരെയുള്ള കാലങ്ങളിലാണ് മലബാറിൽ കൂടുതൽ കുടിയേറ്റം നടന്നത്. കാസറഗോഡ് ജില്ലയിലെ റാണിപുരത്തും സംഘടിത കുടിയേറ്റം നടന്നിട്ടുണ്ട്. ഹോസ്ദുർഗ്ഗ് താലൂക്കിൽ പനത്തടി വില്ലേജിൽ മാടത്തുമല എന്ന സ്ഥലത്താണ് കുടിയേറിയത്. പിന്നീടത് റാണിപുരം എന്ന പേരിൽ അറിയപ്പെടുകയാണുണ്ടായത്. കുടിയേറ്റക്കാലം 1970 ജനുവരി 24-ാം തീയ്യതി.

രാജപുരം കുടിയേറ്റം നടന്ന അതേ വർഷം അതേമാസം തന്നെ ഏതാനും കുടുംബങ്ങൾ ഒടയഞ്ചാലിനു സമീപം ആലടുക്കം എന്ന സ്ഥലത്തേക്ക് കുടിയേറി.

വിദ്യാഭ്യാസം മുടക്കം കൂടാതെ നൽകുക എന്ന ഒരു വെല്ലുവിളിയും കുടിയേറ്റ സംഘങ്ങൾക്കുണ്ടായിരുന്നു. കുടിയേറ്റക്കാർക്കൊപ്പം വന്ന കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങാതിരിക്കുന്നതിനുവേണ്ടി 1943 ജൂൺ മാസത്തിൽ തന്നെ രാജപുരത്തുണ്ടായിരുന്ന ഷെഡിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു.

കുടിയേറ്റത്തിൽ എൻ.എസ്.എസ്സിന്റെ പങ്ക്

പനത്തടി ബളാന്തോട്ടെ എൻ.എസ്.എസ് എസ്റ്റേറ്റും കുടിയേറ്റവും ഭാരത കേസരി മന്നത്ത് പത്മനാഭന്റെ ജീവിതത്തിലെ അവിസ്മരണീയമായ മുഹൂർത്തങ്ങളാണ്. എൻ.എസ്.എസ്സിന്റെ നേതൃത്വത്തിൽ നടന്ന കുടിയേറ്റം മലയോര മേഖലയിലെ കാർഷിക രംഗത്ത് അധ്വാനത്തിന്റെ വിപ്ലവം തന്നെ സൃഷ്ടിച്ചു. പനത്തടി വില്ലേജിൽ റീസർവ്വേ നമ്പർ 271 എയിൽ 8000 ഏക്കറോളം ഭൂമി അന്ന് നീലേശ്വരം രാജവംശത്തിന്റെ വകയായുണ്ടായിരുന്നു. 1958 ൽ തെക്കേ കോവിലകം ഉൽപലാക്ഷിയമ്മ തമ്പുരാട്ടിയോട് എൻ.എസ്.എസ് സ്ഥലം വിലക്കു വാങ്ങി. ഒരു ഭാഗത്ത് എൻ.എസ്.എസ് റബ്ബർ തോട്ടം വച്ചു പിടിപ്പിച്ചു. ബാക്കി സ്ഥലം അഞ്ചേക്കർ പ്ലോട്ടുകളായി തിരിച്ച് കോട്ടയം, കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം, എറണാകുളം, ഇടുക്കി ജില്ലകളിലെ എൻ.എസ്.എസ് കരയോഗങ്ങൾ ശുപാർശ ചെയ്യുന്ന സമുദായംഗങ്ങൾക്ക് നൽകുകയും ചെയ്തു.

പ്രവാസികൾ

2013- ൽ സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് നടത്തിയ സർവ്വെയിൽ ജില്ലയിലെ 46235 കുടുംബങ്ങളിൽ നിന്നും ജോലി തേടി കുറഞ്ഞത് ഒരാളെങ്കിലും വിദേശ രാജ്യത്ത് കുടിയേറിയിട്ടുണ്ട്. ഇത് ജില്ലയിലെ ആകെ കുടുംബങ്ങളുടെ 17 ശതമാനമാണ്. സംസ്ഥാനത്ത് പ്രവാസികളുടെ എണ്ണം ഏറ്റവും കൂടുതലുള്ള ജില്ലകളിലൊന്നാണ് കാസറഗോഡ്. പ്രവാസികൾ താമസിക്കുന്ന മേഖലകളും അവരുടെ എണ്ണവും പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക 1.72: പ്രവാസികൾ താമസിക്കുന്ന മേഖലകളും അവരുടെ എണ്ണവും

യു.എസ്.എ	കാനഡ	യൂറോപ്യൻ രാജ്യങ്ങൾ	ആഫ്രിക്കൻ രാജ്യങ്ങൾ	ഗൾഫ് രാജ്യങ്ങൾ	മറ്റു രാജ്യങ്ങൾ	ആകെ
1168	125	842	356	60908	1810	65209

(ഉറവിടം - പ്രവാസി സെൻസസ് -2013, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്)

പട്ടിക പ്രകാരം പ്രവാസികളിൽ 93% വസിക്കുന്നത് ഗൾഫ് രാജ്യങ്ങളിലാണ്. സൗദി അറേബ്യയിൽ 7927 പേരും, യു.എ.ഇ യിൽ 42031 പേരും താമസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. പ്രവാസികളെ അവരുടെ തൊഴിലിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നത് നല്ലതായിരിക്കും. വിദേശത്ത് താമസിക്കുന്ന നാട്ടുകാരിൽ 60570 പേർ തൊഴിലെടുക്കുന്നവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 33786 പേർ മറ്റെന്തെങ്കിലും തൊഴിൽ ചെയ്യുവന്നവരും 12658 പേർ സെയിൽസ് മാൻമാരായി തൊഴിലെടുക്കുന്നവരുമാണ്. ഇന്നത്തെ സാഹചര്യത്തിൽ ജില്ലയിലെ പ്രവാസികളുടെ ക്ഷേമവും പുനരധിവാസവും പ്രധാനമാണ്. ഒപ്പം മനുഷ്യധനവിഭവ ശേഷികളുടെ ഫലപ്രദമായ ഉപയോഗപ്പെടുത്തലും.

പൊതുവിതരണം

ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം 2013 നിലവിൽ വരുന്നതിനു മുമ്പ് മൂന്ന് തരത്തിലുള്ള റേഷൻ കാർഡുകളാണുണ്ടായിരുന്നത്. അവ എപിഎൽ (APL), ബിപിഎൽ (BPL), അന്ത്യോദയ (AAY) എന്നിവയാണ്. എന്നാൽ ഭക്ഷ്യ സുരക്ഷാ നിയമം നിലവിൽ വന്നതോടെ എപിഎൽ, ബിപിഎൽ സംവിധാനത്തെ മുൻഗണനയുള്ളതും (Priority), മുൻഗണനയില്ലാത്തതും (Non Priority) എന്നിങ്ങനെ രണ്ടായി തരംതിരിച്ചു. ഇതിലൂടെ റേഷൻ ആനുകൂല്യം ലഭിക്കുന്നതിന് കുടുംബത്തിന്റെ വരുമാനത്തോടൊപ്പം അവരുടെ സാമൂഹിക സാമ്പത്തികമായ പരിമിതികൾ കൂടി പരിഗണിക്കുന്നു.

മുൻഗണനാ വിഭാഗത്തിൽപ്പെടുത്തി സബ്സിഡിയോടു കൂടി റേഷൻ ലഭിക്കുന്ന വിഭാഗങ്ങളാണ് AAY, Priority, AY, State Priority എന്നിവ. ഇവ അല്ലാത്തതെല്ലാം മുൻഗണനയില്ലാത്ത വിഭാഗത്തിൽപ്പെടുന്നു.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരമുള്ള പ്രതിമാസ റേഷൻ വിഹിതം.

അന്ത്യോദയ അന്ന യോജന (എ.എ.വൈ)	- കാർഡിന് 28 കി.ഗ്രാം അരിയും 7 കി.ഗ്രാം ഗോതമ്പും സൗജന്യമായി.
മുൻഗണനാ വിഭാഗം (പ്രയോറിറ്റി)	- കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം അരിയും 1 കി.ഗ്രാം ഗോതമ്പും സൗജന്യമായി.
പൊതുവിഭാഗം സബ്സിഡി	- കാർഡിലെ ഓരോ അംഗത്തിനും 2 കിലോം (നോൺ പ്രയോറിറ്റിസബ്സിഡി)അരി കിലോഗ്രാമിന് 2 രൂപ നിരക്കിൽ, കാർഡിന് ഒരു കിലോം ആട്ട 15 രൂപയ്ക്ക്.
പൊതുവിഭാഗം നോൺ സബ്സിഡി	- അരി കിലോഗ്രാമിന് 8.90 രൂപ നിരക്കിൽ, (നോൺ പ്രയോറിറ്റി നോൺ സബ്സിഡി) ഗോതമ്പ് കിലോ ഗ്രാമിന് 6.70 രൂപ നിരക്കിൽ, 2 കിലോ ആട്ട കിലോ ഗ്രാമിന് 15 രൂപ നിരക്കിൽ (ലഭ്യതയ്ക്കനുസരിച്ച്).

പട്ടിക1.73: വിവിധ വിഭാഗ47ങ്ങളിലെ റേഷൻ കാർഡുകളുടെ എണ്ണം ബ്ലോക്ക്/ പഞ്ചായത്തടിസ്ഥാനത്തിൽ

ബ്ലോക്ക് / പഞ്ചായത്ത്	എഎവൈ	പ്രയോറിറ്റി റേഷൻകാർഡ്	നോൺ പ്രയോറിറ്റി സബ്സിഡി റേഷൻകാർഡ്	നോൺ പ്രയോറിറ്റി നോൺ സബ്സിഡി റേഷൻകാർഡ്	സ്റ്റേറ്റ് പ്രയോറിറ്റി റേഷൻകാർഡ്
മഞ്ചേശ്വരം ബ്ലോക്ക്					
മഞ്ചേശ്വരം	558	2762	3838	940	103
വൊർക്കാടി	405	1227	2006	1145	106
മീഞ്ച	293	1362	1865	923	109
മംഗൽപ്പാടി	562	2984	5130	1116	141
പൈവളിഗെ	833	1920	2263	1629	149
എൻമകജെ	1440	1269	1055	1420	181
പുത്തിഗെ	428	1436	1458	802	106
ആകെ	4519	12960	17615	7975	895
കാറഡുക്ക ബ്ലോക്ക്					
കുമ്പഡാജെ	307	964	684	894	190
ബെളളൂർ	374	638	375	683	137
കാറഡുക്ക	416	1334	1208	1329	237
ദേലംപാടി	1048	959	787	1339	143
മുളിയാർ	370	1763	1815	1185	144
ബേഡഡുക്ക	890	1463	1641	2301	210
കുറ്റിക്കോൽ	1085	1220	1164	1992	240
ആകെ	4490	8341	7674	9723	1301
കാസറഗോഡ് ബ്ലോക്ക്					
ബദിയഡുക്ക	1016	2337	2058	1743	214
കുമ്പള	573	3077	4086	1186	174
മധൂർ	522	2626	3446	1705	174
ചെമ്മനാട്	648	3544	4601	1896	332
ചെങ്കള	802	3464	4831	1785	301
മൊഗ്രാൽ പുത്തൂർ	345	1663	2127	661	113
ആകെ	3906	16711	21149	8976	1308

കാഞ്ഞങ്ങാട് ബ്ലോക്ക്					
ഉദുമ	539	3061	2810	1352	304
പള്ളിക്കര	665	3546	3288	1361	346
അജാനൂർ	704	4126	3930	1689	346
പുല്ലൂർ പെരിയ	718	2270	1691	1991	269
മടിക്കൈ	522	2292	1546	1302	208
ആകെ	3148	15295	13265	7695	1473
നീലേശ്വരം ബ്ലോക്ക്					
കയ്യൂർ ചീമേനി	367	2463	2135	1346	301
പിലിക്കോട്	350	2152	1740	2107	207
പടന്ന	265	1681	1801	672	220
വലിയപറമ്പ	205	1334	1037	218	71
തൃക്കരിപ്പൂർ	480	2590	3515	1676	369
ചെറുവത്തൂർ	368	2667	1956	1286	255
ആകെ	2035	12887	12184	7305	1423
പരപ്പ ബ്ലോക്ക്					
കോടോം ബേളൂർ	1405	2818	2486	1130	279
കള്ളാർ	1061	1103	507	1829	270
പനത്തടി	1681	1763	607	1502	158
ബളാൽ	1190	1764	579	1983	176
വെസ്റ്റ് എളേരി	1077	2392	2299	1188	195
ഈസ്റ്റ് എളേരി	641	1890	1908	1572	226
കിനാനൂർ കരിന്തളം	918	2901	2078	1071	215
ആകെ	7973	14631	10464	10275	1519
മുനിസിപ്പാലിറ്റികൾ					
കാസറഗോഡ്	808	3527	4105	1902	217
കാഞ്ഞങ്ങാട്	903	6270	5187	3413	451
നീലേശ്വരം	592	3431	2876	2436	353
ആകെ	2303	13228	12168	7751	1021

സംഗ്രഹം

സമ്പന്നമായ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക-കാർഷിക ചരിത്ര പശ്ചാത്തലമുള്ള ബഹു ഭാഷാ ഭൂമികയാണു കാസറഗോഡ്. ഈ മേഖലകളിലെല്ലാം തനതു സ്വത്വം അവകാശപ്പെടുന്ന ഭൂപ്രദേശമാണിത്. ഫലപ്രദമായി വിനിയോഗിക്കപ്പെടാത്ത ഒട്ടേറെ വിഭവ സ്രോതസ്സുകളായ പ്രകൃതിയുടെ വരദാനങ്ങൾ ഇന്നും ഈ മണ്ണിനെ വേറിട്ടതാക്കുന്നു. സംസ്ഥാനത്ത് ഏറ്റവുമൊടുവിൽ രൂപീകരിക്കപ്പെട്ട ജില്ല എന്ന നിലയിൽ ഇനിയും വളർച്ചയുടെയും വികസനത്തിന്റെയും പടവുകൾ ശാക്തീകരിക്കപ്പെടേണ്ടതുണ്ട്. വികസനത്തിന്റെ വിശാല വീഥിയൊരുക്കുമ്പോൾ നമ്മുടെ ഇന്നലകളുടെ ശക്തിയും ആർജ്ജവവും പാരമ്പര്യവും നിർണ്ണായക പിന്തുണാ സംവിധാനങ്ങളായി വർത്തിക്കേണ്ടതുണ്ട്. മണ്ണിനെയും പ്രകൃതിയെയും സമൂഹത്തെയും അറിഞ്ഞുള്ള വികസനനയമാണ് രൂപപ്പെടുത്തേണ്ടത്. മനുഷ്യവിഭവശേഷിയുൾപ്പെടെയുള്ള വിഭവലഭ്യതയുടെ ശരിയായതും ശാസ്ത്രീയവുമായ വിശകലനവും മണ്ണറിഞ്ഞും മനസ്സറിഞ്ഞുമുള്ള ഇടപെടൽ തന്ത്രങ്ങളും വികസന പരിപ്രേക്ഷ്യ രൂപീകരണത്തിലേക്ക് നിർണ്ണായകമാകുന്നു.

കാർഷിക-കുടിയേറ്റ-സാംസ്കാരിക ചരിത്ര പശ്ചാത്തലമുൾപ്പെടെ ജില്ലയെ പൊതുവായി ഒറ്റ നോട്ടത്തിൽ നോക്കിക്കാണാവുന്ന പൊതു അടിസ്ഥാന വിവരങ്ങളാണ് ഈ അധ്യായത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. ജില്ലയുടെ ഈ സാധ്യതകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് സാമ്പത്തിക സൂചകങ്ങൾ ഉൾപ്പെടെ കൃത്യമായി അവലോകനം ചെയ്തുകൊണ്ടുള്ള വിഭവസ്രോതസ്സുകളുടെ ലഭ്യത, ഭൂവിനിയോഗം തുടങ്ങിയവ അടയാളപ്പെടുത്തലാണ് തുടർന്ന് വേണ്ടുന്നത്.

2. വിഭവലഭ്യത

ഒരു ദേശത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ പുരോഗതി അതിന്റെ വിഭവങ്ങളെ എങ്ങനെയൊക്കെ കാര്യക്ഷമമായി ഉപയുക്തമാക്കും എന്നതിനെ ആശ്രയിച്ചിരിക്കും. അതിനാൽ സാമ്പത്തിക, സാമൂഹിക പുരോഗതി ലക്ഷ്യമാക്കിയുള്ള ആസൂത്രണ പ്രക്രിയയിൽ ദേശത്തിന്റെ വിഭവലഭ്യതയെപ്പറ്റിയുള്ള വിശകലനം പ്രാധാന്യമർഹിക്കുന്നു. വിഭവലഭ്യത എന്ന ഈ അദ്ധ്യായത്തിൽ ജില്ലയുടെ വിഭവങ്ങളെപ്പറ്റിയുള്ള സമഗ്രവിശകലനത്തിനാണ് ശ്രമിക്കുന്നത്. ജില്ലയുടെ വികസന സാധ്യതകളെപ്പറ്റിയുള്ള തിരിച്ചറിവിന് ഇത് അത്യന്താപേക്ഷിതമാണ്. ജില്ലയുടെ സാമ്പത്തികസ്ഥിതിയെപ്പറ്റിയുള്ള സംക്ഷിപ്ത വിവരണം ആമുഖമായിനൽകുന്നു.

ജില്ലയുടെ സാമ്പത്തിക സൂചകങ്ങൾ

ഒന്നാം അദ്ധ്യായത്തിൽ കാസറഗോഡ് ജില്ലയുടെ സാമ്പത്തിക സൂചകങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നുണ്ടെങ്കിലും ചില പ്രധാന സൂചകങ്ങൾ ആമുഖാവതരണത്തിനായി ഉപയോഗിക്കുകയാണ്. കേരള സംസ്ഥാനത്തിന്റെ വരുമാനത്തിലേക്ക് കാസറഗോഡ് ജില്ലയുടെ സംഭാവന ഏകദേശം 3.4 ശതമാനമാണ് എന്ന് 2016-17 ത്വരിത കണക്ക് പ്രകാരം (2011-12ലെ സ്ഥിരവിലയിൽ) നിർണ്ണയിച്ചിട്ടുണ്ട്. ജില്ലയുടെ വാർഷിക വരുമാനം നടപ്പുവിലയിൽ 18192.96 കോടി രൂപ മൂല്യമായി കണക്കാക്കപ്പെടുന്നു. 2017-18 കാലയളവിൽ 6.22 ശതമാനം (2011-12 ലെ സ്ഥിര വിലയിൽ) വളർച്ച ജില്ലാ വരുമാനത്തിൽ കാസറഗോഡ് കൈവരിച്ചപ്പോൾ ഇതേ കാലയളവിൽ കേരളത്തിന്റെ വളർച്ചാ നിരക്ക് 6.88 ശതമാനമായിരുന്നു.

പട്ടിക 2.1: പ്രധാനസാമ്പത്തിക സൂചകങ്ങൾ കാസറഗോഡ് ജില്ല

സൂചകങ്ങൾ	കാസറഗോഡ്	കേരളം
സംസ്ഥാനത്തിന്റെ വരുമാനത്തിലേക്ക് ജില്ലയുടെ സംഭാവന (2017-18 ത്വരിത കണക്ക് പ്രകാരം)	3.4%	100%
ജില്ലാ വരുമാനം - സംയോജിത മൂല്യം (2017-18 ത്വരിത കണക്ക് പ്രകാരം നടപ്പുവിലയിൽ)	18899.26 കോടി രൂപ	548227.71 കോടി രൂപ
ജില്ലാ വരുമാന വളർച്ചാ (സംയോജിത മൂല്യം) നിരക്ക് (2017-18 ത്വരിത കണക്ക് പ്രകാരം 2011-12 ലെ സ്ഥിരവിലയിൽ)	6.22%	6.88%
പ്രതിശീർഷ ജില്ലാസംയോജിത മൂല്യം (2017-18 ത്വരിത കണക്ക് പ്രകാരം 2011-12 ലെ സ്ഥിരവിലയിൽ)	105555 രൂപ	140107 രൂപ
പ്രാഥമിക മേഖലാ വിഹിതം	19.76%	11.27%
ദ്വിതീയ മേഖലാ വിഹിതം	26.95%	25.59%
തൃതീയ മേഖലാ വിഹിതം	53.29%	63.14%

അവലംബം: സാമ്പത്തിക അവലോകനം 2017' (കേരള സർക്കാർ, 2018)

ജില്ലാ വരുമാനം-മേഖല തിരിച്ച്

2016-17 ത്വരിത കണക്ക് പ്രകാരം ജില്ലയുടെ മൊത്തം വരുമാനത്തിൽ വിവിധ മേഖലകളുടെ സംഭാവന നടപ്പുവിലയിൽ പരിശോധിക്കുകയാണെങ്കിൽ സേവന (തൃതീയ) മേഖലയുടെ പ്രഭാവം (53.29%) ഉൽപ്പാദന (ദ്വിതീയ) മേഖലയെക്കാളും (26.95%) കാർഷിക (പ്രാഥമിക) മേഖലകളെക്കാളും (19.76%) കൂടുതലാണെന്ന് മനസ്സിലാക്കാവുന്നതാണ്. സംസ്ഥാനവുമായി താരതമ്യം ചെയ്യുമ്പോൾ പ്രാഥമിക മേഖലയുടെ ഉൽപാദന മേഖലയുടെയും സംഭാവന ജില്ലയിൽ കൂടുതലാണ്. സേവന (തൃതീയ) മേഖലയിലേക്ക് വിവിധ ഉപമേഖലകളുടെ വിഹിതം പരിശോധിക്കുമ്പോൾ റിയൽ എസ്റ്റേറ്റ് (26.6%), ഇതര സേവനങ്ങൾ (30.1 ശതമാനം), വ്യാപാരം, ഹോട്ടൽ & റസ്റ്റോറന്റ് (21.8%), ഗതാഗതം, സംഭരണം, വാർത്താ വിനിമയം (15.75%) എന്നിവ മികച്ച വിഹിതം നൽകിയതായി കാണുന്നു. ഉൽപ്പാദന (ദ്വിതീയ) മേഖലയിൽ വിവിധ ഉപമേഖലകളുടെ സംഭാവന തിട്ടപ്പെടുത്തുമ്പോൾ നിർമ്മാണ മേഖല (58.45%), ഉൽപ്പന്നനിർമ്മാണം (39.62%) എന്നിവ മുന്നിട്ടു നിൽക്കുന്നു. കാർഷിക (പ്രാഥമിക) മേഖലയിലെ വിവിധ ഉപമേഖലകളുടെ സംഭാവന പരിശോധിക്കുമ്പോൾ വിളകൾ (56.2%), കന്നുകാലി സമ്പത്ത് (21.19%), മീൻപിടുത്തം (17.7%), ഇതര മേഖലകൾ (3.87%) എന്നിവ കൂടുതൽ വിഹിതം സംഭാവന ചെയ്തതായി കാണുന്നു.

ജില്ലയുടെ മൊത്തം സാമ്പത്തിക വരുമാനത്തിലേക്ക് ഉപമേഖലകളുടെ സംഭാവന പരിശോധിക്കുകയാണെങ്കിൽ നിർമ്മാണം, റിയൽ എസ്റ്റേറ്റ് എന്നീ ഇനങ്ങൾക്ക് കൃഷി, ഉൽപ്പന്ന നിർമ്മാണം എന്നീ മേഖലകളെ അപേക്ഷിച്ചുള്ള പ്രാധാന്യം അടുത്തതായി കൊടുത്തിരിക്കുന്ന രേഖാചിത്രത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

രേഖാചിത്രം 2.1: വിവിധ ഉപമേഖലകളുടെ സംഭാവനകൾ



അവലംബം: സാമ്പത്തിക അവലോകനം 2017' (കേരള സർക്കാർ, 2018)

മുകളിൽ പ്രതിപാദിച്ചിട്ടുള്ള വിശകലനം വിരൽ ചൂണ്ടുന്നത് ജില്ലയുടെ ആസൂത്രണ പ്രക്രിയയിൽ കൃഷിക്കും അനുബന്ധ മേഖലകൾക്കും ഉൽപ്പന്ന നിർമ്മാണമേഖലകൾക്കും കൂടുതൽ ഊന്നൽ നൽകണം എന്നതാണ്. കാർഷിക മേഖലയെ പ്രോൽസാഹിപ്പിക്കുന്ന പദ്ധതികൾക്ക് ജില്ലയുടെ ആസൂത്രണ പ്രക്രിയയിൽ മുൻഗണന നൽകേണ്ടതാണ്.

ധനവിഭവങ്ങളെ ഉപയുക്തമാക്കുന്നതിനെയാണ് പൊതുവെ സാമ്പത്തികആസൂത്രണം എന്ന് വിവക്ഷിക്കുന്നത് എങ്കിലും സന്തുലിതമായ വികസനത്തിനായുള്ള ആസൂത്രണ പ്രക്രിയയ്ക്ക് എല്ലാ വിഭവങ്ങളേയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ബൃഹത്തായ ആസൂത്രണമാണ് ആവശ്യം. ദേശവരുമാനത്തിലേക്ക് സംഭവനകൾ നൽകുന്നതിനായി ധനവിഭവങ്ങൾക്കുപരി മാനവ, പ്രകൃതി, മൃഗ വിഭവങ്ങൾ എന്നിവ എങ്ങനെ തരംതിരിക്കാം എന്ന് തുടർന്ന് വിശകലനം ചെയ്യുന്നു. ആദ്യമായി ജില്ലയുടെ മാനവവിഭവശേഷിയെപ്പറ്റിയുള്ള അവലോകനമാണ്. ഒന്നാമത്തെ അധ്യായത്തിൽ ജില്ലയിലെ ജനസംഖ്യാ സൂചകങ്ങളെപ്പറ്റി വിശദമായ കണക്കുകൾ നൽകിയിട്ടുണ്ട്. എന്നാൽ മാനവവിഭവങ്ങൾ എങ്ങനെയൊക്കെ ദേശത്തിന്റെ വരുമാനത്തെയും അതിന്റെ വിവിധ സ്രോതസ്സുകളെയും നിർണ്ണയിക്കുന്നു എന്ന് ഇവിടെ പരിശോധിക്കുകയാണ്.

മാനവവിഭവശേഷി

ഒരു രാജ്യത്തിന്റെയോ, പ്രദേശത്തിന്റെയോ പുരോഗതിക്ക് മാനവ വിഭവം അനിവാര്യമാണ്. സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിൽ മനുഷ്യാധ്വാനം അവിഭാജ്യ ഘടകമാണ്. ഒരു പ്രദേശത്തിന്റെ വികസനത്തിന് പ്രാധാന്യം നൽകുന്നതിൽ ചാലകശക്തിയായി മനുഷ്യ വിഭവങ്ങൾ പ്രവർത്തിക്കുന്നു. ഉല്പാദന രംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയുന്ന ജനങ്ങളെയാണ് മനുഷ്യ വിഭവമായി പരിഗണിച്ചുവരുന്നത്. ദ്രുതഗതിയിലുള്ള സാങ്കേതിക മാറ്റങ്ങളുടെ സംഗമവും അടുത്ത കാലത്തായി വന്ന സാമ്പത്തിക ഉദാര-ആഗോള വത്കരണ നയങ്ങളും മൂലം സാമ്പത്തിക പുരോഗമനത്തിനും വളർച്ചയ്ക്കും വേണ്ടിയുള്ള ഒരു പ്രധാന ഉപകരണമായി മാനവ വിഭവം മാറി. മാനവവിഭവത്തെ യഥാവിധി വൈദഗ്ദ്ധ്യത്തിലേക്ക് നയിച്ചാൽ അത് ജനങ്ങളുടെ ജീവിതത്തെയും സാമൂഹ്യ-സാമ്പത്തിക വികസനത്തെയും നിർണ്ണായകമായി സ്വാധീനിക്കും.

പട്ടിക 2.2: ജനസംഖ്യാ വിവരങ്ങൾ

ക്രമ നം	ജനസംഖ്യാ വിവരങ്ങൾ 2011	കാസറഗോഡ്	കേരളം
1	മൊത്തം ജനസംഖ്യ	1307375	33406061
2	സ്ത്രീപുരുഷ അനുപാതം	1080	1084
3	മൊത്തം ഗ്രാമീണ ജനസംഖ്യ (ശതമാനം)	798328 (61.06)	17471135 (52.3)
4	മൊത്തം നഗര ജനസംഖ്യ (ശതമാനം)	509047 (38.94)	15934926 (47.7)
5	ജനസംഖ്യയുടെ ദശാബ്ദ വളർച്ചാ നിരക്ക്	8.18	4.86
6	ജനസാന്ദ്രത	657	860
7	കുടുംബങ്ങളുടെ എണ്ണം	272906	7835517

അവലംബം: ഡിസ്ട്രിക്ട് സെൻസസ് ഹാൻഡ്ബുക്ക്-കാസറഗോഡ് (ഭാരത സർക്കാർ, 2011)

വിഭവലഭ്യത

സംസ്ഥാന ജനസംഖ്യയുടെ 3.9% ജനങ്ങളാണ് (13.07 ലക്ഷം) കാസറഗോഡ് ജില്ലയിലുള്ളത്. സെൻസസ് നിർവ്വചനമനുസരിച്ച് ജില്ലയിലെ ഭൂരിഭാഗം ജനങ്ങളും (61.06%) ഗ്രാമങ്ങളിൽ അധിവസിക്കുന്നു. സംസ്ഥാനത്തെ അപേക്ഷിച്ച്, ജില്ലയുടെ ദശാബ്ദ ജനസംഖ്യാ വളർച്ചാനിരക്ക് രണ്ടുമടങ്ങിനടുത്താണ്. ക്രമാതീതമായ ജനസംഖ്യാ വളർച്ച വിഭവലഭ്യതയെയും സാമ്പത്തികവികസനത്തെയും ബാധിക്കുന്ന പ്രശ്നമാണെങ്കിലും ജില്ലയുടെ ജനസാന്ദ്രത സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. 2016-17 കാലയളവിലെ പ്രതിശീർഷ വരുമാനം (പട്ടിക 2.1ൽ) ജില്ലയുടേത് 105555/-രൂപയാണെങ്കിൽ (നടപ്പുവിലയിൽ) സംസ്ഥാനത്തിന്റേത് 140107/രൂപയാണ്. ജില്ലയുടെ പ്രതിശീർഷ വരുമാനം സംസ്ഥാനത്തിന്റേതിനൊപ്പം എത്തിക്കുക എന്നതാണ് സാമ്പത്തിക ആസൂത്രണത്തിന്റെ പ്രഥമ ലക്ഷ്യമായി കണക്കാക്കിയിട്ടുള്ളത്.

പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ജനസംഖ്യാകണക്കുകൾ

ജില്ലാ വരുമാനത്തിൽ വിവിധ മേഖലകളുടെയും അവയുടെ ഉപമേഖലകളുടേയും സംഭാവനകളുടെ ഏറ്റക്കുറച്ചിലുകൾ മനസ്സിലാക്കുന്നതിനായി, മാനവ വിഭവങ്ങൾ എങ്ങനെയൊക്കെയാണ് വിനിയോഗിക്കപ്പെടുന്നതെന്ന് പരിശോധിക്കാം. വിവിധ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ജനസംഖ്യാകണക്കുകൾ സെൻസസിൽ (ഭാരത സർക്കാർ, 2011) ലഭ്യമാണ്. തൊഴിലിൽ ഏർപ്പെട്ടവരുടെയും ഏർപ്പെടാത്തവരുടേയും സ്ത്രീ/പുരുഷ അടിസ്ഥാന വിവരങ്ങൾ പരിശോധിക്കുകയാണെങ്കിൽ ജില്ലയിൽ തൊഴിലിൽ ഏർപ്പെടുന്ന വരുടെ എണ്ണം (പ്രധാന തൊഴിലും, പ്രാന്തീയമായ തൊഴിലും) ഏകദേശം 35% മാത്രമാണെന്നും ബാക്കിയുള്ള 65% പേരും നിലവിൽ തൊഴിലുകളിൽ ഏർപ്പെടുന്നില്ലായെന്നും (പട്ടിക 2.3) കാണാവുന്നതാണ്. തൊഴിലിൽ ഏർപ്പെടുന്നവരുടെ ഇടയിൽ തന്നെ സ്ത്രീ പുരുഷ അസമത്വം നിലനിൽക്കുന്നതായും കാണുന്നു.

പട്ടിക 2.3: തൊഴിലിൽ ഏർപ്പെട്ടവരും ഏർപ്പെടാത്തവരും

ക്രമ നം	തൊഴിലിൽ ഏർപ്പെട്ടവരും ഏർപ്പെടാത്തവരും		കേരളം	കാസറഗോഡ്
1	തൊഴിലിൽ ഏർപ്പെട്ടവർ മൊത്തം		ശതമാനം	ശതമാനം
	(മുഖ്യ, പ്രാന്തീയമായ തൊഴിലാളികൾ)	ആകെ	34.78	35.41
		പുരുഷൻ	52.73	51.72
		സ്ത്രീ	18.23	20.32
1.1	(i) മുഖ്യ തൊഴിലാളികൾ	ആകെ	27.93	28.51
		പുരുഷൻ	44.8	43.86
		സ്ത്രീ	12.37	14.29
1.2	(ii) പ്രാന്തീയമായ തൊഴിലാളികൾ	ആകെ	6.85	6.91
		പുരുഷൻ	7.93	7.86
		സ്ത്രീ	5.86	6.02
2	തൊഴിലിൽ ഏർപ്പെടാത്തവർ	ആകെ	65.22	64.59
		പുരുഷൻ	47.27	48.28
		സ്ത്രീ	81.77	79.68
	മൊത്തം (മൊത്തം തൊഴിലാളികൾ+തൊഴിലിൽ ഏർപ്പെടാത്തവർ)		100	100

അവലംബം: ഡിസ്ട്രിക്ട് സെൻസസ് ഹാൻഡ്ബുക്ക് -കാസറഗോഡ് (ഭാരത സർക്കാർ, 2011)

തൊഴിലിൽ ഏർപ്പെട്ടവരിൽ തന്നെ കാർഷികവൃത്തിയിൽ ഏർപ്പെട്ടവരുടെ ശതമാനം തുലോം കുറവാണെന്നും കാർഷികേതര മേഖലകളിൽ തൊഴിൽ ചെയ്യുന്നവരാണ് കൂടുതലെന്നും പട്ടിക 2.4ൽ കാണാവുന്നതാണ്. കുടുംബ വ്യവസായത്തിൽ ഏർപ്പെട്ടവരിലധികവും സ്ത്രീകളാണ് എന്നതാണ് പ്രാധാന്യമർഹിക്കുന്ന മറ്റൊരു വസ്തുത. ഇത് ജില്ലയിൽ പ്രചാരത്തിലുള്ള ബീഡി, നെയ്ത്ത് തുടങ്ങിയ പരമ്പരാഗത തൊഴിലുകളെ സൂചിപ്പിക്കുന്നു.

പട്ടിക 2.4: തൊഴിലുകളിൽ ഏർപ്പെട്ടവരുടെ തരം തിരിവ്

ക്രമ നം	തൊഴിലുകളിൽ ഏർപ്പെട്ടവരുടെ തരം തിരിവ്		കേരളം %	കാസറഗോഡ്%
1	കർഷകർ	ആകെ	5.77	5.13
		പുരുഷൻ	6.47	5.61
		സ്ത്രീ	3.89	3.99
2	കാർഷിക തൊഴിലാളികൾ	ആകെ	11.39	8.37
		പുരുഷൻ	10.15	7.9
		സ്ത്രീ	14.68	9.5
3	കുടുംബ വ്യവസായത്തിൽ ഏർപ്പെട്ടവർ	ആകെ	2.35	5.29
		പുരുഷൻ	1.95	1.86
		സ്ത്രീ	3.42	13.38
4	മറ്റു തൊഴിലുകളിൽ ഏർപ്പെട്ടവർ	ആകെ	80.5	81.21
		പുരുഷൻ	81.43	86.64
		സ്ത്രീ	78.01	73.13

അവലംബം: :ഡിസ്ട്രിക്ട് സെൻസസ് ഹാൻഡ്ബുക്ക് -കാസറഗോഡ് (ഭാരത സർക്കാർ, 2011)

മറ്റു തൊഴിലുകളിൽ ഏർപ്പെട്ടവരുടെ ശതമാനം കൂടിയത് അവരിൽ കുട്ടികൾ, വയോജനങ്ങൾ, പ്രവാസികൾ എന്നിവർ ഉൾപ്പെട്ടതിനാലാണ്. മേൽ സൂചിപ്പിച്ച വർഗ്ഗീകരണം കൂടി പൂർണമായും മനസ്സിലാക്കിയാൽ മാത്രമേ ഒരു പ്രദേശത്തെ മാനവശേഷിയുടെ വ്യക്തമായ ചിത്രം ലഭിക്കുകയുള്ളൂ. ഇതിനായി ജനസംഖ്യയുടെ ഘടന പരിശോധിക്കാവുന്നതാണ്. ഇതിന്റെ കണക്കുകൾ ചുവടെ പ്രതിപാദിക്കുന്നു.

ജനസംഖ്യയുടെ ഘടന

സെൻസസിൽ നിന്ന് (ഭാരത സർക്കാർ, 2011) ലഭ്യമായ കണക്കുകൾ പരിശോധിക്കുമ്പോൾ ജില്ലയുടെ നല്ലൊരു ശതമാനം (90%) ജനങ്ങളും 60 വയസ്സിന് താഴെയുള്ളവരാണെന്ന് കാണാം (പട്ടിക 2.5 ൽ).

പട്ടിക 2.5 : ജനസംഖ്യാ ഘടന(ശതമാന കണക്കിൽ)

പ്രായ വിഭാഗം	കാസറഗോഡ്	ഗ്രാമം	നഗരം
0-14	26	26	27
1-59	64	64	63
60+	10	10	10
മൊത്തം	100	100	100

അവലംബം: : സെൻസസ് (ഭാരത സർക്കാർ, 2011)

മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക ജില്ലയുടെ തൊഴിലിൽ ഏർപ്പെടാൻ പ്രാപ്തിയുള്ളവരുടെ ശതമാനത്തിന്റെ വ്യാപ്തിയെ കാണിക്കുന്നതാണ്. കുട്ടികളെയും, വയോജനങ്ങളെയും അപേക്ഷിച്ച് ജനസംഖ്യാ ഘടനയിൽ തൊഴിൽ ചെയ്യാൻ പ്രാപ്തരായ വരുടെ ലഭ്യതയെ 'ജനസംഖ്യാ ലാഭവിഹിതം' (ഡെമോഗ്രഫിക് ഡിവിഡെന്റ്) എന്നാണ് സാമ്പത്തിക ശാസ്ത്രത്തിൽ പറഞ്ഞു വരുന്നത്. ഇതുപ്രകാരം നിലവിലെ ജനസംഖ്യാഘടന നമ്മുടെ ജില്ലയ്ക്ക് വികസന സാധ്യതകളുടെ വാതായനമാണ് തുറന്നു തരുന്നത്. ഈ സാധ്യതയെ എങ്ങനെയാണ് പരിപോഷിപ്പിക്കേണ്ടത് എന്നതാവണം ആസൂത്രണ പ്രക്രിയയുടെ പ്രഥമ ലക്ഷ്യം.

സപ്തഭാഷാ സംഗമഭൂമി എന്നു ഖ്യാതിയുള്ള കാസറഗോഡിൽ മലയാളം, തുളു, കന്നട, കൊങ്കിണി, മറാട്ടി, ബ്യാരി, ഉറുദു എന്നീ ഭാഷകൾ സംസാരിക്കുന്ന ജനവിഭാഗങ്ങൾ ഉണ്ട്. ആദ്യമായി ചർച്ച ചെയ്യപ്പെടേണ്ട വിഷയം ജില്ലയുടെ ഭാഷാടിസ്ഥാനത്തിലുള്ള വൈവിധ്യമാണ്. ഈ വൈവിധ്യത്തെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വികസനത്തിനാണ് ആസൂത്രണ പ്രക്രിയയിൽ ശ്രമിക്കേണ്ടത്. ഭാഷാ ന്യൂനപക്ഷങ്ങളുടെ വ്യത്യസ്ത ഭാഷാ സംസ്കാരങ്ങളെ രാജ്യപുരോഗതിക്കായി മികച്ച രീതിയിൽ ഉപയുക്തമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

അതുപോലെ പ്രാധാന്യമർഹിക്കുന്ന മറ്റൊരു വസ്തുത ഭാഷാ ന്യൂനപക്ഷങ്ങൾ നേരിടുന്ന വെല്ലുവിളികളാണ്. അവ പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിൽ വിവിധ തരത്തിലുള്ള സംഘർഷങ്ങൾക്കും ഭിന്നതയ്ക്കും വഴി തുറന്നേക്കാം. ദക്ഷിണ കർണാടകവുമായി അഭേദ്യമായ ചരിത്ര ബന്ധമുള്ള മേഖലയെന്ന നിലയിൽ കാസറഗോഡ് ജില്ലയിൽ ചെറുതല്ലാത്തൊരു ശതമാനം ജനങ്ങൾ കന്നഡ ഭാഷാ മാധ്യമമായി ഉപയോഗിക്കുന്നു. ആശയവിനിമയത്തിന് തുളുഭാഷയും കൂടുതലായി ഉപയോഗിക്കുന്നു. 118 ഓളം കന്നഡ മീഡിയം സ്ക്കൂളുകൾ കാസറഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്നു എന്നത് കന്നഡ ഭാഷാ പ്രയോഗത്തിന്റെ വ്യാപ്തിയെ സൂചിപ്പിക്കുന്നു.

മാനവവിഭവങ്ങളുടെ വിശകലനത്തിൽ പ്രാധാന്യമർഹിക്കേണ്ട മറ്റൊരു മേഖലയാണ് പ്രവാസികളും അവരുടെ പ്രവാസിധനവും. രാജ്യ-സംസ്ഥാന-ജില്ലാ വരുമാന നിർണ്ണയത്തിൽ മൂല്യം കണക്കെടുക്കാൻ പറ്റാതെ പോയിട്ടുള്ള മേഖലയാണിത്. ജില്ലാ വരുമാനത്തിൽ പ്രവാസികളുടെ പങ്ക്, പ്രവാസി പണത്തിന്റെ സ്വാധീനം തുടങ്ങിയ വിഷയങ്ങളിൽ ശ്രീ.ഹരിലാൽ & ജോസഫ് (2000), ശ്രീ.കണ്ണൻ & ഹരി (2002), ശ്രീ.സക്കറിയ & ഇരുദയരാജൻ (2007, 2010 & 2014) മുതലായവർ നടത്തിയിട്ടുള്ള പഠനങ്ങൾ ഇതിന്റെ പ്രാധാന്യത്തെക്കുറിച്ച് വ്യക്തമായ സൂചനകൾ നൽകുന്നു.

മാനവവിഭവങ്ങൾ പ്രവാസികൾ

നിലവിൽ സംസ്ഥാന വരുമാനത്തിലേക്ക് പ്രവാസിപണം ഏകദേശം 36 ശതമാനം സംഭാവന നൽകുന്നുണ്ടെന്നുള്ള മേൽ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പ്രവാസികളെക്കുറിച്ചും അവർ അയക്കുന്ന പണത്തിന്റെ കണക്കുകളെക്കുറിച്ചും പരാമർശിക്കേണ്ടത് അത്യന്താപേക്ഷിതമായിവരുന്നു. തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിൽ (സി.ഡി.എസ്) നടത്തിയ കേരള മൈഗ്രഷൻ സർവ്വേ (2014) കണക്കുകൾ ആസ്പദമാക്കിയിട്ടുള്ള ചില പ്രധാന പ്രവാസികാര്യ സൂചകങ്ങൾ ഇവിടെ പ്രതിപാദിക്കുന്നു.

പട്ടിക 2.6: പ്രവാസികാര്യ സൂചകങ്ങൾ

ക്രമ നം.	സൂചകങ്ങൾ	കണക്ക്
1	ജില്ലയിൽ നിന്നുള്ള പ്രവാസികളുടെ എണ്ണം	104334
2	പ്രവാസികളുള്ള കുടുംബങ്ങൾ (ശതമാനം)	36.2
3	മറ്റു സംസ്ഥാനങ്ങളിൽ ജീവിക്കുന്ന കാസറഗോഡുകാർ (എണ്ണം)	33130
4	മറ്റു സംസ്ഥാനങ്ങളിൽ ജീവിക്കുന്നവരുള്ള കുടുംബങ്ങൾ (ശതമാനം)	11.5
5	മടങ്ങിവന്ന പ്രവാസികളുടെ എണ്ണം	47212
6	ഒരു പ്രവാസിയിലധികമുള്ള കുടുംബങ്ങൾ (ശതമാനം)	23.1
7	ജില്ലയ്ക്ക് ലഭിക്കുന്ന മൊത്തം പ്രവാസി പണം(കോടി രൂപ)	3777

അവലംബം: സക്കറിയ-ഇരുദയരാജൻ, 2015 (കേരള മൈഗ്രഷൻ സർവ്വേ, 2014)

മേൽ പട്ടിക പ്രകാരം ഒരു ലക്ഷത്തിലധികം കാസറഗോഡുകാർ പ്രവാസജീവിതം നയിക്കുന്നതായി മനസ്സിലാകുന്നു. അതുപോലെ 33000 ത്തിലധികം കാസറഗോഡുകാർ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ അധിവസിച്ചുവരുന്നുണ്ട്. ഏകദേശം 3700 കോടിയിലധികം രൂപ സർവ്വേ നടത്തിയ 2014ൽ പ്രവാസി പണമായി ജില്ലയ്ക്ക് ലഭിച്ചതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

2013 ൽ നടത്തിയ സാമ്പത്തികകാര്യ വകുപ്പിന്റെയും നോർക്കയുടെയും പ്രവാസി മലയാളി സെൻസസ് (2015) പ്രകാരം പ്രവാസികളുടെ എണ്ണം കാണിച്ചിരിക്കുന്നത് കുറവാണെങ്കിലും (65209) അതിൽ പഞ്ചായത്ത് തലത്തിലുള്ള പ്രവാസികളുടെ എണ്ണം ലഭിക്കുന്നുണ്ട്. ഇതേ സ്രോതസ്സിൽ നിന്ന് ലഭ്യമായ വിവരപ്രകാരം ജില്ലയിലെ ഭൂരിഭാഗം പ്രവാസികളും (94%) ഗൾഫിലാണ് പ്രവാസജീവിതം നയിക്കുന്നത്. ഇതിൽ 70% പേരും യു.എ.ഇ എന്ന രാജ്യത്ത് അധിവസിക്കുന്നു. കാസറഗോഡ് ജില്ലയിൽ നിന്നുള്ള പ്രവാസികൾ ഏർപ്പെട്ടിരിക്കുന്ന മേഖലകളുടെ രേഖാചിത്രം താഴെ കൊടുക്കുന്നു. ഇവരിൽ ഭൂരിഭാഗം പേരും (55.78%) അവിദഗ്ദ്ധ മേഖലയിലാണ് തൊഴിൽ ചെയ്യുന്നത്. ആയതിനാൽ വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്ക് സഹായകമായ തൊഴിൽ പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത് ഉചിതമായിരിക്കും.

രേഖാചിത്രം 2.2: പ്രവാസികൾ ചെയ്യുന്ന ജോലികൾ (ശതമാനം)



അവലംബം: : പ്രവാസി മലയാളി സെൻസസ്, 2013 (2015)

വിഭവലഭ്യത

പൊതുവിൽ പറഞ്ഞാൽ കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയിൽ വലിയ സംഭാവന നൽകുന്ന പ്രവാസികൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം അവരുടെ പ്രവാസജീവിതം അവസാനിപ്പിച്ച് തിരികെ വരുമ്പോഴുള്ള അവസ്ഥയാണ്. ഇങ്ങനെ തിരികെ വരുന്നവർക്കായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനെപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

കുടിയേറ്റവുമായി വളരെ ബന്ധമുള്ള മറ്റൊരു വസ്തുതയാണ് പഠനാവശ്യത്തിനായി അന്യസംസ്ഥാനങ്ങളിൽ പോകുന്നവരുടെ കാര്യം. കേരള മൈഗ്രഷൻ സർവ്വേകളുടെ (2011, 2014) കണക്കുകൾ പ്രകാരം 2011-ൽ (സക്കറിയ ഇരുദയരാജൻ, 2012) ഏകദേശം 15000 വിദ്യാർത്ഥികൾ പഠനാവശ്യത്തിനായി ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്നുണ്ടെങ്കിൽ 2014-ൽ (സക്കറിയ ഇരുദയരാജൻ, 2015) അത് ഏകദേശം 10000 വിദ്യാർത്ഥികളായി കുറഞ്ഞതായി താഴെ പറയുന്ന കണക്കുകൾ വ്യക്തമാക്കുന്നു. പട്ടിക 2.7ൽ സക്കറിയ-ഇരുദയരാജൻ (2012, 2015) തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിൽ (സി.ഡി.എസ്) നടത്തിയ വിവിധ കേരള മൈഗ്രഷൻ സർവ്വേകളിൽ (2011, 2014) നിന്നുള്ള കണക്കുകൾ കൊടുത്തിരിക്കുന്നു.

പട്ടിക 2.7: പഠനാവശ്യത്തിനായി ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത്

ക്രമ നം	വർഷം	കേരളം			കാസറഗോഡ്		
		ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ
1	2011	311310	188532	122778	15129	11056	4073
2	2014	213039	134535	78514	10207	5142	5065

അവലംബം: സക്കറിയ-ഇരുദയരാജൻ (2012, 2015)

മെച്ചപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ആധുനിക കോഴ്സുകളും ജില്ലയിൽ ഇല്ലാത്തത് വലിയ പരിമിതിയായി കാണുന്നതിനാൽ ഇടപെടലുകൾ ഈ മേഖലകളിലും അനിവാര്യമാണ്.

ജില്ലയിലെ സ്ഥാപന വിവരങ്ങൾ

ഒരു ദേശത്തിന്റെ വിഭവശേഷി പരിപോഷണത്തിൽ സ്ഥാപനങ്ങളുടെ സാന്നിധ്യവും അഭാവവും നിർണ്ണായകമായ പങ്ക് വഹിക്കുന്നു. സ്ഥാപനങ്ങളുടെ സാന്നിധ്യം, എണ്ണം എന്നിവ മാത്രമല്ല അവയുടെ വൈദഗ്ദ്ധ്യവും ദേശപുരോഗതിയെ പ്രത്യക്ഷമായി സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ആസൂത്രണ പ്രക്രിയയിൽ പ്രാധാന്യമർഹിക്കുന്ന മറ്റൊരു വസ്തുത സ്ഥാപനങ്ങളുടെ അഭാവമാണ്. ജില്ലയിൽത്തന്നെ സ്ഥാപനങ്ങൾ ഇല്ലാതിരിക്കുന്നത് സംബന്ധിച്ചും ജില്ലയിലെ വിവിധ പ്രദേശങ്ങളിലെ സ്ഥാപനവിതരണത്തിലുള്ള ഏറ്റക്കുറച്ചിലുകൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ ക്രോഡീകരിച്ച് ആസൂത്രണത്തിൽ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. വിദ്യാഭ്യാസ, ആരോഗ്യ, ധനകാര്യ സ്ഥാപനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ തുടർന്നു പ്രതിപാദിക്കുന്നു.

ആധുനിക കാലത്ത് മാനവവിഭവശേഷി വികസനം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, തൊഴിൽ പരിശീലനം എന്നിവയിലൂടെ മനുഷ്യന്റെ കായികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനെയാണ്. മാനവശേഷി വികസനത്തിന്റെ പ്രധാന ഉപാധിയായ വിദ്യാഭ്യാസം, സ്കൂൾ, കോളേജ്, ടെക്നിക്കൽ, പ്രഫഷണൽ, മറ്റ് നൈപുണ്യ വികസന സ്ഥാപനങ്ങൾ, സർവ്വകലാശാല, മെഡിക്കൽ കോളേജ് മുതലായ സ്ഥാപനങ്ങൾ വഴിയാണ് ലഭിക്കുന്നത്. ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലഭ്യതയെ സൂചിപ്പിക്കുന്ന വിവരങ്ങൾ പട്ടിക 2.8 ൽ നൽകിയിരിക്കുന്നു.

പട്ടിക 2.8: ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

വിദ്യാഭ്യാസ സ്ഥാപനങ്ങൾ		സർക്കാർ	എയിഡഡ്	അൺ എയിഡഡ്	ആകെ
ലോവർ പ്രൈമറി സ്കൂൾ		142	112	16	270
അപ്പർ പ്രൈമറി സ്കൂൾ		60	70	26	156
ഹൈസ്കൂൾ		97	35	31	163
ഹയർ സെക്കൺണ്ടറി സ്കൂൾ		65	24	17	106
സി.ബി.എസ്.ഇ സ്കൂൾ		4	0	39	43
കന്നഡ മീഡിയം സ്ക്കൂൾ		87	98	2	187
ഐ.സി.എസ്.ഇ സ്കൂൾ		–	–	–	2
വൊക്കേഷണൽ ഹയർ സെക്കണ്ടൺറി സ്കൂൾ		19	3	0	22
ടെക്നിക്കൽ സ്കൂൾ		2	–	–	2
കേന്ദ്രീയ വിദ്യാലയം		4		–	4
ജവഹർ നവോദയ വിദ്യാലയം		1	–	–	1
ടീച്ചർസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (DI.Ed, B.Ed)		2+1	1	1+3	4+5
സ്പെഷ്യൽ സ്കൂൾ	ബഡ്സ് സ്കൂളുകൾ	7	–	7	
	മൂക-ബധിര-അന്ധ വിദ്യാലയം	1		2	3
	മാനസിക വൈകല്യമുള്ള വർക്കുള്ള വിദ്യാലയം		–	6	6
അംഗൻവാടികൾ		1348	–	–	1348
ആർട്സ് & സയൻസ് കോളേജ്		4	2	18	24
എഞ്ചിനീയറിംഗ് കോളേജ്		–	–	4	4
ഫാർമസി കോളേജ്		–	–	2	2
നഴ്സിംഗ് കോളേജ്				2	2
സിദ്ധ യുനാനി		0	0	1	1
മെഡിക്കൽ കോളേജ്		–	–	2	2
നഴ്സിംഗ് കോളേജ്		–	–	3	3
പോളിടെക്നിക്കുകൾ		3	–	–	3
ഇൻഡസ്ട്രിയൽ ട്രെയനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്		7		4	11
ഇൻഡസ്ട്രിയൽ ട്രെയനിംഗ് സെന്റെർ		2	–	2	4

അവലംബം: : സാമ്പത്തിക സ്തിതി വിവര കണക്ക് വകുപ്പ് (2016), വിദ്യാഭ്യാസ വകുപ്പ് (2017)

ജില്ലയിൽ മലയാളം, കന്നഡ, ഇംഗ്ലീഷ് മീഡിയം സ്കൂളുകളാണ് പൊതുവിൽ പ്രവർത്തിക്കുന്നത്. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കാർഷിക കോളേജ് പടന്നക്കാട് പ്രവർത്തിക്കുന്നു. സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ജില്ലയിൽ നടന്നുവരുന്നു. സ്വാശ്രയ മേഖലയിൽ പറക്കളായിലെ പി.എൻ.പണിക്കർ സൗഹൃദ ആയുർവേദ മെഡിക്കൽ കോളേജും പൊയ്നാച്ചിയിലെ സെഞ്ചുറി ഡെന്റൽ കോളേജുമാണ് നിലവിൽ ജില്ലയിൽ പ്രവർത്തിക്കുന്ന മറ്റു മെഡിക്കൽ കോളേജുകൾ.

കേന്ദ്ര സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

കേന്ദ്ര സർവ്വകലാശാലകേരള (പെരിയ), കേന്ദ്ര തോട്ടവിള ഗവേഷണ (സി.പി.സി.ആർ.ഐ) കേന്ദ്രം, കൃഷി വിജ്ഞാൻ കേന്ദ്ര (പിലിക്കോട്) തുടങ്ങിയ പ്രധാന കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ കാസറഗോഡ് ജില്ലയിലുണ്ട്. ഇവിടെ പഠനവും ഗവേഷണവും നടന്നുവരുന്നു.

പഠനാവശ്യത്തിനായി ഇതരസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതി

ജില്ലയിൽ ലഭ്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തതയും അഭാവവും മൂലമാണ് വിദ്യാർത്ഥികൾ ഇതരസംസ്ഥാനങ്ങളെ ആശ്രയിക്കുന്നത്. നിയമപഠനം, എം.ബി.എ, എം.സി.എ, വിവിധ ശ്രേണിയിലുള്ള മെഡിക്കൽ കോഴ്സുകൾ, എഞ്ചിനീയറിംഗ് കോഴ്സുകൾ എന്നിവയുടെ അപര്യാപ്തത ജില്ലയിൽ വ്യക്തമാണ്. ഇത്തരം സ്ഥാപനങ്ങൾ കൂടുതലായി ആരംഭിക്കുന്നതിന് ആസൂത്രണ പ്രക്രിയയിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

പഠനത്തിനിടെയുള്ള കൊഴിഞ്ഞുപോക്ക്

ജില്ലയുടെ മാനുഷിക വിഭവങ്ങളെപ്പറ്റിയുള്ള വിശകലനത്തിൽ പ്രാധാന്യമർഹിക്കുന്ന മറ്റൊരു വിഷയം വിദ്യാർത്ഥിക ളുടെ കൊഴിഞ്ഞുപോക്കാണ്. സാമ്പത്തിക അവലോകന (കേരള സർക്കാർ, 2015, 2016) റിപ്പോർട്ടിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം സംസ്ഥാന ശരാശരിയെക്കാൾ കൂടിയ കൊഴി

വിഭവലഭ്യത

ഞ്ഞുപോക്ക് നിരക്കാണ് ജില്ലയിലുള്ളത്. ഇതിന്റെ അടിസ്ഥാന കാരണങ്ങൾ വിശകലനം ചെയ്ത് പരിഹാരം കണ്ടെത്തേണ്ടത് അത്യാവശ്യമാണ്.

പട്ടിക 2.9: കൊഴിഞ്ഞുപോക്ക് നിരക്ക്

ക്രമ നം.	വിഭാഗം	2014-15		2015-16	
		കാസറഗോഡ്	കേരളം	കാസറഗോഡ്	കേരളം
1	ലോവർ പ്രൈമറി	0.43	0.26	0.73	0.35
2	അപ്പർ പ്രൈമറി	0.27	0.15	0.28	0.21
3	ഹയർ സെക്കണ്ടറി	0.71	0.38	0.85	0.44

അവലംബം: സാമ്പത്തിക അവലോകനം (കേരള സർക്കാർ, 2015, 2016)

ആരോഗ്യ പരിപാലനം

മാനവശേഷി വികസനത്തിന് മറ്റൊരു പ്രധാന ഉപാധി ആരോഗ്യ പരിപാലനമാണ്. ആരോഗ്യത്തിന്റെയും ചികിൽസയുടെയും രംഗത്ത് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെക്കാൾ മികച്ച നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമാണ് കേരളം. എന്നാൽ കാസറഗോഡ് ജില്ലയിലെ ജനങ്ങൾ പ്രധാന ചികിൽസാ സൗകര്യങ്ങൾക്കായി ഇപ്പോഴും അയൽ സംസ്ഥാനത്തെ മംഗലാപുരത്തെ ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ജില്ലയ്ക്ക് അനുവദിച്ചു കിട്ടിയ മെഡിക്കൽ കോളേജ് നിർമ്മാണം ഇതേവരെ പൂർത്തിയായിട്ടില്ല. അതോടൊപ്പം കേന്ദ്ര സർവകാലാശാലയോടനുബന്ധിച്ച് നിലവിൽ വരുമെന്ന് പ്രതീക്ഷിക്കുന്ന മെഡിക്കൽ കോളേജും യാഥാർത്ഥ്യമായിട്ടില്ല. ആധുനികം (അലോപ്പതി), ഹോമിയോ, ഇന്ത്യൻ ചികിൽസാ സമ്പ്രദായം (ആയുർവേദം), യുനാനി, സിദ്ധ തുടങ്ങിയ ചികിൽസാ സൗകര്യങ്ങളും ജില്ലയിൽ ലഭ്യമാണ്. വിവിധ സമ്പ്രദായങ്ങളിൽ സർക്കാർ തലത്തിലും സ്വകാര്യ മേഖലയിലും ജില്ലയിലുള്ള ചികിൽസാ സൗകര്യങ്ങളുടെ വിശകലനം താഴെ കൊടുക്കുന്നു.

പട്ടിക 2.10: ജില്ലയിലെ ചികിൽസാ സൗകര്യങ്ങൾ

ക്രമ നം.	ചികിൽസ സൗകര്യങ്ങൾ	ആധുനിക ചികിൽസ (അലോപ്പതി)		ഹോമിയോ		ഇൻഡ്യൻ ചികിൽസാ സമ്പ്രദായം	
		എണ്ണം	കിടക്ക	എണ്ണം	കിടക്ക	എണ്ണം	കിടക്ക
1	സർക്കാർ ചികിൽസാ സൗകര്യങ്ങൾ *	20	1087	49	75	41	110
2	സ്വകാര്യ മേഖല **	54	2207	23		1	

അവലംബം: * ജില്ലാ മെഡിക്കൽ ഓഫീസർ (2017), ** സാമ്പത്തികകാര്യ വകുപ്പ് 2013,

ജില്ലയിൽ ആധുനിക ചികിൽസാരംഗത്ത് സർക്കാർ മേഖലയിൽ 20 സ്ഥാപനങ്ങളിലായി 1087 പേരെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യം നിലവിൽ ലഭ്യമാണ്. അതോടൊപ്പം സ്വകാര്യ മേഖലയിൽ 54 സ്ഥാപനങ്ങളിലായി 2207 പേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യവുമുണ്ട്.

ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഡിസ്പെൻസറികൾ എന്നിങ്ങനെ വിവിധ തലങ്ങളിലൂടെയാണ് സർക്കാർ മേഖലയിൽ ചികിൽസാ സൗകര്യങ്ങൾ നൽകുന്നത്. ഇതിന്റെ വിവരങ്ങൾ അടങ്ങിയ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 2.11: ആധുനിക സർക്കാർ ചികിൽസാ സൗകര്യങ്ങൾ (സർക്കാർ)

ക്രമ നം.	ആശുപത്രി തരം	എണ്ണം	കിടക്കകൾ
1	ജനറൽ ആശുപത്രി	1	212
2	ജില്ലാ ആശുപത്രി	1	400
3	താലൂക്ക് ആശുപത്രി	2	84
4	ജില്ലാ ടി. ബി സെന്റർ	1	0
5	കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ	9	223
6	24ത7 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ	10	168
7	പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ	30	0
8	Mobile Units/ ഡിസ്പെൻസറികൾ	2	0
	ആകെ	56	1087

അവലംബം: : ജില്ലാ മെഡിക്കൽ ഓഫീസ് കാസറഗോഡ് (2017)

വിഭവലഭ്യത

ഹോമിയോ ചികിൽസാ രംഗത്ത് ജില്ലാ ആശുപത്രി, ഗവൺമെന്റ് ഹോമിയോ ആശുപത്രി, ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ തുടങ്ങിയ 49 സ്ഥാപനങ്ങളിലായി 75 പേരെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യം ലഭ്യമാണ്. ഇതിന്റെ വിവരങ്ങൾ അടങ്ങിയ പട്ടിക ചുവടെ കൊടുക്കുന്നു. സ്വകാര്യമേഖലയിലും ഇരുപത്തിയേഴോളം ഡിസ്പെൻസറികൾ വഴി ചികിൽസ ലഭിക്കുന്നുണ്ട്.

പട്ടിക 2.12: ഹോമിയോ ചികിൽസ സൗകര്യങ്ങൾ സർക്കാർ

ക്രമ നം.	ആശുപത്രി തരം	എണ്ണം	കിടക്കകൾ
1	ജില്ലാ ഹോമിയോ ആശുപത്രി	1	25
2	സർക്കാർ ഹോമിയോ ആശുപത്രി	2	50
3	സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ	27	
4	ആയുഷ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ	19	
	ആകെ	49	75

അവലംബം: : * ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) (2017)

ഇന്ത്യൻ ചികിൽസാ സമ്പ്രദായത്തിൽ ജില്ലാ ആയുർവേദ ആശുപത്രി, ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി തുടങ്ങി 41 ഓളം സ്ഥാപനങ്ങളിലായി 110 കിടക്കകളുൾപ്പെടെ ചികിൽസാ സൗകര്യമുണ്ട്. സ്വകാര്യമേഖലയിൽ 23 ഓളം ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ സർക്കാർ തലത്തിൽ ഒരു യുനാനി ചികിത്സാ സ്ഥാപനവും (5 കിടക്ക സൗകര്യം) പ്രവർത്തിക്കുന്നു.

പട്ടിക 2.13: ഇന്ത്യൻ ചികിൽസാസമ്പ്രദായ സൗകര്യങ്ങൾ (സർക്കാർ)

ക്രമ നം.	ആശുപത്രി തരം	സൗകര്യങ്ങൾ	കിടക്കകൾ
1	ജില്ലാ ആയുർവേദ ആശുപത്രി	1	50
2	സർക്കാർആയുർവേദ ആശുപത്രി	4	60
3	സർക്കാർആയുർവേദ ഡിസ്പെൻസറി	35	
	ആകെ	41	110

അവലംബം: : * ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം) (2017)

മനുഷ്യവിഭവശേഷിപരിപാലനം പോലെ പ്രധാനപ്പെട്ടതാണ് കാർഷിക മേഖലയുമായി അഭേദ്യബന്ധമുള്ള മൃഗസംരക്ഷണ മേഖലയിലെ വിഭവപരിപാലനം. മൃഗസംരക്ഷണ വകുപ്പിന്റെ സാങ്കേതിക സ്ഥാപനങ്ങളായ വെറ്ററിനറി ഡിസ്പെൻസറി, വെറ്ററിനറി ഹോസ്പിറ്റലുകൾ എന്നിവ ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ വിവരങ്ങൾ അടങ്ങിയ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 2.14: മൃഗസംരക്ഷണ വകുപ്പിന്റെ സൗകര്യങ്ങൾ (സർക്കാർ)

ക്രമ നം.	സ്ഥാപന തരം	എണ്ണം
1	മൃഗാശുപത്രി	6
2	വെറ്ററിനറി ഡിസ്പെൻസറി	35
3	റീജ്യണൽ എ.എച്ച് സെന്റർ	2
4	ജില്ലാ വെറ്ററിനറി കേന്ദ്രം	1
5	വെറ്റിനറി സബ്സെന്റർ	62
6	ഡിസ്ട്രിക്റ്റ് ഡയഗോസ്റ്റിക് വെറ്ററിനറി ക്ലിനിക്കൽ ലാബ്	1
7	ക്യാറ്റിൽ ഫാം	1
	ആകെ	108

അവലംബം: ജില്ലാ മൃഗസംരക്ഷണ ഓഫീസർ

മൃഗവിഭവശേഷി

മാനവവിഭവശേഷിയെപ്പോലെ ദേശീയവരുമാനത്തിൽ പ്രധാന്യമർഹിക്കുന്നതാണ് മൃഗ വിഭവശേഷിയും. കാർഷിക മേഖലയിലെ പ്രധാന ഉപമേഖലയാണ് കന്നുകാലിമേഖല. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം കാർഷിക മേഖലയ്ക്ക് കന്നുകാലിമേഖലയുടെ സംഭാവന ഏകദേശം 15 ശതമാനമാണ്. ജില്ലയ്ക്കാവശ്യമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനത്തിലെ കുറവ് നികത്തുന്നതിനും ചെറുകിട കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി മൃഗസംരക്ഷണ മേഖലയെ ആസൂത്രണ പ്രക്രിയയിൽ ഭാഗമാക്കേണ്ടത് അനിവാര്യമാണ്. ജില്ലയിലെ പ്രധാന വളർത്തു മൃഗങ്ങളുടെ കണക്കുകൾ 2012 ലെ കന്നുകാലി സെൻസസ്സിനെ ആസ്പദമാക്കി താഴെ കൊടുത്തിരിക്കുന്നു. നിലവിലെ വളർത്തു മൃഗങ്ങളുടെ സ്ഥിതി വിവരം ലഭ്യമല്ലാത്തതിനാൽ ജില്ലയുടെ മൃഗ,പക്ഷി വിഭവസമ്പത്തിനെപ്പറ്റിയുള്ള ധാരണയ്ക്ക് ഇത് ഉതകുന്നതാണ്.

പട്ടിക 2.15: ജില്ലയിലെ വിവിധ മൃഗങ്ങളുടെ എണ്ണം.

ക്രമ നം.	മൃഗങ്ങളുടെ തരം	എണ്ണം
1	സങ്കര വർഗ്ഗം കന്നുകാലി	52050
2	നാടൻ കന്നുകാലി	30678
3	എരുമ	1280
4	ആട്	33757
5	പന്നി	2941
6	കോഴി	685297

അവലംബം: ജില്ലാ മൃഗസംരക്ഷണ ഓഫീസ് (2017)

ഇതോടൊപ്പം ഈ മേഖലയിൽ നിന്നുള്ള ഉല്പാദനവും പ്രാധാന്യമർഹിക്കുന്നതാണ്. പാൽ, മുട്ട, മാംസ ഉല്പാദനത്തെ സംബന്ധിച്ച് ലഭ്യമായ ഏറ്റവും പുതിയ വാർഷിക കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു. മൃഗ സംരക്ഷണ മേഖലയെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ 4.2 ാം അധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

പട്ടിക 2.16: കാസറഗോഡ് ജില്ലയിലെ മൃഗവിഭവ ഉത്പാദനം.

ക്രമ നം.	ഉത്പാദനം	എണ്ണം
1	ക്ഷീരോൽപാദനം	994.26 ലക്ഷം ലിറ്റർ
2	മുട്ട ഉത്പാദനം	772.52 ലക്ഷം മുട്ടകൾ
3	കോഴി ഇറച്ചി ഉത്പാദനം (ഫാമുകൾ വഴി)	2.9 ലക്ഷം കോഴികൾ
4	മാംസോൽപാദനം	20.13 (മെ.ട)

അവലംബം: ജില്ലാ മൃഗസംരക്ഷണ ഓഫീസ് (2017)

മത്സ്യ വിഭവശേഷി

മൃഗവിഭവശേഷിയുടെ വിശകലനത്തോടൊപ്പം ഒഴിച്ചുകൂടാനാവാത്ത ഒരു മേഖലയാണ് മത്സ്യബന്ധനം. 70 കി.മീ.ദൈർഘ്യമുള്ള കടൽത്തീരവും, പന്ത്രണ്ട് നദികളുമുള്ള കാസറഗോഡ് ജില്ല സമുദ്രമത്സ്യോൽപ്പന്നം, ഉൾനാടൻ മത്സ്യോൽപ്പന്നം എന്നീ വിഭാഗങ്ങളിലായി ഏകദേശം 0.29 ലക്ഷം ടൺ മത്സ്യോൽപ്പന്നങ്ങൾ സംഭരിക്കുന്നുണ്ട്. (ജില്ലാ ഫിഷറീസ് ഓഫീസർ, 2017).

പ്രകൃതി വിഭവങ്ങൾ

ഭൂപ്രകൃതിയുടെ സവിശേഷതകൾ പ്രകൃതി വിഭവങ്ങളുടെ വിതരണത്തെ കാര്യമായി സ്വാധീനിക്കുന്നു എന്നത് വസ്തുതയാണ്. 12.5076^0 (ഡിഗ്രി) ഉത്തര അക്ഷാംശത്തിനും 74.9882^0 (ഡിഗ്രി) പൂർവ്വ രേഖാംശത്തിനും ഇടയിൽസ്ഥിതിചെയ്യുന്ന കാസറഗോഡ് ജില്ല അറബിക്കടലിന്റെയും കടലിനു സമാന്തരമായി നിലകൊള്ളുന്ന പശ്ചിമഘട്ട മലനിരകളുടേയും ഇടയിലുള്ള ഭൂപ്രദേശമാണ്.

ഭൂപ്രകൃതിയനുസരിച്ച് ജില്ലയെ മലനാട്, ഇടനാട്, തീരപ്രദേശം എന്നീ മേഖലകളാക്കി വിഭജിക്കാം. സമുദ്രനിരപ്പിൽ നിന്ന് 10 മീറ്റർ വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്നതും എക്കൽ മണ്ണാൽ ചുറ്റപ്പെട്ടതുമായ ഭൂഭാഗമാണ് തീരദേശ സമതലങ്ങൾ. തീരപ്രദേശത്തിനു കിഴക്കുവശത്തായ് സമുദ്രനിരപ്പിൽ നിന്നും 10 മുതൽ 300 അടി വരെ ഉയരം വരുന്ന പ്രദേശമാണ് ഇടനാടുകൾ അഥവാ ഉൾനാടൻ പ്രദേശങ്ങൾ. ഇവ ചെറുകുന്നുകളും ആഴമേറിയ താഴ്വരകളും കാണപ്പെടുന്ന നിരപ്പല്ലാത്ത പ്രദേശമാണ്. ഇടനാട് പടിഞ്ഞാറൻ തീരപ്രദേശത്തേയ്ക്ക് ചരിഞ്ഞാണ് കാണപ്പെടുന്നത്. ചെങ്കൽ കുന്നുകളും എക്കൽ മണ്ണ് നിറഞ്ഞ താഴ്വരകളും ഈ ഭൂപ്രകൃതിയുടെ പ്രത്യേകതയാണ്. ഉൾനാടൻ പ്രദേശത്തിനു കിഴക്കു വശത്തായ് സ്ഥിതിചെയ്യുന്ന ഉയർന്ന ഭൂപ്രദേശമാണ് മലനാട്. നിരപ്പില്ലാത്ത ചെങ്കുത്തായ മലനിരകൾ കാണപ്പെടുന്ന പ്രദേശങ്ങളാണിവ. ഇതിന്റെ ഭൂപടചിത്രവും വിശദമായ വിവരങ്ങളും 3-ാം അധ്യായത്തിൽ കൊടുത്തിട്ടുണ്ട്.

കാസറഗോഡിന്റെ സവിശേഷമായ ഭൂപ്രകൃതി ഏറെ വിനോദസഞ്ചാര സാധ്യതകൾ നിറഞ്ഞതാണ്.. ജില്ലയുടെ തീരപ്രദേശത്തും മലനാട്ടിലും ഏറെ പ്രശസ്തമായ വിനോദ സഞ്ചാരകേന്ദ്രങ്ങൾ ഉണ്ട്. ബേക്കൽ കോട്ട, വലിയപറമ്പ കായൽ, അനന്തപുരം ലേക്ക്-ടെമ്പിൾ, റാണിപുരം ഹിൽസ്റ്റേഷൻ തുടങ്ങിയവ ഇവയിൽ ചിലതുമാത്രമാണ്. ഇതോടൊപ്പം അത്രയേറെ പ്രശസ്തമല്ലാത്തതും ഒരുപാട് പ്രകൃതിരമണീയവും ധാരാളം വിനോദസഞ്ചാര കേന്ദ്രങ്ങൾ ജില്ലയിലുണ്ട്. ചരിത്രസ്മാരകങ്ങളായ ഒമ്പതോളം കോട്ടകൾ, ബീച്ചുകൾ, വെള്ളച്ചാട്ടങ്ങൾ, ട്രക്കിംഗ്-ഹിൽസ്റ്റേഷൻ സാധ്യതകളുള്ള മലനാട് പ്രദേശങ്ങൾ എന്നിവ ജില്ലയുടെ സമ്പത്താണ്. വിനോദ സഞ്ചാരമെന്ന ഏറെ വ

രുമാനസാധ്യതയുള്ള പ്രകൃതിവിഭവം പരിപോഷിപ്പിച്ച് മികച്ച രീതിയിൽ ഉപയുക്തമാക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

ഭൂപ്രകൃതിയെക്കുറിച്ചുള്ള വിശകലനത്തിൽ പ്രാധാന്യമർഹിക്കുന്ന മേഖലയാണ് വൈവിധ്യങ്ങളുടെ സ്രോതസ്സായ തീരദേശമേഖലയും മത്സ്യബന്ധനവും. 12-ഓളം നദികളും അത്രതന്നെ കായലുകളുമടങ്ങുന്ന (വിസ്തീർണ്ണം-3174.04 ഹെക്ടർ) ജില്ലയുടെ തീര പ്രദേശങ്ങൾ സമുദ്ര മത്സ്യോൽപ്പന്നങ്ങളും ഉൾനാടൻ മത്സ്യോൽപ്പന്നങ്ങളുമായി പ്രതിവർഷം ഏകദേശം 0.29 ലക്ഷം ടൺ മത്സ്യോൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഏകദേശം 70 കി.മി.ദൈർഘ്യമുള്ള ജില്ലയുടെ തീരപ്രദേശത്ത് പതിനായിരത്തോളം മത്സ്യ തൊഴിലാളികളാണ് ഉപജീവനം നടത്തുന്നത്. മത്സ്യോപ്പന്നങ്ങളുടെ ഉൽപാദനവും, വിപണനവും, കയറ്റുമതിയും പരിപോഷിപ്പിക്കാനാവശ്യമായ മത്സ്യവിപണന കേന്ദ്രങ്ങളും, ഹാർബറുകളും വികസിപ്പിക്കാനുള്ള അനിവാര്യമാണ്.

ഭൗതിക സവിശേഷതകളിലെ വൈവിധ്യം കാലാവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. സാധാരണയായി ജില്ലയുടെ സമതല പ്രദേശങ്ങളിൽ ഉയർന്ന ചൂട് അനുഭവപ്പെടുന്നുണ്ടെങ്കിലും ശരാശരി പരമാവധി താപനില 32.20 ഡിഗ്രി സെൽഷ്യസ് മാത്രമാണ്. ചൂട് സമതലങ്ങളിലെ ഈർപ്പം നിറഞ്ഞ അന്തരീക്ഷത്തിൽ മർദ്ദം വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നു. ഭൂപ്രകൃതിക്കനുസരിച്ചു ഭൂമിയിലെ വിഭവങ്ങളുടെ സ്രോതസ്സുകളും നിർണയിക്കപെട്ടിരിക്കുന്നു എന്നത് വസ്തുതയാണ്. കാലാവസ്ഥയും മണ്ണും ധാതുക്കളും ജലവും ഇവയുടെ ലഭ്യതയും വിതരണവും ജില്ലയിൽ എപ്രകാരമാണെന്ന് പരിശോധിക്കാം.

ജലവിഭവങ്ങൾ

മഴ

ജില്ലയിൽ തെക്ക് പടിഞ്ഞാറൻ മൺസൂൺ മെയ് അവസാനമോ ജൂൺ ആദ്യവാരമോ ആരംഭിച്ച് സെപ്തംബർ വരെ നീണ്ടു നിൽക്കുന്നു. വടക്കു കിഴക്കൻ മൺസൂൺ ഒക്ടോബർ മാസത്തോടെയാണ് ആരംഭിക്കുന്നത്. 2016ൽ ജില്ലയിൽ ലഭിച്ച മഴയുടെ തോത് (മി.മീ) താഴെ കൊടുത്തിരിന്നു.

പട്ടിക 2.17: 2016ൽ ജില്ലയിൽ ലഭിച്ച മഴയുടെ തോത് (മി.മീ)

മാസം	ജനുവരി	ഫ്രബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്റ്റംബർ	ഒക്ടോബർ	നവംബർ	ഡിസംബർ	ആകെ
മഴയുടെ തോത് (മി.മീ)	5.7	0	0	0.2	150.6	976.6	725.4	470.8	129	36.2	24.4	26.8	2545.7

ജില്ലയിലെ വാർഷിക വർഷപാതം ഏകദേശം 3581 മില്ലി മീറ്ററാണ്. സംസ്ഥാനത്തെ ഏറ്റവും ഉയർന്ന അനുപാതമാണിത്. താഴെ കൊടുത്ത പട്ടിക വിശകലനം ചെയ്താൽ 2014 നു ശേഷം ജില്ലയിൽ ലഭിക്കുന്ന മഴയുടെ അളവ് ഗണ്യമായി കുറഞ്ഞു വരുന്നു എന്ന അപകടകരമായ അവസ്ഥ മനസിലാക്കാം.

പട്ടിക 2.18: 2011 മുതൽ 2016 വരെ കാസറഗോഡ് ജില്ലയിൽ ലഭിച്ച മഴയുടെ തോത് (മി.മീ)

മഴയുടെ തോത് (മി.മീ)	2011	2012	2013	2014	2015	2016
ആകെ	4099.4	3142.4	3483.3	3448.4	2831.3	2545.7

അവലംബം: സാമ്പത്തിക സ്തിതി വിവര കണക്ക് വകുപ്പ്

ഇതോടൊപ്പം പ്രാധാന്യമർഹിക്കുന്ന മറ്റൊരു വസ്തുത ജില്ലയിലെ കൂടിവരുന്ന ചൂടാണ്. ഇതിന്റെ വ്യക്തമായ കണക്കുകൾ ഒന്നാം അധ്യായത്തിൽ നൽകിയിരിക്കുന്നത് ശ്രദ്ധിക്കാവുന്നതാണ്. തെക്ക് പടിഞ്ഞാറൻ കാലവർഷ സമയത്ത് ഈർപ്പനില ഏകദേശം 90 ശതമാനത്തോളം ഉയരാറുണ്ട്. ഊഷ്മാവിന്റെ വാർഷികവ്യതിയാനം നേരിയ തോതിൽ മാത്രമാണ് ജില്ലയിൽ അനുഭവപ്പെടുന്നത്. ഡിസംബർ അവസാനത്തോടെ ജില്ലയിൽ വരണ്ട കാലാവസ്ഥ ആരംഭിക്കുന്നു. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ കഠിനമായ ശൈത്യവും തത്ഫലമായി ഭൂഗർഭ ജലത്തിന്റെ അളവിൽ പെട്ടെന്നുള്ള കുറവും മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ചൂടേറിയ കാലാവസ്ഥയുമാണ് കണ്ടുവരുന്നത്. ഇതിന്റെ പ്രത്യാഘാതം ജില്ലയുടെ ജലസമ്പത്തിനെയും ഭൂഗർഭ ജലലഭ്യതയെയുമാണ് പ്രത്യക്ഷത്തിൽ ബാധിക്കുന്നത്.

നദികൾ

കേരളത്തിൽ ഏറ്റവും കൂടുതൽ നദികൾ ഒഴുകുന്ന ജില്ല കാസറഗോഡാണ്. കൂർഗിലെ പട്ടിമലയിൽ ഉത്ഭവിച്ച് തളങ്കരയിൽ വെച്ച് സമുദ്രത്തോട് ചേരുന്ന 105 കിലോമീറ്റർ നീളമുള്ള ചന്ദ്രഗിരിപ്പുഴ (പയസ്വിനിപ്പുഴ ലയിച്ചത്) യടക്കം 9 വലുതും 3 ചെറുതുമായി 12 നദികൾ ജില്ലയിൽ ഉണ്ട്. ജില്ലയിലെ 12 നദികളും പടിഞ്ഞാറോട്ട് ഒഴുകുന്നവയാണ്. അടുത്ത പട്ടികയിൽ നിന്നും ജില്ലയിലെ നദികളെക്കുറിച്ച് മനസ്സിലാക്കാം.

പട്ടിക 2.19: ജില്ലയിലെ നദികളും അവയുടെ നീളവും

ക്രമ നം.	പുഴകൾ	നീളം (കിലോമീറ്റർ)
1	ചന്ദ്രഗിരിപ്പുഴ	105
2	കാര്യങ്കോട് പുഴ	64
3	ഷിറിയ പുഴ	61
4	ഉപ്പള പുഴ	50
5	നീലേശ്വരം പുഴ	47
6	മൊഗ്രാൽ പുഴ	34
7	ചിത്താരി പുഴ	25
8	കവ്വായി പുഴ	23
9	മഞ്ചേശ്വരം പുഴ	16
10	കുമ്പള പുഴ	11
11	ബേക്കൽ പുഴ	11
12	കളനാട് പുഴ	8

അവലംബം: ഡിസ്ട്രിക്ട് സെൻസസ് ഹാൻഡ്ബുക്ക് - കാസറഗോഡ് (ഭാരത സർക്കാർ, 2011)

നദീതടങ്ങളും നീർത്തടങ്ങളും

നദികൾക്കൊപ്പം ജലവിതരണത്തിലും ഭൂഗർഭജല സ്രോതസ്സുകളെ പരിപാലിക്കുന്നതിലും പ്രധാനപങ്ക് വഹിക്കുന്ന നദീതടങ്ങളെപ്പറ്റിയും നീർത്തടങ്ങളെപ്പറ്റിയും മനസ്സിലാക്കേണ്ട തുണ്ട്. വരൾച്ചയ്ക്ക് തടയിടാൻ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജലസംരക്ഷണ പദ്ധതികൾ ഫലവത്താകാൻ ഇത് അനുപേക്ഷണീയമാണ്. ഹരിതകേരളം പദ്ധതിയിൽ ഏറ്റവും കൂടുതൽ ശ്രദ്ധിക്കുന്ന മേഖലകളാണ് നീർത്തടങ്ങളും അതിലൂന്നിയുള്ള ജലവിഭവ പരിപോഷണവും. ജില്ലയിലെ നദീതടങ്ങളെപ്പറ്റിയുള്ള പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 2.20: ജില്ലയിലെ നദീതടങ്ങൾ

നീർത്തട പ്രദേശം	നീർത്തട വിസ്തീർണ്ണം (സ്ക്വയർകി മീ)	നദിയുടെ പേര്	നദിയുടെ നീളം	നദീ തടം	നദീതട വിസ്തീർണ്ണം (സ്ക്വയർ കി മീ)	നദീതടത്തിന്റെ ഡ്രെയിനേജ് കപ്പാസിറ്റി
മഞ്ചേശ്വരം	90	മഞ്ചേശ്വരം	16	മഞ്ചേശ്വരം	50.7	186.1688584
ഉപ്പള	250	ഉപ്പള	50	ഉപ്പള	104.7	523.039827
ഷിറിയ	391.1	ഷിറിയ	61	ഷിറിയ	347.6	1587.187801
		കുമ്പള	11	കുമ്പള	43.5	180.9231617
മൊഗ്രാൽ	132	മൊഗ്രാൽ	34	മൊഗ്രാൽ	126.7	366.3733072
ചന്ദ്രഗിരി	647.1	കളനാട്	8	കളനാട്	16.2	505.5913748
		ബേക്കൽ	11	ബേക്കൽ	35.3	768.4317981
		ചന്ദ്രഗിരി	105	ചന്ദ്രഗിരി	389.2	94.26949241
		പയസ്വിനി	51	പയസ്വിനി	206.4	157.6240799
ചിത്താരി	25	ചിത്താരി	25	ചിത്താരി	105.3	324.2604522
നീലേശ്വരം	46	നീലേശ്വരം	47	നീലേശ്വരം	213.4	516.8441119
കാര്യങ്കോട്	64	കാര്യങ്കോട്	64	കാര്യങ്കോട്	353.9	721.6928961
കവ്വായി	143	കവ്വായി	23	കവ്വായി	94.5	301.9091342

അവലംബം:സ്ക്കൂൾ ഓഫ് പ്ലാനിംഗ് ആന്റ് ആർക്കിടെക്ച്ചർ വിജയവാഡ (2017)

നദീതടങ്ങളെ സമ്പുഷ്ടമാക്കുന്നത് അവയിലുള്ള നീർത്തടങ്ങളാണ്. ജില്ലയിൽ വളരെ വൈവിദ്ധ്യമാർന്ന നീർത്തട വിതരണം കാണാവുന്നതാണ്. 4-ാം അധ്യായത്തിൽ ഒന്നാം ഭഗത്ത് കൊടുത്തിരിക്കുന്ന ഭൂപടചിത്രത്തിൽ നദീതടങ്ങളെയും അവയിലൂടെ രൂപം പ്രാപിച്ച നീർത്തടങ്ങളെയും കാണാം. ജലലഭ്യതയ്ക്കും അന്തരീക്ഷത്തിൽ ഈർപ്പം നിലനിർത്തി ചൂട് ക്രമീകരിക്കുന്നതിലും സംയോജിത കൃഷി രീതിക്കും നീർത്തട സംരക്ഷണം അത്യാവശ്യമാണ്.

സംസ്ഥാനതലത്തിൽ ഇത്രയും ജലസ്രോതസ്സുകളുള്ള ജില്ലയായ കാസറഗോഡ് തന്നെയാണ് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന വരൾച്ചാ പ്രദേശങ്ങളിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന ഭാഗവും എന്നത് വിരോധാഭാസമായി കാണാം. ജില്ലയിൽ ഒരു പ്രധാന ജലസേചന പദ്ധതി പോലുമില്ല എന്ന വസ്തുത ഇവിടെ പ്രധാന്യമർഹിക്കുന്നു. ജലസ്രോതസ്സുകളിലേക്ക് കടൽ വെള്ളത്തിന്റെ കടന്നു കയറ്റം മൂലം വേനൽ സമയങ്ങളിൽ ജില്ലയുടെ മിക്ക പ്രദേശങ്ങളിലും കുടിവെള്ളമായി വിതരണം ചെയ്യുന്നത് ഉപ്പുരസമുള്ള വെള്ളമാണ് എന്നതും പ്രത്യേകം പരാമർശിക്കേണ്ട കാര്യമാണ്.

മണ്ണ്

ജില്ലയിലെ മണ്ണിനങ്ങളെ പ്രധാനമായും നാലായി തരംതിരിക്കാം. ലാറ്ററേറ്റ് മണ്ണ് (Laterite Soil), ചാരനിറത്തിൽ ജലാംശം കൂടിയ മണ്ണ് (Brown Hydromorphic

Soil), ഏക്കൽ മണ്ണ് (Allurial Soil), വനമണ്ണ് (Forest loam) എന്നിവ ലാറ്ററേറ്റ് മണ്ണാണ് ജില്ലയിൽ പ്രധാനമായും കാണപ്പെടുന്നത് (30%) ജില്ലയുടെ ഇടനാടൻ പ്രദേശങ്ങളിലും, മലനാടൻ മേഖലകളിലുമാണ് ഇവ വ്യാപിച്ചുകിടക്കുന്നത്. മലനാടൻ പ്രദേശങ്ങളുടെ താഴ്‌വരകൾക്കും തീരദേശങ്ങൾക്കും ഇടയിലായി ജില്ലയിൽ ചാരനിറത്തിലുള്ള ഹൈഡ്രോമോർഫിക്ക് മണ്ണിനങ്ങൾ കൂടുതലായും കണ്ടുവരുന്നു. ജില്ലയുടെ പടിഞ്ഞാറൻ തീരദേശങ്ങളോടു ചേർന്നു ഏക്കൽ മണ്ണ് കണ്ടുവരുന്നു (25%). ഇത് കൃഷിക്കും മറ്റും അനുയോജ്യമായ ഫലപുഷ്ടിയുള്ള മണ്ണാണ്. ജില്ലയിൽ ഏക്കൽ മണ്ണിന്റെ സാന്നിധ്യം കൂടുതലായും കണ്ടുവരുന്നത് വീതികുറഞ്ഞ തുണ്ടുനിലങ്ങളിലാണ്. വടക്ക് കാഞ്ഞങ്ങാട് മുതൽ തെക്ക് തൃക്കരിപ്പൂർ വരെ ഏക്കൽ മണ്ണിന്റെ നിക്ഷേപം കൂടിവരുന്നതുകണാം. തൃക്കരിപ്പൂരിലാണ് ഏക്കൽ മണ്ണ് ഏറ്റവും കൂടുതൽ കാണുന്നത്. മഞ്ചേശ്വരം, കാസറഗോഡ് ബ്ലോക്കുകളിൽ ഏക്കൽ മണ്ണ് ഒറ്റപ്പെട്ട നിലയിലെ കാണുന്നുള്ളൂ. കാറഡുക്ക, പരപ്പ ബ്ലോക്കുകളുടെ ഭൂപ്രകൃതി പരിശോധിക്കുമ്പോൾ കൂടുതലായും പരൽ രൂപത്തിലുള്ള പാറകളാണുള്ളത്. ജില്ലയുടെ കിഴക്കൻ മേഖലകളിലെ കുന്നിൻ പ്രദേശങ്ങളിൽ വനമണ്ണ് കാണപ്പെടുന്നു. ഇത് ജൈവ അവശിഷ്ടങ്ങളാൽ സമ്പന്നമാണ്. ജില്ലയിലെ മണ്ണിനങ്ങളുടെ ഭൂപട ചിത്രവും മറ്റുവിവരങ്ങളും 3-ാം അധ്യായത്തിൽ കൊടുത്തിരിക്കുന്നു.

പ്രധാന പ്രകൃതിവിഭവമായ മണലിന്റെ സ്രോതസ്സുകൾ നദികളാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വരുമാനദായകമായ മണൽ ഖനനത്തിന് പ്രധാന നദികളുടെ വിവിധ കടവുകളിൽ അനുമതി നൽകിയിട്ടുണ്ട്. ജില്ലയുടെ മറ്റൊരു സവിശേഷതയാണ് ചെങ്കല്ല്. കെട്ടിട നിർമ്മാണത്തിന് ജില്ലക്കാർ പ്രധാനമായും ആശ്രയിക്കുന്നത് ചെങ്കല്ലിനെയാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് അത്യാവശ്യമായ കരിങ്കൽ നിക്ഷേപവും ഇവ പൊട്ടിച്ചെടുക്കാനുള്ള തൊണ്ണൂറ്റിയെട്ടോളം കരിങ്കൽ ക്വാറികളും ജില്ലയിലുണ്ട്. ഖനനം നടത്തുന്നതിന് അനുമതി നൽകേണ്ടത് മൈനിങ്ങ് & ജിയോളജി വകുപ്പാണ്. ഇത് കൂടാതെ വിവിധ ലോഹങ്ങളുടെ അയിര് നിക്ഷേപവും ജില്ലയിലുള്ളതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. ചൈനാക്ലേ, ഇരുമ്പയിര്, ലിഗ്നൈറ്റ്, ചുണ്ണാമ്പ് എന്നിവയാണ് ജില്ലയിലെ പ്രധാന ധാതുക്കൾ. ഇരുമ്പയിര് ചെങ്കൽ മിശ്രിതമായി കുമ്പള, നീലേശ്വരം, കാഞ്ഞങ്ങാട്, ചീമേനി എന്നീ പ്രദേശങ്ങളിൽ കാണപ്പെടുന്നു. ചൈനാക്ലേ, കളിമൺ നിക്ഷേപങ്ങൾ മുതലായവ തീരപ്രദശങ്ങളിൽ കണ്ടുവരുന്നു. പാലായി, ചെറുവത്തൂർ, ക്ലായിക്കോട് എന്നിവിടങ്ങളിൽ കാർബനേഷ്യസ് ക്ലേ, ലിഗ്നൈറ്റ് നിക്ഷേപങ്ങൾ എന്നിവ ഉള്ളതായി സൂചനയുണ്ട്. ചെറുവത്തൂർ, കാര്യങ്കോട്, മൊഗ്രാൽ എന്നിവിടങ്ങളിൽ ചുണ്ണാമ്പ് നിക്ഷേപവും റിപ്പോർട്ട് ചെയ്തിട്ടുണ്ട് (മൈനിങ്ങ് & ജിയോളജി വകുപ്പ്, കേരള സർക്കാർ, 2016).

ഭൂഗർഭജലം

ജില്ലയിൽ ഭൂഗർഭജല നിരപ്പ് വളരെ താഴ്ന്നാണ് കാണപ്പെടുന്നത്. മഞ്ചേശ്വരം, കാറഡുക്ക ബ്ലോക്കുകളിൽ ഭൂഗർഭജല നിരപ്പ് കാലവർഷത്തിന് മുമ്പ് ഏകദേശം 10-20 മീറ്റർ വരെയാണ്. കാലവർഷത്തിനു ശേഷം ജില്ലയിലെ ഭൂഗർഭ ജല നിരപ്പ് മിതമായ തോതിൽ (5-10 മീറ്റർ ആഴത്തിൽ) കാണപ്പെടുന്നു. കേരളത്തിൽ ജില്ലാ തലത്തിൽ ഭൂഗർഭജല വികസനത്തിന്റെ സ്റ്റേജ് ഏറ്റവും കൂടിയ നിലയിലുള്ളത് കാസറഗോഡ് ജില്ലയിലാണ് (71%). കേരളത്തിന്റെ ശരാശരി ഭൂഗർഭജല വികസന സ്റ്റേജ് 47% മാത്രമാണ്. തീരദേശ പ്രദേശങ്ങളിലാണ് ഭൂഗർഭ ജലം കൂടുതലായും കാണപ്പെടുന്നത്. ഒരു പ്രദേശത്തെ ഭൂപ്രകൃതി ഭൂഗർഭജല സംഭരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. മഞ്ചേശ്വരം, കാസറഗോഡ്, കാഞ്ഞങ്ങാട്, നീലേശ്വരം എന്നീ പ്രദേശങ്ങൾ തീരപ്രദേശത്തുനിന്ന് തുടങ്ങി ജില്ലയുടെ ഇടനാട് പ്രദേശങ്ങളിൽ അവസാനിക്കുന്നു. അതുകൊണ്ടുതന്നെ ഭൂഗർഭ ജലത്തിന്റെ സംഭരണം ഇവിടെ കൂടുതലാണ്.

ഏക്കൽ മണ്ണിന്റെ സാന്നിധ്യം കൂടുതലായും കണ്ടുവരുന്ന കാഞ്ഞങ്ങാട് മുതൽ തൃക്കരിപ്പൂർ വരെയുള്ള തീരദേശ പ്രദേശങ്ങളിൽ ഭൂഗർഭ ജലത്തിന്റെ അളവ് ഏറ്റവും ഉയർന്ന നിലയിലാണ്. ഏക്കൽ മണ്ണ് കാണപ്പെടുന്ന ജില്ലയുടെ തീരപ്രദേശങ്ങളിൽ 6 മീറ്റർ ആഴത്തിൽ ഫിൽറ്റർ പോയിന്റ് കിണറുകളിൽ (Filter Point Wells) നിന്നും ഏകദേശം 10-50 M3 ജലം ലഭ്യമാണ്. ശൈത്യകാലത്ത് ലാറ്ററേറ്റ് പ്രദേശങ്ങളിലെ കിണറുകളിൽ നിന്നും ദൈനംദിനം 5 മുതൽ 60 M3 വരെ ജലം ലഭിക്കുന്നു. എന്നാൽ വേനൽക്കാലത്ത് ഇവയുടെ അളവ് പ്രതിദിനം 2-20 M3 എന്ന അളവിലേക്ക് കുറയുന്നു. കൂടുതലായും പരൽ രൂപത്തിലുള്ള പാറകളുള്ള കാറഡുക്ക, പരപ്പ ബ്ലോക്കുകളിൽ ഭൂഗർഭ ജലത്തിന്റെ സംഭരണം താരതമ്യേന കുറവാണ്. ഇവിടെ ജലത്തിന്റെ സാധ്യതാ മണ്ഡലം 40 മീറ്ററിനും 75 മീറ്ററിനും ഇടയിലാണ്. 100 മീറ്റർ താഴെയാണ് ഉയർന്ന അളവിൽ ജലത്തിന്റെ സാന്നിധ്യം കണ്ടുവരുന്നത്. മഞ്ചേശ്വരം ബ്ലോക്കിലെ കുമ്പള, മംഗൽപാടി, മഞ്ചേശ്വരം പഞ്ചായത്തുകളിലും, കാസറഗോഡ് ബ്ലോക്കിലെ ചെങ്കള, ചെമ്മനാട്, കുറ്റിക്കോൽ, മൊഗ്രാൽ പുത്തൂർ പഞ്ചായത്തുകളിലും, കാഞ്ഞങ്ങാട് ബ്ലോക്കിലെ ഉദുമ, അജാനൂർ, പള്ളിക്കര, പുല്ലൂർ-പെരിയ പഞ്ചായത്തുകളിലും, നീലേശ്വരം ബ്ലോക്കിലെ നീലേശ്വരം, ഈസ്റ്റ് എളേരി, കയ്യൂർ-ചീമേനി പഞ്ചായത്തുകളിലും ജലം സുലഭമാണ് എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ഈ ബ്ലോക്കുകളുടെ കിഴക്കൻ പ്രദേശങ്ങളിൽ ഭൂഗർഭജലം ആഴമേറിയ ഇടങ്ങളിലാണ് കാണപ്പെടുന്നത്. മഞ്ചേശ്വരം, കാസറഗോഡ്, പരപ്പ, കാറഡുക്ക ബ്ലോക്കുകളിൽ ഭൂഗർഭ ജലത്തിന്റെ അളവ് ഗുരുതരമായ തോതിൽ കുറഞ്ഞതായി കാണുന്നു (ഭൂഗർഭജല വിവര പുസ്തകം, കാസറഗോഡ്, 2013). ജില്ലയിലെ ഭൂഗർഭ ജലത്തിന്റെ അളവിന്റെ ഭൂപട ചിത്രവും മറ്റുവിവരങ്ങളും 3ാം അദ്ധ്യായത്തിൽ കാണാവുന്നതാണ്.

കടുത്ത ഭൂഗർഭജല ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിലൊന്നായി ജില്ല മാറിയ സാഹചര്യത്തിൽ, ഭൂഗർഭ

ജലശോഷണം തടയാൻ സർക്കാരിന്റെ വിവിധ തലങ്ങളിലുള്ള പ്രവർത്തനം ഏകോപിപ്പിക്കേണ്ടതുണ്ട്. ആസൂത്രണ പ്രക്രിയയിൽ ഇതിനു മതിയായ പ്രാധാന്യം നൽകിയില്ലെങ്കിൽ ശുദ്ധജലമെന്ന പ്രകൃതി വിഭവത്തിന്റെ ശോഷണം ജൈവ, കാർഷിക സംസ്കൃതിയെ ഗുരുതരമായി ബാധിക്കുകയാവും ഫലം.

സുരങ്കങ്ങൾ

കാസറഗോഡ് ജില്ലയ്ക്ക് തനതായ നിലയിൽ ഖ്യാതി നേടിക്കൊടുത്ത ജലസംരക്ഷണ-ജലവിതരണ സ്രോതസ്സുകളാണ് 'സുരങ്കങ്ങൾ' അഥവാ ഭൂഗർഭ ജലസ്രോതസ്സുകളെ തിരശ്ചീനമായി ബന്ധിപ്പിക്കുന്ന തുരങ്കങ്ങൾ. പ്രാചീനകാലം തൊട്ട് ദക്ഷിണ കർണ്ണാടകയിലും ഇന്നത്തെ കാസറഗോഡും പ്രചാരത്തിലുണ്ടായിരുന്ന സുരങ്കങ്ങൾ വരൾച്ചയുടെ കാഠിന്യത്തിലും ജലലഭ്യത ഉറപ്പുവരുത്തിയിരുന്നു. ജില്ലയിൽ നിലവിൽ 97-ഓളം സുരങ്കങ്ങളുള്ളതായി കണക്കാക്കിയിട്ടുണ്ട്. യുനെസ്കോ ലോകപൈതൃകമായി പ്രഖ്യാപിച്ചതുവഴി സുരങ്കങ്ങൾ ലോകശ്രദ്ധ നേടിയിട്ടുണ്ടെങ്കിലും തദ്ദേശീയതലത്തിൽ ശ്രദ്ധ കൈവരിക്കേണ്ടിയിരിക്കുന്നു. ജില്ലാ ആസൂത്രണ പ്രക്രിയയിൽ വളരെയധികം ശ്രദ്ധവേണ്ട ജലസംരക്ഷണയജ്ഞത്തിൽ സുരങ്കങ്ങളുടെ സംരക്ഷണത്തിനും പ്രചാരണത്തിനും ശ്രമങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതല ആസൂത്രണത്തിൽ ഉണ്ടാവേണ്ടതാണ്.

പള്ളങ്ങൾ

ജില്ലയിലെ പ്രാചീന കാലം മുതൽക്കുള്ള മറ്റൊരു ജലസംഭരണ സ്രോതസ്സാണ് പള്ളങ്ങൾ. പ്രകൃത്യാ നിർമ്മിതമായ പാറക്കെട്ടുകളിലെ ജലശേഖരമാണ് പള്ളം എന്നറിയപ്പെടുന്നത്. ഇവയെ പാറക്കുളങ്ങൾ എന്നും വിളിച്ചുവരുന്നു. ജനസംഖ്യാ പെരുപ്പവും, ചെങ്കൽ കുന്നുകളുടെ ഇടിച്ച്നിരത്തലും നെൽകൃഷിയുടെ ശോഷണവും ജലവിനിയോഗത്തിനായി കുഴൽക്കിണറുകളെ ആശ്രയിക്കുന്നതുമെല്ലാം പള്ളങ്ങളുടെ നാശത്തിന് കാരണമായി. ജില്ലയുടെ ജലസംരക്ഷണയജ്ഞത്തിൽ പള്ളങ്ങളുടെ സംരക്ഷണത്തിനുള്ള ശ്രമങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ ഉണ്ടാവേണ്ടത് അനിവാര്യമാണ്.

ഭൂവിനിയോഗം

ഏറ്റവും വലിയ പ്രകൃതി സ്രോതസ്സാണ് ഭൂമി. ഒരു പ്രദേശത്തെ ഭൂസ്രോതസ്സുകളെയും വിനിയോഗത്തെയും മനസ്സിലാക്കുവാൻ ഭൂവിനിയോഗ അവലോകനം സഹായിക്കും. പ്രത്യേകിച്ചും തരിശായിക്കിടക്കുന്ന ഭൂമിയെപ്പറ്റിയുള്ള ധാരണയ്ക്കായി ഈയൊരു അവലോകനം നടത്തേണ്ടതുണ്ട്. ജില്ലയുടെ ഭൂവിനിയോഗത്തിന്റെ ലഭ്യമായ കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 2.21:കാസറഗോഡ് ജില്ലയുടെ ഭൂവിനിയോഗം

ക്രമ നം.	സ്ഥിതി വിശേഷം	വ്യാപ്തി (സ്ക്വയർ കി.മീ)	%
1	ആകെ ഭൂമി	1991.66	100
2	വനം	110.71	5.56
3	കാർഷികേതര ഉപയോഗത്തിനുള്ളത്	268.23	13.72
4	തരിശും കൃഷി ചെയ്യാൻ പറ്റാത്തതുമായ സ്ഥലം	79.15	3.97
5	മറ്റിനം വൃക്ഷങ്ങൾ	5.93	0.30
6	കൃഷിക്ക് ഉപയുക്തമായ തരിശ്	101.49	5.10
7	ഇപ്പോഴുള്ള തരിശുഭൂമിയിൽ ഉൾപ്പെടാത്ത തരിശുഭൂമി	18.6	0.93
8	വെള്ളക്കെട്ട്	40.99	2.06
9	ജലാശയങ്ങൾ	0.18	0.01
10	സാമൂഹിക വനവൽക്കരണം	1.36	0.07
11	കൃഷി ചെയ്ത സ്ഥലം	1419.48	71.27

അവലംബം: ഡിസ്ട്രിക്ട് സെൻസസ് ഹാൻഡ്ബുക്ക് -കാസറഗോഡ് (ഭാരത സർക്കാർ, 2011)

ജില്ലയുടെ ഭൂവിസ്തൃതിയുടെ 71 ശതമാനത്തോളം കാർഷിക ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നത്. കൃഷിയിടം കഴിഞ്ഞാൽ കൃഷിക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന സ്ഥലങ്ങളിൽ കുറ്റിക്കാടുകൾ, തരിശു സ്ഥലങ്ങൾ എന്നിവ കൂടുതലായി കാണപ്പെടുന്നു. കൃഷിഭൂമിയുടെ വിവിധ തരത്തിലുള്ള വിനിയോഗം കാണിക്കുന്ന ഭൂപട ചിത്രം ഒന്നാം അദ്ധ്യായത്തിൽ നൽകിയിരിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് നെൽകൃഷി ചെയ്തുവന്നിരുന്ന ഭൂമി മറ്റാവശ്യങ്ങൾക്കായി പരിവർത്തനം ചെയ്തു വരുന്നു എന്നാണ്. ഇത് തിരിച്ച് പിടിക്കേണ്ടതിനുള്ള അടിയന്തിര പ്രവർത്തനങ്ങൾ ഈ പഞ്ചവൽസര പദ്ധതിക്കാലത്ത് തന്നെ ഏറ്റെടുക്കേണ്ടതുണ്ട്.

വനം

പ്രകൃതി വിഭവങ്ങളുടെ കലവറയാണ് വനം. മല

വിഭവലഭ്യത

നാടൻ മേഖലകളിലാണ് ജില്ലയിൽ വനങ്ങൾ കാണപ്പെടുന്നത്. നിലവിൽ 119.7304 ചതുരശ്ര കിലോമീറ്റർ വനമാണുള്ളത്. ജില്ലയിലെ വനമേഖലയെ പ്രധാനമായും കാഞ്ഞങ്ങാട്, കാസറഗോഡ് റേഞ്ചുകളാക്കി തിരിച്ചിരിക്കുന്നു.

പട്ടിക 2.22: കാസറഗോഡ് ജില്ലയുടെ വന വിസ്തൃതി കണക്ക് (31.03.2016)

അതിര്	സംക്ഷിപ്ത വന മേഖല (സ്ക്വയർ കി.മീ)	നിക്ഷിപ്ത വനമേഖല (സ്ക്വയർ കി.മീ)	ആകെ വിസ്തീർണ്ണം (സ്ക്വയർ കി.മീ)
കാഞ്ഞങ്ങാട്	—	—	59.3725
കാസറഗോഡ്	—	—	60.3579
ആകെ	86.0221	33.7083	119.7304

അവലംബം: കേരള വനം വകുപ്പ് (2016)

ജില്ലയിലെ വനവിസ്തൃതി മൊത്തം ഭൂമിയുടെ ഏകദേശം 6% ആണ്. കാർഷികോൽപ്പാദനത്തെയും, കാലാവസ്ഥ നിയന്ത്രിക്കുന്നതിലും മുഖ്യമായ പങ്കുള്ള വനങ്ങൾ പക്ഷേ ജില്ലയിൽ വിസ്തീർണ്ണം കുറവായതു കൊണ്ട് പരിമിതമായ ഗുണങ്ങളേ ലഭിക്കുന്നുള്ളു. വന നയം നിഷ്കർഷിക്കുന്നതനുസരിച്ച് ഭൂവിഭാഗത്തിന്റെ 30 ശതമാനം വനം ആയിരിക്കണമെന്നും ഉയർന്നപ്രദേശങ്ങളിൽ അത് 61 ശതമാനമാണെന്നുമുള്ള നിഷ്കർഷ ജില്ലയിൽ അപ്രാപ്യമാണ്. ഇതിന് വൃക്ഷാവരണം കുറഞ്ഞ ഭൂവിഭാഗങ്ങളിൽ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. കൂടാതെ ജില്ലയിൽ രൂക്ഷമായി കണ്ടുവരുന്ന വന്യമൃഗങ്ങളാലുള്ള കൃഷിനാശം തടയുന്നതിന് വന ഇടനാഴികൾ സ്ഥാപിക്കുന്നത് ഗുണകരമായിരിക്കും.

കൃഷി

ജില്ലയിലെ പ്രധാന കൃഷി ഉത്പന്നങ്ങളുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു. കിഴക്ക് ഭാഗത്ത് കുന്നിൻ പ്രദേശങ്ങളിൽ കൂടുതലായി തെങ്ങ്, റബ്ബർ, കശുവണ്ടി, കുരുമുളക് തുടങ്ങിയവയാണ് കൃഷി ചെയ്യുന്നത്. ഇടനാടൻ പ്രദേശങ്ങളിൽ തെങ്ങ്, കവുങ്ങ്, കശുവണ്ടി മുതലായവ കൂടുതലായി കണ്ടുവരുന്നു. ഇടനാട്ടിലും തീരപ്രദേശത്തും ചിലയിടങ്ങളിൽ കവുങ്ങ്, കുരുമുളക്, പുകയില, പച്ചക്കറി, മരച്ചീനി എന്നിവയും കൃഷിചെയ്യുന്നു.

പട്ടിക 2.23: ജില്ലയിലെ വിളകളുടെ വിസ്തൃതി, ഉല്പാദനം

ക്രമ നം.	പ്രധാന വിളകൾ	വിസ്തീർണ്ണം(ഹെക്ടർ)	2015-16 ഉദ്പാദനം (ടൺ)
1	നെല്ല്	3843	8559.515
2	തെങ്ങ്	64335.06	619 (Nut/Ha.)
3	കവുങ്ങ്	19681	53142.667
4	കശുവണ്ടി	6845	3856.728
5	കുരുമുളക്	2747	1189.156
6	വാഴ	2259.74	11424.498
7	റബ്ബർ	32473	25850
8	പുകയില	9	15

അവലംബം: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

കേരളത്തിന്റെ പ്രധാന ഭക്ഷ്യ വിഭവമായ നെൽകൃഷിയുടെ ജില്ലയിലെ ശോഷണം ആശങ്കയുണർത്തുന്നതാണ്. അരിയുൽപ്പാദനത്തിനുപരി ജലം സംരക്ഷിക്കുന്നതിലും അന്തരീക്ഷത്തിൽ തണുപ്പ് നിലനിർത്തുന്നതിലും തുടങ്ങി അനേകം ജൈവ ഗുണങ്ങൾ നെൽപ്പാടങ്ങൾ പ്രദർശിപ്പിക്കുന്നു. ഇതിന്റെ ശോഷണം പ്രകൃതി വിഭവങ്ങളുടെ മൊത്തം സന്തുലിതാവസ്ഥയേയും ബാധിക്കുന്ന പ്രശ്നമായതിനാൽ നെൽകൃഷി വികസനത്തിന് സമഗ്രമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ജില്ലയിലെ നെൽകൃഷിയുടെ കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 2.24: ജില്ലയിലെ നെൽകൃഷിയുടെ വിസ്തൃതി, ഉല്പാദനം

വിസ്തീർണ്ണം (ഹെക്ടറിൽ)			ഉല്പാദനം (മെട്രിക് ടൺ)			ഉല്പാദനക്ഷമത (കി.ഗ്രാം/ഹെ)		
2013-14	2014-15	2015-16	2013-14	2014-15	2015-16	2013-14	2014-15	2015-16
4206	2665	3843	9439	6095	8560	2244	2287	2227

അവലംബം: സാമ്പത്തിക സ്തിതി വിവര കണക്ക് വകുപ്പ്

വിഭവലഭ്യത

പട്ടിക പ്രകാരം നെൽകൃഷി ചെയ്യുന്ന ഭൂമി കുറഞ്ഞുവരുന്നതായാണ് കാണുന്നത്. എന്നാൽ സമഗ്രമായ കാർഷിക പദ്ധതികളും പ്രോത്സാഹനവും ലഭിച്ചാൽ കൂടുതൽ നിലത്ത് കൃഷി നടത്താൻ സാധിക്കുമെന്നതും 2015-16 ലെ അനുഭവം വ്യക്തമാക്കുന്നു. കൃഷി യോഗ്യവും കൃഷി യോഗ്യമല്ലാത്തതുമായ 21901.18 ഹെക്ടറോളം പ്രദേശങ്ങൾ ഉപയുക്തമാക്കാവുന്ന പ്രകൃതി വിഭവങ്ങളാണ്. മറ്റു ജില്ലകളെ അപേക്ഷിച്ച് തരിശുഭൂലഭ്യത കാസറഗോഡ് ജില്ലയിൽ കൂടുതലാണ്. ഇത്തരം ഭൂമി ഉൽപാദന പ്രക്രിയയിലേക്ക് ഉപയുക്തമാക്കാനുള്ള പദ്ധതികൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതുണ്ട്. ജില്ലയിലെ തരിശു ഭൂമിയുടെ ഭൂപട ചിത്രം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

ജില്ലയിലെ ധനകാര്യസ്ഥാപനങ്ങൾ

ഒരു പ്രദേശത്തിന്റെ സാമ്പത്തിക വികസനത്തെയും സമ്പത്തിനെയും സ്വാധീനിക്കുന്ന ഒരു പ്രധാന ഘടകമായി 'ഫിനാൻഷ്യൽ ഇൻക്ലൂഷൻ' അഥവാ 'സാമ്പത്തിക ഉൾക്കൊള്ളിക്കൽ' മാറിയിട്ടുണ്ടെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. സാമ്പത്തിക ഉൾക്കൊള്ളിക്കലിന്റെ പ്രധാന വാഹകർ ധനകാര്യ സ്ഥാപനങ്ങളാണ്. ധനകാര്യ സ്ഥാപനങ്ങളിൽ ബാങ്കിംഗ്, ബാങ്കിംഗ് ഇതര സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടും. സാമ്പത്തിക ആസൂത്രണത്തിന്റെ നെടുംതൂണുകളായ ധനകാര്യ സ്ഥാപനങ്ങളുടെ വ്യാപ്തി മനസ്സിലാക്കുന്നതിന് ജില്ലയിലെ ധനകാര്യ സ്ഥാപനങ്ങളുടെ സ്ഥിതിവിശേഷം അവലോകനം ചെയ്യേണ്ടതുണ്ട്.

പൊതുമേഖലയിലും, സഹകരണമേഖലയിലും, സ്വകാര്യമേഖലയിലും പെട്ട ബാങ്കിംഗ് സ്ഥാപനങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. ബ്ലോക്ക് അടിസ്ഥാനത്തിൽ വിവിധ ബാങ്കുകളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു. ദേശസാൽകൃത ബാങ്കുകൾക്കൊപ്പം, സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളും, കേരള ഗ്രാമീൺ ബാങ്കും വ്യപകമായി ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്.

പട്ടിക 2.25: ജില്ലയിലെ ബാങ്കിംഗ് സൗകര്യങ്ങൾ

ക്രമ നം.	പൊതു മേഖലബാങ്കുകൾ			സ്വകാര്യ ബാങ്കുകൾ	സഹകരണ മേഖലബാങ്കുകൾ			എണ്ണം
	ബ്ലോക്കുകൾ	ദേശസാൽകൃത ബാങ്കുകൾ	കേരള ഗ്രാമീൺ ബാങ്ക്		ജില്ലാ സഹകരണബാങ്ക്	സർവീസ് സഹകരണ ബാങ്കുകൾ	കാർഷിക ഗ്രാമ വികസനബാങ്ക്	
1	കാസറഗോഡ്	40	9	13	12	12	1	87
2	കാഞ്ഞങ്ങാട്	28	7	13	11	11	1	71
3	നീലേശ്വരം	21	7	6	6	13	1	54
4	മഞ്ചേശ്വരം	14	14	6	4	13	1	52
5	പരപ്പ	10	11	6	6	6	2	41
6	കാറഡുക്ക	3	10	3	4	8	2	30
	ആകെ	116	58	47	43	63	8	335

അവലംബം: ജില്ലാ ക്രഡിറ്റ് പ്ലാൻ 2017-18

സഹകരണ മേഖലയുടെ അനിവാര്യ ഘടകമാണ് സഹകരണ സംഘങ്ങൾ. കാർഷിക, വനിത, ഖാദി, നെയ്ത്ത്, എസ്.സി/എസ്.ടി തുടങ്ങിയ വിവിധ മേഖലകളെ ആസ്പദമാക്കി സഹകരണ സംഘങ്ങൾ ജില്ലയിൽ നിലവിലുണ്ട്. ഇവയുടെ ജില്ലയിലുള്ള സാന്നിധ്യം മനസ്സിലാക്കുന്നതിനായി ചുവടെ ചേർത്ത പട്ടിക സഹായിക്കും.

പട്ടിക 2.26: ജില്ലയിലെ സഹകരണ സംഘങ്ങൾ

ക്രമ നം.	സഹകരണ സംഘങ്ങൾ	എണ്ണം
1	നെയ്ത്ത് സഹകരണ സംഘങ്ങൾ	3
2	കയർ സഹകരണ സംഘങ്ങൾ	3
3	കശുവണ്ടി സഹകരണ സംഘങ്ങൾ	0
4	എസ്. സി സഹകരണ സംഘങ്ങൾ	2
5	എസ്. ടി സഹകരണ സംഘങ്ങൾ	1
6	ഖാദി സഹകരണ സംഘങ്ങൾ	0
7	കർഷക സഹകരണ സംഘങ്ങൾ	8
8	മറ്റ് സഹകരണ സംഘങ്ങൾ	25
	ആകെ	42

അവലംബം: സാമ്പത്തിക സ്തിതി വിവര കണക്ക് വകുപ്പ്

പൊതുമേഖലാ ബാങ്കുകൾ, സ്വകാര്യബാങ്കുകൾ, സഹകരണമേഖലാ ബാങ്കുകൾ എന്നിവ അടങ്ങിയ ബാങ്കിംഗ് സൗകര്യങ്ങളുടെ വിതരണം പഞ്ചായത്ത് തലത്തിൽ പരിശോധിക്കുമ്പോൾ മീഞ്ച, മധൂർ,

കുമ്പഡാജെ, ബെള്ളൂർ, പനത്തടി, മടിക്കൈ, പടന്ന, വലിയ പറമ്പ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ബാങ്കിംഗ് സൗകര്യം തീരെ കുറവാണെന്ന് കാണാം. (ജില്ലാ ക്രഡിറ്റ് പ്ലാൻ 2017).ബ്ലോക്ക് അടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ കാറഡുക്ക, പരപ്പ എന്നീ ബ്ലോക്കുകളിൽ ബാങ്കിംഗ് സൗകര്യങ്ങൾ ജില്ലയിലെ മറ്റ് ബ്ലോക്കുകളെ അപേക്ഷിച്ച് കുറവാണ്.

ജില്ലയിലെ ബാങ്കിംഗ് സ്ഥാപനങ്ങൾവഴി വിവിധ മേഖലകളിൽ വകയിരുത്തിയ നിക്ഷേപത്തിന്റെ കണക്കുകളുടെ കഴിഞ്ഞ രണ്ട് വർഷത്തെ താരതമ്യ രേഖാചിത്രം താഴെ കൊടുത്തിരിക്കുന്നു.

രേഖാചിത്രം 2.3 : മേഖലാ നിക്ഷേപം



ജില്ലയിലെ വിവിധ സ്ഥാപനങ്ങൾ വഴി വായ്പ ലഭ്യമാക്കുന്നതിന്റെ രേഖാചിത്രം താഴെ കൊടുത്തിരിക്കുന്നു.

രേഖാചിത്രം 2.4 : മേഖലാ നിക്ഷേപം



അവലംബം: ജില്ലാ ക്രഡിറ്റ് പ്ലാൻ 201718 (ഡി. എൽ.സി.സി, 2017)

മുകളിൽ കൊടുത്തിരിക്കുന്ന രേഖാചിത്രത്തിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിൽ സഹകരണ സ്ഥാപനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കാവുന്നതാണ്. സഹകരണ സ്ഥാപനങ്ങൾക്ക് തൊട്ടുപിറകിലായി ദേശസാൽകൃത ബാങ്കുകളും റീജിയണൽ റൂറൽ ബാങ്കുകളും നിലകൊള്ളുന്നു. 2017-18 വർഷം സഹകരണ സ്ഥാപനങ്ങൾ വഴി 2600-ാളം കോടി രൂപ വായ്പയായി നൽകി (മുൻവർഷത്തെ വായ്പ നൽകിയതുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം 400 കോടിയുടെ വർദ്ധനവ്). ഇതേ കാലയളവിൽ ദേശസാൽകൃത ബാങ്കുകൾ 2029 കോടി രൂപയും നൽകി. ജില്ലാ സഹകരണ ബാങ്ക് 459 കോടി രൂപയും വായ്പയായി നൽകി.

ജില്ലയിൽ ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളെയും ജനങ്ങൾ ധനകാര്യ ആവശ്യങ്ങൾക്കായി സമീപിക്കുന്നുണ്ട്. സർക്കാർ തലത്തിലും സ്വകാര്യ തലത്തിലുമുള്ള ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെയുള്ള പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 2.27: ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ

ക്രമ: നം	ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ		ബ്രാഞ്ചുകളുടെ എണ്ണം
1	സർക്കാർ സ്ഥാപനങ്ങൾ	എൽ.ഐ.സി	4
		കെ.എസ്.എഫ്.ഇ	11
2	സ്വകാര്യ സ്ഥാപനങ്ങൾ	മണപ്പുറം	14
		മുത്തൂറ്റ് ഫിനാൻസ്	10
		മുത്തൂറ്റ് ഫിൻകോർപ്	21
	ആകെ		59

അവലംബം: സ്ഥാപനങ്ങളുടെ വെബ്സൈറ്റുകൾ

ഇതിലുപരിയായി ഓഹരി വിപണിയിൽ നിക്ഷേപം നടത്തുന്ന ഏഴോളം സ്വകാര്യ ഓഹരി ഇടനില സ്ഥാപനങ്ങളും ജില്ലയുടെ പ്രധാന നഗരങ്ങളിൽ സജീവമാണ്. ഓഹരി വിപണിയിലും അവധി വ്യാപാര കച്ചവടത്തിലും നിക്ഷേപം നടത്താൻ ഈ സ്ഥാപനങ്ങൾ നിക്ഷേപകരെ സഹായിക്കുന്നു.

ധനവിഭവങ്ങൾ

സമൂഹത്തിന്റെ അനന്തമായ ആവശ്യങ്ങളെ വിഭവ പരിമിതിയുടെ സാഹചര്യത്തിൽ മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുത്ത് അവ നിറവേറ്റാനുള്ള പരിപാടികൾ നടപ്പിലാക്കുക എന്നതാണ് ആസൂത്രണത്തിന്റെ അടിസ്ഥാനം. വിഭവങ്ങൾ പരിമിതമായതിനാൽ അവ ഏറ്റവും അനുയോജ്യമായ വിധത്തിൽ ഉപയോഗിക്കുക എന്നത് സർവ്വപ്രധാനമാണ്. ഉൽപ്പാദന രംഗത്തെ പ്രവർത്തനമാണെങ്കിൽ പരമാവധി ഉൽപാദനം വർദ്ധിപ്പിച്ചുകൊണ്ടും സേവനരംഗത്താണെങ്കിൽ കുറഞ്ഞ ചെലവിൽ പരമാവധിപേർക്ക് സേവനം ലഭ്യമാക്കിക്കൊണ്ടും വേണം വിഭവങ്ങൾ ഉപയോഗിക്കാൻ. പ്രകൃതി വിഭവങ്ങളുടെ വിനിയോഗം കാര്യക്ഷമമാക്കുന്നതിന് പ്രത്യേക ശ്രദ്ധയും സംവിധാനവും ആവശ്യമാണ്.

ഭരണഘടനയനുസരിച്ച് ജനങ്ങൾക്ക് സാമ്പത്തിക വികസനവും സാമൂഹ്യനീതിയും പ്രദാനം ചെയ്യേണ്ടത് കേന്ദ്ര-സംസ്ഥാന സർക്കാരുകളും പ്രാദേശിക സർക്കാരുകളുമാണ്. ഇവരുടെയെല്ലാം താഴെത്തട്ടിലുള്ള പ്രവർത്തന മണ്ഡലം ജനങ്ങളും എല്ലാ സർക്കാരുകളും അവർ ഭരണഘടനാപരമായി വീതിച്ചെടുക്കുന്ന ചുമതലകൾ ജനങ്ങൾക്കുവേണ്ടി നിറവേറ്റുന്നു. എന്നാൽ ഈ വിവിധ തല സർക്കാരുകൾ ചെയ്യുന്ന പ്രവർത്തനങ്ങൾ പരസ്പരം അറിയുന്നതിൽ വീഴ്ച വരുന്ന സാഹചര്യം പലപ്പോഴും ഉണ്ടാകുന്നു. വിവിധ തലത്തിലുള്ള പദ്ധതികളും ഫണ്ടുകളും പ്രവർത്തനങ്ങളും തമ്മിലുള്ള ഏകോപനക്കുറവ് പാഴ്ച്ചെലവിലേക്കും വികസനത്തിന് വിഘാതമുണ്ടാക്കുന്നതിലേക്കും നയിക്കുന്നു. കൂടാതെ വിഭവ വിനിയോഗം നിഷ്ഫലമാകുന്ന സ്ഥിതി സംജാതമാകുന്നതുമാണ്. ഇത് പരിഹരിക്കുന്നതിന് ഓരോ തലത്തിലുള്ള സർക്കാരും കൂട്ടായി പദ്ധതികളും മുൻഗണനകളും നിശ്ചയിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകണം.

I. വിഭവസ്രോതസ്സുകൾ

1. കേന്ദ്ര പദ്ധതികളുടെ വിഭവസ്രോതസ്സുകൾ

കേന്ദ്രതലത്തിൽ പിരിക്കുന്ന നികുതികളിൽ നിന്ന് സംസ്ഥാനങ്ങൾക്ക് നൽകുന്ന വിഹിതം കഴിച്ചുള്ള ഭാഗം, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള ആദായം കേന്ദ്രഗവൺമെന്റിന്റെ വരുമാന ഇനങ്ങളിൽ കയറ്റുമതി നികുതികൾ, കേന്ദ്ര എക്സൈസ് നികുതി, വ്യക്തികളുടെയും കമ്പനികളുടെയും വരുമാനത്തിൻമേൽ ഈടാക്കുന്ന വരുമാന നികുതിയിനങ്ങൾ തുടങ്ങിയവയാണ് മുഖ്യ വിഭവസ്രോതസ്സുകൾ. ഇതിനെല്ലാം പുറമേ ആഭ്യന്തര കമ്പോളത്തിൽ നിന്നും കടമെടുത്തും കേന്ദ്ര സർക്കാരിന് വിഭവ സമാഹരണം നടത്താം.

2. സംസ്ഥാന പദ്ധതികളുടെ വിഭവസ്രോതസ്സുകൾ

ചരക്ക് സേവന നികുതിയിൽ നിന്ന് സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്ന വിഹിതം, കേന്ദ്രം പിരിക്കുന്ന നികുതികളിൽ നിന്നും അതാത് സമയത്തെ ഫിനാൻസ് കമ്മീഷന്റെ ശുപാർശപ്രകാരം ലഭിക്കുന്ന വിഹിതം, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ എന്നീ ഇനത്തിൽ ലഭിക്കുന്ന വരുമാനം, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നുള്ള ആദായം തുടങ്ങിയവയാണ്. ഇതിൽനിന്ന് പദ്ധതിയേതര ചെലവുകൾ കഴിച്ച് ബാക്കി വരുന്നതുക കൊണ്ടാണ് സംസ്ഥാന പദ്ധതി അടങ്കലിന്റെ ഒരു വലിയ ഭാഗം കണ്ടെത്തുന്നത്. മറ്റൊരു പ്രധാന ഇനം കേന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകുന്ന പദ്ധതി സഹായമാണ്.

3. തദ്ദേശഭരണ സ്ഥാപന പദ്ധതികളുടെ വിഭവ സ്രോതസ്സുകൾ

കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ വിഭവസമാഹരണ സ്രോതസ്സുകളെപ്പറ്റി സൂചിപ്പിച്ചതിൽ നിന്നും തികച്ചും വ്യത്യസ്തമാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭവ സ്രോതസ്സുകൾ. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആശ്രയിക്കുവാൻ കഴിയുന്ന മുഖ്യവിഭവ സ്രോതസ്സ്, സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി സഹായം, തദ്ദേശഭരണ സ്ഥാപനത്തിന്റെ സ്വയാർജ്ജിത വരുമാനത്തിൽ നിന്നും പദ്ധതിയേതര ചെലവുകൾ കഴിച്ചുള്ള മിച്ചം, പ്രാദേശിക സംഭാവനകളും സന്നദ്ധ പ്രവർത്തനവും, കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കിട്ടുന്ന സഹായം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, സഹകരണ സ്ഥാപനങ്ങൾ അതുപോലെ മറ്റു

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, ഗുണഭോക്തൃ വിഹിതം മുതലായവയാണ്. മുൻകാലങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന വരുമാനം നിത്യനിദാന ചെലവുകൾക്കും ചുരുക്കം ചില വികസന പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുക എന്നതിനപ്പുറം വികസന പദ്ധതികൾ രൂപപ്പെടുത്തുക, അവ നടപ്പിലാക്കുക തുടങ്ങിയ കാര്യങ്ങളിലേക്ക് വേണ്ടത്ര കടന്നിരുന്നില്ല. വികസന പദ്ധതികൾ ആവിഷ്ക്കരിക്കാനും അവ നടപ്പിലാക്കാനുള്ള അധികാരവും ശക്തിയും വികേന്ദ്രീകൃതാസൂത്രണത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈവന്നിരിക്കുന്നു എന്നതാണ് ഇപ്പോഴുണ്ടായിരിക്കുന്ന വ്യത്യാസം. തദ്ദേശഭരണ സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതി സഹായത്തിൽ പരിമിതപ്പെടുത്തി പ്രാദേശിക വികസന പ്രവർത്തനങ്ങളും പദ്ധതികളും തയ്യാറാക്കുന്നതിന് പകരം സംസ്ഥാന സർക്കാരിന്റെ വിഹിതത്തോടൊപ്പം പ്രാദേശികമായി ലഭ്യമായ വിഭവസമാഹരണ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് വേണം പദ്ധതി ആസൂത്രണം നടത്തേണ്ടത്. ജനപങ്കാളിത്തത്തോടു കൂടിയുള്ള ആസൂത്രണവും നടത്തിപ്പും ഇതിനായി പരമാവധി പ്രയോജനപ്പെടുത്തണം. വിഭവ സമാഹരണവുമായി ബന്ധപ്പെട്ട ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രണ്ടു പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് ശേഖരിക്കപ്പെടുന്ന വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗമാണ്. പാഴായിക്കൊണ്ടിരിക്കുന്ന മനുഷ്യശേഷിയടക്കമുള്ള പ്രാദേശിക വിഭവങ്ങൾ വികസനത്തിനായി ഉപയോഗപ്പെടുത്തുക എന്നതാണ് രണ്ടാമത്തെ ലക്ഷ്യം. പ്രാദേശികമായ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിലെ വീഴ്ചകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതിയുടെ വലിപ്പത്തെയും ലക്ഷ്യങ്ങൾ നേടാനുള്ള സാധ്യതയെയും പ്രതികൂലമായി ബാധിക്കുന്നു എന്നത് വസ്തുതയാണ്. സ്വയാർജ്ജിത വരുമാനം വർദ്ധിപ്പിക്കുവാനുള്ള സാധ്യത ഉപയോഗപ്പെടുത്താ തിരിക്കുന്നത് മറ്റൊരർത്ഥത്തിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസനത്തെ പിറകോട്ട് നയിക്കുന്നതിന് തുല്യമാണ്. ബാങ്കുകളുടെ ധനവിഭവസാധ്യതകൾ പ്രാദേശിക വികസനത്തിനായി ഉപയോഗപ്പെടുത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്ക് വഹിക്കുവാൻ കഴിയും. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇതിനാവശ്യമായ ഇടപെടൽ നടത്തേണ്ടതുണ്ട്.

ബാങ്കുകളുടെയും മറ്റു ധനകാര്യ സ്ഥാപനങ്ങളുടെയും വായ്പാ ലഭ്യത മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിക്കുക എന്നതാണ് ഒന്നാമത്തെ കാര്യം. ഇതിനായി ബാങ്കുകളുടെ വായ്പാ ആസൂത്രണത്തിൽ മുൻകൂട്ടി ഇടപെടേണ്ടതുണ്ട്. ബാങ്കുകളുടെ വായ്പാസൂത്രണത്തിൽ പഞ്ചായത്ത്/മുൻസിപ്പൽ പദ്ധതികളുടെ വായ്പാ ആവശ്യങ്ങൾ പ്രതിപാദിക്കുന്നു എന്ന് ഉറപ്പു വരുത്താൻ കഴിയണം. കൂടാതെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളുടെ ആവശ്യകത വർദ്ധിപ്പിക്കുന്നതിന് ബാങ്കുകൾക്ക് സ്വീകാര്യമായ രീതിയിൽ പരമാവധി പ്രോജക്ടുകൾ തയ്യാറാക്കുക എന്നതും പ്രധാനമാണ്.

II. വിവിധതരം പദ്ധതികൾ

1. കേന്ദ്രാവിഷ്കൃത പദ്ധതികൾ

ഭരണഘടന ജനങ്ങൾക്ക് വാഗ്ദാനം ചെയ്തിട്ടുള്ള സാമ്പത്തിക വികസനവും സാമൂഹ്യനീതിയും എല്ലാവർക്കും പ്രദാനം ചെയ്യുന്നതിനുവേണ്ടി പ്രത്യേക നിയമത്തിൻകീഴിൽ ഉദ്ദേശ്യ സാക്ഷാത്ക്കരണത്തിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് സംസ്ഥാന സർക്കാരുകൾ വഴിയോ പ്രാദേശിക സർക്കാരുകൾ വഴിയോ നടപ്പിലാക്കുന്ന പദ്ധതികളാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ. ആയതിനുള്ള ഫണ്ടും കേന്ദ്രസർക്കാർ നിബന്ധനകളോടെ നിർവ്വഹണ ഏജൻസികൾക്ക് നൽകുന്നു. ഉദാഹരണമായി ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ പ്രവർത്തനം എല്ലാ പൗരൻമാർക്കും പൂർണ്ണ ആരോഗ്യം ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിടുന്നു. സർവ്വശിക്ഷാ അഭിയാൻ എല്ലാവർക്കും പ്രാഥമിക, എലിമെന്ററി വിദ്യാഭ്യാസം ഉറപ്പു നൽകുന്നു. ദുർബല വിഭാഗങ്ങളുടെ വികസനം സമയബന്ധിതമായി സാധ്യമാക്കുന്നതിന് പട്ടികജാതി, പട്ടികവർഗ്ഗം, ന്യൂനപക്ഷങ്ങൾ എന്നിവർക്ക് പ്രത്യേകം പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. വയോജനങ്ങൾ, വികലാംഗർ, കുട്ടികൾ, വനിതകൾ തുടങ്ങിയ വിഭാഗങ്ങൾക്ക് എതിരെയുള്ള വിവേചനവും, അസമത്വവും ചൂഷണവും തടയുന്നതിനും അവരുടെ അവകാശ സംരക്ഷണത്തിനും പ്രത്യേക പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. ദാരിദ്ര്യ ലഘൂകരണം സാധ്യമാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള വിവിധ പരിപാടികൾ നടപ്പിലാക്കുന്നതോടൊപ്പം കരകൗശലവൃത്തിയിലേർപ്പെടുന്നവർ പരമ്പരാഗത കൈത്തൊഴിലാഴിലുകാർ മുതലായവരുടെ ഉന്നമനത്തിനും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും, ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനും വനങ്ങളെയും ജീവികളെയും പരിപാലിക്കുന്നതിനും വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഭക്ഷ്യസുരക്ഷയ്ക്കായി കൃഷി, ഡയറി, മൃഗസംരക്ഷണം, മണ്ണ്-ജല സംരക്ഷണം, മൽസ്യബന്ധനം എന്നീ മേഖലകളിലും വിവിധ പരിപാടികൾ നടപ്പിലാക്കിവരുന്നു. വ്യവസായങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും പ്രോൽസാഹനത്തിനുതകുന്നതും വരുമാന വർദ്ധനവിനുമായി ടൂറിസം, ഐ.ടി മേഖലാ വികസനത്തിനുള്ള വിവിധ പരിപാടികൾ നടപ്പിലാക്കിവരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികളെ, നടത്തിപ്പിന്റെ അടിസ്ഥാനത്തിൽ പ്രധാനമായും നാലായി തരംതിരിക്കാം. കേന്ദ്രസർക്കാർ വകുപ്പുകൾ വഴി നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ (ഉദാ: പോസ്റ്റ് & ടെലിഗ്രാഫ്, റെയിൽവേ മുതലായവ) സംസ്ഥാന സർക്കാരും അവരുടെ വിവിധ വകുപ്പുകളും വഴി നടപ്പിലാക്കുന്ന പദ്ധതികൾ, പ്രവർത്തനങ്ങൾ (ഉദാ: ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ, സർവ്വശിക്ഷാ അഭിയാൻ പ്രവർത്ത

നങ്ങൾ മുതലായവ) സർക്കാരിതര സംഘടനകൾ വഴി നടപ്പിലാക്കുന്നവ (ഉദാ: വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ, സ്വയംതൊഴിൽ പരിപാടികൾ) തദ്ദേശഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കുന്നവ (ഉദാ:തൊഴിലുറപ്പ് പദ്ധതി, സാമൂഹ്യസുരക്ഷാ പെൻഷനുകൾ, ശുചിത്വ പരിപാടികൾ, ഭവന നിർമ്മാണം (പി.എം.എ.വൈ) മുതലായവ).

2. സംസ്ഥാനാവിഷ്കൃത പദ്ധതികൾ

സംസ്ഥാന സർക്കാർ അവരുടെ പ്ലാൻ, നോൺ പ്ലാൻ ഫണ്ടുകൾ വിനിയോഗിച്ച് സംസ്ഥാന സർക്കാറിന്റെ വിവിധ വകുപ്പുകൾ വഴി പ്രത്യേക ലക്ഷ്യങ്ങൾ സാധിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികളെ സംസ്ഥാനാവിഷ്കൃത പദ്ധതികൾ എന്നു പറയുന്നു. വാർഷിക/ പഞ്ചവൽസര പദ്ധതികളും നോൺപ്ലാൻ ചെലവുകളും ഇതിൽപ്പെടുന്നു. കേന്ദ്രസർക്കാർ നൽകുന്ന വിവിധ വിഹിതങ്ങളും ഇതിനായി ഉപയോഗപ്പെടുത്തുന്നു. കേന്ദ്രസർക്കാർ നൽകുന്ന വിഹിതം (പ്ലാൻ) കൂട്ടിച്ചേർത്ത് കേന്ദ്രസർക്കാർ അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി വാർഷിക ബഡ്ജറ്റിന്റെ വിവിധ ശീർഷകങ്ങളിൽപ്പെടുത്തിയാണ് ഇത്തരം പദ്ധതികളുടെ ചെലവ് ചെയ്യുന്നത്. സ്ഥിരമായി നടപ്പിലാക്കേണ്ട വിവിധ സ്കീമുകൾ നോൺ പ്ലാൻ ഫണ്ടിൽപ്പെടുത്തിയും വിവിധ വികസന സ്കീമുകൾ പ്ലാൻഫണ്ട് വിനിയോഗിച്ചും വകുപ്പുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നു. ബഡ്ജറ്റ് പ്രകാരമുള്ള ഫണ്ട് അതാത് വകുപ്പുകൾക്ക് യഥാവിധി കൈമാറുകയും വകുപ്പുകൾ മേൽ ഫണ്ട് നേരിട്ടോ വിവിധ നിർവ്വഹണസ്ഥാപനങ്ങൾ/ഏജൻസികൾവഴിയോ സ്കീം നടപ്പാക്കി ലക്ഷ്യം പ്രാവർത്തികമാക്കുന്നു.

3. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ

3	മുളിയാർ ഗ്രാമ പഞ്ചായത്ത്	118.90	45.06	147.08
4	കാറഡുക്ക ഗ്രാമ പഞ്ചായത്ത്	106.98	47.39	94.07
5	ദേലമ്പാടി ഗ്രാമ പഞ്ചായത്ത്	120.82	61.46	156.67
6	ബേഡഡുക്ക ഗ്രാമ പഞ്ചായത്ത്	141.93	60.36	194.58
7	കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത്	125.90	57.22	147.64
	കാസറഗോഡ് ബ്ലോക്ക്			
1	ചെങ്കള ഗ്രാമ പഞ്ചായത്ത്	255.40	85.25	220.48
2	ചെമ്മനാട് ഗ്രാമ പഞ്ചായത്ത്	255.16	85.25	139.79
3	മധൂർ ഗ്രാമ പഞ്ചായത്ത്	180.20	63.50	68.75
4	മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത്	117.73	40.06	107.27
5	ബദിയഡുക്ക ഗ്രാമ പഞ്ചായത്ത്	166.15	81.01	202.06
6	കുമ്പള ഗ്രാമ പഞ്ചായത്ത്	213.89	74.90	145.65
	കാഞ്ഞങ്ങാട് ബ്ലോക്ക്			
1	ഉദുമ ഗ്രാമ പഞ്ചായത്ത്	186.50	67.58	138.77
2	അജാനൂർ ഗ്രാമ പഞ്ചായത്ത്	242.69	79.49	224.53
3	മടിക്കൈ ഗ്രാമ പഞ്ചായത്ത്	109.62	50.79	214.15
4	പള്ളിക്കര ഗ്രാമ പഞ്ചായത്ത്	211.20	73.98	117.45
5	പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്ത്	142.78	59.72	172.75
	പരപ്പ ബ്ലോക്ക്			
1	ബളാൽ ഗ്രാമ പഞ്ചായത്ത്	124.68	70.36	253.86
2	കോടോം ബേളൂർ ഗ്രാമ പഞ്ചായത്ത്	172.12	78.46	376.24
3	പനത്തടി ഗ്രാമ പഞ്ചായത്ത്	118.80	58.78	190.90
4	കളളാർ ഗ്രാമ പഞ്ചായത്ത്	102.05	40.97	148.93
5	ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്	131.10	58.61	219.15
6	വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്	157.36	64.01	112.57
7	കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്ത്	137.41	64.44	261.68
	നീലേശ്വരം ബ്ലോക്ക്			
1	ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത്	136.59	48.86	112.72
2	കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്ത്	120.39	54.55	108.37
3	പിലിക്കോട് ഗ്രാമ പഞ്ചായത്ത്	124.27	43.79	308.65
4	തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത്	191.14	57.60	254.59
5	വലിയപറമ്പ ഗ്രാമ പഞ്ചയത്ത്	64.10	37.86	30.80
6	പടന്ന ഗ്രാമ പഞ്ചായത്ത്	101.21	37.86	89.50
	ഗ്രാമ പഞ്ചായത്തുകൾ ആകെ	5581.62	2267.41	5888.79
	ബ്ലോക്ക് പഞ്ചായത്തുകൾ			
1	മഞ്ചേശ്വരം	52.44	88.14	0.00
2	കാറഡുക്ക	52.44	71.74	0.00
3	കാസറഗോഡ്	52.44	83.31	0.00
4	കാഞ്ഞങ്ങാട്	52.44	65.05	0.00
5	പരപ്പ	52.44	95.37	0.00

6	നീലേശ്വരം	52.44	51.65	0.00
	ബ്ലോക്ക് പഞ്ചായത്തുകൾ ആകെ	314.66	455.26	0.00
	നഗരസഭകൾ			
1	കാഞ്ഞങ്ങാട്	366.46	230.77	277.43
2	കാസറഗോഡ്	294.47	151.64	465.60
3	നീലേശ്വരം	213.79	148.93	158.53
	നഗരസഭകൾ ആകെ	874.73	531.34	901.56
	ജില്ലാ പഞ്ചായത്ത്			
	കാസറഗോഡ്	400.29	661.81	3407.16
	ജില്ലാ പഞ്ചായത്ത് ആകെ	400.29	661.81	3407.16
	ആകെ മൊത്തം	7171.30	3915.82	10197.51

പട്ടിക 2.55: പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പരമ്പരാഗത ചുമതലകൾ, സംരക്ഷണച്ചെലവ് (റോഡിതരയിനം, റോഡിനം) എന്നീ ഇനത്തിൽ ലഭ്ക്കുമെന്ന് പ്രതീക്ഷിക്കുന്ന ആകെ തുകകൾ (2017- 18) - (2021 -22) (രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്	പരമ്പരാഗത ചുമതലകൾ	മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)	മെയിന്റനൻസ് ഗ്രാന്റ് (റോഡ്)
1	2	3	4	5
	മഞ്ചേശ്വരം ബ്ലോക്ക്			
1	മംഗൽപ്പാടി ഗ്രാമ പഞ്ചായത്ത്	962.77	337.12	677.48
2	വോർക്കാടി ഗ്രാമ പഞ്ചായത്ത്	529.50	230.83	437.67
3	പുത്തിഗെ ഗ്രാമ പഞ്ചായത്ത്	424.00	171.92	321.37
4	മീഞ്ച ഗ്രാമ പഞ്ചായത്ത്	457.09	190.60	226.50
5	മഞ്ചേശ്വരം ഗ്രാമ പഞ്ചായത്ത്	820.16	355.50	538.71
6	പൈവളിഗെ ഗ്രാമ പഞ്ചായത്ത്	692.32	290.42	611.91
7	എൻമകജെ ഗ്രാമ പഞ്ചായത്ത്	586.70	268.62	580.60
	കാറഡുക്ക ബ്ലോക്ക്			
1	ബെള്ളൂർ ഗ്രാമ പഞ്ചായത്ത്	235.66	157.94	163.68
2	കുമ്പഡാജെ ഗ്രാമ പഞ്ചായത്ത്	314.72	157.94	316.31
3	മുളിയാർ ഗ്രാമ പഞ്ചായത്ത്	495.80	187.91	613.32
4	കാറഡുക്ക ഗ്രാമ പഞ്ചായത്ത്	446.10	197.62	392.25
5	ദേലമ്പാടി ഗ്രാമ പഞ്ചായത്ത്	503.79	256.29	653.31
6	ബേഡഡുക്ക ഗ്രാമ പഞ്ചായത്ത്	591.83	251.71	811.37
7	കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത്	524.98	238.59	615.64
	കാസറഗോഡ് ബ്ലോക്ക്			
1	ചെങ്കള ഗ്രാമ പഞ്ചായത്ത്	1064.97	355.50	919.37
2	ചെമ്മനാട് ഗ്രാമ പഞ്ചായത്ത്	1064.00	355.50	582.91
3	മധൂർ ഗ്രാമ പഞ്ചായത്ത്	751.42	264.78	286.70
4	മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത്	490.91	167.04	447.32
5	ബദിയഡുക്ക ഗ്രാമ പഞ്ചായത്ത്	692.81	337.80	842.56
6	കുമ്പള ഗ്രാമ പഞ്ചായത്ത്	891.89	312.34	607.34
	കാഞ്ഞങ്ങാട് ബ്ലോക്ക്			
1	ഉദുമ ഗ്രാമ പഞ്ചായത്ത്	777.67	281.81	578.64
2	അജാനൂർ ഗ്രാമ പഞ്ചായത്ത്	1011.98	331.45	936.28
3	മടിക്കൈ ഗ്രാമ പഞ്ചായത്ത്	457.09	211.79	892.99
4	പള്ളിക്കര ഗ്രാമ പഞ്ചായത്ത്	880.66	308.49	489.75
5	പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്ത്	595.37	249.03	720.34
	പരപ്പ ബ്ലോക്ക്			

വിഭവലഭ്യത

1	ബളാൽ ഗ്രാമ പഞ്ചായത്ത്	519.91	293.41	1058.56
2	കോടോം ബേളൂർ ഗ്രാമ പഞ്ചായത്ത്	717.72	327.17	1568.89
3	പനത്തടി ഗ്രാമ പഞ്ചായത്ത്	495.37	245.12	796.04
4	കള്ളാർ ഗ്രാമ പഞ്ചായത്ത്	425.53	170.82	621.01
5	ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്	546.65	244.39	913.81
6	വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്	656.18	266.91	469.42
7	കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്ത്	572.96	268.69	1091.16
	നീലേശ്വരം ബ്ലോക്ക്			
1	ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത്	569.54	203.73	470.03
2	കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്ത്	502.02	227.48	451.90
3	പിലിക്കോട് ഗ്രാമ പഞ്ചായത്ത്	518.20	182.60	1287.02
4	തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത്	797.02	240.17	1061.62
5	വലിയപറമ്പ ഗ്രാമ പഞ്ചയത്ത്	267.28	157.88	128.45
6	പടന്ന ഗ്രാമ പഞ്ചായത്ത്	422.05	157.88	373.20
	ഗ്രാമ പഞ്ചായത്തുകൾ ആകെ	23274.59	9454.79	24555.44
	ബ്ലോക്ക് പഞ്ചായത്തുകൾ			
1	മഞ്ചേശ്വരം	218.68	367.53	0.00
2	കാറഡുക്ക	218.68	299.15	0.00
3	കാസറഗോഡ്	218.68	347.38	0.00
4	കാഞ്ഞങ്ങാട്	218.68	271.25	0.00
5	പരപ്പ	218.68	397.69	0.00
6	നീലേശ്വരം	218.68	215.39	0.00
	ബ്ലോക്ക് പഞ്ചായത്തുകൾ ആകെ	1312.11	1898.38	0.00
	നഗരസഭകൾ			
1	കാഞ്ഞങ്ങാട്	1528.11	962.29	1156.86
2	കാസറഗോഡ്	1227.92	632.31	1941.48
3	നീലേശ്വരം	891.47	621.01	661.06
	നഗരസഭകൾ ആകെ	3647.49	2215.60	3759.40
	ജില്ലാ പഞ്ചായത്ത്			
	കാസറഗോഡ്	1669.17	2759.66	16701.76
	ജില്ലാ പഞ്ചായത്ത് ആകെ	1669.17	2759.66	16701.76
	ആകെ മൊത്തം	29903.36	16328.43	45016.60

പട്ടിക 2.56: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്ന തനതുഫണ്ട് വിവരങ്ങൾ(രൂപ ലക്ഷത്തിൽ)

ക്രമ നമ്പർ	തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്	2017-18 ൽ വകയിരുത്തിയ തനതു ഫണ്ട്	പ്രതീക്ഷിക്കുന്ന തനതുഫണ്ട്				ആകെ
			2018-2019	2019-2020	2020-2021	2021-2022	
1	2	3	4	5	6	7	8
	മഞ്ചേശ്വരം ബ്ലോക്ക്						
1	മംഗൽപ്പാടി ഗ്രാമപഞ്ചായത്ത്	59.43	65.37	71.91	79.1	87.01	362.82
2	വോർക്കാടി ഗ്രാമപഞ്ചായത്ത്	31.11	34.22	37.64	41.41	45.55	189.93
3	പുത്തിഗെ ഗ്രാമപഞ്ചായത്ത്	14.6	16.06	17.67	19.43	21.38	89.14
4	മീഞ്ച ഗ്രാമപഞ്ചായത്ത്	11.94	13.13	14.45	15.89	17.48	72.89
5	മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത്	148.02	162.82	179.1	197.01	216.72	903.67
6	പൈവളിഗെ ഗ്രാമപഞ്ചായത്ത്	14.54	15.99	17.59	19.35	21.29	88.76
7	എൻമകജെ ഗ്രാമപഞ്ചായത്ത്	71.16	78.28	86.1	94.71	104.19	434.44
	കാറഡുക്ക ബ്ലോക്ക്						
1	ബെളളൂർ ഗ്രാമപഞ്ചായത്ത്	0.94	1.03	1.14	1.25	1.38	5.74

2	കുമ്പഡാജെ ഗ്രാമപഞ്ചായത്ത്	4	4.4	4.84	5.32	5.86	24.42
3	മുളിയാർ ഗ്രാമപഞ്ചായത്ത്	185.06	203.57	223.92	246.31	270.95	1129.81
4	കാറഡുക്ക ഗ്രാമപഞ്ചായത്ത്	44	48.4	53.24	58.56	64.42	268.62
5	ദേലമ്പാടി ഗ്രാമപഞ്ചായത്ത്	59.43	65.37	71.91	79.1	87.01	362.82
6	ബേഡഡുക്ക ഗ്രാമപഞ്ചായത്ത്	76.03	83.63	92	101.2	111.32	464.18
7	കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്	20.93	23.02	25.33	27.86	30.64	127.78
	കാസറഗോഡ് ബ്ലോക്ക്						
1	ചെങ്കള ഗ്രാമപഞ്ചായത്ത്	322.58	354.84	390.32	429.35	472.29	1969.38
2	ചെമ്മനാട് ഗ്രാമപഞ്ചായത്ത്	197.14	216.85	238.54	262.39	288.63	1203.55
3	മധൂർ ഗ്രാമപഞ്ചായത്ത്	184.82	203.3	223.63	246	270.59	1128.34
4	മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത്	71.86	79.05	86.95	95.65	105.21	438.72
5	ബദിയഡുക്ക ഗ്രാമപഞ്ചായത്ത്	81.64	89.8	98.78	108.66	119.53	498.41
6	കുമ്പള ഗ്രാമപഞ്ചായത്ത്	379.15	417.07	458.77	504.65	555.11	2314.75
	കാഞ്ഞങ്ങാട് ബ്ലോക്ക്						
1	ഉദുമ ഗ്രാമപഞ്ചായത്ത്	216.99	238.69	262.56	288.81	317.7	1324.75
2	അജാനൂർ ഗ്രാമപഞ്ചായത്ത്	309.34	340.27	374.3	411.73	452.9	1888.54
3	മടിക്കൈ ഗ്രാമപഞ്ചായത്ത്	138.8	152.68	167.95	184.74	203.22	847.39
4	പള്ളിക്കര ഗ്രാമപഞ്ചായത്ത്	174.69	192.16	211.37	232.51	255.76	1066.49
5	പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത്	73.53	80.88	88.97	97.87	107.66	448.91
	പരപ്പ ബ്ലോക്ക്						
1	ബളാൽ ഗ്രാമപഞ്ചായത്ത്	89.71	98.68	108.55	119.4	131.34	547.68
2	കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്	267.26	293.99	323.38	355.72	391.3	1631.65
3	പനത്തടി ഗ്രാമപഞ്ചായത്ത്	61.72	67.89	74.68	82.15	90.36	376.8
4	കള്ളാർ ഗ്രാമപഞ്ചായത്ത്	462.8	509.08	559.99	615.99	677.59	2825.45
5	ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്	28	30.8	33.88	37.27	40.99	170.94
6	വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്	116.04	127.64	140.41	154.45	169.89	708.43
7	കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത്	54.88	60.37	66.4	73.05	80.35	335.05
	നീലേശ്വരം ബ്ലോക്ക്						
1	ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്	93.6	102.96	113.26	124.58	137.04	571.44
2	കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത്	65.43	71.97	79.17	87.09	95.8	399.46
3	പിലിക്കോട് ഗ്രാമപഞ്ചായത്ത്	38.92	42.81	47.09	51.8	56.98	237.6
4	തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്	77.93	85.72	94.3	103.72	114.1	475.77
5	വലിയപറമ്പ ഗ്രാമപഞ്ചായത്ത്	0.37	0.41	0.45	0.49	0.54	2.26
6	പടന്ന ഗ്രാമപഞ്ചായത്ത്	40.78	44.86	49.34	54.28	59.71	248.97
	ഗ്രാമപഞ്ചായത്തുകൾ ആകെ	4289.17	4718.06	5189.88	5708.85	6279.79	26185.8
	ബ്ലോക്ക് പഞ്ചായത്തുകൾ						
1	മഞ്ചേശ്വരം	8.25	9.08	9.98	10.98	12.08	50.37
2	കാറഡുക്ക	0.00	0.00	0.00	0.00	0.00	0
3	കാസറഗോഡ്	27.92	30.71	33.78	37.16	40.88	170.45
4	കാഞ്ഞങ്ങാട്	4.75	5.23	5.75	6.32	6.95	29
5	പരപ്പ	0.89	0.98	1.08	1.18	1.3	5.43
6	നീലേശ്വരം	66.27	72.9	80.19	88.21	97.03	404.6
	ബ്ലോക്ക് പഞ്ചായത്തുകൾ ആകെ	108.08	118.9	130.78	143.85	158.24	659.85

വിഭവലഭ്യത

	നഗരസഭകൾ						
1	കാഞ്ഞങ്ങാട്	224.94	247.43	272.18	299.4	329.33	1373.28
2	കാസറഗോഡ്	116.7	128.37	141.21	155.33	170.86	712.47
3	നീലേശ്വരം	35.12	38.63	42.5	46.74	51.42	214.41
	നഗരസഭകൾ ആകെ	376.76	414.43	455.89	501.47	551.61	2300.16
	ജില്ലാ പഞ്ചായത്ത്						
1	കാസറഗോഡ്	330.74	363.81	400.2	440.21	484.24	2019.2
	ജില്ലാ പഞ്ചായത്ത് ആകെ	330.74	363.81	400.2	440.21	484.24	2019.2
	ആകെ	5104.75	5615.20	6176.75	6794.38	7473.88	31164.96

സംഗ്രഹം

61.06 ശതമാനം ജനങ്ങളും ഗ്രാമങ്ങളിൽ വസിക്കുന്ന ജില്ലയാണ് കാസറഗോഡ്. ദശാബ്ദ ജനസംഖ്യാ വളർച്ച സംസ്ഥാനത്തിന്റെ രണ്ടുമടങ്ങാണ്. പ്രതിശീർഷ വരുമാനം സംസ്ഥാന ശരാശിയെക്കാൾ കുറവായ ജില്ലയെ സംസ്ഥാനത്തിനൊപ്പമോ, അധികമോ ആയി എത്തിക്കുക എന്നതാണ് സാമ്പത്തിക ആസൂത്രണത്തിലെ പ്രഥമ ലക്ഷ്യം. ഇതിനു നമ്മുടെ വിഭവസ്രോതസ്സുകളെയും ജി.ഡി.പി. യിലേക്കുള്ള സംഭാവനയെയും കണക്കിലെടുക്കേണ്ടതുണ്ട്. പ്രതിശീർഷവരുമാനത്തിൽ സംസ്ഥാനത്ത് പത്താം സ്ഥാനവും, ആഭ്യന്തര ഉല്പാദനത്തിൽ പന്ത്രണ്ടാം സ്ഥാനവുമുള്ള ജില്ലയിൽ തൃതീയ മേഖലക്കാണ് മുൻതൂക്കം. എന്നാൽ വളർച്ചാനിരക്ക് പരിശോധിക്കുമ്പോൾ കൃഷി ഉൾപ്പെടെയുള്ള പ്രാഥമിക മേഖലക്ക് നേരിയ തോതിലെങ്കിലും വർദ്ധനവ് സമീപകാലത്ത് പ്രകടമായിട്ടുണ്ട്. വിളകളുടെയും കൃഷി അനുബന്ധമേഖലയുടെയും സമഗ്രമായ വളർച്ച അനിവാര്യമാണെന്നത് മേഖലാ വിഹിത സൂചികകളുടെയും നാടിന്റെ പശ്ചാത്തലത്തിന്റെയും അടിസ്ഥാനത്തിൽ എത്താവുന്ന പ്രാഥമിക നിഗമനമാണ്. ആകെ ഭൂവിസ്തൃതിയുടെ 73 ശതമാനവും കൃഷിഭൂമിയാണെന്നത് ഈ നിഗമനത്തെ ശക്തിപ്പെടുത്തുന്നു. സംസ്ഥാന ശരാശരി കേവലം 52.06 ശതമാനം മാത്രമാണ്. കൃഷി യോഗ്യമായ തരിശു ഭൂമി ജില്ലയിൽ 13000 ഹെക്ടറോളമുണ്ട്. സുരംഗം, പള്ളം പോലുള്ള കാസറഗോഡിന്റെ സ്വന്തം സ്വാഭാവിക ജലസ്രോതസ്സുകളും സംസ്ഥാനത്തു തന്നെ ഏറ്റവും പുഴകളുള്ളതും നമുക്ക് കൂടുതൽ ശക്തി പകരുന്ന ഘടകങ്ങളാണ്. കാർഷിക മേഖലകളിലെ വ്യതിയാനങ്ങൾ ഈ അധ്യായത്തിൽ വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഇത് ശാസ്ത്രീയമായും പുരോഗതിക്കനുപൂരകമായും പുനർനിർമ്മിതിക്കു വിധേയമാക്കാൻ സ്ഥലമാനങ്ങളനുസരിച്ചുള്ള മാപ്പിംഗ് പ്രധാനമാകുന്നു. പ്രകൃതിവിഭവ ശേഷിയുടെ ശാസ്ത്രീയ മാപ്പിംഗിനോടൊപ്പം തന്നെ പ്രധാനമാണ് മനുഷ്യവിഭവശേഷിയുടെ വിലയിരുത്തൽ. സ്ത്രീ തൊഴിൽ പങ്കാളിത്ത വർദ്ധനവും ഏറ്റവും കൂടുതൽ തൊഴിൽ ശേഷിയുള്ള യുവത്വത്തിന്റെ ഏറിയ സാന്നിധ്യവും എല്ലാം പരസ്പരപൂരകമായി ജില്ലയെ മാറ്റിത്തീർക്കാൻ സമന്വയിപ്പിച്ച് പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

3. വികസനത്തിന്റെ സ്ഥലമാനങ്ങൾ

3. വികസനത്തിന്റെ സ്ഥലമാനങ്ങൾ

ജില്ലയുടെ സമഗ്ര വികസനം വിഭാവനം ചെയ്യുന്ന ഒരു രേഖയാണ് ജില്ലാ പദ്ധതി. ലഭ്യമായ വിഭവങ്ങളുടെ ഉദാത്തമായ ഉപയോഗം ഉറപ്പാക്കുന്നതാകണം വികസന കാഴ്ചപ്പാട്. അത് സംസ്ഥാന വികസന കാഴ്ചപ്പാടിന് അനുരൂപമായിരിക്കേണ്ടതുമാണ്. ജില്ലയ്ക്ക് പൊതുവിലും ഓരോ വികസന മേഖലയിലും അടുത്ത 20 വർഷം കൊണ്ട് എത്തിച്ചേരേണ്ട ലക്ഷ്യങ്ങൾ നിശ്ചയിച്ച് അത് പ്രാവർത്തികമാക്കാൻ ഏതൊക്കെ പ്രദേശങ്ങൾ ഏതൊക്കെ വികസന തന്ത്രങ്ങൾ സ്വീകരിക്കണമെന്ന് നിശ്ചയിക്കണം, ഇതിനായി ജില്ലയുടെ സ്ഥലപര ഘടന എന്തെന്ന് പഠന വിധേയമാക്കുന്നു.

സ്ഥലസംബന്ധിയായ ഘടകങ്ങളുടെ (ഭൂവിനിയോഗം, ഭൂപ്രകൃതി, സാമൂഹിക-സാമ്പത്തിക പശ്ചാത്തല സൗകര്യങ്ങളുടെ വിതരണം, പരിസ്ഥിതി ലോല പ്രദേശങ്ങളുടെ വിതരണം, ജനസംഖ്യാ വിന്യാസം, തൊഴിൽ ഘടന മുതലായവ) സ്ഥലപര വിശകലനവും അതിന്റെ അടിസ്ഥാനത്തിൽ ജില്ലയുടെ നിലവിലെ സ്ഥലപര ഘടനയുടെ പഠനവും നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആസൂത്രിത വികസനം സാധ്യമാക്കുന്നതിന് ദീർഘകാല കാഴ്ചപ്പാടിൽ ഉണ്ടാക്കുകയും ചെയ്യേണ്ടതുണ്ട്.

വികസനത്തിന്റെ കേരള മാതൃക, അന്താരാഷ്ട്ര തലത്തിൽ തന്നെ ഏറെ ശ്രദ്ധയാകർഷി ച്ചിട്ടുള്ളതാണ്. 2012-ൽ നഗര-ഗ്രാമാസൂത്രണ വകുപ്പ് പ്രസിദ്ധീകരിച്ച സംസ്ഥാന നഗരവത്കരണ റിപ്പോർട്ടിൽ സൂചിപ്പിച്ചതുപോലെ താരതമ്യേന താഴ്ന്ന സാമ്പത്തിക വളർച്ചയുടെ പശ്ചാത്തലത്തിൽ ഉയർന്ന സാമ്പത്തിക വികസനം നേടുക എന്ന വികസന മാതൃക നിമിത്തമാണ് ഇത് സംഭവിച്ചത്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമായി ഒരേപോലെ വ്യാപിച്ചു കിടക്കുന്ന വാസസ്ഥലങ്ങളോട് കൂടിയ നഗര-ഗ്രാമ നൈരന്തര്യമാണ് കേരളത്തിൽ കാണാൻ സാധിക്കുന്നത്.

2001-11 കാലയളവിൽ കേരളത്തിൽ ഏറ്റവും ഉയർന്ന തോതിലുള്ള നഗര വത്ക്കരണം (47.7%) നടന്നിട്ടുണ്ടെന്ന് സെൻസസ് (2011) രേഖകൾ വ്യക്തമാക്കുന്നു. കൃഷിയിൽ നിന്നും മറ്റു വിഭാഗം തൊഴിലുകളിലേക്കുള്ള തൊഴിൽ ഘടനയിലെ മാറ്റത്തിന്റെ ഫലമായി ഭൂവിനിയോഗത്തിലും സാമ്പത്തിക ക്രമത്തിലും, നഗരവത്കരണത്തിലും കാതലായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. കേരളത്തിന്റെ ഘടനയിൽ സംഭവിച്ച ഈ പരിവർത്തനം മുഴുവൻ ജില്ലകളിലും സംഭവിച്ച മാറ്റത്തിന്റെ ആകെതുകയാണ്.

ഭൂവിനിയോഗം, ഭൂപ്രകൃതി, നഗരവത്കരണ രീതി, മാനവ വിഭവശേഷി തുടങ്ങിയ ഘടകങ്ങളുടെ കാര്യത്തിൽ ഓരോ ജില്ലയും വ്യത്യസ്തമായതിനാൽ അതാത് ജില്ലകളിലും വികസനത്തിന്റെ മാനങ്ങൾ വ്യത്യസ്തമായിരിക്കും.

സംസ്ഥാനത്തിന്റെ വടക്കേ അറ്റത്തുള്ളതും കേരളത്തിന്റെ 'ഗേറ്റ്വേ' എന്ന് വിശേഷിപ്പിക്കാവുന്നതുമായ ജില്ലയാണ് കാസറഗോഡ്. നഗരഗ്രാമാസൂത്രണ വകുപ്പ്, ജില്ലയുടെ നഗരവത്കരണ സ്വഭാവം പഠിക്കുകയും 2011-ൽ ജില്ലാ നഗരവത്കരണ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 2001-2011 കാലയളവിൽ ജില്ലയുടെ ജനസംഖ്യാ വളർച്ചാ നിരക്ക് 8.18% വും നഗരവത്കരണത്തിന്റെ തോത് 18.84 ശതമാനവുമാണ്. 2001-ലെ കണക്ക് പ്രകാരം തൊഴിൽ പങ്കാളിത്ത നിരക്ക് 34.7 ശതമാനവും 1991-01 കാലയളവിലെ വർദ്ധനവ് 4.14 ശതമാനം മാത്രമാണ്. തൊഴിൽ ഘടനയ്ക്ക് ആനുപാതികമായല്ല നഗരവത്കരണം സംഭവിക്കുന്നത് എന്നതിനാൽ ബാഹ്യമായ ഘടകങ്ങൾ ഇതിനു കാരണമാകുന്നു എന്നു കാണാം. അതുകൊണ്ടുതന്നെ വികസനത്തിന്റെ വിവിധ സ്ഥലമാനങ്ങൾ പഠിക്കേണ്ടതുണ്ട്.

മേപ്പ് 3.1: കാസറഗോഡ് ജില്ല- തദ്ദേശ ഭരണ പ്രദേശങ്ങൾ



അവലംബം : നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2018)

സ്ഥലപരാസൂത്രണം

ഏതൊരു പ്രദേശത്തിന്റെയും വികസനം ഒറ്റപ്പെട്ട തല്ല, മറിച്ച് സമീപ പ്രദേശങ്ങളെക്കൂടി ബന്ധപ്പെട്ടിരിക്കുന്നു. ഒരു പ്രദേശത്തിന്റെ വികസനം വിവിധ വികസന മേഖലകളുടെ സംയോജനത്തിലൂടെയാണ് കൈവരിക്കുന്നത്. വികസന മേഖലകളുടെ സംയോജനം പ്രദേശത്തിന്റെ പ്രത്യേകതകൾക്ക് അനുസൃതമായിരിക്കണം. ഇതിനായി പ്രദേശത്തെ മർമ്മ പ്രധാനമായ ചില മേഖലകളെയെങ്കിലും ഏകോപിപ്പിച്ച് അവയ്ക്ക് അനുരൂപമായി മറ്റു മേഖലകളെ സ്ഥലപരമായി സംയോജിപ്പിക്കേണ്ടതുണ്ട്. ഒരു പ്രദേശത്തിന്റെ പ്രത്യേകതകൾക്ക് മുൻതൂക്കം നൽകി വികസനം ആസൂത്രണം ചെയ്യുമ്പോൾ, സമഗ്ര പ്രാദേശിക വികസനത്തിന് എല്ലാ വികസന മേഖലകളിലും മുതൽ മുടക്കേണ്ട ആവശ്യമില്ല. ഏറ്റവും അനുയോജ്യമായ മേഖലകൾ കണ്ടെത്തി അവിടെ മുതൽമുടക്കിയാൽ മതി. ഇത് മൂലമുണ്ടാകുന്ന വികസന പ്രചോദനങ്ങൾ മറ്റു വികസന മേഖലകളുടെ വളർച്ചയ്ക്ക് കാരണമാകും. ഇത് വഴി ഏറ്റവും അനുയോജ്യമായ വികസന പ്രവർത്തനത്തിന് വേണ്ടി സ്ഥലത്തെ ആസൂത്രണം ചെയ്യാൻ സാധിക്കും.

മേഖലയിലെ നിലവിലെ ഇടപെടലുകൾ

സ്ഥലപരാസൂത്രണത്തിന്റെ ഭാഗമായി ജില്ലകൾക്കു വേണ്ടി സംയോജിത ജില്ലാ വികസന രൂപരേഖ (Integrated District Development Plans) തയ്യാറാക്കാറുണ്ട്. സംസ്ഥാനത്ത് ഇത്തരത്തിൽ IDDP തയ്യാറാക്കി പ്രസിദ്ധീകരിച്ചിരിക്കുന്നത് കൊല്ലം ജില്ലയിൽ മാത്രമാണ്. രണ്ടാംഘട്ടത്തിൽ 6 ജില്ലകളിൽ IDDP തയ്യാറാക്കി വരുന്നുണ്ട്. ആലപ്പുഴ, ഇടുക്കി, തൃശൂർ, പാലക്കാട്, കോഴിക്കോട്, വയനാട് എന്നീ ജില്ലകൾ സമഗ്രമായ ആസൂത്രിത വികസനം ലക്ഷ്യമിട്ടു കൊണ്ടാണ് IDDP തയ്യാറാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ പഠനം നടത്തി ഓരോ മേഖലയ്ക്കും സ്ഥലപരമായ പ്രാമുഖ്യം കണ്ടെത്തി അടയാളപ്പെടുത്തുകയാണ് ചെയ്യുന്നത്. കാസറഗോഡ് ജില്ലയ്ക്കുവേണ്ടി ഇത്തരത്തിൽ ഒരു IDDP തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ ഇനിയും സ്വീകരിച്ചിട്ടില്ല. എന്നാൽ ജില്ലയുടെ നഗരവത്കരണ രീതി സംബന്ധിച്ചുള്ള വിശദമായ പഠനം നടത്തുകയും 2011 ൽ ജില്ലാ നഗരവത്കരണ റിപ്പോർട്ട് (District Urbanisation Report) തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ പ്രാദേശിക വികസന ആസൂത്രണ പദ്ധതികൾ നഗര-ഗ്രാമാസൂത്രണ വകുപ്പ് ആവിഷ്കരിക്കുന്നുണ്ട്. ഇതിനായി ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനത്തിന്റെ കൗൺസിൽ പ്രമേയം അവതരിപ്പിച്ച് പാസാക്കുകയും നഗര-ഗ്രാമാ സൂത്രണ ആക്ട് പ്രകാരമുള്ള നടപടി ക്രമങ്ങളിലൂടെ വകുപ്പ് മാസ്റ്റർ പ്ലാനുകളോ വിശദ നഗരാസൂത്രണ പദ്ധതികളോ (DTP Schemes) ആവിഷ്കരിക്കുകയും ചെയ്യുന്നു. പ്രാദേശിക തലത്തിൽ അതായത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ഥലപരമായി ആസൂത്രണ പ്രക്രിയ നടത്തുന്നതിനെയാണ് മാസ്റ്റർപ്ലാൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിശദ നഗരാസൂത്രണ പദ്ധതിയിൽ തദ്ദേശഭരണ പ്രദേശത്തിന്റെ ഒരു ഭാഗത്ത് (ഉദാഹരണം ചില വാർഡുകൾ) സൂക്ഷ്മ തലത്തിലുള്ള സ്ഥലപരാസൂത്രണം നടത്തുന്നു.

ജില്ലയിൽ നിലവിലുള്ള 3 നഗരസഭകൾക്കും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നുണ്ട്. ഇവയിൽ കാസറഗോഡ് നഗരത്തിനുവേണ്ടി തയ്യാറാക്കിയ മാസ്റ്റർപ്ലാൻ 2012-ൽ പ്രസിദ്ധീകരിച്ചതും പ്രാബല്യത്തിലുള്ളതുമാണ്. കാഞ്ഞങ്ങാട് നഗരത്തിനു വേണ്ടി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും പ്രസിദ്ധീകരണം നടന്നിട്ടില്ല. നീലേശ്വരം നഗരത്തിന്റെ മാസ്റ്റർപ്ലാൻ നഗരാസൂത്രണ വകുപ്പ് തയ്യാറാക്കി വരികയാണ്. ഇവയ്ക്കു പുറമെ കാസറഗോഡ് നഗരത്തിൽ സർക്കാർ അംഗീകരിച്ച രണ്ട് വിശദ നഗരാസൂത്രണ പദ്ധതികളും പ്രാബല്യത്തിലുണ്ട്. വിശദ നഗരാസൂത്രണ പദ്ധതിയിൽ നിർദ്ദേശിച്ച പ്രകാരമാണ് കാസറഗോഡ് പുതിയ ബസ്സ്റ്റാന്റ് നിലവിൽ വന്നിട്ടുള്ളത്.

ഭാവിയിലെ ജനസംഖ്യാ വർദ്ധനവ് കൂടി കണക്കിലെടുത്ത് ആസൂത്രിതമായ വികസനം സാധ്യമാക്കുന്നതിന് മാസ്റ്റർപ്ലാനുകൾക്ക് വലിയ പങ്ക് വഹിക്കുവാൻ സാധിക്കും. മേഖലാ നിയന്ത്രണങ്ങൾക്കു അനുരൂപമായി മാത്രമേ വികസന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യാൻ സാധിക്കൂ അതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത് നടപ്പിൽവരുത്തുവാൻ സാധിക്കും.

കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് (Atal Mission for Rejuvenation and Transaction AMRUT) പ്രകാരമുള്ള ആസൂത്രണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടത്തുന്നത് നഗരഗ്രാമാസൂത്രണ വകുപ്പാണ്. ജലവിതരണം, അഴുക്ക് ചാലുകൾ, നഗര ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കേരളത്തിൽ വിവിധ ജില്ലകളിലെ തെരെഞ്ഞെടുക്കപ്പെട്ട നഗരങ്ങളെ ഈ പദ്ധതിക്കായി കണ്ടെത്തിയിട്ടുണ്ട്. കാസറഗോഡ് ജില്ലയിലെ നഗരങ്ങളൊന്നും തന്നെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ ജനസംഖ്യ വലുപ്പമുള്ള തദ്ദേശഭരണ പ്രദേശങ്ങൾ ജില്ലയിൽ ഇല്ല എന്നതാണ് ഇതിനു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

ജില്ലയിലെ തദ്ദേശ ഭരണ പ്രദേശങ്ങൾക്കു വേണ്ടി പ്രാദേശിക വികസന രൂപരേഖകളും (LDP) അതുപോലെ ജില്ലയ്ക്കു മൊത്തമായി സംയോജിത ജില്ലാ വികസന രൂപരേഖയും തയ്യാറാക്കാവുന്നതാണ്.

റീജിയണൽ സെറ്റിംഗ്സ്

സ്ഥലപരാടിസ്ഥാനത്തിൽ ഓരോ വികസന മേഖലയിലും ജില്ല നിൽക്കുന്ന സ്ഥാനത്തെയാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സ്ഥാനീയമായ പ്രത്യേകതകൾ, മറ്റു ജില്ലകളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു തുടങ്ങിയ കാര്യങ്ങൾ പഠന വിധേയമാക്കുന്നു.

സംസ്ഥാനത്തിന്റെ വടക്കെ അറ്റത്ത് സ്ഥിതി ചെയ്യുന്ന ജില്ലയാണ് കാസറഗോഡ്. ജില്ലയുടെ വിസ്തീർണം 1992 ച.കി.മീ. ആകുന്നു. കാസറഗോഡ്, ഹോസ്ദുർഗ്ഗ്, വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നിങ്ങനെ 4 താലൂക്കുകൾ ജില്ലയിലുണ്ട്. 38 പഞ്ചായത്തുകളും 3 മുൻസിപ്പാലിറ്റികളും ചേർന്നതാണ് കാസറഗോഡ് ജില്ല. ജില്ലയുടെ വടക്ക് ഭാഗത്ത് മംഗലാപുരവും (കർണ്ണാടക സംസ്ഥാനം), കിഴക്ക് ഭാഗത്ത് കൂർഗ് (കർണ്ണാടക സംസ്ഥാനം), തെക്ക് ഭാഗത്ത് കണ്ണൂർ ജില്ലയും പടിഞ്ഞാറ് അറബിക്കടലുമാണ്.

മേപ്പ് 3.2: കാസറഗോഡ് ജില്ലയുടെ സ്ഥാനം



അവലംബം: നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

വടക്കെ അക്ഷാംശം 120121നും 120481 നും ഇടയിലും, കിഴക്കേ രേഖാംശം 740521നും 750201നും ഇടയിലുമാണ് ജില്ലയുടെ സ്ഥാനം. ജില്ലയിൽ 6 ബ്ലോക്ക് പഞ്ചായത്തുകളും മൂന്ന് മുൻസിപ്പാലിറ്റികളുമുണ്ട്. കാസറഗോഡ്, മഞ്ചേശ്വരം, കാഞ്ഞങ്ങാട്, നീലേശ്വരം, കാറഡുക്ക, പരപ്പ എന്നീ ബ്ലോക്ക് പഞ്ചായത്തുകളും, കാസറഗോഡ് കാഞ്ഞങ്ങാട്, നീലേശ്വരം എന്നിങ്ങനെ 3 മുൻസിപ്പാലിറ്റികളും.

മേപ്പ് 3.3 : റീജിയണൽ സെറ്റിംഗ്സ്



വികസനത്തിന്റെ സ്ഥലമാനങ്ങൾ

ജില്ലയുടെ 50 കി.മീ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന പ്രധാനപ്പെട്ട സ്ഥലങ്ങളാണ് ഉള്ളാൾ, പുത്തൂർ, സുള്ള്യ, പയ്യന്നൂർ എന്നിവ. 100 കി.മീ ചുറ്റളവിൽ ഉടുപ്പി, ധർമ്മ സ്ഥലം, സുബ്രഹ്മണ്യം, മടിക്കേരി, വിരാജ്പേട്ട, തലശ്ശേരി തുടങ്ങിയ സ്ഥലങ്ങളും, 150 കി.മീ ചുറ്റളവിൽ ചിക്കമംഗ്ലൂർ, തിരുനെല്ലി, മാനന്തവാടി, താമരശ്ശേരി, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളും സ്ഥിതി ചെയ്യുന്നു. മൈസൂർ, നിലമ്പൂർ, മലപ്പുറം, തിരൂർ തുടങ്ങിയ പ്രദേശങ്ങൾ 200 കി.മി ചുറ്റളവിലാണ് സ്ഥിതി ചെയ്യുന്നത്.

റീജിയണൽ ലിങ്കേജ്

ജില്ലയിൽ ചെറുവത്തൂർ മുതൽ തലപ്പാടി വരെ 85.90 കി. മീ. നീളത്തിൽ NH 66 കടന്നു പോകുന്നു. കൂടാതെ കാഞ്ഞങ്ങാട് നിന്നും പാണത്തൂർ വരെ 44.175 കി. മീ. ദൈർഘ്യമുള്ള സംസ്ഥാന പാത മലയോര ഗ്രാമങ്ങളെ കാഞ്ഞങ്ങാടുമായി ബന്ധിപ്പിച്ചിരിക്കുന്നു (SH-56). കാസറഗോഡ് നഗരത്തിൽ നിന്നും കാഞ്ഞങ്ങാട് വരെ സംസ്ഥാനപാത 29.50 കി.മീ. നീളത്തിലും, ചെർക്കള-ജാൽസൂർ റോഡ് (SH-55) 39.138 കി.മീ.നീളത്തിലും, കല്ലടുക്ക -ചെർക്കള റോഡ് (SH.31) 28.96 കി.മീ. നീളത്തിലുമാണുള്ളത്.

ഏകദേശം നൂറോളം കെ.എസ്.ആർ.ടി.സി ബസ്സുകളും സ്വകാര്യ ബസ്സുകളുമടക്കം വിവിധ പ്രധാന സ്ഥലങ്ങളിലേക്ക് (ബോംബെ, ബാംഗ്ലൂർ, മംഗലാപുരം എന്നിവിടങ്ങളിലേക്ക്) സർവ്വീസ് നടത്തിവരുന്നു. സതേൺ റെയിൽവേയിൽ ഒരു പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനാണ് കാസറഗോഡ്. ഏകദേശം 15 എക്സ്പ്രസ് ട്രെയിനുകൾക്ക് ഇവിടെ സ്റ്റോപ്പുണ്ട്. ഷൊർണ്ണൂർ-മംഗലാപുരം റെയിൽവേ ലൈൻ ജില്ലയിൽ (116 കി. മീ. നീളത്തിൽ) കൂടി കടന്ന് പോകുന്നു. കേരളത്തിൽ നിന്നും ബോംബെയിലേക്ക് എളുപ്പത്തിൽ എത്തിപ്പെടാനുള്ള റെയിൽവെ മാർഗ്ഗമാണ് കൊങ്കൺ റെയിൽവേ. ജില്ലയിലെ മറ്റൊരു പ്രധാനപ്പെട്ട റെയിൽവെ സ്റ്റേഷൻ കാഞ്ഞങ്ങാടാണ്.

പട്ടിക 3.1: കാസറഗോഡ് ജില്ലയിൽ നിന്നും പ്രധാനപ്പെട്ട സ്ഥലങ്ങളിലെക്കുള്ള ദൂരം

ടൗൺ	റെയിൽവെ (കി. മീ.)	റോഡ് (കി. മീ.)
തിരുവനന്തപുരം	588	631
കൊച്ചി	366	412
കോഴിക്കോട്	175	206
മംഗലാപുരം	46	51

അവലംബം : നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

കാസറഗോഡ് നിന്നും മംഗലാപുരം വിമാനത്താവളത്തിലേക്ക് 55 കിലോ മീറ്ററും, കോഴിക്കോടേക്ക് 215 കിലോ മീറ്ററും ദൂരമുണ്ട്. നിർദ്ദിഷ്ട കണ്ണൂർ വിമാനത്താവളം ജില്ലയിൽ നിന്നും 113 കിലോ മീറ്റർ അകലെയാണ്.

ഒരു അതിർത്തി ജില്ല എന്നതുകൊണ്ട് കാസറഗോഡ് അയൽ സംസ്ഥാനമായ കർണാടകയുമായും കേരളത്തിലെ ഇതര ജില്ലകളുമായും സജീവ ബന്ധം പുലർത്തുന്നു. റെയിൽ- റോഡ് ഗതാഗത മാർഗ്ഗങ്ങൾ ഇതിന് സഹായിക്കുന്നു. അതേ സമയം കേരളത്തിലെ ഭൂരിഭാഗം ജില്ലകൾക്കും സമാനമായി ഇവിടെയും ജലഗതാഗത സൗകര്യങ്ങൾ വളരെ ചുരുക്കം പ്രദേശങ്ങളിൽ (തൃക്കരിപ്പൂർ, വലിയപറമ്പ) മാത്രമേ ലഭ്യമായിട്ടുള്ളൂ.

വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ ഏറെയുള്ള ജില്ല ആയതിനാൽ വിമാന യാത്രികരുടെ എണ്ണം കാസറഗോഡ് കൂടുതലാണ്. ഇവർ പ്രധാനമായും മംഗലാപുരം വിമാനത്താവളത്തെ ആശ്രയിച്ചു വരുന്നു. അതുപോലെ ജില്ലയ്ക്ക് ഏറ്റവും അടുത്തുള്ള തുറമുഖവും മംഗലാപുരത്താണ്. മംഗലാപുരം പട്ടണത്തിന്റെ സാമീപ്യം ഇത്തരത്തിൽ കാസറഗോഡിനെ കാര്യമായി സ്വാധീനിക്കുന്നുണ്ട്. അതേ സമയം കാസറഗോഡിന്റെ വളർച്ചയ്ക്ക് ഇത് ഒരു തരത്തിൽ തടസ്സമായും മാറുന്നുണ്ട്.

പ്രധാനപ്പെട്ട റെയിൽവെ സ്റ്റേഷനുകളിൽ ഒന്നാണ് കാസറഗോഡ് എങ്കിലും ദീർഘദൂര തീവണ്ടികളിൽ പലതിനും ഇവിടെ സ്റ്റോപ്പ് അനുവദിക്കപ്പെട്ടിട്ടില്ല. കേരളത്തിന്റെ തെക്ക് നിന്നു പുറപ്പെടുന്ന വണ്ടികളിൽ പലതിന്റെയും സർവ്വീസ് കോഴിക്കോടോ കണ്ണൂരോ വെച്ച് അവസാനിക്കുന്നു. ഇതര ജില്ലകളുമായുള്ള ലിങ്കേജ് ഫലപ്രദമായി വിനിയോഗിക്കുവാൻ ഇതുമൂലം സാധ്യമല്ലാതാകുന്നു .

ഭൂവിനിയോഗത്തിന്റെ വിന്യാസം, കേന്ദ്രീകരണം

ഭൂവിനിയോഗ മാപ്പിൽ നിന്നും തദ്ദേശ സ്വയംഭരണ പ്രദേശങ്ങളുടെ വിവിധ ഭൂവിനിയോഗങ്ങളുടെ വിസ്തൃതി കണക്കാക്കി ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം എപ്രകാരമാണെന്ന് പഠിക്കാൻ സാധിക്കും.

1984 ൽ രൂപീകൃതമായ കാസറഗോഡ് ജില്ലയുടെ

വികസനത്തിന്റെ സ്ഥലമാനങ്ങൾ

വിസ്തൃതി 1992 ച.കി.മീ ആണ്. കേരള ഭൂവിനിയോഗ ബോർഡിന്റെ ഏറ്റവും പുതിയ കണക്കനുസരിച്ചുള്ള ഭൂവിനിയോഗം ഇനി പറയും വിധമാണ്. ഭൂവിനിയോഗത്തെ അധിവാസ മേഖല (റസിഡൻഷ്യൽ), മിശ്ര നിർമ്മിതി പ്രദേശങ്ങൾ (മിക്സഡ് ബിൽട്ടപ്പ്), തോട്ടം(പ്ലാന്റേഷൻ), വയലുകൾ (പാഡി), വനം (ഫോറസ്റ്റ്), ജലാശയങ്ങൾ (വാട്ടർ ബോഡി), തരിശുഭൂമി (വേസ്റ്റ് ലാന്റ്) എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.

ജില്ലയുടെ മൊത്തം ഭൂവിനിയോഗത്തിന്റെ വിഭജനം അടുത്തതായി കൊടുത്തിരിക്കുന്നു.

ചിത്രം 3.1: കാസറഗോഡ് ജില്ലയിലെ ഭൂവിനിയോഗത്തിന്റെ വിഭജനം- 2016



അവലംബം : കേരളാ ലാന്റ് യൂസ് ബോർഡ്(വർഷം-2016)

ജില്ലയിലെ പ്രധാന ഭൂവിനിയോഗം അധിവാസ മേഖല, തോട്ടം, വനം, ജലസ്രോതസ്സുകൾ എന്നിങ്ങനെയാണ്. ജില്ലയുടെ മൊത്തം വിസ്തൃതിയുടെ 5.82% (115.7523 ച.കി.മീ) വനപ്രദേശമാണ്. 14.81 ശതമാനം ഭൂമി (294.5886 ച.കി.മീ) നെൽകൃഷിക്കായി ഉപയോഗിക്കുന്നു. ജില്ലയുടെ 24.7 ശതമാനം ഭൂമി (491.28 ച.കി.മീ) തോട്ടമായും മൊത്തം വിസ്തൃതിയുടെ 36.83 ശതമാനം ഭൂമി (732.48 ച.കി.മീ) താമസ ആവശ്യത്തിനും ഉപയോഗിക്കുന്നു. 11.42 ശതമാനം ഭൂമി (227.04 ച.കി.മീ) തരിശായും നിലനിൽക്കുന്നു. 4.2 ശതമാനം മിശ്ര നിർമ്മിതി പ്രദേശമാണ് (83.61 ച.കി.മീ). തോട്ടങ്ങളും വയലുകളും ചേർത്താൽ ആകെ ഭൂവിനിയോഗത്തിന്റെ 40 ശതമാനം വരുന്നതായി കാണാം. വനങ്ങളും ജലാശയങ്ങളും ചേർത്താൽ ജില്ലയുടെ മൊത്തം വിസ്തൃതിയുടെ 8 ശതമാനത്തോളം വരും. ഇത്രയും ഭൂമി മറ്റു യാതൊരുവിധ വികസന പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുവാൻ സാധിക്കുകയില്ല. മൊത്തം ഭൂവിനിയോഗത്തിന്റെ 11 ശതമാനത്തോളം വരുന്ന തരിശുഭൂമി (വേസ്റ്റ് ലാന്റ്) യിൽ വരുന്ന തുറന്ന സ്ഥലങ്ങളും പാറപ്രദേശങ്ങളും വ്യവസായങ്ങൾ ഉൾപ്പെടെയുള്ള നിർമ്മിതാവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

ജില്ലയുടെ ഭൂവിനിയോഗ മാപ്പാണ് ചിത്രം 3.1 ൽ കാണിച്ചിരിക്കുന്നത്. 2011 ജൂൺ 30 ന് സർക്കാർ ഉത്തരവ് (എം.എസ്) 237/2011/ആർ.ഡി നമ്പർ വിജ്ഞാപന പ്രകാരം കാസറഗോഡ് ജില്ലയിലെ കാസറഗോഡ് താലൂക്ക്, ഹോസ്ദുർഗ്ഗ് താലൂക്ക് എന്നിവടങ്ങളിലെ തീരദേശത്തോട് ചേർന്നുള്ള കഡസ്ട്രൽ സർവ്വെ നടത്താത്ത 80.9392 ഹെക്ടർ സ്ഥലം കാസറഗോഡ് ജില്ലയുടെ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്തിട്ടുണ്ട്. ആയത് പ്രസ്തുത ഭൂവിനിയോഗ മാപ്പിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേപ്പ് 3.4: ജില്ലാ ഭൂവിനിയോഗ മാപ്പ് 2016



അവലംബം : കേരളാ ലാന്റ് യൂസ് ബോർഡ്(വർഷം-2016)

ഭൂവിനിയോഗ കേന്ദ്രീകരണ സൂചകം

ഒരു പ്രത്യേക ഭൂവിനിയോഗം ഒരു പ്രദേശത്ത് എത്രമാത്രം കേന്ദ്രീകരിച്ചിരിക്കുന്നു എന്നുള്ളതിന്റെ സൂചകമാണ് 'കേന്ദ്രീകരണ സൂചകം' അഥവാ Concentration index (CI). ഭൂവിനിയോഗത്തിന്റെ CI കണക്കാക്കുന്നത് താഴെ പറയും പ്രകാരമാണ്.

ഭൂവിനിയോഗത്തിന്റെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ കേന്ദ്രീകരണ സൂചകം =

$$\frac{\text{തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്തെ പ്രസ്തുത ഭൂവിനിയോഗത്തിന്റെ ശതമാനം}}{\text{ജില്ലയിലെ നിർദ്ദിഷ്ട ഭൂവിനിയോഗത്തിന്റെ ശതമാനം}}$$

മേൽ കാണിച്ചിട്ടുള്ള ഭൂവിനിയോഗത്തിൽ മിശ്ര നിർമ്മിതി (Mixed Built Up)ൽ വാണിജ്യം, വ്യാവസായികം, റോഡ്, റെയിൽ മറ്റ് നിർമ്മിതികൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. അതുപോലെ താമസാവശ്യ ഉപയോഗത്തിൽ വീടുകളും കരകൃഷിയുടെ വിസ്തീർണ്ണവും ഉൾപ്പെടുത്തിയിട്ടുള്ളതാണ്. തരിശുഭൂമി (Waste land) എന്ന ഭൂവിനിയോഗത്തിൽ ഹസാർഡസ് ഉപയോഗങ്ങളും തുറസ്സായ സ്ഥലങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

അധിവാസ മേഖല (Residential landuse)

കേരളത്തിലെ വാസമേഖല കൂടുതലും സമ്മിശ്ര സ്വഭാവത്തോട് കൂടിയതാണ്. അതായത് ചില സ്ഥലങ്ങളിൽ വാസഗൃഹങ്ങളോട് കൂടിയ പുരയിടങ്ങളിൽ, പുരയിടത്തിന് വിസ്തൃതി കുറവാണെങ്കിൽ പോലും

കൃഷി ചെയ്യുന്നുണ്ടാകും. മറ്റു ചില സ്ഥലങ്ങളിലാണെങ്കിൽ കാർഷിക പ്രവർത്തനത്തിന് മുൻതൂക്കം ഉള്ളതും വിസ്തൃതി കൂടിയതുമായ വാസ ഗൃഹങ്ങളോട് കൂടിയ പുരയിടം കാണാവുന്നതാണ്. ഇത്തരം സമ്മിശ്ര സ്വഭാവം നിലനിൽക്കുന്നതിനാൽ കൃഷിക്ക് ഉപയോഗിക്കുന്നതിനും അതേ സമയം അധിവാസ മേഖല ആയിട്ടുള്ളതുമായ പ്രദേശത്തെ അധിവാസ മേഖല (Residential land use) ആയി പരിഗണിച്ചുകൊണ്ടാണ് കേന്ദ്രീകരണ സൂചകം (CI) കണക്കാക്കിയിട്ടുള്ളത്.

അധിവാസ മേഖലയുടെ വിതരണവും കേന്ദ്രീകരണവും താഴെയുള്ള ചിത്രങ്ങളിൽ കാണിച്ചിരിക്കുന്നു.

മേപ്പ് 3.5: അധിവാസ മേഖലയുടെ വിതരണം



മേപ്പ് 3.6: അധിവാസ മേഖലയുടെ കേന്ദ്രീകരണം



അവലംബം: കേരളാ ലാന്റ് യൂസ് ബോർഡ്, നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

ചിത്രത്തിൽ നിന്നും അധിവാസ മേഖലകൾ ജില്ലയുടെ എല്ലാ ഭാഗങ്ങളിലുമായി ഏകദേശം ഒരു പോലെ പരന്ന് കിടക്കുന്നതായി കാണാവുന്നതാണ്. എന്നാൽ വോർക്കാടി, ദേലംപാടി, വലിയപറമ്പ എന്നീ പഞ്ചായത്തുകളിൽ അധിവാസ മേഖലയുടെ കേന്ദ്രീകരണം താരതമ്യേന കുറവാണ്. വോർക്കാടി, ദേലംപാടി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ തോട്ടം, വനം തുടങ്ങിയ ഭൂവിനിയോഗങ്ങൾ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് കൂടുതൽ ആയതിനാലും വലിയപറമ്പ പഞ്ചായത്തിൽ വികസന നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാലുമാണ് ഇങ്ങനെ സംഭവിക്കുന്നത്.

മിശ്ര നിർമ്മിതി പ്രദേശങ്ങൾ (Mixed built up use)

മിശ്രനിർമ്മിതി പ്രദേശങ്ങൾ എന്നത് കൊണ്ട് അധിവാസേതര നിർമ്മിതി പ്രദേശങ്ങൾ എന്ന് അർത്ഥമാക്കുന്നില്ല. അതായത് അധിവാസ മേഖലകളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ വാണിജ്യ ഭൂവിനിയോഗങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ, മറ്റു കെട്ടിടങ്ങൾ, ഗതാഗത ശൃംഖലകൾ തുടങ്ങിയവ ഇക്കൂട്ടത്തിൽപ്പെടുന്നു. മറ്റു നിർമ്മിതി പ്രദേശങ്ങളുടെ വിതരണവും കേന്ദ്രീകരണവും മാപ്പിൽ കൊടുത്തിരിക്കുന്നു.

മേപ്പ് 3.7: മിശ്ര നിർമ്മിതി പ്രദേശങ്ങളുടെ വിതരണം



മേപ്പ് 3.8: മിശ്ര നിർമ്മിതി പ്രദേശങ്ങളുടെ കേന്ദ്രീകരണം



അവലംബം : കേരളാ ലാന്റ് യൂസ് ബോർഡ്, നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

മാപ്പിൽ കാണിച്ചിരിക്കുന്നത് പ്രകാരം കാഞ്ഞങ്ങാട്, കാസറഗോഡ് നഗരസഭകളിലും അജാനൂർ, മംഗൽപ്പാടി എന്നീ ഗ്രാമ പഞ്ചായത്തുകളിലും നിർമ്മിതികൾ കൂടുതലായി കേന്ദ്രീകരിച്ചിരിക്കുന്നതായും വോർക്കാടി, ബേഡഡുക്ക, കുറ്റിക്കോൽ, ദേലംപാടി, കോടോം-ബേളൂർ, കള്ളാർ, പനത്തടി, ബളാൽ, കിനാനൂർ-കരിന്തളം, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി, കയ്യൂർ-ചീമേനി, വലിയപറമ്പ എന്നിവടങ്ങളിൽ താരതമ്യേന കേന്ദ്രീകരണം കുറവാണെന്നും കാണാം. നിർമ്മിതി പ്രദേശങ്ങൾ നഗരവത്കരണത്തിന്റെ ഒരു സൂചകമാണ്. അതുകൊണ്ടു തന്നെ നഗരങ്ങളിലും പട്ടണങ്ങളിലും നിർമ്മിതി മേഖലകൾ കൂടുതലുമാണ്.

തോട്ടം (Plantation)

ജില്ലയിൽ തോട്ടങ്ങളുടെ വിതരണവും കേന്ദ്രീകരണവും ആണ് ചുവടെ മാപ്പുകളിൽ കൊടുത്തിരിക്കുന്നത്. പ്രധാനമായും തെങ്ങ്, റബ്ബർ, കവുങ്ങ്, കശുമാവ് എന്നിവയുടെ തോട്ടങ്ങളാണ് ഇതിൽ വരുന്നത്.

മേപ്പ് 3.9: തോട്ടങ്ങളുടെ വിതരണം



മേപ്പ് 3.10: തോട്ടങ്ങളുടെ കേന്ദ്രീകരണം



അവലംബം : കേരളാ ലാന്റ് യൂസ് ബോർഡ്, നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

വികസനത്തിന്റെ സ്ഥലമാനങ്ങൾ

ജില്ലയിലെ ആകെ ഭൂവിനിയോഗത്തിന്റെ 25% വരുന്ന തോട്ടങ്ങൾ പ്രധാനമായും ഇടനാട്, മലനാട് മേഖലകളിൽപ്പെടുന്ന ബേഡഡുക്ക, കുറ്റിക്കോൽ, പുല്ലൂർ-പെരിയ, കള്ളാർ, പനത്തടി, ബളാൽ, കോടോം-ബേളൂർ, കിനാനൂർ-കരിന്തളം, ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി, കയ്യൂർ-ചീമേനി പഞ്ചായത്തുകളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. അതേ സമയം നഗരങ്ങളിലും, തീരപ്രദേശത്തുള്ള പഞ്ചായത്തുകളിൽ പള്ളിക്കര ഒഴികെയുള്ള പ്രദേശങ്ങളിലും തോട്ടങ്ങൾ തീരെ കുറവാണെന്ന് കാണാം.

വയലുകൾ (Paddy)

ജില്ലയിൽ ആകെ 14.81 ച.കി.മീ വയലുകളാണ് ഉള്ളത്. നിലവിൽ കൃഷി ചെയ്യാത്തതും (fallow land) എന്നാൽ കൃഷിയോഗ്യവുമായിട്ടുള്ള സ്ഥലങ്ങളും ഇതിലുൾപ്പെടും. വയലുകളുടെ വിതരണവും കേന്ദ്രീകരണവും മാപ്പുകളിൽ കാണാവുന്നതാണ്.

മേപ്പ് 3.11: വയലുകളുടെ വിതരണം

മേപ്പ് 3.12: വയലുകളുടെ കേന്ദ്രീകരണം



അവലംബം : കേരളാ ലാന്റ് യൂസ് ബോർഡ്, നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

വയലുകൾ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് ചെറുവത്തൂർ, കാഞ്ഞങ്ങാട്, മംഗൽപ്പാടി എന്നീ തീരദേശ മേഖലകളിൽ ആണ്. മഞ്ചേശ്വരം, മീഞ്ച, പൈവളികെ, കുമ്പള, പുത്തിഗെ, എൻമകജെ, മൊഗ്രാൽ പുത്തൂർ, മധൂർ, കുമ്പഡാജെ, ബെള്ളൂർ, കാറഡുക്ക, ദേലംപാടി, അജാനൂർ, നീലേശ്വരം, പിലിക്കോട് തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിൽ വയലുകൾ നിലനിൽക്കുന്നുണ്ടെങ്കിലും ബദിയടുക്ക, ചെങ്കള, കാസറഗോഡ്, ചെമ്മനാട്, മൂളിയാർ, ഉദുമ, പള്ളിക്കര, ബേഡഡുക്ക, കുറ്റിക്കോൽ, പുല്ലൂർ-പെരിയ, കള്ളാർ, കോടോം ബേളൂർ, മടിക്കൈ തുടങ്ങിയ പ്രദേശങ്ങളിൽ വയലുകൾ വളരെ കുറഞ്ഞ നിലയിലേക്ക് ചുരുങ്ങിപ്പോയിരിക്കുന്നു. സ്ഥലത്തിന്റെ ഘടനയും ചെരിവും മണ്ണിന്റെ സ്വഭാവവും ജലലഭ്യതയുമെല്ലാം വയലുകളുടെ വിതരണത്തിൽ മുഖ്യപങ്കു വഹിക്കുന്ന ഘടകങ്ങളാണ്. വയലുകൾ നികത്തി വാസഗൃഹങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങിയ നിർമ്മിതികൾ ഭൂവിനിയോഗത്തിനായി മാറ്റിയിട്ടുള്ള പ്രദേശങ്ങൾ ഇവിടെ വയലുകളായി പരിഗണിച്ചിട്ടില്ല.

കൃഷിയോഗ്യമായതും നേരത്തെ കൃഷി ചെയ്തതുമായ പ്രദേശങ്ങൾ കാർഷിക പ്രവർത്തനത്തിന് വിനിയോഗിക്കാതെ തരിശിടുന്ന പ്രവണത കേരളത്തിലെവിടെയും എന്ന പോലെ കാസറഗോഡ് ജില്ലയിലും കാണാവുന്നതാണ്. ഇവയിൽ തന്നെ ദീർഘകാലമായി തരിശിട്ട കൃഷി സ്ഥലവും (long fallow), നിലവിൽ തരിശായി കിടക്കുന്ന കൃഷിസ്ഥലവും (Current fallow) ഉൾപ്പെടും. നിലവിൽ തരിശായി കിടക്കുന്ന കൃഷി സ്ഥലവിസ്തൃതി ഇടയ്ക്കിടെ മാറിക്കൊണ്ടിരിക്കും. കേരള ഭൂവിനിയോഗ ബോർഡിന്റെ ഭൂവിനിയോഗ മാപ്പ് അപഗ്രഥിക്കുമ്പോൾ നമുക്ക് തരിശു കൃഷിയിടത്തെ സംബ

ഡിച്ച സ്ഥലപരമായ ചില പ്രത്യേകതകൾ മാനസിലാക്കാൻ സാധിക്കും. ലോംഗ് ഫാലോലാന്റിന്റെ കേന്ദ്രീകരണ മേപ്പ് ശ്രദ്ധിക്കുക.

മേപ്പ് 3.13: ദീർഘകാല തരിശു പ്രദേശത്തിന്റെ കേന്ദ്രീകരണം



അവലംബം: കേരളാ ലാന്റ് യൂസ് ബോർഡ്, നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

ദീർഘകാലമായി ഏറ്റവും കൂടുതൽ കൃഷിസ്ഥലം തരിശ്ശായി കിടക്കുന്ന പ്രദേശം മംഗൽപ്പാടി, പടന്ന ഗ്രാമപഞ്ചായത്തുകളിലാണ്. മഞ്ചേശ്വരം, മൊഗ്രാൽ-പുത്തൂർ, മധൂർ, പുത്തിഗെ, പള്ളിക്കര, അജാനൂർ, ചെറുവത്തൂർ, തൃക്കരിപ്പൂർ പഞ്ചായത്തുകളിലാണ് തരിശിടങ്ങൾ കൂടുതലുള്ളത്. ജില്ലയുടെ മധ്യഭാഗം മുതൽ തെക്കു ഭാഗത്തേക്കുള്ള മലനാട്, ഇടനാട് പ്രദേശങ്ങളിലും തരിശിടങ്ങൾ കുറവാണ്. അതേ സമയം ഈ പ്രദേശങ്ങളിൽ വയലുകൾ കുറവാണെന്നുള്ള വസ്തുതയും നിലനിൽക്കുന്നു. നിലവിൽ തരിശായി കിടക്കുന്ന പ്രദേശങ്ങൾ കൂടുതലും കേന്ദ്രീകരിച്ചിട്ടുള്ളത് മഞ്ചേശ്വരം, വോർക്കാടി, മീഞ്ച, കുമ്പള, കാഞ്ഞങ്ങാട് എന്നിവിടങ്ങളിലാണ്.

മേപ്പ് 3.14: താത്ക്കാലിക തരിശു പ്രദേശത്തിന്റെ കേന്ദ്രീകരണം



അവലംബം: കേരളാ ലാന്റ് യൂസ് ബോർഡ്, നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

വികസനത്തിന്റെ സ്ഥലമാനങ്ങൾ

താത്ക്കാലിക തരിശു പ്രദേശത്തിന്റെ വിസ്തൃതി മാറിക്കൊണ്ടിരിക്കും എങ്കിലും കേന്ദ്രീകരണം സൂചിപ്പിക്കുന്ന ഭൂവിനിയോഗത്തിന്റെ പ്രവണതയിൽ കാര്യമായ വ്യത്യാസമുണ്ടാകാനിടയില്ല. നിലവിൽ താൽക്കാലിക തരിശായി കിടക്കുന്ന പ്രദേശങ്ങൾ കൂടുതലായും കണ്ടു വരുന്നത് തീരപ്രദേശത്താണ്. നഗരവത്കരണം ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നതിനാൽ ഈ പ്രദേശത്തെ കൃഷിസ്ഥലങ്ങൾ മറ്റ് ഭൂവിനിയോഗ മാറ്റത്തിന് തയ്യാറെടുക്കുന്നതിന്റെ ഒരു സാധ്യതയാണ് ഇതിൽ നിന്നും തെളിയുന്നത്.

വനങ്ങൾ (Forest)

വനങ്ങളുടെ വിതരണം കാണിക്കുന്ന ചുവടെ ചേർത്ത മാപ്പ് തയ്യാറാക്കിയിരിക്കുന്നത് കേരളാ ഭൂവിനിയോഗ ബോർഡിന്റെയും വനം വകുപ്പിന്റെയും മാപ്പുകൾ സംയോജിപ്പിച്ചു കൊണ്ടാണ്. ജില്ലയിൽ വനങ്ങൾ പ്രധാനമായും ദേലംപാടി, മൂളിയാർ, കള്ളാർ, പനത്തടി, ബളാൽ, പഞ്ചായത്തുകളിലാണ് കാണപ്പെടുന്നത്.

മേപ്പ് 3.15: വനങ്ങളുടെ വിതരണം



മേപ്പ് 3.16: വനങ്ങളുടെ കേന്ദ്രീകരണം



അവലംബം : കേരളാ ലാന്റ് യൂസ് ബോർഡ്, നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

ജില്ലയിലെ വനഭൂമിയുടെ വിന്യാസത്തിന്റെ മാപ്പും അവയുടെ കേന്ദ്രീകരണ സൂചികയുടെ മാപ്പുമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ആയതിൽ വനഭൂമി കേന്ദ്രീകരിച്ചിരിക്കുന്ന സ്ഥലങ്ങളിൽ സൂചിക വളരെ കൂടുതലാണെന്ന് കാണാം.

തരിശു ഭൂമി (waste Land)

തുറന്ന സ്ഥലങ്ങൾ, പാറപ്രദേശങ്ങൾ, ഖനനം നടക്കുന്ന പ്രദേശങ്ങൾ തുടങ്ങിയവയെ തരിശു ഭൂമി അഥവാ waste land ആയി കണക്കാക്കുന്നു. എന്നാൽ ഈ വിഭാഗത്തിൽ എല്ലാം പൂർണ്ണമായും ഉപയോഗശൂന്യമായ ഭൂമി എന്ന് അർത്ഥമാക്കുന്നില്ല. നിർമ്മിതി പ്രദേശങ്ങളായോ കാർഷിക യോഗ്യമായ മേഖലകളായോ ആയി ഇവയെ മാറ്റാവുന്നതാണ്.

ജില്ലയിലെ തരിശുഭൂമിയുടെ വിതരണവും കേന്ദ്രീകരണവും അടുത്തതായി കൊടുത്തിരിക്കുന്നു.

നീലേശ്വരം, മടിക്കൈ, കയ്യൂർ-ചീമേനി, മീഞ്ച, പൈവളികെ, കുമ്പള, പുത്തിഗെ, എൻമകജെ എന്നിവിടങ്ങളിലാണ് തരിശു ഭൂമി പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്.

മേപ്പ് 3.17: തരിശുഭൂമിയുടെ വിതരണം



മേപ്പ് 3.18: തരിശുഭൂമിയുടെ കേന്ദ്രീകരണം



അവലംബം : കേരളാ ലാന്റ് യൂസ് ബോർഡ്, നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

ജലാശയങ്ങൾ (Water body)

ജില്ലയിലെ പ്രധാന ജലാശയങ്ങൾ മാപ്പിൽ കാണാവുന്നതാണ്. പ്രധാനപ്പെട്ട 12 പുഴകളാൽ സമ്പന്നമാണ് കാസറഗോഡ് ജില്ല. ഇവയ്ക്ക് പുറമെ കുളങ്ങളും, തോടുകളും, കായലുകളും ഇതിൽ ഉൾപ്പെടുന്നു. ജില്ലയുടെ വിസ്തൃതിയുടെ രണ്ടു ശതമാനം ജലാശയങ്ങളാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

ജില്ലയിലെ മുഴുവൻ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലൂടെയും പുഴകൾ ഒഴുകുന്നു എന്നതാണ് കാസറഗോഡിന്റെ ഒരു പ്രത്യേകത. കേരളത്തിലെ 44 പ്രധാനപ്പെട്ട നദികളിൽ 12 എണ്ണം ജില്ലയിൽ കൂടി ഒഴുകുന്നുവെന്നതും എടുത്തു പറയേണ്ടതാണ്. കാസറഗോഡ് ജില്ലയുടെ കുടിവെള്ള, കാർഷികമേഖലകളുടെ ഫലപ്രദമായ പ്രവർത്തനത്തിന് ഈ ജലാശയങ്ങളുടെ സംരക്ഷണവും ശാസ്ത്രീയമായ ഉപയോഗവും അത്യന്താപേക്ഷിതമാണ്.

മേപ്പ് 3.19 : ജലാശയങ്ങളുടെ വിതരണം



അവലംബം : കേരളാ ലാന്റ് യൂസ് ബോർഡ്, നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

ജില്ലയുടെ ഭാവി വികസനത്തിന്റെ ഗതി നിർണ്ണയിക്കാൻ ഏറെ സഹായകമാണ് നിലവിലെ ഭൂവിനിയോഗത്തിന്റെ പഠനം. വനങ്ങൾ, തോട്ടം, വയലുകൾ, ജലാശയങ്ങൾ എന്നിവ ചേർന്നാൽ മൊത്തം ഭൂവിസ്തൃതിയുടെ 48% വരും. ഇതൊഴിച്ചുള്ള 52% ഭൂമിയിൽ 11% തരിശു ഭൂമിയാണ്. ഇതൊഴിച്ച് ബാക്കിയുള്ള 41% മാത്രമേ നിലവിൽ നിർമ്മിതി പ്രദേശങ്ങളായി മാറി യിട്ടുള്ളൂ. വനങ്ങളും ജലാശയങ്ങളുമടങ്ങുന്ന 8% ഭൂമി എല്ലാത്തരം വികസന പ്രവർത്തന ങ്ങളിൽ നിന്നും മാറ്റി നിർത്തി സംരക്ഷിക്കേണ്ടതാണ്. തോട്ടവും വയലുകളും ചേർത്തുള്ള 40% ഭൂമിയിൽ കാർഷിക വൃത്തിയിലൂന്നിയ വികസനമാണ് ആവശ്യം. നിലവിൽ തരിശായി കിടക്കുന്ന വയലുകൾ കണ്ടെത്തുകയും അവിടെ കൃഷി തിരികെ കൊണ്ടുവരികയും ചെയ്യുന്നതിലൂടെ ഭൂമിയുടെ ഉദാത്തമായ വിനിയോഗം ഉറപ്പുവരുത്തുവാൻ സാധിക്കും. ജില്ലയുടെ നല്ലൊരു ശതമാനം വരുന്ന (11%) തരിശു ഭൂമിയെ വികസനത്തിന്റെ പ്രധാന സ്രോതസ്സായി ഉപയോഗിക്കുവാൻ സാധിക്കും. കാർഷികമേഖലയെ ബാധിക്കാതെയും പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശങ്ങളുടെ സ്വഭാവം പരിവർത്തനപ്പെടുത്താതെയും നിർമ്മിത വികസനം സാക്ഷാത്കരിക്കുവാൻ തരിശുഭൂമിയിലൂടെ സാധിക്കും. അതുകൊണ്ടു തന്നെ നിലവിലുള്ള വനങ്ങൾ, ജലാശയങ്ങൾ, വയലുകൾ, തോട്ടങ്ങൾ ഇവയുടെയെല്ലാം സംരക്ഷണം ഉറപ്പാക്കിക്കൊണ്ടുള്ള വികസനം ജില്ലയിൽ സാധ്യമാണ്.

മാനവവിഭവ ശേഷി

1981-2011 കാലഘട്ടത്തിലെ ജനസംഖ്യ, ജനസാന്ദ്രത, സാക്ഷരത, തൊഴിലാളികളുടെ എണ്ണം ഇവയിൽ ഉണ്ടായ വ്യതിയാനം, പരസ്പര ബന്ധം, താരതമ്യ പഠനം എന്നിവയിലൂടെ സാമൂഹികവും സാമ്പത്തികവുമായ നിലവാരം കണ്ടെത്തുകയും തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ ഇക്കാര്യങ്ങൾ അപഗ്രഥിക്കുകയും ചെയ്യുകയാണ് ലക്ഷ്യം.

ഒരു പ്രദേശത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് അവിടത്തെ ജനസംഖ്യ. വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും വികസന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നതും മേൽപറഞ്ഞ ജനസംഖ്യയെ മുന്നിൽ കണ്ടുകൊണ്ട്. വികസന പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് ഭൂമിയിലെ വിവിധങ്ങളായ വിഭവങ്ങൾ മനുഷ്യർ വിനിയോഗിക്കുന്നു. അതേ സമയം ഈ വിഭവങ്ങളെ നീതിയുക്തമായും കാര്യക്ഷമമായും ചൂഷണം ചെയ്യുന്നതിനും ഫലപ്രദമായി വിനിയോഗിക്കുന്നതിനും പര്യാപ്തമായ മാനവവിഭവശേഷി ആവശ്യ

മാണ്. ഇക്കാരണത്താൽ മനുഷ്യർ സുപ്രധാനമായ ഒരു വിഭവമായി പരിഗണിക്കപ്പെടുന്നു.

ജനസംഖ്യയെപ്പറ്റിയുള്ള ശരിയായ വിവരങ്ങൾ, വികസനം ഉദ്ദേശിച്ചുള്ള ഏത് ആസൂത്രണ പരിപാടിക്കും അനിവാര്യമാണ്. അക്കാരണം കൊണ്ടുതന്നെ പത്തു വർഷത്തിലൊരിക്കൽ നടത്തി വരുന്ന കനേഷുമാരി (സെൻസസ്) അടിസ്ഥാനമാക്കി ജനസംഖ്യ, വളർച്ചാ നിരക്ക്, വിതരണം, കേന്ദ്രീകരണം, ജനസാന്ദ്രത, തൊഴിൽ പങ്കാളിത്ത നിരക്ക് തുടങ്ങിയ ഘടകങ്ങൾ പരിശോധിക്കു ന്നത് പ്രദേശത്തിന്റെ മാനവവിഭവശേഷിയുടെ പഠനമായി കണക്കാക്കാം. ഈ ആവശ്യത്തിലേക്കായി 2011 ലെ സെൻസസ് പ്രകാരമുള്ള പഠനമാണ് ഇവിടെ നടത്തിയിരിക്കുന്നത്.

കാസറഗോഡ് ജില്ല കേരളത്തിന്റെ വടക്കെ അറ്റത്തുള്ളതും കർണ്ണാടക സംസ്ഥാനവുമായി അതിർത്തി പങ്കിടുന്നതുമാണ്. അതിനാൽ വിവിധ ആവശ്യങ്ങൾക്കായി കാസറഗോഡ് നിന്ന് കർണ്ണാ ടകയിലേക്കും തിരിച്ചും സ്ഥിരമായോ അല്ലാതെയോ സവാരി നടത്തിക്കൊണ്ടിരിക്കുന്ന ഒരു ജന വിഭാഗത്തെ ഇവിടെ കാണാൻ സാധിക്കും. 2011 ലെ സെൻസസ് പ്രകാരം കാസറഗോഡ് ജില്ലയുടെ ജനസംഖ്യ 1307375 ആണ്. ഇത് സംസ്ഥാന ജനസംഖ്യയുടെ വെറും 3.91% ആണ്.

മേപ്പ് 3.20: ജനസംഖ്യയുടെ വിതരണം 2011– സെൻസസ് പ്രകാരം



മേപ്പ് 3.21: ജനസംഖ്യയുടെ കേന്ദ്രീകരണം 2011– സെൻസസ് പ്രകാരം



അവലംബം സെൻസസ് റിപ്പോർട്ട്, നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

അതേ സമയം കാസറഗോഡ് ജില്ലയുടെ വിസ്തീർണ്ണം (1992 ച.കി.മീ.) സംസ്ഥാനത്തിന്റെ 5.12% ആണ്. കേരളത്തിൽ ജനസംഖ്യാ വലുപ്പത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയുടെ സ്ഥാനം 11 ആണ്. കാസറഗോഡ് ജില്ലയിൽ ഏറ്റവും അധികം ജനസംഖ്യയുള്ള തദ്ദേശസ്ഥാപനം കാഞ്ഞങ്ങാട് നഗരസഭ ആണ്. ഏറ്റവും കുറഞ്ഞ ജനസംഖ്യ ബെള്ളൂർ ഗ്രാമ പഞ്ചായത്തിലും.

ജില്ലയിലെ ജനസംഖ്യയുടെ വിതരണം മാപ്പ് 3.20 ൽ കാണിച്ചിരിക്കുന്നു. 50000 ൽ കൂടുതൽ ജനസംഖ്യയുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും, 20000 നും 50000 നും ഇടയിലുള്ള തദ്ദേശസ്ഥാപനങ്ങളും 20000 ത്തിൽ കുറഞ്ഞ ജനസംഖ്യയുള്ള തദ്ദേശസ്ഥാപനങ്ങളും വേർതിരിച്ച് കാണാവുന്നതാണ്.

ജില്ലയിലെ ജനസംഖ്യയുടെ കേന്ദ്രീകരണം മാപ്പ് 3.21 ൽ കൊടുത്തിരിക്കുന്നു. ജില്ലയുടെ മൂന്നിലൊന്ന് ജനസംഖ്യയും കേന്ദ്രീകരിച്ചിരിക്കുന്നത് 8 തദ്ദേശ സ്ഥാപന പ്രദേശങ്ങളിലാണ് കാഞ്ഞങ്ങാട്, ചെങ്കള, ചെമ്മനാട്, കാസറഗോഡ്, അജാനൂർ, മംഗൽപ്പാടി, കുമ്പള, പള്ളിക്കര എന്നീ തദ്ദേശ സ്ഥാപനങ്ങളാണ് അവ. ആകെ ജനസംഖ്യയുടെ പകുതിയും 14 തദ്ദേശ സ്ഥാപനങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുമ്പോൾ 3 ൽ 2 ഭാഗം 22 തദ്ദേശ സ്ഥാപനങ്ങളിലായി അധിവസിക്കുന്നു.

മാപ്പിൽ നിന്നും ജനസംഖ്യയുടെ വിതരണം എല്ലാ പ്രദേശങ്ങളിലും സമാനമല്ലെന്നു കാണാം. ജില്ലയുടെ പടിഞ്ഞാറ് ഭാഗത്തേക്ക് വരുമ്പോൾ അതായത് തീരപ്രദേശത്തോട് ചേർന്ന് ജനസംഖ്യ കേന്ദ്രീകരിച്ചിരിക്കുന്നു. കേരളത്തിന്റെ മുഴുവൻ കാര്യമെടുത്താലും ഇതു തന്നെയാണ് സ്ഥിതി.

ജനസംഖ്യയുടെ വളർച്ചാ നിരക്ക് പരിശോധിക്കുമ്പോൾ 2001-2011 കാലയളവിൽ സംസ്ഥാനത്തിന്റെ വളർച്ചാ നിരക്ക് 4.86% ആണെന്ന് കാണുന്നു. ഇതേ കാലയളവിൽ കാസറഗോഡ് ജില്ലയുടെ വളർച്ചാ നിരക്ക്

8.18% ആണ്. ജില്ലയിലെ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഇതേ കാലയളവിൽ ഉണ്ടായ ജനസംഖ്യാ വളർച്ചാനിരക്ക് പരിശോധി ക്കുമ്പോൾ മധൂർ ഗ്രാമപഞ്ചായത്ത് ഏറ്റവും ഉയർന്ന വളർച്ചാ നിരക്കും (22.5%), വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് ഏറ്റവും കുറഞ്ഞ വളർച്ചാ നിരക്കും (-0.79%) കാണിക്കുന്നു. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വെസ്റ്റ് എളേരി മാത്രം നെഗറ്റീവ് വളർച്ചാനിരക്ക് കാണിക്കുന്നു. ജനസംഖ്യ 2001 ൽ 29551 ആയിരുന്നത് 2011 ൽ 29316 ആയി കുറഞ്ഞു.

1971 മുതൽ 2011 വരെയുള്ള കാലയളവിലെ ഓരോ ദശകത്തിലെയും ജനസംഖ്യാ വളർച്ചാ നിരക്ക് പട്ടികയിലും ചിത്രത്തിലും കൊടുത്തിരിക്കുന്നു.

പട്ടിക 3.2: കാസറഗോഡ് ജില്ലയിലെ ജനസംഖ്യാ വളർച്ചാ നിരക്ക്

	1971-1981	1981-1991	1991-2001	2001-2011
കേരളം	19.00	14.00	9.42	4.86
കാസറഗോഡ് ജില്ല	26.44	22.78	12.37	8.57

അവലംബം : സെൻസസ് റിപ്പോർട്ട്

ചിത്രം 3.2: ജില്ലയുടെയും സംസ്ഥാനത്തിന്റെയും ജനസംഖ്യാ വളർച്ചാ നിരക്കിന്റെ താരതമ്യം



അവലംബം : സെൻസസ് റിപ്പോർട്ട്

ജനസംഖ്യ വളർന്നു വരികയാണെങ്കിലും വളർച്ചയുടെ തോത് ദശകംതോറും കുറഞ്ഞു വരുന്നതായി കാണാം. ജില്ലയിലെ ഏറ്റവും ഉയർന്ന ജനസംഖ്യയുള്ള പ്രദേശം കാഞ്ഞങ്ങാട് നഗരമാണെങ്കിലും ജനസംഖ്യാ വളർച്ചാനിരക്കിൽ 2001-2011 ലെ കണക്കനുസരിച്ച് കാഞ്ഞങ്ങാട് 31-ാം സ്ഥാനത്താണുള്ളത്. ജനസംഖ്യാ വളർച്ചാനിരക്ക് കുറയുന്നതിന് പൊതുവായുള്ള കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത് ഉയർന്ന വിദ്യാഭ്യാസ- സാമൂഹിക നിലവാരവും, പ്രത്യുൽപാദന നിരക്കിലെ കുറവും, പുറം രാജ്യങ്ങളിലെക്കുള്ള കുടിയേറ്റവും മറ്റുമാണ്.

ജനസംഖ്യാവളർച്ചാനിരക്ക് കുറയുന്നതിന് മറ്റു ഘടകങ്ങളും കാരണമാവാം. ഒരു പ്രദേശത്തെ വികസന പ്രവണതകളെക്കാൾ മെച്ചപ്പെട്ടത് അധികം അകലെയല്ലാത്തതോ തൊട്ടടുത്ത് നിൽക്കുന്നതോ ആയ പ്രദേശത്ത് ലഭ്യമാകുന്നത് മൂലമുള്ള Outmigration നും വളർച്ചാ നിരക്ക് കുറയാൻ കാരണമാകുന്നു.

2011 ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ ജനസാന്ദ്രത ച.കി.മീ.ന് 859 പേർ ആണ്. അതേസമയം ജില്ലയുടെ ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 654 പേർ ആണ്. കേരളത്തിലെ തീരദേശജില്ലകളിലെ ഏറ്റവും കുറഞ്ഞ സാന്ദ്രതയാണ് ഇത്. ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ ജനസാന്ദ്രതയുടെ ഏറ്റക്കുറച്ചിൽ ചുവടെ ചേർത്ത മാപ്പിൽ കാണിച്ചിരിക്കുന്നു.

മേപ്പ് 3.22: വിവിധ തദ്ദേശഭരണസ്ഥാപന പ്രദേശങ്ങളിലെ ജനസാന്ദ്രത - 2011



അവലംബം : സെൻസസ് റിപ്പോർട്ട് (വർഷം-2011), നഗര ഗ്രാമാസൂത്രണ വകുപ്പ്

ജില്ലയിൽ ജനസാന്ദ്രത ഏറ്റവും കൂടിയ പ്രദേശം കാസറഗോഡ് നഗരവും (3248 പേർ) തുടർന്ന് കാഞ്ഞങ്ങാട് (1855), അജാനൂർ (1766), മൊഗ്രാൽ-പുത്തൂർ (1744), പടന്ന (1739) എന്നിങ്ങനെയുമാണ്. ഏറ്റവും കുറഞ്ഞ ജനസാന്ദ്രത ബെള്ളൂർ (159) പഞ്ചായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ജില്ലയിൽ 11 തദ്ദേശ സ്ഥാപന പ്രദേശങ്ങളിൽ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 400 പേരിൽ കുറവാണ്. നീലേശ്വരം നഗരം ജനസാന്ദ്രതയിൽ 11-ാം സ്ഥാനത്ത് നിൽക്കുന്നു (1480). ജനസംഖ്യാ വിതരണവും ജനസാന്ദ്രതയും തീരദേശ മേഖലയിൽ ഏതാണ്ട് ഒരേ ക്രമത്തിലാണെങ്കിലും ജില്ലയുടെ മറ്റു ഭാഗങ്ങളിൽ ഇവ സാരമായി വ്യത്യാസപ്പെട്ടിട്ടുണ്ട്.

ഒരു പ്രദേശത്തിന്റെ സാമ്പത്തിക അടിത്തറയെക്കുറിച്ച് പഠിക്കുന്നതിന് അവിടത്തെ തൊഴിൽ ഘടനയെക്കുറിച്ച് മനസിലാക്കേണ്ടിയിരിക്കുന്നു. സെൻസസ് പ്രകാരം ഒരു നഗര പ്രദേശത്തെ നിർവ്വചിക്കുന്നതിന് അവലംബിക്കുന്ന മാനദണ്ഡങ്ങളിലൊന്ന് അവിടത്തെ കാർഷികേതര മേഖലയിൽ തൊഴിലെടുക്കുന്ന പുരുഷ തൊഴിലാളികളുടെ ശതമാനമാണ്. നിലവിലുള്ള തൊഴിൽ ഘടനയും ജനസംഖ്യയും തമ്മിലുള്ള താരതമ്യത്തിലൂടെ സാമ്പത്തിക അടിത്തറയെക്കുറിച്ചും തൊഴിൽ മേഖലയിൽ ആവശ്യമായ നയങ്ങളും പരിഷ്കാരങ്ങളും സംബന്ധിച്ചും ധാരണ ലഭിക്കുന്നതാണ്.

തൊഴിലാളികളെ ബൃഹത്തായി പ്രധാന തൊഴിലാളികൾ (Main workers) എന്നും നാമമാത്ര തൊഴിലാളികൾ (Marginal workers) എന്നും തരം തിരിച്ചിരിക്കു

ന്നു. കാസറഗോഡ് ജില്ലയിലെ പ്രധാന തൊഴിലാളികൾ, നാമമാത്ര തൊഴിലാളികൾ, ആകെ തൊഴിലാളികൾ എന്നിവയുടെ വ്യതിയാനം ചിത്രത്തിൽ കൊടുത്തിരിക്കുന്നു.

ചിത്രം 3.3: കാസറഗോഡ് ജില്ലയിലെ തൊഴിലാളികളുടെ വ്യതിയാനം



അവലംബം :സെൻസസ് റിപ്പോർട്ട്

1981 മുതൽ 2011 വരെയുള്ള കാലയളവിൽ തൊഴിലാളികളുടെ എണ്ണം വർധിച്ചു വരുന്നതായി കാണാം. ആകെ തൊഴിലാളികളുടെ എണ്ണം ഏകദേശം ഒരേ നിരക്കിലാണ് വർധിക്കുന്നതെങ്കിലും 1991-2001 കാലഘട്ടത്തിൽ പ്രധാന തൊഴിലാളികളുടെ എണ്ണത്തിലുണ്ടായ വർധനവ് നാമമാത്രമാണ്. അതേ സമയം മാർജിനൽ തൊഴിലാളികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് സംഭവിക്കുകയും ചെയ്തിട്ടുണ്ട്. 2011 ലെ കണക്കനുസരിച്ച് ആകെ തൊഴിലാളികളുടെ എണ്ണം 462998 ഉം ഇതിൽ 372700 പേർ പ്രധാന തൊഴിലാളികളും 90298 പേർ നാമമാത്ര തൊഴിലാളികളുമാണ്.

ചിത്രം 3.4: കാസറഗോഡ് ജില്ലയിലെ തൊഴിൽ പങ്കാളിത്ത നിരക്കിലെ വ്യതിയാനം



അവലംബം :സെൻസസ് റിപ്പോർട്ട്

തൊഴിലാളികളുടെ എണ്ണവും ജനസംഖ്യയും തമ്മിലുള്ള അനുപാതമാണ് തൊഴിൽ പങ്കാളിത്ത നിരക്ക് (Work Force Participation Rate). തൊഴിൽ പങ്കാളിത്ത നിരക്കിലെ വ്യതിയാനം ചിത്രത്തിൽ കാണിച്ചിരിക്കുന്നു. തൊഴിൽ പങ്കാളിത്ത നിരക്ക് ദശകം തോറും വർധിക്കുന്നതായി കാണുന്നു. മാത്രമല്ല 1991 നു ശേഷം നിരക്കിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. 2011 ലെ സെൻസസ് പ്രകാരം ജില്ലയുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 35.54% ആണ്. വർദ്ധിച്ചുവരുന്ന തൊഴിൽ അവസരങ്ങളുടെ സൂചകമായി ഈ മാറ്റത്തെ കാണാവു ന്നതാണ്.

തൊഴിലാളികളെ കർഷകർ, കർഷകത്തൊഴിലാളികൾ, കുടിൽ വ്യവസായത്തൊഴിലാളികൾ, മറ്റുള്ളവർ എന്നിങ്ങനെ നാലായി തരം തിരിക്കാം. 1971 മുതൽ 2011 വരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ പ്രാഥമിക വിഭാഗമായ കർഷകർ, കർഷകത്തൊഴിലാളികൾ, കുടിൽ വ്യവസായ തൊഴിലാളികൾ എന്നീ ഗണങ്ങളിൽ കാര്യമായ കുറവു സംഭവിച്ചു വരുന്നത് കാണാം.

അതേ സമയം സേവന മേഖലകൾ ഉൾപ്പെടുന്ന മറ്റ് തൊഴിലാളികളുടെ ഭീമമായ വർധനവ് ഉണ്ടായിട്ടുള്ളതും ശ്രദ്ധേയമാണ്.

ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ വിവിധ മേഖലകളിൽപ്പെടുന്ന തൊഴിലാളികൾ എപ്രകാരമാണ് കേന്ദ്രീകരിച്ചിരിക്കുന്നത് എന്ന് താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങളിൽ കാണാവുന്നതാണ്.

മേപ്പ് 3.23: ജില്ലയിലെ കർഷകരുടെ കേന്ദ്രീകരണം



അവലംബം : സെൻസസ് റിപ്പോർട്ട് (വർഷം-2011), നഗര ഗ്രാമാസൂത്രണ വകുപ്പ്

മാപ്പിൽ നിന്ന് കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർ പ്രധാനമായും പുല്ലൂർ- പെരിയ, കോടോം-ബേളൂർ, പള്ളിക്കര, കുറ്റിക്കോൽ, ദേലംപാടി എന്നീ പഞ്ചായത്തുകളിൽ കേന്ദ്രീകരിച്ചിരിക്കുന്നതായി കാണാം. കാസറഗോഡ്, നീലേശ്വരം നഗരങ്ങളിൽ കർഷകർ തീരെ കുറവാണെങ്കിലും കാഞ്ഞങ്ങാട് നഗരത്തിൽ സാമാന്യം ഭേദപ്പെട്ട നിലയിലുള്ള കേന്ദ്രീകരണം കാണാം. നഗരങ്ങൾക്കു പുറമെ പടന്ന, തൃക്കരിപ്പൂർ, വലിയപറമ്പ, മൊഗ്രാൽ-പുത്തൂർ തുടങ്ങിയ തീരദേശ പഞ്ചായത്തുകളിലും ചെറുവത്തൂർ, ബെള്ളൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലും കർഷകർ വളരെ കുറവാണ്.

മേപ്പ് 3.24: ജില്ലയിലെ കർഷകത്തൊഴിലാളികളുടെ കേന്ദ്രീകരണം



അവലംബം : സെൻസസ് റിപ്പോർട്ട് (വർഷം-2011), നഗര ഗ്രാമാസൂത്രണ വകുപ്പ്

കർഷകത്തൊഴിലാളികൾ കൂടുതലായി കേന്ദ്രീകരിച്ചിട്ടുള്ളത് കാഞ്ഞങ്ങാട് നഗരം, പുല്ലൂർ- പെരിയ, കോടോം-ബേളൂർ എന്നീ പഞ്ചായത്തുകളിലുമാണ്. കർഷകരുടെ കേന്ദ്രീകരണത്തിൽ നിന്നും വ്യത്യസ്ത രീതിയിലാണ് കർഷകത്തൊഴിലാളികളുടെ കേന്ദ്രീകരണം. കർഷകർ ജില്ലയുടെ മധ്യഭാഗത്താണ് കേന്ദ്രീകരിച്ചിട്ടുള്ളതെങ്കിൽ കർഷകത്തൊഴിലാളികൾ തെക്കുഭാഗത്താണ് കേന്ദ്രീകരിച്ചിരിക്കുന്നത്. മേൽ പറഞ്ഞ പ്രദേശങ്ങൾക്കു പുറമെ മടിക്കൈ, വെസ്ററ് എളേരി, കയ്യൂർ-ചീമേനി, പിലിക്കോട് പഞ്ചായത്തുകളിലും കർഷകത്തൊഴിലാളികൾ ധാരാളമായി തൊഴിലിൽ ഏർപ്പെടുന്നുണ്ട്.

മേപ്പ് 3.25: ജില്ലയിലെ വ്യവസായത്തൊഴിലാളികളുടെ കേന്ദ്രീകരണം



അവലംബം : സെൻസസ് റിപ്പോർട്ട് (വർഷം-2011), നഗര ഗ്രാമാസൂത്രണ വകുപ്പ്

മാപ്പിൽ കാണുന്നതുപോലെ ജില്ലയിൽ വോർക്കാടി, മീഞ്ച, പൈവളികെ, ഗ്രാമ പഞ്ചായത്തുകളിൽ കുടിൽ വ്യവസായത്തൊഴിലാളികൾ കൂടുതലായി കേന്ദ്രീകരിച്ചിരിക്കുന്നു. ജില്ലയുടെ മധ്യഭാഗത്തു നിന്നും വടക്കോട്ട് പോകുമ്പോൾ കൂടുതലായി കുടിൽ വ്യവസായത്തൊഴിലാളികൾ ഉള്ളതായി കാണാം. അതേസമയം തെക്ക് ഭാഗത്തേക്ക് വരുമ്പോൾ, പ്രത്യേകിച്ച് തെക്ക്-കിഴക്ക് മേഖലയിൽ കുടിൽ വ്യവസായത്തൊഴിൽ ശക്തമല്ലെന്ന് മനസിലാക്കാം. എന്നാൽ തീരദേശത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലെല്ലാം തൊഴിലാളികളുടെ ശരാശരി സാന്നിധ്യം കാണിക്കുന്നു.

മേപ്പ് 3.26: ജില്ലയിലെ മറ്റു തൊഴിലാളികളുടെ കേന്ദ്രീകരണം



അവലംബം : സെൻസസ് റിപ്പോർട്ട് (വർഷം-2011), നഗര ഗ്രാമാസൂത്രണ വകുപ്പ്

സേവന മേഖലയിലെ തൊഴിലാളികൾ, ക്വാറി-ഖനന തൊഴിലാളികൾ, കച്ചവടക്കാർ, വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ തുടങ്ങിയവർ എല്ലാം മറ്റു തൊഴിലാളികൾ എന്ന ഗണത്തിൽ ഉൾപ്പെടുന്നു. കാസറഗോഡ്, കാഞ്ഞങ്ങാട് നഗരങ്ങൾ ആണ് ഈ മേഖലയിൽ മുന്നിൽ നിൽക്കുന്നത്. അഥവാ മറ്റു തൊഴിലാളികൾ ഇവിടെ കൂടുതലായി കേന്ദ്രീകരിച്ചിരിക്കുന്നു. സമതല-ഇടനാട് മേഖലകളിൽപ്പെടുന്നതും നഗരങ്ങളോ പട്ടണങ്ങളോ അതുമല്ലെങ്കിൽ നഗരങ്ങളുടെ സാമീപ്യമുള്ളതോ ആയ പ്രദേശങ്ങളാണ് ഇതിൽ കൂടുതലും. നീലേശ്വരം, അജാനൂർ, ചെമ്മനാട്, ചെങ്കള, മധൂർ, ബദിയടുക്ക, കുമ്പള, മംഗൽപ്പാടി, പൈവളികെ, മഞ്ചേശ്വരം ഗ്രാമ പഞ്ചായത്തുകൾ ഇക്കൂട്ടത്തിൽപ്പെടുന്നു. ജില്ലയിലെ നാലു ഗ്രാമ പഞ്ചായത്തുകളിലൊഴികെ മറ്റെല്ലായിടത്തും മറ്റു തൊഴിലാളികളുടെ ശരാശരി സാന്നിധ്യം ദൃശ്യമാണ്. കള്ളാർ, പുത്തിഗെ, കുമ്പടാജെ, ബെള്ളൂർ എന്നീ ഗ്രാമ പഞ്ചായത്തുകളാണ് അവ.

വനങ്ങൾ, ജലാശയങ്ങൾ, കുന്നുകൾ, തോട്ടങ്ങൾ തുടങ്ങിയ ഭൂവിനിയോഗം കൂടുതലായുള്ള മേഖലകളിൽ സ്വാഭാവികമായും ജനസംഖ്യയും അതുപോലെ തന്നെ തൊഴിലാളികളുടെ എണ്ണവും കുറവായിരിക്കും. വൻകിട വ്യവസായങ്ങളുടെ അഭാവവും സ്ഥാനീയമായ പ്രത്യേകതകളും ഗതാഗത സൗകര്യങ്ങളുടെ കുറവുമെല്ലാം തൊഴിൽ മേഖലയെ പ്രതികൂലമായി ബാധിക്കുന്നു. അതേസമയം ജനസാന്ദ്രത കുറഞ്ഞതും തുറസായതുമായ പ്രദേശങ്ങളുടെ സാന്നിധ്യം വ്യവസായ സംരഭങ്ങൾക്ക് അനുകൂലമാണ്. കൂടാതെ കൃഷി മത്സ്യബന്ധന മേഖലകൾക്കുള്ള സാധ്യതയും കാസറഗോഡിനുണ്ട്.

ഭാഷകൾ

പ്രധാനപ്പെട്ട എഴു ഭാഷകളുടെ നാടായിട്ടാണ് കാസറഗോഡ് ജില്ല അറിയപ്പെടുന്നത്. അയൽസംസ്ഥാനമായ കർണ്ണാടകയുടെ സ്വാധീനവും കുടിയേറ്റവും ദൈനംദിനമായും അല്ലാതെയും ഉള്ള ആവശ്യങ്ങൾക്ക് കർണ്ണാടക സംസ്ഥാനത്തെ ആശ്രയിക്കുന്നതുമെല്ലാം ഈ പ്രദേശങ്ങളിൽ വിവിധങ്ങളായ ഭാഷകൾ കൈകാര്യം ചെയ്യുന്ന ജനവിഭാഗത്തെ സൃഷ്ടിച്ചു. നിത്യേനയുള്ള ആവശ്യങ്ങൾക്ക് ജില്ലയുടെ വടക്കൻ മേഖലയിൽ ജനങ്ങൾ ഒന്നിൽ കൂടുതൽ ഭാഷ ഉപയോഗിക്കുന്നു എന്നതിൽ കവിഞ്ഞ് മലയാളേതര ഭാഷകൾ മാതൃഭാഷയായി സ്വീകരിച്ചിട്ടുള്ളവർ കാസറഗോഡ് ജില്ലയിൽ ധാരാളമുണ്ട്.

സെൻസസ് പ്രകാരം മാതൃഭാഷ (Mother tongue)

എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഒരു വ്യക്തിയുടെ ശൈശവകാലത്ത് വ്യക്തിയുടെ മാതാവ് വ്യക്തിയോട് സംസാരിക്കുന്ന ഭാഷ എന്നതാണ്. സെൻസസ് 2011 പ്രകാരം കാസറഗോഡ് ജില്ലയിൽ പ്രധാനമായും സംസാരിക്കുന്ന ഭാഷകൾ മലയാളം, തുളു, കന്നഡ, മറാത്തി, കൊങ്കണി എന്നിവയാണ്. മറ്റു ഭാഷകൾ സംസാരിക്കുന്നവരുടെ എണ്ണം 5,000 ൽ കുറവാണ്. വിവിധ ഭാഷകൾ സംസാരിക്കുന്നവരുടെ എണ്ണം പട്ടികയിൽ കൊടുത്തിരിക്കുന്നത് കാണുക.

പട്ടിക 3.3: ജില്ലയിലെ പ്രധാന ഭാഷകൾ

ഭാഷ	സംസാരിക്കുന്നവരുടെ എണ്ണം
മലയാളം	979,827
കന്നട	50,575
മറാത്തി	24,382
കൊങ്കണി	17,199

അവലംബം : സെൻസസ് റിപ്പോർട്ട് (വർഷം-2011)

മലയാള ഭാഷ സംസാരിക്കുന്നവർ ജില്ലയുടെ 75% വരുമ്പോൾ കന്നഡ, കൊങ്കണി, മറാത്തി എന്നീ ഭാഷകൾ സംസാരിക്കുന്നവർ യഥാക്രമം 3.36%, 1.3%, 1.9% എന്നിങ്ങനെയാണ്. സെൻസസ് പട്ടികപ്പെടുത്താത്ത ഭാഷകൾ സംസാരിക്കുന്നവർ 343 പേർ ആണ്. ഇത് മൊത്തം ജനസംഖ്യയുടെ 0.03% വരും.

എൻഡോസൾഫാൻ ദുരിതബാധിതർ

2017-ലെ സ്പെഷൽ മെഡിക്കൽ ക്യാമ്പ് തയ്യാറാക്കിയ അന്തിമ പട്ടിക പ്രകാരം ജില്ലയിൽ ആകെ 287 എൻഡോസൾഫാൻ ദുരിത ബാധിതരാണുള്ളത്. ഇതിൽ ഏറ്റവും കൂടുതൽ പേർ ഉള്ളത് അജാനൂർ (61), പനത്തടി (34), കയ്യൂർ-ചീമേനി (32), പുല്ലൂർ-പെരിയ (27), ബദിയഡുക്ക(22), കള്ളാർ (21) എന്നിങ്ങനെയാണ്. ഇതിൽ തന്നെ 18 വയസിൽ താഴെയുള്ളവർ 69 പേരുണ്ട്. എൻഡോസൾഫാൻ ദുരിത ബാധിതരുടെ കേന്ദ്രീകരണം എപ്രകാരമാണെന്ന് ചുവടെ മാപ്പിൽ കൊടുത്തിരിക്കുന്നത് കാണുക

മേപ്പ് 3.27: എൻഡോസൾഫാൻ ദുരിത ബാധിതരുടെ കേന്ദ്രീകരണം



അവലംബം: എൻഡോസൾഫാൻ സെൽ (വർഷം-2017)

ചുവടെയുള്ള മാപ്പിൽ ജില്ലയിലെ കശുവണ്ടിത്തോട്ടങ്ങളുടെ വിതരണം കൊടുത്തിരിക്കുന്നത് കാണുക.

മേപ്പ് 3.28 : കശുമാവിൻ തോട്ടങ്ങളുടെ വിതരണം



അവലംബം : സെൻസസ് റിപ്പോർട്ട് (വർഷം-2011), നഗര ഗ്രാമാസൂത്രണ വകുപ്പ്

പ്രധാനമായും പനത്തടി, കള്ളാർ, പുല്ലൂർ-പെരിയ, കോടോം-ബേളൂർ, കിനാനൂർ-കരിന്തളം, കയ്യൂർ-ചീമേനി, അജാനൂർ, പള്ളിക്കര എന്നീ പഞ്ചായത്തുകളിലാണ് കശുമാവിൻ തോട്ടങ്ങൾ കേന്ദ്രീകരിച്ചിരിച്ചിട്ടുള്ളത്. എൻഡോസൾഫാൻ ദുരിത ബാധിതരും മേൽ പറഞ്ഞ പഞ്ചായത്തുകളിലും അയൽ പഞ്ചായത്തുകളിലുമായി കേന്ദ്രീകരിച്ചിരിക്കുന്നു. കണ്ണൂർ-ജില്ലയിലെ പയ്യന്നൂർ നഗരസഭയിലും എൻഡോസൾഫാൻ ദുരിത ബാധിതർ ഉണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

നഗരവത്കരണ രീതി

ജില്ലയിൽ നിലവിലുള്ള നഗര പ്രദേശങ്ങൾ, നഗര ജനസംഖ്യ, കാലക്രമേണയുള്ള നഗര ജനസംഖ്യയുടെ വ്യതിയാനം, ഭാവിയിൽ മാറിവരാവുന്ന നഗര കേന്ദ്രങ്ങൾ, ഭാവിയിലെ നഗര ജനസംഖ്യ, നഗരം നേരിടുന്ന പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങൾ പഠന വിധേയമാക്കുന്നു, ജില്ലയ്ക്കുവേണ്ടി നേരത്തെ തയ്യാറാക്കിയ ജില്ലാ നഗരവത്ക്കരണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ മുൻ നിർത്തിക്കൊണ്ടുള്ള വിശകലനമാണ് നടത്തുന്നത്.

ഐക്യരാഷ്ട്രസഭയുടെ നിർവചന പ്രകാരം നഗരത്തിലേക്കുള്ള കുടിയേറ്റത്തിന്റെ ഭാഗമായി ഗ്രാമ പ്രദേശങ്ങളിൽ നിന്ന് നഗര പ്രദേശങ്ങളിലേക്ക് ജനങ്ങൾ നീങ്ങുന്നതിനെയാണ് നഗരവത്കരണം എന്നു പറയുന്നത്. പരമ്പരാഗത ഗ്രാമീണ സമ്പദ്വ്യവസ്ഥയിൽ നിന്നും ആധുനിക വ്യാവസായിക സമ്പദ്വ്യവസ്ഥയിലേ

ക്കുള്ള മാറ്റത്തിന്റെ സൂചകമായും നഗരവത് കരണത്തെ കാണാം. ഗ്രാമ പ്രദേശങ്ങളിൽ നിന്നും നഗരങ്ങളിലേക്കുള്ള ജനങ്ങളുടെ തുടർച്ചയായ കുടിയേറ്റം നഗരപ്രദേശങ്ങളിൽ ജനസംഖ്യാ കേന്ദ്രീകരണത്തിന് കാരണമാവുകയും തുടർന്ന് നഗരപ്രദേശം വികസിക്കുകയും ചെയ്യുന്നു. വ്യത്യസ്ത കാലഘട്ടങ്ങളിൽ വിവിധ ഘടകങ്ങളാണ് ഇത്തരം കുടിയേറ്റത്തിനും തത്ഫലമായി ഉണ്ടാവുന്ന നഗരവത്കരണത്തിനും കാരണമായിട്ടുള്ളത്.

ഹാരപ്പയും മോഹൻജൊദാരോയുമാണ് ഭാരതത്തിൽ ആദ്യമായി രൂപീകൃതമായതായ നഗരങ്ങളായി അറിയപ്പെടുന്നത് ക്രി.മു. 3500-1500 കാലഘട്ടത്തിൽ തഴച്ചുവളർന്ന ഈ നഗരവത്കരണം ഹാരപ്പൻ സംസ്കാരമെന്നും സിന്ധുനദീതട സംസ്കാരമെന്നുമുള്ള പേരുകളിൽ ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇരുമ്പിന്റെ കണ്ടുപിടുത്തത്തോടെ വനങ്ങളുടെ വ്യാപ്തി കുറയാൻ തുടങ്ങി. ക്രമേണ വനവിഭവങ്ങളിൽ കുറവു വന്നു. ഇത് മനുഷ്യരെ കൃഷി ചെയ്ത് ജീവിക്കാൻ പ്രേരിപ്പിച്ചു.

പരമ്പരാഗത കാലഘട്ടത്തിൽ ഭാരതീയ സാമൂഹ്യ, സാമ്പത്തിക ഘടന ഗ്രാമീണ അടിത്തറയുള്ള കർഷക സമൂഹത്തിന്റെതായിരുന്നു. എന്നാൽ ബ്രിട്ടീഷ് ഭരണകാലത്ത് ഈ ഘടനയിൽ മാറ്റങ്ങൾ ഉണ്ടായി. 1853 ൽ റെയിൽവെ നിലവിൽ വന്നതോടെ നഗരവത്കരണ പ്രക്രിയ ദ്രുതഗതിയിലായി. നഗരങ്ങളുടെ എണ്ണം വർദ്ധിക്കുകയും ഇതിന് ആനുപാതികമായി നഗരങ്ങളിൽ താമസിക്കുന്നവരുടെ എണ്ണം വർധിച്ചു.

ഓരോ മുൻസിപ്പാലിറ്റിയിലും ഓരോ പട്ടാളപ്പാളയവും, മുൻസിപ്പൽ അതിർത്തിയിൽ ഉൾപ്പെടാത്ത എല്ലാ നാഗരിക പൗരസമൂഹവും മുൻസിപ്പൽ ഭരണത്തിന്റെ കീഴിലല്ലെങ്കിലും നഗര സ്വഭാവമുള്ളതും 5000 പേരിൽ കുറയാതെ ആൾക്കാർ സ്ഥിര താമസമാക്കിയിരിക്കുന്ന ഭവനങ്ങളുടെ കൂട്ടവും ഉൾപ്പെടുന്നതാണ് ബ്രിട്ടീഷ് ഭരണകാലത്തെ നഗര പ്രദേശങ്ങൾ. 1961 ലെ സെൻസസ് വരെ ഇതേ നിർവ്വചനം തുടർന്നു. ഒരു അധിവാസകേന്ദ്രത്തെ നഗരമായി പ്രഖ്യാപിക്കുന്നതിനുള്ള വിവേചനാധികാരം 1961 മുതൽ സംസ്ഥാന സെൻസസ് സൂപ്രണ്ടുമാർക്ക് നൽകി.

നഗരപ്രദേശങ്ങളെ നിയമാനുസൃത ഭരണനിർവ്വഹണം (നഗരസഭകൾ, കോർപ്പറേഷനുകൾ), സാമ്പത്തികവും ജനസംഖ്യാ ശാസ്ത്രപരവുമായ വശങ്ങൾ (സെൻസസ് ടൗണുകൾ) എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നിർവ്വചിക്കുന്നത്. ഒരു പ്രദേശത്ത് ഏറ്റവും കുറഞ്ഞത് 5000 ജനങ്ങൾ ഉണ്ടായിരിക്കുകയും ജനസാന്ദ്രത ച.കി.മി. ന് 400 പേരിൽ കുറയാതിരിക്കുകയും ഏറ്റവും കുറഞ്ഞത് 75% പുരുഷ തൊഴിൽശക്തി കാർഷികേതര മേഖലയിൽ ഉണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ ഭാരതീയ സെൻസസ് ആ പ്രദേശത്തെ നഗരപ്രദേശമായി പരിഗണിക്കുന്നു.

ഒരു സ്ഥലത്തെ നഗരജനസംഖ്യാശതമാനം അവിടത്തെ നഗര അംശം (Urban content) എന്നാണ് അറിയപ്പെടുന്നത്. ഇന്ത്യയിൽ 2011 സെൻസസ് പ്രകാരം ഹിമാചൽ പ്രദേശിന്റെത് ഏറ്റവും കുറഞ്ഞ നഗര അംശവും (10.04%) ഡൽഹിയുടേത് ഏറ്റവും കൂടിയ നഗര അംശവുമാണ്(97.49%). ഇന്ത്യയിലെ വിവിധ ഭാഗങ്ങളിലെ നഗരഅംശം പരിശോധിക്കുമ്പോൾ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് ദക്ഷിണേന്ത്യയിൽ ഉയർന്ന നഗര അംശമാണുള്ളത്.

2011 ലെ കണക്കനുസരിച്ച് കേരളത്തിലെ നഗര അംശം 47.2 % ആണ്. അതേ സമയം ഭാരതത്തിലേത് 31.16% മാത്രമാണ്. വികസനത്തിന്റെ കേരള മാതൃക എന്നുള്ളത് അന്താരാഷ്ട്ര തലത്തിൽ ഏറെ ശ്രദ്ധ നേടിയിട്ടുള്ളതാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി ഒരേപോലെ വ്യാപിച്ച് കിടക്കുന്ന വാസസ്ഥലങ്ങളോടു കൂടിയ നഗര-ഗ്രാമ നൈരന്തര്യമാണ് കേരളത്തിൽ കാണാൻ സാധിക്കുന്നത്. ഈ ഒരു പ്രതിഭാസത്തെ 'റർബൻ' എന്നു വിളിക്കപ്പെട്ടിട്ടുണ്ട്. (ടി.ടി. ശ്രീകുമാർ, 1990).

കൃഷിയിൽ നിന്നും മറ്റു വിഭാഗം തൊഴിലുകളിലെക്കുള്ള തൊഴിൽ ഘടനയിലെ മാറ്റത്തിന്റെ ഫലമായി ഭൂവിനിയോഗത്തിലും സാമ്പത്തികക്രമത്തിലും നഗരവത്കരണത്തിലും കാതലായ മാറ്റങ്ങൾ സംഭവിച്ചു. കേരളത്തിന്റെ ഘടനയിൽ സംഭവിച്ച ഈ മാറ്റം സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും സംഭവിച്ച മാറ്റത്തിന്റെ ആകെ തുകയാണ്.

കേരളത്തിലെ നഗരവത്കരണത്തെക്കുറിച്ച് വിശദമായ ഒരു പഠനം തന്നെ നഗര- ഗ്രാമാസൂത്രണ വകുപ്പ് നടത്തുകയും സംസ്ഥാന നഗരവത്കരണ വിഭാഗം റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ കാസറഗോഡ് ജില്ലയുടെ നഗരവത്കരണ പ്രവണതകളെക്കുറിച്ച് പ്രതിപാദിക്കുന്ന ജില്ലാ നഗരവത്കരണ റിപ്പോർട്ടും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

കാസറഗോഡ് കേരളത്തിൽ ഏറ്റവും വടക്കെ അറ്റത്തുള്ളതും കർണ്ണാടക സംസ്ഥാനവുമായി അതിർത്തി പങ്കിടുന്നതുമായ ജില്ലയാണ്. കർണ്ണാടക സംസ്ഥാനത്തിന്റെ തെക്കേ അറ്റത്തുള്ളതും കാസറഗോഡ് നഗരത്തിൽ നിന്നും 50 കിലോ മീറ്ററിൽ താഴെ മാത്രം ദൂരെയുള്ളതുമായ മംഗലാപുരത്തെ സാധന സാമഗ്രികൾക്കും അതേപോലെ സേവനങ്ങൾക്കും ജില്ല ആശ്രയിച്ചു വരുന്നുണ്ട്. അക്കാരണം കൊണ്ടു തന്നെ കാസറഗോഡ് ജില്ലയുടെ നഗരവത്കരണ പ്രവണതകളിൽ ബാഹ്യമായ സ്വാധീനം ഉണ്ടെന്നുള്ളത് വ്യക്തമാണ്.

മേപ്പ് 3.29: ജില്ലയിലെ സെൻസസ് ടൗണുകൾ - 2001



മേപ്പ് 3.30: ജില്ലയിലെ സെൻസസ് ടൗണുകൾ - 2011



അവലംബം: സെൻസസ് റിപ്പോർട്ട് (വർഷം-2001, 2011)

ജില്ലയെ സംബന്ധിച്ച് നഗരവത്കരണം പ്രധാനമായും ഇടനാട് മേഖലയിലും തീരപ്രദേശങ്ങളിലുമാണ് പ്രകടമാകുന്നത്. ജില്ലയിൽ 2001 ലെ സെൻസസ് പ്രകാരം രണ്ട് നഗരസഭകളും (കാസറഗോഡ്, കാഞ്ഞങ്ങാട്) അഞ്ച് സെൻസസ് പട്ടണങ്ങളുമാണ് (മഞ്ചേശ്വരം, ഹൊസബട്ടു, ബംഗര-മഞ്ചേശ്വരം, കുഡ്ലു, ഉദുമ) ഉണ്ടായിരുന്നത്. 2011 ലെ സെൻസസ് പ്രകാരം 2 നഗരസഭകളും 25 സെൻസസ് പട്ടണങ്ങളും ഉണ്ട്. ജില്ലയിലെ മൂന്നാമത്തെ നഗരസഭയായ നീലേശ്വരം 2010 ൽ തന്നെ നിലവിൽ വന്നിരുന്നു. സെൻസസ് പട്ടണങ്ങളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് തന്നെ കാസറഗോഡിന്റെ 2001-2011 ദശകത്തിൽ ഉണ്ടായ ഉയർന്ന നഗരവത്കരണത്തിന്റെ തെളിവാണ്.

ജില്ലയിലെ നഗരങ്ങൾ

ജില്ലയിലെ നഗരങ്ങളിൽ മുഖ്യസ്ഥാനം കാസറഗോഡിനാണ്. ഇതും കാഞ്ഞങ്ങാട്, നീലേശ്വരം നഗരപ്രദേശങ്ങളും തീരപ്രദേശത്തോട് ചേർന്ന് കിടക്കുന്നു. കാസറഗോഡ് നഗരം ജില്ലയുടെ മധ്യഭാഗത്ത് നിന്ന് അല്പം വടക്ക് മാറിയും കാഞ്ഞങ്ങാട്, നീലേശ്വരം നഗരങ്ങൾ മധ്യഭാഗത്ത് നിന്നും തെക്കു മാറിയുമാണ് സ്ഥിതി ചെയ്യുന്നത്. ജില്ലയിലെ മൂന്ന് നഗരങ്ങളെയും ദേശീയപാത-66 ഉം റെയിൽവെയും ബന്ധിപ്പിക്കുന്നു. മാത്രവുമല്ല, ദേശീയപാത സംസ്ഥാനത്തെ ഇതര ജില്ലകളേയും കർണ്ണാടക സംസ്ഥാനത്തിലെ മംഗലാപുരത്തെയും ബന്ധിപ്പിക്കുന്നുണ്ട്.

മേപ്പ് 3.31: കാസറഗോഡ് ജില്ലയിലെ നഗരങ്ങൾ

അവലംബം : സെൻസസ് റിപ്പോർട്ട് (വർഷം-2011)

ജില്ലയിലെ പ്രധാന നഗരവും സംസ്ഥാനത്തെ ഏറ്റവും വടക്കെ അറ്റത്തെ നഗരസഭയുമാണ് കാസറഗോഡ്. സമുദ്ര നിരപ്പിൽ നിന്നും 15.5 മീറ്റർ ഉയരത്തിൽ ചന്ദ്രഗിരിപ്പുഴയോട് ചേർന്ന് കിടക്കുന്ന ഭൂപ്രദേശമാണിത്. 16.69 ച.കി.മീ. വിസ്തീർണ്ണമുള്ള കാസറഗോഡ് നഗരത്തിൽ 2011 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ 54172 ഉം ജനസാന്ദ്രത ച.കി.മീറ്ററിന് 3248 പേരുമാണ്. ജില്ലയിലെ ഗ്രേഡ് I വിഭാഗത്തിൽപ്പെടുന്ന ഒരേയൊരു നഗരവും കാസറഗോഡ് ആണ്.

ജില്ലയിൽ ഗ്രേഡ് II വിഭാഗത്തിൽപ്പെടുന്ന നഗരമാണ് കാഞ്ഞങ്ങാട്. ജില്ലയിൽ ഏറ്റവും വിസ്തീർണ്ണം കൂടിയ നഗരസഭ കൂടിയാണ് കാഞ്ഞങ്ങാട് - 39.54 ച.കീ.മീ. 2011 സെൻസസ് പ്രകാരം ഇവിടത്തെ ജനസംഖ്യ 73342ഉം ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 1855 പേരുമാണ്.

പട്ടിക 3.4: കാസറഗോഡ് ജില്ലയിലെ നഗരങ്ങൾ

	കാസറഗോഡ്	കാഞ്ഞങ്ങാട്	നീലേശ്വരം
വിസ്തീർണ്ണം(ച.കി.മീ)	16.678	39.54	26.23
ജനസംഖ്യആകെ	54172	73,342	39752
ജനസാന്ദ്രത	3248	1855	1516

അവലംബം : സെൻസസ് റിപ്പോർട്ട് (വർഷം-2011)

വികസനത്തിന്റെ സ്ഥലമാനങ്ങൾ

1984 ൽ രൂപീകൃതമായ കാഞ്ഞങ്ങാട് നഗരസഭ ഹോസ്ദുർഗ്ഗ് താലൂക്കിന്റെ ആസ്ഥാനമാണ്. ജില്ലയിൽ നിലവിലുള്ള ഒരേയൊരു മിനി സിവിൽ സ്റ്റേഷൻ കാഞ്ഞങ്ങാട് നഗരത്തിലാണ് സ്ഥിതി ചെയ്യുന്നത്.

2010 ൽ നീലേശ്വരം നഗരസഭ രൂപീകൃതമായി. 2011 സെൻസസ് പ്രകാരം 26.23 ച.കീ. മീറ്റർ വിസ്തീർണ്ണമുള്ള നഗരത്തിന്റെ ജനസംഖ്യ 39752 ആണ്. നഗരത്തിന്റെ ജനസാന്ദ്രത ചതുരശ്ര കിലോ മീറ്ററിന് 1516 പേരാണ്. 2011 ലെ സെൻസസിന് ശേഷം 2015ൽ സർക്കാർ ഉത്തരവ് (സ.ഉ.(പി) നമ്പർ 147/2015/ത.സ്വ.ഭ.വ) പ്രകാരം പടന്ന പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട അഴിത്തല ഭാഗത്തുള്ള 0.623 ച.കി.മീറ്റർ വിസ്തീർണ്ണമുള്ള ഭൂപ്രദേശം നീലേശ്വരം നഗരസഭയോട് കൂട്ടിച്ചേർത്തു. നിലവിലെ നഗരത്തിന്റെ വിസ്തീർണ്ണം 26.853ച.കി.മീറ്ററാണ്.

നഗരങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

2015 ലെ കണക്ക് പ്രകാരം ജില്ലയിൽ ആകെ 52 ചേരി പ്രദേശങ്ങളുണ്ട്. (Notified, identifie-d ഉൾപ്പെടെ). ഇതിൽ 29 എണ്ണം കാസറഗോഡ് നഗരസഭയിലും, 19 എണ്ണം കാഞ്ഞങ്ങാട് നഗരസഭയിലും, 8 എണ്ണം നീലേശ്വരം നഗരസഭയിലുമാണ്. നഗരങ്ങളുടെ വളർച്ചയോടൊപ്പം അതീവ ശ്രദ്ധ പുലർത്തേണ്ട ഒരു മേഖലയാണ് ചേരികളുടെ ഉന്നമനവും പുനരധിവാസവും. തീരെ സൗകര്യങ്ങൾ കുറഞ്ഞ പ്രദേശങ്ങൾ അല്ലെങ്കിൽ പോലും കുടിവെള്ള ലഭ്യത, റോഡുകൾ, ശുചീകരണ സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ പുരോഗതി കൈവരിക്കേണ്ടതുണ്ട്.

നഗരങ്ങളുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ് ഗതാഗത ശൃംഖലകൾ. ജില്ലയിലെ നഗരങ്ങളെല്ലാം ദേശിയപാതയാലും റെയിൽവെയാലും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നവയാണ് തീരദേശ നഗരങ്ങൾ. ആയതുകൊണ്ടു തീരദേശ ഹൈവെ നിലവിൽ വരുന്നതോടെ ദേശീയപാതയ്ക്ക് പുറമേ റോഡ് ഗതാഗതത്തിനുള്ള ബൈപ്പാസ് സൗകര്യം കൂടി യഥാർത്ഥ്യമാവും. വീതി കുറഞ്ഞ ദേശീയപാതകൾ നിലവിൽ ഗതാഗത പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നീലേശ്വരം നഗരത്തിലാണ് ദേശീയ പാതയിലെ ഒരേയൊരു റെയിൽവെ ലെവൽ ക്രോസ് നിലവിൽ ഉള്ളത്. ദേശീയ പാതയിൽ നഗരകേന്ദ്രത്തോട് ഏറെ അടുത്ത് നില്ക്കുന്നതുകൊണ്ട് വലിയ ഗതാഗതക്കുരുക്കിന് ഇടയാക്കുന്നു.

ജില്ലയിലെ നഗരങ്ങളിൽ ഒന്നിലും നഗരപ്രദേശങ്ങളെ മുഴുവൻ ഉൾപ്പെടുത്തിക്കൊണ്ടുള്ള കുടിവെള്ള പദ്ധതിയോ, മഴവെള്ളം സുഗമമായി ഒഴുകുന്നതിനാവശ്യമായ ഡ്രെയിനേജോ, അഴുക്കുചാലുകളോ ലഭ്യമല്ല. ഈ സൗകര്യങ്ങളെല്ലാം ചില പ്രദേശങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. നഗര പ്രദേശങ്ങളുടെ വളർച്ചയ്ക്കൊപ്പം വളർന്ന് വരുന്ന നഗര അംശത്തിന് ആനുപാതികവും പര്യാപ്തവുമായ പശ്ചാത്തലസൗകര്യങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുക എന്നത് ഭാവിയിൽ വലിയ വെല്ലുവിളി തന്നെയാണ്.

ജില്ലയിലെ മൂന്ന് നഗരങ്ങളിലും നിലവിൽ ഒന്നു വീതം മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നു. എന്നാൽ മാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണത്തിന് പകരം പലപ്പോഴും ഇവയുടെ ശേഖരണവും നിക്ഷേപിക്കലും മാത്രമാണ് നടക്കുന്നത്. തദ്ദേശ വാസികളുടെ എതിർപ്പ് മൂലം ഈ മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ ഒന്നും തന്നെ നിലവിൽ പ്രവർത്തിക്കുന്നില്ല. മൂന്നോ നാലോ വാർഡുകൾക്ക് വികേന്ദ്രീകൃതമായി ചെറിയ തോതിൽ ഉള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം.ആർ.എഫ്) സ്ഥാപിക്കുന്നതിലൂടെ മാലിന്യ പ്രശ്നം ഭാവിയിൽ വളരുന്നത് തടയുവാൻ സാധിക്കും

ദിവസങ്ങളിലെ തിരക്കേറിയ സമയങ്ങളിൽ വർദ്ധിച്ചു വരുന്ന ഗതാഗതക്കുരുക്ക് എല്ലാ നഗരങ്ങളുടെയും നീറുന്ന പ്രശ്നമാണ്. നഗര കേന്ദ്രങ്ങളിലെ വീതികുറഞ്ഞ റോഡുകൾ, ജംഗ്ഷനുകൾ, റിംഗ് റോഡുകളുടെ അഭാവം, ബൈപ്പാസുകളുടെ അഭാവം, വർധിച്ചുവരുന്ന വാഹനപ്പെരുപ്പം, റോഡുകളുടെ ശോചനീയാവസ്ഥ തുടങ്ങിയ ഘടകങ്ങളെല്ലാം ഈ പ്രശ്നത്തിന് കാരണമാകുന്നു.

ജില്ലയിലെ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശങ്ങളിൽ നിലവിലുള്ള ജനസാന്ദ്രത, ഭൂവിനിയോഗം എന്നിവയെ അടിസ്ഥാനമാക്കി അവയുടെ പ്രവർത്തന സ്വഭാവം വിശകലനം ചെയ്തിരിക്കുന്നത് കാണുക.

പ്രവർത്തന സ്വഭാവം 3 വിധത്തിലാണ് തരംതിരിച്ചിരിക്കുന്നത്- നാഗരികം, സമ്മിശ്ര സ്വഭാവമുള്ളത് (അർദ്ധ നാഗരികം), ഗ്രാമീണം. ജില്ലയിലെ നഗരങ്ങളായ കാസറഗോഡ്, കാഞ്ഞങ്ങാട്, നീലേശ്വരം എന്നിവിടങ്ങൾ നാഗരിക സ്വഭാവം കാണിക്കുമ്പോൾ തീര പ്രദേശത്തോട് ചേർന്ന് നിൽക്കുന്ന ഗ്രാമ പഞ്ചായത്തുകളായ തൃക്കരിപ്പൂർ, പടന്ന, അജാനൂർ, പളളിക്കര, ഉദുമ, ചെമ്മനാട്, മൊഗ്രാൽപുത്തൂർ, കുമ്പള, മംഗൽപ്പാടി, മഞ്ചേശ്വരം എന്നിവിടങ്ങളും ഇടനാട്ടിൽ വരുന്ന മധൂർ, ചെങ്കള, ചെറുവത്തൂർ ഉൾപ്പടെ ആകെ 13 ഗ്രാമ പഞ്ചായത്തുകൾ അർദ്ധ നാഗരിക സ്വഭാവം കാണിക്കുന്നു. നഗരവത്ക്കരണ പ്രവണതകൾ തീരപ്രദേശങ്ങളിൽ കൂടുതലായി കണ്ടുവരുന്നുണ്ടെങ്കിലും വലിയ പറമ്പ ഗ്രാമപഞ്ചായത്ത് ഗ്രാമീണ സ്വഭാവം ഉള്ളതാണ്. ഉപരിതല ഗതാഗത സംവിധാനങ്ങളുടെ അപര്യാപ്തതയും തീരദേശ നിയന്ത്രണവും ഇതിന് കാരണമാകുന്നു. വലിയപറമ്പ ഉൾപ്പടെ ബാക്കി വരുന്ന 26 തദ്ദേശ സ്ഥാപനങ്ങൾ ഗ്രാമീണ സ്വഭാവമുള്ള പ്രദേശങ്ങളാണ്. നഗരവത്ക്കരണം എന്നത് പരിവർത്തനാത്മകമായത് കൊണ്ട് തന്നെ ഭാവിയിൽ ഈ പ്രദേശങ്ങൾക്ക് കൂടി നാഗരിക സ്വഭാവം കൈവരാനാണ് സാധ്യത.

മേപ്പ് 3.32: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വഭാവം



അവലംബം : നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

ജില്ലയിൽ നടന്നു വരുന്ന മറ്റ് വികസന പ്രവർത്തനങ്ങൾ

- കാഞ്ഞങ്ങാട്- കാണിയൂർ റെയിൽ പാത: പ്രാഥമിക സർവ്വെ നടന്നു കഴിഞ്ഞു. തുടർ നടപടികൾ പുരോഗമിക്കുന്നു.
- മെഡിക്കൽ കോളേജ്, ബദിയടുക്ക : മെഡിക്കൽ കോളേജ് കെട്ടിട നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. 2021 ഓടെ പൂർത്തിയായി പ്രവർത്തനം ആരംഭിക്കാൻ കഴിയും.
- കേന്ദ്ര സർവ്വകലാശാല: പുല്ലൂർ-പെരിയ പഞ്ചായത്തിൽ പെരിയയ്ക്കടുത്തായി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.
- സൗരോർജ പാർക്ക്: ജില്ലയിലെ സൗരോർജ പാർക്കുകളിലെ ഒന്നാം ഘട്ടമായ പാർക്ക് മടിക്കൈ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചു.
- കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്ത് ഐ.ടി പാർക്ക് നിർമ്മാണത്തിനുള്ള സ്ഥലം കണ്ടെത്തി. നിർമ്മാണം ആരംഭിച്ചിട്ടില്ല.

ഭാവിയിലെക്കുള്ള ജനസംഖ്യ കൂടി കണക്കിലെടുത്തുകൊണ്ട് മാസ്റ്റർ പ്ലാനുകൾ നടപ്പിലാക്കുന്നതിലൂടെ മാത്രമെ വർദ്ധിച്ച തോതിലുള്ള നഗരവത്കരണത്തെ നമ്മുടെ നഗരങ്ങൾക്ക് ഉൾക്കൊള്ളുവാൻ സാധിക്കുകയുള്ളു. നഗര അംശത്തിന് ആനുപാതികവും പര്യാപ്തവുമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ മികച്ച തോതിലുള്ള വികസന ലക്ഷ്യങ്ങൾ കൈവരിക്കുവാൻ ജില്ലയ്ക്ക് സാധിക്കും.

വിഭവങ്ങൾ

ജില്ലയിൽ ലഭ്യമായ ജൈവ വിഭവങ്ങൾ, ജല വിഭവങ്ങൾ, വന വിഭവങ്ങൾ തുടങ്ങിയവയുടെ സ്ഥലപര

മായ വിശകലനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. മേൽ പറഞ്ഞ വിഭവങ്ങളുടെ അളവ്, വിന്യാസം, വ്യാപ്തി, ലഭ്യത തുടങ്ങിയ ഘടകങ്ങൾ പരിഗണിക്കുന്നു.

വിഭവങ്ങൾ എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് പ്രകൃതി വിഭവങ്ങളാണ്. ജില്ലയിലെ ജൈവ വിഭവങ്ങൾ (കാർഷിക ഉത്പന്നങ്ങൾ, മൃഗസമ്പത്ത് മുതലായവ), ജലവിഭവങ്ങൾ, (ജലസ്രോതസ്സുകൾ, മത്സ്യസമ്പത്ത്), വനവിഭവങ്ങൾ എന്നിവയുടെ ലഭ്യതയാണ് വിശകലനം ചെയ്യുന്നത്.

ജൈവവിഭവങ്ങൾ

ജില്ലയിലെ പ്രധാനപ്പെട്ട നാണ്യ വിളകളാണ് റബ്ബർ, കുരുമുളക്, തെങ്ങ്, കവുങ്ങ് ഇടനാട് പ്രദേശം കൃഷി മേഖലയ്ക്ക് അനുയോജ്യമാണ്. താഴ്ന്ന പ്രദേശങ്ങളിൽ നെൽകൃഷി ചെയ്തുവരുന്നു. അതുപോലെ മറ്റു വിളകളായ തെങ്ങ്, അടയ്ക്ക, റബ്ബർ, കശുവണ്ടി എന്നിവ കുന്നിൻ പ്രദേശങ്ങളിലും കൃഷി ചെയ്ത് വരുന്നു. ഒറ്റപ്പെട്ട പ്രദേശങ്ങളിൽ കൃഷി ചെയ്ത് വരുന്ന കരിമ്പ്, പുകയില എന്നിവ കാസറഗോഡിന്റെ പ്രത്യേകതയാണ്.

ജില്ലയിൽ 4155 ഹെക്റ്റർ സ്ഥലത്ത് നെൽ കൃഷി ചെയ്ത് വരുന്നു. മൊത്തം ഉത്പാദനം 9834 ടൺ ആണെന്ന് ഡോ.പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. ഇത് മൊത്തം വിളയുടെ 3% ആകുന്നു. 56174 ഹെക്റ്റർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്തു വരുന്നു. ഇതിന്റെ ഉത്പാദനം 418 മില്യൺ തേങ്ങകൾ ആണ്. അടയ്ക്ക ഒരു പ്രധാനപ്പെട്ട വിളയാണ്. 18039 ഹെക്റ്റർ സ്ഥലത്ത് കവുങ്ങ് കൃഷി ചെയ്ത് വരുന്നു. കവുങ്ങ് കൃഷിയിൽ മുന്നിൽ നിൽക്കുന്ന ജില്ലയാണ് കാസറഗോഡ്. 6803 ഹെക്റ്റർ സ്ഥലത്താണ് കശുവണ്ടി കൃഷിയുള്ളത്. ജില്ലയിൽ 31740 ഹെക്റ്റർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്യുന്നു. റബ്ബർ ഉല്പാദനം 41260 ടൺ ആണ്. 6830 ഹെക്റ്റർ സ്ഥലത്ത് കുരുമുളക് കൃഷി ചെയ്ത് വരുന്നു. കുരുമുളക് ഉല്പാദനം 2539 ടൺ ആണ്.

ജില്ലയുടെ കാർഷിക മേഖല ഇവിടത്തെ പരിസ്ഥിതിയുമായി ഇഴചേർന്നു കിടക്കുന്നു. പരിസ്ഥിതിക്കുണ്ടാകുന്ന നേരിയ ആഘാതം പോലും കാർഷിക മേഖലയ്ക്കും സാമൂഹിക മേഖലയ്ക്കും വൻപ്രത്യാഘാതമാണ് സൃഷ്ടിക്കുന്നത്. അതുകൊണ്ട് തന്നെ കാർഷിക മേഖലയുടെ അഭിവൃദ്ധി എന്നത് പരമ്പരാഗത കൃഷി രീതികളെയും നാടൻ വിത്തുകളെയും സംരക്ഷിക്കുന്നതും ആധുനിക യന്ത്രസാമഗ്രികളുടെ ക്രിയാത്മകമായ ഉപയോഗം ഉൾച്ചേർന്നതുമാകണം. തരിശുനിലങ്ങളെയും ഉപയോഗിക്കാതെ കിടക്കുന്ന നെൽവയലുകളെയും പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിന് മുൻഗണന നൽകണം.

നഗരവത്ക്കരണത്തിന്റെ അനിയന്ത്രിതമായ ഇടപെടൽമൂലം കൃഷിസ്ഥലങ്ങൾ ശോഷിച്ചു വരികയാണ്. നിലവിലുള്ള നെൽവയൽ സംരക്ഷിക്കാൻ നെൽവയൽ-തണ്ണീർത്തട നിയമങ്ങൾ കർശനമായി പാലിക്കപ്പെടേണ്ടതുണ്ട്. കാർഷികവൃത്തിയിലേർപ്പെടുന്നവരുടെ കുറവ് ഈ രംഗത്തുള്ള പ്രധാന വെല്ലുവിളിയാണ്. പരമ്പരാഗത തൊഴിലാളികളോടുള്ള പ്രതിപത്തി, വർദ്ധിച്ച ഉത്പാദനച്ചെലവ്, ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കാതിരിക്കൽ, വർദ്ധിച്ച തോതിലുള്ള ഉപഭോഗ സംസ്ക്കാരം എന്നിവയെല്ലാം കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്.

ലഭ്യമായ കൃഷിയിടങ്ങളെ പരിസ്ഥിതിക്കനുസൃതമായി തനത് രീതിയിൽ സംരക്ഷിക്കുകയും, മെച്ചപ്പെട്ട ഉത്പാദന സംവിധാനങ്ങൾ സ്വീകരിച്ച് കൃഷി രീതികളെ പരിഷ്കരിക്കുകയും ചെയ്യണം. ആവർത്തന കൃഷി രീതിയെ പ്രോത്സാഹിപ്പിക്കുകയും രണ്ടും, മൂന്നും വിള കൃഷി ചെയ്യാൻ പര്യാപ്തമായ ജലസേചന സൗകര്യങ്ങൾ ഒരുക്കേണ്ടതുമാണ്. കൂടാതെ പരമ്പരാഗതമായ തോടുകളെയും ചാലുകളെയും സംരക്ഷണ ഭിത്തി കെട്ടി നിലനിർത്തണം. കൃഷിയിടങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാനായി സ്ലൂയിസ്സുകൾ നിർമ്മിക്കേണ്ടത് ആവശ്യമാണ്. കാർഷിക മേഖലയിൽ തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക കർമ്മസേന രൂപീകരിക്കേണ്ടതും ചെറുകിട യന്ത്രവത്കരണം സാധ്യമാക്കേണ്ടതുമാണ്.

2016-17 വർഷത്തിൽ ജില്ലയിലെ മുട്ട ഉത്പാദനം 772.58 ലക്ഷം എണ്ണവും ഉപയോഗിച്ച മാംസ ത്തിന്റെ അളവ് 20,130 മെട്രിക് ടണ്ണുമാണ്. വർദ്ധിച്ചുവരുന്ന ആവശ്യം പരിഹരിക്കുന്നതിന് ഈ മേഖലയിൽ കൂടുതൽ സൗകര്യങ്ങളും സംരംഭങ്ങളും ഉണ്ടായി വരണം.

ജലവിഭവങ്ങൾ

ജില്ലയെ ജലസമൃദ്ധമാക്കുന്ന പന്ത്രണ്ട് പുഴകളെയാണ് ജലവിഭവത്തിൽ പ്രധാനമായി പരിഗണിക്കേണ്ടത്. ജില്ലയിലെ ഏറ്റവും വലിയ പുഴ ചന്ദ്രഗിരിപ്പുഴയാണ് (105 കി.മീ), കാര്യങ്കോട് പുഴ (64 കി.മീ), ഷിറിയ പുഴ (61 കി.മീ), ഉപ്പള പുഴ (50 കി.മീ), മൊഗ്രാൽ പുഴ(34 കി.മീ), ചിത്താരി പുഴ (25 കി.മീ),നീലേശ്വരം പുഴ (47 കി.മീ), കവ്വായി പുഴ (23 കി.മീ), മഞ്ചേശ്വരം പുഴ (17കി.മീ), കുമ്പള പുഴ (11 കി.മീ), ബേക്കൽ പുഴ (16കി.മീ), കളനാട് പുഴ (8കി.മീ) എന്നിങ്ങനെയാണ് ജില്ലയിലെ മറ്റു പുഴകളുടെ ദൈർഘ്യം. പുഴകൾക്ക് പുറമെ തോടുകളും കുളങ്ങളും കൊണ്ട് സമ്പന്നമാണ് കാസറഗോഡ്. ജില്ലയുടെ മൊത്തം ഭൂവിനിയോഗത്തിന്റെ 2 ശതമാനത്തോളം ജലാശയങ്ങൾ ജില്ലയിൽ ധാരാളമായി ഉണ്ട്. ജില്ലയുടെ മൊത്തം ഭൂവിനിയോഗത്തിന്റെ 2 ശതമാനത്തോളം ജലാശയങ്ങളാണ്.

സംസ്ഥാനത്തെ കടലോരങ്ങളിൽ 70 കിലോ മീറ്ററോളം ജില്ലയിലാണ്. ഇത് സംസ്ഥാനത്തിന്റെ കടൽ തീരത്തിന്റെ 12% ആണ്. വർഷത്തിൽ 17000 മെട്രിക് ടൺ കടൽ മത്സ്യമാണ് ഇവിടെ ലഭിക്കുന്നത്. ഇത് സംസ്ഥാനത്തിന്റെ 2.5% ആകുന്നു. ഏകദേശം 50000 ത്തോളം തൊഴിലാളികൾ മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നു. ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിലെ മടക്കരയിലും, കാസറഗോഡ് നഗരസഭയിലെ തളങ്കരയിലുമായി രണ്ട് ഹാർബറുകൾ നിലവിലുണ്ട്.

വനവിഭവങ്ങൾ

കാസറഗോഡ് ജില്ലയിലെ ഏകദേശം 4775 ഹെക്ടർ

സ്ഥലത്താണ് തേക്ക് പ്ലാന്റേഷൻ ഉള്ളത്. കാഞ്ഞങ്ങാട് റേഞ്ചിൽ കോട്ടമല എന്ന സ്ഥലത്താണ് പ്ലാന്റേഷൻ നിലവിലുള്ളത്.. കാസറഗോഡ് റേഞ്ചിൽ വിവിധ സ്ഥലങ്ങളിലായി 1864 ഹെക്ടറിൽ വ്യാപിച്ചു കിടക്കുന്നു.

2016-17 വർഷത്തിൽ ജില്ലയിലെ വനവിഭവത്തിന്റെ ഭാഗമായി 1135.381 m^3 അകേഷ്യ 226.569 m^3 തേക്കും മറ്റു തടികളും ലഭിച്ചതായി വനം വകുപ്പിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. കൂടാതെ മേൽ കാലയളവിൽ 736.08 m^3 വിറകും ലഭിച്ചിട്ടുണ്ട്.

2016-17 വർഷത്തിൽ കാഞ്ഞങ്ങാട് ഡിവിഷനിൽ 0.470 ച.കിലോ മീറ്ററും കാസറഗോഡ് ഡിവിഷനിൽ 1.451 ച.കി.മീറ്ററും വനവത്ക്കരണം നടത്താൻ സാധിച്ചിട്ടുണ്ട്.

ഗതാഗതശൃംഖലാ പഠനം

റോഡുകളെ അവയുടെ ശ്രേണിയിലെ ക്രമമനുസരിച്ചും മറ്റു ഗതാഗത സൗകര്യങ്ങളുടെ പ്രാധാന്യമനുസരിച്ചും മാപ്പിൽ അടയാളപ്പെടുത്തുകയും ഓരോ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലും ലഭ്യമായ റോഡുകളുടെ ക്രമം കണ്ടെത്തുകയും ചെയ്യുന്നതിന് ഗതാഗത ശൃംഖലാപഠനം സഹായിക്കും. ഗതാഗത ശൃംഖലയുടെ പൂർണ്ണത പരിശോധിക്കുന്നതോടൊപ്പം പുതിയ റോഡുകളുടെ ആവശ്യകത, നിലവിലുള്ളവയുടെ വികാസ സാധ്യത തുടങ്ങിയവ പരിശോധനാ പഠനത്തിൽ നടത്തുന്നു.

ഗതാഗതശൃംഖല ഏതൊരു പ്രദേശത്തിന്റെയും വികസനത്തിൽ കാതലായ പങ്കുവഹിക്കുന്ന ഒന്നാണ്. സാമ്പത്തിക അടിത്തറ നിർണ്ണയിക്കുന്ന ഏതൊരു മേഖലയുടെയും പ്രവർത്തനവും വികാസവും വലിയൊരളവോളം ഗതാഗത ശൃംഖലയെ ആശ്രയിച്ചിരിക്കുന്നു. അസംസ്കൃത വസ്തുക്കളുടെയും ഉത്പന്നങ്ങളുടെയും യന്ത്രങ്ങളുടെയും തൊഴിലാളികളുടെയും എല്ലാം നീക്കം ഗതാഗത സൗകര്യങ്ങളെ ആശ്രയിച്ചാണ്. അതുകൊണ്ടുതന്നെ ഏതൊരു പ്രദേശത്തിന്റെയും ജീവ നാഡിയായാണ് ഗതാഗത ശൃംഖലയെ കരുതിപ്പോരുന്നത്. ഗതാഗത ശൃംഖല ഒരു പ്രദേശത്തിന്റെ വികസനം ത്വരിതപ്പെടുത്തുന്നു. അതേ സമയം പ്രദേശത്തിന്റെ വികസനം ഗതാഗത ശൃംഖലയെ ശക്തിപ്പെടുത്തുകയും, വികസിപ്പിക്കുകയും ചെയ്യുന്നു. ഇത് പരസ്പര പൂരകമാണ് പ്രാദേശിക വികസനത്തിന് ആനുപാതികമായ നിലയിൽ ഗതാഗത ശൃംഖലയുടെ വളർച്ച ഉറപ്പാക്കാൻ പ്രായോഗികമായി സാധിക്കാത്തത്മൂലം ജില്ലയിൽ പലവിധ ഗതാഗത പ്രശനങ്ങൾക്കും തത്ഫലമായി വികസന പ്രശ്നങ്ങൾക്കും ഹേതുവാകാറുണ്ട്.

ജില്ലയിൽ നിലവിൽ വ്യോമ ഗതാഗതത്തിനുള്ള സൗകര്യങ്ങൾ തീരെ ലഭ്യമല്ല. ഉപരിതല ഗതാഗത മാർഗ്ഗങ്ങളും ജലപാതയുമാണ് നിലവിലുള്ള ഗതാഗത മാർഗ്ഗങ്ങൾ. ഉപരിതല ഗതാഗത മാർഗങ്ങളിൽ റെയിൽ വഴിയും റോഡുവഴിയും ഗതാഗതം നടക്കുന്നുണ്ട്.

റെയിൽ ഗതാഗതം

നിലവിലുള്ള ഷൊർണ്ണൂർ-മംഗലാപുരം റെയിൽ പാതയും കൊങ്കൺ വഴിയുള്ള റെയിൽ പാതയും കാസറഗോഡിലൂടെ കടന്ന് പോകുന്നു. ജില്ലയിൽ 81 കി.മീ ദൈർഘ്യം വരുന്ന പാത കൊങ്കൺ വഴി വടക്ക് മുംബൈ നഗരത്തെയും ഹാസൻ വഴി മൈസൂർ, ബാംഗ്ലൂർ നഗരങ്ങളെയും ബന്ധിപ്പിക്കുന്നു. വലുതും ചെറുതുമായി ആകെ 12 റെയിൽവെ സ്റ്റേഷനുകൾ ജില്ലയിലുണ്ട്. ഇവയിൽ കാസറഗോഡ്, കാഞ്ഞങ്ങാട് സ്റ്റേഷനുകൾ ആണ് പ്രധാനപ്പെട്ടവ. ജില്ലാ ആസ്ഥാനമായിട്ടു കൂടി കാസറഗോഡ് റെയിൽവേ സ്റ്റേഷനിൽ പല ദീർഘദൂര തീവണ്ടികൾക്കും സ്റ്റോപ്പ് അനുവദിച്ചിട്ടില്ല എന്നുള്ളത് ഒരു പോരായ്മയാണ്.

ജില്ലയിലെ റെയിൽവേ ലൈൻ ബേക്കൽ ടൂറിസം ഡവലപ്പ്മെന്റ് ഏരിയയിൽ കൂടി കടന്ന് പോകുന്നുണ്ട്.

നിർദ്ദിഷ്ട കാസറഗോഡ്-കാണിയൂർ പാത കാഞ്ഞങ്ങാട് നിന്ന് ആരംഭിച്ച് കർണ്ണാടക സംസ്ഥാനത്തെ കാണിയൂരിൽ അവസാനിക്കുന്നു. 71 കി.മീ ദൈർഘ്യമുള്ള പാതയ്ക്ക് കേരളത്തിൽ 40 കി.മീറ്ററും കർണ്ണാടകയിൽ 31 കി.മീറ്ററും ആണ് ദൈർഘ്യം. പ്രസ്തുത പാത നിലവിൽ വന്നാൽ ജില്ലയിൽ നിന്നും ബാംഗ്ലൂരിലെക്കുള്ള ദൈർഘ്യം കുറഞ്ഞ പാതയായിരിക്കും ഇത്.

ഈ പാത പൂർത്തിയാകുന്നതോടെ നമ്മുടെ ജില്ലയ്ക്ക് വൻവികസന സാധ്യതയുണ്ടാകും കർണ്ണാടകത്തിൽ ദക്ഷിണ കർണ്ണാകയിലെ മൈസൂർ, കുടക് ജില്ലകളുമായുള്ള ഗതാഗതം ഇതോടെ സുഗമമാകും. നോർത്ത് മലബാറിൽ നിന്നും ബാംഗ്ലൂർ എത്തുന്നതിനുള്ള സമയം കാര്യമായി കുറയും. ഐ.ടി. പ്രൊഫഷണലുകൾ, വ്യവസായികൾ, ആരോഗ്യ പ്രവർത്തകർ തുടങ്ങി ബാംഗ്ലൂരിനെ ബന്ധപ്പെടുന്നവർക്ക് ഇത് സൗകര്യപ്രദമാണ് ജില്ലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെയും കർണ്ണാടകത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളേയും പരസ്പരം ബന്ധപ്പെടുത്താൻ പ്രസ്തുത ലൈൻ സഹായകമാകും. കാഞ്ഞങ്ങാട് നഗരസഭ, അജാനൂർ, പുല്ലൂർ- പെരിയ, കോടോംബേളൂർ, കള്ളാർ, പനത്തടി എന്നീ പഞ്ചായത്തുകൾ വഴി കടന്നുപോകുന്ന പാതയുടെ കേരളത്തിലെ ദൈർഘ്യം 40 കി.മീ ആണ്.

റോഡ് ഗതാഗതം

ജില്ലയിൽ സാമാന്യം ഭേദപ്പെട്ട ഒരു റോഡ് ശൃംഖലയുണ്ട്. നാഷണൽ ഹൈവേ (NH), സ്റ്റേറ്റ് ഹൈവേ (SH) മേജർ ജില്ലാ റോഡുകൾ (MDR), മറ്റ് ജില്ലാ റോഡുകൾ (ODR), വില്ലേജ് റോഡുകൾ എന്നിവ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. നാഷണൽ ഹൈവേ-66 ജില്ലയിലൂടെ കടന്ന് പോകുന്നു. കൂടാതെ നാല് സംസ്ഥാന പാതകളും ഗതാഗതത്തെ സജീവമാക്കുന്നു. സംസ്ഥാന പാതയിലൊന്ന് ചെർക്കളയിൽ നിന്ന് കല്ലടുക്ക വഴി കർണ്ണാടകയിലെ വിട്ല, പുത്തൂർ ഭാഗത്തേക്കും മറ്റൊന്ന് ചെർക്കളയിൽ നിന്ന് കാറഡുക്ക വഴി കർണ്ണാടക സംസ്ഥാനത്തെ സുള്ള്യയിലേക്കും കടന്നു പോകുന്നു. ജില്ലയിലെ തീരപ്രദേശത്തുകൂടി കാസറഗോഡ് നിന്നും കാഞ്ഞങ്ങാട്ടേക്കു പോകുന്ന റോഡും മാവുങ്കാലിൽ നിന്ന് പാണത്തൂർ വഴി കർണ്ണാടകയിലെ മടിക്കേരിയിലെക്കു പോകുന്ന റോഡും സംസ്ഥാന പാതകളാണ് ജില്ലയിലെ പ്രധാന മാർക്കറ്റുകൾ, വാ

ണിജ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ, സ്കൂളുകൾ, കോളേജുകൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ തുടങ്ങിയവയിലെക്കുള്ള മാർഗ്ഗം കൂടിയാണ് ഈ പാതകൾ.

മേജർ റോഡുകൾ പ്രധാനമായും ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ബന്ധപ്പെടുത്തുന്ന ഗതാഗത ശൃംഖലയാണ്. മറ്റു ജില്ലാ റോഡുകളും ഇപ്രകാരം തന്നെ ഗ്രാമ പഞ്ചായത്തുകളിൽ വില്ലേജ് റോഡുകൾ പ്രധാനമായി കാണുന്നത്. NH, SH, MDR എന്നിവയിലെക്ക് ബന്ധപ്പെടുത്തുന്ന കണ്ണി കൂടിയാണ് വില്ലേജ് റോഡുകൾ. PMGSY (പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകളും വിവിധ ഗ്രാമങ്ങളിലൂടെ കടന്നുപോകുന്നു.

തീരദേശ ഹൈവേ: സംസ്ഥാനത്ത് തിരുവനന്തപുരം പാവൂർ മുതൽ കാസറഗോഡ് ജില്ലയിലെ കുഞ്ചത്തൂർ വരെ നീളുന്നതാണ് തീരദേശ ഹൈവേ. ജില്ലയിൽ വലിയപറമ്പ് ഗ്രാമ പഞ്ചായത്തിലെ അഴിത്തല മുതൽ വോർക്കാടി വരെ (89.5 കി.മീ). തികച്ചും തീരദേശത്തു കൂടിയാണ് ഈ ഹൈവേ കടന്നുപോകുന്നത്. തീരദേശ ഹൈവേയുമായി നിലവിൽ ഉള്ള നാഷണൽ ഹൈവേ നിർദ്ദിഷ്ട മലയോര ഹൈവേ എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന നിരവധി മേജർ ഡിസ്ട്രിക്ട് റോഡുകളും വില്ലേജ് റോഡുകളും ഉൾപ്പെടുന്നാണ് ജില്ലയുടെ ഗതാഗത ശൃംഖല.

മലയോര ഹൈവേ: കാസറഗോഡ് ജില്ലയിലെ വോർക്കാടി പഞ്ചായത്തിലെ നന്താരപ്പടവിൽ ആരംഭിച്ച് മലയോരം വഴി മഞ്ചേശ്വരം, കാറഡുക്ക, പരപ്പ, ബ്ലോക്ക് അതിർത്തിയിലൂടെ കൂടി കണ്ണൂർ ജില്ലയിലെ ചെറുപുഴ വഴി കടന്നു പോകുന്നു. ഈ ഹൈവേക്ക് 12.മീ:ർ വീതിയും ജില്ലയിൽ 119 കി.മീ നീളവും വരുന്നതാണ്. മലയോര മേഖലയുടെ വികസനത്തിന് ഏറെ പ്രയോജനം ചെയ്യുന്നതാണ് നിർദ്ദിഷ്ട മലയോര ഹൈവേ. നിലവിലുള്ള മലയോര റോഡിലൂടെ ദീർഘദൂര ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

ജലഗതാഗതം

ജില്ലയിലെ പടിഞ്ഞാറ് ഭാഗത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ജലഗതാഗതത്തെ പ്രായേണ ആശ്രയിച്ചു വരുന്നു. നീലേശ്വരം നഗരസഭ, തൃക്കരിപ്പൂർ, പടന്ന, ചെറുവത്തൂർ, വലിയപറമ്പല എന്നിവിടങ്ങൾ തമ്മിൽ ജല മാർഗ്ഗം ബന്ധപ്പെട്ട് കിടക്കുന്നു. മുൻകാലത്ത് ഇവിടെ ജലഗതാഗതം സജീവമായിരുന്നു. എന്നാൽ ഇന്ന് ഉല്ലാസ യാത്ര എന്നതിൽ കവിഞ്ഞ് ജലഗതാഗതത്തെ ആശ്രയിക്കുന്നത് പ്രധാനമായും വലിയപറമ്പ ഗ്രാമപഞ്ചായത്താണ്. റോഡ് മാർഗ്ഗം ഇതര പ്രദേശങ്ങളുമായി ബന്ധമായതോടെ വലിയപറമ്പ ഗ്രാമപഞ്ചായത്തിലും ജലഗതാഗതത്തിന്റെ പ്രസക്തി കുറഞ്ഞ് വരികയാണ്. സംസ്ഥാനത്തിനകത്തെക്കും പുറത്തെക്കുമുള്ള പ്രധാന ഗതാഗത മാർഗ്ഗം റെയിൽ, റോഡ് മാർഗ്ഗം തന്നെയാണ്.

തുടർച്ചയായ ജലപാതയുടെ അഭാവം ഈ മാർഗ്ഗം അവലംബിക്കുന്നതിന് നിലവിൽ തടസമായി നിൽക്കുന്നു. നീലേശ്വരം മുതൽ തിരുവനന്തപുരം വരെ നീണ്ടുനിൽക്കുന്ന ജലപാത പൂർത്തീകരിക്കുകയാണെങ്കിൽ ജലഗതാഗതത്തിന് ജില്ലയിലും പ്രാമുഖ്യമേറും.

ജില്ലയിലെ നിലവിലെ ഗതാഗത ശൃംഖല മാപ്പിൽ കാണിച്ചിരിക്കുന്നു.

മേപ്പ് 3.33: ജില്ലയിലെ ഗതാഗത ശൃംഖല



അവലംബം :പി.ഡബ്ല്യു.ഡി. ജില്ലാ നഗരവത്കരണ റിപ്പോർട്ട് (വർഷം-2011)

വികസനത്തിന്റെ സ്ഥലമാനങ്ങൾ

ഗതാഗത ശൃംഖല പരിശോധിച്ചാൽ കാഞ്ഞങ്ങാട്-കാസറഗോഡ് സംസ്ഥാന പാത, റെയിൽവേ ലൈൻ എന്നിവ ജില്ലയിലെ പ്രധാന നഗരങ്ങളുമായി പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നുവെന്ന് കാണാൻ സാധിക്കും. രണ്ടാം ക്രമത്തിൽ വരുന്ന നീലേശ്വരം, കാഞ്ഞങ്ങാട്, കാസറഗോഡ് നഗരങ്ങൾ ദേശീയപാത 66, റെയിൽവേ ലൈൻ എന്നിവയുമായി പരസ്പര ബന്ധിതമാണ്. ഇവയ്ക്ക് പുറമെ കാഞ്ഞങ്ങാട്, നീലേശ്വരം എന്നിവ MDR മുഖേനയും ബന്ധിപ്പിച്ചിട്ടുണ്ട്. മൂന്നാം ക്രമത്തിൽ വരുന്ന അജാനൂർ, ചെമ്മനാട്, ചെങ്കള, ഈസ്റ്റ് എളേരി, കോടോം ബേളൂർ, മടിക്കൈ, പുല്ലൂർ- പെരിയ, ഉദുമ, വെസ്റ്റ് എളേരി പഞ്ചായത്തുകളിൽ അജാനൂർ, ഉദുമ, ചെമ്മനാട് എന്നി പഞ്ചായത്തുകൾ തമ്മിൽ സ്റ്റേറ്റ് ഹൈവേയും മൂന്നാം ക്രമത്തിൽ വരുന്ന എല്ലാ ഗ്രാമ പഞ്ചായത്തുകളും MDR വഴിയും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു.

മൂന്നാം ക്രമത്തിൽ വരുന്ന ഗ്രാമ പഞ്ചായത്തുകൾ NH, SH, MDR എന്നിവ മുഖാന്തിരം ഒന്നും രണ്ടും ക്രമത്തിൽ വരുന്ന നഗരങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു.

ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകളുടെ സാന്ദ്രത പട്ടികയിൽ കാണിച്ചിരിക്കുന്നു.

പട്ടിക 3.5: തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലെ റോഡുകളുടെ സാന്ദ്രത

ക്രമ നമ്പർ	തദ്ദേശ പ്രദേശം	റോഡുകളുടെ സാന്ദ്രത	ക്രമ നമ്പർ	തദ്ദേശ പ്രദേശം	റോഡുകളുടെ സാന്ദ്രത
1	മധൂർ	1.61	22	മംഗൽപ്പാടി	0.86
2	കാസറഗോഡ്	1.39	23	വലിയപറമ്പ	0.85
3	മഞ്ചേശ്വരം	1.23	24	കുറ്റിക്കോൽ	0.84
4	മൊഗ്രാൽ പുത്തൂർ	1.18	25	പള്ളിക്കര	0.83
5	കുംബടാജെ	1.17	26	വെസ്റ്റ് എളേരി	0.82
6	ചെമ്മനാട്	1.15	27	പുല്ലൂർ-പെരിയ	0.82
7	ബദിയടുക്ക	1.11	28	അജാനൂർ	0.80
8	വോർക്കാടി	1.10	29	കാഞ്ഞങ്ങാട്	0.80
9	ചെങ്കള	1.09	30	പിലിക്കോട്	0.80
10	തൃക്കരിപ്പൂർ	1.03	31	കള്ളാർ	0.80
11	പടന്ന	1.01	32	ഉദുമ	0.79
12	പുത്തിഗെ	0.96	33	എൻമകജെ	0.69
13	മീഞ്ച	0.95	34	കോടോം ബേളൂർ	0.66
14	ചെറുവത്തൂർ	0.95	35	കാറഡുക്ക	0.63
15	മടിക്കൈ	0.94	36	ബേഡഡുക്ക	0.6
16	കുമ്പള	0.93	37	ഈസ്റ്റ് എളേരി	0.56
17	മുളിയാർ	0.93	38	പൈവളികെ	0.52
18	കിനാനൂർ-കരിന്തളം	0.91	39	ബളാൽ	0.49
19	നീലേശ്വരം	0.88	40	പനത്തടി	0.48
20	കയ്യൂർ-ചീമേനി	0.88	41	ദേലംപാടി	0.31
21	ബെള്ളൂർ	0.87			

അവലംബം : നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

തദ്ദേശസ്വയംഭരണസ്ഥാപന പ്രദേശങ്ങളിൽ ചതുരശ്ര കിലോമീറ്ററിന് എത്ര കി.മീ റോഡ് ദൈർഘ്യം ഉണ്ടെന്നുള്ളതാണ് റോഡുകളുടെ സാന്ദ്രത കൊണ്ട് അർത്ഥമാക്കുന്നത്. ജില്ലയുടെ ശരാശരി റോഡ് സാന്ദ്രത 1 ച.കി.മീ ന് 0.804 കി.മീ റോഡുകൾ എന്നതാണ്. പട്ടികയിൽ നിന്നും മധൂർ, കാസറഗോഡ്, മഞ്ചേശ്വരം, മൊഗ്രാൽ പുത്തൂർ, കുംബടാജെ എന്നീ ഗ്രാമപഞ്ചായത്തുകളിൽ റോഡുകളുടെ സാന്ദ്രത മെച്ചപ്പെട്ടതാണ്. അതേസമയം ദേലംപാടി, പനത്തടി, ബളാൽ പൈവളിഗെ, ഈസ്റ്റ് എളേരി എന്നീ പ്രദേശങ്ങളിൽ റോഡ് സാന്ദ്രത കുറവായി കാണുന്നു. നിർമ്മിതേതര ഭൂവിനിയോഗം (ജലാശയങ്ങൾ, വനം, തോട്ടം തുടങ്ങിയവ) കൂടിയ പ്രദേശങ്ങളിൽ റോഡ് സാന്ദ്രത സ്വാഭാവികമായും കുറവായിരിക്കും. അതുകൊണ്ടു തന്നെ ഇവിടങ്ങളിൽ ഗതാഗത സൗകര്യങ്ങളുടെ അഭാവമുണ്ടെന്ന് പറയുവാൻ സാധിക്കില്ല.

റോഡ്ഗതാഗതമേഖല നിലവിൽ നേരിട്ടു കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ അനവധിയാണ്. വർദ്ധിച്ച് വരുന്ന വാഹനങ്ങളുടെ എണ്ണത്തെ സുഗമമായി വഹിക്കുവാൻ പര്യാപ്തമായ വീതി, ദേശീയപാത ഉൾപ്പെടെയു

ള്ള റോഡുകൾക്ക് മിക്ക പ്രദേശങ്ങളിലും ലഭ്യമല്ല. ദേശീയപാത നാലുവരി ആകുന്നതോടെ ഈ പ്രശ്നം കുറച്ചൊക്കെ പരിഹരിക്കപ്പെടുമെങ്കിലും മറ്റു റോഡുകളുടെ വീതി ആവശ്യാനുസരണം ഉയർത്താൻ സാധിക്കാതെ വരുന്നത് പ്രയാസം തന്നെയാണ്. സൗകര്യം കുറഞ്ഞ ജംഗ്ഷനുകൾ, ആവശ്യത്തിന് റെയിൽവെ മേൽപ്പാലങ്ങളുടെ കുറവ്, റോഡുകളുടെ ശോചനീയാവസ്ഥ, വളവുകളും തിരിവുകളും കൂടുതൽ ഉള്ള അലൈൻമെന്റ് തുടങ്ങിയ പ്രശ്നങ്ങളും നിലനിൽക്കുന്നു.

നിലവിൽ ജില്ലയിലുള്ള ഗതാഗത സംവിധാനങ്ങൾ ഏറെക്കുറെ പര്യാപ്തമാണ്. ഗതാഗത ശൃംഖലയുടെ ശക്തിപ്പെടുത്തലാണ് ജില്ലയ്ക്ക് അടിയന്തിര ആവശ്യം. നിർദ്ദിഷ്ട കാഞ്ഞങ്ങാട്-കാണിയൂർ പാത യാഥാർത്ഥ്യമാവുകയും നിലവിലുള്ള റെയിൽവെ പാലങ്ങളുടെ അറ്റകുറ്റപ്പണിയും ആവശ്യമുള്ളേടത്ത് പുനർനിർമ്മാണം നടക്കുകയും ചെയ്താൽ റെയിൽ ഗതാഗതം ശക്തിപ്പെടും. റെയിൽ ഗതാഗതം കൂടുതൽ മെച്ചപ്പെടുത്താൻ സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കും കടന്പോകുന്ന പാത അഭിവൃദ്ധിപ്പെടുത്തി കൂടുതൽ നല്ല പാളങ്ങളിടുകയും തകരാറിലായ പാലങ്ങൾ പുതുക്കിപണിയുകയും സ്റ്റേഷനുകളെ നവീകരിക്കുകയും വേണം. അതോടൊപ്പം കൂടുതൽ തീവണ്ടി അനുവദിക്കുക, കൂടുതൽ ദീർഘദൂര തീവണ്ടികൾക്ക് പ്രധാനസ്റ്റേഷനുകളിൽ സ്റ്റോപ്പ് അനുവദിക്കുക, പാസഞ്ചർ വണ്ടികളുടെ എണ്ണം കൂട്ടുക, മെമു സർവ്വീസ് ആരംഭിക്കുക മുതലായ കാര്യങ്ങളിലും ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

നിലവിലെ റോഡുകളുടെ വീതി ഭാവിയിലേക്കുള്ള വാഹന സാന്ദ്രത കൂടി പരിഗണിച്ചു കൊണ്ട് വർധിപ്പിക്കുകയും ജംഗ്ഷനുകൾ മെച്ചപ്പെടുത്തുകയും വേണം. കാസറഗോഡ് മുതൽ തിരുവനന്തപുരം വരെ തുടർച്ചയുള്ള ജലപാത തുറക്കുന്നതിലൂടെ ഉൾനാടൻ ജലഗതാഗത സംവിധാനങ്ങളും ശക്തമാകും.

ഭൂപ്രകൃതി

ജില്ലയുടെ കോണ്ടൂർ മാപ്പ് ഉപയോഗിച്ച് പ്രദേശങ്ങളുടെ ചെരിവ് കണ്ടെത്താനും സ്ഥലങ്ങളുടെ ചെരിവിന്റെ അടിസ്ഥാനത്തിൽ ഇവിടങ്ങളിൽ സാധ്യമായ പ്രവർത്തനങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കാനും സാധിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലയിൽ വികസനം സാധ്യമായതും ഒട്ടും അനുയോജ്യമല്ലാത്തതുമായ സ്ഥലങ്ങളെ തരംതിരിക്കാവുന്നതാണ്.

മേപ്പ് 3.34: ജില്ലയുടെ ഭൂപ്രകൃതി



അവലംബം : നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

വികസനത്തിന്റെ സ്ഥലമാനങ്ങൾ

കേരളത്തിന്റെ പൊതുവെയുള്ള ഭൂപ്രകൃതി തന്നെയാണ് കാസറഗോഡ് ജില്ലയുടെതും. മലനാട്, ഇടനാട് തീരപ്രദേശം എന്നീ ഭൂപ്രദേശങ്ങൾ ആയി കാസറഗോഡ് ജില്ല വേർതിരിക്കപ്പെട്ടിരിക്കുന്നു. ജില്ലയുടെ കിഴക്കൻ മേഖലയിൽ ഉയർന്ന കുന്നിൻ പ്രദേശവും വനപ്രദേശവുമാണ്. പൈവളികെ, എൻമകജെ, ബെള്ളൂർ, കുംബഡാജെ, കാറഡുക്ക, ദേലംപാടി, പനത്തടി, കുറ്റിക്കോൽ, ബേഡഡുക്ക, ബളാൽ, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി, കള്ളാർ എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ട പ്രദേശമാണ് മലനാട്.

തീരപ്രദേശവും താരതമ്യേന താഴ്ന്ന പ്രദേശമാണ് മഞ്ചേശ്വരം, മംഗൽപ്പാടി, മൊഗ്രാൽ പുത്തൂർ, ചെമ്മനാട്, ഉദുമ, പള്ളിക്കര, അജാനൂർ, വലിയപറമ്പ, ചെറുവത്തൂർ, പടന്ന, തൃക്കരിപ്പൂർ, പിലിക്കോട് എന്നീ ഗ്രാമപഞ്ചായത്തുകളും കാസറഗോഡ്, കാഞ്ഞങ്ങാട്, നീലേശ്വരം നഗരസഭകളും ഉൾപ്പെടുന്നതാണ് ജില്ലയുടെ തീരപ്രദേശം. ജില്ലയിലെ മൂന്ന് നഗരസഭകളും പ്രധാന പട്ടണങ്ങളും തീരപ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ ബേക്കൽ കോട്ട സ്ഥിതിചെയ്യുന്നതും ഈ മേഖലയിലാണ്.

മേൽ സൂചിപ്പിച്ച തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളിൽ അജാനൂർ, വലിയപറമ്പ, പടന്ന, തൃക്കരിപ്പൂർ, പിലിക്കോട്, നീലേശ്വരം, കാഞ്ഞങ്ങാട് എന്നിവടങ്ങളിൽ മൊത്തം ഭൂപ്രദേശത്തിന്റെ പകുതിയോ അതിലധികമോ തീരപ്രദേശമാണ്.

മലനാടിനും തീരപ്രദേശത്തിനും ഇടയിൽ വരുന്ന ഭൂപ്രദേശമാണ് ഇടനാട്. മീഞ്ച, വോർക്കാടി, പുത്തിഗെ, ബദിയഡുക്ക, ചെങ്കള, മുളിയാർ, പുല്ലൂർ-പെരിയ, കോടോം-ബേളൂർ, കിനാനൂർ- കരിന്തളം, കയ്യൂർ-ചീമേനി, കുമ്പള, മടിക്കൈ, മധൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ ഇടനാടിൽ ഉൾപ്പെടുന്നു.

പൊതുവെ മൂന്ന് തരം മണ്ണാണ് ജില്ലയിൽ കണ്ടുവരുന്നത്. എക്കൽ മണ്ണ്, മണൽ ചേർന്ന മണ്ണ്, ചെങ്കൽ മണ്ണ് എന്നിവയാണിത്. തീരപ്രദേശത്ത് മണൽമണ്ണ് അനിയന്ത്രിതമായി ഖനനം ചെയ്യുകയും മണൽ എടുത്ത പ്രദേശങ്ങളിൽ ഇടനാട്ടിലെ ചെങ്കൽ മണ്ണ് നിക്ഷേപിക്കുകയും ചെയ്യുന്നത് പാരിസ്ഥിതിക സന്തുലനാവസ്ഥ തകരുന്നതിന് ഇടയാക്കുന്നുണ്ട്.

മേപ് 3.35: വിവിധ പ്രദേശങ്ങളുടെ ചെരിവ് കാണിക്കുന്ന മാപ്



മേപ് 3.36: വിവിധ പ്രദേശങ്ങളുടെ ഉയരം കാണിക്കുന്ന മാപ്



അവലംബം: നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

റാണിപുരവും കോട്ടഞ്ചേരിയുമാണ് ജില്ലയിലെ ഏറ്റവും ഉയർന്ന് കിടക്കുന്ന മലകൾ. വിനോദ സഞ്ചാരികളെ എറെ ആകർഷിക്കുന്ന കോട്ടഞ്ചേരി മലയും റാണിപുരവും ട്രക്കിങ്ങിന് അനുയോജ്യമായ സ്ഥലങ്ങളാണ്. സമുദ്ര നിരപ്പിൽ നിന്നും 780 മീറ്റർ ഉയർന്നു നിൽക്കുന്ന റാണിപുരം കാഞ്ഞങ്ങാട് പട്ടണത്തിൽ നിന്ന് 48 കിലോമീറ്റർ അകലെയാണ് സ്ഥിതി ചെയ്യുന്നത്. ജില്ലയിൽ എറ്റവും ഉയർന്ന് കിടക്കുന്ന മലയോര പ്ര

ദേശം കോണ്ടൂർ ലെവൽ അനുസരിച്ച് 980 മുതൽ 1030 മീറ്റർ വരെയാണ്. ജില്ലയിലെ വിവിധ പ്രദേശങ്ങളുടെ കോണ്ടൂർ ലെവൽ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്ഥലങ്ങളുടെ ചെരിവ് (Slope) കാണിക്കുന്ന മാപ്പ് (3.35) കാണുക

ഒരു പ്രദേശത്ത് ആസൂത്രണം ചെയ്യാവുന്ന പ്രവർത്തനങ്ങളെ നിർണ്ണയിക്കുന്ന പ്രധാന ഘടകം അവിടത്തെ ഭൂപ്രകൃതിയാണ്. ഭൂപ്രകൃതിയെ സൂചിപ്പിക്കുന്ന പ്രധാന ഘടകം പ്രദേശത്തിന്റെ ചെരിവുമാണ്.

ചെരിവ് 0^0-15^0 ക്ക് ഇടയിലാണെങ്കിൽ ഭൂപ്രകൃതി മനുഷ്യ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമായിരിക്കും. 15^0-30^0 വരെ ചെരിവുള്ള പ്രദേശങ്ങൾ പ്രധാനമായും കൃഷിക്കും 30^0-50^0 ഇടയ്ക്കുള്ള മേഖലകൾ ഹോർട്ടികൾച്ചറിനും യോജിച്ചതായിരിക്കും. 50^0 മുകളിൽ ചെരിവ് വരുന്ന പ്രദേശങ്ങൾ പൊതുവെ വനപ്രദേശമോ, മറ്റു വികസനങ്ങൾക്കു അനുയോജ്യമല്ലാത്ത പ്രദേശമോ ആയിരിക്കും.

ഭൂപ്രകൃതിയുടെ ചെരിവ് കാണിക്കുന്ന മാപ്പ് പ്രകാരം ജില്ലയുടെ ബഹുഭൂരിപക്ഷം വരുന്ന പ്രദേശങ്ങളും 0^0 മുതൽ 15^0 വരെ ചെരിവ് മാത്രമാണ്. ജില്ലയുടെ കിഴക്കു ഭാഗത്ത് പ്രത്യേകിച്ച് തെക്ക്-കിഴക്ക് മേഖലയിൽ 15^0 മുതൽ 30^0 വരെ ചെരിവുള്ള പ്രദേശങ്ങൾ ഉണ്ടെന്ന് കാണാം. ഇതേ മേഖലയിൽ തന്നെ 30^0 മുതൽ 50^0 വരെ ചെരിവുള്ള സ്ഥലങ്ങളും ഉണ്ട്. ഇത് പ്രധാനമായും പനത്തടി, ബളാൽ, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി, കോടോം ബേളൂർ ഗ്രാമ പഞ്ചായത്തുകളിലാണ്. 500 ക്ക് മുകളിൽ ചെരിവ് വരുന്ന പ്രദേശങ്ങൾ ജില്ലയിൽ എവിടെയും ഇല്ല. അതായത് ഒരു പ്രദേശത്തും ഭൂപ്രകൃതി വികസന പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നില്ല എന്നർത്ഥം. ചെരിവിനെ അടിസ്ഥാനമാക്കി നോക്കുമ്പോൾ ഭൂരിഭാഗം സ്ഥലവും അധിവാസ മേഖലകൾക്കും കൃഷിക്കും അനുയോജ്യമാണ്.

ചിത്രം 3.5: മണൽ കൂനകൾ

അവലംബം : നഗരൺ ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

കാഞ്ഞങ്ങാട് മുതൽ പള്ളിക്കര വരെ നീണ്ടുനിൽക്കുന്ന തീര പ്രദേശങ്ങളിൽ പടിഞ്ഞാറ് ഭാഗത്തായി കാണപ്പെടുന്ന മണൽക്കൂനകൾ (Sand dunes) കാസറഗോഡിന്റെ മാത്രം പ്രത്യേകതയാണ്. വയലുകൾക്കിടയിൽ ഇടവിട്ട് കാണപ്പെടുന്ന മണൽക്കൂനകളിൽ പലതിനും തെക്ക്-വടക്ക് ദിശയിൽ 50 മീറ്ററിലധികം നീളവും 6 മീറ്ററോളം ഉയരവുമുണ്ട്. മുൻപ് ധാരാളമായി കണ്ടുവന്നിരുന്ന മണൽക്കൂനകളിൽ പലതും നിർമ്മാണ ആവശ്യങ്ങൾക്കും മറ്റുമായി അനിയന്ത്രിതമായി ഖനനം ചെയ്ത് നാമാവശേഷമായിരിക്കുന്നു. പ്രകൃത്യാ രൂപപ്പെട്ട ഇത്തരം മണൽക്കൂനകൾ ഖനനം ചെയ്യുന്നത് തീരദേശ സംരക്ഷണ വിജ്ഞാപനത്തിന്റെ ലംഘനമാണ്. നിലവിലുള്ള മണൽക്കൂനകൾ സംരക്ഷിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ ഈ മേഖലയിൽ കൊണ്ടുവരുന്നതിന് സത്വര ശ്രദ്ധ ആവശ്യമാണ്.

തദ്ദേശ സ്വയംഭരണ പ്രദേശങ്ങളുടെ വികസനശ്രേണിയിലെ ക്രമം

വിവിധങ്ങളായ ഭൗതിക-സാമൂഹിക-പാശ്ചാത്തല സൗകര്യങ്ങളുടെ വിതരണം കണ്ടെത്തിയാണ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ വികസനശ്രേണിയിലെ ക്രമം കണക്കാക്കുന്നത്. ഒന്നാം ക്രമം, രണ്ടാം ക്രമം തുടങ്ങിയ രീതിയിലാണ് വികസന ശ്രേണിയിൽ രേഖപ്പെടുത്തുന്നത്.

വികസനത്തിന്റെ സ്ഥലമാനങ്ങൾ

ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലോരോന്നിലും നിലവിലുള്ള ഭൗതിക- സാമൂഹ്യപശ്ചാത്തലസൗകര്യങ്ങൾ വിലയിരുത്തി അവയെ വികസന ശ്രേണിയിൽ ക്രമപ്പെടുത്തിയിട്ടുണ്ട്. താഴെ പറയുന്ന ഘടകങ്ങൾ പരിഗണിച്ചാണ് ക്രമം നിശ്ചയിക്കുന്നത്.

- വിദ്യാഭ്യാസ സൗകര്യം
- ആരോഗ്യം
- വിപണനം
- കൃഷി
- അടിസ്ഥാന സൗകര്യം
- ഗതാഗതം

മേൽപറഞ്ഞ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ തദ്ദേശസ്വയംഭരണ പ്രദേശങ്ങളുടെ Composite functional index (CFI) കണക്കാക്കുന്നു. ഒരു ജില്ലയിലെ ഉയർന്ന ഗണത്തിലെ കൂടുതൽ എണ്ണം പശ്ചാത്തല സൗകര്യങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന തദ്ദേശഭരണ പ്രദേശമായിരിക്കും ഒന്നാം ക്രമത്തിൽ ഉള്ളത്. തുടർന്ന് താഴോട്ട് രണ്ടാം ക്രമം, മൂന്നാം ക്രമം എന്നിങ്ങനെ തദ്ദേശ സ്വയം ഭരണ പ്രദേശങ്ങൾക്ക് ക്രമം നൽകുന്നു. ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും വികസന ശ്രേണിയിൽ CFI 300 നു മുകളിൽ വരുന്നവ ഒന്നാം ക്രമ വികസനശ്രേണിയിലും, 130 നും 300നും ഇടയിൽ വരുന്നവ രണ്ടാംക്രമ വികസന ശ്രേണിയിലും, 100 നും 130 നും ഇടയിൽ വരുന്നവ മൂന്നാം ക്രമ വികസന ശ്രേണിയിലും, 50 നും 100 നും ഇടയിൽ വരുന്നവ നാലാം ക്രമ വികസന ശ്രേണിയിലും, CFI പൂജ്യം മുതൽ 50 വരെയുള്ളവ അഞ്ചാം ക്രമ വികസന ശ്രേണിയിലുമാണ് ഉൾപ്പെടുന്നത്.

മേപ്പ് 3.37: തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളുടെ വികസന ശ്രേണിയിലെ ക്രമം



അവലംബം : നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

വികസനത്തിന്റെ സ്ഥലമാനങ്ങൾ

ഇത്തരത്തിൽ കണക്കാക്കിയ വികസന ശ്രേണി പ്രകാരം കാസറഗോഡ്, കാഞ്ഞങ്ങാട് എന്നീ മുൻസിപ്പാലിറ്റികൾ ഒന്നാംക്രമ വികസനശ്രേണിയിൽ വരുന്നു. നീലേശ്വരം മുൻസിപ്പാലിറ്റി, തൃക്കരിപ്പൂർ, ചെറുവത്തൂർ ഗ്രാമപഞ്ചായത്തുകൾ എന്നിവ രണ്ടാംക്രമത്തിലാണ് വരുന്നത്. ചെങ്കള, പുല്ലൂർ-പെരിയ, വെസ്റ്റ് എളേരി, അജാനൂർ, ഈസ്റ്റ് എളേരി, ഉദുമ, മടിക്കൈ, ചെമ്മനാട്, കോടോം-ബേളൂർ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മൂന്നാം ക്രമത്തിലും കയ്യൂർ-ചീമേനി, മംഗൽപ്പാടി, പള്ളിക്കര, മഞ്ചേശ്വരം, പടന്ന, കുമ്പള, കാറഡുക്ക, പൈവളികെ, എൻമകജെ, മുളിയാർ, വലിയപറമ്പ, കിനാനൂർ-കരിന്തളം, കള്ളാർ, കുറ്റിക്കോൽ, ബളാൽ, ബേഡഡുക്ക, ദേലംപാടി, ബദിയടുക്ക, പനത്തടി, മധൂർ, പിലിക്കോട് എന്നീ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നാലാംശ്രേണി വിഭാഗത്തിലും പെടുന്നു. അഞ്ചാമത്തെ ശ്രേണിയിൽ മൊഗ്രാൽപുത്തൂർ, മീഞ്ച, ബെള്ളൂർ, പുത്തിഗെ, വോർക്കാടി, കുമ്പടാജെ എന്നീ തദ്ദേശ സ്വയംഭരണ പ്രദേശങ്ങൾ ഉൾപ്പെടുന്നു.

ജില്ലയുടെ വിശദമായ നഗരവീക്ഷണം-2021

2011 ലെ ജില്ലാ നഗരവത്കരണ റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ തലത്തിൽ രൂപപ്പെടുത്തിയിട്ടുള്ളതാണ് 2021 ലേയ്ക്കുള്ള നഗരസമുച്ചയങ്ങളും മറ്റു നഗരപ്രദേശങ്ങളും ഉൾപ്പെടുന്ന ജില്ലാതല നഗര വീക്ഷണം. ഇത്തരത്തിൽ രൂപപ്പെടുത്തിയ ജില്ലാതല നഗര വീക്ഷണം പട്ടികയിൽ കാണിച്ചിരിക്കുന്നു.

പട്ടിക 3.6: കാസറഗോഡ് ജില്ലയുടെ വിശദമായ നഗര വീക്ഷണം- 2021

നഗര സമുച്ചയത്തിൽ ഉൾപ്പെടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ	നഗരസമുച്ചയത്തിനു പുറത്തെ ഉയർന്ന ക്രമമുള്ള നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾ	താഴ്ന്ന ക്രമമുള്ള നഗര പ്രദേശങ്ങൾ (ജില്ലാ നഗര വത്കരണ റിപ്പോർട്ട്-2011)
തൃക്കരിപ്പൂർ	കാസറഗോഡ് കാഞ്ഞങ്ങാട്	ചെങ്കള പള്ളിക്കര മഞ്ചേശ്വരം മംഗൽപ്പാടി മൊഗ്രാൽ പുത്തൂർ പുത്തിഗെ കയ്യൂർ -ചീമേനി കാറഡുക്ക വെസ്റ്റ് എളേരി മധൂർ ഉദുമ നീലേശ്വരം ചെറുവത്തൂർ അജാനൂർ ചെമ്മനാട്

അവലംബം: (സംസ്ഥാന നഗരവത്കരണ റിപ്പോർട്ട്-2012)

തദ്ദേശ ഭരണ പ്രദേശങ്ങളുടെ വികസന ശ്രേണിയിലെ ക്രമവും വികസന സങ്കല്പവും

സ്ഥലപരഘടനയ്ക്കൊപ്പം വികസന സങ്കല്പത്തിന്റെ രൂപീകരണത്തിൽ സ്വാധീനമുള്ള വികസനമേഖലകളെക്കൂടി കണക്കിലെടുത്ത് വികസനസങ്കല്പം അന്തിമമാക്കുകയും സ്ഥാനാധിഷ്ഠിതമാക്കുകയും വേണം. കാസറഗോഡിനെ സംബന്ധിച്ച് വിനോദസഞ്ചാര മേഖല, മത്സ്യബന്ധന മേഖല, ഐ.ടി മേഖല എന്നിവയാണ് വികസന സങ്കൽപത്തെ സ്വാധീനിക്കുന്ന പ്രധാന മേഖലകൾ.

ചുരുക്കത്തിൽ ഗ്രാമ പ്രദേശങ്ങളുടെ, നഗര സംബന്ധമായ ആവശ്യങ്ങൾ സാധ്യമാക്കുന്നതിന് ജില്ലയിൽ നഗര സമുച്ചയങ്ങൾ/നഗര ഇടനാഴികൾ, ഒറ്റപ്പെട്ട ഇടത്തരം (അഞ്ചാം ക്രമം വരെയുള്ളവ) നഗരങ്ങൾ, ഒറ്റപ്പെട്ട ചെറിയ നഗരപ്രദേശങ്ങൾ എന്നിങ്ങനെ മൂന്നു തരം നഗര പ്രദേശങ്ങൾ കാണാം.

വികസനനിയന്ത്രിത മേഖലകൾ

ഭൂവിനിയോഗം, ഭൂപ്രകൃതി, തീരദേശ നിയന്ത്രണ മേഖലകൾ, പരിസ്ഥിതി ലോല പ്രദേശങ്ങൾ തുടങ്ങിയവയുടെ സ്ഥലപരമായ വിതരണം കണ്ടെത്തുകയും വി

കസനം നിയന്ത്രിക്കുകയും ചെയ്യുന്നതോടൊപ്പം സംരക്ഷിക്കപ്പെടേണ്ട പ്രദേശങ്ങളെ കണ്ടെത്തുകയും ചെയ്യുക എന്നതാണ് ഈ മേഖലയിലെ പഠനം കൊണ്ട് അർത്ഥമാക്കുന്നത്.

ജില്ലയിലെ എല്ലാ പ്രദേശങ്ങളും വികസനത്തിന് അനുയോജ്യമാകണമെന്നില്ല. ഭൂപ്രകൃതി, ഭൂവിനിയോഗം തുടങ്ങിയ ഘടകങ്ങൾക്കു പുറമെ സംരക്ഷിക്കപ്പെടേണ്ട പരിസ്ഥിതി ലോല പ്രദേശങ്ങൾ, പ്രകൃതിദുരന്തം സംഭവിക്കാവുന്ന പ്രദേശങ്ങൾ, ഏതെങ്കിലും നിയമത്തിന്റെ/സർക്കുലറിന്റെ അടിസ്ഥാനത്തിൽ വികസനം നിയന്ത്രിച്ചിരിക്കുന്ന മേഖലകൾ തുടങ്ങിയവ, വികസന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നതിൽ നിന്നും മാറ്റി നിർത്തണം. ജില്ലയുടെ ഭൂവിനിയോഗ മാപ്പ്, കോണ്ടൂർ ചെരിവ് മാപ്പുകൾ, തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരം കേരളാ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (KCZMA) തയ്യാറാക്കിയ മാപ്പുകൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ (ILDM) 2014 ലെ കൈപുസ്തകത്തിൽ ലഭ്യമായ മാപ്പുകൾ എന്നിവയുടെ സംയോജനത്തിലൂടെ ഇത്തരം പ്രദേശങ്ങൾ ജില്ലയിൽ കണ്ടെത്തിയിട്ടുണ്ട്.

ജില്ലയുടെ ഭൂവിനിയോഗ മാപ്പ് പ്രകാരം 5.8 ച.കി.മീ. പ്രദേശം വനമേഖലയാണ്. വനമേഖലകൾ വികസന പ്രവർത്തനങ്ങളിൽ നിന്നും ഒഴിവാക്കി സംരക്ഷിച്ച് നിലനിർത്തേണ്ടതാണ്.

ഭൂപ്രകൃതിയെ സൂചിപ്പിക്കുന്ന ചെരിവ് കാണിക്കുന്ന മാപ്പ് പ്രകാരം വികസന നിയന്ത്രണം ആവശ്യമായ 50°ക്കു മേലെ ചെരിവുള്ള പ്രദേശങ്ങൾ ജില്ലയിൽ എവിടെയും ഇല്ല. അതായത് ഭൂപ്രകൃതി വികസന പ്രവർത്തനങ്ങൾക്ക് അനുയോജ്യമാണ്.

തീരപ്രദേശത്തിന്റെയും തീരക്കടലിന്റെയും കായലുകളുടെയും നദികളുടെയും പരിസ്ഥിതി സന്തുലനാവസ്ഥയെ ഹാനികരമായി ബാധിക്കുന്ന അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി തടയുകയും അതുവഴി തീരപ്രദേശനിവാസികളുടെ ആരോഗ്യകരമായ ജീവിത-വികസന പരിസ്ഥിതി ഉറപ്പാക്കുകയുമാണ് തീരദേശപരിപാലന നിയമം കൊണ്ട് ഉദ്ദേശിക്കുന്നത്. ജില്ലയുടെ 70 കി.മീ വരുന്ന തീരദേശവും 12 പ്രധാന നദികളുടെ തീരവും തീരദേശ പരിപാലന നിയന്ത്രണത്തിന്റെ കീഴിൽ വരുന്നു. ഇവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തീരദേശനിയന്ത്രണ നിയമത്തിന് വിധേയമായി മാത്രമെ അനുമതി നൽകാവൂ.

1991-ലെ തീരദേശ നിയന്ത്രണ വിജ്ഞാപന (Coastal Zone Regulation Notification) പ്രകാരം ജില്ലയുടെ കടൽത്തീരത്തോട് ചേർന്ന് കിടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും അതുപോലെ ചില പുഴകൾ/തോടുകൾ/കായൽ തുടങ്ങിയവ കടന്നുപോകുന്ന പ്രദേശങ്ങളിലും തീരദേശനിയന്ത്രണനിയമം ബാധകമാണ്. കാസറഗോഡ്, കാഞ്ഞങ്ങാട് നഗരങ്ങളുടെ തീരദേശം സോൺ II--ൽ ഉൾപ്പെടുമ്പോൾ നീലേശ്വരം നഗരവും തൃക്കരിപ്പൂർ, വലിയപറമ്പ, പടന്ന, അജാനൂർ, പള്ളിക്കര, ഉദുമ, ചെമ്മനാട്, മൊഗ്രാൽ പുത്തൂർ, മംഗൽപ്പാടി, ഉപ്പള, മഞ്ചേശ്വരം എന്നീ പഞ്ചായത്തുകളുടെ തീരദേശം സോൺ III-ൽ ആണ് വരുന്നത്. ഇക്കൂട്ടത്തിൽ നീലേശ്വരം നഗരസഭയായി ഉയർത്തിയെങ്കിലും CRZ III-ൽ തന്നെ തുടരുകയാണ്.

CRZ വിജ്ഞാപനപ്രകാരം തീരപ്രദേശത്തെ ഹൈ ടൈഡ് ലൈൻ (High Tide Line (HTL)) ൽ നിന്നും കരഭാഗത്തേക്ക് 500 മീറ്റർ ദൂരപരിധി തീരദേശനിയന്ത്രിത മേഖലയാണ്. ഇതിൽ ആദ്യത്തെ 200 മീറ്റർ പരിധിയിൽ നിർമ്മാണങ്ങൾക്ക് പൂർണ്ണനിയന്ത്രണം (No Development Zone) ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Zone II -ൽ ചില ഇളവുകൾ നൽകിയിട്ടുമുണ്ട്. പുഴകളുടെ കാര്യത്തിൽ അതാത് പുഴയുടെ വീതിയോ അല്ലെങ്കിൽ 100 മീറ്ററോ ഏതാണോ കുറവ്, അത്രയും കരഭാഗം വികസന നിയന്ത്രിത മേഖലയായി തുടരും. തീരദേശനിയന്ത്രണ നിയമം സാരമായി ബാധിക്കുന്ന പ്രദേശമാണ് വലിയപറമ്പ ഗ്രാമപഞ്ചായത്ത്. 60 മീറ്റർ മുതൽ 600 മീറ്റർ വരെ മാത്രം വീതിയും 19 കി.മീ. നീളം ഉള്ളതും പടിഞ്ഞാറ് വശത്ത് കടലും, കിഴക്കും തെക്കും വശങ്ങളിൽ പുഴയും കൊണ്ട് ചുറ്റപ്പെട്ടു കിടക്കുന്ന വലിയ പറമ്പ പൂർണ്ണമായും തീരദേശനിയന്ത്രിത മേഖലയാണ്. അക്കാരണത്താൽ തന്നെ വലിയ തോതിലുള്ള വികസന പ്രവർത്തനങ്ങൾ ഇവിടെ സാധ്യമല്ല.

പ്രകൃതി ദുരന്തങ്ങളിൽ നിന്നും മനുഷ്യപ്രേരിത ദുരന്തങ്ങളിൽ നിന്നും പൂർണമായും മുക്തമായ ഒരു ഭൂപ്രദേശവും ലോകത്ത് ഇന്ന് നിലവിലില്ല. ദുരന്തങ്ങളുടെ ആവൃത്തിയിലും തീവ്രതയിലുമുള്ള ഏറ്റക്കുറച്ചിലുകൾ മാറ്റി നിർത്തിയാൽ ഭൂമിയിലെ ഏത് പ്രദേശവും ഒന്നല്ലെങ്കിൽ മറ്റൊരു തലത്തിലുള്ള ദുരന്തം ഉണ്ടാകുവാൻ സാധ്യതയുള്ള പ്രദേശമാണ്. കാസറഗോഡ് ജില്ലയിലും ചെറുതും വലുതുമായ മലയിടിച്ചിലുകളും ഉരുൾപൊട്ടലുകളും ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളുണ്ട്. റിക്റ്റർ സ്കെയിലിൽ 6.5 വരെ തീവ്രതയുള്ള ഭൂചലനങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശമാണ് കേരളം.

ILDM 2014-ൽ തയ്യാറാക്കിയ കൈപ്പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു പ്രകാരം വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണൊലിപ്പ്, സൂനാമി തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള ജില്ലയിലെ വില്ലേജുകൾ താഴെ ചേർക്കുന്നു.

തൃക്കരിപ്പൂർ സൗത്ത്, തൃക്കരിപ്പൂർ നോർത്ത്, പടന്ന, ഉദിനൂർ, മാണിയാട്ട്, പിലിക്കോട്, കൊടക്കാട്, ചീമേനി I, ചീമേനി II, കരിന്തളം, കിനാനൂർ, കയ്യൂർ, മടിക്കൈ, പുതുക്കൈ, പേരോൽ, ക്ലായിക്കോട്, തിമിരി, ചെറുവത്തൂർ, നീലേശ്വരം, ഹോസ്ദുർഗ്, കാഞ്ഞങ്ങാട്, ബല്ല, അജാനൂർ, അമ്പലത്തറ, പുല്ലൂർ, ചിത്താരി, കീക്കാനം, പള്ളിക്കര I, പള്ളിക്കര II, ഉദുമ, ബാര, പനയാൽ, കോടോം-ബേളൂർ, തായന്നൂർ, പരപ്പ, ബളാൽ, കള്ളാർ, കളനാട്, പനത്തടി, തളങ്കര, ചെങ്കള, തെക്കിൽ, കൊളത്തൂർ, ബേഡഡുക്ക, മുന്നാട്, കുറ്റിക്കോൽ, കരിവേടകം, ബന്തടുക്ക, ദേലംപാടി, ആദൂർ, മൂളിയാർ, പാടി, ബേള, മധൂർ, കുഡ്ലൂ, കോയിപ്പാടി, ബംബ്രാണ, എടനാട്, നീർച്ചാൽ, ബദിയടുക്ക, കുമ്പടാജെ, നെട്ടണിഗെ, ബദിരെ, ഷേണി എന്നീ പ്രദേശങ്ങൾ പട്ടികയിൽപ്പെടുന്നു. ഇത്തരം പ്രദേശങ്ങൾക്ക് അനുയോജ്യമായ ന

യപരിപാടികൾ ജില്ലാ പദ്ധതിയുടെ ഭാഗമായി രൂപപ്പെടുത്താവുന്നതാണ്.

നെൽവയലുകൾ സംരക്ഷിക്കുന്നതിന് 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നിലവിലുണ്ട്. ഇത് പ്രകാരം കാർഷികേതര ഭൂവിനിയോഗം ഈ മേഖലകളിൽ അനുവദനീയമല്ല. ഭൂവിനിയോഗമാറ്റമില്ലാതെ നിലവിലുള്ള കൃഷിയോഗ്യമായ മുഴുവൻ ഭൂമിയിലും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ദ്രുതഗതിയിലുള്ള നടപടികൾ ആവശ്യമാണ്.

മേപ്പ് 3.38: വികസന നിയന്ത്രിത മേഖലകൾ



അവലംബം: ILDM Hand Book (2014), KCZMA Maps , നഗര ഗ്രാമാസൂത്രണ വകുപ്പ്

വിവിധ മേഖലകളുടെ പഠനത്തിലൂടെ ജില്ലയിലെ വികസന നിയന്ത്രണ മേഖലകളുടെ മാപ്പ് തയ്യാറാക്കിയത് കാണാം.

ജില്ലയുടെ സുസ്ഥിര വികസനലക്ഷ്യം കൈവരിക്കുന്നതിന് മാപ്പിൽ നിയന്ത്രണം രേഖപ്പെടുത്തിയിട്ടില്ലാത്ത പ്രദേശങ്ങൾ ഭൂപ്രകൃതിക്കും നിലവിലെ ഭൂവിനിയോഗനിയമത്തിനും അനുസരിച്ചും മറ്റു പ്രദേശങ്ങൾ നിയന്ത്രണ മാനദണ്ഡങ്ങൾക്കനുസൃതമായും വിനിയോഗിക്കേണ്ടതാണ്.

പ്രവർത്തന സ്വഭാവം

തദ്ദേശസ്വയംഭരണ പ്രദേശങ്ങളെ അവയുടെ ഭൂവിനിയോഗം ജനസംഖ്യ, വികസന ശ്രേണിയിലെ ക്രമം, നഗരവത്കരണരീതി എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തന സ്വഭാവം നിർണ്ണയിച്ച് നഗരം, ഗ്രാമം, സമ്മിശ്ര സ്വഭാവം ഉള്ളത് (അർദ്ധനാഗരിക സ്വഭാവം) എന്നിങ്ങനെ തരം തിരിക്കുന്നു.

കേരളത്തിൽ ഇന്നു കണ്ടുവരുന്ന വികസനരീതിയനുസരിച്ച് നഗരപ്രദേശമെന്നും ഗ്രാമ പ്രദേശമെന്നും

വേർതിരിച്ചറിയാൻ പ്രയാസമാണ്. മറ്റ സംസ്ഥാനങ്ങളിൽ കണ്ടുവരുന്ന കേന്ദ്രീകൃതവികസനം എന്നതിൽ നിന്നു വ്യത്യസ്തമായി കേരളത്തിൽ രേഖീയ വികസന രീതിയാണ് കാണപ്പെടുന്നത്. അതായത് നഗരപ്രദേശങ്ങളുടെ തുടർച്ചയായി ഗ്രാമ പ്രദേശങ്ങളും മറിച്ചും കാണാൻ സാധിക്കുന്നു. തനതായ പ്രദേശങ്ങൾ വിരളമാണ്. വയൽ, നിലങ്ങൾ, വനങ്ങൾ, ജലാശയങ്ങൾ, തോട്ടങ്ങൾ എന്നിവ ഒഴികെയുള്ള ഭൂ ഉപയോഗ സ്ഥലങ്ങളിലെല്ലാം വാസഗൃഹങ്ങൾ കാണപ്പെടുന്നു.

വികസനത്തിന്റെ സ്ഥലമാന വിശകലനത്തിൽ നിന്ന് ഉരുത്തിരിയുന്ന നിഗമനങ്ങളനുസരിച്ച് ഓരോ തദ്ദേശ സ്വയംഭരണപ്രദേശത്തിനും ഊന്നൽ നൽകാവുന്ന വികസന മേഖലകൾ ചുവടെ ചേർക്കുന്നു.

ഒരു പ്രദേശത്തിന്റെ സ്വഭാവം എന്നത് ആ പ്രദേശത്തുള്ള പ്രധാന പ്രവൃത്തിയെയാണ് സൂചിപ്പിക്കുന്നത്. അത് പ്രാഥമിക പ്രവർത്തനങ്ങളായ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളോ (പൂർണ്ണ ഗ്രാമീണ സ്വഭാവം) ദ്വിതീയ, തൃതീയ പ്രവർത്തനങ്ങളോ (പൂർണ്ണ നാഗരിക സ്വഭാവം), മേൽ രണ്ടിന്റെയും സമ്മിശ്ര പ്രവർത്തനങ്ങളോ (അർദ്ധ നാഗരിക) ആവാം.

നിലവിൽ തീരപ്രദേശങ്ങൾ അല്ലെങ്കിൽ ദേശീയപാതയോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങൾ മിക്കതും നാഗരിക സ്വഭാവം കാണിക്കുന്നുണ്ട്. ഒരു പ്രദേശത്തിന്റെ പ്രവർത്തനങ്ങൾ, അതായത് ആ പ്രദേശത്ത് നിലവിൽ ലുള്ളതും ഭാവിയിൽ വരാവുന്നതുമായ പ്രവർത്തനങ്ങൾ, ആ പ്രദേശത്തെ നിലവിലെ ഭൂവിനിയോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു. നിലവിൽ വാണിജ്യം, വ്യവസായം, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റു പൊതു ആവശ്യത്തിനുള്ള സ്ഥലങ്ങൾ എന്നിവയുടെ വിന്യാസാടിസ്ഥാനത്തിൽ വികസനത്തിന്റെ ശ്രേണി നിർണ്ണയിക്കുന്നു. ഒന്നാം ശ്രേണിയിലുള്ളവയെ നാഗരിക സ്വഭാവം കാണിക്കുന്ന പ്രദേശമെന്നു പറയാം. ഇതു പോലെ രണ്ട്, മൂന്ന്, നാല് ശ്രേണികളിലേക്കും ആനുപാതികമായി തരംതിരിക്കുന്നു. നിലവിൽ കൃഷിഭൂമി പകുതിയോ, അതിൽ കൂടുതലോ ഉള്ള പ്രദേശങ്ങളുടെ പ്രവർത്തന സ്വഭാവം ഗ്രാമീണം എന്ന രീതീയിൽ വരുന്നു. നഗരമോ ഗ്രാമമോ എന്ന് വ്യക്തമായി തിരിച്ചറിയാൻ പറ്റാത്ത വിധം പ്രധാന ഭൂവിനിയോഗം വാസസ്ഥലവും കൃഷിഭൂമിയുമായി കൂടിക്കലർന്ന് സമ്മിശ്ര സ്വഭാവത്തോടെ കാണപ്പെടുന്നുവെങ്കിൽ ഈ പ്രദേശങ്ങളിലെ ശരാശരി പുരയിട വിസ്തീർണ്ണം കണക്കിലെടുത്ത് പൂർണ്ണ തോതിലുള്ള വാസഗൃഹമേഖല, കാർഷിക- വാസഗൃഹമേഖല, കാർഷികസ്വഭാവത്തിന് മുൻതൂക്കമുള്ള വാസമേഖല, പൂർണ്ണ തോതിൽ കാർഷിക പ്രവർത്തനം സാധ്യമായ മേഖല എന്നിങ്ങനെ തരം തിരിക്കാം.

സംസ്ഥാനത്ത് ചുരുക്കം ചില പ്രദേശങ്ങൾ പൂർണ്ണ ഗ്രാമീണസ്വഭാവം കാണിക്കുന്നുണ്ട്. എന്നാൽ ഭൂരിഭാഗം പ്രദേശങ്ങളും സമ്മിശ്ര ഭൂവിനിയോഗസ്വഭാവമാണ് കാണിക്കുന്നത്. അതായത് കാർഷിക-താമസ സമ്മിശ്ര ഉപയോഗം. നഗര-ഗ്രാമ തരംതിരിവ് കേരള സംസ്ഥാനത്ത് ദുഷ്കരമാവാൻ കാരണവും ഇതാണ്. അതുകൊണ്ട് തന്നെ സമ്മിശ്ര ഭൂവിനിയോഗമാണ് ഇത്തരം പ്രദേശങ്ങളുടെ പൊതുവായ പ്രവർത്തനസ്വഭാവത്തെ സൂചിപ്പിക്കുന്ന ഘടകം. ഇവിടെ വാസഗൃഹം എല്ലായിടത്തും കാണപ്പെടുന്നതിനാൽ കൃഷി എന്നതിലുപരിയായി കൃഷി+വാസം എന്ന സമ്മിശ്ര ഭൂവിനിയോഗമാണ് കാണിച്ചിരിക്കുന്നത്. ഓരോ പ്രദേശത്തിന്റെയും കൃത്യമായ ഭൂവിനിയോഗത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നതിന് ചുവടെ ചേർത്ത അപഗ്രഥനം ശ്രദ്ധിക്കുക.

പട്ടിക 3.7: ഭൂവിനിയോഗ ക്രമമനുസരിച്ചുള്ള വികസന സ്വഭാവം

ഭൂ ഉപയോഗം	മാനദണ്ഡം
നാഗരികം	നഗരസ്വഭാവം > വാസം+കൃഷി > പ്ലാന്റേഷൻ > വനം
വാസം+കൃഷി	വാസം+കൃഷി > നഗരസ്വഭാവം > പ്ലാന്റേഷൻ
പ്ലാന്റേഷൻ	പ്ലാന്റേഷൻ > വനം > നഗരസ്വഭാവം > വാസം+കൃഷി
വനം	വനം > നഗരസ്വഭാവം > കൃഷി+വാസം

അവലംബം : നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

ഒരു ജില്ലയുടെയോ, ഒരു പ്രദേശത്തിന്റെയോ, ഒരു ഭൂവിഭാഗത്തിന്റെയോ പ്രവർത്തന ക്ഷമത, സ്വഭാവം എന്നിവ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം, വിതരണം, നഗരവത്കരണ സ്വഭാവം, അതിന്റെ തീവ്രത, ഏറ്റക്കുറച്ചിലുകൾ, പ്രദേശത്തിന്റെ നിലവിലുള്ള വികസന ദിശ എന്നിവയെ ആശ്രയിച്ചിരിക്കുന്നു. വികസനത്തിന്റെ സ്ഥലമാനത്തിന്റെ പശ്ചാത്തലത്തിൽ കാസറഗോഡ് ജില്ലയെ വിശകലനം ചെയ്യുമ്പോൾ നാഗരിക പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നതും എന്നാൽ കാർഷിക മേഖലയ്ക്ക് മുൻതൂക്കം നിലനിൽക്കുന്നതുമായ പ്രദേശം കാണാവുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വഭാവവും വികസന ശ്രേണിയിലെ ക്രമവും ഗതാഗത ശൃംഖലയും അപഗ്രഥിച്ച് തയ്യാറാക്കിയ ജില്ലയുടെ നിലവിലെ സ്ഥലപരഘടന ചുവടെ ചേർക്കുന്നു. എല്ലാ ഭൂവിഭാഗങ്ങളുടെയും വിശകലനം നടത്തി മുൻതൂക്കം വരുന്നവയാണ് മാപ്പിൽ കാണിച്ചിരിക്കുന്നത്.

മേപ്പ് 3.39: കാസറഗോഡ് ജില്ല നിലവിലെസ്ഥലപര സ്വഭാവം



അവലംബം : നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

ജില്ലയുടെ നിലവിലെ സ്ഥിതിവിവരണ കണക്കുകളിൽ നിന്നും ദേശീയപാതയ്ക്കു കിഴക്കു വശത്തുള്ള ഗ്രാമപഞ്ചായത്തുകൾ ഏറെക്കുറെ പ്രാഥമിക മേഖലകളിൽ ഉൾപ്പെട്ടതായി കാണാം. അവ ഗ്രാമീണ സ്വഭാവം കാണിക്കുന്നു. എന്നാൽ ദേശീയ പാതയോരത്തും തീരദേശങ്ങളിലുമായി വരുന്ന തദ്ദേശഭരണപ്രദേശങ്ങൾ നാഗരികസ്വഭാവം കാണിച്ചു തുടങ്ങിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ വികസന കാഴ്ച്ചപ്പാട് രൂപീകരിക്കുമ്പോൾ നിലവിലുള്ള ജനസംഖ്യാവിതരണം, തൊഴിൽഘടന, വികസനകാലയളവിലേക്കുള്ള ജനസംഖ്യാവളർച്ച, തൊഴിൽ ഘടനയുടെ വ്യതിയാനം, വിഭവങ്ങളുടെ ലഭ്യത, വിതരണം, വിതരണം ചെയ്യപ്പെട്ടിരിക്കുന്ന രീതി, മറ്റ് അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യത, വിതരണം, നിലവിലുള്ള റോഡ്ശൃംഖലയുടെ വിതരണം, വിപുലീകരണം, പ്രധാനപ്പെട്ട വ്യാപാര കേന്ദ്രങ്ങളുടെ വികസന സ്വഭാവം എന്നീ ഘടകങ്ങളെല്ലാം വിശകലനം ചെയ്യേണ്ടതുണ്ട്.

ദേലംപാടി, മുളിയാർ, കാറഡുക്ക, കള്ളാർ, പനത്തടി, ബളാൽ, കരിന്തളം, വെസ്റ്റ് എളേരി എന്നിവ വനമേഖലയ്ക്ക് പ്രാധാന്യം നൽകുന്ന പ്രദേശങ്ങളാണ്. ഈസ്റ്റ് എളേരി, കിനാനൂർ- കരിന്തളം, കോടോം-ബേളൂർ, കള്ളാർ, പനത്തടി, ബേഡകം, കുറ്റിക്കോൽ, ദേലംപാടി എന്നീ പഞ്ചായത്തുകളിൽ മറ്റു വികസന മേഖലകളേക്കാൾ കൃഷിക്കും വാസത്തിനും പ്രാമുഖ്യം വരുന്നതായി കാണുന്നു. തീരദേശത്തുള്ള വലിയപറമ്പ് ഒഴികെ മറ്റെല്ലാ പ്രദേശങ്ങളും നഗരസ്വഭാവം കാണിക്കുന്നതിനാൽ നഗര കേന്ദ്രീകൃത അടിസ്ഥാന സൗകര്യങ്ങൾക്ക് പ്രാമുഖ്യം നൽകാം. മറ്റു പ്രദേശങ്ങളിൽ കാർഷിക, വ്യാവസായിക മേഖലകൾക്ക് ഊന്നൽ നൽകാവുന്നതാണ്.

റോഡ് ജംഗ്ഷനുകളുടെ വികസനസാധ്യത, പ്രാദേശികമായ വികസനസ്വഭാവം, വിവിധ ജനവിഭാവങ്ങളുടെ ജീവിതരീതി, ആഹാരസ്വഭാവം, നഗരവത്കരണ സ്വഭാവം, നിലവിലുള്ളതും നടപ്പിലാക്കി വരുന്നതും വിഭാവനം ചെയ്തിട്ടുള്ളതുമായ വിവിധ മേഖലകളിലെ പദ്ധതികൾ, ഭൂവിനിയോഗം എന്നിവ ചേർന്ന് ഒരു ശ്രേണിയായി കണക്കാക്കിയാൽ നമുക്ക് ആ തദ്ദേശ സ്വയംഭരണ പ്രദേശത്തിന്റെ വികസന സ്വഭാവം അനാവരണം ചെയ്യാൻ സാധിക്കും.

2010ൽ നഗരഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കിയ

വികസനത്തിന്റെ സ്ഥലമാനങ്ങൾ

ജില്ലാ നഗരവത്കരണറിപ്പോർട്ട് പ്രകാരം ജില്ലയിലെ പ്രവർത്തനസ്വഭാവമനുസരിച്ച് കാസറഗോഡ് മുൻസിപ്പാലിറ്റിയിൽ മാത്രമാണ് കൂടുതലായുള്ള നഗരവത്കരണം കാണുന്നത്. പള്ളിക്കര, അജാനൂർ, കാഞ്ഞങ്ങാട്, പടന്ന എന്നീ ഗ്രാമ പഞ്ചായത്തുകൾ അർദ്ധ നാഗരികസ്വഭാവം കാണിക്കുന്നവയായിരുന്നു. എന്നാൽ പുതിയ പഠനം പ്രകാരം കാസറഗോഡ്, കാഞ്ഞങ്ങാട്, നീലേശ്വരം എന്നീ മൂന്ന് മുൻസിപ്പാലിറ്റികളിൽ കൂടുതലായുള്ള നഗരവത്കരണസ്വഭാവവും മഞ്ചേശ്വരം, മംഗൽപ്പാടി, കുമ്പള, മൊഗ്രാൽ പുത്തൂർ, മധൂർ, ചെങ്കള, ചെമ്മനാട്, ഉദുമ, പള്ളിക്കര, അജാനൂർ, ചെറുവത്തൂർ, പടന്ന, തൃക്കരിപ്പൂർ എന്നീ 13 ഗ്രാമ പഞ്ചായത്തുകളിൽ അർദ്ധനാഗരിക സ്വഭാവവും കാണുന്നു. ബാക്കിയുള്ള തദ്ദേശ സ്വയംഭരണ പ്രദേശങ്ങൾ മിക്കതും ഗ്രാമീണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കമുള്ളവയാണ്. കാഞ്ഞങ്ങാട്, കാസറഗോഡ് മുൻസിപ്പാലിറ്റികൾ പ്രഥമ ശ്രേണിയിലും ചെറുവത്തൂർ, നീലേശ്വരം, തൃക്കരിപ്പൂർ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ദ്വിതീയ ശ്രേണിയിലും അജാനൂർ, ചെമ്മനാട്, ചെങ്കള, ഈസ്റ്റ് എളേരി, കോടോം-ബേളൂർ, മടിക്കൈ, പുല്ലൂർ-പെരിയ, ഉദുമ, വെസ്റ്റ് എളേരി എന്നീ ഗ്രാമ പഞ്ചായത്തുകൾ ത്രിതീയ ശ്രേണിയിലുമുള്ള വികസനം കാണിക്കുന്നു. ഓരോ ശ്രേണിയിലുമുള്ള പ്രദേശങ്ങൾക്ക് അതിനു മുകളിലുള്ള പ്രദേശങ്ങളുമായി വരുംകാല വികസനത്തിനുതകുംവിധം ഗതാഗത ശൃംഖല ലഭ്യമായിരിക്കണം. ഈ വിലയിരുത്തലിൽ നിന്നു വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി എന്നീ മൂന്നാം ശ്രേണിയിലുള്ള പ്രദേശത്തേക്ക് നീലേശ്വരം, ചെറുവത്തൂർ എന്നിവിടങ്ങളിൽ നിന്നും ഗതാഗത ശൃംഖലകൾ വികസിപ്പിച്ചെടുക്കാവുന്നതാണ്. ജില്ലയിലെ തെക്ക്,വടക്ക്ഇടനാഴികൾ മെച്ചപ്പെട്ട രീതിയിൽ, വികസിച്ചു കൊണ്ടിരിക്കുന്നുവെന്നാണ് ജില്ലയുടെ ഗതാഗത ശൃംഖലാ പഠനം തെളിയിക്കുന്നത്. എന്നാൽ കിഴക്ക് പടിഞ്ഞാറ് ഇടനാഴികൾ അത്രകണ്ട് വികസിച്ചിട്ടില്ല. ആ മേഖലയിൽ ഊന്നൽ കൊടുത്ത് കിഴക്ക് പടിഞ്ഞാറൻ ഇടനാഴികളുടെ വികസനത്തിന് സമഗ്ര വികസന പദ്ധതിയിൽ മുൻതൂക്കം നൽകാവുന്നതാണ്. അതുപോലെ വനം, നെൽകൃഷി, ജലസ്രോതസ്സുകൾ എന്നിവ നിലനിർത്തേണ്ടതും അത്യാവശ്യ ഘടകങ്ങളിൽ ഒന്നാണ്. നിർദ്ദിഷ്ട 12 മീറ്റർ മലയോര പാതയും 8 മീറ്റർ തീരദേശ പാതയും ജില്ലയുടെ വികസനത്തിന് ഗതിവേഗം സൃഷ്ടിക്കാൻ ഉതകുന്ന പ്രവർത്തനങ്ങളാണ്.

തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ പഠനവിധേയമാക്കിയ ജനസംഖ്യാ വളർച്ചാ നിരക്ക്, ഭൂപ്രകൃതി, സ്ഥലപര പ്രത്യേകതകൾ, റോഡ് വികസന സാധ്യതകൾ, ഗതാഗത ശൃംഖല എന്നീ ഘടകങ്ങളിൽ നിന്നും നിലവിൽ കാഞ്ഞങ്ങാട്, കാസറഗോഡ്, നീലേശ്വരം എന്നീ നഗരസഭകൾ പൂർണ്ണ തോതിലുള്ള നഗരവത്കരണ സ്വഭാവം കാണിക്കുന്നുണ്ട്. ഇതോടൊപ്പം 2031 വർഷത്തോടെ അജാനൂർ, ചെങ്കള, ചെറുവത്തൂർ, മംഗൽപ്പാടി, മഞ്ചേശ്വരം, പടന്ന, തൃക്കരിപ്പൂർ, ഉദുമ എന്നീ ഗ്രാമ പഞ്ചായത്തുകളിലും പൂർണ്ണ തോതിലുള്ള നഗരസ്വഭാവം സാധ്യമാകും എന്ന് പഠനത്തിൽ നിന്നും തെളിയുന്നുണ്ട്.

പൊതുവിൽ സമ്മിശ്ര സ്വഭാവം കാണിക്കുന്ന ജില്ലയാണ് കാസറഗോഡ്. എന്നാൽ ദേശീയപാത66-നോട് ചേർന്ന് കിടക്കുന്ന തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ നഗരവത്കരണം സാധ്യമായിക്കൊണ്ടിരിക്കുന്നു. തെക്കു-കിഴക്ക് മേഖലയിൽ പൊതുവെ വനം, പ്ലാന്റേഷൻ, ഭൂ ഉപയോഗ ആധിപത്യം കണ്ടുവരുന്നു.

മലയോര, തീരദേശപാതകൾ വരുന്നതോടു കൂടി ഇവയ്ക്ക് ദേശീയ, സംസ്ഥാന പാതകളുമായുള്ള ബന്ധം സ്ഥാപിക്കുന്നത് ജില്ലയുടെ വികസനത്തെ ത്വരിതപ്പെടുത്തും. കൂടാതെ പ്രധാനപ്പെട്ട ഗതാഗതമേഖലകളെ മുൻഗണനയനുസരിച്ച് മെച്ചപ്പെടുത്തിയും ഉൾപ്രദേശങ്ങളിലേക്ക് പാതകൾ രൂപപ്പെടുത്തിയും വികസനം സാധ്യമാക്കാവുന്നതാണ്.

താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന ആറു വ്യത്യസ്തമായ ഘടകങ്ങൾ അപഗ്രഥിച്ചാണ് ഓരോ പ്രവർത്തനമേഖലയ്ക്കും ഉചിതമായ പഞ്ചായത്തുകൾ കണ്ടുപിടിച്ചിരിക്കുന്നത്. കാർഷിക മേഖല, വലിയ വ്യവസായ സംരംഭ മേഖല, ചെറുകിട വ്യവസായങ്ങൾക്ക് ഉതകുന്ന മേഖല എന്നിങ്ങനെ മൂന്ന് തരത്തിലുള്ള പഠനത്തിനാണ് വിധേയമാക്കിയിരിക്കുന്നത്.

പട്ടിക 3.8: കാർഷിക മേഖലയ്ക്ക് അനുയോജ്യമായ ഘടകങ്ങൾ

ഭൂവിനിയോഗം	ജനസാന്ദ്രത	പ്രദേശത്തിന്റെ ചെരിവ്	പ്രവർത്തന സ്വഭാവം	വികസന ശ്രേണിയിലെ ക്രമം	വികസന നിയന്ത്രണ മേഖലകൾ
കാർഷികം	കൂടുതൽ	0-15	നഗരം	1	നിയന്ത്രിത മേഖലകൾ
വികസിത കേന്ദ്രങ്ങൾ	ഇടത്തരം	15-30	ഗ്രാമം	2	മറ്റു പ്രദേശങ്ങൾ
വനപ്രദേശം	കുറവ്	30-50		3	
	വളരെ കുറവ്	>50		4	
				5	

അവലംബം : നഗരൺ ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

വികസനത്തിന്റെ സ്ഥലമാനങ്ങൾ

പ്രവർത്തന സ്വഭാവം കണ്ടുപിടിക്കാനായി താഴെ പറയുന്ന രീതിയിലുള്ള അപഗ്രഥനങ്ങൾ നടത്തിയിട്ടുണ്ട്.

- ഭൂവിനിയോഗത്തിന്റെ മാനദണ്ഡമായി കാർഷികം, വികസിത കേന്ദ്രങ്ങൾ, വനപ്രദേശം എന്നിവയുടെ കേന്ദ്രീകരണ സൂചിക മാപ്പിന്റെ പഠനം
- ജനസാന്ദ്രതയെ നാലു തട്ടുകളായി വിഭജിച്ചിട്ടുള്ള അപഗ്രഥനം
- ഭൂപ്രദേശത്തിന്റെ ചെരിവിനെ മാനദണ്ഡമാക്കി ജില്ലയിലെ തദ്ദേശഭരണ പ്രദേശങ്ങളെ നാലു വിഭാഗമായി തരംതിരിച്ചു നഗരപ്രദേശങ്ങളുടെ വിന്യാസം
- ജില്ലയിലെ തദ്ദേശ ഭരണ പ്രദേശങ്ങളിലെ അധിവാസ മേഖലയെ അഞ്ച് ക്രമങ്ങളായുള്ള വിഭജനം
- ജില്ലയിലെ വികസന നിയന്ത്രിത പ്രദേശങ്ങളെ കണ്ടെത്തൽ

പട്ടികയിൽ പ്രത്യേകമായി അടയാളപ്പെടുത്തിയിരിക്കുന്ന ഘടകങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് കാർഷിക മേഖലയ്ക്ക് അനുയോജ്യമായ ജില്ലയിലെ പ്രദേശങ്ങൾ കണ്ടെത്തി അതു ഭൂപടത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മേപ്പ് 3.40: കാർഷിക മേഖലയ്ക്ക് അനുയോജ്യമായ പ്രദേശങ്ങൾ



അവലംബം : നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

വികസനത്തിന്റെ സ്ഥലമാനങ്ങൾ

ജില്ലയുടെ തെക്ക്- കിഴക്കൻ മേഖലയിൽപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളിലെല്ലാം ഒരു പ്രധാന വരുമാന മേഖലയായി, കാർഷിക മേഖലയെ ഉയർത്തുന്നതിന് സ്ഥലപരമായ ഘടകങ്ങൾ അനുയോജ്യമാണെന്ന് ഈ പഠനം തെളിയിക്കുന്നു. പൈവളികെ, എൻമകജെ, ബദിയടുക്ക, ദേലംപാടി, ബേഡഡുക്ക, കുറ്റത്തക്കോൽ, പനത്തടി, കള്ളാർ, കോടോം-ബേളൂർ, ബളാൽ, വെസ്റ്റ്-എളേരി, ഈസ്റ്റ്-എളേരി, കിനാനൂർ-കരിന്തളം, കയ്യൂർ-ചീമേനി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യാവുന്നതാണ്.

ജില്ലയിലെ തദ്ദേശഭരണപ്രദേശങ്ങളിൽ വൻകിട വ്യവസായത്തിന് ഊന്നൽ നൽകാവുന്ന പ്രദേശങ്ങൾ കണ്ടെത്തുന്നതിനായി പട്ടികയിൽ കാണിച്ചിരിക്കുന്ന രീതിയിൽ ഘടകങ്ങളെ അപഗ്രഥനം ചെയ്തതിൽ നിന്നും തയ്യാറാക്കിയ ഭൂപടം താഴെ കൊടുത്തിരിക്കുന്നു.

മേപ്പ് 3.41: വൻകിട വ്യവസായങ്ങൾക്ക് അനുയോജ്യമായ പ്രദേശങ്ങൾ



അവലംബം : നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

വികസനത്തിന്റെ സ്ഥലമാനങ്ങൾ

പ്രധാനമായും ഇടനാട് മേഖലയിൽപ്പെടുന്ന ചില തദ്ദേശ സ്വയംഭരണസ്ഥാപന പ്രദേശങ്ങൾ വൻകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് അനുയോജ്യമാണ് എന്നു കാണുന്നു. ജനസാന്ദ്രത കൂടുതലല്ലാത്ത വികസിതപ്രദേശങ്ങളും ചെരിവ് 300ൽ കുറവും വികസന ശ്രേണിയിൽ രണ്ടും മൂന്നും ക്രമത്തിൽ വരുന്നതുമായ തദ്ദേക ഭരണ പ്രദേശങ്ങളാണ് പരിഗണിച്ചിരിക്കുന്നത്. ചെറുവത്തൂർ, നീലേശ്വരം, മടിക്കൈ, പുല്ലൂർ-പെരിയ, ചെമ്മനാട്, ചെങ്കള എന്നീ തദ്ദേശ പ്രദേശങ്ങളെയാണ് ഇത്തരത്തിൽ കണ്ടെത്തിയിരിക്കുന്നത്. പുല്ലൂർ-പെരിയ, മടിക്കൈ, നീലേശ്വരം നഗരസഭയിലെ പേരോൽ, തുടങ്ങിയ പ്രദേശങ്ങളിൽ നിലവിലുള്ള തരിശുഭൂമി (Wasteland) ഈ ആവശ്യത്തിനായി വിനിയോഗിക്കാവുന്നതാണ്.

ചെറുകിട വ്യവസായങ്ങൾക്ക് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്താനായി ചുവടെയുള്ള പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ അപഗ്രഥിച്ച്, ഓരോ തദ്ദേശ ഭരണ പ്രദേശത്തെയും അവയുടെ സ്വഭാവമനുസരിച്ച് വിലയിരുത്തിയപ്പോൾ, പരിസ്ഥിതിക്ക് അനുയോജ്യമായ ചെറുകിട വ്യവസായങ്ങൾക്ക് ജില്ലയിലെ ഒട്ടുമിക്ക പ്രദേശങ്ങളും അനുയോജ്യമാണെന്ന് കാണുന്നു. ചുവടെ ചേർത്ത മാപ്പിൽ ചെറുകിട വ്യവസായങ്ങൾക്ക് യോജിച്ച സ്ഥലങ്ങൾ കാണിച്ചിരിക്കുന്നു.

മേപ്പ് 3.42: ചെറുകിട വ്യവസായങ്ങൾക്ക് അനുയോജ്യമായ പ്രദേശങ്ങൾ



അവലംബം : നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

പിലിക്കോട്, ചെറുവത്തൂർ, നീലേശ്വരം, കയ്യൂർ-ചീമേനി, മടിക്കൈ, കിനാനൂർ- കരിന്തളം, പുല്ലൂർ-പെരിയ, പള്ളിക്കര, ബേഡഡുക്ക, കുറ്റിക്കോൽ, ചെമ്മനാട്, ചെങ്കള, മധൂർ, കുംബഡാജെ, ബെള്ളൂർ, ബദിയഡുക്ക, കുമ്പള, പുത്തിഗെ, എൻമകജെ, മംഗൽപ്പാടി, പൈവളികെ, മീഞ്ച, വോർക്കാടി എന്നീ 23 തദ്ദേശ ഭരണ പ്രദേശങ്ങളിൽ ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

മേൽപറഞ്ഞ ഗണങ്ങളിലൊന്നും ഉൾപ്പെടാത്ത പ്രദേശങ്ങളാണ് കാസറഗോഡ് കാഞ്ഞങ്ങാട് നഗരസ

ഭകളും, മഞ്ചേശ്വരം, മൊഗ്രാൽ-പുത്തൂർ, മൂളിയാർ, കാറഡുക്ക, ഉദുമ, അജാനൂർ, പടന്ന, വലിയപറമ്പ, തൃക്കരിപ്പൂർ എന്നീ തദ്ദേശ ഭരണപ്രദേശങ്ങളും. ഇവയിൽ മൊഗ്രാൽ-പുത്തൂർ, ഉദുമ, അജാനൂർ, തൃക്കരിപ്പൂർ, പടന്ന, മഞ്ചേശ്വരം എന്നീ അർദ്ധനഗര സ്വഭാവമുള്ള പ്രദേശങ്ങളും കാഞ്ഞങ്ങാട്, കാസറഗോഡ് നഗരങ്ങളും ദ്വിതീയ മേഖലയിലും, സേവന മേഖലയിലും മുന്നിട്ടു നിൽക്കുന്നവയാണ്. കാറഡുക്ക, മൂളിയാർ പഞ്ചായത്തുകളിൽ വനപ്രദേശത്തിന്റെ സാന്നിധ്യമുള്ളതിനാൽ ഇവിടങ്ങളിൽ കാർഷിക മേഖല പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഭൂപ്രദേശത്തിന്റെ ഭൂരിഭാഗവും തീരദേശനിയന്ത്രണ നിയമത്തിന്റെ പരിധിയിൽ വരുന്ന വലിയപറമ്പ ഗ്രാമ പഞ്ചായത്തിലും കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകുന്നതാണ് അഭികാമ്യം.

വിവിധ മേഖലകളിൽ നിന്നുള്ള കൃത്യമായ വിവരങ്ങൾ ലഭിച്ചാൽ മാത്രമെ കൂടുതൽ മേഖലകൾക്ക് അനുസൃതമായ സ്ഥലപര വിശകലനം നടത്തുവാനും സ്ഥലപരഘടന രൂപീകരിക്കുവാനും സാധിക്കുകയുള്ളൂ.

വികസന നിർദ്ദേശങ്ങൾ

ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തന സ്വഭാവവും വികസന ശ്രേണിയിലെക്രമവും ഗതാഗതശൃംഖലയും അപഗ്രഥിച്ച് ജില്ലയുടെ സ്ഥലപരഘടന കണ്ടെത്തിയത് ചുവടെ ചേർക്കുന്നു.

മേപ്പ് 3.43: ജില്ലയുടെ ഭാവി സ്ഥലപരഘടന



അവലംബം : നഗര ഗ്രാമാസൂത്രണ വകുപ്പ് (വർഷം-2017)

ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തിന്റെയും സ്ഥാനീയമായ പ്രത്യേകതകൾ കണ്ടെത്തി അവയ്ക്ക് യോജിക്കുന്ന വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാവണം നയം.

സംയോജിത ജില്ലാ വികസന രൂപരേഖ തയ്യാറാക്കി അതിനനുസൃതമായി പദ്ധതികൾ നടപ്പിൽ വരുത്താവുന്നതാണ്.

പൊതു ആവശ്യങ്ങൾക്കുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ജില്ലാ തലത്തിൽ ഏറ്റവും അനുയോജ്യമായ സ്ഥലം കണ്ടെത്തി ആയതിൽ സൂക്ഷ്മതലത്തിലുള്ള സ്ഥലപരാ സൂത്രണം നടത്തേണ്ടതാണ്.

എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും ലഭ്യമായ

സ്രോതസുകൾ കണ്ടെത്തി അവയുടെ വിന്യാസരീതി കാണിക്കുന്ന ജി.ഐ.എസ് മാപ്പ് തയ്യാറാക്കേണ്ടത് അനിവാര്യമാണ്. ഏതൊരു പദ്ധതിയുടെയും നടത്തിപ്പിനു മുമ്പായി സ്ഥലലഭ്യതയ്ക്കനുസരിച്ചും ആ സ്ഥലത്തിന്റെ പ്രത്യേകതകൾക്കനുസരിച്ചുമുള്ള സ്ഥലപരാസൂത്രണം നടത്തി ഘട്ടം ഘട്ടമായി മാത്രമേ അവിടുത്തെ വികസനം നടപ്പാക്കാവൂ. ഉദാഹരണത്തിന് ഒരു നിർദ്ദിഷ്ട വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിന്റെ വിസ്തൃതി പതിനഞ്ചോ ഇരുപതോ ഹെക്ടർ സ്ഥലം ഉണ്ടെന്നിരിക്കട്ടെ. ഇവിടെ വിവിധ ഘട്ടങ്ങളിലായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളുടെ സ്ഥാനം, വഴി തുടങ്ങിയ ഘടകങ്ങൾ ആദ്യമേ തന്നെ നിർണ്ണയിച്ച് സ്ഥലപരാസൂത്രണം നടത്തിയ ശേഷമേ പദ്ധതിയുടെ ഒന്നാം ഘട്ടം ആരംഭിക്കാവൂ. ഇപ്രകാരം ചെയ്യുന്നത് ഭൂമിയുടെ പൂർണ്ണതോതിലുള്ളതും ഏറ്റവും അനുയോജ്യവുമായ ഉപയോഗത്തിന് സഹായിക്കും. സ്ഥലപരാസൂത്രണം നടത്തുന്നത് ഒരു മികച്ച രൂപരേഖ തയ്യാറാക്കുന്നതോടൊപ്പം ഭാവിയിലെ വികസനത്തിന് അവസരം ഒരുക്കുകയും ചെയ്യും.

നവകേരള മിഷനുമായുള്ള സംയോജന സാധ്യതകൾ

2016 നവംബർ മാസം കേരള സർക്കാർ ആരംഭിച്ച ഒരു പുതിയ മിഷനാണ് നവകേരള മിഷൻ സമൂഹത്തിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന മേഖലകളായ പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, കൃഷി എന്നീ മേഖലകളിൽ സമഗ്ര വികസനം നടപ്പിൽ വരുത്താൻ ഉദ്ദേശിച്ചുള്ള ബൃഹത്തായ പരിപാടിയാണ്.

ഹരിത കേരള മിഷന്റെ ഉദ്ദേശ്യം ജൈവ രീതിയിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുക, ജല സ്രോതസ്സുകൾ സംരക്ഷിക്കുക, മാലിന്യ സംസ്കരണം ഉറപ്പാക്കുക തുടങ്ങിയവയാണ്. ഭാവിയിൽ വരുന്ന ജനസംഖ്യയും അതിന്റെ സാന്ദ്രതയും കൂടി കണക്കിലെടുത്തുകൊണ്ടും ജില്ലയുടെ സ്ഥാനീയമായ പ്രത്യേകതകൾ പരിഗണിച്ചുകൊണ്ടും മറ്റു വികസന പ്രർത്തനങ്ങൾക്ക് തടസം സൃഷ്ടിക്കാത്ത രീതിയിലുമായിരിക്കണം ഹരിതകേരളംമിഷൻ പൂർത്തീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം തുടങ്ങിയ മിഷനുമായി ബന്ധപ്പെട്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോഴും വിവിധ പ്രദേശങ്ങളുടെ സ്ഥാനീയമായ പ്രത്യേകതകൾ, ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ വിതരണം, കേന്ദ്രീകരണം തുടങ്ങിയ ഘടകങ്ങൾ പഠിക്കേണ്ടതുമാണ്. സ്ഥലപരാസൂത്രണത്തിന്, മേൽ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് വ്യക്തമായ സ്വാധീനം ചെലുത്താൻ സാധിക്കും.

ലൈഫ് മിഷനുമായി ബന്ധപ്പെട്ട് പാർപ്പിട സൗകര്യം ഒരുക്കുന്നത് സ്ഥലപരാസൂത്രണത്തിന്റെ എല്ലാ ഘടകങ്ങളേയും പരിഗണിച്ചുകൊണ്ടായിരിക്കണം.

ഗുണഭോക്താക്കളുടെ വിതരണം, തൊഴിലിടം, ആരോഗ്യ- വിദ്യാഭ്യാസ സൗകര്യങ്ങൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ചുകൊണ്ടുള്ള സ്ഥലപര വിശകലനത്തിലൂടെയാവണം ഇത്തരം പദ്ധതികൾക്കായി സ്ഥലം കണ്ടെത്തുന്നത്.

സംഗ്രഹം

ജില്ലയുടെ സ്ഥലപരഘടന വിലയിരുത്തലിൽ ഭൂവിനിയോഗം, ഭൂപ്രകൃതി, നഗരവൽക്കരണരീതി, മാനവവിഭവശേഷി തുടങ്ങിയ ഘടകങ്ങളുടെ കാര്യത്തിൽ സംസ്ഥാനത്തെ മറ്റു ജില്ലകളിൽ നിന്ന് വ്യത്യസ്തമായ മാനമാണ് കാസറഗോഡിനുള്ളത്. അതുകൊണ്ട് മേൽഘടകങ്ങളിലോരോന്നിന്റെയും ശക്തിയും ദൗർബല്യവും ഓരോ മേഖലകളിലും പ്രതിഫലിക്കുകയും ചെയ്യുന്നു. വനപ്രദേശം ഏറ്റവും കുറഞ്ഞ (5.82%) ജില്ലകളിലൊന്നായ കാസറഗോഡ് മൊത്തം ഭൂമിയുടെ 36.83 ശതമാനം പ്രദേശം താമസ ആവശ്യത്തിനും, 24.7 ശതമാനം തോട്ടം ഭൂമിയായും 14.81 ശതമാനം നെൽകൃഷിക്കായും ഉപയോഗിച്ചു വരുന്നു. 11 ശതമാനത്തോളം വരുന്ന തരിശുഭൂമി വ്യവസായങ്ങൾ ഉൾപ്പെടെയുള്ള നിർമ്മിതാവശ്യങ്ങൾക്ക് ഉപയുക്തമാക്കുന്നതാണ്. അതേസമയം ഏറെയുള്ള കൃഷിയോഗ്യമായ തരിശുഭൂമിയും ഏറ്റവും കൂടിയ മഴയും പന്ത്രണ്ടോളം പുഴകളും ജലാശയങ്ങളുമെല്ലാം കൃഷിക്കും ജലസംരക്ഷണത്തിനും ഊന്നൽ കൊടുക്കാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ്. ജില്ലയിലെ മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളെയും സ്പർശിച്ച് പുഴയൊഴുകുന്നതായി സ്ഥലമാന മാപ്പിൽ വ്യക്തമാകുന്നു. അതൊരു മികച്ച സാധ്യതയാണ്. തദ്ദേശഭരണപദ്ധതി രൂപീകരണത്തിൽ സമഗ്രനീർത്തട കാഴ്ചപ്പാടോടെ ഭാവി രൂപപ്പെടുത്താനുള്ള അടിസ്ഥാന മാപ്പിംഗ് വിവരങ്ങളാണ് ഇതിലൂടെ നമുക്ക് ലഭ്യമാകുന്നത്. ഓരോ തദ്ദേശഭരണതല സ്രോതസ്സുവിവരങ്ങളും ഭൂവിനിയോഗ സ്ഥിതിവിവരകണക്കുകളും മികച്ച ഒരു വികസന പദ്ധതിക്ക് അടിസ്ഥാനമൊരുക്കാനുതകുന്നവയാണ്. ഉല്പാദന മേഖലയിലും സേവന, പശ്ചാത്തല മേഖലകളിലും വികസന രൂപരേഖയൊരുക്കാൻ ഇവ അനിവാര്യമാണ്. സ്ഥലമാനങ്ങളുടെ ശാസ്ത്രീയപഠനമനുസരിച്ച് ജൈവവിഭവങ്ങളുടെ ഒരു കലവറ തന്നെ ജില്ലയിലുണ്ട്. അടക്കയുടെയും കല്ലുമ്മക്കായയുടെയും ഉല്പാദനത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന ജില്ലയിൽ ചക്കയും മാങ്ങയും കുരുമുളകും തേങ്ങയുമെല്ലാം യഥേഷ്ടമുണ്ട്. 4155 ഹെക്ടറിൽ കൃഷി ചെയ്തിരുന്ന നെൽ വിസ്തൃതി കുറഞ്ഞു വരുന്നതും, റബ്ബർ പലയിടങ്ങളിലും പകരം വെക്കപ്പെടുന്നതുമെല്ലാം വിലയിരുത്തലിനും വിചിന്തനത്തിനും പാത്രമാക്കേണ്ടതാണ്. ഗതാഗത നെറ്റ്‌വർക്ക്, റോഡ് സാന്ദ്രത, വികസന സ്വഭാവം, വ്യവസായിക സാധ്യത, നിയന്ത്രണ മേഖല, നഗരവൽക്കരണം, ജലവിഭവം, ഭാഷാവിഷയം, മാനവ വിഭവശേഷി, തൊഴിൽപങ്കാളിത്തം, എൻഡോസൾഫാൻ ദുരന്തമേഖല, വികസന വ്യതിയാനങ്ങൾ തുടങ്ങിയ ഘടകങ്ങളെല്ലാം ശാസ്ത്രീയമായ പഠനത്തിന് വിധേയമാക്കപ്പെട്ടിട്ടുണ്ട്. ഈ പഠന നിഗമനങ്ങളിൽ നിന്നും നമ്മുടെ സാധ്യതയ്ക്കും പരിമിതിക്കുമനുസരിച്ച് മേഖലാ വിലയിരുത്തലുകൾ നടത്തി സമഗ്രപദ്ധതി ആവിഷ്കാരം നടത്തുക എന്നതാണു തുടർ ദൗത്യം.

4. വികസനമേഖലകൾ അവസ്ഥയും പരിപ്രേക്ഷ്യവും

4.1 ഉൽപാദന മേഖല

4.1.1 നീർത്തടാധിഷ്ഠിത വികസനം
(കൃഷി, ജലസേചനം, മണ്ണ് ജലസംരക്ഷണം ഉൾപ്പെടെ)

ആമുഖം

ജില്ലയുടെ ചരിത്രം പരിശോധിച്ചാൽ സമ്പന്നമായൊരു കാർഷിക സംസ്കൃതിയുടെ തിളക്കം കാണാം. ആകെ ഭൂവിസ്തൃതിയുടെ 77 ശതമാനത്തോളം കാർഷികാവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെങ്കിലും കാസറഗോഡ് ജില്ലയുടെ കാർഷിക വരുമാനം സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്.

ഭൂപരിഷ്ക്കരണത്തിലൂടെ ലോകത്തിന് മാതൃകയായ കേരളത്തിൽ കർഷക കുടുംബങ്ങളെ കേന്ദ്രീകരിച്ച് തൊഴിൽ, വരുമാന വർദ്ധന, നൂതനാശയങ്ങളുടെ പ്രയോഗം, സ്ഥായിയായ കാർഷിക രീതികൾ എന്നിവ അവലംബിച്ചാൽ മേഖലയിൽ അത്ഭുതാവഹമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സാഹചര്യമൊരുങ്ങും. ജില്ലാ പ്ലാൻ തയ്യാറാക്കുന്നതിലൂടെ ജില്ലയുടെ വിവിധ കാർഷിക പ്രശ്നങ്ങളെ സമഗ്രമായി പഠിച്ച്, വിലയുരുത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുവാൻ കഴിയും.

കാസറഗോഡ് ജില്ല, സപ്തഭാഷ സംഗമഭൂമി സങ്കീർണ്ണവും വൈവിധ്യമാർന്നതുമാണ്. സംസ്ഥാനത്തെ കാർഷികമേഖലയെ പ്രധാനമായി അഞ്ചു സോണുകളായി തിരിച്ചിട്ടുള്ളതിൽ ജില്ലയുടെ കാർഷിക മേഖല നോർത്ത് സോണിലാണ് ഉൾപ്പെടുന്നത്. വർദ്ധിച്ച ഉല്പാദന ചെലവ്, ക്ഷയിച്ചു കൊണ്ടിരിക്കുന്നതും മലിനീകരണ വിധേയവുമായിക്കൊണ്ടിരിക്കുന്നതുമായ മണ്ണ്, ജലം, ജൈവ സമ്പത്ത്, ഉല്പന്നങ്ങളുടെ വിലക്കുറവ്, തുണ്ടുകളായിട്ടുള്ള കൈവശഭൂമി, റബ്ബർ ഒഴികെ മറ്റു വിളകളുടെ ഉല്പാദനത്തിലും ഉല്പാദന ക്ഷമതയിലും അനുഭവപ്പെടുന്ന കുറവ്, വിപണിയുടെ അഭാവം, മാറ്റി മറിക്കപ്പെടുന്ന കൃഷിയിടങ്ങൾ, യന്ത്രവത്ക്കരണത്തിന്റെ അപര്യാപ്തത, ജലദൗർലഭ്യം, തൊഴിലാളിക്ഷാമം തുടങ്ങിയവ കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

ഭക്ഷ്യവിളകളുടെ വിസ്തൃതി കുറഞ്ഞു വരികയും നാണ്യ വിളകളോട് കർഷകർ ആഭിമുഖ്യം കാണിക്കുകയും ചെയ്യുന്ന പ്രവണത കൂടി വരുന്നു. നിലവിൽ ആവശ്യമുള്ളതിന്റെ 5% ഭക്ഷ്യധാന്യമാണ് ജില്ലയിൽ ഉല്പാദിപ്പിക്കുന്നത്. നെൽകൃഷി വിസ്തൃതി വർഷം തോറും കുറഞ്ഞു വരുന്നു. ഇതു പരിഹരിക്കാനുള്ള പദ്ധതികൾ നിലവിലുണ്ടെങ്കിലും ഫണ്ടിന്റെ ലഭ്യത താരതമ്യേന കുറവാണ്. ഈ ജില്ലയിൽ തെങ്ങിന് ഉല്പാദന ക്ഷമത കൂടുതലാണെങ്കിലും കീടരോഗബാധ, മഞ്ഞളിപ്പ് രോഗം, കൂമ്പ് ചീയൽ, തെങ്ങ് കയറ്റതൊഴിലാളിക്ഷാമം, കൂടിയ കൂലി എന്നീ പ്രശ്നങ്ങൾ അഭിമുഖീകരിച്ചു വരുന്നുണ്ട്. കശുമാവ് കൃഷിയുടെ വിസ്തൃതി പ്രതിവർഷം കുറഞ്ഞു വരുന്നു. അതോടൊപ്പം കുരുമുളക് കൃഷിയും കുറഞ്ഞു വരുന്നു. പച്ചക്കറി താരതമ്യേന മെച്ചപ്പെട്ട നിലയിൽ കൃഷി ചെയ്യുന്ന സ്ഥിതിവിശേഷം സംജാതമായി വരുന്നു.

മേപ്പ് 4.1.1.1: Maps showing Agricultural Offices and Organizations of Kasaragod District



മേപ്പ് 4.1.1.2: കാസറഗോഡ് ജില്ല മണ്ണ് ഫലപുഷ്ടി



പട്ടിക 4.1.1.1: കാസറഗോഡ് ജില്ല ഭൂമിയുടെ തരംതിരിച്ചുള്ള കണക്ക്

പ്രത്യേകതകൾ	ഹെക്ടർ
മൊത്തം ഭൂവിസ്തൃതി	199166
വനം	5626
കാർഷികേതര ആവശ്യങ്ങൾക്കുള്ള ഭൂമി	27655
കൃഷി യോഗ്യമല്ലാത്ത തരിശ്	6217
സ്ഥിരമായ മേച്ചിൽ പുറങ്ങൾ	2
മറ്റു വൃക്ഷ വിളകൾ	373
കൃഷി യോഗ്യമായ തരിശ്	8535
സ്ഥിരം തരിശ്	2788
നിലവിലുള്ള തരിശ്-തന്നാണ്ട് തരിശ്	2298
തണ്ണീർത്തടം	4291
ചതുപ്പ് പ്രദേശം	18
സാമൂഹ്യ വനവൽക്കരണം	108
ആകെ കാർഷികേതര ഭൂവിസ്തൃതി	63790
ആകെ കൃഷി വിസ്തൃതി	141858
ഒന്നിൽ കൂടുതൽ പ്രാവശ്യം വിതയ്ക്കുന്ന സ്ഥലം	6410
ആകെ കൃഷി സ്ഥലം	148268

സംസ്ഥാന കൃഷി വകുപ്പ് ജില്ലാ ഓഫീസ്, കാസറഗോഡ് 2016

പട്ടിക 4.1.1.2 - ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ തിരിച്ചുള്ള കാർഷിക വിളകളുടെ വിസ്തൃതി

(വിസ്തൃതി (ഹെക്ടർ)

ക്രമ നം	കൃഷി ഭവന്റെ പേര്	നെല്ല്			തെങ്ങ്	കമുക്	കശുമാവ്	റബ്ബർ	കുരുമുളക്	വാഴ	പച്ചക്കറി	പൈനാപ്പിൾ	ഇഞ്ചി	മഞ്ഞൾ	പയർവർഗ്ഗ വിളകൾ	മരച്ചീനി	മാവ്	മധുരക്കിഴങ്ങ്
		വിരിപ്പ്	മുണ്ടകൻ	പുഞ്ച														
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19
1	മധൂർ	110	140	5	938	520	80	6	25	115	30	5				5	5	5
2	മൊഗ്രാൽ-പുത്തൂർ	62	58	5	600	65	25		8	30	32	2		0.5			1	6
3	ചെങ്കള	140	70	5	950	550	450	250	60	255	50	1	1	1	2	2	10	10
4	കാസറഗോഡ്	5	25		653.8	120	12		10	7	4							
5	ചെമ്മനാട്	130	30		2470	180	50	10	10	80	40	2			2	2		2
6	കുമ്പള	245	225	30	460	475	150	6	25	122	50	7	0.5		10	1	8	8
7	ബദിയഡുക്ക	120	20		300	800	125	200	70	315	25	10	3	2	2		10	2.6
8	ദേലമ്പാടി	110	10		720	1700	260	550	60	185	42.6	4	1	1		3.5	10	1
9	മുളിയാർ	30			320	720	75	250		25	14.5							
10	ബേഡഡുക്ക	100			1200	1415	1300				10							
11	കാറഡുക്ക	52	25		780	1800	250	280	75	205	40.2	5	2	1	1	5	20	5
12	ബെള്ളൂർ	40			172	520	52	310	90	30	10				1			
13	കുമ്പഡാജെ	90			420	750			10	10	11							
14	കുറ്റിക്കോൽ	63			750	864	375	3227	250	50	10							
15	മഞ്ചേശ്വരം	80	95	15	465	325	75		35	30	35	4			5	1	8	
16	വോർക്കാടി	320	280	20	190	410	15	200	20	60	24	0.5	0.2	0.3	22	7	4	
17	മീഞ്ച	165	133	10	280	710	80	60	60	100	25	5	1	1	10	5	12	
18	പൈവളികെ	152			600	780	420	467	165	100	50	7	2		12	2	5	5
19	മംഗൽപാടി	125	200	85	710	512	185		24	75	50	1	0.4	0.3	45		9	
20	പുത്തിഗെ	161	230		337	1072	250	20	45	150	40	8	2	1	10		20	4

21	എൻമകജെ	90	35		360	925	450	200	125	570	15	3					20	2
22	ഉദുമ	70	40		960	106	25	2	10	20	15	1			3	2	10	3
23	പള്ളിക്കര	164	40		1610	80	40	30	5	90	30	1			2	5	18	5
24	പുല്ലൂർ-പെരിയ	160	60		1200	600	400	1138	20	100	75	2	4		1	5	5	2
25	അജാനൂർ	120	100		2010	27	325	3	15	30	70	2			20	5	15	7
26	കാഞ്ഞങ്ങാട്	243	157	8.7	1955	55	35		2.3	28.5	50	7	6	8	30	5	10	50
27	മടിക്കൈ	53	97	10	565	250	300	350	10	80	20	7				15	20	
28	ചെറുവത്തൂർ	50	60		1142	8	5	2	5	40	30	1			10	5	10	
29	കയ്യൂർ- ചീമേനി	75	80		1885	1005	1225	2460	62	56	41	5	5	3	20	20	10	2
30	നീലേശ്വരം	63	90	4	1350	65	4	5	18	35	30	1	0.25	0.25	5	10	6	2
31	പടന്ന	110	110	10	760				3	10	30				5	5		
32	പിലിക്കോട്	190	150		1300	80	15	15	10	40	30	4	0.5	0.5	20	151		
33	തൃക്കരിപ്പൂർ	90	35		1698	3	7.5			35	10	1		0.5	3	5	3	
34	വലിയപറമ്പ	15	15		1520		0.4		0.2	5	5	1		5		0.5	5	
35	കൊടോം - ബേളൂർ	90			2600	500	350	2750	375	120	35	4	10	6		50		
36	കള്ളാർ	10			1900	890	980	1900	180	70						50		
37	പനത്തടി	10			1945	850	80	2350	80	60	10	6	2	1				
38	ബളാൽ	2.9			1715	825	96	5100	96	313	20	2	25	5		20		
39	കിനാനൂർ- കരിന്തളം	40			950	390	1053	2140	280	85	38		4	4		68		
40	വെസ്റ്റ്- എളേരി	2.8	1.4	0.4	2120	343	95	4142	186	100	27	4	20	6		10	6	
41	ഈസ്റ്റ്- എളേരി				1520	480	41	4050	172	90	26	4	28	16		10	6	
	ആകെ	4051.7	2771.4	208.1	44380.80	21770	8775.90	32473	2696.50	3693.50	1200.30	117.50	117.85	63.35	241	475	266	121.60

നീർത്തടാധിഷ്ഠിത വികസനം

പട്ടിക 4.1.1.3 - കാസറഗോഡ് ജില്ലയിലെ പാടശേഖരങ്ങളുടെ വിശദാംശങ്ങൾ

ക്രമ നം.	പാടശേഖരത്തിന്റെ പേര്	വിസ്തൃതി (ഹെക്ടർ)	എത്ര വിള	തദ്ദേശ സ്വയംഭരണ സ്ഥാപനം
	നീലേശ്വരം ബ്ലോക്ക്			
1	മുണ്ടക്കണ്ടം	4	1	ചെറുവത്തൂർ
2	കുണ്ടുവയൽ	7.5	2	
3	കൊടക്കവയൽ	20	1	
4	പയ്യങ്കി	4.8	2	
5	എടയടുക്കം	6	2	
6	മയ്യിച്ച-കാരി	10	1	
7	കാടങ്കോട്-കൊയാമ്പുറം	7.2	2	
8	പുതിയകണ്ടം	10.98	2	
9	വലിയപറമ്പ-കന്നുവീട് കടപ്പുറം	4	3	വലിയപറമ്പ
10	മാടക്കാൽ	3	2	
11	ഇടയിലക്കാട്	8	2	
12	ചന്തേര	12	2	പിലിക്കോട്
13	കണ്ണംകൈ	26	1	
14	കോതോളി-മടിവയൽ	14	2	
15	പുത്തിലോട്ട്	23.2	2	
16	മലപ്പ് പാതാളം	14	1	
17	കൊടക്കാട്	16	2	
18	എരവിൽ	32	2	
19	പിലിക്കോട് വയൽ	14	2	
20	കൂനത്തൂർ	10	2	
21	മുരിക്കിൻകാടി കൊളവയൽ	8	2	
22	മാണിയാട്ട്	14	2	
23	പാടിക്കീൽ	10	2	
24	ആനിക്കാടി	11.8	2	
25	ആയിറ്റി വെള്ളാപ്പ്	18	2	തൃക്കരിപ്പൂർ
26	ഈയ്യക്കാട്	26	2	
27	മധുരംകൈ	9	2	
28	ഒളവറ	9	2	
29	തലിച്ചാലം	14	2	
30	തങ്കയം	21	2	
31	കൊയോങ്കര	23	2	
32	വളാൽ എടച്ചാക്കൈ	49	2	പടന്ന
33	പടന്ന -കാവുന്തല-കാലിക്കടവ്	8	2	
34	പടന്ന-കാന്തിലോട്ട്-കൂവക്കൈ	7	2	
35	മണൽ-അത്യക്കൈ	26	2	
36	ഉദിനൂർ-തെക്കേപ്പുറം	55	2	
37	കോരംകുളം	30	2	
38	കൊളവയൽ	35	2	
39	ക്ലായിക്കോട്	25	2	കയ്യൂർ-ചീമേനി
40	മുഴക്കോം നന്ദാവനം	30	2	
41	തിമിരിവയൽ	55	2	
42	കയ്യൂർ	20	1	
43	കൂക്കോട്ട്	10	1	

44	പൊതാവൂർ	25	2	
45	പുലിയന്നൂർ	18	2	
46	ആലന്തട്ട	18	2	
47	ചീമേനി-പയ്യറാട്ട്	20	2	
48	പാലായി	3.008	3	നീലേശ്വരം
49	പട്ടേന	16.62	2	
50	തൈക്കടപ്പുറം	20.62	2	
51	നാഗച്ചേരി	9.756	3	
52	മൂലപ്പള്ളി	7.4	2	
53	പൂവാലംകൈ	6.08	2	
54	അങ്കക്കളരി	5.2	2	
55	പള്ളിക്കര	10.652	2	
		പരപ്പ ബ്ലോക്ക്		
1	അഞ്ചനമൂക്കോട് പാടശേഖരം	4	1	കള്ളാർ
2	കനീലടുക്കം	3	1	
3	കള്ളാർ	3	1	
4	ചാമുണ്ഡിക്കുന്ന്	3	1	പനത്തടി
5	ചെറുപനത്തടി	3	1	
6	മുളവന്നൂർ	9.646	1	കോടോം-ബേളൂർ
7	തായന്നൂർ	19.73	2	
8	ക്ലായിക്കോട്	2.802	2	
9	ബാഡൂർ	8.212	2	
10	ലാലൂർവയമ്പ്	4.744	2	
11	ചെന്തളം	3.822	2	
12	കോടോം	4.612	2	
13	പനങ്ങാട്	4.432	2	
14	പണാംകോട്ട്	4.944	2	
15	പൊടവടുക്കം	12.56	1	
16	കുന്നുംവയൽ	4.66	2	
17	കിനാനൂർ	18	1	കിനാനൂർ-കരിന്തളം
18	കീഴ്മാല	8.625	1	
19	ബിരിക്കുളം	3.4	1	
20	പരപ്പ	1.875	1	
21	പെരിയങ്ങാനം	2.4	1	
22	അണ്ടോൾ	3.5	1	
23	കോട്ടക്കുന്ന്	1.75	1	
		കാഞ്ഞങ്ങാട് ബ്ലോക്ക്		
1	വാഴക്കോട്	12	1	മടിക്കൈ
2	റാക്കോൽ	46.4	2	
3	ഏച്ചിക്കാനം	10.4	2	
4	കക്കാട്ട്	12	2	
5	കുണ്ടേൻ വയൽ	14	2	
6	മടിക്കൈ വയൽ	21.2	2	
7	ഉമിച്ചി കാരുളം	12	1	
8	മലപ്പച്ചേരി	10	1	

9	കൊളങ്കാട്ട്	11.6	1	മടിക്കൈ
10	കീക്കാംകോട്ട്	18	2	
11	ആലയി	7.2	2	
12	ആലമ്പാടി	8	2	
13	വടക്കേക്കര പട്ടത്താനം	4	1	പുല്ലൂർ-പെരിയ
14	കരിഞ്ചാൽ	4	1	
15	ആയമ്പാറ	9.5	2	
16	പൂക്കളം-വയറ വള്ളി	4	1	
17	കൂടാനം	16	1	
18	കല്ല്യോട്ട്	9.5	1	
19	കായക്കുളം	8.5	1	
20	കുണിയ	3	1	
21	കനിയുംകുണ്ട്	5	1	
22	കേളോത്ത്	16.5	2	
23	മീങ്ങോത്ത്	3	1	
24	പെരളം	6	2	
25	എക്കാൽ	6	2	
26	കൊടവലം	12	2	
27	വിഷ്ണുമംഗലം	10.5	2	
28	എടമുണ്ട	14.5	2	
29	കുമ്പള	4	1	
30	ഹരിപുരം	1.5	1	
31	അരവത്ത് വയൽ	15	1	പള്ളിക്കര
32	പൂച്ചക്കാട്-കീക്കാനം	3	1	
33	കരുവാക്കോട്-പാക്കം	4	2	
34	കോറോത്ത്-കോട്ടപ്പാറ	20	1	
35	മാപ്പിലങ്ങാട്	9	1	
36	കരിച്ചേരി	13	1	
37	കീക്കാനം-കുന്നത്തുവയൽ	9	1	
38	കളിങ്ങോം-പന്നിക്കുളം	28	1	
39	പനയാൽ-പാട്ടംവയൽ	16	1	
40	ആലക്കോട്-ചെറൂട്ട	8	1	
41	അടോട്ട്-കണ്ണികുളങ്ങര	8	2	അജാനൂർ
42	കാട്ടുകുളങ്ങര	8	1	
43	കൊളവയൽ	8	2	
44	കൂളിക്കാട്-മഡിയൻ	2	1	
45	മധുരക്കാട്-അള്ളംകോട്	8	2	
46	മാണിക്കോത്ത്-പാലക്കി	3	1	
47	മാവുങ്കാൽ-പള്ളോട്ട്	8	2	
48	നടുവയൽ-മാക്കി	3	1	
49	ഒറവങ്കര-കല്ലു വരമ്പത്ത്	10	2	
50	തണ്ണോട്ട്	10	2	
51	തുളിച്ചേരി	4	1	
52	വീണച്ചേരി	3	2	
53	വെള്ളൂർ വയൽ	6	2	

54	നീലാങ്കര-പനങ്കാവ്	59	2	കാഞ്ഞങ്ങാട് (മുനിസിപ്പാലിറ്റി)
55	ചാത്തമ്പള്ളി വയൽ	37	2	
56	ഒഴിഞ്ഞവളപ്പ്-തീർത്ഥങ്കര	16	1	
57	കുശാൽ നഗർ	17.2	1	
58	പുതുക്കൈ	38	2	
59	ബല്ല	48.8	2	
60	അരയി-കാർത്തിക	24	2	
61	പുഞ്ചാവി-കല്ലൂരാവി	17.2	2	
62	കാരാട്ടുവയൽ	58.8	2	
63	തെക്കേക്കര പടിഞ്ഞാർ ഒതവത്ത് കണ്ണികുളങ്ങര	11	2	ഉദുമ
64	കണ്ണംകുളം മുതിയക്കാൽ	13	2	
65	ബാര പാലോടത്ത്	5	1	
66	മേൽബാര	6	1	
67	മാങ്ങാട്	8	1	
68	കണിയമ്പാടി	7	1	
69	ഏരോൽ	7	1	
70	നെക്ലി	6.5	1	
	കാറഡുക്ക ബ്ലോക്ക്			
1	തലപ്പച്ചേരി	9.092	2	ദേലംപാടി
2	കയ്യണി	7.488	1	
3	ബെള്ളരിക്കയ	8.18	1	
4	ബാബയ്യമൂല	5.016	1	
5	ചീനാടി	21.54	2	
6	പാണ്ടി	15.272	2	
7	മാട്ട	24.848	2	
8	ബളവന്തടുക്ക	7.568	1	
9	അണ്ണപ്പാടി	10.024	1	
10	മല്ലംപാറ	13.484	1	
11	പാലാർ	6.808	1	
12	പള്ളഞ്ചി	7.136	1	
13	പുതിയമ്പലം	7.428	1	
14	മയ്യള	9.112	2	
15	ഉജംപാടി	16.66	2	
16	ചൊട്ടത്തോൽ	9	2	കുറ്റിക്കോൽ
17	ഞെരു-ചാടകം	7	1	
18	ബേത്തലം	6	1	
19	നെച്ചിപ്പടുപ്പ്	8	2	
20	കക്കച്ചാൽ	6	1	
21	കുറ്റിക്കോൽ	13	2	
22	ഒറ്റമാവുങ്കാൽ	6	1	
23	ശങ്കരംപാടി	5	1	
24	ബേഡകം	11.216	3	ബേഡഡുക്ക
25	വേളാഴി	6	2	
26	കൊട്ടവയൽ	14.444	3	

27	ബദിര	2	2	ബേഡഡുക്ക
28	ചെരപൈക്കം	3.88	2	
29	കൊളത്തൂർ	13.73	3	
30	ചേരാലിൽ	5.3	2	
31	വേരികുളം	7.63	2	
32	പെരിയ	8	2	
33	പെർലടുക്കം	11.8	2	
34	ഒയോലം	6	2	
35	പാമ്പെജലു	11	1	ബെള്ളൂർ
36	കുളദപ്പാറ	8	1	
37	പെർവ്വത്തൊടി	5	1	
38	ബജ	4	1	
39	അടക്കര മജ്ലു	4	1	
40	കണക്കത്തോടി	4	1	
41	കിന്നിംഗാർ	4	1	
42	കുമ്പഡാജെ	8	2	കുമ്പഡാജെ
43	പുത്രോടി	6	1	
44	അലിഞ്ചെ	6	2	
45	ബെലിഞ്ചെ	5	1	
46	പുത്രകല	5	1	കാറഡുക്ക
47	ഉബ്രൻഗല	7	1	
48	ഉപ്പൻഗല	5	1	
49	തലെബലി	8	2	
50	ഗൊസാഡ	5	1	
51	ബാലകല	5	1	
52	പിണ്ടികൈ	6	2	
53	ബേർളംവയൽ	3	1	
54	ചായിത്തലം	2	1	
55	കൊട്ടംകുഴി	3	1	
56	കുണ്ടാർ	6	2	
57	മീഞ്ചപദവ്	3	1	
58	കോലിക്കാൽ	2	2	
59	മല്ലവാര	7	2	
60	കാർലെ	3	2	
61	മുച്ചിലോട്	5	1	മുളിയാർ
62	പേരടുക്കം ബേപ്പ്	6.44	1	
63	മജക്കാർ പാത്തനടുക്കം	6.22	2	
64	കാനത്തൂർ	4.78	1	
65	പൊവ്വൽ ചാപ്പാടി	6.23	2	
66	ബെള്ളിപ്പാടി	7.83	2	
67	പുഞ്ചകോഡ്	8.94	2	

പട്ടിക 4.1.1.4 ജില്ലയിലെ തരിശ്ഭൂമിയുടെ വിസ്തീർണ്ണം

ക്രമ നം/ ബ്ലോക്ക്	കൃഷിഭവന്റെ പേര്	(വിസ്തൃതി (ഹെക്ടർ)
1	2	3
കാസറഗോഡ്		
1	മധൂർ	60
2	മൊഗ്രാൽ-പുത്തൂർ	40
3	ചെങ്കള	150
4	കാസറഗോഡ്	50
5	ചെമ്മനാട്	40
6	കുമ്പള	110
7	ബദിയഡുക്ക	50
	ആകെ	500.00
കാറഡുക്ക		
8	ദേലമ്പാടി	400
9	മുളിയാർ	10
10	ബേഡഡുക്ക	200
11	കാറഡുക്ക	95
12	ബെള്ളൂർ	150
13	കുമ്പഡാജെ	300
14	കുറ്റിക്കോൽ	125
	ആകെ	1280.00
മഞ്ചേശ്വരം		
15	മഞ്ചേശ്വരം	50
16	വോർക്കാടി	32
17	മീഞ്ച	40
18	പൈവളികെ	15
19	മംഗൽപാടി	15
20	പുത്തിഗെ	98
21	എൻമകജെ	70
	ആകെ	320.00
കാഞ്ഞങ്ങാട്		
22	ഉദുമ	8
23	പള്ളിക്കര	15
24	പുല്ലൂർ-പെരിയ	7
25	അജാനൂർ	6
26	കാഞ്ഞങ്ങാട്	245
27	മടിക്കൈ	65
	ആകെ	346.00
നീലേശ്വരം		
28	ചെറുവത്തൂർ	20
29	കയ്യൂർ-ചീമേനി	5
30	നീലേശ്വരം	5
31	പടന്ന	5
32	പിലിക്കോട്	165
33	തൃക്കരിപ്പൂർ	5
34	വലിയപറമ്പ	9
	ആകെ	214.00
പരപ്പ		
35	കോടോം ബേളൂർ	10
36	കള്ളാർ	28
37	പനത്തടി	1
38	ബളാൽ	5
39	കിനാനൂർ-കരിന്തളം	3
40	വെസ്റ്റ്-എളേരി	2
41	ഈസ്റ്റ്-എളേരി	3
	ആകെ	52.0
	Grand Total	2712.0

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ കാസറഗോഡ് ജില്ലയിലെ പ്രധാന സ്ഥാപനങ്ങൾ, ലബോറട്ടറികൾ

സ്റ്റേറ്റ് സീഡ് ഫാം കാസറഗോഡ്

കാസറഗോഡ് നഗരമധ്യത്തിൽ 10.30 ഹെ. സ്ഥലത്തായി വ്യപിച്ചുകിടക്കുന്ന സ്റ്റേറ്റ് സീഡ്ഫാം 1963 മുതൽ പ്രവർത്തിച്ചു വരുന്നു. അത്യുത്പാദന ശേഷിയുള്ള നെല്ല്, പച്ചക്കറി, പയർ വിത്തുകൾ തൈകൾ തുടങ്ങിയവ ഉത്പാദിപ്പിച്ച് സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി മുഖേന വിവിധ കൃഷി ഭവനുകളിലേക്കും കർഷകർക്ക് നേരിട്ടും ഇവിടെനിന്ന് വിതരണം ചെയ്തുവരുന്നു.

ഒന്നാം വിള (വിരിപ്പ്) 7.2 ഹെക്ടറും രണ്ടാംവിള (മുണ്ടകൻ) 5 ഹെക്ടറും നെൽകൃഷി ചെയ്തുവരുന്നു. 3 മെട്രിക് ടൺ നെല്ല് ശരാശരി ഉൽപാദനക്ഷമതയുണ്ട്. 2 ഹെക്ടർ പച്ചക്കറി കൃഷിയിലൂടെയും 5 ഹെക്ടർ പയർവർഗ്ഗ വിള കൃഷിയിലൂടെയും ഗുണമേന്മയേറിയ വിത്തുകൾ ഉത്പാദിപ്പിക്കുന്നു. ഇതിനുപുറമേ നേന്ത്രവാഴ, ടിഷ്യുകൾച്ചർ വാഴ തൈകൾ, മാവ് ഗ്രാഫ്റ്റുകൾ, അലങ്കാരച്ചെടികൾ, പഴവർഗ്ഗച്ചെടികൾ, മരച്ചീനി, വേരുപിടിപ്പിച്ച കുരുമുളക് വള്ളി, കുറ്റികുരുമുളക് എന്നിവയും ഉത്പാദിപ്പിച്ച് വിതരണം ചെയ്ത് വരുന്നു.

ജൈവകൃഷിരീതികൾ അവലംബിക്കുന്നതിന്റെ ഭാഗമായി ഫാമിൽ ഒരു 'പശു ഫാം' നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. 12 വലുതും 9 ചെറുതുമായി ആകെ 21 പശുക്കളെ ഇവിടെ വളർത്തിവരുന്നു. ശരാശരി 6 ലിറ്റർ പാൽ ദിനംപ്രതി ഉല്പാദിപ്പിക്കുന്നു. ഫാമിലേക്കാവശ്യമായ ജൈവവളത്തിന്റെ വലിയൊരു ഭാഗം ഇവിടെ നിന്നും ലഭ്യമാവുന്നു. ഗോമൂത്രം, ജീവാമൃതം, വൈക്കോൽ, വാഴയില തുടങ്ങിയ ഉൽപന്നങ്ങളും ഫാമിൽ വിൽപന വസ്തുക്കളാണ്.

സീനിയർ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ്, ക്ലാർക്ക്, ഓഫീസ് അറ്റന്റന്റ് തുടങ്ങിയ ഓഫീസ് ജീവനക്കാരും 17 സ്ഥിരം തൊഴിലാളികളും ഇവിടെ ജോലി ചെയ്യുന്നു. (5 പുരുഷൻന്മാർ + 12 സ്ത്രീകൾ) കൂടാതെ 2 പുരുഷന്മാരും 7 സ്ത്രീകളുമടങ്ങുന്ന 9 കാഷ്വൽ തൊഴിലാളികളും ജോലിക്കാരായുണ്ട്.

ഫാമിന്റെ മുഴുവൻ പ്രദേശത്തിനും ചുറ്റുമതിൽ നിർമ്മിക്കാത്തത് മൂലം മാലിന്യപ്രശ്നങ്ങളും സുരക്ഷാ പ്രശ്നങ്ങളും ഫാമിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. മുഴുവൻ പശുക്കളെയും അധിവസിപ്പിക്കാനുതകുന്ന ഒരു 'കേറ്റിൽ ഷെഡ്', മുഴുവൻ ഫാം ഏരിയയിലും ജലലഭ്യതാ സൗകര്യം എന്നിവ ഫാമിന്റെ അത്യാവശ്യങ്ങളാണ്.

സംസ്ഥാന വിത്തുൽപാദന കേന്ദ്രം, പുല്ലൂർ

1966-ൽ കേരള സംസ്ഥാന കൃഷിവകുപ്പ്, കണ്ണൂർ-കാസറഗോഡ് ദേശീയപാതയോട് ചേർന്ന് പുല്ലൂർ പെരിയ പഞ്ചായത്തിൽ പുല്ലൂർ എന്ന സ്ഥലത്ത് 18.263 ഹെക്ടർ സ്ഥലത്ത് പുല്ലൂർ വിത്തുൽപാദന കേന്ദ്രം രൂപീകരിക്കയുണ്ടായി. അത്യുൽപാദനശേഷിയുള്ള വിത്തും നടീൽവസ്തുക്കളും കർഷകർക്ക് യഥാസമയം ലഭ്യമാക്കുക എന്നതാണ് ഫാമിന്റെ പ്രവർത്തനോദ്ദേശ്യം.

നിലവിൽ സ്ഥിരം തൊഴിലാളികളായി 5 പുരുഷന്മാരും 36 സ്ത്രീകളും, താത്ക്കാലിക തൊഴിലാളികളായി 4 പുരുഷന്മാരും 15 സ്ത്രീകളും ഈ ഫാമിൽ ജോലി ചെയ്തു വരുന്നു.

വിരിപ്പ് സീസണിൽ 14 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയത് വിത്തുൽപാദിപ്പിക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾക്ക് ആവശ്യമുള്ളത് കൂടാതെ വില്പനക്കു വേണ്ടുന്ന വിവിധ ഇനം പച്ചക്കറിത്തൈകളും ഫലവൃക്ഷത്തൈകളും ഇവിടെ ഉൽപാദിപ്പിച്ച് വിതരണം നടത്തുന്നു. ഈ വർഷം 175000 വേര് പിടിപ്പിച്ച കുരുമുളക് വള്ളികൾ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നു. നിലവിൽ കായ്ഫലമുള്ള 360 തെങ്ങുകളും 60 കവുങ്ങുകളും കൂടാതെ വിവിധയിനം ഫലവൃക്ഷങ്ങളും കേന്ദ്രത്തിലുണ്ട്. മുണ്ടകൻ സീസണിൽ 9 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയും 5 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയും ചെയ്തു വരുന്നു, പുഞ്ച സീസണിൽ പയർവർഗ വിളകളാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. ജില്ലയുടെ തനത് ഇനമായ 30 കുള്ളൻ ഇനത്തിൽപെട്ട 30 പശുക്കളെയും (കിടാരികൾ ഉൾപ്പെടെ) ഫാമിൽ പരിപാലിക്കുന്നുണ്ട്.

അടുത്ത സാമ്പത്തികവർഷം മുതൽ പച്ചക്കറി തൈകളുടെയും മറ്റ് വസ്തുക്കളുടെയും, വിത്തുകളുടെയും ഉൽപാദനം വർധിപ്പിച്ച് വിതരണം നടത്തുന്നതിനും ഗ്രോബാഗിൽ പച്ചക്കറിത്തൈകളും വേര് പിടിപ്പിച്ച കുരുമുളക് തൈകളും വിതരണം നടത്തുന്നതിനും ലക്ഷ്യമിടുന്നു. ഇതിന് ആവശ്യമായ ജൈവവളം ഫാമിൽതന്നെ ഉൽപാദിപ്പിക്കുന്നത് മൂലം ഉത്പാദനചെലവ് കുറക്കുവാനും സാധിക്കുന്നു.

ഫാമിനോടനുബന്ധിച്ച് വിപണന കേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നത് വഴി കൂടുതൽ വരുമാനം ലക്ഷ്യമിടുന്നുണ്ട്.

കാഷ്യൂ പ്രോജനി ഓർച്ചാർഡ് - ആദൂർ & ഗാളിമുഖ

കൃഷി ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ ഫാമായ കാഷ്യ പ്രോജനി ഓർച്ചാർഡ് ആദൂർ & ഗാളിമുഖയിൽ രണ്ടു ഫാമുകൾ ഉൾപ്പെടുന്നു. ഇവയിൽ കാഷ്യൂ പ്രോജനി ഓർച്ചാർഡ് ആദൂർ, 52 ഹെക്ടറും കാഷ്യൂപ്രോജനി ഓർച്ചാർഡ് ഗാളിമുഖ 53 ഹെക്ടറും വിസ്തൃതിയുള്ളവയാണ്. 1976 ലാണ് ഈ ഫാമുകൾ സ്ഥാപിതമായത്.

അത്യുൽപ്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് തൈകൾ ഉല്പാദിപ്പിക്കുക, അവയുടെ അനുബന്ധ പ്രവൃത്തികൾ നിർവഹിക്കുക തുടങ്ങിയവയാണ് മേൽ സ്ഥാപനങ്ങളുടെ പ്രവർത്തന ലക്ഷ്യം.

ജില്ലയിൽ കാസറഗോഡ് നിന്നും കിഴക്ക് ജാൽസൂർ സുള്ള്യ ബസ്റൂട്ടിൽ 35. കി.മീ. അകലെ കാറഡുക്ക പഞ്ചായത്തിലാണ് ഇവ സ്ഥിതിചെയ്യുന്നത്.

മണ്ണും കാലാവസ്ഥയും

മേൽ ഫാമുകളിൽ ലാറ്ററൈറ്റ് വിഭാഗത്തിൽപ്പെടുന്ന കട്ടിയുള്ള മണ്ണാണ് കാണുന്നത്. ശരാശരി 1 മുതൽ 3 മീറ്റർ വരെ ആഴത്തിൽ മണ്ണു കാണുന്നുവെങ്കിലും ഫാമിലെ പലഭാഗങ്ങളിലും കട്ടിയായ ലാറ്ററൈറ്റ്, പാറപോലെ ഉറച്ചതാണ്. കുറഞ്ഞ ഫലഭൂയിഷ്ഠിയുള്ള മണ്ണിൽ കശുമാവ് പോലുള്ള വിളകൾ മാത്രമേ ലാഭകരമായി ചെയ്യാനാകൂ. കഠിനമായ ജലക്ഷാമം വേനൽ ക്കാലത്ത് അനുഭവപ്പെടുന്നതിനാൽ മറ്റുവിളകൾ ജലലഭ്യത ഉറപ്പ് വരുത്തി മാത്രമെ ചെയ്യാനാകൂ. ഉപരിതലം ഏറെ ചെരിവായ കുന്നുകൾ ഉൾപ്പെടുന്നതിനാൽ മഴവെള്ളം മൂലം വൻതോതിൽ മണ്ണൊലിപ്പും, ഫലഭൂയിഷ്ഠമായ മണ്ണിന്റെ നഷ്ടവും ഉണ്ടാകുന്നു.

ഭൂവിനിയോഗം

ഫാമുകളിൽ ഭൂമി പൂർണ്ണമായും കാർഷികാവശ്യത്തിന് പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കൃഷിഭൂമിയുടെ 80% വും കശുമാവ് തോട്ടങ്ങളായി ഉപയോഗിച്ചു വരുന്നു. 8-36 വർഷം പ്രായമുള്ള മരങ്ങളാണ് ഈ തോട്ടങ്ങളിലുള്ളത്. ബാക്കി ഭാഗം കശുമാവ് ഗ്രാഫ്റ്റ് പ്രജനനത്തിനുള്ള സയോൺ ബാങ്ക് ആയി നല്കിയിനം കശുമാവ് മരങ്ങൾ നിലനിർത്തിവരുന്നു. ഗ്രാഫ്റ്റ് ചെയ്യുന്നതിനുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നത് ഇവിടെ നിന്നാണ്.

അടുത്തകാലത്തായി 250 കുറിയ ഇനം തെങ്ങിൻ തൈകളും 350 മാവിന്റെ ഒട്ടുതൈത്തോട്ടവും നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനായി വളർത്തിയിട്ടുണ്ട്.

നീർത്തടാധിഷ്ഠിത വികസനം

ഭൂവിനിയോഗ ക്രമം

കശുമാവ് പ്ലാന്റേഷൻ	76 ഹെക്ടർ
സയോൺ ബാങ്ക് (കശുമാവ്)	22 ഹെക്ടർ
നഴ്സറി	1 ഹെക്ടർ
ഒട്ടുമാവ് തോട്ടം	1.5 ഹെക്ടർ (2012)
കുറിയ ഇനം തെങ്ങ്	2 ഹെക്ടർ (2012)
റോഡ്, കെട്ടിടങ്ങൾ	2.5 ഹെക്ടർ
ആകെ	105 ഹെക്ടർ

പട്ടിക 4.1.1.5 സ്ഥിരം തൊഴിലാളികൾ

ഫാമിന്റെ പേര്	പുരുഷൻ	സ്ത്രീ
ആദൂർ	21	6
ഗാളിമുഖ	18	9
	39	15

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് -2017

പട്ടിക 4.1.1.6 കാഷ്വൽ തൊഴിലാളികൾ

ഫാമിന്റെ പേര്	പുരുഷൻ	സ്ത്രീ
ആദൂർ	1	5
ഗാളിമുഖ	2	1
	3	6

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് -2017

തൊഴിലാളികളുടെ കുറവ്, ഫാമിലെ ദൈനംദിന പ്രവർത്തനങ്ങളെയും ഉൽപാദനം, വരുമാനം എന്നിവയും കാര്യമായി ബാധിക്കുന്നുണ്ട്.

ഭരണസംവിധാനം

കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കേഡറിലുള്ള കശുമാവ് വികസന ഓഫീസർ പൊതുവിലുള്ള ഫാമിന്റെ മേൽനോട്ടം വഹിക്കുന്നുവെങ്കിലും കശുമാവ് പ്രൊജനനിത്തോട്ടം ആദൂർ, കശുമാവ് തോട്ടം ഗാളിമുഖ എന്നിവ ബന്ധപ്പെട്ട കൃഷി ഓഫീസർമാരുടെ പ്രത്യേക ഓഫീസു സംവിധാനത്തിലും നിയന്ത്രണത്തിലുമാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ 7 കൊല്ലത്തിലധികമായി കാഷ്യു പ്രൊജനി ഓർച്ചാർഡ് ആദൂർ കൃഷി ഓഫീസറുടെ തസ്തിക കൂടി അധിക ചുമതലയായി കൃഷി ഓഫീസർ ഗാളിമുഖയാണ് വഹിക്കുന്നത്. ഇത്മൂലം ഭരണ സംവിധാനത്തിലും ഉൽപാദന പ്രവർത്തനങ്ങളിലും കാര്യക്ഷമതയിലും കുറവു സംഭവിക്കുന്നുണ്ട്.

1. പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ (എതിർ പ്രാണി പ്രജനന കേന്ദ്രം)

കേരളത്തിലെ എട്ട് പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളിൽ പ്രവർത്തന മികവിൽ മുൻനിരയിലാണ് സ്റ്റേറ്റ് സീഡ് ഫാമിനോടനുബന്ധിച്ചു പ്രവർത്തിക്കുന്ന കാസറഗോഡ് പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ. തെങ്ങോലപ്പുഴുക്കളെ നിയന്ത്രിക്കുന്ന എതിർ പ്രാണികളുടെ പ്രജനനമാണ് ഈ കേന്ദ്രത്തിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. 2015-ൽ വിളാരോഗ്യപരിപാലന പദ്ധതി പ്രകാരം ലാബ് ആധുനികവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി വിവിധ ബയോകൺട്രോൾ ഏജന്റുകൾ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ ഫെർമന്റടക്കം സജ്ജീകരിച്ച് 2017-ൽ പ്രവർത്തനം തുടങ്ങി. കീടനിയന്ത്രണത്തിനായി ഫിറമോൺകെണികൾ, ട്രൈക്കോഡർമ, സ്യൂഡോമൊണാസ്, ബ്യൂവേറിയ, ട്രൈക്കോകേക്ക്, വേപ്പെണ്ണ, വെളുത്തുള്ളി സോപ്പ്, സമ്പുഷ്ടീകരിച്ച ജൈവവളം തുടങ്ങിയവ ഉൽപ്പാദിപ്പിച്ചുവരുന്നു.

2018-19 സാമ്പത്തികവർഷം തൊട്ട് ബയോഫെർട്ടിലൈസർ കൺസോർഷ്യം, സൂക്ഷ്മപോഷക മിശ്രിതം, വാം (VAM), വെർട്ടിസീലിയം, മെറ്റാറൈസിയം എന്നീ ഉൽപന്നങ്ങൾകൂടി തുടങ്ങാനുള്ള ഒരുക്കത്തിലാണ്. ആവശ്യമായരീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ചുകഴിഞ്ഞാൽ ഈ സ്ഥാപനത്തിന്റെ സഹായത്താൽ ജൈവജില്ലയായ കാസറഗോഡിനാവശ്യമായ ബയോകൺട്രോൾ ഏജന്റുകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും വിവിധ ഗ്രാമപഞ്ചായത്തുകളെ അത്തരം പ്രവർത്തനങ്ങൾക്ക് സഹായിക്കുന്നതിനും സാധിക്കും. നിലവിൽ സ്ഥിരം തസ്തികയിൽ ഒരു കൃഷി അസിസ്റ്റന്റും ലാബ് ക്ലീനറുമാണ് ഈ സ്ഥാപനത്തിലുള്ളത്. കരാർ അടിസ്ഥാനത്തിൽ ഒരു കാർഷികശാസ്ത്ര ബിരുദധാരി (കൃഷി ഓഫീസർ) യും ഒരു തൊഴിലാളിയും ജോലിചെയ്തുവരുന്നു. പ്രധാനമായും സൂക്ഷ്മാണുക്കളെ അടിസ്ഥാനപ്പെടുത്തിയുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതുകൊണ്ട് പ്രവർത്തനമേൽ

നോട്ടം വഹിക്കുന്നതിനും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും ഒരു മൈക്രോബയോളജിസ്റ്റിന്റെയും തൊഴിലാളിയുടെയും കൂടി സേവനം ഇവിടെ അത്യാവശ്യമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം 2.5 ലക്ഷം രൂപയുടെ ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ചു വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. നിലവിലെ സ്ഥിരം സ്റ്റാഫായ കൃഷിഅസിസ്റ്റന്റിന് പ്രസ്തുത വിഷയത്തിൽ പ്രാവീണ്യമുള്ളതുകൊണ്ടാണ് ഇപ്പോൾ പ്രവർത്തനം നടക്കുന്നത്. കേരളത്തിൽ ബയോകൺട്രോൾ ഏജന്റുകളുടെ ഉൽപാദനരംഗത്ത് വിപണി കീഴടക്കിയിരിക്കുന്നത് സ്വകാര്യ സ്ഥാപനങ്ങളാണ്. കൃഷിവകുപ്പിനു കീഴിലുള്ള എക്കോഷോപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേന മാനദണ്ഡങ്ങൾക്കനുസരിച്ച് മൊത്തവിലയ്ക്ക് ഉത്പന്നങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞാൽ ഗുണമേന്മയുള്ള ഉൽപാദനോപാധികൾ ന്യായവിലയ്ക്ക് കൃഷിക്കാർക്ക് ലഭ്യമാക്കാനും സർക്കാരിന് കൃത്യമായ വരുമാനം ഉറപ്പുവരുത്താനും സാധിക്കും

2. മണ്ണ് പരിശോധനലാബ്

കാർഷികവികസന കർഷകക്ഷേമവകുപ്പിന്റെ കീഴിൽ ജില്ലയിലുള്ള ഏകമണ്ണ് പരിശോധന ലാബ്, കാസറഗോഡ് സ്ഥിതിചെയ്യുന്നു. 2400 മണ്ണ് സാമ്പിൾ പ്രതിവർഷം പരിശോധിക്കാനുള്ള ശേഷി ഈ സ്ഥാപനത്തിനുണ്ട് ജില്ലയിലെ 41 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ മണ്ണു സാമ്പിളും വിവിധ പദ്ധതികൾക്കായി സ്വകാര്യസാമ്പിളുകളുമടക്കം പ്രതിവർഷം ആറായിരത്തിലധികം സാമ്പിളുകൾ പരിശോധിച്ച് ഫലം നൽകാൻ ഈ സ്ഥാപനം മുൻകൈയെടുക്കുന്നു. അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ്, ഒരു സയന്റിഫിക് അസിസ്റ്റന്റ്, ടൈപ്പിസ്റ്റ്, ക്ലാർക്ക്, ഓഫീസ്അസിസ്റ്റന്റ് എന്നീ ക്രമത്തിലാണ് സ്ഥിരം തസ്തികയുള്ളത്. അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് തസ്തിക മറ്റൊരു ജില്ലയിലേക്ക് മാറ്റിയതിനാൽ സയന്റിഫിക് അസിസ്റ്റന്റാണ് സാങ്കേതികമായ മുഴുവൻ ജോലിയും നിർവ്വഹിക്കുന്നത്. ക്ലറിക്കൽ തസ്തിക ദീർഘനാളായി ഒഴിഞ്ഞുകിടക്കുകയാണ്. നിലവിലുള്ള സയന്റിഫിക് അസിസ്റ്റന്റിന്റെ ജോലി ഭാരം കുറയ്ക്കുന്നതിന് ഒരു ലാബ് അസിസ്റ്റന്റിനെയും സയന്റിഫിക് അസിസ്റ്റന്റിനെയും നിയമിച്ചാൽ ഈ സ്ഥാപനത്തിന്റെ സേവനം കാര്യക്ഷമമാക്കാനും മണ്ണു പരിശോധനാ ഫലം നിശ്ചിത സമയത്ത് കർഷകരിലെത്തിച്ച് ഉത്പാദനമേഖലയ്ക്ക് ഉണർവ് നൽകാനും സാധിക്കും.

3. അഗ്മാർക്ക് (AGMARK) ലാബ്.

2014-15 സാമ്പത്തികവർഷത്തിലാണ് ജില്ലയിലെ ആദ്യ അഗ്മാർക്ക് ലാബ് സ്റ്റേറ്റ് സീഡ്ഫാം പുല്ലൂർ കേന്ദ്രീകരിച്ച് സ്ഥാപിച്ചത്. പ്രധാനമായും ഇവിടെ വെളിച്ചെണ്ണയാണ് ഗ്രേഡ് ചെയ്യുന്നത്. പ്രതിമാസം 6 ടൺ വെളിച്ചെണ്ണ ഗ്രേഡു ചെയ്യുന്നതിനും ശരാശരി രണ്ട് സാമ്പിൾടെസ്റ്റ് ചെയ്യുന്നതിനും നിലവിൽ സാധിക്കുന്നു. ജില്ലയിൽ അഗ്മാർക്ക് പരിശീലനം സിദ്ധിച്ച കെമിസ്റ്റ് ആയി ഒരാൾ മാത്രമാണുള്ളത്. പുതിയ ലാബ് അനുവദിച്ചപ്പോൾ ലാബിലേക്കാവശ്യമായ പിരശീലനം ലഭിച്ച കെമിസ്റ്റി (സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർ) ന്റെ തസ്തിക ഇനിയും അനുവദിച്ചിട്ടില്ല. നിലവിൽ അസിസ്റ്റന്റ് പ്രിൻസിപ്പൽ കൃഷി ഓഫീസറാണ് ലാബിന്റെ അധിക ചുമതല വഹിക്കുന്നത്. നിരവധി സ്ഥാപനങ്ങൾ ഗ്രേഡിങ്ങിനായി സമീപിക്കുന്നുണ്ടെങ്കിലും പരിശീലനം സിദ്ധിച്ച കെമിസ്റ്റിന്റെ സ്ഥിരം സേവനം ലഭ്യമല്ലാത്തതുകൊണ്ട് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം പൂർണ്ണമായും ഗ്രേഡിംങ് രംഗത്ത് ഉപയോഗിക്കാൻ സാധിക്കുന്നില്ല. ആയതു പരിഹരിക്കാൻ കഴിഞ്ഞാൽ ഗുണമേന്മ ഉറപ്പുവരുത്തി ഭക്ഷ്യവിഭവങ്ങൾ മാർക്കറ്റിലെത്തിക്കുന്നതിനും വിപണി ശക്തിപ്പെടുത്തുന്നതിനും സാധിക്കും.

പ്രധാന കാർഷിക ഗവേഷണ കേന്ദ്രങ്ങളും, സ്ഥാപനങ്ങളും

1. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം - കാസറഗോഡ് (CPCRI)

1916 ൽ മദ്രാസ് ഗവൺമെന്റിനു കീഴിൽ തോട്ടവിളകൾക്കായി രൂപീകരിച്ച കേന്ദ്രം സ്വാതന്ത്ര്യാനന്തരം 1948 ൽ കേന്ദ്ര നാളികേരകമ്മിറ്റി ഏറ്റെടുക്കുകയുണ്ടായി. കേന്ദ്ര കാർഷിക ഗവേഷണകേന്ദ്രത്തിനു കീഴിൽ ഒരു ഗവേഷണ കേന്ദ്രമായി ഇത് സ്ഥാപിതമായത് 1970 ലാണ്. നിലവിൽ ഈ സ്ഥാപനം ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിനു കീഴിൽ പ്രവർത്തിച്ചു വരികയാണ്.

നാളികേരം, കവുങ്ങ്, കൊക്കോ, കശുമാവ്, എണ്ണപ്പന, സുഗന്ധവിളകൾ എന്നിവയുടെ ഉൽപാദന വർദ്ധന, വിപണി മെച്ചപ്പെടുത്തൽ എന്നീ മേഖലകളിൽ ഇവിടെ ഗവേഷണങ്ങൾ ഏറ്റെടുത്ത് നടത്തി വരികയാണ്. കർഷകമേളകൾ, കാർഷിക സംവാദം തുടങ്ങിയവയിലൂടെ ഗവേഷണഫലവും കണ്ടെത്തലുകളും കർഷകരിലേക്കെത്തിക്കുന്നു. ജില്ലയിലെ തെരഞ്ഞെടുത്ത തോട്ടങ്ങളിൽ പ്രദർശനത്തോട്ടങ്ങൾ സജ്ജമാക്കുക വഴി ഗവേഷണഫലങ്ങൾ കർഷകർക്ക് നിരീക്ഷിച്ച് മാതൃകയാക്കുവാനുള്ള സൗകര്യമൊരുക്കുന്നു. അത്യുൽപാദന ശേഷിയുള്ളതും കേരളത്തിന്റെ കാലാവസ്ഥയ്ക്കനുയോജ്യവുമായ വിവിധയിനം തെങ്ങ്, കവുങ്ങ് ഇനങ്ങൾ സി.പി.സി.ആർഐ യിൽ നിന്നു വികസിപ്പിച്ചെടുത്തു വരികയാണ്.

2. പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം - പിലിക്കോട്

1972 ൽ കേരള കാർഷികസർവകലാശാല സ്ഥാപിച്ചപ്പോൾ ഉത്തരകേരളത്തിൽ കാർഷികവിളകളുടെ ഗവേഷണത്തിനും വിജ്ഞാനവ്യാപനത്തിനുമായി പിലിക്കോട് നാളികേര കേന്ദ്രവും നീലേശ്വരത്തെ നാളികേര വികസന കേന്ദ്രവും കൂട്ടിച്ചേർത്ത് പിലിക്കോട് കാർഷിക ഗവേഷണകേന്ദ്രമായി ഉയർത്തുകയുണ്ടായി.

നാളികേര വികസനത്തോടൊപ്പം തന്നെ ഉത്തരകേരളത്തിനനുയോജ്യമായ നെല്ലിനങ്ങൾ, പച്ചക്കറി, പയറുവർഗ്ഗങ്ങൾ മുതലായവ വികസിപ്പിച്ചെടുക്കുവാനുള്ള ഗവേഷണം ഇവിടെ നടന്നുവരുന്നു. കാർഷിക വിളക

ളുടെ വിളവ് അടിസ്ഥാനമാക്കിയുള്ള ഗവേഷണത്തിലൂടെ ജില്ലയിലെ മണ്ണിനും കാലാവസ്ഥയ്ക്കും യോജിച്ച വിവിധയിനം വിത്തിനങ്ങൾ വികസിപ്പിച്ചു വരുന്നു. ഇവ കർഷകരുടെ കൃഷിയിടത്തിൽ മാതൃകാപരമായ രീതിയിൽ കൃഷി ചെയ്ത് വരുന്നുണ്ട്. കാർഷിക വിപണനകേന്ദ്രം വഴി വിത്തും കൃഷി ചെയ്യുവാൻ ആവശ്യമായ സസ്യസംരക്ഷണ ഉപാധികളും കർഷകർക്ക് ലഭ്യമാക്കുന്നു. ഇതോടൊപ്പം കർഷകർക്കായി വിവിധ പരിശീലനപരിപാടികളും സംഘടിപ്പിക്കുന്നു. ജില്ലയിലെ കാർഷിക വിജ്ഞാനവ്യാപനരംഗത്ത് സജീവമായി ഇടപെടുന്ന ഒരു സ്ഥാപനമാണ് പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം.

കൃഷി വിജ്ഞാനകേന്ദ്രം-കാസറഗോഡ്

കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രത്തിനു കീഴിൽ ICAR മേൽനോട്ടത്തിൽ കുഡ്‌ലു കേന്ദ്രമായി ഒരു കൃഷി വിജ്ഞാനകേന്ദ്രം പ്രവർത്തിച്ചുവരുന്നു. കാർഷികവിളകളുടെ കീടരോഗബാധ പരിശോധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനായി ഇവിടെ ശാസ്ത്രജ്ഞരും സജ്ജരാണ്. പ്രദേശത്തിന് അനുയോജ്യവും സുസ്ഥിരവുമായ കാർഷിക ഭൂവിനിയോഗ രീതികൾ കണ്ടെത്തി, ശാസ്ത്രീയ കൃഷി മുറകൾ പ്രാവർത്തികമാക്കുവാൻ കർഷകരെ പ്രാപ്തരാക്കുന്നതിൽ ഈ സ്ഥാപനം ബദ്ധശ്രദ്ധമാണ്.

കേരള കാർഷിക സർവകലാശാലയ്ക്കു കീഴിലുള്ള കൃഷിവിജ്ഞാനകേന്ദ്രം വോർക്കാടിയിൽ സജ്ജമാക്കിയിട്ടുണ്ടെങ്കിലും ചില സാങ്കേതിക തടസ്സങ്ങൾ മൂലം പ്രവർത്തനം നടക്കുന്നില്ല.

കാർഷിക കോളേജ്, പടന്നക്കാട്

കേരളത്തിന്റെ വടക്കൻ മേഖലയിലെ അക്കാദമിക, ഗവേഷണ-വിജ്ഞാന വ്യാപനത്തിനായി 1994-ൽ കാസറഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജ് സ്ഥാപിതമായി. സംസ്ഥാനത്തെ മൂന്നാമത്തെ കാർഷിക കോളേജാണിത്. ബിരുദ, ബിരുദാനന്തര കോഴ്സുകൾ നടത്തുന്നതോടൊപ്പം വടക്കൽ കേരളത്തിലെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഗവേഷണ വും വിജ്ഞാന വ്യാപനവും ഇവിടെ നടത്തിവരുന്നു.

കാർഷിക സേവന കേന്ദ്രങ്ങൾ, കർമ്മസേനകൾ

വിത്തു മുതൽ കൊയ്ത്തു വരെയുള്ള എല്ലാ കാർഷിക പ്രവർത്തനങ്ങളിലും സജീവ മായി ഇടപെടുന്ന കാർഷിക സേവന കേന്ദ്രങ്ങളും കർമ്മസേനകളും കാർഷിക വികസന കർഷകക്ഷേമ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്നു. ജില്ലയിൽ പ്രവർത്തിക്കുന്ന വിവിധ കാർഷിക സേവന കേന്ദ്രങ്ങളുടെയും കർമ്മസേനകളുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

കാർഷിക സേവനകേന്ദ്രങ്ങൾ

നീലേശ്വരം
മഞ്ചേശ്വരം (വോർക്കാടി അഗ്രോസർവ്വീസ് സെന്റർ)
കാഞ്ഞങ്ങാട് (പുല്ലൂർ-പെരിയ അഗ്രോസർവ്വീസ് സെന്റർ)
ചോയ്യംകോട് (പരപ്പ ബ്ലോക്ക്) NEW ASC

കാർഷിക കർമസേന

മധൂർ	കാസറഗോഡ് ബ്ലോക്ക്
വോർക്കാടി	മഞ്ചേശ്വരം ബ്ലോക്ക്
മുളിയാർ	കാറഡുക്ക ബ്ലോക്ക്
വെസ്റ്റ് എളേരി	പരപ്പ ബ്ലോക്ക്
കാഞ്ഞങ്ങാട്	കാഞ്ഞങ്ങാട് ബ്ലോക്ക്
പിലിക്കോട്	നീലേശ്വരം ബ്ലോക്ക്
നീലേശ്വരം	നീലേശ്വരം ബ്ലോക്ക്

പുല്ലൂർ പെരിയ, നീലേശ്വരം കാർഷിക സേവന കേന്ദ്രങ്ങൾ ഒരു വർഷം ഉദ്ദേശം ഒരു കോടിയിലേറെ രൂപയ്ക്കുള്ള കാർഷിക പ്രവൃത്തികൾ നടത്തി വരുന്നു.

കാർഷികമേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി അനുദിനം കുറഞ്ഞുവരുന്നു. കർഷക തൊഴിലാളികളുടെ അഭാവം, കൂടിയ ഉല്പാദന ചെലവ്, കാലാവസ്ഥാവ്യതിയാനം മൂലമുള്ള കീടരോഗബാധകൾ തുടങ്ങിയ കാരണങ്ങൾ മൂലം നെൽ കൃഷി ചെയ്യുന്ന ഭൂവിസ്തൃതി വർഷംതോറും കുറഞ്ഞു വരുന്നു. ജലദൗർലഭ്യം, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത, കീടരോഗബാധ തുടങ്ങിയവയാണ് നാണ്യവിളകളുടെ ഉല്പാദനക്ഷമതയെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങൾ. ഉല്പാദനോപാധികളുടെ വിലക്കൂടുതലും ഉല്പ്പന്നങ്ങൾക്ക് മാർക്കറ്റിൽ യഥാർത്ഥ വില ലഭിക്കാത്തതും കാർഷിക വിപണന കേന്ദ്രങ്ങളുടെ അപര്യാപ്തതയും കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. കാർഷിക വിപണന കേന്ദ്രങ്ങളുടെ അപര്യാപ്തത, ജൈവവളത്തിന്റെയും കീടനാശിനികളുടെയും ലഭ്യതക്കുറവ് മുതലായവ ജൈവ കൃഷിരീതികളെ സാരമായി ബാധിക്കുന്നു. കുറഞ്ഞ സബ്സിഡി, സമഗ്ര പരിപാടികളുടെ അഭാവം, കർഷകരുടെ താല്പര്യക്കുറവ്

തുടങ്ങിയവ കാർഷിക മേഖലയെ സാരമായി ബാധിക്കുന്ന ഘടകങ്ങളാണ്.

ജില്ലയുടെ ആകെ ഭൂവിസ്തൃതി 1.992 ലക്ഷം ഹെക്ടറാണ്. ഇത് സംസ്ഥാന ഭൂവിസ്തൃതിയുടെ 5.12% വരും. ജില്ലയുടെ ജനസംഖ്യ ഏകദേശം 13 ലക്ഷം വരും. ആകെ ഭൂവിസ്തൃതിയുടെ 3/4 ഭാഗവും കൃഷി ഭൂമിയാണ്. വനഭൂമി കുറവുള്ള ജില്ലകളിലൊന്നാണ് കാസറഗോഡ്. 2.82 ശതമാനം മാത്രം എന്നാൽ ആകെ ഭൂവിസ്തീർണ്ണത്തിന്റെ 4.24 ശതമാനം കൃഷി യോഗ്യമായ തരിശാണ്. ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ചിത്രം 4.1.1.1 ഭൂമിയുടെ തരം തിരിച്ചുള്ള കണക്ക്



സി.പി,സി.ആർ,ഐ, കാസറഗോഡ് 2016

ജില്ലയിൽ ഭക്ഷ്യവിളകൾ കൃഷിചെയ്യുന്ന ഭൂമിയുടെ ആകെ വിസ്തീർണം 14117 ഹെക്ടർ വരും. ഇതിൽ 2/3 ഭാഗവും പഴവർഗ്ഗങ്ങളാണ്. നെൽകൃഷി 19% ഉം പച്ചക്കറി 10% വും വരുന്നു. നെൽ കൃഷിയിലാകട്ടെ വിരിപ്പ് കൃഷി 61 ശതമാനവും പുഞ്ച 10 ശതമാനവുമാണ്

ചിത്രം 4.1.1.2 വിവിധ ഭക്ഷ്യവിളകളുടെ വിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ



ചിത്രം 4.1.1.3 പച്ചക്കറി കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ (ശതമാന കണക്ക്)



ജില്ലയിലെ പ്രധാന കാർഷിക വിളകളുടെ ഉത്പ്പാദനക്ഷമത സംസ്ഥാന ശരാശരിയെക്കാൾ കുറവാണെന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. ചക്ക, പപ്പായ എന്നിവയൊഴികെ മറ്റെല്ലാ വിളകളുടെയും ഉൽപ്പാദന ക്ഷമതയിലുള്ള കുറവ് ശാസ്ത്രീയ കാർഷിക മുറകൾ അവലംബിക്കേണ്ടതിന്റെ പ്രാധാന്യം വിളിച്ചോതുന്നു.

പട്ടിക 4.1.1.7 പ്രധാന കാർഷിക വിളകളുടെ ഉൽപ്പാദനക്ഷമത (കി.ഗ്രാം./ഹെ)

	കാസറഗോഡ്	കേരളം
നെൽ കൃഷി വിരിപ്പ്	2371	2524
നെൽ കൃഷി മുണ്ടകൻ	2101	2859
നെൽ കൃഷി പുഞ്ച	2287	3235
നെൽകൃഷി	2287	2837
ചക്ക	3917	3178
മാങ്ങ	4214	55616
വാഴപ്പഴം	7353	8806
വാഴ മറ്റിനം	5093	8251
പൈനാപ്പിൾ	6435	9620
പപ്പായ	6819	5956
മരച്ചീനി	31298	38996

സി.പി.സി.ആർ. ഐ 2016

ഭക്ഷ്യവിളകളുടെ ഉപഭോഗം, സ്വയം പര്യാപ്തത എന്നിവ സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു. വർദ്ധിച്ചുവരുന്ന ജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് ഗൗരവതരമായ ചില സൂചനകളാണു തരുന്നത്.

പട്ടിക 4.1.1.8: വിവിധ ഭക്ഷ്യോൽപ്പന്നങ്ങളുടെ ഉപഭോഗം സംബന്ധിച്ച കണക്ക്

വിഭവം	പ്രതിശീർഷ ഉപഭോഗം	സ്വയം പര്യപ്തത
അരി	90.6	16.7
ഗോതമ്പ്	12.7	0
പയറുവർഗ്ഗങ്ങൾ	7.4	0.8
പച്ചക്കറി	58.3	36.6
പഴവർഗ്ഗങ്ങൽ	39.1	135.2
സുഗന്ധവിളകൾ	7.1	35.5

സി.പി.സി.ആർ. ഐ 2016

ഭക്ഷ്യവിളകളുടെ വിസ്തൃതി - ഇന്നത്തെ അവസ്ഥ

ഭക്ഷ്യവിളകളുടെ വിസ്തീർണ്ണം അനുദിനം കുറഞ്ഞുവരുന്നതായികണക്കുകൾ സൂചിപ്പിക്കുന്നു. നെൽകൃഷിയുടെ വിസ്തൃതി 30 വർഷം മുമ്പുണ്ടായിരുന്നതിന്റെ 12.5% മാത്രമാണ് ഇന്നുള്ളത്. ഇത് സംബന്ധിച്ച് കണക്കുകൾ ചുവടെ ചേർക്കുന്നു.

ചിത്രം 4.1.1.4 നെൽ കൃഷിയുടെ വിസ്തീർണ്ണത്തിൽ വന്നിരിക്കുന്ന കുറവ് സൂചിപ്പിക്കുന്ന ബാർ ഡയഗ്രം



നീർത്തടാധിഷ്ഠിത വികസനം

ഫലവർഗ്ഗ വിളകൾ ഒഴികെ മറ്റ് കാർഷിക വിളകളുടെ വിസ്തീർണ്ണത്തിൽ 80% വരെ കുറവ് 30 വർഷത്തിനിടയിൽ സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.1.1.9 കാർഷിക വിളകളുടെ വിസ്തീർണ്ണത്തിൽ വന്നിരിക്കുന്ന കുറവ് സൂചിപ്പിക്കുന്ന വിവരങ്ങൾ

കാർഷിക വിള	ജില്ല/ സംസ്ഥാനം	1986-87 വിസ്തീർണ്ണം (ഹെ)	2014-15 വിസ്തീർണ്ണം (ഹെ)	വിസ്തീർണ്ണത്തിന്റെ അനുപാതം 1986-2014
നെല്ല്	കാസറഗോഡ്	21,280	4050	19.03
	കേരളം	6,63,803	1,98,159	29.85
പയറുവർഗ്ഗം	കാസറഗോഡ്	1,054	241	22.08
	കേരളം	27,901	3,601	12.91
മാങ്ങ	കാസറഗോഡ്	1,968	2,421	123.02
	കേരളം	61,999	77,301	124.68
ചക്ക	കാസറഗോഡ്	1,854	2,553	137.70
	കേരളം	57,817	92,203	159.47
ഏത്തവാഴ	കാസറഗോഡ്	195	665	341.03
	കേരളം	18,724	61,936	330.78
വാഴ (മറ്റിനം)	കാസറഗോഡ്	1,139	2,214	194.38
	കേരളം	34,554	56,764	164.28
പൈനാപ്പിൾ	കാസറഗോഡ്	52	46	88.46
	കേരളം	4,425	8,080	182.60
പപ്പായ	കാസറഗോഡ്	270	789	292.22
	കേരളം	10,181	17,999	176.79
പഴവർഗ്ഗങ്ങൾ	കാസറഗോഡ്	5,944	9,367	157.59
	കേരളം	1,97,666	3,26,001	164.93
പച്ചക്കറി	കാസറഗോഡ്	5,927	1,336	22.54
	കേരളം	2,54,977	44,360	17.40

സി.പി.സി.ആർ.ഐ, കാസറഗോഡ് 2016

ആകെ ഭൂവിസ്തൃതിയിൽ കൃഷി ഭൂമി, വിവിധ കാർഷിക വിളകളുടെ വിസ്തീർണ്ണം, ഇവയിൽ 30 വർഷത്തിനിടയിലുണ്ടായിട്ടുള്ള മാറ്റം എന്നിവ ഈ മേഖലയിൽ ഗൗരവമായ ഇടപെടലുകൾ ഉണ്ടാവേണ്ടതിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു.

പട്ടിക 4.1.1.10 : ഭൂവിസ്തൃതിയിൽ 30 വർഷത്തിനിടയിൽ വന്നിരിക്കുന്ന മാറ്റം

	കാസറഗോഡ്		കേരളം	
വിള വർഷം	1986-87	2014-15	1986-87	2014-15
ആകെ ഭൂവിസ്തൃയിൽ				
കൃഷി ഭൂമിയുടെ വിസ്തീർണ്ണം	69	74	56	53
നെല്ല്	15	2	23	8
പയറുവർഗ്ഗങ്ങൾ	0.74	0.10	0.98	0.14
പഴവർഗ്ഗങ്ങൾ	4.16	6.14	6.93	12.42
പച്ചക്കറി	4.15	0.87	8.95	1.69
മറ്റ് ഭക്ഷ്യ വിളകൾ	27	10	48	26

സി.പി.സി.ആർ.ഐ, കാസറഗോഡ് 2016

ഭക്ഷ്യവിളകൾ- ജില്ല നേരിടുന്ന വെല്ലുവിളികൾ

ജില്ലയിലെ ജനങ്ങളുടെ മുഖ്യാഹാരം അരിയാണെങ്കിലും പരമ്പരാഗത നെൽകർഷകരൊഴികെ മറ്റാരും നെൽകൃഷിയുടെ രംഗത്തേയ്ക്ക് കടന്നു വരുന്നില്ല. ജില്ലയിലെ ജനങ്ങളുടെ ആകെ അരി ആവശ്യത്തിന്റെ 5% മാത്രമാണ് നിലവിൽ ഉല്പാദിപ്പിക്കുന്നത്. ഉല്പാദനച്ചെലവ്, കുറഞ്ഞ വരുമാനം, ഗുണമേന്മയുള്ള വിത്തിനങ്ങളുടെ അഭാവം, യന്ത്രവൽക്കരണത്തിന്റെ അപര്യാപ്തത, തൊഴിലാളികളുടെ ലഭ്യതക്കുറവ് എന്നിവ മറ്റ് കൃഷിയിലേക്ക് തിരിയുന്നതിന് കർഷകർക്ക് പ്രേരണ നൽകുന്നു. നെൽവയൽ-തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിന് ശ്രദ്ധയോടെയുള്ള ഇടപെടൽ അനിവാര്യമാണ്.

ചിത്രം 4.1.1.5: നെൽവയലുകൾ കമുക് കൃഷിയ്ക്ക് വഴിമാറുന്നതിന്റെ കണക്ക്



നെൽ കൃഷി നേരിടുന്ന വെല്ലുവിളികൾ:

- മറ്റ് കാർഷിക വിളകൾ പ്രത്യേകിച്ചു കമുക് കൃഷിയുടെ മത്സരം.
- കൃഷി ഭൂമി തുണ്ടുവൽക്കരണം
- ഭൂമിയുടെ ഊഹക്കച്ചവടം
- ഗുണമേന്മയുള്ള വിത്തുകളുടെ കുറവ്
- ജലസേചന, ജലനിർഗ്ഗമന സൗകര്യങ്ങളുടെ കുറവ്
- രോഗ - കീടബാധ
- യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
- വിദഗ്ദ്ധ തൊഴിലാളികളുടെ കുറവ്
- ഉയർന്ന ഉൽപ്പാദനചിലവ്
- കുറഞ്ഞ അറ്റാദായം
- വിളവിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ
- സംഭരണവുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളുടെ അപര്യാപ്തത
- അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്
- യന്ത്രവൽക്കരണം- ആധുനിക യന്ത്രവൽക്കരണ സംവിധാനത്തിലെ അപര്യാപ്തത. ആഗ്രോ സർവ്വീസ് സെന്റർ/കാർഷിക കർമസേന എല്ലാ ബ്ലോക്കിലും ഇല്ലായ്ക.

പച്ചക്കറി കർഷകർ നേരിടുന്ന വെല്ലുവിളികൾ

- ഗുണമേന്മയുള്ള വിത്ത് /നടീൽവസ്തുക്കളുടെ കുറവ്
- ഉയർന്ന കൃഷി ചിലവ്
  ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത
- രോഗകീടബാധ,പ്രകൃതിക്ഷോഭം ഇവ മൂലമുള്ള കൃഷിനാശം
- ജൈവജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അതിന് സഹായകമായ ബദൽ പരിപാടികളുടെ അഭാവം
- തൊഴിലാളികളുടെ ലഭ്യതക്കുറവ്, ഉയർന്ന കൂലി.
- മാർക്കറ്റിലെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ
- സംഭരണം, വില്പന എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
- മൂല്യവർദ്ധനയ്ക്ക് വേണ്ട സൗകര്യങ്ങളുടെ കുറവ്

ഫലവർഗ്ഗവിളകൾ നേരിടുന്ന വെല്ലുവിളികൾ

- ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ കുറവ്. പൈനാപ്പിൾ, കുള്ളൻ പപ്പായ, മാവ്-പ്ലാവ് ഗ്രാഫ്റ്റുകൾ, രോഗപ്രതിരോധശേഷിയുള്ള വാഴ ഇവയുടെ അഭാവം.
- കുറഞ്ഞ ഉൽപ്പാദനക്ഷമത
- രോഗ-കീടബാധകൾ, പ്രകൃതിക്ഷോഭം.
- ചക്കയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാധ്യതക്കുറവ്.
- റബ്ബർ തോട്ടങ്ങളിൽ ഇടവിളയായി പൈനാപ്പിൾ കൃഷി ചെയ്യുമ്പോൾ ലഭിക്കുന്ന സഹായത്തിന്റെ കുറവ്.
- മാവിന്റെ ക്രമം തെറ്റിയുള്ള പുഷ്പിക്കൽ
- വിത്ത്/തൈകൾ-വിപണനം-സ്വകാര്യലോബികളുടെ കടന്നുകയറ്റം

വാട്ടർഷെഡ് അധിഷ്ഠിത വികസനസമീപനം

ജില്ലയുടെ ഭൂപ്രകൃതി, മഴയുടെ പ്രകൃതം, ഭൂവിനിയോഗം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ മഴവെള്ളത്തെയും മണ്ണിനെയും സംയോജിതമായ രീതിയിൽ സംരക്ഷിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നതിനുള്ള സമീപനം അത്യാവശ്യമാണ്.

ഇതിനായി വാട്ടർഷെഡ് തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഒരു പദ്ധതി ആസൂത്രണവും നിർവ്വഹണവും കൂടിയേ തീരൂ, മഴ വെള്ളത്തെ പ്രാദേശികാവശ്യങ്ങൾക്ക് ലഭ്യമാക്കുന്നതിനും ജല സ്രോതസ്സുകളിലേക്കുള്ള റീ ചാർജ്ജിംഗ് ഉറപ്പുവരുത്തുന്നതിനും നമ്മെ സഹായിക്കുന്ന പ്രകൃതിയുടെ പകരമില്ലാത്ത ഒരു സംവിധാനമാണ് മണ്ണ്. ഭൂഗർഭ ജല പരിപോഷണത്തിന് സുരക്ഷിതമായ മാർഗ്ഗമാണ് മണ്ണ് നമുക്ക് ലഭ്യമാക്കുന്നത്. എന്നാൽ ഭൂമിയുടെ പൊതുവായ ചെരിവ് ഭൂവിനിയോഗക്രമങ്ങൾ, മണ്ണിന്റെ രചന, ഘടന എന്നീ ഘടകങ്ങൾ മണ്ണൊലിപ്പിനും വരൾച്ചയ്ക്കും കാർഷികോൽപാദന പാരിസ്ഥിതിക തകർച്ചയ്ക്കും ഇടയാക്കുന്നുവെന്നത് ഏറെ ഗൗരവത്തോടെ പരിഗണിക്കേണ്ട വിഷയമാണ്.

വിളയെ അടിസ്ഥാനമാക്കിയുള്ള പരിഹാര നിർദ്ദേശങ്ങൾ

നെൽ കൃഷി: നിലവിലുള്ള സ്ഥിതി നിലനിർത്തുന്നതിന് 0.30% ഉൽപ്പാദവർദ്ധനവ് ഉണ്ടാകണം.

- കൃഷി ചെലവുമായി ബന്ധപ്പെടുത്തി ധനസഹായം നൽകൽ
- കരനെൽകൃഷി പ്രോൽസാഹിപ്പിക്കൽ
- ഗ്രൂപ്പ് ഫാമിംങ് ശക്തിപ്പെടുത്തൽ
- കർമ്മസേന, കുടുംബശ്രീ, എം.ജി.എൽ.ആർ.ജി.എസ് എന്നിവ ഉപയോഗപ്പെടുത്തി തൊഴിലാളികളുടെ ലഭ്യത ഉയർത്തൽ
- പ്രാദേശികമായ പ്രത്യേകതകൾ പരിഗണിച്ച് യന്ത്രങ്ങൾ രൂപപ്പെടുത്തൽ.
- സർട്ടിഫൈഡ് സീഡുകൾ ഉറപ്പാക്കൽ.
- തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ വിത്ത് ഗ്രാമങ്ങൾ ആരംഭിക്കൽ.
- സമൂഹ നഴ്സറികൾ ആരംഭിക്കൽ.
- എല്ലാ ബ്ലോക്കിലും അഗ്രോസർവ്വീസ് സെന്റർ തുടങ്ങൽ
- ജലസേചന, ജലനിർഗ്ഗമന പ്രശ്നങ്ങൾ കണ്ടെത്തൽ.
- നെൽവയൽ -തണ്ണീർത്തടങ്ങൾ മാപ്പ് ചെയ്യൽ
- കുളങ്ങൾ, ചെക്കുഡാമുകൾ, ജലാശയങ്ങൾ, അരുവികൾ, തോടുകൾ എന്നിവ സംരക്ഷിക്കൽ.
- രോഗ-കീടബാധ,മണ്ണ്, പോഷകഘടകങ്ങൾ എന്നിവ സംബന്ധിച്ച പരിശീലനങ്ങൾ നടത്തൽ.
- പലിശ രഹിത വായ്പ ലഭ്യമാക്കൽ
- വയൽ വിദ്യാലയങ്ങൾ സ്ഥാപിക്കൽ
- തരിശ് നില കൃഷി പ്രോത്സാഹിപ്പിക്കൽ
- സംയോജിത കൃഷി വ്യാപകമാക്കൽ
- പരിശീലനം ലഭിച്ച തൊഴിലാളികളുടെ ലഭ്യത ഉറപ്പുവരുത്തലും അവർക്ക് ആനുപാതികമായി കൂലി വർധന നൽകലും.

പച്ചക്കറി കൃഷി

- സ്വയം സഹായസംഘങ്ങൾ വഴി വിത്തുകളുടെ ഉല്പാദനത്തിനുള്ള പരീശീലനം നൽകൽ.
- മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സസ്യപോഷകങ്ങളുടെ പ്രയോഗം ഉറപ്പുവരുത്തൽ.
- ഗുണമേന്മയുള്ള ഉൽപ്പാദന ഉപാധികൾ പ്രയോജനപ്പെടുത്തൽ.
- പഞ്ചായത്ത് അടിസ്ഥാനത്തിൽ ജൈവ ജീവാണുവള വില്പനകേന്ദ്രങ്ങൾ
- സുരക്ഷിതവും സ്ഥായിയുമായ കാർഷിക രീതികൾ പ്രായോഗികമാക്കൽ
- കണിക ജലസേചനം പ്രോത്സാഹിപ്പിക്കൽ
- ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ
- മഴമറ, തുറസ്സായ സ്ഥലത്തെ പ്രിൻസിഷൻ കൃഷി രീതികൾ
- വിവരങ്ങൾ കൈമാറുന്നതിനുള്ള വേദി രൂപപ്പെടുത്തൽ.
- പച്ചക്കറി ക്ലസ്റ്ററുമായി ബന്ധപ്പെട്ട് വിപണി കണ്ടെത്തൽ
- ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രതിവാര ലേലചന്തകൾ
- സുരക്ഷിതമായി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡ് ചെയ്ത് ലോഗോ നൽകൽ.
- ശീതികരണ സൗകര്യങ്ങൾ ഉറപ്പാക്കൽ
- സംഭരണം, സംസ്ക്കരണം, പായ്ക്കിംഗ്, ലേബലിംഗ്, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവയ്ക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.
- ടെറസ് കൃഷി, ഗ്രോബാഗ് കൃഷി എന്നിവ പ്രോൽസാഹിപ്പിക്കൽ.

നീർത്തടാധിഷ്ഠിത വികസനം

- നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തലും ഉല്പാദനം വർദ്ധിപ്പിക്കലും. നിലവിലുള്ള ഫാമുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തലും.
- പച്ചക്കറി വികസനം സുരക്ഷിത ഭക്ഷണം എന്നതിന് ഊന്നൽ നൽകിക്കൊണ്ട് ഉല്പാദനം വർദ്ധിപ്പിക്കൽ. വിപണന സംവിധാനം മെച്ചപ്പെടുത്തൽ. കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും, നാടൻ ഇനങ്ങൾ കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നൽകൽ.
- ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന് ഉതകുന്ന വിധത്തിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിപണന ശൃംഖല ഉറപ്പുരുത്തുന്നതിനും ആവശ്യമായ പദ്ധതികൾ നടപ്പിലാക്കൽ.
- പച്ചക്കറികളുടെ സംഭരണത്തിനും വിതരണത്തിനും ആപ്കോ മോഡൽ സഹകരണ സംഘം രൂപീകരിക്കൽ.
- ജൈവ പച്ചക്കറികൾ ഉല്പാദനത്തിന് കർഷകർക്ക് പ്രോൽസാഹനം നൽകൽ.
- ഗുണനിലവാരമുള്ള ഉല്പാദനോപാധികൾ കുറഞ്ഞ വിലക്ക് ലഭ്യമാക്കൽ.

ഫലവർഗ്ഗ വിളകൾ

- ഇടനാട്, ചെറിയ കുന്നിൻ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഫലവർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കൽ.
- തദ്ദേശീയ ഫലവർഗ്ഗ ഇനങ്ങൾ സംരക്ഷിക്കൽ.
- ചീമേനി തുറന്ന ജയിലിൽ മാവുകളുടെ മാതൃതോട്ടങ്ങൾ സ്ഥാപിക്കൽ.
- മികച്ച വിളവ് തരുന്ന ഫലവർഗ്ഗ ഇനങ്ങളെ കാർഷിക സർവ്വകലാശാലയുടെ സഹായത്താൽ കണ്ടെത്തൽ.
- പഴം-പച്ചക്കറി മാതൃകാ വില്ലേജുകൾ, മാർക്കറ്റുകൾ എന്നിവ സ്ഥാപിക്കൽ.
- ചെലവ് കുറഞ്ഞ ശീതീകരണ, സംഭരണ സൗകര്യങ്ങൾ ആസൂത്രണം ചെയ്യൽ
- ചക്ക, മറ്റ് ഫലങ്ങൾ എന്നിവയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കൽ.
- സഹകരണ സംരംഭങ്ങൾ തുടങ്ങൽ.
- വാഴ, പൈനാപ്പിൾ എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനായി ആനുകൂല്യം നൽകൽ.

തോട്ടവിളകൾ - നിലവിലുള്ള സ്ഥിതി

ജില്ലയിലെ പ്രധാന തോട്ടവിളകൾ തെങ്ങ്, കമുക്, കശുമാവ്,റബ്ബർ,കൊക്കോ എന്നിവയാണ്. കയറ്റുമതി ഇനത്തിൽ നമ്മുടെ സാമ്പത്തിക മേഖലയുടെ വികസനത്തിന് ഇവ ഗണ്യമായ സംഭാവന നൽകുന്നു. പഴവർഗങ്ങൾ, സുഗന്ധവിളകൾ മറ്റ് ഭക്ഷ്യവിളകൾ എന്നിവ തെങ്ങ്, കവുങ്ങ് എന്നിവയുടെ ഇടവിളയായി കൃഷി ചെയ്യുന്നതിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും, വിദേശ നാണ്യം നേടിത്തരുന്നതിനും സഹായിക്കുന്നു. എന്നാൽ ഈ മേഖലയിലെ കുറഞ്ഞ മുതൽ മുടക്ക്, കുറഞ്ഞു വരുന്ന ഉല്പ്പാദനം, ആധുനിക സാങ്കേതിക വിദ്യയുടെ അഭാവം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് വേണ്ടത്ര പരിഗണന കൊടുക്കായ്ക, രോഗകീടബാധ തുടങ്ങിയവ തോട്ടവിളകൾ നേരിടുന്ന ഗുരുതര പ്രശ്നങ്ങളാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ വരവും മറ്റ് രാജ്യങ്ങളുമായിട്ടുണ്ടാകുന്ന കടുത്ത മത്സരവും ഇറക്കുമതിയും കർഷകരെ പലപ്പോഴും കടുത്ത പ്രതിസന്ധിയിലാക്കുന്നുണ്ട്.

വിലയിൽ അപ്രതീക്ഷിതമായിട്ടുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, തോട്ടവിളകൾ കൃഷിചെയ്യുന്ന കർഷകരെ പ്രത്യേകിച്ചും റബ്ബർ, നാളികേര കൃഷിയിൽ ഏർപ്പെടുന്നവരെ ദുരിതത്തിലാഴ്ത്തുന്നു.

കാലവർഷക്കാലത്ത് ലഭിക്കുന്ന അധികരിച്ച മഴ, ചരിവുള്ള ഭൂപ്രദേശങ്ങളിലെ എന്നിവ മണ്ണൊലിപ്പിനും, ചെടികളുടെ വളർച്ചക്കാവശ്യമായ ജൈവാംശം, മൂലകങ്ങൾ എന്നിവയുടെ ശോഷണത്തിനും കാരണമാകുന്നു.

കൃഷിയിടങ്ങളുടെ തുണ്ടുവൽക്കരണം മൂലം യന്ത്രവൽക്കരണം, ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോഗം എന്നിവയ്ക്ക് തടസ്സമുണ്ടാകുന്നു. ജില്ലയിലെ 70 ശതമാനത്തിൽ അധികം കൃഷിയിടങ്ങളും ഒരു ഹെക്ടറിൽ താഴെ വരുന്നവയാണ്.

പട്ടിക 4.1.1.11 : കൃഷിയിടങ്ങളുടെ തരം തിരിവ്

വിസ്തീർണ്ണം	എണ്ണം	ശതമാനം
ഒരു ഹെക്ടറിൽ താഴെ	2,08,925	98.05
1 ഹെക്ടർ മുതൽ-		
2 ഹെക്ടറിൽ. താഴെ	12,514	5.51
2 ഹെക്ടർ മുതൽ -		
4 ഹെക്ടറിൽ താഴെ	4525	1.99
4 ഹെക്ടർ മുതൽ -		
10 ഹെക്ടറിൽ താഴെ	909	0.40
10 ഹെക്ടറിന് മുകളിൽ	85	0.04
ആകെ	2,26,958	100.00

സി.പി.സി.ആർ.ഐ, കാസറഗോഡ് 2016

നീർത്തടാധിഷ്ഠിത വികസനം

കാലവർഷസമയത്തെ അധികമഴ, ജലസേചന സൗകര്യങ്ങളുടെ കുറവ്, ഭൂഗർഭജലത്തിന്റെ അമിതമായ ഉപയോഗം, തുലാവർഷത്തിന്റെ കുറവും തുടർന്നുണ്ടാകുന്ന വരൾച്ചയും മുതലായവ.

ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസറഗോഡ്, കീടനാശിനി രാസവളം എന്നിവയ്ക്ക് പകരം വയ്ക്കാവുന്ന മാർഗ്ഗങ്ങളെ സംബന്ധിച്ച അവബോധം, ലഭ്യത എന്നിവയിലുള്ള കുറവ്.

തൊഴിലാളികളുടെ ലഭ്യതക്കുറവ്, അടിസ്ഥാന സൗകര്യങ്ങൾ, സംഭരണം, സംസ്ക്കരണം, വിപണനം, മൂല്യവർദ്ധന എന്നിവയുടെ അപര്യാപ്തത.

ഗുണമേന്മയുള്ള വിത്ത്, വളം, തൈകൾ എന്നിവയുടെ ലഭ്യതയിൽ ഉണ്ടാകുന്ന കുറവ്.

പട്ടിക 4.1.1.12: കേരളത്തിലെ തോട്ടവിള കൃഷിയിൽ ജില്ലയുടെ സ്ഥാനം

കാർഷിക വിള	വിസ്തീർണ്ണം %		ഉൽപ്പാദനം % (MT/Million nuts)	
	1985-86	2014-15	1985-86	2014-15
നാളികേരം	4.08	8.04	3.40	11.85
റബ്ബർ	4.00	6.16	3.66	5.95
കമുക്	14.81	19.13	16.22	40.82
കശുമാവ്	20.82	18.03	29.87	21.28
കുരുമുളക്	7.04	19.33	16.32	5.10
കൊക്കോ	2.61	2.22	0.75	1.66

സി.പി.സി.ആർ.ഐ, കാസറഗോഡ് 2016

നാളികേര കൃഷി ജില്ലയിലെ ആകെ കൃഷി ഭൂമിയുടെ 30.2% വരും. 42860 ഹെക്ടറിലെ കൃഷികളിൽ നിന്ന് 703.5 ലക്ഷം നാളികേരം ഉൽപ്പാദിപ്പിക്കുന്നു. ഇത് സംസ്ഥാനത്തെ വിസ്തീർണ്ണത്തിന്റെ 8% വും ഉൽപ്പാദനം 12% വും ആണ്. കേരളത്തിൽ ഏറ്റവും കൂടുതൽ കേരത്തിന്റെ ഉൽപ്പാദനക്ഷമതയും കാസർഗോഡ് ജില്ലയിലാണ്.

കമുക് കൃഷിയുടെ കാര്യത്തിൽ ജില്ല, സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനത്താണ്. 18733 ഹെക്ടർ സ്ഥലത്തു നിന്ന് 51,406 ടൺ അടക്ക ഉൽപ്പാദനം നടക്കുന്നുണ്ട്.

തോട്ട വിളകളിൽ കശുമാവാണ് പ്രധാനപ്പെട്ട മറ്റൊരുവിള കശുവണ്ടിയാണ്. 7192 ഹെക്ടറിൽ 6322 ടൺ കശുവണ്ടി ഉൽപ്പാദിപ്പിക്കപ്പെടുന്നു.

റബ്ബർ 33860 ഹെക്ടർ, കുരുമുളക് 3084 ഹെക്ടർ എന്നിങ്ങനെയാണ് മറ്റ് രണ്ട് തോട്ടവിളകളുടെ സ്ഥാനം. റബ്ബർ ഉൽപ്പാദനം 0.9 ടൺ /ഹെക്ടർ മാത്രമാണ്. ഇത് സംസ്ഥാന ശരാശരിയെക്കാൾ (1.1 ടൺ/ഹെക്ടർ) കുറവാണ്.

റബ്ബർ പുതുകൃഷി ചെയ്യുമ്പോൾ ആദ്യ വർഷങ്ങളിൽ ഇടവിള കൃഷികളായ വാഴ, പൈനാപ്പിൾ, പച്ചക്കറി എന്നീ കൃഷികൾ പ്രോൽസാഹിപ്പിക്കണം. ഉൽപ്പാദനക്ഷമത കൂട്ടുന്നതിന് ഇത് സഹായകമാണ്.

തോട്ടവിളകൾ- പ്രശ്നങ്ങൾ

- അന്താരാഷ്ട്ര മാർക്കറ്റിൽ നിന്നും നേരിടുന്ന കടുത്ത മത്സരം തോട്ടവിള മേഖലയെ പ്രതിസന്ധിയിലാഴ്ത്തുന്നു.
- പുതിയ തൈകളുടെ നടീൽ, നിലവിലുള്ള തോട്ടങ്ങളുടെ പുനരുദ്ധാരണം എന്നിവ സമയാസമയങ്ങളിൽ നടക്കുന്നില്ല.
- ചെറുകിട-നാമമാത്ര കർഷകരുടെ കൃഷിയിടങ്ങളിൽ ആധുനിക കൃഷി രീതികൾ അവലംബിക്കുന്നതു മൂലം ഉൽപ്പാദന വർദ്ധനവ് കാര്യമായിട്ടുണ്ടാകുന്നില്ല.
- പരിചയസമ്പന്നരായ തൊഴിലാളികളുടെ അഭാവം
- വിലയിലുണ്ടാകുന്ന ചാഞ്ചാട്ടം.
- ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിന്/മൂല്യവർദ്ധനയ്ക്ക് വേണ്ടത്ര പ്രാധാന്യം ലഭിച്ചിട്ടില്ല.
- വിവിധ ഏജൻസികൾ തമ്മിലുള്ള ഏകോപനം ഫലപ്രദമല്ല.
- പ്രധാന തോട്ടവിളകളുടെ കൃഷിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

തെങ്ങ്.

ജില്ലയിൽ ഗവേഷണ രംഗത്തും വിജ്ഞാനവ്യാപന രംഗത്തും വിവിധ ഏജൻസികളും സ്ഥാപനങ്ങളും നിലവിലുണ്ടെങ്കിലും ഇത്തരം സ്ഥാപനങ്ങൾ വികസിപ്പിച്ചെടുക്കുന്ന നൂതന സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഏറ്റെടുക്കാൻ കർഷകർ വിമുഖത കാണിക്കുന്നു. മാർക്കറ്റിലുണ്ടാകുന്ന വിലയിലെ ഏറ്റക്കുറച്ചിലുകൾ മറ്റ് കാർഷിക വിളകളിലേയ്ക്ക് തിരിയുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നു. കൃഷിയിടങ്ങളിലെ അധികരിച്ച വിളസാന്ദ്രത, പരിചരണങ്ങളിൽ വരുന്ന കുറവ്, മണ്ണൊലിപ്പ് മൂലം സസ്യപോഷണ മൂലകങ്ങളിലും ജൈവാംശത്തിലും വരുന്ന കുറവ്, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത, തൊഴിലാളികളുടെ കുറവ്, രോഗ കീടബാധ, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളെയും ഉൽപന്ന വൈവിധ്യവൽക്കരണത്തെയും ഏറ്റെടുക്കുന്നതിനുള്ള വൈമുഖ്യം എന്നിവ കർഷകരിൽ പ്രകടമാണ്. ഇടവിളകൃഷി, ബഹുനിലകൃഷി, സമ്മിശ്രകൃഷി എന്നിവയുടെ സാധ്യതകൾ വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല.

നീര ഉത്പാദനം, നാളികേരവുമായി ബന്ധപ്പെട്ട ചെ

റുകിട വ്യവസായങ്ങൾ എന്നിവ ജില്ലയിൽ കാര്യമായി ആരംഭിച്ചിട്ടില്ല. പച്ചത്തേങ്ങ, കൊപ്ര എന്നിവയുടെ സംഭരണം ഫലപ്രദമല്ല. ഇക്കാര്യത്തിൽ ജില്ലയിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന പ്രൊഡ്യൂസർ കമ്പനികൾ അവസരോചിതമായി ഉണർന്ന് പ്രവർത്തിക്കേണ്ടതുണ്ട്.

റബ്ബർ

ജില്ലയിൽ 33860 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷിയുണ്ടെങ്കിലും ജില്ലയിലെ ഉൽപാദനം സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്. പ്രകൃതിദത്ത റബ്ബറിന്റെയും കൃത്രിമ റബ്ബറിന്റെയും ഇറക്കുമതി മൂലമുണ്ടാകുന്ന വിലത്തകർച്ച, കാലാവസ്ഥാവ്യതിയാനം, രോഗ-കീടങ്ങൾ മുതലായവ റബ്ബർ കൃഷി നേരിടുന്ന പ്രശ്നങ്ങളാണ്.

കമുക്

കമുക് കൃഷി ജില്ലയിലെ നിരവധി കുടുംബങ്ങളുടെ ജീവനോപാധിയാണ്. 1985-86 ൽ 8698 ഹെക്ടർ സ്ഥലത്ത് മാത്രമുണ്ടായിരുന്ന കമുക് കൃഷി 2014-15-ൽ 18733 ഹെക്ടറായി വർധിച്ചു. ഇത് നെൽകൃഷിയുടെ വിസ്തീർണ്ണത്തിൽ വലിയ കുറവ് വരുത്തുന്നതിന് ഇടയാക്കി. തെങ്ങിനൊപ്പം കമുക് കൃഷി ചെയ്യാത്തതിനാൽ രണ്ട് വിളകളുടെയും ഉൽപ്പാദനത്തിൽ വലിയ കുറവനുഭവപ്പെടുന്നുണ്ട്. കവുങ്ങ് കൃഷിയെ ബാധിക്കുന്ന മഹാളിരോഗം തടയുന്നതിന് യഥാസമയം സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തൊഴിലാളികളുടെ അഭാവം തടസ്സമാകുന്നു. വിലയിലുണ്ടാകുന്ന അസ്ഥിരത, ഉയർന്ന കൂലിച്ചെലവ് എന്നിവയും മേഖലയിലെ പ്രശ്നങ്ങളാണ്. കമുകിൻ തോട്ടങ്ങളിൽ സാധ്യമായ വിളകൾ ഇടവിളയായി കൃഷി ചെയ്ത് കർഷകർക്ക് അധിക വരുമാനം ലഭ്യമാക്കാവുന്നതാണ്.

കശുമാവ്

2003-ൽ ജില്ലയിലെ ആകെ കൃഷി ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ 13.34% കശുമാവായിരുന്നു. എന്നാൽ 2014-15 ൽ ഇത് 4.7% ആയി കുറഞ്ഞു. കർഷകർ റബ്ബർ കൃഷിയിലേക്ക് തിരിഞ്ഞതാണ് വിസ്തീർണ്ണത്തിൽ കുറവ് വരാൻ കാരണം. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്, വിലയിലുണ്ടായ വ്യതിയാനം, രോഗ-കീടബാധ എന്നിവ കശുമാവ് കർഷകർ നേരിടുന്ന പ്രശ്നങ്ങളാണ്. കശുവണ്ടി സംസ്ക്കരണം, ഉൽപ്പന്ന വൈവിധ്യവൽക്കരണം എന്നിവയിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതുണ്ട്.

വികസനസാധ്യതകളും നിർദ്ദേശങ്ങളും

തെങ്ങ്

കേരാധിഷ്ഠിത സംയോജിത കൃഷി വ്യാപിപ്പിച്ചുകൊണ്ട് ഉല്പാദനക്ഷമത കൂട്ടാനുള്ള പദ്ധതി നടപ്പിലാക്കണം. കവുങ്ങ് കൃഷിയുടെ നിലവിലുള്ള വിസ്തൃതി കൂട്ടാതെതന്നെ ജലസേചനം കാര്യക്ഷമമാക്കി,തുള്ളിനന/കണിക ജലസേചനം എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ട് ഉല്പാദനക്ഷമത കൂട്ടാനുള്ള പദ്ധതി ആവിഷ്ക്കരിക്കണം.

ജില്ലയിൽ തെങ്ങിന് ഉൽപാദനക്ഷമത കൂടുതലാണെങ്കിലും കീടരോഗബാധ, മഞ്ഞളിപ്പ് രോഗം, കൂമ്പ് ചീയൽ തുടങ്ങിയ രോഗങ്ങളും തെങ്ങ് കയറ്റ തൊഴിലാളിക്ഷാമം, കൂലികൂടുതൽ തുടങ്ങിയ പ്രശ്നങ്ങളും അഭിമുഖീകരിക്കുന്നു.

പ്രായമായതും കേടുവന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുന്നതിന് ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. പരിശോധനയുടെ അടിസ്ഥാനത്തിൽ പരിചരണമുറകൾ സ്വീകരിക്കണം.

- ജലസേചനത്തിന് ജലം ഫലപ്രദമായി വിനിയോഗിക്കാൻ സഹായകമായ നൂതനമാർഗ്ഗങ്ങൾ നടപ്പിലാക്കൽ.
- നാളികേരം അടിസ്ഥാനമാക്കിയുള്ള കൃഷി പ്രോൽസാഹിപ്പിക്കൽ.
- രോഗ കീടബാധ തടയുന്നതിനുള്ള നടപടികൾ, മണ്ണിന്റെ ആരോഗ്യം നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ പ്രചരിപ്പിക്കൽ.
- നാളികേര പാർക്കുകൾ സ്ഥാപിക്കൽ
- നീര ഉൽപ്പാദനം വർദ്ധിപ്പിക്കൽ
- മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിന് ഊന്നൽ നൽകൽ.
- വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യത ഉറപ്പ് വരുത്തൽ.
- നാളികേരം, കൊപ്ര ഇവ സംഭരിക്കുന്നതിന് നാളികേര ഉൽപാദകരുടെ സൊസൈറ്റികളുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കൽ.
- ഉയർന്ന വില ഉറപ്പാക്കലും വിലനിലവാരം യഥാസമയം കർഷകരിൽ എത്തിക്കാൻ സംവിധാനം രൂപപ്പെടുത്തലും.

റബ്ബർ

- റബ്ബർ കൃഷിയിടങ്ങളിൽ ആദ്യ വർഷങ്ങളിൽ ഇടവിളകൃഷികൾ പ്രോൽസാഹിപ്പിക്കൽ.
- റബ്ബർ പ്രൊഡ്യൂസർ സൊസൈറ്റികളുടെ നേതൃത്വത്തിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഗുണമേന്മയുള്ള റബ്ബർ ഷീറ്റുകൾ ഉൽപാദിപ്പിക്കുന്നതിന് സൗകര്യം ലഭ്യമാക്കലും കൂടിയ വില ഉറപ്പാക്കലും.
- തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം.
- റബ്ബർപാലിന്റെ ശാസ്ത്രീയ സംഭരണം ഉറപ്പുവരുത്തൽ.
- വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിൽ പരിഹരിക്കുന്നതിന് പരിരക്ഷ ഏർപ്പെടുത്തൽ.
- മാർക്കറ്റ് ഡിമാന്റ് സംബന്ധിച്ച് ദീർഘകാല സൂചനകൾ കർഷകർക്ക് ലഭ്യമാക്കൽ.

കമുക്.

- ഉൽപ്പാദനക്ഷമത കുറഞ്ഞ കമുക് തോട്ടങ്ങൾ പുനരുദ്ധരിക്കൽ.
- ഗുണമേന്മയുള്ള വിത്തുകൾ/തൈകൾ ലഭ്യമാക്കൽ.
- മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ, ശാസ്ത്രീയ കൃഷി രീതികൾ, മിശ്രവിള തുടങ്ങിയവ പ്രോൽസാഹിപ്പിക്കൽ.

നീർത്തടാധിഷ്ഠിത വികസനം

- ഉയർന്ന വില ഉറപ്പാക്കൽ
- സസ്യസംരക്ഷണ ഉപകരണങ്ങൾ ആവശ്യമായ സഹായധനത്തോട് കൂടി ലഭ്യമാക്കൽ. വിളവെടുക്കുന്നതിന് സഹായകമായ യന്ത്രങ്ങൾ വ്യപകമായി ലഭ്യമാക്കൽ.

കശുമാവ്

- ഉൽപാദനക്ഷമത കൂടുന്നതിന് ശാസ്ത്രീയ കൃഷി രീതി പ്രോത്സാഹിപ്പിക്കൽ. നിലവിലുള്ള തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് പ്രോൽസാഹനം നൽകൽ. ഗാർഹികാടിസ്ഥാനത്തിലുള്ള സംസ്ക്കരണ കേന്ദ്രങ്ങൾ ഉണ്ടാക്കൽ.
- വിളവ് കുറഞ്ഞ തോട്ടങ്ങളുടെ സ്ഥാനത്ത് അത്യുൽപാദന ശേഷിയുള്ള തൈകൾ/ ഗ്രാഫ്റ്റുകൾ നട്ടു വളർത്തൽ.
- ശാസ്ത്രീയ പരിചരണമുറകൾ ആവിഷ്കരിക്കൽ.
- മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ.
- വിള തീവ്രത വർദ്ധിപ്പിക്കൽ
- ഫലപുഷ്ടി കുറഞ്ഞതും ഉപയോഗിക്കാത്തതുമായ കൃഷിയിടങ്ങളിൽ പുതുകൃഷി വ്യാപകമാക്കൽ
- പ്രാദേശിക നഴ്സറികൾ സ്ഥാപിക്കൽ.

കുരുമുളക്.

- പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കൽ.
- ശാസ്ത്രീയ കൃഷിരീതി, രോഗ-കീടബാധക്കെതിരെ സംയോജിത നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കൽ.
- ജൈവ-ജീവാണു വളങ്ങളുടെ ലഭ്യത ഉറപ്പാക്കൽ.
- മൂല്യവർദ്ധന-സാധ്യതകൾ വർദ്ധിപ്പിക്കൽ.
- കാസറഗോഡ് ജൈവ ജില്ലയായതുകൊണ്ട് ജൈവ ജീവാണുവളങ്ങളുടെ ഉല്പ്പാദനയൂണിറ്റുകൾ ഉണ്ടാക്കൽ. ജൈവകീടനാശിനികളും, വളങ്ങളും ലഭ്യമാക്കുന്നതിനും പദ്ധതികൾ തയ്യാറാക്കൽ.
- തെങ്ങ്, കവുങ്ങ്, കുരുമുളക് കൃഷി ചെയ്യുന്ന നിലവിലുള്ള തോട്ടങ്ങൾക്ക് പുനരുദ്ധാരണത്തിന് പ്രോൽസാഹനം നൽകൽ.

ജൈവകൃഷി പരിവർത്തനവും സർട്ടിഫിക്കേഷനും

ജൈവകൃഷി പരിവർത്തനവും സർട്ടിഫിക്കേഷനും പദ്ധതി പ്രകാരം ജില്ലയിൽ 4 പ്രൊജക്ടുകൾ നടപ്പാക്കുവാൻ അനുവദിച്ചിരുന്നു. പരപ്പ ബ്ലോക്കിലെ പനത്തടി, ബളാൽ, കള്ളാർ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കാൻ അനുവദിച്ചത്. ആകെ 1750 ഹെക്ടർ സ്ഥലത്താണ് പദ്ധതി നടപ്പിലാക്കുന്നത്. കർഷകർക്ക് ജൈവകൃഷിയുടെ പ്രാധാന്യം ബോധ്യപ്പെടുത്തി ജൈവ ഉൽപന്നങ്ങൾ ഉണ്ടാക്കുകയെന്നതാണ് പ്രാധാന ഉദ്ദേശ്യം. പദ്ധതിയിലൂടെ കർഷകർക്ക് ന്യായമായ വില ലഭ്യമാക്കി ജൈവ ഉൽപന്നങ്ങൾ ശേഖരിച്ച്, വിപണിയിലെത്തിച്ച്, ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുകയും കർഷകരുടെ സാമൂഹ്യ നിലവാരം അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നു.

കാർഷികവികസന കർഷകക്ഷേമ വകുപ്പ് 2016-17 വർഷം നടപ്പിലാക്കിയ പദ്ധതികൾ

നെൽകൃഷി വികസനം

സംസ്ഥാനത്ത് പ്രകൃത്യാ തന്നെ നെൽകൃഷിക്ക് അനുകൂല സാഹചര്യമുള്ളതും ഉൽപ്പാദനവർദ്ധനവിന് സാദ്ധ്യതയുള്ളതുമായ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി നെൽകൃഷി വികസന പരിപാടികൾ നടപ്പാക്കി വരുന്നു. നെൽകൃഷിയുടെ ശരാശരി ഉല്പാദനക്ഷമത ഹെക്ടറിനു 3 ടൺ ആക്കുക എന്ന ലക്ഷ്യം പദ്ധതി കാലയളവ് അവസാനിക്കുന്നതിനു മുമ്പ് തന്നെ കൈവരിക്കുന്നതിന് നെൽകൃഷിയിൽ ശാസ്ത്രീയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. 2016-17 ൽ ഈ മേഖലയിൽ 59.50 ലക്ഷം രൂപ ചെലവഴിച്ചു. ഇതിനു പുറമെ ആർ.കെ.വി.വൈ-യിൽ നിന്നുള്ള സഹായവും ഈ പ്രവർത്തനവുമായി സംയോജിപ്പിച്ച് വിനിയോഗിച്ചിട്ടുണ്ട്.

പാടശേഖരസമിതികളുടെ ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 7.20 ലക്ഷം രൂപ ചിലവഴിച്ചു. ഈ തുക ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും ഇ-പേയ്മെന്റ് സമ്പ്രദായം നടപ്പിലാക്കുന്നതിന് സഹായിക്കുന്നതിനുമായി ഒരു സുതാര്യ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പാടശേഖര സമിതികൾക്ക് നൽകി.

പച്ചക്കറി വികസനം

തദ്ദേശ സ്വയംഭരണ തലത്തിൽ ഭൗതിക ലക്ഷ്യങ്ങൾ ഉന്നമിട്ട് സംയോജിതസമീപനത്തോടുകൂടിയുള്ള ഒരു പ്രധാന പദ്ധതി, പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് 2012-13-ൽ ആരംഭിക്കുകയുണ്ടായി. ക്ലസ്റ്റർ അടിസ്ഥാന വാണിജ്യകൃഷി, വിദ്യാലയങ്ങളിൽ പച്ചക്കറി ത്തോട്ടത്തിന്റെ പ്രോത്സാഹനം, പച്ചക്കറി വിത്തുല്പാദനം, പച്ചക്കറി വിത്ത് കിറ്റ് വിതരണം, ഉല്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, വിപണനം, ഹൈ-ടെക് പച്ചക്കറി ഉല്പാദന പദ്ധതി തുടങ്ങിയവ നടപ്പിലാക്കി പദ്ധതിയെ കൂടുതൽ വിപുലീകരിക്കുന്നതിനായി 2016-17-ൽ 277.16 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

നഗരക്ലസ്റ്ററുകൾക്കായി തൈകളും ജൈവനിയന്ത്രണകാരികളും നൽകുന്നതിന് സാധിച്ചു. അഗ്രോസർവ്വീസ് സെന്ററുകളും കുടുംബശ്രീയും തയ്യാറാക്കിയിട്ടുള്ള ഗ്രോബാഗുകൾക്കുള്ള സഹായം നൽകി. 2013-14, 2014-15, 2015-16 ൽ സ്ഥാപിച്ചിട്ടുള്ള ക്ലസ്റ്ററുകളുടെ ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ഉല്പാദനം, ഉല്പാദന ക്ഷമത എന്നിവയിലെ വർദ്ധനവ്, നവീനമായ പ്രവർത്തനങ്ങൾ, സാങ്കേതിക വിദ്യാ ഉപയോഗം, ക്ലസ്റ്ററിന്റെ സജീവത തുടങ്ങിയ പ്രവർത്തനങ്ങൾക്ക് സഹായം നൽകി. മികച്ച ക്ലസ്റ്ററുകളെ എ-ഗ്രേഡ് ക്ലസ്റ്ററുകളായി തിരിച്ച് അവയ്ക്ക് നഴ്സറികൾ, സംഭരണ കേന്ദ്രങ്ങൾ, പ്രീകൂളിംഗ് കേന്ദ്രങ്ങൾ, ഉല്പാദന കേന്ദ്രങ്ങൾ, മറ്റ് പദ്ധതി അധിഷ്ഠിത സഹായങ്ങൾ എന്നിവ അടങ്ങിയ പ്രത്യേക വികസന സഹായം നൽകി. ക്ലസ്റ്റർ അടിസ്ഥാനത്തി

ലുള്ള വികസനമാണ് സംസ്ഥാനത്തെ പച്ചക്കറി വികസനസംരംഭങ്ങളുടെ മുഖ്യഘടകം. ജില്ലകളിലെ ക്ലസ്റ്റർ വികസനത്തിനായി ഗ്രേഡ് ക്ലസ്റ്ററുകൾക്ക് സഹായം നൽകി. അനുയോജ്യമായ പ്രദേശങ്ങളിൽ ക്ലസ്റ്ററുകൾക്ക് പ്രോജക്ട് അധിഷ്ഠിത സഹായം നൽകുന്നതിനായി വിഹിതത്തിന്റെ ഒരു ഭാഗം ഉപയോഗിച്ചു.

ഒരു ഹെക്ടറിന് ചിലവഴിച്ച മൊത്തം സബ്സിഡിയിൽ 25 ശതമാനം സുരക്ഷിത ഭക്ഷ്യ ഉത്പാദനത്തിനും, ഉത്പാദന ഉപാധികളുടെ പ്രോത്സാഹനത്തിനും നല്ല കൃഷി രീതികളുടെ പ്രോത്സാഹനത്തിനുമായി നീക്കിവച്ചിരുന്നു. ജൈവ നിയന്ത്രണകാരികൾ, ഫെറമോൺ കെണികൾ, വിസ്തൃത സംയോജിത കീടപരിപാലനം, ജീവാണു വളങ്ങൾ എന്നിവയ്ക്കുള്ള സഹായം സബ്സിഡി ഘടകത്തിനു കീഴിൽപ്പെടുന്നു. ഇതു കൂടാതെ ലൈം പ്രയോഗത്തിനായി കുറഞ്ഞത് 15 ശതമാനം തുക നീക്കി വച്ചിരുന്നു.

ബ്ലോക്ക് തലത്തിലുള്ള ഫെഡറേറ്റഡ് സംഘടനകൾക്ക് അടിസ്ഥാന സൗകര്യവികസനത്തിനും നടത്തിപ്പു സഹായത്തിനുമായി റിവോൾവിംഗ് ഫണ്ട് ഉൾപ്പെടെയുള്ള സഹായം നൽകി.

തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ ക്ലസ്റ്ററുകൾ മുഖേന നഴ്സറികൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള നഴ്സറികൾക്കുള്ള റിവോൾവിംഗ് ഫണ്ടും പുതിയ നഴ്സറികൾക്കുള്ള സഹായവും നൽകി മുൻസിപ്പാലിറ്റികളിലും വിത്തുല്പാദനത്തിനും വിതരണത്തിനും ചെറിയ നഴ്സറികൾ സ്ഥാപിക്കുന്നതിനും പോളി ഹൗസുകൾ, റെയിൻ ഷെൽറ്ററുകൾ എന്നിവയ്ക്കുമായി തുക നൽകുകയുണ്ടായി.

നാളികേര വികസനം

തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിളകൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റു വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്. തെങ്ങിന്റെ കാറ്റു വീഴ്ച രോഗത്തിന്റെ ആധിക്യം, മോശമായ പരിപാലനം, കായ്ഫലമില്ലാത്തതും പ്രായമേറിയതുമായ തെങ്ങുകൾ എന്നിവ കേരളത്തിലെ നാളികേര ഉല്പാദനക്ഷമത മറ്റ് സമീപ സംസ്ഥാനങ്ങളെക്കാൾ കുറയുന്നതിന് കാരണമായി.

ജില്ലയിൽ നടപ്പിലാക്കിവരുന്ന നാളികേര വികസന പദ്ധതി 2014-15-ൽ പുനസംഘടിപ്പിച്ചിട്ടുണ്ട്.തേങ്ങയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സംയോജിത കീടരോഗനിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കൽ, തൊഴിലവസരം ഉറപ്പാക്കൽ മുതലായ പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടത്. ലൈം, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ പ്രയോഗം ഉറപ്പുവരുത്തിയിരുന്നു. 2016-17-ൽ ഈ പദ്ധതിക്കായി 248.12 ലക്ഷം രൂപ ചെലവഴിച്ചു. സംയോജിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, ജൈവ വളപ്രയോഗം, വിളവെടുപ്പ് യന്ത്രങ്ങൾ, നഴ്സറികൾ, ജലസേചന സൗകര്യങ്ങൾ മുതലായ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

കാർഷികവിജ്ഞാനവ്യാപനവും വാർത്താവിനിമയവും

കാർഷിക വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിൽ കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള പങ്ക് വലുതാണ്. കാർഷിക സമ്പ്രദായം, മൂല്യവർദ്ധന വിപണന സാധ്യത മുതലായവ അനുയോജ്യമായ വിധത്തിൽ ഉപയോഗിച്ച് വിജ്ഞാനവ്യാപനപരിപാടികൾ വിപുലീകരിക്കേണ്ടതാണ്. ഐ.ടി. ഉൾപ്പെടെയുള്ള ഇലക്ട്രോണിക് മാധ്യമങ്ങളുടെ വ്യാപകമായ ഉപയോഗം ഇതിനായി വിനിയോഗിക്കാം. കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ, കാർഷിക വിവരവിനിമയം എന്നീ രണ്ടു പദ്ധതികൾക്കായി 2016-17-ൽ 83.47 ലക്ഷം രൂപ ചിലവഴിച്ചു.

സംസ്ഥാനത്തെ കാർഷിക വിജ്ഞാന വ്യാപന സമ്പ്രദായത്തിന് സാങ്കേതികവും വ്യവസ്ഥാപിതവും സ്ഥാപനപരവുമായ വികസനം മൂലം വളരെ നല്ല നേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കാർഷിക വികസനം ഫലപ്രദമാക്കുന്നത് കാർഷകർ സ്വീകരിക്കുന്ന ശാസ്ത്ര സാങ്കേതിക വിദ്യകളെ ആശ്രയിച്ചായിരിക്കും. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൃഷി സ്ഥലങ്ങൾ സന്ദർശിക്കുന്നതിന് ഊന്നൽ നല്കിക്കൊണ്ടുള്ള ഒരു കാർഷിക വിജ്ഞാന വ്യാപന സമ്പ്രദായം അത്യന്താപേക്ഷിതമാണ്. മേൽത്തട്ടിലുള്ള ശരിയായ ഏകോപനവും ഉല്പാദനമേഖലയിൽ കീഴ്ത്തട്ടിലുള്ള വകുപ്പുകളുടെ സംയോജനവും വഴി ഇടക്കാലത്ത് നടപ്പിലാക്കിയ ആത്മ (ATMA) മാതൃകയിലുള്ള കൃഷിവിജ്ഞാനവ്യപാനം ആത്മ പ്ലസ് എന്ന മാതൃകയായി ഏകോപിപ്പിച്ച് ആവശ്യമായ ഭേദഗതികളോടെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. മണ്ണു പരിശോധന, വിള ആരോഗ്യ പരിപാലനം, കാർഷിക സേവനങ്ങൾ, പരാദ പ്രജനനം തുടങ്ങിയ എല്ലാ സ്കീമുകളുടെയും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് കൃഷി വകുപ്പിൽ വിജ്ഞാന വ്യാപന വിഭാഗം സ്ഥാപിച്ചിട്ടുണ്ട്. ഈ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി കാർഷിക ജൈവവ്യവസ്ഥ യൂണിറ്റ് (എ.യു) അടിസ്ഥാനമാക്കിയുള്ള വിഭവ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും പുനസംഘടിപ്പിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ആത്മ പ്ലസ് മാതൃക ജൈവവ്യവസ്ഥാ യൂണിറ്റ് തലത്തിൽ ഏകോപിപ്പിക്കുന്നതാണ്. കൃഷി വകുപ്പോ, സഹകരണ വകുപ്പോ ആരംഭിച്ച ഒരു കാർഷിക സേവനകേന്ദ്ര (ആഗ്രോ സർവ്വീസ് സെന്റർ) ത്തിന്റെ സേവനം ഓരോ കാർഷിക ജൈവ വ്യവസ്ഥാ യൂണിറ്റിലും ആവശ്യമായ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഇതോടൊപ്പം പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള പരിപാടി പ്രകാരം കൃഷി വകുപ്പ് സഹായം നൽകുകയുണ്ടായി.

സുഗന്ധവ്യഞ്ജനവികസനം

സംസ്ഥാനത്തിന്റെ കാർഷികസമ്പദ്വ്യവസ്ഥയിൽ സുഗന്ധവ്യഞ്ജനവിളകൾക്ക് മുൻനിര സ്ഥാനമാണു

ള്ളത്. വിദേശനാണ്യം നേടിത്തരുന്നതിനുപുറമേ ജൈവസുഗന്ധവിളകൾക്കും മൂല്യവർദ്ധിതസുഗന്ധദ്രവ്യങ്ങൾക്കും മികവുറ്റ പ്രാധാന്യം സംസ്ഥാന കാർഷികസമ്പദ്‌വ്യവസ്ഥയിൽ നിലവിലുണ്ട്. കുറഞ്ഞ ഉത്പാദനക്ഷമത, ഗുണനിലവാരത്തിലുള്ള പോരായ്മ, രോഗങ്ങൾ, ക്ഷുദ്രകീടങ്ങൾ തുടങ്ങിയവ മൂലമുള്ള കൃഷി നഷ്ടവും വിളവെടുപ്പിനു ശേഷമുള്ള നഷ്ടവും വിലയിലെ ഏറ്റക്കുറച്ചിലുകളും കേരളത്തിന്റെ സുഗന്ധവ്യഞ്ജനങ്ങളുടെ ഉത്പാദനത്തെയും കൃഷിയെയും സാരമായി ബാധിക്കുന്നുണ്ട്. വിദേശനാണ്യ സമ്പാദനത്തിനും കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സുഗന്ധവിളകളുടെ ഉല്പാദനം ഉയർത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

കുരുമുളക് പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായുള്ള വികേന്ദ്രീകൃത കുരുമുളക് നഴ്സറികൾ, പുതിയ കുരുമുളക് തോട്ടങ്ങൾ, നിലവിലുള്ള തോട്ടങ്ങളുടെ പുനരുജ്ജീവനം എന്നിവയ്ക്കായി ജില്ലയിൽ 17.25 ലക്ഷം രൂപ ചെലവഴിച്ചു.

ജൈവകൃഷിയും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യഉത്പാദനവും

ജൈവ കൃഷി നമ്മുടെ സംസ്ഥാനത്ത് സജീവമായിക്കൊണ്ടിരിക്കുന്ന ഒരുമേഖലയാണ്. ജൈവ ഉല്പന്നങ്ങളുടെ കയറ്റുമതി സാധ്യത ലോകമെമ്പാടും വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. വിവിധ വിളകളുടെ ജൈവ കൃഷി, കൃഷി വകുപ്പ്, സർക്കാർ ഇതര സംഘടനകൾ, മറ്റ് ഇടപെടലുകൾ എന്നിവയിലൂടെ സംസ്ഥാനത്ത് പുരോഗമിച്ചു വരികയാണ്. മുൻകാലങ്ങളിൽ ചില ഒറ്റപ്പെട്ട ശ്രമങ്ങൾ ഇതിനായി നടന്നുവെങ്കിലും ജൈവകൃഷിയുടെ വികസനത്തിനായി ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ഒരു നിശ്ചിതമായ ശ്രമം സംസ്ഥാനത്തുണ്ടായിരുന്നില്ല. ജൈവ സർട്ടിഫിക്കേഷനായുള്ള സഹായം, ക്ലസ്റ്ററുകളുടെശക്തിപ്പെടുത്തൽ, ക്ലസ്റ്ററുകൾക്ക് പ്രോത്സാഹന സഹായം, പച്ചിലവളപ്രയോഗം, ജൈവവളങ്ങൾ തയ്യാറാക്കുന്ന മാതൃക യൂണിറ്റുകൾ, പങ്കാളിത്ത ഗ്യരന്റി സർട്ടിഫിക്കേഷൻ (പി.ജി.എസ്) ഉൾപ്പെടെയുള്ള സുരക്ഷിതവും ഭക്ഷ്യ യോഗ്യവുമായ ഭക്ഷ്യഉത്പാദനം എന്നീ ഘടകങ്ങളോടെ ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നത് ജില്ലയിൽ 14.99 ലക്ഷം രൂപ ചെലവഴിച്ചു.

കാർഷിക സേവന കേന്ദ്രങ്ങളും സേവന വിതരണവും

യന്ത്രവത്കരണം, ആത്മ അടിസ്ഥാനത്തിൽ വ്യാപനം, കാലാവസ്ഥാ ഉപദേശ സേവനം, മണ്ണു പരിശോധന, മറ്റു സാങ്കേതിക സഹായങ്ങൾ തുടങ്ങിയവ നൽകുന്നതടക്കമുള്ള സേവനങ്ങളെ സംയോജിപ്പിച്ച് നൽകുന്നതിനാണ് ബ്ലോക്ക് തലത്തിൽ കാർഷിക സേവന കേന്ദ്രങ്ങൾ സാഥാപിച്ചിരിക്കുന്നത്. കർഷകർക്ക് എല്ലാ തരത്തിലുമുള്ള സേവനം ഒരു കേന്ദ്രത്തിൽ നിന്നും നൽകുന്നതിനായി അവരുടെ വിവിധ ആവശ്യങ്ങൾ പ്രധാനമായും കാർഷിക ഉത്പാദനോപാധികൾ, വിപണി, വായ്പാ വിവരങ്ങൾ തുടങ്ങിയവ ഒരു പൊതു സേവന കേന്ദ്രത്തിൻ കീഴിൽ കൊണ്ടുവരികയുണ്ടായി. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് കൃഷി സേവന കേന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കുന്നത്. സാങ്കേതികവിദ്യ കൈമാറ്റത്തിനും സേവനവിതരണത്തിനും വേണ്ട സഹായം ഒന്നാംഘട്ടത്തിൽ ബ്ലോക്കുതലത്തിൽ രൂപീകരിച്ചിട്ടുള്ള കൃഷി സേവന കേന്ദ്രങ്ങൾ നൽകിയിട്ടുണ്ട്. ഇതിലെക്കായി 11.29 ലക്ഷം രൂപ ചെലവഴിച്ചു.

മണ്ണ് ആരോഗ്യപരിപാലനവും ഉത്പാദനക്ഷമത ഉയർത്തലും

കാർഷിക വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന്, മണ്ണിന്റെ ആരോഗ്യം ഉയർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. 2010-11-ൽ ആരംഭിച്ച കേരള സോയിൽ ഫെർട്ടിലിറ്റി ഇനിഷ്യേറ്റീവ് 2013-14-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇത് സോയിൽ ഡാറ്റാബേസുമായി സംയോജിപ്പിച്ച് കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്. മണ്ണു പരിശോധനാഫലങ്ങളുപയോഗിച്ച് വിളകളുടെ ഉല്പാദനക്ഷമത ഉയർത്തുന്നതിന് മണ്ണു പരിശോധനാ സേവനത്തെ അവലോകനം ചെയ്യേണ്ടതുണ്ട്. സൂക്ഷ്മമൂലകങ്ങളുടെ പ്രദർശനം ഉൾപ്പെടെ സമഗ്ര മണ്ണ് പരിശോധന നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകളെ ദത്തെടുക്കുന്ന പ്രവർത്തനം കൂടുതൽ ഗ്രാമപഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കണം. ഈ പഞ്ചായത്തുകളിൽ മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ വിജ്ഞാപനം നടപ്പിലാക്കുന്നതാണ്.

ഹൈടെക് അഗ്രിക്കൾച്ചർ

വർഷം മുഴുവൻ പച്ചക്കറി കൃഷി നടത്തുന്നതിനായി ചെലവു കുറഞ്ഞ പോളി ഹൗസ് സാങ്കേതിക വിദ്യ സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കി വരുന്നുണ്ട്. 2012-13 ൽ ഇതിനായി ഒരു ബൃഹത് പ്രൊജക്ട് ഏറ്റെടുത്തു. വ്യത്യസ്ത കാലാവസ്ഥാസാഹചര്യങ്ങളുമായി യോജിച്ചു പോകുന്ന തരത്തിൽ ഹരിത ഭവനത്തിന്റെ സാങ്കേതികവിദ്യയും ഘടനയും രൂപകല്പന ചെയ്ത് പരിഷ്കരിക്കേണ്ടതുണ്ട്. സസ്യ വളർച്ചയ്ക്കുള്ള പുതിയ വളർച്ചാമാധ്യമങ്ങൾ ക്രമീകരിക്കേണ്ടതും ചെലവ് കുറഞ്ഞ സാങ്കേതികവിദ്യ ഉപയോഗിച്ച് സുഷിരങ്ങളുള്ള പ്ലാസ്റ്റിക് ട്രേകളിൽ നടീൽ വസ്തുക്കളുടെ വളർച്ച ത്വരിതപ്പെടുത്തുന്ന നവീകരിച്ച സങ്കേതങ്ങൾ ഉപയോഗിക്കേണ്ടതും അത്യാവശ്യമാണ്. സാങ്കേതികവിദ്യ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് ബോധവൽക്കരണവും കാര്യക്ഷമത വർദ്ധിപ്പിക്കലും അത്യന്താപേക്ഷിതമാണ്.

വിള ആരോഗ്യപരിപാലനം

സുസ്ഥിര കാർഷിക വികസനത്തിന് കീടരോഗ പരിപാലനതന്ത്രങ്ങൾ ഒരു പ്രധാന ഘടകമാണ്. സംയോജിത കീടരോഗ പരിപാലനത്തിന്റെ മെച്ചപ്പെടുത്തൽ, വിള ആരോഗ്യപരിപാലനത്തിന് വഴി തെളിയിക്കുന്നതാണ്. വിള ആരോഗ്യപരിപാലനം എന്ന പുതിയ സമീപനം നല്ല സസ്യസംരക്ഷണ പ്രവർത്തനങ്ങളിൽ കൂടി സുസ്ഥിര ജൈവവ്യവസ്ഥയും ജനങ്ങളുടെ ആരോഗ്യവും സംരക്ഷിക്കുന്നതിന് ഉതകുന്നതാണ്. 2013-14

ൽ ഏറ്റെടുത്തിട്ടുള്ള കീടരോഗ നിരീക്ഷണപദ്ധതി ശക്തിപ്പെടുത്തേണ്ടതുണ്ട്. ഉപദേശക സംവിധാനത്തിലൂടെ കർഷകർക്ക് കീട നിരീക്ഷണത്തിനും മറ്റുമുള്ള ഉപദേശങ്ങൾ കൃത്യമായി ലഭ്യമാക്കുകയും വേണം.

വിപണനം, സംഭരണം, സൂക്ഷിക്കലും വിതരണവും

2016-17 വാർഷിക പദ്ധതിയിൽ കാർഷിക വിപണനം, ഗുണനിലവാരം നിർണ്ണയിക്കൽ, കർഷക ക്ഷേമം തുടങ്ങിയ 5 കാർഷിക പരിപാടികൾക്കായി 47.25 കോടി രൂപ വകയിരുത്തിയിരുന്നു.

മൂല്യവർദ്ധന

കേരള സമ്പദ്വ്യവസ്ഥയിൽ ഉദിച്ച് വരുന്ന രണ്ട് പുതിയ മേഖലകൾ ആണ് മൂല്യവർദ്ധനവും അഗ്രോ പ്രോസ്സസ്സിംഗും. വരുമാനവർദ്ധനവിലും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിലും മേൽപ്പറഞ്ഞ മേഖലകൾ ഉണ്ടാക്കുന്ന സാമൂഹിക സാമ്പത്തിക ചലനങ്ങൾ കണക്കിലെടുക്കുമ്പോൾ നിലവിൽ മൂല്യവർദ്ധന മേഖലയ്ക്ക് വൻ വളർച്ചയ്ക്കുള്ള സാഹചര്യം ഉണ്ടെങ്കിലും ആവശ്യമായ സംരംഭങ്ങളുടെ എണ്ണത്തിലുള്ള അപര്യാപ്തത പ്രയാസം സൃഷ്ടിക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ പുനസംഘടിപ്പിച്ചതിന്റെ ഭാഗമായി പദ്ധതികളുടെ എണ്ണം കുറയ്ക്കുകയും അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിനും അവ നടപ്പിലാക്കുന്നതിനും സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം നൽകിക്കൊണ്ട് സംയോജിത പദ്ധതി എന്ന ഒരു പുതിയ ആശയത്തിന് രൂപം നൽകുകയുണ്ടായി. കേന്ദ്രബജറ്റിൽ ഇതിനായുള്ള വിഹിതം സുതാര്യമാനദണ്ഡ പ്രകാരം വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് കൂടുതൽ സുഗമമാക്കുന്നതിനായി കാർഷിക മേഖലയിലെ എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളും ഈ സംയോജിത പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഹോർട്ടികൾച്ചർ വികസനത്തിനായുള്ള മിഷൻ (എം.ഐ.ഡി.എച്ച്). രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) പ്രധാൻ മന്ത്രി കൃഷി സിഞ്ജയ് യോജന (പി.എം.കെ.എസ്.വൈ) കേന്ദ്ര സഹായത്തോടെയുള്ള വിള ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു.

ദേശീയ ബയോഗ്യാസ് വികസന പരിപാടി (100% കേന്ദ്ര വിഹിതം)

സാധാരണ ബയോഗ്യാസ് പ്ലാന്റും സാനിറ്ററി ടോയ്‌ലറ്റ് പ്ലാന്റും സ്ഥാപിക്കുന്നതിനും നിർമ്മാണ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് പരിശീലനവും ഗുണഭോക്താവിനും മറ്റ് ടേൺകീ ഏജന്റുമാർക്കും സാമ്പത്തിക സഹായവും ഈ പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരിക്കുന്നു. ഒരു പ്ലാന്റിന്റെ സബ്സിഡി നിരക്ക് നിലവിൽ ജനറൽ വിഭാഗത്തിന് 8000/- രൂപയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് 10000/- രൂപയുമാണ്.

കാർഷിക മേഖലയിൽ സംസ്ഥാന സർക്കാരിന്റെ പ്രധാനപ്പെട്ട നേട്ടങ്ങളിലൊന്ന് വിള ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കാൻ കഴിഞ്ഞു എന്നതാണ്. 1995 മുതൽ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന വിള ഇൻഷ്വറൻസ് പദ്ധതി 21 വർഷങ്ങൾക്കു ശേഷമാണ് നഷ്ടപരിഹാരത്തുക ഉയർത്തിക്കൊണ്ട് പരിഷ്കരിച്ച് ഉത്തരവായത്. കർഷകർക്ക് അവരുടെ നഷ്ടത്തിന് ആനുപാതികമായ നിരക്കിൽ നഷ്ടപരിഹാരത്തുക ഇതുവരെ ലഭിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ നിലവിലുണ്ടായിരുന്ന നഷ്ടപരിഹാരത്തുക വിവിധ സൂചികകളെ അടിസ്ഥാനമാക്കി ആനുപാതികമായി ഉയർത്തി. 1995 മുതൽ നിലവിലുണ്ടായിരുന്ന പ്രീമിയം തുക പ്രധാന വിളകളായ തെങ്ങ്, നെല്ല്, പച്ചക്കറി എന്നിവയ്ക്ക് അതേപടി നിലനിർത്തുകയും മറ്റുള്ളവയ്ക്ക് 50% ഉയർത്തുകയും ചെയ്തുകൊണ്ട് സംസ്ഥാനത്തെ പ്രധാനപ്പെട്ട മുഴുവൻ വിളകളെയും ഉൾപ്പെടുത്തി വിള ഇൻഷ്വറൻസ് 2017 മാർച്ച് മുതൽ പുനരാവിഷ്കരിച്ചു.

വിളകൾ

തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ (ഏത്തൻ, ഞാലിപ്പൂവൻ, കപ്പ, മറ്റിനങ്ങൾ), മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്), കരിമ്പ്, പുകയില, നെല്ല് എന്നീ വിളകൾക്കാണ് വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത്.

പട്ടിക 4.1.1.13: കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2016-17 വർഷം സംസ്ഥാന ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ

ക്രമ നം.	പദ്ധതി	തുക (ലക്ഷത്തിൽ)
1	നടീൽ വസ്തുക്കളുടെ ഉൽപ്പാദനം(ഫാമുകൾക്ക് നൽകിയ തുക	6.69
2	കേരസമൃദ്ധി	2
3	സങ്കരയിനം തൈകളുടെ ഉൽപ്പാദനം	1.95
4	വേര് പിടിപ്പിച്ച കുരുമുളക് വള്ളികളുടെ ഉൽപ്പാദനം	4
5	നെൽകൃഷി വികസനം (2000 ഹെക്ടർ)	30
6	കരനെൽകൃഷി(100 ഹെക്ടർ)	10
7	പാടശേഖരസമിതികൾക്കുള്ള സഹായം	7.20
8	തരിശ് നിലകൃഷി	12.30
9	പച്ചക്കറികൃഷി വികസനം	277.16

10	കേരവികസനം	248.12
11	സുഗന്ധവിളകൃഷി	17.35
12	ജൈവകൃഷി	14.99
13	കാർഷിക കർമ്മസേന	20
14	മണ്ണിന്റെ ആരോഗ്യപരിപാലനം	49.40
15	വിള ആരോഗ്യപരിപാലനം	29.26
16	കർഷക പെൻഷൻ	631.75
17	സൗജന്യ വൈദ്യുതി	219.99
18	ഉൽപ്പാദന ബോണസ്(നെൽകൃഷി)	27.89
19	അഗ്രോസർവ്വീസ് സെന്റർ	11.29
	ആകെ	1621.34

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2017

(ഓരോ പദ്ധതിയിലും വിവിധ ഘടകങ്ങൾ ഉൾപ്പെടുന്നു)

പട്ടിക 4.1.1.14: കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2016-17 വർഷം കേന്ദ്ര ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ

ക്രമ നം.	പദ്ധതി	തുക(ലക്ഷത്തിൽ)
1	ബയോഗ്യാസ്	13.58
2	സോയിൽ ഹെൽത്ത് കാർഡ്	1.99
3	പി.എം.കെ.എസ്.വൈ	9.22
4	ആത്മപദ്ധതികൾ	83.47
5	എസ്.എച്ച്.എം/എൻ.എച്ച്.എം.	132.03
	ആകെ	240.29

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2017
(ഓരോ പദ്ധതിയിലും വിവിധ ഘടകങ്ങൾ ഉൾപ്പെടുന്നു)

കാർഷിക വികസനപദ്ധതികൾ നടപ്പിലാക്കുന്ന രീതി

ജില്ലയിലെ കൃഷിഭവനോടനുബന്ധിച്ച് പ്രവർത്തിച്ച് വരുന്ന കാർഷിക വികസനസമിതികൾ, ജില്ലാ വികസനസമിതി, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ബോർഡുകൾ, ഗ്രൂപ്പ് ഫാമിംങ് സമിതികൾ, കേരക്ലസ്റ്ററുകൾ, എന്നീ വേദികളിൽ ചർച്ച ചെയ്ത് ആവശ്യമായ പ്രചരണം നൽകി കർഷകരിൽനിന്നും അപേക്ഷ വാങ്ങിയാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. അർഹമായ ഗുഭോക്താക്കൾക്കുള്ള ആനുകൂല്യം ഇ-പെയ്മെന്റുവഴിയാണ് കർഷകരിൽ എത്തിക്കുന്നത്.

നേട്ടങ്ങൾ

- കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തി വിത്തും നടീൽ വസ്തുക്കളും വിതരണം ചെയ്യാൻ സാധിക്കുന്നു.
- നെൽകൃഷിക്ക് ആവശ്യമായ ഉൽപ്പാദനോപാധികൾ, കൂലിച്ചെലവ്, ഉൽപ്പാദകബോണസ് മുതലായവ നൽകാൻ സാധിക്കുന്നു.
- കർഷകർക്ക് വൈദ്യുതിസൗജന്യം, കർഷക പെൻഷൻ എന്നിവ നൽകുന്നു
- കേരഗ്രാമം പോലുള്ള പദ്ധതികൾ വഴി കേരകർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ അനവധിയാണ്.
- പച്ചക്കറി, നെൽകൃഷി എന്നിവ വിപുലപ്പെടുത്തുന്നതിന് സാധിച്ചു. ജൈവ കാർഷിക മുറയിൽ ഉൽപാദിപ്പിച്ച ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിൽ സാരമായ വർദ്ധന ഉണ്ടായി.
- കൃഷിയോടുള്ള യുവജനങ്ങളുടെയും, വിദ്യാർത്ഥികളുടെയും വനിതകളുടെയും ആഭിമുഖ്യം വർദ്ധിപ്പിക്കാൻ കഴിഞ്ഞു.
- നൂതന കൃഷി രീതികൾ പ്രചരിപ്പിയ്ക്കുന്നതിന് സാധിച്ചു

കോട്ടങ്ങൾ

- നടീൽ വസ്തുക്കൾ സമയത്ത് നൽകുവാൻ പലപ്പോഴും കഴിയുന്നില്ല.
- കർഷകർക്ക് ആവശ്യമായ ഇനം നടീൽ വസ്തുക്കൾ ആവശ്യമായ അളവിൽ പലപ്പോഴും ലഭ്യമാകുന്നില്ല.
- കാർഷിക സർവ്വകലാശാലയും മറ്റ് ഏജൻസികളും ഹൈബ്രിഡ് ഇനങ്ങൾ ആവശ്യാനുസരണം വിൽപ്പന നടത്തുന്നില്ല.
- പുതിയ ഇനങ്ങൾ കർഷകർക്കിടയിൽ പ്രചരിപ്പിക്കുന്നതിനും വ്യാപകമാക്കുന്നതിനും പദ്ധതികൾ നിലവിലില്ല.
- അഗ്രോ സർവ്വീസ് സെന്റർ നിലവിലുള്ള ബൈലോ കാലാനുസൃതമായി പുതുക്കിയിട്ടില്ല.
- ഗുണനിലവാരമില്ലാത്ത ജൈവവളങ്ങൾ തടയുന്നതിനുള്ള നടപടികൾ ശക്തമല്ല.
- ജൈവജില്ലയായ കാസറഗോഡ് ജൈവ നിയന്ത്രണ

ഉപാധികൾ ആവശ്യത്തിന് ലഭ്യമല്ല.

- അഗ്രോ സർവ്വീസ് സെന്റർ/കർഷക സേനാംഗങ്ങൾ എന്നിവർക്ക് ആവശ്യമായ പരിശീലനം ലഭിച്ചിട്ടില്ല.
- പല കാർഷികവിളകൾക്കും നൽകുന്ന സഹായധനം കുറവാണ്.

നിർദ്ദേശങ്ങൾ

1. വാട്ടർഷെഡ് അടിസ്ഥാനത്തിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ, വികസനപദ്ധതികൾ എന്നിവ നടപ്പിലാക്കണം- (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേന്ദ്രസംസ്ഥാന ഗവ:പദ്ധതികൾ).
2. ഗ്രൂപ്പ് ഫാമിംഗ്/കൂട്ടുകൃഷി പ്രോൽസാഹിപ്പിക്കണം (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന ഗവ:പദ്ധതികൾ)
3. ലേബർബാങ്കുകൾ രൂപീകരിക്കണം (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന ഗവ:പദ്ധതികൾ)
4. കാർഷിക കർമ്മസേനകൾ, വിപണനകേന്ദ്രങ്ങൾ ഇക്കോഷോപ്പുകൾ എന്നിവ ശക്തിപ്പെടുത്തണം, വ്യാപിപ്പിക്കണം (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന ഗവ:പദ്ധതികൾ).
5. ജൈവ കാർഷിക രീതികൾ/ സുരക്ഷിത ഉൽപ്പന്നങ്ങൾ- ഉയർന്നവിലയും പരിഗണനയും (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന ഗവ:പദ്ധതികൾ).
6. യന്ത്രവൽക്കരണം ത്വരിതപ്പെടുത്തണം (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന ഗവ. പദ്ധതികൾ).
7. വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കണം. ഗുണമേന്മയുള്ള വിത്ത്, തൈകൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കണം (സംസ്ഥാന ഗവൺമെന്റ്).
8. സംഭരണം, സംസ്ക്കരണം, മൂല്യവർദ്ധിതഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് കൂടുതൽ ശ്രദ്ധ പതിപ്പിക്കണം (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന ഗവ:പദ്ധതികൾ).
9. ഗവേഷണഫലങ്ങൾ ഫലപ്രദമായി കൃഷിയിടങ്ങളിൽ നടപ്പിലാക്കണം (ബന്ധപ്പെട്ട വകുപ്പുകൾ ഗവേഷണസ്ഥാപനങ്ങൾ)
10. വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം (തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, സംസ്ഥാന ഗവൺമെന്റ്).
11. ജൈവ ജില്ല- പാക്കേജ് ഓഫ് പ്രാക്ടീസസ് നടപ്പാക്കൽ (കാർഷിക സർവ്വകലാശാല/സംസ്ഥാന ഗവൺമെന്റ്)

മേൽത്തട്ട് നിർദ്ദേശങ്ങൾ

❖ താലൂക്ക് തലത്തിൽ കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ

കാർഷിക ഗവേഷണ ഫലങ്ങളുടെ പ്രാദേശികമായ അനുയോജ്യത പരീക്ഷിക്കുന്നതിനും പ്രദർശനത്തോട്ടങ്ങൾ തയാറാക്കുന്നതിനും കർഷകർക്ക് കൃഷി അറിവും പ്രായോഗിക പരശീലനവും നൽകുന്നതിനും താലൂക്ക് തലത്തിൽ കൃഷിവിജ്ഞാന കേന്ദ്രങ്ങൾ അനുവദിക്കണം.

❖ ജില്ലാ കൃഷിത്തോട്ടം സ്ഥാപിക്കൽ

ജില്ലയിൽ നിലവിൽ രണ്ട് സർക്കാർ ഫാമുകളും പ്രൊജനി ഓർച്ചാഡും ഉണ്ടെങ്കിലും കർഷകരുടെ വിത്ത്, നടീൽ വസ്തുക്കളുടെ ആവശ്യകത പൂർണ്ണമായും നിറവേറ്റാൻ സാധിക്കുന്നില്ല. മാത്രവുമല്ല ജില്ലയിലെ തനതുവിളകളുടെ ജനിതകദ്രവ്യം സംരക്ഷിക്കുന്നതിനുള്ള സംവിധാനവും അപൂർണ്ണമാണ്. ഫലവർഗ്ഗങ്ങൾ, ധാന്യവിളകൾ, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറി, വാഴ തുടങ്ങി ജില്ലയിലെ പ്രധാന വിളകളുടെയെല്ലാം ജനിതക ശേഖരം നിലനിർത്തേണ്ടതാവശ്യമാണ്. ഇതിന് ജില്ലാ കൃഷിത്തോട്ടം സ്ഥാപിക്കേണ്ടത് അനിവാര്യമാണ്.

❖ ജൈവ കൃഷിക്ക് പ്രത്യേക പാക്കേജ് പ്രോഗ്രാമും പാക്കേജ് ഓഫ് പ്രാക്ടീസസും

2010-ൽ സംസ്ഥാനത്താദ്യമായി കാസറഗോഡ് ജില്ലയിൽ ജൈവ കാർഷിക നയം നടപ്പിലാക്കുകയും തുടർന്നിങ്ങോട്ട് വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. പൂർണ്ണ ജൈവകൃഷിയെന്ന ലക്ഷ്യം സാക്ഷാത്കരിക്കണമെങ്കിൽ ഇനിയും കുറേയേറെ മുന്നോട്ട് പോകേണ്ടതുണ്ട്. ജൈവ സർട്ടിഫിക്കേഷൻ, ജൈവ ഉല്പാദനോപാധികളിൽ സ്വയം പര്യാപ്തത എന്നീ ലക്ഷ്യങ്ങൾ കൈവരിക്കണമെങ്കിൽ ജില്ലക്കായി സമ്പൂർണ്ണ ജൈവകൃഷി പാക്കേജ് തയ്യാറാക്കേണ്ടതുണ്ട്. ജില്ലക്കായി പ്രത്യേകം ജൈവ പാക്കേജ് ഓഫ് പ്രാക്ടീസസും ഉണ്ടാകണം.

❖ ജില്ലാ ബയോകൺട്രോൾ ലാബ്.

ട്രൈക്കോകാർഡ്, ട്രൈക്കോഡർമ, സ്യൂഡോമൊണാസ്, മെറ്റാറൈസിയം, ബ്യൂവേറിയ തുടങ്ങിയ ജൈവ കീടരോഗ നിയന്ത്രണോപാധികൾ ഉല്പാദിപ്പിക്കുന്നതിനുള്ള സൗകര്യം ജില്ലയ്ക്ക് അത്യാവശ്യമാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- നിലവിലുള്ള ബയോഫാർമസിയുടെ തിട്ടപ്പെടുത്തൽ, കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ, പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് തുടങ്ങിയവ അനുവദിക്കണം. ഇതോടനുബന്ധിച്ച് ബയോഫാർമസി രൂപീകരിക്കുന്നത് ജൈവ ഉല്പന്നങ്ങളുടെ വിപണനവും, ലഭ്യതയും ഉറപ്പുവരുത്തുന്നതിന് സഹായകമാകും.
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കാർഷിക മേഖലയ്ക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ അഴിച്ചുപണി ആവശ്യമാണ്. കാർഷിക മേഖലയിലെ തൊഴിലാളിക്ഷാമം കുറക്കുന്നതിന് തൊഴിലുറപ്പ് തൊഴിലാളികളുടെ നിർദ്ദിഷ്ട തൊഴിൽ ദിനങ്ങൾ (കുറഞ്ഞത് 10 തൊഴിൽ ദിനമെങ്കിലും) കാർഷിക പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കാനുള്ള പൊളിച്ചെഴുത്ത് ആവശ്യമാണ്.
- ബ്ലോക്ക് തലത്തിൽ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ
- തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കൽ

പദ്ധതികളുടെ സംയോജന സാധ്യതകൾ

- നെൽകൃഷി- സുസ്ഥിര നെൽകൃഷി വികസനം-ഉല്പാദനബോണസ്-ആർ.കെ.വി.വൈ-തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പ്ലാൻഫണ്ട്-പി.എം.കെ.എസ്.വൈ-ആത്മ കേന്ദ്ര സംസ്ഥാന ഗവൺമെന്റ് കളുടെ വിള ഇൻഷുറൻസ്- കാർഷിക കർമ്മസേന- കുടുംബശ്രി-സംഭരണ ഏജൻസികൾ.
- പച്ചക്കറി കൃഷി- പച്ചക്കറികൃഷി വികസന പദ്ധതി -ആർ.കെ.വി.വൈ- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് പി.എം.കെ.എസ്.വൈ-ആത്മ-വിള ഇൻഷ്വറൻസ് കാർഷികകർമ്മസേന-കുടുംബശ്രീ- എസ്.വൈ.എം
- തെങ്ങ് കൃഷി- കേരശ്രീ-കേരഗ്രാമം-സി.ഡി.വി.ഫണ്ട്- കാർഷിക വിള ഇൻഷ്വറൻസ്- ആർ.കെ.വി.വൈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻഫണ്ട് പി.എം.കെ.എസ്.വൈ- ആത്മ കാർഷികകർമ്മസേന-കുടുംബശ്രീ.
- വാഴക്കൃഷി- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്- എസ്.എച്ച്.എം- ആത്മ-വിള ഇൻഷ്വറൻസ്- കാർഷിക കർമ്മസേന -കുടുംബശ്രി.
- സുഗന്ധവിളകൾ- സംസ്ഥാന ഗവൺമെന്റിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പ്ലാൻ ഫണ്ട്- എസ്.എച്ച്.എം-ആർ.കെ.വി.വൈ -വിള ഇൻഷ്വറൻസ്.
- ഫലവർഗ്ഗ വിളകൾ- എസ്.എച്ച്.എം- തദ്ദേശസ്വയംഭരണ സ്ഥപനങ്ങളുടെ പ്ലാൻ ഫണ്ട്- വിള ഇൻഷ്വറൻസ്

സ്ഥലപരാസൂത്രണം

- ഇടവിളകൃഷി
- സമ്മിശ്ര കൃഷി
- സംയോജിത കൃഷി
- ബഹുതല കൃഷി
- ലംബമാനകൃഷി
- പൊതുസ്ഥലങ്ങളുടെ ഉപയോഗം

തുടങ്ങിയവ സ്വീകരിക്കുന്നത് സ്ഥലപരിമിതി പരിഹരിക്കുന്നതിന് ഒരുപരിധിവരെ സഹായകമാകും

നൂതന സാങ്കേതിക വിദ്യകൾ

- ഓപ്പൻ പ്രിസിഷൻ ഫാമിംങ്
- മഴമറകൾ
- പോളിഹൗസുകൾ
- കണിക/സൂക്ഷ്മ ജലസേചനം
- അക്വപോണിക്സ്
- ഹൈഡ്രോപോണിക്സ്
- സുരക്ഷിത കൃഷി

മുകളിൽ പറഞ്ഞിരിക്കുന്ന കൃഷി രീതികൾ അവലംബിച്ചു കൊണ്ട് കൃഷിച്ചെലവ് കുറച്ച് ഉൽപാദന വർദ്ധനവ്, രാസവളം, കീടനാശിനി എന്നിവയുടെ മിതമായ ഉപയോഗം, ജലത്തിന്റെ കുറഞ്ഞ വിനിയോഗം എന്നിവ സാധ്യമാക്കാവുന്നതാണ്.

മണ്ണ്-ജല സംരക്ഷണം

വാട്ടർഷെഡ് അധിഷ്ഠിത വികസന സമീപനം.

ജില്ലയുടെ ഭൂപ്രകൃതി, മഴയുടെ പ്രകൃതം, ഭൂവിനിയോഗം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ മഴവെള്ളത്തെയും മണ്ണിനെയും സംയോജിതമായ രീതിയിൽ സംരക്ഷിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നതിനുള്ള സമീപനം അത്യാവശ്യമാണ്.

ഇതിനായി വാട്ടർഷെഡ് തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പദ്ധതി ആസൂത്രണവും നിർവ്വഹണവും കൂടിയേ തീരൂ, മഴവെള്ളത്തെ പ്രാദേശികാവശ്യങ്ങൾക്ക് ലഭ്യമാക്കുന്നതിനും ജലസ്രോതസ്സുകളിലേക്കുള്ള റീചാർജ്ജിംഗ് ഉറപ്പുവരുത്തുന്നതിനും സഹായിക്കുന്ന പ്രകൃതിയുടെ പകരമില്ലാത്ത ഒരു സംവിധാനമാണിത്. ഭൂഗർഭജല പരിപോഷണത്തിന് സുരക്ഷിതമായ മാർഗ്ഗമാണ് മണ്ണ് നമുക്ക് ലഭ്യമാക്കുന്നത്. എന്നാൽ ജില്ലയിലെ ഭൂമിയുടെ പൊതുവായ ചെരിവ് ഭൂവിനിയോഗ ക്രമങ്ങൾ, മണ്ണിന്റെ രചന, ഘടന എന്നീ ഘടകങ്ങൾ മണ്ണൊലിപ്പിനും വരൾച്ചയ്ക്കും കാർഷികോൽപാദന പാരിസ്ഥിതിക തകർച്ചയ്ക്കും യോജിച്ചനിലയിലാണുള്ളതെന്നതും വളരെ ഗൗരവത്തോടെ കാണേണ്ട വസ്തുതയാണ്.

വാട്ടർഷെഡ് ശോഷണത്തിന്റെ മുഖ്യ ലക്ഷണങ്ങൾ

- കൃഷിഭൂമി മരുവൽക്കരിക്കപ്പെടുന്നു.
- ഭൂമിയുടെ ജലാഗിരണശേഷി നഷ്ടപ്പെടുന്നു.
- ഭൂമിയുടെ ഉൽപാദനക്ഷമത നശിക്കുന്നു.
- ഭൂഗർഭ ജലപോഷണം തടസ്സപ്പെടുന്നു.
- ജലസ്രോതസ്സുകൾ വറ്റിപ്പോകുന്നു.
- പരിസ്ഥിതിഭദ്രത ഇല്ലാതാകുന്നു.
- പ്രാദേശിക സൂക്ഷ്മകാലാവസ്ഥ വ്യതിയാനം.

ഈ പ്രശ്നങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ നിയന്ത്രിക്കപ്പെടുന്നതിന് വാട്ടർഷെഡ് അടിസ്ഥാനത്തിൽ തന്നെ മണ്ണ്, മഴവെള്ളം, സസ്യ സമ്പത്ത് എന്നീ പ്രകൃതി വിഭവങ്ങളുടെ ശരിയായ സംരക്ഷണ വിനിയോഗ പരിപാടികൾ നടപ്പിലാക്കേണ്ടതുണ്ട്. ജില്ലയിലെ നദീതടങ്ങളിലുള്ള മൈക്രോവാട്ടർഷെഡ്ഡുകൾ (300-500 ഹെക്ടർ വരെ) കണ്ടെത്തി ഗ്രാമപഞ്ചായത്തുതലത്തിൽ മൈക്രോ വാട്ടർഷെഡ് മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കണം.

- ജില്ലയിലെ ഓരോ നദിയുടെയും വൃഷ്ടിപ്രദേശം ചെറുനീർത്തടങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ നിശ്ചയിക്കുക.
- ഓരോ ഗ്രാമപഞ്ചായത്തിലും നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കുക.
- നിലവിലുള്ള പാടശേഖരങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്ന തരത്തിൽ നെൽകൃഷി പ്രോൽസാഹിപ്പിക്കുക.
- കൃഷിയോഗ്യമായ മറ്റ് തരിശു ഭൂമി പൂർണ്ണമായും കൃഷി ചെയ്യുന്നതിന് ആവശ്യമായ മണ്ണ് ജലസംര

ക്ഷണ പ്രവർത്തനങ്ങൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുക.

- 13-ാം പദ്ധതിക്കാലത്ത് 7500 ഹെക്ടർ പ്രദേശത്തെ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക.

പ്ലാനിൽ ആവശ്യമായ ഘടകങ്ങൾ

- പ്രകൃതിവിഭവസംരക്ഷണ പ്രവർത്തനങ്ങൾ
- അനുയോജ്യമായ ഉൽപാദന സമ്പ്രദായങ്ങൾ
- പ്രകൃതി വിഭവങ്ങളുടെ ശരിയായ സംരക്ഷണത്തിലൂടെയും വിനിയോഗത്തിലൂടെയും സാഹചര്യങ്ങളെ പ്രയോജനപ്പെടുത്താൻ കഴിയുന്ന ജീവനോപാധി സമ്പ്രദായം
- വാട്ടർഷെഡ് പ്ലാനിന്റെ നിർവ്വഹണം പങ്കാളിത്തപരമാകുന്നതിന് സഹായകരമായ വാട്ടർഷെഡ് സമൂഹത്തെ സംഘടിപ്പിക്കുക (വാട്ടർ ഷെഡ് സഭ, ഉപഭോക്തൃ സംഘങ്ങൾ).

ഒരു പ്രദേശത്തിന്റെ നാനാമുഖമായ വികസനത്തിന് വിവിധങ്ങളായ പദ്ധതികളുടെ സാമ്പത്തിക-സാങ്കേതിക-സാമൂഹിക വിഭവസ്രോതസ്സുകളുടെ സംയോജനം അനിവാര്യമാണ്.

വാട്ടർഷെഡ് മാനേജ്മെന്റ് തത്വങ്ങൾ

- ഭൂക്ഷമതയനുസരിച്ച് ഭൂമിയുടെ ഉപയോഗക്രമം
- മഴയുടെയും വെയിലിന്റെയും കാഠിന്യം കുറയ്ക്കുന്നതിന് മണ്ണിന് സസ്യ-ജൈവ പുതയൊരുക്കുക.
- കുന്നിൻമുകളിൽ നിന്നും താഴേക്ക് എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- അധികജലത്തിന്റെ സുരക്ഷിതമായ നിർഗമനം ഉറപ്പുവരുത്തുക.
- ഭൂജല പരിപോഷണം ഫലപ്രദമാക്കുക.
- വാട്ടർഷെഡ് പ്രദേശത്തെ മുഴുവൻ ജനങ്ങളെയും ഉൾക്കൊണ്ടുള്ള വികസനകാഴ്ചപ്പാട് രൂപീകരിക്കുക
- വാട്ടർഷെഡ് സമൂഹത്തിന്റെ യോജിച്ചുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

കുറഞ്ഞ സമതലപ്രദേശങ്ങളുള്ള ജില്ലയിൽ കാലവർഷംമൂലം ലഭിക്കുന്ന മഴയുടെ ഭൂരിഭാഗവും കുറഞ്ഞ കാലയളവിൽതന്നെ കടലിലെത്തുന്നു. സംസ്ഥാന ശരാശരിയേക്കാൾ മഴ ലഭിക്കുന്ന ജില്ലയിൽ വൻകിട ഇടത്തരം ജലസേചന പദ്ധതികളുടെ അഭാവം, കുറഞ്ഞ മഴ ദിനങ്ങൾ എന്നിവ നീണ്ട വരൾച്ചാക്കാലം സൃഷ്ടിക്കുന്നു. ഇതുമൂലം ഫലഭൂയിഷ്ഠമായ മേൽമണ്ണിന് വലിയതോതിലുള്ള നാശം സംഭവിക്കുന്നു. നിലവിൽ ജില്ലയുടെ ആകെ ഭൂവിസ്തൃതിയുടെ 50 ശതമാനത്തിൽ താഴെ പ്രദേശത്ത് മാത്രമേ ഒരു പരിധിവരെയെങ്കിലും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുള്ളൂ. കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് സമഗ്രമായ ജലമാനേജ്മെന്റ് വളരെ അത്യാവശ്യമാണ്. ജില്ലയിലെ പ്രധാന പുഴകളെ അടിസ്ഥാനമാക്കി മുൻഗണനാടിസ്ഥാനത്തിൽ ജനകീയ പങ്കാളിത്തത്തോടെ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

ജില്ലയിൽ നടപ്പിലാക്കിവരുന്ന വിവിധ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- വനവൽക്കരണം
- തട്ട് തിരിക്കൽ
- കല്ല് കയ്യാല/മണ്ണ് കയ്യാല
- പുൽ വരമ്പുകൾ
- മഴക്കുഴി /റീചാർജ്ജ് കുഴികൾ
- പാടശേഖരങ്ങളുടെ സംരക്ഷണം
- ജൈവവേലി നിർമ്മാണം
- പുതയിടൽ
- നീർചാലുകളുടെ സംരക്ഷണം
- ചെറുതടയണകൾ (ലൂസ് ബോൾഡർ, ബ്രഷ്‌വുഡ് മുലായവ)
- കുളങ്ങളുടെ നിർമ്മാണം
- പള്ളങ്ങളുടെ സംരക്ഷണം
- ബോധവൽക്കരണ പ്രവർത്തനങ്ങൾ
- മണ്ണ് പരിശോധനയും മണ്ണിന്റെ ആരോഗ്യ കാർഡ് തയ്യാറാക്കലും

വാട്ടർഷെഡ് അധിഷ്ഠിത വികസന സമീപനം

ജില്ലയുടെ ഭൂപ്രകൃതി, മഴയുടെ പ്രകൃതം, ഭൂവിനിയോഗം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ മഴവെള്ളത്തെയും മണ്ണിനെയും സംയോജിതമായ രീതിയിൽ സംരക്ഷിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നതിനുള്ള സമീപനം അത്യാവശ്യമാണ്.

തോടുകളുടെ കുറുകെ ചെക്ക് ഡാമുകൾ നിർമ്മിച്ച് വെള്ളം തടഞ്ഞു നിർത്തി ജലസേചനത്തിനായി ഉപയോഗിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുന്നത് മലയോരമേഖല പ്രദേശങ്ങൾക്ക് ഉചിതമായിരിക്കും.

കാറഡുക്ക, മഞ്ചേശ്വരം, പരപ്പ ബ്ലോക്കുകളിൽ കുത്തനെ ചരിഞ്ഞ പ്രദേശങ്ങൾ കൂടുതൽ ഉള്ളതിനാൽ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ പ്രാധാന്യത്തോടെ നിർവഹിക്കണം.

ഏറ്റെടുക്കാവുന്ന പ്രവൃത്തികളുടെ ചില ഉദാഹരണങ്ങൾ

- തടയണ നിർമ്മാണം: വെള്ളത്തിന്റെ ശക്തമായ ഒഴുക്ക് തടസ്സപ്പെടുത്തുന്നതിന് കല്ലടുക്കി ഇരുമ്പ് വല കൊണ്ട് ആവരണം ചെയ്ത് (ഗ്യാബ്യോൺ) തടസ്സങ്ങൾ സൃഷ്ടിക്കൽ.
- വിയർ നിർമ്മാണം: നീരൊഴുക്ക് തടസ്സപ്പെടുത്തി ജലസംഭരണികൾ സാധ്യമാകുന്നതിനുള്ള പ്രദേശങ്ങൾ നിശ്ചയിക്കൽ.
- കോണ്ടൂർ ബണ്ടിംഗ്: വലിയ ചെരിവുള്ള പ്രദേശങ്ങളിൽ ചരിവിനു കുറുകേ കയ്യാല നിർമ്മിക്കാവുന്ന സ്ഥലങ്ങൾ കണ്ടെത്തൽ.
- ബണ്ടുകൾ ശക്തിപ്പെടുത്തൽ: പുല്ല്, മരങ്ങൾ എന്നിവ വച്ചുപിടിപ്പിക്കേണ്ട സ്ഥലങ്ങൾ കണ്ടെത്തൽ.
- ധാരാളം വേരുപടലങ്ങളുള്ള ഗിനി ഗ്രാസ്സ്, രാമച്ചം

മുതലായ പുല്ലുവർഗ്ഗങ്ങളും മരങ്ങളും വച്ചുപിടിപ്പിക്കാവുന്ന സ്ഥലങ്ങൾ നിശ്ചയിക്കൽ.

- നീർച്ചാലുകൾ വൃത്തിയാക്കൽ: മണ്ണ് വീണു മൂടിയ നീർച്ചാലുകളിൽ നീരോഴുക്കിനുള്ള തടസ്സം മാറ്റേണ്ടവയുടെ ലിസ്റ്റ് തയ്യാറാക്കൽ.
- ജൈവവേലി നിർമ്മിതികൾ: വട്ട, ശീമക്കൊന്ന, ശെബാബുകൾ തുടങ്ങിയ ജൈവവളമായി ഉപയോഗിക്കാൻ പറ്റിയ മരങ്ങൾ പുറമ്പോക്കുകളുടെ അതിരുകളിലും നീർച്ചാലുകളുടെ കരകളിലും വെച്ച്പിടിപ്പിക്കൽ.
- ബ്രഷ്‌വുഡ് തടയണ നിർമ്മാണം (പാഴ്ത്തടികൊണ്ടുണ്ടാക്കുന്നവ).
- നീർച്ചാലുകളിൽ, പാഴ്ത്തടികൾ, മരക്കൊമ്പുകൾ ഉപയോഗിച്ച് തടയണ നിർമ്മാണം.

നീർത്തടത്തിൽ ഉൾപ്പെടുന്ന ഭൂമി അവയുടെ ഉടമസ്ഥതയുടെയും ഉപയോഗത്തിന്റെയും അടിസ്ഥാനത്തിൽ മൂന്നായി തരം തിരിച്ച് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതാണ്.

- വ്യക്തികളുടെ കൈവശമുള്ള കൃഷിഭൂമി
- കൃഷിയ്ക്ക് ഉപയുക്തമായതോ, തരിശായി കിടക്കുന്നതോ ആയ പുറമ്പോക്ക് ഭൂമി.
- പൊതു ഉടമസ്ഥതയിലുള്ള നീർച്ചാലുകൾ മുതലായ ജലസ്രോതസുകൾ

വ്യക്തിഗത പദ്ധതികൾ:

- ഭൂമിയിലെ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ
- ബയോമാസ്സിന്റെ അളവ് കൂട്ടുന്നതിനുള്ള പരിപാടികൾ
- ജൈവ വൈവിധ്യം കൂട്ടുന്നതിനുള്ള പദ്ധതികൾ
- നിലവിലെ ജലസ്രോതസ്സുകളായ കുളം, കിണർ മുതലായവ റീചാർജ്ജ് ചെയ്ത് ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ
- ക്ഷീര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള തൊഴുത്ത് തുടങ്ങിയ മൃഗസംരക്ഷണ പരിപാടികൾക്കുള്ള അടിസ്ഥാന സൗകര്യമൊരുക്കൽ.

പി.എം.കെ.എസ്.വൈ-വാട്ടർഷെഡ് പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൻ കീഴിൽ പ്രോജക്ട് സമീപനത്തോടെ നീർത്തട വികസന പ്രവൃത്തികൾ സ്വതന്ത്രമായി ഏറ്റെടുക്കാൻ കഴിയും. ഇത്തരം പ്രവൃത്തികൾ സമഗ്ര നീർത്തട പദ്ധതിയുടെ ഭാഗമായിട്ടല്ലാതെ തനതായി ഏറ്റെടു ക്കാൻ പാടുള്ളതല്ല.

പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ

- കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (ഭൂഗർഭജലസംഭരണികൾ), മൺതടയണകൾ, നില അണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജലക്കൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ;
- നീർത്തടത്തിന്റെ സമഗ്രപരിപാലനത്തിന് ഉതകുന്ന കോണ്ടൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ, കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവൃത്തികൾ.
- സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികൾ, തോടുകൾ/കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നി പ്രവൃത്തികൾ.
- കുളങ്ങളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും ആഴം കൂട്ടൽ ഉൾപ്പെടെ പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം.
- കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും, മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങളടക്കമുള്ള മരം വച്ചു പിടിപ്പിക്കലും വനവൽക്കരണവും വൃക്ഷത്തൈ ഉല്പാദനത്തിനായുള്ള നഴ്സറി രൂപീകരണവും.
- പൊതു ഭൂമിയിലെ ഭൂവികസന പ്രവൃത്തികൾ.

ജല സംരക്ഷണ പ്രവർത്തനങ്ങൾ- തോടുകൾ, കുളങ്ങൾ, കാവുകൾ എന്നിവ സംരക്ഷിക്കൽ. കാസറഗോഡ് ജില്ലയിലെ പ്രത്യേക ജല ഉറവകൾ സംരക്ഷിക്കൽ. വരൾച്ചയെ നേരിടുന്നതിന് കർഷകരെ സജ്ജമാക്കൽ. (പുതയിടൽ, തൊണ്ട് അടുക്കൽ മുതലായവ).

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- മഴ വെള്ളത്തിന്റെ ഫലപ്രദമായ വിനിയോഗം

മഴവെള്ളം സംരക്ഷിക്കുവാനായി മണ്ണിനെ തയ്യാറാക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗങ്ങൾ

- മഴവെള്ള സംഭരണി
- മഴക്കുഴി നിർമ്മാണം
- കിണർ റീചാർജ്
- തടയണകൾ, ചെക്ക്ഡാമുകൾ
- മണ്ണ് കയ്യാല,കല്ലുകയ്യാലകൾ
- രാമച്ചം പോലെയുള്ള പുല്ല് വെച്ച് പിടിപ്പിക്കുക
- തെങ്ങിൻ തടങ്ങളിൽ തൊണ്ടടുക്കുക
- തെങ്ങിന് തടം എടുക്കുക
- കൃഷിയിടങ്ങൾ പുതയിട്ട് സംരക്ഷിക്കുക

മേൽ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഫലപ്രദമായി നടപ്പിലാക്കണം. കാസറഗോഡിന്റെ ഭൂരിഭാഗം കൃഷിയിടങ്ങളും ചെങ്കൽപാറ പൊടിഞ്ഞുള്ള മണ്ണായതിനാൽ അമ്ലത കൂടുതലായി കാണപ്പെടുന്നു. അതിനാൽ കുമ്മായം, ഡോളമൈറ്റ് പോലുള്ള വസ്തുക്കൾ മുതലായവ ചേർത്തശേഷം മാത്രമേ കൃഷി ചെയ്യാവൂ. തുടർച്ചയായി ജൈവകൃഷി അനുവർത്തിക്കുന്ന സ്ഥലങ്ങളിൽ മണ്ണിലെ ജൈവകാർബൺ ഒന്നിൽ താഴെയായിരുന്നത് മൂന്ന് വരെയായി ഉയർത്തുവാൻ സാധിച്ചിട്ടുണ്ട്.

പട്ടിക 4.1.1.15 : ജില്ലയിലെ വാട്ടർ ഷെഡ്- അടിസ്ഥാന വിവരങ്ങൾ

ക്രമ നം	നീർത്തട പ്രദേശം	നീർത്തട കോഡ്	ആകെ വിസ്തീർണ്ണം (ഹെക്ടർ)	ചെറുനീർ-ത്തടങ്ങളുടെ എണ്ണം	ശരാശരി വിസ്തീർണ്ണം (ഹെക്ടർ)	മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയ വിസ്തൃതി (ഹെക്ടർ)	മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതിന്റെ വിസ്തൃതി (ഹെക്ടർ)	റിമാർ-ക്സ്
1	**കവ്വായി നീർത്തടം** **തദ്ദേശഭരണസ്ഥാപനങ്ങൾ** ചെറുവത്തൂർ(ഭാഗം), കയ്യൂർ ചീമേനി (ഭാഗം), പിലിക്കോട്, പടന്ന, വലിയ പറമ്പ	36K	8917	23	388	922	7995	
2	**കാര്യങ്കോട് നീർത്തടം** **തദ്ദേശഭരണസ്ഥാപനങ്ങൾ** കിനാനൂർ കരിന്തളം (ഭാഗം), നീലേശ്വരം മുനിസിപ്പാലിറ്റി (ഭാഗം), കയ്യൂർ ചീമേനി (ഭാഗം), ബളാൽ (ഭാഗം), ഈസ്റ്റ് & വെസ്റ്റ് എളേരി	37 K	41169	108	381	23371	17798	
3	**നീലേശ്വരം നീർത്തടം** **തദ്ദേശഭരണസ്ഥാപനങ്ങൾ** കിനാനൂർ കരിന്തളം (ഭാഗം), നീലേശ്വരം മുനിസിപ്പാലിറ്റി (ഭാഗം), മടിക്കൈ (ഭാഗം), ബളാൽ (ഭാഗം)	38N	20438	56	365	10856	9582	
4	**ചിത്താരി നീർത്തടം** **തദ്ദേശഭരണസ്ഥാപനങ്ങൾ** അജാനൂർ, പുല്ലൂർ പെരിയ (ഭാഗം), പള്ളിക്കര (ഭാഗം),	39C	9584	30	320	2100	7484	
5	**ചന്ദ്രഗിരി നീർത്തടം** **തദ്ദേശഭരണസ്ഥാപനങ്ങൾ** പുല്ലൂർ പെരിയ, പള്ളിക്കര ഉദുമ, പനത്തടി, കള്ളാർ, ബേഡഡുക്ക, കുറ്റിക്കോൽ, ദേലംപാടി, കാറഡുക്ക (ഭാഗം),മൂളിയാർ(ഭാഗം), ചെങ്കള (ഭാഗം), ചെമ്മനാട്, മധൂർ (ഭാഗം), മൊഗ്രാൽ പുത്തൂർ (ഭാഗം)	40C	57599	150	384	30151	27448	
6	**മൊഗ്രാൽ നീർത്തടം** **തദ്ദേശഭരണസ്ഥാപനങ്ങൾ** മുളിയാർ (പാർട്ട്), കാറഡുക്ക (പാർട്ട്), ചെങ്കള (പാർട്ട്), മധൂർ (പാർട്ട്), മൊഗ്രാൽ- പുത്തൂർ(പാർട്ട്), ബദിയടുക്ക (പാർട്ട്), പുത്തിഗെ (പാർട്ട്), കുമ്പള (പാർട്ട്)	41 M	11277	30	376	685	10592	

7	**ഷിറിയ നീർത്തടം** **തദ്ദേശഭരണസ്ഥാപനങ്ങൾ** കുമ്പള(പാർട്ട്), പുത്തിഗെ(പാർട്ട്), ബദിയടുക്ക (പാർട്ട്), കുംബഡാജെ, ബെള്ളൂർ, എൻമകജെ, മംഗൽപ്പാടി (പാർട്ട്), പൈവളിഗെ (പാർട്ട്),(എട്ട് എണ്ണം)	42 S	34668.	81	428	22012	12656	
8	**ഉപ്പള നീർത്തടം** **തദ്ദേശഭരണസ്ഥാപനങ്ങൾ** മംഗൽപ്പാടി(പാർട്ട്), പൈവളിഗെ(പാർട്ട്), മീഞ്ച, വോർക്കാടി (പാർട്ട്) (4 എണ്ണം)	43 U	9200	31	297	887	8313	
9	**മഞ്ചേശ്വർ നീർത്തടം** **തദ്ദേശഭരണസ്ഥാപനങ്ങൾ** വൊർക്കാടി	44 M	5081	9	565	1660	3421	
	ആകെ		197933	518		92644	105289	

ജില്ലയിലെ മുഖ്യമണ്ണുകൾ

നിമ്നോന്നത സ്ഥിതി

സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയെ അഞ്ചുമേഖലകളായി തിരിച്ചിരിക്കുന്നു.

1. തീരപ്രദേശം/Lowland : സമുദ്രനിരപ്പിൽ നിന്നും 20 മീറ്റർ വരെ ഉയരത്തിൽ കാണപ്പെടുന്ന, നിരപ്പായതും ചരിവ് കുറഞ്ഞതുമായ പ്രദേശങ്ങൾ. മണൽ തിട്ടകളും വയലുകളും തുരുത്തുകളും അഴിമുഖങ്ങളുമാണ് ഈ മേഖലയിൽ പ്രധാനമായും കാണപ്പെടുന്നത്.
2. ഇടനാട്/ Midland: സമുദ്രനിരപ്പിൽ നിന്നും 20 മീറ്റർ മുതൽ 100 മീറ്റർ വരെ ഉയരത്തിൽ കാണപ്പെടുന്ന കുന്നുകളും വയലുകളും നിറഞ്ഞ പ്രദേശം.
3. ഇടമലനാട്/Mid upland: സമുദ്രനിരപ്പിൽ നിന്നും 100 മീറ്ററിനും 300 മീറ്ററിനും ഇടയിലുള്ള ചെറിയ കുന്നുകളും ഇടുങ്ങിയ വയലുകളും ഉൾപ്പെട്ട പ്രദേശങ്ങൾ.
4. മലനാട് / Upland: സമുദ്രനിരപ്പിൽ നിന്നും 300 മീറ്ററിനു മുകളിൽ 600 മീറ്ററിനുള്ളിൽ കാണപ്പെടുന്ന ചെങ്കുത്തായ കുന്നുകൾ നിറഞ്ഞ മലയോര പ്രദേശം.
5. വനപ്രദേശങ്ങൾ /Highlands: സമുദ്രനിരപ്പിൽ നിന്നും 600 മീറ്ററിന് മുകളിലുള്ള പശ്ചിമഘട്ട മലനിരകൾ.

ഓരോ മേഖലകളിലും കാണപ്പെടുന്ന പ്രധാന മണ്ണിനങ്ങൾ താഴെ പറയുന്നവയാണ്

മേപ്പ് 4.1.1.3: ജില്ലയിലെ പ്രധാന മണ്ണിനങ്ങൾ



മുഖ്യമണ്ണുകൾ

1. തീരപ്രദേശം I

(സമുദ്രനിരപ്പിൽ നിന്നും 20 മീറ്റർ വരെ ഉയരം) (LLI)

നിരപ്പായതും ചരിവ് കുറഞ്ഞതുമായ തീരപ്രദേശങ്ങൾ (3% വരെ ചരിവ്)

a) **മുഖ്യമണ്ണുശ്രേണി** – തീരദേശ മണ്ണ് (Coastal Alluvium) തീരപ്രദേശ എക്കൽമണ്ണുകൾ

ഹോസ്ദുർഗ്ഗ് ശ്രേണി – തീരദേശ നിക്ഷേപങ്ങളിൽ നിന്നും രൂപാന്തരപ്പെട്ട, നല്ല ആഴമുള്ളതും (> 150 cm) മിതമായ നീർവാർച്ചയുള്ളതുമായ എക്കൽ മണ്ണുകൾ തവിട്ടും മഞ്ഞയും കലർന്ന നിറങ്ങളിൽ കാണപ്പെടുന്നു. മണൽ (Sand) രാശി,. ഫലപുഷ്ഠി കുറവ്, ജൈവാംശവും സസ്യാഹാര മൂലകങ്ങളും വളരെ കുറവ്. ഉയർന്ന ജലനിരപ്പുണ്ടെങ്കിലും ഈർപ്പം നിലനിർത്താനുള്ള കഴിവ് വളരെകുറവ്.

b) **ന്യൂന മണ്ണുശ്രേണി (Minor Soil)**

നീലേശ്വരം ശ്രേണി– നല്ല ആഴമുള്ളതും മിതമായ നീർവാർച്ചയുള്ളതുമായ എക്കൽ മണ്ണുകൾ, തവിട്ടു നിറത്തിലും ചുവപ്പു കലർന്ന മഞ്ഞനിറത്തിലും കാണപ്പെടുന്നു. മണൽ, പശിമരാശി എന്നീ രാശികളിൽ കാണപ്പെടുന്നു. മൊഗ്രാൽപുത്തൂർ, കുമ്പള, വലിയപറമ്പ, പടന്ന, ചെറുവത്തൂർ, അജാനൂർ, പള്ളിക്കര, ഉദുമ, ചെമ്മനാട്, മംഗൽപ്പാടി, മഞ്ചേശ്വരം എന്നീ ഗ്രാമപഞ്ചായത്തുകളിലും കാസർഗോഡ്, കാഞ്ഞങ്ങാട്, നീലേശ്വരം മുനിസിപ്പാലിറ്റികളിലും കാണപ്പെടുന്നു.

സമുദ്രതീരത്തോട് ചേർന്നു കിടക്കുന്ന ഈ മണ്ണിൽ 80 ശതമാനത്തിന് മുകളിൽ മണലിന്റെ അംശമാണ്. ഫലപുഷ്ടി ഏറ്റവും കുറവ്. ജൈവാംശവും സസ്യാഹാര മൂലകങ്ങളും വളരെ കുറവ്. ഉയർന്ന ജലനിരപ്പ് ഈ മണ്ണിന്റെ പ്രത്യേകതയാണെങ്കിലും ഈർപ്പം നിലനിർത്താനുള്ള കഴിവ് വളരെ കുറവ്.

നിലവിലുള്ള വിളകൾ – നെല്ല്, തെങ്ങ്, പച്ചക്കറികൾ

അനുയോജ്യമായ വിളകൾ – നെല്ല്, തെങ്ങ്, മധുരക്കിഴങ്ങ്, പച്ചക്കറികൾ, വാഴ, പുകയില, കവുങ്ങ് തുടങ്ങിയവ.

2. ഇടനാട് / Midland (20 മീ. to 100 മീ. ഉയരം)

ഇടനാടിനെ ഭൂപ്രദേശത്തിന്റെ പ്രത്യേകതയും ചരിവും കണക്കിലെടുത്ത് നാലായി വിഭജിച്ചിരിക്കുന്നു.

i MLI / ഇടനാട് I

ചരിവ് കുറഞ്ഞതു മുതൽ മിതമായ ചരിവുള്ള (310 % ചരിവ്) ചതുപ്പുകളും വിശാലമായ നെൽപ്പാടങ്ങളും വെട്ട്കല്ല് ആവൃതമായ ചെറിയ കുന്നുകളും ഉൾപ്പെടുന്ന പ്രദേശങ്ങൾ. മുഖ്യമണ്ണിനം (പുഴയോര എക്കൽ മണ്ണ്) (Riverine Alluvial Soil)

a) **മുഖ്യശ്രേണി – അറത്തിൽ ശ്രേണി :**

നല്ല ആഴമുള്ളതും, നല്ല നീർവാർച്ചയുള്ളതുമായ എക്കൽ മണ്ണുകൾ തവിട്ടും ചുവപ്പും കലർന്ന നിറത്തിലും ലോമി മണൽ (Loamy Sand), മണൽ കലർന്ന കളിമണ്ണ് എന്നീ രാശികളിലും കാണപ്പെടുന്നു. ഈ മണ്ണുകൾ അമ്ലസ്വഭാവത്തോടുകൂടിയവയും താരതമ്യേന കുറഞ്ഞ ജൈവാംശവും ഫലഭൂയിഷ്ടിയും ഉള്ളവയാണ്. പുഴയോരങ്ങളിലും അതിനോട് ബന്ധപ്പെട്ട സമതല പ്രദേശത്തും കണ്ടുവരുന്നു.

b) **ന്യൂന മണ്ണ് ശ്രേണി**

1) **കുഡ്ലു ശ്രേണി**

നല്ല ആഴമുള്ളതും മിതമായ നീർവാർച്ചയുള്ളതുമായ എക്കൽമണ്ണ്, തവിട്ടു നിറത്തിലും ചുവപ്പ് കലർന്ന മഞ്ഞ നിറത്തിലും കാണപ്പെടുന്നു. പമശിമരാശി കലർന്ന കളിമണ്ണ്. പൊതുവേ പുഴയോരങ്ങളോട് ചേർന്ന വയൽ പ്രദേശങ്ങൾ ഉൾപ്പെടുന്നു. അമ്ലസ്വഭാവത്തോടു കൂടിയവയും നീർവാർച്ച വളരെ കുറവുള്ളതും ജലസംഭരണശേഷി കൂടിയതുമായ മണ്ണിനമാണിത്. കുറവ് മുതൽ മധ്യമം വരെ ഫലപുഷ്ടി ഉള്ള മണ്ണാണിവ.

C) **ഇടനാട് ശ്രേണി :**

നല്ല ആഴമുള്ള മിതമായ നീർവാർച്ചയുള്ള ചുവപ്പും ചുവപ്പ് കലർന്ന തവിട്ടുനിറത്തിലുള്ള മണ്ണുകൾ പൂഴി കലർന്ന മണ്ണ് (Silly Loam), പൂഴി കലർന്ന കളിമണ്ണ് എന്നീ രാശികളിൽ കാണപ്പെടുന്നു. സാമാന്യം ഫലഭൂയിഷ്ടിയുള്ള മണ്ണാണിവ.

ii) **M-L I-I (ഇടനാട് –II)**

3.5% ചരിവുള്ളതും (ചരിവു കുറഞ്ഞതുമുതൽ ചരിവു കൂടിയതുമായ പ്രദേശങ്ങൾ) വയലേലകളും വെട്ടുകല്ല് കുന്നുകളും ഉൾപ്പെട്ട നിന്മോന്നത പ്രദേശങ്ങൾ

മുഖ്യമണ്ണിനം – വെട്ടുകൽ മണ്ണ് (Laterite Soil)

a) **മുഖ്യ മണ്ണുശ്രേണി ഇടനാട് ശ്രേണി**

നല്ല ആഴവും നീർവാർച്ചയുമുള്ള വെട്ടുകല്ലിൽ നിന്നും രൂപാന്തരം പ്രാപിച്ച മണ്ണ്. ചരലിന്റെ അംശമുള്ള പശിമ രാശി, കളിമണ്ണ് എന്നീ രാശികളിൽ മഞ്ഞ കലർന്ന ചുവപ്പ് നിറത്തിലും കടും ചുവപ്പ് നിറത്തിലും കാണപ്പെടുന്നു. പരിചേദികളുടെ അടിഭാഗങ്ങളിൽ ഉരുണ്ട പാരുകല്ലുകൾ (literate Stones) ഉണ്ട് അമ്ല സ്വഭാവത്തോടുകൂടി ഇത്തരം മണ്ണ് കുന്നിൻ ചെരിവുകളിൽ കാണപ്പെടുന്നു. ഇടത്തരം ഫലഭൂയിഷ്ടിയുള്ളതാണ്. മണ്ണൊലിപ്പു സാധ്യത കൂടുതലായി കാണുന്നു.

b) **ന്യൂന മണ്ണ് ശ്രേണി (എക്കൽ മണ്ണിനം (Riverine Hydronenphic Soil))**

തെക്കില ശ്രേണി: നല്ല ആഴമുള്ള നീർവാർച്ച കുറഞ്ഞ എക്കൽ മണ്ണുകൾ മഞ്ഞ നിറം കലർന്ന തവിട്ട് നിറത്തിലും പശിമരാശി, കളിമണ്ണ് എന്നീ രാശികളിൽ കാണുന്നു. ഈ ശ്രേണി

മണ്ണിൽ നെൽകൃഷി ചെയ്തു വരുന്നു. കുറവ് മുതൽ മധ്യമം വരെ ഫലപുഷ്ടി കാണപ്പെടുന്നു. അമ്ല സ്വഭാവത്തോടുകൂടിയവയാണ്.

(iii) ML III (ഇടനാട് - III)

(5- 15% ചരിവ്) മിതമായി ചരിവുള്ളതും ചരിവ് കൂടിയതുമായ കുന്നുകളും ഇടയ്ക്ക് വയലുകളും ഉൾപ്പെട്ട പ്രദേശങ്ങൾ

a) മുഖ്യശ്രേണി - അറത്തിൽ ശ്രേണി :

കരിങ്കൽപാറകളിൽ നിന്നും രൂപാന്തരം പ്രാപിച്ച അധികം (75-150 സെ.മീ ആഴം) ആഴമില്ലാത്തതും നല്ല വാർച്ചയുമുള്ള പാരുമണ്ണ്, ചുവപ്പു കലർന്ന തവിട്ട് നിറത്തിലും കടുംചുവപ്പു നിറത്തിലും ചരലടങ്ങിയ പശിമ രാശി, കളിമണ്ണ് എന്നീ രാശികൾ. അമ്ല സ്വഭാവം, മറ്റു മണ്ണിനങ്ങളെ അപേക്ഷിച്ച് താഴ്ചകുറവ്, സസ്യാഹാര മൂലകങ്ങളുടെ ലഭ്യതക്കുറവ്, അയണിന്റെയും അലൂമിനിയത്തിന്റെയും ഹൈഡ്രീകൃത ഓക്സൈഡുകളുടെ അധികരിച്ച തോത്. വർദ്ധിച്ച ചരലംശം കാരണം ഫലഭൂയിഷ്ടിയുള്ള മണ്ണിന്റെ തോത് കുറവ്. ഇളക്കമുള്ള മേൽമണ്ണ് മൂലം മണ്ണൊലിപ്പ് വർദ്ധിക്കാൻ സാധ്യതയുള്ള മണ്ണ്.

b) ന്യൂന മണ്ണ് ശ്രേണി : മുട്ടാത്തി ശ്രേണി (Colluvium Soil)

കുന്നിൻ ചരിവുകളിൽ നിന്നും അടിഞ്ഞു കൂടിയ (Colluvium Soils) ഫലഭൂയിഷ്ടമായ മണ്ണ് സാമാന്യം നല്ല ആഴത്തിൽ കാണുന്നതും നീർവാർച്ച കുറഞ്ഞതുമായ മണ്ണ്, കടും തവിട്ട് നിറത്തിൽ ചരലിന്റെ അംശമുള്ള പശിമരാശി, കളിമണ്ണ് എന്നീ രാശികൾ. ഇടുക്കുമുള്ള നെൽപ്പാടങ്ങൾ ഈ ശ്രേണിയിൽ ഉൾപ്പെടുന്നു. ചരലിന്റെ അംശം പരിഛേദികളിൽ കാണപ്പെടുന്നു.

c) കൊളത്തൂർ ശ്രേണി (വെട്ടുകൽ മണ്ണിനം)

താഴ്ച വളരെ കുറഞ്ഞ (< 50 cm) നല്ല നീർവാർച്ചയുള്ള വെട്ടുകല്ല് മണ്ണുകൾ കടും ചുവപ്പ് കലർന്ന തവിട്ടും കടും തവിട്ടും നിറങ്ങളിൽ കാണപ്പെടുന്നു. പശിമരാശി, ചരലടങ്ങിയ ലോം (loam) രാശി എന്നീ രാശികൾ. അമ്ലസ്വാഭവവും വളരെ കുറഞ്ഞ ഫലപുഷ്ടിയും ഏറിയ മണ്ണൊലിപ്പ് സാധ്യതയും ഉള്ളവയാണിവ. ചെരിവുകുറഞ്ഞ വിശാലമായ കുന്നിൽ പാറപ്പുറങ്ങളായി കാണപ്പെടുന്നു. മണ്ണിന്റെ അളവ് തീരെ കുറവായതിനാൽ കശുമാവ് കൃഷിക്കു മാത്രമാണ് സാധ്യത. വൊർക്കാടി, മീഞ്ച, പൈവെളിഗെ, പുത്തിഗെ, ബദിയടുക്ക, എൻമകജെ, കുമ്പടാജെ, മധൂർ, ചെങ്കള, മുളിയാർ, ബേഡഡുക്ക, പുല്ലൂർപെരിയ, മടിക്കൈ, കിനാനൂർ- കരിന്തളം, കയ്യൂർ ചീമേനി പഞ്ചായത്തുകളിൽ കാണപ്പെടുന്നു.

(iv) ML4 (ഇടനാട് IV)

(3-5% ചരിവ്) നിരപ്പായ ചതുപ്പു നിലങ്ങൾ

മുഖ്യ മണ്ണിനം - (പുഴയോരം അല്ലെങ്കിൽ നദീതീരം എക്കൽ മണ്ണിനം) Riverine Alluvium.

a) മുഖ്യ മണ്ണുശ്രേണി - മുട്ടാത്തി മണ്ണു ശ്രേണി:

നദീ തീരങ്ങളിൽ കാണുന്ന നല്ല ആഴമുള്ള നീർവാർച്ച കുറഞ്ഞ എക്കൽ മണ്ണുകൾ. ചുവപ്പു കലർന്ന തവിട്ടും, മഞ്ഞകലർന്ന തവിട്ടും നിറങ്ങളിൽ പൂഴി മണ്ണ്, കളിമണ്ണ് എന്നീ രാശികളിൽ കാണപ്പെടുന്നു. താരതമ്യേന ജൈവാംശം ഉള്ളവയും സാമാന്യം ഫലപുഷ്ടിയുമാണ്. ഉയർന്ന ജലനിരപ്പ്, മഴക്കാലത്ത് വെള്ളപ്പൊക്ക ഭീഷണി ഉയർത്തുന്നു. നെൽകൃഷിയും പച്ചക്കറി കൃഷിയും പൊതുവേ ചെയ്തു വരുന്നു.

3) ഇടമലനാട് (midupland) സമുദ്ര നിരപ്പിൽ നിന്നും (100 m to 300 m) ഉയരം

I ഇടമലനാട് - I (MUL)

(10-40% ചരിവ്) ചെറിയ കുന്നുകളും ഇടുങ്ങിയ വയലുകളും ഉൾപ്പെട്ട നിമ്നോന്നത പ്രദേശങ്ങൾ

മുഖ്യ മണ്ണിനം - (വെട്ടുകൽ മണ്ണ്)

a) മുഖ്യ മണ്ണുശ്രേണി - പയാളം ശ്രേണി

നല്ല ആഴവും നീർവാർച്ചയുമുള്ള കരിങ്കൽ പാറകളിൽ നിന്നും രൂപാന്തരപ്പെട്ട വെട്ടുകൽ മണ്ണുകൾ. മഞ്ഞ കലർന്ന തവിട്ടും കടും ചുവപ്പും നിറങ്ങളിൽ ചരലടങ്ങിയ കളിമണ്ണ് രാശിയിൽ കാണപ്പെടുന്നു. ഉയരം കൂടിയ കുന്നിൻ ചരിവുകളിൽ ഈ മണ്ണു ശ്രേണി കാണപ്പെടുന്നു. ചരലിന്റെ അംശമുള്ളതും അമ്ലസ്വഭാവത്തോടുകൂടിയതും സാമാന്യം ഫലപുഷ്ടിയും മണ്ണൊലിപ്പ് സാധ്യത ഉള്ളതുമായ ശ്രേണി. സാമാന്യം നല്ല ചരിവുള്ളതിനാൽ ചരിവുകൾ കോണ്ടൂർ അടിസ്ഥാനത്തിൽ തിരിച്ച് റബ്ബർ തുടങ്ങിയ വിളകൾ കൃഷി ചെയ്തു വരുന്നു.

b) ന്യൂനശ്രേണി

മീയങ്ങാന ശ്രേണി

നല്ല ആഴവും മിതമായ നീർവാർച്ചയുമുള്ള എക്കൽ മണ്ണുകൾ, തവിട്ടും മഞ്ഞയും കലർന്ന നിറങ്ങളിൽ, പശിമരാശി കളിമണ്ണു രാശികളിൽ കാണപ്പെടുന്നു. ഉയർന്ന വെട്ടുകൽ കുന്നുകളുടെ താഴ്വരകൾ, ഇടുങ്ങിയ വയൽ പ്രദേശങ്ങൾ എന്നിവ ഈ ശ്രേണിയിൽ കണ്ടുവരുന്നു. കോടോംബേളൂർ, കള്ളാർ, പനത്തടി, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി, ബളാൽ, പനത്തടി, കിനാനൂർ കരിന്തളം, മടിക്കൈ, കുറ്റിക്കോൽ, ദേലംപാടി, മൂളിയാർ, കാറഡുക്ക, ബെളളൂർ, എൻമകജെ പഞ്ചായത്തുകളിൽ കാണപ്പെടുന്നു.

4. മലനാട് /Upland

സമുദ്രനിരപ്പിൽ നിന്നും 300-600 സെ.മീ ഉയരത്തിൽ കാണുന്ന പ്രദേശങ്ങൾ

25-50% ചരിവുള്ള പശ്ചിമഘട്ടമേഖലയിലെ ചെങ്കുത്തായ കുന്നുകൾ മലമ്പ്രദേശങ്ങളിൽ പൊതുവെ ജലലഭ്യത കുറവായി കാണപ്പെടുന്നു.

a) മുഖ്യ മണ്ണുശ്രേണി പായാളം ശ്രേണി :

പശ്ചിമഘട്ട മേഖലയിലെ ചെങ്കുത്തായ കുന്നിൻചെരുവുകളിൽ കാണുന്ന കരിങ്കൽ പാറകളിൽ നിന്നും രൂപാന്തരപ്പെട്ട നല്ല ആഴവും (150 സെ.മീ) നീർവാർച്ചയും ഉള്ള മണ്ണുകൾ. ചുവപ്പു കലർന്ന തവിട്ടും മഞ്ഞ കലർന്ന ചുവപ്പും നിറങ്ങളിൽ ചരലടങ്ങിയ കളിമണ്ണ് രാശികളിൽ കാണുന്നു. കുത്തനെയുള്ള കുന്നുകളുടെ ചരിവുകളിലാണ് ഈ ഇനം മണ്ണുകൾ കാണപ്പെടുന്നത്. അമ്ലസ്വഭാവം, മധ്യമ ഫലപുഷ്ടി, സാമാന്യമായ ജൈവാംശം എന്നിവയോടൊപ്പം വർദ്ധിച്ച മണ്ണൊലിപ്പു സാധ്യതയും ഉള്ള മണ്ണുശ്രേണിയാണിത്. ചരലിന്റെ അംശം വെട്ടുകൽ മണ്ണിനെ അപേക്ഷിച്ച് കുറവാണെങ്കിലും ഉരുളൻ കരിങ്കല്ലുകൾ കാണപ്പെടുന്നു. വെട്ടുകൽ മണ്ണിനെക്കാളും അമ്ളസ്വഭാവം കുറവും, ഫലപുഷ്ടി കൂടുതലുമാണ്.

b) ന്യൂന മണ്ണുശ്രേണി
മണ്ണിനം – വെട്ടുകൽ മണ്ണിനം
മീയംഗാന ശ്രേണി:

പശ്ചിമഘട്ടസാനുക്കളിലെ കുന്നിൻ ചെരുവുകളിൽ കാണുന്ന, നല്ല ആഴവും നീർവാർച്ചയുമുള്ള വെട്ടുകൽ മണ്ണുകൾ. തവിട്ടും കടുംതവിട്ടും നിറങ്ങളിൽ പശിമരാശി, കളിമണ്ണ് എന്നീ രാശികളിൽ കാണുന്നു. അമ്ള സ്വഭാവവും കുറവ് മുതൽ ഇടത്തരം വരെ ഫലപുഷ്ടിയുമുള്ള മണ്ണുശ്രേണി

5. വനപ്രദേശങ്ങൾ (Highland)
(സമുദ്രനിരപ്പിൽ നിന്നും 600cm -1200cm വരെ ഉയരം)

30 ശതമാനത്തിൽ കൂടുതൽ ചരിവുള്ള പശ്ചിമഘട്ടത്തിലെ മലനിരകൾ, ചെങ്കുത്തായ കുന്നിൻ ചരിവുകൾ, പാറകൾ, റിഡ്ജസ് (Ridges), എസ്കാർപ്പ്മെന്റ്സ് (Escarpments) എന്നിവ ഉൾപ്പെട്ട പ്രദേശങ്ങളാണിത്. കോടോംബേളൂർ, കളളാർ, പനത്തടി, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി, ബളാൽ, പനത്തടി, കിനാനൂർ-കരിന്തളം, മടിക്കൈ, കുറ്റിക്കോൽ, ദേലംപാടി, മൂളിയാർ, കാറഡുക്ക, ബെളളൂർ, എൻമകജെ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ കാണപ്പെടുന്നു.

a) മുഖ്യ മണ്ണ് ശ്രേണി മാളോത്ത് ശ്രേണി: (വനമണ്ണിനം (Hill soil))

കരിങ്കൽ പാറകളിൽ നിന്നും രൂപാന്തരം പ്രാപിച്ച നല്ല ആഴവും നീർവാർച്ചയുമുള്ള വനമണ്ണുകൾ. ചുവപ്പ് കലർന്ന തവിട്ട്, കടും തവിട്ടു നിറങ്ങളിൽ പശിമരാശി, കളിമണ്ണ് എന്നീ രാശികളിൽ കാണുന്നു. ചെങ്കുത്തായ കുന്നുകളുടെ ചെരിവുകളിൽ കാണപ്പെടുന്ന അമ്ല സ്വഭാവത്തോടുകൂടിയ ഇടത്തരം ഫലപുഷ്ടിയുള്ള വളരെയേറെ മണ്ണൊലിപ്പ് സാധ്യതയുള്ള മണ്ണുശ്രേണി. ജൈവാംശവും സസ്യമൂലകങ്ങളുടെ തോതും ഇടത്തരമായി കാണുന്നു. കോടോം-ബേളൂർ, കളളാർ, പനത്തടി, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി, പനത്തടി, കിനാനൂർ-കരിന്തളം, കുറ്റിക്കോൽ, ബെളളൂർ ഗ്രാമ പഞ്ചായത്തുകളിലെ വനപ്രദേശങ്ങളിൽ കാണപ്പെടുന്നു.

മണ്ണിന്റെ ഫലഭൂയിഷ്ഠത പരിശോധന :-

2017-18 വർഷത്തിൽ കാസറഗോഡ് ജില്ലാ മണ്ണു പരിശോധന കേന്ദ്രത്തിൽ 4016 മണ്ണ് സാമ്പിളുകൾ പരിശോധിച്ചപ്പോൾ ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

പട്ടിക 4.1.1.16: മണ്ണിന്റെ ഫലഭൂയിഷ്ഠത പരിശോധന വിവരങ്ങൾ

പരിശോധിച്ച സാമ്പിളുകൾ	മൂലകങ്ങളുടെ അളവ് കുറഞ്ഞ സാമ്പിളുകളുടെ എണ്ണം			മൂലകങ്ങൾ മാത്രമുള്ള സാമ്പിളുകളുടെ എണ്ണം			മൂലകങ്ങൾ കൂടുതലുള്ള സാമ്പിളുകളുടെ എണ്ണം			ശരാശരി മൂലകങ്ങളുടെ അളവ്		
	N	P	K	N	P	K	N	P	K	N	P	K
4016	602	803	2811	2410	2008	402	2410	2008	402	2.45	2.3	1.4

കാസറഗോഡ് ജില്ലാ മണ്ണ് പരിശോധന കേന്ദ്രം -2017

2017-18 വർഷത്തിൽ 6000 മണ്ണ് ആരോഗ്യ കാർഡുകൾ, ലാബിൽ നിന്നും കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

ജില്ലയിൽ അങ്ങോളമിങ്ങോളമുള്ള കൃഷിസ്ഥലങ്ങളിൽനിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധനാവിധേയമാക്കിയാണ് മണ്ണിന്റെ ഫലപുഷ്ടി വിലയിരുത്തിയത്. ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും വിവിധ വിളസമ്പ്രദായങ്ങളെ പ്രതിനിധീകരിച്ച് നൂറ്റമ്പതോളം മണ്ണ് സാമ്പിളുകൾ ശേഖരിച്ചിരുന്നു. ഇതടക്കം ആകെ 11120 സാമ്പിളുകൾ ശേഖരിക്കുകയും അവയെ പ്രധാന സസ്യമൂലകങ്ങൾ, ഉപപ്രധാനമൂലകങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ, ലേയലവണങ്ങൾ, രാസമാറ്റം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ പരിശോധനാ വിധേയമാക്കുകയും ചെയ്തു. ഇത്തരത്തിൽ തയ്യാറാക്കിയ വിവരശേഖരം മണ്ണിന്റെ ഫലപുഷ്ടി പരിശോധിക്കുന്നതിനും കർഷകർക്ക് മുൻകൂറായി വളപ്രയോഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ഉപയോഗിച്ചു വരുന്നു. പരിശോധിച്ചതിൽ 93% സാമ്പിളുകളും വെളിപ്പെടുത്തുന്നത് ജില്ലയിലെ കാർഷികോല്പാദനത്തെ പ്രതിസന്ധിയിലാക്കുന്ന മണ്ണിന്റെ രൂക്ഷമായ അ

മ്ലത്വ സ്ഥിതി വിശേഷത്തെയാണ്. ഇതിൽ തന്നെ 60% സാമ്പിളുകളും കടുത്ത അമ്ലത്വം (PH<5.5) രേഖപ്പെടുത്തിയിട്ടുണ്ട്. രാസവളങ്ങളുടെ അമിതോപയോഗവും ക്രമമായി കുമ്മായ വസ്തുക്കൾ ചേർക്കാത്തതുമാണ് ജില്ലയിലെ മണ്ണിന്റെ അമ്ലത്വത്തിനു കാരണമാകുന്നത്. മണ്ണ് പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ കുമ്മായ വസ്തുക്കൾ ചേർക്കേണ്ടത് മെച്ചപ്പെട്ട ഉൽപാദനത്തിന് അത്യന്താപേക്ഷിതമാണ്. പരിശോധനാഫലം ഇല്ലാത്ത സാഹചര്യത്തിൽ ഒരു ഹെക്ടറിൽ 600 കിലോ തോതിൽ കുമ്മായ വസ്തുക്കൾ ചേർക്കാവുന്നതാണ്.

ചെടിക്ക് ലഭ്യമായ നൈട്രജൻ

ജില്ലയിലെ മണ്ണ് പരിശോധന തെളിയിക്കുന്നത് ചെടിക്ക് ലഭ്യമായ നൈട്രജന്റെ അളവ് നിലവിലെ മണ്ണിൽ തൃപ്തികരമായ രീതിയിലാണുള്ളതെന്നാണ്. (ജൈവ കാർബൺ പരിശോധന വഴി) അഞ്ചിലൊരു ഭാഗം സാമ്പിളുകൾ മാത്രമാണ് നൈട്രജന്റെ അപര്യാപ്തത കാണിച്ചത്. തീരദേശങ്ങളിലെ പൂഴിമൺ പ്രദേശങ്ങളിലെയും മണ്ണൊലിപ്പിലൂടെ മേൽ മണ്ണ് നഷ്ടമായ ചെങ്കൽ പാറ പ്രദേശങ്ങളിലെയും മണ്ണുകളാണ് നൈട്രജന്റെ അഭാവം കൂടുതലായി കാണിച്ചിരിക്കുന്നത്. വിവിധ വിള സമ്പ്രദായങ്ങളിൽ നിന്നും എടുത്ത സാമ്പിളുകളിൽ നാലിലൊരു ഭാഗത്തിൽ കുറഞ്ഞ അളവിലാണ് നൈട്രജൻ കാണപ്പെടുന്നത്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ വള പ്രയോഗത്തിന് ശുപാർശ ചെയ്യാവുന്നതാണ്.

കാസറഗോഡ് ജില്ലയിലെ ഭൂരിഭാഗം മണ്ണും ചെങ്കല്ല് കലർന്ന വിഭാഗത്തിൽപ്പെടുന്നതിനാൽ ജൈവ വസ്തുക്കളുടെ കൂടിയ അളവ് മണ്ണിൽ നിലനിർത്തേണ്ടത് അത്യാവശ്യ കാര്യമാണ്. മണ്ണിന്റെ ജൈവാംശം, നൈട്രജന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതോടൊപ്പം മൂലകങ്ങളെയും വെള്ളത്തെയും പിടിച്ചുനിർത്താനുള്ള അതിന്റെ കഴിവ് വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ചെടിക്ക് ലഭ്യമായ ഫോസ്ഫറസ്

പരിശോധനനടത്തിയ സാമ്പിളുകളിൽ 65 ശതമാനവും ലഭ്യമായ ഫോസ്ഫറസിന്റെ അഭാവം രേഖപ്പെടുത്തിയിരുന്നു. ഇവിടെ തുടർച്ചയായി മണ്ണ് പരിശോധന നടത്തി വളപ്രയോഗം ചെയ്യേണ്ടതാണ്.

വ്യത്യസ്ത വിള സമ്പ്രദായത്തിൽനിന്നും എടുത്ത സാമ്പിളുകൾ ഫോസ്ഫറസിന്റെ അളവിൽ വ്യത്യാസമൊന്നും കാണിക്കുന്നില്ല. പച്ചക്കറി കൃഷിയിൽനിന്നും എടുത്ത പകുതിയിലധികം സാമ്പിളിലും കൂടിയ അളവിൽ ഫോസ്ഫറസ് കാണപ്പെട്ടു. ആയതിനാൽ പച്ചക്കറി കൃഷിയിൽ ഫോസ്ഫറസ് വളത്തിന്റെ തോത് കുറക്കുന്നതിന് ശുപാർശചെയ്യാം. കൂടിയ അളവിലുള്ള ഫോസ്ഫറസ് വളം മറ്റു അത്യാവശ്യമൂലകങ്ങളുടെ ആഗീരണത്തെ തടസ്സപ്പെടുത്തുന്നു.

മറ്റു ജില്ലകളിലെ പോലെ കാസറഗോഡ് ജില്ലയ്ക്ക് അധിക ഫോസ്ഫറസ്സിന്റെ ഉപയോഗത്തിനുള്ള നിർദ്ദേശങ്ങൾ ഇല്ല. അതുകൊണ്ട് കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി ഇറക്കിയ പാക്കേജ് ഓഫ് പ്രാക്ടീസ് നിർദ്ദേശിച്ച അളവിൽ ഫോസ്ഫറസസ് വളങ്ങൾ ചേർക്കാവുന്നതാണ്.

മണ്ണിന്റെ പ്രബലമായ പൊടിയുന്ന അവസ്ഥയും മണ്ണിലെ മൂലകങ്ങൾ മഴവെള്ളത്തോടൊപ്പം ആഴ്ന്നിറങ്ങുന്ന അവസ്ഥയുണ്ടെങ്കിലും പൊട്ടാസ്യത്തിന്റെ അപര്യാപ്തത വളരെ പ്രകടമായ രീതിയിൽ കാണ്മാനില്ല. അതുകൊണ്ട് പെട്ടാസ്യം വളങ്ങളുടെ ഉപയോഗം മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലും പാക്കേജ് ഓഫ് പ്രാക്ടീസസിന്റെ അടിസാഥാനത്തിലും തവണകളായി നൽകാവുന്നതാണ്.

ചെടിക്ക് ലഭ്യമായ പൊട്ടാഷ്

കാസറഗോഡ് ജില്ലയുടെ പലഭാഗങ്ങളിലുള്ള മണ്ണ് പരിശോധിച്ചപ്പോൾ തീരദേശത്തേ മണൽ പ്രദേശങ്ങളിൽ പൊട്ടാസ്യത്തിന്റെ അളവ് തീരെ കുറഞ്ഞ അളവിലാണുള്ളത്. ഇത്തരം മണ്ണിൽ കൃഷി ഇറക്കുമ്പോൾ വിളവ് ലഭിക്കുവാനായി മണ്ണിൽ ഇടവിട്ട് പൊട്ടാസ്യം ചേർക്കേണ്ടിവരും.

കേരള കാർഷിക സർവ്വകലാശാല ശുപാർശചെയ്യുന്ന പാക്കേജ് ഓഫ് പ്രാക്ടീസസ് പ്രകാരം ആവശ്യത്തിന് പൊട്ടാഷും അമ്ലത്വം കുറക്കാൻ കുമ്മായവും ശരിയായ അളവിൽ ജൈവവളവും ഉപയോഗിച്ചാൽ മണ്ണിന്റെ ജൈവാംശം ഉയർത്താൻ നല്ല വിളവ് ഉണ്ടാക്കാനും സാധിക്കും.

പരിശോധിച്ച സാമ്പിൾ മണ്ണിനങ്ങളിൽ മൂന്നിൽ രണ്ടും കഠിനമായ അമ്ലതയുള്ളതായി കാണപ്പെട്ടു. 22% മണ്ണിൽ ഉപയോഗയുക്തമായ കാൽസ്യത്തിന്റെ അഭാവവും പ്രകടമായി. ഇതിൽ നിന്ന് ജില്ലയിലെ മണ്ണ് സമ്പൂർണ്ണമായ കാൽസ്യം ലഭ്യത ഇല്ലാത്ത വിഷമം നേരിടുന്നില്ല എന്ന് വ്യക്തമാണ്. മണ്ണിൽ ആസിഡിന്റെ അമിത അളവ് കാണുന്നു എന്നാൽ മഗ്നീഷ്യത്തിന്റെ കുറവ് വളരെ കൂടുതലാണ്. ആവശ്യത്തിന് കുമ്മായം ചേർത്താൽ മണ്ണിന്റെ അസിഡിറ്റി കുറയ്ക്കാനും കാൽസ്യത്തിന്റെ അളവ് കൂട്ടാനും സാധിക്കും. മഗ്നീഷ്യത്തിന്റെ കുറവ് പരിഹരിക്കാൻ മണ്ണിൽ മഗ്നീഷ്യം സൾഫേറ്റ് 80 Kg/ha എന്ന തോതിൽ ചേർത്തു കൊടുക്കാവുന്നതാണ്.

സൂക്ഷ്മമൂലകങ്ങളുടെ കാര്യമെടുക്കുകയാണെങ്കിൽ ബോറോണിന്റെ കുറവുമാത്രമാണ് എടുത്തുപറയത്തക്കവിധമുള്ളത്. ഇത് വ്യാപകമായിതന്നെ കാണപ്പെടുന്നു.

മണ്ണിൽ ചെടികൾക്ക് ലഭ്യമായ ചെമ്പ്

സൂക്ഷ്മമൂലകമായ ചെമ്പിന്റെ അളവ് മണ്ണിൽ പര്യാപ്തമാണ്. സാധാരണ ഉപയോഗിക്കുന്ന കുമിൾനാശിനികളുടെ ഘടകമായ് ചെമ്പ് മണ്ണിലെ ജൈവവസ്തുക്കളിൽ പിടിച്ചുനിൽക്കുന്നതിനാൽ ഇതിന്റെ അഭാവം പൊതുവെ കാണപ്പെടുന്നില്ല.

ചെടികൾക്ക് ലഭ്യമായ ബോറോൺ

ചെടികളുടെ വളർച്ചയ്ക്ക് വളരെ അത്യാവശ്യമാ

യ സൂക്ഷ്മമൂലകമായ ബോറോണിന്റെ അഭാവം പരിശോധിച്ച 3/4 ഭാഗം മണ്ണിലും കണ്ടു. ഈ പരിമിതി പരിഹരിക്കാൻ മണ്ണിൽ ഹെക്ടറിന് 10 കിലോ എന്ന തോതിൽ ബോറോക്സ് ചേർത്തുകൊടുക്കാവുന്നതാണ്. 0.2% ബോറോക്സ് ലായനി പത്രപോഷണം നടത്തുന്നതും നല്ലതാണ്.

ജലസേചനം

ജലസമ്പത്ത്

ജില്ലയിൽ പ്രധാനമായി 9 നദികളും ചെറിയ നദികളുമുണ്ട്. മേൽ പറഞ്ഞവയിൽ ഉപ്പള, ഷിറിയ, ചന്ദ്രഗിരി, കാര്യങ്കോട് എന്നിവ അന്തർ സംസ്ഥാന നദികളാണ്. കവ്വായി കായൽ, കളനാട് കായൽ, കുമ്പള കായൽ, ഉപ്പള കായൽ എന്നിങ്ങനെ 4 കായലുകളും ജില്ലയിലുണ്ട്. ഇതിൽ ഏറ്റവും വലുത് കവ്വായി കായൽ ആണ്. കവ്വായി പുഴയുടേയും കാര്യങ്കോട് പുഴയുടേയും സംഗമസ്ഥാനമാണ് ഈ കായൽ. തൃക്കരിപ്പൂർ, പടന്ന, വലിയപറമ്പ് തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിലാണ് ഇതിന്റെ സിംഹഭാഗവും. ജലവിസ്തൃതി 14.42 ച.കി.മീ ആണ്. ചന്ദ്രഗിരി നദി കായലിൽ ചേരുന്ന സ്ഥലത്തുള്ള കായൽ പ്രദേശമാണ് കളനാട് കായൽ. 1.075 ച.കി.മീറ്റർ ജലവിസ്തൃതി ഇതിനുണ്ട്. ഷിറിയ നദിയുടെ സംഗമസ്ഥാനമാണ് ഉപ്പള കായൽ ഇതിന് 0.94 ച.കി.മീറ്റർ വിസ്തൃതിയുണ്ട്. ഈ കായലുകളുടെ ജലസംഭരണശേഷി താഴെ പറയുന്ന പ്രകാരമാണ്.

കവ്വായി കായൽ	- 49.26 മില്ല്യൺ ഘനമീറ്റർ
കുമ്പള കായൽ	- 5.47 മില്ല്യൺ ഘനമീറ്റർ
കളനാട് കായൽ	- 3.23 മില്ല്യൺ ഘനമീറ്റർ
ഉപ്പള കായൽ	- 2.32 മില്ല്യൺ ഘനമീറ്റർ

ഇതോടൊപ്പം ഉപരിതല ജലസ്രോതസ്സുകളായി 68 എണ്ണം ക്ലാസ്സ് 1 നിർമ്മിതികളും (വി.സി.ബി, എസ്.ഡബ്ല്യു.സി.ബി, ചെക്ക് ഡാം മുതലായവ). 511 എണ്ണം ക്ലാസ്സ് 2 നിർമ്മിതികളും 3 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളും ചെറുകിട ജലസേചന വകുപ്പിന് കീഴിലുണ്ട്. ഇവ കൂടാതെ 798 പൊതുകുളങ്ങളും 400 സ്വകാര്യ കുളങ്ങളും 640 പള്ളങ്ങളും 97-ഓളം സുരങ്കങ്ങളും ജില്ലയിൽ നിലവിലുണ്ട്. മറ്റ് വകുപ്പുകൾ നടപ്പിലാക്കിയ ആയിരത്തോളം ചെറിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുമുണ്ട്.

ഭൂഗർഭ ജലസ്രോതസ്സുകളായി 210 പൊതു കുഴൽ കിണറുകളും ഏകദേശം 1800 ലധികം സ്വകാര്യകുഴൽ കിണറുകളും 256 ഫിൽട്ടർ പോയിന്റുകളും 480 പൊതുകിണറുകളും ജില്ലയിലുണ്ട്. അതോടൊപ്പം ജില്ലയിലെ വിവിധ പുഴകൾക്ക് കുറുകെയായി 15 ഓളം ചെക്ക് ഡാമുകളും റഗുലേറ്ററുകളും നിർമ്മിച്ചിട്ടുണ്ട്.

(പി.എം.കെ.എസ്. വൈ DIP ഡാറ്റ)

ഇന്നത്തെ അവസ്ഥ

കാർഷിക മേഖലയാണ് ജില്ലയിലെ പ്രധാന വരുമാന മാർഗ്ഗം. 1,99,166 ഹെക്ടർസ്ഥലമാണ് ജില്ലയുടെ ആകെ വിസ്തൃതി. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 2015 ലെ കണക്കു പ്രകാരം ഇതിൽ 5625 ഹെക്ടർ വനപ്രദേശവും 148,064 ഹെക്ടർ കൃഷിയോഗ്യമായ പ്രദേശവുമാണ്. എന്നാൽ വിവിധ സ്കീമുകളിലൂടെ 30639 ഹെക്ടർ പ്രദേശത്ത് മാത്രമേ ഇതുവരെ ജലസേചന സൗകര്യം ഒരുക്കുവാൻ സാധിച്ചിട്ടുള്ളൂ. ആകെ കൃഷിക്കാവശ്യമായ ജലത്തിന്റെ അളവ്.0.91724 ബില്ല്യൺ ക്യൂബിക് മീറ്ററും നിലവിലുള്ള വെള്ളത്തിന്റെ ലഭ്യത 0.1368 ബില്ല്യൺ ക്യൂബിക് മീറ്ററും ഇനി ജലലഭ്യത ഉറപ്പുവരുത്താനുള്ളത് 0.7804 ബില്ല്യൺ ക്യൂബിക് മീറ്ററും ആണ്.

ജില്ലയിൽ നല്ല തോതിൽ മഴ ലഭിക്കുന്നുണ്ടെങ്കിലും ചരിവുള്ള ഭൂപ്രകൃതി കാരണം പെയ്ത ജലം വളരെ വേഗം ഒഴുകി കടലിൽ ചേരുന്ന സ്ഥിതയാണുള്ളത്. ഇതുമൂലം വേനൽക്കാലത്ത് പുഴകളും മറ്റു ജലസ്രോതസ്സുകളും വറ്റിപ്പോകുന്ന അവസ്ഥ സംജാതമാകുന്നു.

ജലസംഭരണത്തിനായി ജില്ലയിൽ നിലവിൽ മേജർ ഇറിഗേഷൻ പദ്ധതികളൊന്നും തന്നെ ഇല്ല. മൂന്നാം കടവ്, പയസ്വിനി, കാക്കടവ് എന്നീ പദ്ധതികൾ സമർപ്പിച്ചിരുന്നുവെങ്കിലും ഒന്നിനും അംഗീകാരം ലഭിച്ചിരുന്നില്ല. മൈനർ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കുന്ന ക്ലാസ് 1 പദ്ധതിയായ ബേഡഡുക്ക പാണ്ഡിക്കണ്ടം റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചുവരുന്നു. ഇതിന്റെ ആയക്കെട്ട് 814 ഹെക്ടർ പ്രദേശമാണ്. മുളിയാർ പഞ്ചായത്തിലെ ബാവിക്കര റഗുലേറ്ററിന്റെ ബാക്കി പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടി പുരോഗമിച്ചുവരുന്നു. 407 ഹെക്ടർ പ്രദേശത്ത് ഈ പദ്ധതികൊണ്ട് ജലസേചന സൗകര്യമൊരുക്കാൻ സാധിക്കും.

ജില്ലയിൽ മഞ്ചേശ്വരം പുഴയിൽ 3.20 കി.മീറ്റർ, ഷിറിയയിൽ 4.8.കി.മീ., ചന്ദ്രഗിരിയിൽ 12.8 കി.മീ. നീലേശ്വരം 11.20 കി.മീറ്റർ, കാര്യങ്കോട് 24 കി.മീറ്റർ ദൂരം എന്നിങ്ങനെ ഉൾനാടൻ ജല ഗതാഗതത്തിന് യോഗ്യമായ ഭാഗങ്ങളുണ്ട്. നിലവിൽ കവ്വായി മുതൽ കോട്ടപ്പുറം വരെ ജല ഗതാഗത സംവിധാനമുണ്ട്.

ഓരോ ഗ്രാമപഞ്ചായത്തിലും ചെറുകിട ജലസേചന വകുപ്പ് നടപ്പിലാക്കിയതും പുനരുദ്ധാരണ പ്രവൃത്തികൾ ആവശ്യമായതും പുതിയ പദ്ധതികൾ നടപ്പാക്കാവുന്നതുമായ എണ്ണവും പട്ടിക നാലായി ചേർക്കുന്നു.

പട്ടിക 4.1.1.17: ചെറുകിട ജലസേചനം- ഇന്നത്തെ അവസ്ഥ (സംക്ഷിപ്ത വിവരങ്ങൾ)

നം	ഗ്രാമ പഞ്ചായത്ത് / മുൻസിപ്പാലിറ്റി	വകുപ്പിന്റെ കീഴിലുള്ള ക്ലാസ്സ് - 1 പദ്ധതികൾ	ക്ലാസ്സ് - 2 പദ്ധതികൾ വിസിബി സ്കീം	പൊതു കുളങ്ങൾ	വകുപ്പു മുഖേന നടപ്പു പദ്ധതികൾ ക്ലാസ്സ് 1	വകുപ്പു മുഖേന നടപ്പു പദ്ധതികൾ ക്ലാസ്സ് 2	പുനരുദ്ധാരണം ആവശ്യമായ			പുതിയ നിർദ്ദേശങ്ങൾ			എൽ. ഐ. സ്കീം
							വിസിബി	കുളം	എസ്. ഡബ്ല്യു. സി.ബി	വിസിബി	കുളം	എസ്. ഡബ്ല്യു. സി.ബി	
1	പനത്തടി	1	27	3	-	-	-	-	-	-			
2	കള്ളാർ	1	22	16	-	-	5	-		2			
3	ബളാൽ	1	10	4	-	-	-	3	-	3			
4	മടിക്കൈ	3	23	2	-	-	4	-	-				
5	കോടോം ബേളൂർ	-	26	12	-	-	-	2	-	4			
6	കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി	2	5	16	-	-	-	4	-				
7	ചെറുവത്തൂർ	-	14	4	-	-	2	1	3	6		3	
8	തൃക്കരിപ്പൂർ	1	13	31	-	-	3	2	1	1			
9	പിലിക്കോട്	-	7	19	-	-	1	2	-	4			
10	വലിയപറമ്പ	-	2	-	-	-	-	-	-				
11	പടന്ന	2	2	15	-	-	3	1	-				
12	നീലേശ്വരം മുനിസിപ്പാലിറ്റി	-	12	23	-	-	5	8	2				
13	കിനാനൂർ കരിന്തളം	-	10	14	-	-	17	4	-				
14	വെസ്റ്റ് എളേരി	-	4	11	-	-	16	-	-	1			
15	ഈസ്റ്റ് എളേരി	-	1	6	-	-	8	1	-				
16	കയ്യൂർ ചീമേനി	-	11	29	-	-	2	13	-				
17	ബേഡഡുക്ക	2	2	15	1	2	-	-	-	16			
18	ബദിയടുക്ക	3	1	4	-	-	8	-	-	1			

19	കുമ്പഡാജെ	6	4	9	-	-	10	9	-	15		
20	ചെങ്കള	3	4	21	-	-	12	-	-	3		
21	മുളിയാർ	-	9	9	-	1	15	-	-	4		
22	കാറഡുക്ക	-	8	6	-	-	9	6	-	9		
23	മൊഗ്രാൽ പുത്തൂർ	1	5	7	-	-	-	-	2			
24	ദേലംപാടി	1	2	13	-	1	14	7	-	4		
25	പുല്ലൂർ പെരിയ	-	22	9	-	-	11	-	-	17		
26	പള്ളിക്കര	-	14	12	-	-	8	-	-	19		
27	അജാനൂർ	1	4	6	-	-	6	-	1	1		
28	പുത്തിഗെ	1	4	2	-	-	6	92	1	10		
29	ഉദുമ	-	10	3	1	-	13	-	1	9		
30	ചെമ്മനാട്	-	5	7	-	-	6	-	1	1		
31	കുമ്പള	4	4	18	-	-	2	41	4			
32	പൈവളികെ	4	5	4	-	-	17	32	-	7		
33	എൻമകജെ	1	4	3	-	-	8	41	-	28		
34	മീഞ്ച	1	8	2	-	-	-	-	1	1		
35	മംഗൽപ്പാടി	5	10	7	-	-	-	-	-			
36	മഞ്ചേശ്വരം	1	17	9	-	1	2	-	-	4		
37	വോർക്കാടി	3	24	2	1	-	1	-	-			
38	മധൂർ	1	2	9	-	-	3	-	-	3		
39	ബെള്ളൂർ	-	1	7	-	-	15	7	-	3		
40	കാസറഗോഡ് മുനിസിപ്പാലിറ്റി	-	3	4	-	-	-	-	-		1	1
41	കുറ്റിക്കോൽ									17		

പട്ടിക 4.1.1.18: ജില്ലയിലെ നദികളും അവയുടെ വിശദാംശങ്ങളും

ക്ര.ന.	വിശദാംശങ്ങൾ	മഞ്ചേശ്വരം	ഉപ്പള	ഷിറിയ	മൊഗ്രാൽ	ചന്ദ്രഗിരി	ചിത്താരി	നീലേശ്വരം	കാര്യങ്കോട്
1	2	3	4	5	6	7	8	9	10
1	നദീതട വിസ്തീർണ്ണം (ച.കി.മീ)	90	250	587	132	1406	145	190	561
2	നദീതട വിസ്തീർണ്ണം (കേരളം) (ച.കി.മീ)	90	76	290	132	570	145	190	429
3	നദീതട വിസ്തീർണ്ണം (അന്യസംസ്ഥാനം) (ച.കി.മീ)		174	297		836			132
4	ഉത്ഭവസ്ഥലം- സമുദ്ര നിരപ്പിൽ നിന്നുമുള്ള ഉയരം (മീ)	കുണ്ടനൂർ 76	വീരക്കുമ്പമല 248	ആനഗണ്ടി 270	കാനത്തൂർ 300	നിഷിനിമെട്ട 1259	ബേജൂർ 231	കണ്ടക്കമല 576	നിഷാനിമൊട്ട 1527
5	പ്രധാന അരുവിയുടെ നീളം (കി.മീ.)	16	50	67	34	105	25	46	64
6	പ്രധാന ശാഖകൾ	പാവുർ, കുഞ്ചത്തൂർ ബംഗര തോട്	മുഡംബയൽ തോട് ഉപ്പള കുറൂറുതോട്	കല്ലാജെതോട്, കന്യാനതോട്, കുമ്പള, എരമട്ടിതോട്, യൽക്കാന, പണ്ണത്തടുക്ക, എൻമകജെ, മണ്ണുകൈതോട്, നാക്കൂർ തോട്, ശാന്തെ തോട്	ബെട്ടിപടി മൂളിയാർ	പയസ്വിനി ചന്ദ്രഗിരി	കളനാട്, ബേക്കൽ ചിത്താരി പുല്ലൂർപുഴ	അയ്യങ്കാവ് തോട്, ബൈഗാട്ട്, ചാലൂർ തോട്, വളപ്പാടിച്ചാൽ, കീക്കാംകോട്ട്, മോനാച്ച തോട്, കൂവാറ്റി തോട്	മുണ്ടോൾ, പടിയമല, അരയിക്കടവ്, നെത്രിംഗപ്പുഴ, ചെർപ്പഞ്ചാൽ, മാലോത്ത് പുഴ, പുളിങ്ങോംപുഴ, മൂലപ്രവോയിൽ ചാൽ, യെരിച്ചാൽ, പെരമ്പ, കട്ടച്ചാൽ, മഞ്ചുച്ചാൽ, പൊൻപൂജ, മുണ്ടോറോത്ത് പുഴ, പുളിങ്ങോംപുഴ, അരിക്കടവ്പുഴ, നാപ്പെച്ചാൽ, കുരുടാബലികോട്ടി

7	ശരാശരി വാർഷിക മഴ	3478	3478	3700	4000	4000	4000	3600	
8	ശരാശരി വാർഷിക നദിയൊഴുക്ക് (മില്യൻ കി.ക്യൂബ്)	309	620	1718		254	1356		
9	നെൽകൃഷിക്കാവശ്യമായ വെള്ളം - 3 വിളകൾ (മില്യൻ മീ.ക്യൂബ്)	141	171	274		62	171		
10	തോട്ടവിളകൾക്കാവശ്യമായ വെള്ളം മില്യൻ മി.ക്യൂബ്)	8	165	233		19	158		
11	ജലസേചനത്തിന് യോഗ്യമായ നദീനീളം (കി.മീ.)	106	358	1218		100	937		
12	ജലഗതാഗതത്തിന് യോഗ്യമായ നദീനിളം	3.2		4.8	12.8		11.2	24	
13	ഏതെല്ലാം ഗ്രാമപഞ്ചായത്ത് വഴി ഒഴുകുന്നു.	മഞ്ചേശ്വരം, വോർക്കാടി, പൈവളിഗെ	മംഗൽപ്പാടി, മീഞ്ച, പൈവളിഗൈ	കുമ്പള, പുത്തിഗെ, എൻമകജെ, കുമ്പഡാജെ, ബദിയടുക്ക	മൊഗ്രാൽ പുത്തൂർ, മധുർ, മൂളിയാർ, ചെങ്കള	പനത്തടി, ബേഡഡുക്ക, ചെമ്മനാട്, ദേലംപൊടി, കാറഡുക്ക, മൂളിയാർ, ചെങ്കള, കാസറഗോഡ് മുൻസിപ്പാലിറ്റി	അജാനൂർ, പുല്ലൂർ - പെരിയ, പള്ളിക്കര	നീലേശ്വരം, മടിക്കൈ, കിനാനൂർ - കരിന്തളം	നീലേശ്വരം, ചെറുവത്തൂർ, കയ്യൂർ - ചീമേനി, കിനാനൂർ - കരിന്തളം, ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി
14	ഉപ്പ് വെള്ളം കയറുന്നത്				അഴിത്തല മുതൽ കോട്ടക്കുന്ന് വരെ ഏകദേശം 8 കി.മീ.	അഴീത്തല മുതൽ ബാവിക്കര വരെ ഏകദേശം 15.കി.മീ.		അഴീത്തല മുതൽ നമ്പ്യാർക്കാൽ വരെ ഏകദേശം 6.5കി.മീ.	അഴീത്തലമുതൽ പാലായിവരെ ഏകദേശം 10.കി.മീ.
15	റോഡ് മുറിച്ച് കടക്കുന്ന സ്ഥലം	മഞ്ചേശ്വരം (എൻ.എച്ച്)	മംഗൽപ്പാടി (എൻ.എച്ച്)	കുമ്പള (എൻ.എച്ച്), പുത്തിഗെ	എടനീർ പാലം, എരുതും കടവ് പാലം, മുട്ടത്തോടി പാലം, പട്ല പാലം, മൊഗ്രാൽ പാലം (എൻ.എച്ച് 17)	പുക്കയം, കരിച്ചേരി, എരിഞ്ഞിപ്പുഴ, പള്ളങ്ങോട്, ബേവിഞ്ച (എൻ.എച്ച്)	ചിത്താരി (എസ്.എച്ച്), പുല്ലൂർ (എൻ.എച്ച്), പെരളം കീക്കാനം	മാന്തൂരിപാലം കണിച്ചിറ, അരയിപ്പാലം നീലേശ്വരം പാലം (എൻ.എച്ച്)	കാക്കടവ് പാലം കാര്യങ്കോട് പാലം (എൻ.എച്ച്)

പട്ടിക 4.1.1.19: ജില്ലയിലെ പ്രധാന കുളങ്ങളും അവയുടെ വിശദാംശങ്ങളും

ക്രമ നം	കുളത്തിന്റെ പേര്	പഞ്ചായത്ത്	നദീതടം	വിസ്തീർണ്ണം ച.മീ	വെള്ളത്തിന്റെ ആഴം മീ	വറ്റുന്നതോ അല്ലയോ	വെള്ളത്തിന്റെ ഗുണനിലവാരം	പാർശ്വഭിത്തി ഉണ്ട്/ഇല്ല	മണ്ണ് മൂടിയിട്ടുണ്ടോ	ഉടമസ്ഥൻ
1	2	3	4	5	6	7	8	9	10	11
1	തച്ചിങ്കര കുളം	കുമ്പള	ചന്ദ്രഗിരി	42250	4.00	അല്ല	നല്ലത്	ഇല്ല	ഇല്ല	അമ്പലക്കുളം
2	മായിപ്പാടികുളം	മധൂർ	,,	3750	2.50	അല്ല	മോശം	ഉണ്ട്	ഇല്ല	അമ്പലക്കുളം
3	അനന്തപുരം ക്ഷേത്രകുളം	കുമ്പള		10000	2.50	അല്ല	നല്ലത്	ഉണ്ട്	ഇല്ല	ടി
4	പറക്കളക്കുളം	മധൂർ		18000	2.50	അല്ല	നല്ലത്	ഉണ്ട്	ഇല്ല	ടി
5	പാറക്കുളം	മധൂർ		3500	2.00	അല്ല	നല്ലത്	ഉണ്ട്	ഇല്ല	പഞ്ചായത്ത്
6	പാണ്ഡവൻ കുളം	ചെങ്കള		3600	0.50	അല്ല	നല്ലത്	ഇല്ല	ഉണ്ട്	ഗവൺമെന്റ്
7	പച്ചാളം	തെക്കിൽപറമ്പ		5500	4.80	അല്ല	മോശം	ഇല്ല	ഉണ്ട്	‘
8	ചേർക്കുളം	ബദിയഡുക്ക	ഷിറിയ	8800	2.50	അല്ല	നല്ലത്	ഇല്ല	ഇല്ല	‘
9	പെരിയ വലിയ കുളം	പുല്ലൂർ പെരിയ	ചന്ദ്രഗിരി	6750	1.00	അല്ല	മോശം	ഉണ്ട്	ഇല്ല	‘
10	തീർത്തങ്കര മഹാവിഷ്ണു അമ്പലക്കുളം	കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി	നീലേശ്വരം	60705	3.50	അല്ല	നല്ലത്	ഉണ്ട്	ഉണ്ട്	‘
11	ചെറുവത്തൂർ റെയിൽവേകുളം	ചെറുവത്തൂർ	നീലേശ്വരം	5000	3.50	അല്ല	നല്ലത്	ഉണ്ട്	ഉണ്ട്	‘
12	താമരക്കുളം	തൃക്കരിപ്പൂർ	കവ്വായി	11900	1.50	അല്ല	നല്ലത്	ഇല്ല	ഉണ്ട്	‘

പട്ടിക 4.1.1.20: ജില്ലയിലെ പ്രധാന നീരുറവകൾ

പൊതുവിവരം				നീരുറവയുടെ ഗുണങ്ങൾ				
ക്രമ നം.	സ്ഥലത്തിന്റെ പേര്	അടുത്ത പട്ടണം	നദീതരം	സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം	ചുറ്റുമുള്ള സ്ഥലത്തിന്റെ ഉപയോഗം	ജല ലഭ്യത	വേനൽക്കാല നീരൊഴുക്ക് (എൽ.പി.എം)	വെള്ളത്തിന്റെ ഗുണങ്ങൾ
1	2	3	4	5	6	7	8	9
1	നായ്ക്കയം	കോടോം	ചന്ദ്രഗിരി	100 മീ	തെങ്ങ്,	എപ്പോഴും	2	കുടിക്കാൻ
2	തായക്കംതട്ട്	ബളാൽ	ചന്ദ്രഗിരി	100 മീ	കുരുമുളക്	ടി	20	പറ്റിയത്
3	നിരാങ്കരത്തേക്കം	ബേളൂർ	കാര്യങ്കോട്	201 മീ	കുരുമുളക്	ടി	24	ടി
4	ഒടയംചാൽ	ഒടയംചാൽ	ടി	203 മീ	വാഴകൃഷി	ടി	30	ടി
5	ചുണ്ടൂർ	നെക്രാജെ	ചന്ദ്രഗിരി	100 മീ	വാഴ നെല്ല്	ടി	9	ടി
6	ബയംപ	ബെള്ളൂർ	ടി	201 മീ	നെല്ല്	ടി	12	ടി
7	ഒടയംചാൽ (എ)	ഒടയംചാൽ	ടി	225 മീ	നെല്ല്	ടി	30	ടി
8	ഒടയംചാൽ (ബി)	ഒടയംചാൽ	ടി	225 മീ	കുറ്റിക്കാട്	ടി	30	ടി
					കുറ്റിക്കാട്	ടി		

ചെറുകിട ജലസേചന വകുപ്പ്, കാസറഗോഡ് 2017

മണ്ണ്-ജലസംരക്ഷണം

വികസനനയം

ജില്ലയിലെല്ലായിടത്തും കൃഷിക്കും മറ്റാവശ്യങ്ങൾക്കും വേണ്ടിവരുന്ന വെള്ളം എത്തിക്കുന്നതിനുള്ള സംവിധാനമൊരുക്കുകയെന്നതാണ് വികസന നയത്തിലെ പ്രധാന കാര്യം.

- നദീതടാടിസ്ഥാനത്തിൽ ചെറുനീർത്തടങ്ങൾ കണ്ടെത്തി Ridge to Valley അടിസ്ഥാനമാക്കി സമഗ്ര മണ്ണു ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക.
- നിലവിലുള്ള നിർമ്മിതികളുടെ സംരക്ഷണം, പുനരുദ്ധാരണം.
- ഉപ്പുവെള്ള പ്രതിരോധ നിർമ്മിതികൾ ആവശ്യത്തിന് നടപ്പാക്കുക
- വെള്ളക്കെട്ട് നിയന്ത്രണ ജലനിർഗ്ഗമന നിർമ്മിതികൾ നടപ്പാക്കുക.
- ചെക്ക് ഡാമുകൾ, വി.സി.ബി-കൾ, കുളങ്ങൾ എന്നിവയുടെ പ്രയോജനം കൃഷിക്കാർക്ക് ലഭിക്കുമെന്ന് ഉറപ്പുവരുത്തുക.
- പുഴ, തോട് എന്നിവ കര കവിഞ്ഞ് കൃഷി നാശം സംഭവിക്കാതിരിക്കാൻ ആവശ്യമുള്ളയിടങ്ങളിൽ പാർശ്വഭിത്തി നിർമ്മിക്കുക
- ജില്ലയിൽ കൃഷിക്കാവശ്യമായ ജലലഭ്യത ഉറപ്പുവരുത്തുക
- നിലവിലെ ഉപയോഗക്ഷമമല്ലാത്ത നിർമ്മിതികൾ പുനരുദ്ധരിച്ച് റീച്ചാർജിംഗ് സാധ്യത ഉറപ്പുവരുത്തുക.
- ജില്ലയിൽ ഓരോ വർഷകാലവും ഉപയോഗിക്കാൻ പറ്റാതെ ഒഴുകിപ്പോകുന്ന മഴവെള്ളത്തെ ഉപയോഗപ്രദമാക്കുക.

മേഖലയിലെ പ്രശ്നങ്ങൾ

- ജില്ലയുടെ ഭൂപ്രകൃതി അനുസരിച്ച് ചരിവുള്ള പ്രദേശങ്ങൾ കൂടുതലായതിനാൽ മഴവെള്ളം പെട്ടെന്ന് ഒഴുകിപ്പോകുന്നു.
- ജില്ലയിലെ മിക്ക പ്രദേശങ്ങളിലും രൂക്ഷമായ വരൾച്ച നേരിടേണ്ടിവരുന്നു.
- ജില്ലയിൽ കൂടുതൽ പ്രദേശം ലാറ്ററൈറ്റ് മണ്ണ് ആകയാൽ മഴവെള്ളം ഭൂമിയിലേക്ക് കിനിഞ്ഞിറങ്ങുന്നതിന് പ്രയാസം നേരിടുന്നു.
- തീരപ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമായതിനാൽ കൃഷിക്ക് പ്രയാസം നേരിടുന്നു.
- തീര പ്രദേശങ്ങളിൽ കടലാക്രമണം കൂടുതലാണ്. കടൽ സംരക്ഷണ ഭിത്തികൾ തീർത്തും അപര്യാപ്തമാണ്.
- ഭൂഗർഭ ജലത്തിന്റെ അമിത ചൂഷണം
- പുഴകളിൽ വൻകിട ജലസേചന പദ്ധതികളുടെ അഭാവം മൂലം എല്ലാ വർഷവും നല്ല തോതിൽ മഴവെള്ളം പാഴാവുന്നു.
- **രൂക്ഷമായ വരൾച്ച:** നിലവിലുള്ള പദ്ധതികളെ പുനരുദ്ധരിക്കുന്നതോടൊപ്പം ശാസ്ത്രീയമായ ചില സംരക്ഷണ പ്രവൃത്തികളും (റഗുലറേറ്ററുകൾ, തടയണകൾ, അടിയണകൾ മുതലായവ) വനവൽക്കരണവും മണ്ണുസംരക്ഷണവും ആവിഷ്ക്കരിച്ച് നടപ്പിലാക്കണം കൂടാതെ പരിമിതമായ ജല ഉപയോഗം മതിയാവുന്ന തരത്തിലുള്ള നൂതന കൃഷി സംമ്പ്രദായങ്ങളും നടപ്പിലാക്കണം.
- **ജലസ്രോതസ്സുകളുടെ തകർച്ച:** ജലസ്രോതസ്സുകളുടെ വിസ്തൃതി പഴയനിലയിലേക്ക് തിരിച്ചു കൊണ്ടുവരുന്നതിനും അവയെ സംരക്ഷിച്ച് നിലനിർത്തുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.
- **ഉപ്പുവെള്ളം കയറുന്നതുമൂലമുള്ള പ്രശ്നങ്ങൾ:** തീരദേശങ്ങളോട് ചേർന്നുള്ള പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറുന്നതുമൂലം കൃഷി നാശം സംഭവിക്കുന്നത് തടയുവാനായുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.
- **വെള്ളക്കെട്ട് മുലമുള്ള പ്രശ്നങ്ങൾ:** വെള്ളക്കെട്ട് രൂക്ഷമായുള്ള പ്രദേശങ്ങളിൽ കൃഷിയോഗ്യമാക്കുന്നതിനായി ജലനിർഗ്ഗമന സംവിധാനങ്ങൾ നടപ്പിലാക്കണം.
- **വെള്ളപ്പൊക്കവും കടലാക്രമണവും:** 87.65 കി.മീ കടൽത്തീരമുള്ള ജില്ലയിൽ ഇതുവരെയായി 15 കി.മീറ്ററോളം കടൽഭിത്തിയേ നിലവിലുള്ളൂ. അതിൽ പകുതിയോളം തകർന്ന നിലയിലുമാണ്. രൂക്ഷമായ കടലാക്രമണം നടക്കുന്ന തീരപ്രദേശങ്ങളാണ് ജില്ലയിൽ ഏറിയ കൂറുമുള്ളത്. കടലാക്രമണം നേരിടുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
- **മാലിന്യ പ്രശ്നം:** നിലവിലുള്ള ജലസ്രോതസ്സുകൾ പൊതുജനങ്ങളാൽ വളരെയധികം മലിനമാക്കപ്പെട്ട് കിടക്കുകയാണ്. ഇതിനു പരിഹാരമായി ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും ഉറവിട മാലിന്യ സംസ്ക്കരണം പ്രോൽസാഹിപ്പിക്കുകയും ജനകീയ കൂട്ടായ്മയിലൂടെ പുഴകളും അരുവികളും ശുചീകരിക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കുകയും വേണം.

ജലസേചനം - നിർദ്ദേശങ്ങൾ

- മഴവെള്ളത്തിന്റെ റീച്ചാർജ്ജിംഗ് പദ്ധതികൾ ആവിഷ്കരിച്ച് ശുദ്ധജല ക്ഷാമം ഇല്ലാതാക്കൽ
- ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിന് ആവശ്യമായ നടപടികൾ ആവിഷ്ക

രിച്ച് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തൽ

- കൂടുതൽ കൃഷി സ്ഥലങ്ങളിൽ ജലസേചന സൗകര്യം ഏർപ്പെടുത്തൽ
- ചെറുകിട ജലസേചന പദ്ധതികളും, ഡ്രിപ്പ്, ഫെർട്ടിഗേഷൻ, മൈക്രോ ഇറിഗേഷൻ, പ്രിസിഷൻ ഫാമിംഗ് പോലുള്ള ജലവിനിയോഗ ക്ഷമത കൂടിയ നവീന ജലസേചന പദ്ധതികളെ കൂടുതൽ പ്രോൽസാഹിപ്പിക്കൽ.
- നിലവിൽ പ്രവർത്തനക്ഷമമല്ലാതെ കിടക്കുന്ന ജലസേചന പദ്ധതികൾ പുനരുജ്ജീവിപ്പിക്കാനും, കാര്യക്ഷമമായി നിലനിർത്താനുമുള്ള പദ്ധതികൾ ആവിഷ്കരിക്കൽ.
- തോടുകളും, ഇടത്തോടുകളും വൃത്തിയാക്കാനും പരിപാലിക്കാനുമുള്ള നടപടികൾ ആവിഷ്കരിച്ച് ജലസുരക്ഷ ഉറപ്പുവരുത്തൽ
- ജല ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി അനുയോജ്യമായ വിളകൾക്ക് സ്പ്രിംഗ്ലർ ജലസേചനം ഏർപ്പെടുത്തൽ.
- ഉപയോഗിച്ച് കഴിഞ്ഞ വെള്ളം ശുദ്ധീകരിച്ച് പുനരുപയോഗത്തിന് സാധ്യമാക്കൽ
- പ്രാദേശികമായി നദീതടങ്ങൾ അടിസ്ഥാനമാക്കി സമഗ്ര നദീതട പദ്ധതികൾ ആസൂത്രണം ചെയ്യൽ- (കൃഷി , ജലസേചനം, കുടിവെള്ളം, പരിസ്ഥിതി തുടങ്ങിയ മേഖലകൾ സംയുക്തമായി)
- നിലവിലുള്ള വി സി ബി-കളുടെ മെയിന്റനൻസ്, ആവശ്യാധിഷ്ഠിതമായി മാത്രം ക്രോസ് ബാറുകളുടെ നിർമ്മാണം-ശാസ്ത്രീയമായി ജലസ്രോതസ്സുകൾക്കനുസൃതമായി മാത്രം പദ്ധതികൾക്ക് രൂപം കൊടുക്കൽ

മേൽത്തട്ട്/കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- സമയബന്ധിതമായി നിലവിലുള്ള നിർമ്മിതികളെ സംബന്ധിച്ച് പഠനം നടത്തൽ
- പുനരുദ്ധരിക്കാൻ കഴിയുന്ന നിർമ്മിതികളുടെ നവീകരണത്തിന് പ്രഥമ പരിഗണന നൽകൽ
- ജലസംരക്ഷണ ബോധവൽക്കരണത്തിന് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും പദ്ധതികൾ തയ്യാറാക്കൽ.
- നദീതടങ്ങൾ അടിസ്ഥാനമാക്കി ബ്ലോക്കുപഞ്ചായത്തുകൾ സമഗ്ര നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.
- ജലമലിനീകരണ നിയന്ത്രണത്തിന് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ Waste free water resources for better health and live, കാമ്പയിൻ സംഘടിപ്പിക്കൽ.
- ഓരോ വർഷവും നടപ്പിലാക്കാൻ പോകുന്ന പദ്ധതികളിൽ നടീൽ വസ്തുക്കളും വിത്തും നൽകുന്നതിനുള്ള സാധ്യതയും സബ്സിഡി മാനദണ്ഡങ്ങളും ജനുവരി മാസത്തിൽ തന്നെ നിശ്ചയിച്ച് ഉത്തരവ് ഉണ്ടാകണം. ജനകീയാസൂത്രണ പദ്ധതികൾ രൂപകൽപ്പന ചെയ്യുന്നതിന് മുൻപേ ലഭ്യമാക്കുകയാണെങ്കിൽ ത്രിതല പഞ്ചായത്ത് പ്രൊജക്ടുകളുമായി ആയത് സംയോജിപ്പിക്കാൻ സാധിക്കും.
- കാർഷിക യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവയ്ക്ക് റേറ്റ് കോൺട്രാക്റ്റ് ഓരോ വർഷവും ഏപ്രിൽ മാസത്തിൽ തന്നെ നൽകൽ.
- ജൈവവള ഗുണ നിയന്ത്രണത്തിന് ആവശ്യമായ സൗകര്യം. ജില്ലയിലെ മണ്ണ് പരിശോധനാ ലാബിനോട് ചേർന്നോ, കാർഷിക സർവ്വകലാശാലകളിൽ നിന്നോ ലഭ്യമാക്കൽ.
- അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തനത്തിൽ ഗണ്യമായ മാറ്റം വരുത്തൽ.
- ഉൽപാദനച്ചെലവ് പരിഗണിച്ച് സബ്സിഡിയിൽ മാറ്റം വരുത്തൽ.
- ഉൽപ്പന്നങ്ങൾക്ക് താങ്ങുവില നൽകുന്നതിന് തുക ലഭ്യമാക്കൽ.
- കാർഷിക വിളകളുടെ വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ.

സംയോജനസാധ്യതകൾ

- നീർത്തട പദ്ധതികൾ ത്രിതല പഞ്ചായത്തുകളുമായി സംയോജിപ്പിച്ച് നടപ്പിലാക്കൽ.
- നിലവിലുള്ള നിർമ്മിതികളുടെ അവസ്ഥ സംബന്ധിച്ചു തരം തിരിച്ചുള്ള സർവ്വെ സംയുക്തമായി നടത്തൽ.
- വർഷങ്ങളായി പ്രവർത്തനക്ഷമമല്ലാതെ കിടക്കുന്ന പദ്ധതികളുടെ നവീകരണം സംയുക്തമായി നടപ്പിലാക്കൽ.
- ജലസ്രോതസ്സുകളിലെ മലിനീകരണം തടയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കൽ
- നിലവിലുള്ള വാട്ടർ കൺസർവേഷൻ ആക്ടിനനുസരിച്ച് സംയോജന സാധ്യതയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ.

മാതൃകാപ്രൊജക്ട് ആശയങ്ങൾ

- ചെറിയ കുളങ്ങളുടെയും തോടുകളുടെയും പാർശ്വഭിത്തികളുടെ നിർമ്മിതിയിൽ കയർ ഭൂവസ്ത്രം (geo textile) ഉപയോഗപ്പെടുത്തൽ
- തോടുകളുടെയും അരുവികളുടെയും അരികുകളിൽ കൈതച്ചെടി, മുള മുതലായവ വച്ചുപിടിപ്പിക്കൽ.
- റൊട്ടേഷൻ കൃഷിരീതി പ്രോത്സാഹിപ്പിക്കൽ
- ഉൾനാടൻ ജലഗതാഗതം പ്രോത്സാഹിപ്പിക്കൽ.

സംക്ഷിപ്തം

വർദ്ധിച്ചുവരുന്ന ജനസംഖ്യയും ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദനത്തിൽ വരുന്ന കുറവുമാണ് ലോകം ഇന്നഭിമുഖീകരിക്കുന്ന മുഖ്യവിഷയങ്ങളിൽ ഒന്ന്. കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിൽ കുറവ് വരുത്താതെ, പരമാവധി ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് സ്ഥലപരമായ ആസൂത്രണം നടത്തി ഉൽപാദനവർദ്ധനവ് നേടിയെടുക്കുകയാവണം പ്രധാനലക്ഷ്യം. അതി നൊപ്പം പ്രാദേശിക വിഭവങ്ങൾ, വിവിധ കാർഷിക വിളകൾക്ക് അനുയോജ്യമായ സ്ഥലങ്ങൾ എന്നിവ കണ്ടെത്തി മാപ്പ് ചെയ്യുകയും കർഷകർക്ക് ഉയർന്നതോതിൽ സഹായവും വിളകളുടെ പരിരക്ഷയും ഉറപ്പാക്കുകയും വേണം. സുരക്ഷിത കാർഷിക രീതികൾ അവലംബിക്കുന്നതിനും, സംഭരണം, മൂല്യവർദ്ധന, ഉയർന്നവില എന്നിവ ഉറപ്പാക്കുന്നതിനും പ്രത്യേകശ്രദ്ധ കൊടുക്കണം. ഗുണമേന്മയുള്ള വിത്തുകളുടെയും നടീൽവസ്തുക്കളുടെയും ലഭ്യത ഉറപ്പ് വരുത്തണം. കാർഷിക കർമ്മസേന, കുടുംബശ്രീ, എം.എൻ.ആർ.ഇ.ജി.എസ് എന്നിവ തൊഴിലാളികളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ സഹായകമാകുന്ന വിധത്തിൽ കാർഷിക മേഖലയുമായി സംയോജിപ്പിക്കണം. പലിശ രഹിതവായ്പ, ഉല്പ്പാദന ബോണസ് എന്നിവ സമയോജിതമായി ലഭ്യമാക്കണം. വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് മാർക്കറ്റ് സ്ഥിതിവിവരങ്ങൾ കർഷകരിലെത്തിച്ച് ഉയർന്ന വില ലഭിക്കുന്ന സാഹചര്യം ഉറപ്പാക്കണം.

4.1.2 മൃഗ സംരക്ഷണം, ക്ഷീര വികസനം

1. ആമുഖം

ജില്ലയുടെ സമ്പദ്ഘടനയിൽ സുപ്രധാന പങ്കുവഹിക്കുന്ന, കാർഷിക മേഖലയുമായി അഭേദ്യബന്ധമുള്ള മേഖലയാണ് മൃഗസംരക്ഷണവും, ക്ഷീരവികസനവും. കാർഷിക അനുബന്ധമേഖലയിലെ മൊത്തം ഉത്പാദനത്തിന്റെ 22 ശതമാനം ഈ മേഖലയിൽ നിന്നാണ് ലഭിക്കുന്നത്. ജില്ലയിൽ യഥാക്രമം 39996 വീടുകളിൽ കന്നുകാലികൾ, 10960 വീടുകളിൽ ആടുകൾ, 223 വീടുകളിൽ പന്നികൾ, 63668 വീടുകളിൽ കോഴികൾ എന്നിവ വളർത്തുന്നു. ജില്ലയിലെ 82698 പശുക്കളിൽ 30678 എണ്ണം നാടൻ ഇനങ്ങളാണ്. കാസറഗോഡ് ജില്ലയെ ജൈവ ജില്ലയായി പ്രഖ്യാപിച്ചതോടെ ജില്ലയ്ക്ക് ജൈവവളങ്ങളുടെ ആവശ്യകത ഏറിവരികയാണ്. ഈ പ്രഖ്യാപനം സാക്ഷാത്ക്കരിക്കുന്നതിന് ജൈവവളം അത്യന്താപേക്ഷിതമാണ്. ജൈവവളങ്ങളിൽ നല്ലൊരു ഭാഗം വളർത്തുമൃഗങ്ങളുടെ വിസർജ്ജ്യ വസ്തുക്കളാണ്. ഉൽപ്പന്നങ്ങൾക്ക് പ്രാദേശികമായി തന്നെ വിപണി കണ്ടെത്താൻ കഴിയുന്നതിനാൽ അന്താരാഷ്ട്രവിപണിയിലെ താളം തെറ്റലുകളും വിലത്തകർച്ചയും ഈ മേഖലയെ സാരമായി ബാധിക്കുന്നില്ല.

മൃഗസംരക്ഷണം

2012 ലെ കന്നുകാലി സെൻസസ് പ്രകാരം ജില്ലയിൽ ആകെ കന്നുകാലികളുടെ എണ്ണം 82968 ആണ്. ഇതിൽ 51851 എണ്ണം സങ്കരയിനവും 30678 എണ്ണം നാടൻ ഇനവുമാണ്. ജില്ലയിൽ മഞ്ചേശ്വരം ബ്ലോക്കിലാണ് ഏറ്റവും കൂടുതൽ കന്നുകാലികൾ ഉള്ളത് (17524), ഏറ്റവും കുറവ് കാഞ്ഞങ്ങാട് ബ്ലോക്കിലും (7971). എന്നാൽ സങ്കരയിനം ഏറ്റവും കൂടുതൽ (16086) പരപ്പ ബ്ലോക്കിലും, കുറവ് കാസറഗോഡ് ബ്ലോക്കിലുമാണ്. യഥാക്രമം മഞ്ചേശ്വരം, കാസറഗോഡ്, കാറഡുക്ക ബ്ലോക്കുകളിലാണ് നാടൻ പശുക്കൾ കൂടുതലായുള്ളത്.

കാസറഗോഡിന്റെ തനത് ഇനമായ കുള്ളൻ പശുവിന്റെ എണ്ണം ഗണ്യമായി കുറഞ്ഞു വരികയാണ്. നിലവിൽ ഇത് പത്തായിരത്തോളം മാത്രമാണ്. സംസ്ഥാനത്തിന്റെ 6.2% മാത്രമാണ് ജില്ലയിലെ കന്നുകാലികളുടെ അനുപാതം. ജില്ലയുടെ വടക്കെ അറ്റത്തെ ബ്ലോക്കായ മഞ്ചേശ്വരത്ത് കന്നുകാലികളുടെ എണ്ണം കൂടുതൽ ആണെങ്കിലും അതിൽ ക്രോസ്ബ്രീഡ് ഇനം വളരെ കുറവാണ്. ഇത് പാലുൽപാദനത്തിന്റെ അളവിനെയും സ്വാധീനിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ 4.32% പാൽ മാത്രമാണ് ജില്ലയിൽ ഉൽപാദിപ്പിക്കുന്നത്. ഇവിടെ പാൽ ആവശ്യത്തിന്റെ 85 ശതമാനം മാത്രമെ ഇവിടെ ഉൽപാദിപ്പിക്കുന്നുള്ളൂ.

ജില്ലയുടെ വടക്കൻ അതിർത്തി പ്രദേശങ്ങളായ കാസറഗോഡ്, മഞ്ചേശ്വരം ബ്ലോക്കുകളിൽ സങ്കരയിനം പശുക്കളുടെ കുറവ് പാലുൽപാദനത്തിന്റെ അളവിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പ്രതിദിനം 15701 ലിറ്റർ പാൽ മറ്റു ജില്ലകളിൽ നിന്നോ, മറ്റു സംസ്ഥാനങ്ങളിൽ നിന്നോ ഇറക്കുമതി ചെയ്യേണ്ട സ്ഥിതിയാണ് ജില്ലയിൽ നിലവിലുള്ളത്. അതുകൊണ്ടുതന്നെ പശുക്കളുടെ എണ്ണത്തിൽ കൂടുതലുണ്ടെങ്കിലും ശരാശരി 4000 ലിറ്ററിലും താഴെ മാത്രം പാലുൽപാദിപ്പിക്കുന്ന കാസറഗോഡ്, മഞ്ചേശ്വരം മേഖല സ്വാഭാവികമായും തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടകയിൽ നിന്നും പാൽ ആവശ്യം നിറവേറ്റി വരുന്നതായി മനസ്സിലാക്കാം. പാലുൽപാദനത്തിൽ സ്വാശ്രയത്വം ലക്ഷ്യമിടുമ്പോൾ വളരെ പ്രധാനമാകുന്നു ഈ വിലയിരുത്തൽ. വടക്കൻ മേഖലകളിൽ കൂടുതൽ പാലുല്പാദിപ്പിക്കുന്ന പശുക്കൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. അതിർത്തി പ്രദേശമെന്ന നിലയിൽ മറ്റു സംസ്ഥാനങ്ങളിലുൾപ്പെടെ ഇറക്കുമതി ചെയ്യപ്പെടുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പു വരുത്താനാവശ്യമായ മെച്ചപ്പെട്ട പരിശോധനാ സംവിധാനവും അനിവാര്യമാണ്.

ക്ഷീരസഹകരണ സംഘങ്ങൾ ജില്ലയിൽ ഫലപ്രദമായി പ്രവർത്തിച്ചു വരുന്നുണ്ട്. മിൽമ ജില്ലയിൽ നിന്ന് പ്രതിദിനം ശരാശരി 39481 ലിറ്റർ പാൽ ശേഖരിച്ചു വരുന്നു. 2016-17 ൽ മിൽമ 56177 ലിറ്റർ പാലാണ് ജില്ലയിൽ ദിവസേന വിൽപന നടത്തി വന്നത്. ഉൽപാദന വിതരണ മേഖലയിലെ ഈ വ്യതിയാനം വിലയിരുത്തപ്പെടേണ്ടതുണ്ട്. ജില്ലയിൽ മിൽമയ്ക്കു പുറമേ 143 ക്ഷീര സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 136 എണ്ണം സജീവമായി പ്രവർത്തിക്കുന്നു. ഇതിൽ 64 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. 125 സംഘങ്ങൾ ഓട്ടോമാറ്റിക് പാൽ ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂളറുകൾ, മറ്റ് ആധുനിക അടിസ്ഥാന സൗകര്യങ്ങൾ ഇവ ഈ സംഘങ്ങളിൽ പരിമിതമാണ്. കമ്പ്യൂട്ടർ സൗകര്യമുള്ള സംഘങ്ങൾ 119 ആണ്. പരപ്പ ബ്ലോക്കിലാണ് ഏറ്റവും കൂടുതൽ സംഘങ്ങളുള്ളത് (42). ഏറ്റവും കുറവ് വടക്കൻ മേഖലയിലെ കാസറഗോഡ്, മഞ്ചേശ്വരം ബ്ലോക്കുകളിലാണ്. ഇവിടെ 14 വീതം സംഘങ്ങൾ പ്രവർത്തിക്കുന്നു. പശുക്കളുടെ എണ്ണത്തിൽ കൂടുതലുള്ള വടക്കൻ പ്രദേശങ്ങളിലെ പാലുൽപാദനം കുറവാണെന്ന വസ്തുതയോടൊപ്പം ക്ഷീര സംഘങ്ങളുടെ കുറവും ശ്രദ്ധേയമാണ്.

പട്ടിക 4.1.2.1: പാലുൽപാദനം ബ്ലോക്ക് തലത്തിൽ

ക്രമ നമ്പർ	ബ്ലോക്ക്	സംഘങ്ങളുടെ എണ്ണം	ഉൽപാദകർ/എണ്ണം	പ്രതിദിന പാൽ സംഭരണം (ലിറ്റർ)
1	നീലേശ്വരം	31	1759	14427
2	പരപ്പ	42	2891	22052
3	കാഞ്ഞങ്ങാട്	17	1280	9553
4	കാസറഗോഡ്	14	495	3245
5	കാറഡുക്ക	18	910	4922
6	മഞ്ചേശ്വരം	14	812	6320
	ആകെ	136	8147	60519

അവലംബം: ക്ഷീര വികസന വകുപ്പ് 2016-17

വിവിധ സംഘങ്ങളിലായി ജില്ലയിലെ പാലുൽപാദകരുടെ എണ്ണം 8147 ആണ്. പരപ്പ, നീലേശ്വരം ബ്ലോക്കുകൾ എണ്ണത്തിൽ മുന്നിൽ നിൽക്കുമ്പോൾ കാസറഗോഡ്, മഞ്ചേശ്വരം ബ്ലോക്കുകളിൽ സംഘങ്ങളുമായി ബന്ധപ്പെട്ട ക്ഷീര കർഷകർ കുറവാണ്. പ്രതിദിന പാലുൽപാദനത്തിൽ പരപ്പ ബ്ലോക്കാണ് മുന്നിൽ. പരപ്പയിൽ 22052 ലിറ്റർ പാൽ പ്രതിദിനം ഉൽപാദിപ്പിക്കുമ്പോൾ കാസറഗോഡ് ബ്ലോക്കിൽ ഇത് 3245 ലിറ്ററും മഞ്ചേശ്വരം 6320 ലിറ്ററുമാണ്. എന്നാൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി സൊസൈറ്റികൾ മുഖേന ശേഖരിക്കുന്ന പാലിന്റെ അളവ് വർദ്ധിച്ചു വരുന്നത് ശുഭോദർക്കമാണ്. 2012-13 ൽ 1.55 കോടി ലിറ്റർ ആയിരുന്നത് 2016-17 ൽ 2.07 കോടി ലിറ്ററായി വർദ്ധിച്ചു. മലയോര മേഖലയിലെ ഗ്രാമ പഞ്ചായത്തുകളായ ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി, കോടോം-ബേളൂർ, ബളാൽ, കയ്യൂർ ചീമേനി, പനത്തടി, എൻമകജെ തുടങ്ങിയ പ്രദേശങ്ങളിലാണ് കൂടുതൽ സംഘങ്ങൾ ഉള്ളതും പാൽ ശേഖരിക്കുന്നതും. പ്രതിവർഷം ജില്ലയിൽ ശേഖരിക്കുന്ന പാലിന്റെ 60 ശതമാനത്തിലെറെയും മിൽമ വഴിയാണ്. ഏറ്റവും കൂടുതൽ കന്നുകാലി സമ്പത്തുള്ള വോർക്കാടി, പൈവളിഗെ തുടങ്ങിയ യിടങ്ങളിൽ പാലുൽപാദനം വളരെ കുറവാണെന്ന് സ്ഥിതി വിവരക്കണക്കുകൾ വ്യക്തമാക്കുന്നു.

പൊതുവിവരങ്ങൾ- സ്ഥിതി വിവരകണക്കുകൾ അവസ്ഥ വിശകലനം സഹിതം

പട്ടിക 4.1.2.2: കന്നുകാലി സെൻസസ് 2012

ഇനം	കാസറഗോഡ് ജില്ല	സംസ്ഥാനം	അനുപാതം (%)
പശു	82968	1328627	6.2
എരുമ	1280	102269	1.3
ആട്	33757	1246077	2.7
പന്നി	2941	55782	5.3
പൗൾട്രി	375162	10611984	3.5

അവലംബം: മൃഗസംരക്ഷണ വകുപ്പ് 2012

പട്ടിക 4.1.2.3: കന്നുകാലി സെൻസസ് 2012 (പഞ്ചായത്ത്, മുൻസിപ്പാലിറ്റി അടിസ്ഥാനത്തിൽ)

ബ്ലോക്കിന്റെ പേര്	കന്നുകാലി		ബഫല്ലോ	ആട്	ചെമ്മരിയാട്	പന്നി	നായ	മുയൽ	കോഴി	താറാവ്	ടർക്കി	കാട
	ക്രോസ് ബ്രീഡ്	നാടൻ										
മഞ്ചേശ്വരം	6170	11354	371	3497	5	141	6980	136	44401	146	44	12
കാസറഗോഡ്	4437	8448	414	5734	2	131	4586	282	42015	853	313	124
കാഞ്ഞങ്ങാട്	6749	1222	173	4403	0	150	3772	400	40318	784	216	534
കാറഡുക്ക	7179	8106	119	4758	0	40	8142	216	79236	414	139	0
പരപ്പ	16086	1082	100	10753	0	2031	9271	1807	92415	1131	271	949
നീലേശ്വരം	7718	154	82	3216	0	402	2537	371	49552	954	252	142
ആകെ	48339	30366	1259	32361	7	2895	35288	3212	347937	4282	1235	1761

കാഞ്ഞങ്ങാട് ബ്ലോക്ക് - പഞ്ചായത്ത് അടിസ്ഥാനത്തിൽ

ഉദുമ	871	212	15	926	0	0	826	76	7575	189	62	522
അജാനൂർ	1387	61	54	704	0	0	905	96	4617	216	63	7
മടിക്കൈ	1258	176	22	701	0	150	684	141	11627	145	55	0
പള്ളിക്കര	1120	595	73	1158	0	0	559	40	9844	160	17	4
പുല്ലൂർ പെരിയ	2113	178	9	914	0	0	798	47	6655	74	19	1
ആകെ	6749	1222	173	4403	0	150	3772	400	40318	784	216	534

കാസറഗോഡ് ബ്ലോക്ക് - പഞ്ചായത്ത് അടിസ്ഥാനത്തിൽ

കുമ്പള	560	1544	52	608	0	0	921	51	5788	94	39	2
ബദിയഡുക്ക	1298	2903	80	514	0	71	1774	37	12411	123	32	9
ചെങ്കള	459	1821	65	1630	0	0	476	75	6662	181	19	101
ചെമ്മനാട്	1618	414	103	1928	0	0	555	54	8651	298	98	4
മധൂർ	225	955	29	417	2	60	610	42	4081	93	116	8
മൊഗ്രാൽപുത്തൂർ	277	811	85	637	0	0	250	23	4422	64	9	0
ആകെ	4437	8448	414	5734	2	131	4586	282	42015	853	313	124

പരപ്പ ബ്ലോക്ക് - പഞ്ചായത്ത് അടിസ്ഥാനത്തിൽ

ബളാൽ	1859	34	4	1676	0	167	1417	256	12101	99	21	1
കള്ളാർ	1893	43	12	1272	0	52	1202	118	9192	230	17	654
കോടോം - ബേളൂർ	2836	473	19	1826	0	270	1122	200	15141	131	100	0
പനത്തടി	1741	277	15	1620	0	337	1548	117	8273	270	50	18
ഈസ്റ്റ് എളേരി	2987	27	15	1779	0	1082	1585	695	17463	154	23	269
വെസ്റ്റ് എളേരി	2731	40	13	1592	0	21	1379	285	17593	97	34	0
കിനാനൂർ - കരിന്തളം	2039	188	22	988	0	102	1018	136	12652	150	26	7
ആകെ	16086	1082	100	10753	0	2031	9271	1807	92415	1131	271	949

മഞ്ചേശ്വരം ബ്ലോക്ക് - പഞ്ചായത്ത് അടിസ്ഥാനത്തിൽ

മംഗൽപ്പാടി	587	1380	61	722	0	0	721	9	4414	4	0	0
വോർക്കാടി	818	1915	135	950	0	70	1781	7	13140	24	5	0
പുത്തിഗെ	663	1235	24	314	0	0	725	0	5222	30	7	0
മീഞ്ച	551	1624	53	467	0	0	1551	17	5820	29	13	12
മഞ്ചേശ്വരം	358	761	20	445	0	55	787	26	3047	24	12	0
പൈവളികെ	1013	1753	42	284	0	4	939	2	5021	0	0	0
എൻമകജെ	2180	2686	36	315	5	12	476	75	7737	35	7	0
ആകെ	6170	11354	371	3497	5	141	6980	136	44401	146	44	12

കാറഡുക്ക ബ്ലോക്ക് - പഞ്ചായത്ത് അടിസ്ഥാനത്തിൽ

ബെള്ളൂർ	930	801	11	263	0	31	1133	15	4814	22	5	0
കുമ്പഡാജെ	550	1188	18	323	0	0	823	28	4272	42	14	0
കാറഡുക്ക	780	1282	4	456	0	0	1053	5	12291	81	18	0
കുറ്റിക്കോൽ	2164	475	2	1511	0	0	1724	104	15461	122	48	0
മുളിയാർ	696	839	0	607	0	3	550	5	6668	30	12	0
ദേലംപാടി	425	2305	67	459	0	6	1547	3	9318	40	22	0
ബേഡഡുക്ക	1634	1216	17	1139	0	0	1312	56	26412	77	20	0
ആകെ	7179	8106	119	4758	0	40	8142	216	79236	414	139	0

നീലേശ്വരം ബ്ലോക്ക് - പഞ്ചായത്ത് അടിസ്ഥാനത്തിൽ

ചെറുവത്തൂർ	924	30	8	300	0	0	343	41	4365	170	24	36
കയ്യൂർ - ചീമേനി	1971	42	11	1002	0	100	772	92	10310	145	58	0
പിലിക്കോട്	2155	41	21	587	0	302	684	125	22592	92	35	0
തൃക്കരിപ്പൂർ	1514	41	31	720	0	0	439	61	5492	282	81	6
പടന്ന	884	0	3	362	0	0	189	31	3838	205	22	0
വലിയപറമ്പ	270	0	8	245	0	0	110	21	2955	60	32	100
ആകെ	7718	154	82	3216	0	402	2537	371	49552	954	252	142

മുനിസിപ്പാലിറ്റി - അടിസ്ഥാനത്തിൽ (കന്നുകാലി സെൻസസ് 202)

കാസറഗോഡ് മുൻസിപ്പാലിറ്റി	195	106	4	415	0	0	493	12	2444	172	23	2
നീലേശ്വരം മുൻസിപ്പാലിറ്റി	991	153	5	251	0	0	679	50	7527	309	33	464
കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി	2326	32	34	654	5	0	1443	197	5826	435	83	0
ആകെ	3512	291	43	1320	5	0	2615	259	15797	916	139	466

അവലംബം : മൃഗസംരക്ഷണ വകുപ്പ് വർഷം 2012

കന്നുകാലി സാന്ദ്രത പഞ്ചായത്ത് അടിസ്ഥാനത്തിൽ

ജില്ലയിൽ ഏറ്റവും കൂടുതൽ കന്നുകാലി സമ്പത്തുള്ള പഞ്ചായത്തുകൾ- വോർക്കാടി, പൈവളികെ, എൻമകജെ, ബദിയഡുക്ക, ദേലംപാടി, ബേഡഡുക്ക, കോടോം ബേളൂർ, ഈസ്റ്റ് എളേരി എന്നിവയാണ്.

മേപ്പ് 4.1.2.1: കന്നുകാലികളുടെ സാന്ദ്രത തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ



മൃഗ സംരക്ഷണം, ക്ഷീര വികസനം

പട്ടിക 4.1.2.4 പാൽ, മുട്ട, മാംസം ഉൽപാദനം

ഉൽപന്നത്തിന്റെ പേര്	ജില്ലയിലെ ഉൽപാദനം	സംസ്ഥാന ശതമാനം
പാൽ	108.93 (000MT)	4.32
മുട്ട	772.58 (Lakh)	3.29
മാംസം	20.13 (000MT)	4.29

അവലംബം: മൃഗസംരക്ഷണ വകുപ്പ് 2016-17

മേപ്പ് 4.1.2.2: പാലുൽപാദന തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ



അവലംബം: ക്ഷീര വികസന വകുപ്പ്. 2016-17

പട്ടിക 4.1.2.5: ക്ഷീരസഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങൾ

1	ജില്ലയിൽ രജിസ്റ്റർ ചെയ്ത ആകെ സംഘങ്ങളുടെ എണ്ണം	143
2	രജിസ്റ്റർ ചെയ്ത ആനന്ദ് മാതൃകാ സംഘങ്ങൾ	136
3	രജിസ്റ്റർ ചെയ്ത പരമ്പരാഗത സംഘങ്ങൾ	7
4	പ്രവർത്തിക്കുന്ന സംഘങ്ങൾ	135
5	പ്രവർത്തനരഹിതം	8
6	ഓട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റ് (AMCU) സ്ഥാപിച്ച സംഘങ്ങൾ	125
7	മിൽക് കളക്ഷൻ സ്ഥാപിച്ച സംഘങ്ങൾ	15
8	കമ്പ്യൂട്ടർ സൗകര്യങ്ങളുള്ള സംഘങ്ങളുടെ എണ്ണം	119
9	സ്വന്തമായി ഓഫീസ് കെട്ടിടമുള്ള സംഘങ്ങളുടെ എണ്ണം	64

അവലംബം- ക്ഷീരവികസന വകുപ്പ് 2016-17

മൃഗ സംരക്ഷണം, ക്ഷീര വികസനം

പട്ടിക 4.1.2.6: കറവപ്പശു, തീറ്റപ്പുൽകൃഷി ഉൽപാദന മാതൃകാ വിവരങ്ങൾ

ക്രമ നം.	ഇനം	31/3/2017 വരെ
1	100 ൽ അധികം കറവപ്പശുക്കളുള്ള ഡയറി ഫാമുകൾ	1
2	50 നും 100 നും ഇടയിൽ കറവപ്പശുക്കളുള്ള ഡയറി ഫാമുകൾ	4
3	21 നും 50 നും ഇടയിൽ കറവപ്പശുക്കളുള്ള ഡയറി ഫാമുകൾ	8
4	11 നും 20 നും ഇടയിൽ കറവപ്പശുക്കളുള്ള ഡയറി ഫാമുകൾ	50
5	5 നും 10 നും ഇടയിൽ കറവപ്പശുക്കളുള്ള ഡയറി ഫാമുകൾ	252
6	5 ഏക്കറിനു മുകളിലുള്ള ഫോഡർ പ്ലോട്ടുകൾ	2
7	2.5 ഏക്കറിനും 5 ഏക്കറിനും ഇടയിലുള്ള ഫോഡർ പ്ലോട്ടുകൾ	12
8	1 ഏക്കറിനും 2.5 ഏക്കറിനും ഇടയിലുള്ള ഫോഡർ പ്ലോട്ടുകൾ	65

അവലംബം: ക്ഷീരവികസന വകുപ്പ് 2016-17

പട്ടിക 4.1.2.7: മിൽമ പ്രവർത്തന റിപ്പോർട്ട് 2016-17

2016-17 വർഷത്തിൽ മിൽമ കാസറഗോഡ് സംഭരിച്ച പാലിന്റെ അളവ്	39481 ലിറ്റർ/പ്രതിദിനം
2016-17 വർഷത്തിൽ മിൽമ കാസറഗോഡ് ജില്ലയിൽ വിൽപന നടത്തിയ പാലിന്റെ അളവ്	56177 ലിറ്റർ/പ്രതിദിനം
2016-17 വർഷത്തിൽ മറ്റ് ജില്ലകളിൽ/ സംസ്ഥാനങ്ങളിൽ നിന്ന് കാസറഗോഡ് ജില്ലയിലേക്ക് ഇറക്കുമതി ചെയ്ത പാലിന്റെ അളവ്	15701 ലിറ്റർ/പ്രതിദിനം
2016-17 വർഷത്തിൽ മിൽമ കാസറഗോഡ് ജില്ലയിൽ ഉൽപാദിച്ച കാലിത്തീറ്റയുടെ അളവ്	ഇല്ല
2016-17 വർഷത്തിൽ വിതരണം ചെയ്ത കാലിത്തീറ്റ യുടെ അളവ്	5772 മെട്രിക്ക് ടൺ
കാസറഗോഡ് ജില്ലയിലെ 2016-17 വർഷത്തെ പാലിന്റെ വില- സംഭരണം, വിൽപ്പന	**വില വർദ്ധിക്കുന്നതിന് മുൻപ്** സംഭരണ വില നിരക്ക് -31.70 വിൽപന വില നിരക്ക്-34.54 വില വർദ്ധനയ്ക്ക് ശേഷം സംഭരണ വില നിരക്ക് -35.90 വിൽപന വില നിരക്ക്-38.38
കാസറഗോഡ് ജില്ലയിലെ 2016-17 വർഷത്തിലെ പാലിന്റെ ഉപോൽപന്നങ്ങളുടെ ഉൽപാദനവും വിതരണവും	ജില്ലയിൽ ഉൽപാദനം ഇല്ല. പേഡ - 28180 കി.ഗ്രാ./പ്രതിവർഷം നെയ്യ് - 198155 ലിറ്റർ/പ്രതിവർഷം ഐസ്ക്രീം-123296 ലിറ്റർ/പ്രതിവർഷം മിൽമ റിഫ്രഷ്-8400 ലിറ്റർ.

മേപ്പ് 4.1.2.3: ജില്ലയിലെ മൃഗാശുപത്രികൾ



അവലംബം : മൃഗസംരക്ഷണ വകുപ്പ് 2017-18

മേപ്പ് 4.1.2.4: ജില്ലയിലെ വെറ്ററിനറി ഉപകേന്ദ്രങ്ങൾ



അവലംബം: മൃഗസംരക്ഷണ വകുപ്പ് 2017-18

ജില്ലയിലെ വോർക്കാടി, മഞ്ചേശ്വരം, മംഗൽപ്പാടി, മൊഗ്രാൽ പുത്തൂർ, മധൂർ, എൻമകജെ, കുമ്പഡാജെ, കാറഡുക്ക എന്നീ ഗ്രാമപഞ്ചായത്തുകളിലും കാസറഗോഡ് മുൻസിപ്പാലിറ്റിയിലും വെറ്ററിനറി ഉപകേന്ദ്രങ്ങൾ നിലവിലില്ല. ജില്ലയിൽ ഏറ്റവും കൂടുതൽ കന്നുകാലികളുള്ള എൻമകജെ, വോർക്കാടി പഞ്ചായത്തുകളിൽ വെറ്ററിനറി സബ് സെന്ററുകൾ നിലവിലില്ല. കൃത്രിമ ബീജാധാനമേഖലയിൽ വളരെ സുപ്രധാനമായ പങ്ക് വഹിക്കുന്ന സ്ഥാപനങ്ങളാണ് വെറ്ററിനറി സബ് സെന്ററുകൾ. ആയതിനാൽ കൂടുതൽ കന്നുകാലികളുള്ള വോർക്കാടി, എൻമകജെ പഞ്ചായത്തുകളിൽ വെറ്ററിനറി സബ്സെന്ററർ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

കന്നുകുട്ടി പരിപാലന പദ്ധതി

മൃഗസംരക്ഷണ വകുപ്പ് 1976 മുതൽ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അതുവഴി കൂടുതൽ കർഷകരെ ഈ മേഖലയിലെക്ക് ആകർഷിക്കുന്നതിനും വളരെ പ്രയോജനകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനമാണ് കന്നുകുട്ടി പരിപാലന പദ്ധതി. കാസറഗോഡ് ജില്ലയിൽ ധാരാളം കേന്ദ്രങ്ങളിൽ കൃത്രിമ ബീജസങ്കലനം നടത്തുന്നുണ്ട്. സങ്കരയിനം പശുക്കുട്ടികൾ വർഷം തോറും ജനിക്കുന്നു. ഇടത്തരക്കാരനായ കർഷകന്റെ ഉടമസ്ഥതയിലുള്ള ഇവയ്ക്ക് ചെറിയ പ്രായത്തിൽ വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല. ശരിയായ അളവിൽ കാലിത്തീറ്റ നൽകാതെ, വിരമരുന്ന്, പ്രതിരോധ കുത്തിവെയ്പ് എന്നിവ നൽകാതെ അശാസ്ത്രീയമായ പരിചരണം മൂലം അനാരോഗ്യം വന്ന കന്നുകാലികൾ പാലുൽപാദനത്തിന് തയ്യാറാകുമ്പോൾ ചുരുങ്ങിയത് 5 വയസ്സാകും. എന്നാൽ കന്നുകുട്ടികൾക്ക് ചെറിയ പ്രായത്തിൽ തന്നെ ശാസ്ത്രീയമായ പരിരക്ഷ നൽകിയാൽ ആദ്യ പ്രസവം 2.5 വയസ്സിൽ നടക്കുകയും പ്രസവം തമ്മിലുള്ള ഇടവേള പരമാവധി കുറയ്ക്കുവാനും കഴിയും. ഈ ഇടവേള കൂടിയാൽ പാലുൽപാദനമില്ലാതെ ഏറെ നാൾ തീറ്റ നൽകേണ്ടിവരുന്നതു കാരണം പശു വളർത്തൽ ആദായകരമാകുന്നില്ല. ഉദ്പാദനക്ഷമത പൂർണ്ണമായും ഉപയോഗപ്പെടുത്തി പാലുല്പാദനം ലാഭകരമാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച കന്നുകുട്ടി പരിപാലനപദ്ധതി വഴി ഗുണമേൻമയുള്ള കാലിത്തീറ്റ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു. ബോധവൽക്കരണം, ആരോഗ്യ പരിരക്ഷ, പ്രതിരോധ കുത്തിവെയ്പ്, വിരമരുന്ന്, ഇൻഷുറൻസ് പരിരക്ഷ എന്നിവ ഉറപ്പിക്കാൻ

കഴിയുന്നു. ജില്ലയിലെ മുഴുവൻ കന്നുകുട്ടികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

ഗോട്ട് സാറ്റ്ലൈറ്റ് യൂണിറ്റ്

ഗോട്ട് സാറ്റ്ലൈറ്റ് യൂണിറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ഗുണഭോക്താവിന് 6 ആടുകളെ വീതം നൽകുന്നു. ഈ പദ്ധതി കർഷകരുടെ വരുമാനം കൂട്ടുന്നതിന് സഹായകമാകും. 2016-17 കാലയളവിൽ 35 ഗുണഭോക്താക്കൾക്കും 2017-18ൽ 40 ഗുണഭോക്താക്കൾക്കും ഒരു ഗുണഭോക്താവിന് 6 ആടുകളെ വളർത്തുന്നതിന് 25000/- രൂപ വീതം നൽകുകയുണ്ടായി.

അടുക്കള മുറ്റത്തെ കോഴി വളർത്തൽ

ഈ പദ്ധതി പ്രകാരം 2016-17 കാലയളവിൽ ജില്ലയിലെ 45 സ്കൂളുകളിൽ ഒരു കുട്ടിക്ക് 5 വീതം ഓരോ സ്കൂളിലും 50 കുട്ടികൾക്ക് കോഴികളെ നൽകുകയുണ്ടായി.

അനിമൽ വെൽഫെയർ ക്ലബ്ബ് പദ്ധതി

2016-17 ൽ മൊഗ്രാൽ പുത്തൂർ, ബദിയഡുക്ക, ബേഡഡുക്ക പഞ്ചായത്തുകളിലും 2017-18 ൽ ബേഡഡുക്ക, മുളിയാർ, മഞ്ചേശ്വരം പഞ്ചായത്തുകളിലുമായി ഒരു പഞ്ചായത്തിന് 50,000/- രൂപ നിരക്കിൽ സ്കൂളുകളിൽ ആനിമൽ വെൽഫയർ ക്ലബ് പ്രവർത്തനത്തിന് വകയിരുത്തിയിരുന്നു. മികച്ച പ്രകടനം കാഴ്ച വെച്ച സ്കൂളിന് അവാർഡും നൽകിയിട്ടുണ്ട്.

രാത്രികാല വെറ്ററിനറി സേവനം

രാത്രികാലങ്ങളിൽ ജില്ലയിലെ ഓരോ ബ്ലോക്കിലെയും കർഷകർക്ക് ഒരു വെറ്ററിനറി സർജന്റെ സേവനം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

നിലവിൽ മഞ്ചേശ്വരം, പരപ്പ, കാഞ്ഞങ്ങാട് എന്നീ ബ്ലോക്കുകളിൽ ഈ സേവനം ലഭ്യമാണ്. ഓരോ ബ്ലോക്കിനും 50000/- രൂപയുടെ മരുന്നും ലഭ്യമാക്കിയിട്ടുണ്ട്.

മോഡൽ പഞ്ചായത്ത് പദ്ധതി

ജില്ലയിൽ ഒരു പഞ്ചായത്തിനെ തെരഞ്ഞെടുത്ത് മൃഗസംരക്ഷണ മേഖലയിൽ വികസനം നടത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

പ്രസ്തുത പദ്ധതി പ്രകാരം 2016-17 ൽ മടിക്കൈ പഞ്ചായത്തിൽ ആട്, കോഴി എന്നിവ വളർത്തുന്നതിനായി 5,12,500/- രൂപ അനുവദിച്ചു.

ഡക്ക് നഴ്സറി

താറാവുകളെ വിതരണം ചെയ്യുകയാണ് ഇതിന്റെ മുഖ്യ ലക്ഷ്യം. ജില്ലയിൽ 2016-17 ൽ 9 ഗ്രാമ പഞ്ചായത്തുകളിലായി ഒരു കർഷകന് 10 താറാവ് കുഞ്ഞുങ്ങൾ എന്ന നിലയിൽ 58 കർഷകർക്ക് താറാവ് കുഞ്ഞുങ്ങളെ നൽകി.

ആംബുലേറ്ററി സർവ്വീസ്

ജില്ലയിൽ വെറ്ററിനറി വിഭാഗത്തിലെ ആംബുലൻസ് ഉപയോഗപ്പെടുത്തി കർഷകർക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതിൽ കന്നുകാലികളെ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും മരുന്നു വിതരണം ചെയ്യുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

വ്യാവസായികാടിസ്ഥാനത്തിലുള്ള ആട് വളർത്തൽ പരിശീലനം

വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്താൻ താൽപര്യമുള്ള കർഷകർക്കായി ശാസ്ത്രീയവും ലാഭകരവുമായ രീതിയിൽ ആട് വളർത്തുന്നതിന് പരിശീലനം നൽകി.

താലൂക്ക് ലെവൽ എന്റർപ്രണേഴ്സ് മീറ്റ്

ജില്ലയിലെ രണ്ട് താലൂക്കുകളിൽ എന്റർപ്രണേഴ്സിനുള്ള സെമിനാറും പഠനയാത്രയും സംഘടിപ്പിച്ചു.

വന്ധ്യതാനിവാരണ ക്യാമ്പ്

ജില്ലയിലെ പത്ത് പഞ്ചായത്തുകളിലായി വന്ധ്യതാ നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും മരുന്നുകൾ വിതരണ് ചെയ്യുകയും, തുടർ ക്യാമ്പുകൾ നടത്തുകയും ചെയ്തു.

റെഗുലർ വിസിറ്റ് വിത്ത് സൊസൈറ്റീസ്

വെറ്ററിനറി ഡോക്ടർമാർ അവരുടെ പഞ്ചായത്ത് പരിധിയിലുള്ള പാൽ സൊസൈറ്റികളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും മൃഗപരിപാലനത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും, തുടർക്യാമ്പുകൾ നടത്തുകയും ചെയ്തുവരുന്നു.

2016-17 വർഷത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും വിവിധ പദ്ധതികൾക്കായി 27062510/-രൂപ ചെലവഴിച്ചിട്ടുണ്ട്.

ക്ഷീരവികസന വകുപ്പ്, കാസറഗോഡ് ജില്ല

ജില്ല പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ സംസ്ഥാന സർക്കാരും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നടപ്പിലാക്കി വരികയാണ്. ഈ മേഖലയിലെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

മിൽക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി)

കറവമാടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് മിനിമം 40% സബ്സിഡിയോടു കൂടി 1, 2, 5, 10 പശു യൂണിറ്റുകൾ 5, 10 കിടാരി യൂണിറ്റുകൾ എന്നിങ്ങനെ കാലികളെ വാങ്ങുന്നതിനും ആധുനിക രീതിയിൽ ഡയറിഫാം നടപ്പിലാക്കുന്നതിനാവശ്യമായ തൊഴുത്ത്, അനുബന്ധ മെഷിനറികൾ എന്നിവ നൽകുന്നതിനുമുള്ള പദ്ധതികൾ ജില്ലയിൽ നടത്തി വരുന്നു. ഇങ്ങനെ തെരെഞ്ഞെടുക്കപ്പെട്ടവർക്ക് പരിശീലനം നൽകുകയും ഈ മേഖലയിൽ ലാഭകരമായി പ്രവർത്തിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു. ഇപ്രകാരം 302 കറവപ്പശുക്കളും 140 കിടാരികളും കഴിഞ്ഞവർഷം

അയൽസംസ്ഥാനത്തു നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതിലൂടെ പ്രതിദിനം 5000 ലിറ്റർ പാൽ സംഭരണ വർദ്ധനവ് ക്ഷീരസംഘങ്ങൾക്ക് മാത്രം ഉണ്ടാക്കുവാൻ സാധിച്ചു.

മേപ്പ് 4.1.2.5: ജില്ലയിലെ പാലുല്പാദന സംഘങ്ങൾ



തീറ്റപ്പുൽ കൃഷി

കാലികളുടെ തീറ്റച്ചെലവ് കുറച്ച് പാലുല്പാദനം ലാഭകരമാക്കുന്നതിന് തീറ്റപ്പുൽകൃഷി പദ്ധതി നടപ്പിലാക്കിവരുന്നു. ഒരു സെന്റ് സ്ഥലത്ത് പോലും പുൽകൃഷി ചെയ്യുന്നതിന് സഹായകരമായ രീതിയിൽ സൗജന്യമായി പുൽച്ചെടി വിതരണം ചെയ്തു വരുന്നു. 20 സെന്റിനു മുകളിൽ കൃഷി ചെയ്യുന്നവർക്ക് കൃഷി ച്ചെലവ് നൽകുന്നു. ഇറിഗേഷൻ സൗകര്യം, ചാഫ്കട്ടർ പോലുള്ള യന്ത്രസാമഗ്രികൾ എന്നിവയും നൽകുന്നുണ്ട്. വൃക്ഷ വിളകൾ, അസോള കൃഷി, ഹ്രസ്വ കാലവിത്തു വിളകൾ, ചോളം, വൻപയർ എന്നിവ കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നൽകിവരുന്നു. തരിശുനില പുൽകൃഷിക്ക് ഹെക്ടറൊന്നിൽ 93000/- രൂപ സബ്സിഡിയായി നൽകിവരുന്നു. കഴിഞ്ഞ വർഷം 6 പേർ 10 ഹെക്ടർ സ്ഥലത്ത് തരിശുനില പുൽകൃഷി ചെയ്തിട്ടുണ്ട്.

വിജ്ഞാനവ്യാപന പ്രവർത്തനം

ക്ഷീര മേഖലയിലെ നൂതന അറിവുകൾ പകർന്നു നൽകുന്നതിനും മികച്ച കർഷകരെ ആദരിക്കുന്നതിനുമായി ക്ഷീരകർഷകസംഗമങ്ങൾ, കർഷക സമ്പർക്ക പരിപാടി, പാൽ ഗുണമേൻമ ബോധവൽക്കരണ പരിപാടി, ഉപഭോക്തൃ മുഖാമുഖം പരിപാടി എന്നിവയും സ്കൂൾ വിദ്യാർത്ഥികൾക്ക് ഡയറി ക്ലബ്ബും നടത്തിവരുന്നു.

ക്ഷീരസംഘങ്ങളെ ആധുനികവൽക്കരിക്കൽ

ക്ഷീരമേഖലയുടെ നട്ടെല്ലായ ക്ഷീര കർഷകർക്ക് അത്താണിയായി പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങളെ ശാക്തീകരിക്കുന്നതിനും ഭക്ഷ്യസുരക്ഷാ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി പാൽ സംഭരണമുറി, ഫാർമേർസ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ, അവശ്യാധിഷ്ഠിത ധനസഹായം, ഓട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റ്, പുതിയ സംഘങ്ങളുടെ രൂപീകരണം, സംഘങ്ങളുടെ പുനരുദ്ധാരണം എന്നിങ്ങനെ വിവിധ രീതിയിൽ ആധുനികവൽക്കരിക്കുന്നതിനുള്ള ലുള്ള പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകിവരുന്നു.

പാൽ ഗുണനിയന്ത്രണസംവിധാനം

പാലിന്റെ ഗുണമേൻമ ഉറപ്പുവരുത്തുന്നതിന് പരിശോധനോപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായം സംഘങ്ങൾക്ക് നൽകുന്നുണ്ട്. കൂടാതെ ജില്ലാതല

ത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ യൂണിറ്റ്, വിവിധ ഇനം മാർക്കറ്റ് സാമ്പിളുകളുടെ ഗുണമേൻമ ഉറപ്പുവരുത്തുന്നുമുണ്ട്. അയൽ സംസ്ഥാനത്തു നിന്നു വരുന്ന പാലിൽ മായം കലർത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന്, കുമ്പള റീജിയണൽ ലാബ് പ്രവർത്തനക്ഷമമാകുന്നതോടു കൂടി സാധിക്കുന്നതാണ്.

കാലിത്തീറ്റ സബ്സിഡി (ഡി.ബി.ടി)

ക്ഷീരസംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററൊന്നിന് ഒരു രൂപ പ്രകാരം സബ്സിഡിയായി കർഷകന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നു.

ക്ഷീരകർഷക ക്ഷേമനിധി

ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ക്ഷീരകർഷകക്ഷേമനിധിയിൽ അംഗത്വം ലഭിച്ചശേഷം ക്ഷേമനിധിയുടെ പെൻഷൻ, ചികിത്സാ സഹായം, മരണാനന്തര ധനസഹായം, കുടുംബ പെൻഷൻ, മക്കൾക്ക് വിവാഹ ധനസഹായം, സ്കോളർഷിപ്പ് എന്നിവ പോലുള്ള സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നു.

ജനകീയാസൂത്രണ പദ്ധതി

കർഷകർ സംഘത്തിൽ നൽകുന്ന പാലിന് ലിറ്ററൊന്നിന് പരമാവധി 4 രൂപ വീതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ വഴി നൽകിവരുന്നു. 2017-18 വർഷം ഏതാണ്ട് 4 കോടിയോളം രൂപ ത്രിതല പഞ്ചായത്തുകൾ മുഖാന്തിരം ഈ ഇനത്തിൽ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

പട്ടിക 4.1.2.8: ക്ഷീരവികസന വകുപ്പ്തല പദ്ധതികൾ 2017-18

ക്രമ . നം	ഇനം	ഗുണഭോക്താക്കളുടെ എണ്ണം	തുക
മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം			
1	1 പശു യൂണിറ്റ് (ഗോദാനം)	44	14,08,000
2	2 പശു യൂണിറ്റ്	57	36,48,000
3	5 പശു യൂണിറ്റ്	14	24,50,000
4	10 പശു യൂണിറ്റ്	7	24,50,000
5	5 കിടാരി യൂണിറ്റ്	14	14,48,000
6	10 കിടാരി യൂണിറ്റ്	6	10,87,200
7	ആവശ്യാധിഷ്ഠിത ധനസഹായം	53	26,50,000
8	കറവയന്ത്രം	54	13,50,000
9	കാലിത്തൊഴുത്ത്	43	21,50,000
10	ഗോകുലം ഡയറി യൂണിറ്റ്	3	5,40,000
11	മിനറൽ മിക്സ്ച്ചർ	632	63,200
12	കാലാവസ്ഥ വ്യതിയാനങ്ങൾ പ്രതിരോധിക്കുന്നതിനുള്ള ആധുനിക ശാസ്ത്രീയ കന്നുകാലിത്തൊഴുത്ത്	3	3,00,000
13	കറവപ്പശുക്കൾക്ക് കാലാവസ്ഥ വ്യതിയാനങ്ങളെ ചെറുക്കുന്നതിനുള്ള സംവിധാനങ്ങൾക്ക് സാമ്പത്തിക സഹായം	4	1,00,000
14	ഉണങ്ങിയ ചാണകം ഉല്പാദനവും വിതരണവും	3	66,000
15	വെർമ്മി കമ്പോസ്റ്റ് പിറ്റ്	6	1,17,000
16	സൈലേജ് യൂണിറ്റ്	6	72,000
	ആകെ	949	1,98,99,400

അവലംബം: ക്ഷീരവികസന വകുപ്പ് 2016-17

പട്ടിക 4.1.2.9: അസിസ്റ്റൻസ് ടു ഡയറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

ക്രമ. നം	ഇനം	ഗുണഭോക്താക്കളുടെ എണ്ണം	തുക
1	ഭക്ഷ്യസുരക്ഷാ പരിശീലന പരിപാടി	50	15,000
2	എഫ്.എസ്.എസ്.എ ആവശ്യങ്ങൾക്കുള്ള ധനസഹായം	20	9,00,000
3	പുതുതായി രൂപീകരിച്ച ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം	3	1,84,500
4	ക്ഷീരസംഘങ്ങളുടെ പുനരുജ്ജീവനം	2	1,23,000
5	ആവശ്യാധിഷ്ഠിത ധനസഹായം	26	1,20,000

മൃഗ സംരക്ഷണം, ക്ഷീര വികസനം

6	കർഷക സഹായകേന്ദ്രം	2	10,50,000
7	കൺസോർഷ്യം ധനസഹായം -കമ്പ്യൂട്ടർ വൽക്കരണം		2,00,000
8	ക്ഷീര സംഘങ്ങൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള ധനസഹായം	7	5,60,000
9	മിൽക് ട്രാൻസ്പോർട്ടേഷൻ ധനസഹായം	3	1,05,000
10	ശുചിത്വ പാൽ സംഭരണ കേന്ദ്രം നിർമ്മാണം	3	11,25,000
11	ആട്ടോമാറ്റിക് മിൽക് കലക്ഷൻ യൂണിറ്റ്	3	3,30,000
	ആകെ	119	47,12,500

അവലംബം: ക്ഷീരവികസന വകുപ്പ് 2016-17

പട്ടിക 4.1.2.10: തീറ്റപ്പുൽ കൃഷി വികസന പദ്ധതി

ക്രമ. നം	ഇനം	ഗുണഭോക്താക്കളുടെ എണ്ണം	തുക
1	തീറ്റപ്പുൽകൃഷി വികസനത്തിനുള്ള ധനസഹായം		
	(20 സെന്റിനും 50 ഹെക്ടറിനും ഇടയിൽ		18,00,000
2	തീറ്റപ്പുൽകൃഷി വികസനത്തിനുള്ള ധനസഹായം		
	(20 സെന്റിനു താഴെ)		1,65,000
3	അസോള	220	1,32,000
4	ജലവിതരണത്തിനുള്ള ധനസഹായം	6	60,000
5	യന്ത്രവൽക്കരണ ധനസഹായം	4	40,000
6	വൃക്ഷ വിളകൾ		15,000
7	തരിശുനില പുൽകൃഷി	10	9,30,720
8	ഗോപാലിക ഗ്രൂപ്പ്	1	75,000
9	സ്വയം സഹായ ഗ്രൂപ്പ് വഴി സബ്സിഡി വിതരണം	4	40,000
10	ഹൈഡ്രോപോണിക് കൾട്ടിവേഷൻ ധനസഹായം	1	80,000
	ആകെ	246	33,37,720

അവലംബം: ക്ഷീരവികസന വകുപ്പ് 2016-17

പട്ടിക 4.1.2.11: റൂറൽ ഡയറി എക്സ്റ്റെൻഷൻ & അഡ്വൈസറി സർവ്വീസ്

ക്രമ നം.	ഇനം	എണ്ണം	തുക
1	കർഷക സമ്പർക്ക പരിപാടി		1,25,000
2	ഗുണനിയന്ത്രണ പരിപാടി	6	30,000
3	ഉപഭോക്തൃ മുഖാമുഖം	1	10,000
4	ലോക ക്ഷീരദിനം		10,000
5	ബ്ലോക്ക് ക്ഷീരദിനം		1,20,000
6	കണ്ടിജൻസി ഫണ്ട്	6	90,000
	ആകെ	13	3,85,000

പട്ടിക 4.1.2.12: സ്ട്രങ്തനിംഗ് ഓഫ് ക്വാളിറ്റി കൺട്രോൾ ആക്ടിവിറ്റീസ്

ക്രമ നം.	ഇനം	എണ്ണം	തുക
1	ആവശ്യാധിഷ്ഠിത ധനസഹായം	2	75,000
2	ഫാമുകളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനുള്ള ധനസഹായം	1	75,000
3	ലാബ് നവീകരണ പദ്ധതി		1,00,000
4	റീജിയണൽ ലബോറട്ടറി		2,00,000
	ആകെ	3	4,50,000

അവലംബം: ക്ഷീര വികസന വകുപ്പ് 2017-18

കേന്ദ്രാവിഷ്കൃത പദ്ധതികൾ

എഫ്.എം.ഡി.സി.പി.

കന്നുകാലികളിലെ കുളമ്പുരോഗം കർഷകർക്ക് വളരെ ഭീമമായ നഷ്ടമുണ്ടാക്കുന്ന ഒന്നാണ്. കുളമ്പ് രോഗ പ്രതിരോധ കുത്തിവയ്പ് 2004 മുതൽ ജില്ലയിൽ 22 റൗണ്ടുകളിലായി നടത്തി വരുന്നു. കന്നുകാലികൾക്ക് 2016-ൽ 21 റൗണ്ട് കുളമ്പ് രോഗപ്രതിരോധ കുത്തിവെയ്പിലൂടെ 81.31 ശതമാനവും 2017-18 ൽ 22 റൗണ്ട് കുത്തിവെയ്പിലൂടെ 84.5 ശതമാനവും നേട്ടം കൈവരിക്കാൻ സാധിച്ചു. നിലവിലെ കന്നുകാലികളുടെ എണ്ണം 86919 ആണ്. ജില്ലയുടെ മലയോര മേഖലകളിൽ എത്തിപ്പെടാനുള്ള പ്രയാസം ചികിത്സാരംഗത്ത് പ്രശ്നമുണ്ടാക്കുന്നു. ജീവനക്കാരുടെ കുറവും ജില്ലയുടെ വടക്കൻ മേഖലയിൽ കന്നുകാലികളെ അഴിച്ച് വിടുന്നത് പതിവായതിനാലും കന്നുകാലികൾക്ക് കാലാകാലങ്ങളിൽ പ്രതിരോധ കുത്തിവയ്പ് നൽകുവാൻ പ്രയാസം നേരിടുന്നുണ്ട്.

അസിസ്റ്റൻസ് ടു സ്റ്റേറ്റ് ഫോർ കൺട്രോൾ ഓഫ് അനിമൽ ഡിസീസ് (അസ്കാഡ്)

കോഴി, താറാവ് വസന്ത രോഗത്തിനുള്ള പ്രതിരോധകുത്തിവയ്പ് (11 റൗണ്ട്) 2016-ൽ 67.73 ശതമാനം കൈവരിക്കാൻ സാധിച്ചു. നിലവിൽ ജില്ലയിലെ കോഴി-താറാവുകളുടെ എണ്ണം 422000 ആണ്. 12 റൗണ്ടുകളിലായി 2017-ൽ 82.77 ശതമാനം പ്രതിരോധ കുത്തിവയ്പ് നടത്തി. പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിനായി കുടുംബശ്രീ വളണ്ടിയർമാർക്ക് പരിശീലനം നൽകി നിയോഗിക്കുകയാണ് ചെയ്യുന്നത്. കോഴി കർഷകർ ഈ കുത്തിവയ്പിനോട് വിമുഖത കാണിക്കുന്നതു കൊണ്ടും ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതിനാലും നൂറ് ശതമാനം ലക്ഷ്യം കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല.

റാബീസ് ഫ്രീ കേരള വാക്സിനേഷൻ ക്യാമ്പയിൻ (ആർ.എഫ്.കെ.വി.സി)

പേ വിഷബാധവിമുക്തകേരളപദ്ധതിയുടെ ഭാഗമായി കാസറഗോഡ് ജില്ലയിൽ 2016-ൽ 40.56 ശതമാനം പ്രതിരോധ കുത്തിവയ്പ് നടത്തി. നിലവിൽ ജില്ലയിൽ നായ്ക്കളുടെ എണ്ണം 40119 ആണ്. ഈ പദ്ധതിയിൽ ജനപങ്കാളിത്തത്തിന്റെ സഹകരണം പ്രധാനമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, ആശവർക്കർമാർ എന്നിവരുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പേവിഷബാധയ്ക്ക് കുത്തിവയ്ക്കുന്നതും നായകൾക്ക് ലൈസൻസ് എടുക്കുന്നതും തദ്ദേശ സ്വയംഭരണങ്ങളുടെ ചട്ടങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണക്കുറവുമൂലം ലക്ഷ്യം കൈവരിക്കാൻ സാധിക്കുന്നില്ല. 2017 വർഷത്തിൽ പ്രതിരോധ കുത്തിവയ്പ് 17.12 ശതമാനമാണ്.

മേഖലയിലെ പ്രശ്നങ്ങളും വികസന വിടവുകളും വികസന സാധ്യതകളും

ക്ഷീരവികസന മേഖല

ജില്ലയിൽ 2016-17 വർഷത്തിൽ ക്ഷീരസഹകരണ സംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണം 207.91 ലക്ഷം ലിറ്ററാണ്. ജില്ലയിലെ ആകെ ക്ഷീരോൽപാദനം 994.26 ലക്ഷം ലിറ്ററാണ്. ജനസംഖ്യാടിസ്ഥാനത്തിൽ ജില്ലയിൽ 1171.84 ലക്ഷം ലിറ്റർ പാൽ പ്രതിവർഷം ആവശ്യമാണ്. പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് നിലവിലുള്ളതിനു പുറമെ പ്രതിദിനം 48000 ലിറ്ററും പ്രതിവർഷം 177.58 ലക്ഷം ലിറ്ററും പാൽ അധികമായി ഉല്പാദിപ്പിക്കേണ്ടിയിരിക്കുന്നു.

ഉല്പാദനച്ചെലവ് കുറച്ച് പാലുല്പാദനം ലാഭകരമാക്കുന്നതിന് തീറ്റപ്പുൽ കൃഷി അത്യന്താപേക്ഷിതമാണ്. ജില്ലയിൽ 540 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി ചെയ്യുന്നുണ്ട്. അധികമായി 440 ഹെക്ടർ സ്ഥലത്തു കൂടി തീറ്റപ്പുൽ കൃഷി വ്യാപിപ്പിച്ചാൽ മാത്രമേ മതിയായ അളവിൽ തീറ്റപ്പുല്ല് ലഭ്യമാകൂ. കൂടാതെ സാന്ദ്രതാഹാരത്തിന്റെ ആഭ്യന്തര ഉല്പാദനത്തിന് കാഞ്ഞങ്ങാട് ക്ഷീരസംഘത്തിന്റെ 12 ടൺ കപ്പാസിറ്റിയുള്ള മിനി കാലിത്തീറ്റ ഫാക്ടറി മാത്രമാണുള്ളത്. ക്ഷീര വിപണനത്തിന് സംഘങ്ങളുടെ ശാക്തീകരണം, ആധുനികവൽക്കരണം, പുതിയ ക്ഷീര സംഘങ്ങളുടെ രൂപീകരണം എന്നിവ അത്യാവശ്യമാണ്. പാൽ ശീതീകരിച്ച് വിപണനം നടത്തുന്നതിനുള്ള സംവിധാനം 15 സംഘങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

വികസന നയം/പരിപ്രേക്ഷ്യം

ഭക്ഷ്യസുരക്ഷയിലധിഷ്ഠിതമായ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ജില്ലയിൽ ശാസ്ത്രീയമായി നടത്തേണ്ടതുണ്ട്. വിഷരഹിതമായ മാംസവും മുട്ടയും നമ്മുടെ നാട്ടിൽ തന്നെ ഉൽപാദിപ്പിച്ച് അതുവഴി ഭക്ഷ്യ സുരക്ഷയും സ്വയംപര്യാപ്തതയും കൈവരിക്കേണ്ടതുണ്ട്.

അഭ്യസ്ത വിദ്യരായ യുവാക്കളെയും വളർന്നു വരുന്ന തലമുറയെയും പ്രവാസികളെയും മൃഗ സംരക്ഷണ മേഖലയിലെക്ക് ആകർഷിക്കുക, തനത് കന്നുകാലി സമ്പത്ത് നിലനിർത്തുക, മൃഗസംരക്ഷണ മേഖലയിൽ ശാസ്ത്രീയ നയം രൂപീകരിക്കുക തുടങ്ങിയവയാണ് ഈമേഖലയിലെ ദീർഘകാല വികസന നയം.

ക്ഷീരമേഖലയുടെ വികസന സാധ്യതകൾ

- 1 പശു, 2 പശു, 5 പശു യൂണിറ്റുകൾ തുടങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നടപ്പിലാക്കൽ.
- ഒരു വീട്ടിൽ ഒരു പശു എന്ന രീതിയിൽ പശുക്കളെ സംരക്ഷിക്കുന്നതിലൂടെ പാലുല്പാദനത്തിനും പച്ചക്കറിയുല്പാദനത്തിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കാസറഗോഡ് നാടൻ പശു വർഗ്ഗങ്ങളുടെയും മറ്റ് പശുക്കളുടെയും പരിപാലനം പ്രോത്സാഹിപ്പിക്കൽ.

- ക്ഷീര മേഖലയിലെ പ്രവർത്തനങ്ങൾക്ക് (ഡയറി ഫാം, ക്ഷീരസംഘങ്ങൾ) LTV താരിഫിൽ ഉൾപ്പെടുത്തി വൈദ്യുതി നിരക്ക് ഇളവ് നൽകൽ.
- കാർഷിക വായ്പകൾക്കുള്ള പലിശ നിരക്ക് (4%) ക്ഷീര മേഖലയിലും പ്രാവർത്തികമാക്കൽ.
- ക്ഷീര കർഷകർക്കും ജനങ്ങൾക്കും സൗജന്യ ഇൻഷൂറൻസ് പരിരക്ഷ നൽകൽ.
- തരിശായി കിടക്കുന്ന ജല ലഭ്യതയുള്ള സർക്കാർ ഭൂമിയിൽ ക്ഷീരവികസന വകുപ്പിന്റെ സഹായത്തോടെ തീറ്റപ്പുൽ കൃഷി നടപ്പിലാക്കൽ.
- കാലിത്തീറ്റ വില വർദ്ധനവ് പിടിച്ചു നിർത്താൻ ബ്ലോക്കു തലത്തിൽ സർക്കാർ സഹായത്തോടെ കാലിത്തീറ്റനിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കൽ.
- ബ്ലോക്കു തലത്തിൽ തീറ്റപ്പുൽ-അസോള യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കൽ.
- കന്നുകാലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കാലിത്തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം നൽകൽ.
- കുമ്പളയിൽ നായ്ക്കാപ്പിൽ നിർമ്മാണം പൂർത്തിയാക്കിയ റീജിയണൽ ലാബിനോടനുബന്ധിച്ച് ക്ഷീര പരിശീലനകേന്ദ്രം സ്ഥാപിക്കൽ.
- അയൽ സംസ്ഥാനത്ത് നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ സംസ്ഥാന അതിർത്തിയായ പെർള ചെക്ക്പോസ്റ്റിൽ പാൽ പരിശോധന ലാബും ആവശ്യമായ ഉദ്യോഗസ്ഥരേയും നിയമിക്കൽ

കാസറഗോഡ് കുള്ളൻ പശുക്കൾ

ജില്ലയുടെ തനതായ പശുക്കളുടെ ഇനം കാസറഗോഡ് കുള്ളൻ പശുക്കളാണ്. ഈ പശുക്കളുടെ എണ്ണം ഗണ്യമായി കുറഞ്ഞു വരികയാണ്. പാലുല്പാദനം കൂട്ടാൻ വേണ്ടി ക്രോസ് ബ്രീഡിംഗ് പ്രവർത്തനം നടത്തുന്നതുകൊണ്ടും നാടൻ പശുക്കളുടെ പാലുല്പാദനം കുറവായതുകൊണ്ടും പൊതു മേച്ചിൽ സ്ഥലങ്ങൾ ഇല്ലാതായതിനാലും കാസറഗോഡ് കുള്ളൻ ഇനത്തിൽപ്പെട്ട പശുക്കളുടെ എണ്ണം കുറഞ്ഞു വരുന്നു. കാസറഗോഡ് ജില്ലയിൽ ഇവയെ സംരക്ഷിക്കുന്നതിന് വേണ്ടി കേരള സർക്കാർ മൃഗസംരക്ഷണ വകുപ്പ്, ബദിയഡുക്ക പഞ്ചായത്തിലെ ബേളയിൽ കാസറഗോഡ് കുള്ളൻ പശുവളർത്തൽ കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. കർഷകരുടെ ഇടയിൽ ഈ ഇനത്തെ സംരക്ഷിക്കാനുള്ള ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

മുട്ട ഉല്പാദന മേഖല

ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേ പ്രകാരം ജില്ലയിൽ മുട്ട ഉല്പാദനം പ്രതിവർഷം 772.58 ലക്ഷമാണ്. ദേശീയ പോഷകാഹാര ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശുപാർശ പ്രകാരം ദിവസവും 1/2 മുട്ട എന്ന നിരക്കിൽ പ്രതിശീർഷ മുട്ട ഉപയോഗം 180 ആണ്. എന്നാൽ ഉയർന്ന പോഷക ഗുണമുള്ള സമ്പൂർണ്ണ ആഹാരമായ മുട്ടയുടെ ഉപയോഗം കാസറഗോഡ് ജില്ലയിൽ ശരാശരിയിലും മേലെയാണ്. 2016-17 വർഷത്തിൽ ബാക്ക്യാർഡ് പോൾട്രി ഡവലപ്മെന്റ് പദ്ധതി പ്രകാരം 2500 സ്കൂൾ കുട്ടികൾക്ക് 5 കോഴികൾ വീതം വിതരണം നടത്തിയിട്ടുണ്ട്. മാതൃകാടിസ്ഥാനത്തിൽ ജില്ലയിലെ 38 ഗ്രാമപഞ്ചായത്തുകളിലെയും 3 മുൻസിപ്പാലിറ്റികളിലെയും കുടുംബശ്രീ യൂണിറ്റുകൾ വഴി അത്യുൽപാദനശേഷിയുള്ള മുട്ടക്കോഴികളെ വിതരണം നടത്തണം. ഇവയുടെ രോഗനിയന്ത്രണം തൊട്ടടുത്ത മൃഗാശുപത്രി വഴി ചെയ്യാവുന്നതാണ്. മുട്ടക്കോഴി വളർത്തലിൽ പ്രദേശികാടിസ്ഥാനത്തിൽ പരിശീലനവും പ്രതിരോധകുത്തിവെപ്പിനുള്ള പരിശീലനവും കുടുംബശ്രീ യൂണിറ്റിലെ തെരഞ്ഞെടുത്ത വളണ്ടിയർമാർക്ക് നൽകാവുന്നതാണ്. ഇതോടൊപ്പം കുറഞ്ഞ ചെലവിൽ കോഴിത്തീറ്റയുണ്ടാക്കുവാനുള്ള സാങ്കേതികവിദ്യയും ഫോർമുലയും അവർ അറിഞ്ഞിരിക്കണം. വീട്ടാവശ്യം കഴിച്ച് മിച്ചം വരുന്ന കോഴിമുട്ട അതാതു കുടുംബശ്രീ യൂണിറ്റുകൾ ശേഖരിച്ച് നേരിട്ട് വീടുകളിൽ വിൽപ്പന നടത്താവുന്നതാണ്. മാത്രമല്ല ഇത്തരം കോഴി മുട്ടകൾക്ക് അയൽ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന കോഴിമുട്ടകളെ അപേക്ഷിച്ച് കൂടുതൽ വിലയും ലഭിക്കും.

'അടുക്കള മുറ്റത്ത് കോഴിവളർത്തൽ', വളരെ വിജയകരമാക്കി നടപ്പിലാക്കിവരുന്ന പദ്ധതിയാണ്. പക്ഷേ പ്രസ്തുത പദ്ധതിക്ക് 2 മാസം പ്രായമുള്ള ഗുണമേന്മയും ആരോഗ്യമുള്ളതുമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ ആവശ്യമനുസരിച്ച് ലഭിക്കുന്നില്ല.

ജില്ലയിൽ ഗവ: പൗൾട്രി ഫാം ഇല്ലാത്തതിനാൽ കണ്ണൂർ മുണ്ടയാട് ഫാമിൽ നിന്നാണ് കോഴിക്കുഞ്ഞുങ്ങളെ ശേഖരിക്കുന്നത്. അവിടെ നിന്നും വേണ്ടത്ര കുഞ്ഞുങ്ങളെ ലഭിക്കാത്തതിനാൽ പദ്ധതികൾ പൂർണ്ണമായും സമയ ബന്ധിതമായും നടപ്പിലാക്കുവാൻ കഴിയുന്നില്ല. ഇതിന് പരിഹാരമായി ജില്ലയിൽ എഗ്ഗർ നഴ്സറികൾ (ഒരു ദിവസം പ്രായമായ കുഞ്ഞുങ്ങളെ രണ്ട് മാസം വരെ വളർത്തുന്ന ഫാം) ആരംഭിച്ചുവെങ്കിലും അവയിൽ പലതും സമയത്ത് കോഴിക്കുഞ്ഞുങ്ങളെ ലഭിക്കാത്തതിനാൽ പ്രവർത്തന രഹിതമാണ്. ആയതിനാൽ കാസറഗോഡ് ജില്ലയ്ക്ക് സ്വന്തമായി ഒരു ഹാച്ചറി തുടങ്ങേണ്ടത് അത്യാവശ്യമാണ്. അതിനായി ബദിയഡുക്കയിൽ ഒരു ഹാച്ചറി തുടങ്ങുവാനുള്ള പ്രൊപ്പോസൽ സർക്കാരിലെക്ക് സമർപ്പിച്ചിട്ടുണ്ട്.

വീട്ട് മുറ്റത്തെ താറാവു വളർത്തലിന് ജില്ലയിൽ ഏറെ സാധ്യതകളുണ്ട്. കടലോര പ്രദേശങ്ങളും പുഴകളും ധാരാളമുള്ള ജില്ലയിലെ വലിയപറമ്പ, പടന്ന, ചെറുവത്തൂർ, ഉദുമ, നീലേശ്വരം തുടങ്ങിയ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ ഇതിനായി പ്രയോജനപ്പെ

ടുത്താവുന്നതാണ്. താറാവ് വളർത്തലിന് ജലാശയം കൂടിയേ തീരു എന്ന ഒരു തെറ്റിദ്ധാരണ ജനങ്ങളുടെ ഇടയിൽ പരക്കെയുണ്ട്. എന്നാൽ താറാവിന്റെ തല മുങ്ങത്തക്ക അളവിൽ പാത്രങ്ങളിൽ വെള്ളം വെച്ചു കൊടുത്താൽ മതി എന്നത് വസ്തുതയാണ്. കാക്കി കാംബൽ, സങ്കരയിനം താറാവുകൾ എന്നിവയെ ഈ രീതിയിൽ വളർത്താവുന്നതാണ്.

ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്ത് താറാവ് വളർത്തലിന് ഏറെ അനുയോജ്യമായ പ്രദേശമാണ്. നിലവിൽ പ്രസ്തുത പഞ്ചായത്തിൽ 200 യൂണിറ്റ് (2000) താറാവ് കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്.

ഇറച്ചിക്കോഴി വളർത്തൽ

ജില്ലയിൽ ഇരുനൂറോളം ബ്രോയിലർ കോഴിവളർത്തൽ ഫാമുകളുണ്ട്. ഇവയിൽ ഏകദേശം 289710 ഇറച്ചിക്കോഴികളെ വളർത്തുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറച്ചിക്കോഴികളെ ധാരാളമായി ജില്ലയിലേക്ക് കൊണ്ടുവരുന്നുണ്ട്. സർക്കാർ തലത്തിൽ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ നൽകാനുള്ള ഹാച്ചറികളൊന്നും ജില്ലയിൽ ഇല്ല. ഈ സാഹചര്യത്തിൽ അത്യാധുനിക സൗകര്യങ്ങളോട് കൂടി ഒരു ഇറച്ചിക്കോഴി ഹാച്ചറി ആരംഭിക്കാവുന്നതാണ്.

ഗുണമേന്മയുള്ള ഇറച്ചിക്കോഴി ഉൽപാദനമേഖലയെക്കുറിച്ച് ജില്ലയിൽ കൂടുതൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ ഗുണമേന്മ കുറഞ്ഞ ഇറച്ചിക്കോഴികളുടെയും ചകരിക്കോഴികളുടെയും വരവ് നിയന്ത്രിക്കാവുന്നതാണ്. ഇറച്ചിക്കോഴി വളർത്തൽ മേഖലയിലെ കർഷകർ അഭിമുഖീകരിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം വിപണനരംഗത്തുള്ള മാന്ദ്യതയാണ്.

ഇറച്ചിക്കോഴികളെ നേരിട്ട് ഫാമിൽ നിന്നും വിൽപ്പന നടത്തിയാൽ ഈ സംരംഭം ഏറെ ആദായകരമാകും. എന്നാൽ ഇന്ന് ഇടനിലക്കാർ വഴിയാണ് ഇറച്ചിക്കോഴികളെ വിൽപ്പന നടത്തുന്നത്. തന്മൂലം ലാഭത്തിന്റെ ഭൂരിഭാഗവും കർഷകർക്ക് നഷ്ടപ്പെടുന്നു. ജില്ലയിലെ സാധ്യതകൾ മനസ്സിലാക്കി തെരെഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകളിലും മുൻസിപ്പൽ പ്രദേശങ്ങളിലും 'ശാസ്ത്രീയ ഇറച്ചിക്കോഴി വളർത്തൽ' യൂണിറ്റുകൾ ആരംഭിക്കുകയും അവ ഉൽപാദകർ തന്നെ ഏറ്റവും അടുത്തുള്ള പട്ടണങ്ങളിലോ ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലോ വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ച് വിൽപന നടത്തുകയും ചെയ്താൽ ഈ മേഖലയിൽ നിന്നും കൂടിയ നിരക്കിൽ വരുമാനം ലഭിക്കും. കുടുംബശ്രീ യൂണിറ്റുകൾക്കും ഇറച്ചിക്കോഴിയുടെ വിപണനം ഏറ്റെടുത്തു നടത്താവുന്നതാണ്.

പഞ്ചായത്ത് തലത്തിലുള്ള ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകളെ മൃഗാശുപത്രികളുമായി ബന്ധിപ്പിച്ച് സാറ്റലൈറ്റ് യൂണിറ്റായി പ്രവർത്തിച്ച് കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടെ വിപണനം നടത്തിയാൽ ജില്ലയിൽ ഈ രംഗത്ത് വൻ മാറ്റങ്ങൾക്ക് വഴിയൊരുങ്ങുന്നതാണ്. ഇറച്ചിക്കോഴി വളർത്തലിനും വിപണനത്തിനും സഹായിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ് divisibility factor. രണ്ടോ മൂന്നോ അംഗങ്ങളുള്ള ഒരു വീട്ടിൽ 1.5-2 കി.ഗ്രാം. തൂക്കം വരുന്ന ഇറച്ചിക്കോഴിയുടെ ആവശ്യമില്ല, മറിച്ച് അവർക്കാവശ്യമുള്ളത് കോഴിയുടെ ഒന്നോ രണ്ടോ കാലോ മറ്റ് ഭാഗങ്ങളോ ആണ്. ഈ വസ്തുത മുന്നിൽ കണ്ടുകൊണ്ട് ഉപഭോക്താവിന്റെ ആവശ്യത്തിനനുസരിച്ച് കോഴിയിറച്ചിയുടെ വിവിധ ഭാഗങ്ങൾ കഷ്ണങ്ങളാക്കി ഫ്രീസറിൽ സൂക്ഷിച്ച് വിൽപന നടത്താവുന്ന കോൾഡ് സ്റ്റോറേജ് യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. ജില്ലയിലെ പട്ടണപ്രദേശങ്ങളോട് ചേർന്നു ഇവ പ്രവർത്തിക്കുന്നത് ഏറെ ആദായകരമായിരിക്കും.

മാംസോല്പാദനം

ജില്ലയിലെ വാർഷിക മാംസോല്പാദനം	
2015-16	2016-17
28.04 (000MT)	20.13 (000MT)

ഉറവിടം: ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ

2016-17 ൽ ജില്ലയിൽ അറവു ചെയ്ത മൃഗങ്ങളുടെ എണ്ണം

പശുക്കൾ	2063
എരുമകൾ	6207
ആട്	9844
പന്നികൾ	140

ഉറവിടം :- മൃഗസംരക്ഷണ വകുപ്പ്

ജില്ലയിൽ മാംസാഹാരികൾ പൊതുവെ കൂടുതൽ ആയതിനാൽ ഇറച്ചിമാടുകൾ വളർത്തൽ നല്ല വരുമാന മാർഗ്ഗമാണ്. പക്ഷേ ഇവയിൽ പല ഉരുക്കളെയും ആഭ്യന്തരമായി ലഭിക്കുന്നില്ല. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഉപയോഗക്ഷമത കുറഞ്ഞ ഉരുക്കളെ അറവിനായി ഇവിടെ കൊണ്ടുവരുന്നു. കാസറഗോഡ് ജില്ലയിൽ അറവുശാലകളിൽ പലതിന്റെയും പ്രവർത്തനം തീരെ അശാസ്ത്രീയമായ നിലയിലാണ്. അറവുശാലയിലെ അവശിഷ്ടങ്ങൾ വളരെയധികം പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. മലിനമാക്കപ്പെടുന്ന ചന്ദ്രഗിരി, മൊഗ്രാൽ പുഴകൾ ഇതിനു തെളിവാണ്. ചീഞ്ഞു നാറുന്ന അവശിഷ്ടങ്ങൾ രാത്രികാലത്ത് റോഡരികിലും പുഴയിലും തള്ളുന്നു. തെരുവിൽ ആഹാര വസ്തുക്കൾ ലഭിക്കുന്നതിനാൽ തെരുവ് നായ്ക്കളും അധികമാവുന്നു. അവ സമീപത്തെ മറ്റു വളർത്തു മൃഗങ്ങൾക്കും മനുഷ്യർക്കും കുട്ടികൾക്കും ഭീഷണിയാകുന്നു. ശാസ്ത്രീയമായി സ്ഥാപിച്ച അറവുശാലകൾ വഴി മാത്രമേ മാലിന്യ സംസ്കരണം സാധ്യമാകു. ആയതിനാൽ ജില്ലയിലെ എല്ലാ ബ്ലോക്കിലും ഓരോ ആധുനിക അറവുശാലകൾ സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ജില്ലയിലെ മൃഗങ്ങളുടെ അറവും മാംസ വിൽപനയും അസംഘടിതമായതുകൊണ്ട് ഇന്ന് ഈ രംഗം ഇടനിലക്കാരുടെ കൈകളിലാണ്. മാംസം ഉൽപാദകനിൽ നിന്നും ഉപഭോക്താവിന്റെ കൈയിൽ എത്തു

ന്നതു വരെയുള്ള പ്രവർത്തനങ്ങൾ ഒരു സംഘടിത സഹകരണശൃംഖലയിലെക്ക് കൊണ്ടുവരേണ്ടതാണ്.

വെറ്ററിനറി ഡോക്ടറുടെ ശാസ്ത്രീയമായ മാംസ പരിശോധനയുടെ അഭാവത്തിൽ രോഗം ബാധിച്ച മൃഗങ്ങളെ മാംസമാക്കി വിറ്റഴിക്കുന്നത് മൂലം മാരകമായ ആന്ത്രാക്സ്, എലിപ്പനി, പേവിഷബാധ, ബ്രൂസെല്ലോയിസ്, ക്ഷയരോഗം, ഹയഡാറ്റിഡോസിസ്, വിരശല്യം തുടങ്ങി ധാരാളം രോഗങ്ങൾ മനുഷ്യരിലേക്കെത്തുന്നുണ്ട്. ഉപഭോഗത്തിനുള്ള മാംസം രോഗവിമുക്തവും ഗുണമേൻമയുള്ളതായിരിക്കണമെന്ന അവബോധം ജനങ്ങളിൽ സൃഷ്ടിക്കണം.

ഇടത്തരം കർഷകരുടെ സാമ്പത്തിക പരിമിതികൾക്ക് അനുയോജ്യമായതുകൊണ്ട് 'ആട് പാവപ്പെട്ടവന്റെ പശു' എന്നറിയപ്പെടുന്നു. മലബാറി, സാനൻ ക്രോസ് തുടങ്ങിയ ആടുകളെ പാലിന്റെ ആവശ്യത്തിന് ഉപയോഗിക്കാം. പരമ്പരാഗതമായ ആട് വളർത്തൽ രീതി കാർഷിക വിളകൾക്കും സസ്യലതാദികൾക്കും ഭീഷണിയാകുന്നതു കൊണ്ട് ആട് വളർത്തലിനെ പൊതുവെ പ്രോത്സാഹിപ്പിക്കാറില്ല. എന്നാൽ ആട്ടിറച്ചിക്ക് നല്ല വിപണിയുള്ളതുകൊണ്ട് കുറഞ്ഞ മുതൽമുടക്കിൽ ചെറിയ കാലയളവിനുള്ളിൽ ലാഭമുണ്ടാക്കാനും പ്രത്യേകിച്ച് വീട്ടമ്മമാരുടെ വരുമാന മാർഗ്ഗമായും ആട് വളർത്തൽ പ്രോൽസാഹിപ്പിക്കാവുന്നതാണ്. ബേഡഡുക്ക ഗ്രാമപഞ്ചായത്തിൽ 22 ഏക്കറോളം സ്ഥലത്ത് ഗോട്ട് ഫാം തുടങ്ങുന്നതിനുള്ള പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്. ഗോട്ട് ഫാം പ്രവർത്തനം തുടങ്ങിക്കഴിഞ്ഞാൽ കർഷകർക്ക് ആവശ്യാനുസരണം ആട്ടിൻകുട്ടികളെ വിതരണം ചെയ്യാൻ സാധിക്കും.

മലബാറിന്റെ തനതു ജനുസ്സായ മലബാറി ആടുകളുടെ സംരക്ഷണം എന്ന നിലയിൽ കുടുംബശ്രീ യൂണിറ്റുകൾക്കും ആട് വളർത്തൽ പദ്ധതി ഏറ്റെടുത്ത് നടത്താവുന്നതാണ്. കൂടടക്കം 2-3 എണ്ണം പെണ്ണാടുകളടങ്ങുന്ന യൂണിറ്റ് നൽകുന്നതാണ് നല്ലത്. ആ പ്രദേശത്ത് ഒരു മുട്ടനാടിനെയും നൽകണം വിപണനവും കുടുംബ ശ്രീ യൂണിറ്റുകൾ വഴി നടത്തിയാൽ ഇടത്തട്ടുകാരെ ഒഴിവാക്കാം.

പന്നിവളർത്തൽ

ജില്ലയിൽ നിലവിൽ പന്നികളുടെ എണ്ണം 2941 ആണ്. പ്രാദേശികസ്വീകാര്യതയനുസരിച്ച് ജില്ലയിൽ ചില സ്ഥലങ്ങളിൽ പന്നി വളർത്തൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഉയർന്ന തീറ്റപരിവർത്തനശേഷിയുള്ള പന്നികളെ വീടുകൾ, ഹോട്ടലുകൾ, ഇറച്ചി സംസ്കരണശാല എന്നിവിടങ്ങളിലെ അവശിഷ്ടങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ പരിപാലിക്കാവുന്നതാണ്. മികസ്ഡ് ഫാമിംഗ് യൂണിറ്റിലും പന്നി വളർത്താവുന്നതാണ്.

പന്നി വളർത്തൽ യൂണിറ്റ്

പ്രജനന കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന രണ്ട് മാസം പ്രായമായ (10 കി.ഗ്രാം തൂക്കം) പന്നിക്കുഞ്ഞുങ്ങളെ ഭാരവർദ്ധക യൂണിറ്റുകളിൽ 200 ദിവസം വരെ വളർത്തി 90-100 കിലോ തൂക്കമാക്കി വിപണനത്തിന് തയ്യാറാക്കാവുന്നതാണ്. ഇതിനായി ഭാരവർദ്ധകയൂണിറ്റുകളും ചെറിയ പ്രജനനയൂണിറ്റുകളും തുടങ്ങാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

നിർദ്ദേശങ്ങൾ

- മൃഗസംരക്ഷണ മേഖല ലാഭകരമാകണമെങ്കിൽ കർഷകർക്ക് ശാസ്ത്രീയ പരിശീലനം അത്യാവശ്യമാണ്. പരിശീലനം ഏറ്റവും സമീപത്തുള്ള സ്ഥലത്ത് ലഭ്യമാക്കുകയാണെങ്കിൽ കർഷകർ ക്ക് അതൊരു അനുഗ്രഹമാകും. ജില്ലയിൽ കുമ്പള ഗ്രാമപഞ്ചായത്തിൽ ഡയറി ഡിപ്പാർട്ട്മെന്റിന് വേണ്ടി നിർമ്മാണത്തിലിരിക്കുന്ന ഹോസ്റ്റൽ സൗകര്യത്തോടുകൂടിയ പരിശീലന കേന്ദ്രം കർഷകർക്ക് പരിശീലനം നൽകുന്നതിനുകൂടി ഉപയോഗപ്പെടുത്താവുന്നതാണ്. ഇതുപോലെ വിവിധ ബ്ലോക്കുകളിലും സമാനരീതിയിൽ സൗകര്യം ഒരുക്കാവുന്നതാണ്.
- മുട്ടയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി പരമാവധി കുടുംബങ്ങൾക്ക് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാവുന്നതാണ്. ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനായി ഹാച്ചറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുണ്ട്. ബദിയഡുക്ക വെറ്ററിനറി ഡിസ്പെൻസറി ക്യാമ്പസിൽ ഒരു പുതിയ ഹാച്ചറി തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്.
- മൃഗസംരക്ഷണമേഖലയിലെ കർഷകൻ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ഉയർന്ന പാലുല്പാദന ചെലവും കുറഞ്ഞ വരുമാനവുമാണ്. സൗജന്യ നിരക്കിൽ തീറ്റപ്പുല്ല് നടീൽ വസ്തുക്കളും സബ്സിഡി നിരക്കിൽ പോഷകാഹാരവും തീറ്റയും ഉടമകൾക്ക് ലഭ്യമാക്കി പാലുല്പാദനച്ചെലവ് കുറയ്ക്കാവുന്നതാണ്. പാലുല്പാദനത്തിൽ അനുസൃതമായി കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് നൽകുക. മിൽമയുടെ അധീനതയിൽ കാലിത്തീറ്റ ഫാക്ടറി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ചെറുകിട ഫീഡ് മിക്സിംഗ് പ്ലാന്റ് പ്രോത്സാഹിപ്പിക്കുക. തരിശായി കിടക്കുന്ന ഭൂമിയിൽ /റവന്യു ലാന്റിൽ തീറ്റപ്പുൽ കൃഷി വ്യാപകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.
- മാംസ വിപണിയിൽ ഏറ്റവുമധികം മുന്നേറാൻ പറ്റുന്ന ജില്ലയാണ് കാസറഗോഡ്. ശാസ്ത്രീയ രീതിയിൽ പ്രവർത്തിക്കുന്ന ആധുനിയ അറവുശാലകൾ ജില്ലയിൽ അത്യന്താപേക്ഷിതമാണ്. ആധുനിക സജ്ജീകരണങ്ങളോടു കൂടിയ അറവുശാലകൾ കാസറഗോഡ് ജില്ലയിൽ നിലവിൽ ഇല്ല. ഇത്തരം അറവുശാലകളിലൂടെ മാംസ വിപണിയിൽ പുത്തനുണർവ് ഉണ്ടാക്കാൻ സാധിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലയിലെ മുൻസിപ്പാലിറ്റികളിൽ നൂതന സംവിധാനത്തോട് കൂടിയ അറവുശാലകൾ തുടങ്ങാവുന്നതാണ്.

- മൃഗങ്ങൾക്ക് 24 മണിക്കൂറും ചികിത്സാ സൗകര്യം ഉറപ്പാക്കുന്നതിന് മൊബൈൽ വെറ്ററിനറി ആംബുലൻസ് സർവ്വീസ് നടത്തുന്നത് ഉപകാരപ്രദമായിരിക്കും. അതുവരെ കാസറഗോഡ് ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ വെറ്ററിനറി ആംബുലൻസ് ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.
- പേവിഷബാധ നിയന്ത്രണ പരിപാടിയും തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള എ.ബി.സി പദ്ധതിയും.

  ജില്ലയിൽ നിലവിൽ കാസറഗോഡ് ബ്ലോക്കിൽ മാത്രമാണ് തുടങ്ങിയിട്ടുള്ളത്. ബാക്കിയുള്ള അഞ്ച് ബ്ലോക്കുകളിലും സ്ഥലസൗകര്യവും കെട്ടിടസൗകര്യവും മറ്റ് അവശ്യ സജ്ജീകരണങ്ങളും ഒരുക്കി പദ്ധതി ആരംഭിക്കേണ്ടതാണ്.
- ജില്ലയുടെ തനതായ പശുക്കളുടെ ഇനം കാസറഗോഡ് കുള്ളൻ വിഭാഗമാണ്. നിലവിൽ ഈയിനം പശുക്കളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരികയാണ്. ആയതിനാൽ ഇവയെ സംരക്ഷിക്കേണ്ടത് വളരെ അത്യാവശ്യമാണ്. കാസറഗോഡ് കുള്ളൻ പശുക്കളെ സംരക്ഷിക്കുന്നതിന് കേരള സർക്കാർ, ബദിയഡുക്ക ഗ്രാമപഞ്ചായത്തിലെ ബേളയിൽ കാസറഗോഡ് കുള്ളൻ പശുവളർത്തൽ കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. ഇത് കൂടുതൽ ശാസ്ത്രീയമായി വികസിപ്പിക്കേണ്ടതുണ്ട്.
- മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പത്തനംതിട്ട ജില്ലയിലെ തിരുവല്ലക്കടുത്തുള്ള നിരണം താറാവ് വളർത്തൽ കേന്ദ്രത്തിൽ താറാവ് കുഞ്ഞുങ്ങളെ യഥേഷ്ടം ലഭിക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. താറാവ് കൃഷിക്ക് കുഞ്ഞുങ്ങളെ അവിടെനിന്ന് കൊണ്ടുവരാവുന്നതാണ്.
- ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്ത് താറാവ് വളർത്തലിന് ഏറെ അനുയോജ്യമായ പ്രദേശമാണ്. അവിടെ താറാവ് കൃഷി വിപുലീകരിക്കുന്നതിന് നടപടികൾ ചെയ്യാവുന്നതാണ്.
- ബേഡഡുക്ക ഗ്രാമപഞ്ചായത്തിൽ 22 ഏക്കറോളം സ്ഥലത്ത് ഗോട്ട് ഫാം തുടങ്ങുന്നതിനുള്ള പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്. ഇന്ന് പ്രവർത്തനക്ഷമമായാൽ കർഷകർക്ക് ആവശ്യാനുസരണം ആട്ടിൻ കുട്ടികളെ വിതരണം ചെയ്യാൻ സാധിക്കും.
- ഡയറിഫാമുകളിലെ ആധുനിക യന്ത്രവൽക്കരണം കർഷകരുടെ അധ്വാനഭാരം ലഘൂകരിക്കാനും ഉൽപാദനം വർദ്ധിപ്പിക്കുവാനും സഹായകമാകും. ആയതിനാൽ ഫാമുകൾ യന്ത്രവൽകൃതമാക്കാനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണ്. അതോടൊപ്പം കർഷകർക്ക് സബ്സിഡി നിരക്കിൽ കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യുകയും വേണം.
- കന്നുകുട്ടി പരിപാലന പരിപാടി-കാലിത്തീറ്റയ്ക്കുള്ള സബ്സിഡി തുടങ്ങിയവ വ്യാപകമാക്കണം. കന്നുകുട്ടി പരിപാലനപദ്ധതിയിൽ ജില്ലയിൽ എല്ലാ കന്നുകുട്ടികളെയും ഉൾപ്പെടുത്തേണ്ടതാണ്. മാർക്കറ്റിൽ ലഭ്യമായ കാലിത്തീറ്റകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനവും ഒരുക്കേണ്ടതാണ്.
- സബ്സിഡി നിരക്കിൽ കന്നുകാലി ഇൻഷ്വറൻസ് സ്കീം വ്യാപകമാക്കണം.
- സ്കൂളുകളിൽ അനിമൽ ഹസ്ബന്ററി ക്ലബ് തുടങ്ങുന്നതിന് പ്രോത്സാഹനം നൽകണം.
- ജൈവവള ഉൽപാദനം പ്രോത്സാഹിപ്പിക്കുക. ജൈവവള നിർമ്മാണവും ചാണകപ്പൊടി ഉല്പാദനവും വ്യാപകമാക്കൽ, ഇവ കൃഷിഭവനുകൾ വഴി വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ, ബയോ ഗ്യാസ് പ്ലാന്റ് വ്യാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കൽ തുടങ്ങിയവ അടിയന്തിര പ്രാധാന്യമുള്ളവയാണ്.
- വെറ്ററിനറി സബ്സെന്ററുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ആയത് തുടങ്ങുവാനുള്ള നടപടി എടുക്കണം. കൂടാതെ മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികളും കൈക്കൊള്ളണം.
- മൃഗസംരക്ഷണ മേഖലയിൽ കർഷകർക്ക് വായ്പകൾ ലഭ്യമാക്കുന്നുണ്ടെങ്കിലും മറ്റ് കാർഷിക വായ്പകളേക്കാൾ കൂടിയ നിരക്കിൽ പലിശ ഈടാക്കുന്നുണ്ട്. ആയത് കുറയ്ക്കുന്നതിന് വേണ്ട നടപടിയുണ്ടാകണം. സ്വകാര്യ ഫാമുകളിലെ വൈദ്യുത ചാർജ്ജ് നിരക്കുകൾ കുറയ്ക്കുവാനുള്ള നടപടികളും സ്വീകരിക്കണം.
- സങ്കരയിനം പശുക്കളെ സൃഷ്ടിക്കാൻ ഗുണനിലവാരം കൂടിയ സെമൻ വിതരണം ചെയ്യുന്നതിന് നടപടികൾ കൈക്കൊള്ളണം.
- കാലിത്തൊഴുത്ത് നിർമ്മാണവുമായി ബന്ധപ്പെട്ട് സബ്സിഡി നൽകണം.
- രജിസ്റ്റേഡ് വെറ്ററിനറി ഡോക്ടർമാർക്ക് ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായവും പ്രോത്സാഹനവും നൽകണം.
- വെറ്ററിനറി സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങളും മരുന്നിന്റെ ലഭ്യതയും വർദ്ധിപ്പിക്കണം. കാസറഗോഡ് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള മഞ്ചേശ്വരം, പെർള ചെക്ക് പോസ്റ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനോടൊപ്പം എല്ലാ ചെക്ക്പോസ്റ്റിനും സ്വന്തമായി കെട്ടിടവും, അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
- കാസറഗോഡ് ജില്ലയിൽ യഥേഷ്ടം ലഭ്യമായ കവുങ്ങിൻപാള ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മാണം നടത്തുന്നതിന് പദ്ധതി ആവിഷ്കരിക്കണം.
- ജില്ലാ പഞ്ചായത്തിന്റെ കീഴിൽ മരുന്നും കാലിത്തീറ്റയും ന്യായവിലയ്ക്ക് ലഭിക്കാനുള്ള സ്ഥാ

പനങ്ങൾ അനുവദിക്കണം.

- പാൽ സൊസൈറ്റിയിൽ ബൾക്ക് മിൽക്ക് കൂളർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സോളാർ യൂണിറ്റ് സബ്സിഡി നിരക്കിൽ അനുവദിക്കണം.
- അറവു മാലിന്യങ്ങൾ സംസ്കരിക്കുന്നതിന്റെ ഭാഗമായി ഹോസ്ദുർഗ് താലൂക്കിൽ ഒരു മീറ്റ് റെന്ററിംഗ് പ്ലാന്റ് സ്ഥാപിക്കണം. (ശാസ്ത്രീയ അറവുശാലകളോടനുബന്ധിച്ച്).
- ജില്ലയിലെ എല്ലാ മൃഗാശുപത്രികളിലും മഴവെള്ള സംഭരണിയും ജലസംഭരണിയും നിർമ്മിക്കണം.
- ജില്ലയിൽ ആവശ്യക്കാർ ഏറിവരുന്ന സാഹചര്യത്തിൽ, അലങ്കാര പക്ഷികളുടെ നഴ്സറിയും വിപണനകേന്ദ്രവും തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കണം.

സംയോജിതപദ്ധതികൾ

ജൈവപുനരുജ്ജീവനം പദ്ധതി

എൻഡോസൾഫാൻ വിഷബാധമൂലം ദുരിതമനുഭവിക്കുന്ന 11 ഗ്രാമപഞ്ചായത്തുകളിൽ ജൈവപുനരുജ്ജീവനത്തിനുള്ള പദ്ധതി, ജൈവകൃഷിയുടെ വ്യാപനം, പശു പരിപാലനം, പുഷ്പ കൃഷി, ഔഷധസസ്യകൃഷി, കിഴങ്ങുവർഗ്ഗ കൃഷി, തേനീച്ചകൃഷി, മത്സ്യകൃഷി തുടങ്ങിയവ നടപ്പാക്കൽ. ജല സ്രോതസ്സുകൾ, മണ്ണ് വായു എന്നിവ മാലിന്യമുക്തമാക്കി സംരക്ഷിക്കൽ, പൂക്കളെയും പുമ്പാറ്റകളെയും തിരിച്ചുകൊണ്ടുവരുന്നതിനുള്ള സമഗ്ര പദ്ധതി തയ്യാറാക്കൽ, ജൈവകൃഷിക്ക് ആവശ്യമായ പശ്ചാത്തലമൊരുക്കൽ, കർഷകരെ/ഗ്രൂപ്പുകളെ കണ്ടെത്തൽ, ദുരിതബാധിതരുടെ കുടുംബങ്ങളെ ഗുണഭോക്താക്കളാക്കൽ, വിത്തുകളും നടീൽ വസ്തുക്കളും ലഭ്യമാക്കൽ, ജലസ്രോതസുകൾ മാലിന്യ മുക്തമാക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കൽ, പിന്തുണ സംവിധാനം ഉറപ്പുവരുത്തൽ തുടങ്ങിയവ ഇതിന്റെ ഭാഗമായി എൻഡോസൾഫാൻ സെൽ, കൃഷി വകുപ്പ്, ഹോർട്ടികൾച്ചർ മിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, ചെറുകിട ജലസേചന വകുപ്പ്, ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ്, ഫിഷറീസ്, ഔഷധി, വി.എഫ്.പി.സി.കെ, മൃഗസംരക്ഷണ വകുപ്പ്, എച്ച്. ഐ.എൽ, കേരള വാട്ടർ അതോറിറ്റി, ആരോഗ്യ വകുപ്പ് എന്നിവയെ സംയോജിപ്പിച്ച് പദ്ധതി നടപ്പിലാക്കാവുന്നതാണ്.

സമഗ്ര പേവിഷബാധ – തെരുവ് നായ്ക്കൾ നിയന്ത്രണ പരിപാടി

മൃഗങ്ങളിൽ നിന്നും മനുഷ്യരിലെക്ക് പകരുന്ന ഏറ്റവും മാരകവും, ഭയാനകവുമായ രോഗമാണ് പേവിഷബാധ. ഇന്ത്യയിൽ പ്രതിവർഷം 20,000 ത്തോളം മനുഷ്യ ജീവനുകൾ പേവിഷ ബാധമൂലം നഷ്ടപ്പെടുന്നു എന്നാണ് ഔദ്യോഗിക കണക്ക്. ആരോഗ്യവകുപ്പിന്റെ കണക്കനുസരിച്ച് 68000 ത്തോളം ആളുകളാണ് ഓരോ വർഷവും കേരളത്തിൽ നായ കടിച്ചതുമൂലം ചികിത്സിക്ക് വിധേയരാകുന്നത്. 7 കോടിയോളം രൂപയാണ് ഇതിനായി ആരോഗ്യ വകുപ്പ് പ്രതിവർഷം ചെലവഴിക്കുന്നത്. സ്വകാര്യ ആശുപത്രികളുടെ കണക്ക് കൂടി ഇതോടൊപ്പം ചേർക്കുമ്പോൾ തുക പിന്നെയും കൂടും. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളും സ്കൂൾ കുട്ടികളുമാണ് പലപ്പോഴും തെരുവ് നായ്ക്കളുടെ അക്രമങ്ങൾക്ക് ഇരയാവുന്നത്. ഭക്ഷ്യ അവശിഷ്ടങ്ങൾ റോഡരികിലും മറ്റും വലിച്ചെറിയുന്നതും നായ്ക്കുട്ടികളെ തെരുവിൽ കളയുന്നതുമാണ് തെരുവുനായ്ക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതിന് കാരണമാകുന്നത്. ജില്ലയിൽ നിലവിൽ 9331 തെരുവ് നായ്ക്കളുണ്ടെന്നാണ് കണക്ക്. ഇവയുടെ നിയന്ത്രണമാണ് ശാശ്വതമായ പേവിഷബാധനിയന്ത്രണത്തിന് ഏറ്റവും പ്രധാനം. ഇതിനായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവയുടെ സാമ്പത്തികസഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് എ.ബി.സി. മേൽ പദ്ധതിയിലൂടെ 2017 സെപ്റ്റംബർ 30 വരെ 2134 നായ്ക്കളെ വന്ധ്യംകരണ ശസത്രക്രിയയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

എ.ബി.സി. പദ്ധതി നിലവിൽ കാസറഗോഡ് ബ്ലോക്കിൽ വളരെ മികവുറ്റ രീതിയിൽ മുന്നോട്ട് പോകുന്നുണ്ടെങ്കിലും മറ്റ് ബ്ലോക്കുകളിൽ പദ്ധതി തുടങ്ങുന്നതിന് സ്ഥലസൗകര്യവും കെട്ടിടസൗകര്യവും ലഭ്യമാക്കുവാൻ കാലതാമസം വരുന്നതിനാൽ പദ്ധതി പ്രവർത്തനം പ്രാരംഭദശയിലാണ്.

തെരുവ് നായ നിയന്ത്രണ പരിപാടി, പേവിഷ ബാധ തടയുന്നതിന് വേണ്ടിയുള്ള നല്ല പദ്ധതിയായ തിനാൽ മുന്നോട്ട് കൊണ്ടുപോകേണ്ടത് ആവശ്യമാണ്.

- ജൈവ ജില്ലയായ കാസറഗോഡ്, ജൈവവളത്തിന്റെ ഉൽപാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകൾ വഴിയും പുരുഷ സ്വയം സഹായസംഘങ്ങൾ വഴിയും ചാണകം ഉണക്കിപ്പൊടിച്ച് ചെറിയ പായ്ക്കറ്റുകളിലാക്കി വീട്ടുമുറ്റത്തെ ചെറിയ കൃഷിയിടങ്ങൾക്ക് ഉപകരിക്കുന്ന രീതിയിൽ കൃഷി ഭവനുകൾ വഴി വിപണനം നടത്താവുന്നതാണ്.
- ജില്ലയിൽ ഭൂരിഭാഗം ക്ഷീരകർഷകരും ചെറുകിട കർഷകരാണ്. ആയതിനാൽ സ്ഥല ലഭ്യതയുടെ കുറവ്മൂലം കന്നുകാലികൾക്കുള്ള തീറ്റപ്പുല്ല് കൃഷി ചെറിയ പ്ലോട്ടുകളായും, ഇടവിളയായും മാത്രം കൃഷി ചെയ്തുവരുന്നു. എന്നാൽ ജില്ലയിലെ 9317 ഹെക്ടർ കൃഷിയോഗ്യമായ തരിശ് ഭൂമിയിൽ വമ്പിച്ച രീതിയിൽ തീറ്റപ്പുല്ല് കൃഷി വ്യാപിപ്പിക്കുകയാണെങ്കിൽ നിലവിലുള്ള പച്ചപ്പുല്ല് ലഭ്യതയും ആവശ്യവും തമ്മിലുള്ള അന്തരം കുറയ്ക്കുവാൻ സാധിക്കും.
- ആദ്യഘട്ടമെന്ന നിലയിൽ ഏകദേശം 20% (236 ഹെക്ടർ) സ്ഥലത്ത് പുൽകൃഷി നടത്താവുന്നതാണ്.

  ഇതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തണം. ആദ്യഘട്ടത്തിലും പിന്നീട് വ്യാപിക്കുന്ന സ്ഥലങ്ങളിലും പുൽകൃഷി നിലനിർത്തി (Sustain) ഉല്പാദനം വർദ്ധിപ്പിക്കണം.

മൃഗ സംരക്ഷണം, ക്ഷീര വികസനം

- പുൽ കൃഷിക്ക് ജലസേചനം അനിവാര്യമായതിനാൽ, ജല സംരക്ഷണം കൂടി കണക്കിലെടുത്ത് ഡ്രിപ്പ് ഇറിഗേഷൻ രീതിയിൽ ജലസേചനം നടത്താവുന്നതാണ്.
- 1 ഏക്കറിന്റെ യൂണിറ്റുകളായി പ്ലോട്ടുകൾ സ്ഥാപിച്ച് ചുരുങ്ങിയത് 20 ഹെക്ടർ സ്ഥലത്തെങ്കിലും കൃഷി നടത്തണം.

ത്രിതല പഞ്ചായത്തുകളുമായി സംയോജിപ്പിച്ച് സംയുക്ത പ്രൊജക്ടായി ഇത് നടപ്പാക്കാവുന്നതാണ്. ക്ഷീരവികസനവകുപ്പിന്റെ സബ്സിഡി മാനദണ്ഡമനുസരിച്ച് ആനുകൂല്യം നൽകാവുന്നതാണ്.

- **സമഗ്ര കന്നുകാലി ഇൻഷ്വറൻസ്**

ജില്ലയിലെ ക്ഷീരകർഷകരെയും അവരുടെ ഉരുക്കളെയും ഇൻഷ്വർ ചെയ്യുന്ന പദ്ധതി. ജില്ലയിലെ എല്ലാ ബ്ലോക്കു പഞ്ചായത്തുകളിലും സമയബന്ധിതമായി നടപ്പാക്കേണ്ടതാണ്.

മേൽത്തട്ട്-കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

തദ്ദേശ സ്വയംഭരണ തലം

- വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കണം.

സംസ്ഥാന ഗവൺമെന്റ് തലം

ക്ഷീരമേഖലയിലെ അനുദിനമുള്ള വികസനത്തിന്റെ പാശ്ചാത്തലത്തിൽ, ജില്ലയിലെ എല്ലാ പഞ്ചായത്തിലും പദ്ധതി നിർവ്വഹണം നടത്തുവാൻ ഡയറി ഫാം ഇൻസ്ട്രക്ടറുടെ തസ്തിക അനിവാര്യമാണ്. കൂടാതെ ജില്ലയിലെ ഡയറി സോൺ ബ്ലോക്കുകളായ നീലേശ്വരം, പരപ്പ, കാഞ്ഞങ്ങാട് എന്നീ ബ്ലോക്കുകളിൽ ഓരോ ക്ഷീരവികസനയൂണിറ്റുകൾ കൂടി സ്ഥാപിക്കണം.

മൃഗസംരക്ഷണമേഖലയിലേക്ക് കടന്നുവരുന്ന സംരംഭകർക്ക് വായ്പ അനുവദിക്കുന്നതിന് ഏകജാലക സംവിധാനം ഏർപ്പെടുത്തണം. ജില്ലയിൽ വെറ്ററിനറി സബ്സെന്ററുകൾ ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ അവ അനുവദിക്കണം.

മൃഗസംരക്ഷണമേഖലയിലെ കർഷകർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ഉയർന്ന പാലുല്പാദന ച്ചെലവും കുറഞ്ഞ വരുമാനവുമാണ്. പാലുല്പാദനത്തിനനുസൃതമായി കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് നൽകുകയും തുക പരമാവധി 50000/- ആയി ഉയർത്തുകയും ചെയ്യേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മൃഗസംരക്ഷണമേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ, അവർക്ക് സബ്സിഡി ലഭിക്കുന്ന രീതിയിലാണ് ആസൂതണം ചെയ്തു വരുന്നത്. ഇതുമൂലം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കുന്നുണ്ട്. എന്നാൽ ഈ മേഖലയിലെ ഉൽപാദനച്ചെലവ് നാൾക്കുനാൾ വർദ്ധിച്ചുവരികയാൽ ക്ഷീരകർഷകർ ഈ മേഖലയിൽ നിന്ന് പിൻമാറിക്കൊണ്ടിരിക്കുകയാണ്. ആയതിനാൽ മൃഗസംരക്ഷണ മേഖലയെ ഉൽപാദനം വർദ്ധിപ്പിക്കുന്ന മേഖലയായി പരിഗണിച്ച് കർഷകർക്ക് എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ ആനുകൂല്യം ലഭിക്കുന്നതിന് ആവശ്യമായ നയം ആവിഷ്കരിക്കേണ്ടതാണ്.

ജില്ലയിൽ വെറ്ററിനറി പോളിക്ലിനിക്കും വെറ്ററിനറി മെഡിക്കൽ കോളേജും അനുവദിക്കേണ്ടതാണ്.

കേന്ദ്ര ഗവൺമെന്റ് തലം

ജില്ലയുടെ തനതായ പശുക്കളുടെ ജനുസ്സ് കാസറഗോഡ് കുള്ളൻ പശുക്കളാണ്. ഈ ഇനത്തെ ഇതുവരെയായി അംഗീകൃത ജനുസ്സായി പരിഗണിച്ചിട്ടില്ല. ഇതിന് അംഗീകാരം നൽകാനുള്ള പ്രവർത്തനം ഗവർമെണ്ട് തലത്തിൽ നടക്കണം.

4.1.3 മത്സ്യ വികസനം

മത്സ്യ വികസനം

വൈവിധ്യമാർന്ന സംസ്ക്കാരങ്ങളാൽ, 'നാനാത്വത്തിൽ ഏകത്വ'ത്തിൽ അധിഷ്ഠിതമായ ഭാരത സംസ്ക്കാരത്തിന്റെ മിനിയേച്ചർ എന്ന് വിശേഷിപ്പിക്കാവുന്ന പ്രദേശമാണ് കാസറഗോഡ് ജില്ല. കേരളത്തിന്റെ വടക്കേയറ്റത്ത് സ്ഥിതിചെയ്യുന്ന ജില്ല, 70 കി.മീ. നീളം വരുന്ന കടൽത്തീരം (കേരളത്തിന്റെ 11.86 ശതമാനം) 12 നദികൾ, 3248.25 ഹെക്ടർ ഓരുജല പ്രദേശങ്ങൾ, അറുനൂറിൽ പരം ശുദ്ധജല കുളങ്ങൾ, നിരവധി തോടുകൾ എന്നിവയാൽ സമ്പന്നമാണ്. പത്ത് തീരദേശ പഞ്ചായത്തുകളും 3 നഗരസഭയും ഉൾക്കൊള്ളുന്നതാണ് ജില്ലയുടെ കടലോരമേഖല. ജില്ലയുടെ മുഖ്യധാരയിൽ നിന്ന് പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ജനതയാണ് മത്സ്യത്തൊഴിലാളി സമൂഹം. ഇവിടെ നാലായിരത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ കടലിനെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തി വരുന്നു. അതിനാൽ അവരുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് മത്സ്യമേഖലയുടെ സമഗ്ര വികസനത്തിന്, ദീർഘ വീക്ഷണത്തോടെ വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

ജില്ല - സ്ഥിതി വിവര കണക്കുകൾ

അടിസ്ഥാന വിവരങ്ങൾ

സംസ്ഥാനത്തിന്റെ കടൽത്തീര ദൈർഘ്യം 590 കിലോ മീറ്ററാണ്, ജില്ലയുടേത് 70 കിലോ മീറ്ററും, അതായത് സംസ്ഥാന കടൽത്തീരത്തിന്റെ 11.8% മാണ് ജില്ലയുടെ കടലോരം.

പട്ടിക 4.1.3.1 മത്സ്യമേഖല അടിസ്ഥാന വിവരങ്ങൾ

		കേരളം	കാസറഗോഡ്
1	വിസ്തീർണ്ണം (ച.കി.മി)	38863 ച.കി.മി	1992 ച.കി.മി
2	തീരദേശ ദൈർഘ്യം	590	70 കി.മീ.
3	നദികൾ	44	12
4	താലൂക്ക്	63	4
5	ബ്ലോക്ക്	152	6
6	വില്ലേജ്	978	75
7	തീരദേശ പഞ്ചായത്ത്		10
8	തീരദേശ മുൻസിപ്പാലിറ്റി		3
9	മത്സ്യഗ്രാമം (ഉൾനാടൻ ഉൾപ്പടെ)	335(113 ഉൾനാടൻ)	17(1 ഉൾനാടൻ)
10	ബാക്ക് വാട്ടർ ഏരിയ	46128.94	3174.04

അവലംബം : പാൻഫിഷ്

കേരളത്തിന്റെ വടക്കെ അറ്റത്തെ ജില്ലയായ കാസറഗോഡ് 12 നദികളുണ്ട്. 105 കിലോമീറ്റർ ദൈർഘ്യമുള്ള ചന്ദ്രഗിരി പുഴയാണ് ജില്ലയിലെ ഏറ്റവും നീളം കൂടിയ നദി.

പട്ടിക 4.1.3.2: കാസർഗോഡ് ജില്ലയിലെ നദികളും ദൈർഘ്യവും

ക്രമ നം	നദികൾ	ദൈർഘ്യം (കി.മീ)
1	മഞ്ചേശ്വരം	16
2	ഉപ്പള	50
3	ഷിറിയ	67
4	മൊഗ്രാൽ	34
5	ചന്ദ്രഗിരി	105
6	ചിത്താരി	25
7	നീലേശ്വരം	46
8	കാര്യങ്കോട്	64
9	കവ്വായി	23
10	കുമ്പള	11
11	ബേക്കൽ	11
12	കളനാട്	8
	ആകെ	460

അവലംബം : പാൻഫിഷ് ,കേരള ഇൻലാൻറ് ഫിഷറീസ്

മാപ്പ് 4.1.3.1: ജില്ലയിലെ പുഴകൾ



പട്ടിക 41.3.3 ജില്ലയിലെ കായലുകൾ

ക്രമ നം.	ബാക്ക് വാട്ടേർസ് (കായലുകൾ)	വിസ്തീർണ്ണം (ഹെക്ടർ)
1	തലപ്പാടി	17.12
2	മഞ്ചേശ്വരം	158.41
3	സുവർണ്ണഗിരി	6.22
4	മൊഗ്രാൽ	89.74
5	കുമ്പള	221.54
6	ചന്ദ്രഗിരി	575.81
7	തീപീർപുഴ	22.47
8	കാപ്പിൽപുഴ	2.22
9	ബേക്കൽപുഴ	43.37
10	ചിറ്റാരിപുഴ	89.33
11	നീലേശ്വരം	824.69
12	ചെറുവത്തൂർ	1123.12
	ആകെ	3174.04

അവലംബം: കേരള ഇൻലാൻറ് ഫിഷറീസ്

മത്സ്യഗ്രാമം

ജില്ലയിൽ 16 കടലോര മത്സ്യഗ്രാമങ്ങളും ഒരു ഉൾനാടൻ മത്സ്യഗ്രാമവുമുണ്ട്. സംസ്ഥാനത്തെ മത്സ്യഗ്രാമങ്ങളിൽ 5.07 ശതമാനവും മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ 3.9 ശതമാനവും കാസറഗോഡ് ജില്ലയിലാണ്.

മത്സ്യ വികസനം

പട്ടിക 4.1.3.4: ജില്ലയിലെ മത്സ്യഗ്രാമങ്ങൾ

ക്രമ നം	മത്സ്യഗ്രാമം	ക്രമ നം	മത്സ്യഗ്രാമം
1.	തൃക്കരിപ്പൂർ കടപ്പുറം	10	കോട്ടിക്കുളം (ബേക്കൽ)
2.	വലിയപറമ്പ	11	കീഴൂർ
3.	പടന്നക്കടപ്പുറം	12	കസബ
4.	കാടങ്കോട്	13	കാവുഗോളി
5.	തൈക്കടപ്പുറം	14	കോയിപ്പാടി
6.	പുഞ്ചാവി	15	ഷിറിയ
7.	ഹൊസ്ദുർഗ്ഗ്	16	ബങ്കര മഞ്ചേശ്വരം
8.	അജാനൂർ	17	കാസർഗോഡ്
9.	പള്ളിക്കര		

അവലംബം: ഫിഷറീസ് വകുപ്പ് കാസറഗോഡ്

മാപ്പ് 4.1.3.2: മത്സ്യ ഗ്രാമങ്ങൾ



തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ 10 ഗ്രാമ പഞ്ചായത്തുകളും മൂന്നു നഗരസഭകളും കടലോര സാമീപ്യമുള്ളവയാണ്.

പട്ടിക 4.1.3.5: കാസറഗോഡ് ജില്ലയിലെ തീരദേശ പഞ്ചായത്തുകൾ

ക്രമ നം	ബ്ലോക്ക്	തീരദേശ പഞ്ചായത്തുകൾ
1	മഞ്ചേശ്വരം ബ്ലോക്ക്	മഞ്ചേശ്വരം
2		മീഞ്ച
3		മംഗൽപാടി
4	കാസറഗോഡ് ബ്ലോക്ക്	കുമ്പള
5		മൊഗ്രാൽ പുത്തൂർ
6		ചെമ്മനാട്
7	കാഞ്ഞങ്ങാട് ബ്ലോക്ക്	ഉദുമ
8		പള്ളിക്കര
9		അജാനൂർ
10	നീലേശ്വരം ബ്ലോക്ക്	വലിയപറമ്പ
11		പടന്ന
12		ചെറുവത്തൂർ
13		തൃക്കരിപ്പൂർ

അവലംബം : പാൻഫിഷ്

മാപ്പ് 4.1.3.3 തീരദേശ തദ്ദേശഭരണ സ്ഥാപനങ്ങൾ



പട്ടിക 4.1.3.6: ജില്ലയിലെ തീരദേശ മുൻസിപ്പാലിറ്റികൾ

ക്രമ നം	തീരദേശ മുൻസിപ്പാലിറ്റികൾ
1	കാസറഗോഡ്
2	കാഞ്ഞങ്ങാട്
3	നീലേശ്വരം

അവലംബം: പാൻഫിഷ്

ജനസംഖ്യാവിവരങ്ങൾ

ജില്ലയിൽ 16 കടലോര മത്സ്യഗ്രാമങ്ങളിലായി 10064 മത്സ്യത്തൊഴിലാളികളും ഒരു ഉൾനാടൻ മത്സ്യഗ്രാമത്തിൽ 538 മത്സ്യത്തൊഴിലാളികളുമുണ്ട്.

പട്ടിക 4.1.3.7: കാസറഗോഡ് ജില്ലയിലെ മത്സ്യത്തൊഴിലാളി ജനസംഖ്യ

ക്രമ നം	ജനസംഖ്യ	കേരളം	കാസറഗോഡ്	ശതമാനം
1	മത്സ്യത്തൊഴിലാളി ജനസംഖ്യ			
	കടൽ	788324	10064	1.27
	ഉൾനാടൻ	235472	538	0.23
	ആകെ	1023796	10570	1.03
2	മത്സ്യത്തൊഴിലാളി കുടുംബങ്ങൾ			
	കടൽ	143409	6315	4.40
	ഉൾനാടൻ	28469	395	1.38
	ആകെ	171878	6710	3.90

അവലംബം: സാമ്പത്തികഅവലോകനം, മത്സ്യബോർഡ് 201617

പട്ടിക 4.1.3.8: കാസറഗോഡ് ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ എണ്ണം (മത്സ്യഗ്രാമങ്ങൾ തിരിച്ച്)

ക്രമ നം	മത്സ്യ ഗ്രാമങ്ങൾ	ആൺ	പെൺ	ആകെ	ഹിന്ദു	മുസ്ലീം	ക്രിസ്ത്യൻ	എസ്.സി/ എസ്.ടി	മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ എണ്ണം
1.	തൃക്കരിപ്പൂർ കടപ്പുറം	92	11	03	88	11	4	7	101
2.	വലിയപറമ്പ	126	1	27	116	9	2	4	112
3.	പടന്നക്കടപ്പുറം	251	16	267	229	37	1	5	215
4.	കാടങ്കോട്	190	97	87	250	36	1	0	115
5.	തൈക്കടപ്പുറം	476	143	619	551	66	2	7	422
6.	പുഞ്ചാവി	256	124	80	71	9	0	0	191
7.	ഹൊസ്ദുർഗ്ഗ്	217	124	341	34	6	1	0	183
8.	അജാനൂർ	548	239	787	79	8	0	1	402
9.	പള്ളിക്കര	647	285	932	72	12	48	1	420
10.	കോട്ടിക്കുളം (ബേക്കൽ)	497	284	781	76	3	2	0	398
11.	കീഴൂർ	626	269	895	756	5	4	0	624
12.	കസബ	1378	978	2356	334	22	0	8	1290
13.	കാവുഗോളി	195	46	241	147	94	0	0	230
14.	കോയിപ്പാടി	761	63	824	134	689	1	0	601
15.	ഷിറിയ	299	06	405	317	88	0	0	03
16.	ബങ്കര മഞ്ചേശ്വരം	653	66	719	170	527	22	2	708
17.	കാസർഗോഡ് ഉൾനാടൻ	447	59	506	398	92	16	28	395
	ആകെ	7659	2911	0570	8622	1344	104	63	6710

അവലംബം: മത്സ്യബോർഡ് 2017

പട്ടിക 4.1.3.9: മത്സ്യത്തൊഴിലാളി കുടുംബങ്ങൾ - ദാരിദ്ര്യ സൂചികയുടെ അടിസ്ഥാനത്തിൽ

ക്രമ നം.	മത്സ്യഗ്രാമങ്ങൾ	ബി.പി.എൽ	എ.പി.എൽ	ആകെ	ശാരീരിക-മാനസിക അവശത നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ
1.	തൃക്കരിപ്പൂർ കടപ്പുറം	96	5	01	15
2.	വലിയപറമ്പ	101	11	112	14
3.	പടന്നക്കടപ്പുറം	173	42	155	47
4.	കാടങ്കോട്	74	41	15	15
5.	തൈക്കടപ്പുറം	386	36	422	55
6.	പുഞ്ചാവി	172	19	191	17
7.	ഹൊസ്ദുർഗ്ഗ്	163	20	183	100
8.	അജാനൂർ	382	20	402	17
9.	പള്ളിക്കര	375	45	420	44
10.	കോട്ടിക്കുളം (ബേക്കൽ)	349	49	398	34
11.	കീഴൂർ	594	30	24	24
12.	കസബ	1221	69	90	53
13.	കാവുഗോളി	217	13	230	17
14.	കോയിപ്പാടി	561	40	601	30
15.	ഷിറിയ	288	15	303	40
16.	ബങ്കര മഞ്ചേശ്വരം	660	48	708	50
17.	കാസറഗോഡ് ഉൾനാടൻ	382	13	395	28
	ആകെ	6194	16	6710	600

അവലംബം: മത്സ്യബോർഡ് 2017-18

മത്സ്യ വികസനം

ജില്ലയിലെ മത്സ്യത്തൊഴിലാളികളിൽ 92.3% ബി.പി.എൽ കുടുംബങ്ങളാണ് 7.7% എ.പി.എൽ ലിസ്റ്റിൽപ്പെടുന്നു. 600 മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ ശാരീരീക-മാനസിക അവശതകൾ നേരിടുന്ന വ്യക്തികൾ ഉൾപ്പെടുന്നു.

ജില്ലയുടെ മത്സ്യസമ്പത്തിൽ ഉൽപ്പാദന മേഖലയിൽ നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും സംസ്ക്കരണരംഗത്ത് ആനുപാതികമായി മാറ്റം ഉണ്ടായിട്ടില്ല. മത്സ്യബന്ധന വിപണനമേഖലയിൽ ജില്ലയെ സംബന്ധിച്ചിടത്തോളം ഏറെ മുന്നേറാനുള്ള സാധ്യതകൾ നില നിൽക്കുകയാണ്.

പട്ടിക 4.1.3.10: ജില്ലയിലെ മത്സ്യോല്പാദനം 2015-16

ക്രമ നം.	ഉത്പാദന മേഖല	കാസറഗോഡ്	കേരളം	ശതമാനം
		ഉത്പാദനം(ലക്ഷം ടൺ)	ഉത്പാദനം(ലക്ഷം ടൺ)	
1.	സമുദ്ര മത്സ്യോല്പാദനം	0.22	5.17	4.55
2.	ഉൾനാടൻ മത്സ്യോല്പാദനം	0.07	2.11	3.31
	ആകെ	0.29	7.28	0.039

അവലംബം: ഫിഷറീസ് സാമ്പത്തീക അവലോകനം

ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ ധാരാളമുണ്ടെങ്കിലും അത് വേണ്ടത്ര പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല.

മറൈൻ ഫിഷ് ലാൻഡിംഗ് 2016-17

ജില്ലയിലെ മത്സ്യഇനങ്ങളെ തരംതിരിച്ചുള്ള മറൈൻ മത്സ്യോല്പാദന വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 4.1.3.11: ഇനം തിരിച്ചുള്ള മറൈൻ മത്സ്യോല്പാദനം

മത്സ്യഇനം	ഉല്പാദനം (മെട്രിക് ടൺ)
ക്യാറ്റ് ഫിഷ് (മുഷി കൂരി)	165
നെയ്മത്തി	5115
ആങ്കോവി (നത്തോലി, കൊഴുവ, നന്തൻ)	14
ത്രിസ്സ (മണങ്ങ്)	1
പേർച്ചസ് (ചെമ്പല്ലി, സനാപർ, കിളിമീൻ)	1142
റെഡ് മുള്ളറ്റ്സ്	99
കാരങ്കിഡ്സ് (പാര, കടുവ)	105
ലിയോനാത്സ് (മുളളൻ)	15
പ്രോംഫഡ്സ് (ആവോലി)	108
അയല	4242
നെയ്മീൻ	2494
മാന്തൾ	597
പെനൈഡ് പ്രോൺ	2297
നോൺ പെനൈഡ് പ്രോൺ	234
ഞണ്ട്	147
സെഫലോപോഡ്സ് (കണവ, കൂന്തൽ, നീരാളി)	44
എലാസ്മോബ്രാക്സ് (സ്രാവ്, തിരണ്ടി, സ്കേറ്റ്സ്)	4
ക്ലുപ്പിഡ്സ് (മറ്റിനം മത്തികൾ)	30
മറ്റുള്ളവ	449
ആകെ	18201

അവലംബം: ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ട്മെന്റ് കാസറഗോഡ്

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ

ജില്ലയിൽ ആകെ 26 മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളാണുള്ളത്. അതിൽ രണ്ടെണ്ണത്തിന് മത്സ്യഫെഡിന്റെ അഫിലിയേഷൻ ലഭിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വിപണനം ചെയ്യുകയും അവർ പിടിച്ചുകൊണ്ട് വരുന്ന മത്സ്യങ്ങൾക്ക് ന്യായവില ഉറപ്പ് വരുത്തുകയുമാണ് ഈ സംഘങ്ങളുടെ പ്രധാന ലക്ഷ്യം.

പട്ടിക 4.1.3.12: സഹകരണ സംഘങ്ങൾ

ക്രമ നം	മത്സ്യ ഗ്രാമം	സഹകരണ സംഘം	റിമാർക്സ്
1.	തൃക്കരിപ്പൂർ കടപ്പുറം	തൃക്കരിപ്പൂർ കടപ്പുറം മത്സ്യത്തൊഴിലാളി സഹകരണ സംഘം	നഷ്ടത്തിൽ പ്രവർത്തിക്കുന്നു.
2.	വലിയപറമ്പ	തൃക്കരിപ്പൂർ പടന്നക്കടപ്പുറം മത്സ്യത്തൊഴിലാളി സഹകരണ സംഘം, വലിയപറമ്പ മത്സ്യത്തൊഴിലാളി സഹകരണ സംഘം	നഷ്ടമില്ലാതെ പ്രവർത്തിക്കുന്നു
3.	പടന്നക്കടപ്പുറം	പടന്നക്കടപ്പുറം മത്സ്യത്തൊഴിലാളി സഹകരണ സംഘം	ലാഭത്തിൽ പ്രവർത്തിക്കുന്നു
4.	കാടങ്കോട്	മടക്കര ചെറുവത്തൂർ മത്സ്യത്തൊഴിലാളി സഹകരണ സംഘം, കാടങ്കോട് മത്സ്യത്തൊഴിലാളി സഹകരണ സംഘം	നഷ്ടമില്ലാതെ പ്രവർത്തിക്കുന്നു
5.	തൈക്കടപ്പുറം	തൈക്കടപ്പുറം-പുഞ്ചാവി മത്സ്യത്തൊഴിലാളി സഹകരണസംഘം, തൈക്കടപ്പുറം മത്സ്യത്തൊഴിലാളി സഹകരണ സംഘം	ലാഭത്തിൽ പ്രവർത്തിക്കുന്നു
6.	ഉൾനാടൻ	കരിവെള്ളൂർ തൃക്കരിപ്പൂർ ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘം, തൃക്കരിപ്പൂർ വനിതാ മത്സ്യത്തൊഴിലാളി സഹകരണസംഘം	നഷ്ടത്തിൽ പ്രവർത്തിക്കുന്നു.
7.	പുഞ്ചാവി	പുഞ്ചാവി കടപ്പുറം മത്സ്യത്തൊഴിലാളി സഹകരണ സംഘം	നഷ്ടത്തിൽ പ്രവർത്തിക്കുന്നു.
8.	ഹൊസ്ദുർഗ്ഗ്	ഹൊസ്ദുർഗ്ഗ്-പള്ളിക്കര മത്സ്യത്തൊഴിലാളി സഹകരണസംഘം	ലാഭത്തിൽ പ്രവർത്തിക്കുന്നു
9.	അജാനൂർ	അജാനൂർ മത്സ്യത്തൊഴിലാളി സഹകരണസംഘം	ലാഭത്തിൽ പ്രവർത്തിക്കുന്നു
10.	പള്ളിക്കര	പള്ളിക്കര മത്സ്യത്തൊഴിലാളി സഹകര ണസംഘം	ലാഭത്തിൽ പ്രവർത്തിക്കുന്നു
11.	കോട്ടിക്കുളം (ബേക്കൽ)	കോട്ടിക്കുളം മത്സ്യത്തൊഴിലാളി സഹകരണ സംഘം	നഷ്ടത്തിൽ പ്രവർത്തിക്കുന്നു.
12.	കീഴൂർ	കീഴൂർ മത്സ്യത്തൊഴിലാളി സഹകരണസംഘം	-
13.	കസബ	കോട്ടിക്കുളം-കസബ മത്സ്യത്തൊഴിലാളി സഹകരണ സംഘം കസബ മത്സ്യത്തൊഴിലാളി സഹകരണ സംഘം അടുക്കത്ത്ബയൽ മത്സ്യത്തൊഴിലാളി സഹകരണ സംഘം കാസറഗോഡ് മുൻസിപ്പാലിറ്റി വനിതാ മത്സ്യത്തൊഴിലാളി സഹകരണ സംഘം	ശരാശരി ലാഭത്തിൽ പ്രവർത്തിക്കുന്നു ശരാശരി ലാഭത്തിൽ പ്രവർത്തിക്കുന്നു നഷ്ടത്തിൽ പ്രവർത്തിക്കുന്നു.
14.	കാവുഗോളി	-	-
15.	കോയിപ്പാടി	കോയിപ്പാടി മത്സ്യത്തൊഴിലാളി സഹകരണ സംഘം	ശരാശരി പ്രവർത്തനം

16.	ഷിറിയ	ഷിറിയ മത്സ്യത്തൊഴിലാളി സഹകരണ സംഘം കാവുഗോളി-ബങ്കര മഞ്ചേശ്വരം മത്സ്യത്തൊഴിലാളി സഹകരണ സംഘം ഐല ബോവിസ് മത്സ്യത്തൊഴിലാളി സഹകരണ സംഘം	ലാഭത്തിൽ പ്രവർത്തിക്കുന്നു
17.	ബങ്കര മഞ്ചേശ്വരം	ബങ്കര മഞ്ചേശ്വരം മത്സ്യത്തൊഴിലാളി സഹകരണ സംഘം	നഷ്ടമില്ലാതെ പ്രവർത്തിക്കുന്നു.

അവലംബം: ഫിഷറീസ് ഡെവലപ്മെന്റ് ഓഫീസ്

ജില്ലയിൽ നിലവിലുള്ള മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ പകുതിയോളം ലാഭത്തിൽ പ്രവർത്തിക്കുന്നു. കാൽ ഭാഗം നഷ്ടത്തിലും ബാക്കിയുള്ളവ ശരാശരി നിലവാരത്തിലും നിൽക്കുന്നു.

മത്സ്യത്തൊഴിലാളി മേഖലയിൽ കാടങ്കോട് മടക്കര ഹാർബറിനോടനുബന്ധിച്ച് ഒരു സ്ത്രീ വിശ്രമ കേന്ദ്രമുണ്ട്. മറ്റു ഹാർബറുകളിൽ ഇത്തരം വിശ്രമ കേന്ദ്രം അനിവാര്യമാണ്.

ജില്ലയിൽ ഏഴ് മത്സ്യലേല കേന്ദ്രങ്ങളുണ്ടെങ്കിലും അവയുടെ അടിസ്ഥാന സൗകര്യങ്ങൾ തീരെ ശോചനീയമാണ്.

പട്ടിക 4.1.3.13: ജില്ലയിലെ മത്സ്യലേല കേന്ദ്രങ്ങൾ-വിശകലനം

ക്രമ നം.	മത്സ്യലേല കേന്ദ്രം	അടിസ്ഥാന സൗകര്യങ്ങൾ		
		ലേല ഹാൾ	ഫ്ളാറ്റ് ഫോറം	അടിസ്ഥാന സൗകര്യം
1.	തൃക്കണ്ണാട്	ഇല്ല	ഇല്ല	ഇല്ല
2.	പള്ളിക്കര	ഇല്ല	ഇല്ല	ഇല്ല
3.	കസബ	ഇല്ല	ഇല്ല	ഇല്ല
4.	മടക്കര ഹാർബർ, ചെറുവത്തൂർ മാർക്കറ്റ്	ഉണ്ട്	ഉണ്ട്	പരിമിതം
5.	തൈക്കടപ്പുറം ബോട്ട് ജെട്ടി	ഉണ്ട്	ഉണ്ട്	പരിമിതം
6.	ഹൊസ്ദുർഗ്ഗ് കടപ്പുറം	ഇല്ല	ഇല്ല	ഇല്ല
7.	കോയിപ്പാടി കടപ്പുറം	ഇല്ല	ഇല്ല	ഇല്ല

അവലംബം: ഹാർബർ വകുപ്പ്

നിലവിലുള്ള ഏഴ് മത്സ്യലേല കേന്ദ്രങ്ങളിൽ 5 എണ്ണത്തിലും അടിസ്ഥാന സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ്. മറ്റു കേന്ദ്രങ്ങളിൽ പരിമിതമായ തോതിലാണ് സൗകര്യമുള്ളത്. ജില്ലയിൽ 10 മത്സ്യഭവനുകളുണ്ട്. അവയുടെ പേരു വിവരങ്ങൾ താഴെകൊടുക്കുന്നു.

പട്ടിക 4.1.3.14: മത്സ്യഭവനുകൾ നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

ക്രമ നമ്പർ	മത്സ്യഭവനുകൾ
1.	തൃക്കരിപ്പൂർ
2.	വലിയപറമ്പ
3.	ചെറുവത്തൂർ
4.	കാഞ്ഞങ്ങാട്
5.	ഉദുമ
6.	കുമ്പള
7.	ബങ്കര മഞ്ചേശ്വരം
8.	കാസറഗോഡ്
9.	നീലേശ്വരം
10.	പടന്ന

അവലംബം: ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്

തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ ആരോഗ്യവും വിദ്യാഭ്യാസവും

തൃക്കരിപ്പൂർ കടപ്പുറം മുതൽ മഞ്ചേശ്വരം ഉദ്യാവർ വരെ നീണ്ടുനിൽക്കുന്ന 70 കി.മീ. പ്രദേശങ്ങളാണ് ജില്ലയിലെ തീരദേശമേഖല. ഈ മേഖലയിൽ മത്സ്യത്തൊഴിലാളി കോളനികളിലും മറ്റുമായി ഏകദേശം രണ്ടായിരത്തിലധികം കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നു. കുടിവെള്ളം, പാർപ്പിടം, ശുചിത്വ കേന്ദ്രം മുതലായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം തീരദേശവാസികളായ മത്സ്യത്തൊഴിലാളികളുടെ ആരോഗ്യ സ്ഥിതി ഏറെ പരിതാപകരമായ സ്ഥിതിയിലാണ്. തൊഴിൽജന്യരോഗങ്ങൾക്ക് പുറമെ സാംക്രമിക രോഗങ്ങൾ, പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന അസുഖങ്ങൾ, ചർമ്മ രോഗങ്ങൾ മുതലായ ശാരീരികാസ്വസ്ഥതകളാൽ പൊറുതി മുട്ടി ജീവിതം തള്ളിനീക്കുന്ന വളരെ കഷ്ടത അനുഭവിക്കുന്ന ഒരു ജനവിഭാഗമാണിവർ. കൂട്ടുകുടുംബ ജീവിതരീതിയും വീട് പണിയുന്നതിന്റെ സ്ഥലപരിമിതിയും കാരണം ആവശ്യാനുസരണം ടോയ്‌ലറ്റ് സംവിധാനങ്ങൾ ഉണ്ടാക്കാൻ കഴിയാത്തതും കുടിവെള്ളം മലിനജലം കലർന്നതായതിനാലും ആരോഗ്യസ്ഥിതി ശോചനീയമാണ്. മദ്യപാനം, പുകയില ഉപയോഗം, സ്ത്രീജന്യ രോഗാവസ്ഥ, വാർദ്ധക്യസഹജമായ രോഗങ്ങളുടെ

കാഠിന്യം, ശുചിത്വമില്ലായ്മ, കൗമാരകാല പ്രശ്നങ്ങൾ മുതലായ സാമൂഹ്യപ്രശ്നങ്ങൾ ആരോഗ്യമേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. ഒരു പ്രത്യേക സോണൽ പശ്ചാത്തലമാണ് തീരപ്രദേശവും അതുപോലെ തന്നെ അവിടത്തെ ജനവിഭാഗങ്ങളായ മത്സ്യത്തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും.

പട്ടിക 4.1.3.15: പ്രൈമറി ഹെൽത്ത് സെന്ററുകൾ

മത്സ്യഗ്രാമം	പി.എച്ച്.സിയുടെ എണ്ണം
പടന്ന	2
കോട്ടിക്കുളം	1
പളളിക്കര	1
കസബ	4
കാടങ്കോട്	1
ബങ്കര മഞ്ചേശ്വരം	1
അജാനൂർ	1
ഷിറിയ	1
കോയിപ്പാടി	1
തൃക്കരിപ്പൂർ കടപ്പുറം	1
കീഴൂർ	1
തൈക്കടപ്പുറം	1
ആകെ	16

അവലംബം: ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്

ജില്ലയിലെ തീരദേശ മേഖലയിൽ എല്ലാവരും ഇപ്പോൾ വിദ്യാഭ്യാസം നേടി വരുന്നുണ്ട്. വിദ്യാഭ്യാസം നിർബ്ബന്ധിതവും സാർവത്രികവുമാകയാൽ എല്ലാ കുട്ടികളും വിദ്യാലയങ്ങളിൽ ചേർന്ന് പഠിക്കുന്നുണ്ട്. എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി എന്നീ തലങ്ങളിൽ വിദ്യാഭ്യാസം നേടുന്നവ രുടെ എണ്ണം കൂടി വരുന്നുണ്ട്. വിദ്യാഭ്യാസത്തിന്റെ ഭാഗമായി വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിക്കുകയും ഉന്നത ഡിഗ്രി നേടുകയും ചെയ്തവർ സർക്കാർ തലത്തിലും സ്വകാര്യ മേഖലയിലും തൊഴിൽ ചെയ്തു വരുന്നുണ്ട്. മുൻ കാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ വിദ്യാലയങ്ങളിൽ കൊഴിഞ്ഞു പോക്ക് തീരെ ഇല്ലാതായിട്ടുണ്ട്. ചെറിയ കുട്ടികളെ അംഗൻവാടികളിലും പ്രീ-പ്രൈമറി ക്ലാസ്സുകളിലും എത്തിച്ച് വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കാൻ രക്ഷിതാക്കൾ തൽപരാണ്.

ഫിഷറീസ് വകുപ്പിന്റെ കീഴിൽ ജില്ലയിൽ കാഞ്ഞങ്ങാട് ജി.ആർ.എഫ്.ടി.എച്ച്.എസ്.ഫോർ ഗേൾസ് എന്ന വിദ്യാലയം നിലവിലുണ്ട്. ഇവിടെ 8-ാം ക്ലാസ്സിൽ 22, 9-ാം ക്ലാസ്സിൽ 40, 10-ാം ക്ലാസ്സിൽ 40 എന്നിങ്ങനെ ആകെ 102 കുട്ടികൾ പഠിക്കുന്നു.

തീരപ്രദേശത്തുളള വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധ വെച്ച് പദ്ധതികൾ തയ്യാറാക്കുന്നത് അഭികാമ്യമാണ്.

പട്ടിക 4.1.3.16: തീരദേശ അംഗൻവാടികൾ

ക്രമ നം.	തദ്ദേശ ഭരണ സ്ഥാപനം	അംഗൻവാടികളുടെ എണ്ണം	മിനി അംഗൻവാടികളുടെ എണ്ണം	ആകെ
1.	നീലേശ്വരം മുൻസിപ്പാലിറ്റി	37	1	38
2.	ചെറുവത്തൂർ	28	1	29
3.	വലിയപറമ്പ	15	1	16
4.	പടന്ന	21	1	22
5.	തൃക്കരിപ്പൂർ	39	0	39
6.	കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി	53	0	53
7.	അജാനൂർ	38	0	38
8.	പളളിക്കര	39	0	39
9.	ഉദുമ	33	0	33
10.	കാസറഗോഡ് മുൻസിപ്പാലിറ്റി	49	0	49
11.	മൊഗ്രാൽ പുത്തൂർ	23	0	23
12.	കുമ്പള	41	0	41
13.	ചെമ്മനാട്	49	0	49
14.	മഞ്ചേശ്വരം	37	0	37
15.	മംഗൽപാടി	44	3	47
	ആകെ	546	7	553

അവലംബം: ഐ സി ഡി എസ്, കാസറഗോഡ്

പട്ടിക 4.1.3.17: ജില്ലയിലെ തീരദേശ സ്ക്കൂളുകൾ (ഗവൺമെന്റ് വിദ്യാലയങ്ങൾ)

ക്രമ നം	തദ്ദേശഭരണ സ്ഥാപനം	ഹൈസ്ക്കൂൾ ഹയർസെക്കണ്ടറി	യു.പി.സ്ക്കൂൾ	എൽ.പി.സ്ക്കൂൾ
1.	മഞ്ചേശ്വരം	♦ജി.എച്ച്.എസ്.എസ്. ബങ്കര മഞ്ചേശ്വരം ♦ജി.വി.എച്ച്.എസ്.എസ്. കുഞ്ചത്തൂർ		♦ജി.എൽ.പി.എസ്. ഹൊസബെട്ടു ♦ജി.എൽ.പി.എസ്. കണ്വതീർത്ഥ ♦ജി.എൽ.പി.എസ്. കുഞ്ചത്തൂർ ♦ജി.ഡബ്ളിയു.എൽ.പി.എസ്. മഞ്ചേശ്വരം ♦ജി.എം.എൽ.പി.എസ്. ഉദ്യാവർ തോട്ട ♦ജി.എൽ.പി.എസ്. ഉദ്യാവർ
2.	ചെമ്മനാട്	♦ജി.എച്ച്.എസ്.എസ്. ചന്ദ്രഗിരി	♦ജി.യു.പി.എസ്.ചെമ്പിരിക്ക ♦ജി.എഫ്.യു.പി. സ്കൂൾ കീഴൂർ	♦ജി.എൽ.പി.എസ്. ചന്ദ്രഗിരി
3.	കാസറഗോഡ് മുൻസിപ്പാലിറ്റി	♦ജി.എം.വി.എച്ച്.എസ്. എസ്.തളങ്കര	♦ജി.എഫ്.യു.പി.സ്ക്കൂൾ അടുക്കത്ത്ബയൽ ♦ജി.യു.പി.സ്ക്കൂൾ അടുക്കത്ത്ബയൽ	♦ജി.എൽ.പി.എസ്. തളങ്കര പടിഞ്ഞാറ് ♦ജി.എം.എൽ.പി.എസ്. തളങ്കര
4.	കുമ്പള	♦ജി.എച്ച്.എസ്.എസ്.കുമ്പള ♦ജി.വി.എച്ച്.എസ്, ജി.എച്ച്.എസ്.എസ്. മൊഗ്രാൽ പുത്തൂർ		♦ജി.എൽ.പി.എസ്. കോയിപ്പാടി കടപ്പുറം ♦ജി.എം.എൽ.പി.എസ്. ആരിക്കാടി ♦ആരിക്കാടി ജനറൽ ♦ജി.എൽ.പി.എസ്, ജി.എഫ്.എൽ.പി.എസ്. കുമ്പള
5.	മംഗൽപാടി	♦ജി.എച്ച്.എസ്.എസ്. മംഗൽപാടി ♦ജി.എച്ച്.എസ്.എസ്.ഷിറിയ		♦ജി.വി.എൽ.പി.എസ്. മംഗൽപാടി ♦ജി.ഡബ്ളിയു.എൽ.പി.എസ്. മംഗൽപാടി ♦ജി.എൽ.പി.എസ്. മൂസോടി
6.	മൊഗ്രാൽപുത്തൂർ	♦ജി.എച്ച്.എസ്.എസ്. മൊഗ്രാൽ പുത്തൂർ	♦ജി.യു.പി.എസ്. മൊഗ്രാൽ പുത്തൂർ	♦ജി.എൽ.പി.എസ്. കാവുഗോളി
7.	ഉദുമ	♦ജി.എഫ്.എച്ച്.എസ്.എസ്. ബേക്കൽ	♦ജി.യു.പി.എസ്. കോീക്കുളം ♦ജി.എഫ്.യു.പി.എസ്. കോട്ടിക്കുളം	♦ജി.എഫ്.എൽ.പി.എസ്. ബേക്കൽ
8.	കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി	♦ജി.ആർ.എഫ്.ടി.എച്ച്.എസ്. കാഞ്ഞങ്ങാട് ♦ജി.എഫ്.എച്ച്.എസ്. കാഞ്ഞങ്ങാട് തൈക്കടപ്പുറം	♦ജി.യു.പി.എസ്. ഹൊസ്ദുർഗ്ഗ് കടപ്പുറം	♦ജി.എഫ്.എൽ.പി.എസ്. ഹൊസ്ദുർഗ്ഗ് കടപ്പുറം ♦ജി.എൽ.പി.എസ്. പുഞ്ചാവി
9.	നീലേശ്വരം	♦സി.എച്ച്.എം.കെ.എസ്.ജി. വി.എച്ച്.എസ്.എസ്.കോട്ടപ്പുറം		
10.	വലിയപറമ്പ	ജി.എഫ്.എച്ച്.എസ്.എസ്. പടന്നക്കടപ്പുറം	ജി.എഫ്.യു.പി.എസ്. ഉദിനൂർ കടപ്പുറം	ജി.എൽപി.എസ്.മാടക്കാൽ ജി.എൽപി.എസ്. മാവിലാക്കടപ്പുറം ജി.എൽ.പി.എസ്. തയ്യിൽ നോർത്ത് കടപ്പുറം ജി.എൽ.പി.എസ്. തയ്യിൽസൗത്ത് കടപ്പുറം

11. പള്ളിക്കര	ജി.എച്ച്.എസ്.എസ്. പള്ളിക്കര	ജി.എം.യു.പി.എസ്. പള്ളിക്കര	ജി.എൽ.പി.എസ്. ചേറ്റുകുണ്ട് കടപ്പുറം ജി.ഡബ്ളിയു.എൽ.പി.എസ്. പള്ളിക്കര
12. പടന്ന	-	ജി.യു.പി.എസ്. പടന്ന	
13 ചെറുവത്തൂർ	ജി.എഫ്. വി.എച്ച്.എസ്. എസ്. ചെറുവത്തൂർ കാടങ്കോട്		ജി.എൽ.പി.എസ്. തുരുത്തി

പട്ടിക 4.1.3.18: കാസറഗോഡ് ജില്ലയിലെ മത്സ്യമേഖലയിലെ അനുബന്ധത്തൊഴിലാളികൾ

ക്രമ നം.	1.		2.	3.	ആകെ
മത്സ്യഭവൻ	കാസറഗോഡ്		അജാനൂർ	വിലിക്കോട്	
ബീച്ച് വർക്കർ	ആൺ	0	70	12	82
	പെൺ	5	5	1	11
ഓട്ടോയിൽ മത്സ്യവില്പന നടത്തുന്നവർ	ആൺ	7	6	5	18
	പെൺ	6	2	1	9
സൈക്കിളിൽ മത്സ്യവില്പന നടത്തുന്നവർ	ആൺ	18	31	62	111
	പെൺ	5	1	2	8
ഹാർബറിൽ നിന്ന് മത്സ്യം കയ്യുറുമതി നടത്തുന്ന വെഡിവർമാർ, ക്ലീനർമാർ	ആൺ	2	8	2	12
	പെൺ	0	0	0	0
തലച്ചുമട്	ആൺ	3	5	11	19
	പെൺ	45	121	54	220
മിനിലോറിവഴി വിതരണം നടത്തുന്നവർ	ആൺ	0	0	0	0
	പെൺ	0	0	0	0
മോപെഡ് സൈക്കിൾ വഴി വിൽപന നടത്തുന്നവർ	ആൺ	0	0	4	4
	പെൺ	0	0	0	0
മത്സ്യം ഉണക്കുന്നവർ	ആൺ	0	2	5	7
	പെൺ	127	192	99	418
പീലിംഗ് തൊഴിലാളികൾ	ആൺ	0	0	0	0
	പെൺ	0	1	0	1
മത്സ്യസംസ്ക്കരണ ജോലിക്കാർ	ആൺ	3	8	0	11
	പെൺ	0	0	10	10
ആകെ	ആൺ	33	130	101	264
	പെൺ	188	322	167	677
ആകെ		221	452	268	941

പ്രധാന മത്സ്യമാർക്കറ്റുകൾ

മത്സ്യമേഖലയുടെ മുന്നോട്ടുള്ള പ്രയാണത്തിന് മത്സ്യോല്പന്നങ്ങൾക്ക് അർഹമായ വില ലഭിക്കുക എന്നത് അനിവാര്യമാണ്. ആ നിലയ്ക്ക് മത്സ്യോല്പന്നങ്ങളുടെ വിപണനവും കയറ്റുമതിയും ഒരുപോലെ പ്രാധാന്യമർഹിക്കുന്നു. അതുകൊണ്ടുതന്നെ സുസജ്ജമായ വിപണന കേന്ദ്രങ്ങൾ മത്സ്യമേഖലയ്ക്ക് ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ആയതിനാൽ ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുവാനുള്ള പദ്ധതികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾശ്രദ്ധ നൽകേണ്ടതാണ്.

പട്ടിക 4.1.3.19: ഫിഷ് മാർക്കറ്റുകൾ

ക്രമ നം.	തദ്ദേശ ഭരണസ്ഥാപനം	മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം	റിമാർക്സ്
1.	മഞ്ചേശ്വരം	റെയിൽവെ സ്റ്റേഷനു സമീപം	
2.	വോർക്കാടി	ഹൊസങ്കടി മാർക്കറ്റ്	
3.	മീഞ്ച	മിയാപ്പദവ്	
4.	മംഗൽപാടി	ഉപ്പള	
5.	കുമ്പള	കുമ്പള പഞ്ചായത്ത് ഓഫീസിന് സമീപം	
6.	മൊഗ്രാൽ പുത്തൂർ	മൊഗ്രാൽ പുത്തൂർ	
7.	പുത്തിഗെ	പുത്തിഗെ മാർക്കറ്റ്	
8.	ബദിയടുക്ക	ബദിയടുക്ക	
9.	മധൂർ	മധൂർ ഫിഷ്മാർക്കറ്റ്	
10.	ചെങ്കള	ചെർക്കള	
11.	ചെമ്മനാട്	മേൽപ്പറമ്പ ഫിഷ്മാർക്കറ്റ്	
12.	കുംബഡാജെ	മാർപ്പനടുക്ക ടൗൺ	
13.	ബെള്ളൂർ	ബെള്ളൂർ ഫിഷ്മാർക്കറ്റ	
14.	കാറഡുക്ക	മുളേളരിയ പഞ്ചായത്ത് ഓഫീസിന് സമീപം	
15.	മുളിയാർ	മുളിയാർ ടൗൺ	
16.	ദേലംപാടി	അഡൂർ ഫിഷ്മാർക്കറ്റ്	
17.	ഉദുമ	ഉദുമ ഫിഷ്മാർക്കറ്റ്	
18.	പള്ളിക്കര	പള്ളിക്കര മഠം	
19.	പുല്ലൂർ പെരിയ	പെരിയ ബസാർ	
20.	ചെറുവത്തൂർ	ചെറുവത്തൂർ മത്സ്യമാർക്കറ്റ്	
21.	പിലിക്കോട്	കാലിക്കടവ് ജംഗ്ഷൻ, മത്സ്യമാർക്കറ്റ്	
22.	പടന്ന	പടന്ന പഞ്ചായത്ത്, മത്സ്യമാർക്കറ്റ്	
23.	തൃക്കരിപ്പൂർ	തൃക്കരിപ്പൂർ ടൗൺ	
24.	കള്ളാർ	കള്ളാർ മത്സ്യമാർക്കറ്റ്	
25.	വെസ്റ്റ് എളേരി	വെള്ളരിക്കുണ്ട് മത്സ്യമാർക്കറ്റ്	
26.	ബേഡഡുക്ക	കുണ്ടംകുഴി ഫിഷ്മാർക്കറ്റ്	
27.	കാസറഗോഡ് മുൻസിപ്പാലിറ്റി	മത്സ്യമാർക്കറ്റ് ചക്കരബസാർ, കാസറഗോഡ്	കെ.എസ്.സി.എ.ഡി.സി. ഫണ്ട് ഉപയോഗിച്ച് ആധുനിക രീതിയിലുള്ള മത്സ്യമാർക്കറ്റ്.
28.	കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി	കാഞ്ഞങ്ങാട് മാർക്കറ്റ്, റെയിൽവേ സ്റ്റേഷനു സമീപം	നഗരസഭാ ഫണ്ടുപയോഗിച്ച് ആധുനിക രീതിയിലുള്ള മത്സ്യമാർക്കറ്റ്.
29.	നീലേശ്വരം മുൻസിപ്പാലിറ്റി	1. നീലേശ്വരം മാർക്കറ്റ് ജംഗ്ഷൻ 2.നീലേശ്വരംബസാർ (ഉണക്കമീൻ)	നഗരസഭയ്ക്ക് സ്വന്തം സ്ഥലം കണ്ടെത്താൻ പറ്റാത്തതിനാൽ ആധുനിക രീതിയിലുള്ള മത്സ്യമാർക്കറ്റ് തുടങ്ങിയിട്ടില്ല.

അവലംബം: പാൻഫിഷ്

മത്സ്യ വികസനം

ജില്ലയിൽ പ്രത്യേക മത്സ്യ മാർക്കറ്റുകളില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതു ഇടങ്ങളിലും റോഡരികിലുമാണ് മത്സ്യ വിപണനം നടത്തുന്നത്. അതിനാൽ സൗകര്യപ്രദമായ മത്സ്യമാർക്കറ്റുകൾ അതാതിടങ്ങളിൽ സ്ഥാപിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടിയന്തിര ശ്രമം അനിവാര്യമാണ്. ജില്ലയിൽ പ്രധാനമായും 6 മത്സ്യബന്ധന തുറമുഖങ്ങളുണ്ട്. അവയുടെ വിശദമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 4.1.3.20: കാസറഗോഡ് ജില്ലയിലെ മത്സ്യബന്ധന തുറമുഖങ്ങൾ

ക്രമ നം.	തുറമുഖം	പഞ്ചാത്ത്	റിമാർക്സ്
1.	ചെറുവത്തൂർ ഫിഷിംഗ് ഹാർബർ	ചെറുവത്തൂർ	പ്രവർത്തിച്ചുവരുന്നു.
2.	കാസറഗോഡ് ഫിഷിംഗ് ഹാർബർ	കാസറഗോഡ് മുൻസിപ്പാലിറ്റി	പ്രവൃത്തി പൂർത്തീകരിച്ചു. ബാക്ക് വാട്ടറുകളുടെ ദൈർഘ്യം അപര്യാപ്തമായതിനാൽ കമ്മീഷൻ വൈകുന്നു
3.	മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ	മഞ്ചേശ്വരം	പ്രവൃത്തി പുരോഗമിച്ചുവരുന്നു. 2018-ൽ കമ്മീഷൻ ചെയ്യും.
4.	അജാനൂർ ഫിഷിംഗ് ഹാർബർ	അജാനൂർ	ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.
5.	ബേക്കൽ- കോട്ടിക്കുളം	പളളിക്കര, ഉദുമ	ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.
6.	ഷിറിയ- ആരിക്കാടി	മംഗൽപാടി, കുമ്പള	ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

അവലംബം: ഹാർബർ വകുപ്പ്

ഫിഷ് ലാന്റിംഗ് സെന്ററുകളുടെ അപര്യാപ്തമായ പ്രവർത്തനവും സൗകര്യമില്ലായ്മയും ജില്ലയിലെ മത്സ്യബന്ധനമേഖലയെ ബാധിക്കുന്ന പ്രധാന പ്രശ്നമാണ്. നിലവിലുള്ള ഫിഷ് ലാന്റിംഗ് സെന്ററുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 4.1.3.21: ജില്ലയിലെ കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ (ഫിഷ്ലാന്റിംഗ് സെന്ററുകൾ)

ക്രമ നം	ഫിഷ്ലാന്റിംഗ് സെന്റർ	പഞ്ചായത്ത്/ മുൻസിപ്പാലിറ്റി	റിമാർക്സ്
1.	ചെറുവത്തൂർ	ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്	ചെറുവത്തൂർ ഹാർബറിന്റെ ഭാഗമായി മാറിയിരിക്കുന്നു.
2.	പടന്നഫിഷ് ലാന്റിംഗ് സെന്റർ	പടന്ന ഗ്രാമപഞ്ചായത്ത്	ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ മത്സ്യവിപണന സൗകര്യത്തിനായി തെക്കേക്കാട്ലാന്റിംഗ് സെന്റർ ഉദ്ഘാടനം ചെയ്യപ്പെട്ടുവെങ്കിലും മത്സ്യത്തൊഴിലാളികൾക്ക് സൗകര്യപ്രദമായ സ്ഥലമല്ലാത്തതിനാൽ പ്രവർത്തനക്ഷമമല്ല.
3.	അഴിത്തല, തൈക്കടപ്പുറം	നീലേശ്വരം മുൻസിപ്പാലിറ്റി	പ്രവർത്തിക്കുന്നു. വാർഫ്, ലേലപ്പുര, ശൗചാലയം, പാർക്കിംഗ് ഏരിയ എന്നീ സൗകര്യങ്ങൾ നിലവിലുണ്ട്.
4.	പുഞ്ചാവി	കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി	ലാന്റിംഗ്സെന്റർ നിലവിലുണ്ട്. പ്രവർത്തനക്ഷമമല്ല.
5.	അജാനൂർ	അജാനൂർ ഗ്രാമപഞ്ചായത്ത്	ലേലപ്പുര നെറ്റ് മെൻറിംഗ് ഷെഡായി ഉപയോഗിക്കുന്നു.
6.	ബേക്കൽ	ഉദുമ ഗ്രാമപഞ്ചായത്ത്	ലേലപ്പുരയും യാർഡും മാത്രം.
7.	തളങ്കര	കാസറഗോഡ് മുൻസിപ്പാലിറ്റി	ലേലപ്പുര നെറ്റ് മെൻറിംഗ് ഷെഡായി ഉപയോഗിക്കുന്നു.
8.	കോയിപ്പാടി	കുമ്പള ഗ്രാമപഞ്ചായത്ത്	ലേലപ്പുര നെറ്റ് മെൻറിംഗ് ഷെഡായി ഉപയോഗിക്കുന്നു.
9.	മൂസ്സോടി	മംഗൽപാടി ഗ്രാമപഞ്ചായത്ത്	ലേലപ്പുര മംഗൽപാടി പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നു.
10.	ബങ്കര മഞ്ചേശ്വരം	മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത്	ഹാർബറിന്റെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

അവലംബം:ഹാർബർ വകുപ്പ്

മത്സ്യ വികസനം

നിലവിലുള്ള ഫിഷ്‌ലാന്റിംഗ് സെന്ററുകളിൽ 3 എണ്ണം മാത്രമാണ് പ്രവർത്തന ക്ഷമമായി ട്ടുള്ളത്. മറ്റുള്ളവ പ്രവർത്തനക്ഷമമല്ലാതെ വരികയോ മറ്റു പ്രവർത്തികൾക്ക് ഉപയോഗിക്കുകയോ ചെയ്യുന്നു.

പട്ടിക 4.1.3.22: ജില്ലയിലെ പുലിമുട്ട് സൗകര്യത്തോടുകൂടിയ ഹാർബറുകൾ

ക്രമ നം.	പേര്	റിമാർക്സ്
1.	ചെറുവത്തൂർ	നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.
2.	കസബ	പണി തീർന്നെങ്കിലും നിർമ്മാണത്തിലെ അപാകത മൂലം പ്രവർത്തനമാരംഭിച്ചില്ല.
3.	ഹൊസബെട്ടു, മഞ്ചേശ്വരം	പണി പുരോഗമിച്ചുവരുന്നു.
4.	അജാനൂർ കടപ്പുറം	പ്രവർത്തനം ആരംഭിക്കുന്നതിന്റെ ഭാഗമായി ഹൈഡ്രോളിക് സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു.

അവലംബം: ഹാർബർ വകുപ്പ്

മത്സ്യകർഷക ക്ലബ്ബുകൾ

ജില്ലയിലെ 3 തദ്ദേശ ഭരണ സ്ഥാപനങ്ങളിലാണ് മത്സ്യ കർഷക ക്ലബുകൾ നിലവിൽ പ്രവർത്തിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.1.3.23: മത്സ്യകർഷക ക്ലബ്ബുകൾ

ക്രമ നം.	മത്സ്യകർഷക ക്ലബ്ബ്	പഞ്ചായത്ത്
1.	മത്സ്യകർഷക ക്ലബ്ബ്, കാലിക്കടവ്	പിലിക്കോട്
2.	മത്സ്യകർഷക ക്ലബ്ബ്, കുട്ടമത്ത് നഗർ	ചെറുവത്തൂർ
3.	മത്സ്യകർഷക ക്ലബ്ബ്, ഭീമനടി	വെസ്റ്റ് എളേരി

അവലംബം:എഫ്.എഫ്.ഡി.എ

പട്ടിക 4.1.3.24: മത്സ്യഉണക്ക് കേന്ദ്രങ്ങൾ

ക്രമ നം.	പേര്	പഞ്ചായത്ത്/ മുൻസിപ്പാലിറ്റി	റിമാർക്സ്
1.	ചെറുവത്തൂർ	ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്	ചെറുവത്തൂർ ഹാർബറിന്റെ ഭാഗമായിട്ടുള്ള തുറന്ന സ്ഥലത്ത് ഉണക്കുന്നു.
2.	പടന്ന	പടന്ന ഗ്രാമ പഞ്ചായത്ത്	
3.	അഴിത്തല	നീലേശ്വരം മുൻസിപ്പാലിറ്റി	പ്രധാനമായും കുറ്റി വലയിൽ നിന്നും ലഭിക്കുന്ന തെളളിച്ചെമ്മീൻ തുറന്ന സ്ഥലങ്ങളിൽ ഉണക്കിയെടുക്കുന്നു.
4.	പുഞ്ചാവി	അജാനൂർ	ലാന്റിംഗ് സെന്ററിനോടനുബന്ധിച്ച് തുറന്നസ്ഥലത്ത് ഉണക്കുന്നു.
5.	അജാനൂർ	അജാനൂർ	
6.	ബേക്കൽ	ഉദുമ ഗ്രാമ പഞ്ചായത്ത്	ലേലപ്പുരയും യാർഡും മാത്രം. ലാന്റിംഗ് സെന്ററിനോടനുബന്ധിച്ച് തുറന്നസ്ഥലത്ത് ഉണക്കുന്നു.
7.	തളങ്കര	കാസറഗോഡ് മുൻസിപ്പാലിറ്റി	ഹാർബറിന്റെ ഭാഗമായിട്ടുള്ള കടൽത്തീരത്ത് ഉണക്കിയെടുക്കുന്നു.
8.	കോയിപ്പാടി	കുമ്പള ഗ്രാമ പഞ്ചായത്ത്	ലാന്റിംഗ് സെന്ററിനോടനുബന്ധിച്ചുള്ള തുറന്ന സ്ഥലങ്ങളിൽ ഉണക്കുന്നു.
9.	മൂസ്സോടി	മംഗൽപാടി ഗ്രാമപഞ്ചായത്ത്	
10.	ബങ്കര മഞ്ചേശ്വരം	മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത്	ഹൊസബെട്ടു ലാന്റിംഗ് സെന്ററിനോടനുബന്ധിച്ച് പ്രവർത്തിക്കുന്നു.

അവലംബം: ഫിഷറീസ് വകുപ്പ്

അടിസ്ഥാന സൗകര്യങ്ങൾ

പട്ടിക 4.1.3.25: പാർപ്പിടവും അനുബന്ധ സൗകര്യങ്ങളും സംബന്ധിച്ച വിവരങ്ങൾ

സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർ	1508
സ്വന്തമായി വീട് ഇല്ലാത്തവർ	471
കുടിവെള്ള സൗകര്യമില്ലാത്ത കുടുംബങ്ങൾ	300
സാനിറ്റേഷൻ സൗകര്യമില്ലാത്ത കുടുംബങ്ങൾ	200
വൈദ്യുതീകരണം നടക്കാത്ത വീടുകൾ	381

അവലംബം : ഫിഷറീസ് വകുപ്പ് കാസറഗോഡ്

പട്ടിക 4.1.3.26: ഉൾനാടൻ മത്സ്യവില്പന കേന്ദ്രങ്ങൾ

ക്രമ നമ്പർ	തദ്ദേശ സ്വയം ഭരണ സ്ഥാപനം	ലാന്റിംഗ് സെന്റർ
1.	കുമ്പള	ആരിക്കാടി
2.	മൊഗ്രാൽ പുത്തൂർ	മൊഗ്രാൽ പാലം
3.	ചെമ്മനാട്	കരിച്ചേരി പാലം
4.	കാസറഗോഡ് മുൻസിപ്പാലിറ്റി	ചന്ദ്രഗിരി പാലം
5.	കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി	അരയിക്കടവ്
6.	നീലേശ്വരം മുൻസിപ്പാലിറ്റി	കാര്യങ്കോട്, ഓർച്ച
7.	ചെറുവത്തൂർ	മടക്കര, അച്ചാംതുരുത്തി, ഓർക്കുളം, കിഴക്കേമുറി
8.	തൃക്കരിപ്പൂർ	വയലോടി, ആയിറ്റി
9.	പടന്ന	പടന്ന ബോട്ട്ജെട്ടി, തെക്കേക്കാട്, ഓരി
10.	വലിയപറമ്പ	മാവിലാകടപ്പുറം, ബീച്ചാരക്കടവ്, പന്ത്രണ്ടിൽ, വെളുത്തപൊയ്യ
11.	കയ്യൂർ ചീമേനി	പുലിയന്നൂർ

അവലംബം:ഹാർബർ വകുപ്പ്

പട്ടിക 4.1.3.27: ജില്ലയിലെ കുറ്റിവലകളുടെ എണ്ണം

ക്രമ നം	പഞ്ചായത്ത്	കുറ്റിവലകളുടെ എണ്ണം
1.	ചെറുവത്തൂർ	66
2.	നീലേശ്വരം	212
	ആകെ	278

അവലംബം:ഫിഷറീസ് വകുപ്പ് കാസറഗോഡ്

പട്ടിക 4.1.3.28: ജില്ലയിൽ ഉപയോഗിക്കുന്ന വിവിധ തരം ബോട്ട്/ വള്ളങ്ങൾ

ക്രമ നം	ഇനം	ബോട്ടുകളുടെ എണ്ണം
1	യന്ത്രവത്കൃത ബോട്ടുകൾ	162
2	എൻജിൻ ഘടിപ്പിച്ച വള്ളങ്ങൾ	1819
3	എൻജിൻ ഘടിപ്പിക്കാത്ത വള്ളങ്ങൾ	92

അവലംബം:ഫിഷറീസ് വകുപ്പ് കാസറഗോഡ്

പട്ടിക 4.1.3.29: യന്ത്രവൽകൃത ബോട്ടുകളുടെ എണ്ണം

ക്രമ നം.	സ്ഥലം	ബോട്ടുകളുടെ എണ്ണം
1.	ചെറുവത്തൂർ-മടക്കര	67
2.	തൈക്കടപ്പുറം	38
3.	മീനാപ്പീസ്	19
4.	ബേക്കൽ	8
5.	കാസറഗോഡ്	25
6.	മഞ്ചേശ്വരം	5
	ആകെ	162

അവലംബം: ഫിഷറീസ് വകുപ്പ്, കാസർഗോഡ്

ഫിഷറീസ് വകുപ്പുമുഖേന ധനസഹായം നൽകിയ പദ്ധതികൾ

പട്ടിക 4.1.3.30: ഫിഷറീസ് വകുപ്പുമുഖേന വിവിധ പദ്ധതികളിലായി അനുവദിച്ച വീടുകൾ

വർഷം	അനുവദിച്ച വീടുകൾ/പദ്ധതി	ആകെ
2012-13	45 (എൻ.എഫ്.ഡബ്ളിയു.എഫ്)	105
	60 (പതിമൂന്നാം ധനകാര്യ കമ്മീഷൻ)	
2013-14	40 (എൻ.എഫ്.ഡബ്ളിയു.എഫ്)	40
2014-15	75 (ഐ.ഡി.എഫ്.വി)	
	20 (എൻ.എഫ്.ഡബ്ളിയു.എഫ്)	95
2015-16	200 (ബി.ഐ.എഫ്)	200
2016-17	50 സമഗ്ര ഭവന പദ്ധതി	
	17 (എൻ.എഫ്.ഡബ്ളിയു.എഫ്)	67
	ആകെ	507

അവലംബം:ഫിഷറീസ് വകുപ്പ്, കാസറഗോഡ്

പട്ടിക 4.1.3.31: 2016-17 വർഷം ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികളും ഉപഭോക്താക്കളുടെ എണ്ണവും

ക്രമ നം.	പദ്ധതികൾ	ഗുണഭോക്താക്കളുടെ എണ്ണം
1.	സമഗ്രഭവന പദ്ധതി	50
2.	എൻ.എഫ്.ഡബ്ളിയു.എഫ്.ഹൗസിംഗ്	17
3.	റീ വയറിംഗ്	107

അവലംബം: ഫിഷറീസ് വകുപ്പ്, കാസറഗോഡ്

മത്സ്യത്തൊഴിലാളി മേഖലയിൽ എല്ലാവർക്കും സുരക്ഷിത ഭവനം നിർമ്മിക്കുക എന്ന ലക്ഷ്യത്തിലൂന്നി ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികളിലായി അനുവദിച്ച വിടുകളുടെ പട്ടികയാണ് മേൽകൊടുത്തത്. നിലവിൽ ലൈഫ് പദ്ധതിയുമായി സംയോജിച്ച് മേൽ പ്രവർത്തനം ലക്ഷ്യത്തിലെത്തിക്കാൻ ശ്രമിച്ചുവരികയാണ്.

മത്സ്യ വികസനം

പട്ടിക 4.1.3.32: ഫിഷറീസ് വകുപ്പ് മുഖേന ധനസഹായം നൽകി പൂർത്തീകരിച്ച വീടുകളുടെ എണ്ണം

ക്ര.നം.	പഞ്ചായത്ത് / മുൻസിപ്പാലിറ്റി	വീടുകളുടെ എണ്ണം		
		2014-15	2015-16	2016-17
1	തൃക്കരിപ്പൂർ	10	12	2
2	വലിയപറമ്പ	4	5	3
3	ചെറുവത്തൂർ	3	3	2
4	നീലേശ്വരം മുൻസിപ്പാലിറ്റി	10	18	0
5	കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി	12	11	1
6	അജാനൂർ	7	19	2
7	കാസർഗോഡ് മുൻസിപ്പാലിറ്റി	10	30	2
8	ഉദുമ	3	4	2
9	ചെമ്മനാട്	3	5	0
	മംഗൽപാടി	2	1	4
1	കുമ്പള	10	16	2
1	മഞ്ചേശ്വരം	3	10	2
1	മൊഗ്രാൽ പുത്തൂർ	2	1	2
1	പള്ളിക്കര	2	2	0
	ആകെ	81	37	24

അവലംബം:ഫിഷറീസ് വകുപ്പ്, കാസറഗോഡ്

പട്ടിക 4.1.3.33: 2016-17 സമ്പാദ്യ സമാശ്വാസ പദ്ധതിയിലെ അംഗങ്ങളുടെ എണ്ണം മത്സ്യഗ്രാമം തിരിച്ച്

ക്രമ നം	മത്സ്യഗ്രാമം	എണ്ണം		ആകെ
		ആൺ	പെൺ	
1.	തൃക്കരിപ്പൂർ കടപ്പുറം	69	7	76
2.	വലിയപറമ്പ	80	1	81
3.	പടന്നക്കടപ്പുറം	193	10	203
4.	കാടങ്കോട്	141	109	250
5.	തൈക്കടപ്പുറം	314	195	509
6.	കാസറഗോഡ് ഉൾനാടൻ	255	111	366
7.	പുഞ്ചാവി	201	164	365
8.	ഹൊസ്ദുർഗ്ഗ്	428	304	732
9.	അജാനൂർ	376	444	820
10.	പള്ളിക്കര	342	302	644
11.	കോട്ടിക്കുളം (ബേക്കൽ)	499	279	778
12.	കീഴൂർ	1117	1018	2135
13.	കസബ	137	48	185
14.	കാവുഗോളി	542	59	601
15.	കോയിപ്പാടി	225	108	333
16.	ഷിറിയ	504	51	555
17.	ബങ്കര മഞ്ചേശ്വരം	238	62	300
	ആകെ	5661	3272	8933

അവലംബം:ഫിഷറീസ് വകുപ്പ്, കാസറഗോഡ്

മത്സ്യ വികസനം

പട്ടിക 4.1.3.34: തീരദേശ വികസന കോർപ്പറേഷൻ അടിസ്ഥാന സൗകര്യം നടപ്പിലാക്കിയ സ്ക്കൂളുകൾ

ക്രമ നം	സ്ക്കൂളിന്റെ പേര്	പഞ്ചായത്ത്/ മുൻസിപ്പാലിറ്റി	ഭരണാനുമതി തുക (ലക്ഷത്തിൽ)
1.	ജി.ആർ.എഫ്.ടി.എച്ച്.എസ്. ഫോർ ഗേൾസ്, കാഞ്ഞങ്ങാട്	കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി	139
2.	ജി.എച്ച്.എസ്.ചന്ദ്രഗിരി	ചെമ്മനാട്	140
3.	ജി.എൽ.പി.എസ്.മൂസോടി	മംഗൽപാടി	46
4.	ജി.എഫ്.എച്ച്.എസ്.എസ്.ബേക്കൽ	പള്ളിക്കര	120

അവലംബം: തീരദേശ വികസന കോർപറേഷൻ

പട്ടിക 4.1.3.35: തീരദേശ വികസന കോർപ്പറേഷൻ നിർമ്മിച്ച നെറ്റ്മെന്റിംഗ് യാർഡുകൾ

ക്രമ നം	നെറ്റ്മെന്റിംഗ് യാർഡുകൾ	പഞ്ചായത്ത്/ മുൻസിപ്പാലിറ്റി	ഭരണാനുമതി തുക (ലക്ഷം)
1.	കീഴൂർ	ചെമ്മനാട്	49
2.	ബല്ലാകടപ്പുറം	കാഞ്ഞങ്ങാട്	49
3.	ബങ്കര മഞ്ചേശ്വരം	മഞ്ചേശ്വരം	49
4.	കണ്വതീർത്ഥ	മഞ്ചേശ്വരം	142
5.	ഉപ്പള	മംഗൽപാടി	142
6.	മൂസോടി, അഡിഗ	മഞ്ചേശ്വരം	142
7.	കോയിപ്പാടി	കുമ്പള	142
8.	കീഴൂർ	ചെമ്മനാട്	142
9.	കോട്ടിക്കുളം	പള്ളിക്കര	142
10.	കസബ	കാസറഗോഡ്	142

അവലംബം: തീരദേശ വികസന കോർപറേഷൻ

തീരപ്രദേശത്തെ അംഗൻവാടികൾ

തീരദേശ ജനതയുടെ വരും തലമുറയെ വാർത്തെടുക്കുന്നതിൽ അംഗൻവാടികൾക്ക് നിർണ്ണായക സ്ഥാനമാണുള്ളത്. മാതൃശിശുആരോഗ്യസംരക്ഷണത്തിനും അംഗൻവാടികളുടെ പ്രവർത്തനങ്ങൾ സഹായകരമാണ്. അതുകൊണ്ടുതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് അംഗൻവാടികൾക്ക് കെട്ടിടം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്.

പട്ടിക 4.1.3.36: തീരദേശ വികസന കോർപ്പറേഷൻ അംഗൻവാടികൾക്ക് നൽകിയ ധനസഹായം

ക്രമ നം	അംഗൻവാടികൾ	പഞ്ചായത്ത്	ഭരണാനുമതി തുക (ലക്ഷം)
1.	ഷിറിയ	മംഗൽപാടി	18
2.	കുമ്പള	കുമ്പള	18
3.	കസബ	കാസറഗോഡ് മുൻസിപ്പാലിറ്റി	23.5 (അവസാനഘട്ടത്തിൽ)

അവലംബം: തീരദേശ വികസന കോർപറേഷൻ

പട്ടിക 4.1.3.37: തീരദേശ വികസന കോർപ്പറേഷൻ നിർമ്മിച്ച മാർക്കറ്റുകൾ

മാർക്കറ്റ്	പഞ്ചായത്ത്/മുൻസിപ്പാലിറ്റി	ഭരണാനുമതി തുക	റിമാർക്സ്
കാസറഗോഡ് മത്സ്യമാർക്കറ്റ്	കാസറഗോഡ് മുൻസിപ്പാലിറ്റി	250 ലക്ഷം	പൂർത്തീകരിച്ചു

അവലംബം:തീരദേശ വികസന കോർപറേഷൻ

പട്ടിക 4.1.3.38: തീരദേശ വികസന കോർപ്പറേഷൻ നിർമ്മിച്ച കൾവർട്ട്

കൾവർട്ട്	പഞ്ചായത്ത്	തുക	റിമാർക്സ്
റിസ്റ്റോറേഷൻ ഓഫ് അക്വാറ്റിക് ഇക്കോ സിസ്റ്റം	പടന്ന	21 ലക്ഷം	പൂർത്തീകരിച്ചു.

അവലംബം: തീരദേശ വികസന കോർപറേഷൻ

മത്സ്യ വികസനം

പട്ടിക 4.1.3.39: തീരദേശ വികസന കോർപ്പറേഷൻ അടിസ്ഥാന സൗകര്യം നടപ്പിലാക്കിയ ലൈബ്രറികൾ

ലൈബ്രറി	പഞ്ചായത്ത്/ മുനിസിപ്പാലിറ്റി	ഭരണാനുമതി തുക(ലക്ഷത്തിൽ)	റിമാർക്സ്
ലൈബ്രറി കം സബ്ബ് സെന്റർ, കോയിപ്പാടി	കുമ്പള	50.40	പൂർത്തീകരിച്ചു.
കസബ ലൈബ്രറി	കാസറഗോഡ് മുൻസിപ്പാലിറ്റി	33.50	പൂർത്തീകരിച്ചു.
തളങ്കര ലൈബ്രറി -	കാസറഗോഡ് മുൻസിപ്പാലിറ്റി	അവസാനഘട്ടത്തിൽ	

അവലംബം:തീരദേശ വികസന കോർപറേഷൻ

പട്ടിക 4.1.3.40: തീരദേശ റോഡുകൾ

ക്രമ നം	റോഡ്	ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി
1.	മഞ്ചേശ്വരം കടപ്പുറം റോഡ്	മഞ്ചേശ്വരം
2.	കോയിപ്പാടി റോഡ്	മംഗൽപാടി
3.	ബീച്ച് റോഡ്	ചെമ്മനാട്
4.	പള്ളിക്കര - കോട്ടിക്കുളം റോഡ്	ഉദുമ
5.	ബല്ല-ചിത്താരി റോഡ്	അജാനൂർ
6.	നീലേശ്വരം-അഴിത്തല-കാഞ്ഞങ്ങാട്	പടന്ന (നിലവിൽ നീലേശ്വരം മുൻസിപ്പാലിറ്റി)
7.	പടന്ന ഓരിക്കടവ് - മാടക്കാൽ റോഡ്	വലിയപറമ്പ
8.	വലിയപറമ്പ റോഡ്	വലിയപറമ്പ
9.	ഒളവറ-കൈക്കോട്ട് കടവ് റോഡ്	തൃക്കരിപ്പൂർ
10	കൈക്കോട്ട് കടവ്- മെട്ടമ്മൽ റോഡ്	തൃക്കരിപ്പൂർ
11.	ബീച്ച് റോഡ്	കാസറഗോഡ് മുൻസിപ്പാലിറ്റി
12.	മരക്കാപ്പ് കടപ്പുറം റോഡ്	കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി
13.	ഷിറിയ റോഡ്	മംഗൽപാടി ഗ്രാമപഞ്ചായത്ത്
14.	കാവുഗോളി റോഡ്	മൊഗ്രാൽപുത്തൂർ ഗ്രാമപഞ്ചായത്ത്

അവലംബം:തീരദേശ വികസന കോർപറേഷൻ

പട്ടിക 4.1.3.41: ജില്ലയിൽ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങൾ

ക്രമ നം	കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശം		
1.	ഏഴിമല നാവിക അക്കാദമിയോട് ചേർന്ന മുട്ടിൻപ്രദേശം	13.	ചെമ്പിരിക്ക കടപ്പുറം
2.	ഉദിനൂർ കടപ്പുറം പ്രദേശം	14.	കസബ കടപ്പുറം മുതൽ ചേരങ്കൈ കടപ്പുറം വരെ
3.	കന്നുവീട് കടപ്പുറം	15.	കോയിപ്പാടി ഫിഷറീസ് കോളനി
4.	മാവിലാക്കടപ്പുറം	16.	പെർവാഡ് കടപ്പുറം
5.	ഓരിയിൽ പുലിമുട്ട് പ്രദേശം	17.	നാങ്കി കടപ്പുറം
6.	അഴിത്തല	18.	മൂസോടി
7.	ചിത്താരിക്കടപ്പുറം	19.	അദീക്ക
8.	അതിഞ്ഞാൽ	20.	ശാരദാ നഗർ
9.	ചേറ്റുകുണ്ട്	21.	ബേരിക്ക
10.	പുതിയ കടപ്പുറം	22.	മുട്ടം
11.	ചിറമ്മൽ	23.	ഹനുമാൻ നഗർ
12.	തൃക്കണ്ണാട്	24.	മണിമുണ്ട
		25.	ഹൊസബെട്ടു കടപ്പുറം
		26.	കണ്വതീർത്ഥ കടപ്പുറം

അവലംബം: ഫിഷറീസ് വകുപ്പ്, കാസറഗോഡ്

ജില്ലയിൽ കടലാക്രമണ ഭീഷണി സ്ഥിരമായി നേരിടുന്ന പ്രദേശങ്ങളിൽ അത് തടയുന്നതിനുള്ള സത്വര നടപടികൾ അനിവാര്യമാണ്.

കാസറഗോഡ് ജില്ലയിൽ തീരദേശ കരയിടിച്ചിൽ തടയുന്നതിനുള്ള പ്രവർത്തനത്തിന്റെ നിലവിലുള്ള അവസ്ഥ

തീരപ്രദേശത്തിന്റെ നീളം - 70 കി.മീ.

(ചെയിനളവ് വടക്ക് മുതൽ തെക്ക് വരെ)

പട്ടിക 4.1.3.42: നിലവിലുള്ള സുസ്ഥിര കടൽഭിത്തി

ക്രമ നം	സ്ഥലത്തിന്റെ പേര്	മുതൽ	വരെ	നീളം (മീറ്റർ)
1.	കാവുഗോളി	26/700	27/060	360
2.	ചേരങ്കൈ	30/000	30/300	300
3.	കസബ	30/475	30/825	350
4.	കീഴൂർ	33/850	35/450	1600
5.	കന്നിജെമ്മ	38/500	39/360	860
6.	തൃക്കണ്ണാട്	42/220	42/380	60
7.	ബേക്കൽ	42/765	44/155	1390
8.	ബേക്കൽ-പുതിയ കടപ്പുറം	44/332	45/044	712
9.	പള്ളിക്കര	46/865	47/475	610
10.	അജാനൂർ	52/760	53/365	605
11	ബല്ല	53/450	54/080	630
12.	ബല്ല	54/180	54/390	210
13.	അഴിത്തല	68/495	68/600	195
	ആകെ			7982 മീ.
				7.982 കി.മീ.

അവലംബം: ഫിഷറീസ് വകുപ്പ്, കാസർഗോഡ്

പട്ടിക 4.1.3.42(i): നിലവിലുള്ള തകർന്ന കടൽഭിത്തി

ക്രമ നം	സ്ഥലത്തിന്റെ പേര്	മുതൽ	വരെ	നീളം (മീറ്റർ)
1.	മൂസോടി	7/400	7/700	300
2.	ബേരിക്ക	8/500	9/050	550
3.	ഉപ്പള-ബേരിക്ക	13/400	14/400	1000
4.	ഷിറിയ	16/250	17/630	1380
5.	കോയിപ്പാടി-പെർവാഡ്	20/146	22/485	2339
6.	നാഞ്ചി-കൊപ്പളം	22/655	22/955	300
7.	തൃക്കണ്ണാട്	41/730	42/220	490
8.	തൃക്കണ്ണാട്	42/380	42/630	250
9.	അജാനൂർ	52/465	52/760	295
10.	തൈക്കടപ്പുറം	64/000	64/360	360
				7264 മീ.
				7.264 കി.മീ.

അവലംബം: ഫിഷറീസ് വകുപ്പ്, കാസർഗോഡ്

തകർന്ന കടൽ ഭിത്തി പുന:സ്ഥാപിക്കുന്നതിനും തീരദേശലോലമേഖലയിലും മറ്റു തീരപ്രദേശങ്ങളിലും കടലാക്രമണം തടയുന്നതിനുള്ള കടൽഭിത്തി, ജൈവ സംരക്ഷണ പ്രവൃത്തികൾ തുടങ്ങിയവ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും അടിയന്തിരശ്രദ്ധ ആവശ്യമാണ്.

മത്സ്യ വികസനം

പട്ടിക 4.1.3.43: തീരദേശ ലോല മേഖല

ക്രമ നം	സ്ഥലത്തിന്റെ പേര്	മുതൽ	വരെ	നീളം (മീറ്റർ)	
1.	മൂസോടി-അദീക്ക	6/200	7/200	1000	
2.	മൂസോടി-ശാരദാ നഗർ	8/600	9/700	1100	
3.	ബേരിക്ക-മണിമുണ്ട	9/050	10/550	1500	
4.	കോയിപ്പാടി പെർവാഡ്	22/000	22/485	485	
5.	നാങ്കി-കൊപ്പളം	22/655	24/155	1500	
6.	കാവുഗോളി-ചേരങ്കൈ	27/060	30/000	2940	
7.	ചെമ്പിരിക്ക	35/450	36/260	810	
8.	കൊവ്വൽ-കൊപ്പൽ	39/360	40/460	1100	
9.	അജാനൂർ	52/465	53/300	835	
10.	ചിത്താരി	50/000	52/000	2000	
11.	തൈക്കടപ്പുറം	65/760	67/400	1640	
				14910	മീ.
	ആകെ			**14.91**	**കി.മീ.**

പട്ടിക 4.1.3.44: മത്സ്യഫെഡ് - കാസറഗോഡ്

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ	24 (കടലോരം21 വനിത-2 ഉൾനാടൻ-1)
ക്ലസ്റ്റർ പ്രോജക്ട് ഓഫീസുകൾ	4 (തൃക്കരിപ്പൂർ, കാഞ്ഞങ്ങാട്, കാസറഗോഡ്, കുമ്പള)
മൊത്തം ജനസംഖ്യ	32107(പുരുഷന്മാർ-18706 സ്ത്രീ-13401)
സംഘത്തിൽ അംഗത്വമുള്ളവർ	23354(പുരുഷന്മാർ-13109 സ്ത്രീ-10245)

അവലംബം: മത്സ്യഫെഡ് കാസറഗോഡ്

മത്സ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ പേരെയും സംഘങ്ങളിൽ അംഗത്വമുള്ളവരാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

പട്ടിക 4.1.3.45: മത്സ്യബന്ധന യൂണിറ്റുകൾ (പരമ്പരാഗതം)

ജില്ലാതലം			സംഘത്തിൽ ലേലത്തിൽ പങ്കെടുക്കുന്നവർ		
	ഗ്രൂപ്പ്	അംഗങ്ങൾ	ഗ്രൂപ്പ്	അംഗങ്ങൾ	ശതമാനം
ഇൻബോർഡ്	11	470			
താങ്ങുവളളം	135	5442	55	1445	41%
ഒഴുക്കുവല	217	1039	82	299	38%
ചെറുതോണി	535	2275	40	97	7%
ആകെ	898	9226	177	1841	

അവലംബം: മത്സ്യഫെഡ് കാസർഗോഡ്

പട്ടിക 4.1.3.46: മത്സ്യഫെഡ് സ്ഥാപനങ്ങൾ

ക്രമ നം	മത്സ്യഫെഡ് സ്ഥാപനങ്ങൾ	റിമാർക്സ്
1.	മത്സ്യഫെഡ് മണ്ണെണ്ണ ബങ്ക്, കസബ ബീച്ച്, കാസറഗോഡ്	പ്രവർത്തിച്ചുവരുന്നു.
2.	മത്സ്യഫെഡ് ഡീസൽ ബങ്ക്, മടക്കര, ചെറുവത്തൂർ	പ്രവർത്തിച്ചുവരുന്നു.
3.	മത്സ്യഫെഡ് വ്യാസ സ്റ്റോർ, കസബ ബീച്ച്, കാസറഗോഡ്	പ്രവർത്തിച്ചുവരുന്നു.
4.	മത്സ്യഫെഡ് ഐസ്പ്ലാന്റ്, കസബ ബീച്ച്, കാസറഗോഡ്	പ്രവർത്തിച്ചുവരുന്നു.
5.	മത്സ്യഫെഡ് ഒ.ബി.എം. വർക്ക് ഷോപ്പ്, കസബ ബീച്ച്, കാസറഗോഡ്.	പ്രവർത്തിച്ചുവരുന്നു.

അവലംബം: മത്സ്യഫെഡ്, കാസറഗോഡ്

വെള്ള മണ്ണെണ്ണ ആകെ പെർമിറ്റുകൾ- 932

പട്ടിക 4.1.3.47: മത്സ്യഫെഡ് ജില്ലാ ഓഫീസ്, കാസറഗോഡിന്റെ അധീനതയിലുള്ള മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘങ്ങൾ

ക്രമ നം	പഞ്ചായത്ത്/ മുൻസിപ്പാലിറ്റി	മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിന്റെ പേര്	അംഗങ്ങൾ	
			പുരുഷൻ	സ്ത്രീ
1.	വലിയപറമ്പ	തൃക്കരിപ്പൂർ കടപ്പുറം	361	134
		വലിയപറമ്പ	273	438
		തൃക്കരിപ്പൂർ-പടന്ന	1717	721
		പടന്നക്കടപ്പുറം	642	547
2.	തൃക്കരിപ്പൂർ	തൃക്കരിപ്പൂർ- വനിത		420
		കരിവെള്ളൂർ,തൃക്കരിപ്പൂർ ഉൾനാടൻ	330	20
3.	ചെറുവത്തൂർ	മടക്കര-ചെറുവത്തൂർ	199	255
		കാടങ്കോട്	307	278
4.	കാഞ്ഞങ്ങാട്	തൈക്കടപ്പുറം	340	355
		തൈക്കടപ്പുറം-പുഞ്ചാവി	979	528
		പുഞ്ചാവി	359	374
		ഹോസ്ദുർഗ്ഗ്-പളളിക്കര	939	472
5	അജാനൂർ	അജാനൂർ	487	423
6	പളളിക്കര	പളളിക്കര	669	602
7	ഉദുമ	കോട്ടിക്കുളം	541	637
8	കളനാട്	കീഴൂർ	261	260
9	കാസറഗോഡ്	കോട്ടിക്കുളം-കസബ	1340	699
		കസബ	509	430
		അടുക്കത്ത്ബയൽ	309	251
		കാസറഗോഡ് മുൻസിപ്പാലിറ്റി-വനിത		447
10	കുമ്പള	കോയിപ്പാടി	914	445
11	മംഗൽപാടി	ഷിറിയ	351	341
		കാവുഗോളി-ബങ്കര മഞ്ചേശ്വരം	727	146
12	മഞ്ചേശ്വരം	ബങ്കര മഞ്ചേശ്വരം	865	248
	ആകെ		13419	9471

അവലംബം: മത്സ്യഫെഡ് കാസറഗോഡ്

ജില്ലയിലെ ജലകൃഷി

കാസർഗോഡ് ജില്ലയിൽ 3248.25 ഹെക്ടർ ഓരു ജലമേഖലയുണ്ട്. ഇവിടെ ധാരാളം ചെമ്മീൻ, കല്ലുമ്മക്കായ, ഞണ്ട്, കക്ക മുതലായവ വളർത്തുവാൻ സാധ്യതകളുണ്ട്. ഇപ്പോൾ ജില്ലാ മത്സ്യകർഷക വികസന ഏജൻസിയുടെ നേതൃത്വത്തിലാണ് ജലകൃഷി നടത്തുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ധാരാളം സഹായങ്ങൾ ലഭ്യമാണ് (സാമ്പത്തിക സാങ്കേതിക സഹായങ്ങൾ).

ജില്ലാ മത്സ്യകർഷക വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ ജനകീയ മത്സ്യകൃഷി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കിവരികയാണ്. ഏകദേശം 190 ഹെക്ടർ വരുന്ന കുളങ്ങൾ, ടാങ്കുകൾ മുതലായവയിൽ ശുദ്ധജല മത്സ്യകൃഷിക്കുവേണ്ടി സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു. മത്സ്യകർഷകർക്കാവശ്യമായ പരിശീലനവും നൽകി വരുന്നു.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടത്തുന്ന ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി 2016-17 വർഷം 190 ഹെക്ടർ വരുന്ന കുളങ്ങളിലും ടാങ്കുകളിലും മത്സ്യകൃഷി ചെയ്യാനുള്ള നടപടികൾ പൂർത്തിയായി. 2016-17 വർഷം ജില്ലയിലെ 214.71 ഹെക്ടർ സ്വകാര്യ/ പൊതുകുളങ്ങളിൽ 5586 പേർ കൃഷി ചെയ്തിട്ടുണ്ട്. ഇതിൽ 550 പേർക്ക് പരിശീലനം നൽകി. ജില്ലയിൽ 2016-17 ൽ 21.4 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. കൃഷിക്കായി മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്തു. മത്സ്യത്തീറ്റ സബ്സിഡിയും വിതരണം ചെയ്യുന്നുണ്ട്.

ജില്ലയിലെ മത്സ്യമേഖലയിൽ ശുദ്ധജല മത്സ്യകൃഷി, ഓരുജല മത്സ്യ/ചെമ്മീൻകൃഷി, കരിമീൻകൃഷി, കല്ലുമ്മക്കായ കൃഷി, മത്സ്യക്കുടുകൃഷി, അക്വാപോണിക്സ് കൃഷി, സമ്മിശ്ര കൃഷി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ കല്ലുമ്മക്കായയുടെ 75% ത്തോളം ജില്ലയിലെ തെക്കേ അറ്റത്തുള്ള വലിയപറമ്പ കായലിൽ നിന്നുമാണ് ഉൽപാദിപ്പിക്കുന്നത്. ഇവിടെ വ്യക്തികളും ഗ്രൂപ്പുകളും ചേർന്ന് ആയിരത്തി

ലധികം കർഷകർ കല്ലുമ്മേക്കായ കൃഷി ചെയ്തു വരുന്നു.

ഉൾനാടൻ മേഖലയിൽ ധാരാളം പുഴകളും തോടുകളും കുളങ്ങളും ടാങ്കുകളും മത്സ്യമേഖലയെ സംപുഷ്ടമാക്കുന്നു. പുരുഷന്മാർ മത്സ്യബന്ധനത്തിലേർപ്പെടുന്നു. സ്ത്രീകൾ മത്സ്യവിപണനം ചെയ്തു വരുന്നു. സാംസ്കാരികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന മത്സ്യമേഖലയിലെ തൊഴിലാളികളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ധാരാളം പദ്ധതികൾ മത്സ്യവകുപ്പിന്റെ കീഴിൽ നടന്നു വരുന്നു. ജില്ലയിലെ കടൽ ഉൾനാടൻ മത്സ്യമേഖലയിലെ ജനങ്ങളെ വികസനത്തിലെത്തിക്കാൻ പര്യാപ്തമായ ധാരാളം ക്ഷേമപദ്ധതികൾ ഫിഷറീസ് വകുപ്പിന്റെ കീഴിലുണ്ട്.

പട്ടിക 4.1.3.48: കാസറഗോഡ് ജില്ലയിൽ 2016-17 വർഷത്തിലെ അക്വാകൾച്ചർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ

ക്രമ നം	ഘടകങ്ങൾ	കർഷകരുടെ എണ്ണം	ഏരിയ/യൂണിറ്റ്	പഞ്ചായത്ത്/ മുൻസിപ്പാലിറ്റി
1.	ശുദ്ധജല മത്സ്യകൃഷി	5563	214.712 ഹെക്ടർ	കാസറഗോഡ് ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും
2.	ചെമ്മീൻ കൃഷി	12	24.3 ഹെക്ടർ	തൃക്കരിപ്പൂർ, പടന്ന, വലിയപറമ്പ, ചെറുവത്തൂർ പഞ്ചായത്തുകൾ, നീലേശ്വരം മുൻസിപ്പാലിറ്റി
3.	കരിമീൻകൃഷി (അടുക്കളക്കുളം)	70	70 യൂണിറ്റ്	കാസറഗോഡ് ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും
4.	കരിമീൻ കൃഷി (കുളങ്ങളിലെ മത്സ്യകൃഷി)	16	1 ഹെക്ടർ	വെസ്റ്റ് എളേരി, നീലേശ്വരം, കാഞ്ഞങ്ങാട്, ചെറുവത്തൂർ, മൊഗ്രാൽ പുത്തൂർ, പൈവളിഗെ, കള്ളാർ, മംഗൽപ്പാടി.
5.	കല്ലുമ്മക്കായ കൃഷി	1002	2756 യൂണിറ്റ്	തൃക്കരിപ്പൂർ, പടന്ന, വലിയപറമ്പ, ചെറുവത്തൂർ
6.	കൂടുകളിലെ മത്സ്യകൃഷി	12	12 യൂണിറ്റ്	പടന്ന
7.	റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം	2	2 യൂണിറ്റ്	ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത്, കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി
8.	പടുതാകുളം മത്സ്യകൃഷി	6	6 യൂണിറ്റ്	6 ബ്ലോക്ക് പഞ്ചായത്തുകളിൽ 1 യൂണിറ്റ് വീതം
9.	സംയോജിത മത്സ്യകൃഷി	16	2.68 ഹെക്ടർ	കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി, കാറഡുക്ക പഞ്ചായത്ത്, നീലേശ്വരം മുൻസിപ്പാലിറ്റി, വെസ്റ്റ് എളേരി, കോടോം -ബേളൂർ, ബളാൽ പഞ്ചായത്ത്
10.	പോളികൾച്ചർ	2	2 യൂണിറ്റ്	പടന്ന, വലിയപറമ്പ

അവലംബം: മത്സ്യകർഷക വികസന ഏജൻസി കാസറഗോഡ്

പട്ടിക 4.1.3.49: മത്സ്യസമൃദ്ധി -II പദ്ധതി, കാസറഗോഡ് ജില്ല ഓരുജല മത്സ്യകൃഷി 2016-17

ക്രമ നം	തദ്ദേശസ്വയംഭരണ സ്ഥാപനം	ഏരിയ (ഹെക്ടർ)
1.	തൃക്കരിപ്പൂർ	3.5
2.	ചെറുവത്തൂർ	5.5
3.	ചെറുവത്തൂർ	1
4.	ചെറുവത്തൂർ	1
5.	ചെറുവത്തൂർ	4.5
6.	നീലേശ്വരം മുനിസിപ്പാലിറ്റി	4.4
7.	കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി	0.4
8.	തൃക്കരിപ്പൂർ	1
9.	പടന്ന	1.8
10.	പടന്ന	1.2
	ആകെ	24.3

അവലംബം: മത്സ്യകർഷക വികസന ഏജൻസി കാസറഗോഡ്

പട്ടിക 4.1.3.50: മത്സ്യസമൃദ്ധി -II പ്രൊജക്ട് 2016-17
ശുദ്ധജല മത്സ്യകൃഷി സ്റ്റോക്കിംഗ് വിവരങ്ങൾ

ക്രമ നം	പഞ്ചായത്ത്/മുൻസിപ്പാലിറ്റി	കർഷകരുടെ എണ്ണം	ഏരിയ	വിത്തിന്റെ എണ്ണം
1.	ചെറുവത്തൂർ	63	1072	42880
2.	വലിയപറമ്പ	58	240	9600
3.	പടന്ന	74	455	17640
4.	തൃക്കരിപ്പൂർ	90	1016	35720
5.	കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി	161	5660	183720
6.	പിലിക്കോട്	278	2638	105320
7.	നിലേശ്വരം മുൻസിപ്പാലിറ്റി	66	494	19760
8.	കയ്യൂർ- ചീമേനി	147	2853	114120
9.	കിനാനൂർ-കരിന്തളം	148	1043	41720
10.	വെസ്റ്റ് എളേരി	204	1451	58040
11.	ഈസ്റ്റ് എളേരി	291	2550	102000
12.	പുല്ലൂർ പെരിയ	158	1535	61400
13.	മടിക്കൈ	116	1393	55720
14.	അജാനൂർ	152	2099	83960
15.	പള്ളിക്കര	17	157	6280
16.	ഉദുമ	26	443	15200
17.	ചെങ്കള	103	831	30700
18.	ബദിയഡുക്ക	80	1616	57140
19.	എൻമകജെ	158	919	36760
20.	മൊഗ്രാൽ പുത്തൂർ	49	385	15400
21.	കുമ്പള	124	719	28760
22.	പുത്തിഗെ	62	448	17920
23.	പനത്തടി	341	2838	113520
24.	മീഞ്ച	155	1016	40640
25.	വോർക്കാടി	31	222	8880
26.	മഞ്ചേശ്വരം	10	87	3480
27.	മംഗൽപ്പാടി	37	215	8600
28.	കാറഡുക്ക	179	1077	43080
29.	കള്ളാർ	233	2043	81720
30.	പൈവളിഗെ	178	1166	46640
31.	ബളാൽ	393	3057	122280
32.	മുളിയാർ	109	396	15840
33.	മധൂർ	55	218	8720
34.	കാസർഗോഡ് മുൻസിപ്പാലിറ്റി	11	103	4120
35.	കുറ്റിക്കോൽ	379	1834	73360
36.	ബെള്ളൂർ	212	1606	64240
37.	ദേലമ്പാടി	78	503	20120
38.	ബേഡഡുക്ക	96	1355	54200
39.	ചെമ്മനാട്	43	196	7840
40.	കുമ്പഡാജെ	63	678	27120
41.	കോടോം-ബേളൂർ	335	5051	202040
	ആകെ	5563	53678	2086200

അവലംബം: മത്സ്യകർഷക വികസന ഏജൻസി കാസറഗോഡ്

പട്ടിക 4.1.3.51: മത്സ്യസമൃദ്ധി -II പദ്ധതി 2016-17, കാസർഗോഡ് ജില്ല

കല്ലുമ്മക്കായ കൃഷി

പഞ്ചായത്ത്	സ്ഥലം	ഗ്രൂപ്പ്/ വ്യക്തി	കർഷകരുടെ എണ്ണം	കയറുകളുടെ എണ്ണം	യൂണിറ്റുകളുടെ എണ്ണം	സബ്സിഡി തുക
ചെറുവത്തൂർ		ഗ്രൂപ്പ്	26	11570	119	95000
		വ്യക്തി	11	116	11	5000
വലിയപറമ്പ	ഇടയിലെക്കാട് വടക്ക്	ഗ്രൂപ്പ്	9	198	42	10000
		വ്യക്തി	59	13421	59	295000
	ഇടയിലെക്കാട് തെക്ക്	ഗ്രൂപ്പ്	3	1540	15	75000
		വ്യക്തി	65	16643	65	325000
	ഇടയിലെക്കാട് പടിഞ്ഞാറ്	ഗ്രൂപ്പ്	15	7531	72	360000
		വ്യക്തി	108	6214	08	40000
	കന്നുവീട് കടപ്പുറം	ഗ്രൂപ്പ്	8	707	28	40000
		വ്യക്തി	65	4927	65	25000
	തൃക്കരിപ്പൂർ കടപ്പുറം	ഗ്രൂപ്പ്	4	1548	16	80000
		വ്യക്തി	31	6647	31	155000
	മാടക്കാൽ	ഗ്രൂപ്പ്	21	10259	98	490000
		വ്യക്തി	78	15269	78	390000
	വലിയപറമ്പ	ഗ്രൂപ്പ്	1	300	3	15000
		വ്യക്തി	14	2973	14	70000
	വടക്കേക്കാട്	ഗ്രൂപ്പ്	49	23619	230	1150000
		വ്യക്തി	86	22290	86	430000
തൃക്കരിപ്പൂർ		ഗ്രൂപ്പ്	5	1845	18	90000
		വ്യക്തി	20	4361	20	100000
പടന്ന	തെക്കേക്കാട്	ഗ്രൂപ്പ്	26	13003	125	625000
		വ്യക്തി	166	34341	166	830000
	ഓരി	ഗ്രൂപ്പ്	28	12738	124	620000
		വ്യക്തി	104	24533	104	520000

അവലംബം: മത്സ്യകർഷക വികസന ഏജൻസി കാസറഗോഡ്

പട്ടിക 4.1.3.52: സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൺ (സാഫ്), കാസറഗോഡ് ആക്ടിവിറ്റി ഗ്രൂപ്പിന്റെ പേരും ഫോൺ നമ്പറും

ക്രമ നം.	ആക്ടിവിറ്റി ഗ്രൂപ്പിന്റെ പേര്	ആക്ടിവിറ്റി
വലിയപറമ്പ ടി.എം.സി.		
1.	ഗംഗ	ഫുഡ് മേയ്ക്കിംഗ്
2.	ഗ്രാമശ്രീ	ടി & ജി
3.	അക്ഷയ	കൊപ്ര
തൃക്കരിപ്പൂർ ടി.എം.സി		
4.	പ്രതീക്ഷ	കമ്പോസ്റ്റ്
ചെറുവത്തൂർ ടി.എം.സി.		
5.	നെല്ലിക്കാൽ സൂപ്പർമാർക്കറ്റ്	സൂപ്പർമാർക്കറ്റ്
6.	തേജസ്വിനി സി.പി.എസ്.	സി.പി.എസ്.
7.	നെല്ലിക്കാൽ സൂപ്പർമാർക്കറ്റ് കാടങ്കോട് ബ്രാഞ്ച്	സൂപ്പർമാർക്കറ്റ്
നീലേശ്വരം ടി.എം.സി.		
8.	അനശ്വര	ടി & ജി

9.	തേജസ്	ടി & ജി
കാഞ്ഞങ്ങാട് ടി.എം.സി.		
10.	അയൂരം	പ്രൊവിഷണൽ സ്റ്റോർ
11.	മൂകാംബിക	ഫ്ളോർ മിൽ
12.	കടലമ്മ	പ്രൊവിഷണൽ സ്റ്റോർ
13.	ധനലക്ഷ്മി	പ്രൊവിഷണൽ സ്റ്റോർ
14.	എസ്.വി.എൻ.എസ്.	ടി&ജി
15.	ദാറുൽ ഹുദ	ടി & ജി
അജാനൂർ ടി.എം.സി.		
16.	ആശ്രിത	ഹോട്ടൽ
17.	അജ്മീരിയ	ഹോട്ടൽ
8.	വിസ്മയ	പ്രൊവിഷണൽ സ്റ്റോർ
ഉദുമ ടി.എം.സി.		
19.	ലൗലി	ബ്യൂട്ടി പാർലർ & ടി&ജി
20.	ലക്ഷ്മി	ടി&ജി
21.	ഭഗവതി	ഫുഡ്
22.	സാരഥി	ഹോട്ടൽ
23.	പത്മഗിരി	ടി & ജി
24.	രാജരാജേശ്വരി	ടി & ജി
25.	ധനശ്രീ	ടി & ജി
26.	സാഗര	ഫിഷ് ബൂത്ത്
27.	കളേഴ്സ്	ടി & ജി
28.	സായംപ്രഭ	പ്രൊവിഷണൽ സ്റ്റോർ
29.	ഫാഷൻ	ടി & ജി
30.	ഷൈൻ	ബ്യൂട്ടി പാർലർ
മൊഗ്രാൽ പുത്തൂർ ടി.എം.സി.		
31.	നന്ദന	ടി & ജി
32.	കാവുഗോളി	സ്റ്റുഡിയോ
കുമ്പള ടി.എം.സി.		
33.	ഖജാന	കാന്റീൻ & ഫുഡ്
34.	ഗംസം	ടി & ജി
35.	കളേഴ്സ്	പ്രൊവിഷണൽ സ്റ്റോർ

സാഫ് പ്രവർത്തനങ്ങൾ - 2017
നിലവിൽ 35 യൂണിറ്റുകൾ പ്രവർത്തനം നടത്തുന്നു.

പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് ഒപ്പോർച്ചുണിറ്റി ഗൈഡൻസ്, അച്ചീവ്മെന്റ് മോട്ടിവേഷൻ ട്രെയിനിംഗ്, മാനേജ്മെന്റ് ട്രെയിനിംഗ് എന്നീ പരിശീലന പരിപാടികൾ നടത്തുകയും 8 യൂണിറ്റുകൾ തെരഞ്ഞെടുക്കുകയും ചെയ്തു. അതിൽ 7 യൂണിറ്റുകൾക്ക് ഒന്നാംഘട്ട ഇൻസ്റ്റാൾമെന്റ് ലഭിച്ചു.

പട്ടിക 4.1.3.53: സാഫ് പ്രവർത്തനങ്ങൾ - 2017

1.	ലൗലി ക്യൂൻ ആക്ടിവിറ്റി ഹെർബൽ ബ്യൂട്ടി പാർലർ	68000 രൂപ
2.	ജെ.എസ്.ആക്ടിവിറ്റി ഗ്രൂപ്പ്	66002 രൂപ
3.	വാട്ട്സ് ആപ്പ് എ.ജി.	99040 രൂപ
4.	അക്ഷര എ.ജി (ബേക്കറി യൂണിറ്റ്)	81200 രൂപ
5.	ശ്രീ മുത്തപ്പൻ എ.ജി.	126440 രൂപ
6.	സുലഭം എ.ജി.	54852 രൂപ
	ആകെ	609246/- രൂപ

രണ്ടാംഘട്ടം ഒ.ജി, എം.ടി, എ.എം.ടി നടത്തി 13 ഗ്രൂപ്പുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

ഇന്ററസ്റ്റ് ഫ്രീ ക്രെഡിറ്റ് സപ്പോർട്ട് സ്കീം

ഐ.എഫ്.സി.എസ്.എസ് പ്രകാരം നൽകിയ ഗ്രൂപ്പുകളും തുകയും

- ഫാഷൻ ടെയ്‌ലറിംഗ് ആന്റ് ഗാർമെന്റ്സ്(കെ എസ് ഡി)-1588 രൂപ
- ധനലക്ഷ്മി പ്രൊവിഷണൽ സ്റ്റോർ(കെ.എച്ച്.ഡി)-8012 രൂപ
- നെല്ലിക്കാൽ സൂപ്പർമാർക്കറ്റ് (ചെറുവത്തൂർ)-32182 രൂപ
- തേജസ്വിനി ആക്ടിവിറ്റി ഗ്രൂപ്പ്(ചെറുവത്തൂർ)-29508 രൂപ
- വിസ്മയ ആക്ടിവിറ്റി ഗ്രൂപ്പ്(പളളിക്കര)-3441 രൂപ
- ഗംഗ ആക്ടിവിറ്റി ഗ്രൂപ്പ്(വലിയപറമ്പ)-39655 രൂപ

ആകെ-114386/- രൂപ ഈ ഇനത്തിൽ ചെലവഴിച്ചു

തീരമാവേലി ഗ്രൂപ്പുകൾക്ക് ധനസഹായം

- തേജസ്വിനി ആക്ടിവിറ്റി ഗ്രൂപ്പ് - 100000 രൂപ
- തീരമൈത്രി സൂപ്പർമാർക്കറ്റ്, കുമ്പള - 100000 രൂപ
- തീരമൈത്രി സൂപ്പർമാർക്കറ്റ് - 100000 രൂപ

ആകെ - 3 ലക്ഷം രൂപ

പട്ടിക 4.1.3.54: റിവോൾവിംഗ് ഫണ്ട് - 2017

1.	പളളിക്കര	വിസ്മയ പ്രൊവിഷണൽ സ്റ്റോർ	10000 രൂപ
2.	കാസറഗോഡ്	ഫാഷൻ ടൈലറിംഗ് ആന്റ് ഗാർമെന്റ്സ്	10000 രൂപ
		സ്വയംപ്രഭ പ്രൊവിഷണൽ സ്റ്റോർ	10000 രൂപ
3.	പളളിക്കര	അജ്മീരിയ ഹോട്ടൽ	60000 രൂപ
4.	വലിയപറമ്പ	ഗ്രാമശ്രീ ടൈലറിംഗ്	50000 രൂപ
		അക്ഷയ കൊപ്ര	40000 രൂപ

കാസറഗോഡ് ജില്ലയിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരങ്ങൾ

കാസർഗോഡ് ജില്ലയ്ക്ക് 70 കി.മീ. നീളത്തിൽ വ്യാപിച്ചുകിടക്കുന്ന കടൽത്തീരമാണുളളത്. പ്രസ്തുത കടൽത്തീരത്ത് മത്സ്യബന്ധനം ഉപജീവനമായി സ്വീകരിച്ച 10514 രജിസ്റ്റർഡ് മത്സ്യത്തൊഴിലാളികൾ അധിവസിച്ചു വരുന്നു. മഞ്ചേശ്വരം മുതൽ തൃക്കരിപ്പൂർ കടപ്പുറം വരെ വ്യാപിച്ചു കിടക്കുന്ന കടൽത്തീരത്തെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 16 മറൈൻ ഫിഷറീസ് വില്ലേജുകളും 1 ഉൾനാടൻ വില്ലേജുമുൾപ്പെടെ 17 മത്സ്യഗ്രാമങ്ങളിൽ മുഴുവൻ മത്സ്യത്തൊഴിലാളികളെയും ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു.

ഫിഷറീസ് വകുപ്പിന്റെ കീഴിൽ മത്സ്യത്തൊഴിലാളി മേഖലയിൽ നടപ്പാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ചുള്ള സംക്ഷിപ്ത വിവരങ്ങൾ താഴെ പറയും പ്രകാരം പ്രതിപാദിക്കുന്നു.

ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് ഭൂമി

വാങ്ങുന്നതിനുള്ള പദ്ധതി 2016-17

തീരദേശമേഖലയിൽ നിലനിൽക്കുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന് വീട് വെക്കുന്നതിന് ഭൂമി ലഭ്യമല്ലാത്ത അവസ്ഥയാണ്. മുമ്പ് വീടുകൾ ലഭിച്ചവരിൽ പലരും രണ്ടും മൂന്നും തലമുറകളായി അതേ വീട്ടിൽ കൂട്ടുകുടുംബമായി താമസിക്കുന്നു. അടുത്ത പ്രദേശങ്ങളിൽ പോലും സ്ഥലം കിട്ടാനില്ലാത്ത അവസ്ഥയുള്ളതിനാൽ പലരും പുറമ്പോക്ക് സ്ഥലങ്ങളിൽ ഷെഡ് കെട്ടി താമസിക്കുന്നു. വൃത്തിഹീനവും തികച്ചും അനാരോഗ്യകരവുമായ ചുറ്റുപാടിൽ ജീവിക്കുന്നതിനാൽ പകർച്ച വ്യാധികൾ ഏറെ ഭീഷണിയുയർത്തുന്ന ഒരു സാഹചര്യം തീരദേശ മേഖലയിലുണ്ട്. ഇത്തരം പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമെന്നോണം ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനമാണ് ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം വാങ്ങി വീട് വെക്കുന്നതിന് 6 ലക്ഷം രൂപ വരെ അനുവദിക്കുന്ന പദ്ധതി.

ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി- ഭവന പദ്ധതി

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്വന്തമായി വീട് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ് വർഷാവർഷം നടപ്പിലാക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി-ഭവനപദ്ധതി പ്രകാരം ജില്ലയ്ക്ക് അതാത് വർഷം നിശ്ചിത എണ്ണം വീടുകൾ അനുവദിച്ചു വരുന്നുണ്ട്. ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്.

സമ്പാദ്യ സമാശ്വാസപദ്ധതി

മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തുന്നതിനും പഞ്ഞമാസങ്ങളിൽ അവരുടെ സാമ്പത്തിക പ്രയാസങ്ങളിൽ ആശ്വാസമെത്തിക്കുന്നതിനുമായി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ചതാണ് സമ്പാദ്യസമാശ്വാസ പദ്ധതി. കടൽ മത്സ്യത്തൊഴിലാളികൾക്കും ഉൾനാടൻ മത്സ്യത്തൊഴിലാളികൾ ക്കുമായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കടൽ മത്സ്യത്തൊഴിലാളികളിൽ നിന്നും എല്ലാ വർഷവും നവംബർ മുതൽ ഏപ്രിൽ മാസം വരെയുള്ള 6 മാസങ്ങളിലായി 250/- രൂപ പ്രകാരം ശേഖരിക്കുകയും ഇപ്രകാരം ശേഖരിക്കുന്ന തുകയുടെ 2 മടങ്ങ് ഗവൺമെന്റ് വിഹിതവും ചേർത്ത് മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ ഗുണഭോക്താക്കൾക്ക് അവരവരുടെ ബാങ്ക് അക്കൗണ്ട് മുഖാന്തിരം വിതരണം ചെയ്യുകയും ചെയ്യുന്നതുമാണ് പദ്ധതി. ഉൾനാടൻ മത്സ്യത്തൊഴിലാളികളിൽ നിന്നും നവംബർ മുതൽ ഏപ്രിൽ മാസം വരെയാണ് തുക ശേഖരിക്കുന്നത്.

സീറാഞ്ചിംഗ്പദ്ധതി

പ്രതിദിനം ശോഷിച്ചുവരുന്ന കടൽമത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് വർഷാവർഷം നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സീറാഞ്ചിംഗ്. പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന അഴിമുഖങ്ങളിൽ വാണിജ്യ പ്രാധാന്യമുള്ള ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് അവയെ പ്രകൃതിജന്യ സാഹചര്യങ്ങളിൽ വളരുവാൻ അനുവദിക്കുന്നു. ഇതുവഴി പ്രകൃതി ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വളരെയധികം വളരുന്നതിനും മത്സ്യമേഖലയിൽ സാമ്പത്തികമായ അഭിവൃദ്ധിക്കും കാരണമാകുന്നു.

സാമൂഹ്യ മത്സ്യക്കൃഷി

ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ് വർഷാവർഷം നടപ്പിലാക്കിവരുന്ന സാമൂഹ്യമത്സ്യക്കൃഷി പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഉൾനാടൻ ജലാശയങ്ങളിൽ, മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നു. ഇതുമൂലം മത്സ്യസമ്പത്ത് വലിയ തോതിൽ വർദ്ധിച്ചു വരുന്നു.

സൗജന്യ റേഷൻ

ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ രഹിതരാവുന്ന മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് വഴി സൗജന്യ റേഷൻ നൽകി വരുന്നു.

മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ പ്രൈമറി തലം മുതൽ സർവ്വകലാശാലാ വിദ്യാഭ്യാസത്തിനുൾപ്പെടെ വിദ്യാഭ്യാസാനുകൂല്യം നൽകിവരുന്നു. മെട്രിക് തലം വരെ പ്രതിവർഷ ലംപ്സം ഗ്രാന്റായും മെട്രികിനു ശേഷം ലംപ്സം ഗ്രാന്റിനു പുറമേ സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, വിവിധ ഫീസുകൾക്കുള്ള തുക തുടങ്ങിയവയും നൽകിവരുന്നു. മത്സ്യത്തൊഴിലാളിയാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും വാങ്ങി വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിലേൽപ്പിച്ചാൽ വിദ്യാഭ്യാസ സ്ഥാപന മേധാവി ബില്ല് തയ്യാറാക്കി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ സമർപ്പിക്കുന്നതും തുടർന്ന് ബില്ല് പാസാക്കി നൽകുന്ന മുറയക്ക് ധനസഹായം ലഭിക്കുന്നതുമാണ്. ഈ ആനുകൂല്യം മൂലം മത്സ്യമേഖലയിലെ നിരവധി വിദ്യാർത്ഥികൾക്ക് ഉയർന്ന അക്കാദമിക്ക് നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

മത്സ്യകൃഷി മേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ

മത്സ്യകർഷക വികസന ഏജൻസി

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കൺവീനറും, ജില്ലാ കളക്ടർ എക്സിക്യൂട്ടീവ് ഡയറക്ടറുമായി മത്സ്യകർഷക വികസന ഏജൻസിയുടെ ചുമതല വഹിക്കുന്നു. ഇതിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആണ്. നിലവിൽ ജില്ലാ ഫിഷറീസ് എക്സ്റ്റൻഷൻ സെന്ററായി മത്സ്യകർഷക വികസന ഏജൻസി പ്രവർത്തിച്ചുവരുന്നു. ജലകൃഷി മത്സ്യവികസന മേഖലയിലെ എല്ലാ പദ്ധതികളും മത്സ്യകർഷകവികസന ഏജൻസി വഴി നടപ്പിലാക്കി വരുന്നു. പ്രധാന പദ്ധതികൾ ചുവടെ പറയുന്നവയാണ്.

ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം

ശുദ്ധജല മത്സ്യകൃഷി

ചെറിയ കുളങ്ങളിലെ മത്സ്യകൃഷി:- 50 സെന്റിൽ കുറവ് വിസ്തൃതിയുള്ള ശുദ്ധജലാശയങ്ങളിൽ കാർപ്പ് ഇനത്തിൽപ്പെട്ട കട്ല, രോഹു, മൃഗാൾ, ഗ്രാസ് കാർപ്പ് തുടങ്ങിയ ശുദ്ധജല മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുന്നു. നന്നായി പരിചരിക്കുകയാണെങ്കിൽ ഇവ ഒരു വർഷത്തിനകം ശരാശരി 1 കിലോ വലിപ്പം വയ്ക്കുന്നതാണ്.

വലിയ ജലാശയങ്ങളിലെ മത്സ്യകൃഷി: 50 സെന്റിന് മുകളിൽ വലിപ്പമുള്ള ജലാശയങ്ങളിൽ കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുന്നു.

മാതൃകാ മത്സ്യക്കുളം പദ്ധതി: ശാസ്ത്രീയമായ മത്സ്യകൃഷിക്ക് അനുയോജ്യമായതോ അനുയോജ്യമാക്കി മാറ്റുവാൻ സാധിക്കുന്നതോ ആയ കുളങ്ങൾ സ്വന്തമായുള്ളവരോ നിയമാനുസൃത പാട്ട വ്യവസ്ഥയിൽ ലഭിക്കുന്നവരോ ആയ, മത്സ്യകൃഷിയിൽ താൽപര്യമുള്ള കർഷകരെ, പദ്ധതി ആനുകൂല്യത്തിനായി തെരഞ്ഞെടുക്കുന്നു. കുളത്തിന്റെ കുറഞ്ഞ ജലവിസ്തൃതി 50 സെന്റ് ഉണ്ടാകണം. ഒരു ഹെക്ടറിന് 3 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന പദ്ധതിയിൽ, 50% ആയ 1.5 ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കുന്നു.

മത്സ്യ വികസനം

മത്സ്യവിത്തുകൾ വർഷത്തിൽ ഒരു പ്രാവശ്യം ആഗസ്റ്റ്- സെപ്തംബർ മാസങ്ങളിലാണ് വിതരണം നടത്തുന്നത്. ജൂൺ മാസത്തിൽ അപേക്ഷ സ്വീകരിക്കുന്നു.

ഓരുജല ചെമ്മീൻകൃഷി

ഈ പദ്ധതിയിൽ കർഷകർക്ക് 1 ഹെക്ടറിൽ 40000 കാര ചെമ്മീൻ വിത്തുകൾ സൗജന്യമായി അനുവദിക്കുന്നു.

കല്ലുമ്മക്കായ കൃഷി

കല്ലുമ്മേക്കായ കർഷകർക്ക് 1 യൂണിറ്റിന് 5000/- രൂപ വീതം സാമ്പത്തിക സഹായം അനുവദിക്കുന്നു.

ബ്ലൂ റവല്യൂഷൻ പദ്ധതി

കേന്ദ്രാവിഷ്കൃതപദ്ധതിയായ ബ്ലൂ റവല്യൂഷൻ പദ്ധതിയുടെ ഘടക പദ്ധതികൾ താഴെ പറയുന്നവയാണ്.

ഓരുജല മത്സ്യക്കുളം നവീകരണം: പദ്ധതിയുടെ ഭാഗമായി ഓരുജല ചെമ്മീൻ/ മത്സ്യക്കൃഷി ക്കായി ഉപയോഗിക്കുന്ന കുളം നവീകരിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. 1 ഹെക്ടർ ജലവിസ്തൃതി വരുന്ന കുളം നവീകരിക്കുന്നതിന് ഉദ്ദേശം 3.5 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിന്റെ 50% ആയ 1,75,000/- രൂപ സബ്സിഡിയായി അനുവദിക്കുന്നു.

ഓരുജലാശയങ്ങളിലെ കൂടുകൃഷി പദ്ധതി: ജില്ലയിൽ നിലവിലുള്ള കായലുകളും ഓരുജലാശയങ്ങളും കൃഷിക്കായി ഉപയുക്തമാക്കി, മത്സ്യത്തൊഴിലാളികളുടെയും കർഷകരുടെയും വരുമാന വർദ്ധനവും മത്സ്യ ലഭ്യതയും ഉറപ്പുവരുത്തുക എന്നുള്ളതാണ് പദ്ധതിയുടെ ലക്ഷ്യം.

വല കൊണ്ടുള്ള കൂടുകൾ കായലുകളിലും പുഴകളിലും സ്ഥാപിച്ച് മത്സ്യങ്ങളെ സ്വാഭാവിക അന്തരീക്ഷത്തിൽ തന്നെ വളർത്തുന്ന കൃഷി രീതിയാണ് മത്സ്യക്കൂടു കൃഷി. ഓരുജലാശയവാസികളായ കാളാഞ്ചി, കരിമീൻ തുടങ്ങിയ മത്സ്യങ്ങളെ കൃഷിക്കായി ഉപയോഗിക്കുന്നു. പദ്ധതിയുടെ പ്രതീക്ഷിത ചെലവായ 3.5 ലക്ഷം രൂപയുടെ 50% ആയ 1.75 ലക്ഷം രൂപ ധനസഹായമായി കർഷകർക്ക് അനുവദിക്കുന്നു.

റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റത്തിലെ മത്സ്യകൃഷി

അക്വാപോണിക്സ് കൃഷി അഥവാ മത്സ്യവും പച്ചക്കറിയും ഒരുമിച്ചു കൃഷി ചെയ്യുന്ന പദ്ധതിയുടെ ഭാഗമാണിത്. ഈ കൃഷി രീതിയനുസരിച്ച് മത്സ്യം വളർത്തുന്ന കുളത്തിലെ ജലം, പച്ചക്കറി കൃഷിക്കായി ഉപയോഗിക്കുകയും അതുവഴി ജലം മാലിന്യമുക്തമാക്കി വീണ്ടും മത്സ്യക്കൃഷിക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. മത്സ്യവിസർജ്യം പച്ചക്കറിക്ക് വളമായും ശുദ്ധമായ ജലം മത്സ്യക്കൃഷി വികസനത്തിനും പ്രയോജനപ്പെടുന്നു. ഈ കൃഷി രീതിയിൽ 1 സെന്റ് വിസ്തൃതി വരുന്ന ജലാശയത്തിൽ (40 ക്യുബിക് മീറ്റർ വെള്ളം) 4000 ഗിഫ്റ്റ് തിലാപിയ മത്സ്യങ്ങളെ നിക്ഷേപിക്കുവാൻ സാധിക്കുന്നതാണ്. സാധരണ മത്സ്യകൃഷിയിൽ 120 എണ്ണം ഗിഫ്റ്റ് തിലാപിയ കുഞ്ഞുങ്ങളെ മാത്രമേ നിക്ഷേപിക്കുവാൻ സാധിക്കുകയുള്ളൂ.

സാഫ് തീരമൈത്രി പദ്ധതി

മത്സ്യമേഖലയിലെ സ്ത്രീകളുടെ ശാക്തീകരണം, സാമ്പത്തിക ഉന്നമനം എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പദ്ധതിയാണിത്. വനിതാ സ്വയംസഹായ സംഘങ്ങൾക്ക് ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സാമ്പത്തിക സാങ്കേതിക സഹായം നൽകുന്നതുൾപ്പെടെ മത്സ്യമേഖലയിൽ വിവിധ പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുന്നു. സാഫ് തീരമൈത്രി പദ്ധതി പ്രകാരം ജില്ലയിൽ 13 തീരദേശ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി തീരമൈത്രി കൗൺസിലുകൾ പ്രവർത്തിക്കുന്നു. റിവോൾവിംഗ് ഫണ്ട് വിതരണ പദ്ധതി പ്രകാരം 29 യൂണിറ്റുകൾക്ക് 265000/- രൂപ വിതരണം ചെയ്തു. ഇവയുടെ തിരിച്ചടവ് ഇതിനകം പൂർത്തിയാക്കിയ 13 യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് രണ്ടാം ഗഡുവായി 325000/- രൂപയും വിതരണം നടത്തിയിട്ടുണ്ട്.

ഗവ.റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ ഫോർ ഗേൾസ്, കാഞ്ഞങ്ങാട്

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക ലക്ഷ്യമാക്കി കാഞ്ഞങ്ങാട് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ ഫോർ ഗേൾസ് പ്രവർത്തിച്ചു വരുന്നു. സ്കൂളിനു സ്വന്തം കെട്ടിട നിർമ്മാണം 2011 ജനുവരിയിലാണ് പൂർത്തിയായത്. ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികളുടെ താമസം, ഭക്ഷണം ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ചെലവുകൾ മുഴുവൻ സർക്കാർ വഹിച്ചു വരുന്നു. 8,9,10 ക്ലാസ്സുകളിലായി മൊത്തം 120 കുട്ടികൾക്കാണ് പ്രവേശനം നൽകുന്നത്. മത്സ്യത്തൊഴിലാളിയുടെ മകളാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം സ്കൂൾ ഹെഡ്മാസ്റ്റർക്ക് അപേക്ഷ നൽകി, സ്കൂൾ വർഷാരംഭത്തിൽ പ്രവേശനം നേടാവുന്നതാണ്. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനു പ്രത്യേക ട്യൂഷൻ, കമ്പ്യൂട്ടർ പഠനം എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. 10-ാം തരത്തിൽ ഇതുവരെ എല്ലാ ബാച്ചിലും മുഴുവൻ കുട്ടികളെയും വിജയിപ്പിച്ച് ഉയർന്ന അക്കാദമിക നിലവാരം പുലർത്തി വരുന്നു.

മത്സ്യബന്ധനയാനം രജിസ്ട്രേഷൻ

കേരളത്തിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ യാനങ്ങളും ഫിഷറീസ് വകുപ്പിനു കീഴിൽ രജിസ്ട്രേഷനും ലൈസൻസും നേടിയിരിക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഇതിലേക്കാവശ്യമായ ഫോറങ്ങൾ കാസറഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നു ശേഖരിച്ച് ശരിയായി പൂരിപ്പിച്ച് നിശ്ചിത ഫീസോടുകൂടി ഫീഷറീസ് ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷനും

ലൈസൻസും ഇല്ലാത്ത എല്ലാ യാനങ്ങളും സർക്കാർ കണ്ടെത്തേണ്ടതാണ്. ജില്ലയിൽ ആകെ 1819 യന്ത്രവത്കൃത വള്ളങ്ങളും 162 യന്ത്രവത്കൃത ബോട്ടുകളും 92 യന്ത്രം ഘടിപ്പിച്ചിട്ടില്ലാത്ത വള്ളങ്ങളും ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മത്സ്യബന്ധനയാനങ്ങൾ രജിസ്റ്റർ ചെയ്യുക വഴി യാനങ്ങൾക്ക് ആധികാരികത കൈവരുന്നതിനും അപകടങ്ങൾ സംഭവിക്കുമ്പോൾ കൃത്യത ഉറപ്പുവരുത്തുന്നതിനും സഹായകരമായിത്തീരുന്നു.

കേരളാതിർത്തിയിലുള്ള കടലിൽ യൂസർഫീ അടക്കാതെ അനധികൃത മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന ബോട്ടുകളും വള്ളങ്ങളും ധാരാളമായി കണ്ടുവരുന്ന അവസ്ഥയുണ്ടായിരുന്നു. മാത്രമല്ല ഒരേ രജിസ്ട്രേഷനിൽ ഒന്നിൽ കൂടുതൽ ബോട്ടുകൾ രണ്ട് സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിരുന്നു. അതിനാൽ ബോട്ടിന്റെ ഹള്ളിന് കടും നീലയും ക്യാബിന് ഓറഞ്ച് നിറവും ഉണ്ടായിരിക്കണം എന്ന് ഫിഷറീസ് വകുപ്പ് കർശനമായി നിർദ്ദേശിച്ചിരിക്കുകയാണ്. കേരളത്തിലുള്ള ബോട്ടുകളെ വേർതിരിച്ചറിയുന്നതിനും അനധികൃത ബോട്ടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ഇതുമൂലം എളുപ്പം സാധിക്കുന്നു.

13-ാം ധനകാര്യ കമ്മീഷൻ- ഭവന പദ്ധതി (വിപുലീകരണം)

13-ാം ധനകാര്യ കമ്മീഷൻ- ഭവന പദ്ധതി (വിപുലീകരണം) പ്രകാരം 2012-13 വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട 60 ഗുണഭോക്താക്കൾക്ക് 200000/- രൂപ വീതം ധനസഹായം വിതരണം ചെയ്തു വരുന്നു.

13-ാം ധനകാര്യ കമ്മീഷൻ- സാനിറ്റേഷൻ

13-ാം ധനകാര്യ കമ്മീഷൻ പ്രകാരം മഞ്ചേശ്വരം, കോട്ടിക്കുളം, അജാനൂർ എന്നീ മത്സ്യഗ്രാമങ്ങളിൽ നടപ്പാക്കുന്ന സാനിറ്റേഷൻ പദ്ധതിയിൽ 344 ഗുണഭോക്താക്കൾക്ക് 20000/- രൂപാ വീതം ധനസഹായം വിതരണം ചെയ്തുവരുന്നു.

മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനർവൈദ്യുതീകരണം

മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനർവൈദ്യുതീകരിച്ച് ഊർജ്ജ സംരക്ഷണം നൽകുന്ന പദ്ധതി. 20000/ രൂപ യൂണിറ്റ് കോസ്റ്റ് പ്രകാരം നടന്നു വരുന്നു.

വിദ്യാതീരം

മത്സ്യത്തൊഴിലാളി കുട്ടികൾക്ക് മെഡിക്കൽ എൻട്രൻസ്, ഐ.എ.എസ്, ബാങ്ക് കോച്ചിംഗ്, പി.എസ്.സി. കോച്ചിംഗ് എന്നിവ നൽകുന്ന പദ്ധതിയാണിത്.

അക്ഷര സാഗരം

നാലാം ക്ലാസ്സ് തുല്യത ഉറപ്പാക്കി തീരദേശ നിവാസികളെ സാക്ഷരരാക്കുന്ന പദ്ധതി. ജില്ലയിലെ തീരദേശ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും നേതൃത്വത്തിൽ ജില്ലാ സാക്ഷരതാ സമിതി മുഖാന്തിരം നടപ്പിലാക്കി.

കരിയർ ഗൈഡൻസ്

പത്താം തരം, പ്ലസ്ടു വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം, തൊഴിൽ സാധ്യതകൾ എന്നിവയെക്കുറിച്ച് അവബോധം നൽകുന്ന പദ്ധതിയാണിത്.

ബോധവൽക്കരണ പരിപാടി

മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചും തീര സുരക്ഷയെ സംബന്ധിച്ചും ബോധവൽക്കരണം നടത്തുന്നു.

മെഡിക്കൽ ക്യാമ്പ്

തീരദേശ മേഖലയിൽ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു വരുന്നു. ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് പദ്ധതി നടപ്പാക്കുന്നു.

മത്സ്യഫെഡ് മുഖാന്തിരം മത്സ്യമേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ

മത്സ്യഫെഡ് കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനായി നിരവധി വികസനക്ഷേമ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. കാസറഗോഡ് ജില്ലയിലെ 24 പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി, അവയിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ വരുമാനവും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്നതിനായി, ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി)

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി) ധനസഹായത്തോടെ മത്സ്യഫെഡ് നടപ്പിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനാവശ്യമായ വള്ളം, ഔട്ട്ബോർഡ് എഞ്ചിൻ, വല, അനുബന്ധ സാമഗ്രികൾ മുതലായവ ന്യായവിലയ്ക്ക് വാങ്ങുന്നതിന് സംഘങ്ങൾ വഴി 25% സബ്സിഡിയോടു കൂടി വായ്പ നൽകുന്നു. ഇതിനു പുറമെ മത്സ്യവിൽപ്പനക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ (ഫിഷ്സ്റ്റാളുകൾ, ഫിഷ് മാർക്കറ്റിംഗ് സെന്ററുകൾ, പ്ലാസ്റ്റിക് ക്രെയിറ്റ്സ്, മോപ്പിഡുകൾ മുതലായവ) പ്രവർത്തന മൂലധനം എന്നിവയ്ക്കും ധനസഹായം നൽകുന്നു. മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരവും ആരോഗ്യപരിപാലനവും മെച്ചപ്പെടുത്താനാവശ്യമായ ബോധവൽക്കരണ പരിപാടികളും പരിശീലന പരിപാടികളും ഈ പദ്ധതി പ്രകാരം സംഘടിപ്പിക്കുന്നു. പ്രാഥമിക സഹകരണ സംഘങ്ങൾ വഴി സംഘാംഗങ്ങളായ മത്സ്യത്തൊ

ഴിലാളികൾക്ക് ഗുണകരമായ വിധത്തിൽ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ കടലോര മത്സ്യലേല സമ്പ്രദായം നടപ്പിലാക്കുന്നതാണ്. ചെയ്യുന്നതാണ് ഈ പദ്ധതിയുടെ നടത്തിപ്പു വിജയത്തിനു നിദാനം.

മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പലിശരഹിത വായ്പ

മത്സ്യക്കച്ചവടം നടത്തുന്ന സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി സംസ്ഥാന ഫിഷറീസ് വകുപ്പ്, സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൺ (സാഫ്), മത്സ്യഫെഡ് എന്നിവയുടെ സഹകരണത്തോടെയാണ് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കുന്നത്. വഴിയോര മത്സ്യമാർക്കറ്റുകൾ, ഫിഷിങ്ങ് ഹാർബറുകൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് മത്സ്യക്കച്ചവടം നടത്തുന്ന എല്ലാ മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും ഇതിലൂടെ പ്രയോജനം ലഭിക്കും.

മത്സ്യ വിപണനത്തിൽ ഏർപ്പെടുന്ന സ്ത്രീകളെ ഗ്രൂപ്പടിസ്ഥാനത്തിൽ സംഘടിപ്പിച്ച് മത്സ്യഫെഡിന്റെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി വായ്പകൾ പലിശ രഹിതമായി വിതരണം ചെയ്യും. ഒരാൾക്ക് 5000 രൂപയാണ് പ്രാഥമിക വായ്പ. 50 ആഴ്ച തവണകളായി ഒരു വർഷം കൊണ്ട് വായ്പ തിരിച്ചടയ്ക്കണം. വായ്പയുടെ പലിശ സർക്കാർ വഹിക്കും. ഈ പദ്ധതി പ്രകാരം ജില്ലയിൽ 3088 മത്സ്യവിപണന തൊഴിലാളികൾക്ക് പലിശരഹിത വായ്പയായി നൽകിയിട്ടുണ്ട്.

കൃത്യമായും പൂർണ്ണമായും തിരിച്ചടക്കുന്ന തൊഴിലാളികൾക്ക് രണ്ടാം ഘട്ടത്തിൽ 10000/- രൂപയും മൂന്നാം ഘട്ടത്തിൽ 15000/- രൂപയും നാലാം ഘട്ടത്തിൽ 20000 രൂപയും വിതരണം ചെയ്യുന്നു. വായ്പ 50 ആഴ്ച തവണകളിലായി ഒരു വർഷം കൊണ്ട് തിരിച്ചടക്കണം.

സ്വയം തൊഴിൽ വായ്പാ പദ്ധതികൾ

ദേശീയ പിന്നോക്ക സമുദായ ധനകാര്യവികസന കോർപ്പറേഷൻ പദ്ധതി (എൻ.ബി.സി.എഫ്.ഡി.സി)

ദേശീയ പിന്നോക്ക സമുദായ ധനകാര്യവികസന കോർപ്പറേഷന്റെ (എൻ.ബി.സി.എഫ്.ഡി.സി) ധനസഹായത്തോടു കൂടി മത്സ്യത്തൊഴിലാളികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ വായ്പകൾ 4% മുതൽ 6% വരെ പലിശ നിരക്കിൽ നൽകുന്നു. ജില്ലയിൽ മത്സ്യ വിപണനം, മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങൽ (വള്ളം, വല, എഞ്ചിൻ), ടൈലറിംഗ് യൂണിറ്റ്, ബ്യൂട്ടി പാർലർ, വർക്ക്ഷോപ്പ്, ഉണക്കമത്സ്യ ഉൽപ്പാദന യൂണിറ്റ് തുടങ്ങിയ തൊഴിൽ സംരംഭങ്ങൾക്ക് വായ്പ നൽകുന്നുണ്ട്. ഈ പദ്ധതിയുടെ കീഴിൽ ജനറൽ ലോൺ സ്കീം, വനിതകൾക്കായുള്ള ന്യൂസ്വർണ്ണിമ സ്കീം, വിദ്യാഭ്യാസവായ്പാ പദ്ധതി, മൈക്രോ ഫിനാൻസ് പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു.

i. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷൻ പദ്ധതി (എൻ.എം.ഡി.എഫ്.സി)

ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ പദ്ധതി (എൻ.എം.ഡി.എഫ്.സി) ധനസഹായത്തോടു കൂടി ന്യൂനപക്ഷസമുദായത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി 6% പലിശ നിരക്കിൽ വായ്പ നൽകിവരുന്നു.

എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി മൈക്രോ ഫിനാൻസ് പദ്ധതി

മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലെ സ്വയംസഹായ ഗ്രൂപ്പുകളിലെ (എസ്.എച്ച്.ജി) അംഗങ്ങൾക്ക് വായ്പ നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ഗ്രൂപ്പിലെ ഓരോ അംഗത്തിനും 6% പലിശ നിരക്കിൽ 10,000/- രൂപ മുതൽ 25,000/- രൂപ വരെ വീതം അനുവദിക്കും. പാവപ്പെട്ടവരെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിനുള്ള ഫലപ്രദമായ പദ്ധതിയാണിത്.

മൈക്രോ ഫിനാൻസ് ഊന്നൽ നൽകുന്ന മേഖലകളും ഉദ്ദേശ്യങ്ങളും

- ഏറ്റവും പാവപ്പെട്ടവരിൽ ധനസഹായം എത്തുക
- സ്ത്രീ ശാക്തീകരണം
- സാമ്പത്തിക സ്വാശ്രയത്വം
- അംഗങ്ങളുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുക

മൈക്രോ ഫിനാൻസ് സവിശേഷതകൾ

- പാവപ്പെട്ടവരിൽ പാവപ്പെട്ടവരെ ലക്ഷ്യമാക്കുക.
- പാവപ്പെട്ടവരെ കൂട്ടായ പ്രവർത്തനങ്ങൾക്കായി സംഘടിപ്പിക്കുക.
- അംഗങ്ങളിൽ സമ്പാദ്യശീലം വളർത്തുക
- ഹ്രസ്വകാല വായ്പകളുടെ വേഗത്തിലുള്ള വിതരണം.
- ജാമ്യം ഇല്ലാത്ത വായ്പകൾ
- ആവശ്യാധിഷ്ഠിതമായ പലിശ നിരക്ക്
- പങ്കാളിത്തമുള്ള വായ്പാ വിഭജനം
- പ്രവർത്തനങ്ങളിലെ സ്വതന്ത്രത
- സാമൂഹികവും ധാർമ്മികവുമായ സമ്മർദ്ദം വഴി കുടിശ്ശിക ഇല്ലാതാക്കുക
- പാവപ്പെട്ടവർക്ക് സാമ്പത്തിക സാമൂഹിക സഹായങ്ങൾക്കുള്ള പാക്കേജ്.

ക്ഷേമ പ്രവർത്തനങ്ങൾ

മത്സ്യത്തൊഴിലാളിവ്യക്തിഗത അപകട ഇൻഷൂറൻസ് പദ്ധതി

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികളിൽ നിന്ന് ചെറിയൊരു വാർഷിക ഇൻഷൂറൻസ് പ്രീമിയം വാങ്ങി, മത്സ്യഫെഡ് നടപ്പിലാക്കി വരുന്ന

ഇൻഷൂറൻസ് പദ്ധതിയാണിത്. 2017-18 വർഷത്തെ പ്രീമിയം തുക ഒരാൾക്ക് 172 രൂപയാണ്. ഈ പദ്ധതി പ്രകാരം അപകട മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് 500000 രൂപ ധനസഹായം ലഭിക്കുന്നു. കൂടാതെ മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസാവശ്യത്തിന് 5000/- രൂപയും മരണാനന്തര ചെലവുകൾക്ക് 2500 രൂപയും നൽകുന്നു.

മത്സ്യഫെഡ് ഇൻപുട്ട് ഇൻഷുറൻസ് പദ്ധതി

പ്രകൃതിക്ഷോഭം മൂലമോ മറ്റ് അപകടങ്ങൾ മൂലമോ, വായ്പ എടുത്ത മത്സ്യബന്ധന ഉപകരണങ്ങൾ (വള്ളം, ഔട്ട്ബോർഡ് മോട്ടോറുകൾ) നഷ്ടപ്പെടുകയോ കേടുപാടു സംഭവിക്കുകയോ ചെയ്താൽ അതിന് ആനുപാതികമായി നഷ്ടപരിഹാരം നൽകുന്ന പദ്ധതിയാണിത്. ഇതിന് അർഹത നേടേണ്ടവർ ഉപകരണത്തിന്റെ വിലയുടെ 2% തുക പ്രീമിയമായി അടക്കേണ്ടതായിട്ടുണ്ട്. ഇൻഷൂറൻസ് കാലാവധി 3 വർഷത്തേക്കാണ്.

മോട്ടോറൈസേഷൻ സബ്സിഡി/ ബാങ്കബിൾ പദ്ധതി

മത്സ്യബന്ധനത്തിനാവശ്യമായി മത്സ്യഫെഡ് വ്യാസസ്റ്റോറിൽ നിന്ന് വാങ്ങുന്ന 8, 10 എച്ച്.പി.എഞ്ചിനുകൾക്ക് 30000 രൂപ സബ്സിഡിയായി അനുവദിക്കുന്ന പദ്ധതിയാണിത്. ബാങ്ക് വായ്പയെടുത്താണ് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതെങ്കിൽ വായ്പയുടെ 25% അല്ലെങ്കിൽ 15000 രൂപ ഏതാണ് കുറവ് അത്രയും തുക സബ്സിഡിയായി ലഭിക്കുന്നു.

ബാങ്കബിൾ സബ്സിഡി

വ്യാസസ്റ്റോറിൽ നിന്നും എഞ്ചിനോ വലയോ ബാങ്ക്/ ധനകാര്യ സ്ഥാപനങ്ങൾ/ സഹകരണ സംഘങ്ങൾ മുഖാന്തിരം വായ്പയെടുത്ത് വാങ്ങുന്നതിന് മത്സ്യഫെഡിൽ നിന്നും അനുവദിക്കുന്ന തുകയാണിത്. ഒരു യൂണിറ്റിന് പരമാവധി 40000 രൂപയോ അല്ലെങ്കിൽ വായ്പ തുകയുടെ 25% മോ സബ്സിഡി നിജപ്പെടുത്തിയിരിക്കുന്നു. 10 എച്ച്.പി വരെയുള്ള ഔട്ട്ബോർഡ് മോട്ടോറുകൾക്ക് പരമാവധി 15000 രൂപയും 10 എച്ച്.പിക്ക് മുകളിലുള്ള ഔട്ട് ബോർഡ് മോട്ടോറുകൾക്ക് വായ്പ തുകയുടെ 25% മോ അല്ലെങ്കിൽ 40000 രൂപയോ ഏതാണ് കുറവ് അതും സബ്സിഡിയായി ലഭിക്കുന്നു.

ഗിയർ സബ്സിഡി

10 എച്ച്.പി. യോ അതിൽ താഴെയോ ഉള്ള എഞ്ചിനുകൾ ഘടിപ്പിച്ച വള്ളത്തിൽ മത്സ്യ ബന്ധനത്തിന് പോകുന്ന തൊഴിലാളികൾക്ക് മത്സ്യഫെഡ് വ്യാസ സ്റ്റോറിൽനിന്നും വാങ്ങുന്ന വലയുടെ തുകയിൽ 10000 രൂപവരെ സബ്സിഡിയായി അനുവദിക്കുന്നു.

വ്യാസ സ്റ്റോർ, മണ്ണെണ്ണ ബങ്ക്, ഡീസൽ ബങ്ക്

മത്സ്യബന്ധന ഉപകരണങ്ങളുടെ വില്പനയ്ക്കായി കാസറഗോഡ് ജില്ലാ ഓഫീസ് കേന്ദ്രീകരിച്ച് വ്യാസ സ്റ്റോർ സ്ഥിതി ചെയ്യുന്നു. മത്സ്യത്തൊഴിലാളികൾക്കാവശ്യമായ വിവിധയിനം വലകൾ, ഫ്ളോട്ടുകൾ, സുസുക്കി - യമഹ ഔട്ട് ബോർഡ് എഞ്ചിനുകൾ, 2 ടി ഓയിൽ, ഇൻസുലേറ്റഡ് ബോക്സ് തുടങ്ങിയവ വ്യാസസ്റ്റോർ മുഖേന വിപണനം ചെയ്യുന്നു.

വെള്ളമണ്ണെണ്ണ സബ്സിഡിയോടു കൂടി പെർമിറ്റ് ഉടമകളായ മത്സ്യത്തൊഴിലാളികൾക്ക് കാസറഗോഡ് കസബ ബീച്ചിൽ സ്ഥിതി ചെയ്യുന്ന മണ്ണെണ്ണ ബങ്കിലൂടെ വിതരണം ചെയ്തു വരുന്നു. അതു പോലെ ചെറുവത്തൂർ മടക്കര കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഡീസൽ ബങ്കിൽ നിന്നും ജില്ലയിലെ ഫിഷിംഗ് ബോട്ടുകൾക്ക് ആവശ്യമായ ഡീസൽ വിപണനം നടത്തി വരുന്നു.

മത്സ്യഫെഡിന് കീഴിലെ 24 സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് തൃക്കരിപ്പൂർ, കാഞ്ഞങ്ങാട്, കാസറഗോഡ്. കുമ്പള എന്നിവിടങ്ങളിൽ ക്ലസ്റ്റർ പ്രോജക്ട് ഓഫീസർമാർ പ്രവർത്തിച്ചു വരുന്നു. മത്സ്യ ഫെഡിന്റെ ജില്ലാ ഓഫീസ് പ്രവർത്തിക്കുന്നത് കാസറഗോഡ് കസബ ബീച്ചിലാണ്.

പട്ടിക 4.1.3.55: കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പാക്കിവരുന്ന അനുബന്ധ മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ

ക്രമ നം.	പദ്ധതിയുടെ പേര്	തുക	അപേക്ഷയുടെ കൂടെ ഉള്ളടക്കം	കാലാവധി
1.	അപകട ഇൻഷൂറൻസ് (മരണം)	5 ലക്ഷം രൂപ 5000 രൂപവീതം 2 കുട്ടികളുടെ പഠനച്ചെലവ് 2000 രൂപ ആംബുലൻസ് ബിൽ ആകെ 512000 രൂപ	1. മത്സ്യത്തൊഴിലാളി പാസ്സ്ബുക്കിന്റെ പകർപ്പ് 2. എഫ്.ഐ.ആർ 3. ഇൻക്വസ്റ്റ്റിപ്പോർട്ട് 4. പോസ്റ്റമോർട്ടം റിപ്പോർട്ട് 5. മരണ സർട്ടിഫിക്കറ്റ് 6. ആംബുലൻസ് ബിൽ (ഉണ്ടെങ്കിൽ) 7. 21 വയസ്സിൽ താഴെയുള്ള പഠിക്കുന്ന കുട്ടികൾ ഉണ്ടെങ്കിൽ സകൂൾ സർട്ടിഫിക്കറ്റ്	

2.	അപകടം മൂലം കാണാതായാൽ	5 ലക്ഷം രൂപ	1. പോലീസ്സ്റ്റേഷനിൽ നിന്നുള്ള റിപ്പോർട്ട് 2. ഇൻഡംനിറ്റി ബോണ്ട് 3. മാർഗ്ഗരേഖ പ്രകാരമുള്ള അവകാശികളുടെ സത്യപ്രസതാവന 4. മത്സ്യത്തൊഴിലാളി പാസ്സ്ബുക്കിന്റെ പകർപ്പ്	
3.	സ്ഥിരവും പൂർണ്ണവുമായ അവശത	5 ലക്ഷം രൂപ	1. ആശുപത്രിയിലെ കേസ് സർട്ടിഫിക്കറ്റ് 2. നിശ്ചിത ഫോറത്തിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ് 3. മത്സ്യത്തൊഴിലാളി പാസ്സ്ബുക്കിന്റെ പകർപ്പ്	
4.	സ്ഥിരവും ഭാഗികവുമായ അവശത	2 1/2 ലക്ഷം രൂപ	1. മെഡിക്കൽ ബോർഡിന്റെ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് 2. നിശ്ചിത ഫോറത്തിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ് 3. മത്സ്യത്തൊഴിലാളി പാസ്സ്ബുക്കിന്റെ പകർപ്പ്	
5.	ആശുപത്രി ചികിത്സ	25000 രൂപ	1. മത്സ്യത്തൊഴിലാളി പാസ്സ്ബുക്കിന്റെ പകർപ്പ് 2. വാങ്ങിയ മരുന്നുകളുടെയും ആശുപത്രി ചെലവുകളുടെയും യഥാർത്ഥ ബില്ലുകൾ. (ബില്ലിനു പുറത്ത്, ചികിത്സിച്ച ഡോക്ടറുടെ ഒപ്പും സീലും വേണം) 3. പരിക്കിന്റെയും ചികിത്സയുടെയും വിവരങ്ങൾ അടങ്ങിയ ഡിസചാർജ്ജ് സമ്മറി.	
6.	വാർദ്ധക്യകാല പെൻഷൻ	1100 രൂപ	കുറഞ്ഞത് 5 വർഷമെങ്കിലും മത്സ്യത്തൊഴിലാളിയായി ജോലി ചെയ്തിരിക്കണം. 60 വയസ്സ് പൂർത്തിയാവണം. അപേക്ഷയുടെ കൂടെ ഹാജരാക്കേണ്ട രേഖകൾ-വയസ്സ് തെളിയിക്കുന്ന രേഖ, മത്സ്യത്തൊഴിലാളി പാസ്സ്ബുക്കിന്റെ പകർപ്പ്, മറ്റു സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ ഒന്നും ലഭിക്കുന്നില്ല എന്ന പഞ്ചായത്ത്/ മുൻസിപ്പാലിറ്റി സെക്രട്ടറിയുടെ സാക്ഷ്യപത്രം, ബാങ്ക്പാസ്സ് ബുക്കിന്റെ പകർപ്പ്, ആധാർ കാർഡിന്റെ കോപ്പി	
7.	രോഗചികിത്സാധനസഹായം (ഹൃദ്രോഗം, കാൻസർ, വൃക്കരോഗം)	50000 രൂപ	1. 23 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ള മത്സ്യത്തൊഴിലാളിയായിരിക്കണം. 2. ആദ്യ വിഹിതമടച്ച് 2 വർഷം പൂർത്തിയായിരിക്കണം. **ആവശ്യമായ രേഖകൾ** i. മത്സ്യത്തൊഴിലാളിപാസ്സ് ബുക്കിന്റെ പകർപ്പ്. ii. വരുമാന സർട്ടിഫിക്കറ്റ് 15,000/- രൂപയിൽ കൂടുതലാവരുത് (ബി.പി.എൽആണെങ്കിൽ റേഷൻകാർഡിന്റെ പകർപ്പ് മതി) iii. മെഡിക്കൽ സർട്ടിഫിക്കറ്റ് iv. വയസ്സ് തെളിയിക്കുന്ന രേഖ v. ചികിത്സ സ്വകാര്യ ആശുപത്രിയിലാണെങ്കിൽ ഒരു സർക്കാർ ഡോക്ടറുടെ റഫറൽ കത്ത് vi. മെഡിക്കൽ ബില്ലുകൾ (ഒറിജിനൽ ബില്ലിനു പുറത്ത് ഡോക്ടറുടെ ഒപ്പും സീലും. vii. സർക്കാര ഹോസ്പ്പിറ്റലിലാണെങ്കിൽ ഒരു സർക്കാർ ഡോക്ടറുടെ റഫറൽ കത്ത് viii. മെഡിക്കൽ ബില്ലുകൾ ഒറിജിനൽ ബില്ലിനു പുറത്ത് ഡോക്ടറുടെ ഒപ്പും സീലും വേണം.	

8.	തളർവാതം	12000 രൂപ	തളർവാതത്തിനു മാത്രം കോട്ടക്കൽ ആര്യ വൈദ്യശാല	
9.	മാനസിക രോഗം	10000 രൂപ		
10.	ഗർഭാശയ സംബന്ധമായ രോഗം	5000 രൂപ		
11.	അനുബന്ധ മത്സ്യത്തൊഴിലാളി മരണം	15,000 രൂപ	അനുബന്ധ മത്സ്യത്തൊഴിലാളിയുടെ മരണത്തെ തുടർന്ന് ആശ്രിതർക്ക് നൽകുന്ന ധനസഹായം **ആവശ്യമായ രേഖകൾ** 1. മരണ സർട്ടിഫിക്കറ്റ് 2. ആശ്രിതനാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് / രേഖ 3. മത്സ്യത്തൊഴിലാളി പാസ്സ് ബുക്കിന്റെ പകർപ്പ്.	മരണം നടന്ന് 3 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണം.
12.	അനുബന്ധ മത്സ്യത്തൊഴിലാളിയുടെ മകളുടെ വിവാഹം	10,000 രൂപ	മത്സ്യത്തൊഴിലാളി പാസ്സ്ബുക്കിൽ ആദ്യ വിഹിതം അടച്ച് 3 വർഷമെങ്കിലും പൂർത്തിയായിരിക്കണം. ഹാജരാക്കേണ്ട രേഖകൾ 1. അപേക്ഷ 2. വരുമാന സർട്ടിഫിക്കറ്റ്- വാർഷിക വരുമാനം 12000 രൂപയിൽ കവിയരുത് (ബി.പി.എൽ. ആണെങ്കിൽ റേഷൻകാർഡിന്റെ പകർപ്പ്) 3. മത്സ്യത്തൊഴിലാളി പാസ്സ്ബുക്കിന്റെ പകർപ്പ് 4. വധുവിന്റെ വയസ്സ്തെളിയിക്കുന്ന രേഖ 5. വിവാഹ സർട്ടിഫിക്കറ്റ്	വിവാഹം നടന്ന് ഒരു മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണം.
13.	പ്രസവ ശുശ്രൂഷാ സഹായം	750 രൂപ	ആദ്യത്തെ പ്രസവത്തിന് ഹാജരാക്കേണ്ട രേഖകൾ 1. അപേക്ഷ 2. മത്സ്യത്തൊഴിലാളിപാസ്സ് ബുക്കിന്റെ പകർപ്പ്. 3. ചികിത്സിച്ച ഡോക്ടറിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്. 4. ഭാര്യയുടെ വയസ്സ് തെളിയിക്കുന്ന രേഖ 5. അപേക്ഷകന്റെ വിവാഹ സർട്ടിഫിക്കറ്റ്	പ്രസവം നടന്ന് 8 ആഴചയ്ക്കുള്ളിൽ അപേക്ഷ സമർപ്പിക്കണം.
14.	കുടുംബ സംവിധാന പദ്ധതി	500 രൂപ	വന്ധ്യംകരണശസ്ത്രക്രിയക്ക് വിധേയരാകുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും പുരുഷന്മാർക്കും നൽകുന്ന സാമ്പത്തിക സഹായം ഹാജരാക്കേണ്ട രേഖകൾ 1. അപേക്ഷ 2. മത്സ്യത്തൊഴിലാളി പാസ്സ് ബുക്കിന്റെ പകർപ്പ്. 3. ശസ്ത്രക്രിയ നടത്തിയ അംഗീകൃത സർക്കാർ ഡോക്ടറിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്.	ശസ്ത്രക്രിയ നടന്ന് 60 ദിവസത്തിനകം അപേക്ഷ സമർപ്പിക്കണം.
15	എസ്.എസ്.എൽ.സി/പ്ലസ്ടു -വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി	10 A+ = 5000 9 A+ = 4000 8 A+ = 3000	വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഹാജരാക്കണം. 1. വിദ്യാർത്ഥിയുടെ എസ്.എസ്.എൽ.സി./ പ്ലസ്ടു/ വി.എച്ച്.എസ്.സി സർട്ടിഫിക്കറ്റിന്റെ പകർപ്പ് 2. മത്സ്യത്തൊഴിലാളി പാസ്സ് ബുക്കിന്റെ പകർപ്പ്	
	പ്ലസ്ടു/വി.എച്ച്.എസ്സ്.സി എല്ലാ വിഷയങ്ങൾക്കും A+	5,000 രൂപ		

	ഗവ. ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കുന്നവർക്ക് പാരിതോഷികം	3000 രൂപ		
16	ചെയർമാൻ ദുരിതാശ്വാസ നിധി	500 രൂപ മുതൽ 5000 രൂപ വരെ	തീപിടുത്തം, പ്രകൃതിക്ഷോഭം തുടങ്ങിയ കാരണങ്ങളാൽ വീടിനും വീട്ടുപകരണങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിക്കുക, അഭയാർത്ഥി ക്യാമ്പുകളിൽ പ്രവേശിക്കപ്പെടുക, പാമ്പ്, ഭ്രാന്തൻ നായ എന്നിവയുടെ കടിയേൽക്കുക, തീപ്പൊള്ളലേൽക്കുക, ഇലട്രിക്ക് ഷോക്കേറ്റ് അടിയന്തിര ചികിത്സ വേണ്ടി വരിക തുടങ്ങി കുടുംബത്തിന് ദുരിതമുണ്ടാക്കുന്ന അവസരങ്ങളിൽ സാഹചര്യത്തിന്റെ ഗൗരവമനുസരിച്ച് ധനസഹായം അനുവദിക്കുന്നു.	
17	തണൽ പദ്ധതി	1350 രൂപ	ഹാജരാക്കേണ്ട രേഖകൾ 1. മത്സ്യത്തൊഴിലാളി പാസ്സ്ബുക്കിന്റെ പകർപ്പ്. 2. ബേങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ്.	

മത്സ്യമേഖല നേരിടുന്ന പ്രശ്നങ്ങൾ

- ജില്ലയിൽ മത്സ്യ വിപണനം നടത്താൻ പര്യാപ്തമായ മാർക്കറ്റുകൾ താരതമ്യേന കുറവാണ്. നിലവിലുള്ള മാർക്കറ്റുകളുടെ അവസ്ഥ ശോചനീയമാണ്. ആധുനിക ശീതീകരണികളുള്ള ഫിഷ് ബൂത്തുകൾ, ശേഖരണ/സംസ്ക്കരണ യൂണിറ്റുകൾ, ആവശ്യമായ ഡ്രെയിനേജുകൾ എന്നീ സൗകര്യങ്ങളുള്ള സുസജ്ജമായ മാർക്കറ്റുകൾ സ്ഥാപിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുൻകൈയെടുക്കേണ്ടതുണ്ട്. മാർക്കറ്റുകളുടെ നിലവാരക്കുറവ് വിപണന രംഗത്തെ ഇടത്തരക്കാരുടെ ചൂഷണം വർദ്ധിപ്പിക്കാൻ ഇടയാക്കുന്നു.
- ആവശ്യമായ മത്സ്യബന്ധന ഉപകരണങ്ങൾ യഥാസമയം ലഭ്യമാക്കാൻ ജില്ലയിൽ ബന്ധപ്പെട്ട സ്റ്റോറുകളുടെ അപര്യാപ്തതയും. അതുപോലെ മത്സ്യബന്ധന ബോട്ടുകൾ റിപ്പയർ ചെയ്യാനുള്ള റിപ്പയർ സെന്ററുകളുടെ കുറവും പ്രധാനമാണ്.
- ജില്ലയുടെകിഴക്കൻപ്രദേശങ്ങളിൽ എസ്റ്റേറ്റുകളും അതിനോടനുബന്ധിച്ച് കുളങ്ങളും ധാരാളമാണ്. കുളങ്ങളിൽ ഭൂരിഭാഗവും ജലസേചനത്തിനു വേണ്ടി നിർമ്മിച്ചയാണ്. ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളെയും മേൽ കുളങ്ങൾ ഏറ്റെടുത്ത് വൃത്തിയാക്കി മത്സ്യകൃഷി നടത്താൻ ജനങ്ങൾ മുന്നോട്ട് വരുന്നില്ല എന്നത് പ്രധാന പ്രശ്നമാണ്.
- ഓരോ വർഷവും മത്സ്യകൃഷിക്ക് മീൻകുഞ്ഞുങ്ങളെ ദൂരസ്ഥലത്തുനിന്നും കൊണ്ടുവാരാനുള്ള ബുദ്ധിമുട്ടുകൾ വലുതാണ്. ജില്ലയിൽ പൊതുമേഖലയിലോ, സ്വകാര്യമേഖലയിലോ ഹാച്ചറികൾ നിലവിലില്ല.
- ആധുനിക ശീതീകരണ സജ്ജീകരണങ്ങളോടെയുള്ള വ്യവസായ സംസ്കരണശാല (സീ ഫുഡ് പ്രൊസസിംഗ്) ജില്ലയിലില്ല. അതിനാൽ ജില്ലയിലെ മത്സ്യസമ്പത്ത് സംസ്കരിച്ച് വിദേശങ്ങളിലേക്ക് കയറ്റി അയക്കുന്നതിനും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും പ്രയാസ നേരിടുന്നു.
- മത്സ്യത്തൊഴിലാളികൾ തിങ്ങി പാർക്കുന്ന തീരപ്രദേശത്ത് ആധുനിക ചികിത്സാ സൗകര്യങ്ങൾ താരതമ്യേന കുറവാണ്.
- മത്സ്യം സംഭരിക്കുന്നതിനും കേടുപാടുകൾ കൂടാതെ ദീർഘനേരം സൂക്ഷിക്കുന്നതിനും, ആവശ്യാനുസരണം ഐസ് ലഭ്യത ഉറപ്പ് വരുത്തേണ്ടതുണ്ട്.
- മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരദേശത്ത് ആവശ്യത്തിന് ബസ് സർവ്വീസിന്റെ അഭാവമുണ്ട്.
- ഫിഷറീസ് കോളനികളിൽ അടിസ്ഥാന സൗകര്യ വികസനത്തിലെ ശോചനീയാവസ്ഥ പ്രധാന പ്രശ്നമാണ്.
- ആധുനിക സൗകര്യങ്ങളോടുകൂടിയ ഫിഷിംഗ് ഹാർബറുകളുടെ അഭാവം. നിലവിലുള്ള ഫിഷിംഗ് ഹാർബറുകളിൽ ശാസ്ത്രീയ മാർക്കറ്റിംഗ് സംവിധാനങ്ങളുടെ അപര്യാപ്തത, ഹാർബറിൽ എത്തിച്ചേരുന്നവർക്ക് അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, താമസ സൗകര്യം എന്നിവയുടെ അഭാവം പ്രകടമാണ്.

- ലാന്റിംഗ് സെന്ററുകളിലേക്കുള്ള ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത.
- ഹാർബർ - ലാന്റിംഗ് സെന്ററുകൾ-മാർക്കറ്റുകൾ എന്നിവിടങ്ങളിൽ ഇടനിലക്കാരുടെ (ഏജന്റ്) ഇടപെടലുകൾ വളരെ കൂടുതലാണ്. ആയതിനാൽ യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്ക് ന്യായവില ലഭിക്കുന്നില്ല.
- തീരദേശത്തെയും കടലിനെയും വേണ്ട രീതിയിൽ പരിപാലിക്കാത്തത്, മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയെ തകർക്കുന്ന രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, ലീഗൽ സൈസിൽ കുറഞ്ഞ വലിപ്പത്തിലുള്ള മത്സ്യക്കുഞ്ഞുങ്ങളെ പിടിച്ചെടുക്കുന്നത്, നിയമാനുസൃതമല്ലാത്ത രീതിയിൽ മത്സ്യബന്ധനം നടത്തുന്നത് തുടങ്ങിയവ ഗൗരവാർഹമായ പ്രശ്നങ്ങളാണ്.

വികസന നയം

ജില്ലയിലെ തീരദേശ തദ്ദേശഭരണസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മത്സ്യബന്ധന മേഖലയിൽ വൻ സാധ്യതകളുണ്ട്. മത്സ്യസമ്പത്ത് ശാസ്ത്രീയമായി പിടിച്ചെടുക്കാനും മത്സ്യകൃഷി ഫലപ്രദമായ രീതികളിൽ നടത്താനും ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. വിപുലമായ കടലോരത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി പരമാവധി മത്സ്യബന്ധന മേഖലയിലും അനുബന്ധമേഖലകളിലും വികസനം പ്രാപ്യമാക്കണം. ഉൾനാടൻ ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ശുദ്ധജല മത്സ്യകൃഷി വ്യാപകമായി ചെയ്യുവാനുള്ള സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തണം. തീരദേശ പഞ്ചായത്തുകളിൽ ഓരുജല ചെമ്മീൻകൃഷി, കല്ലുമ്മക്കായ കൃഷി, ഞണ്ട് കൃഷി മുതലായവ വിപുലപ്പെടുത്തണം. മത്സ്യബന്ധന മേഖലയിലെ മുഴുവൻ തൊഴിലാളികളെയും പുരോഗതിയിലെക്ക് നയിക്കുവാൻ പര്യാപ്തമായ വിഭവങ്ങളും സാധ്യതകളും കണ്ടെത്തി പ്രയോജനപ്പെടുത്തൽ പ്രധാനമാണ്. മത്സ്യ ബന്ധനം, മത്സ്യം കരയ്ക്കടുപ്പിക്കൽ, മത്സ്യവിപണനം, മത്സ്യസംസ്ക്കരണം (കേടുകൂടാതെ സൂക്ഷിക്കൽ), മത്സ്യ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ, മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വീട് നിർമ്മാണം, ശൗചാലയം, കുടിവെള്ള സൗകര്യം മുതലായവ ഏർപ്പെടുത്തൽ, ചെമ്മീൻ കൃഷി, ശുദ്ധജല മത്സ്യകൃഷി മുതലായ മേഖലകളിൽ വൻ മുന്നേറ്റം നടത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തണം. മത്സ്യക്കുഞ്ഞുങ്ങളെയും ചെമ്മീൻ കുഞ്ഞുങ്ങളെയും ഉല്പാദിപ്പിക്കുവാൻ ഹാച്ചറികളും വിത്ത് പരിപാലന കേന്ദ്രങ്ങളും അനിവാര്യമാണ്.

മത്സ്യമേഖല - അനുബന്ധ തൊഴിലുകൾ

ഒ.ബി.എം. റിപ്പയറിംഗ് വർക്ക്ഷോപ്പുകൾ

ജില്ലയിലെ മത്സ്യബന്ധനമേഖലയിൽ പെർമിറ്റ് അനുവദിച്ചിട്ടുള്ള 936 ഔട്ട് ബോർഡ് എഞ്ചിനുകളും 300 ഓളം പെർമിറ്റ് ലഭിക്കാത്ത എഞ്ചിനുകളും പ്രവർത്തിച്ചുവരുന്നു. ഇവയുടെ സമയബന്ധിതമായ റിപ്പയർ വർക്ക് ചെയ്യുന്നതിന് പ്രാവീണ്യമുള്ള മെക്കാനിക്കുകൾ ജില്ലയിൽ വളരെ കുറവാണ്. ആയതിനാൽ ഒ.ബി.എം റിപ്പയറിനുള്ള പരിശീലന കേന്ദ്രമൊരുക്കി മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാസമ്പന്നരായ വ്യക്തികൾക്ക് തൊഴിലവസരം സൃഷ്ടിക്കുവാൻ കഴിയും. ജില്ലയിൽ നിലവിൽ കുമ്പള ആരിക്കാടി, കാസറഗോഡ് കസബ ബീച്ച് (മത്സ്യഫെഡ്) കോട്ടിക്കുളം തൃക്കണ്ണാട് കടപ്പുറം, പള്ളിക്കര ബീച്ച്, കാഞ്ഞങ്ങാട് മീനാപ്പീസ്, തൈക്കടപ്പുറം സ്റ്റോർ, അഴിത്തല എന്നിവിടങ്ങളിൽ മാത്രമാണ് ഒ.ബി.എം വർക്ക്ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നത്. പരിശീലനം ലഭിച്ച മെക്കാനിക്കുകളെ ലഭിച്ചാൽ മറ്റ് മത്സ്യഗ്രാമങ്ങളിലും ഒ.ബി.എം. വർക്ക്ഷോപ്പുകൾ ആരംഭിക്കാവുന്നതാണ്.

ഐസ് പ്ലാന്റ്

ജില്ലയിൽ മത്സ്യഫെഡിന്റെ കീഴിൽ ഒന്നും സ്വകാര്യ മേഖലയിൽ പന്ത്രണ്ടും ഐസ് പ്ലാന്റുകൾ പ്രവർത്തിച്ചു വരുന്നു. മത്സ്യോത്പാദനത്തിന്റെ ഏറ്റക്കുറച്ചിൽ ഐസ് പ്ലാന്റുകളുടെ നിലനിൽപ്പിനെ ബാധിക്കുന്നുണ്ടെങ്കിലും ഫിഷിംഗ് സീസണുകളിൽ പ്ലാന്റുകൾ മുഴുവൻ സമയവും പ്രവർത്തിച്ചുവരുന്നുണ്ട്.

ജില്ലയിലെ ഐസ് പ്ലാന്റുകളുടെ പട്ടിക	കപ്പാസിറ്റി
• ഗണേശ്കൃപ ഐസ് പ്ലാന്റ്, കുഞ്ചത്തൂർ, തലപ്പാടി	- 70 ടൺ
• പ്രിൻസ് ഐസ് പ്ലാന്റ്, വിദ്യാനഗർ, കാസറഗോഡ്	- 20 ടൺ
• മത്സ്യഫെഡ് ഐസ് പ്ലാന്റ്, കസബ ബീച്ച്, കാസറഗോഡ്	- 10 ടൺ
• എ.വി.എ ഐസ് പ്ലാന്റ്, ചേരങ്കൈ, കാസറഗോഡ്	- 20 ടൺ
• പള്ളിക്കര ഐസ് പ്ലാന്റ്, പള്ളിക്കര ബീച്ച്	- 12 ടൺ
• കാഞ്ഞങ്ങാട് ഐസ് പ്ലാന്റ്, മീനാപ്പീസ്, കാഞ്ഞങ്ങാട്	- 24 ടൺ
• റഹ്മത്ത് ഐസ് പ്ലാന്റ്, മീനാപ്പീസ്, കാഞ്ഞങ്ങാട്	- 12 ടൺ
• മറൈനർ ഐസ് പ്ലാന്റ്, മീനാപ്പീസ്, കാഞ്ഞങ്ങാട്	- 18 ടൺ
• ക്വാളിറ്റി ഐസ് പ്ലാന്റ്, സ്റ്റോർ ജംഗ്ഷൻ, തൈക്കടപ്പുറം	- 20 ടൺ
• ബ്രദേഴ്സ് ഐസ് പ്ലാന്റ്, ബോട്ടുജെട്ടി, അഴിത്തല	- 20 ടൺ
• നാഷണൽ ഐസ് പ്ലാന്റ്, ചെറുവത്തൂർ	- 15 ടൺ
• കാടങ്കോട് ഐസ് പ്ലാന്റ്, കാടങ്കോട്, ചെറുവത്തൂർ	- 12 ടൺ
• മടക്കര ഐസ് പ്ലാന്റ്, ഫിഷിംഗ് ഹാർബർ, മടക്കര	- 22 ടൺ

ബോട്ട് ബിൽഡിംഗ്/റിപ്പയറിംഗ് യാർഡുകൾ

ജില്ലയിൽ യന്ത്രവൽകൃത ബോട്ടുകൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് പടന്ന ഓരിയിലും ബോട്ടുകളുടെ അറ്റകുറ്റ പണി നടത്തുന്നതിനുള്ള റിപ്പയറിംഗ് യാർഡ് മടക്കര ഓൾഡ് ഫിഷിംഗ് ഹാർബർ പരിസരത്തും സ്ഥിതി ചെയ്യുന്നു. എന്നാൽ ജില്ലയിലെ മത്സ്യമേഖലയിൽ ധാരാളമായി ഉപയോഗിക്കുന്ന ഫൈബർ വള്ളങ്ങളുടെ നിർമ്മാണത്തിനുള്ള ഒരു യൂണിറ്റും പ്രവർത്തിക്കുന്നില്ല.

വ്യാസ സ്റ്റോറുകൾ

ജില്ലയിൽ മത്സ്യഫെഡിന്റെ കീഴിൽ കാസറഗോഡ് കസബ ബീച്ചിൽ മത്സ്യബന്ധന വലകളും അനുബന്ധ സാമഗ്രികളും വില്പന നടത്തുന്ന വ്യാസ സ്റ്റോർ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഷിറിയ, ബന്തിയോട്, അജാനൂർ, പടന്നക്കടപ്പുറം എന്നിവിടങ്ങളിൽ മത്സ്യസഹകരണ സംഘങ്ങളും വലയും അനുബന്ധ സാമഗ്രികളും വില്പന നടത്തുന്നു. എന്നാൽ ജില്ലയിലെ പ്രധാന ലാന്റിംഗ് സെന്ററുകളായ പള്ളിക്കര, മീനാപ്പീസ് കാഞ്ഞങ്ങാട്, മടക്കര ഹാർബർ എന്നിവിടങ്ങളിൽ സർക്കാർ തലത്തിൽ വ്യാസ സ്റ്റോറുകൾ തുടങ്ങിയിട്ടില്ല. നീലേശ്വരം ബങ്കളത്ത് സ്വകാര്യ മേഖലയിൽ ഒരു വല നിർമ്മാണശാല പ്രവർത്തിച്ചുവരുന്നു.

പട്ടിക 4.1.3.56: പദ്ധതി അടങ്കലും വിനിയോഗവും - കാസറഗോഡ് മത്സ്യമേഖല (12-ാം പദ്ധതി)

ക്രമ നം	സ്രോതസ്സ്	അടങ്കൽ						വിനിയോഗം	
		2012-13	2013-14	2014-15	2015-16	2016-17	ആകെ	തുക	%
1.	ഗ്രാമപഞ്ചായത്ത്	600100	105000	390000	943900	1455060	3494060	117596	3.37
2.	ബ്ലോക്ക് പഞ്ചായത്ത്	-	100000	-	-	-	100000	100000	100
3.	മുൻസിപ്പാലിറ്റി	200000	-	334000	550000	1106491	2190491	814705	37.2
4.	ജില്ലാ പഞ്ചായത്ത്	-	-	-	-	-	-	-	-
	ആകെ						5784551	1032301	18

അവലംബം. ജില്ലാ പഞ്ചായത്ത് കാസറഗോഡ്

മത്സ്യമേഖലയുടെ സമഗ്രവികസനത്തിന് ആവിഷ്ക്കരിക്കാവുന്ന ദീർഘകാല പദ്ധതികൾ

കേരളത്തിന്റെ വടക്കെ അറ്റത്തെ ജില്ലയായ കാസറഗോഡ്, 4 താലൂക്കുകൾ 6 ബ്ലോക്കുകൾ 38 ഗ്രാമ പഞ്ചായത്തുകൾ 3 മുൻസിപ്പാലിറ്റികൾ എന്നിവ ഉൾപ്പെടുന്നതാണ്. 70 കി.മീ. തീരദേശ ദൈർഘ്യമുള്ള ജില്ല, 12 നദികളും അവയുടെ കൈവഴികളും കവ്വായി, ഷിറിയ ഉൾപ്പെടെയുള്ള വിസ്തൃതമായ കായൽ പ്രദേശങ്ങളും കൊണ്ട് അനുഗ്രഹീതമാണ്. മത്സ്യബന്ധനത്തിന്റെ ഭാഗമായി 8 ഫിഷ്ലാന്റിംഗ് സെന്ററുകളും 3 ഹാർബറുകളും ജില്ലയിലുണ്ട്. 17 മത്സ്യഗ്രാമങ്ങളും അവയിൽ 10570 രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളും ജില്ലയിലുണ്ട്.

കേരള സംസ്ഥാന ഫിഷറീസ് വകുപ്പ് കൂടാതെ മത്സ്യഫെഡ്, കേരളാ സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, ഫിർമ, അഡാക്ക്, മത്സ്യകർഷക വികസന ഏജൻസി എന്നിവ മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. മത്സ്യത്തൊഴിലാളിക്ഷേമം, മത്സ്യോല്പാദനം, തീരദേശ വികസനം എന്നിവയിൽ മേൽപ്പറഞ്ഞ വകുപ്പുകളും ഏജൻസികളും ശ്രദ്ധേയമായ പ്രകടനം കാഴ്ചവെക്കുന്നു. വിദേശനാണ്യം നേടിത്തരുന്നതിൽ സമുദ്രോല്പന്ന കയറ്റുമതി വലിയ പങ്കുവഹിക്കുന്നുണ്ട്. എന്നാൽ സംസ്ഥാന ജനതയുടെ മുഖ്യധാരയിൽ നിന്നും ഏറെ പിന്നിൽ നിൽക്കുന്ന ആദിവാസി സമൂഹം കഴിഞ്ഞാൽ തൊട്ടടുത്ത് നിൽക്കുന്ന വിഭാഗമാണ് മത്സ്യത്തൊഴിലാളി സമൂഹം. അതുകൊണ്ടുതന്നെ അവരുടെ ഉന്നമനം ലക്ഷ്യമാക്കി മത്സ്യമേഖലയുടെ സമഗ്രവികസനത്തിന്, ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.

മത്സ്യമൂല്യവർദ്ധിത ഉല്പന്ന വിപണന കേന്ദ്രങ്ങൾ

ജില്ലയിലെ മത്സ്യമാർക്കറ്റുകളോടനുബന്ധിച്ച് മൂല്യവർദ്ധിത മത്സ്യ ഉല്പന്ന വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നത് മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ഉന്നമനത്തിന് വഴിതെളിക്കും. ഉണക്കമത്സ്യം, മീൻ അച്ചാർ, സംസ്ക്കരിച്ച മത്സ്യവിഭവങ്ങൾ തുടങ്ങിയവ ഇത്തരം കേന്ദ്രങ്ങളിലൂടെ വിൽപന നടത്താവുന്നതാണ്. സാഫ്, കുടുംബശ്രീ എന്നിവയിലെ വനിതാ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളെയും ഇതിനായി പരിഗണിക്കാവുന്നതാണ്.

മത്സ്യഫെഡിലൂടെ നടപ്പാക്കാവുന്ന പദ്ധതികൾ

മത്സ്യത്തൊഴിലാളികൾക്കുള്ള നെറ്റ് മെന്റിംഗ്/റിപ്പയർ യാർഡുകൾ

മത്സ്യത്തൊഴിലാളികളുടെ സാന്ദ്രതയ്ക്കനുസരിച്ച് ലാന്റിംഗ് സെന്ററുകളോടനുബന്ധിച്ച് ഫിഷ്നെറ്റ്

മെന്റിംഗ്/റിപ്പയർ യാഡുകൾ ആരംഭിക്കുന്നത് ഗുണകരമായിരിക്കും. കസബ, മഞ്ചേശ്വരം എന്നീ കേന്ദ്രങ്ങളിൽ നെറ്റ്-മെന്റിംഗ് യാഡുകൾക്കായി ഗവർമെണ്ടിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

തുറമുഖം കേന്ദ്രീകരിച്ചുള്ള ഐസ്പ്ലാന്റ്

മത്സ്യബന്ധന തുറമുഖം കേന്ദ്രീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഐസ് പ്ലാന്റ് ആരംഭിക്കുന്നത് മത്സ്യവിപണനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് ഏറെ ഗുണകരമാകും. ഐസ്പ്ലാന്റ് നിർമ്മാണം തീരദേശ വികസന കോർപ്പറേഷൻ പൂർത്തിയാക്കി മത്സ്യഫെഡിന് കൈമാറുന്നതാവും ഉചിതം.

ഫിഷ്മാർട്ടുകൾ

മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടു വരുന്ന മത്സ്യം അതേ ഗുണനിലവാരത്തോടെ ഉപഭോക്താക്കളിലെത്തിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മത്സ്യഫെഡിന്റെ നേതൃത്വത്തിൽ ഫിഷ്മാർട്ടുകൾ ആരംഭിക്കാവുന്നതാണ്. സ്ഥലം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തി നൽകിയാൽ മത്സ്യഫെഡ് അവിടങ്ങളിൽ ഫിഷ്മാർട്ട് ആരംഭിക്കുന്നതാണ്. ഗുണമേന്മയുള്ള മത്സ്യലഭ്യതയും വിപണനവും ഉറപ്പുവരുത്താൻ ഇത് ഏറെ സഹായകമാകും.

തുറമുഖ വകുപ്പ്

ജില്ലയിൽ മഞ്ചേശ്വരം, കാസറഗോഡ്, ചെറുവത്തൂർ- നിലേശ്വരം എന്നിങ്ങനെ മുന്ന് തുറമുഖങ്ങൾ നോട്ടിഫൈ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും കാസറഗോഡ് തുറമുഖത്തു മാത്രമെ ഓഫീസ് പ്രവർത്തിക്കുന്നുള്ളു. ചന്ദ്രഗിരി അഴിമുഖത്ത് 1809-ൽ നിലവിൽ വന്നതായി കരുതുന്ന തുറമുഖം 1920 മുതൽ വിദേശ വ്യാപാരത്തിനായി തുറന്നു കൊടുത്തിരുന്നു. 1960 വരെ പുറം കടലിൽ നിർത്തിയിട്ടിരുന്ന വെസലുകളിൽ നിന്ന് ചരക്ക് തോണികളിൽ കയറ്റി തുറമുഖത്ത് എത്തിക്കുകയും തിരിച്ച് തുറമുഖത്ത് നിന്ന് ചരക്ക് കയറ്റി വെസലുകളിൽ എത്തിക്കുകയും ചെയ്തിരുന്നു. മത്സ്യ ഉൽപ്പന്നങ്ങളും ഓട് വ്യവസായത്തിന് ആവശ്യമായ കളിമണ്ണ് തുടങ്ങിയവയുമാണ് പ്രധാനമായും ഇറക്കുമതി ചെയ്തിരുന്നത്. വന ഉൽപന്നങ്ങൾ, കാർഷിക ഉൽപന്നങ്ങൾ, ഓട് എന്നിവ കയറ്റുമതി ചെയ്തിരുന്നു. അഴിമുഖം തെക്കോട്ട് മാറിയതോടെ ജലയാനങ്ങൾക്ക് തുറമുഖത്ത് അടുക്കാൻ പറ്റാതാകുകയും തുറമുഖ പ്രവർത്തനങ്ങൾ അസാധ്യമാവുകയും ചെയ്തു. റെയിൽ ഗതാഗതവും മറ്റ് ഗതാഗത സൗകര്യങ്ങളും വികസിച്ചതോടെ കാസർഗോഡ് തുറമുഖത്തിന്റെ പ്രാധാന്യം നഷ്ടപ്പെടുകയും തുറമുഖ പ്രവർത്തനങ്ങൾ ക്രമേണ നിലക്കുകയും ചെയ്തു.

നിലവിൽ കാസറഗോഡ് ജില്ലയിൽ തുറമുഖ വകുപ്പിന് സ്വന്തമായി വാർഫ് ഇല്ല. അതിനാൽ ഷിപ്പിംങ്ങ് പ്രവർത്തനങ്ങൾ നടക്കുന്നില്ല. അഴിമുഖങ്ങൾ കേന്ദ്രീകരിച്ച് മാന്വൽ ഡ്രഡ്ജിംഗ് വഴി ശേഖരിക്കുന്ന മണൽ വില്പനയിലൂടെ പ്രതിമാസം ഒരു കോടിയിൽ പരം രൂപ പൊതു ഖജനാവിലേക്കു നൽകാൻ തുറമുഖ വകുപ്പിന് സാധിക്കുന്നുണ്ട്. മാന്വൽ ഡ്രഡ്ജിംഗ് വഴി ജില്ലയിലെ പരമ്പരാഗത മണൽ വാരൽ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനും, നിർമാണ മേഖലക്ക് അത്യാവശ്യമായ മണൽ ലഭ്യമാക്കുന്നതിനും കഴിയുന്നുണ്ട്.

വികസന സാധ്യതകൾ

1999 ൽ ഡിക്ലയർ ചെയ്ത ചെറുവത്തൂർ/നീലേശ്വരം തുറമുഖം തേജസിനി പുഴ, കൗവായി പുഴ, മടക്കര പുഴ എന്നിവ സംഗമിക്കുന്ന സ്ഥലത്തെ അഴിമുഖമാണ്. മേൽ തുറമുഖം കേന്ദ്രീകരിച്ച് ഹൗസ്ബോട്ടിംഗ് സംവിധാനം, ജില്ലാ ടൂറിസം ഡവലപ്പ്മെന്റ് കോ-ഓപ്പറേഷനുമായി സഹകരിച്ച് നടപ്പിൽ വരുത്താവുന്നതാണ്. ടൂറിസത്തിന് വളരെ സാധ്യതയുള്ളതിനാൽ, ജില്ലയുടെ സമഗ്രവികസനത്തിനും മേൽ പദ്ധതി പ്രയോജനകരമാകും.

കാസറഗോഡ് തുറമുഖ പരിധിയിലുള്ള ചന്ദ്രഗിരിപുഴയുടെ തളങ്കര ഭാഗം വാട്ടർസ്പോർട്സിന് സാധ്യതയുള്ള പ്രദേശമാണ്.

മണ്ണ് നീക്കം ചെയ്യൽ

ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ മടക്കര അഴിയുടെ ഭാഗത്ത് പരിസ്ഥിതിക്ക് കോട്ടം തട്ടാതെ നിർമ്മാണ മേഖലയ്ക്ക് ആവശ്യമായ മണൽ ശാസ്ത്രീയമായി ശേഖരിക്കാനും തുറമുഖ വകുപ്പ് വഴി വിതരണം ചെയ്യാനുമുള്ള സാധ്യത ഏറെയാണ്. ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇതിനാവശ്യമായ സംവിധാനം ഒരുക്കാവുന്നതാണ്.

ജില്ലയിൽ നിലവിലുള്ള അഴികളിൽ ചില സ്ഥലത്ത് മണൽത്തിട്ടുകളും ദ്വീപുകളും ഉണ്ടാകുന്ന പ്രതിഭാസം കണ്ടുവരുന്നു. ഇതിനെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തേണ്ടതുണ്ട്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

മത്സ്യബന്ധന തുറമുഖങ്ങൾ

ഫിഷിംഗ് ഹാർബറുകൾ

മത്സ്യബന്ധന മേഖലയിൽ ഏറെ പ്രാധാന്യം അർഹിക്കുന്നതാണ് ഫിഷിംഗ് ഹാർബറുകൾ. മത്സ്യത്തൊഴിലാളികൾ ശേഖരിക്കുന്ന മത്സ്യം കാലതാമസം കൂടാതെ കരക്കെത്തിച്ച് ഉയർന്ന വിപണന സാധ്യത ഉറപ്പാക്കാൻ ഫിഷിംഗ് ഹാർബറുകൾ വഴി സാധിക്കും. മഞ്ചേശ്വരം, ബേക്കൽ, കോട്ടിക്കുളം, ഷിറിയ, ആരിക്കാടി, അജാനൂർ എന്നീ സ്ഥലങ്ങളിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി ഫിഷിംഗ് ഹാർബർ നിർമ്മിച്ച് മത്സ്യത്തൊഴിലാളികളുടെ വരുമാന വർദ്ധനവ് ഉറപ്പ് വരുത്താവുന്നതാണ്.

ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം

നിർമ്മാണം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം ഇപ്പോൾ നല്ല

രീതിയിൽ പ്രവർത്തിച്ചുവരുന്നു. പുലിമുട്ടുകൾ, വാർഫ്, ലേലപ്പുര, പാർക്കിംഗ് യാർഡ്, കടമുറികൾ, ഗിയർ ഷെഡ് എന്നിവയോടൊപ്പം ടോയ്‌ലറ്റ്, കാന്റീൻ തുടങ്ങിയ സംവിധാനങ്ങളും ഇവിടെ നിർമ്മിച്ചിട്ടുണ്ട്.

പുതുതായി ലോ-ലെവൽ വാർഫ്, കവേഡ് ലോഡിംഗ് ഏരിയ, നെറ്റ് മെന്റിംഗ് ഷെഡ് എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുമുണ്ട്.

കാസറഗോഡ് മത്സ്യബന്ധന തുറമുഖം

പുലിമുട്ടുകൾ, വാർഫ്, ലേലപ്പുര, പാർക്കിംഗ് യാർഡ്, ഗിയർഷെഡ്, ടോയ്‌ലറ്റ് എന്നിവയുടെ നിർമ്മാണം ഇവിടെ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ, പുലിമുട്ടുകളുടെ നീളവും അവ തമ്മിലുള്ള അകലവും കുറവായതുകൊണ്ട് തോണികൾക്ക് ഹാർബറിൽ പ്രവേശിക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഇത് പരിഹരിക്കുന്നതിന് ശാസ്ത്രീയ പഠനം നടത്തേണ്ടതുണ്ട്. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടിയുള്ള നിയമസഭാ സമിതിയും ഇക്കാര്യം ശുപാർശ ചെയ്തിട്ടുണ്ട്. സമിതിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങളിലൂടെ അപാകതകൾ പരിഹരിച്ച് ഹാർബർ ഉപയോഗപ്രദമാക്കാൻ സാധിക്കും.

മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം

മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം നടന്നുവരുന്നു. പുലിമുട്ടുകൾ, ലേലപ്പുര, പാർക്കിംഗ് യാർഡ് എന്നിവയുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ബാക്കിയുള്ള അനുബന്ധ ഘടകങ്ങൾ കൂടി പൂർത്തീകരിച്ച് തുറമുഖം കമ്മീഷൻ ചെയ്താൽ മത്സ്യത്തൊഴിലാളികൾക്ക് ഏറെ ഗുണകരമാകും.

നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന തുറമുഖങ്ങൾ

അജാനൂർ തുറമുഖം

മോഡൽ സ്റ്റഡി നടന്നുവരുന്നു. ഭരണാനുമതി ലഭിച്ചാൽ തുടർ നടപടികൾ ആരംഭിക്കുവാൻ കഴിയും.

ബേക്കൽ-കോട്ടിക്കുളം

ശാസ്ത്രീയ പഠനങ്ങൾ നടത്തുന്നതിനുവേണ്ടി എസ്റ്റിമേറ്റ് സമർപ്പിച്ചു. നിരീക്ഷണ ഗവേഷണ പഠനങ്ങൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

ഷിറിയ-ആരിക്കാടി

ശാസ്ത്രീയ പഠനങ്ങൾ നടത്തുന്നതിനു വേണ്ടി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

തീരദേശ വികസന കോർപ്പറേഷൻ

സാനിറ്റേഷൻ

സുസജ്ജമായ സാനിറ്റേഷൻ സൗകര്യങ്ങളുടെ അഭാവം വ്യക്തി ശുചിത്വത്തെയും പൊതു സമൂഹത്തെയും ഒരുപോലെ പ്രതികൂലമായി ബാധിക്കുന്ന കാര്യമാണ്. കാസർഗോഡ് ജില്ലയുടെ തീരപ്രദേശത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം അനിവാര്യമായ ടോയ്‌ലെറ്റ് ബ്ലോക്കുകൾ നിർമ്മിക്കേണ്ടതുണ്ട്. മത്സ്യത്തൊഴിലാളി സാന്ദ്രത കൂടിയ കസബ, കീഴൂർ എന്നീ പ്രദേശങ്ങളിൽ ടോയ്‌ലറ്റ് ബ്ലോക്കുകൾ അത്യാവശ്യമാണ്. അവയുടെ തുടർപരിപാലന ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സാങ്കേതിക വിദ്യ ശുചിത്വമിഷനും നിർമ്മാണം തീരദേശ വികസന കോർപ്പറേഷനും നടത്തുന്നത് ഉചിതമാകും.

സാംസ്കാരിക വിജ്ഞാന-വിനിമയ കേന്ദ്രങ്ങൾ

തീരദേശ ജനതയിൽ ശാസ്ത്രീയ വിജ്ഞാന വ്യാപനം ഫലപ്രദമായി നടത്തുവാൻ തീരദേശ തദ്ദേശഭരണസ്ഥാപനങ്ങളിൽ വിവരവിജ്ഞാനവിനിമയകേന്ദ്രങ്ങൾ തുടങ്ങേണ്ടതാണ്. കേന്ദ്രത്തിന്റെ സംരക്ഷണവും തുടർ പരിപാലനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലായിരിക്കും. ഇതിന്റെ നിർമ്മാണം തീരദേശ വികസന കോർപ്പറേഷൻ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടത്താവുന്നതാണ്.

പബ്ലിക്ക് ഹെൽത്ത് സെന്റർ/ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

അടിസ്ഥാന സൗകര്യ വികസനം

തീരദേശ മത്സ്യമേഖലയിൽ നിലവിലുള്ള പബ്ലിക്ക് ഹെൽത്ത് സെന്റർ/കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ അടിസ്ഥാന സൗകര്യ വികസനം അനിവാര്യമാണ്. അതുപോലെ ഹെൽത്ത് സെന്ററുകളില്ലാത്ത കാവുഗോളി, ഹൊസ്ദുർഗ്ഗ്, വലിയപറമ്പ് എന്നിവിടങ്ങളിൽ പുതുതായി പബ്ലിക്ക് ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കേണ്ടതുമാണ്. നിർമ്മാണ ചുമതല തീരദേശ വികസന കോർപ്പറേഷന്റെ സഹായത്തോടെ ആരോഗ്യ വകുപ്പുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർവ്വഹിക്കാവുന്നതാണ്.

മത്സ്യമാർക്കറ്റുകളുടെ നവീകരണം

മത്സ്യത്തൊഴിലാളികളുടെ വരുമാന വർദ്ധനവ് ഉറപ്പാക്കുന്നതിൽ, മത്സ്യ വിപണനത്തിനുള്ള പ്രധാന്യം പരമപ്രധാനമാണ്. എന്നാൽ നിലവിലുള്ള മിക്ക മത്സ്യമാർക്കറ്റുകളും വൃത്തിഹീനവും ശോചനീയമായ അവസ്ഥയിലുമാണ്. ആയത് പരിഹരിക്കുന്നതിന് മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തി ആധുനികവത്കരിക്കേണ്ടതുണ്ട്. മഞ്ചേശ്വരം (ഹൊസങ്കടി), ഉപ്പള, ബന്തിയോട്, കുമ്പള, പാലക്കുന്ന്, ചെറുവത്തൂർ, തൃക്കരിപ്പൂർ എന്നീ മത്സ്യമാർക്കറ്റുകളുടെ നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർവ്വഹിക്കാവുന്നതാണ്. ഇതിന്റെ മേൽനോട്ട പരിപാലന ചുമതല അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനായിരിക്കും.

കടലോര- കായലോര നദീതടങ്ങളുടെ സംരംക്ഷണ പ്രവർത്തനം

ജില്ലയിലെ ജലാശയങ്ങളുടെയും അതിലെ ജൈ

വവൈവിധ്യത്തിന്റെയും നിലനിൽപ്പിനും, സംരക്ഷണത്തിനും ആവാസ വ്യവസ്ഥയുടെ സുസ്ഥിരത ഏറെ പ്രധാനമാണ്. അതിനായി തീരപ്രദേശങ്ങളിൽ കാറ്റാടി, കൈത, കണ്ടൽചെടി തുടങ്ങിയ ചെടികൾ വെച്ചുപിടിപ്പിക്കൽ, ജലാശയങ്ങളിലും മറ്റും അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യൽ, ബോധവൽക്കരണ പരിപാടികൾ, സെമിനാറുകൾ മുതലായ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അടിയന്തിരമായി നടപ്പിലാക്കേണ്ടതുണ്ട്.

വളം നിർമ്മാണ പ്ലാന്റ്

മത്സ്യബന്ധന വേളയിൽ ധാരാളമായി ലഭിക്കുന്ന വില കുറഞ്ഞ മത്സ്യങ്ങൾ, ചെമ്മീൻ പുറം തോട് എന്നിവ ഉപയോഗിച്ച് വളം നിർമ്മാണ പ്ലാന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിക്കാവുന്നതാണ്. തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മാണ പ്രവർത്തനം നടത്തി മേൽനോട്ട ചുമതല മത്സ്യഫെഡിനെ ഏൽപ്പിക്കുന്നത് ഉചിതമായിരിക്കും.

കല്ലുമ്മക്കായ, കക്ക, ചെമ്മീൻ മത്സ്യ ഇനങ്ങളുടെ സ്പീഷീസ് സംസ്ക്കരണ-വിപണന യൂണിറ്റ്

ജില്ലയിൽ നവംബർ മുതൽ ജൂൺ മാസം വരെ നടത്തിവരുന്ന കല്ലുമ്മക്കായ കൃഷിയുടെ വിളവെടുപ്പ് ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലാണ്. പരമാവധി രണ്ടര മാസമാണ് വിപണനത്തിന് സമയം ലഭിക്കുന്നത്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന കല്ലുമ്മക്കായയുടെ 75% വും വലിയപറമ്പ കായൽ കേന്ദ്രീകരിച്ചുള്ള ചെറുവത്തൂർ, പടന്ന, വലിയപറമ്പ, തൃക്കരിപ്പൂർ എന്നീ പഞ്ചായത്തുകളിലാണ് കൃഷി ചെയ്യുന്നത്. രണ്ടര മാസത്തിനുള്ളിൽ ഏകദേശം 2500 ടൺ കല്ലുമ്മക്കായ ലോക്കൽ മാർക്കറ്റിൽ വിപണനം നടത്തേണ്ടതിനാൽ ഉല്പന്നത്തിന് ന്യായവില ലഭിക്കുന്നില്ല. അതിനാൽ കോൾഡ് സ്റ്റോറേജ് സംവിധാനത്തിലൂടെ ഉല്പന്നം കേടുകൂടാതെ സൂക്ഷിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളായി വർഷം മുഴുവൻ വിപണനം നടത്തുന്നതിനുമുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്. കൂടാതെ കായലിൽ നിന്നും കടൽ മുരിങ്ങ, കക്കകൾ, ചെമ്മീൻ, മത്സ്യങ്ങൾ എന്നിവയും വർഷം മുഴുവനും ലഭിച്ചുവരുന്നുണ്ട്. ഇവയെല്ലാം മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കിയാൽ കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും തൊഴിലും വരുമാനവും കൂട്ടുന്നതിനുള്ള സാധ്യത വർദ്ധിക്കുന്നതാണ്. അതിനായി ജില്ലയിൽ ഒരു മൾട്ടി സ്പീഷീസ് പ്രോസ്സസ്സിംഗ്/ കോൾഡ് സ്റ്റോറേജ് യൂണിറ്റ് സ്ഥാപിക്കുന്നത് നന്നാവും. മത്സ്യഫെഡിന്റെയോ താല്പര്യമുള്ള സഹകരണ സംഘങ്ങളുടെയോ ഉടമസ്ഥതയിൽ സ്ഥാപനം തുടങ്ങാവുന്നതാണ്.

ഓരുജല, കടൽജല മത്സ്യ ഇനങ്ങളുടെയും കല്ലുമ്മക്കായയുടെയും ഹാച്ചറി/റിയറിംഗ് യൂണിറ്റുകൾ

ജില്ലയിൽ നിലവിൽ വലിയപറമ്പ കായൽ കേന്ദ്രീകരിച്ച് വ്യക്തികളും ഗ്രൂപ്പുകളുമായി 1002 കർഷകർ 2700 യൂണിറ്റ് കല്ലുമ്മക്കായ കൃഷി നടത്തുന്നുണ്ട്. ഗുണനിലവാരമുള്ള വിത്തിന്റെ അഭാവമാണ് പലപ്പോഴും കൃഷിയെ ദോഷകരമായി ബാധിക്കുന്ന ഘടകം. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കല്ലുമ്മക്കായ വിത്തുല്പാദനത്തിന്റെ സാങ്കേതിക വിദ്യ വികസിപ്പിച്ചു വരുന്നുണ്ട്. കടൽജല മത്സ്യങ്ങളായ മോത, പോംപാനോ, ചെമ്പല്ലി തുടങ്ങിയവയുടെയും ഓരുജല മത്സ്യങ്ങളായ കാളാഞ്ചി, കരിമീൻ തുടങ്ങിയ ഇനങ്ങളുടെയും വിത്തുല്പാദന സാങ്കേതിക വിദ്യ നിലവിൽ ലഭ്യമാണ്. കല്ലുമ്മക്കായ കൃഷി ചെയ്യുന്നതിൽ കർഷകർ തല്പരരാണ്. ജില്ലയിൽ ഇതിന് വളരെയെറെ സാധ്യതയുണ്ടെങ്കിലും വിത്തിന്റെ ലഭ്യതക്കുറവും ദൂരസ്ഥലങ്ങളിൽ നിന്നും കൊണ്ടുവരേണ്ടിവരുന്നതും കൃഷി വ്യാപനത്തിന് തടസ്സമായി നിൽക്കുന്നു. കാസർഗോഡ് ജില്ലയിലോ സമീപ ജില്ലകളിലോ മത്സ്യമേഖലയിൽ ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളോ വിത്തുല്പാദന കേന്ദ്രങ്ങളോ നിലവിലില്ല. ഈ സാഹചര്യത്തിൽ ഓരുജല, കടൽജല മത്സ്യങ്ങളുടെ വിത്തുല്പാദനത്തിനായി ഒരു മൾട്ടി സ്പീഷീസ് ഹാച്ചറി സ്ഥാപിക്കേണ്ടത് ജില്ലയിൽ ജല കൃഷി വ്യാപനത്തിന് അനിവാര്യമാണ്. ഇത് CMFRI പോലെയുള്ള ഗവേഷണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ആരംഭിക്കുന്നതാവും നന്ന്. വലിയപറമ്പ പഞ്ചായത്തിൽ പുലിമുട്ടിനോട് ചേർന്നുള്ള സ്ഥലം ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. അതോടനുബന്ധിച്ച് ഒരു മറൈൻ അക്വേറിയം സ്ഥാപിക്കുന്നത് ടൂറിസം വികസനത്തിനും മറ്റു വികസന പ്രവർത്തനങ്ങൾക്കും സഹായകമാവുകയും ചെയ്യും.

മത്സ്യകർഷക വികസന ഏജൻസി വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികൾ

നൂതന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി അക്വാപോണിക്സ് യൂണിറ്റുകൾ, അടുക്കളക്കുളങ്ങളിലെ മത്സ്യക്കൃഷി എന്നിവ പ്രോത്സാഹിപ്പിച്ച് ആഭ്യന്തര മത്സ്യ ഉല്പാദന വർദ്ധന ഉറപ്പാക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഒന്നാംഘട്ടത്തിൽ മാതൃകാടിസ്ഥാനത്തിൽ ഓരോ യൂണിറ്റ് സ്ഥാപിക്കാവുന്നതും അടുത്ത ഘട്ടത്തിൽ മറ്റ് വാർഡുകളിലേക്ക് വ്യാപിപ്പിക്കാവുന്നതുമാണ്. അതുവഴി ആഭ്യന്തര ഉപഭോഗത്തിനുവേണ്ട അളവിൽ മത്സ്യോല്പാദനവും പൊതുജനാരോഗ്യ സംരക്ഷണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉറപ്പാക്കാൻ സാധിക്കും.

കല്ലുമ്മക്കായ കൃഷി വ്യാപനം

നിലവിൽ വലിയപറമ്പ, പടന്ന, തൃക്കരിപ്പൂർ, ചെറുവത്തൂർ ഗ്രാമ പഞ്ചായത്തുകളിലായി കവ്വായി

ക്കായലിന്റെ ഓരുജലമേഖലയിലാണ് കല്ലുമ്മക്കായ കൃഷി കേന്ദ്രീകരിച്ചിരിക്കുന്നത്. ജില്ലയിലെ നീലേശ്വരം മുണ്ടേമ്മാട്, കോട്ടപ്പുറം, ബേക്കൽ, ചന്ദ്രഗിരി, ഷിറിയ, ആരിക്കാടി എന്നീ ഭാഗങ്ങളിലെക്കു കൂടി ഇത് വ്യാപിപ്പിക്കുകയാണെങ്കിൽ ഉല്പാദനം മെച്ചപ്പെടുത്താൻ സാധിക്കും. ഒരു ഭാഗത്തു തന്നെ കൃഷി കേന്ദ്രീകരിക്കുന്നതുമൂലമുണ്ടാകുന്ന കൃഷിനാശവും ഉല്പാദനക്കുറവും രോഗ സാധ്യതയും ഒരു പരിധിവരെ കുറക്കാനും ഇതിലൂടെ സാധിക്കും.

സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൺ (സാഫ്) മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

പേപ്പർ/തുണി ബാഗ് നിർമ്മാണ യൂണിറ്റുകൾ

ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യത്തെ പ്രതിരോധിക്കാൻ കടലാസ്/തുണി കവർ നിർമ്മാണ യൂണിറ്റുകൾ വ്യാപകമായി വരികയാണ്. തീരദേശ മേഖലയിൽ ഈ പദ്ധതി നിർബന്ധമായും നടപ്പിലാക്കേണ്ടതുണ്ട്. തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളി വനിതാ ഗ്രൂപ്പുകൾ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് ഇത്തരം ഉല്പാദന വിപണന യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. സാഫിന്റെ സാങ്കേതിക വിദ്യയും മാനവവിഭവശേഷിയും ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കാവുന്ന മറ്റു പദ്ധതികൾ

- കടലിൽ പോകുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും കടൽസുരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ്, ബീക്കൺ മുതലായവ വിതരണം ചെയ്യൽ.
- ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ജി.ആർ.എഫ്.ടി.എച്ച്.എസ്. ഫോർ ഗേൾസ്, കാഞ്ഞങ്ങാടിൽ 8-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെ മത്സ്യത്തൊഴിലാളികളുടെ പെൺകുട്ടികൾ സൗജന്യ റസിഡൻഷ്യൽ പഠനം നടത്തുന്നുണ്ട്. ഇത് +2 തലത്തിലേക്ക് ഉയർത്താവുന്നതാണ്. ഇത്തരത്തിലുള്ള സൗജന്യ റസിഡൻഷ്യൽ പഠനസൗകര്യം ആൺകുട്ടികൾക്കും നൽകാവുന്നതാണ്.
- കടലാക്രമണ ഭീഷണി നേരിടുന്ന സ്ഥലങ്ങളിൽ കടൽഭിത്തി (15 കി.മീ) നിർമ്മാണം.
- വള്ളങ്ങൾക്കും ബോട്ടുകൾക്കും ഇൻഷൂറൻസ്.
- ദുരന്തനിവാരണത്തിന് ജില്ലയിൽ പ്രത്യേക സംവിധാനം.
- മത്സ്യബന്ധനത്തിന് പോകുന്നവരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ലാന്റിംഗ് സെന്ററും ഹാർബറും കേന്ദ്രീകരിച്ച് ഓഫീസ്.
- മത്സ്യബന്ധന ബോട്ടുകൾക്ക് എത്തിച്ചേരാവുന്ന തരത്തിൽ ഹാർബറുകൾ നവീകരിക്കൽ.
- തൃക്കരിപ്പൂർ, കുമ്പള ആരിക്കാടി, മഞ്ചേശ്വരം, കുഞ്ചത്തൂർ, കണ്വതീർത്ഥ, മൂസോടി, ഷിറിയ എന്നീ തീരദേശ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ഈ പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതികൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടപ്പിലാക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ

- നിലവിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന മത്സ്യമാർക്കറ്റുകളെ ഹൈടെക് രീതിയിലേക്ക് ഉയർത്തി നവീകരിക്കൽ.
- സീറോ വേയ്സ്റ്റ് കോസ്റ്റൽ ഏരിയ സജ്ജമാക്കാനുള്ള അടിയന്തിര സംവിധാനമൊരുക്കൽ
- ഡിസാസ്റ്റർ മാനേജ്മെന്റ് റെസ്ക്യൂ സെന്ററുകൾ ഹാർബറുകളുമായി ബന്ധപ്പെട്ട് സ്ഥാപിക്കൽ.
- സാറ്റലൈറ്റ് റീഡിംഗ്, കാലാവസ്ഥാ മുന്നറിയിപ്പുകൾ തുടങ്ങിയവ യഥാസമയം ലഭ്യമാകുന്ന സംവിധാനങ്ങൾ മത്സ്യവിജ്ഞാന കേന്ദ്രങ്ങളിൽ സ്ഥാപിക്കൽ.
- ജില്ലയിൽ നീലേശ്വരം, ചെറുവത്തൂർ, പടന്ന, തൃക്കരിപ്പൂർ, വലിയപറമ്പ, എന്നിവിടങ്ങളിൽ ടൂറിസത്തിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തൽ.
- മത്സ്യബന്ധനത്തിന് പോകുന്നവർക്ക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തൽ (കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ യഥാർത്ഥ വിവരങ്ങൾ ലഭ്യമാകാത്തത് രക്ഷാപ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നു).
- മത്സ്യക്കൃഷിയോടൊപ്പം പച്ചക്കറി കൃഷി കൂടി സംയോജിപ്പിച്ചുള്ള ഒരു നൂതന കൃഷി രീതിയാണ് റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം അല്ലെങ്കിൽ അക്വാപോണിക്സ്. മത്സ്യക്കുളങ്ങളിലെ അമോണിയ, നൈട്രൈറ്റ് എന്നിവ ഉപയോഗപ്പെടുത്തി ജൈവരീതിയിൽ പച്ചക്കറി കൃഷി ചെയ്യാൻ ഇതിലൂടെ സാധിക്കുന്നു. 1 സെന്റ് വിസ്തൃതിയിൽ കുളം നിർമ്മിച്ച് 3 സെന്റ് സ്ഥലത്ത് ബെഡുകൾ നിർമ്മിച്ച്, മോട്ടോർ, എയിറേറ്റർ, ബയോഫിൽട്ടർ എന്നിവ സെറ്റ് ചെയ്ത് കുളത്തിൽ മത്സ്യകൃഷി ചെയ്യാം.
- രണ്ട് ക്യൂബിക് മീറ്റർ വിസ്തൃതിയിൽ കൂടുകൾ നിർമ്മിച്ച് നിശ്ചിത ഒഴുക്കുള്ള ജലാശയങ്ങളിൽ സ്ഥാപിച്ച് അതിൽ മത്സ്യം വളർത്തുന്ന രീതിയാണ് കൂട് കൃഷി. ഓരുജല ഇനങ്ങളായ കരിമീൻ, കൊളോൺ, പൂമീൻ, പൊമ്പാനോ തുടങ്ങിയവ കേജ്കൾച്ചർ രീതിയിൽ കൃഷി ചെയ്യാം.
- കല്ലുമ്മക്കായ കൃഷി: കേരളത്തിൽ കൃഷി ചെയ്യുന്ന കല്ലുമ്മക്കായയുടെ 80% വും. കാസറഗോഡ് ജില്ലയിലെ വലിയപറമ്പ, പടന്ന, ചെറുവത്തൂർ, തൃക്കരിപ്പൂർ എന്നിവിടങ്ങളിലാണ്

ഉല്പാദിപ്പിക്കുന്നത്. ഇത് ജില്ലയിലെ മറ്റ് പ്രധാന ഓര്/ഉപ്പു ജലാശയങ്ങൾ/നദികൾ (ഷിറിയ, ചന്ദ്രഗിരി, ബേക്കൽ പുഴ, മൊഗ്രാൽ പുഴ തുടങ്ങിയ സ്ഥലങ്ങളിൽ) വ്യാപിപ്പിക്കൽ.

സംയോജന ഏകോപന സാധ്യതകൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഫിഷറീസ് വകുപ്പിന്റെയും ഏകോപനത്തോടെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതി
- മത്സ്യ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയോജന പ്രവർത്തനമായി സീറോവേയ്സ്റ്റ് കോസ്റ്റൽ ഏരിയ എന്ന ആശയം പ്രാവർത്തികമാക്കൽ.
- തീരപ്രദേശങ്ങളിലെ ജനങ്ങൾക്ക് ആവശ്യമായ ശൗചാലയം നവകേരള മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഫിഷറീസ് വകുപ്പ് എന്നിവയുടെയും ഹരിതകേരളം മിഷന്റെയും സംയോജിത പ്രവർത്തനമായി നിർമ്മിക്കൽ.
- ജില്ലയിലെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മത്സ്യ വകുപ്പ്, ലൈഫ് മിഷൻ എന്നിവയുടെ സംയോജിത പ്രവർത്തനമായി ഭവനനിർമ്മാണം നടത്തൽ.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളില്ലാത്ത മത്സ്യ ഗ്രാമങ്ങളിൽ അവ നിർമ്മിക്കുന്നതിന്, ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഫിഷറീസ് വകുപ്പ്, ആർദ്രം മിഷൻ എന്നിവയുടെ സംയോജിത പ്രവർത്തനം ആസൂത്രണം ചെയ്യൽ.
- ഹരിത കേരളം മിഷൻ, ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം, ഫിഷറീസ് വകുപ്പ് എന്നിവയുടെ സംയോജിത പ്രവർത്തനമായി ജൈവകടൽഭിത്തി നിർമ്മാണം.
- തുറമുഖ വകുപ്പ്, ഫിഷറീസ് വകുപ്പ്, ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവയുടെ സഹകരണത്തോടെ ചെറുവത്തൂർ/നീലേശ്വരം തുറമുഖം കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി നടപ്പിലാക്കൽ.

4.1.4 പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, വന വികസനം

4.1.4 പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, വന വികസനം

2001-ലെ ഐ.പി.സി.സി. അവലോകന റിപ്പോർട്ടിൽ ആഗോള താപനം യാഥാർത്ഥ്യമാണെന്ന് വിലയിരുത്തി. ഉപരിതല താപനില, മഞ്ഞു മലകളുടെ ശോഷണം, കടൽ വെള്ളത്തിന്റെ ഉയർച്ച എന്നിവയുടെ അടിസ്ഥാനത്തിലായിരുന്നു ഈ വിലയിരുത്തൽ. ഭൂമിയിൽ ഏറ്റവും കൂടുതൽ താപം വർദ്ധിച്ചിരിക്കുന്നത് 1910 മുതൽ 1945 വരെയും 1976 മുതൽ 2000 വരെയുമാണ്. 1861-ന് ശേഷം ഏറ്റവും കൂടുതൽ ചൂട് രേഖപ്പെടുത്തിയത് പഠന വേളയ്ക്ക് മുമ്പുള്ള മൂന്ന് വർഷങ്ങളാണ്. 1960 ന് ശേഷം ഉപഗ്രഹ നിരീക്ഷണ പ്രകാരം മഞ്ഞ് മലകൾ 10% ചുരുങ്ങിയതായി കണ്ടെത്തിയിട്ടുണ്ട്. ഹിമാലയൻ താഴ്‌വാരങ്ങളിലുള്ള തടാകങ്ങൾ എഴുപതുകൾക്ക് ശേഷം അന്തരീക്ഷ താപനില 10 കൂടിയതിനാൽ നിറഞ്ഞു കവിഞ്ഞതായി കാണപ്പെട്ടു. അന്റാർട്ടിക്ക മേഖലകളിൽ കഴിഞ്ഞ 50 വർഷത്തിൽ $2^1/_2$ ഡിഗ്രി താപനില വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ട്. അനന്തര ഫലമായി ഏപ്രിൽ 2002-ൽ ലാർസൺ ബി എന്ന 500 ബില്യൺ ടൺ ഭാരമുള്ള, വെൽഡൽ കടലിലെ മഞ്ഞുമല പൊട്ടിയതായി കണ്ടെത്തിയിട്ടുണ്ട്. ആഗോളതലത്തിൽ കടൽ വെള്ളം 1 മീറ്റർ മുതൽ 2 മീറ്റർ വരെ ഉയർന്നതായും കാണുന്നു. കൂടാതെ കാലാവസ്ഥ വ്യതിയാനത്തെ ബാധിക്കുന്ന ഏഷ്യൻ ബ്രൗൺ മേഘം ഏഷ്യയ്ക്ക് മുകളിലായി 3 കി.മീ ഘനത്തിൽ വ്യാപിച്ചുകിടക്കുന്നതായി കാണുന്നു. വായു മലിനീകരണം മൂലം സൃഷ്ടിക്കപ്പെട്ട ഏഷ്യൻ ബ്രൗൺ മേഘത്തിന്റെ പാളികൾ തെക്ക് കിഴക്കൻ ഏഷ്യയിലും ഇന്ത്യൻ മഹാസമുദ്രത്തിലും കാലാവസ്ഥയിലും കാർഷിക ഉത്പാദനത്തിലും ഭയാനകമായ പ്രത്യാഘാതം സൃഷ്ടിക്കുമെന്ന് ശാസ്ത്രജ്ഞർ വിലയിരിത്തുന്നു. (ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ 2 ഡിഗ്രി മുതൽ 4 ഡിഗ്രി വരെ കഴിഞ്ഞ 100 വർഷക്കാലയളവിൽ അന്തരീക്ഷ താപം കൂടിയതായി കണ്ടെത്തിയിട്ടുണ്ട്) ഭക്ഷിണേന്ത്യയിൽ കൂടിയ താപനിലയിലുള്ള ദിവസങ്ങൾ വർദ്ധിക്കുന്നതായി കാണുന്നു.

ഇന്ത്യൻ റിമോർട്ട് സെൻസിംഗിന്റെ സഹായത്തോടെ ഹിമാലയൻ മേഖലകളിൽ നടത്തിയ പഠനത്തിൽ അരുവികളിലെ വെള്ളം 1966-ന് ശേഷം 75% കൂടിയതായി കണ്ടെത്തിയിട്ടുണ്ട്. ഇത് ആഗോളതലത്തിൽ വർദ്ധിച്ചു വരുന്ന താപനിലയുമായി നേരിട്ട് ബന്ധപ്പെടുത്താവുന്നതാണ്.

മഴ

കേരളം, ജമ്മു-കാശ്മീർ, ആന്തമാൻ നിക്കോബാർ ദ്വീപുകൾ, വടക്ക്-കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വേനൽ മഴ കുറഞ്ഞു വരുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. അതുപോലെ കാലവർഷത്തിന് മുമ്പും ശേഷവും ശൈത്യകാലത്തും മഴ ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും കുറഞ്ഞുവരുന്നതായി കാണുന്നു.

കടൽ ജല നിരപ്പ് ടൈഡ് ഗേജ് റിക്കാർഡ് പ്രകാരം 10 മുതൽ 25 സെ.മി വരെ ഉയരുന്നതായി കാണുന്നു. കേരളത്തിൽ 1990 മുതൽ 2100 വരെയുള്ള കാലയളവിൽ കടൽ വെള്ളം 8.75 സെ.മീ മുതൽ 86 സെ.മി വരെ ഉയരുമെന്നും അതുവഴി ഉപ്പുവെള്ളം ഭൂഗർഭ ജലത്തിലും തണ്ണീർത്തടങ്ങളിലും വ്യാപിക്കുമെന്നും കരുതുന്നു. അതു തീരദേശ സമൂഹത്തെ ജനജീവിതത്തെ ഗുരുതരമായി ബാധിക്കുമെന്ന് വിലയിരുത്തപ്പെട്ടു. (ഇന്ത്യ സെക്കന്റ് നാഷണൽ കമ്മ്യൂണിക്കേഷൻ യു.എൻ.എഫ്.സി.സി) കടൽ വെള്ളം ഒരു മീറ്ററിനു മേൽ ഉയരുകയാണെങ്കിൽ കൊച്ചി, കടലിനടിയാലാകുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. കൊച്ചിയിൽ കഴിഞ്ഞ 100 വർഷത്തിനിടയിൽ 2 സെ.മി മാത്രം ഉയർന്ന കടൽ നിരപ്പ് ഇനി വരാനുള്ള വർഷങ്ങളിൽ 5 മില്ലീമീറ്റർ വീതം ഓരോ വർഷത്തിലും ഉയരുമെന്ന് പറയുന്നു. കടൽ വെള്ളം ഒരു മീറ്റർ ഉയരുകയാണെങ്കിൽ 50% ജനങ്ങൾ പട്ടിണിയിലേക്ക് തള്ളപ്പെടും.

പട്ടിക 4.1.4.1 : ഇന്ത്യയിൽ 1 മീറ്റർ കടൽ വെള്ളം ഉയരുന്നതിന്റെ പ്രത്യാഘാതം

Coastal area (million Hectares)				Population (million Hectares)		
State/ Union territory	Total	Inundated	Percentage	Total	Affected	Percentage
Andhra Pradesh	27.504	0.055	0.19	66.36	0.617	0.93
Goa	0.370	0.016	4.34	1.17	0.085	7.25
Gujarat	19.602	0.181	0.92	41.17	0.441	1.07
Karnataka	19.179	0.029	0.15	44.81	0.250	0.56
KERALA	3.886	0.012	0.30	29.08	0.454	1.56
Maharashtra	30.771	0.041	0.13	78.75	1.376	1.75
Orissa	15.571	0.048	0.31	31.51	0.555	1.76
Tamil Nadu	13.006	0.067	0.52	55.64	1.621	2.91
West Bengal	8.875	0.122	1.38	67.98	1.600	2.35
Union territory						
Andaman and Nicobar Islands	0.825	0.006	0.72	0	0	0
India	139.594	0.571	0.41	416.74	7.1	1.68

Source JNU (1993)

കാസറഗോഡ് ജില്ലയിൽ കടൽ വെള്ളം ഒരു മീറ്റർ ഉയരുകയാണെങ്കിൽ 4 ഗ്രാമ പഞ്ചായത്തുകളെയും, രണ്ട് മുൻസിപ്പാലിറ്റികളെയും അത് സാരമായി ബാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്. (വലിയപറമ്പ, അജാനൂർ, മംഗൽപ്പാടി, മഞ്ചേശ്വരം ഗ്രാമ പഞ്ചായത്തുകളും, കാഞ്ഞങ്ങാട്, കാസറഗോഡ് മുൻസിപ്പാലിറ്റികളും).

മേപ്പ് 4.1.4.1: കടൽവെള്ളം ഉയരുകയാണെങ്കിൽ ബാധിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ



ചിത്രം 4.1.4.1: ആഗോള തലത്തിലും ഇന്ത്യയിലുമുള്ള താപത്തിന്റെ വ്യതിയാനം.



ജില്ലയിലെ കാലാവസ്ഥാവ്യതിയാനം

ജില്ലയിലെ താപനില പരിശോധിച്ചാൽ 1985 മുതൽ 2017 വരെ ഡിസംബറിലെ ശരാശരി കുറഞ്ഞ താപനില നേരിയ തോതിൽ കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (16.60 നിന്നും 21.70) ഈ കാലയളവിൽ കൂടിയ താപനില ഏപ്രിൽ മാസത്തിൽ 33.2 ൽ നിന്നും 34 ഡിഗ്രി വരെ വർദ്ധിച്ചതായി കാണുന്നു. കാറ്റിന്റെ വേഗതയും, ബാഷ്പീകരണവും കുറഞ്ഞതായും ഈർപ്പം കൂടിയതായും കാണുകയുണ്ടായി. കൂടാതെ ജില്ലയിൽ 1957-58 വർഷങ്ങളിലെയും 2014, 2015, 2016 വർഷങ്ങളിലെയും മഴ ദിവസങ്ങൾ താരതമ്യം ചെയ്തതിൽ നിന്ന് താഴെപ്പറയുന്ന വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ സെപ്തംബർ മാസത്തെ മഴ ദിനങ്ങൾ കൂടി. എന്നാൽ വടക്ക്-കിഴക്കൻ കാലവർഷത്തിൽ നവംബർ മാസത്തെ മഴ ദിനങ്ങളും ഏപ്രിൽ-മെയ് മാസങ്ങളിലെ വേനൽ മഴ ദിനങ്ങളും കുറഞ്ഞിട്ടുണ്ട് (സി.പി.സി.ആർ.ഐ, കാസറഗോഡ് നിന്നും ലഭിച്ച കണക്കുകളിൽ കാലാവസ്ഥാ വ്യതിയാനം വ്യക്തമാണ്).

പട്ടിക 4.1.4.2: 2016 ലെ മഴയിലെ വ്യതിയാനം

ശരാശരി മഴ ലഭ്യതയും അതിന്റെ വ്യതിയാന ശതമാനവും ജില്ല തിരിച്ച് 2016										
ക്രമ നം.	ജില്ല	കാലവർഷത്തിനു മുമ്പ് (മെയ് മുതൽ മാർച്ച് വരെ)			തെക്കു പടിഞ്ഞാൻ കാലവർഷം (ജൂൺ മുതൽ സെപ്തംബർ വരെ)			വടക്കു കിഴക്കൻ കാലവർഷം ഒക്ടോബർ മുതൽ ഡിസംബർ 31 വരെ)		
		ലഭ്യമായ മഴ (മി.മി)	സാധാരണ മഴ(മി. മീ)	വ്യതിയാനം ശതമാനത്തിൽ	ലഭ്യമായ മഴ (മി.മി)	സാധാരണ മഴ(മി. മീ)	വ്യതിയാനം ശതമാനത്തിൽ	ലഭ്യമായ മഴ (മി.മി)	സാധാരണ മഴ(മി. മീ)	വ്യതിയാനം ശതമാനത്തിൽ
1	തിരുവനന്തപുരം	506.1	368.8	37	572.4	871.3	34	112.4	522.7	79
2	കൊല്ലം	503.8	469.6	7	950.8	1332.3	29	406.8	638.6	36
3	പത്തനംതിട്ട	611.6	553.5	10	1091.4	1715.7	36	425.8	624.2	32
4	ആലപ്പുഴ	367	477.8	23	1135.3	1745.9	35	208.4	572.1	64
5	കോട്ടയം	446.2	460.2	3	1330.7	1897.3	30	252.3	535.1	53
6	ഇടുക്കി	358	426.6	16	1569.5	2276.2	31	174	564.2	69
7	എറണാകുളം	369.6	443.6	17	1569.4	2065	24	295.1	489.3	40
8	തൃശ്ശൂർ	300.8	385.3	22	1219.6	2197.5	44	152.1	469.4	68
9	പാലക്കാട്	177.5	279.9	37	1034.9	1572.7	34	137.6	428	68

10	മലപ്പുറം	160.9	320.8	50	1252.9	2060.4	39	118.3	448.3	74
11	കോഴിക്കോട്	295.7	352.6	16	1888.1	2603.1	27	74.5	422.2	82
12	വയനാട്	145.3	275.4	47	1073.8	2632.1	59	104.9	332.5	68
13	കണ്ണൂർ	140.2	300.5	53	1991	2669	25	84.4	345.1	76
14	കാസറഗോഡ്	138.4	272.9	49	2252.9	3007.5	25	71.1	337.9	79
കേരളം		313	379.9	18	1352.3	2039.7	34	185	480.7	62

കാലവസ്ഥാ വ്യതിയാനത്തിൽ കേരളത്തിന്റെ പൊതു പ്രവണതയിൽ നിന്നും കാസറഗോഡ് ജില്ലയിൽ ചെറിയ വ്യത്യാസം സ്പഷ്ടമാണ്. പൊതുവെ താപനില കൂടി വരികയാണ്. അതിൽ കുറഞ്ഞ താപനിലയുടെ ശരാശരിയിൽ വലിയ വർധന കാണുന്നു. തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ വളരെ വലിയ വ്യതിയാനം വന്നിട്ടില്ല. എന്നാൽ വടക്ക്-കിഴക്കൻ കാലവർഷത്തിൽ നവംബർ മാസത്തെ മഴ ദിനങ്ങളും ഏപ്രിൽ-മെയ് മാസങ്ങളിലെ വേനൽ മഴ ദിനങ്ങളും കുറഞ്ഞു വരുന്നു.

ആഗോള തലത്തിലും, ദേശീയ തലത്തിലും പ്രാദേശിക തലത്തിലും കാലാവസ്ഥാ വ്യതിയാനം ഒരു യാഥാർത്ഥ്യമാണ്. കാർഷിക, വന, മത്സ്യബന്ധന മേഖലകളിലെ ആശ്രിത സമൂഹത്തിന് കാലാവസ്ഥ വ്യതിയാനത്തെ ഉൾക്കൊള്ളാനോ സാഹചര്യത്തിന് അനുസൃതമായി പരിണമിക്കാനോ സാധിക്കാതെ വരുന്നു.

മേപ്പ് 4.1.4.2: Kerala (Kasargod included) Climate change projection 2050



കാസറഗോഡ് ജില്ലയിൽ 1950-2000 വരെ കുറഞ്ഞ താപനില, കൂടുതലാണെങ്കിലും അടുത്ത 50 വർഷത്തെക്ക് മറ്റു ജില്ലകളെ അപേക്ഷിച്ച് കൂടുതൽ അല്ല.

മേപ്പ് 4.1.4.3 : Projection in Maximum Temperature



Average maximum temperature projection in 2050

ശരാശരി കൂടിയ താപനിലയിൽ മറ്റു ജില്ലകളെ അപേക്ഷിച്ച് വലിയ രീതിയിൽ കൂടുന്നതായി കാണുന്നില്ല.

മേപ്പ് 4.1.4.4: Climate Change Projections



Average Rainfall Projection 2050

മഴയുടെ തോതിലും അടുത്ത 50 വർഷത്തിൽ വലിയതോതിലുള്ള വ്യത്യാസം കാണുന്നില്ല. താപത്തിലും മഴയുടെ തോതിലും മറ്റു ജില്ലകളെ അപേക്ഷിച്ച് അടുത്ത 50 വർഷത്തിൽ കൂടുതൽ അല്ല എന്നുള്ളത് ആശ്വാസകരമല്ല. ആഗോളതാപനത്തിന്റെ പ്രത്യാഘാതവും കടൽ വെള്ളം ഉയരുന്നതടക്കമുള്ളവയും പ്രാദേശിക കാലാവസ്ഥകൾക്ക് അതീതമാണ്

കാർഷിക മേഖല

കേരളത്തിലെ വലിയൊരു വിഭാഗം ജനങ്ങളുടെ ഉപജീവന മാർഗ്ഗമാണ് കാർഷിക മേഖല. എങ്കിലും കൃഷിഭൂമി പ്രതിവർഷം കുറഞ്ഞുവരികയാണ്. ജില്ലയിൽ നേരത്തെ 156000 ഹെക്ടർ കൃഷിഭൂമിയുണ്ടായിരുന്നു. എന്നാൽ ഇന്ന് 138161 ഹെക്ടർ ആയി അത് കുറഞ്ഞു. നെൽകൃഷി 6234 ഹെക്ടറിൽ നിന്നും (2003) 4394 ഹെക്ടർ (2009-10) ആയി കുറഞ്ഞിരിക്കുന്നു. കുരുമുളകും, കപ്പയും, കശുമാവ് കൃഷിയും കുറഞ്ഞു വരുന്നതായി കാണുന്നു. ഇത്തരത്തിൽ കാർഷിക ഭൂമി കുറയുന്നതിന് കാരണങ്ങളിൽ കാലാവസ്ഥ വ്യതിയാനത്തിന് ശക്തമായ സ്വാധീനമുണ്ട്. അന്താരാഷ്ട്ര നെല്ല് ഗവേഷണ കേന്ദ്രം നടത്തിയ പഠനത്തിൽ ഒരു ഡിഗ്രി ചൂട് ഉയർന്നാൽ നെല്ലുൽപ്പാദനം 10% കുറയുമെന്ന് കണ്ടെത്തിയിട്ടുണ്ട്.

കേരളത്തിൽ ഇതുമായി ബന്ധപ്പെട്ട് നടത്തിയ പഠനത്തിൽ ഒരു ഡിഗ്രി താപമുയർന്നാൽ കൃഷി ഉൽപ്പാദനം 6% കുറയുമെന്ന് കാണുന്നു. വിളവ് മൂപ്പെത്താനുള്ള കാലയളവ് ചുരുങ്ങാമെന്നും അതു വഴി ഉൽപാദനം ഗണ്യമായി കുറയുമെന്നും കണ്ടെത്തിയിട്ടുണ്ട്. ജില്ലയിലെ കാർഷിക മേഖലയിൽ 84% പേരും ചെറുകിട കൃഷിക്കാരാണ് എന്നത് ഇതിന്റെ ഗൗരവം വർധിപ്പിക്കുന്നു. കുരുമുളക്, കൊക്കോ എന്നീ വിളകളെ ചൂട് കാര്യമായി ബാധിക്കുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

കാലവർഷാരംഭത്തിന് മുമ്പുള്ള മഴ കുരുമുളകിനെ ബാധിക്കുന്ന കീടങ്ങളെ വർധിപ്പിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ കാലംതെറ്റിപെയ്യുന്ന മഴ, നെല്ല്, പച്ചക്കറി, കവുങ്ങ്, തെങ്ങ്, കശുമാവ്, കുരുമുളക്, റബ്ബർ എന്നിവയിൽ രോഗങ്ങൾ വർധിപ്പിക്കുകയും ഉല്പാദനം കുറക്കുകയും ചെയ്തിട്ടുണ്ട്. നെല്ലിന്റെ പൂവിടൽ, മൂപ്പ്, വിളവെടുപ്പ്, ഉണക്കൽ എന്നിവയെല്ലാം ജില്ലയിൽ സാരമായി വ്യതിചലിച്ചിട്ടുണ്ട്.

നെല്ല് ഉൽപ്പാദനം കാര്യമായി നടക്കുന്നത് തീരപ്രദേശത്താണ്. അതുകൊണ്ട് തന്നെ കടൽ ജലനിരപ്പ് ചെറിയ തോതിലുയർന്നാൽ നെൽവയലുകൾ പൂർണ്ണമായും ഉപ്പു വെള്ളം കയറി നശിക്കാൻ ഇടയുണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തരിശുനിലങ്ങൾ ഉള്ളത് കാസറഗോഡ് ജില്ലയിലാണ്. കൃഷിക്ക് ഉപയോഗിക്കാനാകാത്ത തരിശ് നിലവും ജില്ലയിലാണ് കൂടുതൽ (6.95%). ആഗോളതാപന ഫലമായി കാർബൺഡയോക്സൈഡും താപവും വർധിച്ചു വരികയാണ്. ജില്ലയിൽ വെള്ളത്തിന്റെ തോത് ജനസംഖ്യാനുപാതത്തിൽ കുറഞ്ഞു വരുന്നു. സംസ്ഥാനത്ത് ഏറ്റവും കുറവ് ആളോഹരി ജല ലഭ്യത കാസറഗോഡാണ് (പട്ടിക 4.1.4.3).

പട്ടിക 4.1.4.3: ആളോഹരി ജല ലഭ്യത കാസറഗോഡ്

31/09/2016 പ്രകാരമുള്ള ആളോഹരി ജലലഭ്യത			
ക്രമ നമ്പർ	ജില്ല	നിലവിലുള്ള ആളോഹരി ജലലഭ്യത	ലക്ഷ്യമിട്ടിട്ടുള്ള ആളോഹരി ലഭ്യത
1	തിരുവനന്തപുരം	154	100,150 എൽ.പി.സി.ഡി യഥാക്രമം ഗ്രാമ പ്രദേശങ്ങൾക്കും, നഗര പ്രദേശങ്ങൾക്കും
2	കൊല്ലം	112.22	
3	പത്തനംതിട്ട	159.64	
4	ആലപ്പുഴ	99.04	
5	കോട്ടയം	91.9	
6	ഇടുക്കി	50.29	
7	എറണാകുളം	198.9	
8	തൃശ്ശൂർ	79.75	
9	പാലക്കാട്	52.23	
10	മലപ്പുറം	49.23	
11	കോഴിക്കോട്	102.2	
12	വയനാട്	61.36	
13	കണ്ണൂർ	104.49	
14	കാസറഗോഡ്	33.34	

അവലംബം: കേരള വാട്ടർ അതോറിറ്റി

ഇതോടൊപ്പം ജലദൗർലഭ്യം വർധിപ്പിക്കുന്ന രീതിയിൽ ഭൂഗർഭ ജലം ഊറ്റിയെടുക്കുന്ന കുഴൽക്കിണറുകളുടെ വ്യാപനവും ജില്ലയിൽ കൂടിവരികയാണ്. അന്തരീക്ഷം മേഘാവൃതമാകുന്ന പ്രവണത കൂടുന്നതിനാൽ നെല്ലുൽപ്പാദനത്തിൽ 30% തോതിൽ കുറവു വരുമെന്ന് കരുതുന്നു. നെൽവയലുകൾ കുറയുന്നത് കാർഷികോല്പാദനത്തെ മാത്രമല്ല ജലസംരക്ഷണത്തിനും കനത്ത ആഘാതമുണ്ടാക്കുന്നു.

ജില്ലയിലെ 30% കൃഷിയിടങ്ങളിൽ മാത്രമേ ജലസേചന സൗകര്യമുള്ളൂ. ജില്ലയുടെ കൃഷിയിടങ്ങളെ തീരദേശത്തോടടുത്ത് കിടക്കുന്ന താഴ്ന്ന പ്രദേശങ്ങൾ, ഇടനാടൻ ചെങ്കൽകുന്നുകൾ നിറഞ്ഞ പ്രദേശം, 150 മീറ്റർ ഉയരമുള്ള പ്രദേശങ്ങൾ എന്നിങ്ങനെ തരം തിരിക്കാം. ഇവയിൽ ഭൂരിഭാഗത്തിലും നെൽ കൃഷിയും തെങ്ങുമാണ് കാണുന്നത്. കടൽനിരപ്പ് ഒരു മീറ്റർ ഉയർന്നാൽ ഭൂരിഭാഗം പ്രദേശങ്ങളും വെള്ളത്തിനടിയിലാകും (ഉദാ. വലിയപറമ്പ 12 sq km, കാഞ്ഞങ്ങാട് 8 sq km) കടൽവെള്ളത്തിന്റെ ഉയർച്ചയിലുള്ള ചെറിയ വ്യതിയാനം പോലും ഭൂഗർഭ ശുദ്ധജല സ്രോതസ്സുകളെ സാരമായി ബാധിക്കും. കേരളത്തിൽ ഏറ്റവും കൂടുതൽ ഭൂഗർഭ ജലചൂഷണം നടക്കുന്നത് കാസറഗോഡ് ജില്ലയിലാണെന്ന് താഴെകൊടുത്ത പട്ടികയിൽ നിന്നും വ്യക്തമാണ്.

പട്ടിക 4.1.4.4 ഭൂഗർഭ ജല ചൂഷണം (ജില്ലാ അടിസ്ഥാനത്തിൽ)

ക്രമ നമ്പർ	ജില്ല	ചെറിയ കനാലുകൾ (തോട്)		കുളം		കിണർ		കുഴൽക്കിണർ	ചെറുകിട ജലസേചനവും ലിഫ്റ്റ് ഇറിഗേഷനും	മറ്റുള്ളവ പുഴയിൽ നിന്നും തടാകത്തിൽ നിന്നും ഉള്ളവ			മറ്റ് സ്രോതസ്സുകൾ	ആകെ
		സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം			പമ്പ്	ചക്രം	മറ്റ് രീതികൾ		
1	തിരുവനന്തപുരം	3833	0	588	21	1	3254	111	0	0	0	0	439	8247
2	കൊല്ലം	1368	27	15	49	31	2853	33	0	0	0	4	1674	6054
3	പത്തനംതിട്ട	2751	0	34	0	0	2343	4	113	0	0	7	1	5253
4	ആലപ്പുഴ	6237	1	0	462	0	819	7728	0	5567	0	19255	335	40404
5	കോട്ടയം	15	13	0	276	0	1952	18	107	0	0	12204	10	14595
6	ഇടുക്കി	1214	11	54	16605	0	8341	4150	0	68	0	1982	9096	41521
7	എറണാകുളം	7340	6	309	1693	5	6965	465	3130	568	0	1027	357	21865

8	തൃശ്ശൂർ	19023	5	224	3567	70	37937	1716	991	561	0	4709	2530	71333
9	പാലക്കാട്	42443	25	140	5729	7	13063	8741	514	7801	0	548	8242	87253
10	മലപ്പുറം	2443	378	157	4332	69	16019	1362	1290	1072	0	1726	1356	30204
11	കോഴിക്കോട്	989	8	0	513	1	2363	56	0	216	0	3	522	4671
12	വയനാട്	0	0	18	52	0	73	0	103	136	0	0	12123	12505
13	കണ്ണൂർ	631	281	22	1415	17	9223	438	34	221	0	652	2281	15215
14	കാസറഗോഡ്	530	19	43	12141	15	28108	10269	15	3021	0	102	450	54713
15	സംസ്ഥാനം ഒട്ടാകെ	88817	774	1604	46855	216	133313	35091	6297	19231	0	42219	39416	413833

അവലംബം: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്

ഇടനാടൻ ചെങ്കൽക്കുന്നുകൾ ഉൾപ്പെടുന്ന 76-150 മീറ്റർ വരെ ഉയർന്നു നിൽക്കുന്ന മധ്യമേഖലയിലും കിഴക്കൻ മലയോര മേഖലയിലും വൃക്ഷാവരണം കുറഞ്ഞ ബദിയഡുക്ക, പൈവളിഗെ, മീഞ്ച, വോർക്കാടി, പുത്തിഗെ, എൻമകജെ, ബേളളൂർ, കുംബഡാജെ, കാറഡുക്ക, മുളിയാർ, ബേഡഡുക്ക, പുല്ലൂർ-പെരിയ, മടിക്കൈ, കിനാനൂർ-കരിന്തളം, കയ്യൂർ-ചീമേനി എന്നിവിടങ്ങളിലും വൃക്ഷവൽക്കരണം അടിയന്തിര പ്രാധാന്യത്തോടെ നിർബന്ധമായി നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വലിയ പ്രാധാന്യത്തോടെ സ്വകാര്യവ്യക്തികൾ വനവൽക്കരണം നടത്തുന്നതിനടക്കം ധനസഹായം കൊടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. ഈ പ്രദേശത്തെ സ്വാഭാവിക നീരൊഴുക്കിനരികിലും, പുഴകളുടെ കരകളിലും മുള, ഈറ്റ, കൈത, രാമച്ചം, ആറ്റുവഞ്ചി തുടങ്ങിയ ചെറുസസ്യങ്ങൾ വെച്ചുപിടിപ്പിക്കണം.

സ്വാഭാവിക വനങ്ങളുടെ പരിഛേദങ്ങളായ കാവുകളും കാനങ്ങളും ജില്ലയിലെ പലഭാഗങ്ങളിലും നിലനിൽക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇവയുടെ സംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ നടത്തുകയും കൈയേറ്റം നിയന്ത്രിക്കാൻ അതിർത്തി കെട്ടുകയും, വലിയ കാവുകൾ അടിയന്തിരമായി കമ്മ്യൂണിറ്റി റിസർവ്വ്/ റിസർവ്വ് വനമായി പ്രഖ്യാപിക്കുകയും ചെയ്യാവുന്നതാണ്. കാവുകൾ സംരക്ഷിക്കേണ്ടത് അതാത് പഞ്ചായത്തുകളുടെ ഉത്തരവാദിത്തമാണ്. ജില്ലയിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കാൻ അടിയന്തിര പ്രാധാന്യം നൽകേണ്ടതുണ്ട്. ചെങ്കൽ പ്രദേശത്തും മലയോര മേഖലയിലുമുള്ള വനങ്ങളും വൃക്ഷാവരണവും വിവിധതരത്തിലുള്ള മഴ വെള്ളക്കൊയ്ത്തുമാണ് വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നത് .

വായു മലിനീകരണം

ജില്ലയിൽ പത്തു വർഷത്തിനിടയിൽ (1/1/2007 മുതൽ 30/09/2017) വരെ 132406 വാഹനങ്ങൾ റജിസ്റ്റർ ചെയ്തിട്ടുണ്ട്. 2010 മുതൽ 2015 വരെ, മുൻവർഷങ്ങളെക്കാൾ ചില വർഷങ്ങളിൽ 25% അധികം വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ ഇന്ധനം കത്തുമ്പോൾ പുറത്തുവിടുന്ന കാർബൺഡൈഓക്സൈഡിന്റെ അളവ് കൂടുതലാണ്. കൂടാതെ മീഥേയ്ൻ, സൾഫർ ഡയോക്സൈഡ് എന്നിവയും കൂടുന്നു. ഇത് വായു മലിനീകരണത്തിലേക്ക് നയിക്കുന്നു. ലോകത്തിൽ വായുമലിനീകരണം മൂലം ആയുസ്സ് എത്താതെ മരിക്കുന്ന ഏറ്റവും കൂടുതൽ ജനങ്ങൾ (25 ലക്ഷം) ഇന്ത്യയിലാണ്. വാഹന മലിനീകരണം ഏറ്റവും കൂടുതൽ ബാധിക്കുന്നത് റോഡിന്റെ സമീപത്താണ്. വൃക്ഷങ്ങൾ ഈ മലിന വായുവിനെ ശുദ്ധീകരിക്കാൻ പരമാവധി സഹായിക്കുന്നുണ്ട്. അതിനാൽ റോഡുകളുടെ ഇരുവശങ്ങളിലും നിർബന്ധമായും മരങ്ങൾ വെച്ചുപിടിപ്പിക്കേണ്ടതാണ്. വാഹനങ്ങളിലെ വായുമലിനീകരണം ഒരു പരിധിവരെ കുറയ്ക്കുന്നത് പുകക്കുഴലിന്റെ അറ്റത്ത് പിടിപ്പിച്ചിരിക്കുന്ന കാറ്റലിറ്റിക് കൺവേർട്ടറാണ്. എന്നാൽ ഇത്തരം കാറ്റലിറ്റിക് കൺവേർട്ടറുകൾ മോട്ടോർ സൈക്കിളുകളിൽ ഘടിപ്പിക്കാൻ പറ്റുന്നില്ല. വാഹനം മൂലമുള്ള വായുമലിനീകരണത്തിന്റെ മുഖ്യപങ്ക് മോട്ടോർ സൈക്കിളുകളിലൂടെയാണ്. ജില്ലയിലെ 134000 വാഹനങ്ങളിൽ 75000 വും മോട്ടോർ സൈക്കിളാണ്. 2016 ഏപ്രിൽ 1 മുതൽ BS4 കാറ്റഗറിയിലുള്ള വാഹനങ്ങൾക്ക് കാറ്റലിക് കൺവേർട്ടർ നിർബന്ധമാണ്. BS4 അല്ലാത്ത വാഹനങ്ങൾക്ക് പൊലൂഷൻ ടാക്സ് നിർബന്ധമാക്കുവാൻ നിർദ്ദേശം നൽകാവുന്നതാണ്. ഹൈസ്പീഡ് ഡീസൽ വാഹനങ്ങളാണ് ഏറ്റവും കൂടുതൽ കാർബൺഡൈയോക്സൈഡ് പുറന്തള്ളുന്നത്. 1980 കളിൽ 31% മാത്രമുണ്ടായിരുന്ന ഇത്തരം വാഹനം ഇപ്പോൾ 35% ആയി വർദ്ധിച്ചിരിക്കുകയാണ്. നഗരത്തിൽ താപത്തിന്റെ ആഗിരണം കുറയ്ക്കാൻ Urban forestry നടപ്പാക്കുന്നതും വായുമലിനീകരണത്തെ ചെറുക്കുന്നതിനുള്ള നടപടികളിൽപ്പെടുന്നു.

ചിത്രം 4.1.4.2: Sector wise carbon emissions for base line scenario



ചിത്രം 4.1.4.3: Source wise Percentage of contribution of CO_2 by Kerala



വിവിധ വിഭാഗങ്ങളിലുള്ള കാർബൺ ഉൽപാദനം മുകളിലെ ബാർ ഡയഗ്രമിൽ വിവരിച്ചിരിക്കുന്നു. (ഊർജ്ജോൽപ്പാദനത്തിലൂടെയാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാർബൺഡൈയോക്സൈഡ് പുറത്തുവിടുന്നത്).

ചിത്രം 4.1.4.4: Power Generation capacity in the line scenario.



ജില്ലയിൽ ലഭിക്കുന്ന central pool ൽ നിന്നുള്ള ഊർജ്ജത്തിൽ പ്രധാന പങ്ക് (59%) താപവൈദ്യുത നിലയങ്ങളിൽ നിന്നാണ്. വൈദ്യുതി സ്വയം പര്യാപ്തത നേടുന്നതിന് ജില്ലയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാനാകാതെ കിടക്കുന്ന തരിശ് നിലങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് ഊർജ്ജോൽപ്പാദനം വർദ്ധിപ്പിക്കാവുന്നതാണ്.

തീരദേശ മേഖല-മത്സ്യബന്ധനം

മത്സ്യബന്ധനം ഉപജീവനമാക്കിയ 50000 ഓളം ജനങ്ങൾ ജില്ലയിൽ ഉണ്ട്. തീരദേശ മേഖലയിൽ ശാസ്ത്രീയസംവിധാനം വർദ്ധിച്ചെങ്കിലും മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല. സമുദ്രതാപം ഉയരുന്നത് മത്സ്യപ്രജനനത്തെ ബാധിച്ച് ഉൽപാദനം കുറയാൻ സാധ്യതയുണ്ട്. ഇതിന്റെ ഭാഗമായിട്ടാവാം മത്സ്യോല്പാദനം വർദ്ധിക്കാതെ പോകുന്നത്.

കടലാമകളും മറ്റ് ജല ജീവികളും താപവർദ്ധനമൂലം വംശനാശഭീഷണി നേരിടുകയാണ്. താപമാറ്റത്തിന് അനുസൃതമായി വരുന്ന ലിംഗമാറ്റത്തെക്കുറിച്ചും അതു വഴിയുണ്ടാകുന്ന വംശനാശത്തെക്കുറിച്ചും ഗൗരവമായ പഠനം നടത്തേണ്ടതുണ്ട്. സാധാരണ 80 ശതമാനത്തിലധികം വിരിയാറുള്ള ആമ മുട്ടകൾ, അന്തരീക്ഷ താപം കൂടിയതിനാൽ വിരിയുന്നത് കുറഞ്ഞുവരുന്നതായി നീലേശ്വരം ഹാച്ചറിയിലെ അനുഭവങ്ങൾ തെളിയിക്കുന്നു. കൂടാതെ താപത്തിന് അനുസരിച്ച് ലിംഗമാറ്റവും തെളിയിക്കപ്പെട്ടതാണ് (ഐ.ഐ.ഐ.ടി മുംബൈ). മത്സ്യബന്ധന ബോട്ടുകളിൽ ടി.ഇ.ഡി. സംവിധാനം സമുദ്ര ജീവികൾക്കുള്ള പരിക്കുകൾ കുറയ്ക്കും. മത്സ്യമുൾപ്പെടെയുള്ള ജൈവ സമൂഹത്തിൽ കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന ആഘാതങ്ങളെക്കുറിച്ചും അടിയന്തിര പ്രാധാന്യത്തോടെ പഠിക്കേണ്ടതുണ്ട്. കൂടാതെ അറിയപ്പെടുന്ന ജീവികളുടെ ജീവിതചക്രത്തിൽ വ്യതിയാനം സംഭവിക്കാതിരിക്കാൻ ഇവയുടെ അണ്ഡങ്ങളെ ഹാച്ചറിയടക്കമുള്ള കൃത്രിമ സംവിധാനത്തിലൂടെ ആരോഗ്യപരമായ ലിംഗ അനുപാതം പരിപാലിച്ച് സംരക്ഷിക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ നടപടികളുണ്ടാകണം. ചെമ്മീൻ അടക്കമുള്ള പല മത്സ്യങ്ങളുടെയും ജീവചക്രത്തിലും വംശവർദ്ധനവിലും കണ്ടൽക്കാടുകൾക്കുള്ള സ്വാധീനവും പ്രയോജനപ്പെടുത്തേണ്ടതാണ്.

ജില്ലയിൽ 70 കി.മീ വരുന്ന തീരദേശ മേഖലയിൽ 24 കി.മീ. മാത്രമേ സംരക്ഷണ ഭിത്തിയുള്ളൂ. 9.5 കി.മീറ്ററിൽ സാമൂഹ്യ വനവൽക്കരണ വിഭാഗം ജൈവഭിത്തി ഉയർത്തിയിട്ടുണ്ട്. തീരദേശങ്ങളിലും പുഴയുടെ അഴിമുഖങ്ങളിലും അനുയോജ്യമായ കടലോരങ്ങളിലും കണ്ടൽ, കാറ്റാടി, പൂവരശ്, നോനി, സമുദ്രാക്ഷം, പുന്ന തുടങ്ങിയ സസ്യങ്ങൾ നട്ടുപിടിപ്പിച്ച് ജൈവ സംരക്ഷണ ഭിത്തിയായി ഉപയോഗിക്കാവുന്നതാണ്. തീരദേശങ്ങളിൽ കടൽഭിത്തിയെക്കാൾ ഫലപ്രദമായ കടലിൽ തിരകളുടെ ദിശ തിരിച്ചുവിടാനുള്ള സംവിധാനം കടൽ ഭിത്തികൾ ഇല്ലാത്ത പ്രദേശങ്ങളിൽ ജൈവഭിത്തിയോടൊപ്പം പരീക്ഷിക്കാവുന്നതാണ്. ഉപ്പളയടക്കമുള്ള പ്രദേശങ്ങളിൽ ഈ രീതി വിജയിച്ചിട്ടുള്ളതാണ്. അന്തരീക്ഷ മലിനീകരണം സൃഷ്ടിക്കുന്ന വിറകിനു പകരമായി സൗരോർജ്ജ അടുപ്പുകൾ, പ്രകൃതി വാതക അടുപ്പുകൾ തുടങ്ങിയവ ഉപയോഗിക്കുന്നതും നന്നാവും.

കടൽവെള്ളത്തിന്റെ താപം ഉയരുന്നതുകൊണ്ട് തീരദേശ മേഖലയിലുള്ള ചെറിയ മത്സ്യങ്ങളും സസ്യങ്ങളും അപ്രത്യക്ഷമാകുന്നു. ഉയരുന്ന താപം ജലത്തിലെ ഓക്സിജന്റെ അളവ് കുറയ്ക്കുന്നു. ഇത് സമുദ്രത്തിലെ ജീവജാലങ്ങളെ മുഴുവനായി ബാധിക്കുന്നു. ഉപരിതലത്തിലെ മത്സ്യങ്ങൾ പെട്ടെന്ന് അപ്രത്യക്ഷമാകു

ന്നു. കൂടാതെ താപത്തിലെ വ്യതിയാനം സമുദ്രത്തിലെ ഒഴുക്കുകളെ മാറ്റുകയും അതുവഴി സ്ഥിരമായി കാണപ്പെടുന്ന മത്സ്യങ്ങൾ അപ്രത്യക്ഷമാവുകയും ചെയ്യുന്നു. കഴിഞ്ഞ രണ്ട് ദശകങ്ങളായി കരയിലക്കൂട്ടങ്ങൾ കൂടുതൽ ആഴത്തിലേക്ക് ദിശമാറുന്നതായി CMFRI യുടെ പഠനം സൂചന നൽകുന്നു. പല മത്സ്യങ്ങൾക്കും ജീവികൾക്കും അവയുടെ ജീവസന്ധാരണത്തിന് പ്രത്യേക അളവിൽ താപം അത്യന്താപേക്ഷിതമാണ്. അതിൽ ചെറിയ വ്യതിയാനം പോലും ഒട്ടേറെ മത്സ്യ ഇനങ്ങളുടെ വംശത്തെ ഇല്ലാതാക്കും. തീരദേശ വാസത്തിനും ജല ലഭ്യതയ്ക്കും അടിസ്ഥാന സൗകര്യങ്ങൾക്കും കടൽ വെള്ളത്തിന്റെ നേരിയ തോതിലുള്ള ഉയർച്ച പോലും ഭീഷണിയാണ്. അതുകൊണ്ട് തീരദേശ മേഖലകളിൽ കടൽവെള്ളത്തിന്റെ ഉയർച്ചയെ ഉൾക്കൊള്ളാൻ പാകത്തിലുള്ള പാർപ്പിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും പ്രാവർത്തികമാക്കാൻ ശ്രമിക്കേണ്ടതാണ്. അതോടൊപ്പം ആസന്നമായുള്ള പ്രയാണത്തിന് (Emergency Exit) തീരദേശമേഖലയിലെ ജനങ്ങളെ പ്രാപ്തരാക്കുക എന്നതും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കടമയാണ്. പാരമ്പര്യേതര ഊർജ്ജത്തിന്റെ സാധ്യതകൾ തീരദേശമേഖലകളിൽ കാര്യമായി പ്രയോജനപ്പെടുത്താത്തതും പരിശോധിക്കേണ്ട പ്രധാന കാര്യമാണ്.

കാലിവളർത്തൽ

ജില്ലയിൽ നിലവിൽ 82698 കന്നുകാലികളുണ്ട് (Animal husbandry). താപ വർധന ഇവയുടെ തീറ്റയായ പുല്ലുൽപാദനത്തെ സാരമായി ബാധിക്കുന്നതിനാൽ fodder മരങ്ങൾ വളർത്താൻ പ്രോത്സാഹനം നൽകേണ്ടതാണ്. വേനൽക്കാലങ്ങളിൽ പാലുൽപ്പാദനം കുറയുന്നതായി കണ്ടുവരുന്നുണ്ട്. ഇത് താപം ഉയരുന്നതിന്റെ മറ്റൊരു ലക്ഷണമാണ്. പ്ലാവ്, ലുധിന എന്നിവയെ ഇപ്പോൾ തന്നെ കാലിത്തീറ്റക്കായി കേരളത്തിന്റെ പല ഭാഗങ്ങളിലും ആശ്രയിക്കുന്നുണ്ട്. ജില്ലയിലും അതിനുള്ള സാധ്യതകൾ കണ്ടെത്താവുന്നതാണ്.

ജില്ലയിൽ കന്നുകാലികളിൽ നിന്ന് ശരാശരി 1653 ടൺ ചാണകം ദിനംപ്രതി ലഭിക്കുന്നുണ്ട്. ഇത് മീഥെയ്നിന്റെ കലവറ ആയതിനാൽ കാർബൺഡൈയോക്കാസൈഡിനെക്കാൾ പത്തു മടങ്ങ് അന്തരീക്ഷത്തെ മലിനമാക്കാൻ പര്യാപ്തമാണ്. അതുകൊണ്ട് ബയോഗ്യാസ് പ്ലാന്റ്കളിലൂടെ മീഥെയ്നെ നിഷ്ക്രിയമാക്കി ബയോഗ്യാസ് ഇന്ധനമാക്കി ഉപയോഗപ്പെടുത്തുകയാണ് അഭികാമ്യം.

ആരോഗ്യമേഖല

പട്ടിക 4.1.4.5: രോഗങ്ങളുടെ വ്യാപനം

രോഗം/വർഷം	2013	2014	2015	2016	2017
ഡെങ്കി	176	45	476(4)	241(2)	326
മലേറിയ	306	344	238	299	147
എച്ച്1 എൻ1	10	3(1)	58(4)	1	116(4)
ചിക്കുൻഗുനിയ	0	0	0	1	0

പത്തുവർഷം മുൻപ് കേട്ടുകേൾവിയില്ലാത്ത രോഗങ്ങളും നിർമ്മാർജ്ജനം ചെയ്തു എന്ന് കരുതിയ പല രോഗങ്ങളും വർധിത വീര്യത്തോടെ ജില്ലയിൽ വ്യാപിക്കുകയാണ്. ഈ ഒരു അവസ്ഥ സംജാതമായതിൽ കാലാവസ്ഥ വ്യതിയാനത്തിന് ഗണ്യമായ പങ്കുണ്ട്. കൊതുകിന്റെ കൂത്താടികളെ ഭക്ഷിക്കുന്ന തവളകളുടെ വംശവർധനവ് ഉറപ്പാക്കുക. കിണറ്റിൽ വരാൽ, മാനത്തുകണ്ണി തുടങ്ങിയ മത്സ്യങ്ങളെ വളർത്തുക, തുമ്പികളുടെ വംശ വർധന ഉറപ്പാക്കുക. (Global skimmer, തുലാതുമ്പി) തുടങ്ങിയവ പരീക്ഷിക്കാവുന്നതാണ്.

കരിങ്കൽ ഖനനം

ജില്ലയുടെ മഴ ലഭ്യത നിലനിർത്തുന്നത് പശ്ചിമഘട്ടമാണ്. പശ്ചിമഘട്ടത്തിന്റെ ജൈവ വ്യവസ്ഥയ്ക്കും നിലനിൽപിനും ക്ഷതമേൽക്കുന്നത് ജില്ലയിൽ കാലാവസ്ഥാവ്യതിയാനത്തിന് ആക്കം കൂട്ടും. കരിങ്കൽ ക്വാറികളുടെ അനിയന്ത്രിതമായ ഖനനം കാരണം ജില്ലയിലെ പശ്ചിമഘട്ട മലനിര നാശോന്മുഖമാവുകയാണ്. അതിനാൽ കരിങ്കൽ ഖനാനുമതിയിൽ കർശനമായ നിയന്ത്രണം അനിവാര്യമാണ്. കരിങ്കൽ, ചെങ്കൽ ഖനനങ്ങൾ, പൂഴിവാരൽ എന്നിവയ്ക്കുള്ള അനുമതി പരിസ്ഥിതി ആഘാതപഠനത്തിനു ശേഷമാണ് ഇപ്പോൾ ലഭിക്കുന്നത്. അനധികൃത മണലൂറ്റൽ, കരിങ്കൽ ക്വാറി ഖനനം തുടങ്ങിയവ നടക്കുമ്പോൾ അതു തടയുക എന്നത് നിയമ സംവിധാനത്തിന്റെ കടമയാണ്. ഈ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന ഉദ്യോഗസ്ഥർക്ക് റിവാർഡുകൾ, പ്രശംസാ പത്രങ്ങൾ മുതലായവ നൽകുക. ഖനന കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ ട്രാപ്പുകൾ വെയ്ക്കുന്നതിന്റെ പ്രായോഗിക വശങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനങ്ങൾ എടുക്കുക തുടങ്ങിയവ പ്രാവർത്തികമാക്കാവുന്നതാണ്. പഞ്ചായത്തടിസ്ഥാനത്തിലുള്ള ബി.എം.സി കമ്മിറ്റികൾ നിലവിലുണ്ടെങ്കിലും പലയിടത്തും അവ പ്രവർത്തനക്ഷമമല്ല. ബി.എം.സി. യുടെ പീനൽ പ്രൊവിഷൻ ഉപയോഗിച്ചാൽ അനധികൃത ഖനനത്തിന് തടയിടാൻ ഒരു പരിധിവരെ സാധിക്കും.

കുന്നിടിക്കൽ

പശ്ചിമഘട്ടത്തോടൊപ്പം കാസർഗോഡിന്റെ പ്രാദേശിക കാലാവസ്ഥ നിർണ്ണയത്തിലും ജല സംഭരണത്തിലും ഉറവയിലും നിർണ്ണായക സ്വാധീനം ചെലുത്തുന്നതാണ് ഇടനാടൻ ചെങ്കൽക്കുന്നുകൾ. ജില്ലയിലെ പല പുഴകളും ഈ മേഖലയിൽ നിന്നാണ് ഉത്ഭവിക്കുന്നത്. ജില്ലയിലെ കൃഷിയിട ജലസേചനത്തിൽ പരമ്പരാഗതമായി തന്നെ നിർണായക സ്വാധീനം ചെലുത്തുന്ന സുരങ്കങ്ങൾ ഇടനാടൻ ചെങ്കൽക്കുന്നിന്റെ സംഭാവനയാണ്. വേനൽക്കാലങ്ങളിൽ ജലസാന്നിധ്യം ഉറപ്പാക്കുന്നതിലും ഇടനാടൻ കുന്നിന്റെ പങ്ക് പ്രധാനമാണ്. ഇവയുടെ നാശം മൂലമുണ്ടാകുന്ന പാരിസ്ഥിതിക ക്ഷതങ്ങളെ നിസ്സാരവൽക്കരിക്കാതെ അവയെ സംരക്ഷിക്കുന്നതിനും നിലവിലെ കുന്നിടിക്കൽ മൂലം സംഭവിച്ച പാരിസ്ഥിതിക നാശത്തെക്കുറിച്ച് പഠിക്കുന്നതിനും ഗൗരവമായ നടപടികൾ അനിവാര്യമാണ്.

മേപ്പ് 4.1.4.5: പരിസ്ഥിതിലോല പ്രദേശങ്ങൾ (കാസറഗോഡ്)



Figure 22. Environmental Sensitive Zones and Protected areas of Kasargod district, Kerala

ജില്ലയിലെ പരിസ്ഥിതി ലോല പ്രദേശങ്ങളായ ES1 ൽ പെടുന്ന പഞ്ചായത്തുകളിൽ പോലും അനധികൃത ക്വാറികളുണ്ട് എന്നത് പശ്ചിമഘട്ടത്തിന് അനധികൃത ഖനനം ഏൽപിക്കുന്ന ക്ഷതങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന വസ്തുതയാണ്. കാലാവസ്ഥ നിർണയത്തിനും ജലാശയങ്ങളുടെ സാന്നിധ്യത്തിനും ജൈവവൈവിധ്യത്തിനും അനിവാര്യമായ പശ്ചിമഘട്ടത്തിന്റെ സ്വാധീനം കോട്ടം തട്ടാതെ നിലനിർത്തേണ്ടത് കാലാവസ്ഥ വ്യതിയാനത്തിനെതിരെയുള്ള പ്രതിരോധത്തിൽ അതീവ പ്രാധാന്യം അർഹിക്കുന്ന പ്രവർത്തനം കൂടിയാണ്.

ജലസ്രോതസ്സുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങൾ

ജില്ലയിലെ ജലസ്രോതസുകളിലെ മാലിന്യ പ്രശ്നങ്ങളിൽ പ്രധാനം കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യമാണ്. മറ്റു ജില്ലകളെ അപേക്ഷിച്ച് കുറവാണെങ്കിലും കോളിഫോം ബാക്ടീരിയയുടെ നിയന്ത്രണം അത്യാവശ്യമാണ്. സെപ്റ്റിക് ടാങ്കുകൾ ശരിയായ രീതിയിൽ നിർമ്മിക്കാത്തതും ജലസ്രോതസ്സുമായി ശരിയായ അകലം പാലിക്കാത്തതും പ്രശ്നം സങ്കീർണ്ണമാക്കുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജലം മലിനമാക്കപ്പെട്ട മൂന്ന് സംസ്ഥാനങ്ങളിൽ കേരളവും പെടുന്നുവെന്നത് പ്രശ്നത്തിന്റെ ഗൗരവത്തെ ബോധ്യപ്പെടുത്തുന്നു. സെപ്റ്റിക് ടാങ്കുകൾക്ക്, സുരക്ഷിതത്വവും ഭൂപരിധിയും പരിശോധിച്ചു മാത്രം അനുമതി കൊടുക്കുന്നത് നിർബന്ധമാക്കുന്നതോടൊപ്പം പരിശോധനയ്ക്ക് ഹെൽത്ത് ഇൻസ്പെക്ടർ, ഗ്രാമ പഞ്ചായത്ത് എഞ്ചിനീയർ എന്നിവരുടെ സംയുക്ത കമ്മിറ്റി കൂടി ഉണ്ടാകുന്നത് അഭികാമ്യമായിരിക്കും. മാലിന്യങ്ങൾ പുഴയിലേക്കും മറ്റ് ജലസ്രോതസ്സുകളിലേക്കും തള്ളുന്നില്ല എന്ന് ഉറപ്പാക്കാൻ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതും പരിഗണിക്കേണ്ടതാണ്. ജില്ലയിലെ എല്ലാ ഭാഗങ്ങളിലെയും ജലസാമ്പിളുകൾ പ്രത്യേക ഇടവേളകളിൽ ശാസ്ത്രീയ പരിശോധനക്ക് വിധേയമാക്കണം. ഇതിനുള്ള സൗകര്യവും സംവിധാനങ്ങളും ജില്ലയിലെ ഓരോ റവന്യൂ ബ്ലോക്കിലും ഒരുക്കേണ്ടതാണ്.

വ്യവസായിക പ്രശ്നങ്ങൾ

ജില്ലയിൽ വ്യാവസായിക മലിനീകരണം താരതമ്യേന തീരെ കുറവാണ്. ജലമലിനീകരണവും വായുമലിനീകരണവുമാണ് വ്യാവസായിക മലിനീകരണത്തിന്റെ ഭാഗമായി കണ്ടുവരുന്നത്. മലിനീകരണനിയന്ത്രണ വകുപ്പ് നടത്തിയ പഠനങ്ങളിൽ അത്തരം മലിനീകരണങ്ങൾ നാമമാത്രവുമാണ്.

വളരെ വേഗം വളരുന്ന മുളയിനത്തിൽപ്പെട്ട സസ്യങ്ങൾ ജില്ലയിലെ ജലാശയങ്ങളുടെ, പ്രത്യേകിച്ച് പുഴയുടെ പാർശ്വങ്ങളിൽ വെച്ച് പിടിപ്പിക്കുവാൻ പുഴയോര പഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കുകയും ഫണ്ട് വകയിരുത്തുകയും വേണം. പ്രായമെത്തുന്ന മുളകൾ വർഷാവർഷം വിളവെടുക്കാവുന്നതുമാണ്. ജില്ലയിൽ ഇങ്ങനെ വലിയതോതിൽ മുളയുൽപ്പാദിപ്പിച്ചാൽ അതിനെ സംബന്ധിക്കുന്ന കുടിൽ വ്യവസായങ്ങൾ ആരംഭിക്കാൻ അത്തരം പഞ്ചായത്തുകൾക്ക് സാധിക്കും. ഇതിനുവേണ്ട പ്രവർത്തന വൈദഗ്ധ്യം വികസിപ്പിക്കാൻ സ്കിൽ ഡെവലപ്പ്മെന്റ് ഫണ്ട് വകയിരുത്തേണ്ടതാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും പരിസ്ഥിതി പോഷണത്തിനും ഉപകരിക്കുന്നതാവും ഈ പ്രവർത്തനം. പ്ലാസ്റ്റിക്ക് സംസ്ക്കാരത്തിന് പകരം വെക്കാനുള്ള ഉൽപ്പന്നങ്ങൾ മുളകൾ കൊണ്ട് നിർമ്മിക്കാനും കഴിയും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയോജിത പ്രവർത്തനത്തിനും ജില്ലാതലത്തിൽ സംവിധാനം ഏർപ്പെടുത്താവുന്നതാണ്. പുഴയോരവനവൽക്കരണത്തിനു വേണ്ടി മാറ്റിവെച്ച സർക്കാർ വക സ്ഥലം സ്വകാര്യ വ്യക്തികളുടെ കയ്യേറ്റത്തിന് വിധേയമായി വരികയാണ്. ആയതിനാൽ അത്തരം സ്ഥലങ്ങളിൽ വനവൽക്കരണത്തിന് പ്രാധാന്യം നൽകുന്ന പദ്ധതി വികസിപ്പിക്കണം. മരത്തിന്റെ കമ്പോളമൂല്യവും, ഇറക്കുമതിയുടെ വർദ്ധനവും മനസ്സിലാക്കി മരവ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത വിഭവം (മരം) ഇവിടെ തന്നെ ഉൽപ്പാദിപ്പിക്കണം. ഇതിന് കർഷകരെ സഹായിക്കാൻ വൃക്ഷ സഹകരണ സംഘങ്ങൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കാവുന്നതാണ്. വൃക്ഷവ്യാപനത്തിനും, കാലാവസ്ഥ വ്യതിയാനത്തെ ചെറുത്തുതോൽപ്പിക്കുന്നതിനും ഇത് വലിയ മുതൽക്കൂട്ടാകും. സ്വകാര്യ സ്ഥലങ്ങളിൽ ഇത്തരം വൃക്ഷവിളകൾ സംയോജിതമായി വികസിപ്പിക്കുന്നതിനും വൃക്ഷ സഹകരണ സംഘങ്ങളിലൂടെ സാധിക്കും.

വനവും കാലാവസ്ഥയും

കേരളത്തിലെ വനവിസ്തൃതി 11300 സ്ക്വയർ കിലോ മീറ്ററാണ്. ഇത് സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയുടെ 29.1% വരും. കേരളത്തിലെ വനങ്ങളിലെ ജൈവ വൈവിധ്യം അതിവിപുലമാണ്. ജി.എഫ്.ആർ.എ യുടെ 2015 ലെ കണക്ക് പ്രകാരം വനം വർധിച്ചു വരുന്ന ചുരുക്കം ചില രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. 2013 നെ അപേക്ഷിച്ച് 2015 ൽ ഇന്ത്യയിൽ വനവിസ്തൃതി 3775 സ്ക്വയർ കി.മീ വർധിച്ച്, 701673 സ്ക്വയർ കി.മി ആയി മാറിയിട്ടുണ്ട്. ഇത് ഭൂവിഭാഗത്തിന്റെ 21.34% മാണ്. കേരളത്തിൽ എഫ്.എസ്.ഐ. 2015 ൽ നടത്തിയ ഉപഗ്രഹ പഠനത്തിൽ 49.5% ത്തോളം വൃക്ഷാവരണം കൂടിയതായും നിബിഡ വനങ്ങൾ കുറഞ്ഞതായും കണ്ടെത്തിയിട്ടുണ്ട്. കാസറഗോഡ് ജില്ലയിൽ കാണപ്പെടുന്ന വനങ്ങൾ താഴെ പറയുന്നവയാണ്.

- വെസ്റ്റ്കോസ്റ്റ് ട്രോപ്പിക്കൽ എവർ ഗ്രീൻ ഫോറസ്റ്റ് (1 A/C4)
- കെയ്ൻ ബ്രെക്സ് (1B/E1)
- വെസ്റ്റ്കോസ്റ്റ് സെമി എവർ ഗ്രീൻ ഫോറസ്റ്റ് (2A/C2)
- ബാംബൂ ബ്രെക്സ് (2A/E3)
- ട്രോപ്പിക്കൽ മോയിസ്റ്റ് ഡെസിഡ്യൂസ് ഫോറസ്റ്റ് (3B/1A)
- സതേൺ സെക്കന്ററി മോയിസ്റ്റ് ഡെസിഡ്യൂസ് ഫോറസ്റ്റ് (3B/C2/2S-I)
- റീഡ് ബ്രെക്സ് (8A/E1)

- മാംഗ്രൂ സ്ക്രബ്ബ് (4B/T-S1)
- ഫ്രഷ് വാട്ടർ സ്വംപ്പ് ഫോറസ്റ്റ് (4C/F-S)

കേരളത്തിലെ വനങ്ങളുടെ ജൈവവൈവിധ്യത്തിന്റെ പ്രധാനകാരണം ഇവിടെ ലഭിക്കുന്ന മൺസൂൺ കാലവർഷമാണ്. ഈ കാലവർഷത്തിന്റെ പ്രധാന കാരണം കേരളത്തിന്റെ കിഴക്കേ അതിർത്തിയിലുള്ള പശ്ചിമഘട്ടമാണ്.

മേപ്പ് 4.1.4.6: Kasaragod District Forest Cover



പട്ടിക 4.1.4.6: വനവിസ്തൃതി ജില്ല തിരിച്ച്

	ഭൂവിസ്തൃതി ച. കി. മീ	നിബിഡ വനം	താരതമ്യേന നിബിഡ വനം	തുറസ്സായ വനം	ആകെ വന വിസ്തൃതി	ശതമാനം
കേരളം	38863	1523	9301	8415	19239	49.50
ജില്ല	1992	0	306	551	857	43.02

അവലംബം: സാമ്പത്തിക അവലോകനം Part II Page-89

സംസ്ഥാന വനവിസ്തൃതി 29% ആണ്. വനനയം നിഷ്കർഷിച്ചിരിക്കുന്നത് ഒരു ഭൂവിഭാഗത്തിന്റെ 30 ശതമാനം വനം ആയിരിക്കണമെന്നും അത് ഉയർന്ന പ്രദേശങ്ങളിൽ 61 ശതമാനമാകണം എന്നുമാണ്. കാസറഗോഡ് ജില്ലയിൽ ലഭ്യമായ വനവിസ്തൃതി 12000 ച.കി.മീ. ആണ്. ഇത് ജില്ലയുടെ ഭൂപ്രദേശത്തിന്റെ 6 ശതമാനവും. അതുകൊണ്ട് തന്നെ കാലാവസ്ഥാ പ്രതിസന്ധി ഘട്ടങ്ങളിൽ രക്ഷാ കവചമായി ഭവിക്കേണ്ട വനങ്ങൾക്ക് അത്തരം കർത്തവ്യം നിർവഹിക്കാനാവാതെ വരുന്നു. ജില്ലയുടെ 200 മീറ്ററോളം ഉയരമുള്ള മേഖലകളിൽ കാലാവസ്ഥയിൽ നിർണ്ണായക സ്വാധീനം ചെലുത്തേണ്ട വനങ്ങൾ പരിമിതമാണ് എന്നതും ശ്രദ്ധേയമാണ്.

വനമേഖല കുറവായതു കൊണ്ടും ജില്ലയിലെ 75 ശതമാനത്തിലധികം പ്രദേശത്ത് ചരിവ് കൂടുതലായതിനാലും വൃക്ഷാവരണം കുറഞ്ഞ പഞ്ചായത്തുകളിൽ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കപ്പെടേണ്ടത് അത്യാവശ്യമാണ്.

കാലാവസ്ഥ വ്യതിയാനം കാരണം അന്തരീക്ഷ താപനില കൂടുകയും മനുഷ്യന്റെ ഇടപെടലുകൾ മൂലം വനത്തിലെ ജൈവ ശോഷണം വർധിക്കുകയും ചെയ്യുന്നതിനാൽ ഭക്ഷണം, ജലം എന്നിവയുടെ ലഭ്യത കുറഞ്ഞ് വനമൃഗങ്ങൾ മനുഷ്യവാസസ്ഥലങ്ങളിലേക്ക് കടന്നുവരുന്നത് കൂടി വരികയാണ്.

ഇതിനെ പ്രതിരോധിക്കാൻ മുള, ഈറ്റ, ഇലവ്, സിന്ദൂരി, പ്ലാവ്, മാവ് തുടങ്ങി വന്യജീവികൾക്ക് ഭക്ഷ്യ

യോഗ്യമായ മരങ്ങൾ, ഉൾവനങ്ങളിൽ വെച്ച് പിടിപ്പിക്കണം. അതോടൊപ്പം തീറ്റപുല്ല് ലഭ്യമായ വനമേഖലകളിൽ അവ പരിപോഷിപ്പിക്കുന്നതിനും, ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ശ്രമിക്കണം. ജനവാസ കേന്ദ്രങ്ങളിൽ വന്യജീവികളുടെ കടന്നുകയറ്റം ഇല്ലാതാക്കുന്നതോടൊപ്പം വനമേഖലകളെ പരസ്പരം ബന്ധിപ്പിക്കുന്ന വന്യജീവി സ്വഭാവിക പാതകൾ (ആനത്താര പോലുള്ളവ) നിലനിർത്തുകയും ആവശ്യമായിടത്ത് കണ്ടെത്തുകയും വേണം. വനാതിർത്തികളിലെ സൗരോർജ്ജ കമ്പിവേലിയുടെ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയായി മാറണം. ജില്ലയിൽ ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്ന വന്യജീവികളെ നിയന്ത്രിച്ച് തിരികെ കാട്ടിലേക്ക് അയക്കുന്നതിനും അപകടത്തിൽപ്പെട്ട വന്യജീവികളെ ചികിത്സ നൽകി തിരിച്ചയക്കുന്നതിനും കാര്യക്ഷമമായ സംവിധാനം (റാപ്പിഡ് റസ്പോൺസ് ടീം) വനം വകുപ്പിൽ ഒരുക്കേണ്ടതാണ്. വനമേഖലയിൽ ആധുനിക പരീക്ഷണ നിരീക്ഷണങ്ങൾക്കായി ജില്ലയിൽ വനഗവേഷണ സ്ഥാപനങ്ങൾ അനിവാര്യമാണ്. വന്യജീവികൾക്ക് ആകർഷകമായ കൃഷികൾ വനാതിർത്തിയിൽ ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ ബോധവൽക്കരണം നടത്തേണ്ടതും അത്യാവശ്യമാണ്.

മൃഗങ്ങളുടെ ആക്രമണം മൂലം നാശനഷ്ടമുണ്ടാകുന്ന പ്രദേശങ്ങളിൽ വാച്ച്-ടവ്വർ, കാവൽ ഡ്യൂട്ടി, എസ്.എം.എസ് വഴി വിവരമറിയിക്കൽ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇതിലൂടെ വന്യജീവി അധിനിവേശം നിരീക്ഷിക്കാനും, നിയന്ത്രിക്കാനും ഒരു പരിധിവരെ സാധിക്കുന്നതാണ്.

മേപ്പ് 4.1.4.7: TREE COVER MAP OF KASARAGOD DISTRICT



ജില്ലയിലെ വാഹനങ്ങൾ പുറത്തുവിടുന്ന കാർബൺഡൈ ഓക്സൈഡിന്റെ അളവ് ഉദ്ദേശം 111800 മെട്രിക് ടൺ ആണ്.

ചിത്രം 4.1.4.5: Kerala State Level CO_2 Emission (000 Metric tonnes of carbon)



നമ്മുടെ നാട്ടിലുള്ള മരങ്ങൾ കാർബൺഡൈയോക്സൈഡ് വലിച്ചെടുക്കുന്ന അളവ് കണക്കാക്കിയാൽ നിലവിൽ അന്തരീക്ഷത്തിലുള്ള CO_2 ഇല്ലാതാക്കാൻ 15 ലക്ഷം മരങ്ങളെങ്കിലും ജില്ലയിൽ ഉണ്ടാകണം. ഓരോ വ്യക്തിയും ഒരു മരമെങ്കിലും നട്ടാൽ മാത്രമേ ജില്ലയിൽ ബഹിർഗമിക്കുന്ന കാർബൺഡൈയോക്സൈഡ് മൂലമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം കുറയ്ക്കാൻ സാധിക്കൂ.

കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഗ്രീൻ ഇന്ത്യാമിഷൻ, ജില്ലയിൽ നടപ്പാക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തി നടപ്പാക്കേണ്ട പദ്ധതിയാണിത്. വൃക്ഷാവരണം ഏറ്റവും കുറഞ്ഞ തദ്ദേശ ഭരണസ്ഥാപനങ്ങളായ തൃക്കരിപ്പൂർ, പടന്ന, പിലിക്കോട്, ചെറുവത്തൂർ, മടിക്കൈ, അജാനൂർ, പുല്ലൂർ-പെരിയ, ബേഡഡുക്ക, ഉദുമ, ചെമ്മനാട്, മുളിയാർ, കാറഡുക്ക, ചെങ്കള, കുംബഡാജെ, ബെള്ളൂർ, ബദിയഡുക്ക, എൻമകജെ, മൊഗ്രാൽ പുത്തൂർ, മധൂർ, കുമ്പള, പുത്തിഗെ, പൈവളിഗെ, മംഗൽപ്പാടി, മീഞ്ച, വോർക്കാടി, മഞ്ചേശ്വരം, നീലേശ്വരം നഗരസഭ, കാഞ്ഞങ്ങാട് നഗരസഭ, കാസറഗോഡ് നഗരസഭ എന്നിവിടങ്ങളിൽ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ സഹകരണത്തോടെ മരങ്ങൾ വെച്ചുപിടിപ്പിക്കണം. ജില്ലയിൽ ബ്ലോക്ക് തലത്തിൽ ബ്ലോക്ക് ഹരിത സമിതികൾ രൂപീകരിക്കുകയും, ഹരിതവൽക്കരണത്തിനും കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിനും ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. സമിതിയുടെ നേതൃത്വത്തിൽ വനവൽക്കരണത്തിന് വൃക്ഷത്തൈ നടുന്നതിനുള്ള പദ്ധതികൾ നടപ്പാക്കണം. കേരളത്തിൽ സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി വനത്തിനു പുറത്തുള്ള വൃക്ഷവൽക്കരണം മൂലം വൃക്ഷാവരണം 1317 സ്ക്വയർ കീ.മീ വർധിച്ചിട്ടുണ്ട്. ഇന്ത്യയിലെ 3 സംസ്ഥാനങ്ങൾക്കു മാത്രമാണ് ഇത്തരത്തിലുള്ള നേട്ടം കൈവരിക്കുവാൻ സാധിച്ചിട്ടുള്ളത്.

മേഖലയിൽ നിലവിലുള്ള ഇടപെടൽ

◆ എന്റെ മരം പദ്ധതി

1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഒരു വൃക്ഷത്തൈ വീതം കൊടുക്കുന്ന പദ്ധതി. ഇത് അവരുടെ വീട്ടുവളപ്പിൽ നട്ടുവളർത്തേണ്ടതാണ്.

◆ നമ്മുടെ മരം പദ്ധതി

കോളേജ് കുട്ടികൾക്ക് പൊതു സ്ഥലങ്ങളിൽ വൃക്ഷത്തൈ നടാനുള്ള പദ്ധതി.

◆ വഴിയോരത്തണൽ പദ്ധതി

തൊഴിലാളികളുടെ സഹകരണത്തോടെ പാതയോരങ്ങളിൽ മരം നടുന്ന പദ്ധതി.

◆ കാവ് സംരക്ഷണ പദ്ധതി

ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്/ബ്ലോക്ക് പ്ലാന്റിംഗ്. ഇതോടൊപ്പം നിലവിലുള്ള കാവുകളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി.

◆ ഹരിത തീരം പദ്ധതി

കടൽത്തീരങ്ങളിൽ മരം വെച്ചു പിടിപ്പിക്കുന്ന പദ്ധതി. കടലാക്രമണത്തെ തടയുന്നതിന് സഹായകമായ മരങ്ങൾ നട്ടു പിടിപ്പിക്കുന്നു.

◆ സ്വകാര്യ ഭൂമിയിലെ വൃക്ഷവൽക്കരണം പ്രോത്സാഹന പദ്ധതി

സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷത്തൈ നട്ടു പരിപാലിക്കാൻ വ്യക്തികൾക്ക് ധനസഹായം നൽകുന്ന പരിപാടി.

◆ കണ്ടൽവനവൽക്കരണ പദ്ധതി.

അനുയോജ്യമായ പ്രദേശങ്ങളിൽ കണ്ടൽ വെച്ചു പിടിപ്പിക്കുക, സ്വകാര്യ കണ്ടൽ സ്ഥലങ്ങൾക്ക് ധനസഹായം നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കൽ.

കാലാവസ്ഥ, ശുദ്ധ വായു, ശുദ്ധ ജലം, കൃഷി, മത്സ്യബന്ധനം, കന്നുകാലി വളർത്തൽ, ജൈവവൈവിധ്യ സംരക്ഷണം എന്നിവയിൽ വനത്തിനുള്ള സ്വാധീനവും പരസ്പരാശ്രിതത്വവും വലുതാണ്. വിദേശ നാണ്യം നേടിത്തരുന്നതിലും ദേശീയ വരുമാനം കൂട്ടുന്നതിലും നിർണ്ണായകമായ ടൂറിസം മേഖലയിൽ വനത്തിന്റെ പങ്ക് വളരെ പ്രധാനവുമാണ്.

കേന്ദ്ര പ്രോജക്ടുകൾ

കാലാവസ്ഥ വ്യതിയാനം നേരിടുന്നതിനായി കേന്ദ്ര സർക്കാർ നാഷണൽ ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ 8 ഓളം പദ്ധതികളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഗ്രീൻ ഇന്ത്യ മിഷൻ. ജനകീയ പങ്കാളിത്തത്തോടെ പ്രാദേശിക തലത്തിൽ ഈ പദ്ധതി വനം വകുപ്പ് മുഖേന നടപ്പാക്കുന്നു.

സംസ്ഥാന തലം

പ്രാഥമിക മേഖലയിൽ ജനസംഖ്യയുടെ 12% വും, ദ്വിതീയ മേഖലയിൽ 24.27% വും, ത്രിതീയ മേഖലയിൽ 63.66% വും ജനങ്ങൾ ഉപജീവനത്തിനായി വനത്തെ ആശ്രയിക്കുന്നു. പ്രാഥമിക മേഖലയിൽ ജനങ്ങൾ ആശ്രയിക്കുന്നത് കുറവായി കാണാമെങ്കിലും മറ്റ് 2 മേഖലകളെയും നിലനിർത്തുന്നത് പ്രാഥമിക മേഖലയാണ്. നഗരവൽക്കരണത്തിന്റെ ഭാഗമായി ആളോഹരി ജലലഭ്യത, ശുദ്ധ വായു എന്നിവ ക്രമാതീതമായി കുറയുന്നുണ്ട്. പ്രാഥമിക മേഖലയിലെ വനം, വൃക്ഷാവരണം എന്നിവയ്ക്ക് വായു മലിനീകരണവും ജലശോഷണവും വലിയൊരളവിൽ ഇല്ലാതാക്കാൻ സാധിക്കും. ഇതിനാവശ്യമായ ജില്ലയിലെ വകയിരുത്തൽ പരിശോധിക്കാം.

ബഡ്ജറ്റ്

	അടങ്കൽ(ലക്ഷം)	ചിലവുകൾ(ലക്ഷം)
സംസ്ഥാന പ്രോജക്ടുകൾ	15200	12535

	ദേശീയം	സംസ്ഥാനം	കാസറഗോഡ് ജില്ല
വന മേഖലയിലുള്ള മൂല്യത്തിന്റെ പങ്ക് (ഉത്പാദനത്തിൽ) (2014-15)	4.9%	0.89%	0.175%

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ

പട്ടിക 4.1.4.7: തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മേഖല തിരിച്ചുള്ള ചെലവിന്റെ വിവരം (ശതമാനം)

തദ്ദേശ ഭരണ സ്ഥാപനങ്ങൾ	2014-15			2015-16		
	ഉല്പാദന മേഖല	സേവന മേഖല	പശ്ചാത്തല മേഖല	ഉല്പാദന മേഖല	സേവന മേഖല	പശ്ചാത്തല മേഖല
ഗ്രാമ പഞ്ചായത്തുകൾ	10.07	59.05	30.88	8.80	53.20	38.00
ബ്ലോക്ക് പഞ്ചായത്തുകൾ	7.91	60.07	32.02	7.90	59.5	32.60
ജില്ലാ പഞ്ചായത്തുകൾ	9.55	57.78	32.67	7.00	60.5	32.50
നഗരസഭകൾ	5.13	53.84	41.03	5.20	51.40	43.4
കോർപ്പറേഷനുകൾ	4.03	48.21	47.76	4.30	48.70	47.0
ആകെ	8.7	57.7	33.6	7.7	54.4	37.9

പട്ടിക 4.1.4.8: ജല സംരക്ഷണം, പരിസ്ഥിതി, വനവൽക്കരണം എന്നിവയ്ക്ക് ബഡ്ജറ്റിലുള്ള നീക്കിയിരിപ്പ് (ശതമാനത്തിൽ)

ഗ്രാമ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്	നഗരസഭ
3.7 % (2014-15)	6.6% (2014-15)	6.3% (2014-15)	8.93%(2014-15)
3.12% (2015-16)	8.69 % (2015-16)	6.56%(2015-16)	7.14%(2015-16)

അവലംബം: ഇൻഫർമേഷൻ കേരളാ മിഷ

പട്ടിക 4.1.4.9: മണ്ണ് ജല സംരക്ഷണം, പരിസ്ഥിതി, വനവൽക്കരണം എന്നിവയ്ക്ക് ബഡ്ജറ്റിലുള്ള നീക്കിയിരിപ്പ് ചെലവ് (ശതമാനത്തിൽ)

ഗ്രാമ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്	നഗരസഭ
% (2014-15)	62% (2014-15)	67.68% (2014-15)	44% (2014-15)
64.43% (2015-16)	69.37 % (2015-16)	45.33%(2015-16)	77.98 %(2015-16)

മേഖലയിലെ പ്രശ്നങ്ങളും വികസന വിടവുകളും വികസന സാധ്യതകളും

കാർഷികമേഖല

പ്രശ്നങ്ങൾ

- ശുദ്ധജല ദൗർലഭ്യം, ഉപ്പുവെള്ളം കയറൽ
- കാർഷിക രോഗങ്ങൾ, ഉൽപാദനക്കുറവ്

തീരദേശവും മത്സ്യബന്ധനവും

- സമുദ്ര ഊഷ്മാവ് വർധിക്കുന്നത് മത്സ്യങ്ങളുടെ പ്രജനനത്തെ ബാധിക്കുന്നു.
- സമുദ്ര ഊഷ്മാവ് വർദ്ധിക്കുന്നത് ജീവികളുടെ ലിംഗമാറ്റത്തിന് കാരണമാകുന്നു.
- സമുദ്ര ജലനിരപ്പ് ഉയരുന്നു.
- ശുദ്ധജല ലഭ്യതക്കുറവ്
- സമുദ്ര മലിനീകരണം

വനം,വന്യജീവി

- ജില്ലയിൽ ഭൂവിസ്തൃതിയുടെ 6 ശതമാനം മാത്രം വനഭൂമി
- വനമേഖലകൾ തമ്മിൽ ബന്ധമില്ലായ്മ.
- കാലാവസ്ഥ വ്യതിയാനം മൂലം വനത്തിലുണ്ടാകുന്ന മാറ്റം
- വന്യജീവികൾക്ക് ഭക്ഷണ, ജല ദൗർലഭ്യം.

ആരോഗ്യം

- ചില രോഗങ്ങളുടെ ക്രമാതീതമായ വർധന
- കൊതുകുജന്യ രോഗങ്ങൾ പടരുന്നത്.

നവകേരള മിഷനുമായി സംയോജനം

മാലിന്യം ചീയുമ്പോൾ മീഥേൻ ഉൽപ്പാദിപ്പിക്കപ്പെടുന്നു. മിഥേൻ കാർബൺഡൈയോകാസൈഡിനെക്കാൾ 10 തവണ ഹാനികരമായതു കൊണ്ട് അതിനെ ബയോഗ്യാസ് ആയി ഉപയോഗിച്ചാൽ അതു കാലാവസ്ഥ വ്യതിയാനത്തിൽ ഉള്ള ആഘാതം ലഘൂകരിക്കുന്നു. 5 kg മാലിന്യത്തിൽ നിന്ന് 43 kg മീഥേൻ ഉൽപ്പാദിപ്പിക്കപ്പെടുന്നു. ഇത് ഊർജ്ജ ആവശ്യത്തിനുവേണ്ടി ഉപയോഗിച്ചാൽ അന്തരീക്ഷത്തിൽ മീഥേൻ ഉണ്ടാക്കുന്ന ആഘാതം കുറയും. അത് വഴി കാലാവസ്ഥ വ്യതിയാനം ലഘൂകരിക്കപ്പെടുകയും ചെയ്യും.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നത് ഗാർഹിക ഉപഭോക്താക്കൾ ആണ് (50 ശതമാനത്തിന് മുകളിൽ) (സാമ്പത്തിക അവലോകന റിപ്പോർട്ട് 2016) കാസറഗോഡ് ജില്ലയിൽ സൗരോർജ്ജോൽപ്പാദനത്തിനും, കാറ്റിൽ നിന്നുള്ള ഊർജ്ജോൽപ്പാദനത്തിനും അനന്തമായ സാധ്യതയുണ്ട്. ഗാർഹിക തലത്തിലുള്ള ഉപഭോഗത്തിൽ ഗണ്യമായ പങ്കുവഹിക്കാൻ ഇത്തരം ഊർജ്ജ ഉൽപാദനങ്ങൾക്ക് സാധിച്ചാൽ ജില്ലയിലെ വൈദ്യുതി ദൗർലഭ്യത്തെ മിച്ചമാക്കി മാറ്റാൻ സാധിക്കും.

ഹരിത കേരള മിഷനുമായി സംയോജിച്ച വൃക്ഷവൽക്കരണം നടത്തുന്നത് ജല സംരക്ഷണത്തിനും കാർഷിക അഭിവൃദ്ധിയ്ക്കും സഹായകമാകും.

ജൈവകൃഷിക്ക് വേണ്ടി ജൈവ കറിവേപ്പില ഗ്രാമം, ജൈവ വേപ്പ് ഗ്രാമം എന്നിവ നടപ്പാക്കിവരുന്നു.

ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രകൃതിക്കനുയോജ്യമായ ഭവന നിർമ്മാണം, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സ് പരമാവധി ഉപയോഗിക്കൽ, ജലവിരുദ്ധ ടൈലിംഗ് സമ്പ്രദായം ഒഴിവാക്കൽ, മഴവെള്ള സംഭരണികൾ, കിണർ റീചാർജ്ജിങ്ങ് എന്നിവ ഭവന നിർമ്മാണത്തിന്റെ ഭാഗമാക്കി നിർബന്ധമാക്കേണ്ടതുണ്ട്.

വികസന പരിപ്രേക്ഷ്യം

പ്രകൃതിക്കിണങ്ങുന്നതും ജനങ്ങളുടെയും ജീവജാലങ്ങളുടെയും നിലനിൽപിന് അനുപേക്ഷണീയവുമായ സന്തുലിത വികസനം ഉറപ്പുവരുത്തുക. ജൈവകൃഷിരീതികളിലൂടെയും പശ്ചിമഘട്ടം, കുന്നുകൾ, ജലസ്രോതസ്സുകൾ തുടങ്ങിയവ സംരക്ഷിക്കുക, ജലമലിനീകരണം, വായു മലിനീകരണം എന്നിവ കുറച്ച് കാലാവസ്ഥാവ്യതിയാനത്തെ നിയന്ത്രിക്കുക. ഉൽപാദന മേഖലയെ സജീവമാക്കുന്നതിന് പ്രകൃതിജന്യ സംവിധാനങ്ങൾ, പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ തുടങ്ങിയവ പ്രയോജനപ്പെടുത്തുക. പരമാവധി വനവൽക്കരണത്തിലൂടെ പ്രകൃതി സന്തുലിതാവസ്ഥ ഉറപ്പുവരുത്തുക തുടങ്ങിയ വികസന നയങ്ങളാണ്ഈ മേഖലയിൽ സാക്ഷാത്കരിക്കാൻ ഉദ്ദേശിക്കുന്നത്.

നിർദ്ദേശങ്ങൾ

- ഔഷധ സസ്യങ്ങളുടെ വിളനിലമായ വീട്ടു തൊടി മുതൽ റിസർവ്വ് വനം വരെ സംരക്ഷിക്കപ്പെടുന്നതിനുള്ള വനവ്യാപനം പദ്ധതി
- നിലവിലുള്ള കാവുകൾ, നാഗവനം, വീട്ടു തൊടി തുടങ്ങിയവ സംരക്ഷിക്കാനുള്ള പദ്ധതി
- വിദ്യാലയങ്ങളിൽ 'കുട്ടിവനം' പദ്ധതി വ്യാപിപ്പിക്കൽ
- ഗ്രീൻ ഇന്ത്യാ മിഷൻ, ഹരിത കേരളം മിഷൻ എന്നിവയുടെ സഹായത്തോടെ വനവികസനത്തിന് പ്രത്യേക പദ്ധതി

പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, വന വികസനം

- തരിശു ഭൂമി, ഹൈവേ പാർശ്വങ്ങൾ, പൊതു സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ എന്നിവയിൽ ഔഷധ സസ്യത്തോട്ടവും, വനവൽക്കരണവും
- പശ്ചിമ ഘട്ടത്തിന്റെ ജൈവ വൈവിധ്യവും, വനവും ഭൂമിയും പരിസ്ഥിതിയും സ്വാഭാവിക നിലയിൽ സംരക്ഷിക്കൽ
- കൃഷിസമയങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയൽ
- കണ്ടൽ വനവൽക്കരണം
- കിണർ റീചാർജജ്, കുഴൽക്കിണർ റീചാർജ്ജിംഗ്
- ഉപ്പിനെ ചെറുക്കുന്ന കാർഷിക ഇനങ്ങൾ കടൽ, കായലോര മേഖലയിലും പുഴയോരത്തും വെച്ചു പടിപ്പിക്കൽ
- അഗ്രോഫോറസ്റ്ററി പദ്ധതി നടപ്പാക്കൽ
- നിലവിലുള്ള നെൽകൃഷി , തണ്ണീർത്തട ഭൂമേഖലയുടെ സാറ്റലൈറ്റ് മാപ്പിംഗ് നടത്തൽ
- കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി ഉപഭോഗ ഓഡിറ്റിംഗ്
- സുരങ്കം വഴി വെള്ളം പാഴാവുന്നത് നിയന്ത്രിച്ച് കൃഷിക്ക് ഉപയോഗയോഗ്യമാക്കൽ
- കാവ് സംരക്ഷണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പ്രവർത്തന പദ്ധതി തയ്യാറാക്കി നടപ്പാക്കൽ
- നെൽവയൽ സംരക്ഷണ നിയമം കർശനമായി നടപ്പാക്കൽ
- മുൻസിപ്പാലിറ്റികളിൽ ഇലക്ട്രിക്ക് ഓട്ടോറിക്ഷകൾ പ്രോത്സാഹിപ്പിക്കൽ
- വഴിയോരത്തണൽ പദ്ധതിക്കാവശ്യമായ പ്രവർത്തനം ഏകോപിപ്പിക്കൽ
- നഗര ഹരിതവൽക്കരണം പ്രോത്സാഹിപ്പിക്കാനുള്ള നടപടി സ്വീകരിക്കൽ
- കാറ്റലിറ്റിക്ക് കൺവേർട്ടർ ഇല്ലാത്ത വാഹനങ്ങൾക്ക് ഇക്കോ ടാക്സ് ഏർപ്പെടുത്തൽ
- പഴയ വാഹനങ്ങൾക്ക് ഇക്കോ ടാക്സ്
- സൗരോർജ്ജം, തിരമാല, കാറ്റ് എന്നിവയിൽ നിന്നും ഉള്ള ഊർജ്ജ ഉപഭോഗം പ്രോത്സാഹിപ്പിക്കൽ.
- കാലിത്തീറ്റക്കാവശ്യമായ മരങ്ങൾ വച്ചുപിടിപ്പിക്കൽ
- നക്ഷത്ര വനം വെച്ചു പിടിപ്പിക്കൽ
- ചാണകം ബയോഗ്യാസായും വളമായും മാറ്റിയെടുക്കൽ.
- അലഞ്ഞു തിരിയുന്ന കന്നുകാലികളെ നിയന്ത്രിക്കൽ.
- കാസറഗോഡ് കുള്ളൻ പശുക്കളുടെ പാലുൽപ്പാദനം വർദ്ധിപ്പിക്കൽ.
- തീരദേശ വനവൽക്കരണം പ്രോത്സാഹിപ്പിക്കാനുള്ള നടപടി സ്വീകരിക്കൽ
- ആധുനികമായ കടൽഭിത്തി നിർമ്മാണത്തിലൂടെ കടലാക്രമണം തടയൽ
- തീരദശവാസികൾക്ക് മറ്റ് തൊഴിൽ മേഖലകളെപ്പറ്റി ബോധവൽക്കരണം നടത്തൽ
- സാമൂഹ്യ മലിനീകരണത്തിന് ഇക്കോടാക്സ് ഏർപ്പെടുത്തൽ
- തീരദേശ സംരക്ഷണ നിയമം കർശനമായി നടപ്പാക്കൽ
- വന്യമൃഗങ്ങൾക്ക് സുരക്ഷിതമായി സഞ്ചരിക്കാൻ പരമാവധി വനങ്ങളെ കൂട്ടിയോജിപ്പിക്കാനുള്ള ഇടനാഴി തയ്യാറാക്കൽ
- നിത്യഹരിത വൃക്ഷയിനങ്ങൾ നട്ടുപിടിപ്പിക്കൽ
- വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തൽ
- വനത്തിനകത്ത് വന്യജീവികൾക്കായുള്ള ഭക്ഷണം ഉറപ്പുവരുത്തൽ.
- വനാശ്രിത സമൂഹങ്ങൾക്ക് ബോധവൽക്കരണം നടത്തൽ.
- വനത്തിന് ദോഷകരമല്ലാത്ത ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കൽ.
- വന്യജീവി അക്രമണത്തെ നേരിടാൻ സുസജ്ജമായ റാപ്പിഡ് റെസ്പോൺസ് ടീം സംഘടിപ്പിക്കൽ
- വംശനാശ ഭീഷണി നേരിടുന്നതും പ്രകൃതിയുടെ നിലനിൽപിന് അനിവാര്യവുമായ ജീവജാലങ്ങളെ സംരക്ഷിക്കൽ
- തവളകൾ, മാനത്തുകണ്ണി, തുലാത്തുമ്പി എന്നിവയുടെ വംശം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കൽ.
- പ്രശ്നക്കാരായ വന്യജീവികൾക്ക് റേഡിയോ കോളർ വച്ചുപിടിപ്പിക്കൽ

4.1.5 വ്യവസായം, വാണിജ്യം, സ്വയംതൊഴിൽ സംരംഭങ്ങൾ, പ്രവാസി തൊഴിലാളികൾ

ആമുഖം

ജില്ല രൂപവൽകൃതമായിട്ട് 33 വർഷമായെങ്കിലും വ്യാവസായിക വളർച്ചാ രംഗത്ത് ഇപ്പോഴും ഏറെ പിന്നോക്കാവസ്ഥയിലാണുള്ളത്. കാർഷിക, വാണിജ്യ, വ്യാവസായിക, വിനോദ സഞ്ചാര കേന്ദ്രമായി വളരുവാനുള്ള വിഭവങ്ങളുടെ ലഭ്യത ധാരാളമായി ഇവിടെയുണ്ട്. അവ തിരിച്ചറിഞ്ഞ് വ്യക്തമായ ആസൂത്രണത്തോടും, അർപ്പണ മനോഭാവത്തോടും, ഇച്ഛാശക്തിയോടും കൂടി മുന്നോട്ട് നീങ്ങിയാൽ ജില്ലയുടെ സാമ്പത്തിക, സാമൂഹ്യ മേഖലകളിൽ വൻ കുതിച്ച് ചാട്ടം സൃഷ്ടിക്കുവാൻ നമുക്ക് കഴിയും.

ഉൽപ്പാദന, കയറ്റുമതി, തൊഴിൽ മേഖലകളിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്നതിനാൽ ഒരു പ്രദേശത്തിൻെറ സാമൂഹിക, സാമ്പത്തിക വളർച്ചയിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ വാണിജ്യ മേഖലയ്ക്ക് കാര്യമായ പങ്കുണ്ട്. സ്വയംതൊഴിൽ സംരംഭങ്ങളും, വേതന തൊഴിലവസരങ്ങളും ധാരാളമായി സൃഷ്ടിക്കുന്നു എന്നതാണ് ഈ മേഖലയ്ക്ക് മേൽ പറയപ്പെടുന്ന സ്വാധീനമുണ്ടാവാൻ കാരണം. മറ്റ് ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ വ്യാവസായികമായി വളരെ പിന്നോക്കാവസ്ഥയിൽ തുടരുന്ന ഒരു ജില്ലയാണ് കാസറഗോഡ്. വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ്, പരിതാപകരമായ അടിസ്ഥാന സൗകര്യങ്ങൾ, ഉൽപാദന പ്രക്രിയയ്ക്കാവശ്യമായ അസംസ്ക്കൃത വസ്തുക്കളുടെ കുറവ്, തൊഴിൽ വൈദഗ്ദ്ധ്യവും സാങ്കേതികത്തികവും കാര്യനിർവ്വഹണശേഷിയുമുള്ള വിദഗ്ദ്ധ ഉപദേശക സ്ഥാപനങ്ങളുടെ അഭാവം, വൻ ഉൽപാദനച്ചെലവ്, കുറഞ്ഞ ഉൽപ്പാദനക്ഷമത തുടങ്ങിയവയാണ് ഈ ജില്ലയുടെ വ്യാവസായിക പിന്നോക്കാവസ്ഥയ്ക്ക് പ്രധാന കാരണങ്ങളായി കണക്കാക്കുന്നത്. സൂക്ഷ്മമായി വിലയിരുത്തുമ്പോൾ ഏറെ സാവധാനമായും എന്നാൽ സ്ഥായിയായും ഈ മേഖല ജില്ലയിൽ വളർന്ന് വരുന്നതിന്റെ സൂചകങ്ങൾ കാണാം.

കാഴ്ചപ്പാട്

പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം വരാതെ ലഭ്യമായ മനുഷ്യ പ്രകൃതിവിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ജില്ലയുടെ ഉല്പാദന മേഖലയുടെ സമഗ്ര വികസനം ലക്ഷ്യം വെച്ച്കൊണ്ട് സൂക്ഷ്മ, ചെറുകിട, ഇടത്തരം, വൻകിട വ്യവസായസ്ഥാപനങ്ങളുടെ വളർച്ചയ്ക്കാവശ്യമായ സൗഹാർദ്ദപരമായ വ്യാവസായിക അന്തരീക്ഷം സൃഷ്ടിച്ചെടുക്കുക.

വ്യാവസായിക അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിലൂടെ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ച് കൊണ്ട് വ്യവസായ സൗഹൃദ ജില്ലയാക്കി മാറ്റിയെടുക്കുക.

ജില്ലയുടെ വികസനത്തിൽ വ്യവസായ മേഖലയുടെ പ്രാധാന്യവും പ്രസക്തിയും

ഒരു പ്രദേശത്തിന്റെ സുസ്ഥിര വികസനം ഉല്പാദന മേഖലയിൽ അധിഷ്ഠിതമാണ്. കാർഷിക അനുബന്ധമേഖല കഴിഞ്ഞാൽ വളരെ പ്രാധാന്യമർഹിക്കുന്ന ഉല്പാദനമേഖലയാണ് വ്യവസായ മേഖല. കാർഷിക വൃത്തിയിലധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയാണ് നമ്മുടെ ജില്ലയുടേത്. വിദേശ പണവും അതിലൂടെ കെട്ടിപ്പടുത്ത വാണിജ്യമേഖലയുമാണ് ജില്ലയുടെ സമ്പദ്വ്യവസ്ഥയെ പരിപോഷിപ്പിക്കുന്നത്. വിദേശപണത്തിന്റെ വരവ് നിലച്ചാൽ ജില്ലയുടെ സമ്പദ്വ്യവസ്ഥ തളരുകയും കാലക്രമേണ സാമ്പത്തിക അരക്ഷിതാവസ്ഥയിലേക്ക് നീങ്ങുകയും ചെയ്യും. ഈ ദുരവസ്ഥ വരാതിരിക്കാൻ ജില്ലയുടെ സമ്പദ്വ്യവസ്ഥ സ്വയം പര്യാപ്തമാകണം. ഉല്പാദന മേഖലയുടെ വളർച്ചയിലൂടെ മാത്രമേ സ്വയംപര്യാപ്തത കൈവരിക്കുവാൻ കഴിയൂ. ആയതിനാൽ വ്യവസായ മേഖലയുടെ വളർച്ച കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

വ്യവസായം - ഒരു അവലോകനം

കേന്ദ്ര സർക്കാറിൻെറ ഈസി ഓഫ് ഡൂയിംഗ് ബിസിനസ്സിൻെറ ഭാഗമായി ഉദ്യോഗ് ആധാർ പ്രാബല്യത്തിൽ വന്നതോടുകൂടി സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയുമായി ബന്ധപ്പെട്ട് വകുപ്പിന് ലഭ്യമായിക്കൊണ്ടിരുന്ന ബൃഹത്തായ ഡാറ്റ ഇല്ലാതാവുകയും തികച്ചും പരിമിതമായ വിവരലഭ്യതയിലേക്ക് ചുരുങ്ങുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ വിവരമനുസരിച്ച് ജില്ലയിൽ 4357 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. മേൽ സംരംഭങ്ങളിലെല്ലാം കൂടി 42727.31 ലക്ഷം രൂപയുടെ നിക്ഷേപവും, 21189 തൊഴിലവസരങ്ങളും ജില്ലയിൽ സൃഷ്ടിച്ചിട്ടുണ്ട്. മേൽ വ്യവസായസംരംഭങ്ങളിൽ 98% വും സൂക്ഷ്മ വിഭാഗത്തിൽ വരുന്ന സംരംഭങ്ങളും, 2% ചെറുകിട-ഇടത്തരം ഗണത്തിൽ വരുന്നവയുമാണ്.

പട്ടിക 4.1.5.1: വ്യവസായ സംരംഭങ്ങളുടെ തദ്ദേശ ഭരണ സ്ഥാപനം തിരിച്ചുള്ള കണക്ക്

ക്രമ. നം.	പഞ്ചായത്ത് / മുനിസിപ്പാലിറ്റി	സംരംഭങ്ങളുടെ എണ്ണം	നിക്ഷേപം (ലക്ഷത്തിൽ)	തൊഴിൽ (എണ്ണത്തിൽ)
1	ചെമ്മനാട്	153	3758.35	898
2	ചെങ്കള	163	4994.46	909
3	മധൂർ	87	1399.78	467
4	മൊഗ്രാൽ പുത്തൂർ	35	694.28	236
5	ബദിയഡുക്ക	51	935.24	241
6	കുമ്പള	53	463.90	926
7	ബേഡഡുക്ക	36	173	223
8	ദേലമ്പാടി	22	70	94
9	കാറഡുക്ക	180	953	673
10	കുറ്റിക്കോൽ	56	427	241
11	മുളിയാർ	114	556	526
12	കുമ്പഡാജെ	22	150	156
13	ബെള്ളൂർ	22	43	46
14	കാസറഗോഡ് (മുൻസിപ്പാലിറ്റി)	473	5221.85	2613
15	അജാനൂർ	159	559	592
16	മടിക്കൈ	43	527	276
17	പള്ളിക്കര	91	364	450
18	പുല്ലൂർ-പെരിയ	68	907	470
19	ഉദുമ	101	402	397
20	ചെറുവത്തൂർ	138	1080	444
21	കയ്യൂർ-ചീമേനി	145	963	435
22	പടന്ന	53	312	213
23	പിലിക്കോട്	82	297	279
24	തൃക്കരിപ്പൂർ	153	599	711
25	വലിയപറമ്പ	25	152	128
26	കാഞ്ഞങ്ങാട് (മുൻസിപ്പാലിറ്റി)	395	3966.45	1536
27	നീലേശ്വരം (മുൻസിപ്പാലിറ്റി)	253	1387	983
28	ബളാൽ	89	247	272
29	കള്ളാർ	53	220	212
30	കോടോം-ബേളൂർ	177	948	870
31	പനത്തടി	50	110	222
32	ഈസ്റ്റ് എളേരി	57	313	255
33	കിനാനൂർ-കരിന്തളം	206	295	575
34	വെസ്റ്റ് എളേരി	57	1348	369
35	എൻമകജെ	43	449	271
36	മംഗൽപ്പാടി	91	634	486
37	മഞ്ചേശ്വരം	142	2695	1028
38	മീഞ്ച	27	473	203
39	പൈവെളിഗെ	76	400	386
40	പുത്തിഗെ	70	2857	632
41	വൊർക്കാടി	31	332	177
	ആകെ	**4342**	**42676.31**	**21121**

അവലംബം: വ്യവസായ വികസന വകുപ്പ് കാസറഗോഡ്

ചിത്രം 4.1.5.1: വ്യവസായ സംരംഭങ്ങളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ചുള്ള ചാർട്ട്



വ്യവസായസാന്ദ്രത

ജില്ലയിൽ വ്യവസായങ്ങളുടെ വളർച്ച എല്ലാ പ്രദേശങ്ങളിലും ഒരേപോലെ എത്തപ്പെട്ടിട്ടില്ല. വ്യവസായ സാന്ദ്രതയുടെ അടിസ്ഥാനത്തിൽ സാന്ദ്രത കൂടിയ മേഖല, ശരാശരി മേഖല, കുറഞ്ഞ മേഖല, വളരെ കുറഞ്ഞ മേഖല എന്നിങ്ങനെ ജില്ലയിലെ പ്രദേശങ്ങളെ നാലായി തരംതിരിക്കാം.

വ്യവസായസാന്ദ്രത കൂടിയ മേഖല

വ്യവസായ സാന്ദ്രതയിൽ മുൻപന്തിയിൽ നിൽക്കുന്നത് നഗരപ്രദേശങ്ങളാണ്. ജില്ലയിൽ കാസറഗോഡ്, കാഞ്ഞങ്ങാട്, നീലേശ്വരം എന്നീ മൂന്ന് നഗരപ്രദേശമാണ് നിലവിലുള്ളത്. അവയിൽ ഏകദേശം 1121 വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. തൽഫലമായി 10574 ലക്ഷം രൂപയുടെ നിക്ഷേപവും, 5132 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

പട്ടിക 4.1.5.2: വ്യവസായ സാന്ദ്രത

ക്രമ. നം.	മുൻസിപ്പാലിറ്റി	സംരംഭങ്ങളുടെ എണ്ണം	നിക്ഷേപം (ലക്ഷത്തിൽ)	തൊഴിൽ (എണ്ണത്തിൽ)
1	കാസറഗോഡ്	473	5221	2613
2	കാഞ്ഞങ്ങാട്	395	3966	1536
3	നീലേശ്വരം	253	1387	983
	ആകെ	**1121**	**10574**	**5132**

വ്യവസായസാന്ദ്രതയിൽ ശരാശരി നിൽക്കുന്ന പഞ്ചായത്തുകൾ

പട്ടിക 4.1.5.3: വ്യവസായസാന്ദ്രത ശരാശരി മേഖല

ക്രമ. നം.	പഞ്ചായത്തിൻെറ പേര്	സംരംഭങ്ങളുടെ എണ്ണം	നിക്ഷേപം (ലക്ഷത്തിൽ)	തൊഴിൽ (എണ്ണത്തിൽ)
1	ചെമ്മനാട്	153	3758	898
2	ചെങ്കള	163	4994	909
3	കാറഡുക്ക	180	953	673
4	അജാനൂർ	159	559	592
5	ചെറുവത്തൂർ	138	1080	444
6	കയ്യൂർ-ചീമേനി	145	963	435
7	തൃക്കരിപ്പൂർ	153	599	711
8	കോടോം-ബേളൂർ	177	948	870
9	കിനാനൂർ-കരിന്തളം	206	295	575
10	മഞ്ചേശ്വരം	142	2695	1028
	ആകെ	**1616**	**16844**	**7135**

ജില്ലയിലെ പഞ്ചായത്തുകളിലായി 1616 വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലൂടെ 16844 ലക്ഷത്തിൻെറ നിക്ഷേപവും 7135 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

വ്യവസായം, വാണിജ്യം, സ്വയംതൊഴിൽ സംരംഭങ്ങൾ, പ്രവാസി തൊഴിലാളികൾ

വ്യവസായസാന്ദ്രത- കുറഞ്ഞ മേഖല

പട്ടിക 4.1.5.4: വ്യവസായ സാന്ദ്രതയിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന പഞ്ചായത്തുകൾ

ക്രമ. നം.	പഞ്ചായത്തിൻെറ പേര്	സംരംഭങ്ങളുടെ എണ്ണം	നിക്ഷേപം (ലക്ഷത്തിൽ)	തൊഴിൽ (എണ്ണത്തിൽ)
1	മധൂർ	87	1399.78	467
2	മുളിയാർ	114	556	526
3	പുല്ലൂർ-പെരിയ	68	907	470
4	പള്ളിക്കര	91	364	450
5	ഉദുമ	101	402	397
6	പിലിക്കോട്	82	297	279
7	ബളാൽ	89	247	272
8	മംഗൽപ്പാടി	91	634	486
9	മീഞ്ച	76	400	386
10	പുത്തിഗെ	70	2857	632
	ആകെ	**869**	**8063.78**	**4365**

മേൽ പഞ്ചായത്തുകളിലായി ആകെ 869 വ്യവസായ യൂണിറ്റുകളും 8064 ലക്ഷം രൂപയുടെ നിക്ഷേപവും 4365 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

വ്യവസായസാന്ദ്രത - വളരെ കുറഞ്ഞ മേഖല

പട്ടിക 4.1.5.5: വ്യാവസായികമായി വളരെ പിക്കോക്കാവസ്ഥയിൽ നിൽക്കുന്ന പഞ്ചായത്തുകൾ

ക്രമ. നം.	പഞ്ചായത്തിൻെറ പേര്	സംരംഭങ്ങളുടെ എണ്ണം	നിക്ഷേപം (ലക്ഷത്തിൽ)	തൊഴിൽ (എണ്ണത്തിൽ)
1	മൊഗ്രാൽ പുത്തൂർ	35	694.28	236
2	ബദിയഡുക്ക	51	935.24	241
3	കുമ്പള	53	463.9	926
4	ബേഡഡുക്ക	36	173	223
5	ദേലമ്പാടി	22	70	94
6	കുറ്റിക്കോൽ	56	427	241
7	കുമ്പഡാജെ	22	150	156
8	ബെള്ളൂർ	22	43	46
9	മടിക്കൈ	43	527	276
10	പടന്ന	53	312	213
11	വലിയപറമ്പ	25	152	128
12	കള്ളാർ	53	220	212
13	പനത്തടി	50	110	222
14	ഈസ്റ്റ് എളേരി	57	313	255
15	വെസ്റ്റ് എളേരി	57	1348	369
16	എൻമകജെ	43	449	271
17	മീഞ്ച	27	473	203
18	വൊർക്കാടി	31	332	177
	ആകെ	**736**	**7192.42**	**4489**

മേൽ 18 പഞ്ചായത്തുകളിലായി ആകെ 736 വ്യവസായ യൂണിറ്റുകളും 7192.42 ലക്ഷം രൂപയുടെ നിക്ഷേപവും 4489 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

വ്യവസായങ്ങളുടെ തരം

പട്ടിക 4.1.5.6: വ്യവസായ സ്ഥാപനങ്ങളുടെ തരംതിരിവ്

ക്രമ. നം.	വ്യവസായത്തിൻെറ പേര്	സംരംഭങ്ങളുടെ എണ്ണം	നിക്ഷേപം (ലക്ഷത്തിൽ)	തൊഴിൽ (എണ്ണത്തിൽ)
1	ഭക്ഷ്യ കാർഷികാധിഷ്ഠിതം	785	7247.55	3457
2	സോഡാ ജലം/ലഘുപാനീയം	66	650.39	425
3	പരുത്തിത്തുണി കച്ചവടം	18	115.05	150
4	കമ്പിളി, സിൽക്ക്, കൃത്രിമ നൂലുകൾ	2	7.24	12
5	റെഡിമെയ്ഡ് വസ്ത്രങ്ങൾ	668	996.6	2669
6	മരം/മരംകൊണ്ടുള്ള ഫർണിച്ചർ	237	4713.31	1714
7	കടലാസ്, കടലാസ് കൊണ്ടുള്ള വസ്തുക്കൾ	189	2798.48	1063
8	തോലുപയോഗിച്ചുള്ളവ	43	82.91	254
9	കെമിക്കൽ/ കെമിക്കൽ ഉപയോഗിച്ചുള്ളവ	60	903.56	433
10	റബ്ബർ, പ്ലാസ്റ്റിക്, പെട്രോൾ സംബന്ധിച്ചത്	194	3349.25	1460
11	ലോഹ മൂലകങ്ങൾ ഉപയോഗിച്ചുള്ളവ	38	1555.72	688
12	മെറ്റൽ ആശ്രയിച്ചുള്ളവ (സ്റ്റീൽ ഫാബ്രിക്കേഷൻ)	151	2276.26	668
13	എഞ്ചിനീയറിംഗ് യൂണിറ്റുകൾ	472	2551.29	1996
14	ഇലക്ട്രിക്കൽ യന്ത്രങ്ങൾ	28	297.78	187
15	റിപ്പയർ, സർവ്വീസ്	278	643.4	758
16	ജെം ഡിസൈനിംഗ്	48	1457.84	198
17	ഫാഷൻ ഡിസൈനിംഗ്	7	5.65	10
18	മറ്റുള്ളവ	1048	13032.2	4974
19	ആർട്ടിസൻ യൂണിറ്റ്	26	41.66	63
	ആകെ	4357	42727	21189

മേൽ പട്ടിക പരിശോധിക്കുമ്പോൾ ഭക്ഷ്യ-കാർഷിക മേഖലയിലധിഷ്ഠിതമായ 18% ഉം റെഡിമെയ്ഡ് ഗാർമെന്റ്സ് മേഖലയിലധിഷ്ഠിതമായ 16% ഉം ജനറൽ എഞ്ചിനീയറിംഗ് മേഖലയിലധിഷ്ഠിതമായ 11% ഉം സംരംഭമാണ് ജില്ലയിൽ പ്രധാനമായി കാണുന്നത്. അതായത് ജില്ലയിലെ വ്യവസായ സ്ഥാപനങ്ങളിൽ 45% ഉം ഈ മൂന്ന് തരങ്ങളിൽ ഉൾപ്പെടുന്നതാണ്.

വ്യവസായ വളർച്ച

കഴിഞ്ഞ 5 വർഷത്തെ പുതിയ വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം പരിശോധിച്ചാൽ ജില്ലയിൽ ശരാശരി 350 വ്യവസായ സ്ഥാപനങ്ങൾ ഓരോ വർഷവും ഉണ്ടാകുന്നതായി കാണാം. അവയിൽ 98.5% ഉം സൂക്ഷ്മ വിഭാഗത്തിൽപ്പെടുന്നവയാണ്.

പട്ടിക 4.1.5.7: വ്യവസായ സ്ഥാപനങ്ങളുടെ വളർച്ച

യൂണിറ്റുകളുടെ തരം / എണ്ണം		2012–13	2013–14	2014–15	2015–16	2016–17
മൈക്രോ യൂണിറ്റ്	ഉല്പാദനം	230	257	242	243	264
	സർവ്വീസ്	86	86	94	95	97
	ആകെ	316	343	336	338	361
ചെറുകിട യൂണിറ്റ്	ഉല്പാദനം	9	8	7	12	11
	സർവ്വീസ്	2	1	5	1	1
	ആകെ	11	9	12	13	12
മീഡിയം യൂണിറ്റ്	ഉല്പാദനം	0	0	0	0	0
	സർവ്വീസ്	0	0	0	0	0
	ആകെ	0	0	0	0	0
എം എസ് എം ഇ	ഉല്പാദനം					
	സർവ്വീസ്					
	ആകെ	327	352	348	351	373

വ്യവസായം തൊഴിൽ – എണ്ണം

ജില്ലയിലെ വ്യവസായ സ്ഥാപനങ്ങൾ മുഖേന സൃഷ്ടിക്കപ്പെടുന്ന തൊഴിലുകളുടെ എണ്ണം പരിശോധിച്ചാൽ ഒരോ വർഷവും ജില്ലയിൽ ശരാശരി 1500 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതു കാണാം.

പട്ടിക 4.1.5.8: വ്യവസായ സ്ഥാപനങ്ങൾ മുഖേന സൃഷ്ടിക്കപ്പെടുന്ന തൊഴിലുകളുടെ എണ്ണം

യൂണിറ്റുകളുടെ തരം / എണ്ണം		2012–13	2013–14	2014–15	2015–16	2016–17
മൈക്രോ യൂണിറ്റ്	ഉല്പാദനം	1032	1308	1115	1053	1142
	സർവ്വീസ്	303	257	234	249	253
	ആകെ	1335	1565	1349	1302	1395
ചെറുകിട യൂണിറ്റ്	ഉല്പാദനം	166	114	86	139	165
	സർവ്വീസ്	10	6	22	9	0
	ആകെ	176	120	108	148	165
മീഡിയം യൂണിറ്റ്	ഉല്പാദനം	0	0	0	0	0
	സർവ്വീസ്	0	0	0	0	0
	ആകെ	0	0	0	0	0
എം.എസ്.എം.ഇ.	ഉല്പാദനം	1198	1422	1201	1192	1307
	സർവ്വീസ്	313	263	256	258	253
	ആകെ	1511	1685	1457	1450	1560

വ്യവസായം – മേഖലാ വിശകലനം

ജില്ലയിലെ സംരംഭങ്ങളെ വിവിധ മേഖല തിരിച്ച് വിശകലനം ചെയ്യുമ്പോൾ, പുതിയതായി ഉണ്ടാകുന്ന യൂണിറ്റുകളിൽ 18% വസ്ത്രനിർമ്മാണ മേഖലയിലും 13% എഞ്ചിനീയറിംഗ് മേഖലയിലും 12.61% ഭക്ഷ്യ-കാർഷിക മേഖലയിലുമാണെന്നും വിലയിരുത്താം.

പട്ടിക 4.1.5.9: വ്യവസായം - മേഖലാ വിശകലനം

ക്രമ നമ്പർ	മേഖലയുടെ പേര്	2012 -13	2013-14	2014-15	2015-16	2016-17
1	ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്	37	62	47	57	66
2	ഗ്ലാസ്സ് & സിറാമിക്സ്	0	0	0	0	2
3	മെക്കാനിക്കൽ/ ജനറൽ/ റ്റൈ	59	52	49	50	52
4	ഐ.ടി & ഐ.ടി.ഇ.എസ്.	13	8	6	8	11
5	ഐ.ടി ഹാർഡ്വെയർസ്	0	1	0	0	0
6	റബ്ബർ ഉൽപന്നങ്ങൾ	9	3	3	3	2
7	കെമിക്കൽ	3	5	9	3	2
8	പ്ലാസ്റ്റിക്ക്	9	7	11	7	6
9	പേപ്പർ ഉൽപന്നങ്ങൾ	6	11	7	12	11
10	പഴവർഗ്ഗം & ഭക്ഷ്യാധിഷ്ഠിതം	0	0	1	5	3
11	തടി ഉൽപന്നം	14	27	22	18	17
12	പ്രിന്റിംഗ് ബന്ധിതം	18	12	13	9	9
13	കെട്ടിട സാമഗ്രികൾ	14	13	8	12	14
14	റെക്സിൻ/തുകൽ ഉൽപന്നങ്ങൾ	3	3	3	4	8
15	ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്	0	2	5	3	3
16	ഫാർമസ്യൂട്ടിക്കൽസ്	0	0	0	0	0
17	ആയുർവേദ ഉൽപന്നങ്ങൾ	2	0	1	7	9
18	സേവന പ്രവർത്തനം	64	61	67	59	61
19	മറ്റിനങ്ങൾ	19	26	27	36	37
20	ഭക്ഷ്യകാർഷികാധിഷ്ഠിതം	55	50	47	49	47
21	സിമന്റ് ഉൽപന്നങ്ങൾ	1	3	7	5	7
22	മെഴുക് തിരികൾ	0	4	13	4	4
23	ഹാന്റി ക്രാഫ്റ്റ്	1	2	2	0	2
	ആകെ	327	352	348	351	373

വ്യവസായ സാധ്യതകൾ

മാനവവിഭവശേഷി കൊണ്ടും വൈവിധ്യങ്ങളാർന്ന കാർഷിക വിഭവങ്ങൾ കൊണ്ടും സമ്പന്നമാണ് കാസറഗോഡ് ജില്ല. എന്നാൽ ഈ അനുകൂല ഘടകങ്ങളെയെല്ലാം ഏകോപിപ്പിച്ച് ദീർഘവീക്ഷണ പദ്ധതികളിലൂടെ നടപ്പാക്കിയാൽ മാത്രമേ ജില്ലയിലെ വ്യവസായ പുരോഗതി ഉദ്ദേശിക്കുന്ന രീതിയിൽ സഫലീകൃതമാവുകയുള്ളൂ. കാർഷികാധിഷ്ഠിത ഭക്ഷ്യ ഉൽപ്പന്ന വ്യവസായങ്ങൾ വേണ്ട രീതിയിൽ ആവിഷ്കരിച്ച് ആത്യന്തിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനാവശ്യമായ സംരംഭങ്ങൾ രൂപീകരിക്കുന്നതിനാണ് 13-ാം പദ്ധതിയിൽ മുൻഗണന നൽകേണ്ടത്. വ്യവസായ വികസനത്തിന് അനുകൂലമായ ഘടകങ്ങളുടെ ലഭ്യത പരിശോധിക്കാം.

കാർഷിക ഉൽപന്നങ്ങൾ

കാർഷികാധിഷ്ഠിത ജില്ലയായ കാസറഗോഡിന്റെ തൊഴിൽ വരുമാന മാർഗ്ഗം കൃഷിയാണ്. ജില്ലയിൽ കാർഷികവിഭവങ്ങളും നാണ്യവിളകളും കൃഷി ചെയ്യപ്പെടുന്നുണ്ട്. തേങ്ങ, അടക്ക, നെല്ല്, കശുവണ്ടി, മരച്ചീനി, ഏത്തപ്പഴം, മാങ്ങ, ചക്ക, കുരുമുളക് എന്നിവയാണ് ജില്ലയിലെ പ്രധാന ഉൽപന്നങ്ങൾ. 2017-18 വർഷത്തിലെ കാർഷിക ഉൽപന്നങ്ങളുടെ ഉൽപാദനം താഴെ പറയും പ്രകാരമാണ്.

പട്ടിക 4.1.5.10: 2017-18 വർഷത്തിലെ കാർഷിക ഉൽപന്നങ്ങളുടെ ഉൽപാദനം

ക്രമ നം.	വിഭവം	അളവ് (ടൺ)
1	നെല്ല്	8560
2	മരച്ചീനി	19991
3	ഏത്തപ്പഴം	7015
4	കശുവണ്ടി	3857
5	കുരുമുളക്	1189
6	മാങ്ങ	9500
7	തേങ്ങ	69 മില്ല്യൻ എണ്ണം
8	ചക്ക	11 മില്ല്യൻ എണ്ണം
9	അടക്ക	

അവലംബം: 2017-18 ലെ ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വേ റിപ്പോർട്ട്.

കാർഷിക വിഭവങ്ങളിൽ 20 ശതമാനത്തിൽ കുറവ് മാത്രമാണ് മൂല്യവർദ്ധിത വസ്തുക്കളായി ജില്ലയിൽ തന്നെ വ്യവസായികാവശ്യത്തിന് ഉപയോഗിക്കപ്പെടുന്നത്. സി.പി.സി.ആർ.ഐ. പോലുള്ള സാങ്കേതിക സ്ഥാപനങ്ങളുടെ സാന്നിധ്യവും, കാർഷിക വിഭവങ്ങളുടെ ഗുണകരമായ ലഭ്യതയും 13-ാം പദ്ധതി കാലഘട്ടത്തിൽ ജില്ലയിൽ ഭക്ഷ്യാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളുടെ പ്രധാന്യം സൂചിപ്പിക്കുന്നു.

ധാതുവിഭവങ്ങൾ

അനുഗ്രഹീതമായ ധാതുനിക്ഷേപങ്ങൾ കൊണ്ട് സമ്പന്നമാണ് കാസറഗോഡ് ജില്ല. ചൈന ക്ലേ, ബോക്സൈറ്റ്, ലിഗ്നൈറ്റ്, ലൈംഷെൽ എന്നിവയുടെ വൻ നിക്ഷേപം ജില്ലയിലുണ്ട്. ഇവ ശരിയായ രീതിയിൽ ഖനനം ചെയ്യപ്പെടുമ്പോൾ കൂടുതൽ തൊഴിലവസരങ്ങളും, വ്യവസായവികസനവും ജില്ലയ്ക്ക് സാധ്യമാവും. MorathanaPavoor ഏരിയയിലാണ് ചൈനക്ലേയുടെ നിക്ഷേപം കൂടുതലായി കാണപ്പെടുന്നത്. കയ്യൂർ - ക്ലായിക്കോട് ഏരിയയിൽ ലിഗ്നൈറ്റിന്റെ 0.55 മില്ല്യൺ ടൺ നിക്ഷേപവും ചൈനക്ലേയുടെ 1.25 മീല്ല്യൺ ടൺ നിക്ഷേപവും കാണപ്പെടുന്നു. ചൈനക്ലേയുടെ നല്ല തോതിലുള്ള നിക്ഷേപം ജില്ലയിലെ നീലേശ്വരം, ഉപ്പള, പെരിയ, മിയപദവ് എന്നിവിടങ്ങളിൽ കാണപ്പെടുന്നുണ്ട്. ബോക്സൈറ്റ് നിക്ഷേപത്തിൽ മുന്നിൽ നിൽക്കുന്നത് കുമ്പള, നീലേശ്വരം, കാഞ്ഞങ്ങാട്, ചീമേനി എന്നീ പ്രദേശങ്ങളാണ്. ചൈനക്ലേ, ടൈൽക്ലേ എന്നിവയാൽ ജില്ലയുടെ തീരദേശങ്ങൾ സമ്പുഷ്ടമാണ്. പട്ല, ചെറുവത്തൂർ, ക്ലായിക്കോട് എന്നിവിടങ്ങളിൽ ലിഗ്നൈറ്റ്, കാർബണേഷ്യസ്ക്ലേ എന്നിവയുടെ നിക്ഷേപമുണ്ട്. കെട്ടിട നിർമ്മാണങ്ങൾക്കാവശ്യമായ കല്ലുകളും ലാറ്ററൈറ്റ് ഖനനത്തിലൂടെ ഉപയോഗപ്പെടുത്തുന്ന സാഹചര്യത്തിൽ പ്രസ്തുത മേഖലയിലും വികസനസാധ്യത നിലനിൽക്കുന്നു. ചെറുവത്തൂർ കാര്യങ്കോട്പുഴയുടെ തെക്കൻ ഭാഗങ്ങളിലും, മൊഗ്രാലിലും നല്ല രീതിയിൽ ലൈംഷെൽ നിക്ഷേപവുമുണ്ട്.

കയറ്റുമതി സാധ്യതകൾ

വ്യവസായ വികസനത്തിന് അനുപേക്ഷണീയവും, അത്യന്താപേക്ഷിതവുമാണ് അസംസ്കൃതവസ്തുക്കളുടെയും വ്യവസായ ഉൽപന്നങ്ങളുടെയും കയറ്റുമതിക്കും ഇറക്കുമതിക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ.

തുറമുഖവും വിമാനത്താവളവും

കാസർഗോഡ് ജില്ലയോട് ചേർന്ന് കിടക്കുന്ന മംഗലാപുരം വിമാനത്താവളവും തുറമുഖവും അതുപോലെ കണ്ണൂരിൽ സ്ഥാപിക്കുന്ന പുതിയ വിമാനത്താവളവും ജില്ലയുടെ വികസന സാധ്യതകൾക്ക് ഏറ്റവും അനുയോജ്യമായ ഘടകങ്ങളാണ്.

റോഡ്

കാസർഗോഡ് ജില്ലയിൽ കൂടി എൻ.എച്ച്. 66 കടന്നു പോകുന്നു. 85.9 കി.മീ. ദൈർഘ്യമാണ് ജില്ലയിൽ ഈ റോഡിനുള്ളത്. പ്രധാന റോഡുകളുടെ പട്ടിക ചുവടെ ചേർക്കുന്നു:

പട്ടിക 4.1.5.11: പ്രധാന റോഡുകൾ

ക്രമ നം.	റോഡിൻെറ പേര്	എണ്ണം	ദൂരം
1	എൻ.എച്ച്. 66	1	85.9 കി.മീ.
2	സ്റ്റേറ്റ് ഹൈവേ എസ്.എച്ച്. 55	4	141.78 കി.മീ.
3	മേജർ ഡിസ്ട്രിക്ട് റോഡ്	186	1303 കി.മീ.
4	വില്ലേജ് റോഡ്	-	6184 കി.മീ.

അവലംബം: ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വേ റിപ്പോർട്ട് 2017-18

റെയിൽവേ

ജില്ലയിൽ 81 കി.മീ. ദൈർഘ്യമുള്ള റെയിൽവേ ലൈനും 8 പ്രധാന റെയിൽവേ സ്റ്റേഷനുകളും, ഒരു ചരക്ക് യാഡും ഉണ്ട്. കൊങ്കൺ റെയിൽവേയുമായുള്ള സാമീപ്യവും വ്യവസായ വികസനത്തിന് വളരെ അനുകൂലമായ ഘടകമാണ്.

വൈദ്യുതി

ജില്ലയ്ക്ക് ആവശ്യമായ വൈദ്യുതോർജ്ജം ലഭ്യമാക്കുന്ന സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.1.5.12: സബ്സ്റ്റേഷനുകളുടെ വിവരം

220 കെ.വി. സബ്സ്റ്റേഷൻ	1 എണ്ണം
110 കെ.വി. സബ്സ്റ്റേഷൻ	7 എണ്ണം
33 കെ.വി. സബ്സ്റ്റേഷൻ	3 എണ്ണം

അവലംബം: ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വേ റിപ്പോർട്ട് 2017-18

എന്നാൽ വ്യവസായ രംഗത്തെ വളർച്ച കണക്കിലെടുത്താൽ ഭാവിയിൽ വൈദ്യുതി ദൗർലഭ്യം നേരിട്ടേക്കാം. ഇതിന് പരിഹാരമായി, ഗ്യാസ്/കൽക്കരി ആധാരമായി പവർപ്ലാന്റുകൾ സ്ഥാപിക്കുക എന്നതാണ് കരണീയം. ചീമേനിയിലുള്ള 655.9937 ഹെക്ടർ സ്ഥലം ഗ്യാസ്/കൽക്കരി ആധാരമാക്കി പവർപ്രോജക്ടുകൾക്കായി ഗവൺമെന്റ് അനുവദിച്ചിട്ടുള്ളതാണ്. കൊച്ചി മുതൽ മംഗലാപുരം വരെ കടന്നു പോകുന്ന ഗ്യാസ് പൈപ്പ്ലൈൻ (GAIL) പദ്ധതിയുടെ സാധ്യതയിൽ ചീമേനിയിൽ പവർപ്ലാന്റ് സ്ഥാപിച്ചാൽ ജില്ലയുടെ വൈദ്യുത ക്ഷാമം പരിഹരിക്കപ്പെടും. കൂടാതെ ഈ പദ്ധതി നിലവിൽ വരുന്നതിലൂടെ പവർ പ്ലാന്റിന്റെ അനുബന്ധമായി മൾട്ടിപ്രോഡക്ട് ഇൻഡസ്ട്രിയൽ പാർക്ക് (സ്റ്റീൽ, എഞ്ചിനീയറിംഗ്, പെട്രോകെമിക്കൽ, കൺസ്ട്രക്ഷൻ മെറ്റിരിയൽ എന്നിവ) സ്ഥാപിക്കുവാനും സാധിക്കുന്നതാണ്.

മാനവവിഭവശേഷി

ജില്ലയിലെ ജനസംഖ്യ 2011 ലെ സെൻസസ് പ്രകാരം 1307375 ആണ്. ഇതിൽ 628613 പുരുഷന്മാരും 678762 സ്ത്രീകളും ഉൾപ്പെടുന്നു. മൊത്തം ജനസംഖ്യയുടെ 35.5%, 18 വയസ്സിനും 35 വയസ്സിനും ഇടയിലുള്ള വർക്ക്ഫോഴ്സ് വിഭാഗത്തിൽ ഉൾപ്പെടുന്നു. ജില്ലയിലെ എഞ്ചിനീയറിംഗ്കോളേജ്, കാർഷികകോളേജ്, ഐ.ടി.ഐ.കൾ, പോളിടെക്നിക്ക് കോളേജുകൾ, ആർട്ട്സ് & സയൻസ് കോളേജുകൾ എന്നിവിടങ്ങളിൽ നിന്നായി പ്രതിവർഷം പന്ത്രണ്ടായിരത്തോളം വിദഗ്ദ്ധ പരിശീലനം കിട്ടിയവർ തൊഴിൽ സേനയിലേക്ക് കടന്നു വരുന്നുണ്ട്. സംരംഭകത്വത്തിന് പരമാവധി വിലകൽപിക്കുന്ന ഗുണകരമായ ഒരു മാനവശേഷിയാണ് കാസറഗോഡിനുള്ളത്. ജില്ലയുടെ സുസ്ഥിരമായ വ്യവസായ വികസനത്തിന് വരും നാളിലേക്കുള്ള ശുഭസൂചനയാണിത്.

വ്യവസായമേഖലയിൽ എം.എസ്.എം.ഇ.യുടെ റോൾ

ജില്ലയിൽ 4359 വ്യവസായ സ്ഥാപനങ്ങൾ നിലവിലുണ്ട്. ഇതിൽ 63.22 കോടിയുടെ നിക്ഷേപവും, 21179 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ജില്ലയുടെ വികസനത്തിനും ഉല്പന്ന നിർമ്മാണത്തിനും തൊഴിലവസരങ്ങൾക്കുമായി സമഗ്രമായ സംഭാവനകളാണ് എം.എസ്.എം.ഇ. മേഖല നൽകുന്നത്.

പട്ടിക 4.1.5.13: എം.എസ്.എം.ഇ വ്യവസായ കേന്ദ്രങ്ങൾ

ക്രമ നം.	സെക്ടർ	നമ്പർ	നിക്ഷേപം (ലക്ഷം)	തൊഴിൽ (എണ്ണം)
1	ആഗ്രോ ഫുഡ്	785	7247.55	3457
2	പാക്കേജ്ഡ് ഡ്രിങ്കിംഗ്	66	650.39	425
3	റെഡിമെയ്ഡ്സ് & ടെക്സ്റ്റൈൽസ്	688	1118.89	2831
4	മരാധിഷ്ഠിതം	237	4713.31	1214
5	കെമിക്കൽ & കെമിക്കൽ ബെയ്സ്ഡ്	60	903.56	433
6	റബ്ബർ & പ്ലാസ്റ്റിക്ക് ബെയ്സ്ഡ്	194	3349.25	1460
7	ജനറൽ എഞ്ചിനീയറിംഗ്	472	2551.29	1996
8	മറ്റുള്ളവ	1855	22191.76	9363

അവലംബം: ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വേ റിപ്പോർട്ട് 2017-18.

പൊതുമേഖലാ സ്ഥാപനങ്ങൾ

HAL, BHEL, EME എന്നീ സ്ഥാപനങ്ങളുടെ അനുബന്ധ യൂണിറ്റുകൾ സ്ഥാപിക്കുന്നത് ജില്ലയുടെ വ്യവസായ പുരോഗതിക്ക് സഹായകരമാകും.

വാണിജ്യകേന്ദ്രങ്ങൾ

കാസറഗോഡ് നഗരവും കാഞ്ഞങ്ങാട് നഗരവുമാണ് ജില്ലയിലെ പ്രധാന വാണിജ്യകേന്ദ്രങ്ങൾ. ഇതിന് പുറമെ ചെറുവത്തൂർ, നീലേശ്വരം, മഞ്ചേശ്വരം, ഉദുമ എന്നിവിടങ്ങൾ വലിയ വ്യാപാര കേന്ദ്രങ്ങളായി വളർന്ന് വന്നിട്ടുണ്ട്. അതോടൊപ്പം ബേക്കൽഫോർട്ട്, കാറഡുക്ക മേഖലകൾ വികസിച്ച് വരികയുമാണ്.

ജില്ലയിലെ പരമ്പരാഗതവ്യവസായങ്ങൾ

- തളങ്കരത്തൊപ്പി കാസറഗോഡ് മുൻസിപ്പാലിറ്റി
- പനയോലക്കുട - ബദിയടുക്ക പഞ്ചായത്ത്
- മൺപാത്ര നിർമ്മാണം- മധൂർ പഞ്ചായത്ത്
- മൺപാത്ര നിർമ്മാണം- ചെങ്കള പഞ്ചായത്ത്,
- കലാപരമായ ലോഹപാത്ര നിർമ്മാണം
- ചൂരൽ, മുള ഉൽപന്ന നിർമ്മാണം
- എംബ്രോയിഡറി തുണി ഉൽപന്ന നിർമ്മാണം
- ഫാബ്രിക് പെയിന്റിംങ്
- ഇമിറ്റേഷൻ ജൂവലറി

കളിമണ്ണിൻെറ ക്ഷാമം, ചൂരൽ, മുള, കൈതോല എന്നിവയുടെ ലഭ്യതക്കുറവ് ഈ മേഖലയിലെ കൂലി കുറവ് എന്നിവ മൂലം മൺപാത്ര നിർമ്മാണം, തഴപ്പായ നിർമ്മാണം, കുട്ടമടയൽ എന്നീ പരമ്പരാഗത വ്യവസായങ്ങൾ അന്യം നിന്ന് കൊണ്ടിരിക്കുകയാണ്. 13-ാം പദ്ധതിയിൽ ഇവയുടെ ശാക്തീകരണത്തിനാവശ്യമായ പദ്ധതി രൂപപ്പെടുത്തുന്നതിന് പ്രാമുഖ്യം നൽകേണ്ടതാണ്.

ഭൗമസൂചിക ലഭിച്ച വ്യവസായ സംരംഭം

- കാസറഗോഡ് വീവേഴ്സ് സഹകരണ സൊസൈറ്റി, മധൂർ പഞ്ചായത്ത് (കാസറഗോഡ് സാരീസ്)

കൈത്തറിമേഖല

ജില്ലയിലെ പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായ മേഖലയാണ് കൈത്തറി. സഹകരണ സംഘങ്ങൾ മുഖേനയാണ് കൈത്തറി മേഖലയുടെ വളർച്ചയ്ക്കാവശ്യമായ വിവിധ പദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാറുകൾ നടപ്പിലാക്കുന്നത്. ജില്ലയിൽ കൈത്തറി മേഖല ഏറെ പിന്നോക്കാവസ്ഥയിലാണ്. ആകെ 9 കൈത്തറി സഹകരണ സംഘങ്ങൾ മാത്രമാണ് ഇതുവരെ ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. മേൽ സംഘങ്ങളിലായി 3424 രജിസ്റ്റേർഡ് അംഗങ്ങളും 217 തൊഴിലാളികളുമുണ്ട്. ഇവയിൽ 7 എണ്ണം മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. അവശേഷിക്കുന്നവയിൽ ഒരു സംഘം നിഷ്ക്രിയവും മറ്റേത് ലിക്വിഡേഷനിലുമാണ്. 7 സംഘങ്ങൾക്കും കൂടി ആകെ 6.585 ഏക്കർ ഭൂമി സ്വന്തമായുണ്ട്. സംഘങ്ങളിൽ ഒന്നും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപെടുന്നവയല്ല. കൈത്തറി സഹകരണ സംഘങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു:

പട്ടിക 4.1.5.14: സഹകരണ സംഘങ്ങൾ

Sl. No	Name of the Society	No. of Members	No. of registered Workers	Whether SC/ST	Extent of Land & Area of Building	Extent of Land & Area of Building unutilized	Working/ Not Working/ Dormant/ Under Liquidation
1	Ramnagar Weavers Industrial Co-operative Society Ltd. No. HL IND (C) 8, Anandashram PO, KanhangadPh: 0467 2202239	279	32	General	190	-	Working
2	Nileshwar Weavers Co-operative P&S Society Ltd. 10577, Nileshwar PO Ph: 0467 2280249	1448	23	General	18	-	Working
3	Trikaripur Weavers Co-operative (P&S) Society Ltd. No. HL IND (C) 36, Elambachi PO, Ph: 0467 2210417	500	6	General	40	-	Working
4	Maniyat Weavers Industrial (Workshop) Co-operative Society Ltd. No. HL IND (C) 18, Maniyat PO. Ph: 04672 211171	280	29	General	83	-	Working
5	Kalanad Weavers Co-operative P&S Society Ltd. No.FF 10, Chandragiri PO	52	-	General	8	8 cents 250 Sq. Ft.	Working
6	Perla SN Weavers Co-operative P&S Society Ltd. No.L 382, Perla POPh: 04998 225048	174	9	General	17	-	Working
7	Kasaragod Weavers Co-operative (P&S) Society Ltd. No.L 381, Udayagiri-671123, Ph: 04994 255926	398	60	General	234	-	Working
8	Udma Weavers Co-operative P&S Society Ltd. No L 533, Udma PO	183	-	General	18.5	18.5 cents 807 Sq.Ft.	Dormant
9	Kadakam Weavers Co-operative Society Ltd. No C 37	110	-	General	50	50 cents	Under Liquidation
	TOTAL	3424	217	0	658.5		0

കരകൗശല മേഖല

ജില്ലയിലെ മറ്റൊരു പരമ്പരാഗത വ്യവസായ മേഖലയാണ് കരകൗശല വസ്തു നിർമ്മാണം. ഈ മേഖലയിലും ജില്ല പിന്നോക്കാവസ്ഥയിലാണ്. ഈ മേഖലയുമായി ബന്ധപ്പെട്ട് ഒരു സഹകരണ സംഘം മാത്രമാണ് ജില്ലയിൽ പ്രവർത്തിക്കുന്നത്. പൊതുവിഭാഗത്തിൽപ്പെടുന്ന പ്രസ്തുത സ്ഥാപനത്തിൽ 160 രജിസ്റ്റേർഡ് അംഗങ്ങളും 25 തൊഴിലാളികളും നിലവിലുണ്ട്. 25 സെന്റോളം ഭൂമി സംഘത്തിന് സ്വന്തമായുണ്ട്. സംസ്ഥാനത്ത് നല്ല നിലയിൽ പ്രവർത്തിച്ച് വരുന്ന സംഘങ്ങളിൽ ഒന്നാണിത്. വിശദാംശം ചുവടെ ചേർക്കുന്നു

പട്ടിക 4.1.5.15: കരകൗശല മേഖലയിലെ സഹകരണ സ്ഥാപനങ്ങൾ

Sl. No	Name of the Society	No. of Members	No. of registered Workers	Whether SC/ST	Extent of Land & Area of Building	Extent of Land & Area of Building unutilized	Working/ Not Working/ Dormant/ Under Liquidation
1	Kasaragod District Handicraft Industrial Co-operative Society Ltd. No. C IND (C) 35, Industrial Estate, Vidyanagar PO	160	25	General	25 Cents	-	Working
	Total	160	25		25 Cents		

വ്യവസായ സഹകരണസംഘങ്ങൾ

ജില്ലയിൽ 83 വ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ 15 സംഘങ്ങൾ മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. മേൽ സംഘങ്ങളിലായി ആകെ 5204 രജിസ്റ്റേർഡ് അംഗങ്ങളും 2320 തൊഴിലാളികളുമുണ്ട്. 16 സംഘങ്ങൾ പൊതു വിഭാഗത്തിൽ പെടുന്നവയാണ്. എല്ലാറ്റിനും കൂടി 14.82 ഏക്കറോളം ഭൂമി സ്വന്തമായുണ്ട്. സംഘങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു:

പട്ടിക 4.1.5.16: വ്യവസായ സഹകരണ സ്ഥാപനങ്ങൾ

Sl. No	Name of the Society	No. of Members	No. of registered Workers	Whether SC/ST	Extent of Land & Area of Building	Extent of Land & Area of Building unutilized	Working/ Not Working/ Dormant/ Under Liquidation
1	The Manjeshwar Carpentry Workers Cottage Indl. Co. op. Societies Ltd. No. C Ind.© 63	40	6	General	12 Cent	Nil	Working
2	The Badiadka Beedi Workers Industrial Co-operative Society Ltd.No.S IND ©88, Perdala PO, Ph: 04998 284031	449	148	General	73 cent	Nil	Working
3	The Manjeshwar Beedi Workers Industrial Co-operative Society Ltd.NO.S.IND ©47, Dinesh Bhavana, Manjeshwar PO, Ph: 272294	186	143	General	103.5 cents	Nil	Working
4	Cheruvathur Beedi workers Industrial Co-operative Society Ltd. No.s Ind © 59, Cheruvathur PO	1090	525	General	193 cents	Nil	Working

5	Nileshwar Beedi Workers Industrial (Service Type) Co-operative Society Ltd. No.S Ind (C) 58, Nileshwar PO. Ph: 0467 2280514	673	362	General	141.5 cents	Nil	Working
6	Kottacheri Beedi Workers Industrial (Service Type) Co-operative Society Ltd No.S Ind (C) 42, Ajanur PO Ph: 0467 2266533	684	338	General	148.25 cents	Nil	Working
7	Hosdurg Beedi Workers Industrial (Service Type) Co-operative Society Ltd. No. S IND (C) 41, Nellikkat, Balla PO Ph: 0467 2204588	1004	468	General	95 cents	Nil	Working
8	Kasaragod Beedi Workers Industrial Co-operative Society Ltd No.S Ind (c) 48 , Dinesh Bhavan, Kasaragod Ph: 04994 230825	656	239	General	195.75 cents	Nil	Working
9	Chengala Panchayath Women Multi Purpose Industrial Co-operative Society- 18, Nekraje P.O	61	9	General	Nil	Nil	Working
10	Kasaragod Printing and Multi Industrial Co-operative Society Ltd No. SIND (S) 63, Bank Road, Kasaragod. Ph: 04994 22 1000	33	15	General	Nil	Nil	Working
11	Kasaragod District Mini Industrial Estate Co-operative Society Ltd No.S IND. (s). 31	76	50	General	4.88 Acre	Nil	Working
12	Ajanur Panchayath Karinkal Workers Industrial Co-operative Society Ltd. No. SIND (S)58	78	5	General	Nil	Nil	Working
13	Pullur Periya Panchayath Construction Labours Industrial Co-operative Society Ltd No. SIND (S) 64, Periya PO	20	3	General	Nil	Nil	Working
14	M.Kunhambu Nair Memorial Printing &Publishing Multi Purpose Industrial Co-operative Society Ltd. No Ltd No. SIND (S) 65, Udma PO	114	9	General	Nil	Nil	Working
15	Hosdurg Carpentry workers Industrial Co-operative Society Ltd No. SIND (S) 17, Anandashram	40	-	General	32 Cent	Nil	Working

അവശേഷിക്കുന്ന 68 സംഘങ്ങളിൽ 61 എണ്ണം നിഷ്ക്രിയമായതും 7 എണ്ണം ലിക്വിഡേഷനിലുമാണ്. മേൽപറഞ്ഞവയ്ക്ക് പുറമേ 5 വ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിരുന്നുവെങ്കിലും നാളിതു വരെയായും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ഖാദി വ്യവസായം

ജില്ലയിൽ വിവിധ സ്ഥലങ്ങളിലായി 34 ഖാദി ഉൽപാദന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ഈ കേന്ദ്രങ്ങളിലൂടെ 691 തൊഴിലാളികൾക്ക് നേരിട്ട് ഖാദി ബോർഡ് തൊഴിൽ നൽകിവരുന്നു. 2016-17 വർഷത്തിൽ 3.3 കോടി രൂപയുടെ ഉൽപാദനം ഈ മേഖലയ്ക്ക് നേടാൻ കഴിഞ്ഞിട്ടുണ്ട്. ജില്ലയിൽ 23 സ്ഥലങ്ങളിലായി 7 ഏക്കർ 80 സെൻറ് സ്ഥലവും 17 കെട്ടിടങ്ങളും ആസ്തിയായിട്ടുണ്ട്. ആയതിൻെറ വിശദ വിവരം താഴെ കൊടുക്കുന്നു:

പട്ടിക 4.1.5.17: ഖാദി വ്യവസായം

ക്രമ. നം.	ഉൽപാദന യൂണിറ്റിൻെറ പേര്	കെട്ടിടത്തിന്റെ സ്വഭാവം	സ്ഥല വിസ്തീർണ്ണം
1	നെയ്ത്ത് യൂണിറ്റ് ചെറുവത്തൂർ & നൂൽപ്പ് യൂണിറ്റ് ചെറുവത്തൂർ	സ്വന്തം	50 സെന്റ് സ്ഥലവും കെട്ടിടവും
2	നെയ്ത്ത് യൂണിറ്റ് കയ്യൂർ & നൂൽപ്പ് യൂണിറ്റ് കയ്യൂർ	സ്വന്തം	50 സെന്റ് സ്ഥലവും കെട്ടിടവും
3	നെയ്ത്ത് യൂണിറ്റ് വലിയപൊയിൽ & നൂൽപ്പ് യൂണിറ്റ് വലിയപൊയിൽ	സ്വന്തം	50 സെന്റ് സ്ഥലവും കെട്ടിടവും
4	നെയ്ത്ത് യൂണിറ്റ് പരപ്പ	സ്വന്തം	50 സെന്റ് സ്ഥലവും കെട്ടിടവും
5	നെയ്ത്ത് യൂണിറ്റ് പെരിയങ്ങാനം	സ്വന്തം	100 സെന്റ് സ്ഥലവും കെട്ടിടവും
6	നെയ്ത്ത് യൂണിറ്റ് രാംനഗർ & നൂൽപ്പ് യൂണിറ്റ് രാംനഗർ	സ്വന്തം	52സെന്റ് സ്ഥലവും കെട്ടിടവും
7	നെയ്ത്ത് യൂണിറ്റ് തൃക്കരിപ്പൂർ & നൂൽപ്പ് യൂണിറ്റ് തൃക്കരിപ്പൂർ	പഞ്ചായത്ത് സ്ഥലം, ഖാദി ബോർഡ് കെട്ടിടം	
8	നെയ്ത്ത് യൂണിറ്റ് കൊരയിച്ചാൽ	സ്വന്തം	26 സെന്റ് സ്ഥലവും കെട്ടിടവും
9	നെയ്ത്ത് യൂണിറ്റ് മുന്നാട് & നൂൽപ്പ് യൂണിറ്റ് മുന്നാട്	വാടക കെട്ടിടം	
10	നെയ്ത്ത് യൂണിറ്റ് ഭീമനടി & നൂൽപ്പ് യൂണിറ്റ് ഭീമനടി	സ്വന്തം	20 സെന്റ് സ്ഥലവും കെട്ടിടവും
11	നെയ്ത്ത് യൂണിറ്റ് കോളംകുളം	സ്വന്തം	100 സെന്റ് സ്ഥലവും കെട്ടിടവും
12	നെയ്ത്ത് യൂണിറ്റ് ഇളമ്പച്ചി ഡൈ യൂണിറ്റ് & കിടക്ക നിർമ്മാണ യൂണിറ്റ്	സ്വന്തം	50 സെന്റ് സ്ഥലവും കെട്ടിടവും
13	നെയ്ത്ത് യൂണിറ്റ് കാരിമൂല & നൂൽപ്പ് യൂണിറ്റ് കാരിമൂല	സ്വന്തം	10 സെന്റ് സ്ഥലവും കെട്ടിടവും
14	നെയ്ത്ത് യൂണിറ്റ് എളേരിത്തട്ട്	സ്വന്തം	50 സെന്റ് സ്ഥലവും കെട്ടിടവും
15	നൂൽപ്പ് യൂണിറ്റ് കല്ല്യോട്ട്	സ്വന്തം	47 സെന്റ് സ്ഥലവും കെട്ടിടവും
16	നൂൽപ്പ് യൂണിറ്റ് കൊടക്കാട്	സ്വന്തം	20 സെന്റ് സ്ഥലവും കെട്ടിടവും
17	നൂൽപ്പ് യൂണിറ്റ് മടിക്കൈ	സ്വന്തം	40 സെന്റ് സ്ഥലവും കെട്ടിടവും
18	നൂൽപ്പ് യൂണിറ്റ് നീലേശ്വരം	സ്വന്തം	5 സെന്റ് സ്ഥലവും കെട്ടിടവും
19	നൂൽപ്പ് യൂണിറ്റ് പൊയിനാച്ചി	വാടക കെട്ടിടം	
20	നൂൽപ്പ് യൂണിറ്റ് ബളാൽ	സ്വന്തം	50 സെന്റ് സ്ഥലവും കെട്ടിടവും
21	നെയ്ത്ത് യൂണിറ്റ് തച്ചങ്ങാട്	വാടക രഹിതം	
22	നൂൽപ്പ് യൂണിറ്റ് കരിച്ചേരി	വാടക രഹിതം	

എൻെറ ഗ്രാമം പദ്ധതി

സംസ്ഥാന സർക്കാറിൻെറ വായ്പാ പദ്ധതിയായ എൻെറ ഗ്രാമം പദ്ധതി മുഖേന കഴിഞ്ഞ 5 വർഷങ്ങളിലായി 270.32 ലക്ഷം രൂപ മുതൽ മുടക്കിൽ 118 വ്യവസായങ്ങൾ ആരംഭിക്കുകയും, ഇതുവഴി 366 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു. പ്രസ്തുത യൂണിറ്റുകൾക്ക് 82.55 ലക്ഷം രൂപ സബ്സിഡിയായി നൽകുകയുണ്ടായി.

പട്ടിക 4.1.5.18: വ്യവസായങ്ങൾ - എന്റെ ഗ്രാമം പദ്ധതി

Year	No of units	Total Project Cost(in lakhs)	Margin Money(in lakhs)	Employment
2013-14	29	61.57	18.30	77
2014-15	32	47.13	15.73	88
2015-16	32	72.44	22.03	99
2016-17	25	89.18	26.49	102
TOTAL	118	270.32	82.55	366

മാർക്കറ്റിംഗ്

ജില്ലയിൽ വിവിധ പ്രദേശങ്ങളിലായി 13 ഖാദിയുടെ വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നു. ഇവയിലൂടെ പ്രതിവർഷം ശരാശരി 4 കോടി രൂപയുടെ വിൽപ്പന നടക്കുന്നു. കഴിഞ്ഞ 5 വർഷത്തെ ഉൽപാദന വിപണന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.1.5.19: ഖാദി ഉല്പാദന-വിപണന വിശദാംശങ്ങൾ

ഇനം	2012-13		2013-14		2014-15		2015-16		2016-17	
	ഉല്പാദനം	വിപണനം	ഉല്പാദനം	വിപണനം	ഉല്പാദനം	വിപണനം	ഉല്പാദനം	വിപണനം	ഉല്പാദനം	വിപണനം
നൂൽ	9297924	-	9578942	-	10037308	-	12361385	-	14527205	-
തുണി	10164768	-	11520872	-	12724525	-	14267683	-	18792982	-
ആകെ	19462692	34336988	21099814	32477474	22761833	40686475	26629068	3798064	33320187	39621727

ഈ കേന്ദ്രങ്ങളിലൂടെ 691 തൊഴിലാളികൾക്ക് ഖാദി ബോർഡ് നേരിട്ട് തൊഴിൽ നൽകുന്നു. ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസ് കാസറഗോഡിനു കീഴിൽ വിവിധ വ്യവസായങ്ങൾക്കായി 158 സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ രണ്ട് സൊസൈറ്റികൾ മാത്രമേ നിലവിൽ പ്രവർത്തിക്കുന്നുള്ളൂ. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് ഈ മേഖലയുടെ വികസനത്തിന് പ്രൊജക്ട് ഉൾപ്പെടുത്താൻ സാധിക്കും.

അടിസ്ഥാനസൗകര്യങ്ങൾ

ജില്ലയുടെ വ്യവസായ പിന്നോക്കാവസ്ഥയ്ക്ക് മുഖ്യ കാരണം വ്യവസായം തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. ജില്ലയിൽ നിലവിൽ ലഭ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ താഴെ പറയുന്നവയാണ്.

ഡെവലപ്പ്മെന്റ് ഏരിയ പ്ലോട്ട്

ജില്ലാ വ്യവസായ കേന്ദ്രത്തിൻെറ നിയന്ത്രണത്തിൻ കീഴിൽ 2 ഡെവലപ്പ്മെന്റ് പ്ലോട്ടുകളും ഒരു ഡെവലപ്പ്മെന്റ് ഏരിയയുമാണ് നിലവിലുള്ളത്. അവയ്ക്ക് ആകെ 239.5 ഏക്കർ ഭൂമി സ്വന്തമായുണ്ട്. അതിൽ 123 വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. അവയിൽ 30 യൂണിറ്റുകൾ നിലവിൽ പ്രവർത്തിച്ച് വരുന്നു. മറ്റുള്ളവ യൂണിറ്റ് സ്ഥാപിക്കുന്നതിൻെറ വിവിധ ഘട്ടങ്ങളിലാണ്. പ്രവർത്തനമാരംഭിച്ച 30 യൂണിറ്റുകളിലായി 253 തൊഴിലാളികൾ ജോലി ചെയ്ത് വരുന്നു. 39.75 ഏക്കർ ഭൂമി നിലവിൽ ഉപയോഗിക്കാതെ അവശേഷിക്കുന്നുണ്ട്.

പട്ടിക 4.1.5.20: ജില്ലാ വ്യവസായ കേന്ദ്രത്തിനുകീഴിലുള്ള വ്യവസായ യൂണിറ്റുകൾ- വിശദാംശം

Name of plot/ area	Area (in acres)	Area for common amenities	Allotted area	No. of units	No. of units working	Not working units	SC/ST units	Women enterpri-ses	Total Investm ent (in Rs lakhs)	Total Employ-ment	Export in Rupees	Area of Unutili-zed Land
DP– Ananthapuram	103	23.1	65.47	71	19	1	0	2	1731.77	175	0	14.43
DA– Ananthapuram	108	24.6	59.68	32	0	0	0	1	0	0	0	23.72
DP– Chattanchal	28.5	6.45	20.45	20	11	6	0	0	438.98	78	0	1.6
Total	239.5	54.15	145.6	123	30	7	0	3	2170.75	253	0	39.75

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

സിഡ്കോയുടെ നിയന്ത്രണത്തിൻ കീഴിൽ വിദ്യാനഗറിലും, കാഞ്ഞങ്ങാടുമായി രണ്ട് വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഇവയ്ക്ക് 13 ഏക്കർ ഭൂമി സ്വന്തമായുണ്ട്. അവയിൽ ആകെ 80 വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കുന്നു.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

ജില്ലയിൽ സഹകരണ മേഖലയിൽ 5 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. മേൽ പറഞ്ഞ എസ്റ്റേറ്റുകളിൽ നിലവിൽ 30 സംരംഭങ്ങൾ പ്രവർത്തിച്ച് വരുന്നു.

പട്ടിക 4.1.5.21: മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വിശദാംശം

Name of plot/area	Area	Land for Develop-ment	Allotted area	No of units	No of units working	Not working units	SC/ST units	Women enterpri-ses	Total Investm-ent (inlakhs)	Total Employm-ent	Export in Rupees	Area of Unutilized Land
Thrikkaripur	100	Nil	25.29	12	11	Nil	Nil	2	42	36	Nil	4
Pilicode	88	NIL	16.8	10	9	1	NIL	2	45	25	NIL	NIL
Nileswar	100	NIL	20.31	8	6	2	NIL	3	58.86	31	NIL	4
Chengala	100	NIL	19.61	7	2	5	NIL	2	19.61	12	NIL	NIL
Kumbala	100	NIL	11.04	4	2	2	4	NIL	20.13	7	NIL	NIL
TOTAL	488	NIL	93.05	41	30	10	4	9	185.6	111	NIL	8

കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്

ജില്ലയിൽ പുത്തിഗെ ഗ്രാമ പഞ്ചായത്തിലുള്ള കിൻഫ്രയുടെ നിയന്ത്രണത്തിൽ ഒരു ഇൻഡസ്ട്രിയൽ പാർക്ക് പ്രവർത്തിക്കുന്നുണ്ട്. 273.72 ഏക്കറിലായി സ്ഥിതി ചെയ്യുന്ന വ്യവസായ പാർക്കിൽ 43 യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.1.5.22: കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക് വിശദാംശം

Name of plot/area	Area	Land for Develop-ment	Allotted area	No of units	No of units working	Not working units	SC/ST units	Women enterpri-ses	Total Investm-ent (inlakhs)	Total Employm-ent	Export in Rupees	Area of Unutilized Land
KINFRA small Indus-tries Park	273.72	252.95	249.03	70	43	27	0	2	25600	320	0	3.92

മേൽ പറഞ്ഞവ കൂടാതെ ബേഡഡുക്ക പഞ്ചായത്തിൽ 2.27 ഏക്കർ ഭൂമിയും ബദിയഡുക്ക പഞ്ചായത്തിൽ ഒരേക്കർ ഭൂമിയും കയ്യൂർ-ചീമേനി പഞ്ചായത്തിൽ 61.79 ഏക്കർ ഭൂമിയും മടിക്കൈ -അമ്പലത്തറ വില്ലേജിലുള്ള വെള്ളൂടയിൽ 230.48 ഏക്കർ ഭൂമിയും നെല്ലിയടുക്കത്ത് 36.88 ഏക്കർ ഭൂമിയും കാഞ്ഞിരപ്പൊ

യിലിൽ 164.43 ഏക്കർ ഭൂമിയും പുതുക്കൈ-മടിക്കൈ വില്ലേജിൽ ഗുരുവനത്ത് 129 ഏക്കർ ഭൂമിയും വ്യവസായ വികസനത്തിനായി കണ്ടെത്തിയിട്ടുണ്ട്. ഇത് കൂടാതെ പ്രത്യേക വ്യവസായ പദ്ധതിക്കായി കയ്യൂർ-ചീമേനി പഞ്ചായത്തിൽ 1000 ഏക്കർ സ്ഥലവും കണ്ടെത്തിയിട്ടുണ്ട്.

വിവരസാങ്കേതികവിദ്യ

ലോകത്തിൽ ഏറ്റവും വേഗത്തിൽ മുന്നേറ്റം നടത്തുന്ന സാമ്പത്തിക പ്രതിഭാസമാണ് വിവരസാങ്കേതികവിദ്യ. മണ്ണിനും പരിസ്ഥിതിക്കും മറ്റു വിഭവ സമൃദ്ധിക്കും അധികം കോട്ടം സംഭവിക്കാതെ വികസന പദ്ധതികൾ നടപ്പിലാക്കാൻ കേരളത്തിന്റെ സാഹചര്യത്തിൽ ഐ.ടി. വലിയ പങ്കുവഹിക്കുന്നു. സാമ്പത്തിക വളർച്ചയ്ക്കും തൊഴിൽ അവസരങ്ങൾക്കും ഐ.ടി.യുടെ സാധ്യത ഏറെയാണ്. പരിസ്ഥിതി- മനുഷ്യ സൗഹൃദ പരമായ വികസന സാധ്യതകൾ ആധുനിക കാലത്ത് മികച്ചു നിൽക്കുന്നത് ഐ.ടി. മേഖലയിൽ തന്നെ. വികസനത്തിന് വിവരസാങ്കേതികവിദ്യ അനിവാര്യമാണെന്ന വസ്തുത കണക്കിലെടുത്തു സംസ്ഥാന സർക്കാർ ഐ ടി വികസനത്തിന് ഊന്നൽ നൽകി ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ഐ.ടി.യുടെ സാധ്യതകൾ ജനസേവനമേഖലകൾക്കുപരി അടിസ്ഥാന സൗകര്യങ്ങളിലേക്കും നേരിട്ടും അല്ലാതെയുമുള്ള ജോലി സാധ്യതകളിലേക്കും വിപുലീകരിച്ചു നിൽക്കുന്നു. കേരള പശ്ചാത്തലത്തിൽ ഐ.ടി ഇ ഗവേർണൻസ് മെച്ചപ്പെടുന്നതും തൊഴിൽ സാധ്യതകൾ ഒരുക്കുന്നതിനുമപ്പുറം മെച്ചപ്പെട്ട ജീവിതസാഹചര്യം, ജനങ്ങൾക്കായി പ്രദാനം ചെയ്യാൻ കൂടി സഹായിക്കുന്നു. റെസ്പോൺസിബിൾ സിറ്റിസൺഷിപ്പിലേക്ക് പൊതുജനങ്ങളെ നയിക്കുവാനും ഇത് സഹായിക്കുന്നു. ജനങ്ങളിലേക്ക് ഓൺലൈൻ സേവനങ്ങൾ എത്തിക്കുന്നതിൽ ഐ.ടി മിഷൻ, അക്ഷയ, ഐ.കെ.എം, എൻ.ഐ.സി തുടങ്ങിയ സർക്കാർ ഐ.ടി സംരംഭങ്ങളുടെ സാന്നിധ്യം ജില്ലയിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഐ.ടി വിഭവങ്ങളിലൂടെ അറിവധിഷ്ഠിത സാമ്പത്തിക വ്യവസ്ഥയാക്കുവാനും, ഇൻഫർമേഷൻ സേവനങ്ങൾ, ഉൽപന്നങ്ങൾ, ഉല്പാദന പ്രക്രിയ എന്നിവയെ രൂപാന്തരം വരുത്തുവാനും ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചു.

സാമ്പത്തിക ഇടപാടുകൾ, നൈപുണീ വികസനം, ബഹുജന സമ്പർക്കം, വ്യാവസായിക മുന്നേറ്റം, ഡിസൈൻ മാതൃകകൾ, പ്രസിദ്ധീകരണം, ഗതാഗതം, ആരോഗ്യം, കൃഷി, വ്യാവസായിക ഉൽപാദനക്ഷമത, അടിസ്ഥാന സൗകര്യം, മാനേജ്മെന്റ് കാര്യക്ഷമത തുടങ്ങിയവ ഉറപ്പു വരുത്താൻ വിവരസാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം സഹായിക്കുന്നു. സംസ്ഥാനത്തിന്റെ ഭരണനിർവഹണത്തെ ജനസൗഹൃദമാക്കാനും വികസനത്തിനും ജനജീവിതത്തിന്റെ അടിസ്ഥാന സാഹചര്യങ്ങൾ മാറ്റുന്നതിനും വിവര സാങ്കേതിക വിദ്യ സഹായകമാകും.

ജില്ലയിലെ ഐ.ടി./ഐ.ടി.ഇ.എസ്. അടിസ്ഥാനസൗകര്യങ്ങൾ

കേരള സ്റ്റാർട്ട് അപ്പ് മിഷൻ

പുതുസംരംഭങ്ങളെ വളർത്തിയെടുക്കുവാനും ഐ.ടി./ ഐ.ടി.ഇ.എസ്. ബിസിനസിൽ വിജയകരമായി വ്യാപൃതരാകാനും യുവസംരംഭകരെ പ്രോത്സാഹിപ്പിക്കാൻ ആവിഷ്കരിച്ച കേരള സ്റ്റാർട്ട് അപ്പ് മിഷൻ സങ്കേതമായ ഇൻക്യൂബേഷൻ സെന്ററിന്റെ പ്രവർത്തനം അവസാനഘട്ടത്തിലാണ്. ജില്ലയിലെ പുതുസംരംഭങ്ങൾ സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെ ആരംഭിക്കുവാൻ വേണ്ട അടിസ്ഥാന സൗകര്യം ഒരുക്കി കൊടുക്കുകയാണ് ഇൻക്യൂബേഷൻ സെന്റർ കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ജില്ലയ്ക്കകത്തും പുറത്തും ഉപയോഗപ്രദമായ സംരംഭങ്ങളെ വളർത്തിയെടുക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കെ ഫോൺ കാസർഗോഡ് ജില്ലയിൽ

ഒപ്റ്റിക്കൽ ഫൈബർ നെറ്റ്വർക്ക് സംവിധാനം ഉപയോഗിച്ച് എല്ലാ ഗവൺമെന്റ്- വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയ്ക്കും ദ്രുതഗതിയിൽ കണക്ടിവിറ്റി എത്തിക്കുന്ന പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക്കൽ നെറ്റ്വർക്ക്. ആദ്യഘട്ടത്തിൽ 10 മുതൽ 100 എം.ബി.പി.എസ്. പരിധിവരെ എല്ലാ ഗവൺമെന്റ്- വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പിന്നീട് ഗ്രാമ, നഗരഭേദമന്യേ എല്ലാ വീടുകളിലും ഇന്റർനെറ്റ് സേവനം നൽകുന്ന പദ്ധതിയാണ് ഇത്. കെ.ഫോൺ പദ്ധതി വഴി ഗ്രാമ പ്രദേശങ്ങളിലെ ഗവൺമെന്റ് ഓഫീസുകൾക്ക് കണക്ഷൻ നൽകുന്നതുമൂലം ദ്രുതഗതിയിൽ ഓൺലൈൻ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

പബ്ലിക് വൈഫൈ ഹോട്ട്സ്പോട് - കാസർഗോഡ്

പബ്ലിക് വൈഫൈ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലയിലെ സർക്കാർ സ്ഥാപനങ്ങൾ, ജനസേവന കേന്ദ്രങ്ങൾ, പൊതു സ്ഥലങ്ങൾ, പാർക്കുകൾ, ടൂറിസ്റ്റ് ഇടങ്ങൾ ഉൾപ്പെടുന്ന 173 പൊതു ഇടങ്ങളിൽ പബ്ലിക് വൈഫൈ സംവിധാനം ആരംഭിക്കുന്ന പദ്ധതിയാണിത്. ആദ്യഘട്ടത്തിൽ 93 പൊതു ഇടങ്ങളിലാണ് ഇത് നടപ്പിലാക്കുന്നത്. ജനങ്ങൾക്ക് ഉപയോഗപ്രദമായി 300 എം.ബി വരെ സൗജന്യമായി ഇന്റർനെറ്റ് ഈ ഹോട്ട് സ്പോട്ട് ഇടങ്ങളിൽ നിന്നും മൊബൈൽ ഫോൺ, ലാപ് ടോപ്പ് തുടങ്ങിയ ഉപകരണങ്ങളിൽ ഉപയോഗിക്കുവാൻ സാധിക്കുന്നതാണ്. പബ്ലിക് വൈഫൈയുടെ പ്രധാന ഉദ്ദേശം ജനങ്ങൾക്ക് ഇ-ഗവേണൻസ്, മൊബൈൽ ഗവേണൻസ് സേവനങ്ങൾ ലഭിക്കുവാനും ടൂറിസ്റ്റുകൾക്ക് അത്യാവശ്യം വേണ്ടിവരുന്ന വിവരങ്ങളും ഗവൺമെന്റ് ഇതര സേവനങ്ങളും പെട്ടെന്ന് ലഭ്യമാക്കാനുമാണ്.

അക്ഷയപദ്ധതി

അക്ഷയപദ്ധതിയുടെ തുടക്കം 2002 നവംബർ 18ന് മലപ്പുറം ജില്ലയിലാണ്. ആദ്യ ഘട്ടത്തിൽ 7 ജില്ലകളിൽ ആരംഭം കുറിച്ച പദ്ധതിയുടെ ലക്ഷ്യം ഒരു കുടുംബത്തിലെ ഒരു അംഗത്തെയെങ്കിലും കംപ്യൂട്ടർ സാക്ഷരരാക്കുക എന്നതായിരുന്നു. തുടർന്ന് പ്രസ്തുത ജില്ലകളിൽ ഇ-ലിറ്ററസി എന്ന ലക്ഷ്യത്തോടെ അക്ഷയ പദ്ധതിക്ക് തുടക്കം കുറിച്ചു.

കാസറഗോഡ് ജില്ലയിൽ 2005 ൽ അക്ഷയ പദ്ധതി ആരംഭിച്ചു. വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ സർക്കാർ-സർക്കാരിതര സേവനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന് അക്ഷയ പദ്ധതി വഹിക്കുന്ന പങ്ക് വളരെ വലുതാണ്. സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാർ, ഇന്റർനെറ്റ് കണക്ടിവിറ്റി, ആധുനിക സൗകര്യങ്ങൾ തുടങ്ങിയവ അക്ഷയ സെന്ററുകളിൽ ലഭ്യമാണ്.

ജില്ലയിൽ 125 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഓൺലൈൻ പോക്കുവരവ് പ്രോജക്ടിന്റെ ഡാറ്റാ എൻട്രി ജോലികൾ അക്ഷയയുടെ സഹായത്തോടെ പൂർത്തീകരിക്കുവാൻ സാധിച്ചു. അക്ഷയയുടെ സഹായത്തോടെ ആധാർ എൻറോൾമെന്റ് 100% പൂർത്തീകരിക്കുവാൻ കഴിഞ്ഞു. വ്യാപാരികളെ ഡിജിറ്റൽ പണമിടപാട് നടത്താൻ പ്രാപ്തരാക്കി. ആയിരത്തോളം ആളുകൾക്ക് ഡിജിറ്റൽ പണമിടപാടിനെക്കുറിച്ച് പരിശീലനം നൽകി. തെരഞ്ഞെടുപ്പ് സമയത്ത് പ്രശ്നബാധിത ബൂത്തുകളിൽ തത്സമയ വെബ്കാസ്റ്റിംഗ് നടത്താനും സാധിച്ചു. അക്ഷയ കേന്ദ്രങ്ങൾ വഴി വിവിധ ബാങ്കുകളുടെ അക്കൗണ്ടുകൾ തുറക്കാനും ക്രയവിക്രയങ്ങൾ നടത്താനും സാധിക്കുന്നു.

അക്ഷയ കേന്ദ്രങ്ങൾ നൂതനമായ സാങ്കേതിക വിദ്യകൊണ്ട് ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാർ, സർക്കാർ ഇതര ഓൺലൈൻ സേവനങ്ങൾ അക്ഷയ വഴി നൽകി വരുന്നു. സർക്കാർ നിർദ്ദേശ പ്രകാരം എല്ലാ സർക്കാർ സേവനങ്ങളും അക്ഷയ മുഖേന നൽകേണ്ടതാണ് എന്ന ഉത്തരവും നിലനിൽക്കുന്നു.

ജില്ലയിലെ വിവിധ വകുപ്പുകളുടെ പ്രധാന ഇ-ഗവേണൻസ് / ഐ.റ്റി. അധിഷ്ഠിത സേവനങ്ങൾ

ഇൻഫർമേഷൻ കേരള മിഷൻ: ലോക്കൽ സെൽഫ് ഗവൺമെന്റ്

കാസർഗോഡ് ജില്ലയിൽ 38 ഗ്രാമ പഞ്ചായത്തുകൾ 6 ബ്ലോക്ക് പഞ്ചായത്തുകൾ, 3 മുൻസിപ്പാലിറ്റികൾ, ജില്ലാ പഞ്ചായത്ത്, തദ്ദേശഭരണസ്ഥാപനങ്ങളുടെ ഘടക സ്ഥാപനങ്ങൾ, ജില്ലാ പ്ലാനിംഗ് ഓഫീസ് എന്നിവയുടെ കമ്പ്യൂട്ടർ പ്രവർത്തനങ്ങളാണ് നിലവിൽ ഐ.കെ.എം. നടത്തി വരുന്നത്.

റവന്യൂവകുപ്പ്: ഇ-ഡിസ്ട്രിക്ട്

ജനങ്ങൾക്ക് പൊതുസേവനകേന്ദ്രങ്ങൾ വഴിയും വെബ് പോർട്ടൽ വഴിയും സർക്കാരിന്റെ സേവനങ്ങൾ നൽകുവാൻ വേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്നുള്ള സേവനങ്ങൾ ഏതു സേവന കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്നതാണ്. ചില സേവനങ്ങൾ ഓൺലൈൻ വെബ് പോർട്ടൽ വഴിയും ലഭ്യമാകുന്നതാണ്. അതാത് വകുപ്പുകളിൽ നടപ്പിലാക്കിയ കമ്പ്യൂട്ടർവത്ക്കരണം പരമാവധി പ്രയോജനപ്പെടുത്തി സുതാര്യമായും നിഷ്പക്ഷമായും വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. നടപടി ക്രമങ്ങളിലെ ലഘൂകരണവും ഇതിലൂടെ ഉദ്ദേശിക്കുന്നുണ്ട്. ചുരുക്കത്തിൽ ആയാസ രഹിതമായി കുറഞ്ഞ സമയത്തിനുള്ളിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനു പ്രത്യേകം തയ്യാറാക്കിയ പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്.

ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം നിലവിൽ 24 തരം റവന്യു സർട്ടിഫിക്കറ്റുകൾ കൂടാതെ കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ, ബി.എസ്.എൻ.എൽ. എന്നിവയുടെ ബില്ല് പണമടക്കൽ സൗകര്യം തുടങ്ങിയവയും ലഭ്യമാണ്. ഇ ഡിസ്ട്രിക്ട് പദ്ധതിയിൽ തന്നെ പൊതുജന പ്രശ്ന പരിഹാരസംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ജനങ്ങളുടെ പരാതികൾ ഇ ഡിസ്ട്രിക്ട് മുഖേന സ്വീകരിക്കാനും തീർപ്പാക്കാനും പരമാവധി കഴിയുന്നതാണ്. ആർ.ഡി.ഒ. ഓഫീസിൽ ആർ.സി.സി. ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നത് വഴി ഇ ഡിസ്ട്രിക്ട് മുഖേന ആർ.സി.സി. പരാതികൾക്ക് ഓൺലൈനായി തീർപ്പ് കൽപിക്കാൻ സാധിക്കുന്നു..

ഇ-ഓഫീസ് പദ്ധതി

ഇ- ഓഫീസ് പദ്ധതി, സംസ്ഥാന സെക്രട്ടറിയേറ്റിൽ തുടങ്ങി ആദ്യഘട്ടത്തിൽ പൈലറ്റ് അടിസ്ഥാനത്തിൽ 7 ജില്ലകളിലെ കലക്ട്രേറ്റിലെ ഫയൽ നീക്കം പൂർണ്ണമായും ഓൺലൈനായി മാറ്റി, പേപ്പർലെസ് ഓഫീസ് ആക്കുക എന്നതാണ് ലക്ഷ്യം.

2016 ജൂണിൽ കാസർഗോഡ് കലക്ട്രേറ്റിൽ ഇ-ഓഫീസ് പദ്ധതി എൻ.ഐ.സി, കെ.എസ്.ഐ.റ്റി.എം എന്നിവരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കി. തുടർഘട്ടങ്ങളിൽ ആർ.ഡി. ഒ, താലൂക്ക്, വില്ലേജ് ഓഫീസുകളിലും മറ്റു ഡിപ്പാർട്ടമെന്റുകളുടെ ഓഫീസുകളിലും വ്യാപിപ്പിക്കുന്നതാണ്. ഈ പദ്ധതി മുഖേന ജില്ലയിലെ മുഴുവൻ ഓഫീസുകളും പരിപൂർണ്ണ ഓൺലൈൻ ഫയൽ നീക്കത്തിൽ എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നു. സാധാരണക്കാർക്കു ലഭിക്കേണ്ട സേവനങ്ങളുടെയും അവർ സമർപ്പിച്ച പരാതിയുടെയും സ്റ്റാറ്റസും സീറ്റും ഓൺലൈൻ മുഖേന അറിയാൻ ഇതിലൂടെ സാധിക്കും.

വിദ്യാഭ്യാസ മേഖലയിൽ - ഐ.ടി. (കെ.ഐ.റ്റി.ഇ/ ഐ.ടി. @ സ്കൂൾ)

ജില്ലയിലെ സ്കൂളുകളിൽ എം.എൽ.എ, എം.പി. മാരുടെ പ്രാദേശിക വികസന ഫണ്ട്. എൽ.എസ്.ജി. ഫണ്ട് തുടങ്ങിയവ ഉപയോഗിച്ചുള്ള ഉപകരണ വിന്യാസം ഐ.ടി നയം ഉപയോഗിച്ചും സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പാലിച്ചും പ്രാവർത്തികമാക്കണം. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ജില്ലയിലെ ഗവൺമെന്റ്, എയ്ഡഡ് സ്കൂ

ളുകളെ ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനം ദ്രുതഗതിയിൽ നടന്നുവരികയാണ്.

ആരോഗ്യമേഖലയിൽ ഐ.ടി.

ഇ ഹെൽത്ത് പദ്ധതി തിരുവനന്തപുരം ജില്ലയിൽ പരീക്ഷണാർത്ഥം നടത്തിവരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ 10 ആശുപത്രികളിലെ 500 ഓളം ജീവനക്കാർക്ക് ഐ.ടി. പരിശീലനം നടത്തിക്കഴിഞ്ഞു. അക്ഷയ മുഖേന തിരുവനന്തപുരം ജില്ലയിലെ മെഡിക്കൽ കോളേജിൽ പൊതുജന സൗകര്യാർത്ഥം ഓൺലൈൻ ഒ.പി ടിക്കറ്റ് സംവിധാനം ഇ ഹെൽത്ത് പദ്ധതിയുടെ ഭാഗമായി തുടങ്ങി. ഈ പദ്ധതിയുടെ സേവനം സമീപഭാവിയിൽ കാസർഗോഡ് ജില്ലയിലെ ആശുപത്രികളിലേക്കും എത്തുന്നതാണ്.

നിർദ്ദേശങ്ങൾ

- ജില്ലാ ഇ ഗവേണൻസ് സൊസൈറ്റി ശക്തമാക്കുന്നതോടൊപ്പം വിവിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടെ പങ്കാളിത്തത്തോടെ ഐ.ടി മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളായ എൻ. ഐ.സി, കെ.എസ്.ഐ.റ്റി.എം., സി.ഡിറ്റ്, ഐ.കെ.എം. തുടങ്ങിയവർ ചേർന്ന് ഏകീകരിച്ചു പ്രവർത്തിക്കേണ്ടതുമാണ്. അതിലേക്ക് ഒരു പ്രത്യേക ഓഫീസ് സംവിധാനവും ഏർപ്പെടുത്താവുന്നതാണ്. വിവിധ വകുപ്പുകളുടെ സേവനങ്ങൾ നിലവിൽ ഏകീകൃതമില്ലാതെ പല ഏജൻസികൾ പല തട്ടിൽ ചെയ്തുവരുന്നു. വകുപ്പുകൾ ഏകീകരിച്ചു ചെയ്യേണ്ട പ്രവൃത്തികൾ പോലും ഇത് മൂലം തടസ്സപ്പെടുന്നുണ്ട്. അതിനാൽ വിവിധ വകുപ്പുകൾ സംയുക്തമായി നടത്തേണ്ട സേവനങ്ങളുടെ ഓൺലൈൻ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും ഏകീകരിക്കാനും ഇ ഗവേണൻസിന്റെ ആവശ്യം അത്യന്താപേക്ഷിതമാണ്.
- ജില്ലയിലെ എല്ലാ നിവാസികളെയും ഇ-ഗവേണൻസ്, എം ഗവേണൻസ് സേവനങ്ങളെക്കുറിച്ചും ഡിജിറ്റൽ പണം ഇടപാടുകളെക്കുറിച്ചും സുരക്ഷിത ഇന്റർനെറ്റ് ഉപയോഗത്തെക്കുറിച്ചും ബോധവൽക്കരിക്കാൻ വേണ്ട ക്യാമ്പയിൻ പ്രവർത്തനം സൈബർ പോലീസ്, ഐ.ടി.മിഷൻ, അക്ഷയ, ഐ.സി.റ്റി അക്കാദമി, ഡിസ്ട്രിക്ട് ഐ.റ്റി.സെൽ തുടങ്ങിയവയുടെ സഹായത്തോടെ നടപ്പാക്കാവുന്നതാണ്.
- ജില്ലയിലെ വിവിധ മിഷൻ പ്രോജക്ടുളുടെ വിവരങ്ങൾ, നിജസ്ഥിതി തുടങ്ങിയവ ജനങ്ങൾക്കും ജനപ്രതിനിധികൾക്കും ലഭ്യമാക്കുന്ന രീതിയിൽ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കാവുന്നതാണ്.
- സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കുട്ടികളിൽ സുരക്ഷിത ഇന്റർനെറ്റ് ഉപയോഗത്തെക്കുറിച്ചുള്ള ക്യാമ്പയിൻ അത്യന്താപേക്ഷിതമാണ്. അതിന്റെ ആദ്യഘട്ടമായി ഗൂഗിളുമായി സഹകരിച്ച് ജില്ലയിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് ബോധവൽക്കരണവും, പരിശീലനവും സംഘടിപ്പിച്ചിരുന്നു
- കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ, സൈബർ പോലീസ് വിങ്ങ്, ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റി എന്നിവയുടെ നേതൃത്വത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., പി.റ്റി.എ എന്നിവയുടെ സഹായത്തോടെ ജില്ലയിൽ ആരംഭിച്ച DISHA (District Innitiatives for Students Heuristics &Awareness) പദ്ധതിയുടെ സഹായത്തോടെ മേൽ പറഞ്ഞ ബോധവൽക്കരണം നടത്താവുന്നതാണ്.
- എല്ലാ അക്ഷയ കേന്ദ്രങ്ങളും അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നു പ്രവർത്തിക്കുന്നവയാണ്. നിലവിൽ ഒരു പഞ്ചായത്തിൽ ശരാശരി 2 മുതൽ 3 വരെയും മുൻസിപ്പാലിറ്റിയിൽ അഞ്ചും എണ്ണം പ്രവർത്തിക്കുന്നു എന്നിരിക്കെ അതാതു തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന കേരള സർക്കാർ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവയുടെ ഐ.ടി ഹാർഡ്‌വെയർ മെയിന്റനൻസ് ആന്റ് റിപ്പയർ, അക്ഷയ കേന്ദ്രങ്ങൾ മുഖേന നടത്താൻ സാധിക്കുന്നതാണ്. തദ്ദേശ സ്ഥാപനങ്ങളും അക്ഷയ ജില്ലാ ഓഫീസും സമഗ്രമായി പ്രവർത്തിച്ചാൽ അതാതു ഭാഗങ്ങളിൽ ഒരു ഐ.ടി. ടാലന്റ് പൂൾ പ്രാവർത്തികമാക്കാൻ സാധിക്കും. വളരെ പെട്ടെന്ന് ചെറിയ നിരക്കിൽ കമ്പ്യൂട്ടർ അനുബന്ധ മെയിന്റനൻസ് വർക്കുകൾ അക്ഷയ മുഖേന നടത്തുവാൻ സാധിക്കും.

വിഭവങ്ങളുടെയും അസറ്റുകളുടെയും ജിയോ സ്പെഷ്യൽ മാപ്പിംഗ്

- ഡിജിറ്റൽ മാപ്പിംഗ് സംവിധാനം നടത്തുന്നതിലൂടെ ജില്ലയിലെ മുഴുവൻ വിഭവസമൃദ്ധിയും അടിസ്ഥാന സൗകര്യങ്ങളും പൈതൃകസമ്പത്തുകളും ഡിജിറ്റലായി രേഖപ്പെടുത്തുവാൻ സാധിക്കും. 2018- 19 വർഷത്തിൽ ഇത് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
- വെബ് അടിസ്ഥിത ജി.ഐ.എസ്. ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതു വഴി ജില്ലയിലെ മുഴുവൻ വിഭവ സമൃദ്ധി, അടിസ്ഥാന സൗകര്യങ്ങൾ, വാസസ്ഥല സൗകര്യങ്ങൾ എന്നിവ രേഖപ്പെടുത്തുവാനും കൃത്യമായി നിരീക്ഷിക്കാനും സാധിക്കും. ഇതിനു വേണ്ടിയുള്ള വസ്തു വിവര രജിസ്റ്റർ, തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച്, അവർ മുഖേന നിരീക്ഷണവും മറ്റു വകുപ്പുകളുമായി ചേർന്നു വിവരശേഖരണവും നടത്താൻ സാധിക്കും.
- ജില്ലയിലെ സ്കൂളുകളിൽ എം.പി, എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ട്, എൽ.എസ്.ജി. ഫണ്ട് തുടങ്ങിയവ ഉപയോഗിച്ചുള്ള ഉപകരണ വിന്യാസം ഐ.ടി നയം ഉപയോഗിച്ചും സർക്കാർ ഉത്തരവുകളും മാനദണ്ഡങ്ങളും പാലിച്ചും പ്രാവർത്തികമാക്കണം.

- ഇ-വേസ്റ്റ് ബിൻ സംവിധാനം എല്ലാ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഏർപ്പെടുത്താം. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടു കൂടി സ്കൂളിൽ നിന്നും വീടുകളിൽ നിന്നും ഇ-വേസ്റ്റ് നീക്കം ചെയ്യുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.
- ജില്ലയിലെ സുപ്രധാന സാന്നിധ്യമാണ് കേരള സ്റ്റാർട്ട് അപ്പ് മിഷൻ. യുവ സംരംഭങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിൽ സ്റ്റാർട്ട് അപ്പ് മിഷന്റെ പങ്കു വിലയേറിയതാണ്. സ്റ്റാർട്ട് അപ്പ് മിഷന്റെ സാന്നിധ്യവും സേവനങ്ങളും ജനങ്ങളിലെക്കും മികച്ച യുവജന സംരംഭകരിലേക്കും എത്തിക്കുവാൻ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നു ടാലന്റ് സെർച്ച് നടത്തേണ്ടതും സ്റ്റാർട്ട് അപ്പ് പോളിസി കൂടുതൽ ജനങ്ങളിലേക്കെത്തിക്കാനുള്ള സംവിധാനം ഒരുക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളുടെ നേതൃത്വത്തിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ബിസിനസ് സംരംഭകത്വ ഓറിയന്റേഷൻ ക്ലാസ്സുകൾ നടത്തുവാൻ സാധിക്കും.
- ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപന വാർഡുകളും ബാങ്കിംങ് കൂട്ടായ്മയുടെയും ഐ.ടി.മിഷൻ, അക്ഷയ കൂട്ടായ്മയുടെയും സഹായത്തോടെ ഡിജിറ്റൽ വാർഡ് ആയി മാറ്റുവാൻ സാധിക്കും ഇതുപോലെ ഡിജിറ്റൽ പണമിടപാടുകളിലും സുരക്ഷിത ഡിജിറ്റൽ സേവനവിന്യാസത്തിലും ഇ-ഗവേണൻസ് സേവനപര്യാപ്തമാക്കി തീർക്കുവാനും സാധിക്കും.
- എല്ലാ ലോക്കൽ ബോഡി പേയ്മെന്റുകളും ഡിജിറ്റൽ സംവിധാനത്തിൽ കൊണ്ടുവന്ന് ജനങ്ങൾക്കു സുതാര്യവും സൗകര്യ പ്രദവുമായ സേവനങ്ങൾ നൽകുവാൻ സാധിക്കും. അക്ഷയ, കുടുംബശ്രീ എന്നിവയുടെ സഹായത്തോടുകൂടി എല്ലാ ജനങ്ങളെയും ഡിജിറ്റൽ സേവനങ്ങളിൽ പര്യാപ്തരാക്കുവാനും കഴിയും.
- ജില്ലയിലെ പ്രൈമറി ഹെൽത്ത് സെന്ററുകൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രി എന്നിവയെ ഓൺലൈൻ അധിഷ്ഠിത സേവനങ്ങൾ ജനങ്ങൾക്കു നൽകുന്നതിന് സജ്ജരാക്കണം. മൊബൈൽ മുഖേന ഒ.പി. ടിക്കറ്റ് രജിസ്ട്രേഷൻ, ലബോറട്ടറി റിസൾട്ട് അറിയുവാനുള്ള സാധ്യതകൾ രോഗിക്കും ഡോക്ടർക്കും ആശുപത്രി അധികൃതർക്കും അറിയിപ്പുകൾ നൽകാനുള്ള സംവിധാനങ്ങൾ തുടങ്ങിയവ സജ്ജമാക്കാനും സാധിക്കണം.

വ്യവസായ മേഖലയിലെ നിലവിലെ ഇടപെടലുകൾ- തദ്ദേശ സ്വയംഭരണ സ്ഥാപന തലം

കഴിഞ്ഞ അഞ്ചു വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ വ്യവസായ മേഖലയുടെ വളർച്ചയ്ക്കാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വളരെ പിന്നോക്കാവസ്ഥയിലാണെന്ന് മനസ്സിലാക്കാൻ കഴിയും. ഉല്പാദന മേഖലയിൽ വ്യവസായ മേഖലയ്ക്ക് പ്രത്യേകമായി വിഹിതം ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയുകയുള്ള. കുടുംബശ്രീ ഉൽപന്ന വിപണന കേന്ദ്രം ജില്ലാ പഞ്ചായത്തും ഗ്രാമീണ ഉൽപന്ന വിപണന കേന്ദ്രങ്ങൾ ബ്ലോക്ക് പഞ്ചായത്തുകളും നിർമ്മിച്ചിട്ടുണ്ട്.

പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി)

ഭാരത സർക്കാരിന്റെ സൂക്ഷ്മ-ചെറുകിട ഇടത്തരം വ്യവസായ മന്ത്രാലയം PMRY, REGP എന്നീ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട്, സൂക്ഷ്മ സംരംഭ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 2008 ആഗസ്ത് 15ന് ആവിഷ്ക്കരിച്ച നൂതന പദ്ധതിയാണ് പി.എം.ഇ.ജി.പി എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി. നഗരമേഖലയിൽ ജില്ലാ വ്യവസായ കേന്ദ്രം മുഖേന ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഗ്രാമീണ മേഖലയിൽ ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷനും ഖാദി & വില്ലേജ് ബോർഡുമാണ് പദ്ധതി പ്രാവർത്തികമാക്കുന്നത്.

18 വയസ്സ് പൂർത്തിയായ വ്യക്തികൾക്കും സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സൊസൈറ്റികൾ, ചാരിറ്റബിൾ ട്രസ്റ്റുകൾ, സ്വയം സഹായ സംഘങ്ങൾ എന്നീ സ്ഥാപനങ്ങൾക്കും ഈ പദ്ധതിക്ക് അപേക്ഷിക്കാം. അപേക്ഷ സമർപ്പിക്കേണ്ടത് ഓൺലൈൻ മുഖേനയാണ്. ജില്ലാ കലക്ടർ ചെയർമാനും ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ കൺവീനറുമായുള്ള ജില്ലാതല ടാസ്ക് ഫോഴ്സ് കമ്മിറ്റിയാണ് അപേക്ഷകൾ പരിഗണിക്കുന്നതും ധനകാര്യ സ്ഥാപനങ്ങളിലേക്ക് ശുപാർശ ചെയ്യുന്നതും. ഉൽപ്പാദന മേഖലയിൽ 25 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകളും സേവന മേഖലയിൽ 10 ലക്ഷം രൂപവരെയുള്ള പ്രോജക്ടുകളും മാത്രമേ പരിഗണിക്കുകയുള്ളൂ. പട്ടികജാതി, പട്ടികവർഗ്ഗം, വനിതകൾ, ഒ.ബി.സി വിഭാഗം, വികലാംഗർ, വിമുക്തഭടന്മാർ എന്നിവർക്ക് ഏറ്റെടുക്കുന്ന സംരംഭത്തിന്റെ ആകെ മുടക്ക് മുതലിന്റെ 35% തുക ഗ്രാമ പ്രദേശങ്ങളിലും 25% നഗര പ്രദേശങ്ങളിലും സബ്സിഡി ലഭിക്കുന്നതാണ്. മറ്റുള്ളവർക്ക് ഗ്രാമ പ്രദേശങ്ങളിൽ 25% ഉം നഗര പ്രദേശങ്ങളിൽ 15% ഉം സബ്സിഡിക്ക് അർഹതയുണ്ടായിരിക്കും. ഇങ്ങനെ ലഭിക്കുന്ന സബ്സിഡി തുക ബാങ്ക് വായ്പയുടെ ആദ്യ ഗഡു അനുവദിക്കുന്ന തീയ്യതി മുതൽ 3 വർഷം വരെ ബാ

ങ്കിൽ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുകയും സംരംഭം പ്രവർത്തിക്കുകയാണെങ്കിൽ സബ്സിഡി തുക സംരംഭകന്റെ അക്കൗണ്ടിലേക്ക് വരവ് വെയ്ക്കുകയും ചെയ്യും. സംരംഭം പ്രവർത്തനരഹിതമോ, നോൺ ട്രെയ്സബിൾ ആവുകയോ ചെയ്തിട്ടുണ്ടെങ്കിൽ സബ്സിഡി തുകയ്ക്ക് സംരംഭകന് അർഹതയുണ്ടായിരിക്കുകയില്ല.

2012-13 മുതൽ 2016-17 വരെ സാമ്പത്തിക വർഷങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രം മുഖേന 204 സംരംഭകർക്കായി 321 ലക്ഷം രൂപയും കെ.വി.ഐ.സി. മുഖേന 178 സംരംഭകർക്ക് 394.75 ലക്ഷം രൂപയും കെ.വി.ഐ.ബി മുഖേന 168 സംരംഭകർക്ക് 319.43 ലക്ഷം രൂപയും ഗ്രാന്റായി വിതരണം ചെയ്തിട്ടുണ്ട്. അവയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

പട്ടിക 4.1.5.23: PMEGP IMPLEMENTATION STATUS FROM 2012 -2013 To 2016- 2017

year	DIC			KVIC	KVIC		TOTAL					
	No. of units	Subsidy (in lakhs)	Emp	No. of units	Subsidy (in lakhs)	Emp.	No. of units	Subsidy (in lakhs)	Emp	No. of units	Subsidy (in lakhs)	Emp
2012-13	67	96.77	415	66	98.11	266	34	57.53	191	167	872	252.41
2013-14	40	68.98	259	26	76.63	275	41	69.64	331	107	865	215.25
2014-15	49	87.849	349	6	18.39	68	17	35.78	136	72	553	142.02
2015-16	27	36.84	141	75	185.72	669	29	67.17	259	131	1069	289.73
2016-17	21	30.58	152	5	15.9	347	47	89.31	55	73	554	135.79
Total	204	321.019	1316	178	394.75	1625	168	319.43	972	550	3913	1035.20

മേഖലയിലെ നിലവിലെ ഇടപെടലുകൾ സംസ്ഥാനാവിഷ്കൃതം

- **സംരംഭകത്വ സഹായ പദ്ധതി**

ഉത്പാദന മേഖലയിലുള്ള സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി കേരള സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് സംരഭകത്വ സഹായ പദ്ധതി. 2012 ഏപ്രിൽ 1 മുതൽ ഉൽപാദനം ആരംഭിച്ച സംരംഭങ്ങൾക്ക്, സംരംഭകത്വ സഹായ പദ്ധതി പ്രകാരം 3 ഘട്ടങ്ങളിലായി പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്.

പ്രാരംഭ ധനസഹായം (സ്റ്റാർട്ട് അപ്പ് സപ്പോർട്ട്)

ഉൽപാദന മേഖലയിൽ വ്യവസായ സംരംഭത്തിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് ജില്ലാ വ്യവസായ കേന്ദ്രം മുഖേന ധനകാര്യ സ്ഥാപനത്തിൽ സമർപ്പിച്ചാൽ ലഭ്യമാകുന്ന യൂണിറ്റുകൾക്ക് സ്റ്റാർട്ട് അപ്പ് സപ്പോർട്ടിന് അർഹതയുണ്ട്. സ്ഥാപനത്തിന്റെ സ്ഥിരാസ്തികൾക്ക് പദ്ധതി പ്രകാരം ലഭിക്കാവുന്ന ധനവിഹിതത്തിന്റെ 50% (പരമാവധി 3 ലക്ഷം രൂപ) പ്രാരംഭ സഹായമായി ലഭിക്കുന്നു. സ്റ്റാർട്ട് അപ്പ് സപ്പോർട്ടിന് പ്രത്യേക ജാമ്യ വ്യവസ്ഥകളോ സെക്യൂരിറ്റിയോ ഹാജരാക്കേണ്ടതില്ല. എന്നാൽ 200/- രൂപ മുദ്രപത്രത്തിൽ തയ്യാറാക്കിയ നിശ്ചിത സത്യവാങ്മൂലം സമർപ്പിക്കണം. സ്റ്റാർട്ട്അപ്പ് സപ്പോർട്ട് ലഭിക്കുന്ന സ്ഥാപനം 1 വർഷത്തിനുള്ളിൽ ഉത്പാദനം ആരംഭിക്കേണ്ടതാണ്. തുടർന്ന് 5 വർഷക്കാലം തുടർച്ചയായി പ്രവർത്തിക്കേണ്ടതുമാണ്.

നിക്ഷേപ സഹായം (ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട്)

വ്യാവസായിക ഉൽപാദനം ആരംഭിച്ച യൂണിറ്റുകളുടെ സ്ഥിരാസ്തികൾക്ക് നിശ്ചിത നിരക്ക് പ്രകാരം പരമാവധി 30 ലക്ഷം രൂപവരെ ധനസഹായം ലഭ്യമാക്കുന്നു. നിക്ഷേപക സഹായ നിരക്കുകൾ താഴെപറയും പ്രകാരമാണ്.

- ജനറൽ കാറ്റഗറി - ആകെ സ്ഥിരാസ്തികളുടെ 15%
- എസ്.സി, എസ്.ടി സംരംഭകർ - ആകെ സ്ഥിരാസ്തികളുടെ 20%
- പിന്നോക്ക ജില്ല 10%

ഉൽപാദനം ആരംഭിച്ച് ഒരു വർഷത്തിനുള്ളിൽ അപേക്ഷ ജില്ലാ വ്യവസായ കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്. 2 കോടി രൂപവരെ സ്ഥിരാസ്തിയുള്ള സംരംഭങ്ങളുടെ അപേക്ഷ കളക്ടർ ചെയർമാനായുള്ള ജില്ലാതല കമ്മിറ്റിയും 2 കോടിക്ക് മുകളിൽ സ്ഥിരാസ്തിയുള്ള സംരംഭങ്ങളുടെ അപേക്ഷ വ്യവസായ- വാണിജ്യ ഡയറക്ടർ ചെയർമാനുമായുള്ള സംസ്ഥാതല കമ്മിറ്റിയും പരിശോധിച്ച് തീരുമാനമെടുക്കും. പുതിയ സംരംഭങ്ങളെ കൂടാതെ നിലവിലുള്ളവയുടെ Modernisation/ Expansion /Diversification എന്നിവയ്ക്കും നിബന്ധനകൾക്ക് വിധേയമായി ധനസഹായം ലഭിക്കുന്നതാണ്. ഇൻവെസ്റ്റ്മെന്റ് ആനുകൂല്യം ലഭിച്ചിട്ടുള്ള സ്ഥാപനം 5 വർഷം തുടർച്ചയായി പ്രവർത്തിക്കേണ്ടതാണ്. പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനായി 200 രൂപ മുദ്ര പത്രത്തിൽ തയ്യാറാക്കിയ നിശ്ചിത സത്യവാങ്മൂലം സമർപ്പിക്കണം.

സാങ്കേതികസഹായം (Technology Support)

കേന്ദ്ര, സംസ്ഥാനസർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും പുതിയ സാങ്കേതിക വിദ്യ ലഭ്യമാക്കി ഉൽപാദനം നടത്തുന്ന വ്യവസായ യൂണിറ്റുകൾക്ക് പദ്ധതി പ്രകാരം സ്ഥാപനത്തിന്റെ സ്ഥിരാസ്തികളിലുള്ള നിക്ഷേപത്തിന്റെ 10% അധിക ധനസഹായം (പരമാവധി 10 ലക്ഷം രൂപ) ലഭ്യമാകുന്നു. പുതിയ സാങ്കേതിക വിദ്യ പ്രകാരം ഉത്പാദനം ആരംഭിച്ച് 6 മാസത്തിനകം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജില്ലാ കലക്ടർ ചെയർമാനായുള്ള സമിതിയാണ് അപേക്ഷയിന്മേൽ തിരുമാനമെടുക്കുന്നത്.

ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അവയുടെ സ്ഥിര മൂലധന നിക്ഷേപത്തിന്റെ 25 മുതൽ 40 ശതമാനം വരെയുള്ള തുക സാമ്പത്തിക പ്രോത്സാഹനമായി നൽകുന്ന സംരംഭക സഹായ പദ്ധതി കഴിഞ്ഞ 5 വർഷം ജില്ലാ വ്യവസായ കേന്ദ്രം വഴി നടപ്പിലാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പട്ടിക 4.1.5.24: സംരംഭക സഹായ പദ്ധതി-വിശദാംശം

വർഷം	അനുവദിച്ച സംരംഭങ്ങൾ	സംഖ്യ
2012-13	19 യൂണിറ്റുകൾ	13,59,499/- രൂപ
2013-14	45 യൂണിറ്റുകൾ	1,07,80,773/- രൂപ
2014-15	45 യൂണിറ്റുകൾ	1,37,38,720/- രൂപ
2015-16	65 യൂണിറ്റുകൾ	2,03,17,690/- രൂപ
2016-17	71 യൂണിറ്റുകൾ	1,85,00,000/- രൂപ

2017-18 വർഷത്തിൽ 84 യൂണിറ്റുകൾക്കായി 3 കോടി രൂപ അനുവദിക്കേണ്ട സ്ഥാനത്ത് ഇതേവരെ 44 യൂണിറ്റുകൾക്കായി 1.55 കോടി രൂപ വിതരണം ചെയ്തു

സംരംഭകത്വ സഹായ പദ്ധതി പ്രകാരം സ്റ്റാർട്ട് അപ്പ് സപ്പോർട്ട്, ഇൻവെസ്റ്റ്മെന്റ്, ടെക്നോളജി സപ്പോർട്ട്, വിപുലീകരണ പദ്ധതികൾക്കാണ് സാമ്പത്തിക സഹായം നൽകി വരുന്നത്. ഈ പദ്ധതി പ്രകാരം ജില്ലയിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ 289 വ്യവസായ സംരഭങ്ങൾ നിലവിൽ വന്നു. ഇതുവഴി ജില്ലയിൽ എതാണ്ട് 3500 ലക്ഷം രൂപയുടെ നിക്ഷേപവും ആയിരത്തിലധികം തൊഴിൽ അവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

കൈത്തറി മേഖല

കഴിഞ്ഞ 5 വർഷങ്ങളിൽ കൈത്തറി മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെയും, ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മാർക്കറ്റിംഗ്& എക്സ്പോർട്ട് പ്രമോഷൻ സ്ക്കീം.

കൈത്തറി എക്സ്പോ:

കേരള കൈത്തറിയുടെ പ്രചരണത്തിനും, സംഘങ്ങൾക്ക് അവരുടെ ഉല്പന്നം വിറ്റഴിക്കുന്നതിനും, ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനുമായി എല്ലാ വർഷവും ഓണം, വിഷു എന്നിവയോടനുബന്ധിച്ച് നടത്തുന്ന മേളയുടെ സാമ്പത്തിക വിശകലനം താഴെ കൊടുക്കുന്നു.

പട്ടിക 4.1.5.25: കൈത്തറി എക്സ്പോ- വിശകലനം

വർഷം	പദ്ധതി വിഹിതം	ചെലവ്	ഭൗതിക നേട്ടം
2012-13	1,00,000	1,00,000	7 സ്റ്റാൾ, 13.75 ലക്ഷം രൂപയുടെ വിറ്റുവരവ്
2013-14	1,50,000	1,50,000	7 സ്റ്റാൾ,14.20 ലക്ഷം രൂപയുടെ വിറ്റുവരവ്
2014-15	250000	2,50,000	6 സ്റ്റാൾ, 15.30 ലക്ഷം രൂപയുടെ വിറ്റുവരവ്
2015-16	3,00,000	3,00,000	7 സ്റ്റാൾ, 16.42 ലക്ഷം രൂപയുടെ വിറ്റുവരവ്
2016-17	4,25,000	4,25,000	11 സ്റ്റാൾ, 15.26 ലക്ഷം രൂപയുടെ വിറ്റുവരവ്
ആകെ	12,25,000	12,25,000	

എക്സിബിഷൻ ഗ്രാന്റ്:

ഗവൺമെന്റ് സംഘടിപ്പിക്കുന്ന വിവിധയിനം കൈത്തറി മേളയിൽ പങ്കെടുക്കുന്ന കൈത്തറി സംഘങ്ങൾക്ക് അവരുടെ വില്പനയുടെ 10% തുക (പരമാവധി 10,000/- രൂപ) ഗ്രാന്റായി നൽകുന്ന പദ്ധതി.

പട്ടിക 4.1.5.26: എക്സിബിഷൻ ഗ്രാന്റ് വിശദാംശം

വർഷം	പദ്ധതി വിഹിതം	ചെലവ്	ഭൗതിക നേട്ടം
2012-13	61,572	61,572	6 സൊസൈറ്റികൾക്ക്
2013-14	-	-	-
2014-15	1,03,895	1,03,895	6 സൊസൈറ്റികൾക്ക്
2015-16	41,175	41,175	4 സൊസൈറ്റികൾക്ക്
2016-17	80,955	80,955	4 സൊസൈറ്റികൾക്ക്
ആകെ	2,26,025	2,26,025	

കലാപരമായ കൈത്തറി

പട്ടിക 4.1.5.27: കലാപരമായ കൈത്തറി വിശദാംശം

വർഷം	പദ്ധതി വിഹിതം	ചെലവ്	ഭൗതിക നേട്ടം
2012-13	-	-	-
2013-14	-	-	-
2014-15	20,000	20,000	വേജ് കോംപൻസേഷൻ 2 പേർക്ക്
2015-16	20,000	20,000	വേജ് കോംപൻസേഷൻ 2 പേർക്ക്
2016-17	20,000	20,000	ക്യാഷ് പ്രൈസ് - ഒരാൾക്ക്
ആകെ	60,000	60,000	

ട്രെയിനിംഗ് & സ്കിൽ ഡെവലപ്മെന്റ്

കൈത്തറി മേഖലയിലേക്ക് യുവതലമുറയെ ആകർഷിക്കുന്നതിനും, മേഖലയെ സംരക്ഷിക്കുന്നതിനും വേണ്ടി പുതിയ ആളുകൾക്കും നിലവിൽ നെയ്ത്തു രംഗത്തുള്ളവർക്കും നെയ്ത്തിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകുന്ന പദ്ധതി.

പട്ടിക 4.1.5.28: കൈത്തറി മേഖല- പരിശീലനം

വർഷം	പദ്ധതി വിഹിതം	ചെലവ്	ഭൗതിക നേട്ടം
2012-13	-	-	-
2013-14	-	-	-
2014-15	91,500	91,500	1 സൊസൈറ്റി
2015-16	2,16,750	2,16,750	3 സൊസൈറ്റികൾക്ക്
2016-17	-	-	-
ആകെ	3,08,250	3,08,250	

കൈത്തറി ബോധവൽക്കരണത്തിനും പ്രചരണത്തിനുമായി നടത്തുന്ന പരിപാടികൾ

പട്ടിക 4.1.5.29: അത്തം ദിന പരിപാടി വിശദാംശം

വർഷം	പദ്ധതി വിഹിതം	ചെലവ്	ഭൗതിക നേട്ടം
2012-13	10,000	10,000	1 പ്രോഗ്രാം
2013-14	15,000	15,000	1 പ്രോഗ്രാം
2014-15	40,000	40,000	1 പ്രോഗ്രാം
2015-16	35,000	35,000	1 പ്രോഗ്രാം
2016-17	-	-	-
ആകെ	1,00,000	1,00,000	

പട്ടിക 4.1.5.30: ജില്ലാതല ചിത്രരചനാ മത്സരം

വർഷം	പദ്ധതി വിഹിതം	ചെലവ്	ഭൗതിക നേട്ടം
2012-13	-	-	-
2013-14	-	-	-
2014-15	-	-	-
2015-16	50,000	50,000	1 പ്രോഗ്രാം
2016-17	-	-	-
ആകെ	50,000	50,000	

വ്യവസായം, വാണിജ്യം, സ്വയംതൊഴിൽ സംരംഭങ്ങൾ, പ്രവാസി തൊഴിലാളികൾ

പട്ടിക 4.1.5.31: കോളേജുകളിൽ എക്സിബിഷൻ & സെമിനാർ

വർഷം	പദ്ധതി വിഹിതം	ചെലവ്	ഭൗതിക നേട്ടം
2012-13	-	-	-
2013-14	-	-	-
2014-15	52,500	52,500	5 പ്രോഗ്രാം
2015-16	2,00,000	2,00,000	10 പ്രോഗ്രാം
2016-17	-	-	-
ആകെ	2,52,500	2,52,500	

അംശദാന മിതവ്യയഫണ്ട് പദ്ധതി

നെയ്ത്ത് തൊഴിലാളികളുടെ വേതനത്തിൽ നിന്നും മാസം തോറും 8% തുക പിടിച്ച് ആയതിന് ആനുപാതികമായ തുക ഗവ: വിഹിതമായി അനുവദിക്കുന്ന സ്കീം. പദ്ധതിയിൽ അംഗമായ എല്ലാ തൊഴിലാളികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

പട്ടിക 4.1.5.32: അംശദാന മിതവ്യയ ഫണ്ട് പദ്ധതി

വർഷം	പദ്ധതി വിഹിതം	ചെലവ്	ഭൗതിക നേട്ടം
2012-13	3,23,500	3,08,067	7 നെയ്ത്ത് സംഘങ്ങളിലെ 130 തൊഴിലാളികൾ
2013-14	3,21,000	2,52,946	7 നെയ്ത്ത് സംഘങ്ങളിലെ 132 തൊഴിലാളികൾ
2014-15	2,33,368	2,33,368	7 നെയ്ത്ത് സംഘങ്ങളിലെ 135 തൊഴിലാളികൾ
2015-16	2,58,000	2,58,000	7 നെയ്ത്ത് സംഘങ്ങളിലെ 138 തൊഴിലാളികൾ
2016-17	2,58,000	2,56,694	7 നെയ്ത്ത് സംഘങ്ങളിലെ 142 തൊഴിലാളികൾ
ആകെ	13,93,868	13,09,075	

പ്രൊഡക്ഷൻ ഇൻസെന്റീവ്

നെയ്ത്ത് അനുബന്ധ തൊഴിലാളികളെ പ്രചോദിപ്പിക്കുന്നതിന്റെ ഭാഗമായി അധികമായി ഉണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് പദ്ധതി മാർഗ രേഖയനുസരിച്ച് ഇൻസെന്റീവ് നൽകുന്ന പദ്ധതി.

പട്ടിക 4.1.5.33: പ്രൊഡക്ഷൻ ഇൻസെന്റീവ്

വർഷം	പദ്ധതി വിഹിതം	ചെലവ്	ഭൗതിക നേട്ടം
2012-13	2,85,000	2,84,907	3 സൊസൈറ്റികളിലെ 30 തൊഴിലാളികൾക്ക്
2013-14	4,00,000	3,99,447	3 സൊസൈറ്റികളിലെ 32 തൊഴിലാളികൾക്ക്
2014-15	6,00,000	4,98,480	3 സൊസൈറ്റികളിലെ 35 തൊഴിലാളികൾക്ക്
2015-16	10,00,000	10,80,639	4 സൊസൈറ്റികളിലെ 50 തൊഴിലാളികൾക്ക്
2016-17	3,61,015	3,57,793	4 സൊസൈറ്റികളിലെ 61 തൊഴിലാളികൾക്ക്
ആകെ	26,46,015	26,21,266	

പ്രാഥമിക കൈത്തറി സംഘങ്ങളുടെ ആധുനികവത്കരണവും അധികമൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനവും

പട്ടിക 4.1.5.34: പ്രോഡക്ട് ഡെവലപ്മെന്റ് അസിസ്റ്റൻസ്

വർഷം	പദ്ധതി വിഹിതം	ചെലവ്	ഭൗതിക നേട്ടം
2012-13	2,36,549	2,36,549	4 സൊസൈറ്റികൾക്ക്
2013-14	4,58,000	4,58,000	4 സൊസൈറ്റികൾക്ക്
2014-15	3,09,115	3,09,115	4 സൊസൈറ്റികൾക്ക്
2015-16	2,39,587	2,39,587	4 സൊസൈറ്റികൾക്ക്
2016-17	2,76,691	2,76,691	4 സൊസൈറ്റികൾക്ക്
ആകെ	15,19,942	15,19,942	

പട്ടിക 4.1.5.35: ടെക്നോളജി അപ്ഗ്രഡേഷൻ സ്ക്കീം:

വർഷം	പദ്ധതി വിഹിതം	ചെലവ്	ഭൗതിക നേട്ടം
2012-13	-	-	-
2013-14	-	-	-
2014-15	1,04,750	1,04,750	1 സൊസൈറ്റി
2015-16	10,29,500	10,29,500	4 സൊസൈറ്റികൾക്ക്
2016-17	-	-	-
ആകെ	11,34,250	11,34,250	

പട്ടിക 4.1.5.36: തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതി:

വർഷം	പദ്ധതി വിഹിതം	ചെലവ്	ഭൗതിക നേട്ടം
2012-13	-	-	-
2013-14	-	-	-
2014-15	1,04,750	1,04,750	1 സൊസൈറ്റി
2015-16	2,16,750	2,16,750	3 സൊസൈറ്റികൾക്ക്
2016-17	-	-	-
ആകെ	3,21,500	3,21,500	

പട്ടിക 4.1.5.37 വർക്ക്ഷെഡ്/ ഡൈഹൗസ് റിപ്പയറിംഗ് & മെയിന്റനൻസ്:

വർഷം	പദ്ധതി വിഹിതം	ചെലവ്	ഭൗതിക നേട്ടം
2012-13	-	-	-
2013-14	3,00,000	3,00,000	1 സൊസൈറ്റി
2014-15	6,00,000	6,00,000	1 സൊസൈറ്റി
2015-16	3,00,000	3,00,000	1 സൊസൈറ്റി
2016-17	-	-	-
ആകെ	12,00,000	12,00,000	

കൈത്തറി മേഖലയിലെ സ്വയംതൊഴിൽ പദ്ധതി:

കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കൈത്തറി ഉല്പന്ന യൂണിറ്റ് ആരംഭിക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതി. ഈ പദ്ധതി പ്രകാരം സ്ഥിര മൂലധനത്തിന്റെ 40% (പരമാവധി 4 ലക്ഷം) രൂപയും, പ്രവർത്തന മൂലധനത്തിന്റെ 30% (പരമാവധി 1.50 ലക്ഷം) രൂപയും മാർജിൻ മണിയായി നൽകുന്നു.

പട്ടിക 4.1.5.38: കൈത്തറി മേഖലയിലെ സ്വയംതൊഴിൽ പദ്ധതി

വർഷം	പദ്ധതി വിഹിതം	ചെലവ്	ഭൗതിക നേട്ടം
2012-13	-	-	-
2013-14	-	-	-
2014-15	-	-	-
2015-16	4,32,900	4,32,900	3 പേർക്ക് മാർജിൻ മണി
2016-17	-	-	-
ആകെ	4,32,900	4,32,900	

ഇൻകം സപ്പോർട്ട് സ്കീം

കൈത്തറി സംഘങ്ങളിലെ തൊഴിലാളികൾക്ക് ഒരു വർഷം പ്രതിദിനം 150/-രൂപ തോതിൽ 100 ദിവസത്തേക്ക് വേതനം ഉറപ്പു വരുത്തുന്ന പദ്ധതി.

പട്ടിക 4.1.5.39: ഇൻകം സപ്പോർട്ട് സ്കീം

വർഷം	പദ്ധതി വിഹിതം	ചെലവ്	ഭൗതിക നേട്ടം
2012-13	-	-	-
2013-14	11,50,000	7,57,600	5 സൊസൈറ്റികളിലെ 148 തൊഴിലാളികൾക്ക്
2014-15	11,35,000	11,35,000	5 സൊസൈറ്റികളിലെ 155 തൊഴിലാളികൾക്ക്
2015-16	19,00,000	-	-
2016-17	-	13,80,715	5 സൊസൈറ്റികളിലെ 125 തൊഴിലാളികൾക്ക്
ആകെ	41,85,000	3273315	

സർക്കാർ ഓഹരി പങ്കാളിത്തം:

സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി സർക്കാരിൽ നിന്നും തുക അനുവദിക്കുന്ന പദ്ധതി. (പരമാവധി 5 ലക്ഷം രൂപ). തുക 15 വർഷത്തിനു ശേഷം തവണകളായി തിരിച്ചടച്ചാൽ മതിയാകും. പലിശയില്ല എന്നതാണ് ഇതിന്റെ പ്രത്യേകത.

പട്ടിക 4.1.5.40: സർക്കാർ ഓഹരി പങ്കാളിത്തം വിശകലനം

വർഷം	പദ്ധതി വിഹിതം	ചെലവ്	ഭൗതിക നേട്ടം
2012-13	7,50,000	7,50,000	2 സൊസൈറ്റികൾക്ക്
2013-14	3,52,840	3,52,840	1 സൊസൈറ്റി
2014-15	5,00,000	5,00,000	1 സൊസൈറ്റി
2015-16	-	-	-
2016-17	-	-	-
ആകെ	16,02,840	16,02,840	

പട്ടിക 4.1.5.41: സ്റ്റേറ്റ് ഗവ: റിബേറ്റ് (20%)-വിശദാംശം

വർഷം	പദ്ധതി വിഹിതം	ചെലവ്	ഭൗതിക നേട്ടം
2012-13	-	-	-
2013-14	3,64,016	3,64,016	1 സൊസൈറ്റി
2014-15	-	-	-
2015-16	32,94,752	3,29,4752	8 സൊസൈറ്റികൾക്ക്
2016-17	65,436	65,436	2 സൊസൈറ്റികൾക്ക്
ആകെ	33,60,188	33,60,188	

സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി:

സംസ്ഥാനത്തെ സർക്കാർ സ്ക്കൂളുകളിലെ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടി കൾക്ക് സൗജന്യമായി കൈത്തറി യൂണിഫോം നൽകുന്ന പദ്ധതി 2016-17 വർഷം ആരംഭിച്ചു.

1. പട്ടിക 4.1.5.42: സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി

വർഷം	പദ്ധതി വിഹിതം	ചെലവ്	ഭൗതിക നേട്ടം
2016-17	29,66,000	11,70,576	5 സംഘങ്ങളിലെ 65 തറികൾ റിപ്പയർ ചെയ്യുന്നതിനുള്ള അഡ്വാൻസ് ക്യു.സി.ഐ ക്ക് ചാർജ് അലവൻസ്, 55 തൊഴിലാളികൾക്ക് വേതനം.

കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം

തീവ്ര വ്യവസായവൽക്കരണത്തിൻെറ ഭാഗമായി ജില്ലയിലെ വ്യവസായ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് ഇ.ഡി.പി, ടെക്നോളജി ക്ലിനിക്, സെമിനാർ, ഇൻവെസ്റ്റേഴ്സ് മീറ്റ്, എക്സിബിഷൻ തുടങ്ങിയ കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ ഇത്തരത്തിൽ 77 പ്രോഗ്രാമുകൾ ജില്ലയിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഇവയിലൂടെ 4448 സംരംഭകരെ ബോധവൽകരിക്കുകയും, അതിൻെറ ഫലമായി പുതുതായി വ്യവസായം തുടങ്ങുവാൻ തൽപ്പരരായി മുന്നോട്ട് വന്ന 1500 ഓളം സംരംഭകർക്ക് ആവശ്യമായ കൈത്താങ്ങ് സേവനം ഫീൽഡ് തല ഉദ്യോഗസ്ഥർ മുഖേന നൽകി വരികയും ചെയ്തു. ടി പ്രോഗ്രാമുകൾ സംഘടിപ്പിച്ചതിന് 24.27 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 4.1.5.43: കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം-വിശദാംശം

Year	Name of Programme	Number of Programme	Participation	Fund allotment
2012-13	EDP	1	34	115000
	Technology Clinic	1	85	100000
	Seminar	1	56	10000
	Industrial Exhibition	1	16	90000
2013-14	EDP	1	80	100000
	Investors Meet	2	81	20000
	Technology Clinic	1	101	90000
	Industrial Seminar	8	542	40000
	Industrial Exhibition	1	30	100000
2014-15	EDP	1	120	100000
	Investor Meet	3	392	90000
	Industrial Seminar	19	1084	80000
	Technology Clinic	3	80	100000
	Industrial Exhibition	1	25	150000
2015-16	EDP	1	47	100000
	Investor Meet	4	252	180000
	Industrial Seminar	18	907	112000
	Technology Clinic	3	80	100000
	Industrial Exhibition	1	25	150000
2016-17	EDP	1	41	125000
	Investors Meet	3	214	150000
	Technology Clinic	1	126	125000
	Industrial Exhibition	1	30	200000

പരിമിതികളും സാധ്യതകളും

ജില്ലയെ സംബന്ധിച്ചിടത്തോളം വ്യവസായ വളർച്ചയിൽ മറ്റ് ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ പിന്നിലാണ് നമ്മുടെ സ്ഥാനം. ചരിത്രപരമായതും സാമൂഹികപരവുമായ കാരണങ്ങളാലാവാം ഈ അവസ്ഥ കൈവന്നത്. അവസ്ഥ വിശകലനം ചെയ്യുമ്പോൾ താഴെപറയുന്ന കാരണങ്ങൾ കാണാവുന്നതാണ്.

- പശ്ചാത്തല സൗകര്യങ്ങളുടെ അഭാവം
- സംരംഭക സംസ്ക്കാരത്തിന്റെ അഭാവം
- ഈ മേഖലയെ സബന്ധിച്ച അവബോധമില്ലായ്മ
- ഗൾഫ് മേഖലയിലുണ്ടായിരുന്ന തൊഴിൽ അവസരങ്ങൾ

എന്നാൽ തൊണ്ണൂറുകളുടെ അവസാനത്തോടെ ഈ സ്ഥിതിക്ക് ക്രമേണ മാറ്റം വരികയും ഓരോ വർഷവും ധാരാളം പേർ ഈ മേഖലയിലേക്ക് താൽപ്പര്യം കാണിച്ച് വരികയും സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഈ മേഖലയിലെ മുതൽമുടക്കിന്റെ കാര്യത്തിലും തൊഴിൽ അവസരങ്ങളുടെ കാര്യത്തിലും വർദ്ധനവ്

കാണാൻ സാധിക്കുന്നു. ഇപ്പോൾ ജില്ലയിൽ 2 പൊതു മേഖലാ സ്ഥാപനങ്ങളും ഏതാണ്ട് 4357 ചെറുകിട വ്യവസായ സ്ഥാപനങ്ങളുമുണ്ട്. ഇവയിൽ മൊത്തം 42727 ലക്ഷം രൂപയുടെ നിക്ഷേപവും 21189 തൊഴിൽ അവസരങ്ങളുമുണ്ട്.

അനന്തപുരം, സീതാംഗോളി, ചട്ടഞ്ചാൽ പ്രദേശങ്ങളിലെ വ്യവസായ ഭൂമികളെല്ലാം തന്നെ ഇക്കാലയളവിൽ വികസിപ്പിച്ചെടുത്തതാണ്. കാഞ്ഞങ്ങാട്, മടിക്കൈ വില്ലേജിൽ 100 ഏക്കർ ഭൂമി വ്യവസായ പാർക്കിനായി കണ്ടെത്തിക്കഴിഞ്ഞു. മായിപ്പാടിക്കടുത്ത കണ്ണൂർ വില്ലേജിൽ കിൻഫ്രയുടെ നേതൃത്വത്തിൽ മറ്റൊരു 420 ഏക്കർ വ്യവസായ പാർക്കിനായി പരിഗണനയിലാണ്. ചീമേനിയിലെ പ്ലാന്റേഷൻ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള ഏകദേശം 1000 ഏക്കർ ഭൂമി വ്യവസായ ഏരിയാ ആവശ്യത്തിനായി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. മേൽ സ്ഥലങ്ങളെല്ലാം വികസിപ്പിച്ചെടുക്കുന്ന പക്ഷം വ്യവസായ പശ്ചാത്തല സൗകര്യങ്ങളുടെ കാര്യത്തിൽ സംസ്ഥാനത്തെ മുൻനിര ജില്ലയായി കാസറഗോഡിന് മാറാൻ കഴിയും. വ്യവസായ ബോധവൽക്കരണ പരിപാടികൾ, നിക്ഷേപക സംഗമങ്ങൾ, സംരംഭകത്വ പരിശീലന പരിപാടികൾ, സാങ്കേതിക ശിൽപശാലകൾ എന്നിവ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും അനുബന്ധ ഏജൻസികളുടെയും ആഭിമുഖ്യത്തിൽ നിരന്തരം നടത്തിവരുന്നുണ്ട്. നൂറു കണക്കിന് സംരംഭകർ പ്രസ്തുത പരിപാടികളിലൂടെ മുന്നോട്ടുവന്നു കൊണ്ടിരിക്കുന്നത് ജില്ലയുടെ വ്യവസായ വളർച്ചയ്ക്ക് വലിയ പ്രതീക്ഷ നൽകുന്നു. കാർഷിക വിളകളുടെയും നാണ്യ വിളകളുടെയും കാര്യത്തിൽ കാസറഗോഡ് ജില്ല മറ്റ് ജില്ലകളെ അപേക്ഷിച്ച് ഏറെ മുന്നിലാണ്. നാളികേരാധിഷ്ഠിത വ്യവസായ സംരംഭങ്ങൾക്കും റബ്ബർ അധിഷ്ഠിത സംരംഭങ്ങൾക്കും സ്പൈസസ്സ്, പഴം, പച്ചക്കറി അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങൾക്കും വളരെയധികം സാധ്യതകളുള്ള ജില്ലയാണ് കാസറഗോഡ്. വികസിച്ചു വരുന്ന പശ്ചാത്തല സൗകര്യങ്ങൾ ഗതാഗത സൗകര്യങ്ങൾ മംഗലാ പുരം എയർപോർട്ടിന്റെ സാമിപ്യം പ്രതിവർഷം വ്യവസായ മേഖലയിലേക്ക് വരുന്ന സംരംഭകരുടെ വർധന, കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനുതകുന്ന പുതിയ വ്യവസായ നയം എന്നിവയെല്ലാം കാസറഗോഡിന്റെ വ്യവസായ സാധ്യതകൾക്ക് ഏറെ പ്രതീക്ഷ നൽകുന്നു.

മേഖലയിലെ പ്രശ്നങ്ങൾ

- Credit linked subsidy schemeകൾ മുഖേന ശുപാർശ ചെയ്യുന്ന വ്യവസായ പ്രൊജക്ടുകൾക്ക് സാമ്പത്തിക സ്ഥാപനങ്ങളുടെ അംഗീകാരം ലഭിക്കുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ ജില്ലയുടെ സബ്സിഡി വിഹിതം മറ്റ് ജില്ലകളിലേക്ക് മാറ്റി ചെലവഴിക്കപ്പെടുന്നു.
- സംരംഭകത്വ സംസ്ക്കാരത്തിന്റെ പോരായ്മ
- അവസരങ്ങൾ, സാധ്യതകൾ, ലഭ്യമായ സേവനങ്ങൾ എന്നിവ സംബന്ധിച്ചുള്ള അജ്ഞത
- മതിയായ പശ്ചാത്തല സൗകര്യമില്ലായ്മ
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉദാസീനമായ നിലപാടുകൾ
- വൈദ്യുതി/ ജല ലഭ്യതക്കുറവ്
- വ്യവസായങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി ക്ലിയറൻസ് നേടിയെടുക്കൽ സംരംഭകർ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ
- വ്യവസായങ്ങളുടെ അടച്ചു പൂട്ടൽ
- കർണ്ണാടക സംസ്ഥാനത്തിലെ അനുകൂല സാമിപ്യം

വികസന വിടവുകൾ

- വ്യവസായം തുടങ്ങുന്നതിന് ഭൂമി ലഭ്യമാണ്. പക്ഷെ അതിനെ അനുയോജ്യായ രീതിയിൽ പാകപ്പെടുത്തി മാറ്റുന്നതിന് കാലതാമസം നേരിടുന്നു.
- ക്ഷയിച്ചു കൊണ്ടിരിക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് പുനർജീവന പദ്ധതികൾ നിലവിലില്ല.
- തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ വ്യവസായ വകുപ്പുമായി യോജിച്ച് ബോധവൽക്കരണ പരിപാടികളുടെ അഭാവം
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിൽ ഉല്പാദന മേഖലയിൽ വ്യവസായ മേഖലയ്ക്ക് പ്രത്യേകമായി വിഹിതം ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത.

വികസന സാധ്യതകൾ/ പദ്ധതി നിർദ്ദേശങ്ങൾ

- **മൾട്ടിസ്റ്റോറീഡ് വ്യവസായ എസ്റ്റേറ്റ് (സംയോജന സാധ്യതകൾ)**

കാസറഗോഡ് നഗരസഭയിലെ കെ.എസ്.ഐ.ഡി.സി. യുടെ ഉടമസ്ഥതയിലുള്ള രണ്ട് ഏക്കർ സ്ഥലത്ത് സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾക്കായി സൗകര്യമേർപ്പെടുത്തുന്നതിന് ബഹുനില വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കാവുന്നതാണ്.

- **നിർദ്ദിഷ്ഠ കാഞ്ഞങ്ങാട്- മടിക്കൈ വ്യവസായ പാർക്ക് (100 ഏക്കർ) (മേൽത്തട്ട് നിർദ്ദേശങ്ങൾ)**

കാഞ്ഞങ്ങാട് - മടിക്കൈ വില്ലേജിലെ ഏതാണ്ട് 100 ഏക്കർ ഭൂമി വ്യവസായ പാർക്കിനായി വ്യവസായ വകുപ്പിന് കൈമാറാൻ തീരുമാനമായെന്നറിയുന്നു. ഈ സ്ഥലം പശ്ചാത്തല സൗകര്യങ്ങളോടെ വികസിപ്പിച്ചെടുക്കുന്ന പക്ഷം ജില്ലയിലെ വ്യവസായ മേഖലക്ക് വലിയ മുതൽക്കൂട്ടാവും.

- **ചീമേനി വ്യവസായ ഏരിയ (1000 ഏക്കർ) (മേൽത്തട്ട് നിർദ്ദേശങ്ങൾ)**

ചീമേനിയിലെ സർക്കാർ ഉടമസ്ഥതയിലുള്ള ഏതാണ്ട് 1000 ഏക്കറോളം ഭൂമി വ്യവസായ മേഖലക്കായി കൈമാറുന്നതിനുള്ള നിർദ്ദേശം ഉയർന്ന് വന്നിട്ടുണ്ട്. സംസ്ഥാനത്ത് വരും നാളുകളിൽ വ്യവസായ മേഖലക്കായി പശ്ചാത്തല സൗകര്യങ്ങളോടെയുള്ള ഭൂമി വികസിപ്പിച്ചെടുക്കുന്നതിന് ഏറ്റവും സാധ്യതയുള്ള ജില്ലയാണ് കാസറഗോഡ്. ചീമേനിയിലെ പ്രസ്തുത ഭൂമി

ഇങ്ങനെ വികസിപ്പിച്ചെടുക്കുമ്പോൾ വ്യവസായ മേഖലയെ സംബന്ധിച്ചിടത്തോളം അത് ജില്ലക്കും സംസ്ഥാനത്തിനും രാജ്യത്തിന് തന്നെയും വലിയ മുതൽക്കൂട്ടാവും. കഞ്ചിക്കോട് മാതൃകയിൽ ഒരു വ്യവസായ ഏരിയയായി വികസിപ്പിച്ചെടുക്കാവുന്നതാണ്.

- **പരമ്പരാഗത വ്യവസായ മേഖല - കൈത്തറി**

ജില്ലയിൽ ഏഴോളം കൈത്തറി വ്യവസായ സംഘങ്ങൾ പ്രവർത്തിക്കുന്നു. നൂറ് കണക്കിന് കുടുംബങ്ങൾ ആശ്രയിക്കുന്ന ഈ മേഖല ജില്ലയിലെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായ മേഖലകൂടിയാണ്. ഈ സംഘങ്ങളുടെ നിലവിലെ കെട്ടിടങ്ങളും തറികളുമെല്ലാം പതിറ്റാണ്ടുകൾ പഴക്കമുള്ളതാണ്. മികച്ച സൗകര്യങ്ങളോടെ കെട്ടിടങ്ങൾ പുതുക്കിപ്പണിയുന്നതിനും, പുതിയ തറികൾ വാങ്ങി സ്ഥാപിക്കുന്നതിനും നിലവിലുള്ള തറികൾക്ക് ആവശ്യമായ റിപ്പയറിംഗ് നടത്തുന്നതിനും പദ്ധതിയുണ്ടാവണം. കൂടാതെ ഉൽപാദനച്ചെലവ് കുറക്കുന്നതിനും, ഉൽപന്നങ്ങളുടെ ഗുണമേ വർദ്ധിപ്പിക്കുന്നതിനുമായി ജില്ലയിലെ കൈത്തറി സംഘങ്ങൾക്ക് പൊതുവായ ഒരു ഡൈയിംഗ് യൂണിറ്റ് സ്ഥാപിക്കേണ്ടതുമുണ്ട്.

- 7 കൈത്തറി സംഘങ്ങളുടെ കെട്ടിടങ്ങൾ പുതുക്കിപ്പണിയുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.
- നിലവിലുള്ള തറികൾ റിപ്പയറിംഗ് നടത്തി പ്രവർത്തന സജ്ജമാക്കുകയും പുതിയവ നിർമ്മിക്കുകയും ചെയ്യുക.

- **സ്ഥിരം പ്രദർശന പവലിയൻ/കെട്ടിടം/ മാർക്കറ്റിംഗ് ഔട്ട്ലെറ്റ്**

ഈറ്റ, ചൂരൽ, തഴ, കളിമൺ, മുതലായവ ഉപയോഗിച്ച് വിവിധ തരത്തിലുള്ള ഉൽപന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്ന പരമ്പരാഗത കുടിൽ സംരംഭങ്ങൾ ജില്ലയിൽ ധാരാളമുണ്ട്. ഉൽപന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും ഉപഭോക്താക്കളെ പരിചയപ്പെടുത്തുന്നതിനും വളരെയേറെ പരിമിതികൾ നിലവിൽ അഭിമുഖീകരിക്കുന്നുണ്ട്. പ്രസ്തുത ഉൽപന്നങ്ങൾക്ക് മികച്ച വിപണിയും ഉപഭോക്താക്കൾക്ക് ഇവ പരിചയപ്പെടുത്തുന്നതിനും ഇത്തരം കുടിൽ സംരംഭകരുടെ വരുമാന വർധനവിനും ലക്ഷ്യം വെച്ച് നടത്താവുന്ന പ്രവർത്തനമാണിത്. മേൽപ്പറഞ്ഞ പരമ്പരാഗത കുടിൽ സംരംഭങ്ങളുടെ ഉൽപന്നങ്ങളും കയർ, കൈത്തറി ഉൽപന്നങ്ങളും പ്രദർശന-വിപണനം നടത്തുന്നതിനും കാസറഗോഡ് പട്ടണത്തിൽ അനുയോജ്യമായ സ്ഥലം സർക്കാർ ഉടമസ്ഥതയിലുള്ളത് (സുമാർ 50 സെന്റ്) കണ്ടെത്തി ഒരു മാർക്കറ്റിംഗ് ഔട്ട്ലെറ്റ് സ്ഥാപിക്കുന്നത് ഏറെ ഗുണകരമാകും.

- **കിൻഫ്ര വ്യവസായ പാർക്ക് കണ്ണൂർ-കോയിപ്പാടി വില്ലേജ് (420 ഏക്കർ)**

സീതാംഗോളിയിലെ നിലവിലെ വ്യവസായ പാർക്കിന് പുറമെ കണ്ണൂർ-കോയിപ്പാടി വില്ലേജുകളിലായി കിടക്കുന്ന 420 ഏക്കർ ഭൂമി വികസിപ്പിച്ചെടുത്ത് വ്യവസായ പാർക്കാക്കി മാറ്റുന്ന നടപടികൾ പുരോഗമിക്കുന്നു. ജില്ലയിലെയും, സംസ്ഥാനത്തെയും വ്യവസായ മേഖലയെ ശക്തിപ്പെടുത്തുന്നതിനുതകുന്നതായിരിക്കും ഈ പദ്ധതി.

- **നാളികേരാധിഷ്ഠിത വ്യവസായ സംരംഭങ്ങൾക്കായി ഇൻകുബേഷൻ സെന്ററുകൾ**

നാളികേരത്തിൽ നിന്നും വിവിധ തരത്തിലുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായ സംരംഭങ്ങൾ ജില്ലയെ സംബന്ധിച്ചിടത്തോളം വളരെയേറെ സാധ്യതകളുള്ള ഒരു മേഖലയാണ്. ഗവേഷണ സ്ഥാപനമായ സി.പി.സി.ആർ.ഐ. യുടെ ഉപദേശ മേൽനോട്ടങ്ങളോടെ പത്ത് വ്യവസായ ഇൻകുബേഷനുകൾ-, ചട്ടഞ്ചാൽ വ്യവസായ ഭൂമിയിൽ ജില്ലാ പഞ്ചായത്തിനായി കൈമാറിയ 10 ഏക്കർ ഭൂമിയിൽ, ജില്ലാ പഞ്ചായത്ത് പദ്ധതിയായോ, ത്രിതല പഞ്ചായത്തുകളുടെ സംയോജിത പദ്ധതിയായോ നടപ്പാക്കാവുന്നതാണ്.

- **കാഞ്ഞങ്ങാട് നഗരസഭയിൽ മൾട്ടി സ്റ്റോറീഡ് വ്യവസായ എസ്റ്റേറ്റ്**

കാഞ്ഞങ്ങാട് നഗരസഭയിൽ വ്യവസായ എസ്റ്റേറ്റിനായി ഏറ്റെടുത്ത സ്ഥലം തുടർ പ്രവർത്തനങ്ങളില്ലാതെ കിടക്കുകയാണ്. വ്യവസായ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് പ്രസ്തുത സ്ഥലം വികസിപ്പിച്ചെടുത്ത് കാഞ്ഞങ്ങാട് നഗരസഭയിലെയും ജില്ലയിലെയും 50- 75 സംരംഭങ്ങൾക്ക് സൗകര്യപ്പെടുത്തുന്ന ഒരു മൾട്ടി സ്റ്റോറീഡ് വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കാവുന്നതാണ്.

- **ഉദുമ ടെക്സ്റ്റൈൽ മിൽ (സഹകരണ സ്പിന്നിംഗ് മിൽ)**

ഉദുമ ടെക്സ്റ്റൈൽസ് മിൽ പൂർണ്ണമായ രീതിയിൽ പ്രവർത്തനസജ്ജമാവുന്നതിന് നടപടികൾ പുരോഗമിച്ച് വരുന്നു. 22 ഏക്കർ വിസ്തൃതിയുള്ള മിൽ സ്ഥിതി ചെയ്യുന്ന സ്ഥലത്തിൻെറ പകുതിയിൽ താഴെ സ്ഥലമേ പ്രസ്തുത മില്ലിനായി ആവശ്യമുള്ളൂ. 100 ലൂമുകൾ ഉള്ള ഒരു പവർലൂം ഫാക്ടറിയും ഒരു ഡൈഹൗസും സ്ഥാപിക്കാവുന്നതാണ്.

- **ബി.എച്ച്.ഇ.എൽ. പുനരുജ്ജീവിപ്പിക്കുന്നതിന്**

പ്രവർത്തന മൂലധനത്തിൻെറ അഭാവം മൂലം പൂർണ്ണമായ രീതിയിൽ പ്രവർത്തനക്ഷമമാവാത്ത ബി.എച്ച്.ഇ.എൽ. യൂണിറ്റ് പുനരുജ്ജീവിപ്പിച്ച് കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും പദ്ധതി നിർദ്ദേശിക്കുന്നു.

- **പ്ലാസ്റ്റിക്ക് റീ-പ്രൊസസ്സിംഗ് പ്ലാന്റ്**

പ്ലാസ്റ്റിക്ക് വേസ്റ്റുകൾ റീ-പ്രൊസസ്സ് ചെയ്യുന്നതിന് ഒരു റി-പ്രൊസസ്സിംഗ് പ്ലാന്റ് കൊച്ചിയിലെ സി.ബി.പി.എസ്.റ്റി. യുടെ സാങ്കേതിക സഹായത്തോടെ ഏതെങ്കിലും ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറതായ ഭൂമിയിൽ സംയുക്ത പദ്ധതിയായോ, അതല്ലെങ്കിൽ അനന്തപുരം വ്യവസായ ഏരിയായിലോ സ്ഥാപിക്കാവുന്നതാണ്.

- **കോമൺഫെസിലിറ്റി സർവ്വീസ് സെന്റർ & ഫങ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഫോർ റബ്ബർ ഇൻഡസ്ട്രീസ് (CFSC & FIE)**

ജില്ലയിലെ പ്രധാനപ്പെട്ട ഒരു കാർഷിക ഉൽപന്നമാണ് റബ്ബർ. എന്നാൽ റബ്ബർ അധിഷ്ഠിതമായി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റുകളൊന്നും

ജില്ലയിൽ ഇല്ല. ഇവിടെ ഉൽപാദിപ്പിക്കുന്ന റബ്ബർ മറ്റ് ജില്ലകളിലെക്കും, അന്യ സംസ്ഥാനങ്ങളിലെക്കും വ്യവസായ ആവശ്യത്തിനായി കയറ്റി അയക്കപ്പെടുകയാണ്. ഈ വലിയ വിടവ് നികത്തുന്നതിന്, റബ്ബർ മേഖലയിൽ ജില്ലയിലെ വ്യവസായ വളർച്ച ലക്ഷ്യം വെച്ച് ചങ്ങനാശ്ശേരി, മഞ്ചേരി മാതൃകയിൽ റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങൾക്കായി എല്ലാവിധ അത്യാധുനീക സജ്ജീകരണങ്ങളുമുള്ള ഒരു ഫങ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കാവുന്നതാണ്. ഇതിനാവശ്യമായ 25 ഏക്കർ ഭൂമി അനന്തപുരം വ്യവസായ ഏരിയയിലോ, അല്ലെങ്കിൽ നിർദ്ദിഷ്ഠ മടിക്കൈ വ്യവസായ പാർക്കിലോ കണ്ടെത്താവുന്നതാണ്.

- **ഖാദി ഗ്രാമീണ വ്യവസായ മേഖല**

ജില്ലയിൽ ഖാദി ബോർഡിൻെറ കീഴിൽ 23 വ്യവസായ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. ഏതാണ്ട് 700-ഓളം പേർക്ക് തൊഴിലവസരം നൽകുന്നുണ്ട്. നിലവിൽ 7.5 ഏക്കറോളം വരുന്ന ഭൂമി ഖാദി ബോർഡിന് കൈവശമുണ്ട്. പ്രസ്തുത ഭൂമിയിൽ ഗണ്യമായൊരു ഭാഗം ഉപയോഗിക്കാതെ കിടക്കുകയാണ്. മേൽ സ്ഥലത്ത് ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ, ഖാദി ബോർഡ് എന്നിവ അംഗീകരിച്ച കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്. അതോടൊപ്പം നിലവിലുള്ള പഴയ കെട്ടിടങ്ങൾ ആവശ്യമായ റിപ്പയർ, മെയിന്റനൻസ് നടത്തി ഉപയോഗപ്രദമാക്കുന്നതിനും, ആവശ്യമായിടങ്ങളിൽ പുതിയ കെട്ടിടങ്ങൾ പണിയുന്നതിനും പദ്ധതിയുണ്ടാകണം.

- **വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്)**

വിദ്യാർത്ഥികളിൽ സ്വന്തമായ ഒരു സംരംഭം എന്ന ആശയം വളർത്തിയെടുക്കുന്നതിനും, വ്യവസായ മേഖലയിലും, സംരംഭകത്വത്തിലും അവബോധം നൽകുന്നതിനുമായി വ്യവസായ വകുപ്പിൻെറ ആഭിമുഖ്യത്തിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ പ്രവർത്തിച്ച് വരുന്നു. ഓരോ വർഷവും നിരവധി പരിപാടികൾ സംരംഭകത്വ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. ജില്ലാ വ്യവസായ കേന്ദ്രം മുഖേന ഓരോ വർഷവും പരമാവധി 20000/- രൂപ വരെ ഒരു ഇ.ഡി. ക്ലബ്ബിന് ഗ്രാന്റായി നൽകി വരുന്നു. സംരംഭകത്വ വികസന ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്നതിനും ഉൽപാദന മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി പരിഗണിക്കാവുന്നതാണ്.

- **വ്യവസായ മേഖലക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടുതൽ പ്രൊജക്ടുകൾ**

നിലവിൽ ഉൽപ്പാദന മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വളരെ ചെറിയ തുക മാത്രമേ വ്യവസായ മേഖല പ്രൊജക്ടുകൾക്കായി മാറ്റിവെക്കുന്നുള്ളൂ. അതിന് തന്നെ ഏതാനും സ്ഥാപനങ്ങൾ മാത്രമേ മുന്നോട്ട് വന്നിട്ടുള്ളൂ. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യവസായ മേഖലയിൽ കൂടുതൽ ഫണ്ട് വകയിരുത്തി കൂടുതൽ പ്രൊജക്ടുകൾ നടപ്പിലാക്കാവുന്നതാണ്.

- **തൊഴിൽരഹിത പട്ടികജാതി/പട്ടികവർഗ്ഗ യുവജനങ്ങൾക്കായി സംരംഭകത്വ പരിശീലനം**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവജനങ്ങൾക്ക് സ്വന്തമായ സംരംഭങ്ങൾ കണ്ടെത്തുന്നതിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുതകുന്ന സംരംഭകത്വ പരിശീലന പരിപാടികൾക്കായുള്ള പ്രൊജക്ടുകൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പട്ടികജാതി/പട്ടികവർഗ്ഗ മേഖലാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാവുന്നതാണ്.

- **പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ**

ജില്ലയുടെ വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് ഒരു പരിധിവരെ വിഘാതമായിരിക്കുന്നത് പശ്ചാത്തല സൗകര്യങ്ങളുടെ അഭാവമാണ്. വ്യവസായ മേഖലക്കായി മികച്ച പശ്ചാത്തല സൗകര്യങ്ങളോടെ ഭൂമി ലഭ്യമാവാൻ സാധ്യതയുള്ള ജില്ലയാണ് കാസറഗോഡ്. അതിനാൽ പശ്ചാത്തല മേഖലയുടെ വികസനത്തിനായി ഏറെ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. ഇത് സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് സാഹചര്യമൊരുക്കും.

- **നിലവിലെ വ്യവസായ ഭൂമിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

ജില്ലാ വ്യവസായ കേന്ദ്രത്തിൻെറ നിയന്ത്രണത്തിൽ കാസറഗോഡ് ജില്ലയിൽ അനന്തപുരം, ചട്ടഞ്ചാൽ എന്നിവിടങ്ങളിലായി 3 വ്യവസായ ഭൂമികളുണ്ട്. മതിയായ അടിസ്ഥാന സൗകര്യത്തിൻെറ അഭാവം കാരണം മേൽ ഭൂമികളിൽ സംരംഭം തുടങ്ങുവാൻ വ്യവസായികൾ മടിച്ച് നിൽക്കുകയാണ്. അതിനാൽ മതിയായ അടിസ്ഥാന സൗകര്യം വികസിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.2. സേവന മേഖല

4.2.1 ആരോഗ്യം, ശുചിത്വം (ഖര-ദ്രാവക മാലിന്യസംസ്കരണം ഉൾപ്പെടെ)

4.2.1 ആരോഗ്യം, ശുചിത്വം (ഖര-ദ്രാവക മാലിന്യസംസ്കരണം ഉൾപ്പെടെ)

ആമുഖം

താരതമ്യേന കുറഞ്ഞ പ്രതിശീർഷ വരുമാനത്തിൽ ശരാശരി ആയുർദൈർഘ്യം വർദ്ധിപ്പിക്കുക, മരണനിരക്ക് കുറയ്ക്കുക തുടങ്ങിയ ആരോഗ്യത്തിന്റെ മികച്ച സൂചകങ്ങളിലെ മുന്നേറ്റമാണ് ആഗോളതലത്തിൽ ആരോഗ്യമേഖലയിലെ കേരള മാതൃക വാഴ്ത്തപ്പെടാനിടയാക്കിയിട്ടുള്ളത്. കേരള വികസനത്തിന്റെ ആദ്യഘട്ടത്തിൽ രോഗപ്രതിരോധത്തിനും പകർച്ച വ്യാധി നിയന്ത്രണത്തിനുമുള്ള പ്രവർത്തനങ്ങളിൽ സംസ്ഥാനം പുരോഗതി കൈവരിച്ചു. 1980 കൾ മുതൽ കേരളം വികസിത രാജ്യങ്ങളുമായി താരതമ്യം ചെയ്യത്തക്ക നിലവാരം കൈവരിക്കാൻ തുടങ്ങിയിരുന്നു. ആയുർദൈർ ഘ്യത്തോടൊപ്പം ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, സ്ത്രീ പുരുഷാനുപാതം എന്നീ സൂചകങ്ങളുടെ കാര്യത്തിൽ ഇന്ത്യൻ ശരാശരിയെക്കാളും കേരളം ഗണ്യമായി മുന്നേറിയിട്ടുണ്ട്.

ഇന്നു നമ്മൾ പ്രധാനമായും രണ്ടാം തലമുറ പ്രശ്നങ്ങളെയാണ് അഭിമുഖീകരിക്കുന്നത്. ഇതിൽ പകർച്ച വ്യാധികൾ, തിരിച്ചുവന്ന ചില രോഗങ്ങൾ, പ്രായമായവരുടെ സാന്ത്വന പരിചരണ പ്രശ്നങ്ങൾ എന്നിവ ഉൾപ്പെടുന്നു. കുഞ്ഞുങ്ങൾക്ക് പ്രതിരോധകുത്തിവെപ്പെടുക്കുന്നതിലെ വിമുഖത മുതലായ സാമൂഹിക വെല്ലുവിളികളും ആരോഗ്യമേഖലയിലെ സമീപനം ഗൗരവതരമായി പുനരാലോചിക്കേണ്ടുന്ന സാഹചര്യത്തിലെത്തിച്ചിട്ടുണ്ട്.

അനുദിനം വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവ്, ജീവിത ശൈലീ രോഗങ്ങളുടെ ഭാരം, പരിസ്ഥിതിജന്യരോഗങ്ങൾ തുടങ്ങിയവയാണ് ആധുനിക സമൂഹം നേരിടുന്ന പ്രധാന പ്രശ്നങ്ങളും വെല്ലുവിളികളും. രണ്ടാം തലമുറ ആരോഗ്യവിഷയങ്ങളെ സമഗ്രവും സംയോജിതവുമായ സമീപനങ്ങളിലൂടെ മാത്രമേ അതിജീവിക്കാനാകൂ.

ഏറ്റവും മികച്ച രോഗപ്രതിരോധം ലഭ്യമാക്കൽ, രോഗം ഭേദമാക്കൽ, സാന്ത്വന പരിചരണം ഇവയ്ക്കു മുൻതൂക്കം നൽകുന്ന പദ്ധതികൾക്കാണ് ഭാവി കേരളം പ്രാമുഖ്യം നൽകേണ്ടത്. ഇവ പൊതുമേഖലയിൽ തന്നെ, അതായത് സാധാരണ ജനത ആശ്രയിക്കുന്ന സർക്കാർ ആശുപത്രികളിൽ തന്നെ ഏറ്റവും രോഗീസൗഹൃദമായും ഗുണപരമായും ലഭ്യമാക്കുക എന്നത് 13-ാം പദ്ധതി സമീപനരേഖയിലും സംസ്ഥാനത്തിന്റെ കരടു ആരോഗ്യനയത്തിലും വ്യക്തമാക്കുന്നു. 'ആർദ്രം മിഷൻ' അത്തരമൊരു സമീപനതന്ത്രമാണ് ആരോഗ്യമേഖലയിൽ മുന്നോട്ടുവെക്കുന്നത്. 'ആർദ്രം' പദ്ധതിയുടെ പ്രധാന ലക്ഷ്യമെന്നത് ഇപ്പോഴത്തെ സാംക്രമിക രോഗ സാഹചര്യത്തിലെ വെല്ലുവിളികളെ നേരിടാൻ കഴിവുള്ള പ്രാഥമിക പരിചരണ വ്യവസ്ഥ സൃഷ്ടിക്കുക, ദ്വിതീയ തലത്തിൽ ഉന്നതഗുണനിലവാരമുള്ള ചികിത്സ നൽകുക, സർക്കാർ ആശുപത്രികളിൽ രോഗീസൗഹൃദാന്തരീക്ഷം സൃഷ്ടിക്കുക എന്നിവയാണ്. ഐക്യരാഷ്ട്രസഭ സുസ്ഥിരവികസന ലക്ഷ്യത്തിനായി കണ്ടെത്തിയിട്ടുള്ള നിർദ്ദേശങ്ങൾ കൂടിയാണിവ.

ആർദ്രം മിഷന്റെ ലക്ഷ്യങ്ങൾ നേടുന്നതിനായി വികസിപ്പിച്ചിട്ടുള്ള പരിപാടികളുടെ നിർവ്വഹണവും പ്രാവർത്തികമാക്കലും വികേന്ദ്രീകൃതാസൂത്രണപ്രക്രിയയുമായും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ രണ്ടാംഘട്ടവുമായും വളരെയധികം കണ്ണിചേർക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ജില്ലാ പദ്ധതി രൂപീകരണ ഘട്ടത്തിൽ അത്തരമൊരു പശ്ചാത്തല നിരീക്ഷണം ആരോഗ്യ മേഖലയിൽ പ്രധാനവുമാകുന്നു.

ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, മുതിർന്ന പൗരന്മാർ, ഭിന്നലിംഗത്തിൽപ്പെടുന്നവർ, ഭിന്നശേഷി വിഭാഗക്കാർ, ഇതരസംസ്ഥാനത്തൊഴിലാളികൾ തുടങ്ങിയ സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് സവിശേഷശ്രദ്ധ ജില്ലാ പദ്ധതിയിൽ നൽകേണ്ടതുണ്ട്. അവ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന തരത്തിൽ പരിപാടികളും പ്രോജക്ടുകളുമായി മാറ്റപ്പെടേണ്ടതുണ്ട്.

ഇന്ത്യയിലെ ആയുർവേദ ചികിത്സയിൽ നേതൃസ്ഥാനത്തുള്ള സംസ്ഥാനമാണ് കേരളം. ആയുർവേദത്തിന്റെ വിവിധ ശാഖകളിൽ പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. ആയുർവേദം ഇന്ത്യക്ക് അകത്തും പുറത്തുമുള്ള ധാരാളം ആളുകളെ കേരളത്തിലേക്ക് ആകർഷിക്കും. അതുകൊണ്ടുതന്നെ വരുമാനം വർദ്ധിപ്പിക്കുന്നതിൽ ആയുർവേദത്തിന് പ്രധാന പങ്കുവഹിക്കാനാകും.

അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നീ രീതികളെല്ലാം ഫലപ്രദമായി സമന്വയിപ്പിച്ചും സംയോജിപ്പിച്ചുമുള്ള holistic സമീപനത്തിനും ഇക്കാലത്ത് ഏറെ പ്രസക്തിയുണ്ട്.

കാസറഗോഡിന്റെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന രോഗാതുരതയും ജീവിതശൈലീരോഗങ്ങളുടെ വ്യാപ്തിയും പകർച്ച വ്യാധികളുടെ വ്യാപനവും പുതുരോഗങ്ങളുടെ വരവുമെല്ലാം ഗൗരവതരമായി വിലയിരുത്തപ്പെടേണ്ടതാണ്. ഒരു ബദൽ ജീവിതരീതിയിലൂന്നിയുള്ള ജനകീയാരോഗ്യബോധം രൂപപ്പെടുത്തേ

ണ്ടതും അനിവാര്യമാണ്. മാലിന്യങ്ങൾ ഉയർത്തുന്ന ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ അടിയന്തിരമായി പരിശോധിച്ച് നവീന മാലിന്യസംസ്കരണരീതികൾ അനുവർത്തിക്കേണ്ടതും ജനകീയ ബോധവൽക്കരണം ഊർജ്ജിതമാക്കേണ്ടതുമാണ്. 'ക്ലിനിക്കൽ' ആരോഗ്യത്തിന് മുന്നോടിയായി ചെയ്യേണ്ടുന്ന അനിവാര്യകടമയും ഉത്തരവാദിത്വമുള്ള പ്രവർത്തനങ്ങളും ജനകീയാരോഗ്യ രംഗത്തും പ്രതിരോധ രംഗത്തും തദ്ദേശ ഭരണ സ്ഥാപനങ്ങൾ വളർത്തിക്കൊണ്ടുവരേണ്ടതുണ്ട്.

ജില്ലയുടെ പ്രധാന ആരോഗ്യ-സാമൂഹിക-പാരിസ്ഥിതിക പ്രശ്നമായ എൻഡോസൾഫാൻ ദുരിതം പ്രത്യേകമായി അഭിമുഖീകരിക്കേണ്ടുന്ന ഒന്നാണ്. ദുരിതബാധിതരുടെ ചികിത്സ, പുനരധിവാസം, ക്ഷേമം എന്നിവയോടൊപ്പം പ്രധാനമാകുന്നു 'ജൈവപുനരുജ്ജീവനവും' ബദൽ ജീവിത രീതിയും. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പട്ടികവർഗ്ഗവിഭാഗമുള്ള രണ്ടാമത്തെ ജില്ലയാണ് കാസറഗോഡ്. പട്ടികജാതി-പട്ടിക വർഗ്ഗ ഊരുകളിലെ ആരോഗ്യ വിഷയങ്ങൾ പ്രത്യേകം പരിശോധിക്കപ്പെടണം. ഏറ്റവും വലിയ തീരദേശമുള്ള കാസറഗോഡിന്റെ പടിഞ്ഞാറൻ മത്സ്യബന്ധനമേഖലയിലും പ്രത്യേക ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കപ്പെടേണ്ടതുണ്ട്. വർദ്ധിച്ചുവരുന്ന അർബുദ രോഗികളുടെ കണക്ക് അടിയന്തിര ശ്രദ്ധ വേണ്ടുന്ന മറ്റൊരു വിഷയത്തിലേക്ക് വിരൽ ചൂണ്ടുന്നു. വൃദ്ധജന പരിപാലനം, പാലിയേറ്റീവ് കെയർ, പാർശ്വവൽക്കരിക്കപ്പെടുന്നവരുടെയും ഇതരസംസ്ഥാനക്കാരുടെയും ആരോഗ്യം എന്നിങ്ങനെ വിവിധതല ആരോഗ്യ സംരക്ഷണം 'ആർദ്രം' പദ്ധതിയുമായി കൂട്ടിയോജിപ്പിച്ച്, അലോപ്പതി-ആയുർവേദ-ഹോമിയോ സാധ്യതകൾ യഥാവിധി പ്രയോജനപ്പെടുത്തി ആസൂത്രണം ചെയ്യുന്ന കർമ്മപദ്ധതികളാണ് ആരോഗ്യമേഖലയിലെ ഭാവിപരിപ്രേക്ഷ്യരൂപീകരണത്തിന് അഭികാമ്യമായിട്ടുള്ളത്. അതിനായി ജില്ലയുടെ ആരോഗ്യമേഖലയുടെ ഇന്നലകളും ഇന്നും വിലയിരുത്തുകയും പ്രവർത്തനരീതികൾ പുനർവിചിന്തനം ചെയ്യുകയും വേണം. സൂചകങ്ങളുടെ കൃത്യമായ മുന്നേറ്റം ഓരോ വർഷവും കൈവരിക്കുന്ന തരത്തിൽ പദ്ധതിയും പരിപാടികളും സൂക്ഷ്മമായി ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണ ത്തോടെ കർമ്മപഥത്തിൽ എത്തിക്കണം.

ഗുണമേന്മയുള്ള ആരോഗ്യസേവനം എല്ലാവർക്കും ലഭ്യമാക്കുക എന്ന നയം നടപ്പിലാക്കാനുള്ള ഒരു വികസന പദ്ധതിയാണ് നമ്മുടെ ജില്ലയ്ക്ക് ആവശ്യം. ചികിത്സാ രംഗത്ത് ജില്ലയിലെ ജനങ്ങൾ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളുൾപ്പെടെ അയൽ സംസ്ഥാനത്തെ ആശ്രയിക്കുന്ന സ്ഥിതിവിശേഷമാണ്. ഇതിനായി താലൂക്ക്, ജില്ല, ജനറൽ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകണം.

ഇതര സംസ്ഥാന തൊഴിലാളികളിലൂടെ മലമ്പനി, മന്ത് തുടങ്ങിയ സാംക്രമിക രോഗങ്ങൾ കൂടുതലായി പകരുന്നതായി കണ്ടെത്തിയതിനാൽ അവരെ ക്യാമ്പുകളിലെത്തിച്ച് സ്ഥിരം പരിശോധനാ സംവിധാനം ലഭ്യമാക്കേണ്ടതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തി പൊതുജന പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങളിലൂടെ ജില്ലയിലെ സർക്കാർ ആരോഗ്യ സംവിധാനങ്ങൾ രോഗീ സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റി സാധാരണക്കാർക്ക് ആശ്വാസം പകരേണ്ടതാണ്.

ജില്ല- പൊതുവിവരങ്ങൾ

2011 ലെ സെൻസസ് അനുസരിച്ച് കാസറഗോഡ് ജില്ലയിലെ ജനസംഖ്യ 1307375 ആണ്.

പുരുഷന്മാർ	628613
സ്ത്രീകൾ	678762

2017-ലെ Projected Population-1374868

സ്ത്രീകൾ	720262
പുരുഷന്മാർ	654606

6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ കണക്ക് പ്രകാരം പെൺകുട്ടികളുടെ എണ്ണം കുറയുന്നതായി കാണാൻ കഴിയും, 1000 ആൺകുട്ടികൾക്ക് 960 പെൺകുട്ടികൾ എന്നതാണ് ഇപ്പോഴത്തെ നില.

60 വയസ്സിന് മേൽ പ്രായമുള്ളവർ

Projected Population	149305
സ്ത്രീകൾ	82202
പുരുഷന്മാർ	67103

ഭിന്നശേഷിയുള്ളവരുടെ വിശദാംശങ്ങൾ

ലഭ്യമായ കണക്കനുസരിച്ച് ജില്ലയിൽ 35671 ആളുകൾ ഭിന്നശേഷി വിഭാഗത്തിൽ പെടുന്നവരാണ്. ഇവർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും, ഐഡന്റിറ്റി കാർഡും ലഭിച്ചിട്ടുണ്ട്. ആശ്രയ പട്ടികയിൽപ്പെട്ടവർ 4677 പേരാണ്.

പട്ടിക 4.2.1.1: ആരോഗ്യ സൂചകങ്ങൾ

	കാസറഗോഡ് (2014)	കേരളം (2014)	ഇന്ത്യ (2014)
ജനന നിരക്ക്	15.99/1000	14.7	21.4
മരണ നിരക്ക്	3.91/1000	6.9	7.5
ശിശുമരണ നിരക്ക് (IMR)	10.62/1000	12	40
മാതൃ മരണ നിരക്ക് (MMR)	62/100000	66	178

പട്ടിക 4.2.1.2: ശിശു-മാതൃ മരണ നിരക്ക് കാസറഗോഡ് ജില്ല

വർഷം	ശിശുമരണം	ശിശുമരണ നിരക്ക്	മാതൃ മരണം	മാതൃ മരണ നിരക്ക്
2012-13	159	7.34	10	46.86
2013-14	175	8.18	14	65.83
2014-15	185	9.68	6	28.71
2015-16	159	7.70	12	58.42
2016-17	184	9.63	8	42.00
2017-18	186	9.19	8	39.43

പട്ടിക 4.2.1.3: ലിംഗാനുപാതം

വർഷം	ആൺ	പെൺ	ആകെ	ലിംഗാനുപാതം
2011	10701	10196	20897	953
2012	11032	10408	21540	944
2013	10960	10604	21564	968
2014	11068	10390	21458	939
2015	10706	9741	20477	909

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉള്ളതു പോലെ കാസറഗോഡ് ജില്ലയിലും ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള നിരവധി ആളുകൾ ജോലിക്കായി വരുന്നുണ്ട്. ലഭ്യമായ കണക്കനുസരിച്ച് ജില്ലയിൽ 6803 ഇതരസംസ്ഥാന തൊഴിലാളികളാണുള്ളത്.

പകർച്ചവ്യാധികൾ

കഴിഞ്ഞ 5 വർഷമായി ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പകർച്ചവ്യാധികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.2.1.4: Year Wise Disease Profile

Year Wise Disease Profile											
ക്രമ നം	രോഗം	2013		2014		2015		2016		2017	
		കേസ്	മരണം	കേസ്	മരണം	കേസ്	മരണം	കേസ്	മരണം	കേസ്	മരണം
1	പനി	163777	0	121557	0	126688	0	120670	0	130493	1
2	ADD	26097	0	28212	0	29297	0	32117	0	29834	0
3	ഡെങ്കിപ്പനി	176	0	45	0	476	4	241	2	362	0
4	മലേറിയ	306	0	344	0	238	0	299	0	168	0
5	എച്ച്1 എൻ1	10	0	3	1	58	4	1	0	117	4
6	ചിക്കുൻ ഗുനിയ	0	0	0	0	0	0	1	0	0	0
7	JE	0	0	0	0	0	0	0	0	1	0
8	ലെപ്റ്റോ										
	പൈറോസിസ്	20	2	16	1	13	4	6	0	3	2
9	ഹെപ്പറ്റൈറ്റിസ് A	1190	0	Sus -263	0	Sus -109	0	Sus-109	0	Sus-94	0
		Con-12		Con-7		Con-3		Con -5		Con-5	
10	ഹെപ്പറ്റൈറ്റിസ് ആ	19	0	13	0	7	0	2	0	5	0
11	കോളറ	0	0	0	0	0	0	0	0	0	0
12	ടൈഫോയിഡ് (sus)	149	0	93	0	67	0	44	0	24	0
13	Scrub Typhus	1	0	1	0	Sus -5	0	1	0	7	0

(അവലംബം ആരോഗ്യ വകുപ്പ്, കാസറഗോഡ്)

പകർച്ചേതരവ്യാധികൾ

ഇക്കാലത്ത് പൊതുജനാരോഗ്യത്തിന് ഭീഷണിയായി നിലനിൽക്കുന്ന പ്രധാന പ്രശ്നം പകർച്ച വ്യാധികളുടെ വ്യാപനമാണ്. സമയ ബന്ധിതവും, കാര്യക്ഷമവുമായ പ്രതിരോധമാർഗ്ഗങ്ങളിലൂടെ പല പകർച്ചവ്യാ

ധികളെയും ഒരു പരിധി വരെ തടയാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും ജീവിതശൈലീ രോഗങ്ങൾ കൂടിവരുന്ന ഇക്കാലത്ത് പകർച്ച വ്യാധികളും അവയെ പ്രതിരോധിക്കാൻ നടത്തിയ ശ്രമങ്ങളും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

പട്ടിക 4.2.1.5: NCD ACHIEVMENTS 2013 2017 (പകർച്ചേതരവ്യാധികൾ)

Indicators	2013-2014			2014-2015			2015-2016			2016-2017			Grand Total		
	M	F	T	M	F	T	M	F	T	M	F	T	M	F	T
Persons screened	68662	122256	190918	46440	79243	125683	76864	127749	204613	95865	150214	246079	287831	479462	767293
New DM	3231	4400	7631	1653	1896	3549	1300	1776	3076	1885	2337	4222	8069	10409	18478
Follow up DM	11255	16875	28130	8135	11628	19763	14529	20606	35135	17922	24785	42707	51841	73894	125735
New HTN	5524	6610	12134	1466	2269	3735	1716	2615	4331	1954	2837	4791	10660	14331	24991
Follow up HTN	18541	37110	55651	16596	29067	45663	29095	50838	79933	35888	64984	100872	64983	181999	246982
New DM+ HTN	2676	3937	6613	553	728	1281	594	766	1360	1080	1367	2447	1674	6798	8472
Follow up															
DM+ HTN	8492	11926	20418	7172	10842	18014	13149	18608	31757	16843	24562	41405	29992	65938	95930
CVD	9	4	13										9	4	13
Clinics conducted			10300			10365			10509			11119			42293
Camps conducted			29			40			47			49			165
IEC/BCC															

മാനസികാരോഗ്യ പ്രശ്നങ്ങൾ

ലഭ്യമായ കണക്കനുസരിച്ച് ജില്ലയിൽ മാനസികാരോഗ്യപ്രശ്നങ്ങൾ ഇല്ലാതാക്കാൻ ചികിത്സ തേടുന്നത് 1298 പേരാണ്. അവരിൽ 741 പുരുഷന്മാരും 557 സ്ത്രീകളും ഉൾപ്പെടുന്നു. ചികിത്സാരീതിയനുസരിച്ച് മാനസിക പിരിമുറുക്കം താങ്ങാൻ കഴിയാതെ 2016 ൽ 290 പേരും 2017 ൽ 188 പേരും മരണമടഞ്ഞിട്ടുണ്ട്.

പൊതുജനാരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്ന മറ്റൊരു ഘടകം ലഹരി മരുന്നുകളുടെ അമിതമായ ഉപയോഗമാണ്. ഈ വിഷയത്തിൽ 2016 ൽ 83 കേസുകളും 2017 സെപ്തംബർ വരെ 35 കേസുകളും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

പോഷകാഹാരസംബന്ധമായ പ്രശ്നങ്ങൾ

പോഷകാഹാരക്കുറവ് ആബാലവൃദ്ധം ജനങ്ങളെയും ബാധിക്കുന്ന പ്രശ്നമാണ്. കുട്ടികളെയും ഗർഭിണികളെയുമാണ് ഇത് കാര്യമായി ബാധിക്കുന്നത്. 2016-17 ൽ രക്തക്കുറവുള്ള 8259 ഗർഭിണികൾ ജില്ലയിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. അതുപോലെ അതേ വർഷം ജനിച്ച തൂക്കക്കുറവുള്ള നവജാത ശിശുക്കളുടെ എണ്ണം 21961 ആണ്.

പാലിയേറ്റീവ് കെയർ ആവശ്യമുള്ള രോഗികൾ

രോഗികളുടെ തരം		എണ്ണം
ഹോം കെയർ		
പരിചരണം ആവശ്യമുള്ള രോഗികൾ	-	6801
പരിചരണം നൽകിയ രോഗികളുടെ എണ്ണം	-	5880
മരുന്നുവാങ്ങിയവരുടെ എണ്ണം	-	1958
കാൻസർ രോഗികൾ	-	2540
ഡയാലിസിസ് ചെയ്യുന്നവർ	-	308
അരക്കു താഴെ തളർന്നവർ	-	240
മോർഫിൻ കഴിക്കുന്നവർ	-	70
റൈൽസ് ട്യൂബ് ഇട്ടവർ	-	57
കൊളോസ്റ്റമി ചെയ്തവർ	-	76
ട്രക്കിയോസ്റ്റമി ചെയ്തവർ	-	47
ലിംഫേഡിമ	-	129
60 വയസ്സിനുതാഴെ കിടപ്പിലായവർ	-	1397
60 വയസ്സിനു മുകളിൽ കിടപ്പിലായവർ	-	2620
കത്തീറ്റർ ഇട്ടവർ	-	356
മുറിവ് ഉള്ളവർ	-	277

മേപ്പ് 4.2.1.1: ജില്ലയിലെ ഗവൺമെന്റ് മെഡിക്കൽ സ്ഥാപനങ്ങൾ (അലോപ്പതി)

പട്ടിക 4.2.1.6: ജില്ലയിൽ രോഗ ചികിത്സ, രോഗ പ്രതിരോധം, പുനരധിവാസം, പരിശീലനം എന്നിവ നൽകുന്നതിനായി ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ വിശദാംശം

ജില്ലാ ആശുപത്രി	1
ജനറൽ ആശുപത്രി	1
താലൂക്ക് ആശുപത്രികൾ	4
കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ	9
കുടുംബാരോഗ്യകേന്ദ്രങ്ങൾ	7
24 * 7 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ	9
പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ	24
കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ	249
ജില്ലാ ടി.ബി സെന്റർ	1
ഗവൺമെന്റ് സ്കൂൾ ഓഫ് നഴ്സിംഗ്	1
ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സസ് ട്രെയിനിംഗ് സെന്റർ	1
ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്	1
ജില്ലാ മെഡിക്കൽ ഓഫീസ്	1

ആരോഗ്യകേരളം - എൻ.എച്ച്.എം

ആരോഗ്യകേരളം കാസറഗോഡിന്റെ ഭാഗമായി ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ

പ്രജനന ശൈശവ ആരോഗ്യം. (RCH)

- ജനനി സുരക്ഷാ യോജന
- ജനനി ശിശുസുരക്ഷ പദ്ധതി
- ആർ.സി.എച്ച്. ക്യാമ്പുകൾ
- വിവിധ തരം പരിശീലന പരിപാടികൾ
- കൗമാര ആരോഗ്യം
- ആർ.ബി.എസ്.കെ (രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം) /ഡി.ഇ.ഐ.സി (ഡിസ്ട്രിക്ട് ഏർലി ഇന്റർ വെൻഷൻ സെന്റർ)

ഇതര പ്രവർത്തനങ്ങൾ / Mission Flexible Pool

- ആരോഗ്യ സ്ഥാപനങ്ങൾക്ക് നൽകിയ വിവിധതരം ഫണ്ടുകൾ
- ആരോഗ്യ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും ഉപകരണങ്ങൾ ലഭ്യമാക്കലും.
- സർക്കാർ ആശുപത്രികളുടെ നിലവാരം NABH/KASH നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള സംവിധാനം
- ബോധവത്ക്കരണ - പെരുമാറ്റ വ്യതിയാന ആശയവിനിമയ പരിപാടി (IEC/BCC)
- അംഗീകൃത സാമൂഹ്യ ആരോഗ്യ പ്രവർത്തക (ASHA)
- സാന്ത്വന ശുശ്രൂഷ പദ്ധതി (Pain & Palliative Care)
- ആയുർവ്വേദ, ഹോമിയോ വിഭാഗങ്ങളുടെ ശാക്തീകരണം.
- ഭൂമിക വൺസ്റ്റോപ്പ് ക്രൈസിസ് സെന്റർ
- എൻഡോസൾഫാൻ ആരോഗ്യ പുനരധിവാസ പാക്കേജ്

പ്രതിരോധകുത്തിവെപ്പ് (Immunization)

നഗരാരോഗ്യ പദ്ധതി (NUHM)

- IDSP
- NVBDCP
- NLEP
- NPCB
- RNTCP
- CMHP
- NCD
- NPPC
- പ്രജനന ശൈശവ ആരോഗ്യം (RCH)

ജനനീസുരക്ഷായോജന

സർക്കാർ ആശുപത്രിയിൽ പ്രസവിക്കുന്ന എല്ലാ അമ്മമാർക്കും അംഗീകൃത സ്വകാര്യ ആശുപത്രിയിൽ പ്രസവിക്കുന്ന ബി.പി.എൽ/എസ്.സി/എസ്.ടി അമ്മമാർക്കും പ്രായപരിധി, പ്രസവങ്ങളുടെ എണ്ണം എന്നിങ്ങനെ പരിധിയില്ലാതെ ധനസഹായം നൽകുന്നുണ്ട്. ബി.പി.എൽ അമ്മമാർക്ക് ഗ്രാമങ്ങളിൽ 700 രൂപയും നഗരങ്ങളിൽ 600 രൂപയും നൽകി വരുന്നു. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട അമ്മമാർക്ക് വരുമാന പരിധി നോക്കാതെയാണ് ആനുകൂല്യം നൽകുന്നത്. ഇതിനായി ജില്ലയിൽ ഗവൺമെന്റ് ആശുപത്രികൾക്ക് പുറമെ 26 സ്വകാര്യ ആശുപത്രികളെക്കൂടി സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ജനനി ശിശുസുരക്ഷാപദ്ധതി

സർക്കാർ ആശുപത്രികളിൽ പ്രസവത്തിന് എത്തുന്ന സ്ത്രീകൾക്കും നവജാതശിശുക്കൾക്കും സമ്പൂർണ്ണ സൗജന്യ ചികിത്സ ലഭ്യമാക്കുന്ന ജനനി ശിശുസുരക്ഷാപദ്ധതി ജില്ലയിൽ 2012 സെപ്തംബർ 18 ന് ആരംഭിച്ചു.

ഗർഭിണികൾക്ക് നൽകിവരുന്ന സേവനങ്ങൾ

- സൗജന്യ പ്രസവ ചികിത്സയും ആവശ്യമെങ്കിൽ സിസേറിയൻ ശസ്ത്രക്രിയയും
- സൗജന്യ മരുന്നുകളും മറ്റു ചികിത്സാ ചെലവുകളും
- സൗജന്യ പരിശോധനകൾ
- സാധാരണ പ്രസവത്തിൽ 3 ദിവസവും, ശസ്ത്രക്രിയയ്ക്ക് 7 ദിവസവും സൗജന്യ താമസവും ഭക്ഷണവും (പേവാർഡ് ഉപയോഗിച്ചാൽ വാടക ഇതിൽ പെടില്ല.)
- രക്തം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ സൗജന്യമായി രക്തം ലഭ്യമാക്കൽ
- പ്രസവത്തിന് വീട്ടിൽ നിന്നും ആരോഗ്യ സ്ഥാപനങ്ങളിലേക്കും പ്രസവാനന്തരം വീട്ടിലേക്കും റഫറൽ ആശുപത്രിയിലേക്കും സൗജന്യ യാത്രാ സൗകര്യം
- ആശുപത്രി സംബന്ധമായ എല്ലാ ചെലവുകളും (ഒ.പി ടിക്കറ്റ് ചാർജ്ജ് ഉൾപ്പെടെ)
- പ്രസവാനന്തരം 42 ദിവസം വരെയുള്ള ചികിത്സാ ചെലവുകൾ സൗജന്യം.
- ജനിച്ച് 30 ദിവസം വരെ നവജാതശിശുക്കൾക്കുള്ള സൗജന്യസേവനം
- സൗജന്യമരുന്നും മറ്റ് പരിശോധനാ/ചികിത്സാ സൗകര്യങ്ങളും.
- വീട്ടിൽ നിന്നും ആരോഗ്യ സ്ഥാപനങ്ങളിലേക്കും റഫറൽ ചികിത്സാർത്ഥം മറ്റ് ആശുപത്രികളിലേക്കും തിരിച്ച് വീട്ടിലേക്കുമുള്ള സൗജന്യയാത്ര.

വിവിധ തരം പരിശീലനപരിപാടികൾ

വിവിധ വിഭാഗം ജനങ്ങൾക്ക് ആരോഗ്യ കേരളത്തിന്റെ ഭാഗമായി താഴെ പറയുന്ന പരിശീലനങ്ങൾ നൽകി വരുന്നു.

- സ്കൂൾ ഹെൽത്ത് പ്രോഗ്രാം ട്രെയിനിംഗ്
- കാഷ് (KASH) ട്രെയിനിംഗ്
- പാലിയേറ്റീവ് കെയർ ട്രെയിനിംഗ്
- കോൾഡ് ചെയിൻ ഹാൻഡ്ലേർസ് ട്രെയിനിംഗ്
- പാലിയേറ്റീവ്, സ്കൂൾ ഹെൽത്ത് നഴ്സുമാർക്കുള്ള കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ് (ലെപ്രസി).
- WIFS ട്രെയിനിംഗ്
- ആർ.ബി.എസ്.കെ ട്രെയിനിംഗ്

വിദ്യാലയ ആരോഗ്യപദ്ധതി

ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും ആരോഗ്യവകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്തമായ ഒരു സംരംഭമാണ് വിദ്യാലയ ആരോഗ്യ പരിപാടി. ജില്ലയിലെ ഗവൺമെന്റ്, എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രീപ്രൈമറി മുതൽ പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണത്തിനു വേണ്ടിയാണ് മേൽ പരിപാടി നടപ്പിലാക്കുന്നത്. പ്രാരംഭഘട്ടത്തിൽ ഓരോ തദ്ദേശഭരണസ്ഥാപനത്തിൽ നിന്നും ഒരു വിദ്യാലയം തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നു. 2015-16 അധ്യയന വർഷത്തിൽ ജില്ലയിലെ എല്ലാ ഗവൺമെൻറ്, എയ്ഡഡ് വിദ്യാലയങ്ങളിലേക്കും ഈ പരിപാടി വ്യാപിപ്പിച്ചിട്ടുണ്ട്. 2015-16 വർഷത്തിൽ 530 സ്കൂളുകളിൽ ഫലപ്രദമായ രീതിയിൽ ഈ പരിപാടി നടത്തിവരുന്നു. 3000 കുട്ടികൾക്ക് ഒരു സ്കൂൾ ഹെൽത്ത്നഴ്സ് എന്ന അനുപാതത്തിലാണ് വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്നത്. വിദ്യാലയ ആരോഗ്യ പദ്ധതിക്കായി ജില്ലയിൽ 61 നഴ്സുമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

വിദ്യാർത്ഥികളുടെ ആരോഗ്യ പരിശോധന, ബോധവൽക്കരണ ക്ലാസുകൾ, ആരോഗ്യ ദിനാചരണം, മെഡിക്കൽ ക്യാമ്പുകൾ, സെമിനാറുകൾ, ശില്പശാല

കൾ, ആരോഗ്യ സംബന്ധമായ മത്സരങ്ങൾ എന്നിവ പദ്ധതികളുടെ ഭാഗമായി വിദ്യാലയങ്ങളിൽ നടത്തിവരുന്നു. മെഡിക്കൽ ക്യാമ്പ്, സ്ക്രീനിംഗ്, ആരോഗ്യ പ്രശ്നമുള്ളവരെ കണ്ടെത്തി അവർക്ക് ആവശ്യമായ വൈദ്യസഹായം നൽകൽ, ചികിത്സാ സഹായം, കൗൺസിലിംഗ് സേവനങ്ങൾ എന്നിവ നടത്തുന്നു. ഇതു കൂടാതെ സി.എച്ച്.സി, പി.എച്ച്.സി, എം.സി.എച്ച്, ഡി.ഇ.ഐ.സി.കൾ കേന്ദ്രീകരിച്ച് സേവനങ്ങൾ ലഭ്യമാക്കി വരുന്നു. 2015-16 അധ്യയന വർഷത്തിൽ എയ്ഡ്സ് ദിനാചരണത്തിന്റെ ഭാഗമായി തെരഞ്ഞെടുത്ത സ്കൂളുകളിൽ ക്വിസ് മത്സരം സംഘടിപ്പിച്ചു. ജില്ലയിൽ വിദ്യാർത്ഥികളുടെ സമ്പൂർണ്ണ ആരോഗ്യ സംരക്ഷണമാണ് വിദ്യാലയ ആരോഗ്യ പദ്ധതി ലക്ഷ്യമിടുന്നത്.

കൗമാരസൗഹൃദക്ലിനിക്

കൗമാരപ്രായത്തിലുള്ള വിദ്യാർത്ഥികളുടെ ആരോഗ്യം കേന്ദ്രീകരിച്ച് കൗമാരസൗഹൃദക്ലിനിക് 2013 മാർച്ച് 30-ാം തീയ്യതി ജില്ലയിൽ ആരംഭിച്ചു. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ ക്ലിനിക്ക് എല്ലാ തിങ്കൾ, ചൊവ്വ ,വെള്ളി, ശനി ദിവസങ്ങളിലും പ്രവർത്തിച്ചുവരുന്നു. എല്ലാ ബുധനാഴ്ചയും, വ്യാഴാഴ്ചയും സ്കൂളുകളിൽ ചെന്ന് കുട്ടികൾക്കാവശ്യമായ ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, ആരോഗ്യ സംബന്ധമായ മത്സരങ്ങൾ എന്നിവ നടത്തി വരുന്നു.

പ്രതിവാര ഇരുമ്പ്സത്ത് ഗുളിക വിതരണ പരിപാടി (WIFS)

രാജ്യത്തിന്റെ ഭാവി ആരോഗ്യം സുരക്ഷിതമാക്കുവാൻ കുട്ടികളുടെ രക്തത്തിൽ ആവശ്യമായ ഇരുമ്പിന്റെ അംശം പ്രദാനം ചെയ്യുവാനുദ്ദേശിച്ചുള്ള ഭാരത സർക്കാരിന്റ നൂതന സംരംഭ മാണ് പ്രതിവാര അയൺ - ഫോളിക്ക് ആസിഡ് പോഷണ പരിപാടി. ആറാം ക്ലാസ്സു മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് ലിംഗഭേദമന്യേ പ്രതിവാരം അയൺ - ഫോളിക്ക് ആസിഡിന്റെ ഓരോ ഗുളിക വീതം സ്കൂൾ/അംഗൻവാടികൾ വഴി സൗജന്യമായി നൽകി വരുന്നു.

ആരോഗ്യ കിരണം/ഡിസ്ട്രിക് ഏർലി ഇന്റർവെൻഷൻ സെന്റർ (DEIC)

ജനനം മുതൽ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ കുട്ടികൾക്ക് ഉണ്ടായേക്കാവുന്ന രോഗങ്ങളും വൈകല്യങ്ങളും വളരെ നേരത്തെ തിരിച്ചറിഞ്ഞ് അവർക്കാവശ്യമായ ചികിത്സകൾ നിർദ്ദേശിക്കാനും വിദഗ്ദ്ധ ചികിത്സ ആവശ്യമായവർക്ക് ഉയർന്ന സൗകര്യങ്ങളുള്ള ആശുപത്രികളിൽ നിർദ്ദിഷ്ട ചികിത്സ ലഭ്യമാക്കാനുള്ള പദ്ധതിയാണ് ആരോഗ്യ കിരണം. കുട്ടികളുടെ ജനന വൈകല്യങ്ങൾ, ന്യൂനതകൾ, വളർച്ചയിലെ കാലതാമസവും വൈകല്യങ്ങളും, ബാല്യകാല അസുഖങ്ങൾ എന്നിവയൊക്കെ ചെറുപ്പത്തിലെ കണ്ടെത്തി അവയ്ക്ക് പരിഹാരം കാണുകയാണ് DEIC വഴി ചെയ്യുന്നത്. ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ചികിത്സയും, മരുന്നുകളും, ടെസ്റ്റുകളുമൊക്കെ സൗജന്യമായി ഇതുവഴി ലഭ്യമാണ്. ശാരീരിക മാനസിക വൈകല്യങ്ങൾക്ക് പുറമെ 30 തരത്തിലുള്ള രോഗങ്ങൾക്കാണ് ഡി.ഇ.ഐ.സിയിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നത്. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഡി.ഇ.ഐ.സി യിൽ ഒരു ശിശുരോഗ വിദഗ്ദ്ധനു പുറമെ ഓഡിയോളജിസ്റ്റ്, ഫിസിയോതെറാപിസ്റ്റ്, ഡെന്റൽ ഹൈജീനിസ്റ്റ്, സ്പെഷ്യൽ എഡ്യുകേറ്റർ തുടങ്ങിയവരുടെ സേവനം ലഭ്യമാണ്. 2014 മാർച്ച് മുതൽ പ്രവർത്തനമാരംഭിച്ച ഇവിടെ ഇതുവരെ 1746 കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിദഗ്ദ്ധ ചികിത്സ ആവശ്യമായ 39 ഓളം കുട്ടികൾക്ക് എറണാകുളം അമൃത ഹോസ്പിറ്റൽ, തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളിൽ ശസ്ത്രക്രിയ അടക്കമുള്ള സേവനങ്ങൾ തികച്ചും സൗജന്യമായി ഈ പദ്ധതി മുഖേന ലഭിക്കുകയുണ്ടായി. ജില്ലയിലെ അംഗൻ വാടികൾ, സ്കൂൾ ഹെൽത്ത് നഴ്സുമാർ, ആരോഗ്യ പ്രവർത്തകർ തുടങ്ങിയവർ മുഖേനയാണ് DEIC യിലേക്ക് കുട്ടികൾ എത്തുന്നത്.

ഇതരപ്രവർത്തനങ്ങൾ/Mission Flexible Pool

ആരോഗ്യ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും ഉപകരണങ്ങൾ ലഭ്യമാക്കലും

സമഗ്ര ആരോഗ്യപദ്ധതിയുടെ ഭാഗമായി ജില്ലയിൽ മിയാപദവ്, മൊഗ്രാൽപുത്തൂർ, മിഞ്ചിപദവ്, മടിക്കൈ, കൊന്നക്കാട്, മൗക്കോട് എന്നീ 6 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ നിർമ്മാണവും പെർള, നർക്കിലക്കാട്, ഉദുമ, എണ്ണപ്പാറ എന്നീ 4 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബുകളുടെ നിർമ്മാണവും പൂർത്തീകരിച്ചു. ലാബിന്റെ സുഗമമായ പ്രവർത്തനത്തിനായി ഉപകരണങ്ങൾ വാങ്ങി.

സർക്കാർ ആശുപത്രികളുടെ നിലവാരം ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള സംവിധാനം

ക്വാളിറ്റി അഷ്വറൻസിന്റെ ഭാഗമായി ജില്ലയിലുള്ള എല്ലാ ആശുപത്രികളിലും കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സിന്റെയും മെഡിക്കൽ ഓഫീസർമാർക്ക് നാഷണൽ സ്റ്റാന്റേർഡ്സിന്റെയും പരിശീലനം നൽകിയിട്ടുണ്ട്. 2015 ൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ മെഡിക്കൽ ലബോറട്ടറിക്ക് എൻ.എ.ബി.എച്ച് എസൻഷ്യൽ ലബോറട്ടറി സർട്ടിഫിക്കറ്റ്, ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയിൽ നിന്നും ലഭിച്ചു. 2016 ൽ കാഞ്ഞങ്ങാട് ജില്ലാശുപത്രിക്ക് സംസ്ഥാന തലത്തിൽ കായകൽപ പുരസ്കാര വിഭാഗത്തിൽ മൂന്നാം സ്ഥാനം നേടി. പി.എച്ച്.സി. ചിറ്റാരിക്കാൽ, സംസ്ഥാന തലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ് അക്രഡിറ്റേഷൻ നേടുന്ന രണ്ടാമത്തെ പ്രാഥമികാരോഗ്യ കേന്ദ്രം എന്ന ബഹുമതി കരസ്ഥമാക്കി. സംസ്ഥാന കായകൽപ പുരസ്കാരം പ്രാഥമികാരോഗ്യ കേന്ദ്ര തലത്തിൽ പി.എച്ച്.സി നർക്കിലക്കാട് ഒന്നാം സ്ഥാനത്തോടെ കരസ്ഥമാക്കി. താലൂക്കാശുപത്രി തലത്തിൽ നീലേശ്വരത്തിന് മൂന്നാം സ്ഥാനം ലഭിച്ചു. നർക്കിലക്കാട് പി.എച്ച്.സിയുടെ പ്രവർത്തനം കാഷ് അക്രഡിറ്റേഷൻ

സംസ്ഥാന തല നിരീക്ഷണ സംഘം വിലയിരുത്തി.

ബോധവത്ക്കരണ - പെരുമാറ്റവ്യതിയാന ആശയവിനിമയ പരിപാടി

ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ബോധവത്ക്കരണത്തിലൂടെ പെരുമാറ്റ വ്യതിയാനം വരുത്തുന്നതിന് ഏറെ പ്രാധാന്യമുണ്ട്. ഇത് കണക്കിലെടുത്ത് തദ്ദേശിയമായ ആവശ്യങ്ങൾക്കുതകുന്ന വിധത്തിൽ പെരുമാറ്റ വ്യതിയാന ആശയ വിനിമയ പരിപാടികൾ ഓരോ വർഷവും ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. 2007 ൽ ആരോഗ്യ കേരളം കാസറഗോഡ് ആരംഭിച്ചതു മുതൽ ജില്ലാ മെഡിക്കൽ ഓഫീസിലെ മാസ് മീഡിയ വിങ്ങിന്റെ സഹകരണത്തോടെ പെരുമാറ്റ വ്യതിയാന ആശയ വിനിമയ പരിപാടികളും ആരംഭിച്ചു.

ബോധവൽക്കരണത്തിന്റെ ഭാഗമായി ജില്ലയിൽ ഐ.ഇ.സി./ബി.സി.സി. വിംഗിന്റെ നേതൃത്വത്തിൽ വിവിധതരം പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. രോഗ പ്രതിരോധ കുത്തിവയ്പ്പിന്റെ പ്രചരണത്തിനായി ജില്ലയിലെ സ്കൂളുകൾ, തദ്ദേശഭരണസ്ഥാപനങ്ങളുടെ ഓഫീസുകൾ, ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് വോൾ പെയിന്റിംഗ് പരിപാടി നടത്തി. അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ പരിചരണം ഇതിവൃത്തമായി ബോധവൽക്കരണത്തിന് ഓട്ടൻതുള്ളൽ സംഘടിപ്പിച്ചു. കൗമാര ആരോഗ്യ ബോധവൽക്കരണത്തിന്റെ ഭാഗമായി ലഹരിവസ്തുക്കളുടെ ദുരുപയോഗം, സോഷ്യൽ മീഡിയയുടെ അതിപ്രസരം എന്നിവ കേന്ദ്രീകരിച്ച് ഏഴോളം സ്കൂളുകളിൽ നാടകം അവതരിപ്പിച്ചു. കൂടാതെ കായികാരോഗ്യം, നല്ല ശീലങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ബാസ്ക്കറ്റ്ബോൾ ടൂർണ്ണമെന്റും സംഘടിപ്പിച്ചു. ഡിഫ്ത്തിരിയ എന്ന അപകടത്തെ വിളിച്ചറിയിച്ചുകൊണ്ട് സ്ട്രീറ്റ് പ്ലേ, ജില്ലയിലെ വിവിധ ടൗണുകളിൽ സംഘടിപ്പിച്ചു. ഡീവേമിംങ് ഡേയുടെ ഭാഗമായി വീഡിയോ നിർമ്മിച്ച് ലോക്കൽ ചാനലുകളിൽ പ്രക്ഷേപണം ചെയ്തു. എല്ലാ ആരോഗ്യ ദിനങ്ങളും വിവിധപരിപാടികളോടുകൂടി ആചരിച്ചു. ഡി.ഇ.ഐ. സി.യുടെ സന്ദേശം ഉൾകൊള്ളിച്ച് കൗതുകമുണർത്തുന്ന കാർട്ടൂൺ കഥാപാത്രങ്ങളുടെ കട്ടൗട്ടുകൾ നിർമ്മിച്ചു വിതരണം ചെയ്തു. ഫ്ളാഷ് മോബ്, കിറ്റ്ഷോ എന്നീ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു.

അംഗീകൃത സാമൂഹ്യ ആരോഗ്യ പ്രവർത്തക (ASHA)

നിലവിൽ ജില്ലയിൽ 896 ആശപ്രവർത്തകർ സേവനമനുഷ്ഠിക്കുന്നുണ്ട്. ജനനി സുരക്ഷയോജന, പ്രതിരോധ കുത്തിവെയ്പ്പ്, വാർഡ്തല പോഷകാഹാര പ്രവർത്തനം, പ്രതിമാസ പ്രവർത്തന അവലോകന ദിനം, ക്ഷയരോഗ നിയന്ത്രണ പരിപാടി, കുടുംബാസൂത്രണം, പകർച്ചവ്യാധി പ്രതിരോധ പരിപാടി, അന്ധത നിവാരണ പരിപാടി, കുഷ്ഠരോഗ നിയന്ത്രണ പരിപാടി, പാലിയേറ്റീവ് കെയർ തുടങ്ങിയ പ്രവർത്തനങ്ങളാണ് ആശവർക്കർമാർ പങ്കാളിയാകേണ്ടത്. ആശമാരുടെ മികച്ച പ്രവർത്തനം മുൻനിർത്തി പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും അവർക്ക് അവാർഡ് നൽകാറുണ്ട്.

സാന്ത്വന ശുശ്രൂഷ പദ്ധതി

ദീർഘകാല രോഗങ്ങൾ ബാധിച്ച് വീടുകളിൽ ഒറ്റപ്പെട്ടുപോയവർക്ക് സാന്ത്വന പരിചരണം നൽകുക എന്ന ലക്ഷ്യത്തിലൂന്നിയാണ് കാസർഗോഡ് പാലിയേറ്റിവ് കെയർ ടീം ജില്ലയിലെ ഒരോ വീട്ടിലും എത്തുന്നത്. ഒറ്റപ്പെട്ടുപോകുന്ന ധാരാളം രോഗികൾക്ക് അവരുടെ കിടക്കപ്പായക്കരികിൽ പരിചരണം എത്തിച്ചു കൊടുക്കുക എന്ന ദൗത്യവുമായാണ് പാലിയേറ്റീവ് കെയർ എന്ന ആരോഗ്യ പ്രസ്ഥാനം തുടക്കം കുറിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി തുക വകയിരുത്തിയതോടെ പരിചരണം താഴെത്തട്ടിൽ ഫലപ്രദമായി. പദ്ധതി നടത്തിപ്പിനായി പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചു. തുടർന്ന് ജനപ്രതിനിധികൾ ആരോഗ്യ പ്രവർത്തകർ, പൊതു പ്രവർത്തകർ, പെൻഷനേഴ്സ്, മെഡിക്കൽ ഷോപ്പ് ഉടമകൾ, വ്യാപാരികൾ, സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ, ആശ, അംഗൻവാടി പ്രവർത്തകർ, തൊഴിലാളികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ഓരോ പ്രദേശത്തും ബോധവൽകരണ സെമിനാർ നടത്തി. ഇതോടെ പാലിയേറ്റീവ് കെയർ പരിചരണം നാടിന്റെ ജനകീയ സാന്ത്വന സ്പർശമായി വളർന്നു.

പ്രൈമറി :- 41 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിലും പാലിയേറ്റീവ് ഹോം കെയറും ഒ.പി യും നടക്കുന്നു. കൂടാതെ 8 പഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്ന ജനകീയ സമിതിയുമുണ്ട്. രോഗികളുടെ ശാരീരീക പ്രശ്നങ്ങൾക്കു പുറമെ ഭക്ഷണം, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കാൻ പാലിയേറ്റീവ് കെയറിന് സാധിച്ചിട്ടുണ്ട്. രോഗികൾക്കും കുടുംബത്തിനും ലഭ്യമാക്കാൻ പറ്റുന്ന പെൻഷൻ, ഗവൺമെന്റ് തല ധനസഹായങ്ങൾ തുടങ്ങിയവ എത്തിക്കാനും സാധിക്കുന്നു.

സെക്കണ്ടറി :- 5 മേജർ ആശുപത്രികളിൽ സെക്കണ്ടറി തല പരിപാടികൾ നടക്കുന്നു. എല്ലാ സ്ഥാപനങ്ങളിലും എൻ.എച്ച്.എം ഫണ്ട് ഉപയോഗിക്കുന്നു. ഹോംകെയർ, ഒ.പി, ഐ.പി പ്രവർത്തനങ്ങൾ നടക്കുന്നു. പുനരധിവാസ പരിശീലന പരിപാടികളും രോഗീ കുടുംബസംഗമങ്ങളും വിവിധ തലങ്ങളിൽ പരിശീലന പരിപാടികളും ഇതോടൊപ്പം നടക്കുന്നു.

ടെറിഷറി :- വിവിധതരം വ്യക്തികൾക്കുള്ള പരിശീലന പരിപാടികൾ നടക്കുന്നു.

ആരോഗ്യകേരളം പാലിയേറ്റീവ് കെയർ പ്രൊജക്റ്റ്

പാലിയേറ്റീവ് കെയർ പ്രവർത്തനം ജില്ലയിൽ വിവിധ തലങ്ങളെ ഏകോപിപ്പിച്ചു നടത്തുന്നു. വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ ജില്ലാതലത്തിൽ നടത്തുന്നു. ഇതുവരെ 5243 രോഗികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 459 ഹോം കെയറുകളിലായി 4493

രോഗികൾക്ക് പരിചരണം നൽകുന്നു. തദ്ദേശഭരണസ്ഥാപനത്തിൽ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ സഹകരണം ലഭ്യമാക്കുന്നതിന് ആയിരത്തോളം വിദ്യാർത്ഥികൾക്ക് പരിശീലന പരിപാടികൾ നൽകിക്കഴിഞ്ഞു. നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ഫൗണ്ടേഷൻ കോഴ്സ് നൽകി. നാല് സ്റ്റാഫ് നേഴ്സുമാർക്ക് ബി.സി.സി.പി.എൻ ട്രെയിനിംഗ് നൽകി.

നിർമ്മാണ പ്രവർത്തനങ്ങൾ

- ഡി.എം.ഒ കോൺഫറൻസ് ഹാളിന്റെ നവീകരണം
- ഭൂമിക വൺസ്റ്റോപ്പ് ക്രൈസിസ് സെന്റർ നവീകരണം
- രണ്ട് അർബൻ പി.എച്ച്.സി കളുടെ നവീകരണം.

എൻഡോസൾഫാൻ സ്പെഷ്യൽ ഹെൽത്ത് പാക്കേജ്

ഈ പദ്ധതിയുടെ പ്രവർത്തന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- മൊബൈൽ മെഡിക്കൽ ടീം
- ഭവനകേന്ദ്രീകൃത സാന്ത്വനചികിത്സ
- വിദഗ്ദ്ധ ചികിത്സ
- ഫിസിയോ തെറാപ്പി സേവനം
- ചികിത്സയ്ക്കായി രോഗികളെ ആശുപത്രികളിലെത്തിക്കുന്നതിനുള്ള സംവിധാനം
- മാനസിക -ശാരീരിക വൈകല്യമുള്ളവർക്ക് ഉപകരണങ്ങൾ ലഭ്യമാക്കൽ
- ആംബുലൻസ് സൗകര്യം
- സൂപ്പർ സ്പെഷ്യാലിറ്റി സേവനം
- ആരോഗ്യ സേവന സംവിധാനം ശക്തിപ്പെടുത്തൽ
- മനുഷ്യവിഭവശേഷി
- ആശുപത്രി ഉപകരണങ്ങളും മറ്റു സംവിധാനങ്ങളും
- ഇന്റൻസീവ് കെയർ യൂണിറ്റ്
- ജനറൽ ആശുപത്രിയിലെ ഡയാലിസിസ് യൂനിറ്റ്
- ജില്ലാ ആശുപത്രിയിലെ നവജാതശിശു തീവ്ര പരിചരണ വിഭാഗം

നിർമ്മാണപ്രവർത്തനങ്ങൾ

- കാസർഗോഡ് ജനറൽ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ്
- ജില്ലാ ആശുപത്രിയിലെ നവജാതശിശു തീവ്ര പരിചരണവിഭാഗം
- കലക്ട്രേറ്റിലെ എൻഡോസൾഫാൻ സെൽ ഓഫീസ് നവീകരണം.

ആയുർവ്വേദ, ഹോമിയോ വിഭാഗങ്ങളുടെ ശാക്തീകരണം

ഗ്രാമപഞ്ചായത്തുകൾ ആരംഭിച്ച ആയുർവ്വേദ, ഹോമിയോ ഡിസ്പെൻസറികളിൽ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം ഡോക്ടർമാരെ നിയമിച്ചു. ജനങ്ങൾക്ക് വിവിധ ചികിത്സാ സമ്പ്രദായത്തി ലൂടെ മികവുറ്റ ചികിത്സ ലഭ്യമാക്കുകയാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്. കാസറഗോഡ് ജില്ലയിൽ ആയുർവ്വേദ വിഭാഗത്തിൽ 14 ഡോക്ടർമാരും ഹോമിയോ വിഭാഗത്തിൽ 22 ഡോക്ടർമാരും പ്രവർത്തിച്ചു വരുന്നു.

ഭൂമിക വൺസ്റ്റോപ്പ് ക്രൈസിസ് സെന്റർ

കേരളത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചു വരുന്ന ലൈംഗികാതിക്രമങ്ങളെ തടയുന്നതിനും പീഡനത്തിനിരയായവർക്ക് മതിയായ സംരക്ഷണം നൽകി അവരെ ജീവിതത്തിന്റെ മുഖ്യധാരയിലെക്ക് കൊണ്ടുവരുന്നതിനും ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് നിർഭയ. ഈ പദ്ധതിയുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പും എൻ.ആർ.എച്ച്.എം. ഉം കൂടി യോജിച്ച് ഭൂമിക കേന്ദ്രങ്ങളെ വിപുലീകരിച്ച് ഭൂമിക വൺ സ്റ്റോപ്പ് ക്രൈസിസ് സെന്റർ ആക്കിമാറ്റി.

സേവനങ്ങൾ

- പീഡനങ്ങൾക്ക് ഇരയായവർക്ക് പ്രഥമ സേവനങ്ങൾ നൽകുക.
- വിവിധ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുക.
- പീഡനത്തിനിരയായവരെ സുരക്ഷിതമാക്കുന്ന സെന്ററിന്റെ പ്രവർത്തനം ഏകോപ്പിക്കുന്നതിന് രണ്ടു വനിതാ കോർഡിനേറ്റർ/കൗൺസലർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

നഗരാരോഗ്യപദ്ധതി (NUHM)

2001 സെൻസസ് പ്രകാരം 28.6 കോടി ജനങ്ങൾ നഗരങ്ങളിൽ ജീവിക്കുന്നു. 2011 ലെ കണക്കെ ടുപ്പിൽ ഇത് 37.7 കോടിയായി വർദ്ധിച്ചു. നഗരങ്ങളിൽ ജീവിക്കുന്ന ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ ആരോഗ്യ നില മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ചതാണ് ദേശീയ നഗരാരോഗ്യ പദ്ധതി. (National Urban Health Mission NUHM).

നഗരാരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിൽ കാഞ്ഞങ്ങാട്, കാസർഗോഡ് മുൻസിപ്പാലിറ്റികളിലായി ഒരോ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു.

നഗരാരോഗ്യകേന്ദ്രത്തിൽ ലഭിക്കുന്ന സേവനങ്ങൾ

- ഞായറാഴ്ച ഒഴികെ മറ്റു ദിവസങ്ങളിൽ സൗജന്യ ഒ.പി.
- സൗജന്യ മരുന്നുകൾ
- സൗജന്യ ലാബ് പരിശോധന
- എൻ.സി.ഡി. ക്ലിനിക്ക്
- ഇമ്മ്യൂണൈസേഷൻ
- ഉഷസ് മെഡിക്കൽ ക്യാമ്പുകൾ
- സമഗ്ര മാനസിക ആരോഗ്യ പദ്ധതി

ആരോഗ്യം, ശുചിത്വം

സമഗ്ര മാനസിക ആരോഗ്യ പദ്ധതി പ്രകാരമുള്ള ദിനപരിചരണ കേന്ദ്രം കാസറഗോഡ് ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു. ജില്ലയിലെ മാനസിക ആരോഗ്യ വെല്ലുവിളി നേരിടുന്ന രോഗികളുടെ ഉന്നമനത്തിനും പുനരധിവാസത്തിനും പുത്തൻ ഉണർവ്വ് നൽകിക്കൊണ്ട് 2014 ജൂൺ 7-ാം തീയ്യതിയാണ് കേന്ദ്രം പ്രവർത്തനമാരംഭിച്ചത്. സമൂഹത്തിൽ നിന്നും കുടുംബത്തിൽ നിന്നും ഒറ്റപ്പെട്ട് കഴിയേണ്ടിവരുന്ന രോഗികളെ പുനരധിവസിപ്പിച്ച് തൊഴിൽ സംബന്ധമായ പരിശീലനങ്ങൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുകയാണ് ഈ പകൽ വീടിന്റെ ലക്ഷ്യം. നാഷണൽ ഹെൽത്ത് മിഷന്റെ കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്. ചികിത്സാ സൗകര്യങ്ങളും മരുന്നുകളും നൽകിവരുന്നത് ഇംഹാൻസിന്റെ നേതൃത്വത്തിലാണ്.

ജില്ലയിൽ 2 ദിനപരിചരണ കേന്ദ്രങ്ങളിലാണ് പ്രവർത്തനം നടക്കുന്നത്. ഒന്ന് പുരുഷൻമാർക്കും മറ്റൊന്ന് സ്ത്രീകൾക്കും. ഒരേ സമയം 30 രോഗികളെ പരിചരിക്കാനുള്ള സൗകര്യമാണ് ഓരോ കേന്ദ്രത്തിലും ഉള്ളത്. സെന്ററിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നത് ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് ആണ്. കൂടാതെ 3 സ്റ്റാഫ് നേഴ്സ്, 3 ക്ലീനർ കം പ്യൂൺ വീതം ഓരോ കേന്ദ്രത്തിലുമുണ്ട്. സ്ത്രീകളെ പരിചരിക്കുന്ന സെന്ററിൽ പൂർണ്ണമായി സ്ത്രീ ജീവനക്കാരും പുരുഷൻമാരുടേതിൽ പുരുഷ ജീവനക്കാരും ആണ് സേവനമനുഷ്ടിച്ചുവരുന്നത്.

നിഷ്കർഷമായ ചിട്ടവട്ടങ്ങളൊന്നുമില്ലാതെ അന്തേവാസികളുടെ മാനസിക നിലയ്ക്കനുയോജ്യമായ പരിചരണമാണ് സെന്ററിൽ നൽകി വരുന്നത്. രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണിവരെയാണ് പകൽ വീടിന്റെ പ്രവർത്തന സമയം. രാവിലെ 7 മണിക്ക് സെന്ററിൽ നിന്ന് പുറപ്പെടുന്ന വാഹനം അന്തേവാസികളുടെ വീട്ടിൽച്ചെന്ന് അവരെ പകൽ വീട്ടിലെത്തിക്കുകയും വൈകുന്നേരം 4 മണിക്ക് വീട്ടിൽ തിരിച്ചെത്തിക്കുകയും ചെയ്യുന്നു. അന്തേവാസികളുടെ മാനസികനില മനസ്സിലാക്കി അവർക്ക് അനുയോജ്യമായ പരിശീലനങ്ങളാണ് ദിനപരിചരണ കേന്ദ്രത്തിൽ നൽകിവരുന്നത്. എല്ലാ അന്തേവാസികളും ദിനപരിചരണകേന്ദ്രത്തിന്റെ ചിട്ടവട്ടങ്ങളുമായി വേഗം പൊരുത്തപ്പെടാറുണ്ട്.

ഇപ്പോൾ കാസറഗോഡ് ജില്ലയിലെ ദിനപരിചരണ കേന്ദ്രത്തിൽ മാനസ എന്ന പേരിൽ തൊഴിൽ പരിശീലനങ്ങൾ നടന്നുവരുന്നു. മരുന്നു കവർ നിർമ്മാണം, ക്ലീനിംഗ് സൊല്യൂഷ്യൻ, ഡിഷ്‌വാഷ്, കുട നിർമ്മാണം തുടങ്ങിയവയുടെ പരിശീലനമാണ് നടന്നുവരുന്നത്. എല്ലാ അന്തേവാസികളും പരിശീലനത്തിൽ തല്പരരാണ്. ഇവിടെ നിർമ്മിച്ച മരുന്ന് കവർ പി.എച്ച്.സി, ഇംഹാൻസ് എന്നിവർക്ക് നൽകി വരുന്നു. സോപ്പ്, ക്ലീനിംഗ് സൊല്യൂഷൻ തുടങ്ങിയവ മാർക്കറ്റിംഗ് നടത്തിപ്പിന് അനുയോജ്യമാം വിധം തയ്യാറാക്കുന്നു.

ദിനപരിചരണകേന്ദ്രത്തെക്കുറിച്ച് കേട്ടറിഞ്ഞും ഇംഹാൻസ് ഡോക്ടറുടെ നിർദ്ദേശങ്ങൾ അനുസരിച്ചും അന്തേവാസികൾ കേന്ദ്രത്തിലെത്തുന്നു. ഇപ്പോൾ 16 പുരുഷരും 8 സ്ത്രീകളും അന്തേവാസികളായി സെന്ററുകളുടെ പ്രവർത്തനം മുന്നോട്ടു പോകുന്നു. തൊഴിൽസംബന്ധമായ പരിശീലനങ്ങൾക്ക് പുറമെ ദിനപത്രം, ലൈബ്രറി, ടി.വി, ക്യാരംസ്, ഷട്ടിൽ, ചെസ്സ് തുടങ്ങിയ വിനോദമാർഗ്ഗങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ട്. മൂന്ന് നേരവും പോഷക സമൃദ്ധമായ ആഹാരവും നൽകി വരുന്നു.

പുനരധിവാസ പ്രവർത്തനങ്ങളിലൂടെയും പരിശീലനങ്ങളിലൂടെയും അന്തേവാസികളുടെ മാനസികാരോഗ്യത്തിന് നല്ല മാറ്റം കണ്ടുവരുന്നുണ്ട്. ഇതുവരെ അഞ്ചോളം അന്തേവാസികൾ ഇവിടെ നിന്നും മാറി അവർക്ക് അനുയോജ്യമായ തൊഴിൽ മേഖലയിൽ പ്രവേശിച്ചു കഴിഞ്ഞു.

എൻ.എച്ച്.എം. ന്റെ കീഴിൽ നടപ്പിലാക്കി വരുന്ന ദേശീയ പരിപാടികൾ

- ദേശീയ കൊതുകുജന്യരോ പ്രതിരോധ പരിപാടി
- ദേശീയ കുഷ്ഠരോഗ നിവാരണ പരിപാടി
- ദേശീയ ക്ഷയരോഗ നിവാരണ പരിപാടി
- ദേശീയ അന്ധത നിവാരണ പരിപാടി
- ഇൻഡഗ്രേറ്റഡ് ഡിസീസ് സർവലൻസ് പ്രോഗ്രാം (ഐ.ഡി.എസ്.പി)
- ജീവിതശൈലി രോഗനിർണ്ണയ നിയന്ത്രണ പരിപാടി (എൻ.സി.ഡി.സി.പി.)
- ദേശീയ ശ്രവണ ശേഷി പ്രതിരോധ നിയന്ത്രണ പരിപാടി

സംസ്ഥാന പ്രോഗ്രാമുകൾ

- കാൻസർ കെയർ പ്രോഗ്രാം
- ജീവിത ശൈലി രോഗനിയന്ത്രണ പരിപാടി
- പകർച്ചവ്യാധി രോഗനിയന്ത്രണ പരിപാടി
- പെയിൻ & പാലിയേറ്റീവ് പ്രോഗ്രാം
- ദന്തൽ പ്രോഗ്രാം
- ന്യൂട്രീഷൻ പ്രോഗ്രാം

ജില്ലാപഞ്ചായത്ത്മുഖേന നടപ്പിലാക്കുന്ന പരിപാടികൾ

- ആരോഗ്യസുരക്ഷാ - എച്ച്.ഐ.വി രോഗികൾക്കുള്ള പോഷകാഹാര വിതരണം
- കൈത്താങ്ങ് - ടി.ബി രോഗികൾക്കുള്ള പോഷകാഹാര വിതരണം
- സാന്ത്വന പരിചരണം- പാലിയേറ്റീവ് കെയർ പ്രോഗ്രാം

എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസപദ്ധതികൾ

ജില്ലാതല സെൽ

ജില്ലയിലെ എൻഡോസൾഫാൻ ദുരിത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ബഹു: റവന്യൂ വകുപ്പ് മന്ത്രി ചെയർമാനായും ജില്ലാ കലക്ടർ കൺവീനറായും ഒരു ജില്ലാതല സെൽ പ്രവർത്തനം നടത്തിവരുന്നു. പ്രസ്തുത സെല്ലിൽ ജില്ലയിലെ എം.എൽ.എ മാർ, മുൻ എം.എൽ.എമാർ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവരും ഉൾപ്പെടുന്നു. സെൽ യോഗങ്ങൾ രണ്ടുമാസത്തിലൊരിക്കൽ ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്.

സ്പെഷ്യാലിറ്റി മെഡിക്കൽകേമ്പുകൾ

എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി ജില്ലയിൽ ഇതുവരെ 39 സ്പെഷ്യലിസ്റ്റ് മെഡിക്കൽ കേമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇത്തരം മെഡിക്കൽ കേമ്പുകളിലൂടെ കണ്ടെത്തിയ 6135 പേരെയാണ് നിലവിലുള്ള ദുരിത ബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പട്ടിക 4.2.1.7: സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ വിശദാംശം

വർഷം	ദുരിത ബാധിതരുടെ എണ്ണം
2010 മെഡിക്കൽ ക്യാമ്പ്	4182
2011 "	1318
2013 "	337
2017 "	287
കൂട്ടിച്ചേർത്തവർ (പുനഃപരിശോധന)	11
ആകെ	6135

ചികിത്സാ സേവനങ്ങൾ

ആരോഗ്യ മേഖലയിൽ കാസറഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിതർക്കായി നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സൗജന്യ സ്പെഷ്യലിസ്റ്റ് & സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ

ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിത മേഖലകളിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ ദുരിതബാധിതർക്ക് സൗജന്യ സ്പെഷ്യലിസ്റ്റ് & സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കി വരുന്നു. രോഗികൾക്ക് വിദഗ്ദ്ധചികിത്സ നൽകുന്നതിന് കേരളത്തിലും കർണ്ണാടകയിലുമായി 17 ആശുപത്രികൾ എംപാനൽ ചെയ്യപ്പെട്ടിട്ടുണ്ട്.

എംപാനൽഡ് ആശുപത്രികൾ

- യെനപ്പോയ മെഡിക്കൽ കോളേജ് ആശുപത്രി, മംഗലാപുരം
- പരിയാരം മെഡിക്കൽ കോളേജ് ആശുപത്രി, കണ്ണൂർ
- കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി
- ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തിരുവനന്തപുരം
- റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം
- മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി
- ICCONS ഷോർണ്ണൂർ
- W & C ആശുപത്രി, മാങ്ങാട്ടുപറമ്പ്
- ജനറൽ ആശുപത്രി, കാസറഗോഡ്
- ജനറൽ ആശുപത്രി, തലശ്ശേരി
- ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്
- ജില്ലാ ആശുപത്രി, കണ്ണൂർ
- കസ്തൂർബാ മെഡിക്കൽ കോളേജ് ആശുപത്രി, മണിപ്പാൽ
- കസ്തൂർബാ മെഡിക്കൽ കോളേജ് ആശുപത്രി, മംഗലാപുരം
- ലിറ്റിൽ ഫ്ളവർ കണ്ണാശുപത്രി, അങ്കമാലി
- ഗവ: ആയുർവ്വേദ ആശുപത്രി
- ഗവ: ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്

മൊബൈൽ മെഡിക്കൽ യൂണിറ്റ്

- കിടപ്പിലായ രോഗികൾക്ക് വീട്ടിലെത്തി ചികിത്സ ലഭ്യമാക്കുന്നതിനായി മെഡിക്കൽ യൂണിറ്റ് പ്രവർത്തിക്കുന്നു.
- ആവശ്യമായ വീടുകളിൽ ചെന്ന് സാന്ത്വന ചികിത്സ നൽകുന്നതിന് ജില്ലയിലെ 11 ഗ്രാമ പഞ്ചായത്തുകളിൽ സ്റ്റാഫ് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്.

ഡയാലിസിസ് യൂണിറ്റ്

- വൃക്കരോഗബാധിതരിൽ ഹീമോ ഡയാലിസിസ് ആവശ്യമായി വരുന്ന രോഗികൾക്ക് പദ്ധതിയുടെ ഭാഗമായി കാസറഗോഡ് ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചു. 8 ഡയാലിസിസ് മെഷീനുകൾ ഇതിനായി സജ്ജീകരിച്ചിട്ടുണ്ട്.

ദുരിതബാധിതർക്ക് യാത്രാസൗകര്യം

- ദുരിതബാധിതരെ ചികിത്സയ്ക്കായി ആശുപത്രികളിൽ എത്തിക്കുന്നതിന് ജില്ലയിലെ 11 ഗ്രാമ പഞ്ചായത്തുകളിലും കരാറടിസ്ഥാനത്തിൽ വാഹനങ്ങൾ ഏർപ്പാട് ചെയ്തിട്ടുണ്ട്.

ഫിസിയോതെറാപ്പി സേവനം

- ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലെ പി.എച്ച്.സി, സി.എച്ച്.സികളിൽ ഫിസിയോതെറാപ്പിസ്റ്റുമാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത പി.എച്ച്.സി, സി.എച്ച്.സികളിലും കിടപ്പിലായ രോഗികളുടെ വീടുകളിലുമായി ഗുണഭോക്താക്കൾ സൗജന്യചികിത്സ പ്രയോജനപ്പെടുത്തിവരുന്നു. ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി എന്നിവിടങ്ങളിലും സുസജ്ജമായ ഫിസിയോ തെറാപ്പി യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

പീഡിയാട്രിക് ഐ.സി.യു.

- നബാർഡ്, RIDF പദ്ധതിയുടെ ഭാഗമായി ജില്ലയിലെ ആശുപത്രികളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നു. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ 4 ബെഡ്ഡ് പീഡിയാട്രിക് ഐ.സി യൂണിറ്റ് സജ്ജീകരിച്ചുട്ടുണ്ട്.

ആരോഗ്യസേവനങ്ങൾ മെച്ചപ്പെടുത്തന്നതിന്റെ ഭാഗമായി ജില്ലയിലെ വിവിധ ആരോഗ്യസ്ഥാപനങ്ങളിൽ സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, എക്സ്റേ ടെക്നീഷ്യൻ, ഓഡിയോളജിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തുടങ്ങി വിവിധ കാറ്റഗറികളിലായി ജീവനക്കാരെ നിലവിലുള്ള തസ്തികകൾക്ക് പുറമേ അധികമായി നിയമിച്ചിട്ടുണ്ട്.

സാധ്യതകളും പ്രശ്നങ്ങളും

ഇതരസംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശോചനീയമായ ജീവിത സാഹചര്യങ്ങൾ, പാർപ്പിട അപര്യാപ്തത, പ്രാഥമിക കാര്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ, ശുദ്ധജല ദൗർലഭ്യം തുടങ്ങിയവ ഇതര സംസ്ഥാന തൊഴിലാളികളുടെയും പരിസര പ്രദേശത്തുള്ള മറ്റുള്ളവരുടെയും ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. മലമ്പനി ഒരു കാലത്ത് സംസ്ഥാനത്തു നിന്നും തുടച്ചു നീക്കപ്പെട്ട ഒരു രോഗമാണ്. പക്ഷേ അത് വീണ്ടും തിരിച്ചു വന്നിരിക്കുകയാണ്. ഇതര സംസ്ഥാന തൊഴിലാളികളുടെ ഇടയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മലമ്പനിയുടെ എണ്ണം 2017 ജനുവരി മുതൽ സെപ്തംബർ വരെ 45 ആണ്.

പ്രത്യേക ശ്രദ്ധ ആവശ്യമായ വിഭാഗങ്ങളുടെ വിവരങ്ങൾ

- കൗമാരക്കാർ
- വിദ്യാർത്ഥികൾ
- പാർശ്വവൽക്കരിക്കപ്പെട്ടവർ

സാധ്യതകൾ

- ആരോഗ്യ കാര്യങ്ങളിൽ ജനങ്ങൾക്ക് ഒരു പരിധി വരെ അവബോധം ഉണ്ട്.
- അതിർത്തി ജില്ലയായതിനാൽ മംഗലാപുരത്തുള്ള വിവിധ സ്പെഷ്യാലിറ്റി ആശുപത്രികളുടെയും ഡോക്ടർമാരുടെയും സേവനം തേടാനുള്ള അവസരം ഉണ്ട്.
- അതിർത്തി ജില്ലയായ കണ്ണൂരിലെ പരിയാരം മെഡിക്കൽ കോളേജിന്റെയും മലബാർ ക്യാൻസർ സെന്ററിന്റെയും സേവനം ഉപയോഗപ്പെടുത്താൻ കഴിയുന്നു.
- എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും ഒരു ആരോഗ്യ കേന്ദ്രമെങ്കിലും നിലവിലുണ്ട്.
- വിവിധതലത്തിലുള്ള 303 ആരോഗ്യ സ്ഥാപനങ്ങൾ ജില്ലയിലുണ്ട്. 20 സ്ഥാപനങ്ങളിലായി 1087 കിടക്കസൗകര്യവും (മോഡേൺ മെഡിസിനിൽ) ലഭ്യമാണ്.
- എൻഡോസൾഫാൻ ഇരകളുടെ ചികിത്സാ ഏകോപനത്തിനായി പ്രത്യേക സെൽ പ്രവർത്തിച്ചുവരുന്നു.
- Dist. Early Intervention Centre ജില്ലാ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു.

മൊബൈൽ മെഡിക്കൽ ടീം: എൻ.സി.ഡി, നേത്രരോഗവിഭാഗം, ഇതരസംസ്ഥാന തൊഴിലാളി സ്ക്രീനിംഗ്, ട്രൈബൽ മേഖലയിലെ പരിചരണം എന്നിവയ്ക്ക് ആവശ്യമായ മൊബൈൽ മെഡിക്കൽ ടീം ജില്ലയിൽ പ്രവർത്തനക്ഷമമാണ്.

പരിമിതികൾ

- ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത
- വിദഗ്ദ്ധ പരിചരണം നൽകാൻ സംവിധാനമില്ലായ്മ
- ജീവനക്കാരുടെ അപര്യാപ്തത
- ജീവിതശൈലീരോഗങ്ങളുടെ ആധിക്യം

ആരോഗ്യം, ശുചിത്വം

- മികച്ച ചികിത്സയ്ക്കുള്ള സ്പെഷ്യാലിറ്റി സംവിധാനം ജില്ലയിലില്ല. മംഗലാപുരത്തെ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നു.
- ജില്ലയുടെ ആവശ്യത്തിനനുസരിച്ച് രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങളില്ല
- ഡെങ്കിപ്പനി, മലമ്പനി പോലുള്ളവയുടെ സംക്രമണ സ്വഭാവം കൂടി വരുന്നു.
- എം.എം. ആർ സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണ്. (0.17 (സംസ്ഥാനം) 0.23 (ജില്ല)
- ജില്ലയിൽ ആധുനിക സംവിധാനങ്ങളുള്ള മെഡിക്കൽ കോളേജിന്റെ അഭാവം
- സമഗ്ര കാൻസർ രോഗ നിയന്ത്രണ പരിപാടികളുടെ അഭാവം
- വിദഗ്ദ്ധ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും അംഗബലക്കുറവ്
- ആദിവാസികൾക്ക് മെച്ചപ്പെട്ട ചികിത്സാസൗകര്യം എളുപ്പത്തിൽ ലഭ്യമാക്കാനുള്ള സ്ഥാപനങ്ങൾ ജില്ലയിലില്ല. (പരപ്പ ബ്ലോക്കിൽ 62% പട്ടികവർഗ്ഗ വിഭാഗം ജീവിക്കുന്നു).
- ആധുനിക സൗകര്യങ്ങളോടുകൂടിയ ആംബുലൻസ്, മറ്റുസൗകര്യങ്ങൾ തുടങ്ങിയവ ഡി.ഇ.ഐ.സിക്ക് ലഭിച്ചിട്ടില്ല.
- ഏഴായിരത്തോളം ഇതരസംസ്ഥാന തൊഴിലാളികൾ ജില്ലയിലുണ്ട്.
- മുന്നൂറ്റമ്പതോളം എച്ച്.ഐ.വി ബാധിതരെ ജില്ലയിൽ കണ്ടെത്തിയിട്ടുണ്ട്.
- ട്രാൻസ്ജെന്റർമാരിൽ ഐ.ഡി കാർഡുകൾ ഉള്ളവർ 9 പേർ മാത്രം.
- ഭിന്നശേഷി വിഭാഗക്കാരുടെ ആധിക്യവും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള കേന്ദ്രത്തിന്റെ അഭാവവും.

വികസനനയം

- പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ- ഫീൽഡ് തല രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ
- ജീവിതശൈലി രോഗങ്ങൾ ആരംഭത്തിൽ തന്നെ കണ്ടെത്തുന്ന ക്ലിനിക്കുകൾ
- ആരോഗ്യ അനുബന്ധ മേഖലകളിലെ ഇടപെടലിലൂടെ രോഗ പ്രതിരോധം
- താലൂക്ക്, ജില്ല, ജനറൽ ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനം, ആവശ്യമായ ജീവനക്കാർ തുടങ്ങിയവ സജ്ജമാക്കി - മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റൽ.
- ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതികൾ, ശാസ്ത്രീയ ഖരമാലിന്യ സംസ്കരണം.
- ഗുണമേന്മയുള്ള പ്രാഥമികാരോഗ്യ സേവനം, സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനം എന്നിവ ലഭ്യമാക്കൽ.
- സമഗ്ര ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കൽ
- പാർശ്വവൽക്കരിക്കപ്പെട്ടവർക്കുള്ള പ്രത്യേക പരിഗണനയും സഹായവും
- വിവിധ വകുപ്പുകളുടെ പ്രവർത്തന ഏകോപനം (കൃഷി, മൃഗസംരക്ഷണം, ശുചിത്വമിഷൻ, വാട്ടർ അതോറിറ്റി).
- ആരോഗ്യ സ്ഥാപനങ്ങളിൽ ആവശ്യമായ ജീവനക്കാർ, സേവന സംവിധാനങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തൽ.
- ജനറൽ, ജില്ലാ ആശുപത്രികളിൽ പരമാവധി സ്പെഷ്യാലിറ്റി സേവനങ്ങളും, ഘട്ടംഘട്ടമായി സൂപ്പർ സ്പെഷ്യാലിററി സേവനങ്ങളും ലഭ്യമാക്കൽ.
- പ്രധാന ആശുപത്രികളിൽ ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് ആരംഭിക്കൽ
- സൗജന്യ ആംബുലൻസ് സൗകര്യങ്ങൾ വിപുലീകരിക്കൽ.
- ഡയാലിസിസ് യൂണിറ്റ്, കാത്ത് ലാബ് തുടങ്ങിയവ പ്രവർത്തനമാരംഭിക്കൽ
- ജില്ലാ ക്യാൻസർ പരിചരണ യൂണിറ്റ്, കീമോതെറാപ്പി യൂണിറ്റ്, സ്ട്രോക്ക് മാനേജ്മെന്റ് യൂണിറ്റ് തുടങ്ങിയവ പ്രവർത്തന സജ്ജമാക്കൽ
- ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കൽ.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനം.
- സമഗ്ര ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാനുള്ള സൗകര്യമൊരുക്കൽ.
- ജനറൽ ആശുപത്രിയിലും ജില്ലാ ആശുപത്രിയിലും എല്ലാ സ്പെഷ്യാലിറ്റി സേവനങ്ങളും, തുടർന്ന് ഘട്ടം ഘട്ടമായി സൂപ്പർ സ്പെഷ്യാലിററി സേവനങ്ങളും ലഭ്യമാക്കാനുള്ള പദ്ധതി നടപ്പാക്കൽ.
- ജില്ലയിലെ പ്രധാന ആശുപത്രികളിൽ ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് സ്ഥാപിക്കൽ.
- ഡയാലിസിസ് യൂണിറ്റ്, കാത്ത് ലാബ് തുടങ്ങിയവ എല്ലാ സി എച്ച് സി കളിലും സ്ഥാപിക്കൽ
- ക്യാൻസർ പരിചരണ യൂണിറ്റ്, കീമോതൊപ്പി യൂണിറ്റ്, സ്ട്രോക്ക് മാനേജ്മെന്റ് യൂണിറ്റ് തുടങ്ങിയവ ജില്ലാ ആശുപത്രിയിൽ ഒരുക്കൽ.
- ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാനുള്ള പദ്ധതി നടപ്പിലാക്കൽ.
- ഇതര സംസ്ഥാന തൊഴിലാളി സ്ക്രീനിംഗിനു വേണ്ടിയുള്ള മൊബൈൽ യൂണിറ്റ് സ്ഥാപിക്കൽ.
- ജീവിതശൈലീരോഗങ്ങളെ പ്രതിരോധിക്കാൻ

സ്ത്രീകൾക്കും പുരുഷന്മാർക്കും വ്യായാമ കേന്ദ്രങ്ങൾ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ആരംഭിക്കൽ .

- പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സമഗ്ര ആരോഗ്യ പരിചരണത്തിനുള്ള സംവിധാനങ്ങളും സൗകര്യങ്ങളുമൊരുക്കൽ (എസ്.സി/എസ്.ടി, മത്സ്യ തൊഴിലാളികൾ).
- സമഗ്ര പാലിയേറ്റീവ് കെയർ സംവിധാനം എല്ലാ ബ്ലോക്കുകളിലും വ്യാപിപ്പിക്കൽ.
- ജില്ലയിൽ മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മിക്കലും അറവുശാല ജൈവമാലിന്യങ്ങൾ ഉപയോഗിച്ച് മൃഗങ്ങൾക്കുള്ള പോഷകാഹാര നിർമ്മാണ കേന്ദ്രം സ്ഥാപിക്കലും.
- കമ്പ്യൂട്ടറൈസ്ഡ് ഓഫീസ് സംവിധാനം ആരോഗ്യ മേഖലയിലെ ഓഫീസുകളിലും ആശുപത്രികളിലും നടപ്പാക്കൽ.
- ഇതര സംസ്ഥാന തൊഴിലാളികൾ ധാരാളമായി താമസിക്കുന്ന പ്രദേശങ്ങളിൽ സാറ്റലൈറ്റ് ഡിസ്പെൻസറികൾ ആരംഭിക്കൽ.
- ക്യാൻസർ ചികിത്സയ്ക്കായി ജില്ലയിൽ അത്യാധുനികസൗകര്യങ്ങളോടു കൂടിയ ആശുപത്രി ആരംഭിക്കൽ (എൻഡോസൾഫാൻ ദുരിത ബാധിത പ്രദേശങ്ങളിൽ).
- മാനസികാസ്വാസ്ഥ്യം നേരിടുന്നവരെ പരിചരിക്കുന്നതിനായി പ്രത്യേക വിഭാഗം ആരംഭിക്കൽ.

ആശുപത്രികളിൽ ആർ.എം.ഒ. ക്വാർട്ടേഴ്സ്, പേ വാർഡ് എന്നിവ നിർമ്മിക്കൽ.

- ജില്ലയിലെ C.D Block, Health Block എന്നിവ ഏകീകരിക്കലും (നിലവിൽ 6 C.D Blo-ck, 7 Health Block) അതിലൂടെ പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കലും.
- എൻഡോസൾഫാൻ മേഖലയിലെ തെരഞ്ഞെടുത്ത പ്രദേശത്ത് ഹോമിയോപ്പതി, അലോപ്പതി, ആയുർവ്വേദം എന്നീ രീതികൾ ഏകോപിപ്പിച്ചു കൊണ്ടുള്ള ചികിത്സാ കേന്ദ്രം ആരംഭിക്കൽ.
- ജില്ലയിലെ സാമൂഹ്യാരോഗ്യസ്ഥാപനങ്ങളിൽ യോഗ, വ്യായാമ കേന്ദ്രങ്ങൾ ആരംഭിക്കൽ.
- സ്ത്രീകൾക്കും കുട്ടികൾക്കും അനുവദിക്കപ്പെട്ട ആശുപത്രി അടിസ്ഥാന സൗകര്യമൊരുക്കി പ്രവർത്തനസജ്ജമാക്കൽ.
- മത്സ്യത്തൊഴിലാളികളുടെ ആരോഗ്യപരിപാലനത്തിനായി തീരപ്രദേശങ്ങളിലെ ആരോഗ്യകേന്ദ്രങ്ങളിൽ കിടത്തി ചികിത്സയ്ക്കുള്ള സൗകര്യമൊരുക്കൽ.
- എസ്.ടി മേഖലയിലെ ആരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സയ്ക്കുള്ള സൗകര്യമൊരുക്കൽ.
- സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലുമുള്ള ആശുപത്രികളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കൽ.
- ആശുപത്രികളിൽ സോളിഡ് വേസ്റ്റ് മാനേജ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കൽ.
- താലൂക്കാശുപത്രികളിൽ ട്രോമാകെയർ യൂണിറ്റ്, ബ്ലഡ് ബാങ്ക്, ആധുനിക ലബോറട്ടറി, എക്സറേ യൂണിറ്റ്, മരുന്ന് വിതരണ കൗണ്ടർ, ഡയാലിസിസ് യൂണിറ്റ്, ആംബുലൻസ് എന്നിവ ഒരുക്കൽ.
- ജില്ലയിലെ എല്ലാ പി.എച്ച്.സി.കളെയും സി.എച്ച്.സി. കളാക്കി ഉയർത്തൽ.
- കാസറഗോഡ് ജനറൽ ആശുപത്രിയോടു ചേർന്ന് വുമൺ & ചൈൽഡ് ആശുപത്രി ആരംഭിക്കൽ.
- കാസറഗോഡ് ജനറൽ ആശുപത്രിക്കു മുമ്പിൽ അണ്ടർ പാസേജ് നിർമ്മിക്കൽ.
- കാസറഗോഡ് ജനറൽ ആശുപത്രിയിൽ കാർഡിയോ കാത്ത്ലാബ്, നെഫ്രോളജി, ക്യാൻസർ വാർഡ്, ആക്സിഡന്റ് ആന്റ് ട്രോമാ കെയർ യൂണിറ്റ്, പാലിയേറ്റീവ് കെയർ യൂണിറ്റ് ആന്റ് വാർഡ് ഡീ അഡിക്ഷൻ സെന്റർ, പവർ ലോണ്ട്രി, സീ വേജ് പ്ലാന്റ് തുടങ്ങിയവ ആരംഭിക്കൽ.
- മോഡൽ ജീവിതശൈലി രോഗ നിയന്ത്രണ ആശുപത്രികൾ നിലവിൽ വരുത്തൽ.
- ജില്ലാ സ്പോർട്സ് കൗൺസിലിന്റെ അനുബന്ധമായി സ്പോർട്സ് മെഡിസിനു മാത്രമായി ഒരു പ്രത്യേക ആശുപത്രി/ഡിസ്പെൻസറി ആരംഭിക്കൽ.
- വന്ധ്യതാ നിവാരണത്തിന് മാത്രമായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ ഹൈടെക് ആശുപത്രി. ആരംഭിക്കൽ.
- ദുർഘട പ്രദേശങ്ങളിൽ മൊബൈൽ ഡിസ്പെൻസറികൾ സ്ഥാപിക്കൽ.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- സാമൂഹ്യവും വ്യക്തിപരവുമായ ആരോഗ്യശീലങ്ങൾ വളർത്തിയെടുക്കുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.
- പൊതു ജനാരോഗ്യ പ്രവർത്തനങ്ങൾ- ഫീൽഡ് തല രോഗപ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവ പ്രാവർത്തികമാക്കൽ.
- ജീവിത ശൈലീ രോഗങ്ങൾ ആദ്യഘട്ടത്തിൽ തന്നെ കണ്ടെത്തുന്ന ക്ലിനിക്കുകൾ ആരംഭിക്കൽ.
- രോഗപ്രതിരോധപ്രവർത്തനത്തിന് ആരോഗ്യ മേഖലയുടെ ഏകോപനം സാധ്യമാക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് പരിഗണനയും സഹായവും നൽകൽ.
- ആരോഗ്യ-ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതികൾക്ക് വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ നടപ്പിലാക്കൽ.
- ആരോഗ്യ സ്ഥാപനങ്ങളിൽ ആവശ്യമായ ഉപകരണങ്ങളുടെയും മരുന്നുകളുടെയും ലഭ്യ

ത ഉറപ്പുവരുത്തൽ.

- വാഹനാപകടങ്ങൾ പറ്റിയവരെ പരിചരിക്കുന്നതിനും ആശുപത്രിയിൽ എത്തിക്കുന്നതിനും ആവശ്യമായ പരിശീലനവും, പ്രോത്സാഹന പദ്ധതിയും ആവിഷ്ക്കരിക്കൽ. ജില്ലയിൽ ദേശീയപാത മേഖലകളിലെ ആശുപത്രികളിൽ ട്രോമോ കെയർ സംവിധാനം സജ്ജമാക്കൽ.
- പകർച്ചവ്യാധി പ്രതിരോധത്തിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ആരോഗ്യ വകുപ്പുമായി ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കൽ.
- ആർദ്രം പദ്ധതിയുടെ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായി ഏകോപിപ്പിക്കൽ.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ വാർഡുകളിലും സ്ത്രീകൾക്കുള്ള വ്യായാമ യോഗ കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
- ദുർഘടപ്രദേശങ്ങളിലേക്കായി മൊബൈൽ ഡിസ്പെൻസറികൾ ഏർപ്പെടുത്തൽ.
- പാലിയേറ്റീവ് പരിചരണത്തിന് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സജ്ജമാക്കൽ.
- വിനോദസഞ്ചാരകേന്ദ്രങ്ങളിൽ പ്രഥമ ശുശ്രൂഷയടക്കമുള്ള മെഡിക്കൽ സഹായം ലഭ്യമാക്കൽ.
- ബ്ലോക്ക് തലത്തിലുള്ള ആശുപത്രികളിൽ അൾട്രാ സൗണ്ട് സ്കാനിംഗ്, ദ്രുതപരിചരണ സംവിധാനം, ഫിസിയോതെറാപ്പി യൂണിറ്റ്, എക്സ്റേ, ഓട്ടോമേറ്റഡ് ലാബ് ഫെസിലിറ്റി എന്നിവ സജ്ജമാക്കൽ
- ജില്ലാ ആശുപത്രിയിൽ എം.ആർ.ഐ. സ്കാൻ, അൾട്രാസൗണ്ട് സ്കാൻ, ഇ.സി.ജി. സംവിധാനം, എക്സ്റെ, ഓട്ടോമേറ്റഡ് കമ്പ്യൂട്ടറൈസ്ഡ് ലാബ്, ഫിസിയോതെറാപ്പി, പാലിയേറ്റീവ് കെയർ എന്നിവയ്ക്കുള്ള സംവിധാനങ്ങൾ സജ്ജീകരിക്കൽ.
- പട്ടികവർഗ്ഗകോളനികളിൽ കൗൺസിലിംഗ് സെന്ററുകൾ, ലഹരിമുക്തി സെന്ററുകൾ എന്നിവ ആരംഭിക്കൽ.
- ആശുപത്രികളിൽ രോഗീ സൗഹൃദ അന്തരീക്ഷത്തിനാവശ്യമായ സൗകര്യങ്ങളും സജ്ജീകരണങ്ങളും ഒരുക്കൽ.
- ആശുപത്രികൾ അംഗപരിമിത സൗഹൃദമാക്കൽ
- ബ്ലോക്കുതല ആശുപത്രികളിൽ ജീവിതശൈലീ രോഗം, പാലിയേറ്റീവ് കെയർ എന്നിവയ്ക്ക് ശ്രദ്ധ നൽകാനുള്ള പദ്ധതി ആവിഷ്കരിക്കൽ
- എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ക്യാൻസർ പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി നിർവ്വഹണം (ഏർലി ക്യാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം, ക്യാമ്പെയിൻ പ്രവർത്തനം തുടങ്ങിയവ) നടത്തൽ.

മാതൃകാപ്രൊജക്ട് ആശയങ്ങൾ

- വയോജന പരിപാലനം:പകൽ വീട് (പഞ്ചായത്ത് തലത്തിൽ ആരംഭിക്കൽ)
- ജീവിതശൈലീ രോഗ നിയന്ത്രണത്തിന് യോഗ, വ്യായാമ കേന്ദ്രങ്ങൾ (പഞ്ചായത്ത് തലത്തിൽ) സംയുക്ത പാലിയേറ്റീവ് പരിചരണം
- കാൻസർ ബോധ വൽക്കരണ പ്രതിരോധ പ്രവർത്തനങ്ങൾ
- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ നേരത്തെ കണ്ടെത്തുന്നതിനും പരിചരിക്കുന്നതിനും വേണ്ട സംയുക്ത പ്രൊജക്ടുകൾ അംഗൺവാടി തലത്തിൽ ആവിഷ്ക്കരിക്കൽ.
- എൻഡോസൾഫാൻ മേഖലയിൽ, തെരഞ്ഞെടുക്കപ്പെട്ട സ്ഥലത്ത് ഹോമിയോപ്പതി, അലോപ്പതി, ആയുർവ്വേദം എന്നീ രീതികൾ ഏകോപിപ്പിച്ചു കൊണ്ടുള്ള ചികിത്സാ കേന്ദ്രം ആരംഭിക്കൽ.

ഭാരതീയചികിത്സവകുപ്പ്

ജില്ലയിൽ ഭാരതീയ ചികിത്സ വകുപ്പിന് കീഴിൽ 5 ആശുപത്രികൾ, 37 ഡിസ്പെൻസറികൾ, 9 എൻ.എച്ച്.എം ഡിസ്പെൻസറികൾ ചേർന്ന് ആകെ 51 സ്ഥാപനങ്ങൾ നിലവിലുണ്ട്. 37 ഡിസ്പെൻസറികളിൽ ഒന്ന് യുനാനി ഡിസ്പെൻസറിയാണ്. കാസർഗോഡിന് വടക്ക് ഭാഗത്ത് മഞ്ചേശ്വരം, കാറഡുക്ക ബ്ലോക്കുകളിൽ കിടത്തി ചികിത്സിക്കാനുള്ള സ്ഥാപനങ്ങളൊന്നും ഇല്ല. ജില്ലയിൽ ഉള്ള അഞ്ച് ആശുപത്രികളിൽ നാലെണ്ണവും കാഞ്ഞങ്ങാട്, നീലേശ്വരം ബ്ലോക്കുകളിലാണ്. പടന്നക്കാടിന് വടക്ക് ഭാഗത്തായി കാസർഗോഡ് ആശുപത്രി മാത്രമാണുള്ളത്. മഞ്ചേശ്വരം, കാറഡുക്ക, നീലേശ്വരം, പരപ്പ ബ്ലോക്കുകളിൽ കിടത്തി ചികിത്സയുള്ള ആശുപത്രികൾ തുടങ്ങേണ്ടതുണ്ട്. ജില്ലയിൽ ഭാരതീയ ചികിത്സാ വകുപ്പിൻ കീഴിൽ 5 ആശുപത്രികൾ, 37 ഡിസ്പെൻസറികൾ, 9 എൻ.എച്ച്.എം ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. ആശുപത്രികളിൽ കിടക്കകളുടെ എണ്ണം വർദ്ധിപ്പിച്ച് കൂടുതൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കേണ്ടതുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ സംസ്ഥാനാവിഷ്കൃതമായ പല പദ്ധതികളും നടന്നുവരുന്നു. ആയുഷ്യം പദ്ധതി പ്രകാരം ജീവിതശൈലി രോഗങ്ങൾക്ക് കാസർഗോഡ് ആശുപത്രി, ചീമേനി ആശുപത്രി എന്നിവിടങ്ങളിൽ സൗജന്യ ചികിത്സ നൽകി വരുന്നു. സ്നേഹധാര പദ്ധതി പ്രകാരം കിടപ്പിലായ രോഗികൾക്കായി ഗൃഹസന്ദർശനവും സൗജന്യ ചികിത്സയും നടത്തിവരുന്നു. 16 പഞ്ചായത്തുകളിലെ ആയുർവേദ ഹെൽത്ത്സെന്ററുകൾ വഴി ഇരുപതിലധികം രോഗികളെ വീതം ഓരോ സ്ഥാപനത്തിലും ശുശ്രൂഷിച്ചു വരുന്നു. കുട്ടികളിൽ ഉണ്ടാകുന്ന ശാരീരിക മാനസിക പ്രശ്നങ്ങൾ നേരിടാനായി കൗമാരഭൃത്യ പദ്ധതി കാസർഗോഡ് ആശുപത്രിയിലും പടന്നക്കാട് ആശുപത്രി

യിലും നടന്നുവരുന്നു. കരൾരോഗ മുക്തി പദ്ധതി പ്രകാരം ജില്ലയിലെ 100 രോഗികൾക്ക് സൗജന്യരക്തപരിശോധന, സ്കാനിംഗ് ആറ് മാസത്തെ സൗജന്യ ചികിത്സ എന്നിവ നൽകിവരുന്നു. സ്ത്രീരോഗങ്ങൾ നേരിടാനായി പ്രസൂതി പദ്ധതി പടന്നക്കാട് ജില്ലാ ആശുപത്രിയിൽ നടപ്പിലാക്കിവരുന്നു. വിദ്യാർത്ഥികളുടെ ശാരീരിക മാനസിക വളർച്ചയ്ക്കായി ബാലമുകുളം പദ്ധതിയും സ്കൂൾ കുട്ടികളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് പ്രസാദം പദ്ധതിയും നടന്നുവരുന്നു. വൃദ്ധജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി പല പഞ്ചായത്തുകളിലും വൃദ്ധജന സ്പെഷ്യൽ ഒ.പി. യും സൗജന്യ മരുന്ന് വിതരണവും നടത്തി വരുന്നു. വൃദ്ധജനങ്ങളെ കിടത്തി ചികിത്സിക്കാൻ വൃദ്ധജന പരിപാലന പദ്ധതി പ്രകാരം സാധിക്കുന്നു. ജില്ലാ ആശുപത്രിയിൽ മാനസികം എന്ന പേരിൽ മാനസികാരോഗ്യ സംരംക്ഷണ പ്രൊജക്ട് നടപ്പിലാക്കിവരുന്നു. കിടത്തി ചികിത്സിക്കുന്നവർക്കും ഒ.പിയിൽ എത്തുന്നവർക്കും പടന്നക്കാട്, കാസറഗോഡ്, മടിക്കൈ എന്നിവിടങ്ങളിൽ പഞ്ചകർമ്മ പദ്ധതി, ഭാരതീയ ചികിത്സാ വകുപ്പ് നടപ്പിലാക്കി വരുന്നു. പ്രകൃതി ചികിത്സ, സിദ്ധ വൈദ്യം എന്നിവയുടെ പ്രൊജ്ക്ടും നടപ്പിലാക്കുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരായ ദമ്പതികളുടെ വന്ധ്യതാനിവാരണത്തിനായി ചീമേനി ആശുപത്രിയിൽ നിർവിഷ എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ജീവിത ശൈലി രോഗങ്ങളെ നേരിടാനും ശാരീരിക മാനസിക ആരോഗ്യം വർദ്ധിപ്പിക്കാനുമായി യോഗ പരിശീലനം ജില്ലയിലെ പല സ്ഥാപനങ്ങളിലും നൽകി വരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെടുത്തി സാന്ത്വനം എന്ന പേരിൽ എൻഡോസൾഫാൻ ബാധിത രോഗികളെ വീട്ടിൽ ചെന്ന് പരിശോധിച്ച് ഔഷധം നൽകുന്നതിനുള്ള മൊബൈൽ യൂണിറ്റ് 11 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുന്നു. ഭക്ഷണ രീതിയും യോഗയും സംയോജിപ്പിച്ച്, പ്രകൃതി ചികിത്സാ ഡോക്ടറുടെ നേതൃത്വത്തിൽ ആയുഷ് വെൽനസ് സെന്റർ പ്രവർത്തിക്കുന്നു. യോഗ പരിശീലനവും ജൈവകൃഷി ഔഷധകൃഷി എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആയുഷ് ഗ്രാമം പദ്ധതിയായി ഉദുമയിൽ നടപ്പിലാക്കി വരുന്നു.

ആയുർവേദ രംഗത്ത് സർക്കാർ സ്ഥാപനങ്ങൾക്ക് പുറമെ നിരവധി സ്വകാര്യ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. കാസർഗോഡ് ജില്ലയിൽ മധൂർ പഞ്ചായത്തിൽ ഡോ. നരഹരിയുടെ നേതൃത്വത്തിൽ ആയുർവേദം, ആധുനീക വൈദ്യശാസ്ത്രം, ഹോമിയോ, പ്രകൃതി ചികിത്സ, യോഗ തുടങ്ങിയ ചികിത്സാരീതികൾ സമന്വയിപ്പിച്ച് കൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡർമറ്റോളജി. നീലേശ്വരത്ത് കാൽ നൂറ്റാണ്ടിലധികമായി യോഗ പ്രകൃതി ചികിത്സയ്ക്ക് പ്രാമുഖ്യം നൽകുന്ന സ്ഥാപനമാണ് കാവിൽ ഭവൻ. പെർളയിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് ഉക്കിനെടുക്ക സഹസ്രാക്ഷ ആയുർവേദ ആശുപത്രി. പള്ളിക്കര പഞ്ചായത്തിൽ യോഗ, പ്രകൃതി ചികിത്സ, ആയുർവേദം, സിദ്ധ ചികിത്സാ ശാഖകളെ സമന്വയിപ്പിച്ച് കൊണ്ട് ചികിത്സ നടത്തിവരുന്ന സ്വകാര്യ സ്ഥാപനമാണ് സൗഖ്യ വെൽനസ് സെന്റർ. ചെറുവത്തൂരിൽ ധന്വന്തരി ആയുർവേദ ആശുപത്രി പ്രവർത്തിക്കുന്നു. ജില്ലയിലെ ഇരിയയിൽ സത്യസായി സേവാഗ്രമത്തിൽ ആയുഷ് ഹോളിസ്റ്റിക് സെന്റർ നാഷണൽ ആയുഷ് മിഷന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു.

വികസനസാധ്യതകൾ.

- ജില്ലയുടെ വടക്കൻ പ്രദേശങ്ങളിൽ (മഞ്ചേശ്വരം, കാറഡുക്ക ബ്ലോക്കുകളിൽ) കിടത്തി ചികിത്സിക്കുള്ള ആശുപത്രിയുടെ ആവശ്യകത.
- ജില്ലയിലെ ആയുർവ്വേദ ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് തസ്തികകളുടെ അനിവാര്യത
- സ്പോർട്സ് ആയുർവേദ ആശുപത്രി ആധുനിക കാലഘട്ടത്തിൽ അനിവാര്യമാണ്.
- മനോരോഗ ചികിത്സയ്ക്കായി ആധുനിക സൗകര്യങ്ങളോടെ ആശുപത്രി ആരംഭിക്കൽ.
- ബേക്കൽ, റാണിപുരം, കോട്ടച്ചേരി, വലിയപറമ്പ എന്നിവടങ്ങളിൽ ഹെൽത്ത് ടൂറിസം വികസിപ്പിക്കൽ.
- ആയുഷ് വകുപ്പും, ഗ്രാമപഞ്ചായത്തുകളും ഔഷധസസ്യ ബോർഡുമായി സഹകരിച്ച് ഔഷധസസ്യകൃഷി വ്യാപകമാക്കലും ഔഷധ സസ്യതോട്ടം സ്ഥാപിക്കലും.

പട്ടിക 4.2.1.8: ജില്ലാ ഭാരതീയ ചികിത്സ വകുപ്പിനു കീഴിലുള്ള ആശുപത്രികൾ

ആശുപത്രികൾ	തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ	കിടക്കകളുടെ എണ്ണം
ജില്ലാ ആശുപത്രി, പടന്നക്കാട്	കാഞ്ഞങ്ങാട്മുൻസിപാലിറ്റി	50
ഗവ. ആയുർവ്വേദ ആശുപത്രി മടിക്കൈ	മടിക്കൈ ഗ്രാമപഞ്ചായത്ത്	10
ഗവ. ആയുർവ്വേദ ആശുപത്രി, ചീമേനി	കയ്യൂർ ഗ്രാമ പഞ്ചായത്ത്	10
ഗവ. ആയുർവ്വേദ ആശുപത്രി കൊയങ്കര	തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്	20
ഗവ.ആയുർവ്വേദ ആശുപത്രി കാസർഗോഡ്	കാസർഗോഡ് മുൻസിപാലിറ്റി	30

മേൽ സ്ഥാപനങ്ങളിൽ ലാബ്, ഫിസിയോതെറാപ്പി, യോഗ-മെഡിറ്റേഷൻ ഹാൾ, പഞ്ചകർമ്മ തിയേറ്റർ, ലൈബ്രറി, അടുക്കളത്തോട്ടം, പ്രകൃതി ചികിത്സ രീതിയിൽ ഭക്ഷണമൊരുക്കാനുള്ള കാന്റീൻ, കോൺഫറൻസ് ഹാൾ, വാട്ടർ റീ ചാർജിംഗ് സിസ്റ്റം, സോളാർ സിസ്റ്റം, ഭൂഗർഭജലസംഭരണി, ഔഷധ ഫലവൃക്ഷത്തോട്ടം എന്നിവയും ഒരുക്കേണ്ടതാണ്.

മേഖലയിലെ പ്രശ്നങ്ങളും വികസന വിടവുകളും വികസന സാധ്യതകളും

- ജില്ലയിൽ 2 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തിക മാത്രമെ നിലവിലുള്ളൂ - ജില്ലയിലെ എല്ലാ ആശുപത്രികളിലും കിടക്കകളുടെ എണ്ണം കുറവാണ്. ആവശ്യമായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവമുണ്ട്. ഫിസിയോ തെറാപ്പി, ലാബ്, എക്സ് -റേ തുടങ്ങി അത്യാവശ്യം വേണ്ട സൗകര്യങ്ങൾ പരിമിതമാണ്.
- മഞ്ചേശ്വരം, കുമ്പള, കുമ്പഡാജെ, പൈവളികെ തുടങ്ങിയ പഞ്ചായത്തുകളിൽ കിടത്തി ചികിത്സാസൗകര്യമുള്ള ആയുർവ്വേദ ആശുപത്രികൾ ഇല്ല.
- പടന്നക്കാട് ജില്ലാ ആയുർവേദ ആശുപത്രിയിൽ മർമ്മ ചികിത്സാ വിഭാഗത്തിൽ ആയിരക്കണക്കിനാളുകൾ ചികിത്സക്കെത്തുന്നുണ്ട്. അതോടൊപ്പം ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നും കോളേജുകളിൽ നിന്നും സ്പോർട്സിൽ പ്രാവീണ്യം തെളിയിച്ച കുട്ടികളും ആയുർവേദ ചികിത്സയ്ക്കായെത്തുന്നുണ്ട്. എന്നാൽ സ്പോർട്സ് & മർമ്മ ആയുർവേദ ആശുപത്രിയോ ചികിത്സക്കുള്ള സൗകര്യങ്ങളോ ജില്ലയിൽ തീരെ കുറവാണ്.
- മാനസിക പ്രശ്നങ്ങളും മനോരോഗങ്ങളും കൂടിവരുന്ന ഇക്കാലത്ത് അവയുടെ ചികിത്സക്കുള്ള പ്രത്യേക ആശുപത്രി ജില്ലയിലില്ല.
- പടന്നക്കാട് ജില്ലാശുപത്രിക്ക് പരിമിതമായ സ്ഥലസൗകര്യം മാത്രമാണുള്ളത്. അതിനാൽ ജില്ലാ ആശുപത്രിയുടെ അനക്സ് - നേത്ര - സ്ത്രീ-രോഗ - ശിശുരോഗ വിഭാഗങ്ങൾക്ക് വിപുലമായ സൗകര്യമൊരുക്കാൻ സാധിക്കുന്നില്ല.
- ബേക്കൽ, റാണിപുരം, കോട്ടഞ്ചേരി, വീരമലകുന്ന്, വലിയപറമ്പ തുടങ്ങി ടൂറിസം രംഗത്ത് അനന്തസാധ്യതകളുള്ള പ്രദേശങ്ങളിൽ ശാസ്ത്രീയ ആയുർവ്വേദ ചികിത്സക്കു വേണ്ട ആസ്പത്രികളോ, സൗകര്യങ്ങളോ ഇല്ല.
- ഔഷധി മോഡൽ ആയുർവ്വേദ ഔഷധ നിർമ്മാണ യൂണിറ്റ് കാസർഗോഡ് ജില്ലയിലില്ല. (ആവശ്യമായ അസംസ്കൃത വസ്തുക്കളും പച്ചമരുന്നുകളും കിട്ടുന്നതിനുള്ള സാധ്യത ജില്ലയിലുണ്ട്, സ്ഥല ലഭ്യതയും ഏറെയുണ്ട്.)
- ജില്ലയിലെ മൊഗ്രൽ പഞ്ചായത്തിലെ യുനാനി ഡിസ്പെൻസറി സംസ്ഥാനത്തെ സർക്കാർ മേഖലയിലുള്ള ഏക സ്ഥാപനമാണ്. എന്നാൽ ഇത് കിടത്തി ചികിത്സിക്കാനുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തിട്ടില്ല.

നിർദ്ദേശങ്ങൾ

- IAD (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡർമറ്റോളജി) മോഡൽ സംയോജിത ചികിത്സ സ്ഥാപനങ്ങൾ- ജീവിതശൈലി രോഗ നിയന്ത്രണത്തിന് അത്യാവശ്യമാണ്. ത്രിതലപഞ്ചായത്തുകളും ആയുഷ് വകുപ്പും സംയുക്തമായി ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്യണം. (പോഷകാംശങ്ങളുടെ കുറവ്- ഇലയറിവുകൾ- കിഴങ്ങു കൃഷി അറിവുകൾ, യോഗ പ്രചാരണം- യോഗ മെഡിക്കൽ ക്യാമ്പുകൾ -ചികിത്സ എന്നിവയ്ക്കുള്ള ബോധവൽക്കരണം മുതലായവ സംയോജിതമായി ചെയ്യാൻ സാധിക്കും.

എൻഡോസൾഫാൻ മേഖല

- എൻഡോസൾഫാൻ ബാധിത പഞ്ചായത്തുകളിൽ അധിവസിക്കുന്നവർക്ക് ഭാവിയിൽ രോഗങ്ങളൊന്നും വരാതെ ആരോഗ്യത്തോടെ ജീവിക്കുന്നതിനും വൈകല്യങ്ങൾ ഇല്ലാത്ത കുട്ടികൾ ഉണ്ടാകുന്നതിനും അനുയോജ്യമായ ഔഷധങ്ങളും ബോധവത്കരണവും നല്കുന്നതിനായി പഞ്ചകർമ്മ ചികിതിസയിലധിഷ്ഠിതമായ 'രസായന ചികിത്സ', 'നിരാമയം' എന്ന പേരിൽ ആയുഷ് വകുപ്പ് മുഖേന നടപ്പിലാക്കാവുന്നതാണ്. ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ സംയുക്താഭിമുഖ്യത്തിൽ പദ്ധതി നടപ്പിലാക്കാം.

ഹ്രസ്വകാല നിർദ്ദേശങ്ങൾ

ജില്ലയിലെ ഡിസ്പെൻസറികളിൽ അതാത് ഗ്രാമ പഞ്ചായത്തിന്റെ സഹകരണത്തോടെ ആവശ്യമായ തെറാപ്പിസ്റ്റുകളെ വച്ച് പഞ്ചകർമ്മ ചികിത്സ നടത്താൻ സൗകര്യമൊരുക്കേണ്ടതാണ്.

മേൽത്തട്ട് - കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

സംസ്ഥാന സർക്കാർ - ജില്ലാ പഞ്ചായത്ത്- ബ്ലോക്ക് - ഗ്രാമ പഞ്ചായത്തുകൾ സംയുക്തമായി അന്തർദേശീയ നിലവാരമുള്ള ശാസ്ത്രീയ ആയുർവേദ ചികിത്സ നൽകുന്ന അന്തർദേശീയ ആയുർവേദ കേന്ദ്രം (മർമ്മ - നേത്ര - സ്ത്രീരോഗ - പഞ്ചകർമ്മ സ്പെഷ്യാലിറ്റികളും ആധുനിക സൗകര്യങ്ങളുമുള്ള സംവിധാനം) സ്ഥാപിക്കണം.

- യുനാനി ചികിത്സക്ക് കിടത്തിചികിത്സാസൗകര്യം
- മാനസികാരോഗ്യ ചികിത്സക്കായി ജില്ലാതല ആരോഗ്യകേന്ദ്രം സ്ഥാപിക്കൽ

നവകേരളമിഷനുമായുള്ള സംയോജന സാധ്യതകൾ

- ജില്ലയിലെ എല്ലാ ആയുർവേദാശുപത്രികളെയും ആർദ്രം പദ്ധതിയിലൂടെ ആധുനികവൽക്കരിക്കണം.
- ആയുഷ് വകുപ്പും ഗ്രമപഞ്ചായത്തുകളും ഔഷ

ധ സസ്യ ബോർഡുമായി സഹകരിച്ച് ഔഷധസസ്യകൃഷി വ്യാപകമാക്കണം.

- ജില്ലയിൽ സ്പോർട്സ് & മർമ്മ ആയുർവേദ ആശുപത്രി സ്ഥാപിക്കണം.

മാതൃകാ പ്രൊജക്ട് ആശയങ്ങൾ.

- കിഴങ്ങ്- ഇലയറിവ് ക്രന്ദ്രം.
- സാധാരണ പ്രസവകേന്ദ്രം
- ഭക്ഷ്യ സുരക്ഷാ മൊബൈൽ യൂണിറ്റ് (പഞ്ചായത്തുകളിൽ)
- ആശുപത്രികളിൽ എച്ച്.എം.സി.യുടെ നേതൃത്വത്തിൽ കോസ്മറ്റോളജി ക്ലിനിക്ക് (ശാസ്ത്രീയ നേത്ര- ചർമ്മ- ദന്ത- കേശ സംരക്ഷണം).
- സ്ത്രീകൾക്കുമാത്രമുള്ള വ്യായാമ കേന്ദ്രങ്ങൾ (എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളിലും).

◆ കിഴങ്ങ്-ഇലയറിവ് കേന്ദ്രങ്ങൾ

കേരളത്തിൽ നെൽകൃഷി കുറയുന്നു. അരിക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. കൃഷിഭൂമി കുറയുന്നു. നിലവിലുള്ള സ്ഥലത്ത് കൃഷി ചെയ്യാവുന്ന വിവിധ തരത്തിലുള്ള കിഴങ്ങുകൾ കേരളത്തിലുണ്ട്. തിരുവനന്തപുരത്തെ കിഴങ്ങുഗവേഷണ കേന്ദ്രത്തിന്റെ സഹായത്തോടെ ജില്ലയിൽ കിഴങ്ങു കൃഷി വ്യാപകമാക്കിയാൽ ആന്ധ്രയിൽ നിന്ന് അരി വന്നില്ലെങ്കിലും കേരളീയർക്ക് ആവശ്യമായ അന്നജം കുറഞ്ഞവിലയ്ക്ക് കിട്ടുന്നതിനുള്ള സാധ്യത നിലനിൽക്കും. അതുപോലെ തന്നെ ഇലക്കറികളും പഴങ്ങളും പച്ചക്കറികളും ശരിയായ രീതിയിൽ ആഹാരത്തിൽ ഉൾപ്പെടുത്തിയാൽ ജീവിതശൈലി രോഗങ്ങളെ സമർത്ഥമായി പ്രതിരോധിക്കാൻ പറ്റും.

കാലകാലങ്ങളായി നമ്മൾ മാറ്റി നിർത്തുന്ന പോഷക സമ്പന്നമായ ചൊറിതണം, പൊന്നാങ്കണ്ണി ചീര, കാട്ടുചീര, ചേമ്പില, തഴുതാമ, ആഫ്രിക്കൻ തുളസി, അലങ്കാര ചീര തുടങ്ങിയ നൂറോളം ഇലകൾ എങ്ങനെ സ്വാദിഷ്ട വിഭവങ്ങളായി പാചകം ചെയ്തുപയോഗിക്കാമെന്ന് പഠിപ്പിക്കുന്ന 'കിഴങ്ങ്-ഇലയറിവ് കേന്ദ്രങ്ങൾ' ജില്ലയിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ തുടങ്ങാൻ കഴിയും. കുടുംബശ്രീ, സി.ഡി.എസ്, അംഗൻവാടികൾ വഴി താല്പര്യമുള്ള വനിതകൾക്കെല്ലാം പരിശീലനം നൽകാവുന്നതാണ്.

◆ സാധാരണ പ്രസവകേന്ദ്രങ്ങൾ

ജില്ലയിൽ ഒന്നോ രണ്ടോ സാധാരണ പ്രസവ കേന്ദ്രങ്ങൾ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്ന തരത്തിൽ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ തുടങ്ങാവുന്നതാണ്. സാധാരണ പ്രസവത്തിലൂടെ ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് രോഗ പ്രതിരോധ ശക്തി കൂടുതലായിരിക്കും. പരിഷ്കൃത വിദേശ രാജ്യങ്ങൾ പോലും സാധാരണ പ്രസവത്തെ പ്രോത്സാഹിപ്പിക്കുന്നു. ഇത്തരം കേന്ദ്രങ്ങളിൽ മാനസിക ഉല്ലാസത്തിനുള്ള സൗകര്യങ്ങൾ -പൂന്തോട്ടം, സംഗീതം, സ്ത്രീകളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള യോഗ- വ്യായാമ സൗകര്യങ്ങൾ, ജൈവ ഭക്ഷണം കിട്ടുന്നതിനുള്ള സംവിധാനങ്ങൾ, അത്യാവശ്യ സന്ദർഭങ്ങളെ നേരിടുന്നതിനുള്ള ആംബുലൻസ് സൗകര്യം തുടങ്ങിയവ ഉണ്ടാകണം.

- സ്ത്രീകൾക്കു മാത്രമുള്ള വ്യായാമ കേന്ദ്രങ്ങൾ (Physical Fitness Center for Women)

കേരളീയ സമൂഹത്തിൽ വ്യായാമമില്ലായ്മ പ്രധാന പ്രശ്നമായി വരികയാണ്. സ്ത്രീകളിൽ വ്യായാമക്കുറവിന്റെ പ്രത്യാഘാതം വളരെയധികമാണ്. സ്ത്രീകൾക്കാരോഗ്യമില്ലെങ്കിൽ ഉണ്ടാകുന്ന കുഞ്ഞുങ്ങൾക്കും ആരോഗ്യമുണ്ടാകില്ല. അതുകൊണ്ട് തന്നെ വാർഡുകൾതോറും സ്ത്രീകൾക്കുള്ള വ്യായാമ കേന്ദ്രങ്ങളുണ്ടാക്കുവാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ശ്രദ്ധിക്കണം.

കൗമാരക്കാരായ പെൺകുട്ടികൾ ശരിയായ മാനസികാരോഗ്യത്തോടെയല്ല ഇന്ന് വളർന്നു വരുന്നത്. ഹൈടെക് ഉല്പന്നങ്ങളായ മൊബൈൽ ഫോണും നവമാധ്യമങ്ങളുമൊക്കെ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കൗൺസിലിംഗ് നൽകുന്നതിന് കഴിവുള്ളവരുടെ സേവനവും ഇത്തരം കേന്ദ്രങ്ങളിൽ ഏർപ്പെടുത്താവുന്നതാണ്.

മായം നിറഞ്ഞതും വിഷമയവുമായ ഭക്ഷ്യ പദാർത്ഥങ്ങളുടെ വിപണനവും ഉപയോഗവും തടയാനും, പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും സഹായകമായ ഭക്ഷ്യ സുരക്ഷാ മൊബൈൽ യൂണിറ്റ് പരിശോധനാ സംവിധാനം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആരംഭിച്ച് പ്രവർത്തനസജ്ജമാക്കണം.

ഔഷധസസ്യകൃഷി

ജില്ലയിലെ തരിശുഭൂമിയിലും പുറമ്പോക്ക് സർക്കാർ ഭൂമിയിലും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി ഔഷധ സസ്യകൃഷി നടത്തുന്നത് ഏറെ ഗുണകരമായിരിക്കും. അന്യം നിന്നുപോകുന്ന ഔഷധ സസ്യങ്ങളെ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനും ഔഷധ നിർമ്മാണത്തിനും ഇവയെ പ്രയോജനപ്പെടുത്താൻ സാധിക്കും. അതുപോലെ വിദ്യാലയങ്ങളിലും ഔഷധ സസ്യകൃഷി നടപ്പിലാക്കാവുന്നതാണ്.

ഹോമിയോപ്പതി

അടുത്ത നൂറ്റാണ്ടിന്റെ വൈദ്യശാസ്ത്രം എന്നറിയപ്പെടുന്ന ഹോമിയോപ്പതി ഇന്ന് സാധാരണക്കാരുടെ ചികിത്സാരീതിയായി അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്. ഈ വളർച്ചയ്ക്കനുസരിച്ച മാറ്റം ജില്ലയിലെ ഹോമിയോപ്പതി വകുപ്പിന്റെ പ്രവർത്തനങ്ങളിലും പ്രതിഫലിക്കേണ്ടതുണ്ട്.

പൊതു വിവരങ്ങൾ

കുറഞ്ഞ വർഷത്തിനിടയിൽ ഹോമിയോപ്പതി ചികിത്സ തേടിയെത്തുന്നവരുടെ എണ്ണം ജില്ലയിൽ ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. 2008-09 ൽ 576909 പേർ ഹോമിയോപ്പതി ചികിത്സ തേടിയപ്പോൾ 2016-17 ൽ അത് 912970 ആയി വർദ്ധിച്ചു.

മേഖലയിലെ നിലവിലുള്ള ഇടപെടലുകൾ

ജില്ലയിൽ വ്യാപിച്ചുകിടക്കുന്ന 30 ചികിത്സാ കേന്ദ്രങ്ങളിലൂടെയാണ് നിലവിൽ ഹോമിയോപ്പതി ചികിത്സ ജനങ്ങളിലേക്കെത്തുന്നത്.

ഹോമിയോ ആശുപത്രികൾ

- ഗവ: ജില്ലാ ഹോമിയോ ആശുപത്രി, കാഞ്ഞങ്ങാട്.
- എൻ കെ ബാലകൃഷ്ണൻ സ്മാരക ഗവ: ഹോമിയോ ആശുപത്രി, നീലേശ്വരം
- ഗവ: ഹോമിയോ ആശുപത്രി, കളനാട്

ഹോമിയോ ഡിസ്പെൻസറികൾ

മോഡൽ ഡിസ്പെൻസറികൾ

- ഗവ: മോഡൽ ഹോമിയോ ഡിസ്പെൻസറി, ബേളൂർ
- ഗവ: മോഡൽ ഹോമിയോ ഡിസ്പെൻസറി, ചിറ്റാരിക്കാൽ
- ഗവ: മോഡൽ ഹോമിയോ ഡിസ്പെൻസറി, എരിക്കുളം
- ഗവ: മോഡൽ ഹോമിയോ ഡിസ്പെൻസറി, മഞ്ചേശ്വരം
- ഗവ: മോഡൽ ഹോമിയോ ഡിസ്പെൻസറി, നായന്മാർമൂല
- ഗവ: മോഡൽ ഹോമിയോ ഡിസ്പെൻസറി, കിനാവൂർ
- ഗവ: മോഡൽ ഹോമിയോ ഡിസ്പെൻസറി, പിലിക്കോട്

മറ്റ് ഡിസ്പെൻസറികൾ

- ഗവ: ഹോമിയോ ഡിസ്പെൻസറി, അജാനൂർ
- ഗവ: ഹോമിയോ ഡിസ്പെൻസറി, ബദിയടുക്ക
- ഗവ: ഹോമിയോ ഡിസ്പെൻസറി, ബന്തടുക്ക
- ഗവ: ഹോമിയോ ഡിസ്പെൻസറി, ബാങ്കോട്
- ഗവ: ഹോമിയോ ഡിസ്പെൻസറി, ചീമേനി
- ഗവ: ഹോമിയോ ഡിസ്പെൻസറി, ദേലംപാടി
- ഗവ: ഹോമിയോ ഡിസ്പെൻസറി, എരുമക്കുളം
- ഗവ: ഹോമിയോ ഡിസ്പെൻസറി, കമ്മാടം
- ഗവ: ഹോമിയോ ഡിസ്പെൻസറി, മധൂർ
- ഗവ: ഹോമിയോ ഡിസ്പെൻസറി, മാനടുക്ക
- ഗവ: ഹോമിയോ ഡിസ്പെൻസറി, മംഗൽപാടി
- ഗവ: ഹോമിയോ ഡിസ്പെൻസറി, മീഞ്ച
- ഗവ: ഹോമിയോ ഡിസ്പെൻസറി, പൈവളിഗെ
- ഗവ: ഹോമിയോ ഡിസ്പെൻസറി, പാലച്ചാൽ
- ഗവ: ഹോമിയോ ഡിസ്പെൻസറി, പള്ളിക്കര
- ഗവ: ഹോമിയോ ഡിസ്പെൻസറി, പനത്തടി
- ഗവ: ഹോമിയോ ഡിസ്പെൻസറി, രാജപുരം
- ഗവ: ഹോമിയോ ഡിസ്പെൻസറി, തൈക്കടപ്പുറം
- ഗവ: ഹോമിയോ ഡിസ്പെൻസറി, തൃക്കരിപ്പൂർ
- ഗവ: ഹോമിയോ ഡിസ്പെൻസറി, ഉദുമ

ഹോമിയോപ്പതി വകുപ്പ് ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ

- സീതാലയം- സ്ത്രീകളുടെ ശാരീരിക-മാനസിക ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതി.
- സദ്ഗമയ- കൗമാരക്കാരിലെ പെരുമാറ്റ വൈകല്യ പരിഹാരവുമായി ബന്ധപ്പെട്ട പദ്ധതി
- ആയുഷ് ഹോളിസ്റ്റിക് കെയർ സെന്റർ- ജീവിതശൈലീ രോഗചികിത്സയുമായി ബന്ധപ്പെട്ട യോഗ, പ്രകൃതി ചികിത്സ എന്നിവ സംയോജിപ്പിച്ച് നടത്തുന്ന പ്രത്യേക ചികിത്സാ പദ്ധതി.
- ജെറിയാട്രിക് കെയർ സെന്റർ- വൃദ്ധജനാരോഗ്യ പരിപാലന പദ്ധതി
- പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്റർ- സാന്ത്വന ചികിത്സാ പദ്ധതി

ചിത്രം 4.2.1.1: 2009 മുതൽ 2017 വരെയുള്ള ഒ.പി വിവരങ്ങൾ



ചിത്രം 4.2.1.2: 2010 മുതൽ 2017 വരെയുള്ള ഐ.പി വിവരങ്ങൾ



ചിത്രം 4.2.1.1, 4.2.1.2 എന്നീ 2 ചിത്രങ്ങളും സൂചിപ്പിക്കുന്ന സ്ഥിതി വിവര കണക്കുകൾ ഓരോ വർഷവും ഹോമിയോപ്പതി ചികിത്സ തേടിയെത്തുന്ന ആളുകളുടെ എണ്ണത്തിൽ വർദ്ധനവ് കാണിക്കുന്നു എന്നതാണ്. അതുകൊണ്ടു തന്നെ ഈ മേഖലയിൽ ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് മുഖ്യ പരിഗണന നൽകി പരിഹരിക്കേണ്ടതുണ്ട്.

വികസനനയം

ജില്ലയിൽ ഇന്നും സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ ഈ ചികിത്സാ രീതി അപ്രാപ്യമായവർ ധാരാളമുണ്ട്. തീരെ ചെലവു കുറഞ്ഞതും ജീവശക്തി വർദ്ധിപ്പിക്കുന്നതുമായ ഈ ചികിത്സാ രീതി എല്ലാവരിലേക്കും എത്തിക്കുകയെന്നതാണ് ഹോമിയോ ചികിത്സാ വകുപ്പിന്റെ അടുത്ത ലക്ഷ്യം.

നിർദ്ദേശങ്ങൾ

- ജില്ലയിലെ ഹോമിയോപ്പതി വകുപ്പിന്റെ എല്ലാ സ്ഥാപനങ്ങളിലും ആവശ്യമായ തസ്തികകൾ നിലവിലില്ല. സ്ഥാപനങ്ങളിലെ തസ്തികകളുടെ എണ്ണം ഏകീകരിക്കുകയും ആവശ്യമായ പുതിയ തസ്തിക സൃഷ്ടിക്കേണ്ടതുമാണ്.
- യാത്രാ സൗകര്യം തീരെ കുറവായതുമൂലം ജനങ്ങൾക്ക് എത്തിപ്പെടാൻ പറ്റാത്ത പ്രദേശങ്ങളിലുള്ള ഹോമിയോ ചികിത്സാകേന്ദ്രങ്ങൾ മാറ്റി സ്ഥാപിക്കുകയോ അവയ്ക്ക് ജനവാസമുള്ള കേന്ദ്രങ്ങളിൽ സാറ്റലൈറ്റ് കേന്ദ്രങ്ങൾ തുടങ്ങുകയോ ചെയ്യണം. (ഉദാ:- അജാനൂർ, കമ്മാടം, ദേലംപാടി, മാനടുക്കം ഹോമിയോ ഡിസ്പെൻസറികൾ).
- ആശുപത്രികളിൽ കിടപ്പു രോഗികൾക്ക് ഇന്ന് നിലവിലുള്ള ഭക്ഷണ സംവിധാനം കാലോചിതമായി പരിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കണം.
- ഫ്രന്റ് ഓഫീസ്, പഞ്ചിംഗ്, കമ്പ്യൂട്ടർവൽക്കരിച്ച ഓഫീസ് സംവിധാനം. എല്ലാ ദിവസവും പ്രവർത്തിക്കുന്ന ലാബ് സംവിധാനം (2 ലാബ് ടെക്നീഷ്യന്മാരടക്കം) തുടങ്ങിയവ എല്ലാ ഹോമിയോ സ്ഥാപനങ്ങളിലും ഏർപ്പെടുത്തണം.
- ഭിന്നശേഷി സൗഹൃദ സംവിധാനങ്ങൾ, സോളാർ വൈദ്യുതോല്പാദന സംവിധാനങ്ങൾ, ബയോ മെഡിക്കൽ മാലിന്യ നിർമ്മാർജ്ജന സംവിധാനം തുടങ്ങിയവ എല്ലാ ഹോമിയോ സ്ഥാപനത്തിലും ആരംഭിക്കണം.
- എൻഡോസൾഫാൻ ദുരിത ബാധിതർക്കു വേണ്ടി പ്രത്യേക ആശുപത്രി, ദുരന്തബാധിത പഞ്ചായത്തുകളിലൊന്നിൽ ആരംഭിക്കണം.
- പട്ടികജാതി വികസന വകുപ്പുമായി സഹകരിച്ച് മലയോര മേഖലയിലും കുമ്പള തുടങ്ങിയ തീരപ്രദേശങ്ങളിലും ചുരുങ്ങിയത് 10 കിടക്കകളെങ്കിലുമുള്ള ഹോമിയോ ആശുപത്രി സ്ഥാപിക്കണം.
- ഫിഷറീസ് വകുപ്പുമായി സഹകരിച്ചുകൊണ്ട് തീരപ്രദേശ മേഖലകളിൽ ചുരുങ്ങിയത് 10 കിടക്കകളെങ്കിലുമുള്ള ഹോമിയോ ആശുപത്രി ആരംഭിക്കണം. വലിയപറമ്പ പോലുള്ള കടലോര പ്രദേശങ്ങളിൽ സ്ഥിരം ഡിസ്പെൻസറികൾ ആരംഭിക്കേണ്ടതാണ്.
- സംസ്ഥാന ജലഗതാഗത വകുപ്പുമായി സഹകരിച്ച് വലിയപറമ്പ പ്രദേശത്തെ ദ്വീപു നിവാസികൾക്കായി ഒരു ഒഴുകം ഡിസ്പെൻസറി സ്ഥാപിക്കണം. പരമാവധി സൗകര്യങ്ങളുള്ള ബോട്ടിൽ സജ്ജമാക്കാവുന്ന ഡിസ്പെൻസറി പ്രത്യേക ദിവസങ്ങളിൽ ഓരോ പോയിന്റിൽ എത്തി അവിടെ നിന്ന് പരിശോധന നടത്താവുന്നതുമാണ്.
- സംഘർഷഭരിത കോളനികളുള്ള പ്രദേശങ്ങളിൽ സീതാലയം, ലഹരി മുക്തി പ്രോജക്ടുകൾ നടപ്പിലാക്കണം.

- കളനാട് ആശുപത്രി, പള്ളിക്കര ഡിസ്പെൻസറി എന്നിവയെ ലഭ്യമായ സ്ഥലസൗകര്യം ഉപയോഗപ്പെടുത്തി വിപുലീകരിക്കണം.
- പള്ളിക്കര ഡിസ്പെൻസറിക്ക് നിലവിൽ സ്ഥലസൗകര്യമുള്ളതിനാൽ, അതിനെ ഒരു കാൻസർ സ്പെഷൽ ആശുപത്രിയായി ഉയർത്താവുന്നതാണ്. ഇതിൽ കാൻസർ രോഗ ചികിത്സക്കും പെയിൻ & പാലിയേറ്റീവ് സംവിധാനത്തിനുമുള്ള പ്രത്യേക വിഭാഗങ്ങളും അതോടൊപ്പം ആധുനിക രീതിയിലുള്ള ലാബ്, സ്കാനിംഗ് സംവിധാനങ്ങളും ഒരുക്കാവുന്നതാണ്.
- തൈറോയ്ഡ് പ്രശ്നങ്ങൾക്ക് മാത്രമായി ഒരു റിസർച്ച് സെന്ററും ചികിത്സാ കേന്ദ്രവും ജില്ലയിൽ ഹോമിയോപതി വകുപ്പിന് കീഴിൽ ആരംഭിക്കേണ്ടത് അത്യാവശ്യമാണ്.

ഡിസ്പെൻസറികൾക്കുള്ള നിർദ്ദേശങ്ങൾ

- ജില്ലയിൽ ഗവ: ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത ബേഡഡുക്ക, ബെള്ളൂർ, എൻമകജെ, കാറഡുക്ക, കുമ്പഡാജെ, കുമ്പള, മൊഗ്രാൽ പുത്തൂർ, മുളിയാർ, പടന്ന, പനത്തടി, പുല്ലൂർപെരിയ, പുത്തിഗെ, വലിയ പറമ്പ, വോർക്കാടി എന്നീ പഞ്ചായത്തുകളിൽ ആയത് സ്ഥാപിക്കണം.
- മഞ്ചേശ്വരം, കുമ്പള, പള്ളിക്കര, ബന്തടുക്ക, പനത്തടി, പാലച്ചാൽ, തൃക്കരിപ്പൂർ, മുള്ളേരിയ, ചെറുവത്തൂർ എന്നിവിടങ്ങളിൽ പുതിയ ആശുപത്രി സ്ഥാപിക്കുകയോ നിലവിലുള്ള ഡിസ്പെൻസറികൾ ആശുപത്രിയായി ഉയർത്തുകയോ ചെയ്യൽ.
- ഡിസ്പെൻസറികൾ ബ്ലോക്ക് തലത്തിലുള്ള ആശുപത്രികളിലേക്കുള്ള റഫറൽ യൂണിറ്റുകളാക്കണം.
  ജില്ലയിലെ തൃക്കരിപ്പൂർ, ചെറുവത്തൂർ, നീലേശ്വരം തൈക്കടപ്പുറം എന്നീ ഡിസ്പെൻസറികൾ പഞ്ചായത്ത് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും സ്ഥല സൗകര്യം തീരെയില്ല. ഇവയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കണം.
- എല്ലാ ഹോമിയോ ആശുപത്രികളിലും അൾട്രാ സൗണ്ട് സ്കാനിംഗ്, ദ്രുത പരിചരണ സംവിധാനം, ഫിസിയോതെറാപ്പി യൂണിറ്റ്, എക്സറേ, ഫുള്ളി ഓട്ടോമാറ്റഡ് ലാബ് ഫെസിലിറ്റി എന്നിവ സജ്ജീകരിക്കൽ. അതോടൊപ്പം താലൂക്ക് ആശുപത്രികൾ ജില്ലാ ആശുപത്രിയിലെക്കുള്ള റഫറൽ സംവിധാനമായി പ്രവർത്തിക്കൽ.
- എല്ലാ ആശുപത്രികളിലും കാഷ്വാലിറ്റി സംവിധാനം ഒരുക്കൽ.
- എല്ലാ ആശുപത്രികളിലും പേ വാർഡുകൾ സ്ഥാപിക്കൽ.
- ജില്ലാ ആശുപത്രിയിൽ എം.ആർ.ഐ സ്കാൻ, അൾട്രാ സൗണ്ട് സ്കാൻ, ഇ.സി.ജി സംവിധാനം, എക്സ്റേ, ഫുള്ളി ഓട്ടോമാറ്റഡ് കമ്പ്യൂട്ടറൈസ്ഡ് ലാബ്, ഫിസിയോതെറാപ്പി സൗകര്യങ്ങൾ, പാലിയേറ്റീവ് കെയറിനുള്ള സംവിധാനങ്ങൾ തുടങ്ങിയവ ഒരുക്കൽ.
- ജില്ലാ ഹോമിയോ ആശുപത്രിയിൽ കാഷ്വാലിറ്റി സൗകര്യങ്ങൾ ആരംഭിക്കൽ.
- നീലേശ്വരം, കളനാട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോമിയോ ആശുപത്രികൾക്ക് താലൂക്ക് ആശുപത്രികളുടെ പദവി നൽകുകയും അതിനനുസരിച്ചുള്ള വികസന പ്രവർത്തനങ്ങൾ പ്രസ്തുത സ്ഥാപനങ്ങളിൽ നടപ്പിലാക്കുകയും ചെയ്യൽ.
- ഹോമിയോ ആശുപത്രികൾക്ക് വാഹനവും ഡ്രൈവർ തസ്തികയും അനുവദിക്കൽ.
- ആരോഗ്യ വകുപ്പ്-ഹോമിയോപ്പതി വിഭാഗം നടപ്പിലാക്കിവരുന്ന പദ്ധതികളിൽ സീതാലയം, സദ്ഗമയ, ആയുഷ് ഹോളിസ്റ്റിക് സെന്റർ, ജെറിയാട്രിക് കോർ സെന്റർ, സാന്ത്വനപരിചരണം എന്നിവ ഇന്ന് വളരെ ശ്രദ്ധേയങ്ങളാണ്. എന്നാൽ ഈ പദ്ധതികളെല്ലാം നിലവിലുള്ളത് ഒരു സ്ഥാപനത്തിൽ മാത്രമാണ്. ഈ പദ്ധതികളുടെ സേവനം ജില്ലയുടെ എല്ലാ ഭാഗങ്ങളിലേക്കും എത്തുന്നതിന് എല്ലാ താലൂക്ക് ആശുപത്രികളിലും ഈ പദ്ധതിയുടെ സേവനം ലഭ്യമാക്കണം.
- ആശുപത്രികളിൽ ആർ.എം.ഒ ക്വാർട്ടേഴ്സ് നിർമ്മാണം.
- ജില്ലാ മെഡിക്കൽ ഓഫീസിന് കെട്ടിടനിർമ്മാണം.
- മിനിസ്റ്റീരിയൽ വിഭാഗത്തിൽ അധികമായി 3 ക്ലാർക്ക് തസ്തികയും ഒരു ഹെഡ് ക്ലാർക്ക് തസ്തികയും അനുവദിക്കൽ.
- പ്ലാൻ ഫണ്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അനുബന്ധ കാര്യങ്ങൾക്കുമായി ഒരു ഡെപ്യൂട്ടി ഡി.എം.ഒ പോസ്റ്റ് അനുവദിക്കൽ.

നവകേരളമിഷൻ സംയോജനം

- ഹരിതകേരളം പരിപാടികളുടെ ഭാഗമായി സമ്പൂർണ്ണ ജൈവവളാധിഷ്ഠിതമായി പത്തേക്കറിൽ കുറയാത്ത പ്രദേശത്ത് ഔഷധ സസ്യ കൃഷി നടത്തുക. ഇതിനോടനുബന്ധിച്ച് ഹോംകോയുടെ ഒരു മരുന്ന് നിർമ്മാണ യൂണിറ്റേ തുടങ്ങുകയോ അല്ലെങ്കിൽ സംസ്കരിച്ചെടുക്കുന്ന ഔഷധസസ്യങ്ങളെ/സസ്യ ഭാഗങ്ങളെ മരുന്ന് നിർമാണ യൂണിറ്റിലേക്ക് കയറ്റുമതി ചെയ്യുകയോ വേണം.

നൂതനാശയങ്ങൾ

വെറ്ററിനറി ഹോമിയോപ്പതി

- ധാരാളം കൃഷിക്കാരും കന്നുകാലി സമ്പത്തുമുള്ള ജില്ലയിൽ ഹോമിയോ സ്ഥാപനങ്ങളിൽ മൃഗങ്ങൾക്കുള്ള ചികിത്സ തേടിയെത്തുന്നവർ അനവധിയാണ്. ഹോമിയോ മരുന്നുകൾ കൂടുതൽ കൈകാര്യം ചെയ്യുന്നത് മൃഗചികിത്സകരാണെന്ന്

പറയുന്നതിൽ അതിശയോക്തിയില്ല. വയനാട് ജില്ലയിലെ പൂക്കോട് വെറ്ററിനറി മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികളെ ഹോമിയോ ചികിത്സാരീതി പഠിപ്പിക്കുന്നതിനുള്ള കോഴ്സ് നടത്തുന്നുണ്ട്. ഇത്തരം കോഴ്സുകൾ കാസറഗോഡ് ആരംഭിക്കുന്നതും നന്നായിരിക്കും.

- മലപ്പുറം ജില്ലയിലെ വണ്ടൂരിലുള്ള ചേതന ആശുപത്രിയുടെ മാതൃകയിൽ ക്യാൻസർ പരിചരണത്തിനായി പ്രത്യേക ആശുപത്രി സ്ഥാപിക്കൽ.
- സ്പോർട്സ് മെഡിസിൻ ഇന്ന് വളരേയേറെ സാധ്യതയുള്ള മേഖലയാണ്. അതിനാൽ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ അനുബന്ധമായി സ്പോർട്സ് മെഡിസിനു മാത്രമായി ഒരു പ്രത്യേക ഹോമിയോ ഡിസ്പെൻസറി ആരംഭിക്കാവുന്നതാണ്.
- കണ്ണൂർ ജില്ലയിലെ 'ജനനി' മാതൃകയിൽ വന്ധ്യതാ നിവാരണത്തിന് മാത്രമായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ ഹൈടെക് ആശുപത്രി സ്ഥാപിക്കൽ.
- ദുർഘട പ്രദേശങ്ങളിലേക്ക് മൊബൈൽ ഡിസ്പെൻസറികൾ ആരംഭിക്കൽ.
- പാലിയേറ്റീവ് പരിചരണത്തിനായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സജ്ജമാക്കൽ.
- വിനോദസഞ്ചാര കേന്ദ്രങ്ങൾക്കായി പ്രത്യേക ഡിസ്പെൻസറികൾ സ്ഥാപിക്കൽ.
- കാസറഗോഡ് ജില്ലയിൽ ഒരു ഹോമിയോ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

മാലിന്യസംസ്ക്കരണം

ജില്ലയിലെ മാലിന്യ സംസ്ക്കരണ പരിപാടിയ്ക്ക് ഗതിവേഗം വർദ്ധിച്ചിട്ടുണ്ടെങ്കിലും സമൂഹത്തിന്റെ കാഴ്ചപ്പാടിൽ ഇനിയും മാറ്റം അനിവാര്യമാണ്. ജൈവപരമായ നിലനിൽപിനെതന്നെ അസ്ഥിരപ്പെടുത്തി നമുക്ക് ചുറ്റുമുയരുന്ന മാലിന്യങ്ങളെ നിയന്ത്രിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയുന്ന ഒരു സമൂഹത്തെ കെട്ടിപ്പടുക്കുകയെന്നതാകണം പ്രധാനലക്ഷ്യം. അതിനുള്ള പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ ഭാഗമായി തുടക്കം കുറിച്ചിട്ടുണ്ട്.

ജില്ലയിൽ ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സംസ്ക്കരിക്കുന്നതിന് സൗകര്യം തീരെ പരിമിതമായതു മൂലം മാലിന്യവർദ്ധന രൂക്ഷമാവുകയും സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുന്നതിന് കാരണമാവുകയും ചെയ്യുന്നു. ആധുനിക കാലത്ത് പരിസ്ഥിതി സംരക്ഷണത്തിന് ഏറെ വെല്ലുവിളിയുയർത്തുന്ന പ്ലാസ്റ്റിക്ക് മാലിന്യം വലിയൊരളവിൽ നിർമ്മാർജ്ജനം ചെയ്യുന്നതിൽ മുന്നേറാൻ നമുക്ക് സാധിച്ചിട്ടില്ല. ഗാർഹിക മാലിന്യസംസ്ക്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവൽക്കരണപ്രവർത്തനങ്ങൾ മികച്ച രീതിയിൽ പൊതുജനങ്ങൾക്കിടയിൽ എത്തേണ്ടതുണ്ട്. പൊതുസ്ഥലങ്ങളിലും മറ്റും വലിച്ചെറിയുന്ന മാലിന്യങ്ങൾ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ ആധുനിക സംവിധാനങ്ങളുള്ള അറവുശാലകളുടെ അഭാവംമൂലം അറവു മാലിന്യത്തിന്റെ അളവ് വർദ്ധിക്കുകയും ചെയ്യുന്നു. ശരിയായ രീതിയിൽ മാലിന്യങ്ങൾ സംസ്ക്കരിക്കപ്പെടാത്തതുമൂലം തെരുവ് നായ്ക്കൾ പെരുകുകയും ഇത് നിരവധി സാമൂഹ്യ പ്രശ്നങ്ങൾക്ക് ഇടയാക്കുകയും ചെയ്യുന്നു.

ഹരിതകേരളം മിഷൻ പദ്ധതിയുടെ ഭാഗമായി ജില്ലയിൽ വിവിധതരം മാലിന്യസംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശം മാലിന്യമുക്തമാക്കാനുള്ള ഉത്തരവാദിത്തം അതാതിടങ്ങളിൽ നിക്ഷിപ്തമാണ്. എളുപ്പം ചീഞ്ഞളിയാനിടയുള്ള ഖരമാലിന്യം അതിന്റെ ഉറവിടത്തോട് ഏറ്റവുമടുത്ത് അതാത് ദിവസം തന്നെ സംസ്ക്കരിക്കുന്നതിനും പുന:ചംക്രമണത്തിലൂടെ സംസ്ക്കരിക്കപ്പെടേണ്ട പ്ലാസ്റ്റിക്കും ചില്ലും ലോഹവുമടക്കമുള്ള മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് സംസ്ക്കരണ കേന്ദ്രങ്ങളിലേക്ക് അയക്കുന്നതിനും സംവിധാനമുണ്ടാകണം.

പൊതുവിവരങ്ങൾ, സ്ഥിതിവിവരക്കണക്കുകൾ, അവസ്ഥാ വിശകലനം

ജില്ലയിലെ ശുചിത്വ മാലിന്യ മേഖലകളുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ താഴെക്കൊടുക്കുന്നു.

ജനസംഖ്യ

പട്ടിക 4.2.1.9: കനേഷുമാരി 2001, 2011 പ്രകാരം കാസറഗോഡ് ജില്ലയിലെ ജനസംഖ്യ

2001		2011	
ആൺ	588083	ആൺ	628613
പെൺ	615995	പെൺ	678762
ആകെ	1204078	ആകെ	1307375

ചിത്രം 4.2.1.3 കനേഷുമാരി 2001, 2011 പ്രകാരം കാസറഗോഡ് ജില്ലയിലെ ജനസംഖ്യ



2001 ലെ കണക്കനുസരിച്ച് 970378 പേർ ഗ്രാമങ്ങളിലും 233700 പേർ പട്ടണങ്ങളിലും അധിവസിച്ചിരുന്നു. 2011 ൽ ഇത് ഗ്രാമ പ്രദേശത്ത് 798328 പേരും പട്ടണ പ്രദേശത്ത് 509047 പേരും എന്ന നിലയിലേക്ക് മാറി. പട്ടണങ്ങളിൽ ജനസംഖ്യ ഗണ്യമായി വർദ്ധിക്കുന്നുവെന്നതാണ് സെൻസസ് വിവരം സൂചിപ്പിക്കുന്നത്. മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ നഗരങ്ങളിൽ കൂടുതലായി ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത കൂടി ഇത് വെളിവാക്കുന്നു.

പട്ടിക 4.2.1.10: ഹരിതകേരളം മിഷൻ - മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം-സർവ്വേ റിപ്പോർട്ട് - 201

സ്ഥലലഭ്യത

സന്ദർശിച്ച വീടുകളുടെ എണ്ണം	കുടുംബാംഗങ്ങളുടെ എണ്ണം	3 സെന്റിൽ താഴെയുള്ളവർ	3-10 സെന്റ് വരെയുള്ളവർ	10 സെന്റിൽ കൂടുതൽ ഉള്ളവർ
248067	954710	48980	77071	113528

കടയിൽ നിന്ന് സാധനങ്ങൾ വാങ്ങി കൊണ്ടുവരാൻ ഉപയോഗിക്കുന്ന രീതി

തുണി/ചാക്ക്/ചണം സഞ്ചി ഉപയോഗിക്കുന്നവർ	പ്ലാസ്റ്റിക് കവർ ഉപയോഗിക്കുന്നവർ	തുണിസഞ്ചി ഉപയോഗിക്കുന്നവർ
41357	153140	46148

അഴുകുന്ന വസ്തുക്കളും, അഴുകാത്ത വസ്തുക്കളും വെവ്വേറെ തരംതിരിച്ച് ശേഖരിച്ച് വെക്കുന്നവരുടെ എണ്ണം: 87934

വീട്ടിലെ അഴുകുന്ന മാലിന്യങ്ങളുടെ സംസ്ക്കരണരീതി -(എണ്ണം) :

കൃഷി/വളക്കുഴിയിൽ നിക്ഷേപിക്കുന്നവർ	മൃഗങ്ങൾക്കും പക്ഷികൾക്കും തീറ്റയായി നൽകുന്നവർ	കമ്പോസ്റ്റ് വളം തയ്യാറാക്കുന്നവർ	ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിക്കുന്നവർ	പഞ്ചായത്ത്/ നഗരസഭയിൽ നൽകുന്നവർ	കത്തിക്കുന്നവർ	സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നവർ	പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്നവർ	അലക്ഷ്യമായി വലിച്ചെറിയുന്നവർ
77014	62662	21448	13990	12005	8394	6021	9535	4564

വീട്ടിലെ അഴുകാത്ത മാലിന്യങ്ങളുടെ സംസ്ക്കരണരീതി - (എണ്ണം)

വീട്ടിൽ സൂക്ഷിക്കുന്നു	സ്വകാര്യ വ്യക്തികൾ/ഏജൻസികളെ ഏൽപ്പിക്കുന്നു	പഞ്ചായത്ത്/ നഗരസഭയിൽ നൽകുന്നു	കത്തിക്കുന്നു	പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്നു	അലക്ഷ്യമായി വലിച്ചെറിയുന്നു
63734	49854	24378	54310	16821	7706

വീട്ടിലുള്ള കമ്പോസ്റ്റിംഗ് സംവിധാനം (എണ്ണം)

പൈപ്പ് കമ്പോസ്റ്റ്	ബക്കറ്റ് കമ്പോസ്റ്റ്	മൺകല കമ്പോസ്റ്റ്	മണ്ണിര കമ്പോസ്റ്റ്	റിംഗ് കമ്പോസ്റ്റ്	കിച്ചൻബിൻ	മറ്റുള്ളവ
18306	7016	1246	10873	3023	4682	40077

- നിലവിൽ മാലിന്യസംസ്ക്കരണ സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്ന വീടുകളുടെ എണ്ണം: 65430
- ജൈവമാലിന്യം ശേഖരിച്ച് കൊണ്ടുപോകുന്നതിന് നഗരസഭ/ഗ്രാമ പഞ്ചായത്ത് ഏജൻസികളെ ഏർപ്പെടുത്തിയാൽ അവർക്ക് നിശ്ചിത നിരക്കിൽ ഫീസ് നൽകാൻ സമ്മതമുള്ളവർ (എണ്ണം): 125103
- തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായോ, അല്ലാതെയോ നിർമ്മിക്കുന്ന കമ്പോസ്റ്റ് കുഴിയിൽ മാലിന്യങ്ങൾ നിക്ഷേപിച്ച് വളമാക്കുന്നതിന് താൽപ്പര്യമുള്ള കുടുംബങ്ങൾ (എണ്ണം): 105444

വീട്ടിലെ പാഴ്ജല ഉപയോഗം (എണ്ണം)

പാഴ് ജലക്കുഴി	സ്വീവേജ് പൈപ്പ്	മരങ്ങളുടെ തടത്തിൽ ഒഴുക്കുന്നു	കൃഷിക്ക് നനയ്ക്കുന്നു	കോമ്പൗണ്ടിന് പുറത്ത് ഒഴുക്കുന്നു
55607	9055	106578	40693	17355

- പാഴ്ജല സംസ്ക്കരണത്തിനായി പാഴ്ജലക്കുഴി (സോക്ക്പിറ്റ്) നിർമ്മിച്ചു നൽകേണ്ട വീടുകളുടെ എണ്ണം: 66796

സെപ്റ്റിക് ടാങ്ക്/ കക്കൂസ് കുഴി നിറയുമ്പോൾ പരിഹരിക്കുന്ന രീതി (എണ്ണം)

കുഴി നിർമ്മിച്ച് അതിലേക്ക് മാറ്റും	മുൻസിപ്പൽ ടാങ്കർ ലോറിയിലേക്ക് പമ്പ് ചെയ്ത് കൊണ്ടുപോകും	പ്രൈവറ്റ് ഏജൻസികളുടെ ടാങ്കർ ലോറികളിലേക്ക് പമ്പ് ചെയ്ത് കൊണ്ടുപോകും	ഓടയിലോ തോട്ടിലോ ഒഴുക്കും	കുഴി ഇതുവരെ നിറഞ്ഞിട്ടില്ല
52000	1198	2597	480	146928

പട്ടിക 4.2.1.11: 2017 സർവ്വേ റിപ്പോർട്ട് - ജില്ല- സംസ്ഥാന താരതമ്യം

ക്രമ നം		District %	State %
1	കടയിൽ നിന്ന് സാധനങ്ങൾ വാങ്ങിക്കൊണ്ടുവരുവാൻ തുണിസഞ്ചി ഉപയോഗിക്കുന്നവർ	18.6%	43.41%
2	പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിക്കുന്നവർ	61.7%	57%
3	അഴുകുന്ന മാലിന്യങ്ങൾ വലിച്ചെറിയുന്നവർ	5.6%	11.57%
4	അഴുകാത്ത മാലിന്യങ്ങൾ വലിച്ചെറിയുന്നവർ	10%	38.92%
5	ജൈവമാലിന്യം വിവിധ രീതികളിൽ ഉറവിടത്തിൽ സംസ്ക്കരണം നടത്തുന്നത്	72.6%	76.84%
6	കമ്പോസ്റ്റിംഗ് രീതി സ്വീകരിച്ചിരിക്കുന്നവർ	34.4%	44.84%
7	ജൈവ - അജൈവ മാലിന്യങ്ങൾ ശേഖരിച്ച് കൊണ്ടുപോകുന്നതിന് ഫീസ് നൽകാൻ തയ്യാറുള്ളവർ	50.4%	51%
8	വീടുകളിൽ ഉണ്ടാകുന്ന മലിനജലം പാഴ് ജലക്കുഴിയിലേക്ക് വിടുന്നവർ	22.4%	27.4%
9	മരച്ചുവട്ടിലേക്ക് വിടുന്നവർ	43%	33.67%
10	സെപ്റ്റിക് ടാങ്കിലുള്ള മാലിന്യം പ്രൈവറ്റ് ഏജൻസികൾക്ക് കൈമാറുന്നവർ	1%	6.4%

ചിത്രം 4.2.1.4: സർവ്വേ റിപ്പോർട്ട്, ജില്ലാ സംസ്ഥാന താരതമ്യം



തുണിസഞ്ചി ഉപയോഗിക്കുന്നവരുടെ എണ്ണത്തിന്റെ കാര്യത്തിൽ സംസ്ഥാന ശരാശരി 43.41% ആണ്. എന്നാൽ ജില്ലയിൽ ഇത് 18.6% മാത്രമാണ്. അതേ സമയം പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉപയോഗിക്കുന്നവരുടെ എണ്ണം കൂടുതലാണ്. ഇത് സൂചിപ്പിക്കുന്നത് തുണിസഞ്ചി ഉപയോഗം വ്യാപകമാക്കേണ്ടതിന്റെ ആവശ്യകതയാണ്.

ജില്ലയിൽ ജൈവമാലിന്യം വിവിധ രീതികളിൽ ഉറവിടത്തിൽ സംസ്ക്കരിക്കുന്നത് സംസ്ഥാന ശരാശരിയെക്കാൾ കുറഞ്ഞ അളവിലാണ്. ബോധവൽക്കരണ പ്രവർത്തനങ്ങൾ വഴിയും കുടുംബശ്രീ, എൻ.ആർ.ഇ.ജി.എസ്. വഴിയും ഇതിന്റെ വ്യാപനം വർദ്ധിപ്പിക്കാൻ സാധിക്കും.

ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ

ജില്ലയിൽ അംഗീകൃത ഹോട്ടലുകളുടെ എണ്ണം 72 മാത്രമാണ്. അതിൽ ലോക്കൽ ഡിസ്പോസൽ 48 എണ്ണവും, ബയോഗ്യാസ് ഉള്ളവർ 7 എണ്ണവും, കുടുംബശ്രീ പോലുള്ള ഏജൻസികൾ വഴി വേസ്റ്റ് ഡിസ്പോസൽ ചെയ്യുന്നവർ 6 എണ്ണവും മറ്റുള്ളവ 11 എണ്ണവുമാണ്.

ഗ്രാമ പഞ്ചായത്ത് തലത്തിൽ 1197 എണ്ണവും, നഗരസഭാതലത്തിൽ 280 എണ്ണവും ഉൾപ്പെടെ ജില്ലയിൽ റസ്റ്റോറന്റുകൾ 1477 ആണ്. ഇതിൽ 390 എണ്ണത്തിന് മാത്രമെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഉള്ളൂ. ലൈസൻസുള്ള റസ്റ്റോറന്റുകൾ 1196 എണ്ണമാണ്. റസ്റ്റോറന്റുകളിലെ മാലിന്യം ലോക്കൽ ഡിസ്പോസൽ ചെയ്യുന്നവർ 1278, ബയോഗ്യാസ് പ്ലാന്റ് ഉപയോഗിക്കുന്നവർ 6, കുടുംബശ്രീ പോലുള്ള ഏജൻസികൾ വഴി വേസ്റ്റ് ഡിസ്പോസൽ ചെയ്യുന്നവർ 125, മറ്റുള്ളവർ 68 എന്നിങ്ങനെയാണ്.

ജില്ലയിൽ 546 തട്ടുകടകൾ പ്രവർത്തിക്കുന്നു. ഇതിൽ മാലിന്യം ലോക്കൽ ഡിസ്പോസൽ ചെയ്യുന്നവർ 500, ബയോഗ്യാസ് പ്ലാന്റ് ഉപയോഗിക്കുന്നവർ 23, കുടംബശ്രീ പോലുള്ള ഏജൻസികൾ വഴി വേസ്റ്റ് ഡിസ്പോസൽ ചെയ്യുന്നവർ 15, മറ്റുള്ളവർ 8 എന്നിങ്ങനെയാണ്.

ജില്ലയിലെ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും തട്ടുകടകളിലും ബയോഗ്യാസ് പ്ലാന്റ് പോലുള്ള മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ദ്രുതഗതിയിൽ ഏർപ്പെടുത്തേണ്ടതുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ലൈസൻസിനു വേണ്ടി അപേക്ഷിക്കുമ്പോൾ മാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തണമെന്ന നിബന്ധന നടപ്പാക്കണം.

പട്ടിക 4.2.1.12: ആശുപത്രികൾ

	കിടത്തി ചികിത്സിക്കുന്നവ	പരിശോധന മാത്രമുള്ളവ	ആകെ
അലോപ്പതി	13	40	53
ഹോമിയോപ്പതി	1	45	46
ആയുർവ്വേദം	5	36	41

ആരോഗ്യം, ശുചിത്വം

ജില്ലയിൽ സ്വകാര്യമേഖലയിൽ ക്ലിനിക്കുകൾ, ഹോസ്പിറ്റലുകൾ എന്നിവ ഉൾപ്പെടെ 59 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. രോഗികളുടെ എണ്ണത്തിലുള്ള വർദ്ധന ഹോസ്പിറ്റലുകളുടെ എണ്ണത്തിലുള്ള വർദ്ധന എന്നിവ ഭാവിയിൽ മെഡിക്കൽ വേസ്റ്റുകൾ കൂടുതൽ ഉണ്ടാകാനുള്ള സാധ്യത സൃഷ്ടിക്കുന്നു. ശാസ്ത്രീയമായ സംസ്കരണം ആവശ്യമുള്ള മേഖലയാണിത്.

മത്സ്യമേഖല

ജില്ലയിലെ 70 കിലോമീറ്റർ നീളം വരുന്ന കടൽത്തീരം പത്ത് തീരദേശപഞ്ചായത്തുകളെയും മൂന്ന് നഗരസഭകളെയും ഉൾക്കൊള്ളുന്നതാണ്. ഏകദേശം നാലായിരത്തോളം മത്സ്യത്തൊഴിലാളികൾ കടലിനെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തി വരുന്നു.

ജില്ലയിൽ 28 ഫിഷ് മാർക്കറ്റുകളും 6 മത്സ്യബന്ധന തുറമുഖങ്ങളും 10 ഫിഷ് ലാന്റിംഗ് സെന്ററുകളും ഉണ്ട്. ഇവിടങ്ങളിൽ സ്ത്രീ തൊഴിലാളികളടക്കം പകലന്തിയോളം ജോലി ചെയ്തു വരുന്നു. അവർക്ക് പ്രാഥമിക കാര്യങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത ഇവിടെയെല്ലാമുണ്ട്.

പട്ടിക 4.2.1.13: ജില്ലയിലെ ഓഡിറ്റോറിയങ്ങൾ, കല്യാണ മണ്ഡപങ്ങൾ

ക്രമ നം.	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേര്	എണ്ണം
1	കാസറഗോഡ് മുൻസിപ്പാലിറ്റി	4
2	കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി	4
3	നീലേശ്വരം മുൻസിപ്പാലിറ്റി	3
4	പിലിക്കോട് ഗ്രാമപഞ്ചായത്ത്	3
5	അജാനൂർ ഗ്രാമപഞ്ചായത്ത്	7
6	പള്ളിക്കര ഗ്രാമപഞ്ചായത്ത്	6
7	മധൂർ ഗ്രാമപഞ്ചായത്ത്	4
8	പൈവളിഗെ ഗ്രാമപഞ്ചായത്ത്	1
9	കോടോംബേളൂർ ഗ്രാമപഞ്ചായത്ത്	2
10	പുല്ലൂർ -പെരിയ ഗ്രാമപഞ്ചായത്ത്	2
11	ബേഡഡുക്ക ഗ്രാമപഞ്ചായത്ത്	4
12	മുളിയാർ ഗ്രാമപഞ്ചായത്ത്	5
13	കാറഡുക്ക ഗ്രാമപഞ്ചായത്ത്	3
14	കള്ളാർ ഗ്രാമപഞ്ചായത്ത്	1
15	ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്	2
16	വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്	1
17	ചെങ്കള ഗ്രാമപഞ്ചായത്ത്	2
18	കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്	2
19	ചെമ്മനാട് ഗ്രാമപഞ്ചായത്ത്	5
20	ഉദുമ ഗ്രാമപഞ്ചായത്ത്	6
21	കുമ്പള ഗ്രാമപഞ്ചായത്ത്	2
22	മംഗൽപാടി ഗ്രാമപഞ്ചായത്ത്	3
23	മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത്	3
24	കയ്യൂർ -ചീമേനി ഗ്രാമപഞ്ചായത്ത്	3
25	എൻമകജെ ഗ്രാമപഞ്ചായത്ത്	3
26	കിനാനൂർ - കരിന്തളം ഗ്രാമപഞ്ചായത്ത്	3
27	വോർക്കാടി ഗ്രാമപഞ്ചായത്ത്	1
28	മീഞ്ച ഗ്രാമപഞ്ചായത്ത്	ഇല്ല
29	മടിക്കൈ ഗ്രാമപഞ്ചായത്ത്	ഇല്ല
30	ബെള്ളൂർ ഗ്രാമപഞ്ചായത്ത്	ഇല്ല
31	ദേലംപാടി ഗ്രാമപഞ്ചായത്ത്	ഇല്ല
32	പുത്തിഗെ ഗ്രാമപഞ്ചായത്ത്	1
33	മൊഗ്രാൽപുത്തൂർ ഗ്രാമപഞ്ചായത്ത്	ഇല്ല
34	പടന്ന ഗ്രാമപഞ്ചായത്ത്	ഇല്ല

35	തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്	6
36	പനത്തടി ഗ്രാമപഞ്ചായത്ത്	ഇല്ല
37	വലിയപറമ്പ ഗ്രാമപഞ്ചായത്ത്	ഇല്ല
38	ബളാൽ ഗ്രാമപഞ്ചായത്ത്	5
39	ബദിയടുക്ക ഗ്രാമപഞ്ചായത്ത്	4
40	ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്	6
41	കുമ്പഡാജെ ഗ്രാമപഞ്ചായത്ത്	2
	ആകെ	109

ഇതിൽ മിക്ക ഓഡിറ്റോറിയങ്ങളിലും മാസത്തിൽ 4 തവണയിൽ കുറയാത്ത വിവാഹങ്ങളും മറ്റു പരിപാടികളും നടക്കുന്നുണ്ട്. എന്നാൽ ഇവയിൽ ശാസ്ത്രീയമായ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഇല്ല. ഹരിതകേരളം മിഷൻ നടത്തുന്ന ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി ചില ഓഡിറ്റോറിയങ്ങളിൽ ഗ്രീൻപ്രോട്ടോക്കോൾ പാലിച്ച് പരിപാടികൾ നടത്തി തുടങ്ങിയിട്ടുണ്ട്.

പട്ടിക 4.2.1.14: വ്യവസായ സംരംഭങ്ങളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ചുള്ള കണക്ക്

	ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി	സംരംഭങ്ങളുടെ എണ്ണം	നിക്ഷേപം (ലക്ഷത്തിൽ)	തൊഴിൽ (എണ്ണത്തിൽ)
1	ചെമ്മനാട്	153	3758.35	898
2	ചെങ്കള	163	4994.46	909
3	മധൂർ	87	1399.78	467
4	മൊഗ്രാൽ പുത്തൂർ	35	694.28	236
5	ബദിയഡുക്ക	51	935.24	241
6	കുമ്പള	53	463.90	926
7	ബേഡഡുക്ക	36	173	223
8	ദേലമ്പാടി	22	70	94
9	കാറഡുക്ക	180	953	673
10	കുറ്റിക്കോൽ	56	427	241
11	മുളിയാർ	114	556	526
12	കുമ്പഡാജെ	22	150	156
13	ബെള്ളൂർ	22	43	46
14	കാസറഗോഡ് (മുൻസിപ്പാലിറ്റി)	473	5221.85	2613
15	അജാനൂർ	159	559	592
16	മടിക്കൈ	43	527	276
17	പള്ളിക്കര	91	364	450
18	പുല്ലൂർ-പെരിയ	68	907	470
19	ഉദുമ	101	402	397
20	ചെറുവത്തൂർ	138	1080	444
21	കയ്യൂർ-ചീമേനി	145	963	435
22	പടന്ന	53	312	213
23	പിലിക്കോട്	82	297	279
24	തൃക്കരിപ്പൂർ	153	599	711
25	വലിയപറമ്പ	25	152	128
26	കാഞ്ഞങ്ങാട് (മുൻസിപ്പാലിറ്റി)	395	3966.45	1536
27	നീലേശ്വരം (മുൻസിപ്പാലിറ്റി)	253	1387	983
28	ബളാൽ	89	247	272
29	കള്ളാർ	53	220	212
30	കോടോം-ബേളൂർ	177	948	870
31	പനത്തടി	50	110	222

32	ഈസ്റ്റ് എളേരി	57	313	255
33	കിനാനൂർ-കരിന്തളം	206	295	575
34	വെസ്റ്റ് എളേരി	57	1348	369
35	എൻമകജെ	43	449	271
36	മംഗൽപ്പാടി	91	634	486
37	മഞ്ചേശ്വർ	142	2695	1028
38	മീഞ്ച	27	473	203
39	പൈവെളിഗെ	76	400	386
40	പുത്തിഗെ	70	2857	632
41	വൊർക്കാടി	31	332	177
	ആകെ	**4342**	**42676.31**	**21121**

ചിത്രം 4.2.1.5: വ്യവസായ സംരംഭങ്ങളുടെ തദ്ദേശസ്വയംഭരണസ്ഥാപനം തിരിച്ചുള്ള ചാർട്ട്



ജില്ലയിൽ കാസറഗോഡ് മുൻസിപ്പാലിറ്റിയിലാണ് ഏറ്റവും കൂടുതൽ വ്യവസായശാലകളുള്ളത്. കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയിലും വ്യവസായശാലകളുടെ എണ്ണം മറ്റുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. ഇത്തരം പ്രദേശങ്ങളിൽ മാലിന്യത്തിന്റെ അളവ് കൂടാനുള്ള സാധ്യത ഏറെയാണ്. നിലവിലുള്ള സ്ഥിതിയും അടിയന്തിര പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

മലിനീകരണതോതിന്റെ അടിസ്ഥാനത്തിൽ വ്യവസായ സ്ഥാപനങ്ങളെ റെഡ്, ഓറഞ്ച്, ഗ്രീൻ, വൈറ്റ് എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ പെടുത്തിയിട്ടുണ്ട്. മലിനീകരണം ഏറ്റവും കൂടിയതോതിൽ ഉണ്ടാകുന്നത് റെഡ് യൂണിറ്റുകളിൽ നിന്നാണ്. വൈറ്റ് വിഭാഗത്തിൽ മലിനീകരണ സാധ്യത തുലോം വിരളമായ സ്ഥാപനങ്ങളും ഗ്രീൻ വിഭാഗത്തിൽ മലിനീകരണത്തോത് താരതമ്യേന കുറഞ്ഞ സ്ഥാപനങ്ങളുമാണ് ഉൾപ്പെടുന്നത്. ചുവപ്പിനും പച്ചക്കും ഇടയിലുള്ള സ്ഥാപനങ്ങളെ ഓറഞ്ച് വിഭാഗത്തിൽ പെടുത്തിയിരിക്കുന്നു.

ജില്ലയിലെ പ്രധാന വ്യവസായങ്ങളും അവ ഉൾപ്പെടുന്ന കാറ്റഗറിയും

- **റെഡ്** : ആശുപത്രി, ഡൈയിങ്ങ് ഉള്ള ടെക്സ്റ്റൽ, കരിങ്കൽ ക്വാറികൾ.
- **ഓറഞ്ച്** : പ്ലൈവുഡ്, സർവ്വീസ് സ്റ്റേഷൻ, ഹോട്ടൽ, റിസോർട്ടുകൾ, വാഹനസംബന്ധിയായ ജോലികൾ, സ്പ്രേപെയിന്റിംഗ് ഉൾപ്പെടുന്ന ജോലികൾ, സ്റ്റോൺ ക്രഷറുകൾ, ചെങ്കൽ ക്വാറികൾ, ലഘു പാനീയം.
- **ഗ്രീൻ** : **എ)** ഭക്ഷ്യധാന്യങ്ങൾ പൊടിക്കുന്ന മില്ലുകൾ, ഇന്റർലോക്ക് വ്യവസായം
  ബി) ഹോളോബ്രിക്സ്, മരാധിഷ്ഠിത വ്യവസായങ്ങൾ, പക്ഷി-മൃഗപരിപാലനം.
- **വൈറ്റ്** : ലെയിത്ത്, ഗെയിറ്റ് ആന്റ് ഗ്രിൽ വെൽഡിംഗ് (സ്പ്രേ പെയിന്റിംഗ് ഇല്ലാത്തവ)

എല്ലാ താലൂക്കിലും ഗ്രീൻ വിഭാഗം വ്യവസായ സ്ഥാപനങ്ങളാണ് കൂടുതലായി ഉള്ളത്. ഏറ്റവും കൂടുതൽ വ്യവസായസ്ഥാപനങ്ങൾ എല്ലാ വിഭാഗത്തിലുമായിതി ചെയ്യുന്നത് ഹൊസ്ദുർഗ് താലൂക്കിലും ഏറ്റവും കുറവ് വെള്ളരിക്കുണ്ട് താലൂക്കിലുമാണ്. റെഡ് വിഭാഗത്തിൽ മലിനീകരണ സാധ്യത കൂടിയ വ്യവസായ സ്ഥാപനങ്ങൾ ജില്ലയിൽ മറ്റു വിഭാഗങ്ങളെക്കാൾ കുറവാണ്. എല്ലാ താലൂക്കുകളിലും എല്ലാ വിഭാഗം സ്ഥാപനങ്ങളും കാണാവുന്നതാണ്.

ജില്ലയിലെ ഭൂഗർഭജലഗുണനിലവാരം

കാസറഗോഡ് ജില്ല ഭൂഗർഭജലത്തിന് ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശമാണ്. ഭൂഗർഭജലത്തിൽ പ്രധാന മലിനീകരണ ഘടകമായി കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം കണ്ടുവരുന്നു. വീടുകൾ, ചെറുകിട സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഗാർഹിക മലിനജലം ഭൂഗർഭജലത്തിൽ കലരുന്നതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്. കേന്ദ്രീകൃത മലിനജല സംസ്കരണ പ്ലാന്റുകളോ പൊതു സെപ്റ്റേജ് പ്ലാന്റുകളോ നിർമ്മിക്കുന്നതിലൂടെ ഈ പ്രശ്നത്തിന് ഒരു പരിധിവരെ തടയിടാൻ സാധിക്കും.

ജലമലിനീകരണം

അനധികൃതമായി പ്രവർത്തിക്കുന്ന വ്യവസായ ശാലകൾ, തുറസ്സായ സ്ഥലങ്ങളിലെ മലമൂത്ര വിസർജനം, അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്, വള കീടനാശിനി പ്രയോഗങ്ങൾ, പൊതു ജലാശയങ്ങളിൽ വാഹനങ്ങൾ കഴുകുന്നത് എന്നിവയെല്ലാം ജലമലിനീകരണത്തിന് കാരണമാകുന്നുണ്ട്. ചെറു ജലാശയങ്ങളിലെ ജലം ഒഴുകിയെത്തുന്നത് നദികളിലായതിനാൽ നദീജലത്തിന്റെ ഗുണനിലവാരം അപഗ്രഥിക്കുന്നത് ജലമലിനീകരണത്തിന്റെ മൊത്തത്തിലുള്ള പ്രവണത മനസ്സിലാക്കാൻ സഹായകമാകും.

ഷിറിയ, മഞ്ചേശ്വരം, ഉപ്പള, ചന്ദ്രഗിരി, ചിത്താരി, നീലേശ്വരം, മൊഗ്രാൽ, കാര്യങ്കോട് എന്നീ പുഴകളിൽ നിന്നും കൃത്യമായി ജല സാംപിളുകൾ ശേഖരിച്ച് പരിശോധിക്കാറുണ്ട്. ജില്ലയിലെ നദികളുടെ നീളവും വീതിയും കുറവായതിനാലും ക്യാച്ച്മെന്റ് ഏരിയ താരതമ്യേന കുറവായതിനാലും മഴക്കാലത്തിനു ശേഷം പുഴയിൽ ഒഴുക്ക് തീരെ കുറവാണ്. ഇത് മൂലം നദികളിലെ ഡൈലൂഷൻ കുറയുന്നത് മലിനീകരണത്തിന്റെ രൂക്ഷത കൂട്ടുന്നു.

ചന്ദ്രഗിരിപ്പുഴ

NAME OF STATION : പടിയത്തടുക്ക
LOCATION : EW Latitude - 074^0 57.372E
NS Longitude - 12^0 33.576N

പട്ടിക 4.2.1.15: ചന്ദ്രഗിരി പുഴ

ചന്ദ്രഗിരി പുഴ								
Parameter	2010	2011	2012	2013	2014	2015	2016	2017
pH	7.2	7.175	7.15	6.86	7.19	6.95	6.74	7.03
EC	62	52	60.8	61.5	64.47	54.36	61.84	61.81
DO	7.6	7.45	7.41	7.22	7.53	7.47	7.71	6.55
BOD	0.85	0.63	0.65	1.25	1.09	1.01	0.95	1.07
TC	1480	900	255	150	593.33	730	1330.91	616.8
FC	825	285	54	33	76.17	128.81	165.09	108.11

ഷിറിയ പുഴ

NAME OF STATION : അംഗടിമൊഗർ പാലം
LOCATION : EW Latitude - 075^0 07.234E
NS Longitude - 12^0 16.129N

പട്ടിക 4.2.1.16: ഷിറിയ പുഴ

ഷിറിയ പുഴ								
Parameter								
	2010	**2011**	**2012**	**2013**	**2014**	**2015**	**2016**	2017
pH	7.2	7.4	7.14	6.74	6.92	6.85	6.52	7.06
EC	49	69.25	62.67	65.82	59.54	61.22	65.50	72.25
DO	7.8	7.03	7.03	6.91	7.78	7.94	7.69	6.12
BOD	1	1	0.9	1.84	1.56	1.03	1.29	1.2
TC	2700	660	336	205	587.78	907.78	1157.33	933.42
FC	1737	230	152	93	85.33	99	109.33	171.42

മഞ്ചേശ്വരം പുഴ

NAME OF STATION : ബജ്റക്കര പാലം
LOCATION : EW Latitude - 075^0 07.234E
NS Longitude - 12^0 16.179N

പട്ടിക 4.2.1.17: മഞ്ചേശ്വരം പുഴ

മഞ്ചേശ്വരം പുഴ								
Parameter								
	2010	2011	2012	2013	2014	2015	2016	2017
pH	7.03	7.15	7.18	6.73	6.92	7.04	7.15	7.29
EC	62	92	85.12	87.11	98.90	72.14	113.11	110.73
DO	7.8	5.98	7.21	7.48	7.36	7.67	7.37	5.66
BOD	1.5	0.73	0.82	1.64	1.96	1.07	1.09	1.61
TC	4700	1390	184	109	851.11	784.28	584.29	726
FC	2857	765	67	43	89.56	135.42	92.29	143

ഉപ്പള പുഴ

NAME OF STATION : ഉപ്പള പാലം
LOCATION : EW Latitude - 075^0 05.012E
NS Longitude - 12^0 19.279N

പട്ടിക 4.2.1.18: ഉപ്പള പുഴ

ഉപ്പള പുഴ								
Parameter	2010	2011	2012	2013	2014	2015	2016	2017
pH	7.4	7	7.24	6.99	7.11	7.13	6.98	7.29
EC	10607	116.5	9325.8	18930.98	18690.69	1950.72	25644.83	22813.39
DO	6.3	6.48	6.27	6.33	6.97	6.6	6.42	5.68
BOD	1.3	0.65	1.34	1.43	1.41	1.7	1.73	1.6
TC	2825	2060	141	201	635.00	923.63	1330	760.09
FC	1593	1426	61	34	113.83	151.27	322.5	200.27

മൊഗ്രാൽ പുഴ

NAME OF STATION : മൊഗ്രാൽ പാലം
LOCATION : EW Latitude - 075^0 05.015E
NS Longitude - 12^0 16.179N

പട്ടിക 4.2.1.19: മൊഗ്രാൽ

മൊഗ്രാൽ								
Parameter		2010	2011	2012	2013	2014	2015	2016
2017								
pH	7.2	7.05	7.26	7	7.14	6.95	6.74	6.88
EC	12763	20454.5	13197.2	22575.75	22517.56	24182.81	25798.64	23177.95
DO	5.9	5.55	5.73	5.9	5.58	5.53	5.42	5.38
BOD	0.82	0.58	1.45	1.48	1.84	1.49	1.49	1.38
TC	2325	675	144	253	519.17	1116.36	773.83	768.18
FC	908	433	46	42	92.17	221.63	133.92	179.9

ചിത്താരി പുഴ

NAME OF THE STATION : PULLUR BRIDGE

പട്ടിക 4.2.1.20: പുല്ലൂർ പാലം

പുല്ലൂർ								
Parameter	2010	2011	2012	2013	2014	2015	2016	2017
pH	6.6	6.55	6.28	6.14	6.33	6.21	6.42	6.9
EC	44	44.25	48.91	56.25	49.21	50	55.58	62.27
DO	6.1	6.18	6.51	6.03	6.50	6.97	6.289	6.74
BOD	1.4	0.73	1	1.18	0.94	1.31	0.99	1.01
TC	3025	1630	323	438	616.00	758.88	1076	788.25
FC	1558	715	87	136	139.80	105.44	128.6	136.5

നീലേശ്വരം പുഴ

NAME OF STATION : നമ്പ്യാർക്കൽ അണക്കെട്ട്
LOCATION : EW Latitude - 075^0 05.02E
NS Longitude - 12^0 19.280N

പട്ടിക 4.2.1.21: നീലേശ്വരം (നമ്പ്യാർക്കൽ)

നീലേശ്വരം (നമ്പ്യാർക്കൽ)								
Parameter	2010	2011	2012	2013	2014	2015	2016	2017
pH	6.9	6.93	6.93	6.61	6.82	6.75	6.92	7.36
EC	2759	2530.5	3453.3	2315.17	14409.67	5801.36	4230.55	853.83
DO	6.2	6.65	7.01	6.26	7.05	6.69	6.26	6.06
BOD	1.4	0.5	0.9	1.25	1.78	1.59	1.18	1.37
TC	1400	465	278	278	470.00	601.27	939.17	544.54
FC	963	307	56	55	62.67	143	125.33	91.81

കാര്യങ്കോട് പുഴ

NAME OF STATION : കാക്കടവ് (കാര്യങ്കോട്)
LOCATION : EW Latitude - 075^0 16.920E
NS Longitude - 12^0 16.029N

പട്ടിക 4.2.1.22: കാര്യങ്കോട്

കാര്യങ്കോട്								
Parameter	2010	2011	2012	2013	2014	2015	2016	2017
pH	7.2	7.25	6.99	6.93	7.10	7.2	7.16	7.63
EC	63	53.75	51.33	48.25	56.23	50.09	57.94	91.66
DO	7.3	7.23	7.26	7.03	7.78	7.79	7.64	6.9
BOD	0.73	0.85	0.73	1.13	1.25	0.85	0.98	1.16
TC	2225	610	258	317	955.00	772.72	957.50	534.18
FC	1128	330	65	44	158.00	153.36	138.50	106.18

ചിത്രം 4.2.1.6 : TREND ANALYSIS 2009 - 2017











മേൽ കാണിച്ചിരിക്കുന്ന 5 ഗ്രാഫുകൾ 2009 മുതൽ 2017 വരെയുള്ള വർഷങ്ങളിൽ മാസം തോറുമുള്ള നദീജല പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പി.എച്ച്, ഡി.ഒ, ബി.ഒ.ഡി., റ്റി.സി,

എഫ്.സി എന്നിവയുടെ ശരാശരി മൂല്യമാണ് ഗുണനിലവാരത്തിന്റെയും നിർദേശിക്കപ്പെട്ട ഉപയോഗത്തിന്റെയും അടിസ്ഥാനത്തിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നദികളെ ക്ലാസ് എ, ബി, സി, ഡി, ഇ എന്നിങ്ങനെ അഞ്ചായി തരം തിരിച്ചിരിക്കുന്നു. പൊതുവെ ക്ലാസ് എ ഏറ്റവും ഉയർന്ന ഗുണനിലവാരത്തെയും ക്ലാസ് ഇ ഏറ്റവും താഴ്ന്ന ഗുണനിലവാരത്തെയും സൂചിപ്പിക്കുന്നു. ജലത്തിൽ അടങ്ങിയിരിക്കുന്ന പ്രത്യേക ഘടകങ്ങൾ നിശ്ചിതപരിധിക്കുള്ളിൽ വരികയാണെങ്കിൽ നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. സാധാരണ ജലസംസ്കരണ രീതികളൊന്നും നടത്താതെ അണുനശീകരണ ശേഷം കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കാവുന്നതാണ് ക്ലാസ് എ. വിഭാഗം, ജലസേചനം, വ്യാവസായിക തണുപ്പിക്കൽ പ്രക്രിയ, നിയന്ത്രിതമാലിന്യനിർമാർജ്ജനം എന്നീ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതാണ് ക്ലാസ് ഇ. വിഭാഗം ക്ലാസ് ബി നദികൾ സംഘടിത ബാഹ്യസ്നാന ഘട്ടങ്ങളായി ഉപയോഗിക്കാവുന്നവയാണ്. സാധാരണ ജലസംസ്കരണ രീതികളും അണുനശീകരണവും ചെയ്തതിനു ശേഷം കുടിവെള്ളമായി ഉപയോഗിക്കാവുന്നതാണ്. ക്ലാസ് സി വിഭാഗം നദികൾ വന്യജീവികൾക്കും മത്സ്യങ്ങൾക്കും അനുയോജ്യമായവയാണ് ക്ലാസ് ഡി. മുകളിൽ കാണിച്ചിരിക്കുന്ന ഗ്രാഫുകൾ ക്ലാസ് സി അടിസ്ഥാനമാക്കിയാണ് നിർമ്മിച്ചിരിക്കുന്നത്.

ആദ്യത്തെ ഗ്രാഫ് ജില്ലയിലെ വിവിധ നദികളിലെ പി.എച്ച് താരതമ്യം ചെയ്യുന്നതാണ്. ക്ലാസ് സി പ്രകാരം പി.എച്ചിന്റെ സ്വീകാര്യമായ പരിധി 6 നും 9 നും ഇടയ്ക്കാണ്. പരിശോധിച്ച എല്ലാ നദികളും ഈ പരിധിക്കുള്ളിലാണ്.

ജലത്തിൽ ലയിച്ചു ചേർന്നിരിക്കുന്ന ഓക്സിജന്റെ അളവിനെ സൂചിപ്പിക്കുന്നതാണ് ഡി.ഒ അഥവാ ഡിസോൾവ്ഡ് ഓക്സിജൻ. സൂക്ഷ്മജീവികളടക്കമുള്ള ജലജീവികൾ അവയുടെ ശ്വസനത്തിനായി ഈ ഓക്സിജനാണ് ഉപയോഗിക്കുന്നു. ഇതിന്റെ കുറഞ്ഞ പരിധി ക്ലാസ് സി നദികളിൽ 4 മില്ലി ഗ്രാം/ലിറ്റർ ആകുന്നു. രണ്ടാമത്തെ ഗ്രാഫ് പ്രകാരം ജില്ലയിലെ വിവിധ നദികളിൽ ഡി.ഒ. നിശ്ചിതപരിധിക്കുള്ളിലാണ്. ഡി.ഒ. യുടെ അടിസ്ഥാനത്തിൽ ജില്ലയിലെ നദികൾ ഉയർന്ന ഗുണനിലവാരം പ്രകടിപ്പിക്കുന്നതായി കാണുന്നു.

ഗ്രാഫ് 3 ബി.ഒ.ഡി. യെ (ബയോളജിക്കൽ ഓക്സിജൻ ഡിമാന്റ്) സൂചിപ്പിക്കുന്നു. ജലത്തിൽ ജൈവീക വിഘടനത്തിന് വിധേയമാകുന്ന മാലിന്യത്തിന്റെ അളവിനെയാണ് ഇത് സൂചിപ്പിക്കുന്നത്. അതായത് ജൈവ വിഘടനത്തിന് ആവശ്യമായ ഓക്സിജന്റെ അളവിനെ ഇത് സൂചിപ്പിക്കുന്നു. ക്ലാസ് സി നദികളിൽ ഇത് 3 മില്ലി ഗ്രാം/ലിറ്ററിൽ കൂടാൻ പാടില്ല.

ടോട്ടൽ കോളിഫോമിനെ താരതമ്യം ചെയ്യുന്നതാണ് നാലാമത്തെ ഗ്രാഫ്. ക്ലാസ് സി നദികൾക്ക് ഇതിന്റെ സ്വീകാര്യമായ കൂടിയ പരിധി 100 മില്ലി ലിറ്ററിൽ 5000 എണ്ണമാണ്. കോളിഫോം ബാക്ടീരിയ എന്നത് ബാക്ടീരിയകളുടെ ഒരു ഗ്രൂപ്പിനെ സൂചിപ്പിക്കുന്ന പേരാണ്. കുടിവെള്ളത്തിൽ ഇവയുടെ സാന്നിധ്യം ബാക്ടീരിയ മൂലമുള്ള മലിനീകരണത്തെയും അതുവഴി രോഗാണുക്കളുടെ സാന്നിധ്യത്തെയും സൂചിപ്പിക്കുന്നു. ഉഷ്ണരക്തസ്വഭാവമുള്ള മനുഷ്യൻ ഉൾപ്പെടുന്ന ജന്തുക്കളുടെ കുടലിൽ കാണപ്പെടുന്ന സൂക്ഷമജീവികളാണിവ. കുടിവെള്ളത്തിൽ ഇവയുടെ വൻതോതിലുള്ള സാന്നിധ്യം മാലിന്യം കലരുന്നതിന്റെയും ജലശുദ്ധീകരണത്തിലെ പാളിച്ചകളുടെയും സൂചനയാണ്.

കോളിഫോം ബാക്ടീരിയയുടെ ഗ്രൂപ്പിൽ ഉൾപ്പെടുന്നതാണ് ഫീക്കൽ കോളിഫോം. കുടിവെള്ളത്തിൽ വിസർജ്ജ്യം കലർന്നതിന്റെ സാധ്യതയാണ് ഇത്തരം ബാക്ടീരിയയുടെ സാന്നിധ്യം വ്യക്തമാക്കുന്നത്.

ജില്ലയിലെ നദികളിൽ ടോട്ടൽ കോളിഫോമിന്റെ അളവ് നിശ്ചിത പരിധിക്കുള്ളിലാണ്. മഞ്ചേശ്വരം, ഉപ്പള, ചിത്താരി എന്നീ നദികളിൽ മാത്രമാണ് ഇത് 1000ന് മുകളിലായി കാണപ്പെടുന്നത്.

ജില്ലയിലെ നദീജല മലിനീകരണത്തിന്റെ തോത് പരിശോധിച്ചാൽ നദീജലം ശാസ്ത്രീയമായ ശുദ്ധീകരണത്തിനു ശേഷം കുടിക്കാനും കുളിക്കാനും മറ്റ് ഗാർഹിക ആവശ്യങ്ങൾക്കും കൃഷിയ്ക്കും ഉപയോഗിക്കുന്നതിന് അനുയോജ്യമാണ് എന്നു കാണാം.

വായു മലിനീകരണം

മേപ്പ് 4.2.1.2: Ambient Air Monitoring Stations in Kasaragod District



വ്യവസായ സ്ഥാപനങ്ങൾ, വാഹനപ്പെരുപ്പം, ഖരമാലിന്യങ്ങൾ അശാസ്ത്രീയമായി കത്തിക്കുന്നത്, അനധികൃത ഖനനങ്ങൾ തുടങ്ങിയവയെല്ലാം വായു മലിനീകരണത്തിന് കാരണമാകുന്നു. വായുവിലെ സൾഫർഡൈഓക്സൈഡ്, നൈട്രജന്റെ ഓക്സൈഡുകൾ, റെസ്പയറബിൾ സസ്പെൻഡഡ് പർട്ടിക്കുലേറ്റ് മാറ്റർ (RSPM) എന്നിവ പതിവായി നിരീക്ഷിക്കുന്നതിന് കാസർഗോഡ്, കാഞ്ഞങ്ങാട് എന്നീ പട്ടണങ്ങളിൽ

പരിശോധനാകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ നിന്ന് ലഭിച്ച വായു മലിനീകരണത്തിന്റെ വാർഷിക വ്യതിയാനം ചുവടെ ചേർക്കുന്നു.

വായുവിന്റെ ഗുണനിലവാര നിരീക്ഷണം: കാസർഗോഡ് 2009 – 2015 പ്രതിവർഷ വ്യതിയാനം

പട്ടിക 4.2.1.23: വായുവിന്റെ ഗുണനിലവാര നിരീക്ഷണം: കാസർഗോഡ് 2009 – 2015 പ്രതിവർഷ വ്യതിയാനം

മലിനീകരണ സൂചകം	2009	2010	2011	2012	2013	2014	2015	പരിധി
സൾഫർഡയോക്സൈഡ് SO_2	2.00	2.25	2.40	2.22	2.00	2.01	2.06	50
നൈട്രജൻ ഓക്സൈഡുകൾ NO_X	9.90	13.51	12.17	7.09	8.53	5.15	5.48	40
പൊടിപടലം RSPM	57	52.62	55.70	43.20	50.98	36.71	31	60

ചിത്രം 4.2.1.7 വായുവിന്റെ ഗുണനിലവാര നിരീക്ഷണം: കാസർഗോഡ് – 2009 – 2015 പ്രതിവർഷ വ്യതിയാനം



ചിത്രം 4.2.1.8 SO_2 2009 - 2015 പ്രതിവർഷ വ്യതിയാനം



ചിത്രം 4.2.1.9 NOX 2009 - 2015 പ്രതിവർഷ വ്യതിയാനം



ചിത്രം 4.2.1.10 RSPM 2009 - 2015 പ്രതിവർഷ വ്യതിയാനം



വായുവിന്റെ ഗുണനിലവാര നിരീക്ഷണം: കാഞ്ഞങ്ങാട്
2009 - 2015 പ്രതിവർഷ വ്യതിയാന

പട്ടിക 4.2.1.24: വായുവിന്റെ ഗുണനിലവാര നിരീക്ഷണം

മലിനീകരണ സൂചകം	2009	2010	2011	2012	2013	2014	2015	പരിധി
സൾഫർഡയോക്സൈഡ് SO_2	2.00	2.25	2.40	2.13	2.00	2.00	2.05	50
നൈട്രജൻ ഓക്സൈഡുകൾ NOX	5.9	11.36	10.24	7.90	8.18	5.39	6.99	40
പൊടിപടലം RSPM	42	50.59	49.90	40.78	42.75	37.70	38	60

ചിത്രം 4.2.1.11 വായുവിന്റെ ഗുണനിലവാര നിരീക്ഷണം



ചിത്രം 4.2.1.12 SO_2 2009 - 2015 പ്രതിവർഷ വ്യതിയാനം



ചിത്രം 4.2.1.13 NOX 2009 - 2015 പ്രതിവർഷ വ്യതിയാനം



ചിത്രം 4.2.1.14 RSPM 2009 - 2015 പ്രതിവർഷ വ്യതിയാനം



മുകളിലെ ഗ്രാഫുകളുടെ വിശകലനത്തിൽ നിന്നും രണ്ട് കേന്ദ്രങ്ങളിലും SO_2 വിന്റെ അളവ് വ്യതിയാനമില്ലാതെ നിൽക്കുന്നതായി കാണുന്നു. ഇത് പരിധിയിലും വളരെ താഴെയാണ്. എന്നാൽ No_2, RSPM എന്നിവയുടെ അളവ് കുറഞ്ഞുവരുന്നതായി കാണുന്നു. ജില്ലയിലെ വായു നല്ല ഗുണനിലവാരം പുലർത്തുന്നുണ്ടെ

ന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. വായു മലിനീകരണമുണ്ടാക്കുന്ന വ്യവസായങ്ങളുടെ എണ്ണം ജില്ലയിൽ തീരെ കുറവും, നഗരവൽക്കരണത്തിന്റെ തോത് താരതമ്യേന കുറവായതുകൊണ്ടുമാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇന്നത്തെ നിലയിലുള്ള വാഹനപ്പെരുപ്പം കണക്കിലെടുത്താൽ സമീപഭാവിയിൽ വായുഗുണനിലവാരം മോശമാകാൻ സാധ്യതയുണ്ട്. പ്ലാസ്റ്റിക് അടക്കമുള്ള ഖരമാലിന്യങ്ങളുടെ തുറന്ന കത്തിക്കൽ, വായു മലിനീകരണത്തെ ശക്തിപ്പെടുത്തുന്ന ഘടകമാണ്. ഇതിന് പരിഹാരമായി ശാസ്ത്രീയമായ മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിച്ച് പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

അറവുശാലകളും ഇറച്ചിക്കോഴി സ്റ്റാളുകളും

പട്ടിക 4.2.1.25: അറവുശാലകളുടെയും ഇറച്ചിക്കോഴി സ്റ്റാളുകളുടെയും കണക്ക് (2013 ൽ നടന്ന സർവ്വെയുടെ അടിസ്ഥാനത്തിൽ)

ക്രമ നമ്പർ	ജില്ല	അറവുശാല	ഇറച്ചി സ്റ്റാൾ	ഇറച്ചിക്കോഴി സ്റ്റാൾ	ഇറച്ചിക്കോഴി & ഇറച്ച സ്റ്റാൾ	അറവുശാല &ഇറച്ചി സ്റ്റാൾ	മറ്റുള്ളവ	ആകെ
1	കാസറഗോഡ്	10	48	490	104	18	4	674

പട്ടിക 4.2.1.26: മാലിന്യ സംസ്ക്കരണ കേന്ദ്രമുള്ള യൂണിറ്റുകൾ (അറവുശാലകളുടെയും ഇറച്ചിക്കോഴി സ്റ്റാളുകളുടെയും 2013 ലെ സർവ്വെയുടെ അടിസ്ഥാനത്തിൽ)

ക്രമ നമ്പർ	ജില്ല	ഒരു സംവിധാനവുമില്ലാത്തവ	തുറന്ന കുഴി	അടച്ച കുഴി	ട്രീറ്റ്മെന്റ് പ്ലാന്റ്	അനുബന്ധ ഉല്പന്ന പ്ലാന്റ്	മറ്റുള്ളവ	ആകെ
1	കാസറഗോഡ്	21	30	310	46	15	252	674

ജില്ലയിൽ 21 കേന്ദ്രങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങൾ ഒന്നും തന്നെയില്ല. ഓപ്പൺപിറ്റുകൾ 30 എണ്ണത്തിൽ പ്രവർത്തിക്കുന്നുണ്ട്. ശാസ്ത്രീയമായ രീതിയിൽ മാലിന്യം സംസ്ക്കരിക്കാനുള്ള സംവിധാനങ്ങൾ അറവുശാലകളിലും ഇറച്ചിക്കടകളിലും കോഴിക്കടകളിലും ഒരുക്കുന്നത് കർശനമായി നടപ്പാക്കണം. ശാസ്ത്രീയ രീതിയിലുള്ള ആധുനിക അറവുശാലകളുടെ ആവശ്യകതയും ഇതിലൂടെ വെളിവാകുകയാണ്.

പട്ടിക 4.2.1.27: ലൈസൻസ് നേടിയതിന്റെ അടിസ്ഥാനത്തിൽ യൂണിറ്റുകളുടെ തരം തിരിവ്

ക്രമ നമ്പർ	ജില്ല	ലൈസൻസുള്ളത്								ലൈസൻസില്ലാത്തവ	ആകെ
		അറവുഷോപ്പ്	ഇറച്ചിക്കട	അറവുശാലയും ഇറച്ചിക്കടയും	ഇറച്ചിക്കോഴിക്കട	ഇറച്ചിക്കോഴിയും ഇറച്ചിക്കടയും	അറവുശാല	മറ്റുള്ളവ	ആകെ		
1	കാസറഗോഡ്	3	27	5	170	22	3	9	239	435	674

ജില്ലയിൽ അറവുശാലകളും ഇറച്ചിക്കടകളുമടക്കം 435 കേന്ദ്രങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. പരിശോധനകളും നടപടികളും ഈ മേഖലയിൽ അടിയന്തിരമായി നടത്തേണ്ടതുണ്ട്.

മാലിന്യ സംസ്ക്കരണമേഖലയിലെ ഇടപെടലുകൾ

മാലിന്യ സംസ്ക്കരണ മേഖലയിൽ ശുചിത്വമിഷൻ വർഷങ്ങളായി നിരവധി ഇടപെടലുകളും പ്രവർത്തനങ്ങളും നടത്തി വരികയാണ്. ജില്ലയെ വെളിയിട വിസർജ്ജന മുക്തമാക്കുന്നതിന് കക്കൂസ് നിർമ്മാണം, സ്വച്ഛ്ഭാരത് മിഷൻ ഫണ്ട് ഉപയോഗിച്ച് കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് നിർമ്മാണം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതികൾ, ആധുനിക രീതിയിൽ വാതക ശ്മശാന നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി നൽകൽ, സാങ്കേതിക നിർദേശം നൽകൽ തുടങ്ങിയവ അനിവാര്യമായി നടക്കേണ്ട ആരോഗ്യ-ശുചിത്വ പ്രവർത്തനങ്ങളാണ്.

ODF (Open Defecation Free)

ജില്ലയെ വെളിയിട വിസർജ്ജന മുക്തമാക്കുന്നതിന് സ്വച്ഛ് ഭാരത് മിഷൻ ഫണ്ടും ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി ഫണ്ടും ഉപയോഗിച്ച് ആവശ്യമായ സ്ഥലങ്ങളിൽ 12642 കക്കൂസുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിനായി 14,67,37,084/- രൂപ സ്വച്ഛ് ഭാരത് മിഷനും 4,79,49,715/- രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിനിയോഗിച്ചു.

മേപ്പ് 4.2.1.3: സാനിറ്റേഷൻ സൗകര്യങ്ങൾ (തദ്ദേശ സ്വയംഭരണ സ്ഥാപന തലം)



ODF പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിച്ച കക്കൂസുകൾ, അവയ്ക്ക് ചെലവഴിച്ച തുക എന്നിവ പട്ടികയായി നൽകുന്നു.

4.2.1.28: ODF പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ നിർമ്മിച്ച കക്കൂസുകൾ

ഗ്രാമ പഞ്ചായത്ത്	ODF മുഖാന്തിരം നിർമ്മിച്ച കക്കൂസുകളുടെ എണ്ണം	സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ട് നൽകിയത്	ഗ്രാമ പഞ്ചായത്ത് വിഹിതം
മഞ്ചേശ്വരം	141	1692000	479400
വോർക്കാടി	173	2076000	588200
മംഗൽപാടി	57	684000	193800
എൻമകജെ	362	4344000	1230800
കുമ്പഡാജെ	324	3888000	1101600
കാറഡുക്ക	406	4872000	1380400
മുളിയാർ	155	1860000	527000

ബേഡഡുക്ക	725	8700000	2465000
കള്ളാർ	380	4560000	1292000
കോടോംബേളൂർ	380	4560000	1292000
പനത്തടി	440	5280000	1496000
വെസ്റ്റ് എളേരി	323	3876000	1098200
കുമ്പള	150	1800000	510000
ബദിയടുക്ക	348	4176000	1183200
ചെങ്കള	300	3600000	1020000
ചെമ്മനാട്	186	2232000	632400
മധൂർ	79	948000	268600
മൊഗ്രാൽ പുത്തൂർ	34	408000	115600
ഉദുമ	130	1560000	442000
അജാനൂർ	120	1440000	408000
മടിക്കൈ	372	4464000	1264800
പള്ളിക്കര	165	1980000	561000
ചെറുവത്തൂർ	104	1248000	353600
കയ്യൂർ ചീമേനി	148	1776000	503200
പിലിക്കോട്	110	1320000	374000
തൃക്കരിപ്പൂർ	125	1500000	425000
വലിയപറമ്പ	247	2964000	839800
കുറ്റിക്കോൽ	727	8724000	2471800
മീഞ്ച	239	2868000	812600
പൈവളിഗെ	366	4392000	1244400
പുത്തിഗെ	183	2196000	622200
ബെള്ളൂർ	369	4428000	1254600
ദേലംപാടി	672	8064000	2284800
ബളാൽ	1128	13536000	3835200
ഈസ്റ്റ് എളേരി	588	7056000	1999200
കിനാനൂർ കരിന്തളം	607	7284000	2063800
പുല്ലൂർ പെരിയ	474	5688000	1611600
പടന്ന	60	720000	204000
ആകെ	11897	142764000	40449800

4.2.1.29: ODF പ്രകാരം നഗരസഭ നിർമ്മിച്ച കക്കൂസുകൾ

നഗരസഭ	ODF മുഖാന്തിരം നിർമ്മിച്ച കക്കൂസുകളുടെ എണ്ണം	സ്വച്ഛ് ഭാരത് മിഷൻ (അർബൻ) ഫണ്ട് നൽകിയത്	നഗരസഭ വിഹിതം
കാസറഗോഡ്	190	1013270	1912730
കാഞ്ഞങ്ങാട്	273	1455909	2748291
നീലേശ്വരം	282	1503906	2838894
ആകെ	745	3973085	7499915

4.2.1.30: മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം കാമ്പയിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2017 ആഗസ്റ്റ് 6 മുതൽ 13 വരെ നടന്ന സർവ്വെ റിപ്പോർട്ട്

ക്ര. നം	പഞ്ചായത്ത്/ മുൻസിപ്പാലിറ്റി	ആകെ വീടുകളുടെ എണ്ണം	സന്ദർശിച്ച വീടുകളുടെ എണ്ണം	സ്ഥല ലഭ്യത		ജൈവമാലിന്യം		നിലവിൽ മാലിന്യ സംസ്ക്കരണ സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നവീടുകളുടെ എണ്ണം	അജൈവമാലിന്യം		
				10 സെന്റിൽ കുറവ്	10 സെന്റിൽ കൂടുതൽ	ജൈവ മാലിന്യ സംസ്ക്കരണസംവിധാനം ഉള്ള വീടുകൾ	ജൈവ മാലിന്യ സംവിധാനം ഇല്ലാത്ത വീടുകൾ		ഏതെങ്കിലും ഏജൻസിയെ ഏല്പിക്കുന്നവർ	കത്തിക്കുന്നവർ	പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്നവർ/ വലിച്ചെറിയുന്നവർ
		1	2	3	4	5	6	7	8	9	10
1	അജാനൂർ	13142	12522	4744	5408	1359	11270	3468	4068	2096	3012
2	ബദിയടുക്ക	10350	10350	3457	6893	2030	10320	3680	2780	4680	1030
3	ബളാൽ	6882	6882	3170	3712	2236	4646	812	0	314	0
4	ബേഡഡുക്ക	6519	6519	2832	2937	1670	4849	2822	425	272	646
5	ബെള്ളൂർ	2052	2052	718	1333	803	1249	956	227	883	26
6	ചെമ്മനാട്	9958	9958	2557	966	4676	5282	3135	5140	2463	376
7	ചെങ്കള	16539	12310	6104	6206	428	16111	2238	672	8832	2715
8	ചെറുവത്തൂർ	6478	6073	2369	3579	1836	4642	1020	3848	209	36
9	ദേലംപാടി	5274	2387	1372	1015	919	4355	554	524	623	132
10	ഈസ്റ്റ്എളേരി	6485	5894	1630	4264	705	5780	2004	1329	1831	251
11	എൻമകജെ	5837	3636	2611	1822	2306	3531	1901	57	403	61
12	കയ്യൂർ ചീമേനി	6066	6048	1888	4160	1759	4307	82	2135	965	166
13	കിനാനൂർ കരിന്തളം	7541	6918	6412	506	1082	6459	1099	0	553	20
14	കള്ളാർ	3342	3342	637	2705	2986	356	2339	0	209	413
15	കാറഡുക്ക	4999	3537	1387	2115	452	4547	1665	1130	778	36
16	കോടോം ബേളൂർ	4500	4500	1685	2815	75	4425	625	0	114	326
17	കുമ്പഡാജെ	3800	1765	396	1369	64	3736	210	0	428	120
18	കുമ്പള	11500	11500	8207	3293	21	11479	0	910	1440	0
19	കുറ്റിക്കോൽ	6361	3162	1544	1618	88	6273	2974	555	356	0
20	മധൂർ	12307	9066	5148	1984	3221	9149	1800	216	4786	1874
21	മടിക്കൈ	6219	2778	1611	1137	492	5727	780	1026	138	42
22	മംഗൽപ്പാടി	14757	14757	10919	3838	3386	11371	1180	28	0	0
23	മഞ്ചേശ്വരം	11519	3712	1907	1805	75	11444	1034	223	742	10
24	മീഞ്ച	6352	2804	1654	1150	179	6173	645	886	576	97
25	മൊഗ്രാൽ പുത്തൂർ	6281	6281	4600	1452	2584	3697	4521	152	3412	1826
26	മുളിയാർ	6915	2656	1255	1401	112	6703	1000	1461	600	200
27	പടന്ന	4246	4246	2002	2244	1046	3200	1893	1768	380	0

28	പൈവളികെ	8830	2289	1024	1264	1160	7670	0	772	427	28
29	പള്ളിക്കര	13782	4556	3285	473	259	13523	459	319	85	17
30	പനത്തടി	6015	4956	685	4271	1581	4434	167	67	2365	561
31	പിലിക്കോട്	8770	6312	8593	3299	2335	6435	3271	1045	286	84
32	പുല്ലൂർ പെരിയ	9370	7640	1670	7700	1166	8204	3200	1320	1800	1200
33	പുത്തിഗെ	2616	1654	1091	622	516	2100	745	519	626	43
34	തൃക്കരിപ്പൂർ	9460	9460	5149	4178	1011	8449	2092	1886	229	0
35	ഉദുമ	7948	7255	2327	3072	846	7102	2025	2943	1030	109
36	വലിയപറമ്പ	2950	2950	1611	1339	859	2091	1442	1277	232	73
37	വോർക്കാടി	7318	5260	2435	2825	13	7305	0	3207	2155	30
38	വെസ്റ്റ് എളേരി	7938	7411	3893	3022	315	7623	2711	0	485	19
39	കാസറഗോഡ് നഗരസഭ	12802	2802	1977	772	1272	1530	933	1187	725	108
40	കാഞ്ഞങ്ങാട് നഗരസഭ	8110	7667	3810	3857	729	3781	1016	3135	2600	0
41	നീലേശ്വരം നഗരസഭ	12200	12200	5685	6515	3070	9130	2902	400	57	156

ODF Sustainability ക്കുവേണ്ടിയുള്ള ജില്ലാ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

1. ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ, തീരദേശ പ്രദേശങ്ങൾ, എസ്.സി, എസ്.ടി കോളനികൾ എന്നിവിടങ്ങളിൽ ODF Sustainability ക്കുവേണ്ടി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർ, വി.ഇ.ഒ.മാർ എന്നിവർ അടക്കമുള്ള ഒരു ടീം രൂപീകരിച്ച് മേൽനോട്ടം നടത്തേണ്ടതും കുറവുകളുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്ത് തലത്തിൽ തന്നെ പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ ജില്ലാ ശുചിത്വമിഷൻ കൈക്കൊള്ളേണ്ടതുമാണ്.
2. ടോയ്‌ലറ്റുകൾ ഉപയോഗിക്കുന്നതിന് വിമുഖത കാണിക്കുന്ന വിഭാഗങ്ങൾക്ക് സ്വഭാവ രൂപീകരണത്തിന് ഗ്രാമ പഞ്ചായത്തുമായി ചേർന്നുകൊണ്ട് വേണ്ടുന്ന ഐ.ഇ.സി പ്രവർത്തനങ്ങൾ ജില്ലാ ശുചിത്വ മിഷൻ നടത്തണം. റേഡിയോ, ടി.വി ചാനലുകളിലെ പരസ്യങ്ങൾ പ്രദർശിപ്പിക്കൽ, നോട്ടീസ്, ലഘുലേഖ വിതരണം എന്നിവ ചെയ്യാവുന്നതാണ്.
3. മാർക്കറ്റ്, ബസ്സ്റ്റാന്റ് എന്നിവിടങ്ങളിലെ പൊതു ടോയ്‌ലറ്റുകൾ, അംഗൻവാടി, സ്കൂൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയിലെ ടോയ്‌ലറ്റുകൾ മുതലായവ പൂർണ്ണ അർത്ഥത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും യഥാസമയങ്ങളിൽ വേണ്ടുന്ന അറ്റകുറ്റപ്പണികൾ ഉടമസ്ഥാവകാശമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ ചെയ്യുന്നുണ്ടെന്നും ജില്ലാ ശുചിത്വ മിഷൻ ഉറപ്പാക്കേണ്ടതാണ്.
4. ഒരു വളണ്ടിയർ, ബ്ലോക്ക് പഞ്ചായത്തിലെ ജി.ഇ.ഒ, ബ്ലോക്ക് പഞ്ചായത്തിൽപ്പെടുന്ന മറ്റൊരു ഗ്രാമ പഞ്ചായത്തിലെ വി.ഇ.ഒ എന്നിവർ ചേർന്ന് ഒ.ഡി.എഫ് നിലനിർത്തുന്നതിന്റെ പിരിയോഡിക്കൽ ഇൻസ്പെക്ഷൻ നടത്താവുന്നതാണ്. ജില്ലാ തലത്തിൽ ഗ്രാമ വികസന വകുപ്പ്, പഞ്ചായത്ത് വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ് പ്രതിനിധികൾ കൂടാതെ ഒരു സന്നദ്ധപ്രവർത്തകനും ഉൾപ്പെടുന്ന ടീം രൂപീകരിച്ച് റാൻഡം സൂപ്പർ ചെക്ക് ചെയ്യണം.
5. പുതിയ വീടുകൾ നിർമ്മിക്കുമ്പോൾ അവയിൽ ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നുണ്ടെന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്. അതാത് തദ്ദേശ സ്ഥാപനതലത്തിൽ മോണിറ്റർ ചെയ്യേണ്ടതും ആയതിന് ഡി.ഡി.പി, നഗരകാര്യ ജെ.ഡി എന്നിവർ സൂപ്പർവൈസ് ചെയ്യേണ്ടതുമാണ്.
6. മഞ്ചേശ്വരം, മംഗൽപാടി, ഉദുമ, കാസറഗോഡ് മുൻസിപ്പാലിറ്റി, പള്ളിക്കര, വലിയപറമ്പ, തൃക്കരിപ്പൂർ പോലെയുള്ള കോസ്റ്റൽ മേഖലകളിൽ വെള്ളം കയറുന്നതിനെ ചെറുക്കുന്ന തരത്തിലുള്ള elevated tank സ്ഥാപിക്കേണ്ടതാണ്.
7. ജലലഭ്യത, എല്ലാ സമയത്തും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം. മാലിന്യപരിപാലനത്തിനായി ശാസ്ത്രീയ രീതി അവലംബിക്കേണ്ടതാണ്. നിലവിൽ കാസറഗോഡ് ജില്ലയിൽ മംഗൽപാടി ഗ്രാമ പഞ്ചായത്തിലെ കുബനൂരും അജാനൂർ ഗ്രാമ പഞ്ചായത്തിലെ മാവുങ്കാലിലും വിൻഡ്രോ കമ്പോസ്റ്റിംഗ് രീതിയിൽ മാലിന്യങ്ങൾ സംസ്ക്കരിച്ച് വരുന്നു. അജാനൂർ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും ടൗണുക

ളിൽ നിന്നും ജൈവമാലിന്യങ്ങൾ ശേഖരിച്ച് നടത്തി മാവുങ്കാൽ കേന്ദ്രത്തിൽ സംസ്ക്കരിച്ചുവരുന്നു. 3 ജോലിക്കാരാണ് ഇവിടെ പ്രവർത്തിച്ചു വരുന്നത്. ഇവർക്ക് ദിവസക്കൂലി അടിസ്ഥാനത്തിൽ വേതനം നൽകുന്നു. ഇവരുടെ ദിവസക്കൂലി പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്ന് ചെലവഴിക്കുന്നു. വിവിധയിടങ്ങളിൽ നിന്ന് ട്രാക്ടർ വഴി ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്ക്കരിച്ച് കമ്പോസ്റ്റാക്കി പഞ്ചായത്ത് ലേലം ചെയ്ത് വരുന്നു. മംഗൽപാടി പഞ്ചായത്തിലെ കുബനൂരിൽ ഒരു വിൻഡ്രോ കമ്പോസ്റ്റിംഗ് കേന്ദ്രം പ്രവർത്തിച്ചു വരുന്നു. ഇവിടെ 10 തൊഴിലാളികളും ഒരു സൂപ്പർവൈസറും ജോലി ചെയ്യുന്നു. കൂടാതെ മാലിന്യ ശേഖരണത്തിനായി ഒരു ടിപ്പറും അതിന്റെ ഡ്രൈവറും മറ്റു മൂന്നു തൊഴിലാളികളും ജോലി ചെയ്യുന്നു. വാഹനത്തിന്റെ ചെലവും തൊഴിലാളികളുടെ വേതനവും ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നാണ് ചെലവഴിക്കുന്നത്. മാലിന്യ സംസ്ക്കരണ സംവിധാനങ്ങളെല്ലാം തന്നെ അഭംഗുരം നടത്തി കൊണ്ടുപോവുന്നതിനാവശ്യമായ ആവർത്തന ചെലവുകൾ ഏറ്റവും കുറഞ്ഞ തോതിൽ മാത്രമേ എൽ.എസ്.ജി.ഡി. യിൽ നിന്നും ചെലവഴിക്കാവൂ എന്ന സമീപനം സ്വീകരിക്കണം. പൊതുജനങ്ങളിൽ നിന്നും സേവനത്തിനുള്ള ഫീസും പരിസ്ഥിതി മലിനപ്പെടുത്തുന്നവരിൽ നിന്നും ഈടാക്കുന്ന പിഴയും പോലുള്ള സാമ്പത്തിക നിർവ്വഹണ മാർഗങ്ങൾ അതാത് എൽ.എസ്.ജി.ഡി.കൾ സ്വീകരിക്കണം. പരിപാലനത്തിനാവശ്യമായ ആവർത്തന ചെലവുകൾ ഓരോ പ്രദേശത്തിന്റെയും മാലിന്യത്തിന്റെ അളവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ പ്രത്യേകം പ്രത്യേകം തന്നെ നിജപ്പെടുത്തേണ്ടതാണ്. ആയതിനുള്ള മേൽ നോട്ടം ഹരിതകേരളം മിഷൻ നടത്തണം. അതാതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന മാലിന്യ സംസ്ക്കരണ രീതികൾക്ക് അനുയോജ്യമായ പ്രവൃത്തികൾ, മാലിന്യ സംസ്ക്കരണ സംവിധാനങ്ങളുടെ ദൈനംദിന പരിപാലനം, അറ്റകുറ്റപ്പണികൾ തുടങ്ങിയവ നടത്തുന്നതിനാവശ്യമായ പരിശീലനം ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകണം. വീടുകളും സ്ഥാപനങ്ങളുമടങ്ങുന്ന ഗുണഭോക്താക്കൾ, ഗ്രീൻ ടെക്നീഷ്യന്മാർ, ഗ്രീൻ സൂപ്പർവൈസർമാർ, ഹരിതസഹായ സ്ഥാപനം, എൽ.എസ്.ജി.ഡി. എന്നിവിടങ്ങളിലുള്ള എല്ലാ ഘടകങ്ങളുടെയും കൂട്ടായ്മ രൂപപ്പെടുത്തണം. ഇത് മാലിന്യ സംസ്ക്കരണത്തിന് പൊതുവിൽ സ്ഥാപിച്ചിരിക്കുന്ന സംവിധാനങ്ങളുടെ പരിപാലനത്തിനും തുടർനടത്തിപ്പിനും അനിവാര്യമാണ്. കൂടാതെ ഹരിതസഹായ സ്ഥാപനം നിയോഗിക്കുന്ന സാങ്കേതിക വിദഗ്ധൻ, ടെക്നീഷ്യൻ, കോ-ഓർഡിനേറ്റർ എന്നിവരുടെ കൂട്ടായ പ്രവർത്തനം വഴിയും മാലിന്യ പരിപാലനത്തിനും സംസ്ക്കരണത്തിനുമായി സ്വീകരിച്ചിട്ടുള്ള ആസ്തികളുടെ പരിപാലനം നടത്താവുന്നതാണ്.

◆ കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ്

സ്വച്ഛ് ഭാരത് മിഷൻ ഫണ്ടുപയോഗിച്ച് 2002-03 മുതൽ 2015-16 വരെ ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ 40 കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. നഗരവൽക്കരണത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പൊതു ശൗചാലയങ്ങൾ ജില്ലയിൽ സമീപഭാവിയിൽ തന്നെ നിർമ്മിക്കേണ്ടതായി വരും.

◆ മാലിന്യസംസ്ക്കരണപദ്ധതികൾ

ജില്ലയിൽ വിവിധ ഗ്രാമ പഞ്ചായത്തുകളിലായി 2014-15 വർഷം മുതൽ സ്വച്ഛ് ഭാരത് മിഷൻ ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതികളുടെ വിശദാംശങ്ങൾ

2014-15

പൈപ്പ് കമ്പോസറ്റ്	- 4820 എണ്ണം
ബയോഗ്യാസ് പ്ലാന്റ്	- 305 എണ്ണം

2015-16

സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ്	- 4 എണ്ണം
പൈപ്പ് കമ്പോസ്ററ്	- 1841 എണ്ണം
പോട്ട് കമ്പോസ്ററ്	- 1015 എണ്ണം
ബയോഗ്യാസ് പ്ലാന്റ്	- 277 എണ്ണം

2016-17

പൈപ്പ് കമ്പോസ്റ്റ്	- 1870 എണ്ണം
ബയോഗ്യാസ് പ്ലാന്റ്	- 100 എണ്ണം

2017- 18

റിംഗ് കമ്പോസ്റ്റ്	- 300 എണ്ണം
ബയോഗ്യാസ് പ്ലാന്റ്	- 100 എണ്ണം

അനെർട്ട് മുഖേന ജില്ലയിൽ 2012-2017 വരെ നടപ്പിലാക്കിയ ബയോഗ്യാസ് പ്ലാന്റുകൾ

ബയോഗ്യാസ് പ്ലാന്റ് (ഫിക്സഡ് ടൈപ്പ്)	- 92 എണ്ണം
ബയോഗ്യാസ് പ്ലാന്റ് (പോർട്ടബിൾ)	- 153 എണ്ണം

മേൽ പദ്ധതികളിൽ ഏകദേശം 10 മുതൽ 15 ശതമാനം വരെ ഇപ്പോൾ പ്രവർത്തനരഹിതമാണ്. ഇവ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആധുനികവാതകശ്മശാനം

ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തുടനീളം ജില്ലാപഞ്ചായത്ത് ധനസഹായത്തോടെ ആധുനിക വാതക ശ്മശാനങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതി തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ 8 ഗ്രാമ പഞ്ചായത്തുകളിൽ ശ്മശാനം നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുകയും 4 എണ്ണത്തിന് സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തു.

2 എണ്ണത്തിനുള്ള സാങ്കേതികാനുമതി നടപടി ക്രമങ്ങൾ നടന്നു വരുന്നു. ബാക്കി 2 പഞ്ചായത്തുകളിൽ നിന്ന് പദ്ധതി സമർപ്പിച്ചിട്ടില്ല.

മേപ്പ് 4.2.1.4 ആധുനിക വാതക ശ്മശാനങ്ങളുടെ വിവരം



മേഖലയിലെ പ്രശ്നങ്ങളും, വികസന വിടവുകളും, വികസന സാധ്യതകളും

- നിലവിൽ ജൈവമാലിന്യസംസ്ക്കരണ രീതികൾ ഉപയോഗിക്കുന്നവരുടെ എണ്ണം കുറവാണ്. അതിനാൽ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കേണ്ട ആവശ്യകതയെക്കറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കണം.
- ഹോട്ടലുകൾ, റസ്റ്റോറന്റുകൾ എന്നിവയിലെ ജൈവ -അജൈവ മാലിന്യങ്ങൾ ഇപ്പോൾ പ്രൈവറ്റ് ഏജൻസികൾക്ക് കൈമാറുകയാണ്. ഈ ഏജൻസികൾ ജൈവ - അജൈവ മാലിന്യങ്ങൾ എങ്ങനെ സംസ്ക്കരിക്കുന്നു എന്നതിനെക്കുറിച്ച് ആശങ്കയുണ്ട്. കാസറഗോഡ് ജില്ലയിൽ നഗരവത്ക്കരണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും ഉറവിടത്തിൽ തന്നെ മാലിന്യം സംസ്ക്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ വളരെ കുറവാണ്.
- തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ ശേഖരിക്കുന്ന അജൈവ മാലിന്യം സംസ്ക്കരിക്കുന്നതിന് ജില്ലയിൽ നിലവിൽ ആർ.ആർ എഫ് ന്റെ എണ്ണം പരിമിതമാണ്. റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്) ജില്ലയിൽ ഗ്രാമ പഞ്ചായത്ത്തലത്തിൽ ഒരെണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.
- മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുസജ്ജമായ ടോയ്‌ലറ്റ് സൗകര്യം തീരെ കുറവാണ്. ഫിഷ് മാർക്കറ്റുകൾ, മത്സ്യബന്ധന തുറമുഖങ്ങൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് പ്രാഥമികസൗകര്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്.
- തുണിസഞ്ചി ഉപയോഗിക്കുന്നവരുടെ എണ്ണം ലഭ്യമായ കണക്കനുസരിച്ച് തീരെ കുറവാണ്. പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾ ഉപയോഗിക്കുന്നവരുടെ എണ്ണം കൂടുതലാണ്.
- അറവുശാലകളിൽ ഉറവിട മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ ഫലപ്രദമല്ല. ശാസ്ത്രീയ രീതിയിലുള്ള അറവുശാലകളും കുറവാണ്. മാലിന്യങ്ങൾ പരിപാലിക്കുന്നതിനുള്ള സംവിധാനങ്ങളുംകുറവാണ്. ലൈസൻസില്ലാതെ പ്രവർത്തി ക്കുന്ന അറവുശാലകളുടെ എണ്ണം ഏറെയാണ് താനും.
- ഉത്സവങ്ങൾ, ആഘോഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മാലിന്യം ഗണ്യമായി വർദ്ധിക്കുവാനുള്ള സാഹചര്യം നിലവിലുണ്ട്.
- വ്യവസായശാലകളിൽ നിന്നുള്ള മാലിന്യം ശാസ്ത്രീയമായി പരിപാലിക്കുന്നതിനുള്ള സംവിധാനങ്ങൾ പരിമിതമാണ്.
- ഹോസ്പിറ്റലുകളിലെ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിനും അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനുമുള്ള സംവിധാനം തീരെ അപര്യാപ്തമാണ്.
- കല്ല്യാണ മണ്ഡപങ്ങൾ, ഓഡിറ്റോറിയങ്ങൾ എന്നിവയിൽ മാലിന്യ സംസ്ക്കരണ സംവിധാനം കാര്യക്ഷമമല്ല.

ആരോഗ്യം, ശുചിത്വം

- ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ തദ്ദേശ, വിദേശ വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിച്ച് വരുന്നത് മാലിന്യ പ്രശ്നങ്ങൾ രൂക്ഷമാകാനുള്ള സാഹചര്യം സൃഷ്ടിക്കുന്നുണ്ട്.
- സെപ്റ്റിക്ക് ടാങ്കുകളിലെ മാലിന്യ സംസ്ക്കരണത്തിന് ശാസ്ത്രീയ സംവിധാനം പ്രയോജനപ്പെടുത്തുന്നില്ല.
- ജലസ്രോതസ്സുകൾ അതിവേഗം മലിനമാക്കപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നു.

വികസന പരിപ്രേക്ഷ്യം

പൊതുസമീപനം

'സീറോവേസ്റ്റ് കാസറഗോഡ്' എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ദീർഘകാലത്തേക്കും ഹ്രസ്വകാലത്തേക്കും വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. സീറോവേസ്റ്റ് എന്നാൽ ഭൂമിയിൽ നിന്നും ഉല്പാദിപ്പിക്കുന്ന എല്ലാ വസ്തുക്കളും സുരക്ഷിതമായി തിരികെ പോകുന്ന അവസ്ഥ സംജാതമാക്കുകയാണ്. ഇതിലേക്കായി മാലിന്യത്തിന്റെ ഉല്പാദനത്തിൽ കുറവ് വരുത്തുക, അതിനുവേണ്ടി വസ്തുക്കളുടെ പുനരുപയോഗം വർദ്ധിപ്പിക്കുക, ഉപയോഗശൂന്യമായവയെ രൂപഭേദം വരുത്തി പുന:ചംക്രമണത്തിലൂടെ മറ്റുല്പ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പിലാക്കണം. ഉറവിടത്തിൽ തന്നെ മാലിന്യം പരമാവധി സംസ്ക്കരിക്കുന്ന രീതികൾ അവലംബിക്കേണ്ടതുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പു വരുത്തി ജൈവ മാലിന്യങ്ങളുടെ ഉറവിടതല സംസ്ക്കരണവും അജൈവ മാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറ്റം ചെയ്യലും അതിനാവശ്യമായ ആസ്തികളുടെ നിർമ്മാണം നടത്തലും ചെയ്യണം. ഇതുവഴി 'സീറോവേസ്റ്റ് കാസറഗോഡ്' എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കും. ഇതിനായി ത്രിതല പഞ്ചായത്ത് സംവിധാനങ്ങളിൽ വൈവിധ്യങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം.

ഖരമാലിന്യപരിപാലനം

ഖരമാലിന്യസംസ്ക്കരണ പ്രവർത്തനങ്ങളുടെ വിജയം പ്രധാനമായും 4 ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു.

1. പശ്ചാത്തല സൗകര്യങ്ങൾ (ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി, പൊതു)
2. പിന്തുണാ സംവിധാനങ്ങൾ (നിർവ്വഹണ, സാങ്കേതിക)
3. പൊതു സമൂഹ മനോഭാവം - ശീലവൽക്കരണ പ്രവർത്തനങ്ങൾ
4. നിയമങ്ങളും നിയന്ത്രണ നടപടികളും (നിയമങ്ങൾ, ബൈലോകൾ, ശിക്ഷണ നടപടികൾ)

ദ്രവമാലിന്യപരിപാലനം

ദ്രവമാലിന്യ പരിപാലനത്തിൽ പ്രധാനമായും രണ്ടു ഘടകങ്ങളുണ്ടാകും. 1. മലിനജല സംരക്ഷണം 2. കക്കൂസ് മാലിന്യ പരിപാലനം. മലിനജലത്തിന്റെ സ്വഭാവത്തിനനുസൃതമായ സംസ്ക്കരണ രീതികൾ കണ്ടെത്തി നടപ്പിലാക്കും.

- എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും മലിനജല സംസ്ക്കരണ സൗകര്യം ഉണ്ടാകണം.
- ഫ്ളാറ്റുകൾ, ആശുപത്രികൾ, മറ്റു വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്വീവേജ്/എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർബന്ധമാക്കണം.
- സെപ്റ്റേജ് ടാങ്ക് മാലിന്യം സംസ്ക്കരിക്കുന്നതിന് വികേന്ദ്രീകൃതമായ ഓൺസൈറ്റ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കും.

ഇ-മാലിന്യപരിപാലനം

ഇ-മാലിന്യ പരിപാലനം ഉല്പാദകർ, ഡീലർ എന്നിവരുടെ ഉത്തരവാദിത്വമാണ്. ഇതുറപ്പാക്കുന്നതിന് വേണ്ട എക്സ്റ്റന്റഡ് പ്രൊഡ്യൂസർ റസ്പോൺസിബിലിറ്റി (ഇ.പി.ആർ) നടപ്പാക്കുന്നതിനുള്ള സംവിധാനം ഉറപ്പാക്കും. ഇതിന് പ്രൊഡ്യൂസർ റസ്പോൺസിബിലിറ്റി ഓർഗനൈസേഷനുകൾ രൂപീകരിക്കുന്നതിനുള്ള ശക്തമായ പ്രേരണ ചെലുത്തും.

കൺസ്ട്രക്ഷൻ & ഡീമോളിഷൻ മാലിന്യം

സംസ്ഥാനത്ത് 2001 മുതൽ 2011 വരെ കെട്ടിടങ്ങളുടെ എണ്ണത്തിൽ 18.61 ലക്ഷത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. ഫ്ളാറ്റ് സമുച്ചയം, വ്യാപാര സ്ഥാപനങ്ങൾ എന്നിവയുടെ നിർമ്മാണം, കെട്ടിടങ്ങൾ പൊളിക്കൽ, അറ്റകുറ്റപണികൾ എന്നിവ കാരണം പ്രതിവർഷം ഏകദേശം 2 ലക്ഷം മെട്രിക്ക് ടൺ മാലിന്യം ഉണ്ടാകുന്നു. ഇവയുടെ പുനരുപയോഗം, പുന:ചംക്രമണം തുടങ്ങിയവ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

സ്പെഷൽ ഡ്രൈവുകൾ

ചില്ലുകുപ്പികളും, ഇ-മാലിന്യങ്ങളും ശേഖരിച്ച് സുരക്ഷിത പുന:ചംക്രമണം ഉറപ്പിക്കുന്നതിനുള്ള വിപുലമായ കാമ്പയിൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. മാലിന്യ പരിപാലന പ്രവർത്തനവുമായി ബന്ധപ്പെടുത്തിയ ഇത്തരം സ്പെഷൽ ഡ്രൈവുകൾ പൗരന്മാരെ സുരക്ഷിത മാലിന്യ പ്രവർത്തനങ്ങളിൽ സജീവമാക്കും.

സംക്ഷിപ്തം

സുരക്ഷിതമായ മാലിന്യ സംസ്ക്കരണ പ്രവർത്തനം ബഹുജനപങ്കാളിത്തത്തോടെ ശാസ്ത്രീയമായി നടപ്പിലാക്കി ജില്ലയെ സീറോവേസ്റ്റ് ജില്ലയായി മാറ്റുകയെന്നതാണ് ആത്യന്തിക ലക്ഷ്യം.

നിർദേശങ്ങൾ

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഹരിതകേരളം മിഷൻ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഹരിതകർമ്മസേനയെ തെരെഞ്ഞെടുക്കൽ.
- ഹരിതകേരളം മിഷൻ തെരെഞ്ഞെടുത്ത് നല്കുന്ന ഹരിതസഹായ സ്ഥാപനത്തെ നിയമിച്ച് അവരുമായി ധാരണാപത്രം ഒപ്പുവെക്കൽ.
- തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകൽ.

ആരോഗ്യം, ശുചിത്വം

- ആവശ്യകതാനിർണ്ണയ സർവ്വേയിലൂടെ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനത്തിന്റെ സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനതല ശില്പശാല സംഘടിപ്പിക്കൽ. ശില്പശാലയിൽ വെച്ച് വിശദമായ മാലിന്യസംസ്ക്കരണപരിപാടിയുടെ രൂപരേഖ (ഡി.പി.ആർ) തയ്യാറാക്കൽ.
- ഗാർഹികതലത്തിലും സ്ഥാപനതലത്തിലും, സാമൂഹികതലത്തിലും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയും അവ തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിക്കുകയും ചെയ്യൽ.
- അജൈവ മാലിന്യ സംഭരണ കേന്ദ്രം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ (എം.സി.എഫ്- മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി). (ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി നടപ്പിലാക്കാവുന്നതാണ്).
- ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ വാഹനങ്ങൾ ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം.
- ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളുടെ രണ്ടാംഘട്ട തരംതിരിവിനും ഷ്രെഡിംഗും ബെയിലിംഗും അടക്കമുള്ള പ്രവർത്തനങ്ങൾക്കു വേണ്ടി റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്) സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ ക്ലീൻ കേരള കമ്പനിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് നിശ്ചയിക്കൽ (ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി നടപ്പിലാക്കാവുന്നതാണ്).
- തദ്ദേശസ്വയംഭരണ സ്ഥാപനം തെരെഞ്ഞെടുക്കുന്ന 3 മുതൽ 5 വരെ അംഗങ്ങളുള്ള ടീമിനെ സോഷ്യൽ ഓഡിറ്റിംഗ് സമിതിയായി രൂപീകരിക്കൽ.
- ഹരിതകർമ്മസേനയ്ക്ക് വേണ്ടിവരുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് (വിജിഎഫ്) എം.സി.എഫ് നിർമ്മാണത്തിന് വേണ്ടിവരുന്ന തുക തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുകയിൽ നിന്നും വകയിരുത്തൽ.
- സർക്കാർ ഓഫീസുകൾ, വിദ്യാലയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കൽ.
- മലിനജലവും കക്കൂസ് മാലിന്യവും സംസ്ക്കരിക്കുന്നതിന് ശാസ്ത്രീയമായി രൂപകല്പന ചെയ്ത സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കൽ (ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കാവുന്നതാണ്).
- പൊതു ഇടങ്ങളിൽ ആവശ്യമുള്ള പൊതു കക്കൂസുകൾ നിർമ്മിക്കൽ. (ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കാവുന്നതാണ്).
- ആധുനിക അറവുശാലകളുടെ നിർമ്മാണം
- ആധുനിക ക്രിമിറ്റോറിയങ്ങളുടെ നിർമ്മാണം.
- അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കൽ. പ്ലാസ്റ്റിക്കുകൾ കത്തിക്കുന്നത് നിയമം മൂലം തടയൽ.
- ജലസ്രോതസ്സുകളിലെ മലിനീകരണം തടയുന്നതിന് നടപടി സ്വീകരിക്കൽ. ഇറച്ചിക്കടകളിലെ മാലിന്യങ്ങൾ ജലസ്രോതസ്സുകളിൽ വലിച്ചെറിയുന്നത് നിയമം മൂലം നിരോധിക്കൽ.
- ചെറുകിട വ്യവസായങ്ങളിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കാനുള്ള നപടി സ്വീകരിക്കൽ.
- വിനോദസഞ്ചാരകേന്ദ്രങ്ങളിൽ മാലിന്യനിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ. ആവശ്യത്തിനനുസരിച്ച് പൊതു കക്കൂസ് സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
- ആശുപത്രികളിലെ അജൈവ മാലിന്യങ്ങളും ജൈവ മാലിന്യങ്ങളും ശാസ്ത്രീയമായി സംസ്ക്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ.
- തുണിസഞ്ചിയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തൽ.
- മാലിന്യ പരിപാലനം ഫലപ്രദമായ രീതിയിൽ നടക്കണമെങ്കിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ കൃത്യമായി നടക്കേണ്ടതുണ്ട്. ഇതിനായി വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.
- ജില്ലയിലെ ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും ജൈവ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തൽ.
- പുതുതായി ആരംഭിക്കുന്ന ഹോട്ടലുകൾ, റസ്റ്റോറന്റുകൾ എന്നിവയ്ക്ക് മാലിന്യ സംസ്ക്കരണ സംവിധാനം ഒരുക്കിയാൽ മാത്രമേ ലൈസൻസ് നൽകാവൂ എന്ന് ഉറപ്പാക്കൽ.
- ഓഡിറ്റോറിയങ്ങൾ, കല്ല്യാണ മണ്ഡപങ്ങൾ എന്നിവയിൽ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ഹരിതചട്ടം പാലിച്ച് കൊണ്ട് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യൽ.
- ഫിഷ് മാർക്കറ്റുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, മത്സ്യബന്ധന തുറമുഖങ്ങൾ എന്നിവിടങ്ങളിൽ ടോയ്‌ലറ്റ് ബ്ലോക്കുകൾ നിർമ്മിക്കൽ.
- ഫോസിൽ ഇന്ധനങ്ങൾ (പെട്രോൾ, ഡീസൽ, കൽക്കരി) കുറയ്ക്കുന്നതിനുള്ള പദ്ധതി സ്വീകരിക്കൽ.
- പാരമ്പര്യേതര ഊർജ്ജ ഉപയോഗത്തിന് പ്രോൽസാഹനം നൽകൽ.
- പരമാവധി സ്ഥലങ്ങളിൽ മരങ്ങൾ വച്ചു പിടിപ്പിക്കൽ.
- 50 ബെഡ്ഡിൽ കൂടുതലുള്ള ആശുപത്രികൾ മലിന ജല സംസ്ക്കരണ പ്ലാന്റ് നിർമ്മിക്കണമെന്നും 50 ബെഡ്ഡിൽ കുറവുള്ളവ സെപ്റ്റിക് ടാങ്ക് വഴി മലിന ജലം നിർമ്മാർജനം ചെയ്യണമെന്നുമുള്ള മലിനീകരണ നിയന്ത്രണബോർഡിന്റെ പൊതു നിർദ്ദേശം നടപ്പാക്കൽ.
- ഭാവി വികസനവും ജനസാന്ദ്രതയും കണക്കിലെടുത്ത് എല്ലാ ആശുപത്രികളിലും മലിനജല സംസ്ക്കരണ പ്ലാന്റ് നിർബന്ധമാക്കൽ.
- ജില്ലയിലെ മുൻസിപ്പാലിറ്റികളിൽ പൊതു മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കൽ.

നവകേരളകർമ്മപദ്ധതിയുമായുള്ള സംയോജനസാധ്യതകൾ

- ആർദ്രം മിഷൻ പ്രവർത്തനങ്ങളും ഹരിത കേരള മിഷന്റെ ഭാഗമായുള്ള മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളും സംയോജിപ്പിച്ച് പകർച്ചവ്യാധികൾ തടയുന്നതിനുള്ള പ്രവർത്തനപദ്ധതി തയ്യാറാക്കൽ.
- ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന വീടുകളിൽ മാലിന്യ സംസ്ക്കരണം, ജല സംരക്ഷണം തുടങ്ങിയവ ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തൽ. ഭവനസമുച്ചയങ്ങൾ നിർമ്മിക്കുമ്പോൾ കമ്മ്യൂണിറ്റി ലെവൽ ജൈവമാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഉറപ്പുവരുത്തൽ.
- ഹരിത വിദ്യാലയങ്ങൾ സൃഷ്ടിക്കൽ. വിദ്യാലയങ്ങളിൽ ജൈവമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനങ്ങളും അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഉറപ്പു വരുത്തൽ. ഗ്രീൻപ്രോട്ടോക്കോൾ എല്ലാ വിദ്യാലയങ്ങളിലും നടപ്പാക്കൽ.

മേൽത്തട്ട് - കീഴ്ത്തട്ട് നിർദേശങ്ങൾ

കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും

- അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനും, തരം തിരിക്കുന്നതിനും റീസൈക്ലിംഗ് ചെയ്യുന്നതിനുള്ള മെറ്റീരിയൽ കളക്ഷൻ സെന്ററുകളും മെറ്റീരിയൽ റോസോഴ്സ് സെന്ററുകളും നിർമ്മിക്കുന്നതിനുള്ള ധനസഹായം കേന്ദ്ര സർക്കാർ 60% ഫണ്ടും സംസ്ഥാന സർക്കാർ 40% ഫണ്ടും (സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ) അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ.
- പൊതുകക്കൂസ് നിർമ്മാണത്തിന് കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ ചേർന്ന് 90% തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ.
- കമ്മ്യൂണിറ്റിതലത്തിൽ പൊതു മാലിന്യ സംസ്ക്കരണ യൂണിറ്റുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തുക അനുവദിക്കുന്നതാണ്. ഇതിനുള്ള പ്രവർത്തന ഏകോപനം നടത്തൽ.

ജില്ലാപഞ്ചായത്ത്തലം

- പൊതു ടോയ്‌ലറ്റുകളുടെ നിർമ്മാണം
- റീജിയണൽ സാനിട്ടറി ലാന്റ്ഫിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം വാങ്ങലും അവ സ്ഥാപിക്കലും
- അറവുശാല, പാക്കേജ്ഡ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ മുതലായവ നിർമ്മിക്കുന്നതിന് വിഭവ പങ്കാളിത്തം വഹിക്കൽ.
- കൈമാറ്റം ചെയ്യപ്പെട്ട ആശുപത്രികളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കൽ.
- റീസൈക്ലിംഗ് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം വ്യവസായ എസ്റ്റേറ്റുകളിൽ ഒരുക്കൽ.

ബ്ലോക്ക് പഞ്ചായത്ത്

- കൈമാറ്റം ചെയ്തുകിട്ടിയ സ്ഥാപനങ്ങളിൽ പൊതു ടോയ്‌ലറ്റുകൾ പ്രയോഗക്ഷമതയുള്ള ഇടങ്ങളിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിന് ഭൂമി വാങ്ങി നൽകൽ.
- ബെയ്‌ലിംഗ്, ഷ്രെഡിംഗ്, ഡീ -ഡസ്റ്റിംഗ്, വാഷിംഗ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
- കൈമാറ്റം ചെയ്യപ്പെട്ട ആശുപത്രികളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, മറ്റുസ്ഥാപനങ്ങളിൽ പൊതു സാനിറ്റേഷൻ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തൽ.
- ഗ്യാസ് ക്രിമിറ്റോറിയം, അറവുശാല, പാക്കേജ്ഡ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, റീജിണൽ സാനിട്ടറി ലാന്റ്ഫിൽ എന്നിവയ്ക്ക് ധന പങ്കാളിത്തം വഹിക്കൽ.

ഗ്രാമപഞ്ചായത്തുകൾ/ മുൻസിപ്പാലിറ്റി

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിത കേരളം മിഷൻ ഉപമിഷൻ കർമ സമിതിയും എല്ലാ വാർഡുമെമ്പർമാരും വിദഗ്ദാംഗങ്ങളും ചേർന്ന് ഒരു ശില്പശാല സംഘടിപ്പിക്കണം. പ്രസ്തുത ശില്പാലയിൽ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട അവസ്ഥാ വിശകലനം നടത്തി, നിലവിലുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡി.പി.ആർ തയ്യാറാക്കണം. ഡി.പി.ആർ തയ്യാറാക്കുന്നതിന് ഹരിത സഹായ സ്ഥാപനത്തിന്റെ സേവനം പ്രയോജനപ്പെടുത്താം.
- എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതകർമ്മസേന രൂപീകരിക്കൽ. ജൈവ മാലിന്യ സംസ്ക്കരണത്തിനായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ആവശ്യമെങ്കിൽ കമ്മ്യൂണിറ്റിതലത്തിലും പരമാവധി സ്വന്തം നിലയിൽ കമ്പോസ്റ്റ് പിറ്റ്, ബയോമെതനേഷൻ പ്ലാന്റ് എന്നിവ ആരംഭിക്കൽ. കമ്പോസ്റ്റ്പിറ്റ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയും ചെയ്യാവുന്നതാണ്.
- സ്ഥലപരിമിതിയുള്ള വീടുകളിലെ ജൈവ മാലിന്യം കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തൽ.
- സ്ഥാപനങ്ങൾ, മാർക്കറ്റ്, കമ്മ്യൂണിറ്റി എന്നീ തലങ്ങളിൽ തുമ്പൂർമൂഴി കമ്പോസ്റ്റിംഗ് ബയോഗ്യാസ് പ്ലാന്റ് സജ്ജമാക്കൽ.
- നിലവിലുള്ള പൊതുമാലിന്യ സംസ്ക്കരണ പ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും നടത്തൽ.
- ഹരിതസഹായ സ്ഥാപനത്തെ കണ്ടെത്തി ധാരണാപത്രം ഒപ്പു വെക്കൽ. (ഹരിത കർമ്മസേനയ്ക്കാവശ്യമായ സാങ്കേതിക പിന്തുണ നൽകുന്നതിനുള്ള സംവിധാനമാണ് ഹരിതസഹായ സ്ഥാപനം. ഹരിതസഹായ സ്ഥാപനങ്ങൾക്ക് പ്രൊഫഷണലായി മാലിന്യസംസ്ക്കരണസംവിധാനങ്ങൾ നോക്കി നടത്തുന്നതിനുള്ള സാങ്കേതിക വൈദഗ്ധ്യം ഉണ്ടായിരിക്കണം).

- ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള സഹായധനവും ഇളവുകളും ആവശ്യാനുസരണം വീടുകൾക്കും സ്ഥാപനങ്ങൾക്കും ലഭ്യമാക്കൽ. ഇതിനുള്ള പ്രാഥമിക ചെലവു വഹിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനം, കോർപ്പസ് ഫണ്ട്/വയബിലിറ്റി ഗ്യാപ് ഫണ്ട് നീക്കി വെക്കണം. (ഹരിത കർമ്മസേനയുടെ പ്രവർത്തനം, ഹരിത സഹായ സ്ഥാപനത്തിന്റെ സേവനം എന്നിവ ആദ്യഘട്ടത്തിൽ സുഗമമായി കൊണ്ടുപോകുന്നതിന് വയബിലിറ്റി ഗ്യാപ്ഫണ്ട് ഉപകരിക്കും).
- എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കൽ. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നുണ്ടെന്നും അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നുണ്ടെന്നും ഉറപ്പാക്കൽ. ഏതെങ്കിലും സ്ഥാപനമോ, വീടോ, ശുദ്ധീകരിക്കാത്ത മലിനജലം പൊതു സ്ഥലത്തേക്കോ ജലശേഖരങ്ങളിലേക്കോ ഒഴുക്കുകയോ അനാരോഗ്യകരമായി തളംകെട്ടി നിർത്തുകയോ ചെയ്യുകയും ഹരിതകർമ്മസേന നൽകുന്ന നിർദേശങ്ങൾ പാലിക്കാതിരിക്കുകയും ചെയ്യുന്നതായി കണ്ടാൽ വീഴ്ചവരുത്തുന്ന സ്ഥാപനത്തിന് പ്രവർത്തനാനുമതി നിഷേധിക്കുകയും പിഴചുമത്തുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങൾ നടപ്പാക്കൽ.
- എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും എം.സി.എഫ് സ്ഥാപിക്കൽ. അജൈവ മാലിന്യ സംഭരണ കേന്ദ്രം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥാപിക്കൽ. ഇതിനോടനുബന്ധിച്ചുതന്നെ വളവും അനുബന്ധ സാധനങ്ങളും ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനും ആവശ്യമായ സ്ഥലവും, ഹരിതകർമ്മസേനയുടെ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കണം.
- സോഷ്യൽ ഓഡിറ്റ് ടീമിനെ നിയോഗിക്കൽ. തദ്ദേശ സ്വയംഭരണ സ്ഥാപനം തെരെഞ്ഞെടുക്കുന്ന 3 മുതൽ 5 അംഗങ്ങൾ വരെയുള്ള ടീമാണ് സോഷ്യൽ ഓഡിറ്റ് സമിതി. സോഷ്യൽ ഓഡിറ്റിംഗ് സമിതി മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരുകയും അതതു തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടക്കുന്ന മാലിന്യസംസ്ക്കരണപ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണം.
- തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലെ സർക്കാർ ഓഫീസുകൾ, വിദ്യാലയങ്ങൾ, ഓഡിറ്റോറിയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ഹരിത ചട്ടം പാലിക്കാനുള്ള നടപടികൾ സ്വീകരിക്കൽ.
- ഹരിത കർമ്മസേന വഴി ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ പുന:ചംക്രമണം ചെയ്യുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്ലീൻ കേരളാ കമ്പനിയുമായി കരാറിൽ ഏർപ്പെടൽ. എം.സിഎഫിൽ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ശേഖരിച്ചു കൊണ്ടുപോകേണ്ട ഇടവേളകളും വിലയും ചാർജ്ജും കരാറിൽ നിബന്ധന ചെയ്തിരിക്കേണ്ടതാണ്.
- ഐ.ഇ.സി പ്രവർത്തനങ്ങൾ. മാലിന്യപരിപാലനം ഫലപ്രദമായ രീതിയിൽ നടക്കണമെങ്കിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ കൃത്യമായി നടക്കണം. ഇതിനായി വ്യത്യസ്ഥങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.
- വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ഒരു സ്കാഡ് രൂപീകരിച്ച് എല്ലാ വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് ഉറവിട മാലിന്യ സംസ്ക്കരണത്തിന്റെ ആവശ്യകതയും പ്രാധാന്യവും ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തൽ. ഇത് ഒരു വർഷത്തിൽ 3 തവണയെങ്കിലും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ.
- സന്നദ്ധ സംഘടനകൾ, വായനശാലകൾ, ക്ലബ്ബുകൾ എന്നിവയുടെ സഹായത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ.
- ഓരോ പ്രദേശത്തിനും അനുയോജ്യമായ ഐ.ഇ.സി പ്രവർത്തനങ്ങൾ കണ്ടെത്തി നടപ്പാക്കൽ. എം.സി.എഫ് സ്ഥാപിക്കുന്നതിന് ശക്തമായ എതിർപ്പുള്ള സ്ഥലത്ത് കേവലമായ സെമിനാർ കൊണ്ടോ, ഗൃഹ സന്ദർശനം കൊണ്ടോ ലക്ഷ്യം കൈവരിക്കാൻ സാധിച്ചെന്നു വരില്ല. അത്തരം സ്ഥലങ്ങളിൽ 'ഫീൽഡ് വിസിറ്റുകൾ' സംഘടിപ്പിക്കൽ.

മാതൃകാ പ്രോജക്ട് ആശയങ്ങൾ

- സർക്കാർതലത്തിൽ കേന്ദ്രീകൃത മാലിന്യ സംവിധാനങ്ങൾ വിജയകരമായി ദീർഘകാലം പ്രവർത്തിക്കുന്നതിൽ പ്രയാസം അനുഭവപ്പെടാൻ സാധ്യതയുണ്ടെങ്കിലും സ്വകാര്യ പങ്കാളിത്തത്തോടു കൂടി ജൈവ-അജൈവ മാലിന്യങ്ങൾ ഒരുമിച്ച് നിക്ഷേപിച്ച് പ്ലാന്റിൽ വച്ചുതന്നെ വേർതിരിച്ച് സംസ്ക്കരിക്കുന്ന രീതി 'പൂനെ മോഡൽ' ഭാവിയിൽ നമ്മുടെ ജില്ലയിലും സ്ഥാപിക്കുന്നത് ഗുണകരമായിരിക്കും.
- ഇ-ക്ലിനിക്കുകൾ - ജില്ലയിലെ സർക്കാർ ഓഫീസുകൾ, വിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗശൂന്യമായി കിടക്കുന്ന ഇലക്ട്രിക്കൽ ഉല്പ്പന്നങ്ങൾ പുന:രുപയോഗ സാധ്യമാക്കുന്നതിന് വേണ്ടി ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നത് പ്രയോജനപ്രദമാണ്.
- സ്വാപ്ഷോപ്പുകൾ :- ജില്ലയിലെ പ്രധാന പട്ടണങ്ങളെ കേന്ദ്രീകരിച്ച് സ്വാപ്ഷോപ്പുകൾ ആരംഭിക്കുക. ഒരു വ്യക്തിക്കോ കുടുംബത്തിനോ ആവശ്യമില്ലാത്ത പുനരുപയോഗക്ഷമമായ വസ്തു/ഉൽപ്പന്നം ഒരു പൊതു സംവിധാനത്തിലൂടെ കൈമാറുന്നതുവഴി ആ വസ്തു മറ്റൊരു വ്യക്തിക്കോ കുടുംബത്തിനോ ഉപയോഗപ്രദമാകുകയും മൂല്യമുള്ള വസ്തുക്കൾ ആവശ്യമുള്ളവരിലെത്തിക്കുകയും ചെയ്യുക എന്ന രീതിക്ക് വിപുലമായ പ്രചാരണം നൽകുകയാണ് സ്വാപ്പ്ഷോപ്പുകളുടെ ലക്ഷ്യം.
- പാഴ്വസ്തുക്കൾ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ വ്യക്തിഗതമായി ചില സ്ഥലങ്ങളിൽ നിർമ്മിക്കുന്നുണ്ടെങ്കിലും ജില്ലാടിസ്ഥാനത്തിൽ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നത് പുനരുപയോഗ സാധ്യത പ്രയോജനപ്പെടുത്തുന്നതിന് സഹായകമാകും. പ്രസ്തുത വസ്തുക്കളുടെ വില്പനയിലൂടെ യൂണിറ്റ് പ്രവർത്തിക്കാനുള്ള ചെലവുകൾ കണ്ടെത്താൻ സാധിക്കും.

4.2.2 പാർപ്പിടം, സഹകരണം, ദാരിദ്ര്യലഘൂകരണം

പാർപ്പിടം, സഹകരണം, ദാരിദ്ര്യലഘൂകരണം

ആമുഖം

ജില്ലയിലെ കേവല ദാരിദ്ര്യം ഘട്ടം ഘട്ടമായി ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്ര-കേരളസർക്കാറുകളുടെയും ത്രിതല പഞ്ചായത്തുകളുടെയും സംയുക്താഭിമുഖ്യത്തിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. 2011 ലെ സെൻസസ് പ്രകാരം കാസറഗോഡ് ജില്ലയിലെ ആകെയുള്ള 272906 കുടുംബങ്ങളിൽ 99830 കുടുംബങ്ങൾ നിലവിലെ ദാരിദ്ര്യ രേഖാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരാണ്. ഇല്ലായ്മകളുടെയും നിഷേധങ്ങളുടെയും ഫലമാണ് ദാരിദ്ര്യം എന്നതാണ് പൊതു കാഴ്ച്ചപ്പാട്. ഭക്ഷണം, പാർപ്പിടം, കുടിവെള്ളം, ശുചിത്വ സൗകര്യങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, വരുമാനം തുടങ്ങിയവയുടെ ഇല്ലായ്മകളിലൂടെയാണ് ദാരിദ്ര്യം പ്രകടമാകുന്നത്. ഗ്രാമീണ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഐ.എ.വൈ, എസ്.ജി.എസ്.വൈ, എസ്.ഐ.ജി.എൻ, എച്ച്.എ.ഡി.എ, പി.എം.കെ.എസ്.വൈ എന്നിവ കൂടാതെ വിവിധ വകുപ്പുകൾ വഴിയുള്ള ധനസഹായവും ജില്ലയ്ക്ക് ലഭിച്ചു വരുന്നു. ആയതിനാൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പുറന്തള്ളപ്പെട്ടതും ദാരിദ്ര്യത്തിന്റെ തീക്ഷ്ണത നേരിട്ടനുഭവിച്ചറിഞ്ഞവരുമായ ദരിദ്ര വിഭാഗങ്ങളുടെ ശാക്തീകരണ പ്രക്രിയക്ക് ആക്കം കൂട്ടുന്ന പ്രവർത്തന തന്ത്രത്തിലൂടെ സുതാര്യവും വികേന്ദ്രീകൃതവുമായ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

സർക്കാർ തലത്തിൽ അനുവദിക്കുന്ന ഫണ്ടുകൾക്കനുസൃതമായി ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതികൾ നടപ്പിലാക്കുന്ന പഴയ രീതികളിൽ നിന്നും വ്യത്യസ്തമായി ഗുണഭോക്തൃ തിരഞ്ഞെടുപ്പ് സുതാര്യമാക്കുന്നതിനും കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും വികേന്ദ്രീകൃതാസൂത്രണം നിലവിൽ വന്നതോടെ സാധ്യമായിട്ടുണ്ട്.

പാർപ്പിടം

പൊതുസ്ഥിതി

വിവിധ ജാതി, മത, ഭാഷ, സാമ്പത്തിക സ്ഥിതിയിലുള്ള ജനങ്ങൾ അധിവസിക്കുന്ന ഒരു ജില്ലയാണ് കാസറഗോഡ്. പ്രവാസികളായി കുറേയധികം കുടുംബങ്ങൾ ഉണ്ടെങ്കിലും സാമ്പത്തികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളാണ് അധികവും. പ്രധാനമായും കാർഷികമേഖലയെ ആശ്രയിച്ചാണ് ഭൂരിഭാഗം ജനങ്ങളും ജീവിക്കുന്നത്. കടലോരത്തെ ജനങ്ങൾ മത്സ്യബന്ധനവും മലയോര മേഖലയിലെ ജനങ്ങൾ കൂലി വേലയും ജീവനോപാധിയായി കണ്ടെത്തുന്നു. പ്രധാനപ്പെട്ട വ്യവസായ സ്ഥാപനങ്ങളൊന്നും തന്നെ ജില്ലയിലില്ല. ഗൾഫ് മേഖലയിൽ ജോലിയെടുക്കുന്ന പ്രവാസികളുടെ വരുമാനം മൂലം ഒരു പരിധി വരെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ ജില്ലയിലും നടപ്പിലാക്കി വരുന്നു. ഈ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനം കാഴ്ച വെക്കുന്നത് ഗ്രാമവികസന വകുപ്പാണ്. കൂടാതെ തദ്ദേശ സ്വയം ഭരണം, പട്ടികജാതി, പട്ടികവർഗ്ഗ ഫിഷറീസ് വകുപ്പുകളും, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളും ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്നു.

ഗ്രാമ വികസന വകുപ്പ് നടപ്പിലാക്കിയിരുന്ന ഏറ്റവും പ്രധാനപ്പെട്ട ഭവന നിർമ്മാണ പദ്ധതിയായിരുന്നു ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ). ഇപ്പോൾ പി.എം.എ.വൈ എന്ന പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും ത്രിതല പഞ്ചായത്തുകളുടെയും സംയുക്ത സാമ്പത്തിക സഹകരണത്തിൽ ഈ പദ്ധതി നടപ്പാക്കിവരുന്നു. ഇതു കൂടാതെ 2010-11 സാമ്പത്തിക വർഷം ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി, ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ എൻഡോസൾഫാൻ ബാധിതർക്കുവേണ്ടി തണൽ ഭവന പദ്ധതി, വികലാംഗ സൗഹൃദ ഭവന പദ്ധതി എന്നിവയും ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി, പട്ടിക വർഗ്ഗക്കാർക്കും മറ്റ് സമുദായങ്ങളിൽപ്പെട്ടവർക്കും സൗജന്യമായി വീടുകൾ നിർമ്മിച്ച് നൽകിക്കൊണ്ട് അവരുടെ പാർപ്പിട പ്രശ്നത്തിന് സ്ഥിരമായ ഒരു പരിഹാരം കാണുക എന്നതാണ് ഐ.എ.വൈ പദ്ധതിയുടെ ലക്ഷ്യം. ഗുണഭോക്താക്കൾ 3 സെന്റ് ഭൂമിയെങ്കിലും ഉള്ളവരും വാസയോഗ്യമായ വീടില്ലാത്തവരും ആയിരിക്കണം. ഗ്രാമസഭകൾക്കാണ് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനുള്ള ചുമതല. എന്നാൽ 2016-17 വർഷം മുതൽ ഐ.എ.വൈ പദ്ധതി പി.എം.എ.വൈ (ജി) ആയി മാറുകയും 2011- സെക്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വീടനുവദിക്കുകയും ചെയ്തുവരുന്നു.

വിവിധങ്ങളായ പദ്ധതികൾ ഭവന നിർമ്മാണ രംഗത്ത് ഉണ്ടായെങ്കിലും ജില്ലയിൽ ഇന്നും ഏതാണ്ട് 8440 ഭവന രഹിതരുൾപ്പെടെ 13001 ഭൂരഹിത/ഭവന രഹിതർ ഉണ്ട് എന്നത് ആശങ്കാജനകമയ വസ്തുതയാണ്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ലൈഫ് മിഷൻ പദ്ധതി 2945 വീടു പണിപൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്കും 8440 ഭവനരഹിതർക്കും 13001 ഭൂരഹിതർക്കും പ്രതീക്ഷ നൽകുന്നു. ഘട്ടംഘട്ടമായി ഇത്രയും ഗുണഭോക്താക്കളുടെ ആവശ്യം പരിഹരിക്കേണ്ടതുണ്ട്. ഭൂരഹിത ഭവനരഹിതർക്ക് പാർപ്പിട സമുച്ചയത്തിനായി ഇതേവരെ 7.74 ഏക്കർ സ്ഥലം ലഭ്യമായിട്ടുണ്ട്. ഇവിടെ ഏതാണ്ട് 1000 ഗുണഭോക്താക്കളെ പാർപ്പിട സമുച്ചയത്തിൽ ഉൾക്കൊള്ളിക്കാനാവും. ബാക്കിയുള്ള ഭൂരഹിത ഗുണഭോക്താക്കൾക്ക് ഇനിയും ഭൂമി കണ്ടെത്തേണ്ടതുണ്ട്.

മുൻകാല ഇടപെടലുകൾ

i) ഇ.എം.എസ് ഭവന പദ്ധതി : ത്രിതല പഞ്ചായത്തുകളുടെ ഫണ്ടും ബാങ്ക് ലോണും വകയിരുത്തി നടപ്പിലാക്കിയ പദ്ധതിയായിരുന്നു ഇ.എം.എസ് ഭവന പദ്ധതി, 2011-12 വരെ ജില്ലയിൽ ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചതിൽ 5810 എണ്ണം പൂർത്തീകരിച്ചു.

ii) ദേശീയ വികലാംഗ പുനരധിവാസ പദ്ധതി (NPRPD)

വൈകല്യ സൗഹൃദ ഭവനം

പദ്ധതിയുടെ ഭാഗമായി ആകെ അനുവദിക്കുന്ന വീടുകൾ- 258, ഒരു വീടിന് 3 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ആകെ അടങ്കൽ- 7,74,00,000/- സാധാരണയായി അനുവദിക്കുന്ന 2 ലക്ഷം രൂപയ്ക്ക് പുറമെ വൈകല്യ സൗഹൃദ സംവിധാനങ്ങൾ ഒരുക്കാൻ 1 ലക്ഷം രൂപ കൂടി അനുവദിക്കും. ഈ പദ്ധതിക്കു മാത്രമായി സർക്കാർ 3 പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിച്ചു. 2013-14 സാമ്പത്തിക വർഷം തുടങ്ങിയ പദ്ധതി സ്പിൽ ഓവറായി 2016-17 വർഷവും നടപ്പിലാക്കുന്നു. ഈ വർഷം പൂർണമായും പൂർത്തിയാക്കും.

iii) എം.എൻ ലക്ഷം വീട് പദ്ധതി :

പട്ടിക 4.2.2.1 : എം.എൻ. ലക്ഷം വീട്

ക്രമ നമ്പർ	തദ്ദേശ സ്വയംഭരണ സ്ഥാപനം	എം.എൻ ലക്ഷം വീട് പദ്ധതിയിൽ നിർമ്മിച്ച വീടുകൾ
1	അജാനൂർ	0
2	ബദിയഡുക്ക	3
3	ബളാൽ	0
4	ബേഡഡുക്ക	0
5	ബെള്ളൂർ	0
6	ചെമ്മനാട്	0
7	ചെങ്കള	22
8	ചെറുവത്തൂർ	0
9	ദേലംപാടി	0
10	ഈസ്റ്റ് എളേരി	0
11	എൻമകജെ	5
12	കള്ളാർ	0
13	കാറഡുക്ക	0
14	കയ്യൂർ ചീമേനി	0
15	കിനാനൂർ- കരിന്തളം	0
16	കോടോം-ബേളൂർ	0
17	കുമ്പഡാജെ	2
18	കുമ്പള	0
19	കുറ്റിക്കോൽ	0
20	മധൂർ	20
21	മടിക്കൈ	17
22	മംഗൽപാടി	13
23	മഞ്ചേശ്വരം	13
24	മീഞ്ച	0
25	മൊഗ്രാൽ പുത്തൂർ	0
26	മുളിയാർ	0
27	പടന്ന	0
28	പൈവളിഗെ	15
29	പള്ളിക്കര	3
30	പനത്തടി	0
31	പിലിക്കോട്	4
32	പുല്ലൂർ പെരിയ	20
33	പുത്തിഗെ	6
34	തൃക്കരിപ്പൂർ	4
35	ഉദുമ	4
36	വലിയപറമ്പ	0
37	വോർക്കാടി	0
38	വെസ്റ്റ് എളേരി	0
	ആകെ	**151**

പാർപ്പിടം, സഹകരണം, ദാരിദ്ര്യലഘൂകരണം

ഈ പദ്ധതി പ്രകാരം ജില്ലയിൽ 151 വീടുകൾ പൂർത്തീകരിച്ചു

(iv) തണൽ ഭവന പദ്ധതി:

ജില്ലാ പഞ്ചായത്തിന്റെ 2011-12 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ എന്റോസൾഫാൻ ദുരിത ബാധിതർക്കായി നടപ്പിലാക്കുന്ന തണൽ ഭവന നിർമ്മാണ പദ്ധതിയിൽ എൻഡോസൾഫാൻ ദുരിതബാധിത മേഖലയായ ഗ്രാമ പഞ്ചായത്തുകളിലെ 44 ഗുണഭോക്താക്കൾക്ക് തണൽ ഭവനം അനുവദിച്ചു. 2012-13 സാമ്പത്തിക വർഷത്തിൽ 2011, 2012 വർഷത്തെ സ്പിൽഓവർ തണൽ ഭവനപദ്ധതിക്കായി 44 ഗുണഭോക്താക്കൾക്ക് 60 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് അനുവദിച്ചു.

2012-13 വർഷത്തെ 21 ഗുണഭോക്താക്കൾക്ക് 5250000 രൂപയും 2013-14 വർഷത്തിൽ 22 ഗുണഭോക്താക്കൾക്ക് 55 ലക്ഷം രൂപയും 2012-13 വർഷത്തെ ഒരു ഗുണഭോക്താവിന് സ്പിൽഓവർ വീടായി 2,50,000 രൂപയും, 2014-15 വർഷത്തിൽ 11 ഗുണഭോക്താക്കൾക്ക് 27,50,000 രൂപയും 2015-16 വർഷത്തിൽ 22 ഗുണഭോക്താക്കൾക്ക് 55 ലക്ഷം രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്ടായി 11 ഗുണഭോക്താക്കൾക്ക് 27,50,000 രൂപയും 2016-17 വർഷത്തെ 11 ഗുണഭോക്താക്കൾക്ക് 27,50,000 രൂപയും വകയിരുത്തി.

വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന ഭവന പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശം സംസ്ഥാന സർക്കാർ പുതുതായി പ്രഖ്യാപിച്ച ലൈഫ് ഭവന പദ്ധതി കൃത്യമായി രേഖപ്പെടുത്തി വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

ഇന്നത്തെ അവസ്ഥ

ഐ.എ.വൈ ഭവന പദ്ധതിയിൽ 11245 വീടുകളാണ് ജില്ലയിൽ ഇതുവരെ അനുവദിച്ചത്. ഇതിൽ 9932 വീടുകൾ ഇതിനകം പൂർത്തീകരിച്ചു. 1313 വീടുകൾ സ്പിൽ ഓവർ വീടുകൾ ആയി പൂർത്തികരിക്കാൻ അവശേഷിക്കുന്നു (ബേസ് ലെവൽ-252, ലിന്റെൽ-524, മേൽക്കൂര-441, ഇതുവരെ തുടങ്ങാത്തത്-96, റീഫണ്ട് -24). സ്പിൽ ഓവർ വീടുകളുടെ പൂർത്തീകരണത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കുകയും ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം 1301 വീടുകൾ ആയിരുന്നു ലക്ഷ്യം. ഇതിൽ 464 വീടുകളാണ് പി.എം.എ.വൈ. (ജി) യിൽ ജില്ലയിൽ അനുവദിച്ചത്. ഇതിൽ 100 വീടുകൾ ഇതിനകം പൂർത്തീകരിച്ചു. 364 വീടുകൾ സ്പിൽ ഓവർ ആയി പൂർത്തികരിക്കാൻ അവശേഷിക്കുന്നു. സെക്ക് ലിസ്റ്റിൽ നിന്നും മാത്രമേ ഗുണഭോക്താക്കളെ എടുക്കാൻ പറ്റൂ എന്നതിനാൽ വേണ്ടുന്നത്ര ഗുണഭോക്താക്കൾ, പ്രത്യേകിച്ച് എസ്.ടി വിഭാഗത്തിൽ ലഭ്യമാകുന്നില്ല. എന്നാൽ മൈനോറിറ്റി, ജനറൽ വിഭാഗങ്ങളിൽ അനുവദിച്ച വീടുകളുടെ എണ്ണം തുലോം കുറവുമാണ്. 2017-18 സാമ്പത്തിക വർഷത്തിൽ 394 വീടുകൾ ആയിരുന്നു ലക്ഷ്യം. ഇതിൽ 87 വീടുകളാണ് അനുവദിച്ചത്.

നിലനിൽക്കുന്ന പ്രശ്നങ്ങൾ

ജില്ലയുടെ പ്രത്യേക സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥയുടെ പശ്ചാത്തലത്തിൽ സർക്കാർ ധനസഹായം ഉപയോഗിച്ച് വാസയോഗ്യമായ ഭവനം നിർമ്മിക്കുകയെന്നത് ഈ ജില്ലയിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം പരമ പ്രധാനമായ കാര്യമാണ്. വർദ്ധിച്ച കൂലി, അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്, അപര്യാപ്തമായ സാമ്പത്തിക സഹായം, ഗതാഗത സൗകര്യങ്ങളുടെ പോരായ്മ, വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ്, ദുർബല വിഭാഗ ഗുണഭോക്താക്കളുടെ താൽപര്യമില്ലായ്മ എന്നിവ ഇതിനു തടസ്സം നിൽക്കുന്ന പ്രശ്നങ്ങളാണ്.

എസ്.സി,എസ്.ടി വിഭാഗക്കാർക്ക് 60%, ന്യൂനപക്ഷ വിഭാഗത്തിന് 15%, വികലാംഗർക്ക് 3%, മറ്റുള്ളവർക്ക് 22% എന്നിങ്ങനെ അനുപാതത്തിലാണ് വീടുകൾ അനുവദിക്കുന്നത്. ഐ.എ.വൈ ഭവന പദ്ധതിയിൽ 75% കേന്ദ്രവിഹിതവും 25% സംസ്ഥാന വിഹിതവുമാണ്. കേന്ദ്രസർക്കാർ 70000/- രൂപയാണ് ഒരു വീടിന് അനുവദിക്കുന്നത്. കേരളത്തിൽ എസ്.സി/ ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപയും എസ്.ടി വിഭാഗത്തിന് 2.5 ലക്ഷം രൂപയും ഒരു വീടിന് അനുവദിച്ചുവരുന്നു. ഐ.എ.വൈ വീടുകൾക്ക് അധിക സംസ്ഥാന വിഹിതമായി ഒരു വീടിന് 50000/- വെച്ച് 8.71 കോടി രൂപ സംസ്ഥാന സർക്കാരിൽ നിന്ന് ജില്ലയ്ക്ക് ലഭിക്കാൻ ബാക്കിയുണ്ട്.

മേൽ തുക ലഭ്യമാകാത്തതും ഭവനനിർമ്മാണ സാധന സാമഗ്രികളുടെ ലഭ്യതക്കുറവും സ്പിൽ ഓവർ ഭവനങ്ങളുടെ പൂർത്തികരണത്തെ ബാധിക്കുന്നുണ്ട്. കൂടാതെ 2016-17 വർഷം മുതൽ ഐ.എ.വൈ. പദ്ധതി പി.എം.എ. വൈ(ജി) പദ്ധതിയായി മാറിയിരിക്കുകയാണ്. ഇതിൽ സെക്ക് (സാമൂഹിക സാമ്പത്തിക ജാതി സെൻസസ്സ്) 2011 ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കാണ് വീട് അനുവദിക്കുന്നത്. 2016-17 വർഷം 1240 വീടുകൾക്കാണ് ജില്ലയ്ക്ക് അനുമതി ലഭ്യമായത്. (എസ്.സി -162, എസ്. ടി- 753, മൈനോറിറ്റി-224, ജനറൽ-101) സെക്ക് ലിസ്റ്റിൽ പട്ടികജാതി,പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ എണ്ണം കുറഞ്ഞതും മൈനോറിറ്റി, ജനറൽ വിഭാഗങ്ങൾക്ക് വീടുകൾ അനുവദിച്ച് തന്നതിലുള്ള കുറവും പദ്ധതി നിർവ്വഹണത്തെ ബാധിക്കുന്നുണ്ട്. കൂടാതെ സെക്ക് 2011 ലിസ്റ്റിൽ വീടിന് അർഹതയുള്ള പലർക്കും ഭൂമിയില്ലാത്തതും പദ്ധതി നിർവ്വഹണത്തിന് തടസ്സമാകുന്നു.

ജില്ലയിൽ ഇപ്പോഴും സ്വന്തമായി റേഷൻകാർഡില്ലാത്ത ഭവനരഹിത ഗുണഭോക്താക്കൾ കുറേയേറെയുണ്ട്. റേഷൻകാർഡ് ഒരു മാനദണ്ഡമാകയാൽ അത്തരം ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ കൊണ്ടുവരാൻ കഴിയുന്നില്ല. 25 സെന്റിലധികം ഭൂമിയുള്ളവരെ ഭവന നിർമ്മാണത്തിന് പരിഗണിക്കാൻ കഴിയാത്തത് ജില്ലയിൽ കുറേയധികം ഗുണഭോക്താക്കളെ നേരിട്ട് ബാധിക്കുന്ന വിഷയമാണ്.

ജനങ്ങളുടെ ആവശ്യകതകളും പരിഹാര മാർഗ്ഗങ്ങളും

സർക്കാരിന്റെ/തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ നിർമ്മാണ സാമഗ്രികൾ മിതമായ നിരക്കിൽ ലഭ്യമാക്കുക. സിമന്റ്, കമ്പി, മണൽ, ഇഷ്ടിക, ജില്ലി എന്നിവ ലഭ്യമാക്കാൻ പ്രത്യേക സംവിധാനങ്ങൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കുക. ആവശ്യമായ വിദഗ്ദ്ധ/അവിദഗ്ദ്ധ തൊഴിലാളികളെ എസ്.ഐ.ആർ.ഡി.പി, ഇ.ടി.സി.കൾ, നിർമ്മിതി കേന്ദ്ര, മാസ്റ്റർ ട്രെയിനർ എന്നിവ മുഖേന പരിശീലിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടതുണ്ട്. നിലവിലെ വകുപ്പുതല ഇടപെടലുകളൊടൊപ്പം ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾ കൂടിയാവുമ്പോൾ ജില്ലയിലെ എല്ലാ കുടുംബങ്ങൾക്കും സുരക്ഷിതഭവനം എന്ന ലക്ഷ്യം അകലെയല്ല എന്നത് വസ്തുതയാണ്.

മേഖലയിലെ വികസന നേട്ടങ്ങൾ

2010-11 സാമ്പത്തിക വർഷം മുതലാണ് ഐ.എ.വൈ പദ്ധതികൾക്കായി ജില്ലാപഞ്ചായത്ത് പദ്ധതി വിഹിതം ഉൾപ്പെടുത്തി തുടങ്ങിയത്. തുടർന്നുള്ള ഓരോ സാമ്പത്തിക വർഷത്തിലും ദരിദ്രരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ശ്രദ്ധേയമായ തുകകൾ വകയിരുത്തുന്നുണ്ട്. ഇത് പാർപ്പിടനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ച് ലക്ഷ്യം നേടുന്നതിന് ഏറെ സഹായകരമാണ്. മുൻ സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.എ.വൈ പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണത്തിനായി ജില്ലാ പഞ്ചായത്ത് നീക്കിവെച്ച പദ്ധതി വിഹിതവും ആർജ്ജിച്ച നേട്ടങ്ങളും ചുവടെ ചേർക്കുന്നു.

പട്ടിക 4.2.2.2: ഐ.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം

വർഷം	പ്രൊജക്ട് നം	ഭൗതീക ലക്ഷ്യം	ആകെ അനുവദിച്ച ജില്ലാ പഞ്ചായത്ത് വിഹിതം
2012-13	222/12-13	എസ്.സി- 521	എസ്.സി.പി- 1,80,97,625
	195/13	ജനറൽ-692	ജനറൽ- 2,71,19,313
	224/13-14	ടി.എസ്.പി-440	ടി. എസ്. പി- 1,73,25,741
		ആകെ	62542679
2013-14	എസ്.ഒ.194/14	എസ്.സി - 623	എസ്. സി.പി-1,53,40,375
	എസ്.ഒ.196/14	എസ്.ടി-773	എസ്.ടി- 2,67,65,347
	എസ്.ഒ.195/14	ജനറൽ-1069	ജനറൽ-2,04,00,887
2014-15		ആകെ	62506609
	എസ്.ഒ.008/15	എസ്.സി - 409	എസ്. സി.പി-11452000
	എസ്.ഒ.196/14	എസ്.ടി-856	എസ്.ടി- 38948000
	എസ്.ഒ.195/14	ജനറൽ-1256	ജനറൽ- 35168000
		ആകെ	**85568000**

2015-16	SO-337/16		IAY SCP-394		SCP-1,10,32,000
	SO-329/16		IAY TSP-443		TSP-2,01,56,500
	SO-338/16		IAY TSP-287		TSP -1,30,58,500
	SO-332/16		IAY GEN-1177		GEN- 3,29,56,000
	SO-710/16		IAY GEN -5		GEN- 1,40,000
	SO-711/16		IAY TSP-90		TSP-4,09,5000
TOTAL					**81438000**
2016-17	SO 309/16IAY-SCP		SCP-2		56000
	SO 400/16TSP		TSP-6		2,73,000
				Project cost	
	PMAY(G)	390/16 ST	ST-743	3,38,06500	-
		369/16 MIN	MIN-224	62,72,000	-
		630/17 GEN	GEN-101	28,28,000	-
		370/16	SCP- 162	45,36,000	-
		388/16	ST-10	4,55,000	-
	TOTAL				**329000**
Grand Total					**292384288**

പാർപ്പിടം, സഹകരണം, ദാരിദ്ര്യലഘൂകരണം

ഭവനനിർമ്മാണ പദ്ധതികൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതി സഹായത്തിനുപരിയായി പ്രാദേശിക സർക്കാരുകൾക്ക് നിശ്ചിത തോതിൽ അധിക ധനസഹായം നൽകാവുന്ന വ്യവസ്ഥയുണ്ട്. എന്നാൽ നല്ലൊരു വിഭാഗം ഗുണഭോക്താക്കൾക്കും പ്രത്യേകിച്ച് എസ്.സി/എസ്.ടി വിഭാഗക്കാർക്ക് അനുവദിക്കുന്ന തുക ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നതായി കാണുന്നു. ഗുണഭോക്താക്കളുടെ ഭാഗത്ത് നിന്നും വീട് പണി പൂർത്തീകരിക്കുന്നതിലുള്ള വീഴ്ചയും മോണിറ്ററിംഗിന്റെ അഭാവവുമാണ് ഇതിനുള്ള കാരണം. ഇത് പരിഹരിക്കുന്നതിന് ത്രിതല പഞ്ചായത്തുകളിൽ നിന്ന് പ്രത്യേകിച്ച് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ബോധപൂർവ്വമായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ഭൗതിക ലക്ഷ്യം

വർഷം	2017-18	2018-19	2019-20	2020-21	2021-22	ആകെ
വീടുകളുടെ എണ്ണം	2640	2904	3194	3513	3864	16115

16115 വീടുകൾ, പി.എം.എ.വൈ.(ജി) ഗ്രാമീൺ പദ്ധതിയിൽ ത്രിതല പഞ്ചായത്ത് ഏറ്റെടുക്കാനാണ് 13-ാം പദ്ധതിയിൽ വിഭാവനം ചെയ്തത്. ജില്ലയിലെ ഭവനരഹിതരുടെ സ്വന്തം ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കാനുള്ള പദ്ധതികൾ ഇതിലൂടെ ആസൂത്രണം ചെയ്യാൻ സാധിക്കും. മേൽ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് വേണ്ടുന്നത്ര തുക ത്രിതല പഞ്ചായത്ത് സംവിധാനം അവരുടെ വികസന ഫണ്ടിൽ നിന്നും സമയബന്ധിതമായി വകയിരുത്തുക എന്നുള്ളത് പദ്ധതി വിജയത്തിന്റെ അവിഭാജ്യ ഘടകമാണ്. നിലവിൽ 20% പദ്ധതി തുക ലൈഫ് ഭവനപദ്ധതിക്കായി വകയിരുത്തുന്ന സാഹചര്യത്തിൽ ഈയിനത്തിൽ നല്ലൊരു തുക സമാഹരിക്കാൻ കഴിയുന്നതാണ്. കൂടാതെ നേരത്തെ പൂർത്തീകരിക്കാൻ ബാക്കിയുള്ള ഭവനങ്ങൾക്ക് ലൈഫ് മിഷൻ ധനസഹായം ലഭ്യമാക്കിയത് പോലുള്ള നടപടികൾ പുതിയ ഭവനനിർമ്മാണവേളയിലും ഉണ്ടാവുന്നത് പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് അനിവാര്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രത്യേകിച്ച് ഗ്രാമപഞ്ചായത്തിന്റെ ശക്തമായ ഇടപെടലും ഗുണഭോക്താവിനെ പ്രത്യേകം പ്രത്യേകം പിന്തുടരുന്നതും വീട് പൂർത്തീകരിക്കുന്നതിന് ആക്കം കൂട്ടുന്നതാണ്. സംസ്ഥാന വിഹിതം എല്ലാവിധ ട്രഷറി നിബന്ധനകൾക്കും അതീതമായി സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക എന്നുള്ളതും പദ്ധതി നിർവ്വഹണത്തിന്റെ പ്രധാന ഘടകമാണ്.

ലൈഫ് മിഷന്റെ സംയോജനവുമായി മുന്നോട്ട് പോവുമ്പോൾ ഭവനരഹിതരിൽ മുഴുവൻ പേർക്കുമുള്ള ഭവനം ലഭ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം.

കാസറഗോഡ് ജില്ല - ലൈഫ് മിഷൻ

ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ മനുഷ്യർക്ക് ഏറ്റവും പ്രധാനമായ അടിസ്ഥാന ആവശ്യമാണ് പാർപ്പിടം. വെയിലും മഴയും ഏൽക്കാതെ കഴിഞ്ഞ് കൂടാനുള്ള ഒരു സങ്കേതം മാത്രമല്ല, സമൂഹത്തിന്റെ പുരോഗതിക്കും സുരക്ഷിതമായ നിലനിൽപ്പിനുമായി ക്രിയാത്മകമായ ഇടപെടൽ നടത്താൻ നമ്മുടെ ജനതയെ സഹായിക്കുന്ന ഒരു അടിസ്ഥാന ഘടകം കൂടിയാണ് ഭവനങ്ങൾ. അതുകൊണ്ട് തന്നെ എല്ലാവർക്കും സുരക്ഷിതമായ വീടുകൾ ഉണ്ടെന്ന് ഉറപ്പിക്കാനുള്ള ബാധ്യത സമൂഹത്തിനുണ്ട്. എന്നാൽ ആയത് ഇപ്പോഴും നമുക്ക് എത്തിപ്പിടിക്കാൻ സാധിക്കാത്ത ലക്ഷ്യമായി തുടരുന്നു. ഈ ഒരു ഘട്ടത്തിലാണ് ഭവന രഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യം മുൻനിർത്തി സമഗ്ര പരിപാടിയായ ലൈഫ് മിഷൻ പ്രവർത്തനത്തിന് സർക്കാർ രൂപം നൽകിയത്.

2022-ാടു കൂടി സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും വീട് ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. പാർപ്പിടമേഖലയിൽ സംസ്ഥാനം അഭിമുഖീകരിക്കുന്ന ബഹുമുഖവും സമ്മിശ്രവുമായ പ്രശ്നങ്ങൾക്ക് ജനപങ്കാളിത്തത്തോടുകൂടി ആധുനിക സാങ്കേതികവിദ്യയുടെ പിന്തുണയോടെ പരിഹാരം കാണാനുള്ള സമഗ്ര പദ്ധതിയാണ് ലൈഫ് മിഷൻ.

ഘടകങ്ങൾ:

- സ്വന്തമായി ഭൂമിയുള്ളവരും ഏതെങ്കിലും സർക്കാർ ധനസഹായത്താൽ വീടുപണി ആരംഭിച്ചതും എന്നാൽ പൂർത്തീകരിക്കാൻ കഴിയാത്തതുമായ ഭവനങ്ങളുടെ പൂർത്തീകരണം.
- സ്വന്തമായി ഭൂമിയുള്ളവരും എന്നാൽ ഭവനമില്ലാത്തവരുമായവർക്ക് ഭവന നിർമ്മാണം.
- സ്വന്തമായി സ്ഥലവും ഭവനവുമില്ലാത്തവർക്ക് ഭവന സമുച്ചയ നിർമ്മാണം.

ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

- 2017-18 സാമ്പത്തിക വർഷം ഭവന നിർമ്മാണം പാതി വഴിയിൽ നിലച്ചതും 2016 മാർച്ച് 31ന് മുമ്പ് എഗ്രിമെന്റ് വച്ചവരുമായ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പൂർത്തീകരണം.
- ഈ ഇനത്തിൽ ജില്ലയിൽ 2945 ഗുണഭോക്താക്കളെ കണ്ടെത്തി ഡാറ്റാ എൻട്രി നടത്തൽ.
- ഇവയുടെ പൂർത്തീകരണത്തിനായി വാർഡുതലത്തിൽ കർമ്മ സമിതി രൂപീകരണം.
- തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസി (എഞ്ചിനീയറിംങ് കോളേജ്, എൽ.ബി.എസ്., പോളിടെക്നിക്ക് മുതലായവ) വകുപ്പ്തല എഞ്ചിനീയനിംഗ് വിഭാഗം എന്നിവ കണക്കാക്കുന്ന ആനുപാതിക അധിക ധനസഹായം നൽകൽ.
- പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് യഥാർത്ഥ പൂർത്തീകരണ തുക അനുവദിക്കൽ.
- മറ്റുള്ളവർക്ക് 4 ലക്ഷം രൂപ (നേരത്തെ ലഭ്യമാക്കിയത് കഴിച്ചുള്ള ആനുപാതിക തുക) നൽകൽ.

പാർപ്പിടം, സഹകരണം, ദാരിദ്ര്യലഘൂകരണം

- ഇതിനായി ഗ്രാമ- ബ്ലോക്ക് - ജില്ലാ പഞ്ചായത്ത് ഈ വർഷത്തെ പദ്ധതിയിൽ ചെറിയതോതിൽ തുക വകയിരുത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതി ഭേദഗതി വരുത്തി ഇനിയും തുക വകയിരുത്താവുന്നതാണ്.
- ഇവ കൂടാതെ പൊതു ധനസമാഹരണം പ്രാദേശിക തലത്തിൽ നടത്തേണ്ടതുണ്ട്.
- മേൽ ഭവനങ്ങളുടെ നിർമ്മാണം 2018 മാർച്ച് 31 നകം പൂർത്തീകരിക്കൽ. അതിനായുള്ള കർമ്മസമിതി രൂപീകരണവും പ്രവർത്തനവും നടത്തൽ.
- സ്വന്തമായി ഭവനം/ഭൂമിയും ഭവനവും ഇല്ലാത്ത ഗുണഭോക്താക്കളെ കണ്ടെത്താനായുള്ള സർവ്വെയുടെ അടിസ്ഥാനത്തിൽ ലഭിച്ച പഞ്ചായത്ത്/മുൻസിപ്പൽ തല കണക്ക്
- സർവ്വെ വിവരങ്ങൾ ക്രോഡീകരിച്ചതിന്റെ അടിസ്ഥാനത്തിൽ.

ഭവനരഹിതർ	-	8440
ഭൂരഹിത ഭവനരഹിതർ	-	13001

ജില്ലാ തല അപ്പീലിന് ശേഷം പ്രസിദ്ധീകരിച്ച ഗുണഭോക്തൃ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 4.2.2.3: അന്തിമ പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷമുള്ള ഗുണഭോക്തൃ പട്ടിക

ക്രമ നമ്പർ	തദ്ദേശ സ്വയംഭരണ സ്ഥാപനം	അർഹരായ കുടുംബങ്ങൾ		
		ഭൂരഹിത ഭവന രഹിതർ	ഭൂമിയുള്ള ഭവന രഹിതർ	ആകെ
1	അജാനൂർ	638	396	1034
2	ബദിയഡുക്ക	348	342	690
3	ബളാൽ	107	439	546
4	ബേഡഡുക്ക	198	291	489
5	ബെള്ളൂർ	40	164	204
6	ചെമ്മനാട്	603	209	812
7	ചെങ്കള	854	563	1417
8	ചെറുവത്തൂർ	89	95	184
9	ദേലംപാടി	122	73	195
10	ഈസ്റ്റ് എളേരി	82	109	191
11	എൻമകജെ	45	82	127
12	കള്ളാർ	85	250	335
13	കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി	629	131	760
14	കാറഡുക്ക	103	166	269
15	കാസറഗോഡ് മുൻസിപ്പാലിറ്റി	951	148	1099
16	കയ്യൂർ ചീമേനി	48	110	158
17	കിനാനൂർ- കരിന്തളം	42	102	144
18	കോടോം-ബേളൂർ	98	308	406
19	കുംബഡാജെ	93	165	258
20	കുമ്പള	730	377	1107
21	കുറ്റിക്കോൽ	117	188	305
22	മധൂർ	657	360	1017
23	മടിക്കൈ	146	225	371
24	മംഗൽപാടി	1138	199	1337
25	മഞ്ചേശ്വരം	1071	226	1297
26	മീഞ്ച	288	241	529
27	മൊഗ്രാൽ പുത്തൂർ	339	95	434
28	മുളിയാർ	301	134	435
29	നീലേശ്വരം മുൻസിപ്പാലിറ്റി	417	42	459
30	പടന്ന	52	59	111
31	പൈവളിഗെ	201	168	369
32	പള്ളിക്കര	490	319	809

33	പനത്തടി	144	285	429
34	പിലിക്കോട്	78	148	226
35	പുല്ലൂർ പെരിയ	139	95	234
36	പുത്തിഗെ	469	247	716
37	തൃക്കരിപ്പൂർ	135	88	223
38	ഉദുമ	527	160	687
39	വലിയപറമ്പ	25	86	111
40	വോർക്കാടി	284	214	498
41	വെസ്റ്റ് എളേരി	78	341	419
	ആകെ	**13001**	**8440**	**21441**

- ഭൂരഹിത ഭവന രഹിതരുടെ കാര്യത്തിൽ 13001 ഗുണഭോക്താക്കൾക്ക് ജില്ലയിൽ ഭവന സമുച്ചയത്തിനായി സ്ഥലം കണ്ടെത്തേണ്ടതുണ്ട്.

ഭവനസമുച്ചയ നിർമ്മാണത്തിന് ലഭിച്ച സ്ഥലങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു

പട്ടിക 4.2.2.4: ഭവനസമുച്ചയത്തിനായി സ്ഥലം കണ്ടെത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ

ക്രമ നം.	വില്ലേജ്	സ്ഥലം (ഏക്കറിൽ).	ഗ്രാമ പഞ്ചായത്ത്
1	ബാര വില്ലേജ്	0.84	ഉദുമ
2	എടനാട്	0.7	പുത്തിഗെ
3	കരിന്തളം	0.3	കിനാനൂർ-കരിന്തളം
4	തെക്കിൽ	0.4	ചെമ്മനാട്
5	തെക്കിൽ	0.5	ചെമ്മനാട്
6	കാസറഗോഡ്	0.5	മുൻസിപ്പാലിറ്റി
7	കുദളപ്പാറ	1	ബദിയഡുക്ക
8	കിന്നിംഗാർ	0.5	ബെളളൂർ
9	ബേള	1	ബദിയഡുക്ക
10	ബേള	0.5	ബദിയഡുക്ക
11	ബദിയടുക്ക	1	ബദിയഡുക്ക
12	ബദിയടുക്ക	0.5	ബദിയഡുക്ക
	ആകെ	7.74	

പട്ടിക 4.2.2.5 : ലൈഫ് മിഷൻ പ്രോഗ്രസ്സ് റിപ്പോർട്ട് മാർച്ച് 2018

വകുപ്പ്	Previous Stage					Progress				
	ബേസ് മെന്റ് ഇടാത്തത്	തറ ബേസ് മെന്റ്	ലിന്റൽ	മേൽ ക്കൂര	ആകെ	തറ വിതാനം (ബേസ് മെന്റ്)	ലിന്റൽ	മേൽക്കൂര	പൂർത്തീ കരിച്ചു	ആകെ
ബ്ലോക്ക്	95	420	713	357	1585	15	139	89	637	880
ഗ്രാമ പഞ്ചായത്ത്	61	113	210	90	474	1	51	45	236	333
പട്ടിക വർഗ്ഗം	6	172	413	119	710	5	78	2	327	412
പട്ടിക ജാതി	15	77	91	8	191	0	2	1	31	34
മുൻസിപ്പാലിറ്റി	6	50	56	46	158	0	3	1	82	86
ഫിഷറിസ് വകുപ്പ്	13	5	30	0	48	1	3	9	25	38
മൈനോരിറ്റി വെൽ ഫെയർ വകുപ്പ്	1	9	1	0	11	0	0	0	3	3
ജില്ല	0	13	20	1	34	0	0	1	3	4
പിന്നോക്ക ക്ഷേമ വകുപ്പ്	0	0	1	0	1	0	0	0	0	0
ആകെ	197	859	1535	621	3212	22	276	148	1344	1790

പാർപ്പിടം, സഹകരണം, ദാരിദ്ര്യലഘൂകരണം

- ഒരുനിലയിൽ 8 ഫ്ളാറ്റുകളും 10 വരെ നിലകളും ആകാവുന്ന തരത്തിലാണ് ഭവന സമുച്ചയം വിഭാവനം ചെയ്യുന്നത്.
- ഒരു ഫ്ളാറ്റ് സമുച്ചയത്തിന് എതാണ്ട് 50 സെന്റ് സ്ഥലം ആവശ്യമാണ്.
- ഇത് പ്രകാരം ജില്ലയിൽ 50 സെന്റ് വീതമുള്ള ഏകദേശം 150ൽ പരം പ്ലോട്ടുകൾ കൂടി ലഭ്യമാകണം
- ഇതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലുള്ളതും വിവിധ വകുപ്പുകളുടെ/ തദ്ദേശ സ്ഥാപനങ്ങളുടെ അധീനതയിലുള്ളതും ഇപ്പോൾ ഉപയോഗിക്കാത്തതുമായ സ്ഥലത്തിന്റെ വിശദാംശം ജില്ലാ കളക്ടറെ അറിയിക്കണം. (സ്ഥലം ഭവന നിർമ്മാണത്തിന് അനുയോജ്യമായിരിക്കണം)
- ജില്ലാ കളക്ടർ നേരിട്ട് ലൈഫ് മിഷനുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കും.
- ജില്ലയിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന മേധാവികളും അടിയന്തിരമായി സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണം.

പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിച്ചു കഴിയുന്നതോടൊപ്പം ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് 2018-19 വർഷം ഭവനനിർമ്മാണം പൂർത്തീകരിക്കാനാണ് ലൈഫ് മിഷൻ പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനാവശ്യമായ തുക ത്രിതലപഞ്ചായത്തുകളുടെ പദ്ധതിയിൽ വകയിരുത്തി പരമാവധി തുക സമാഹരിക്കാനാണ് ശ്രമം നടത്തുന്നത്. അതോടൊപ്പം ഭൂമിയില്ലാത്ത ഭവനരഹിതരെ അധിവസിപ്പിക്കുന്നതിന് ഭവനസമുച്ചയം നിർമ്മിക്കേണ്ടതുമുണ്ട്. ജില്ലയിൽ ഇതിനകം ഒരു ഗ്രാമപഞ്ചായത്തിൽ ഭവനസമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

പട്ടിക 4.2.2.6 : ഭവന നിർമ്മാണ ധനസഹായ പദ്ധതി സ്പിൽ ഓവർ 2007-08 മുതൽ 2016-17 വരെ

പുരോഗതി റിപ്പോർട്ട് 1/4/2017 മുതൽ 30/11/2017 വരെ

വർഷം	ഭൗതിക ലക്ഷ്യം	01/04/2017 ൽ നിർമ്മാണം പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകളുടെ സ്റ്റേജ്, എണ്ണം				30/11/2017 വരെ പൂർത്തിയാക്കിയ വീടുകൾ	01/12/2017 ൽ നിർമ്മാണം പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകളുടെ സ്റ്റേജ്, എണ്ണം			
		1-ാം ഗഡു	2-ാം ഗഡു	3-ാം ഗഡു	ആകെ		1-ാം ഗഡു	2-ാം ഗഡു	3-ാം ഗഡു	ആകെ
2007-08	329	5	2	3	10		5	2	3	10
2008-09	552	11	8	8	27	1	11	8	7	26
2009-10	398	1	4	6	11		1	4	6	11
2010-11	500	14	18	17	49	2	14	18	15	47
2011-12	175	10	9	17	36	2	10	7	17	34
2012-13	145	3	7	15	25	9	3	5	8	16
2013-14	105	3	27	19	49	6	3	22	18	43
2014-15	84	1	8	5	14	2	1	8	3	12
2015-16	101	3	9	39	51	15	3	6	27	36
2016-17	262	98	92	41	231	87	26	62	56	144
ആകെ	2651	149	184	170	503	124	77	142	160	379

ദാരിദ്ര്യ ലഘൂകരണം

2011 ലെ ജനസംഖ്യാ കണക്കെടുപ്പ് പ്രകാരം രാജ്യത്തെ മൊത്തം ജനസംഖ്യയുടെ 35 ശതമാനം (430 മില്ല്യൺ) 15 നും 35 നും ഇടയിൽ പ്രായമുള്ളവരാണ്. 2021 ആകുമ്പോഴേക്കും ഇത് 464 മില്ല്യൺ ആയി ഉയരും. അതായത് ലോകത്തിൽ ഏറ്റവും ഉത്പാദനക്ഷമതയുള്ള യുവജനങ്ങളുള്ള രാജ്യമായി ഇന്ത്യ മാറും. എന്നാൽ നിലവിൽ രാജ്യം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം വൈദഗ്ധ്യമില്ലാത്ത യുവതലമുറയാണ്. ഇന്ന് പുറത്തിറങ്ങുന്ന ബിരുദധാരികളിൽ 25% മാത്രമാണ് വൈദഗ്ദ്ധ്യ തൊഴിൽ മേഖലയിൽ പ്രവേശിക്കുന്നത്. ഉയർന്നു വരുന്ന ജനസംഖ്യയുടെ പ്രധാന ഭാഗമായ യുവജനങ്ങളെ വൈദഗ്ദ്ധ്യ പരിശീലനം നൽകി വളർത്തിയെടുക്കുന്നതിലൂടെ അവരുടെ ഉത്പാദനക്ഷമത പൂർണ്ണമായി ഉപയോഗപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ രാജ്യത്ത് ഉണ്ടാക്കിയെടുക്കാൻ സാധിക്കും.

1999 ഏപ്രിൽ 1 മുതൽ നടപ്പിലാക്കി വന്നിരുന്ന സ്വയം തൊഴിൽ പരിപാടിയുടെ എല്ലാ ഘടകങ്ങളും ഉൾക്കൊള്ളുന്ന ഒരു സമഗ്ര പദ്ധതിയായിരുന്നു എസ്.ജി.എസ്.വൈ. വരുമാനജന്യ പ്രവർത്തനങ്ങൾക്ക് സഹായം

നൽകുക, ജനങ്ങളുടെ തൊഴിൽ വൈദഗ്ദ്ധ്യം, വിപണന സൗകര്യങ്ങൾ, നിക്ഷേപം, തൊഴിലിൽ നിന്നും പ്രതിമാസം 2000 രൂപയെങ്കിലും മിച്ച വരുമാനം ഉണ്ടാക്കുന്നതിനുള്ള കഴിവ് എന്നിവ പരിഗണിച്ച് തെരഞ്ഞെടുക്കപ്പെട്ട മുഖ്യ സാമ്പത്തിക പ്രവർത്തനങ്ങളിൽ സ്വയം തൊഴിൽ സംരംഭക യൂണിറ്റുകൾ തുടങ്ങുകയാണ് പദ്ധതിയുടെ ലക്ഷ്യം. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ അംഗങ്ങളെ സ്വയം സഹായ സംഘങ്ങളായി സംഘടിപ്പിച്ച് വ്യക്തിഗത പ്രോജക്ടുകളിലൂടെയാണ് പദ്ധതി നടപ്പിലാക്കുക. എന്നാൽ ഈ പദ്ധതി ഇപ്പോൾ എൻ.ആർ.എൽ.എം. എന്ന പേരിൽ ജില്ലാ കുടുംബശ്രീ മിഷന്റെ ആഭിമുഖ്യത്തിൽ ഗ്രാമ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കി വരികയാണ്.

പട്ടിക 4.2.2.7: സ്വയംതൊഴിൽ പദ്ധതി അടിസ്ഥാന വിവരം

വർഷം	അനുവദിച്ച മൊത്തം തുക	അടിസ്ഥാന അവബോധ പരിശീലനം	തൊഴിൽ വൈദഗ്ധ്യ പരിശീലനം	ഇൻഫ്രാ സ്ട്രക്ചർ	സബ്സിഡി	റിവോൾവിംഗ് ഫണ്ട്	മൊത്തം ചെലവ്
2007-08	174.011	1.885	13.250	1.60	131.861	17.170	165.766
2008-09	208.450	1.300	19.000	0	153.440	20.300	194.040
2009-10	211.420	1.354	11.830	0	148.790	14.440	176.414
2010-11	275.160	1.520	13.140	0	195.140	21.600	231.400
2011-12	274.470	2.760	19.600	13.860	214.250	24.000	274.470
ആകെ	1143.511	8.819	76.82	15.46	843.481	97.51	1042.09

കുടുംബശ്രീ

സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും സ്വന്തമായി വരുമാനദായക പ്രവൃത്തികൾ ഏറ്റെടുത്ത് അവരെ ശാക്തീകരിക്കുന്നതിനും വിവിധങ്ങളായ പ്രവൃത്തികളാണ് കുടുംബശ്രീ ആവിഷ്കരിച്ചിരിക്കുന്നത്.

ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്ത് കുടുംബശ്രീ സൃഷ്ടിച്ച മാതൃകകൾ ഇന്ന് മറ്റു സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും നടപ്പിലാക്കിവരുന്നു. ത്രിതല പഞ്ചായത്തുകളുമായി ചേർന്ന് കുടുംബശ്രീ ഒട്ടേറെ മാതൃകാ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. വനിതാ ഘടക പദ്ധതി, പ്രാദേശിക സാമ്പത്തിക വികസനം, കൃഷിയും മൃഗസംരക്ഷണവും, പാർപ്പിടം, ദാരിദ്ര്യ നിർമ്മാർജ്ജനം, അടിസ്ഥാനസൗകര്യ വികസനം തുടങ്ങിയ മേഖലകളിൽ സമർപ്പിക്കുന്നതിന് കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ സി.ഡി.എസ് വിവിധ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

ജനസംഖ്യ

0-6 വയസ്സ് പരിധിയിലെ 1,55,807 കുട്ടികളാണ് 2011 ലെ സെൻസസ് പ്രകാരം ജില്ലയിലുള്ളത്. ഇത് മൊത്തം ജനസംഖ്യയുടെ 11.92 ശതമാനമാണ്.

പട്ടിക 4.2.2.8 : സ്ത്രീപുരുഷ അനുപാതം (0-6 വയസ് പരിധിയിലുള്ളത്) ബ്ലോക്കടിസ്ഥാനത്തിൽ

മഞ്ചേശ്വരം ബ്ലോക്ക്

പഞ്ചായത്ത്	ആൺ	പെൺ	ആകെ	ലിംഗാനുപാതം
വോർക്കാടി	1612	1491	3109	929
മീഞ്ച	1336	1341	2677	1004
മഞ്ചേശ്വരം	2763	2606	5309	943
മംഗൽപ്പാടി	3428	3279	6703	958
പൈവളിഗെ	1966	1930	3896	982
പുത്തിഗെ	1384	1276	2660	922
എൻമകജെ	1363	1336	2699	980
	13848	13265	27113	958

കാസറഗോഡ് ബ്ലോക്ക്

പഞ്ചായത്ത്	ആ ൺ	പെൺ	ആകെ	ലിംഗാനുപാതം
ബദിയടുക്ക	1188	1850	3738	980
കുമ്പള	3093	2938	6031	950
മൊഗ്രാൽ പുത്തൂർ	1697	1685	3382	993
മധൂർ	2784	2543	5327	913
ചെങ്കള	4159	4035	9194	970
ചെമ്മനാട്	3902	3849	7951	986
	17523	16900	34423	964

കാഞ്ഞങ്ങാട് ബ്ലോക്ക്

പഞ്ചായത്ത്	ആ ൺ	പെൺ	ആകെ	ലിംഗാനുപാതം
ഉദുമ	2497	2263	4760	906
പള്ളിക്കര	2958	2941	5899	994
അജാനൂർ	3120	2980	6100	955
പുല്ലൂർ പെരിയ	1626	1531	3159	942
മടിക്കൈ	1134	1090	2224	961
ആകെ	11335	10805	22140	953

പരപ്പ ബ്ലോക്ക്

പഞ്ചായത്ത്	ആ ൺ	പെൺ	ആകെ	ലിംഗാനുപാതം
കോടോംബേളൂർ	1734	1707	3441	984
കള്ളാർ	1070	1067	2137	997
പനത്തടി	1225	1159	2384	946
ബളാൽ	1199	1146	2345	956
വെസ്റ്റ് എളേരി	1591	1520	3113	957
ഈസ്റ്റ് എളേരി	1286	1279	2565	996
കിനാനൂർ-കരിന്തളം	1394	1290	2684	925
ആകെ	9499	9170	18669	965

കാറഡുക്ക ബ്ലോക്ക്

പഞ്ചായത്ത്	ആൺ	പെൺ	ആകെ	ലിംഗാനുപാതം
കുമ്പടാജെ	854	864	1718	1012
ബ ള്ളൂർ	555	589	1094	971
കാറഡുക്ക	1189	1141	2341	967
ദേലംപാടി	1502	1196	2448	919
മുളിയാർ	1604	1592	3106	936
കുറ്റിക്കോൽ	1381	1323	2904	958
ബ ഡഡുക്ക	1537	1468	3005	955
ആകെ	8413	8032	16446	955

നീലേശ്വരം ബ്ലോക്ക്

പഞ്ചായത്ത്	ആൺ	പെൺ	ആകെ	ലിംഗാനുപാതം
കയ്യൂർ ചീമേനി	1127	1161	2288	1030
പീലിക്കോട്	1250	1177	2421	942
പടന്ന	1402	1416	2818	1010
വലിയപറമ്പ	768	712	1550	1018
തൃക്കരിപ്പൂർ	2433	2419	4852	994
ചെറുവത്തൂർ	1561	1528	3089	979
	8541	8483	17.24	993

മുൻസിപ്പാലിറ്റി

പഞ്ചായത്ത്	ആൺ	പെൺ	ആകെ	ലിംഗാനുപാതം
നീലേശ്വരം	2135	2028	4163	950
കാഞ്ഞങ്ങാട്	7425	7063	14488	951
കാസറഗോഡ്	13152	12390	25542	947

അവലംബം: സെൻസസ് 2011

ഏറ്റവും ഉയർന്ന ലിംഗാനുപാതം കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്തിലാണ്. 1000ന് 1030 വലിയപറമ്പ (1018), പടന്ന (1010) മീഞ്ച (1004), കുംബഡാജെ (1012), കയ്യൂർ -ചീമേനി (1030) എന്നീ 5 ഗ്രാമ പഞ്ചായത്തുകളിൽ മാത്രമാണ് സ്ത്രീകൾക്കനുകൂലമായ സ്ത്രീ പുരുഷാനുപാതം 0-6 വയസ്സിനിടയിൽ നിലനിൽക്കുന്നത്. 33 ഗ്രാമ പഞ്ചായത്തുകളിലും 6 ബ്ലോക്ക് പഞ്ചായത്തുകളിലും 3 മുൻസിപ്പാലിറ്റികളിലും സ്ത്രീകൾക്ക് പ്രതികൂലമാണ് സ്ത്രീപുരുഷാനുപാതം. ഇക്കാര്യത്തിൽ കൃത്യമായ പരിശോധന നടത്തേണ്ടതുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 53383 പേരാണ് ജില്ലയിലുള്ളത്. ഇതിൽ 26385 പുരുഷന്മാരും 26898 സ്ത്രീകളുമാണ്. സ്ത്രീപുരുഷാനുപാതം 1000:1019 ആണ്.

ജില്ലയിലെ ഭിന്നശേഷിക്കാരായ 29730 പേരിൽ 13550 സ്ത്രീകളും 16180 പുരുഷന്മാരുമാണ്.

1. ഡി.ഡി.യു.ജി.കെ.വൈ (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന)

2015 ജൂൺ 6 ന് കാസറഗോഡ് ഗവ. കോളേജിൽ നടന്ന ജില്ലാതല മൊബിലൈസേഷൻ പരിപാടിയോട് കൂടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ ഈ പദ്ധതി ജില്ലയിലെ ഡി.ഡി.യു.ജി.കെ.വൈ (ആജീവിക സ്കിൽസ്) യുടെ പ്രവർത്തനങ്ങൾക്ക് ഔദ്യോഗികമായ തുടക്കം കുറിച്ചു. പല കാരണങ്ങൾ കൊണ്ട് പഠനം പാതി വഴിയിൽ ഉപേക്ഷിക്കേണ്ടിവന്ന ഗ്രാമ പ്രദേശങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 18 നും 35 നും ഇടയിൽ പ്രായമുള്ള യുവതി യുവാക്കൾക്ക് വൈദഗ്ദ്ധ്യ തൊഴിൽ പരിശീലനവും തൊഴിലും നൽകുന്നതാണ് പദ്ധതി. ഇത് പ്രകാരം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 550 ലധികം ഉദ്യോഗാർത്ഥികൾ സൗജന്യ തൊഴിൽ പരിശീലനം പൂർത്തിയാക്കി. കള്ളാർ ഗ്രാമ പഞ്ചായത്തിലെ ചുള്ളിക്കരയിൽ സ്ഥിതി ചെയ്യുന്ന ഡോൺ ബോസ്കോ ഇൻസ്റ്റിറ്റ്യൂട്ട്, ഉദുമ റെയിൽവേ ഗേറ്റിനു സമീപം സിറ്റി മാൾ കോംപ്ലക്സിൽ പ്രവർത്തിക്കുന്ന സെന്റം വർക്സ് സെന്റർ, കാഞ്ഞങ്ങാട് സാക് കംപ്യൂട്ടർ അക്കാദമിയിൽ പ്രവർത്തിക്കുന്ന സിങ്ക്രോ സെർവ്വ് ഗ്ലോബൽ സൊല്യൂഷൻസ് എന്നിവയാണ് ജില്ലയിലെ പരിശീലന സ്ഥാപനങ്ങൾ. കേരളത്തിൽ ഈ പദ്ധതിയുടെ നോഡൽ ഏജൻസി കുടുംബശ്രീ ആണ്.

ഡി.ഡി.യു.ജി.കെ.വൈ ജില്ലയിലെ നിലവിലെ അവസ്ഥ

- പരിശീലന സ്ഥാപനങ്ങൾ-3
- ആകെ പരിശീലനത്തിന് അഡ്മിഷൻ നേടിയ ഉദ്യോഗാർത്ഥികളുടെ എണ്ണം - 751
- പരിശീലനം പൂർത്തിയാക്കിയവരുടെ എണ്ണം- 618
- നിലവിൽ പരിശീലനം നേടുന്നവരുടെ എണ്ണം -82
- ജോലിയിൽ പ്രവേശിച്ചവരുടെ എണ്ണം - 412

ജില്ലാ പഞ്ചായത്തിന്റെ സഹകരണം ആവശ്യമായ മേഖലകൾ

- അർഹരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നതിന് ഗ്രാമ പഞ്ചായത്ത് തലത്തിൽ മൊബിലൈസേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കാനുള്ള ധനസഹായം.
- വിദ്യാലയങ്ങളിലും കോളേജുകളിലും ഡി.ഡി.യു-ജി.കെ.വൈ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം.
- മൈഗ്രേഷൻ സപ്പോർട്ട് സെന്റർ സ്ഥാപിക്കുന്നതിനുള്ള ബിൽഡിംഗും മറ്റു സഹായങ്ങളും.
- ഗ്രാമസഭകളിലൂടെയും മറ്റും പദ്ധതിയെക്കുറിച്ച് വിശദീകരിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനും ഉള്ള സഹകരണം.
- ജില്ലയിൽ ഐ.ഇ.സി പ്രവർത്തനങ്ങൾക്കുള്ള സഹായങ്ങൾ.

പാർപ്പിടം, സഹകരണം, ദാരിദ്ര്യലഘൂകരണം

2 .കാർഷിക മേഖലയിൽ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ

ദാരിദ്ര്യ ലഘൂകരണ പ്രക്രിയയിലെ ഒരു സുപ്രധാന ഘടകമാണ് ഉൽപാദന/കാർഷിക സമ്പ്രദായങ്ങളുടെ അടിസ്ഥാനത്തിലുള്ള ജീവനോപാധി പ്രവർത്തനങ്ങളും സൂക്ഷ്മ സംരംഭങ്ങളുടെ വികസനവും. കാർഷിക മേഖലയിലും അനുബന്ധ മേഖലയിലും ഉൽപാദനവും ഉൽപാദനക്ഷമതയും പരമാവധി വർദ്ധിപ്പിക്കുകയും വൈവിധ്യവൽക്കരണം ഉറപ്പാക്കുകയും ചെയ്യേണ്ടത് നമ്മുടെ നിലനിൽപ്പിന് തന്നെ അനിവാര്യമാണ്.

പി.എം.കെ.എസ്.വൈ (വാട്ടർഷെഡ്ഡ്) പദ്ധതി പ്രകാരമുള്ള ഉൽപാദന മേഖലയിലെ നേട്ടങ്ങൾ.

പട്ടിക 4.2.2.9 : PMKSY- IWMP JLG Group details- KASARAGOD

PMKSY- IWMP JLG Group details- KASARAGOD					
Block	JLG Group created	Registered	Total	Seed Money released	
				No of Groups	Amount
Parappa	310	282	310	121	3025000
Kasaragod	20		20	-	-
Karaduka	31	31	31	26	650000
Total	361	313	361	147	3675000

A. കുടുംബശ്രീ വഴി (2017-2022) സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ- ബ്ലോക്ക് തലം

- **കാറഡുക്ക ബ്ലോക്ക്**
  - വാഴക്കൃഷിക്കുള്ള ധനസഹായം
  - കൂൺകൃഷി
  - തേനീച്ച കൃഷി
  - ടെറസ്സ് കൃഷി
  - തുണി സഞ്ചി നിർമ്മാണ യൂണിറ്റ്
  - തേങ്ങ സംഭരണ യൂണിറ്റ്
- **പരപ്പ ബ്ലോക്ക്**
  - കൂൺകൃഷി
  - ടെറസ്സ് കൃഷി
  - വാഴക്കൃഷിക്കുള്ള ധനസഹായം
  - മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണം
- **കാസറഗോഡ് ബ്ലോക്ക്**
  - തുണി സഞ്ചി നിർമ്മാണം
  - വിപണി
- **കാഞ്ഞങ്ങാട് ബ്ലോക്ക്**
  - വാഴക്കൃഷിക്കുള്ള ധനസഹായം
  - ടെറസ്സ് കൃഷി
  - തുണി സഞ്ചി നിർമ്മാണ യൂണിറ്റ്
  - നെൽക്കൃഷിക്കുള്ള ധനസഹായം
- **നീലേശ്വരം ബ്ലോക്ക്**
  - മഞ്ഞൾപൊടി നിർമ്മാണ യൂണിറ്റ്
  - ബയോ ഫാർമസി യൂണിറ്റ്
  - മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണം
  - വിപണി
- **മഞ്ചേശ്വരം ബ്ലോക്ക്**
  - ഫ്ളോർ മിൽ
  - നെൽക്കൃഷിക്കുള്ള ധനസഹായം
  - ടെറസ്സ് കൃഷി
  - തുണി സഞ്ചി നിർമ്മാണ യൂണിറ്റ്

B. ജില്ലാതലത്തിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം

- റൈസ് മിൽ:- ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും കുടുംബശ്രീയുടെയും സംയുക്ത സംരംഭമായി 1 കോടി രൂപ പദ്ധതി വിഹിതമായി വരുന്ന റൈസ് മിൽ യൂണിറ്റ്. ജില്ലയിലെ ജെ.എൽ.ജികളും കർഷകരും ഉദ്പാദിപ്പിക്കുന്ന നെല്ല് സംഭരിച്ച് അരി ബ്രാൻഡ് ചെയ്ത് വിപണനം നടത്തുന്നതിനുള്ള പദ്ധതി. ജില്ലയിൽ നിലവിൽ ഇത്തരത്തിലുള്ള മില്ലുകൾ ഇല്ലാത്തതിനാൽ കർഷകർ പ്രതിസന്ധി നേരിടുന്നുണ്ട്.
- മൊബൈൽ വെജിറ്റബിൾ ഔട്ട്ലറ്റ് :- ജൈവ പച്ചക്കറി വിതരണം ചെയ്യുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വന്തമായി വാഹനം ആവശ്യമാണ്. നിലവിൽ 3600 ൽ അധികം ജെ.എൽ.ജി. കൾ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.
- കളക്ട്രേറ്റ് ക്യാമ്പസിൽ കുടുംബശ്രീ ഉൽപന്ന വിപണനത്തിനായി വിപണന കേന്ദ്രം.
- നാടൻ വിത്തിനങ്ങൾ സംരംക്ഷിക്കുന്നതിനുള്ള സീഡ് ബാങ്ക്.
- 'എല്ലാ കുടുംബങ്ങളും കൃഷിയിടങ്ങളിലേക്ക്' എന്ന സന്ദേശം ആസ്പദമാക്കി ക്യാമ്പയിൻ, ഗ്രോ ബാഗ് വിതരണം, വിത്ത്, വളം, ജൈവ കീടനാശിനി വിതരണം.
- മൂല്യവർധിത ഉത്പന്ന നിർമ്മാണ കേന്ദ്രം. ഉദാ: ചക്ക ഉല്പന്നങ്ങൾ.

വരുമാന വർദ്ധനവിന് സൂക്ഷ്മ സംരംഭങ്ങൾ.

ദാരിദ്ര്യ ലഘൂകരണം ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്ന കുടുംബശ്രീക്ക് അത് സാധ്യമാക്കുന്ന പ്രധാന ഉപാധിയാണ് മൈക്രോ സംരംഭങ്ങൾ. വിവിധങ്ങളായ ഉൽപന്നങ്ങൾ, സേവനങ്ങൾ തുടങ്ങിയവ മിതമായ നിരക്കിൽ സാധാരണക്കാർക്ക് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു വരുന്നുണ്ട്.

റൂറൽ മൈക്രോ എന്റർപ്രൈസസ് (ആർ.എം.ഇ.)

അയൽക്കൂട്ടത്തിൽ അംഗത്വം നേടി കുറഞ്ഞത് 6 മാസമെങ്കിലും പൂർത്തീകരിച്ച സ്ത്രീകൾക്ക് ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ രൂപീകരിക്കാൻ കഴിയും. സംരംഭകരുടെ അംഗീകൃത പ്രായ പരിധി 18-55 വയസ്സായിരിക്കും. ഗ്രൂപ്പായോ, വ്യക്തിഗതമായോ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

യുവശ്രീ

അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് വ്യക്തിഗതമായോ ഗ്രൂപ്പായോ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സഹായകമായ പദ്ധതിയാണ് യുവശ്രീ. കുടുംബശ്രീ അയൽക്കൂട്ട കുടുംബാംഗങ്ങളിൽ നിന്നുള്ള 18-45 പ്രായ പരിധിയുള്ള വ്യക്തികൾക്ക് ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ രൂപീകരിക്കാം. ആർ.എം.ഇ പദ്ധതി പ്രകാരമുള്ള നിബന്ധനകളും, ആനുകൂല്യങ്ങളുമാണ് ഈ പദ്ധതിക്കും ലഭിക്കുന്നത്. യുവജനങ്ങളെ സ്വയം തൊഴിൽ രംഗത്ത് പ്രാപ്തമാക്കുന്നതിനും അതിലൂടെ ഉപജീവനം കണ്ടെത്തുന്നതിനും യുവശ്രീ സഹായകമാണ്.

പട്ടിക 4.2.2.10: 2015-2016 സാമ്പത്തിക വർഷം ജില്ലയിൽ ആരംഭിച്ച സംരംഭങ്ങൾ

(ഇനം തിരിച്ച്)

പദ്ധതി	വ്യക്തിഗതം	ഗ്രൂപ്പ്	അംഗങ്ങളുടെ എണ്ണം	സബ്സിഡി തുക
ആർ.എം.ഇ	-	8	38	3,80,000
യുവശ്രീ	3	1	13	1,22,500
ആകെ	3	9	51	5,02,500

ടൈലറിംഗ് & ഗാർമെന്റ് മേക്കിംഗ്, ഡി.ടി.പി സെന്റർ, ബാന്റ് സെറ്റ് എന്നീ സംരംഭങ്ങൾക്കാണ് യുവശ്രീ പദ്ധതി പ്രകാരം സബ്സിഡി അനുവദിച്ചത്.

സൂക്ഷ്മ സംരംഭങ്ങൾക്കുള്ള കുടുംബശ്രീയുടെ വിവിധ ധനസഹായങ്ങൾ

◆ ടെക്നോളജി ഫണ്ട്

വിജയകരമായി പ്രവർത്തിച്ചു വരുന്ന സൂക്ഷ്മ സംരംഭങ്ങൾക്ക്/സംരംഭക കൂട്ടായ്മകൾക്ക് അവരുടെ പ്രവർത്തനം ഗുണപരമായും ഗണപരമായും മെച്ചപ്പെടുത്തുന്നതിന് ആധുനിക സാങ്കേതിക വിദ്യകളും യന്ത്ര സാമഗ്രികളും അനുബന്ധ ഉപകരണങ്ങളും സ്വായത്തമാക്കുന്നതിനുള്ള അധിക ധനസഹായമാണ് ടെക്നോളജി ഫണ്ട്.

◆ ഇന്നവേഷൻ ഫണ്ട്

നൂതന ആശയങ്ങൾ അടിസ്ഥാനമാക്കിയിട്ടുള്ള സംരംഭങ്ങൾക്ക് നൽകുന്ന പ്രത്യേക ധനസഹായം. ആകെ പ്രൊജക്ട് തുകയുടെ 40% (ഒരു കുടുംബത്തിന് 2500/-രൂപ, ആകെ 2,50,000/- രൂപ എന്നീ പരിധികൾക്ക് വിധേയമായി) ഇന്നവേഷൻ ഫണ്ട് അനുവദിക്കുന്നു.

◆ മൈക്രോ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്

കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ആരംഭിക്കുന്ന മൈക്രോ സംരംഭങ്ങൾക്ക് ബാങ്ക് വായ്പയ്ക്കും സബ്സിഡിക്കും പുറമേ, കാര്യക്ഷമമായി പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് പ്രവർത്തന മൂലധനത്തിന്റെ കുറവ് അനുഭവപ്പെടാതിരിക്കാൻ പ്രൊജക്ട് അടങ്കലിന്റെ 15% പരമാവധി 35,000/- രൂപ റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നു.

◆ ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്

സംരംഭ മേഖലയിൽ അനുഭവപ്പെടുന്ന തടസ്സങ്ങളും പ്രശ്നങ്ങളും അതിജീവിക്കുന്നതിനുള്ള അടിയന്തിര സഹായമാണ് ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്. സൂക്ഷ്മ സംരംഭകരെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കര കയറ്റുന്നതിനു വേണ്ടി പലിശ രഹിത ഹ്രസ്വകാല വായ്പ നൽകുക എന്നതാണ് ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിലൂടെ പൊതുവിൽ ലക്ഷ്യമിടുന്നത്.

◆ പരിശീലനങ്ങൾ

സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ അംഗങ്ങളെ പ്രാപ്തരാക്കുന്നതിന് വിവിധങ്ങളായ പരിശീലനങ്ങൾ കുടുംബശ്രീ നൽകി വരുന്നു. സംരംഭകർക്ക് തൊഴിലിനെക്കുറിച്ച് അവബോധം നൽകുന്നതിന് ജനറൽ ഓറിയന്റേഷൻ പരിശീലനം, സംരംഭകത്വ വികസന പരിശീലനം, വൈദഗ്ദ്ധ്യ പരിശീലനം, അക്കൗണ്ടിംഗ് പരിശീലനം ആവശ്യാനുസരണം മറ്റ് പരിശീലനങ്ങൾ എന്നിവ മൈക്രോ സംരംഭ വികസനത്തിനായ് നൽകിവരുന്നു.

ജില്ലയിൽ 2015-16 സാമ്പത്തിക വർഷം മൊത്തം 250 പേർക്ക് ഇ.ഡി.പി, സ്കിൽ, പരിശീലനങ്ങൾ സംഘടിപ്പിച്ചു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.2.2.11 : ജില്ലയിൽ 2015-16 സാമ്പത്തിക വർഷം ഇ.ഡി.പി, സ്കിൽ പരിശീലനത്തിന്റെ വിശദവിവരം

ക്രമ നം.	പരിശീലനം	ബാച്ചുകളുടെ എണ്ണം	പങ്കെടുത്തവരുടെ എണ്ണം	ചെലവ്
1	EDP	3	100	104134
2	Skill Training	5	150	68470
ആകെ		8	250	172604

വിപണി

വിപണന രംഗത്ത് കുടുംബശ്രീയുടെ ഇടപെടൽ കൂടുതൽ കാര്യക്ഷമമായിക്കൊണ്ടിരിക്കുകയാണ്. കുടുംബശ്രീ അംഗങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ച മൈക്രോ സംരംഭങ്ങളുടെ ഉത്പന്നങ്ങൾക്ക് കൂടുതൽ വിപണി ലഭ്യമാക്കാൻ കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ നടത്തുന്ന ഇടപെടലുകളാണ് മാസചന്തകളും ഉത്സവച്ചന്തകളും.

2015-16 വർഷത്തിൽ ഇത്തരത്തിൽ 11 മാസച്ചന്തകളിലായി 271450 രൂപയുടെ ഉല്പന്നങ്ങൾ വിറ്റഴിച്ചു. അതു പോലെ 87 ഉത്സവചന്തകളിലായി 79 ലക്ഷത്തിന്റെ ഉല്പന്നങ്ങളും ജില്ലയിൽ വിറ്റഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ.

പട്ടിക 4.2.2.12 : 2015-16 വർഷത്തിൽ മാസച്ചന്തയിൽ വിറ്റഴിച്ചതിന്റെ വിവരം

ക്രമനമ്പർ	ഇനം	എണ്ണം	വിറ്റുവരവ്	സംരംഭകരുടെ പങ്കാളിത്തം.	ചിലവ്
1	മാസച്ചന്ത	11	2,71,450	85	43,750
2	ഓണം	47	52,43,326	1385	7,68,060
3	ക്രിസ്തുമസ്സ്	9	3,00,318	527	1,09,374
4	റംസാൻ	6	2,02,160	270	47,624
5	വിഷു	25	21,99,056	980	2,33,425
ആകെ		88	82,16,310	3247	12,02,233

ഹോംഷോപ്പ്

കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾ നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളി അവരുടെ ഉല്പന്നങ്ങൾ കാര്യക്ഷമമായി ജനങ്ങളിൽ എത്തിക്കുവാൻ സാധിക്കുന്നില്ല എന്നതാണ്. ജനപങ്കാളിത്തവും ഉല്പാദന- വിതരണ രംഗങ്ങളുടെ ഫലപ്രദമായ ഏകോപനവും വഴി മാത്രമേ ഇത് സാധിക്കൂ. സാമൂഹ്യാധിഷ്ഠിത വിപണന സംവിധാനങ്ങളിലൂടെ ജനപങ്കാളിത്തം ഉറപ്പു വരുത്തി വിവിധ മേഖലകളുടെ സംയോജനത്തിലൂടെ കുടുംബശ്രീ ഉല്പന്നങ്ങളുടെ ഫലപ്രദമായ വിപണനം സാധ്യമാക്കണം. ഹോംഷോപ്പ് എന്നത് സാമൂഹ്യാധിഷ്ഠിത വിപണനത്തിന്റെ മുൻ നിരയിലുള്ള ഒരു സംവിധാനമാണ്.

സാമൂഹ്യാധിഷ്ഠിത ഉല്പാദന വിപണന ശൃംഖല വഴി സംരംഭങ്ങൾക്ക് സുസ്ഥിരവും വിപുലവുമായ വിപണി വികസിപ്പിച്ചെടുക്കുക എന്നതാണ് ഹോംഷോപ്പ് സംവിധാനത്തിന്റെ പ്രധാന ലക്ഷ്യം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ ശാക്തീകരണവും പ്രാദേശിക സാമ്പത്തിക വികസനവും ഹോംഷോപ്പ് സംവിധാനം വഴി ലക്ഷ്യമിടുന്നു. അഞ്ചു പേരടങ്ങുന്ന മാനേജ്മെന്റ് ടീമാണ് ജില്ലയിലെ ഹോംഷോപ്പ് സംവിധാനത്തിന് നേതൃത്വം നൽകുന്നത്. നിലവിൽ ജില്ലയിൽ ഹോംഷോപ്പ് സംവിധാനത്തിനു കീഴിൽ 45 ഹോംഷോപ്പേഴ്സ് തൊഴിൽ ചെയ്യുന്നുണ്ട്. ജില്ലയിലെ 10 എം.ഇ യൂണിറ്റുകളാണ് ഹോംഷോപ്പുമായി ബന്ധപ്പെടുത്തി അവരുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നത്.

'സമഗ്ര' - സംരംഭ മേഖലയിലെ പുത്തനുണർവ്

ഉത്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് മുൻ-പിൻ ബന്ധങ്ങൾ ഉറപ്പു വരുത്തി വിവിധ വകുപ്പുകളുടെ സഹായങ്ങൾ സംയോജിപ്പിച്ച് നടത്തുന്ന പദ്ധതികളാണ് സമഗ്ര.

'സഫലം' വനിത കശുവണ്ടി സംസ്ക്കരണ സമിതി

2009 ൽ സമഗ്ര പദ്ധതി പ്രകാരം ആരംഭിച്ച സംരംഭമാണ് സഫലം വനിത കശുവണ്ടി സംസ്ക്കരണ സമിതി. ജില്ലയിലെ സ്ത്രീ സംരംഭകരെ 5 പേരടങ്ങുന്ന ഗ്രൂപ്പുകളാക്കി 13 പഞ്ചായത്തുകളിൽ 12 സംസ്കരണ യൂണിറ്റും ഒരു ഗ്രേഡിംഗ് & പാക്കിംഗ് യൂണിറ്റും ആരംഭിച്ചു. കശുവണ്ടി ഉൽപന്നങ്ങളുടെ സംഭരണവും സംസ്കരണവും ഏകീകരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ വിപണനം നടത്തുന്ന ഒരു കേന്ദ്രീകൃത സംവിധാനം സൃഷ്ടിക്കുകയും, അതുവഴി കൂടുതൽ പേർക്ക് സ്ഥിരമായ വരുമാനം ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സൊസൈറ്റി ആക്ട് 1857 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംരംഭത്തിന് ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ധനസഹായത്തിനു പുറമെ ഓരോ യൂണിറ്റും 1.5 ലക്ഷം രൂപ വീതം ലോണെടുത്താണ് മൂലധനം കണ്ടെത്തിയത്.

പാർപ്പിടം, സഹകരണം, ദാരിദ്ര്യലഘൂകരണം

പദ്ധതിക്കാവശ്യമായ ബി.ഒ.റ്റി, ഇ.ഡി.പി എന്നിവ കുടുംബശ്രീയും മറ്റു സാങ്കേതിക സഹായങ്ങൾ എൻ. ആർ.സി.സി പുത്തൂർ, സി.പി.സി.ആർ.ഐ. കാസറഗോഡ്, ആർ.ആർ.എസ് പിലിക്കോട് എന്നീ ഏജൻസികളുമാണ് ലഭ്യമാക്കിയത്.

മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ പ്രാദേശികമായി സംഭരിക്കുന്ന കശുവണ്ടി ഉണക്കി സംസ്ക്കരിച്ച് ചട്ടഞ്ചാലിലെ ഗ്രേഡിംഗ് & പാക്കിംഗ് യൂണിറ്റിലെത്തിക്കുകയും അവിടെ വെച്ച് ഇരുപതോളം ഗ്രേഡുകളാക്കി തരം തിരിച്ച് 'പറങ്കി നട്സ്' എന്ന ബ്രാൻഡ് നെയിമിൽ പാക്ക് ചെയ്ത് വിപണിയിൽ എത്തിക്കുകയും ചെയ്യുന്നു.

യൂണിറ്റംഗങ്ങൾക്കു ലഭിക്കുന്ന വരുമാന സ്രോതസ്സുകൾ

- വേതനം
- സംഭരണ സമയത്ത് ഉണക്കുന്നതിനു ലഭിക്കുന്ന കൂലി
- യൂണിറ്റംഗങ്ങൾ നടത്തുന്ന വിപണനത്തിന്റെ കമ്മീഷൻ

നേട്ടങ്ങൾ

- യൂണിറ്റംഗങ്ങൾക്ക് സ്ഥിരവരുമാനം ലഭ്യമാക്കാനും അതിലൂടെ അവരുടെ ജീവിതനിലവാരം ഉയർത്താനും സാധിക്കുന്നു.
- 2013--14, 2015-16 വർഷങ്ങളിൽ സൊസൈറ്റിക്ക് ഒരു കോടിക്കു മുകളിൽ വിറ്റുവരവുണ്ടായി.
- കുടുംബശ്രീ ബ്രാന്റിംഗിലേക്ക് സംസ്ഥാന മിഷൻ തെരെഞ്ഞെടുത്ത 10 ഉൽപന്നങ്ങളിലൊന്ന്. സംസ്ഥാനത്തിനകത്തും പുറത്തും വിവിധ മേളകളിൽ പങ്കെടുപ്പിക്കുകയും മേളയിലെ മികച്ച സംരംഭമായി തെരെഞ്ഞെടുക്കുകയും ചെയ്തു.

65 പേർ അംഗങ്ങളായി തുടങ്ങിയ സംരംഭത്തിൽ നിലവിൽ 85 പേർക്ക് തൊഴിലും വരുമാനവും നൽകാൻ സാധിക്കുന്നു.

സംരംഭമേഖല-ജില്ലാപഞ്ചായത്തിന് സമർപ്പിക്കുന്ന ആവശ്യകതാ നിർദ്ദേശങ്ങൾ

ഇനം	പ്രതീക്ഷിക്കുന്ന തുക
◆ ചെങ്കള സി ഡി എസിനു കീഴിൽ ഒരു അപ്പാരൽ പാർക്ക്	20,00,000/-
◆ വലിയപറമ്പ സി ഡി എസിനു കീഴിൽ ചകിരി ചോർ കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ്	5,00,000/-
◆ കിനാനൂർ കരിന്തളം സി ഡി എസിനു കീഴിൽ ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റ്	10,00,000/-
◆ സഫലം ബിൽഡിംഗ് മെയിന്റനൻസ്	25.00.000/-
◆ ബളാൽ സി ഡി എസിനു കീഴിൽ റബ്ബർ ചെരുപ്പ് നിർമ്മാണ യൂണിറ്റ്	15,00,000/-
◆ കുടുംബശ്രീയുടെ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് കെട്ടിടം	15,00,000/-
◆ കുടുംബശ്രീയുടെ ഹോംഷോപ്പ് യൂണിറ്റിന് വാഹനം	10,00,000/-
◆ ആട് ഗ്രാമം യൂണിറ്റ് (100 ഗ്രൂപ്പ്) ഒരു യൂണിറ്റിന് 150000/- ജില്ലാ പഞ്ചായത്ത് വിഹിതം 75,000 (50% സബ്സിഡി)	75,00,000/-
◆ ക്ഷീരസാഗരം 50 യൂണിറ്റ് (50 ഗ്രൂപ്പ്) ഒരു യൂണിറ്റിന് 6,25,000/ ജില്ലാ പഞ്ചായത്ത് വിഹിതം 312500/-	1,56,25000/-

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം 01-04-2007 മുതൽ കാസറഗോഡ് ജില്ലയിൽ നടപ്പിലാക്കി വരുന്നു. തൊഴിലെടുത്ത അളവിന് ആനുപാതികമായി ഓരോ തൊഴിലാളിക്കും പ്രതിദിനം 240 രൂപയാണ് ലഭിക്കുക. ഈ പദ്ധതി അനുസരിച്ച് സ്ത്രീക്കും പുരുഷനും തുല്യവേതനം ലഭിക്കുന്നു. പദ്ധതി അനുസരിച്ചുള്ള ഓരോ പ്രവൃത്തിയുടെയും 60% എങ്കിലും അവിദഗ്ദ്ധ തൊഴിലായിരിക്കും. വിദഗ്ദ്ധ തൊഴിലും സാധന സാമഗ്രികളും കൂടി പരമാവധി 40% വരെയാണ് അനുവദനീയമായിട്ടുള്ളത്. അവിദഗ്ദ്ധ തൊഴിൽ കൂലി പൂർണ്ണമായി നൽകുന്നതോടൊപ്പം സാധന സാമഗ്രികളുടെയും വിദഗ്ദ്ധ തൊഴിൽ കൂലിയുടെയും 75% വും കേന്ദ്ര സർക്കാർ വഹിക്കുന്നു.

നടപ്പുവർഷം കേന്ദ്രസർക്കാർ 2765341 തൊഴിൽ ദിനങ്ങളുള്ള ലേബർ ബഡ്ജറ്റ് അംഗീകരിച്ചു നൽകിയിട്ടുണ്ട്. ഇതിനായി ഗ്രാമ പഞ്ചായത്തുകൾ മൊത്തം 115.44 കോടി രൂപയുടെ പ്രവൃത്തികൾ സമർപ്പിച്ചിരുന്നു. അവയ്ക്കെല്ലാം ജില്ലാ വികസന സമിതിയുടെ അംഗീകാരവും ലഭിച്ചു. ജില്ലയിലെ മിക്കവാറും എല്ലാ ഗ്രാമ പഞ്ചായത്തുകളും നീർത്തട പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ട്. ഇവയിലെ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ഈ വർഷത്തെ ചെലവ് ലേബർ ബഡ്ജറ്റിനെക്കാളും കൂടാൻ സാധ്യതയുണ്ട്. അനുവദിച്ച ലേബർ ബഡ്ജറ്റ് തുകയെക്കാൾ പണം ചെലവാക്കേണ്ടി വന്നാൽ അധികം ലേബർ ബഡ്ജറ്റ് സമർപ്പിക്കുവാനും അതിനു അംഗീകാരം ലഭിക്കുവാനും നിലവിൽ വ്യവസ്ഥയുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഇനിയും അനേകം പ്രവൃത്തികൾ ഉൾപ്പെടുത്തി കൃഷി, മത്സ്യബന്ധനം, ക്ഷീരവികസനം എന്നിവയിൽ വമ്പിച്ച പുരോഗതി കൈവരിക്കാവുന്നതാണ്. ജില്ലയിൽ ഇതു വരെ ലഭ്യമാക്കിയ തൊഴിൽ ദിനങ്ങൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 4.2.2.13 : ജില്ലയിൽ ഇതു വരെ ലഭ്യമാക്കിയ തൊഴിൽ ദിനങ്ങൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദ വിവരങ്ങൾ

വർഷം	തൊഴിൽ ലഭിച്ച കുടുംബങ്ങൾ	സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ	100 ദിവസം തൊഴിൽ പൂർത്തിയാക്കിയ കുടുംബങ്ങൾ	ചെലവഴിച്ച തുക (ലക്ഷം)
2007-08	19322	315334	52	433.52
2008-09	30113	1384025	2354	1830.59
2009-10	38996	1752272	3411	2453.91
2010-11	45596	2001539	3279	2902.71
2011-12	52565	2097803	2934	3370.03
2012-13	57404	2806075	9244	4595.74
2013-14	56986	2942845	11943	3907.94
2014-15	56720	2590519	5979	7541.23
2015-16	61936	3265581	10587	6225.9
2016-17	63300	3268292	714	8913.42
ആകെ	482938	21843223	50100	42174.99

ആശ്രയ പദ്ധതി

സമൂഹത്തിൽ ദാരിദ്ര്യം അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് വേണ്ടി ഒട്ടേറെ പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ട്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ പലപ്പോഴും താഴെത്തട്ടിലേക്ക് കൃത്യമായി എത്തിച്ചേരാറില്ല. ദാരിദ്ര്യം , അതനുഭവിക്കുന്നവരുടെ മാത്രം കുറ്റമല്ലാത്തതുകൊണ്ട്, അത് പരിഹരിക്കേണ്ടത് പൊതു സമൂഹത്തിന്റെ കൂടി ഉത്തരവാദിത്തമാണ്. സർക്കാർ രൂപം നൽകുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കഴിയണം. ഇത്തരം പ്രവർത്തനങ്ങൾ നടത്തുമ്പോഴും അവകാശങ്ങൾ നേടിയെടുക്കാനോ സ്വന്തം കാര്യങ്ങൾ പോലും ചെയ്യാനോ സാധിക്കാതെ ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്ന ധാരാളം വ്യക്തികൾ നമ്മുടെ സമൂഹത്തിലുണ്ട്. അത്തരം വ്യക്തികളെ സംരക്ഷിക്കുകയെന്നതും സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. ഇവിടെയാണ് ആശ്രയ പദ്ധതിയുടെ പ്രസക്തി.

അഗതികൾ

അശരണരും, നിരാലംബരും ആരുടെയും സഹായം ലഭ്യമല്ലാത്തവരും ഭൗതിക ജീവിത സാഹചര്യങ്ങൾ നിഷേധിക്കപ്പെട്ടവരും സമൂഹത്തിൽ നിന്നു പോലും ഒറ്റപ്പെട്ടു പോയവരുമായ ആൾക്കാരാണ് അഗതികൾ. അവർ സമ്പദ്വ്യവസ്ഥയുടെയും സാമൂഹ്യ വികസനത്തിന്റെയും രാഷ്ട്രീയ സംവിധാനങ്ങളുടെയും ഗുണഫലങ്ങൾ ലഭിക്കാതെ ഒറ്റപ്പെട്ടു കഴിയുകയാണ്. ദരിദ്രരിൽ ദരിദ്രരായ അവർക്ക് വികസന പ്രവർത്തനങ്ങളുടെ സദ്ഫലങ്ങൾ പലപ്പോഴും അന്യമാണ്. എല്ലാ വിധത്തിലുമുള്ള അവഗണനകൾക്ക് വിധേയരും ജീവിതത്തിലുണ്ടാകുന്ന ദുരിതങ്ങളെ നേരിടത്തക്ക സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ലഭ്യമല്ലാത്തവരുമാണ്. അർഹരായ അയൽക്കൂട്ടാംഗങ്ങളോ അയൽക്കൂട്ട കുടുംബങ്ങളുടെ സമീപത്ത് വസിക്കുന്ന കുടുംബങ്ങളോ ഇവരെ കണ്ടെത്തി അവരുടെ വിശദാംശം എ.ഡി.എസ്, സി.ഡി.എസ് മുഖേന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നു. കണ്ടെത്തിയ കുടുംബങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് പ്രോജക്ട് തയ്യാറാക്കുകയും, ഫണ്ടുകളുടെ ലഭ്യതയനുസരിച്ച് അവ നടപ്പിലാക്കുകയും ചെയ്യുന്നു.

2002-2003 കാലഘട്ടത്തിലാണ് ആശ്രയ പദ്ധതി ആരംഭിച്ചത്. ആദ്യഘട്ടത്തിൽ ജില്ലയിലെ 10 പഞ്ചായത്തുകളിലും തുടർന്ന് ബാക്കി 31 തദ്ദേശഭരണ സ്ഥാപനങ്ങളിലും ആശ്രയ പദ്ധതി ആരംഭിച്ചു. ഒന്നാംഘട്ടത്തിൽ കണ്ടെത്തിയ ഗുണഭോക്താക്കൾക്കു പുറമെ, അർഹതയുള്ള ധാരാളം കുടുംബങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടാനുണ്ടെന്നുള്ള തിരിച്ചറിവ് രണ്ടാംഘട്ട ആശ്രയ പദ്ധതിക്ക് തുടക്കം കുറിച്ചു. ഇതു പ്രകാരം ജില്ലയിൽ 37 സി.ഡി.എസുകളിൽ ആശ്രയ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു. കൂടാതെ പട്ടികവർഗ്ഗ മേഖലയിൽ പ്രത്യേക അഗതി പുനരധിവാസ പദ്ധതികൾ നടപ്പിലാക്കി. ജില്ലയിൽ 8 പഞ്ചായത്തുകളിൽ അഗതി ആശ്രയ പദ്ധതികൾക്ക് രൂപം നൽകി. 33 തദ്ദേശഭരണ സ്ഥാപനങ്ങളിൽ തുടർസേവന പ്രോജക്ട് തയ്യാറാക്കി പദ്ധതി തുടർന്നുവരുന്നു.

ഒരു കുടുംബത്തിനാവശ്യമായ അതിജീവനാവശ്യങ്ങൾ, അടിസ്ഥാനാവശ്യങ്ങൾ, വികസനാവശ്യങ്ങൾ, മാനസികോല്ലാസം പ്രദാനം ചെയ്യുന്ന പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയിലൂടെ നൽകുന്നു.

ആശ്രയ പദ്ധതിയുടെ അതിജീവനാവശ്യങ്ങൾക്കു വേണ്ടി കുടുംബശ്രീ ചലഞ്ച് ഫണ്ട് ലഭ്യമാക്കുന്നു. ഓരോ പദ്ധതിക്കും പദ്ധതി ചെലവിന്റെ 40 ശതമാനമോ, 25 ലക്ഷം രൂപയോ ഏതാണോ കുറവ് അത് നൽകുന്നു. പട്ടിക വർഗ്ഗ ആശ്രയ പദ്ധതിക്ക് ഇത് 40 ലക്ഷം രൂപയാണ്. തുടർ സേവന പദ്ധതിക്കായി 5 ലക്ഷം രൂപ വരെയും നിബന്ധനകൾക്ക് വിധേയമായി നൽകുന്നു.

ആശ്രയ ക്ലേശഘടകങ്ങൾ (ഗ്രാമം/നഗരം):

അഗതി, ആശ്രയ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് പൂർണ്ണമായും ചുവടെ ചേർത്തി രിക്കുന്ന ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും. 9 ക്ലേശഘടകങ്ങളാണ് ഉള്ളത്. ഇവയിൽ 7 എണ്ണം ബാധകമാകുന്ന കുടുംബത്തെ മാത്രമേ അഗതിയായി പരിഗണിക്കൂ. പ്രധാന ഘടകം സാധുവാകണമെങ്കിൽ കീഴെയുള്ള ഏതെങ്കിലും ഒരു വസ്തുത (ഉപഘടകം) സാധുവാകേണ്ടതുണ്ട്.

പട്ടിക 4.2.2.14 : ആശ്രയ ക്ലേശഘടകങ്ങൾ(ഗ്രാമം)/(നഗരം)

ക്രമ നമ്പർ	ഗ്രാമ പ്രദേശങ്ങൾ	നഗരപ്രദേശങ്ങൾ
1	ഭൂരഹിതർ/10 സെന്റിൽ താഴെ ഭൂമിയുള്ളവർ	ഭൂരഹിതർ/5 സെന്റിൽ താഴെ ഭൂമിയുള്ളവർ
2	ഭവനരഹിതർ/ ജീർണ്ണിച്ച വീട്ടിൽ താമസ്സിക്കുന്നവർ	ഭവനരഹിതർ/ ജീർണ്ണിച്ച വീട്ടിൽ താമസിക്കുന്നവർ
3	300 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ല	150 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ല
4	ശുചിത്വ കക്കൂസ് ഇല്ല	ശുചിത്വ കക്കൂസ് ഇല്ല
5	ജോലിയുള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം (ഒരു മാസം 10 ദിവസത്തിൽ താഴെ മാത്രം ജോലി)	ജോലിയുള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം (ഒരു മാസം 10 ദിവസത്തിൽ താഴെ മാത്രം ജോലി)
6	വനിത കുടുംബനാഥയായുള്ള കുടുംബം	വനിത കുടുംബനാഥയായുള്ള കുടുംബം
7	ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, തീരാവ്യാധികൾ പിടിപെട്ടവരോ ഉള്ള കുടുംബം	ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, തീരാവ്യാധികൾ പിടിപെട്ടവരോ ഉള്ള കുടുംബം
8	പട്ടികജാതി/പട്ടികവർഗ്ഗ കുടുംബം	പട്ടികജാതി/പട്ടികവർഗ്ഗ കുടുംബം
9	പ്രായപൂർത്തിയായ നിരക്ഷരർ ഉള്ള കുടുംബം	കളർ ടെലിവിഷൻ ഇല്ലാത്ത കുടുംബം

കുടുംബം നേരിടുന്ന പ്രത്യേക പ്രശ്നങ്ങൾ

എ. ഗ്രാമപ്രദേശങ്ങൾ :

- ഭവന നിർമ്മാണത്തിന് ഭൂമി ഇല്ലാത്തവർ (പുറമ്പോക്ക് ഭൂമി, വനഭൂമി, കനാലുകളുടെയും പാടശേഖരങ്ങളുടെയും പുറം ബണ്ടുകൾ തുടങ്ങിയവയിൽ താമസിക്കുന്നവർ). രാത്രികാലങ്ങളിൽ പൊതുസ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ. അവിവാഹിതയായ അമ്മ, അമ്മയും കുഞ്ഞും മാത്രം, ഭർത്താവ് ഉപേക്ഷിച്ചതും ദുരിതമനുഭവിക്കുന്നവരുമായ വനിതകൾ.
- സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്ന വർ, വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ.
- തീരാവ്യാധികളും ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത അസുഖങ്ങളും പിടിപെട്ടവരും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരും.
- കുടുംബത്തിൽ ഭക്ഷണത്തിനു വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരും തന്നെയില്ലാത്ത കുടുംബം.
- ഭിക്ഷാടനം തൊഴിലായി സ്വീകരിച്ചവർ.
- അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ.

ബി. നഗരപ്രദേശങ്ങൾ :

- രാത്രികാലങ്ങളിൽ പൊതു സ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ
- സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന, അകാലത്തിൽ വിധവകളാകേണ്ടി വന്നവർ, വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ.
- ഭിക്ഷാടനം തൊഴിലായി സ്വീകരിച്ചവർ.
- ഭക്ഷണത്തിനു വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരും തന്നെയില്ലാത്ത കുടുംബം.
- അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ.
- തെരുവു കുട്ടികൾ, ദുർഗുണ പരിഹാരപാഠശാല (Juvainal Home), അഗതി മന്ദിരം (Poor home) എന്നിവിടങ്ങളിൽ കഴിയുന്ന കുട്ടികൾ ഉള്ള കുടുംബം.
- കുടുംബം പോറ്റുന്നതിന് തൊഴിൽ ചെയ്യാൻ നിർബന്ധിതരായ 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ള കുടുംബം.
- ലൈംഗിക തൊഴിലാളികൾ (Commercial sex workers) ഉള്ള കുടുംബം.
- അബല മന്ദിരത്തിൽ താമസിക്കുന്ന വനിത അംഗമായുള്ള കുടുംബം.
- ചേരി പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബം.

സ്ത്രീ ശാക്തീകരണം

സ്ത്രീ ചപലയാണ്, അബലയാണ്- ഇതായിരുന്നു ഇതുവരെയുള്ള കാഴ്ചപ്പാട്. എന്നാൽ കേരളത്തിൽ വിവിധ സംഘടനകളും കൂട്ടായ്മകളും സ്ത്രീ ശാക്തീകരണത്തിനായി കൈകോർത്തപ്പോൾ ഒട്ടേറെ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഏറെ പുരോഗതി ദൃശ്യമായത് വിദ്യാഭ്യാസ മേഖലയിലാണ്.

പാർപ്പിടം, സഹകരണം, ദാരിദ്ര്യലഘൂകരണം

ഇതിനായി ഒട്ടേറെ സാമൂഹ്യ പരിഷ്കർത്താക്കളും സംഘടനകളും മുൻനിന്ന് പ്രവർത്തിച്ചിട്ടുണ്ട്. വിവിധ മതങ്ങളിലും ജാതികളിലും വിദ്യാഭ്യാസത്തെ സംബന്ധിച്ച് വ്യത്യസ്ത കാഴ്ചപ്പാടുകളാണ് നിലനിന്നിരുന്നത്. കേരളത്തിൽ നടപ്പിലാക്കിയ ഭൂപരിഷ്കരണ നയത്തിന്റെ ഭാഗമായി എല്ലാ കുടുംബങ്ങളും ഒരു തുണ്ട് ഭൂമിയുടെ ഉടമസ്ഥരായപ്പോൾ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകണമെന്ന കാര്യത്തിൽ ഏറെ താൽപര്യമുണ്ടായി. ഇതാണ് കേരളത്തിലെ ഉയർന്ന വിദ്യാഭ്യാസത്തിന്റെ അടിത്തറ. ചില പ്രത്യേക വിഭാഗങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ അവരുടെ വിദ്യാഭ്യാസ കാര്യത്തിലും പ്രതിഫലിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരുകൾ സ്ത്രീ വിദ്യാഭ്യാസത്തിന് നൽകിയ പ്രോൽസാഹനങ്ങളും എടുത്തു പറയേണ്ടതാണ്.

ആധുനികകാലത്ത് സ്ത്രീ ശാക്തീകരണത്തിൽ ഏറെ പുരോഗതി നേടിയിട്ടും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളുടെ കാര്യത്തിൽ പ്രത്യക്ഷമായ കുറവ് ദൃശ്യമാകുന്നില്ല. മദ്യം, മയക്കുമരുന്ന്, ആധുനിക സാങ്കേതികവിദ്യയുടെ ദുരുപയോഗം ഇവയെല്ലാം അതിക്രമങ്ങൾക്ക് ശക്തി പകരുന്ന ഘടകങ്ങൾ കൂടിയാണ്. എപ്പോഴാണോ ഒരു സ്ത്രീക്ക് സ്വതന്ത്രമായി ഏത് പാതിരാത്രിയിലും ഏതു പ്രദേശത്തുകൂടിയും സുരക്ഷിതമായി നടക്കാൻ കഴിയുന്നത് അന്ന് മാത്രമേ സ്ത്രീ സ്വാതന്ത്ര്യം പൂർണമായി എന്ന് പറയാൻ കഴിയൂ. സ്ത്രീയെ സാമ്പത്തികമായി ശാക്തീകരിക്കുകയും സ്ത്രീയുടെ ജീവശാസ്ത്രപരമായ ശാരീരികഘടനയെ ദൃഢമാക്കി ഏതൊരു പ്രതിസന്ധിഘട്ടത്തെയും തരണം ചെയ്യാൻ പാകത്തിൽ മാറ്റേണ്ടതുണ്ട്. അതിനാവശ്യമായ പ്രവർത്തന പദ്ധതികളായിരിക്കണം ആസൂത്രണം ചെയ്യേണ്ടത്.

സ്ത്രീ ശാക്തീകരണം - നിർദ്ദേശങ്ങൾ :

- നിലവിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് 8-ാം തരം വരെ സൗജന്യമായി നൽകിവരുന്ന ആനുകൂല്യങ്ങൾ ഡിഗ്രി തലം വരെയാക്കി വർദ്ധിപ്പിക്കൽ.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നൽകിയതുപോലെ 50% സംവരണം വിദ്യാഭ്യാസസ്ഥാപനങ്ങളിലും തൊഴിലിടങ്ങളിലും ജനറൽ അസംബ്ലി പാർലമെന്റ് തെരെഞ്ഞെടുപ്പു കളിലും ലഭിക്കൽ.
- വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ പഞ്ചായത്ത്/മുൻസിപ്പൽ വാർഡ് തലത്തിൽ ഗ്രൂപ്പ്/ വ്യക്തിഗത സംരംഭങ്ങൾ ആരംഭിക്കൽ.
- സ്ത്രീസുരക്ഷ മുൻനിർത്തി പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലങ്ങളിൽ പ്രതിമാസ സ്ത്രീസുരക്ഷ കൗൺസിലുകൾ യോഗം ചേർന്ന് നടപടികൾ സ്വീകരിക്കൽ. വനിതാ പ്രതിനിധികൾ പഞ്ചായത്ത് പ്രസിഡന്റ്, പോലീസ് ഓഫീസർ തുടങ്ങിയവർ അംഗങ്ങളായിരിക്കുകയും പ്രതിമാസ യോഗങ്ങൾ ചേർന്ന് പ്രവർത്തനാവലോകനവും തുടർപ്രവർത്തനാസൂത്രണവും നടത്തൽ.
- സ്ത്രീ സുരക്ഷയെ കരുതി കുട്ടികൾക്ക് 5-ാം ക്ലാസ്സിനു മുകളിൽ- കരാട്ടേ, ജൂഡോ, കളരി, തൈക്കോണ്ടോ തുടങ്ങിയവയിൽ പരിശീലനം നൽകൽ.
- ആധുനിക സാങ്കേതിക വിദ്യയുടെ ഗുണവും ദോഷവും ബോധ്യപ്പെടുന്നതിനായി രക്ഷിതാക്കൾക്ക് പരിശീലന പരിപാടി നടത്തൽ.
- ജില്ലാ കേന്ദ്രങ്ങളിൽ ഷീ ലോഡ്ജ് നടത്തിപ്പ് ചുമതല കുടുംബശ്രീ പോലുള്ള ഗ്രൂപ്പുകൾക്ക് നൽകൽ.
- ജില്ലാ ആസ്ഥാനത്ത് ജോലിക്കെത്തുന്ന സ്ത്രീകൾക്കായി ഹോസ്റ്റൽ സൗകര്യം ഉറപ്പുവരുത്തൽ.
- വിധവകൾ, വിവാഹിതരല്ലാത്ത അമ്മമാർ എന്നിവർക്കായി തൊഴിൽ പരിശീലനവും തൊഴിലിടങ്ങളും സ്ഥാപിക്കൽ.
- സ്ത്രീകൾക്കെതിരായ അതിക്രമങ്ങളിൽ സ്ത്രീകൾക്കായി കേസുകൾ കൈകാര്യം ചെയ്യുന്നതിന് നിയമസഹായ കേന്ദ്രങ്ങൾ ആരംഭിക്കൽ.
- ഒരു കുട്ടിയുടെ വിവാഹം തീരുമാനിക്കുന്നതിന് മുമ്പായി അവരുടെ വിശദവിവരങ്ങൾ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിലുള്ള കൗൺസലിംഗ് സെന്ററുകൾക്ക് ചുമതല നൽകൽ.
- സ്ത്രീകൾ നേരിട്ട് നടത്തുന്ന വിവാഹ ബ്യൂറോകൾ ജില്ലയിൽ ഒന്നെങ്കിലും ഉണ്ടാകൽ.
- ജില്ലയിലെ പ്രധാന കേന്ദ്രങ്ങളിൽ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
- മൽസര പരീക്ഷകളുമായി ബന്ധപ്പെട്ട് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കൽ.
- എല്ലാ ഗ്രാമപഞ്ചായത്ത്/ മുൻസിപ്പാലിറ്റികളിൽ ബി.പി.എൽ കുടുംബങ്ങളിലെ പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് പദ്ധതി തയ്യാറാക്കൽ.
- എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി പൂർത്തിയാക്കിയവർക്ക് അതാത് ഗ്രാമപഞ്ചായത്തുകളിൽ കരിയർ ഗൈഡൻസ് പരിപാടികൾ.
- പുരുഷന്മാരെ കേന്ദ്രീകരിച്ചുള്ള മേഖലകളിൽ (തെങ്ങുകയറ്റം, പെയിന്റു പണി, ഡ്രൈവിംഗ്) സ്ത്രീകൾക്കും പരിശീലനം ഉറപ്പാക്കൽ.
- വിധവകൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകൽ.
- ഡീ അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കൽ.
- ഗ്രാമപഞ്ചായത്തുതലത്തിൽ ജെൻഡർ റിസോഴ്സ് സെന്ററുകൾ കൗൺസലിംഗ് സെന്ററുകൾ എന്നിവ സ്ഥാപിക്കൽ.
- പ്രായപൂർത്തിയായ പെൺകുട്ടികൾക്ക് പ്രീ മാരിറ്റൽ ക്ലാസ്സുകൾ നൽകൽ.
- സ്ത്രീകൾക്കായി സൗജന്യ കമ്പ്യൂട്ടർ പരിശീലനം.
- സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷൻ.
- സാഹിത്യകാരികളെയും, കലാകാരികളെയും പ്രോൽസാഹിപ്പിക്കുന്നതിനായി സാമ്പത്തിക സഹായം.
- സ്ത്രീകളുമായി ബന്ധപ്പെട്ട നിയമങ്ങൾ, സേവനങ്ങൾ എന്നിവയെക്കുറിച്ച് അവബോധം നൽകൽ.
- പഞ്ചായത്തുതല ജാഗ്രതാ സമിതികളും കുടുംബശ്രീ വിജിലന്റ് ഗ്രൂപ്പുകളും ശക്തിപ്പെടുത്തൽ.

പാർപ്പിടം, സഹകരണം, ദാരിദ്ര്യലഘൂകരണം

- ആവശ്യമുള്ളവർക്ക് കുടുംബശ്രീ, സ്നേഹിത, ജെൻഡർ ഹെൽപ് ഡസ്ക് എന്നിവയുടെ സഹായം ഉറപ്പാക്കൽ.
- സ്ത്രീകളുടെ പ്രശ്നങ്ങൾ കേന്ദ്രീകരിച്ച് അദാലത്തുകൾ സംഘടിപ്പിക്കൽ.
- രാത്രി കാലങ്ങളിൽ ഒറ്റപ്പെടുന്ന സ്ത്രീകൾക്ക് സഹായം ഉറപ്പാക്കാൻ വേണ്ടി മൊബൈൽ ഹെൽപ്പ് ഡെസ്ക് ആരംഭിക്കൽ.
- കന്നഡ മേഖലകളിൽ ഉള്ള സ്ത്രീകൾക്ക് മറ്റു ഭാഷാ പരിജ്ഞാനം ഉറപ്പാക്കാനുള്ള പരിശീലനം നൽകൽ.
- എൻഡോസൾഫാൻ മേഖലകളിലെ സ്ത്രീകൾക്ക് സ്വയംതൊഴിൽ പരിശീലനവും ജോലിയും ഉറപ്പാക്കൽ.
- എൻഡോസൾഫാൻ ദുരിതബാധിത പ്രദേശങ്ങളിൽ ക്രഷെ ഹോമുകൾ സ്ഥാപിക്കൽ. (അമ്മമാർക്ക് ജോലിക്ക് പോകാൻ സഹായകമാകുന്നതിന്)
- യൂണിറ്റ് റേറ്റ് ബേസിൽ വീട്ടിൽ ഇരുന്ന് കൊണ്ട് ജോലി ചെയ്ത് വരുമാനമുണ്ടാക്കുന്ന പരിപാടി. ആവശ്യമായ വ്യവസായയൂണിറ്റുകളുടെ സഹായത്തോടെ പരിശീലനവും ഉൽപന്നങ്ങൾ പ്രത്യേക സ്ഥലത്ത് ശേഖരിക്കാനുള്ള സംവിധാനവും നടപ്പാക്കൽ.
- സ്കൂൾ വിദ്യാഭ്യാസത്തിൽ നിന്ന് കൊഴിഞ്ഞു പോയ സ്ത്രീകൾക്ക് തുടർവിദ്യാഭ്യാസം നേടുന്നതിനുള്ള സാഹചര്യം ഉറപ്പാക്കൽ.
- സാക്ഷരതാക്ലാസ്സുകൾ സ്ത്രീകൾക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് നടത്തൽ.
- സ്കൂൾ, കോളേജുകളിൽ ജെൻഡർ ക്ലബ്ബുകൾ ആരംഭിക്കൽ.
- ഗ്രാമപഞ്ചായത്തുതല പരാതിപ്പെട്ടികൾ സ്ഥാപിക്കൽ.
- സി.ഡി.എസ്സ് തല ജെൻഡർ കോർണറുകൾ ശക്തിപ്പെടുത്തൽ.
- ഗ്രാമപഞ്ചായത്തു തലത്തിൽ വനിതാ പോലീസിന്റെയും വക്കീലിന്റെയും സഹായം ഉറപ്പാക്കൽ.

സഹകരണം

ലോകത്തെ ഏറ്റവും വലിയ സഹകരണ പ്രസ്ഥാനങ്ങളിലൊന്നാണ് ഇന്ത്യയിലേത്. കേരളത്തിലാവട്ടെ സാമൂഹ്യ ജീവിതത്തിന്റെ സമസ്ത മേഖലകളിലും വ്യാപിച്ചു കിടക്കുന്ന അതിശക്തമായ ഒരു പ്രസ്ഥാനമായി സഹകരണ മേഖല വളർന്നു കഴിഞ്ഞു. സാധാരണക്കാർക്കും പാവപ്പെട്ടവർക്കും വായ്പ നൽകുന്നതിനുള്ള സംവിധാനം എന്നതിൽ നിന്ന് ഉത്പാദനം, വിപണനം, ഭക്ഷ്യസംസ്കരണം, ഉപഭോഗം, ഭവനം, ഗതാഗതം, തൊഴിൽ, ആരോഗ്യം, സംസ്കാരം മുതലായ പ്രധാന മേഖലകളിലെല്ലാം സഹകരണപ്രസ്ഥാനം വ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ ഇന്ന് സഹകരണ രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്ന 15428 സഹകരണ സംഘങ്ങളും വ്യവസായം, ക്ഷീരവികസനം, കയർ, കൈത്തറി മുതലായ മേഖലകളിലായി 17000-ൽ പരം സഹകരണ സംഘങ്ങളും പ്രവർത്തിച്ചുവരുന്നു.

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സഹകരണ മേഖലയിലെ ഏറ്റവും ശക്തമായ വിഭാഗം വായപാസഹകരണസംഘങ്ങൾ തന്നെയാണ്. വാണിജ്യ ബാങ്കുകൾ ഹെക്ടറൊന്നിന് 3.00 ലക്ഷം രൂപ കാർഷിക വായ്പ നൽകുമ്പോൾ സഹകരണ സ്ഥാപനങ്ങൾ 3.75 ലക്ഷം രൂപ വരെയാണ് വായ്പ നൽകുന്നത്. കേരളത്തിൽ കാർഷിക മേഖലയിൽ സഹകരണ പ്രസ്ഥാനം വഹിക്കുന്ന സുപ്രധാന പങ്ക് ഇതിൽ നിന്നും വ്യക്തമാകുന്നു. ക്രെഡിറ്റ് മേഖലയിൽ മാത്രമല്ല വിപണനം, ഉപഭോഗം, ഉല്പാദനം എന്നിങ്ങനെ ഒട്ടെല്ലാ സാമ്പത്തിക മേഖലകളിലും സഹകരണ പ്രസ്ഥാനം ചുവടുറപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. കയർ, കൈത്തറി, ബീഡി, കുടിൽ വ്യവസായങ്ങൾ തുടങ്ങിയവ സഹകരണാടിസ്ഥാനത്തിൽ പുന.സംഘടിപ്പിച്ചു കഴിഞ്ഞു. പാലുല്പാദനത്തിന്റെ സിംഹഭാഗവും സഹകരണ മേഖലയിലാണ്. ഉപഭോക്തൃ സഹകരണ ശൃംഖല വിപുലമാണ്. പൊതുവിതരണത്തിനായി നീതി സ്റ്റോറുകൾ ഈ രംഗത്തെ പുതിയൊരു ചുവടുവയ്പാണ്. വനിതകൾ, പട്ടികജാതി പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവർക്കായി പ്രത്യേക സഹകരണ ശൃംഖലകൾ ഉണ്ട്. ഇങ്ങനെ ജീവിതത്തിന്റെ സമസ്തമേഖലകളിലും വിദ്യാഭ്യാസ-ആരോഗ്യ-സാംസ്കാരിക മേഖലകളിലുമെല്ലാം സഹകരണ പ്രസ്ഥാനം ശക്തമാണ്.

ജില്ലയിലെ അവസ്ഥ

കാസറഗോഡ് ജില്ലയിൽ സഹകരണ വകുപ്പിന് കീഴിൽ 517 സഹകരണസംഘങ്ങൾ നിലവിലുണ്ട്. ജില്ലയിലെ കാർഷിക വായ്പാ മേഖലയുടെ മുഖ്യ സ്രോതസ്സായ ജില്ലാ സഹകരണ ബാങ്കും, മധ്യകാല ദീർഘകാല കാർഷിക വായ്പ നൽകുന്ന 4 കാർഷിക വികസന ബാങ്കുകളും, ഹ്രസ്വകാല വായ്പ നൽകുന്ന 63 പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളും ഉൾപ്പെട്ടതാണ് ജില്ലയിലെ സഹകരണ കാർഷിക വായ്പാ മേഖല. ഇവ കൂടാതെ കാർഷികേതര വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് അർബൻ ബാങ്കുകൾ, ജീവനക്കാരുടെ സഹകരണസംഘങ്ങൾ, കൺസ്യൂമർ മേഖലയിലെ സഹകരണസംഘങ്ങൾ, വിപണന സഹകരണ സംഘങ്ങൾ പട്ടിക ജാതി, പട്ടിക വർഗ്ഗക്കാർ, വനിതകൾ തുടങ്ങിയ വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള സഹകരണ സംഘങ്ങൾ, സ്കൂൾ, കോളേജ് സഹകരണ സ്റ്റോറുകൾ, എഡ്യൂക്കേഷണൽ സഹകരണ സംഘങ്ങൾ, ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ തുടങ്ങിയവയും ഈ മേഖലയിൽ പ്രവർത്തിക്കുന്നു. ജില്ലയിൽ സഹകരണ പരിശീലനത്തിനായി മുന്നാട് ഒരു ജെ.ഡി.സി പരിശീലന കേന്ദ്രവും കാഞ്ഞങ്ങാട് എച്ച്.ഡി.സി പരിശീലന കേന്ദ്രവും പ്രവർത്തിക്കുന്നു. വ്യവസായ വകുപ്പ്, ക്ഷീര വകുപ്പ്, ഖാദി ഗ്രാമ വ്യവസായ ബോർഡ്, ഫിഷറീസ് വകുപ്പ് എന്നിവയുടെ കീഴിലുള്ള സഹകരണ സംഘങ്ങൾ ഇവയ്ക്ക് പുറമെയാണ്.

പട്ടിക 4.2.2.15: സംഘങ്ങളുടെ വിവരം ഇനം തിരിച്ച്

ക്രമ നമ്പർ	ഇനം	എണ്ണം
1	അർബൻ ബാങ്ക്	2
2	PCARDB	4
3	FSCB	3
4	എംപ്ലോയീസ്	28
5	SC/ST	28
6	മറ്റ് ക്രെഡിറ്റ് സംഘങ്ങൾ	21
7	വിപണനം	16
8	കൺസ്യൂമർ	10
9	സ്കൂൾ/കോളേജ്	145
10	ഹൗസിംഗ്	11
11	ലേബർ കോൺട്രാകട്	28
12	വനിത	66
13	ആശുപത്രി	17
14	പലവക സംഘങ്ങൾ	77
	ആകെ	517

2016-17 വാർഷിക പദ്ധതി പ്രകാരം ജില്ലയിലെ സഹകരണ സംഘങ്ങൾക്ക് ഗവൺമെന്റിൽ നിന്നും ധനസഹായം ലഭിച്ച പദ്ധതികൾ

ഓഹരി മൂലധനം പ്രാഥമിക സംഘങ്ങൾക്ക് ലഭ്യമാകുന്നത് വഴി കാർഷിക വായ്പ പ്രവർത്തനങ്ങൾക്ക് സർക്കാർ ഓഹരിമൂലധനപങ്കാളിത്തം വർദ്ധിക്കുന്നു. പുനരുദ്ധാരണ പ്രവർത്തനത്തിന് ധനസഹായം ലഭിച്ചിട്ടുള്ള സംഘങ്ങളുടെ പ്രൊജക്ടിൽ കാർഷിക പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകിയിരിക്കുന്നത്. പശു വളർത്തൽ പദ്ധതി, ആടു വളർത്തൽ യൂണിറ്റ് കാർഷിക യന്ത്രവൽക്കരണ യൂണിറ്റുകൾ, കർഷകർക്കുള്ള പരിശീലനങ്ങൾ എന്നിവ പ്രൊജക്ടിൽ മുന്നിട്ട് നിൽക്കുന്നു.

2017-18 വർഷ പദ്ധതികളുടെ വിശകലനം

2017-18 വർഷങ്ങളിലേക്കായി മുപ്പതോളം പദ്ധതികളിലൂടെ ജില്ലയിൽ 112 പ്രൊപ്പോസലുകൾ കേരള സർക്കാർ ലക്ഷ്യം വെച്ചിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും സ്വാശ്രയ സഹകരണ സംഘങ്ങൾക്കും ഓഹരി വിഹിതം, സംഘങ്ങളിലൂടെ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പലിശ രഹിത വായ്പ, പട്ടികജാതി/വർഗ്ഗ സഹകരണ സംഘം, പ്രാഥമിക കൺസ്യൂമർ സംഘങ്ങൾ എന്നിവയുടെ പുനരുദ്ധാരണ സഹായം, പട്ടികജാതി/വർഗ്ഗ സംഘങ്ങൾക്ക് മാനേജീരിയിൽ സബ്സിഡി, കെട്ടിട പുനരുദ്ധാരണം, പ്രവർത്തന മൂലധനം, കമ്പ്യൂട്ടർ പരിശീലന കേന്ദ്രം സ്ഥാപിക്കൽ, മോട്ടോർ ട്രാൻസ്പോർട്ട്, ലേബർ കോൺട്രാക്ട്, ആശുപത്രി, ടൂറിസം, വിദ്യാഭ്യാസ സംഘങ്ങൾ എന്നിവക്കുള്ള സഹായങ്ങളാണ് 2017-18 വർഷം ലക്ഷ്യമിടുന്നത്. കൂടാതെ എൻ.സി.ഡി.സി യുടെ വിവിധ ഫണ്ടുകളും മേൽ വർഷത്തിൽ ജില്ലയിലെ സഹകരണ സംഘങ്ങളുടെ വളർച്ചക്കും വികസനത്തിനും ലക്ഷ്യമിടുന്നു. വിവിധ പദ്ധതികളിലായി എതാണ്ട് 6.5-കോടിയിലധികം രൂപയുടെ ധനസഹായമാണ് പ്രതീക്ഷിക്കുന്നത്.

എന്നാൽ ഇത്തരം ഫണ്ടുകൾ ഉപയോഗപ്പെടുത്തുന്നതിൽ ജില്ലയിലെ പല സംഘങ്ങളും പിറകിലാണ്. സംഘങ്ങളുടെ നിയമാവലികളിൽ ആവശ്യമായ നിബന്ധനകൾ ഇല്ലാത്തതും സ്ഥിരം ജീവനക്കാരില്ലാത്തതും പല സംഘങ്ങൾക്കും സർക്കാർ ധനസഹായം ലഭിക്കുന്നതിന് വിഘാതമാകുന്നു. സംഘങ്ങളുടെ വികസനം സംബന്ധിച്ച് നൂതനമായ കാഴ്ചപ്പാട്, സംഘം മാനേജ്മെന്റിനും ജീവനക്കാർക്കും അംഗങ്ങൾക്കും ഉണ്ടാകേണ്ടിയിരിക്കുന്നു. സഹകരണ വകുപ്പിന്റെ കൃത്യമായ മേൽനോട്ടവും പരിശോധനയും വിലയിരുത്തലുകളും സമയബന്ധിതമായി നടത്തേണ്ടതുണ്ട്.

സഹകരണ മേഖലയിലൂടെ ശക്തിപ്പെടുത്താവുന്ന വികസന പ്രവർത്തനങ്ങൾ

1. കാർഷിക രംഗം:

ജില്ലയിലെ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകൾ, മറ്റ് കാർഷിക വായ്പാ സംഘങ്ങൾ എന്നിവയുടെ പിൻബലത്തിൽ ജില്ലയിലെ കാർഷികമേഖലയെ ശക്തിപ്പെടുത്താനാവും. നെല്ല്, നാളികേരം, റബ്ബർ, പച്ചക്കറി, പഴവർഗ്ഗങ്ങൾ തുടങ്ങിയ കാർഷികവിഭവങ്ങളുടെ പ്രോത്സാഹനത്തിനുള്ള പദ്ധതികൾ സഹകരണ സംഘങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

വർദ്ധിച്ചുവരുന്ന കൃഷിച്ചെലവുകൾ ഉൽപാദന പ്രക്രിയ ലാഭകരമല്ലാതാക്കിയിരിക്കുകയാണ്. ജില്ലാ സഹകരണ ബാങ്ക് നേതൃത്വം നൽകി തയ്യാറാക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസ് ആണ് ജില്ലയിലെ എല്ലാ ദേശസാൽകൃത-സഹകരണ ഗ്രാമീണ ബാങ്കുകളുടെയും കാർഷിക വായ്പാ തോത് നിർണയിക്കുന്നത്. കൃഷി ചെലവ് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കൃത്യമായ കൃഷിച്ചെലവ് കണക്കാക്കി വായ്പ അളവ് ക്രമപ്പെടുത്തി വായ്പാ തോത് വർദ്ധിപ്പിക്കേണ്ടതുണ്ട്. കൃഷിക്കാലത്തിനനുസരിച്ച് കർഷകരെ വായ്പ നൽകി സഹായിക്കാൻ സഹകരണ മേഖലയ്ക്ക് സാധിക്കും. ഇതിനാവശ്യമായ രീതിയിൽ കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുവാൻ സഹകരണ ബാങ്കുകൾക്ക് ഫണ്ടുകൾ ലഭ്യമാക്കണം.

കർഷക സേവന കേന്ദ്രങ്ങൾ:

ജില്ലയിലെ 4 കർഷക സേവനകേന്ദ്രങ്ങൾ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. പെർള സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലും ബേഡഡുക്ക ഫാർമേർസ് സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലും, പന

യാൽ സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലും പനത്തടി സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലും പ്രവർത്തിക്കുന്ന സേവനകേന്ദ്രങ്ങൾക്കായി മേൽ ബാങ്കുകൾക്ക് ഇതുവരെ 5 കോടിയോളം രൂപ ധനസഹായം ലഭിച്ചിട്ടുണ്ട്. മണ്ണ് പരിശോധന, സംരക്ഷണം എന്നിവ നടത്തുന്നതിന് പെർള സർവ്വീസ് സഹകരണ ബാങ്ക്, ബായാർ സർവ്വീസ് സഹകരണ ബാങ്ക് എന്നിവയ്ക്ക് 43.20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കർഷകർക്കാവശ്യമായ വിത്ത്, വളം എന്നിവ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതോടൊപ്പം ആധുനിക രീതിയിലുള്ള കാർഷികോപകരണങ്ങൾ വാങ്ങി കർഷകരുടെ ഉപയോഗത്തിന് ലഭ്യമാക്കുകയും ചെയ്തുവെന്നത് കർഷകസേവന കേന്ദ്രങ്ങളുടെ പ്രത്യേകതയാണ്.

നിത്യോപയോഗസാധനങ്ങളുടെ വില ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വില നിയന്ത്രണത്തിനായി നീതി, നന്മ സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. തദ്ദേശവാസികളായ കർഷകരിൽ നിന്നും വിഷമുക്തമായ നാടൻ പച്ചക്കറികളും അരിയും സംഭരിച്ച് ന്യായവിലക്ക് ജനങ്ങളിലെത്തിക്കാനും കർഷക സേവന കേന്ദ്രങ്ങൾ വഴി സാധിക്കേണ്ടതുണ്ട്.

നെൽ കൃഷി

നെല്ലുൽപ്പാദനത്തിന് സാദ്ധ്യതയുള്ള ജില്ലയാണ് കാസറഗോഡ്. തരിശു നിലങ്ങളിൽ ജല ലഭ്യത ഉറപ്പാക്കിയാൽ നെൽകൃഷി ലാഭകരമായി നടത്താനാകും. സഹകരണ ബാങ്കുകൾക്ക് സബ്സിഡിയിലൂടെ കുറഞ്ഞ പലിശ നിരക്കിൽ കർഷകരെ സഹായിക്കാനും കഴിയും. നെല്ലു സംഭരണത്തിനും വിപണനത്തിനും ജില്ലാ തലത്തിൽ ഏകീകൃതമായ രീതിയിൽ സഹകരണ സംഭരണ വിപണന സംഘങ്ങൾക്ക് രൂപം നൽകാനും സാധിക്കും.

പച്ചക്കറി & പഴവർഗ്ഗങ്ങൾ

പഴങ്ങളും പച്ചക്കറികളും ധാരാളമായി ഉൽപാദിപ്പിക്കാനുള്ള സാധ്യത ജില്ലയിലുണ്ട്. സഹകരണ കാർഷിക ചന്തകൾ വഴിയോ നിലവിലെ സഹകരണ സംവിധാനം വഴിയോ അത്തരം കൃഷി രീതിക്ക് വായ്പ ലഭ്യമാക്കാനും ഉൽപന്ന വിപണനത്തിന് സൗകര്യമൊരുക്കാനും കഴിയും. ജില്ലയിൽ കൃഷിയോഗ്യമായതും എന്നാൽ കൃഷി ചെയ്യാതെ കിടക്കുന്നതുമായ ഏക്കർ കണക്കിന് ഭൂമിയുണ്ട്. ഇവയിൽ കൃഷി ചെയ്യാൻ സാമ്പത്തിക സഹായം നൽകിയാൽ നെല്ല്, പച്ചക്കറി, പഴം തുടങ്ങിയവയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും. മേൽ സൂചിപ്പിച്ച കാർഷിക വിഭവങ്ങളിൽ ജൈവാധിഷ്ഠിത കൃഷിക്ക് പ്രചാരം ലഭിച്ചിട്ടുണ്ട്. അതിനാൽ ജൈവ പച്ചക്കറി, പഴം എന്നിവയ്ക്ക് പ്രത്യേകമായ വിപണന കേന്ദ്രങ്ങൾ ജില്ലയിലെ സഹകരണ സംഘങ്ങൾക്ക് തുറക്കാനാകും.

ക്ഷീരം

ജില്ലയിൽ നിരവധി ക്ഷീരസംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഗുണമേന്മയുള്ള പാലാണ് ക്ഷീരസംഘങ്ങൾ വഴി ലഭ്യമാകുന്നത്. ക്ഷീര മേഖലയിൽ നിലവിലുള്ള സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് കൂടുതൽ പേർക്ക് കന്നുകാലികളെ വളർത്തുന്നതിനും പാലുൽപ്പാദത്തിനും വായ്പ ലഭ്യമാക്കാൻ സഹകരണ മേഖലയ്ക്ക് സാധിക്കും. ക്ഷീര സംഘങ്ങൾക്ക് ധനസഹായം നൽകി തീറ്റപ്പുൽ കൃഷി, പശുവളർത്തൽ എന്നിവയെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

ടൂറിസം രംഗം

ടൂറിസത്തിന് ജില്ലയിൽ ഏറെ സാധ്യതകളുണ്ട്. ഇപ്പോൾ വളരെക്കുറച്ച് ടൂറിസം സഹകരണ സംഘങ്ങൾ മാത്രമാണ് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ മേഖലയിൽ സഹകരണ പ്രസ്ഥാനത്തിന് അനന്ത സാധ്യതകൾ കാണുന്നു. ബേക്കൽ കോട്ട, ബേക്കൽ ബീച്ച്, വലിയപറമ്പ, റാണിപുരം, അനന്തപുരം, വീരമല തുടങ്ങി ടൂറിസ്റ്റ് സാധ്യതയുള്ള പ്രദേശങ്ങളെ കേന്ദ്രീകരിച്ച് സഹകരണ സംഘങ്ങൾക്കു ധനസഹായം ലഭ്യമാക്കിയാൽ ഈ രംഗത്ത് വികസനം സാധ്യമാക്കാനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുവാനും കഴിയും.

അടിസ്ഥാന സൗകര്യ വികസനം അഭിവൃദ്ധിപ്പെട്ടാലെ പ്രാദേശിക വിദേശ ടൂറിസ്റ്റുകളെ ജില്ലയിലേക്ക് ആകർഷിക്കാനാവൂ. ജില്ലയിലെ മികച്ച ക്രെഡിറ്റ് സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തി ഒരു കൺസോർഷ്യം രൂപീകരിച്ച് ജില്ലക്കാവശ്യമായ വലിയ ടൂറിസം പ്രൊജക്ടുകൾ ഏറ്റെടുക്കാൻ സാധിക്കണം.

നിലവിലെ സഹകരണ സംഘങ്ങൾക്ക് പ്രാദേശിക ടൂറിസം പ്രോത്സാഹനത്തിന് ഹോംസ്റ്റേ വായ്പകൾ, റിസോർട്ട് നിർമ്മാണത്തിനുള്ള വായ്പകൾ, ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വായ്പകൾ എന്നിവ നൽകാനും കഴിയണം.

2. വ്യവസായം-വിപണനം

കൃഷിയധിഷ്ഠിത വ്യവസായങ്ങൾക്ക് ധാരാളം സാധ്യത ജില്ലയിലുണ്ട്. വിവിധ കാർഷിക ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും വിപണനത്തിനുമുള്ള ചെറുകിട വ്യവസായ കേന്ദ്രങ്ങൾ സഹകരണ മേഖലയിൽ ആരംഭിക്കാൻ കഴിയും. ഇതോടൊപ്പം തൊഴിലാളികൾക്കും മറ്റുമുള്ള പരിശീലന കേന്ദ്രങ്ങളും ആരംഭിക്കണം.

3. പട്ടികജാതി/പട്ടികവർഗ്ഗം

ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ 28 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ശരിയായ മേൽനോട്ടമോ പ്രവർത്തനസജ്ജരായ അംഗങ്ങളോ ഉണ്ടെങ്കിൽ അവയെല്ലാം ലാഭകരമായ രീതിയിൽ നടത്തുവാനാകും. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കു തൊഴിൽ നൽകാൻ സഹകരണ സംഘങ്ങൾ വഴി സാധിക്കും. പല സംഘങ്ങൾക്കും സ്ഥിരം ജീവനക്കാരില്ലാത്തതിനാൽ സർക്കാർ ധനസഹായം ലഭ്യമാക്കുവാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. മാനേജീരിയൽ സബ്സിഡി നൽകി, ജീവനക്കാരെ നിയമിക്കുവാൻ ഇത്തരം സംഘങ്ങളെ സഹായിക്കേണ്ടതുണ്ട്. പട്ടികജാതി/വർഗ്ഗ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് പഠനത്തിനും മികച്ച പരിശീലനങ്ങൾക്കും സഹായകമായ വിധത്തിൽ സുസജ്ജമായ പരിശീലന കേന്ദ്രങ്ങൾ സഹകരണ മേഖലയിലൂടെ സാധ്യമാകും. നിലവിലു

ള്ള സഹകരണ പരിശീലന കേന്ദ്രത്തിന്റെ ഘടന, പ്രവർത്തനം എന്നിവ നവീകരിക്കേണ്ടതും അനിവാര്യമാണ്.

4. വനിതാ ശാക്തീകരണം

ജില്ലയിൽ നിലവിൽ 66 വനിതാ സഹകരണ സംഘങ്ങൾ ഉണ്ട്. അവയിൽ 20 ഓളം സംഘങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുന്നു. വനിതകളുടെ സ്വയംതൊഴിൽ, സാങ്കേതിക വിദ്യാഭ്യാസം എന്നിവ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിച്ച് വനിതകൾക്കു തൊഴിലവസരം വർദ്ധിപ്പിക്കുവാൻ സഹകരണ മേഖലക്ക് സാധിക്കും. നിലവിലെ സഹകരണ ബാങ്കുകൾ വനിതകൾക്ക് ഓട്ടോറിക്ഷ, ചെറുകിട കച്ചവടം, തയ്യൽ കേന്ദ്രങ്ങൾ എന്നിവയ്ക്ക് വായ്പകൾ ലഭ്യമാക്കുന്ന പക്ഷം ജില്ലയിലെ വനിതകൾക്ക് ഒട്ടേറെ മികച്ച അവസരങ്ങൾ ലഭിക്കും.

വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യം നേടിയ വനിതകളെ കണ്ടെത്തുന്നതിന് ജില്ലയിൽ സഹകരണ മേഖലയിൽ വനിതാ ലേബർ ബാങ്ക് ആരംഭിക്കാവുന്നതാണ്. ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കാനും അവരുടെ ഉൽപന്നങ്ങൾക്ക് വിപണന കേന്ദ്രങ്ങൾ കണ്ടെത്താനും വനിതാ സഹകരണ സംഘങ്ങൾക്ക് സാധിക്കണം.

5. ആരോഗ്യം

ജില്ലയിൽ 17 ആശുപത്രി സഹകരണ സംഘങ്ങൾ ഉണ്ട്. മേൽ സഹകണ സംഘങ്ങൾക്ക് കീഴിൽ നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു. എല്ലാ പഞ്ചായത്തിലും സഹകരണ സംഘങ്ങൾക്കു കീഴിൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുവാൻ സാധിക്കും. അവയിലൂടെ കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കാനും കഴിയും. നീലേശ്വരം തേജസ്വിനി സഹകരണ ആശുപത്രി, ചെങ്കള ഇ.കെ. നായനാർ സഹകരണ ആശുപത്രി, കുമ്പള സഹകരണ ആശുപത്രി എന്നിവ ഈ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവെക്കുന്നുണ്ട്. മെച്ചപ്പെട്ട കെട്ടിടസൗകര്യങ്ങൾ, ആധുനിക ഡയഗ്നോസ്റ്റിക്ക് മെഷീനുകൾ എന്നിവ സ്ഥാപിക്കുവാൻ ഇവയ്ക്ക് ഫണ്ടിന്റെ ദൗർലഭ്യമുണ്ട്. ധനസഹായം ലഭ്യമാക്കിയാൽ ഇവയെ മികച്ച ആതുരസേവന കേന്ദ്രങ്ങളാക്കി മാറ്റിയെടുക്കാൻ സാധിക്കും. നിലവിലെ ആശുപത്രി സഹകരണസംഘങ്ങൾ കൂടാതെ, സഹകരണസംഘങ്ങൾക്ക് ക്ലിനിക്കുകൾ, ലാബുകൾ, മെഡിക്കൽ സ്റ്റോറുകൾ, ഡയാലിസിസ് സെന്ററുകൾ തുടങ്ങിയവ നന്നായി നടത്താനും സാധിക്കും.

6. വിദ്യാഭ്യാസം

സഹകരണ മേഖലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ കേന്ദ്രങ്ങൾ, സമാന്തര വിദ്യാഭ്യാസ കേന്ദ്രങ്ങൾ, പരിശീലന കേന്ദ്രങ്ങൾ എന്നിവക്കും ജില്ലയിൽ സാധ്യതകളുണ്ട്. കാസറഗോഡ് ജില്ലാ എഡ്യൂക്കേഷൻ സഹകരണ സംഘത്തിന്റെ കീഴിൽ മൂന്നാട് പ്രവർത്തിക്കുന്ന സഹകരണ കോളേജിൽ, പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ നടത്തി വരുന്നു. ജില്ലയിൽ മറ്റ് മേഖലകളിലും ഇത്തരം കോളേജുകൾ ആരംഭിക്കുവാൻ കഴിയണം. മറ്റു സ്വാശ്രയ പ്രൊഫഷണൽ കോളേജുകളേക്കാൾ കുറഞ്ഞ ഫീസ് നിരക്കാണ് സഹകരണ സംഘങ്ങൾ ഈടാക്കുന്നത്.

7. മറ്റു സേവനങ്ങൾ

വിദഗ്ദ്ധരായ കർഷക-കാർഷികേതര തൊഴിലാളികൾക്കായി ലേബർ ബാങ്കുകൾ രൂപീകരിക്കുക, ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ ശക്തിപ്പെടുത്തുക എന്നിവ സഹകരണ പ്രസ്ഥാനത്തിലൂടെ ജില്ലയ്ക്ക് കൈവരിക്കാൻ സാധിക്കുന്നവയാണ്.

പൊതു നിർദ്ദേശങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികളുമായുള്ള സംയോജന സാധ്യതകളും

- കാർഷിക പ്രാധാന്യമുള്ള ജില്ലയെന്ന നിലയിൽ സമ്പൂർണ്ണ കാർഷിക വികസനം ലക്ഷ്യം വെച്ചുള്ള സഹകരണ സംഘങ്ങൾ ഇവിടെ അനിവാര്യമാണ്. നിലവിലെ പ്രാഥമിക കാർഷിക സംഘങ്ങൾ കാർഷികാനുബന്ധ വായ്പകൾ നൽകുന്നതിൽ പിറകിലാണ്. ജില്ലയുടെ വൈവിധ്യമാർന്ന വിളവുകൾ തിരിച്ചറിഞ്ഞ് സമയബന്ധിതമായി വായ്പാ ലഭ്യത ഉറപ്പാക്കാൻ സാധിക്കണം. ജില്ലയിലെ വായ്പാ സഹകരണ സ്ഥാപനങ്ങളുടെ സെൻട്രൽ ബാങ്കായ കാസറഗോഡ് ജില്ലാ സഹകരണ ബാങ്കിന് ഇക്കാര്യത്തിൽ മുഖ്യമായ ചുമതലയുണ്ടാകണം.
- ജില്ലയിൽ പത്തോളം കൺസ്യൂമർ സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും 4 എണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ, ബാക്കിയെല്ലാം പ്രവർത്തനരഹിതമോ സമസ്തീകരണ ഘട്ടത്തിലോ ആണ്. ഉപഭോക്തൃ മേഖല ഇന്ന് ശക്തമാകേണ്ടത് സാധാരണക്കാരന്റെ ആവശ്യമാണ്. ജില്ലാ മൊത്തവ്യാപാര സഹകരണ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി അതിന്റെ നേതൃത്വത്തിൽ പ്രാഥമിക ഉപഭോക്തൃ സംഘങ്ങൾ വഴി നിത്യോപയോഗസാധനങ്ങൾ ഉപഭോക്താവിന് ലഭ്യമാക്കാൻ വഴിയൊരുക്കേണ്ടതുണ്ട്. ഗുണമേന്മയുള്ള നിത്യോപയോഗസാധനങ്ങൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യാൻ ജില്ലാ മൊത്ത വ്യാപാര സ്റ്റോറിന് സാധിക്കുന്നുണ്ട്. സർക്കാർ വഴി നടത്തുന്ന പല ദാരിദ്ര്യനിർമ്മാർജ്ജന, പോഷകാഹാര വിതരണ പദ്ധതികൾക്കും ആവശ്യ സാധനങ്ങൾ, മൊത്ത വ്യാപാര സ്റ്റോർ വഴി നൽകാൻ സാധിക്കും. എന്നാൽ പല ഏജൻസികളും ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നില്ല. പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്കായി നടത്തുന്ന ഹോസ്റ്റൽ, മറ്റു ഹോസ്റ്റലുകൾ എന്നിവയിലേക്കുള്ള അവശ്യസാധനങ്ങളുടെയും അംഗൻവാടികൾക്കുള്ള ഭക്ഷ്യസാധനങ്ങളുടെയും വിതരണം തുടങ്ങിയവ ഗുണമേന്മയോടെ കാര്യക്ഷമമായി നടത്താൻ ജില്ലാ മൊത്തവ്യാപാരസ്റ്റോറിന്റെ സേവനം ഉപയോഗിക്കാവുന്നതാണ്.

- ജില്ലയിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ കൃഷി വകുപ്പിന്റെ പദ്ധതികൾ കൂടി ഉൾപ്പെടുത്താനുള്ള സാധ്യതകൾ കണ്ടെത്തണം. കൃഷിഭവനുകൾ, സഹകരണ സംഘങ്ങൾ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, വകുപ്പുകൾ എന്നിവയുടെ കൂട്ടായ പ്രവർത്തനങ്ങൾ കാർഷികമേഖലയുടെ വികസനത്തിന് അനിവാര്യമാണ്. ക്ഷീരം, പച്ചക്കറി, നെൽകൃഷി, പ്ലാന്റേഷൻ വിളകൾ എന്നിവയ്ക്കും ഇത്തരത്തിലുള്ള കൂട്ടായ്മ നിർണ്ണായകമാണ്.
- സംഘങ്ങളുടെ പദ്ധതികളും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളും പൊതുവിൽ ഗുണഭോക്താക്കളെ ഉദ്ദേശിച്ചുള്ളവയാണ്. ഇക്കാര്യത്തിൽ പദ്ധതി വിഹിതങ്ങളിലുള്ള ഏകോപനം, വികസന ലക്ഷ്യം നേടുന്നതിന് ഏറെ ഗുണകരമായിരിക്കും.
- സ്വയം തൊഴിൽ പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിന് ചെറുകിട സംരംഭങ്ങൾ, കാർഷിക വൃത്തികൾ, കാർഷികാനുബന്ധ പ്രവർത്തികൾ എന്നിവയ്ക്ക് സഹകരണ സ്ഥാപനങ്ങൾ വഴി വായ്പകൾ ലഭ്യമാക്കുവാൻ സാധിക്കും.
- നിലവിൽ സഹകരണ സംഘങ്ങൾക്കു കീഴിൽ 3000 ത്തോളം സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ ഉണ്ട്. സഹകരണ സംഘങ്ങൾക്ക് കീഴിൽ കൂടുതൽ സെൽഫ് ഹെൽപ് ഗ്രൂപ്പുകൾ ആരംഭിക്കുക, ഫാർമേർസ് സെന്ററുകൾ ആരംഭിക്കുക, അവയുടെ നേതൃത്വത്തിൽ ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുക, സ്വന്തം സ്ഥലത്തോ, സ്ഥലം വാടകയ്ക്കെടുത്തോ പച്ചക്കറികൃഷി നടത്തുക, ഇവയ്ക്കെല്ലാം ആവശ്യമായ വായ്പകൾ ലഭ്യമാക്കുക തുടങ്ങിയവ പരിഗണിക്കാവുന്നതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ ഇവയുമായി സംയോജിപ്പിച്ച് നടപ്പാക്കാവുന്നതാണ്.
- പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക വിപണന സംസ്കരണ സംഘങ്ങൾ എന്നിവ വഴി മേൽ പറഞ്ഞ ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവർ ഉൽപാദിപ്പിക്കുന്ന പച്ചക്കറിയും മറ്റ് ഉൽപന്നങ്ങളും സംഭരിച്ച്, സംസ്ക്കരിച്ചോ അല്ലാതെയോ വിപണനം നടത്താം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ആവശ്യമായ സ്റ്റാളുകൾ ആരംഭിക്കാവുന്നതാണ്.
- സഹകരണസംഘങ്ങളുടെ ഗോഡൗണുകളിൽ കാർഷിക വിളകൾ സൂക്ഷിക്കുന്നതിന് സൗകര്യമേർപ്പെടുത്തുകയോ, ഈ സൗകര്യം കർഷകർക്ക് ലഭ്യമാക്കുകയോ ചെയ്യാം.
- പഴം, പച്ചക്കറി എന്നിവ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ, ശീതീകരണികൾ എന്നിവ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കർഷകരെ സഹായിക്കാൻ കണ്ടെത്താവുന്നതാണ്.
- ഭവനനിർമ്മാണമേഖലയിൽ ഭവന രഹിതർക്ക് വീട് നിർമ്മിക്കുവാൻ സഹകരണ സംഘങ്ങൾക്ക് പലിശ രഹിത വായ്പ നൽകുവാൻ സാധിക്കണം. ഇപ്രകാരം നിർമ്മിക്കുന്ന വീടുകൾ കുറഞ്ഞ നിരക്കിൽ പണി പൂർത്തീകരിക്കുവാൻ ഓരോ പ്രദേശത്തും പ്രവർത്തിക്കുന്ന ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളെ ഉപയോഗപ്പെടുത്താം.
- ജില്ലയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന മൂന്ന് സഹകരണ ആശുപത്രികൾ ഉണ്ട്. കൂടാതെ ചെറിയ ആശുപത്രി സഹകരണ സംഘങ്ങളും ഈ മേഖലയിൽ പ്രവർത്തിക്കുന്നു. നിലവിൽ മറ്റു സ്വകാര്യ ആശുപത്രികൾ ഈടാക്കുന്നതിനേക്കാൾ ചുരുങ്ങിയ ഫീസാണ് ഇവ ഈടാക്കുന്നത്. സാധാരണ ജനങ്ങൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും ഇതിന്റെ സൗകര്യം ഉപയോഗപ്പെടുത്താൻ സാധിക്കും.
- അത് പോലെ ജില്ലയിലെ ക്രെഡിറ്റ് സഹകരണ സംഘങ്ങൾ വഴി മെഡിക്കൽ ലാബുകൾ, എക്സ് റേയൂണിറ്റുകൾ, രോഗപരിശോധന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിച്ചാൽ മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് സേവനം നൽകുവാൻ സാധിക്കും. സർക്കാരിന്റെ വാർഷിക പദ്ധതിയിൽപ്പെടുത്തി ഇത്തരം ലാബുകളും ഡയഗ്നോസ്റ്റിക്ക് സെന്ററുകളും സ്ഥാപിക്കുന്നതിനും ധനസഹായം ലഭിക്കാൻ സാധ്യതയുണ്ട്. ഇത്തരം ധനസഹായം വർദ്ധിപ്പിച്ചാൽ, സഹകരണ ആശുപത്രികളെയും മറ്റു ശുശ്രൂഷാ സൗകര്യങ്ങളെയും ശാക്തീകരിക്കാൻ സാധിക്കും.
- നവകേരളമിഷനുമായി ബന്ധപ്പെട്ട് സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളിൽ ഇടപെട്ടുകൊണ്ട് സഹകരണ സംഘങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ സാധിക്കും.
- ഹരിത കേരള മിഷൻ പദ്ധതിയുമായി സഹകരിച്ചുകൊണ്ട് 2017-18 വർഷം 19500 ളം വൃക്ഷങ്ങൾ സഹകരണ സംഘങ്ങൾ അവയുടെ സ്വന്തം സ്ഥലത്തും പൊതു സ്ഥലങ്ങളിലും വെച്ചു പിടിപ്പിച്ചിരുന്നു. കൂടാതെ 42000 ഓളം തൈകൾ വിവിധ ഏജൻസികളിൽ നിന്നും വാങ്ങി സംഘം മെമ്പർമാർക്കും പൊതുജനങ്ങൾക്കും സൗജന്യമായി വിതരണം ചെയ്യുവാനും സാധിച്ചിട്ടുണ്ട്. ഇതുപോലെ പൊതു സ്ഥലങ്ങളിലും പാതയോരങ്ങളിലെ സർക്കാർ ഭൂമികളിലും വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുവാനും അവ പരിപാലിക്കുവാനും അതാത് പ്രദേശങ്ങളിലെ സഹകരണ സംഘങ്ങൾക്ക് സാധിക്കും.
- സഹകരണമേഖലയിലെ പ്രവർത്തനങ്ങളിൽ ഡിജിറ്റലൈസേഷൻ നടപ്പിലാക്കി സാധാരണ ജനങ്ങളെക്കൂടി സാങ്കേതിക വിദ്യയുടെ ഭാഗമാക്കാൻ സഹകരണ സംഘങ്ങൾക്കു സാധിക്കും.
- ഉൽപാദന വർദ്ധനവ് ലക്ഷ്യം വെച്ച് ജില്ലയിലെ തരിശുഭൂമികളും കൃഷി ചെയ്യാതെ കിടക്കുന്ന പ്രദേശങ്ങളും അതാത് പ്രദേശത്തെ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് കൃഷി ചെയ്യുവാൻ സാധിക്കും.

പാർപ്പിടം, സഹകരണം, ദാരിദ്ര്യലഘൂകരണം

- ഒന്നോ അതിലധികമോ സഹകരണ സംഘങ്ങൾ മുതൽ മുടക്കിക്കൊണ്ട് കൺസോർഷ്യം എന്ന നിലയിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി സഹകരിച്ച് റോഡ്, പാലം, കെട്ടിടങ്ങൾ, മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയവ ഏറ്റെടുത്ത് നടത്തുവാൻ സാധിക്കും.
- സഹകരണ സംഘങ്ങൾ അവരുടെ അംഗങ്ങൾക്ക് സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്ത് വനവത്കരണത്തെ പ്രോത്സാഹിപ്പിക്കുവാൻ സാധിക്കും.
- ഓരോ പഞ്ചായത്തിലും മുൻസിപ്പാലിറ്റിയിലും നടപ്പിലാക്കേണ്ടുന്ന വികസന പദ്ധതികളും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും സഹകരണസംഘങ്ങൾ വഴി നടപ്പിലാക്കുമ്പോൾ പരമാവധി ജനപങ്കാളിത്തത്തിനും സാമൂഹിക പുരോഗതിക്കും അവസരമൊരുങ്ങും.

4.2.3 വിദ്യാഭ്യാസം, സാക്ഷരത

ആമുഖം

ഇല്ലായ്മകളും, പോരായ്മകളും പരിഹരിച്ച് 1 മുതൽ 12-ാം ക്ലാസ്സ് വരെയുള്ള പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നുവരുന്ന കാലഘട്ടമാണിത്. നവകേരള മിഷൻ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണെന്നതിനാൽ തന്നെ ഓരോ മേഖലയിലെയും ഭാവി പരിപ്രേക്ഷ്യ രൂപീകരണത്തിൽ നിർണ്ണായക സ്ഥാനമാണ് അവയ്ക്ക് വഹിക്കാനുള്ളത്. ദിശാബോധത്തോടെയുള്ള കർമ്മ പദ്ധതികൾ ഉൾപ്പെടുന്ന ജില്ലാ പദ്ധതിക്ക് പ്രസക്തിയേറുന്ന സുപ്രധാന ഘട്ടമാണിത്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം മുന്നോട്ടുവെയ്ക്കുന്ന പഠന ബോധന പ്രക്രിയകൾ, ഗുണനിലവാരം, അടിസ്ഥാന സൗകര്യങ്ങൾ ഇവ മെച്ചപ്പെടുത്തി വിദ്യാർത്ഥികളുടെ അറിവ്, നൈപുണികൾ, മനോഭാവം എന്നിവ ലോകോത്തര നിലവാരത്തിലേക്കുയർത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ വലിയൊരു കൂട്ടായ്മയും കൃത്യമായ കാഴ്ചപ്പാടും അനിവാര്യമാകുന്നു. ഭാവി പടവുകളിലേക്കുള്ള വികസന നയസമീപന രൂപീകരണമാണ് ജില്ലാ പദ്ധതിയുടെ സാംഗത്യം.

ആരോഗ്യ-വിദ്യാഭ്യാസ സംവിധാനങ്ങളുടെ ആവശ്യങ്ങൾ അടിസ്ഥാനമാക്കിയുള്ള ഒരു പുതിയ ഘട്ടത്തിലേക്ക് നമ്മുടെ സംസ്ഥാനം പ്രവേശിക്കുകയാണ്. ആധുനിക സമൂഹത്തിന്റെ വിദ്യാഭ്യാസ ആരോഗ്യ ആവശ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതും പുതിയ ജനസംഖ്യാ ഘടനയ്ക്കനുസരിച്ചുള്ള ജനങ്ങളുടെ ആവശ്യത്തിനനുസരിച്ചും പൊതു സ്ഥാപനങ്ങൾ പുതിയ ഉത്തരവാദിത്വങ്ങൾ നിർവഹിക്കേണ്ടതുണ്ട്. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സാക്ഷരത, സ്കൂൾ പ്രവേശനം, എസ്.സി/എസ്.ടി വിദ്യാർത്ഥികൾ, നഗര-ഗ്രാമ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾ എന്നിവരെ വിദ്യാലയങ്ങളിൽ നിലനിർത്തൽ എന്നിവയിൽ കേരളം മികച്ച നേട്ടം ഇതിനകം കൈവരിച്ചിട്ടുണ്ട്. ഇനി ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ പൊതുമേഖലയെ കേന്ദ്രസ്ഥാനത്ത് കൊണ്ടുവന്ന്, ജന സൗഹൃദപരമായ വിദ്യാഭ്യാസമേഖല സൃഷ്ടിച്ച് ഈ സംവിധാനത്തിൽ ജനങ്ങളുടെ വിശ്വാസം നേടിയെടുക്കാനുള്ള സത്വര പ്രവർത്തനങ്ങളാണ് ഏറ്റെടുക്കേണ്ടത്. ഐക്യരാഷ്ട്ര സംഘടനയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2030 ഓടെ കൈവരിക്കുന്നതിൽ കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെക്കാൾ ഏറെ മുന്നിലാണെങ്കിലും അതിലേക്കുള്ള പടവുകൾ സുസ്ഥിരവും സുശക്തവുമാകുന്നതിൽ പ്രാദേശിക സർക്കാരുകൾക്ക് ഏറെ ഉത്തരവാദിത്വമുണ്ട്.

ഒരു പ്രദേശത്തിന്റെ വികസനം മാനവവിഭവത്തെ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. മാനവ വിഭവത്തെ വികസിപ്പിക്കുന്നത് വിദ്യാഭ്യാസം എന്ന പ്രക്രിയയിലൂടെയാണ്. സുശക്തമായ ഒരു വിദ്യാഭ്യാസ സംവിധാനം കേരളത്തിനുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഔപചാരിക വിദ്യാഭ്യാസവും അനൗപചാരിക വിദ്യാഭ്യാസവും പൂരക ശക്തിയായി ഇവിടെ വർത്തിക്കുന്നു. സമ്പൂർണ്ണ സാക്ഷരത, സാർവത്രികമായ സ്കൂൾ പ്രവേശനം, പ്രവേശിപ്പിക്കപ്പെട്ടവരെ നിലനിർത്തുന്നതിനുള്ള സംവിധാനം, വിദ്യാഭ്യാസ തുല്യത, വിദ്യാഭ്യാസ ഗുണനിലവാരം തുടങ്ങിയ കാര്യങ്ങളിൽ നാം ഏറെ ഉയർന്ന നിലവാരത്തിലെത്തിയിട്ടുണ്ടെങ്കിലും ഇനിയും പരിഹരിക്കപ്പെടാനുള്ള കടമ്പകൾ ഏറെയാണ്. ഈ പശ്ചാത്തലത്തിൽ കേരളത്തിന്റെ വടക്കേ അറ്റത്തെ കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളും അവയ്ക്ക് പരിഹാരം കാണാനുള്ള വഴികളും സംബന്ധിച്ച അന്വേഷണത്തിന് പ്രസക്തി ഏറെയാണ്. ഇതര ജില്ലകളെ അപേക്ഷിച്ച് ഭാഷാപരമായും ഭൂമിശാസ്ത്രപരമായും കാസർഗോഡിന് തനതായ സവിശേഷതകളും പ്രശ്നങ്ങളുമുണ്ട്. അവസാനം രൂപം കൊണ്ട ജില്ല, സപ്തഭാഷാ സംഗമഭൂമി, വ്യത്യസ്ത വിഭാഗം ജനങ്ങളുടെ അധിവാസ സ്ഥാനം എന്നീ നിലകളിൽ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾക്ക് ഇവിടെ വൈവിധ്യം കൈവരുന്നു. വിദ്യാഭ്യാസ മേഖലയിൽ ദീർഘകാല കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും പ്രശ്നങ്ങളെ വിശകലനം ചെയ്ത് പരിഹാര പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നതിനും സൂക്ഷ്മതലവിലയിരുത്തൽ അനിവാര്യമാണ്. ജില്ലയുടെ വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് മനസ്സിലാക്കാൻ പ്രീ-പ്രൈമറി, പ്രൈമറി, സെക്കണ്ടറി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, സാങ്കേതിക വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നീ രംഗങ്ങളിലെ നിലവിലെ അവസ്ഥ പരിശോധിക്കേണ്ടതുണ്ട്.

പ്രീ-പ്രൈമറി വിദ്യാഭ്യാസം

കേരളത്തിൽ ഇനിയും ഗൗരവമായ പരിഗണന ലഭിക്കാത്ത മേഖലയാണ് പ്രീപ്രൈമറി വിദ്യാഭ്യാസം.. സാമൂഹ്യ നീതിവകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിലാണ് ഗവൺമെന്റ് മേഖലയിൽ പ്രീ പ്രൈമറി വിദ്യാലയങ്ങളുള്ളത്. സ്വകാര്യ മേഖലയിൽ ഒട്ടനേകം പ്രീ സ്കൂളുകൾ പ്രവർത്തിക്കുന്നു. അങ്കണവാടികളിലും വിദ്യാലയങ്ങളോടനുബന്ധിച്ചുള്ള പ്രീ- പ്രൈമറി സ്കൂളുകളിലും പ്രവേശനം നേടുന്നതിനു പുറമേ സമാന്തര പ്രീ-പ്രൈമറി വിദ്യാലയങ്ങളിലും കുട്ടികൾ ചേരുന്നുണ്ട്. ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മെച്ചപ്പെട്ട രീതിയിൽ പ്രീ-പ്രൈമറി രംഗത്ത് പ്രവർത്തിക്കുന്നു.

പ്രീപ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളെ പൊതുവെ രണ്ടായി തിരിക്കാം

- ഗവൺമെന്റ് നേരിട്ടോ ഗ്രാന്റു നൽകിയോ പ്രവർത്തിക്കുന്നവ
- പൂർണ്ണമായും സ്വകാര്യ മാനേജുമെന്റ് നടത്തുന്നവ

അങ്കൺവാടികൾ, ട്രൈബൽ നേഴ്സറി സ്കൂളുകൾ, ശിശുമന്ദിരം, സ്കൂളിനോട് ചേർന്നുള്ള പ്രീ സ്കൂൾ എന്നിവ ഒന്നാം വിഭാഗത്തിൽ ഉൾപ്പെടുന്നു. വ്യക്തികൾ, സംഘടനകൾ എന്നിവ നേഴ്സറി, ബാലവാടി, കിന്റർഗാർട്ടൻ, പ്ലേ സ്കൂൾ തുടങ്ങിയ പേരുകളിൽ നടത്തുന്നവയാണ് രണ്ടാം വിഭാഗം. സാമൂഹ്യ നീതി വകുപ്പിന്റെ നിയന്ത്രണത്തിൽ 6 ബ്ലോക്കുകളായി 1348 അങ്കൺവാടികൾ പ്രവർത്തിക്കുന്നു. ഇവയിൽ 378 എണ്ണം കന്നഡ മേഖലയിൽ ഉള്ളവയാണ്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 6 നേഴ്സറി സ്കൂളുകളും ഗ്രാമ പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 2 ബാലവാടികളും സ്കൂളുകളോടനുബന്ധിച്ച് 183 പ്രീ-പ്രൈമറി ക്ലാസ്സുകളും പ്രവർത്തിക്കുന്നു.

അങ്കൺവാടികളിൽ 8346 കുട്ടികളും പ്രീ സ്കൂളിൽ 8340 കുട്ടികളും ചേർന്നിട്ടുണ്ട്. സർവ്വെ പ്രകാരം 3 വയസ്സിനും 6 വയസ്സിനുമിടയിൽ 17468 കുട്ടികൾ ജില്ലയിൽ ഉണ്ട്. പ്രീ-സ്കൂൾ വിദ്യാഭ്യാസം ലഭിക്കാത്ത 782 കുട്ടികൾ ഉണ്ട് എന്ന് ഈ കണക്കിൽ നിന്ന് വ്യക്തമാകും.

അങ്കൺവാടികൾ

1981-ലാണ് സംയോജിത ശിശുവികസന പദ്ധതി ജില്ലയിൽ തുടങ്ങിയത്. തുടക്കത്തിൽ 10 പഞ്ചായത്തുകളിലായി 100 അംഗൻവാടികൾ ആരംഭിച്ചു. മഹിളാ സമാജങ്ങൾ, ക്ലബ്ബുകൾ തുടങ്ങിയവ നടത്തിവന്ന ബാലവാടികളാണ് അതിനു മുമ്പുണ്ടായിരുന്നത്. 3 മുതൽ 6 വയസ്സിനിടയിലുള്ള എല്ലാ കുട്ടികളെയും ഉൾക്കൊള്ളാനുള്ള ശേഷി അവക്കില്ലായിരുന്നു. മാത്രമല്ല ഫീസ് വാങ്ങിയാണ് മിക്ക ബാലവാടികളും പ്രവർത്തിച്ചത്. ജില്ലാ രൂപീകരണത്തിനുശേഷം അങ്കൺവാടികളുടെ എണ്ണം വർദ്ധിച്ചു. നീലേശ്വരം ബ്ലോക്കിൽ ജനകീയാസൂത്രണ പദ്ധതി (1997-98) കാലത്ത് ധാരാളം പ്രീ-പ്രൈമറികൾ, സ്കൂളുകളോടനുബന്ധിച്ച് തുടങ്ങി. 2001-ൽ ബ്ലോക്കിൽ ഐ.സി.ഡി.എസ് പ്രവർത്തനം ആരംഭിച്ചതോടെ അവയിൽ പലതും അങ്കൺവാടികളായി മാറി. 2000 ജനസംഖ്യയ്ക്ക് ഒരു അങ്കൺവാടി എന്ന ലക്ഷ്യത്തോടെ ജില്ലയിൽ 6 ബ്ലോക്കുകളിലും അങ്കൺവാടികൾ ആരംഭിച്ചു. സ്വകാര്യ പ്രീ-പ്രൈമറി സ്ഥാപനങ്ങളും ഇക്കാലത്ത് വ്യാപകമായി. കുട്ടികളുടെ പ്രവേശനം വർദ്ധിച്ചുവെങ്കിലും അനഭിലഷണീയമായ വ്യാപാര പ്രവണതകൾ സ്വകാര്യ മേഖലയിൽ വളർന്നുവന്നു. സ്കൂൾ തലത്തിൽ തുടങ്ങിയ ഇംഗ്ലീഷ് മീഡിയം ഭ്രമം പ്രീ-പ്രൈമറിയിലെക്കും വ്യാപിച്ചു. ഔപചാരിക വിദ്യാഭ്യാസത്തിനു കുട്ടികളെ തയ്യാറാക്കുന്ന സ്ഥാപനങ്ങളായി ചില പ്രീ- സ്കൂളുകൾ മാറി

നിലവിലുള്ള അങ്കണവാടികളുടെയും, പ്രീപ്രൈമറി സ്കൂളുകളുടെയും പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 4.2.3.1: അങ്കൺവാടികളും പ്രീ-പ്രൈമറി സ്കൂളുകളും

ബ്ലോക്ക്	ആകെ അങ്കൺവാടികൾ	കന്നഡ മീഡിയം അങ്കൺവാടികൾ	ഗവ. അംഗീകൃത പ്രീ-സ്കൂളുകൾ	എയ്ഡഡ് പ്രീ-സ്കൂളുകൾ	ഗവ.സ്കൂളിനോടനുബന്ധിച്ച് അംഗീകാരമില്ലാത്തവ
നീലേശ്വരം	201		17	10	2
പരപ്പ	219	2	9	9	3
കാഞ്ഞങ്ങാട്	222		18	13	22
കാസർഗോഡ്	284	111	6	12	14
കാറഡുക്ക	198	52	7	5	4
മഞ്ചേശ്വരം	224	213	2	25	4
ആകെ	1348	378	59	74	49

പട്ടിക 4.2.3.2: അംഗൻവാടി കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം

ക്രമ നമ്പർ.	ഐ.സി.സി.എസ്. പ്രോജക്ട്	തദ്ദേശ സ്വയംഭരണ സ്ഥാപനം	അംഗൻ വാടികളു ടെ എണ്ണം	സ്വന്തം കെട്ടിടം	വൈദ്യു തീകരിച്ചത്	ടോയ്‌ലറ്റ് സൗകര്യം	കുടി വെള്ള സൗകര്യം	ചുറ്റു മതിൽ	കളി സ്ഥലം
1	നീലേശ്വരം അഡീഷണൽ	തൃക്കരിപ്പൂർ	39	35	33	35	33	31	11
		പടന്ന	23	21	20	21	19	15	3
		പിലിക്കോട്	27	26	26	27	22	15	13
		വലിയപറമ്പ	16	13	13	13	13	13	5
2	നീലേശ്വരം	കയ്യൂർ ചീമേനി	29	29	27	29	22	13	0
		ചെറുത്തൂർ	29	26	25	26	25	24	1
		നീലേശ്വരം മുൻസിപ്പാലിറ്റി	38	33	32	33	28	31	0
3	പരപ്പ	കിനാനൂർ കരിന്തളം	30	30	9	30	16	14	10
		വെസ്റ്റ് എളേരി	40	35	9	35	18	12	15
		ഈസ്റ്റ് എളേരി	31	28	23	28	16	15	6
4	പരപ്പ അഡീഷണൽ	കോടോം ബേളൂർ	43	39	39	39	39	39	39
		ബളാൽ	29	25	25	25	25	25	25
		കള്ളാർ	21	20	20	20	20	20	20
		പനത്തടി	25	25	25	25	25	25	25
5	കാഞ്ഞങ്ങാട്	മടിക്കൈ	28	27	23	27	21	19	8
		അജാനൂർ	38	35	34	35	25	32	11
		കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി	53	46	44	46	41	45	10
6	കാഞ്ഞങ്ങാട് അഡീഷണൽ	പുല്ലൂർ- പെരിയ	31	31	14	31	25	31	0
		പള്ളിക്കര	39	26	25	39	39	31	0
		ഉദുമ	33	31	30	31	26	29	5
7	കാസറഗോഡ്	കാസറഗോഡ് മുൻസിപ്പാലിറ്റി	49	32	29	29	24	26	0
		കുമ്പള	41	41	36	41	23	20	4
		മൊഗ്രാൽ പുത്തൂർ	23	17	16	22	10	14	9
		മധൂർ	27	22	20	22	22	21	5
8	കാസറഗോഡ് അഡീഷണൽ	ബദിയടുക്ക	41	41	9	41	23	17	16
		ചെമ്മനാട്	49	45	36	49	33	45	30
		ചെങ്കള	54	53	7	53	29	47	24
9	കാറഡുക്ക	കാറഡുക്ക	30	24	22	24	22	23	24
		ബെള്ളൂർ	16	16	16	16	13	16	15
		കുമ്പഡാജെ	21	21	21	21	13	21	21
		ദേലംപാടി	25	22	15	22	3	10	12
10	കാറഡുക്ക അഡീഷണൽ	മുളിയാർ	35	27	18	34	18	20	4
		കുറ്റിക്കോൽ	33	28	26	28	20	28	5
		ബേഡഡുക്ക	38	35	33	35	13	30	10
11	മഞ്ചേശ്വരം	മഞ്ചേശ്വരം	37	33	33	31	19	30	23
		വോർക്കാടി	25	24	11	22	9	18	13
		മീഞ്ച	24	23	13	20	8	20	20
		പൈവളിഗെ	35	23	15	23	15	23	16
12	മഞ്ചേശ്വരം അഡീഷണൽ	പുത്തിഗെ	23	21	12	20	5	10	10
		എൻമകജെ	33	31	12	31	22	20	15
		മംഗൽപാടി	47	38	38	38	28	33	13
		ആകെ	1348	1198	934	1217	870	971	496

പ്രീ-പ്രൈമറി വിദ്യാലയങ്ങൾ

38 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി ഗവൺമെന്റ് വിദ്യാലയങ്ങളോടനുബന്ധിച്ച് 59 അംഗീകാരമുള്ള പ്രീ-പ്രൈമറി ക്ലാസ്സുകൾ പ്രവർത്തിക്കുന്നു. ഇവിടെയുള്ള ടീച്ചർക്കും ആയയ്ക്കും ഗവൺമെന്റ് ഹോണറേറിയം നൽകുന്നു. 2012-നുശേഷം ഗവൺമെന്റ് വിദ്യാലയങ്ങളോടനുബന്ധിച്ച് ആരംഭിച്ച 49 പ്രീ-പ്രൈമറി സ്കൂളുകളിൽ പി.ടി.എ ആണ് ഹോണറേറിയം നൽകുന്നത്. എയ്ഡഡ് വിദ്യാലയങ്ങളോടനുബന്ധിച്ച് 74 പ്രീ പ്രൈമറി ക്ലാസ്സുകളുണ്ട്. പി.ടി.എ -യാണ് ഇവിടെയും ഹോണറേറിയം നൽകുന്നത്.

അംഗീകാരമുള്ള ഗവൺമെന്റ്, എയ്ഡഡ്, പ്രീ-പ്രൈമറി വിദ്യാലയങ്ങൾക്ക് ഉച്ചഭക്ഷണത്തിനുള്ള അരി, മറ്റു വസ്തുക്കൾക്കുള്ള തുക, പാചകക്കൂലി എന്നിവ ഗവൺമെന്റ് നൽകി വരുന്നു.

പട്ടികജാതി വികസന വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ജില്ലയിൽ ആറ് നേഴ്സറി സ്കൂളുകൾ പ്രവർത്തിക്കുന്നു. എല്ലാ വിഭാഗം കുട്ടികൾക്കും അവിടെ പ്രവേശനം ലഭിക്കുന്നു. ഗവൺമെന്റ് പ്രീ പ്രൈമറി പരിശീലന കോഴ്സ് കഴിഞ്ഞവർക്കാണ് അധ്യാപികയായി നിയമനം ലഭിക്കുന്നത്. മൗവ്വേനി (വെസ്റ്റ് എളേരി), പറമ്പ (വെസ്റ്റ് എളേരി), ആനിക്കാടി (പിലിക്കോട്), അങ്ങാടിപ്പദവ് (മഞ്ചേശ്വരം), കാനത്തൂർ (മുളിയാർ), പാണത്തൂർ (പനത്തടി) എന്നിവയാണ് പ്രസ്തുത സ്കൂളുകൾ.

ഗ്രാമപഞ്ചായത്തുകൾ നേരിട്ട് നടത്തുന്ന ബാലവാടികളും ഉണ്ട്. ഇവിടെ ശമ്പളം, നിയമനം എന്നിവ ഗ്രാമ പഞ്ചായത്തുകളാണ് നിർവ്വഹിക്കുന്നത്. മലപ്പച്ചേരി ബാലവാടി (മടിക്കൈ), കിനാത്തിൽ (പടന്ന) എന്നിവ ഈ ഗണത്തിൽപ്പെടുന്നു..

പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ

- അങ്കൺവാടികളുടെ എണ്ണവും സേവനമേഖലയും വർദ്ധിച്ചിട്ടുണ്ട്. എങ്കിലും എല്ലാ കുട്ടികളെയും അവിടേക്ക് ആകർഷിക്കാൻ സാധിക്കുന്നില്ല.
- അങ്കൺവാടി വർക്കർമാർക്ക് നിരന്തര പരിശീലനത്തിനുള്ള സംവിധാനം ജില്ലയിലില്ല.
- അങ്കൺവാടി വർക്കർമാരോട് ഇതര മേഖലയിലുള്ള പ്രവർത്തനങ്ങൾ നടത്താൻ നിർദ്ദേശിക്കുന്നത് കുട്ടികളുടെ പഠന സമയം വലിയതോതിൽ അപഹരിക്കാൻ ഇടയാക്കുന്നു.
- വിദ്യാഭ്യാസ അവകാശ നിയമം, പ്രൈമറി മുതലുള്ള വിദ്യാലയങ്ങൾക്കു കർശനമായി ബാധകമാക്കിയെങ്കിലും ശിശു വിദ്യാഭ്യാസ മേഖലയെ പരിഗണിച്ചിട്ടില്ല.
- ബഹുഭൂരിപക്ഷം അങ്കൺവാടികൾക്കും കെട്ടിടമുണ്ടെങ്കിലും അവ പൂർണ്ണമായും ശിശുസൗഹൃദമായ അവസ്ഥയിലല്ല. കുട്ടികളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥല സൗകര്യങ്ങൾ അവയ്ക്കില്ല. കുടുസ്സായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ പ്രീ പ്രൈമറി വിദ്യാലയങ്ങൾ നിരവധിയാണ്.
- വാടകക്കെട്ടിടത്തിലും, താത്കാലിക കെട്ടിടത്തിലും പ്രവർത്തിക്കുന്ന അങ്കൺവാടികളുണ്ട്.
- ജില്ലയിൽ 524-ൽ അധികം പൊതുവിദ്യാലയങ്ങൾ ഉണ്ടെങ്കിലും അവയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറികൾ 182 മാത്രമാണ്.
- പ്രീ-സ്കൂളുകൾ സ്വകാര്യ മേഖലയിൽ ജാതി, മത സംഘടനകളുടെ നേതൃത്വത്തിലാണ് കൂടുതലും ആരംഭിച്ചിട്ടുള്ളത്. നിശ്ചിത പാഠ്യപദ്ധതിയും ഡിപ്പാർട്ട് മെന്റൽ മോണിറ്ററിംഗും അത്തരം പ്രീ-പ്രൈമറി സ്കൂളുകളിൽ പ്രാബല്യത്തിലില്ല.
- ബാലാവകാശ കമ്മീഷന്റെ കർശനമായ വ്യവസ്ഥകൾ നിലവിലുണ്ടെങ്കിലും യൂണിഫോം, ഔപചാരിക പഠന രീതി, പരീക്ഷകൾ എന്നിവ സ്വകാര്യ പ്രീ പ്രൈമറി കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരികയാണ്.
- പ്രീ-പ്രൈമറികളിൽ ഇംഗ്ലീഷ് മീഡിയം പുസ്തകങ്ങളും ബോധന രീതികളും കുട്ടികളുടെ താല്പര്യത്തിനു വിരുദ്ധമായി അവലംബിക്കുന്നു.
- സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സിലബസ്സിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ എൽ.കെ.ജി സമ്പ്രദായത്തിൽ, ഇംഗ്ലീഷ് ബോധന മാധ്യമമായി ഔപചാരിക പഠനം നടത്തുന്നു.
- ഭൂരിഭാഗം പ്രീ-പ്രൈമറി വിദ്യാലയങ്ങളിലും കുട്ടികൾക്കു കളിക്കാനുള്ള ഔട്ട് ഡോർ (പുറം വാതിൽ) കളിയുപകരണങ്ങൾ ഇല്ല. അവ സ്ഥാപിക്കാനാവാശ്യമായ സ്ഥലസൗകര്യവുമില്ല.
- വിദ്യാലയങ്ങളിൽ പ്രീ-സ്കൂളുകളുടെ വ്യാപനം അങ്കൺവാടികളിലെ കുട്ടികളുടെ എണ്ണക്കുറവിനു കാരണമാകുന്നു. ഇത് അങ്കൻവാടികളുടെ നിലനിൽപിനെ ബാധിക്കുന്ന സ്ഥിതി ഉളവാക്കുന്നു.

പരിഹാര നിർദ്ദേശങ്ങൾ

- പ്രീ-സ്കൂൾ വിദ്യാഭ്യാസ ചുമതല പൂർണ്ണമായും ഗ്രാമപഞ്ചായത്തുകളും മുൻസിപ്പാലിറ്റി കളും ഏറ്റെടുക്കൽ.
- എല്ലാത്തരം പ്രീ-സ്കൂളുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി പത്രം ഉണ്ടാവണം. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവയെ പ്രവർത്തിക്കാനനുവദിക്കരുത്.
- ഗ്രാമപഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ ആഫീസർമാരെ നിയമിച്ച് പ്രീ-സ്കൂൾ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യൽ.
- പ്രീ-സ്കൂൾ സംബന്ധമായ വിദ്യാഭ്യാസ നയം ജില്ലാതലത്തിൽ രൂപീകരിച്ച് നടപ്പിലാക്കൽ. ഫീസ്, യൂണിഫോം, മീഡിയം, സിലബസ് തുടങ്ങിയവയിൽ വ്യക്തമായ നയം സംസ്ഥാന തലത്തിൽ രൂപീകരിക്കൽ.
- ശിശു ക്ഷേമ സമിതി തുടങ്ങി കുട്ടികളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ പ്രാതിനിധ്യമുള്ള ജില്ലാ മോണിറ്ററിംഗ് സമിതി രൂപീകരിക്കൽ.

വിദ്യാഭ്യാസം, സാക്ഷരത

- കുട്ടിയെ സമൂഹവുമായി ബന്ധിപ്പിക്കുന്ന കേന്ദ്രങ്ങളാവണം അങ്കൺവാടികളും പ്രീ-പ്രൈമറി സ്കൂളുകളും, സുരക്ഷിതത്വ ബോധം, ഭയരഹിതമായി ആത്മവിശ്വസത്തോടെ ഇടപെടാനുള്ള അന്തരീക്ഷം, കുട്ടികളെ ആകർഷിക്കുന്ന ഭൗതിക സൗകര്യങ്ങൾ എന്നിവ അവിടെ ഉണ്ടാകണം. അങ്കണവാടികൾക്ക് കൂടുതൽ സ്ഥലവും, ശിശുസൗഹൃദ കെട്ടിടങ്ങളും ഒരുക്കണം.
- സാമൂഹിക ജീവിതത്തിനാവശ്യമായ ധാരണകളും ശേഷികളും മനോഭാവങ്ങളും ആർജ്ജി ക്കുന്നതിനുള്ള ഇടങ്ങളായി ശിശുവിദ്യാകേന്ദ്രങ്ങളെ വികസിപ്പിക്കൽ.
- കുട്ടിക്ക് നടന്നെത്താവുന്ന ദൂരത്തിൽ അങ്കൺവാടികളും പ്രീ-സ്കൂളുകളും സ്ഥാപിക്കൽ. (വാഹനത്തിൽ കുത്തിനിറച്ച് ദൂരെയുള്ള വിദ്യാലയങ്ങളിലെക്കു കൊണ്ടുപോകുന്നതു നിരോധിക്കണം).
- വിദ്യാലയങ്ങളോടനുബന്ധിച്ചുള്ള പ്രീ-പ്രൈമറികൾക്ക് 2012 നുശേഷം ഗവൺമെന്റ് അനുമതി നൽകിയിട്ടില്ല. പി.ടി.എ യാണ് ചെലവ് വഹിക്കുന്നത്. ഇവയ്ക്ക് സർക്കാർ അംഗീകാരം നൽകാനുള്ള നടപടികൾ സ്വീകരിക്കൽ.
- വിദ്യാലയങ്ങളോടനുബന്ധിച്ചുള്ള സർക്കാർ/എയ്ഡഡ് പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ കുട്ടികൾക്കും ഉച്ചഭക്ഷണത്തിനു പുറമെ പോഷകാഹാര പദ്ധതികൾ നടപ്പിലാക്കൽ.
- 3-6 വയസ്സ് പ്രായത്തിലുള്ള എല്ലാ കുട്ടികളെയും അങ്കൺവാടികളിലും പ്രീ-പ്രൈമറിയിലും ചേർക്കുന്നതിന് ജില്ലാതല ക്യാമ്പെയിൻ ആസൂത്രണം ചെയ്ത് നടപ്പാക്കൽ.
- അങ്കൺവാടികളിൽ നാലുവയസ്സു വരെയുള്ള കുട്ടികളും പ്രീ-പ്രൈമറികളിൽ 4 വയസ്സിനു ശേഷമുള്ള കുട്ടികളും എന്ന സമീപനം കർശനമായും നടപ്പാക്കൽ. (4 വയസ്സിനു താഴെയുള്ള കുട്ടികളെ പ്രീ-പ്രൈമറികളിൽ ചേർക്കരുത്).
- 15 കുട്ടികൾക്ക് ഒരധ്യാപിക എന്ന അനുപാതം ശിശുവിദ്യാലയങ്ങളിൽ നടപ്പാക്കൽ. (സമൂഹത്തിൽ നിന്നുള്ളവരുടെ സേവനം ഇവിടെ ഉപയോഗപ്പെടുത്തൽ).
- പഞ്ചായത്ത്/ മുൻസിപ്പാലിറ്റി വിദ്യാഭ്യാസ സമിതി പ്രതിമാസ യോഗം ചേർന്ന് അങ്കൺവാടി/ പ്രീ സ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തൽ. (ശനിയാഴ്ചകളിലാവണം ഇത്തരം യോഗങ്ങൾ).
- തദ്ദേശ സ്വയംഭരണ തലത്തിൽ സമഗ്ര ശിശുവിദ്യാഭ്യാസ പ്രോജക്ട് വാർഷിക പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ച് നടപ്പാക്കൽ.
- ഭാഷാന്യൂനപക്ഷങ്ങൾക്കും ആദിവാസി വിഭാഗങ്ങൾക്കും അവരുടെ മാതൃഭാഷ മാധ്യമമായുള്ള പ്രീ- സ്കൂൾ പ്രവർത്തനം സജ്ജമാക്കൽ.
- ജില്ലയിലുള്ള അംഗീകൃത, അനംഗീകൃത പ്രീ-സ്കൂളുകൾ സംബന്ധിച്ച സമഗ്ര സർവ്വെ നടത്തൽ.
- പ്രീ- സ്കൂളുകളിൽ പരമാവധി കളിയുപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കൽ.
- പ്രീ സ്കൂൾ തലത്തിൽ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും ഇംഗ്ലീഷ് മീഡിയം അനുവദിക്കുന്നത് ഇല്ലാതാക്കൽ. (അത്തരം വിദ്യാലയങ്ങളുടെ അംഗീകാരം പിൻവലിക്കണം).
- സ്കൂളുകളോടനുബന്ധിച്ചുള്ള പ്രീ പ്രൈമറിയിൽ ശിശുസൗഹൃദമായ ഭൗതികാന്തരീക്ഷം ഒരുക്കൽ. പ്രീ സ്കൂൾ വിദ്യാഭ്യാസത്തിന് കെട്ടിടം, മീഡിയം, നിയമനം എന്നിവയ്ക്ക് പൊതു നിയമങ്ങളും മാനദണ്ഡവും സംസ്ഥാന തലത്തിൽ രൂപപ്പെടുത്തൽ.
- ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ അംഗൻവാടികളിലേക്കും പ്രീ സ്കൂളുകളിലെക്കും ആകർഷിക്കുന്നതിനുള്ള പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കൽ.

പട്ടിക 4.2.3.3 അംഗൻവാടി, പ്രീ പ്രൈമറി കേന്ദ്രങ്ങളുടെ പട്ടിക ഗ്രാമ പഞ്ചായത്ത് തലം (2017-18)

ക്രമ നമ്പർ	ഗ്രാമ പഞ്ചായത്തിന്റെ പേര്	ബ്ലോക്ക്	അങ്കൺവാടികൾ			പ്രീ പ്രൈമറി സ്കൂളുകൾ			എയ്ഡഡ് സ്കൂളുകൾ	ആകെ
			അങ്കൺവാടികൾ	മിനി അങ്കൺ വാടികൾ	ആകെ	സർക്കാർ	സർക്കാർ ഹോണറേറിയം നൽകുന്നവ	സർക്കാർ ഹോണറേറിയം നൽകാത്തവ		
1	മഞ്ചേശ്വരം	മഞ്ചേശ്വരം	37	0	37	1		3	1	42
2	വോർക്കാടി	മഞ്ചേശ്വരം	22	3	25				3	28
3	മീഞ്ച	മഞ്ചേശ്വരം	24		24				2	26
4	പൈവളിഗെ	മഞ്ചേശ്വരം	35		35				10	45
5	മംഗൽപാടി	മഞ്ചേശ്വരം	44	3	47				3	50
6	എൻമകജെ	മഞ്ചേശ്വരം	28	5	33				3	36
7	പുത്തിഗെ	മഞ്ചേശ്വരം	21	2	23		1	1	3	28
8	കാറഡുക്ക	കാറഡുക്ക	28	2	30		2		2	34
9	കുമ്പഡാജെ	കാറഡുക്ക	18	3	21				1	22
10	ബെള്ളൂർ	കാറഡുക്ക	14	2	16					16
11	ദേലംപാടി	കാറഡുക്ക	25		25					25
12	മുളിയാർ	കാറഡുക്ക	31	4	35			2	1	38
13	ബേഡഡുക്ക	കാറഡുക്ക	36	2	38		3	1		42
14	കുറ്റിക്കോൽ	കാറഡുക്ക	33	0	33		2	1	1	37
15	മധൂർ	കാസർഗോഡ്	27		27		1	2	2	32
16	മൊഗ്രാൽ-പുത്തൂർ	കാസർഗോഡ്	23		23			2	1	26
17	കുമ്പള	കാസർഗോഡ്	41		41			1	1	43
18	ചെങ്കള	കാസർഗോഡ്	54		54		4	3	2	63
19	ചെമ്മനാട്	കാസർഗോഡ്	49		49		1	1		51
20	ബദിയഡുക്ക	കാസർഗോഡ്	39	2	41				3	44
21	അജാനൂർ	കാഞ്ഞങ്ങാട്	38		38		5	7	1	51
22	മടിക്കൈ	കാഞ്ഞങ്ങാട്	28		28			3		31
23	പുല്ലൂർ-പെരിയ	കാഞ്ഞങ്ങാട്	31		31		4	1		36

24	പള്ളിക്കര	കാഞ്ഞങ്ങാട്	39		39		5	3	4	51
25	ഉദുമ	കാഞ്ഞങ്ങാട്	33		33		1	6	3	43
26	കിനാനൂർ-കരിന്തളം	പരപ്പ	30	1	31		1	1	1	34
27	വെസ്റ്റ് എളേരി	പരപ്പ	39		39		1	1	2	43
28	ഈസ്റ്റ് എളേരി	പരപ്പ	31		31				5	36
29	കോടോം-ബേളൂർ	പരപ്പ	43		43		4			47
30	കള്ളാർ	പരപ്പ	21		21			1	1	23
31	പനത്തടി	പരപ്പ	25		25		2			27
32	ബളാൽ	പരപ്പ	29		29		2			31
33	ചെറുവത്തൂർ	നീലേശ്വരം	28	1	29		5		1	35
34	കയ്യൂർ-ചീമേനി	നീലേശ്വരം	28	1	29					29
35	പിലിക്കോട്	നീലേശ്വരം	26	1	27			1	1	29
36	വലിയ പറമ്പ	നീലേശ്വരം	15	1	16		1			17
37	പടന്ന	നീലേശ്വരം	21	2	23		1		2	26
38	തൃക്കരിപ്പൂർ	നീലേശ്വരം	39		39		6	1	2	48
മൊത്തം			1173	35	1208	1	52	42	62	1365

പട്ടിക 4.2.3.4 നഗരസഭകൾ

ക്രമ നമ്പർ	നഗരസഭയുടെ പേര്	അങ്കൺവാടികൾ			പ്രീ പ്രൈമറി സ്കൂളുകൾ			എയ്ഡഡ് സ്കൂളുകൾ	ആകെ
		അങ്കൺവാടികൾ	മിനി അങ്കൺ വാടികൾ	ആകെ	സർക്കാർ	സർക്കാർ ഹോണറേറിയം നൽകുന്നവ	സർക്കാർ ഹോണറേറിയം നൽകാത്തവ		
1	കാസർഗോഡ്	49		49			5	3	57
2	കാഞ്ഞങ്ങാട്	53	0	53		3	2	5	63
	നീലേശ്വരം	37	1	38		4		4	46
	മൊത്തം	139	1	140	0	7	7	12	166

വിദ്യാഭ്യാസം, സാക്ഷരത

പ്രീ-പ്രൈമറി വിദ്യാലയത്തിൽ പഠിക്കുന്ന കുട്ടികളുടെയും പ്രീ പ്രൈമറി അധ്യാപകരുടെയും എണ്ണം ത ദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ താഴെ കൊടുക്കുന്നു(2017-18).

പട്ടിക 4.2.3.5 പ്രീ-പ്രൈമറി വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെയും പ്രീ പ്രൈമറി അധ്യാപകരുടെയും എണ്ണം

ക്രമ നം	ഗ്രാമ പഞ്ചായത്തിന്റെ പേര്	പ്രീ-പ്രൈമറി കുട്ടികളുടെ എണ്ണം	പ്രീ-പ്രൈമറി അധ്യാപകരുടെ എണ്ണം
1	മഞ്ചേശ്വരം	206	7
2	വോർക്കാടി	69	4
3	മീഞ്ച	98	3
4	പൈവളിഗെ	367	14
5	മംഗൽപാടി	284	8
6	എൻമകജെ	156	6
7	പുത്തിഗെ	326	8
8	കാറഡുക്ക	202	7
9	കുമ്പഡാജെ	8	1
10	ബെള്ളൂർ	35	
11	ദേലംപാടി		
12	മുളിയാർ	117	4
13	ബേഡഡുക്ക	240	6
14	കുറ്റിക്കോൽ	120	5
15	മധൂർ	320	9
16	മൊഗ്രാൽ-പുത്തൂർ	109	4
17	കുമ്പള	222	6
18	ചെങ്കള	444	9
19	ചെമ്മനാട്	155	2
20	ബദിയഡുക്ക	226	7
21	അജാനൂർ	352	13
22	മടിക്കൈ	59	4
23	പുല്ലൂർ-പെരിയ	318	7
24	പള്ളിക്കര	507	17
25	ഉദുമ	367	13
26	കിനാനൂർ-കരിന്തളം	209	6
27	വെസ്റ്റ് എളേരി	153	6
28	ഈസ്റ്റ് എളേരി	314	9
29	കോടോം-ബേളൂർ	299	8
30	കള്ളാർ	107	2
31	പനത്തടി	93	2
32	ബളാൽ	51	2
33	ചെറുവത്തൂർ	151	6
34	കയ്യൂർ-ചീമേനി		
35	പിലിക്കോട്	123	2
36	വലിയ പറമ്പ	34	1
37	പടന്ന	72	3
38	തൃക്കരിപ്പൂർ	189	9
	മൊത്തം	7102	220

പട്ടിക 4.2.3.6 നഗരസഭ

ക്രമ നം	നഗരസഭയുടെ പേര്	പ്രീ-പ്രൈമറി കുട്ടികളുടെ എണ്ണം	പ്രീ-പ്രൈമറി അധ്യാപകരുടെ എണ്ണം
1	കാസർഗോഡ്	325	17
2	കാഞ്ഞങ്ങാട്	608	20
3	നീലേശ്വരം	305	10
	മൊത്തം	1238	47

പ്രൈമറി വിദ്യാഭ്യാസം

എല്ലാവർക്കും വിദ്യാഭ്യാസം എന്ന ആശയം അക്ഷരാർത്ഥത്തിൽ പ്രാവർത്തികമാക്കി മറ്റു സംസ്ഥാനങ്ങൾക്ക് മാതൃക കാട്ടിയ സംസ്ഥാനമാണ് കേരളം. അഞ്ചുവയസ്സു പൂർത്തിയായ എല്ലാ കുട്ടികളും ഇവിടെ സ്കൂൾ പ്രവേശനം നേടുന്നു. കൊഴിഞ്ഞു പോകാതെ തന്നെ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കുകയും ചെയ്യുന്നു. എന്നാൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിൽ കേരളം ഏറെ മുന്നോട്ടു പോകാനുണ്ട്. ഡി.പി.ഇ.പി, എസ്.എസ്.എ പ്രോജക്ടുകൾ ഈ ലക്ഷ്യത്തിൽ ഊന്നി പ്രവർത്തിച്ചവയാണ്.

വിദ്യാഭ്യാസ പുരോഗതിയിൽ മറ്റു ജില്ലകളെക്കാൾ പല മേഖലകളിലും പിന്നോക്കം നിൽക്കുന്ന ജില്ലയാണ് കാസർഗോഡ്. ഭൂമി ശാസ്ത്രപരമായും ഭാഷാപരമായും സംസ്കാരികമായും ഏറെ പ്രത്യേകതകൾ ഈ ജില്ലയ്ക്കുണ്ട്. തീരദേശം മുതൽ മലമ്പ്രദേശം വരെ വ്യാപിച്ചു കിടക്കുന്ന കാസർഗോഡ് ജില്ലയിൽ മലയാളം, കന്നഡ ഭാഷകൾക്കു പുറമെ തുളു, മറാത്തി, കൊങ്കിണി, ഹിന്ദുസ്ഥാനി തുടങ്ങിയ ഭാഷകൾ മാതൃഭാഷയായുള്ള ജനവിഭാഗങ്ങളും അധിവസിക്കുന്നു. മലയാളം, കന്നഡ, ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ ഇവിടെ പ്രവർത്തിച്ചു വരുന്നു. ഉറുദു മീഡിയത്തിൽ ഒരു വിദ്യാലയം ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത്-രാജ് നിയമം നടപ്പിലായതോടെ ഗ്രാമ പഞ്ചായത്തുകളും നഗരപാലികാ നിയമത്തിന്റെയടിസ്ഥാനത്തിൽ മുൻസിപ്പാലിറ്റികളും പ്രൈമറി വിദ്യാലയങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുണ്ട്.

പ്രൈമറി വിദ്യാഭ്യാസം ജില്ലയിൽ

ജില്ലയിൽ കാസർഗോഡ്, കാഞ്ഞങ്ങാട് എന്നീ വിദ്യാഭ്യാസ ജില്ലകളും ഏഴ് വിദ്യാഭ്യാസ ഉപജില്ലകളും ഉണ്ട്. അവയിലെല്ലാം കൂടി 254 ലോവർ പ്രൈമറി സ്കൂളുകളും 130 അപ്പർ പ്രൈമറി സ്കൂളും പ്രവർത്തിക്കുന്നു. ലോവർ പ്രൈമറി സ്കൂളുകളിൽ 142 എണ്ണം സർക്കാർ മേഖലയിലും 112 എണ്ണം എയ്ഡഡ് മേഖലയിലുമാണ്. അപ്പർ പ്രൈമറി സ്കൂളുകളിൽ 60 എണ്ണം സർക്കാർ മേഖലയിലും 70 എണ്ണം എയ്ഡഡ് മേഖലയിലും നിലകൊള്ളുന്നു.

പട്ടിക 4.2.3.7 ജില്ലയിലെ സ്കൂളുകളുടെ എണ്ണം (മാനേജ്മെന്റ് തിരിച്ച്)

വിദ്യാലയങ്ങളുടെ എണ്ണം (2016-17)																
എ.ഇ.ഒ/ഡി.ഇ.ഒ	സർക്കാർ				എയ്ഡഡ്				അൺ എയ്ഡഡ്				ആകെ			
	എച്ച്. എസ്	യു.പി.	എൽ.പി	ആകെ	എച്ച്. എസ്	യു.പി.	എൽ.പി	ആകെ	എച്ച്. എസ്	യു.പി.	എൽ.പി	ആകെ	എച്ച്. എസ്	യു.പി.	എൽ.പി	ആകെ
ഡി.ഇ.ഒ.കാസറഗോഡ്	44			44	19			19	22			22	85	0	0	85
ഡി.ഇ.ഒ കാഞ്ഞങ്ങാട്	52			52	16			16	9			9	77	0	0	77
എ.ഇ.ഒ. മഞ്ചേശ്വരം		1	24	25		16	24	40		4	2	6	0	21	50	71
എ.ഇ.ഒ. കുമ്പള	3	18	21		17	27	44		1	2	3	0	21	47	68	
എ.ഇ.ഒ. കാസറഗോഡ്		19	32	51		9	15	24		9	4	13	0	37	51	88
എ.ഇ.ഒ. ബേക്കൽ		13	18	31		2	7	9		2	3	5	0	17	28	45
എ.ഇ.ഒ. ഹോസ്ദുർഗ്		10	21	31		6	12	18		2	5	7	0	18	38	56
എ.ഇ.ഒ. ചെറുവത്തൂർ		11	16	27		11	16	27		5	0	5	0	27	32	59
എ.ഇ.ഒ. ചിറ്റാരിക്കാൽ		3	13	16		9	11	20		3	0	3	0	15	24	39
ആകെ 96	60	142	298	35	70	112	217	31	26	16	73	162	156	270	588	

കുറിപ്പ്:-

ഡയറ്റ് ലാബ് യു.പി.സ്കൂൾ, ബ്ലൈന്റ് സ്കൂൾ കാസറഗോഡ് (എ.ഇ.ഒ. കാസറഗോഡിൽപെടുന്നു).

1. ജി.എം.ആർ.എച്ച്.എസ് ഫോർ ഗേൾസ്, ഉദുമ (കാസറഗോഡ് വിദ്യാഭ്യാസ ജില്ല).
2. ജി.എം.ആർ.എച്ച്.എസ് ഫോർ ബോയ്സ്, വെള്ളച്ചാൽ (കാഞ്ഞങ്ങാട് വിദ്യാഭ്യാസ ജില്ല)

പ്രൈമറി വിഭാഗത്തിൽ 2016-17 ൽ 1 മുതൽ 7 വരെ ക്ലാസ്സുകളിൽ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലായി 97637 വിദ്യാർത്ഥികൾ പഠിച്ചു വരുന്നു. (ആൺ 52367, പെൺ 45270). ഇതേ സ്ഥാനത്ത് 2017-18 ൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം 100142 (ആൺ 53687, പെൺ 46455) ആണ്. അതായത് 2505 കുട്ടികൾ 2017-18 അധ്യയന വർഷം കൂടുതലായി പൊതു വിദ്യാലയങ്ങളിൽ ചേർന്നുവെന്നർത്ഥം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളോടുള്ള രക്ഷാകർത്താക്കളുടെ വിശ്വാസം വർദ്ധിച്ചു എന്നതാണ് കുട്ടികളുടെ പ്രവേശനത്തിലുള്ള വർദ്ധനവ് സൂചിപ്പിക്കുന്നത്. സർക്കാർ സ്കൂളുകളിൽ ഒന്നാം തരത്തിലെ കുട്ടികളുടെ എണ്ണം 6331 ൽ നിന്ന് 7294 ആയി വർദ്ധിച്ചു. ഒന്നാം തരത്തിൽ മൊത്തം 16160 വിദ്യാർത്ഥികൾ ഉണ്ടായത് 17485 വിദ്യാർത്ഥികളായി വളർന്നു. ഇതേ രീതിയിൽ മറ്റു ക്ലാസ്സുകളിലും വർദ്ധനവുണ്ടായിട്ടുണ്ട്.

പട്ടിക 4.2.3.8: ആറാം പ്രവൃത്തി ദിവസത്തിലെ കുട്ടികളുടെ എണ്ണം (2016-17)

ജില്ലയുടെ പേര്: കാസർഗോഡ്

മാനേജ്മെന്റ്

ക്ലാസ്സ്	ഗവൺമെന്റ്			എയ്ഡഡ്			അൺ-എയ്ഡഡ്			ആകെ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	മൊത്തം
I	3135	3196	6331	3147	3197	6344	1801	1684	3485	8083	8077	16160
II	3299	3260	6559	3250	3000	6250	1626	1521	3147	8175	7781	15956
III	3346	3310	6656	3254	3152	6406	1578	1518	3096	8178	7980	16158
IV	3530	3487	7017	3264	3134	6398	1410	1320	2730	8204	7941	16145
V	4083	3960	8043	3356	3239	6595	1052	1077	2129	8491	8276	16767
VI	4420	4137	8557	3258	3194	6452	990	1053	2043	8668	8384	17052
VII	4687	4517	9204	3539	3286	6825	981	1012	1993	9207	8815	18022
VIII	5115	5093	10208	3398	3118	6516	780	765	1545	9293	8976	18269
IX	5582	5252	10834	3846	3192	7038	750	749	1499	10178	9193	19371
X	5729	5482	11211	3772	3297	7069	735	760	1495	10236	9539	19775
മൊത്തം	42926	41694	84620	34084	31809	65893	11703	11459	23162	88713	84962	173675

പട്ടിക 4.2.3.9 ആറാം പ്രവൃത്തി ദിവസത്തിലെ കുട്ടികളുടെ എണ്ണം (201718)

Class	GOVERNMENT			AIDED			UNAIDED			TOTAL		
	BOYS	GIRLS	TOTAL	BOYS	GIRLS	TOTAL	BOYS	GIRLS	TOTAL	BOYS	GIRLS	TOTAL
1	3711	3583	7294	3413	3157	6570	1933	1688	3621	9057	8428	17485
2	3470	3452	6922	3360	3345	6705	1871	1642	3513	8701	8439	17140
3	3618	3546	7164	3427	3098	6525	1783	1489	3272	8828	8133	16961
4	3719	3542	7261	3431	3281	6712	1645	1486	3131	8795	8309	17104
5	4009	3817	7826	3484	3247	6731	1123	1092	2215	8616	8156	16772
6	4332	4129	8461	3412	3235	6647	1140	1032	2172	8884	8396	17280
7	4541	4218	8759	3340	3225	6565	1157	1023	2180	9038	8466	17504
8	5396	5218	10614	3423	3021	6444	909	829	1738	9728	9068	18796
9	5515	5121	10636	3622	3172	6794	926	826	1752	10063	9119	19182
10	5591	5238	10829	3735	3182	6917	921	821	1742	10247	9241	19488
Total	43902	41864	85766	34647	31963	66610	13408	11928	25336	91957	85755	177712

അക്കാദമിക നിലവാരം ഉയർത്തുവാനുള്ള ശ്രമങ്ങൾ

വിദ്യാഭ്യാസത്തിന്റെ അടിത്തറയാണ് പ്രൈമറി വിദ്യാഭ്യാസം. അടിസ്ഥാനാശയങ്ങളും പഠന നൈപുണികളും ഭാഷാശേഷികളും ഇവിടെ ഉറപ്പു വരുത്തേണ്ടതുണ്ട്. പഠന നിലവാരം ഉയർത്തുവാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നടന്നു വരുന്നു. ജില്ലയിൽ പല വർഷങ്ങളിലായി മുമ്പു നടത്തിയ നൂതന പ്രവർത്തനങ്ങളുടെ യും ഗവേഷണ രീതികളുടെയും സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

- അക്ഷരപ്പുലരി:- 1992-ൽ നമ്മുടെ ജില്ലയിൽ നടപ്പാക്കി. പിന്നീട് എല്ലാ ജില്ലകളിലേക്കും സംസ്ഥാന ഗവൺമെന്റ് വ്യാപിപ്പിച്ചു. നാലാം ക്ലാസ്സ് പൂർത്തിയാക്കുന്ന കുട്ടി നേടേണ്ട അടിസ്ഥാന ഭാഷാ ശേഷികൾ ആർജ്ജിക്കുന്നതിനുള്ള സമയബന്ധിതമായ പ്രവർത്തനമായിരുന്നു അക്ഷരപ്പുലരി. ജില്ലാ ഭരണകൂടം, സാക്ഷരതാ സമിതി, ഡയറ്റ് എന്നിവയുടെ നേതൃത്വത്തിലാണ് അക്ഷരപ്പുലരി നടപ്പാക്കിയത്. ജനകീയ ബന്ധവും ഔദ്യോഗികതല കൂട്ടായ്മയുമാണ് ഇതിനെ ശ്രദ്ധേയമാക്കിയത്.
- പഠനോത്സവം:- 1994-95 വർഷത്തിൽ ജില്ലാ കൗൺസിൽ, മടിക്കൈ ഗ്രാമപഞ്ചായത്ത്, ഡയറ്റ് എന്നിവയുടെ നേതൃത്വത്തിൽ മടിക്കൈ ഗ്രാമപഞ്ചായത്തിലെ എല്ലാ പ്രൈമറി സ്കൂളുകളിലെയും പഠന നിലവാരം ഉയർത്തുവാനുള്ള പരിപാടിയായി പഠനോത്സവം നടപ്പിലാക്കി. ജനകീയ കൂട്ടായ്മയിലൂടെ അക്കാദമിക മികവ് ഉണ്ടാക്കാനുള്ള ശ്രമമാണ് ഇതിലൂടെ നടന്നത്. അധ്യാപകരുടെ ക്ലസ്റ്റർ പരിശീലനങ്ങൾ, വർക്ക്ഷോപ്പുകൾ, ജനകീയ മോണിറ്ററിംഗ് തുടങ്ങിയ നൂതന പരിപാടികൾക്ക് ഈ പദ്ധതിയോടെ ജില്ലാകൗൺസിൽ തുടക്കം കുറിച്ചു. അടുത്ത വർഷം എല്ലാ പഞ്ചായത്തുകളിലും പഠനോത്സവം ജില്ലാ കൗൺസിലിന്റെ നേതൃത്വത്തിൽ വ്യാപിപ്പിക്കുകയും ചെയ്തു.
- ഡി.പി.ഇ.പി:- കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡി.പി.ഇ.പി ആദ്യഘട്ടത്തിൽ ആരംഭിച്ച ജില്ലകളിലൊന്നാണ് കാസർഗോഡ്. ലോക ബാങ്കിന്റെ ധനസഹായത്തോടെയാണ പദ്ധതി നടപ്പാക്കിയത്. ഗുണമേന്മയുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നതായിരുന്നു പദ്ധതിയുടെ പ്രധാന ലക്ഷ്യം. 1995-96 വർഷം മുതൽ നടന്ന വിവിധ പ്രവർത്തനങ്ങളുടെ ഫലമായി ഒട്ടേറെ അക്കാദമികവും ഭൗതികവുമായ മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. അക്കാദമികനിലവാരം വർദ്ധിപ്പിക്കാൻ അധ്യാപകപരിശീലനം, പെൺകുട്ടികളുടെ വിദ്യാഭ്യാസം, എസ്.സി, എസ്.ടി വിഭാഗങ്ങളുടെ പഠനമുന്നേറ്റം, ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കനുയോജ്യമായ പഠന സങ്കേതങ്ങൾ എന്നിവയിൽ കാര്യമായ മാറ്റം ഉണ്ടായി. കുട്ടികൾക്ക് സൗജന്യ പാഠപുസ്തകങ്ങൾ, അധ്യാപകർക്കു പഠനോപകരണങ്ങൾ തയ്യാറാക്കാൻ ഗ്രാന്റ്, സ്കൂൾ ഗ്രാന്റ്, മെയ്ന്റനൻസ് ഗ്രാന്റ്, ലൈബ്രറി ഗ്രാന്റ്, ക്ലസ്റ്റർതല പരിശീലനം തുടങ്ങിയവയും നടപ്പിലാക്കി. 7 പുതിയ സ്കൂളുകളും 36 മൾട്ടി ലേണിംഗ് സെന്ററുകളും സുസജ്ജമായ 7 ബ്ലോക്ക് റിസോഴ്സ് സെന്ററുകളും ഡി.പി.ഇ.പി. പദ്ധതിയിലൂടെ ജില്ലയിൽ ആരംഭിച്ചു. നിരവധി ഗവൺമെന്റ് പ്രൈമറി വിദ്യാലയങ്ങൾക്ക് ക്ലാസ്സ് മുറികളും കെട്ടിടങ്ങളും ഇതിന്റെ ഭാഗമായി ലഭിച്ചു.
- സർവ്വശിക്ഷാ അഭിയാൻ(എസ്.എസ്.എ):- ഡി.പി.ഇ.പി യുടെ തുടർച്ചയായി ഒന്നു മുതൽ 8 വരെ ക്ലാസ്സുകളിലെ പഠന മികവിനെ കേന്ദ്രീകരിച്ചാണ് സർവ ശിക്ഷാ അഭിയാൻ പദ്ധതി ആരംഭിച്ചത്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും എസ്.എസ്.എ പ്രവർത്തനങ്ങൾ ഒന്നാം ഘട്ടത്തിൽ തന്നെ തുടങ്ങി. ഡി.പി.ഇ.പി. യിൽ ആരംഭിച്ച പ്രവർത്തനങ്ങളെല്ലാം എലിമെന്ററി തലത്തിലുള്ള കുട്ടികൾക്കു കൂടി ലഭിക്കുന്ന വിധത്തിൽ എസ്.എസ്.എ പ്രവർത്തനം ഇപ്പോഴും തുടരുന്നു.

കുട്ടികളുടെ പഠന നിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പ്രവർത്തനങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ:- ഭരണഘടനാപരമായി ലഭ്യമായ അധികാരം, വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കായി വിനിയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബദ്ധശ്രദ്ധരായി ശ്രമിക്കുന്നുണ്ട്. സർവ ശിക്ഷാ അഭിയാൻ പ്രവർത്തനങ്ങൾ കൂട്ടായ്മയോടെ ഏറ്റെടുക്കുന്നതോടൊപ്പം തനതായ പദ്ധതികളും നൂതന പ്രോജക്ടുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.
- ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം (ഡയറ്റ്):- ജില്ലയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ അക്കാദമിക നേതൃത്വം വഹിക്കുന്ന സ്ഥാപനമാണ് DIET (ഡയറ്റ്). അധ്യാപക പരിശീലനങ്ങൾ, എസ്.എസ്.എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്കാവശ്യമായ അക്കാദമിക സഹായങ്ങൾ തുടങ്ങിയവ ഡയറ്റിന്റെ നേതൃത്വത്തിൽ നടത്തി വരുന്നു.
- സാക്ഷരം:- ഡയറ്റിന്റെ നേതൃത്വത്തിൽ 2015-16 ൽ നടപ്പാക്കിയ സാക്ഷരം പദ്ധതി സംസ്ഥാന തലത്തിൽ ശ്ലാഘിക്കപ്പെട്ടതാണ്. പ്രൈമറി ക്ലാസ്സുകളിലെ ഭാഷാപരമായ പിന്നോക്കാവസ്ഥ മാറ്റിയെടുക്കാൻ പഠന സമയത്തിന് പുറമെ അധികസമയം കണ്ടെത്തി 52 ദിവസ പ്രവർത്തനങ്ങൾ എല്ലാ വിദ്യാലയങ്ങളിലും നടപ്പാക്കി. മൂന്നു മുതൽ ഏഴ് വരെ ക്ലാസ്സുകളിലാണ് സാക്ഷരം നടപ്പിലാക്കിയത്. അധ്യാപകർക്ക് പരിശീലനവും സാക്ഷരം എന്ന കൈപ്പുസ്തകവും നൽകി പ്രീ ടെസ്റ്റും പോസ്റ്റ് ടെസ്റ്റും നടത്തി. ഇതിന്റെ ഭാഗമായി എല്ലാ കുട്ടികളും ഭാഷാ പ്രാവീണ്യം നേടി എന്ന പ്രഖ്യാപനം എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും നടത്താൻ സാധിച്ചു.അധ്യാപകരുടെ പ്രതിബദ്ധതയും വിദ്യാഭ്യാസ ഓഫീസർമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും ട്രെയിനർമാരുടെയും മേൽനോട്ടവും പദ്ധതിയുടെ വിജയത്തിന് സഹായകമായി.
- മലയാളത്തിളക്കവും ശ്രദ്ധയും:- പ്രൈമറി ക്ലാസ്സിലെ ഭാഷാപരമായ പിന്നോക്കാവസ്ഥ ഇല്ലാതാക്കാനുള്ള പദ്ധതിയായാണ് സംസ്ഥാനമൊട്ടുക്കം മലയാളത്തിളക്കം ആരംഭിച്ചത്. കന്നഡയിൽ അത് മധുരകന്നടയാണ്. അധ്യാപക പരിശീലനങ്ങൾ എസ്.എസ്.എ യുടെ ഭാഗമായി നടത്തി. കൈപ്പുസ്തകം അച്ചടിച്ച് നൽകി. പ്രീ-ടെസ്റ്റിലൂടെ കണ്ടെത്തിയ കുട്ടികളെ നിശ്ചിത സമയത്തിനകം എഴുതാനും വായിക്കാനും പ്രാപ്തരാക്കുന്ന ഈ പ്രവർത്തനത്തെ അധ്യാപകർ ആത്മാർത്ഥതയോടെ ഏറ്റെടുത്തു.
- 3, 5, 8 ക്ലാസ്സുകളിലെ ഭാഷാ, ഗണിതം, ഇംഗ്ലീഷ്, ശസ്ത്രം വിഷയങ്ങളുടെ പഠനനിലവാരത്തിൽ പിന്നോക്കമുള്ള വിദ്യാർത്ഥികളെ ഒരു പ്രത്യേക പാക്കേജിലൂടെ ഉന്നതിയിലെത്തിക്കുകയാണ് ശ്രദ്ധ പദ്ധതിയിലൂടെ ചെയ്യുന്നത്. ഓരോ വിഷയത്തിനും എട്ടു മണിക്കൂർ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. വിഷയാധിഷ്ഠിതമായി ഏകദിനക്യാമ്പുകളും തുടർന്ന് നിശ്ചിത ദിവസം പ്രത്യേക പരിശീലനങ്ങളുമാണ് കുട്ടികൾക്കായി ഒരുക്കിയിട്ടുള്ളത്. എസ്.സി.ആർ.ടി, ഡയറ്റ്, എസ്.എസ്.എ. നേതൃത്വത്തിലാണ് ശ്രദ്ധ നടപ്പിലാക്കിയത്.

എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകൾ:

പ്രൈമറി മേഖലയിൽ പൊതു സമൂഹം ഏറെ ശ്രദ്ധിക്കുന്ന രണ്ട് പരീക്ഷകളാണ് എൽ.എസ്.എസ്, യു.എസ്.എസ് എന്നിവ. വിവിധ വിദ്യാലയങ്ങളിലെ നിരവധി കുട്ടികൾ എൽ.എസ്.എസ്/ യു.എസ്.എസ് പരീക്ഷകൾ എഴുതുന്നുണ്ടെങ്കിലും വിജയ ശതമാനത്തിന്റെ കാര്യത്തിൽ നാം ആശാവഹമായ നിലയിലല്ല. വരും വർഷങ്ങളിൽ ഈ പരിമിതി നമുക്ക് മറികടക്കെണ്ടതുണ്ട്.

ചുരുക്കത്തിൽ പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ജില്ലയിലെ അധ്യാപക സമൂഹം ഉണർന്നു പ്രവർത്തിക്കുന്നു എന്നത് പ്രസ്താവ്യമാണ്. പൊതു വിദ്യാഭ്യാസ വകുപ്പ്, ഡയറ്റ്, എസ്.എസ്.എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി രൂപീകൃതമായ സമിതികൾ എന്നിവ അക്കാദമിക മികവിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്.

പ്രൈമറി വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ:

- ഗവൺമെന്റ് മേഖലയിലുള്ള പൊതു വിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും അവ ശിശു സൗഹൃദമായ വിധത്തിൽ മാറ്റാൻ സാധിച്ചിട്ടില്ല.
- പൊട്ടിപ്പൊളിഞ്ഞ കെട്ടിടങ്ങളും പരിഷ്കരിക്കേണ്ടതും റിപ്പയർ ചെയ്യേണ്ടതുമായ ശുചിമുറികളും ധാരാളം വിദ്യാലയങ്ങളിലുണ്ട്.
- ക്ലാസ്സ് മുറികളുടെ വലിപ്പം പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമാം വിധം മാറ്റാൻ കഴിഞ്ഞിട്ടില്ല. ക്ലാസ്സ് മുറികളിൽ തന്നെ ലൈബ്രറി, ലബോറട്ടറി തുടങ്ങിയവ ഒരുക്കേണ്ട അവസ്ഥയാണ് പല വിദ്യാലയങ്ങളിലുമുള്ളത്. ഇതിന് പ്രത്യേക സൗകര്യം ലഭ്യമല്ല.
- ശിശു സൗഹൃദ ഇരിപ്പിടങ്ങളും ഹൈടെക്ക് ക്ലാസ്സുകൾക്കാവശ്യമായ സൗകര്യങ്ങളും ഭൂരിപക്ഷം സ്കൂളുകളിലും ലഭ്യമല്ല.
- ഹൈടെക് പഠന രീതി പ്രൈമറി ക്ലാസ്സുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് അനുസരിച്ചുള്ള ഭൗതികസൗകര്യങ്ങൾ മിക്ക വിദ്യാലയങ്ങളിലും പരിമിതമാണ്.
- എൽ.പി. വിദ്യാലയങ്ങളിൽ പി.ടി.സി.എം. എന്ന തസ്തികയിൽ ഉച്ചവരെ പ്രവർത്തിക്കുന്ന ഒരു അധ്യാപകേതര ജീവനക്കാരൻ മാത്രമാണ് ഉള്ളത്. സ്വകാര്യ എൽ.പി സ്കൂളുകളിൽ ആ തസ്തികയും ഇല്ല. മുഴുവൻ സമയം വിദ്യാലയത്തിൽ ഉണ്ടാകുന്ന തരത്തിൽ ഓഫീസ് അറ്റന്റൻഡ് തസ്തിക ലോ

വർ പ്രൈമറി വിദ്യാലയങ്ങളിൽ അത്യാവശ്യമാണ്.

- ശാരീരിക വെല്ലുവിളി നേരിടുന്ന ധാരാളം വിദ്യാർത്ഥികൾ പൊതുവിദ്യാലയങ്ങളിൽ ചേരുന്നുണ്ട്. ഇവർക്ക് ആവശ്യമായ സങ്കുലിത വിദ്യാഭ്യാസം നൽകുന്നതിന് റിസോഴ്സ് ടീച്ചർമാരുടെ സേവനം തീരെ പരിമിതമാണ്.
- കലാ-കായിക-പ്രവർത്തി പരിചയ മേഖലയിൽ പരിശീലനം നൽകാനുള്ള സൗകര്യവും അധ്യാപകരും വിദ്യാലയങ്ങളിൽ ലഭ്യമല്ല.
- ഗ്രീൻ പ്രോട്ടോക്കോൾ പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ എല്ലാ വിദ്യാലയത്തിലും ഒരുക്കിയിട്ടില്ല.

കുട്ടികൾ കുറഞ്ഞ വിദ്യാലയങ്ങൾ

2015-16 ലെ കണക്കുകൾ അടിസ്ഥാനമാക്കുമ്പോൾ ജില്ലയിൽ കുട്ടികൾ കുറവുള്ള 211 വിദ്യാലയങ്ങൾ ഉണ്ടെന്ന് കാണാം. ഇവയിൽ സർക്കാർ മേഖലയിൽ 112 എൽ.പി സ്കൂളുകളും, 29 യു.പി സ്കൂളുകളും പെടുന്നു. എയ്ഡഡ് മേഖലയിൽ ഇവ യഥാക്രമം 59 ഉം, 11 ഉം ആണ്. ആകെ 171 എൽ പി സ്കൂളുകൾ, 40 യു പി സ്കൂളുകൾ. 60 ൽ താഴെ കുട്ടികളുള്ള വിദ്യാലയങ്ങൾ 94 ആണ്. 67 സർക്കാർ എൽ പി സ്കൂളുകൾ, 25 എയ്ഡഡ് എൽ പി സ്കൂളുകൾ, ഒരു സർക്കാർ യു പി സ്കൂൾ. 25 ൽ താഴെ കുട്ടികൾ ഉള്ള വിദ്യാലയങ്ങളിൽ ഭൂരിഭാഗവും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നവയാണ്. എസ് സി, എസ് ടി മേഖലയിലുള്ള വിദ്യാർത്ഥികൾ കൂടുതലായി പഠിക്കുന്ന സ്കൂളുകളും ഉണ്ട്. കന്നഡ മീഡിയത്തിലെ വിദ്യാലയങ്ങളും ഇതിൽ പെടുന്നു. 2017-18 ലെ കണക്കുകൾ പ്രകാരം ഇവയുടെ എണ്ണത്തിൽ മാറ്റം വന്നിട്ടുണ്ട്. സ്കൂളിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തിയും ശക്തമായ രക്ഷാകർത്തൃ ബോധവൽക്കരണം വഴിയും കൂടുതൽ കുട്ടികളെ ഇത്തരം വിദ്യാലയങ്ങളിലെക്ക് ആകർഷിക്കാൻ കഴിയും.

ഏകാധ്യാപക വിദ്യാലയങ്ങൾ:

ജില്ലയിൽ 53 ഏകാധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. 1 മുതൽ 4 വരെ ക്ലാസ്സുകളാണ് ഇവയിൽ ഉള്ളത്. 2016-17 ൽ 576 ആൺകുട്ടികളും, 546 പെൺകുട്ടികളും ഉൾപ്പെടെ 1122 കുട്ടികളാണ് ഇത്തരം കേന്ദ്രങ്ങളിൽ പഠിക്കുന്നത്. ഇവയിൽ പരമാവധി 75 ഉം, കുറഞ്ഞത് 5 ഉം കുട്ടികളാണ് പഠിക്കുന്നത്. ഗ്രാമ പഞ്ചായത്തുകളിലെയും നഗരസഭകളിലെയും വികസനം കുറഞ്ഞ പ്രദേശങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നത്. ഈ വിദ്യാലയങ്ങളിലെ അധ്യാപകർക്ക് ഹോണറേറിയവും മറ്റാനുകൂല്യങ്ങളും നൽകുന്നത് പൊതുവിദ്യാഭ്യാസ വകുപ്പാണ്.

സംസ്ഥാന സിലബസിൽ അല്ലാത്ത വിദ്യാലയങ്ങൾ

സംസ്ഥാന സിലബസിൽ അല്ലാത്ത 1408 വിദ്യാലയങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ജില്ലയിൽ ഇവയുടെ എണ്ണം 51 ആണ്.

സി.ബി.എസ്.ഇ	-	43
ഐ.സി.എസ്.ഇ	-	4
കേന്ദ്രീയ വിദ്യാലയം	-	4
ജവഹർ നവോദയ	-	1

സ്പെഷ്യൽ സ്കൂളുകൾ

ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിന് ജില്ലയിൽ 16 വിദ്യാലയങ്ങൾ പ്രവർത്തിച്ചുവരുന്നു. കാഞ്ഞങ്ങാട്, കാസറഗോഡ് നഗരസഭകളിൽ ഓരോന്നും, 12 ഗ്രാമ പഞ്ചായത്തുകളിലായി 14 എണ്ണവും നിലവിലുണ്ട്. ഇവയിൽ 7 എണ്ണം ബഡ്സ് സ്കൂളുകളാണ്. സംസ്ഥാനത്തു തന്നെ മികച്ച ഭൗതികസൗകര്യമുള്ള ബഡ്സ് സ്കൂൾ പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. വിവിധ ശാരീരിക വൈകല്യമുള്ള കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയങ്ങൾ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലും ഉള്ളവയാണ്.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ

ജില്ലയിൽ ഇപ്പോഴും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 7 സ്കൂളുകൾ ഉണ്ട്. അവയുടെ വിശദാംശം പട്ടികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

പട്ടിക 4.2.3.10: ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ വിവരം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	പഞ്ചായത്ത്/ മുനിസിപ്പാലിറ്റി
1	ജി.യു.പി സ്കൂൾ പടന്ന	പടന്ന
2	ജി.എൽ.പി സ്കൂൾ കളനാട് ന്യൂ	ചെമ്മനാട്
3	ജി.എൽ.പി സ്കൂൾ തളങ്കര പടിഞ്ഞാറ്	കാസർഗോഡ്
4	ജി.എൽ.പി സ്കൂൾ ഉദ്യാവർ തോട്ട	മഞ്ചേശ്വരം
5	ജി.എഫ്.യു.പി സ്കൂൾ കോട്ടിക്കുളം	ഉദുമ
6	ജി.എഫ്.യു.പി സ്കൂൾ അജാനൂർ	അജാനൂർ
7	ജി.എഫ്.യു.പി.സ്കൂൾ മാണിക്കോത്ത്	അജാനൂർ

3 എൽ.പി സ്കൂളുകളും 4 യു.പി സ്കൂളുകളുമാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. പുതിയ കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലത്തിന്റെ പരിമിതി മൂലമാണ് ഈ വിദ്യാലയങ്ങൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായുള്ള പല ആനുകൂല്യങ്ങളും ലഭിക്കു

ന്നതിന് ഇത് തടസ്സമാകുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങൾ, പി.ടി.എ, പൊതു സമൂഹം എന്നിവർ മുൻകൈ എടുത്ത് അടിയന്തിരമായി പരിഹാരം കാണേണ്ട പ്രശ്നമാണിത്.

സെക്കന്ററി വിദ്യാഭ്യാസം

ഹൈസ്കൂൾ വിദ്യാഭ്യാസം നേടാൻ എട്ടും പത്തും കിലോമീറ്റർ യാത്ര ചേയ്യേണ്ടി വന്ന അനുഭവം പഴയ തലമുറയ്ക്കുണ്ട്. 1984-ൽ ജില്ലാ രൂപീകരണസമയത്ത് കാസർഗോഡ് 98 ഹൈസ്കൂളുകളാണ് ഉണ്ടായിരുന്നത്. 1992 ച.കി.മീ. വിസ്തൃതിയുള്ള ജില്ലയ്ക്ക് ഇത് 20 ച.കി.മീറ്ററിന് ഒന്ന് എന്ന നിലയിൽ വരും. 2002-03 ൽ 76 സർക്കാർ ഹൈസ്ക്കൂളുകൾ, 33 എയ്ഡഡ് ഹൈസ്കൂളുകൾ, 8 അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെ 117 സ്കൂളുകളായി മാറി. 2015-16 ൽ ഇത് 157 ആയി വർദ്ധിച്ചു. നിലവിൽ 96 സർക്കാർ ഹൈസ്കൂളുകൾ, 35 എയ്ഡഡ് ഹൈസ്കൂളുകൾ, 31 അൺ എയ്ഡഡ് ഹൈസ്കൂളുകളുൾപ്പെടെ മൊത്തം 162 സ്കൂളുകൾ പ്രവർത്തിക്കുന്നു. ഹൈസ്കൂളുകളിൽ ഭൂരിഭാഗവും സർക്കാർ മേഖലയിലാണ്. ആവശ്യമായ ഭൂമി കണ്ടെത്തുകയും, ക്ലാസ്സ് മുറികൾ തയ്യാറാക്കുകയും ചെയ്യുന്ന സർക്കാർ പ്രൈമറി സ്കൂളുകളെ ഹൈസ്കൂളുകളാക്കി ഉയർത്താൻ ഗവൺമെന്റ് തയ്യാറായപ്പോൾ ജനങ്ങൾ ആ വാഗ്ദാനം ഏറ്റെടുത്തതിന്റെ ഫലമായാണ് ജില്ലയിൽ ഹൈസ്കൂളുകൾ ആവശ്യത്തിന് ലഭിച്ചത്. അൺ എയ്ഡഡ് മേഖലയിലും ഹൈസ്കൂളുകളുടെ എണ്ണത്തിൽ ഇക്കാലത്ത് വർദ്ധനവുണ്ടായി. അംഗീകാരമില്ലാത്ത അൺ എയ്ഡഡ് വിദ്യാലയങ്ങളും ജില്ലയിൽ പ്രവർത്തിക്കുന്നു എന്നത് വസ്തുതയാണ്.

വിദ്യാർത്ഥികളുടെ എണ്ണം

2016-17 ൽ 8,9,10 ക്ലാസ്സുകളിലായി മൊത്തം കുട്ടികളുടെ എണ്ണം 57415 ആയിരുന്നു. സ്കൂളിന്റെ തരമനുസരിച്ച് സർക്കാർ സ്കൂൾ 32253, എയ്ഡഡ് 20623, അൺ എയ്ഡഡ് 4539 എന്നിങ്ങനെ തിരിക്കാം.

2017-18 ൽ ഇത് യഥാക്രമം 32079, 20155, 5232 എന്നിങ്ങനെ മാറി. പ്രൈമറി ക്ലാസ്സുകളിലുണ്ടായ വിദ്യാർത്ഥികളുടെ വർദ്ധനവ് ഹൈസ്കൂൾ ക്ലാസ്സിൽ ഉണ്ടായില്ല. പെൺ കുട്ടികളുടെ എണ്ണം ആൺ കുട്ടികളിലെതിനെക്കാൾ കുറവാണെന്നും കാണാം. സർക്കാർ സ്കൂളിൽ 8,9,10 ക്ലാസ്സുകളിൽ ആകെ ആൺ കുട്ടികൾ 16502 ഉം പെൺകുട്ടികൾ 15577 ഉം ആണ്. സ്വകാര്യ സ്കൂളുകളിലും പെൺകുട്ടികളുടെ എണ്ണം കുറവാണ്.

കൊഴിഞ്ഞുപോക്ക്

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്കൂളുകളിൽ നിന്ന് കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഏറ്റവും കുറവ് കേരളത്തിലാണ്. 2016-17 വർഷത്തിൽ ജില്ലയിലെ കുട്ടികളിൽ കൊഴിഞ്ഞുപോയവരുടെ എണ്ണം 631 ആണ്. 81 ഹൈസ്കൂളുകൾ, 56 പ്രൈമറി സ്കൂളുകൾ എന്നിവയിൽനിന്നാണ് കൊഴിഞ്ഞുപോക്ക് ഉണ്ടായത്. ഓരോ കുട്ടിയും കൊഴിഞ്ഞു പോയതിനു കാരണം വിശദമായി പരിശോധിക്കേണ്ടതുണ്ട്. രക്ഷാകർത്താക്കളുടെയും അധ്യാപകരുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും കൂട്ടായ പ്രവർത്തനം വഴി Dropout free Kasaargod എന്ന ലക്ഷ്യത്തിലേക്കെത്താൻ സാധിക്കും.

അധ്യാപകർ:

2016-17 ലെ കണക്കനുസരിച്ച് ജില്ലയിൽ 8196 അധ്യാപകർ ജോലി ചെയ്യുന്നു. അതിൽ 4999 പേർ സ്ത്രീകളാണ്.

പട്ടിക 4.2.3.11: അധ്യാപകരുടെ വിവരം (2016-17 ലെ കണക്കനുസരിച്ച്)

	ഹയർ സെക്കണ്ടറി		ഹൈസ്കൂൾ		യു.പി സ്കൂൾ		എൽ.പി. സ്കൂൾ		ട്രെയിനിംഗ് സ്കൂൾ		ആകെ	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
ഗവൺമെന്റ്	1166	1078	153	188	374	545	292	468	3	3	1788	2282
എയ്ഡഡ്	328	481	161	245	436	714	234	473	3	2	1162	1915
അൺ എയ്ഡഡ്	93	321	86	258	36	110	32	113			247	802
ആകെ	1387	1880	400	691	846	1369	558	1054	6	5	3197	4999

ഏറ്റവും കൂടുതൽ അധ്യാപകർ സർക്കാർ മേഖലയിലാണ് ജോലി ചെയ്യുന്നത്. 1788 അധ്യാപകരും, 2282 അധ്യാപികമാരും. അധ്യാപക ക്ഷാമം രൂക്ഷമായി അനുഭവിക്കുന്ന ജില്ലയാണ് കാസറഗോഡ്. മറ്റു ജില്ലകളിൽ നിന്നും വരുന്ന അധ്യാപകർ സ്വന്തം ജില്ലയിലേക്ക് സ്ഥലം മാറി പോയാൽ പകരം അധ്യാപകരെ ലഭിക്കാൻ വലിയ കാലതാമസം ഉണ്ടാകുന്നു. ഇടയ്ക്കിടെയുണ്ടാകുന്ന അധ്യാപകരുടെ മാറ്റം അക്കാദമിക് രംഗത്തെയും ഗുണപരതയെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്.

അക്കാദമിക നിലവാരം

സെക്കണ്ടറി സ്കൂളുകളിലെ അക്കാദമിക മികവ് വർദ്ധിപ്പിക്കാൻ മുൻ വർഷങ്ങളിൽ വിവിധങ്ങളായ പദ്ധതികൾ ഏറ്റെടുക്കുകയുണ്ടായി. കാസറഗോഡ് ജില്ലാ പഞ്ചായത്താണ് ഇതിന് മുൻകൈ എടുത്തത്. വിദ്യാഭ്യാസ വകുപ്പ്, ഡയറ്റ് എന്നിവയുടെ സഹകരണത്തോടെ 'പഠനോത്സവം', 'മികവ്' എന്നീ പേരുകളിൽ നടത്തിയ വിദ്യാഭ്യാസ പദ്ധതികൾ സംസ്ഥാന തലത്തിൽ തന്നെ ശ്രദ്ധ പിടിച്ചു. ഇതിന്റെ ഫലമായി എസ്.എസ്.എൽ.സി. വിജയശതമാനത്തിൽ സംസ്ഥാന

തലത്തിൽ 2002 ൽ 13 -ാം സ്ഥാനത്തായിരുന്ന കാസറഗോഡ് ജില്ല 2012 ൽ നാലാം സ്ഥാനത്തെത്തി. 2014-15 ൽ വിജയശതമാനം 98.54% വരെ ഉയർന്നു. എന്നാൽ 2015-16 ലും 2016-17 ലും നേരിയ കുറവ് അനുഭവപ്പെട്ടു. ജില്ലാ തലത്തിൽ ഗൗരവമായ വിശകലനം നടത്തി പോരായ്മകൾ പരിഹരിക്കാനുള്ള ശ്രമം നടക്കേണ്ടതുണ്ട്.

പട്ടിക 4.2.3.12: ജില്ലയിലെ എസ്.എസ്.എൽ.സി വിജയശതമാനം (2012 - 2017)

വർഷം	ശതമാനം	പരീക്ഷയെഴുതിയവർ	വിജയിച്ചവർ
2012-2013	95.47%	20553	19622
2013-2014	96.69%	20277	19605
2014-2015	98.54%	19866	19576
2015-2016	94.8%	20758	19679
2016-2017	94.77%	19811	18774

എസ്.എസ്.എൽ.സി പരീക്ഷയുടെ ഫലം വിശകലനം ചെയ്യുമ്പോൾ കാഞ്ഞങ്ങാട് വിദ്യാഭ്യാസ ജില്ലയെ അപേക്ഷിച്ച് ഏറെ പിറകിലാണ് കാസർഗോഡ് വിദ്യാഭ്യാസ ജില്ല ഇതിൽ മാറ്റംവരുത്തുന്നതിന് വിവിധ സഹായ സംവിധാനങ്ങളുടെ കൂട്ടായ്മ ജില്ലയുടെ വടക്കൻ മേഖലയിൽ ശക്തിപ്പെടേണ്ടിയിരിക്കുന്നു.

ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷാ വിഷയങ്ങൾക്കും ഗണിത ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ഭൗതിക ശാസ്ത്രം, രസതന്ത്രം പോലുള്ള ശാസ്ത്രവിഷയങ്ങൾക്കും പ്രത്യേക പരിശീലനം അനിവാര്യമാണ്. ജില്ലാ പഞ്ചായത്ത്, മുൻസിപ്പാലിറ്റികൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ പഠന നിലവാരം കുറവുള്ള മേഖലയിൽ അക്കാദമിക മികവിനുള്ള പ്രത്യേക പ്രോജക്ടുകൾ കണ്ടെത്തി നടപ്പാക്കണം. ഇതിനായി പ്രത്യേക പ്രവർത്തന പാക്കേജുകൾ തയ്യാറാക്കുകയും അധ്യാപക, രക്ഷാകർത്തൃ, സാമൂഹ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും വേണം. സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന പ്രദേശത്തെ വിദ്യാലയങ്ങളിൽ കുട്ടികൾക്കാവശ്യമായ പ്രത്യേക ക്യാമ്പുകളും ഏർപ്പാട് ചെയ്യുന്നത് നന്നാവും.

ഉയർന്ന നിലവാരക്കാരെയും പിന്നോക്കക്കാരെയും പ്രത്യേകമായി ശ്രദ്ധിക്കുന്നതിന് വിവിധ വിഷയങ്ങളിൽ മികവു തെളിയിച്ച അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താം. അതിനായി ജില്ലയിൽ ഇത്തരം അധ്യാപകരുടെ ഒരു റിസോഴ്സ് പൂൾ തയ്യാറാക്കണം. ഓരോ മാസവും അക്കാദമിക് മോണിറ്ററിംഗും പി.ടി.എ യുടെ പിൻതുണയും അതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വവും ഉറപ്പാക്കേണ്ടതാണ്.

പട്ടികജാതി/പട്ടികവർഗ്ഗമേഖല

ജില്ലയിലെ ധാരാളം വിദ്യാലയങ്ങളിൽ എസ്.സി/എസ്.ടി വിഭാഗക്കാരായ കുട്ടികൾ പഠിച്ചു വരുന്നുണ്ട്. സമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ നിന്നു വരുന്നവരാണ് ഇവരിൽ ഭൂരിഭാഗവും. പഠനോപകരണങ്ങൾ, കുട, ബാഗ്, യാത്രാസൗകര്യം, പ്രഭാത ഭക്ഷണം എന്നിവ ലഭ്യമല്ലാത്തതിനാൽ പഠനം വഴിമുട്ടി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഒട്ടേറെ കുട്ടികൾ വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞു പോകുന്ന സ്ഥിതിയും സംജാതമാകുന്നുണ്ട്. ജൂൺ മാസം തന്നെ കുട്ടികൾക്കാവശ്യമയ പഠനോപകരണങ്ങൾ വിതരണം ചെയ്യൽ. പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകൽ. പ്രഭാത ഭക്ഷണം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഇത് തടയാനായി നടത്തേണ്ടതുണ്ട്.

അതോടൊപ്പം പഠനത്തിന്റെ പ്രധാന്യം, വ്യക്തി ശുചിത്വം, ആരോഗ്യ സുരക്ഷ എന്നിവയെ സംബന്ധിച്ചും മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ ദൂഷ്യഫലങ്ങളെക്കുറിച്ചും ബോധവവൽക്കരണ ക്ലാസ്സുകളും പ്രത്യേക കൗൺസിലിംഗും നടക്കണം.

എസ്.സി/എസ്.ടി വികസന വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപിച്ച പ്രവർത്തനം ഈ മേഖലയിൽ ഉണ്ടാവണം. അടിയന്തിര സാഹചര്യങ്ങളിൽ ഇവർക്കാവശ്യമായ സഹായം ഉറപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു കർമ്മ സമിതി രൂപീകരിക്കുന്നത് ഗുണകരമാകും.

8, 9, 10 ക്ലാസ്സുകളിലെ അടിസ്ഥാനശേഷി നേടാത്ത കുട്ടികൾക്കുള്ള പ്രത്യേക പരിപാടി:

ഭാഷ, ഗണിതം എന്നിവയുടെ അടിസ്ഥാന ശേഷി വേണ്ടത്ര നേടാത്ത കുട്ടികൾ പല വിദ്യാലയങ്ങളിലുമുണ്ട്. അതാതു വർഷം തന്നെ പോരായ്മകൾ മറികടക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കണം. ഓരോ ക്ലാസ്സിലും ക്ലാസ്സ് കയറ്റം കിട്ടി വരുന്ന കുട്ടികളെ ജൂൺ മാസം തന്നെ കണ്ടെത്തി ആദ്യത്തെ ടേമിനകം (ജൂൺ, ജൂലായ്, ഓഗസ്റ്റ് മാസം) ആവശ്യമായ സഹായം നൽകി അതാതു ക്ലാസ്സിലെ പഠന ശേഷികൾ സ്വായത്തമാക്കാൻ പ്രാപ്തമാക്കണം.

അധ്യാപക പരിശീലനത്തിനുള്ള ആസൂത്രണവും നടത്തിപ്പുമെല്ലാം മധ്യവേനലവധിക്കാലത്തുതന്നെ നടക്കണം. പരിശീലന മോഡ്യൂൾ തയ്യാറാക്കുന്നതിന് മുന്നോടിയായി ഫീൽഡ് സ്റ്റഡി നടത്തി പരിശീലനാവശ്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ ക്രമീകരിക്കണം. തുടർന്ന് ജില്ലയ്ക്കാവശ്യമായ മൊഡ്യൂൾ തയ്യാറാക്കണം. ഇതിന് ഡയറ്റ്, ആർ.എം.എസ്.എ, എസ്. എസ്.എ എന്നിവയുടെ കൃത്യമായ മേൽനോട്ടവും ഉണ്ടാവണം. ഐ.ടി സംബന്ധമായ കാര്യങ്ങൾ ഉദ്ഗ്രഥിക്കുന്നതിന്

ഐ.ടി@ സ്കൂളിന്റെ സേവനവും നിർണ്ണായകമാണ്. പിന്നോക്കക്കാരെ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രീ ടെസ്റ്റ്, പോസ്റ്റ് ടെസ്റ്റ്, റിസൾട്ട് അവലോകനം തുടർ പ്രവർത്തനങ്ങൾ മുതലായ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

പ്രൈമറി- സെക്കന്ററി- ഹയർ സെക്കന്ററി- മേഖലയിലെ ഭൗതിക സൗകര്യങ്ങൾ

ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ പ്രൈമറി മേഖലയിൽ വലിയ പ്രശ്നങ്ങൾ നിലവിലില്ല. ക്ലാസ് മുറികൾ, ടോയ്‌ലറ്റ്, കുടിവെള്ളം, വൈദ്യുതി, അടുക്കള എന്നിവയിൽ മിക്കവാറും വിദ്യാലയങ്ങൾ സ്വയം പര്യാപ്തമാണ്. എന്നാൽ വ്യത്യസ്ത വിഷയങ്ങളുടെ ലാബുകൾ, ലൈബ്രറി, ഐ.ടി സൗകര്യം, മിനി തിയേറ്റർ സൗകര്യം, കളിസ്ഥലം, ചുറ്റുമതിൽ, ഭക്ഷണം കഴിക്കാനുള്ള ഹാൾ സൗകര്യം തുടങ്ങിയവ ഭൂരിഭാഗം പ്രൈമറി സ്കൂളുകളിലും ലഭ്യമല്ല. അതുപോലെ ഏഴ് ഗവൺമെന്റ് പ്രൈമറി സ്കൂളുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സെക്കണ്ടറി, ഹയർ സെക്കണ്ടറി മേഖലയിൽ സ്ഥിതി വ്യത്യസ്തമാണ്. ഭൗതിക സൗകര്യങ്ങൾ താരതമ്യേന എല്ലാ വിദ്യാലയങ്ങളിലും ശരാശരിക്കു താഴെയാണ്. മതിയായ ഭൗതിക സൗകര്യങ്ങൾ ഉണ്ടെങ്കിൽ മാത്രമേ അക്കാദമിക നിലവാരം ഉയർത്താൻ കഴിയുകയുള്ളൂ എന്നത് നിസ്തർക്കമാണ്.

മിക്കവാറും ഹയർ സെക്കണ്ടറി സ്കൂളുകളിലും അവയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സെക്കണ്ടറി സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ക്ലാസ്സ് മുറികൾ ഇല്ല. ഹയർ സെക്കണ്ടറി ക്ലാസ്സുകൾ തന്നെ ചില വിദ്യാലയങ്ങളിൽ ഹൈസ്കൂൾ ക്ലാസ്സ് മുറികളിലാണ് പ്രവർത്തിക്കുന്നത്. ഇവ 20*20 അടി വലിപ്പമുള്ളവയാണ്. ഹയർ സെക്കണ്ടറിയിൽ ഒരു ക്ലാസ്സിൽ 60 കുട്ടികൾ പഠിക്കുന്നു. അതുകൊണ്ട് തന്നെ ഹയർ സെക്കണ്ടറി ക്ലാസ്സുകൾ 30*20 അടിയെങ്കിലും വലിപ്പമുള്ളവയായിരിക്കണം. അതിനാൽ ഹൈസ്കൂളുകൾക്കും ഹയർ സെക്കണ്ടറികൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യം ലഭിക്കേണ്ടതുണ്ട്.

പ്രിൻസിപ്പാൾ റൂം, ഹെഡ്മാസ്റ്റർ റും, പ്രത്യേക സ്റ്റാഫ് റൂം, വിവിധ ലബോറട്ടറികൾ, ലൈബ്രറി റൂം, റീഡിംഗ് റൂം, റിക്രിയേഷൻ റൂം, പെൺകുട്ടികൾക്കുള്ള റെസ്റ്റ് റൂം, കൗൺസിലിംഗ് റൂം, വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ മുറികൾ എന്നിവയുടെ അഭാവം സ്കൂൾ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്.

സയൻസ് ബാച്ചുള്ള 80% ഹയർ സെക്കണ്ടറി സ്കൂളുകളിലും 60% ഹൈസ്കൂളുകളിലും മികച്ച നിലയിൽ പ്രവർത്തിക്കുന്ന ലബോറട്ടറികൾ ഇല്ല. സയൻസ് ലബോറട്ടറി പോലെ തന്നെ ഗണിത ലബോറട്ടറി, സോഷ്യൽ സയൻസ് ലബോറട്ടറി, ഭാഷാ ലാബുകൾ എന്നിവ അത്യാവശ്യമാണ്.

പാഠ്യപദ്ധതി ഫലപ്രദമായി വിനിമയം ചെയ്യാനും, അതുവഴി കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്താനും മികച്ച ലൈബ്രറികളും ആവശ്യമാണ്. നല്ല വായനാ മുറികളും വേണം. എന്നാൽ ഒട്ടുമിക്ക വിദ്യാലയങ്ങളിലും ലൈബ്രറികൾ സജീവമല്ല. റീഡിംഗ് റൂം പേരിനു മാത്രമാണ് മിക്ക വിദ്യാലയങ്ങളിലും.

ഫലപ്രദമായ പഠനബോധത്തിന് ഓഡിയോ വിഷ്വൽ ഉപകരണങ്ങൾ അത്യാവശ്യമാണെങ്കിലും നിരവധി വിദ്യാലയങ്ങളിൽ ഇവ ലഭ്യമല്ല. ഉള്ള വിദ്യാലയങ്ങളിൽ മിക്കവയും പ്രവർത്തനക്ഷമവുമല്ല.

ആധുനിക ഐ.ടി ഉപകരണങ്ങളുള്ള ഐ.ടി ലബോറട്ടറിയും മിക്ക വിദ്യാലയങ്ങളിലും ലഭ്യമല്ല. ഐ.ടി അധിഷ്ഠിത പഠനത്തിന് എൽ.സി.ഡി പ്രോജക്ടർ, ലാപ് ടോപ്പ്, ഡിജിറ്റൽ ബോർഡ്, അനുബന്ധ സൗകര്യങ്ങൾ മുതലായവ എല്ലാ ക്ലാസ്സുകളിലും അനിവാര്യമാണ്.

വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി 164 വിദ്യാലയങ്ങളിൽ ആവശ്യമായ ടോയ്‌ലെറ്റുകളില്ല.

മിക്ക സ്കൂളുകളിലും ശുദ്ധമായ കുടിവെള്ളം ലഭ്യമല്ല. വെള്ളം ശുദ്ധീകരിച്ച് നൽകുവാനുള്ള ആധുനിക സൗകര്യങ്ങളും ഇല്ല. ജനുവരി മുതൽ മാർച്ചു വരെ കടുത്ത കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന വിദ്യാലയങ്ങളും ഏറെയാണ്.

അനാകർഷകമായ സ്കൂൾ അന്തരീക്ഷം ചില വിദ്യാലയങ്ങളിൽ മുഴച്ചു നിൽക്കുന്നു. പൊട്ടിപ്പൊളിഞ്ഞ ചുമരുകൾ, കുണ്ടുംകുഴിയും നിറഞ്ഞ പരിസരം, പൂന്തോട്ടങ്ങളോ മരങ്ങളോ ഒന്നുമില്ലാത്ത ചുറ്റുപാടുകൾ മുതലായവ വിദ്യാലയാന്തരീക്ഷത്തെ അനാകർഷകമാക്കുന്നു.

പട്ടിക 4.2.3.13 INFRASTRUCTURAL FACILITIES OF SCHOOLS FOR THE YEAR 2016-17

Name of District : Kasaragod

SLNO	Name of School	Management(Govt/Aided)	LP/UP/HS	Whether the school is working in rented/owned building	Whether the school is working in pucca building (ConcreteBuilding/Fully Tiled/Partial Concreted and Partial Tiled)	Name of AEO/DEO	Whether drinking water Available Yes/No	Whether the school having the following facilities								Whether the toilets are sufficient :Yes/No	Total No.of toilets in the school	No. of Toilets in use		Whether the school having toilet facility : Yes/No	Whether the school having She-toilets/e-toilets : Yes/No
- നിലവിലുള്ള ക്ലാസ്സ് മുറികളെ സ്മാർട്ട് ക്ലാസ്സ് റൂമുകളാക്കി മാറ്റൽ.
- സ്ക്കൂൾ അന്തരീക്ഷം ശിശു സൗഹൃദവും പരിസ്ഥിതി സൗഹൃദവും ആക്കൽ, ജൈവ പച്ചക്കറിയുടെ ഉൽപാദനം, മാലിന്യ സംസ്ക്കരണ പദ്ധതി എന്നിവ കുട്ടികളുടെ പങ്കാളിത്തത്തോടെയും സാമൂഹ്യ പിന്തുണയോടെയും നടപ്പിലാക്കൽ.

ഹയർ സെക്കന്ററി വിദ്യാഭ്യാസം

1990 ൽ ആണ് കേരളത്തിൽ ഹയർ സെക്കണ്ടറി വിദ്യാലയങ്ങൾ ആരംഭിച്ചത്. ദേശീയ വിദ്യാഭ്യാസ നയത്തിനനുസൃതമായി സെക്കണ്ടറി വിദ്യാഭ്യാസം പുനഃക്രമീകരിക്കുന്നതിന് വേണ്ടിയാണ് ഹയർ സെക്കണ്ടറി കോഴ്സുകൾ ആരംഭിച്ചത്. സംസ്ഥാനത്ത് ഇപ്പോൾ 2073 ഹയർ സെക്കണ്ടറി സ്കൂളുകൾ പ്രവർത്തിക്കുന്നു. അതിൽ 833 എണ്ണം (40.18 %) സർക്കാർ മേഖലയിലാണ്. കാസറഗോഡ് ജില്ലയിലെ ആദ്യത്തെ ഹയർ സെക്കണ്ടറി സ്കൂൾ ആരംഭിച്ചത് കമ്പല്ലൂരിലാണ്. 1997 ൽ പ്രീഡിഗ്രീ പൂർണ്ണമായും വേർപെടുത്തിയതോടുകൂടി ഹയർ സെക്കണ്ടറി സ്കൂളുകൾ വ്യാപകമായി. ജില്ലയിൽ ഇപ്പോൾ 105 ഹയർ സെക്കണ്ടറി സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇവയിൽ 65 എണ്ണം സർക്കാർ മേഖലയിലും, 23 എണ്ണം എയ്ഡഡ് മേഖലയിലും 17 എണ്ണം അൺഎയ്ഡഡ് മേഖലയിലുമാണ്. എല്ലാ നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും ഹയർ സെക്കണ്ടറി വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകൾ ജില്ലാ പഞ്ചായത്തിന് കൈമാറിയതോടുകൂടി ഭൗതിക സൗകര്യം വർദ്ധിപ്പിക്കുന്നതിനും ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും സാധിച്ചു.

ജില്ലയിലെ 105 ഹയർ സെക്കണ്ടറി സ്കൂളുകളിലായി നിലവിൽ 15844 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇതിൽ 5705 പേർ സയൻസ് ഗ്രൂപ്പിലും 5080 പേർ കൊമേഴ്സ് ഗ്രൂപ്പിലും 4059 പേർ ഹ്യൂമാനിറ്റീസ് വിഭാഗത്തിലുമാണ്.

പട്ടിക 4.2.3.14 HIGHER SECONDARY EXAMINATION, MARCH 2015
District wise Consolidated Statistics (PERCENTAGE-EHS and All A+)

DISTRICT	SCHOOL GOING						TECHNICAL SCHOOL					OPEN SCHOOL				
	NO. OF SCHOOL	REGIS TERED	APPEA RED	EHS	% OF EHS	A+ IN ALL SUBJ	REGIS TERED	APPEA RED	EHS	% OF EHS	A+ IN ALL SUBJ	REGIST ERED	APPEA RED	EHS	% OF EHS	A+ IN ALL SUBJ
KASARGODE	94	12697	12619	10202	80.85	334						2459	2398	717	29.9	

പട്ടിക 4.2.3.15 HIGHER SECONDARY EXAMINATION, MARCH 2016
District wise Consolidated Statistics (PERCENTAGE-EHS and All A+)

DISTRICT	SCHOOL GOING						TECHNICAL SCHOOL					OPEN SCHOOL				
	NO. OF SCHOOL	REGIS TERED	APPEA RED	EHS	% OF EHS	A+ IN ALL SUBJ	REGIS TERED	APPEA RED	EHS	% OF EHS	A+ IN ALL SUBJ	REGIST ERED	APPEA RED	EHS	% OF EHS	A+ IN ALL SUBJ
KASARGODE	104	13533	13402	10347	77.2	351						2191	2126	792	37.25	

പട്ടിക 4.2.3.16 HIGHER SECONDARY EXAMINATION, MARCH 2017
District wise Consolidated Statistics (PERCENTAGE-EHS and All A+)

DISTRICT	SCHOOL GOING						TECHNICAL SCHOOL					OPEN SCHOOL				
	NO. OF SCHOOL	REGIS TERED	APPEA RED	EHS	% OF EHS	A+ IN ALL SUBJ	REGIS TERED	APPEA RED	EHS	% OF EHS	A+ IN ALL SUBJ	REGIST ERED	APPEA RED	EHS	% OF EHS	A+ IN ALL SUBJ
KASARGODE	105	14173	13985	11081	79.23	362						2048	1986	798	40.18	

വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം

ഹയർ സെക്കന്ററി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നതാണ് വി.എച്ച്.എസ്.ഇ-യുടെ ലക്ഷ്യം. പയ്യന്നൂർ മേഖലാ ഓഫീസിനു കീഴിൽ 22 വി.എച്ച്.എസ്.ഇ സ്കൂളുകളാണ് കാസർഗോഡ് ജില്ലയിലുള്ളത്. ഇതിൽ 10 സ്കൂളുകളിൽ ഹയർ സെക്കന്ററി വിഭാഗവും പ്രവർത്തിക്കുന്നു. ഈ സ്ക്കൂളുകൾ 18 ഗ്രാമ പഞ്ചായത്തുകളിലും നഗരസഭാ പരിധിയിലുമാണുള്ളത്. മേൽപറഞ്ഞ 22 സ്ക്കൂളുകളിലെ 51 ബാച്ചുകളിലായി 1530 കുട്ടികൾക്കാണ് ഒന്നാം വർഷ പ്രവേശനം ലഭിക്കുന്നത്. 2017-18 അധ്യയനവർഷത്തിൽ ഒന്നും രണ്ടും വർഷങ്ങളിലായി 2808 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇതിൽ 1505 ആൺ കുട്ടികളും 1303 പെൺകുട്ടികളുമാണ്. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നത് ജി വി എച്ച് എസ് എസ് തൃക്കരിപ്പൂർ (237), ഏറ്റവും കുറവ് ദേലംപാടി ജി വി എച്ച് എസ് എസ് (57) എന്നീ വിദ്യാലയങ്ങളിലാണ്.

22 സ്ക്കൂളുകളിൽ 12 വ്യത്യസ്ത വൊക്കേഷണൽ കോഴ്സുകളുണ്ട്. 2015 ൽ കരിക്കുലം പരിഷ്കരണം നടത്തി കോഴ്സുകളെ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ മാറിയ സിലബസ് അനുസരിച്ച് പ്രായോഗിക പരിശീലനം നേടാനുള്ള സൗകര്യം ഇന്ന് മിക്ക സ്ക്കൂളുകളിലും ലഭ്യമല്ല. വൊക്കേഷണൽ ഹയർസെക്കണ്ടറി സ്ക്കൂളുകളിലെ വൊക്കേഷണൽ ലാബുകളുടെ നവീകരണം അടിയന്തിര ശ്രദ്ധ പതിയേണ്ട വിഷയമാണ്. ഈ രംഗത്ത് വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പിന്റെ ഇടപെടലുകൾ ഉണ്ടാവുന്നുണ്ടെങ്കിലും അത് തീരെ അപര്യാപ്തമാണ്.

ജില്ലയിൽ വി.എച്ച്.എസ്.ഇ. യിൽ ആകെ 271 അധ്യാപക ജീവനക്കാരുണ്ട് (അധ്യാപകർ, ഇൻസ്ട്രക്ടർമാർ). സ്ഥിരം ജീവനക്കാരുടെ അഭാവം കാസർഗോഡ് നഗരസഭാ പരിധിയുൾപ്പെടെ ജില്ലയുടെ വടക്കൻ മേഖലകളിൽ പഠന/പഠനേതര പ്രവർത്തനങ്ങളിൽ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നുണ്ടെങ്കിൽ പോലും തുടർ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിനും മറ്റും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. സ്ഥിരം ജീവനക്കാരെ നിയമിച്ച് അവരുടെ സേവനം ഉറപ്പുവരുത്തുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതാണ്. കോമേഴ്സ് പഠനത്തിന് വിദ്യാർത്ഥികൾക്കുള്ള താത്പര്യം മുൻനിർത്തി കൂടുതൽ സ്കൂളുകളിൽ കോമേഴ്സ് കോഴ്സുകൾ അനുവദിക്കാവുന്നതാണ്.

മലയോര പഞ്ചായത്തുകളിൽ പലയിടത്തും നിലവിൽ വി.എച്ച്.എസ്.ഇ. പഠന സൗകര്യമില്ല. പരിമിതമായ പ്ലസ് വൺ സീറ്റുകൾ മാത്രമുള്ള പ്രസ്തുത പഞ്ചയത്തുകളിൽ ആ പ്രദേശത്തിന് ഉപയുക്തമായ വി.എച്ച്.എസ്.ഇ കോഴ്സുകൾ അനുവദിച്ചാൽ വിദ്യാർത്ഥികൾക്ക് വളരെയേറെ പ്രയോജനകരമായിരിക്കും.

ഉന്നത വിദ്യാഭ്യാസത്തിനു പോകാൻ സാഹചര്യമില്ലാത്ത/താത്പര്യമില്ലാത്ത വിദ്യർത്ഥികൾക്ക് ഒരു തൊഴിൽ കണ്ടെത്താനുള്ള അവസരം എന്ന നിലയിൽ വി.എച്ച്.എസ്.ഇ കോഴ്സുകൾക്ക് പ്രത്യേക പ്രാധാന്യമുണ്ട്.

ദേശവ്യാപകമായി 'നൈപുണി വികസനം' കേന്ദ്ര ബിന്ദുവായി നടത്തുന്ന വിദ്യാഭ്യാസ പരിഷ്കാരങ്ങളിൽ കേരളത്തിലെ വി.എച്ച്എസ്.ഇ മേഖല മികച്ച മാതൃകയാണ്.

2017 മാർച്ചിലെ പൊതുപരീക്ഷയിൽ സംസ്ഥാനത്തെ ശരാശരി വിജയം 81.5% ശതമാനമാണ്. എന്നാൽ ജില്ലയുടെ വിജയം 74.5% മാത്രമാണ്.

വൊക്കേഷണൽ ഹയർസെക്കണ്ടറി സ്ക്കൂളുകളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനായി വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ "മിഷൻ 100" എന്ന പദ്ധതി 2016-17 വർഷം നമ്മുടെ ജില്ല വിജയകരമായി ഏറ്റെടുത്തിട്ടുണ്ട്. തൽഫലമായി 2016 നെ അപേക്ഷിച്ച് 2017ൽ വിജയശതമാനം ഉയരുകയും ചെയ്തു (71.4 % ൽ നിന്ന് 74.5 %ലേക്ക്).

ജില്ലയിലെ വൊക്കേഷണൽ ഹയർസെക്കന്ററി കോഴ്സുകളുടെ വിവരം താഴെകൊടുക്കുന്നു

പട്ടിക 4.2.3.17: കോഴ്സുകളുടെ വിശദ വിവരം

Sl. No	Name of School	Courses
1	VPPMKPS GVHSS Thrikaripur	1) Electronics & Communication Technology 2) Elecrical&Electronics Technology 3) Agriculture- Crop Health Management 4) Agriculture- Agri Business& Farm Services
2	GVHSS Karadka	1) Agriculture – Crop Health Management 2) Agriculture- Agri Business& Farm Services
3	GVHSS Kayyur	1) Electronics& Communication Technology 2) ComputerScience& Information Technology 3) Fashion &Apparel Designing 4) Medical Laboratory Technology
4	GVHSS Iriyanni	1) Live Stock Management 2) Computerised Office Management 3) Accountancy and Taxation

5	GVHSS (THS) Cheruvathur	1) Electrical and Electronics Technology 2) Agro Machinary& power engineering
6	GVHSS Mulleria	1) Accountancy and Taxation 2) Marketing and Financial services
7	GVHSS Mogral	1) Electronics and Communication Technology 2) Electrical and Electronics Technology
8	GMVHSS Thalangara	1) Medical Laboratory Technlology—2 Batches
9	GVHSS Kunjathur	1) Electrical and Electronics Technology 2) Computer Science and Information Technology
10	CHMKS GVHSS Kottappuram	1) Computerised Office Management 2) Marketing and Financial services 3) Accountancy and Taxation 4) Travel & Tourism
11	MPSGVHSS Bellikoth	1) Agriculture- Agri Business& Farm Services (2 Batches)
12	GVHSS(Girls) Kasaragod	1) ECG&Audiometric Technology 2) Basic Nursing and Palliative Care
13	GVHSS Heroor-Meepri	1) Accountancy and Taxation 2) Computer Science & Information Technology
14	GFVHSS Cheruvathur	1) Refrigeration & AC mechanics 2) Marine Technology 3)Medical Laboratory Tecnology
15	GVHSS Madikkai II	1) Medical Laboratory Tecnology 2) Live Stock Management
16	GVHSS Ambalathara	1) Computer Science & Information Technology 2) Accountancy and Taxation
17	GVHSS Delampady	1) Computer Science & Information Technology
18	GVHSS Kanhangad south	1) Medical Laboratory Tecnology 2) Live Stock Management
19	GVHSS Kuniya	1)Accountancy and Taxation 2) Computerised Office Management
	AIDED	
1	VKPKHMMRVHSS Padne	1) Travel & Tourism 2) Food &Restaurant Management 3) Banking &Insurance Services
2	PMSAPTMVHSS Kaikkottukadavu	1) Computer Science & Information Technology 2) Agriculture- Agri Business& Farm Services
3	KMVHSS Kodakkad	1)Computer Science & Information Technology 2)Accountancy and Taxation 3) Marketing and Financial services

No

വിദ്യാഭ്യാസം, സാക്ഷരത

പട്ടിക 4.2.3.18: Details of VHSE School in Kasaragod District

Sl.	Name of School	No. of Students			No. of Teachers			Local Body
		Boy	Girl	Tot	Male	Female	Tot	
1	GVHSS Kayyur	70	93	163	7	12	19	Kayyur-Cheemeni
2	GVHSS &THSS Cheruvathur	74	-	74	6	5	11	Charvathur
3	GVHSS Kunjathur	45	26	71	4	5	9	Manjeswar
4	GVHSS Madikkai II	53	55	108	2	9	11	Madikkai
5	GVHSS Kuniya	69	49	118	1	9	10	Pullur-Periye
6	GVHSS Heroor mepri	52	61	113	6	5	11	Mangalpady
7	GVHSS Iriyyanni	97	69	166	6	10	16	Muliyar
8	GVHSS Ambalathara	62	41	103	6	5	11	Pullur-Periye
9	GVHSS Bellikoth	52	54	106	4	7	11	Ajanur
10	GVHSS Karadka	43	77	120	2	8	10	Karadka
11	GFVHSS Chervathur	110	55	167	5	9	14	Charvathur
12	GMVHSS Thalangara	60	57	117	5	6	11	Kasaragod Municipality
13	GVHSS(G) Kasaragod	-	115	115	-	10	10	Kasaragod Municipality
14	GVHSS Kahangad south	43	71	114	5	6	11	Kanhangad Municipality
15	GVHSS Thrikaripur	150	87	237	10	10	20	Thrikkaripur
16	GVHSS Mogral	67	27	94	7	3	10	Kumbla
17	GVHSS Delampady	26	31	57	3	7	10	Adoor
18	GVHSS Mulleria	53	65	118	05	05	10	Karadka
19	GVHSS Kottapuram	133	97	230	12	07	19	Neeleshwar Municipality
20	MRVHSS Padne	95	77	172	11	2	13	(Aided) Padne
21	KM VHSS Kodakkad	83	46	129	10	6	16	(Aided) Pilicode
22	PMSAPTS VHSS Kaikkottukadavu	67	50	117	7	3	10	(Aided) Thrikkaripur
	TOTAL	1505	1301	2806	124	147	271	

VHSE Kasaragod District : Percentage of EHS March 2017

State average : 81.5%

District Average : 71.11%

പട്ടിക 4.2.3.19: EHS in % of VHSE Group I, II, III and IV

Group	2014-15	2015-16	2016-17
I	62.1	63	68.4
II	66.3	65	70.7
III	74.2	76.2	77.8
IV	78	81.1	80.0

പട്ടിക 4.2.3.20: No. of students appeared for Examination and EHS

Year	No Appeared	No. EHS	%
2014-15	1215	852	70.1
2015-16	1156	960	71.1
2016-17	1352	1030	74.1

പട്ടിക 4.2.3.21: Student Enrolment Group wise

Group I	510
GroupII	570
Group III	420
Group IV	90

ഡയറ്റ് മായിപ്പാടി, കാസറഗോഡ്

ജില്ലയിലെ സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സ്ഥാപനമാണ് ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം (ഡയറ്റ്). പ്രീ പ്രൈമറി മുതൽ സെക്കണ്ടറി തലം വരെ വിവിധ വിദ്യാഭ്യാസ ഗുണമേന്മാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് സ്ഥാപനത്തിന്റെ പ്രധാന ചുമതല. ഇതിനായി സംസ്ഥാന തല വിദ്യാഭ്യാസ സംവിധാനങ്ങളുമായും ജില്ലാതല സംവിധാനങ്ങളായ എസ് എസ് എ, ആർ എം എസ് എ തുടങ്ങിയവയുമായി ചേർന്ന് പ്രവർത്തിക്കുന്നു.

കഴിഞ്ഞ കാലങ്ങളിൽ ഒട്ടേറെ ശ്രദ്ധേയമായ അക്കാദമിക പ്രവർത്തനങ്ങൾ ഡയറ്റ് ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികളിലെ ഭാഷാപരമായ പ്രയാസങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനു നടപ്പിലാക്കിയ 'സാക്ഷരം', പത്താം തരത്തിലെ കുട്ടികളുടെ പഠനനിലവാരം ഉയർത്താൻ നടപ്പിലാക്കിയ 'സ്റ്റെപ്സ്', വിദ്യാലയങ്ങളിൽ ജനാധിപത്യവേദി ശക്തിപ്പെടുത്താൻ ഏറ്റെടുത്ത നടത്തിയ' സ്കൂൾ പാർലമെന്റ്'' സമഗ്ര ഗുണമേന്മാ വിദ്യാലയം എന്ന ലക്ഷ്യം നേടാൻ നടപ്പിലാക്കിയ 'മുമ്പേ പറക്കാം' പരിപാടി, ഐ ടി അധിഷ്ഠിത പഠനം കാര്യക്ഷമമാക്കാൻ നടപ്പിലാക്കിയ 'ടേംസ്' തുടങ്ങിയവ മികവാർന്ന ചില പ്രവർത്തനങ്ങളാണ്. ഇത്തരത്തിലുള്ള നിരവധി നൂതനാശയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത് ഏറെ പരിമിതിക്കുള്ളിൽ നിന്നാണ്.

സ്ഥാപനം നേരിടുന്ന പിരമിതികൾ/ വെല്ലുവിളികൾ

ആവശ്യത്തിന് സ്റ്റാഫ് ഇല്ല എന്നതാണ് പ്രധാന പരിമിതി. 17 ഫാക്കൽറ്റി അംഗങ്ങൾ വേണ്ടിടത്ത് ഇന്ന് 8 പേർ മാത്രമേ ഉള്ളൂ. ഇത് പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് മറ്റൊരു പ്രധാന പരിമിതി. ഏറെ പഴക്കമുള്ളതും നവീകണം നടത്തേണ്ടതുമായ കെട്ടിടങ്ങളാണ് ഉള്ളത്. വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഇത് തടസ്സം സൃഷ്ടിക്കുന്നു.

പ്രവർത്തനങ്ങൾ- നിർദ്ദേശങ്ങൾ

- ഡയറ്റ് ഹെറിട്ടേജ് മ്യൂസിയം- ജില്ലാ ഹെറിട്ടേജ് മ്യൂസിയമാക്കി ഉയർത്തൽ. നമ്മുടെ നാടിന്റെ മഹത്തായ പൈതൃകത്തിന്റെ തെളിവുകളും ശേഷിപ്പുകളും വരുംതലമുറയ്ക്കായി സംരക്ഷിക്കുന്നതോടൊപ്പം വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഇവയെക്കുറിച്ച് പഠിക്കുന്നതിനുള്ള റിസോഴ്സ് കേന്ദ്രമാക്കി ഡയറ്റ് ഹെറിട്ടേജ് മ്യൂസിയത്തെ ഉയർത്തേണ്ടതുണ്ട്. അതോടൊപ്പം ജില്ലാ ഹെറിട്ടേജ് മ്യൂസിയമാക്കി മാറ്റാനും സാധിക്കണം. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് സ്കൂൾ കമ്മ്യൂണിറ്റി മ്യൂസിയങ്ങൾ കൂടി ആരംഭിക്കണം. ഇത്തരം കേന്ദ്രങ്ങൾ പ്രാദേശിക സമൂഹത്തിന്റെ, നാടിന്റെ തനിമയും സംസ്കാരവും പഠനവിധേയമാക്കാനും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ അതിനനുസരിച്ച് രൂപപ്പെടുത്താനും സഹായിക്കും. ജില്ലാ ഹെറിട്ടേജ് മ്യൂസിയവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- നിലവിലുള്ള മ്യൂസിയം കെട്ടിടത്തിന്റെ നവീകരണം
- പുരാവസ്തുക്കളുടെ ശേഖരണം, സംരക്ഷണ പ്രവർത്തനങ്ങൾ
- സ്കൂൾ- കമ്മ്യൂണിറ്റി മ്യൂസിയങ്ങൾ - പഞ്ചായത്തിൽ ഒരു വിദ്യാലയം വീതം വികസിപ്പിക്കാൻ

"ജില്ലാ-ബയോ ഡൈവേഴ്സിറ്റി പാർക്ക്"

14 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന ഡയറ്റ് ക്യാമ്പസ് ജൈവ വൈവിധ്യങ്ങളുടെ കലവറയാണ്. കൂടുതൽ ജൈവ വൈവിധ്യങ്ങൾ വളർത്തിയെടുത്ത് ക്യാമ്പസിനെ ഒരു 'ജില്ലാ ബയോ ഡൈവേഴ്സിറ്റി പാർക്ക്' ആയി വികസിപ്പിക്കാവുന്നതാണ്. ഇതിന് ജൈവവേലി സംരക്ഷണം, ചെടികൾ വച്ച് പിടിപ്പിക്കൽ, സംരക്ഷിക്കൽ, ശാസ്ത്രീയ നാമം രേഖപ്പെടുത്തൽ, പഠനകേന്ദ്രമൊരുക്കൽ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കേണ്ടതുണ്ട്. നമ്മുടെ ജില്ലയിലെ വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും ഒരു പോലെ ഉപയോഗപ്രദമാവുന്ന ഒരു കേന്ദ്രമാക്കി ക്യാമ്പസിനെ മാറ്റിയെടുക്കാവുന്നതാണ്. ഇതിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട പ്രധാന പ്രവർത്തനങ്ങൾ ഇവയാണ്.

- ക്യാമ്പസിൽ ജൈവ വൈവിധ്യ സെൻസസ് നടത്തൽ
- ചെടികൾ വളർത്തലും സംരക്ഷിക്കലും
- ജൈവവേലി സ്ഥാപിക്കൽ
- ചെടികൾക്ക് ലാബലിംഗ്
- പഠന കേന്ദ്രം സ്ഥാപിക്കൽ

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ക്കിൽ ഡെവലപ്മെന്റ് കേന്ദ്രം സ്ഥാപിക്കൽ

പട്ടിക ജാതി- പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ നൈപുണികൾ വികസിപ്പിച്ച് അവരെ വ്യക്തി ജീവിതത്തിനു പ്രാപ്തരാക്കുന്ന പരിശീലന കേന്ദ്രം ഡയറ്റ് അടി

സ്ഥാനമാക്കി സ്ഥാപിക്കണം. പട്ടിക ജാതി- പട്ടിക വർഗ വകുപ്പുമായി ചേർന്നാണ് ഈ പ്രവർത്തനം നടത്തേണ്ടതുണ്ട്. വിവിധ മേഖലകളിലെ പരിശീലനത്തോടൊപ്പം ജീവിത നൈപുണി (Life skill) കൂടി സ്വായത്തമാക്കാനുള്ള പരിശീലനം ഈ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്.

പ്രതിഭാ പരിപോഷണ കേന്ദ്രം

വിവിധ മേഖലകളിലെ പ്രതിഭാധനരായ കുട്ടികളെ കണ്ടെത്തി അവരുടെ സർഗപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള ഒരു കേന്ദ്രം ഡയറ്റിൽ ആരംഭിക്കേണ്ടതുണ്ട്. സ്കൂൾ തലത്തിൽ ടാലന്റ് ലാബ് പ്രവർത്തനം ഫലപ്രദമാകുന്നതോടെ മികച്ച പ്രതിഭകളെ കണ്ടെത്താനാകും. ഇങ്ങനെ കണ്ടെത്തുന്ന പ്രതിഭകൾക്ക് കൂടുതൽ മികവിലേക്ക് വളരാൻ സഹായകമായ ഒരു കേന്ദ്രം എന്ന നിലയിലാണ് പ്രതിഭാ പരിപോഷണ കേന്ദ്രത്തെ വിഭാവനം ചെയ്യുന്നത്. ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ, സൗകര്യങ്ങൾ ഇവയാണ്.

- പരിശീലനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ
- പ്രതിഭാ പരിപോഷണ പരിപാടികൾക്ക് ആവശ്യമായ ഉപകരണങ്ങളും സാമഗ്രികളും ഒരുക്കൽ
- പരിശീലന പരിപാടികൾ
- ക്യാമ്പുകൾ
- NCTE മാനദണ്ഡങ്ങൾ അനുസരിച്ച് അധ്യാപക വിദ്യാഭ്യാസം നൽകുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും കെട്ടിടങ്ങളുമൊരുക്കൽ.

സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ)

ആറു മുതൽ പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നൽകുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സർവ്വ ശിക്ഷാ അഭിയാൻ. 2001-ൽ ആരംഭിച്ച് ഇപ്പോഴും തുടർന്നുവരുന്ന ഈ പദ്ധതിയിലൂടെയാണ് കേന്ദ്ര ഗവൺമെന്റ് വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നത്. ഓരോ വർഷവും തയ്യാറാക്കുന്ന പ്രവർത്തന പദ്ധതിക്കും ബജറ്റിനും അനുസരണമായി ഓരോ സംസ്ഥാനത്ത് നടപ്പിലാക്കുന്ന എസ്.എസ്.എ-യിൽ കേന്ദ്ര വിഹിതത്തോടൊപ്പം ഒരു നിശ്ചിത ശതമാനം സംസ്ഥാന വിഹിതവും ഉൾപ്പെടുത്തിയിട്ടുണ്ട്. പാർലമെന്റ്, നിയമസഭാ പ്രതിനിധികളുടെയും ത്രിതല പഞ്ചായത്ത്/ മുനിസിപ്പാലിറ്റി അംഗങ്ങളുടെയും അംഗീകാരത്തിനു വിധേയമായിട്ടാണ് എസ്.എസ്.എ.യുടെ വാർഷിക പദ്ധതി ആസൂത്രണവും നിർവ്വഹണവും മോണിറ്ററിംഗും നടക്കുന്നത്.

ഓരോ വാർഷിക പദ്ധതിയിലും വിവിധ മേഖലകൾ (ഇന്റർവെൻഷൻസ്) അനുസരിച്ചുള്ള ധന നിർദ്ദേശവും വിനിയോഗവും നടക്കുന്നു. ഇതിൽ അംഗീകരിച്ച തുകയും ചെലവാക്കിയ തുകയും ഓരോമാസവും വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യും. സംസ്ഥാന പ്രോജക്ട് ആഫീസിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തിലും ജില്ലാ പ്രോജക്ട് ആഫീസിന്റെ നേതൃത്വത്തിൽ ജില്ലാ തലത്തിലും പ്രവർത്തനങ്ങൾ നടത്തുന്നു. ബ്ലോക്ക് റിസോഴ്സ് സെന്ററിൽ ബ്ലോക്ക് പ്രോഗ്രാം ആഫീസറും ട്രെയിനർമാരും റിസോഴ്സ് അധ്യാപകരും ജോലി ചെയ്യുന്നു. ഏറ്റവും താഴ്ന്ന ഘടകമായ ക്ലസ്റ്റർ റിസോഴ്സ് സെന്ററുകളിൽ സി.ആർ.സി കൊ-ഓർഡിനേറ്റർമാർ പ്രവർത്തിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ എസ്.എസ്.എ, വിവിധ വിദ്യാലയങ്ങളിൽ നിയമിച്ച കലാ -പ്രവർത്തി പരിചയ- കായിക വിദ്യാഭ്യാസ വിഷയങ്ങളിൽ പഠിപ്പിക്കുന്ന പ്രത്യേക അധ്യാപകരും ഈ പ്രോജക്ടിന്റെ ഭാഗമാണ്. മൂന്നു മാസത്തിലൊരിക്കൽ ഡിസ്ട്രിക്റ്റ് ഡവലപ്മെന്റ് കോ-ഓർഡിനേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (ദിശ)-യുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്.

സർവ്വ ശിക്ഷാ അഭിയാൻ ആരംഭിച്ചതു മുതൽ തനതുപ്രവർത്തന വർഷം വരെ ജില്ലയുടെ പ്രൈമറി അപ്പർ പ്രൈമറി വിദ്യാഭ്യാസ മേഖലകളിൽ അക്കാദമികവും ഭൗതികവും സാമൂഹികവുമായ രംഗങ്ങളിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. അതുമൂലം കുട്ടികളുടെ മാനസികവും കായികവും വിജ്ഞാനപരവുമായ മേഖലകളിൽ ഇടപെൽ ശേഷി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

അക്കാദമികം:- 2001-2002 വർഷം മുതൽ ഇന്നുവരെ വിദ്യാഭ്യാസ മേഖലയിൽ നടന്ന പാഠ്യപദ്ധതി പരിഷ്കരണങ്ങളും അതിന്റെ ഭാഗമായുണ്ടായ പുതിയ അധ്യയന- പഠന രീതികളും വിദ്യാല യങ്ങളിൽ ഫലപ്രദമായി ആവിഷ്കരിക്കാൻ എസ്.എസ്.എ-യ്ക്ക് കഴിഞ്ഞിട്ടുണ്ട്. അവധിക്കാല അധ്യാപക പരിശീലനങ്ങൾ, ക്ലസ്റ്റർ പരിശീലനങ്ങൾ, പ്രത്യേക പരിശീലനങ്ങൾ ഇവയിലൂടെ അക്കാദമിക തലം സംപുഷ്ടമാക്കാൻ സാധിച്ചിട്ടുണ്ട്. എല്ലാ കുട്ടികൾക്കും എട്ടാംതരം വരെയുള്ള പാഠപുസ്തകങ്ങൾ സൗജന്യമായി നൽകുന്നതും കുട്ടികൾക്കുള്ള വിവിധ ക്യാമ്പുകൾ, സർഗാത്മകപ്രവർത്തനങ്ങൾ, ഭാഷാ-ശാസ്ത്ര-ഗണിത പോഷണ പ്രവർത്തനങ്ങൾ തുടങ്ങിയവ സർവ്വ ശിക്ഷാ അഭിയാൻ സംഘടിപ്പിക്കുന്നു.

പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് അനുരൂപീകരിച്ച അക്കാദമിക പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പ്, ഉപകരണ വിതരണം തുടങ്ങിയ പഠന സഹായ പ്രവർത്തനങ്ങളും എസ്.എസ്.എ-യിലൂടെ ലഭിക്കുന്നു. പെൺകുട്ടികൾ എസ്.സി, എസ്.ടി വിഭാഗം വിദ്യാർത്ഥികൾ, ന്യൂനപക്ഷ വിഭാഗം വിദ്യാർത്ഥികൾ എന്നിവരെയും അക്കാദമിക സഹായത്തിലൂടെ പഠന നിലവാരം മെച്ചപ്പെടുത്താൻ എസ്.എസ്.എ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു.

ഭൗതികം:- അക്കാദമിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഭൗതിക സഹായങ്ങൾ കൂടിയേ തീരു. ഭൗതിക സൗകര്യങ്ങളൊരുക്കുന്നതിന്റെ ഭാഗമായി ക്ലാസ്സ് മുറികൾ, സ്കൂൾ കെട്ടിടങ്ങൾ, തകരാറിലായ കെട്ടിടങ്ങൾക്കു പകരം കെട്ടിടങ്ങൾ, ടോയ്‌ലറ്റുകൾ (പെൺകുട്ടി, ആൺകുട്ടി, സി.ഡബ്ല്യു.എസ്.എൻ)

കുടിവെള്ളം, ചുറ്റുമതിൽ, വൈദ്യുതീകരണം, ഹെഡ് മാസ്റ്ററുടെ മുറി, ക്ലാസ്സ് റൂം ഫർണ്ണിച്ചറുകൾ, അറ്റകുറ്റപ്പണികൾ, ക്ലാസ്സ് വിഭജന ചുമരുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ജില്ലയിൽ നടത്തിയിട്ടുണ്ട്. വിദ്യാലയങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ 39 വിദ്യാലയങ്ങളിലായി 1 കോടി 38 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചു. തകർന്നുപോയ കെട്ടിടങ്ങൾക്കു പകരമായി 11 വിദ്യാലയങ്ങൾക്ക് 3 കോടി 56 ലക്ഷം രൂപയും 401 അധിക ക്ലാസ്സ് മുറികൾ പണിതതിന് 8 കോടി 39 ലക്ഷം രൂപയും ചെലവഴിച്ചു. 617 പൊതു ടോയ്‌ലറ്റുകളും 540 പെൺകുട്ടികളുടെ ടോയ്‌ലറ്റുകളും 85 സി.ഡബ്ല്യു.സി.എൻ ടൊയ്‌ലറ്റുകളും നിർമ്മിച്ചു. കുടിവെള്ള വിതരണത്തിന് 1 കോടി 11 ലക്ഷവും ചുറ്റുമതിലിന് 97 ലക്ഷവും ചെലവഴിച്ചു. സ്കൂൾ വൈദ്യുതീകരണത്തിന് 81 ലക്ഷം രൂപയും റാംപും റെയിലും നിർമ്മിക്കാൻ 7 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഗവൺമെന്റ് യു.പി സ്കൂളുകളിലെ കുട്ടികൾക്ക് ഫർണ്ണിച്ചർ പണിതു നൽകിയതിന് 2 കോടി 76 ലക്ഷം രൂപ ചെലവഴിച്ചപ്പോൾ 117 വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തിയ വകയിൽ 4 കോടി 72 ലക്ഷം രൂപ ജില്ലയിൽ ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

സാമൂഹികം:- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്താലാണ് സർവ്വശിക്ഷാ അഭിയാൻ വിവിധ പ്രവർത്തനങ്ങളിലേർപ്പെടുന്നത്. ജില്ലാ പ്ലാനിംഗ് മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുന്ന വാർഷിക പദ്ധതിക്കനുസരിച്ചാണ് ജില്ലയിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. എല്ലാ മാസവും പഞ്ചായത്ത്/ മുൻസിപ്പൽ വിദ്യാഭ്യാസ സമിതികൾ ചേരുകയും തന്മാസ പ്രവർത്തനങ്ങൾ വിലയിരുത്തി അടുത്ത മാസത്തെ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു വരികയും ചെയ്യുന്നു. പി.ടി.എ യോഗങ്ങൾ, എസ്.എം.സി യോഗങ്ങൾ, കോർണർ പി.ടി.എ കൾ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട യോഗങ്ങൾ ഇവയിലെല്ലാം നേതൃത്വ പരമായ പങ്കുവഹിക്കാൻ ജില്ലയിൽ എസ്.എസ്.എ യ്ക്ക് കഴിഞ്ഞിട്ടുണ്ട്.

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ എം എസ് എ)

സെക്കണ്ടറി തലത്തിൽ അക്കാദമികവും, ഭൗതികവുമായ വികാസം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ 2009 ൽ തുടക്കം കുറിച്ച പദ്ധതിയാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ. വ്യത്യസ്തമായ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ ആർ എം എസ് എ യ്ക്ക് കഴിഞ്ഞിട്ടുണ്ട്. നവകേരള മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം സാക്ഷാത്കരിക്കാൻ കൂടുതൽ കർമ്മ പദ്ധതികൾക്ക് 2018-19 അധ്യയന വർഷത്തിൽ തുടക്കം കുറിക്കുകയാണ്. വിദ്യാലയങ്ങളുടെ ഗുണമേന്മയും അക്കാദമികമികവും മികച്ച ഭൗതിക പരിസരവും ഉറപ്പാക്കുന്നതോടൊപ്പം കൂടുതൽ സാമൂഹ്യ ഇടപെടലുകളും ഇതിന്റെ ഭാഗമായി നടപ്പിൽ വരികയാണ്.

പൊതുവിദ്യാഭ്യാസമേഖലയെ പുനഃസംഘടിപ്പിക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾക്ക് 2018-19 അധ്യയന വർഷം ആർ എം എസ് എ മുൻഗണന നൽകുകയാണ്. ഇതിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും ആകർഷകമാക്കുന്നതിനും അക്കാദമികമായ ഗുണമേന്മ ഉറപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഈ വർഷത്തെ ആർ എം എസ് എ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗുണമേന്മയുള്ള സെക്കണ്ടറി വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി- രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ എം എസ് എ) ഇതര സംസ്ഥാനങ്ങളോടൊപ്പം 2009-10 വർഷം മുതൽ കേരളത്തിലും പ്രവർത്തനമാരംഭിച്ചു. സ്കൂൾ ലഭ്യത, പ്രാപ്യത, ഗുണമേന്മ എന്നിവയാണ് ആർ എം എസ് എ യുടെ മുഖ്യമായ ലക്ഷ്യങ്ങൾ.

സാംസ്കാരികമായും, ഭൂമിശാസ്ത്രപരമായും, വിദ്യാഭ്യാസപരമായും തനതായ പ്രത്യേകതകളുള്ള കാസറഗോഡ് ജില്ലയ്ക്ക് തുല്യതയും ഗുണമേന്മയുള്ള വിദ്യാഭ്യാസവും അത്യാവശ്യമാണ്. 14 മുതൽ 18 വരെ പ്രായമുള്ള കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഐഡിയൽ ലാബ്

സംസ്ഥാന സർക്കാരിന്റെ നവകേരള മിഷന്റെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പാഠ്യപദ്ധതിയിലും പഠനപ്രവർത്തനങ്ങളിലും ശക്തമായ ഇടപെടലുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. സെക്കണ്ടറി തലത്തിൽ ആർ എം എസ് എ നടപ്പാക്കുന്ന ഐഡിയൽ ലാബ് ഈ സംരംഭത്തിന് ഊർജ്ജം പകരുന്ന ഒരു ഹൈടെക് പ്രോജക്ടാണ്. ഓരോ കുട്ടിയുടെയും അറിവുകളും കഴിവുകളും ലോകനിലവാരത്തിലേക്ക് ഉയർത്താൻ ഈ കർമ്മപദ്ധതി ലക്ഷ്യമിടുന്നു.

ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ മൂന്നു വിഷയങ്ങളിലായാണ് ലാബ് സജ്ജീകരിക്കുന്നത്. കാസറഗോഡ് ജില്ലയിൽ ഡോ. എ ജി എച്ച് എസ് എസ് കോടോത്ത് സ്കൂളാണ് ലാബിനായി തെരഞ്ഞെടുത്തത്. നിലവിൽ പാഠപുസ്തകങ്ങളിലുള്ള എല്ലാ പരീക്ഷണങ്ങളും ഓരോ കുട്ടിക്കും സ്വയം ചെയ്യുന്നതിന് അവസരമൊരുക്കുക, ഓരോ ആശയവുമായി ബന്ധപ്പെട്ട് വ്യക്തത ഉറപ്പാക്കും വിധം ശ്രേണിയായുള്ള പരീക്ഷണങ്ങൾ ചെയ്തു നോക്കുക, ശാസ്ത്രത്തിലെ ഏറ്റവും നൂതന ഉപകരണങ്ങളും സാങ്കേതിക വിദ്യകളും പരിചയപ്പെടാൻ അവസരമൊരുക്കുക ഇവയാണ് ഐഡിയൽ ലാബിലൂടെ ലക്ഷ്യമിടുന്നത്. കുട്ടികളുടെ ശാസ്ത്രാഭിരുചിയെ പ്രോത്സാഹിപ്പിക്കുന്നതിനുതകും വിധമുള്ള ഉപകരണങ്ങളും, ആകർഷണീയമായ ചിത്രങ്ങളും ഉദ്ധരണികളും ചേർന്ന അന്തരീക്ഷമായിരിക്കും ലാബിലുണ്ടാകുക. മറ്റു സ്കൂളുകളിലെ കുട്ടികൾക്കു കൂടി സന്ദർശിച്ച് പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന് അവസരമൊരുക്കുന്ന ഒരു ശാസ്ത്ര ഹബ്ബായി ഐഡിയൽ ലാബ് പ്രവർത്തിക്കും.

കുട്ടികളുടെ സമഗ്ര വികാസത്തിനുതകുന്ന പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനും അക്കാദമിക പിന്തുണ നൽകുന്നതിനുമായി ജില്ലയിലെ എല്ലാ ഗവൺമെന്റ്

ഹൈസ്കൂളുകൾക്കും 2009-10 വർഷം മുതൽ സ്കൂൾ ഗ്രാന്റ് നൽകി വരുന്നു. സ്കൂൾ മാനേജ്മെന്റ് ആന്റ് ഡെവലപ്മെന്റ് കമ്മിറ്റിയുടെ (എസ് എം ഡി സി) യുടെ അംഗീകാരത്തോടെയാണ് സ്കൂൾ ഗ്രാന്റ് ചെലവഴിക്കേണ്ടത്. ഇത് താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാം.

◆ ലാബ് ശാക്തീകരണം

കുട്ടികൾക്ക് സ്വയം പഠനത്തിനും ഗവേഷണ മനോഭാവം വളർത്തുന്നതിനും ഉതകുന്ന വിധത്തിൽ ലാബ് നവീകരിക്കുക, സയൻസ്, സാമൂഹ്യ ശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളിൽ പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുന്നതിന് ഒരേസമയം ഒന്നിലധികം ഗ്രൂപ്പുകൾക്ക് ആവശ്യമായ സാമഗ്രികളും സാധനങ്ങളും സജ്ജീകരിക്കുക. കെമിക്കലുകൾ, ലാബ് ഉപകരണങ്ങൾ, ഷെൽഫുകൾ, ലാബിലെ ഫർണിച്ചറുകൾ തുടങ്ങിയവ വാങ്ങുന്നതിനു ധനസഹായം നൽകുക മുതലായ പ്രവർത്തനങ്ങൾ നടത്തുന്നു.

◆ ലൈബ്രറി വികസനം

കുട്ടികളുടെ നിലവാരത്തിലുള്ളതും വിജ്ഞാനപ്രദവുമായ പുസ്തകങ്ങൾ, അധിക വായനയ്ക്കുള്ള പുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, റെഫറൻസ് പുസ്തകങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനും, വായനാ മുറിയിൽ ഇരുന്നുവായിക്കുന്നതിനും വേണ്ട സജ്ജീകരണങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതിയാണിത്.

◆ ഹരിതവിദ്യാലയം രൂപപ്പെടുത്തൽ

പ്ലാസ്റ്റിക് രഹിത വിദ്യാലയം രൂപപ്പെടുത്തൽ, മലിനജലം ഒഴിവാക്കുന്നതിന് ആവശ്യമായ സംവിധാനം ഒരുക്കൽ, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ, ജൈവ പച്ചക്കറി കൃഷിക്ക് ആവശ്യമായ സൗകര്യമൊരുക്കൽ മുതലായവ ഹരിതവിദ്യാലയ രൂപീകരണത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളാണ്.

◆ ക്ലാസ്സ് മുറികളുടെ നവീകരണം

ക്ലാസ്സ് മുറികൾ ആകർഷകമാക്കുന്നതിനും പ്രാദേശിക പാഠഭാഗങ്ങൾ ഒരുക്കുന്നതിനും പഠനം മെച്ചപ്പെടുത്തുന്നതിനു സഹായകമായ കുട്ടികളുടെ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള സൗകര്യമൊരുക്കൽ, കുട്ടികളുടെ പോർട്ട് ഫോളിയോകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യമൊരുക്കൽ, വിഷയബന്ധിത പ്രാധാന്യമുള്ള വിവരങ്ങൾ പ്രദർശിപ്പിക്കൽ തുടങ്ങിയവയ്ക്ക് പറ്റുംവിധം ക്ലാസുകൾ നവീകരിക്കൽ.

◆ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ

സ്പോർട്സ് ഉപകരണങ്ങൾ, ബാഡ്മിന്റൺ കോർട്ട്, ടെന്നീസ് കോർട്ട് എന്നിവ നിർമ്മിക്കുന്നതിന്, ചിത്ര രചനയ്ക്കും പെയിന്റിംഗിനും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന്, കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ വാങ്ങുന്നതിന് മുതലായ ആവശ്യങ്ങൾക്ക് ഈവർഷം സ്കൂളൊന്നിന് 50000 രൂപ ക്രമത്തിൽ എല്ലാ ഗവൺമെന്റ് ഹൈസ്കൂളുകളിലും കൂടി ആകെ 4900000 രൂപ നൽകിയിട്ടുണ്ട്.

ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിൽ ശാസ്ത്ര വിഷയങ്ങൾ പോലെ പ്രാധാന്യമർഹിക്കുന്നതാണ് ആരോഗ്യ- കായിക- വിദ്യാഭ്യാസം. ജീവിതചര്യയിൽ വന്ന മാറ്റത്തിന്റെ ഭാഗമായി കുട്ടികളിൽ മാനസികവും ശാരീരികവുമായ പിരിമുറുക്കം കൂടിവരികയാണ്. ഇതിനെ മറികടക്കാനാണ് ആരോഗ്യ-കായിക വിദ്യാഭ്യാസത്തിൽ യോഗ ഉൾപ്പെടുത്തിയിട്ടുള്ളത്.

◆ പഠനയാത്ര-സംസ്ഥാനത്തിനകത്ത്

സംസ്ഥാനത്തിനകത്തുള്ള പഠനയാത്രയുടെ ഭാഗമായി ജില്ലയിൽ നിന്ന് 700 കുട്ടികൾ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ, ശാസ്ത്ര, ചരിത്ര സ്ഥാപനങ്ങൾ മുതലായവ സന്ദർശിച്ചു. കാഞ്ഞങ്ങാട് വിദ്യാഭ്യാസ ജില്ലയിൽ നിന്ന് 371 കുട്ടികളും കാസറഗോഡ് വിദ്യാഭ്യാസ ജില്ലയിൽ നിന്നു 329 കുട്ടികളും പഠനയാത്രയിൽ പങ്കെടുത്തു. സാമ്പത്തികമായ കാരണങ്ങളാൽ നാളിതുവരെ പഠനയാത്രകളിൽ പങ്കെടുക്കാൻ കഴിയാതിരുന്ന കുട്ടികൾക്കാണ് പഠനയാത്രയിൽ മുൻഗണന നൽകിയത്. ഡി ഇ ഒ, ഹെഡ്മാസ്റ്റർ, അധ്യാപകർ എന്നിവരുടെ നേതൃത്വത്തിലാണ് പഠനയാത്ര നടന്നത്.

◆ പഠനയാത്ര-സംസ്ഥാനത്തിന് പുറത്ത്

സംസ്ഥാനത്തിന് പുറത്ത് ശാസ്ത്രഗവേഷണ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനു പഠന യാത്ര നടത്താൻ ആർ.എം.എസ്.എ പദ്ധതിയൽ അനുമതി ലഭിച്ചിട്ടുണ്ട്. അർഹരായ കുട്ടികളെ പഠനമികവിന്റെ അടിസ്ഥാനത്തിൽ സ്ക്രീനിംഗ് ടെസ്റ്റിലൂടെ കണ്ടെത്തിയാണ് പഠന യാത്ര സംഘടിപ്പിക്കുന്നത്. 2016-17 വർഷം ബാംഗ്ലൂർ, മൈസൂർ തുടങ്ങിയ സ്ഥലങ്ങളിലെ ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളും അനുബന്ധ സ്ഥലങ്ങളും സന്ദർശിച്ചു.

നവപ്രഭ-പരിഹാര ബോധനം (Learning Enhancement Programme)

എല്ലാ പൊതുവിദ്യാലയങ്ങളിലെയും ഒമ്പതാം ക്ലാസ്സിലെ കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ കണ്ടെത്തി പിന്തുണയും പരിഹാര ബോധനവും നൽകി പഠന നേട്ടം ഉറപ്പിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്.

ഘട്ടം-1: ശാസ്ത്രം, ഗണിതം, മാതൃഭാഷ, ഇംഗ്ലീഷ് എന്നിവയെ അടിസ്ഥാനമാക്കി പ്രീ ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു.

ഘട്ടം-2: പ്രീ ടെസ്റ്റിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഓരോ കുട്ടിക്കും ആവശ്യമായ പിന്തുണയും പരിഹാര ബോധനവും ആർ എം എസ് എ തയ്യാറാക്കിയ നവപ്രഭ പാക്കേജിന്റെ അടിസ്ഥാനത്തിൽ നൽകുന്നു.

ഘട്ടം-3: പോസ്റ്റ് ടെസ്റ്റ് നടത്തി ഫലപ്രാപ്തി വിലയിരുത്തുന്നു.

വിദ്യാഭ്യാസം, സാക്ഷരത

- **കലാ - ഉത്സവ്**

അന്യം നിന്നുപോകുന്ന പ്രാദേശിക കലകൾ സംരക്ഷിക്കുന്നതിനും കുട്ടികളിലെ കലാപരമായ കഴിവുകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമാണ് കലാ- ഉത്സവ് ഊന്നൽ നൽകുന്നത്. സ്കൂൾ, ജില്ലാ, സംസ്ഥാനം, ദേശീയം എന്നീ തലങ്ങളിലാണ് കലാഉത്സവ് നടക്കുന്നത്. നാടകം, സംഗീതം, നൃത്തം, ദൃശ്യകല എന്നിവയാണ് കലാ ഉത്സവത്തിലെ മത്സരയിനങ്ങൾ

ജില്ലയിൽ നിന്നും സംസ്ഥാനതല മത്സരത്തിൽ സംഗീതം (വഞ്ചിപ്പാട്ട്), തീയേറ്റർ ആർട്സ് (തെയ്യം) എന്നീ ഇനങ്ങളിലാണ് കുട്ടികൾ പങ്കെടുത്തത്. സംസ്ഥാന തലത്തിൽ അവതരിപ്പിച്ച തീയേറ്റർ ആർട്സ് (തെയ്യം) ഉന്നത നിലവാരം പുലർത്തിയതായി ജൂറി അംഗങ്ങൾ അഭിപ്രായപ്പെട്ടു.

ഇൻക്ലൂസീവ് കലോത്സവം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആർ എം എസ് എ യുടെ ഐ ഇ ഡി എസ് എ സ് വിഭാഗം എൻവിയോൺമെന്റൽ ബിൽഡിംഗ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഡിസംബർ 3 ന് ലോക ഭിന്നശേഷി ദിനാചരണം വിപുലമായി നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ ഇൻക്ലൂസീവ് കലോത്സവം, രക്ഷാകർതൃ വിദ്യാഭ്യാസം എന്നിവ വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളും സാധാരണ കുട്ടികളും ഒരുമിച്ച് അവതരിപ്പിക്കുന്ന പരിപാടിയാണ് ഇൻക്ലൂസീവ് കലോത്സവം.

ശാലാസിദ്ധി

School evaluation for School Improvement എന്നതാണ് ശാലാസിദ്ധി പ്രോഗ്രാമിന്റെ അടിസ്ഥാന സങ്കല്പം. സ്കൂൾ വിലയിരുത്തലിന് 6 മേഖലകളാണ് പ്രധാനമായും പരിഗണിക്കുന്നത്.

- സ്കൂൾ വിഭവങ്ങൾ സജ്ജമാക്കൽ
- പഠനബോധന വിലയിരുത്തൽ
- പഠിതാവിന്റെ പുരോഗതി, നേട്ടം, വികസനം
- അധ്യാപകരുടെ പ്രകടനവും തൊഴിൽപരമായ വികാസവും
- സ്കൂൾ നേതൃത്വവും നിർവ്വഹണവും
- ആരോഗ്യം, സുരക്ഷിതത്വം, ഉൾച്ചേർക്കൽ വിദ്യാഭ്യാസം, ഉല്പാദനപരമായ സാമൂഹ്യ പങ്കാളിത്തം

പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലനം

2017-18 വർഷം ജില്ലയിലെ ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികൾക്കും സ്വയംപ്രതിരോധത്തിനുള്ള പരിശീലനം നൽകുന്നതിലേക്കായി സ്കൂളൊന്നിന് 9000 രൂപ ക്രമത്തിൽ 10 ൽ കൂടുതൽ പെൺകുട്ടികൾ പഠിക്കുന്ന എല്ലാ ഗവൺമെന്റ് സ്കൂളുകളിലും നൽകുകയുണ്ടായി. കളരി, കരാട്ടെ, ജൂഡോ, തൈക്കോണ്ടൊ തുടങ്ങിയ ആയോധന കലകളിൽ സ്വയം രക്ഷയ്ക്കു മുൻ തൂക്കം നൽകിയുള്ള പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കുന്നത്.

എസ് എം ഡി സി പരിശീലനം

ആർ എം എസ് എയുടെ സ്കൂൾതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും നേതൃത്വം നൽകുന്ന സമിതിയാണ് സ്കൂൾ മാനേജ്മെന്റ് & ഡെവലപ്മെന്റ് കമ്മിറ്റി(എസ്.എം.ഡി.സി.) സ്കൂളുകൾക്ക് ആർ.എം.എസ്.എ നൽകുന്ന വിവിധ ഗ്രാന്റുകൾ വിനിയോഗിക്കേണ്ടത് ഈ സമിതിയുടെ നേതൃത്വത്തിലാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളിൽ രൂപപ്പെടുത്തിയ മാസ്റ്റർ പ്ലാൻ, അതിന്റെ നടത്തിപ്പ്, വിദ്യാലയ വികസന പദ്ധതിയുടെ നിർവഹണം, പുരോഗതി വിലയിരുത്തൽ എന്നിവ ഈ കമ്മിറ്റിക്ക് നിർവഹിക്കാനാവും. ഈ വർഷത്തെ എസ് എം ഡി സിയുടെ ഡി ആർ ജി പരിശീലനം 2017 ആഗസ്ത് മാസവും ഫീൽഡ് ലെവൽ പരിശീലനം തുടർന്നുള്ള ദിവസങ്ങളിലുമായി രണ്ടു വിദ്യാഭ്യാസ ജില്ലകളിലും പൂർത്തീകരിച്ചു.

പ്രധാനാധ്യാപകർക്ക് നേതൃത്വ പരിശീലനം

പൊതുവിദ്യാലയങ്ങളെ മാതൃകാപരമായ മുന്നേറ്റത്തിന് സജ്ജമാക്കുക, അവയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക. ഇതിന് പ്രധാനാധ്യാപകരെ പ്രാപ്തരാക്കുക എന്നീ ലക്ഷ്യങ്ങളോടെ NEUPA യുടെ നേതൃത്വത്തിൽ ദേശീയ തലത്തിൽ നടപ്പാക്കുന്ന സ്കൂൾ ലീഡർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം (SLDP) അനുസരിച്ച് ജില്ലയിലെ ഗവൺമെന്റ് ഹൈസ്കൂളുകളിലെ പ്രധാനാധ്യാപകർക്ക് 5 ദിവസത്തെ നോൺ റസിഡൻഷ്യൽ പരിശീലനം നൽകി.

എസ് സി/ എസ് ടി കുട്ടികൾക്കായുള്ള മോട്ടിവേഷൻ ക്യാമ്പ്

എസ് സി/എസ് ടി വിഭാഗം കുട്ടികളുടെ സമഗ്ര പുരോഗമനത്തെ ലക്ഷ്യം വെച്ച് പ്രത്യേക ക്യാമ്പുകൾ ആർ.എം.എസ്.എ. നേതൃത്വത്തിൽ നടത്തിവരുന്നു. ജില്ലയിലെ 6 ബ്ലോക്കുകളിൽ വിവിധ സ്കൂളുകളിൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. നേതൃപാടവം, ആരോഗ്യവും ശുചിത്വവും എന്നീ വിഷയങ്ങളിൽ കുട്ടികൾക്ക് ക്ലാസ്സുകൾ നൽകി.

പെൺകുട്ടികൾക്കായുള്ള ശാക്തീകരണ ക്യാമ്പ്

മാറിവരുന്ന ജീവിത സാഹചര്യത്തിൽ ജീവിത വെല്ലുവിളികളെ നേരിടാൻ പെൺകുട്ടികളെ പ്രാപ്തമാക്കേണ്ടത് അനിവാര്യമാണ്. ഇതിന്റെ ഭാഗമായി 2016-17 ൽ ജില്ലയിലെ 9-ാം ക്ലാസ്സിലെ തെരഞ്ഞെടുക്കപ്പെട്ട 109 പെൺകുട്ടികൾക്ക് 2 ദിവസത്തെ റസിഡൻഷ്യൽ ക്യാമ്പ് നടത്തി. ബാലാവകാശത്തെക്കുറിച്ച് ഒരു അഡ്വക്കേറ്റും പെൺകുട്ടികൾ അറിഞ്ഞിരിക്കേണ്ട കൗമാര പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനും അവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും ഒരു ഡോക്ടറും ക്ലാസ്സെടുത്തു. ഇതുകൂടാതെ സ്റ്റേറ്റ് തലത്തിൽ പരിശീ

ലനം ലഭിച്ച 2 ആർ പി മാരും ക്ലാസ്സുകൾ കൈകാര്യം ചെയ്തിട്ടുണ്ട്. പെൺകുട്ടികൾ വളരെയേറെ താല്പര്യത്തോടെയാണ് ക്യാമ്പിൽ പങ്കെടുത്തത്. ഈ വർഷവും റസിഡൻഷ്യൽ ക്യാമ്പ് നടക്കുന്നതാണ്.

നിർമ്മാണ പ്രവർത്തനങ്ങൾ

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ആർ. എം.എസ്.എ സ്കൂളുകൾക്ക് ധനസഹായം നൽകാറുണ്ട്. 2016-17 ൽ ജില്ലയിൽ, ആർ.എം.എസ്.എ യിലൂടെ 2011-12 വർഷം അപ്ഗ്രേഡ് ചെയ്ത 4 സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിന് ആദ്യ ഗഡുവായി 20 ലക്ഷം വീതം 80 ലക്ഷം രൂപ നൽകിയിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. സർക്കാർ സ്കൂളുകളുടെ ശാക്തീകരണത്തിനായി അനുവദിച്ച തുകയിൽ നിന്ന് ടോയ്‌ലെറ്റ് നിർമ്മാണത്തിനും കുടിവെള്ള സൗകര്യത്തിനും സ്കൂളുകളുടെ ശാക്തീകരണത്തിനും മേജർ റിപ്പയറിങ്ങിനുമായി സ്കൂളുകൾക്ക് ഫണ്ട് നൽകിയിട്ടുണ്ട്.

അധ്യാപക പരിശീലനം

അധ്യാപകരുടെ അക്കാദമിക ശാക്തീകരണത്തിനായി പരിശീലന പരിപാടികൾ ആർ.എം.എസ്.എ നടത്തിവരുന്നു. എസ്.ആർ.ജി, ഡി.ആർ.ജി പരിശീലനങ്ങൾക്ക് ആർ.എം.എസ്.എ. ആണ് നേതൃത്വം നൽകുന്നത്. വിദ്യാഭ്യാസ ജില്ലാതലത്തിൽ നടക്കുന്ന അധ്യാപക പരിശീലനത്തിനുള്ള ഫണ്ടും മോണിറ്ററിംഗും ആർ എം എസ് എ ചെയ്തുവരുന്നു.

കഴിഞ്ഞ വർഷങ്ങളിൽ സെക്കണ്ടറി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ നടത്തുവാൻ ആർ.എം.എസ്.എ. യ്ക്കു സാധിച്ചു. സെക്കണ്ടറി വിദ്യാഭ്യാസം ഗുണപ്രദമാക്കാൻ കൂടുതൽ മികച്ച പ്രവർത്തനങ്ങൾക്ക് ഈ വർഷം തുടക്കം കുറിക്കുകയാണ്.

ജില്ലയിലെ 10-ാം തരത്തിലെ കുട്ടികളുടെ ഗുണനിലവാരം വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ മാർച്ച് 2013 മുതൽ മാർച്ച് 2017 വരെയുള്ള എസ്.എസ്.എൽ.സി. പരീക്ഷാഫലം ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക 4.2.3.22: കാസറഗോഡ് ജില്ല എസ്.എസ്.എൽ.സി. ഫലം

വർഷം	പരീക്ഷ എഴുതിയവർ	വിജയിച്ചവർ	ശതമാനം
2013	20553	19622	95.47
2014	20277	19605	96.69
2015	19866	19576	9854
2016	20758	19679	94.60
2017	19811	18774	94.99

ഇതിൽ എസ്.എസ്.എൽ.സി പരീക്ഷാ ഫലം വിദ്യാഭ്യാസ ജില്ലാതലത്തിൽ വിശകലനം ചെയ്ത് പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക 4.2.3.23: എസ്.എസ്.എൽ.സി പരീക്ഷാ ഫലം

വർഷം	കാസറഗോഡ്			കാഞ്ഞങ്ങാട്		
	പരീക്ഷ എഴുതിയവർ	വിജയിച്ചവർ	%	പരീക്ഷ എഴുതിയവർ	വിജയിച്ചവർ	%
2013-2014	11095	10577	95.33	9182	9028	98.83
2014-2015	10890	10618	98.05	8976	8917	99.34
2015-2016	11330	10530	92.98	9428	9147	97.07
2016-2017	10727	9907	92.36	9084	8867	97.61

മേൽ സൂചിപ്പിച്ച എസ്.എസ്.എൽ.സി പരീക്ഷാ ഫലം താരതമ്യം ചെയ്തപ്പോൾ കാഞ്ഞങ്ങാട് വിദ്യാഭ്യാസ ജില്ലയെ അപേക്ഷിച്ച് കാസറഗോഡ് വിദ്യാഭ്യാസ ജില്ല പിറകിൽ നിൽക്കുകയാണെന്നു കാണാം. പ്രാദേശികവും ഭാഷാപരവും രക്ഷാകർതൃവിദ്യാഭ്യാസ സംബന്ധവുമായ ഒട്ടേറെ കാര്യങ്ങൾ ഇതിന്റെ പിന്നിലുണ്ട്. അധ്യയന വർഷത്തിന്റെ ആരംഭത്തിൽ ജില്ലയുടെ വടക്കൻ ഭാഗങ്ങളിലെ പല വിദ്യാലയങ്ങളിലും അധ്യാപക തസ്തിക ഒഴിഞ്ഞു കിടക്കുന്നത് മറ്റൊരു പ്രധാന കാരണമാണ്.

ഐ.ടി.@സ്കൂൾ (KITE)

പൊതുവിദ്യാഭ്യാസവകുപ്പിലെ അധ്യാപകർക്ക് ഐ.സി.ടി പരിശീലനം നൽകുക, സ്കൂളുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുക, സ്കൂളുകളിലും വിദ്യാഭ്യാസ ഓഫീസുകളിലും ആവശ്യമായ ഐ.ടി അധിഷ്ഠിത സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുക, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന മേളകൾക്ക് സാങ്കേതിക സഹായം ലഭ്യമാക്കുക, വകുപ്പിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക തുടങ്ങിയ ഉദ്ദേശ്യങ്ങളുമായി 2002-ൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ ആരംഭിച്ച ഒരു പ്രോജക്ടാണ് ഐ.ടി @ സ്കൂൾ പ്രോജക്ട്. വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് ജില്ല തോറും ഓഫീസും റിസോഴ്സ് കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.

പൊതു വിവരങ്ങൾ

- രണ്ട് വിദ്യാഭ്യാസ ജില്ലകൾ - കാഞ്ഞങ്ങാട്, കാസറഗോഡ്
- ഏഴ് സബ് ജില്ലകൾ - മഞ്ചേശ്വരം, കുമ്പള, കാസറഗോഡ്, ബേക്കൽ, ഹോസ്ദുർഗ്ഗ്, ചെറുവത്തൂർ, ചിത്താരിക്കൽ
- 107 ഹയർ സെക്കന്ററി സ്കൂളുകൾ (സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്)
- 22 വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ (സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്)
- 164 ഹൈസ്കൂളുകൾ (സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്)
- 439 എൽ.പി/യു.പി സ്കൂളുകൾ (സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്)
- കാസറഗോഡ് മുൻസിപ്പാലിറ്റി സൗജന്യ നിരക്കിൽ അനുവദിച്ച കെട്ടിടത്തിൽ ജില്ലാ ഓഫീസും കമ്പ്യൂട്ടർ പരിശീലന കേന്ദ്രവും 2008 ആഗസ്ത് 5 മുതൽ പ്രവർത്തിച്ചു വരുന്നു.
- ഒരു ജില്ലാ കോർഡിനേറ്റർ, രണ്ട് മാസ്റ്റർ ട്രെയിനർ (കോർഡിനേഷൻ) 7 മാസ്റ്റർ ട്രെയിനർമാർ എന്നിങ്ങനെ 10 ജീവനക്കാർ
- 164 എസ്.ഐ.ടി.സി. മാർ ഹൈസ്കൂളിലും 129 എച്ച്.ഐ.ടി.സി. മാർ ഹയർ സെക്കണ്ടറി /വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലും പ്രവർത്തിക്കുന്നു. കൂടാതെ പ്രൈമറി വിദ്യാലയങ്ങളിൽ പി.എസ്.ഐ.ടി.സി ക്രമീകരണവും ഉണ്ട്.

ലക്ഷ്യങ്ങൾ

- പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങിലെ ഐ.സി.റ്റി. പഠനത്തിന് പിന്തുണ നൽകുക
- അദ്ധ്യാപകർ, വിദ്യാർത്ഥികൾ, വിദ്യാഭ്യാസ വകുപ്പിലെ അധ്യാപകേതര ജീവനക്കാർ എന്നിവർക്കുള്ള ഐ.സിറ്റി പരിശീലനങ്ങൾക്ക് നേതൃത്വം നൽകുക.
- ഐ.സി.റ്റി. അനുബന്ധമായ പരിശീലനങ്ങൾ സംഘടിപ്പിക്കുക.
  സ്കൂളുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്ക് സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുക
- പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന മേളകൾക്ക് സാങ്കേതിക സഹായം ലഭ്യമാക്കുക
- സ്കൂളുകളിലും വിദ്യാഭ്യാസ ഓഫീസുകളിലും ആവശ്യമായ ഐ.ടി അധിഷ്ഠിത സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുക.
- വകുപ്പിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവർ ജില്ലയിലെ പൊതു വിദ്യാലയങ്ങളിൽ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന വിവിധ വിദ്യാഭ്യാസ പദ്ധതികൾക്ക് ആവശ്യമായ പിന്തുണയും നേതൃത്വവും നൽകുക

ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

- സംസ്ഥാന പ്രോജക്ട് ഓഫീസ് നിർദ്ദേശിച്ച് നടപ്പിലാക്കിയ പരിശീലനേതര പ്രവർത്തനങ്ങൾ
- സംസ്ഥാന പ്രോജക്ട് ഓഫീസ് നിർദ്ദേശിച്ച് നടപ്പിലാക്കിയ പരിശീലന പ്രവർത്തനങ്ങൾ
- ജില്ലയുടെ തനതു പരിപാടികൾ

സംസ്ഥാന പ്രോജക്ടാഫീസ് നിർദ്ദേശിച്ച് നടപ്പിലാക്കിയ പരിശീലനേതര പ്രവർത്തനങ്ങൾ

- സ്കൂൾ ഐ.ടി കോർഡിനേറ്റർമാരെ (SITCs & HITCs) കണ്ടെത്തി.
- ജില്ലയിലെ മുഴുവൻ ഹൈസ്കൂളുകളിലും IT Advisory Council രൂപീകരിച്ചു.
- ജില്ലയിലെ എഡ്യൂസാറ്റ് ട്രെയിനിംഗ് സെന്റർ 2005-ൽ മായിപ്പടി DIET കോമ്പൗണ്ടിൽ ഉദ്ഘാടനം ചെയ്തു.
- ജില്ലയിലെ 33 സർക്കാർ സ്കൂളുകൾക്ക് 2006-ൽ ROT സങ്കേതം (Receive Only Terminal) ലഭ്യമാക്കി.
- സംസ്ഥാനത്താദ്യമായി 2005 ൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഐ.ടി പഠനം പരീക്ഷിച്ചു. ഇതിനായി ജില്ലയിൽ നിന്നും തെരഞ്ഞെടുത്തത് ജി.എച്ച്.എസ്സ്.എസ്സ് ഉദിനൂർ ആയിരുന്നു.
- ഭൗതിക ശാസ്ത്ര പഠനത്തിനായി 2008 ആഗസറ്റിൽ ഫിനിക്സ് സോഫ്റ്റ് വെയർ ടൂൾ പരീക്ഷിച്ചു. ഇതിനായി ജില്ലയിൽ നിന്നും തെരഞ്ഞെടുത്തത് ജി.എച്ച്.എസ്സ്.എസ്സ് കാസറഗോഡ്, ജി.വി.എച്ച്.എസ്സ്.എസ്സ് കാഞ്ഞങ്ങാട് എന്നീ സ്കൂളുകളായിരുന്നു.
- ഇ-ഗവേണൻസ് പരിപാടിയുടെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിയ SPARK ഓൺലൈൻ സോഫ്റ്റ്‌വെയറിൽ സർക്കാർ ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള പദ്ധതി ജില്ലയിൽ വിജയകരമായി നടന്നു. എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ, വെക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ തുടങ്ങി മുഴുവൻ വിദ്യാലയങ്ങളിലും സ്പാർക്ക് ബില്ലാണ് 201-11 മുതൽ ശമ്പളവും മറ്റു ആനുകൂല്യങ്ങളും കൈപറ്റുന്നതിനായി ഉപയോഗിക്കുന്നത്. സംസ്ഥാനത്ത് ഈ നേട്ടം കൈവരിച്ച ആദ്യ ജില്ലകളിൽ ഒന്നാണ് കാസറഗോഡ്.
- കമ്പ്യൂട്ടർ പഠനത്തിനുള്ള ഭൗതിക സാഹചര്യം സ്കൂളുകളിൽ നേരിട്ടറിയാൻ 2008-ൽ മാസ്റ്റർ ട്രെയിനർമാർ ജില്ലയിൽ മുഴുവൻ ഹൈസ്കൂളുകളും സന്ദർശിച്ചു.
- എ ഇ ഒ ഓഫീസുകളിൽ 1 കമ്പ്യൂട്ടറും ബ്രോഡ് ബാന്റ് ഇന്റർനെറ്റ് സൗകര്യവും ഉണ്ടാക്കാൻ സാഹചര്യമൊരുക്കി
- സ്കൂളുകളിൽ 2002 മുതൽ വിതരണം ചെയ്തിട്ടുള്ള കമ്പ്യൂട്ടറുകളിൽ ഭൂരിഭാഗവും പ്രവർത്തനര

ഹിതമായിരുന്നു. ഇത്തരത്തിൽ പ്രവർത്തന രഹിതമായ കമ്പ്യൂട്ടറുകൾ നന്നാക്കി എടുക്കുന്നതിനായി കെൽട്രോണുമായി ചേർന്ന് നടപ്പിലാക്കിയ പദ്ധതിയാണ് ഹാർഡ്‌വെയർ ക്ലിനിക്ക്. ഇതിന്റെ ഭാഗമായി കാസറഗോഡ് വിദ്യാഭ്യാസ ജില്ലയിൽ മൂന്നും കാഞ്ഞങ്ങാട് വിദ്യാഭ്യാസ ജില്ലയിൽ രണ്ടും അടക്കം ജില്ലയിലാകെ അഞ്ച് ഹാർഡ് വെയർ ക്ലിനിക്കുകൾ നടത്തി. 1230 കേടായ കമ്പ്യൂട്ടറുകളും 346 യു.പി.എസ്സും ജില്ലയിലെ 5 ഹാർഡ് വെയർ ക്ലിനിക്കിൽ ഉപയോഗ്യമാക്കി.

- 2007-ൽ യു.പി. വിഭാഗത്തിലേക്ക് കൂടി പഠനം try out ആയി നടപ്പിലാക്കി. ജി.എസ്.ബി.എസ്,കുമ്പള, ജി.യു.പി.എസ് ബല്ല എന്നീ സ്കൂളുകളിലൂടെ ജില്ലയിൽ ഈ പ്രവർത്തനം പരീക്ഷിച്ചു
- കലോത്സവ ചരിത്രത്തിൽ ആദ്യമായി 2008-ൽ സോഫ്റ്റ്‌വെയർ ഉപയോഗിച്ചു റിക്കാർഡ് വർക്ക് നടത്തി റിസൾട്ട്, സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടെ എല്ലാ പ്രവർത്തനങ്ങളും ഇതിലാണ് നിർവ്വഹിച്ചത്.
- 2009-ൽ കലോത്സവത്തിന്റെയും ശാസ്ത്രോത്സവത്തിന്റെയും സോഫ്റ്റ്‌വെയറുകൾ സ്വതന്ത്രവൽക്കരിച്ചപ്പോൾ ജില്ലയിൽ നിന്നും ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ചെയ്തു കൊടുത്തു.
- 2009-ൽ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള ശാസ്ത്രോത്സവം സംസ്ഥാനത്താദ്യമായി നടത്തിയത് കാസറഗോഡ് ജില്ലയിലെ ജി.വി.എച്ച്.എസ്സ്.എസ്സ്. കാഞ്ഞങ്ങാടായിരുന്നു.
- 2009-ൽ ഹയർ സെക്കൻഡറി പ്രവേശനത്തിന് ഏകജാലക സംവിധാനം വന്നപ്പോൾ ജില്ലയിലെ 5 മാസ്റ്റർ ട്രെയിനർമാർ ഇതിന്റെ സാങ്കേതിക നേതൃത്വം ഏറ്റെടുത്തു.
- 2011 ജൂണിൽ സമ്പൂർണ്ണ സോഫ്റ്റ്‌വെയറിന്റെ പൈലറ്റ് പ്രോഗ്രാമിനായി രാംനഗർ സ്കൂൾ തെരെഞ്ഞെടുത്തു.
- 2010-11 അധ്യയന വർഷത്തിൽ സംസ്ഥാനത്ത് ആദ്യമായി ഐ.ടി പാഠപുസ്തകത്തിന്റെ സ്ഥാനത്ത് ഐ.സി.ടി പാഠപുസ്തകം നിലവിൽ വന്നു. അതിന്റെ കന്നഡ പരിഭാഷ ജില്ലയിൽ ഏറ്റെടുത്തു നടത്തി. 2012-13 ൽ ഇത് ഹൈസ്കൂളുകളിൽ പൂർണ്ണമായപ്പോഴേക്കും കന്നഡയിലും പൂർത്തിയാക്കിയിരുന്നു.
- 2011 ൽ ബഹുവർണ്ണ ചിത്രങ്ങളടങ്ങിയ ഐ.ടി പഠനസഹായി എൽ.പി.വിഭാഗത്തിലേക്ക് വേണ്ടി പുറത്തിറക്കി. അതിന്റെ കന്നഡ പരിഭാഷ ജില്ലയിൽ ഏറ്റെടുത്തു നടത്താൻ സാധിച്ചു.
- 2011 ൽ ജില്ലയിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂളുകളിലും ഐ.ടി ഓഡിറ്റ് നടത്തി. ഇത് സ്കൂളുകളിലെ ഐ.ടി പ്രവർത്തനങ്ങൾക്ക് പുതയ ദിശാബോധം ഉണ്ടാക്കാൻ സഹായിച്ചു.
- ജില്ലയിലെ എല്ലാ ഹൈസ്കൂളുകൾക്കും ഹയർസെക്കണ്ടറി സ്കൂളുകൾക്കും ഐ.സി.ടി സ്കീമിൽ ഉൾപ്പെടുത്തി ബി.എസ്.എൻ.എല്ലുമായി സഹകരിച്ച് ബ്രോഡ്ബാന്റ് ഇന്റർനെറ്റ് ലഭ്യമാക്കാൻ പ്രവർത്തിച്ചു.
- 77 സർക്കാർ ഹൈസ്കൂളുകൾ, 33 എയ്ഡഡ് ഹൈസ്കൂളുകൾ, 71 ഹയർ സെക്കണ്ടറി സ്കൂളുകൾ, 21 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ, 17 അറ്റാച്ച്ഡ് യു.പി.സ്കൂളുകൾ എന്നിവയ്ക്കായി കേന്ദ്രവിഷ്കൃത ഐ.സി.ടി സ്കീം പ്രകാരം കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഹാർഡ്‌വെയറുകളും വിതരണം ചെയ്തു.
- ഐ.ടി സ്കൂളിന്റെ നൂതന സംരംഭമായ സ്കൂൾ വിക്കിയിൽ ജില്ലയുടെ മുഴുവൻ സ്കൂളുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലാ പേജിൽ ജില്ലയിലെ വിദ്യാഭ്യാസ സംബന്ധിയായ പൊതുവിവരങ്ങൾ, പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയവയും ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ട് വിദ്യാഭ്യാസ ജില്ലകൾക്കായി പ്രത്യേക പേജുകൾ നൽകി അതാത് വിദ്യാഭ്യാസ ജില്ലയെ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.
- 150 ഹൈസ്കൂളുകളിലും S.S.I.T.C. (Student School IT Coordinator) മാരെ തെരഞ്ഞെടുത്തു. മാത്രവുമല്ലാ പല തവണകളായി ഇവർക്ക് ബഹുവിധത്തിലുള്ള പരിശീലനങ്ങളും നൽകി.
- ജില്ലയിലെ 150 ഹൈസ്കൂളുകളിലും മറ്റ് ക്ലബ്ബുകളുടെ മാതൃകയിൽ മികച്ച ഐ.ടി ക്ലബ്ബ് രൂപീകരിച്ചു.
- അതത് നിയമസഭാ മണ്ഡലത്തിലെ എം.എൽ.എമാർ നിർദ്ദേശിച്ച ജില്ലയിലെ 5 സ്കൂളുകളെ ഐ.സി.ടി മോഡൽ സ്കൂളുകളായി തെരെഞ്ഞെടുത്ത് സ്മാർട്ട് ക്ളാസ്സ് റൂം സംവിധാനം ഏർപ്പെടുത്താൻ സാങ്കേതിക സഹായം ലഭ്യമാക്കി.
- പ്രസ്തുത സ്കൂളുകളിലെ ഐടി പ്രവർത്തനങ്ങൾക്ക് പിന്തുണയും മോണിറ്ററിംഗും സാധ്യമാകാൻ മാസ്റ്റർ ട്രെയിനർമാരുടെ പ്രത്യേക ടീമിന് രൂപം നൽകി.
- പ്രയാസമേറിയ വിഷയങ്ങളുടെ പഠനം കൂടുതൽ രസകരമാക്കാൻ ഇത്തരം സ്കൂളുകളിൽ പ്രത്യേക ഐ.സി.ടി കണ്ടന്റ് ലഭ്യമാക്കിയിട്ടുണ്ട്.
- കേരള സ്കൂൾ കലോത്സവത്തിന്റെ വിവിധതലങ്ങളിലെ നടത്തിപ്പ് പൂർണ്ണമായും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ജില്ലയിൽ ഇപ്പോൾ ചെയ്തു വരുന്നത്.
- ഐ.ടി മേള നടത്താൻ തുടങ്ങിയ കാലം മുതൽ ഇന്നു വരെ സബ് ജില്ല, ജില്ലാ തലങ്ങളിൽ മികച്ച രീതിയിൽ മേളകൾ നടത്താൻ ജില്ലയ്ക്കായിട്ടുണ്ട്.
- 2011-12 ൽ സംസ്ഥാന ഐ.ടി മേളയിൽ ജില്ലയ്ക്ക് രണ്ടാം സ്ഥാനവും 2012-13 വർഷത്തിൽ നാലാം സ്ഥാനവും നേടാനായി.
- ഐടി ക്ലബ്ബിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും സോഫ്റ്റ്‌വെയർ ഫ്രീഡം ഡേ വിപുലമായ രീതിയിൽ ജില്ലയിൽ ആചരിച്ചു വരുന്നു. ഡി.ആർ.സിയിൽ വെച്ച് സ്വതന്ത്ര സോഫ്റ്റ് വെയറിനെ കുറിച്ച് എല്ലാ വർഷവും വിദഗ്ദ്ധരെ കൊണ്ട് കുട്ടികൾക്ക് ക്ലാസ്സ് എടുപ്പിക്കാറുണ്ട്.

- കർണ്ണാടക SCERT, DIET faculty ടീമിന് ഐ.ടി അറ്റ് സ്കൂളിനെ കുറിച്ച് സമഗ്രമായ വിവരം നൽകി.
- ജില്ലയിലെ 4 എം.ടി മാർ ബാംഗളൂർ സന്ദർശിച്ച് SCERT, DIET faculty കൾക്ക് ഐ.സി.ടി ക്ലാസ്സെടുത്തു
- ജില്ലയിലെ മുഴുവൻ ഗവൺമെന്റ്, എയിഡഡ്, അൺ എയിഡഡ് മേഖലയിലുള്ള HS, HSS, VHSE സ്കൂളുകളും കേന്ദ്രീയവദ്യാലയ, നവോദയ, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ തുടങ്ങിയ സ്കൂളുകളും മുഴുവൻ വിവരങ്ങളും അപ്‌ലോഡ് ചെയ്തിട്ടുണ്ട്.
- ജില്ലയിലെ മുഴുവൻ കുട്ടികൾക്കും ഏകീകൃത തിരിച്ചറിയൽ രേഖ (UID) ലഭ്യമാക്കാനാവശ്യമായ നടപടികൾ അക്ഷയ, കെൽട്രോൺ എന്നീ ഏജൻസികളുമായി ബന്ധപ്പെട്ട് സ്വീകരിച്ചു.
- പി.എസ്.സി നടത്തിയ ഡെപ്യൂട്ടി കലക്ടർ പരീക്ഷയ്ക്ക് 10 ദിവസത്തെ ഓൺലൈൻ കോച്ചിംഗിനുള്ള സൗകര്യം ജില്ലയിലെ എഡ്യൂസാറ്റ് ട്രെയിനിംഗ് സെന്ററിൽ ഒരുക്കി.
- 2193 കുട്ടികളെ പങ്കെടുപ്പിച്ച് കൊണ്ട് കുട്ടിക്കൂട്ടം - ഇ @ ഉത്സവ് സംഘടിപ്പിച്ചു
- 244 സ്കൂളുകളിലായി 2077 ക്ലാസ് മുറികൾ ഹൈടെക്കാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.
- ഹൈടെക്ക് സ്കൂൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2008 ന് മുമ്പ് സ്കൂളുകൾക്ക് നൽകിയ ഇ വേസ്റ്റ് നീക്കം ചെയ്യാൻ നടപടികൾ കൈകൊണ്ടു.
- ഹൈടെക്ക് സ്കൂൾ പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് വിദ്യാഭ്യാസ ജില്ലയിൽ ഹാർഡ് വെയർ ക്ലിനിക്ക് സംഘടിപ്പിച്ചു. 133 ലാപ്ടോപ്പുകളും, 191 ഡെസ്ക്ക്ടോപ്പുകളും, 19 പ്രോജക്ടറുകളും ക്ലിനിക്കിലേക്ക് എത്തി.
- ഗ്രീൻ കേരളയുമായി സഹകരിച്ചുകൊണ്ട് 27442 കിലോ ഇ വേസ്റ്റ് കാഞ്ഞങ്ങാട് വിദ്യാഭ്യാസ ജില്ലയിൽ നിന്നും ഇതിനോടകം നീക്കം ചെയ്തു. കാസറഗോഡ് വിദ്യാഭ്യാസ ജില്ലയിൽ 20511 കിലോ ഇ വേസ്റ്റ് അടുത്ത് തന്നെ നീക്കം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു
- മികവിന്റെ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട ജില്ലയിലെ 18 സ്കൂളുകൾക്ക് മറ്റ് സ്കൂളുകളോടൊപ്പം തന്നെ ഹൈടെക്ക് സൗകര്യമൊരുക്കാൻ നടപടികൾ നടന്നു വരുന്നു.
- ജില്ലയിൽ 8 പ്രൈമറി സ്കൂളുകളെ ഐ.സി.ടി. പൈലറ്റ് സ്കൂളാക്കി പഠന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- സമഗ്ര എന്ന പേരിൽ ഓൺലൈൻ കണ്ടന്റ് പോർട്ടൽ ഉണ്ടാക്കി അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ ഗുണകരമായ രീതിയിൽ ഡിജിറ്റൽ വിഭവങ്ങൾ ലഭ്യമാക്കാനുള്ള പ്രവർത്തനത്തിൽ ജില്ലയിലെ മാസ്റ്റർ ട്രെയിനർമാർ സജീവമായി പങ്കെടുത്തു.
- മൈക്രോ പ്ലാൻ ഉൾപ്പെടെ 8 മുതൽ 12 വരെയുള്ള ക്ലാസുകളിലേക്കാണ് ആദ്യഘട്ടത്തിൽ ഡിജിറ്റൽ വിഭവങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.
- ജില്ലയിലെ ഏഴ് സബ്ജില്ലാ കേന്ദ്രങ്ങളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യുന്ന ഇൻസ്റ്റാൾ ഫെസ്റ്റ് പരിപാടി സംഘടിപ്പിച്ചു.

സംസ്ഥാന പ്രോജക്ടാഫീസ് നിർദ്ദേശിച്ച് നടപ്പിലാക്കിയ പരിശീലന പ്രവർത്തനങ്ങൾ

- യു.പി.എസ്.എ മാർക്ക് 6 ദിവത്തെ ലിനക്സ് പരിശീലനം നൽകി.
- എൽ.പി.എസ്.ഐ.ടി.സി.മാർക്ക് 6 ദിവത്തെ ലിനക്സ് പരിശീലനം നൽകി.
- സ്കൂളുകളിലെ ഉച്ചക്കഞ്ഞി ഓൺലൈൻ വൽക്കരിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ മുഴുവൻ എ.ഇ.ഒ മാർക്കും സൂപ്രണ്ടുമാർക്കും ക്ലാർക്കുമാർക്കും എൻ.എം.പി പരിശീലനം നടത്തി.
- ഹയർസെക്കണ്ടറി സ്കൂളുകളിൽ നിന്നുള്ള അധ്യാപകർക്ക് ഐ.ടി.പരിശീലനം നൽകി.
- വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നുള്ള അധ്യാപകർക്ക് 6 ദിവസത്തെ ലിനക്സ് പരിശീലനം നൽകിയിട്ടുണ്ട്.
- വിദ്യാഭ്യാസ വകുപ്പിലെ ക്ലർക്കുമാർക്ക് 5 ദിവസത്തെ കമ്പ്യൂട്ടർ പരിശീലനം രണ്ട് സ്പെല്ലുകളിലായി ജില്ലയിൽ നടന്നു.
- 129 ഹൈസ്കൂളുകളിൽ നിന്നുള്ള മുഴുവൻ എസ്.ഐ.ടി.സി. മാർക്കും ഒരു ദിവസത്തെ സ്കൂൾ വിക്കി പരിശീലനം.
- പബ്ലിക് പരീക്ഷകളുൾപ്പെടെ മുഴുവൻ ഐ.ടി പ്രായോഗിക പരീക്ഷകൾക്കും ഏകദിന പരിശീലനം.
- സ്പാർക്കിന്റെ ഭാഗമായി ജില്ലയിലെ മുഴുവൻ ഡി.ഡി.ഒ. മാർക്കും ക്ലാർക്കുമാർക്കും ഏകദിന പരിശീലനം വിവിധ കേന്ദ്രങ്ങളിൽ നടത്തി.
- ജില്ലാ ഇൻഷൂറൻസ് ഓഫീസുമായി സഹകരിച്ചുകൊണ്ട് വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഡി.ഡി.ഒ മാർക്കും ഏകദിന പരിശീലനം നടത്തി.
- ഫിസിക്സ്, കെമിസ്ട്രി, മാത്ത്മാറ്റിക്സ്, ഭൂമിശാസ്ത്രം എന്നീ വിഷയങ്ങളിൽ ഡി.ആർ.ജി.മാർ ഉൾപ്പെടെ 637 അധ്യാപകർക്ക് 2 ദിവസത്തെ IT Enabled Eduction പരിശീലനം നൽകിയിട്ടുണ്ട്.
- ജില്ലയിൽ വിവിധ സ്കൂളുകളിലായി ജോലി ചെയ്യുന്ന കാഴ്ചയില്ലാത്ത ഏഴ് അധ്യാപകർക്ക് Orca സ്ക്രീൻ റീഡിംഗ് സോഫ്റ്റ് വെയർ ഉപയോഗിച്ച് 5 ദിവസത്തെ കമ്പ്യൂട്ടർ പരിശീലനം നൽകി.
- എസ്.എസ്.എ. യുമായി സഹകരിച്ച് ജില്ലയിലെ 7 ബി.പി.ഒ.മാർക്കുള്ള 2 ദിവസത്തെ ഇന്റർനെറ്റ് പരിശീലനം നടത്തി.
- എല്ലാ വിദ്യാലയതലവൻമാർക്കും എസ്.ഐ.ടി.സി മാർക്കും സമയബന്ധിതമായി ആർ.എം.എസ്.എ യിൽ സമഗ്ര പരിശീലനം നൽകുകയും ഡാറ്റാ അപ്‌ലോഡിംഗിനായി സൗകര്യം ചെയ്ത് കൊടുക്കുകയും ചെയതു.
- സ്മാർട്ട് @ 10 എന്ന പേരിൽ 140 അധ്യാപകർക്ക് പരിശീലനം നൽകി രക്ഷിതാക്കൾക്ക് എസ്. ഐ.ടി.സി.മാരുടെ സഹായത്തോടെ ഐ.ടി ബോധവൽക്കരണ പരിപാടി നടത്തി.

- സമ്പൂർണ്ണസോഫ്റ്റ്‌വെയറിൽ എസ്.ഐ.ടി.സി.മാർക്കും പ്രഥമാധ്യാപകർക്കും ക്ലർക്കുമാർക്കും ഏകദിന പരിശീലനം നടത്തി.
- റാസ്പ്ബറി പൈ കമ്പ്യൂട്ടർ പരിശീലകരായ അധ്യാപകർക്കും കുട്ടികൾക്കും പരിശീലനം.
- മലയാളം, കന്നഡ വിഭാഗങ്ങളിലായുള്ള DEd കുട്ടികൾക്കുള്ള ഐ.സി.റ്റി പരിശീലനം
- TERMS (E-Resource Management System for Teacher) അധ്യാപകർക്കുള്ള ശില്പശാല
- ഡയറ്റ് ഫാക്കൽറ്റി മാർക്ക് ഉബുണ്ടുവിൽ പരിശീലനം.

ജില്ലയുടെ തനതുപരിപാടികൾ

- ജില്ലയിലെ 150 യു പി സ്കൂളുകൾ മാസ്റ്റർ ട്രെയിനർമാർ സന്ദർശിച്ച് ഐ.ടി സ്കൂൾ ഗ്നു/ ലിനക്സ് ഇൻസ്റ്റാൾ ചെയ്തു.
- കാസറഗോഡ് ഡയറ്റുമായി സഹകരിച്ചുകൊണ്ട് ടി.ടി.സി വിദ്യാർത്ഥികൾക്ക് സ്വതന്ത്ര്യസോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഐ.ടി പരിശീലനം നൽകി വരുന്നു.
- കാസറഗോഡ് ജില്ലാ സൈബർ സെല്ലുമായി സഹകരിച്ചുകൊണ്ട് വിപുലമായ സൈബർ ക്രൈം അവബോധ ശില്പശാല വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും വേണ്ടി സംഘടിപ്പിച്ചു.
- കാസറഗോഡ് ജില്ലാ പോലീസ് നടപ്പിലാക്കിയ 'പൊൻപുലരി' പദ്ധതിക്ക് ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ചെയ്തു.
- വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ജില്ലയിൽ പ്രവർത്തിക്കുന്ന മുഴുവൻ ഓഫീസുകളെയും ബന്ധിപ്പിച്ചുകൊണ്ട് ഫാസ്റ്റ് ആന്റ് ഇൻസ്റ്റന്റ് കമ്മ്യൂണിക്കേഷൻ സംവിധാനം സജ്ജമാക്കാൻ സാങ്കേതിക സഹായം ചെയ്തു.
- 'ലേസർ' എന്ന പേരിൽ ശാസ്ത്രപഠനം കൂടുതൽ ഫലപ്രദമാക്കാൻ കാസറഗോഡ് ഡയറ്റുമായി ചേർന്നു ഒരു നൂതന പദ്ധതി ആവിഷ്കരിച്ചു.
- പത്താം ക്ലാസ്സിലെ മുഴുവൻ ക്ലാസ്സ് റൂമുകളും ഐ.സി.ടി അധിഷ്ഠിത പഠനത്തിനുതകും വിധം സജ്ജീകരിക്കാൻ കാസറഗോഡ് ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് 'സ്മാർട്ട് @ 10' എന്ന പേരിൽ ഒരു നൂതന പദ്ധതി ആസൂത്രണം ചെയ്തു.

ഭാവി പ്രവർത്തനങ്ങൾ

- തദ്ദേശഭരണ തലത്തിൽ ഒരു സ്കൂളിന് ക്ലസ്റ്റർ സെന്ററായി പരിഗണിച്ച് അവിടുത്തെ എസ് ഐ ടി സിമാരുടേയും മറ്റ് അധ്യാപകരുടെയും എസ്. എസ്.ഐ.ടി.സി മാരുടെയും സഹകരണത്തോടെ പൊതുജനങ്ങൾക്കായി വിപുലമായ ഏകദിന ഐ.ടി സ്വതന്ത്ര സോഫ്റ്റ്‌വെയർ അവബോധം നടത്തൽ.
- പൊതുജനങ്ങൾക്ക് സൈബർ കുറ്റകൃത്യങ്ങളെ കുറിച്ചുള്ള അവബോധം നൽകൽ

പരിമിതികൾ

- വിദ്യാഭ്യാസ വകുപ്പിന്റെ നയപരിപാടികൾ അധ്യാപകരിലേക്കും വിദ്യാർത്ഥികളിലേക്കും പൊതുസമൂഹത്തിലേക്കും എത്തിക്കാൻ പിന്തുണാ സംവിധാനമായി പ്രവർത്തിച്ചുവരുന്ന ഐ.ടി @ സ്കൂളിന് ജില്ലയിൽ സ്വന്തമായി ഓഫീസ് കെട്ടിടമില്ല.

നിർദ്ദേശങ്ങൾ

- സ്കൂളുകൾ ഹൈടെക് ആകുന്നതോടെ വൈദ്യുതി ഉപയോഗം വളരെയധികം കൂടാൻ സാധ്യതയുണ്ട് മാത്രമല്ല ഇലക്ട്രിസിറ്റി ബിൽ സ്കൂളുകൾക്ക് താങ്ങാൻ സാധിക്കുകയുമില്ല. ഉപയോഗം കുറക്കാൻ ജില്ലയിലെ മുഴുവൻ ഹൈടെക് സ്കൂളുകളിലും സോളാർ പവർ സ്റ്റേഷനുകൾ സ്ഥാപിക്കുക.
- എല്ലാ സ്കൂളുകളിലും ലാംഗ്വേജ് തിയറ്ററുകൾ സ്ഥാപിക്കുക.
- ജില്ലയിലെ വിദ്യാഭ്യാസ മേഖലയിലെ മുഴുവൻ വിവരങ്ങളും ഒരു വിരൽത്തുമ്പിൽ കിട്ടുന്ന തരത്തിൽ ഒരു ഡിജിറ്റൽ പോർട്ടൽ സ്ഥാപിക്കുക.
- ജില്ലയ്ക്കായി ഒരു ഡിജിറ്റൽ ലൈബ്രറി ഉണ്ടാക്കുക. പരമാവധി ഡിജിറ്റൽ റിസോഴ്സുകൾ ലഭ്യമാക്കുക കൂടാതെ ഇ-റീഡിംഗിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുക.
- സ്കൂളുകളിൽ ഇ-റീഡിംഗ് സംവിധാനം നടപ്പാക്കാൻ സ്കൂൾ ലൈബ്രറികളിലേയ്ക്ക് ടാബുകൾ നൽകുക.
- ജില്ലയിലെ എല്ലാ ഗവ: സ്ഥാപനങ്ങളിലും സ്വതന്ത്ര്യ സോഫ്റ്റ് വെയർ ഉപയോഗം ഉറപ്പു വരുത്താൻ ഉതകുന്ന രീതിയിലുള്ള പരിശീലന പദ്ധതി നടപ്പാക്കുക
- ഐ.ടി @ സ്കൂളിന് പുതിയൊരു കെട്ടിടം നിർമിക്കുക

സാങ്കേതിക വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പിന്നോക്കാവസ്ഥയുള്ള ജില്ലയാണ് കാസർഗോഡ്. ഉന്നത വിദ്യാഭ്യാസത്തിനും മറ്റും കർണ്ണാടക സംസ്ഥാനത്തെ അമിതമായി ആശ്രയിക്കുന്ന പ്രവണത ഇവിടെ വളരെയധികം കാണപ്പെടുന്നു. ജില്ലയിൽ സർക്കാർ തലത്തിൽ 7 ഗവൺമെന്റ് ഐ.ടി.ഐകളും 4 പ്രൈവറ്റ് ഐ.ടി.ഐകളുമുണ്ട്. 2 സർക്കാർ പോളിടെക്നിക്കും ഒരു സ്വകാര്യ പോളിടെക്നിക്കും 2 ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളുമുണ്ട്. 4 എഞ്ചിനീയറിംഗ് കോളേജുകൾ ഉള്ളതിൽ 2 എണ്ണം വീതം അർദ്ധ സർക്കാർ മേഖലയിലും അൺ എയ്ഡഡ് മേഖലയിലും ഉള്ളവയാണ്.

പട്ടിക 4.2.3.24: ജില്ലയിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ക്രമ നമ്പർ	വിഷയം	ഗവൺമെന്റ്	പ്രൈവറ്റ്
1	ഐ.ടി.ഐ കൾ	7	4
2	പോളി ടെക്നിക്കുകൾ	2	1
3	ടെക്നിക്കൽ ഹൈസ്കൂളുകൾ	2	0
4	എഞ്ചിനീയറിംഗ് കോളേജുകൾ	2 (അർദ്ധ സർക്കാർ)	2 (അൺ എയ്ഡഡ്)

ഭൗതിക സൗകര്യങ്ങൾ

ജില്ലയിലെ എല്ലാ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന തരത്തിലുള്ള ഭൗതിക സൗകര്യങ്ങൾ ഉണ്ടെങ്കിലും അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ (എ ഐ സി ടി ഇ) നിർദ്ദേശിക്കുന്ന തരത്തിലുള്ള നിലവാരത്തിലേക്ക് വികസിപ്പിക്കപ്പെട്ടിട്ടില്ല.

പ്രാഥമിക ഭൗതിക സൗകര്യങ്ങളായ ക്ലാസ്സ് മുറികളും ഓഫീസ് മുറികളും സ്റ്റാഫ് റൂമുകളും എല്ലാ സ്ഥാപനങ്ങളിലുമുണ്ടെങ്കിലും മിക്കവയും എ ഐ സി ടി ഇ നിർദ്ദേശിക്കുന്ന വലിപ്പവും മറ്റു സൗകര്യങ്ങളും ഇല്ലാത്തവയാണ്.

എല്ലാ സാങ്കേതിക സ്ഥാപനങ്ങളിലും കുട്ടികളുടെയും ജീവനക്കാരുടെയും ആരോഗ്യ സംരക്ഷണത്തിന് വേണ്ട സംവിധാനങ്ങൾ ശരാശരി നിലവാരത്തിലുണ്ട്. എന്നാൽ മിക്ക സ്ഥാപനങ്ങളിലും സിക്ക് റൂമോ, വിദ്യാർത്ഥികളുടെ കൗൺസിലറോ ഗ്രൂപ്പ് ഇൻഷുറൻസോ ഇല്ല. എ ഐ സി ടി ഇ നിർദ്ദേശിക്കുന്ന തരത്തിൽ ഭിന്നശേഷി സൗഹൃദ ശുചിമുറി, സ്ത്രീ സൗഹൃദ ശുചിമുറി എന്നിവ എല്ലാ സാങ്കേതിക സ്ഥാപനത്തിലും എല്ലാ കെട്ടിടത്തിലും/നിലകളിലും സജ്ജീകരിക്കപ്പെട്ടിട്ടില്ല. എ ഐ സി ടി ഇ നിർദ്ദേശ പ്രകാരം ശുചിമുറി 15 ആൺ കുട്ടികൾക്ക് ഒന്ന് എന്ന അനുപാതത്തിലും 8 പെൺ കുട്ടികൾക്ക് ഒന്ന് എന്ന അനുപാതത്തിലുമാണ് സജ്ജീകരിക്കേണ്ടത്. സ്ത്രീ / വിദ്യാർത്ഥിനി സൗഹൃദ അന്തരീക്ഷം നിലനിർത്തുന്നതിനും പരാതി പരിഹാരത്തിനും ഉള്ള സംവിധാനങ്ങൾ എല്ലാ സ്ഥാപനങ്ങളിലും ഉണ്ട്.

അക്കാദമിക കാര്യങ്ങൾ

ജില്ലയിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൊതുവിൽ അക്കാദമിക നിലവാരം പുലർത്തുന്നവയാണ്. ജില്ലയിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിവിധ കോഴ്സുകൾ താഴെ പട്ടികയായി നൽകിയിരിക്കുന്നു. വിദ്യാർത്ഥികൾ പരമ്പരാഗത കോഴ്സുകളോടാണ് കൂടുതൽ ആഭിമുഖ്യം കാണിക്കുന്നത്.

പട്ടിക 4.2.3.25: വിവിധ സ്ഥാപനങ്ങളും കോഴ്സുകളും

സ്ഥാപനത്തിന്റെ പേര്	കോഴ്സുകൾ
ഇ കെ നായനാർ മെമ്മോറിയൽ ഗവ: പോളിടെക്നിക് കോളേജ് തൃക്കരിപ്പൂർ	ഇലക്ട്രോണിക്സ്
	കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്
	ബയോമെഡിക്കൽ എഞ്ചിനീയറിംഗ്
	കമ്പ്യൂട്ടർ ആപ്ലിക്കേഷൻ & ബിസിനസ്സ് മാനേജ്മെന്റ്
ഗവ: പോളിടെക്നിക് കോളേജ് കാസറഗോഡ്, പെരിയ	ഇലക്ട്രോണിക്സ്
	കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്
	മെക്കാനിക്കൽഎഞ്ചിനീയറിംഗ്
	സിവിൽ എഞ്ചിനീയറിംഗ്
	ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്
സ്വാമി നിത്യാനന്ദ പോളിടെക്നിക് കോളേജ് കാഞ്ഞങ്ങാട്	മെക്കാനിക്കൽഎഞ്ചിനീയറിംഗ്
	ഓട്ടോ മൊബൈൽഎഞ്ചിനീയറിംഗ്
	സിവിൽ എഞ്ചിനീയറിംഗ്
	ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്
ഗവ: ടെക്നിക്കൽ ഹൈസ്കൂൾ, ചെറുവത്തൂർ	ഇലക്ട്രോണിക്സ്
	ഇലക്ട്രിക്കൽ
	ഫിറ്റിംഗ്
	ടർണിംഗ്
	വെൽഡിംഗ്
	മോട്ടോർ മെക്കാനിക്ക്
ഗവ: ടെക്നിക്കൽ ഹൈസ്കൂൾ, മൊഗ്രാൽ പുത്തൂർ	ഇലക്ട്രോണിക്സ്
	ഇലക്ട്രിക്കൽ
	ഫിറ്റിംഗ്
	വെൽഡിംഗ്
കോളേജ് ഓഫ് എഞ്ചിനീയറിംഗ് തൃക്കരിപ്പൂർ, ചീമേനി	ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ
	ഇലക്ട്രിക്കൽ & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്
	കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്
	സിവിൽ എഞ്ചിനീയറിംഗ്
സദ്ഗുരു സ്വാമി നിത്യാനന്ദ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കാഞ്ഞങ്ങാട്	മെക്കാനിക്കൽ എഞ്ചിനീയറിംഗ്
	സിവിൽ എഞ്ചിനീയറിംഗ്
	കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്
	ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്
നോർത്ത് മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കാഞ്ഞങ്ങാട്	മെക്കാനിക്കൽ എഞ്ചിനീയറിംഗ്
	സിവിൽ എഞ്ചിനീയറിംഗ്
	ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്
	കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്
	ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്
ലാൽ ബഹദൂർ ശാസ്ത്രി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാസറഗോഡ്	മെക്കാനിക്കൽ എഞ്ചിനീയറിംഗ്
	സിവിൽ എഞ്ചിനീയറിംഗ്
	ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്
	ഇൻഫോർമേഷൻ ടെക്നോളജി
	കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്
	ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്

ജില്ലയിലെ എല്ലാ സാങ്കേതിക വിദ്യാലയങ്ങളിലും ആവശ്യത്തിന് അധ്യാപക തസ്തികകൾ ഉണ്ടെങ്കിലും സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിരം അധ്യാപകരുടെ അഭാവം ഉണ്ട്. ഇന്റർനെറ്റ്, പൊതുകമ്പ്യൂട്ടർ ലാബുകൾ എന്നിവ ഉണ്ടെങ്കിലും വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി മതിയായ എണ്ണം കമ്പ്യൂട്ടറുകളോ മറ്റുപകരണങ്ങളോ ഇല്ല. ഹൈടെക് വിദ്യാഭ്യാസത്തിന് ആവശ്യമായ ആധുനിക ഉപകരണങ്ങളും സംവിധാനങ്ങളും പരിമിതമാണ്.

എല്ലാ സ്ഥാപനങ്ങളിലും ലൈബ്രറി ഉണ്ടെങ്കിലും ആവശ്യത്തിന് സാങ്കേതിക പുസ്തകങ്ങളോ ജേർണലുകളോ മിക്ക സ്ഥാപനങ്ങളിലും ഇല്ല. മതിയായ വലിപ്പമുള്ള വായനാമുറിയോ ഓൺലൈൻ കോഴ്സുകൾ പഠിക്കാനുള്ള സംവിധാനങ്ങളോ മിക്ക സ്ഥാപനങ്ങളിലും സജ്ജീകരിക്കപ്പെട്ടിട്ടില്ല.

എല്ലാ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആവശ്യമായ ലാബുകൾ ഉണ്ടെങ്കിലും മിക്ക സ്ഥാപനങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ഉപകരണങ്ങൾ ലഭ്യമല്ല. വ്യക്തിഗതമായും ഗ്രൂപ്പായും ലാബുകൾ ഉപയോഗിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ അനിവാര്യമാണ്.

മഞ്ചേശ്വരം, കാസറഗോഡ് ഭാഗത്ത് പോളിടെക്നിക്ക് ഇല്ലാത്തതുകൊണ്ട് കുട്ടികൾ മംഗലാപുരത്തേക്ക് ഉപരിപഠനത്തിന് പോകുന്ന സ്ഥിതി വിശേഷമുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ

- കാസറഗോഡ് മഞ്ചേശ്വരം ഭാഗങ്ങളിൽ പോളിടെക്നിക്കുകൾ ഇല്ല
- ആവശ്യമായ കെട്ടിട സൗകര്യവും മറ്റു ഭൗതിക സൗകര്യങ്ങളും കുറവാണ്.
- ഇന്റർനെറ്റ് സൗകര്യം, പൊതു കമ്പ്യൂട്ടർ ലാബ്, ലൈബ്രറി തുടങ്ങിയവ ഐ ടി ഐകളിൽ പേരിനു മാത്രമേ ഉള്ളൂ.
- സ്ഥിരം ജീവനക്കാർ കുറവാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ചവരാണ് ജീവനക്കാരേറെയും
- ക്ലാസ്സുമുറികളും ഓഫീസ് മുറികളും എ ഐ സി ടി ഇ നിർദ്ദേശിക്കുന്ന വലിപ്പവും മറ്റു സൗകര്യവും ഇല്ലാത്തവയാണ്.
- ഭിന്നശേഷി സൗഹൃദ ശുചിമുറി, സ്ത്രീ സൗഹൃദ ശുചിമുറി എന്നിവ എല്ലാ സ്ഥാപനങ്ങളിലും ഇല്ല.
- സർക്കാർ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകളില്ല.

ഉന്നതവിദ്യാഭ്യാസം

ജില്ലാ രൂപീകരണ സമയത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് നാല് കോളേജുകളാണ് ഉണ്ടായിരുന്നത്. മഞ്ചേശ്വരം, കാസർഗോഡ്, എളേരിത്തട്ട് എന്നിവിടങ്ങളിലെ ഗവൺമെന്റ് കോളേജുകളും പടന്നക്കാട്ടെ നെഹ്റു ആർട്സ് & സയൻസ് കോളേജും. ഇതിൽ മഞ്ചേശ്വരം, എളേരിത്തട്ട് ഗവൺമെന്റ് കോളേജുകൾ പ്രീ-ഡിഗ്രി മാത്രമുള്ള ജൂനിയർ കോളേജുകളായിരുന്നു. കാസർഗോഡ്, പടന്നക്കാട് കോളേജുകളിലായി 13 ബിരുദ കോഴ്സുകളിലായി 383 വിദ്യാർത്ഥികൾക്ക് മാത്രമാണ് അന്ന് ബിരുദ കോഴ്സുകളിൽ പ്രവേശനം സാധ്യമായിരുന്നത്. പോസ്റ്റ് ഗ്രാജ്വേറ്റ് പഠനം കാസർഗോഡ് ഗവൺമെന്റ് കോളേജിൽ എം.എസ്.സി ജിയോളജി എന്ന വിഷയത്തിൽ മൊത്തം 20 സീറ്റുകളിൽ മാത്രമായൊതുങ്ങി. കോളേജുകളിൽ ഭൂരിഭാഗം കുട്ടികളും പ്രീ-ഡിഗ്രി വിദ്യാർത്ഥികളായിരുന്നു. എസ്.എസ്.എൽ.സിക്ക് ശേഷം അന്ന് ഉപരിപഠനത്തിനായി ജില്ലയിൽ മാത്തമാറ്റിക്സ്, ബയോളജി, ചരിത്രം,കൊമേഴ്സ് ഗ്രൂപ്പുകളിലായി 1600 സീറ്റുകളാണ് ലഭ്യമായിരുന്നത്.

പട്ടിക 4.2.3.26: ഉന്നത വിദ്യാഭ്യാസ സംഥാപനങ്ങളും കോഴ്സുകളും 1984-ലെ അവസ്ഥ

കോഴ്സുകളും സീറ്റുകളും (തുടങ്ങിയ വർഷം ബ്രാക്കറ്റിൽ)																			
			ഡിഗ്രി കോഴ്സുകൾ (ബി.എ)								ഡിഗ്രി കോഴ്സുകൾ (ബി.എസ്.സി)							ബിരുദാനന്തരം	
ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	പ്രീ യൂണിവേഴ്സിറ്റി	പ്രീ-ഡിഗ്രി	സാമ്പത്തികശാസ്ത്രം	കന്നഡ	ഇംഗ്ലീഷ്	അറബി	ചരിത്രം & സാമ്പത്തിക ശാസ്ത്രം	ചരിത്രം	ബികോം	ഗണിതം	ജിയോളജി	ഊർജ്ജതന്ത്രം	ജന്തുശാസ്ത്രം	ഗണിതം & സ്റ്റാറ്റിസ്റ്റിക്സ്	രസതന്ത്രം	സസ്യ ശാസ്ത്രം	കന്നഡ	ജിയോളജി
1	ഗവൺമെന്റ് കോളേജ് കാസർഗോഡ്	160 (1957)	640 (1964)	40 (1957)	20 (1962)	24 (1965)	20 (1968)	40 (1975)			36 (1958)	15 (1962)	20 (1964)	16 (1968)		24 (1978)	24 (1978)	10 (1967)	10 (1979)
2	നെഹ്റു ആർട്സ് & സയൻസ് കോളേജ് പടന്നക്കാട്		640 (1968)						40 (197)	40 (1975)			36 (1980)	24 (1979)	24 (1977)				
3	ഗവ. കോളേജ് മഞ്ചേശ്വരം		160 (1980)																
4	ഗവ.കോളേജ് എളേരിത്തട്ട്		160 (1981)																
	ആകെ സീറ്റുകൾ 1984- ലെ അവസ്ഥ		1600	40	20	24	20	40	40	40	36	15	20	16	24	24	24	10	10
ആകെ ഡിഗ്രി സീറ്റുകൾ: 383			ആകെ ബിരുദാനന്തര ബിരുദം സീറ്റുകൾ: 20																

വിദ്യാഭ്യാസം, സാക്ഷരത

പ്രീ-ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകളിൽ മറ്റു ജില്ലകളിലും കർണ്ണാടകത്തിലുമാണ് കുറെയേറെ വിദ്യാർത്ഥികൾ പഠനം നടത്തിയിരുന്നത്. നാലു കോളേജുകളും കോഴിക്കോട് സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്താണ് പ്രവർത്തിച്ചിരുന്നത്. 1996-ൽ കണ്ണൂർ സർവ്വകലാശാല രൂപീകരിച്ചപ്പോൾ ബിരുദ, ബിരുദാനന്തര കോഴ്സുകൾ പുതിയ സർവ്വകലാശാലയുടെ മേൽനോട്ടത്തിലായി. പ്രീ-ഡിഗ്രി കോഴ്സാകട്ടെ ഘട്ടംഘട്ടമായി രണ്ടായിരാമാണ്ടിൽ പൂർണ്ണമായും കോളേജുകളിൽ നിന്നും വേർപെടുത്തപ്പെടുകയും പത്താം ക്ലാസ്സിന് ശേഷമുള്ള രണ്ടുവർഷം ഹയർസെക്കന്ററിയുടെ ഭാഗമാകുന്ന പ്രക്രിയ പൂർത്തിയാവുകയും ചെയ്തു.

ജില്ലാ രൂപീകരണ ശേഷം രണ്ടു കോളേജുകൾ മാത്രമാണ് സർക്കാർ എയ്ഡഡ് മേഖലയിൽ അനുവദിക്കപ്പെട്ടത്. 1995-ൽ ആരംഭിച്ച സെന്റ് പയസ്സ് ടെൻത് കോളേജും 2014-ൽ കുണിയയിൽ തുടങ്ങിയ ഉദുമ ഗവൺമെന്റ് കോളേജും.

കാസർഗോഡ് ജില്ലയിലെ ആർട്സ് & സയൻസ് കോളേജുകളുടെ പട്ടിക താഴെ കൊടുക്കുന്നു (സ്ഥിതി ചെയ്യുന്ന തദ്ദേശ ഭരണ സ്ഥാപനം ഉൾപ്പെടെ).

പട്ടിക 4.2.3.27: കാസർഗോഡ് ജില്ലയിലെ ഗവൺമെന്റ്, എയ്ഡഡ് മേഖലയിലെ ആർട്സ് & സയൻസ് കോളേജുകളുടെ വിവരങ്ങൾ

ക്രമ നം	കോളേജിന്റെ പേര്	ഗ്രാമപഞ്ചായത്ത്/ മുൻസിപ്പാലിറ്റി
1	കാസർഗോഡ് ഗവൺമെന്റ് കോളേജ്	കാസർഗോഡ് നഗരസഭ
2	ഗോവിന്ദപൈ ഗവൺമെന്റ് കോളേജ്, മഞ്ചേശ്വരം	മഞ്ചേശ്വരം
3	ഇ.കെ.നായനാർ ഗവൺമെന്റ് കോളേജ് എളേരിത്തട്ട്	വെസ്റ്റ് എളേരി
4	ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് ഉദുമ	ഉദുമ
5	നെഹ്റു ആർട്സ് & സയൻസ് കോളേജ് കാഞ്ഞങ്ങാട്	കാഞ്ഞങ്ങാട് നഗരസഭ
6	സെന്റ് പയസ് ടെൻത് ആർട്സ് & സയൻസ് കോളേജ് രാജപുരം	കള്ളാർ

ജില്ലാ രൂപീകരണത്തിനു ശേഷം ബിരുദ, ബിരുദാനന്തര കോഴ്സുകളുടെ എണ്ണത്തിലും വർദ്ധവുണ്ടായി. നിലവിൽ സർക്കാർ-എയ്ഡഡ് മേഖലയിൽ 20 വിഷയങ്ങളിലായി 1368 ബിരുദ സീറ്റുകളും 11 വിഷയങ്ങളിലായി 217 ബിരുദാനന്തര ബിരുദ സീറ്റുകളുമുണ്ട്.

പട്ടിക 4.2.3.28: കണ്ണൂർ സർവ്വകലാശലയുമായി അഫിലിയേറ്റ് ചെയ്ത കോഴ്സുകളും ലഭ്യമായ സീറ്റുകളും- ഉന്നത വിദ്യാഭ്യാസം ബിരുദതലം (ബി.എ, ബി.കോം,ബി.ബി.എ,ബി.ബി.എം.ബി.സി.എ)

ക്രമ നം	കോഴ്സിന്റെ പേര്	പൊതു സ്ഥാപനങ്ങൾ			സ്വാശ്രയ സ്ഥാപനങ്ങൾ	മൊത്തം സീറ്റുകൾ
		ഗവ. കോളേജ്	എയ്ഡഡ് കോളേജ്	ആകെ		
1	ബി.കോം	150	55	205	925	1130
2	അറബിക്	27	-	27	-	27
3	ഇക്കണോമിക്സ്	84	100	184	225	409
4	ഇംഗ്ലീഷ്	83	-	83	385	468
5	ഹിന്ദി	40	-	40	-	40
6	ഹിസ്റ്ററി	85	50	135	-	135
7	മലയാളം	24	-	24	30	54
8	കന്നഡ	48	-	48	-	48
9	ട്രാവൽ & ടൂറിസം മാനേജ്മെന്റ്	24	-	24	180	204
10	ബി.ബി.എ	-	44	44	210	254
11	ബി.ബി.എം	-	-	-	305	305
12	ബി.സി.എ	-	-	-	175	175
13	ബി.എ സോഷ്യോളജി	-	-	-	35	35
		565	249	814	2470	3284

പട്ടിക 4.2.3.29: കണ്ണൂർ സർവ്വകലാശലയിൽ അഫിലിയേറ്റ് ചെയ്ത ബിരുദതല കോഴ്സുകളുടെ വിശദവിവരം

ബി.എസ്.സി

ക്രമ നം	കോഴ്സിന്റെ പേര്	പൊതു സ്ഥാപനങ്ങൾ			സ്വാശ്രയ സ്ഥാപനങ്ങൾ	മൊത്തം സീറ്റുകൾ
		ഗവ. കോളേജ്	എയ്ഡഡ് കോളേജ്	ആകെ		
1	ബോട്ടണി	26		26		26
2	കെമിസ്ട്രി	33	36	69		69
3	കമ്പ്യൂട്ടർ സയൻസ്	22	34	56	160	216
4	ജിയോളജി	18		18		18
5	മാത്തമാറ്റിക്സ്	40	30	70	85	155
6	മൈക്രോബയൊളജി		34	34	35	69
7	ഫിസിക്സ്	54	80	134	70	204
8	പ്ലാന്റ് സയൻസ്		30	30		30
9	സ്റ്റാറ്റിസ്റ്റിക്സ്	24	34	58	58	
10	സുവോളജി	25	34	59		59
11	ഇലക്ട്രോണിക്സ്				110	110
12	ബയോടെക്നോജളി				80	80
13	ജിയോഗ്രഫി				24	24
14	ബയോകെമിസ്ട്രി				20	20
15	സൈക്കോളജി				50	50
16	വിഷ്വൽ മീഡിയ & കമ്മ്യൂണിക്കേഷൻ				25	25
17	ഫാഷൻ ഡിസൈനിംഗ്				25	25
		242	312	554	684	1238

പട്ടിക 4.2.3.30: കണ്ണൂർ സർവ്വകലാശലയിൽ അഫിലിയേറ്റ് ചെയ്ത ബിരുദാനന്തര കോഴ്സുകളുടെ വിശദവിവരം- എം.എസ്.സി

ക്രമ നം	കോഴ്സിന്റെ പേര്	പൊതു സ്ഥാപനങ്ങൾ			സ്വാശ്രയ സ്ഥാപനങ്ങൾ	മൊത്തം സീറ്റുകൾ
		ഗവ. കോളേജ്	എയ്ഡഡ് കോളേജ്	ആകെ		
1	കെമിസ്ട്രി	12		12		12
2	ജിയോളജി	10		10		10
3	മാത്തമാറ്റിക്സ്	15		15		15
4	സ്റ്റാറ്റിസ്റ്റിക്സ്	16	12	28		28
5	കമ്പ്യൂട്ടർ സയൻസ്				55	55
6	ഇലക്ട്രോണിക്സ്				20	20
7	ഫിസിക്സ്	12		12	10	22
8	ജിയോഗ്രഫി				12	12
		65	12	77	97	174

പട്ടിക 4.2.3.30 (i): എം.എ/എം.കോം, എം.ബി.എ

ക്രമ നം	കോഴ്സിന്റെ പേര്	പൊതു സ്ഥാപനങ്ങൾ			സ്വാശ്രയ സ്ഥാപനങ്ങൾ	മൊത്തം സീറ്റുകൾ
		ഗവ. കോളേജ്	എയ്ഡഡ് കോളേജ്	ആകെ		
1	അറബിക്	12		12		12
2	ഇംഗ്ലീഷ്	27		27		27
3	ഇക്കണോമിക്സ്	47		47		47
4	ഹിസ്റ്ററി	12		12		12
5	കന്നഡ	12		12		12
6	എം.കോം	30		30	122	152
7	എം.ബി.എ				15	15
		140		140	137	277

സംസ്ഥാനതലത്തിലെ ശരാശരി ഡിഗ്രീ പഠനസൗകര്യവുമായി താരതമ്യം ചെയ്യുമ്പോൾ ജില്ലയിലുള്ള ഗവൺമെന്റ്, എയ്ഡഡ് കോളേജുകളിൽ സൗകര്യം വളരെ പരിമിതമാണെന്നു കാണാം

പട്ടിക 4.2.3.31: ഗവൺമെന്റ് / എയ്ഡഡ് കോളേജുകളിലെ പഠന സൗകര്യങ്ങളുടെ താരതമ്യം

	ജനസംഖ്യ (ലക്ഷം)	കോളേജുകളുടെ എണ്ണം			ബിരുദതലം		ബിരുദാനന്തര ബിരുദം	
		ഗവ.	എയ്ഡഡ്	ആകെ	കോഴ്സ്	സീറ്റ്	കോഴ്സ്	സീറ്റ്
കാസർഗോഡ്	13.07	4	2	6	20	1368	11	217
കേരളം	348	60	153	213	31	90000	22	16525

1996-ൽ കണ്ണൂർ സർവ്വകലാശാല രൂപീകരിച്ചപ്പോൾ പരമ്പരാഗതമായ (conventional) കോഴ്സുകൾ തുടങ്ങേണ്ടെന്നും നവീനവും (new generation) ജോലി സാധ്യതയുള്ള കോഴ്സുകൾക്ക് മാത്രം പുതുതായി അനുമതി കൊടുത്താൽ മതിയെന്നുമുള്ള നയപരമായ തീരുമാനത്തിലെത്തി. കേരള സർക്കാരാകട്ടെ വിദ്യാഭ്യാസ രംഗത്ത് ഇനിമേൽ സ്വാശ്രയസ്ഥാപനങ്ങൾ മാത്രം മതി എന്ന നിലപാടും എടുത്തു. തത്ഫലമായി രണ്ടായിരാമാണ്ടിന് ശേഷം സ്വാശ്രയ മേഖലയിൽ ഒട്ടേറെ കോളേജുകളും കോഴ്സുകളും അനുവദിക്കപ്പെട്ടു. ഇത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ പൊതു സ്ഥാപനങ്ങൾക്കുള്ള മേൽക്കൈ നഷ്ടപ്പെടുത്തുകയും സ്ഥാപനങ്ങളുടെ എണ്ണത്തിലും പുതുതലമുറ കോഴ്സുകളുടെ ലഭ്യതയിലും വിദ്യാർത്ഥി പ്രവേശനത്തിലും സ്വാശ്രയ സ്ഥാപനങ്ങൾ മേൽക്കൈ നേടുകയും ചെയ്തു.

പട്ടിക 4.2.3.32: കാസർഗോഡ് ജില്ലയിലെ ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിലെ സീറ്റുകളുടെ വിശദ വിവരം

ക്രമ നം	ഇനം	കോളേജുകളുടെ എണ്ണം	ബിരുദ തലം		ബിരുദാനന്തര തലം	
			കോഴസുകളുടെ എണ്ണം	വിദ്യാർത്ഥികളുടെ എണ്ണം	കോഴ്സുകളുടെ എണ്ണം	വിദ്യാർത്ഥികളുടെ എണ്ണം
1	ഗവൺമെന്റ്/ എയ്ഡഡ്	6	20	1368	11	217
2	സ്വാശ്രയ സ്ഥാപനങ്ങൾ	18	21	3154	4	234
3	കണ്ണൂർ സർവ്വകലാ ക്യാമ്പസ് (നീലേശ്വരം ക്യാമ്പസ്)	1			5	135
		25	31	4522	20	586

ഇന്ന് ജില്ലയിൽ 18 സ്വാശ്രയ കോളേജുകളിലായി 3154 സീറ്റുകളുണ്ട്. പൊതു സ്ഥാപനങ്ങളിൽ പഠിക്കുന്നതിന്റെ 2-3 ഇരട്ടി വിദ്യാർത്ഥികൾ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നു. മാത്രമല്ല പുതുതലമുറ കോഴ്സുകളെല്ലാം തന്നെ സ്വാശ്രയ മേഖലയിലാണ്. പരമ്പരാഗത കോഴ്സുകളേക്കാൾ തൊഴിൽ സാദ്ധ്യത കൂടുതലാണെന്ന പൊതുബോധത്തിന്റെ ബലത്തിലാണ് ഉയർന്ന ഫീസ് വാങ്ങി പ്രവേശനം നൽകുന്നത്. ഇവയുടെ തൊഴിൽദായകത്വം വിലയിരുത്തേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ:

- വിജ്ഞാനോത്പാദന വ്യാപന പ്രക്രിയയെന്ന നിലയിൽ ഉന്നത വിദ്യാഭ്യാസത്തിന് ഭാവി സമൂഹത്തിൽ വലിയ പ്രധാന്യം ഉണ്ട്. കൂടുതൽ പേരെ ഈ മേഖലയിലേക്ക് കൊണ്ടുവരേണ്ടത് സാമൂഹ്യ മുന്നേറ്റത്തിന് അത്യന്താപേക്ഷിതമാണ്. ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ഇതിനായുള്ള ബോധവത്കരണം (കരിയർഗൈഡൻസ്) നൽകണം.
- ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ കാസർഗോഡ് ജില്ല മറ്റു ജില്ലകളെ അപേക്ഷിച്ച് വളരെ പിറകിലാണ്. സർക്കാർ എയ്ഡഡ് മേഖലയിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കണം.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആധുനികമായ ലൈബ്രറി സൗകര്യങ്ങൾ, കമ്പ്യൂട്ടർ ലാബ്, ഹൈടെക് സംവിധാനങ്ങൾ, ലബോറട്ടറി സൗകര്യങ്ങൾ ഇവ ഉണ്ടാക്കിയെടുക്കണം.
- മഞ്ചേശ്വരം എളേരിത്തട്ട് ഗവൺമെന്റ് കോളേജുകളിൽ കൂടുതൽ കോഴ്സുകൾ, ഉദുമ ഗവൺമെന്റ് കോളേജിന് കെട്ടിട സൗകര്യം, അടിസ്ഥാന സൗകര്യങ്ങൾ, പുതിയ കോഴ്സുകൾ എന്നിവ അനുവദിക്കണം.
- കണ്ണൂർ സർവ്വകലാശാലയുടെ പഠന വകുപ്പുകളുടെ കാര്യത്തിൽ ജില്ലയ്ക്ക് അർഹമായ സ്ഥാപനങ്ങൾ ലഭിക്കേണ്ടതാണ്. കന്നഡ, തുളു ഭാഷാ പഠനം, ഫോക്ക്ലോർ പഠനം, ഭൂഗർഭശാസ്ത്ര പഠനം, പരിസ്ഥിതി പഠനം എന്നീ വകുപ്പുകൾ ആരംഭിക്കണം.
- സർവ്വകലാശാല കേന്ദ്രങ്ങളിലടക്കം സ്ഥിരാധ്യാപകരില്ലാത്ത അവസ്ഥയുണ്ട്. സർക്കാർ കോളേജുകളിൽ നല്ലൊരു ശതമാനം താത്കാലികാധ്യാപകരാണ്. ഇത് പഠന നിലവാരത്തെ ബാധിക്കുന്നു. ജില്ലയിലെ ഗവൺമെന്റ് കോളേജുകളെ പറ്റിയുള്ള നാക് (NAAC) വിലയിരുത്തൽ റിപ്പോർട്ടുകളിൽ ഇക്കാര്യം പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. സ്ഥിരം അധ്യാപകർ ഉണ്ടെങ്കിൽ മാത്രമേ അവർക്ക് ഉയർന്ന ഗ്രേഡും അതിനനുസരിച്ചുള്ള സാമ്പത്തിക സഹായവും ലഭ്യമാകൂ.
- ജില്ലയിലുള്ള ഗവൺമെന്റ്, എയ്ഡഡ് കോളേജുകളിലെ എല്ലാ ബിരുദ സീറ്റുകളും വർദ്ധിപ്പിക്കണം. സയൻസ് വിഷയങ്ങളിൽ 40-50, ആർട്സ്, കൊമേഴ്സ് വിഷയങ്ങളിൽ 50-60 ആയി വർദ്ധിപ്പിക്കുകയും എല്ലാ കോളേജുകളിലും പുതിയ കോഴ്സുകൾ ആരംഭിക്കുകയും ചെയ്താൽ തന്നെ ബിരുദ പ്രവേശനത്തിനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കാം. പുതിയ കോളേജുകൾ തുടങ്ങുന്നത്, ആവശ്യമായ പഠനത്തിനുശേഷം മതി. അങ്ങനെ ചെയ്യുമ്പോൾ മലയോര മേഖലയ്ക്കും ഭാഷാന്യൂന പക്ഷങ്ങൾക്കും അർഹമായ പരിഗണന വേണം.
- അധ്യാപക പരിശീലന കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
- കണ്ണൂർ സർവ്വകലാശാലാ വിദൂരവിദ്യാഭ്യാസ പഠന കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം. ബിരുദതല പഠനം പൂർണ്ണമായും കണ്ണൂർ സർവ്വകലാശാലയുമായി ബന്ധപ്പെട്ടതാകണം.
- ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കണം.
- കൂടുതൽ പ്രഫഷണൽ സ്ഥാപനങ്ങൾ ജില്ലയിൽ ആരംഭിക്കണം. നിലവിലുള്ള കോഴ്സുകളുടെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കണം

പട്ടിക 4.2.3.33: ഗവൺമെന്റ് കോളേജ്, കാസറഗോഡ്

റിസൾട്ട് അവലോകനം

Sl.	Name of Course	2014-15					2015-16			2016-17			
		Admitted	Appeared	Passed	Pass %	Admitted	Appeared	Passed	Pass %	Admitted	Appeared	Passed	Pass %
						U.G.							
1	B.A. ARABIC	22	22	19	86.36	19	19	18	94.75	22	18	14	77.78
2	B.A. ECONOMICS	36	35	26	74.29	43	39	28	71.79	43	40	26	65
3	B.A. ENGLISH	24	23	22	95.65	28	28	26	92.86	26	22	17	77.27
4	B.A. HISTORY	39	39	36	92.31	43	41	36	87.8	44	41	27	65.85
5	B.A. KANNADA	21	21	13	61.9	22	22	22	100	25	23	13	56.52
6	B.A. MALAYALAM	20	19	19	100	21	20	20	100	20	20	11	55
7	B.COM.	31	30	24	80	34	34	27	79.41	31	30	20	66.67
8	B.Sc. BOTANY	24	24	23	95.83	24	24	24	100	27	27	24	88.89
9	B.Sc. CHEMISTRY	33	33	27	81.82	26	26	24	92.31	29	27	25	92.59
10	B.Sc. COMPUTER SCIENCE	20	19	16	84.21	23	22	18	81.82	19	18	9	50
11	B.Sc. GEOLOGY	22	22	22	100	21	20	20	100	23	22	18	81.82
12	B.Sc. MATHEMATICS	39	38	30	78.95	36	36	32	88.81	35	32	26	81.25
13	B.Sc. PHYSICS	26	26	21	80.77	30	30	24	80	21	39	27	69.23
14	B.Sc. ZOOLOGY	29	28	25	89.29	24	23	22	95.65	27	26	19	73.08
						P.G.							
1	M.A. ARABIC	15	14	14	100	11	11	7	63.65	15	15	12	80
2	M.A. ECONOMICS	15	15	13	86.67	14	13	6	46.15	14	14	7	50
3	M.A. ENGLISH	14	14	12	85.71	11	11	7	63.64	12	12	4	33.33
4	M.A. KANNADA	14	14	14	100	15	15	15	100	15	15	15	100
5	M.Sc. CHEMISTRY	12	12	12	100	12	12	10	83.33	13	13	12	92.31
6	M.Sc. GEOLOGY	13	12	12	100	13	13	11	84.62	14	13	13	100
7	M.Sc. MATHEMATICS	14	14	13	92.86	16	16	15	93.75	15	14	13	92.86

അധ്യാപക പരിശീലന കേന്ദ്രങ്ങൾ

പ്രൈമറി അധ്യാപക പരിശീലനത്തിനുള്ള ഡി. എഡ്. ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഡയറ്റും ഹൈസ്കൂൾ അധ്യാപക പരിശീലനത്തിനുള്ള ബി.എഡ് കോളേജുകളുമാണ് ഈ വിഭാഗത്തിൽപ്പെടുന്നത്. മായിപ്പാടി ഡയറ്റ്, ഗവൺമെന്റ് ടി.ടി.ഐ കണ്ണിവയൽ, സ്വകാര്യ മേഖലയിലുള്ള എസ്.എൻ.ടി.ടി.ഐ പടന്നക്കാട് എന്നിവിടങ്ങളിലായി അധ്യാപക വിദ്യാർത്ഥികൾ പ്രതിവർഷം പ്രവേശനം നേടുന്നു. സ്വാശ്രയമേഖലയിൽ നായന്മാർമൂലയിൽ D.Ed ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിച്ചുവരുന്നു. ഇവിടെയും പ്രതിവർഷം വിദ്യാർത്ഥികൾ പ്രവേശനം നേടുന്നു.

സർക്കാർ-എയ്ഡഡ് മേഖലകളിൽ ബി.എഡ് ട്രെയിനിംഗ് കോളേജുകൾ ഇല്ലാത്ത ശൂന്യത നികത്തിയത് 1994 ൽ കോഴിക്കോട് സർവ്വകലാശാല ഒരു ടീച്ചർ എഡ്യുക്കേഷൻ സെന്റർ ആരംഭിച്ചതിലൂടെയാണ് 200 വിദ്യാർത്ഥികളുമായി തുടങ്ങിയ ആ സ്ഥാപനം 1996-ൽ കണ്ണൂർ സർവ്വകലാശാലയിടെ കീഴിലായി. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിമിത്തം സീറ്റുകളുടെ എണ്ണം 120 ആയി കുറച്ചു. പിന്നീട് AICTE മാനദണ്ഡപ്രകാരം 100 ആക്കി. സ്വാശ്രയാടിസ്ഥാനത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾക്ക് മാത്രമേ ഫീസിളവ് ആനുകൂല്യങ്ങളുള്ളു. ഗണിതം, ഭൗതിക ശാസ്ത്രങ്ങൾ, മലയാളം, ഹിന്ദി എന്നീ വിഷയങ്ങളിൽ ബി. എഡ് അധ്യാപക വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നു. ഇതോടൊപ്പം നിലവിൽ സ്വാശ്രയ മേഖലയിൽ മൂന്ന് ബി.എഡ് പരിശീലന കേന്ദ്രങ്ങളും അഖില കേരളാ ഹിന്ദി പ്രചാര സഭയുടെ കീഴിൽ ഒരു ബി.എഡ് സെന്ററും പ്രവർത്തിച്ചുവരുന്നുണ്ട്.

പട്ടിക 4.2.3.34: അധ്യാപക പരിശീലന കേന്ദ്രങ്ങൾ

ക്രമ നമ്പർ	സ്ഥാപനം	തുടങ്ങിയ വർഷം	പരിശീലിപ്പിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം
1	ഡി.എഡ്. സെന്ററുകൾ		
	ഡയറ്റ് മായിപ്പാടി	1992	80
	ഗവ. ടി.ടി.ഐ കണ്ണിവയൽ	1988	40
	എസ്.എൻ.ടി.ടി.ഐ പടന്നക്കാട്	1963	80
	ടി.ടി.ഐ. നായന്മാർമൂല (സ്വാശ്രയ വിഭാഗം)		
2	ആകെ		200
3	ബി.എഡ്. സെന്ററുകൾ		
	കണ്ണൂർ യൂണിവേഴ്സിറ്റി		
	ടീച്ചർ എഡ്യുക്കേഷൻ സെന്റർ കാസർഗോഡ്		
	ബി.എഡ് സെന്റർ, ചെർക്കള (സ്വാശ്രയ സ്ഥാപനങ്ങൾ)		
	ബി.എഡ് സെന്റർ, പെരിയ (സ്വാശ്രയ സ്ഥാപനങ്ങൾ)		
	ബി.എഡ് സെന്റർ, നീലേശ്വരം (സ്വാശ്രയ സ്ഥാപനങ്ങൾ)		
	ബി.എഡ് സെന്റർ, ദക്ഷിണ (സ്വാശ്രയ സ്ഥാപനങ്ങൾ)		
	ഭാരത ഹിന്ദി പ്രചാര സഭ, നീലേശ്വരം (സ്വാശ്രയ സ്ഥാപനങ്ങൾ)		

ഡി.എഡ്. കോഴ്സ് നിലവിൽ ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യുക്കേഷൻ (D.El. Ed) എന്നാണ് അറിയപ്പെടുന്നത്.

കണ്ണൂർ സർവ്വകലാശാല-പ്രാദേശിക കേന്ദ്രം

കണ്ണൂർ സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രമായ ഡോ. പി.കെരാജൻ മെമ്മോറിയൽ ക്യാമ്പസ്സ് നീലേശ്വരത്തെ പാലാത്തടത്ത് പ്രവർത്തിക്കുന്നു. ഇവിടെ എം.എ മലയാളം, എം.എ ഹിന്ദി, എം.ബി.എ, എം.സി.എ, എം.എസ്.സി മോളിക്കുലാർ ബയോളജി എന്നീ വിഷയങ്ങളിലായി 135 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നു.. കണ്ണൂർ സർവ്വകലാശാലയുടെ കാസർഗോഡ് ജില്ലയിലെ ഏക ക്യാമ്പസ്സാണ് ഇത്.

കേന്ദ്ര സർവ്വകലാശാല

കേന്ദ്ര സർവ്വകലാശാല ഉന്നത വിദ്യാഭ്യാസരംഗത്തെ ഒരു വലിയ മുന്നേറ്റമാണ്. നായന്മാർമൂല, പടന്നക്കാട്, പെരിയ തേജസ്വിനി ഹില്ലിലെ പ്രധാന ക്യാമ്പസ്സ് എന്നിവിടങ്ങളിലായി 20 ബിരുദാനന്തര ബിരുദ കോഴ്സുകളും ഇന്റർനാഷണൽ റിലേഷൻസിൽ ഒരു ബിരുദ കോഴ്സും നടക്കുന്നുണ്ട്. ആധുനിക സൗകര്യങ്ങളുള്ള പെരിയ ക്യാമ്പസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് മറ്റു രണ്ട് താത്കാലിക കേന്ദ്രങ്ങൾ ഒഴിവാകും. കോഴ്സുകളുടെയും വിദ്യാർത്ഥി പ്രവേശനത്തിന്റെയും വിശദാംശങ്ങൾ താഴെ കൊടുത്തിട്ടുണ്ട്. അഖിലേന്ത്യാതലത്തിലുള്ള പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം.

പട്ടിക 4.2.3.35: കേന്ദ്ര സർവ്വകലാശാല കേരളം-
കാസർഗോഡ്, നായന്മാർമൂല, പടന്നക്കാട്, പെരിയ ക്യാമ്പസുകൾ

ക്രമ നം	കോഴ്സിന്റെ പേര്	സീറ്റുകളുടെ എണ്ണം
1	എം.എസ്സി ആനിമൽ സയൻസ്	40
2	എം.എസ്സി ബയോകെമിസ്ട്രി & മോളിക്കുലാർ ബയോളജി	40
3	എം.എസ്സി കെമിസ്ട്രി	32
4	എം.എസ്സി കമ്പ്യൂട്ടർ സയൻസ്	40
5	എം.എസ്സി എൺവിയോൺമെന്റൽ സ്റ്റഡീസ്	40
6	എം.എസ്സി ജീനോമിക് സയൻസ്	40
7	എം.എസ്സി മാത്തമാറ്റിക്സ്	52
8	എം.എസ്സി ഫിസിക്സ്	40
9	എം.എസ്സി പ്ലാന്റ് സയൻസ്	40
10	എം.എസ്സി ജിയോളജി	40
11	എം.എ ഇക്കണോമിക്സ്	52
12	എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ & പോളിറ്റിക്സ് സ്റ്റഡീസ്	52
13	എം.എ ഇന്റർ നാഷണൽ റിലേഷൻ & പൊളിറ്റിക്കൽ സയൻസ്	52
14	എം.എ മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക്	52
15	എം.എ പബ്ലിക് ഹെൽത്ത് & കമ്മ്യൂണിറ്റി മെഡിസിൻ	60
16	എം.എ ഇംഗ്ലീഷ് & കംപാരറ്റീവ് ലിറ്ററേച്ചർ	52
17	എം.എ ഹിന്ദി &കംപാരറ്റീവ് ലിറ്ററേച്ചർ	52
18	എം.എ മലയാളം	52
19	എം.എ ലിംഗ്വസ്റ്റിക്സ് & ലാംഗ്വേജ് ടെക്നോളജി	52
20	എൽ.എൽ.എം	52
	ആകെ	932
	ബി.എ ഇന്റർനാഷണൽ റിലേഷൻസ് (തിരുവനന്തപുരം)	120

ഗവേഷണ കേന്ദ്രങ്ങൾ

കാസർഗോഡ് ഗവൺമെന്റ് കോളേജിലും പടന്നക്കാട് നെഹ്റു ആർട്സ് & സയൻസ് കോളേജിലും നീലേശ്വരം ക്യാമ്പസ്സിലുമായി ആറ് വിഷയങ്ങളിൽ കണ്ണൂർ സരവ്വകലാശാലയുമായി ബന്ധപ്പെട്ട ഗവേഷണ കേന്ദ്രങ്ങളുണ്ട്. കേന്ദ്ര സർവ്വകലാശാലയിൽ ഒട്ടേറെ വിഷയങ്ങളിൽ മികച്ച സൗകര്യങ്ങളോടു കൂടിയ ഗവേഷണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇതിനു പുറമേ കേരള കാർഷിക സർവ്വകലാശാലയുടെയും കാസർഗോഡുള്ള സി.പി.സി.ആർ.ഐ-യുടെയും നേതൃത്വത്തിൽ കാർഷിക മേഖലയിൽ വിജ്ഞാനോല്പാദനവും വിതരണവും ഗവേഷണങ്ങളും നടന്നുവരുന്നു.

പ്രശ്നങ്ങളും വികസനസാധ്യതകളും

ജില്ലയിൽ ഒരു വർഷം ഏതാണ്ട് 15000 ത്തിലധികം വിദ്യാർത്ഥികൾ സംസ്ഥാന സിലബസ്സിൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം കഴിഞ്ഞ് പുറത്തിറങ്ങുന്നതായി കണക്കാക്കിയിട്ടുണ്ട്. എഞ്ചിനീയറിംഗ്, മെഡിക്കൽ, പാരാമെഡിക്കൽ കോഴ്സുകൾ, പൊളിടെക്നിക്കുകൾ, ഐ.ടി.ഐ മറ്റു തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് ജില്ലയ്ക്കകത്തും പുറത്തുമായി പ്രവേശനം തേടുന്നവരുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. ബാക്കി വരുന്നവരാണ് ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് കടന്നു വരുന്നത്. പ്രൊഫഷണൽ സാങ്കേതിക വിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യം കാരണം ഉന്നതവിദ്യാഭ്യാസമേഖലയിലേക്ക് വരുന്ന വിദ്യാർത്ഥികളുടെ ഗുണനിലവാരത്തിൽ ശോഷണം സംഭവിച്ചിട്ടുണ്ട്. എങ്കിൽ പോലും സർക്കാർ-എയ്ഡഡ് കോളേജുകളിൽ പ്രത്യേകിച്ചും സയൻസ് വിഷയങ്ങളിൽ ഉയർന്ന ഗ്രേഡ്(മാർക്ക്) ഉള്ള കുട്ടികൾക്ക് പോലും പൊതുവിഭാഗത്തിൽ സീറ്റ് കിട്ടാത്ത അവസ്ഥയുണ്ട്.

എഞ്ചിനീയറിംഗ് മേഖലയിലെ തൊഴിൽ സാധ്യതയും ക്യാമ്പസ് പ്ലേസ്മെന്റുകളും കുറഞ്ഞത് മൂലം ആർട്സ് & സയൻസ് കോളേജുകളിലേക്ക് കുട്ടികൾ പ്രവേശനം തേടുന്ന പ്രവണത നിലവിൽ കൂടി വരുന്നുണ്ട്. ഇന്ത്യയിൽ ഉന്നത വിദ്യാഭ്യാസം കൂടുതൽ യുവജനങ്ങൾക്ക് ലഭ്യമാകേണ്ടതിന്റെ ആവശ്യകത യു.ജി.സിയും റൂസ(RUSA)യും അവരുടെ റിപ്പോർട്ടുകളിൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്. അനുദിനം വളർന്നു വികസിക്കുന്ന സമൂഹത്തിനാവശ്യമായ വിജ്ഞാനത്തി

ന്റെ ഉല്പാദനവും വ്യാപനവുമാണ് ഉന്നത വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. സമൂഹത്തിന്റെ മൊത്തം വൈജ്ഞാനികവും സാംസ്കാരികവുമായ നിലവാരം ഉയർത്തുന്നതിൽ ഉന്നത വിദ്യാഭ്യാസമാണ് മുഖ്യപങ്ക് വഹിക്കുന്നത്. അടിസ്ഥാനശാസ്ത്ര-മാനവിക വിഷയങ്ങളിൽ അധ്യാപകരെയും ഗവേഷകരെയും പ്രോത്സാഹിപ്പിക്കുന്നതും പ്രൊഫഷണൽ ഇതര സേവന മേഖലയിലേക്കാവശ്യമായ ഗുണമേന്മയുള്ള തൊഴിൽശക്തിയെ വളർത്തിയെടുക്കുന്നതും ഈ മേഖലയാണ്. കൂടാതെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവേശനം നേടുന്നതിൽ 70%ത്തിലേറെ പെൺകുട്ടികളാണെന്നത് സ്ത്രീ ശാക്തീകരണത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രസക്തിയും വ്യക്തമാക്കുന്നു.

ജില്ലയിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ സൗകര്യങ്ങൾ പരിശോധിക്കുമ്പോൾ ബിരുദ ബിരുദാനന്തര തലത്തിലെ പഠനവിഷയങ്ങളുടെയും സീറ്റുകളുടെയും എണ്ണത്തിൽ പ്രകടമായ അസമത്വം കാണുന്നു. ഗവൺമെന്റ്/എയ്ഡഡ് കോളേജുകളാണ് ഇവിടെ താരതമ്യത്തിനെടുത്തിരിക്കുന്നത്. ജനസംഖ്യാനുപാതികമായ സീറ്റുകൾ ബിരുദതലത്തിലും ബിരുദാനന്തര തലത്തിലും ലഭ്യമല്ല. ഒട്ടേറെ വിഷയങ്ങളിൽ ബിരുദ തലത്തിലോ ബിരുദാനന്തരതലത്തിലോ പഠിക്കാനുള്ള അവസരം ഈ ജില്ലയിൽ വിദ്യാർത്ഥികൾക്ക് ലഭ്യമല്ല. സ്വാശ്രയ മേഖലയിലും സമാനമായ വ്യത്യാസങ്ങൾ പ്രതീക്ഷിക്കുന്നു.

സാമ്പത്തികശേഷിയുള്ള വിദ്യാർത്ഥികൾ പൊതുവിൽ കേരളത്തിലെയും അന്യസംസ്ഥാനങ്ങളിലെയും പ്രൊഫഷണൽ കോഴ്സുകളിലേക്ക് പോകുന്നതിനാൽ സാമ്പത്തികശേഷി കുറഞ്ഞ കുട്ടികളാണ് ഇവിടെ ഉന്നതവിദ്യാഭ്യാസം തേടിവരുന്നത്. അവരിൽ 70%വും പെൺകുട്ടികളാണ്. നിത്യേന വീട്ടിൽ പോയിവരാവുന്ന ദൂരത്തിൽ സ്ഥാപനങ്ങൾ ഉണ്ടായെങ്കിൽ മാത്രമേ അവരുടെ ഉന്നതവിദ്യാഭ്യാസ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ കഴിയുകയുള്ളൂ. സ്വാശ്രയ സ്ഥാപനങ്ങളിലെ ഫീസ് ഘടനയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് താങ്ങാവുന്നതല്ല. ആയതിനാൽ പൊതുമേഖലയിൽ പഠനാവസരങ്ങൾ കൂട്ടേണ്ടിയിരിക്കുന്നു. നിലവിൽ സ്വാശ്രയ സ്ഥാപനങ്ങളിലാണ് പുതുതലമുറ കോഴ്സുകളും സീറ്റുകളുമുള്ളത്. വിദ്യാർത്ഥികളുടെ സർവ്വതോമുഖമായ വികസനത്തിനാവശ്യമായ ആധുനിക ലൈബ്രറി, എൻ.സി.സി, എൻ.എസ്.എസ്, നേച്ചർ ക്ലബ്ബ്, സയൻസ് ഫോറം, പ്ലാനിംഗ് ഫോറം, ഫോറസ്ട്രി ക്ലബ്ബ്, മറ്റ് കലാ സാഹിത്യ സംഘടനകൾ, കായിക വികസനം എന്നിവ വളരെ പരിമിതമായി മാത്രമേ സ്വാശ്രയകോളേജുകളിലുള്ളൂ. സയൻസ് വിഷയങ്ങൾക്കാവശ്യമായ ലബോറട്ടറി സൗകര്യങ്ങളും താരതമ്യേന കുറവാണ്. ആയതിനാൽ സ്വാശ്രയമേഖലകളിൽ ഇനി സ്ഥാപനങ്ങളും കോഴ്സുകളും അനുവദിക്കുന്നതിനെക്കാൾ പൊതുമേഖലയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതായിരിക്കണം അവലംബിക്കേണ്ട നയം.

ബിരുദാനന്തര പഠന കാര്യത്തിൽ സർവ്വകലാശാല ഡിപ്പാർട്ടുമെന്റുകളെ അപേക്ഷിച്ച് കോളേജുകളിൽ ഭൗതിക സൗകര്യങ്ങളുടെ കുറവുണ്ട്. ശാസ്ത്ര വിഷയങ്ങളുടെ ലബോറട്ടറിയുടെ കാര്യത്തിലാണ് ഇത് ഏറ്റവും മുഴച്ചു നിൽക്കുന്നത്. എല്ലാ വിഷയങ്ങളിലുമുള്ള പഠന സൗകര്യങ്ങൾ ജില്ലയിൽ ലഭ്യമാക്കണം. ഒരു പ്രത്യേക വിഷയത്തിൽ ജില്ലയിൽ ഒരു കോളേജിലെങ്കിലും ബിരുദാനന്തര പഠനസൗകര്യമുണ്ടാകണം. ഗവേഷണ കേന്ദ്രങ്ങളുടെ കാര്യത്തിലും ഇത് പ്രസക്തമാണ്. ജില്ലയുടെ ചരിത്രം, കല, സംസ്കാരം, സാഹിത്യം, പരിസ്ഥിതി, ഭൂഗർഭശാസ്ത്രം തുടങ്ങിയ മേഖലയിലെ ഗവേഷണങ്ങൾ ത്വരിതപ്പെടുത്താനുള്ള അടിസ്ഥാന സൗകര്യങ്ങൾ വളർന്നു വരേണ്ടതുണ്ട്.

പ്രൊഫഷണൽ വിദ്യാഭ്യാസം

സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളുടെ എണ്ണം താരതമ്യപ്പെടുത്തുമ്പോൾ ജില്ലയിൽ കോളേജുകൾ തീരെ കുറവാണ്. സർക്കാർ മേഖലയിൽ ഒരൊറ്റ എഞ്ചിനീയറിംഗ് കോളേജും ഇല്ല. മെഡിക്കൽ കോളേജ് ആകട്ടെ സംസ്ഥാനത്ത് 44 എണ്ണം ഉണ്ടെങ്കിലും ജില്ലയിൽ ഒന്നും തന്നെ നിലവിലില്ല. ഡെന്റൽ കോളേജുകൾ, ഫാർമസി കോളേജുകൾ, നഴ്സിംഗ് കോളേജുകൾ എന്നിവ പേരിനു മാത്രം. ഇപ്പോൾ നിലവിലുള്ള പ്രൊഫഷണൽ സ്ഥാപനങ്ങളിൽ തന്നെ സീറ്റുകളുടെ എണ്ണം, ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ പരിമിതമാണ്. ബദിയടുക്കയിൽ നിർദ്ദിഷ്ട മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നതേയുള്ളൂ. കേന്ദ്ര സർവ്വകലാശാല കാമ്പസിൽമെഡിക്കൽ കോളേജ് സംബന്ധിച്ച തീരുമാനമായിട്ടില്ല.

സാക്ഷരതാ പ്രവർത്തനം

കാസർഗോഡ് ജില്ലയിൽ 6 ബ്ലോക്ക് പഞ്ചായത്തുകളിലും 3 മുനിസിപ്പാലിറ്റികളിലും 38 ഗ്രാമ പഞ്ചായത്തുകളിലും സാക്ഷരതാ പ്രേരകുമാരുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ തുടർവിദ്യാഭ്യാസപ്രവർത്തനം നടന്നുവരുന്നു. ജില്ലയിൽ നിലവിൽ 66 വിദ്യാകേന്ദ്രങ്ങളിൽ 66 പ്രേരകുമാർ പ്രവർത്തിച്ച് വരുന്നു. തുടർ വിദ്യാകേന്ദ്രങ്ങളിൽ സ്വന്തമായി കെട്ടിടമുള്ളവ 17 എണ്ണവും കെട്ടിടം ഇല്ലാത്ത കേന്ദ്രങ്ങൾ 49 ഉം ആണ്. അങ്കൺവാടികൾ, ക്ലബ്ബുകൾ, കമ്മ്യൂണിറ്റി ഹാൾ, വായനശാലകൾ തുടങ്ങിയവ കേന്ദ്രീകരിച്ചാണ് സ്വന്തം കെട്ടിടമില്ലാത്ത കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്. ജില്ലയിലെ സാക്ഷരതാനിരക്ക് 89.95% മാണ് (2011 സെൻസസ്). ജില്ലയിൽ പുരുഷൻമാരുടെ സാക്ഷരത 93.93%വും, സ്ത്രീകളുടേത് 86.13% വുമാണ്. സംസ്ഥാനതലത്തിൽ നാലാംതരം, ഏഴാം തരം, പത്താം തരം, ഹയർസെക്കന്ററി തുല്യത പ്രവർത്തനങ്ങൾ നടക്കുന്നതിന്റെ എല്ലാ തലത്തിലും ജില്ല, മുൻനിര പ്രവർത്തനം കാഴ്ചവെക്കുന്നുണ്ട്. കന്നഡ മേഖലയിൽ സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ഹയർ സെക്കന്ററി കന്നഡ പരിഭാഷ പ്രവർത്തനം പുരോഗമിച്ചു വരികയാണ്.

വിദ്യാഭ്യാസം, സാക്ഷരത

- അക്ഷരസാഗരം: ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ ജില്ലയിലെ 12 തീരദേശ പഞ്ചായത്തുകളിലെ തീരദേശ വാർഡുകളിൽ സാക്ഷരതാ നാലാം തരം തുല്യതാ പരിപാടി പൂർത്തീകരിച്ചു. 'അക്ഷര സാഗരം' എന്ന പേരിൽ നടന്ന തീരദേശ സാക്ഷരതാ പരിപാടി ജനകീയ സഹകരണത്തോടെ വിജയപ്രദമായി നടത്തി.
- ജയിൽജ്യോതി:- ജില്ലയിലെ 3 ജയിലുകളിൽ സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ സാക്ഷരതാ തുല്ല്യത ക്ലാസ്സുകൾ നടന്നുവരുന്നു.
- ട്രാൻസ്ജെന്റർ സാക്ഷരതാ പ്രോഗ്രാം:- ട്രാൻസ് ജെന്റർ വിഭാഗത്തിൽപ്പെടുന്ന പഠിതാക്കളെ സൗജന്യമായി ഹയർ സെക്കന്ററി വരെയുള്ള തുല്യതാ കോഴ്സുകളിൽ ചേർക്കുന്ന പരിപാടി നടന്നുവരുന്നു.
- പരിസ്ഥിതി സാക്ഷരതാ പരിപാടി:-ജില്ലയിൽ പരിസ്ഥിതി സാക്ഷരതാ പരിപാടി വിവിധ പ്രവർത്തനങ്ങളോടെ നടന്നു വരുന്നുണ്ട്.
- ഇതര സംസ്ഥാന തൊഴിലാളി സാക്ഷരതാ പരിപാടി: മഞ്ചേശ്വരം ഗ്രാമ പഞ്ചായത്തിലാണ് ഇതര മറ്റു സംസ്ഥാന തൊഴിലാളികളുടെ സാക്ഷരതാ പ്രവർത്തനത്തിനായി കേന്ദ്രം ആരംഭിച്ചത്..
- അടിസ്ഥാന സാക്ഷരത പരിപാടി:- ദേലംപാടി ഗ്രാമപഞ്ചായത്തിൽ അടിസ്ഥാന സാക്ഷരതാ പദ്ധതി നടന്നുവരുന്നു. ജില്ലയിൽ ഏറ്റവും കുറവ് സാക്ഷരതാ നിരക്കുള്ള പഞ്ചായത്താണ് ദേലംപാടി (74.5%)

സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ പഠിതാക്കൾക്കായി ജില്ലയിൽ താഴെ പറയുന്ന കോഴ്സുകൾ ആരംഭിച്ചു പ്രവർത്തനം നടന്നുവരുന്നുണ്ട്

- പച്ച മലയാളം
- അച്ചി ഹിന്ദി
- ഗുഡ് ഇംഗ്ലീഷ്

പട്ടിക 4.2.3.36: തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളും, പ്രേരക്മാരും

ക്രമ നമ്പർ	വിഷയം	എണ്ണം
1	ആകെ അനുവദിച്ച കേന്ദ്രങ്ങളുടെ എണ്ണം	152
2	ഇപ്പോൾ പ്രവർത്തിക്കുന്ന കേന്ദ്രങ്ങളുടെ എണ്ണം	66
3	ആകെ പ്രേരക്മാരുടെ എണ്ണം	66
4	വികസന വിദ്യാഭ്യാസ കേന്ദ്രങ്ങൾ	11
5	നോഡൽ പ്രേരക്മാർ (ബ്ലോക്ക്/ മുൻസിപ്പൽ തലം)	11
6	തുടർ വിദ്യാഭാസ കേന്ദ്രങ്ങൾ	55
7	തുടർ വിദ്യാ കേന്ദ്രം പ്രേരക്മാർ	55
8	സ്വന്തമായി കെട്ടിടം ഇല്ലാത്ത കേന്ദ്രങ്ങൾ	49

നാലാം തരം, ഏഴാം തരം, പത്താം തരം തുല്യതാ പരീക്ഷയുടെ വിശദാംശങ്ങൾ, 2015 ലെ അക്ഷരലക്ഷം പദ്ധതിയുടെ വിശദാംശങ്ങൾ എന്നിവ പ്രത്യേകം പട്ടികകളായി താഴെകൊടുത്തിരിക്കുന്നു.

പട്ടിക 4.2.3.37: നാലാംതരം തുല്യത:

ക്രമ നം	വർഷം	പരീക്ഷ എഴുതിയവർ	പാസ്സായവർ
1	2010	3441	3185
2	2011	1831	1607
3	2012 മാർച്ച്	3378	2928
4	2012 ജൂൺ	607	585
5	2015	6503	6436
ആകെ	15760	14741	1019

അക്ഷര സാഗരം 2017 ആഗസ്ത് 6 തീരദേശ പഞ്ചായത്തുകളിൽ മാത്രം (തീരദേശ വാർഡുകളിൽ)

സർവ്വെയിലൂടെ കണ്ടെത്തിയ പഠിതാക്കൾ : 1550

പരീക്ഷ എഴുതിയവർ : 1340

വിജയിച്ചവർ : 1332

പട്ടിക 4.2.3.38: ഏഴാം തരം തുല്യത:

ക്രമ നം	വർഷം	പരീക്ഷ എഴുതിയവർ	പാസ്സായവർ
	2006	124	115
	2007	168	130
	2008	146	111
	2009	157	129
	2011	503	475
	2012	564	446
	2013	338	334
	2014	399	368
	2015	261	259
	2016	252	236
ആകെ	2912	2604	308

പട്ടിക 4.2.3.39: അക്ഷര ലക്ഷം 2015:

ക്രമ നം	വർഷം	പരീക്ഷ എഴുതിയവർ	പാസ്സായവർ
	2015 ഒന്നാം ഘട്ടം	1628	1605
	2015 രണ്ടാം ഘട്ടം	1683	1683
	അക്ഷര സാഗരം തീരദേശ സാക്ഷരത	1340	1332
ആകെ	4651	4620	31

പട്ടിക 4.2.3.40: പത്താംതരം തുല്യത:

ക്രമ നമ്പർ	വർഷം	ഹാജരായത്	പാസ്സായത്	ശതമാനം
1	2016	773	630	81.50%

ഹയർസെക്കന്ററി തുല്യത:
2015-17 ബാച്ച്
പരീക്ഷ എഴുതിയവർ: 444
2016-18 ബാച്ച്
പരീക്ഷ എഴുതുന്നവർ: 242

പ്രശ്നങ്ങൾ

- സ്വന്തം കെട്ടിടം ഇല്ലാത്ത 49 തുടർ/വികസന വിദ്യാ കേന്ദ്രങ്ങൾ
- സ്ത്രീ സൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത കേന്ദ്രങ്ങൾ (ഭൂരിഭാഗം പ്രേരക്മാരും സ്ത്രീകളാണ്) നിരവധിയാണ്.
- പഠിതാക്കളുടെ കൊഴിഞ്ഞുപോക്ക് പ്രയാസമുണ്ടാക്കുന്നു.
- പഠിതാക്കൾക്ക് ജനന സർട്ടിഫിക്കറ്റ് ഇല്ലാത്തത് ജനനതീയതി രേഖപ്പെടുത്തുന്നതിന് തടസ്സം സൃഷ്ടിക്കുന്നു.
- പ്രേരക്മാർക്കും തുടർ വിദ്യാഭ്യാസ പ്രവർത്തകർക്കും തുടർച്ചയായ പരിശീലനത്തിന്റെ അഭാവം
- പഠിതാക്കൾക്കും, പ്രേരക്മാർക്കും ഐ.ടി വിദ്യാഭ്യാസത്തിന്റെ കുറവ്
- പഠനകേന്ദ്രങ്ങളിൽ വായനാ സൗകര്യങ്ങളുടെ അഭാവം
- ഗ്രാമീണ, പിന്നോക്ക, എസ്.സി, എസ്.ടി, തീരദേശ മേഖലകളിൽ വേണ്ടത്ര വിദ്യാകേന്ദ്രങ്ങൾ ഇല്ലാത്തത്
- ആവശ്യത്തിന് പ്രേരക്മാരെ നിയമിക്കാത്തതു പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു.
- ഫണ്ടിന്റെ അപര്യാപ്തത
- ആധുനികവത്കരണത്തിന്റെ അഭാവം

നിർദ്ദേശങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി 49 തുടർവിദ്യാകേന്ദ്രങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കൽ. (എം.എൽ.എ/എം.പി ഫണ്ടുകൾ കെട്ടിട നിർമ്മാണ പദ്ധതിക്ക് ഉപയോഗിക്കാവുന്നതാണ്).

വിദ്യാഭ്യാസം, സാക്ഷരത

- വിദ്യാകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ (സ്ത്രീ സൗഹൃദം) ഒരുക്കൽ
- പഠിതാക്കളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിന് തുടർച്ചയായ ബോധവത്കരണ പരിപാടികൾ
- ജനനം രജിസ്റ്റർ ചെയ്യാത്ത പഠിതാക്കൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപടിക്രമങ്ങൾ പരമാവധി വേഗത്തിൽ പൂർത്തീകരിച്ച് ജനന സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനമൊരുക്കൽ.
- സമയബന്ധിതമായി പ്രേരക്മാർക്കും തുടർവിദ്യാഭ്യാസ പ്രവർത്തകർക്കും പരിശീലനം നൽകൽ.
- ഐ.ടി മേഖലയിൽ നൂതന സങ്കേതങ്ങളിൽ ആവശ്യമായ പരിശീലനം നൽകൽ
- വിദ്യാകേന്ദ്രങ്ങളിൽ ബാലസൗഹൃദ, കുമാരി സൗഹൃദ വായനാ സൗകര്യം ഒരുക്കൽ
- ഗ്രാമീണ, പിന്നോക്ക, എസ്.സി, എസ്.ടി, തീരദേശ മേഖലകളിൽ പുതിയ തുടർവിദ്യാ കേന്ദ്രങ്ങൾ അനുവദിക്കൽ.
- ആവശ്യമായ എണ്ണം പ്രേരക്മാരെ നിയമിക്കൽ
- തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കൽ
- വിദ്യാകേന്ദ്രങ്ങളിലെ ഭൗതിക സൗകര്യങ്ങളും പഠനോപകരണങ്ങളും ആധുനികവൽക്കരിക്കൽ.
- വിദ്യാകേന്ദ്രങ്ങളിൽ സ്വയം തൊഴിൽ പരിശീലനങ്ങൾ നടപ്പിലാക്കൽ
- പരമ്പരാഗത കലകളുടെ സംരക്ഷണ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കൽ
- തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ എക്സ്റ്റൻഷൻ സെന്ററുകളാക്കി തുടർ വിദ്യാകേന്ദ്രങ്ങളെ വികസിപ്പിക്കൽ.

4.2.4 സംസ്കാരം, കായികം, കല, യുവജനകാര്യം

സംസ്കാരം

അറബിക്കടലിന്റെയും പശ്ചിമഘട്ട മലനിരകളുടെയും ഇടയിൽ 1992 ചതുരശ്ര കിലോ മീറ്റർ വ്യാപിച്ച് കിടക്കുന്ന പ്രദേശമാണ് കാസർകോട്. പടിഞ്ഞാറ് അറബിക്കടലും കിഴക്ക് പശ്ചിമഘട്ടവും തെക്ക് കണ്ണൂർ ജില്ലയും വടക്ക് കർണ്ണാടകത്തിന്റെ ദക്ഷിണ കാനറ ജില്ലയുമാണ് അതിർത്തികൾ.തീരപ്രദേശം, ഇടനാട്, മലനാട് എന്നിവയാണ് ഭൂമിശാസ്ത്ര ഘടകങ്ങൾ. കടലും മലനാടും തമ്മിലുള്ള ദൂരം ഏറ്റവും കൂടിയത് 50 കിലോ മീറ്റർ ആണ്. നിരവധി നദികളും ജലാശയങ്ങളും ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. ഗസ്യ വൈവിധ്യമുള്ള നിരവധി കാവുകൾ ഇവിടെയുണ്ട്. ഇത് ഏകദേശം 500 ഏക്കർ വരും.ഇടയിലെക്കാട്, കമ്മാടംകാവ് എന്നിവയാണ് ഇവയിൽ പ്രധാനപ്പെട്ടത്.

ജില്ലയുടെ ആകെ വിസ്തീർണ്ണത്തിന്റെ 5.7% വനങ്ങളാണ്. ഏറ്റവും ഉയരംകൂടിയ മലകൾ മാറത്തോടി, ചിത്രദുർഗ്ഗ, തടിയൻ കല്ല്, മരുതോം പള്ളത്തുമല, കോട്ടഞ്ചേരി എന്നിവയാണ്.

കടൽത്തീരം: ഏകദേശം 70 കിലോമീറ്റർ നീളമുള്ള വിശാലമായ ഒരു കടൽത്തീരം ജില്ലയിലുണ്ട്. പണ്ട് കാലത്ത് പ്രകൃദിദത്തമായ ഒട്ടേറെ തുറമുഖങ്ങൾ ഇവിടെ ഉണ്ടായിരുന്നു. മഹാശിലായുഗ സംസ്കൃതിയുടെ കാലം മുതൽ മനുഷ്യാധിവാസം ഇവിടെ ഉണ്ടായിരുന്നതിന്റെ സൂചനകൾ ജില്ലയിലെ ഉമിച്ചിപൊയിലിൽ നിന്ന് കണ്ടെടുത്തിട്ടുണ്ട്.

മതവിശ്വാസങ്ങൾ: നൂറ്റാണ്ടുകൾ മുമ്പ് തന്നെ ജൈനബുദ്ധബ്രാഹ്മണമത വിശ്വാസങ്ങൾ കാസർകോട് എത്തിയതിന്റെ സൂചനകൾ ലഭ്യമാണ്. മഞ്ചേശ്വരം, കാസർകോട് പ്രദേശങ്ങളിൽ ജൈനമതകേന്ദ്രങ്ങൾ നിലവിലുണ്ട്. ഇസ്ലാംമതം AD 7-ാം നൂറ്റാണ്ടിൽ കാസർകോട് എത്തി. 1940 കളിലാണ് ക്രിസ്ത്യൻ കുടിയേറ്റം നടക്കുന്നത്.

ജനങ്ങൾ: വിവിധ കാലഘട്ടങ്ങളിലായി പല വിഭാഗം ജനങ്ങൾ ഇവിടേക്ക് വരികയും താമസിക്കുകയും ചെയ്തിട്ടുണ്ട്.

ഭാഷ: നിരവധി ഭാഷകളുടെ സംഗമഭൂമിയാണ് കാസർകോട്. മലയാളം, കന്നട, തുളു, മറാട്ടി, കൊങ്കണി, ബ്യാരി, കൊടവ, ഹിന്ദുസ്ഥാനി, കരാഡ തുടങ്ങിയ ഭാഷകൾ. ഇതുകൂടാതെ ലിപികളില്ലാത്ത ഒരുപാട് സംസാര ഭാഷകളും ജനങ്ങൾ ഉപയോഗിച്ചുവരുന്നു.

സാംസ്കാരിക സ്ഥാപനങ്ങൾ: കാസർകോട് ജില്ലയിൽ സംസ്ഥാന ലൈബ്രറി കൗൺസിലിൽ റജിസ്റ്റർ ചെയ്ത് 326 ലൈബ്രറികൾ നിലവിലുണ്ട്. കൂടാതെ ഇരുപതോളം റജിസ്റ്റർ ചെയ്യാത്ത ലൈബ്രറികളും ഉണ്ട്.

ഹോസ്ദുർഗ്ഗ് താലൂക്കിൽ 170, കാസർകോട് 76, വെള്ളരിക്കുണ്ട് 52, മഞ്ചേശ്വരം 28 എന്നിങ്ങനെയാണ് രജിസ്റ്റർ ചെയ്ത ലൈബ്രറികളുടെ എണ്ണം.

ഹോസ്ദുർഗ്ഗ് താലൂക്ക് - ലൈബ്രറികൾ

കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി	- 19
നീലേശ്വരം മുൻസിപ്പാലിറ്റി	- 14
തൃക്കരിപ്പൂർ	- 22
വലിയപറമ്പ്	- 5
പടന്ന	- 8
പിലിക്കോട്	- 21
മടിക്കൈ	- 16
അജാനൂർ	- 9
പുല്ലൂർ പെരിയ	- 7
പള്ളിക്കര	- 9
കയ്യൂർ ചീമേനി	- 17
ഉദുമ	- 6
ചെറുവത്തൂർ	- 18
ആകെ	- 171

വെള്ളരിക്കുണ്ട് താലൂക്ക്-ലൈബ്രറികൾ

കിനാനൂർ കരിന്തളം	- 17
വെസ്റ്റ് എളേരി	- 10
ഈസ്റ്റ് എളേരി	- 11
ബളാൽ	- 2
പനത്തടി	- 2
കള്ളാർ	- 2
കോടോം ബേളൂർ	- 8
ആകെ	- 52

കാസർകോട് താലൂക്ക്-ലൈബ്രറികൾ:

കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി	- 4
ബേഡഡുക്ക	- 28
കുറ്റിക്കോൽ	- 9
ദേലംപാടി	- 1
ബെള്ളൂർ	- 0
കുമ്പടാജെ	- 3
കാറഡുക്ക	- 6
മൂളിയാർ	- 8
ചെങ്കള	- 4
ബദിയടുക്ക	- 3
മൊഗ്രാൽ പുത്തൂർ	- 2
മധൂർ	-1
ചെമ്മനാട്	- 7
ആകെ	- 76

മഞ്ചേശ്വരം താലൂക്ക്-ലൈബ്രറികൾ

മഞ്ചേശ്വരം	- 2
മംഗൽപാടി	- 1
എൻമകജെ	- 1
കുമ്പള	- 4
പുത്തിഗെ	- 3
മീഞ്ച	- 4
വൊർക്കാടി	- 5
പൈവളികെ	- 7
ആകെ	- 27

പൈതൃക സംരംക്ഷണം

മനുഷ്യനിർമ്മിതമായ നിരവധി കോട്ടകൾ കാസർകോട് ജില്ലയിലുണ്ട്. കേരളത്തിലെ ഏറ്റവും വലിയ കോട്ടയായ ബേക്കൽകോട്ട കൂടാതെ ചന്ദ്രഗിരിക്കോ

ട്ട, കുമ്പളക്കോട്ട, നിത്യാനന്ദക്കോട്ട, ഹോസ്ദുർഗ്ഗ് കോട്ട എന്നിവയാണ് ഇതിൽ പ്രധാനപ്പെട്ടത്. ഇവ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്.

നാടൻകലകൾ

വിവിധ ജനവിഭാഗങ്ങളുടേതായ നിരവധി നാടൻ കലകൾ ജില്ലയിൽ കാണാൻ സാധിക്കും.തെയ്യം, യക്ഷഗാനം, മംഗലം കളി, മാർഗംകളി, കോൽക്കളി, തുള്ളൽ, പൂരക്കളി തുടങ്ങിയവയാണ് പ്രധാനപ്പെട്ടവ.ഇവയുടെ സംരക്ഷണത്തിനും വളർച്ചക്കും വേണ്ടിയുള്ള പ്രവർത്തനം അടിയന്തിരമായി നടത്തേണ്ടതുണ്ട്.

കലാ-സാംസ്കാരിക സമിതികൾ

കേരളത്തിന്റെ സാമൂഹ്യമാറ്റത്തിന് ഏറ്റവും കൂടുതൽ സഹായിച്ച ഘടകങ്ങളാണ് കലാസമിതികളും ക്ലബ്ബുകളും. കലാ-കായിക മേഖലകളിലൂടെ സമൂഹത്തിൽ ജാതി മത വ്യത്യാസമില്ലാതെ കൂട്ടായ്മ സ്ഥാപിക്കാനും അതുവഴി സാസ്കാരികബോധമുള്ള സമൂഹത്തെ സൃഷ്ടിക്കാനും സാധിക്കും. ഓരോ താലൂക്കിലും പൊതുവായ നാടക-കലാ വേദികളും ഓഡിറ്റോറിയവും ഉണ്ടാകുന്നത് നല്ലതാണ്.

പ്രാദേശിക സ്മാരകങ്ങൾ

വിവിധ രാജാക്കന്മാരുടെയും ജന്മിമാരുടെയും ഭരണ കേന്ദ്രങ്ങൾ ഇന്നും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിലനിൽക്കുന്നു. മായിപ്പാടി കോവിലകം, നീലേശ്വരം കോവിലകം, ഏച്ചിക്കാനം തറവാട് എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടവ. ഇവ സംരക്ഷിച്ച് നിലനിർത്താനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

ആരാധനാകേന്ദ്രങ്ങൾ

പല മതവിഭാഗങ്ങളുടെയും ആരാധനാകേന്ദ്രങ്ങൾ കാസർകോട് കാണാൻ സാധിക്കും. മഞ്ചേശ്വരത്തെ ജൈനമത ക്ഷേത്രം, മധൂർ ക്ഷേത്രം, നാരമ്പാടി പള്ളി ബദിയടുക്ക, തളങ്കര മാലിക്ക് ദിനാർപള്ളി, അനന്തപുരം ക്ഷേത്രം കുമ്പള, മടിയൻ കൂലോം ക്ഷേത്രം, തൃക്കണ്ണാട് ക്ഷേത്രം, നീലേശ്വരം തളിയിൽ ക്ഷേത്രം, മന്ദംപുറത്ത് കാവ് നീലേശ്വരം, കമ്മാടം പള്ളി തുടങ്ങിയവ ചരിത്രപ്രാധാന്യമുള്ള ആരാധനാകേന്ദ്രങ്ങളാണ്. അവ സംരക്ഷിച്ചുനിർത്താനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കണം.

സാംസ്കാരിക നായകന്മാരുടെയും സ്വാതന്ത്ര്യസമരസേനാനികളുടെയും സംഭാവനകൾ

നിരവധി സാംസ്കാരിക നായകർക്കും സ്വാതന്ത്ര്യസമരനായകർക്കും ജന്മം നൽകിയ നാടാണ് കാസർകോട്. അവരുടെ സേവനങ്ങളെ തലമുറകൾക്ക് പരിചയപ്പെടുത്തിക്കൊടുക്കാനും ദേശീയബോധവും സാംസ്കാരികബോധവും നിലനിർത്താനും അവർക്ക് ഉചിതമായ സ്മാരകങ്ങൾ ഉണ്ടാവണം. മഹാകവി കുട്ടമത്ത്, കുട്ടമത്ത് കുന്നിയൂർ കവികൾ, രാഷ്ട്രകവി ഗോവിന്ദ പൈ, ടി.ഉബൈദ്, വിദ്വാൻ പി. കേളുനായർ, പി.കുഞ്ഞിരാമൻ നായർ, എന്നിവർക്ക് സ്മാരകം പണിയുകയും പ്രതിവർഷം വിവിധ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുവാനുള്ള പദ്ധതികൾ ഉണ്ടാക്കുകയും വേണം.

സ്വാതന്ത്ര്യസമരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമായിരുന്ന കാസർകോട് ജില്ല ജന്മിത്വത്തിനും സാമ്രാജ്യത്വത്തിനും എതിരായി നടന്ന നിരവധി സമരങ്ങളുടെ കേന്ദ്രം കൂടിയായിരുന്നു.

ദേശീയ കർഷക പ്രസ്ഥാനത്തിന്റെ നേതാക്കളായ എ.സി.കണ്ണൻ നായർ, വിദ്വാൻ പി. കേളുനായർ, കെ.ടി.കുഞ്ഞിരാമൻ നായർ, കെ.മാധവൻ, എൻ.ജി.കമ്മത്ത് തുടങ്ങിയവർക്ക് ഉചിതമായ സ്മാരകങ്ങൾ നിർമ്മിക്കണം.

ചലച്ചിത്രം

ജനങ്ങളെ ഏറ്റവും അധികം ആകർഷിക്കുന്ന കലാരൂപമാണ് ചലച്ചിത്രവും ദൃശ്യമാധ്യമ മേഖലയും. ജില്ലയിൽ ഈ മേഖലകളിൽ നല്ല രീതിയിലുള്ള അവബോധവും പരിശീലനവും ആവശ്യമാണ്. അതിന് വേണ്ടി ദൃശ്യമാധ്യമ മേഖലയിൽ ക്ലാസ്സുകളും ചലച്ചിത്ര ഡോക്യുമെന്ററി നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും അനിവാര്യമാണ്.

തിയറ്റർ സമുച്ചയങ്ങൾ

ഓരോ നിയമസഭാ മണ്ഡലത്തിലും ഒരു തിയറ്റർ സമുച്ചയം ഉണ്ടാവണം. അവ ലൈബ്രറി പുസ്തകശാല, ആർട്ട്ഗ്യാലറി തുടങ്ങിയവ ഉൾക്കൊള്ളുന്ന സാംസ്കാരിക നിലയങ്ങൾ ആവണം.

ജില്ലയുടെ സാംസ്കാരിക ചരിത്രത്തെ വിവിധ ഘടകങ്ങളായി പരിഗണിച്ച് പരിശോധിക്കുന്നത് ഉചിതമായിരിക്കും. വ്യത്യസ്ത ഘടകങ്ങളെയും അവയുടെ ഉൾപ്പിരിവുകളെയും ചുവടെ ചേർക്കുന്നു.

- **കാർഷികം**
  - വിവിധ കാർഷികരീതി (ഉദാ:-പുനം കൃഷി)
  - കാർഷികോപകരണങ്ങൾ (വട്ടി, കുട്ട, തടുപ്പ, വെരു.....)
  - കാർഷികാചാരങ്ങൾ (ഉദാ:- നിറ, പുത്തരി, പൊലിയന്ത്രൻ)
  - നാട്ടിപ്പാട്ട്
  - നാടൻ ജലസേചനം (സുരംഗം, ഉവ്വേണി, ഏത്തം കൊട്ട, നീർമൊണ്ട)
  - വിള സംരക്ഷണം/ സൂക്ഷിപ്പ് (പൊതികെട്ടൽ)
  - പുകയില കൃഷി, കവുങ്ങ് കൃഷി
- **ഭാഷ**
  - വ്യത്യസ്ത ഭാഷ/വാമൊഴി (മലയാളം, കന്നട, തുളു, കരാഡ, അരകന്നഡ, വാവ്വൈക്ക, ബ്യാരി, ഉർദു, കൊങ്കണി.....)
  - പ്രാചീന ഗ്രന്ഥങ്ങൾ
  - ഗ്രന്ഥശാലകൾ

സംസ്കാരം, കായികം, കല, യുവജനകാര്യം

- **ചരിത്രം**
  - ചരിത്ര സ്മാരകങ്ങൾ
  - കോട്ടകൾ
  - ശാസനം/ശിലാ ലിഖിതങ്ങൾ
  - ചരിത്രാവശിഷ്ടം (കരിന്തളം, മരുതോം മുതലായവ)
  - ഇഡു
  - മുനിയറ
  - കെട്ടുംകല്ല്/ചുമടു താങ്ങി
  - ചുങ്കത്തറ (സുംഗതകട്ടെ)
- **നാടോടി വഴക്കം**
  - നാടൻ പാട്ട്/പാട്ദന
  - പാർപ്പിട വൈവിദ്ധ്യം
  - തൊഴിൽ (കുട്ട മടയൽ, തേൻ ശേഖരണം മുതലായവ)
  - ഉപകരണങ്ങൾ
  - ഉല്പന്നങ്ങൾ
  - തുലുക്കന്മാരുടെ സംസ്ക്കാരം
  - ജൈന സംസ്ക്കാരം
  - കടൽക്കോടതി

തൊഴിൽ /വാണിജ്യം

- മൺകലം(മടിക്കൈ, പൈക്ക, പിലിക്കോട്)
- നെയ്ത്ത്
- ഉരു നിർമ്മാണം
- തളങ്കരത്തൊപ്പി
- നാടൻ ചന്ത
- ജലഗതാഗതത്തിലൂടെ വാണിജ്യം
- ചീന വസ്തുക്കൾ
- കൊട്ടംപാള

- **ആരാധന/ആഘോഷം**
  - വ്യത്യസ്ത മതങ്ങൾ (ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ, ജൈനം മുതലായവ)
  - മത സൗഹാർദ്ദ ചിഹ്നങ്ങൾ (തെയ്യം, ഉത്സവ ബന്ധം, ചടങ്ങുകളിലെ ബന്ധം മുതലായവ)
  - പൂരാഘോഷം
  - ഉറൂസ്
  - തിരുനാളാഘോഷം

ജില്ലയുടെ സാംസ്കാരിക സംഭാവനകളെ പ്രധാനമായി കാർഷികപരം, ഭാഷാപരം, ചരരിത്രപരം, നാടോടി വഴക്കം, തൊഴിൽ, വാണിജ്യപരം, കലാപരം, ആരാധന- ആചാരങ്ങൾ എന്നിങ്ങനെ വിവിധ മേഖലകളിൽ പെടുത്താവുന്നതാണ്. കുടിയേറ്റവുമായി ബന്ധപ്പെട്ടുണ്ടായ സാംസ്കാരിക വളർച്ചയും പരാമർശ വിഷയമാണ്.

കല

തനതു കലകളാൽ സമ്പന്നമാണ് കാസറഗോഡ് ജില്ല. സംസ്ഥാനത്തിന്റെ വടക്കേ അറ്റത്തെ ജില്ല എന്ന നിലയിൽ ഭാഷ, സംസ്കാരം, കല, അനുഷ്ഠാനങ്ങൾ തുടങ്ങി ജനജീവിതത്തിന്റെ വൈവിധ്യമാർന്ന മേഖലകളിൽ ജില്ലയ്ക്ക് തനതായ പാരമ്പര്യവും സ്ഥാനവുമുണ്ട്. പരിഷ്കാരത്തിന്റെ ഇടപെടലുകൾ കൊണ്ട് കോട്ടംതട്ടാത്ത കലാപാരമ്പര്യം ജില്ലയുടെ സ്വത്വം കൂടിയാണ്. തുളുനാടൻ പാരമ്പര്യത്തിന്റെയും ആദിവാസി സമൂഹത്തിന്റെയും തനതായ ജീവിത ശൈലിയുടെ ഗന്ധം ജില്ലയിലെ കലകളുടെ സവിശേഷതയാണ്. ആദിവാസികൾ, ഗിരിവർഗ്ഗക്കാർ, വിവിധ ജാതി സമൂഹങ്ങൾ എന്നിവയ്ക്കൊക്കെ അതാതിന്റെ സവിശേഷമായ ആചാരാനുഷ്ഠാനങ്ങളും, കലകളുമുണ്ട്. മുസ്ലീങ്ങളുടെയിടയിൽ മാപ്പിളപ്പാട്ട്, ഒപ്പന, ദഫ്മുട്ട്, കോൽക്കളി തുടങ്ങിയ കലാരൂപങ്ങളും, പ്രത്യേകമായി നിലകൊള്ളുന്നു. കലാ പാരമ്പര്യത്തിൽ പ്രധാനപ്പെട്ട ഇനങ്ങളുടെ പ്രത്യേകതകൾ സംക്ഷിപ്തമായി സൂചിപ്പിക്കുകയാണ്.

തെയ്യമാണ് ജില്ലയുടെ തനതു പാരമ്പര്യം പുലർത്തുന്ന പ്രധാന കലാരൂപം. ദേവാരാധനപരമായ അനുഷ്ഠാനകലയാണിത്. ദേവീ ദേവന്മാരേയും വീരപുരുഷന്മാരെയും വീരാംഗനമാരെയും തെയ്യമായി കെട്ടിയാടാറുണ്ട്. ജില്ലയിലെ മലയൻ, വണ്ണാൻ, വേലൻ, കോപ്പാളൻ, അഞ്ഞൂറ്റാൻ, മാവിലാൻ, പുലയൻ, പരവൻ, ചെറവർ തുടങ്ങിയവർ തെയ്യം കെട്ടുന്ന വിഭാഗക്കാരാണ്. തുളു തെയ്യങ്ങൾ പ്രാകൃതനതയും പ്രത്യേക ആചാരവിശേഷങ്ങളും കൊണ്ട് ശ്രദ്ധാർഹമായ അനുഷ്ഠാനകലാവിഭാഗമാണ്. ജില്ലയുടെ തനതുകലകളിൽ പ്രധാനമായ മറ്റൊരു വിഭാഗം യക്ഷഗാനമാണ്. പുരാണ പ്രതിപാദിതമായ ഇതിവൃത്തമാണ് യക്ഷഗാനത്തിന് ഉപയോഗിക്കുന്നത്. നൃത്തം, നൃത്യം, നാട്യം എന്നിവയുടെ സവിശേഷതകളും നാട്യത്തിന്റെ ചതുരംഗ സാധ്യതകളും യക്ഷഗാനത്തിന്റെ പ്രത്യേകതകളാണ്. യക്ഷഗാനം, ബയലാട്ടം, ബൊമ്മയാട്ടം തുടങ്ങിയ വ്യത്യസ്തമായ രീതികൾ ജില്ലയിൽ പ്രചാരത്തിലുണ്ട്. കാസറഗോഡ് ജില്ലയിലെ കുമ്പളയിൽ ജീവിച്ച പാർത്ഥിസുബ്ബയാണ് യക്ഷഗാനത്തിന്റെ ഉപജ്ഞാതാവെന്ന് കരുതുന്നു. ജില്ലയിലെ വിവിധ കലാട്രൂപ്പുകൾ യക്ഷഗാനം അവതരിപ്പിച്ചുവരുന്നു.

ജില്ലയുടെ സ്വത്വം വിളിച്ചറിയിക്കുന്ന മറ്റൊരു കലാരൂപം പൂരക്കളിയാണ്. അനുഷ്ഠാനപരതയ്ക്കാണ് പ്രാധാന്യം. പുരാണങ്ങളും, ഇതിഹാസങ്ങളുമാണ് ഇതിവൃത്തമായി സ്വീകരിക്കുന്നത്. മണിയാണി, തീയ്യ വിഭാഗങ്ങളാണ് പ്രധാനമായും പൂരക്കളി നടത്തുന്നത്. പൂരോത്സവത്തോടനുബന്ധിച്ച് ക്ഷേത്രങ്ങളിൽ പൂരക്കളിയും മറത്തുകളിയും നടക്കുന്നു. പൂരക്കളിയെ പ്രോത്സാഹിപ്പിക്കാൻ കേരള പൂരക്കളി അക്കാദമി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

സാമൂഹ്യവിഷയങ്ങളെ കേന്ദ്രീകരിച്ചും ആരാധനയോടനുബന്ധിച്ചും നടത്തുന്ന മറ്റൊരു കലാരൂപമാണ് കോൽക്കളി. ഹിന്ദു മുസ്ലീം വിഭാഗക്കാർക്കിടയിൽ കോൽക്കളി പ്രചാരത്തിലുണ്ട്. പാട്ടുകളിലും ശീലുകളിലും കളികളിലും വ്യത്യാസമുണ്ടെങ്കിലും ജില്ലയുടെ സ്വത്വം എന്ന നിലയിൽ കോൽക്കളി ഏറെ ശ്രദ്ധയാകർഷിച്ച കലാരൂപമാണ്. ജില്ലയുടെ തനിമ വിളിച്ചോതുന്ന മറ്റൊരു കലാ രൂപം തുള്ളലാണ്. ഓട്ടം തു

ള്ളലെന്നതിനേക്കാൾ തുള്ളൽ കളി എന്ന നിലയിലാണ് കാസറഗോഡ് ജില്ലയിൽ ഈ കലാരൂപം അറിയപ്പെടുന്നത്. തുള്ളലിനെ പ്രാചീനകാലം മുതൽ പഠിപ്പിക്കാനും പരിപോഷിപ്പിക്കാനും താഴക്കാട്ടുമനയും കുന്നിയൂർ തറവാടും ശ്രമിച്ചതിന്റെ ഫലമായി അമ്പതിലധികം തുള്ളൽ കലാകാരന്മാർ ചെറുവത്തൂർ കേന്ദ്രീകരിച്ച് തുള്ളൽകല അഭ്യസിക്കുകയും അവതരിപ്പിക്കുകയും ചെയ്തുവന്നിട്ടുണ്ട്. കേരള കലാമണ്ഡലത്തിലെ ആദ്യ തുള്ളൽ ആശാനായിരുന്ന മലബാർ വി രാമൻ നായർ ഈ കളരിയിൽ പഠിച്ച പ്രഖ്യാത കലാകാരനാണ്.

കഥകളി പ്രോത്സാഹിപ്പിക്കുന്നതിന് ജില്ലയിലെ ചെറുവത്തൂർ, പുല്ലൂർ തുടങ്ങിയ പ്രദേശങ്ങളിൽ കളിയരങ്ങുകളുണ്ടായിരുന്നു. പ്രശസ്ത കഥകളി നടനായ കലാമണ്ഡലം കൃഷ്ണൻ നായരുടെ ഗുരു ചന്തുപ്പണിക്കർ ചെറുവത്തൂരിലെ കഥകളിക്കളരിയിൽ തിളങ്ങിയ പ്രതിഭയായിരുന്നു.

തുലുക്കൻ വിഭാഗത്തിൽപ്പെട്ട മുസ്ലീങ്ങളുടെ കലാരൂപമായിരുന്നു അലാമിക്കളി. ഗ്രാമ ഗ്രാമാന്തരങ്ങളിൽ അലാമിക്കളി പൂർവ്വകാലത്ത് ആവേശമായിരുന്നു. അന്യംനിന്നുപോകുന്നതിൽ നിന്ന് രക്ഷിക്കാൻ ജില്ലയിലെ ചില ക്ലബുകളുടെ നേതൃത്വത്തിൽ ഇപ്പോൾ അലാമിക്കളി അവതരിപ്പിച്ചുവരുന്നുണ്ട്.

ആദിവാസി വിഭാഗക്കാരുടെ തനതു കലാരൂപങ്ങളാണ് മംഗലംകളി, എരുതുകളി, കൊറഗ നൃത്തം തുടങ്ങിയവ. നാടകീയമായ മുഹൂർത്തങ്ങളും വേഷപ്പകർച്ചയും വാദ്യോപകരണങ്ങളുമൊക്കെക്കൊണ്ട് സമ്മേളിതമായ കലകളാണിവ. ജില്ലയ്ക്കകത്തും പുറത്തും മംഗലംകളി അവതരിപ്പിക്കുന്ന സംഘങ്ങൾ നിലവിലുണ്ട്.

ഒപ്പന, അറബന മുട്ട്, ദഫ്മുട്ട് തുടങ്ങിയ കലകൾ മുസ്ലീം പാരമ്പര്യത്തിന്റെ തനിമ വിളിച്ചതുന്നവയാണ്. പാട്ടിലും ആടയാഭരണങ്ങളിലും അഭിനയ ചാതുരിയിലും വ്യത്യസ്തത പുലർത്തുന്ന കലകളാണിവ. മുസ്ലീം കലകളിൽ പക്ഷിപ്പാട്ട് ശ്രദ്ധാർഹവും പഠനാർഹവുമായ ഒന്നാണ്. മൊഗ്രാൽ ഇശൽ എന്ന നിലയിൽ പ്രഖ്യാതമായ ഒരു ശൈലി തന്നെ ജില്ലയിലുണ്ട്.

നിർദ്ദേശങ്ങൾ:

ഭാഷ

വിവിധ ഭാഷകൾ സംസാരിക്കുന്ന ജനങ്ങൾ അധിവസിക്കുന്ന ജില്ല ആയതിനാൽ ഭാഷകളെ പരിപോഷിപ്പിക്കുന്ന പദ്ധതികൾ ഉണ്ടാകണം.

പൈതൃക സംരക്ഷണം

ചരിത്രം ഉൾക്കൊള്ളുന്ന ഒട്ടേറെ പുരാവസ്തു ശേഖരം നമുക്കുണ്ട്. ഉദാ:- കോട്ടകൾ, ആരാധനാലയങ്ങൾ, ചുമർ ചിത്രങ്ങൾ മഹാശിലാ കാലഘട്ട അവശിഷ്ടങ്ങൾ തുടങ്ങിയവ. ഇവയുടെ സംരക്ഷണത്തിന് പദ്ധതി തയ്യാറാക്കണം.

സ്മാരകങ്ങളുടെ നിർമ്മാണം

ദേശീയ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത നിരവധി സ്വാതന്ത്ര്യസമരസേനാനികളുടെ നാടാണ് കാസർകോട്. അവർക്ക് ഉചിതമായ സ്മാരകങ്ങൾ നിർമ്മിച്ച് ദേശീയബോധം പ്രചരിപ്പിക്കുവാൻ ആവശ്യമായ പദ്ധതികൾ തയ്യാറാക്കണം.

നിരവധി സാഹിത്യ-സാംസ്കാരിക പ്രവർത്തകരുടെ നാടാണ് കാസർകോട്. അവർക്ക് ഉചിതമായ സ്മാരകങ്ങൾ പണിയാനുള്ള പദ്ധതി തയ്യാറാക്കണം.

നാടൻ കലകളുടെ സംരക്ഷണം

വിവിധ തരത്തിലുള്ള നാടൻ കലകൾ നമ്മുടെ നാട്ടിൽ ഉണ്ട്. ഉദാ:- തെയ്യം, യക്ഷഗാനം, തുള്ളൽ, പൂരക്കളി, ആലാമിക്കളി, മംഗലംകളി തുടങ്ങിയവ. അവയുടെ സംരക്ഷണത്തിനുള്ള പദ്ധതികൾ തയ്യാറാക്കണം.

വായനാ സംസ്കാരം

വായനാസംസ്കാരം വളർത്തിയെടുക്കാൻ ഗ്രന്ഥശാലകളെയും, സ്കൂളുകളെയും പ്രോത്സാഹിപ്പിക്കണം. മഞ്ചേശ്വരം, വെള്ളരിക്കുണ്ട് താലൂക്കുകളിൽ ഗ്രന്ഥശാലകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതി തയ്യാറാക്കണം.

ദൃശ്യമാധ്യമമേഖല

സമൂഹത്തെ ഏറ്റവും വേഗത്തിൽ സ്വാധീനിക്കാൻ പറ്റുന്ന മേഖലയാണ് സിനിമ, ടി വി ചാനലുകൾ മുതലായവ. ഈ മേഖലയിൽ സാങ്കേതിക പരിജ്ഞാനം ലഭിക്കാനാവശ്യമായ പദ്ധതികൾ തയ്യാറാക്കണം.

കലാസമിതികൾ

സാമൂഹ്യമാറ്റത്തിനും സാംസ്കാരിക വളർച്ചക്കും പ്രചോദനമേകുന്ന ക്ലബ്ബുകളുടെയും കലാസമിതികളുടെയും ജില്ലാതല സമിതി ഉണ്ടാക്കി പ്രവർത്തന പദ്ധതി തയ്യാറാക്കണം.

തിയറ്റർ സമുച്ചയങ്ങൾ

ഓരോ നിയമസഭാ മണ്ഡലത്തിലും ഒരു തിയറ്റർ സമുച്ചയം ഉണ്ടാക്കാനുള്ള പദ്ധതി തയ്യാറാക്കണം. അവ സിനിമാപ്രദർശനം നാടകാവതരണം എന്നിവയ്ക്കുള്ള സൗകര്യം, ലൈബ്രറി, ആർട്ട്ഗാലറി തുടങ്ങിയവ ഉൾക്കൊള്ളുന്ന സാംസ്കാരിക നിലയങ്ങൾ ആവണം.

ശാസ്ത്രബോധവും ചരിത്രബോധവും

പരമ്പരാഗതമായി നാം തുടർന്നുവരുന്ന മതമൈത്രിയും സാംസ്കാരിക വിനിമയവും തുടർന്ന് നിലനിർത്താൻ വേണ്ടിയുള്ള പദ്ധതികൾക്ക് രൂപം നൽകണം.

യുവജനക്ഷേമം

രാജ്യത്തിന്റെ ഭാവി നിലകൊള്ളുന്നത് യുവാക്കളിലാണ്. കർമോത്സുകരായ ദിശാബോധമുള്ള തലമുറയെ വാർത്തെടുക്കുക എന്നതാണ് ഭരണകൂടത്തിന്റെ പരമമായ ലക്ഷ്യം. യുവതലമുറയെ ഈ ലക്ഷ്യത്തിലേക്കെത്തിക്കാനാവശ്യമായ സാഹചര്യം ഒരുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മാനസികവും സാമൂഹികവുമായ വളർച്ചയ്ക്കുതകുന്ന വിദ്യാഭ്യാസം; പുത്തനുണർവ്വിനുതകുന്ന രീതിയിലുള്ള ബൗദ്ധിക വികാസം; മാറുന്ന സാഹചര്യത്തിനനുസരിച്ചുള്ള തൊഴിൽ നൈപുണി; പൈതൃകത്തിലധിഷ്ഠിതമായ സാംസ്കാരിക നവോത്ഥാനം; ധാർമികതയിലൂന്നിയ മൂല്യബോധം തുടങ്ങി എല്ലാ മേഖലകളിലും യുവാക്കളെ നയിക്കാൻ പ്രാപ്തമായിരിക്കണം ഭരണകൂടം. വിശ്വമാനവനായി വളരുന്ന യുവതയ്ക്ക് മാത്രമേ അഴിമതി, ചൂഷണം, മൂല്യച്യുതി എന്നിവയ്ക്കൊക്കെ എതിരായി പോരാടാൻ കഴിയൂ. അതിന് യുവാക്കളെ പ്രാപ്തരാക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്.

പട്ടിക 4.2.4.1: യുവജന ക്ഷേമം നിലവിലുള്ള പദ്ധതികൾ

	പദ്ധതികൾ	നടപ്പിലാക്കുന്ന ഏജൻസികൾ
1	കലാ കായിക മൽസരങ്ങൾ (കേരളോൽസവം)	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
2	നീന്തൽ പരിശീലനം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്,
3	പി എസ് സി പരീക്ഷ പരിശീലനം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ
4	യുവ ക്ലബ്ബ് രൂപീകരണം, പട്ടിക ജാതി, പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്കുള്ള ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ
5	സിവിൽ സർവ്വീസ് പരീക്ഷ പരിശീലനം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്,
6	യുവതീ ക്യാമ്പുകൾ	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ
7	സംരംഭകത്വ വികസന പരിശീലനം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ, വ്യവസായ വകുപ്പ്
8	സ്വയം തൊഴിൽ വായ്പ	തൊഴിൽ വകുപ്പ്
9	സ്വയം തൊഴിൽ പരിശീലനം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ, തൊഴിൽ വകുപ്പ്, നെഹ്റുയുവകേന്ദ്ര
10	മദ്യം മയക്കു മരുന്ന് ബോധവൽക്കരണ പ്രവർത്തനം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, എക്സൈസ് വകുപ്പ്
11	യുവജനങ്ങളുടെ സന്നദ്ധ പ്രവർത്തനങ്ങൾ	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ, കോളേജ് യൂണിയനുകൾ
a	ജൈവ കൃഷി	കൃഷി വകുപ്പ് , കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ
b	പാലിയേറ്റീവ് കെയർ	മെഡിക്കൽ വകുപ്പ്, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ
c	കുളം, നദി, തോട് സംരംക്ഷണം	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മണ്ണ് സംരക്ഷണവകുപ്പ്
d	വർക്ക് ക്യാമ്പ്	നെഹ്റു യുവകേന്ദ്ര

12	ഫുട് ബോൾ , വോളി ബോൾ, കബഡി, വടംവലി ടൂർണ്ണമെന്റുകൾ	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ, നെഹ്റു യുവകേന്ദ്ര
13	വ്യക്തിത്വ വികസന ക്യാമ്പ്	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, നെഹ്റു യുവകേന്ദ്ര
14	അഡ്വഞ്ചർ സ്പോർട്സ്	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്
15	സ്പോർട്സ് കിറ്റ് നൽകൽ	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്, നെഹ്റു യുവകേന്ദ്ര, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
16	ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കൽ	കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് , നെഹ്റു യുവകേന്ദ്ര, ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി

സ്പോർട്സ്

സ്പോർട്സ് കൗൺസിലിനാണ് ജില്ലയിലെ കായികമേഖലയുടെ ചുമതലയുള്ളത്.ഓരോ ഗെയിമുകൾക്കും ജില്ലാതല സ്പോർട്സ് അസോസിയേഷനുകൾ വഴി പരിശീലനം നൽകുന്നു. ഇതു കൂടാതെ സ്കൂൾ കായികാദ്ധ്യാപകർ സ്കൂൾതല മൽസരങ്ങൾക്കും കോളേജ് കായികാദ്ധ്യാപകർ യൂണിവേഴ്സിറ്റി മൽസരങ്ങൾക്കും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളാണ് യുവജനങ്ങളെ അത്ലറ്റിക്സിലേക്കും ഗെയിമുകളിലേക്കും ആകർഷിക്കുന്നതിൽ മുൻ പന്തിയിൽ നിൽക്കുന്ന മറ്റൊരു ഘടകം. ജീവിതശൈലീരോഗങ്ങൾ തടയാനും യുവപ്രതിഭകളെ കണ്ടെത്താനും ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ വഹിക്കുന്ന പങ്ക് പ്രധാനമാണ്. ക്ലബ്ബുകൾ നടത്തുന്ന ടൂർണ്ണമെന്റുകൾ വോളിബോൾ, ക്രിക്കറ്റ്, ഫുട്ബോൾ, കബഡി തുടങ്ങിയ ഗെയിമുകൾ പ്രചരിപ്പിക്കുന്നതിന് വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ക്ലബ്ബുകൾ തമ്മിലുള്ള മൽസരങ്ങൾക്ക് കേരളോൽസവങ്ങൾ അരങ്ങൊരുക്കുന്നുണ്ട്. അതോടൊപ്പം യുവ പ്രതിഭകളെ ഈ മൽസരങ്ങളിലൂടെ കണ്ടെത്തി പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

അഡ്വഞ്ചർ സ്പോർട്സ് ജില്ലയിൽ പ്രചാരത്തിലില്ല എന്നുതന്നെ പറയാം.ടൂറിസത്തിന്റെ ഭാഗമായി ഇപ്പോൾ അഡ്വഞ്ചർ സ്പോർട്സിനു പ്രാമുഖ്യം കിട്ടിവരുന്നുണ്ടെങ്കിലും മതിയായ യോഗ്യതയില്ലാത്തവരാണ് അഡ്വഞ്ചർ സ്പോർട്സ് ഇൻസ്ട്രക്ടർമാരായി പ്രവർത്തിക്കുന്നത്. ഇത് സുരക്ഷാ പ്രശ്നങ്ങൾക്ക് കാരണമാകുകയും അഡ്വഞ്ചർ സ്പോർട്സിനെക്കുറിച്ച് തെറ്റിദ്ധാരണകൾ സൃഷ്ടിക്കുകയും ചെയ്യുന്നു. അഡ്വഞ്ചർ സ്പോർട്സ് നടത്തുവാൻ മതിയായ യോഗ്യതയുള്ളവരെ പരിശീലിപ്പിക്കാനുള്ള സംവിധാനത്തിന്റെ കുറവും സർക്കാർ അംഗീകാരത്തോടെയുള്ള സ്ഥാപനങ്ങളുടെ അഭാവവുമാണ് ഈരംഗത്തെ പ്രശ്നം.

പുസ്തകവായന പ്രോൽസാഹിപ്പിക്കുന്നതിനും ഗ്രാമീണ ഗ്രന്ഥശാലകളെ പ്രോൽസാഹിപ്പിക്കുന്നതിനും ഗ്രന്ഥശാലാസംഘം മുൻകൈയെടുക്കുന്നുണ്ട്. മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള റഫറൻസ് പുസ്തകങ്ങളും മറ്റുപുസ്തകങ്ങളും ഗ്രന്ഥശാലകളിൽ സജ്ജീകരിക്കുന്നതിനും ലൈബ്രറിക്കുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഫർണ്ണിച്ചർ വാങ്ങുന്നതിനും ലൈബ്രറി കൗൺസിലിന്റെ നേതൃത്വം ലഭിക്കുന്നുണ്ട്. ഈ രംഗത്ത് നിലനിൽക്കുന്ന പരിമിതികൾ അടിയന്തിര പരിഗണന ലഭിക്കേണ്ടവയാണ്.

- ലോകമെമ്പാടും ഇ-വായനയുടെ സാധ്യതകളെ പ്രോൽസാഹിപ്പിക്കുമ്പോൾ ഇ-വായനയെ പ്രോൽസാഹിപ്പിക്കാനുള്ള ശ്രമം, ഇ- റീഡറുകളും ഇന്റർനെറ്റ് സൗകര്യങ്ങളും ഇല്ലാത്തതു മൂലം കാസർഗോഡ് ജില്ലയിൽ വേണ്ടത്ര വേരു പിടിച്ചു വന്നിട്ടില്ല.
- സ്കൂൾ, കോളേജ് കലോൽസവങ്ങളിലും കേരളോൽസവങ്ങളിലും ക്ലാസിക്കൽ കലകൾ നാടോടിനൃത്തം, നാടൻപാട്ട് എന്നീ ഇനങ്ങളിൽ മൽസരമുണ്ടങ്കിലും ഇവയിൽ പരിശീലനം നടത്തുന്നത് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന കാര്യമാണ്. ഗാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന കുട്ടികൾക്ക് ഇത്തരം കലകളിൽ പരിശീലനം നേടാനും മത്സരിക്കാനും സാധിക്കാതെ വരുന്നു.
- സാംസ്കാരിക രംഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാരിന്റെയും ഇടപെടൽ താരതമ്യേന പരിമിതമാണ്. സാസ്കാരിക വികസനത്തിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വകയിരുത്തുന്നതും വിരളമാണ്.
- ഓണാഘോഷം പോലെയുള്ള പരിപാടികൾ ജനകീയോൽസവങ്ങൾ എന്നതിനുപകരം പണം നൽകി കലാകാരൻമാരെ കൊണ്ടു വന്ന് അവതരിപ്പിക്കുന്ന പരിപാടികളായി മാറിക്കൊണ്ടിരിക്കുകയാണ്. പൊതുജനങ്ങൾ കാഴ്ചക്കാർ മാത്രമാകുന്ന അവസ്ഥ നിലവിലുണ്ട്.
- ഗ്രാമീണ യുവജനങ്ങളുടെ കലാ-കായിക മികവ് പ്രകടിപ്പിക്കാനുള്ള വേദിയായ കേരളോൽസവങ്ങളെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വേണ്ടത്ര ഗൗരവത്തോടെയെടുത്തിട്ടില്ല.
- സാസ്കാരിക കൂട്ടായ്മകളെ രജിസ്റ്റർ ചെയ്യാനും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാ

നുമുള്ള ഗൗരവാർഹമായ ശ്രമം നടക്കുന്നില്ല.

- വ്യക്തികൾക്ക് പ്രാധാന്യം ലഭിക്കുന്നതല്ലാതെ കലകൾക്ക് പ്രാധാന്യം നൽകാൻ വേണ്ടത്ര ശ്രമം നടക്കുന്നില്ല.

നിർദ്ദേശങ്ങൾ

- യുവജനങ്ങളുടെ സർവ്വതോമുഖമായ ക്ഷേമത്തിനുവേണ്ടി പഞ്ചായത്ത്തല കോർഡിനേറ്റർമാരിലൂടെ യുവജന ക്ഷേമ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ജില്ലാ യുവജന കേന്ദ്രത്തിന് സ്വന്തമായി ഒരു കെട്ടിടം അത്യന്താപേക്ഷിതമാണ്.
- കരിയർ ഗൈഡൻസ്, വിദ്യാഭ്യാസമാർഗ്ഗനിർദ്ദേശങ്ങൾ എന്നീ സേവനങ്ങൾ യുവജനങ്ങൾക്ക് പ്രത്യേകിച്ച് പാർശ്വവൽകൃതവിഭാഗങ്ങൾക്ക് എത്തിക്കുന്നതിന് ഉചിതമായ പരിശീലനകേന്ദ്രം അനിവാര്യമാണ്.
- യുവജനങ്ങളുടെ കലാ- കായിക മികവ് തെളിയിക്കുന്നതിനുള്ള കേരളോൽസവങ്ങൾ നടക്കുന്നുണ്ടെങ്കിലും കലാ-കായിക പരിശീലനങ്ങൾക്കുള്ള സൗകര്യങ്ങൾ ഗ്രാമ പഞ്ചായത്ത് മുൻസിപ്പൽ തലങ്ങളിൽ കുറവാണ്. പരിശീലനം നൽകുന്നതിനുള്ള സൗകര്യം ഗ്രാമ പഞ്ചായത്തു തലത്തിൽ ഉണ്ടാകണം.
- വിവാഹ പൂർവ്വ കൗൺസിലിംഗ് കുടുംബജീവിത പരിശീലനം, സാക്ഷരത പരിപാടി, തുടങ്ങിയ സേവനങ്ങൾ യുവജനങ്ങൾക്ക് ലഭ്യമാക്കാനുള്ള പദ്ധതികൾ ഒരുക്കണം.
- യുവജന ശാക്തീകരണത്തിനായുള്ള അനൗപചാരിക വിദ്യാഭ്യാസം, ജീവിതനൈപുണ്യപരിശീലനങ്ങൾ, വ്യക്തിത്വ വികസന പദ്ധതികൾ, തൊഴിൽ വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശം, പി എസ് സി സൗജന്യ പരീക്ഷാപരിശീലനം, എന്നീ ചുമതലകൾ ഏറ്റെടുക്കാനുള്ള പൊതുകേന്ദ്രങ്ങൾ സംജാതമാക്കണം.

പട്ടിക 4.2.4.2: യുവജനക്ഷേമ ബോർഡ് ക്ലബ്ബുകളുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ

ക്രമ നമ്പർ	പഞ്ചായത്തിന്റെ പേര്	യുവജന ക്ഷേമ ബോർഡ് ക്ലബ്ബുകളുടെ എണ്ണം
1.	പുത്തിഗെ	6
2.	മീഞ്ച	8
3.	പൈവളികെ	3
4.	എൺമകജെ	6
5.	മംഗൽപാടി	2
6.	വോർക്കാടി	1
7.	കുമ്പള	6
8.	ബദിയടുക്ക	5
9.	മോഗ്രാൽപുത്തൂർ	8
10.	ചെങ്കള	19
11.	ചെമ്മനാട്	16
12.	മധൂർ	7
13.	മടിക്കൈ	5
14.	അജാനൂർ	8
15.	ഉദുമ	9
16.	പള്ളിക്കര	18
17.	പുല്ലൂർ-പെരിയ	23
18.	ചെറുവത്തൂർ	12
19.	തൃക്കരിപ്പൂർ	3
20.	വലിയപറമ്പ	8
21.	പിലിക്കോട്	8
22.	കയ്യൂർ-ചീമേനി	4
23.	പടന്ന	6
24.	കോടോം ബേളൂർ	9
25.	കള്ളാർ	6

26.	ബളാൽ	2
27.	വെസ്റ്റ് എളേരി	6
28.	ഈസ്റ്റ് എളേരി	2
29.	പനത്തടി	2
30.	കിനാനൂർ-കരിന്തളം	7
31.	കാറഡുക്ക	4
32.	മുളിയാർ	8
33.	ദേലമ്പാടി	2
34.	ബേഡഡുക്ക	9
35.	കുറ്റിക്കോൽ	23
36.	കാസർഗോഡ് മുനിസിപ്പാലിറ്റി	1
37.	കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി	4

പട്ടിക 4.2.4.3: കാസർഗോഡ് ജില്ലയിൽ രൂപീകരിച്ച യുവ ക്ലബ്ബുകളുടെ എണ്ണം

ക്രമ നമ്പർ	പഞ്ചായത്തിന്റെ പേര്	യുവ ക്ലബ്ബുകളുടെ എണ്ണം
1	പുത്തിഗെ	1
2	മീഞ്ച	4
3	എൺമകജെ	2
4	മംഗൽപാടി	1
5	വോർക്കാടി	4
6	മധൂർ	4
7	പള്ളിക്കര	15
8	പുല്ലൂർ-പെരിയ	4
9	കോടോം ബേളൂർ	1
10	കുംബഡാജെ	5
11	ബേഡഡുക്ക	1

പട്ടിക 4.2.4.4: താലൂക്ക് അടിസ്ഥാനത്തിലുള്ള വായനശാലകളുടെ എണ്ണം

ക്രമ നമ്പർ	താലൂക്കിന്റെ പേര്	വായനശാലകളുടെ എണ്ണം
1	ഹൊസ്ദുർഗ് താലൂക്ക്	170
2	കാസർഗോഡ് താലൂക്ക്	76
3	വെള്ളരിക്കുണ്ട് താലൂക്ക്	53
4	മഞ്ചേശ്വരം താലൂക്ക്	28

പട്ടിക 4.2.4.5: നെഹ്റു യുവകേന്ദ്രയിൽ രജിസ്റ്റർ ചെയ്ത ക്ലബ്ബുകളുടെ എണ്ണം

കമ നമ്പർ	ബ്ലോക്കുകളുടെ പേര്	നെഹ്റു യുവകേന്ദ്ര ക്ലബ്ബുകളുടെ എണ്ണം
1	മഞ്ചേശ്വരം	49
2	കാസർഗോഡ്	124
3	കാഞ്ഞങ്ങാട്	80
4	നീലേശ്വരം	42
5	കാറഡുക്ക	37
6	പരപ്പ	38

കായിക വികസനം

കിഴക്ക് പശ്ചിമഘട്ടം പടിഞ്ഞാറ് അറബിക്കടൽ, ഏറ്റവും കൂടുതൽ നദികൾ, നിരവധി വലിയ കായലുകൾ എന്നിവ കാസറഗോഡിന്റെ പ്രത്യേകതകളാണ്. നിരവധി ഭാഷകൾ സമ്മേളിക്കുന്ന വ്യത്യസ്ത ജീവിത രീതികൾ പുലർത്തുന്ന ഈ നാട്ടിലെ ജനങ്ങൾ പരമ്പരാഗതമായി നിരവധി കായിക വിനോദങ്ങളിൽ ഏർപ്പെട്ടുവന്നിരുന്നു. വൈവിധ്യപൂർണ്ണമായ നൂറുകണക്കിന് നാടൻ കളികൾ ഇവിടെ ഉണ്ടായിരുന്നു. അതിൽ ചെറിയൊരു ഭാഗം ഇന്നും അവശേഷിക്കുന്നുണ്ട്.

കാസറഗോഡ് ജില്ലയെ അക്ഷരാർത്ഥത്തിൽ ഒരു കബഡി ഗ്രാമം എന്നു വിശേഷിപ്പിക്കാം. നൂറിലധികം ക്ലബുകൾ അനവധി മത്സരങ്ങൾ ഇടതടവില്ലാതെ നടത്തുന്ന ഈ നാട് കബഡിയിൽ നിരവധി ഇന്ത്യൻ താരങ്ങളെ സംഭാവന ചെയ്തിട്ടുണ്ട്. വടംവലി, ഖൊ-ഖൊ, ഫുട്ബോൾ, ക്രിക്കറ്റ്, ഗുസ്തി, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിലും ജില്ല മികച്ച നിലവാരമുള്ള താരങ്ങളെ അണിനിരത്തിയിട്ടുണ്ട്. കളരിപ്പയറ്റ്, പഞ്ചഗുസ്തി പോലുള്ള പരമ്പരാഗത കായിക വിനോദങ്ങളിലും കാസറഗോഡ് ജില്ല യശസ്സുയർത്തിയിട്ടുണ്ട്. വോളിബോൾ, ബാസ്ക്കറ്റ് ബോൾ, ബാഡ്മിന്റൺ, തെയ്ക്കോൺഡോ, കരാട്ടെ, ഹാന്റ് ബോൾ എന്നിവയിലും അത്‌ലറ്റിക്സിലും ജില്ലയിൽ നിന്നും നിരവധി താരോദയങ്ങൾ ഉണ്ടായിട്ടുണ്ട്. നിരവധി സ്പോർട്സ് ക്ലബുകൾ അനവധി കായിക പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടെങ്കിലും കബഡിയെപ്പോലെ ജില്ലയിൽ വിശാല പ്രചാരണം നേടാൻ മറ്റു കായിക ഇനങ്ങൾക്ക് സാധിച്ചിട്ടില്ല.

സംസ്ഥാനത്തെ അറിയപ്പെട്ട നിരവധി വിനോദ സഞ്ചാരകേന്ദ്രങ്ങളുള്ള ജില്ലയിൽ പർവ്വതാരോഹണം, ജലകായികാഭ്യാസങ്ങൾ, കടലോര വിനോദങ്ങൾ എന്നിവയ്ക്കുതകുന്ന ഒട്ടേറെ അനുകൂലഘടകങ്ങളുമുണ്ട്.

അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണെങ്കിലും ചില കായിക ഇനങ്ങളിൽ ജില്ല ദേശീയ തലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. തൃക്കരിപ്പൂരിലെയും മൊഗ്രാലിലെയും കാലിക്കടവിലെയും ഗ്രൗണ്ടുകളിൽ പന്ത് തട്ടി ദേശീയ ടീമിൽ ഇടം നേടിയ നിരവധി ഫുട്ബോൾ താരങ്ങൾ നമുക്കുണ്ട്. അതുപോലെ ബോക്സിംഗ് രംഗത്ത് ഒരുകാലത്ത് കേരളം എന്നാൽ കാസറഗോഡ് ജില്ല ആയിരുന്നു. ദേശീയ ഗെയിംസിലടക്കം മെഡൽ നേടിയ നിരവധി പുരുഷ-വനിത ബോക്സർമാർ നമുക്കുണ്ടായിരുന്നു. വടംവലി രംഗത്ത് ഇപ്പോൾ ജില്ല കുതിപ്പിന്റെ പാതയിലാണ്. നിരവധി ദേശീയ ചാമ്പ്യന്മാർ ആ രംഗത്ത് ജില്ലക്കാരായി ശോഭിക്കുന്നുണ്ട്. മുൻകാലത്ത് ഗുസ്തിയിലും മികച്ച ടീമായിരുന്നു കാസറഗോഡ്.

നിലവിലുള്ള സൗകര്യങ്ങൾ

ജില്ലയിൽ എടുത്തു പറയത്തക്ക ഒരു സ്റ്റേഡിയം പോലും നിലവിലില്ല. ബദിയഡുക്ക സീതാംഗോളിയിലെ ക്രിക്കറ്റ് സ്റ്റേഡിയം, കാസറഗോഡ് മുനിസിപ്പൽ സ്റ്റേഡിയം, സിന്തറ്റിക്ക് ഫുട്ബോൾ ഗ്രൗണ്ട് നടക്കാവ്, മൾട്ടി പർപ്പസ് കോർട്ട് എൽ ബി എസ് എഞ്ചിനീയറിംഗ് കോളേജ്, മൾട്ടി പർപ്പസ് കോർട്ട് ജി വി എച്ച് എസ് എസ് കാഞ്ഞങ്ങാട്, 25 മീറ്റർ സ്വിമ്മിംഗ് പൂൾ സെന്റ് ജോൺസ് സ്കൂൾ പാലാവയൽ, ഇൻഡോർ സ്റ്റേഡിയം സെന്റ് പയസ് കോളേജ് രാജപുരം, പഞ്ചായത്ത് മൈതാനം കാലിക്കടവ്, 400 മീറ്റർ ട്രായ് മൈതാനം നവോദയ പെരിയ തുടങ്ങിയവയാണ് ജില്ലയിലെ അത്യാവശ്യ മൈതാനങ്ങളും സ്റ്റേഡിയങ്ങളും.

ഇതിനു പുറമേ വിവിധ സ്കൂളുകളിലും കോളേജുകളിലുമുള്ള ഗ്രൗണ്ടുകളും കളിസ്ഥലങ്ങളും ചുരുക്കം ചില പഞ്ചായത്ത്/ മുനിസിപ്പൽ മൈതാനങ്ങളും സ്വകാര്യ മേഖലയിലെ ചില സ്റ്റേഡിയങ്ങളും ഇൻഡോർ ബാഡ്മിന്റൺ കോർട്ടുകളും മാത്രമാണ് കായികമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ.

സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ജില്ലയിൽ കാസറഗോഡ് ഉദയഗിരിയിൽ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തിക്കുന്നു. വോളിബോൾ, കബഡി, അത്‌ലറ്റിക്സ് ഇനങ്ങളിലായി 55 കുട്ടികൾ ഇവിടെ താമസിച്ച് പരിശീലനം നേടുന്നു. 3 കോച്ചുമാരും ഇവിടെ ഉണ്ട്. കൂടാതെ കാഞ്ഞങ്ങാട് നെഹ്രു കോളേജിൽ കൗൺസിലിന്റെ കീഴിൽ ഒരു ബാസ്ക്കറ്റ്ബോൾ ഹോസ്റ്റൽ പ്രവർത്തിക്കുന്നുണ്ട്. 16 കായിക താരങ്ങളും ഒരു കോച്ചും അവിടെയുണ്ട്. കൗൺസിലിന്റെ ഡേ ബോർഡിംഗ് സ്കീമിൽ ഉദിനൂർ സ്കൂളിൽ 25 വിദ്യാർത്ഥികൾ ഫുട്ബോളിൽ പരിശീലനം നേടുന്നു. പക്ഷേ ഇവയിലെല്ലാം ആൺകുട്ടികൾക്ക് മാത്രമാണ് പ്രവേശനം നൽകുന്നത്.

നിലവിലെ കായിക പ്രവർത്തനങ്ങൾ

ജില്ലാ സ്പോർട്സ് കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ജില്ലയിൽ ഏതാണ്ട് 37 ഓളം കായിക അസോസിയേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം അസോസിയേഷനുകൾ ജില്ലാതല/സംസ്ഥാനതല മത്സരങ്ങൾക്കായി ഹ്രസ്വകാല കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. കൂടാതെ ജില്ലാതല ചാമ്പ്യൻഷിപ്പുകളും നടത്തുന്നുണ്ട്.

സ്കൂൾ തലത്തിൽ ജില്ലാ സ്പോർട്സ് ആന്റ് ഗെയിംസ് അസോസിയേഷൻ സ്കൂൾ തലം, ഉപജില്ലാ തലം, ജില്ലാതലം തുടങ്ങിയവയിൽ കായിക മത്സരങ്ങളും ഹ്രസ്വകാല പരിശീലന ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്. അതുപോലെ കോളേജ് തലത്തിലും സർവ്വകലാശാല തലത്തിലും മത്സരങ്ങൾ നടക്കുന്നുണ്ട്.

ഇതിനൊക്കെ പുറമേ ജില്ലയിലെ ക്ലബുകൾ സംഘടിപ്പിക്കുന്ന വിവിധതരത്തിലുള്ള കായിക മത്സരങ്ങൾ, പ്രത്യേകിച്ച് കബഡി, വടംവലി, ക്രിക്കറ്റ്, വോളിബോൾ, ഫുട്ബോൾ തുടങ്ങിയവ ഉത്സാഹപൂർവ്വം നടക്കുന്നു. ജില്ലയിലെ വിവിധ നദികളിൽ സംഘടിപ്പിക്കുന്ന ജലോത്സവങ്ങളും കാസറഗോഡിന്റെ പ്രത്യേകതയാണ്.

അടിസ്ഥാന പ്രശ്നങ്ങൾ

ജില്ലയിലെ കായിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് ജില്ലാ സ്പോർട്സ് കൗൺസിൽ ആണ്. നിലവിൽ സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഓഫീസിൽ സ്ഥലപരിമിതി ഏറെയാണ്. ആവശ്യത്തിന് സ്ഥിരം സ്റ്റാഫ് ഈ ഓഫീസിൽ ഇല്ല. സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നിന്നു ലഭിക്കുന്ന പരിമിതമായ ഗ്രാന്റ് മാത്രമാണ് കൗൺസിലിന്റെ ദൈനംദിന ആവശ്യങ്ങൾക്ക് ഉപയുക്തമാകുന്നത്. മറ്റ് ധനസമാഹരണ മാർഗ്ഗങ്ങൾ ഒന്നും ഇല്ല. മറ്റു ജില്ലകളിൽ സ്റ്റേഡിയം വാടകയും ഷോപ്പിംഗ് കോംപ്ലക്സും മറ്റും കൗൺസിൽ ബിൽഡിംഗിൽ പ്രവർത്തിക്കുന്നുണ്ട്. വാടകയിനത്തിൽ തന്നെ നല്ല തുക അത്തരം ജില്ല സ്പോർട്സ് കൗൺസിലുകൾക്ക് ലഭിക്കുന്നു. എന്നാൽ അത്തരത്തിലുള്ള സ്ഥാപനങ്ങളോ സ്റ്റേഡിയങ്ങളോ കാസറഗോഡ് ജില്ല സ്പോർട്സ് കൗൺസിലിന് ഇല്ല.

കൗൺസിലിൽ അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്ന അസോസിയേഷൻ പലതും നിർജ്ജീവമാണ്. ജില്ലാ സ്പോർട്സ് കൗൺസിൽ നൽകുന്ന പരിമിതമായ ഗ്രാന്റ് തുക അസോസിയേഷൻ പ്രവർത്തനങ്ങൾക്ക് മതിയാവുന്നില്ല. കൃത്യമായി ജില്ലാ ചാമ്പ്യൻഷിപ്പുകളും കോച്ചിംഗ് ക്യാമ്പുകളും മറ്റും സംഘടിപ്പിക്കുന്ന അസോസിയേഷനുകൾ വളരെ കുറവാണ്.

ജില്ലയിൽ കൗൺസിലിന്റെ കീഴിൽ രണ്ട് ഹോസ്റ്റലുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. അതും പ്രവേശനം ആൺകുട്ടികൾക്കു മാത്രം. മറ്റ് ജില്ലകളിൽ നിരവധി ഡേ ബോർഡിംഗ് സ്കീമുകൾ പ്രവർത്തിക്കുമ്പോൾ ജില്ലയിൽ ഒരു സ്കീം മാത്രമാണ് പ്രവർത്തിക്കുന്നത്. സെൻട്രലൈസ്ഡ് ഹോസ്റ്റലിലാണെങ്കിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല എന്നുതന്നെ പറയാം. സ്ഥിരമായി ഒരു വാർഡൻ പോലും ഹോസ്റ്റലിൽ ഇല്ല. അവശ്യം വേണ്ട സ്പോർട്സ് കിറ്റുകളുടേയും ഉപകരണങ്ങളുടേയും അഭാവം ഹോസ്റ്റലിന്റെ പ്രവർത്തനത്തെ ബാധിക്കുന്നു.

ജില്ലയുടെ പ്രധാന പ്രശ്നം ട്രാക്കുകളുടെ അഭാവമാണ്. ജില്ലയിൽ ഒരൊറ്റ നാലുവര ട്രാക്ക് മാത്രമാണുള്ളത്. കളിസ്ഥലങ്ങളുടെ അപര്യാപ്തത പരിഹരിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാന പ്രശ്നം.

ജില്ല നേരിടുന്ന മറ്റൊരു പ്രശ്നം കായിക പരിശീലകരുടെ അഭാവമാണ്. മിക്ക കായിക ഇനങ്ങൾക്കും ശാസ്ത്രീയമായ പരിശീലനം നൽകാൻ യോഗ്യതയുള്ളവർ ആരും തന്നെയില്ല. അതുപോലെ തന്നെ കായിക താരങ്ങളുടെ മാനസിക പരിപാലനത്തിനും ആരോഗ്യ സംരക്ഷണത്തിനും ശാസ്ത്രീയ പരിശീലനത്തിനും വേണ്ട സംവിധാനങ്ങൾ ജില്ലയിലില്ല. കായിക താരങ്ങൾക്ക് പോഷകാഹാരങ്ങളുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതുണ്ട്. മറ്റൊരു പ്രശ്നം പ്രവർത്തന ഫണ്ടിന്റെ അഭാവമാണ്. നല്ല രീതിയിലുള്ള പ്രായോജകർ ജില്ലയിൽ ഇല്ലാത്തത് കായിക മത്സരങ്ങളുടെ നടത്തിപ്പിനെ ബാധിക്കുന്നു.

വികസന നയം

- കായികസാക്ഷരതയിലൂടെയും കായിക വികസനത്തിലൂടെയും ജനങ്ങളുടെ ശാരീരിക മാനസിക ആരോഗ്യത്തെ വീണ്ടെടുത്ത് കായിക ക്ഷമതയും ആരോഗ്യവുമുള്ള ജനതയെ വാർത്തെടുക്കുക.
- വർദ്ധിച്ചുവരുന്ന ജീവിത ശൈലീ രോഗങ്ങളിൽ നിന്നും മുക്തി നേടാൻ കായികസാക്ഷരതാപദ്ധതി വിപുലീകരിച്ച് നടപ്പിലാക്കുക
- അന്താരാഷ്ട്ര നിലവാരത്തിൽ പ്രകടനം കാഴ്ച വെയ്ക്കാൻ പാകത്തിൽ കായിക താരങ്ങളെ വാർത്തെടുക്കുക.
- സ്ത്രീകൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവരുടെ കായിക ക്ഷമത ഉയർത്താനുള്ള പദ്ധതി തയ്യാറാക്കുക.
- പ്രാദേശികമായ കായികസംസ്കാരം രൂപപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- പാരമ്പര്യ കായിക വിനോദങ്ങളെ നിലനിർത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക
- പാഠ്യപദ്ധതിയിൽ കായികമേഖലയെ കേന്ദ്രീകരിച്ച് തുടർ പഠനത്തിനും ഗവേഷണം നടത്തുന്നതിനും അവസരം നൽകുകയും ശാസ്ത്രീയമായ രീതിയിൽ സ്പോർട്സിൽ തുടർ പരിശീലനവും മത്സര സംവിധാനങ്ങളും ഏർപ്പെടുത്തുകയും ചെയ്യുക.

നിർദ്ദേശങ്ങൾ

- കളിക്കളം: വിവിധ കായിക ഇനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ കളിക്കളങ്ങൾ പഞ്ചായത്ത്- മുനിസിപ്പാലിറ്റി- ജില്ലാ തലത്തിൽ രൂപപ്പെടുത്തുക.
- നീന്തൽ: സ്വിമ്മിംഗ് പൂളിനേക്കാളുപരി നിലവിലുള്ള ജലാശയങ്ങളും ചിറകളും കുളങ്ങളും നവീകരിച്ച് നീന്തൽ പരിശീലനത്തിന് ഉപയോഗപ്പെടുത്തുക.
- സിന്തറ്റിക്ക് പ്രതലം: സിന്തറ്റിക്ക് ട്രാക്ക്, ഫുട്ബോൾ കോർട്ട്, മറ്റ് സിന്തറ്റിക്ക് കോർട്ടുകൾ എന്നിവ നിർമ്മിക്കുക.
- അക്കാദമികൾ: വിവിധ കായിക ഇനങ്ങളിൽ വിദഗ്ദ്ധ പരിശീലനത്തിനായി അക്കാദമികൾ സ്ഥാപിക്കുക.
- കോംപ്ലക്സുകൾ: ഒരേ രീതിയിലുള്ള വിവിധ കായിക ഇനങ്ങളിൽ പരിശീലന സമുച്ചയം ഉണ്ടാക്കുക.
- ആരോഗ്യ കേന്ദ്രം: കായിക താരങ്ങൾക്ക് സ്പോർട്സ് തെറാപ്പി പോലുള്ള അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ആരോഗ്യ കേന്ദ്രങ്ങൾ നിർമ്മിക്കുക.
- സ്പോർട്സ് ഹോസ്റ്റൽ: കൂടുതൽ സ്പോർട്സ്

ഹോസ്റ്റലുകൾ ആരംഭിക്കുക

- ഡേ ബോർഡിംഗ് സ്കീം: കൂടുതൽ ഡേ ബോർഡിംഗ് സെന്ററുകൾ ആരംഭിക്കുക.
- ഭിന്നശേഷി ഭിന്നലിംഗ കായിക കേന്ദ്രം: ഇത്തരക്കാർക്കുള്ള കായിക കേന്ദ്രങ്ങൾ നിർമ്മിക്കുക
- പഞ്ചായത്ത് തലം: ഓരോ പഞ്ചായത്തിലും ബാഡ്മിന്റൺ കോർട്ട്, നീന്തൽ പരിശീലന കേന്ദ്രം, കളരിപ്പയറ്റ് പരിശീലനകേന്ദ്രം, ജോഗിംഗ് ട്രാക്ക്, വോളിബോൾ കോർട്ട്, ബാസ്ക്കറ്റ് ബോൾ കോർട്ട്, ടേബിൾ ടെന്നീസ് പരിശീലന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുക.
- വാർഡു തലം: വാർഡു തലത്തിൽ കബഡി കോർട്ട്, ഖൊ-ഖൊ കോർട്ട്, യോഗ, അമ്പെയ്ത്ത് പരിശീലനം, മെയ്യഭ്യാസ പരിശീലനം തുടങ്ങിയവയ്ക്കുള്ള സൗകര്യം ഒരുക്കുക.
- മലയോരം: പശ്ചിമ ഘട്ടത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി ട്രക്കിംഗ്, മൗണ്ട്യൻ ബൈക്ക് ട്രക്ക്, മാരത്തോൺ ട്രെയിനിംഗ്, ഫ്ളയിംഗ് ഫോക്സ് സ്പോർട്സ്, റോപ്പ് ക്ലൈംബിംഗ്, ഹൈ ആറ്റിറ്റ്യൂഡ് കേന്ദ്രം തുടങ്ങിയവ ആരംഭിക്കുക.
- നദി/ കായൽ/കടൽ: ജില്ലയുടെ സവിശേഷമായ സാഹചര്യങ്ങളെ പ്രയോജനപ്പെടുത്തി ചങ്ങാട സഞ്ചാരം, നീന്തൽ പരിശീലനം, കാനോയിംഗ് & കയാക്കിംഗ്, വാട്ടർ സ്പോർട്സ് കോംപ്ലക്സ്, ബീച്ച് കബഡി, ബീച്ച് വോളിബോൾ, തുഴച്ചൽ കേന്ദ്രങ്ങൾ തുടങ്ങിയവ ആരംഭിക്കുക.
- കായിക വിനോദവും, ടൂറിസവും ബന്ധപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കുക.
- മലയോരത്തേയും കടലോരത്തെയും കായലോരത്തേയും കായിക വിനോദങ്ങളെ ഉൾപ്പെടുത്തി വികസിപ്പിക്കുക ഉദാ:- ഇടയിലക്കാട്, വലിയപറമ്പ് വാട്ടർ സ്പോർട്സ് കോംപ്ലക്സ്, റാണിപുരം ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ
- മറ്റു സംസ്ഥാനങ്ങളിൽ പ്രചാരമുള്ളതും സാഹചര്യത്തിന് ഇണങ്ങിയതുമായ കായിക ഇനങ്ങളെ പ്രാദേശിക അടിസ്ഥാനത്തിൽ വികസിപ്പിക്കുക. +ഉദാ:- കുടക് ജില്ലയുടെ സഹകരണത്തോടെ കാസറഗോഡ് അതിർത്തി പ്രദേശത്ത് ഹോക്കിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക. നമ്മുടെ തൊട്ടടുത്ത ജില്ലയിലെ കുടകിൽ നിന്നും നിരവധി അന്തർ ദേശീയ താരങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.
- സ്പോർട്സ് കൗൺസിലിന്റെ കീഴിൽ കായിക വികസനനിധി രൂപീകരിക്കുക.
- കായിക താരങ്ങൾക്ക് കായിക രംഗത്ത് നിലനിൽക്കാനും പ്രവർത്തിക്കാനുമുള്ള ജോലി സുരക്ഷയും സാമ്പത്തിക സുരക്ഷയും ഏർപ്പെടുത്തുക.
- സുരക്ഷാ സേനയിലെ കായിക താരങ്ങളുടെ സേവനം പ്രാദേശികമായി ഉപയോഗപ്പെടുത്തുക.
- സ്റ്റേറ്റ് സ്പോർട്സ് കൗൺസിലുകൾ ഉൾപ്പെടെയുള്ള എല്ലാ കൗൺസിലുകളിലും 50% കായിക താരങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.
- പശ്ചാത്തല വികസനം, സാമൂഹിക കായിക മേഖലയിലെ പ്രതിഭകളെ കണ്ടെത്തൽ, മികവിനുവേണ്ടിയുള്ള പരിശീലനം, മത്സരഘടന, കായിക സമ്പദ്ഘടന എന്നിവയ്ക്ക് ഊന്നൽ നൽകുക.

സംയോജന സാധ്യതകൾ

ജില്ലാ സ്പോർട്സ് കൗൺസിൽ നവ കേരളാ മിഷനുമായി ബന്ധപ്പെടുത്തി കുടുംബശ്രീ, നെഹ്റു യുവ കേന്ദ്ര , സ്പോർട്സ് ക്ലബുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ തുടങ്ങിയവയുമായി നേരിട്ട് ഇടപെടാനുള്ള സൗകര്യങ്ങൾ നടത്തേണ്ടതാണ്. ജില്ലയിൽ പ്രവർത്തിക്കുന്ന ഹെൽത്ത് ക്ലബുകൾ നിർബന്ധമായും ജില്ലാ സ്പോർട്സ് കൗൺസിലിൽ അഫിലിയേറ്റ് ചെയ്യുകയും ഇത്തരം ജിംനേഷ്യം/ ഹെൽത്ത് ക്ലബുകളുടെ പരിശീലകരുടെ അടിസ്ഥാന യോഗ്യത നിർണ്ണയിക്കേണ്ടതുമാണ്. വിവിധ രംഗത്ത് പ്രവർത്തിക്കുന്ന എൻ ജി ഒ കളുമായി സ്പോർട്സ് കൗൺസിലിനെ സംയോജിപ്പിക്കാവുന്നതാണ്. പ്രവാസികൾ, വ്യാപാരസ്ഥാപനങ്ങൾ തുടങ്ങിയവരുമായി ബന്ധപ്പെട്ട് വിവിധ മത്സരങ്ങൾക്കും കായിക താരങ്ങൾക്കും ആവശ്യമായ പ്രായോജകരെ സ്പോർട്സ് കൗൺസിലിനു കണ്ടെത്താവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾക്ക് വാർഡു തലത്തിലും, പഞ്ചായത്തുതലത്തിലും ജില്ലാ തലത്തിലും കോർഡിനേറ്റർമാരെ നിയമിക്കണം.

- വിളംബരം:- കായിക സാക്ഷരതാ പദ്ധതി പ്രഖ്യാപിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ കേന്ദ്രങ്ങളിലും ഒരേ ദിവസം ബഹു ജനങ്ങളെയും സംഘടനകളെയും സർക്കാർ സംവിധാനങ്ങളെയും ഉൾപ്പെടുത്തി വിളംബര പ്രഖ്യാപനം നടത്തുക.
- പദ്ധതികളുടെ ജില്ലാ പഞ്ചായത്ത് വാർഡുതല സമിതികൾ രൂപീകരിക്കുക. ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും ഒരു മാസത്തിനുള്ളിൽ പദ്ധതികളുടെ പ്രവർത്തനത്തിനാവശ്യമായ വിവിധ തട്ടുകളിലുള്ള പ്രവർത്തകർക്കുള്ള മാർഗ്ഗരേഖയും പരിശീലനവും നൽകുക.
- മൊബൈൽ ആപ്പുകൾ: പ്രതിഭകളെ കണ്ടെത്തുന്നതിനായി പോർട്ടൽ, ആഭ്യന്തര കായിക മേഖലയ്ക്കായി സംവേദന വെബ് സൈറ്റ്, കായിക അടിസ്ഥാന സൗകര്യങ്ങൾ കണ്ടെത്താനും ഉപയോഗിക്കുന്നതിനുമായി ജി ഐ എസ് അടിസ്ഥാനത്തിലുള്ള വിവരശേഖരണ സംവിധാനം തുടങ്ങിയവ കായികമേഖലയിലെ പ്രോത്സാഹനത്തിനായി ഉപയോഗിക്കുന്ന ആധുനിക ഉപഭോക്തൃത സൗഹൃദ സാങ്കേതിക വിദ്യകൾ ക്രമീകരിക്കുക.
- സംസ്ഥാനത്ത് ഉടനീളം ഒരു ദിവസം കായിക

സാക്ഷരതാ ദിനമായി പ്രഖ്യാപിച്ച് അന്നേ ദിവസം മുതൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന കായിക ക്ഷമതാ ക്യാമ്പുകൾ വാർഡുതലത്തിൽ സംഘടിപ്പിക്കുക. ശാരീരിക ക്ഷമതയടക്കമുള്ള ശാരീരികവും മാനസികവും സാമ്പത്തികവുമായുള്ള മുഴുവൻ വിവരങ്ങളും ശാസ്ത്രീയമായി സ്വീകരിക്കുകയും അടയാളപ്പെടുത്തുകയും ചെയ്യുക. ഇവ ജില്ലാ തലത്തിൽ ക്രോഡീകരിച്ച് സമഗ്ര കായിക ആരോഗ്യ ഭൂപടം തയ്യാറാക്കുക.

- വാർഡ്- പഞ്ചായത്ത്- ജില്ലാ സമിതികൾക്ക് പ്രവർത്തിക്കാൻ ആവശ്യമായ ഫണ്ട് മുൻകൂറായി നൽകുകയും ഫണ്ടിന്റെ വിനിയോഗം നിരന്തരം സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കുകയും ചെയ്യുക.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ

- പ്രധാന കായിക ഇനങ്ങളിൽ ജില്ലയിലെ 50 വിദ്യാലയങ്ങളിലെങ്കിലും ഡേ ബോർഡ് സ്കീം നടപ്പിലാക്കുക.
- ജില്ലയിലെ മുഴുവൻ ഹെൽത്ത് സെന്റർ/ ജിംനേഷ്യങ്ങളും സ്പോർട്സ് കൗൺസിലിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമാക്കി പ്രവർത്തിക്കണമെന്ന മാർഗ്ഗ രേഖ പുറപ്പെടുവിക്കുക.
- കായിക- ആരോഗ്യ വിദ്യാഭ്യാസപാഠ്യപദ്ധതിയുടെ മുഖ്യധാര വിഷയമാക്കുകയും വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കാനാവശ്യമായ പരിശീലനപരിപാടികൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും എല്ലാ സ്ഥാപനങ്ങളിലും പരിശീലകരെ വിന്യസിപ്പിക്കുകയും ചെയ്യുക.
- ഭക്ഷണപ്പുരകളും ശൗചാലയങ്ങളും ആധുനികവൽക്കരിക്കുകയും ശുചിത്വം ഉറപ്പുവരുത്തുകയും ചെയ്യുക.
- മാസം തോറും ആരോഗ്യക്യാമ്പുകൾ ഏർപ്പെടുത്തി ആരോഗ്യക്ഷമത ഉറപ്പുവരുത്തുക
- മൈതാനങ്ങളും കോർട്ടുകളും യുദ്ധകാലാടിസ്ഥാനത്തിൽ ആധുനികവൽക്കരിക്കുകയും ആവശ്യമായ സ്പോർട്സ് കിറ്റുകൾ ഉറപ്പുവരുത്തുകയും ചെയ്യുക.
- പുറമേ നിന്നുള്ള വിദഗ്ദ്ധപരിശീലകരുടെ സേവനം നിരന്തരം ഉറപ്പുവരുത്തുക.
- കായികമത്സരങ്ങൾക്കു പുറമേ മറ്റു സ്ഥാപനങ്ങളുമായി സഹകരിച്ചു കായിക ക്യാമ്പുകൾ സംഘടിപ്പിക്കുക.
- സ്വകാര്യ സ്കൂൾ, കോളേജ്, പ്രഫഷണൽ സ്ഥാപനങ്ങൾ എന്നിവയിൽ ആധുനിക രീതിയിലുള്ള കളിക്കളം നിർബന്ധമാക്കുക.
- രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ഒന്നിച്ചിരുത്തിയുള്ള കൗൺസിലിംഗ് നിർബന്ധമാക്കുക.

വാർഡു തലം

- ആരോഗ്യ- കായിക ഭൂപടം തയ്യാറാക്കുക.
- മുഴുവൻ ബഹുജനങ്ങൾക്കും ആരോഗ്യ- കായിക ക്ഷമതാ കാർഡ് വിതരണം ചെയ്യുക
- എല്ലാ വാർഡിലും ഒരു സ്പോർട്സ് പാർക്ക്
- തുറസ്സായ സ്ഥലങ്ങളിൽ വോളിബോൾ കോർട്ട്, ഖൊ-ഖൊ, കമ്പവലി, സ്ത്രീകളെ ശാസ്ത്രീകരിക്കുന്ന കായിക വിനോദങ്ങൾ, കബഡി, മാർഷ്യൽ കളിയിനങ്ങളായ കളരി എന്നിവയ്ക്കുള്ള സൗകര്യം ഒരുക്കുക.
- ശരിയായ ആരോഗ്യ ശീലങ്ങൾ വളർത്തിയെടുക്കാനുതകുന്ന ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക
- ജനങ്ങളിൽ പ്രത്യേകിച്ച് സ്ത്രീകളിലും കുട്ടികളിലും സഹകരണം, കൂട്ടായ്മ, ക്ഷമ, ആത്മവിശ്വാസം, ആത്മനിയന്ത്രണം, നിയമങ്ങൾ അനുസരിക്കൽ, സ്വയം പ്രതിരോധം എന്നീ ശീലങ്ങളും കഴിവുകളും കായികക്ഷമതയോടൊപ്പം വളർന്നുവരാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.
- സമീപത്തുള്ള സ്കൂളുകൾ, പൊതുസ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ചുള്ള കായിക പ്രവർത്തനങ്ങൾക്കു രൂപം നൽകുക.
- പുറമേ നിന്നുള്ള വിദഗ്ദ്ധ പരിശീലകരുടെ സേവനം നിരന്തരം ഉറപ്പുവരുത്തുക.
- കായിക മത്സരങ്ങൾക്കു പുറമേ മറ്റു സ്ഥാപനങ്ങളുമായി സഹകരിച്ചു കായിക- ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കുക.

പഞ്ചായത്ത്/മുൻസിപ്പൽ തലം

- ആരോഗ്യ- കായിക ഭൂപടം തയ്യാറാക്കുക
- മുഴുവൻ വാർഡുതല കായികാരോഗ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും, നിയന്ത്രിക്കുകയും ചെയ്യുന്ന പഞ്ചായത്ത്-മുൻസിപ്പൽ ഏകോപന സമിതിയെ സജ്ജമാക്കുക.
- പഞ്ചായത്ത്- മുൻസിപ്പൽ മൈതാനങ്ങളും കോർട്ടുകളും യുദ്ധകാലാടിസ്ഥാനത്തിൽ ആധുനികവൽക്കരിക്കുകയും ആവശ്യമായ കായിക ഉപകരണങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക. പ്രദേശത്തിന് അനുയോജ്യമായി ആധുനികവും പരമ്പരാഗതവുമായ കായികവിനോദങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- പ്രാദേശിക സാഹചര്യങ്ങൾക്ക് ഉതകുംവിധം ഓരോ പഞ്ചായത്തിലും ഒന്നോ അതിൽ കൂടുതലോ കായിക അക്കാദമികൾ സ്ഥാപിക്കുക.
- സമീപത്തുള്ള സ്കൂളുകൾ, സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് പഞ്ചായത്ത് കേന്ദ്രീകരിച്ചുള്ള കായിക വിദ്യാഭ്യാസ പദ്ധതികൾ തുടർച്ചയായി സംഘടിപ്പിക്കുക.

- കായിക മത്സരങ്ങൾക്കുപുറമേ മറ്റു സ്ഥാപനങ്ങളുമായി സഹകരിച്ച് പഞ്ചായത്തു- മുൻസിപ്പൽ തല കായിക-ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കുക.
- ആവശ്യമായ കായികോപകരണങ്ങളും പരിശീലകരും ധനവിനിയോഗ മാർഗ്ഗങ്ങളും സമയബന്ധിതമായി സജ്ജമാക്കുക.

ജില്ലാ തലം

- പദ്ധതിയുടെ നടത്തിപ്പ്, നിയന്ത്രണം എന്നിവ ജില്ലാ സ്പോർട്സ് കൗൺസിൽ ഏറ്റെടുക്കുക. മുഴുവൻ പഞ്ചായത്തു മുൻസിപ്പൽ തല കായികാരോഗ്യ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ജില്ലാതല സമിതിയെ മറ്റു ഏജൻസികളുടെ സഹകരണത്തോടെ സജ്ജമാക്കുക.
- ജില്ലയിലെ മുഴുവൻ സ്റ്റേഡിയങ്ങളും മൈതാനങ്ങളും കോർട്ടുകളും യുദ്ധകാലാടിസ്ഥാനത്തിൽ ആധുനികവൽക്കരിക്കുകയും ആവശ്യമായ കായിക ഉപകരണങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക.
- ഭൂപ്രകൃതിക്കും സംസ്കാരത്തിനും ജീവിതശൈലിക്കും യോജിച്ച രീതിയിലുള്ള ആധുനികവും പരമ്പരാഗതവുമായ കായികവിനോദങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പാടാക്കുക.
- ജില്ലാതലത്തിൽ അന്താരാഷ്ട്രനിലവാരമുള്ള ബാസ്ക്കറ്റ് ബോൾ, ഫുട്ബോൾ, വോളിബോൾ, കബഡി, തുഴച്ചിൽ, വടംവലി തുടങ്ങിയവയ്ക്കുള്ള അക്കാദമികൾ സ്ഥാപിക്കുക.
- ജില്ലയിലെ മുഴുവൻ ഹോസ്റ്റലുകളും ആധുനിക രീതിയിലുള്ള സർവ്വ സംവിധാനങ്ങളും ഏർപ്പെടുത്തി നവീകരിക്കുക.
- പെൺകുട്ടികൾക്കായി ആധുനിക രീതിയിലുള്ള ഹോസ്റ്റലുകൾ സ്ഥാപിക്കുക. ആൺകുട്ടികൾക്കും കൂടുതൽ ഹോസ്റ്റലുകൾ സ്ഥാപിക്കുക.
- കായിക മത്സരങ്ങൾക്കു പുറമേ മറ്റു സ്ഥാപനങ്ങളുമായി സഹകരിച്ച് ജില്ലാതല കായിക- ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കുക.
- ആവശ്യമായ കായികോപകരണങ്ങളും പരിശീലകരും ധനവിനിയോഗ മാർഗ്ഗങ്ങളും സമയബന്ധിതമായി സജ്ജമാക്കുക.
- ഇന്ത്യൻ നേവിയുടെ സഹായത്തോടെ കാസറഗോഡും വലിയപറമ്പിലും തുഴച്ചിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുക.
- കോട്ടഞ്ചേരി- റാണിപുരം ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ സാധ്യതാ റിപ്പോർട്ട് തയ്യാറാക്കുക.
- വലിയ പറമ്പ- ഇടയിലക്കാട് കായലിൽ വാട്ടർ സ്പോർട്സ് കോംപ്ലക്സിനുള്ള പ്രാരംഭ നടപടികൾ.
- ജില്ലയിൽ അനുയോജ്യമായ സ്ഥലത്ത് അക്വാറ്റിക് കോംപ്ലക്സ് സ്ഥാപിക്കുക.
- ജില്ലയിൽ അനുയോജ്യമായ സ്ഥലത്തു ഒരു ആധുനിക സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുക.
- മലയോര മേഖലയിൽ ഒരു അമ്പെയ്ത്തു പരിശീലന കേന്ദ്രം സ്ഥാപിക്കുക.
- കുടക് (കൂർഗ്) ഹോക്കി അസോസിയേഷന്റെ സഹകരണത്തോടെ മുള്ളേരിയയിൽ ഒരു ഹോക്കി ടർഫ് സ്ഥാപിക്കുക.

തുടർ പ്രവർത്തനം

- ജില്ലയിൽ അനുയോജ്യമായ സ്ഥലത്ത് തുഴച്ചിൽ അക്കാദമി.
- വലിയപറമ്പ് കേന്ദ്രമാക്കി അക്വാട്ടിക്ക് കോംപ്ലക്സും അന്താരാഷ്ട്ര വാട്ടർ സ്പോർട്സ് കോംപ്ലക്സും സ്ഥാപിക്കുക.
- കാഞ്ഞങ്ങാട് കേന്ദ്രീകരിച്ച് മലബാർ സ്പോർട്സ് കോംപ്ലക്സ് പ്രവർത്തനമാരംഭിക്കുക. ഇതിൽ ഇൻഡോർ സ്റ്റേഡിയം സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ മൈതാനം, ക്രിക്കറ്റ് ഫീൽഡ്, ജിംനേഷ്യം, ഹെൽത്ത് സെന്റർ തുടങ്ങിയവ സജ്ജീകരിക്കുക.
- എല്ലാ അസോസിയേഷനു കീഴിലും കായിക അക്കാദമികൾ സ്ഥാപിക്കുക.
- ബേക്കലിൽ ബീച്ച് ഗെയിംസ് സെന്റർ സ്ഥാപിക്കുക.
- കോട്ടഞ്ചേരി ട്രക്കിംഗ് ക്ലബ് സ്ഥാപിക്കുക.
- ഭിന്നശേഷിക്കാർക്ക് സ്പോർട്സ്& റിക്രിയേഷൻ കേന്ദ്രം ജില്ലയിൽ അനുയോജ്യമായ സ്ഥലത്ത് സ്ഥാപിക്കുക.
- ഭിന്ന ലിംഗക്കാർക്ക് പ്രത്യേകം കായിക വിനോദ കേന്ദ്രവും കായികസംഘടനയും ഉണ്ടാക്കുക.

4.2.5 കുടിവെള്ളം

ആമുഖം

കേരളത്തിൽ ആകെയുള്ള 44 നദികളിൽ 12 എണ്ണവും കാസറഗോഡ് ജില്ലയിലാണ്. കർണ്ണാടക സംസ്ഥാനവുമായി അതിർത്തി പങ്കിടുന്ന കാസറഗോഡ് ജില്ല മഴയുടെ ലഭ്യതയിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. വർഷത്തിൽ ശരാശരി ലഭിക്കുന്ന മഴയായ 3500 മി.മീറ്ററിൽ ഏകദേശം 75 ശതമാനം ജൂൺ മുതൽ സെപ്തംബർ വരെ നീളുന്ന തെക്ക് പടിഞ്ഞാറൻ കാലവർഷത്തിലും 15 ശതമാനം ഒക്ടോബർ നവംബർ മാസങ്ങളിൽ വടക്കു കിഴക്കൻ തുലാവർഷത്തിലും 10 ശതമാനം ഏപ്രിൽ മെയ് മാസങ്ങളിൽ വേനൽ മഴയിലും ലഭിക്കുന്നു. ഇത് ദേശീയ ശരാശരിയെക്കാൾ രണ്ടര ഇരട്ടി കൂടുതലാണ്. എന്നാൽ ചെങ്കുത്തായ മലനിരകൾ നിറഞ്ഞ ഭൂപ്രകൃതി മൂലവും ചെറിയ കാലയളവിൽ ലഭിക്കുന്ന ശക്തമായ മഴയും കാരണം പ്രകൃത്യാ പെയ്യുന്ന മഴയുടെ ഭൂരിഭാഗവും മണ്ണിൽ ഊർന്നിറങ്ങാതെ സമുദ്രത്തിൽ എത്തിപ്പെടുന്നു. അമൂല്യമായ ജലസമ്പത്ത് പരിമിതമാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കാതെ, അമിതമായ ജല ഉപയോഗവും ലഭ്യമായ ശുദ്ധജലം പല രീതിയിൽ മലിനപ്പെടുത്തുന്നതും മൂലം കുടിവെള്ള മേഖല ഇന്ന് വലിയ ഭീഷണി നേരിടുകയാണ്. കൂടാതെ ജനസംഖ്യാ വർദ്ധന, ആഗോളതാപനത്തിനിടയാക്കുന്ന പ്രവൃത്തികൾ, വനനശീകരണം, കുന്നിടിക്കൽ, അമിതവും അശാസ്ത്രീയവുമായ കുഴൽകിണറുകളുടെ നിർമ്മാണം, പരിസ്ഥിതി മലിനീകരണം തുടങ്ങിയവ രൂക്ഷമായ വരൾച്ചയ്ക്ക് ആക്കം കൂട്ടുന്നു.

തുറന്ന കിണർ, കുഴൽ കിണർ, ഫിൽറ്റർ പൊയിന്റ് കിണർ, സുരംഗം തുടങ്ങിയവയാണ് ജില്ലയിലെ പ്രധാന കുടിവെള്ള സ്രോതസ്സുകൾ.

മേപ്പ് 4.2.5.1: പ്രധാന കുടിവെള്ള സ്രോതസ്സുകൾ



അവലംബം: ഭൂഗർഭ ജലവകുപ്പ്, കാസറഗോഡ്

കുടിവെള്ളം

ജില്ലയിലെ 12 നദികളിൽ വലുതെന്ന് പറയാവുന്നതും കുടിവെള്ളത്തിന് ആശ്രയിക്കാൻ പറ്റുന്നതുമായവ നാലെണ്ണം മാത്രമാണ്.

മേപ്പ് 4.2.5.2: കാസറഗോഡ് ജില്ലയിലെ നദികൾ



അവലംബം: ഭൂഗർഭ ജലവകുപ്പ്, കാസറഗോഡ്

മറ്റ് നദികളെല്ലാം തീരത്തോട് ചേർന്നതും മഴക്കാലത്തൊഴികെ നീരൊഴുക്ക് കുറഞ്ഞതും ഉപ്പുവെള്ളം കയറുന്നതുമായതിനാൽ കുടിവെള്ളത്തിന് പ്രയോജനപ്പെടുത്താൻ പറ്റുന്നവയല്ല.

ജലലഭ്യത-ജില്ലയുടെ ഇന്നത്തെ അവസ്ഥ

ജില്ലയുടെ നിമ്നോന്നതങ്ങളായ ഭൂപ്രകൃതി വെള്ളം വേഗത്തിൽ ഒഴുകി നഷ്ടപ്പെടാനുള്ള സാധ്യത കൂട്ടുന്നു. എന്നാൽ നിബിഡമായ സസ്യാവരണവും വനങ്ങളും ഇത്തരം ചെരിഞ്ഞ ഭൂപ്രകൃതിയ്ക്ക് സംരക്ഷണമായി നിലനിന്നിരുന്നതു കൊണ്ട് മുമ്പ് ജലക്ഷാമം കഠിനമായി അനുഭവപ്പെട്ടിരുന്നില്ല. ജില്ലയിലെ നദികളെല്ലാം ഉത്ഭവിക്കുന്ന പശ്ചിമഘട്ട മലനിരകളിലെ വനനശീകരണവും അനിയന്ത്രിതമായ ക്വാറികളുടെ ആവിർഭാവവും മൂലം വെള്ളം ആഗിരണം ചെയ്ത് സൂക്ഷിച്ച് വെക്കാനും ഉറവകളായി നദികളിലൂടെ താഴ്വരകളിലെത്തിക്കാനുമുള്ള മണ്ണിന്റെ കഴിവ് കുറഞ്ഞു. ഇടനാട്ടിലും തീരപ്രദേശങ്ങളിലുമുണ്ടായിരുന്ന കുളങ്ങളും പാടങ്ങളും തണ്ണീർത്തടങ്ങളും പരമാവധി നികത്തപ്പെട്ടു. ജലസംഭരണത്തിന്റെ മുഖ്യ കേന്ദ്രങ്ങളായിരുന്ന കുന്നുകൾ ഇടിച്ചു നിരത്തിയതും പുഴകളിലെയും സമീപപ്രദേശങ്ങളിലെയും ഭൂജലത്തെ പരിപോഷിപ്പിച്ചിരുന്ന മണൽ അശാസ്ത്രീയമായി ഊറ്റിയെടുത്തതും നിലവിലുള്ള ജലത്തെ മലിനീകരിച്ചതും കാരണം ജില്ലയിൽ കടുത്ത ജലക്ഷാമം അനുഭവപ്പെട്ടു തുടങ്ങി. ബഹുവിള കാർഷികവ്യവസ്ഥയിൽ നിന്നും

നാണ്യവിള, ഏകവിള കൃഷിയിലേക്ക് മാറിയതും നെൽ കൃഷി പോലുള്ള പരമ്പരാഗതമായ കൃഷിരീതികൾ ഉപേക്ഷിച്ചതും ജലലഭ്യതയെ പ്രതികൂലമായി ബാധിച്ചു. ജനസംഖ്യാവർദ്ധനവിനനുസരിച്ച് അണുകുടുംബ വ്യവസ്ഥയിലേക്ക് മാറിയപ്പോൾ കെട്ടിടങ്ങളുടെയും കിണറുകളുടെയും നിർമ്മാണവും ജല ഉപഭോഗവും വർദ്ധിക്കുകയും പ്രകൃത്യാലുള്ള ജലസംപോഷണമാർഗ്ഗങ്ങൾ ഇല്ലാതാവുകയും ചെയ്തു. കിണറിന്റെ ജലലഭ്യത നോക്കാതെ പമ്പ് ഘടിപ്പിക്കുന്നതും അശാസ്ത്രീയവും അമിതവുമായ കുഴൽ കിണർ നിർമ്മാണവും ആപൽക്കരമായ പ്രവണതയാണ്. അലക്ഷ്യമായ മാലിന്യ സംസ്കരണം കൂടിചേർന്നപ്പോൾ നിലവിലുള്ള ജല സ്രോതസ്സുകൾ നിശ്ശേഷം മലിനമാകുന്ന അവസ്ഥ സംജാതമായി.

സംസ്ഥാന ശരാശരിയെക്കാൾ കൂടുതൽ മഴ ലഭിക്കുന്ന ജില്ലയാണെങ്കിലും മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ഇവിടം രൂക്ഷമായ വരൾച്ച നേരിടുന്നു. ജില്ലയിൽ തുറന്ന കിണറുകൾ, കുഴൽ കിണറുകൾ എന്നിവയാണ് പ്രധാന ഭൂജലനിർമ്മിതികൾ. കേരളത്തിൽ തിരശ്ചീന കിണറുകൾ (സുരങ്കങ്ങൾ) ഉള്ളത് കാസർകോട് ജില്ലയിൽ മാത്രമാണ്. എന്നാൽ ഇത്തരം കിണറുകളുടെയും കുളങ്ങളുടെയും നിർമ്മാണവും പരിപാലനവും ഉറപ്പുവരുത്താതെ അനിയന്ത്രിതവും അശാസ്ത്രീയവുമായ കുഴൽ കിണറുകളുടെ നിർമ്മാണം തികച്ചും ആപത്കരമാണ്. ധാരാളം ജലമുണ്ടായിരുന്ന ബഹുഭൂരിപക്ഷം കിണറുകളും കുഴൽകിണറുകളും പ്രതിവർഷം ജലനിരപ്പ് കുറഞ്ഞു വറ്റി വരണ്ടുകൊണ്ടിരിക്കുകയാണ്. ജല ലഭ്യതക്കുവേണ്ടി കിണറുകളുടെ ആഴം വർഷം തോറും കൂട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ഭൂജല വകുപ്പിന് കീഴിലുള്ള 70 നിരീക്ഷണ കിണറുകളുടെ ദീർഘകാലജലവിതാനം അപഗ്രഥിക്കുമ്പോൾ ഭൂരിഭാഗം കിണറുകളുടെയും ജലവിതാനം വർഷം തോറും താഴ്ന്നു വരുന്നതായി കാണാം. ഭൂജല വിനിയോഗം അമിതമായി നടന്നുവരുന്ന പ്രദേശമാണ് കാസറഗോഡ് ജില്ല. 2003 ലെ ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം കാസർകോട് നഗരസഭയും ചെങ്കള, മുളിയാർ, കാറഡുക്ക, ദേലമ്പാടി, ചെമ്മനാട്, മധൂർ, കുറ്റിക്കോൽ, ബേഡഡുക്ക, മൊഗ്രാൽ പുത്തൂർ എന്നീ ഗ്രാമ പഞ്ചായത്തുകളും ഉൾപ്പെടുന്ന പഴയ കാസറഗോഡ് ബ്ലോക്ക് പ്രദേശം അമിത ജല ചൂഷിത പ്രദേശമാണ്. കേരള സർക്കാർ 19/11/2005 മുതൽ ഈ ബ്ലോക്ക് ഭൂഗർഭജല ചൂഷണ നിയന്ത്രണം ചെയ്യപ്പെട്ട പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്.

കൂടാതെ ജില്ലയിലെങ്ങും സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കുഴൽ കിണർ നിർമ്മാണത്തിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി പത്രവും നിർബന്ധമാക്കിയിട്ടുണ്ട്.

ഭൂജല വകുപ്പിന്റെ കണക്കനുസരിച്ച് (ജി. ഇ. സി 2013) കേരളത്തിലെ 14 ജില്ലകളിൽ ഏറ്റവും കൂടുതൽ ഭൂജല ചൂഷണം നടന്നിട്ടുള്ളത് കാസറഗോഡ് ജില്ലയിലാണ് (69%).

ചിത്രം 4.2.5.1: ജില്ലയിലെ ബ്ലോക്ക് തിരിച്ചുള്ള ഭൂജല വിനിയോഗം



അവലംബം: ഭൂഗർഭ ജലവകുപ്പ്

മുകളിൽ നൽകിയ ഗ്രാഫ് പ്രകാരം ഏറ്റവും ഗുരുതരാവസ്ഥയിൽപ്പെട്ടത് പഴയ കാസറഗോഡ് ബ്ലോക്കാണ് (91%). ഇവിടെ സ്രോതസ്സിലെ ജല ലഭ്യതയും ജലത്തിന്റെ ആവശ്യകതയും കണക്കാക്കാതെ ശേഷി കൂടിയ പമ്പ് സെറ്റുകൾ ഉപയോഗിക്കുന്നതു മൂലം കിണറുകൾ വേഗത്തിൽ വറ്റുകയും ജലക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു. വിളകൾക്ക് ആവശ്യമായ ജലം മാത്രം ശാസ്ത്രീയമായ രീതിയിൽ ഉപയോഗി

ക്കുകയെന്നത് ഭൂഗർഭജലസംരക്ഷണത്തിന് അനിവാര്യമാണ്. ജില്ലയിലെ ഭൂഗർഭജല ചൂഷണം ഏറ്റവും കൂടുതൽ നടക്കുന്നത് കാർഷിക മേഖലയിലാണ് എന്നത് ശ്രദ്ധാർഹമായ വസ്തുതയാണ്.

ഭൂജലവിതാനത്തിലുള്ള ദീർഘകാലവ്യതിയാനം 2017-18 വർഷത്തെ ഭൂജല വിതാനവുമായി താരതമ്യം ചെയ്യുമ്പോൾ ജില്ലയിലെ നിരീക്ഷണ കിണറുകളിലെ 85 ശതമാനത്തിലും ജല നിരപ്പ് താഴുന്നതായി കാണുന്നു. ജില്ലയിലെ വിവിധ സ്ഥലങ്ങളിലുള്ള നിരീക്ഷണ കിണറുകളുടെ ഹൈഡ്രോഗ്രാഫും ജലവിതാനത്തിലുള്ള വ്യതിയാനങ്ങളും താഴെ കൊടുത്തിരിക്കുന്നു.

മഞ്ചേശ്വരം ബ്ലോക്ക്

ഏറ്റവും കൂടുതൽ ജലനിരപ്പ് താഴ്ന്നിട്ടുള്ളത് മഞ്ചേശ്വരം ബ്ലോക്കിലെ എൻമകജെ ഗ്രാമ പഞ്ചായത്തിലാണ് (6.62 മീ). വോർക്കാടി, മംഗൽപ്പാടി, പൈവളികെ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ ജലവിതാനം താഴ്ന്നു കൊണ്ടിരിക്കുന്നു. മഞ്ചേശ്വരം ബ്ലോക്ക് പരിധിയിലെ 85% കിണറുകളിലും ജലനിരപ്പ് താഴ്ന്നു കൊണ്ടിരിക്കുന്നവയാണ്.

ചിത്രം 4.2.5.2: Hydrograph of Bayar (PZKGD249)



ചിത്രം 4.2.5.3: Hydrograph of Enmakaje (PZKGD247)



കുടിവെള്ളം

ചിത്രം 4.2.5.4: Hydrograph of Kalathur (PZKGD251)



കാസറഗോഡ് ബ്ലോക്ക്

കാസറഗോഡ് ബ്ലോക്കിൽ ഏറ്റവും കൂടുതൽ ജല വിതാനം താഴ്ന്നിട്ടുള്ളത് ചെങ്കള ഗ്രാമപഞ്ചായത്തിലാണ് (5.302 മീ). കൂടാതെ കാസറഗോഡ് നഗരസഭയിലെയും ബദിയടുക്ക, കുമ്പള എന്നീ ഗ്രാമ പഞ്ചായത്തുകളിലെയും ഭൂജല വിതാനം താഴ്ന്നുവരികയാണ്. ബ്ലോക്കിലെ 86% കിണറുകളിലെയും ജല നിരപ്പ് താഴ്ന്നു കൊണ്ടിരിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

ചിത്രം 4.2.5.5: Hydrograph of Pady (PZKGD248)



ചിത്രം 4.2.5.6: Hydrograph of Badiyadka (PZKGD244)



കാറഡുക്ക ബ്ലോക്ക്

കാറഡുക്ക ബ്ലോക്കിലെ 83% കിണറുകളും ജലനിരപ്പ് താഴ്ന്നുവരുന്ന നിലയിലാണ്. ജലവിതാനം ഏറ്റവും കൂടുതൽ താഴ്ന്നിട്ടുള്ളത് കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലാണ് (4.078 മീ). ദേലമ്പാടി, കുമ്പഡാജെ, മുളിയാർ, ബേഡഡുക്ക എന്നീ ഗ്രാമ പഞ്ചായത്തുകളിലും ജല നിരപ്പ് താഴ്ന്നുവരുന്നതായി കാണുന്നു.

ചിത്രം 4.2.5.7: Hydrograph of Kuttikol (PZKGD257)



കുടിവെള്ളം

ചിത്രം 4.2.5.8: Hydrograph of Bandadka (PZKGD242)



ചിത്രം 4.2.5.9: Hydrograph of Karadka (PZKGD243)



കുടിവെള്ളം

ചിത്രം 4.2.5.10: Hydrograph of Kumbadaje (PZKGD250)



കാഞ്ഞങ്ങാട് ബ്ലോക്ക്

കാഞ്ഞങ്ങാട് ബ്ലോക്കിലെ 100% കിണറുകളിലും ജലനിരപ്പ് താഴുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. ഏറ്റവും കൂടുതൽ താഴ്ന്നിട്ടുള്ളത് പള്ളിക്കര ഗ്രാമ പഞ്ചായത്തിലെ പനയാൽ എന്ന സ്ഥലത്താണ് (3.63 മി.). പുല്ലൂർ-പെരിയ, അജാനൂർ, കാഞ്ഞങ്ങാട് തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജലവിതാനം താഴ്ന്നുവരുന്ന സ്ഥിതിയാണ് ഉള്ളത്.

ചിത്രം 4.2.5.11: Hydrograph of Ajanoor (PZKGD258)



കുടിവെള്ളം

നീലേശ്വരം ബ്ലോക്ക്

നീലേശ്വരം ബ്ലോക്കിലെ 88% നിരീക്ഷണ കിണറുകളിലും ജലവിതാനം താഴ്ന്നുവരുന്ന സ്ഥിതിയാണുള്ളത്. കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്തിലെ ചീമേനിയിലാണ് ഏറ്റവും കൂടുതൽ ജലവിതാനം (2.734 മീ.) താഴ്ന്നിട്ടുള്ളത്. തൃക്കരിപ്പൂർ, ചെറുവത്തൂർ, നീലേശ്വരം എന്നിവിടങ്ങളിലെല്ലാം സമാനമായ രീതിയിൽ ജലവിതാനം താഴുന്നുണ്ട്.

ചിത്രം 4.2.5.12: Hydrograph of Perole (PZKGD256)



ചിത്രം 4.2.5.13: Hydrograph of Chennai (PZKGD238)



പരപ്പ ബ്ലോക്ക്

പരപ്പ ബ്ലോക്കിലെ 80% കിണറുകളിലും പ്രതി വർഷം ജലനിരപ്പിൽ കുറവ് വരുന്നതായി പഠനങ്ങൾ കാണിക്കുന്നു. ജലനിരപ്പിൽ കൂടിയ താഴ്ച രേഖപ്പെടുത്തിയിട്ടുള്ളത് കള്ളാർ ഗ്രാമ പഞ്ചായത്തിലാണ് (3.17 മീ). പനത്തടി, കോടോം ബേളൂർ, കിനാനൂർ കരിന്തളം, ബളാൽ, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി എന്നീ ഗ്രാമ പഞ്ചായത്തുകളിലും ഭൂജല വിതാനം താഴ്ന്നു വരികയാണ്.

മേപ്പ് 4.2.5.3: ജില്ലയിലെ ഭൂഗർഭ ജലവിതാനം



ഭൂജലവകുപ്പിൽ നിന്നുള്ള മാപ്പ് പ്രകാരം ഭൂഗർഭ ജലവിതാനം ഏറ്റവും താഴ്ന്നിരിക്കുന്ന ഗ്രാമ പഞ്ചായത്തുകൾ വോർക്കാടി, ബദിയടുക്ക, കുമ്പഡാജെ, പുത്തിഗെ, കുറ്റിക്കോൽ എന്നിവയാണ്. ഈ ഗ്രാമ പഞ്ചായത്തുകളിൽ ഭൂരിഭാഗം പ്രദേശങ്ങളിലും ജലവിതാനം 25 മീറ്ററിൽ താഴെയാണ്.

കുമ്പഡാജെ, മധൂർ, മുളിയാർ, കാറഡുക്ക, ദേലംപാടി, പനത്തടി തുടങ്ങിയ ഗ്രാമ പഞ്ചായത്തുകളിൽ ഭൂഗർഭജലവിതാനം ഉയർത്താൻ വേണ്ടി മഴക്കാല റീചാർജിങ്ങ് അടക്കമുള്ള അടിയന്തിര ജലസുരക്ഷാനടപടികൾ കൈകൊള്ളേണ്ടതുണ്ട്.

ശുദ്ധജലലഭ്യത, കുടിവെള്ള വിതരണം- അവലോകനം

ജില്ലയിലെ ജനങ്ങൾ കുടിവെള്ളത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് വീട്ടുമുറ്റത്തോ പരിസരത്തോ ഉള്ള തുറന്ന കിണർ, കുഴൽക്കിണർ എന്നിവയെയാണ്. കേരള വാട്ടർ അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാ വിഭാഗം ജില്ലയിലെ എല്ലാ ഭാഗങ്ങളിൽ നിന്നും വെള്ളത്തിന്റെ സാംപിൾ ശേഖരിച്ച്

കുടിവെള്ളം

പരിശോധന നടത്തി, റിപ്പോർട്ട് ഐ.എം.ഐ.എസ് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യാറുണ്ട്. ഇതിന്റെ വിശകലനം പ്രകാരം നിലവിൽ ജില്ലയിലെ ജനങ്ങൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്ന തുറന്ന കിണറുകളിൽ 80% ത്തിലും ക്വോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം പ്രകടമാണെന്ന് കാണുന്നു. ഭൂജല വകുപ്പിന്റെ നിരീക്ഷണ കിണറുകളിലെ ജലം ശേഖരിച്ച് മൂന്ന് മാസത്തിലൊരിക്കൽ രാസഗുണനിലവാരപരിശോധന നടത്തിവരുന്നുണ്ട്. അവയിലെ വിവിധ രാസഘടകങ്ങളുടെ കോണ്ടൂർ ചിത്രങ്ങൾ താഴെ ചേർക്കുന്നു. ഇതനുസരിച്ച് ജില്ലയുടെ പല മേഖലകളിലും കുഴൽ കിണറുകളിൽ ഇരുമ്പിന്റെ അംശം അനുവദനീയമായ അളവിലും കൂടുതൽ കാണപ്പെടുന്നുണ്ട്. വേനലിൽ തീരപ്രദേശങ്ങളിലെ തുറന്ന കിണറുകളിലും ഫിൽറ്റർ പോയിന്റ് കിണറുകളിലും ഉപ്പിന്റെ അംശം കൂടുതലായി കാണുന്നു. എന്നാൽ മറ്റു രാസഘടകങ്ങളെല്ലാം അനുവദനീയമായ അളവിനുള്ളിലാണ്.

മേപ്പ് 4.2.5.4: Flourine & Iron in Groundwater



മേപ്പ് 4.2.5.5: ജില്ലയിലെ ഭൂഗർഭ ജലവിതാനം



കുടിവെള്ളം

മേപ്പ് 4.2.5.6: വെള്ളത്തിന്റെ കാഠിന്യ നിലവാരവും, പി.എച്ച്. മൂല്യവും



മേപ്പ് 4.2.5.7: കാത്സ്യം, മഗ്നീഷ്യം എന്നിവയുടെ സാന്നിധ്യം



കുടിവെള്ളം

മേപ്പ് 4.2.5.8: നൈട്രേറ്റ്, സൾഫേറ്റ് എന്നിവയുടെ സാന്നിധ്യം



മേപ്പ് 4.2.5.9: ഭൂഗർഭജലത്തിലെ സവിശേഷ ഘടകങ്ങൾ



കുടിവെള്ളം

മേപ്പ് 4.2.5.10: പൊട്ടാഷ്യം, ബൈകാർബണേറ്റ്-സാന്നിധ്യം



ഭൂജലവകുപ്പിന്റെ സർവ്വേ അനുസരിച്ച് തയ്യാറാക്കിയ മാപ്പുകളിൽ നിന്നുള്ള വിശകലന പ്രകാരം പനത്തടി ഗ്രാമപഞ്ചായത്തിലെ ഹൈറേഞ്ചിൽ ഫ്ളൂറൈഡിന്റെ അളവും ബേഡഡുക്ക ഗ്രാമപഞ്ചായത്തിൽ ഇരുമ്പിന്റെ അളവും അധികമാണ്. കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിൽ ജലകാഠിന്യം അനുഭവപ്പെടുന്നുണ്ട്. എന്നാൽ പള്ളിക്കര ഗ്രാമപഞ്ചായത്തിൽ ജലകാഠിന്യത്തോടൊപ്പം ക്ലോറൈഡിന്റെയും നൈട്രേറ്റിന്റെയും അളവും കൂടുതലാണ്. ഈ പ്രദേശങ്ങളിലെല്ലാം മഴക്കാല റീചാർജിംഗിലൂടെ പ്രസ്തുത ഘടകങ്ങളുടെ അളവ് കുറക്കേണ്ടതാണ്.

കേരള വാട്ടർ അതോറിറ്റി, ജലനിധി, ഭൂജലവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകൾ എന്നിങ്ങനെ വിവിധ ഏജൻസികൾ വഴി ജില്ലയിൽ നിരവധി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ജില്ലയിലെ ഭൂപ്രകൃതിയുടെ പ്രത്യേകത കാരണം മുഴുവൻ പ്രദേശങ്ങളിലേക്കും പൈപ്പ്ലൈൻ വഴി ശുദ്ധജലം എത്തിക്കുക പ്രായോഗികമല്ല. വിവിധ വകുപ്പുകൾ ജില്ലയിൽ നടപ്പിലാക്കിയ കുടിവെള്ളവിതരണ പദ്ധതികൾ മുഖേന 30% പേർക്ക് മാത്രമേ നിലവിൽ കുടിവെള്ളം ലഭ്യമാക്കാൻ കഴിയുന്നുള്ളൂ. ഇതിൽ 20% ജനങ്ങൾക്ക് മാത്രമാണ് ശുദ്ധീകരിച്ച ജലം ലഭ്യമാകുന്നത്. ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരം മനുഷ്യരെ ബാധിക്കുന്ന 85% രോഗങ്ങളുടെയും നിദാനം ശുദ്ധമല്ലാത്ത ജലത്തിന്റെ ഉപയോഗമാണ്.

പട്ടിക 4.2.5.1: ജില്ലയിൽ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ ശുദ്ധീകരണ ശാലകളോടുകൂടിയ കുടിവെള്ള പദ്ധതികൾ.

ക്രമ നമ്പർ	പദ്ധതിയുടെ പേര്	പ്രയോജനം ലഭിക്കുന്ന ഗ്രാമ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി	സ്ഥാപിത ശേഷി (മില്യൻ ലിറ്റർ)	പ്രയോജനം ലഭിക്കുന്ന ജനങ്ങളുടെ എണ്ണം	അഭിപ്രായങ്ങൾ
1.	വോർക്കാടി കുടിവെള്ള പദ്ധതി	വോർക്കാടി, മഞ്ചേശ്വരം	ദിനംപ്രതി 6.50	5000	പദ്ധതിയുടെ പൂർണ്ണശേഷി വിനിയോഗിക്കുന്നതിനുവേണ്ടി കൂടുതൽ സ്ഥലത്ത് പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതുണ്ട്
2.	ഉപ്പള കുടിവെള്ള പദ്ധതി	മംഗൽപാടി	4.00	15000	സ്രോതസ്സിന്റെ ശേഷി വർദ്ധിപ്പിച്ച് കൂടുതൽ സ്ഥലത്തേക്ക് പൈപ്പ്ലൈൻ സ്ഥാപിക്കേണ്ടതുണ്ട്.

കുടിവെള്ളം

3.	എൻമകജെ കുടിവെള്ള പദ്ധതി	എൻമകജെ	4.00	5000	ശേഷി മുഴുവനായും പ്രയോജനപ്പെടുത്തുന്നില്ല. സ്രോതസ്സിനടുത്തുള്ള തടയണയുടെ പണി പൂർത്തിയാവുമ്പോൾ കൂടുതൽ സ്ഥലത്തേക്ക് പൈപ്പ് ലൈൻ നീട്ടാവുന്നതാണ്.
4.	ബദിയഡുക്ക നീർച്ചാൽ കുടിവെള്ള പദ്ധതി	ബദിയടുക്ക	1.866	8000	ശേഷി മുഴുവനായും പ്രയോജനപ്പെടുത്തുന്നില്ല. സ്രോതസ്സിന്റെ ശേഷി വർദ്ധിപ്പിക്കുകയും ചെറിയ വ്യാസമുള്ള പൈപ്പുകൾ മാറ്റി വലിയ പൈപ്പുകൾ സ്ഥാപിക്കുകയും വഴി കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.
5.	ബംബ്രാണ കുടിവെള്ള പദ്ധതി	കുമ്പള	3.00	8000	ശേഷി മുഴുവനായും പ്രയോജനപ്പെടുത്തുന്നില്ല. സ്രോതസ്സിന്റെ ശേഷി വർദ്ധിപ്പിച്ച് ചെറിയ വ്യാസമുള്ള പൈപ്പുകൾ മാറ്റി വലിയ പൈപ്പുകൾ സ്ഥാപിക്കുക വഴി കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.
6.	കാസറഗോഡ് കുടിവെള്ള പദ്ധതി	കാസറഗോഡ് മുനിസിപ്പാലിറ്റി, ചെങ്കള, മുളിയാർ, മധൂർ, മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്തുകൾ	8.00	40000	ബാവിക്കരയിലെ തടയണ നിർമ്മാണം പൂർത്തിയാക്കണം. ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന വിപുലീകരണ പദ്ധതി പൂർത്തിയാക്കുകയും നിലവിലെ പഴകിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുകയും വേണം
7.	ബി.ആർ.ഡി.സി കുടിവെള്ള പദ്ധതി	പള്ളിക്കര, ഉദുമ, അജാനൂർ	7.00	40000	പുതിയ തടയണയും 20 ഉപരിതല സംഭരണികളും സ്ഥാപിക്കുക വഴി കൂടുതൽ സ്ഥലങ്ങളിലേക്ക് പ്രയോജനപ്പെടുത്താൻ കഴിയും.
8.	വെസ്റ്റ് എളേരി കുടിവെള്ള പദ്ധതി	വെസ്റ്റ് എളേരി	3.00	6000	ശേഷി മുഴുവനായും പ്രയോജനപ്പെടുത്തുന്നില്ല. കൂടുതൽ സ്ഥലത്തേക്ക് പൈപ്പ്ലൈൻ സ്ഥാപിക്കേണ്ടതുണ്ട്.
9.	മാലോത്ത് കുടിവെള്ള പദ്ധതി	ബളാൽ	1.63	2000	കുടിവെള്ള വിതരണ ശൃംഖലയുടെ പരിമിതി കാരണം ശേഷി മുഴുവനായും ഉപയോഗപ്പെടുത്തുന്നില്ല. കൂടാതെ ഇപ്പോഴുള്ള സ്രോതസ്സിൽ നിന്ന് 2 കിലോമീറ്റർ വിട്ടുമാറി 2.5 മീറ്റർ ഉയരത്തിൽ തടയണ സ്ഥാപിക്കേണ്ടിയിരിക്കുന്നു.
10.	മുന്നാട് ബേഡഡുക്ക കുറ്റിക്കോൽ കുടിവെള്ള പദ്ധതി	ബേഡഡുക്ക കുറ്റിക്കോൽ	3.00	8000	കുടിവെള്ള വിതരണ ശൃഖലയുടെ പരിമിതി കാരണം ശേഷി മുഴുവനായും പ്രയോജനപ്പെടുത്തുന്നില്ല. വിപുലീകരണ പ്രവൃത്തി പുരോഗമിക്കുന്നു.

മേൽ പദ്ധതികളുടെ ശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്താൻ സ്രോതസ്സിന്റെ നവീകരണം, കൂടുതൽ സ്ഥലങ്ങളിലേക്ക് പൈപ്പ് നീട്ടൽ, പഴകിയ പൈപ്പുകൾ മാറ്റിസ്ഥാപിക്കൽ, കൂടുതൽ വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കൽ, നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ത്വരിതഗതിയിൽ പൂർത്തിയാക്കൽ എന്നിവ നടത്തിയാൽ കാസറഗോഡ് നഗരസഭയിലെയും 17 ഗ്രാമ പഞ്ചായത്തുകളിലെയും വലിയൊരു വിഭാഗം ജനങ്ങൾക്ക് പൈപ്പ്ലൈൻ വഴി ശുദ്ധജലം വിതരണം ചെയ്യാൻ സാധിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തികൾ 2025 ഓടുകൂടി പൂർത്തിയാക്കേണ്ടതുണ്ട്. നിലവിൽ മേൽ പദ്ധതികൾ വഴി 13700 ജനങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നു. ഇതു കൂടാതെ ജല അതോറിറ്റിയുടെ നേതൃത്വത്തിൽ വിവിധ ഗ്രാമ പഞ്ചായത്ത്/നഗരസഭ പരിധിയിൽ താഴെ പട്ടികയിൽ കാണിച്ച 69 ചെറുകിട ശുദ്ധജല പദ്ധതികൾ പ്രവർത്തിച്ചുവരുന്നു. ഈ പദ്ധതികൾ വഴി മൊത്തം 91050 പേർക്ക് ശുദ്ധജലം ലഭ്യമാകുന്നുണ്ട്.

കുടിവെള്ളം

പട്ടിക 4.2.5.2: കുടിവെള്ള പദ്ധതിയുടെ വിശദാംശം

ക്രമ. നം.	കുടിവെള്ള പദ്ധതിയുടെ പേര്	ശേഷി (എം.എൽ.ഡി)	പ്രയോജനം ലഭിക്കുന്ന ജനങ്ങളുടെ എണ്ണം
1.	**മഞ്ചേശ്വരം ഗ്രാമ പഞ്ചായത്ത്**		
1	മഞ്ചേശ്വരം കുടിവെള്ള പദ്ധതി	0.07	1500
2	മഞ്ചേശ്വരം എൽ.ഐ.സി. കുടിവെള്ള പദ്ധതി	0.07	500
3	ബങ്കര മഞ്ചേശ്വരം കുടിവെള്ള പദ്ധതി	0.09	1000
4	ഹൊസബെട്ടു കുടിവെള്ള പദ്ധതി	0.01	1500
5	വാമഞ്ചൂർ കുടിവെള്ള പദ്ധതി	0.03	950
6	കുഞ്ചത്തൂർ തലപ്പാടി കുടിവെള്ള പദ്ധതി	0.07	1500
2.	**മീഞ്ച ഗ്രാമ പഞ്ചായത്ത്**		
1	കടമ്പാർ കുടിവെള്ള പദ്ധതിയുടെ ഭാഗം	0.09	250
3.	**മംഗൽപാടി ഗ്രാമ പഞ്ചായത്ത്**		
1	ഇച്ചിലംഗോഡ് കുടിവെള്ള പദ്ധതി	0.05	200
2	ഒളയം കുടിവെള്ള പദ്ധതി (ഉപ്പള പദ്ധതിയുമായി ബന്ധിപ്പിച്ചിരിക്കുന്നു).	0.07	500
4.	**കുമ്പള ഗ്രാമ പഞ്ചായത്ത്**		
1	കുമ്പള കുടിവെള്ള പദ്ധതി	0.06	2000
2	പേരാൽ-കണ്ണൂർ കുടിവെള്ള പദ്ധതി	0.04	500
3	പാപ്പംകോയ നഗർ കുടിവെള്ള പദ്ധതി	0.07	350
5.	**എൻമകജെ ഗ്രാമ പഞ്ചായത്ത്**		
1	കുത്താജെ കുടിവെള്ള പദ്ധതി	0.05	250
6.	**ബദിയടുക്ക ഗ്രാമ പഞ്ചായത്ത്**		
1	കാരിയാട് കൊറഗക്കോളനി കുടിവെള്ള പദ്ധതി	0.05	150
2	ബാരടുക്ക കുടിവെള്ള പദ്ധതി	0.01	150
7.	**മധൂർ ഗ്രാമ പഞ്ചായത്ത്**		
1	മധൂർ കുടിവെള്ള പദ്ധതി	0.15	3750
8.	**മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത്**		
1	മൊഗ്രാൽ പുത്തൂർ കുടിവെള്ള പദ്ധതി	0.15	2750
2	പെർണടുക്ക കുടിവെള്ള പദ്ധതി	0.04	500
9.	**ചെമ്മനാട് ഗ്രാമ പഞ്ചായത്ത്**		
1	പരവനടുക്കം-മേൽപറമ്പ കുടിവെള്ള പദ്ധതി	0.96	2000
2	ചട്ടഞ്ചാൽ കുടിവെള്ള പദ്ധതി	0.15	1500
3	ബണ്ടിച്ചാൽ കുടിവെള്ള പദ്ധതി	0.03	200
4	കൊമ്പനടുക്കം കുടിവെള്ള പദ്ധതി	0.02	300
5	തെക്കിൽപറമ്പ കുടിവെള്ള പദ്ധതി	0.06	400
10.	**ചെങ്കള ഗ്രാമ പഞ്ചായത്ത്**		
1	കോപ്പ കുടിവെള്ള പദ്ധതി	0.02	250
2	ഇന്ദിരാനഗർ കുടിവെള്ള പദ്ധതി	0.06	250
3	പൈക്ക കുടിവെള്ള പദ്ധതി	0.02	600
4	പടുവടുക്ക കുടിവെള്ള പദ്ധതി	0.02	150
5	ചെർക്കള കുടിവെള്ള പദ്ധതി	0.17	750
6	കാസറഗോഡ് കുടിവെള്ള പദ്ധതി (ഭാഗികം)	8	2000

കുടിവെള്ളം

11. മുളിയാർ ഗ്രാമ പഞ്ചായത്ത്

1	മുളിയാർ കുടിവെള്ള പദ്ധതി	0.10	3500

12. ബേഡഡുക്ക ഗ്രാമ പഞ്ചായത്ത്

1	ബേഡഡുക്ക കുടിവെള്ള പദ്ധതി	0.09	1750

13. കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത്

1	കുറ്റിക്കോൽ കുടിവെള്ള പദ്ധതി	0.07	300
2	ബന്തടുക്ക കുടിവെള്ള പദ്ധതി	0.07	500
3	കരിവേടകം കുടിവെള്ള പദ്ധതി	0.06	125
4	അർത്തോടിപ്പാറ കുടിവെള്ള പദ്ധതി	0.02	125

14. ഉദുമ ഗ്രാമ പഞ്ചായത്ത്

1	മേൽബാര കുടിവെള്ള പദ്ധതി	0.02	200

15. പളളിക്കര ഗ്രാമ പഞ്ചായത്ത്

1	വെളുത്തോളി കുടിവെള്ള പദ്ധതി	0.02	200

16. അജാനൂർ ഗ്രാമ പഞ്ചായത്ത്

1	അജാനൂർ കുടിവെള്ള പദ്ധതി	0.13	3000
2	വേലാശ്വരം കുടിവെള്ള പദ്ധതി	0.02	450

17. പനത്തടി ഗ്രാമ പഞ്ചായത്ത്

1	ഗാന്ധിപുരം കുടിവെള്ള പദ്ധതി	0.06	1500

18. മടിക്കൈ ഗ്രാമ പഞ്ചായത്ത്

1	മടിക്കൈ കുടിവെള്ള പദ്ധതി	0.30	3500

19. വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്

1	മൗവ്വേനി കുടിവെള്ള പദ്ധതി	0.02	250

20. കിനാനൂർ-കരിന്തളം ഗ്രാമ പഞ്ചായത്ത്

1	കിനാനൂർ-കരിന്തളം കുടിവെള്ള പദ്ധതി	0.08	1000
2	പരപ്പ കുടിവെള്ള പദ്ധതി	0.04	500
3	പന്നിയെറിഞ്ഞകൊല്ലി കുടിവെള്ള പദ്ധതി	0.02	300

21 കയ്യൂർ - ചീമേനി ഗ്രാമ പഞ്ചായത്ത്

1	കയ്യൂർ കുടിവെള്ള പദ്ധതി	0.04	1250

22. പിലിക്കോട് ഗ്രാമ പഞ്ചായത്ത്

1	മട്ടലായി കുടിവെള്ള പദ്ധതി	0.04	800
2	കുനത്തൂർ കുടിവെള്ള പദ്ധതി	0.05	1500

23. വലിയ പറമ്പ ഗ്രാമ പഞ്ചായത്ത്

1	ഒരിയര കുടിവെള്ള പദ്ധതി	0.03	450
2	തൃക്കരിപ്പൂർ-കടപ്പുറം കുടിവെള്ള പദ്ധതി	0.06	2250

24. തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത്

1	ഒളവറ കുടിവെള്ള പദ്ധതി	0.05	1800
2	കണ്ണങ്കൈ-എടക്കൈ കുടിവെള്ള പദ്ധതി	0.08	4500
3	മീലിയാട് കുടിവെള്ള പദ്ധതി	0.06	1500
4	വയലോടി കുടിവെള്ള പദ്ധതി	0.05	2800
5	മധുരംകൈ കുടിവെള്ള പദ്ധതി	0.03	850
6	ബർമ്മ കുടിവെള്ള പദ്ധതി	0.05	2500
7	തൃക്കരിപ്പൂർ കുടിവെള്ള പദ്ധതി	0.06	1800

25. ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത്

1	കാടംകോട് കുടിവെള്ള പദ്ധതി	0.06	2200
2	മയ്യിച്ച കുടിവെള്ള പദ്ധതി	0.06	2500

കുടിവെള്ളം

3	അച്ചാംതുരുത്തി കുടിവെള്ള പദ്ധതി	0.06	1800
4	കൈതക്കാട് കുടിവെള്ള പദ്ധതി	0.06	1200
5	മുണ്ടക്കണ്ടം കുടിവെള്ള പദ്ധതി	0.06	2250
6	മടിക്കുന്ന് കുടിവെള്ള പദ്ധതി	0.05	1700

മുൻസിപ്പാലിറ്റികൾ

1. കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി

1.	കാഞ്ഞങ്ങാട് കുടിവെള്ള പദ്ധതി	0.33	6000
2.	**നീലേശ്വരം മുൻസിപ്പാലിറ്റി**		
1	നീലേശ്വരം നഗര കുടിവെള്ള പദ്ധതി (ഭാഗികം)	0.06	1800
2	നീലേശ്വരം ഹരിജൻ കോളനി കുടിവെള്ള പദ്ധതി	0.06	900
3	പുറത്തേക്കൈ കുടിവെള്ള പദ്ധതി	0.04	1500
4	കാര്യംകോട് തോട്ടുംപുറം കുടിവെള്ള പദ്ധതി	0.05	1700
5	കരുവാച്ചേരി കുടിവെള്ള പദ്ധതി	0.05	1500
6	ചാത്തമത്ത് കുടിവെള്ള പദ്ധതി	0.04	100
	ആകെ		**91050**

ഇവയിൽ പലതും കാലപ്പഴക്കത്താൽ നവീകരണം ആവശ്യമുള്ളവയാണ്. ഇവ കൂടാതെ ജലനിധി മുഖേന 200 ഓളം ചെറുകിട പദ്ധതികളും ഭൂജലവകുപ്പ് മുഖേന 400 ഓളം കുഴൽ കിണറുകളും ജലക്ഷാമമുള്ള വിവിധ പ്രദേശങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ജലനിധി പദ്ധതികളുടെ നടത്തിപ്പ് അതാത് ഗുണഭോക്തൃ സമിതിക്കാകയാൽ ചില പദ്ധതികളുടെ അറ്റകുറ്റപ്പണികൾ നടത്താതെ പ്രവർത്തന രഹിതമായിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, പട്ടികജാതി വികസന വകുപ്പ്, പട്ടിക വർഗ്ഗ വികസന വകുപ്പ് എന്നിവ മുഖേന വിവിധ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ ചെറുകിട പദ്ധതികൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവ വഴി അതാതു ഗ്രാമപഞ്ചായത്തുകളിൽ ഭാഗികമായി മാത്രമേ കുടിവെള്ള വിതരണം സാധ്യമാകുന്നുള്ളൂ. ഇവയിൽ പലതും ഗുണഭോക്തൃ സമിതികൾ പരിപാലനം നടത്തുന്നവയാണ്. വേണ്ടവിധത്തിൽ അണുനശീകരണം നടത്താനോ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താനോ തയ്യാറാകാത്തതിനാൽ പലതും ഇപ്പോൾ പ്രവർത്തന രഹിതമാണ്. 2001-2006 കാലയളവിൽ സ്വജൽധാരപദ്ധതി വഴി നടപ്പിലാക്കിയ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതികൾ സ്രോതസ്സിന്റെ പരാജയം കൊണ്ടും അറ്റകുറ്റപ്പണികൾ നടത്താത്തതിനാലും മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ജില്ലയിൽ വിവിധ ഏജൻസികൾ നടപ്പിലാക്കിയ പദ്ധതികളിൽ പൈപ്പ് ലൈൻ വഴി കുടിവെള്ളം വിതരണം ചെയ്യുന്നവ 993 എണ്ണമാണ്. (അവലംബം സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്) വിവിധ ഏജൻസികൾ കുഴിച്ച കിണറുകളും കുഴൽകിണറുകളും കൂടി 3838 എണ്ണം വരുന്നു. ഇതിൽ 1643 എണ്ണം പലവിധ കാരണങ്ങളാൽ ഉപയോഗിക്കാത്തവയാണ്.

ഇപ്പോൾ വാട്ടർ അതോറിറ്റി നടപ്പിലാക്കികൊണ്ടിരിക്കുന്ന താഴെ പറയുന്ന ശുദ്ധീകരണശാലയോടു കൂടിയ പദ്ധതികൾ പൂർത്തിയാകുമ്പോൾ ബന്ധപ്പെട്ട 7 ഗ്രാമപഞ്ചായത്തുകളിൽ വലിയ വിഭാഗം ജനങ്ങൾക്ക് ശുദ്ധീകരിച്ച ജലം ലഭ്യമാക്കാൻ സാധിക്കും.

പട്ടിക 4.2.5.3: ശുദ്ധജല വിതരണ പദ്ധതി - വിശദാംശം

ക്രമ നമ്പർ	പദ്ധതിയുടെ പേര്	സ്ഥാപിത ശേഷി	പ്രയോജനം ലഭിക്കുന്ന ജനങ്ങളുടെ എണ്ണം	പ്രവൃത്തിയുടെ നിലവിലെ സ്ഥിതി
1.	പനത്തടി ഗ്രാമ പഞ്ചായത്ത് എൻഡോസൾഫാൻ ബാധിത പ്രദേശങ്ങൾക്കായുള്ള ശുദ്ധജലവിതരണ പദ്ധതി	1.60	5000	80% പൂർത്തീകരിച്ചു
2.	കള്ളാർ ഗ്രാമ പഞ്ചായത്ത് എൻഡോസൾഫാൻ ബാധിത പ്രദേശങ്ങൾക്കായുള്ള ശുദ്ധജലവിതരണ പദ്ധതി	1.60	5000	90% പൂർത്തീകരിച്ചു
3.	കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്ത് എൻഡോസൾഫാൻ ബാധിത പ്രദേശങ്ങൾക്കായുള്ള ശുദ്ധജലവിതരണ പദ്ധതി	3.00	12000	90% പൂർത്തീകരിച്ചു
4.	ബേളൂരിനും സമീപ വില്ലേജുകൾക്കുമായുള്ള ശുദ്ധജല വിതരണ പദ്ധതി	3.00	15000	90% പൂർത്തീകരിച്ചു
5.	ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിനായുള്ള കുടിവെള്ള പദ്ധതി	3.00	10000	60% പൂർത്തീകരിച്ചു

കുടിവെള്ളം

മേൽപറഞ്ഞവയിൽ ഈസ്റ്റ് എളേരി കുടിവെള്ള പദ്ധതിയുടെ പ്രവൃത്തിയിൽ ഒരു ഭാഗം ജലനിധിയാണ് ഏറ്റെടുത്തു നടത്തുന്നത്.

ശുദ്ധീകരണശാലയോടു കൂടിയ 10 പദ്ധതികൾ വഴിയും ഇപ്പോൾ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്ന 5 പദ്ധതികൾ വഴിയും 22 ഗ്രാമപഞ്ചായത്തുകളിലെ ഭൂരിഭാഗം പ്രദേശത്തും ശുദ്ധജലമെത്തിക്കാൻ സാധിക്കുന്നതാണ്. എങ്കിലും മേൽപറഞ്ഞ പല ഗ്രാമപഞ്ചായത്തുകളും ജില്ലയിലെ ഉയർന്ന പ്രദേശമായതിനാൽ ഗ്രാവിറ്റി വഴി എല്ലാ ഭാഗത്തും ശുദ്ധജലം ലഭ്യമാക്കാൻ സാധിക്കുന്നില്ല. പല പട്ടികജാതി, പട്ടികവർഗ്ഗ കോളനികളും ഉയർന്ന പ്രദേശങ്ങളിലായതിനാൽ മേൽ സൂചിപ്പിച്ച കുടിവെള്ള പദ്ധതികളിൽ നിന്നു സാധ്യതയനുസരിച്ച് ബൂസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയോ ജലലഭ്യതയ്ക്കനുസരിച്ച് പ്രത്യേകമായി തുറന്ന കിണർ/കുഴൽ കിണറുകൾ നിർമ്മിച്ച് ചെറുകിട പദ്ധതികൾ നടപ്പിലാക്കുകയോ ചെയ്യുന്നതായിരിക്കും ഉചിതം. തുറന്നകിണർ, കുഴൽകിണറുകൾ ചെങ്കുത്തായ പ്രദേശങ്ങളിൽ നടപ്പിലാക്കാൻ പ്രയാസമായതിനാൽ സ്ഥലലഭ്യതയ്ക്കനുസരിച്ച് മഴവെള്ള സംഭരണികളോ കൃത്രിമ കുളങ്ങളോ നിർമ്മിച്ച് ശുദ്ധജല ലഭ്യത ഒരളവോളം ഉറപ്പുവരുത്താവുന്നതാണ്. എന്നാൽ ശുദ്ധീകരണശാലയോടു കൂടിയ പദ്ധതികൾ നിലവിലില്ലാത്ത കാഞ്ഞങ്ങാട്, നീലേശ്വരം നഗരസഭകളിലും 16 ഗ്രാമപഞ്ചായത്തുകളിലും ശുദ്ധീകരണശാലയോടു കൂടിയ സമഗ്ര കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട്. ത്വരിത വികസനം നടന്നുവരുന്ന കാഞ്ഞങ്ങാട്, നീലേശ്വരം നഗരസഭകൾ, വികസിച്ചുവരുന്ന ടൗൺഷിപ്പുകളായ ചെറുവത്തൂർ, തൃക്കരിപ്പൂർ, സമീപ പഞ്ചായത്തുകൾ എന്നിവയ്ക്കുവേണ്ടി സമഗ്രമായ കുടിവെള്ള പദ്ധതികൾ ഇപ്പോൾ തന്നെ വിഭാവനം ചെയ്തു നടപ്പിലാക്കിയില്ലെങ്കിൽ പ്രസ്തുത പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ മന്ദീഭവിക്കാൻ സാധ്യതയുണ്ട്. മേൽ പറഞ്ഞ നഗരസഭകളും പഞ്ചായത്തുകളും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന തീരദേശ മേഖലയിൽ ഉൾപ്പെടുന്നതാണ്. ആയതിനാൽ ഇവിടങ്ങളിൽ ജലദൗർലഭ്യം അനുദിനം വർദ്ധിക്കുകയും ജലത്തിന്റെ ഗുണനിലവാരം (ഭൗതിക രാസ ജൈവിക) കുറഞ്ഞു വരികയും ചെയ്യുന്നുണ്ട്. തീരപ്രദേശങ്ങളിൽ ഭൂരിഭാഗം കിണറുകളിലും ഉപ്പു കലർന്ന ജലമാണ് ലഭ്യമാകുന്നത്. മേൽ പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾക്ക് ബൂസ്റ്റിംഗ്സ്റ്റേഷനുകൾ ആവശ്യമില്ലാത്തതിനാൽ പ്രസ്തുത പദ്ധതികളുടെ തുടർനടത്തിപ്പും അറ്റകുറ്റപ്പണികളും കുറഞ്ഞ ചെലവിൽ നിർവഹിക്കാൻ സാധിക്കുന്നതാണ്. മേൽ പദ്ധതികൾക്ക് വരും വർഷങ്ങളിൽ തുക വകയിരുത്തി 2025 ഓടു കൂടിയെങ്കിലും പൂർത്തിയാക്കേണ്ടതുണ്ട്.

നിലവിലുള്ള പദ്ധതികളുടെ വിപുലീകരണവും പുതിയ കുടിവെള്ള പദ്ധതികളും നടപ്പിലാക്കുന്നതോടൊപ്പം പുഴ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ മഴക്കാലത്ത് റീചാർജ്ജിംഗ് നടത്തേണ്ടത് അത്യാവശ്യവും പ്രാധാന്യം അർഹിക്കുന്നതുമാണ്. 2016-17 വർഷങ്ങളിലെ വേനൽകാലത്ത് പുഴ സ്രോതസ്സായ കുടിവെള്ള പദ്ധതികളിൽ നാലെണ്ണത്തിൽ മാത്രമേ ആവശ്യമുള്ള വെള്ളമുണ്ടായിരുന്നുള്ളൂ. വെള്ളം ഏറ്റവും അധികം ആവശ്യമായിവരുന്ന വേനൽക്കാലത്ത് സ്രോതസ്സുകളിൽ ആവശ്യത്തിന് വെള്ളമില്ലാത്തത് നിലവിലുള്ള പദ്ധതികളുടെ പ്രവർത്തനങ്ങളെയും വിഭാവനം ചെയ്യുന്ന പദ്ധതികളുടെ പ്രസക്തിയെത്തന്നെയും സാരമായി ബാധിക്കാനിടയുണ്ട്. മഴക്കാല റീചാർജ്ജിംഗ് നടപ്പിലാക്കാൻ അവലംബിക്കേണ്ട മാർഗ്ഗങ്ങൾ പ്രത്യേകമായി ഈ റിപ്പോർട്ടിനൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ജില്ലയ്ക്ക് സമഗ്രമായ ജലവിതരണപദ്ധതി ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി മൂന്ന് ഘട്ടങ്ങളിലായി ജലഅതോറിറ്റി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

ഒന്നാംഘട്ടം

- കാസറഗോഡ് നഗരസഭ, ചെങ്കള, മുളിയാർ, മധൂർ, മൊഗ്രാൽ പുത്തൂർ, ചെമ്മനാട് ഗ്രാമ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ളപദ്ധതി.
- കാഞ്ഞങ്ങാട് നഗരസഭ, നീലേശ്വരം നഗരസഭ, കിനാനൂർ-കരിന്തളം ഗ്രാമ പഞ്ചായത്ത്, മടിക്കൈ ഗ്രാമപഞ്ചായത്ത് എന്നിവയ്ക്കു വേണ്ടി കുടിവെള്ള പദ്ധതി.
- ചെറുവത്തൂർ, പിലിക്കോട്, വലിയപറമ്പ, പടന്ന, തൃക്കരിപ്പൂർ, കയ്യൂർ ചീമേനി (ഭാഗികം) ഗ്രാമപഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി.
- കാറഡുക്ക, ദേലംപാടി, കുമ്പഡാജെ എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ളപദ്ധതി.

പ്രൊജക്ട് 1:- കാസറഗോഡ് മുൻസിപ്പാലിറ്റി, ചെമ്മനാട് ഗ്രാമപഞ്ചായത്ത് ശുദ്ധജലവിതരണപദ്ധതി

1976 ൽ ആരംഭിച്ച ദിനംപ്രതി 8 ദശലക്ഷം ലിറ്റർ സ്ഥാപിത ശേഷിയുള്ള കാസറഗോഡ് ശുദ്ധജല വിതരണ പദ്ധതി, കാലപ്പഴക്കം കാരണം 5 ദശലക്ഷം ലിറ്റർ ശുദ്ധജലം മാത്രമേ നിലവിൽ വിതരണം ചെയ്യാൻ സാധിക്കുന്നുള്ളൂ. മൂന്നുദിവസത്തിലൊരിക്കൽ എന്ന തോതിൽ മാത്രമാണ് കാസറഗോഡ് നഗരസഭയിൽ ജലവിതരണം സാധ്യമാവുന്നത്. ആയതിനാൽ പദ്ധതി നവീകരണം 2050 ലെ പ്രതീക്ഷിത ജനസംഖ്യക്ക് അനുസരിച്ച് സ്വീകരിക്കേണ്ടിയിരിക്കുന്നു.

കാസറഗോഡ് നഗരസഭയോട് ചേർന്ന് നിൽക്കുന്ന ചെമ്മനാട് ഗ്രാമപഞ്ചായത്ത്, ബി.ആർ.ഡി.സി കുടിവെള്ള പദ്ധതിയുടെ അധീനതയിൽ വരുന്ന പഞ്ചായത്താണെങ്കിലും സാങ്കേതികമായി ജലമെത്തിക്കാൻ സാധിക്കാത്തതിനാൽ നിലവിൽ ജലവിതരണം നടക്കുന്നില്ല. ശുദ്ധജല ക്ഷാമം രൂക്ഷമായ നഗരസഭയ്ക്കും ചെമ്മനാട് ഗ്രാമപഞ്ചായത്തിനുമായുള്ള സമഗ്ര കുടിവെള്ളപദ്ധതിയാണ് വാട്ടർ അതോറിറ്റി പ്രൊജക്ട് വിഭാഗം വിഭാവനം ചെയ്തിരിക്കുന്നത്. ഇപ്പോൾ പദ്ധതിക്കുവേണ്ടി പൂർത്തിയായിക്കിടക്കുന്ന സംഭരണികൾ, പൈപ്പ് ലൈൻ എന്നിവ ചെങ്കള, മധൂർ, മുളിയാർ, മൊഗ്രാൽപുത്തൂർ ഗ്രാമ പഞ്ചായത്തുകൾക്കും കൂടിയുള്ള ഉപഭോഗം കണക്കാക്കിയാണ് തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ രണ്ട് പദ്ധതികളും സംയോജിപ്പിച്ച് 55 ദശലക്ഷം ലിറ്റർ പ്രതിദിനശേഷിയുള്ള ശുദ്ധീകരണശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. 2050 ലെ പ്രതീക്ഷിത ജനസംഖ്യയായ 150000 പേർക്ക് 135 ലിറ്റർ ആളോഹരി പ്രതിദിന ഉപയോഗം കണക്കാക്കിയാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ കിണർ ചന്ദ്രഗിരിപ്പുഴയിലും ശുദ്ധീകരണശാല ബോവിക്കാനത്തുമാണ് നിർമ്മിക്കുന്നത്. പദ്ധതിയെക്കുറിച്ചുള്ള ചെറുവിവരണം താഴെ കൊടുക്കുന്നു.

പദ്ധതി പ്രദേശം	: കാസറഗോഡ് മുൻസിപ്പാലിറ്റിയും ചെമ്മനാട് ഗ്രാമ പഞ്ചായത്തും
നിയോജക മണ്ഡലം	: ഉദുമ
സ്രോതസ്സ്	: ചന്ദ്രഗിരിപ്പുഴ
പ്രതീക്ഷിത ജനസംഖ്യ(2050)	: 150000
ആളോഹരി പ്രതിദിന ജല ഉപഭോഗം	: 135 ലിറ്റർ
സ്ഥാപിത ശേഷി	: 55 ദശലക്ഷം ലിറ്റർ പ്രതിദിനം
പദ്ധതി ചിലവ്	: 76 കോടി രൂപ

മേൽ പദ്ധതി പൂർത്തിയാക്കി, നിലവിൽ പണി പൂർത്തിയായ സംഭരണികളും പൈപ്പുകളും ബന്ധിപ്പിച്ചാൽ കാസറഗോഡ് നഗരസഭയിലും മധൂർ, മുളിയാർ, ചെങ്കള, മൊഗ്രാൽ പുത്തൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ മുഴുവൻ ഭാഗങ്ങളിലും ശുദ്ധജലം എത്തിക്കാൻ കഴിയുന്നതാണ്. എങ്കിലും പദ്ധതിയുടെ പൂർണ്ണ പ്രയോജനം ലഭിക്കാൻ ഇപ്പോൾ ജലസേചന വകുപ്പ് പ്രാരംഭ നടപടികൾ തുടങ്ങിവെച്ച ബാവിക്കര സ്ഥിരം തടയണയുടെ പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കേണ്ടിയിരിക്കുന്നു.

പ്രൊജക്ട് 2: കാഞ്ഞങ്ങാട്, നീലേശ്വരം നഗരസഭകൾ, കിനാനൂർ കരിന്തളം മടിക്കൈ ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്കു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി.

ഏതാനും വാർഡുകളുടെ ചില ഭാഗങ്ങളിൽ മാത്രം ജലവിതരണം ചെയ്യുന്ന ഒരു കുടിവെള്ള പദ്ധതി മാത്രമാണ് നിലവിൽ കാഞ്ഞങ്ങാട് നഗരസഭയിലുള്ളത്. ഇത് ചെറിയൊരു ജനവിഭാഗത്തിനു മാത്രമേ പ്രയോജനപ്രദമാകുന്നുള്ളൂ. ജലവിതരണമേഖലാപ്രദേശം ചെറുതായതിനാലും വേനൽക്കാലത്ത് ജലലഭ്യത കുറവായതിനാലും പൊതുവെ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ് കാഞ്ഞങ്ങാട് നഗരസഭ. അതുപോലെ നഗരസഭയിലെ ചില പ്രദേശങ്ങൾക്കു മാത്രം പ്രയോജനപ്പെടുന്ന 5 ചെറുകിട കുടിവെള്ളപദ്ധതികളാണ് നീലേശ്വരം നഗരസഭയിലുള്ളത്. നഗരസഭയിലെ ആകെ ജനസംഖ്യയുടെ ഏകദേശം 10% ത്തിന് മാത്രമാണ് ഇതുകൊണ്ട് പ്രയോജനം ലഭിക്കുന്നത്. കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിലെയും മടിക്കൈ ഗ്രാമപഞ്ചായത്തിലെയും സ്ഥിതി വ്യത്യസ്തമല്ല. കാസർഗോഡ് പാക്കേജിൽപ്പെടുത്തി 7 കോടിരൂപ വകയിരുത്തി മടിക്കൈ ഗ്രാമ പഞ്ചായത്തിലെ നിലവിലെ ജലവിതരണം വിപുലപ്പെടുത്താനുള്ള പദ്ധതി ഇപ്പോൾ നടന്നുവരികയാണ്. ഈ പദ്ധതിയെ പ്രൊജക്ട് 2ൽ വിഭാവനം ചെയ്യുന്ന പദ്ധതിയുമായി ബന്ധപ്പെടുത്തിയാൽ മടിക്കൈ ഗ്രാമ പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലേക്കും കുടിവെള്ളം എത്തിക്കാൻ സാധിക്കുന്നതാണ്.

മേൽ പദ്ധതിയുടെ സ്രോതസ്സായി വിഭാവനം ചെയ്തിരിക്കുന്നത്, കാര്യങ്കോട്പുഴയിൽ ജലസേചനവകുപ്പ് നടപ്പിലാക്കുന്ന പാലായി, നീലായി ഭാഗത്തെ റഗുലേറ്ററോടു കൂടിയ തടയണയുടെ മേൽ ഭാഗമാണ്. പ്രോജക്ടിന്റെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് 2050 ലെ ജനസംഖ്യ കണക്കാക്കി ജല അതോറിറ്റിയുടെ പി.പി.ഡി വിഭാഗം തയ്യാറാക്കി വരുന്നുണ്ട്. ഏകദേശം 1500 ദശലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി 2025 ഓടുകൂടി പൂർത്തിയാക്കേണ്ടതുണ്ട്.

പ്രൊജക്ട് 3:- ചെറുവത്തൂർ, പിലിക്കോട്, വലിയപറമ്പ, തൃക്കരിപ്പൂർ, കയ്യൂർ-ചീമേനി (ഭാഗികം) ഗ്രാമപഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി

ജനങ്ങൾ വളരെയധികം തിങ്ങിപ്പാർക്കുന്നതും തീരദേശമേഖല കൂടുതൽ വരുന്നതുമായ ചെറുവത്തൂർ, പിലിക്കോട്, വലിയ പറമ്പ, തൃക്കരിപ്പൂർ, കയ്യൂർ ചീമേനി (ഭാഗികം) ഗ്രാമപഞ്ചായത്തുകൾക്ക് പ്രയോജനപ്രദമായ സമഗ്രകുടിവെള്ളപദ്ധതി മേൽ പ്രദേശങ്ങളിൽ ജലവിതരണത്തിന് അനിവാര്യമാണ്. ഈ ഗ്രാമ പഞ്ചാ

യത്തുകളിൽ ജല അതോറിറ്റി, ജലനിധി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾ ഉണ്ടെങ്കിലും ഇവയെല്ലാം പരിമിതമായ സ്ഥലങ്ങളിൽ മാത്രം ജലവിതരണം നടത്തുന്നവയാണ്.

കടൽത്തീരത്തോടു ചേർന്നതും എല്ലാ വശങ്ങളിലും ഉപ്പുവെള്ളത്താൽ ചുറ്റപ്പെട്ടതുമായ വലിയപറമ്പ ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം കിണറുകളിലെ ജലത്തിലും ഉപ്പിന്റെ അളവ് പരിധിയിൽ കൂടുതലായതിനാൽ ഉപയോഗയോഗ്യമല്ലാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ഈ പഞ്ചായത്തുകൾക്കുവേണ്ടി ജല അതോറിറ്റി, കാര്യങ്കോട്പുഴ സ്രോതസ്സായി മുക്കട, പള്ളിപ്പാറ ഭാഗത്തു നിന്നും ജലം ശേഖരിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. പാലായി റെഗുലേറ്റർ കം ബ്രിഡ്ജ് വരുന്നതോടു കൂടി ആവശ്യത്തിന് ജലം ഈ ഭാഗത്ത് ലഭിക്കുന്നതാണ്. പ്രസ്തുത പ്രോജക്ടിന്റെ വിശദമായ എഞ്ചിനീയറിംങ്ങ് റിപ്പോർട്ട് ജല അതോറിറ്റിയുടെ പി.പി.ഡി. വിഭാഗം തയ്യാറാക്കി വരുന്നുണ്ട്. കയ്യൂർ ചീമേനി പഞ്ചായത്തിൽ ഉയർന്ന സ്ഥലത്ത് സ്ഥാപിക്കുന്ന ഉപരിതല സംഭരണിയിൽ നിന്നും ശുദ്ധീകരിച്ച വെള്ളം ഗ്രാവിറ്റി വഴി മേൽ സൂചിപ്പിച്ച ഗ്രാമപഞ്ചായത്തുകളിലെ അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന ഉപരിതല സംഭരണികളിലേക്ക് എത്തിച്ച് കുടിവെള്ള വിതരണം സാധിക്കുന്നതാണ്. ആളോഹരി 135 ലിറ്റർ വച്ച് മേൽ പഞ്ചായത്തുകളിലെ 2050 ലെ പ്രതീക്ഷിത ജനസംഖ്യയും കയ്യൂർ-ചീമേനി പഞ്ചായത്തിൽ സ്ഥാപിക്കാൻ സാധ്യതയുള്ള വ്യവസായ സ്ഥാപനങ്ങളുടെ വെള്ളത്തിന്റെ ആവശ്യകതയും പരിഗണിച്ചാണ് പ്രോജക്ട് തയ്യാറാക്കുന്നത്. 2000 ദശലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി 2025 ഓടുകൂടി പൂർത്തിയാക്കേണ്ടതുണ്ട്.

പ്രൊജക്ട് 4: കാറഡുക്ക, കുമ്പഡാജെ, ദേലംപാടി ഗ്രാമപഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതി

കാസറഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത ഗ്രാമപഞ്ചായത്തുകളായ കാറഡുക്ക, കുമ്പഡാജെ, ദേലംപാടി എന്നിവയ്ക്ക് സമഗ്രമായ ഒരു കുടിവെള്ള പദ്ധതി ഇന്ന് നിലവിലില്ല. പയസ്വിനി പുഴയിൽ കുക്കംകൈ എന്ന സ്ഥലത്ത് സ്രോതസ്സ് നിർമ്മിച്ച് പമ്പ് ചെയ്യുന്ന വെള്ളം ശുദ്ധീകരണത്തിനുശേഷം വിതരണ ശൃംഖല വഴി വിവിധ സംഭരണികളിൽ എത്തിച്ച് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

പദ്ധതി പ്രദേശം	: കാറഡുക്ക, കുമ്പഡാജെ, ദേലംപാടി ഗ്രാമപഞ്ചായത്തുകൾ
നിയോജക മണ്ഡലം	: കാസറഗോഡ്, മഞ്ചേശ്വരം
സ്രോതസ്സ്	: പയസ്വിനി പുഴ
പ്രതീക്ഷിത ജനസംഖ്യ (2050)	: 82000
ആളോഹരി പ്രതിദിന ജലഉപഭോഗം	: 135 ലിറ്റർ
സ്ഥാപിത ശേഷി	: 10 ദശലക്ഷം ലിറ്റർ പ്രതിദിനം
പദ്ധതി ചിലവ്	: 40 കോടി രൂപ

മേൽ പദ്ധതിയും 2050 ലെ കുടിവെള്ളത്തിന്റെ ആവശ്യകതക്കനുസരിച്ച് 2019 ഓടു കൂടി ആരംഭിച്ച് 2022 ൽ പൂർത്തിയാക്കേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ച പദ്ധതികളെല്ലാം നടപ്പിലാക്കുകയാണെങ്കിൽ ജില്ലയിലെ ജനങ്ങൾക്ക് ഏറെക്കുറെ ശുദ്ധജല വിതരണം പൂർണ്ണമായും ലഭ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. നിലവിലുള്ളതും ഏകദേശം 40000 പേർക്ക് പ്രയോജനപ്പെടുന്നതുമായ ബി.ആർ.ഡി.സി. കുടിവെള്ള പദ്ധതിയിൽ പുതിയ തടയണ, ഉപരിതല ടാങ്കുകൾ, പൈപ്പ്ലൈനുകൾ മുതലായവ സ്ഥാപിക്കേണ്ടതുണ്ട്. അതോടെ ഈ പദ്ധതി വഴി ഭാഗികമായി കുടിവെള്ളം വിതരണം ചെയ്യുന്ന അജാനൂർ, പള്ളിക്കര, ഉദുമ, പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തുകളിലെ ഏറെ ഉയർന്ന പ്രദേശങ്ങൾ ഒഴികെയുള്ള മുഴുവൻ സ്ഥലങ്ങളിലും കുടിവെള്ളം എത്തിക്കാൻ കഴിയും. പെരിയയിൽ പ്രവർത്തിച്ചുവരുന്ന കേന്ദ്ര സർവ്വകലാശാലയ്ക്ക് പ്രത്യേക കുടിവെള്ളപദ്ധതി തയ്യാറാക്കുകയോ ബി.ആർ.ഡി.സി. പദ്ധതി നവീകരണത്തിൽ ഉൾപ്പെടുത്തി ജലവിതരണം നടത്തുകയോ ചെയ്യേണ്ടതുണ്ട്. സൂചിതജലവിതരണം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ജില്ലയിൽ വ്യവസായ ശാലകൾ, ഐ.ടി പാർക്ക് എന്നിവയ്ക്ക് സാധ്യതയുള്ള കയ്യൂർ ചീമേനി, കിനാനൂർ-കരിന്തളം, പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്തുകളിൽ വേണ്ടിവരുന്ന അധികജലത്തിന്റെ ആവശ്യകത കൂടി പരിഗണിക്കേണ്ടതാണ്. ചെറുകിട പദ്ധതികൾ ഓരോ പഞ്ചായത്തുകളിലെയും പരിമിത പ്രദേശങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുകയും അറ്റകുറ്റപ്പണികൾക്ക് ഭാരിച്ച തുക വേണ്ടി വരികയും ചെയ്യുന്ന സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച സമഗ്ര കുടിവെള്ള പദ്ധതികളായിരിക്കും സമ്പൂർണ്ണ ജലവിതരണത്തിന് കൂടുതൽ അഭികാമ്യം.

വാട്ടർ അതോറിറ്റിയുടെ നിർദ്ദേശം വൻകിട പദ്ധതികൾക്ക് വേണ്ടിയുള്ളതാണ്. എന്നാൽ ജലലഭ്യത, വിതരണ ശൃംഖല, സ്രോതസ്സിന്റെ ആയുസ്സ് തുടങ്ങിയവ പരിഗണിക്കുമ്പോൾ ചെറുകിട കുടിവെള്ള സ്കീമുകൾക്ക് മുൻഗണന നൽകണമെന്ന അഭിപ്രായവും പ്രബലമായുണ്ട്. ഉപഭോക്തൃസമിതി മുഖേന പരിപാലിക്കുന്ന ചെറുകിട സ്കീമുകളുടെ ദീർഘകാല നിലനിൽപും തുടർപരിപാലനവും പലയിടത്തും പ്രതിസന്ധി നേരിടുകയാണ്. ഇത് കണക്കിലെടുത്ത് ചെറുകിട സ്കീമുകളുടെ തുടർപരിപാലനത്തിൽ ഗ്രാമ ഗ്രാമപഞ്ചായത്ത്/നഗരസഭകൾക്ക് ചുമതല നൽകുന്നതിനുള്ള നയപരമായ നടപടിയുണ്ടാകേണ്ടതാണ്.

രണ്ടാംഘട്ടം

മേൽ സൂചിപ്പിച്ച പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതോടൊപ്പം നിലവിലുള്ള 10 ശുദ്ധജല വിതരണ പദ്ധതികൾ 2050 ലെ ജനസംഖ്യ കണക്കിലെടുത്ത് ഒരാൾക്ക് 135 ലിറ്റർ ശുദ്ധജലമെങ്കിലും ലഭിക്കത്തക്ക രീതിയിൽ വിപുലീകരിക്കാനുള്ള പദ്ധതികളും നടപ്പിലാക്കേണ്ടതുണ്ട്. ഇപ്പോൾ പ്രവൃത്തി നടന്നുകൊ

ണ്ടിരിക്കുന്ന 5 പദ്ധതികളും ഇതുപോലെ വിപുലീകരിക്കേണ്ടതാണ്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലായി താമസിക്കുന്ന പ്രദേശങ്ങളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ബൂസ്റ്റിംഗ് സ്റ്റേഷനുകൾ നിർമ്മിച്ച് ശുദ്ധജലമെത്തിക്കാനുള്ള സാധ്യത പരിശോധിക്കണം. പല പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിലും വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാണ്. കിലോ മീറ്ററുകൾ താണ്ടി വെള്ളം ശേഖരിച്ചുവരുന്ന കുടുംബങ്ങൾ നിരവധിയാണ്. ഇത്തരം കോളനികളിൽ തുറന്ന കിണർ, കുഴൽ കിണർ, മഴവെള്ള സംഭരണികൾ, കൃത്രിമ കുളങ്ങൾ, മഴക്കാല റീചാർജ്ജിംഗ് തുടങ്ങിയവ നടപ്പിലാക്കേണ്ടതാണ്.

നിലവിലുള്ള കുടിവെള്ളപദ്ധതികളുടെ വിപുലീകരണം

പട്ടിക 4.2.5.4: കുടിവെള്ള പദ്ധതികളുടെ വിപുലീകരണം-കൂടുതൽ കുടിവെള്ളത്തിന്റെ ആവശ്യകത

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ഗ്രാമ പഞ്ചായത്ത്	സ്ഥാപിത ശേഷി (മില്ല്യൻ ലിറ്റർ)	വെള്ളത്തിന്റെ ആവശ്യകത	പ്രതീക്ഷിക്കുന്ന മതിപ്പ് ചിലവ് (കോടി)
1.	വോർക്കാടി കുടിവെള്ളപദ്ധതി	വോർക്കാടി, മഞ്ചേശ്വരം	6.50	12.35	12
2.	ഉപ്പള കുടിവെള്ളപദ്ധതി	മംഗൽപാടി	4	8.87	9
3.	എൻമകജെ കുടിവെള്ളപദ്ധതി	എൻമകജെ	4	4.95	5
4.	ബദിയടുക്ക, നീർച്ചാൽ കുടിവെള്ളപദ്ധതി	ബദിയടുക്ക	1.866	6.27	7
5.	ബംബ്രാണ കുടിവെള്ളപദ്ധതി	കുമ്പള	3.00	8.55	8
6.	ബി.ആർ.ഡി.സി കുടിവെള്ളപദ്ധതി	പള്ളിക്കര, ഉദുമ, അജാനൂർ	7.00	25	18
7.	വെസ്റ്റ് എളേരി കുടിവെള്ള പദ്ധതി	വെസ്റ്റ് എളേരി	3.00	5.37	6
	ആകെ				65 കോടി രൂപ

മേൽ പ്രവൃത്തികൾ 2025-ടുകൂടി പൂർത്തിയാക്കേണ്ടതുണ്ട്. ജലസേചന വകുപ്പിൽ നിന്നുള്ള വിവരലഭ്യതയനുസരിച്ച് 42-ളം തടയണകൾ പ്രസ്തുത വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ചന്ദ്രഗിരി പുഴയിൽ നിലവിലുള്ള പാണ്ടിക്കണ്ടം റഗുലേറ്റർ കം ബ്രിഡ്ജും നിർമ്മാണം ആരംഭിക്കാനിരിക്കുന്ന ബാവിക്കര സ്ഥിരം തടയണയും ചേർന്നാൽ കാസറഗോഡും സമീപ പ്രദേശങ്ങളിലുമുള്ള കുടിവെള്ള പദ്ധതിയുടെ ജലലഭ്യത ഉറപ്പു വരുത്താൻ സാധിക്കും. അതുപോലെ കാര്യംകോട്പുഴയിലെ പാലായി വളവിൽ നിർമ്മിക്കാനിരിക്കുന്ന തടയണ പ്രോജക്ട് 2 നും 3നും ആവശ്യമുള്ള ജലലഭ്യത ഉറപ്പുവരുത്തുന്നതാണ്. ജലസേചനവകുപ്പ് ജില്ലാ പദ്ധതിയുടെ ഭാഗമായി 63 ഓളം തടയണകൾ നിർദ്ദേശിച്ചിട്ടുണ്ട്. ജല അതോറിറ്റിയുടെ പുഴ സ്രോതസ്സായ കുടിവെള്ള പദ്ധതികളിൽ പുതുതായി തടയണ ആവശ്യമുള്ള സ്ഥലങ്ങൾ കാര്യങ്കോട് പുഴയിൽ ചെറുപുഴയ്ക്കും കാക്കടവിനും ഇടയിൽ കൊല്ലാടയും ബി.ആർ.ഡി.സി. കുടിവെള്ള പദ്ധതിയുടെ സ്രോതസ്സിനു സമീപം മുന്നാംകടവുമാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ വഴി നടപ്പിലാക്കാവുന്ന ജലസംരക്ഷണ മാർഗ്ഗങ്ങൾ

നാല് തരത്തിലുള്ള മാർഗ്ഗങ്ങളാണ് ജല സംരക്ഷണത്തിന് ജില്ലയിൽ അവലംബിക്കാൻ സാധ്യതയുള്ളത്.

- കൃഷിയധിഷ്ഠിതമായ സ്വാഭാവിക മാർഗ്ഗങ്ങൾ
- ജല സംരക്ഷിത നിർമ്മിതികൾ
- തുറന്നകിണർ, കുഴൽക്കിണർ റീചാർജിംഗ്
- കൃഷിയിലധിഷ്ഠിതമായ സ്വാഭാവികമാർഗ്ഗങ്ങൾ

ജില്ലയിൽ ഓരോ സ്ഥലത്തും ലഭ്യമാകുന്ന സൂര്യപ്രകാശവും ജലവും പരമാവധി പ്രയോജനപ്പെടുത്തുന്ന വിധത്തിൽ ബഹുനില കൃഷി പരീക്ഷിക്കാൻ സാധിക്കും. തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ് തുടങ്ങിയ വൃക്ഷങ്ങൾ ഒന്നാം നിലയിലും വാഴ, സപ്പോട്ട, പേര എന്നിവ മധ്യനിരയിലും പയറുവർഗ്ഗങ്ങൾ, മഞ്ഞൾ, പച്ചക്കറി, ചേന, ചേമ്പ് എന്നിവ താഴത്തെ നിലയിലും കൃഷിചെയ്യുന്നതിന് തെരഞ്ഞെടുക്കാവുന്നതാണ്. ഓരോ പ്രദേശത്തിനും യോജിച്ച ബഹുവിള ഗ്രൂപ്പ് ആയിരിക്കണം തെരഞ്ഞെടുക്കേണ്ടത്. മണ്ണിന്റെ ആരോഗ്യം വർദ്ധിപ്പിക്കുന്നതിനും അതാതുകാലത്തെ ജലലഭ്യതക്ക് അനു

കുടിവെള്ളം

സ്വതമായ വിള കൃഷിചെയ്യുന്നതിനും വിളചംക്രമണ രീതി പ്രയോഗിക്കാവുന്നതാണ്. അതായത് നെല്ലിനു ശേഷം പയർ അതു കഴിഞ്ഞ് പച്ചക്കറി, കപ്പയ്ക്കു ശേഷം ചേന, ചേമ്പ് എന്നിവ കൃഷിചെയ്യുന്ന രീതി. മണ്ണൊലിപ്പ് തടയുന്നതിനും ജലാഗിരണ ശേഷി വർദ്ധിപ്പിക്കുന്നതിനും ഇടവരി കൃഷി ഫലപ്രദമാണ്. ചെറിയ ചെരുവുകളിൽ കോണ്ടൂർ രേഖയിൽ ഇടവിട്ട് കൈത, രാമച്ചം, ഇഞ്ചിപ്പുല്ല്, തീറ്റപ്പുല്ല് തുടങ്ങിയ മണ്ണൊലിപ്പ് നിരോധകസസ്യങ്ങൾ വച്ചുപിടിപ്പിക്കാവുന്നതാണ്.

ചെരിവുള്ള സ്ഥലങ്ങളിൽ കോണ്ടൂർ രേഖയെ (സമുദ്ര നിരപ്പിൽ നിന്നും ഒരേ ഉയരത്തിലുള്ള പ്രദേശങ്ങളെ ബന്ധിപ്പിച്ച് വരയ്ക്കുന്ന സാങ്കല്പിക രേഖ) അടിസ്ഥാനമാക്കിയാകണം കൃഷിചെയ്യേണ്ടത്. ഉദാ:- റബ്ബർ കൃഷി ചെരിവിന് വിപരീത ദിശയിൽ ചെയ്യുന്നത് മണ്ണൊലിപ്പ് കുറയ്ക്കാൻ സഹായിക്കും. കൂടാതെ ജൈവ വേലികൾ, ആവരണ വിളകൾ, പുതയിടൽ എന്നിവയും മണ്ണിന്റെ ജലാഗമന ശേഷി വർദ്ധിപ്പിക്കുന്നവയാണ്.

ജലസംരക്ഷണനിർമ്മിതികൾ:-

മഴക്കാലത്ത് ലഭിക്കുന്ന ജലം പരമാവധി ഭൂമിക്കടിയിലേക്ക് ഇറക്കാനുള്ള അടിയന്തിര നടപടികളാണ് ഭാവിയിലെ ജലദൗർലഭ്യം പരിഹരിക്കാൻ ചെയ്യേണ്ടിയിരിക്കുന്നത്. അല്ലാത്തപക്ഷം ജില്ലയിൽ നിലവിലുള്ളതും വിഭാവനം ചെയ്യുന്നതുമായ കുടിവെള്ള പദ്ധതികളിൽ വേനൽക്കാലത്ത് സ്രോതസ്സുകളിൽ ആവശ്യത്തിനു വെള്ളമില്ലാതെ പ്രവർത്തനം നിർത്തിവെക്കേണ്ട അവസ്ഥ സംജാതമാകും. ഇതിന് നമുക്ക് ലളിതമായും അല്ലാതെയും അവലംബിക്കാവുന്ന നിരവധി മാർഗ്ഗങ്ങളുണ്ട്.

തടയണകൾ, കിടങ്ങുകൾ, നീർക്കുഴികൾ, വരമ്പുകൾ, ഇടത്തോടുകൾ, കല്ല് കയ്യാലകൾ, തട്ട് തിരിക്കൽ, കോണ്ടൂർ കയ്യാലകൾ, കുളങ്ങൾ, തുറന്ന കിണർ, കുഴൽക്കിണർ റീചാർ ജ്ജിംഗ്, മഴവെള്ള സംഭരണി തുടങ്ങിയവ അവയിൽചിലതാണ്.

- **തടയണകൾ:-** നീർച്ചാലുകളിലും തോടുകളിലും പുഴകളിലും ഒഴുകിപ്പോകുന്ന വെള്ളത്തെ, തടയണകളിലൂടെ ഭാഗികമായ നിലയിൽ തടഞ്ഞുനിർത്താൻ സാധിക്കും. വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുന്നതുകൊണ്ട് തടയണകൾക്ക് പിന്നിൽ കെട്ടിനിൽക്കുന്ന ജലം സാവധാനം ഭൂമിയിലേക്ക് ഇറങ്ങി ഭൂഗർഭ ജലപോഷണം സാധ്യമാകുകയും ഭൂമിയിലെ ജലനിരപ്പ് ഉയർത്തുകയും ചെയ്യും. പുഴകളിൽ തടയണകൾ നിർമ്മിക്കുമ്പോൾ റഗുലേറ്റിങ്ങ് തടയണകളാണ് ഉത്തമം. വിശദ പഠനം നടത്തി ശാസ്ത്രീയാടിസ്ഥാനത്തിൽ മാത്രമേ ഇവ നിർമ്മിക്കാൻ പാടുള്ളൂ. പുഴകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ നിരവധി തടയണകൾ നിർമ്മിക്കേണ്ടി വരും. തടയണകളിൽ അടിഞ്ഞു ചേരുന്ന മണൽ കാലാകാലങ്ങളിൽ നീക്കം ചെയ്യാനുള്ള സംവിധാനം കൂടി ഉണ്ടാകണം.
- **കിടങ്ങുകൾ:-** തട്ടുതിരിക്കൽ അസാധ്യമായ ചെരിവുകളിലേക്ക് നീളത്തിൽ ചാലുകളായും ഇടവിട്ടും കിടങ്ങുകൾ നിർമ്മിക്കാവുന്നതാണ്. മണ്ണും വെള്ളവും ഈ ചാലുകളിൽ സംഭരിക്കപ്പെടുന്നു.
- **നീർക്കുഴികൾ:-** കൃഷി സ്ഥലങ്ങളിൽ പെയ്യുന്ന മഴവെള്ളം കുറേസമയം കെട്ടി നിർത്തി ഭൂമിക്കുള്ളിലേക്ക് ഊർന്നിറങ്ങുന്നതിന് സഹായിക്കാനാണ് നീർക്കുഴികൾ നിർമ്മിക്കുന്നത്. ചെരിവ് കുറഞ്ഞ പ്രദേശങ്ങളിൽ വൃക്ഷ വിളകൾക്കിടയിൽ നീർക്കുഴികൾ നിർമ്മിക്കുന്നതാണ് ഏറ്റവും അനുയോജ്യം. സാധാരണ അഞ്ചടി നീളത്തിലും രണ്ടര അടി താഴ്ചയിലും ഇത് നിർമ്മിക്കാം.
- **വരമ്പുകൾ:-** തത്സ്ഥല മഴവെള്ളക്കൊയ്ത്തിനും മണ്ണൊലിച്ച് പോകുന്നത് തടയാനും വരമ്പുകൾ സഹായിക്കുന്നു. ഇവ തറനിരപ്പിൽ നിന്നും അര അടിമുതൽ ഒന്നര അടിവരെ ഉയരത്തിൽ നിർമ്മിക്കാം. ഇത്തരം വരമ്പുകളിൽ രാമച്ചമോ കൈതയോ പുല്ലിനങ്ങളോ വച്ചുപിടിപ്പിക്കുന്നത് വരമ്പുകളുടെ ആയുർദൈർഘ്യം വർദ്ധിപ്പിക്കും.
- **ഇടത്തട്ടുകൾ:-** ഇടത്തട്ടുകൾക്ക് ഉള്ളിലേക്ക് ചെരിവ് കൊടുത്താൽ, ഒഴുകി വരുന്ന വെള്ളത്തിന് മണ്ണിനടിയിലേക്ക് പൂർണ്ണമായും ഊർന്നിറങ്ങാൻ കഴിയും. ചെരിവ് 40 ശതമാനത്തിന് മുകളിൽ വരുന്ന ഇടങ്ങളിൽ വൃക്ഷവിളകൾ മാത്രം കൃഷി ചെയ്യേണ്ടി വരുമ്പോൾ ഇടത്തട്ടുകൾ ഉണ്ടാക്കുന്നത് അഭികാമ്യമാണ്.
- **കല്ല് കയ്യാലകൾ:-** കൃഷി ഭൂമിയുടെ ചെരിവിന് കുറുകെ കൽഭിത്തിയുണ്ടാക്കി, സാവധാനം മുകളിൽ നിന്നുള്ള മണ്ണ് വന്നടിഞ്ഞ് നിരപ്പായ തട്ടുകളുണ്ടാക്കാൻ സാധിക്കുന്നു. മൂന്നടി പൊക്കത്തിലും ഒന്നര അടി വീതിയിലും ഇവ നിർമ്മിക്കാം.
- **തട്ട് തിരിക്കൽ:-** കൂടിയ ചെരിവുള്ള ഭൂമിക്ക് തട്ട്തിരിക്കൽ അനുയോജ്യമാണ്. ഭൂമിയിലെ ചെരിവിനെതിരായി പടികൾ പോലുള്ള പല തട്ടുകളാക്കി തിരിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. അകത്തോട്ട് ചെരിവുള്ള ഓരോ തട്ടിലും മഴവെള്ളം സംഭരിച്ചെടുക്കുകയും സാവധാനം ഭൂമിയിൽ ഊർന്നിറങ്ങുകയും ചെയ്യുന്നു.
- **കോണ്ടൂർ കയ്യാലകൾ:-** സാധാരണയായി ചെരിവ് വളരെ കുറഞ്ഞ കൃഷി ഭൂമികളിലും (6 ശതമാനം വരെ) മഴ കുറവുള്ള സ്ഥലങ്ങളിലുമാണ് കോണ്ടൂർ ബണ്ടുകൾ ശുപാർശ ചെയ്യുന്നത്. ശക്തമായ മഴയുള്ള പ്രദേശങ്ങളിൽ കോണ്ടൂർ ബണ്ടുകൾ നിർമ്മിച്ചാൽ ബണ്ടിന് പുറകിൽ വെള്ളം കെട്ടിനിന്ന് വെള്ളത്തിന്റെ മർദ്ദം കൊണ്ട് ബണ്ട് പൊട്ടാൻ സാധ്യതയുണ്ട്. ഇത്തരം പ്രദേശങ്ങളിൽ കുറഞ്ഞ തോതിൽ വെള്ളം പുറത്തേക്ക് ഒഴുക്കിവിടാൻ കഴിയുന്ന വിധത്തിലുള്ള ബണ്ടുകളാണ് നിർമ്മിക്കേണ്ടത്.
- **കുളങ്ങൾ:-** ജല ശേഖരണത്തിനുള്ള ലളിതമായ ഒരു മാർഗ്ഗം കുളങ്ങളുടെ നിർമ്മാണവും സംരക്ഷണവുമാണ്. നികത്തപ്പെട്ട കുളങ്ങൾ പുനരു

ദ്ധരിക്കുകയും പുതിയവ നിർമ്മിക്കുകയും വേണം. കൂടുതൽ കുളങ്ങളും മറ്റ് ജല സംഭരണികളും നിർമ്മിക്കുന്നതിനോടൊപ്പം പരമ്പരാഗതമായ കാവുകൾ, തോടുകൾ, കുളങ്ങൾ, ചതുപ്പുനിലങ്ങൾ എന്നിവ നിലനിർത്തുകയും പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

- **തുറന്ന കിണർ, കുഴൽക്കിണർ റീ ചാർജിംഗ്:–** ഏറ്റവും ഫലപ്രദവും ചെലവ് കുറഞ്ഞതും എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ചെയ്യാവുന്നതുമായ ജലപരിപോഷണ മാർഗ്ഗമാണിത്. പുരപ്പുറത്തു നിന്നും ഒഴുകി വരുന്ന വെള്ളം ചാനൽ വഴി അരിപ്പയിലൂടെ കടത്തി വിട്ട് പൈപ്പു വഴി കിണറിലേക്കോ കുഴൽക്കിണറിലേക്കോ ഇറക്കുന്ന രീതിയാണിത്. അരിപ്പയായി മണൽ, ചരൽ, കരി എന്നിവ ഉപയോഗിച്ചുള്ള പരമ്പരാഗത രീതിയോ വിപണിയിൽ വാങ്ങാൻ കിട്ടുന്ന ചുമരിൽ പിടിപ്പിക്കാവുന്ന അരിപ്പകളോ ഉപയോഗിക്കാവുന്നതാണ്. ഒരു നിശ്ചിത പ്രദേശത്തെ എല്ലാവരും ഈ രീതിയിൽ ജല സംപോഷണം നടത്തുകയാണെങ്കിൽ ആപ്രദേശത്തെ ഭൂഗർഭജലനിരപ്പ് പെട്ടെന്ന് ഉയർത്താനും വേനൽക്കാലങ്ങളിൽ ആവശ്യത്തിന് ജലലഭ്യത ഉറപ്പുവരുത്താനും സാധിക്കുന്നതാണ്.
- **മഴവെള്ള സംഭരണി:–** മഴക്കാലത്തെ മേൽക്കൂര വെള്ളം അരിപ്പയിലൂടെ കടത്തി വിട്ട് മഴവെള്ള സംഭരണിയിൽ ശേഖരിച്ചുവെക്കുന്നത് വേനൽക്കാലത്ത് വെള്ളത്തിന്റെ ആവശ്യങ്ങൾ നികത്താൻ ഒരു പരിധിവരെ സഹായിക്കും. ഫെറോ സിമന്റ് സംഭരണികൾ, നിർമ്മിക്കുന്നതും ഉചിതമായിരിക്കും.

ഭൂജല വകുപ്പ്, ലഭ്യമായ ഫണ്ടുപയോഗിച്ച് ഓരോ വർഷവും സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലും വിവിധ തരത്തിലുള്ള ജലസംപോഷണ സംവിധാനങ്ങൾ നിർമ്മിച്ചു വരുന്നുണ്ട്. തടയണകൾ, റീചാർജ്ജ് പിറ്റുകൾ, തുറന്നകിണർ, കുഴൽക്കിണർ നിർമ്മാണം, ജല സംപോഷണമാർഗ്ഗങ്ങൾ തുടങ്ങിയ പദ്ധതികളാണ് ഇത്തരത്തിൽ നടപ്പിലാക്കുന്നത്.

ജില്ലാപദ്ധതിമുഖേന ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

ജില്ലാപദ്ധതി തയ്യാറാക്കുന്നതിൽ ജില്ലയിലെ എല്ലാവർക്കും കുടിവെള്ള ലഭ്യത ഉറപ്പാക്കുക എന്ന ലക്ഷ്യത്തിലൂന്നിയാണ് പ്രവർത്തനങ്ങൾ തയ്യാറാക്കേണ്ടത്. ജില്ലയുടെ ഭൂപ്രകൃതിയനുസരിച്ച് ശുദ്ധീകരണശാലകളോടുകൂടിയ കുടിവെള്ള പദ്ധതികൾ ഇടനാട്ടിലും തീരപ്രദേശങ്ങളിലുമാണ് കൂടുതലായി പ്രയോജനപ്പെടുന്നത്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശങ്ങളിൽ ചെറുകിട പദ്ധതികൾ നടപ്പിലാക്കുന്നതിനെക്കാൾ ഉത്തമം നാലോ അഞ്ചോ പഞ്ചായത്തുകലെ ഉൾപ്പെടുത്തി ഏറ്റെടുക്കാൻ പറ്റുന്ന വൻകിട പദ്ധതികളായിരിക്കും. ഇത് ആവർത്തന ചെലവ് കുറക്കുന്നതും സാമ്പത്തികമായി പ്രായോഗികവുമായിരിക്കും. മലയോര പ്രദേശങ്ങളിൽ അതാത് സ്ഥലത്തിന്റെ പ്രത്യേകതകൾ നോക്കി വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതായിരിക്കും ഉത്തമം. ഇപ്പോൾ പ്രവർത്തനം നിലച്ചിരിക്കുന്നതും ഉപയോഗിക്കാൻ പറ്റുന്നതുമായ പദ്ധതികളെക്കുറിച്ച് സർവ്വെ നടത്തി പുനരുജ്ജീവി പ്പിക്കാൻ കഴിയുമോ എന്നുള്ള കാര്യവും പരിഗണിക്കേണ്ടതാണ്. മാത്രമല്ല ഇങ്ങനെയുള്ള പദ്ധതികൾ വീണ്ടും പ്രവർത്തനം നിലക്കാതിരിക്കാൻ ഒരു നിരീക്ഷണ സംവിധാനം പഞ്ചായത്തുകളിൽ ഏർപ്പെടുത്തുന്നത് നന്നായിരിക്കും. പഞ്ചായത്തുകളിലെ തനതു ഫണ്ടിൽ നിന്ന് ഇത്തരം പ്രവൃത്തികൾക്ക് ധനസഹായം ലഭിക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്താവുന്നതാണ്.

- ഓരോ ഗ്രാമ പഞ്ചായത്തിലും നിലവിലുള്ള കുടിവെള്ള പദ്ധതികളുടെയും ഭാവിയിൽ നിർമ്മിക്കുന്ന പദ്ധതികളുടെയും സുസ്ഥിരമായ നിലനില്പ്പിനുവേണ്ടി ഫണ്ട് അനുവദിക്കുമ്പോൾ ഭൂജല സംപോഷണത്തിനുവേണ്ട തുക ഉൾപ്പെടുത്തുക.
- നിലവിലുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഭൂജല വകുപ്പ് / അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഫണ്ട് വകയിരുത്തി കിണർ/കുഴൽക്കിണർ റീ ചാർജ് പദ്ധതി നടപ്പിലാക്കുക.
- ജലസുരക്ഷ ഉറപ്പു വരുത്തുന്നതിനു വേണ്ടി ജല സംപോഷണ പദ്ധതികൾ നടപ്പിലാക്കുന്ന തോടൊപ്പം മുൻകാലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്ക് കൂടെ തുക വകയിരുത്തുക.
- അനുയോജ്യമായ സ്ഥലങ്ങളിൽ കിണർ റീ ചാർജ് പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി സ്വകാര്യ വ്യക്തികൾക്ക് സബ്സിഡി നല്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് നീക്കി വെക്കുക.

ഓരോ ഗ്രാമ പഞ്ചായത്തിലും ഉപയോഗിക്കാതെ കിടക്കുന്ന കൈപമ്പ് ഘടിപ്പിച്ച കുഴൽക്കിണറുകളുടെ എണ്ണമെടുത്ത് അവ വൃത്തിയാക്കി ജലലഭ്യതയ്ക്കനുസരിച്ച് ചെറിയ കുടിവെള്ള പദ്ധതികളായി മാറ്റുക. ഇത്തരം പദ്ധതികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഫണ്ട് വകയിരുത്തണം. (കൂടുതൽ കുഴൽക്കിണറുകൾ കുഴിക്കുന്നതിനെക്കാൾ ഉചിതം ജലലഭ്യതയുള്ള കിണറുകൾ ഉപയോഗ യോഗ്യമാക്കുന്നതാണ്).

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെറുകിട ജല സേചന വകുപ്പുമായി സഹകരിച്ച് പൊതു കിണറുകൾ (തുറന്ന കിണറുകൾ), കുളങ്ങൾ എന്നിവ നവീകരിച്ച് ഉപയോഗ യോഗ്യമാക്കുകയും കു ടിവെള്ള പദ്ധതികൾക്ക് തുറന്ന കിണറുകളുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യണം.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ജില്ലയിലെ എല്ലാ കിണറുകളും കുഴൽക്കിണറുകളും നിർബന്ധമായും ഭൂജല പരിപോഷണം നടത്തുന്നതിന് പ്രഥമ

പരിഗണന നൽകണം. തുലാവർഷവും വേനൽ മഴയും കുറവായി മാത്രം ലഭിക്കുന്ന ജില്ലയായതിനാൽ ലഭിക്കുന്ന മഴവെള്ളത്തെ പരമാവധി സംഭരിക്കുകയല്ലാതെ മറ്റൊരു മാർഗ്ഗവും നിലവിലില്ല. ഏറ്റവും ഫലപ്രദവും പെട്ടെന്ന് ഫലപ്രാപ്തി കൈവരുന്നതും ചെലവ് കുറഞ്ഞതും എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ചെയ്യാവുന്നതുമായ ജലപരിപോഷണ മാർഗ്ഗമാണ് കിണർ റീചാർജിംഗ്. ഇത്തരം പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ/ തൊഴിലുറപ്പ് പദ്ധതികളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

ജില്ലയിലെ എല്ലാ തോടുകളിലും അരുവികളിലും പുഴകളിലും തടയണകൾ നിർമ്മിച്ച് നീരൊഴുക്ക് കുറക്കണം. വലിയ പുഴകളിൽ രണ്ട് കി.മീ. ദൂരത്തിൽ ഒന്ന് എന്ന രീതിയിലും ചെറിയ തോടുകളിലും അരുവികളിലും ഭൂമിയുടെ ചെരിവിനനുസരിച്ച് പറ്റുന്ന എണ്ണം തടയണകളും നിർമ്മിക്കണം. വലിയ പുഴകളിൽ വി.സി.ബി.കൾക്കും റഗുലേറ്ററുകൾക്കും പ്രാധാന്യം കൊടുക്കണം. പുഴകളിൽ സ്ഥിരം വി.സി.ബി, റെഗുലേറ്റർ, തടയണ എന്നിവ നിർമ്മിക്കുന്നതിനുള്ള സ്ഥാന നിർണ്ണയം നടത്തുന്നതിന് ജില്ലാ കളക്ടർ രൂപീകരിക്കുന്ന ഒരു വിദഗ്ദ്ധ സമിതി ഉണ്ടായിരിക്കേണ്ടതാണ്. സമിതിയിൽ ജലസേചന വകുപ്പ്, ജല അതോറിറ്റി, ഭൂജല വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധി തുടങ്ങിയവർ അംഗങ്ങളായിരിക്കണം. വിദഗ്ദ്ധ സമിതിയുടെ ശുപാർശയനുസരിച്ച് നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ജലസേചന വകുപ്പ് പദ്ധതി ഏറ്റെടുത്ത് നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മണ്ണ് സംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, കർഷക പ്രതിനിധികൾ, കുടുംബശ്രീ, തൊഴിലുറപ്പ്പദ്ധതി പ്രതിനിധികൾ എന്നിവരുമായി സഹകരിച്ച് തോടുകളിലും അരുവികളിലും തടയണകളുടെ ശൃംഖല ഉണ്ടാക്കേണ്ടതാണ്.

നിലവിൽ ജലലഭ്യതയുണ്ടായിട്ടും പ്രവർത്തന രഹിതമായ പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്. പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിന് പകരം നിലവിലുള്ളവ ഉപയോഗിക്കുന്നതിന് കൂടുതൽ പ്രാധാന്യം നൽകണം.

വി.സി.ബി, തടയണകൾ എന്നിവക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുക വകയിരുത്തേണ്ടതും തടയണകളിൽ അടിഞ്ഞുകൂടുന്ന മണ്ണ് നീക്കുന്നതുൾപ്പെടെയുള്ള ജോലികൾ യഥാസമയം ചെയ്തു തീർക്കേണ്ടതുമാണ്.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജലമലിനീകരണം തടയുന്നതിന് ശക്തമായ നടപടികൾ കൈക്കൊള്ളണം. ഉപയോഗ ശൂന്യമായ കിണറുകൾ, കുളങ്ങൾ, കുഴൽ കിണറുകൾ തുടങ്ങിയവയിൽ മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപെട്ടാൽ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഉപ്പുവെള്ളം കയറുന്ന പ്രദേശങ്ങളിൽ പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതോടൊപ്പം ഭൂജല സംപോഷണം നടത്തുന്നതിനും ഉപ്പുവെള്ള കയറ്റത്തെ പ്രതിരോധിക്കുന്ന കണ്ടൽ വനങ്ങൾ വച്ചുപിടിപ്പിക്കുന്നതുൾപ്പെടെയുള്ള ജൈവമാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വനം വകുപ്പ്, കുടുംബശ്രീ, തൊഴിലുറപ്പ്പദ്ധതി എന്നിവയുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

കാർഷിക മേഖലയിലാണ് ജില്ലയിൽ കൂടുതൽ ജലചൂഷണം നടക്കുന്നത്. ആയത് നിയന്ത്രിക്കുന്നതിന് കൃഷി വകുപ്പുമായി യോജിച്ച നടപടി സ്വീകരിക്കാവുന്നതാണ്. ഓരോ വിളയ്ക്കും ആവശ്യമായ ജലമാണോ ജലസേചനം നടത്തുന്നത് എന്ന് പരിശോധിച്ച് കൂടുതൽ ജലം ഉപയോഗിക്കുന്നുണ്ടെങ്കിൽ വൈദ്യുതകണക്ഷൻ വിച്ഛേദിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കണം. വിളകളെയും സ്ഥല വിസ്തൃതിയെയും അടിസ്ഥാനമാക്കി പരമാവധി പമ്പ് ചെയ്യാവുന്ന ജലവും അതിനനുസരിച്ച് വൈദ്യുത താരീഫും നിജപ്പെടുത്തുകയും അതിൽ കൂടുതൽ വൈദ്യുതബിൽ വരുന്നെങ്കിൽ കർഷകരെക്കൊണ്ട് അടപ്പിക്കുകയും ചെയ്യേണ്ടതാണ്

ഭൂജല സംരക്ഷണത്തിലും വിതരണത്തിലും നിയന്ത്രണത്തിലും നിലവിലുള്ള എല്ലാനിയമങ്ങളും കർശനമായി പാലിക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.

ജില്ലാപദ്ധതി മേൽത്തട്ട് നിർദ്ദേശങ്ങൾ

- ശുദ്ധീകരണശാലകളോടുകൂടി നിലവിലെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളുടെ ശേഷി വർദ്ധിപ്പിക്കൽ. 2025 ഓടുകൂടി പൂർത്തിയാക്കൽ.
- സമഗ്ര കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്ത തദ്ദേശ ഭരണസ്ഥാപനങ്ങളിൽ പുഴ സ്രോതസ്സായി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കൽ (2 നഗരസഭകൾ, 12 ഗ്രാമപഞ്ചായത്തുകൾ) (2025 ഓടുകൂടി പൂർത്തിയാക്കേണ്ടതുണ്ട്.)
- പുഴകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ വെള്ളം തുറന്നുവിടാവുന്ന തടയണകൾ നിർമ്മിക്കൽ.
- ഉയർന്ന സ്ഥലങ്ങളിൽ വെള്ളം എത്തിക്കുന്നതിനു വലിയ പദ്ധതികളുടെ ലൈനിൽ ബൂസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കൽ.
- മുഴുവൻ കിണറുകളും റീ ചാർജ് ചെയ്യുന്നതുൾപ്പെടെയുള്ള ജല സംപോഷണ പ്രവർത്തനങ്ങൾ വ്യാപകമാക്കൽ. ആദ്യപടിയായി ജലവിതാനം കൂടുതൽ താഴ്ന്നിരിക്കുന്ന പഞ്ചായത്തുകൾക്ക് മുൻഗണന കൊടുക്കൽ. (2019 ൽ പൂർത്തി യാക്കേണ്ടതുണ്ട്).
- ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും കുടിവെള്ള പരിശോധനാ ലാബുകൾ സ്ഥാപിക്കൽ. ഇവ 2025 ഓടുകൂടി പ്രവർത്തന ക്ഷമമാക്കേണ്ടതാണ്.
- തീരപ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ഉപ്പുകലർന്നതും എന്നാൽ ഉപ്പിന്റെ അളവ് കുറഞ്ഞതുമായ ജലം ശുദ്ധീകരിച്ച് കുടിവെള്ളത്തിന് ഉപയോഗിക്കാവുന്ന തരത്തിൽ ഡീസാലിനേഷൻപ്ലാന്റുകൾ സ്ഥാപിക്കൽ. തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ പൈലറ്റ് പ്രോജക്ടായി പ്ലാന്റ് സ്ഥാപിക്കുകയും അടുത്തഘട്ടത്തിൽ കൂടുതൽ

സ്ഥലത്ത് വ്യാപിപ്പിക്കുകയും ചെയ്യൽ.

- നീർത്തടാധിഷ്ഠിതപദ്ധതി പ്രാവർത്തികമാക്കി ജല സുരക്ഷ ഉറപ്പുവരുത്തൽ.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജലസേചന വകുപ്പിന്റെയും ഭൂജല വകുപ്പിന്റെയും ജല അതോറിറ്റിയുടെയും ഏകോപിപ്പിച്ച് ഉപയോഗശൂന്യമായ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കൽ.
- ജലസ്രോതസ്സുകൾ മലിനമാക്കുന്നത് തടയാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിൽ നിരന്തര മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തൽ.
- എല്ലാഗ്രാമപഞ്ചായത്തിലും, മുൻസിപ്പാലിറ്റിയിലും ശാസ്ത്രീയമായ മാലിന്യ സംസ്കരണശാലകൾ സ്ഥാപിക്കൽ.
- കിണർ, കുഴൽക്കിണർ എന്നിവയിൽ മഴക്കാല റീചാർജിംഗ് നിർബന്ധമായി നടപ്പാക്കൽ
- മോട്ടോറുകളുപയോഗിച്ച് പുഴകളിൽ നിന്ന് അനിയന്ത്രിതമായി ജലമൂറ്റുന്നത് നിരോധിക്കുകയും മണൽ വാരൽ ഗവൺമെന്റ് നിരീക്ഷണത്തിലാക്കുകയും ചെയ്യൽ.
- ജില്ലയിലെ വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ, സ്കൂളുകൾ, കോളേജുകൾ, മറ്റ് പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മഴവെള്ള സംഭരണികൾ സ്ഥാപിക്കൽ.
- ഓരോ സ്ഥലത്തും പ്രയോജനകരമാകുന്ന തരത്തിൽ ബഹുനില കൃഷി രീതി നടപ്പാക്കൽ.
- കൃഷി വകുപ്പുമായി സഹകരിച്ച് കാർഷിക മേഖലയിൽ നടക്കുന്ന അമിതമായ ജലചൂഷണം നിയന്ത്രണ വിധേയമാക്കൽ.
- അനുയോജ്യമായ സ്ഥലങ്ങളിൽ തടയണകൾ, കിടങ്ങുകൾ, നീർക്കുഴികൾ, വരമ്പുകൾ, ഇടത്തോടുകൾ, കല്ല് കയ്യാലകൾ, തട്ട് തിരിക്കൽ, കോണ്ടൂർ കയ്യാലകൾ, കുളങ്ങൾ എന്നിവ നിർമ്മിക്കാനുള്ള സാധ്യതകൾ പരിശോധിക്കുകയും നടപ്പിലാക്കുകയും ചെയ്യൽ.
- പുഴസ്രോതസ്സായ കുടിവെള്ളപദ്ധതികളുടെ ശേഷി വർദ്ധിപ്പിക്കാൻ സ്രോതസിനു സമീപവും മേൽഭാഗങ്ങളിലും തടയണകളുടെ ശൃംഖലകൾ സ്ഥാപിക്കലും സ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിന് ബോധവൽക്കരണ നടപടിയും സ്വീകരിക്കലും.
- കുഴൽ കിണർ വഴിയുള്ള ജല ഉപഭോഗം നിയന്ത്രിക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ ഭൂജല വകുപ്പിന്റെ സഹായത്തോടെ ആവിഷ്കരിക്കൽ.
- പുഴകളിൽ ജലസേചന വകുപ്പ് നിർദ്ദേശിച്ച തടയണകൾ ജലഅതോറിറ്റിയുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് നിർമ്മിക്കൽ.

ജില്ലാപദ്ധതി കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- നിലവിലെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളുടെ ശേഷി വർദ്ധിപ്പിക്കലും ജലശുദ്ധീകരണ ശാലകൾ നിർമ്മിക്കലും.
- സമഗ്ര കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പുഴസ്രോതസ്സായി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കൽ (2 നഗരസഭകൾ, 12 ഗ്രാമ പഞ്ചായത്തുകൾ).
- പുഴകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ വെള്ളം തുറന്നുവിടാവുന്ന തടയണകൾ നിർമ്മിക്കൽ.
- കിണർ റീചാർജിംഗ് നടപ്പിലാക്കിയ പഞ്ചായത്തുകളിൽ പരിശീലനം ലഭിച്ച വളണ്ടിയർമാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിക്കൽ.
- കുടിവെള്ള പദ്ധതികളിലെ ഗാർഹിക- ഗാർഹികേതര കണക്ഷനുകളിൽ അമിത തോതിൽ വെള്ളം ഉപയോഗിക്കുന്നതിന് ഉയർന്നതാരീഫ് ഏർപ്പെടുത്തൽ.
- ഉയർന്ന സ്ഥലങ്ങളിൽ വെള്ളം എത്തിക്കുന്നതിനു വലിയ പദ്ധതികളുടെ ലൈനിൽ ബൂസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കൽ.
- പുഴകളുടെ വൃഷ്ടി പ്രദേശങ്ങളിലും തീരങ്ങളിലും മരങ്ങൾ വെച്ച് പിടിപ്പിക്കൽ.
- മുഴുവൻ കിണറുകളും റീചാർജ് ചെയ്യുന്നതുൾപ്പെടെയുള്ള ജലസംപോഷണ പ്രവർത്തനങ്ങൾ വ്യാപകമാക്കൽ.
- ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും കുടിവെള്ള പരിശോധനാ ലാബുകൾ സ്ഥാപിക്കൽ.
- നീർത്തടാധിഷ്ഠിത പദ്ധതി പ്രവർത്തനങ്ങളിലൂടെ ഹരിതകേരള മിഷനുമായി ബന്ധപ്പെട്ട് ജല സുരക്ഷ ഉറപ്പുവരുത്തൽ.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജലസേചന വകുപ്പിന്റെയും ഭൂജല വകുപ്പിന്റെയും ജല അതോറിറ്റിയുടെയും ഏകോപനത്തിലൂടെ ഉപയോഗശൂന്യമായ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കൽ.
- ജലസ്രോതസ്സുകൾ മലിനപ്പെടുന്നത് തടയാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നിരന്തര മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തൽ.
- എല്ലാ ഗ്രാമ പഞ്ചായത്തുകളിലും, മുൻസിപ്പാലിറ്റികളിലും ശാസ്ത്രീയമായ മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
- കിണർ, കുഴൽ കിണർ എന്നിവയിൽ മഴക്കാല റീചാർജിംഗ് നടപ്പാക്കാനുള്ള പദ്ധതി തയ്യാറാക്കൽ .
- ജില്ലയിലെ പുഴകൾ, തോടുകൾ, കുളങ്ങൾ മറ്റു ജല സ്രോതസ്സുകൾ മുതലായവ മലിനമാക്കാതെ സംരക്ഷിച്ച് കുടിവെള്ള സ്രോതസ്സാക്കി മാറ്റൽ.
- ജില്ലയിലെ ഉയർന്ന ഒറ്റപ്പെട്ട പ്രദേശങ്ങളിൽ താമസിക്കുന്നവർക്കും പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുമായി തദ്ദേശീയമായ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി പ്രത്യേകമായ കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കൽ.
- ഗ്രാമീണ മേഖലയിലെ കുടിവെള്ള പദ്ധതികളിൽ ഗാർഹിക നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ.

4.2.6 സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം

(വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡർ വിഭാഗം)

ഭിന്നശേഷിയുള്ളവർ

കേരള ജനസംഖ്യയുടെ 3.9% നിവസിക്കുന്ന ജില്ലയിൽ ഇവിടത്തെ ജനസംഖ്യയുടെ 2.63% ഭിന്നശേഷി ഉള്ളവരാണ്. 0 മുതൽ 6 വരെ വയസ്സു ഗ്രൂപ്പിലുള്ള സംസ്ഥാനത്തെ കുട്ടികളിൽ 11.92% നമ്മുടെ ജില്ലയിലാണ്. 38 ഗ്രാമ പഞ്ചായത്തുകളിൽ 11 എണ്ണം എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തുകളാണ്. ഗുരുതര രോഗബാധിതരും എയ്ഡ്സ് രോഗികളും വയോജനങ്ങളും ഭിന്നലിംഗക്കാരും ഉൾപ്പെടുന്ന കാസറഗോഡിന്റെ പാർശ്വവൽകൃത ജനസമൂഹം സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ പ്രത്യേക പരിഗണന അർഹിക്കുന്നു.

അംഗപരിമിത സെൻസസ് 2015 റിപ്പോർട്ട്

പട്ടിക 4.2.6.1: അംഗപരിമിതി തിരിച്ചുള്ള സ്ഥിതിവിവരം

ക്രമ നം	വിഭാഗം	എണ്ണം
1	താൽക്കാലിക വൈകല്യം	3972
2	രോഗാവസ്ഥ മാത്രം	2894
3	ക്യാൻസർ രോഗം	258
4	പ്രായാധിക്യമുള്ള അവസ്ഥ	3670
5	താമസം മാറിപ്പോയവർ	538
6	മരണം സംഭവിച്ചവർ	328

ജില്ലയിലെ ആകെ ജനസംഖ്യ 13,54,338 ആണ്. ആകെ കണ്ടെത്തിയ 35671 അംഗപരിമിതരിൽ 15459 പേർ സ്ത്രീകളും 20175 പേർ പുരുഷൻമാരും 27 പേർ ഭിന്നലിംഗമുള്ളവരുമാണ്. അവരുടെ സ്ത്രീ പുരുഷ അനുപാതം 43:57 ആണ്. ഭിന്നശേഷിയുള്ളവരിൽ 10953 പേർ ചലന വൈകല്യം ഉള്ളവരാണ്. ഇത് ജില്ലയിലെ മൊത്തം അംഗപരിമിതരുടെ 30.71% ആണ്. 22 തരം അംഗപരിമിതികൾ തരം തിരിച്ച് ഓരോ വിഭാഗത്തിലുള്ളവരുടെ എണ്ണവും ശതമാനവും ചുവടെ ചേർക്കുന്നു.

പട്ടിക 4.2.6.2: അംഗപരിമിതികൾ തരം തിരിച്ച് ഓരോ വിഭാഗത്തിലുള്ളവരുടെ എണ്ണവും ശതമാനവും

ക്രമ നം	വൈകല്യം	ആളുകളുടെ എണ്ണം	ശതമാനം	പതിനായിരം ജനസംഖ്യ പ്രകാരം
1	ചലന വൈകല്യം	10953	30.71	81
2	മസ്കുലാർ ഡിസ്ട്രോഫി	76	0.21	1
3	ക്രോണിക് ന്യൂറോളജിക്കൽ ഡിസോർഡർ	142	0.40	1
4	മൾട്ടിപ്പിൾ സ്ക്ലീറോസിസ്	16	0.04	0
5	കൂന്	231	0.65	2
6	ഹ്രസ്വകായത്വം	284	0.80	2
7	അന്ധത	923	2.59	7
8	ഗുരുതരമായ കാഴ്ച്ചക്കുറവ്	3493	9.79	26
9	പഠന വൈകല്യം	278	0.78	2
10	സംസാര ഭാഷാ വൈകല്യം	1102	3.09	8
11	ബുദ്ധിപരമായ വെല്ലുവിളികൾ	3307	9.27	24
12	മാനസിക രോഗം	3617	10.14	27
13	ഓട്ടിസം	60	0.17	0
14	കേൾവി ഇല്ലായ്മ	3050	8.55	23
15	കുഷ്ഠരോഗ വിമുക്തം	59	0.17	0
16	ഹീമൊഫീലിയ	70	0.20	1
17	തൽസീമിയ	61	0.17	0
18	അരിവാൾ രോഗം	6	0.02	0
19	സെറിബ്രൽ പാൾസി	167	0.47	1
20	അപസ്മാരം	1218	3.41	9
21	ബധിരാന്ധത	58	0.16	0
22	ബഹുവൈകല്യം	6500	18.22	48
	ആകെ	35671	100	263

ചിത്രം 4.2.6.1: District wise PWD's (Per 10,000)



- ആകെ കണ്ടെത്തിയ 35671 പേരിൽ 3617 പേർക്ക് മാനസികരോഗം ഉള്ളതായി കാണുന്നു. ഇത് ജില്ലയിലെ ആകെ അംഗപരിമിതരുടെ 10.14 ശതമാനമാണ്.
- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ എണ്ണം 3307 ആണ്. ഇത് ആകെയുള്ള അംഗപരിമിതരുടെ 9.27 ശതമാനമാണ്.
- കണ്ടെത്തിയ അംഗപരിമിതരുടെ കുടുംബങ്ങളിൽ 1802 പേർ എസ്.സി വിഭാഗത്തിലും 2809 പേർ എസ്.ടി വിഭാഗത്തിലും 24653 പേർ ഒ.ബി.സി വിഭാഗത്തിലും 6407 എണ്ണം ജനറൽ വിഭാഗത്തിലും ഉള്ളവരാണ്.
- ആകെ കണ്ടെത്തിയ അംഗപരിമിതരിൽ 18515 പേരുടെ അംഗപരിമിതി ആർജ്ജിതമാണ്. ഇത് മൊത്തം അംഗപരിമിതരുടെ 51.90 ശതമാനമാണ്.
- 17156 അംഗപരിമിതർ ജന്മനാ തന്നെ അംഗപരിമിതി സംഭവിച്ചിട്ടുള്ളവരാണ്. ഇത് മൊത്തം അംഗപരിമിതരുടെ 48.10 ശതമാനം ആണ്.
- ജന്മനാ അംഗപരിമിതി സംഭവിച്ച 17156 പേരുടെ മാതാപിതാക്കളിൽ രക്തബന്ധത്തിൽപ്പെട്ടവരുടെ എണ്ണം 1618 ആണ്.
- രക്തബന്ധമുള്ള മാതാപിതാക്കളുടെ സന്താനങ്ങൾ എന്ന് വെളിപ്പെടുത്തിയ അംഗപരിമിതർക്ക് താഴെപ്പറയുന്ന പ്രധാന അംഗപരിമിതികൾ കാണുന്നു.

ബുദ്ധിപരമായ വെല്ലുവിളികൾ	- 318
കേൾവി ഇല്ലായ്മ	- 112
ബഹുവൈകല്യം	- 497
ചലനവൈകല്യം	- 296
കാഴ്ച ഇല്ലായ്മ	- 198
ഹ്രസ്വകായത്വം	-36

- അംഗപരിമിതരായ 31429 പേർ സ്വന്തം വീട്ടിലും 1916 പേർ വാടകവീടുകളിലുമാണ് താമസം.
- ആകെ അംഗപരിമിതരിൽ 17988 പേർ (50.43%) ബിപി.എൽ വിഭാഗത്തിൽപ്പെടുന്നു.
- ആകെ അംഗപരിമിതരിൽ 23464 പേർക്ക് (65.78%) നിലവിൽ ബാങ്ക് അക്കൗണ്ട് ഉണ്ട്
- അംഗപരിമിതർ ഉള്ള കുടുംബങ്ങളെ പ്രതിമാസ ചെലവിന്റെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 4.2.6.3: അംഗപരിമിതരുള്ള കുടുംബങ്ങളുടെ വിവരം

ക്ര.നം	കുടുംബത്തിലെ അംഗ പരിമിതർ	കുടുംബങ്ങൾ
1	ഒരു കുടുംബത്തിൽ ഒരംഗം	28451
2	ഒരു കുടുംബത്തിൽ രണ്ടംഗം	2803
3	ഒരു കുടുംബത്തിൽ മൂന്നംഗം	342
4	ഒരു കുടുംബത്തിൽ നാലംഗം	57
5	ഒരു കുടുംബത്തിൽ നാലംഗത്തിൽ കൂടുതൽ	10
	ആകെ	31663

പട്ടിക 4.2.6.4: അംഗപരിമിതർ ഉള്ള കുടുംബങ്ങളെ പ്രതിമാസ ചെലവിന്റെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച റിപ്പോർട്ട്

ക്രമ നം	പ്രതിമാസ പ്രതിശീർഷ ചെലവ് (MPCE)	എണ്ണം
1	500 രൂപയ്ക്ക് താഴെ	10541
2	501 രൂപ മുതൽ 1500 രൂപ വരെ	16584
3	1501 രൂപ മുതൽ 3000 രൂപ വരെ	6562
4	3001 രൂപ മുതൽ 4500 രൂപ വരെ	905
5	4501 രൂപ മുതൽ 6000 രൂപ വരെ	461
6	6000 രൂപയ്ക്ക് മുകളിൽ	312

- ആരോഗ്യ ഇൻഷൂറൻസ് കാർഡിൽ ഉൾപ്പെട്ടിട്ടുള്ള അംഗപരിമിതരുടെ എണ്ണം 10293 ആണ്.
- സാമൂഹ്യനീതി വകുപ്പ് നൽകുന്ന അംഗപരിമിത തിരിച്ചറിയൽ കാർഡ് ലഭ്യമായിട്ടുള്ളവർ 12265 ആണ്.
- അംഗപരിമിത മെഡിക്കൽ സർട്ടിഫിക്കറ്റ് ഉള്ളവർ 17426 പേർ മാത്രമാണ്(48.90%).
- മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റുള്ള അംഗപരിമിതരുടെ അംഗപരിമിതിയുടെ തോത് താഴെപ്പറയും പ്രകാരമാണ്.
  - 40 മുതൽ 79 % വരെ - 13536
  - 80 % വും അതിന് മുകളിലും - 3378
- ആകെ അംഗപരിമിതരിൽ 2486 പേർ പൂർണ്ണമായും ശയ്യാവലംബരാണ്
- ആകെ അംഗപരിമിതരിൽ 17536 പേർ വിവാഹിതരാണ്
- ആകെ അംഗപരിമിതരിൽ തനിച്ച് വസിക്കുന്നവർ 750 പേരും കുടുംബമായി വസിക്കുന്നവർ 33403 പേരും ബന്ധുക്കളല്ലാത്തവരോടൊപ്പം താമസിക്കുന്നവർ 105 പേരുമാണ്.
- ആകെ അംഗപരിമിതരിൽ സഹായ ഉപകരണങ്ങൾ നിർദ്ദേശിക്കപ്പെട്ടവരുടെ എണ്ണം 7592 ആണ്. ഇതിൽ ഉപകരണങ്ങൾ ലഭിച്ചിട്ടുള്ളത് 5666 പേർക്കാണ്. ഉപകരണങ്ങൾ സ്ഥിരമായി ഉപയോഗിക്കുന്നവർ 4711 ആണ്.
- ബുദ്ധിപരമായ വെല്ലുവിളികൾ, സെറിബ്രൽ പാൾസി , ഓട്ടിസം, ബഹുവൈകല്യം എന്നിവയുള്ള 10034 പേരിൽ നാഷണൽ ട്രസ്റ്റ് രക്ഷാകർതൃ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ളവർ 202 പേർ മാത്രമാണ്.
- ആകെ അംഗപരിമിതരിൽ തുടർ പരിപാലനം ലഭിക്കുന്ന/ ലഭിച്ചിട്ടുള്ള അംഗപരിമിതർ 28293 ആണ്.
- സ്വന്തമായി വാഹനം ഉള്ളവർ 1334 പേർ ആണ്.
- ജില്ലയിലെ അംഗപരിമിതരിൽ 26795 പേരുടെ ആധാർകാർഡ് വിവരങ്ങൾ ലഭ്യമായിട്ടുണ്ട്.

ചിത്രം 4.2.6.2: Graphic Representation of Population of PWD in Kasargod District



- വ്യക്തിയുടെ അടിസ്ഥാനത്തിലും, വൈകല്യത്തിന്റെ അടിസ്ഥാനത്തിലും, വൈകല്യത്തിന്റെ തോത്, വയസ്സ് എന്നിവ അടിസ്ഥാനമാക്കിയും കണക്കെടുപ്പ് നടത്തുകയാണെങ്കിൽ പദ്ധതികൾ ഫലപ്രദമായി ആസൂത്രണം ചെയ്യാനാകും.
- ഭാഷാ ന്യൂനപക്ഷങ്ങൾ പാർക്കുന്ന സ്ഥലങ്ങളിലും മലയോര മേഖലകളിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് മുന്നോടിയായി സാമൂഹ്യ നീതി വകുപ്പ് മുഖേന ഭിന്നശേഷിയുള്ളവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെയും സേവനങ്ങളെയും പറ്റി ബോധവൽക്കരണം നടത്തേണ്ടതുണ്ട്.
- ഭിന്നശേഷിയുള്ള കുട്ടികൾക്കായി ബഡ്സ് സ്ക്കൂളുകൾ ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലും ആരംഭിക്കണം. ഇത്തരം സ്ഥാപനങ്ങളുടെ ആവർത്തനച്ചെലവ് സംബന്ധിച്ച പ്രശ്നത്തിന് പരിഹാരം കണ്ടെത്തേണ്ടതുണ്ട്. സാമൂഹ്യ സുരക്ഷാ മിഷൻ ഇത്തരം സ്കൂളുകൾ ഏറ്റെടുക്കുകയാണെങ്കിൽ ആവർത്തനച്ചെലവ് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹാരിക്കപ്പെടാം. ബഡ്സ് സ്കൂളുകളുടെ പ്രവർത്തന ചുമതല സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തതക്കുറവുണ്ട്. അതിനാൽ ബഡ്സ് സ്കൂളുകളുടെ പ്രവർത്തനവും തുടർചെലവുകളും സംബന്ധിച്ച് കൃത്യമായ സർക്കാർ ഉത്തരവുകൾ അനിവാര്യമാണ്. 18 വയസ്സ് കഴിഞ്ഞവരെ ബഡ്സ് സ്കൂളുകളിൽ ഉൾക്കൊള്ളിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കൂടുതൽ ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്ററുകൾ ഉണ്ടാകേണ്ടതും അത്യാവശ്യമാണ്.

ഗ്രാമ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കേണ്ടതും അനിവാര്യമാണ്. വൈകല്യങ്ങൾ ബാധിച്ചവർക്കും സ്ഥാപനങ്ങൾക്കുമുള്ള നാഷണൽ ട്രസ്റ്റ് പരിരക്ഷ പ്രകാരം പഠിതാക്കൾക്ക് സ്കോളർഷിപ്പ്/ ബത്ത ഇനത്തിൽ പ്രതിവർഷം 28500/- രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭിക്കാം. ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടെ വിഹിതത്തിന്റെ അനുപാതം നിലവിൽ ഇല്ലാത്തതിനാൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ തുക വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. അതുപോലെ ഡെ കെയർ സെന്ററുകളിൽ പ്രവേശിക്കപ്പെട്ടവർക്ക് പ്രതിവർഷം 24,000/- രൂപയും വിദ്യാലയങ്ങളിലോ ഡെകെയർ സെന്ററുകളിലോ പോകാത്ത 18 വയസ്സിൽ താഴെയുള്ളവർക്ക് പ്രതിവർഷം 12,000/- രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭിക്കാൻ സാധ്യതയുള്ളതാണ്.

അംഗപരിമിതർക്ക് പ്രതിവർഷം 2 ലക്ഷം രൂപവരെ ആരോഗ്യ പരിരക്ഷ നൽകുന്ന സ്വാവലംബൻ ആരോഗ്യ ഇൻഷൂറൻസ് പദ്ധതി, ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, ബഹു വൈകല്യം എന്നിവ ബാധിച്ചവർക്കുള്ള നിരാമയ ഇൻഷുറൻസ് പദ്ധതി മുതലായവയെക്കുറിച്ച് തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.

സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം

കുടുംബശ്രീ, പ്രത്യേക അയൽക്കൂട്ടം തുടങ്ങിയ സംവിധാനത്തിലൂടെ ഭിന്നശേഷിയുള്ളവരുടെ പുനരധിവാസ പ്രവർത്തനങ്ങളും തൊഴിൽ പരിശീലനവും നടത്തേണ്ടതാണെങ്കിലും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അത് നടപ്പിലാക്കുന്നതായി കാണുന്നില്ല. ഈ സ്ഥിതി മാറേണ്ടതുണ്ട്.

- ഗുരുതര വൈകല്യം ബാധിച്ചവർക്ക് സംരക്ഷണ ഭവനങ്ങൾ അല്ലെങ്കിൽ ഡെ കെയർ സെന്ററുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ ആരംഭിക്കേണ്ടതുണ്ട്.
- MH act 1987, PD act 1995, NT act 1999 തുടങ്ങി 2016 ലെ RPWD act വരെയുള്ള നിയമങ്ങളെപ്പറ്റിയും സംസ്ഥാന സർക്കാർ സ്ഥാപനങ്ങളുടെ സാമൂഹ്യ സുരക്ഷാ മിഷൻ പോലുള്ള സേവനങ്ങളെപ്പറ്റിയും ജനകീയ അവബോധം സൃഷ്ടിക്കേണ്ടതുണ്ട്.
- ജില്ലയിലെ ഭിന്നശേഷിക്കാർ ഉപയോഗിക്കുന്ന വികലാംഗ ഉപകരണങ്ങളുടെ റിപ്പയറിംഗിന് കോഴിക്കോട്, മംഗലാപുരം എന്നീ നഗരങ്ങളെയാണ് ആശ്രയിക്കുന്നത്. അതിനാൽ ജില്ലയിൽ വികലാംഗ ഉപകരണങ്ങളുടെ ഒരു റിപ്പയറിംഗ് സെന്റർ സ്ഥാപിക്കേണ്ടതുണ്ട്.
- വികലാംഗമുക്ത സമൂഹം കെട്ടിപ്പടുക്കുന്നതിനായി, ഗർഭാവസ്ഥയിൽ തന്നെ കുട്ടികളുടെ വൈകല്യങ്ങൾ കണ്ടുപിടിക്കാൻ ഉതകുന്ന Early disability detecton സെന്ററുകൾ സ്ഥാപിക്കേണ്ടതാണ്.
- ജില്ലയിലെ എല്ലാ സർക്കാർ ആഫീസുകളും വികലാംഗ സൗഹൃദ രീതിയിൽ മെച്ചപ്പെടുത്തണം.
- സെറിബ്രൽ പാൾസി, മാനസിക വൈകല്യം, ഡിമെൻഷ്യ, ഓട്ടിസം എന്നിവയുൾപ്പെടെയുള്ള രോഗം ബാധിച്ച കുട്ടികളുടെയും മുതിർന്നവരുടെയും ഉന്നമനത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസബിലിറ്റി മാനേജ്മെന്റ്, ജില്ലയിൽ സ്ഥാപിക്കണം. ആശുപത്രി സൗകര്യങ്ങളും ചികിത്സയിലുള്ള രോഗികൾക്ക് മ്യൂസിക് റിക്രിയേഷണൽ തെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാ മാർഗ്ഗങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഈ സംവിധാനത്തിലൂടെ സാധിക്കണം. ഓട്ടിസം ബാധിച്ച കുട്ടികൾക്കായി കരകൗശലം, സംഗീതം, നൃത്തം, യോഗ എന്നിവയിൽ പരിശീലനവും നൽകാവുന്നതാണ്.
- കേരള സാമൂഹ്യ സുരക്ഷാമിഷൻ, എൻ.പി.ആർ.പി.ഡി, എൻഡോസൾഫാൻ സെൽ, ,ഇംഹാൻസ് എന്നിങ്ങനെ നിരവധി ഏജൻസികളുടെ സേവനം നിലവിൽ ചിതറിക്കിടക്കുന്ന അവസ്ഥയിലാണ്. ഈ സംവിധാനങ്ങളെ ഒരു യൂണിറ്റായി ഏകോപിപ്പിച്ചാൽ കാര്യക്ഷമമായ പ്രവർത്തനം കാഴ്ച്ചവെക്കാൻ സാധിക്കും.
- മുളിയാർ ഗ്രാമപഞ്ചായത്തിൽ വിഭാവനം ചെയ്തിട്ടുള്ള ജില്ലാതല സമഗ്ര പുനരധിവാസ കേന്ദ്രം അടിയന്തിരമായി പ്രവർത്തനം ആരംഭിക്കണം. പഠനം, ചികിത്സാ സൗകര്യങ്ങൾ, തൊഴിൽ പരിശീലനം, തൊഴിൽ ശാലകൾ, കൃഷി അനുബന്ധ പ്രവർത്തനങ്ങൾ, മൃഗസംരക്ഷണം തുടങ്ങിയ എല്ലാ ഘടകങ്ങളെയും വകുപ്പുകളെയും സംയോജിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ കേന്ദ്രത്തിൽ നടപ്പിലാക്കണം. മാതാപിതാക്കളുടെ മരണശേഷം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ തുടർസംരക്ഷണം ഈ കേന്ദ്രത്തിൽ ഉറപ്പുവരുത്തുവാൻ കഴിയണം. പ്രായം ഭിന്നശേഷി എന്നിവയ്ക്ക് അനുസൃതമായ പുനരധിവാസ സൗകര്യമൊരുക്കുന്നതാകണം കേന്ദ്രത്തിന്റെ പ്രവർത്തന ലക്ഷ്യം.
- കാസർഗോഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസ്എബിലിറ്റി സ്റ്റഡീസ് ആന്റ് റിസർച്ച് സെന്റർ എന്ന പേരിൽ കില മോഡൽ പഠന കേന്ദ്രം ജില്ലയിൽ ആരംഭിക്കേണ്ടതുണ്ട്. കാസർഗോഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസ്എബിലിറ്റി മാനേജ്മെന്റും ജില്ലാതല സമഗ്ര പുനരധിവാസകേന്ദ്രവും ഇതിന്റെ ശാഖകളായി മാറേണ്ടതും എൻഡോസൾഫാൻ ബാധിത പഞ്ചായത്തുകളിൽ ആവശ്യമായ ഔട്ട് റീച്ച് സെന്ററുകൾ സ്ഥാപിക്കേണ്ടതുമാണ്. ഭിന്നശേഷിയുടെ സ്വഭാവവും അനന്തരഫലങ്ങളും അത് സമൂഹത്തിൽ ഉളവാക്കുന്ന മാറ്റങ്ങളും പഠന വിധേയമാക്കണം.
- ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഓരോരുത്തർക്കും അവരവരുടെ കഴിവിന് അനുസൃതമായ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് ആവശ്യമായ സൗകര്യങ്ങളും കൃഷി, വ്യവസായം, മൃഗസംരംക്ഷണം, സ്വയം തൊഴിൽ സംരംഭങ്ങൾ എന്നിവ ചെയ്യുന്നതിനാവശ്യമായ പരിശീലനകേന്ദ്രങ്ങളും ബ്ലോക്ക്, മുൻസിപ്പൽ തലങ്ങളിൽ സജ്ജമാക്കണം.

ഭിന്നശേഷി വിഭാഗത്തിൽപെട്ട കുട്ടികളുടെ കലാ-കായിക-സാംസ്കാരിക മികവുകൾ പ്രകടിപ്പിക്കുന്നതിനു സഹായിക്കുന്ന മേളകൾ ജില്ലാ തലത്തിൽ സംഘടിപ്പിക്കണം. വൈകല്യം ബാധിച്ചവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ഒരു വികലാംഗ പുനരധിവാസ കേന്ദ്രം ജില്ലയിൽ ആവശ്യമാണ്. എൻ.പി.ആർ.പി.ഡി. എന്ന നോഡൽ ഏജൻസി മുഖേന ഭിന്നശേഷിയുള്ളവർക്കായി നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഭിന്നശേഷിയുള്ളവർക്ക് ഒരു സംയോജിത കർമ്മപദ്ധതി എന്ന നിലയിൽ എൻ.പി.ആർ.പി.ഡി. പോലെയുള്ള ഏജൻസിയുടെ പ്രവർത്തനം തുടർന്നും നിലനിർത്തേണ്ടതുണ്ട്.

ചലന വൈകല്യമുള്ള കുട്ടികൾക്ക് സ്വയം പര്യാപ്തതയിലേക്ക് എത്തിച്ചേരാനും സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവേശിക്കുവാനും അനുയോജ്യമായ മാർഗ്ഗം വിദ്യാഭ്യാസമാണ്. പഠിക്കുവാൻ കഴിവും താത്പര്യവും ഉള്ള ജില്ലയിലെ ഭിന്നശേഷിക്കാരായ എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസവും ഉന്ന

ത വിദ്യാഭ്യാസവും നൽകുവാൻ നാം പ്രതിജ്ഞാബദ്ധരാണ്. 8-ാം ക്ലാസ്സ് മുതലുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സൗജന്യമായി താമസിച്ച് സ്കോളർഷിപ്പോടുകൂടി സ്കൂൾ വിദ്യാഭ്യാസവും കോളേജ് പഠനവും നിർവ്വഹിക്കുന്നതിന് ഒരു ഭിന്നശേഷിസൗഹൃദ ഹോസ്റ്റൽ ജില്ലയിൽ അനിവാര്യമാണ്. വീൽചെയറിൽ സഞ്ചരിക്കുന്ന ഒരു വ്യക്തിക്ക് എത്തിച്ചേരുവാനും കയറിച്ചെല്ലുവാനും ഉപയോഗിക്കുവാനും സാധിക്കുന്ന രീതിയിലാകണം ഹോസ്റ്റലും ക്യാന്റീനും ടോയ്‌ലറ്റുകളും നിർമ്മിക്കേണ്ടത്. ഇതിന്റെ ഭാഗമായി സൗജന്യ തൊഴിലധിഷ്ഠിത കംമ്പ്യൂട്ടർ പരിശീലനം വിദ്യാർത്ഥികൾക്ക് നൽകാവുന്നതാണ്.

സ്വന്തമായി ഒരു ഭവനം എന്നത് മറ്റുള്ളവരെ പോലെ ഭിന്നശേഷിയുള്ളവരുടെയും സ്വപ്നമാണ്. ഈ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടുന്നതിന് ചലന സ്വാതന്ത്ര്യമുള്ള ഭവനം നിർമ്മിക്കണം. അത് അവരുടെ ജീവിതത്തെ ആയാസരഹിതമാക്കുകയും സ്വയം പര്യാപ്തതയിലേക്ക് നയിക്കുകയും ചുറ്റുപാടുമുള്ള സമൂഹവുമായി കൂടുതൽ ഇഴുകിച്ചേരാൻ സൗകര്യമൊരുക്കുകയും ചെയ്യും. വീൽചെയർ ഉപയോഗിക്കുന്നവർക്ക് ആവശ്യമായ സൗകര്യത്തിലും വലിപ്പത്തിലും മുറികളും ടോയ്‌ലെറ്റുകളും നിർമ്മിക്കണം. ഹാൻഡ് റെയിലുകളും റാമ്പുകളും ഈ ഭവനനിർമ്മാണ പദ്ധതിയുടെ പ്രധാന സവിശേഷതകളിൽ ഒന്നായിരിക്കണം.

തടസ്സരഹിത പരിസരം

എത്തുക, കയറിച്ചെല്ലുക, ഉപയോഗിക്കുക എന്നത് ഏത് വ്യക്തിക്കും സാധ്യമാക്കേണ്ട സാധാരണ നിയമമാണ്. വികലാംഗപുനരധിവാസ രംഗത്തെ ഏറ്റവും വലിയ വെല്ലുവിളികളിലൊന്നാണ് തടസരഹിത പരിസരം. നമ്മുടെ സമൂഹം ഭിന്നശേഷിക്കാരായ വ്യക്തികളുടെ ചുറ്റുപാടുകളെക്കുറിച്ചും അവരുടെ ചലന സ്വാതന്ത്ര്യത്തിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളെക്കുറിച്ചും അജ്ഞരും അജ്ഞത നടിക്കുന്നവരുമാണ്. അതിനാൽ പ്രസ്തുത വിഷയത്തിൽ സമൂഹത്തിന് അവബോധം നൽകാൻ ആവശ്യമായ പരിശീലന പരിപാടികളും സെമിനാറുകളും ചർച്ചാ ക്ലാസ്സുകളും സംഘടിപ്പിച്ച് തടസ്സരഹിത പരിസരം എന്ന ആശയം ജനങ്ങളിലേക്ക് എത്തിക്കേണ്ടതാണ്.

ഭിന്നശേഷിയുള്ളവരും ബാരിയർ ഫ്രീ എൻവയൺമെന്റ് എന്ന ആശയവും

പ്രതിബന്ധങ്ങളെ അതിജീവിച്ച് സുഗമമായ ഒരു ജീവിതം കെട്ടിപ്പെടുക്കാൻ ഭിന്ന ശേഷിക്കാരെ പ്രാപ്തരാക്കുന്ന നവീന ആശയമാണ് ബാരിയർ ഫ്രീ എൻവയൺമെന്റ് സൃഷ്ടിക്കുക എന്നത്. കേവലം ഭൗതികമായ ഏതാനും തടസ്സങ്ങൾ (ഉദാഹരണത്തിന് വീൽചെയറിന്റെ സുഗമമായ സഞ്ചാരത്തിന് തടസ്സം നിൽക്കുന്ന പടിക്കെട്ടുകൾ) നീക്കം ചെയ്യുക എന്നത് മാത്രമല്ല ബാരിയർ ഫ്രീ എൻവയൺമെന്റ്.

ബാരിയർ ഫ്രീ എൻവയൺമെന്റ്

തടസ്സങ്ങൾ കൂടാതെ സ്വതന്ത്രമായും സുരക്ഷിതമായും സഞ്ചരിക്കുവാനും അനുദിന പ്രവർത്തികൾ അനായാസേന നിറവേറ്റാനും വയോജനങ്ങൾക്കും, ഭിന്നശേഷിക്കാർക്കും സാധിക്കുന്ന വിധത്തിൽ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ക്രമീകരിക്കുന്നതിനെയാണ് ബാരിയർ ഫ്രീ എൻവയൺമെന്റ് എന്ന് പറയുക. റോഡുകൾ, പാർക്കുകൾ, പൊതുസ്ഥലങ്ങൾ,ഗതാഗത സംവിധാനങ്ങൾ കെട്ടിടങ്ങൾ, പൊതുസ്ഥാപനങ്ങൾ തുടങ്ങിയവയാണ് പ്രധാനമായും എൻവയൺമെന്റ് എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. വയോജനങ്ങളുടെയും ഭിന്ന ശേഷിക്കാരുടെയും സഞ്ചാരം സുഗമമാക്കുന്ന നിലയിൽ യാത്രാ സംവിധാനങ്ങൾ ഒരുക്കുകയും ആവശ്യമായ വീതിയിലും ചെരിവിലും പാതകളും ഇടനാഴികളും ക്രമീകരിക്കുകയുമാണ് അടിസ്ഥാന സൗകര്യങ്ങൾക്കു വേണ്ട പ്രധാന മാറ്റങ്ങൾ.

വീൽചെയറുകൾക്ക് സുഗമമായി കടന്നു പോകുവാൻ സാധിക്കുന്ന രീതിയിൽ വാതിലുകൾ ക്രമീകരിക്കുന്നതു മുതൽ സൈൻബോർഡുകളും സിഗ്നലുകളുമൊക്കെ ഏതൊരാൾക്കും പ്രാപ്യമായ രീതിയിൽ മാറ്റുന്നതുവരെയുള്ള വിശാലമായ അർത്ഥത്തിലാണ് ബാരിയർ ഫ്രീ എൻവയൺമെന്റ് ഉപയോഗിക്കപ്പെടുന്നത്. പ്രധാനമായും ഭിന്നശേഷിക്കാർക്കാണ് പ്രതിബന്ധങ്ങൾ മുലമുള്ള പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നത്. എന്നാൽ വളർച്ചയിലെ വിവിധ ഘട്ടങ്ങളിൽ ഏതൊരു മനുഷ്യനും ഇത്തരം പ്രതിബന്ധങ്ങളെ നേരിടേണ്ടി വരും വൃദ്ധജനങ്ങൾ, കുഞ്ഞുങ്ങൾ, ഗർഭിണികൾ തുടങ്ങിയവരൊക്കെ സവിശേഷ ശ്രദ്ധ അർഹിക്കുന്നുണ്ട്. ഇത്തരം ആളുകൾക്ക് പലപ്പോഴും സഞ്ചാരവും ദൈനംദിന ജീവിതവും ബുദ്ധിമുട്ട് നിറഞ്ഞതും അപകടകരവുമായി അനുഭവപ്പെടുന്നു. നിലവിലുള്ള ഭൗതിക സംവിധാനങ്ങൾ ഉപയോഗിക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതുമൂലം ഭിന്നശേഷിക്കാർ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പിൻവാങ്ങുവാനും വിദ്യാഭ്യാസ, തൊഴിൽ, സാമ്പത്തിക, സാംസ്കാരിക രംഗങ്ങളിലെല്ലാം പിൻതള്ളപ്പെടാനും ഇടയാകുന്നു.

കൂടുതൽ സ്റ്റെയർ കെയ്സുകൾ നിറഞ്ഞ ഓഫീസ് ബിൽഡിംഗിൽ എല്ലാ ഭാഗത്തും എത്തിച്ചേരാൽ വീൽചെയറിൽ സഞ്ചരിക്കുന്ന വ്യക്തിക്ക് സാധിക്കില്ല. ബ്രെയിൽ ലിപിയിൽ അല്ലാത്ത ഒരു അപേക്ഷ ഫോറം പൂരിപ്പിക്കുക എന്നത് ഒരു അന്ധന് പ്രായോഗിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. ഇത്തരം കാര്യങ്ങൾ കൂടി ബാരിയർ ഫ്രീ എൻവയേൺമെന്റ് സൃഷ്ടിക്കുമ്പോൾ ശ്രദ്ധിക്കേണ്ടതുണ്ട്.

നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തേണ്ട മാറ്റങ്ങൾ

ഭിന്നശേഷിക്കാരായ വ്യക്തികൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി സഞ്ചാര സ്വാതന്ത്ര്യമില്ലായ്മയാണ്. അനായാസേന സഞ്ചരിക്കാൻ ആവാത്തതു മൂലം അവർക്ക് പല അവസരങ്ങളും നിഷേധിക്കപ്പെടുന്നു. വീടിനുള്ളിലും റോഡിലും പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലുമെല്ലാം സുഗമമായി സഞ്ചരിക്കു

വാനും സ്വാഭിമാനത്തോടെ ആവശ്യങ്ങൾ നിറവേറ്റാനും ഭിന്നശേഷിക്കാർക്കുകൂടി സാധിക്കുന്ന രീതിയിലായിരിക്കണം നിർമ്മാണ പ്രവർത്തനങ്ങൾ.

റാമ്പ്സ് ആന്റ് ഹാൻഡ് റെയിൽസ്

പടിക്കെട്ടുകൾ, നിമ്നോന്നത പ്രതലങ്ങൾ മുതലായവ ഉള്ള സ്ഥലങ്ങളിൽ ആവശ്യാനുസരണം റാമ്പുകൾ നിർമ്മിക്കണം. വീൽചെയറിൽ സഞ്ചരിക്കുന്നവർക്കും കാൽനടക്കാർക്കും അനുയോജ്യമായ രീതിയിൽ ആയിരിക്കണം റാമ്പുകൾ നിർമ്മിക്കേണ്ടത്. വീടുകളിൽ നിന്നും വെളിയിലേക്ക് വരാനും കയറാനും പാകത്തിനുള്ള റാമ്പുകൾ നിർമ്മിക്കണം. റാമ്പിന്റെ ഉയരം കൂടുന്നത് സഞ്ചാരത്തെ പ്രതികൂലമായി ബാധിക്കും. 12 അടി നീളത്തിന് 1 അടി ഉയരം എന്ന കണക്കിലാണ് റാമ്പ് നിർമ്മിക്കേണ്ടത്. റാമ്പിന്റെ ഉയരത്തിനും നീളത്തിനും ചെരിവിനും ആനുപാതികമായാണ് ഹാൻഡ് റെയിലുകൾ നിർമ്മിക്കേണ്ടത്.

ചിത്രം 4.2.6.3: Ramp Length (in feet)

RISE (in inches)	2'	3'	4'	5'	6'	7'	8'	9'	10'
34"									16.5°
32"									15.5°
30"								16.1°	14.5°
28"							17.0°	15.0°	13.5°
26"							15.7°	13.9°	12.5°
24"						16.6°	14.5°	12.8°	11.5°
22"						15.2°	13.2°	11.8°	10.6°
20"					16.1°	13.8°	12.0°	10.7°	9.6°
18"					14.5°	12.4°	10.8°	9.6°	8.6°
16"				15.5°	12.8°	11.0°	9.6°	8.5°	7.7°
14"			17.0°	13.5°	11.2°	9.6°	8.4°	7.4°	6.7°
12"			14.5°	11.5°	9.6°	8.2°	7.2°	6.4°	5.7°
10"		16.1°	12.0°	9.6°	8.0°	6.8°	6.0°	5.3°	4.8°
9"		14.5°	10.8°	8.6°	7.2°	6.2°	5.4°	4.8°	4.3°
8"		12.8°	9.6°	7.7°	6.4°	5.5°	4.8°	4.2°	3.8°
7"	17.0°	11.2°	8.4°	6.7°	5.6°	4.8°	4.2°	3.7°	3.3°
6"	14.5°	9.6°	7.2°	5.7°	4.8°	4.1°	3.6°	3.2°	2.9°
5"	12.0°	8.0°	6.0°	4.8°	4.0°	3.7°	3.0°	2.7°	2.4°
4"	9.6°	6.4°	4.8°	3.8°	3.2°	2.7°	2.4°	2.1°	1.9°
3"	7.2°	4.8°	3.6°	2.9°	2.4°	2.0°	1.8°	1.6°	1.4°

RAMP LENGTH (in feet)

ചിത്രം 4.2.6.4: Ramp



എലവേറ്റേഴ്സ്/ലിഫ്റ്റുകൾ

ഒന്നിലധികം നിലകളുള്ള കെട്ടിടങ്ങളിൽ ലിഫ്റ്റുകൾ/എലവേറ്റേഴ്സ് ഒരു അത്യാവശ്യഘടകമാണ്. ഇത്തരം കെട്ടിടങ്ങളിലെ എല്ലാ നിലകളിലും എത്താൻ പറ്റുന്ന തരത്തിൽ എലവേറ്റേഴ്സ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

ചിത്രം 4.2.6.5: എലവേറ്റേഴ്സ്/ലിഫ്റ്റുകൾ



ചിത്രം 4.2.6.6: എലവേറ്റേഴ്സ്/ലിഫ്റ്റുകൾ



വാതിലുകൾ

വീൽചെയറിൽ സഞ്ചരിക്കുന്ന ആളുകൾക്കും മറ്റ് വൈകല്യമുള്ളവർക്കും സുഗമമായി ഉപയോഗിക്കുവാൻ സാധിക്കുന്ന രീതിയിലായിരിക്കണം കെട്ടിടത്തിന്റെ വാതിലുകൾ.

പ്രവേശന കവാടങ്ങൾ

വീൽചെയറിൽ സഞ്ചരിക്കുന്ന ആളുകൾക്കും മറ്റുള്ളവർക്കും സുഗമമായി ഉപയോഗിക്കുവാൻ സാധിക്കുന്ന രീതിയിലാകണം പ്രവേശന കവാടങ്ങളുടെ നിർമ്മിതി.

ഇടനാഴികൾ, പടിക്കെട്ടുകൾ

വീതിയേറിയതും ഒരേ നിരപ്പിലുള്ളതുമായ ഇടനാഴികൾ നിർമ്മിക്കേണ്ടത് കെട്ടിടത്തിനുള്ളിലെ സഞ്ചാരം സുഗമമാക്കും. അൽപ്പം ശ്രദ്ധിച്ചാൽ പടിക്കെട്ടുകൾ ഭിന്നശേഷിക്കാർക്കും വൃദ്ധർക്കും ഒരു പ്രതിബ

ന്ധമായി തീരില്ല. എല്ലാത്തരക്കാർക്കും അനുയോജ്യമായ രീതിയിൽ പടിക്കെട്ടുകൾ നിർമ്മിക്കണം.

ടോയ്‌ലറ്റുകൾ

ഭിന്നശേഷിക്കാർ ഏറ്റവും അധികം ബുദ്ധിമുട്ട് അനുഭവിക്കുന്നത് ടോയ്‌ലറ്റ് ഉപയോഗത്തിലാണ്. ടോയ്‌ലറ്റും അനുബന്ധ സൗകര്യങ്ങളും ഭിന്നശേഷിക്കാർക്കു കൂടി ഉപയോഗിക്കാവുന്ന രീതിയിലായിരിക്കണം. ടോയ്‌ലറ്റുകളിൽ യൂറോപ്യൻ ക്ലോസറ്റുകൾ ഉപയോഗിക്കുകയും ഭിത്തിയിൽ ഹാൻഡ്‌റെയിൽ പിടിപ്പിക്കുകയും വേണം.

ചിത്രം 4.2.6.7: ടോയ്‌ലറ്റുകൾ



എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

ഭിന്നശേഷിക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട പ്രധാന ഘടകം അവരുടെ സാമ്പത്തിക പുനരുദ്ധാരണമാണ്. ജോലിയോ സ്വയം തൊഴിലോ നൽകുന്നതിലൂടെ മാത്രമേ ഇത് സാധ്യമാകൂ. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് സർക്കാർ സർവ്വീസിൽ സംവരണം മുഖേന ജോലി നൽകി വരുന്നു. 1995 ലെ ദി പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് (ഈക്വൽ ഓപ്പർച്യൂണിറ്റീസ്, പ്രൊട്ടക്ഷൻ ഓഫ് റൈറ്റ്സ് ആന്റ് ഫുൾ പാർട്ടിസിപ്പേഷൻ) ആക്ടിലെ 33-ാം വകുപ്പ് അനുസരിച്ച് നിശ്ചിത എണ്ണം തസ്തികകളിൽ 3 ശതമാനം സംവരണം ഭിന്നശേഷിക്കാർക്കായി ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുമേഖല ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ (കാഴ്ച കുറഞ്ഞവർ, അന്ധർ, ബധിരർ, ചലനവൈകല്യം അഥവ സെറിബ്രൽ പാൾസി ഉള്ളവർ എന്നിവർക്ക് 1 ശതമാനം വീതം) ജോലി സാധ്യത ഉണ്ട്. തൊഴിൽമേഖല വളരെ അധികം മത്സരം നേരിടുന്ന ഈ കാലഘട്ടത്തിൽ ഭിന്നശേഷിക്കാരുടെ തൊഴിൽ മോഹങ്ങൾ സാക്ഷാത്കരിക്കുവാനായി ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കേണ്ടതുണ്ട്. ഈ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഭാഗമായി ഭിന്നശേഷിക്കാരായ തൊഴിൽ അന്വേഷകർക്ക് തൊഴിൽ ശേഷി വർദ്ധിപ്പിക്കാനുള്ള വിവിധ പരിശീലനങ്ങൾ നൽകാവുന്നതാണ്. ഇതോടനുബന്ധിച്ച് ഭിന്നശേഷിക്കാർക്ക് മാത്രമായി ഒരു ഹെൽപ്പ്‌ലൈൻ സംവിധാനവും ആരംഭിക്കാവുന്നതാണ്.

തൊഴിൽ പരിശീലനവും സംരംഭങ്ങളും

തയ്യൽ, ഡി.ടി.പി, ബുക്ക് ബൈന്റിംഗ്, ലെതർ വർക്ക്സ്, എം.എസ് ഓഫീസ്, മൊബൈൽഫോൺ റിപ്പയറിംഗ് എന്നിവയിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുകയാണെങ്കിൽ അവർക്ക് തൊഴിൽ പരിശീലനവും അതോടൊപ്പം തൊഴിലും എന്ന ആശയം സാധ്യമാകും. വെള്ളിക്കോത്ത് ഗ്രാമീണ സംരംഭകത്വ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന മേൽ പരിശീലനങ്ങൾ നടത്താവുന്നതാണ്.

ഭിന്നശേഷിയുടെ തോത്, സ്വഭാവം, ഭിന്നശേഷി വിഭാഗക്കാരുടെ പ്രായം എന്നിവയുടെ അടിസ്ഥാന

ത്തിൽ ഒരു സർവ്വേ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സംഘടിപ്പിക്കാവുന്നതാണ്.

ഭിന്നശേഷിക്കാരുടെ പുനരധിവാസം

പി.ഡബ്ല്യു.ഡി നിയമത്തിലെ സെക്ഷൻ 66 കൂടുതൽ ഫലപ്രദമായി നടപ്പാക്കേണ്ടതുണ്ട്. ദേശീയ വികലാംഗ പുനരധിവാസ പദ്ധതി അഥവാ എൻ.പി. ആർ.പി.ഡി കേരളത്തിൽ മൂന്ന് ജില്ലകളിൽ തുടങ്ങിയെങ്കിലും നിലവിൽ കാസർഗോഡ് ജില്ലയിൽ മാത്രമാണ് ഫലപ്രദമായി നടപ്പിലാക്കുന്നത്. ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള സേവനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയെന്നാണ് ഇത് അറിയപ്പെട്ടത്. ഈ പദ്ധതി പ്രകാരം വൈകല്യമുള്ള കുട്ടികൾക്കും വ്യക്തികൾക്കും സമ്പൂർണ്ണ പുനരധിവാസം ലക്ഷ്യമാക്കുന്നു.

പ്രീ-സ്കൂൾ പരിപാടികൾ

പ്രത്യേക വിദ്യാഭ്യാസം

തൊഴിലധിഷ്ഠിത പരിശീലനവും ജോലിയും

സാമൂഹികാധിഷ്ഠിത പുനരധിവാസം

മനുഷ്യവിഭവശേഷി വികസനം

മാനസികരോഗികൾക്കായി മന:ശാസ്ത്ര-സാമൂഹിക പുനരധിവാസം

ആവർത്തന സ്വഭാവമുള്ള ചെലവുകൾ

- ജീവനക്കാർക്കുള്ള പ്രതിഫലം
- ഗുണഭോക്താക്കൾക്ക് വാഹന സൗകര്യം
- സന്നദ്ധ സംഘടനകൾക്ക് സ്റ്റൈപ്പന്റ് അഥവാ ഹോസ്റ്റലുമായി ബന്ധപ്പെട്ട ചെലവ്
- അസംസ്കൃത വസ്തുക്കളുടെ വില
- ഓഫീസ് ചെലവ്, വൈദ്യുതി, വെള്ളം എന്നിവയുടെ ചാർജ്ജ്
- വാടക

ആവർത്തനസ്വഭാവമില്ലാത്ത ചെലവുകൾ

- ഫർണിച്ചർ
- ഉപകരണങ്ങൾ
- കെട്ടിട നിർമ്മാണം
- മറ്റ് ആസ്തികൾ

എന്നാൽ ആവർത്തന ചെലവിന്റെ ബുദ്ധിമുട്ടുകൾ ഇന്ന് ഈ പദ്ധതിയെ തളർത്തിക്കൊണ്ടിരിക്കുകയാണ്. ഭിന്നശേഷിക്കാർക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും ഘടിപ്പിക്കുന്നതിനുമുള്ള പ്രത്യേക പദ്ധതിയിലൂടെ അംഗവൈകല്യം ഉള്ളവർക്ക് വികലാംഗ ക്ഷേമ കോർപ്പറേഷൻ വകുപ്പ് മുഖേന സഹായം ലഭിക്കുന്നുണ്ടെങ്കിലും ഈ ഫണ്ട് സമ്പൂർണ്ണ പുനരധിവാസ പ്രവർത്തനങ്ങൾക്ക് അപര്യാപ്തമാണ്. ഭിന്നശേഷിക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട പ്രധാനഘടകം അവരുടെ സാമ്പത്തിക പുനരുദ്ധാരണമാണ്.

ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിന് എല്ലാ സേവനങ്ങളും ലഭ്യമാക്കുന്ന ഏജൻസികൾക്ക് സഹായം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ സമീപനം. വൈകല്യം നേരത്തെ കണ്ട് പിടിക്കുക, ജീവിതമാർഗ്ഗം കണ്ടെത്തുന്നതിന് സഹായിക്കുക, പരിശീലനം നൽകുക മുതലായവ ഈ സേവനങ്ങളുടെ പരിധിയിൽ വരുന്നു. ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതി മുഖേന വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമാണ് ഊന്നൽ നൽകുന്നത്. ഇവ നേടുന്നത് താഴെ പറയുന്ന സമീപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

- എല്ലാതലത്തിലും എല്ലാ മേഖലയിലും വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുക, അതുവഴി തൊഴിലവസരങ്ങൾ, വരുമാനം എന്നിവയ്ക്കുള്ള സാധ്യത കണ്ടെത്തുക.
- ഔപചാരികവും അനൗപചാരികവുമായ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടികൾക്ക് പിന്തുണ നൽകുക.
- ഗ്രാമീണ, നഗര മേഖലകളിൽ സമഗ്ര സാമൂഹ്യാധിഷ്ഠിത പുനരധിവാസ പദ്ധതി നടപ്പിലാക്കുക.
- ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായ മനുഷ്യവിഭവശേഷി വികസിപ്പിച്ചെടുക്കുക.
- പരിശീലന സാമഗ്രികൾ, ഡോക്യുമെന്റേഷൻ, മറ്റ് വിവരങ്ങൾ എന്നിവ തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക
- പൂർണ്ണ സജ്ജമായ റിസോഴ്സ് സെന്ററുകൾ വിവിധ തലങ്ങളിൽ സ്ഥാപിക്കുക. സ്വയം സഹായക സംഘങ്ങൾ, രക്ഷകർത്താക്കളുടെ കൂട്ടായ്മ മുതലായവ വളർത്തിക്കൊണ്ടുവരികയും ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുക.
- വിവിധ മേഖലകളിലെ പ്രവർത്തനങ്ങളെ കോർത്തിണക്കുക.
- പരിസ്ഥിതി സൗഹൃദ പദ്ധതികളുമായി ചേർന്ന് പ്രവർത്തിക്കുന്ന വികലാംഗർക്ക് പിന്തുണ നൽകുക.
- കെട്ടിടങ്ങൾ നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുക, ഫർണിച്ചർ ലഭ്യമാക്കുക, ആവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക.
- കായിക പരിപാടികൾ, വിനോദ പരിപാടികൾ, യാത്രകൾ, ക്രിയാത്മക പ്രവർത്തനങ്ങൾ, സാമൂഹിക സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.
- താമസ സ്ഥലങ്ങളുടെയും ഹോസ്റ്റലിന്റെയും ലഭ്യത ഉറപ്പുവരുത്തുക.
- സർവ്വേ മുതലായ പഠന പരിപാടികൾ സംഘടിപ്പിക്കുക.

  വിവിധ മേഖലകളിലെ ഗവേഷണ പരിപാടികൾ, നൂതന സംരംഭങ്ങൾ, സാങ്കേതിക വിദ്യ എന്നിവയ്ക്ക് പ്രോത്സാഹനം നൽകുക.

സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം

- 1995 ലെ ദി പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് (ഈക്വൽ ഓപ്പർച്യൂണിറ്റീസ് ,പ്രൊട്ടക്ഷൻ ഓഫ് റൈറ്റ്സ് ആന്റ് ഫുൾ പാർട്ടിസിപ്പേഷൻ) നിയമത്തിൽ അനുശാസിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നതിന് സഹായിക്കുക.

താഴെ പറയുന്ന മാതൃകാ പദ്ധതികൾക്ക് പിന്തുണ നൽകാവുന്നതാണ്.

പ്രീസ്കൂൾ-വൈകല്യം നേരത്തെ കണ്ടെത്തുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള പദ്ധതി.

ശിശുക്കൾക്കും 6 വയസ്സുവരെയുള്ള കുട്ടികൾക്കും സ്പെഷ്യൽ സ്കൂൾ വിദ്യാഭ്യാസവും യഥാസമയം അവരെ സാധാരണ സ്കൂളുകളിൽ പ്രവേശിപ്പിക്കാനുള്ള നടപടികളും കൈക്കൊള്ളുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കുട്ടികളുടെ പകൽ സംരക്ഷണം, മാതാപിതാക്കളുടെ ബോധവൽക്കരണം തുടങ്ങിയവ ഇതിൽപെടുന്നു.

സ്പെഷ്യൽ സ്കൂൾ

ബുദ്ധിമാന്ദ്യം ഉള്ളവരും അന്ധരും ബധിരരും മൂകരുമായ കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകൾ ഇവരിൽ ആശയവിനിമയ ശേഷി വളർത്തുന്നതിനും ജീവിതമാർഗ്ഗം ലഭ്യമാകത്തക്ക തരത്തിൽ അവരെ സാധാരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും പൊതുജീവിതത്തിലേക്കും ഉയർത്തിക്കൊണ്ടുവരുന്നതിനും സഹായകരമാകുന്നു. സെറിബ്രൽ പാൾസി ബാധിച്ച കുട്ടികൾക്കായി പ്രത്യേക ശ്രദ്ധ ലഭ്യമാക്കാവുന്നതാണ്.

ചികിത്സിച്ച് നിയന്ത്രണ വിധേയമായ മാനസികരോഗികളുടെ സാമൂഹിക പുനരധിവാസത്തിന് ഹാഫ് വെ ഹോമുകൾ

ആശുപത്രിയിലും അനാഥാലയങ്ങളിലും ചികിത്സിച്ച് നിയന്ത്രണ വിധേയരായ മാനസിക രോഗികൾക്കായി പുനരധിവാസത്തിന് സംവിധാനം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇത്തരക്കാരെ സമൂഹത്തിലേക്ക് ഉൾക്കൊള്ളുന്നതിന് ആവശ്യമായ കൗൺസലിംഗ്, തൊഴിൽ പരിശീലനം എന്നിവ നൽകാവുന്നതാണ്. കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാനസിക അസ്വാസ്ഥ്യങ്ങൾ നിയന്ത്രിക്കുന്നതിന് ചികിത്സയും ഇതോടൊപ്പം നൽകാൻ സാധിക്കും.

സർവ്വേ, അവബോധം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ

അവബോധത്തിലൂടെ രോഗം നേരത്തെ കണ്ടെത്തൽ, ഭിന്നശേഷിക്കാരുടെ ആവശ്യങ്ങൾ കണ്ടെത്താനായി മാതാപിതാക്കളെ ബോധവൽക്കരിക്കൽ, വിവിധ വൈകല്യങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ പുനരധിവാസ പദ്ധതികൾ നിർദ്ദേശിക്കൽ തുടങ്ങിയവ ഇതു മുഖേന നടപ്പിലാക്കാവുന്നതാണ്.

ഭവനങ്ങളിൽ തന്നെയുള്ള പുനരധിവാസ പരിപാടികൾ

ശാരീരിക ചലനത്തിന് ആവശ്യമായ വസ്തുക്കളും സഹായവും നൽകൽ, അടിസ്ഥാന ആശയവിനിമയ ശേഷിയും ജീവിത മാർഗ്ഗവും വികസിപ്പിക്കൽ, കുടുംബാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകൽ എന്നിവ അവരവരുടെ ഭവനങ്ങളിൽ വെച്ച് തന്നെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളാണ്.

സാമൂഹ്യാധിഷ്ഠിത പുനരുദ്ധാരണ പദ്ധതി

ഭിന്നശേഷിക്കാരുടെ പുനരുദ്ധാരണത്തിനും പരിശീലനത്തിനുമാണ് ഈ പദ്ധതി. ഭിന്നശേഷിക്കാർക്ക് വേണ്ടുന്ന സേവനങ്ങൾ തീർത്തും ഇല്ലാതിരിക്കുകയോ ഭാഗികമായി മാത്രം ലഭ്യമാകുകയോ ചെയ്യുന്ന അവസരങ്ങളിൽ അവരുടെ കുടുംബാംഗങ്ങൾ, സാമൂഹിക ആരോഗ്യ പ്രവർത്തകർ എന്നിവർ മുഖേന ആവശ്യമായ സേവനം ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ രീതി.

കാഴ്ചശക്തി കുറഞ്ഞവർക്കായുള്ള കേന്ദ്രങ്ങൾ

കാഴ്ച ശക്തി കുറഞ്ഞവർക്ക് വൈദ്യസഹായത്തോടെ പുനരധിവാസം ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. രോഗം തിരിച്ചറിയൽ, വിലയിരുത്തൽ, പുനരധിവാസം,കൗൺസലിംഗ് എന്നിവ ഈ പദ്ധതിയിലൂടെ ലഭ്യമാക്കാവുന്നതാണ്.

ഭിന്നശേഷിക്കാർക്ക് പരിസ്ഥിതി സൗഹൃദ പദ്ധതികൾ

ഭിന്നശേഷിക്കാർ നടത്തുന്ന പരിസ്ഥിതി സൗഹൃദ പദ്ധതികളായ പൂന്തോട്ട നിർമ്മാണം, നഴ്സറി, ചെടി വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം അനുവദിക്കാവുന്നതാണ്.

പട്ടിക 4.2.6.5: കാസറഗോഡ് ജില്ലയിൽ ഭിന്നശേഷിക്കാർക്കായി സാമൂഹ്യസുരക്ഷാ മിഷൻ മുഖേന സംഘടിപ്പിച്ചിട്ടുള്ള ഡിസബിലിറ്റി ക്യാമ്പ് സംബന്ധിച്ച വിശദാംശം

നം	തീയ്യതി	സ്ഥലം	അംഗപരിമിത സർട്ടിഫിക്കറ്റും കാർഡും വിതരണം ചെയ്തതിന്റെ എണ്ണം
1	16.2.2017	ഉപ്പള	171
2	18.02.2017	പൈവളികെ	169
3	25.02.2017	ഇരിയണ്ണി	205
4	25.5.2017	ബാഡൂർ	147
5	27.05.2017	മൊഗ്രാൽപുത്തൂർ	190

6	22.07.2017	ചെങ്കള	163
7	25.07.2017	ഉദുമ	178
8	29.07.2017	വെള്ളരിക്കുണ്ട്	178
9	22.08.2017	കാഞ്ഞങ്ങാട്	195
10	26.08.2017	നീലേശ്വരം	171
11	12.10.2017	അമ്പലത്തറ	122
12	24.01.2017	ചുള്ളിക്കര	169
13	22.11.2017	മുള്ളേരിയ	163
14	30.11.2017	മുളിയാർ	170
15	11.01.2018	കാസറഗോഡ് മുനിസിപ്പാലിറ്റി	113
16	18.01.2018	ഉളിയത്തടുക്ക, മധൂർ	128
17	20.01.2018	കുമ്പള	153
18	27.01.2018	ബാഡൂർ	130

അവലംബം : സാമൂഹ്യ സുരക്ഷാ മിഷൻ

ഭിന്നശേഷിക്കാരുടെ അടിസ്ഥാന സൗകര്യം

ജില്ലയിൽ ഭിന്നശേഷിക്കാർക്ക് അടിസ്ഥാന സൗകര്യങ്ങളായ റാമ്പ്, ലിഫ്റ്റ് എന്നിവ സ്ഥാപിക്കുന്നതിന് 346 സർക്കാർ കാര്യാലയങ്ങളിൽ നിന്നും വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ട്. സിവിൽ സ്റ്റേഷനിലെ വിവിധ ബ്ലോക്കുകളിൽ അടിയന്തരമായി റാമ്പ്, ലിഫ്റ്റ് എന്നിവ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി മുഖേന എസ്റ്റിമേറ്റ് എടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്

എൻഡോസൾഫാൻ ബാധിത പ്രദേശങ്ങൾ

ജില്ലയിലെ 38 ഗ്രാമ പഞ്ചായത്തുകളിൽ 11 എണ്ണമാണ് എന്റോസൾഫാൻ ബാധിതപഞ്ചായത്തുകളായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. പനത്തടി, കള്ളാർ, കയ്യൂർ-ചീമേനി, കാറഡുക്ക, ബെള്ളൂർ, എൻമകജെ, കുംബഡാജെ, അജാനൂർ, പുല്ലൂർ-പെരിയ, ബദിയഡുക്ക, മുളിയാർ എന്നിവയാണ് ഈ പഞ്ചായത്തുകൾ.

ദുരിതബാധിതർക്കാവശ്യമായ കുടിവെള്ള സംവിധാനം, റോഡ് വികസനം ആരോഗ്യരക്ഷാ സംവിധാനം എന്നിവ വിപുലപ്പെടുത്തേണ്ടതുണ്ട്.

- ദുരിതബാധിതരെ പുനരധിവസിപ്പിക്കുന്നതിന് ജില്ലാതല സമഗ്ര പുനരധിവാസ കേന്ദ്രം മുളിയാറും ചികിത്സാ സംവിധാനങ്ങൾക്കായി കാസറഗോഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസെബിലിറ്റി മാനേജ്മെന്റ് കയ്യൂർ-ചീമേനിയും കാസറഗോഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസെബിലിറ്റി സ്റ്റഡീസ് & റിസേർച്ച് സെന്റർ പെരിയയിലും അടിയന്തിരമായി ഒരുക്കേണ്ടതുണ്ട്.

ചിത്രം 4.2.6.8: ENDOSULPHAN VICTIM INCIDENCE RATE



അവലംബം :എൻഡോസൾഫാൻ സെൽ കാസറഗോഡ്

എൻഡോസൾഫാൻ മേഖലയിൽ ആവശ്യമായ പ്രധാന പ്രവർത്തനങ്ങൾ

എൻഡോസൾഫാൻ ദുരിതം പേറുന്ന ജില്ലയിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ എണ്ണം മറ്റു ജില്ലകളെ അപേക്ഷിച്ചു വളരെ കൂടുതലാണ്. ഈ വിഭാഗത്തിൽ വരുന്ന കുട്ടികൾക്ക് പഠന പരിശീലന സൗകര്യങ്ങൾ ഒരുക്കുക എന്നത് ജില്ലയുടെ സവിശേഷമായ ആവശ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. നിലവിൽ ജില്ലയിൽ പ്രവർത്തിച്ചു വരുന്നത് 7 ബഡ്സ് സ്കൂളുകളാണ്. അതിൽ 6 എണ്ണം ദുരിത ബാധിത മേഖലകളിലെ പഞ്ചായത്തുകളിലാണ്. ഒരെണ്ണം നിലേശ്വരം മുൻസിപ്പാലിറ്റിയിലും. 10 ദുരിതബാധിത പഞ്ചായത്തുകളിൽ നബാർഡ് ആർ.ഐ.ഡി.എഫ്. പാക്കേജിൽ ഉൾപ്പെടുത്തി ബഡ്സ് സ്കൂളുകൾക്ക് കെട്ടിട നിർമ്മാണം നടത്തിവരുന്നുണ്ട്. അതിൽ പുല്ലൂർ പെരിയ പഞ്ചായത്തിലെ ബഡ്സ് സ്കൂൾ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ബഡ്സ് സ്കൂളുകളായി വികസിപ്പിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് മാനസികോല്ലാസം വിദ്യാഭ്യാസത്തോടൊപ്പം നൽകുന്നതിന് പ്രസ്തുത ബഡ്സ് സ്കൂളുകളുടെ വികസനം അനിവാര്യമാണ്. ബഡ്സ് സ്കൂളുകളിലേക്ക് ആവശ്യമായ സ്പെഷ്യൽ എഡ്യുക്കേറ്റർ, സ്പീച്ച് തെറാപ്പിസ്റ്റ്, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്, ഡ്രൈവർ, ആയ, കുക്ക് തുടങ്ങിയവരെ നിയമിക്കുന്നതിനോടൊപ്പം വാഹനസൗകര്യവും പ്രസ്തുത സ്ഥാപനത്തിന്റെ നടത്തിപ്പിനാവശ്യമായ തുടർ ചെലവുകളും കണ്ടെത്തേണ്ടതുണ്ട്.

റിഹാബിലിറ്റേഷൻ വില്ലേജ്

ശാരീരീകവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കായി ഒരു റിഹാബിലിറ്റേഷൻ വില്ലേജ് വിഭാവനം ചെയ്തിട്ടുണ്ട്. മുളിയാർ വില്ലേജിൽ 25 ഏക്കർഭൂമി ഈ ആവശ്യത്തിലേക്ക് സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുമുണ്ട്. വിദഗ്ദ്ധ ആരോഗ്യ പരിപാലനം, ഫിസിക്കൽ റിഹാബിലിറ്റേഷൻ, തൊഴിൽ പരിശീലനം,ഷോർട് സ്റ്റേ ഹോമുകൾ, ശാരീരിക മാനസിക വികസനത്തിനുള്ള പരിശീലനങ്ങൾ എന്നിവ റിഹാബിലിറ്റേഷൻ വില്ലേജിലൂടെ ലക്ഷ്യം വെക്കുന്നു. രണ്ടു ഘട്ടങ്ങളിലായാണ് പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തി ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

Assisted living homes (3 units), physiotherapy units, speech therapy units, dining hall, Vocational training, occupational training , parking, gate and signage, green fencing, internal roads and paths, Sewer and storm water drains, overhead tank, underground Sump (5 crores).

രണ്ടാംഘട്ടത്തിൽ ചെയ്യേണ്ടവ

Assisted living homes (3 units), physiotherapy units, speech therapy units, dining hall, vocational training, occupational training, half way homes, high dependency dormitories, family rooms, parking, gate and signage, green fencing, internal roads and paths, sewer and storm water drains, overhead tank, underground sump, rain water harvesting pond, bio diversity park, Electrical substation and solar lighting organic farm and diary, herbal garden, ambhi theatre.

ദുരിതബാധിതർക്കു തൊഴിൽ പരിശീലനവും നൈപുണ്യ വികസനവും

എൻഡോസൾഫാൻ ദുരിത ബാധിതർക്ക് അവരുടെ രോഗാവസ്ഥയുടെ കാഠിന്യമനുസരിച്ച് വൈവിധ്യമാർന്ന മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്നതിനും ചെറു സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആവശ്യമായ പിന്തുണയും സാമ്പത്തിക സഹായവും നൽകേണ്ടതുണ്ട്. ദുരിത ബാധിതരിൽ ആത്മവിശ്വാസവും മുഖ്യധാരാ ജീവിത അവബോധവും സൃഷ്ടിക്കുന്നതിന് ഇത് ഏറെ സഹായകമാകും. സാമൂഹ്യ നീതി വകുപ്പിന് പ്രസ്തുത സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങളും മാനുഷിക വിഭവശേഷിയും പ്രദാനം ചെയ്യേണ്ടതുണ്ട്.

സമഗ്ര ആരോഗ്യപദ്ധതി

ആരോഗ്യരംഗത്ത് അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ നേരിടാൻ ജില്ലയിൽ നിലവിലുള്ള ആരോഗ്യ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്. ജില്ലയുടെ സ്വപ്ന പദ്ധതിയായ മെഡിക്കൽ കോളേജിന്റെ നിർമ്മാണം ദ്രുതഗതിയിൽ പൂർത്തീകരിച്ചാൽ എൻഡോസൾഫാൻ ദുരിതബാധിതർ ഉൾപ്പെടെയുള്ളവർക്ക് വലിയ അനുഗ്രഹമാകും. അതിനു മുമ്പ് സാധാരണക്കാരായ എൻഡോസൾഫാൻ രോഗികൾ ആരോഗ്യ ആവശ്യങ്ങൾക്കായി ബന്ധപ്പെടുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെയും ശക്തിപ്പെടുത്തേണ്ടതുണ്ട്. ജില്ലയുടെ പ്രത്യേക സാഹചര്യം പരിഗണിച്ചു ജില്ലാ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനം ഉറപ്പുവരുത്തണം. ദുരിതബാധിത ഗ്രാമ പഞ്ചായത്തുകളിലെ എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തി കൂടുതൽ മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

വിദഗ്ദ്ധ ചികിത്സയും മരുന്നും

ആരോഗ്യരംഗത്ത് ജില്ലയുടെ പിന്നോക്കാവസ്ഥ പരിഗണിച്ചും എൻഡോസൾഫാൻ ദുരിതാബാധിതർക്ക് വിദഗ്ധ ചികിത്സ നൽകുന്നതിനുമായി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള 17 ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്. ഈ ആശുപത്രികളിൽ വലിയൊരു വിഭാഗം രോഗബാധിതർ ചികിത്സ തേടുന്നുണ്ട്.

സ്വകാര്യ ആശുപത്രികളിൽ ശസ്ത്രക്രിയകൾ ഉൾപ്പെടെയുള്ള സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും വർഷാവർഷം നിശ്ചിത തുക വകയിരുത്തേണ്ടതുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ നിരവധി പേർ ശാരീരിക വെല്ലുവിളികൾ നേരിടുന്നവരാണ്. പ്രാപ്തിയനുസരിച്ചു സ്വന്തം കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും വ്യത്യസ്ത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും അവരെ പര്യാപ്തമാക്കുന്നതിന് ആവശ്യമായ ആധുനിക ഉപകരണങ്ങളും വാഹനങ്ങളും യന്ത്രങ്ങളും ലഭ്യമാക്കേണ്ടതുണ്ട്.

ജൈവ ജില്ല

എൻഡോസൾഫാൻ കീടനാശിനിയുടെ വിവേചനരഹിതമായ ഉപയോഗം കാരണം നഷ്ടപ്പെട്ട സ്വാഭാവിക പരിസ്ഥിതിയെ വീണ്ടെടുക്കുന്നതിനും ജൈവ കൃഷിയെ പ്രത്സാഹിപ്പിക്കുന്നതിനും വേണ്ടി കാസറഗോഡ് ജില്ലയെ കേരള സർക്കാർ ജൈവ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ വിവിധ തലത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കണമെങ്കിൽ, അതിന്റെ 'പാക്കേജ് ഓഫ് പ്രാക്ടീസ്' തയ്യാറാക്കി ജില്ലക്ക് ലഭിക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ അടിയന്തിര ആവശ്യമായി പരിഗണിക്കേണ്ടതാണ്.

ശിശുക്ഷേമം, അങ്കണവാടികൾ

പട്ടിക 4.2.6.6: സംയോജിത ശിശുവികസന സേവന പദ്ധതി

Sl No	Project	Panchayath/ Muncipality	Types of Project			No. of Sectors	No. Of AWCs		No. Of Mini AWCs		Total Population (As per last April)	Block PHC Linked to the Project
			Rural	Urban	Tribal		Sanctioned	Functioning	Sanctioned	Functioning		
1	Nileshwar	Nileshwaram (M)	Rural			1	37	37	1	1	43012	
		Chervuthur	Rural			1	28	28	1	1	25999	
		Kayyur Cheemeni	Rural			1	28	28	1	1	31328	
		Total	**Rural**			**3**	**93**	**93**	**3**	**3**	**100339**	**Taluk Hospital Nileswaram**
2	Nileshwar Addl.	Pilicode	Rural			1	26	26	1	1	26999	PHC Olat
		Valiyaparamba	Rural			1	15	15	1	1	14911	PHC padanna kadappuram
		Padne	Rural			1	21	21	2	2	24515	PHC Padanne
		Thrikaripur	Rural			1	39	39	0	0	44228	PHC Udumbanthola
		Total	**Rural**			**4**	**101**	**101**	**4**	**4**	**110653**	
3	Parappa	Kinanoor Karinthalam	Rural			1	30	30	0	0	30042	
		West Eleri	Rural			1	40	40	1	1	31460	
		East Eleri	Rural			1	31	31	0	0	33052	
ദയനീയ സാമ്പത്തിക സ്ഥിതിയിലുള്ള മുൻകുറ്റവാളികളുടെയും പ്രൊബേഷൻ കാലയളവിലുള്ള കുറ്റവാളികളുടെയും സാമൂഹികപുനരധിവാസം ഒരു കടുത്ത സാമൂഹിക പ്രശ്നമാണ്. ഉപജീവനമാർഗ്ഗം കണ്ടെത്താൻ കഴിയുന്ന രീതിയിൽ ഒരു വ്യവസായമോ, കൈത്തൊഴിലോ, ചെറു വാണിജ്യകേന്ദ്രങ്ങളോ തുടങ്ങാൻ അവർക്ക് സാമ്പത്തിക സഹായം അനുവദിക്കാവുന്നതാണ്. ഈ തുക ഉപയോഗിച്ച് ചെറിയ രീതിയിലുള്ള വരുമാനോൽപാദന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവർക്ക് സാധിക്കും. മുൻകുറ്റവാളികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ശ്രദ്ധാനന്തര സംഘടന (ആഫ്റ്റർ കെയർ അസോസിയേഷൻ) വഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവുന്നതാണ്.

കഴിഞ്ഞ മുന്ന് വർഷത്തെ പ്രൊബേഷൻ ആഫീസ് വഴിയുള്ള സേവനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Total grand in aid distributed: 1, 80,000 (12 nos)
Total Preliminary Enquiry (PE) conducted: 168 nos
Total Miscellaneous Enquiry (ME) conducted: 122 nos
Total no,of Probationer under supervision: 39 probationers

അവലംബം: ജില്ലാപ്രൊബേഷൻ ഓഫീസ് കാസറഗോഡ്

4.3 പശ്ചാത്തല മേഖല

4.3.1 ഊർജ്ജം

ഊർജ്ജം

മറ്റു ജില്ലകളെ അപേക്ഷിച്ച് ഊർജ്ജ രംഗത്ത് കാസറഗോഡ് പിന്നോക്കാവസ്ഥയിലാണ്. പദ്ധതികൾക്ക് വേണ്ട സ്ഥലവും ഭൗതീക സാഹചര്യങ്ങളും ലഭ്യമാണെങ്കിലും ഇതുവരെയും ജില്ലയിൽ വൻകിട പദ്ധതികളൊന്നും നടപ്പിലായിട്ടില്ല. സമീപ കാലത്തായി ജില്ലയിലെ സ്ഥലലഭ്യത കണക്കിലെടുത്ത് കേരള ഗവൺമെന്റും കേരള സംസ്ഥാന വൈദ്യുതി ബോർഡും മുൻകൈ എടുത്ത് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ചെറുകിട വൈദ്യുത പദ്ധതികളും കാറ്റിൽ നിന്നും വൈദ്യുതി ഉല്പ്പാദിപ്പിക്കുന്നതിനുള്ള സാധ്യതകളും കണ്ടെത്തിയിട്ടുണ്ടെങ്കിലും ഇതുവരെയും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. ലഭ്യമായ ഊർജ്ജ സ്രോതസ്സുകളെ ശരിയായ വിധത്തിൽ ഉപയോഗിക്കുകയാണെങ്കിൽ ജില്ലയുടെ ആവശ്യം കഴിഞ്ഞ് മറ്റു ജില്ലകളിലേക്കും വൈദ്യുതി നൽകാൻ സാധിക്കുന്നതാണ്.

പട്ടിക 4.3.1.1 വൈദ്യുതി ഉപഭോഗം

	കാസറഗോഡ് ജില്ല ഉപഭോഗം (MU)	സംസ്ഥാന ഉപഭോഗം (MU)
12/2016	42.78	1951.43
01/2017	45.13	1920.07
02/2017	45.09	1922.76
03/2017	45.09	2172.68
04/2017	50.01	2216.55
05/2017	52.18	2170.53
06/2017	48.41	1880.12
07/2017	43.40	1941.91
08/2017	41.27	2009.03
09/2017	41.81	1925.04
10/2017	43.76	2011.33
11/2017	42.85	1968.88

ജില്ലയിലെ വൈദ്യുതി പ്രസരണ മേഖല ഇനിയും ഏറെ മെച്ചപ്പെടേണ്ടതുണ്ട്. ഇതിനായി ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൻ പ്രകാരം അനുവദിക്കപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കുന്നതിനോടൊപ്പം ട്രാൻസ്ഗ്രിഡ് പ്രോജക്ടിൽപെടുത്തിയും പ്രസരണ വിഭാഗത്തിൽ പ്രവൃത്തികൾ നടത്തുന്നതിന് ആസൂത്രണം ചെയ്തു വരികയാണ്. എങ്കിലും മുകളിൽ പറഞ്ഞ വൈദ്യുതി ഉല്പാദന നിലയങ്ങൾ നടപ്പിലാക്കുമ്പോൾ പ്രസരണ മേഖലയിൽ കൂടി പദ്ധതികൾ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. കൂടാതെ തടസ്സമില്ലാതെ 24 മണിക്കൂറും ഗുണമേയുള്ള വൈദ്യുതി ലഭ്യമാക്കണമെങ്കിൽ ഒരു സ്രോതസ്സിൽ നിന്നുള്ള വൈദ്യുതി മുടങ്ങുമ്പോൾ മറ്റു സ്രോതസ്സിൽ നിന്നും വൈദ്യുതി ലഭ്യമാക്കുന്നതിന് പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കേണ്ടതുണ്ട്.

വിതരണ മേഖലയിൽ പലവിധ പദ്ധതികളിൽപ്പെടുത്തി പുതിയ പ്രവൃത്തികൾ ചെയ്തു വരുന്നുണ്ടെങ്കിലും പഴയ വിതരണ ശൃംഖലയെ ഉടച്ചുവാർക്കേണ്ടതുണ്ട്. ഇതിനായി പഴയ ലൈനുകൾ ശക്തിപ്പെടുത്തുകയും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചില സ്ഥലങ്ങളിലെങ്കിലും ഓവർഹെഡ് ലൈനുകൾ മാറ്റി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുകയും വേണം. ഈ സംവിധാനമില്ലാതെ 24 മണിക്കൂറും വൈദ്യുതി നൽകുന്നതിന് കഴിയുകയില്ല.

നിലവിലെ സ്ഥിതി

ഉല്പാദന മേഖല: ജില്ലയിൽ നിലവിൽ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പി ക്കുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷനും കൂടി മുൻകൈയെടുത്ത് റിന്യൂവബിൾ പവർ കോർപ്പറേഷൻ കേരള ലിമിറ്റഡ് (ആർ.പി.സി. കെ.എൽ) എന്ന കമ്പനി രൂപീകരിക്കുകയും, ഈ കമ്പനിയുടെ മേൽനോട്ടത്തിൽ ജില്ലയിൽ സൗരോർജ്ജ പദ്ധതികൾ വിവിധ ഭാഗങ്ങളിൽ ആസൂത്രണം ചെയ്തുവരികയുമാണ്. മടിക്കൈ പഞ്ചായത്തിലെ അമ്പലത്തറയിൽ 50 മെഗാവാട്ട് ശേഷിയുള്ള പദ്ധതി പൂർത്തീ കരിച്ചുകഴിഞ്ഞു. കൂടാതെ കെ.എസ്.ഇ.ബി. നേരിട്ട് മഞ്ചേശ്വരം സബ്സ്റ്റേഷനോട് ചേർന്ന് 500 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് പൂർത്തീകരിച്ച് പ്രവർത്തിക്കുന്നു. മൈലാട്ടി സബ്സ്റ്റേഷനിലെ കൺട്രോൾ റൂമിന്റെ മുകളിൽ 30 കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ

നിലയത്തിന്റെ പണി പുരോഗമിക്കുന്നുണ്ട്. നിലവിലെ ജില്ലയിലെ ആകെ ഉല്പാദന നിലയങ്ങൾ ഇവ മാത്രമാണ്.

- പൈവളിഗെ, മീഞ്ച ഗ്രാമ പഞ്ചായത്തുകളിൽ 50 മെഗാവാട്ട് പദ്ധതി കോമംഗള എന്ന സ്ഥലത്ത് 30 മെഗാവാട്ട്, മുൺകജെ എന്ന സ്ഥലത്ത് 30 മെഗാവാട്ട് പദ്ധതി എന്നിവയാണ് ജില്ലയിൽ ആർ.പി.സി.കെ.എൽ. വിഭാവനം ചെയ്ത മറ്റുപദ്ധതികൾ.

ജില്ലയിൽ വൻകിട ജല വൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതയില്ല. ചെറുകിട വൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിന് അനെർട്ടിന്റെ ആഭിമുഖ്യത്തിൽ സാധ്യതാപഠനം നടത്തിയിട്ടുണ്ടെങ്കിലും അവ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ എങ്ങുമെത്തിയിട്ടില്ല. ഇവയിൽ DPR തയ്യാറാക്കപ്പെട്ട മിനി ഹൈഡ്രൽ പ്രൊജക്ടുകളായ മാലോത്ത് 1 & 2 കുതിരച്ചാട്ടം, പ്ലാച്ചിക്കര, താന്നിയടി, കാക്കടവ് എന്നിവ നടപ്പാക്കേണ്ടതാണ്. ഈ പദ്ധതികൾ കെ.എസ്. ഇ.ബി. യുടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും സംയുക്ത പദ്ധതിയായി നടപ്പിലാക്കാവുന്നതാണ്. ഇതിലൂടെ മഴക്കാലത്ത് പാഴായിപ്പോകുന്ന ജലത്തെ ജനോപകാരപ്രദമാക്കി സാമ്പത്തിക നേട്ടം ഉണ്ടാക്കാൻ അവസരമുണ്ടാകുന്നതാണ്.

ജൈവ മാലിന്യം ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന ചെറുകിട നിലയങ്ങൾ മുൻസിപ്പാലിറ്റികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കാൻ സാധിക്കും. തന്മൂലം മാലിന്യസംസ്കരണവും വൈദ്യുതി ഉൽപാദനവും നടക്കും. ഇതിനായി സംസ്ഥാന ശുചിത്വ മിഷനുമായി ചേർന്ന് പ്രവൃത്തികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

നിർദ്ദിഷ്ട ചീമേനിയിലെ കൽക്കരി ഉപയോഗിച്ചുള്ള താപ വൈദ്യുത നിലയ പദ്ധതിയുമായി വൈദ്യുതി ബോർഡ് മുന്നോട്ടുപോയെങ്കിലും തദ്ദേശവാസികളുടെയും പരിസ്ഥിതി പ്രവർത്തകരുടെയും ശക്തമായ എതിർപ്പുമൂലം അത് എങ്ങുമെത്താത്ത സ്ഥിതിയിലാണ്. എന്നാൽ ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ (GAIL) യുടെ വാതക പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനോടനുബന്ധിച്ച് പ്രകൃതിവാതകം ഉപയോഗിച്ച് പരിസ്ഥിതിക്ക് അധികം കോട്ടം തട്ടാത്ത രീതിയിൽ ഈ നിലയം യാഥാർത്ഥ്യമാക്കാവുന്നതാണ്. 500 മെഗാവാട്ടോളം വൈദ്യുതി ഇവിടെ നിന്നും ഉല്പാദി പ്പിക്കുന്നതിന് സാധിക്കും. സംസ്ഥാന ഗവൺമെന്റിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും ശക്തമായ പിന്തുണയോടുകൂടി ഈ പദ്ധതി നടപ്പിലാക്കുവാനായാൽ ജില്ലയ്ക്ക് ഊർജ്ജ രംഗത്ത് വൻ കുതിച്ചുചാട്ടത്തിന് സാധിക്കും. തൻമൂലം വ്യാവസായിക രംഗത്തും ജില്ല ഏറെ പുരോഗതി കൈവരിക്കും.

പ്രസരണ മേഖല

ജില്ലയിൽ പ്രസരണ മേഖലയിൽ ഉയർന്ന ഓഫീസ് ഉള്ളത് ട്രാൻസ്മിഷൻ ഡിവിഷനാണ്. ഇത് മൈലാട്ടി 220 കെ.വി സബ്സ്റ്റേഷൻ പരിസരത്താണ് സ്ഥിതി ചെയ്യുന്നത്. ഈ ഡിവിഷനു കീഴിൽ 4 സബ് ഡിവിഷനുകളും അനുബന്ധ സബ്സ്റ്റേഷനുകളും പ്രവർത്തിച്ചുവരുന്നു. നിലവിൽ ജില്ലയിലെ പ്രസരണ മേഖലയുടെ സിരാകേന്ദ്രം 220 കെ.വി മൈലാട്ടി സബ്സ്റ്റേഷനാണ്. ഈ സബ്സ്റ്റേഷനിലേക്ക് നിലവിൽ തെക്ക് ഭാഗത്തുള്ള 220 കെ.വി കാഞ്ഞിരോട് സബ്സ്റ്റേഷനിൽ നിന്നു മാത്രമേ വൈദ്യുതി ലഭ്യമാകുന്നുള്ളൂ. അതുകൊണ്ടൺ തന്നെ ആ ലൈനിൽ വല്ല തടസ്സവും വന്നാൽ ജില്ല തന്നെ ഇരുട്ടിലാകുന്ന സ്ഥിതിയാണ്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനായി വടക്ക് കർണ്ണാടകയിൽ നിന്നും 220 കെ.വി ലൈൻ മൈലാട്ടിയുമായി ബന്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. കാസറഗോഡ് പാക്കേജിൽപെടുത്തി കർണ്ണാടകാതിർത്തിയായ തവിടുഗോളിയിൽ നിന്നും മൈലാട്ടി വരെയുള്ള 110 കെ.വി സിംഗിൾ സർക്യൂട്ട് ലൈൻ ശേഷി വർദ്ധിപ്പിച്ച് ഡബിൾ ലൈൻ ആക്കി മാറ്റുന്ന പ്രവൃത്തി നടപ്പിലായാലും അത് മുകളിൽ പറഞ്ഞതിന് പര്യാപ്തമാവില്ല.

പട്ടിക 4.3.1.2 ജില്ലയിൽ നിലവിലുള്ള സബ്സ്റ്റേഷനുകൾ

ക്രമ നമ്പർ	പേര്	ട്രാന്സ്ഫോർമർ	വോൾട്ടേജ് ലെവൽ കപ്പാസിറ്റി(എം.വി.എ)
1	മൈലാട്ടി	220 കെ.വി	2 x 100 + 2 x 10 + 1 x 12.5
2	അമ്പലത്തറ (സോളാർ)	220കെ.വി	2 x 100
3	ചെറുവത്തൂർ	110കെ.വി	2 x 16 + 2 x 5
4	കാഞ്ഞങ്ങാട്	110കെ.വി	2 x 12.5 + 2 x 16
5	വിദ്യാനഗർ	110കെ.വി	2 x 20 + 2 x 16

6	മുള്ളേരിയ	110 കെ.വി	2 x 10 + 1 x 16
7	കുബനൂർ	110കെ.വി	1 x 10 + 1 x 12.5
8	മഞ്ചേശ്വരം	110കെ.വി	1 x 10 + 1 x 12.5
9	തൃക്കരിപ്പൂർ	33കെ.വി	2 x 5
10	വെസ്റ്റ് എളേരി	33കെ.വി	1 x 5
11	കാഞ്ഞങ്ങാട് ടൗൺ	33കെ.വി	2 x 5
12	നീലേശ്വരം	33കെ.വി	2 x 5
13	ബേളൂർ	33കെ.വി	2 x 5
14	അനന്തപുരം	33കെ.വി	2 x 8
15	കാസറഗോഡ് ടൗൺ	33കെ.വി	2 x 5
16	ബദിയടുക്ക	33കെ.വി	2 x 5
17	പെർള	33 കെ.വി	2 x 5

സബ്സ്റ്റേഷനുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രസരണ ലൈനുകളുടെ ശേഷിക്കുറവും കാലപ്പഴക്കവും ഈ മേഖലയിലെ ഗുരുതരമായ പ്രശ്നങ്ങളാണ്. അതിനാൽ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കേണ്ടതും വിദൂര സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടതും അത്യന്താപേക്ഷിതമാണ്. സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തിയിലും മറ്റു കേന്ദ്രാവിഷ്കൃതപദ്ധതികളിലും പെടുത്തി വിതണ മേഖലയിൽ ഒട്ടനവധി എൽ.ടി ലൈനുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ആനുപാതികമായി പ്രസരണ മേഖലയെ ശക്തിപ്പെടുത്തേണ്ടതുണ്ട്.

വികസന നയം

- 24×7 മണിക്കൂർ തടസ്സമില്ലാത്ത വൈദ്യുതി ലഭ്യത ഉറപ്പാക്കുക
- ഗുണമേന്മയുള്ള വൈദ്യുതി
- താങ്ങാവുന്ന വിലയ്ക്ക് എല്ലാവർക്കും വൈദ്യുതി
- ഉപഭോക്താക്കളുടെ സംതൃപ്തിക്കനുസരിച്ച് വൈദ്യുതി ലഭ്യത
- അപകട രഹിതമായ വൈദ്യുതി
- പ്രസരണ വിതരണ നഷ്ടം കുറയ്ക്കൽ
- ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം

പ്രസരണ മേഖലയിലെ ഹ്രസ്വകാല നിർദ്ദേശങ്ങൾ

- കുറ്റിക്കോലിൽ 110 കെ.വി സബ്സ്റ്റേഷൻ
- സീതാംഗോളിയിൽ 110 കെ.വി സബ്സ്റ്റേഷൻ
- പെരിയയിൽ 110 കെ.വി സബ്സ്റ്റേഷൻ
- ബോവിക്കാനം 33 കെ.വി സബ്സ്റ്റേഷൻ
- ഉപ്പള ടൗൺ 33 കെ.വി സബ്സ്റ്റേഷൻ
- 110 കെ.വി കാഞ്ഞങ്ങാട്- ചെറുവത്തൂർ സബ്സ്റ്റേഷനുകളെ ബന്ധിപ്പിക്കുന്ന 110 കെ.വി ഡബിൾ സർക്യൂട്ട് ലൈൻ ഇൻ- ലൈൻ ഔട്ട് ലൈൻ.

പ്രസരണ മേഖലയിലെ ദീർഘകാല നിർദ്ദേശങ്ങൾ

- ചീമേനിയിൽ 400 കെ.വി സബ്സ്റ്റേഷൻ
- വിദ്യാനഗർ 220 കെ.വി സബ്സ്റ്റേഷൻ (ശേഷി വർദ്ധിപ്പിക്കൽ)
- നീലേശ്വരത്ത് 110 കെ.വി സബ്സ്റ്റേഷൻ (ശേഷി വർദ്ധിപ്പിക്കൽ)
- നെല്ലിക്കട്ടയിൽ 110 കെ.വി സബ്സ്റ്റേഷൻ
- പടന്നയിൽ 33 കെ.വി സബ്സ്റ്റേഷൻ
- അഡൂർ 33 കെ.വി സബ്സ്റ്റേഷൻ
- ഉദുമ (ബി.ആർ.ഡി.സി) 33 കെ.വി സബ്സ്റ്റേഷൻ
- 110 കെ.വി- വിദ്യാനഗർ 33 കെ.വി ബദിയടുക്ക സബ്സ്റ്റേഷനുകളെ ബന്ധിപ്പിക്കുന്ന 33 കെ. വി ലൈൻ
- അമ്പലത്തറ സോളാർ പാർക്ക് 220 കെ.വി സബ്സ്റ്റേഷനിൽ നിന്നും ബേളൂർ സബ്സ്റ്റേഷനിലേക്ക് പുതിയ 33 കെ.വി ലൈൻ
- 220 കെ.വി മൈലാട്ടി സബ്സ്റ്റേഷനേയും 110 കെ.വി വിദ്യാനഗർ സബ്സ്റ്റേഷനും തമ്മിൽ ബന്ധിപ്പിക്കുന്ന മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈൻ
- 110 കെ.വി ചെറുവത്തൂർ സബ്സ്റ്റേഷനിൽ നിന്നും നീലേശ്വരം സബ്സ്റ്റേഷനിലേക്ക് 33 കെ.വി ലൈൻ.

ഇവയിൽ 110 കെ.വി കുറ്റിക്കോൽ, സീതാംഗോളി എന്നിവയ്ക്ക് സ്ഥലം നിർണ്ണയിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി ബോർഡിലേക്ക് കൈമാറികിട്ടിയിട്ടില്ല. ഇതിനു വേണ്ടി സംസ്ഥാന ഗവൺമെന്റും ജില്ലാ ഭരണകൂടവും ഭൂമി അനുവദിക്കേണ്ടതാണ്.

വിതരണ മേഖല

ജില്ലയിലെ വിതരണ മേഖലയുടെ ഉയർന്ന ഓഫീസ് കാസറഗോഡ് സർക്കിൾ ഓഫീസ് ആണ്. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ ഈ ഓഫീസിനു കീഴിൽ കാസറഗോഡ്, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ രണ്ടു ഡിവിഷൻ ഓഫീസുകളും ഓരോ ഡിവിഷനു കീഴിൽ നാല് സബ് ഡിവിഷൻ വീതവും 15 വീതം സെക്ഷൻ ഓഫീസുകളും പ്രവർത്തിച്ചുവരുന്നു. ജില്ലയിലെ ആകെ ഉപഭോക്താക്കളുടെ എണ്ണം 522930 ആണ്. ജില്ലയിലെ വൈദ്യുതി ഭവൻ കെട്ടിടത്തിന് തറക്കല്ലിട്ടിട്ടുണ്ടെങ്കിലും സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി മുന്നോട്ടു പോയിട്ടില്ല.

പട്ടിക 4.3.1.3: താരിഫ് തിരിച്ചുള്ള ഉപഭോക്താക്കളുടെ എണ്ണം

ഡിവിഷൻ	ഗാർഹികം	വാണിജ്യം	കാർഷികം	വ്യവസായം	മറ്റുള്ളവ	എച്ച്. ടി
കാഞ്ഞങ്ങാട്	166060	37641	23363	1722	7303	49
കാസറഗോഡ്	194536	41105	42298	2634	6163	52
ആകെ	360596	78746	65661	4356	13470	101

2011 ലെ സെൻസസ് പ്രകാരം ജില്ലയിൽ 273410 കുടുംബങ്ങളാണുള്ളത് എന്നാൽ ജില്ലയിൽ 360596 എണ്ണം ഗാർഹിക ഉപഭോക്താക്കളുണ്ട്. സെൻസസ് നടത്തിയതിനുശേഷമുള്ള കുടുംബങ്ങളുടെ എണ്ണത്തിൽ വ്യത്യാസം വന്നതിനാലും ഗാർഹിക ആവശ്യത്തിനുള്ള വെള്ളം പമ്പ് ചെയ്യുന്നതിന് ഇതേ താരിഫിൽ വൈദ്യുതി നൽകുന്നതിനാലുമാകാം ഈ വ്യത്യാസത്തിനു കാരണം.

കാസറഗോഡ് സർക്കിളിനു കീഴിലെ വിതരണ ശൃംഖലയുടെ നിലവിലുള്ള വിവരങ്ങൾ താഴെപ്പറയും വിധമാണ്.

പട്ടിക 4.3.1.4: കാസറഗോഡ് സർക്കിളിനു കീഴിലെ വിതരണ ശൃംഖല

ഡിവിഷൻ	എച്ച് ടി ലൈൻ (കി.മീ)		എൽ ടി ലൈൻ (കി.മീ)		ട്രാൻസ്ഫോർമറുകൾ (എണ്ണം)						
	ഓവർ ഹെഡ്	ഭൂഗർഭ കേബിൾ	സിംഗിൾ ഫേസ്	ത്രീ ഫേസ്	25 KVA	63 KVA	100 KVA	160 KVA	250 KVA	315 KVA	500 KVA
കാഞ്ഞങ്ങാട്	1256	11	4121	2935	63	26	1014	164	52	1	0
കാസറഗോഡ്	1655	20	4910	4406	38	36	1595	232	92	2	7
ആകെ	2911	31	9031	7341	101	62	2509	396	144	3	7

ജില്ലയുടെ പല ഭാഗങ്ങളിലും ലൈനുകൾ പൊതു നിരത്തുകളിൽ കൂടിയല്ലാതെ പഴയ കാലങ്ങളിൽ നിർമ്മിച്ചിട്ടുള്ളതിനാൽ മരങ്ങളും മറ്റും വീണ് ഇടക്കിടെ വൈദ്യുതി തടസ്സം നേരിടാറുണ്ട്. ഇത്തരത്തിലുള്ള ലൈനുകൾ പൊതു നിരത്തിലേക്ക് മാറ്റി സ്ഥാപിച്ചാൽ ഒരു പരിധിവരെ വൈദ്യുതി തടസ്സം കുറയ്ക്കുവാൻ സാധിക്കും. ജില്ലയുടെ ചില ഭാഗങ്ങളിൽ ട്രാൻസ്ഫോർമറുകളിൽ നിന്നും എൽ.ടി ലൈനുകൾ ദീർഘമായി വലിച്ച് വൈദ്യുതി നൽകേണ്ടി വന്നതിനാൽ വോൾട്ടേജ് ക്ഷാമം നേരിടുന്നുണ്ട്. അത്തരം സ്ഥലങ്ങളിൽ പുതിയതായി എച്ച്.ടി ലൈൻ വലിച്ച് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതുണ്ട്. ടൗണുകളിലും മറ്റു വനമേഖലകളിലും കൂടി കടന്നുപോകുന്ന നിലവിലുള്ള എച്ച്. ടി ലൈനുകൾ മാറ്റി ഭൂഗർഭ കേബിളുകളും എ.ബി.സി കേബിളുകളും ആക്കിയാൽ മരങ്ങൾ കടപുഴകി വീണുണ്ടാകുന്ന അപകടങ്ങളും വൈദ്യുതി മുടക്കവും ഒഴിവാക്കാൻ സാധിക്കും. കൂടാതെ പല സ്ഥലങ്ങളിലും നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കി മാറ്റുകയും പഴയ ലൈനുകളും പോസ്റ്റുകളും മാറ്റി പുതിയവ സ്ഥാപിക്കുകയും ചെയ്യേണ്ടതുണ്ട്.

മേഖലയിലെ നിലവിലുള്ള ഇടപെടലുകൾ

പട്ടിക 4.3.1.5: വിവിധ പദ്ധതിയിലുൾപ്പെടുത്തി നിലവിൽ നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ

	വാർഷിക പദ്ധതി	ഡി.ഡി.യു.ജി.കെ.വൈ	ഐ.പി.ഡി.എസ്
11 കെ.വി. ലൈൻ നിർമ്മാണം	152	22.27 കി.മീ	38 കി.മീ
11 കെ.വി ഭൂഗർഭ കേബിൾ സ്ഥാപനം			15 കി.മീ
11 കെ.വി എ ബി കേബിൾ			24.8 കി.മീ
എൽ എ ബി കേബിൾ		0.43 കി.മീ	29.8 കി.മീ
പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നത്	109 എണ്ണം		36 എണ്ണം
ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുന്നത്			23 എണ്ണം
പുതിയ എൽ ടി ലൈൻ നിർമ്മാണം	232 കി.മീ	217 കി.മീ	31.9 കി.മീ
എച്ച് ടി ലൈൻ റീ കണ്ടക്ടറിംഗ്	40 കി.മീ		21 കി.മീ
എൽ ടി ലൈൻ റീ കണ്ടക്ടറിംഗ്	481 കി.മീ		127 കി.മീ
സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുന്ന പ്രവർത്തി	106 കി.മീ		37.8 കി.മീ

പ്രസരണ മേഖലയിലെ നിർദ്ദിഷ്ട പുതിയ സബ് സ്റ്റേഷനുകളിൽ നിന്നും ലോഡ് സെന്ററുകളിലേക്ക് പുതിയ ഫീഡറുകൾ വലിച്ച് വൈദ്യുതി എത്തിക്കുന്നതിന് പുനഃക്രമീകരണം നടത്തേണ്ടതാണ്. ജില്ലയിലെ മൂന്ന് മുൻസിപ്പാലിറ്റികളിലെയും ജനസാന്ദ്രത കൂടിയ മേഖലകളിൽ ആവശ്യകതയനുസരിച്ച് പുതിയ ലൈനുകൾ നിർമ്മിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ട്. ഇവിടങ്ങളിൽ ഭൂഗർഭ കേബിളുകളും ആർ.എം.യുകളും സ്ഥാപിക്കേണ്ടതുണ്ട്. ഇത്തരം പ്രവൃത്തികളിലൂടെ ടൗണുകളിൽ മുടക്കമില്ലാതെ വൈദ്യുതി നൽകാൻ സാധിക്കും. ഇക്കാര്യങ്ങൾക്കായി വിതരണ മേഖലയിൽ ആസൂത്രണം ചെയ്ത പ്രവൃത്തികൾ താഴെപ്പറയുന്നു.

വിതരണ മേഖലയിലെ ഹ്രസ്വകാല നിർദ്ദേശങ്ങൾ

- 11 കെ.വി ഓവർഹെഡ് ലൈൻ 500 കി.മീ
- 11 കെ.വി ലൈൻ പഴയത് മാറ്റി പുതിയതാക്കുന്നത് 200 കി.മീ
- 11 കെ.വി ലൈൻ മാറ്റി സ്ഥാപിക്കുന്നത് 100 കി.മീ
- പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നത് 1000 എണ്ണം
- എൽ.ടി ലൈൻ നിർമ്മാണം 1000 കി.മീ
- സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കി മാറ്റുന്ന പ്രവൃത്തി 2000 കി.മീ
- എൽ.ടി ലൈൻ പുതുക്കുന്നത് (റിനോവേഷൻ) 1000 കി.മീ
- സ്ട്രീറ്റ് ലൈൻ നിർമ്മാണം 500 കി.മീ
- എൽ.ടി റീകണ്ടക്ടിംഗ് 2000 കി.മീ
- ഊർജ്ജ ക്ഷമതയുള്ള ലൈറ്റുകൾ സ്ഥാപിക്കുന്നത് 4000 എണ്ണം
- 11 കെ.വി ലൈൻ മാപ്പിങ്ങും നെറ്റ് വർക്ക് മാപ്പിങ്ങും 1000 കി.മീ

വിതരണ മേഖലയിലെ ദീർഘകാല നിർദ്ദേശങ്ങൾ

- 11 കെ.വി ഓവർ ഹെഡ് ലൈൻ 300 കി.മീ
- 11 കെ.വി ഭൂഗർഭ കേബിൾ 200 കി.മീ
- 11 കെ.വി എ ബി സി 200 കി.മീ
- ആർ എം യു 200 എണ്ണം
- 11 കെ.വി ലൈൻ പഴയത് മാറ്റി പുതിയതാക്കുന്നത് 500 കി.മീ
- 11 കെ.വി ലൈൻ മാറ്റി സ്ഥാപിക്കുന്നത് 100 കി.മീ
- പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നത് 1350 എണ്ണം
- എൽ.ടി ലൈൻ നിർമ്മാണം 1500 കി.മീ
- എൽ.ടി എ ബി സി 500 കി.മീ
- സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കി മാറ്റുന്ന പ്രവൃത്തി 3000 കി.മീ
- എൽ.ടി ലൈൻ പുതുക്കുന്നത് (റിനോവേഷൻ) 3000 കി.മീ
- സ്ട്രീറ്റ് ലൈൻ നിർമ്മാണം 1000 കി.മീ
- എൽ.ടി റീ കണ്ടക്ടറിംഗ് 2000 കി.മീ
- എൽ.ടി ലൈൻ മാറ്റി സ്ഥാപിക്കുന്നത് 600 കി.മീ
- ഊർജ്ജക്ഷമതയുള്ള ലൈറ്റുകൾ സ്ഥാപിക്കുന്നത്- 5000 എണ്ണം

ഊർജ്ജ മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രസക്തി

ഊർജ്ജമേഖലയെ സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വളരെയേറെ പ്രസക്തിയുണ്ട്. ജില്ലയിലെ ജനപ്രതിനിധികളുടെയും, തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സഹായസഹകരണത്തോടെയാണ് സംസ്ഥാനഗവൺമെന്റിന്റെ അഭിമാനപദ്ധതിയായ സമ്പൂർണ്ണവൈദ്യുതീകരണം സാക്ഷാത്കരിക്കപ്പെട്ടിട്ടുള്ളത്. ഈ പദ്ധതിയിൽ കൂടി 8200- ഓളം സർവ്വീസ് കണക്ഷനുകൾ നൽകുകയും 174 കിലോമീറ്റർ സിംഗിൾ ഫേസ് ലൈനും 3 കിലോമീറ്റർ ത്രീഫേസ് ലൈനും വനമേഖലയിലെ കോളനികളിൽ 2.69 കി. മീ. എൽ ടി ഭൂഗർഭ കേബിളുകളും സ്ഥാപിക്കുകയുണ്ടായി. ജില്ലയിലെ ജനപ്രതിനിധികളും തദ്ദേശഭരണ സ്ഥാപനങ്ങളും കൂടി 23035851/- രൂപയായിരുന്നു ഈ പദ്ധതിക്കായി നീക്കിവെച്ചത്. നിലവിൽ ഇനി വനമേഖലകൾ വൈദ്യുതീകരിക്കാൻ ഒന്നും തന്നെ ബാക്കിയില്ല. കൂടാതെ ജില്ലയിലെ വിവിധ സെക്ഷൻ ഓഫീസുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ലൈൻ നിർമ്മിക്കാനും മറ്റും തദ്ദേശഭരണസ്ഥാപനങ്ങൾ പണം നിക്ഷേപിച്ച് പ്രവർത്തികൾ നടന്നു വരുന്നുണ്ട്. ചില തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്വന്തം നിലയിൽ വിവിധ ഓഫീസ് പരിസരത്ത് സൗരോർജ്ജ പ്ലാന്റുകളും സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. കാസറഗോഡ് ജില്ലാപഞ്ചായത്ത് ഇതിനൊരുദാഹരണമാണ്. കാസറഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ പെടുത്തി എൽബിഎസ് എഞ്ചിനീയറിംഗ് കോളേജിന്റെ മുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങൾക്കും അവർക്കാവശ്യമായ വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ്.

സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾ നടപ്പിലാക്കുമ്പോൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് താഴെ പറയുന്നകാര്യങ്ങൾക്ക് ഊന്നൽ നൽകാവുന്നതാണ്.

- നിലവിലുള്ള സോഡിയം വേപ്പർ ലാമ്പുകൾ, ട്യൂബ് ലൈറ്റുകൾ, ഹൈ മാസ്ക് ലാംബുകൾ മുതലായവ നീക്കം ചെയ്ത് പകരം പ്രകാശം അധികമുള്ളതും ഊർജ്ജോപയോഗം കുറഞ്ഞതുമായ എൽ.ഇ.ഡി ലൈറ്റുകൾ വ്യാപകമാക്കാം.
- വിവിധ കവലകളിൽ സോളാർ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന ലൈറ്റുകൾ സ്ഥാപിക്കുകയും അവയ്ക്ക് കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നിർബന്ധമാക്കുകയും ചെയ്യാം.
- വിവിധ രീതികളിലുള്ള ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിലൂടെ ജില്ലയെ ഊർജ്ജ സംരക്ഷണ ജില്ലയായി പ്രഖ്യാപിക്കാം.

വൈദ്യുതി വകുപ്പിനെ കൂടാതെ അനർട്ട് വഴിയും ജില്ലയിൽ ഊർജ്ജ മേഖലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. വൈദ്യുത വിതരണ മേഖലയുമായി ബന്ധപ്പെടാതെ സ്വന്തം ഉപയോഗത്തിന് ബാറ്ററി സംവിധാനത്തോടുകൂടി സൗരോർജ്ജ വൈദ്യുതി ഉപയോഗപ്പെടുത്തുന്ന പദ്ധതിയും (ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റ്) വൈദ്യുതി ശൃംഖലയുമായി ബന്ധപ്പെട്ടുള്ള സൗരോർജ്ജ വൈദ്യുത നിലയങ്ങളും (ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ്) അനർട്ട് സ്ഥാപിച്ചുവരുന്നു. അനർട്ട് ജില്ലയിൽ നടപ്പാക്കിയ ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ്, മെച്ചപ്പെട്ട വിറകടുപ്പ് എന്നിവയുടെ തരംതിരിച്ചുള്ള വിവരങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനാടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു.

പട്ടിക 4.3.1.6: അനർട്ട് ജില്ലയിൽ നടപ്പാക്കിയ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

ക്രമ നമ്പർ	തദ്ദേശ സ്വയം ഭരണ സ്ഥാപനം	സോളാർ പവർ പ്ലാന്റ് (2012 - 17)	ബയോഗ്യാസ് പ്ലാന്റ് (ഫിക്സഡ്) (2012 - 17)	ബയോഗ്യാസ് പ്ലാന്റ് പോർട്ടബിൾ(2012 - 17)	ചൂള(2013 - 17)
1	ബെള്ളൂർ	1		4	
2	കുംബഡാജെ	2		1	
3	മംഗൽപാടി	8	1	1	
4	വോർക്കാടി		1		
5	പുത്തിഗെ	2			
6	മീഞ്ച	1	1	1	
7	മഞ്ചേശ്വരം	2			
8	കുമ്പള	11		3	1
9	പൈവളിഗെ	1	4	26	
10	എൻമകജെ	2	9	5	
11	ബദിയടുക്ക	6	1	2	2
12	കാറഡുക്ക	1		1	
13	മുളിയാർ	4	1	3	
14	ദേലംപാടി	3			1

15	ചെങ്കള	5	3	2	4
16	ചെമ്മനാട്	24	1	4	
17	ബേഡഡുക്ക	1	9	4	
18	കുറ്റിക്കോൽ		5	3	
19	മധൂർ	10	1	6	
20	മൊഗ്രാൽ പുത്തൂർ				
21	ഉദുമ	10		1	
22	അജാനൂർ	6		1	1
23	ബളാൽ	1	2	5	
24	കോടോം- ബേളൂർ	3	6	1	5
25	മടിക്കൈ	5	1	3	11
26	പള്ളിക്കര	18		2	1
27	പനത്തടി	3	4		
28	കള്ളാർ	4	8	5	
29	പുല്ലൂർ പെരിയ	6	2	1	4
30	ചെറുവത്തൂർ	12		13	1
31	കയ്യൂർ- ചീമേനി	13	1	3	2
32	ഈസ്റ്റ് എളേരി	6	9	11	3
33	പിലിക്കോട്	17	2	7	1
34	വെസ്റ്റ് എളേരി	6	2	5	4
35	തൃക്കരിപ്പൂർ	8	5	5	3
36	കിനാനൂർ- കരിന്തളം	7	3	1	6
37	പടന്ന	7	6		
38	വലിയ പറമ്പ	4			
39	കാസറഗോഡ്	42	1	8	1
40	കാഞ്ഞങ്ങാട്	49	2	5	5
41	നീലേശ്വരം	34		10	16
	ആകെ	345	91	153	72

നിർദ്ദേശങ്ങൾ-അനർട്ട് ഓഫ് ഗ്രിഡ് സോളാർ പവർപ്ലാന്റ്

ജില്ലയിലെ വീടുകളിൽ സോളാർ പാനൽ ഉപയോഗിച്ചുകൊണ്ട് 408 കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സൗരോർജ്ജ വൈദ്യുതി ഉപയോഗിച്ചുവരുന്നുണ്ട്. അതായത് വികേന്ദ്രീകൃതമായി 50000 യൂണിറ്റ്/മാസം വൈദ്യുതി ഇതിലൂടെ ഉപയോഗിക്കുന്നു. 30 കിലോവാട്ട് ശേഷിയുള്ള ഓൺഗ്രിഡ് സൗരനിലയങ്ങളും ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്.

ശൃംഖലാബന്ധിത സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിലൂടെ അവ സ്ഥാപിക്കുന്ന കെട്ടിടത്തിലെ വൈദ്യുതാവശ്യം നിറവേറ്റുന്നതിനും അധികമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതി, സംസ്ഥാന വൈദ്യുത വിതരണ ശൃംഖലയിലേക്ക് നൽകുന്നതിനും കഴിയുന്നതാണ്.

- തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, സർക്കാർ കെട്ടിടങ്ങൾ (ഓഫീസ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോളേജ് ഹോസ്റ്റൽ) സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ മേൽക്കൂരയിൽ സ്ഥല സൗകര്യം തിട്ടപ്പെടുത്തി സൗരവൈദ്യുതനിലയങ്ങൾ സ്ഥാപിച്ച് ജനങ്ങളിൽ സോളാർ പവർ പ്ലാന്റുകളുടെ സാധ്യതകളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
- വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾ, ലക്ഷ്വറി ടാക്സ് അടക്കുന്ന വീടുകൾ, പുതുതായി പണിയുന്ന 3000 സ്ക്വയർ ഫീറ്റിന് മുകളിലുള്ള വീടുകൾ എന്നീ കെട്ടിടങ്ങളിൽ സർക്കാർ ധനസഹായത്തോടെ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നത് ബിൾഡിംഗ് നമ്പർ അനുവദിക്കുന്നതിനുള്ള മാനദണ്ഡമായി ഉൾപ്പെടുത്തുക.
- ജില്ലയിലെ ഉപയോഗശൂന്യമായി കിടക്കുന്ന റവന്യൂ സ്ഥലങ്ങളിൽ അക്ഷയ ഊർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പഠനം നടത്തുക.
- സർക്കാർ സ്ഥാപനങ്ങളിൽ ഇൻവർട്ടർ, ജനറേറ്റർ എന്നിവയുടെ ഉപയോഗം പരമാവധി ഒഴിവാക്കി ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റ് കേന്ദ്ര ധന സഹാ

യത്തോടുകൂടി സ്ഥാപിക്കുക,

- വീടുകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുക. (കേന്ദ്ര സബ്സിഡി അനർട്ട് നൽകുന്നതാണ്. സഹകരണ ബാങ്കുകൾ മുഖേന വായ്പാ സൗകര്യം ലഭ്യമാണ്.)

ബയോഗ്യാസ് പ്ലാന്റ്

ജില്ലയിൽ വിവിധ പ്രദേശങ്ങളിലായി 92 ഫിക്സഡ് ബയോഗ്യാസ് പ്ലാന്റുകളും 153 പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്. ചീഞ്ഞ് അളിയുന്ന ജൈവമാലിന്യങ്ങൾ ഉപയോഗപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിലൂടെ പാചക ഇന്ധനമായി ജൈവവാതകം ഉപയോഗിക്കുന്നതിനും പ്ലാന്റിൽ നിന്നും വരുന്ന സ്ലറി ജൈവവളമായി ഉപയോഗിക്കുന്നതിനും സാധിക്കുന്നു. ഇതിലൂടെ മാലിന്യനിർമ്മാർജ്ജനത്തിന് വലിയൊരു സാധ്യതയും കൈവരുന്നു.

- മാലിന്യനിർമ്മാർജ്ജനം എന്നത് ഹരിത കേരള മിഷന്റെ വളരെ പ്രധാനപ്പെട്ട ലക്ഷ്യമാണല്ലോ. വീടുകളിലെ ജൈവമാലിന്യങ്ങൾ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് സർക്കാർ ധനസഹായത്തോടെ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കേണ്ടതാണ്.
- വിവിധയിനം ഫാമുകൾ, മത്സ്യ മാർക്കറ്റ്, ഹോട്ടൽ, ഹോസ്റ്റലുകൾ, കാറ്ററിംഗ് സെന്ററുകൾ, വിവാഹ ഓഡിറ്റോറിയങ്ങൾ എന്നീ സ്ഥലങ്ങളിലും ക്ഷീരകർഷകരുടെ വീടുകളിലും ഫിക്സഡ് ബയോഗ്യാസ് പ്ലാന്റുകൾ നിർബന്ധമായും സബ്സിഡിയോടു കൂടി സ്ഥാപിക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കേണ്ടതാണ്.
- ജൈവ മാലിന്യങ്ങൾ ശേഖരിച്ചുകൊണ്ട് താലൂക്ക് അടിസ്ഥാനത്തിൽ പവർ ജനറേറ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പഠനം നടത്തുകയും ആയത് നടപ്പിലാക്കേണ്ടതുമാണ്.

മെച്ചപ്പെട്ട വിറകടുപ്പ്

അടുപ്പിൽ കത്തുന്ന വിറകിന്റെ ചൂട് പാഴാക്കാതെ സൂക്ഷിക്കുന്നതിലൂടെ ചെലവ് കുറയ്ക്കാൻ സഹായിക്കുന്ന സംവിധാനങ്ങളാണ് മെച്ചപ്പെട്ട വിറകടുപ്പുകൾ. ഇവ വിറക്ചെലവ് കുറയ്ക്കുക മാത്രമല്ല അടുക്കളയിൽ പരക്കാതെ പുകക്കുഴലിലൂടെ പുക പുറത്ത് വിടുന്നതിനാൽ പാചകം ചെയ്യുന്നവരുടെ ആരോഗ്യം സംരക്ഷിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ വീടുകളിൽ 47 അടുപ്പുകളും സ്കൂളുകൾ, അംഗൻവാടികൾ, മറ്റ് പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ അവയ്ക്ക് യോജിച്ച 24 കമ്മ്യൂണിറ്റി അടുപ്പുകളും സർക്കാർ ധനസഹായത്തോടെ സ്ഥാപിച്ചിട്ടുണ്ട്.

- ലൈഫ് മിഷൻ പദ്ധതി മുഖേന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന വീടുകളിൽ അനർട്ട് വിഭാവനം ചെയ്യുന്ന മെച്ചപ്പെട്ട വിറകടുപ്പ് സ്ഥാപിക്കുക.
- പട്ടിക ജാതി, പട്ടിക വർഗ്ഗം, ബി പി എൽ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരുടെ വീടുകളിൽ അനർട്ട് വിഭാവനം ചെയ്യുന്ന മെച്ചപ്പെട്ട വിറകടുപ്പ് സർക്കാർ ധനസഹായത്തോടെ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലുൾപ്പെടുത്തുക.

സോളാർ വാട്ടർ ഹീറ്റർ സിസ്റ്റം

വീടുകൾ, ആശുപത്രികൾ, ഹോട്ടലുകൾ എന്നിവയിലൊക്കെ ഉയർന്ന തോതിൽ വൈദ്യുതിയോ, പാചക ഇന്ധനമോ ഉപയോഗിച്ചാണ് വെള്ളം ചൂടാക്കുന്നത്. ഇതിനുബദലായി സൂര്യതാപം ഉപയോഗപ്പെടുത്തി വെള്ളം ചൂടാക്കാൻ അതാത് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സോളാർ വാട്ടർ ഹീറ്റർ സംവിധാനം (332 എണ്ണം) (41.550 എൽ.പി.ജി കപ്പാസിറ്റി) സർക്കാർ ധനസഹായത്തോടെ സ്ഥാപിച്ചിട്ടുണ്ട്. പരിസ്ഥിതിസൗഹൃദപരമായി സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിലൂടെ 100 എൽ.പി.ഡി വെള്ളം ചൂടാക്കുന്നതിന് പ്രതിദിനം 15 യൂണിറ്റ് വൈദ്യുതി ലാഭിക്കാവുന്നതാണ്.

- ആശുപത്രികൾ, ലോഡ്ജുകൾ, ഹോട്ടലുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ വെള്ളം ചൂടാക്കുന്നതിന് സർക്കാർ ധനസഹായത്തോടുകൂടി സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുക.
- ഗാർഹിക ഗുണഭോക്താക്കൾക്ക് സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രോത്സാഹനം നൽകുക.

പ്രകൃതി വാതകം

ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (GAIL) കീഴിൽ കൊച്ചിയിൽ നിന്നും മംഗാലാപുരത്തേക്ക് പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരികയാണ്. ഇതിലൂടെ ആദ്യഘട്ടത്തിൽ ജില്ലയിലെ മുൻസിപ്പാലിറ്റികളിലെ ഉപഭോക്താക്കൾക്ക് പ്രകൃതിവാതകം പൈപ്പുവഴി വീടുകളിലെത്തിക്കാൻ കഴിയും. രണ്ടാംഘട്ടത്തിൽ മുഴുവൻ ഗ്യാസ് ഉപഭോക്താക്കളുടെ വീടുകളിലേക്കും ഇതു വ്യാപിപ്പിക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ

- സർക്കാർ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ മേൽക്കൂരയിലേക്ക് എത്തിച്ചേരുന്നതിനുള്ള കോണിപ്പടികൾ/ലാഡർ സൗകര്യം പണിയുക.
- പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് സെൻട്രലൈസ്ഡ് സോളാർ പവർ പ്ലാൻറ് സ്ഥാപിച്ചുനൽകുക.
- പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളെക്കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- ജില്ലാ ടൂറിസം ഡിപ്പാർട്ട്മെന്റുമായി സംയോജിച്ച് സോളാർ പാർക്കുകളെ വിനോദ സഞ്ചാര മേഖലകളാക്കുക. സോളാർപാനലുകൾ സ്ഥാപിച്ചിരിക്കുന്നത് ജനവാസ മേഖലകളിൽ നിന്നു മാറി പ്രകൃതി സൗന്ദര്യം ആസ്വദിക്കാവുന്ന സ്ഥലങ്ങളിലായതിനാൽ ഇവിടങ്ങളിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

4.3.2 ഗതാഗതം, വാർത്താവിനിമയം, വിനോദസഞ്ചാരം

ഗതാഗതം

ഏതൊരു രാജ്യത്തിന്റെയും സാമ്പത്തിക പുരോഗതിയിൽ ആ രാജ്യത്തിന്റെ ഗതാഗത സംവിധാനത്തിന് നിർണ്ണായകമായ സ്ഥാനമുണ്ട്. വ്യോമ, ജല, റെയിൽ, റോഡ് വഴിയുള്ള ഗതാഗത സൗകര്യങ്ങൾ വേണ്ടപോലെ പ്രയോജനപ്പെടുത്തി കൂട്ടിയിണക്കിയാൽ മാത്രമേ ഗതാഗത സൗകര്യങ്ങൾ ജനങ്ങൾക്ക് കൂടുതൽ ഉപയോഗപ്രദമാകൂ. കാസറഗോഡ് ജില്ലയിൽ നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി നമുക്ക് എങ്ങനെ പ്രായോഗികമാക്കാം എന്നു നോക്കാം.

കാസറഗോഡ് ജില്ലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഉത്ഭവത്തിനും വളർച്ചയ്ക്കും സാമ്പത്തികം പ്രധാന പങ്കുവഹിക്കുന്നു. അറബിക്കടലിനും പശ്ചിമ ഘട്ടത്തിനും ഇടയിലുള്ള ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ടും കൃഷിക്ക് യോഗ്യമായ സ്ഥലത്തിന്റെ അപര്യാപ്തത കൊണ്ടും ജില്ലയിൽ കൃഷി ഒരു പ്രധാന മേഖലയായി വളർന്നു വന്നിട്ടില്ല. ജില്ലയുടെ വിവിധഭാഗങ്ങളിൽ നിന്നും ലഭിച്ച ശിലായുഗത്തിന്റെ അവശിഷ്ടങ്ങളിൽ നിന്നും ഇവിടെ പുരാതനമായി കൃഷി സമ്പ്രദായം നിലനിന്നിരുന്നു എന്ന് മനസ്സിലാക്കാം. അത് വളരെ വിപുലമായിരുന്നു എന്നും കാണാം. ഏകദേശം 7-ാം നൂറ്റാണ്ടോടു കൂടി ജില്ലയിലെ നദികളുടെ തീരങ്ങളിൽ ബ്രാഹ്മണർ കുടിയേറി പാർക്കാൻ തുടങ്ങി. ആ കാലത്ത് ജലഗതാഗതം മാത്രമേ അവർക്ക് സഞ്ചാരമാർഗമായി ഉണ്ടായിരുന്നുള്ളൂ. ഈ ബ്രാഹ്മണകുടുംബങ്ങൾക്ക് കൃഷിയെ പോഷിപ്പിക്കുവാനുണ്ടായ ആഗ്രഹം വളരെ ശ്രദ്ധേയമാണ്. കൃഷിയുടെ ആവശ്യത്തിനു വേണ്ടി അവർക്ക് ഒരു പ്രത്യേക സ്ഥലത്ത് താമസിക്കേണ്ടതായി വരികയും അതോടെ പുതിയ കൃഷി ഗ്രാമങ്ങളുടെ വളർച്ചയ്ക്ക് ഇടയാവുകയും ചെയ്തു. പിന്നീട് സാധനങ്ങളുടെ ആവശ്യത്തിനും വിനിമയത്തിനും വേണ്ടി നദീതീരങ്ങളിൽ എന്നപോലെ കുന്നുകളിലും, താഴ്വരകളിലും മനുഷ്യർ താമസം തുടങ്ങി. കൃഷി സാധനങ്ങളുടെ ആവശ്യത്തിൽ അധിക ഉല്പാദനം അടിസ്ഥാനസൗകര്യവികസനത്തിന്റെ അവശ്യകത അനിവാര്യമാക്കി. ആ കാലത്തെ തോറ്റം പാട്ടുകളിൽ നിന്നും സഞ്ചാരക്കുറിപ്പുകളിൽ നിന്നും ഗതാഗതം, ചെറുകിട വ്യവസായം, തൊഴിൽ ഗ്രൂപ്പുകൾ എന്നിവയെക്കുറിച്ച് വ്യക്തമായ വിവരം നമുക്ക് ലഭിക്കുന്നുണ്ട്.

ഗതാഗത പുരോഗതി

കൃഷിയുടെയും, കച്ചവടത്തിന്റെയും പുരോഗതിയും ഗ്രാമസമൂഹത്തിന്റെ വളർച്ചയും വ്യാപാരം, ഗതാഗതം എന്നീ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് വഴി തെളിച്ചു. മലബാറിലെ മറ്റു പ്രദേശങ്ങളുമായും തെക്കൻ കർണ്ണാടകയിലെ മംഗലാപുരം, സുള്ള്യ, മടിക്കേരി, കൊടക്, ബാഗമണ്ടല, സുബ്രഹ്മണ്യം തുടങ്ങിയ പ്രദേശങ്ങളുമായുമുള്ള വാണിജ്യ ബന്ധം കാസറഗോഡ് ജില്ലയുടെ വികസനത്തിന് ആക്കം കൂട്ടി. ഈ പ്രദേശങ്ങളുമായുള്ള വാണിജ്യ ബന്ധം പുതിയ ഗതാഗത പാതകൾക്ക് വഴി തുറന്നു. അങ്ങനെയുണ്ടായ പാതകളുടെ പേരുകളാണ് 'വഴി' എന്ന അർത്ഥം വരുന്ന 'പെരിയ', കിഴക്കൻ മേഖലയിലെ ഒടയൻചാൽ മുതൽ പെരിയ വരെയുള്ള 'പെരുവഴി', പടിഞ്ഞാറൻ മേഖലയിലെ 'ബേക്കൽ' എന്നിവ. ഇവ ഇന്നും നില നിൽക്കുകയാണ്. ഇതോടൊപ്പം ധാരാളം നടപ്പാലങ്ങളും ഈ കാലത്ത് നിർമ്മിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള ഗതാഗത സംവിധാനങ്ങൾ വളരെ പുരാതന കാലം മുതൽക്കു തന്നെ കാസറഗോഡിനെ ഒരു പ്രധാന കച്ചവട കേന്ദ്രമാക്കി മാറ്റി.

പടിഞ്ഞാറു ഭാഗത്ത് ഏകദേശം 70 കി.മീ. വ്യാപിച്ചു കിടക്കുന്ന സമുദ്രതീരം ജില്ലയുടെ സാമൂഹിക-സാമ്പത്തിക വളർച്ചയ്ക്ക് സുപ്രധാന പങ്കുവഹിച്ചിരുന്നു. ഈ സമുദ്രതീരങ്ങളും ജില്ലയിലൂടെ ഒഴുകുന്ന 12 നദികളും ജില്ലയിൽ തുറമുഖങ്ങൾ ഉണ്ടാകുന്നതിന് സഹായകമായി.

നല്ലൊരു ശതമാനം കാസറഗോഡ് ജില്ലക്കാരും പ്രവാസികളാണ്. എന്നിരുന്നാലും കാസറഗോഡ് ജില്ലയ്ക്ക് നാളിതുവരെ സ്വന്തമായി ഒരു വിമാനത്താവളം ഉണ്ടായിട്ടില്ല. പുതുതായി നിർമ്മിച്ച വിമാനത്താവളം കണ്ണൂർ ജില്ലയിലാണ്. അടുത്ത ജില്ലയായ കോഴിക്കോട് ഒരു അന്താരാഷ്ട്ര വിമാനത്താവളം ഉണ്ടായിരുന്നിട്ടുകൂടി പുതിയ വിമാനത്താവളം കണ്ണൂർ ജില്ലയ്ക്കാണ് ലഭിച്ചത്. ഇപ്പോഴും മംഗലാപുരം വിമാനത്താവളത്തെയാണ് ജില്ലക്കാർ കൂടുതലും ആശ്രയിക്കുന്നത്.

കരയിലൂടെയുള്ള ഏത് ഗതാഗത മാർഗ്ഗത്തേക്കാളും ലാഭകരവും മലിനീകരണ വിമുക്തവുമാണ് ജലഗതാഗതം. കേരളത്തിൽ ഏറ്റവും കൂടുതൽ നദികളുള്ള ജില്ലയാണ് കാസറഗോഡ്. എന്നാൽ ജലഗതാഗത മേഖലയിലും ഉൾനാടൻ ഗതാതവുമായി ബന്ധപ്പെട്ട ടൂറിസം മേഖലയിലും ജില്ല വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല.

ജില്ലയിൽ തീരപ്രദേശത്തുകൂടി 116 കിലോമീറ്റർ നീളത്തിൽ റെയിൽ ഗതാഗത സൗകര്യം നിലനിൽക്കുന്നു. മഞ്ചേശ്വരം, ഉപ്പള, കുമ്പള, കാസറഗോഡ്, കളനാട്, കോട്ടിക്കുളം, ബേക്കൽ ഫോർട്ട്, കാഞ്ഞങ്ങാട്, നീലേശ്വരം, ചെറുവത്തൂർ, ചന്തേര, തൃക്കരിപ്പൂർ എ

ഗതാഗതം, വാർത്താവിനിമയം, വിനോദസഞ്ചാരം

ന്നിങ്ങനെ ചെറുതും വലുതുമായ 12 റെയിൽവേ സ്റ്റേഷനുകളാണ് ജില്ലയിലുള്ളത്. ഇതിൽ കാസറഗോഡ്, കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷനുകൾ ബിഗ്രേഡ് നിലവാരത്തിലുള്ളവയാണ്. കാസറഗോഡ് ജില്ലയുടെ സമഗ്ര വികസനത്തിന് റെയിൽവേ സ്റ്റേഷനുകളുടെ സത്വര വികസനം അനിവാര്യമാണ്.

ജില്ലയിൽ ദേശിയപാത തലപ്പാടി (കി.മീ. 18/050) മുതൽ കാലിക്കടവ് (കി.മീ. 104/000) വരെയുള്ള 85.950 കി.മീ ദൂരമാണ്. അതുപോലെ ജില്ലയിൽ 141.78 കി.മീ നീളത്തിൽ 4 സംസ്ഥാനപാതകളുമുണ്ട്.

റോഡ്ഗതാഗതം

ദേശീയ, സംസ്ഥാന സർക്കാറുകളുടെയും, ത്രിതല പഞ്ചായത്തുകളുടെയും വിവിധ തരത്തിലുള്ള ഫണ്ടുകളുപയോഗിച്ച് റോഡുകൾ നിർമ്മിച്ച് ജില്ലയിലെ ഗതാഗത സൗകര്യങ്ങൾ സുഗമമാക്കി. എങ്കിലും മലകളും പുഴകളും നിറഞ്ഞ നമ്മുടെ ജില്ലയിൽ ഇനിയും ഈ രംഗത്ത് ഒരുപാട് വികസനം നടക്കേണ്ടതുണ്ട്.

മേപ്പ് 4.3.2.1: ജില്ലയിലെ പ്രധാന ഗതാഗതമാർഗ്ഗങ്ങൾ



അവലംബം: ജില്ലാ പ്ലാനിംഗ് ഓഫീസ്, കാസറഗോഡ്

മേപ്പ് 4.3.2.2: പ്രധാന റോഡുകളും അതിരുകളും



അവലംബം-ജില്ലാ പ്ലാനിംഗ് ഓഫീസ്, കാസറഗോഡ്

ഗതാഗതം, വാർത്താവിനിമയം, വിനോദസഞ്ചാരം

മേപ്പ് 4.3.2.3: പ്രധാന റോഡുകൾ



അവലംബം: ജില്ലാ പ്ലാനിംഗ് ഓഫീസ്, കാസറഗോഡ്

ഗതാഗതം, വാർത്താവിനിമയം, വിനോദസഞ്ചാരം

റോഡുകളുടെ നവീകരണം

പ്രാചീന വാണിജ്യ പാതകൾ ബ്രിട്ടീഷുകാരുടെ ആഗമനത്തോടുകൂടി വലിയ മാറ്റങ്ങൾക്ക് വിധേയമായി. തങ്ങളുടെ രാജ്യത്തെ റോഡുകളുടെ നിലവാരത്തിലേക്ക് ഇവിടത്തെ പാതകളെ ബ്രിട്ടീഷുകാർ നവീകരിച്ചു. 19-ാം നൂറ്റാണ്ടിന്റെ ആരംഭ ദശകങ്ങളിൽ തന്നെ തീരദേശങ്ങളിലെ ചെറു പട്ടണങ്ങളെ പരസ്പരം ബന്ധിപ്പിക്കാൻ ശ്രമം നടന്നു. നികുതി പിരിവിനും ചരക്കുകളുടെ യഥേഷ്ടമായ നീക്കത്തിനും ഇത് അത്യന്താപേക്ഷിതമായിരുന്നു. 1801-ൽ ഫ്രാൻസിസ് ബുക്കാനൻ സൗത്ത് കാനറ കാസറഗോഡ് വഴി സന്ദർശിച്ചതിനെ തന്റെ ഓർമ്മക്കുറിപ്പുകളിൽ ഇപ്രകാരം വിവരിച്ചിരുന്നു.

'1801-ജനുവരി 16 ന് മലബാർ താണ്ടി കാസറഗോഡ് എത്തി. ഒരു നാടൻ തോണിയിലാണ് തീരം അടുത്തത്. ആ പ്രദേശവും മലനാട് എന്നാണ് അറിയപ്പെട്ടത്. പുഴി മണലിലൂടെയുള്ള വളരെ വീതി കുറഞ്ഞ പാതയിലൂടെയായിരുന്നു സഞ്ചാരം'. പശ്ചാത്തല മേഖലയിൽ ക്രമാനുഗതമായിട്ടുള്ള വികസനമായിരുന്നു അക്കാലത്ത് സംഭവിച്ചത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി കോഴിക്കോട്- മംഗലാപുരം റോഡ് നിലവിൽ വന്നു. 1935 - ൽ തന്നെ ബ്രിട്ടീഷ് എഞ്ചിനീയർമാർ ഹോസ്ദുർഗ്ഗ്-പനത്തടി റോഡിന്റെയും ഹോസ്ദുർഗ്ഗ്-കാസറഗോഡ് റോഡിന്റെയും ആവശ്യകതയെക്കുറിച്ച് തങ്ങളുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. അവരുടെ ദീർഘവീക്ഷണം ഇപ്പോൾ നമുക്ക് വ്യക്തമാണ്. പിന്നീട് പട്ടണങ്ങളെ (ചെറുവത്തൂർ, നീലേശ്വരം, കാഞ്ഞങ്ങാട്, കാസറഗോഡ്, കുമ്പള, ഉപ്പള, മഞ്ചേശ്വരം) ഗ്രാമീണ പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന പാതകൾ പൂർത്തീകരിച്ചു. ഇതോടുകൂടി ഗ്രാമീണ റോഡുകളും നിലവിൽ വന്നു. അനേകം തോടുകളും പുഴകളും ഉള്ള പ്രദേശമായതിനാലും കാലാവസ്ഥയിലെ പ്രത്യേകത കാരണവും ജില്ലയിൽ റോഡ് നിർമ്മാണം മറ്റ് സ്ഥലങ്ങളിലെ പോലെ സുഗമമായിരുന്നില്ല. കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളിൽ ധാരാളം പാലങ്ങളും അപ്രോച്ച് റോഡുകളും ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിർമ്മിച്ചിട്ടുണ്ട്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഫലമായി ഗ്രാമ പ്രദേശങ്ങളിലും മുൻസിപ്പൽ പ്രദേശങ്ങളിലും റോഡ് നിർമ്മാണത്തിൽ ഒരു കുതിച്ചുചാട്ടം തന്നെ ഉണ്ടായിട്ടുണ്ട്. അനുദിനം വർദ്ധിച്ചുവരുന്ന വാഹന ബാഹുല്യവും ജില്ലയുടെ വികസനവും കണക്കിലെടുക്കുമ്പോൾ ഇനിയും ധാരാളം പദ്ധതികൾ റോഡുകളുടെ നിലവാരം ഉയർത്താനായി അടിയന്തിരമായി ചെയ്യാനുണ്ട്. തലപ്പാടി -കാലിക്കടവ് നാഷണൽ ഹൈവേ 66-ൽ ഈ അടുത്തകാലത്ത് ചില നവീകരണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. റോഡ് ഉപരിതലം ബിറ്റുമെൻസ് മെക്കാടം ചെയ്തിട്ടുണ്ട്. നാഷണൽ ഹൈവേ 66 നാലുവരി പാതയാക്കാനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. നാഷണൽ ഹൈവേയിൽ പടന്നക്കാട് റെയിൽവേ മേൽപ്പാലം 5 വർഷം മുമ്പ് ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്. നീലേശ്വരം പള്ളിക്കരയിലെ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. ഹൊസങ്കടി, കുമ്പള, കറന്തക്കാട്, കാസറഗോഡ്, ചട്ടഞ്ചാൽ, കാഞ്ഞങ്ങാട് സൗത്ത്, നീലേശ്വരം മാർക്കറ്റ് എന്നീ തിരക്കു പിടിച്ച ജംങ്ഷനുകളിൽ റോഡ് വീതി കൂട്ടലും പുനരുദ്ധാരണ പ്രവൃത്തികളും ഇതിനകം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുപോലുള്ള ധാരാളം പ്രവൃത്തികൾ ഇനിയും ചെയ്തു തീർക്കേണ്ടതുണ്ട്.

വികസന നയം

ത്രിതല പഞ്ചായത്തുകൾ വികസനത്തിനായി റോഡുകൾ ഉണ്ടാക്കുമ്പോൾ അതിൽ കൂടി മെച്ചമായ യാത്രാ സൗകര്യങ്ങൾ എങ്ങനെ ലഭ്യമാക്കാം എന്നത് ഒരു പ്രധാന വിഷയമായി കാണേണ്ടതാണ്. ചെറിയ ദൂരങ്ങളിൽ യാത്രാ സൗകര്യം നിറവേറ്റാൻ ഏറ്റവും മെച്ചമായ ഗതാഗത സംവിധാനം ബസ് സർവ്വീസാണ്. ബസ് ഉടമകളും കെ എസ് ആർ ടി സി യും ഇതിനായി മുന്നോട്ട് വരേണ്ടതുണ്ട്. ജില്ലയിലെ ഒട്ടു മിക്ക ടൗണുകളും തീരപ്രദേശത്താണ്. അതുകൊണ്ടു തന്നെ മലയോര മേഖലയിൽ താമസിക്കുന്ന ജനങ്ങൾക്ക് പ്രത്യേകിച്ച് രാത്രി കാലങ്ങളിൽ സ്വന്തം സ്ഥലങ്ങളിൽ എത്തിച്ചേരാൻ ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ രാത്രി കാലങ്ങളിൽ കൂടുതൽ ബസ് സർവ്വീസുകൾ നടത്തേണ്ടത് അത്യാവശ്യമാണ്.

ജില്ലയിലെ പൊതുമരാമത്ത് റോഡുകൾ

പട്ടിക 4.3.2.1 പ്രധാന റോഡുകൾ

ക്രമ നമ്പർ	പാത	എണ്ണം	നീളം (കി.മീ.)
1	ദേശീയ പാത	1	85.950
2	സംസ്ഥാന പാത	4	141.78
3	പ്രധാന ജില്ലാതല റോഡുകൾ (പഴയത്)	27	337.277
4	പ്രധാന ജില്ലാതല റോഡുകൾ (പുതിയത്)	164	981.605
5	വില്ലേജ് റോഡുകൾ (2013 മാർച്ച് 31 വരെ)		7301.359
	മറ്റു ജില്ലാതല റോഡുകൾ	74	375.636

അവലംബം- എൽ എസ് ജി ഡി ഡിവിഷൻ, കാസറഗോഡ്

മേപ്പ് 4.3.2.4 പ്രധാന PMGSY റോഡുകളും പട്ടണങ്ങളും



അവലംബം: -ജില്ലാ പ്ലാനിംഗ് ഓഫീസ്, കാസറഗോഡ്

പട്ടിക 4.3.2.2 പ്രധാന PMGSY റോഡുകൾ

PMGSY Roads		
Sl.No	**Name of Road**	**Length (Km)**
1	Chayintadi-Bajpe kadavu	5.41
2	Mahalingeswer-Kittankudi	3.24
3	Parappalli-Kalyatt	2.605
4	Maalom-Maruthom Kavala	3.9
5	Bangalam-Erikkulam	2.487
6	Parappa-Pallathumala	2.64
7	Njandadi mukku-Pallippara	3.885
8	Mukkada-Kinanur	4.86
9	Vavadukkam-Kottodi	5.5
10	Perladukkam-S.K.Nagar Karippadakam	2.67
11	Kottappara-Vazhakkodu	3.04
12	Kalichamaram-Vellacheri	1.712
13	Erikkulam-Puthiyakandam	1.65
14	Poodam kallu-Kurumanam	2.85

15	Palam Kallu-Elikkottukaya-Vattiyarkkunnu	1.946
16	Delampady-Mundol Temple(Dropped)	0.66
17	Avanthur-Kottumba	1.47
18	Ramdas Nagar-Gamge	1.144
19	Kottakkani-Elangala	1.5
20	Kairalippara-Moonamkadavu	2.1
21	Bavikkarayadukkam-Aramanappadi(Dropped)	1.26
22	Konnakkadu-Manjuchal	2.28
23	Pulikkal-Moonnamkadavu	1.02
24	Neelimala-peringaya	0.91
25	Vellachal-Porkkalam	1.32
26	Karicheri-Vellakkodu	0.94
27	Poynachi-Melbara	1.05
28	Periya-Koottuppunn	0.99
29	Pulikkadavu-Manadukkam	0.96
30	Aayamkadavu-Villarampathi	1.35
31	Mundott-Kayyullakkochi	1.11
32	Thannot-Thidil	0.9
33	Birikkulam-Vanjur	2.965
34	Cheruvappadi-Kundyam	2.83
35	Kavunthala-Kundaram	1.86
36	Pollallpoyil-Vengappara	1.73
37	Menokk thattu-Valvakkadu	1.7
38	Chuzhikkayam-Ambachal	2.31
39	Kiliyalam-Varanjoor	1.87
40	Golikkatta-Kaimala	2.79
41	Mavvar-Belinje	3.66
42	Nellikkatta-Athrukuzhi	2.145
43	Nellikkatta-Pottippallam	1.71
44	Padla-Hosamana	0.92
45	Beettiyadukkam-Kombraje	1.74
46	Munnadu-Udayapuram	5.168
47	Devanadukkam-kayarthodi	1.62
48	Munnadu-Maruthumkara	4.746
49	Balakkila-Muniyur	3.57
50	Bethurpara-Karivenjam	2.19
51	Balamthodu-Koyatahdukkam	1.36
52	Odayamchal-Kuzhiyanganam	2.89
53	Ennappara-Vallichitta	0.99
54	Paakkam-Cherutta	2.1
55	Chennadukkam-Mullankallu	2.07
56	Kayyur Centre-Thangaykadavu	2.49
57	Kolamkulam-Kumbalappalli	5.26
58	Koovatti-Umichi	1.32
	Total	133.363

അവലംബം-പി എ യു, കാസറഗോഡ്

മേപ്പ് 4.3.2.5 പ്രധാന റോഡുകളും ടൗണുകളും



അവലംബം-ജില്ലാ പ്ലാനിംഗ് ഓഫീസ്, കാസറഗോഡ്

മലയോര ഹൈവെ

നന്ദാരപ്പദവ് മുതൽ ചെറുപുഴ വരെ 133.000 കിലോമീറ്റർ നീണ്ടുനിൽക്കുന്നതാണ് കാസറഗോഡ് ജില്ലയിലെ മലയോര ഹൈവേ. (സംസ്ഥാന ഗവൺമെന്റിന്റെ 06.07.2009 തീയ്യതിയിലെ ജിഒ(എംഎസ്) 44/2009/പി ഡബ്ല്യൂ ഡി നമ്പർ കത്ത്.) ജില്ലയിലെ മലയോര ഹൈവേയുടെ അലൈൻമെന്റ് ചുവടെ ചേർക്കുന്നു.

നന്ദാരപ്പടവ്-പുത്തിഗെ-പെർള-ബദിയടുക്ക-മുള്ളേരിയ-അത്തിനടി-പാണ്ടിപ്പടിപ്പ്-ബന്തടുക്ക-ഇരഞ്ഞിലംകോട്-കോളിച്ചാൽ-പതിനെട്ടാം മൈൽ-വള്ളിക്കടവ്-ചിറ്റാരിക്കൽ-ചെറുപുഴ.

മലയോര ഹൈവേ കിഫ്ബി (കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്) യുടെ ധനസഹായത്തോടെ പൂർത്തിയാക്കുവാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് റോഡ് വിഭാഗമാണ് ഈ പ്രവൃത്തി ചെയ്യുന്നത്. നിലവിൽ കാസറഗോഡ് ജില്ലയിൽ കൂടി പോകുന്ന റോഡ് ഭാഗം നാല് റീച്ചുകളായി തിരിച്ച് ഡി പി ആർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

പട്ടിക 4.3.2.3 Statement of Progress Of Hill Highway in Kasaragod District as on 18/09/2017

Total Length in Phase I				
Sl.No	**Code(Section)**	**From**	**To**	**Total Length (k/m)**
1	Manjeshwaram	0/000	23/290	23/290
2	Kasaragod	0/000	24/400	24/400
3	Badiadka	0/000	49/635	49/635
4	Kanhangad	0/000	31/130	31/130

അവലംബം-പി ഡബ്ല്യൂ ഡി - റോഡ്സ്

കോസ്റ്റൽ ഹൈവെ

ഒൻപത് ജില്ലകളിൽ കൂടി കടന്നു പോകുന്ന കോസ്റ്റൽ ഹൈവേക്ക് 656.5 കി.മീ.നീളമുണ്ട്. പൊതുമരാമത്ത് വകുപ്പിലെ ചീഫ് എൻജിനീയർ ഇതിനുള്ള അലൈൻമെന്റ് നാറ്റ്പാക്കിന് (നാഷണൽ ട്രാൻസ്പോർട്ടേഷൻ ആൻഡ് റിസേർച്ച് സെന്റർ) റിപ്പോർട്ടിനായി സമർപ്പിച്ചിരിക്കുകയാണ്. നാറ്റ്പാക്ക് റിപ്പോർട്ട് കിട്ടിയാൽ പൊതുമരാമത്ത് വകുപ്പ് ഇതിനുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. തിരുവനന്തപുരത്തെ പൂവാറിൽ നിന്ന് തുടങ്ങി കാസറഗോഡ് കുഞ്ചത്തൂർ വരെയുള്ള കോസ്റ്റൽ ഹൈവേയ്ക്ക് സർക്കാറിന്റെ അനുമതി ലഭിച്ചുകഴിഞ്ഞു.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിൽ കൂടിയാണ് കോസ്റ്റൽ ഹൈവേ കടന്നു പോകുന്നത്. 4000 കോടി രൂപയാണ് ഇതിനു ചെലവു പ്രതീക്ഷിക്കുന്നത്. കിഫ്ബി (കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്) യുടെ ധനസഹായത്തോടെ പൂർത്തിയാക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

പട്ടിക 4.3.2.4 COASTAL HIGHWAY IN KASARAGOD DISTRICT REACHWISE DETAILS

COASTAL HIGHWAY IN KASARAGOD DISTRICT REACHWISE DETAILS

LINK	FROM	TO	LENGTH (In km)	TOTAL LENGTH OF REACH (In km)	CARRIAGE WAY (IN m) WAY	RIGHT OF (ROW) 9IN m)	REMARKS
Reach I	**Randu Thengu-Valiya parambu-Edayilakkad Road Junction**		**8.800**				**Investigation Estimate submitted**
	Randu Thengu-	Valiya paramba	0.8				Bridge (Missing Link)
KSGD-L1	Valiya paramba	Edayilakkad Road Junction	8.00		3.00	8.00	Village road
Reach II	**Edayilakkad Road Junction-Azhimugham-Azhithala- North Kottachery Kanhangad**			**25.100**			**Tender in progress**
KSGD-L2	Edayilakkad Road Junction	Valiyaparamba Azhimugham	7.900		3.80	8.00	MDR & Village Road
KSGD-L3	Valiyaparamba Azhimugham	Azhithala (Bridge)	0.500				Bridge (Missing Link)
KSGD-L4	Azhithala	Ajanur Kadappuram	15.300		3.80	8.00	Village Road & MDR
KSGD-L5	Ajanur Kadappuram	North Kottachery Kanhangad	1.400		5.50	8.00	MDR
Reach III	**Kanhangad-Kappil Beach-Uduma-Chemparikka-Keezhur-Kasaragod Harbour -CPCRI-Pannikunnu**		25.700				**Investigation Estimate submitted**

KSGD-L6	North Kottachery Kanhangad Palakkunnu	Palakkunnu Kappil Beach	9.00 2.00		7.00 3.80	12.00 8.00	SH9 (KSTP Road) Village road
KSGD-L7	Kappil Beach	Uduma Beach	4.200				Missing Link
KSGD-L8	Uduma Beach	Chemparikka Beach	0.800				Missing Link
KSGD-L9	Chemparikka Beach	Keezhur Beach	2.800		5.500	8.000	MDR & Village Road
KSGD-L10	Keezhur Beach	Kasaragod Harbour (Bridge)	0.900				
KSGD-L11	Kasaragod Harbour	CPCRI Beach	5.000		3.800	8.000	Village road
KSGD-L12	CPCRI Beach	Pannikkunnu	1.000				Missing Link
Reach IV	**Pannikkunnu-Arikady Ist gate-Shiriya River-Shiriya Juma Majid-Muttam Juma Musjid-Uppala Gate-Hosabettu-Kanwatheertha Beach- Kunjathur**				**29.900**		**Investigation Estimate submitted**
KSGD-L13	Pannikkunnu-	Arikady Ist Gate	9.700		7.000	30.000	NH 66
KSGD-L14	Arikady Ist Gate	hiriya River	1.800		3.800	8.000	Village road
KSGD-L15	Shiriya River	Shiriya Juma Majid(Bridge)	0.400				Bridge (Missing Link)
KSGD-L16	Shiriya Juma Majid	Shiriya-Muttam Juma Musjid	2.400		3.800	6.000	Village road
KSGD-L17	Shiriya-Muttam Juma Musjid	Uppala Gate	6.300		7.000	30.000	NH 66
KSGD-L18	Uppala Gate	Payya,Hosabettu	3.200		3.800	6.000	Village road
KSGD-L19	Payya,Hosabettu	Hosabettu(Bridge)	0.500				Bridge (Missing Link)
KSGD-L20	Hosabettu	Kanwatheertha Beach	4.300		3.800	6.000	Village road
KSGD-L21	Kanwatheertha Beach	Kunjathur	1.300		3.800	6.000	Village road
			Total	**89.500**			

അവലംബം-പി ഡബ്ല്യൂ ഡി-റോഡ്സ്

റോഡപകടം

ഗതാഗത രംഗത്ത് വികസനം സാധ്യമാകുമ്പോൾ ഉണ്ടാകുന്ന അപകട സാധ്യതകൾ, പരിസര മലിനീകരണം, അന്തരീക്ഷ മലിനീകരണം എന്നിവയെക്കുറിച്ച് നാം ബോധവാൻമാരാകണം.

2005 മുതൽ 2017 നവംബർ 17 വരെ കാസറഗോഡ് ജില്ലയിലുണ്ടായ വാഹനങ്ങളുടെ വളർച്ചാ നിരക്ക് ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക 4.3.2.5 വാഹനങ്ങളുടെ വളർച്ചാ നിരക്ക്

ക്രമ നമ്പർ	വർഷം	റെജിസ്റ്റർ ചെയ്ത വണ്ടികളുടെ എണ്ണം
1	2005	10934
2	2006	14993
3	2007	14554
4	2008	12989
5	2009	16824
6	2010	21418
7	2011	26259
8	2012	31039
9	2013	30612

10	2014	28876
11	2015	29394
12	2016	31923
	2017 നവംമ്പർ 17 വരെ	28075

അവലംബം-ഗതാഗത വകുപ്പ്-കാസറഗോഡ്, കാഞ്ഞങ്ങാട്

ചിത്രം 4.3.2.1 റജിസ്റ്റർ ചെയ്ത വണ്ടികളുടെ എണ്ണം (ലൈൻ ഡയഗ്രം)



ചിത്രം 4.3.2.2 റജിസ്റ്റർ ചെയ്ത വണ്ടികളുടെ എണ്ണം (ബാർ ഡയഗ്രം).



അവലംബം-ഗതാഗത വകുപ്പ്-കാസറഗോഡ്, കാഞ്ഞങ്ങാട്

ഗതാഗതം, വാർത്താവിനിമയം, വിനോദസഞ്ചാരം

റോഡിൽ വാഹനങ്ങൾ കൂടുന്നതനുസരിച്ച് റോഡിന്റെ വീതിയും പാർക്കിംഗ് സൗകര്യവും വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. കൂടാതെ നഗരങ്ങളിൽ പാർക്കിംഗ് പ്ലാസകൾ നിർമ്മിച്ച് ജില്ലയിലെ നഗരങ്ങളിൽ അനുഭവപ്പെടുന്ന പാർക്കിംഗ് പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്.

ജില്ലയിലെ വിദ്യാനഗർ-മായിപ്പാടി-സീതാംഗോളി റോഡ്, ഉപ്പള-കന്യാന റോഡ് എന്നിവ പൊതുമരാമത്ത് വകുപ്പ് റിക്ക് (റോഡ് ഇൻഫ്രാ സ്ട്രക്ചർ കമ്പനി) മുഖാന്തിരം 13 വർഷത്തേക്ക് ആന്വിറ്റി മോഡ് പ്രകാരം പ്രവൃത്തി അവസാന ഘട്ടത്തിലാണ്. റോഡുകൾ നാലുവരിപ്പാതയാക്കിയാൽ ഒരു പരിധിവരെ ട്രാഫിക് ബ്ലോക്കുകൾ ഒഴിവാക്കുവാനും സാധിക്കും.

റോഡുകളിൽ വാഹനങ്ങളുടെ എണ്ണം കൂടുന്നതിനനുസരിച്ച് അപകട സാധ്യത വളരെ കൂടുതലാണ്. വാഹനങ്ങളിൽ നിന്നു പുറപ്പെടുവിക്കുന്ന കാർബൺ മോണോക്സൈഡ് അന്തരീക്ഷ മലിനീകരണത്തിനും മാരകമായ അസുഖങ്ങൾ പിടിപെടുന്നതിനും കാരണമാകും. തിരക്കു കൂടുന്ന സ്ഥലങ്ങളിൽ ഹമ്പുകൾ നിർമ്മിക്കുകയും പാതയോരത്ത് ദിശാസൂചകം വെക്കുകയും ചെയ്താൽ അപകട നിരക്ക് ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കും. നിലവിലുള്ള റോഡുകളുടെ നിലവാരം ഉയർത്തി പരസ്പരം ബന്ധിപ്പിക്കലും പുനരുദ്ധാരണവും നടത്തേണ്ടത് ജില്ലയുടെ സമഗ്ര വികസനത്തിന് അത്യന്താപേക്ഷിതമാണ്.

2005 മുതൽ 2017 ഏപ്രിൽ മാസം വരെയുള്ള അപകടവും മരണവും പരിക്കുകളും താഴെ പറയും പ്രകാരം രേഖപ്പെടുത്തി.

പട്ടിക 4.3.2.6: റോഡപകടം, മരണം, പരിക്ക്

ക്രമ നമ്പർ	വർഷം	അപകടം	മരണം	പരിക്കുകൾ
1	2005	42363	3203	51124
2	2006	41647	3589	41881
3	2007	39917	3778	48246
4	2008	37263	3901	43857
5	2009	35433	3831	41401
6	2010	35082	3950	41479
7	2011	35216	4145	41379
8	2012	36174	4286	41915
9	2013	35215	4258	40346
10	2014	36282	4049	41096
11	2015	39014	4196	43735
12	2016	39420	4287	44108
13	2017 ഏപ്രിൽ വരെ	12938	1330	14303

അവലംബം: ഗതാഗത വകുപ്പ് കാസറഗോഡ്, കാഞ്ഞങ്ങാട്

ചിത്രം 4.3.2.3: റോഡപകടം



ചിത്രം 4.3.2.4: മരണം



ചിത്രം 4.3.2.5: പരിക്ക്



ചിത്രം 4.3.2.6: റോഡപകടം, മരണം,പരിക്ക്



അവലംബം-ഗതാഗത വകുപ്പ്-കാസറഗോഡ്, കാഞ്ഞങ്ങാട്

ബസ് സ്റ്റാൻഡ്

ജില്ലയിൽ തൃക്കരിപ്പൂർ, ചെറുവത്തൂർ, നീലേശ്വരം, കാഞ്ഞങ്ങാട്, ചെർക്കള, കുമ്പള, ഉപ്പള എന്നിവിടങ്ങളിൽ ഓരോ ബസ് സ്റ്റാന്റും കാസറഗോഡ് 2 ബസ് സ്റ്റാന്റുകളുമാണുള്ളത്. (ആകെ 9 ബസ് സ്റ്റാന്റ്). കാഞ്ഞങ്ങാട് ആലാമിപ്പള്ളിയിൽ പുതിയ ബസ് സ്റ്റാൻഡിന്റെ പ്രവൃത്തി പുരോഗമിച്ചു വരികയാണ്. നിലവിൽ ബസ് സ്റ്റാന്റുകളിൽ കുടിവെള്ള സൗകര്യമോ ആവശ്യത്തിന് ഇരിപ്പിടമോ, ശുചിത്വമുള്ള ശൗചാലയമോ, സ്ത്രീ സൗഹൃദ ശൗചാലയമോ ഇല്ല.

ബസ് സ്റ്റാന്റുകൾ ജനസൗഹൃദമാക്കാനുള്ള നിർദ്ദേശങ്ങൾ

- കുടിവെള്ള സൗകര്യം
- ശുചിത്വമുള്ള ശൗചാലയം/ സ്ത്രീ സൗഹൃദ ശൗചാലയം
- വർദ്ധിച്ചുവരുന്ന ഹൃദയാഘാതം, മറ്റ് അപകടങ്ങൾ എന്നിവയ്ക്ക് ഫസ്റ്റ് എയ്ഡ് സംവിധാനം ഉറപ്പുവരുത്തുകയും ആരോഗ്യ വകുപ്പിലെ പരിശോധകരെ നിയമിക്കുകയും ചെയ്യുക.
- ആധുനിക രീതിയിലുള്ള ഇരിപ്പിടം, മൊബൈൽ ചാർജ്ജിംഗ്, വൈഫൈ, ടി വി സൗകര്യം
- സ്ത്രീകൾക്കും, കുട്ടികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും വിശ്രമിക്കാൻ പ്രത്യേക മുറി
- രാത്രികാലങ്ങളിൽ യാത്രക്കാർക്ക് പോലീസ് സംരക്ഷണം.
- പ്രീ-പെയ്ഡ് ഓട്ടോ സ്റ്റാൻഡ്
- മുതിർന്ന പൗരൻമർക്കും രോഗികൾക്കും വീൽ ചെയർ സംവിധാനം
- ബസ് സ്റ്റാന്റ് പരിസരം മദ്യവിമുക്തമാക്കൽ.
- ബസ് സ്റ്റാൻഡുകൾ മാലിന്യ വിമുക്തമാക്കുവാൻ ഡസ്റ്റ് ബിൻ സംവിധാനം, ഡ്രൈനേജ് സംവിധാനം മുതലായവ
- വിശ്രമ മുറികളിൽ വായനാ സൗകര്യം
- രാത്രികാലങ്ങളിൽ വൈകി എത്തുന്ന യാത്രക്കാർക്ക് ആധുനിക രീതിയിലുള്ള വിശ്രമ മുറി.
- വഴിയോര കച്ചവടക്കാരുടെ സ്ഥാനത്ത് സർക്കാർ തലത്തിൽ കാന്റീൻ തുടങ്ങൽ.
- പൗരന്മാരിൽ ദേശസ്നേഹം വളർത്തിയെടുക്കുവാൻ സ്വാതന്ത്ര്യസമര സേനാനികളുടെ ചിത്രങ്ങളും ദേശസ്നേഹവും, ദേശീയോദ്ഗ്രഥനവും ഇതിവൃത്തമായ കവിതകളുടെ ഈരടികൾ പതിപ്പിക്കുകയും ചെയ്യൽ.
- വിദേശികൾക്കും അന്യസംസ്ഥാന യാത്രക്കാർക്കും വേണ്ടി ഹിന്ദിയിലും ഇംഗ്ലീഷിലുമുള്ള റൂട്ട് മാപ്പുകൾ സ്ഥാപിക്കൽ.
- വാഹന പാർക്കിംഗ് സൗകര്യം.

റോഡ് ഗതാഗതം- നിർദ്ദേശങ്ങൾ

- മലയോര ഹൈവേ സൗകര്യപ്രദമായി സമയബന്ധിതമായി പൂർത്തീകരിക്കൽ.
- മലയോര ഹൈവേയും, അടുത്തുള്ള നഗരവുമായി ബന്ധിപ്പിക്കുന്ന പാതകൾ ഗതാഗത യോഗ്യമാക്കൽ.
- മലയോര ഹൈവേയുമായി ജില്ലയിലുള്ള റോഡുകൾ സംയോജിപ്പിക്കൽ - മെക്കാഡം, കോൺക്രീറ്റ്, ഇന്റർലോക്ക് തുടങ്ങിയ നൂതന രീതികളിലൂടെ റോഡ് നിർമ്മാണം.
- തീരദേശ ഹൈവേ പ്രാവർത്തികമാക്കൽ.
- തീരദേശ ഹൈവേ- സ്ഥലമെടുപ്പും നിലവിലുള്ളവയുടെ അലൈൻമെന്റും പൂർത്തിയാക്കൽ.
- ജില്ലയിലെ മഞ്ചേശ്വരം കാലിക്കടവ് നാഷണൽ ഹൈവേ 45 മീറ്റർ വീതിയിൽ പൂർത്തിയാക്കൽ.
- ഗതാഗത തടസ്സമുണ്ടാകുന്ന സ്ഥലങ്ങളിൽ ഓവർ ബ്രിഡ്ജ്, അണ്ടർ പാസ്സേജ് തുടങ്ങിയവ നിർമ്മിക്കൽ.
- ജില്ലാതലത്തിൽ റോഡ് നെറ്റ്വർക്ക് തയ്യാറാക്കൽ.
- അപകടങ്ങൾ പരമാവധി ഒഴിവാക്കുന്നതിനുള്ള ജാഗ്രതാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ.
- തീരദേശ ഹൈവേ-സ്ഥലമെടുപ്പും നിലവിലുള്ളവയുടെ അലൈൻമെന്റും ഉടൻ പൂർത്തിയാക്കൽ.
- നിലവിലുള്ള NH 66 ന്റെയും, നിർദ്ദിഷ്ട കാഞ്ഞങ്ങാട്-പാണത്തൂർ- മടിക്കേരി ഹൈവേയുടേയും നിർമ്മാണ പ്രവർത്തനങ്ങൾ നിർവഹിക്കാൻ സർക്കാരിന്റെ ഇടപെടൽ.
- ജില്ലയിൽ നിർമ്മിക്കുന്ന എല്ലാ റോഡുകളുടേയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഗുണനിലവാര പരിശോധനാ സംവിധാനം ഉണ്ടാക്കൽ. റോഡ് നിർമ്മാണ പരിശോധനയ്ക്ക് ജില്ലാ പഞ്ചായത്തിന്റെ കീഴിൽ ക്വാളിറ്റി കൺട്രോൾ യൂണിറ്റ് ആരംഭിക്കൽ.
- ദിനംപ്രതി വർദ്ധിച്ചുവരുന്ന അന്തരീക്ഷമലിനീകരണത്തിൽ നിന്നും ചൂടിൽ നിന്നും രക്ഷനേടാൻ വഴിയോരങ്ങളിൽ മരങ്ങളും, ചെടികളും വച്ചുപിടിപ്പിക്കൽ.
- ജില്ലയിലെ കാസറഗോഡ് , കാഞ്ഞങ്ങാട്, നീലേശ്വരം ചെറുവത്തൂർ തുടങ്ങിയ പ്രദേശങ്ങളിലെ ഗതാഗത നിയന്ത്രണത്തിൽ നൂതന സംവിധാനങ്ങൾ ഉണ്ടാക്കാൻ നഗരസഭകളും ഗ്രാമ പഞ്ചായത്തുകളും പൊതുമരാമത്ത് വകുപ്പും ഗതാഗത വകുപ്പും സംയുക്തമായ സംവിധാനങ്ങൾ ഉണ്ടാക്കൽ. നഗരാസൂത്രണ വകുപ്പിന്റേയും ഹാട്വാക്കിന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പദ്ധതി തയ്യാറാക്കൽ.
- ഇന്റേണൽ ട്രാഫിക് കുറയ്ക്കാൻ മൊബിലിറ്റി ഹബ് സ്ഥാപിക്കൽ.

ഗതാഗതം, വാർത്താവിനിമയം, വിനോദസഞ്ചാരം

- വാഹനാപകടങ്ങൾ സംഭവിച്ചാൽ അടിയന്തിര ചികിത്സയ്ക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തൽ.
- ജില്ലയിലെ മുഴുവൻ റോഡുകൾ തമ്മിലും പരസ്പരം ബന്ധം ഉറപ്പുവരുത്തൽ. ദേശീയപാതകളുമായും, സംസ്ഥാന പാതകളുമായും അനുബന്ധമായ എല്ലാ റോഡുകളും ബന്ധപ്പെടുത്തുന്നുവെന്നു ഉറപ്പുവരുത്തൽ. ജില്ലാ റോഡ് നെറ്റ് വർക്ക് തയ്യാറാക്കി പരസ്പരം ബന്ധപ്പെടാത്ത റോഡുകൾ കണ്ടെത്തി ലിങ്കേജുണ്ടാക്കൽ. ജില്ലാ പഞ്ചായത്തുകളും നഗരസഭകളും ഗ്രാമപഞ്ചായത്തുകളും സംയുക്ത പദ്ധതിയായി നടപ്പാക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികൾ, എം.പി, എംഎൽഎ ഫണ്ടുകൾ ഇതര പാക്കേജുകൾ മുതലായവ പദ്ധതി അംഗീകരിക്കുമ്പോൾ മുൻഗണന നൽകണം.
- പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലേക്ക് റോഡ് ഗതാഗതം ഉറപ്പുവരുത്തൽ. എല്ലാ കോളനികളുടെയും റോഡ് കണക്ടിവിറ്റി പരിശോധിച്ച് മുൻഗണന നൽകൽ.
- എല്ലാ റോഡുകൾക്കും ഓവുചാലുകൾ നിർമ്മിക്കാൻ സമഗ്ര പദ്ധതി തയ്യാറാക്കൽ. ഓടകളെ ജലസംരക്ഷണത്തിനുതകുന്ന സംവിധാനങ്ങളുമായി ബന്ധപ്പെടുത്തൽ.
- നഗരങ്ങളിലെ ഓടകളിൽ മലിനജലം ഒഴുക്കുന്നത് തടയുവാൻ സംവിധാനമൊരുക്കൽ.
- ഹോട്ടലുകളിൽ എസ് ടി പി(സീവേജ് ട്രീറ്റ്മെന്റ് പ്ലാൻ) സംവിധാനം ഏർപ്പെടുത്തൽ.
- ജില്ലയിൽ റോഡുപാലങ്ങൾ ആവശ്യമായ സ്ഥലങ്ങൾ ശാസ്ത്രീയ പഠനത്തിലൂടെ കണ്ടെത്തി നിർമ്മിക്കൽ (ആവശ്യകതക്കനുസരിച്ച് മുൻഗണന നിർണ്ണയിക്കാൻ ജില്ലാ പഞ്ചായത്ത് പദ്ധതി തയ്യാറാക്കണം).
- റോഡ് നിർമ്മാണത്തിന്റെ സാങ്കേതിക വിദ്യയിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഉറപ്പുവരുത്തണം. മാലിന്യസംസ്ക്കരണത്തിനുള്ള ഉപാധിയാണിത്.
- നിലവിലുള്ള ജലസ്രോതസ്സുകൾ നികത്തി പുതിയ റോഡുകൾ നിർമ്മിക്കുന്നത് ഒഴിവാക്കണം. ഉദാ:- പള്ളങ്ങൾ
- ഗതാഗത മേഖലയിൽ പ്രഥമ പരിഗണന റോഡുകളുടെ പുനരുദ്ധാരണത്തിനായിരിക്കണം.
- ജില്ലയിലെ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെ റോഡിന്റെ ആവശ്യകത കണ്ടെത്തി പുതിയ റോഡുകൾക്ക് മുൻഗണനാ നിർദ്ദേശം നൽകൽ.
- രണ്ടു തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അതിർത്തിയിലുള്ള റോഡുകൾ നിർമ്മിക്കുന്നതിന് സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കൽ.
- നഗരങ്ങളിലും പ്രധാന റോഡുകളിലും പാർക്കിംഗ് പ്ലാൻ ഉൾപ്പെടെയുള്ള പാർക്കിംഗ് സംവിധാനം ദീർഘകാലാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യൽ.
- ആവശ്യമുള്ളിടങ്ങളിൽ ബസ് ബേകൾ നിർമ്മിക്കൽ.
- എല്ലാ പ്രധാന റോഡുകളിലും ദിശാസൂചകങ്ങൾ ഉണ്ടാക്കൽ.

പാലങ്ങൾ

കാഞ്ഞങ്ങാടു നിന്ന് മലയോര പ്രദേശങ്ങളിലേക്ക് ദേശീയ പാതയിലൂടെ അല്ലാതെ എളുപ്പം എത്തിച്ചേരുന്നതിനുതകുന്ന അരയിക്കടവ് പാലവും അനുബന്ധ റോഡുകളും വീതി കൂട്ടി ഗതാഗതം സുഗമമാക്കിയാൽ മലയോര വാസികൾക്ക് അത് വളരെയധികം പ്രയോജനമായിരിക്കും.

പട്ടിക 4.3.2.7: DETAILS OF BRIDGES IN KASARAGOD DISTRICT

Sl No	Name of the Bridge	Location	Constituency	Name of River /Kayal	Length	Width
1	Adkasthala Bridge	Kalladka - Cherkala (SH) Ch : 24/400	Manjeshwar	Adkasthala River	58.20 M (3X19.4)	7.5 M + Foot Path
2	PallathadkaBridge Ch : 35.800	Kalladka - Cherkala (SH) Kasaragod	Pallathadka River	53.5	"	
3	Karimbila Bridge	Kalladka - Cherkala (SH) Ch : 38/260	Kasaragod	Karimbila River	10.6	"
4	Beejanthadka Bridge	Kalladka - Cherkala (SH) Ch : 41/450	Kasaragod	Beejanthadka River	8	"
5	Nekraje Bridge	Kalladka - Cherkala (SH) Ch : 45/800	Kasaragod	Nekraje River	22.5	"
6	Edneer Bridge	Kalladka - Cherkala (SH) Ch : 49/300	Kasaragod	Edneer River	32.8	"
7	Muliyar Bridge	Cherkala - Jalsoor (SH) CH : 7/00	Kasaragod	Muliyar River	39.9	"

8	Adhur Bridge	Cherkala - Jalsoor (SH) CH :20/200	Kasaragod	Adhur River	16.4	“
9	Kottyadi Bridge	Cherkala - Jalsoor (SH) CH :27/800	Udma	Kottyadi River	100.8	“
10	Chandragiri Bridge	Kasaragod - Kanhangad Diversion road Ch: 0/750	Kasaragod	Chandragiri River	186.34	“
11	Narampady Bridge	Badiadka - Yethadka - Soolapadavu Ch: 6/500	Kasaragod	Narampady River	49.2	“
12	Kootelu Bridge	Badiadka - Yethadka - Soolapadavu Ch: 8/00	Kasaragod	Kootelu River	49.2	“
13	Perumbalakadavu Bridge	Perumbalakadavu - Nainmarmoola - Erappakkatta Ch : 0/00	Kasaragod	Perumbalakadavu River	177.24	“
14	Alampady Bridge	Perumbalakadavu - Nainmarmoola - Erappakkatta Ch : 3/00	Kasaragod	Madhuvahini Puzha	4 x 19.32	“
15	Adkasthala Bridge - 2	Adkasthala - Panaje Ch : 0/200	Manjeshwar	Adkasthala River	33.54	“
16	Anakkallu Bridge	Manjeshwaram - Ukkada Ch: 14/835	Manjeshwar	Anakkallu River	48	“
17	Angadimogar Bridge	Puthige - Badoor Ch : 0/900	Manjeshwar	Angadimogar River	129	“
18	Bangara - Manjeshwar Bridge	Old M.C.C Ch : 19/400	Manjeshwar		79.8	“
19	Bevinje Bridge	Bevinje - Aloor - Iriyanni Ch : 0/040	Kasaragod	Bevinje River	21.48	“
20	Elkana Bridge	Ukkinadukka - Pallam Junction Ch : 2/00	Manjeshwar	Elkana River	75.96	“
21	Erinhilamkode Bridge	Bandadukka - Kolichal Ch : 7/740	Udma	Erinhilam River	89.28	“
22	Erinhipuzha Bridge	Kanathur - Erinhipuzha - Kuttikkole Ch : 1/750	Kasaragod	Erinhipuzha River	170.4	“
23	Eruthumkadavu Bridge	Vidyanagar - Neerchal - Mundyathadukka Ch : 1.7	Kasaragod	Eruthumkadavu River	45.92	“
24	Karicheri Bridge	Thekkil - Alatty (ODR) Ch : 4/200	Udma	Karicheri River	92.6	“
25	Madhur Bridge	Madhur - Kottakkani Ch : 0/200	Kasaragod	Madhur River	36.64	“
26	Maipady Bridge	Vidyanagar - Maipady - Seethangoli Ch : 5/600	Kasaragod	Maipady River	60	“
27	Moodambail Bridge	Bangara - Manjeshwar - Kuloor Ch : 3/040	Manjeshwar	Moodambail River	8	“
28	Pallamkode Bridge	Pallathur - Adoor Ch : 2/200	Udma	Pallamkode River	106.64	“
29	Patla Bridge	Madhur - Patla - Kollangana Ch : 0/700	Kasaragod	Patla River	38.8	“
30	Puthige Bridge	Seethangoli - Puthige - Perla Ch : 5/500	Manjeshwar	Puthige River	78	“
31	Saralimoola Bridge	Soorambail - Vaninagar - Kinnigar road Ch : 1/200	Manjeshwar	Saralimoola River		“

32	Vavadukkam Bridge	Kanhirathinkal - Vavadukkam Ch : 5/200	Udma	Vavadukkam River	85.6	“
33	Kallige Bridge	Vidyangar - Mudippu Ch :	Manjeshwar	Kallige River	75	“
34	Odayanchal Bridge	Hosdurg - Panathur road km.19/600	Kanhangad	Odayanchal River	16.4	8.45
35	Chullikkara Bridge	Hosdurg - Panathur road km.23/800	Kanhangad	Chullikkara River	13.37	8.45
36	Mundot Bridge	Hosdurg - Panathur road km.27/600	Kanhangad	Mundot River	17.07	8.45
37	Kolichal Bridge	Hosdurg - Panathur road km.33/00	Kanhangad	Kolichal River	27 (3x9)	7
38	Chittari Bridge	Kasaragod - Kanhangad road km.20/00	Kanhangad	Chittari River	84	6.5
39	Koovathi Bridge	Nileshwar - Edathodur road	Hosdurg	Koovathi cha	27.00	7.5
40	Bekal Bridge	Kasaragod - Kanhangad road km.14/800	Udma	Bekal River	64.85	11.05
41	Chirappuram Bridge	Hosdurg - Nileshwar (via) Madikkai road km.11/800	Kanhangad	Nileshwar River	15	7.5
42	Mangod Bridge	Odayanchal - Cherupuzha road km.23/200	Trikaripur	Mangod River	3x24.00	7
43	Bheemandai Bridge	Odayanchal - Cherupuzh 21/80023/200	Trikaripur	Kunnumkai River	21 (3x7.0)	7
44	Cherupuzha Bridge	Odayanchal - Cherupuzha road km.37/00	Trikaripur	Cherupuzha River	72.4	8.45
45	Parappachal Bridge	Bheemanadi - Mukkada road km.7/500	Trikaripur	Parappachal River	30 (2x15)	7
46	Kolungal Bridge	Parappa - Malome road km.7/800	Kanhangad	Kolungal River	25.14	8.45
47	Ponganchal Bridge	Parappa - Malome road km.5/400	Kanhangad	Ponganchal River	44.4	8.45
48	Madakkara Bridge	Cheruvathur - Thuruthi road km.2/800	Trikaripur	Madakkara River	65	8.45
49	Edachakkai Bridge	Cheruvathur - Thuruthi road km.6/700	Trikaripur	Edachakkai River	16.4	7.5
50	Vallikkadavu Bridge	Chittarikkal - Vallikkadavu road km.7/600	Kanhangad	Vallikkadavu River	49.2	4.5
51	Arai Bridge	Alamippalli - Areekadavu road km.0/400	Kanhangad	Arai River	2x19.32	5
52	Kunnumkai Bridge	Chittarikkal - Kunnumkai road km.10/450	Trikaripur	Kunnumkai River	3x19.4	8.45
53	Kannichira Bridge	Hosdurg - Nileshwar (via) Madikkai road km.5/100	Kanhangad	Kannichira River	42.8	8.45
54	Mundot Bridge	Chemmattamvayal - Kalichanadukkam road km.6/855	Kanhangad	Mundot River	40	5
55	Kudumbur Bridge	Chullikkara - Kuttikole road km.6/200	Kanhangad	Kudumbur River	4x21.44	8.45

56	Parakkadavu Bridge	Chittari - Chalingal - Ravaneeshwaram road km.0/400	Kanhangad	Parakkadavu River	128.4	8.45
57	Kottodi Bridge	Pallathathinkal - Kottodi road km.0/00	Kanhangad	Kottodi River	86	8.45
58	Meengoth Bridge	Chalingal- Amabalathara road km.1/950	Udma	Meengoth River	2x16.50	8.45
59	Poochakkad Bridge	Poochakkad Mosque to NH 17 km.1/100	Udma	Poochakkad River	65	8.45
60	Arayakkadavu Bridge	Nileshwar - Edathodur road km.6/800	Trikaripur	Arayakkadavu River	195 (10x19.44)	8.45
61	Mukkada Bridge	Cheemeni- Kunnumkai road 6/100	Trikaripur	Mukkada River	136	8.45
62	Orikkadavu Bridge	Orimukku - Mavilakadappuram km.3/500	Trikaripur	Orikkadavu River	186.2	8.45
63	Thattarkadavu Bridge	Trikaripur Byepass road km.1/680	Trikaripur	Thattarkadavu River	110.6	11.05
64	Kolungal Bridge	Parappa - Malome road km.7/800	Kanhangad	Kolungal River	25.14	8.45
65	Enichal Bridge	Cheemeni - Palavayal - Odakkolli road km.29/200	Trikaripur	Enichal River	18.00	4.5
66	Olavara Bridge	Chandera - Trikaripur – Olavara road km.11/700	Trikaripur	Olavara River	90.00	6
67	Muthiyakkal Bridge	Kottikulam- Tachangad road km.1/400	Udma	Muthiyakkal River	22.32	7.5
68	Thanniyadi Bridge	Periya - Odayanchal road 10/500	Udma	Thanniyadi river	2x22.32	7.5 with foot path
69	Moonnam kadavu Bridge	Kundakuzhi - Moonnamkadavu - Periya road 5/000	Udma	Moonnam kadavu river	6x25.32	7.5 with foot path
70	Poonoor Bridge/ Causway	Eriya - Kanhiradukkam road 2/000	Udma	Poonoor thodu	5 Nos 1.20m dia pipe	7.5
71	Vannathikkadavu Bridge	Kunnoochi - Velutholi road 1/500	Udma	Kunnoochi thodu	10.37	7.5
72	Vellappu Bridge	Thrikkaripur- Vellappu - Valiaparambu road 3/000	Thrikkaripur	Kavvayi river	10x25.32	7.5 with foot path
73	Orcha Bridge	Nileswaram - Orcha - Azhithala road 1/500	Thrikkaripur	Orcha river	6x25.32	7.5 with foot path
74	Padankodu Bridge	Kottappara - Kodavalam - Pullur road 2/200	Udma	Kodavalam thodu	19.32	7.5
75	Kallar Bridge	Hosdurg - Panathur road km.28/600	Kanhangad	Kallar river	17.07	7.5 with foot path
76	Aramanganam	Aramanganam - Motta road 0/060	Udma	Aramanganam thodu	2x8.37	7.5

അവലംബം-പി ഡബ്ല്യൂ ഡി - റോഡ്സ്

ജലഗതാഗതം

സിന്ധു നദി തീരത്താണ് മോഹൻജോദാരോ, ഹാരപ്പ സംസ്ക്കാരം ഉടലെടുത്തത്. ആ കാലഘട്ടത്തിൽ തന്നെ ജലഗതാഗതത്തിനുള്ള സംവിധാനങ്ങളും ഓവുചാലുകളും സ്നാന ഘട്ടങ്ങളും നില നിന്നിരുന്നു. മുംബൈ, കൽക്കത്ത, ചെന്നൈ പോലുള്ള വൻ നഗരങ്ങൾ സ്ഥിതി ചെയ്യുന്നത് നദീ തീരത്താണ്. നീണ്ടതും കുറഞ്ഞതുമായ ദൂരത്തിൽ ജലമാർഗ്ഗമുള്ള ഗതാഗതമാണ് ലാഭകരം. വായു ഗതാഗതത്തിന്റെ കാര്യത്തിലെന്ന പോലെ വിലയേറിയ വിഭവങ്ങൾ ജല ഗതാഗതത്തിന് ഉപയോഗിക്കുന്നില്ല. പുരാതന കാലത്ത് ഇന്ത്യയുടെ വലിയ വ്യവസായമാണ് ഷിപ്പിംഗ്. കപ്പലുകളുടെ നിർമ്മാണത്തിൽ ഇന്ത്യക്കാർ വളരെ കഴിവുള്ളവരായിരുന്നു. പേർഷ്യ, കിഴക്കൻ ആഫ്രിക്ക, മലയ, കിഴക്കൻ ദ്വീപ് തുടങ്ങിയ രാജ്യങ്ങളിൽ ഇന്ത്യക്കാർ കപ്പലുകളിൽ പോയിരുന്നു. ഈ പശ്ചാത്തലത്തിൽ കപ്പൽ നിർമ്മാണ രംഗത്തെ പ്രാഗൽഭ്യം ഇന്ത്യൻ നേവിക്ക് വലിയ നേട്ടമായിരുന്നു.

1860 മുതൽ 1925 വരെ 102 ഇന്ത്യൻ ഷിപ്പിംഗ് വ്യവസായങ്ങളുണ്ടായിരുന്നു. എന്നാൽ ക്രമേണ അവയെല്ലാം ബ്രിട്ടീഷുകാർ തന്നെ നശിപ്പിച്ചു.

1945 ൽ ഭാരത സർക്കാറിന്റെ നേതൃത്വത്തിൽ ഒരു 'പുനഃസംഘടന നയം സബ് കമ്മിറ്റി' രൂപവൽക്കരിച്ചു. ഇന്ത്യയുടെ തീരദേശ കച്ചവട കപ്പൽ ഇന്ത്യൻ കപ്പലുകൾക്കായി സംവരണം ചെയ്യണമെന്ന് വിദേശ കാര്യ വ്യാപാരത്തിൽ ഇന്ത്യൻ കപ്പലുകൾക്ക് അനുയോജ്യമായ അവസരം നൽകണമെന്ന് രാമസ്വാമി അയ്യർ നിർദ്ദേശിച്ചു. ഇതേ വർഷം തന്നെ കേന്ദ്ര ജല സേചന-ഊർജ്ജ കമ്മീഷൻ ഉൾനാടൻ ജല ഗതാഗതം വികസിപ്പിക്കുകയുണ്ടായി. പിന്നീട് 1967 ൽ സെൻട്രൽ ഇൻ ലാന്റ് വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷൻ സ്ഥാപിച്ചു.

പുരാതന കാലം മുതൽ ഇന്ത്യൻ ഗതാഗത സംവിധാനത്തിൽ ജലഗതാഗതം വളരെ പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുണ്ട്. രാജ്യത്തെ ജലഗതാഗത പാതയുടെ നീളം 14544 കി.മീ.ആണ്. ഗംഗ, ബ്രഹ്മപുത്ര, ഗോദാവരി, കൃഷ്ണ എന്നീ നദികളിലാണ് ഉൾനാടൻ ജലഗതാഗതം കൂടുതലായി നടക്കുന്നു. ഒരു സംഘടിത രൂപത്തിൽ ചരക്കുകളുടെ നിയന്ത്രണം പശ്ചിമ ബംഗാൾ, അസാം, നോർത്ത് ഈസ്റ്റേൺ റീജിയൻ, ഗോവ എന്നിവിടങ്ങളിലേക്കാണ്.

കൊടുങ്ങല്ലൂർ, ഗോവ, മംഗലാപുരം എന്നീ തുറമുഖങ്ങളുടെ ആവിർഭാവത്തിനും വളർച്ചയ്ക്കും അതുവഴി നഗരങ്ങളുടെ വളർച്ചയ്ക്കും കാരണമായത് ജല ഗതാഗതമാണ്. പഴയ കാലങ്ങളിൽ റോഡുകളുടെ അപര്യാപ്തത കാരണമാണ് ജനങ്ങൾ ജല ഗതാഗതത്തെ കൂടുതലായി ആശ്രയിക്കേണ്ടി വന്നത്.

ഗതാഗത മാർഗ്ഗവുമായി താരതമ്യം ചെയ്യുമ്പോൾ ജല ഗതാഗതത്തിന്റെ പരിപാലനച്ചെലവ് വളരെ കുറവാണ്. കൂടുതൽ വസ്തുക്കൾ ഒന്നിച്ച് ചുരുങ്ങിയ ചെലവിൽ ദൂരസ്ഥലങ്ങളിലെ ത്തിക്കുന്നതിനു ജലഗതാഗതമാണ് ഉപയോഗപ്രദം.

കേരളത്തിൽ ജല ഗതാഗതം മൂന്നു വിഭാഗങ്ങളിലായി പ്രവർത്തിച്ചു വരുന്നു. കണ്ണൂർ ജില്ലയിലെ കൊറ്റി മുതൽ കാസറഗോഡ് ജില്ലയിലെ ആയിറ്റി വരെയുള്ള ജലപാതയുടെ നിർമ്മാണവും വികസനവും പരിപാലനവും തൃക്കരിപ്പൂർ വിഭാഗവും ആയിറ്റി മുതൽ കാവുംചിറ വരെയുള്ള പ്രവർത്തനങ്ങൾ കാലിക്കടവ് വിഭാഗവും, കാവുംചിറ മുതൽ കോട്ടപ്പുറം വരെയുള്ള പ്രവർത്തനങ്ങൾ നീലേശ്വരം വിഭാഗവുമാണ് നടപ്പിലാക്കി വരുന്നത്.

ജലഗതാഗതത്തിന്റെ സാധ്യതകൾ

മുൻ കാലങ്ങളിൽ കപ്പലിലൂടെയാണ് ഗതാഗതം നടത്തിയിരുന്നതെങ്കിലും ധാരാളം റോഡുകളും വ്യോമഗതാഗതവും വന്നതിനാൽ ജല ഗതാഗതത്തിന്റെ സാധ്യതകൾ കുറഞ്ഞിരിക്കുകയാണ്. എന്നിരുന്നാലും ടൂറിസം മേഖലയിലെ വികസനത്തിന് ജലഗതാഗതത്തിന്റെ സാധ്യതകൾ അനന്തമാണ്.

മേപ്പ് 4.3.2.6: ജലഗതാഗതം

അവലംബം: വ്യോമഗതാഗത വകുപ്പ്

നിർദ്ദേശങ്ങൾ

നിലവിൽ പയ്യന്നൂർ കൊറ്റി മുതൽ നീലേശ്വരം കോട്ടപ്പുറം വരെ ജലഗതാഗത സംവിധാനങ്ങളുണ്ട്. ചില ഭാഗങ്ങളിൽ ആഴക്കുറവു മൂലം യാത്ര സുഗമമല്ല. ആയതിനാൽ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഡ്രെഡ്ജിംഗ് നടത്തി വാട്ടർവേ മെച്ചപ്പെടുത്തൽ. ടൂറിസം സാധ്യതകളും പ്രയോജനപ്പെടുത്താം.

കോട്ടപ്പുറം മുതൽ മംഗലാപുരം വരെ ജലപാതകൾ പുനരുദ്ധരിച്ച് ജലഗതാഗത സംവിധാനത്തിനും ചരക്കു ഗതാഗതത്തിനും സാധ്യമാക്കൽ. ഇതിനായി നീലേശ്വരം, ചിത്താരി, ബേക്കൽ, ചന്ദ്രഗിരി, മൊഗ്രാൽ, ഷിറിയ, ഉപ്പള, മഞ്ചേശ്വരം പുഴകളെ ബന്ധിപ്പിക്കുന്നതിനുള്ള ജല ഗതാഗത കനാലുകൾ നിർമ്മിക്കൽ.

റെയിൽ ഗതാഗതം

ഇന്ത്യയിൽ ട്രാൻസ്പോർട്ട് സംവിധാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടനയാണ് റെയിൽവേ. 1853 ൽ ബോംബെയ്ക്കും താനെയ്ക്കുമിടയിൽ ഇന്ത്യയിൽ ആദ്യത്തെ റെയിൽപ്പാത സ്ഥാപിക്കപ്പെട്ടു. അതിനുശേഷം തീവണ്ടി ഗതാഗതം വളരെയധികം വികസിച്ചു. സ്വാതന്ത്ര്യ ലബ്ധിയുടെ സമയത്ത് ഇന്ത്യയിൽ റെയിൽ പാതയുടെ ദൈർഘ്യം 53,596 കി.മീ. ആയിരുന്നു. അക്കാലത്ത് 8209 എഞ്ചിനുകളും 19536 പാസഞ്ചർ ബോഗികളും 2,06,000 ചരക്ക് വാഗണുകളും ഉണ്ടായിരുന്നു.

റെയിൽവേ സ്റ്റേഷനുകളുടെ ഭൗതിക ഘടനയിൽ കഴിഞ്ഞ 10 വർഷങ്ങൾക്കിടയിൽ ഒട്ടേറെ മാറ്റങ്ങളുണ്ടായിട്ടുണ്ട്. ജില്ലയിലെ കളനാട്, ചന്തേര ഒഴികെയുള്ള എല്ലാ റെയിൽവേ സ്റ്റേഷനുകളിലും സൗകര്യപ്രദമായ ഫുട്ട്ഓവർ ബ്രിഡ്ജുകൾ നിർമ്മിച്ചു കഴിഞ്ഞു. ചെറുവത്തൂർ, നീലേശ്വരം, പടന്നക്കാട്, ബേക്കൽ എന്നിവിടങ്ങളിൽ ഓവർ ബ്രിഡ്ജുകൾ നിർമ്മിച്ചത് യാത്രാക്ലേശത്തിന് വലിയൊരളവിൽ പരിഹാരമായി. എം പി ഫണ്ടിൽ നിന്ന് പന്ത്രണ്ട് ലക്ഷം രൂപയുടെ ഇരിപ്പിട സൗകര്യം എല്ലാ സ്റ്റേഷനുകൾക്കുമായി ലഭിച്ചു. കാഞ്ഞങ്ങാട്, കാസറഗോഡ് സ്റ്റേഷനുകളിൽ ലിഫ്റ്റ് സൗകര്യം അനുവദിച്ചു കഴിഞ്ഞു. മംഗലാപുരം മുതൽ ഷോർണ്ണൂർ വരെയുള്ള റെയിൽവേ ലൈൻ വൈദ്യുതീകരിച്ചു. ഉപ്പള, ചെറുവത്തൂർ എന്നിവിടങ്ങളിൽ വൈദ്യുത സബ് സ്റ്റേഷനുകൾ പൂർത്തീകരിച്ചു. യാത്രാക്കുരുക്ക് ഒഴിവാക്കുന്നതിന്റെ ഭാഗമായി നാഷണൽ ഹൈ

വേയിലെ പള്ളിക്കര ലെവൽ ക്രോസിംഗിൽ മേൽപ്പാലം 63 കോടി രൂപ ചെലവിൽ നിർമ്മിക്കുന്നതിനുള്ള ടെൻഡർ നടപടി പൂർത്തിയായി പ്രവർത്തനമാരംഭിച്ചു. ലെവൽ ക്രോസിംഗ് ഒഴിവാക്കുന്നതിന്റെ ഭാഗമായി ബീരിച്ചേരി, വെള്ളാപ്പ്, ഉദിനൂർ, കാഞ്ഞങ്ങാട്, കുശാൽ നഗർ, കോട്ടിക്കുളം, ഉദുമ, മഞ്ചേശ്വരം എന്നിവിടങ്ങളിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുമെന്ന് റെയിൽവേ ബജറ്റിൽ സൂചിപ്പിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട്-കാണിയൂർ റെയിൽപാത നിർമ്മിക്കുന്നതിന്റെ പ്രാഥമിക സർവ്വേ പൂർത്തിയായി. 82 കിലോമീറ്റർ നീളത്തിൽ നിർമ്മിക്കുന്ന പാതയുടെ 45 കിലോമീറ്റർ നീളം കാസറഗോഡ് ജില്ലയിലാണ്. പുതുതായി രൂപീകരിച്ച കേരള റെയിൽ വികസന കോർപ്പറേഷൻ കേരളത്തിൽ നിലവിലുള്ള റെയിൽപാതയോട് ചേർന്ന് നാലാമത്തെ റെയിൽപാളം കൂടി നിർമ്മിക്കാൻ റെയിൽവേയോട് ശുപാർശ ചെയ്തിരിക്കുകയാണ്. ജില്ലയിലെ 'ചാത്തങ്കൈ' എന്ന സ്ഥലത്ത് ഡോ. പ്രഭാകരൻ കമ്മീഷന്റെ ശുപാർശ പ്രകാരം അഞ്ചരക്കോടി രൂപ ചെലവിൽ മേൽപാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ആവശ്യമായ ഫണ്ട് പൂർണമായും കാസറഗോഡ് പാക്കേജിൽ നിന്ന് ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവൃത്തിയാണിത്. ഫുട്ട് ഓവർ ബ്രിഡ്ജ് പ്ലാറ്റ്ഫോമിന് പുറത്തേക്ക് നീട്ടാനുള്ള പ്രവൃത്തിക്ക് ചെറുവത്തൂർ, നീലേശ്വരം സ്റ്റേഷനുകൾക്ക് അംഗീകാരം ലഭിച്ചു കഴിഞ്ഞു.

ജില്ലയിലെ പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകൾ തൃക്കരിപ്പൂർ, ചെറുവത്തൂർ, നീലേശ്വരം, കാഞ്ഞങ്ങാട്, ബേക്കൽ, കോട്ടിക്കുളം, കാസറഗോഡ്, കുമ്പള, മഞ്ചേശ്വരം എന്നിവയാണ്. ഇതിൽ 8 റെയിൽവേ സ്റ്റേഷനുകൾക്ക് ആദർശ് പദവി ലഭിച്ചിട്ടുണ്ട്. അതിനനുസൃതമായ വികസന പ്രവർത്തങ്ങളും തീവണ്ടികളുടെ സ്റ്റോപ്പുകളും ലഭിച്ചിട്ടില്ല.

റെയിൽവേ മേഖലയിൽ വളരെയധികം യാത്രാക്ലേശം അനുഭവിക്കുന്ന ജില്ലയാണ് നമ്മുടേത്. ദീർഘദൂര വണ്ടികൾക്ക് പുതുതായി സ്റ്റോപ്പുകൾ അനുവദിക്കുകയും നിലവിലുള്ള വണ്ടികളുടെ കംപാർട്ടുമെന്റുകളുടെ എണ്ണം കൂട്ടുകയും തദ്ദേശ തീവണ്ടികൾ ഏർപ്പെടുത്തുകയും മെമു സർവ്വീസ് ആരംഭിക്കുകയും നിലവിലുള്ള റെയിൽവേ സ്റ്റേഷനുകളുടെ നിലവാരം ഉയർത്തുകയും ചെയ്താൽ ഹ്രസ്വ ദൂരയാത്രക്കാരുടെ യാത്രാ ക്ലേശം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും. നിലവിൽ കണ്ണൂരിൽ യാത്രയവസാനിപ്പിക്കുന്ന തീവണ്ടികൾ മംഗലാപുരം വരെ ദീർഘിപ്പിക്കുകയാണെങ്കിൽ വളരെയധികം ഉപകാരപ്രദമായിരിക്കും.

യാത്രക്കാരുടെ സൗകര്യാർത്ഥം കൂടുതൽ പാസഞ്ചർ തീവണ്ടികൾ സർവ്വീസുകൾ നടത്തുകയും സർവ്വീസ് നിർത്തലാക്കിയ കണ്ണൂർ - ബൈന്ദൂർ പാസഞ്ചർ പുനഃസ്ഥാപിക്കുകയും ചെയ്താൽ അത് ഏറെ ഉപകാരമാകും. ജില്ലയുടെ ടൂറിസം സാധ്യത കൂടി കണക്കിലെടുത്ത് സ്റ്റേഷനുകളുടെ വികസനവും തീവണ്ടികൾ കൂടുതലായി അനുവദിക്കുന്നതും തികച്ചും അനിവാര്യമായ കാര്യമാണ്.

മേപ്പ് 4.3.2.7 പ്രപ്പോസ്ഡ് റെയിൽവേ റൂട്ടുകൾ



അവലംബം: ജില്ലാ ഗതാഗത വകുപ്പ്, കാസറഗോഡ്

റെയിൽവേ വികസനം- നിർദ്ദേശങ്ങൾ

- കാഞ്ഞങ്ങാട്- കാണിയൂർ റെയിൽപ്പാത സമയ ബന്ധിതമായി പൂർത്തീകരിക്കൽ.
- നാഷണൽ ഹൈവേയിലെ ഏക ലവൽ ക്രോസിങ്ങായ പള്ളിക്കരയിൽ മേൽപാലം പ്രവർത്തനം ദ്രുതഗതിയിൽ പൂർത്തിയാക്കൽ.
- ലെവൽ ക്രോസിംഗുകൾ പൂർണ്ണമായും ഒഴിവാക്കുന്നതിന് ജില്ലയിലെ ബീരിച്ചേരി, വെള്ളാപ്പ്, ഉദിനൂർ, കുശാൽ നഗർ, കാഞ്ഞങ്ങാട്, കോട്ടിക്കുളം, ഉദുമ, മഞ്ചേശ്വരം എന്നിവിടങ്ങളിൽ മേൽപാലം നിർമ്മിക്കൽ.
- പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ ഫുട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കൽ.
- ജില്ലയിലെ ആദർശ് റെയിൽവേ സ്റ്റേഷനുകളിൽ നിർദ്ദേശങ്ങൾക്കനുസരിച്ച വികസന പ്രവർത്തനങ്ങൾ (ഭൗതികം, സാങ്കേതികം, മനുഷ്യ വിഭവം) ഉറപ്പാക്കൽ.
- രൂക്ഷമായ യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് കണ്ണൂർ-മംഗലാപുരം റൂട്ടിൽ ഹ്രസ്വദൂര ട്രെയിനുകൾ ആരംഭിക്കൽ.
- കാസറഗോഡ് ജില്ലയിലെ യാത്രാ പ്രശ്നം പരിഹരിക്കാൻ മെമു ട്രെയിൻ സർവീസ് ആരംഭിക്കൽ.
- നിലവിൽ കാസറഗോഡ് ജില്ലയിലൂടെ ഓടുന്ന ട്രെയിനുകളിലെ ജനറൽ കമ്പാർട്ട്മെന്റുകളുടെ എണ്ണം കൂട്ടൽ
- കണ്ണൂരിൽ യാത്രയവസാനിപ്പിക്കുന്ന തീവണ്ടികളായ ആലപ്പുഴ- കണ്ണൂർ എക്സ്പ്രസ്, കോയമ്പത്തൂർ- കണ്ണൂർ പാസഞ്ചർ, തിരുവനന്തപുരം -കണ്ണൂർ ജനശതാബ്ദി എന്നീ തീവണ്ടികൾ മംലാപുരം വരെ ദീർഘിപ്പിക്കൽ.
- പാതയിരട്ടിപ്പിക്കൽ ഘട്ടത്തിൽ റദ്ദ് ചെയ്ത കണ്ണൂർ- മംഗലാപുരം പാസഞ്ചർ വണ്ടി പുനഃസ്ഥാപിക്കൽ.
- കണ്ണൂർ- ബൈന്ദൂർ പാസഞ്ചർ സമയം പുനഃക്രമീകരിച്ച് പുനഃസ്ഥാപിക്കൽ.
- ജില്ലയിലെ റെയിൽവേ സ്റ്റേഷനുകൾ അഭിവൃദ്ധിപ്പെടുത്തൽ.
- റെയിൽവേ സ്റ്റേഷനുകളിലേക്ക് എത്തിച്ചേരാനുള്ള സാഹചര്യക്കുറവ് പരിഹരിക്കൽ
- കാസറഗോഡ് റെയിൽവേ സ്റ്റേഷൻ മുതൽ ബസ് സ്റ്റാന്റ് വരെ ഫ്ളൈഓവർ നിർമ്മിക്കൽ.

വ്യോമ ഗതാഗതം

എയർ ട്രാൻസ്പോർട്ടിലൂടെയാണ് ഏറ്റവും കൂടുതൽ ദൂരം ഗതാഗതം നടക്കുന്നത്. ഇന്ത്യയിൽ വ്യോമ ഗതാഗത വികസനത്തിന് നിരവധി അനുകൂല സാഹചര്യങ്ങളുണ്ട്. 1914 ൽ പോസ്റ്റ് ആൻഡ് ടെലിഗ്രാഫ് ഡിപ്പാർട്ട്മെന്റിലൂടെ ആദ്യ എയർസർവ്വീസ് ഏഷ്യ ഉദ്ഘാടനം ചെയ്യുകയുണ്ടായി. അലഹബാദ് മുതൽ നൈനി വരെയുള്ള മെയിലുകളയച്ചുകൊണ്ടാണ് ഇത് നിർവ്വഹിച്ചത്.

കാസറഗോഡ് ജില്ലയിലെ ജനസംഖ്യയിൽ 7.98 ശതമാനം പേരും പ്രവാസികളാണ്. മംഗലാപുരം വിമാനത്താവളത്തെയാണ് ഭൂരിഭാഗം പേരും ആശ്രയിക്കുന്നത്. കാസറഗോഡ് നിന്ന് 61 കി.മീ ആണ് മംഗലാപുരം വിമാനത്താവളത്തിലേക്കുള്ള ദൂരം. കർണ്ണാടക സംസ്ഥാനത്തിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. കേരളത്തിലെ കരിപ്പൂർ വിമാനത്താവളത്തിലേക്ക് കാസറഗോഡ് ജില്ലയിൽ നിന്നും 206 കി.മീ ദൂരമുണ്ട്. ഏകദേശം 6.30 മണിക്കൂർ യാത്രയാണ്. കണ്ണൂരിൽ നിന്ന് കരിപ്പൂർ വിമാനത്താവളത്തിലേക്ക് 115 കി.മീ ആണ് ദൂരം. പുതിയ വിമാനത്താവളം കണ്ണൂരിനാണ് അനുവദിച്ചിരിക്കുന്നത്. കാസറഗോഡ് ജില്ലയുടെ വ്യോമ ഗതാഗതത്തിന് ഇതും ഗുണകരമായി മാറുന്നില്ല.

ജില്ലയിൽ പെരിയ വില്ലേജിൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് 14.02.2012 ൽ സർക്കാർ അനുമതി നൽകി. ഇതിനായി 80.41 ഏക്കർ സ്ഥലമാണ് കണ്ടെത്തിയത്. ഇതിൽ 51.65 ഏക്കർ സ്വകാര്യ വ്യക്തിയുടേയും 28.76 ഏക്കർ സർക്കാർ സ്ഥലവുമാണ്. എയർസ്ട്രിപ്പ് നിർമ്മാണത്തിനുള്ള ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായി കൊച്ചിൻ ഇന്റർ നാഷണൽ എയർപ്പോർട്ട് ലിമിറ്റഡിനെ (സിയാൽ) നിയമിച്ചു. സിയാൽ പഠന റിപ്പോർട്ട് ബിആർഡിസിക്ക് സമർപ്പിച്ചിട്ടുണ്ട് .സിയാലിന്റെ പഠനറിപ്പോർട്ട് പ്രകാരം സർക്കാറിന്റെ സാമ്പത്തിക സഹായം ഉണ്ടായാൽ മാത്രമേ എയർസ്ട്രിപ്പ് പ്രോജക്ട് വിജയകരമായി നടത്തിക്കൊണ്ടുപോകാനാകൂ. സ്ഥലമെടുപ്പിനു മാത്രമായി 25 കോടിയോളം രൂപ ചെലവു വരും. ചീഫ് സെക്രട്ടറി മുമ്പാകെ പ്രസ്തുത പ്രോജക്ട് അവതരണം 21.04.2016 ന് സിയാൽ ഉദ്യോഗസ്ഥർ നടത്തുകയുണ്ടായി.

ജില്ലയുടെ സമഗ്ര വികസനത്തിന് പെരിയയിൽ ചെറുവിമാനത്താവളം സ്ഥാപിക്കുകയാണെങ്കിൽ ജനങ്ങളുടെ ആവശ്യം നിറവേറ്റുന്നതിന് വളരെ സൗകര്യപ്രദമായിരിക്കും. ജില്ലാ പഞ്ചായത്തിന്റെ 2018-19 ബഡ്ജറ്റിൽ, പെരിയ എയർസ്ട്രിപ്പിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയിട്ടുണ്ട്. കാസറഗോഡിന്റെ വ്യോമയാന സ്വപ്നങ്ങൾക്ക് ചിറക് മുളക്കാൻ താമസംവിനാ സാധിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

പട്ടിക 4.3.2.8: പെരിയ വിമാനത്താവളം-ഗവൺമെന്റ് ലാന്റും പ്രൈവറ്റ് ലാന്റും

1. Government land to be transferred

Sl No	District	Taluk	Village	Survey No	Extent (acres)
1	Kasaragod	Hosdurg	Periya	341/1 pt	54.12
Total					54.12

ഗതാഗതം, വാർത്താവിനിമയം, വിനോദസഞ്ചാരം

2. Private land to be acquired.

Sl No	District	Taluk	Village	Survey No	Extent (acres)
1	Kasaragod	Hosdurg	Periya	322/3 pt	0.43
2	Kasaragod	Hosdurg	Periya	322/4 pt	2.61
3	Kasaragod	Hosdurg	Periya	323/1 pt	0.12
4	Kasaragod	Hosdurg	Periya	323/2 pt	0.01
5	Kasaragod	Hosdurg	Periya	323/3 pt	0.01
6	Kasaragod	Hosdurg	Periya	341/1 pt	36.64
7	Kasaragod	Hosdurg	Periya	402/1 pt	0.21
8	Kasaragod	Hosdurg	Periya	402/2	6.75
9	Kasaragod	Hosdurg	Periya	405/1 pt	0.01
10	Kasaragod	Hosdurg	Periya	405/2 pt	0.07
Total	**46.86**				

അവലംബം-വ്യോമഗതാഗത വകുപ്പ്

പൊതുകെട്ടിടങ്ങൾ

ഓഫീസുകളുടെയും, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും, ആശുപത്രികളുടെയും മറ്റു മേഖലകളുടെയും സുഗമമായ നടത്തിപ്പിന് അനുയോജ്യമായ കെട്ടിടങ്ങൾ അനിവാര്യമാണ്. നമ്മുടെ ജില്ലയിൽ സ്വന്തമായി കെട്ടിടമുള്ള ഗവൺമെന്റ് സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 4.3.2.9: പി ഡബ്ല്യൂ ഡി കെട്ടിടങ്ങൾ

KASARAGOD	
1. Office Building	48
2. Functional Buildings	56
3. Rest House	15
4. Quarters	44
Total	163
BADIYADKA	32
KANHANGAD	
1. Office Building	11
2. Functional Buildings	8
3. Rest House	1
4. Quarters	5
NILESHWAR	24
Total	**25**
Grand Total	**244**

അവലംബം-പി ഡബ്ല്യൂ ഡി -ബിൽഡിംസ്

ഇതോടൊപ്പം വാടക കെട്ടിടങ്ങളിലായി 31 ഇടങ്ങൾ നിലവിൽ പ്രയോജനപ്പെടുത്തുന്നുണ്ട്.

പൊതുവിദ്യാഭ്യാസവകുപ്പ്

പട്ടിക 4.3.2.10: വിദ്യാഭ്യാസ സ്ഥാപനങ്ങൾ

	No of schools															
Block/	**Govt**					**Aided**					**Unaided**					
Municipality	**LP**	**UP**	**HS**	**HSS/ VHSS**	**TOTAL**	**LP**	**UP**	**HS**	**HSS/ VHSS**	**TOTAL**	**LP**	**UP**	**HS**	**HSS/ VHSS**	**TOTAL**	**GRAND TOTAL**
Kasaragod	26	13	4	14	**57**	12	9	2	6	**29**	4	9	6	3	**22**	**108**
Karaduka	21	4	2	7	**34**	18	8	1	1	**28**			3		**3**	**65**
Kanhangad	22	15	4	11	**52**	7	2	1	1	**11**	3	2	2	3	**10**	**73**
Nileshwar	16	11	3	12	**42**	16	11	1	3	**31**		5	1	1	**7**	**80**
Parappa	21	7	6	10	**44**	15	10	3	5	**33**	3	4	1		**8**	**85**
Manjeshwar	22	1	4	11	**38**	33	21	6	2	**62**	3	4	8	1	**16**	**116**
Kasaragod (M)	6	5		3	**14**	2	4	1		**7**	1	1		1	**3**	**24**
Kanhangad (M)	5	4	2	4	**15**	5	2		1	**8**	1	1		1	**3**	**26**
Nileshwar (M)	4			1	**5**	4	3		1	**8**	1				**1**	**14**
TOTAL					**301**					**217**					**73**	**591**

ചിത്രം 4.3.2.7 വിദ്യാഭ്യാസ സ്ഥാപനങ്ങൾ



അവലംബം: വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസ്, കാസറഗോഡ്

Social Justice Department-Kasaragod

പട്ടിക 4.3.2.11 Social Justice Department-Kasaragod

Number of Blocks			: 6				
Number of ICDS Projects			: 12				
Number of AWC			: 1312				
Number of Mini AWCs			: 36				
Sl. No	**Name of Block**	**Name of Project**	**Name of Panchayath/ Municipality**	**No.of AWCs**	**No.of Mini AWCs**	**Total**	**Project Total**
1	Nileshwaram	Nileshwaram	Nileshwaram	37	1	38	96
			Cheruvathur	28	1	29	
			Kayyur Cheemeni	28	1	29	
		Nileshwaram Addi(Pilicode)	Pilicod	26	1	27	105
			Valyaparamba	15	1	16	
			Padane	21	2	23	
			Thrikaripur	39	0	39	
2	Parappa	Parappa	Kinanoor Karinthalam	30	1	31	101
			West Eleri	39	0	39	
			East Eleri	31	0	31	
		Parappa Addl (Kallar)	Kodom Belur	43	0	43	118
			Kallar	21	0	21	
			Panathadi	25	0	25	
			Balal	29	0	29	
3	Kanhangad	Kanhangad	Kanhangad	53	0	53	119
			Ajanur	38	0	38	
			Madikai	28	0	28	
		Kanhangad Addl(Uduma)	Pullur Periya	31	0	31	103
			Pallikare	39	0	39	
			Uduma	33	0	33	
4	Kasaragod	Kasaragod	Kasaragod(M)	49	0	49	140
			Madhur	27	0	27	
			Mogral Puthur	23	0	23	
			Kumbala	41	0	41	
		Kasaragod Addl(Chengala)	Chengala	54	0	54	144
			Chemmanad	49	0	49	
			Badiadka	39	2	41	
5	Karadka	Karadka	Karadka	28	2	30	92
			Kumbadaje	18	3	21	
			Bellur	14	2	16	
			Delampadi	25	0	25	
		Karadka Addl (Kuttikol)	Muliyar	31	4	35	106
			Bedadka	36	2	38	
			Kuttikol	33	0	33	
6	Manjeswaram	Manjeswaram	Manjeswaram	37	0	37	121
			Vorkadi	22	3	25	
			Meenja	24	0	24	
			Paivalike	35	0	35	
		Manjeswaram Addl (Puthige)	Mangalpadi	44	3	47	103
			Enmakaje	28	5	33	
			Puthige	21	2	23	
				1312	**36**	**1348**	**1348**

അവലംബം-സാമൂഹ്യക്ഷേമ വകുപ്പ്, കാസറഗോഡ്

പട്ടിക 4.3.2.12 Name of Institutions in Kasaragod District under Social Welfare Department

Name of Orphanages & Old Age Homes in Kasaragod District under Social Welfare Department

Sl. No	Name of Orphanages	Sanctioned Strength	Present Strength
1	Kottappally Valiyullahi Aanatha Agathi Mandiram,Thuruthi	50	11
2	Noorul Huda Orphanage and Destitute Home ,Kaithakad	70	15
3	Sayyid Yahayal Ahadali Al Adoori,Nileshwaram,Kasaragod	40	29
4	Al Mujammaul Islami Orphanage,Trikaripur	140	84
5	Thaibiyathul Islam Agathi Mandiram,Ayitti,Trikaripur	23	8
6	St.Pauls Orphanage,Trikkaripur,kasaragod	250	3
7	Jamiya Sa-Adiya Islami,Trikaripur	60	12
8	Al Ameen Yatheemkhana Edachakkai,Trikaripur	80	10
9	Kanhangaad Muslim Vanitha Orphanage,Kottachery	75	61
10	Vrindavanam Balasadanam,Udayamkunnu Road,Ramagar,Aanandashram	30	20
11	Kanhangad Muslim Orphanage,Kottachery	100	42
12	Snehalaya Charitable Trust Moonama Mile	250	167
13	Majlis Orphanage,Manjampara,Kasaragod	50	47
14	Sanjose Balabhavan, Mariapuram, Karivedakam	33	20
15	Malik Dinar Yatheemkhana, Mlik Dinar Nagar,Kaasaragod	100	56
16	Bhagavan Sri Sathya Sai Abhaya Niketan, Thalipadapu,Kasaragod	100	36
17	Imam Shafi Islaamic Academy,Badriya Nagar,Kumbala	80	87
18	Majmaul Hikamaathi Aida Roosiay	60	35
19	Malabar Islamic Complex Orphanage , Mahinabad	53	31
20	Alampady Nurul islam Yatheemkhana ,Alampadi	200	74
21	Sa-Adiya Girls Orphanage ,Deli(Girls)	100	75
22	Sa-Adiya Girls Orphanage ,Deli(Boys)	300	140
23	Muhimmathul Muslimeen Education,(Boys) Puthigai	450	210
24	Muhimmathul Muslimeen Education,(Girls) Puthigai	150	93
25	Manjeshwaram Yatheemkhana,Boys	50	31
26	Al Bishara Islamic Education Centre	30	35
27	St.Joseph Orphanage ,Bakery Junction ,Vorkady	13	5
28	Manjeshwaram Yatheemkhana,Kunjathur	70	32
29	Lathifiya Anatha Agathi Mandhiram,Shiriya Kunnil,Shiryal	100	110
30	Malja-Ul_Islam Orphanage,Tippu Nagar	80	97
31	Darul Uloom Malik Bin Deenar Markaaz Sunni Dawat	35	27
32	Bonal Sisu Bhavan, Kadumeni	40	17
33	Holy Family Day Care Centre ,Kadumeni	30	12
34	Vimala Matha balabhavan	60	31
35	Shanthy Bhavan,Kadumeni	20	20
36	Daru Rashad Girls Orphanage	40	30
37	Don Bosco Boys Home	70	39
38	Parappally valiyallahi memorial Muslim Anatha Agathi Mandiram	25	15
	Total	3507	1867

	Old Age Homes(Mens)		
1	Y's Nivas Old Age Home Chittarickal, Kasaragod	20	13
2	Abrosadan,Attakandam Kalichanadukkam	13	13
3	saketam Vridhasadana Kendram Vivekananda Charitable Trust, Near Pallikkara Bhagavathi temple	30	7
	Total	63	33
	Old Age Homes (Men & Women)		
1	New Malaabar Punarathivasa Kendram, Chalakadavu	20	67
2	St.Rossils Convent,Ashaniketan	30	30
3	Bethlehm Ashramam Perumpally	100	60
	Total	150	157

അവലംബം-സാമൂഹ്യക്ഷേമ വകുപ്പ്, കാസറഗോഡ്

പട്ടിക 4.3.2.13 സ്ഥാപനങ്ങളുടെ എണ്ണം (വിദ്യാഭ്യാസ വകുപ്പ്)

Sl.No	Institution	Number
1	Arts & Science College/Govt./Private/Parallel	42
2	B.Ed College	3
3	Teachers Training Institute	4
4	Engineering College/ College of Science and Technology/Poly Technic	4
5	Medical college (Dental/Ayurveda/Allopathy/Homeo)	4
6	Nursing College	10
7	ITC/ITI	17
8	University	2
9	Kendiya Viidyalaya	2

അവലംബം- ടൗൺപ്ലാനിംഗ് ഓഫീസ്, കാസറഗോഡ്

പ്ിക 4.3.2.14 സ്ഥാപനങ്ങളുടെ എണ്ണം (ആരോഗ്യ വകുപ്പ്)

Sl.No	Institution	Number
1	Taluk Hospital	1
2	CHC	10
3	PHC	42
4	ESI Hospital	1
5	Super specialty	1
6	Specialty Alone	0
7	Hospital with IP Facility	36
8	Veterinary Hospital	35

അവലംബം-ടൗൺ പ്ലാനിംഗ്ഓഫീസ്, കാസറഗോഡ്

പട്ടിക 4.3.2.15: മറ്റു സ്ഥാപനങ്ങളുടെ എണ്ണം

Sl.No	Institution	Number
1	Post Office HO	201
2	Banks(National/scheduled/cooperative bank)	210
3	Seed Farm	5
4	Market -Weekly	10
5	Krishi Bhavan	41
6	Hatcheries	7
7	Fire station	3
8	Ferries/Boat jetty	6
9	Railway Station	10
10	Bus stand	9
11	Airport	0
12	Telephone exchange	47
13	Stadium/Play Ground	35
14	Solar park	1
15	Harbour	2
16	Mini Civil station	1
17	Food craft Institute	1

അവലംബം-ടൗൺ പ്ലാനിംഗ് ഓഫീസ്, കാസറഗോഡ്

ഗതാഗതമേഖലയിലെ മറ്റു നിർദ്ദേശങ്ങൾ

- മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ഇച്ചിലം കോട് വില്ലേജ് ഓഫീസ് ബേക്കൂർ റോഡിലെ കുബനൂരിൽ പാലം.
- മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ കുലൂർ - മടിമൊഗാർ-പത്വാടി റോഡിൽ ഡ്രെയ്നേജ്.
- നേരംപാടി-അജ്ജിമൂല-ഒടങ്ങൽ- വിദ്യാഗിരി-ചൊട്ട പാലം.
- ചട്ടഞ്ചാൽ-മഹാലക്ഷ്മിപുരം- മുനമ്പം-പെർളടുക്കം റോഡിൽ കരിച്ചേരി പുഴയ്ക്ക് കുറുകെ മുനമ്പത്ത് പാലം
- പെർളടുക്കം-ബാവിക്കര റോഡിൽ പയസ്വിനി പുഴയ്ക്ക് കുറുകെ അരമനപ്പാടി പാലം
- കാസറഗോഡ് നിയോജക മണ്ഡലത്തിൽ കുത്തിങ്കൽ - തുപ്പക്കൽ -ഗോശാല റോഡിൽ ഡ്രെയ്നേജ് പാലം.
- ഉദുമ നിയോജക മണ്ഡലത്തിലെ പള്ളഞ്ചി-ബേത്തൂർപാറ -പുതി.കണ്ടംചാൽ -ആദൂർ റോഡ് പള്ളഞ്ചി പാലം.
- പെരിയ-ഒടയംചാൽ റോഡിൽ തടയൻവളപ്പ് പാലം.
- ചെറുവത്തൂർ- വെങ്ങാട് മയീച്ച റോഡിൽ മയീച്ച പുഴയ്ക്കു കുറുകെ പാലത്തറ പാലം
- മൂട്ടോളി പുഴയ്ക്കു കുറുകെ രാമഞ്ചിറ പാലം
- ചൈത്രവാഹിനി പുഴയ്ക്ക് കുറുകെ കാളിക്കടവ് പാലം
- നാട്ടക്കല്ല്-ചമ്പകത്തട്ട് റോഡിൽ കിൽട്ടക്കയം പാലം
- കിളിയളം-വരഞ്ഞൂർ റോഡിൽ കിളിയളത്ത് പാലം
- കാസറഗോഡ് മുതൽ കണ്ണൂർ എയർപ്പോർട്ട് വരെ 15 മീറ്റർ വീതിയിൽ എക്സ്പ്രസ് ഹൈവേ നിർമ്മിക്കൽ
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പാർക്കിംഗ് പ്ലാസാ നിർമ്മാണം.
- റോഡുകളുടെ കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ.
- മാലക്കല്ല്-പൂക്കുന്നം തട്ട്-ചെറുമ്പച്ചാൽ-പെരുമ്പള്ളി റോഡ് ഗതാഗത യോഗ്യമാക്കൽ.
- ടൂറിസം പ്രാധാന്യമുള്ള വലിയപറമ്പ പഞ്ചായത്തിലേക്ക് പ്രധാന റോഡാണ് ഇടയിലക്കാട് ബണ്ട് വലിയപറമ്പ പാലം റോഡ് വലിയപറമ്പിലേക്കുള്ള ടൂറിസം റോഡ് ഇപ്പോഴും വീതി കുറഞ്ഞ് അപകടാവസ്ഥയിലാണ് . അതുകൊണ്ട് ഈ റോഡ് വീതികൂട്ടി മെക്കാടം ടാറിംഗ് ചെയ്യുന്നതിനും ഇടയിലക്കാട് ബണ്ടിന്റെ പാലം നിർമ്മിക്കുന്നതിനും, ഇടയിലക്കാട് കാവ് സംരക്ഷിക്കുന്നിതിനും വേണ്ട നടപടി സ്വീകരിക്കൽ.
- കാഞ്ഞങ്ങാട് ടൗണിൽ ഗതാഗത കുരുക്ക് ഇല്ലാതാക്കാൻ അണ്ടർ ഗ്രൗണ്ട് പാസ്സേജ് സ്ഥാപിക്കൽ.
- ജില്ലയിൽ സമഗ്ര ട്രാഫിക് പരിഷ്ക്കാരം.
- കോട്ടച്ചേരി മേൽ പാലത്തിന്റെ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കൽ.
- പടന്നക്കാട് മേൽപാലം മുതൽ കാഞ്ഞങ്ങാട് സൗത്ത് ജംഗ്ഷൻ വരെ റോഡിന് നടുവിൽ ഡിവൈഡർ സ്ഥാപിച്ച് അപകടം കുറയ്ക്കുന്നതിന് നടപടി

ഗതാഗതം, വാർത്താവിനിമയം, വിനോദസഞ്ചാരം

സ്വീകരിക്കൽ.

- റോഡിന് ഇരുവശവും സൗന്ദര്യം വർദ്ധിപ്പിക്കാനുതകുന്ന തരത്തിലുള്ള ചെടികളും വൃക്ഷങ്ങളും നട്ട് യാത്ര സുഗമമാക്കൽ.
- കാഞ്ഞങ്ങാട് നോർത്ത് കോട്ടച്ചേരി-വെള്ളായിപ്പാലം ലിങ്ക് ചെയ്യുന്ന റോഡ് വീത് കൂട്ടി വലിയ വാഹനങ്ങൾ കടന്നു പോകുന്ന രീതീയിൽ മാറ്റൽ.
- സീതാംഗോളി-കൊറനകണ്ട-കൊടിമൂല-അനാടിപ്പള്ള-കുലാലനഗര-സജൻകില-മുണ്ടൂടൽ-ഒടയള-കളത്തൂർ റോഡ് വികസനം.(ഏകദേശം 6 കി.മീ.)
- പുത്തിഗെ ഗ്രാമ പഞ്ചായത്തിനെയും കുമ്പള ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന കരിഞ്ച അമ്പലത്തിലേക്ക് നടപ്പാത.
- അനന്തപുര-ബെന്നിമൂല എസ് സി കോളനി -കണ്ണൂർ-കുന്നിൽ റോഡ് വികസനം.(ഏകദേശം 2 കി.മീ.)
- എ കെ ജി നഗർ മുതൽ ഗവൺമെന്റ് ഐ ടി ഐ-കുലാൽ നഗർ-കുര്ക്കൂടൽ റോഡ് വികസനം..(ഏകദേശം 3 കി.മീ)
- കമ്മാടി-കല്ലപ്പള്ളി-രംഗത്തുമല മുതലായ സ്ഥലങ്ങളിലേക്കുള്ള റോഡുകൾ നവീകരിച്ച് യാത്രാ സൗകര്യം വർദ്ധിപ്പിക്കൽ.
- കാഞ്ഞങ്ങാട് പാണത്തൂർ കാണിയൂർ പാത കേരള കർണ്ണാടക സർക്കാരുകളുടെ പദ്ധതിയായി നടപ്പിൽ വരുത്തൽ
- കാഞ്ഞങ്ങാട് പാണത്തൂർ മടിക്കേരി റോഡിന്റെ പണി പൂർത്തീകരിക്കൽ.
- ടൂറിസ്റ്റുകളുടെ യാത്രാ സൗകര്യം കണക്കിലെടുത്ത് ചെറുവിമാന സർവ്വീസുകൾ ആരംഭിക്കൽ.
- ചെമ്പേരി മുതൽ ഒഴുകുന്ന പുഴയിൽ ഇപ്പോൾ ഉള്ള തടയണകൾക്ക് ഉയരം കൂട്ടി ബോട്ട് സർവ്വീസുകൾ ആരംഭിക്കൽ.
- പനത്തടി പഞ്ചായത്തിലെ ഗ്രാമീണ റോഡുകളുടെ വികസനം.
- പനത്തടി പഞ്ചായത്തിലുള്ള 2 ഹൈസ്കൂളും ഹയർസെക്കന്ററിയായി ഉയർത്തൽ. യു.പി സ്കൂളുകൾ ഹൈസ്കൂളായി ഉയർത്തൽ.
- സർവ്വേ പൂർത്തീകരിച്ച് ഫയർ സ്റ്റേഷൻ പനത്തടി പഞ്ചായത്തിൽ നടപ്പാക്കൽ.
- പനത്തടി പഞ്ചായത്തിൽ KSRTC ഡിപ്പോ ആരംഭിക്കൽ.
- കന്യാകുമാരി കടുകര മുതൽ നന്ദാരപദവ് വരെ മലയോര ഹൈവേ നിർമ്മാണം നടന്നു വരികയാണ്. അതിന് അനുബന്ധമായി കോളിച്ചാൽ പാണത്തൂർ, കല്ലപ്പള്ളി, സുള്ള്യ, സുബ്രഹ്മണ്യ, ധർമ്മസ്ഥല, കൊല്ലൂർ ഗോകർണ്ണം എന്നീ സ്ഥലങ്ങളിലേക്ക് ഗതാഗത യോഗ്യമായ റോഡ് ഉണ്ടെങ്കിലും പ്രസ്തുത റോഡുകൾ എൻ.എച്ച് പദവി നൽകി നവീകരിക്കുന്നതിന്.
- നന്ദാരപ്പടവ്-ചെറുപുഴ മലയോര ഹൈവേ, കാഞ്ഞങ്ങാട് -ചെന്നൈ NH (691 കി.മീ) ഗോകർണ്ണം-കന്യാകുമാരി പശ്ചിമഘട്ട ടൂറിസ്റ്റ് ഹൈവേ (130 കി.മീ.) എന്നിവ നിർമ്മിക്കൽ.
- ബന്തടുക്ക-ചെറുപുഴ ബസ് റൂട്ടും ബേക്കൽ -റാണിപുരം ബസ് സർവ്വീസും (55 കി.മീ) നടത്തൽ
- പുത്തിഗെ ഗ്രാമ പഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കൽ.
- അംഗടി മുഗറിലുള്ള നായ്മുഗറിൽ ഒരു തൂക്കുപാലം നിർമ്മാണം.
- കാഞ്ഞങ്ങാട് കോട്ടച്ചേരി ഫ്ളൈ ഓവർ നിർമ്മാണം
- നീലേശ്വരം-കച്ചേരിക്കടവ് രാജാറോഡ് വികസനം
- വിദ്യാനഗർ- നീർച്ചാൽ- മുണ്ട്യത്തടുക്ക ജില്ലാ പഞ്ചായത്ത് മെക്കാടം റോഡ് നിർമ്മാണം
- ചായിന്റടി- ബജ്പെ കടവ് ഗ്രാമപഞ്ചായത്ത് മെക്കാടം റോഡ് നിർമ്മാണം
- ചെങ്കള- ചേരൂർ ഗ്രാമപഞ്ചായത്ത് മെക്കാടം റോഡ് നിർമ്മാണം
- ഏഴാം മെയിൽ- എണ്ണപ്പാറ ഗ്രാമപഞ്ചായത്ത് മെക്കാടം റോഡ് നിർമ്മാണം
- മൂന്നാംമൈൽ -പറക്കളായി-അയ്യൻകാവ് ഗ്രാമ പഞ്ചായത്ത് മെക്കാടം റോഡ് നിർമ്മാണം.

മേപ്പ് 4.3.2.8: നിർദ്ദിഷ്ട ഗോകർണ്ണം- കന്യാകുമാരി വെസ്റ്റേൺ ഗട്ട്സ് ടൂറിസ്റ്റ് ഹൈവേ

അവലംബം- പൊതുമരാമത്ത് വകുപ്പ്, കാസറഗോഡ്

ഗതാഗതം, വാർത്താവിനിമയം, വിനോദസഞ്ചാരം

മേപ്പ് 4.3.2.9 നിർദ്ദിഷ്ട കാഞ്ഞങ്ങാട്- ചെന്നൈ റോഡ്



അവലംബം- പൊതുമരാമത്ത് വകുപ്പ്, കാസറഗോഡ്

ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യം വെച്ച് നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഒട്ടനവധി പ്രശ്നങ്ങളും തടസ്സങ്ങളും സ്വാഭാവികമായി ഉയർന്നു വന്നേക്കാം. എന്നാൽ ഉന്നതമായ ലക്ഷ്യത്തെ മുന്നിൽ കണ്ടുകൊണ്ട് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള ശാസ്ത്രീയവും സമഗ്രവുമായ അനുബന്ധ പദ്ധതികൾ തയ്യാറാക്കേണ്ടിയിരിക്കുന്നു. ഏത് പദ്ധതിയുയേയും വിജയത്തിനു പിന്നിൽ ജനങ്ങളുടെ കൂട്ടായ്മയും അവരുടെ ഇഛാശക്തിയും പരമ പ്രധാനമാണ്.

വിനോദ സഞ്ചാരം

ആമുഖം

വികസന രംഗത്ത് കാസർകോട് ജില്ല മുൻഗണന നൽകേണ്ടുന്ന ഒരു മേഖലയാണ് ടൂറിസം. തൊഴിൽ, വരുമാനം എന്നിവയുടെ വർദ്ധനവിനൊപ്പം സംസ്കാരവും പാരമ്പര്യവും പൈതൃകവും പരിസ്ഥിതിയും സംരക്ഷിക്കുന്നതിനും മെച്ചപ്പെട്ട സാമൂഹ്യജീവിതം ഉറപ്പാക്കുന്നതിനും ടൂറിസത്തെ ജില്ല ഫലപ്രദമായി ഉപയോഗിക്കേണ്ടതാണ്. ടൂറിസം വികസനത്തിന് അനുകൂലമായ പ്രകൃതിയും സംസ്കൃതിയും ശാലീനതയും ആവോളം സമന്വയിച്ചിരിക്കുന്ന ഇടമാണ് സപ്തഭാഷാ സംസ്കാരസംഗമഭൂമിയായ കാസർകോട് ജില്ല. കേരളത്തിൽ ഏറ്റവും അധികം നദികളും കോട്ടകളും കാവുകളും ഉള്ളത് ഇവിടെയാണ്. കേരളത്തിലെ ഏറ്റവും വലുതും വിഖ്യാതവുമായ ബേക്കൽ കോട്ട ജില്ലയുടെ വിനോദസഞ്ചാര ഭൂപടത്തിൽ അഭിമാന നിർമ്മിതിയായി നിൽക്കുന്നു. 1992 ൽ കേരളത്തിന്റെ ഏക പ്രത്യേക വിനോദസഞ്ചാര മേഖലയായി ഭാരത സർക്കാർ പ്രഖ്യാപിച്ച ബേക്കൽ കാസർകോട് ജില്ലയിലാണ്.

പശ്ചാത്തലം

മനോഹരമായ കടൽത്തീരവും, മലിനമാകാത്ത കായലും നിത്യഹരിതമായ പശ്ചിമഘട്ട മലനിരകളും ജൈവവൈവിധ്യ സമ്പന്നമായ ഇടനാടും സഞ്ചാരികൾക്ക് പ്രിയപ്പെട്ട വ്യത്യസ്ത ഭക്ഷണരീതികളും ജില്ലയിലെ വിനോദസഞ്ചാര സാധ്യതകൾക്ക് അനുകൂല ഘടകങ്ങളാണെങ്കിലും കഴിഞ്ഞ കുറേ വർഷമായി കേരളത്തിൽ ഏറ്റവും കുറഞ്ഞ തോതിൽ വിദേശ വിനോദസഞ്ചാരികളും ആഭ്യന്തര വിനോദസഞ്ചാരികളും എത്തുന്ന അവസാനത്തെ മൂന്ന് ജില്ലകളുടെ ഗണത്തിലാണ് കാസർകോട് ജില്ലയുടെ സ്ഥാനം.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആഭ്യന്തര വിനോദസഞ്ചാരികളും വിദേശവിനോദസഞ്ചാരികളും സന്ദർശിക്കുന്ന ആദ്യത്തെ 15 വിനോദസഞ്ചാരകേന്ദ്രങ്ങളിൽ (Top 15 Destinations) പോലും കാസർകോട് ജില്ലയുടെ വിനോദസഞ്ചാരത്തിന്റെ സിരാകേന്ദ്രമായ ബേക്കൽ ഉൾപ്പെടുന്നില്ല.

കഴിഞ്ഞ മൂന്ന് വർഷമായി (2014, 2015, 2016) കേരളത്തിൽ എത്തിയ ആകെ വിദേശ ടൂറിസ്റ്റുകളുടെ 0.25 ശതമാനവും ആഭ്യന്തര ടൂറിസ്റ്റുകളുടെ 1.97 ശതമാനവും മാത്രമാണ് കാസർകോട് ജില്ലയിൽ എത്തിയത്.

കാസർകോട് ജില്ലയുടെ വികസനപ്രക്രിയയിൽ സുപ്രധാനമായ ടൂറിസം മേഖലയിലെ പ്രശ്നങ്ങൾ സൂക്ഷ്മമായി വിലയിരുത്തേണ്ടതും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കേണ്ടതും അത്യാവശ്യമാണ്.

ജില്ലയിലെ ടൂറിസം മേഖല: നിലവിലുള്ള അവസ്ഥ

Beach tourism, backwater tourism എന്നീ മേഖലയിൽ ജില്ലയുടെ ടൂറിസം വികസനം വളർച്ച രേഖപ്പെടുത്തുന്നുണ്ടെങ്കിലും വിനോദസഞ്ചാരത്തിന്റെ വിവിധങ്ങളായ മറ്റു സാധ്യതകൾ ഇനിയും ഉപയോഗപ്പെടുത്തിയിട്ടില്ല.

ട്രക്കിങ്, കയാക്കിങ്, റാഫ്റ്റിങ്, വാട്ടർ സ്പോർട്സ് തുടങ്ങിയവയ്ക്ക് ജില്ലയിലെ പല പ്രദേശങ്ങളും അനുയോജ്യമാണെങ്കിലും ഇക്കാര്യത്തിൽ കാര്യമായ പദ്ധതികൾ ഇതുവരെ ഉണ്ടായിട്ടില്ല.

ഫാം ടൂറിസത്തിനു സാധ്യതയുള്ള പ്രദേശങ്ങൾ നിലനിൽക്കുന്നുവെങ്കിലും നാളിതുവരെയായി സ്വകാര്യസംരംഭകർ ഇതിനായി മുന്നോട്ടുവന്നിട്ടില്ല. തീർത്ഥാടന ടൂറിസം പ്രയോജനപ്പെടുത്താനും ഗൗരവമായ ശ്രമങ്ങൾ ഇതുവരെ നടന്നിട്ടില്ല.

വടക്കേ മലബാറിലെ മറ്റു ജില്ലകളിൽ നിന്നു വ്യത്യസ്തങ്ങളായ ഒട്ടേറെ tourism products & tourism potentia-l ഉള്ള കാസർകോട് ജില്ലയുടെ ടൂറിസം വിപണന സാധ്യതകളെ വേണ്ടുംവിധം പ്രയോജനപ്പെടുത്താനും ഇതുവരെ സാധിച്ചിട്ടില്ല.

Attraction

വിനോദസഞ്ചാര വികസനത്തിന് ആവശ്യമായ മൂന്ന് അടിസ്ഥാന ഘടകങ്ങൾ Attraction, Accessibility, Accomodation എന്നിവയാണ്. പ്രകൃതി സൗന്ദര്യം കൊണ്ട് അനുഗ്രഹീതവും ആകർഷകങ്ങളായ ചരിത്രസ്മാരകങ്ങളും പൗരാണിക ക്ഷേത്രങ്ങളും പ്രശസ്തമായ പള്ളികളും ഏറെയുള്ള ജില്ലയാണ് കാസർകോട്. വിനോദസഞ്ചാരികൾക്ക് പ്രിയപ്പെട്ട പാരമ്പര്യ കലകളുടെയും അനുഷ്ഠാന കലകളുടെയും സാന്നിധ്യം കാസർകോടിന്റെ ടൂറിസം മേഖലയ്ക്ക് മുതൽക്കൂട്ടാണ്.

അതുല്യമായ നിർമ്മിതികൊണ്ട് ആകർഷകമായ അനന്തപുരം തടാകക്ഷേത്രം, ചരിത്രത്തിന്റെ താളുകളിൽ സുപ്രധാന സ്ഥാനമുള്ള തളങ്കര മാലിക്ദീനാർ പള്ളി, ബേളയിലെ പ്രസിദ്ധമായ ഡൊളാറസ് ചർച്ച് എന്നിവ കാസർകോടിന്റെ അഭിമാനസ്തംഭങ്ങളായി തലയുയർത്തിനിൽക്കുന്നു.

തെയ്യം, പൂരക്കളി, യക്ഷഗാനം, ഒപ്പന, ദഫ്മുട്ട്, അറബന മുട്ട്, ആലാമികളി, മംഗലംകളി, മാർഗ്ഗംകളി തുടങ്ങിയ കലാരൂപങ്ങളും കമ്പള പോലുള്ള വിനോദങ്ങളും കാസർകോട് സാരി, തളങ്കര തൊപ്പി, മടിക്കൈ മൺപാത്രം തുടങ്ങിയ പരമ്പരാഗത ഉല്പന്നങ്ങളും ജില്ലയുടെ പൈതൃകത്തിന്റെ അനന്യങ്ങളായ ഉദാഹരണങ്ങളാണ്.

Accessibility

ഗോവയിൽ നിന്നും, ബംഗളൂരുവിൽ നിന്നും മംഗലാപുരത്തുനിന്നും സഞ്ചാരികൾ എത്തുന്ന പ്രധാനപാതയായ NH 66 കാസർകോട് ജില്ലയുടെയും കേരളത്തിന്റെയും വടക്കേ അറ്റമായ തലപ്പാടി വരെ കർണ്ണാടകയുടെ ഭാഗത്ത് നാലുവരി പാതയായി വികസിപ്പിച്ചുകഴിഞ്ഞുവെങ്കിലും കാസർകോട് ജില്ലയിൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

മടിക്കേരി, മൈസൂർ എന്നിവിടങ്ങളിൽ നിന്ന് ഏറ്റവും അടുത്ത beach destination ബേക്കലും back-water destination വലിയപറമ്പയുമാണ്. ആയതിനാൽ

ഗതാഗതം, വാർത്താവിനിമയം, വിനോദസഞ്ചാരം

മടിക്കേരി, മൈസൂർ തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് പാണത്തൂർ-കാഞ്ഞങ്ങാട് വഴിയുള്ളഗതാഗതം വർദ്ധിപ്പിക്കാൻ കർണ്ണാടകയുമായി സഹകരിച്ച് സംസ്ഥാന അതിർത്തിയായ പാണത്തൂർ വരെയുള്ള കർണ്ണാടകയുടെ ഭാഗമായ റോഡ് വീതികൂട്ടി സുഗമമായ യാത്രയ്ക്ക് അനുയോജ്യമാക്കേണ്ടതാണ്.

കണ്ണൂർ വിമാനത്താവളത്തിൽ നിന്നും കാസർകോട് ജില്ലയിൽ എത്തിച്ചേരുംവിധം കണ്ണൂർ നഗരത്തിൽ പ്രവേശിക്കാതെ തന്നെ സമാന്തര റോഡ് നിർമ്മിക്കുന്നത് ജില്ലയുടെ വിനോദസഞ്ചാര വികസനത്തിന് ഏറെ ഗുണം ചെയ്യും.

രാജധാനി എക്സ്പ്രസ്സിന് ജില്ലാ ആസ്ഥാനമായ കാസർകോട് സ്റ്റോപ്പ് അനുവദിക്കേണ്ടതും മറ്റു ദീർഘദൂര വണ്ടികൾക്ക് കാഞ്ഞങ്ങാട് സ്റ്റോപ്പ് ഉണ്ടാകേണ്ടതും അത്യാവശ്യമാണ്.

കാഞ്ഞങ്ങാട്-പാണത്തൂർ-കാണിയൂർ റെയിൽപാത യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ മുന്നോട്ടുപോയാൽ ബംഗളൂരുവിൽനിന്നുള്ള വിനോദസഞ്ചാരികൾക്ക് ബേക്കലിലും മറ്റും അനായാസം എത്തിച്ചേരാവുന്നതാണ്.

Accommodation

ജില്ലയിൽ നിലവിലുള്ള നക്ഷത്ര പദവിയുള്ള ഹോട്ടലുകളും റിസോർട്ടുകളും നിർമ്മാണത്തിലിരിക്കുന്ന ഹോട്ടലുകളും റിസോർട്ടുകളും highend അല്ലെങ്കിൽ up market ടൂറിസ്റ്റുകളെ ഉദ്ദേശിച്ചിട്ടുള്ളതാണ്. വിനോദസഞ്ചാരികൾക്കിടയിൽ വലിയൊരു വിഭാഗം വരുന്ന ടൂറിസ്റ്റുകളും കേരളത്തിലെയും ഇന്ത്യയുടെ മറ്റു സംസ്ഥാനങ്ങളിലെയും ടൂർ ഓപ്പറേറ്റർമാരും നിരന്തരം ചൂണ്ടിക്കാണിക്കുന്ന ഈ പ്രശ്നത്തിന് പരിഹാരമെന്നോണം ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ല എന്നിവ ആരംഭിക്കാൻ തദ്ദേശീയരെയും ജില്ലയിൽ നിന്നുള്ള പ്രവാസികളെയും പ്രോത്സാഹിപ്പിക്കണം.

നിർദ്ദേശങ്ങൾ

വടക്കേ മലബാറിന്റെ പൊതുവായ പിന്നോക്കാവസ്ഥ ജില്ലയുടെ ടൂറിസം മേഖലയിലും പ്രതിഫലിക്കുന്നുണ്ടെങ്കിലും ടൂറിസം വ്യവസായത്തിന് ജില്ലയ്ക്ക് മാത്രമായ ഒട്ടേറെ സവിശേഷതകൾ ഉള്ളതുകൊണ്ട് അവ കണ്ടെത്തി പ്രചാരം നൽകുകയും വിപണനം സാധ്യമാക്കുകയും വേണം.

- കാസർകോട് ജില്ലയുടെ ചരിത്ര - സാംസ്കാരിക - ജൈവ പൈതൃക സാധ്യതകളെല്ലാം വിനോദസഞ്ചാരമേഖലയ്ക്ക് യോജിക്കുന്ന തരത്തിൽ, നമ്മുടെ സംസ്കാരത്തെയും പരിസ്ഥിതിയെയും ബാധിക്കാത്ത തരത്തിലുമുള്ള മാസ്റ്റർ പ്ലാൻ ജില്ലയ്ക്ക് ഉണ്ടാകേണ്ടതുണ്ട്. ബി.ആർ.ഡി.സി. യുടെയും ഡി.ടി.പി.സി. യുടെയും നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയശേഷം ടൂറിസം മേഖലയിലെ പ്രഗത്ഭരെയും വിദഗ്ധരെയും ഉൾപ്പെടുത്തി ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പൊതുജനങ്ങളുടെയും പരിസ്ഥിതി പ്രവർത്തകരുടെയും അഭിപ്രായങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടായിരിക്കണം നിർദ്ദിഷ്ട മാസ്റ്റർ പ്ലാൻ. പ്രസ്തുത ടൂറിസം മാസ്റ്റർ പ്ലാനിൽ വലിയ പറമ്പ്, റാണീപുരം, കോട്ടഞ്ചേരി എന്നീ പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകണം.
- ഇടത്തരം റിസോർട്ടുകൾ, ഹോം സ്റ്റേകൾ, ഹൗസ്ബോട്ടുകൾ, സർവ്വീസ്ഡ് വില്ലകൾ, ആയുർവ്വേദ കേന്ദ്രങ്ങൾ, ഫാം ടൂറിസം, തനത് കലാ-കായിക അവതരണകേന്ദ്രങ്ങൾ മുതലായ ചെറുകിട ഇടത്തരം സംരംഭങ്ങൾ ടൂറിസം മേഖലയുടെ വളർച്ചയിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് ബി.ആർ.ഡി.സി. തുടക്കം കുറിച്ച SMILE (Small & Medium Industries Leveraging Experimental Tourism)പദ്ധതി ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൂടുതൽ വ്യാപിപ്പിക്കണം.
- കാസർകോട് കുള്ളൻ പശുക്കളുടെ പരിപാലനം, നീരയുടെ ഉല്പാദനം എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകിയുള്ള ഫാം ടൂറിസത്തിന് കാസർകോട് CPCRI, പടന്നക്കാട് കാർഷിക കോളേജ് എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
- കേരളത്തിൽ തന്നെ ഏറ്റവും പഴക്കമുള്ള ക്ഷേത്രങ്ങളും പള്ളികളും ചർച്ചുകളും പ്രശസ്തമായ ആശ്രമങ്ങളും സ്ഥിതിചെയ്യുന്ന ജില്ലയ്ക്ക് അവ ബന്ധപ്പെടുത്തി അനുയോജ്യമായ തീർത്ഥാടന ടൂറിസം പദ്ധതിക്ക് രൂപം നൽകണം.
- ജില്ലയിലെ ഓരോ ഗ്രാമത്തിലും ടൂറിസം വികസന സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി ഓരോ ഗ്രാമപഞ്ചായത്തും ബേക്കൽ റിസോർട്സ് ഡവലപ്മെന്റ് കോർപ്പറേഷനോ ജില്ലാടൂറിസംപ്രമോഷൻകൗൺസിലിനോ വിവരങ്ങൾ നൽകിയാൽ അത്തരം സ്ഥലങ്ങൾ ടൂറിസം മേഖലയിലെ വിദഗ്ധർ സന്ദർശിച്ച് പ്രൊജക്ട് തയ്യാറാക്കേണ്ടതാണ്. ജില്ലയിലെ ടൂറിസം വികസനത്തിൽ ബി.ആർ.ഡി.സി.യും ഡി.ടി.പി.സി. യും തയ്യാറാക്കുന്ന പദ്ധതികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.
- ജില്ലയുടെ തനതു കലകൾ വിനോദസഞ്ചാര മേഖലയിൽ വിപണനം കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കണം.അന്യം നിന്നുപോകുന്ന കലകൾ അവതരിപ്പിക്കുന്ന കലാകാരന്മാർക്ക് വിനോദസഞ്ചാര മേഖലയിലൂടെ ജീവിതോപാധി കണ്ടെത്താൻ ഇതുവഴി സാധിക്കും.
- ജില്ലയിൽ മാത്രം കണ്ടുവരുന്ന 'സുരങ്കം' എന്ന പരമ്പരാഗത ജലസംരക്ഷണ രീതി ടൂറിസ്റ്റുകൾക്ക് പുത്തനറിവ് നൽകും. ഇത്തരം നാട്ടറിവുകൾ ടൂറിസം ഉൽപ്പന്നങ്ങളായി പുറംലോകത്തിന് പരിചയപ്പെടുത്തുന്നതിന് ബി.ആർ.ഡി.സി. ആവിഷ്കരിച്ചിട്ടുള്ള പദ്ധതി വ്യാപിപ്പിക്കേണ്ടതാണ്.
- കാസർകോട് ജില്ലയുടെ ടൂറിസം മേഖലയെക്കുറിച്ചുമാത്രമായി പ്രത്യേക വെബ്സൈറ്റ് രൂപ

കല്പന ചെയ്ത് എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുകയും അത് പരമാവധി പ്രചാരണം നൽകുകയും വേണം. താമസസൗകര്യങ്ങൾ, സേവനദാതാക്കളുടെ വിവരങ്ങൾ എന്നിവ ഈ വെബ്സൈറ്റിൽ ഉൾക്കൊള്ളിക്കണം.

- ഉത്തരവാദിത്ത ടൂറിസം (Responsible Tourism) എന്നത് കേരളത്തിന്റെ ഔദ്യോഗിക ടൂറിസം നയമാണ്. പ്രദേശവാസികളായ ആതിഥേയ സമൂഹം ആ നാട്ടിലെ ടൂറിസവികസനത്തിന്റെ പ്രഥമഗുണഭോക്താക്കളാവണം. തദ്ദേശീയരുടെ സാമൂഹ്യ സാമ്പത്തിക പുരോഗതിക്ക് ആ പ്രദേശത്തെ ടൂറിസം വികസനം കാരണമാകേണ്ടതുണ്ട്. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കണം.
- സേവനമേഖല എന്ന നിലയിൽ ടൂറിസം പ്രധാനമായും മാനവവിഭവശേഷി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ജില്ലയിലെ ഓട്ടോ-ടാക്സി ഡ്രൈവർമാർക്ക് ടൂറിസ്റ്റുകളോട് ഇടപഴകുമ്പോൾ ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങൾക്ക് പ്രത്യേക പരിശീലനം നൽകേണ്ടതാണ്.
- അഭ്യസ്തവിദ്യരായ യുവാക്കൾക്ക് ടൂറിസ്റ്റ് ഗൈഡ് പരിശീലനം നൽകി സ്വയംതൊഴിൽ കണ്ടെത്താൻ പ്രാപ്തരാക്കുവാൻ KITTS പോലുള്ള സ്ഥാപനങ്ങൾ ഹ്രസ്വകാല കോഴ്സുകൾ ജില്ലയിൽ തന്നെ നടത്തേണ്ടതാണ്.
- ജില്ലയിൽ നിലവിലുള്ള സംരംഭകർക്ക് അതിഥികളെ അനുഗമിക്കുന്നതിനായി ഗൈഡ് സർവ്വീസ് പരിശീലനം നൽകുന്നത് അവർ നൽകിവരുന്ന സേവനം പ്രഫഷണൽ രീതിയിലാകാൻ സഹായകമാകും.
- ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പരിസര ശുചീകരണത്തിന് കുടുംബശ്രീയുടെ നേതൃത്വത്തിൽ നടക്കുന്ന clean destination പദ്ധതി കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കാവുന്നതാണ്.
- ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഘട്ടം ഘട്ടമായി കുറച്ചുകൊണ്ടുവന്ന് Green Protocol പാലിക്കുന്നു എന്ന് ഉറപ്പുവരുത്തണം. മാലിന്യനിർമാർജ്ജനം, പരിസര ശുചീകരണം എന്നീകാര്യങ്ങളിൽ വിട്ടുവീഴ്ച ഉണ്ടാകരുത്.
- വലിയപറമ്പ് കായലിൽ ഹൗസ്ബോട്ടുകളുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം. അതേസമയം, ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യസംസ്കരണം ശാസ്ത്രീയാടിസ്ഥാനത്തിൽ നടക്കുന്നു എന്ന് ഉറപ്പുവരുത്തണം.
- വനം-ടൂറിസം വകുപ്പുകൾ സംയുക്തമായി റാണിപുരം പോലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കണം. പുതുവർഷത്തോടനുബന്ധിച്ച് എല്ലാവർഷവും ഡിസംബർ-ജനുവരി മാസങ്ങളിൽ റാണിപുരത്ത് പുഷ്പമേള സംഘടിപ്പിക്കണം.
- കാസർകോട് ജില്ലയിലെ തെരഞ്ഞെടുത്ത കടലോരങ്ങൾ കേന്ദ്രീകരിച്ച് ഫെസ്റ്റുകൾ സംഘടിപ്പിക്കണം.
- വ്യത്യസ്ത മതവിഭാഗങ്ങളുടെ പലതരത്തിലുള്ള ഉത്സവങ്ങൾ ജില്ലയിൽ വർഷമുടനീളം നടന്നുവരുന്നുണ്ട്. ഇത് ടൂറിസ്റ്റുകൾക്കിടയിൽ പ്രചരിപ്പിക്കുന്നതിന് ഒരു ഉത്സവ കലണ്ടർ പ്രസിദ്ധീകരിക്കേണ്ടതാണ്.
- രണ്ട് ജലോത്സവങ്ങൾ നടക്കുന്ന ജില്ലയിൽ ഇതിനുള്ള സ്ഥിരംവേദിയും സംവിധാനങ്ങളും ഒരുക്കണം. ടൂറിസ്റ്റുകളെ ആകർഷിക്കുംവിധം ജലോത്സവങ്ങൾക്ക് വൻ പ്രചാരണം നൽകണം.
- ജില്ലയുടെ വടക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന മഞ്ചേശ്വരം കണ്വതീർത്ഥ ബീച്ച്, തെക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന വലിയപറമ്പ് ഒരിയര ബീച്ച് എന്നീ കടലോരങ്ങളുടെ ടൂറിസം സാധ്യത കണ്ടെത്തി അവിടെ അനുയോജ്യമായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കണം.
- വലിയപറമ്പ് ബീച്ച്, മഞ്ചേശ്വരം കണ്വതീർത്ഥ ബീച്ച് എന്നിവിടങ്ങളിൽ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാൻ ഓപ്പൺ എയർ തീയറ്റർ സ്ഥാപിക്കണം.
- കാസർകോട് പാക്കേജിൽ ടൂറിസം വികസനത്തിന് കണ്ടെത്തിയ പദ്ധതികൾ ഉടൻ നടപ്പിലാക്കണം.
- ഉത്തരമലബാർ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി കാസർകോട് ജില്ലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി പലതരം ഗ്രൗശശേല്യമ്യ കൾക്ക് രൂപം നൽകണം.
- ചെറുകിട - ഇടത്തരം സംരംഭകർക്ക് ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുകയും ലൈസൻസുകൾ ലഭിക്കുന്നതിന് ഏകജാലക സംവിധാനം ഏർപ്പെടുത്തുകയും വേണം.
- ബേക്കൽ കോട്ടയുടേതിനു തുല്യപ്രാധാന്യമുള്ള ഹൊസ്ദുർഗ്ഗ്, ചന്ദ്രഗിരി, ആരിക്കാടി എന്നീ കോട്ടകളുടെയും ടൂറിസം സാധ്യതകൾ കണ്ടെത്തി അനുയോജ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യണം.
- ജില്ലയുടെ പാരമ്പര്യത്തിന്റെയും പൈതൃകത്തിന്റെയും വിവരങ്ങൾ ശേഖരിച്ച് പൈതൃക മ്യൂസിയം, തെയ്യം മ്യൂസിയം, യക്ഷഗാന മ്യൂസിയം, തുളളൽ മ്യൂസിയം എന്നിവ സ്ഥാപിക്കണം.
- ബേക്കലിൽ പഠനയാത്രകൾക്കും മറ്റും വരുന്ന വിദ്യാർത്ഥികൾക്ക് താമസിക്കാൻ ഡോർമെറ്ററി, യൂത്ത് ഹോസ്റ്റലുകൾ എന്നിവ സ്ഥാപിക്കണം.
- കേന്ദ്രസർക്കാറിന്റെ സഹായത്തോടെ സംസ്ഥാന ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന 'മലനാട്' ടൂറിസം പദ്ധതിയിൽ കാസർകോട് ജില്ലയിലെ കൂടുതൽ പ്രദേശങ്ങൾ ഉൾപ്പെടുത്തണം.
- ജില്ലയുടെ പാരമ്പര്യവും പൈതൃകവും വിളിച്ചോതുന്ന ടൂറിസം കരകൗശല ഉൽപ്പന്നങ്ങളുടെ സുവനീർ ഉണ്ടാക്കണം.
- ബേക്കൽ കോട്ടയിലെ സന്ദർശന സമയത്തിന്റെ

ദൈർഘ്യം വർദ്ധിപ്പിക്കാൻ കേന്ദ്ര പുരാവസ്തു വകുപ്പ് നടപടികൾ എടുക്കണം. ബേക്കൽ കോട്ടയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന Light & Sound show പദ്ധതി ഉടൻ ആരംഭിക്കണം.

- ടൂറിസം മേഖലയിൽ ജില്ലയിൽ നാളിതുവരെ നടന്ന വികസന പ്രവർത്തനങ്ങൾ ജില്ലാ ആസ്ഥാനമായ കാസർകോടിന്റെ തെക്കൻ ഭാഗങ്ങളിലാണ് പ്രധാനമായും നടന്നത്. ജില്ലാ ആസ്ഥാനത്തിന് വടക്ക് സംസ്ഥാന അതിർത്തി വരെയുള്ള പ്രദേശങ്ങൾ വരെ ടൂറിസം വികസന പ്രവർത്തനങ്ങൾ വികേന്ദ്രീകരിക്കേണ്ടതുണ്ട്.
- ടൂറിസം മേഖലയിൽ ജില്ലയുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ടൂറിസം വ്യവസായവുമായി ബന്ധപ്പെട്ട വിവിധതരം നികുതികളിൽ നിന്നും ജില്ലയിലെ റിസോർട്ടുകൾ, ഹോട്ടലുകൾ, ഹോംസ്റ്റേകൾ, ഹൗസ് ബോട്ടുകൾ, സർവീസ്ഡ് വില്ലകൾ എന്നിവയ്ക്ക് അവയുടെ പ്രവർത്തനം തുടങ്ങി ആദ്യത്തെ അഞ്ച് വർഷം സമ്പൂർണ്ണ tax holiday നടപ്പിലാക്കണം. ഇത് ടൂറിസം മേഖലയിൽ പുതുതായി നിക്ഷേപം നടത്താൻ ഉദ്ദേശിക്കുന്നവർക്ക് പ്രചോദനമാകും.
- ബേക്കൽ കോട്ടയ്ക്കകത്തുള്ള റസ്റ്റ്ഹൗസ് നവീകരിച്ച് ജില്ലയുടെ ചരിത്ര-സാംസ്കാരിക മ്യൂസിയം സ്ഥാപിക്കണം.
- കേരളത്തിലെ മറ്റു ജില്ലകളെ അപേക്ഷിച്ച് ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എത്തിച്ചേരാനുള്ള signages കാസർകോട് ജില്ലയിൽ അപര്യാപ്തമാണ്. പ്രധാന റോഡ് ജംഗ്ഷനുകളിൽ ടൂറിസം വകുപ്പ് കൂടുതൽ sign board-s സ്ഥാപിക്കണം.
- ജില്ലയിൽ കൂടുതൽ വിനോദസഞ്ചാരികൾ എത്തുന്ന ബീച്ചുകളിൽ ടൂറിസം വകുപ്പിന്റെ ലൈഫ് ഗാർഡുകളുടെ സേവനം ലഭ്യമാക്കണം.
- ടൂറിസം ക്ലബ്ബുകളുടെ പ്രവർത്തനം എല്ലാ വിദ്യാലയങ്ങളിലേക്കും വ്യാപിപ്പിക്കണം.
- കേരളത്തിന്റെ വടക്കേ അറ്റത്ത് സംസ്ഥാന അതിർത്തിയായ തലപ്പാടി ദേശീയ പാതയിലെ പ്രവേശനകവാടത്തിൽ (NH 66) ആകർഷണീയമായ സ്വാഗത കമാനം നിർമ്മിക്കണം.

മാതൃകാപരമായ ആശയങ്ങൾ/ നൂതനാശയങ്ങൾ

- ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് അയൽസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെ മറ്റു ജില്ലകളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും സഞ്ചാരികളുടെ വരവ് പതിന്മടങ്ങായി വർദ്ധിപ്പിക്കുന്നതിന് Come to Kasaragod; be at Bekal പോലുള്ള ഊർജ്ജിത പ്രചരണ പരിപാടികൾ ആസൂത്രണം ചെയ്ത് വ്യത്യസ്തങ്ങളായ പാക്കേജുകൾ സഞ്ചാരികൾക്കും, ട്രാവൽ ഏജന്റുമാർക്കും, ടൂർ ഓപ്പറേറ്റർമാർക്കും മുന്നിൽ അവതരിപ്പിക്കാൻ സാധിക്കണം. ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ല മറ്റു താമസസൗകര്യങ്ങൾ എന്നിവ ഒരുക്കിയവർക്ക് ആത്മവിശ്വാസം നൽകാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഇത്തരം ഇടപെടലുകൾ കൊണ്ട് സാധിക്കും.
- ബേക്കൽ കേന്ദ്രീകരിച്ച് ബേക്കൽ റിസോർട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സംസ്ഥാന ടൂറിസം വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ടൂർ ഓപ്പറേറ്റർമാരുടെയയും, ഹോട്ടൽ, റിസോർട്ട്, ഹോംസ്റ്റേ, ഹൗസ്ബോട്ട് എന്നീ മേഖലയിലെ സംരംഭകരെയും ഉൾപ്പെടുത്തി ഓരോ വർഷവും രണ്ടോ മൂന്നോ ദിവസം നീണ്ടുനിൽക്കുന്ന B to B meet സംഘടിപ്പിക്കാവുന്നതാണ്. ടൂർ ഓപ്പറേറ്റർമാരെ ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളും താമസസൗകര്യങ്ങളും പരിചയപ്പെടുത്താനുള്ള familiarization tour ഇതിന്റെ ഭാഗമായി സംഘടിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.
- വിവിധ രാജ്യങ്ങളിൽ നടക്കുന്ന അന്താരാഷ്ട്ര ടൂറിസം മേളകളിലും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന റോഡ് ഷോകളിലും കാസർകോട് ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകാൻ സംസ്ഥാന ടൂറിസം വകുപ്പ് ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.
- ജില്ലയുടെ ടൂറിസത്തിന്റെ വളർച്ചയ്ക്കായി പ്രത്യേക മാർക്കറ്റിങ് പാക്കേജുകൾ പ്രഖ്യാപിക്കണം.

KERALA TOURISM STATISTICS

പട്ടിക 4.3.2.16

Foreign and Domestic Tourist arrivals in north Kerala :
A comparative study

District	Kasaragod	Kannur	Kozhikode	Wayanad
2014				
Foreign	2535	7563	11313	11795
Domestic	210691	584343	769425	564274
2015				
Foreign	2973	9022	12251	12377
Domestic	241347	613199	811538	607335
2016				
Foreign	1823	5264	12649	7067
Domestic	282906	632332	884477	586146

പട്ടിക 4.3.2.17

Foreign Tourist arrivals 2016Destination wise
(Top 15 destinations)

Sl. No.	Destination	No. of Tourists
1	Kochi City	201595
2	Kovalam	169946
3	Varkala	121508
4	Fort Kochi	93727
5	Thiruvananthapuram	62715
6	Alappuzha	61713
7	Kumarakom	39274
8	Maradu	38324
9	Munnar	28576
10	Thekkady	21738
11	Cherai beach	13036
12	Kollam	8485
13	Poovar	8477
14	Wayanad	6923
15	Aluva	6855

പട്ടിക 4.3.2.18

Domestic Tourist arrivals 2016
Destination wise
(Top 15 destinations)

Sl. No.	Destination	No. of Tourists
1	Guruvayoor	2336394
2	Kochi city	2192175
3	Thiruvananthapuram	1026272
4	Kozhikode city	786606
5	Kovalam	671256
6	Wayanad	531543

7	Munnar	467881
8	Kumarakom	418864
9	Muzhuppilangad	274062
10	Kollam	268405
11	Parassinikadavu	266149
12	Thekkady	263226
13	Alapuzha	259819
14	Fort Kochi	185694
15	Varkkala	183482

പട്ടിക 4.3.2.19

Tourist arrival : Kerala State & Kasaragod District (An analysis)

2014			
Tourists	Kerala	Kasaragod	Percentage
Foreign	923366	2535	0.27
Domestic	11695411	210691	1.8
Total	12618777	213226	1.7

2015			
Tourists	Kerala	Kasaragod	Percentage
Foreign	977479	2973	0.30
Domestic	12465571	241347	1.9
Total	13443050	244320	1.8

2016			
Tourists	Kerala	Kasaragod	Percentage
Foreign	1038419	1823	0.18
Domestic	13172535	282906	2.2
Total	14210954	284729	2.0

Total tourist arrival : Last three years (2014, 2015, 2016)			
Tourists	Kerala	Kasaragod	Percentage
Foreign	2939264	7331	0.25
Domestic	37333517	734944	1.97
Total	40272781	742275	1.84

മേപ്പ് 4.3.2.10

Rail Networks in Kasaragod District
(Existing & Proposed)
MANGLORE
KARNATAKA STATE
Mangalore
N
W
E
S
VORKADY
MANJESHWAR
MEENJA
PAIVALIKE
MANGALPADY
ENMAKAJE
DAKSHINA KANNADA DISTRICT
KARNATAKA STATE
PUTHIGE
KUMBLA
BELLUR
BADIYADKA
KUMBADAJE
KARADKA
MOGRAL PUTHUR
MADHUR
CHENGALA
DELAMPADY
KODAKU DISTRICT
KARNATAKA STATE
KASARAGOD
MULIYAR
KUTTIKOLE
CHEMNAD
BEDADKA
PANATHADY
ARABIAN SEA
UDUMA
KALLAR
PALLIKKARA
PULLUR PERIYA
BALAL
KODOM BELLUR
Legend
LSGI Boundary
District Boundary
Existing Railway
Proposed_Rail_to_Hassan
AJANUR
WEST ELERI
MADIKAI
KINANUR KARINTHALAM
EAST ELERI
KANHANGAD
NILESHWARAM
KAYYUR CHEEMENI
CHERUVATHUR
PILIKODE
PADNE
KANNUR DISTRICT
VALIYAPARAMBA
TRIKARIPUR

മേപ്പ് 4.3.2.11

Top Six Tourist Destinations in Kasaragod District
MANGALORE
KARNATAKA STATE
Mangalore
NH 66
VORKADY
MANJESHWAR
MEENJA
PAIVALIKE
MANGALPADY
Puthur
ENMAKAJE
DAKSHINA KANNADA DISTRICT
KARNATAKA STATE
PUTHIGE
KUMBLA
BADIYADKA
BELLUR
KUMBADAJE
Sullia
KARADKA
MOGRAL PUTHUR
MADHUR
CHENGALA
DELAMPADY
KODAKU DISTRICT
KARNATAKA STATE
KASARAGOD
MULIYAR
KUTTIKOLE
CHEMNAD
BEDADKA
UDUMA
KALLAR
PALLIKKARA
PULLUR PERIYA
BALAL
KODOM BELLUR
AJANUR
WEST ELERI
MADIKAI
KINANUR KARINTHALAM
EAST ELERI
KANHANGAD
NILESHWARAM
KAYYUR CHEEMENI
CHERUVATHUR
PILIKODE
PADNE
NH 66
Payyannur
KANNUR DISTRICT
VALIYAPARAMBA
TRIKARIPUR
ARABIAN SEA
N
W
E
S
Legend
NH
SH
Tourist Destination
1 Bekal (Fort, Beach)
2 Valiyaparamba (Backwaters, House Boats)
3 Ranipuram (Hill Station, Trekking)
4 Ananthapuram (Lake Temple)
5 Azhithala (Beach, Estuary)
6 Kottancheri (Hill Station, Trekking)

4.4 പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

4.4.1 പട്ടികജാതി വികസനം

ആമുഖം

ജില്ലയിലെ ദരിദ്ര ജനവിഭാഗങ്ങളിൽ വലിയൊരുപക്ഷം പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരാണ്. അവരുടെ വികസനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരും പട്ടികജാതി വികസന വകുപ്പും ത്രിതല പഞ്ചായത്തുകളും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരികയാണ്. ജനകീയാസൂത്രണ പ്രക്രിയ മുഖേന പട്ടികജാതിക്കാരുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രഥമ പരിഗണന നൽകിയിരുന്നുവെങ്കിലും അവരുടെ വിദ്യാഭ്യാസ-സാമൂഹ്യ-സാമ്പത്തിക മേഖലകളിലെ ഉയർച്ച പൊതുവിഭാഗങ്ങളുടേതിന് തുല്യമായോ അതിനടുത്തോ എത്തിയിട്ടില്ല. ചരിത്രപരമായ കാരണങ്ങളാൽ സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നിലായിപ്പോയ ജനവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങൾ ഇനിയും നടത്തേണ്ടതുണ്ട്.

പൊതു വിവരങ്ങൾ, സ്ഥിതി വിവരക്കണക്കുകൾ

ജില്ലയിലെ പട്ടികജാതി ജനസംഖ്യ 53283 ആണ് ഇതിൽ 26385 പുരുഷൻമാരും 26898 സ്ത്രീകളുമടങ്ങുന്നു. ജില്ലയിൽ ആകെ 540 പട്ടികജാതി സങ്കേതങ്ങളുണ്ട്. അവയിലെ 11746 കുടുംബങ്ങളിൽ 8835 എണ്ണം ബി.പി.എൽ. വിഭാഗത്തിലും 2911 എണ്ണം എ.പി.എൽ വിഭാഗത്തിലും പെടുന്നു. മൊഗർ, പുലയൻ, ചക്ലിയൻ, ബാക്കുഡ, ഹൊളയ, നൽക്കദായ എന്നീ വിഭാഗത്തിൽപ്പെടുന്നവരാണ് ജില്ലയിൽ കൂടുതലായുള്ള പട്ടികജാതിക്കാർ.

മേഖലയിലെ പൊതു ഇടപെടലുകൾ:-

പട്ടികജാതിക്കാരുടെ സർവ്വതോമുഖമായ വികസനത്തിനും പുരോഗതിക്കും പട്ടികജാതി വികസന വകുപ്പും ത്രിതല പഞ്ചായത്തുകളും കേന്ദ്ര-സംസ്ഥാന സർക്കാരുകളും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് വരുന്നുണ്ട്. പട്ടികജാതി വികസന വകുപ്പാകട്ടെ വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക, സാംസ്ക്കാരിക, നിയമാധിഷ്ഠിത മേഖലകളിൽ വിവിധ പദ്ധതികൾക്ക് ഊന്നൽ നൽകുന്നു. മേൽ ലക്ഷ്യത്തിന്റെ ഭാഗമായി പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ജില്ലയിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

പട്ടിക 4.4.1.1: പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനങ്ങൾ	എണ്ണം	ആകെ ശേഷി	പഠിതാക്കളുടെ എണ്ണം
1	നഴ്സറി സ്ക്കൂൾ	6	88	88
2	പ്രീമെട്രിക് ഹോസ്റ്റൽ (5 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ)	ആൺ -6 പെൺ-2	270	231
3	പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (+1 മുതൽ പി.ജി.തലം വരെ)	ആൺ -2 പെൺ-1	180	121
4	ഐ.ടി.ഐ	3 (പ്ലംബർ-1, ഡ്രാഫ്റ്റ്സ്മാൻ സിവിൽ -2)	95	80
5	മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ, വെള്ളച്ചാൽ	ആൺ - 1	210	196

പട്ടിക 4.4.1.2: പട്ടികജാതി വിദ്യാർത്ഥികളുടെ വിവരങ്ങൾ (2016-17)

സ്ക്കൂൾ തലം	സ്ക്കൂളുകളുടെ എണ്ണം	പഠിതാക്കളുടെ എണ്ണം
LP	241	4037
UP	142	3214
HS	166	3252
KV	03	245
Total	552	10748

പട്ടികജാതി വികസന വകുപ്പിന്റെ പല പദ്ധതികളും ത്രിതല പഞ്ചായത്തുകളിലൂടെയാണ് നടപ്പിലാക്കി വരുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ടാണ് പ്രധാനമായും വകുപ്പ് തല പദ്ധതികൾക്ക് വിനിയോഗിക്കുന്നത്.

മേഖലയിലെ പ്രശ്നങ്ങളും വികസന വിടവുകളും വികസന സാധ്യതകളും നിർദ്ദേശങ്ങളും

പുനരധിവാസം:- പട്ടികജാതി വികസന വകുപ്പും, ത്രിതല പഞ്ചായത്തുകളും പട്ടികജാതിക്കാർക്ക് വീട് വെക്കുന്നതിനുള്ള സ്ഥലം വിവിധ പദ്ധതിയിലൂടെ നൽകിവരുന്നുണ്ടെങ്കിലും ഇനിയും ഭൂരഹിതരായവർ ഏറെയാണ്. കൂട്ടായ യജ്ഞത്തിലൂടെ ഇതിന് പരിഹാരം കാണേണ്ടതുണ്ട്. ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾ ഈ പ്രശ്നം പരിഹരിക്കുന്നതിന് വളരെയേറെ സഹായകമാണ്. ഭൂമി അനുവദിച്ചുകിട്ടിയ പലർക്കും ഇതുവരെയായി പട്ടയം ലഭിച്ചിട്ടില്ല. പട്ടയം നൽകുന്ന പക്ഷം ഒരു പരിധിവരെ ഭവനനിർമ്മാണ പ്രശ്നം പരിഹരിക്കാൻ സാധിക്കും. ഈ മേഖലയിൽ കഴിഞ്ഞ 5 വർഷത്തെ വകുപ്പ് തല പദ്ധതി ഇതിനാൽ ചുവടെ ചേർക്കുന്നു.

പട്ടിക 4.4.1.3: ഭൂരഹിത പുനരധിവാസ പദ്ധതി

വർഷം	കുടുംബങ്ങളുടെ എണ്ണം	തുക
2013-14	89	13350000
2014-15	65	24750000
2015-16	112	43350000
2016-17	182	69450000
2017-18	280	106575000

ഭവനമില്ലായ്മ:- ഭൂരഹിതർക്ക് അധിവാസസ്ഥാനം കണ്ടെത്തുന്നതുപോലെ മറ്റൊരു പ്രധാന പ്രശ്നമാണ് സുരക്ഷിത ഭവന നിർമ്മാണം. പട്ടികജാതി വികസന വകുപ്പിന്റെയും ത്രിതല പഞ്ചായത്തുകളുടെയും പ്രവർത്തനത്തിലൂടെ ഒരു പരിധിവരെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. സാമ്പത്തിക പ്രശ്നങ്ങളാൽ ചില വീടുകൾ അപൂർണ്ണമായി തുടരുന്നു. ഈ മേഖലയിൽ ലൈഫിന്റെ പ്രവർത്തനം ശ്ലാഘനീയമാണ്.

പട്ടിക 4.4.1.4: ഭവനരഹിത പുനരധിവാസ പദ്ധതി

വർഷം	കുടുംബങ്ങളുടെ എണ്ണം	തുക
2013-14	105	6610876
2014-15	84	25285276
2015-16	101	31815102
2016-17	262	47190036
2017-18	205	34750000

തൊഴിൽ പ്രശ്നങ്ങൾ:- ജില്ലയിൽ അഭ്യസ്തവിദ്യരായ ധാരാളം പട്ടികജാതിക്കാരുണ്ട്. അവരുടെ കഴിവിനും അഭിരുചിക്കുമനുസരിച്ച തൊഴിൽ മേഖലയിലേക്ക് പ്രാപ്തരാക്കുന്നതിന് ശരിയായ പരിശീലനവും ദിശാബോധവും നൽകേണ്ടതുണ്ട്. അതുപോലെ വിദേശത്തും സംസ്ഥാനത്തിനുപുറത്തും ധാരാളം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന കോഴ്സുകളിലേക്ക് അവരെ പ്രോത്സാഹിപ്പിക്കേണ്ടതും ബോധവൽക്കരണം നടത്തേണ്ടതും അത്യാവശ്യമാണ്. തെയ്യം പോലുള്ള പരമ്പരാഗത തൊഴിലുകൾ ചെയ്യുന്ന ഒട്ടേറെ പട്ടികവിഭാഗക്കാരായ കലാകാരന്മാർ ജില്ലയിലുണ്ട്. അവരുടെ യഥാർത്ഥ ആവശ്യങ്ങൾ മനസ്സിലാക്കി പരിപോഷിപ്പിക്കേണ്ടത് ജില്ലയുടെ സാംസ്ക്കാരികത്തനിമ നിലനിർത്തുന്നതിനും തൊഴിൽ പ്രശ്നം പരിഹരിക്കുന്നതിനും ഒരുപോലെ സഹായകമാണ്.

ധന ദുർവിനിയോഗം:- അധ്വാനിച്ചും കഷ്ടപ്പെട്ടും നേടിയെടുക്കുന്ന കൂലിയും സമ്പാദ്യവും ദുർവിനിയോഗത്തിലൂടെ നശിപ്പിക്കുന്ന സ്വഭാവം പട്ടികജാതി വിഭാഗക്കാരിൽ കൂടുതലായി കാണുന്നു. സമ്പാദ്യം നശിപ്പിക്കുന്ന പതിവാണുള്ളത്. മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗവും ഇവർക്കിടയിൽ കൂടി വരുന്നതിനാൽ പലരും കടബാധ്യതയിലെക്ക് വഴുതി വീഴുന്നു. ഇത് പരിഹരിക്കുന്നതിന് ശരിയായ ദിശാബോധവും ബോധവൽക്കരണവും അനിവാര്യമാണ്.

പഠന നിലവാരം മെച്ചപ്പെടുത്തൽ:- സാമൂഹ്യ പുരോഗതിയുടെ അടിസ്ഥാന ഘടകം വിദ്യാഭ്യാസമായതിനാൽ പട്ടിക വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ അതീവ ശ്രദ്ധ ആവശ്യമാണ്. അതിനുള്ള വിവിധ പദ്ധതികൾ ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കോളനി കേന്ദ്രീകരിച്ച് ആസൂത്രണം ചെയ്യണം. പഞ്ചായത്തുകളിൽ തന്നെയുള്ളള അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളുടെ സന്നദ്ധ സേവന മനോഭാവം ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. വേണ്ടത്ര വിദ്യാഭ്യാസമില്ലാത്ത മാതാപിതാക്കൾക്ക് അവരുടെ കുട്ടികളെ ശരിയാംവിധം പഠനകാര്യത്തിൽ ശ്രദ്ധിക്കാൻ കഴിയുന്നില്ല. ആയതിനാൽ സമൂഹത്തിന്റെ മേൽനോട്ടത്തിലൂടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതാണ് ഫലപ്രദം. സന്നദ്ധ സംഘടനകളുടെ സഹായങ്ങളും ഇക്കാര്യത്തിൽ വിനിയോഗിക്കാവുന്നതാണ്.

നിരക്ക് ഏകീകരിക്കൽ :- പട്ടികജാതി വികസന വകുപ്പും ത്രിതല പഞ്ചായത്തും ഒരേ തരം പദ്ധതികൾ നടപ്പാക്കുന്നത് പരമാവധി ഏകോപനത്തിലൂടെ ഒഴിവാക്കേണ്ടതുണ്ട്. അങ്ങനെ നടപ്പാക്കുന്ന സാഹചര്യമുണ്ടാകുന്ന പക്ഷം അവയ്ക്ക് നിശ്ചയിക്കുന്ന സാമ്പത്തിക വിനിയോഗത്തിന്റെ മാനദണ്ഡവും നിരക്കും ഒരേ രീതിയിലാകേണ്ടതുണ്ട്. പദ്ധതി ആസൂത്രണത്തിനും നിർവഹണത്തിനുമൊക്കെ ഇതു സഹായകമാകും.

കാർഷിക രംഗത്തെ പ്രശ്നങ്ങൾ

വെള്ളം, വളം തുടങ്ങിയവയുടെ ലഭ്യതയും കാലവർഷ വ്യതിയാനവും കാർഷിക മേഖലയെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ പരമ്പരാഗത കൃഷിയും കൈത്തൊഴിലും പ്രകൃതിക്കൊത്ത വിത്തിനങ്ങളുമെല്ലാം നാശത്തിന്റെ വക്കിലാണ്. കൃഷിയെ ആശ്രയിക്കുന്ന പട്ടികജാതി വിഭാഗക്കാരെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നമാണിത്. പട്ടികജാതി വിഭാഗ കോളനികൾ കേന്ദ്രീകരിച്ച് എല്ലാ വീടുകളിലും ജൈവ വളനിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനും കൃഷി വകുപ്പിന്റെ സഹായത്തോടെ പച്ചക്കറികൃഷി നടത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കണം. അതിലൂടെ കോളനികൾക്ക് വിഷരഹിത ഭക്ഷ്യവസ്തു ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിന് സാധിക്കും.

ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾ

പട്ടികജാതി കുടുംബങ്ങളുടെ മൊത്തത്തിലുള്ള വരുമാനത്തിലെ നല്ലൊരു ശതമാനം തുക ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചെലവാകുന്നു എന്നതാണ് നിലവിലെ അവസ്ഥ. ഗുരുതരമായ അസുഖങ്ങൾക്ക് വേണ്ട ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കുന്നതിന് കഴിയാത്ത അവസ്ഥയുമുണ്ട്. അതിനാൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെയും താലൂക്ക് ആശുപത്രികളിലെയും ഗുണനിലവാരം മെച്ചപ്പെടുത്തി പട്ടികജാതിക്കാർക്ക് സൗജന്യമായ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് പ്രഥമ പരിഗണന നൽകണം. ആശുപത്രികളിൽ പട്ടികജാതി വിഭാഗ രോഗികളെ സഹായിക്കുന്നതിന് പ്രമോട്ടർമാരുടെ സേവനം ഉറപ്പുവരുത്താവുന്നതാണ്.

ജില്ലയിലെ ഭാഷാ പ്രശ്നം

അനേക ഭാഷകളുടെ സംഗമഭൂമിയാണ് കാസറഗോഡ് ജില്ല. കാസർഗോഡ് താലൂക്ക് പ്രദേശത്ത് താമസിക്കുന്ന പട്ടികജാതി വിഭാഗക്കാർ പ്രധാനമായി തുളു, കന്നഡ, മലയാളം എന്നീ ഭാഷകൾ സംസാരിക്കുന്നു. ഇവർക്ക് സർക്കാർ ആഫീസുകളിലെ സേവനം ലഭ്യമാക്കുന്നതിലേക്കായി ഭരണ ഭാഷയായ മലയാളം അറിയേണ്ട സ്ഥിതിയുണ്ട്. സർക്കാർ സേവനങ്ങൾ നേടിയെടുക്കുന്നതിന് വലിയ ബുദ്ധിമുട്ടുകൾ ഇതുമൂലം ഉണ്ടാകുന്നു. ആയതിനാൽ കാസർഗോഡ് താലൂക്ക് പരിധിയിൽ ഓഫീസുകളിൽ തുളു, കന്നഡ ഭാഷാ കൂടി മനസ്സിലാക്കാനുള്ള സംവിധാനം സൃഷ്ടിക്കുന്നത് ഗുണകരമായിരിക്കും.

കലാകാരൻമാർക്ക് പോത്സാഹനം

പട്ടികജാതിയിലെ വണ്ണാൻ, നൽക്കദായ, മലയൻ, പുലയൻ എന്നീ സമുദായത്തിൽപ്പെട്ടവരിൽ കൂടുതലും കാസർഗോഡിന്റെ പാരമ്പര്യ കലയായ തെയ്യത്തെ ഉപാസിക്കുന്ന കലാകാരന്മാരാണ്. പുതിയ തലമുറയ്ക്ക് ഈ പാരമ്പര്യം കൈമാറ്റം ചെയ്യുന്നതിനും ചടങ്ങുകളും ചിട്ടകളും പഠിപ്പിക്കുന്നതിനും ജില്ലാതല പഠന കേന്ദ്രം (അക്കാദമി) ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. അത് തെയ്യം കലയെയും കലാകാരന്മാരെയും പ്രോത്സാഹിപ്പിക്കാനുള്ള ഫലപ്രദമായ ശ്രമമാണ്.

നാടൻ വൈദ്യൻമാർ

ജില്ലയിലെ ഉൾനാടൻ പ്രദേശങ്ങളിൽ പ്രഗത്ഭരായ നാടൻ വൈദ്യന്മാരുണ്ട്. എന്നാൽ ഇവരുടെ അറിവ് അടുത്ത തലമുറയ്ക്ക് പകർത്തി നൽകാൻ വേണ്ട സംവിധാനങ്ങളില്ല. ഇവരുടെ അറിവും കഴിവും നാശത്തിന്റെ വക്കിലാണ്. ഇവ സംരക്ഷിക്കുന്നതിന് നാടൻവൈദ്യ പഠനകേന്ദ്രം സ്ഥാപിക്കേണ്ടത് അനിവാര്യമാണ്.

പരമ്പരാഗത തൊഴിൽ മേഖല

ജില്ലയിലെ പുലയ സമുദായത്തിൽപ്പെട്ടവർ പായ നെയ്ത്ത് നടത്തി ഉപജീവന മാർഗ്ഗം കണ്ടെത്തിയവരായിരുന്നു. കൈതയോല ഉപയോഗിച്ചാണ് പായ നെയ്തു വന്നത്. അതിനു വേണ്ടുന്ന അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവാണ്. മാത്രമല്ല നിർമ്മിച്ച വസ്തുക്കൾക്ക് മതിയായ മാർക്കറ്റ് വിലയും ലഭിക്കുന്നില്ല. ഇത്തരം പാരമ്പര്യ കൈത്തൊഴിൽ സംരക്ഷിക്കുന്നതിന് ഉല്പന്നങ്ങൾ കൈമാറ്റം ചെയ്യുന്നതിനും ഒരു സൊസൈറ്റി രൂപീകരിക്കുന്നത് നന്നായിരിക്കും.

പദ്ധതി നടത്തിപ്പിലെ വീഴ്ചകൾ

പട്ടികജാതി വികസനത്തിനായി ധാരാളം ഫണ്ടുണ്ടെങ്കിലും ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് വളരെയേറെ നിയന്ത്രണമുണ്ട്. ഗ്രാമപഞ്ചായത്തിന് വളരെയധികം പദ്ധതികൾ ചെയ്യാൻ കഴിയുന്നുണ്ട്. ജില്ലാ, ബ്ലോക്ക് തലങ്ങളിലും വ്യക്തിഗത ആനുകൂല്യങ്ങൾ നടപ്പാക്കാൻ കഴിഞ്ഞാൽ അത് പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തെ സഹായിക്കുന്ന നടപടിയാകും.

ഗ്രാമസഭകൾ യഥാവിധി ചേരുകയോ ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയോ ചെയ്യുന്നതിലു ണ്ടാകുന്ന കാലവിളംബം പദ്ധതി നിർവ്വഹണത്തിന് തടസ്സമാകുന്നു. ആയത് സമയബന്ധിതമാക്കാൻ ഗ്രാമപഞ്ചായത്ത് അതീവ ശ്രദ്ധ പുലർത്തണം. എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് പരിശീലന കേന്ദ്രങ്ങളായും മറ്റും നിർമ്മിച്ച പല കെട്ടിടങ്ങളും വേണ്ടവിധത്തിൽ വിനിയോഗിക്കാതെ ഉപയോഗശൂന്യമാകുന്നുണ്ട്. ആയത് യഥാവിധി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുണ്ട്.

വികസന പരിപ്രേക്ഷ്യം

2030 ഓടുകൂടി പട്ടികജാതിക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തി പൊതുസമൂഹത്തിന്റെ തലത്തി

ലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തിലൂന്നിയാണ് പട്ടികജാതി വിഭാഗക്കാരുടെ വികസനനയം രൂപപ്പെടുത്തേണ്ടത്.

പട്ടികജാതി വികസന വകുപ്പ്- വിവിധ പദ്ധതികൾ

I. വിദ്യാഭ്യാസ പരിപാടികൾ
II. സാമ്പത്തിക വികസന പരിപാടികൾ
III. സാമൂഹ്യ ക്ഷേമ പരിപാടികൾ
IV. സാംസ്കാരിക പരിപാടികൾ
V. നിയമാധിഷ്ഠിത സേവനങ്ങൾ

വിദ്യാഭ്യാസ പരിപാടികൾ

പട്ടികജാതി വികസന വകുപ്പിന്റെ പ്രധാന പരിപാടികളിലൊന്നാണ് വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. വിദ്യാഭ്യാസ പുരോഗതിയിലൂടെ മാത്രമേ ഒരു സമൂഹം ശാശ്വതമായി വളരുകയുള്ളു എന്നതിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

നഴ്സറി സ്കൂളുകൾ

പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ കോളനികളിലും സങ്കേതങ്ങളിലുമായി സംസ്ഥാനത്തൊട്ടാകെ 88 നഴ്സറി സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. പ്രതിദിന ഫീഡിംഗ് ചാർജ്ജും യൂണിഫോമും അടങ്ങുന്ന പഠന സാമഗ്രികളും നൽകുന്നു. എൽ.കെ.ജി, യു.കെ.ജി സമ്പ്രദായം. ഓരോ കുട്ടിക്കും 30/- രൂപ പ്രതിദിന ഫീഡിംഗ് ചാർജ്ജ്, യൂണിഫോമിന് 600/-രൂപ, 190/- രൂപ ലംപ്സംഗ്രാന്റ് എന്നിവ നൽകുന്നു. ഓരോ നഴ്സറി സ്കൂളിലും 30 കുട്ടികൾക്ക് പ്രവേശനം നൽകുന്നു. ഇതിൽ പൊതു വിഭാഗത്തിൽനിന്നും 25% വരെ കുട്ടികൾക്ക് പ്രവേശനം നൽകുന്നുണ്ട്.

പ്രീമെട്രിക്ക് വിദ്യാഭ്യാസം (10-ാം ക്ലാസ് വരെ)

സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലും പഠിക്കുന്ന പട്ടികജാതി/മറ്റർഹ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ സ്കൂൾ പ്രധാന അദ്ധ്യാപകർ മുഖേന ലംപ്സംഗ്രാന്റ് നൽകുന്നു.

ലംപ്സംഗ്രാന്റ് നിരക്ക്

- നഴ്സറി സ്കൂൾ (പട്ടികജാതി വികസന വകുപ്പിന്റെ നഴ്സറി സ്കൂളുകൾ മാത്രം) - 190/-രൂപ
- 1 മുതൽ 4 വരെ - 320/- രൂപ
- 5 മുതൽ 7 വരെ - 630/- രൂപ
- 8 മുതൽ 10 വരെ - 940/- രൂപ
- ഒരു വർഷം തോറ്റവർക്ക് പകുതി തുക

സ്റ്റൈപ്പന്റ്

വേടൻ, വേട്ടുവ, നായാടി, അരുന്ധതിയാർ/ചക്ലിയൻ, കള്ളാടി എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന നിരക്കിൽ പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്നു.

1 മുതൽ 4 വരെ - 30/- രൂപ
5 മുതൽ 7 വരെ - 60/- രൂപ
8 മുതൽ 10 വരെ - 190/- രൂപ

പട്ടിക 4.4.1.5: ലംപ്സം ഗ്രാന്റ് വിനിയോഗം

വർഷം	ഭൗതിക നേട്ടം	ചെലവഴിച്ച തുക
2013-14	12639	6414947
2014-15	8856	6159363
2015-16	11239	6263325
2016-17	10939	6796693
2017-18	8153	5339764
ആകെ	51826	30974092

9,10 ക്ലാസുകളിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക്ക് സ്കോളർഷിപ്പ് (കേന്ദ്ര സഹായ പദ്ധതി)

പട്ടിക 4.4.1.6: 9,10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റും ഗ്രാന്റും നൽകുന്ന പദ്ധതി

നിരക്കുകൾ		
	ഹോസ്റ്റലേഴ്സ്	ഡേ സ്കോളർ
സ്കോളർഷിപ്പ് (പ്രതിമാസം)	350	150
ബുക്ക് ഗ്രാന്റ്	1000	750

വൃത്തിഹീനതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം (കേന്ദ്ര സഹായ പദ്ധതി)

ജാതി-മത പരിഗണന കൂടാതെ നൽകുന്ന ഈ ആനുകൂല്യത്തിന്റെ നിരക്ക് ചുവടെ ചേർക്കുന്നു. പ്രതിമാസ സ്റ്റൈപ്പന്റ് 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ 110/- രൂപ, അഡ്ഹോക്ക് ഗ്രാന്റ് 750/- രൂപ (ഡേ സ്കോളേഴ്സ്), ഹോസ്റ്റൽ അന്തേവാസികൾക്ക് 1000/- രൂപ. ഈ ആനുകൂല്യം ലഭിക്കുന്നതിന് വില്ലേജ് ആഫീസറിൽ നിന്നും ഗ്രാമ പഞ്ചായത്ത്/ മുൻസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറി എന്നിവരിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം സ്കൂൾ മേധാവികൾ വഴി അപേക്ഷിക്കണം.

അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ-ഇംബഴ്സ്മെന്റ്

അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ 10-ാം ക്ലാസ് വരെ പഠിക്കുന്ന പട്ടികജാതി, മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ-ഇംബഴ്സ്മെന്റ് ചെയ്തു നൽകുന്നു.

നിരക്ക്

എൽ.പി, യുപി ഫീസ്	-	1000/- രൂപ
സ്പെഷ്യൽ ഫീസ്	-	333/- രൂപ
എച്ച്.എസ് ഫീസ്	-	1500/- രൂപ
സ്പെഷ്യൽ ഫീസ്	-	500/- രൂപ

പട്ടികജാതി/മറ്റർഹ വിഭാഗ വിദ്യാർത്ഥികളുടെ ക്ലാസ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി, ഫീസ് നിരക്ക് രേഖപ്പെടുത്തി ഡി.ഇ.ഒ/എ.ഇ.ഒയുടെ മേലൊപ്പു സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുൻസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസിൽ നൽകണം. ഒരു അദ്ധ്യയന വർഷത്തിന്റെ തുക അടുത്ത വർഷം റീ-ഇമ്പഴ്സ് ചെയ്തു നൽകുന്നതാണ്.

ബോർഡിംഗ് സ്കൂളിൽ പഠിക്കുന്നതിനുള്ള സൗകര്യം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരം പുലർത്തുന്ന സ്വകാര്യ ബോർഡിംഗ് സ്കൂളുകളിൽ താമസിച്ചു പഠിക്കുന്നതിന് 5-ാം ക്ലാസ് മുതൽ സൗകര്യം നൽകുന്നു. 4-ാം ക്ലാസ് പരീക്ഷയിൽ ലഭിച്ച ഗ്രേഡ് സഹിതം ജില്ലാ പഞ്ചായത്ത്/മുൻസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിക്ക് അപേക്ഷ നൽകുക. രക്ഷിതാക്കളുടെ വരുമാന പരിധി 1,00,000/- രൂപ.

ശ്രീ അയ്യങ്കാളി ടാലന്റ് സർച്ച് സ്കോളർഷിപ്പ്

4,7 ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ് വരെ പ്രതിവർഷം 4,500/- രൂപ വീതം സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. അപേക്ഷകൾ ജൂൺ മാസത്തിൽ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്ക് നൽകണം. ജാതി, വരുമാനം, പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റുകൾ നിർബന്ധം. അപേക്ഷകരുടെ രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 1,00,000/- രൂപയാണ്. 12,000/- ത്തിൽ താഴെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് ഫർണീച്ചർ വാങ്ങുന്നതിന് 2,000/- അധികമായി ഒറ്റത്തവണ നൽകുന്നു. വിദ്യാർത്ഥികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിനായി പ്രതിമാസം 100/- രൂപ പ്രകാരം 10 മാസത്തേക്ക് 1,000/- രൂപ നൽകുന്നു.

പട്ടിക 4.4.1.7: അയ്യങ്കാളി സ്കോളർഷിപ്പ്

വർഷം	ഭൗതിക നേട്ടം	ചെലവഴിച്ച തുക
2013-14	91	459725
2014-15	100	470728
2015-16	89	418150
2016-17	95	442500
2017-18	54	161250
ആകെ	429	1952353

മോഡൽ റസിഡൻഷ്യൽ സ്കൂൾ

5-ാം ക്ലാസ് മുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി പട്ടികജാതി വികസന വകുപ്പിന് കീഴിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തിച്ചു വരുന്നു. 4-ാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികളെ സംസ്ഥാനതലത്തിൽ നടത്തുന്ന മൽസര പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഇതു സംബന്ധിച്ച് അറിയിപ്പു നൽകും. ജാതി, വരുമാനം, നിലവിൽ പഠിക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം എന്നിവ സഹിതം അപേക്ഷിക്കണം. രക്ഷിതാക്കളുടെ വരുമാന പരിധി 1,00,000/- രൂപ. ജില്ലയിൽ വെള്ളച്ചാലിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തിക്കുന്നു.

പ്രീമെട്രിക്ക് ഹോസ്റ്റലുകൾ

ബ്ലോക്ക് പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവയ്ക്ക് കൈമാറിയ 8 ഹോസ്റ്റലുകൾ ജില്ലയിൽ പ്രവർത്തിക്കുന്നു. 2 സെറ്റ് യൂണിഫോം, ഭക്ഷണം, ചെരുപ്പ്, ബാഗ്, പ്രതിമാസം പോക്കറ്റ് മണി 130/- രൂപ അവധി ദിവസങ്ങളിൽ വീട്ടിൽ പോയി വരുന്നതിന് യാത്രാപടി എന്നീ ആനുകൂല്യങ്ങൾ അന്തേവാസികളായ കുട്ടികൾക്ക് നൽകുന്നു. ഭക്ഷണത്തിനായി ഒരു വിദ്യാർത്ഥിയ്ക്ക് പ്രതിമാസം 2,000/- രൂപ വീതം ചെലവഴിക്കുന്നു. 5-ാം ക്ലാസ് മുതൽ അഡ്മിഷൻ നടത്തുന്നു. തെരഞ്ഞെടുക്കപ്പെടാൻ ആഗ്രഹിക്കുന്നവർ ജാതി, വരുമാനം, സ്കൂൾ വാർഷിക പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബ്ലോക്ക് പഞ്ചായത്ത്/ മുൻസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറിക്കോ പട്ടികജാതി ആഫീസർക്കോ മെയ് മാസത്തിൽ അപേക്ഷ നൽകേണ്ടതാണ്. ജില്ലയിൽ ആൺകുട്ടികൾക്ക് ആറും പെൺകുട്ടികൾക്ക് രണ്ടുമായി ആകെ എട്ട് പ്രീമെട്രിക് ഹോസ്റ്റലുകളുണ്ട്.

സബ്സിഡൈസ്ഡ് ഹോസ്റ്റൽ

സന്നദ്ധ സംഘടനകൾ നടത്തുന്ന 6 ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് 1,000/- രൂപ വീതം പ്രതിമാസ ബോർഡിംഗ് ഗ്രാന്റും 500/-രൂപ യൂണിഫോം അലവൻസും നൽകിവരുന്നു.

ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ.മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം

കായിക മേഖലയിൽ മികവു പുലർത്തുന്നവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി 5-ാം ക്ലാസ് മുതൽ സ്ഥാപനത്തിൽ പരിശീലനം നൽകുന്നു. മേഖലാതല സെലക്ഷൻ ട്രയൽസിലൂടെ കുട്ടികളെ തെരഞ്ഞെടുക്കുന്നു. ഒരു ക്ലാസിൽ 30 വിദ്യാർത്ഥികൾക്കാണ് പ്രവേശനം. 12-ാം ക്ലാസ് വരെ സ്റ്റേറ്റ് സിലബസിൽ പഠനം. ഓരോ കുട്ടിക്കും പ്രതിദിനം 130/- രൂപ മെസ് ചാർജ്ജ് ഇനത്തിൽ ചെലവഴിക്കുന്നു.

പോസ്റ്റ് മെട്രിക്ക് വിദ്യാഭ്യാസം ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും

പ്ലസ് വൺ മുതൽ പഠനം നടത്തുന്ന പട്ടികജാതി വിഭാഗം കുട്ടികൾക്ക് പ്രതിമാസം 500/- രൂപ സ്റ്റൈപ്പന്റ്

നൽകുന്നു. 8 കിലോമീറ്ററിൽ കൂടുതൽ യാത്ര ചെയ്തു വരുന്നവർക്ക് സ്റ്റൈപ്പന്റ് 600/- രൂപയാണ്. ലംപ്സം ഗ്രാന്റ് നിരക്ക് ചുവടെ ചേർക്കുന്നു.

പ്ലസ്ടു, വി.എച്ച്.എസ്.ഇ 1130/- രൂപ
ഡിഗ്രി, തത്തുല്യ കോഴ്സുകൾ 1190/- രൂപ
പി.ജി തത്തുല്യ കോഴ്സുകൾ 1570/- രൂപ
പ്രൊഫഷണൽ കോഴ്സുകൾ (440 മുതൽ 3130/- രൂപ വരെ കോഴ്സ് അനുസരിച്ച്)

സ്റ്റൈപ്പന്റ് നിരക്ക്

8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 630/- രൂപ
8 കിലോമീറ്ററിൽ കൂടുതൽ യാത്ര ചെയ്തു വരുന്നവർക്ക് 750/- രൂപ.

നിലവിൽ പ്രസ്തുത ആനുകൂല്യം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വഴി ഇ-ഗ്രാന്റ്സ് എന്ന പേരിൽ വിതരണം ചെയ്യുന്നു. അപേക്ഷകൾ വിദ്യാഭ്യാസവർഷാരംഭത്തിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന ഓൺ-ലൈനായി സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കണം. തുടർന്ന് അവയുടെ ഒറിജിനൽ, സ്ഥാപന മേധാവി ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് നൽകണം. ജാതി, വരുമാന സർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി. ബുക്കിന്റെ പകർപ്പ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിന്റെ പകർപ്പുകൾ എന്നിവ സഹിതമുള്ള അപേക്ഷ സ്ഥാപന മേധാവി ജില്ലാ ആഫീസർക്ക് നൽകണം.

പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകൾ

പോസ്റ്റ് മെട്രിക്ക് കോഴ്സുകൾ പഠിക്കുന്നവർക്കുള്ള ഹോസ്റ്റലുകൾ പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടത്തുന്നു. അന്തേവാസികൾക്ക് ഭക്ഷണത്തിന് പ്രതിമാസം ഒരാൾക്ക് 2300/- രൂപ നിരക്കിൽ ചെലവഴിക്കുന്നു. ഓണം, ക്രിസ്മസ് അവധിക്കാലങ്ങളിൽ വീട്ടിൽ പോയിവരുന്നതിന് യാത്രാബത്തയും നൽകുന്നു. കുട്ടികൾക്ക് പോക്കറ്റ് മണിയായി 190/- രൂപ നൽകിവരുന്നു. ഹോസ്റ്റലിൽ കായിക വിനോദങ്ങൾക്കുള്ള സൗകര്യം, ലൈബ്രറി എന്നിവ ലഭ്യമാണ്. സർക്കാർ കോളേജ് ഹോസ്റ്റലുകൾ, അംഗീകൃത എയ്ഡഡ് കോളേജ് ഹോസ്റ്റലുകൾ, സ്വാശ്രയ കോളേജുകളിലെ അംഗീകൃത ഹോസ്റ്റലുകൾ എന്നിവയിൽ അഡ്മിഷൻ നേടിയിട്ടുള്ള വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകുന്നു. ജില്ലയിൽ ആൺകുട്ടികൾക്ക് രണ്ടും പെൺകുട്ടികൾക്ക് ഒന്നുമായി ആകെ മൂന്ന് പോസ്റ്റമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു.

അംഗീകൃത ഹോസ്റ്റൽ ലഭ്യമല്ലാത്തവർക്കുള്ള ആനുകൂല്യം

ഹോസ്റ്റൽ സൗകര്യമില്ലാത്ത പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ബോർഡിംഗ് ഗ്രാന്റായി പ്രതിമാസം 1500/- രൂപ നൽകുന്നു.

പ്രത്യേക പ്രോത്സാഹന സമ്മാനം

വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു. അതിന്റെ നിരക്ക് ചുവടെ ചേർക്കുന്നു

കോഴ്സ്	ഫസ്റ്റ് ക്ലാസ്/ ഗ്രേഡ്	ഡിസ്റ്റിംഗ്ഷൻ/ ഗ്രേഡ്
എസ്.എസ്.എൽ.സി	1,500	2,500
പ്ലസ്ടു, ഡി.എൽ.ഇ.ഡി (DLED)	2,500	5,000
ഡിഗ്രി	3,500	7,500
പി.ജി മറ്റ് പ്രൊഫഷണൽ കോഴ്സുകൾ	5,000	10,000

ജാതി സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് എന്നിവ സഹിതം ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് അപേക്ഷ നൽകണം.

പട്ടിക 4.4.1.8: സ്പെഷ്യൽ ഇൻസെന്റീവ് (പ്രത്യേക പ്രോത്സാഹനം)

വർഷം	ഭൗതിക നേട്ടം	ചെലവഴിച്ച തുക
2013-14	119	155250
2014-15	138	397500
2015-16	252	731000
2016-17	217	587000
2017-18	161	439000
ആകെ	887	2309750

റാങ്ക് ജേതാക്കൾക്ക് സ്വർണ്ണമെഡൽ

മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ആദ്യ റാങ്ക് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു പവൻ സ്വർണ്ണനാണയം സമ്മാനം നൽകുന്നു.

പ്ലസ് ടു, എസ്.എസ്.എൽ.സി. പരീക്ഷകളിൽ എല്ലാ വിഷയത്തിലും എ പ്ലസ് ഗ്രേഡ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അരപവൻ സ്വർണ്ണനാണയം നൽകി അനുമോദിക്കുന്നു.

ക്ഷേത്രപ്രവേശനവിളംബര സ്മാരക സ്കോളർഷിപ്പ്

1936-ലെ ക്ഷേത്രപ്രവേശന വിളംബരത്തിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റ് തുകയുടെ പലിശയും സർക്കാർ ഗ്രാന്റും ചേർത്ത് ഡിഗ്രി, പി.ജി, എൽ.എൽ.ബി, മെഡിക്കൽ, എഞ്ചിനീയറിംഗ് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. ജാതി, വരുമാനം, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് എന്നിവ സഹിതം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അപേക്ഷ നൽകണം.

മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം

എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും ബി പ്ലസിന് മുകളിൽ ലഭിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ എഞ്ചിനീയറിംഗ് പരീക്ഷയ്ക്ക് ദീർഘകാല കോച്ചിംഗിന് ധനസഹായം നൽകുന്നു. കോച്ചിംഗ് നടത്തുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ധനസഹായം. വിദ്യാർത്ഥികൾക്ക് നിലവാരമുള്ള ഇഷ്ടമുള്ള സ്ഥാപനം തെരഞ്ഞെടുക്കാം.

രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 4.5 ലക്ഷം രൂപ. അപേക്ഷ ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് നൽകണം. ജാതി, വരുമാനസർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം അപേക്ഷിക്കണം.

മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനം

വർഷം	ഭൗതിക നേട്ടം	ചെലവഴിച്ച തുക
2013-14	12	120000
2014-15	13	130000
2015-16	9	69000
2016-17	5	50000
2017-18	NIL	NIL
ആകെ	39	369000

സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം

വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ. യൂണിവേഴ്സിറ്റികൾ എന്നിവയിൽ മെറിറ്റിലോ റിസർവേഷനിലോ അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം നൽകുന്നു. കൂടാതെ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവയും നൽകുന്നു. അപേക്ഷ ഓൺലൈനായി അക്ഷയ കേന്ദ്രങ്ങൾ വഴി സമർപ്പിക്കണം. ജാതി, വരുമാന സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ സഹിതം ഒറിജിനൽ അപേക്ഷ സ്ഥാപന മേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് നൽകണം. ആനുകൂല്യങ്ങൾ ഇ-ഗ്രാന്റ്സ് ആയി ബാങ്ക് മുഖേന ലഭിക്കുന്നു.

എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന്ഗ്രാന്റ്

എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാഥമിക ചെലവുകൾക്ക് തുക അനുവദിക്കുന്നു.

	നിരക്ക്	
മെഡിക്കൽ	-	10,000/-
എഞ്ചിനീയറിംഗ്	-	5,000/-

അഡ്മിഷൻ നേടിയത് സംബന്ധിച്ച രേഖ, ജാതി, വരുമാന സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്ക് നൽകണം. വരുമാന പരിധി 1,00,000/- രൂപ.

പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

1 മുതൽ 4 വരെ ക്ലാസ്സുകളിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് യൂണിഫോം, ബാഗ്, കുട എന്നിവ വാങ്ങുന്നതിന് പഠനപ്രോത്സാഹനത്തിനായി 2,000/- രൂപ നൽകുന്നു.

പട്ടിക 4.4.1.9: പ്രൈമിറി എഡ്യൂക്കേഷൻ ആനുകൂല്യം

വർഷം	ഭൗതിക നേട്ടം	ചെലവഴിച്ച തുക
2013-14	NIL	NIL
2014-15	2953	5906000
2015-16	2844	5688000
2016-17	2941	5892000
2017-18	2862	5724000
ആകെ	11600	23210000

ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം

പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നു.

സ്റ്റെതസ്കോപ്പ് വിതരണം

ഒന്നാം വർഷ എം.ബി.ബി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ് വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്റ്റെതസ്കോപ്പ് നൽകി വരുന്നു.

ബിരുദ/ബിരുദാനന്തര ബിരുദകലാ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന/പരിശീലനോപകരണങ്ങൾ/ ഉപാധികൾ വാങ്ങുന്നതിന് ധനസഹായം

കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ നടത്തുന്ന BA, BBA, MA, MBA, കലാ വിഷയ കോഴ്സുകൾക്ക് (സംഗീത, നൃത്ത, വാദ്യ വിഷയങ്ങൾ) പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അവരുടെ മെയിൻ, സബ്സിഡിയറി വിഷയങ്ങൾക്ക് പരിശീലനത്തിന് ആവശ്യമായ ശ്രുതിബോക്സ്, വയലിൻ, വീണ, ചെണ്ട, മദ്ദളം, ചിലങ്ക, ആടയാഭരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്

ഇ-ഗ്രാന്റ്സിന് അർഹതയില്ലാത്തതും 2,50,000/-രൂപ വരെ വരുമാനമുള്ളവരുമായ പട്ടികജാതി കുടുംബത്തിൽപ്പെടുന്ന വിദ്യാർത്ഥിക്ക് പോസ്റ്റ്മെട്രിക് തലത്തിൽ കേരളത്തിനകത്തും പുറത്തും അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

ഈവനിംഗ് കോഴ്സ് പഠിക്കുന്നവർക്ക് ധനസഹായം

സർക്കാർ, സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ ഈവനിംഗ് കോഴ്സ് പഠിക്കുന്നതിന് കോഴ്സ് ഫീസ് അനുവദിക്കുന്നു. ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ സഹിതം അസ്സൽ അപേക്ഷ സ്ഥാപന മേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ആഫീസർ

ക്ക് നൽകണം.

വിദൂര വിദ്യാഭ്യാസത്തിനുള്ള സഹായം

യൂണിവേഴ്സിറ്റികളുടെ കറസ്പോണ്ടൻസ് കോഴ്സിൽ ചേർന്ന് പഠിക്കുന്നവർക്ക് കോഴ്സ് ഫീസ് അനുവദിക്കുന്നു.

സംസ്ഥാനത്തിന് പുറത്ത് പഠനം നടത്തുന്നവർക്കുള്ള ആനുകൂല്യം

കേരളത്തിൽ ഇല്ലാത്ത കോഴ്സുകൾക്ക് സംസ്ഥാനത്തിന് പുറത്ത് അംഗീകൃത സ്ഥാപനങ്ങളിലും സെൻട്രൽ യൂണിവേഴ്സിറ്റിയിലും മെറിറ്റ്/ റിസർവേഷൻ സീറ്റിൽ പ്രവേശനം നേടിയിട്ടുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്ന പദ്ധതി.

ജോലി സംബന്ധമായി കേരളത്തിന് പുറത്ത് താൽക്കാലികമായി താമസമാക്കിയിട്ടുള്ള പട്ടികജാതി വിഭാഗക്കാരുടെ മക്കൾക്ക് സാധാരണ കോഴ്സുകൾക്കും വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നു. അപേക്ഷ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ സഹിതം സ്ഥാപന മേധാവി വഴി പട്ടികജാതി വികസന ഡയറക്ടർക്ക് നൽകണം.

ഭാരതത്തിന് വെളിയിൽ പഠിക്കുന്നവർക്കുള്ള ധനസഹായം

വിദേശ പഠനത്തിന് വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നതിനുള്ള പദ്ധതി. അപേക്ഷകളുടെ മെറിറ്റ് പരിഗണിച്ച് യഥാസമയം യുക്തമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം

സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പ്ലസ്ടു, ഡിഗ്രി, പി.ജി, കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി/ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ് പഠനത്തിന് റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ ലഭിക്കുന്നു. കൂടാതെ ട്യൂഷൻ ഫീസ്, പരീക്ഷ ഫീസ് എന്നിവയും നൽകുന്നു. അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം, വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർക്ക് അപേക്ഷ സമർപ്പിക്കണം.

ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഐ.ടി.ഐകൾ)

പട്ടികജാതി വികസന വകുപ്പിന് കീഴിൽ വിവിധ ജില്ലകളിലുള്ള 44 ഐ.ടി.ഐകളിലായി എൻ.സി.വി.ടി/ എസ്.സി.വി.ടി നിലവാരമുള്ള ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക്സ്, മെക്കാനിക്ക്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക്ക് (മോട്ടോർ വെഹിക്കിൾ), പെയ്ന്റർ (ജനറൽ), പ്ലംബർ, കാർപെന്റർ, സ്വീയിംഗ് ടെക്ക്നോളജി, വെൽഡർ, സർവ്വെയർ, ഡ്രൈവർ കം മെക്കാനിക്ക് എന്നീ ട്രേഡുകളിൽ പരിശീലനം നൽകുന്നു. 41 ഐ.ടി.ഐ കളിലെ മിക്ക ട്രേഡുകൾക്കും എൻ.സി.വി.ടിയുടെ അംഗീകാരം ഉള്ളതാണ് പ്രസ്തുത ഐ.ടി.ഐ കളിൽ നിന്ന് 80% ത്തിൽ കുറയാതെ ഹാജരോട് കൂടി പരിശീലനം പൂർത്തിയാക്കി ആൾ ഇന്ത്യ ട്രേഡ് ടെസ്റ്റിൽ വിജയിക്കുന്നവർക്ക് പ്രൊവിഷണൽ ഉൾപ്പെടെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻ.ടി.സി) ലഭിക്കുന്നു. എൻ.സി.വി.ടി യുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്ത 7 ഐ.ടി.ഐ കളിൽ നിന്ന് വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് എസ്.സി.വി.ടി സർട്ടിഫിക്കറ്റും ലഭിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പരിശീലനാർത്ഥികൾക്ക് ഫീസ് സൗജന്യം, യൂണിഫോം അലവൻസ്, ഒന്നാം വർഷം 820/-, രണ്ടാം വർഷം 630/- രൂപ നിരക്കിൽ ലംപ്സം ഗ്രന്റും 630/- രൂപ പ്രതിമാസ സ്റ്റൈപ്പന്റും നൽകിവരുന്നു.

അഖിലേന്ത്യ ട്രേഡ് ടെസ്റ്റിൽ പരാജയപ്പെടുന്നവർക്ക് ട്യൂഷൻ നൽകുന്ന പദ്ധതിയും നിലവിലുണ്ട്. ഐ.ടി.ഐ കളിൽ പ്രവേശനം ലഭിക്കാൻ നിശ്ചിത ഫോറത്തിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഡ്രൈവർ കം മെക്കാനിക്ക് ട്രേഡിൽ പ്രവേശനം നേടുന്നതിന് 18 വയസ് കഴിയണം. മറ്റ് കോഴ്സുകൾക്ക് പ്രവേശനത്തിന് പ്രായപരിധിയില്ല. അപേക്ഷയോടൊപ്പം ജാതി, ജനന തീയ്യതി എന്നിവ തെളിയിക്കുന്ന രേഖകളും അവസാനപരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ കോപ്പിയും ഹാജരാക്കണം.

കമ്മ്യൂണിറ്റി കോളേജ് പാലക്കാട്

പട്ടികജാതി വികസന വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരിയിൽ 2012-ൽ ആരംഭിച്ച കമ്മ്യൂണിറ്റി കോളേജിൽ, സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പ്രിസിഷൻ മെഷിനിസ്റ്റ് എന്ന ആധുനിക ഹൈടെക് കോഴ്സിൽ 20 പേർക്ക് പരിശീലനം നൽകുന്നു. എസ്.എസ്.എൽ.സി/ പ്ലസ്ടു എന്നിവ പാസ്സായവർക്ക് പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകരിൽ നിന്ന് പ്രവേശന പരീക്ഷയിലൂടെ പരിശിലനാർത്ഥികളെ തെരഞ്ഞെടുക്കുന്നു. കോഴ്സ് ദൈർഘ്യം 2 വർഷം(1 വർഷം ഇൻസ്റ്റിറ്റ്യൂഷണൽ ട്രെയിനിംഗും 1 വർഷം ഇൻഡസ്ട്രിയൽ ട്രെയിനിംഗും നൽകുന്നു). കോഴ്സിന്റെ ഭാഗമായി വ്യവസായ പരിശീലനത്തിനുള്ള സൗകര്യം മൾട്ടിനാഷണൽ കമ്പനികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ലഭിക്കുന്നു.

പ്രീ. എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

വിവിധ മത്സര പരീക്ഷകൾക്ക് പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് സംസ്ഥാനത്ത് 4- പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്റ്റൈപ്പന്റോടുകൂടിയ പരിശീലനം. കൂടാതെ മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനം, ജോബ് ഓറിയെന്റഡ് കോഴ്സുകൾ എന്നിവയും ഈ സെന്ററുകളിൽ നടത്തുന്നു. തിരുവനന്തപുരം, ആലുവ, കുഴൽമന്ദം, കോഴിക്കോട് എന്നിവിടങ്ങളിലാണ് കേന്ദ്രങ്ങൾ.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി തിരുവനന്തപുരം

അഖിലേന്ത്യ സർവ്വീസുകളിലേക്കുള്ള മത്സര പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിതമായ സ്വയംഭരണ സ്ഥാപനമാണിത്. സംസ്ഥാന തലത്തിൽ നടക്കുന്ന പ്രാഥമിക സെലക്ഷൻ പരീക്ഷ പാസ്സാകുന്ന പട്ടികജാതി - പട്ടികവർഗ്ഗക്കാർക്ക് സൗജന്യ താമസ സൗകര്യം, മികച്ച ലൈബ്രറി സംവിധാനം ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും അനുവദിച്ച് 1 വർഷം പരിശീലനം ലഭ്യമാക്കുന്നു. അപേക്ഷ മാർച്ച് മാസത്തിൽ ക്ഷണിക്കുന്നു.

പാരാമെഡിക്കൽ സ്ഥാപനങ്ങൾ

തിരുവനന്തപുരം, തൃശൂർ മെഡിക്കൽ കോളേജുകളോട് ചേർന്ന് രണ്ട് പാരാമെഡിക്കൽ സ്ഥാപനങ്ങൾ (പ്രിയദർശിനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സ്റ്റഡീസ്) പട്ടിക വിഭാഗം വിദ്യാർത്ഥികൾക്കായി സ്ഥാപിച്ചിട്ടുണ്ട്. കുഴൽമന്ദത്ത് ഹെൽത്ത് ഇൻസ്പെക്റ്റർ കോഴ്സിനുള്ള സ്ഥാപനം, പയ്യന്നൂരിൽ ഡി. എം. എൽ. ടി കോഴ്സിനുള്ള സ്ഥാപനം എന്നിവ പ്രവർത്തിക്കുന്നു.

സെന്റർ ഓഫ് എക്സലൻസ്, കോഴിക്കോട്

പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും കിർത്താഡ്സ് കാമ്പസിൽ സെന്റർ ഫോർ റിസേർച്ച് ആന്റ് എജ്യുക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങിൽ പ്രവേശനം നേടുന്നതിനും കോർപ്പറേറ്റ് മേഖലകളിൽ ജോലി ലഭിക്കുന്നതിനും പട്ടികജാതി വിഭാഗത്തിനെ പ്രാപ്തരാക്കുന്നതിന് ഇതിലൂടെ കഴിയുന്നു.

മോഡൽ റസിഡൻഷ്യൽ പോളിടെക്നിക് പാലക്കാട്

പട്ടികജാതി വിഭാഗത്തിൽനിന്ന് സാങ്കേതിക വിദഗ്ദ്ധരെ സൃഷ്ടിക്കുന്നതിനായി പാലക്കാട് കണ്ണാടിയിൽ ആരംഭിച്ച സ്ഥാപനമാണിത്. ഇവിടെ 30 കുട്ടികൾക്ക് പ്രവേശനം നൽകുന്നു.

ബുക്ക് ബാങ്ക് പദ്ധതി

പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി.

പഠനയാത്രാ പര്യടന പരിപാടി

സംസ്ഥാനത്ത് ഹയർസെക്കന്ററി, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠനയാത്രയിൽ പങ്കെടുക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള പരമാവധി ചെലവ് 4000/- രൂപയായി നിജപ്പെടുത്തി, സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തുന്നതു പ്രകാരം ജില്ലാ പട്ടികജാതി വികസന ആഫീസിൽ നിന്നും തുക അനുവദിക്കുന്നു.

പാലക്കാട് മെഡിക്കൽ കോളേജ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 70 വിദ്യാർത്ഥികൾ ഉൾപ്പെടെ 100 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിന് 500 കിടക്കകളും വിവിധ വിഭാഗങ്ങളിലുമായി 19 ചികിത്സാ യൂണിറ്റുകളുമുള്ള ഒരു മെഡിക്കൽ കോളേജ് പാലക്കാട് 2014-15-ൽ ആരംഭിച്ചു. മെഡിക്കൽ കോളേജിന് അനുബന്ധിച്ച് പാരാമെഡിക്കൽ കോഴ്സുകളും ലബോറട്ടറികളും ആശുപത്രിലേക്ക് ആവശ്യമായ സാധനങ്ങളുടെയും ചെറിയ ഉപകരണങ്ങളുടെയും മരുന്നുകളുടെയും ഉൽപാദക യൂണിറ്റുകളും ഗവേഷണ വികസന സംരംഭങ്ങളും ആരംഭിക്കുന്നതാണ്.

സാമ്പത്തിക വികസന പദ്ധതികൾ

സ്വയം തൊഴിൽ പദ്ധതി

വ്യക്തികൾക്ക് 3 ലക്ഷം രൂപ വരെയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും വായ്പകൾ ലഭിക്കുന്നതിൽ വായ്പാ തുകയുടെ 1/3 സബ്സിഡി നൽകുന്നു. പദ്ധതി ബാങ്കുകളുമായി ചേർന്ന് നടപ്പിലാക്കുന്നു. ബാങ്ക് അംഗികരിക്കുന്ന ഏത് സ്വയംതൊഴിൽ സംരംഭവും തുടങ്ങാം. പ്രായം 18-40, വിദ്യാഭ്യാസ യോഗ്യത - 7ാം ക്ലാസ്സ്. വരുമാന പരിധി ബാധകമല്ല. അപേക്ഷ, വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവയുടെ സർട്ടിഫിക്കറ്റുകൾ, പദ്ധതി റിപ്പോർട്ട്, റേഷൻ കാർഡ് പകർപ്പ്, തിരിച്ചറിയൽ കാർഡ് പകർപ്പ്, എസ്.ജി.എസ്.വൈ ലോൺ വാങ്ങിയിട്ടില്ല എന്ന ബന്ധപ്പെട്ട ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക്/മുൻസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നൽകേണ്ടതാണ്.

വക്കീലൻമാർക്ക് ധനസഹായം

നിയമ വിദ്യാഭ്യാസം കഴിഞ്ഞ് എൻറോൾ ചെയ്ത് വക്കീലായി പരിശീലനം ചെയ്യുന്നതിന് 3 വർഷത്തേയ്ക്ക് ധനസഹായം നൽകുന്ന പദ്ധതി.

ഒന്നാം വർഷം

- എൻറോൾമെന്റ് ഫീസ് - 1550/-
- വസ്ത്രം വാങ്ങുന്നതിന് - 2000/-
- പുസ്തകം വാങ്ങുന്നതിന് - 6250/-

രണ്ടും മൂന്നും വർഷങ്ങളിൽ

- വസ്ത്രം വാങ്ങുന്നതിന് - 2000/-
- പുസ്തകം വാങ്ങുന്നതിന് - 6250/-
- മുറി വാടക - 3000/-
  (പ്രതിമാസം 250/- രൂപ നിരക്കിൽ)

അഭിഭാഷകനായി എൻറോൾ ചെയ്ത് ഒരു മാസത്തിനകം നിശ്ചിത മാതൃകയിലുള്ള അപേക്ഷ ജാതി സർട്ടിഫിക്കറ്റ്, എൽ.എൽ.ബിയുടെ സർട്ടിഫിക്കറ്റ്, ബാർ കൗൺസിൽ എൻറോൾമെന്റ് സാക്ഷ്യപത്രം, സീനിയർ

അഭിഭാഷകന്റെ സാക്ഷ്യപത്രം എന്നിവ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം.

സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റീസ്ഷിപ്പ്

ഐ.ടി.ഐ ഡിപ്ലോമ, എഞ്ചിനീയറിംഗ് ഡിഗ്രി എന്നിവ പാസ്സായവർക്ക് അപ്രന്റീസ്ഷിപ്പ് ലഭിക്കുന്നതിന് അപേക്ഷകർ അതാത് ജില്ലാ പട്ടികജാതി വികസന ഓഫീസുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

പ്രതിമാസ നിരക്ക്

ഐ.ടി.ഐ	-	2000/-
ഡിപ്ലോമ	-	2500/-
എഞ്ചിനീയറിംഗ് ഡിഗ്രി	-	3000/-

ടൂൾ കിറ്റ്

പട്ടികജാതിവികസന വകുപ്പിന്റെ ഐ.ടി.ഐ കളിൽ വിവിധ ട്രേഡുകൾ പാസ്സായിട്ടുള്ളവർക്ക് പണിയായുധങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാന്റ് നൽകുന്നു.

പട്ടികജാതിക്കാരുടെ വായ്പ എഴുതിത്തള്ളൽ പദ്ധതി

സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2006 -ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകളിൽ 25000/- രൂപ വരെയുള്ളത് പലിശയും പിഴ പലിശയും ഉൾപ്പെടെ എഴുതിത്തള്ളുന്നതിന് 12.11.2009 -ലെ സർക്കാർ ഉത്തരവ് (അച്ചടി) 100/2009 പജ.പവ.വിവ.നമ്പർ ഉത്തരവിൻ പ്രകാരം നടപ്പിലാക്കിയിരുന്നു.

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2006 -ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശിക ആയിട്ടുള്ളതുമായ വായ്പയുടെ 50,000/- രൂപ വരെയുള്ളത് എഴുതിത്തള്ളുന്നതിന് 10.12.2013 -ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 99/2013/പജ.പവ.വിവ നമ്പർ ഉത്തരവിലൂടെ നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ എസ്.സി/എസ്.ടി കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വാഹന വായ്പാ പദ്ധതി, അംബേദ്കർ ഭവന നിർമ്മാണ പദ്ധതി, പുതിയ അംബേദ്കർ ഭവന നിർമ്മാണ പദ്ധതി, ഇൻകം ജനറേഷൻ ലിങ്ക്സ് എന്നീ പദ്ധതികളിലെ മുതലും പലിശയും എഴുതിത്തള്ളുന്നതിന് 16.10.2014 -ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 74/14/പജ.പവ.വിവ നമ്പർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2010 -ന് തിരിച്ചടവ് കാലയളവ് പൂർത്തിയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും ചേർത്ത് ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളുന്നതിന് 31.03.2015 ലെ സ.ഉ (പി) നം.24/2015/പജ.പവ.വിവ പ്രകാരം ഉത്തരവായിട്ടുണ്ട്. വരുമാന പരിധി 1.5 ലക്ഷം രൂപ. മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം പട്ടികജാതിക്കാർ റവന്യൂ വകുപ്പ്, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ള 5 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടവ് കഴിഞ്ഞിട്ടുള്ളവർക്ക് കടാശ്വാസം അനുവദിച്ചുകൊണ്ട് 20.08.2016 ലെ സ.ഉ (പി) നം. 118/2016/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻ പ്രകാരം മുതലും പലിശയും പിഴപ്പലിശയുമുൾപ്പെടെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ രണ്ടിരട്ടി എത്തുന്നതുവരെയുള്ള കുടിശ്ശിക തുക പലിശയും പിഴപ്പലിശയും ഒഴിവാക്കി 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടക്കാവുന്ന വിധത്തിൽ വായ്പ പുന:ക്രമീകരിച്ചിട്ടുണ്ട്.

സ്വയംപര്യാപ്ത ഗ്രാമങ്ങൾ

പട്ടികജാതി വികസന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ കിലയുടെ സഹകരണത്തോടെ പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ സ്ഥിതിവിവര പഠനറിപ്പോർട്ടിൽ അമ്പതോ അമ്പതിൽക്കൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന 436 ഗ്രാമങ്ങളുള്ളതായി കണ്ടെത്തിയിരുന്നു. വികസന പ്രക്രിയയിൽ ഗണ്യമായ നേട്ടമൊന്നും കൈവരിച്ചിട്ടില്ലാത്ത ഈ ഗ്രാമങ്ങൾക്കായി സർക്കാർ നടപ്പിലാക്കുന്ന സമഗ്ര വികസന പദ്ധതിയാണ് സ്വയം പര്യാപ്ത ഗ്രാമങ്ങൾ.

ഓരോ സങ്കേതത്തിന്റെയും വികസന ആവശ്യങ്ങൾ വിലയിരുത്തിയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. റോഡ് നിർമ്മാണം, വൈദ്യുതീകരണം, അഴുക്കുചാൽ നിർമ്മാണം, സോളാർ തെരുവു വിളക്കുകൾ, ബയോഗ്യാസ് പ്ലാന്റ്, ഭവനപുനരുദ്ധാരണം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പരമാവധി 1 കോടി രൂപയാണ് ഈ പദ്ധതി പ്രകാരം ഒരു സങ്കേതത്തിനായി ചെലവഴിക്കുന്നത്. എം.എൽ.എമാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പദ്ധതി നിർവ്വഹണം. ജില്ലയിൽ തിരഞ്ഞെടുക്കപ്പെട്ട സങ്കേതങ്ങൾ താഴെപ്പറയുന്നവയാണ്.

നടക്കാവ് ഗ്രാമം- തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് (ഏജൻസി - എഫ്.ഐ.ടി. ആലുവ)

അമെയ് കോളനി കാസർഗോഡ് മുനിസിപ്പാലിറ്റി (ഏജൻസി - എഫ്.ഐ.ടി. ആലുവ)

കിദൂർ-കുണ്ടങ്ങാരടുക്ക -കുമ്പള ഗ്രാമപഞ്ചായത്ത് (ഏജൻസി - എഫ്.ഐ.ടി. ആലുവ)

നാലാം വാതുക്കൽ- ഉദുമ ഗ്രാമ പഞ്ച. (ഏജൻസി നിർമിതി കേന്ദ്ര കാസർകോട്)

മൂലക്കണ്ടം-അജാനൂർ ഗ്രാമപഞ്ചായത്ത്, (ഏജൻസി നിർമിതി കേന്ദ്ര കാസറഗോഡ്)

ഒരിയര-വലിയപറമ്പ് ഗ്രാമപഞ്ചായത്ത്, (ഏജൻസി നിർമിതി കേന്ദ്ര കാസർകോട്)

ശാന്തിനഗർ മഞ്ചേശ്വരം ഗ്രാമ പഞ്ച (ഏജൻസി നിർമിതി കേന്ദ്ര കാസറഗോഡ്)

സാമൂഹ്യക്ഷേമ പരിപാടികൾ

വിവാഹധനസഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 75,000/- രൂപ വിവാഹ ധനസഹായമായി നൽകുന്നു. ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്നതിനുള്ള രേഖ, വിവാഹ ക്ഷണക്കത്ത്, വിവാഹം നിശ്ചയിച്ചു എന്നതിന്റെ സമുദായ സംഘടനയുടെ/ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം സഹിതം ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർക്ക് അപേക്ഷ സമർപ്പിക്കണം. പ്രതിവർഷ വരുമാന പരിധി 50,000/- രൂപ.

2013-14 മുതൽ 2017-18 വരെ നൽകിയ വിവാഹ ധനസഹായത്തിന്റെ പട്ടിക ചുവടെ ചേർക്കുന്നു

വർഷം	ഇനം	എണ്ണം	തുക
2013-14	വിവാഹ ധനസഹായ പദ്ധതി	349	16970000
2014-15	വിവാഹ ധനസഹായ പദ്ധതി	270	13480000
2015-16	വിവാഹ ധനസഹായ പദ്ധതി	285	14220000
2016-17	വിവാഹ ധനസഹായ പദ്ധതി	219	10890000
2017-18	വിവാഹ ധനസഹായ പദ്ധതി	430	24840000

മിശ്രവിവാഹിതർക്ക് ധനസഹായം

മിശ്രവിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി പട്ടിക ഇതരസമുദായത്തിൽപ്പെട്ടതുമായിരിക്കണം) വിവാഹത്തെ തുടർന്നുണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 75,000/- രൂപ വരെ ഗ്രാന്റായി നൽകുന്നു. വിവാഹശേഷം ഒരു വർഷം കഴിഞ്ഞ്, മൂന്നു വർഷത്തിനകം അപേക്ഷിക്കണം. ഭാര്യാഭർത്താക്കന്മാരുടെ ജാതി സർട്ടിഫിക്കറ്റുകൾ, കുടുംബ വാർഷികവരുമാനം, സഹവാസ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർക്ക് സമർപ്പിക്കണം. രണ്ടു പേരുടെയും കൂടി പ്രതിവർഷ വരുമാന പരിധി 1,00,000/- രൂപയാണ്.

വർഷം	ഇനം	എണ്ണം	തുക
2013-14	മിശ്ര വിവാഹ ധനസഹായ പദ്ധതി	27	1350000
2014-15	മിശ്ര വിവാഹ ധനസഹായ പദ്ധതി	31	1520000
2015-16	മിശ്ര വിവാഹ ധനസഹായ പദ്ധതി	14	700000
2016-17	മിശ്ര വിവാഹ ധനസഹായ പദ്ധതി	10	500000
2017-18	മിശ്ര വിവാഹ ധനസഹായ പദ്ധതി	25	1550000

ഭൂരഹിത പുനരധിവാസ പദ്ധതി

പട്ടികജാതി വിഭാഗത്തിൽപ്പെട്ടതും ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ടതുമായ ഭൂരഹിത കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് 3 സെന്റ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/മുനിസിപ്പൽ/കോർപ്പറേഷനുകളിൽ യഥാക്രമം 3,75,000/-, 4,50,000/-, 6,00,000/- രൂപ ഗ്രാന്റായി അനുവദിക്കുന്നു. ഈ തുകയ്ക്ക് ലഭിക്കാവുന്ന പരമാവധി ഭൂമി വാങ്ങേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. അപേക്ഷ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, സ്വന്തമായി ഭൂമിയില്ലെന്ന് തെളിയിക്കുന്ന വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രം, അവകാശമായി ലഭിക്കുന്ന ഭൂമി സംബന്ധിച്ച സാക്ഷ്യപത്രം, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഭൂമി വാങ്ങുന്നതിന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർക്ക് നൽകണം. വാർഷികവരുമാന പരിധി 50,000/- രൂപയും അപേക്ഷകന്റെ പ്രയപരിധി 55 വയസ്സുമാണ്.

ഗ്രാമസഭ/വാർഡ്സഭ ലിസ്റ്റ് ലഭിക്കാത്ത സ്ഥലങ്ങളിൽ പത്രപരസ്യം മുഖേന അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതാണ്.

വർഷം	ഇനം	എണ്ണം	തുക
2013-14	ഭൂരഹിത പുനരധിവാസ പദ്ധതി	89	13350000
2014-15	ഭൂരഹിത പുനരധിവാസ പദ്ധതി	65	24750000
2015-16	ഭൂരഹിത പുനരധിവാസ പദ്ധതി	112	43350000
2016-17	ഭൂരഹിത പുനരധിവാസ പദ്ധതി	182	69450000
2017-18	ഭൂരഹിത പുനരധിവാസ പദ്ധതി	280	106575000

ഭവനനിർമ്മാണധനസഹായം

2014-15 സാമ്പത്തിക വർഷം മുതൽ പട്ടികജാതി വിഭാഗങ്ങൾക്ക് 3,00,000/- രൂപ ഭവനനിർമ്മാണധനസഹായമായി നൽകുന്നു. 45,000/-, 90,000/-, 1,20,000/-, 45,000/- എന്നിങ്ങനെ നാലു ഗഡുക്കളായി നിർമ്മാണ പുരോഗതിക്കനുസരിച്ച് തുക ഓൺലൈനായി ബാങ്ക് വഴി വിതരണം ചെയ്യുന്നു.

ഗ്രാമപ്രദേശത്ത് സ്വന്തമായി രണ്ട് സെന്റും നഗരപ്രദേശങ്ങളിൽ കുറഞ്ഞത് ഒന്നര സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതർക്കാണ് ധനസഹായം അനുവദിക്കുന്നത്. ജാതി, വരുമാനം, കൈവശാവകാശ സർട്ടിഫിക്കറ്റുകൾ, വാസയോഗ്യമായ ഭവനമില്ലായെന്ന ബന്ധപ്പെട്ട അധികാരിയുടെ സാക്ഷ്യപത്രം, തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് ഭവന നിർമ്മാണ ഗ്രാന്റ് ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർക്ക് അപേക്ഷ നൽകണം. വാർഷിക വരുമാന പരിധി 50,000/- രൂപ.

വർഷം	ഇനം	എണ്ണം	തുക
2013 - 14	ഭവന നിർമ്മാണ ധനസഹായ പദ്ധതി	105	6610876
2014 - 15	ഭവന നിർമ്മാണ ധനസഹായ പദ്ധതി	84	25285276
2015 - 16	ഭവന നിർമ്മാണ ധനസഹായ പദ്ധതി	101	31815102
2016 - 17	ഭവന നിർമ്മാണ ധനസഹായ പദ്ധതി	262	47190036
2017 - 18	ഭവന നിർമ്മാണ ധനസഹായ പദ്ധതി	205	34750000

ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി.

50,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ഭൂരഹിത ഭവന രഹിതരായ വേടൻ, നായാടി, ചക്ലിയ/അരുന്ധതിയാർ, കള്ളാടി എന്നീ ദുർബല സമുദായങ്ങൾക്ക് ഭൂമി വാങ്ങി വീട് വെക്കുന്നതിനുള്ള പ്രത്യേക പദ്ധതി. കുറഞ്ഞത് 5 സെന്റ് ഭൂമിയെങ്കിലും വാങ്ങുന്നതിനും വീട് വെക്കുന്നതിനുമായി 7,25,000/- രൂപ ഗ്രാന്റായി നൽകുന്നു. ഭൂമി വാങ്ങുന്നതിനുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നവരുടെ പ്രായം 55 വയസ്സിൽ കവിയരുത് (ഭവനത്തിന് 3,50,000/- രൂപ, ഭൂമിക്ക്- 3,75,000/- രൂപ)

ജാതി, വരുമാനം, ഭൂമിയില്ലെന്ന വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രം, തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന മേൽ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർക്ക് അപേക്ഷ നൽകണം.

വർഷം	ഇനം	എണ്ണം	തുക
2013-14	ദുർബല വിഭാഗ പുനരധിവാസ പദ്ധതി	20 (Housing) 21 (Land)	8885000
2014-15	ദുർബല വിഭാഗ പുനരധിവാസ പദ്ധതി	5 (Housing) 5 (Land) 4 (Toilet)	4312500
2015-16	ദുർബല വിഭാഗ പുനരധിവാസ പദ്ധതി	11 (Housing) 14 (Land) 2 (Toilet)	10542500
2016-17	ദുർബല വിഭാഗ പുനരധിവാസ പദ്ധതി	31 (Housing) 6 (Land) 14 (Toilet)	9852500
2017-18	ദുർബല വിഭാഗ പുനരധിവാസ പദ്ധതി	56 (Housing) 4 (Toilet)	16100000

ടോയ്‌ലറ്റ് നിർമ്മാണം

പട്ടികജാതി കുടുംബങ്ങൾക്ക് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് 25,000/- രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയാണിത്. ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്. തുക രണ്ട് ഗഡുക്കളായി വിതരണം ചെയ്യുന്നു. വാർഷിക വരുമാന പരിധി 50,000/- രൂപയാണ്

വർഷം	ഇനം	എണ്ണം	തുക
2013-14	ടോയ്‌ലറ്റ് നിർമ്മാണ ധനസഹായ പദ്ധതി	720	23985000
2014-15	ടോയ്‌ലറ്റ് നിർമ്മാണ ധനസഹായ പദ്ധതി	295	7350000
2015-16	ടോയ്‌ലറ്റ് നിർമ്മാണ ധനസഹായ പദ്ധതി	330	7400000
2016-17	ടോയ്‌ലറ്റ് നിർമ്മാണ ധനസഹായ പദ്ധതി (സ്പിൽ ഓവർ)	0	650000

പട്ടികജാതിവികസനവകുപ്പ് മന്ത്രി ഔദ്യോഗികനാമധേയത്തിൽ രൂപികരിച്ച ദുരിതാശ്വസ നിധി

മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 50,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവ പട്ടികജാതി വിഭാഗക്കാർക്ക് വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 50,000/- രൂപ വരെ ചികിത്സാ ധനസഹായമായി അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, ഹീമോഫീലിയ മുതലായ ഗുരുതരമായ രോഗം ബാധിച്ചവർക്ക് പരമാവധി 1,00,000/-രൂപ വരെ നൽകുന്നു. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, ജാതി, വരുമാനം, ചികിത്സിക്കുന്ന ഡോക്ടറുടെ നിശ്ചിത ഫോറത്തിലുള്ള സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടിക ജാതി വികസന ആഫീസർമാർക്കോ, വകുപ്പ് മന്ത്രിക്കോ നൽകാവുന്നതാണ്.

വർഷം	ഇനം	എണ്ണം	തുക
2013-14	ചികിത്സാ ധനസഹായ പദ്ധതി	452	6500000
2014-15	ചികിത്സാ ധനസഹായ പദ്ധതി	710	13000000
2015-16	ചികിത്സാ ധനസഹായ പദ്ധതി	764	11500000
2016-17	ചികിത്സാ ധനസഹായ പദ്ധതി	649	9159850
2017-18	ചികിത്സാ ധനസഹായ പദ്ധതി	682	10105000

ഉദ്യോഗാർത്ഥികൾക്ക് യാത്രാബത്ത

പി.എസ്.സി, യു.പി.എസ്.സി വിവിധ സർക്കാർ ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുടെ പരീക്ഷകളിലും ഇന്റർവ്യൂവിനും പങ്കെടുക്കാൻ പോകുന്ന പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികൾക്ക് അർഹമായ യാത്രാപ്പടി, ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നു. അപേക്ഷ സാക്ഷ്യപത്രങ്ങൾ സഹിതം ബന്ധപ്പെട്ട ഗ്രാമ/പഞ്ചായത്ത്/മുൻസിപ്പൽ സെക്രട്ടറിക്ക് നൽകണം. തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴിയാണ് വിതരണം ചെയ്യുന്നത്.

സാമൂഹ്യഐക്യദാർഢ്യപക്ഷാചരണം

പട്ടികജാതി, പട്ടികവർഗ്ഗ ജനസമൂഹവും മറ്റു സമുദായങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ഊഷ്മളവും ഇഴയടുപ്പവും ഉള്ളതാക്കിത്തീർക്കുന്നതിന് ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 മുതൽ 16 വരെ എല്ലാ വർഷവും സാമൂഹ്യഐക്യദാർഢ്യപക്ഷമായി ആചരിക്കുന്നു. പക്ഷാചരണ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിലെത്തിക്കുന്നതിനുള്ള പരിപാടികളും കോളനികൾ കേന്ദ്രീകരിച്ച് ശുചിത്വ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ, വിജ്ഞാന സദസ്സുകൾ, പ്രദർശനങ്ങൾ, പൂർത്തിയായ പദ്ധതികളുടെ ഉദ്ഘാടനങ്ങൾ, പുതിയ പദ്ധതികളുടെ ആരംഭം കുറിക്കൽ എന്നിവയും നടത്തുന്നു.

ഭവനപുനരുദ്ധാരണം/അഡീഷണൽ റൂം ധനസഹായ പദ്ധതി

ഭവന നിർമ്മാണത്തിന് സർക്കാരിൽ നിന്ന് മുൻപ് ധനസഹായം കൈപ്പറ്റിയിട്ടുള്ളവരും എന്നാൽ ക്ഷയോന്മുഖമായ ഭവനത്തിൽ (5 വർഷത്തിനും 25 വർഷത്തിനും ഇടയിൽ പഴക്കമുള്ളവ) താമസിക്കുന്ന പട്ടികജാതി കുടുംബത്തിന് ഭവനപുനരുദ്ധാരണത്തിനും പുതിയതായി ഒരു മുറി കൂടി നിർമ്മിക്കുന്നതിനും ധനസഹായം നൽകുന്നു. പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപ അനുവദിക്കുന്നു. വാർഷിക വരുമാനപരിധി 50,000/- രൂപ. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, വീടിന്റെ പഴക്കം സംബന്ധിച്ച സർട്ടിഫിക്കറ്റ്, മറ്റ് ഏജൻസികളിൽ നിന്നും ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർക്ക് നൽകണം.

വിജ്ഞാൻവാടി

പട്ടികജാതി വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സര പരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും സഹായകമാവുന്ന കേന്ദ്രങ്ങളാണ് വിജ്ഞാൻവാടികൾ. ഇന്റർനെറ്റ് സൗകര്യത്തോടു കൂടിയ കമ്പ്യൂട്ടർ, വായനശാല എന്നിവ സജ്ജീകരിച്ചുകൊണ്ട് പട്ടികജാതി സങ്കേതങ്ങളോടനുബന്ധിച്ചാണ് വിജ്ഞാൻവാടികൾ സ്ഥാപിക്കുക. ഇതിനുള്ള കെട്ടിടം നിർമ്മിക്കാനുള്ള ഫണ്ട് സഹിതം പദ്ധതി നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഇത് നടപ്പാക്കുകയാണ് ലക്ഷ്യം.

ഹോമിയോ ഹെൽത്ത് സെന്റർ

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 29 പട്ടികജാതി സങ്കേതങ്ങളോടനുബന്ധിച്ച് ഹോമിയോ ഹെൽത്ത് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. രണ്ടര കിലോമീറ്റർ ചുറ്റളവിൽ മറ്റ് ആരോഗ്യ പരിപാലന കേന്ദ്രങ്ങളില്ലാത്ത പട്ടികജാതി സങ്കേതങ്ങളാണ് ഇതിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്.

വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം

അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി 50,000/- രൂപ വരെ ധനസഹായം നൽകുന്നു. ഇന്ത്യൻ പാസ്പോർട്ട്, വിദേശ തൊഴിൽ ദാതാവിൽ നിന്നും തൊഴിൽ കരാർപത്രം, വിസ എന്നിവ സഹിതം അപേക്ഷ നൽകേണ്ടതാണ്. വാർഷിക വരുമാനം 2,50,000/- രൂപയിൽ താഴെ വരുന്ന 20 നും 45 നും മദ്ധ്യേ പ്രായമുള്ളവർക്കാണ് അപേക്ഷിക്കാൻ അർഹത.

പട്ടിക 4.4.1.10: വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം

വർഷം	പദ്ധതിയുടെ പേര്	ഭൗതിക ലക്ഷ്യം	ചെലവഴിച്ച തുക
2015-16	വിദേശതൊഴിൽ ധനസഹായ പദ്ധതി	7	230000
2016-17	വിദേശതൊഴിൽ ധനസഹായ പദ്ധതി	7	190000
2017-18	വിദേശതൊഴിൽ ധനസഹായ പദ്ധതി	19	700000

സാംസ്കാരിക പരിപാടികൾ

ഉല്പന്ന പ്രദർശന വിപണന മേള (ഗദ്ദിക)

പട്ടികജാതിക്കാരുടെ പാരമ്പര്യ ഉല്പന്നങ്ങൾക്കും പട്ടികജാതി സ്വയം സഹായ സംഘങ്ങളുടെ ഉല്പന്നങ്ങൾക്കും വിപണി കണ്ടെത്തുന്നതിന് സഹായകരമായ രീതിയിൽ സംസ്ഥാനാടിസ്ഥാനത്തിൽ ഒരു വർഷം 2 സ്ഥലങ്ങളിലായി വിപണന മേള സംഘടിപ്പിക്കുന്നു. സ്റ്റാൾ സൗജന്യമായി അനുവദിക്കുന്നു. ഉല്പന്നങ്ങൾ സ്റ്റാളിലെത്തിക്കുന്നതിനുള്ള വാഹന വാടക, സ്റ്റാളിൽ നിൽക്കുന്നവർക്ക് പ്രതിദിന ബത്ത, ഭക്ഷണം എന്നിവ നൽകുന്നു. അപേക്ഷകൾ ചീഫ് പബ്ലിസിറ്റി ഓഫീസർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭ്യമാകും.

സർഗോത്സവം

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ പട്ടികജാതിയിൽപ്പെട്ട കലാപ്രതിഭകൾക്ക് 10,000/- രൂപ പ്രോത്സാഹനമായി നൽകുന്ന പദ്ധതി.

ഡോ. ബി.ആർ. അംബേദ്കർ മാധ്യമ അവാർഡ്

പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന സമുദായങ്ങളെ സംബന്ധിക്കുന്ന ഏറ്റവും മികച്ച മാധ്യമ റിപ്പോർട്ടുകൾക്കും ഫീച്ചറുകൾക്കും ഡോ. ബി.ആർ. അംബേദ്കർ മാധ്യമ അവാർഡ് നൽകുന്നു. അച്ചടി, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടുകൾക്കാണ് അവാർഡ്. അച്ചടി മാധ്യമങ്ങളിലെ റിപ്പോർട്ടിന് 30,000/- രൂപയും ഫലകവും, ദൃശ്യ മാധ്യമങ്ങളിലെ റിപ്പോർട്ടിന് 30,000/- രൂപയും ഫലകവും, റേഡിയോ റിപ്പോർട്ടിന് 15,000/- രൂപയും ഫലകവുമാണ് അവാർഡായി നൽകുന്നത്.

സാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പുസ്തകരൂപത്തിൽ അച്ചടിക്കുന്നതിന് 20,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു. മൗലികമായ രചനകളുടെ രണ്ട് കൈയ്യെഴുത്ത് പ്രതികൾ, ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ സഹിതം അപേക്ഷ ചീഫ് പബ്ലിസിറ്റി ഓഫീസർ, അയ്യങ്കാളി ഭവൻ, കനകനഗർ, കവടിയാർ പി.ഒ., തിരുവനന്തപുരം എന്ന വിലാസത്തിൽ സമർപ്പിക്കണം.

പടവുകൾ മാസിക

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പ്രവർത്തനങ്ങൾ സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനും പട്ടികജാതി വിഭാഗക്കാരുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി പടവുകൾ എന്ന പേരിൽ ദ്വൈമാസിക പട്ടികജാതി വികസന വകുപ്പ് പുറത്തിറക്കുന്നു. കോപ്പികൾ ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസുകളിൽ നിന്നും ചീഫ് പബ്ലിസിറ്റി ആഫീസിൽ നിന്നും ലഭ്യമാണ്.

സാഹിത്യ ശിൽപ്പശാല

പട്ടികജാതി - പട്ടികവർഗ്ഗത്തിലും ഇതര വിഭാഗത്തിലും പെട്ട സാഹിത്യകാരന്മാരുടെ സാഹിത്യവാസന പരിപോഷിപ്പിക്കുന്നതിനായി വർഷംതോറും സാഹിത്യ ശിൽപ്പശാല സംഘടിപ്പിക്കുന്നു. ഭാഷയുടെ വികാസ പരിണാമങ്ങൾ, സാഹിത്യത്തിലെ അനുഭവം എന്നീ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിലും അതു വഴി സാംസ്കാരിക ശാക്തീകരണം ഉറപ്പാക്കലുമാണ് ശിൽപ്പശാലയുടെ ഉദ്ദേശ്യം. 18 മുതൽ 35 വയസ്സു വരെ പ്രായമുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കാണ് പ്രവേശനം. ആകെ 50 പേർക്ക് ശിൽപ്പശാലയിൽ പങ്കെടുക്കാം. സൗജന്യ താമസം, ഭക്ഷണം, യാത്രാബത്ത എന്നിവ നൽകുന്നു.

അംബേദ്കർ ജയന്തി/അയ്യങ്കാളി ജയന്തി

ഭരണഘടനാശിൽപ്പി ഡോ. ബി.ആർ. അംബേദ്ക്കറുടെ ജന്മദിനം ഏപ്രിൽ 14ാം തീയ്യതിയും കേരള അധഃസ്ഥിത വർഗ്ഗത്തിന്റെ വിമോചന പോരാളി ശ്രീ. അയ്യങ്കാളിയുടെ ജന്മദിനം ആഗസ്റ്റ് 28ാം തീയ്യതിയും വിവിധ പരിപാടികളോടെ പട്ടികജാതി വികസന വകുപ്പ് ആചരിക്കുന്നു.

അംബേദ്കർഭവൻ

ഇന്ത്യൻ ഭരണഘടനയുടെ ശിൽപ്പിയായ ഡോ. ബി.ആർ. അംബേദ്ക്കറുടെ നാമധേയത്തിൽ തിരുവന്തപുരത്ത് മണ്ണന്തലയിൽ അംബേദ്കർഭവൻ എന്ന പേരിൽ ഒരു പഠനഗവേഷണ കൺവെൻഷൻസെന്റർ സ്ഥാപിതമായി. ഇവിടെ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ എന്നീ സ്ഥാപനങ്ങളും നിർമ്മിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിൽ പൂർത്തിയാക്കിയ അംബേദ്കർഭവൻ പട്ടികജാതി വികസനവകുപ്പിന്റെ പദ്ധതി ആസൂത്രണത്തിന് വഴികാട്ടിയാകുന്ന നിലയിൽ പ്രയോജനപ്പെടുത്തുകയാണ് ലക്ഷ്യം. ICETS, അംബേദ്കർ ഭവനോട് അനുബന്ധമായ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാരിൽ നിന്നും യുവ സംരംഭകരെ കണ്ടെത്തുന്നതിനായി Startup Dreams പ്രൊജക്ട് ഇവിടെ പ്രവർത്തനമാരംഭിച്ചു.

അയ്യങ്കാളിഭവൻ

അധഃസ്ഥിത ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിച്ച സാമൂഹിക പരിഷ്കർത്താവായ ശ്രീ. അയ്യങ്കാളിയുടെ നാമധേയത്തിൽ തിരുവനന്തപുരം വെള്ളയമ്പലത്ത് പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. പട്ടികജാതിവികസനവകുപ്പിന്റെ ഡയറക്ടറേറ്റ്, തിരുവനന്തപുരം ജില്ല പട്ടികജാതി വികസന ഓഫീസ്, ദക്ഷിണ മേഖല ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്, ചീഫ് പബ്ലിസിറ്റി ഓഫീസ്, ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ ഓഫീസ് എന്നിവ ഈ സമുച്ചയത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ പട്ടികജാതി, പട്ടികഗോത്ര വർഗ്ഗ കമ്മീഷൻ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ജില്ലാ ഓഫീസ്, പിന്നാക്ക വികസന വകുപ്പ്

ഡയറക്ടറേറ്റ് എന്നിവ പ്രവർത്തിക്കുന്നത് അയ്യങ്കാളി ഭവനിലാണ്.

നിയമാധിഷ്ഠിത സേവനങ്ങൾ

1995 -ലെ പൗരാവകാശ സംരക്ഷണ നിയമം

പട്ടികജാതിക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊട്ടുകൂടായ്മ അടക്കമുള്ള അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും പൗരാവകാശ സംരക്ഷണ നിയമപ്രകാരം തുക ചെലവഴിക്കുന്നു. പട്ടികജാതിക്കാരെ സംബന്ധിച്ച മാധ്യമ റിപ്പോർട്ടുകളിൽ മികച്ചവയ്ക്ക് അവാർഡ്, മികച്ച ദളിത് സാമൂഹ്യ പ്രവർത്തകനുള്ള അവാർഡ് എന്നിവ ഈ നിയമത്തിന്റെ ഭാഗമായി നൽകുന്നു. മിശ്രവിവാഹിതർക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ ചെയ്തുവരുന്നു.

1989 -ലെ അതിക്രമം തടയൽ നിയമം

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 17-ൽ പറയുന്ന 'Abolition of untouchability' (തൊട്ടുകൂടായ്മ നിർത്തലാക്കൽ) എന്നതിനെ അടിസ്ഥാനമാക്കി ഇന്ത്യൻ പാർലമെന്റ് 11-09-1989-ൽ പാസ്സാക്കി 10-01-1990 മുതൽ നിലവിൽ വന്ന നിയമമാണ് പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം 1989.

ഇന്ത്യൻ ഭരണഘനയുടെ ആർട്ടിക്കിൾ 17-ൽ പറയുന്ന 'Untouchability" is abolished and its practice in any form is forbidden. The enforcement of any disability arising out of "Untouchability" shall be an offence punishable in accordance with law. അതായത് തൊട്ടുകൂടായ്മ നിർത്തലാക്കുകയും അതിന്റെ ഏത് രൂപത്തിലും ഉള്ള ആചരണം വിലക്കുകയും ചെയ്തിരിക്കുന്നു. തൊട്ടുകൂടായ്മയിൽ നിന്നും ഉളവാകുന്ന ഏതെങ്കിലും അവശത നിർബന്ധിച്ച് ഏൽപ്പിക്കുന്നത് നിയമപ്രകാരം ശിക്ഷിക്കാവുന്ന ഒരു കുറ്റമായിരിക്കുന്നതാണ്.

ഇന്ത്യയിൽ ജമ്മുകാശ്മീർ ഒഴികെയുള്ള സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും ഈ നിയമം ബാധകമാണ്. നിയമത്തിന്റെ ചാപ്റ്റർ 2 ആർട്ടിക്കിൾ 3-ൽ കുറ്റകരമായ അതിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ നിയമത്തിന്റെ പ്രധാനപ്പെട്ട പ്രത്യേകതകൾ ചുവടെ ചേർക്കുന്നു.

- ഇന്ത്യൻ പീനൽ കോഡ്, പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ് ആക്റ്റ് എന്നിവയിൽ പറയാത്തതും എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങളെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നതുമാണ്.
- അതിക്രമങ്ങൾ ഓരോന്നും തരംതിരിച്ച് വ്യക്തമായി പറഞ്ഞിരിക്കുന്നു.
- ഓരോ അതിക്രമത്തിനും നൽകേണ്ട കർശന ശിക്ഷകൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിരിക്കുന്നു.
- നിയമം പരിരക്ഷിക്കേണ്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായാൽ അവരും ശിക്ഷാർഹരായിരിക്കും.
- വിചാരണ വേഗത്തിൽ പൂർത്തിയാക്കി കാലവിളംബം കൂടാതെ നിയമ നടപടികൾ സ്വീകരിക്കുന്നതിലേക്ക് പ്രത്യേക കോടതികൾ രൂപീകരിക്കും.
- എല്ലാ പ്രത്യേക കോടതികളിലും പ്രത്യേക പബ്ലിക്ക് പ്രോസിക്യൂട്ടർമാരെ നിയമിക്കുവാൻ നിയമം അനുശാസിക്കുന്നു.
- പ്രതികളുടെ മുൻകൂർ ജാമ്യം തടയുന്നു.
- അതിക്രമത്തിനിരയാകുന്നവർക്ക് ആശ്വാസവും പുനരധിവാസവും ഉറപ്പാക്കുന്നു.
- ഗുരുതരമായ അതിക്രമത്തിന് ഇരയാകുന്നവർക്കോ, അവരുടെ ആശ്രിതർക്കോ, സർക്കാരിലോ, സർക്കാരിന്റെ കീഴിലുള്ള സ്ഥാപനത്തിലോ ജോലി ഉറപ്പാക്കുന്നു.
- നിയമത്തിന്റെ പരിരക്ഷയ്ക്കും നടത്തിപ്പിനുമായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് സംവിധാനം.

മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഉന്നതതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി ആറുമാസത്തിലൊരിക്കൽ കൂടി ഈ നിയമ നടത്തിപ്പിനെ വിശദമായി പരിശോധിക്കുന്നു. ഈ പരിശോധനയിൽ അതിക്രമത്തിന് ഇരയായവർക്ക് നൽകുന്ന സഹായവും അവരുടെ പുനരധിവാസവും ചർച്ച ചെയ്യുന്നതോടൊപ്പം തന്നെ കേസ് നടത്തിപ്പിന്റെ പുരോഗതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തവും സ്വീകരിച്ച നടപടികളും വിശദമായി വിലയിരുത്തുന്നു. അതോടൊപ്പം തന്നെ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ ലഭിച്ചിട്ടുള്ള റിപ്പോർട്ടുകളും അവയിൽ കൈക്കൊണ്ടിട്ടുള്ള നടപടികളും പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾക്കുവേണ്ടി തീരുമാനങ്ങൾ കൈക്കൊള്ളുന്നു.

ഈ കമ്മിറ്റിയിൽ പട്ടികജാതി/പട്ടികവർഗ്ഗം, ആഭ്യന്തരം, ധനകാര്യം എന്നീ വകുപ്പ് മന്ത്രിമാർ, പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട എം.പിമാർ, എം.എൽ.എമാർ, സംസ്ഥാന ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ് സെക്രട്ടറി, ഡി.ജി.പി, ദേശീയ പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷന്റെ ഡയറക്ടറോ അല്ലെങ്കിൽ ഡപ്യൂട്ടി ഡയറക്ടറോ എന്നിവർ അംഗങ്ങളും പട്ടികജാതി/പട്ടികവർഗ്ഗവികസനവകുപ്പിന്റെ സെക്രട്ടറി കൺവീനറുമാണ്.

ജില്ലാ കളക്ടർ അധ്യക്ഷനായുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി 3 മാസത്തിനുള്ളിൽ ഒരിക്കൽ യോഗം ചേരണം. അതതു ജില്ലകളിലെ ഈ നിയമവുമായി ബന്ധമപ്പട്ട കേസുകളുടെ നടത്തിപ്പാണ് അവിടെ പരിശോധിക്കപ്പെടുന്നത്. ജില്ലാ മജിസ്ട്രേറ്റ് രൂപീകരിക്കുന്ന ഈ കമ്മിറ്റിയിൽ അതാത് ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എം.പിമാരും എം.എൽ.എമാരും കൂടാത പോലീസ് സൂപ്രണ്ട്, പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട 3 സീനിയർ ഗസറ്റഡ് ഓഫീസർമാർ, പട്ടികജാതി / പട്ടികവർഗ്ഗ ജന വിഭഗങ്ങളിൽ നിന്നും അഞ്ചിൽ കൂടാത്ത അംഗങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ നോൺ ഗവൺമെന്റ് ഓർഗനൈസേഷനുകളിൽ നിന്ന് മൂന്നിൽ കൂടാത്ത അംഗങ്ങൾ എന്നിവർ മെമ്പർമാരായിരിക്കും. ജില്ലാ പട്ടികജാതി വികസന ആഫീസറായിരിക്കും ഈ കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറി.

ഈ നിയമത്തിന്റെ നടപ്പാക്കലുമായി ബന്ധപ്പെട്ട് ഒരോ സംസ്ഥാനവും വാർഷിക റിപ്പോർട്ട് അതാതവർക്ക് ജൂലൈ ഒന്നിന് മുമ്പായി തന്നെ കേന്ദ്ര സർക്കാറിന് അയച്ചു കൊടുക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാറിലെ Ministry of social Justice and Empowerment ഈ റിപ്പോർട്ടുകൾ സമാഹരിച്ച് പാർലമെന്റിന്റെ ഇരു സഭകളുടെയും മേശപ്പുറത്ത് വെക്കുകയും ചെയ്യുന്നതാണ്.

അതിക്രമത്തിന് ഇരയാകുന്നവർക്ക് അല്ലെങ്കിൽ ആശ്രിതർക്ക് ഓരോന്നിനും ലഭിക്കേണ്ട സാമ്പത്തിക ആനുകൂല്യം എത്രയാണെന്നും അത് ഏത് ഘട്ടത്തിലാണ് നൽകേണ്ടതെന്നും വ്യത്കമായി ഈ നിയമത്തിൽ പറഞ്ഞിട്ടുണ്ട്. നേരത്തെ 90000/- രൂപ ലഭിച്ചുകൊണ്ടിരുന്നത് 1,00,000/- രൂപയായും 75,000/- രൂപ ലഭിച്ചുകൊണ്ടിരുന്നത് 85,000/-രൂപയായും 1,80,000/- രൂപ ലഭിച്ചുകൊണ്ടിരുന്നത് 2,00,000/- രൂപയായും 3,75,000/- രൂപ ലഭിച്ചുകൊണ്ടിരുന്നത് 4,25,000/- രൂപയായും 7,50,000/- രൂപ ലഭിച്ചുകൊണ്ടിരുന്നത് 8,25,000/- രൂപയായും വർദ്ധിപ്പിച്ചുകൊണ്ട് 14/04/2016 മുതൽ പ്രാബല്യത്തിൽ വരുത്തി കേന്ദ്ര സർക്കർ നോട്ടിഫിക്കേഷൻ പുറപ്പടുവിച്ചിട്ടുണ്ട്.

അന്വേഷണത്തിനോ, ഹിയറിംഗിനോ, വിചാരണയ്ക്കോ ആയി താമസ സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് യാത്ര ചെയ്യേണ്ടി വരുമ്പോൾ അതിക്രമത്തിന് ഇരയാകുന്നവർക്കും ആശ്രിതർക്കും സാക്ഷികൾക്കും അനുവദനീയമായ യാത്രാബത്ത, ദിനബത്ത എന്നിവ ലഭിക്കുന്നതിന് അർഹതയുണ്ട്. ഇത് എങ്ങനെയൊക്കെയാണ് ലഭിക്കുന്നത് എന്നതിനെ സംബന്ധിച്ച് ചട്ടം (11) വ്യക്തമായി പറയുന്നു.

ഈ നിയമ പ്രകാരം എടുക്കുന്ന കേസുകളിൽ അന്വേഷണം നടത്തേണ്ടത് ഡെപ്പ്യൂട്ടി സൂപ്രന്റ് ഓഫ് പോലീസിൽ കുറയാത്ത റാങ്കുള്ള ഒരു ഉദ്യോഗസ്ഥനായിരിക്കണം. പ്രസ്തുത ഉദ്യോഗസ്ഥൻ ഇത്തരം കേസുകൾക്ക് മുന്തിയ പരിഗണന നൽകി 30 ദിവസത്തിനുള്ളിൽ തന്നെ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് പോലീസ് സൂപ്രണ്ടിന് സമർപ്പിച്ചിരിക്കണം. സൂപ്രണ്ട് മേൽ റിപ്പോർട്ട് താമസംവിനാ സംസ്ഥാന പോലീസ് മേധാവിയ്ക്ക് (ഡി.ജി,പി) അയച്ചുകൊടുക്കേണ്ടതുണ്ട്.

കേരളത്തിലെ എല്ലാ ജില്ലാ സെഷൻസ് കോടതികളും ഇത്തരം കേസുകൾക്കുള്ള പ്രത്യേക കോടതികളായി പരിഗണിക്കപ്പെടുന്നതിന് പുറമേ കൽപ്പറ്റയിലും മഞ്ചേരിയിലും കൊട്ടാരക്കരയിലും പ്രത്യേക കോടതികൾ തുടങ്ങാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതു കൂടാതെ മറ്റു ചില ജില്ലകളിലും പുതുതായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 3 എസ്.എം.എസ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ഇതോടൊപ്പം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് നടപ്പിലാക്കി വരുന്നു. പോലീസ് ആസ്ഥാനത്ത് ഐ.ജിമാർ, എസ്.പിമാർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് ഇത്തരം കേസുകളുടെ നടപ്പിലെ പുരോഗതി ഡി.ജിപിയും അവലോകനം നടത്താറുണ്ട്.

ഇതിനെല്ലാം പുറമേ പട്ടികജാതി / പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയെ നോഡൽ ആഫീസറായി നോമിനേറ്റ് ചെയ്തുകൊണ്ട് ജില്ലാ മജിസ്ട്രേറ്റ്മാരുടെയും പോലീസ് സൂപ്രണ്ടുമാരുടെയും മറ്റും ബന്ധപ്പെട്ട പ്രവർത്തനങ്ങളെ കോ-ഓർഡിനേറ്റ് ചെയ്യാൻ ചുമതലപ്പെടുത്തിയിരിക്കുന്നു. ഓരോ ത്രൈമാസ അവസാനത്തിലും നോഡൽ ആഫീസർമാർ നടത്തുന്ന റിവ്യൂ മീറ്റിംഗിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാറിൽ ലഭിച്ച റിപ്പോർട്ടുകളും റിജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കേസുകളും പ്രത്യേകമായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിലെ നിയമപാലന സംവിധാനങ്ങളും അതിക്രമത്തിന് ഇരയായവർക്കും ആശ്രിതർക്കും നൽകിയിട്ടുള്ള ആശ്വാസ നടപടികളും അടിയന്തിരമായി നൽകേണ്ട അടിസ്ഥാന ആവശ്യങ്ങളും മറ്റും പരിശോധിക്കുന്നതോടൊപ്പം തന്നെ പട്ടികജാതി /പട്ടികവർഗ്ഗ നോൺ ഗവൺമെന്റൽ ഓർഗ്ഗനൈസേഷനുകളുടെയും പ്രൊട്ടെക്ഷൻ സെല്ലിന്റെയും ബന്ധപ്പെട്ട ഉദ്യാഗസ്ഥരുടെയും പ്രവർത്തനങ്ങളും പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ നിർദ്ദേശിക്കുന്നു.

നിയമം അനുസരിച്ച് കുറ്റകരമാകുന്ന പ്രവർത്തികൾ ചുവടെ ചേർക്കുന്നു.

- പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തെകൊണ്ട് ഭക്ഷ്യയോഗ്യമല്ലാത്തതോ നിന്ദ്യമായതോ ആയ ഏതെങ്കിലും സാധനം തീറ്റിക്കുന്നതിനോ കുടിപ്പിക്കുന്നതിനോ ബലപ്രയോഗം നടത്തുന്നത്.
- പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലെയോ ഏതെങ്കിലും അംഗത്തിന് ക്ഷതിയോ അപമാനമോ അല്ലെങ്കിൽ അലട്ടലോ ഉണ്ടാക്കണമെന്ന ഉദ്ദേശത്തോടു കൂടി വിസർജ്ജന വസ്തുക്കളോ പാഴ് വസ്തുക്കളോ, ജന്തുക്കളുടെ ശവ ശരീരങ്ങളോ, മറ്റേതെങ്കിലും നിന്ദ്യമായ സാധനങ്ങളോ അയാളുടെ പരിസരങ്ങളിലോ അയൽപ്പക്കത്തോ കൂട്ടിയിടുക വഴി പ്രവർത്തിക്കുന്നത്.
- പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തിന്റെ ശരീരത്തിൽനിന്ന് ബലാൽകാരമായി വസ്ത്രങ്ങൾ മാറ്റുകയോ അല്ലെങ്കിൽ മുഖത്തോ ശരീരത്തിലോ ചായം തേച്ചോ നടത്തുന്നതോ അല്ലെങ്കിൽ മനുഷ്യന്റെ അന്തസ്സിന് ന്യൂനതയുണ്ടാക്കുന്ന അതേ പോലെയുള്ള ഏതെങ്കിലും പ്രവൃത്തി ചെയ്യുകയോ ചെയ്യുന്നത്.
- പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തിന് ഉടമസ്ഥാവകാശം ഉള്ളതോ അലോട്ട്മെന്റ് ചെയ്തിട്ടുള്ളതോ അല്ലെങ്കിൽ ക്ഷമതയുള്ള അധികാരസ്ഥനാൽ അലോട്ട് ചെയ്യുന്നതിന് വേണ്ടി വിജ്ഞാപന ചെയ്തിട്ടുള്ളതോ ആയ ഭൂമി അന്യായമായി കൈവശപ്പെടുത്തുകയോ കൃഷി ചെയ്യുകയോ അല്ലെങ്കിൽ അയാൾക്ക് അലോട്ട് ചെയ്ത ഭൂമി കൈമാറ്റം ചെയ്ത് ഏറ്റെടുക്കുകയോ ചെയ്യുന്നത്.
- പട്ടികജാതിയിലെയോ പട്ടികവർഗ്ഗത്തിലെയോ ഒരംഗത്തിന്റെ ഭൂമിയേയോ പരിസര പ്രദേശത്തേയോ അയാളുടെ കൈവശത്തുനിന്നും അന്യായമായി നീക്കം ചെയ്യുകയോ അല്ലെങ്കിൽ ഏതെങ്കിൽ ഭൂമിയിൻ മേലോ പരിസര പ്രദേശത്തിൻമേലോ വെള്ളത്തിൻ മേലോ ഉള്ള അയാളുടെ അവകാശങ്ങൾ അനുഭവിക്കുന്നതിന് കൈകടത്തുകയോ ചെയ്യുന്നത്.

- പട്ടികജാതിയിലെയോ പട്ടികവർഗ്ഗത്തിലെയോ ഒരംഗത്തെ പൊതു ആവശ്യത്തിന് വേണ്ടി സർക്കാർ ഏർപ്പടുത്തിയിട്ടുള്ള ഏതെങ്കിലും നിർബന്ധിത സേവനം ഒഴികെ, ബിഗാർ അല്ലെങ്കിൽ അതേ രൂപത്തിലുള്ള മറ്റു നിർബന്ധിത തൊഴിലോ, അല്ലെങ്കിൽ അടിമപ്പണിയോ ചെയ്യാൻ നിർബന്ധിക്കുകയോ ചെയ്യുന്നത്.
- പട്ടികജാതിയിലെയോ പട്ടികവർഗ്ഗത്തിലെയോ ഒരംഗത്തെ വോട്ട് ചെയ്യാതിരിക്കുന്നതിനോ ഒരു പ്രത്യേക സ്ഥാനാർത്ഥിയ്ക്ക് വോട്ട് ചെയ്യുന്നതിനോ അല്ലെങ്കിൽ നിയമം മൂലം വ്യവസ്ഥ ചെയ്തിട്ടുള്ളതല്ലാത്ത വിധത്തിൽ വോട്ട് ചെയ്യുന്നതിനോ നിർബന്ധിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്നത്.
- പട്ടികജാതിയിലെയോ പട്ടികവർഗ്ഗത്തിലെയോ ഒരംഗത്തിനെതിരായി വ്യാജമായതോ ദുരുദ്ദേശപരമായതോ, ശല്യപ്പടുത്തുന്നതോ ആയ വ്യവഹാരമോ ക്രിമിനൽ നടപടികളോ മറ്റു നിയമ നടപടികളോ ആരംഭിക്കുന്നത്.
- ഏതെങ്കിലും വ്യാജമായതോ നിസ്സാരമായതോ ആയ വിവരം ഏതെങ്കിലും പബ്ലിക്ക് സർവ്വന്റിന് നൽകുകയും അതുവഴി അങ്ങനെയുള്ള പബ്ലിക്ക് സർവ്വന്റിന്റെ നിയമാനുസൃതമായ അധികാരം പട്ടികജാതിയിലെയോ പട്ടികവർഗ്ഗത്തിലെയോ ഒരംഗത്തിനെ ക്ഷതമോ അലട്ടലോ ഉണ്ടാകത്തക്ക വിധം ഉപയോഗിക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നത്.
- പട്ടികജാതിയിലെയോ പട്ടികവർഗ്ഗത്തിലെയോ ഒരംഗത്തെ പൊതുജന ദൃഷ്ടിയിൽപ്പെടുന്ന ഏതെങ്കിലും സ്ഥലത്ത് വെച്ച് അവഹേളിക്കണമെന്ന ഉദ്ദേശത്തോടുകൂടി അപമാനിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്നത്.
- പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെടുന്ന ഏതെങ്കിലും സ്ത്രീയെ അനാദരിക്കുകയോ മാനഭംഗപ്പെടുത്തുകയോ ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി അവളുടെ നേരെ കൈയ്യേറ്റം നടത്തുകയോ ബലം പ്രയോഗിക്കുകയോ ചെയ്യുന്നത്.
- പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട ഒരു സ്ത്രീയുടെ ഇച്ഛയെ സ്വാധീനപ്പെടുത്താവുന്ന ഒരു സ്ഥാനത്ത് ഇരിക്കുകയോ അങ്ങനെ അല്ലായിരുന്നുവെങ്കിൽ അവർ സമ്മതിക്കില്ലായിരുന്ന ലൈംഗിക ചൂഷണത്തിന് ആ സ്ഥാനം ഉപയോഗിക്കുകയും ചെയ്യുന്നത്.
- പട്ടികജാതിയിലെയോ പട്ടികവർഗ്ഗത്തിലെയോ അംഗങ്ങൾ സാധാരണയായി ഉപയോഗിക്കുന്ന ഏതെങ്കിലും നീരുറവയിലേയോ ജലസംഭരണിയിലേയോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്രോതസ്സിലേയോ ജലം, അവ സാധാരണയായി ഉപയോഗിക്കുന്ന ആവശ്യത്തിനുള്ള അനുയോജ്യത കുറയത്തക്കവിധം ദൂഷിപ്പിക്കുകയോ മലിനമാക്കുകയോ ചെയ്യുന്നത്.
- പട്ടികജാതിയിലെയോ പട്ടികവർഗ്ഗത്തിലെയോ ഒരംഗത്തിന് ഒരു പൊതുസങ്കേതസ്ഥലത്തേക്ക് കടക്കുവാൻ കീഴ്നടപ്പ് പ്രകാരമുള്ള അവകാശം നിഷേധിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള അംഗത്തെ പൊതുജനങ്ങളിലെ മറ്റു അംഗങ്ങൾക്കോ അതിന്റെ ഏതെങ്കിലും സ്വാഭാവത്തിനോ ഉപയോഗിക്കുവാനോ പ്രവേശിക്കുവാനോ പൊതു സങ്കേതസ്ഥലം ഉപയോഗിക്കുന്നതിൽനിന്നോ അവിടേക്ക് പ്രവേശിക്കുന്നതിൽ നിന്നോ അയാളെ തടയത്തക്കവിധം ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നത്.
- പട്ടികജാതിയിലെയോ പട്ടികവർഗ്ഗത്തിലെയോ ഒരംഗത്തെ തന്റെ വീടോ ഗ്രാമമോ അല്ലെങ്കിൽ മറ്റ് വാസസ്ഥലമോ വിട്ടു പോകുന്നതിന് നിർബന്ധിക്കുകയോ ഇടയാക്കുകയോ ചെയ്യുന്നത്.
- അതിക്രമങ്ങൾക്ക് വിധേയരാകുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ധനസഹായം അനുവദിക്കുന്നതിന് വേണ്ടിയുള്ള അപേക്ഷകൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. നഷ്ടപരിഹാരത്തിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം നഷ്ടം തിട്ടപ്പെടുത്തിക്കൊണ്ടുള്ള തഹസിൽദാരുടെ സർട്ടിഫിക്കറ്റും പോലീസിന്റെ ക്രൈം റിപ്പോർട്ടും ഹാജരാക്കണം.

പട്ടിക 4.4.1.11: അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് അനുവദിക്കാവുന്ന ആനുകൂല്യങ്ങൾ
ഭാരത സർക്കാരിന്റെ (14/04/2016 ലെ സാധാരണ ഗസറ്റ് വിജ്ഞാപനം)
ജി.എസ്.ആർ 424 (ഇ) പ്രകാരം പരിഷ്കരിച്ചത്

ക്രമ നം	കുറ്റകൃത്യത്തിന്റെ പേര്	നഷ്ടപരിഹാരമായി ലഭിക്കുന്ന തുക
1	ഭക്ഷ്യയോഗ്യമല്ലാത്തതോ നിന്ദ്യമായതോ ആയ ഏതെങ്കലും സാധനം തീറ്റിക്കുകയോ കുടിപ്പിക്കുകയോ ചെയ്യുന്നത്. (വകുപ്പ് 3 (i) (i))	കുറ്റകൃത്യത്തിന്റെ തീവ്രതയും സ്വഭാവവും അനുസരിച്ച് കുറ്റകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും 1,00,000/- രൂപയോ അതിൽ കൂടുതലോ ഇതു കൂടാതെ കുറ്റകൃത്യത്തിനിരയായ വ്യക്തിക്ക് നേരിട്ട അപമാനം, പരിക്ക്, മാനഹാനി എന്നിവയ്ക്ക് ആനുപാതികമായ തുക താഴെ പറയുന്ന പ്രകാരം നഷ്ടപരിഹാരം നൽക്കേണ്ടതാണ്.
2	ഘാനിയോ അപമാനമോ ഉപദ്രവമോ ഉണ്ടാക്കുക (വകുപ്പ് 3 (i) (ii))	i.F.I.R-സമർപ്പിക്കുമ്പോൾ 10% ii. ചാർജ്ജ് ഷിറ്റ് കോടതിയിൽ സമർപ്പിക്കുമ്പോൾ 50% iii. പ്രതിക്കെതിരെ കീഴ്കോടതി കുറ്റ സ്ഥാപനം നടത്തുമ്പോൾ ബാക്കി 40%
3	അന്തസ്സിന് ന്യൂനത ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ (വകുപ്പ് 3 (i) (iii))	

4	ഭൂമി അനധികൃതമായി കൈവശപ്പെടുത്തുകയോ ഭൂമിയിൽ കൃഷി നടത്തുകയോ ചെയ്യുന്നത് (വകുപ്പ് 3 (i) (iv))	കുറ്റകൃത്യത്തിന്റെ തീവ്രതയും സ്വഭാവവും അനുസരിച്ച് കുറ്റകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും കുറഞ്ഞത് 1,00,000/- രൂപയോ അതിൽ കൂടുതലോ അങ്ങനെയുള്ള ഭൂമിയോ വസ്തുവകകളോ ജലസേചന സൗകര്യമോ ആവശ്യമാണെന്ന് കാണുന്ന പക്ഷം സർക്കാർ ചെലവിൽ തന്നെ പുന:സ്ഥാപിച്ച് നൽകേണ്ടതും കോടതിയിൽ കുറ്റകൃത്യം സമർപ്പിക്കുന്ന സമയത്ത് നഷ്ടപരിഹാരത്തുകയും നൽകേണ്ടതുമാണ്.
5	ഭൂമിയേയോ വസ്തുവകകളേയോ ജലത്തേയോ സംബന്ധിച്ചുള്ള കുറ്റങ്ങൾ (വകുപ്പ് 3 (i) (v))	

- സംസ്ഥാന സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, അതിക്രമങ്ങൾ തടയുന്നതിനും പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ അംഗങ്ങൾക്കിടയിൽ സുരക്ഷിത ബോധം പുന:സ്ഥാപിക്കുന്നതിനുമുള്ള സമുചിത നടപടി നിർദ്ദേശിച്ചുകൊണ്ട് ഒന്നോ അതിൽ കൂടുതലോ പദ്ധതികൾ ഉപ വകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട രീതി നിർദ്ദേശിച്ചുകൊണ്ടുള്ളത് തയ്യാറാക്കാവുന്നതാണ്.

വകുപ്പ്- (18) നിയമത്തിന് കീഴിലുള്ള ഒരു കുറ്റം ചെയ്യുന്ന ആളുകൾക്ക് ക്രിമിനൽ നടപടി നിയമത്തിലെ 438 ാം വകുപ്പ് ബാധകമാകുന്നതല്ലെന്ന്, നിയമത്തിലെ 438 ാം വകുപ്പിലുള്ള യാതൊന്നും ഈ നിയമത്തിൻ കീഴിലുള്ള ഒരു കുറ്റംചെയ്തതായുള്ള ഒരു ആരോപണത്തിൻമേൽ ഏതെങ്കിലും ആളുകളുടെ ആറസ്റ്റ് ഉൾക്കൊള്ളുന്ന എതെങ്കിലും കേസിലെ സംബന്ധിച്ചിടത്തോളം ബാധകമാകുന്നതല്ല.

വകുപ്പ് -19 നിയമത്തിന് കീഴിലുള്ള ഒരു കുറ്റത്തിന് അപരാധിയായുള്ള ആളുകൾക്ക് ക്രിമിനൽ നടപടി നിയമത്തിലെ 360-ാം വകുപ്പോ കുറ്റക്കാരുടെ പ്രൊബേഷൻ നിയമത്തിലെ വ്യവസ്ഥകളോ ബാധകമാകുന്നതല്ലെന്ന് ഈ നിയമത്തിന് കീഴിലുള്ള ഒരു കുറ്റം ചെയ്തതിന് അപരാധിയാണെന്ന് കാണപ്പെട്ട 18 വയസ്സിന് മുകളിൽ പ്രായമുള്ള യാതൊരാളിനും ക്രിമിനൽ നടപടി നിയമത്തിലെ 360-ാം വകുപ്പിലുള്ള വ്യവസ്ഥകളും 1958 ലെ 20 വ്യവസ്ഥകളും ബാധകമാകുന്നതല്ല.

ക്രമ നം	കുറ്റകൃത്യത്തിന്റെ പേര്	നഷ്ടപരിഹാരമായി ലഭിക്കുന്ന തുക
6	ബീഗാർ അല്ലെങ്കിൽ അടിമപ്പണി അല്ലെങ്കിൽ നിർബന്ധിത തൊഴിൽ എന്നിവ ചെയ്യിപ്പിക്കുന്നത്. (വകുപ്പ് 3 (i) (vi))	കുറ്റകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും കുറഞ്ഞത് 1,00,000/- രൂപ ഇതിൽ 25% പ്രഥമ വിവര റിപ്പോർട്ട് സമർപ്പിക്കുന്ന ഘട്ടത്തിലും 50% ചാർജ് ഷീറ്റ് കോടതിയിൽ സമർപ്പിക്കുമ്പോഴും ബാക്കി 25% കീഴ്കോടതി പ്രതിക്കെതിരെ കുറ്റസ്ഥാപനം നടത്തുമ്പോഴും
7	വോട്ടവകാശം വിനിയോഗിക്കുന്നത് സംബന്ധിച്ച് (വകുപ്പ് 3 (i) (vii))	കുറ്റകൃത്യത്തിന്റെ സ്വഭാവവും തീവ്രതയും അനുസരിച്ച് കുറ്റകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും 85,000/- രൂപ, 25% F.I.R 50% ചാർജ്ജ് ഷീറ്റ്, 25% കുറ്റസ്ഥാപനം
8	വ്യാജമോ ദുരുദ്ദേശപരമോ ശല്യപ്പെടുത്തുന്നതോ ആയ വ്യവഹാരം (വകുപ്പ് 3 (i) (viii))	85,000/- രൂപ അല്ലെങ്കിൽ നിയമ നടപടിക്ക് ചെലവായ തുകയും നഷ്ടമായ തുകയും ഇവയിലേതാണ് കുറവ് അത് 25% F.I.R, 50% ചാർജ്ജ് ഷീറ്റ്, 25% കുറ്റസ്ഥാപനം
9	വ്യാജമോ നിസ്സാരമോ ആയ വിവരം (വകുപ്പ് 3 (i) (ix))	
10	അപമാനിക്കുകയോ പ്രകോപിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്നത് (വകുപ്പ് 3 (i) (x))	കുറ്റകൃത്യത്തിന്റെ തീവ്രതയും സ്വഭാവവും അനുസരിച്ച് കുറ്റകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും ഒരുലക്ഷംരൂപ വരെ. F.I.R. കോടതിയിൽ സമർപ്പിക്കുമ്പോൾ തുകയുടെ 25%, 50% ചാർജ്ജ് ഷീറ്റ്, 25% കുറ്റസ്ഥാപനം.
11	ഒരു സ്ത്രീയെ അനാദരിക്കുകയോ മാനഭംഗപ്പെടുത്തുകയോ ചെയ്യുന്നത്. (വകുപ്പ് 3 (i) (xi))	കുറ്റകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും 2,00,000/- രൂപ ഈ തുകയിൽ 25% വൈദ്യ പരിശോധനയ്ക്ക് ശേഷവും ബാക്കി 50% ചാർജ്ജ് ഷീറ്റ്, 25% വിചാരണ തീർന്ന ശേഷവും നൽക്കേണ്ടതാണ്.
12	സ്ത്രീയെ ലൈംഗിക ചൂഷണം നടത്തുന്നത്. (വകുപ്പ് 3 (i) (xii))	
13	ജലസ്രോതസ്സിന് ദുഷിപ്പിക്കുന്നത് (വകുപ്പ് 3 (i) (xiii))	3,75,000/- രൂപ വരെ പിഴ അല്ലെങ്കിൽ അങ്ങനെയുള്ള ഉറവ വ്യത്തിയാക്കുന്നതിന് സാധാരണ സ്ഥിതി പുന:സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള ചെലവ് ജില്ലാ ഭരണകൂടത്തിന് യുക്തമെന്ന് തോന്നുന്ന ഘട്ടങ്ങളിൽ തുക നൽകാവുന്നതാണ്.

14	കീഴ്നടപ്പു പ്രകാരം വഴി നടക്കാനുള്ള അവകാശം നിഷേധിക്കുന്നത് (വകുപ്പ് 3 (i) (xiv))	വഴി നടക്കാനുള്ള അവകാശം പുന:സ്ഥാപിക്കുന്നതിനുള്ള ചെലവും നഷ്ട പരിഹാര തുകയും ഉൾപ്പെടെ 4,25,000/- രൂപ വരെ പിഴ- 25% എഫ്.ഐ.ആർ കുറ്റപത്രം സമർപ്പിക്കുമ്പോൾ 50%, 25% പ്രതിയെ കീഴ്ക്കോടതി ശിക്ഷിക്കുമ്പോൾ.
15	വീടു വിട്ടു പോകുന്നതിന് ഇടയാക്കുക (വകുപ്പ് 3 (i) (xv))	അങ്ങനെയുള്ള സ്ഥലത്തിനും താമസത്തിനുമുള്ള അവകാശം പുന:സ്ഥാപിച്ച് നൽകുന്നതിലേക്കും 1,00,000 രൂപ നഷ്ടപരിഹാരവും വീട് നശിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ സർക്കാർ ചെലവിൽ പുനർ നിർമ്മാണം. 25% എഫ്.ഐ.ആർ, 50% ചാർജ്ജ് ഷീറ്റ്, 25% കുറ്റസ്ഥാപനം
16	വ്യാജ്യമായ തെളിവു നൽകുന്നത് (വകുപ്പ് 3 (2) (i) & (ii))	കുറ്റകൃത്യത്തിനിരയായ വ്യക്തിക്ക് കുറഞ്ഞത് 4,00,000/- രൂപ നഷ്ടപരിഹാരം അല്ലെങ്കിൽ നേരിട്ട നാശനഷ്ടത്തിനോ ഹാനിക്കോ മുഴുവൻ നഷ്ട പരിഹാരം. 25% എഫ്.ഐ.ആർ 50% ചാർജ്ജ് ഷീറ്റ്, 25% കുറ്റസ്ഥാപനം
17	ഇന്ത്യൻ ശിക്ഷാ നിയമ പ്രകാരം 10 വർഷമോ അതിലധികമോ തടവു ശിക്ഷ ലഭിക്കുന്ന കുറ്റകൃത്യങ്ങൾ ചെയ്യുന്നത്. (വകുപ്പ് 3 (2) (v)	കുറ്റകൃത്യത്തിന്റെ സ്വഭാവവും തീവ്രതയും അനുസരിച്ച് കുറഞ്ഞത് 4,00,000/- രൂപയെങ്കിലും നഷ്ടപരിഹാരം. ഈ പട്ടികകയിൽ മറ്റുവിധത്തിൽ പറഞ്ഞിട്ടുള്ള പക്ഷം മേൽ തുകയിൽ മാറ്റം വരുന്നതാണ്. 25% എഫ്.ഐ.ആർ 50% ചാർജ്ജ് ഷീറ്റ്, 25% കുറ്റസ്ഥാപനം
18	ഒരു പബ്ലിക്ക് സർവ്വീസിനാൽ അധാർമ്മികമായി പീഡിപ്പിക്കപ്പെടുന്നത്. (വകുപ്പ് 3 (2) (vii)	സംഭവിച്ച നാശനഷ്ടത്തിനോ പരിക്കിനോ ഉള്ള മുഴുവൻ നഷ്ട പരിഹാരം 2,00,000/-
19	പരാധീനത പരാധീനത എന്നതിന്റെ നിർവ്വചനം Personal Disabilities (equal opportunities, protection of Rights full participation) Act, വകുപ്പ് 2 പ്രകാരമുള്ളതും ഭാരത സർക്കാരിന്റെ സാമൂഹ്യ നീതിയും ശാക്തീകരണവും പുറത്തിറക്കിയിട്ടുള്ള 1/6/2001 ലെ വിജ്ഞാപനം 154-ാം നമ്പറിൽ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വിലയിരുത്താവുന്നതാകുന്നു. പ്രസ്തുത വിജ്ഞാനപനത്തിന്റെഒരു പകർപ്പ് ഷെഡ്യൂളിലെ അനക്ഷർ 2 ൽ പരാമർശിക്കുന്നു.	കുറ്റകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും കുറഞ്ഞത് 8,25,000/- രൂപ വരെ നഷ്ടപരിഹാരം ഇതിൽ 50% മെഡിക്കൽ റിപ്പോർട്ട് സമർപ്പിക്കുമ്പോഴും 50% കുറ്റപത്രം കോടതിക്ക് നൽകുമ്പോഴും നൽകേണ്ടതാണ്.
	a. 100% അംഗവൈകല്യമുള്ള വ്യക്തിക്ക്	8,25000/-
	b. അംഗവൈകല്യം 100%ത്തിന് താഴെയും 50% മുകളിലും ആണെങ്കിൽ	4,25,000/- (50:50)
	c. അംഗവൈകല്യം 50% താഴെയാണെങ്കിൽ	2,50,000/- (50:50)
20	കൊലപാതകം, മരണം	കുറ്റകൃത്യത്തിനിരയായവർക്ക് 8,25,000/- രൂപ നഷ്ടപരിഹാരം, പോസ്റ്റ്മാർട്ടം കഴിഞ്ഞശേഷം തുകയുടെ 50% വും കീഴ്ക്കോടതി ശിക്ഷ വിധിച്ച ശേഷം തുകയുടെ ബാക്കി 50% വും നൽകേണ്ടതാണ്.
21	കൊലപാതകം, മരണം, കൂട്ടക്കൊല, ബലാൽസംഗം, കൂട്ടബാലാൽസംഗം, സ്ഥിരമായ അംഗവൈകല്യം,കവർച്ച എന്നിവയ്ക്ക് ഇരയാകുന്നത്	മുകളിൽ പറഞ്ഞിട്ടുള്ള സഹായങ്ങൾക്കു പുറമേ പീഡനം നടന്ന് മൂന്നു മാസത്തിനുള്ളിൽ താഴെ പറയുന്ന പ്രകാരമുള്ള സഹായങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്. 1. മരണപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരംഗത്തിന്റെ വിധവയ്ക്കോ അല്ലെങ്കിൽ മറ്റു ആശ്രിതർക്കോ മാസംതോറും 5000/- രൂപ വീതം പെൻഷൻ അല്ലെങ്കിൽ മരണപ്പെട്ട ആളുടെ കുടുംബത്തിലെ ഒരംഗത്തിന് ജോലി അല്ലെങ്കിൽ കൃഷി ഭൂമിയോ വീടോ. 2. കുറ്റകൃത്യത്തിനിരയായ വ്യക്തികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും പരിപാലനത്തിനും വേണ്ടുന്ന മുഴുവൻ തുക. കുട്ടികളെ ആശ്രമം സ്കൂളുകളിലോ റസിഡൻഷ്യൽ സ്കൂളുകളിലോ പ്രവേശിപ്പിക്കാവുന്നതാണ്. 3. മൂന്നു മാസത്തേക്ക് അത്യാവശ്യമായ ഭക്ഷണ സാധനങ്ങളും അവ പാചകം ചെയ്യുന്നതിനുള്ള ഉപകരണങ്ങളും.
22	വീട് പരിപൂർണ്ണമായി നശിപ്പിക്കുകയോ അഗ്നിക്കിരയാക്കുകയോ ചെയ്യുന്നത്	സർക്കാർ ചെലവിൽ വീട് നിർമ്മിച്ച് നൽകുകയോ സർക്കാർ വീട് നൽകുകയോ ചെയ്യേണ്ടതാണ്.

പൊതു നിർദ്ദേശങ്ങൾ

- പട്ടികജാതി വിഭാഗത്തിനായി കരിയർ ഗൈഡൻസ് സെന്ററുകൾ ആരംഭിക്കൽ.
- പഞ്ചായത്ത്/കോളനി കേന്ദ്രീകരിച്ച് കുട്ടികൾക്കായി പഠന വീട് ആരംഭിക്കൽ.
- പ്രൊഫഷണൽ കോഴ്സ് വിജയിച്ചവർക്ക് പൊതു സ്വകാര്യ വ്യവസായ ശാലകളിലും മറ്റും പരിശീലനത്തിന് അവസരം സൃഷ്ടിക്കൽ.
- വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ (അക്ഷയകേന്ദ്രം, ഐ.ടി. മിഷൻ മുതലായവ) പട്ടികജാതി വിഭാഗങ്ങളുടെ സമഗ്ര വിവരശേഖരണം നടത്തൽ.
- പട്ടികജാതി വികസനത്തിനായുള്ള ഫണ്ടുകൾ പട്ടികജാതി വികസന വകുപ്പ്, ത്രിതല പഞ്ചായത്തുകൾ, ഫിഷറീസ്, ക്ഷീര വികസനം, മൃഗസംരക്ഷണം, കേരള വാട്ടർ അതോറിറ്റി എന്നീ വകുപ്പുകൾ മുഖേന ചെലവഴിക്കുന്നുണ്ട്. അവ ഏകോപിപ്പിക്കുന്നതിന് ജില്ലാ തലത്തിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കൽ.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- പട്ടികജാതി വിഭാഗക്കാരുടെ പാർപ്പിട നിർമ്മാണത്തിൽ സ്വയം പര്യാപ്തത നേടാൻ ലൈഫ് മിഷൻ പ്രവർത്തനം കാര്യക്ഷമമാക്കൽ.
- എല്ലാ പട്ടിക ജാതി വിഭാഗങ്ങൾക്കും കൈവശ ഭൂമിക്ക് പട്ടയം നൽകൽ, മിച്ചഭൂമി ലഭിച്ചവർക്കും പട്ടയം നൽകൽ.
- വിജ്ഞാൻവാടി ശാക്തീകരണവും, ആവശ്യമായ ജീവനക്കാരെ നിയമിക്കലും. നിലവിൽ പട്ടികജാതി കോളനികളിൽ പ്രവർത്തിക്കുന്ന വിജ്ഞാൻവാടികളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് അഭ്യസ്തവിദ്യാരായ യുവതി യുവാക്കളുടെ സേവനം ഉറപ്പാക്കൽ. പ്രസ്തുത വിജ്ഞാൻവാടികളിൽ വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി തൊഴിൽ രംഗത്ത് മാറ്റങ്ങൾ സൃഷ്ടിക്കൽ.
- അസംഘടിത മേഖലയിൽ പണിയെടുക്കുന്ന എല്ലാ പട്ടികജാതി കുടുംബങ്ങളെയും ബി.പി.എൽ വിഭാഗത്തിൽപ്പെടുത്തി അവർക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കൽ.
- മത്സര പരീക്ഷകൾക്ക് പരിശീലനം നൽകാൻ Pre Examination Training Centre (PETC) ആരംഭിക്കൽ. സർക്കാർ / അർദ്ധ സർക്കാർ / സ്വകാര്യ മേഖലകളിൽ പട്ടികജാതി വിഭാഗക്കാരുടെ പ്രാതിനിധ്യം താരതമ്യേന കുറവാണ്. ആയത് പരിഹരിക്കുന്നതിന് ജില്ലാ തലത്തിൽ പരിശീലന കേന്ദ്രം ആരംഭിച്ച് വിദഗ്ദ പരിശീലനം നൽകി പൊതു പരീക്ഷകൾ നേരിടുന്നതിന് സജ്ജരാക്കൽ.
- ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി ചുരുങ്ങിയത് 5 വർഷമാക്കൽ.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- പട്ടികജാതി വിഭാഗങ്ങളിൽ ഉന്നത വിദ്യാഭ്യാസം നേടിയ യുവതീ യുവാക്കൾക്ക് പരിശീലനവും തൊഴിലും ഉറപ്പാക്കൽ.
- പട്ടികജാതി വിഭാഗക്കാരുടെ പരമ്പരാഗത തൊഴിലിന് പ്രോത്സാഹനവും ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തലും.
- എക്സൈസ് വകുപ്പിന്റെ വിമുക്തി പദ്ധതിയുമായി യോജിച്ച് ലഹരിക്കെതിരെ ബോധവത്കരണം
- ബ്ലോക്കുതലത്തിൽ പട്ടികജാതി വിഭാഗക്കാർക്കായി കരിയർ ഗൈഡൻസ് കേന്ദ്രങ്ങൾ
- മോഡൽ റസിഡൻഷ്യൽ സ്കൂളും പ്രീമെട്രിക് ഹോസ്റ്റലുകളും മികച്ച സൗകര്യങ്ങളോടെ വികസിപ്പിക്കൽ.
- കോളനികളിലെ വീടുകളുടെ വൈദ്യുതീകരണം പൂർണ്ണമാക്കൽ.
- പട്ടിക ജാതി കോളനികളിലേക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തൽ
- ഭവനനിർമ്മാണം - വീട് റിപ്പയർ ചെയ്യൽ (ലൈഫ് മിഷൻ ഏകോപനം)
- ചികിത്സാ സൗകര്യങ്ങൾ, ചികിത്സാ സഹായം ലഭ്യമാക്കൽ (ആർദ്രം പദ്ധതി ഏകോപനം)
- ശുചിത്വ പൂർണ്ണമായ ആവാസ വ്യവസ്ഥ കോളനികളിൽ സൃഷ്ടിക്കൽ(ഹരിത കേരളം മിഷൻ ഏകോപനം).
- പട്ടികജാതി വികസനസ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കൽ (ഓഫീസുകൾ, ഹോസ്റ്റലുകൾ, വിദ്യാലയം).
- മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന കേന്ദ്രങ്ങൾ ബ്ലോക്കു തലത്തിൽ സ്ഥാപിക്കൽ.
- പട്ടികജാതി കുട്ടികൾ പഠിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റൽ.
- പട്ടികജാതി കോളനികളിൽ GPS മാപ്പിംഗ് നടത്തി നിലവിൽ ലഭ്യമായ പശ്ചാത്തല സൗകര്യങ്ങൾ, വീടുകൾ, കുടുംബങ്ങൾ എന്നിവ മാർക്ക് ചെയ്ത് പദ്ധതികൾ ആസൂത്രണം നടത്തൽ.
- പട്ടികജാതിവികസനവകുപ്പ്, ത്രിതല പഞ്ചായത്തുകൾ എന്നിവ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ സംയോജന ഏകോപന സാധ്യതകൾ ഉറപ്പുവരുത്തൽ.
- സ്വയം തൊഴിൽ പദ്ധതികൾക്ക് അനുയോജ്യമായ പരിശീലന പരിപാടികൾ ഗ്രാമപഞ്ചായത്തുതലത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കൽ.
- പട്ടികജാതിക്കാരുടെ ഇടയിലുള്ള കുലത്തൊഴിൽ, കല എന്നിവ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കൽ.

പട്ടികജാതി വികസനം

- ഉന്നത വിദ്യാഭ്യാസ രംഗത്ത് പട്ടിക ജാതി വിഭാഗക്കാർക്ക് പരമാവധി സാധ്യതകൾ ലഭിക്കുന്നതിന് എൻട്രൻസ് പരിശീലനം, കരിയർ ഗൈഡൻസ് എന്നിവ സംഘടിപ്പിക്കൽ.
- എല്ലാ പട്ടികജാതി കോളനികളിലും സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ.
- പൊതുമേഖലയെ കൂടാതെ സ്വകാര്യമേഖലകളിലും പട്ടികജാതിക്കാർക്കായി തൊഴിൽ സംവരണം ഏർപ്പെടുത്തൽ.
- എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കൽ.
- പട്ടികജാതി വിഭാഗത്തിലെ ഭിന്നശേഷിക്കാർക്ക് പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ.
- പഠന രംഗത്ത് മികവ് പ്രകടിപ്പിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് രാജ്യത്തിനകത്തു നിന്നും വിദേശ രാജ്യത്തുനിന്നും സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പട്ടികജാതിക്കാരായ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ.
- കാർഷിക മേഖലയിൽ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് പട്ടികജാതിക്കാർക്ക് പ്രത്യേക കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ.
- മുഴുവൻ പട്ടികജാതിക്കാരെയും ആരോഗ്യഇൻഷൂറൻസ് പദ്ധതിയുടെ കീഴിൽ കൊണ്ടുവരൽ.
- പട്ടികജാതിയിൽപ്പെട്ട വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പാക്കേജുകൽ ആവിഷ്കരിക്കൽ.
- പ്രൊഫഷണൽ കോളേജുകളിൽ പഠിച്ച് ഇടയിൽ വെച്ച് പഠനം നിർത്തുന്ന വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേക ഫിനിഷിംഗ് സെന്ററുകൾ ആരംഭിക്കൽ.
- പട്ടികജാതി വിദ്യാർത്ഥികൾക്കിടയിലുള്ള തോൽവിയും കൊഴിഞ്ഞുപോക്കും തടയുന്നതിന് ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ.
- കലാ-കായികമേഖലകളിൽ കഴിവ് തെളിയിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രസ്തുത മേഖലകളിൽ കൂടുതൽ പരിശീലനം നേടുന്നതിന് സൗകര്യം ഏർപ്പെടുത്തൽ.
- പട്ടികജാതി കോളനികൾക്കകത്ത് മുന്തിയ പാശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
- കോളനിക്കകത്ത് മാലിന്യനിർമ്മാർജ്ജനത്തിനും, ഡ്രെയിനേജിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ.
- ഹരിതകേരളം മിഷന്റെ ഭാഗമായി പട്ടികജാതി കോളനികളിലെ മുഴുവൻ കിണറുകളും റീചാർജ്ജിംഗ് നടത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കൽ.
- മുഴുവൻ പട്ടികജാതികോളനികളിലും ജൈവപച്ചക്കറി ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ.
- എല്ലാ പട്ടികജാതി കോളനികളിലും സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
- കാർഷിക മേഖലയിൽ തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിന് കാർഷികകർമ്മസേന രൂപീകരിക്കൽ. കർഷക തൊഴിലാളികൾക്ക് ആധുനിക കൃഷി സങ്കേതങ്ങളിൽ പരിശീലനം നൽകൽ
- സർക്കാർ ജോലിയ്ക്കായി എസ് സി ഉദ്യോഗാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിന് 'പ്രബല' പരിശീലന സ്ഥാപനങ്ങളിൽ പരിശീലന സൗകര്യം ഏർപ്പെടുത്തൽ.
- പട്ടികജാതി വികസന പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കൽ.
- ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകളെ പുനരധിവസിപ്പിക്കുവാനും അവർക്ക് സംരക്ഷണം നൽകുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കൽ.
- അവിവാഹിതരായ അമ്മമാരെ പുനരധിവസിപ്പിക്കാനും സംരക്ഷിക്കാനുമുള്ള പദ്ധതികൾ നടപ്പിലാക്കൽ.
- കുടുംബശ്രീ പ്രവർത്തനം പട്ടികജാതി കോളനികളിൽ ഫലപ്രദമാക്കൽ.

4.4.2 പട്ടികവർഗ്ഗ വികസനം

ജനസംഖ്യയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കൂടുതൽ പട്ടിക വർഗ്ഗക്കാർ താമസിക്കുന്ന രണ്ടാമത്തെ ജില്ലയാണ് കാസറഗോഡ്. ജില്ലയുടെ മൊത്തം ജനസംഖ്യയിൽ 6.3 ശതമാനം പട്ടികവർഗ്ഗക്കാരാണ്. ജില്ലയിലെ 32 ഗ്രാമ പഞ്ചായത്തുകളിലും 2 മുൻസിപ്പാലിറ്റികളിലും പട്ടികവർഗ്ഗക്കാർ താമസിക്കുന്നു. ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗക്കാർ സാമൂഹിക-സാമ്പത്തിക പുരോഗതിയിൽ വളരെയേറെ പിന്നിലാണ് നിൽക്കുന്നത്. ഈ വിഭാഗക്കാരുടെ ഇടയിൽ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ എണ്ണം കൂടി വരികയാണ്. സാങ്കേതിക വൈദഗ്ദ്ധ്യം ലഭിച്ച തൊഴിൽരഹിതരുടെ പ്രശ്നവും മേഖലയിൽ രൂക്ഷമായികൊണ്ടിരിക്കുകയാണ്. കാർഷികവൃത്തിയിൽ നൂതനമായ കൃഷിരീതികൾ അവലംബിക്കുന്നതിന് പകരം പാരമ്പര്യരീതിയിലാണ് പട്ടികവർഗ്ഗക്കാർ കൂടുതലായി സ്വീകരിക്കുന്നത്. നിർമ്മാണ മേഖലയിൽ നിപുണരായ പട്ടികവർഗ്ഗക്കാർ നിരവധിയാണ്. ജില്ലയിൽ ഗതാഗത സൗകര്യമില്ലാത്ത നിരവധി പട്ടികവർഗ്ഗ കോളനികളുണ്ട്. കുടിവെള്ളം, വൈദ്യുതി, വീട് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയിൽ മറ്റ് വിഭാഗങ്ങളെ അപേക്ഷിച്ച് പട്ടിക വർഗ്ഗക്കാർ പിറകിലാണുള്ളത്. ജില്ലയുടെ പൊതുവായ വികസനം ലക്ഷ്യമിടുമ്പോൾ പട്ടികവർഗ്ഗ മേഖലയിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ, പ്രാചീനമായ കൃഷിരീതി, പട്ടികവർഗ്ഗ കോളനികളുടെ പിന്നോക്കാവസ്ഥ എന്നിവ മാറ്റാനുള്ള പ്രത്യേക നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ 2003 വരെ 29000 ആയിരുന്നു. അക്കാലത്ത് പട്ടികവർഗ്ഗ ജനസംഖ്യയിൽ 90% മറാട്ടി വിഭാഗമായിരുന്നു. 08.01.2003 ലെ കേന്ദ്ര സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 26000 ൽ പരം വരുന്ന മറാട്ടി വിഭാഗത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ നിന്നും ഒഴിവാക്കുകയും മാവിലൻ, മലവേട്ടുവൻ വിഭാഗങ്ങളെ പുതുതായി പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു. 2003 മുതൽ മാവിലൻ, മലവേട്ടുവൻ, കൊറഗ, മലക്കുടിയ, മലവേടൻ, മലയരയ എന്നിവരാണ് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾ. ഈ കാലയളവിൽ ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ 43722 ആയിരുന്നു. മാവിലൻ വിഭാഗമായിരുന്നു ജനസംഖ്യയിൽ മുൻപിൽ. തൊട്ടടുത്ത് മലവേട്ടുവൻ വിഭാഗവും. കൊറഗ, മലക്കുടിയ, മലയരയ, മലവേടൻ എന്നീ ക്രമത്തിലാണ് ജനസംഖ്യയുടെ അടിസ്ഥാനത്തിൽ മറ്റു വിഭാഗങ്ങൾ. 2008 ലെ കില സർവ്വെ റിപ്പോർട്ട് പ്രകാരം ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ 47791 പേരാണ്.

2014 ൽ മറാട്ടി വിഭാഗത്തെ വീണ്ടും പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയതോടെ ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ 83865 ആയി വർദ്ധിച്ചു. പട്ടികവർഗ്ഗ പ്രൊമോട്ടർമാർ മുഖേന പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് നടത്തിയ കണക്കെടുപ്പിലെ വിവരമാണ് ജനസംഖ്യാ കണക്കായി ചേർത്തിട്ടുള്ളത്. ഇക്കാര്യത്തിലുള്ള ഏറ്റവും ഒടുവിലത്തെ ആധികാരികമായ കണക്കുകളാണ് ഇത്.

ജില്ലയിലെ പ്രധാനപ്പെട്ട പട്ടികവർഗ്ഗ വിഭാഗങ്ങൾ

- **മറാത്തി:** ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യയിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന വിഭാഗമാണ്. സാമൂഹ്യമായും സാമ്പത്തികമായും, വിദ്യാഭ്യാസപരമായും ജില്ലയിലെ മറ്റു പട്ടികവർഗ വിഭാഗങ്ങളെക്കാൾ മുന്നിൽ നിൽക്കുന്നു. 2003 ൽ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ഒഴിവാക്കപ്പെട്ട മറാഠി വിഭാഗത്തെ 2014 ൽ വീണ്ടും പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തി. മിക്ക മറാത്തി കോളനിക്കകത്തും റോഡ്, കുടിവെള്ളം, വൈദ്യുതി എന്നിവ ഉണ്ട്. പ്രത്യേകമായ ആരോഗ്യ പ്രശ്നങ്ങളോ പോഷകാഹാരക്കുറവോ ഈ വിഭാഗത്തിനു മാത്രമായിട്ടില്ല. ലഭ്യമാകുന്ന ആനുകൂല്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിൽ മറാഠി വിഭാഗം മുൻപന്തിയിലാണ്. വെള്ളരിക്കുണ്ട്, മഞ്ചേശ്വരം, കാസറഗോഡ് താലൂക്കുകളിലാണ് മറാഠി വിഭാഗം അധിവസിക്കുന്നത്.
- **മാവിലൻ:** ജില്ലയിൽ പട്ടികവർഗ്ഗ ജനസംഖ്യയിൽ രണ്ടാം സ്ഥാനത്താണ് മാവിലൻ ജനവിഭാഗം. 2003 ൽ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയതാണ്. സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും ആരോഗ്യപരമായും പിന്നോക്കാവസ്ഥയിലാണ്. എന്നാൽ നിലവിലുള്ള സാഹചര്യം പ്രയോജനപ്പെടുത്തി പുരോഗതിയിലേക്ക് കുതിക്കാനുള്ള പ്രവണതയും ആഗ്രഹവും മാവില വിഭാഗത്തിനുണ്ട്. ജില്ലയിലെ മഞ്ചേശ്വരം താലൂക്കിലൊഴികെ മറ്റു താലൂക്കുകളിൽ ഈ വിഭാഗമുണ്ട്. മിക്ക മാവിലൻ കോളനികളിലും റോഡ്, കുടിവെള്ളം എന്നിവ ലഭ്യമാകാനുണ്ട്. ഭവനരഹിതരായ കുടുംബങ്ങൾ ഈ വിഭാഗത്തിൽ ധാരാളമുണ്ട്. വൈദ്യുതി എല്ലാ കോളനിക്കകത്തും എത്തിയിട്ടുണ്ട്. ആരോഗ്യസ്ഥിതി തൃപ്തിരകരമാണെന്ന് പറയാനാവില്ല. മാവിലൻ വിഭാഗത്തിൽ പോഷകാഹാരക്കുറവുമൂലമുള്ള രോഗങ്ങൾ അനുഭവിക്കുന്ന ചെറിയ ശതമാനം കുടുംബങ്ങളുണ്ട്. ഭൂരഹിതരായവർക്ക് ഭൂമി നൽകുന്നതിനും ഭവന രഹിതർക്ക് വീട് നൽകുന്നതിനുമുള്ള പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്ക്കരിച്ചുവരുന്നുണ്ട്. സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് മാവിലൻ ജനവിഭാഗത്തിന് സാധിക്കുന്നുണ്ട്.
- **മലവേട്ടുവൻ:-** ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യയിൽ മൂന്നാം സ്ഥാനത്താണ് മലവേട്ടുവ വിഭാഗം. 2003 ലാണ് പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തപ്പെട്ടത്. ജില്ലയിലെ പ്രാക്തനഗോത്രമായ കൊറഗ വിഭാഗത്തിന് ഏകദേശം സമാനമാണ് ഇവരുടെ സ്ഥിതി. സാമൂഹ്യ സാമ്പത്തിക-ആരോഗ്യ-വിദ്യാഭ്യാസ രംഗത്ത് വളരെയേറെ പിന്നിലാണ്. മലവേട്ടുവ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ദൃശ്യമാണ്. താരതമ്യേ

ന ദുഷ്കര പ്രദേശങ്ങളിലാണ് ഇവരിൽ അധികവും താമസിച്ചു വരുന്നത്. വിദ്യാഭ്യാസ നിലവാരത്തിലെ പിന്നോക്കാവസ്ഥ എടുത്തു പറയേണ്ടതാണ്. വികസനത്തിനുള്ള സാഹചര്യം ഉപയോഗപ്പെടുത്തുന്നതിന് വിമുഖരാണ്. സർക്കാരിൽ നിന്നോ, മറ്റ് ഏജൻസികളിൽ നിന്നോ ആനുകൂല്യങ്ങൾ ചോദിച്ചുവാങ്ങുന്ന സ്വഭാവം ഈ വിഭാഗത്തിനില്ല. പൊതുവെ മലവേട്ടുവ വിഭാഗത്തിന്റെ അവസ്ഥ പരിതാപകരമാണ്. മിക്ക കുടുംബങ്ങൾക്കും സ്വന്തമായി ഭൂമിയില്ല. പോഷകാഹാരക്കുറവും അകാലമൃത്യുവും ഇവരുടെ ഇടയിൽ ദൃശ്യമാണ്. ജില്ലയിലെ മലവേട്ടുവ വിഭാഗത്തിനായി പ്രത്യേക പാക്കേജ് അനിവാര്യമാണ്.

- **മലക്കുടിയ:–** ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യയിൽ ന്യൂനപക്ഷ വിഭാഗമാണ് മലക്കുടിയ. സാമൂഹ്യപരമയും സാമ്പത്തികമായും മാവിലൻ, മലവേട്ടുവൻ, കൊറഗ വിഭാഗക്കാരേക്കാൾ മുന്നിലായ ഇവർ ഭൂരിഭാഗവും കൃഷിക്കാരാണ്. മിക്ക കുടിയ സങ്കേതങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്. പനത്തടി ഗ്രാമപഞ്ചായത്തിലെ കമ്മാടി കോളനിയാണ് ഇതിനൊരപവാദം. കമ്മാടി കോളനിയിലേക്ക് റോഡ് നിർമ്മിക്കുന്നതിന് സംസ്ഥാന തലത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.
- **മലയരയ:–** ജനസംഖ്യയിൽ വളരെ കുറവാണ് മലയരയ വിഭാഗം. ഇവർ മറ്റു ജില്ലകളിൽ നിന്നു കുടിയേറിപ്പാർത്തവരാണ്. മലയരയ വിഭാഗത്തിന് പ്രത്യേകം പ്രശ്നങ്ങളൊന്നും സൂചിപ്പിക്കപ്പെട്ടിട്ടില്ല.
- **ഉള്ളാടൻ:–** മറ്റു ജില്ലകളിൽ നിന്നും കുടിയേറിപ്പാർത്തവരാണ്. പ്രത്യേക പ്രശ്നങ്ങളൊന്നുമില്ല.
- **കരിമ്പാലൻ:–** കണ്ണൂർ ജില്ലയിൽ നിന്നും കുടിയേറിപ്പാർത്തവരാണ്. പ്രത്യേക പ്രശ്നങ്ങളൊന്നുമില്ല.

കല, സംസ്കാരം, ആചാരങ്ങൾ

ജില്ലയിൽ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട 7 സമുദായങ്ങൾ അധിവസിക്കുന്നുണ്ട്. ഇവരിൽ മറാട്ടി, മലയരയ വിഭാഗക്കാർക്ക് വ്യത്യസ്തമായ ആചാരവും അനുഷ്ഠാനവും നിലവിലുണ്ട്. മറ്റു സമുദായങ്ങളായ മാവിലൻ, മലവേട്ടുവൻ, കൊറഗ എന്നീ വിഭാഗക്കാരുടെ ആചാരങ്ങളിൽ ചില സമാന സ്വഭാവങ്ങൾ ദർശിക്കാവുന്നതാണ്. ഇവർ തെയ്യങ്ങളെ ആരാധിക്കുന്നവരാണ്. മാവിലൻ സമുദായക്കാരിൽ ചിലർ തെയ്യങ്ങളുടെ കോലധാരികൾ കൂടിയാണ്. ഇവർ തെയ്യം കെട്ടിയാടി വരുന്നു. കൊറഗർ, മലവേട്ടുവർ, മാവിലൻ വിഭാഗക്കാർ കല്ലുരുട്ടി, പഞ്ചുരുളി മുതലായ തുളുതെയ്യങ്ങളെ ആരാധിക്കുന്നവരാണ്.

മാവിലൻ, മലവേട്ടുവ വിഭാഗക്കാർ വിവാഹത്തോടനുബന്ധിച്ച് സംഘമായി ആടി വരുന്ന നൃത്തരൂപമാണ് മംഗലംകളി. ഈ കളിക്ക് ഇന്ന് വലിയ പ്രചാരം ഉണ്ട്. തുടികളുടെ താളത്തിൽ, തുളു ഭാഷയിൽ ഉള്ള കാർഷിക സംസ്കൃതിയുടെ ഗാഥയാണ് മംഗലംകളിയുടെ പാട്ട്. കർഷകത്തൊഴിലാളികളുടെ കഷ്ടപ്പാടുകൾ ഈ പാട്ടുകളിൽ ഉദ്ഘോഷിക്കപ്പെടുന്നു.

മാവിലൻമാർക്കിടയിൽ ഇന്ന് മംഗലംകളി പുതിയ തലമുറയിലെ കുട്ടികൾ പോലും പഠിച്ചുവരുന്നുണ്ട്. മലവേട്ടുവ വിഭാഗത്തിന്റെ കൂടി സാംസ്ക്കാരിക അടയാളം രേഖപ്പെടുത്തിയ ഈ കല മലവേട്ടുവ വിഭാഗത്തിലെ പുതിയ തലമുറയിൽക്കൂടി നല്ല രീതിയിൽ പരിശീലിപ്പിക്കപ്പെടേണ്ടതുണ്ട്. മാവിലൻ സമുദായത്തിൽപ്പെട്ടവർക്ക് ഗോത്രബോധവും അതിൽ അഭിമാനവും പുലർത്തുവാനുള്ള അവബോധം ഉണ്ടായിട്ടുണ്ട്. മലവേട്ടുവ, മലയരയ വിഭാഗക്കാർ മലയാളം മാതൃഭാഷയായിട്ടുള്ളവരാണെങ്കിൽ കൊറഗ, മാവിലൻ വിഭാഗക്കാരുടെ മാതൃഭാഷ തുളു ആണ്. മറാട്ടി വിഭാഗക്കാരുടെ മാതൃഭാഷ മറാഠിയാണ്. മറാഠികളുടെ ആചാരങ്ങളിൽ പ്രധാനപ്പെട്ടതാണ് തുളസീപൂജ. മുറ്റത്ത് തുളസിത്തൈ നട്ട് അതിനെ പരിപാലിക്കുകയും ആരാധനയോടെ പൂജാദി കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നതാണ് മറാട്ടി സമുദായാംഗങ്ങളുടെ പ്രത്യേകത. കൊറഗ വിഭാഗക്കാർക്കിടയിൽ പ്രചാരമുള്ള ഒരു കലാരൂപമാണ് കൊറഗ നൃത്തം. അന്യം നിന്നു പോകുന്ന ഈ കലയെ പരമ്പരാഗത വേഷഭൂഷാദികളോടെ പരിശീലനം നൽകി നിലനിർത്തുന്നതിന് കോഴിക്കോട് കിർത്താഡ്സിന്റെ നേതൃത്വത്തിൽ പുലിക്കൂർ കൊറഗ കോളനി കേന്ദ്രീകരിച്ച് ഒരു കൊറഗ നൃത്ത സംഘം രൂപീകരിച്ചിട്ടുണ്ട്. പൂർവ്വികരുടെ ആത്മാവിനെ പ്രീതിപ്പെടുത്തുന്നതിനായി നടത്തുന്ന കൊറഗനൃത്തത്തിൽ ആത്മാക്കൾക്ക് മദ്യം നിവേദിക്കുന്ന ചടങ്ങുണ്ട്. ഈ സംഘത്തിലെ കലാകാരന്മാർക്ക് ആവശ്യമായ വാദ്യോപകരണങ്ങളും വസ്ത്രങ്ങളും നൽകി മറ്റു കോളനികളിൽക്കൂടി ഈ കലയ്ക്ക് പ്രചാരം നൽകാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

'എരുതുകളി' മാവിലൻമാരുടെ മറ്റൊരു പരമ്പരാഗത കലാരൂപമാണ്. എരുത് (കാള)യുടെ രൂപം കെട്ടി വീടുകൾ തോറും കയറി അനുഗ്രഹങ്ങൾ ചൊരിയുന്ന കാർഷിക സംസ്കൃതിയുടെ വിളംബര യാത്രയാണ് എരുതുകളി.

ഇങ്ങനെ വിവിധ ആചാരങ്ങളാലും അനുഷ്ഠാനങ്ങളാലും സമ്പന്നമായ ഒരു സാംസ്ക്കാരിക പാരമ്പര്യമുള്ള ഗോത്ര സമൂഹങ്ങളാണ് ജില്ലയിലെ പട്ടികവർഗ്ഗക്കാർ. ഇവരുടെ പരമ്പരാഗത കലാരൂപങ്ങൾ നിലനിർത്തുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഇതിന് വേണ്ട നിർദ്ദേശങ്ങൾ ഊരുകൂട്ടങ്ങളിൽ നിന്നും ഉയർന്നു വരേണ്ടതുണ്ട്. കൊറഗ വിഭാഗക്കാരുടെ ആചാരങ്ങളെല്ലാം കാവുകളും തെയ്യങ്ങളുമായി ബന്ധപ്പെട്ടതാണ്. അതിനാൽ ഇവരുടെ കലാരൂപങ്ങളോടൊപ്പം കാവുകളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

ലഹരി, മദ്യം എന്നിവയിൽ നിന്നും മോചനം

മദ്യത്തോടും ലഹരി വസ്തുക്കളോടും താൽപര്യമുള്ളവരായി മാറിയിരിക്കുകയാണ് പട്ടിക വർഗ്ഗ സമൂഹത്തിൽ നല്ലൊരു വിഭാഗം. ഇവരുടെ പൂർവ്വകാല ച

രിത്രം പരിശോധിച്ചാൽ ഭൂരിഭാഗം സമുദായങ്ങളും ഈ ശീലത്തിന് അടിമകളല്ല. എന്നാൽ പല പ്രകാരത്തിൽ അവരെ ഇത്തരം ശീലങ്ങൾക്കടിമപ്പെടുത്തി ചൂഷണം ചെയ്തു വരുന്നു എന്നതാണ് പിൽകാല യാഥാർത്ഥ്യം. നിത്യവൃത്തിക്കു വേണ്ടി കൂലിവേല ചെയ്യുന്നവർ ഭൂരിഭാഗമുള്ള പട്ടികവർഗ്ഗ വിഭാഗം ലഹരിക്കടിമപ്പെട്ടാൽ അതിന്റെ പ്രത്യാഘാതം അനന്തരതലമുറയെക്കൂടി ഗുരുതരമായി ബാധിക്കുന്നതാവും എന്ന വസ്തുത യാഥാർത്ഥ്യമായിവരികയാണ്.

പട്ടികവർഗ്ഗസമുദായത്തിൽപ്പെട്ട മാവിലൻ, മറാഠി, മലവേട്ടുവ, കൊറഗ, മലയരയ, മലക്കുടിയ എന്നീ വിഭാഗങ്ങളിലെല്ലാം മദ്യം, ലഹരി പദാർത്ഥങ്ങൾ എന്നിവയ്ക്ക് അടിമപ്പെട്ടവരിൽ ചെറുപ്പക്കാരും വിദ്യാർത്ഥികളും മുതിർന്നവരും ഉള്ളതായി കണക്കുകൾ കാണിക്കുന്നു. ആകയാൽ ഈ സമൂഹങ്ങളിൽ മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗം കുറച്ചു കൊണ്ടു വരാനും ഇതിന്റെ തിക്തഫലം ബോധ്യപ്പെടുത്താനുമുള്ള പദ്ധതികൾ സർക്കാർ തലത്തിൽ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതുണ്ട്.

കിർത്താഡ്സ്, കില എന്നിവയുടെ നേതൃത്വത്തിൽ നടന്ന പഠനം

1996 ൽ ജനകീയാസൂത്രണം ആരംഭിച്ചതോടെ കിലയുടെ നേതൃത്വത്തിലും 2008 ൽ കിർത്താഡ്സിന്റെ ആഭിമുഖ്യത്തിലും കേരളത്തിലെ പട്ടികവർഗ്ഗവിഭാഗക്കാരെക്കുറിച്ചുള്ള സമഗ്രമായ പഠനവും കണക്കെടുപ്പും നടത്തി. ഇതേതുടർന്നാണ് ജില്ലയിലെ ആദിവാസികളുടെ എണ്ണം സംബന്ധിച്ചും പ്രശ്നങ്ങൾ സംബന്ധിച്ചും സൂക്ഷ്മമായ വിവരങ്ങൾ സമഗ്രമായി ലഭ്യമായത്. പിൽക്കാലത്ത് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഇത് വലിയ തോതിൽ സഹായകവുമായിട്ടുണ്ട്.

ജില്ലയിലെ ആദിവാസിവികസനം സംബന്ധിച്ചുള്ള വിശകലനം

മറാഠി:– വിദ്യാഭ്യാസപരമായി ഉയർന്നുവരുവാനും പുരോഗതി കൈവരിക്കാനും ആഗ്രഹിക്കുകയും ആഭിമുഖ്യം പ്രകടമാക്കുകയും ചെയ്യുന്ന സമൂഹമാണ് മറാഠി വിഭാഗം. ഇവർക്ക് ജോലി, വിദ്യാഭ്യാസം എന്നീ മേഖലകളിൽ പുരോഗതി കൈവരിക്കുന്നതിനും ആനുകൂല്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനും സാധിക്കുന്നുണ്ട്. എന്നാൽ ഭൂരഹിതരായ നിരവധി കുടുംബങ്ങൾ ഇവർക്കിടയിൽ ഇപ്പോഴുമുണ്ട്.

മാവിലൻ: പട്ടികജാതിയിൽ ഉൾപ്പെട്ടിരുന്ന ഈ വിഭാഗത്തെ 2002–ൽ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തി. ആദിവാസി സ്വത്വബോധം ഉള്ളവരും ഗോത്രവർഗ്ഗ സംസ്കാരത്തിൽ അഭിമാനം കൊള്ളുന്നവരാണ് മാവിലർ. ഭവനരഹിതർ, ഭൂരഹിതർ, നാമമാത്രമായ ഭൂമിയുള്ളവർ എന്നിവർ ഇവർക്കിടയിൽ ധാരാളമുണ്ട്. പുരോഗതിയോട് ആഭിമുഖ്യം കാണിക്കുന്നവരാണ് പൊതുവേ ഈ വിഭാഗക്കാർ. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, സംസ്കാരം, ഭവനനിർമ്മാണം, കൃഷി എന്നീ മേഖലകളിലെല്ലാം സർക്കാരിന്റെ സഹായം ആവശ്യമുള്ളവരാണ് മാവിലർ. സ്വന്തമായി കലാ സാംസ്കാരിക പാരമ്പര്യം ഉള്ളവരും അത് സംരക്ഷിക്കുകയും ചെയ്യുന്നവരാണ് മാവില വിഭാഗക്കാർ.

മലവേട്ടുവൻ: 2002 വരെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട ഇവർക്ക് സർക്കാർതലത്തിൽ നിന്നും ഏറെ സഹായം ലഭിച്ചാൽ മാത്രമേ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിച്ചേരുകയുള്ളൂ. ഇവരെ ഉയർത്തിക്കൊണ്ടുവരുന്നതിന് പൊതുസമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം ഉണ്ടാവണം. ഇവർക്കു വേണ്ടി പ്രത്യേക പദ്ധതികൾ തയ്യാറാക്കണം. ഇവർക്ക് മത്സര പരീക്ഷകളിൽ ഉന്നത നിലവാരത്തിലെത്തുന്നതിന് പ്രത്യേക പരിശീലനകേന്ദ്രം ആരംഭിക്കണം. പട്ടികവർഗ്ഗത്തിലെ ഇതര സമുദായങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ പിന്നോക്കമാണ് മലവേട്ടുവരുടെ സ്ഥാനം. ഭൂരഹിതർ, ഭവനരഹിതർ, നാമമാത്രമായ അളവിൽ ഭൂമിയുള്ളവർ എന്നീ വിഭാഗങ്ങൾ ഇവർക്കിടയിൽ ധാരാളമായുണ്ട്.

കൊറഗർ:– ജില്ലയിലെ പ്രധാന പ്രാക്തന ഗോത്ര വിഭാഗമായ കൊറഗർക്ക് വിദ്യാഭ്യാസ ആരോഗ്യ തൊഴിൽ മേഖലകളിൽ വളരെയേറെ പിന്നോക്കാവസ്ഥയിലാണ്. അതിനാൽ അവരെ പുരോഗതിയിലേക്ക് നയിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കണം. സർക്കാർ ജോലിയിൽ ഇവരുടെ പ്രാതിനിധ്യം തീരെ കുറവായതിനാൽ വർദ്ധിപ്പിക്കുന്നതിന് കോച്ചിംഗ് സെന്റർ ഇവർക്ക് മാത്രമായി ആരംഭിക്കണം.

ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം സ്കൂൾ പഠനകാലത്തെ കൊഴിഞ്ഞു പോക്ക് എന്നിവ ഇല്ലായ്മ ചെയ്യുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

ലഹരി പദാർത്ഥങ്ങളോട് ആഭിമുഖ്യം പുലർത്തുന്നവർ ഈ സമൂഹത്തിൽ ഇപ്പോഴും ധാരാളമായുണ്ട്. ഓരോ കോളനിയിലും സ്ഥിരം ജോലിയുള്ള ഒരാളെങ്കിലും ഉണ്ടാകുന്ന വിധത്തിൽ ഇവർക്കു വേണ്ടി പൊതുമേഖലയിലോ സഹകരണ മേഖലയിലോ സ്ഥാപനങ്ങൾ ആരംഭിക്കുകയോ ഇവർക്കു മാത്രമായി തൊഴിൽമേഖലയിൽ പ്രത്യേക റിക്രൂട്ട്മെന്റ് നടത്തുകയോ വേണം. ഇവർക്ക് സർക്കാർ തലത്തിലും പൊതുമേഖലയിലും ജോലി ലഭിക്കുന്നതിന് പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം. കേരള സംസ്ഥാനം രൂപം കൊള്ളുമ്പോൾ 1956–ൽ സൗത്ത് കാനറ ജില്ലയുടെ ഒരു ഭാഗം കേരളത്തോട് ചേർക്കപ്പെട്ടതോടെയാണ് തുളു ഭാഷ സംസാരിക്കുന്ന ഇവർ കേരളീയരായത്. ഭാഷാപരമായും സാംസ്കാരികമായും ഇവരുടെ സ്വത്വം ശക്തിപ്പെടുത്തുക കൂടി ചെയ്താലേ ഇവർക്കുവേണ്ടി ചെലവഴിക്കുന്ന സാമ്പത്തിക വിഭവങ്ങൾ ഫലപ്രാപ്തിതിയിലെത്തുകയുള്ളൂ. ഭൂരഹിതരും ഭവനരഹിതരും ഇവർക്കിടയിൽ ധാരാളമുണ്ട്.

മലയരയ, മലകുടിയ, ഉള്ളാടർ

ഉള്ളാടൻ വിഭാഗത്തിൽപ്പെട്ടവരും മലയരയ, മലകുടിയ വിഭാഗത്തിൽപ്പെട്ടവരും കാസറഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നു. മലകുടിയ വിഭാഗക്കാർ കർഷകരാണ്. മറ്റു വിഭാഗങ്ങളിൽപ്പെട്ട പട്ടികവർഗ്ഗക്കാരെപോലെ പുരോഗതിയുടെ പാതയിലേക്ക് സഞ്ച

രിക്കുന്ന ഇവർക്കിടയിലും ഭൂമി വാങ്ങുന്നതിനും വീടു നിർമ്മിക്കുന്നതിനും സർക്കാർ സഹായം അനിവാര്യമായ കുടുംബങ്ങൾ ഇനിയുമുണ്ട്.

പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന ആവശ്യങ്ങൾ

കുടിവെള്ളം, വൈദ്യുതി, വീട്, വിദ്യാഭ്യാസം, ഗതാഗത സൗകര്യം, കൃഷി സ്ഥലം, തൊഴിൽ എന്നിവയാണ് ഏതൊരു സമൂഹത്തിന്റെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് അത്യാവശ്യമായഘടകങ്ങൾ. അതുപോലെ കാസറഗോഡ് ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെയും പുരോഗതിക്ക് ഈ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കേണ്ടത് അത്യാവശ്യമാണ്. ജില്ലയിലെ എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാരുടെ കോളനികളിലും ഇത്തരം സൗകര്യങ്ങളുടെ ദൗർലഭ്യം കാണാം. പട്ടികവർഗ്ഗ വിഭാഗങ്ങളെ വേർതിരിച്ച് ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.

മറാഠി:– വിദ്യാഭ്യാസാനുകൂല്യങ്ങൾ, ഭവനനിർമ്മാണത്തിന് ധനസഹായം, ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം എന്നിവ ഇനിയും ഈ വിഭാഗത്തിന് പൂർണമായും എത്തിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

മാവിലൻ:– വീട്, ശുദ്ധജലം, ശൗചാലയം, വിദ്യാഭ്യാസാനുകൂല്യങ്ങൾ, സാംസ്കാരികത്തനിമ നിലനിർത്തൽ എന്നീ ആവശ്യങ്ങൾക്കായി മാവിലൻ സമുദായക്കാർക്ക് സർക്കാർ ധനസഹായം ആവശ്യമാണ്.

മലവേട്ടുവൻ:– വളരെ പിന്നോക്കം നിൽക്കുന്ന ഈ വിഭാഗക്കാർക്ക് സർക്കാരിന്റെ പ്രത്യേക ധനസഹായവും പദ്ധതികളും ആവശ്യമാണ്. ഇവർക്കിടയിൽ സ്കൂളിൽ നിന്നുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് പ്രത്യേക പരിപാടികൾ ആവശ്യമാണ്. അതുപോലെ വീട്, വെള്ളം, വെളിച്ചം, ഉന്നത വിദ്യാഭ്യാസ സൗകര്യം എന്നിവയ്ക്കും ഇവർക്കായി പ്രത്യേക പദ്ധതികൾ വേണം. ഈ സമൂഹത്തിൽപ്പെട്ട ചെറുപ്പക്കാരെ ലഹരിമുക്തമാക്കുന്നതിനും പദ്ധതികൾ അനിവാര്യമാണ്.

കൊറഗ: ജില്ലയിലെ പ്രാക്തന ഗോത്രവിഭാഗക്കാരായ കൊറഗ ജനവിഭാഗം സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിൽ വളരെ പിന്നിലാണ്. വീട്, ആരോഗ്യം, വെള്ളം, വെളിച്ചം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ഇവരെ ഇനിയും വളരെ അധികം മുന്നിലെത്തിക്കേണ്ടതുണ്ട്. ഇവർക്കായി സർക്കാർതലത്തിൽ പ്രത്യേക പദ്ധതികൾ ആരംഭിക്കേണ്ടതുണ്ട്. ഈ സമൂഹത്തെ മദ്യമുക്തമാക്കുന്നതിന് സർക്കാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൊറഗക്കാർക്കായി നിലവിലുള്ള പ്രത്യേക പദ്ധതി വിപുലമാക്കേണ്ടതുമുണ്ട്.

മലയരയ, മലക്കുടിയ: മലയരയ, മലക്കുടിയ വിഭാഗക്കാർക്കും ഭവനനിർമ്മാണം, ഭൂമി വാങ്ങൽ, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്ക് സർക്കാർ ധനസഹായം ലഭിക്കേണ്ടതുണ്ട്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഇടപെടൽ

ജില്ലാ പഞ്ചായത്ത്, 6 ബ്ലോക്ക് പഞ്ചായത്തുകൾ, 32 ഗ്രാമ പഞ്ചായത്തുകൾ, 2 മുൻസിപ്പാലിറ്റികൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികവർഗ്ഗ വികസന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ കുടുംബശ്രീ പദ്ധതി, എം.പി. ഫണ്ട്. എം.എൽ.എ. ഫണ്ട് എന്നിവ ഉപയോഗിച്ചും ഈ മേഖലയിൽ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കഴിഞ്ഞ 5 വർഷമായി ജില്ലയിലെ പട്ടികവർഗ്ഗ മേഖലയിൽ വിവിധ പദ്ധതികൾക്കായി കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളും സ്ഥാപനങ്ങളും ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.4.2.1: പട്ടികവർഗ്ഗ മേഖലയിൽ ചെലവഴിച്ച തുക

വകുപ്പ്/ഏജൻസി	2013–14	2014–15	2015–16	2016–17	2017–18
ഗ്രാമ പഞ്ചായത്ത്	133454251	229639065	230601513	175630501	58361663
ജില്ലാ പഞ്ചായത്ത്	32147060	64378631	50848215	69031209	14451055
ബ്ലോക്ക് പഞ്ചായത്തുകൾ	95372614	140366101	173381651	93501723	38879653
മുൻസിപ്പാലിറ്റി	5934577	6872600	6371647	5308498	5030955
പട്ടികവർഗ്ഗ വികസന വകുപ്പ്	139012544	155796932	24712688	463081261	315866454
ആകെ	**405921046**	**597053329**	**485915714**	**806553192**	**432589780**

നിരവധി പദ്ധതികൾ നടപ്പാക്കുന്നതിലൂടെ പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ജീവിതനിലവാരത്തിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം, തൊഴിൽ, പാർപ്പിടനിർമ്മാണം മുതലായ മേഖലകളിൽ പട്ടികവർഗ്ഗവിഭാഗക്കാർ ഗണ്യമായ പുരോഗതി കൈവരിച്ചുവരുന്നുണ്ട്. കോളനികളിലേക്കുള്ള പാതകൾ കുറെയധികം ഗതാഗതയോഗ്യമാക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ മുഖേന സാധിച്ചു. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീടുകൾ നിർമ്മിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഭവനപദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. പൂർത്തീകരിക്കപ്പെടാത്ത വീടുകൾ കണ്ടെത്തി അവ പൂർത്തീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ലൈഫ് പദ്ധതി മുഖേന പണം അനുവദിച്ചു വരുന്നുണ്ട്. ലൈഫ് മിഷൻ പൂർത്തീകരിക്കുന്നതോടെ പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിൽ എല്ലാ

കുടുംബത്തിനും വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടും എന്നു കരുതാം.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികൾ

ജില്ലാ പഞ്ചായത്ത് മുഖാന്തിരം കുടിവെള്ളം, PMARY, വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പ്രോത്സാഹന പദ്ധതി, സ്വയം തൊഴിൽ പദ്ധതി, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, അംഗൻവാടി കെട്ടിട നിർമ്മാണം, കോളനി വൈദ്യുതീകരണം എന്നിങ്ങനെ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളും, PMARY, കുടിവെള്ളം, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്നിവ നടപ്പിലാക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തുകൾ കുടിവെള്ളം, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, വൈദ്യുതീകരണം, സ്വയം തൊഴിൽ പദ്ധതി, ടോയ്‌ലറ്റ് നിർമ്മാണം, വീട് വയറിംഗ്, വിവാഹ ധനസഹായം, സൈക്കിൾ വിതരണം, ഓട്ടോറിക്ഷ വിതരണം എന്നിങ്ങനെയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ MPLAD പ്രകാരവും, ARWSS പദ്ധതി പ്രകാരവും, NABARD പോലുള്ള ഏജൻസികൾ മുഖേനയും റോഡ് നിർമ്മാണവും മറ്റു പദ്ധതികളും നടപ്പിലാക്കി വരുന്നു.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പ് മെച്ചപ്പെടുത്തുന്നതിലേക്കായി പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും പട്ടികവർഗ്ഗക്കാരുടെ സാന്നിധ്യവും പങ്കാളിത്തവും ഉറപ്പ് വരുത്തേണ്ടതുണ്ട്. പട്ടികവർഗ്ഗക്കാരുടെ ആവശ്യം മനസ്സിലാക്കി അതിനനുസരിച്ചുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് പ്രത്യേക ശ്രദ്ധ അനിവാര്യമാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച അവലോകനം

ഗ്രാമ പഞ്ചായത്തുകളിലൂടെ കഴിഞ്ഞ 5 വർഷമായി പട്ടികവർഗ്ഗക്കാർക്കായി 867 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉത്പാദന മേഖലയിൽ 107 ലക്ഷം രൂപയും സേവനമേഖലയിൽ 1755 ലക്ഷം രൂപയും പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് 514 ലക്ഷം രൂപയുമടക്കം ആകെ 2375 ലക്ഷം രൂപ വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കി. ഈ പദ്ധതികൾ ജില്ലയിലെ പട്ടികവർഗ്ഗ കോളനികളുടെ മുഖഛായ മാറ്റാൻ പര്യാപ്തമായിട്ടുണ്ട്. ബ്ലോക്കു പഞ്ചായത്തുകൾ കഴിഞ്ഞ അഞ്ചു വർഷമായി ജില്ലയിൽ 54,15,01,742 രൂപയുടെ പദ്ധതികൾ പട്ടികവർഗ്ഗ മേഖലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കി. പട്ടികവർഗ്ഗ മേഖലയിൽ ജില്ലാ പഞ്ചായത്ത് കഴിഞ്ഞ 5 വർഷങ്ങളിലായി 230856170 രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വാർഡ് തലത്തിൽ വിഭജിക്കുന്നതിനാൽ വൻകിട പദ്ധതികൾ ഈ മേഖലയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് സാധിക്കാത്ത പ്രശ്നമുണ്ട്. അതിനാൽ പ്രമുഖ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് പദ്ധതി വിഹിതം വാർഡ് തലത്തിൽ വിഭജിക്കപ്പെടുന്നത് ഗുണകരമാവില്ല എന്ന് വിലയിരുത്തപ്പെടുന്നു. പൊതുവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പട്ടികവർഗ്ഗ വികസന മേഖലയിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പട്ടികവർഗ്ഗ മേഖലയിൽ കാലാകാലമായി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും, ഇനിയും വികസിക്കേണ്ട മേഖലകൾ ധാരാളമുണ്ട് എന്നതാണ് സ്ഥിതി. ഇക്കാര്യത്തിൽ ഫണ്ടിന്റെ രൂപീകരണത്തിലും നടത്തിപ്പിലും പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്. സാമ്പത്തിക വർഷം അവസാന ഘട്ടത്തിലാണ് മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടി.എസ്.പി. പദ്ധതി നടപ്പിലാക്കുന്നത്. വ്യക്തിഗത ഗുണഭോക്താക്കളുടെ അർഹത ഉറപ്പു വരുത്തുന്നതിലും വേണ്ടത്ര ജാഗ്രത പുലർത്തേണ്ടതുണ്ട്. തങ്ങളുടെ പരിധിക്കകത്തെ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി കാർഷിക, മൃഗസംരക്ഷണ, തൊഴിൽ മേഖലകളിൽ നൂതനമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിന് ത്രിതല പഞ്ചായത്തുകൾ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

പട്ടികവർഗ്ഗ വികസന മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളുടെ സംയോജനം ജില്ലാതലത്തിലും പ്രാദേശിക തലത്തിലും നടക്കണം. ഇതിനായി ജില്ലാ-പ്രാദേശിക തലങ്ങളിൽ സമിതികൾ ഉണ്ടാകണം. ഒരു പ്രദേശത്ത് ഒരു പദ്ധതിക്ക് തന്നെ വിവിധ ഏജൻസികൾ തുക നീക്കിവെക്കുന്ന അനുഭവം ഉണ്ടാകാറുണ്ട്. ഫലപ്രദമായ ഏകോപനത്തിലൂടെ ഇത് ഒഴിവാക്കാൻ സാധിക്കും. ജില്ലാതലത്തിൽ പട്ടികവർഗ്ഗ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികൾ യോഗം ചേർന്ന് തനതു വർഷം ഓരോ ഏജൻസികളും നടപ്പിലാക്കേണ്ട പദ്ധതികളെപ്പറ്റിയും പദ്ധതി പ്രദേശത്തെപ്പറ്റിയും ധാരണയുണ്ടാക്കുകയും വ്യക്തത വരുത്തുകയും ചെയ്താൽ പട്ടികവർഗ്ഗ മേഖലയിൽ കാര്യമായ വികസനം ഉണ്ടാക്കാൻ കഴിയും.

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന പ്രധാനപദ്ധതികൾ ചുവടെ ചേർക്കുന്നു.

- **പ്രീമെട്രിക് വിദ്യാഭ്യാസം**

പത്താംതരം വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അധ്യയന വർഷാരംഭത്തിലുണ്ടാകുന്ന ചെലവുകൾ, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ കൃത്യമായി വിതരണം ചെയ്തു വരുന്നു. 2017-18 സാമ്പത്തിക വർഷം വിദ്യാർത്ഥികൾക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.

- **പോസ്റ്റ്മെട്രിക്പഠനം**

എസ്.എസ്.എൽ.സി. പൂർത്തീകരിച്ച് വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ യൂണിവേഴ്സിറ്റി/സർക്കാർ നിശ്ചയിക്കുന്ന ഫീസ്, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി എന്നിവ ഇ-ഗ്രാന്റ് പദ്ധതി പ്രകാരം കൃത്യമായി വിതരണം ചെയ്തു വരുന്നു.

- **നഴ്സറി സ്കൂൾ**

നഴ്സറി സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് വിതരണം ചെയ്ത് വരുന്നു

◆ **പ്രീമെട്രിക് ഹോസ്റ്റൽ**

ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ബളാന്തോട്, കുറ്റിക്കോൽ, വാണിനഗർ എന്നീ സ്ഥലങ്ങളിൽ പ്രീമെട്രിക് ഹോസ്റ്റൽ സ്ഥിതി ചെയ്യുന്നു. ഈ സ്ഥാപനങ്ങളിലായി ആകെ 110 കുട്ടികൾ താമസിച്ച് പഠിക്കുന്നു.

◆ **മോഡൽ റസിഡൻഷ്യൽ സ്കൂൾ**

ജില്ലയിൽ പരവനടുക്കത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തിച്ചു വരുന്നു. ഇവിടെ അഞ്ചു മുതൽ പ്ലസ്ടു വരെയുള്ള ക്ലാസ്സുകളിൽ 370 വിദ്യാർത്ഥിനികൾ താമസിച്ച് പഠനം നടത്തുന്നു.

◆ **ഗോത്രസാരഥി**

ജില്ലയിലെ ദുർഘടമായ പട്ടികവർഗ്ഗ ഊരുകളിൽ താമസിച്ച് വരുന്ന പട്ടികവർഗ്ഗ കുട്ടികൾക്ക് വിദ്യാലയങ്ങളിൽ എത്തുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതിയാണിത്.

◆ **അയ്യങ്കാളി ടാലന്റ് സ്കോളർഷിപ്പ്**

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി 5-ാം ക്ലാസ്സ് മുതലുള്ള തുടർപഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സ്കോളർഷിപ്പ് പദ്ധതിയാണിത്.

◆ **ട്യൂട്ടോറിയൽ ഗ്രാന്റ്**

8,9,10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടിക വർഗ്ഗ കുട്ടികൾക്കും എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി ക്ലാസ്സുകളിൽ തോറ്റു പഠിക്കുന്ന വിദ്യാർത്ഥികൾക്കും ട്യൂഷൻ ഫീസ് നൽകുന്ന പദ്ധതിയാണിത്.

◆ **സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം**

അക്കാദമിക് രംഗത്തും കലാകായിക മത്സരങ്ങളിലും ഉന്നതവിജയം നേടുന്ന പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം നൽകുന്നതാണ് ഈ പദ്ധതി.

◆ **മാതാപിതാക്കൾക്ക് പ്രത്യേക പ്രോത്സാഹനം**

ലോവർ പ്രൈമറി സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളുകളിൽ അയക്കുന്നതിന് മാതാപിതാക്കൾക്ക് നിലവിൽ പ്രതിമാസം 50/- രൂപ വീതം ഈ പദ്ധതിയിലൂടെ നൽകിവരുന്നുണ്ട്.

◆ **സമഗ്ര ആരോഗ്യസുരക്ഷാ പദ്ധതി**

ജില്ലയിലെ സർക്കാർ ആശുപത്രികൾ, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ ചികിത്സ തേടുന്ന രോഗബാധിതരായ പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ സൗകര്യങ്ങൾ സമഗ്ര ആരോഗ്യസുരക്ഷാ പദ്ധതിയിലൂടെ നൽകി വരുന്നു.

◆ **പട്ടികവർഗ്ഗ ദുരിതാശ്വാസ നിധി**

പട്ടികവർഗ്ഗ സങ്കേതങ്ങളിലെ രോഗികൾക്കും മറ്റ് ദുരിതമനുഭവിക്കുന്നവർക്കും പട്ടികവർഗ്ഗവികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

◆ **അടിയന്തിര ചികിത്സാ ധനസഹായം**

ദുരിതമനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് അടിയന്തിര ധനസഹായം പരമാവധി 5000 രൂപ അനുവദിക്കുന്ന പദ്ധതിയാണിത്. നടപ്പുവർഷം ഇതു പ്രകാരം 548 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

◆ **ജനനീ ജന്മരക്ഷ**

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അമ്മയ്ക്കും കുട്ടിക്കും പോഷകാഹാര ലഭ്യത ഉറപ്പു വരുത്തുന്ന പദ്ധതിയാണിത്. ഗർഭിണിയായതിനു ശേഷം 3 മാസം മുതൽ കുട്ടിക്ക് 1 വയസ്സ് വരെയുള്ള 18 മാസങ്ങളിൽ മേൽ ചെലവിനായി 1000/- രൂപ വെച്ച് പ്രതിമാസം നൽകി വരുന്നു. തനതു സാമ്പത്തിക വർഷം ഇതുവരെ 2235 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ട്.

പ്രാക്തനഗോത്രവർഗ്ഗക്കാർക്കുള്ള പ്രത്യേക പാക്കേജ്

ജില്ലയിലെ പ്രാക്തന ഗോത്രവർഗ്ഗമായ കൊറഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി പട്ടികവർഗ്ഗവികസനവകുപ്പ് പ്രത്യേക പാക്കേജ് നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതി അനുസരിച്ച് ഭവന പുനരുദ്ധാരണം, ടോയ്‌ലറ്റ് നിർമ്മാണം, അടുക്കള നിർമ്മാണം, സ്വയം തൊഴിൽ ധനസഹായം, കൊഴിഞ്ഞു പോക്ക് തടയൽ പഠനോപകരണങ്ങൾ വിതരണം ചെയ്യൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കായി നിരവധി പദ്ധതികൾ ജില്ലയിൽ നടപ്പാക്കിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായും പ്രയോജനപ്രദമായിട്ടില്ല. ഈ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ കൃത്യമായി പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാകണം. ഇതിനായി ഗ്രാമപഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്. പ്രാക്തനാ ഗോത്ര വിഭാഗക്കാർക്കായി ഒരു പ്രത്യേക പാക്കേജ് നടപ്പാക്കേണ്ടത് അനിവാര്യമാണ്. ഇതിനാവശ്യമായ ഉദ്യോഗസ്ഥരെയും നിയമിക്കാനുള്ള സംവിധാനം ഉണ്ടാകണം.

◆ **ഭക്ഷ്യസഹായ പദ്ധതി**

പഞ്ഞ മാസങ്ങളിൽ ദുരിതം അനുഭവിക്കുന്ന പ്രാക്തന ഗോത്രവർഗ്ഗമായ കൊറഗവിഭാഗക്കാർക്കും ജില്ലയിലെ മറ്റ് പട്ടികവർഗ്ഗവിഭാഗത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്നവർക്കും ഭക്ഷ്യധാന്യങ്ങൾ വാങ്ങി വിതരണം ചെയ്യാറുണ്ട്. നടപ്പു വർഷം 22506 പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചു. അസുഖം പ്രായാധിക്യം എന്നിവ മൂലം ദുരിതം അനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ഈപദ്ധതി ഏറെ പ്രയോജനകരമാവുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ പദ്ധതിയുടെ പ്രയോജനം കൂടുതൽ പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

◆ **കൈത്താങ്ങ്**

അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്ന പദ്ധതിയാണിത്. പദ്ധതി പ്രകാരം നടപ്പു വർഷം 47 ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തിട്ടുണ്ട്.

കൈത്താങ്ങ് പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത അർഹരായ ഗുണഭോക്താക്കൾ ഇനിയുമുണ്ടാകും. തദ്ദേശഭരണസ്ഥാപനതലത്തിൽ പരിശോധന നടത്തി

അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്.

◆ ഹാംലെറ്റ് വികസന പദ്ധതി

പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതിയാണിത്. തെരഞ്ഞെടുക്കപ്പെട്ട കോളനിക്ക് ആവശ്യമായ എല്ലാ വികസന പ്രവർത്തനങ്ങളും ഈ പദ്ധതി പ്രകാരം നിർവ്വഹിക്കാവുന്നതാണ്. 2013-14 വർഷം കപ്പള്ളി, മാവിനക്കട്ടെ, 2014-15ൽ അരിങ്കല്ല്, ചുള്ളി എന്നീ കോളനികളാണ് ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ടത്. 2016-17 വർഷത്തിൽ വായ്ക്കാനം പട്ടികവർഗ്ഗ സങ്കേതവും 2017-18 വർഷത്തിൽ 7 പട്ടികവർഗ്ഗ കോളനികളും ഈ പദ്ധതി അനുസരിച്ച് തെരഞ്ഞെടുത്തിട്ടുണ്ട്. ഹാംലറ്റ് വികസന പദ്ധതികൾ ജില്ലയിൽ വേണ്ടത്ര വിജയിച്ചിട്ടില്ല. ഇത്തരം സമഗ്ര പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസികളെ തെരഞ്ഞെടുക്കുമ്പോൾ വേണ്ടത്ര ജാഗ്രത ആവശ്യമാണ്. ജില്ലാ കലക്ടറുടെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റിയുടെ കീഴിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കപ്പെടണം. പ്രവർത്തി നടത്തിപ്പുമായി ബന്ധപ്പെട്ട് സൃഷ്ടിക്കപ്പെടുന്ന തൊഴിൽ അവസരങ്ങൾ പരമാവധി പട്ടികവർഗ്ഗക്കാർക്ക് പ്രയോജനപ്പെടുന്ന രീതിയിലാകണം പദ്ധതി നിർവ്വഹണം.

◆ ആദിവാസി പുനരധിവാസ മിഷൻ (ടി.ആർ.ഡി.എം.)

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 1 ഏക്കർ വരെ ഭൂമി നൽകുന്ന പദ്ധതിയാണിത്. ജില്ലയിൽ ഇപ്രകാരം കിനാനൂർ, കുഞ്ചത്തൂർ എന്നീ കോളനികളിലായി 88 പേർക്ക് ഭൂമി പതിച്ച് നൽകിയിട്ടുണ്ട്.

ജില്ലയിൽ നിക്ഷിപ്ത വനഭൂമി പട്ടികവർഗ്ഗക്കാർക്ക് പതിച്ച് നൽകുന്ന പദ്ധതി പ്രകാരം ചാമുണ്ഡിക്കുന്ന്-തുമ്പോടി പ്രദേശത്ത് 50 സെന്റ് ഭൂമി വീതം 150 പേർക്ക് നൽകാനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഭൂമി വിതരണം ചെയ്യുന്ന കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടും തൊഴിൽ സംരംഭങ്ങളും ഈ പദ്ധതി പ്രകാരം നൽകി വരുന്നു.

ടി.ആർ.ഡി.എം. പദ്ധതി പ്രകാരം കുഞ്ചത്തൂരിൽ അനുവദിച്ച ഭൂമിയിൽ പട്ടയം ലഭിച്ച ഗുണഭോക്താക്കൾ അവിടെ താമസിക്കാത്തത് പദ്ധതിക്കുതന്നെ കോട്ടമായി മാറുകയാണ്. പട്ടയം അനുവദിച്ചവർക്ക് കൃഷിയിൽ നിന്ന് വരുമാനം ലഭ്യമാകുന്നത് വരെയുള്ള കാലയളവിലെ ഉപജീവനത്തിനും കൃഷിഭൂമിയിൽ വരുമാനദായകമായ വിളകൾ കൃഷി ചെയ്യുന്നതിനും പ്രത്യേക പദ്ധതികൾ ആവശ്യമാണ്. അതോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും അവ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികളും ഉണ്ടാകണം.

◆ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി

പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ജില്ലയിലെ ഗുണഭോക്താക്കൾക്ക് 25 സെന്റ് മുതൽ 1 ഏക്കർ വരെയുള്ള ഭൂമി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. നടപ്പുവർഷം 140 ഗുണഭോക്താക്കൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. ജില്ലയിലെ പട്ടികവർഗ്ഗക്കാർക്ക് വളരെയധികം പ്രയോജനപ്രദമാകുന്ന പദ്ധതിയാണിത്. ഇതുവരെ 110 ഏക്കർ ഭൂമി ഈ പദ്ധതി പ്രകാരം വാങ്ങി നൽകിയിട്ടുണ്ട്. ഇടനിലക്കാരുടെ ഇടപെടലുകൾ പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഫലഭൂയിഷ്ഠമല്ലാത്ത തരിശു ഭൂമി ഗുണഭോക്താക്കളെ കൊണ്ട് എടുപ്പിക്കാനുള്ള ഇടനിലക്കാരുടെ ശ്രമം ഈ രംഗത്ത് പ്രശ്നം സൃഷ്ടിക്കുന്നു. പദ്ധതി നിർവ്വഹണത്തിനായി ഗ്രാമ പഞ്ചായത്ത് തലത്തിൽ അർഹരായവരെ ഗുണഭോക്താക്കളുടെ ലിസ്റ്റ് മുൻഗണനാ ക്രമത്തിൽ തയ്യാറാക്കണം. കൃഷിയ്ക്ക് അനുയോജ്യമായ ഭൂമി ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ഒരു സമിതി കണ്ടെത്തി പരിശോധിച്ച് ഗുണഭോക്താവിന്റെ താൽപര്യം കൂടി പരിഗണിച്ച് വാങ്ങി നൽകുന്നതിന് ഉന്നൽനൽകണം.

◆ പാവപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി

നിർദ്ധനരായ പട്ടികവർഗ്ഗ യുവതികളുടെ വിവാഹത്തിന് 50,000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയാണിത്. നടപ്പുവർഷം 48 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. പാവപ്പെട്ട മാതാപിതാക്കൾക്ക് ഈ പദ്ധതി വളരെയധികം പ്രയോജനപ്രദമാണ്. ഫണ്ടിന്റെ ലഭ്യത പലപ്പോഴും ആനുകൂല്യം ലഭിക്കുന്നത് വൈകാൻ ഇടയാക്കാറുണ്ട്. ഗ്രാമപഞ്ചായത്തുകൾ ഈ പദ്ധതി നടപ്പാക്കുന്നതിന് മുൻഗണന നൽകിയാൽ അർഹരായ ഗുണഭോക്താക്കൾക്ക് മുഴുവനും സമയബന്ധിതമായി ആനുകൂല്യങ്ങൾ ലഭിക്കാൻ ഇടയാകും.

◆ ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് (കോർപ്പസ് ഫണ്ട്)

സ്വയം തൊഴിൽ, വൈദ്യുതി വികസനം, ശുദ്ധജല വിതരണം, നടപ്പാലങ്ങളുടെ നിർമ്മാണം, സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ, വൈദ്യുതീകരണം, റോഡ് നിർമ്മാണം, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം തുടങ്ങിയ പദ്ധതികളാണ് ഈ വിഭാഗത്തിൽ ജില്ലയ്ക്ക് ഏറ്റെടുത്ത് നടപ്പാക്കാവുന്നത്. കോർപ്പസ് ഫണ്ട് ജില്ലയ്ക്ക് ലഭിക്കാറുണ്ടെങ്കിലും പദ്ധതി നടപ്പാക്കുന്നതിനുള്ള എഞ്ചിനീയറിംഗ് വിംഗ്, ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ ഇല്ലാത്തതിനാൽ വളരെയധികം പ്രയാസം നേരിടുന്നു. ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, കേരള വാട്ടർ അതോറിറ്റി എന്നിവർക്കാണ് റോഡ്, കമ്മ്യൂണിറ്റി ഹാൾ, കുടിവെള്ളം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫണ്ടുകൾ കൈമാറുന്നത്. എന്നാൽ ഈ പദ്ധതികൾ നടപ്പാക്കുന്നതിന് മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ ഏകോപനം അനിവാര്യമാണ്. 3 വർഷത്തിനു മേൽ കാലാവധി എടുത്താണ് പല സ്ഥാപനങ്ങളും പട്ടികവർഗ്ഗ പദ്ധതികൾ പൂർത്തീകരിക്കുന്നത്. അതുമൂലം പദ്ധതി ചെലവ് കൂടുകയും വേണ്ടത്ര പ്രയോജനപ്പെടാത്ത അവസ്ഥയുണ്ടാവുകയും ചെയ്യുന്നു. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന കമ്മ്യൂണിറ്റി ഹാൾ, കുടിവെള്ള പദ്ധതി എന്നിവ വേണ്ടത്ര പരിപാലിക്കപ്പെടാത്ത സ്ഥിതിയുമുണ്ട്. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തുകളും മറ്റു ഏജൻസികളും ജാഗ്രത പുലർത്തുന്നത് ഗുണകരമാവും.

◆ പട്ടികവർഗ്ഗ പ്രൊമോട്ടർമാർ

ജില്ലയിൽ പട്ടികവർഗ്ഗവകുപ്പിന്റെ ഭാഗമായി 88 പട്ടികവർഗ്ഗ പ്രൊമോട്ടർമാർ പ്രവർത്തിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾ അർഹരായവരിൽ എത്തിക്കുന്നതിനുള്ള കണ്ണികളായാണ് എസ്.ടി പ്രമോട്ടർമാർ പ്രവർത്തിക്കുന്നത്. ജനസംഖ്യാനുപാതികമായി പരിശോധിച്ചാൽ ജില്ലയിൽ കൂടുതൽ ട്രൈബൽ പ്രമോട്ടർമാർ ആവശ്യമാണ്. നിലവിലുള്ള പ്രമോട്ടർമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താൻ സാധിക്കുന്നുണ്ട്.

◆ പ്രത്യേക കേന്ദ്രസഹായ പദ്ധതി

പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് സ്വയം തൊഴിൽപദ്ധതി, കാർഷികപദ്ധതി, വിദ്യാഭ്യാസപദ്ധതി, ആരോഗ്യപദ്ധതി എന്നിവ പ്രത്യേക കേന്ദ്ര സഹായ പദ്ധതിയായി ജില്ലയിൽ നടപ്പിലാക്കിവരുന്നു. പ്രത്യേക കേന്ദ്രസഹായപദ്ധതി പ്രകാരം നൂതനമായ പല പ്രവർത്തനങ്ങളും ആവിഷ്കരിക്കാൻ സാധിക്കും. എന്നാൽ അത്തരത്തിൽ സമഗ്രമായ പ്രപ്പോസലുകൾ ലഭിക്കാറില്ല. തൊഴിൽ, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തിനുള്ള ശ്രമം അനിവാര്യമാണ്.

◆ ഭവനരഹിതർക്ക് ഭവന നിർമ്മാണം

ജില്ലയിൽ 2011 മുതൽ 2017 വരെ 1764 പേർക്ക് ഭവനനിർമ്മാണഗ്രാന്റ് നൽകിയിട്ടുണ്ട്. നടപ്പുവർഷം ലൈഫ് മിഷൻ പദ്ധതി നടപ്പാക്കുന്നതിനാൽ പട്ടികവർഗ്ഗവികസന വകുപ്പ് മുഖേന ഭവന നിർമ്മാണ ഗ്രാന്റ് അനുവദിച്ചിട്ടില്ല. ഭവനരഹിതരായ 4077 പട്ടികവർഗ്ഗ കുടുംബങ്ങൾ ഇന്നും ജില്ലയ്ക്കകത്തുണ്ട്. ഇവർക്ക് ഭവനനിർമ്മാണഗ്രാന്റ് അനുവദിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിരന്തരശ്രദ്ധ അത്യാവശ്യമാണ്. വീട് നിർമ്മാണത്തിനിടെ പലപ്പോഴും കരാറുകാർ ഗുണഭോക്താവിനെ വെട്ടിച്ച് വീട് പൂർത്തിയാക്കാതെ കടന്നു കളയുന്ന പ്രവണതയുണ്ട്. കൂടാതെ ഗുണഭോക്താവ് വീട് പൂർത്തിയാക്കാതെ ലഭ്യമായ തുക പാഴാക്കുന്ന അവസ്ഥയുമുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ പദ്ധതിയുടെ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിന് കൃത്യമായ നടപടി ഉണ്ടാകേണ്ടതുണ്ട്. നിർമ്മാണ മേഖലയിൽ ജോലിചെയ്യുന്ന നിരവധി പട്ടികവർഗ്ഗക്കാർ ജില്ലയിലുണ്ട്. ഇവരെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ സഹകരണ സംഘം ആരംഭിക്കാവുന്നതും ഭവന നിർമ്മാണ പ്രവൃത്തികൾ മേൽസംഘം മുഖേന നടത്താവുന്നതുമാണ്.

◆ വീടുകളുടെ അറ്റകുറ്റപ്പണികൾ

പട്ടികവർഗ്ഗ വിഭാഗക്കാരുടെ വീടുകളുടെ പുനരുദ്ധാരണത്തിനും പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രത്യേക പദ്ധതി നടപ്പാക്കുന്നുണ്ട്. നടപ്പു വർഷം 190 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണ ഗ്രാന്റ് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പൂർത്തിയാകാതിരുന്ന പല വീടുകളും മേൽ പദ്ധതിയിലൂടെ പൂർത്തീകരിക്കാൻ സാധിച്ചു. പൊതുവിൽ വീടുകളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിനും വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനും മേൽ പദ്ധതി പ്രയോജനപ്രദമാകുന്നുണ്ട്.

◆ ഊരുകൂട്ടങ്ങൾ

പട്ടികവർഗ്ഗ കോളനികളിൽ ഊരുകൂട്ടം സംഘടിപ്പിക്കുന്നതിനും പദ്ധതികളുടെ ആസൂത്രണം, പ്രാഥമിക ആരോഗ്യ പരിപാലനം, ബോധവൽക്കരണം, മോണിറ്ററിംഗ് എന്നിവയുടെ ഏകോപനത്തിനുമായി പട്ടിക വർഗ്ഗ വികസന വകുപ്പ് പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പട്ടികവർഗ്ഗവികസന പ്രവർത്തനങ്ങൾ പരമാവധി ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിനും ആരോഗ്യ പരിപാലനത്തിൽ ശ്രദ്ധിക്കുന്നതിനും ഊരുകൂട്ടങ്ങൾ ഏറെ ഗുണം ചെയ്തിട്ടുണ്ട്.

◆ ആർട്ടിക്കിൾ 275(1)

പട്ടികവർഗ്ഗവിഭാഗക്കാരുടെ വിദ്യാഭ്യാസം, വരുമാനവർദ്ധനവ്, ആരോഗ്യ പരിപാലനം, ജലസേചന സൗകര്യങ്ങൾ, ഗതാഗതസൗകര്യം (റോഡുകൾ, പാലങ്ങൾ), വൈദ്യുതീകരണം, കൃഷി, മൃഗസംരക്ഷണം, കായിക വിനോദം തുടങ്ങിയ മേഖലകളുടെ വികസനത്തിന് ഈ പദ്ധതി പ്രകാരം തുക വകയിരുത്താവുന്നതാണ്. ത്രിതല പഞ്ചായത്തുകളുമായി സംയോജിച്ച് നൂതനമായ പ്രോജക്ടുകൾ തയ്യാറാക്കിയാൽ ആവശ്യത്തിന് ഫണ്ട് ലഭിക്കാൻ സാധ്യതയുണ്ട്.

◆ ഗോത്രജീവിക

ജില്ലയിലെ തൊഴിൽ രഹിതരായ പട്ടികവർഗ്ഗക്കാർക്ക്, അവരവരുടെ അഭിരുചിക്കനുസരിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ തെരഞ്ഞെടുക്കുന്നതിനും ആവശ്യമായ പരിശീലനം ലഭിക്കുന്നതിനും സഹായകമാകുന്ന പദ്ധതിയാണിത്. മേൽപദ്ധതി ഇപ്പോൾ ആരംഭഘട്ടത്തിലാണ്.

◆ ഗോത്രവാത്സല്യ നിധി

പട്ടികവർഗ്ഗ വിഭാഗക്കാരായ പെൺകുട്ടികൾക്ക് ഇൻഷുറൻസ് സുരക്ഷ നൽകുന്ന പദ്ധതിയാണിത്. 2017 ഏപ്രിൽ 1 മുതൽ ആരംഭിച്ച പദ്ധതി പ്രകാരം പ്രസ്തുത തീയതി മുതൽ ജനിച്ച മുഴുവൻ പെൺകുട്ടികളും പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഈ പദ്ധതിയിൽ പെൺകുട്ടികളെ ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

പട്ടികവർഗ്ഗവികസനവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ-അവലോകനം

കഴിഞ്ഞ 5 വർഷമായി ജില്ലയിലെ പട്ടികവർഗ്ഗ മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വിവിധ പദ്ധതികളിലായി 1,09,84, 69,879 രൂപ ചെലവഴിച്ചിട്ടുണ്ട്. ക്ലസ്റ്റർ തലത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലൂടെ കാർഷികമേഖലയിൽ വൻപുരോഗതി ഉണ്ടാക്കുവാൻ കഴിഞ്ഞു. കേന്ദ്രാവിഷ്കൃത പദ്ധതികൾ, മൃഗസംരക്ഷണം, റബ്ബർ കൃഷി, പശു വളർത്തൽ എന്നീ

മേഖലകളിലെ പദ്ധതികൾ തുടങ്ങിയവ ഫലപ്രദമായി നിർവ്വഹിക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന പദ്ധതികളിൽ ഏറ്റവും പ്രാമുഖ്യം നൽകുന്നത് വിദ്യാഭ്യാസ മേഖലയ്ക്കാണ്. വിദ്യാഭ്യാസ മേഖലയിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാൻ ഈ പദ്ധതികൾ മുഖേന സാധിച്ചു. സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സയ്ക്ക് ധനസഹായം നൽകുന്നത് ആരോഗ്യ പരിപാലന രംഗത്ത് ഏറെ ആശ്വാസകരമായ പരിപാടിയാണ്.

വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരവർദ്ധനയോടൊപ്പം പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയേണ്ടതും അനിവാര്യമാണ്. ലഹരി മരുന്നുകളുടെ ഉപയോഗം വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും ഒരു പോലെ പ്രശ്നമുണ്ടാക്കുന്ന വിഷയമാണ്. സാമൂഹ്യ കൂട്ടായ്മയിലൂടെ ഇതിന് തടയിടാനുള്ള പ്രവർത്തനങ്ങളുമുണ്ടാകണം.

പട്ടികവർഗ്ഗക്കാർക്ക് ഏറ്റവും ആവശ്യം സ്ഥിരവരുമാനം ലഭിക്കുന്ന തൊഴിലാണ്. സ്വകാര്യ, പൊതുമേഖലാ സംരംഭങ്ങളിൽ പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് സ്ഥിരം ജോലി ലഭിക്കുന്നതിന് ആവശ്യമായ നിയമഭേദഗതികൾ ഉണ്ടാകണം.

പട്ടികവർഗ്ഗക്കാർക്കുവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാറുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ ആനുകൂല്യം അർഹതയുള്ള ഗുണഭോക്താക്കളിൽ എത്തിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും മേൽ പദ്ധതികളുടെ ആനുകൂല്യങ്ങൾ കൃത്യമായി വിനിയോഗിക്കുന്നതിന് ഗുണഭോക്താക്കൾ തയ്യാറാകാത്ത പ്രശ്നമുണ്ട്. ഭവനനിർമ്മാണ ഗ്രാന്റ് പോലെയുള്ള പദ്ധതിയുടെ നടത്തിപ്പ് ഇത്തരത്തിൽ പരിശോധിക്കപ്പെടേണ്ടതാണ്. വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും പൂർത്തീകരിക്കപ്പെടാത്ത നിരവധി വീടുകൾ പട്ടികവർഗ്ഗ സങ്കേതങ്ങളിലുണ്ട്. പട്ടികവർഗ്ഗക്കാരുടെ തൊഴിൽമേഖല മെച്ചപ്പെടുത്തുന്നതിന് ഒട്ടേറെ പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ അതിന്റെ ഗുണപരത വിലയിരുത്തപ്പെടേണ്ടതാണ്. പദ്ധതികളുടെ നടത്തിപ്പിൽ ഗുണഭോക്താക്കൾ ശ്രദ്ധ പുലർത്തുകയാണെങ്കിൽ ദീർഘകാലാടിസ്ഥാനത്തിൽ ഇവയെല്ലാം വിജയിപ്പിക്കാൻ കഴിയും. കാർഷിക, മൃഗസംരക്ഷണ മേഖലയിലും ഗുണഭോക്താക്കളുടെ ശ്രദ്ധയും ഇടപെടലും ആവശ്യമാണ്.

നിലവിൽ പട്ടികവർഗ വിഭാഗക്കാരുടെ ചികിത്സാ സൗകര്യങ്ങൾക്കുള്ള ഫണ്ട് നന്നായി പ്രയോജനപ്പെടുത്തിവരുന്നുണ്ട്. എന്നാൽ ആരോഗ്യ സരുക്ഷാ പദ്ധതി വേണ്ടത്ര പ്രയോജനപ്പടുത്താതെ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്ന പ്രവണത വർദ്ധിച്ചു വരികയാണ്.

കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പല പദ്ധതികളും പട്ടികവർഗ്ഗ മേഖലയിൽ സമഗ്രമായ മാറ്റത്തിന് സഹായകമായി. പട്ടിക വർഗ്ഗ മേഖലയിലെ കുടിവെള്ള സൗകര്യം, റോഡ്, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം തുടങ്ങിയ അടിസ്ഥാന സൗകര്യവികസനത്തിന് മേൽ ഫണ്ട് പ്രയോജനപ്രദമായി.

പ്രശ്നങ്ങളും പരിമിതികളും ഉണ്ടെങ്കിലും കഴിഞ്ഞ 5 വർഷത്തിനകത്ത് ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക ചുറ്റുപാടിൽ കാതലായ മാറ്റം ഉണ്ടാക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പിന് സാധിച്ചിട്ടുണ്ട്.

◆ കൊറഗ മലവേട്ടുവ വിഭാഗക്കാരുടെ തത്സ്ഥിതി

ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിൽ വളരെ പിന്നോക്കം നിൽക്കുന്ന രണ്ടു സമുദായങ്ങളാണ് കൊറഗരും മലവേട്ടുവരും. കൊറഗ വിഭാഗക്കാർ പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിൽപ്പെടുന്നു. അതിനാൽ ഇവർക്കു വേണ്ടി പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ മലവേട്ടുവർ വളരെ പിന്നാക്കമാണെങ്കിലും പ്രത്യേക പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നില്ല. മേൽ സാഹചര്യത്തിൽ ഈ രണ്ടു സമുദായങ്ങളെയും പുരോഗതിയിലേക്ക് ഉയർത്തിക്കൊണ്ടു വരുന്നതിന് പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതുണ്ട്. നാമമാത്രമായ ഭൂമി ഉള്ളവരാണ് ഈ രണ്ടു സമുദായങ്ങളിലെയും ഭൂരിഭാഗം കുടുംബങ്ങളും. കൊട്ട, വട്ടി എന്നിവ മെടയുകയാണ് പരാമ്പരാഗതമായ ഇവരുടെ തൊഴിൽ. ജില്ലയിൽ രണ്ടായിരത്തി എഴുന്നൂറോളം കൊറഗരും ഇരുപതിനായിരത്തോളം മലവേട്ടുവരും ഉള്ളതായാണ് കണക്ക്. ഇവരിൽ 10-ാം ക്ലാസ്സിനു മുകളിൽ വിദ്യാഭ്യാസമുള്ളവർ വളരെ കുറവാണ്, സർക്കാർ മേഖലയിൽ ജോലിയുള്ളവർ വിരലിലെണ്ണാവുന്നവരും. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതലാണ്. ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെട്ട ചെറുപ്പക്കാരും മുതിർന്നവരും ഇവർക്കിടയിൽ ഏറെയുണ്ട് താനും.

കൊറഗ, മലവേട്ടുവ വിഭാഗക്കാരെ സമൂഹത്തിൽ മുഖ്യധാരയിലെത്തിക്കാൻ വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ ഭവനാപൂർണമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതുണ്ട്. എല്ലാവർക്കും വാസയോഗ്യവും വൃത്തിയുള്ളതുമായ വീടുകൾ ഉണ്ടാകണം. കുട്ടികൾക്ക് പഠിക്കാനുള്ള പഠനസാമഗ്രികളും നോട്ടുബുക്കുകളും അടിസ്ഥാന സൗകര്യങ്ങളും ലഭിക്കണം. കുടുംബത്തിൽ മദ്യമുക്തമായ അന്തരീക്ഷം പുലരണം. സ്ഥിരവരുമാനം ലഭിക്കുന്ന ജോലിയുണ്ടാകണം. സ്വന്തം സാംസ്കാരികത്തനിമ നിലനിർത്തുകയും പരിപോഷിപ്പിക്കുകയും വേണം. ഭാവി തലമുറയ്ക്ക് മാതൃകയാക്കാവുന്ന തരത്തിൽ യുവതലമുറയെ സ്ഥിര ജോലിയും, മെച്ചപ്പെട്ട ജീവിത നിലവാരവും സേവന മനോഭാവവുമുള്ളവരാക്കി വളർത്തിയെടുക്കാൻ സാധിക്കണം.

ജില്ലയിൽ കൊറഗ വിഭാഗത്തിൽപ്പെട്ട 530 കുടുംബങ്ങൾ 55 കോളനികളിലായി താമസിച്ചുവരുന്നു. ഇവരിൽ മിക്കവരും താമസിക്കുന്ന ഭൂമിക്ക് ആവശ്യമായ രേഖകളും, അതിരുകളും ഇല്ല. തന്മൂലം പല ഭാഗത്തും ഇവരുടെ ഭൂമി മറ്റുള്ളവർ കയ്യേറുന്ന അവസ്ഥയുണ്ട്. പെർഡാല കൊറഗ കോളനിയിൽ ആവശ്യത്തിന് ഭൂമിയുണ്ടെങ്കിലും അതിന് അതിരുകളോ, താമസിക്കുന്ന കുടുംബങ്ങൾക്ക് ഭൂമി സംബന്ധമായ രേഖകളോ ഇല്ലാത്തിനാൽ ലഭ്യമായ ഭൂമി വേണ്ടത്ര പ്രയോജ

നപ്പെടുത്താൻ പറ്റാത്ത അവസ്ഥയിലാണ്. എന്നാൽ മറ്റു കോളനികളിൽ പലതിലും കുടുംബങ്ങൾക്ക് വളരെ കുറഞ്ഞ അളവിലേ ഭൂമിയുള്ളൂ. ചുരുങ്ങിയ ഭൂമിയിൽ കൂടുതൽ കുടുംബങ്ങൾ താമസിക്കുന്നതുമൂലം നിരവധി സാമൂഹ്യ പ്രശ്നങ്ങൾ ഉടലെടുക്കുന്നുണ്ട്.

എല്ലാ കൊറഗ കോളനികളിലും സർക്കാർ പദ്ധതി പ്രകാരം ലഭ്യമായ ഭൂമിക്ക് അതിരു തിരിച്ച് ചുറ്റുമതിൽ കെട്ടാൻ നടപടി ഉണ്ടാകണം. ചുരുങ്ങിയ ഭൂമിയിൽ കൂടുതൽ കുടുംബങ്ങൾ താമസിക്കുന്ന കോളനികളെ വിഭജിച്ച് ജീവിതയോഗ്യമായ മറ്റൊരുസ്ഥലത്ത് താമസിക്കാൻ സൗകര്യമുണ്ടാകണം. താമസിച്ചുവരുന്ന കോളനിക്ക് തൊട്ടടുത്ത് തന്നെ ഭൂമി വിലക്കെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പുനരധിവസിപ്പിക്കുന്നതായിരിക്കും ഉചിതം. ജില്ലയിൽ കൊറഗ വിഭാഗത്തിന്റെ വികസനത്തിന് പട്ടികവർഗ്ഗവികസനവകുപ്പ് കോടികൾ ചെലവഴിക്കുന്നുണ്ടെങ്കിലും അതിനനുസരിച്ച് മാറ്റം അവരുടെ സാമൂഹ്യ-സാമ്പത്തിക ചുറ്റുപാടിൽ ഉണ്ടായിട്ടില്ല. കൊറഗർക്കു വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ പുനരവലോകനംചെയ്യേണ്ടതിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

ജില്ലയിലെ 55 കൊറഗ കോളനികളിലും പ്രത്യേകം ഊരുകൂട്ടം നടത്തി അവരുടെ ആവശ്യങ്ങൾ പട്ടികപ്പെടുത്തി അന്തേവാസികളുടെ പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കണം. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗമെന്ന നിലയിൽ പ്രാധാന്യത്തോടെയാകണം പദ്ധതി തയ്യാറാക്കുന്നത്. ഊരുകൂട്ട യോഗങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് പുറമെ മറ്റു വകുപ്പുകളുടെ ജില്ലാ-ബ്ലോക്ക് തല ഉദ്യോഗസ്ഥരുടെ പങ്കാളിത്തവും ഉറപ്പുവരുത്തണം. ഓരോ കോളനിയുടെയും വികസന പ്രശ്നങ്ങളും ആവശ്യകതകളും മനസ്സിലാക്കി DPR തയ്യാറാക്കി ആവശ്യമായ ഫണ്ട് ജില്ലാതലത്തിൽ കണ്ടെത്തുകയാണ് അഭികാമ്യം. ജില്ലാ കളക്ടറും ജനപ്രതിനിധികളും ത്രിതല പഞ്ചായത്ത് പ്രതിനിധികളും ഉദ്യോഗസ്ഥരും അടങ്ങുന്ന ജില്ലാതല കമ്മിറ്റിയുടെ മോണിറ്ററിംഗിൽ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് തന്നെ പദ്ധതി നടപ്പിലാക്കുന്നതാവും ഉചിതം. ഇതിനാവശ്യമായ ഫണ്ട് പട്ടികവർഗ്ഗവികസന വകുപ്പ്, ത്രിതലപഞ്ചായത്തുകൾ തുടങ്ങിയ ഏജൻസികളിൽ നിന്നും നേടിയെടുക്കാൻ സാധിക്കും.

പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ

- പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പട്ടികവർഗ്ഗ വികസനവകുപ്പ്, ത്രിതല പഞ്ചായത്തുകൾ എന്നിവ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. മറ്റു വകുപ്പുകളും കുടുംബശ്രീ പോലുള്ള ഏജൻസികളും പട്ടികവർഗ്ഗ വികസന രംഗത്ത് പ്രവർത്തിച്ചുവരുന്നു. കാസറഗോഡ് എം.പി.യും 5 എം.എൽ.എ.മാരും അവരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും പട്ടികവർഗ്ഗ വികസനത്തിന് വിവിധ മേഖലകളിൽ ഫണ്ട് ചെലവഴിച്ചുവരുന്നു. എന്നാൽ പട്ടികവർഗ്ഗ വികസന രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ ഏകോപനം വേണ്ടത്ര നടക്കാത്തതിനാൽ പട്ടികവർഗ്ഗ വികസനപദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുന്നു. തന്മൂലം പല പദ്ധതികളും ലക്ഷ്യത്തിലെത്താതെ ചെലവഴിച്ച തുക പാഴായി പോകുന്ന അവസ്ഥയുണ്ടാകുന്നു. ഒരേ പദ്ധതി തന്നെ ഗ്രാമ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും നടപ്പിലാക്കുന്ന പ്രവണതയുമുണ്ടാകുന്നു. അതുപോലെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളും നടപ്പിലാക്കുന്ന സ്ഥിതിവരുന്നു. (ഉദാ:-വിവാഹ ധനസഹായം, സ്വയം തൊഴിൽ പദ്ധതി) തന്മൂലം പല പദ്ധതികളും അർഹരായ ഗുണഭോക്താക്കൾക്ക് ലഭിക്കാത്ത അവസ്ഥയും സംജാതമാവുന്നു.
- പട്ടികവർഗ്ഗ വികസന പ്രക്രിയയിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തത്തിന്റെ അഭാവം പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നു. പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം ഓരോ പദ്ധതി നിർവഹണത്തിലുമുണ്ടാക്കാൻ നിരവധി മാർഗ്ഗങ്ങൾ ഉണ്ടെങ്കിലും പദ്ധതി രൂപീകരണത്തിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം കുറഞ്ഞു വരുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഊരുകൂട്ട സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഊരുകൂട്ടയോഗങ്ങളിൽ പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണെങ്കിലും അത് വേണ്ടത്ര ഗൗരവത്തിൽ നടക്കാത്ത സ്ഥിതിയുണ്ട്. ത്രിതല പഞ്ചായത്തുകളിലെ വർക്കിംഗ് ഗ്രൂപ്പുകളിൽ പട്ടികവർഗ്ഗക്കാർക്ക് ആവശ്യമായ പ്രാതിനിധ്യം കിട്ടാത്ത അവസ്ഥയും നിലനിൽക്കുന്നു.
- പട്ടികവർഗ്ഗവികസനപദ്ധതികൾ ഉദ്ദേശിച്ച രീതിയിൽ പൂർത്തീകരിക്കുന്നുണ്ടെന്നും ലക്ഷ്യം നേടിയെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ആവശ്യമായ മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. പട്ടികവർഗ്ഗ വികസന വകുപ്പ് ഗ്രാമപഞ്ചായത്തിന് നൽകിയ തുക ഉപയോഗിച്ച് പദ്ധതികൾ ഫലപ്രദമായും സമയ ബന്ധിതമായും നടപ്പിലാക്കാത്ത അവസ്ഥയുമുണ്ട്.
- പട്ടികവർഗ്ഗ ജനസംഖ്യയിൽ കാസറഗോഡ് ജില്ല സംസ്ഥാനത്ത് രണ്ടാം സ്ഥാനത്താണെങ്കിലും ജനസംഖ്യാനുപാതികമായി ജില്ലക്ക് ലഭിക്കേണ്ട ഫണ്ട് കിട്ടാത്തത് പട്ടികവർഗ്ഗ വികസനപ്രവർത്തനങ്ങളെ ഗൗരവമായി ബാധിക്കുന്നു. 2011 ലെ സെൻസസ് പ്രകാരമാണ് ഇന്നും പല ഗ്രാമപഞ്ചായത്തുകൾക്കും ടി.എസ്.പി. വിഹിതം ലഭിക്കുന്നത്. 2011 ലെ സെൻസസ് കണക്കെടുപ്പിനു ശേഷം പട്ടികവർഗ്ഗവിഭാഗക്കാരുടെ ജനസംഖ്യയിൽ കാതലായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ സാമ്പത്തിക വിഹിതം ഇതിനനുസരിച്ച് അനുവദിക്കുന്നതിനുള്ള ക്രമീകരണം ഇന്നോളം ഉണ്ടായിട്ടില്ല.

◆ **പട്ടികവർഗ്ഗ വികസനത്തിനുള്ള സ്ഥാപനങ്ങളുടെ അഭാവം**

1986 ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ജില്ലയിൽ ട്രൈബൽ ഡവലപ്മെന്റ് ഓഫീസറുടെ കീഴിൽ 3 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസും 2 പ്രീമെട്രിക് ഹോസ്റ്റലുകളും മാത്രമാണ് ഉണ്ടായിരുന്നത്. ഇതിനു ശേഷം 3 പതിറ്റാണ്ട് കഴിഞ്ഞു. എന്നാൽ അതിനുശേഷം പരവനടുക്കത്ത് ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ, കുറ്റിക്കോലിൽ പ്രീമെട്രിക് ഹോസ്റ്റൽ, ബേഡഡുക്ക ഗ്രാമ പഞ്ചായത്തിൽ ഒരു ആശ്രമം സ്കൂൾ, നീലേശ്വരത്ത് ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് എന്നിവ മാത്രമാണ് പുതുതായി അനുവദിക്കപ്പെട്ടത്. പട്ടികവർഗ്ഗ ജനസംഖ്യയിൽ സംസ്ഥാനത്ത് രണ്ടാംസ്ഥാനത്ത് നിൽക്കുന്ന ജില്ലയിൽ പുതിയൊരു ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് അനുവദിക്കേണ്ടത് അത്യാവശ്യമാണ്. വിദൂര മേഖലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുട്ടികൾക്ക് ആവശ്യത്തിന് ഹോസ്റ്റലുകളില്ലാത്തത് മറ്റൊരു വലിയ പ്രശ്നമാണ്. പട്ടികവർഗ്ഗ പെൺകുട്ടികൾക്കു വേണ്ടി പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ അനുവദിക്കേണ്ടത് ജില്ലയുടെ അടിയന്തിര സ്വഭാവമുള്ള ആവശ്യം കൂടിയാണ്.

◆ **ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾ**

ജില്ലയിൽ ഭൂരഹിതരായ നിരവധി പട്ടികവർഗ്ഗ കുടുംബങ്ങൾ നിലവിലുണ്ട്. ഇതിൽ ഭൂരിഭാഗവും കുടുംബങ്ങളും മിച്ച ഭൂമിയിലോ സർക്കാർ ഭൂമിയിലോ താമസിച്ചു വരികയാണ്. പാരമ്പര്യസ്വത്ത് ഭാഗിക്കാത്തത് മറ്റൊരു പ്രശ്നമാണ്. ഭൂമിയില്ലാത്തത്, ഭവനനിർമ്മാണ ഗ്രാന്റ് അടക്കമുള്ള സർക്കാർ ധനസഹായം ലഭിക്കുന്നതിന് തടസ്സമാകുന്നു. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിക്കായി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും കണ്ടെത്തുന്ന ഭൂമിയിൽ പലതും കൃഷികയോഗ്യമോ, വാസയോഗ്യമോ അല്ലാത്തവയാണ്. ഭൂവുടമകളുടെയും ഏജന്റുമാരുടെയും മറ്റ് ബാഹ്യശക്തികളുടെയും ഇടപെടലുകൾ കാരണം ഭവനനിർമ്മാണപദ്ധതി നടത്തിപ്പിൽ വലിയ പ്രശ്നങ്ങൾ ഉണ്ടാകുന്നു. ഗുണഭോക്താവ് കണ്ടെത്തുന്ന ഭൂമി പഞ്ചായത്ത് തലത്തിൽ വിവിധ വകുപ്പ് പ്രതിനിധികളും ജനപ്രതിനിധികളും അടങ്ങുന്ന ഒരു സമിതി പരിശോധിച്ച് ശുപാർശ ചെയ്യുന്നതായിരിക്കും ഗുണകരം.

◆ **ഭവനരഹിതർ**

നിലവിൽ ജില്ലയിലെ 4077 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടില്ല. വീടു വെക്കാൻ ഭൂമിയില്ലാത്തതും റേഷൻ കാർഡിന്റെ അഭാവവും ഭവനനിർമ്മാണ ഗ്രാന്റ് ലഭിക്കുന്നതിന് തടസ്സമായി വരുന്നു. അനുവദിച്ച വീടുകളിൽ പലതും കൃത്യസമയത്ത് പൂർത്തിയാക്കാത്തതിനാൽ സർക്കാർ തുക പാഴാവുന്നണവസ്ഥയുമുണ്ടാകുന്നു. ഭവന നിർമ്മാണവും തദ്ദേശഭരണസ്ഥാപന തലത്തിലുള്ള ഒരു സമിതി വിലയിരുത്തേണ്ടത് അത്യാവശ്യമാണ്.

◆ **കുടിവെള്ളം**

പട്ടികവർഗ്ഗ മേഖലയിലെ കാതലായ പ്രശ്നങ്ങളിലൊന്ന് കുടിവെള്ള ലഭ്യതക്കുറവാണ്. കുടിവെള്ള പദ്ധതിക്ക് ആവശ്യമായ സ്രോതസ്സിന്റെ അഭാവവും ഉള്ള സ്ഥലങ്ങളിൽ ആവശ്യമായ വെള്ളം ലഭ്യമല്ലാത്തതും നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടക്കുന്നതിലെ അവ്യക്തതയും മോട്ടോർ പോലുള്ളവ റിപ്പയർ ചെയ്യുന്നതിലെ അലംഭാവവും കുടിവെള്ള പദ്ധതി നടത്തിപ്പിന് പ്രയാസം സൃഷ്ടിക്കുന്ന ഘടകങ്ങളാണ്. ത്രിതല പഞ്ചായത്തുകൾ, കേരളാ വാട്ടർ അതോറിറ്റി, ജില്ലാ പ്ലാനിംഗ് ഓഫീസ് എന്നിവയുടെ കൂടിയാലോചനയിലൂടെ പദ്ധതികൾ നടപ്പിലാക്കിയാൽ കുടിവെള്ള പ്രശ്ന പരിഹാരത്തിന് പരമാവധി സാധ്യത കൈവരും.

◆ **ഗതാഗതം**

ഉയർന്ന കുന്നിൻ മുകളിൽ സ്ഥിതി ചെയ്യുന്ന നിരവധി പട്ടികവർഗ്ഗ കോളനിൾ ജില്ലയിലുണ്ട്. ഈ പ്രദേശങ്ങളിലേക്ക് ഫലപ്രദവും സഞ്ചാരയോഗ്യവുമായ റോഡ് സൗകര്യം ലഭ്യമാകാനുണ്ട്. ടി.എസ്.പി., കോർപ്പസ് ഫണ്ട് എന്നിവയിലൂടെയാണ് സാധാരണയായി കോളനികളിൽ ഗതാഗതത്തിന് ഫണ്ട് നീക്കിവെക്കുന്നത്. ത്രിതല പഞ്ചായത്തുകളുടെ ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് കോളനികളിലേക്ക് റോഡ് നിർമ്മാണത്തിന് അനുമതി നൽകുന്നത് പരിഗണനാർഹമായ വിഷയമാണ്.

◆ **സാംസ്ക്കാരികകേന്ദ്രങ്ങൾ**

പട്ടികവർഗ്ഗകോളനികളിൽ പലതിലും സൗകര്യപ്രദമായ കമ്മ്യൂണിറ്റി ഹാളോ മറ്റു സാംസ്കാരിക കേന്ദ്രങ്ങളോ ഇല്ല. ഊരുകൂട്ടം ചേരാനുള്ള സൗകര്യം പോലും പല കോളനികളിലുമില്ല. കമ്മ്യൂണിറ്റി ഹാൾ നിലവിലുള്ള സ്ഥലത്ത് അവ കൃത്യമായി സംരക്ഷിക്കാത്ത സ്ഥിതി വിശേഷവുമുണ്ട്. കമ്മ്യൂണിറ്റി ഹാളുകൾക്ക് ആവശ്യമായ അറ്റകുറ്റപ്പണി ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടത്തുന്നതിനുള്ള സംവിധാനമുണ്ടാകണം.

◆ **ആരോഗ്യം**

ആരോഗ്യമേഖലയിൽ നിരവധി പദ്ധതികളുണ്ടെങ്കിലും അവ ഫലപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്താത്തതിന്റെ പ്രശ്നം മിക്ക പട്ടികവർഗ്ഗ കോളനികളിലുമുണ്ട്. സർക്കാർ ആശുപത്രികളിൽ പോകാതെ ചികിത്സയ്ക്ക് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്ന സ്ഥിതിയും സംജാതമാകുന്നുണ്ട്. ജനനീ ജന്മരക്ഷ പദ്ധതി പ്രകാരം ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ കുട്ടിക്ക് ഒരു വയസ്സാകുന്നതുവരെ പ്രതിമാസം 1000 രൂപ വീതം അമ്മയ്ക്കും കുഞ്ഞിനും ആരോഗ്യ സംരക്ഷണത്തിനും പോഷകാഹാരത്തിനും ലഭിക്കുന്ന പദ്ധതികൾ പോലും കൃത്യമായി പ്രയോജനപ്പെടുത്താത്ത അവസ്ഥയും നിലവിലുണ്ട്. എങ്കിലും ആരോഗ്യരംഗത്തെ ബോധവൽക്കരണശ്രമങ്ങൾ ആദിവാസി സമൂഹത്തിൽ ചില മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. മദ്യപാനം, മയക്കുമരുന്ന് ഉപയോഗം തുടങ്ങിയവയ്ക്കെതിരെ ശക്തമായ ബോധവൽക്കരണപരിപാടികൾ, ആരോഗ്യവകുപ്പിന്റെ കൂടി ഇടപെടലോടെ നടക്കേണ്ടതുണ്ട്.

◆ **തൊഴിൽ - വരുമാന മാർഗ്ഗം**

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പട്ടികവർഗ്ഗ

വിഭാഗത്തിലും രൂക്ഷമാണ്. ത്രിതല പഞ്ചായത്തുകൾ ടി.എസ്.പി. യിൽ നടപ്പിലാക്കുന്ന തൊഴിൽദായക പദ്ധതികളുടെ ഗുണം പട്ടികവർഗ്ഗക്കാർക്ക് വേണ്ടത്ര ലഭിക്കാതെ പോകുന്നുണ്ട്. പട്ടികവർഗ്ഗക്കാർക്ക് അനുയോജ്യമായ തൊഴിൽ പദ്ധതികൾ നിർദ്ദേശിക്കുന്നതിനും ആയത് ത്രിതല പഞ്ചായത്ത്പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിലും കൂടുതൽ ശ്രദ്ധ ആവശ്യമാണ്. ഗ്രാമപഞ്ചായത്തിലെ തൊഴിൽപദ്ധതികളിൽ ഗുണഭോക്താക്കളുടെ അഭിരുചികൂടി പരിഗണിക്കുന്ന സ്ഥിതിയുണ്ടാകണം. അതാത് പ്രദേശത്തിന്റെ തൊഴിൽ സാധ്യതകളും പരിഗണിക്കണം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗക്കാരെ തൊഴിൽ സംരംഭങ്ങളിലെ ഗുണഭോക്തൃ വിഹിതം അടക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

പട്ടികജാതി/പട്ടികവർഗ്ഗ കോർപ്പറേഷനുൾപ്പെടെയുള്ള ധനകാര്യസ്ഥാപനങ്ങൾ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് അനുവദിക്കുന്ന വായ്പക്ക് ജാമ്യമായി ഉദ്യോഗസ്ഥരുടെ ശമ്പള സർട്ടിഫിക്കറ്റോ, ഭൂമിയുടെ ആധാരമോ ആവശ്യമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ഉദ്യോഗസ്ഥജാമ്യം ലഭിക്കുന്നതിന് പരിമിതിയുണ്ട്. ഒരു ലക്ഷം രൂപ വരെയുള്ള വായ്പയ്ക്കെങ്കിലും ഉദ്യോഗസ്ഥജാമ്യം ഒഴിവാക്കുന്നതിനുള്ള നടപടി അത്യാവശ്യമാണ്. കോളനികളിൽ താമസിക്കുന്നതിനാൽ സമൂഹത്തിലെ മറ്റു വിഭാഗക്കാരുമായി പരസ്പരം ഇടപഴകുന്നതിൽ ആദിവാസിവിഭാഗത്തിനുള്ള പരിമിതികൾ ഏറെയാണ്. ആദിവാസി വികസനത്തിന് ഇത് തടസ്സമായി വരുന്നുമുണ്ട്. വിവിധ സർക്കാർ വകുപ്പുകളിൽ നിന്ന് പട്ടിക വർഗ്ഗക്കാരുടെ വികസനത്തിനുള്ള പദ്ധതികളിൽ ഉണ്ടാകുന്ന കാലതാമസവും വികസന പ്രവർത്തനങ്ങൾക്ക് വിഘാതമാകുന്നു. ആദിവാസി വിഭാഗത്തെ സംബന്ധിച്ച് സമഗ്രമായ വിവരശേഖരണവും ക്രോഡീകരണവും ഇല്ലാത്തതും വിവിധ ഏജൻസികൾ സർവ്വേയുടെ കണ്ടെത്തലുകൾ പദ്ധതി രൂപീകരണത്തിന് വേണ്ടത്ര പ്രയോജനപ്പെടാത്ത അവസ്ഥയും മറ്റും അടിയന്തിര പരിശോധന അർഹിക്കുന്ന വിഷയങ്ങളാണ്.

ഇടപെടൽ സാധ്യതകൾ

ആദിവാസി കുടുംബങ്ങളെ സംബന്ധിച്ച് വിശദമായ ഇ-സർവ്വേ നടത്തി ആദിവാസിക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന വകുപ്പുകൾക്കും ഏജൻസികൾക്കും സൂക്ഷ്മവും കൃത്യവുമായ വിവരങ്ങൾ ലഭിക്കുന്നതിന് സഹായകമായ സോഫ്റ്റ്‌വെയർ തയ്യാറാക്കി പ്രയോജനപ്പെടുത്തണം. ഓരോ മാസവും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാൻ സാധിക്കണം. ഭൂമി, വീട്, കുടുംബാംഗങ്ങൾ, തൊഴിൽ, ആരോഗ്യം, വിദ്യാഭ്യാസം, കല, കുടിവെള്ളം, ലഭ്യമാകുന്ന സർക്കാർ ധനസഹായം തുടങ്ങിയ സകല കാര്യങ്ങളും സർവ്വേയിലൂടെ ശേഖരിക്കണം. ഇങ്ങനെ സമഗ്ര സർവ്വേ നടത്തുന്നത് ഭാവിയിൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ വികസനത്തിന് ശാസ്ത്രീയമായ കാഴ്ചപ്പാടും വികസന കലണ്ടറും പരിപാടികളും തയ്യാറാക്കാൻ സഹായകമാകും.

◆ **ഭൂമി**

ഓരോ ആദിവാസി കുടുംബത്തിനുമുള്ള ഭൂമിയുടെ അവകാശത്തിന്റെ സ്വഭാവം കൃത്യമായി മനസ്സിലാക്കി കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം. ഭൂരഹിതരായ കുടുംബങ്ങളെ കണ്ടെത്തി ഊരുകൂട്ടം/ഗ്രാമസഭയുടെ അംഗീകാരത്തോടെ ഗ്രാമപഞ്ചായത്ത് തലത്തിൽ ലിസ്റ്റ് തയ്യാറാക്കുകയും ആദിവാസികൾക്കു ഭൂമി വാങ്ങി നൽകുന്ന പട്ടികവർഗ്ഗവികസനവകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി ലഭ്യമാക്കുകയും വേണം.

◆ **ഭവനനിർമ്മാണം**

ആദിവാസി വിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള ഫണ്ടിന്റെ സിംഹഭാഗവും ലക്ഷ്യത്തിലെത്താതെ പോകുന്നത് ഭവനനിർമ്മാണ രംഗത്താണ്. ഭവന രഹിതരുടെ കൃത്യമായ കണക്കുകൾ ശേഖരിച്ച് ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കണം. ഗുണഭോക്താക്കൾക്ക് ഗ്രാന്റ് അനുവദിക്കുമ്പോൾ ഭവനനിർമ്മാണം കൃത്യമായി പൂർത്തിയാക്കുന്നുണ്ടെന്ന് ഗ്രാമ പഞ്ചായത്തിലെ മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തണം.

◆ **ഭവന പുനരുദ്ധാരണം**

പട്ടികവർഗ്ഗ വികസന വകുപ്പിനും ഗ്രാമ പഞ്ചായത്തിനും നിലവിൽ ഭവന റിപ്പയർപദ്ധതി ഏറ്റെടുക്കുന്നതിന് അനുവാദമുണ്ട്. ചുരുങ്ങിയത് 6 കൊല്ലം പഴക്കമുള്ള വീടുകൾക്ക് റിപ്പയർ ഗ്രാന്റ് നൽകാം. നിലവിൽ ഭവനനിർമ്മാണഗ്രാന്റ് അനുവദിച്ച് പൂർത്തിയാകാത്ത വീടുകൾ കണ്ടെത്തി അവ റിപ്പയർ ഗ്രാന്റ് ഉപയോഗിച്ച് പൂർത്തിയാക്കാൻ മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പദ്ധതികൾ ആവിഷ്കരിക്കണം.

◆ **കുടിവെള്ളം**

കുടിവെള്ളം ലഭ്യമാകാത്ത പട്ടിക വർഗ്ഗ കോളനികളുടെ ലിസ്റ്റ് തയ്യാറാക്കി ഗ്രാമ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കണം. മേൽ കോളനികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള സ്രോതസ്സ്, ഭൂമി എന്നിവ കൃത്യമായി കണ്ടെത്തുകയും കുടിവെള്ള സ്രോതസ്സ് ലഭ്യമാകുന്ന കോളനികൾ പട്ടികവർഗ്ഗ വികസന വകുപ്പ്, ത്രിതല പഞ്ചായത്ത്, എ.ആർ.ഡബ്ല്യൂ.എസ്.എസ്./എം.പി. ഫണ്ട് എന്നീ പദ്ധതികളിലേക്ക് മുൻഗണനാ ക്രമത്തിൽ ശുപാർശ ചെയ്യുകയും വേണം. ഒരു കോളനിയിലെ കുടിവെള്ള പദ്ധതിയിലെ ഏതെങ്കിലും ഒരു ഘടകത്തിന് (Component) മാത്രം തുക അനുവദിക്കുന്ന പ്രവണത ഒഴിവാക്കണം. ഒരു കോമ്പോണന്റിന് ഒരു സ്കീമിൽ തുക അനുവദിക്കുന്ന സാഹചര്യം വരികയാണെങ്കിൽ പദ്ധതിയുടെ ബാക്കി ഘടകങ്ങൾ പൂർത്തീകരിക്കുന്നതിന് മറ്റു സ്കീമുകളിൽ തുക വകയിരിത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം. കുടിവെള്ള പദ്ധതികൾ കാലവിളംബമില്ലാതെ കൃത്യമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി ഉറപ്പുവരുത്തണം. നിലച്ചുപോയ കുടിവെള്ളപദ്ധതികൾ പുനരുദ്ധരിക്കുന്നതും പ്രധാനമാണ്. വിവിധ ഫണ്ടുകൾ പ്രകാരം അനുവദിച്ച് പൂർത്തീകരിച്ച പദ്ധതികൾ ഉപയോഗ്യമാകാതെ കിടക്കുന്നുണ്ടെങ്കിൽ അവ പരിശോധിച്ച് കൃത്യമായ അറ്റകുറ്റപ്പണി നടത്തി ഉപയോഗക്ഷമ

മാക്കേണ്ടതാണ്.

വിവിധ ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്.

കൃത്യമായി വൈദ്യുതി ചാർജ്ജ് അടക്കാത്തതിനാൽ പ്രവർത്തനക്ഷമമല്ലാതെ വരുന്ന കുടിവെള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്ത് തല മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർന്ന് അവ പരിപാലിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

◆ **ഗതാഗതം**

പട്ടികവർഗ്ഗസങ്കേതങ്ങളിൽ റോഡ് നിർമ്മിക്കുന്നതിന് ടി.എസ്.പി.ഫണ്ട് വിനിയോഗിക്കുന്നതിന് നിലവിൽ അനുമതിയില്ല. കോർപ്പസ് ഫണ്ട്, എം.പി. ഫണ്ട് തുടങ്ങിയവ ഉപയോഗിച്ചാണ് മിക്ക പട്ടികവർഗ്ഗ കോളനികളിലേക്കും റോഡ് നിർമ്മിക്കുന്നത്. ഇതു കൂടാതെ ത്രിതല പഞ്ചായത്തിന്റെ ജനറൽ ഫണ്ട് ഉപയോഗിച്ച് പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള നടപടികളും അനിവാര്യമാണ്. അനുവദിക്കുന്ന റോഡുകളുടെ നിർമ്മാണപുരോഗതി ഗ്രാമ പഞ്ചായത്ത് തലത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതുണ്ട്.

◆ **കമ്മ്യൂണിറ്റിഹാൾ/സാംസ്ക്കാരികകേന്ദ്രങ്ങൾ മുതലായവ**

◆ കമ്മ്യൂണിറ്റി ഹാൾ, സാംസ്ക്കാരികകേന്ദ്രങ്ങൾ എന്നിവ ആവശ്യമായ കോളനികളുടെ വിവരങ്ങൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ തയ്യാറാക്കി സൂക്ഷിക്കണം. കമ്മ്യൂണിറ്റി ഹാളിനാവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടെന്ന് കൃത്യമായി ഉറപ്പ് വരുത്തിയ ശേഷം നിർമ്മാണ പ്രവർത്തനത്തിന് അനുമതി നൽകണം. ഗ്രാമ പഞ്ചായത്ത് തലത്തിലുള്ള മോണിറ്ററിംഗ് സമിതി ഇതിന് മേൽനോട്ടം വഹിക്കേണ്ടതും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി ആയത് വിലയിരുത്തേണ്ടതുമാണ്.

◆ **ആരോഗ്യം**

ആരോഗ്യസേവനത്തിന് പരമാവധി സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന സമീപനം ഉണ്ടാകണം. ജനനീ-ജന്മരക്ഷ, ചികിത്സാ ധനസഹായം എന്നിവ ഗുണഭോക്താക്കൾ കൃത്യമായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസ്ഥിതി വിലയിരുത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുഖേന വിവിധ മെഡിക്കൽ ക്യാമ്പുകൾ നടത്തേണ്ടതും കൃത്യമായ ആരോഗ്യരേഖ സൂക്ഷിക്കേണ്ടതുമാണ്. കിടപ്പുരോഗികൾക്കും മറ്റുമുള്ള പാലിയേറ്റീവ് പ്രവർത്തനങ്ങളും കോളനികളിൽ ഉറപ്പാക്കണം.

വിദ്യാഭ്യാസം

◆ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗമെന്ന നിലയിൽ പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാർ പരമാവധി മുൻതൂക്കം നൽകുന്നുണ്ട്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിന് സംവിധാനമൊരുക്കുകയും ചെയ്യുന്നുണ്ട്. വിദൂരപ്രദേശങ്ങളിലാണ് പട്ടികവർഗ്ഗ സങ്കേതങ്ങൾ സ്ഥിതി ചെയ്യുന്നത്. ഇത്തരം സങ്കേതങ്ങളിൽ നിന്നും പത്താം തരം വരെ പഠിക്കുന്ന കുട്ടികളെ സ്കൂളിലെത്തിക്കുന്നതിന് 'ഗോത്ര സാരഥി' പോലുള്ള പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നുണ്ട്. അത് വിപുലീകരിക്കേണ്ടതാണ്. ജില്ലയിലെ ആവശ്യത്തിന് പോസ്റ്റ്മെട്രിക്, പ്രീമെട്രിക് ഹോസ്റ്റലുകൾ ഇല്ലായെന്നത് വലിയ പരിമിതിയാണ്. ഇത് മറികടക്കാൻ കൂടുതൽ പ്രീമെട്രിക് ഹോസ്റ്റലുകൾ അനുവദിക്കേണ്ടതുണ്ട്. സ്പോർട്സ് മേഖലയിൽ ആദിവാസി വിഭാഗക്കാർ കഴിവു തെളിയിച്ചവരാണ് അതിനാൽ പട്ടിക വർഗ്ഗ വിഭാഗക്കാർ കൂടുതലായി അധിവസിക്കുന്ന പരപ്പ ബ്ലോക്ക് പരിധിക്കകത്ത് സ്പോർട്സ് സ്കൂളും ഹോസ്റ്റലും സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

◆ **തൊഴിൽ, വരുമാനം**

പട്ടികവർഗ്ഗക്കാർക്കിടയിലെ തൊഴിലില്ലാത്ത അഭ്യസ്തവിദ്യരെ കണ്ടെത്തി അവരുടെ വിദ്യാഭ്യാസം, തൊഴിൽ നൈപുണ്യം എന്നിവ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ഗ്രാമ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കണം. തൊഴിലന്വേഷകരുടെ അഭിരുചി സംബന്ധിച്ചു കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാകണം. അതോടൊപ്പം തൊഴിലവസരങ്ങളെ സംബന്ധിച്ച് കൃത്യസമയത്ത് വിവരങ്ങൾ പട്ടികവർഗ കോളനിയിലെത്തിക്കാനുള്ള സംവിധാനവും ഉണ്ടാകണം. ത്രിതല പഞ്ചായത്തുകൾ സ്വയം തൊഴിൽ പോലുള്ള പദ്ധതി തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കളുടെ അഭിരുചി പരിഗണിക്കേണ്ടതുണ്ട്. തൊഴിൽ പരിശീലനത്തിനാവശ്യമായ സ്ഥാപനങ്ങൾ ജില്ലയിൽ ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. പരമ്പരാഗത തൊഴിൽമേഖലയിലുള്ളവരുടെ വൈദഗ്ദ്ധ്യം പോഷിപ്പിക്കുന്ന പരിശീലന കേന്ദ്രങ്ങളും അനിവാര്യമാണ്. പട്ടികജാതി/പട്ടികവർഗ്ഗ കോർപ്പറേഷനുകളിൽ നിന്ന് പട്ടികവർഗ്ഗക്കാർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ഉദാരമായ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാവണം. ബാങ്കുകളും മറ്റ് ധനകാര്യസ്ഥാപനങ്ങളും നിയമാനുസൃതം പട്ടികവർഗ്ഗക്കാർക്ക് നൽകേണ്ട വായ്പകൾ കൃത്യമായും അർഹതപ്പെട്ട പലിശ നിരക്കിൽ തന്നെ നൽകിയിട്ടുണ്ടെന്ന് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി ഉറപ്പ് വരുത്തണം. അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാർക്ക് മത്സരപരീക്ഷകളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കുന്നതിന് ആവശ്യമായ പരിശീലനങ്ങളും പരിശീലന കേന്ദ്രങ്ങളും സംജാതമാക്കണം.

കൃഷി

കാർഷികവൃത്തിയാണ് പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത ഉപജീവന മാർഗ്ഗം. 50 സെന്റിന് മേൽ കൃഷി ഭൂമിയുള്ള നിരവധി പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. എന്നാൽ പ്രസ്തുത കുടുംബങ്ങൾ ഇപ്പോഴും ഉപയോഗിച്ചു വരുന്നത് പരമ്പരാഗത കൃഷി രീതിയാണ്. കാർഷികോൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് പട്ടികവർഗ്ഗക്കാർക്ക് ആധുനിക കൃഷിരീതികളിൽ പരിശീലനവും, പ്രത്യേക പ്രോത്സാഹനവും നൽകേണ്ടതുണ്ട്. കൃഷി വകുപ്പും ഗ്രാമ പഞ്ചായത്തും നൽകുന്ന ആനുകൂല്യങ്ങൾ ശരിയായ സമയത്തു തന്നെ അർഹരായ കൃഷി

ക്കാരിലെത്തിക്കാനാവശ്യമായ നടപടിയും ഉണ്ടാകണം.

◆ **കൊറഗ, മലവേട്ടുവ വിഭാഗക്കാർക്ക് പ്രത്യേക പാക്കേജ്**

പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ട കൊറഗ വിഭാഗക്കാരാണ് ജില്ലയിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർ. നിരവധി പദ്ധതി ഇവർക്കായി നടപ്പിലാക്കിയെങ്കിലും ഇവരുടെ ജീവിതത്തിൽ കാര്യമായ മാറ്റമൊന്നും ഉണ്ടായിട്ടില്ല. കൊറഗ വിഭാഗക്കാർക്കായി പദ്ധതി തയ്യാറാക്കുമ്പോൾ അവരുടെ അഭിരുചിയും താൽപര്യവും പൊതുവെ പരിഗണിക്കാറില്ല എന്നതും പ്രധാനമാണ്.

കൊറഗ വിഭാഗക്കാരുടെ ഉന്നമനത്തിനുള്ള പദ്ധതികൾ അവരുടെ പങ്കാളിത്തത്തോടെ തയ്യാറാക്കണം. ഗ്രാമ പഞ്ചായത്ത് തലത്തിൽ കൊറഗ വിഭാഗത്തെ പങ്കെടുപ്പിച്ചു കൊണ്ട് അവരുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് പദ്ധതി ആവിഷ്കരിക്കണം. ഇതിലേക്ക് എല്ലാ വകുപ്പുകളുടെയും സഹകരണം നിർബന്ധമായും ലഭ്യമാക്കണം. നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഫലങ്ങൾ കൊറഗ വിഭാഗക്കാർക്കു ലഭ്യമാകുന്നുണ്ടോ എന്ന് ജില്ലാതല മോണിറ്ററിംഗ് സമിതി കൃത്യമായ ഇടവേളകളിൽ പരിശോധിക്കണം.

കൊറഗർ കഴിഞ്ഞാൽ കാസറഗോഡ് ജില്ലയിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിഭാഗമാണ് മലവേട്ടുവർ. കൊറഗരുടേതിന് സമാനമാണ് ഇവരുടെ പൊതുവായ അവസ്ഥ. ചൂഷണത്തിന് ഏറെ ഇരയാക്കപ്പെട്ട ഈ വിഭാഗക്കാരുടെ ഉന്നമനത്തിന് പ്രത്യേക പാക്കേജ് ആവശ്യമാണ്. മേൽ സമുദായത്തിലെ കുടുംബാംഗങ്ങളുടെ ആരോഗ്യസ്ഥിതി പൊതുവെ പരിതാപകരമാണ്. കുടിവെള്ളം, റോഡ്, വീട്, ഭൂമി എന്നിവ ഇവരുടെ അടിയന്തിര ആവശ്യങ്ങളാണ്. യാതൊന്നും ചോദിച്ചു വാങ്ങാനോ, പ്രതിഷേധിക്കാനോ തയ്യാറാകാത്ത മലവേട്ടുവ വിഭാഗക്കാർക്കുവേണ്ടി പ്രത്യേക പാക്കേജ് ആവിഷ്ക്കരിച്ച് പട്ടികവർഗ്ഗ വിഭാഗത്തിലെ ഇതര സമുദായങ്ങൾക്കൊപ്പം ഉയർത്തേണ്ടതുണ്ട്. പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കു വരേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ അതാതു ഘട്ടങ്ങളിൽ വിവിധ വകുപ്പുകൾക്ക് നൽകേണ്ടതുമാണ്.

◆ **സംയോജനം**

പട്ടികവർഗ്ഗവികസനത്തിനായി ത്രിതല പഞ്ചായത്തുകൾ ഉൾപ്പെടെ വിവിധ ഏജൻസികൾ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. എന്നാൽ പട്ടിക വർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും തമ്മിൽ വേണ്ടത്ര സംയോജനമില്ലാത്തതിനാൽ പദ്ധതികളുടെ നടത്തിപ്പിൽ അപാകതകൾ സംഭവിക്കുന്നു. വിവാഹ ധനസഹായം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഫർണ്ണിച്ചർ, സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനുള്ള സഹായം തുടങ്ങിയ പദ്ധതിളും പട്ടികവർഗ്ഗ വികസന വകുപ്പും ത്രിതല പഞ്ചായത്തുകളും നടപ്പാക്കിവരുന്നുണ്ട്. ഇതൊഴിവാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാത്രം പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതാണ് അഭികാമ്യം. പട്ടികവർഗ്ഗ കോളനികളിലേക്കുള്ള കുടിവെള്ള പദ്ധതികൾ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളും, പട്ടികവർഗ്ഗ വികസന വകുപ്പും സംയോജിച്ച് നടപ്പിലാക്കിയാൽ കൂടുതൽ ഫലപ്രദമായിരിക്കും.

◆ **പദ്ധതികളിലെ പൊളിച്ചെഴുത്ത്**

പട്ടികവർഗ്ഗ വികസന വകുപ്പും ത്രിതല പഞ്ചായത്തുകളും നടപ്പിലാക്കുന്ന വരുമാനദായകപദ്ധതികളിൽ മാറ്റം അത്യാവശ്യമാണ്.

മാർക്കറ്റിൽ വിപണന സാധ്യതയുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് സംരംഭകർക്ക് ധനസഹായം നൽകാൻ സാധിക്കണം. ഇതിലേക്കാക്കാവശ്യമായ പരിശീലനവും നൽകണം.

- 2002 ലും 2013 ലും പട്ടികവർഗ്ഗക്കാരുടെ പട്ടികയിൽ കേന്ദ്ര ഗവൺമെന്റ് മാറ്റം വരുത്തുകയുണ്ടായി. 2002 ൽ മറാട്ടി വിഭാഗക്കാരെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ പട്ടികയിൽ നിന്നും ഒഴിവാക്കുകയും മാവിലൻ, മലവേട്ടുവൻ എന്നീ സമുദായങ്ങളെ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. 2013 ൽ, മുൻപ് ഒഴിവാക്കിയ മറാഠി വിഭാഗക്കാരെ വീണ്ടും പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തിയതോടെ ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ 83865 ആയി വർദ്ധിച്ചു. എന്നാൽ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോഴും ടി.എസ്.പി. ഫണ്ട് അനുവദിക്കുന്നത് 2002 ലെ ജനസംഖ്യാവിന്യാസത്തിന്റെ അടിസ്ഥാനത്തിലാണ്. ഇത് ഭേദഗതി വരുത്തേണ്ടത് അടിയന്തിര കർത്തവ്യമാണ്.
- പട്ടിക വർഗ്ഗ വിഭാഗക്കാരിൽ ബി.പി.എൽ. കാർഡിന് അർഹതയുള്ള നിരവധി കുടുംബങ്ങൾക്ക് എ.പി.എൽ. കാർഡാണ് ലഭിച്ചിട്ടുള്ളത്. ഇത് പരിശോധിച്ച് അർഹതയുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ബി.പി.എൽ. കാർഡ് നൽകാൻ നടപടിയുണ്ടാകണം.
- ജില്ലയിലെ കൊറഗ, മലവേട്ടുവ വിഭാഗക്കാരിൽ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിയുള്ളവർ മറ്റു പട്ടികവർഗ്ഗ വിഭാഗങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. ആകയാൽ ജില്ലയിലെ കുമ്പളയിൽ കൊറഗ വിഭാഗക്കാരെ കേന്ദ്രീകരിച്ചും ഒടയംചാലിൽ മലവേട്ടുവ വിഭാഗക്കാരെ കേന്ദ്രീകരിച്ചുമുള്ള മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതുണ്ട്. ഇവിടങ്ങളിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അപേക്ഷകൾ തയ്യാറാക്കി അയക്കാൻ വേണ്ട സഹായവും ലഭ്യമാക്കേണ്ടതാണ്. തൊഴിലില്ലാത്തവരും അഭ്യസ്തവിദ്യരുമായ കൊറഗ, മലവേട്ടുവ വിഭാഗക്കാരുടെ രജിസ്റ്റർ സൂക്ഷിച്ച് ജോലി കണ്ടെത്തുന്നതിന് അവർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കാനുള്ള സംവിധാനവുമുണ്ടാകണം.
- വനാതിർത്തിയിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാരിൽ നിന്നും യോഗ്യരായവരെ വനം വകുപ്പിൽ വാച്ചർമാരായി നിയമിക്കുന്നത് നന്നായിരിക്കും.
- പട്ടികവർഗ്ഗക്കാർ മരണപ്പെട്ടാൽ മൃതദേഹം മറവു

ചെയ്യാൻ ഭൂമി ഇല്ലാത്ത അവസ്ഥ ഉണ്ടാകുന്നത് ഒഴിവാക്കാൻ ഗ്രാമ പഞ്ചായത്ത് തലത്തിൽ പൊതു ശ്മശാനം നിർമ്മിക്കേണ്ടതാണ്.

- സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന പട്ടികവർഗ്ഗ വിഭാഗക്കാരായ പെൺകുട്ടികളുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം.
- അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിലേക്ക് പട്ടിക വർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ നിർബന്ധിത പ്രവേശനം തടയുന്നതിന് നടപടിയുണ്ടാകണം.
- അസംഘടിതമേഖലയിലെ പട്ടികവർഗ്ഗവിഭാഗം തൊഴിലാളികൾക്ക് പ്രത്യേക അവസരങ്ങളിൽ ധനസഹായം നൽകേണ്ടതാണ്.
- പട്ടികവർഗ്ഗ വിഭാഗത്തിലെ വയോജനങ്ങൾക്ക് സംരക്ഷണത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം.
- പട്ടികവർഗ്ഗക്കാർക്കിടയിൽ മദ്യത്തിന്റെ ഉപഭോഗം കുറച്ചു കൊണ്ടു വരുന്നതിന് ബോധവൽക്കരണ പദ്ധതികൾ അനിവാര്യമാണ്.
- പട്ടിക വർഗ്ഗ വിഭാഗക്കാരുടെ കല- സാംസ്കാരിക ഉന്നമനത്തിന് ജില്ലാ തലത്തിൽ പരിശീലന കേന്ദ്രങ്ങൾ ഉണ്ടാക്കണം.

വരും വർഷങ്ങളിൽ ഏറ്റെടുക്കേണ്ട പദ്ധതികൾ

- സർക്കാരിന്റെ വിവിധ പദ്ധതികളിലുൾപ്പെടുത്തി ഭൂമിയില്ലാത്ത എല്ലാ ആദിവാസികൾക്കും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി.
- ജില്ലയിൽ വാസയോഗ്യമായ വീടില്ലാത്ത എല്ലാ കുടുംബങ്ങൾക്കും പുതുതായി ഭവന നിർമ്മാണ ഗ്രാന്റ് അനുവദിക്കൽ.
- കുടിവെള്ളം ലഭ്യമല്ലാത്ത പട്ടികവർഗ്ഗവിഭാഗം കോളനികളിൽ അനുയോജ്യമായ സ്രോതസ്സ് കണ്ടെത്തി കുടിവെള്ളം ലഭ്യമാക്കൽ.
- എല്ലാ പട്ടികവർഗ്ഗ വിഭാഗം കോളനികളിലേക്കും സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി റോഡ് നിർമ്മിക്കൽ.
- പട്ടികവർഗ്ഗ വിഭാഗക്കാരുടെ കലാകായിക വാസന പ്രോത്സാഹിപ്പിക്കുന്നതിലേക്കായി കോളനിക്കകത്ത് കമ്മ്യൂണിറ്റി ഹാൾ, സ്പോർട്സ്/ആർട്സ് ക്ലബുകൾ സ്ഥാപിക്കൽ.
- എല്ലാ പട്ടികവർഗ്ഗ വിഭാഗം കോളനികളിലേക്കും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തൽ. ഇതിലൂടെ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് തൊഴിലവസരങ്ങളെക്കുറിച്ച് കൃത്യമായ അവബോധമുണ്ടാക്കൽ.
- ജില്ലാതലത്തിൽ പട്ടികവർഗ്ഗവിഭാഗ വികസന പദ്ധതികളെക്കുറിച്ച് പ്രചാരണം നൽകുന്നതിന് വെബ്സൈറ്റ് ആരംഭിക്കൽ.
- ജില്ലയിലെ പട്ടികവർഗ്ഗവിഭാഗക്കാരുടെ ഇടയിൽ സമഗ്രമായ ഇ-സർവ്വേ നടത്തൽ.
- പട്ടികവർഗ്ഗ വിഭാഗക്കാരുടെ കോളനികളിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ ഏജൻസികളെ സംയോജിപ്പിച്ച് അഭ്യസ്തവിദ്യരുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിക്കൽ
- ജൈവകൃഷിയിൽ പട്ടികവർഗ്ഗക്കാർക്ക് ആവശ്യമായ ധനസഹായവും, പരിശീലനവും നൽകൽ.
- 2300 ഓളം പോസ്റ്റ് മെട്രിക് കുട്ടികൾ ജില്ലയിൽ നിലവിലുണ്ട്. എന്നാൽ ഇവർക്ക് നിലവിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ഇല്ല. വിദൂരമേഖലയിൽ നിന്നും കിലോമീറ്ററുകളോളം സഞ്ചരിച്ചാണ് വിദ്യാർത്ഥികൾ പഠനസ്ഥലത്തെത്തുന്നത്. അതിനാൽ കാസറഗോഡ് ജില്ലയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പുതിയ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കേണ്ടതുണ്ട്.

പട്ടികവർഗ്ഗ വിഭാഗം കുടുംബങ്ങൾക്ക് ഫലവൃക്ഷതൈകൾ വിതരണം ചെയ്യണം. ശുചിത്വനിലവാരം ഉയർത്തുന്നതിന് കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ക്യാമ്പയ്ൻ പ്രവർത്തനങ്ങൾ നടത്തുകയും വേണം. പട്ടികവർഗ്ഗവിഭാഗം കോളനികളിൽ നിന്ന് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ മാലിന്യം തീർത്തും ഒഴിവാക്കണം. പാളകൾ പോലുള്ള പാഴ്വസ്തുക്കൾ ഉപയോഗിച്ച് പ്ലേറ്റുകൾ ഉണ്ടാക്കുന്നത് പ്രോത്സാഹിപ്പിക്കണം. തൊഴിൽരഹിതരായ പട്ടികവർഗ്ഗവിഭാഗക്കാരെ ഉപയോഗിച്ച് പേപ്പർ ബാഗ് മുതലായവ നിർമ്മിക്കുന്നത് പ്രോത്സാഹിപ്പിക്കണം.

വികസനനയം

പട്ടികവർഗ്ഗവിഭാഗക്കാരുടെ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ ത്രിതല പഞ്ചായത്തുകളും പട്ടികവർഗ്ഗവികസനവകുപ്പും നടപ്പാക്കേണ്ടതാണ്. ഈ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീ യുവാക്കളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കി ഓരോ വ്യക്തിയുടെയും അഭിരുചിയും കഴിവും കണക്കിലെടുത്ത്, അവർക്ക് ജോലിസാധ്യതകളെക്കുറിച്ചു പരിശീലനം നൽകുന്ന പദ്ധതി വിഭാവനം ചെയ്യണം. പദ്ധതി നടപ്പിലാക്കുമ്പോൾ ത്രിതല പഞ്ചായത്ത്, പട്ടികവർഗ്ഗ വികസനവകുപ്പ്, തൊഴിൽ വകുപ്പ്, കുടുംബശ്രീ, വ്യവസായവകുപ്പ് തുടങ്ങിയയുടെ കൃത്യമായ ഏകോപനവും സംയോജനവും അനുപേക്ഷണീയമാണ്.

പട്ടികവർഗ്ഗക്കാർക്ക് ഭൂമി, വെള്ളം എന്നിവ ലഭ്യമാക്കുന്നതിന് അർഹരായവരുടെ മുൻഗണനാ ലിസ്റ്റ് ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതും ത്രിതല പഞ്ചായത്തും, മറ്റ് ഏജൻസികളും സംയുക്തമായി പദ്ധതികൾ നടപ്പാക്കേണ്ടതുമാണ്.

കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് മുമ്പായി ത്രിതല പഞ്ചായത്തുകൾ, പട്ടികവർഗ്ഗ വികസന വകുപ്പ്, തൊഴിൽ വകുപ്പ്, കുടുംബശ്രീ, വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ് തുടങ്ങിയവയുടെ കൃത്യമായ കൂടിയാലോചന നടക്കേണ്ടതുണ്ട്.

പട്ടികവർഗ്ഗവിഭാഗക്കാർക്ക് ഭൂമി, ഭവനം എന്നിവ ലഭ്യമാക്കുന്നതിന് അർഹരായവരുടെ മുൻഗണനാ ലിസ്റ്റ് ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതും മുൻഗണനാക്രമം നിശ്ചയിച്ച് ത്രിതല പഞ്ചായ

ത്തും മറ്റ് ഏജൻസികളും ചേർന്ന് സംയുക്ത പദ്ധതികൾ നടപ്പാക്കാവുന്നതുമാണ്.

പട്ടികവർഗ്ഗക്കാർ കൈവശം വെക്കുന്ന കൃഷിഭൂമി കണക്കാക്കി അനുയോജ്യമായ വിളകൾ കൃഷി ചെയ്യുന്നതിന് കൃഷി വകുപ്പിന്റെ സഹായത്തോടെ പദ്ധതികൾ നടപ്പിലാക്കണം.

ആരോഗ്യരംഗത്ത് ചികിത്സാ ആനുകൂല്യങ്ങൾ സംബന്ധിച്ച് കൃത്യമായ അവബോധം പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിൽ സൃഷ്ടിക്കണം. പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിൽ പോഷകാഹാരക്കുറവുമൂലമുള്ള അസുഖങ്ങൾ സർവ്വ സാധാരണമാണ്. അത്തരക്കാർക്ക് കൃത്യമായ അളവിൽ പോഷകാഹാരങ്ങൾ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തും പട്ടികവർഗ്ഗ വികസന വകുപ്പും ആരോഗ്യ വകുപ്പും ചേർന്ന് സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. മാരകരോഗങ്ങൾ ബാധിച്ച പട്ടികവർഗ്ഗവിഭാഗക്കാരുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി ഇവർക്ക് പോഷകാഹാരവും, ചികിത്സയും ലഭ്യമാക്കുന്ന പദ്ധതികൾ നടപ്പിലാക്കണം. പട്ടികവർഗ്ഗവിഭാഗക്കാരോടുള്ള പൊതു സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വരുത്തുന്നതിനുള്ള പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട്.

പട്ടികവർഗ്ഗവിഭാഗക്കാരുടെ വിശ്വാസ്യത ആർജ്ജിക്കാനുള്ള പ്രചാരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ, കാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങിയവ ത്രിതല പഞ്ചായത്തുകളും, സർക്കാർ വകുപ്പുകളും ചെയ്യേണ്ടതുണ്ട്.

സമൂഹത്തിലെ മറ്റ് വിഭാഗക്കാരുടെ പട്ടികവർഗ്ഗവിഭാഗക്കാരോടുള്ള സമീപനം പല രീതിയിൽ പട്ടിക വർഗ്ഗവിഭാഗക്കാരിൽ മാനസിക പ്രയാസവും അരക്ഷിതാവസ്ഥയും സൃഷ്ടിക്കുന്നുണ്ട്. ആയതിന് മാറ്റം വരുത്തുന്നതിന് പൊതു സമൂഹത്തിൽ കൃത്യമായ ബോധവൽക്കരണം നടത്തേണ്ടതും പൊതു സമൂഹവുമായി കൂടുതലായി ഇടപഴകാനുള്ള അവസരങ്ങൾ സൃഷ്ടിക്കേണ്ടതുമാണ്.

നിർദ്ദേശങ്ങൾ

ദീർഘകാലാടിസ്ഥാനത്തിൽ

- പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്ത്, പട്ടികവർഗ്ഗ വികസന വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവ സംയുക്തമായി പദ്ധതികൾ ആവിഷ്കരിക്കണം.
- പട്ടികവർഗ്ഗ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, കമ്മ്യൂണിറ്റി ഹാൾ, മറ്റ് സൗകര്യങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തുന്നതിന് ത്രിതല പഞ്ചായത്ത്, പട്ടികവർഗ്ഗവികസനവകുപ്പ്, മറ്റ് ഏജൻസികൾ എന്നിവർ സംയുക്തമായി പദ്ധതികൾ നടപ്പിലാക്കണം.
- പട്ടികവർഗ്ഗവിഭാഗക്കാർക്ക് കൃഷിഭൂമി ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗവികസനവകുപ്പ്, റവന്യൂവകുപ്പ്, വനംവകുപ്പ് എന്നിവരുടെ നേതൃത്വത്തിൽ സംയുക്ത പദ്ധതി നടപ്പിലാക്കണം.
- പട്ടികവർഗ്ഗ വിഭാഗക്കാരുടെ മേഖലയിലെ തൊഴിൽ ലഭ്യത ഉറപ്പു വരുത്തുന്നതിന് തൊഴിൽ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, കുടുംബശ്രീ, വ്യവസായ വകുപ്പ്, ത്രിതല പഞ്ചായത്തുകൾ എന്നിവർ സംയുക്തമായി പദ്ധതികൾ ആവിഷ്കരിക്കണം.

ഹ്രസ്വകാലാടിസ്ഥാനത്തിൽ

- പട്ടികവർഗ്ഗ വിഭാഗക്കാരുടെ മേഖലയിലെ ആരോഗ്യം, പോഷകാഹാരം, മാരകരോഗം ബാധിച്ചവരുടെ പ്രത്യേക സംരക്ഷണം തുടങ്ങിയവ നടപ്പാക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആരോഗ്യ വകുപ്പ്, പാലിയേറ്റീവ് കെയർ, പട്ടികവർഗ്ഗവികസനവകുപ്പ്, ത്രിതല പഞ്ചായത്തുകൾ ആർദ്രം പദ്ധതി എന്നിവയുടെ നേതൃത്വത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.
- പട്ടികവർഗ്ഗവിഭാഗക്കാരുടെ ഭവന നിർമ്മാണ പ്രശ്നം പരിഹരിക്കുന്നതിന് ത്രിതലപഞ്ചായത്തുകൾ പട്ടികവർഗ്ഗവികസനവകുപ്പും ലൈഫ് മിഷനും സംയുക്ത പദ്ധതികൾ തയ്യാറാക്കണം.
- പട്ടികവർഗ്ഗ വികസന വകുപ്പ്, വൈദ്യുതി വകുപ്പ്, ത്രിതല പഞ്ചായത്തുകൾ, ജില്ലാ പ്ലാനിംഗ് ഓഫീസ്, കേരളാ വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ അതോറിറ്റി എന്നീ ഏജൻസികളുടെ സംയുക്ത ഇടപെടലുകളിലൂടെ എല്ലാ കോളനികളിലും കുടിവെള്ളം എത്തിക്കുന്ന തി നുള്ള പദ്ധതി തയ്യാറാക്കണം.
- പട്ടികവർഗ്ഗ വിഭാഗക്കാരുടെ കുടുംബങ്ങളിലെ എല്ലാ അംഗങ്ങളെ സംബന്ധിച്ചുമുള്ള സമഗ്ര വിവര ശേഖരണം ഇ-സർവ്വെ മുഖാന്തിരം നടത്തണം.
- പട്ടികവർഗ്ഗവികസന വകുപ്പ് മുഖാന്തിരമുള്ള പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നതിന് ആവശ്യത്തിന് ഓഫീസ് സൗകര്യങ്ങളും ജീവനക്കാരുടെ അഭാവവും നിലവിലുണ്ട്. ആയത് പരിഹരിക്കുന്നതിന് ജില്ലയിൽ പരപ്പ അടിസ്ഥാനമാക്കി ഒരു ട്രൈബൽ ഡവലപ്മെന്റ് ഓഫീസും അനുബന്ധ സൗകര്യങ്ങളും അനുവദിക്കണം.
- പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നിവ പരിശോധിക്കുന്നതിന് ട്രൈബൽ ഡവലപ്മെന്റ് ഓഫീസുമായി ബന്ധപ്പെട്ട് ഒരു അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

നവകേരള മിഷൻ- സംയോജന സാധ്യതകൾ

- പട്ടികവർഗ്ഗവിഭാഗക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുനന സമഗ്ര ആരോഗ്യസുരക്ഷപദ്ധതി, ഭക്ഷ്യസഹായ പദ്ധതി, പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധി, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എന്നിവ ആർ

ദ്രം പദ്ധതിയുമായി സംയോജിപ്പിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ മാരകരോഗം ബാധിച്ചവരും, പോഷകാഹാരക്കുറവുമുള്ളവരുമായ പട്ടികവർഗവിഭാഗക്കാരെ കണ്ടെത്തി ട്രൈബൽ പ്രമോട്ടർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ സേവനം ഉപയോഗിച്ച് ഹെൽപ്പ് ഡസ്ക് ഉണ്ടാക്കാവുന്നതാണ്.

- പട്ടികവർഗ്ഗവിഭാഗക്കാരുടെ ഭവനനിർമ്മാണ പ്രശ്നം പരിഹരിക്കുന്നതിന് ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. പദ്ധതി നടത്തിപ്പിലെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ത്രിതല പഞ്ചായത്തുകൾ, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവയുടെ ഏകോപനം ഉണ്ടാകണം.
- ഹരിതകേരള മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ മേഖലയിലെ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കണം. പട്ടികവർഗ്ഗവിഭാഗം കുടുംബങ്ങൾക്ക് ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യണം. ശുചിത്വ നിലവാരം ഉയർത്തുന്നതിന് കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകളും ക്യാമ്പെയ്ൻ പ്രവർത്തനങ്ങളും നടത്തുകയും വേണം. പട്ടികവർഗ്ഗവിഭാഗക്കാരുടെ കോളനികളിൽ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ മാലിന്യം തീർത്തും ഒഴിവാക്കണം. പാളകൾ പോലുള്ള പാഴ് വസ്തുക്കൾ ഉപയോഗിച്ച് പ്ലേറ്റുകൾ ഉണ്ടാക്കുന്നത് പ്രോത്സാഹിപ്പിക്കണം.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കാനുള്ള പദ്ധതി ഏറ്റെടുക്കണം. പട്ടികവർഗ്ഗ വികസനവകുപ്പ് നടപ്പിലാക്കുന്ന ഗോത്ര സാരഥി പദ്ധതി പ്രകാരം വിദൂര മേഖലകളിലുള്ള പട്ടികവർഗ്ഗവിഭാഗം കുട്ടികൾക്ക് സ്കൂളുകളിൽ എത്തുന്നതിന് വാഹന സൗകര്യം ചെയ്തു വരുന്നുണ്ട്. ത്രിതല പഞ്ചായത്തുകൾക്കും ഇത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. പട്ടികവർഗ്ഗവിഭാഗം മേഖലയിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ജില്ലയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പ്രത്യേകം പ്രീമെട്രിക് ഹോസ്റ്റലുകളും പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും അനുവദിക്കേണ്ടതാണ്. പട്ടിക വർഗ്ഗവിഭാഗം വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് കോളനികൾ കേന്ദ്രീകരിച്ച് പഠന വീടുകളും സജ്ജീകരിക്കണം.

- തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.
- പട്ടികവർഗ്ഗക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ച് പദ്ധതികൾ തയ്യാറാക്കലും നടപ്പാക്കലും ഉറപ്പാക്കണം.

നിർദ്ദേശങ്ങൾ– ജില്ലാതലം

- ജില്ലാതലത്തിൽ പട്ടികവർഗ്ഗവികസന പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തൽ.
- ഭവന നിർമ്മാണം, ഭൂമി വിതരണം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ പദ്ധതികൾ ത്രിതല പഞ്ചായത്തുകളും, പട്ടികവർഗ്ഗ വികസന വകുപ്പും സംയോജിച്ച് നടപ്പാക്കൽ.

സംസ്ഥാനതലം

- ജില്ലയ്ക്ക് ജനസംഖ്യാനുപാതികമായി പട്ടികവർഗ്ഗ വികസന ഫണ്ട് ലഭ്യമാക്കൽ.
- ജില്ലയിൽ പുതിയൊരു ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് പരപ്പ ആസ്ഥാനമാക്കി അനുവദിക്കൽ.

കേന്ദ്ര ഗവൺമെന്റ് തലം

- ജില്ലയിൽ പ്രാക്തനഗോത്രവിഭാഗമായ കൊറഗ ജനവിഭാഗത്തിന്റെ ഉന്നതിക്കായി കേന്ദ്ര ഗവൺമെന്റ് പ്രത്യേക ഫണ്ട് അനുവദിക്കൽ.
- മലവേട്ടുവ പാക്കേജ് നടപ്പാക്കുന്നതിനായി ഫണ്ട് അനുവദിക്കൽ.

മാതൃകാപ്രൊജക്ട് ആശയങ്ങൾ

- വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന പദ്ധതി
- ജില്ലയിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന 9,11 ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ മാനസികവും ബൗദ്ധികവും വിദ്യാഭ്യാസപരവുമായ മേഖലകളിൽ ഉയർന്ന ശേഷി കൈവരിക്കുന്നതിന് പ്രത്യേക പദ്ധതി.
- പട്ടികവർഗ്ഗവിഭാഗം വിദ്യാർത്ഥികളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നവരുടെ വിവരങ്ങൾ സ്കൂൾ ഹെഡ്മാസ്റ്ററുടെ സഹകരണത്തോടെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ ശേഖരിച്ച് ക്രോഡീകരിക്കൽ.
- പട്ടികവർഗ്ഗവിഭാഗം വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് പരിശീലനം നൽകുന്നതിന് അനുയോജ്യമായ സ്ഥലം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ കണ്ടെത്തി പ്രയോജനപ്പെടുത്തൽ.
- ഡയറ്റ്, ചൈൽഡ് ലൈൻ എന്നിവയുമായി ബന്ധപ്പെട്ട് അക്കാദമിക് വിഷയങ്ങൾ, വ്യക്തിത്വ വികസനം, കരിയർ ഗൈഡൻസ് തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകാൻ യോഗ്യരായ അദ്ധ്യാപകരെ കണ്ടെത്തലും പരിശീലനം നടത്തലും.

തൊഴിൽദായക കേന്ദ്രം

ജില്ലയിലെ അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗവിഭാഗത്തിലെ യുവാക്കൾക്കും, വിദ്യാർത്ഥികൾക്കും വിവിധ മേഖലകളിൽ തൊഴിൽ വൈദഗ്ദ്ധ്യവും നൈപുണിയും പകരുന്നതിന് ആവശ്യമായ സഹായക കേന്ദ്രങ്ങൾ ആരംഭിക്കണം. ഇതോടനുബന്ധിച്ച് വിപുലമായ രീതിയിൽ തൊഴിൽദായക കേന്ദ്രവും ആരംഭിക്കാവുന്നതാ

ണ്. ആദ്യഘട്ടത്തിൽ അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാരുടെ വിവരങ്ങൾ ശേഖരിച്ച് അവരുടെ അഭിരുചിക്കനുസരിച്ചുള്ള പരിശീലന പദ്ധതികൾ ആരംഭിക്കുന്നത് നന്നായിരിക്കും.

ഈ പരിശീലന പദ്ധതിയിൽ അധ്യാപകരായി യോഗ്യരായ പട്ടികവർഗ്ഗക്കാരുടെ സേവനവും പ്രയോജനപ്പെടുത്താം. ഉദ്യോഗാർത്ഥികൾക്കാവശ്യമായ റഫറൻസ് ലൈബ്രറിയും ആരംഭിക്കേണ്ടതാണ്. പട്ടികവർഗ്ഗവിഭാഗം വിദ്യാർത്ഥികളുടെ യോഗ്യത, ഡാറ്റാബാങ്ക് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ തയ്യാറാക്കേണ്ടതാണ്. സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലേക്ക് നിയമനം ആഗ്രഹിക്കുന്നവരുണ്ട്. അവർക്ക് പി.എസ്.സി. പരീക്ഷാ പരിശീലനവും സഹകരണ മേഖലയിൽ താൽപര്യമുള്ളവർക്ക് അതിനാവശ്യമായ പ്രത്യേക പരിശീലനവും നൽകാനുള്ള സംവിധാനമൊരുക്കണം. ഐ.ടി.ഐ./ഡിപ്ലോമ പാസ്സായ ഉദ്യോഗാർത്ഥികൾക്ക് അവരുടെ അഭിരുചി അനുസരിച്ച് ടെക്നിക്കൽ മേഖലയിൽ സ്ഥിരമായ പരിശീലനം നൽകാൻ സാധിക്കണം. ജില്ലയിലെ ടെക്നിക്കൽ സ്ഥാപനങ്ങളിലെ അധ്യാപകരുടെ സേവനം ഇതിനായി ഉപയോഗിക്കാൻ കഴിയണം. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് അടിസ്ഥാനത്തിൽ ഇതിന്റെ കോർഡിനേഷൻ നടക്കണം. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള കോ-ഓർഡിനേറ്റർമാരെ ഈ പ്രവർത്തനങ്ങൾക്കായി നിയോഗിക്കാവുന്നതാണ്. ഡയറ്റ്, എംപ്ലോയ്മെന്റ് ഓഫീസ്, വ്യവസായ കേന്ദ്രം എന്നീ ഓഫീസുകളുടെ സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

സ്വകാര്യസംരംഭകരുടെ ശിൽപശാല

ജില്ലയിൽ സ്വകാര്യ മേഖലയിൽ നിരവധി സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ജില്ലാ ഭരണകൂടത്തിന്റെയും ജില്ലാ വ്യവസായകേന്ദ്രത്തിന്റെയും സഹായത്തോടെ ജില്ലാ തലത്തിൽ സ്വകാര്യ സംരംഭകരുടെ യോഗം വിളിച്ചു ചേർക്കണം. പട്ടികവർഗ്ഗവിഭാഗം മേഖലയിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരുടെയും സാങ്കേതികജ്ഞാനമുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെയും വിവരങ്ങൾ ഈ യോഗത്തിൽ അവതരിപ്പിക്കുകയും സ്വകാര്യ സംരംഭങ്ങളിൽ പട്ടികവർഗ്ഗ വിഭാഗക്കാരെ നിയമിക്കുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്യാം.

ജില്ലാപദ്ധതി മേൽത്തട്ട് നിർദ്ദേശങ്ങൾ

പട്ടികവർഗ്ഗ വികസനം

- പൊതുമേഖലയെ കൂടാതെ സ്വകാര്യ മേഖലയിലും പട്ടികവർഗ്ഗക്കാർക്കായി തൊഴിൽ സംവരണം ഏർപ്പെടുത്തൽ.
- പട്ടികവർഗ്ഗക്കാരുടെ ഭൂമി അന്യാധീനപ്പെട്ട് പോകാതിരിക്കാൻ പ്രത്യേക ഡാറ്റാ ബാങ്ക് തയ്യാറാക്കി ഭൂമിയുടെ അതിര് അളന്ന് തിട്ടപ്പെടുത്തി മാർക്ക് ചെയ്യൽ.
- ജില്ലയിൽ നിലവിലുള്ള പട്ടിക വർഗ്ഗക്കാരുടെ ഉന്നമനത്തിന് ജനസംഖ്യാനുപാതികമായി പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഫണ്ട് അനുവദിക്കൽ.
- പട്ടികവർഗ്ഗ മേഖലയിൽ നിലവിലുള്ള എല്ലാ പി.എച്ച്.സി.കളും സി.എച്ച്.സി. ആയി ഉയർത്തൽ.
- ആദിവാസി കുടുംബങ്ങളെ സംബന്ധിച്ച് വിശദമായ സർവ്വേ നടത്തി കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്ന രീതിയിൽ സോഫ്റ്റ് വെയർ തയ്യാറാക്കൽ (ഇ-സർവേ പൂർത്തിയാക്കൽ).
- ഓരോ ആദിവാസി കുടുംബത്തിനുമുള്ള ഭൂമിയുടെ അവകാശത്തിന്റെ സ്വഭാവം കൃത്യമായി മനസ്സിലാക്കി കൈവശ ഭൂമിക്ക് പട്ടയ വിതരണവും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കലും.
- ജനനീ-ജന്മരക്ഷ ചികിത്സാധനസഹായം എന്നിവ ഗുണഭോക്താക്കൾ കൃത്യമായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തൽ.
- ആവശ്യത്തിന് പോസ്റ്റ്മെട്രിക്, പ്രീമെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കൽ. സ്പോർട്സ് മേഖലയിൽ കഴിവു തെളിയിച്ചവരുടെ ഉന്നമനത്തിനായി പരപ്പ ബ്ലോക്ക് പരിധിക്കകത്ത് സ്പോർട്സ് സ്കൂൾ സ്ഥാപിക്കൽ.
- ജില്ലയിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഗോത്ര വിഭാഗത്തിൽപ്പെട്ട കൊറഗ, മലവേട്ടുവ എന്നിവർക്കായി പ്രത്യേക പാക്കേജ് നടപ്പാക്കൽ.
- മാർക്കറ്റിൽ വിപണന സാധ്യതയുള്ള വൈവിധ്യവൽകൃത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് സംരംഭകർക്ക് ധനസഹായം നൽകൽ. ഇതിലേക്കാവശ്യമായ പരിശീലനം നൽകൽ.
- 2002 ലും 2013 ലും പട്ടികവർഗ്ഗക്കാരുടെ പട്ടികയിൽ കേന്ദ്ര ഗവൺമെന്റ് മാറ്റം വരുത്തുകയുണ്ടായി. 2002 ൽ മറാട്ടി വിഭാഗക്കാരെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ പട്ടികയിൽ നിന്നും ഒഴിവാക്കുകയും മാവിലൻ, മലവേട്ടുവൻ എന്നീ സമുദായങ്ങളെ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തുകയും ഉണ്ടായി. 2013 ൽ മുൻപ് ഒഴിവാക്കിയ മറാട്ടി വിഭാഗക്കാരെ വീണ്ടും പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തിയതോടെ ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ 83000 ൽ അധികമായി വർദ്ധിച്ചു. എന്നാൽ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോഴും ടി.എസ്.പി. ഫണ്ട് അനുവദിക്കുന്നത് 2002 ലെ ജനസംഖ്യാ വിന്യാസത്തിന്റെ അടിസ്ഥാനത്തിലാണ്. ഇത് ഭേദഗതി വരുത്തേണ്ടത് അനിവാര്യമാണ്.
- അർഹതയുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ബി.പി.എൽ. കാർഡ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ.
- ജില്ലയിലെ കൊറഗ മലവേട്ടുവ വിഭാഗക്കാരിൽ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിയുള്ളവരും സമൂഹത്തിന്റെ വികസനത്തിന്റെ മുന്നണിയിലെത്തിയവരും മറ്റു പട്ടിക വിഭാഗങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. ആകയാൽ ജില്ലയിൽ കുമ്പളയിൽ കൊറഗ വിഭാഗക്കാർക്ക് മുൻതൂക്കം നൽകുന്നതും, ഒടയംചാലിൽ മലവേട്ടുവ വിഭാഗക്കാർക്ക് മുൻതൂക്കം നൽകുന്നതുമായ

മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതുണ്ട്. തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ കൊറഗ-മലവേട്ടുവ വിഭാഗക്കാരുടെ രജിസ്റ്റർ സൂക്ഷിച്ച് ജോലി കണ്ടെത്തുന്നതിന് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

- വനാതിർത്തിയിൽ താമസിക്കുന്ന പട്ടികവർഗ്ഗവിഭാഗക്കാരിൽ നിന്നും യോഗ്യരായവരെ വനം വകുപ്പിൽ വാച്ചർമാരായി നിയമനം നൽകൽ.
- പട്ടികവർഗ്ഗവിഭാഗക്കാരുടെ മൃതദേഹം മറവു ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ശ്മശാനം നിർമ്മിക്കൽ.
- ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനു ധനസഹായം നൽകുകയോ സർക്കാർ ഭൂമി കണ്ടെത്തി നൽകുകയോ ചെയ്യൽ.
- പരപ്പ അടിസ്ഥാനമാക്കി ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് സ്ഥാപിക്കൽ. (പട്ടികവർഗ്ഗ ജനസംഖ്യയുടെ 68% പേർ താമസിക്കുന്നത് പരപ്പ ബ്ലോക്കിലാണ്).

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് സാമ്പത്തിക, സാമൂഹിക വികസനം, പശ്ചാത്തല സൗകര്യവികസനം എന്നീ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിക്കൽ. (വീട്, കുടിവെള്ളം, വൈദ്യുതി, പൊതുശൗചാലയങ്ങൾ തുടങ്ങിയവ നടപ്പാക്കുന്നതിന് ഊന്നൽ നൽകൽ).
- പട്ടികവർഗ്ഗസങ്കേതങ്ങളിൽ റോഡുകൾ, കുടിവെള്ളം, അങ്കണവാടികൾ, മറ്റ് അനുബന്ധ പശ്ചാത്തല സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കൽ.
- നിലവിൽ റേഷൻകാർഡുകൾ ഇല്ലാത്ത പട്ടികവർഗ്ഗ കുടുംബത്തിന് റേഷൻ കാർഡ് അനുവദിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കൽ.
- ഉന്നതവിദ്യാഭ്യാസരംഗത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് പ്രത്യേക എൻട്രൻസ് പരിശീലനപരിപാടികൾ ആവിഷ്കരിക്കൽ.
- സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയിൽ മുഴുവൻ പട്ടികവർഗ്ഗവിഭാഗക്കാരേയും ഉൾപ്പെടുത്തൽ.
- സാങ്കേതിക വിദ്യയുടെ പുതിയ മാനങ്ങളിലേക്ക് കടന്നു ചെല്ലുന്നതിനായി ആധുനികരീതിയിലുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ച് പരിശീലനം ലഭ്യമാക്കൽ.
- പട്ടികവർഗ്ഗവിഭാഗം വിദ്യാർത്ഥികൾക്കുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റൽ.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിഭാഗം കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക കോച്ചിംഗ് നൽകി മുൻപന്തിയിലേക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കൽ.
- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിയുള്ള കുട്ടികളെ പ്രത്യേക പരിഗണന നൽകി ഉയർത്തിക്കൊണ്ടുവരുന്നതിന് പദ്ധതികൾ ആവിഷ്കരിക്കൽ.
- ജില്ലയിലെ മുഴുവൻ പട്ടികവർഗ്ഗവിഭാഗം കോളനികളിലും സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുകയും അതുവഴി കരിയർ ഗൈഡൻസ്, തൊഴിൽ പരിശീലനം എന്നിവക്കുള്ള സൗകര്യമൊരുക്കുകയും ചെയ്യൽ.
- പട്ടികവർഗ്ഗവിഭാഗം കോളനികളിൽ ശുചിത്വം, മാലിന്യസംസ്കരണം എന്നിവയ്ക്കായി പ്രത്യേകം സംവിധാനം ഏർപ്പെടുത്തൽ. കുടിവെള്ള സ്രോതസ്സുകളെ ശുചീകരിക്കൽ
- അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന എല്ലാ പട്ടികവർഗ്ഗവിഭാഗം കുടുംബങ്ങളേയും ബി.പി.എൽ. ആയി കണക്കാക്കി അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കൽ.
- പ്രഫഷണൽ കോളേജുകളിൽ പഠിച്ച് ഇടയ്ക്ക് പഠനം നിർത്തുന്ന പട്ടികവർഗ്ഗവിഭാഗം വിദ്യാർത്ഥികൾക്ക് പ്രത്യേക ഫിനിഷിംഗ് സെന്ററുകൾ ആരംഭിക്കൽ.
- പട്ടികവർഗ്ഗവിഭാഗക്കാരായ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ.
- പട്ടികവർഗ്ഗ വിഭാഗത്തിലെ കലാകായിക മേഖലയിൽ കഴിവുതെളിയിക്കുന്ന കുട്ടികൾക്ക് ആധുനിക രീതിയിലുള്ള പരിശീലനം സാധ്യമാക്കൽ.
- കലാ-കായിക നൈപുണികൾ പരിപോഷിപ്പിക്കുന്നതിനാവശ്യമായ സാഹചര്യം, കോളനിക്കകത്ത് ഒരുക്കൽ.
- ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും തൊഴിൽപരിശീലനം നൽകി സ്വന്തമായി തൊഴിൽ ചെയ്തു ജീവിക്കുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- എല്ലാ പട്ടികവർഗ്ഗവിഭാഗം കോളനികളുടേയും GPS മാപ്പിംഗ് തയ്യാറാക്കി നിലവിൽ അവിടെ ലഭ്യമായ പശ്ചാത്തല സൗകര്യങ്ങൾ, വീടുകൾ, കുടുംബങ്ങൾ എന്നിവ മാർക്ക് ചെയ്യൽ.
- പട്ടികവർഗ്ഗവിഭാഗക്കാരുടെ തനത് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കൽ.
- പട്ടികവർഗ്ഗവിഭാഗം കോളനി കേന്ദ്രീകരിച്ചുള്ള വ്യാജവാറ്റ് തടയുന്നതിന് നടപടികൾ സ്വീകരിക്കൽ.
- എല്ലാ പട്ടികവർഗ്ഗവിഭാഗം കുടുംബങ്ങളേയും കുടുംബശ്രീയിൽ അംഗമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ.
- പട്ടികവർഗ്ഗവിഭാഗം കുടുംബങ്ങളിലെ ഒരാൾക്കെങ്കിലും നിർബന്ധമായും വാഹന ഡ്രൈവിംഗ്

പരിശീലനം നൽകൽ.

- മാറാരോഗങ്ങൾ ബാധിച്ച പട്ടികവർഗ്ഗവിഭാഗക്കാരെ ചികിത്സിക്കുന്നതിന് പ്രത്യേക ആരോഗ്യ പരിപാടികൾ ആവിഷ്കരിക്കൽ.
- പട്ടികവർഗ്ഗവിഭാഗം കോളനികളിലെ പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കുന്നതിന് പ്രത്യേകം കർമ്മസേനകൾ രൂപീകരിക്കൽ.
- പട്ടികവർഗ്ഗവിഭാഗം കോളനികളിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാക്കൽ.
- ആരോഗ്യ ക്ഷേമത്തിനായുള്ള പദ്ധതികൾക്കായി എസ് ടി വിഭാഗത്തിന് എല്ലാപഞ്ചാത്തുകളിലും ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കൽ.
- പട്ടികവർഗ്ഗവിഭാഗക്കാരുടെ പരമ്പരാഗത ചികിത്സാ സംവിധാനങ്ങൾ, നാട്ടറിവുകൾ, നാടൻ കലകൾ തുടങ്ങിയവ സംരക്ഷിക്കാനുള്ള പദ്ധതി ആവിഷ്കരിക്കൽ.
- എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആറു മാസത്തിലൊരിക്കൽ പട്ടികവർഗ്ഗവിഭാഗക്കാരുടെ ഫയൽ അദാലത്തുകൾ നടത്തൽ.
- ജില്ലയിൽ പട്ടികവർഗ്ഗവിഭാഗംവിദ്യാർത്ഥികൾക്കായി മത്സരപരീക്ഷാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കൽ.
- ലൈഫ് ഭവന പദ്ധതിയുമായി ബന്ധിപ്പിച്ച് പട്ടികവർഗ്ഗ വിഭാഗത്തിലെ ഭവനരഹിതർക്ക് 2020 നകം ഭവനങ്ങൾ നിർമ്മിക്കൽ
- ആർദ്രം പദ്ധതിയുമായി സംയോജിപ്പിച്ച് പട്ടികവർഗ്ഗവിഭാഗം കോളനികളിൽ പ്രത്യേക ക്യാമ്പുകളും തുടർ ചികിത്സ സൗകര്യവും ഒരുക്കൽ.
- എല്ലാ പട്ടികവർഗ്ഗവിഭാഗത്തിലെ കുടുംബങ്ങൾക്കും കുടിവെള്ളം ഉറപ്പുവരുത്തൽ.
- പട്ടികവർഗ്ഗവിഭാഗക്കാരുടെ താമസ സങ്കേതങ്ങളിലേക്ക് റോഡുകളും ഫുട്പാത്തുകളും നിർമ്മിച്ച് യാത്രാ സൗകര്യം മെച്ചപ്പെടുത്തൽ.
- പട്ടികവർഗ്ഗ വിഭാഗക്കാരുടെ പരമ്പരാഗത തൊഴിൽ മേഖലയ്ക്ക് പരമാവധി പ്രോത്സാഹനം നൽകുന്നതിനും ഉല്പന്നവിനിമയത്തിനുള്ള സംവിധാനമൊരുക്കൽ.
- പട്ടികജാതി/ പട്ടികവർഗ്ഗ കോർപ്പറേഷനുകളിൽ നിന്ന് പട്ടിക വർഗ്ഗവിഭാഗക്കാർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ഉദാരമായ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കൽ.
- കാർഷികോൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിലേക്കായി പട്ടികവർഗ്ഗക്കാർക്ക് കൃഷിക്കാവശ്യമായ പരിശീലനവും, പ്രത്യേക പ്രോത്സാഹനവും നൽകൽ.
- സ്വകാര്യമേഖലയിൽ ജോലി ചെയ്യുന്ന പട്ടികവർഗ്ഗവിഭാഗം പെൺകുട്ടികളുടെ രജിസ്റ്റർ തയ്യാറാക്കൽ.
- പട്ടികവർഗ്ഗക്കാരിലെ വൃദ്ധരായ ആളുകളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ.
- പട്ടികവർഗ്ഗ കോളനികളിൽ എക്സൈസ് വകുപ്പിന്റെ വിമുക്തി പദ്ധതി പ്രാവർത്തികമാക്കാൻ വേണ്ട പരിപാടികൾ ആവിഷ്ക്കരിക്കൽ.
- അഭ്യസ്ത വിദ്യരായ പട്ടികവർഗ്ഗവിഭാഗക്കാർക്ക് മത്സര പരീക്ഷകളിൽ പരിശീലനം നൽകുന്നതിനു ഓരോ ബ്ലോക്കിലും തൊഴിൽ പരിശീലന കേന്ദ്രം (Pre Examin-ation Training Centre) ആരംഭിക്കൽ.

മേപ്പ് 4.4.2.1: ST Colonies



മേപ്പ് 4.4.2.2: Koraga Colonies



മേപ്പ് 4.4.2.3: Malavetuva Colonies



മേപ്പ് 4.4.2.4: Marati Colonies



മേപ്പ് 4.4.2.5: Mavila Colonies



മേപ്പ് 4.4.2.6: No. of Colonies



4.4.3 വനിതാവികസനം

സ്ത്രീകൾക്കും പുരുഷന്മാർക്കും രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക മണ്ഡലങ്ങളിൽ തുല്യമായ അവസരങ്ങൾ ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്നു (ആർട്ടിക്കിൾ 14). ലിംഗപരമോ, മതപരമോ, ജാതീയമോ ആയ എല്ലാ വിവേചനങ്ങളെയും അത് നിരോധിക്കുന്നുമുണ്ട്. ആർട്ടിക്കിൾ 15(3) സ്ത്രീപക്ഷ നിലപാടെടുക്കുവാൻ ഭരണകൂടത്തിന് അധികാരം നൽകുന്നുണ്ട്. ഇന്ത്യയിലെ സ്ത്രീകളുടെ അവസ്ഥയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ സ്ത്രീകളുടെ ജീവിത നിലവാരം പല മേഖലകളിലും മെച്ചപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി സ്ത്രീകളുടെ ലിംഗാനുപാതം കേരളത്തിൽ 1000 പുരുഷന്മാരിൽ 1084 സ്ത്രീകളാണ്. കാസറഗോഡ് ജില്ലയിൽ 2011 ലെ സെൻസസ് പ്രകാരം 1307375 ജനസംഖ്യയിൽ 628613 പുരുഷന്മാരും 678762 പേർ സ്ത്രീകളുമാണ്. സംസ്ഥാന ലിംഗാനുപാതം 1000 ന് 1084 സ്ത്രീകളാണെങ്കിൽ ജില്ലയിൽ അത് 1000 പുരുഷന്മാർക്ക് 1080 ആണ്. സാക്ഷരതയിൽ പുരുഷന്മാർ 94 ശതമാനവും (516476 പേർ), സ്ത്രീകൾ 86 ശതമാന (521016) വുമായി സംസ്ഥാനത്ത് 12-ാംസ്ഥാനത്താണ്.

ലിംഗപദവി

കേരളത്തിലെ സ്ത്രീകളുടെ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക പുരോഗതിയും ലഭ്യമായ വിദ്യാഭ്യാസം, ആരോഗ്യം എന്നീ രംഗങ്ങളിലെ സ്ഥിതിയും രാജ്യത്തെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഏറെ മികച്ച നിലയിലാണ്. കേരളത്തിലെ സ്ത്രീകളുടെ മുന്നേറ്റത്തെ കുറച്ചു കാണാനാവില്ല. ഇന്നും സ്ത്രീകൾ സമത്വം നേടാത്ത പല പ്രധാന രംഗങ്ങളുമുണ്ട്. അവിടങ്ങളിൽ വിവേചനം നിലനിൽക്കുന്നു. സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് കുറവും തൊഴിലില്ലായ്മ നിരക്ക് ഉയർന്നതുമാണ്. ജാതി, വരുമാനം, വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട് എല്ലാ തൊഴിൽ മേഖലകളിലും ലിംഗ അസമത്വം നിലനിൽക്കുന്നു. പരമ്പരാഗത തൊഴിൽ മേഖലകളുടെ തകർച്ച ഈ മേഖലയിൽ കൂടുതലായി ജോലി ചെയ്തിരുന്ന സ്ത്രീ തൊഴിലാളികൾക്ക് തൊഴിലില്ലാതാക്കി. സ്ത്രീകൾക്കു നേരെയുള്ള ഗാർഹിക അതിക്രമങ്ങളും പൊതു ഇടങ്ങളിലെ അക്രമങ്ങളും വർദ്ധിച്ചു കൊണ്ടിരിക്കുന്നു. സാമ്പത്തിക സ്വാതന്ത്ര്യം, രാഷ്ട്രീയ സാമൂഹ്യ മേഖലകളിലെ സ്വതന്ത്ര പങ്കാളിത്തം, പൊതു ഇടങ്ങളിലെ സ്വാതന്ത്ര്യം എന്നിവ സ്ത്രീകൾക്ക് ഉറപ്പാക്കുന്ന പുതിയ നയം സ്വീകരിക്കേണ്ടതുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി സ്ത്രീ പദവി ഉയർത്തുന്നതിന് മുൻഗണന നൽകുന്നു. ആകെ പദ്ധതി തുകയുടെ പത്ത് ശതമാനം വനിതാ ഘടകപദ്ധതിയിൽ നിർബന്ധമായും നീക്കിവെക്കണമെന്ന് നിർദ്ദേശമുണ്ട്. എന്നാൽ പത്ത് ശതമാനം തുക മാറ്റി വെക്കുന്നതല്ലാതെ ബന്ധപ്പെട്ട മേഖലയിലെ ഗുണപരമായ ഇടപെടലും ചെലവും സംബന്ധിച്ച് മോണിറ്ററിംഗ് കൃത്യമായും നടക്കുന്നില്ല.

73, 74 ഭരണഘടന ഭേദഗതിയുടെ ഭാഗമായി നിലവിൽ വന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2010 മുതൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം ഏർപ്പെടുത്തി. കേരളത്തിലെ പ്രാദേശികസർക്കാരുകളെ ചലനാത്മകമാക്കി മാറ്റിയ അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ ഒരു സവിശേഷത സ്ത്രീകളുടെ പദവി ഉയർത്തുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ വനിതാ ഘടകപദ്ധതിയാണ്. ആകെ വികസന ഫണ്ടിന്റെ പത്തു ശതമാനം തുക വനിതാഘടക പദ്ധതിക്ക് മാറ്റിവെക്കുന്നുണ്ട്. അതോടൊപ്പം പൊതു പദ്ധതികളിലും സ്ത്രീ പരിഗണന ഉണ്ടാകണമെന്ന് ജനകീയാസൂത്രണത്തിന്റെ ആരംഭം മുതൽ നിർദ്ദേശമുണ്ട്. എന്നാൽ ഓരോ പ്രദേശത്തിന്റെയും സാധ്യതകൾക്കും ആവശ്യതകൾക്കുമനുസരിച്ച് വനിതാ ഘടക പദ്ധതിയുടെ സമീപനത്തിലും കാഴ്ചപ്പാടിലും മാറ്റം വന്നിട്ടുണ്ടോ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്.

ജനസംഖ്യ

2011 ലെ സെൻസസ് പ്രകാരം ജില്ലയിലെ ജനസംഖ്യ 13,07,375 ആണ്. സ്ത്രീ പുരുഷാനുപാതം 1000:1080 ആണ്. 1000:1084 എന്ന സംസ്ഥാന അനുപാതത്തിനേക്കാൾ അല്പം കുറവാണ് ജില്ലയിലെ സ്ഥിതി.

പട്ടിക 4.4.3.1: സ്ത്രീ പുരുഷാനുപാതം 1901 മുതൽ 2011 വരെ

	1901	1911	1921	1931	1941	1951	1961	1971	1981	1991	2001	2011
കേരളം	1004	1008	1011	1022	1027	1028	1022	1016	1032	1036	1058	1084
കാസറഗോഡ്	1060	1053	1050	1040	1038	1046	1026	998	1020	1026	1047	1080

(അവലംബം സെൻസസ് രേഖ)

കഴിഞ്ഞ ഒരു നൂറ്റാണ്ടിലെ സ്ത്രീപുരുഷാനുപാതം പരിശോധിച്ചാൽ 1961 വരെ സംസ്ഥാന ശരാശരിയെക്കാൾ ഉയർന്നതായിരുന്നു ജില്ലയിലെ സ്ഥിതി. 1971 നു ശേഷം സംസ്ഥാന ശരാശരിക്കു താഴെയായി മാറി. 1971 ൽ അത് സ്ത്രീയ്ക്ക് പ്രതികൂലമായിരുന്നു എങ്കിലും തുടർന്ന് ക്രമമായ വർദ്ധനവുണ്ടായിട്ടുണ്ട്. 1901 ൽ ഏറ്റവും ഉയർന്ന സ്ത്രീപുരുഷാനുപാതം കണ്ണൂർ, കാസറഗോഡ് ജില്ല ഉൾപ്പെടുന്ന അന്നത്തെ പ്രദേശങ്ങളിലായിരുന്നു. 1000:1060 എന്ന നിരക്കിൽ. 1911 ൽ അത് കണ്ണൂർ ജില്ല ഉൾപ്പെടുന്ന ഭാഗത്ത് 1078 ആയി ഉയർന്നപ്പോൾ കാസറഗോഡ് ജില്ല ഉൾപ്പെടുന്ന ഭാഗത്ത് 1053 ആയി താഴ്ന്നു. 2011 ൽ സംസ്ഥാനത്തെ 14 ജില്ലകളിൽ

9-ാം സ്ഥാനത്താണ് നമ്മുടെ ജില്ല. വയനാട്- 1035, പാലക്കാട്-1067, എറണാകുളം- 1027, ഇടുക്കി- 1006, കോട്ടയം- 1039 എന്നീ ജില്ലകളാണ് നമുക്ക് പിറകിൽ നിൽക്കുന്നത്. സംസ്ഥാനത്ത് ഏറ്റവും ഉയർന്ന സ്ത്രീപുരുഷാനുപാതം കണ്ണൂർ ജില്ലയിലാണ് 1000:1136, ഏറ്റവും കുറവ് ഇടുക്കി ജില്ലയിൽ 1000:1006.

ജില്ലയിലെ ജനസംഖ്യയുടെ 51.92% സ്ത്രീകളാണ്. സംസ്ഥാനത്ത് അത് 52.02 ശതമാനവും.

പട്ടിക 4.4.3.2: സ്ത്രീ ജനസംഖ്യാനുപാതം

	ഗ്രാമം	നഗരം	ആകെ
കേരളം	51.87%	52.18%	52.02%
കാസറഗോഡ്	51.47%	52.68%	51.92%

(അവലംബം സെൻസസ് രേഖ)

ജില്ലയിൽ ഭൂരിപക്ഷം ഗ്രാമപഞ്ചായത്തുകളിലും സ്ത്രീ ജനസംഖ്യ പുരുഷ ജനസംഖ്യയേക്കാൾ കൂടുതലാണ്. പൈവളിഗെ, എൺമകജെ എന്നീ ഗ്രാമപഞ്ചായത്തുകളിൽ സ്ത്രീജന സംഖ്യയിൽ നേരിയ കുറവുണ്ട്. സ്ത്രീ പുരുഷാനുപാതത്തിന്റെ കാര്യത്തിൽ ജില്ലയിൽ നീലേശ്വരം, കാഞ്ഞങ്ങാട് റവന്യൂ ബ്ലോക്കുകളിൽ ഒഴികെ മറ്റു ബ്ലോക്കുകളിൽ സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്.

പട്ടിക 4.4.3.3: സ്ത്രീപുരുഷാനുപാതം- ബ്ലോക്കടിസ്ഥാനത്തിൽ

ബ്ലോക്കിന്റെ പേര്	അനുപാതം
നീലേശ്വരം	1156
കാഞ്ഞങ്ങാട്	1140
കാസറഗോഡ്	1067
പരപ്പ	1047
മഞ്ചേശ്വരം	1036
കാറഡുക്ക	1033

(അവലംബം സെൻസസ് രേഖ 2011)

മുൻസിപ്പാലിറ്റികൾ പരിശോധിച്ചാൽ നീലേശ്വരം, കാഞ്ഞങ്ങാട്, മുൻസിപ്പാലിറ്റികൾ സംസ്ഥാന ശരാശരിക്ക് ഏറെ മുന്നിൽ നിൽക്കുമ്പോൾ കാസറഗോഡ് മുൻസിപ്പാലിറ്റി സംസ്ഥാന ശരാശരിയെക്കാൾ താഴെയാണ്.

പട്ടിക 4.4.3.4: ജനസംഖ്യ മുൻസിപ്പാലിറ്റികളിൽ

മുൻസിപ്പാലിറ്റിയുടെ പേര്	അനുപാതം
നീലേശ്വരം	1148
കാഞ്ഞങ്ങാട്	1144
കാസറഗോഡ്	1058

(അവലംബം- സെൻസസ് രേഖ 2011)

ജില്ലയിൽ സ്ത്രീ പുരുഷാനുപാതം സംസ്ഥാന ശരാശരിയേക്കാൾ വളരെ പിറകിലല്ലെങ്കിലും മലയോരത്തും വടക്കൻ മേഖലയിലുമുള്ള വലിയ അന്തരം പ്രത്യേക പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ പരിശോധിച്ചാലും ഈ വ്യത്യാസം കാണാം. തെക്കൻ ഭാഗങ്ങളിലും തീരദേശത്തുമുള്ള ഗ്രാമപഞ്ചായത്തുകളിൽ സ്ത്രീ പുരുഷാനുപാതം കൂടുതലും വടക്കൻ മേഖലയിലും മലയോര ഭാഗത്തും അത് കുറവുമാണ്.

നീലേശ്വരം ബ്ലോക്കിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്ത്രീപുരുഷാനുപാതം സംസ്ഥാന ശരാശരിയെക്കാൾ വളരെയേറെ മുമ്പിലാണ്. വലിയപറമ്പ ഗ്രാമപഞ്ചായത്ത് ഈ മേഖലയിൽ ജില്ലയിലെ തന്നെ ഏറ്റവും മുന്നിൽ നിൽക്കുന്ന തദ്ദേശഭരണ സ്ഥാപനമാണ്. 1000 പുരുഷൻമാർക്ക് 1221 സ്ത്രീകൾ. രണ്ടാം സ്ഥാനത്ത് തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്താണ് (1000:1163).

പരപ്പ ബ്ലോക്കിൽ കോടോം-ബേളൂർ ഗ്രാമ പഞ്ചായത്തിൽ മാത്രമാണ് സംസ്ഥാന-ജില്ലാ ശരാശരിയെക്കാൾ കൂടുതലുള്ളത്. (1000:1087) കാഞ്ഞങ്ങാട് ബ്ലോക്കിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണ്.

കാറഡുക്ക ബ്ലോക്കിൽ സംസ്ഥാന ശരാശരിയെക്കാൾ മുന്നിൽ നിൽക്കുന്ന ഗ്രാമപഞ്ചായത്ത് ബേഡഡുക്ക മാത്രമാണ് (1000:1098). മഞ്ചേശ്വരം ബ്ലോക്കിൽ മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് (1103) സംസ്ഥാന ശരാശരിയെക്കാൾ ഏറെ മുന്നിൽ നിൽക്കുമ്പോൾ പൈവളിഗെ (986) എൺമകജെ എന്നീ പഞ്ചായത്തുകളിൽ സ്ത്രീകൾക്ക് പ്രതികൂലമാണ് സ്ത്രീപുരുഷ അനുപാതം. കാസറഗോഡ് ബ്ലോക്കിൽ ചെമ്മനാട് (1131), മൊഗ്രാൽ പുത്തൂർ (1102) എന്നീ ഗ്രാമപഞ്ചായത്തുകൾ സംസ്ഥാന ശരാശരിയെക്കാൾ മുന്നിൽ നിൽക്കുമ്പോൾ മറ്റു ഗ്രാമപഞ്ചായത്തുകളിൽ സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്. ജില്ലയിലെ 38 ഗ്രാമപഞ്ചായത്തുകളിൽ 16 എണ്ണത്തിൽ സംസ്ഥാന ശരാശരിയെക്കാൾ കൂടുതലും 22 എണ്ണത്തിൽ കുറവുമാണ്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലും മറ്റ് വികസന രംഗത്തും മുന്നിൽ നിൽക്കുന്ന ഗ്രാമ പഞ്ചായത്തുകളിലാണ് സ്ത്രീ പുരുഷ അനുപാതം കൂടുതൽ എന്ന് പൊതുവേ വിലയിരുത്താം.

പട്ടികജാതി ജനസംഖ്യ

പട്ടികജാതി വിഭാഗത്തിൽപെട്ട 53283 പേരാണ് ജില്ലയിലുള്ളത്. ഇതിൽ 26385 പുരുഷന്മാരും 26898 സ്ത്രീകളുമാണ്. 1000:1019 എന്നതാണ് സ്ത്രീപുരുഷാനുപാതം. സംസ്ഥാനത്ത് പട്ടികജാതി ജനസംഖ്യയുടെ 51.38 ശതമാനം സ്ത്രീകളാണ്. കാസറഗോഡ് ജില്ലയി

ലേത് 50.48 ശതമാനമാണ്. സംസ്ഥാന തലത്തിൽ ഈ മേഖലയിൽ 12-ാം സ്ഥാനത്താണ് നമ്മുടെ ജില്ല വരുന്നത്. വയനാട് (49.64%), ഇടുക്കി (50.24%) എന്നിവയാണ് നമുക്ക് പിറകിൽ നിൽക്കുന്ന ജില്ലകൾ. സംസ്ഥാനത്ത് ഉയർന്ന നിരക്കിൽ സ്ത്രീകളുള്ളത് തിരുവനന്തപുരം ജില്ലയിലാണ്. മൊത്തം പട്ടികജാതി ജനസംഖ്യയുടെ 52.12% മാണ് അവിടെ സ്ത്രീകൾ.

പട്ടികവർഗ്ഗജനസംഖ്യ

പട്ടികവർഗ്ഗ വിഭാഗത്തിൽ സംസ്ഥാന നിരക്കിനൊപ്പം തന്നെയാണ് ജില്ലയിലും സ്ത്രീകളുടെ ജനസംഖ്യ. സംസ്ഥാനത്ത് മൊത്തം പട്ടികവർഗ്ഗ ജനസംഖ്യയുടെ 58.87% സ്ത്രീകൾ ആണെങ്കിൽ ജില്ലയിലത് 50.98 ശതമാനമാണ്. സംസ്ഥാനത്ത് 8-ാം സ്ഥാനത്താണ് കാസറഗോഡ് ജില്ല. ഏറ്റവും ഉയർന്ന പട്ടികവർഗ്ഗ സ്ത്രീ ജനസംഖ്യ തൃശൂർ ജില്ലയിലാണ് 53.74%, കുറവ് എറണാകുളം ജില്ലയിലും 49.58%.

ഭിന്നശേഷിക്കാരായ 29730 പേരിൽ 13550 സ്ത്രീകളും 16180 പുരുഷന്മാരുമാണ് ജില്ലയിലുള്ളത്.

രാഷ്ട്രീയപാർട്ടികളിലെ പങ്കാളിത്തം

ജില്ലയിലെ സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീകളുടെ സ്ഥാനം ഏറെ പിറകിൽ തന്നെയാണ്. പുരുഷകേന്ദ്രീകൃതം തന്നെയാണ് ഇന്നും രാഷ്ട്രീയ പാർട്ടികൾ. സ്ത്രീ ശാക്തീകരണത്തിന്റെ മാതൃകയായ കുടുംബശ്രീ സംവിധാനത്തിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായും ഒട്ടേറെ സ്ത്രീകൾ ഇന്ന് പൊതുരംഗത്ത് സജീവമാണ്. വിവിധ മഹിളാ സംഘടനകളിലും ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് പ്രവർത്തിക്കുന്ന ധാരാളം സ്ത്രീകളുണ്ട്. എന്നാൽ ഇങ്ങനെ കഴിവു തെളിയിച്ച സ്ത്രീകളെപ്പോലും രാഷ്ട്രീയ പാർട്ടികൾ അവരുടെ തീരുമാനങ്ങളെടുക്കുന്ന സമിതികളിൽ ഉൾപ്പെടുന്നത് കുറവാണ്.

വിവിധ രാഷ്ട്രീയ പാർട്ടികളിലെ മെമ്പർമാരും കമ്മിറ്റി അംഗങ്ങളുമായ സ്ത്രീകളുടെ കണക്കെടുക്കാൻ ശ്രമം നടത്തിയെങ്കിലും ഭൂരിപക്ഷം പാർട്ടികളുടെയും കണക്കുകൾ ലഭ്യമായിട്ടില്ല. സി.പി.(ഐ)എം. ന്റെ 22795 മെമ്പർമാരിൽ 5499 പേർ സ്ത്രീകളാണ് (24.12%.) ലോക്കൽ, ഏരിയതല കമ്മിറ്റികളിൽ ഇത് 10% നും 26% നും ഇടയിലാണ്. ജില്ലാ കമ്മിറ്റിയിൽ 9.38% വും.

വിദ്യാഭ്യാസം

കേരളം വിദ്യാഭ്യാസ രംഗത്ത് ഏറെ മുന്നേറിയെന്ന് അഭിമാനിക്കുമ്പോഴും കാസറഗോഡ് ജില്ല വിദ്യാഭ്യാസ സാമൂഹ്യ സൂചികകൾ പ്രകാരം ഇപ്പോഴും ചില മേഖലകളിൽ പിന്നോക്കാവസ്ഥയിലാണ്. ജില്ലയുടെ തന്നെ സാമൂഹിക-സാമ്പത്തിക പിന്നോക്ക മേഖലകളിൽ സ്ഥിതി ആശങ്കാജനകവുമാണ്. പെൺകുട്ടികളുടെ വിദ്യാലയ പ്രവേശനം, ഉന്നത ആധുനിക വിദ്യാഭ്യാസ മേഖലകളിലെ അവസര സമത്വം എന്നിവയിൽ പ്രത്യേക ശ്രദ്ധ അനിവാര്യമാണ്. അറിവിന്റെ ഈ നൂറ്റാണ്ടിൽ സ്ത്രീകളുടെ മനുഷ്യ വിഭവശേഷി പൂർണ്ണമായി വികസിപ്പിച്ച് വിനിയോഗിക്കാതെ ജില്ലയുടെ സമഗ്ര വികസനം സാധ്യമാകില്ലെന്ന തിരിച്ചറിവ് അനിവാര്യമാണ്.

കരിയർഗൈഡൻസ്, വ്യക്തിത്വ വികസന ക്ലാസ്സുകൾ

ജില്ലയ്ക്ക് വിവിധ മേഖലകളിൽ ആവശ്യമായ കർമ്മശേഷിയുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിനും അവസരസമത്വം ഉറപ്പു വരുത്തുന്നതിനുമായി 10-ാം തരത്തിലെയും +2 തലത്തിലെയും വിദ്യാർത്ഥികൾക്കായി പ്രത്യേക പരിശീലനം നൽകേണ്ടതാണ്. ഉന്നത വിദ്യാഭ്യാസം, സർക്കാർ സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ പി.എസ്.സി പരീക്ഷാ പരിശീലനം, വ്യക്തിത്വ വികസനം എന്നീ വിഷയങ്ങൾ സമഗ്രമായി കൈകാര്യം ചെയ്യുന്ന കരിയർ ഗൈഡൻസ്, വ്യക്തിത്വ വികസന ക്ലാസ്സുകളും സ്ത്രീ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്ന ബോധവത്ക്കരണ ക്ലാസ്സുകളും പിന്നോക്ക മേഖലകൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കേണ്ടതാണ്. ഇത്തരം ക്ലാസ്സുകൾ ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, തൊഴിൽ പങ്കാളിത്തം എന്നീ മേഖലകളിൽ സ്ത്രീ മുന്നേറ്റം സാധ്യമാക്കാൻ ഏറെ സഹായിക്കും.

സാങ്കേതികവിദ്യാഭ്യാസ/ തൊഴിൽപരിശീലന സൗകര്യങ്ങൾ

നിത്യജീവിതത്തിലെ വെല്ലുവിളികൾ സമർത്ഥമായി അതിജീവിക്കുന്നതിന് സ്ത്രീകൾക്ക് സാങ്കേതിക വിദ്യാഭ്യാസവും തൊഴിൽ പരിശീലനങ്ങളും അനിവാര്യമാണ്. പിന്നോക്കമേഖലകൾ കേന്ദ്രീകരിച്ച് കൂടുതൽ സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാനുള്ള ശ്രമങ്ങൾക്കൊപ്പം നിലവിലെ സ്ഥാപനങ്ങളിൽ കൂടുതൽ ബാച്ചുകൾ, ഈവനിംഗ് ബാച്ചുകൾ തുടങ്ങിയവ ആരംഭിക്കാവുന്നതുമാണ്. ഡിജിറ്റൽ ഇന്ത്യയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന സേവനങ്ങളെ സംബന്ധിച്ച ബോധവത്ക്കരണവും പരിശീലനവും കാലത്തിന്റെ അനിവാര്യത കൂടിയാണ്. ആവശ്യമായ സ്ഥലങ്ങളിൽ സാക്ഷരതാ മിഷൻ തുടർ വിദ്യാകേന്ദ്രങ്ങൾ, കുടുംബശ്രീകൾ, ക്ലബ്ബുകൾ, വായനശാലകൾ എന്നിവയുടെ സഹകരണത്തോടെ വനിതകൾക്കുള്ള ഹ്രസ്വകാല തൊഴിൽ പരിശീലന സംവിധാനങ്ങൾ ഒരുക്കാവുന്നതാണ്. ഇത് വനിതകളെ സ്വയം പര്യപ്തരാക്കുന്നതിനും അവരുടെ ആത്മവിശ്വാസവും സാമൂഹ്യ പദവിയും ഉയർത്തുന്നതിനും സഹായിക്കുന്നതാകും.

പട്ടിക 4.4.3.5: കാസറഗോഡ് ജില്ല- അധ്യാപകരുടെ വിശദാംശം

ഹയർസെക്കണ്ടറി									
	ആകെ അധ്യാപകർ			പട്ടിക ജാതി			പട്ടിക വർഗ്ഗം		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
സർക്കാർ	966	1078	2044	60	64	124	27	27	54
എയ്ഡഡ്	328	481	809	0	0	0	0	2	2
അൺ എയ്ഡഡ്	93	321	414	0	0	0	0	0	0
ആകെ	1387	1880	3267	60	64	124	27	29	56
ശതമാനം	42.5	57.5			1.96			0.89	

(അവലംബം ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, കാസറഗോഡ്)

ഹൈസ്കൂൾ									
മാനേജ്മെന്റ്	ആകെ അധ്യാപകർ			പട്ടികജാതി			പട്ടിക വർഗ്ഗം		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
സർക്കാർ	153	188	341	4	5	9	2	0	2
എയ്ഡഡ്	161	145	306	0	2	2	0	0	0
അൺ എയ്ഡഡ്	86	258	344	0	0	0	0	0	0
ആകെ	400	591	991	4	7	11	2	0	2
ശതമാനം	40.4	59.6			0.007			0	

(അവലംബം ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, കാസറഗോഡ്)

യു.പി സ്കൂൾ									
മാനേജ് മെന്റ്	ആകെ അധ്യാപകർ			പട്ടികജാതി			പട്ടിക വർഗ്ഗം		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
സർക്കാർ	374	545	919	37	47	84	36	45	81
എയ്ഡഡ്	436	714	1150	2	8	10	0	4	4
അൺ എയ്ഡഡ്	36	110	146	0	0	0	0	0	0
ആകെ	846	1369	2215	39	55	94	36	49	85
ശതമാനം	38.2	61.8			2.5		1.6		

(അവലംബം ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, കാസറഗോഡ്)

എൽ.പി സ്കൂൾ									
മാനേജ് മെന്റ്	ആകെ അധ്യാപകർ			പട്ടികജാതി			പട്ടിക വർഗ്ഗം		
	ആൺ	പെൺ	ആകെ		ആൺ	പെൺ	ആകെ		ആൺ
സർക്കാർ	292	468	760	22	37	59	3	18	21
എയ്ഡഡ്	234	473	707	3	8	11	1	5	6
അൺ എയ്ഡഡ്	32	113	145	0	0	0	0	0	00
ആകെ	558	1054	1612	25	45	70	4	23	27
ശതമാനം	34.6	65.4			2.8			1.43	

(അവലംബം ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, കാസറഗോഡ്)

അധ്യാപക ജോലിയിൽ എല്ലാ മേഖലയിലും വനിതകൾക്ക് മുൻതൂക്കമുണ്ടെങ്കിലും എസ്.സി/ എസ്.ടി വിഭാഗങ്ങളുടെ പ്രാതിനിധ്യം വളരെ കുറവാണ്. ഈ അസന്തുലിതാവസ്ഥ മാറ്റുന്നതിനുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകേണ്ടതുണ്ട്.

വനിത - ആരോഗ്യം

സ്വന്തം ആരോഗ്യത്തെ വകവെക്കാതെ ആയുഷ്ക്കാലത്തിന്റെ വലിയൊരു പങ്കും കുടുംബത്തിനു വേണ്ടി ചെലവഴിക്കുന്നവരാണ് സ്ത്രീകളിൽ ഭൂരിഭാഗവും. ഒടുവിൽ ജീവിത സായാഹ്നത്തിൽ വിശ്രമിക്കാം എന്ന് കരുതുമ്പോഴേക്കും പലവിധ രോഗങ്ങൾ പിടികൂടുന്ന സ്ഥിതിയുണ്ടാകുന്നു. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ ഏറെ നടന്നിട്ടും ഇതിനു വലിയ മാറ്റമൊന്നും സാധ്യമായിട്ടില്ല.

പോഷകാഹാരക്കുറവ്, ജീവിത ശൈലീ മാറ്റത്തെ തുടർന്നുണ്ടാകുന്ന അസ്വസ്ഥതകൾ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പുവരുത്തിയാൽ ഭേദമാകുന്ന തരത്തിലുള്ള ക്യാൻസർ മുതലായ രോഗങ്ങൾ സ്ത്രീകൾക്കിടയിൽ നമ്മുടെ ജില്ലയിലും വർദ്ധിച്ചു വരികയാണ്.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും സർക്കാരിന്റെയും സക്രിയമായ ഇടപെടലുകളിലൂടെ പൊതുജനാരോഗ്യ സംവിധാനത്തിന്റെ, പ്രത്യേകിച്ച് വനിതകളുടെ ആരോഗ്യരംഗത്തിന്റെ ശാക്തീകരണത്തിന് കൂട്ടായ ശ്രമം ഉണ്ടാകണം.

പ്രശ്ന പരിഹാരങ്ങൾ

- വാർദ്ധക്യ സഹജമായ പ്രയാസങ്ങൾ അനുഭവിക്കുന്ന സ്ത്രീജനങ്ങൾക്കായി സ്ത്രീ സൗഹൃദ യൂണിറ്റുകൾ
- മുലയൂട്ടുന്ന അമ്മമാർക്കായി പ്രധാന ടൗണുകളിൽ മുലയൂട്ടൽ കേന്ദ്രങ്ങൾ
- കൗമാര പ്രായക്കാരിൽ ഹീമോഗ്ലോബിന്റെ അളവ് വർദ്ധിപ്പിക്കാനുള്ള പ്രത്യേക പദ്ധതി
- Early Cancer Detection Centre (ECDC) എല്ലാ ഗ്രാമപഞ്ചായത്തുകളിലും സംയുക്ത പ്രോജക്ടായി തയ്യാറാക്കി, സ്തനാർബുദം, സെർവിക്കൽ ക്യാൻസർ പോലെയുള്ള രോഗങ്ങൾക്ക് വിദഗ്ധ ചികിത്സ ഉറപ്പുവരുത്തൽ
- എച്ച്.ഐ.വി പോഷകാഹാര വിതരണ പദ്ധതി പോലെ ദരിദ്രരായ കുടുംബത്തിലെ സ്ത്രീജനങ്ങൾക്ക് പോഷകാഹാര കിറ്റുകൾ ലഭ്യമാക്കാനുള്ള പദ്ധതി നടപ്പിലാക്കൽ
- അഭ്യസ്തവിദ്യരായ വീട്ടമ്മമാരുടെ വിവരശേഖരണം നടത്തി അഭിരുചിയനുസരിച്ച് വിവിധ തൊഴിലുകളിൽ പരിശീലനം നൽകി സ്വയംതൊഴിലിനു പ്രാപ്തരാക്കുന്ന പദ്ധതികൾ രൂപീകരിക്കൽ
- സ്ത്രീകൾക്ക് സ്വയം തൊഴിലിനായി ലോൺ നൽകാൻ ജില്ലാതലത്തിൽ സമിതി ഏർപ്പെടുത്തി ബാങ്കുകളുമായി ചർച്ച ചെയ്ത് പുതിയ പദ്ധതികൾ ആവിഷ്കരിക്കൽ.
- കുടുംബശ്രീയുമായി സംയോജിച്ച് വീട്ടമ്മമാർക്ക് ഗ്രാമപഞ്ചായത്ത് തലത്തിൽ കമ്പ്യൂട്ടർ പഠന സൗകര്യം ഒരുക്കൽ.
- ജാഗ്രതാ സമിതികൾ പുനഃസംഘടിപ്പിക്കൽ. സ്ത്രീകളിലുണ്ടായേക്കാവുന്ന മാനസിക പിരിമുറുക്കം ഒഴിവാക്കുന്നതിന് കുടുംബശ്രീ തലത്തിൽ വിനോദ-വിജ്ഞാന പരിപാടികൾ സംഘടിപ്പിക്കൽ.
- വിദ്യാഭ്യാസ യോഗ്യതയുള്ള ജോലിയില്ലാത്ത വനിതകൾക്ക് തൊഴിൽ മേഖലകളിലേക്ക് പ്രവേശിക്കുന്നതിന് പരീക്ഷാ പരിശീലനങ്ങൾ നടത്തൽ.
- വിദ്യാർത്ഥികളുടെ അമ്മമാർക്ക് ശാരീരിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം വിദ്യാലയങ്ങൾ വഴി നടപ്പിലാക്കൽ.
- പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് സ്വയം തൊഴിൽ പരിശീലനങ്ങൾ സംഘടിപ്പിക്കൽ.
- ഷീ ടാക്സി പോലുള്ള സംവിധാനം നടപ്പാക്കൽ
- സെക്കണ്ടറി തലം മുതൽ വിദ്യാർത്ഥിനികൾക്ക് കൗൺസിലിംഗ്, ശാരീരിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം, സ്വയം തൊഴിലിനു പ്രാപ്തരാക്കുന്ന പരിശീലനം, കരിയർ ഡവലപ്പ്മെന്റ് പ്രോജക്ടുകൾ എന്നിവ സംഘടിപ്പിക്കൽ.

അതിക്രമം

ജില്ലയിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ദിനംപ്രതി വർദ്ധിച്ചു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. വീട്, ജോലിസ്ഥലം, പൊതു ഇടങ്ങൾ ഇങ്ങനെ എല്ലായിടത്തും സത്രീകൾ അതിക്രമത്തിനിരയാകുന്നു.

ഗാർഹിക അതിക്രമ കേസുകളുടെ കഴിഞ്ഞ 5 വർഷത്തെ എണ്ണം പരിശോധിക്കുമ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് പ്രകടമാണ്. ശാരീരിക അതിക്രമങ്ങൾ കൂടാതെ വൈകാരികവും മാനസികവും സാമ്പത്തികവുമായ അതിക്രമങ്ങൾ ഇത്തരം കേസുകളിൽ പ്രധാനമാണ്. സ്ത്രീധനം, മദ്യപാനം എന്നിവയാണ് കേസുകൾക്കിടയാക്കുന്ന പ്രധാന പ്രശ്നങ്ങൾ.

തൊഴിലിടങ്ങളിലെ അതിക്രമവുമായി ബന്ധപ്പെട്ട് ഒറ്റപ്പെട്ട പരാതികൾ മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഇത്തരം അതിക്രമങ്ങൾ സ്ത്രീകൾ സ്വയം സഹിക്കേണ്ടതാണെന്ന ഒരു പൊതുബോധം ഇപ്പോഴും നിലനിൽക്കുന്നു. കഴിഞ്ഞ 5 വർഷത്തിനിടെ ജില്ലയിലുണ്ടായ വിവാഹ മോചനങ്ങളുടെ എണ്ണവും ആശാവഹമല്ല.

പട്ടിക 4.4.3.6: ഗാർഹിക അതിക്രമ കേസുകൾ

വർഷം	വിവിധ കോടതികളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം	വുമൺ പ്രൊട്ടക്ഷൻ ഓഫീസിൽ നേരിട്ട് ലഭിച്ച പരാതികൾ
2012	320	126
2013	312	112
2014	362	108
2015	418	129
2016	285	167
2017	275 (30.09.2017 വരെ)	70 (30.09.2017 വരെ)

(സാമൂഹ്യനീതിവകുപ്പ്, കാസർഗോഡ്)

പ്രശ്നങ്ങൾ

- വിവാഹധൂർത്തും സ്ത്രീധനവും പ്രത്യക്ഷമായി തന്നെ ജില്ലയിൽ നിലനിൽക്കുന്നു. അതുകൊണ്ടു തന്നെ വിവാഹബന്ധത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ നിരവധിയാണ്.
- പെൺകുട്ടികളെ പഠിപ്പിച്ച് അഭ്യസ്തവിദ്യരാക്കുക എന്നതിലുപരി വിവാഹം ചെയ്തയക്കുക എന്നത് സുപ്രധാന ലക്ഷ്യമായി മാതാപിതാക്കൾ കാണുന്നു. ഗാർഹിക അതിക്രമ നിയമപ്രകാരം 6 മാസത്തിനുള്ളിൽ തീർപ്പാക്കേണ്ട കേസുകൾ രണ്ടും മൂന്നും വർഷങ്ങൾ കഴിഞ്ഞാണ് തീർപ്പാകുന്നത്. ഇത് മൂലം ഭർതൃവീട്ടിൽ പ്രശ്നങ്ങളുണ്ടായാലും സ്വന്തം കാലിൽ നിൽക്കാൻ ശേഷിയില്ലാത്തതി നാൽ എല്ലാം സഹിച്ച് ജീവിക്കേണ്ട അവസ്ഥയിലേക്ക് സ്ത്രീകൾ എത്തപ്പെടുന്നു.

പരിഹാരങ്ങൾ

- സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക കോടതി.
- വിവാഹധൂർത്ത് നിർത്തലാക്കുന്നതിന് ശക്തമായ നിയമങ്ങൾ കൊണ്ടുവരിക. തദ്ദേശ ഭരണസ്ഥാപത്തിൽ തന്നെ ധൂർത്ത് നിയന്ത്രിക്കുന്നതിനുമുള്ള സംവിധാനം.
- സ്ത്രീധനം നിയമം മൂലം നിരോധിച്ചിട്ടുള്ളതുകൊണ്ടുതന്നെ പാരിതോഷികങ്ങളായി സ്വർണ്ണവും, സ്വത്തും വസ്തുക്കളും നൽകുന്ന പ്രവണത നിലനിൽക്കുന്നു. അതുകൊണ്ട് വിവാഹരജിസ്ട്രേഷൻ സമയത്ത് പാരിതോഷികങ്ങളുടെ പട്ടിക തയ്യാറാക്കി ഇരുകൂട്ടരും ഒപ്പിട്ട് ഹാജരാക്കുമെന്ന നിബന്ധന കൊണ്ടുവരണം.
- ഗ്രാമപഞ്ചായത്ത് തലത്തിൽ വിവരസാങ്കേതികവിദ്യാപഠനം, തുടർപഠനകേന്ദ്രങ്ങൾ, സ്വയം തൊഴിൽപരിശീലന ശാലകൾ എന്നിവയ്ക്കായി സ്ഥിരം കേന്ദ്രങ്ങൾ നിർമ്മിക്കണം. ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പദ്ധതികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ഏകോപിച്ച് നടപ്പിലാക്കുന്നതിന് സാധിക്കണം.
- പ്രീ മാരിറ്റൽ & ഫാമിലി കൗൺസിലിങ്ങിനും ഗൂഡ് പാരന്റിംഗിനുമുള്ള പരിശീലനം നടത്തുന്ന തിന് ബ്ലോക്ക് തലത്തിൽ കേന്ദ്രങ്ങൾ ഉണ്ടാവണം.
- വിവാഹ രജിസ്ട്രേഷൻ സമയത്ത് പ്രീമാരിറ്റൽ കൗൺസലിംഗ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കൽ.
- താലൂക്ക് അടിസ്ഥാനത്തിൽ ഡിഅഡിക്ഷൻ സെന്ററുകളും ജില്ലാതലത്തിൽ മാനസികാരോഗ്യ പുനരധിവാസകേന്ദ്രവും ആരംഭിക്കൽ.

(അവലംബം ഓഫീസ് രേഖകൾ)

പട്ടിക 4.4.3.7: ഫാമിലി കോടതി

ക്രമ നമ്പർ	വർഷം	ഒ.പി	എം.സി	ഫയൽ ചെയ്ത കേസുകൾ	തീർപ്പാക്കിയ കേസുകൾ
1	2012	471	114	585	368
2	2013	513	169	682	728
3	2014	491	145	636	803
4	2015	469	75	544	569
5	2016	504	116	620	604
	2017	430	76	506	525

(സാമൂഹ്യനീതിവകുപ്പ്, കാസർഗോഡ്)

പട്ടിക 4.4.3.8: സ്ത്രീകൾക്കെതിരെയുള്ള അതിക്രമം

ക്രമ നം.	കോടതിയുടെ പേര്	വർഷം	കേസുകളുടെ എണ്ണം		പരിഹരിച്ചത്
			നിലവിലുള്ളത്	പുതിയത്	
1.	പ്രിൻസിപ്പിൾ സെഷൻസ് കോടതി	2012	430	28	40
		2013	418	17	28
		2014	407	15	34
		2015	388	42	77
		2016	315	28	123
		2017	220	22	63

(സാമൂഹ്യനീതിവകുപ്പ്, കാസർഗോഡ്)

ചിത്രം 4.4.3.1: വനിതകൾക്കെതിരെയുള്ള അതിക്രമം



(സാമൂഹ്യനീതിവകുപ്പ്, കാസർഗോഡ്)

പട്ടിക 4.4.3.9:: അഡീഷണൽ ജില്ലാ കോടതി

ക്രമ നം.	കോടതിയുടെ പേര്	വർഷം	കേസുകളുടെ എണ്ണം
1.	അഡീഷണൽ I	2012	2
		2013	5
		2014	19
		2015	18
		2016	36
		2017	24
2.	അഡീഷണൽ II	2012	6
		2013	8
		2014	2
		2015	1
		2016	17
		2017	
3.	അഡീഷണൽ III	2012	0
		2013	0
		2014	0
		2015	0
		2016	0
		2017	0

(അവലംബം സാമൂഹ്യനീതിവകുപ്പ്, കാസർഗോഡ്)

പട്ടിക 4.4.3.10: സ്ത്രീകൾക്കെതിരെയുള്ള അതിക്രമം - വിവിധ കോടതികൾ

ക്രമ നം.	കോടതിയുടെ പേര്	വർഷം	കേസുകളുടെ എണ്ണം
1.	സബ് കോടതി കാസർഗോഡ്	2012	7
		2013	0
		2014	0
		2015	0
		2016	0
		2017	0
2.	സബ് കോടതി ഹോസ്ദുർഗ്	2012	5
		2013	0
		2014	3
		2015	0
		2016	0
		2017	0

(അവലംബം സാമൂഹ്യനീതിവകുപ്പ്, കാസർഗോഡ്)

പട്ടിക 4.4.3.11: സ്ത്രീകൾക്കെതിരെയുള്ള അതിക്രമം, കാസറഗോഡ് ജില്ല

വർഷം	ബലാൽ സംഗം	മാനഹാനി	തട്ടിക്കൊണ്ടു പോകൽ	കളിയാക്കൽ	സ്ത്രീധന-മരണം	ഭർതൃ പീഡനം	മറ്റുള്ളവ	മൊത്തം കേസുകൾ
2012	89	154	9	15	3	205	221	696
2013	81	163	9	8	1	232	258	752
2014	56	136	7	6	0	201	217	623
2015	55	152	8	7	0	129	202	553
2016	73	165	12	20	1	131	199	601
2017	46	84	6	5	0	77	229	347

(അവലംബം: ജില്ലാ ക്രൈം റെക്കോർഡ് ബ്യൂറോ)

പട്ടിക 4.4.3.12: സ്ത്രീകൾക്കും പെൺകുട്ടികൾക്കുമുള്ള അഭയകേന്ദ്രം (സാമൂഹികനീതി വകുപ്പ്) മഹിളാമന്ദിരം, പരവനടുക്കം കാസർഗോഡ്

വർഷം	സ്ത്രീകൾ	18 വയസിന് താഴെയുള്ള പെൺകുട്ടികൾ	5 വയസിന് താഴെയുള്ള പെൺകുട്ടികൾ	മൊത്തം
2012	17	26	7	50
2013	11	28	9	48
2014	14	29	4	47
2015	8	28	6	42
2016	22	18	10	50
2017	27	38	12	77

(അവലംബം സാമൂഹ്യനീതിവകുപ്പ്, കാസർഗോഡ്)

പട്ടിക 4.4.3.13: സ്ത്രീകൾക്കെതിരെയുള്ള അതിക്രമം (ആരോഗ്യവകുപ്പ്- ഹോമിയോപ്പതി) സീതാലയം

ക്രമനം	വർഷം	ഗാർഹിക പീഡനകേസ്
1.	2014-2015	15
2.	2015-2016	26
3.	2016-2017	19

(അവലംബം സാമൂഹ്യനീതിവകുപ്പ്, കാസർഗോഡ്)

പട്ടിക 4.4.3.14: ലിംഗാധിഷ്ടിത അക്രമത്തിനിരയായവർ (ആരോഗ്യവകുപ്പ്- അലോപ്പതി) ഭൂമിക

വർഷം	ഗാർഹിക പീഡന കേസ്	ലൈംഗിക അതിക്രമ കേസ്
2011-2012	82	12
2012-2013	112	11
2013-2014	140	18
2014-2015	160	12
2015-2016	123	14
2016-2017	154	24

(അവലംബം സാമൂഹ്യനീതിവകുപ്പ്, കാസർഗോഡ്)

പട്ടിക 4.4.3.15: ഗാർഹിക അതിക്രമത്തിനിരയായവർ
(കേരള മഹിളാ സമാഖ്യ സൊസൈറ്റി, ഷെൽട്ടർ ഹോം കാഞ്ഞങ്ങാട്)

വർഷം	സ്ത്രീകൾ	18 വയസിന് താഴെയുള്ള പെൺകുട്ടികൾ	5 വയസിന് താഴെയുള്ള പെൺകുട്ടികൾ
2015-2016	16	5	12
2016-2017	12	4	7
2017 ഒക്ടോബർ	7	7	6

പട്ടിക 4.4.3.16: ഗാർഹിക അതിക്രമത്തിനിരയായവർ
(സ്നേഹ സദനം ഷെൽട്ടർ, പടന്നക്കാട്)

വർഷം	സ്ത്രീകൾ	18 വയസിന് താഴെയുള്ള പെൺകുട്ടികൾ	5 വയസിന് താഴെയുള്ള പെൺകുട്ടികൾ
2015-2016	41	24	12
2016-2017	46	19	18

(അവലംബം സാമൂഹ്യനീതിവകുപ്പ്, കാസർഗോഡ്)

പട്ടിക 4.4.3.17: ലൈംഗിക അതിക്രമത്തിനിരയായ പെൺകുട്ടികൾ
(നിർഭയ ഷെൽട്ടർ ഹോം, കാസറഗോഡ്)

വർഷം	18 വയസ്സിന് താഴെയുള്ള പെൺകുട്ടികൾ	5 വയസ്സിന് താഴെയുള്ള കുട്ടികൾ	മൊത്തം
2014	19	3	22
2015	28	3	31
2016	38	5	42
2017	30	3	33

(അവലംബം സാമൂഹ്യനീതിവകുപ്പ്, കാസർഗോഡ്)

ജാഗ്രത സമിതി

ജില്ലയിൽ ജാഗ്രത സമിതികളുടെ പ്രവർത്തനം വളരെ മന്ദഗതിയിലാണെന്ന് ലഭിച്ച വിവരങ്ങളിൽ നിന്ന് മനസ്സിലാകുന്നു.

പട്ടിക 4.4.3.18: ജാഗ്രത സമിതികൾ-തത്സ്ഥിതി

ക്ര. നം.	ഐ.സി.-ഡി.എസ്	പഞ്ചായത്തിന്റെ പേര്	ജാഗ്രത സമിതി ഉണ്ട്/ഇല്ല	ഉണ്ട് എങ്കിൽ രൂപീകരിച്ച തീയ്യതി	കേസുകളുടെ എണ്ണം	സ്വഭാവം	പരിഹരിച്ചവ
1.	മഞ്ചേശ്വരം	1. മഞ്ചേശ്വരം	ഇല്ല	-	0		
		2. മീഞ്ച	ഉണ്ട്	-	0		
		3. പൈവളിഗെ	ഇല്ല	-	0		
		4. വോർക്കാടി	ഇല്ല	-	0	ഇല്ല	ഇല്ല
2.	മഞ്ചേശ്വരം	1. എൻമകജെ					
	അഡീഷണൽ	2. പുത്തിഗെ					
		3. മംഗൽപാടി	ഉണ്ട്	2012	ഇല്ല	ഇല്ല	ഇല്ല
3.	കാറഡുക്ക	1. ദേലംപാടി	ഇല്ല		ഇല്ല		
		2. ബെള്ളൂർ	ഉണ്ട്				
		3. കുമ്പടാജെ	ഇല്ല	2013	ഇല്ല	ഇല്ല	ഇല്ല
4.	കാസർഗോഡ്	1. കാസർഗോഡ് നഗരസഭ	ഉണ്ട്		ഇല്ല		
		2. കുമ്പള	ഉണ്ട്		ഇല്ല		
		3. മൊഗ്രാൽ പുത്തൂർ	ഉണ്ട്		ഇല്ല	ഇല്ല	ഇല്ല
		4. മധൂർ	ഉണ്ട്		ഇല്ല	ഇല്ല	ഇല്ല
5.	കാസർഗോഡ്	1. ബദിയടുക്ക	ഉണ്ട്		ഇല്ല		
	അഡീഷണൽ	2. ചെമ്മനാട്	ഉണ്ട്		ഇല്ല		
		3. ചെങ്കള	ഉണ്ട്		ഇല്ല	ഇല്ല	ഇല്ല
6.	കാഞ്ഞങ്ങാട്	1. മടിക്കൈ	ഉണ്ട്	-	ഇല്ല		
		2. അജാനൂർ	ഇല്ല		ഇല്ല		
		3. കാഞ്ഞങ്ങാട് നഗരസഭ	ഉണ്ട്		ഇല്ല	ഇല്ല	ഇല്ല
7.	കാഞ്ഞങ്ങാട്	1. ഉദുമ	ഉണ്ട്	2012	1		
	അഡീഷണൽ	2. പള്ളിക്കര	ഇല്ല	2012	2		
		3. പുല്ലൂർ പെരിയ	ഇല്ല	2012	ഇല്ല	ഇല്ല	ഇല്ല
8.	പരപ്പ	1. ഈസ്റ്റ്എളേരി	ഉണ്ട്	ഇല്ല			
		2. വെസ്റ്റ് എളേരി	ഉണ്ട്	ഇല്ല			
		3. കിനാനൂർ- കരിന്തളം	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
9.	പരപ്പ	1. പനത്തടി	ഉണ്ട്	2014	ഇല്ല		
	അഡീഷണൽ	2. കോടോം -ബേളൂർ	ഉണ്ട്	2010	ഇല്ല		
		3. ബളാൽ	ഉണ്ട്	8.8.17 പുന.സം ഘടിപ്പിച്ചു.	ഇല്ല	ഇല്ല	ഇല്ല
10.	നീലേശ്വരം	1. നീലേശ്വരം	ഉണ്ട്	2008			
		2. ചെറുവത്തൂർ	ഉണ്ട്	2007-2014		സാമ്പ	
		3.കയ്യൂർ- ചീമേനി	ഉണ്ട്	2008	63	ത്തികം	ഇല്ല
11.	നീലേശ്വരം	നീലേശ്വരം					
	അഡീഷണൽ	മുൻസിപ്പാലിറ്റി			ഇല്ല	ഇല്ല	ഇല്ല
12.	കാറഡുക്ക	1. മുളിയാർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
	അഡീഷണൽ	2. കുറ്റിക്കോൽ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
		3. ബേഡഡുക്ക	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

വനിതാവികസനം

ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിലൊഴികെ മറ്റൊരു പഞ്ചായത്തിലും കാര്യമായ രീതിയിൽ ജാഗ്രത സമിതി പ്രവർത്തിക്കുന്നില്ല. വിവിധ വകുപ്പുകളുടെ ഏകീകരണം ഏറ്റവും താഴെത്തട്ടിൽ തന്നെ ഫലപ്രദമായി നടപ്പിലാക്കാവുന്ന ഒരു സമിതിയാണിത്. വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിൽ സംഭവിക്കുന്ന വിടവ് തന്നെയാണ് സമിതി പ്രവർത്തനങ്ങൾ മന്ദീഭവിക്കാൻ കാരണം.

- നിലവിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ/അംഗൺവാടി വർക്കർമാർ എന്നിവർക്കാണ് പഞ്ചായത്ത് വാർഡ്തല ജാഗ്രത സമിതികളുടെ കൺവീനർ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ/ ചെയർപേഴ്സൺ/വാർഡ് മെമ്പർ ചുമതലപ്പെടുത്തുന്ന ആളെ സമിതി കൺവീനർ ആക്കുന്നത് സമിതികൾ വിളിച്ചു ചേർക്കുന്ന പ്രക്രിയ സുതാര്യമാക്കാൻ സഹായകമാകും.
- നാട്ടുകൂട്ടം രീതിയിൽ വൈകുന്നേരങ്ങളിൽ സമിതി വിളിച്ചു ചേർത്ത് പൊതുവെ പ്രശ്നങ്ങൾ യോഗത്തിൽ ചർച്ച ചെയ്ത് പരിഹരിച്ച് റിപ്പോർട്ടുകൾ ജില്ലാതലത്തിൽ സമർപ്പിക്കുന്നത് നന്നാകും.
- സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ പ്രാഥമിക അന്വേഷണം നടത്തി (ജാഗ്രത സമിതിയിലെ ഏതൊരംഗത്തെയും നിയോഗിക്കാം) ജില്ലയിലേക്ക് റിപ്പോർട്ട് ചെയ്യണം. വാർഡ്/പഞ്ചായത്ത്/ജില്ലാതലത്തിലേക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്നതും നേരിട്ട് വരുന്നതുമായ പരാതികൾ ജില്ലാതല ജാഗ്രതാ സമിതിയിൽ അദാലത്ത് നടത്തി പരിഹരിക്കണം.

മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2005 സെപ്തംബറിൽ പാർലമെന്റ് പാസാക്കി വിജ്ഞാപനം ചെയ്ത മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം വഴി അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഓരോ ഗ്രാമീണ കുടുംബത്തിനും നിശ്ചിത ഗുണമേന്മയുള്ളതും ഈടുറ്റതും ഉത്പാദനപരവുമായ ആസ്തികൾ സൃഷ്ടിക്കുന്നതിനായി ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ തൊഴിൽ ഉറപ്പ് നൽകുന്നു. അതോടൊപ്പം സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഗ്രാമീണ ജനതയുടെ ഉപജീവന സുരക്ഷിതത്വത്തിനു തകുന്ന വിഭവാടിത്തറ ശക്തിപ്പെടുത്തലും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ശാക്തീകരണവും ഈ നിയമത്തിന്റെ കാതലായ ലക്ഷ്യങ്ങളാണ്. ജില്ലയിൽ മൊത്തം തൊഴിൽ കാർഡ് എടുത്തവർ 1,43,000 ആണ്.

പട്ടിക 4.4.3.19: തൊഴിൽ ദിനങ്ങളുടെ ലഭ്യത

വർഷം	100 തൊഴിൽ ദിനം പൂർത്തിയാക്കിയവർ	15 ദിവസം പ്രവർത്തിച്ച തൊഴിലാളികളുടെ എണ്ണം	15 ദിവസം പ്രവർത്തിച്ച വനിതാ തൊഴിലാളികളുടെ എണ്ണം
2013-14	11943	44661	44661
2014-15	5979	43962	42887
2015-16	10587	40474	39394
2016-17	7129	51046	49216
2017-18	175	37482	36402

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന സ്ത്രീകളുടെ ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

നിർദ്ദേശങ്ങൾ :

- ജൈവകൃഷി വ്യാപനത്തിനുള്ള പദ്ധതികൾ നടപ്പാക്കൽ
- വർഷത്തിൽ കുറഞ്ഞത് 200 ദിവസമെങ്കിലും തൊഴിൽ ഉറപ്പാക്കൽ
- വേതനം കൃത്യമായി ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തൽ
- പോഷകാഹാരം ഉറപ്പു വരുത്തുന്ന രീതിയിൽ ശാസ്ത്രീയമായ തൊഴിൽ പരിശീലനം നൽകൽ.
- സ്വയംതൊഴിൽ പരിശീലനങ്ങളിലൂടെ സ്വാശ്രയത്വം നേടൽ.

'സ്ത്രീശാക്തീകരണം കുടുംബശ്രീയിലൂടെ'

കേവല ദാരിദ്യനിർമ്മാർജ്ജനത്തിനായി കേരള സർക്കാർ രൂപം കൊടുത്തിട്ടുള്ള നവീന ദാരിദ്യ നിർമ്മാർജ്ജന പദ്ധതിയാണ് കുടുംബശ്രീമിഷൻ, അഥവാ കേരള സംസ്ഥാന ദാരിദ്യനിർമ്മാർജ്ജനമിഷൻ (എസ്.പി.ഇ.എം). നബാർഡിന്റെ സഹായത്തോടെയുള്ള സമ്പൂർണ്ണ ദാരിദ്ര്യനിർമ്മാർജ്ജന യജ്ഞം എന്ന നിലയിലാണ് കുടുംബശ്രീ പദ്ധതി രൂപീകൃതമായത്. കേരളത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ദാരിദ്ര്യലഘൂകരണത്തിനായി അവരുടെ പങ്കാളിത്തത്തോടെ മിതവ്യയം അടിസ്ഥാനമാക്കി വായ്പാസൗകര്യം ലഭ്യമാക്കുന്ന ഒരു നയപരിപാടിയായാണ് മിഷന്റെ തുടക്കം.

സ്ത്രീ ശാക്തീകരണത്തിലൂന്നിയ സാമ്പത്തിക സാമൂഹ്യ ശാക്തീകരണത്തിലൂടെയുള്ള ദാരിദ്ര്യനിർമ്മാർജ്ജനമാണ് കുടുബശ്രീയുടെ ലക്ഷ്യം. സ്വതന്ത്രവനിതാ കൂട്ടായ്മയായ അയൽക്കൂട്ടത്തിന്റെ ഭരണപരവും സംഘടനാപരവുമായ പ്രവർത്തനത്തിലൂടെ ലഭിക്കുന്ന ശേഷിയും ആത്മവിശ്വാസവും മുഖേന സ്ത്രീകൾ സ്വയം ശാക്തീകരിക്കപ്പെടുന്നു. രണ്ടാമതായി മിതവ്യയ സമ്പാദ്യശീലത്തിലൂടെയും വായ്പാവശ്യങ്ങൾ നേടുന്നതിലൂടെയും ലഭിക്കുന്ന സാമ്പത്തിക കൈകാര്യകർതൃത്വം സ്ത്രീകൾക്കിടയിലെ പണത്തിന്റെ ചംക്രമണം സുഗമമാക്കിത്തീർക്കുന്നു. സംസ്ഥാനവ്യാപകമായി കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങളുടെ തുടർച്ചയായി അയൽക്കൂട്ട രൂപീകരണവും സ്ത്രീകളുടെ കൂട്ടായ്മയും സൃഷ്ടിക്കാൻ സാധിച്ചു.

എങ്കിലും സ്ത്രീകൾക്ക് തങ്ങളുടേതായ അവകാശങ്ങൾ തിരിച്ചറിഞ്ഞ് അവ നേടിയെടുക്കാനും സമൂഹത്തിന്റെ വിവിധ മേഖലകളിൽ തങ്ങളുടെ അവസരങ്ങൾ ഉറപ്പു വരുത്താനും വേണ്ടത്ര സാധിച്ചിരുന്നില്ല. ഈ അവസരത്തിൽ വ്യത്യസ്തമായൊരു പഠനരീതിയിലൂടെ സ്വന്തം അവസ്ഥ സ്വയം തിരിച്ചറിയുന്നതിനും അത് വഴി അറിവിന്റെ ഉത്പാദകരും ഗുണഭോക്താക്കളുമായി മാറുന്ന സ്ത്രീ പദവി സ്വയം പഠന പ്രക്രിയ എന്ന പദ്ധതി കുടുംബശ്രീ 2007 ൽ ആരംഭിച്ചു.

കുടുംബശ്രീ സി.ഡി.എസ് തലത്തിൽ ആരംഭിച്ച ജെൻഡർ കോർണറുകളും അവയുടെ പ്രവർത്തനങ്ങളും പ്രാദേശികതലത്തിൽ സ്ത്രീകളുടേതായ ഒരിടം എന്ന ആശയം മുൻനിർത്തിയാണ് പ്രവർത്തിക്കുന്നത്. സ്ത്രീകൾക്ക് വായനക്കും വിജ്ഞാനത്തിനുമുള്ള അവസരം സൃഷ്ടിക്കുക, വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് സംവാദങ്ങൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക, സ്ത്രീകളുടെ സർഗ്ഗാത്മകപ്രകടനത്തിനുള്ള വേദി സംഘടിപ്പിക്കുക, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾ ഇല്ലാതാക്കാൻപ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുമായി ചേർന്ന് സംയോജിത പ്രവർത്തനം, സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങൾ തുറന്നു പറയാനും പങ്കിടാനുമുള്ള വേദി എന്നീ നിലകളിലാണ് ജെൻഡർ കോർണർ പ്രവർത്തിച്ചു വരുന്നത്. കൂടാതെ ആവശ്യമായ സാഹചര്യങ്ങളിൽ ഹെൽപ് ഡസ്ക് പ്രവർത്തനവുമായി സംയോജിപ്പിച്ചു കൊണ്ടൺ കൗൺസി ലിംഗ് ക്ലാസ്സുകൾ നിയമസേവന സംവിധാനങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നതിനും മുൻകൈയെടുക്കുന്നു. കമ്മ്യൂണിറ്റി കൗൺസിലേഴ്സ്, സ്നേഹിത ഉദ്യാഗസ്ഥർ എന്നിവരുടെ സഹകരണത്തോടെ ജെൻഡർ കോർണർ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായ സമൂഹം സൃഷ്ടിക്കാനും ഉപജീവനത്തിനും അതിജീവനത്തിനും ഉതകുന്ന പിന്തുണ നൽകാനും അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്ക് അടിയന്തിര സഹായവും പിന്തുണയും ഉറപ്പാക്കാനും പറ്റുന്ന ഒരു കേന്ദ്രം എല്ലാ ജില്ലകളിലും ഉണ്ടാകേണ്ടത് അനിവാര്യമായതിനാൽ സ്നേഹിത ജെൻഡർ ഹെൽപ്പ് ഡസ്ക് 6 ജില്ലകളിൽ ആദ്യ ഘട്ടത്തിൽ ആരംഭിച്ചു. തനതുവർഷം മുതൽ മറ്റു ജില്ലകളിലേക്ക് അത് വ്യാപിപ്പിച്ചു. കാസറഗോഡ് ജില്ലയിൽ സ്നേഹിത ജെൻഡർ ഹെൽപ്പ് ഡസ്ക് കാഞ്ഞങ്ങാട് ആവിക്കരയിൽ പ്രവർത്തിച്ചുവരുന്നു.

സമൂഹത്തിൽ ഒറ്റപ്പെട്ടവരും നിരാലംബരും പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവരുമായ സ്ത്രീകൾക്കും കുട്ടികൾക്കും പിന്തുണയും, സഹായവും, താൽക്കാലിക അഭയവും നൽകുന്ന ഇടമായാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള അതിക്രമങ്ങൾക്കോ, ചൂഷണങ്ങൾക്കോ, വിധേയരായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ പിന്തുണ നൽകുക എന്നതാണ് ഈ കേന്ദ്രത്തിന്റെ ലക്ഷ്യം.

ഇതിന്റെ തുടർച്ചയായി കൗൺസിലിംഗ് രംഗത്തെ വിദഗ്ദ്ധർ ഉൾപ്പെടുന്ന റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ നാലുദിവസം കുടുംബശ്രീ അംഗങ്ങളും കൗൺസിലിംഗ് മേഖലയിൽ പരിചയമുള്ളവരുമായ വനിതകൾക്ക് പരിശീലനം നൽകി, പരിശീലനം നേടിയവരുടെ നേതൃത്വത്തിൽ കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലേഴ്സ് ടീം രൂപീകരിച്ചു. ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക് കൗൺസിലിംഗ്, വിവിധ വിഷയങ്ങളെ അധികരിച്ച് കുടുംബ സംഗമങ്ങൾ, വാർഡ് തല സംഗമങ്ങൾ എന്നിവ ഇവരുടെ നേതൃത്വത്തിൽ നടന്നു വരുന്നു. ജെൻഡർ കോർണറുകൾ, റിസോഴ്സ് സെന്ററുകൾ, സ്നേഹിത ജെൻഡർ ഹെൽപ്പ് ഡസ്ക് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കമ്മ്യൂണിറ്റി കൗൺസിലർമാരുടെ പങ്കാളിത്തം പൂർണ്ണതോതിൽ ഉണ്ടായിരിക്കണം.

ഒരു പ്രദേശത്തെ പ്രധാന ക്ലേശഘടകങ്ങളെയും മനുഷ്യരെയും പ്രകൃതിയെയും പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്ന പ്രശ്നങ്ങളെയും രേഖപ്പെടുത്തുന്ന ഒരു പഠന പ്രവർത്തനമാണ് വൾണറബിലിറ്റി മാപ്പിംഗ്. പ്രാഥമിക വിവരശേഖരണം, ദ്വിതീയ വിവരശേഖരണം, സ്ഥാപന വിശകലനം, കുടുംബശ്രീ സംഘടനാ സംവിധാന വിശകലനം, ഫോക്കസ് ഗ്രൂപ്പ് ചർച്ച, വിഷയാധിഷ്ഠിത ചർച്ചകൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളുടെ വിവരശേഖരണം എന്നീ തന്ത്രങ്ങളിലൂടെ വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്ത് കുടുംബശ്രീ വനിതകളായ 37 പേരെ നാടകാവതരണം, തിരക്കഥ രൂപീകരണം, കോസ്റ്റ്യൂം പ്രോപ്പർട്ടി നിർമ്മാണം തുടങ്ങിയവ പരിശീലിപ്പിച്ച് മാസ്റ്റർ പരിശീലകരാക്കി മാറ്റുകയും അവരുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി തീയേറ്റർ-രംഗശ്രീയുടെ പ്രവർത്തനം നടന്നു വരികയും ചെയ്യുന്നു. പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ എറണാകുളം, കൊല്ലം, പത്തനംത്തിട്ട, കണ്ണൂർ, മലപ്പുറം ജില്ലകളിലെ പ്രവർത്തകരെയാണ് ഇതിനായി തെരെഞ്ഞെടുത്തത്. ആരോഗ്യ വകുപ്പ് ഉൾപ്പെടെ നിരവധി വകുപ്പുകളുടെ ക്യാമ്പയിനുകൾ നിലവിൽ രംഗശ്രീ ഏറ്റെടുത്ത് നടത്തി വരുന്നു. കാസറഗോഡ് ജില്ലയിൽ രംഗശ്രീയുടെ രൂപീകരണ പ്രവർത്തനം നടന്നു വരുന്നു.

കേരളത്തിലെ മുഴുവൻ വാർഡുകളിലും സുരക്ഷിതമായ അയൽക്കൂട്ട പ്രദേശം, സഞ്ചാര സ്വാതന്ത്ര്യം, അവകാശ സംരക്ഷണത്തിനായി സംവിധാനങ്ങൾ എന്നീ ആശയങ്ങൾ ശക്തമായി ഏറ്റവും സൂക്ഷ്മ തലത്തിൽ ചർച്ച ചെയ്യപ്പെടുന്നതിന് വിജിലന്റ് ഗ്രൂപ്പുകൾക്ക് രൂപം നൽകിയിട്ടുണ്ട്. അയൽക്കൂട്ടാംഗങ്ങൾ, എ.ഡി.എസ് അംഗങ്ങൾ, ബാലസഭാ പ്രവർത്തകർ, ജനപ്രതിനിധികൾ, ഓരോ എ.ഡി.എസ്സിലും വരുന്ന സാംസ്കാരിക സംഘടനകൾ എന്നിവരെയെല്ലാം കൂട്ടിയോജിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനമാണിത്.

ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ വാർഡിലും സുരക്ഷാ വളണ്ടിയർമാരെ സ്ത്രീപുരുഷഭേദമന്യേ നിശ്ചിയിക്കുന്നു. അവരുടെ നേതൃത്വത്തിൽ 'സ്ത്രീശക്തി സാമൂഹ്യമാറ്റത്തിനുള്ള പ്രേരണ' എന്നതിനെ സംബന്ധിച്ചും, 'സുരക്ഷയ്ക്കായി നിലവിലുള്ള പിന്തുണ സംവിധാനങ്ങൾ' അധികരിച്ചും സുരക്ഷിതമായ സഞ്ചാരത്തിനുള്ള മുൻകരുതലുകളെ അടിസ്ഥാനമാക്കിയും ചർച്ചകൾ നടത്തിവരുന്നു.

ജില്ലയിലെ മുഴുവൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും കുടുംബശ്രീ പരിപാടി നടപ്പിലാക്കുന്നുണ്ട്. ഇതു വരെ 1,58,614 സ്ത്രീകളെ അംഗങ്ങളാക്കി 10,394 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. ഇതിൽ 8622 അയൽക്കൂട്ടങ്ങളെ ഗ്രേഡിംഗിന് വിധേയമാക്കിയിട്ടുണ്ട്. മിതവ്യയത്തിലൂടെ കുടുംബശ്രീ അംഗങ്ങളുടെ സമ്പാദ്യം 42.29 കോടി രൂപയും ആഭ്യന്തര വായ്പകൊടുത്ത തുക 218.62 കോടി രൂപയുമാണ്. 8285 അയൽക്കൂട്ടങ്ങളെ ബാങ്കുമായി ബന്ധപ്പെടുത്തി 145.049 കോടി രൂപ ലിങ്ക് ചെയ്തു.

തയ്യൽ യൂണിറ്റ്, കഫേ/ഹോട്ടൽ, ഡി.ടി.പി സെന്റർ, നാപ്കിൻ യൂണിറ്റ്, കശുവണ്ടി യൂണിറ്റ്, പ്രിന്റിംഗ് പ്രസ്സ്, തേൻ ഉൽപാദന യൂണിറ്റ്, ന്യൂട്രിമിക്സ് യൂണിറ്റ്, അമൃതം, അച്ചാർ, കുട നിർമ്മാണ യൂണിറ്റുകൾ, സോപ്പ് നിർമ്മാണയൂണിറ്റ് തുടങ്ങി 921 തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു. ഇത്തരത്തിൽ, സ്ത്രീകളിൽ സാമ്പത്തികമായ അടിത്തറ ശക്തമാക്കുന്നതിലൂടെ അവർക്ക് ആത്മവിശ്വാസത്തോടെ മുഖ്യധാരയിലേക്ക് എത്തിച്ചേരുന്നതിനുള്ള അവസരം സൃഷ്ടിച്ചു വരികയാണ്.

കുടുംബശ്രീ രൂപീകൃതമായിട്ട് 19 വർഷങ്ങൾ പിന്നിട്ടു. വളർച്ചയുടെയും അഭിമാനാർഹമായ നേട്ടങ്ങളുടെയും വർഷങ്ങളാണ് കടന്നു പോയത്. സ്ത്രീകളുടെ സമഗ്രവികസനം മുൻനിർത്തി അവരുടെ കുടുംബങ്ങളുടെയും അതിലൂടെ സമൂഹത്തിന്റെയും ഉന്നമനമാണ് കുടുംബശ്രീ ലക്ഷ്യം വയ്ക്കുന്നത്.

പൊതു വിവരങ്ങൾ

പട്ടിക 4.4.3.20: കാസർഗോഡ് ജില്ല, ജാഗ്രത സമിതികൾ

ക്രമ നമ്പർ	സി.ഡി.എസിന്റെ പേര്	ആകെ എൻഎച്ച് ജി എസ്	എ.പി. എൽ.	ബി.പി. എൽ.	ആകെ	ജനറൽ	എസ്. സി	എസ്.ടി	ആകെ	ആകെ എ.ഡി. എസ്
1	ചെമ്മനാട്	346	2919	3157	6076	5872	196	8	6076	23
2	കിനാനൂർ കരിന്തളം	377	2261	3869	6130	5204	74	852	6130	17
3	കയ്യൂർ ചീമേനി	326	2485	2771	5256	4930	235	91	5256	16
4	ബദിയടുക്ക	238	1248	2571	3819	2626	671	522	3819	19
5	ചെറുവത്തൂർ	292	1611	2457	4068	3844	224		4068	17
6	കുറ്റിക്കോൽ	290	2110	2684	4794	3380	44	1370	4794	16
7	മുളിയാർ	222	1718	1922	3640	3279	327	34	3640	15
8	അജാനൂർ	388	2823	4028	6851	6593	146	112	6851	23
9	ബേഡഡുക്ക	345	3103	2672	5775	4807	102	866	5775	17
10	ബെള്ളൂർ	106	499	962	1461	1004	242	215	1461	13
11	പനത്തടി	281	1407	3344	4751	2948	0	1803	4751	15
12	പുല്ലൂർ പെരിയ	384	3271	3122	6393	5619	84	690	6393	17
13	എൻമകജെ	194	906	2149	3055	1710	277	1068	3055	17
14	മീഞ്ച	170	818	1168	1986	1835	149	2	1986	15

15	ഈസ്റ്റ് എളേരി	234	1444	2127	3571	3094	36	441	3571	16
16	തൃക്കരിപ്പൂർ	336	2603	2615	5218	4874	342	2	5218	21
17	വലിയപറമ്പ	187	845	1742	2587	2435	152		2587	13
18	കുമ്പഡാജെ	108	616	839	1455	1115	249	91	1455	13
19	വെസ്റ്റ് എളേരി	300	2137	3305	5442	4290	13	1139	5442	18
20	മധൂർ	261	2461	1931	4392	4056	315	21	4392	20
21	ഉദുമ	254	2147	2408	4555	4336	172	47	4555	21
22	ദേലംപാടി	200	1407	1673	3080	1756	285	1039	3080	16
23	പടന്ന	200	1890	4212	6102	5278	824		6102	14
24	മടിക്കൈ	256	1906	2644	4550	4168	56	326	4550	15
25	പിലിക്കോട്	307	2372	2633	5005	4685	272	48	5005	16
26	പൈവളികെ	214	940	1920	2860	2210	289	361	2860	19
27	ബളാൽ	279	1620	2930	4550	3085	21	1444	4550	16
28	കുമ്പള	165	1093	1172	2265	2018	231	16	2265	22
29	കള്ളാർ	220	1227	2031	3258	2092	74	1092	3258	14
30	കാസർഗോഡ്	255	970	2521	3491	3422	64	5	3491	38
31	വോർക്കടി	147	1051	888	1939	1785	72	82	1939	16
32	ചെങ്കള	300	3594	1367	4961	4455	260	246	4961	23
33	പുത്തിഗെ	127	611	941	1552	1250	193	109	1552	14
34	പള്ളിക്കര	336	2453	3036	5489	5100	143	246	5489	22
35	കാറഡുക്ക	206	1921	1734	3655	3287	287	81	3655	15
36	മഞ്ചേശ്വരം	140	860	844	1704	1469	171	64	1704	21
37	മംഗൽപാടി	125	1422	1558	2980	2644	335	1	2980	23
38	മൊഗ്രാൽ പുത്തൂർ	15	587	917	1504	1451	48	5	1504	15
39	കോടോം ബേളൂർ	435	2590	4207	6797	5623		1174	6797	19
40	നീലേശ്വരം	355	1978	3018	4996	4869	127		4996	32
41	കാഞ്ഞങ്ങാട് 1	300	2783	2636	5419	5184	87	148	5419	23
42	കാഞ്ഞങ്ങാട് 2	226	1319	2252	3571	3516	50	5	3571	20
	ആകെ	10447	10380	96977	171003	147198	7939	15866	171003	775

അവലംബം: കുടുംബശ്രീ കാസറഗോഡ്

പട്ടിക 4.4.3.21: കാസർഗോഡ് ജില്ല അയൽക്കൂട്ടങ്ങൾ

സി.ഡി.എസിന്റെ പേര്	ഗ്രാമം/ നഗരം	അയൽക്കൂട്ടങ്ങളുടെ എണ്ണം (2017 ഡിസംബർ 23 വരെ)
അജാനൂർ	ഗ്രാമം	384
ബദിയഡുക്ക	ഗ്രാമം	253
ബളാൽ	ഗ്രാമം	279
ബേഡഡുക്ക	ഗ്രാമം	345
ബെള്ളൂർ	ഗ്രാമം	92
ചെമ്മനാട്	ഗ്രാമം	345
ചെങ്കള	ഗ്രാമം	320
ചെറുവത്തൂർ	ഗ്രാമം	288
ദേലംപാടി	ഗ്രാമം	199
ഈസ്റ്റ് എളേരി	ഗ്രാമം	230

എൻമകജെ	ഗ്രാമം	197
കാറഡുക്ക	ഗ്രാമം	219
കള്ളാർ	ഗ്രാമം	200
കാഞ്ഞങ്ങാട് 1	നഗരം	310
കാഞ്ഞങ്ങാട് 2	നഗരം	247
കാസർഗോഡ്	നഗരം	283
കയ്യൂർ ചീമേനി	ഗ്രാമം	326
കിനാനൂർ കരിന്തളം	ഗ്രാമം	378
കോടോം ബേളൂർ	ഗ്രാമം	433
കുമ്പഡാജെ	ഗ്രാമം	109
കുമ്പള	ഗ്രാമം	171
കുറ്റിക്കോൽ	ഗ്രാമം	290
മധൂർ	ഗ്രാമം	266
മടിക്കൈ	ഗ്രാമം	256
മംഗൽപാടി	ഗ്രാമം	139
മഞ്ചേശ്വരം	ഗ്രാമം	143
മീഞ്ച	ഗ്രാമം	176
മൊഗ്രാൽ പുത്തൂർ	ഗ്രാമം	122
മുളിയാർ	ഗ്രാമം	220
നീലേശ്വരം	നഗരം	381
പടന്ന	ഗ്രാമം	203
പൈവളിഗെ	ഗ്രാമം	214
പള്ളിക്കര	ഗ്രാമം	338
പനത്തടി	ഗ്രാമം	277
പിലിക്കോട്	ഗ്രാമം	307
പുല്ലൂർ പെരിയ	ഗ്രാമം	367
പുത്തിഗെ	ഗ്രാമം	127
തൃക്കരിപ്പൂർ	ഗ്രാമം	336
ഉദുമ	ഗ്രാമം	279
വലിയപറമ്പ	ഗ്രാമം	184
വോർക്കാടി	ഗ്രാമം	144
വെസ്റ്റ് എളേരി	ഗ്രാമം	361
ആകെ		**10738**

നിർദ്ദേശങ്ങൾ

- സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആവശ്യത്തിനായി സാമ്പത്തിക സഹായം ലഭ്യമാക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
- വിധവകളുടെ പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കുക.
- കുടുംബശ്രീ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുകയും അതിലൂടെ വനിതകളുടെ സാമ്പത്തികശാക്തീകരണം ഉറപ്പുവരുത്തുകയും ചെയ്യുക.
- സ്ത്രീ വയോജനങ്ങൾക്ക് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
- ഉന്നത വിദ്യാഭ്യാസം നേടിയ സ്ത്രീകൾക്ക് ജോലി ലഭ്യമാകുന്ന പദ്ധതി രൂപീകരിക്കുക.

ജെന്റർ റിസോഴ്സ് സെന്റർ

തൊഴിലെടുക്കുന്നവരും അല്ലാത്തവരുമായ സ്ത്രീകൾ കൂടുതൽ മാനസിക സമ്മർദ്ദങ്ങൾ അനുഭവിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ആധുനിക സാങ്കേതിക വിദ്യയുടെ ദുരുപയോഗം മൂലം യുവജനങ്ങളിൽ സ്ത്രീകളെ ഉപഭോഗവസ്തുവായി കാണുന്ന പ്രവണ

ത വളർന്നുവരുന്നു. പത്രങ്ങളിലും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലും സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ദൈനം ദിനം പ്രധാന വാർത്തയായി വരുന്നു. ഈ സാഹചര്യത്തിൽ കുടുംബശ്രീ ജെൻഡർ റിസോഴ്സ് സെന്ററുകൾ ഏറെ പ്രസക്തമായി വരികയാണ്.

ഉദ്ദേശ്യങ്ങൾ

- സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിന് ആവശ്യമായ അവബോധം സൃഷ്ടിക്കുക.
- മാനസിക പിരിമുറുക്കം അനുഭവിക്കുന്ന സ്ത്രീകളെയും കുട്ടികളെയും കൗൺസിലിംഗിനു വിധേയമാക്കുക.
- പ്രായപൂർത്തിയാകാത്ത കുട്ടികളുടെ വിവാഹം നടത്തപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുക. ഇതിനായി വിവാഹ പൂർവ്വ കൗൺസിലിംഗ് നടത്തുക.
- സമൂഹത്തിൽ ഒറ്റപ്പെട്ട സ്ത്രീകൾക്ക് ആവശ്യമായ സുരക്ഷ ഒരുക്കുക. ഇതിന് വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുക.
- പീഡനത്തിന് വിധേയമാക്കപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും നിയമ രിരക്ഷ ഉറപ്പാക്കുക.
- വിവരസാങ്കേതികവിദ്യയുടെ പരിജ്ഞാനം വീട്ടമ്മമാർക്ക് ലഭ്യമാക്കുക
- സ്വയംതൊഴിൽ പരിശീലനങ്ങൾ സാധ്യമാക്കുക.
- വിവിധ വകുപ്പുകളുടെ സ്ത്രീശാക്തീകരണ പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് കുടുംബശ്രീ ഒരു ഏജൻസിയായി പ്രവർത്തിക്കുക.

നിലവിലുള്ള അവസ്ഥ

മഞ്ചേശ്വരം, കാറഡുക്ക, കാസറഗോഡ്, നീലേശ്വരം, പരപ്പ എന്നീ ബ്ലോക്ക്പഞ്ചായത്ത് പരിധിയിൽ ഓരോ ജെൻഡർ റിസോഴ്സ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ കാഞ്ഞങ്ങാട് നഗരസഭയിൽ ഒരു മൈഗ്രേഷൻ സെന്ററും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ സ്നേഹിത ജെൻഡർ ഹെൽപ് ഡസ്ക് കാഞ്ഞങ്ങാട് പ്രവർത്തിച്ചുവരുന്നു.

എല്ലാ ഗ്രാമ പഞ്ചായത്ത്, മുൻസിപ്പാലിറ്റി പരിധിയിലും ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനക്ഷമമാകണം. ഇതിനുവേണ്ട കെട്ടിടസൗകര്യവും ഫർണ്ണിച്ചറും അതാത് തദ്ദേശസ്വയംഭരണസ്ഥാപനവും റിസോഴ്സ് പേഴ്സന്റെ ഹോണറേറിയം ജില്ലാ പഞ്ചായത്തും ലഭ്യമാക്കണം.

ഷീലോഡ്ജ്

കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ജില്ലയിൽ ഒരു ഷീലോഡ്ജ് തുടങ്ങാൻ തീരുമാനിച്ചിരിക്കുകയാണ്. ജോലി, പഠനം, ഇന്റർവ്യൂ തുടങ്ങിയ ആവശ്യങ്ങൾക്ക് ജില്ലയ്ക്ക് പുറത്തുനിന്നും ജില്ലയിലെ ദൂരസ്ഥലങ്ങളിൽ നിന്നും വരുന്നവർക്ക് താമസിക്കുന്നതിന് സുരക്ഷിതവും സ്ത്രീ സൗഹൃദപരവുമായ ഒരിടം ഒരുക്കുക എന്നതാണ് ഷീ ലോഡ്ജിന്റെ ലക്ഷ്യം.

ഉദ്ദേശ്യങ്ങൾ

- സ്ത്രീ സൗഹൃദവും സുരക്ഷിതവുമായ താമസസ്ഥലം ഉറപ്പുവരുത്തുക
- സ്വന്തം വീട്ടിലെ അന്തരീക്ഷം ഒരുക്കുക
- കുടുംബശ്രീ സേവനങ്ങൾ പ്രയോജനപ്പെടുത്തുക. (വിപണന കോർണർ/ കൗൺസിലിംഗ് സെന്റർ)
- ഷീലോഡ്ജ് നടത്തിപ്പ് കുടുംബശ്രീ സംരംഭത്തിന് വരുമാനദായക പദ്ധതിയാക്കി മാറ്റുക.

അടിസ്ഥാനസൗകര്യങ്ങൾ

- 75 പേർക്ക് താമസിക്കാൻ പറ്റുന്ന ഡോർമെറ്ററി
- 20 പേർക്ക് താമസിക്കാൻ പറ്റുന്ന മുറികൾ
- ഡൈനിംഗ് ഹാൾ, കിച്ചൺ, ഓഫീസ് റൂം, കൗൺസിലിംഗ് ഏരിയ, ലൈബ്രറി, കുടുംബശ്രീ പ്രൊജക്ട്, ഡിസ്പ്ലേ കോർണർ, ഗാർഡൻ തുടങ്ങിയവയാണ് പ്രധാന അടിസ്ഥാന സൗകര്യങ്ങൾ. ഇതിലേക്ക് വേണ്ടുന്ന ഫർണിച്ചർ, ബെഡ്, ഇന്റീരിയൽ, മറ്റ് ഫിനിഷ് വർക്കുകൾ എല്ലാറ്റിനുമായി ഒരുകോടി രൂപയാണ് മൂലധനമായി കണക്കാക്കുന്നത്. 10 പേർ അടങ്ങുന്ന ഒരു ആക്റ്റിവിറ്റി ഗ്രൂപ്പിന് ഈ സ്ഥാപനം നടത്തിപ്പിനായി ഏൽപ്പിക്കാവുന്നതാണ്. കുടുംബശ്രീ മിഷന്റെ സമയബന്ധിതവും വ്യക്തവുമായ മോണിറ്ററിങ്ങിലൂടെ സ്ഥാപന പ്രവർത്തനത്തിന് കൃത്യമായ ദിശാബോധം ഉണ്ടാക്കാൻ സാധിക്കും.

കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ സ്ത്രീ സുരക്ഷയും വികസനവും ലക്ഷ്യമിട്ട് നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മുന്നോട്ട് വെക്കുന്ന ഒരു പ്രോജക്ടാണ് മുലയൂട്ടുന്ന അമ്മമാർക്കുള്ള ഇരിപ്പിടവും വിശ്രമ കേന്ദ്രവും (ഷീ ലോഞ്ച്) എന്ന ആശയം. നിലവിൽ ജില്ലയിൽ ചില സ്ഥലങ്ങളിൽ ഈ സൗകര്യമുണ്ടെങ്കിലും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഇത് അത്യാവശ്യമായി വന്നിരിക്കുകയാണ്. ജില്ലയുടെ പ്രധാന കേന്ദ്രങ്ങളിൽ ഇത്തരം സൗകര്യങ്ങൾ ഉണ്ടായാൽ യാത്രക്കാരായ സ്ത്രീകൾക്ക് കൂടുതൽ ആത്മവിശ്വാസം വർദ്ധിക്കാൻ അവ ഇടയാക്കും.

- മഞ്ചേശ്വരം
- കുമ്പള
- ഉപ്പള
- കാസറഗോഡ്
- ചെർക്കള
- പൊയിനാച്ചി
- കാഞ്ഞങ്ങാട്
- നീലേശ്വരം
- ചെറുവത്തൂർ
- തൃക്കരിപ്പൂർ
- കാലിക്കടവ്
- പരപ്പ
- ഭീമനടി
- ചിറ്റാരിക്കാൽ
- ചീമേനി

തുടങ്ങിയ സ്ഥലങ്ങളിൽ ഷീലോഞ്ച് സ്ഥാപിക്കുന്നത് ഉചിതമാകും. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്.

തീരുമാനമെടുക്കുന്ന ഇടങ്ങളിലെ സ്ത്രീ പങ്കാളിത്തം

മറ്റ് മേഖലകളിലെന്ന പോലെ ഭരണ രംഗത്തും സ്ത്രീ പ്രാതിനിധ്യം വർദ്ധിച്ചത് സ്ത്രീ സംവരണത്തോടു കൂടി തന്നെയാണ്. ജനകീയാസൂത്രണ പ്രക്രിയ വഴി തദ്ദേശഭരണസ്ഥാപനങ്ങളിൽ ലഭിച്ച വനിതാ സംവരണ നയത്തിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകളിലും ഏതാണ്ട് 50% വനിതകൾ നിലവിലുണ്ട്. ഇത് 2015 -ലെ കണക്കാണ്. അതിനു മുമ്പുള്ള വർഷങ്ങളിലെ കണക്കുകൾ ലഭ്യമായിട്ടില്ല.

പട്ടിക 4.4.3.22: കാസർഗോഡ് ജില്ല

തദ്ദേശസ്ഥാപനം- തിരഞ്ഞെടുപ്പിൽ മത്സരിച്ചവർ

ക്ര.നം		F	M	Total	F	M	Total
1	ജില്ലാ പഞ്ചായത്ത്	27	33	60	9	8	17
2	മുൻസിപ്പാലിറ്റികൾ						
	കാഞ്ഞങ്ങാട്	77	61	138	25	18	43
	നീലേശ്വരം	48	48	96	16	16	32
	കാസറഗോഡ്	59	61	120	20	18	38
	ആകെ	184	170	354	61	52	113
3	ബ്ലോക്ക് പഞ്ചായത്തുകൾ						
	മഞ്ചേശ്വരം	24	27	51	8	7	15
	കാസറഗോഡ്	24	22	46	8	7	15
	കാസറഡുക്ക	22	18	40	7	6	13
	കാഞ്ഞങ്ങാട്	22	17	39	8	5	13
	നീലേശ്വരം	19	20	39	7	6	13
	പരപ്പ	21	24	45	7	7	14
	ആകെ	132	128	260	45	38	83
4	ഗ്രാമപഞ്ചായത്തുകൾ						
	38 എണ്ണം	1033	945	1978	352	311	663

(അവലംബം സാമൂഹ്യനീതി വകുപ്പ്, കാസർഗോഡ്)

പട്ടിക 4.4.3.23: കാസർഗോഡ് ജില്ല

ലോകസഭ തിരഞ്ഞെടുപ്പ് : മത്സരാർത്ഥികൾ

	വർഷം	മത്സരിച്ചവർ			വിജയിച്ചവർ	
		പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ
കാസറഗോഡ് മണ്ഡലം	2004	10	0	10	1	0
	2009	5	2	7	1	0
	2014	14	0	14	1	0

(അവലംബം സാമൂഹ്യനീതി വകുപ്പ്, കാസർഗോഡ്)

പട്ടിക 4.4.3.24: കാസർഗോഡ് ജില്ല

അസംബ്ലി തിരഞ്ഞെടുപ്പ് : മത്സരാർത്ഥികൾ

മണ്ഡലം	വർഷം	മത്സരിച്ചവർ			വിജയിച്ചവർ	
		പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ
മഞ്ചേശ്വരം	2006	4	0	4	1	–
കാസറഗോഡ്	2006	6	0	6	1	–
ഉദുമ	2006	5	0	5	1	–
കാഞ്ഞങ്ങാട്	2006	7	0	7	1	–
തൃക്കരിപ്പൂർ	2006	6	0	6	1	–
ആകെ		28	0	28		–
മഞ്ചേശ്വരം	2011	9	1	10	1	–
കാസറഗോഡ്	2011	7	1	8	1	–
ഉദുമ	2011	6	1	7	1	–
കാഞ്ഞങ്ങാട്	2011	5	0	5	1	–
തൃക്കരിപ്പൂർ	2011	6	0	6	1	–
ആകെ		33	3	36	–	–
മഞ്ചേശ്വരം	2016	8	0	8	1	–
കാസറഗോഡ്	2016	7	0	7	1	–
ഉദുമ	2016	10	0	10	1	–
കാഞ്ഞങ്ങാട്	2016	11	1	12	1	–
തൃക്കരിപ്പൂർ	2016	9	0	9	1	–
ആകെ		108				

(അവലംബം സാമൂഹ്യനീതി വകുപ്പ്, കാസർഗോഡ്)

38 ഗ്രാമപഞ്ചായത്തുകളിൽ 19 പേരും 6 ബ്ലോക്ക് പഞ്ചായത്തുകളിൽ 3 പേരും, 3 മുൻസിപ്പാലിറ്റികളിൽ ഒരാളും വനിതാ പ്രസിഡന്റുമാരാണ്. സംവരണമില്ലാത്ത അസംബ്ലി, ലോകസഭാ മണ്ഡലങ്ങളിൽ ഒരാൾ പോലും വനിത ആയിട്ടില്ല എന്നതും പരിശോധിക്കപ്പെടേണ്ടതാണ്.

ജനറൽ സീറ്റിൽ മത്സരിച്ച വനിതകൾ (2015)

38 പഞ്ചായത്തുകളിലും കൂടിയുള്ള 311 ജനറൽ സീറ്റുകളിൽ 30 എണ്ണത്തിൽ സ്ത്രീകൾ മത്സരിക്കുകയും അതിൽ 8 പേർക്ക് വിജയം വരിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. 3 മുൻസിപ്പാലിറ്റികളിലെ 52 ജനറൽ സീറ്റിൽ 8 എണ്ണത്തിൽ സ്ത്രീകൾ മത്സരിക്കുകയും 3 പേർ വിജയിക്കുകയും ചെയ്തിരുന്നു. 6 ബ്ലോക്ക് പഞ്ചായത്തുകളിലായുള്ള 38 ജനറൽ സീറ്റുകളിൽ 2 വനിതകൾ മത്സരിക്കുകയും ഒരാൾ വിജയിക്കുകയും ചെയ്തിട്ടുണ്ട്.

തൊഴിൽ

വികസനത്തിന്റെ മുഖ്യധാരയിൽ നിന്ന് സ്ത്രീകൾ പിന്തള്ളപ്പെടുന്നു എന്നതാണ് അവരുടെ കുറഞ്ഞ തൊഴിൽ പങ്കാളിത്തം സൂചിപ്പിക്കുന്നത്. 2011 സെൻസസ് പ്രകാരം സംസ്ഥാനത്തെ സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് 27.26% ആണെങ്കിൽ ജില്ലയിലിത് 30% മാണ്. കഴിഞ്ഞ കാലത്തെ അപേക്ഷിച്ച് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് വർദ്ധിച്ചിട്ടുണ്ടെങ്കിലും ഭൂരിപക്ഷം സ്ത്രീകളും പണിയെടുക്കുന്നത് അസംഘടിത മേഖലയിലാണ്.

തൊഴിൽ പങ്കാളിത്തം

സ്ത്രീക്ക് ഇന്നും പുരുഷന് തുല്യമായ പദവി കുടുംബത്തിലോ, സമൂഹത്തിലോ ഇല്ല എന്നതാണ് വസ്തുത. കുടുംബത്തിന് പുറത്തുപോയി ജോലി ചെയ്യുവാൻ മുൻകാലങ്ങളിൽ സ്ത്രീകൾ തയ്യാറായിരുന്നില്ല. എന്നാൽ ഇപ്പോൾ തൊഴിലന്വേഷകരായ സ്ത്രീകളുടെ എണ്ണത്തിൽ വൻ വർദ്ധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

2011 ലെ സെൻസസ് പ്രകാരം സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിന്റെ ശരാശരി 20:32 ശതമാനമായിരിക്കുമ്പോൾ കേരളത്തിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 18.2 ശതമാനമാണ്. സ്ത്രീ തൊഴിൽ പങ്കാളിത്ത റാങ്കിങ്ങിൽ കേരളത്തിന്റെ സ്ഥാനം 25 ആണ്.

പട്ടിക 4.4.3.25: സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം (സംസ്ഥാനം-ജില്ല)

വർഷം	കേരളം			കാസറഗോഡ്		
	സ്ത്രീ	പുരുഷൻ	ആകെ	സ്ത്രീ	പുരുഷൻ	ആകെ
1981	16.61	44.83	30.53	21.36	55.63	33.38
1991	15.85	47.58	31.43	20.95	46.06	33.35
2001	15.03	48.12	32.15	21.06	48.03	34.12
2011	18.23	52.73	34.78	20.32	51.72	35.41

(അവലംബം സെൻസസ് രേഖ 2011)

പട്ടിക 4.4.3.26: 1981 മുതലുള്ള തൊഴിൽ പങ്കാളിത്ത നിരക്ക് (സംസ്ഥാനം-ജില്ല)

വർഷം	കേരളം			കാസറഗോഡ്		
	സ്ത്രീ	പുരുഷൻ	ആകെ	സ്ത്രീ	പുരുഷൻ	ആകെ
1981	16.61	44.83	30.53	21.36	55.63	33.38
1991	15.85	47.58	31.43	20.95	46.06	33.35
2001	15.03	48.12	32.15	21.06	48.03	34.12
2011	18.23	52.73	34.78	20.32	51.72	35.41

(അവലംബം സെൻസസ് രേഖ 2011)

തൊഴിൽ പങ്കാളിത്തത്തിൽ കാസറഗോഡ് ജില്ല ഏഴാം സ്ഥാനത്താണ്. പണിയെടുക്കുന്ന സ്ത്രീകളിൽ ഭൂരിഭാഗവും സേവന മേഖലകളിൽ സ്വകാര്യ, അസംഘടിത മേഖലകളിലാണ്. അസംഘടിത മേഖലകളിലുള്ളവരുടെ കണക്ക് എവിടേയും രേഖപ്പെടുത്തുന്നില്ല. കുറഞ്ഞ വൈദഗ്ദ്ധ്യം ആവശ്യമുള്ള മേഖലകളിൽ കുറഞ്ഞ വേതനത്തിലാണ് സ്ത്രീകൾ പണിയെടുക്കുന്നത്. പുരുഷന്മാരോടൊപ്പം തുല്യവേതനമോ മിനിമം വേതനമോ ലഭിക്കുന്നില്ല, മിനിമം വേതനമെന്നത് ജീവിക്കാനുതകുന്ന തരത്തിലുള്ള വേതനമാകുന്നു.

സ്ത്രീകൾക്ക് ഏറ്റവും കൂടുതൽ പങ്കാളിത്തമുണ്ടായിരുന്ന കാർഷിക രംഗത്തും പരമ്പരാഗത വ്യവസായ രംഗത്തും രൂപപ്പെട്ട പ്രതിസന്ധി തൊഴിൽ രംഗത്തുനിന്നും സ്ത്രീകൾ മാറ്റി നിർത്തപ്പെടാൻ കാരണമായി. പ്രത്യേകിച്ച് ബീഡി വ്യവസായ രംഗത്ത് സംഭവിച്ച തൊഴിൽ നഷ്ടം ജില്ലയിൽ വൻ പ്രത്യാഘാതമുണ്ടാക്കി. സംസ്ഥാനത്ത് ഗാർഹിക കുടിൽ വ്യവസായത്തിൽ ജോലി ചെയ്യുന്ന സ്ത്രീകൾ ഉള്ളത് കാസറഗോഡ് ജില്ലയിലാണ്. ഈ രംഗത്ത് ജോലി ചെയ്യുന്ന പുരുഷന്മാർ 6050 ആണെങ്കിൽ സ്ത്രീകൾ 18446 ആണ്. ഇത് സംസ്ഥാനത്ത് യഥാക്രമം 164615 ഉം 108407 ആണ്.

കുടുംബത്തിലേക്കുള്ള വരുമാന പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ ഉത്തരവാദിത്തം വർദ്ധിക്കുന്നു. ഗാർഹികമായ സ്ത്രീകളുടെ കഠിനാധ്വാനവും ജോലി സമയവും ഇപ്പോഴും അദൃശ്യവും കണക്കാക്കപ്പെടാത്തതുമാണ്.

പട്ടിക 4.4.3.27: തൊഴിൽ പങ്കാളിത്തം മേഖല തിരിച്ച് (സംസ്ഥാനം-ജില്ല)

മേഖല	കേരളം			കാസറഗോഡ്		
	സ്ത്രീകൾ	പുരുഷന്മാർ	ആകെ	സ്ത്രീകൾ	പുരുഷന്മാർ	ആകെ
കൃഷി	123347	546906	670253	5508	18224	23732
കർഷക തൊഴിലാളി	464885	857995	1322850	13098	25676	38774
ഗാർഹിക കുടിൽ വ്യവസായം	108407	164615	273022	18446	6050	24496
മറ്റു മേഖല	2470855	6882053	9352928	100851	275145	375996

പ്രവാസികൾ കൂടുതലുള്ള ഒരു ജില്ലയാണ് കാസറഗോഡ്. ഇതിൽ സ്ത്രീകളുടെ എണ്ണം താരതമ്യേന കുറവാണെങ്കിലും വിദേശത്ത് ജോലിക്ക് പോകാൻ തയ്യാറായി വരുന്നുണ്ട്. ഇതിൽ സ്ത്രീകൾ 1240 ഉം പുരുഷന്മാർ 59330 ആണ്.

പട്ടിക 4.4.3.28: വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ പട്ടിക. കാസറഗോഡ് ജില്ല

ക്ര.നം	ജോലിയുടെ തരം	സ്ത്രീകൾ	പുരുഷൻമാർ	ആകെ
1	ഡോക്ടർ	31	98	129
2	നേഴ്സ്	467	217	684
3	എഞ്ചിനീയർ	76	934	1010
4	ബാങ്ക്	11	211	222
5	ഐ ടി	35	721	756
6	അദ്ധ്യാപകർ	53	128	181
7	മാനേജർ	11	485	196
8	ഡ്രൈവർ	0	5012	5012
9	ബിസിനസ്സ്	37	5604	5641
10	സെയിൽസ് മാൻ	63	12590	12653
11	മറ്റു തൊഴിലാളികൾ	456	33330	33786
	ആകെ	1240	59330	60570

(അവലംബം: പ്രവാസി സെൻസസ്-2013)

പട്ടിക 4.4.3.29: കേന്ദ്ര സംസ്ഥാന സർവ്വീസ് മേഖലയിൽ ജോലിചെയ്യുന്നവരുടെ പട്ടിക

	സ്ത്രീകൾ	പുരുഷന്മാർ	ആകെ
കേന്ദ്ര സർക്കാർ	196	591	787
സംസ്ഥാന സർക്കാർ	5194	7932	13126
കേന്ദ്ര-അർദ്ധ സർക്കാർ	498	1107	1605
സംസ്ഥാന അർദ്ധ സർക്കാർ	621	2265	2886
തദ്ദേശ ഭരണം	244	5513	757
സ്വകാര്യമേഖല	29000	7156	36156
ആകെ	35753	19564	55317

(അവലംബം സാമൂഹ്യനീതി വകുപ്പ്, കാസർഗോഡ്)

പട്ടിക 4.4.3.30: പ്രവാസികൾ താമസിക്കുന്ന രാജ്യങ്ങൾ

രാജ്യം	സ്ത്രീകൾ	പുരുഷന്മാർ	ആകെ
യു. എസ്. എ	94	882	976
കാനഡ	19	60	79
ഇംഗ്ലണ്ട്	71	284	355
ജർമ്മനി	8	171	179
മറ്റു യൂറോപ്യൻ രാജ്യങ്ങൾ	63	214	277
നൈജീരിയ	0	9	9
ലിബിയ	2	7	9
മറ്റു ആഫ്രിക്കൻ നാടുകൾ	9	287	296
സൗദി അറേബ്യ	156	7341	7497
യു എ ഇ	523	38715	39238
കുവൈറ്റ്	103	3734	3837
ഒമാൻ	37	1561	1598
ഖത്തർ	31	2851	2882
ബഹ്റെൻ	59	1749	1808
ഇറാഖ്	0	20	20
ഇറാൻ	0	19	19
201പ്പൂർ	9	122	131
മലേഷ്യ	6	623	629
മറ്റു ഏഷ്യൻ രാജ്യങ്ങൾ	15	560	575
ന്യൂസിലാന്റ്	4	13	17
ആസ്ട്രേലിയ	29	80	109
മറ്റു രാജ്യങ്ങൾ	2	182	184
ആകെ	1240	59330	60570

(അവലംബം സാമൂഹ്യനീതി വകുപ്പ്, കാസർഗോഡ്)

ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ

ശ്രീ. എ.ജി.സി.ബഷീർ, പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത് - ചെയർമാൻ

ശ്രീ. ജീവൻബാബു.കെ. IAS, ജില്ലാ കളക്ടർ - മെമ്പർ സെക്രട്ടറി

ഡോ. വി.പി.പി. മുസ്തഫ, അംഗം

ശ്രീ. അലി ഹർഷാദ് വോർക്കാടി, അംഗം

ശ്രീമതി ഫരീദാ സക്കീർ അഹമ്മദ്, അംഗം

ശ്രീ. ജോസ് പതാലിൽ, അംഗം

ശ്രീ. എം.നാരായണൻ, അംഗം

ശ്രീമതി മുംതാസ് സമീറ, അംഗം

ശ്രീമതി പത്മജ.പി.വി., അംഗം

ശ്രീമതി പുഷ്പ അമേക്കള, അംഗം

ശ്രീ. ഷാനവാസ് പാദൂർ, അംഗം

ശ്രീമതി സുമയ്യ ടി.കെ., അംഗം

ശ്രീമതി പി.സി.സുബൈദ, അംഗം

ശ്രീമതി ഇ.പത്മാവതി, അംഗം

ശ്രീ. കെ.ബാലകൃഷ്ണൻ, സർക്കാർ നോമിനി

ജില്ലാ പദ്ധതി

കാസറഗോഡ്

ഭാഗം -2

ജില്ലാ ആസൂത്രണ സമിതി

മുഖ്യ ഉപദേഷ്ടാക്കൾ

ശ്രീ. എ.ജി.സി.ബഷീർ (പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത് & ചെയർമാൻ ജില്ലാ ആസൂത്രണ സമിതി)
ശ്രീ. ജീവൻബാബു.കെ. IAS (ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി)

പത്രാധിപ സമിതി

ഡോ. വി.പി.പി. മുസ്തഫ (ഡി.പി.സി. അംഗം)
ശ്രീ. കെ. ബാലകൃഷ്ണൻ (ഡി.പി.സി. സർക്കാർ നോമിനി)
ശ്രീ. കെ.എം. സുരേഷ്, ജില്ലാ പ്ലാനിംഗ് ഓഫീസർ
ശ്രീ. പി.വി. പത്മനാഭൻ, ജില്ലാ ഫെസിലിറ്റേറ്റർ, ജനകീയാസൂത്രണം
ശ്രീ. കെ.വി രാജീവ് കുമാർ, പി.എ ടു എം.പി & സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്
ശ്രീ. രവീന്ദ്രൻ പലേരി, ഡെ. ഡയറക്ടർ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
ശ്രീ. കെ.വിനോദ് കുമാർ, പഞ്ചായത്ത് ഡെ. ഡയറക്ടർ ഇൻ-ചാർജ്ജ്
ശ്രീ. നിനോജ് മേപ്പടിയത്ത്, അസി. ജില്ലാ പ്ലാനിംഗ് ഓഫീസർ
ശ്രീമതി. ജിജി ഭാസ്കരൻ, അസി. ടൗൺ പ്ലാനർ
ശ്രീ. എം. കണ്ണൻ നായർ, പഞ്ചായത്ത് അസി. ഡയറക്ടർ ഇൻ-ചാർജ്ജ്
ശ്രീ. എം. പി. സുബ്രഹ്മണ്യൻ, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ
ശ്രീ. എം. ഗംഗാധരൻ നായർ, ലൈഫ് മിഷൻ ജില്ലാ കോർഡിനേറ്റർ
ശ്രീ. പ്രദീഷ്. എ, റിസർച്ച് ഓഫീസർ
ശ്രീ. റിജു മാത്യു, റിസർച്ച് ഓഫീസർ
ശ്രീ. ഇ. ഗംഗാധരൻ നായർ, കില ഫാക്കൽട്ടി
ശ്രീ. എച്ച്. കൃഷ്ണ, കിലാ ഫാക്കൽട്ടി
ശ്രീ. സുനിൽ കുമാർ ഫിലിപ്പ്, റിസർച്ച് അസിസ്റ്റന്റ്
ശ്രീ. നിർമ്മൽ റോയ്. വി.പി., റിസർച്ച് അസിസ്റ്റന്റ്

കോർ ടീം

ശ്രീ. കെ.എം. സുരേഷ്, ജില്ലാ പ്ലാനിംഗ് ഓഫീസർ
ഡോ. പി.വി. കൃഷ്ണകുമാർ, പ്രോജക്ട് അസോസിയേറ്റ്
ശ്രീ. കെ.വി രാജീവ് കുമാർ, പി.എ ടു എം.പി & സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്
ശ്രീ. കെ. ബാലകൃഷ്ണൻ, ഡി.പി.സി. സർക്കാർ നോമിനി
ശ്രീ. പി.വി. പത്മനാഭൻ, ജില്ലാ ഫെസിലിറ്റേറ്റർ, ജനകീയാസൂത്രണം
ശ്രീ. നിനോജ് മേപ്പടിയത്ത്, അസി. ജില്ലാ പ്ലാനിംഗ് ഓഫീസർ

പ്രിന്റിംഗ്
കാസറഗോഡ് പ്രിന്റിംഗ് & മൾട്ടി ഇൻഡസ്ട്രിയൽ
കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കാസറഗോഡ്

കോപ്പി: 200

പ്രസാധനം:
ജില്ലാ ആസൂത്രണസമിതി, കാസറഗോഡ്

ഉള്ളടക്കം

ഭാഗം-2

ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ

അദ്ധ്യായം	വിഷയം / ശീർഷകം	പേജ് നം.
5.	കേന്ദ്ര സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും	1-22
6.	തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി അവലോകനവും പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും	23-60
7.	ജില്ലയുടെ വികസന പരിപ്രേക്ഷ്യവും പ്രധാന പദ്ധതികളും നിർദ്ദേശങ്ങളും	61-170

5. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും

കേന്ദ്ര-സംസ്ഥാന പദ്ധതികൾ

I. കേന്ദ്രാവിഷ്കൃത പദ്ധതികൾ

കേന്ദ്രസർക്കാർ ഓരോ വർഷവും വിവിധ വികസന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെയും പ്രാദേശിക സർക്കാരിന്റെയും സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് കേന്ദ്രാവിഷ്കൃതപദ്ധതി. കേന്ദ്ര ബഡ്ജറ്റിൽ ഈ പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ പ്രഖ്യാപിക്കുകയും ആവശ്യമായ തുക നീക്കിവെക്കുകയും ചെയ്യും. ഓരോ വർഷവും ഏതൊക്കെ മേഖലകൾക്കാണ് മുൻഗണന നൽകേണ്ടതെന്ന കേന്ദ്ര സർക്കാരിന്റെ തീരുമാനത്തിന്റെ ഭാഗമായാണ് പദ്ധതികളുടെ പ്രഖ്യാപനം നടക്കുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരാണ് പുറപ്പെടുവിക്കുന്നത്. കേന്ദ്ര നിർദ്ദേശങ്ങൾക്കനുസരിച്ച് ഓരോ സംസ്ഥാനത്തിനും പദ്ധതികളുടെ സുഗമമായ നടത്തിപ്പിനാവശ്യമായ മാർഗ്ഗനിർദ്ദേശം സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്നു. പദ്ധതി നടത്തിപ്പിനാവശ്യമായ സ്ഥലം നിർണ്ണയിക്കുക, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക, നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുക എന്നിവയാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കടമ.

ഓരോ പദ്ധതിയുടെയും ലക്ഷ്യങ്ങൾ എന്തെന്ന് സർക്കാർ കൃത്യമായി നിർവചിക്കുന്നുണ്ട്. അതുപോലെതന്നെ കേന്ദ്രഫണ്ടിനോടൊപ്പം സംസ്ഥാന സർക്കാറും ചില പദ്ധതികൾക്ക് നിശ്ചിത വിഹിതം നീക്കിവെക്കുന്നു. തദ്ദേശഭരണസ്ഥാപനങ്ങൾ ഓരോ വർഷവും തങ്ങളുടെ പദ്ധതി തയ്യാറാക്കുമ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതിയുമായി സംയോജിപ്പിക്കണമെന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശത്തിൽ വ്യവസ്ഥയുണ്ട്.

ഗ്രാമപ്രദേശങ്ങളിലെ പാവപ്പെട്ടവർക്ക് വീട് നൽകൽ, ദാരിദ്ര്യ നിർമ്മാർജ്ജനം, ഗ്രാമങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കൽ, അടിസ്ഥാനസൗകര്യവികസനം, ശുചിത്വം, മാലിന്യസംസ്കരണം, പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങളുടെ സമഗ്രവികസനം, ചെറു സംരംഭങ്ങൾ ആരംഭിക്കൽ, വിദ്യാഭ്യാസ വികസനം, ആരോഗ്യ സംരക്ഷണം എന്നീ ലക്ഷ്യങ്ങൾ നേടുകയെന്നതാണ് മുഖ്യമായും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി : (MGNREGS)

2005 സെപ്റ്റംബറിൽ പാർലമെന്റ് പാസ്സാക്കി വിജ്ഞാപനം ചെയ്ത് നിയമം മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി. ഓരോ ഗ്രാമീണ കുടുംബത്തിനും 100 (150 (2017-18)) ദിവസത്തെ തൊഴിൽ ഉറപ്പു നൽകുന്നതോടൊപ്പം ഉത്പാദനപരമായ ആസ്തികൾ കൂടി സൃഷ്ടിക്കുക എന്നതാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഗ്രാമീണമേഖലയിൽ ദാരിദ്ര്യത്തിന് ഒരുപരിധിവരെ തടയിടുവാൻ ഈ പദ്ധതികൊണ്ട് കഴിഞ്ഞിട്ടുണ്ട്. ഇതിൽ ജലസംരക്ഷണ പ്രവൃത്തികൾക്കാണ് പ്രാമുഖ്യം നൽകുന്നത്. അതിന്റെ ഭാഗമായി കുളങ്ങൾ, കിണറുകൾ, മറ്റ് ജലസംരക്ഷണ പ്രവൃത്തികൾ മുതലായവ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. തൊഴിൽ ആവശ്യപ്പെടുന്ന അപേക്ഷകർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകുകയും സമയബന്ധിതമായി കൂലി വിതരണം ചെയ്യുകയുമെന്നതാണ് പ്രധാനപ്പെട്ട ഘടകങ്ങൾ. 99.09% പേർക്കും സമയബന്ധിതമായി കൂലി നൽകി ഈ ഇനത്തിൽ സംസ്ഥാനത്തുതന്നെ ഏറ്റവും മുന്നിൽ നിൽക്കുകയാണ് കാസറഗോഡ് ജില്ല. കഴിഞ്ഞ സാമ്പത്തിക വർഷം ദേശീയഗ്രാമീണതൊഴിലുറപ്പു പദ്ധതിയിൽ 105.09 കോടി ചെലവഴിക്കുകയുണ്ടായി ഈ സാമ്പത്തിക വർഷം ഇതുവരെയായി 50.37 കോടി ചെലവഴിച്ചു. തൊഴിലാളികളുടെ മുഴുവൻ വേതനവും ബാങ്ക് വഴിയാണ് നൽകുന്നത്. കൂടുതൽ ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികളേറ്റെടുത്ത് നിയമത്തിൽ നിർദ്ദേശിച്ച രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ 40% തുക വരെ സാധനസാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

നിലവിൽ 258 രൂപയാണ് പ്രതിദിന വേതനമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പുപദ്ധതിയിൽ നൽകിവരുന്നത്. ജില്ലാ പഞ്ചായത്തിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിന്റെ നിയന്ത്രണത്തിലുള്ള യൂണിറ്റ് വഴിയാണ് ജില്ലയിൽ പദ്ധതി പ്രവർത്തനം നടക്കുന്നത്. ജില്ലാ പ്രോഗ്രാം കോർഡിനേറ്ററായ ജില്ല കളക്ടറുടെ മേൽനോട്ടത്തിലാണ് ഈ പദ്ധതിയുടെ പ്രവർത്തനം സുഗമമായി നടക്കുന്നത്.

നേട്ടങ്ങൾ

ഗ്രാമീണ മേഖലയിലെ അസംഘടിതരും അവിദഗ്ധരുമായ തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ നൽകാൻ സാധിച്ചതുമൂലം ഗ്രാമീണ മേഖലയിൽ സാമ്പത്തിക സ്വയം പര്യാപ്തതയും അന്തസ്സും കൈവരിക്കാൻ സാധിച്ചു. വനവൽക്കരണം, ജലസംരക്ഷണം എന്നീ മേഖലയിലെ പ്രവർത്തനങ്ങൾ മൂലം ജലക്ഷാമം ഒരു പരിധിവരെ പിടിച്ച് നിർത്താൻ സാധിച്ചു. അതോടൊപ്പം തന്നെ ദാരിദ്ര്യ ലഘൂകരണത്തിലും ഏറെ മുന്നോട്ട് പോകാൻ കഴിഞ്ഞു.

പരിമിതികൾ

പ്രാദേശിക നീർത്തട ആസൂത്രണപ്രക്രിയയിൽ ഇനിയും ഏറെ മുന്നേറാനുണ്ട്. അതോടൊപ്പം തൊഴിലാളികൾക്ക് സമയബന്ധിതമായി വേതനം നൽകുന്നതിലുള്ള കാലതാമസം പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സാധനസാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവർത്തികൾ കൂടുതൽ വ്യാപിപ്പിക്കേണ്ടതുണ്ട്.

മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

- നീർത്തടാസൂത്രണത്തിൽ കൂടുതൽ കൃത്യതയും സമഗ്രതയും കൈവരിക്കേണ്ടതുണ്ട്.

കേന്ദ്ര-സംസ്ഥാന പദ്ധതികൾ

- സമയബന്ധിതമായി തൊഴിലാളികൾക്ക് വേതനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.
- സാധനസാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2016-17 വർഷം കൈവരിച്ച നേട്ടങ്ങൾ

Sl. No	PHYSICAL PROGRESS	Financial Year 2016-17
1	Approved Labour Budget (In Lakhs)	27.65
2	Persondays Generated (In Lakhs)	32.68
3	Percentage of total LB	118.19 %
4	SC Persondays % as of total persondays	4.79 %
5	ST Persondays % as of total persondays	4.87 %
6	Women persondays out of total	92.5 %
7	Average days of employment provided per Household	49.8
8	Total No. Of Families completed 100 Days	7,129
9	Total Families worked (in lakhs)	0.66
10	Total Indivitual worked (in lakhs)	0.74
11	Differently abled persons worked	78
Sl.No	PROGRESS OF WORK	
1	Total No. of works takenup (New+Spill over) (In Lakhs)	0.19
2	Number of ongoing works (In lakhs)	0.05
3	Number of completed works	13,848
4	Percentage of NRM Expenditure (Public+Individual)	93.31%
5	Percentage of category B (indivitual Group)	21.77%
6	Percentage of Expénditure on Agriculture & Agriculture related works	97.66
	FINANCIAL PROGRESS	
1	Total Exp (Rs. In Lakhs)	10,509.95
2	Wages (Rs. In Lakhs)	9,909.98
3	Material and skilled wages (Rs. In lakhs)	96.64
4	Material (%)	0.97
5	Total Adm Expenditure (Rs. In lakhs)	503.32

2. പ്രധാനമന്ത്രി ഗ്രാമീൺ സടക് യോജന (പി.എം.ജി.എസ്.വൈ.)

ജില്ലയിൽ 2001-02 വർഷം മുതലാണ് പി.എം.ജി.എസ്.വൈ. പദ്ധതി ആരംഭിച്ചത്. പി.എം.ജി.എസ്.വൈ. ഘട്ടം - 1 പ്രകാരം 101 റോഡുകൾക്കും പി.എം.ജി.എസ്.വൈ. ഘട്ടം -2 പ്രകാരം 8 റോഡുകൾക്കുമാണ് ഇതുവരെ ജില്ലയിൽ അനുമതി ലഭിച്ചത്. ആയതിൽ 91 പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഗ്രാമീണ മേഖലകളെ പരസ്പരം ബന്ധിപ്പിക്കുന്നതിന് എല്ലാ കാലാവസ്ഥയിലും ഉപയോഗയോഗ്യമായ നല്ല ഗുണനിലവാരുള്ള റോഡുകൾ നിർമ്മിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കോർനെറ്റ് ലിസ്റ്റിലുള്ള റോഡുകളിൽ നിന്ന് മുൻഗണന അനുസരിച്ച് നിശ്ചിത വീതിയുള്ള റോഡുകളാണ് പി.എം.ജി.എസ്.വൈ. പദ്ധതിയിൽ തെരഞ്ഞെടുക്കുന്നത്. ദാരിദ്ര്യലഘൂകരണവിഭാഗത്തിന്റെ ഭാഗമായ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരാണ് പദ്ധതി പ്രവർത്തനം നിയന്ത്രിക്കുന്നത്.

3. ദേശീയ ഗ്രാമീൺ ഉപജീവൻ മിഷൻ (എൻ.ആർ.എൽ.എം)

കേന്ദ്ര സർക്കാർ 2011 ജൂണിൽ നടപ്പിലാക്കിയ പദ്ധതിയാണ് എൻ.ആർ.എൽ.എം. ഗ്രാമീണ മേഖലയിലെ ദരിദ്രർക്ക് ഫലപ്രദമായ ധനസഹായം നൽകി സുസ്ഥിരജീവനോപാധി ആർജ്ജിച്ച് സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിലുണ്ടായിരുന്ന എസ്.ജി.എസ്.വൈ പദ്ധതിയുടെ തുടർച്ചയായാണ് എൻ.ആർ.എൽ.എം രൂപവത്കരിക്കപ്പെട്ടത്. സ്കീമിലെ പ്രധാന വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

- സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷൻ രൂപവത്കരിച്ച് പ്രവർത്തനം ആരംഭിക്കൽ.
- ബാങ്കിംങ് മേഖലയിലും ഫലവത്തായ മാർക്കറ്റിം

ഗിലും ഇടപെടാൻ യോഗ്യരാക്കൽ.

- ശേഷിവികസനവും പരിശീലനവും ലഭ്യമാക്കൽ.
- വിവിധ സ്കീമുകളുടെ സംയോജനത്തിലൂടെ സാമ്പത്തികഭദ്രത ഉറപ്പുവരുത്തൽ.

4. ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു-ജി.കെ.വൈ)

കേന്ദ്ര ഗ്രാമവികസന മന്ത്രാലയം കുടുംബശ്രീ വഴി കേരളത്തിൽ നടപ്പിലാക്കുന്ന തൊഴിലധിഷ്ഠിത പരിശീലന പരിപാടിയാണ് ഡി.ഡി.യു.- ജി.കെ.വൈ. പഠനം പാതി വഴിയിൽ ഉപേക്ഷിക്കേണ്ടി വന്ന ഗ്രാമ പ്രദേശങ്ങളിലെ 18 നും 35 നും ഇടയിൽ പ്രായമുള്ള യുവതീ യുവാക്കൾക്ക് 3 മാസത്തെ വൈദഗ്ദ്ധ്യ പരിശീലനം നൽകി അവരുടെ അഭിരുചിക്കും വിദ്യാഭ്യാസയോഗ്യതയ്ക്കും അനുസരിച്ചുള്ള ജോലി ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ജോലി ലഭിച്ച ഉദ്യോഗാർത്ഥിക്ക് ചുരുങ്ങിയത് 6000/- രൂപ മാസ വേതനം ലഭിക്കുന്നുണ്ട് എന്നും പ്രസ്തുത ഉദ്യോഗാർത്ഥി ചുരുങ്ങിയത് 3 മാസമെങ്കിലും ജോലിയിൽ തുടരുന്നുണ്ട് എന്നും കുടുംബശ്രീ ജില്ല - സംസ്ഥാനമിഷൻ പ്രതിനിധികൾ പരിശോധിച്ച് ഉറപ്പാക്കും. അത്യാധുനിക സൗകര്യങ്ങളടങ്ങിയ ക്ലാസ്സ് മുറികളും പ്രഗത്ഭരായ അദ്ധ്യാപകരും വിദ്യാർത്ഥികളെ ഡി.ഡി.യു. - ജി.കെ.വൈ. പരിശീലനത്തിലൂടെ മികച്ച തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ സഹായിക്കുന്നു.

കുടുംബശ്രീയുടെയും ദേശീയ ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെയും (ഹൈദരബാദ്) പ്രതിനിധികൾ പരിശോധന നടത്തി അംഗീകാരം നൽകിയതിനു ശേഷം പരിശീലന ഏജൻസികൾ ക്ലാസ്സുകൾ ആരംഭിക്കുന്നു. 35 പേരടങ്ങുന്ന ബാച്ചുകളാണ് നിലവിൽ പരിശീലനം നേടുന്നത്.

കാസറഗോഡ് ജില്ലയിലെ ഡി ഡി യു ജി കെ വൈ സ്റ്റാറ്റസ്

ആകെ പരിശീലന സ്ഥാപനങ്ങൾ

ജില്ലയ്ക്കകത്ത് - 3

ജില്ലയ്ക്ക് പുറത്ത് - 2

ജില്ലയ്ക്കകത്തുള്ളവ

1. സെന്റം വർക്സ് ഓഫ് ഇന്ത്യ ഉദുമ - ആക്ടീവ്
2. ഡോൺബോസ്കോ ടെക്ക് ചുള്ളിക്കര - Initiative for Short Period
3. സിങ്ക്രോ സെർവ്വ് കാഞ്ഞങ്ങാട്

ജില്ലയ്ക്ക് പുറത്തുള്ളവ

1. കിറ്റക്സ് - ആലുവ
2. കഫേ കോഫി ഡേ - ബാംഗ്ലൂർ

മേഖല	പരിശീലനം പൂർത്തിയാക്കിയവർ	ജോലിയിൽ പ്രവേശിച്ചവർ	ജോലിയിൽ 3 മാസം പൂർത്തിയാക്കിയവർ
ഡിബി ടെക്	105	92	40
സെന്റം	715	574	320
സിങ്ക്രോ സർവ്വ്	62	51	48
കഫേ കോഫി ഡേ	24	5	5
കിറ്റക്സ്	19	19	19
കൈസ്സ് കോർപ്സ്	5	5	-

പരിശീലനം പൂർത്തിയാക്കിയ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗക്കാർ

പട്ടികജാതി - 180

പട്ടികവർഗ്ഗം - 162

5. പ്രധാൻ മന്ത്രി ആവാസ് യോജന (PMAY)

ലക്ഷ്യങ്ങൾ

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കും ഇതരസമുദായങ്ങളിൽപ്പെട്ടവർക്കും സൗജന്യമായി വീടുകൾ നിർമ്മിച്ചു നൽകിക്കൊണ്ട് പാർപ്പിട പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുക എന്നുള്ളതാണ് കേന്ദ്രാവിഷ്കൃതപദ്ധതിയായ പ്രധാൻ മന്ത്രി ആവാസ് യോജനയുടെ ലക്ഷ്യം. നഗര മേഖലകളിൽ പി.എം.എ.വൈ(അർബൻ)എന്ന പേരിലും ഗ്രാമീണ മേഖലകളിൽ പി.എം.എ.വൈ(ഗ്രാമീൺ) എന്ന പേരിലും പദ്ധതി നടപ്പിലാക്കിവരുന്നു.

2011 ലെ സെൻസസ് ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതരായ കുടുംബങ്ങൾക്കാണ് ഈ പദ്ധതിയിൽ വീട് നൽകുന്നത്. ആവശ്യമെങ്കിൽ ബാങ്ക് വായ്പയ്ക്കുള്ള സാദ്ധ്യതയുമുണ്ട്.

നേട്ടങ്ങൾ

- ജില്ലയിൽ 2016-17 വർഷത്തിൽ 463 വീടുകൾ ഗുണഭോക്താക്കൾക്ക് നൽകി.
- 2017-18 വർഷത്തിൽ 95 വീടുകൾ ഗുണഭോക്താക്കളക്ക് നൽകി.

പരിമിതികൾ

- സെക്ക് ലിസ്റ്റിൽ അർഹരായ ഗുണഭോക്താക്കളുടെ അഭാവം
- നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും വിലവർദ്ധനവും.

മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

- SECC ലിസ്റ്റിൽ അർഹരായ ഗുണഭോക്താക്കൾ ഇ

ല്ലാത്തതിനാൽ ഗ്രാമസഭയിൽ നിന്ന് തെരെഞ്ഞെടുക്കുന്നതിനുള്ള അവസരം നൽകൽ.

- നിർമ്മാണ സാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാനുള്ള സംവിധാനം ജില്ലയിൽ ഏർപ്പെടുത്തൽ.

കേന്ദ്ര സംസ്ഥാന വിഹിതം : 60 : 40

ക്രമ നം.	വിഭാഗം	കേന്ദ്ര വിഹിതം	ത്രിതല പഞ്ചായത്ത് വിഹിതം
1	ജനറൽ, എസ്.സി	1,20,000	ജില്ലാ പഞ്ചായത്ത് : 28000(35%) ബ്ലോക്ക് പഞ്ചായത്ത് : 32000(40%) ഗ്രാമ പഞ്ചായത്ത് : 20000(25%) ആകെ : 80000
2	എസ്.ടി	1,20,000	ജില്ലാ പഞ്ചായത്ത് : 45500(35%) ബ്ലോക്ക് പഞ്ചായത്ത് : 52000(40%) ഗ്രാമ പഞ്ചായത്ത് : 32500(25%) ആകെ : 130000

6. എൻ.ആർ.ഡി.ഡബ്ല്യൂ.ഡി.പി

ജില്ലയിലെ പട്ടികജാതിസങ്കേതങ്ങളിൽ കുടിവെള്ളമെത്തിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് എൻ.ആർ.ഡബ്ല്യൂ.ഡി.പി. ജില്ലയിലെ 16 പട്ടികജാതി സങ്കേതങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

7. സൻസദ് ആദർശ് ഗ്രാം യോജന (SAGY)

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനത്തിലൂടെ ഇന്ത്യയിലെ ഗ്രാമങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കുന്ന പദ്ധതിയാണ് സൻസദ് ആദർശ് ഗ്രാം യോജന (SAGY). മേൽ പദ്ധതി പ്രകാരം ഒരു പാർലിമെന്റ് അംഗം, അദ്ദേഹത്തിന്റെ മണ്ഡലത്തിൽപെടുന്ന ഒരു ഗ്രാമപഞ്ചായത്തിനെ തെരെഞ്ഞെടുത്ത് കേന്ദ്രമന്ത്രാലയങ്ങളുടെ വികസനപദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ ഏകോപനം എന്നിവയിലൂടെ പ്രസ്തുത പഞ്ചായത്തിന്റെ സമഗ്രവികസനം സാധ്യമാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ഒന്നാംഘട്ടത്തിൽ കിനാനൂർ - കരിന്തളം ഗ്രാമപഞ്ചായത്തും രണ്ടാം ഘട്ടത്തിൽ ചെറുവത്തൂർ ഗ്രാമപഞ്ചായത്തുമാണ് ജില്ലയിൽ സാഗി പദ്ധതിക്കായി ബഹു. കാസറഗോഡ് എം.പി. നിർദ്ദേശിച്ചത്

8. പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ)

കേന്ദ്രാവിഷ്കൃതപദ്ധതിയായ സംയോജിത നീർത്തടപരിപാലനപരിപാടിയെ കേന്ദ്രസർക്കാർ പുതുതായി രൂപീകരിച്ച പ്രധാൻമന്ത്രി കൃഷിസിഞ്ചായി യോജന (പി.എം.കെ.എസ്.വൈ)യുടെ ഭാഗമാക്കി മാറ്റി പി.എം.കെ.എസ്.വൈ (Watershed Development) എന്ന പേരിൽ നടപ്പിലാക്കിവരികയാണ്. പദ്ധതി തുകയുടെ 1% വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും 56% നീർത്തട പ്രദേശത്തെ പ്രകൃതിവിഭവ പരിപാലനത്തിന് മാത്രമായും നീക്കിവെക്കുന്നു. ദരിദ്ര കുടുംബങ്ങളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും കൃഷി അനുബന്ധ മേഖലകളിലെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമായി പദ്ധതി തുകയുടെ 19% ഭരണപരമായ ചെലവുകൾക്ക് 10% പ്രരംഭഘട്ട പ്രവർത്തനങ്ങൾക്ക് 4%, കാപ്പാസിറ്റി ബിൽഡിംഗിന് 5%, ഗതിനിയന്ത്രണത്തിനും വിലയിരുത്തലിനുമായി 2%, തുടർ പ്രവർത്തനങ്ങൾക്കായി 3% എന്നിങ്ങനെ നീക്കിവെക്കുന്നു.

നിലവിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ പുതിയ പ്രവൃത്തികൾ മഹാത്മാഗാന്ധിതൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടത്തുന്നുണ്ട്. ജില്ലയിൽ 3 ബ്ലോക്ക്പഞ്ചായത്തുകളിലായി 7 പ്രോജക്ടുകളാണ് നടപ്പിലാക്കി വരുന്നത്.

9. ഡിജിറ്റൽ ഇന്ത്യ ലാന്റ് റെക്കാർഡ് മോഡണൈസേഷൻ പ്രോഗ്രാം (എൻ.എൽ.ആർ.എം.പി)

നാഷണൽ ലാന്റ് റിക്കാർഡ്സ് മോഡണൈസേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി മുഴുവൻ വില്ലേജുകളിലും റീസർവ്വെ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. ജില്ലയിൽ നാളിതുവരെയായി 12 വില്ലേജുകളിൽ റീസർവ്വെ പൂർത്തിയാക്കി റിക്കോർഡുകൾ റവന്യൂ ഭരണത്തിൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. 10 വില്ലേജുകളിൽ റീസർവ്വെ പൂർത്തിയാക്കി സെക്ഷൻ 13 വിജ്ഞാപനം പ്രസിദ്ധീകരിച്ച് റവന്യൂ വകുപ്പിന് കൈമാറുവാൻ തയ്യാറായിട്ടുണ്ട്. ഹോസ്ദുർഗ്ഗ് താലൂക്കിൽപ്പെട്ട 10 വില്ലേജുകളിൽ റീസർവെ ജോലികൾക്കുള്ള പ്രാരംഭ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ജില്ലയിൽ പ്രവർത്തിച്ചുവരുന്ന ഡിജിറ്റലൈസേഷൻ സെന്ററിൽ നിന്ന് റീസർവ്വെ പൂർത്തിയായിട്ടുള്ള വില്ലേജുകളുടെ റിക്കാർഡുകൾ ഡിജിറ്റലൈസ് ചെയുന്ന ജോലി ചെയ്തു വരുന്നു. ഈ പ്രവർത്തനം വഴി ഭൂവുടമകൾക്ക് തങ്ങളുടെ ഭൂമി സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ സേവനം വഴി ലഭ്യമാക്കുന്നു. ഇതിനുള്ള ഫണ്ട് കൈകാര്യം ചെയ്യുന്നത് തിരുവനന്തപുരം കേരള ലാന്റ് ഇൻഫർമേഷൻ മിഷനാണ് (KLIM).

10. രാഷ്ട്രീയ ബാൽ സ്വാസ്ത്യ കാര്യക്രം (RBSK)

RBSK യുടെ ഭാഗമായി പ്രത്യേക പരിശീലനം ലഭിച്ച ആർ.ബി.എസ്.കെ നഴ്സുമാരുടെ സേവനം ഉപയോഗിച്ച് ജില്ലാ ജനറൽ ആശുപത്രിയിൽ ജനിക്കുന്ന എല്ലാ കുട്ടികളുടെയും വിസിബിൾ ഡിഫക്ട് കണ്ടെത്തുന്നതിനായി ജനനം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ ന്യൂബോൺ സ്ക്രീനിംഗ് നടത്തുന്നുണ്ട്. ഇതോടൊപ്പം ഹൃദ്യം, കൗമാര സൗഹൃദ ക്ലിനിക്ക്, ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ (DEIC), അഡോളസെന്റ് ഹെൽത്ത് പ്രോഗ്രാം, പ്രതിവാര ഇരുമ്പ് സത്ത് ഗുളിക വിതരണ പരിപാടി (WIFS) എന്നീ പ്രവർത്തനങ്ങളും ആരോഗ്യ കേരളം കാസറഗോഡിന്റെ ഭാഗമായി നടന്നു വരുന്നു.

11. നാഷണൽ ഹെൽത്ത് മിഷൻ

ആരോഗ്യകേരളം കാസറഗോഡിന്റെ ഭാഗമായി 2017-18 വർഷത്തിൽ ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ-

പ്രജനനശൈശവ ആരോഗ്യം (RCH)

എ. ജനനി സുരക്ഷായോജന (JSY): ഈ സാമ്പത്തിക വർഷം 1091 ഗുണഭോക്താക്കൾക്ക് 7,44,800 രൂപ, ജെ.എസ്.വൈ ഇനത്തിൽ ആനുകൂല്യം നൽകിയിട്ടുണ്ട്.

ബി. ജനനി ശിശു സുരക്ഷ കാര്യക്രം (JSSK)

ഈ സാമ്പത്തിക വർഷത്തിൽ 1583 അമ്മമാർക്കും 253 നവജാതശിശുക്കൾക്കും കൂടി 15,50,000 രൂപ നൽകിയിട്ടുണ്ട്.

12. പ്രധാൻ മന്ത്രി ഉജ്ജ്വല യോജന (പി.എം.യു.വൈ)

സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യമായി ഗ്യാസ് കണക്ഷൻ നൽകുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് പ്രധാൻ മന്ത്രി ഉജ്ജ്വല യോജന പദ്ധതി. (പെട്രോളിയം കമ്പനികൾ - ഗ്യാസ് ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്)

2011-ൽ നടത്തിയ സാമൂഹിക സാമ്പത്തിക സെൻസസിന്റെ അടിസ്ഥാനത്തിൽ ഗ്യാസ് ഏജൻസികളിൽ ലഭ്യമാക്കിയിട്ടുള്ള ഉപഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് പദ്ധതി പ്രകാരം കണക്ഷൻ ലഭ്യമാക്കുന്നത്. ജില്ലയിൽ ഇതുവരെ 1946 അപേക്ഷകൾ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ ഗ്യാസ് ഏജൻസികളിൽ ലഭിച്ചിട്ടുണ്ട്. അവയിൽ 748 എണ്ണത്തിന് കണക്ഷൻ നൽകി.

13. പ്രധാൻ മന്ത്രി ഫസൽ ഭീമാ യോജന (പി.എം.എഫ്.ബി.വൈ)

ജില്ലയിൽ വാഴ, മരച്ചീനി ഉൾപ്പെടെയുള്ള വിളകൾ ഇൻഷൂർ ചെയ്യുന്നതിന് പുതുതായി നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പി.എം.എഫ്.ബി.വൈ. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷൂറൻസ് പദ്ധതി പ്രകാരം ജില്ലയിൽ നെൽകൃഷി, വാഴ, കശുമാവ് എന്നീ വിളകൾ ഇൻഷൂർ ചെയ്യുന്നത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിലെ കൃഷിഭവൻ മുഖാന്തിരമാണ്. പി.എം.കെ.എസ്.വൈ 2017-18-നായി 40.73 കോടിയുടെ പ്രവൃത്തികൾക്കുള്ള ആക്ഷൻപ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

14. സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ)

പ്രവർത്തനപരിപാടികൾ 2017-18

പ്രവർത്തനപരിപാടി	വിശദീകരണം
i. പഠനപോഷണപരിപാടി (LEP)	അടിസ്ഥാനപരമായ ഭാഷാഗണിതശേഷികൾ ഉറപ്പിക്കാൻ; പഠനനിലവാരം ഉയർത്താൻ
◆ മലയാളത്തിളക്കം	◆ 3,4 ക്ലാസ് കൂടാതെ ഈ വർഷം യു പി ക്ലാസ്സുകളിലും നടന്നുകൊണ്ടിരിക്കുന്നു. ◆ കേന്ദ്രീകരിച്ച് അധ്യാപക പരിശീലനമില്ല ◆ എസ് എസ് എ ട്രെയിനർമാരും, സി ആർ സി സി മാരും നേരിട്ട് പ്രവർത്തിക്കും
◆ വായന കാർഡുകൾ തയ്യാറാക്കൽ	◆ 3,4,5,6,7 ക്ലാസ്സുകൾക്ക്
◆ പിന്തുണാ മെറ്റീരിയൽ വിതരണം	◆ മൂല്യനിർണ്ണയത്തിൽ പിന്നാക്കം പോയവരെ കണ്ടെത്തി മെച്ചപ്പെടുത്തൽ
◆ ടിന്നിംഗ് പരിപാടി	◆ സ്കൂൾ പ്രവർത്തനങ്ങൾ പങ്കുവെയ്ക്കൽ-എല്ലാ ബി.ആർ.സി.കളിലും ഒക്ടോബറിൽ
◆ രാഷ്ട്രീയ ആവിഷ്ക്കാർ അഭിയാൻ (RAA)	◆ ശാസ്ത്ര, ഗണിത ശാസ്ത്രപഠനത്തിന് പുതുമാനം നൽകാനുള്ള വിവിധ പ്രവർത്തനങ്ങൾ
◆ ജൈവവൈവിധ്യ ഉദ്യാനം	◆ 'വേനൽപച്ച' പരിസ്ഥിതി പുസ്തകം ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ◆ ജൂൺ മുതൽ എല്ലാ മാസവും സ്കൂൾതല പരിപാടികൾ

കേന്ദ്ര-സംസ്ഥാന പദ്ധതികൾ

	◆ ഒരു പഞ്ചായത്തിലെ 2 വീതം യു.പി സ്കൂളുകൾക്ക് 20000/-രൂപ
◆ ശാസ്ത്രോത്സവം	◆ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും തെരെഞ്ഞെടുത്ത/ സന്നദ്ധമായ യു. പി. സ്കൂളുകളിൽ
◆ അധ്യാപക പഠനക്കൂട്ടായ്മകൾ	◆ സ്വയംസന്നദ്ധപഠനസംഘം-എല്ലാ വിദ്യാലയങ്ങളിലും ◆ അനധ്യായദിനങ്ങളിൽ അക്കാദമിക കൂടിച്ചേരൽ
◆ ഗണിതവിജയം	◆ ഗണിതത്തിലെ പിന്നാക്കാവസ്ഥ പരിഹരിക്കാൻ
◆ ഗണിതോത്സവം	◆ നവംബർ മാസത്തിൽ
ii. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളുടെ പഠനം	◆ റിസോഴ്സ് അധ്യാപകരുടെ സേവനം ◆ വിദ്യാലയത്തിൽ എത്തി പഠിക്കാൻ കഴിയാത്തവർക്ക് ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ◆ വിദഗ്ധരുടെ സേവനം ◆ അക്കാദമിക പ്രവർത്തനങ്ങളുടെ അനുരൂപീകരണം
◆ വൈദ്യപരിശോധനാ ക്യാമ്പ്	◆ പൂർത്തിയാക്കി.
◆ സഹായ ഉപകരണ വിതരണം	◆ വിതരണം നടന്നുകൊണ്ടിരിക്കുന്നു.
◆ തെറാപ്പി	◆ കുട്ടികളുടെ ആവശ്യമനുസരിച്ച്, ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി
◆ യാത്രാസഹായം	◆ പ്രതിവർഷം 2500/-രൂപ വീതം ട്രാൻസ്പോർട്ട്, എസ്കോർട്ട് അലവൻസ് അനുവദിക്കും.
◆ അധ്യാപക ശില്പശാല	◆ ക്ലാസ്റൂം പ്രവർത്തനങ്ങളിൽ അനുരൂപീകരണം നടത്തുന്നതിനും പഠനോപകരണനിർമ്മാണത്തിനും, ഐ.സി.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിയുള്ള പഠനത്തിനും.
◆ ഭൗതിക സാഹചര്യങ്ങൾ	◆ സഞ്ചരിക്കുന്നതിനുള്ള ഭൗതികതടസ്സങ്ങൾ നീക്കുന്നതിന് റാമ്പും റെയിലും
◆ ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം	◆ ഗുരുതരമായ ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് റിസോഴ്സ് അധ്യാപകർ വീട്ടിലെത്തി പഠനത്തിനും ശേഷീവികസനത്തിനും സഹായകമായ പ്രവർത്തനങ്ങൾ നടത്തും.
◆ റിസോഴ്സ്, ഓട്ടിസം സെന്റർ	◆ ജില്ലയിൽ നീലേശ്വരം പേരോലിൽ ഓട്ടിസം സെന്റർ പ്രവർത്തിക്കുന്നു.
◆ OSS	◆ ഭിന്നശേഷിക്കാരായകുട്ടികൾ പഠിക്കുന്ന വിദ്യാലയത്തിൽ റിസോഴ്സ് അധ്യാപകരെത്തി ഇവരുടെ പഠനത്തിന് സഹായകമായ പ്രവർത്തനങ്ങൾ സ്കൂൾ അധ്യാപകരുമായി ചേർന്ന് ആസൂത്രണം ചെയ്ത് നടപ്പാക്കും.
iii. വിദ്യാലയത്തിൽ എത്തിച്ചേരാത്ത (Out of School) കുട്ടികൾ	◆ വിവരശേഖരണം നടത്തൽ ◆ ഗൃഹസന്ദർശനം ◆ പഠനകേന്ദ്രങ്ങൾ, പഠനയാത്ര, കലാമേള etc.
iv. പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ	◆ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും കേന്ദ്രങ്ങൾ ◆ പെൺകുട്ടികൾ, എസ്.സി./എസ്.ടി., മൈനോറിറ്റി വിഭാഗങ്ങൾക്ക് പ്രത്യേക പരിപാടികൾ ◆ എഡ്യൂക്കേഷൻ വളണ്ടിയറുടെ സേവനം ◆ എൽ.എസ്.ജി.യുടെ മേൽ നോട്ടങ്ങൾ
v. നൂതനാശയ പ്രവർത്തനങ്ങൾ (പെൺകുട്ടികൾ, പട്ടികജാതി/ പട്ടികവർഗം, ന്യൂനപക്ഷം, നഗരവൽക്കരണ ദുരിതബാധിതർ)	◆ മാതൃഭാഷ,ഗണിതം എന്നീ വിഷയങ്ങളിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ (ഭാരതമേ പഠിക്കൂ, ഭാരതമേ വളരൂ) ◆ 51 സെന്ററുകളിൽ പ്രവർത്തനം പുരോഗമിക്കുന്നു.

കേന്ദ്ര-സംസ്ഥാന പദ്ധതികൾ

കേരളശാലാസിദ്ധി- വിദ്യാലയഗുണത	◆ അഖിലേന്ത്യാതലത്തിൽ NEUPA യുടെ നേതൃത്വത്തിൽ ആവിഷ്ക്കരിച്ച വിദ്യാലയങ്ങൾ സ്വയം ഗുണമേന്മ വിലയിരുത്തി മെച്ചപ്പെടൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്ന സംവിധാനം ◆ ഡയറ്റുകളുടെ സഹായത്തോടെ പ്രഥമാധ്യാപകർക്ക് ശിൽപശാല നടത്തും.
എസ്.എം.സി, പി.ഇ.സി, പി.ടി.എ, സി.പി.ടി.എ	◆ അംഗങ്ങൾക്കും പ്രതിനിധികൾക്കും പരിശീലനം - ജൂലൈ മാസത്തിൽ നൽകി. ◆ പി.ഇ.സി, എം.ഇ.സി. അംഗങ്ങൾക്ക് തദ്ദേശഭരണ തലത്തിൽ പരിശീലനം
കോർണർ പി.ടി.എ.	◆ ജനപ്രതിനിധികൾ, സാമൂഹ്യ-സാംസ്ക്കാരിക പ്രവർത്തകർ എന്നിവരുടെ സാന്നിദ്ധ്യം ഉറപ്പാക്കും ◆ പ്രാദേശിക വിദ്യാഭ്യാസ സെമിനാർ
പൊതുവിദ്യാഭ്യാസ സംരക്ഷണസംഗമം	◆ തദ്ദേശഭരണസ്ഥാപനം, നിയോജക മണ്ഡലം, ജില്ല തലങ്ങളിൽ വിദ്യാലയ വികസന പദ്ധതികൾ, വിദ്യാ വികസന സെമിനാർ
പ്രതിഭോത്സവം	◆ വിവിധ മേഖലകളിലെ കഴിവുകൾ വളർത്താനായി കുട്ടികൾക്ക് തുടർക്യാമ്പുകൾ
വിദ്യാലയവികസനസമിതി ശിൽപശാലകൾ	◆ നിർവ്വഹണാനുഭവങ്ങളും വിജയപദ്ധതികളും പങ്കിടുന്നതിന് തെരെഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ
പ്രഥമാധ്യാപക പരിശീലനം (NUEPA സ്കൂൾ ലീഡർഷിപ്പ് പ്രോഗ്രാം)	◆ എല്ലാ മാസവും പ്രഥമാധ്യാപകരുടെ യോഗം (അക്കാദമിക അജണ്ടകളോടെ) ◆ യോഗം അവധി ദിവസങ്ങളിൽ മാത്രം

15. നബാർഡ്- RIDF എൻഡോസൾഫാൻ സ്പെഷൽ പാക്കേജ്

നബാർഡ് ആർ.ഐ.ഡി.എഫ് XII, XVIII, എന്നിവ പ്രകാരം എൻഡോസൾഫാൻ ദുരിതമേഖലയിൽ ബഡ്സ് സ്കൂളുകൾ, ആശുപത്രികൾ, കുടിവെള്ള പദ്ധതികൾ, വിദ്യാലയങ്ങൾ അംഗൻവാടികൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപയുടെ പ്രത്യേക പാക്കേജ് ജില്ലയ്ക്ക് അനുവദിക്കുകയുണ്ടായി. 235 പ്രവർത്തികൾക്കാണ് ഇത്തരത്തിൽ 2012ൽ ഭരണാനുമതി നൽകിയിട്ടുള്ളത്. ഈ പ്രവർത്തികളെല്ലാം നിർവ്വഹണത്തിന്റെ അന്തിമഘട്ടത്തിലാണ്.

പ്രധാന പദ്ധതികൾ

ബഡ്സ് സ്കൂളുകൾ-	10 എണ്ണം	-	14 കോടി
വിദ്യാഭ്യാസ സ്ഥാപനങ്ങൾ	57	-	46 കോടി
കുടിവെള്ള പ്രോജക്ടുകൾ	55	-	36 കോടി
അംഗൻവാടികൾ	65	-	5 കോടി
ആശുപത്രികൾ	43	-	46 കോടി
മറ്റുപ്രവൃത്തികൾ		-	53 കോടി

II. സംസ്ഥാന പദ്ധതികൾ

12-ാം പഞ്ചവത്സര പദ്ധതി (2012-17) യുടെ 5-ാം വർഷത്തെ (2016-17) സംസ്ഥാന പദ്ധതി അടങ്കൽ 24,000 കോടി രൂപയായിരുന്നു. സാമൂഹ്യവും സേവനപരവുമായ സർവ്വീസുകൾക്കാണ് പദ്ധതിയിൽ ഗണ്യമായ പ്രാധാന്യം നൽകിയിരുന്നത്. സംസ്ഥാന പദ്ധതിയുടെ 31 ശതമാനവും ഈ മേഖലയ്ക്കാണ് നീക്കിവെച്ചത്.

2015-16 വർഷത്തെ അപേക്ഷിച്ച് നഗര വികസന പദ്ധതികൾക്ക് 55 ശതമാനവും പൊതുജനാരോഗ്യ മേഖലയ്ക്ക് 52 ശതമാനവും അധിക വിഹിതം നീക്കിവെച്ചിരുന്നു.

13-ാം പഞ്ചവത്സര പദ്ധതി (2017-2022) യുടെ ഒന്നാം വർഷ പരിപാടിയിൽ (2017-18) സംസ്ഥാന പദ്ധതി അടങ്കലായി 26,500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 33.69 ശതമാനം സാമൂഹ്യവും സേവനപരവുമായ സർവ്വീസുകൾക്കാണ് നീക്കിവെച്ചിട്ടുള്ളത്. മുൻ വർഷത്തെ അപേക്ഷിച്ച് കാർഷിക മേഖലയ്ക്ക് 16.34 ശതമാനവും വിനോദസഞ്ചാരത്തിന് 10 ശതമാനവും വർദ്ധനവ് നടപ്പുവർഷപദ്ധതിയിലുണ്ട്. വിവരസാങ്കേതികവിദ്യയ്ക്ക് 13.76 ശതമാനത്തോളം തുക അധികമായി വകയിരുത്തി. പൊതു വിദ്യാഭ്യാസമേഖലയ്ക്ക് മുൻ വർഷത്തെക്കാൾ 83.27 ശതമാനം വിഹിതം ഉൾക്കൊള്ളിച്ചു.

സംസ്ഥാനപദ്ധതിയിൽ വിവിധ വകുപ്പുകൾ മുഖേന 2016-17 വർഷം ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം

1.കാർഷീകവികസന കർഷകക്ഷേമ വകുപ്പ്

നെൽകൃഷി വികസനം

നെല്ല് (പാടശേഖര) കർഷകർക്ക് ധനസഹായം, തരിശു നില, കരനെൽകൃഷിക്ക് സഹായം എന്നീ പ്രവർത്തനങ്ങൾക്ക് 2016-17 വർഷം വകുപ്പ് നീക്കിവെച്ച 56.5771 ലക്ഷം രൂപയും ചെലവഴിക്കുകയുണ്ടായി. ജില്ലയിലെ 36 ഗ്രാമപഞ്ചായത്തുകളിലും മൂന്നു നഗരസഭകളിലും പദ്ധതി നടപ്പിലാക്കുകയുണ്ടായി. കർഷകർക്ക് ധനസഹായം ലഭ്യമാക്കിയതിനാൽ പദ്ധതികൊണ്ട് നെൽക്കൃഷി വ്യാപനവും വിള വർദ്ധനവും സാധ്യമായി.

കാർഷികവ്യാപനം ശക്തിപ്പെടുത്തൽ

കർഷകദിനം, കാർഷികവികസനസമിതി, കാർഷികവിജ്ഞാനവ്യാപനം മാതൃകാത്തോട്ടങ്ങൾ, മികച്ചകർഷകർ, ഗ്രൂപ്പ് കൃഷി, ഗ്രാമപഞ്ചായത്ത് എന്നിവയ്ക്ക് പ്രോൽസാഹനം/അവാർഡ് നടപ്പിലാക്കൽ എന്നീ പ്രവർത്തനങ്ങൾക്കായി 2016-17 വർഷം വകുപ്പ് നീക്കിവെച്ച 49.97936 ലക്ഷം രൂപയും ചെലവഴിക്കുകയുണ്ടായി. ജില്ലയിലെ 38 ഗ്രാമ പഞ്ചായത്തുകളിലും മൂന്നു നഗരസഭകളിലും പദ്ധതി നടപ്പിലാക്കുകയുണ്ടായി. കർഷകർക്കും ജനപ്രതിനിധികൾക്കും വിവിധ കാർഷിക പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാൻ സാധിച്ചതിനാൽ കൂടുതൽ ആൾക്കാർ കാർഷിക വൃത്തിയിലേക്ക് തിരിയുകയും ഉൽപ്പാദനം വർദ്ധിക്കുകയുമുണ്ടായി.

കേരസമൃദ്ധി

കുള്ളൻ തെങ്ങുകളുടെ വിത്തു തേങ്ങ സംഭരണം എന്ന പ്രവർത്തനത്തിനായി 2016-17 വർഷം വകുപ്പ് 3.13 ലക്ഷം രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചെലവഴിക്കുകയുമുണ്ടായി. ജില്ലയിലെ 18 ഗ്രാമ പഞ്ചായത്തുകളിലും നീലേശ്വരം നഗരസഭയിലും പദ്ധതി നടപ്പിലാക്കി. കുള്ളൻ തെങ്ങുകളുടെ വിത്തു തേങ്ങ സംഭരിച്ച് തെങ്ങിൻതൈകൾ ഉൾപ്പാദിപ്പിക്കുന്നതിന് പദ്ധതിയിലൂടെ സാധിച്ചു.

പച്ചക്കറി ഉൽപ്പാദനം, വികസനം

പച്ചക്കറി കൃഷി വികസനം, വിപണനം, വിത്ത്, നടീൽ വസ്തുക്കൾ വിതരണം, പരിശീലനം, പമ്പുസെറ്റ് വിതരണം, നേഴ്സറിക്ക് സഹായം, ഗ്രൂപ്പ് കൃഷിക്കുള്ള സഹായം, ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്, ടെറസ് കൃഷിക്ക് ധനസഹായം എന്നീ പ്രവർത്തനങ്ങൾക്കായി 2016-17 വർഷം വകുപ്പ് 220.40 ലക്ഷം രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചെലവഴിക്കുകയുമുണ്ടായി. ജില്ലയിലെ 41 തദ്ദേശഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കിയ ഈ പദ്ധതിയിൽ പച്ചക്കറി കൃഷി വ്യാപനവും വിള വർദ്ധനവും സാധ്യമായതോടെ ഒരു പരിധിവരെ പച്ചക്കറി ഉൾപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാനും കൂടുതൽ കർഷകരെ കൃഷിയിലേക്ക് ആകർഷിക്കുവാനും സാധിച്ചു.

മണ്ണ് പരിപോഷണം

കർഷകരുടെ നിലങ്ങളിൽ മണ്ണ് പരിപോഷണത്തിന് ആവശ്യമായ കുമ്മായം, ഡോളമൈറ്റ്, സൂക്ഷ്മമൂലകങ്ങൾ എന്നിവയ്ക്ക് ധനസഹായം, മണ്ണ് പരിപോഷണത്തെപ്പറ്റിയുള്ള ബോധവൽക്കരണ പരിപാടികൾ എന്നീ പ്രവർത്തനങ്ങൾക്ക് 2016-17 വർഷം വകുപ്പ് 52.715 ലക്ഷം രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചെലവഴിക്കുകയുമുണ്ടായി. ജില്ലയിലെ 38 ഗ്രാമപഞ്ചായത്തുകളിലും കാഞ്ഞങ്ങാട്, നീലേശ്വരം നഗരസഭകളിലും പദ്ധതി നടപ്പിലാക്കുകയുണ്ടായി. കർഷകർക്ക് മണ്ണ് പരിപോഷണത്തിനും സംരക്ഷണത്തിനുമുള്ള ബോധവൽക്കരണം ലഭിക്കുകയും കുമ്മായം, ഡോളമൈറ്റ് എന്നീ സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം മൂലം മണ്ണിന്റെ ഫലപുഷ്ടി നിലനിർത്താൻ സാധിക്കുകയും ചെയ്തു.

ഓണച്ചന്തകൾ

ഓണച്ചന്തകൾ നടത്തുന്നതിനുള്ള ധനസഹായം എന്ന പ്രവർത്തനത്തിന് വകുപ്പ് 2016-17 വർഷം 16.8 ലക്ഷം രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തു. ജില്ലയിലെ 33 ഗ്രാമപഞ്ചായത്തുകളിലും 3 നഗരസഭകളിലും പദ്ധതി നടപ്പിലാ

ക്കുകയുണ്ടായി. ഓണത്തിന് കുറഞ്ഞ വിലയിൽ നല്ല പച്ചക്കറി ജനങ്ങൾക്ക് വിതരണം ചെയ്യാൻ പദ്ധതിയിലൂടെ സാധിച്ചു.

വിള പരിപാലനം

വിളപരിപാലനം, കീടരോഗബാധാ നിർണ്ണയം എന്നിവ നടത്തുന്നതിനുള്ള ലാബ് സൗകര്യം, ബയോഫാർമസി എന്നിവയ്ക്കുള്ള ധനസഹായം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി വകുപ്പ് 2016-17 വർഷം 9.92 ലക്ഷം രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചിലവഴിക്കുകയും ചെയ്തു. ജില്ലയിലെ 14 ഗ്രാമപഞ്ചായത്തുകളിലും നീലേശ്വരം നഗരസഭയിലും പദ്ധതി നടപ്പിലാക്കി. കർഷകരുടെ തോട്ടങ്ങളിൽ സമയാസമയങ്ങളിൽ കീടരോഗബാധാ നിർണ്ണയം നടത്തി രോഗപ്രതിരോധ നടപടികൾ സ്വീകരിച്ചതിനാൽ വിള വർദ്ധന സാധ്യമായി.

തെങ്ങുകൃഷി വികസനം

തെങ്ങുകൃഷി വികസനത്തിനു വേണ്ടി ക്ലസ്റ്റർ രൂപീകരണം, ഉൽപാദന ഉപാധികളുടെ വിതരണം, തെങ്ങിൻ തൈ നഴ്സറിയ്ക്കുള്ള ധനസഹായം എന്നീ പ്രവർത്തനങ്ങൾക്കായി വകുപ്പ് 2016-17 വർഷം 248.23 ലക്ഷം രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചിലവഴിക്കുകയും ചെയ്തു. ജില്ലയിലെ ഉദുമ, പള്ളിക്കര, പുല്ലൂർ പെരിയ, വെസ്റ്റ് എളേരി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കി. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഒരു പ്രദേശത്ത് മൊത്തമായി തെങ്ങ് കൃഷി വികസനം നടപ്പിലാക്കുക വഴി വിള വർദ്ധനവ് സാധ്യമായി.

ജൈവകൃഷി വികസനം

ജൈവകൃഷിവികസനം, ജൈവവള ഉൽപാദനം, ഭക്ഷ്യസുരക്ഷ എന്നീ പ്രവർത്തനങ്ങൾക്കായി വകുപ്പ് 2016-17 വർഷം 5.13 ലക്ഷം രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചിലവഴിക്കുകയും ചെയ്തു. ജില്ലയിലെ 10 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കി. വിഷരഹിത പച്ചക്കറിയും ഭക്ഷ്യ ഉൽപ്പന്നങ്ങളും ഉൽപാദിപ്പിക്കുന്നതിന് പദ്ധതിയിലൂടെ സാധിച്ചു.

സുഗന്ധദ്രവ്യങ്ങളുടെ വികസനം

കുരുമുളക് കൃഷി വ്യാപനം, പുനരുദ്ധാരണം, കുരുമുളക് നഴ്സറി വികസനം എന്നീ പ്രവർത്തനങ്ങൾക്കായി വകുപ്പ് 2016-17 വർഷം 7.74 ലക്ഷം രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചിലവഴിക്കുകയും ചെയ്തു. ജില്ലയിലെ 25 ഗ്രാമപഞ്ചായത്തുകളിലും നീലേശ്വരം നഗരസഭയിലും പദ്ധതി നടപ്പിലാക്കി. പദ്ധതിയിലൂടെ കരുമുളക് കൃഷി വ്യാപനവും തോട്ടങ്ങളുടെ പുനരുദ്ധാരണവും കുരുമുളക് തൈകളുടെ ഉൽപ്പാദനവും സാധ്യമായി.

ആഴ്ചച്ചന്ത വികസനം

ആഴ്ചച്ചന്തയ്ക്കു വേണ്ട അടിസ്ഥാന സൗകര്യ വികസനം, പച്ചക്കറി വില നിലവാര നിർണ്ണയം, മാർക്കറ്റ് നെറ്റ് നോഡ് എന്നീ പ്രവർത്തനങ്ങൾക്കായി വകുപ്പ് 2016-17 വർഷം 2.15 ലക്ഷം രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചിലവഴിക്കുകയും ചെയ്തു. ജില്ലയിലെ 4 ഗ്രാമ പഞ്ചായത്തുകളിൽ (ചെറുവത്തൂർ, അജാന്നൂർ, മൊഗ്രാൽ-പുത്തൂർ, കുമ്പള) പദ്ധതി നടപ്പിലാക്കി. ചന്ത നടത്തുന്നതിനും കർഷകർക്ക് പച്ചക്കറി വിലനിലവാരം അറിയുന്നതിനുമുള്ള സൗകര്യങ്ങൾ പദ്ധതിയിലൂടെ ഒരുക്കാൻ സാധിച്ചു.

ഡിപ്പാർട്ടുമെന്റ് ലാബുകളുടെ നവീകരണം

ഡിപ്പാർട്ടുമെന്റ് ലാബുകളുടെ നവീകരണച്ചെലവ് രാസവള, കീടനാശിനികളുടെ ഗുണനിലവാരപരിശോധന എന്നീ പ്രവർത്തനങ്ങൾക്കായി വകുപ്പ് 2016-17 വർഷം 0.11036 ലക്ഷം രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചിലവഴിക്കുകയും ചെയ്തു. 10 ഗ്രാമ പഞ്ചായത്തുകളിലും നീലേശ്വരം നഗരസഭയിലും പദ്ധതി നടപ്പിലാക്കി. ഡിപ്പാർട്ടുമെന്റ് ലാബുകളുടെ നവീകരണവും രാസവള, കീടനാശിനികളുടെ പരിശോധയും പദ്ധതിയുടെ ഭാഗമായി നടത്തുകയുണ്ടായി.

2. ജലസേചനവകുപ്പ്

ചെക്ക് ഡാം നിർമ്മാണം.

ജില്ലയിൽ പുത്തിഗെ ഗ്രാമപഞ്ചായത്തിൽ പുത്തിഗെ പുഴയ്ക്ക് കുറുകെ നെയ്മുഗെ എന്ന സ്ഥലത്ത് ചെക്ക് ഡാം നിർമ്മിക്കുന്ന പ്രവൃത്തി വകുപ്പ് 2016-17 വർഷം ഏറ്റെടുത്ത് പൂർത്തീകരിക്കുകയും പദ്ധതിയ്ക്കായി 90.67 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. സമീപ പ്രദേശത്തെ കൃഷിയിടങ്ങളിൽ ജലസേചന സൗകര്യമൊരുക്കുന്നതിനും, ഭൂഗർഭജലം സംരക്ഷിക്കുന്നതിനും കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കുന്നിനും പദ്ധതികൊണ്ട് സാധിച്ചിട്ടുണ്ട്.

ജില്ലയിൽ പൈവളികെ ഗ്രാമ പഞ്ചായത്തിൽ ഷിറിയ പുഴയ്ക്ക് കുറുകെ മുഞ്ചിത്തടുക്ക എന്ന സ്ഥലത്ത് ചെക്ക് ഡാം നിർമ്മിക്കുന്ന പ്രവൃത്തി വകുപ്പ് 2016-17 വർഷം ഏറ്റെടുത്ത് പൂർത്തീകരിക്കുകയും പദ്ധതിയ്ക്കായി 90.19 ലക്ഷം ചെലവഴിക്കുകയും ചെയ്തു. സമീപ പ്രദേശത്തെ കൃഷിയിടങ്ങളിൽ ജലസേചന സൗകര്യമൊരുക്കുന്നതിനും ഭൂഗർഭജലം സംരക്ഷിക്കുന്നതിനും കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കുന്നിനും പദ്ധതികൊണ്ട് സാധിച്ചിട്ടുണ്ട്.

ജില്ലയിൽ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ ചൈത്രവാഹിനി പുഴയ്ക്ക് കുറുകെ പ്ലാച്ചിക്കര നരമ്പച്ചേരി എന്ന സ്ഥലത്ത് ചെക്ക് ഡാം നിർമ്മിക്കുന്ന പ്രവൃത്തി വകുപ്പ് 2016-17 വർഷം ഏറ്റെടുത്ത് പൂർത്തീകരിക്കുകയും പദ്ധതിയ്ക്കായി 58.71 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ചുറ്റുപാടുമുള്ള കൃഷിയിടങ്ങളിൽ ജലസേചന സൗകര്യമൊരുക്കുന്നതിനും ഭൂഗർഭജല സംരക്ഷണത്തിനും സമീപ പ്രദേശത്തെ കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കുന്നിനും പദ്ധതികൊണ്ട് സാധിച്ചു.

കേന്ദ്ര-സംസ്ഥാന പദ്ധതികൾ

3. ചെറുകിട ജലസേചന വകുപ്പ്

ചെറുകിട ജലസേചന വകുപ്പ് 2016-17 വർഷം വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടത്തുകയുണ്ടായി. കാഞ്ഞങ്ങാട് നഗരസഭയിലെ നമ്പ്യാർക്കല്ലിൽ ട്രാക്ടർവേ, ഉപ്പുവെള്ള പ്രതിരോധ സംവിധാനം ഒരുക്കുന്ന പ്രവർത്തി, ബേഡഡുക്ക ഗ്രാമ പഞ്ചായത്തിൽ പയസ്വിനി പുഴയ്ക്കു കുറുകെ പാണ്ടിക്കണ്ടത്ത് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം, ബദിയടുക്ക ഗ്രാമ പഞ്ചായത്തിൽ ദയ്യന്തോടിയിൽ വി.സി.ബി നിർമ്മാണം, പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്തിൽ പെരിയാനം-കാലിക്കടവിൽ പെരിയാനം തോടിന് കുറുകെ വി.സി.ബിയും ട്രാക്ടർവേയും നിർമ്മിക്കൽ, ബളാൽ ഗ്രാമ പഞ്ചായത്തിലെ വെള്ളരിക്കുണ്ടിൽ ബളാൽ-വെള്ളോന്നിക്കുണ്ട് തോടിനു കുറുകെ വി.സി.ബിയും ട്രാക്ടർവേയും നിർമ്മിക്കൽ, ചെങ്കള ഗ്രാമ പഞ്ചായത്തിൽ ആലമ്പാടിയിൽ വി.സി.ബിയും ട്രാക്ടർവേയും നിർമ്മിക്കൽ, പള്ളിക്കര ഗ്രാമ പഞ്ചായത്തിൽ കൊട്ടപ്പാറ തോടിന് കുറുകെ വി.സി.ബി നിർമ്മാണം, ഉദുമ ഗ്രാമ പഞ്ചായത്തിൽ തെക്കേക്കരയിൽ വണ്ണാത്തിക്കാനം തോടിന് കുറുകെ വി.സി.ബിയും ട്രാക്ടർവേയും നിർമ്മിക്കൽ, കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിൽ ക്ലായിക്കോട് കിഴക്കേക്കര വയലിന് കുറുകെ വി.സി.ബി നിർമ്മാണം, മാടത്തിൽ താഴെ പ്രദേശത്ത് പാലക്കൊച്ചി-ആലന്തട്ട തോടിന് കുറുകെ വി.സി.ബി നിർമ്മാണം, മീഞ്ച ഗ്രാമ പഞ്ചായത്തിൽ തളക്കലക്കനയിൽ വി.സി.ബി നിർമ്മാണം എന്നിവ 2016-17 വർഷം വകുപ്പ് ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങളാണ്.

4. മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ്

നീർത്തടപദ്ധതികൾ

മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് 2016-17 വർഷം 1236 ഹെക്ടർ പ്രദേശത്ത് നീർത്തട പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. ബേഡഡുക്ക ഗ്രാമ പഞ്ചായത്തിലെ കൊല്ലരങ്കോട് (58 ഹെ.) വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിലെ പറമ്പ വാട്ടർഷെഡ്, അടുക്കളമ്പാടി (5 ഹെ), പനത്തടി, കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തുകളിലെ തിമ്മൻചാൽ വാട്ട്ർഷെഡ് (100 ഹെ), ബദിയടുക്ക ഗ്രാമ പഞ്ചായത്തിലെ പെർഡാല വാട്ടർഷെഡ് (54 ഹെ), ചെമ്മനാട് ഗ്രാമ പഞ്ചായത്തിലെ തായന്നൂർ വാട്ടർഷെഡ് (158 ഹെ), മുളിയാർ ഗ്രാമ പഞ്ചായത്തിലെ പാണൂർ വാട്ടർഷെഡ് (56 ഹെ), ബെള്ളൂർ, കുമ്പഡാജെ ഗ്രാമ പഞ്ചായത്തുകളിലെ കനകത്തൊടി വാട്ടർഷെഡ് (250 ഹെ), കിനാനൂർ-കരിന്തളം, ബളാൽ ഗ്രാമ പഞ്ചായത്തുകളിലെ കാറളം-മങ്കയം (250 ഹെ), പനത്തടി, കുറ്റിക്കോൽ, കള്ളാർ ഗ്രാമ പഞ്ചായത്തുകളിലെ കാപ്പുങ്കര വാട്ടർഷെഡ് (149 ഹെ), കിനാനൂർ-കരിന്തളം, ബളാൽ ഗ്രാമ പഞ്ചായത്തുകളിലെ ഏറാൻചിറ്റ വാട്ടർഷെഡ് (142 ഹെ), അജാന്നൂർ, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ അതിയാമ്പൂർ പാടശേഖര വികസനം (12 ഹെ.) എന്നിവയാണ് വകുപ്പ് നടപ്പിലാക്കിയ നീർത്തട പദ്ധതികൾ. പ്രസ്തുത പദ്ധതികൾക്കായി 354.5 ലക്ഷം രൂപ വകുപ്പ് 2016-17 വർഷം ചെലവഴിക്കുകയുണ്ടായി.

വിശദ മണ്ണുപര്യവേഷണം

മീഞ്ച, വോർക്കാടി ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ മണ്ണുപര്യവേഷണ പദ്ധതിയിൽ 2016-17 വർഷം 3.05 ലക്ഷം രൂപ വകയിരുത്തിയതിൽ 2.74 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. 3616 ഹെക്ടർ പ്രദേശത്ത് വകുപ്പ് മണ്ണ് പര്യവേഷണം നടത്തി.

മണ്ണ് പരിശോധന

മീഞ്ച, വോർക്കാടി ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കിയ മണ്ണു പരിശോധന പദ്ധതിയിൽ 2016-17 വർഷം 0.520 ലക്ഷം രൂപ വകയിരുത്തിയതിൽ 0.517 ലക്ഷം രൂപ ചെലവഴിച്ചു. മണ്ണ് പരിശോധനയ്ക്കായി 180 സാമ്പിളുകൾ ശേഖരിക്കുകയുണ്ടായി.

5. മൃഗസംരക്ഷണ വകുപ്പ്

മൃഗസംരക്ഷണ വികസനസമിതി

ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും മൃഗാശുപത്രികളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി രൂപീകരിച്ച മൃഗസംരക്ഷണ വികസന സമിതിയുടെ പ്രവർത്തനത്തിലൂടെ 0.63 ലക്ഷം രൂപ വകുപ്പ് 2016-17 വർഷം ചെലവഴിച്ചു.

വെറ്ററിനറി സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ

ജില്ലയിലെ 37 ഗ്രാമ പഞ്ചായത്തുകളിലേയും കാഞ്ഞങ്ങാട്, കാസറഗോഡ് നഗരസഭകളി ലെയും വെറ്ററിനറി സ്ഥാപനങ്ങളിൽ ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതിയിൽ വകുപ്പ് 2016-17 വർഷം 0.64 ലക്ഷം രൂപ ചെലവഴിച്ചു.

അടുക്കള മുറ്റത്ത് കോഴിവളർത്തൽ

ഒരു സ്കൂൾ കുട്ടിക്ക് 5 കോഴിയും 100 രൂപയുടെ തീറ്റയും നൽകുന്ന പദ്ധതിയാണിത്. അടുക്കള മുറ്റത്ത് മുട്ടക്കോഴി വളർത്തുന്നതിലൂടെ മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ജില്ലയിലെ 38 ഗ്രാമ പഞ്ചായത്തുകളിലും 3 നഗരസഭകളിലും നടപ്പിലാക്കിയ പദ്ധതിക്ക് 2016-17 വർഷം വകുപ്പ് വകയിരുത്തിയ 16.3125 ലക്ഷം രൂപയിൽ മുഴുവൻ തുകയും ചെലവഴിച്ചു.

റഗുലർ വിസിറ്റ് വിത്ത്, സൊസൈറ്റീസ് (കോംബ്രഹെൻസീവ് ഹെൽത്ത് കെയർ പ്രോഗ്രാം)

കോംബ്രഹെൻസീവ് ഹെൽത്ത് കെയർ പ്രോഗ്രാമിന്റെ ഭാഗമായി വന്ധ്യതാനിവാരണ ക്യാമ്പുകൾ നടത്തി വന്ധ്യത നിർണ്ണയിക്കുക എന്നതാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. 2016-17 വർഷം 35 ഗ്രാമ പഞ്ചായത്തുകളിലും 3 നഗരസഭകളിലും ഈ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇതിനായി നീക്കിവെച്ച 2.85 ലക്ഷം

രൂപ മുഴുവനായും വിനിയോഗിച്ചു.

ആടുവളർത്തൽ പദ്ധതി

ഒരു കർഷകന് 6 ആടുകളെ വളർത്താൻ നൽകുന്ന പദ്ധതിയാണിത്. ആടുകളുടെ വംശവർദ്ധനവും പാലുൽപ്പാദനവും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 2016-17 വർഷം 8.75 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ടിൽ തുക പൂർണ്ണമായും ചെലവഴിക്കുകയുണ്ടായി. 30 ഗ്രാമ പഞ്ചായത്തുകളിലും 3 നഗരസഭകളിലും ഈ പദ്ധതി നടപ്പിലാക്കി.

വരൾച്ച

കഠിനമായ ചൂട് കാരണം മരണപ്പെടുന്ന കന്നുകാലികളുടെ രക്ഷയ്ക്കായി ജീവൻരക്ഷാ മരുന്നുകൾ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. 2016-17 വർഷം ജില്ലയിലെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും ഈ പദ്ധതി നടപ്പിലാക്കി. പദ്ധതിയ്ക്കായി വകയിരുത്തിയ 2.00 ലക്ഷം രൂപ പൂർണ്ണമായി വിനിയോഗിച്ചു.

രാത്രികാല വെറ്ററിനറി സേവനം

കന്നുകാലികൾക്കുണ്ടാകുന്ന രാത്രികാല എമർജൻസി കൈകാര്യം ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. 2016-17 വർഷം മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത്, ബളാൽ ഗ്രാമപഞ്ചായത്ത്, കാഞ്ഞങ്ങാട് നഗരസഭ എന്നിവടങ്ങളിൽ നടപ്പിലാക്കിയ പദ്ധതിയിൽ 10.65634 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

ഡക്ക് ഫാമിംഗ്

ഒരു യൂണിറ്റിൽ 10 താറാവുകളെ വളർത്തുവാൻ കൊടുക്കുന്ന പദ്ധതിയാണിത്. ഇറച്ചിയുടെയും മുട്ടയുടെയും വർദ്ധനവ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. തൃക്കരിപ്പൂർ, പടന്ന, പിലിക്കോട്, ഈസ്റ്റ് എളേരി, കയ്യൂർ-ചീമേനി, വലിയപറമ്പ, ബേഡഡുക്ക, പുല്ലൂർ-പെരിയ, കള്ളാർ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ 2016-17 വർഷം പദ്ധതി നടപ്പിലാക്കുകയും 0.746 ലക്ഷം രൂപ ചെലവഴിക്കുകയുമുണ്ടായി.

വെറ്ററിനറി ആമ്പുലേറ്ററി സർവ്വീസ്

മുൻകൂറായി പരസ്യപ്പെടുത്തി നിശ്ചിത സ്ഥലത്ത് വെറ്ററിനറി ആമ്പുലൻസിൽ മൃഗചികിത്സാ സേവനം ലഭ്യമാക്കുന്ന പദ്ധതിയാണിത്. 2016-17 വർഷം കാസറഗോഡ്നഗരസഭയിൽ നടപ്പിലാക്കിയ പദ്ധതിയിൽ 1.26 ലക്ഷം രൂപ ചെലവഴിച്ചു.

വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തൽ പരിശീലനം

കർഷകർക്ക് ആട് വളർത്തലിൽ പരിശീലനം നൽകുന്ന പദ്ധതി. 2016-17 വർഷം കാസറഗോഡ് നഗരസഭയിലെ 40 പേർക്ക് വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തലിൽ പരിശീലനം നൽകുകയും 1.05 ലക്ഷം രൂപ ചെലവഴിക്കുകയുമുണ്ടായി.

ഡെവലപ്മെന്റ് ഓഫ് മോഡൽ പഞ്ചായത്ത്

ഒരു ഗ്രമപഞ്ചായത്ത് കേന്ദ്രീകരിച്ച് മൃഗസംരക്ഷണ മേഖലയിൽ വികസനം കൊണ്ടു വരുന്ന പദ്ധതിയാണിത്. ജില്ലയിൽ മടിക്കൈ ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷം പദ്ധതി നടപ്പിലാക്കുകയും 5.125 ലക്ഷം രൂപ ചെലവഴിക്കുകയുമുണ്ടായി.

അനിമൽ വെൽഫെയർ ക്ലബ് ഇൻ സ്കൂൾ

സ്കൂൾ കുട്ടികൾക്ക് മൃഗസംരക്ഷണ മേഖലയെക്കുറിച്ച് താൽപ്പര്യം ഉണ്ടാക്കുവാനും അവരെ ഇതിലേക്ക് ആകർഷിക്കുവാനും നടത്തുന്ന ബോധവൽക്കരണ പരിപാടിക്കുള്ള പദ്ധതിയാണിത്. ബദിയടുക്ക, ബേഡഡുക്ക, മൊഗ്രാൽ-പുത്തൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ 2016-17 വർഷം നടപ്പിലാക്കിയ പദ്ധതിയ്ക്കായി 1.64 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

താലൂക്ക് ലെവൽ എന്റർപ്രിണർ മീറ്റ്

മൃഗസംരക്ഷണ മേഖലയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനായി കന്നുകാലി കർഷകർക്ക് താലൂക്ക് തലത്തിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. കാസറഗോഡ് നഗരസഭ, ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിൽ നടന്ന പരിശീലന പരിപാടിയ്ക്ക് 2016-17 വർഷം വകുപ്പ് 1.00 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

കന്നുകാലി ഫാം, ബദിയഡുക്ക

കാസറഗോഡ് കുള്ളൻ ബ്രീഡിന്റെ സംരക്ഷണത്തിനായി ബദിയടുക്കയിൽ നടത്തുന്ന കന്നുകാലി ഫാമിന്റെ പ്രവർത്തനത്തിനുള്ള പദ്ധതിയാണിത്. 2016-17 വർഷം വകുപ്പ് ഈ പദ്ധതിയ്ക്കായി 13.3871 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

ഇൻഫർട്ടിലിറ്റി മാനേജ്മെന്റ് പ്രോഗ്രാം

കന്നുകാലികൾക്കുള്ള വന്ധ്യതാനിവാരണം കേമ്പ് നടത്തി, വന്ധ്യത നിർണ്ണയിച്ച് തുടർ ക്യാമ്പുകളിലൂടെ പരിഹാരം കാണാനുള്ള പദ്ധതിയാണിത്. 2016-17 വർഷം ബളാൽ, അജാനൂർ, കോടോം-ബേളൂർ, തൃക്കരിപ്പൂർ, ഉദുമ, ബേഡഡുക്ക, ബദിയടുക്ക, മഞ്ചേശ്വരം, കാഞ്ഞങ്ങാട് നഗരസഭ, നീലേശ്വരം നഗരസഭ എന്നിവിടങ്ങളിൽ നടത്തിയ വന്ധ്യതാ നിവാരണ ക്യാമ്പിനായി വകുപ്പ് 1.00 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

6. ക്ഷീരവ്യവസായ വികസന വകുപ്പ്

ഗ്രാമീണ ക്ഷീരവ്യവസായ വികസനം

കർഷകവിജ്ഞാനവ്യാപന പരിപാടി, ക്ഷീരകർഷകർക്കുള്ള ധനസഹായം എന്നീ പ്രവർത്തനങ്ങൾക്കുള്ള പദ്ധതിയാണിത്. ജില്ലയിലെ 35 ഗ്രാമ പഞ്ചായത്തുകളിലും നീലേശ്വരം നഗരസഭയിലും 2016-17 വർഷം നടപ്പിലാക്കിയ പദ്ധതിയിൽ ക്ഷീര കർഷകർക്ക് ബോ

ധവൽക്കരണ ക്ലാസുകൾ നടത്തുകയും 45 ക്ഷീര കർഷകർക്ക് ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി വകുപ്പ് 9.48 ലക്ഷം രൂപ ചെലവഴിച്ചു.

കടക്കെണിയിലായ കർഷകർക്കുള്ള ധനസഹായ പദ്ധതി

കടക്കെണിയിലായ കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. 2016-17 വർഷം 19 ഗ്രാമ പഞ്ചായത്തുകളിലും കാഞ്ഞങ്ങാട്, നീലേശ്വരം നഗരസഭകളിലും നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ 100 കർഷകർക്ക് ധനസഹായം നൽകിയ വകയിൽ 17.90 ലക്ഷം രൂപ വകുപ്പ് ചെലവഴിക്കുകയുണ്ടായി.

ക്ഷീര സഹകരണസംഘങ്ങൾക്ക് ധനസഹായപദ്ധതി

ക്ഷീരസഹകരണസംഘങ്ങൾക്ക് ആവശ്യാധിഷ്ഠിത ധനസഹായം നൽകുന്ന പദ്ധതിയാണിത്. 2016-17 വർഷം 31 ഗ്രാമ പഞ്ചായത്തുകളിലും കാഞ്ഞങ്ങാട്, നീലേശ്വരം നഗരസഭകളിലും ക്ഷീരസംഘങ്ങൾക്ക് ധനസഹായം നൽകിയ ഇനത്തിൽ വകുപ്പ് 86.12440 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

തീറ്റപ്പുൽകൃഷി വികസന പദ്ധതി

തീറ്റപ്പുൽ കൃഷി വികസനം, അസോള ധനസഹായം, പുൽയന്ത്രം സബ്സിഡി എന്നീ പ്രവർത്തനങ്ങൾക്കുള്ള പദ്ധതിയിൽ 38 ഗ്രാമ പഞ്ചായത്തുകളിലും കാഞ്ഞങ്ങാട്, നീലേശ്വരം നഗരസഭകളിലുമായി 913 കർഷകർക്ക് 2016-17 വർഷം വകുപ്പ് സബ്സിഡിയിനത്തിൽ ധനസഹായം നൽകുകയും 25.950 ലക്ഷം രൂപ ചെലവഴിക്കുകയുമുണ്ടായി.

മിൽക്ക് ഷെഡ് വികസനം

ക്ഷീരകർഷകർക്ക് പശുയൂണിറ്റ്, കാലിത്തൊഴുത്ത്, മിൽക്കിംഗ് മെഷീൻ എന്നിവയ്ക്ക് ആവശ്യാധിഷ്ഠിത ധനസഹായം നൽകുന്ന പദ്ധതിയിൽ 270 കർഷകർക്ക് 2016-17 വർഷം വകുപ്പ് ധനസഹായം നൽകുകയും 172.06 ലക്ഷം രൂപ ചെലവഴിക്കുകയുമുണ്ടായി.

7. മൽസ്യബന്ധന വകുപ്പ്

ഭവനനിർമ്മാണം

അടിസ്ഥാനസൗകര്യവികസനത്തിനും മാനവശേഷി വികസനത്തിനുമായി മൽസ്യത്തൊഴിലാളികൾക്ക് ഭവന നിർമാണത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത് (19 ഗുണഭോക്താക്കൾ), വലിയപറമ്പ ഗ്രാമ പഞ്ചായത്ത് (8 ഗുണഭോക്താക്കൾ), ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് (5 ഗുണഭോക്താക്കൾ), അജാനൂർ ഗ്രാമപഞ്ചായത്ത് (29 ഗുണഭോക്താക്കൾ), പള്ളിക്കര ഗ്രാമ പഞ്ചായത്ത് (4 ഗുണഭോക്താക്കൾ), ഉദുമ ഗ്രാമ പഞ്ചായത്ത് (5 ഗുണഭോക്താക്കൾ), ചെമ്മനാട് ഗ്രാമ പഞ്ചായത്ത് (9 ഗുണഭോക്താക്കൾ), മൊഗ്രാൽ-പുത്തൂർ ഗ്രാമ പഞ്ചായത്ത് (ഒരു ഗുണഭോക്താവ്), കുമ്പള ഗ്രാമ പഞ്ചായത്ത് (18 ഗുണഭോക്താക്കൾ), മംഗൽപ്പാടി ഗ്രാമ പഞ്ചായത്ത് (3 ഗുണഭോക്താക്കൾ), മഞ്ചേശ്വരം ഗ്രാമ പഞ്ചായത്ത് (10 ഗുണഭോക്താക്കൾ), കാസറഗോഡ് നഗരസഭ (49 ഗുണഭോക്താക്കൾ), നീലേശ്വരം നഗരസഭ (25 ഗുണഭോക്താക്കൾ), കാഞ്ഞങ്ങാട് നഗരസഭ (13 ഗുണഭോക്താക്കൾ) എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതിയുടെ 188 ഗുണഭോക്താക്കൾക്കായി ഒരു ഗുണഭോക്താവിന് 2.00 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകുകയും 2016-17 വർഷം 396.00 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി

കോമ്പ്രഹെൻസിവ് ഭവനനിർമ്മാണം

ഭവന നിർമാണത്തിന് ധനസഹായം നൽകുന്ന ഈ പദ്ധതിയിൽ 10 ഗ്രാമ പഞ്ചായത്തുകളിലും 3 നഗരസഭകളിലുമായി 45 ഗുണഭോക്താക്കൾക്കായി വകുപ്പ് 2016-17 വർഷം 90 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

ഭവനപുനരുദ്ധാരണപദ്ധതി

ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്ന ഈ പദ്ധതിയിൽ 2016-17 ജില്ലയിലെ 10 ഗ്രാമ പഞ്ചായത്തുകളിലെയും 3 നഗരസഭകളിലെയും 91 ഗുണഭോക്താക്കൾക്ക് 50000 രൂപ വീതം ധനസഹായം നൽകി, 45.50 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

സാനിറ്റേഷൻ നിർമ്മാണ പദ്ധതി

മൽസ്യത്തൊഴിലാളി ഭവനങ്ങളിൽ സാനിറ്റേഷൻ നിർമാണത്തിന് ധനസഹായം നൽകുന്ന ഈ പദ്ധതിയിൽ 8 ഗ്രാമ പഞ്ചായത്തുകളിലും കാഞ്ഞങ്ങാട്, കാസറഗോഡ് നഗരസഭകളിലുമായി ഗുണഭോക്താവ് ഒന്നിന് 17500/- രൂപ നിരക്കിൽ 14 ഗുണഭോക്താക്കൾക്കായി 2016-17 വർഷം വകുപ്പ് 2.450 ലക്ഷം രൂപ ചെലവഴിച്ചു.

ദേശീയ സമ്പാദ്യ ആശ്വാസ പദ്ധതി

ദേശീയസമ്പാദ്യ ആശ്വാസപദ്ധതിയിൽ മത്സ്യബന്ധന വകുപ്പ് 2016-17 വർഷം 128.93 ലക്ഷം രൂപ ചെലവഴിച്ചു. തൃക്കരിപ്പൂർ (376 ഗു.ഭോ.) വലിയപറമ്പ് (284 ഗു.ഭോ) ചെറുവത്തൂർ (250 ഗു.ഭോ.) അജാനൂർ (732 ഗു.ഭോ), പള്ളിക്കര (820 ഗു.ഭോ), ഉദുമ (644 ഗു.ഭോ.), ചെമ്മനാട് (778 ഗു.ഭോ), മൊഗ്രാൽ-പുത്തൂർ (185 ഗു.ഭോ), കുമ്പള (601 ഗു.ഭോ), മംഗൽപ്പാടി (333 ഗു.ഭോ), മഞ്ചേശ്വരം (555 ഗു.ഭോ), നഗരസഭകളായ നീലേശ്വരം (509 ഗു.ഭോ), കാഞ്ഞങ്ങാട് (731 ഗു.ഭോ), കാസറഗോഡ് (2135 ഗു.ഭോ) എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്താക്കൾക്ക് 6 മാസത്തേക്ക് ദേശീയ സമ്പാദ്യ പദ്ധതിയിലേക്കുള്ള അടവ് അനുസരിച്ച് 1500/- രൂപ പ്രകാരം (6*250) ധനസഹായം നൽകുന്നതിന് 128.93 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

കേന്ദ്ര-സംസ്ഥാന പദ്ധതികൾ

വീടുകളിൽ കാര്യക്ഷമമായ ഊർജ്ജ സംരക്ഷണം നടപ്പിലാക്കുന്ന പദ്ധതി

വീട് പുനർ വൈദ്യുതീകരണം നടത്തുന്നതിന് ധനസഹായം നൽകുന്ന ഈ പദ്ധതിയിൽ 11 ഗ്രാമ പഞ്ചായത്തുകളിലും 3 നഗരസഭകളിലുമുള്ള 107 ഗുണഭോക്താക്കൾക്ക് 20000 രൂപ വീതം ധനസഹായം നൽകുന്നതിനായി 2016-17 വർഷം വകുപ്പ് 21.40 ലക്ഷം രൂപ ചെലവഴിച്ചു.

ലംപ്സംഗ്രാന്റ്

മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്ന പദ്ധതിയിൽ 2016-17 വർഷം 63.52 ലക്ഷം രൂപ വകുപ്പ് ചെലവഴിക്കുകയുണ്ടായി.

മത്സ്യത്തൊഴിലാളി കോളനി; വീട് നവീകരണം

മത്സ്യത്തൊഴിലാളി കോളനി വീട് നവീകരണത്തിനായി ധനസഹായം നൽകുന്ന പദ്ധതിയിൽ കാഞ്ഞങ്ങാട് നഗരസഭയിലെ 3 ഗുണഭോക്താക്കൾക്ക് 50000 രൂപ വീതം വകുപ്പ് നൽകി. മേൽ പദ്ധതിയ്ക്കായി 2016-17 വർഷം 1.50 ലക്ഷം ചെലവഴിച്ചു.

എൻ.എഫ്.ഡബ്ല്യു.എഫ് ഭവനനിർമ്മാണം

ദേശീയമത്സ്യത്തൊഴിലാളി ക്ഷേമനിധി ഫണ്ടിൽ നിന്ന് ഭവനനിർമാണത്തിന് ധനസഹായം നൽകുന്ന ഈ പദ്ധതിയിൽ 10 ഗ്രാമ പഞ്ചായത്തുകളിലെയും 3 നഗരസഭകളിലെയും 15 ഗുണഭോക്താക്കൾക്കായി 2.00 ലക്ഷം രൂപാ വീതം ആകെ 30.00 ലക്ഷം രൂപ 2016-17 വർഷം വകുപ്പ് ചെലവഴിച്ചു.

8. വനം, വന്യജീവിവകുപ്പ്

വനസംരക്ഷണം

ടൈപ്പ് 3 ക്വാട്ടേഴ്സ് നിർമാണം, കാറിൻസ് നിർമാണം എന്നീ പ്രവർത്തനങ്ങളാണ് പദ്ധതിയിലുള്ളത്. 2016-17 വർഷം വകുപ്പ് മേൽ പദ്ധതിയിൽ 45.00 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

നശിപ്പിക്കപ്പെട്ട വനങ്ങളുടെ പുനരുദ്ധാരണം

ഗുള്ളി പ്ലഗ്ഗിംഗ്, തീയിൽ നിന്നും വനങ്ങളെ സംരക്ഷിക്കൽ എന്നീ പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ നടപ്പിലാക്കി വരുന്നത്. 2016-17 വർഷം പ്രവർത്തനങ്ങൾക്കായി വകുപ്പ് 4.00 ലക്ഷം രൂപ വകയിരുത്തുകയും 3.97 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

കെട്ടിടനിർമാണം

ടൈപ്പ് 3 ക്വാട്ടേഴ്സ് നിർമാണം, വനപ്രദേശങ്ങളിൽ വിവിധ ഓഫീസ് നിർമാണം എന്നീ പ്രവർത്തനങ്ങൾക്ക് 2016-17 വർഷം വകുപ്പ് 17.2 ലക്ഷം രൂപ വകയിരുത്തുകയും 17.11 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

പ്രകൃതിസംരക്ഷണപദ്ധതി

പരപ്പ സ്റ്റഡി സെന്ററിൽ വച്ച് 8 പ്രവാശ്യം പ്രകൃതി സംരക്ഷണ ക്യാമ്പ് സംഘടിപ്പിക്കുന്ന തിനായി പദ്ധതിയിൽ 10.33 ലക്ഷം രൂപ 2016-17 വർഷം വകുപ്പ് ചെലവഴിക്കുകയുണ്ടായി.

വനസംരക്ഷണം

കാസറഗോഡ് നഗരസഭയിൽ മാംഗ്രോവ് പ്ലന്റേഷൻ, ഉദുമ ഗ്രാമ പഞ്ചായത്തിൽ മാംഗ്രോവ് വിത്തുൽപാദനം, നീലേശ്വരം നഗരസഭ, മൊഗ്രാൽ-പുത്തൂർ ഗ്രാമ പഞ്ചായത്ത് എന്നിവടങ്ങളിൽ കടലാമ സംരക്ഷണം, പനത്തടി, ബളാൽ ഗ്രാമ പഞ്ചായത്തുകളിൽ ഗുള്ളി പ്ലഗ്ഗിംഗ്, കാസറഗോഡ്, കാഞ്ഞങ്ങാട് റേഞ്ചിൽപ്പെട്ട വനപ്രദേശങ്ങളിൽ തീയിൽ നിന്നും വനങ്ങളെ സംരക്ഷിക്കൽ എന്നീ പ്രവർത്തനങ്ങൾക്കായി 2016-17 വർഷം വകുപ്പ് 40.50 ലക്ഷം രൂപ വകയിരുത്തുകയും അതിൽ 40.35 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

ആനകളുടെ സംരക്ഷണം

വന്യജീവികളെ തീയിൽ നിന്നും മറ്റും സംരക്ഷിക്കുന്നതിനുള്ള പദ്ധതിയിൽ കാസറഗോഡ്, കാഞ്ഞങ്ങാട് റേഞ്ചിൽപ്പെട്ട വനപ്രദേശങ്ങളിൽ വനം-വന്യജീവി വകുപ്പ് 2016-17 വർഷം പദ്ധതി നടപ്പിലാക്കുകയും 12.36 ലക്ഷം രൂപ ചെലവഴിക്കുയും ചെയ്തു.

മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള പദ്ധതി

വന്യജീവികളുടെ സംരക്ഷണത്തിന് ദ്രുതഗമനസേനയ്ക്ക് സഹായം നൽകുന്നതാണ് ഈ പദ്ധതി. കാസറഗോഡ്, കാഞ്ഞങ്ങാട് റേഞ്ചിൽപ്പെട്ട വനപ്രദേശങ്ങളിൽ 2016-17 വർഷം പദ്ധതി നടപ്പിലാക്കുകയും 18.00 ലക്ഷം രൂപ വകയിരുത്തിയതിൽ 16.51 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

വ്യവസായിക അസംസ്കൃത വസ്തുക്കളുടെ സംരക്ഷണം

വനപ്രദേശങ്ങൾ കേന്ദ്രീകരിച്ച് വ്യവസായിക അസംസ്കൃത വസ്തുക്കളുടെ പ്ലാന്റേഷൻ നിർമാണം നടത്തുന്നതിനുള്ള ഈ പദ്ധതി 2016-17 വർഷം കാസറഗോഡ്, കാഞ്ഞങ്ങാട് റേഞ്ചിൽപ്പെട്ട വനപ്രദേശങ്ങളിൽ നടപ്പിലാക്കുകയും 30.86 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

വൻമരത്തോട്ടങ്ങൾ

വനപ്രദേശങ്ങൾ കേന്ദ്രീകരിച്ച് വൻമരത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി 2016-17 വർഷം കാസറഗോഡ്, കാഞ്ഞങ്ങാട് റേഞ്ചിൽപ്പെട്ട വനപ്രദേശങ്ങളിൽ നടപ്പിലാക്കുകയും 36.48 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

കേന്ദ്ര-സംസ്ഥാന പദ്ധതികൾ

ഔഷധ സസ്യങ്ങളുടെ പരിപാലനം, വികസനം

വനപ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഔഷധസസ്യത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി, 2016-17 വർഷം കാസറഗോഡ്, കാഞ്ഞങ്ങാട് റേഞ്ചിൽപ്പെട്ട വനപ്രദേശങ്ങളിൽ നടപ്പിലാക്കുകയും 5.70 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

റോഡ് വികസനം

വനപ്രദേശങ്ങൾ കേന്ദ്രീകരിച്ച് റോഡ് വികസിപ്പിക്കുന്ന പദ്ധതി 2016-17 വർഷം കാസറഗോഡ്, കാഞ്ഞങ്ങാട് റേഞ്ചിൽപ്പെട്ട വനപ്രദേശങ്ങളിൽ നടപ്പിലാക്കുകയും 9.20 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

9. വ്യവസായ വകുപ്പ്

വ്യവസായ വകുപ്പ് 2016- 17 വർഷം വിവിധ പദ്ധതികളിലായി 500.17 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ഓണം എക്സിബിഷൻ (2.25 ലക്ഷം), വിഷു എക്സിബിഷൻ (2.00 ലക്ഷം), നെയ്ത്തു സംഘങ്ങൾക്കും തൊഴിലാളികൾക്കുമുള്ള എക്സിബിഷൻ ഗ്രാന്റ് (0.809 ലക്ഷം), കലാപരമായ കൈത്തറിക്ക് സംസ്ഥാന തലത്തിൽ സ്ഥാനം നേടിയതിനുള്ള കാഷ്പ്രൈസ് (0.20 ലക്ഷം), കൈത്തറിസംഘങ്ങൾക്കും തൊഴിലാളികൾക്കുമുള്ള പ്രോഡക്ട് ഡെവലപ്മെന്റ് അസിസ്റ്റൻസ് (2.76 ലക്ഷം), കൈത്തറി സംഘങ്ങൾക്കുള്ള പ്രൊഡക്ഷൻ ഇൻസെന്റീവ് (3.57 ലക്ഷം), കൈത്തറി സംഘങ്ങൾക്കും തൊഴിലാളികൾക്കുമുള്ള അംശദാന മിതവ്യയ പദ്ധതി (2.56 ലക്ഷം), കൈത്തറി സംഘങ്ങൾക്കും തൊഴിലാളികൾക്കുമുള്ള ഇൻകം സപ്പോർട്ട് സ്കിം (13.80 ലക്ഷം), സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയ്ക്കായി തറി റിപ്പയർ ചെയ്യുന്നതിനുള്ള അഡ്വാൻസ് (1.30 ലക്ഷം), സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിൽ ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർക്കുള്ള ചാർജ്ജ് അലവൻസ് (0.20 ലക്ഷം), സൗജന്യ സ്കൂൾ യൂണിഫോം നെയ്തതിനുള്ള വേതനം (10.20 ലക്ഷം), അനന്തപുരം വ്യവസായ വികസന പ്ലോട്ടിലേക്കുള്ള ഇന്റേണൽ റോഡ് നിർമ്മാണം (270 ലക്ഷം), വ്യവസായ സംരംഭങ്ങളുടെ പ്രോൽസാഹനത്തിനായുള്ള ധനസഹായം (185 ലക്ഷം), നവ വ്യവസായ സംരഭകർക്ക് സംരംഭകത്വ പരിശീലനം, ബോധവൽക്കരണ മേളകൾ, നിക്ഷേപക സംഗമം, വ്യവസായ പ്രദർശന മേള (5.48 ലക്ഷം) എന്നീ പ്രവർത്തനങ്ങൾ വകുപ്പ് ഏറ്റെടുത്ത് നടത്തി.

10. കയർ വികസനം

പ്രൊഡക്ഷൻ & മാർക്കറ്റിങ്ങ് ഇൻസെന്റീവ്

പടന്ന ഗ്രാമ പഞ്ചായത്ത് (0.25 ലക്ഷം), തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത് (1.32 ലക്ഷം), ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത് (0.58 ലക്ഷം) എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിൽ കയറുൽപ്പാദന ത്തിനും മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകുന്നതിനുമായി 2.15326/- ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

കയർ മേഖലയിൽ നിയന്ത്രിത യന്ത്രവൽക്കരണം- തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും

തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത് (1.71 ലക്ഷം), കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി (2.11 ലക്ഷം), ബളാൽ ഗ്രാമ പഞ്ചായത്ത് (2.3 ലക്ഷം), പടന്ന ഗ്രാമ പഞ്ചായത്ത് (0.95 ലക്ഷം), ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത് (0.84 ലക്ഷം), പുത്തിഗെ ഗ്രാമ പഞ്ചായത്ത് (5.54 ലക്ഷം), മൂളിയാർ ഗ്രാമ പഞ്ചായത്ത് (12.94 ലക്ഷം), വലിയപറമ്പ ഗ്രാമ പഞ്ചായത്ത് (9.22 ലക്ഷം), ചെങ്കള ഗ്രാമ പഞ്ചായത്ത് (17.27 ലക്ഷം) എന്നിവിടങ്ങളിലായി കയർ മേഖലയിൽ നിയന്ത്രിത യന്ത്രവൽക്കരണവും തൊണ്ടു സംഭരണവും എന്നീ ഇനങ്ങളിൽ 2016-17 വർഷം 52.99 ലക്ഷം രൂപ ചെലവഴിച്ചു.

11. കേരളാ ഖാദി & വില്ലേജ് ഇൻഡസ്ട്രീസ്

തേനീച്ച വളർത്തലിൽ പരിശീലനം

കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് മുഖേന ചീമേനി ഗ്രാമ പഞ്ചായത്തിൽ 20 പേർക്കും തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്തിൽ 20 പേർക്കും 2016-17 വർഷം തേനീച്ച വളർത്തലിൽ പരിശീലനം നൽകുകയുണ്ടായി. പദ്ധതിയുമായി ബന്ധപ്പെട്ട് 0.50 ലക്ഷം രൂപ ചെലവഴിച്ചു.

എന്റെ ഗ്രാമം പദ്ധതി

2016-17 വർഷം മാർജിൻ മണി നൽകി തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതിയിൽ തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത് (1 യൂണിറ്റ്), ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത് (4 യൂണിറ്റ്) മടിക്കൈ ഗ്രാമ പഞ്ചായത്ത് (1 യൂണിറ്റ്), കിനാനൂർ-കരിന്തളം ഗ്രാമ പഞ്ചായത് (1 യൂണിറ്റ്) അജാനൂർ ഗ്രാമ പഞ്ചായത്ത് (2 യൂണിറ്റ്) ഉദുമ ഗ്രാമ പഞ്ചായത്ത് (1 യൂണിറ്റ്) പനത്തടി ഗ്രാമ പഞ്ചായത്ത് (2 യൂണിറ്റ്), കോടോം-ബേളൂർ ഗ്രാമ പഞ്ചായത്ത് (1 യൂണിറ്റ്), പൈവളികെ ഗ്രാമ പഞ്ചായത്ത് (1 യൂണിറ്റ്) എന്നിവിടങ്ങളിലായി 15 തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും 30 പേർക്ക് തൊഴിൽ അവസരം സൃഷ്ടിക്കുകയും പദ്ധതിയുടെ ഭാഗമായി 9.97 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

12. കേരള വാട്ടർഅതോറിട്ടി

റൂറൽ & അർബൻ വാട്ടർ സപ്ലൈ സ്കീം.

ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിലെ മയ്യിച്ച കുടിവെള്ള പദ്ധതി, കൈതക്കാട് കുടിവെള്ള പദ്ധതി, അച്ചാംതുരുത്തി കുടിവെള്ള പദ്ധതി, കാടങ്കോട് കുടിവെള്ള പദ്ധതി, പള്ളിക്കര ഗ്രാമ പഞ്ചായത്തിലെ ബി.ആർ.ഡി.സി. കുടിവെള്ള പദ്ധതി, വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിലെ വെസ്റ്റ് എളേരി കുടിവെള്ള പദ്ധതി, വോർക്കാടി ഗ്രാമ പഞ്ചായത്തിലെ വോർക്കാടി കുടിവെള്ള പദ്ധതി, കുമ്പള ഗ്രാമപഞ്ചായത്തിലെ ബം

കേന്ദ്ര-സംസ്ഥാന പദ്ധതികൾ

ബ്രാണ-കോയിപ്പാടി കുടിവെള്ള പദ്ധതി, ഉജാർ-തിലക്നഗർ പട്ടികജാതി കോളനി കുടിവെള്ള പദ്ധതി, കാസറഗോഡ് നഗരസഭയിലെ കാസറഗോഡ് കുടിവെള്ള പദ്ധതി എന്നീ പദ്ധതികൾ 2016-17 വർഷം വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുകയുണ്ടായി.

13. ഭൂഗർഭജല വകുപ്പ്

ഭൂജല സംപോഷണവും, പരിപോഷണവും

പള്ളിക്കര, ചെമ്മനാട്, ബദിയടുക്ക, എൻമകജെ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ സ്കൂൾ കിണറുകൾ റീ-ചാർജ്ജ് ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. 2016-17 വർഷം 7.33 ലക്ഷം രൂപ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ചു.

വരൾച്ച-ദുരിതാശ്വാസപദ്ധതി

വരൾച്ച-ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി കൈപമ്പുകളുടെ അറ്റകുറ്റപ്പണി, കുഴൽ കിണറുകളുടെ അറ്റകുറ്റപ്പണി എന്നിവ വകുപ്പ് 2016-17 വർഷം നടത്തുകയുണ്ടായി. 29.96 ലക്ഷം രൂപ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ചു.

14. ആരോഗ്യ വകുപ്പ് (അലോപ്പതി)

ക്യാൻസർ കെയർ പ്രോഗ്രാം

ക്യാൻസർ അവെയർനസ് പ്രോഗ്രാമിന്റെ ഭാഗമായുള്ള ക്യാമ്പയിനും ക്യാൻസർ നിർണ്ണയ ക്യാമ്പും 2016-17 വർഷം ആരോഗ്യവകുപ്പ് ജില്ലയിലെ 19 ഗ്രാമ പഞ്ചായത്തുകളിലും 3 മുനിസിപ്പാലിറ്റികളിലും നടത്തുകയും പദ്ധതിയ്ക്കായി 6.48 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

ജീവിതശൈലീ രോഗനിയന്ത്രണം

ജീവിതശൈലീ രോഗ നിയന്ത്രണത്തിന്റെ ഭാഗമായി വർക്ക് ഷോപ്പ്, സ്ക്രീനിംഗ് ക്യാമ്പ്, കമ്മ്യൂണിറ്റി ആക്ഷൻ പ്രോഗ്രാം, കോട്പാ എന്നീ പ്രവർത്തനങ്ങൾ 2016-17 വർഷം ആരോഗ്യവകുപ്പ് ജില്ലയിലെ 8 ഗ്രാമ പഞ്ചായത്തുകളിലും 3 മുനിസിപ്പാലിറ്റികളിലും നടത്തുകയും പദ്ധതിയ്ക്കായി 13.07 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

ന്യൂട്രീഷൻ പ്രോഗ്രാം.- പോഷകാഹാര ഗവേഷണകേന്ദ്രം

2016-17 വർഷം മംഗൽപ്പാടി ഗ്രാമ പഞ്ചായത്ത്, നീലേശ്വരം നഗരസഭ എന്നിവിടങ്ങളിലെ എല്ലാ വാർഡുകളിൽ നിന്നും തെരഞ്ഞെടുത്ത 500 വീടുകളിൽ ഉൾപ്പെടുത്തി ജീവിത ശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട ഭക്ഷ്യവിവര സർവ്വേ നടത്തുകയും അതിന് 1.855 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

എമർജൻസി മെഡിക്കൽ കെയർ

ആരോഗ്യ വകുപ്പ് (അലോപ്പതി) 2016-17 വർഷം എമർജൻസി മെഡിക്കൽ കെയറുമായി ബന്ധപ്പെട്ട് ഡോക്ടർമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും പരിശീലനം നൽകുകയുണ്ടായി. മേൽ പദ്ധതിയിൽ 1.00 ലക്ഷം രൂപ ചെലവഴിച്ചു.

പി.എം.ആർ യൂണിറ്റ്

ആശുപത്രിയിലെ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ യൂണിറ്റ് ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള പദ്ധതിയാണിത്. 2016-17 വർഷം പദ്ധതിക്കായി വകുപ്പ് 2.00 ലക്ഷം രൂപ ചെലവഴിച്ചു.

പകർച്ച വ്യാധി രോഗ നിയന്ത്രണം

പകർച്ചവ്യാധി-രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ആന്റി മലേറിയാ മാസാചരണം, കൊതുകുജന്യരോഗ നിയന്ത്രണം, ജലജന്യരോഗനിയന്ത്രണം, കുഷ്ഠരോഗ നിയന്ത്രണം എന്നിവയിൽ ജില്ലയിലെ മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും 2016-17 വർഷം വകുപ്പ് വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുകയുണ്ടായി. ഇതിനായി 24.58 ലക്ഷം രൂപ ചെലവഴിച്ചു.

15. ആരോഗ്യവകുപ്പ് (ഹോമിയോപ്പതി)

ഹോമിയോപ്പതി വകുപ്പിന്റെ നിലവാരവൽക്കരണവും ആധുനികവൽക്കരണവും

ജില്ലയിലെ വിവിധ ഹോമിയോ ഡിസ്പെൻസറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി കമ്പ്യൂട്ടർഅനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുവേണ്ടി വകുപ്പ് 2016-17 വർഷം ഏറ്റെടുത്ത പ്രോജക്ടിൽ 15.87 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

ഹോമിയോപ്പതിയിൽ ആരോഗ്യ പരിപാലനവും പ്രത്യേക ചികിൽസാ കേന്ദ്രങ്ങളും

സാംക്രമികരോഗപ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഹോമിയോ ഡിസ്പെൻസറികളിലും ആശുപത്രികളിലും നടപ്പിലാക്കിയ മേൽ പദ്ധതിയിൽ 2016-17 വർഷം വകുപ്പ് 33.04 ലക്ഷം രൂപ ചെലവഴിച്ചു.

16. ആരോഗ്യവകുപ്പ് (ആയുർവേദം)

ബാലമുകുളം പദ്ധതി

സ്കൂൾ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി മടിക്കൈ, മുളിയാർ, ബെള്ളൂർ, ചെമ്മനാട്, മൊഗ്രാൽ-പുത്തൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ വകുപ്പ് 2016-17 വർഷം വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുകയുണ്ടായി. മേൽ പദ്ധതിയിൽ 2.00 ലക്ഷം രൂപ ചെലവഴിക്കുകയും പദ്ധതികൊണ്ട് കുട്ടികളിലെ ആരോഗ്യനില മെച്ചപ്പെടുത്തുവാൻ സാധിക്കുകയും ചെയ്തു.

കേന്ദ്ര-സംസ്ഥാന പദ്ധതികൾ

പ്രസാദം പദ്ധതി

സ്കൂൾ കുട്ടികളിലെ അനീമിയ പരിഹരിക്കുന്നതിന് കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്ത്, തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിൽ നടപ്പിലാക്കിയ പ്രസാദം പദ്ധതിയിൽ 2016-17 വർഷം 6.64 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

ഗ്രാമീണ ആയുർവേദ ഡിസ്പെൻസറികളെ ശക്തിപ്പെടുത്തലും മെച്ചപ്പെടുത്തലും

ചെമ്മനാട്, കിനാനൂർ-കരിന്തളം, ബെള്ളൂർ, കുമ്പഡാജെ, ചെങ്കള, ഉദുമ, ബളാൽ, വെസ്റ്റ് എളേരി എന്നീ ഗ്രാമ പഞ്ചായത്തുകളിലെ ഗ്രാമീണ ആയുർവേദ ഡിസ്പെൻസറികളുടെ നിലവാരം ഉയർത്തുന്നതിനുവേണ്ടി നടപ്പിലാക്കിയ പദ്ധതിയിൽ 2016-17 വർഷം വകുപ്പ് 8.85 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. പദ്ധതിയിലൂടെ രോഗികൾക്ക് മെച്ചപ്പെട്ട ചികിൽസ നൽകുവാൻ കഴിഞ്ഞു.

കൗമാരഭൃത്യം പദ്ധതി

കുട്ടികളുടെ ശാരീരിക മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി 2016-17 വർഷം വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതിയിൽ 4.75 ലക്ഷം രൂപ ചെലവഴിക്കപ്പെടുകയുണ്ടായി.

ആയുഷ് പദ്ധതി

ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടി വകുപ്പ് നടപ്പിലാക്കിയ മേൽ പദ്ധതിയിൽ 2016-17 വർഷം 9.00 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ജീവിതശൈലീ രോഗങ്ങൾമൂലം ദുരിതമനുഭവിക്കുന്ന രോഗികൾക്ക് മെച്ചപ്പെട്ട ചികിൽസ നൽകുന്നതിന് പദ്ധതിയിലൂടെ സാധിച്ചു.

സിദ്ധ യൂണിറ്റ്

സിദ്ധ ചികിൽസാ രീതിയെക്കുറിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനും അതുവഴി അവരുടെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനും വേണ്ടി ആരോഗ്യ വകുപ്പ് നടപ്പാക്കിയ പദ്ധതിയിൽ 2016-17 വർഷം 4.00 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

സ്നേഹധാരാ യൂണിറ്റ്

അവശത അനുഭവിക്കുന്ന രോഗികൾക്ക് അവരുടെ വീടുകളിൽച്ചെന്ന് ചികിൽസ നൽകുന്നതിനുവേണ്ടി ആരോഗ്യ വകുപ്പ് ഏറ്റെടുത്ത് നടത്തിയ പദ്ധതിയിൽ 2016-17 വർഷം 9.00 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. കിടപ്പിലായ രോഗികൾക്ക് മെച്ചപ്പെട്ട ചികിൽസ നൽകുന്നതിനും ആവശ്യമായ പരിചരണം നൽകുന്നതിനും പദ്ധതിയിലൂടെ സാധിച്ചു.

പകർച്ചവ്യാധി പ്രതിരോധം

പകർച്ചവ്യാധി നിയന്ത്രണത്തിനും ബോധവൽക്കരണത്തിനുമുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് 2016-17 വർഷം നടത്തിയ പദ്ധതിയിൽ 0.5 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. പകർച്ചവ്യാധി തടയുന്നതിന് ജനങ്ങളെ കൂടുതൽ ബോധവാൻമാരാക്കുന്നതിന് പദ്ധതിയിലൂടെ സാധിച്ചു.

17. ശുചിത്വ മിഷൻ

ജില്ലയിൽ ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം എന്നീ മേഖലകളിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണം, പൊതു ശുചിത്വ സമുച്ചയങ്ങൾ, മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ശില്പശാലകൾ, ഹരിതകേരളം പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി ശുചിത്വ മിഷൻ 2016-17 വർഷം 1148.98 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

18. സഹകരണ വകുപ്പ്

സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനുള്ള ധനസഹായം

ജില്ലയിലെ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഇതിൽ വനിതാ സഹകരണ സംഘങ്ങൾ, എസ്.സി/എസ്.ടി സഹകരണ സംഘങ്ങൾ, നീതി സ്റ്റോറുകൾ, പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിലെ കർഷക സേവന കേന്ദ്രങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, ആശുപത്രി സഹകരണ സംഘങ്ങൾ എന്നിവ യ്ക്കായി 2016-17 വർഷം ധനസഹായ ഇനത്തിൽ 480.10 ലക്ഷം രൂപ ചെലവഴിച്ചു.

19. വിദ്യാഭ്യാസ വകുപ്പ്

വിദ്യാഭ്യാസവകുപ്പിലെ ഓഫീസുകളുടെ ആധുനികവൽക്കരണം

വിദ്യാഭ്യാസ വകുപ്പിലെ ഓഫീസുകളിലെ ആധുനികവൽക്കരണം എന്ന പദ്ധതിയിൽ 2016-17 വർഷം ഓഫീസ് മോഡേണൈസേഷൻ, ബെസ്റ്റ് പി.ടി.എ അവാർഡ് എന്നീ പ്രവർത്തനങ്ങൾ നടത്തിയ ഇനത്തിൽ 13.92 ലക്ഷം രൂപ ചെലവഴിച്ചു.

അക്കാഡമിക് എക്സലൻസ്

അക്കാഡമിക് എക്സലൻസ് പദ്ധതിയിൽ വിദ്യാഭ്യാസ വകുപ്പ് 2016-17 വർഷം ഇ-ഓഫീസ് ട്രെയിനിംഗ്, കപ്പാസിറ്റിബിൽഡിംഗ് ട്രെയിനിംഗ്, ക്ലാസ്സുകളുടെ നടത്തിപ്പിന് ധനസഹായം, ഗവ. അന്ധവിദ്യാലയത്തിന്റെ കെട്ടിട നിർമ്മാണം, സംസ്കൃത വിദ്യാഭ്യാസത്തിന്റെ പുരോഗതിയ്ക്കായുള്ള പ്രവർത്തനങ്ങൾ, സ്കൂളുകളിൽ സയൻസ്, സോഷ്യൽ സയൻസ്, മാത്തമാറ്റിക്സ് പ്രോഗ്രാമുകൾക്ക് ധനസഹായം, ട്രെയിനിംഗ് സ്കൂൾ കെട്ടിട നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുകയുണ്ടായി. പദ്ധതിയ്ക്കായി നീക്കിവെച്ച 125.875 ലക്ഷം രൂപയിൽ 100.53 ലക്ഷം രൂപ ചെലവഴിച്ചു.

കേന്ദ്ര-സംസ്ഥാന പദ്ധതികൾ

വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ

സ്കൂൾ വിദ്യാർത്ഥികളുടെ വർക്ക് എക്സ്പീരിയൻസ് പ്രോഗ്രാമിന് ആവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ, ഗെയിംസ് ആർട്ടിക്കിൾസ് തുടങ്ങിയവ വാങ്ങുന്നതിനുള്ള പദ്ധതിയാണിത്. എം.ജി.എൽ.സിയിലെ അദ്ധ്യാപകർക്കുള്ള ഹോണറേറിയവും അലവൻസും ഈ പദ്ധതിയിലൂടെ നൽകി വരുന്നു. 2016-17 വർഷം വിദ്യാഭ്യാസ വകുപ്പ് മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 90.44 ലക്ഷം രൂപ ചെലവഴിച്ചു.

സബ്ജില്ലാ കായിക മേളകൾ

സബ്ജില്ലാ കായിക മേളകൾ നടത്തുന്നതിനായി വിദ്യാഭ്യാസ വകുപ്പ് 2016-17 വർഷം 0.802 ലക്ഷം രൂപ ചെലവഴിച്ചു.

സർവ്വശിക്ഷാ അഭിയാൻ

സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിൽ 2016-17 വർഷം 103829 കുട്ടികൾക്ക് സൗജന്യ പാഠപുസ്തകവും 56879 കുട്ടികൾക്ക് സൗജന്യ യൂണിഫോമും വിതരണം ചെയ്തു. കൂടാതെ 5435 അദ്ധ്യാപർക്ക് പരിശീലനം നൽകി. 517 സ്കൂളുകൾക്ക് സ്കൂൾ ഗ്രാന്റ് 301 സ്കൂളുകൾക്ക് മെയിന്റനൻസ് ഗ്രാന്റ് എന്നിവ വിതരണം ചെയ്തു. 1501 കുട്ടികൾക്ക് ഐ.ഇ.ഡി. ഉപകരണങ്ങൾ നൽകി. 1776 പേർക്ക് എസ്.എം.സി. പരിശീലനം നൽകി. 39 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. കൂടാതെ നൂതനാശയ പ്രവർത്തനങ്ങൾ, പഠന പരിപോഷണ പരിപാടികൾ, രാഷ്ട്രീയ ആവിഷ്ക്കാർ പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കി മേൽ പദ്ധതികൾക്കായി 1573.71 ലക്ഷം രൂപ ചെലവഴിച്ചു.

20. പൊതുമരാമത്ത് റോഡ്സ് വിഭാഗം

2016-17 വർഷം പൊതുമരാമത്ത് റോഡ്സ് വിഭാഗം ജില്ലയിൽ 20 റോഡുകളുടെ പ്രവർത്തികൾ ഏറ്റെടുത്തു നടപ്പിലാക്കി. മേൽ പദ്ധതികൾക്കായി 4333.68 ലക്ഷം രൂപ ചെലവഴിച്ചു.

21. തുറമുഖ വകുപ്പ്

മഞ്ചേശ്വരം മൽസ്യബന്ധനതുറമുഖം

മഞ്ചേശ്വരം മൽസ്യബന്ധന തുറമുഖനിർമ്മാണത്തിന്റെ ഭാഗമായി ബ്രേക്ക് വാട്ടർ നിർമ്മാണം 90 ശതമാനവും റിക്ലമേഷൻ ബണ്ട്, കവേർഡ് ലോഡിംഗ് ഏരിയ എന്നിവയുടെ പ്രവർത്തി 50 ശതമാനവും പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതിക്കു 1886.85 ലക്ഷം രൂപ ചെലവഴിച്ചു.

ചെറുവത്തൂർ മൽസ്യബന്ധന തുറമുഖം

ചെറുവത്തൂർ മൽസ്യബന്ധന തുറമുഖത്തിന്റെ പൂർത്തീകരണത്തിനായി 2016-17 വർഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 232.41 ലക്ഷം രൂപ ചെലവഴിച്ചു.

22. പട്ടികജാതി വികസന വകുപ്പ്

ഭൂരഹിതർക്ക് ഭൂമി

പട്ടികജാതിക്കാരായ ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതിയിൽ കാറഡുക്ക ബ്ലോക്കിൽ 29, മഞ്ചേശ്വരം ബ്ലോക്കിൽ 38, കാഞ്ഞങ്ങാട് ബ്ലോക്കിൽ 19, നീലേശ്വരം ബ്ലോക്കിൽ 38, കാസറഗോഡ് ബ്ലോക്കിൽ 61 പരപ്പ ബ്ലോക്കിൽ 5 എന്നിങ്ങനെ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനായി പട്ടികജാതി വികസന വകുപ്പ് 2016-17 വർഷം 694.50 ലക്ഷം രൂപ ചെലവഴിച്ചു.

ഭവനരഹിതർക്ക് ഭവനം

2016-17 വർഷം പട്ടികജാതിക്കാരിലെ ഭവന രഹിതർക്ക് ഭവനം നൽകുന്ന പദ്ധതിയിൽ ജില്ലയ്ക്ക് അനുവദിച്ച 472.058 ലക്ഷം രൂപയിൽ 471.90 ലക്ഷം രൂപ പട്ടികജാതി വികസന വകുപ്പ് ചെലവഴിക്കുകയും 262 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ഗുണഫലങ്ങൾ ലഭിക്കുകയുമുണ്ടായി.

വിവാഹധനസഹായം

2016-17 വർഷം പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം നൽകുന്ന ഇനത്തിൽ 118 പേർക്ക് വിവാഹ ധനസഹായമായി പട്ടികജാതി വികസന വകുപ്പ് 108.90 ലക്ഷം രൂപ ചെലവഴിച്ചു.

സ്വയംതൊഴിൽ ധനസഹായപദ്ധതി

സ്വയംതൊഴിൽ ധനസഹായ പദ്ധതിയിൽ പട്ടികജാതി വികസന വകുപ്പ് 2016-17 വർഷം 21 ഗുണഭോക്താക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ബാങ്ക് ലോൺ സബ്സിഡിയായി 15.86 ലക്ഷം രൂപ അനുവദിച്ചു.

ചികിൽസാ ധനസഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിൽസാ ധനസഹായം നൽകുന്ന പദ്ധതിയിൽ 2016-17 വർഷം പട്ടികജാതി വികസന വകുപ്പ് 620 ഗുണഭോക്താക്കൾക്കായി 84.09 ലക്ഷം രൂപ ചെലവഴിച്ചു.

വിദേശ തൊഴിൽപദ്ധതി

വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതിക്കാർക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ 2016-17 വർഷം പട്ടികജാതി വികസന വകുപ്പ് 5 പേർക്കായി 1.50 ലക്ഷം രൂപ ചെലവഴിച്ചു.

പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം

പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം പദ്ധതിയിൽ 2016-17 വർഷം വിവിധ പരിപാടികൾ നടപ്പിലാക്കി. ബുക്ക് ബാങ്ക് പദ്ധതി, ഗവ.പ്രീ-മെട്രിക് & പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം വിവിധ കോഴ്സുകളുമായി ബന്ധപ്പെട്ട ചെലവുകൾ, പ്രീ-മെട്രിക് - പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ നൽകൽ, പഠനത്തിൽ പിന്നോക്കം നിൽക്കു

ന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന പഠനയാത്രയുടെ ചെലവുകൾ, എം.ബി.ബി.എസ് സ്റ്റെതസ്കോപ്പ് നൽകൽ, പ്രൈമറി, പ്രീ-സെക്കൻഡറി ക്ലാസുകളിലെ വിദ്യാർത്ഥികൾക്കുള്ള ധനസഹായം, നേഴ്സറി സ്കൂൾ പ്രവർത്തനത്തിന്റെ ചെലവുകൾ, മെഡി/എഞ്ചിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വേണ്ട പ്രാരംഭച്ചെലവുകൾ, പട്ടികജാതി വിദ്യാർത്ഥികൾക്ക് മെഡി/എഞ്ചിനീയറിംഗ് കോച്ചിംഗിനുള്ള സാമ്പത്തിക സഹായം, ഹൈസ്കൂളുകളിലെയും അപ്പർ പ്രൈമറി ക്ലാസുകളിലെ പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് കണക്ക്, സയൻസ്, ഇംഗ്ലീഷ്, ഹിന്ദി, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ ട്യൂഷൻ നൽകൽ എന്നീ പ്രവർത്തനങ്ങൾക്കായി പട്ടികജാതി വികസന വകുപ്പ്, 2016-17 വർഷം 241.24 ലക്ഷം ചെലവഴിച്ചു.

23. പട്ടികവർഗ്ഗ വികസനവകുപ്പ്

ചികിൽസാ ധനസഹായം

പട്ടികവർഗ്ഗക്കാർക്കുള്ള ചികിൽസാ ധനസഹായം പദ്ധതിയിൽ 30 ഗ്രാമ പഞ്ചായത്തുകളിലും കാസറഗോഡ്, കാഞ്ഞങ്ങാട് നഗരസഭകളിലുമായി 2016-17 വർഷം 40.00 ലക്ഷം രൂപ ചെലവഴിക്കുകയും 848 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ഗുണം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

കോർപ്പസ് ഫണ്ട്

കോർപ്പസ് ഫണ്ടിൽ 2016-17 വർഷം കാറഡുക്ക, ബളാൽ, ദേലംപാടി, പുല്ലൂർ-പെരിയ, കിനാനൂർ-കരിന്തളം, കോടോം-ബേളൂർ, വെസ്റ്റ് എളേരി, ചെങ്കള, ബേഡഡുക്ക, കുറ്റിക്കോൽ മഞ്ചേശ്വരം, എന്നീ ഗ്രാമ പഞ്ചായത്തുകളിൽ വിവിധ പദ്ധതികൾക്കായി 108.86 ലക്ഷം രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് ചെലവഴിച്ചു.

ജനനീ-ജൻമരക്ഷ

ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരത്തിനായി 18 മാസത്തേയ്ക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതിയിൽ 2016-17 വർഷം വകുപ്പ് 95.00 ലക്ഷം രൂപ ചെലവഴിച്ചു. 2594 ഗർഭിണികൾക്ക് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിച്ചു.

ഭൂരഹിത പട്ടികവർഗ്ഗപദ്ധതി

ഭൂരഹിത ഭവന രഹിതർക്കായുള്ള ഭൂമി വാങ്ങൽ പദ്ധതിയിൽ പനത്തടി (69. ഗു.ഭോ), കള്ളാർ (6 ഗു.ഭോ), ബളാൽ (14 ഗു.ഭോ), കോടോം-ബേളൂർ (1 ഗു.ഭോ.), കിനാനൂർ-കരിന്തളം (1 ഗു.ഭോ), മടിക്കൈ (1 ഗു.ഭോ) ഗ്രാമ പഞ്ചായത്തുകളിലായി ആകെ 93 ഗുണഭോക്താക്കൾക്ക് 2016-17 വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഭൂമി വാങ്ങി നൽകുകയും പദ്ധതിയ്ക്കായി 835.97 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

കോർപ്പസ് ഫണ്ട്-ഭവന റിപ്പയർ

ഭവനറിപ്പയറിംഗിനായുള്ള കോർപ്പസ് ഫണ്ട് പദ്ധതിയിൽ ബളാൽ (32 ഗു.ഭോ), കോടോം-ബേളൂർ (8 ഗു.ഭോ), മംഗൽപ്പാടി (1 ഗു.ഭോ), വോർക്കാടി (1 ഗു.ഭോ), ബദിയടുക്ക (8 ഗു.ഭോ), ബെള്ളൂർ (3 ഗു.ഭോ), കുമ്പഡാജെ(3 ഗു.ഭോ), ദേലംപാടി (13 ഗു.ഭോ), കുറ്റിക്കോൽ (1 ഗു.ഭോ), ചെങ്കള (1 ഗു.ഭോ) എന്നീ ഗ്രാമ പഞ്ചായത്തുകളിലായി 96 ഗുണഭോക്താക്കൾക്ക് 2016-17 വർഷം പട്ടിക വർഗ്ഗവികസന വകുപ്പ് മുഖേന വീട് റിപ്പയർ ചെയ്തു കൊടുക്കുകയും പദ്ധതിയ്ക്കായി 80.8 ലക്ഷം ചെലവഴിക്കുകയും ചെയ്തു.

ഗോത്രസാരഥി

പട്ടികവർഗ്ഗ വിദ്യാർത്ഥികളെ യഥാസമയം സ്കൂളിലെത്തിക്കുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയിൽ കുറ്റിക്കോൽ (124 കുട്ടികൾ), കള്ളാർ (131 കുട്ടികൾ), പൈവളികെ (99 കുട്ടികൾ), കാറഡുക്ക (14കുട്ടികൾ), എൻമകജെ (49 കുട്ടികൾ), ബളാൽ (126 കുട്ടികൾ), പനത്തടി (34 കുട്ടികൾ), കോടോം-ബേളൂർ (29 കുട്ടികൾ), ഈസ്റ്റ് എളേരി (34 കുട്ടികൾ), വെസ്റ്റ് എളേരി (41 കുട്ടികൾ) എന്നീ ഗ്രാമ പഞ്ചായത്തുകളിലെ 681 കുട്ടികൾക്കായി 2016-17 വർഷം 32.41 ലക്ഷം രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് ചെലവഴിച്ചു.

ട്യൂട്ടോറിയൽ ഗ്രാന്റ്

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയൽ ഗ്രാന്റ് നൽകുന്ന പദ്ധതിയിൽ കിനാനൂർ- കരിന്തളം (7 കുട്ടികൾ), ബദിയടുക്ക (3 കുട്ടികൾ), കള്ളാർ (1 കുട്ടി), ചെങ്കള (1 കുട്ടി), പുല്ലൂർ-പെരിയ (2 കുട്ടികൾ), മടിക്കൈ (3 കുട്ടികൾ), ബളാൽ (1 കുട്ടികൾ), പനത്തടി (43 കുട്ടികൾ), കോടോം-ബേളൂർ (1 കുട്ടി), കുറ്റിക്കോൽ (1 കുട്ടികൾ), കാഞ്ഞങ്ങാട് നഗരസഭ (1 കുട്ടി) എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിലെ 68 കുട്ടികൾക്കായി 2016-17 വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് 1.31 ലക്ഷം രൂപ ചെലവഴിച്ചു.

പഠന-വിനോദയാത്ര

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പഠന-വിനോദയാത്രാ പദ്ധതിയിൽ ജില്ലയിലെ 16 ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ള 250 വിദ്യാർത്ഥികൾക്ക് 2016-17 വർഷം ധനസഹായം നൽകുകയുണ്ടായി. ഇതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് 9.11 ലക്ഷം രൂപ ചെലവഴിച്ചു.

സ്പെഷൽ ഇൻസെന്റീവ് ടു ബ്രില്യന്റ് സ്റ്റുഡന്റ്സ്

എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി, പി.ജി പരീക്ഷകളിൽ ഉയർന്ന മാർക്ക്/ഗ്രേഡ് കരസ്ഥമാക്കിയ ജില്ലയിലെ വിവിധ സ്ഥാപനങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റിന്റെ അടിസ്ഥാനത്തിൽ പ്രോൽസാഹനം നൽകുന്ന പദ്ധതിയാണിത്. 2016-17 വർഷം 1092 കുട്ടികൾക്ക് പ്രോൽസാഹന സഹായം നൽകിയ വക

യിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 30.085 ലക്ഷം രൂപ ചെലവഴിച്ചു.

24. സാമൂഹ്യനീതി വകുപ്പ്

വനിതാ വികസന പദ്ധതി

വനിത, ഗൃഹനാഥയായവരുടെ മക്കൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും വിധവാ പുനർ വിവാഹത്തിനുമുള്ള പദ്ധതിയാണിത്. 2016-17 വർഷം ജില്ലയിലെ 38 ഗ്രാമ പഞ്ചായത്തുകളിലും 3 നഗരസഭകളിലുമായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 18.66 ലക്ഷം രൂപ ചെലവഴിച്ചു.

സൈക്കോ സോഷ്യൽ റീ-ഹാബിലിറ്റേഷൻ

മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിന് വേണ്ടിയുള്ള പദ്ധതിയാ ണിത്. മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന റീ-ഹാബിലിറ്റേഷൻ സെന്ററിലെ 129 അന്തേവാസികളുടെ താമസം, ഭക്ഷണം മറ്റു ചെലവുകൾ എന്നിവയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് 2016-17 വർഷം 14.94 ലക്ഷം രൂപ ചെലവഴിച്ചു.

ഔവ്വർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ

സമൂഹത്തിൽ വിവിധ കാരണങ്ങളാൽ ഒറ്റപ്പെടുന്ന കുട്ടികളെ കണ്ടെത്തി അവരുടെ ക്ഷേമം ഉറപ്പാക്കുന്ന പദ്ധതിയാണിത്. പദ്ധതിപ്രകാരം സിവിൽ സ്റ്റേഷനിലെ ഓ.ആർ.സി. സെന്റർ നവീകരിക്കുന്നതിനും വിദ്യാലയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനുമായി 2016-17 വർഷം സാമൂഹ്യനീതി വകുപ്പ് 10.85 ലക്ഷം രൂപ ചെലവഴിച്ചു.

ജീവനക്കാർക്കുള്ള പരിശീലനം

ജില്ലയിലെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള വിവിധജീവനക്കാർക്ക് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചും സർവ്വീസ് സംബന്ധമായ കാര്യങ്ങളെക്കുറിച്ചും അവബോധമുണ്ടാക്കുന്നതിനോടൊപ്പം പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുള്ള പദ്ധതിയിൽ 2016-17 വർഷം 1.6 ലക്ഷം രൂപ ചെലവഴിച്ചു.

സാമൂഹ്യ സുരക്ഷാ പദ്ധതി

ഗാർഹിക അതിക്രമത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ജില്ലയിലെ 18 ഗ്രാമ പഞ്ചായത്തുകളിലും 2 നഗരസഭകളിലുമായി ഗാർഹിക അതിക്രമത്തിന് ഇരയായവർക്ക് ധനസഹായം നൽകിയ വകയിൽ 2016-17 വർഷം സാമൂഹ്യനീതി വകുപ്പ് 15.275 ലക്ഷം രൂപ ചെലവഴിച്ചു.

സൈക്കോ-സോഷ്യൽ സർവ്വീസ് പദ്ധതി.

കൗമാരക്കാരായ കുട്ടികൾക്ക് കൗൺസിലിംഗ് നൽകുന്ന കൗൺസലർമാർക്ക് ഹോണറേറിയം നൽകുന്ന പദ്ധതിയാണിത്. ജില്ലയിലെ 38 ഗ്രാമ പഞ്ചായത്തുകളിലും നീലേശ്വരം നഗരസഭയിലും നടപ്പിലാക്കിയ ഈ പദ്ധതിയ്ക്കായി സാമൂഹ്യനീതി വകുപ്പ് 2016-17 വർഷം 41.12 ലക്ഷം രൂപ ചെലവഴിച്ചു.

കാസറഗോഡ് വികസന പാക്കേജ്

ജില്ലയുടെ വികസന പിന്നോക്കാവസ്ഥ പരിഗണിച്ച് സമഗ്രവികസനത്തിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനായി 2012 ൽ സംസ്ഥാന സർക്കാർ മുൻ ഗവ. ചീഫ് സെക്രട്ടറിയായ ഡോ.പി. പ്രഭാകരനെ കമ്മീഷനായി നിയമിച്ചിരുന്നു. പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് പ്രകാരം ജില്ലയുടെ വികസനത്തിന് 11,123.04 കോടി രൂപയുടെ വികസന പാക്കേജ് സർക്കാരിന് സമർപ്പിക്കുകയും സർക്കാർ ആയത് അംഗീകരിക്കുകയും ചെയ്തു. കേരള സർക്കാർ വിഹിതമായി 2,524.56 കോടി രൂപയാണ് റിപ്പോർട്ടിൽ വകയിരുത്തിയത്.

പ്രസ്തുത പാക്കേജിന്റെ ഒന്നാം ഘട്ടം എന്ന നിലയിൽ 2013-14 വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 25.00 കോടി രൂപ നീക്കി വെച്ചിരുന്നു. പദ്ധതി വിഹിതമായി 2014-15 ൽ 75.00 കോടി രൂപ 2015-16 കാലയളവിൽ 85.00 കോടി രൂപ, 2016-17 കാലയളവിൽ 87.98 കോടി രൂപ, 2017-18 കാലയളവിൽ കാലയളവിൽ 90.00 കോടി രൂപ എന്നിങ്ങനെ നീക്കിവെച്ചു.

2018-19 സാമ്പത്തിക വർഷം പരിഗണിക്കുന്നതിനായി 115.00 കോടി (8 തുടർ പദ്ധതികൾക്കായി 37.13 കോടി രൂപ, 64 പുതിയ പദ്ധതികൾക്കായി 77.87 കോടി രൂപ) രൂപക്കുള്ള പദ്ധതികൾ സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

2013-14 വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയ 25.00 കോടി രൂപയിൽ നിന്ന് 21.38 കോടി രൂപയും 2014-15 ൽ വകയിരുത്തിയ 75.00 കോടി രൂപയിൽ നിന്ന് 42.49 കോടി രൂപയും, 2015-16 കാലയളവിൽ വകയിരുത്തിയ 85.00 കോടി രൂപയിൽ നിന്ന് 32.87 കോടി രൂപയും 2016-17 കാലയളവിൽ വകയിരുത്തിയ 87.98 കോടി രൂപയിൽ നിന്ന് 7.06 കോടി രൂപയും ചെലവഴിക്കുകയുണ്ടായി. 2017-18 കാലയളവിൽ 90.00 കോടി രൂപ വകയിരുത്തിയതിൽ നിന്ന് ഇതുവരെ 40.83 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

2013-14 വർഷത്തിൽ ഭരണാനുമതി ലഭിച്ച 28 പദ്ധതികളിൽ 19 എണ്ണവും 2014-15 ൽ ഭരണാനുമതി ലഭിച്ച 26 പദ്ധതികളിൽ 17 എണ്ണവും 2015-16 ൽ ഭരണാനുമതി ലഭിച്ച 82 പദ്ധതികളിൽ 46 എണ്ണവും 2016-17 ൽ ഭരണാനുമതി ലഭിച്ച 85 പദ്ധതികളിൽ 6 എണ്ണവും പൂർത്തീകരിച്ചിട്ടുണ്ട്.

കേന്ദ്ര-സംസ്ഥാന പദ്ധതികൾ-സംയോജന സാധ്യതകൾ

കേന്ദ്ര-സംസ്ഥാന പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായി സംയോജിപ്പിക്കണമെന്ന നിർദ്ദേശം ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ച ഒൻപതാം പദ്ധതി മുതൽ സർക്കാർ മാർഗ്ഗ നിർദ്ദേശത്തിൽ നൽകുന്നുണ്ടെങ്കിലും അത് പൂർണ്ണമായും പ്രാവർത്തികമാക്കാൻ സാധിക്കാറില്ല. കേന്ദ്ര-സംസ്ഥാനാവിഷ്കൃ

കേന്ദ്ര-സംസ്ഥാന പദ്ധതികൾ

ത പദ്ധതികളുടെ വിശദാംശങ്ങൾ പദ്ധതിരേഖ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന് മുൻപ് ബന്ധപ്പെട്ടവർക്ക് ലഭിക്കാത്തതാണ് ഇതിന്റെ പ്രധാന കാരണം.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും സംസ്ഥാനാവിഷ്കൃത പദ്ധതികളുടെയും തദ്ദേശഭരണ സ്ഥാപന പദ്ധതികളുടെയും നിർവ്വഹണ ഉദ്യോഗസ്ഥർ മിക്കവാറും ഒരേ വ്യക്തിയായിരിക്കാം. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിന് മുൻപ് മേൽസൂചിപ്പിച്ച ഓരോ പദ്ധതിയുടെയും വിശദാംശങ്ങളും ഫണ്ട് വിവരങ്ങളും ലഭ്യമായാൽ അത്തരം പദ്ധതികൾ സംയോജിപ്പിച്ച് പ്രാദേശിക സർക്കാർതലത്തിൽ തയ്യാറാക്കാൻ സാധിക്കും. പതിമൂന്നാം പദ്ധതിയുടെ രണ്ടാം വർഷം (2018-19) ഓരോ പദ്ധതിയുടെയും ജില്ലാതലത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. ഈ വിശദാംശങ്ങൾ താഴെത്തട്ടിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുകൂടി നൽകിയാൽ ഈ വർഷം പദ്ധതികളുടെ സംയോജനം സാധ്യമാക്കാൻ കഴിയും.

6. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി അവലോകനവും പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി 2017-18

അവലോകനവും നിർദ്ദേശങ്ങളും

കേരളം അധികാരവികേന്ദ്രീകരണത്തിന്റെ ഇരുപതാണ്ടുകൾ പിന്നിടുകയാണ്. 1994-ലെ പഞ്ചായത്തിരാജ് നിയമവും നഗരപാലികാ നിയമവും മൂലം ധനവും ധർമ്മങ്ങളും അവ നടപ്പിലാക്കാനുള്ള നിർവ്വാഹകരും ത്രിതല പഞ്ചായത്തുകളിലേക്കും നഗരഭരണ സ്ഥാപനങ്ങളിലേക്കും കൈമാറ്റം ചെയ്യപ്പെട്ടപ്പോൾ സ്വന്തം ഉൽപാദന-സേവന-പശ്ചാത്തല മേഖലകളിലെ വികസനാവശ്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത് നടപ്പിലാക്കുവാനുള്ള അഭൂത പൂർവ്വമായ അധികാരവും സ്വാതന്ത്ര്യവും ഏറ്റവും താഴെത്തട്ടിലുള്ള ഗ്രാമസഭാംഗത്തിനു പോലും കൈവന്നു. തൃണമൂല തലം മുതൽ ഉയർന്നുവരുന്ന ആസൂത്രണത്തിന്റെ രൂപവത്കരണ- നിർവ്വഹണ-നിയന്ത്രണങ്ങളുടെ ആശയങ്ങളും സങ്കേതങ്ങളും കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി നിരന്തരമായ ഇടപെടലുകളിലൂടെ സമ്പുഷ്ടമായിക്കൊണ്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ പതിമൂന്നാം പദ്ധതിയുടെ ആദ്യവർഷമായ 2017-18 ൽ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾ ഒറ്റനോട്ടത്തിൽ വിലയിരുത്തുകയാണിവിടെ.

സംസ്ഥാന സർക്കാരിന്റെ 09/01/2017 തീയതിയിലെ ജി.ഒ.(എം.എസ്.) നം.10/2017/തസ്വഭവ, 29.03.2017 തീയതിയിലെ ജി.ഒ.(എം.എസ്.) നം.72/2017/തസ്വഭവ, 03.04.2017 തിയതിയിലെ ജി.ഒ.(എം.എസ്.) നം.80/2017/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പ്രകാരമാണ് പതിമൂന്നാം പദ്ധതിയുടെ പ്രാരംഭവർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ വാർഷിക പദ്ധതി രൂപവത്കരിച്ചിട്ടുള്ളത്. പതിവിന് വിപരീതമായി സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സാമ്പത്തിക വർഷത്തിന്റെ ആദ്യ ഘട്ടത്തിൽത്തന്നെ അവയുടെ പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കാൻ സാധിച്ചു എന്നത് ഈ വർഷത്തെ എടുത്തു പറയേണ്ട സവിശേഷതയാണ്. സങ്കീർണ്ണവും കാലവിളംബം വരുത്തുന്നതും ഉദ്യോഗസ്ഥ മേധാവിത്വം സൃഷ്ടിക്കുന്നതുമായ ചിട്ടവട്ടങ്ങൾക്ക് പകരം ലളിതവും കാലതാമസം ഒഴിവാക്കുന്നതുമായ നടപടിക്രമങ്ങൾ ഇപ്രാവശ്യം നിർദ്ദേശിക്കപ്പെട്ടതിനാലാണ് ഈ നേട്ടം കൈവരിക്കാൻ സാധിച്ചത്. തദ്ദേശ സ്ഥാപനങ്ങൾക്ക് സഹായകമായ മറ്റൊരു പ്രധാന സവിശേഷത മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങളിൽ, നിർബന്ധമായി (mandatory) അനുഷ്ഠിക്കേണ്ട കാര്യങ്ങളും അഭികാമ്യമായ (desirable) കാര്യങ്ങളും പരമാവധി വ്യക്തമായി സൂചിപ്പിച്ചു എന്നതാണ്. ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് ഇത് ഏറെ ഗുണം ചെയ്യും.

തുടർച്ചാ സാധ്യതയുള്ള, പരിസ്ഥിതി രക്ഷ ഉറപ്പാക്കുന്ന, സാമൂഹ്യനീതി മുറുകെ പിടിക്കുന്ന ഉയർന്ന സാമ്പത്തിക വളർച്ചയാണ് സംസ്ഥാനത്തിന്റെ പതിമൂന്നാം പദ്ധതിയിൽ ലക്ഷ്യമിടുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, ഈ ലക്ഷ്യങ്ങളോടൊപ്പം അവയുടെ തനതായ പ്രാദേശിക പ്രശ്നങ്ങളും സാധ്യതകളും കണക്കിലെടുത്ത് ആവശ്യമായ മറ്റ് ലക്ഷ്യങ്ങൾ കൂടി പൂർത്തീകരിക്കേണ്ടതുണ്ട്. അത്തരത്തിൽ ഓരോ തദ്ദേശ ഭരണസ്ഥാപനത്തിന്റെയും പദ്ധതി, ഉള്ളടക്കം കൊണ്ട് വ്യതിരിക്തമായിരിക്കും. ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതിരേഖകൾ പരിശോധിച്ചാൽ ഈ വ്യത്യാസം കാണാവുന്നതാണ്.

പദ്ധതി തയ്യാറാക്കാനുള്ള ആവശ്യകതയും പൊതുവ്യവസ്ഥകളും മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നിടത്ത് പ്രവാസികളായ നാട്ടുകാരുടെ അഭിപ്രായങ്ങളും ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങളും കണക്കിലെടുക്കണം എന്നത് പൊതുവേ പാലിക്കപ്പെടാതെ പോയ നിർദ്ദേശമാണ്.

1. ആസൂത്രണ സമിതി

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ പുതിയതായി നിർദ്ദേശിക്കപ്പെട്ട കാര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രാദേശിക ആസൂത്രണസമിതികളുടെ രൂപവത്കരണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡണ്ട് അധ്യക്ഷനായും ഒരു ആസൂത്രണ വിദഗ്ദ്ധൻ ഉപാദ്ധ്യക്ഷനായും സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷൻമാരും വിദഗ്ദ്ധരായ പൗരന്മാരും അംഗങ്ങളായും തദ്ദേശ സ്ഥാപന സെക്രട്ടറി കൺവീനറായും പ്രവർത്തിക്കുന്നതാണ് പ്രസ്തുത സമിതി. തദ്ദേശ ഭരണസ്ഥാപനത്തിന്റെ പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നതാണ് സമിതിയുടെ ചുമതല. തദ്ദേശ സ്ഥാപനങ്ങളിലെല്ലാം തന്നെ ആസൂത്രണസമിതി രൂപവത്കരിച്ചിട്ടുണ്ടെങ്കിലും മാർഗ്ഗനിർദ്ദേശങ്ങളിൽ വിഭാവനം ചെയ്യപ്പെട്ട ചുമതലകൾ വഹിക്കാൻ തക്കവണ്ണം ആസൂത്രണകാര്യത്തിൽ പരിജ്ഞാനമോ അനുഭവസമ്പത്തോ ഉൾക്കാഴ്ചയോ ഉള്ള വ്യക്തികളെ എല്ലാ സ്ഥാപനങ്ങൾക്കും ലഭിച്ചിട്ടുണ്ടോ എന്നത് സംശയകരമാണ്. ആസൂത്രണ സമിതി യോഗങ്ങൾ വിളിച്ചുകൂട്ടുന്നതിന് ചില തദ്ദേശ ഭരണ സ്ഥാപനങ്ങൾ താൽപര്യം കാണിക്കുന്നില്ല. യോഗങ്ങളിലെ ഹാജരും തൃപ്തികരമാണെന്ന് പറയാൻ കഴിയില്ല.

2. വർക്കിംഗ് ഗ്രൂപ്പുകൾ

ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലും ഓരോ വിഷയമേഖലയുമായി ബന്ധപ്പെട്ട് പന്ത്രണ്ട് മുതൽ പതിനാല് വരെ (വേണമെങ്കിൽ അതിലധികമോ) വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകളിൽ സ്ത്രീകൾക്കും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കും അർഹമായ പ്രാതിനിധ്യമുണ്ടായിരിക്കും. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നിലവിലെ വികസന സംബന്ധമായ നില കണക്കുസഹിതം വ്യക്തമാക്കുന്ന അവസ്ഥാരേഖ തയ്യാറാക്കുക, സ്റ്റാൻഡിംഗ് കമ്മിറ്റികളെ ഉപദേശിക്കുക, ഗ്രാമസഭയിലും, വികസന സെമിനാറിലും സമർപ്പിക്കുവാനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കാൻ സഹായിക്കുക, പദ്ധതി

ഫോറങ്ങൾ എഴുതി ഡാറ്റാ എൻട്രി ചെയ്യിക്കുക, പദ്ധതി അംഗീകാരത്തിന് ശേഷം മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുക തുടങ്ങിയവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ. ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ സമ്പന്നമാണെങ്കിലും ചർച്ചകളും ഇടപെടലുകളും എത്രത്തോളം സജീവമാണ് എന്നത് ചിന്തനീയമാണ്. പദ്ധതി നിർവഹണ വേളയിലും മോണിറ്ററിംഗ് സമയത്തും വർക്കിംഗ് ഗ്രൂപ്പ് യോഗം ചേരണമെന്ന നിബന്ധന പല തദ്ദേശഭരണ സ്ഥാപനങ്ങളും പാലിക്കുന്നില്ല എന്നത് ചൂണ്ടിക്കാണിക്കുകയാണ്.

3. അവസ്ഥാരേഖ (Status Report)

വർക്കിംഗ് ഗ്രൂപ്പുകൾ അവരവരുടെ വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകളും ഘടക സ്ഥാപനങ്ങളിൽ നിന്നുള്ള പ്രാഥമിക വിവരങ്ങളും ജനസംഖ്യാ റിപ്പോർട്ടിലെ വിവരങ്ങളും ശേഖരിച്ച് ക്രോഡീകരിച്ച് വിവരാടിത്തറ ഒരുക്കുന്നു. ഈ വിവരങ്ങൾ അപഗ്രഥിച്ച്, അവയെ അതത് വികസന മേഖലയിൽ കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും പ്രതിഫലിപ്പിക്കുന്ന വിവരങ്ങളുമായി സമന്വയിപ്പിച്ച് അവസ്ഥാവിശകലനം നടത്തുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഓരോ വികസനമേഖലയും നേരിടുന്ന പ്രധാന വെല്ലുവിളികൾ, വികസനത്തിലെ നിലവിലുള്ള വിടവുകൾ, വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ, അതിന് സ്വീകരിക്കാവുന്ന തന്ത്രം എന്നിവയെല്ലാം ഉൾപ്പെടുത്തി ഒരു അടിസ്ഥാന രേഖ തയ്യാറാക്കുന്നു. ഈ അടിസ്ഥാനരേഖയാണ് അവസ്ഥാരേഖ അഥവാ സ്റ്റാറ്റസ് റിപ്പോർട്ട്. അവസ്ഥാരേഖയിൽ ലക്ഷ്യങ്ങൾ രണ്ടു രീതിയിൽ നിർവ്വചിക്കേണ്ടതുണ്ട്. 2030 വർഷമാകുമ്പോഴേക്കും വികസനമേഖലയിൽ എന്തൊക്കെ നേടാൻ ശ്രമിക്കണം എന്നതാണ് ഒന്നാമത്തേത്. അടുത്ത അഞ്ച് വർഷങ്ങത്തിനുള്ളിൽ (13-ാം പദ്ധതിക്കാലത്ത്) എന്തൊക്കെ ലക്ഷ്യങ്ങൾ നേടണം എന്നത് രണ്ടാമത്തേത്. മിക്ക തദ്ദേശഭരണസ്ഥാപനങ്ങളും അവസ്ഥാ റിപ്പോർട്ട് സാമാന്യം നല്ല രീതിയിൽ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ചുരുക്കം സ്ഥാപനങ്ങൾ വേണ്ടത്ര ശുഷ്കാന്തി കാണിക്കാതെ പോയിട്ടുമുണ്ട്.

ആസൂത്രണ സമിതിയുടെ രൂപവത്കരണം ജില്ലയിലെ ആസൂത്രണ പ്രക്രിയയിൽ ബഹുജന പങ്കാളിത്തം വർദ്ധിപ്പിക്കാൻ സഹായിച്ചിട്ടുണ്ട്. അതുപോലെ പ്ലാൻ കോ-ഓർഡിനേറ്ററായി തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിയെ ചുമതലപ്പെടുത്തിയത് പുതിയ ചുവടുവെപ്പ് കൂടിയാണ്. ഇത് പദ്ധതിരൂപവത്കരണത്തിന്റെ മേൽനോട്ടം കൂടുതൽ കാര്യക്ഷമമാക്കാൻ സഹായിച്ചു.

4. വികസനരേഖ

വർക്കിംഗ് ഗ്രൂപ്പുകൾ രൂപവത്കരിക്കുകയും അവ തയ്യാറാക്കുന്ന അവസ്ഥാരേഖയുടെ അടിസ്ഥാനത്തിൽ വികസനരേഖ തയ്യാറാക്കുകയുമാണ് പദ്ധതി രൂപീകരണത്തിന്റെ ആദ്യ പടികൾ. ഇത് സമയബന്ധിതമായി തന്നെ ജില്ലയിലെ മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളും നിർവ്വഹിച്ചു. കൃത്യമായ അദ്ധ്യായങ്ങളും വിഷയങ്ങളും ഉള്ളടക്കവും നിഷ്കർഷിക്കപ്പെട്ടിരിക്കുന്ന വികസനരേഖ തദ്ദേശഭരണ സ്ഥാപനത്തിന്റെ സമഗ്രവികസനത്തിന്റെ അടിസ്ഥാന പ്രമാണമാണ്. അത് തയ്യാറാക്കുന്നതിന് ആഴത്തിലുള്ള പഠനവും നിരീക്ഷണവും ലക്ഷ്യബോധവും കൂട്ടായ പ്രവർത്തനവും ആവശ്യമാണ്. അതിന് അക്കാദമികമായ പരിജ്ഞാനവും പരിചയവും കൂടി അത്യന്താപേക്ഷിതമാണ്. എന്നാൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ആഴത്തിലുള്ള പഠനവും നിരീക്ഷണവും നടന്നിട്ടുണ്ടോ എന്ന് അവയുടെ വികസനരേഖകൾ പരിശോധിച്ചാൽ സംശയമുദിക്കും. പ്രാദേശികമായി സേവനം നൽകാൻ സന്നദ്ധരായ പ്രത്യുൽപ്പന്നമതികളായ വിദഗ്ദ്ധരുടെ അഭാവം ഇതിന് കാരണമായി പറയാം.

5. ഗ്രാമസഭകളും വാർഡു സഭകളും ഊരുകൂട്ടയോഗങ്ങളും.

ആസൂത്രണത്തിന്റെ ജീവനാഡിയായ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന ഗ്രാമസഭ/ വാർഡ് സഭ/ഊരുകൂട്ട യോഗങ്ങൾ സമ്പന്നമായി തന്നെ ജില്ലയിൽ നടക്കുകയുണ്ടായി.

ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ കൂടുതൽ താഴെത്തട്ടിലേക്ക് ഇറങ്ങിക്കൊണ്ട് അയൽസഭകളിലും പദ്ധതി പ്രവർത്തനം ചർച്ചചെയ്യപ്പെട്ടു. ഗ്രാമസഭകളിൽ നിന്നും വാർഡ് സഭകളിൽ നിന്നും ഊരുകൂട്ടങ്ങളിൽ നിന്നും ഉയർന്നുവന്ന പദ്ധതി നിർദ്ദേശങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് തദ്ദേശഭരണ സ്ഥാപനതല മുൻഗണനാ പട്ടിക തയ്യാറാക്കി. വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ തുടങ്ങിയ ദുർബലവിഭാഗങ്ങളുടെ പ്രത്യേകയോഗങ്ങളും ചേരുകയുണ്ടായി. പുല്ലൂർ-പെരിയ പോലുള്ള ഗ്രാമ പഞ്ചായത്തുകൾ വികസന പ്രശ്നങ്ങളുടെ മുൻഗണനാക്രമം സംബന്ധിച്ച് അഭിപ്രായ സർവ്വേയടക്കം നടത്തിയിട്ടുണ്ട്.

6. വികസന സെമിനാർ

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളെയും ഗ്രാമസഭാ/വാർഡ് സഭാ/ഊരുക്കൂട്ട പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും മറ്റ് നിർദ്ദിഷ്ട വ്യക്തികളെയും അധികാരികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള വികസനസെമിനാർ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സംഘടിപ്പിക്കുകയുണ്ടായി. കരട് വികസനരേഖയും, അതിന്റെ പ്രതിഫലനമായി ഗ്രാമസഭകളിൽ നിന്നും വാർഡ്സഭകളിൽ നിന്നും ഊരുകൂട്ടങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന പദ്ധതി നിർദ്ദേശങ്ങളും വർക്കിംഗ് ഗ്രൂപ്പുകളുടെയും തദ്ദേശഭരണ സ്ഥാപനതല ഭരണസമിതിയുടെയും യോഗങ്ങളിൽ മുൻഗണനാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് വിഭവ ലഭ്യതയ്ക്കനുസരിച്ച് തയ്യാറാക്കിയ കരട് പദ്ധതിരേഖയും വികസന സെമിനാറിൽ അവതരിപ്പിക്കപ്പെട്ടു. സെമിനാറുകളിൽ ജനപങ്കാളിത്തം മെച്ചമായിരുന്നെങ്കിലും ഗ്രൂപ്പ് ചർച്ചകൾ വേണ്ടത്ര നിലവാരം പുലർത്തിയില്ല എന്നത് പൊതു പ്രശ്നമായി കാണേണ്ടതുണ്ട്.

7. അന്തിമ വാർഷികപദ്ധതി

വിവിധ വിഭവസമാഹരണ സാധ്യതകൾ, കരട് പദ്ധതിരേഖയിലെ നിർദ്ദേശങ്ങളെ സംബന്ധിച്ച് വികസന സെമിനാറിൽ ഉണ്ടായിട്ടുള്ള ശുപാർശകൾ, പദ്ധതി ആസൂത്രണ നിർദ്ദേശങ്ങൾ, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ മുൻഗണനകൾ എന്നിവ പരിഗണിക്കുന്നതും ഓരോ വിഷയ മേഖലയിലെയും ഉപമേഖലയിലെയും ഓരോ വിഭാഗത്തിനും വകയിരുത്താവുന്ന ഓരോ പ്രോജക്ടിന്റെയും കൃത്യമായ അടങ്കൽ തുക സൂചിപ്പിക്കുന്നതും സാമ്പത്തിക വർഷത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മുഴുവൻ പ്രോജക്ടുകളുടെയും അവസാന പട്ടിക കൂടിയാണ് അന്തിമ വാർഷിക പദ്ധതി.

വാർഷികപദ്ധതി വിശദമാക്കുന്ന പ്രമാണമാണ് വാർഷിക പദ്ധതി രേഖ. ഇതിന് കൃത്യമായ ഉള്ളടക്കമുള്ള 10 ഭാഗങ്ങൾ ഉണ്ടായിരിക്കണം. മാർഗ്ഗരേഖയിൽ വിഭാവനം ചെയ്തിരിക്കുന്ന രീതിയിൽ കുറ്റമറ്റ അന്തിമ വാർഷിക പദ്ധതിരേഖ തയ്യാറാക്കി സമർപ്പിക്കുന്നതിൽ ജില്ലയിലെ പകുതിയോളം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പിന്നോക്കം പോയി എന്നത് വസ്തുതയാണ്. വിഭാഗമോ മേഖലയോ ഉപമേഖലയോ തിരിക്കാതെയും ഓരോ മേഖലയുടേയും ആകെ തുക രേഖപ്പെടുത്താതെയും പദ്ധതി സമർപ്പിച്ച തദ്ദേശഭരണ സ്ഥാപനങ്ങളുണ്ട്. ചില തദ്ദേശഭരണ സ്ഥാപനങ്ങൾ തുക പോലും കാണിക്കാതെ പ്രോജക്ടുകളുടെ പേര് മാത്രം അച്ചടിച്ചു സമർപ്പിച്ചതായും കാണുന്നു. പദ്ധതി രേഖ കുറ്റമറ്റതാക്കാൻ ഭാവിയിൽ ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്.

8. പ്രോജക്ടുകൾ തയ്യാറാക്കൽ

ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വന്തം യൂസർ നെയിമും പാസ് വേർഡും ഉപയോഗിച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ ഡാറ്റാ എൻട്രി നടത്തി തയ്യാറാക്കേണ്ടതാണ് ഓരോ പ്രോജക്ടും. പ്രോജക്ടിന്റെ നിയമപരമായ എല്ലാ സാധുതയും പരിശോധിച്ച് ഉറപ്പ് വരുത്തുകയും വേണം. എന്നാൽ ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ ജാഗ്രത പാലിക്കുന്നുണ്ടോ എന്നത് സംശയകരമാണ്. കമ്പ്യൂട്ടർ പരിജ്ഞാനക്കുറവ്, സമയക്കുറവ് തുടങ്ങിയ കാരണങ്ങൾ പറഞ്ഞ് പലപ്പോഴും ഇത് മറ്റുള്ളവരെ ഏൽപ്പിക്കുകയും പ്രോജക്ടുകൾ തെറ്റിപ്പോവുകയും ചെയ്യുന്നത് മിക്ക തദ്ദേശഭരണ സ്ഥാപനത്തിലേയും അനുഭവമാണ്. ഡാറ്റാ എൻട്രി നടത്തുന്നതിന് മുമ്പ് പ്രോജക്ട് ഫോറം എഴുതി തയ്യാറാക്കാത്തതാണ് ഇതിന് പ്രധാന കാരണം. പ്രോജക്ടുകളിലെ കോളങ്ങൾ മിക്കതും പൂരിപ്പിക്കാതെ അംഗീകാരം വാങ്ങുകയും പിന്നീട് നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടാവുകയും ചെയ്യുന്നു.

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകാരത്തിനായി സമർപ്പിച്ച പ്രോജക്ടുകളുടെ എണ്ണവും അടങ്കൽ തുകയും ചുവടെ കൊടുക്കുന്നു.

Grama Panchayats

Sl No	Name	Spill Over	New	Total Projects	Total Amount
1	Ajanuur GP	105	192	297	127571319
2	Badiyadka GP	182	243	425	131747899
3	Balal GP	94	153	247	136641538
4	Bedadka GP	115	131	246	98389352
5	Belloor GP	66	122	188	69992707
6	Chemnad GP	117	198	315	108663268
7	Chengala GP	149	284	433	129450590
8	Chervathur GP	32	113	145	54353680
9	Delampadi GP	122	131	253	120119056
10	East Eleri GP	30	144	174	100692831
11	Enmakaje GP	114	132	246	111344872
12	Kallar GP	76	123	199	71619598
13	Karadka GP	65	124	189	60828794
14	Kayyur Cheemeni GP	53	113	166	76797415
15	Kinanur Karinthalam GP	53	162	215	94830054
16	Kodom Belur GP	167	194	361	275725404
17	Kumbadaje GP	94	122	216	65938846
18	Kumbala GP	96	194	290	161335813
19	Kuttikkol GP	84	129	213	92840567
20	Madhur GP	120	197	317	94593782
21	Madikkai GP	113	50	163	71370380

22	Mangalpadi GP	122	130	252	119669056
24	Manjeshwar GP	20	98	118	94083450
25	Meenja GP	41	59	100	40889921
23	Mogral Puthur GP	86	118	204	56711454
26	Muliyar GP	125	170	295	76523256
27	Padnaa GP	44	99	143	51520274
28	Paivalige GP	125	170	295	100114954
29	Pallikkere GP	64	155	219	95160371
30	Panathadi GP	107	152	259	119195575
31	Pilikod GP	48	125	173	81630286
32	Pullur Periya GP	96	122	218	97906581
33	Puthige GP	105	93	198	53834964
34	Thrikaripur GP	90	144	234	95487187
35	Udma GP	64	119	183	87924280
36	Valiya Paramba GP	32	68	100	45738968
37	Vorkadi GP	141	175	316	78563782
38	West Eleri GP	58	139	197	95957744

Block Panchayats

Sl No	Name	Spill Over	New	Total Projects	Total Amount
1	Kanhangad BP	22	63	85	62255897
2	Karadka BP	31	75	106	79299750
3	Kasaragod BP	26	95	121	85435339
4	Manjeshwaram BP	20	98	118	94083450
5	Nileshwaram BP	18	39	57	43896113
6	Parappa BP	25	75	100	109766161

Municipalities

Sl No	Name	Spill Over	New	Total Projects	Total Amount
1	Kanhangad	219	289	508	429876071
2	Kasaragod	138	289	427	218457282
3	Nileshwaram	37	163	200	134726501

District Panchayat

Sl No	Name	Spill Over	New	Total Projects	Total Amount
1	Kasaragod D P	282	428	710	1308017486

പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറക്കണമെന്ന കാഴ്ചപ്പാട് ജനകീയാസൂത്രണത്തിന്റെ ആരംഭം മുതൽ തന്നെ ഉണ്ടായതാണ്. പക്ഷേ ഇപ്പോഴും പല തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ഇത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് 2017-18 വാർഷിക പദ്ധതിയിലും കാണാൻ കഴിയുന്നത്. പ്രോജക്ടുകളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് പദ്ധതി നിർവഹണം, മോണിറ്ററിംഗ് എന്നിവയിലും പ്രയാസം നേരിടുന്നുണ്ട്. ഭാവിയിൽ പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

9. ആസൂത്രണസമിതി അംഗീകാരം

2017-18 മുതൽ പദ്ധതി അംഗീകാര നടപടിക്രമം ലളിതമാക്കിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ പ്രോജക്ടുകൾ മുഴുവനും ഉയർന്ന ഉദ്യോഗസ്ഥരുടെ സൂക്ഷ്മ പരിശോധന (vetting) കഴിഞ്ഞതിനുശേഷം മാത്രമാണ് ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടിയിരുന്നത്. ഇക്കുറി അത് പദ്ധതി അംഗീകരിച്ചു കഴിഞ്ഞതിന് ശേഷം മതി. അതിനാൽ പദ്ധതി അംഗീകാരം വേഗത്തിൽ ലഭ്യമാക്കുവാൻ സാധിച്ചു. അതു പോലെ സിംപിൾ പ്രോജക്ടുകൾ എന്നറിയപ്പെടുന്ന, പദ്ധതി വിഹിതം ഡെപ്പോസിറ്റ് ചെയ്യുന്നതിനോ, കൈമാറ്റം ചെയ്യുന്നതിനോ വേണ്ടിയുള്ള പ്രോജക്ടുകൾ സൂക്ഷ്മപരിശോധനയ്ക്കും അംഗീകാരത്തിനുമായി മേലുദ്യോഗസ്ഥർക്ക് നൽകേണ്ടതില്ല. ഈ സൗകര്യങ്ങളുള്ളതിനാൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അവയുടെ പദ്ധതിക്ക് നിർദ്ദിഷ്ട സമയത്തിനുള്ളിൽ തന്നെ അംഗീകാരം ലഭ്യമാക്കുന്നതിനു സാധിച്ചു. 3 ഗ്രാമ പഞ്ചായത്തു

കളും 2 ബ്ലോക്ക് പഞ്ചായത്തുകളും 1 മുനിസിപ്പാലിറ്റിയും 29.05.2017 ന് നടന്ന ജില്ലാ ആസൂത്രണ സമിതി യോഗത്തിലും, 11 ഗ്രാമ പഞ്ചായത്തുകളും 4 ബ്ലോക്ക് പഞ്ചായത്തുകളും 2 മുനിസിപ്പാലിറ്റികളും 31.05.2017 ന് നടന്ന ആസൂത്രണ സമിതി യോഗത്തിലും, ബാക്കിയുള്ള 24 ഗ്രാമ പഞ്ചായത്തുകൾ 09.06.2017 ന് നടന്ന ആസൂത്രണ സമിതി യോഗത്തിലും തങ്ങളുടെ വാർഷിക പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കി. പദ്ധതി അംഗീകാരത്തിന് സർക്കാർ നിശ്ചയിച്ച അവസാന തീയതി വരെ കാത്തിരിക്കുന്ന സ്ഥിതി ഒഴിവാക്കേണ്ടതാണ്.

9.1 നൂതന പ്രോജക്ടുകൾ

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലും സബ്സിഡി മാനദണ്ഡങ്ങളിലും മറ്റും സൂചിപ്പിക്കപ്പെടുന്നതും അവയുടെ ചട്ടക്കൂടിൽ ഒതുങ്ങുന്ന തരത്തിലുള്ളതും മാത്രമായ പ്രോജക്ടുകളാണ് കാലങ്ങളായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നത്. ഈ നിർദ്ദേശങ്ങളിൽ ഉൾപ്പെടാത്തതോ അവയുടെ ചട്ടക്കൂടിൽ ഒതുങ്ങാത്തതോ ആയതും പ്രാദേശികമായ പ്രത്യേകതകളും ആവശ്യകതകളും വിഭവങ്ങളും കണക്കിലെടുത്ത് നടപ്പിലാക്കാൻ പറ്റുന്നതുമായ പുതിയ പ്രോജക്ട് ആശയങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നടപ്പിലാക്കാൻ ഈ വർഷം അനുവാദം ലഭിച്ചിട്ടുണ്ട്. അത്തരം പ്രോജക്ടുകളുടെ സാധ്യതയും സാധുതയും പരിശോധിച്ച് വിലയിരുത്തുവാനായി ജില്ലാതലത്തിൽ ഒരു വിദഗ്ദ്ധ സമിതിയും നിലവിലുണ്ട്. എന്നാൽ കാസറഗോഡ് ജില്ലയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും ആ ദിശയിൽ ഗൗരവതരമായ നീക്കം ഉണ്ടായിട്ടില്ല. നിലവിലുള്ള തരം പ്രോജക്ടുകൾ തന്നെ എല്ലാ വികസനാവശ്യങ്ങൾക്കും പര്യാപ്തമായതുകൊണ്ടോ, വിഭവങ്ങളുടെ ലഭ്യതക്കുറവ് കൊണ്ടോ, സാങ്കേതിക വൈദഗ്ദ്ധ്യക്കുറവു കൊണ്ടോ, പിന്തുണാ സംവിധാനങ്ങളുടെ കുറവു കൊണ്ടോ അല്ലെങ്കിൽ എല്ലാമുണ്ടായിട്ടും സധൈര്യം മുന്നിട്ടിറങ്ങുവാനുള്ള മനസ്സില്ലായ്മ കൊണ്ടോ ആവാം ഇങ്ങനെ സംഭവിക്കുന്നത് എന്ന് വിലയിരുത്താനേ സാധിക്കുന്നുള്ളൂ.

10. വിഭവസമാഹരണവും വകയിരുത്തലും

സർക്കാർ നൽകുന്ന വിവിധ വികസന ഫണ്ടുകൾ, മെയിന്റനൻസ് ഗ്രാന്റ് മുതലായവയാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിനുള്ള പ്രധാന വിഭവസ്രോതസ്സ്. ഇവയുടെ വിനിയോഗം നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കും നിബന്ധനകൾക്കും വിധേയമാണ്. ഇവയ്ക്ക് പുറമേ കേന്ദ്രാവിഷ്കൃത ഫണ്ട്, തനത് ഫണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ് അടക്കം), ഗുണഭോക്തൃ വിഹിതം, മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം, കോർപസ് ഫണ്ട്, ബാങ്ക് വായ്പ തുടങ്ങിയവയും ലഭ്യമാകുന്നു. 2017-18 ൽ വിവിധ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും വകയിരുത്തിയ വിവിധ ഫണ്ടുകളുടെ പട്ടിക കാണുക.

വിഭവ സമാഹരണം

ക്രമ നമ്പർ	ഫണ്ടിന്റെ പേര്	ഗ്രാമ പഞ്ചായത്തുകൾ	ബ്ലോക്ക് പഞ്ചായത്തുകൾ	മുനിസിപ്പാലിറ്റികൾ	ജില്ലാ പഞ്ചായത്ത്	ആകെ
1	വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം	801846826	285014301	180806815	307291782	1574959724
2	വികസന ഫണ്ട് എസ്.സി.പി.	263634487	67772169	23750225	68976702	424133583
3	വികസന ഫണ്ട് ടി.എസ്.പി.	106217634	24688406	4572000	23372000	158850040
4	വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്	492052743	0	258339659	0	750392402
5	വികസന ഫണ്ട് ലോകബാങ്ക് കേന്ദ്ര വിഹിതം	141997434	0	2898380		144895814
6	വികസന ഫണ്ട് ലോകബാങ്ക് സംസ്ഥാന വിഹിതം	48448737	0	0		48448737
7	വികസന ഫണ്ട് പ്രത്യേക ഗ്രാന്റ്	30000	0	0	589171008	589201008
8	മെയിന്റനൻസ് ഫണ്ട് റോഡ്	629797888	0	97591118	73470917	800859923
9	മെയിന്റനൻസ് ഫണ്ട് റോഡിതരം	243708968	42319033	51404639	0	337432640
10	മറ്റുള്ളവ	1015143322	56655387	238918590	245735077	1556452376
11	ആകെ	3742878039	476449296	858281426	1308017486	6385626247

10.1 തനത് ഫണ്ട്

പഞ്ചായത്തിരാജ് നിയമപ്രകാരമുള്ള അനിവാര്യ ചെലവുകൾക്കും മറ്റ് അനുവദനീയ ചെലവുകൾക്കും ആവശ്യമായ തുക തനത് ഫണ്ടിൽനിന്നും മാറ്റിവെച്ച ശേഷം മിച്ചമുള്ള തുക വാർഷിക പദ്ധതിക്കായി വിനിയോഗിക്കേണ്ടതാണ്. 2016-17 ലെ വാർഷിക പദ്ധതിയിൽ വിനിയോഗിച്ച തുകയുടെ 15 ശതമാനം അധിക തുക 2017-18 ൽ വകയിരുത്താൻ അനുവാദമുണ്ട്. ജില്ലയിലെ പതിമൂന്ന് ഗ്രാമ പഞ്ചായത്തുകളും ഒരു ബ്ലോക്ക് പഞ്ചായത്തും ആകെ അടങ്കലിന്റെ 10 ശതമാനത്തിൽ കൂടുതൽ തനത് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. അഞ്ച് ഗ്രാമ പഞ്ചായത്തുകളിൽ ഇത് 20 മുതൽ 26 ശതമാനം വരെ വരും. തനത് ഫണ്ട് പ്രോജക്ടുകൾ പലപ്പോഴും പൂർത്തീകരിക്കപ്പെടാതെ അവശേഷിക്കുന്നതായി കണ്ടുവരുന്നുണ്ട്. ചെലവഴിച്ചില്ലെങ്കിൽ ഫണ്ട് നഷ്ടം സംഭവിക്കാത്തതിനാൽ അവയുടെ പൂർത്തീകരണത്തിന് പ്രാധാന്യം കൊടുക്കുന്നത് കുറയുകയും അതിനാൽ തന്നെ സ്പിൽ ഓവറായി മാറ്റുന്നതിനുള്ള സാധ്യത കൂടുകയും ചെയ്യുന്നത് ഇത്തരം പ്രോജക്ടുകൾക്കാണ്.

വിവിധ സ്ഥാപനങ്ങളുടെ 2017-18 വർഷത്തിലെ തനത് ഫണ്ട് വകയിരുത്തലും ആകെ അടങ്കലുമായുള്ള ശതമാനവും ചുവടെ പട്ടികയിൽ കൊടുക്കുന്നു.

Grama Panchayats

Sl No	Name	Own Fund	Total	%
1	Chengala GP	338.91	1294.51	26.18
2	Muliyar GP	185.06	765.23	24.18
3	Ajanur GP	301.79	1275.71	23.66
4	Kumbala GP	350.55	1613.36	21.73
5	Chemnad GP	227.2	1086.63	20.91
6	Madhur GP	184.82	945.94	19.54
7	Madikkai GP	8.92	45.82	19.47
8	Chervathur GP	104.76	543.54	19.27
9	Udma GP	165.08	879.24	18.78
10	Pallikkere GP	171.29	951.6	18.00
11	Mogral Puthur GP	69.73	567.11	12.30
12	West Eleri GP	116.04	959.58	12.09
13	Thrikaripur GP	99.43	954.87	10.41
14	Kodom Belur GP	274.21	2757.25	9.95
15	Kayyur Cheemeni GP	64.06	767.97	8.34
16	Padnaa GP	40.78	515.2	7.92
17	Bedadka GP	76.03	983.89	7.73
18	Pullur Periya GP	73.28	979.07	7.48
19	Karadka GP	43.99	608.29	7.23
20	Balal GP	89.71	1366.42	6.57
21	Kallar GP	46.27	716.2	6.46
22	Enmakaje GP	71.16	1113.45	6.39
23	Badiyadka GP	81.64	1317.48	6.20
24	Kinanur Karinthalam	53.52	948.3	5.64
25	Panathadi GP	60.97	1191.96	5.12
26	Delampadi GP	59.78	1201.19	4.98
27	Mangalpadi GP	59.43	1196.69	4.97
28	Pilikod GP	35.42	816.3	4.34
29	Vorkadi GP	31.11	785.64	3.96
30	East Eleri GP	34.31	1006.93	3.41
31	Kuttikkol GP	20.93	928.41	2.25
32	Puthige GP	10.1	538.35	1.88
33	Paivalige GP	14.81	1001.15	1.48
34	Meenja GP	5.3	408.9	1.30
35	Manjeshwar GP	6.25	940.83	0.66
36	Kumbadaje GP	4	659.39	0.61
37	Belloor GP	0.94	699.93	0.13
38	Valiya Paramba GP	0.37	457.39	0.08

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി

Block Panchayats

Sl No	Name	Own Fund	Total	%
1	Nileshwaram BP	66.27	438.96	15.10
2	Kasaragod BP	27.92	854.35	3.27
3	Kanhangad BP	4.75	622.56	0.76
4	Manjeshwaram BP	6.25	940.83	0.66
5	Parappa BP	0.14	1097.66	0.01
6	Karadka BP	0	793	0.00

Municipalities

Sl No	Name	Own Fund	Total	%
1	Kasaragod M	116.71	2184.57	5.34
2	Kanhangad M	224.94	4298.76	5.23
3	Nileshwaram M	35.12	1347.27	2.61

District Panchayat

Sl No	Name	Own Fund	Total	%
1	Kasaragod DP	696.19	22657.51	3.07

11. മേഖലാ വിഭജനവും വകയിരുത്തലും

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം പൊതുവിഭാഗം, പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവയിൽ ഉത്പാദന, സേവന, പശ്ചാത്തല മേഖലകളിലായി പ്രോജക്ടുകൾക്ക് പദ്ധതി വിഹിതം വിനിയോഗിക്കുന്നത് നിശ്ചിത പരിധികളിൽ നിന്നുകൊണ്ടാവണം. ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളിൽ പൊതുവിഭാഗത്തിൽ ഉത്പാദന മേഖലയിൽ വികസന ഫണ്ടിന്റെ ഏറ്റവും കുറഞ്ഞത് 30 ശതമാനം വകയിരുത്തണം. പശ്ചാത്തല മേഖലയിൽ ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും കൂടിയത് 30 ശതമാനവും ബ്ലോക്ക് പഞ്ചായത്തുകളിൽ 25 ശതമാനവും, ജില്ലാ പഞ്ചായത്തുകളിൽ 40 ശതമാനവുമാണ് പരിധി. എസ്.സി.പി., ടി.എസ്.പി.ഫണ്ടുകൾക്ക് മൂന്ന് തല പഞ്ചായത്തുകളും പശ്ചാത്തല മേഖലയിൽ 30 ശതമാനം കൂടിയ പരിധി പാലിക്കേണ്ടതാണ്. സേവനമേഖലയിൽ പ്രത്യേകിച്ച് നിബന്ധനകളില്ല.

കാസറഗോഡ് ജില്ലയിലെ വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മേഖലാടിസ്ഥാനത്തിൽ വകയിരുത്തിയ തുകകളും പ്രോജക്ടുകളുടെ എണ്ണവും ചുവടെ ചേർക്കുന്നു. (പല തദ്ദേശ ഭരണ സ്ഥാപനങ്ങളിലും പദ്ധതി ഇപ്പോൾ പുതുക്കലിന് വിധേയമാണെന്നതിനാൽ തുകകളിൽ ചെറിയ മാറ്റങ്ങൾ വന്നിട്ടുണ്ട്.)

Categorywise, Sectorwise Split up of Projects and Fund – Grama Panchayats

Sl No	Name	Category	Productive Sector		Service Sector		Infrastructural Sector		Total	
			Nos	Amt	Nos	Amt	Nos	Amt	Nos	Amt
1	Ajanoor Grama Panchayat	General	24	19439153	90	36553983	176	68650967	290	124644103
		SCP	0	0	6	2732000	2	860216	8	3592216
		TSP	0	0	1	90000	0	0	1	90000
		G. Total	24	19439153	97	39375983	178	69511183	299	128326319
2	Badiyadka Grama Panchayat	General	24	13519650	73	29241163	195	55945063	292	98705876
		SCP	0	0	28	6896390	24	5215125	52	12111515
		TSP	0	0	29	8590300	19	7652942	48	16243242
		G. Total	24	13519650	130	44727853	238	68813130	392	127060633
3	Balal Grama Panchayat	General	16	11845800	55	27644058	129	73456288	200	112946146
		SCP	3	651800	16	14763831	5	1656718	24	17072349
		TSP	0	0	3	1593585	0	0	3	1593585
		G. Total	19	12497600	74	44001474	134	75113006	227	131612080
4	Bedaduka Grama Panchayat	General	27	13377327	70	25683579	110	38725860	207	77786766
		SCP	2	2650000	18	3969302	8	4592500	28	11211802
		TSP	0	0	6	7524213	4	1224332	10	8748545
		G. Total	29	16027327	94	37177094	122	44542692	245	97747113

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി

5	Belloor Grama Panchayat	General	11	1655500	54	1250552	48	30611554	113	33517606
		SCP	3	443000	12	3199527	5	1854285	20	5496812
		TSP	3	814000	10	2520415	4	217393	17	3551808
		G. Total	17	2912500	76	6970494	57	32683232	150	42566226
6	Chemnad Grama Panchayat	General	28	22254131	125	51312477	164	35445521	317	109012129
		SCP	1	750000	10	2867948	3	1040000	14	4657948
		TSP	0	0	3	135873	0	0	3	135873
		G. Total	29	23004131	138	54316298	167	36485521	334	113805950
7	Chengala Grama Panchayat	General	20	12458333	99	39955834	254	78985565	373	131399732
		SCP	0	0	13	3513900	8	1766100	21	5280000
		TSP	0	0	12	2370200	3	1015800	15	3386000
		G. Total	20	12458333	124	45839934	265	81767465	409	140065732
8	Cheruvathur Grama Panchayat	General	13	7868200	54	19421591	58	22667276	125	49957067
		SCP	2	350000	9	1910000	5	1847627	16	4107627
		TSP	0	0	1	49000	0	0	1	49000
		G. Total	15	8218200	64	21380591	63	24514903	142	54113694
9	Delampady Grama Panchayat	General	25	9186198	65	31443733	83	43328557	173	83958488
		SCP	9	5172932	32	16881000	8	3497502	49	25551434
		TSP	1	600000	22	8617000	2	760000	25	9977000
		G. Total	35	14959130	119	56941733	93	47586059	247	119486922
10	East Eleri Grama Panchayat	General	11	11552588	43	24292900	77	39362748	131	75208236
		SCP	6	1042500	121	705900	0	0	127	1748400
		TSP	0	0	2	304606	1	1917541	3	2222147
		G. Total	17	12595088	166	25303406	78	41280289	261	79178783
11	Enmakaje Grama Panchayat	General	21	15978500	110	35500967	91	50602461	222	102081928
		SCP	0	0	27	10442928	1	215000	28	10657928
		TSP	0	0	3	1517600	0	0	3	1517600
		G. Total	21	15978500	140	47461495	92	50817461	253	114257456
12	Kallar Grama Panchayat	General	16	9107228	50	14743300	116	31884456	182	55734984
		SCP	1	4140	2	840000	0	0	3	844140
		TSP	3	1547870	15	13493804	0	0	18	15041674
		G. Total	20	10659238	67	29077104	116	31884456	203	71620798
13	Karadka Grama Panchayat	General	18	7251084	63	19037874	70	25328591	151	51617549
		SCP	1	300000	17	5294647	2	450000	20	6044647
		TSP	1	100000	13	2652500	2	300000	16	3052500
		G. Total	20	7651084	93	26985021	74	26078591	187	60714696
14	Kayyur Cheemeni Grama Panchayat	General	18	12533900	64	32971597	69	26871196	151	72376693
		SCP	6	1675000	7	2306067	3	1317533	16	5298600
		TSP	0	0	1	75000	0	0	1	75000
		G. Total	24	14208900	72	35352664	72	28188729	168	77750293
15	Kinanoor Karinthalam Grama Panchayat	General	23	14632031	71	29183327	89	43719284	183	87534642
		SCP	1	100000	19	5577000	4	1159000	24	6836000
		TSP	0	0	3	855000	0	0	3	855000
		G. Total	24	14732031	93	35615327	93	44878284	210	95225642

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി

16	Kodombelur Grama Panchayat	General	32	20080137	100	41864500	169	113835000	301	175779637
		SCP	2	525020	6	1000000	5	2350000	13	3875020
		TSP	15	6864538	19	11700000	10	4891000	44	23455538
		G. Total	49	27469695	125	54564500	184	121076000	358	203110195
17	Kumbadaje Grama Panchayat	General	9	3910217	40	10974774	130	42275659	179	57160650
		SCP	4	848700	19	3978809	10	2215000	33	7042509
		TSP	3	443089	6	527911	2	1000000	11	1971000
		G. Total	16	5202006	65	15481494	142	45490659	223	66174159
18	Kumbala Grama Panchayat	General	23	12646145	132	47309927	136	55089727	291	115045799
		SCP	2	633336	8	4724455	6	3081000	16	8438791
		TSP	0	0	4	380000	1	100000	5	480000
		G. Total	25	13279481	144	52414382	143	58270727	312	123964590
19	Kuttikol Grama Panchayat	General	32	12157671	53	23233580	104	38740668	189	74131919
		SCP	7	4597000	11	9637000	1	100000	19	14334000
		TSP	2	508000	5	2585000	1	1330000	8	4423000
		G. Total	41	17262671	69	35455580	106	40170668	216	92888919
20	Madhur Grama Panchayat	General	9	7967011	72	19145400	75	21750000	156	48862411
		SCP	1	40000	11	3014000	4	730000	16	3784000
		TSP	0	0	11	137000	0	0	11	137000
		G. Total	10	8007011	94	22296400	79	22480000	183	52783411
21	Madikkai Grama Panchayat	General	17	9152320	60	23494705	67	34280364	144	66927389
		SCP	1	100000	4	535000	0	0	5	635000
		TSP	1	198000	2	1150000	2	172073	5	1520073
		G. Total	19	9450320	66	25179705	69	34452437	154	69082462
22	Mangalpady Grama Panchayat	General	32	16728901	92	57654830	146	72753730	270	147137461
		SCP	2	900000	28	9304000	3	978000	33	11182000
		TSP	2	300000	2	340000	0	0	4	640000
		G. Total	36	17928901	122	67298830	149	73731730	307	158959461
23	Manjeswaram Grama Panchayat	General	14	17089025	100	40722703	127	38516562	241	96328290
		SCP	0	0	16	4289000	5	1212552	21	5501552
		TSP	0	0	5	503979	1	140000	6	643979
		G. Total	14	17089025	121	45515682	133	39869114	268	102473821
24	Meenja Grama Panchayat	General	9	7980000	46	21308303	53	12029106	108	41317409
		SCP	1	200000	9	911666	4	1049703	14	2161369
		TSP	0	0	2	216000	0	0	2	216000
		G. Total	10	8180000	57	22435969	57	13078809	124	43694778
25	Mogral Puthur Grama Panchayat	General	11	3997028	65	18614508	110	27631309	186	50242845
		SCP	1	770000	11	1908500	3	828000	15	3506500
		TSP	0	0	1	59000	0	0	1	59000
		G. Total	12	4767028	77	20582008	113	28459309	202	53808345
26	Muliyar Grama Panchayat	General	16	4417500	99	9966227	130	14250877	245	28634604
		SCP	4	350000	17	3114000	7	1230500	28	4694500
		TSP	1	120000	1	136800	11	1570700	13	1827500
		G. Total	21	4887500	117	13217027	148	17052077	286	35156604

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി

27	Padne Grama Panchayat	General	20	8588529	44	17181833	62	19866734	126	45637096
		SCP	2	1315000	7	7290000	6	1525178	15	10130178
		TSP	0	0	1	63000		0	1	63000
		G. Total	22	9903529	52	24534833	68	21391912	142	55830274
28	Paivalike Grama Panchayat	General	16	5704930	52	16178096	73	7878245	141	29761271
		SCP	3	361000	8	2918450	6	5163850	17	8443300
		TSP	7	2083333	12	3765000	16	3715630	35	9563963
		G. Total	26	8149263	72	22861546	95	16757725	193	47768534
29	Pallikkara Grama Panchayat	General	18	15841665	89	40522162	95	34138358	202	90502185
		SCP	0	0	5	1464900	2	525161	7	1990061
		TSP	0	0	10	2668125	0	0	10	2668125
		G. Total	18	15841665	104	44655187	97	34663519	219	95160371
30	Panathady Grama Panchayat	General	20	10802412	70	21351968	96	42331684	186	74486064
		SCP	4	1030000	20	7391000	0	0	24	8421000
		TSP	11	5581370	16	9969600	21	8386816	48	23937786
		G. Total	35	17413782	106	38712568	117	50718500	258	106844850
31	Pilicode Grama Panchayat	General	19	10250240	62	24499368	71	42003484	152	76753092
		SCP	1	200000	9	2745483	3	1299192	13	4244675
		TSP	1	150000	3	202000		0	4	352000
		G. Total	21	10600240	74	27446851	74	43302676	169	81349767
32	Pullurperiya Grama Panchayat	General	21	10719940	84	30616893	87	15603355	192	56940188
		SCP	0	0	13	3455800	2	62500	15	3518300
		TSP	2	2350000	17	5899554	8	1130696	27	9380250
		G. Total	23	13069940	114	39972247	97	16796551	234	69838738
33	Puthige Grama Panchayat	General	20	7584966	52	17381668	101	24172645	173	49139279
		SCP	3	602000	9	2985152	7	1841413	19	5428565
		TSP	3	1450000	7	2465700	3	951131	13	4866831
		G. Total	26	9636966	68	22832520	111	26965189	205	59434675
34	Thrikkaripur Grama Panchayat	General	16	9497500	43	22009625	140	53333074	199	84840199
		SCP	2	936000	7	2670890	10	2427590	19	6034480
		TSP	0	0	1	147000	0	0	1	147000
		G. Total	18	10433500	51	24827515	150	55760664	219	91021679
35	Udma Grama Panchayat	General	25	13122933	82	34334467	82	41400729	189	88858129
		SCP	1	250000	6	4047700	0	0	7	4297700
		TSP	1	38000	1	45000	0	0	2	83000
		G. Total	27	13410933	89	38427167	82	41400729	198	93238829
36	Valiyaparamba Grama Panchayat	General	12	4569490	48	30800259	33	7594377	93	42964126
		SCP	0	0	7	1663000	2	650000	9	2313000
		TSP	0	0	0	0	0	0	0	0
		G. Total	12	4569490	55	32463259	35	8244377	102	45277126
37	Vorkady Grama Panchayat	General	23	11014019	111	33232637	148	28269149	282	72515805
		SCP	0	0	19	6612609	0	0	19	6612609
		TSP	0	0	13	2820996	2	200000	15	3020996
		G. Total	23	11014019	143	42666242	150	28469149	316	82149410

38	West Eleri Grama Panchayat	General	12	10021912	62	24214894	37	15748900	111	49985706
		SCP	1	900000	5	295000	1	1000000	7	2195000
		TSP	3	1402000	17	8602300	4	1450000	24	11454300
		G. Total	16	12323912	84	33112194	42	18198900	142	63635006

Categorywise, Sectorwise Split up of Projects - Block Panchayats

Sl No	Name	Category	Productive Sector		Service Sector		Infrastructural Sector		Total	
			Nos	Amt	Nos	Amt	Nos	Amt	Nos	Amt
1	Manjeshwar	General	12	28237000	54	33429361	36	20111089	102	81777450
		SCP	0	0	7	7176000	5	1388000	12	8564000
		TSP			5	3942000			5	3942000
		G. Total	12	28237000	66	44547361	41	21499089	119	94283450
2	Kasaragod	General	16	19605700	46	30349514	40	19417014	102	69372228
		SCP			8	7263000	4	1671878	12	8934878
		TSP			6	7782630	1	839000	7	8621630
		G. Total	16	19605700	60	45395144	45	21927892	121	86928736
3	Karadka	General	9	12716480	38	25752798	17	11845800	64	50315078
		SCP			20	13165415	8	4662000	28	17827415
		TSP			11	10657257	1	500000	12	11157257
		G. Total	9	12716480	69	49575470	26	17007800	104	79299750
4	Kanhangad	General	13	14571736	25	20833077	28	16271177	66	51675990
		SCP			10	7315904	3	2156003	13	9471907
		TSP			4	1108000			4	1108000
		G. Total	13	14571736	39	29256981	31	18427180	83	62255897
5	Nileshwar	General	8	9921458	26	19326450	18	8374867	52	37622775
		SCP			3	6038377	1	107961	4	6146338
		TSP			1	127000			1	127000
		G. Total	8	9921458	30	25491827	19	8482828	57	43896113
6	Parappa	General	15	24774960	46	33434658	41	19283732	87	52718390
		SCP			3	1030000	1	50000	4	1080000
		TSP			3	32258000			3	32258000
		G. Total	15	24774960	52	66722658	42	19333732	109	110831350

Categorywise, Sectorwise Split up of Projects - Municipalities

Sl No	Name	Category	Productive Sector		Service Sector		Infrastructural Sector		Total	
			Nos	Amt	Nos	Amt	Nos	Amt	Nos	Amt
1	Kasaragod	General	11	10322821	138	97308494	280	111333051	429	218964366
		SCP	1	1500000	15	5898000	1	449695	17	7847695
		TSP	0	0	0	0	0	0	0	0
		G. Total	12	11822821	153	103206494	281	111782746	446	226812061
2	Kanhangad	General	39	46164053	148	203555434	275	227880976	462	477600463
		SCP	1	600000	14	6519242	8	2861288	23	9980530
		TSP			11	4485000	2	600000	13	5085000
		G. Total	40	46764053	173	214559676	285	231342264	498	492665993
3	Nileshwaram	General							0	0
		SCP	1	600000	8	5948276	2	528000	11	7076276
		TSP	0	0	0	0	0	0	0	0
		G. Total	1	600000	8	5948276	2	528000	11	7076276

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി

Categorywise, Sectorwise Split up of Projects - District Panchayat

Sl No	Name	Category	Productive Sector		Service Sector		Infrastructural Sector		Total	
			Nos	Amt	Nos	Amt	Nos	Amt	Nos	Amt
1	Kasaragod District Panchayat	General	46	185984292	355	389641609	274	636324718	675	1211950619
		SCP	1	150000	8	20344867	17	22200000	26	42694867
		TSP	1	300000	5	50442000	3	2630000	9	53372000
		G. Total	48	186434292	368	460428476	294	661154718	710	1308017486

പഞ്ചായത്തുകളുടെ മേഖലാവിഭജനം മൊത്തം അടങ്കലിന്റെ ശതമാനക്കണക്കിൽ (പൊതു, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ അടക്കം) ചുവടെ ചേർക്കുന്നു. ഏറ്റവും പ്രധാനപ്പെട്ട ഉത്പാദന മേഖലയിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നത് കുറയുന്നതും പശ്ചാത്തല മേഖലയിൽ ക്രമാതീതമായി കൂടുന്നതും പൊതുവേ കണ്ടുവരുന്ന പ്രവണതയാണ്. വികസന ഫണ്ടുകൾ ചെലവാക്കുന്നതിൽ മേഖലാടിസ്ഥാനത്തിൽ പരിധികളും നിബന്ധനകളും വെച്ചിരിക്കുന്നത് അത്തരം പ്രവണതകളെ തടയുന്നു. എന്നാൽ തനത് ഫണ്ട് അടക്കമുള്ള ഇതര ഫണ്ടുകൾ ഉപയോഗിച്ച് പശ്ചാത്തല മേഖലയിലാണ് ഏറ്റവും കൂടുതൽ തുക തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്നത് എന്ന് ചുവടെ കൊടുത്തിരിക്കുന്ന പട്ടിക വ്യക്തമാക്കുന്നു.

Percentage of Sectoral Allocation against Total Project Amount – Grama Panchayats

Sl No	Name	Prod	Service	infra
ഐ.എസ്.ഒ. സർട്ടിഫിക്കേഷനു വേണ്ടി കുമ്പടാജെ, മംഗൽപാടി, മഞ്ചേശ്വരം, പടന്ന, പനത്തടി, പിലിക്കോട് എന്നീ ഗ്രാമപഞ്ചായത്തുകളാണ്. മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് വെറ്ററിനറി ഡിസ്പൻസറിക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചത് സംസ്ഥാന തലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ട മാതൃകാല പ്രവർത്തനമാണ്.

ഐ.എസ്.ഓ.സർട്ടിഫിക്കേഷനുള്ള പ്രോജക്ടുകളോടൊപ്പം കമ്പ്യൂട്ടർവത്കരണത്തിനും സേവനദാനത്തിനുമായി നിരവധി പ്രോജക്ടുകൾ പഞ്ചായത്തുകൾ തയ്യാറാക്കിയിട്ടുണ്ട്. പൗരാവകാശരേഖ പ്രസിദ്ധീകരിക്കൽ, ഐ.കെ.എം.-ന് വിഹിതം നൽകൽ, ടെക്നിക്കൽ അസിസ്റ്റന്റിന് ഓണറേറിയം നൽകൽ, പഞ്ചായത്ത് ഓഫീസിലേക്കും ഘടക സ്ഥാപനങ്ങളിലേക്കും കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, സ്റ്റേഷനറി, മറ്റ് സാധന സാമഗ്രികൾ എന്നിവ വാങ്ങൽ, നെറ്റ് വർക്കിംഗ്, എ.എം.സി. തുടങ്ങിയവയാണ് പൊതുവെ ഉൾപ്പെടുത്തിയിരിക്കുന്ന പ്രോജക്ടുകൾ. കോടോം ബേളൂർ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളുടെ ഡോക്യുമെന്റേഷൻ, പഞ്ചാത്ത് ഓഫീസ് കോമ്പൗണ്ടിൽ സി.സി.ടി.വി. സ്ഥാപിക്കൽ, പടന്ന, പിലിക്കോട് പഞ്ചായത്തുകളുടെ അധികാര വികേന്ദ്രീകരണം ഡോക്യുമെന്റേഷൻ, കിനാനൂർ കരിന്തളത്തിന്റെ മുൻകാല റിക്കാർഡുകളുടെ ഡിജിറ്റലൈസേഷൻ, പട്ടികവർഗ്ഗ കോളനികളുടെ ഡോക്യുമെന്റേഷൻ തുടങ്ങിയ പ്രോജക്ടുകൾ വേറിട്ടു നിൽക്കുന്നവയാണ്.

14. പട്ടികജാതി ഉപപദ്ധതി

പൊതുവിഭാഗത്തിൽ നിന്നും ധനവും ആനുകൂല്യങ്ങളും ജനസംഖ്യാനുപാതികമായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലേക്ക് എത്തിച്ചേരുന്നു എന്ന് ഉറപ്പു വരുത്തുവാനുള്ള പ്രധാനപ്പെട്ട ആസൂത്രണ തന്ത്രമാണ് പ്രത്യേക ഘടകപദ്ധതി, ഗിരിവർഗ്ഗ (പട്ടികവർഗ്ഗ) ഉപപദ്ധതി എന്നീ പേരുകളിൽ വിളിക്കപ്പെടുന്ന പ്രത്യേക പദ്ധതി വിഭാഗങ്ങൾ. 2017-18 വർഷം മുതൽ പ്രത്യേക ഘടകപദ്ധതി പട്ടികജാതി ഉപപദ്ധതി (SCSP) എന്നാണ് അറിയപ്പെടുക. പൊതുവിഭാഗത്തിനു വേണ്ടി ചെലവഴിക്കുന്ന പദ്ധതി പണത്തിന്റെ ആനുപാതികമായ തുക ഈ വിഭാഗങ്ങൾക്കും ചെലവഴിക്കേണ്ടതാണ് എന്ന നിഷ്കർഷം അവരുടെ ജീവിത സാഹചര്യത്തിൽ വർദ്ധിച്ച രീതിയിൽ മാറ്റങ്ങൾ വരുത്തുന്ന പദ്ധതികൾ നിർബന്ധമായും നടപ്പിൽ വരുത്തുവാൻ സഹായിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിതം ഒടുക്കുവാനുള്ള ഗുണഭോക്താക്കളുടെ വൈമുഖ്യം മൂലം പല നല്ല പ്രോജക്ടുകളും ഈ മേഖലകളിൽ നടപ്പിലാക്കാൻ സാധിക്കാതെ വരുന്നു എന്നത് പ്രത്യേകം പരാമർശിക്കേണ്ട വസ്തുതയാണ്.

ജില്ലയിൽ പട്ടികജാതി വിഭാഗത്തിലുണ്ടായിരുന്ന ചില ജാതികൾ പട്ടികവർഗ്ഗ വിഭാഗത്തിലേക്ക് മാറിയതിനുശേഷം ജനസംഖ്യാനുപാതികമായ പദ്ധതിവിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നില്ല എന്നത് പദ്ധതി പ്രവർത്തനങ്ങളെ താളം തെറ്റിക്കുന്നു. ഇത് മറികടക്കുവാൻ വേണ്ടി പട്ടികജാതി ഫണ്ട് പട്ടികവർഗ്ഗത്തിനും കൂടി ഉപയോഗിക്കാം എന്ന ഇളവ് വന്നുവെങ്കിലും തോടെ ഫണ്ട് വകയിരുത്തുന്നതിൽ അസന്തുലിതാവസ്ഥ കടന്നുവരുന്നുണ്ട്. ഈ പോരായ്മ സർക്കാർ തലത്തിൽ അടിയന്തിരമായിപരിഹരിക്കേണ്ട കാര്യമാണ്.

ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പട്ടികജാതി വികസനത്തിനായി ആവിഷ്കരിച്ചിരിക്കുന്ന പ്രോജക്ടുകളുടെ എണ്ണവും തുകയും വികസന മേഖല-ഉപമേഖല തിരിച്ച് ചുവടെ പട്ടികകളിൽ ചേർക്കുന്നു.

14.1. ഉൽപാദനമേഖല

സ്വന്തമായി കൃഷിയിടം ഇല്ല എന്നതിനാൽ കാർഷിക-ജലസേചന പ്രോജക്ടുകൾ തുലോം കുറവാണ്. ആട്, കോഴി, പശു വിതരണം, വ്യവസായ-സ്വയംതൊഴിൽ സംരംഭം തുടങ്ങിയ പ്രോജക്ടുകളാണ് ഉൽപാദന മേഖലയിൽ കൂടുതലായി കാണുന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി

പട്ടികജാതി ഉപപദ്ധതി - ഉൽപാദന മേഖല - - ഗ്രാമ പഞ്ചായത്തുകൾ

ക്ര. നം.	ഉൽപാദന ഉപ മേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
1	കൃഷി	8	1	9	2385156
2	ജലസേചനം	4	1	5	1149000
3	മൃഗസംരക്ഷണം	21	6	27	10035640
4	വ്യവസായം, തൊഴിൽ സംരംഭങ്ങൾ, വിപണന പ്രോത്സാഹനം	12	16	28	11230000
	ആകെ	45	24	69	24799796

ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഉല്പാദന മേഖലയിൽ പ്രോജക്ടില്ല.

പട്ടികജാതി ഉപപദ്ധതി - ഉൽപാദന മേഖല - മുനിസിപ്പാലിറ്റികൾ

ക്ര. നം.	ഉൽപാദന ഉപ മേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
1	ജലസേചനം	1	0	1	1500000
2	വ്യവസായം, തൊഴിൽ സംരംഭങ്ങൾ, വിപണന പ്രോത്സാഹനം	0	2	2	1200000
	ആകെ	1	2	3	2700000

പട്ടികജാതി ഉപപദ്ധതി - ഉൽപാദന മേഖല - ജില്ലാ പഞ്ചായത്ത്

ക്ര. നം.	ഉൽപാദന ഉപ മേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
1	ജലസേചനം	1	0	1	150000
	ആകെ	1	0	1	150000

14.2. സേവനമേഖല

സേവനമേഖലയിലെ എല്ലാ ഉപമേഖലകളിലുമായി 490-ഓളം പ്രോജക്ടുകളാണ് ഗ്രാമ പഞ്ചായത്തുതലത്തിൽ പട്ടികജാതി വിഭാഗത്തിനുള്ളത്. മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളും സേവന മേഖലയിൽ ഗണ്യമായ പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. പട്ടിക ചുവടെ കാണുക.

പട്ടികജാതി ഉപപദ്ധതി - സേവന മേഖല - ഗ്രാമ പഞ്ചായത്തുകൾ

ക്ര. നം.	ഉൽപാദന ഉപ മേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
1	വിദ്യാഭ്യാസം	78	12	90	26667599
2	വായനശാലകൾ, ലൈബ്രറികൾ, ഗ്രാമ സഭാ കേന്ദ്രങ്ങൾ	2	0	2	309600
3	കലാ- സാസ്കാരിക- കായിക വികസനം,യുവജനക്ഷേമം	23	9	32	9277587
4	ആരോഗ്യം	7	0	7	1500000
5	കുടിവെള്ളം	80	93	173	44514742
6	ശുചിത്വം, മാലിന്യ സംസ്കരണം	10	12	22	6902790
7	പാർപ്പിടം, വീട് വൈദ്യുതീകരണം	41	34	75	42643504
8	സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം	37	3	40	14009690
9	പോഷകാഹാരം	9	1	10	5027331
10	അങ്കൺവാടികൾ	6	4	10	2483983
11	തൊഴിൽവൈദഗ്ദ്ധ്യ പോഷണം	1	3	4	628000
12	വൈദ്യുതി ലൈൻ, ട്രാൻസ്ഫോർമർ	2	0	2	400000
13	സർക്കാർ ഉത്തരവ് പ്രകാരം വിഹിതം നൽകൽ	20	2	22	3113000
14	സർക്കാർ ഉത്തരവ്/മറ്റ് ഉത്തരവ് പ്രകാരമുള്ള പ്രോജക്ടുകൾ	1	0	1	530000
	ആകെ	317	173	490	158007826

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി

പട്ടികജാതി ഉപപദ്ധതി - സേവന മേഖല - ബ്ലോക്ക് പഞ്ചായത്തുകൾ

ക്ര. നം.	സേവന ഉപ മേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
1	വിദ്യാഭ്യാസം	8	1	9	3130261
2	വായനശാലകൾ, ലൈബ്രറികൾ, ഗ്രാമ സഭാ കേന്ദ്രങ്ങൾ	1	0	1	104000
3	കലാ-സാസ്കാരിക-കായിക വികസനം, യുവജന ക്ഷേമം	3	1	4	1940377
4	കുടിവെള്ളം	10	6	16	8495010
5	ശുചിത്വം, മാലിന്യ സംസ്കരണം	1	0	1	250000
6	പാർപ്പിടം, വീട് വൈദ്യുതീകരണം	8	1	9	17377048
7	സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം	1	0	1	400000
8	സർക്കാർ ഉത്തരവ് പ്രകാരം വിഹിതം നൽകൽ	8	1	9	9246000
	ആകെ	40	10	50	40942696

പട്ടികജാതി ഉപപദ്ധതി - സേവന മേഖല - മുൻസിപ്പാലിറ്റികൾ

ക്ര. നം.	സേവന ഉപ മേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
1	വിദ്യാഭ്യാസം	12	1	13	6080000
2	കലാ-സാസ്കാരിക-കായിക വികസനം, യുവജന ക്ഷേമം	2	1	3	2659206
3	കുടിവെള്ളം	4	0	4	1600000
4	ശുചിത്വം, മാലിന്യ സംസ്കരണം	5	0	5	1821242
5	പാർപ്പിടം, വീട് വൈദ്യുതീകരണം	5	5	10	5305070
6	സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം	2	0	2	900000
	ആകെ	30	7	37	18365518

പട്ടികജാതി ഉപപദ്ധതി - സേവന മേഖല - ജില്ലാ പഞ്ചായത്ത്

ക്ര. നം.	സേവന ഉപ മേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
1	വിദ്യാഭ്യാസം	1	2	3	4654951
2	കുടിവെള്ളം	1	2	3	14823916
3	പാർപ്പിടം, വീട് വൈദ്യുതീകരണം	1	0	1	168000
4	വൈദ്യുതി ലൈൻ, ട്രാൻസ്ഫോർമർ	1	0	1	698000
	ആകെ	4	4	8	20344867

14.3. പശ്ചാത്തല മേഖല

റോഡുകൾ ഉൾപ്പെടുന്ന ഗതാഗത ഉപമേഖലയ്ക്കാണ് പശ്ചാത്തല മേഖലയിൽ ഏറ്റവും കൂടുതൽ ഫണ്ട് വകയിരുത്തൽ ഉണ്ടായിട്ടുള്ളത്. ഇതോടൊപ്പം തെരുവ് വിളക്ക്, കെട്ടിട വൈദ്യുതീകരണം എന്നിവയ്ക്കും പ്രോജക്ടുകൾ വകയിരുത്തിയിട്ടുണ്ട്. വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടികജാതി ഉപപദ്ധതി - പശ്ചാത്തല മേഖല - ഗ്രാമ പഞ്ചായത്തുകൾ

ക്ര. നം.	സേവന ഉപ മേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
1	തെരുവ് വിളക്ക്, ഓഫീസ് വൈദ്യുതീകരണം	17	6	23	4161284
2	ഗതാഗതം	45	59	104	31165856
3	ഉൽപാദന, സേവന മേഖലകളിൽ ഉൾപ്പെടാത്ത പൊതു കെട്ടിടങ്ങൾ	26	30	56	15574923
	ആകെ	88	95	183	50902063

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി

പട്ടികജാതി ഉപപദ്ധതി - പശ്ചാത്തല മേഖല - ബ്ലോക്ക് പഞ്ചായത്തുകൾ

ക്ര. നം.	പശ്ചാത്തല ഉപമേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
1	ഗതാഗതം	7	4	11	5907878
2	ഉൽപാദന, സേവന മേഖലകളിൽ ഉൾപ്പെടാത്ത പൊതു കെട്ടിടങ്ങൾ	9	2	11	4127964
	ആകെ	16	6	22	10035842

പട്ടികജാതി ഉപപദ്ധതി - പശ്ചാത്തല മേഖല - മുൻസിപ്പാലിറ്റികൾ

ക്ര. നം.	പശ്ചാത്തല ഉപമേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
1	തെരുവ് വിളക്ക്, ഓഫീസ് വൈദ്യുതീകരണം	0	1	1	301530
2	ഗതാഗതം	2	5	7	2382758
3	ഉൽപാദന, സേവന മേഖലകളിൽ ഉൾപ്പെടാത്ത പൊതു കെട്ടിടങ്ങൾ	2	2	4	1154695
	ആകെ 4 8 12 3838983				

പട്ടികജാതി ഉപപദ്ധതി - പശ്ചാത്തല മേഖല - ജില്ലാ പഞ്ചായത്ത്

ക്ര. നം.	പശ്ചാത്തല ഉപമേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
1	തെരുവ് വിളക്ക്, ഓഫീസ് വൈദ്യുതീകരണം	0	0	0	0
2	ഗതാഗതം	12	0	12	14500000
3	ഉൽപാദന, സേവന മേഖലകളിൽ ഉൾപ്പെടാത്ത പൊതു കെട്ടിടങ്ങൾ	1	4	5	7700000
	ആകെ	13	4	17	22200000

15. പട്ടികവർഗ്ഗ ഉപപദ്ധതി

15.1. ഉൽപാദനമേഖല

ഗ്രാമ പഞ്ചായത്തുകളിൽ പട്ടികവർഗ്ഗ ഉപപദ്ധതിയിലെ ഉൽപാദന മേഖലയിൽ ഉൾപ്പെടുന്ന ആകെ 67 പ്രോജക്ടുകളാണുള്ളത്. (25 എണ്ണം), വ്യവസായം-തൊഴിൽ- വിപണനം (22 എണ്ണം) കൃഷി (13 എണ്ണം) എന്നീ രംഗങ്ങളിലാണ് മേൽ പ്രോജക്ടുകൾ തയ്യാറാക്കിയിരിക്കുന്നത്. ആകെ അടങ്കൽ 2,89,16,868/-രൂപ. ക്ഷീരവികസനം, മത്സ്യബന്ധനം, ഊർജ്ജോൽപാദനം എന്നീ ഉപമേഖലയിൽ പ്രോജക്ടുകൾ ഒന്നും തന്നെ ഇല്ല. അതുപോലെ ബ്ലോക്ക് പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ എന്നിവ ഈ മേഖലയിൽ ഫണ്ട് വകയിരുത്തിയിട്ടില്ല. പട്ടിക താഴെ കൊടുക്കുന്നു.

പട്ടികവർഗ്ഗ ഉപപദ്ധതി - ഉൽപാദന മേഖല - ഗ്രാമപഞ്ചായത്തുകൾ

ക്ര. നം.	ഉൽപാദന ഉപമേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
1	കൃഷി	12	1	13	3545935
2	ജലസേചനം	1	3	4	1900000
3	മണ്ണ്- ജല സംരക്ഷണം, പരിസ്ഥിതി, വനവത്കരണം	3	0	3	1040000
4	മൃഗസംരക്ഷണം	19	6	25	10410933
5	വ്യവസായം, തൊഴിൽ സംരംഭങ്ങൾ, വിപണന പ്രോത്സാഹനം	11	11	22	12020000
	ആകെ	46	21	67	28064958

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി

പട്ടികവർഗ്ഗ ഉപപദ്ധതി - ഉൽപാദന മേഖല - ജില്ലാ പഞ്ചായത്ത്

ക്ര. നം.	ഉൽപാദന ഉപമേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
1	വ്യവസായം, തൊഴിൽ സംരംഭങ്ങൾ, വിപണന പ്രോത്സാഹനം	1	0	1	300000
	ആകെ	1	0	1	300000

15.2. സേവനമേഖല

പട്ടികവർഗ്ഗ പദ്ധതിയിലെ സേവന മേഖലയിൽ ആകെ 297 പ്രോജക്ടുകളാണുള്ളത്. ഇവയിൽ 79 പ്രോജക്ടുകൾ കുടിവെള്ള പദ്ധതികൾക്കും 68 എണ്ണം വിദ്യാഭ്യാസ രംഗത്തും ബാക്കിയുള്ളവ പാർപ്പിടം, സാമൂഹ്യക്ഷേമം, ഇതര ഉപമേഖലകൾ എന്നിവയ്ക്കുമാണ്. വൈദ്യുതി ലൈൻ വലിക്കൽ/ട്രാൻസ്ഫോർമർ, വിനോദ സഞ്ചാരം എന്നിവയ്ക്ക് പ്രോജക്ടുകളൊന്നുമില്ല. ഈ മേഖലയിലെ ആകെ അടങ്കൽ 11.68.89.272/-രൂപയാണ്.

പട്ടികവർഗ്ഗ ഉപപദ്ധതി - സേവന മേഖല - ഗ്രാമപഞ്ചായത്തുകൾ

ക്ര. നം.	സേവന ഉപമേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
1	വിദ്യാഭ്യാസം	53	15	68	25042733
3	വായനശാലകൾ, ലൈബ്രറികൾ, ഗ്രാമ സഭാ കേന്ദ്രങ്ങൾ	2	0	2	143704
4	കലാ-സാസ്കാരിക-കായിക വികസനം, യുവജന ക്ഷേമം	8	1	9	3205800
5	ആരോഗ്യം	7	0	7	1220000
6	കുടിവെള്ളം	43	36	79	24412712
7	ശുചിത്വം, മാലിന്യ സംസ്കരണം	7	3	10	4269200
8	പാർപ്പിടം, വീട് വൈദ്യുതീകരണം	23	23	45	31061354
9	സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം	37	5	42	18964950
10	പോഷകാഹാരം	5	0	5	5461713
11	അങ്കൺവാടികൾ	0	2	2	455000
12	തൊഴിൽവൈദഗ്ദ്ധ്യ പോഷണം	0	1	1	29660
13	ഊർജ്ജ സംരക്ഷണം	0	1	1	48585
14	കമ്പ്യൂട്ടർവത്കരണവും സേവനം മെച്ചപ്പെടുത്തലും	4	1	5	490000
15	സർക്കാർ ഉത്തരവ് പ്രകാരം വിഹിതം നൽകൽ	18	0	18	3877411
16	സർക്കാർ ഉത്തരവ് / മറ്റ് ഉത്തരവ് പ്രകാരമുള്ള പ്രോജക്ടുകൾ	3	0	3	259000
	ആകെ	209	88	297	116889272

പട്ടികവർഗ്ഗ ഉപപദ്ധതി - സേവന മേഖല - ബ്ലോക്ക് പഞ്ചായത്തുകൾ

ക്ര. നം.	സേവന ഉപമേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
1	വിദ്യാഭ്യാസം	3	1	4	1681257
4	കലാ-സാസ്കാരിക-കായിക വികസനം, യുവജന ക്ഷേമം	2	1	3	1500000
6	കുടിവെള്ളം	7	0	7	6100000
7	ശുചിത്വം, മാലിന്യ സംസ്കരണം	1	0	1	250000
8	പാർപ്പിടം, വീട് വൈദ്യുതീകരണം	7	0	7	25522930
9	സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം	1	0	1	400000
18	സർക്കാർ ഉത്തരവ് പ്രകാരം വിഹിതം നൽകൽ	8	1	9	92460000
	ആകെ	23	3	26	54193630

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി

പട്ടികവർഗ്ഗ ഉപപദ്ധതി - സേവന മേഖല - മുൻസിപ്പാലിറ്റികൾ

ക്ര. നം.	സേവന ഉപമേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
1	വിദ്യാഭ്യാസം	1	1	2	1160000
2	കുടിവെള്ളം	2	0	2	112000
3	പാർപ്പിടം, വീട് വൈദ്യുതീകരണം	2	3	5	2787900
4	സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം	2	0	2	425100
	ആകെ	7	4	11	4485000

പട്ടികവർഗ്ഗ ഉപപദ്ധതി - സേവന മേഖല - ജില്ലാ പഞ്ചായത്ത്

ക്ര. നം.	സേവന ഉപമേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
1	വിദ്യാഭ്യാസം	2	0	2	2663626
2	കുടിവെള്ളം	2	0	2	46231374
3	ശുചിത്വം, മാലിന്യ സംസ്കരണം	0	0	0	0
4	പാർപ്പിടം, വീട് വൈദ്യുതീകരണം	1	0	1	1547000
	ആകെ	5	0	5	50442000

15.3. പശ്ചാത്തലമേഖല

പട്ടികവർഗ്ഗ ഉപപദ്ധതിയിലെ പശ്ചാത്തലമേഖലയിൽ ആകെ 187 പ്രോജക്ടുകളാണുള്ളത്. ഇതിൽ 106 എണ്ണം ഗതാഗത സൗകര്യങ്ങൾക്കും 58 എണ്ണം കെട്ടിടങ്ങൾക്കും 23 എണ്ണം തെരുവ് വിളക്ക്/ഓഫീസ് വൈദ്യുതീകരണം എന്നിവയ്ക്കുമായി ആവിഷ്കരിച്ചിട്ടുള്ളവയാണ്.

പട്ടികവർഗ്ഗ ഉപപദ്ധതി - പശ്ചാത്തല മേഖല - ഗ്രാമപഞ്ചായത്തുകൾ

ക്ര. നം.	സേവന ഉപമേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
1	തെരുവ് വിളക്ക്, ഓഫീസ് വൈദ്യുതീകരണം	17	6	23	4161284
2	ഗതാഗതം	45	59	104	31165856
3	ഉൽപാദന, സേവന മേഖലകളിൽ ഉൾപ്പെടാത്ത പൊതു കെട്ടിടങ്ങൾ	26	30	56	15574923
	ആകെ	88	95	183	50902063

പട്ടികവർഗ്ഗ ഉപപദ്ധതി - പശ്ചാത്തല മേഖല - ബ്ലോക്ക് പഞ്ചായത്തുകൾ

ക്ര. നം.	പശ്ചാത്തല ഉപമേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
2	ഗതാഗതം	1	0	1	500000
3	ഉൽപാദന, സേവന മേഖലകളിൽ ഉൾപ്പെടാത്ത പൊതു കെട്ടിടങ്ങൾ	1	0	1	839000
	ആകെ	2	0	2	1339000

പട്ടികവർഗ്ഗ ഉപപദ്ധതി - പശ്ചാത്തല മേഖല - മുൻസിപ്പാലിറ്റികൾ

ക്ര. നം.	പശ്ചാത്തല ഉപമേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
1	ഗതാഗതം	1	0	1	500000
2	ഉൽപാദന, സേവന മേഖലകളിൽ ഉൾപ്പെടാത്ത പൊതു കെട്ടിടങ്ങൾ	1	0	1	100000
	ആകെ	2	0	2	600000

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി

പട്ടികവർഗ്ഗ ഉപപദ്ധതി - പശ്ചാത്തല മേഖല - ജില്ലാ പഞ്ചായത്ത്

ക്ര. നം.	പശ്ചാത്തല ഉപമേഖല	പ്രോജക്ടുകളുടെ എണ്ണം			ആകെ അടങ്കൽ
		പുതിയത്	സ്പിൽ ഓവർ	ആകെ	
1	ഉൽപാദന, സേവന മേഖലകളിൽ ഉൾപ്പെടാത്ത പൊതു കെട്ടിടങ്ങൾ	0	3	3	2630000
	ആകെ	0	3	3	2630000

സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക നിയന്ത്രണം മൂലംപദ്ധതി നിർവ്വഹണവും പദ്ധതി വിഹിതത്തിന്റെ വിനിയോഗവും കുറച്ച് മാസങ്ങൾ തടസ്സപ്പെട്ടു എന്നത് യാഥാർത്ഥ്യമാണ്. നിയന്ത്രണം എടുത്തു കളഞ്ഞ അവസ്ഥയിൽ പൂർവ്വാധികം ശക്തിയോടെ പദ്ധതി നിർവ്വഹണം മികവുറ്റതാക്കി പദ്ധതി തുക നൂറ് ശതമാനം വിനിയോഗിച്ച് വികസന, ക്ഷേമ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച ഫലപ്രാപ്തി പ്രാപിക്കും എന്ന് പ്രത്യാശിക്കാം.

7. ജില്ലയുടെ വികസന പരിപ്രേക്ഷ്യവും പ്രധാന പദ്ധതികളും നിർദ്ദേശങ്ങളും

വികസന പരിപ്രേക്ഷ്യം

ഭരണഘടനയുടെ അനുച്ഛേദം ZD 243 പ്രകാരം രൂപീകൃതമായ ജില്ലാ ആസൂത്രണ സമിതിയുടെ മുഖ്യചുമതലയാണ് ജില്ലാ പദ്ധതി തയ്യാറാക്കുക എന്നത്. സ്ഥലമാനാസൂത്രണം, ഭൗതികവും പ്രകൃതിദത്തവുമായ വിഭവങ്ങൾ പങ്കിടൽ, പരിസ്ഥിതി സംരക്ഷണം, അടിസ്ഥാന സൗകര്യങ്ങളുടെ സംയോജിത വികസനം എന്നിവക്ക് ഊന്നൽ നൽകിയാണ് ജില്ലാ പദ്ധതിക്ക് രൂപം നൽകേണ്ടത്. ഓരോ ജില്ലയുടെയും വിവിധ വിഷയ മേഖലകളുടെ സാധ്യതയും വിഭവ സമ്പത്തും സ്ഥിതി വിവരങ്ങളും പരിമിതികളും വ്യത്യസ്തമാണെന്നതിനാൽ തന്നെ, പൊതു പദ്ധതികൾക്കപ്പുറം ആവശ്യാധിഷ്ഠിത പദ്ധതി രൂപീകരണമെന്ന ക്രിയാത്മക പ്രവർത്തനമായി ഈ പ്രക്രിയയെ വിവക്ഷിക്കാവുന്നതാണ്. അതാവണം ജില്ലാ പദ്ധതിയുടെ അന്തഃസത്തയും.

സംസ്ഥാന വികസനത്തിന്റെ നിലവിലുള്ള ഘട്ടത്തിന്റെ പ്രധാന ആവശ്യകത തൊഴിലവസരങ്ങളും ഉൽപ്പാദന സാഹചര്യങ്ങളിൽ മാറ്റം വരുത്തി ഉൽപ്പാദനങ്ങളും വർദ്ധിപ്പിക്കുക എന്നതാണ്. 2015-16 ൽ കൈവരിച്ച 8 ശതമാനം വളർച്ചാ നിരക്ക് 2 വർഷത്തിനകം 10 ശതമാനത്തിലെത്തിക്കുകയും പിന്നീട് ഘട്ടംഘട്ടമായി ഉയർന്ന വളർച്ചാ നിരക്ക് കൈവരിക്കുകയും ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം. ആ ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി ഓരോ മേഖലയിലും ഗണ്യമായ മാറ്റം സൃഷ്ടിക്കാൻ സാധിക്കേണ്ടതുണ്ട്.

കൃഷി അനുബന്ധ മേഖലകളിലെ വളർച്ച 3 ശതമാനം കുറഞ്ഞ സാഹചര്യത്തിൽ വിള ഉൽപാദന മേഖലയിലെ 2015-16 ലെ വളർച്ചാ നിരക്ക് നെഗറ്റീവ് 7 ശതമാനമായിരുന്നു. അതുകൊണ്ട് തന്നെ നമ്മുടെ പ്രധാന വികസന ലക്ഷ്യമെന്നത് കൃഷി, മൃഗസംരക്ഷണം, മത്സ്യ ബന്ധനം, വ്യവസായം, അടിസ്ഥാന വികസനം, വിനോദ സഞ്ചാരം, ഗതാഗതം എന്നിവ പരമാവധി പ്രയോജനപ്പെടുത്തി 10 ശതമാനം വളർച്ചാ നിരക്ക് കൈവരിക്കുക എന്നതാകണം.

ഇവിടെയാണ് ജില്ലാ പദ്ധതി ആവിഷ്കാരത്തിന്റെ പ്രസക്തി. ഓരോ ജില്ലയും ഭാവി വികസന പരിപ്രേക്ഷ്യം സമഗ്രമായി ആസൂത്രണം ചെയ്താൽ മാത്രമേ സംസ്ഥാനത്തിന്റെ പ്രഖ്യാപിത വികസന ലക്ഷ്യം കരുപ്പിടിപ്പിക്കുവാൻ സാധിക്കുകയുള്ളു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യം 4 മിഷനുകളിലൂടെയുള്ള നവ കേരള സൃഷ്ടിയാണ്. ഉയർന്ന നിലവാരത്തിലുള്ള സ്കൂൾ വിദ്യാഭ്യാസം, ജനസൗഹൃദ ആരോഗ്യസൗകര്യങ്ങൾ, പരിസ്ഥിതിസൗഹൃദ കൃഷി, മാലിന്യ നിർമ്മാർജ്ജനം, വൃത്തിയുള്ള പരിസരം, ശുദ്ധമായ ജലാശയങ്ങൾ, വിപുലമായ ജലവിഭവങ്ങൾ, സുരക്ഷിതമായ ഭവനവും ഉപജീവന മാർഗ്ഗവും, കൃഷിയിലും വ്യവസായത്തിലും ഭൗതികോൽപ്പാദന വർദ്ധനവ്, ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുടെ പ്രയോഗം വിപുലമാക്കൽ, സാമൂഹിക സുരക്ഷിതത്വം തുടങ്ങിയവയാണ് ജനകീയ പങ്കാളിത്തത്തോടെ സുസ്ഥിര വികസനത്തിന് മുന്നോട്ട് വെക്കുന്നത്. ഇത്തരത്തിൽ ലക്ഷ്യങ്ങളിലൂന്നിയുള്ള ഹ്രസ്വകാല, ദീർഘകാല പദ്ധതികളാണ് നമ്മുടെ പ്രദേശങ്ങൾക്കനുപൂരകമായി ജില്ലാ പദ്ധതിയിലൂടെ രൂപപ്പെടുത്തേണ്ടുന്നത്.

2015-16 ൽ 8.87 ശതമാനം (സ്ഥിര വിലയിൽ) വളർച്ച കൈവരിച്ച ജില്ലയാണ് കാസറഗോഡ്. സംസ്ഥാന വരുമാനത്തിന്റെ 3.4 ശതമാനമാണ് കാസറഗോഡ് ജില്ലയുടെ സംഭാവന. ജില്ലയുടെ വരുമാനത്തിൽ സേവന മേഖല (തൃതീയ) യുടെ പ്രഭാവം കാണാവുന്നതാണ്. 53 ശതമാനമുള്ള സേവനമേഖലാ സംഭാവന ഉൽപാദന മേഖലയെക്കാൾ (28%) ഏറെ കൂടുതലാണ്. സേവന മേഖലയിൽ തന്നെ റിയൽ എസ്റ്റേറ്റ് (29.7%), ഗതാഗതം, വാർത്താ വിനിമയം (15.6%), വ്യാപാരം, ഹോട്ടൽ, റസ്റ്റോറന്റ് (20.8%) ഇതര സേവനങ്ങൾ (27.8%) എന്നിങ്ങനെയാണ് ഉപമേഖലാ വിഹിതം.

കാർഷിക മേഖലാ സംഭാവന 19 ശതമാനമാകുമ്പോൾ അതിൽ വിളകൾ 63 ശതമാനവും കന്നുകാലി സമ്പത്ത് 15 ശതമാനവും മത്സ്യബന്ധനം 14 ശതമാനവും എന്നിങ്ങനെയാണ് പ്രാഥമിക ഉപ മേഖലാ വിഹിതങ്ങൾ. ജില്ലാ പദ്ധതി ആസൂത്രണത്തിൽ കൃഷിക്കും അനുബന്ധ മേഖലകൾക്കും ഉൽപ്പന്ന നിർമ്മാണ മേഖലകൾക്കും കൂടുതൽ ഊന്നൽ നൽകണമെന്ന സൂചനയാണ് സാമ്പത്തിക അവലോകന റിപ്പോർട്ട് നൽകുന്നത്. പ്രദേശത്തിന്റെ വരുമാനവും വികസനവും അവിടെ ലഭ്യമായ വിവിധ വിഭവങ്ങൾ എങ്ങനെ സാമ്പത്തിക പ്രക്രിയയിലേക്ക് ഉപയോഗപ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചിരിക്കും.

മാനവ വിഭവശേഷിയുടെ കണക്കെടുത്താൽ 8.18 ശതമാനം എന്ന ദശാബ്ദ വളർച്ചാ നിരക്കുള്ള ജില്ലയിൽ മൊത്തം 13.07 ലക്ഷമാണ് ജനസംഖ്യ. സംസ്ഥാന ദശാബ്ദ വളർച്ചാ നിരക്ക് 4.86 ശതമാനമാണ്. സപ്തഭാഷാ സംഗമ ഭൂമിയായ കാസറഗോഡ് വ്യത്യസ്ത ഭാഷകളും സവിശേഷ സംസ്കാരങ്ങളുമുള്ള ജനവിഭാഗങ്ങളാണുള്ളത്. ഈ ജനസംഖ്യയിൽ 35 ശതമാനം മാത്രമാണ് തൊഴിലിൽ ഏർപ്പെടുന്നത്. സ്ത്രീ തൊഴിൽ പങ്കാളിത്തം ശരാശരിയെക്കാൾ ഉയർന്നതാണ് ജില്ലയിൽ. എന്നാൽ കാർഷിക വൃത്തിയിലേർപ്പെട്ട തൊഴിലാളികളുടെ ശതമാനത്തിൽ ജില്ല സംസ്ഥാന ശരാശരിയോടൊപ്പം എത്തുന്നുമില്ല. 60 ശതമാനത്തോളമുള്ള തൊഴിലെടുക്കാൻ പ്രാപ്തിയുള്ളവരുടെ വ്യാപ്തിയാണ് മറ്റൊരു ശ്രദ്ധേയ ഘടകം. നമ്മുടെ ജില്ലയുടെ ഭാവി വികസനത്തിന് 'ഡമോഗ്രാഫിക്' ഡിവിഡന്റിലൂടെ സാദ്ധ്യതകളുടെ വാതായനമാണ് തുറക്കുന്നത്. ഇതോടൊപ്പം കൂട്ടിച്ചേർക്കേണ്ടുന്ന സുപ്രധാന മാനവ വിഭവശേഷി വിഭാഗമാണ് പ്രവാസികൾ. ഒരു ലക്ഷത്തിലേറെ പ്രവാസികളുള്ള ജില്ല കേരളത്തിലെ ഏറ്റവും കൂടുതൽ പ്രവാസി ജനസംഖ്യയുള്ള ജില്ലകളിലൊന്നാണ്. പ്രതിവർഷം 3700 കോടിയിലധികം രൂപ ജില്ലയിലേക്ക് ഇതു വഴി വരുന്നു എന്നാണ് കണക്കാക്കിയിരിക്കുന്നത്. അതേ സമയം ഇതിൽ ഉൽപാദന പരമായ വിനിയോഗത്തിന് ലഭ്യമാക്കുന്നത് വളരെ കുറഞ്ഞ ശതമാനം തുക മാത്രവുമാണ്. പ്രവാസിനിധി രൂപീകരിച്ച് ജി

ല്ലയുടെ പ്രവാസി സാധ്യത പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. വ്യവസായ സംരംഭങ്ങളുടെ മേഖലയിലും മറ്റ് ഉൽപാദന മേഖലകളിലും ഇത് ഫലപ്രദമാക്കണം. അതോടൊപ്പം ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ച് ഒന്നാം ഘട്ടത്തിൽ ജില്ലയിലെ 101 അശരണർക്ക് ഭവനം നൽകാനുള്ള അഭിമാന പദ്ധതി ജില്ലയിലെ പ്രവാസികൾ ഉൾപ്പെടെയുള്ളവരുമായി ചേർന്ന് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. പ്രവാസികളുടെ പുരധിവാസവും ക്ഷേമവും മറുവശത്ത് സവിശേഷ ശ്രദ്ധ വേണ്ടുന്ന വിഷയമാണ്.

ഉൽപ്പാദന മേഖല

ഒമ്പത് വലിയ നദികളും 3 ഉപനദികളുമുള്ള കാസറഗോഡ് ജലാശയങ്ങളുടെ എണ്ണത്തിൽ സംസ്ഥാനത്ത് ഏറ്റവും സമ്പന്നമായ ജില്ലയാണ്. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ജില്ലകളിലൊന്നാണ് കാസറഗോഡ്. എന്നാൽ വേനൽക്കാലത്ത് ഏറ്റവും കൂടുതൽ വരൾച്ച അനുഭവിക്കുന്ന ജില്ലകൂടിയാണ് കാസറഗോഡ് എന്നത് വൈരുദ്ധ്യവുമാണ്. പരമ്പരാഗത ജലസ്രോതസ്സുകളായ പള്ളങ്ങൾ, സുരംഗങ്ങൾ എന്നിവ ജില്ലയിൽ സുലഭമാണ്. എന്നാൽ ഭൂഗർഭ ജല വിതാനം ഏറ്റവും കുറഞ്ഞ സ്ഥിതിയുള്ള സംസ്ഥാനത്തെ മൂന്ന് ബ്ലോക്കുകളിലൊന്ന് കാസറഗോഡാണ്. ജില്ലയുടെ ഭൂഗർഭ ജല വികസനത്തിന്റെ സ്റ്റേജ് 71 ശതമാനമാകുമ്പോൾ കേരളത്തിന്റെ ശരാശരി ഭൂഗർഭജല വികസന സ്റ്റേജ് 47 ശതമാനം മാത്രമാണ്. ജലത്തിന്റെയും ജലാശയങ്ങളുടെയും വിഷയം ആസൂത്രണ പ്രക്രിയയിൽ നിർണ്ണായകമാകുന്നു. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം എന്ന നിലയിൽ പാരമ്പര്യ ജലസ്രോതസ്സ് സംരക്ഷണം (ഉറവ), നീർത്തടാധിഷ്ഠിത പദ്ധതി, മഴവെള്ള സംരക്ഷണവും പുനരുജ്ജീവന പ്രവർത്തികളും (മഴക്കൊയ്ത്ത്), ജലാശയങ്ങളുടെ സംരക്ഷണം തുടങ്ങിയ സമഗ്ര ബഹുമുഖ പദ്ധതികളാണ് ജില്ലാ പദ്ധതിയുടെ ഭാഗമായി ശുപാർശ ചെയ്യുന്നത്. ജില്ലയെ മുഴുവൻ ഭൂഗർഭജലത്തിന്റെ വിഷയത്തിൽ 'സേഫർ സോണി' ലെത്തിക്കുക, ലഭ്യമാകുന്ന ജലത്തെ സംരക്ഷിച്ച് വരൾച്ചയില്ലാത്ത ജില്ലയാക്കി മാറ്റിത്തീർക്കുക എന്നതുമാണ് ഈ മേഖലയിലെ ദീർഘകാല പരിപ്രേക്ഷ്യം.

ജില്ലയിലെ പ്രധാന മണ്ണിനം ലാറ്ററൈറ്റ് വിഭാഗമാണ് (30 ശതമാനം) പടിഞ്ഞാറൻ തീരപ്രദേശത്ത് എക്കൽ മണ്ണിന്റെ (25 ശതമാനം) സാന്നിധ്യവുമുണ്ട്. കൃഷിക്കനുയോജ്യമായ മണ്ണാണിത്. ജൈവാവശിഷ്ടങ്ങളാൽ സമ്പന്നമായ വനമണ്ണാണ് കിഴക്കൻ മലയോര പ്രദേശങ്ങളിൽ ചിലയിടങ്ങളിലുള്ളത്. ഭൂവിസ്തൃതിയുടെ 71 ശതമാനം കാർഷികാവശ്യങ്ങൾക്കുപയോഗിക്കുന്നു. സംസ്ഥാനത്ത് ഇത് 52 ശതമാനമാണ്. പതിമൂന്നായിരം ഹെക്ടറോളം കൃഷിയോഗ്യമായ തരിശു ഭൂമിയുള്ള ജില്ലയിൽ വനവിസ്തൃതി കുറവാണ്. (119.73 ച.കി.മീ) ഇത് ഭൂവിസ്തൃതിയുടെ 5.56 ശതമാനം മാത്രമാണ്. വന നയം നിഷ്കർഷിക്കുന്ന അളവിലും വളരെ കുറവാണ് ഇത്. അതേസമയം 500 ഏക്കറോളമുള്ള കാവുകൾ ജൈവവൈവിധ്യം കൊണ്ട് സമ്പന്നമാണ്.

കാർഷികോൽപാദനത്തിൽ 60 ശതമാനം വിളകളിൽ നിന്ന് 41 ശതമാനം പ്രദേശത്ത് തെങ്ങും 13 ശതമാനം വിസ്തൃതിയിൽ കവുങ്ങും 22 ശതമാനം സ്ഥലങ്ങളിൽ റബ്ബറുമാണ്. 10 വർഷം മുമ്പ് 6000 ഹെക്ടർ കൃഷി ചെയ്തിരുന്ന നെല്ല് 3842 ഹെക്ടറിലേക്ക് ചുരുങ്ങി. സംസ്ഥാനത്തെ നെൽ കൃഷി മേഖലയിലുള്ള മാറ്റം കാസറഗോഡ് ജില്ലയിലും പ്രകടമാണ്. കശുമാവ് 14578 ഹെക്ടറിൽ നിന്നും 6848 ഹെക്ടറിലേക്ക് ചുരുങ്ങിയപ്പോൾ ഇവ വെട്ടിത്തെളിച്ച് റബ്ബർ കൃഷി ചെയ്തതിന്റെ മാറ്റം 26,620 ൽ നിന്നും 33,910 ഹെക്ടറിലേക്ക് ഉയർന്ന വിസ്തൃതിയിൽ കാണാം. സംസ്ഥാനത്തെ കശുവണ്ടി ഉൽപാദനത്തിന്റെ 16 ശതമാനം ജില്ലയിലാണ് എന്നതു കൂട്ടിവായിക്കപ്പെടേണ്ടതും വിലയിരുത്തേണ്ടതുമാണ്. സംസ്ഥാനത്തിന്റെ ഉൽപാദനത്തിൽ 40 ശതമാനം അടക്കയും ജില്ലയിൽ നിന്നാകുമ്പോൾ കവുങ്ങു കൃഷിയിൽ ഒന്നാം സ്ഥാനത്തുള്ള ജില്ലയിൽ പ്രസ്തുത കൃഷി തകർച്ച നേരിടുന്ന സാഹചര്യവും നിലനിൽക്കുന്നു. എൻഡോസൾഫാൻ വിഷമഴയേറ്റ് ജീവജാലങ്ങളും പ്രകൃതിയും മനുഷ്യരുമെല്ലാം ദുരന്തം ഏറ്റുവാങ്ങിയതിന്റെ തുടർച്ചയായി പ്രഖ്യാപിച്ച 'ജൈവ ജില്ല' പ്രാവർത്തികമായില്ലെന്ന് മാത്രമല്ല ജില്ലയിലെ ഒരു ശതമാനം ഭൂപ്രദേശത്ത് മാത്രമാണ് നിലവിൽ പച്ചക്കറി കൃഷി ചെയ്യുന്നത് എന്നത് യാഥാർത്ഥ്യമാണ്. ഭക്ഷ്യ ആവശ്യങ്ങൾക്കായി ഇതര സംസ്ഥാനത്തെ പ്രത്യേകിച്ച് മംഗലാപുരം പട്ടണത്തെ ആശ്രയിക്കേണ്ടുന്ന സ്ഥിതി വിശേഷവുമുണ്ട്. പുകയില കൃഷി ചെയ്യുന്ന സംസ്ഥാനത്തെ ഏക ജില്ലയാണ് കാസറഗോഡ്.

എൻഡോസൾഫാൻ മേഖലയിൽ പൂക്കളെയും പൂമ്പാറ്റകളെയും മത്സ്യങ്ങളെയും തേനീച്ചകളെയും തിരികെ കൊണ്ടു വരിക എന്ന ഒന്നാം ഘട്ട ലക്ഷ്യത്തിലൂന്നിയുള്ള 'ജൈവം ജീവനം' എന്ന സമഗ്ര ജൈവ പുനരുജ്ജീവന പദ്ധതിയാണ് കാർഷിക മേഖലയിലെ വിഷയങ്ങൾക്ക് പരിഹാരമായി മുന്നോട്ട് വയ്ക്കുന്നത്. മണ്ണ്, പ്രകൃതി, പ്രാഥമിക പഠനം, മണ്ണറിഞ്ഞ് വിത്തും വളവും, ജൈവവൈവിധ്യ പാഠപുസ്തകം (പ്രാദേശികം), ജൈവ ജില്ല യാഥാർത്ഥ്യമാക്കൽ, ജല സ്രോതസ്സുകളുടെ പുനഃസൃഷ്ടി, നാടൻ ഉൽപ്പന്നങ്ങളുടെ കൃഷി വ്യാപനവും (ചക്ക, മാങ്ങ, മുതലായവ) വ്യാവസായിക സാധ്യതയും എന്നിങ്ങനെ സമഗ്ര ഘടകങ്ങളോടെയാണ് വിശാല കാഴ്ച്ചപ്പാടിൽ ഈ മേഖലയിലെ ആസൂത്രണം നടത്തിയിരിക്കുന്നത്. തരിശുരഹിത ജില്ല എന്ന കാഴ്ച്ചപ്പാടിൽ 'ബ്ലോസം' പദ്ധതിയിൽ നെൽകൃഷിയുടെ ഉൽപാദനക്ഷമത പ്രതിവർഷം 2500 ടൺ ആയി ഉയർത്തൽ, കൃഷി വിസ്തൃതി ഇരട്ടിയാക്കൽ, ലേബർ ബാങ്ക്, നാടൻ വിത്തുകളുടെ സംരക്ഷണവും കൃഷിയും, 5000 ഹെക്ടർ തരിശു ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്ത് സ്വാശ്രയത്വമുണ്ടാക്കൽ തുടങ്ങിയ വൈവിധ്യ സമീപനങ്ങളും കാർഷിക മേഖലയ്ക്ക് പിന്തുണയായുണ്ടാകും.

41 തദ്ദേശ ഭരണ സ്ഥാപനങ്ങളെയും തഴുകി പുഴയൊഴുകുന്നു എന്ന അപൂർവ്വ സവിശേഷത ജില്ലയ്ക്കുണ്ട്. ഇത് ജലസേചനം, കുടിവെള്ളം, തുടങ്ങിയവയ്ക്കെല്ലാം അനന്ത സാധ്യത പ്രദാനം ചെയ്യുന്നു.

ബ്ലോക്ക്തല നീർത്തട പദ്ധതികൾക്കൊപ്പം'പുഴയൊഴുകും വഴി' പദ്ധതി സന്നദ്ധ പ്രവർത്തനത്തിലൂന്നി ജില്ലയിലെ ജനത ഒറ്റക്കെട്ടായി 12 പുഴകളെയും സംരക്ഷിക്കാൻ ഒത്തുചേരുന്ന പ്രവർത്തനമായി നിർദ്ദേശിക്കുന്നു. ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ ഇവയുടെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കും

ജില്ലയുടെ വിഭവസമ്പത്ത് 15 ശതമാനം സംഭാവന ചെയ്യുന്നതാണ് കന്നു കാലി സമ്പത്ത്. എന്നാൽ സംസ്ഥാനത്തിന്റെ കന്നു കാലി സമ്പത്തിന്റെ 6.2 ശതമാനവും പാലുൽപ്പാദനത്തിന്റെ 4.32 ശതമാനവും മാത്രമാണ് ജില്ലയുടെ വിഹിതം. ജില്ലയുടെ വടക്കൻ ബ്ലോക്കുകളായ കാസറഗോഡ്, മഞ്ചേശ്വരം എന്നിവ കന്നു കാലി സമ്പത്തിൽ മുന്നിലാണെങ്കിലും പാലുൽപ്പാദനത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന പ്രദേശങ്ങൾ കൂടിയാണ്. സങ്കരയിനം പശുക്കളുടെ കുറവ് ഇതിന് കാരണമാണ്. ഈ മേഖലയിൽ ആർ.എ.ഐ.സി കേന്ദ്രങ്ങളില്ല. ലോക പൈതൃക പട്ടികയിൽ ഇടം നേടാൻ അർഹതയുള്ള ഔഷധ ഗുണമുള്ള തനതിനമായ 'കാസറഗോഡ് കുള്ളൻ' പശുക്കളെ സംരക്ഷിക്കാനുള്ള പ്രത്യേക പദ്ധതിക്കൊപ്പം പാലുൽപ്പാദനം സംസ്ഥാന ഉൽപ്പാദനത്തിന്റെ 10 ശതമാനം ആക്കുകയും 2020 നകം 'സ്വാശ്രയപാലുൽപാദന ജില്ല' ആക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഈ മേഖലയിലെ പ്രധാന ലക്ഷ്യം.

14 ശതമാനവുമായി ജില്ലയുടെ വിഭവത്തിന്റെ സുപ്രധാന പങ്കു വഹിക്കുന്ന മറ്റൊരു മേഖല മത്സ്യ ബന്ധനമാണ്. 70 കി.മീ. നീളത്തിലുള്ള തീരപ്രദേശം സംസ്ഥാനത്തിന്റെ തീരപ്രദേശത്തിന്റെ 11.8 ശതമാനം വരുന്നു. 3174 ഹെക്ടർ കായൽ പ്രദേശവും ജില്ലയുടെ സമ്പത്താണ്. ഏഷ്യയിൽ ഏറ്റവും കൂടുതൽ കല്ലുമ്മക്കായ കൃഷി ചെയ്യുന്നു എന്ന ഖ്യാതി ജില്ലയ്ക്ക് സ്വന്തമാണ്. 16 കടലോര മത്സ്യ ഗ്രാമങ്ങളും ഒരു ഉൾനാടൻ മത്സ്യ ഗ്രാമവുമുള്ള ജില്ലയിൽ, മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ 95.6 ശതമാനവും ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്. സ്ത്രീ തൊഴിലാളികളുടെ അനുപാതം 27.5 ശതമാനം ആണ്. ഇവിടങ്ങളിൽ 1979 പേർ വീടില്ലാതെയും 5 മത്സ്യ ഗ്രാമങ്ങളിൽ പി.എച്ച്.സി സൗകര്യമില്ലാതെയുമുണ്ട്. ജില്ലയിലെ 17 സ്ഥലങ്ങൾ കടലാക്രമണ ഭീഷണി നേരിടുന്നു. 600 കുടുബങ്ങൾ (8.9 ശതമാനം) ശാരീരിക മാനസിക വെല്ലു വിളികൾ നേരിടുന്ന അംഗങ്ങൾ ഉൾപ്പെടുന്നവയാണ്. 3 ഹാർബറുകളും 7000 മത്സ്യത്തൊഴിലാളി കുടുംബങ്ങളിലായി 10000 ത്തോളം തൊഴിലാളികളും ജില്ലയിലുണ്ട്. ജില്ലയുടെ മത്സ്യബന്ധന മേഖലയിലെ സാധ്യതകളും പരിമിതികളും പ്രശ്നങ്ങളും 'തീരപഥം' എന്ന സമഗ്ര പദ്ധതിയിലൂടെ അഭിമുഖീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. മത്സ്യ ബന്ധനം, മത്സ്യ സംസ്കരണം, വിപണനം, അടിസ്ഥാന സൗകര്യ വികസനം, സുരക്ഷ, ആരോഗ്യം, മെച്ചപ്പെട്ട തൊഴിൽ പദവി (പ്രത്യേകിച്ച് സ്ത്രീകൾ), ജീവനോപായി തുടങ്ങിയവയിലധിഷ്ഠിതമായ കർമ്മ പദ്ധതിയാണിത്. ലൈഫ്, ഹരിത കേരളം, ആർദ്രം തുടങ്ങിയ നവ കേരളമിഷൻ പരിപാടികളും സംയോജിപ്പിക്കും.

ജില്ലയുടെ 25 ശതമാനം വിസ്തൃതിയിൽ ഭക്ഷ്യ വിള കൃഷിചെയ്തു വരുന്നു. സംസ്ഥാനത്ത് ഇത് 20 ശതമാനം മാത്രമാണ്. 12000 ടൺ കശുവണ്ടിയും, 31000 ടൺ റബ്ബറും, 8000 ടൺ ചക്ക, മാങ്ങ തുടങ്ങിയ പഴവർഗ്ഗങ്ങളും 21000 ടൺ മരച്ചീനിയും അടക്കയും തനതു വ്യവസായ സംരംഭങ്ങളുടെ വിശാല വാതായനമാണ് തുറന്നിടുന്നത്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പൊതുഭൂമി ലഭ്യമായ ജില്ലയാണ് കാസറഗോഡ്. സാദ്ധ്യതകൾ കൂട്ടിയോജിപ്പിച്ചുള്ള സമഗ്ര വ്യവസായമാണ് ജില്ല മുന്നോട്ട് വെക്കുന്നത്. ജില്ലയുടെ ജി.ഡി.പി യിൽ വ്യവസായത്തിന്റെ പങ്ക് വളരെ കുറവാണ്. ഭെൽ-ഇഎംഎൽ, എച്ച് എ എൽ തുടങ്ങി വിരലിലെണ്ണാവുന്ന വ്യവസായ സ്ഥാപനങ്ങളിൽ ഭെൽ-ഇഎംഎൽ പ്രതിസന്ധിയിലുമാണ്. അനന്തപുരം (42 ഹെ.) ചട്ടഞ്ചാൽ (1.33 ഹെ.), 'കിൻഫ്ര' -സീതാംഗോളി (25 ഹെ.) എന്നിങ്ങനെ വ്യവസായ പാർക്കുകൾ ജില്ലയിലുണ്ട്. ഉദുമ സ്പിന്നിംഗ് മിൽ, നിർദ്ദിഷ്ട ഐ.ടി പാർക്ക് എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പരമ്പരാഗത തൊഴിൽ മേഖല തകർച്ചയിലാണ്. പൈക്ക, എരിക്കുളം എന്നിവിടങ്ങളിലെ മൺ പാത്ര നിർമ്മാണ മേഖല വൈവിധ്യ വത്ക്കരണത്തിന് സാധ്യതയുള്ളതാണ്. കല്ലുമ്മക്കായ മൂല്യവർദ്ധിത ഉൽപ്പന്നമായി മാറ്റാനും ബ്രാൻഡഡ് ഉൽപ്പന്നമാക്കുന്നതിനും സാധ്യതയുണ്ട്. പ്രവാസികളുടെ പണം (3000 കോടിയിലേറെ രൂപ) ക്രിയാത്മകമായും ഫലപ്രദമായും സംരംഭകത്വ മേഖലയിൽ കൂടി വിനിയോഗിക്കപ്പെടണം. ഇത്തരത്തിൽ 'ജില്ലയുടെ വളർച്ചയുടെ പുതുമുഖം വ്യാവസായിക ഉന്നമനത്തിലൂടെ' എന്നതാണ് ലക്ഷ്യം വെക്കുന്നത്. അന്തർദ്ദേശീയ വ്യവസായിക നിക്ഷേപക സമ്മേളനം ഉൾപ്പെടെയുള്ളവ വിളിച്ചുചേർത്തും തനതുഫലങ്ങളിലും വിളകളിലുമധിഷ്ഠിതമായ സംരംഭങ്ങൾ ശുപാർശ ചെയ്തും പ്രവാസിനിധി സ്വരൂപിച്ചും പരമ്പരാഗത വ്യവസായങ്ങൾക്ക് പിന്തുണ നൽകിയും വൻകിട വ്യവസായ സാധ്യതകൾ മുന്നോട്ട് വച്ചും ജില്ലയിലെ അഭ്യസ്ത വിദ്യരായ യുവാക്കൾക്ക് തൊഴിൽ സാധ്യത പ്രതീക്ഷിച്ചും കുടുംബശ്രീ, സ്തീ ശാക്തീകരണം എന്നിവ ഉറപ്പ് വരുത്തിയുമുള്ള നയത്തിന്റെ പ്രതിഫലനമാണ് 'സഫലം', 'ഉജ്ജീവനം', 'ഫലം സമൃദ്ധി', പ്രവാസി സൗഹൃദം തുടങ്ങിയ പദ്ധതികളിലൂടെ വിഭാവനം ചെയ്യുന്നത്.

സേവനമേഖല

ആർദ്രം പദ്ധതിക്കനുപൂരകമായ നിർദ്ദേശങ്ങൾ സമന്വയിപ്പിച്ചാണ് ജില്ലയിലെ ആരോഗ്യ മേഖലാ വിഷയങ്ങൾ പരിഗണിച്ചിരിക്കുന്നത്. പ്രതിരോധം, ജീവിതശൈലി മാറ്റം, ചികിത്സ, സാന്ത്വനം, ബദൽ ജീവനം എന്നിവയിലൂന്നിയാണ് ആരോഗ്യ നയം രൂപീകരിച്ചത്. ഇതോടൊപ്പം 'സമഗ്ര കാൻസർ പ്രതിരോധ ജില്ല'യ്ക്കായി അതിജീവനം ഒരു മാതൃകാപദ്ധതിയായും വരുന്നു. എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള സ്പർശവും, സവിശേഷ പദ്ധതിയാണ്.

ജീവിതശൈലീ രോഗങ്ങൾ ജില്ലയിൽ വർദ്ധിച്ചുവരികയാണ്. എം.എം.ആർ ചില മേഖലകളിൽ സംസ്ഥാന ശരാശരിയെക്കാൾ കൂടുതലായി കാണുന്നു. പതിനൊന്നോളം ഗ്രാമ പഞ്ചായത്തുകളിലെ 5500-ഓളം ദുരിത ബാധിതരാണ് എൻഡോസൾഫാൻ മൂലം ഉണ്ടാ

യിട്ടുള്ളത്. മെച്ചപ്പെട്ട ചികിത്സയ്ക്ക് മംഗലാപുരത്തെ ആശ്രയിക്കുന്ന ജില്ലയിൽ മെഡിക്കൽ കോളേജില്ല. 36000 ഭിന്നശേഷിക്കാരുള്ള ജില്ലയിൽ ബഡ്സ് സ്കൂളുകൾ 11 എണ്ണമുണ്ട്. ജില്ലയിലെ ജനന നിരക്ക് 15.97 ഉം (സംസ്ഥാനം -14.1 ശതമാനം), മരണനിരക്ക് 3.91 (സംസ്ഥാനം-6.9) ശതമാനവുമാണ്. അലോപ്പതി മേഖലയിൽ 20 സ്ഥാപനങ്ങളിലായി 1087 കിടക്കകളുണ്ട്. പാലിയേറ്റീവ് കെയർ ആവശ്യമായ 72000 പേരും ക്യാൻസർ രോഗികൾ 26000 വും ആയി കണക്കാക്കപ്പെട്ട ജില്ലയിൽ 3500 ലേറെ വൃക്ക രോഗികളുമുണ്ട്. ആയുർവേദ മേഖലയിൽ 51 ഉം ഹോമിയോ മേഖലയിൽ 41 ഉം സ്ഥാപനങ്ങളുണ്ട്. കേന്ദ്ര സർവ്വകലാശാലയുടെ ഭാഗമായി പ്രഖ്യാപിച്ച മെഡിക്കൽ കോളേജ് ഇനിയും അനുവദിച്ചിട്ടില്ല. എച്ച്.ഐ.വി പോസിറ്റീവ് വിഭാഗത്തിൽ 350 പേരെ കണ്ടെത്തിയിട്ടുണ്ട്. 7000-ഓളം ഇതര സംസ്ഥാന തൊഴിലാളികൾ ജില്ലയിലുണ്ട്. ഇവരുടെയിടയിലുള്ള ആരോഗ്യ പ്രശ്നങ്ങൾ പരിശോധിക്കപ്പെടേണ്ടതുണ്ട്. 530 പട്ടികജാതി കോളനികളെയും 1261 പട്ടിക വർഗ്ഗ ഊരുകളെയും മത്സ്യത്തൊഴിലാളി മേഖലയെയും പ്രത്യേക പരിഗണന നൽകി പാക്കേജുകൾക്ക് രൂപം നൽകി സ്ത്രീ, ശിശു, വയോജന, വികലാംഗ, ഭിന്നലിംഗവിഭാഗങ്ങൾക്കായി പ്രത്യേക ആരോഗ്യ സുരക്ഷാ പരിചരണം ഉറപ്പ് വരുത്തേണ്ടതാണ്.

ജില്ലാതല ഹെൽത്ത് പ്ലാൻ, രോഗീ സൗഹൃദ ആതുരാലയങ്ങൾ, 'സ്നേഹ പഥം' സാന്ത്വന ചികിത്സാ സൗഹൃദ ജില്ല, സന്നദ്ധ സാന്ത്വനസേന തുടങ്ങിയവ ആരോഗ്യ മേഖലയിലെ ചില പൊതു നയങ്ങളാണ്.

'സീറോ വേസ്റ്റ് കാസറഗോഡ്' മാലിന്യ നിർമ്മാർജ്ജനത്തിനായി ജില്ല മുന്നോട്ട് വെക്കുന്ന സമഗ്ര പദ്ധതിയാണ്. ഹരിതകേരളം, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നിവയുടെ സാധ്യത പ്രയോജനപ്പെടുത്തി കാമ്പയിൻ മാതൃക തീർത്ത് തദ്ദേശ സ്ഥാപനങ്ങളും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും വിദ്യാർത്ഥികളും പൊതുസമൂഹവും ഒറ്റക്കെട്ടായി രംഗത്തിറങ്ങുന്ന ഈപദ്ധതിക്ക് 2018-19 ൽ തന്നെ തുടക്കം കുറിക്കും. ഡിപിസി തലത്തിൽ ഇതിനായി നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. വാർഡ് തല ശുചിത്വ സമിതി, ഹരിത സേനാ രൂപീകരണം, പ്ലാസ്റ്റിക് വിമുക്ത ജില്ല, ഉറവിട മാലിന്യ സംസ്കരണം, പഞ്ചായത്തുതല റിസോഴ്സ് റിക്കവറി കേന്ദ്രങ്ങൾ മുതലായവ ഉൾപ്പെടുന്ന സമഗ്ര മാസ്റ്റർ പ്ലാൻ ഉടൻ തയ്യാറാക്കും. മണ്ണ്, ജലം, വായു, ആവാസ വ്യവസ്ഥ എന്നിവയെ ഇവ മാലിന്യ മുക്തമാക്കാനുള്ള സമഗ്ര ശ്രമമാണ് 'സീറോ വേസ്റ്റ്' സങ്കൽപ്പത്തിലൂടെ ലക്ഷ്യമിടുന്നത്.

2.72 ലക്ഷം കുടുംബങ്ങളാണ് ജില്ലയിലുള്ളത്. ഇതിൽ ഭൂരഹിത ഭവനരഹിതർ 13001 ഉം ഭവനരഹിതർ 3440 ഉം ആണ്. ആകെ കുടുബങ്ങളിൽ 99,830 എണ്ണം ബിപിഎൽ വിഭാഗക്കാരാണ്. റേഷൻ കാർഡ് കണക്ക് പ്രകാരം അന്ത്യോദയ അന്നയോജന കാർഡുടമകൾ കൂടുതൽ പരപ്പ ബ്ലോക്കിലും കുറവ് നീലേശ്വരം ബ്ലോക്കിലുമാണ്. പരപ്പ ബ്ലോക്കിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ ആധിക്യം ഇതിന് കാരണമാകാം. മുൻഗണനാ കാർഡുകളുടെ കാര്യത്തിൽ കാസറഗോഡ്, കാഞ്ഞങ്ങാട്, പരപ്പ ബ്ലോക്കുകൾ മുന്നിൽ നിൽക്കുന്നു. 63000 കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തെങ്കിലും 100 ദിവസം തൊഴിൽ ലഭിച്ചത് 10000ൽ താഴെ കുടുംബങ്ങൾക്കാണ്. തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിൽ ജില്ല മുന്നിട്ടു നിൽക്കുമ്പോഴും ആസ്തി നിർമ്മാണത്തിൽ കേന്ദ്രീകരിക്കാത്ത കാരണത്താൽ തൊഴിൽ ലഭ്യത കുറയുന്നു. സംസ്ഥാനത്ത് ഏറ്റവും ഉൽപ്പാദന ക്ഷമതയുള്ള യുവജനങ്ങളുടെ എണ്ണം കൂടുതലുള്ള (2021 ൽ 45 ശതമാനം) ജില്ലയിൽ വൈദഗ്ദ്ധ്യ തൊഴിൽ മേഖലയിൽ ഇടപെടുന്നത് 25 ശതമാനത്തിൽ താഴെ മാത്രമാണ്. ഔദ്യോഗിക മേഖലയിൽ തൊഴിൽ ചെയ്യുന്നവരിൽ ഭൂരിഭാഗവും ഇതര ജില്ലക്കാരാണ്. പട്ടികവർഗ്ഗ ജനസംഖ്യയിൽ സംസ്ഥാനതലത്തിൽ 2-ാം സ്ഥാനത്തുള്ള ജില്ലയിലെ ഊരുകളിൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും പലയിടത്തും പ്രകടമാണ്. പട്ടിക വർഗ്ഗ ജനസംഖ്യയിൽ 60 ശതമാനത്തിലേറെ അധിവസിക്കുന്നത് പരപ്പ ബ്ലോക്കിലാണ്. ഇവിടെ പ്രത്യേകിച്ച് മലവേട്ടുവ വിഭാഗം, സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ നേരിടുന്നു. മത്സ്യത്തൊഴിലാളി മേഖലയിലെ 95 ശതമാനം പേരും ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്.

ദാരിദ്ര്യത്തിന്റെയും അടിസ്ഥാന സൗകര്യമില്ലായ്മകളുടെയും തുരുത്തുകളിൽ നിന്നും ഊരുകളെയും തീരദേശത്തെയും മോചിപ്പിക്കാനുള്ള സവിശേഷ പരിപാടികൾക്കൊപ്പം എല്ലാവർക്കും ഭവനമെന്ന സംസ്ഥാന 'ലൈഫ് മിഷൻ' ദൗത്യം ഏറ്റവും ആദ്യം പൂർത്തിയാക്കാനുള്ള കർമ്മപദ്ധതികളും ചേർത്താണ് ഭവന നിർമ്മാണ ദാരിദ്ര്യ നിർമ്മാർജ്ജന മേഖലകളിൽ ഭാവി പരിപ്രേക്ഷ്യം രൂപപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഭവനമില്ലാത്ത 18000 -ഓളം പേർക്ക് ഭവനം നിർമ്മിച്ചു നൽകും. 'തണൽ 2020' ന്റെ ഭാഗമായി പ്രത്യേക നിധി ജില്ലാതലത്തിൽ സ്വരൂപിച്ച് ഏറ്റവും അശരണരായ 101 പേർക്ക് സന്നദ്ധ പ്രവർത്തനം കൂടി ഉൾപ്പെടുത്തി വീട് വച്ചു നൽകുന്ന മാതൃകാ പദ്ധതിക്കും 2018-19 ൽ തുടക്കമാകും. ജനസംഖ്യയിൽ 40 ശതമാനം വരുന്ന യുവജനങ്ങൾക്ക് പിന്തുണയുമായി മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ, സ്കിൽ പാർക്ക്, സംരംഭകത്വ പരിശീലനം തുടങ്ങിയവ ഉൾപ്പെടുത്തി.

പശ്ചാത്തല വികസനം, പാഠ്യ പദ്ധതി വിനിമയം, പരിശീലനം ഇവയിലെല്ലാം ഹൈടെക് സാങ്കേതിക വിദ്യ പ്രാവർത്തികമാക്കുക, നൈപുണിതല വികാസം ഓരോ വിദ്യാർത്ഥിയും സ്വായത്തമാക്കുക, പാർശ്വവൽകൃത വിഭാഗങ്ങളുടെ പഠന മുന്നേറ്റ പദ്ധതി യാഥാർത്ഥ്യമാക്കുക എന്നിങ്ങനെ ത്രിതല വികസന സമീപനമാണ് വിദ്യാഭ്യാസ മേഖലയിൽ അവതരിപ്പിച്ചിട്ടുള്ളത്. മൊത്തം വിദ്യാർത്ഥികളുടെ 49 ശതമാനം സർക്കാർ വിദ്യാലയങ്ങളിലും 38 ശതമാനം എയ്ഡഡ് സ്ഥാപനങ്ങളിലും 13 ശതമാനം അൺ എയിഡഡ് സ്കൂളുകളിലും പഠിക്കുന്ന ജില്ലയിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പിന്തുണയോടെ പൊതുവിദ്യാഭ്യാസ മേഖല വൻ മുന്നേറ്റമാണ് ലക്ഷ്യമിടുന്നത്. 2017-18 അദ്ധ്യയന വർഷത്തിൽ കുട്ടികളുടെ പ്രവേശനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ജില്ലയിൽ

43 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ ഒറ്റപ്പെട്ട മേഖലകളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സ്പെഷ്യൽ സ്കൂളുകളും കന്നഡ മീഡിയം വിദ്യാലയങ്ങളും ജില്ലയിലുണ്ട്. ഭാഷാപരിമിതിക്കകത്തും പത്താംതരം പരീക്ഷയിൽ വളരെ മികച്ച വിജയശതമാനം ജില്ല നേടിവരുന്നുണ്ട്. പട്ടിക വർഗ്ഗ മേഖലയിലും ന്യൂന പക്ഷ മേഖലയിലും വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് ഒരു പ്രധാന ലക്ഷ്യമാണ്. 60 ൽ താഴെ കുട്ടികളുള്ള വിദ്യാലയങ്ങൾ 90 ആണ്. (64 ഗവ.എൽ.പി) പ്രൊഫഷണൽ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം ഇവയ്ക്ക് മെച്ചപ്പെട്ട സൗകര്യങ്ങളൊന്നും ജില്ലയിലില്ലാത്തതിനാൽ മംഗലാപുരത്തെ ആശ്രയിക്കുന്ന സ്ഥിതിയുണ്ട്. ജില്ലയുടെ തനതു തൊഴിൽ മേഖലയിൽ നൈപുണ്യമുള്ളവരുടെ എണ്ണം കുറവാണ്. ജില്ലയിലെ പ്രാക്തനഗോത്ര വിഭാഗമായ കൊറഗ, മലവേട്ടുവ തുടങ്ങിയ വിഭാഗക്കാരുടെ വിദ്യാഭ്യാസ പുരോഗതിക്കുള്ള 'ഉദ്ഗ്രഥനം' - പഠന മുന്നേറ്റ പരിപാടി പുതിയ ഒരു കാൽവെപ്പാണ്. സാക്ഷരതയുമായി ബന്ധപ്പെട്ട് മലയാളം, കന്നഡ ഭാഷാ കൈമാറ്റം എന്ന പദ്ധതി മുന്നോട്ട് വെക്കാനുണ്ടായ സാഹചര്യം നമ്മുടെ ഭാഷാ ബഹുസ്വരതയും സാസ്കാരിക വൈവിദ്ധ്യവും തന്നെയാണ്. ഭാഷയുടെയും സംസ്കാരത്തിന്റെയും കൊടുക്കൽ വാങ്ങലുകൾ കൂടുതൽ മെച്ചപ്പെട്ട പ്രതിഫലനങ്ങൾ വിദ്യാഭ്യാസ സാംസ്കാരിക മേഖലയിലുണ്ടാക്കും.

സമ്പന്നമായ സാംസ്കാരിക പൈതൃകം കൈമുതലായിട്ടുള്ള ജില്ലയാണ് കാസറഗോഡ്. ടൂറിസത്തിന് ഏറ്റവും സാധ്യതയുള്ള പ്രദേശമാണിത്. കൊമോർഷ്യലൈസ് ചെയ്യാത്ത പൈതൃക ഉത്തരവാദിത്വ ടൂറിസം ഡെസ്റ്റിനേഷനുകൾ ജില്ലയിലേറെയുണ്ട്. കാർഷിക രീതിയിൽ നാട്ടിപ്പാട്ടും സുരങ്കവും പളളവും 12-ഓളം വാമൊഴി ഭാഷകളും തുളു സംസ്കൃതിയും കോട്ടകളും ശാസനങ്ങളും മതസൗഹാർദ്ദ പ്രതീകങ്ങളും തെയ്യവും നാടൻ കലകളും സാഹിത്യവും തീർത്ഥാടന കേന്ദ്രങ്ങളും കടലോരവും മലയോരവുമെല്ലം ജില്ലയുടെ സാമൂഹ്യ സാംസ്കാരിക ടൂറിസം വികസനത്തിന് വൈവിധ്യമാർന്ന സാധ്യതകളാണ് പ്രദാനം ചെയ്യുന്നത്. സാംസ്കാരിക പൈതൃകം, സംരക്ഷണം, തുളുഭാഷയുടെ ചരിത്രത്തിന്റെയും ആചാരങ്ങളുടെയും വൈവിധ്യം, തുളളൽ ഗ്രാമം, നാടൻ കലാ പഠന ഗവേഷണ കേന്ദ്രം, യക്ഷഗാന അക്കാദമി, ഇശൽ ഗ്രാമം, സ്മാരകങ്ങൾ, കവി ഭവനം, സാഹിത്യ കൃതികൾ ഇവയുടെ സംരക്ഷണത്തിനും പോഷണത്തിനുമായി കാസറഗോഡിന്റെ മാത്രമായ സാംസ്കാരിക സമൃദ്ധിയിലൂന്നിയുള്ള കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇവ ജില്ലയുടെ കലാ സാംസ്കാരിക ഭൂമികയിൽ പുതിയ ചലനങ്ങൾ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

യുവജനങ്ങളുടെ പ്രവർത്തനോന്മുഖത ശാക്തീകരിക്കുക എന്ന കാഴ്ച്ചപ്പാടിൽ ജില്ലയുടെ ജനസംഖ്യയിൽ 42 ശതമാനം വരുന്ന ഈ വിഭാഗത്തിന്റെ മുന്നേറ്റത്തിനായി 'ദീപ്തം യൗവ്വനം'പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നു. യുവജനക്ഷേമ പ്രവർത്തനങ്ങളുടെ ഏകോപനം തദ്ദേശഭരണ സംവിധാനത്തിന്റെ ഓരോ തട്ടിലും ഉറപ്പ് വരുത്തേണ്ടതുണ്ട്. യുവജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനുതകുന്ന നൈപുണി വികസനവും മത്സര പരീക്ഷാ പരിശീലനവും വിദഗ്ദ്ധ സംവിധാനങ്ങളോടെ ആരംഭിക്കേണ്ടതുണ്ട്. കായിക മേഖലാ കർമ്മപദ്ധതിയുമായി ഉദ്ഗ്രഥനം ചെയ്താണ് യുവജനക്ഷേമ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

കായിക ക്ഷമതയിൽ ആർജ്ജവമുള്ള ജനതയെ വാർത്തെടുക്കാനുള്ള 'SPORTS BRINGS US TOGETHER' എന്ന പദ്ധതി ജില്ലയുടെ കായിക വളർച്ചയ്ക്ക് മുതൽക്കൂട്ടാകും. ജീവിത ശൈലീ രോഗങ്ങളിൽ നിന്നുള്ള മുക്തി, വരും തലമുറയുടെ കായികക്ഷമത വർദ്ധിപ്പിക്കൽ, 'ഓപ്പറേഷൻ ഒളിമ്പിയ 2020' ന് അനുപൂരകമായി ജില്ലയിൽ കായിക താരങ്ങളെ വാർത്തെടുക്കൽ, പാരമ്പര്യ കായികവിനോദങ്ങളെ സംരക്ഷിക്കൽ എന്നിവയോടൊപ്പം ജില്ലയുടെ സ്വന്തം കായിക ഇനമായ കബഡിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള 'കബഡി ഗ്രാമവും' ചേരുമ്പോൾ മേഖലയിൽ സമഗ്രത ഉറപ്പാക്കാൻ സാധിക്കും. തീരദേശത്തിന്റെയും മലയോരത്തിന്റെയും കായിക സാധ്യതകളും ജില്ലാതല വിദ്യാലയ കായിക മാസ്റ്റർപ്ലാനും ഭാവിതലമുറയുടെ കായികശേഷി വളർത്തിയെടുക്കാനുള്ള ശക്തമായ പടവുകളാണ്. മികച്ച പരിശീലനത്തിന്റെ അഭാവവും അടിസ്ഥാന സൗകര്യമില്ലായ്മയും കൊണ്ട് വീർപ്പുമുട്ടുന്ന ജില്ലയുടെ സ്പോർട്സ്, അത്ലറ്റിക്സ്, ഗെയിംസ് തുടങ്ങിയവയുടെ സമഗ്ര വികസനത്തിനായി 'മലബാർ സ്പോർട്സ് കോംപ്ലക്സ്' എന്ന ആശയം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പിന്തുണയോടെ നടപ്പാക്കാൻ നിർദ്ദേശിച്ച അഭിമാന പദ്ധതിയാണ്. കേന്ദ്ര സർക്കാർ പദ്ധതിയായ 'ഖേലോ ഇന്ത്യ' SAI, തുടങ്ങിയവയുടെ പിന്തുണ ഈ പ്രോജക്ടിന് ആവശ്യമാണ്.

ജലസമ്പന്നത കണക്കുകളിൽ വ്യക്തമാണെങ്കിലും ജില്ല അനുഭവിക്കുന്ന കടുത്ത ശുദ്ധജലക്ഷാമം ഒരു യാഥാർത്ഥ്യമായി നിൽക്കുന്നു. 12 നദികളിൽ 4 എണ്ണം മാത്രമാണ് കുടിവെള്ള ജലസേചന ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നത്. കാസറഗോഡ്, മഞ്ചേശ്വരം ബ്ലോക്കുകളിൽ വേനൽക്കാലത്ത് കിണറുകളിൽ 5 മീറ്ററിലധികം വെള്ളം താഴുന്നു. തീരദേശങ്ങളിലെ ഉപ്പുവെള്ള പ്രശ്നവും രൂക്ഷമായ കുടിവെള്ള ക്ഷാമമുണ്ടാക്കുന്നു. ജില്ലയിലെ 80 ശതമാനം കിണറുകളിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യമുണ്ട്. ജലസംരക്ഷണ മാർഗ്ഗങ്ങൾ അപര്യാപ്തമാണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഭൂഗർഭജല ചൂഷണം നടക്കുന്ന ജില്ലയായ കാസറഗോഡ് 92 ശതമാനം ഭൂഗർഭജല വിനിയോഗമുള്ള ബ്ലോക്കും ഉൾപ്പെടുന്നു എന്നത് ഏറെ ഗൗരവതരമാണ്. വിവിധ പദ്ധതികളിൽ നിർമ്മിച്ച 1643 കിണർ, നിരവധി കുഴൽ കിണറുകൾ എന്നിവ ഇപ്പോൾ ഉപയോഗശൂന്യമാണ്. പട്ടികജാതി പട്ടികവർഗ്ഗ മേഖലയിൽ കടുത്ത കുടിവെള്ള ക്ഷാമം അനുഭവിച്ചുവരുന്നുണ്ട്.

ഈ പ്രശ്നങ്ങളെയൊക്കെ അഭിമുഖീകരിക്കുന്ന തരത്തിൽ, നിലവിലുള്ള പദ്ധതികളുടെ മാപ്പിംഗ് നടത്തി ജലസംരക്ഷണവും മഴവെള്ള സംഭരണവും സ്രോതസ്സുകളുടെ പുനരുജ്ജീവനവുമൊക്കെ ഉറപ്പ് വരുത്തു

ന്നതിനായി '2022 -ഓടെ എല്ലാവർക്കും ശുദ്ധജലം' എന്ന പ്രഖ്യാപിത ലക്ഷ്യത്തിലൂന്നി 'കുടിനീർ പദ്ധതി' വിഭാവനം ചെയ്യുന്നു. ഒന്നാംഘട്ടമായി 2018-19 ൽ വരൾച്ച രൂക്ഷമായ ഭൂഗർഭജല വിതാനം അപകടകരമാം വിധം താഴ്ന്ന മഞ്ചേശ്വരം, കാസറഗോഡ് ബ്ലോക്കുകളിൽ 'ജല പുനരുജ്ജീവന പ്രവർത്തനം' ആരംഭിച്ച് സേഫർ സോണിലെത്തിക്കും

വരുംകാല വികസന പ്രവർത്തനങ്ങൾക്കു കൂടി അനുപൂരകമായി വേണ്ടി വരാവുന്ന ഊർജ്ജസ്രോതസ്സിന്റെ പരിമിതി പരിഹരിക്കാൻ ദീർഘകാല പരിപ്രേക്ഷ്യം ആസൂത്രണം ചെയ്യുന്നു. 45 MW യാണ് ഇപ്പോൾ ജില്ലയുടെ ശരാശരി പ്രതിമാസ ഉപഭോഗം. സംസ്ഥാന ഉപഭോഗത്തിന്റെ 2.25 ശതമാനമാണിത്. വലിയ വ്യവസായങ്ങളൊന്നുമില്ലാത്ത സാഹചര്യത്തിൽ ഗാർഹിക, കൊമേഴ്സ്യൽ കണക്ഷനുകൾക്കു പോലും മതിയായ ഊർജ്ജം നൽകാൻ ജില്ലയിലെ സംവിധാനങ്ങൾ പര്യാപ്തമല്ല. മടിക്കൈ, അമ്പലത്തറ, പൈവളിഗെ, മീഞ്ച, കരിന്തളം മേഖലകളിലായി സൗരോർജ്ജ പദ്ധതികൾ വഴി പുതുതായി 200 മെഗാ വാട്ട് വൈദ്യുതി ലഭിക്കുമെന്നത് ആശ്വാസകരമാണ്. ജില്ലയിലെ 6 മിനി ജലവൈദ്യുത പദ്ധതികൾക്ക് ഡി.പി.ആർ തയ്യാറാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയൊന്നും നടപ്പായിട്ടില്ല. കർണ്ണാടക 220 കെ.വി ലൈൻ, മൈലാട്ടി സബ്സ്റ്റേഷനുമായി ബന്ധിപ്പിച്ചാൽ ഏറെ പ്രയോജനകരമാകും. പാരമ്പര്യേതര ഊർജ്ജ മേഖലയുടെ കൂടുതൽ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

ഊർജ്ജശൃംഖലാ ശാക്തീകരണം, ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ പ്രവർത്തനങ്ങളുടെ ശാക്തീകരണവും ഏകോപനവും, ബദൽ ഊർജ്ജസ്രോതസ്സുകളുടെ പ്രയോഗവത്ക്കരണം, സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ ജില്ല യാഥാർത്ഥ്യമാക്കൽ, 6 മിനി ഹൈഡൽ പ്രോജക്ടുകൾ നടപ്പാക്കൽ എന്നിവയിൽ കേന്ദ്രീകരിച്ചുള്ള ഊർജ്ജനയമാണ് ഭാവി കാസറഗോഡിനായി ആവിഷ്കരിക്കുന്നത്.

പശ്ചാത്തല മേഖല

85.95 കി.മീ. ദേശീയ പാതയും 141.78 കി.മീ. സംസ്ഥാന പാതയും 1318.87 കി.മീ. ജില്ലാ റോഡുകളും 7301 കി.മീ. വില്ലേജ് റോഡുകളുമുള്ള ഗതാഗത മേഖലയിൽ ഇന്നും പരിമിതികൾ ഏറെയുണ്ട്. പുതുതായി വരുന്ന നാലുവരിപ്പാത തീരദേശഹൈവേ, മലയോര ഹൈവേ (നന്ദാരപദവ്-ചെറുപുഴ) എന്നിവ ജില്ലയുടെ യാത്രാമേഖലയിൽ പുതിയ ഉണർവ്വുണ്ടാക്കും. കാഞ്ഞങ്ങാട്-കാസറഗോഡ് തീരദേശറോഡ് കെ.എസ്.ടി.പിയിൽ പൂർണ്ണമാവുകയാണ്. 12 റെയിൽവേ സ്റ്റേഷനുകളുള്ള ജില്ലയിൽ നിർദ്ദിഷ്ട കാഞ്ഞങ്ങാട്- കണിയൂർ റെയിൽപാത വലിയ ചലനങ്ങളുണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നുവെങ്കിലും നിർമ്മാണത്തിന്റെ വിഹിതം ഉറപ്പ് നൽകി കേന്ദ്ര ബജറ്റിൽ സ്ഥാനം പിടിക്കാൻ ഇനിയും കാത്തുനിൽക്കേണ്ടിവരും. കൊല്ലം-കാസറഗോഡ് നിർദ്ദിഷ്ട ജലപാതയും ജില്ലയ്ക്ക് വളരെ അനുകൂലമാണ്.

നിലവിലെ സാധ്യതകളും പരിമിതികളും കണക്കിലെടുത്ത് ഭാവി പദ്ധതി സമഗ്രമായും ശാസ്ത്രീയമായും ആസൂത്രണം ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങളെയും മറ്റു സംവിധാനങ്ങളെയും സഹായിക്കാൻ ഉതകുന്ന രീതിയിൽ ആധുനിക ജി.ഐ.എസ് സംവിധാനങ്ങളുടെ സഹായത്തോടെ 'സമ്പൂർണ്ണ റോഡ് നെറ്റ്വർക്ക് മാപ്പ്' ഗതാഗത മേഖലയിലെ നയസമീപനത്തിന്റെ പ്രധാന ഉള്ളടക്കമാണ്. റോഡ്, റെയിൽ, ജല ഗതാഗത വികസനത്തിനായി സമഗ്ര കാഴ്ച്ചപ്പാടാണ് 'വികസന പഥം' മുന്നോട്ട് വയ്ക്കുന്നത്. പെരിയയിലെ നിർദ്ദിഷ്ട എയർസ്ട്രിപ്പിനു ആവശ്യമായ പഠനം 'സിയാൽ' പൂർത്തിയാക്കുകയും 80 ഏക്കറോളം ഭൂമി കണ്ടെത്തുകയും ചെയ്തിട്ടുള്ളതാണ്. കാസറഗോഡിന്റെ ആഭ്യന്തര വ്യോമ ഗതാഗതം, ടൂറിസം മേഖലയിൽ വലിയ ഊർജ്ജം ഉണ്ടാക്കുന്നതാകുമെന്നു പ്രതീക്ഷിക്കുന്നു.

വാർത്താ വിനിമയ മേഖലയിൽ ജില്ലയുടെ പ്രധാന പരിമിതിയാണ് എഫ്.എം. സ്റ്റേഷന്റെ അഭാവം. ജില്ലയുടെ വടക്കൻ മേഖല അതുകൊണ്ട് തന്നെ കൂടുതലായി മംഗലാപുരത്തിന്റെ സാധ്യതയാണ് പ്രയോജനപ്പെടുത്തുന്നത്. സംസ്ഥാനത്ത് 4ജി- നടപ്പാക്കുന്ന ആദ്യ ജില്ലയായി കാസറഗോഡ് മാറുന്നു എന്ന പ്രത്യേകത ബി.എസ്.എൻ.എൽ മുന്നോട്ട്വെക്കുന്നു. സ്വകാര്യ മേഖലയിൽ പ്രഖ്യാപിച്ച എഫ്.എം. സ്റ്റേഷനുകളൊന്നും ആരംഭിച്ചിട്ടില്ല. മലയോര മേഖലയിൽ ബി.എസ്.എൻ.എൽ റെയ്ഞ്ച് ലഭിക്കാത്ത സാഹചര്യമുണ്ട്. കേന്ദ്ര-സംസ്ഥാനതല ഇടപെടലുകളാണ് ഈ മേഖലയിൽ കൂടുതൽ വേണ്ടത് എന്ന് വിവക്ഷിക്കുന്നതോടൊപ്പം സേവന വികസന പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളും പൊതു സ്ഥാപനങ്ങളുമായി സംയോജിച്ച് 'വിവരം വിരൽത്തുമ്പിൽ' എന്ന പേരിൽ 'ഹാം റേഡിയോ' സംവിധാനം, മൊബൈൽ അപ്ലിക്കേഷനുകൾ മുതലായവ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. സദ്ഭരണ സംവിധാനത്തിന്റെ ശാക്തീകരണം ആധുനിക വാർത്താവിനിമയ സാങ്കേതിക വിദ്യകളിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും നടപ്പാക്കേണ്ടുന്ന ഒരു കാലഘട്ടം കൂടിയാണിതെന്ന് വിലയിരുത്തുന്നു.

ലോക ടൂറിസം ഭൂപടത്തിൽ ഇടം നേടിയ 'ബേക്കൽ', കേരളത്തിലെ ഏക ആസൂത്രിത ടൂറിസം കേന്ദ്രമാണ്. ബഹു ഭാഷാ സംഗമ ഭൂമിയായ ജില്ലയിലെ ചരിത്രസ്മാരകങ്ങൾ, കോട്ടകൾ തുടങ്ങിയവയെല്ലാം തനതു ടൂറിസം വികസനത്തിനു പ്രയോജനപ്രദമാണ്. ജൈവ വൈവിധ്യ സമ്പന്നമായ ഇടനാട്, തനതു കലയും പൈതൃകവും, പശ്ചിമ ഘട്ടത്തിന്റെയും തീരദേശത്തിന്റെയും സാന്നിധ്യം ഇവയെല്ലാം ജില്ലയുടെ ടൂറിസം വികസനത്തിന് അനന്തവിഹായസ്സൊരുക്കുന്നു. എന്നാൽ കേരളത്തിലെത്തുന്ന വിദേശസഞ്ചാരികളുടെ 0.25 ശതമാനവും ആഭ്യന്തര ടൂറിസ്റ്റുകളുടെ 1.97 ശതമാനവും മാത്രമാണ് ബേക്കലിലെത്തുന്നത്. ഇക്കോ ടൂറിസം, ബീച്ച് ടൂറിസം, തീർത്ഥാടന ടൂറിസം, അഡ്വഞ്ചർ ടൂറിസം തുടങ്ങിയവ ജില്ലയിൽ പ്രയോജനപ്പെടുത്തിയിട്ടില്ല. ബേക്കൽ കേന്ദ്രീകരിച്ച് വൻകിട ഹോട്ടലുകളല്ലാതെ ഹോം സ്റ്റേ സംവിധാനം കുറവാണ്.

ജില്ലയുടെ അനന്തസാധ്യത കണക്കിലെടുത്ത്

2018-19 വർഷത്തിൽ ഓരോ ഗ്രാമ പഞ്ചയത്തും 'ഗ്രാമീണ പൈതൃക ടൂറിസം പ്ലാനുകൾ തയ്യാറാക്കുകയും ജില്ലാ തലത്തിൽ മാസ്റ്റർ പ്ലാൻ' ഏകീകരിക്കുകയും ചെയ്യുക എന്നതാണ് പ്രധാന കർത്തവ്യം. 'നോർത്ത് മലബാർ ടൂറിസം സർക്യൂട്ട്' യാഥാർത്ഥ്യമാക്കപ്പെടുക എന്നത് ജില്ലാടൂറിസം വികസനത്തിന് അനിവാര്യമാണ്. ബി.ആർ.ഡി.സി തുടക്കം കുറിച്ച സംരംഭകത്വ പ്രോത്സാഹന പദ്ധതി ഹോം സ്റ്റേ സർവ്വീസ് വില്ല, ഫാം ടൂറിസം, തനതു കലാ കായിക കേന്ദ്രങ്ങൾ, കായൽ ടൂറിസം ഇവയടങ്ങിയ 'സ്മൈൽ' പദ്ധതി ജില്ലാ പദ്ധതിയുടെ ഭാഗമായി സാധ്യമായ മേഖലയിൽ നടപ്പാക്കുക എന്നതും സുപ്രധാനമാണ്. ഉത്തരവാദിത്വ ടൂറിസം, തദ്ദേശീയരുടെ പങ്കാളിത്തം തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകി ജില്ലയുടെ ആഭ്യന്തര വളർച്ചയിൽ വലിയ ഒരു സംഭാവന ഈ മേഖലയിൽ നിന്ന് ലഭ്യമാക്കാവുന്ന രീതിയിലാണ് ആസൂത്രണം.

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

വനിതകൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗ വിഭാഗക്കാർ, വയോജനങ്ങൾ എന്നിവരുടെ സംരക്ഷണത്തിനും സാമൂഹ്യക്ഷേമത്തിനും ഏറ്റവും മുന്തിയ പരിഗണന ജില്ലാ പദ്ധതിയിൽ നൽകിയിട്ടുണ്ട്. സ്ത്രീ തൊഴിൽപങ്കാളിത്ത നിരക്ക് സംസ്ഥാനത്തേക്കാൾ ഉയർന്നതാണെങ്കിലും ലിംഗ അസമത്വം നിലനിൽക്കുന്നുണ്ട്. 13-ാം പഞ്ചവത്സര പദ്ധതി ജെൻഡർ ബജറ്റിംഗിനോട് പ്രതിജ്ഞാബദ്ധമാണ്. അതിനാൽ ഈ മേഖലയിൽ നിർബന്ധമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിക്കേണ്ട നിർദ്ദിഷ്ട ശതമാനം പദ്ധതി തുക സ്ത്രീ പദവി ഉയർത്തൽ, തൊഴിലും ഉപജീവനവും. തൊഴിൽ സ്ഥലങ്ങൾ പൊതു ഇടങ്ങൾ എന്നിവിടങ്ങളിലെ പ്രത്യേക സൗകര്യങ്ങൾ, ശിശു സംരക്ഷണം, അക്രമങ്ങളിൽ നിന്ന് സംരക്ഷണം, എന്നിങ്ങനെ ലിംഗ വിവേചനം അഭിസംബോധന ചെയ്യുന്ന വികസന പദ്ധതികളിലാകണം എന്ന നിഷ്കർഷ ജില്ലാ പദ്ധതി മുന്നോട്ട് വെക്കുന്നു. ഭിന്നലിംഗക്കാരുടെ വികസന പ്രശ്നങ്ങൾ സവിശേഷമായി വിലയിരുത്താനും പരിഹാരം കണാനും ശ്രമങ്ങളുണ്ട്. ഭിന്നശേഷിയുള്ളവർക്ക് തുല്യ നിലയിൽ അവകാശം ലഭിക്കുന്നതിന് അവരുടെ കഴിവ് വളർത്താനും അന്തസ്സോടെ ജീവിക്കാനുള്ള അവസരമൊരുക്കി കൊടുക്കാനും പദ്ധതി ലക്ഷ്യമിടുന്നു. വിഭിന്നശേഷിയുള്ളവരുടെ സമ്പൂർണ്ണ വികസനത്തിനും പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻ കീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലം കുഞ്ഞുങ്ങളടക്കം ആയിരക്കണക്കിന് പേരെ ജില്ലയിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗമാക്കിത്തീർ ത്തിട്ടുണ്ട്. ദുരിതമേഖലയിലെ അമ്മമാരുടെ 'സാമൂഹ്യ പിന്മാറ്റം' (Social stigma) പ്രത്യേകമായി ഇടപെടേണ്ടുന്ന വിഷയമായി കണക്കാക്കുന്നു. 51.92 ശതമാനം വരുന്ന ജില്ലയിലെ വനിതകളുടെ ക്ഷേമത്തിന് പൊതുവായും ദുരിതമേഖലയിലെ അമ്മമാർക്ക് പ്രത്യേകിച്ചും കർമ്മപദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

കാറഡുക്ക, മഞ്ചേശ്വരം, പരപ്പ, കാസറഗോഡ് ബ്ലോക്കുകളിൽ സ്ത്രീ പുരുഷ അനുപാതം ജില്ലാ ശരാശരിയെക്കാൾ കുറവാണ്. സ്ത്രീസാക്ഷരതയിൽ (86 ശതമാനം) പന്ത്രണ്ടാം സ്ഥാനത്താണ് ജില്ല. 2.63 ശതമാനമാണ് ജില്ലയിലെ ഭിന്നശേഷി വിഭാഗക്കാർ. 11 ഗ്രാമ പഞ്ചായത്തുകളിൽ എൻഡോസൾഫാൻ ദുരിത ബാധിതരുണ്ട്. ഒന്നിൽ കൂടുതൽ അംഗപരിമിതരുള്ള കുടുംബങ്ങൾ 3212 ആണ്. പൈവളിഗെ, എൻമകജെ ഗ്രാമ പഞ്ചായത്തുകൾ സ്ത്രീ പുരുഷ അനുപാതത്തിൽ സംസ്ഥാന ശരാശരിയെക്കാൾ വളരെ താഴെയാണ്. ആകെയുള്ള 1348 അംഗൻവാടികളിൽ 140 എണ്ണത്തിന് കെട്ടിടമില്ല. സ്ത്രീ തൊഴിൽ പങ്കാളിത്തം സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണെങ്കിലും ഭൂരിഭാഗം പേരും അസംഘടിത മേഖലയിലാണ്. 60 വയസ്സിനു മുകളിലുള്ളവർ ജില്ലയിൽ 54280 പേരുണ്ട്. എച്ച്.ഐ.വി ബാധിതരായ 1424 പേരിൽ ഏറെ സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്നു. ഇവർക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിന് സമഗ്ര പദ്ധതി ആവശ്യമാണ്. ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ലഭ്യമായ കണക്ക് 100 ആണ്. ഇവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രമങ്ങളുണ്ട്. പട്ടിക ജാതി പട്ടിക വർഗ്ഗ മേഖലയിലെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കായി പ്രഥമ പരിഗണന നൽകി പദ്ധതികൾ ശുപാർശ ചെയ്യുന്നു.

ബാലസൗഹൃദ ജില്ല, സമഗ്ര മാതൃ ശിശു പരിപാലനം, സുരക്ഷിത ഊരുകൾ, ബി പോസിറ്റീവ്, 'She Lounge', വയോസൗഖ്യ കേന്ദ്രം, അതിജീവനം, വനിതാ ജീവനം, മനോ ബുദ്ധി വികാസ കേന്ദ്രം എന്നിവ പ്രത്യേക പരിഗണന അർഹിക്കുന്ന ഓരോ വിഭാഗത്തിന്റെയും നിലവിലെ സ്ഥിതി പരിശോധിച്ച് സാധ്യതകൾക്കനുസരിച്ച് ലിംഗ സമത്വം ഉറപ്പ് വരുത്തുന്നതും ബാലസൗഹൃദ പരവും വയോജന സൗഖ്യപരവും ഊരു സംരക്ഷിതവുമായ സമഗ്ര പാക്കേജുകളാണ്.

പട്ടികജാതിക്ഷേമം

ജില്ലയിലെ ജനസംഖ്യയുടെ 4.08 ശതമാനമാണ് പട്ടികജാതി വിഭാഗം. 530 സങ്കേതങ്ങളിൽ 11746 കുടുംബങ്ങളിലായി 53283 പേരാണ് ഈ വിഭാഗത്തിലുള്ളത്. 53 ഐ എച്ച് ഡി പി കോളനികളും 6 അംബേദ്കർ കോളനികളും ജില്ലയിലുണ്ട്. മൊഗർ ആണ് പകുതിയലിധികവും വരുന്ന പ്രധാന വിഭാഗം. ഇവരെ കൂടാതെ പുലയർ, ചക്ലിയ, ബാക്കുദ, നൽക്കദായ തുടങ്ങിയ വിഭാഗങ്ങളുമുണ്ട്. ജില്ലയുടെ വടക്ക്ഭാഗത്ത് കാറഡുക്ക, കാസറഗോഡ്, മഞ്ചേശ്വരം ബ്ലോക്കുകളിലാണ് 60 ശതമാനം എസ്.സി. വിഭാഗങ്ങളും അധിവസിക്കുന്നത്. വടക്കൻ പ്രദേശങ്ങളിലായതിനാൽ തന്നെ തുളു, കന്നട ഭാഷയാണ് ഇവർ കൂടുതൽ ഉപയോഗിക്കുന്നത്. ഭാഷാ പരിമിതി ക്ഷേമ സേവനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്. പാരമ്പര്യ തെയ്യംകല, പായ നെയ്ത്ത് തുടങ്ങിയവയിൽ പ്രവീണ്യമുള്ളവരാണ് വണ്ണാൻ, മലയൻ, പുലയൻ എന്നീ വിഭാഗങ്ങൾ. ഭൂരഹിതരായ പട്ടികജാതിക്കാർ കൂടുതലായുള്ളത് നീലേശ്വരം, കാസറഗോഡ് ബ്ലോക്കുകളിലാണ്. 1007 ഭവന രഹിതരിൽ വലിയ വിഭാഗം ഇതേ ബ്ലോക്കിലാണ്. എന്നാൽ ജില്ലയിലെ എല്ലാ മേഖലകളിലുമായി 282 കോളനികളിൽ കുടിവെള്ള

ക്ഷാമം നേരിടുന്നു. പട്ടയം ലഭിക്കാത്ത ഒട്ടേറെ പട്ടിക ജാതി വിഭാഗക്കാർ ജില്ലയിലുണ്ട്. വിദ്യാഭ്യാസ മേഖലയിൽ കൊഴിഞ്ഞുപോക്ക്, തുടർ പഠനം ഇല്ലായ്മ മുതലായവ ഇവർക്കിടയിൽ കൂടുതലാണ്. ചക്ലിയ വിഭാഗക്കാർ മറ്റുള്ളവരെക്കാൾ താരതമ്യേന പിന്നോക്കാവസ്ഥയിലാണ്. മാവില, മലവേട്ടുവ വിഭാഗങ്ങൾ പട്ടിക ജാതിയിൽ നിന്നും പട്ടിക വർഗ്ഗത്തിലേക്ക് മാറിയതിനാൽ ജില്ലയിലെ പട്ടികജാതി ജനസംഖ്യ കുറയുകയും പട്ടികവർഗ്ഗ ജനസംഖ്യ കൂടുകയും ചെയ്തു. എന്നാൽ പദ്ധതി വിഹിതങ്ങളിൽ ജനസംഖ്യാനുപാതികമായ പുനഃക്രമീകരണം നടന്നിട്ടില്ല. 8335 പട്ടിക ജാതി കുടുംബങ്ങൾ ബിപിഎൽ പട്ടികയിലാണ്. 10478 ആണ് ഈ മേഖലയിൽ സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം.

ഈ സ്ഥിതിവിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ (1). ഭൂമി, പുരയിടം, ആവാസം, (2). വിദ്യാഭ്യാസം (3). നൈപുണി വികസനം (4). തൊഴിൽ അവസരങ്ങൾ (5). ഭക്ഷ്യ സുരക്ഷ (6). ആരോഗ്യ സുരക്ഷ എന്നീ തലങ്ങളിലാണ് ജില്ലാ പദ്ധതി കേന്ദ്രീകരിക്കുന്നത്.

ഈ തലങ്ങൾ ഉൾക്കൊണ്ടുതന്നെ വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വരും വർഷങ്ങളിൽ പദ്ധതി തയ്യാറാക്കാൻ എന്ന് കർശനമായി നിഷ്കർഷിച്ചുകൊണ്ടുള്ള സമഗ്ര പദ്ധതി നിർദ്ദേശങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്. സമഗ്ര സാമൂഹിക സാമ്പത്തിക ആരോഗ്യ സ്ഥിതി വിവരശേഖരണം 'എന്റെ ഊര്' എന്ന പദ്ധതിയുടെ ഭാഗമായി നടത്തുകയും കുടിവെള്ള ക്ഷാമമില്ലാത്ത ഊരുകളായി ഈ മേഖലയെ മാറ്റി എടുക്കുകയും ചെയ്യും. സംയുക്ത പദ്ധതിയായി ഇത് 2018-19 വർഷം നടപ്പാക്കും വിദ്യാഭ്യാസ ശാക്തീകരണത്തിനായി 'പഠനമുറ്റം' പ്രത്യേക പരിശീലന പരിപാടിയും പാരമ്പര്യ സംരക്ഷണവും നിർദ്ദേശിക്കുന്നു. സ്ത്രീശാക്തീകരണത്തിന് കുടുംബശ്രീയുമായി ചേർന്നുള്ള പദ്ധതികൾ, ലൈഫ് പദ്ധതിയുമായി ചേർന്ന് 1800 പേർക്ക് ഭവന നിർമ്മാണം, മത്സരപരീക്ഷാ പരിശീലനത്തിനായി പ്രത്യേക കേന്ദ്രങ്ങൾ, സ്ത്രീകൾക്കിടയിലെ കാൻസർ നിയന്ത്രിക്കാനായി 'അതിജീവനത്തിന്റെ പ്രത്യേക ഇടപെടൽ', ഹരിത കേരളം, ആർദ്രം-സമഗ്ര ആരോഗ്യ ശുചിത്വ പദ്ധതികൾ, എസ്.സി എസ്.ടി ഹബ്ബുകൾ തുടങ്ങിയ സമഗ്ര പദ്ധതികളുടെ പാക്കേജ് പട്ടിക ജാതി മേഖലയിൽ നവോന്മേഷം പ്രദാനം ചെയ്യും.

പട്ടികവർഗ്ഗക്ഷേമം

പട്ടികജാതി, പട്ടികവർഗ്ഗ മേഖലയിൽ ദരിദ്രരുടെ അനുപാതം പൊതുജനവിഭാഗങ്ങളിലെ ദാരിദ്ര്യ അനുപാതത്തെക്കാൾ വളരെ കൂടുതലാണെന്ന അടിസ്ഥാന യാഥാർത്ഥ്യം മുൻ നിർത്തി വേണം ഈ മേഖലയിലെ കർമ്മ പദ്ധതി ആസൂത്രണം ചെയ്യാൻ. ജനപങ്കാളിത്തം വഴിയും ദരിദ്രരെ തിരിച്ചറിയുന്നതിനുള്ള സൂക്ഷ്മ സംവിധാനങ്ങൾ കൊണ്ടും ഓരോരുത്തരുടെയും ദാരിദ്ര്യാവസ്ഥയ്ക്ക് കാരണവും പരിഹാരവും കണ്ടെത്തിക്കൊണ്ടുമുള്ള വിശാല വികസന പരിപ്രേക്ഷ്യമാണ് ഈ പിന്നോക്ക മേഖലയിൽ വേണ്ടുന്നത്. വികസനത്തിന്റെ മുഖ്യധാരയിലേക്ക് പടിപടിയായി വളർത്തിക്കൊണ്ടുവരുന്ന സമീപനമാകണം ഉണ്ടാകേണ്ടത്. ഫലപ്രദമായ ആസൂത്രണത്തിന് കൃത്യമായ സ്ഥിതിവിവരകണക്കുകൾ അനിവാര്യമാണ്. പ്രത്യേകിച്ച് കാസറഗോഡ് ജില്ലയിലെ പട്ടികജാതി, പട്ടികവർഗ്ഗ മേഖലയിൽ ജനസംഖ്യാ സെൻസസിനു ശേഷം വലിയ മാറ്റങ്ങൾ ഉണ്ടായ സ്ഥിതിക്ക് പദ്ധതി തുകയുടെ പുനഃക്രമീകരണവും ഈ മേഖലയിലുണ്ടാവേണ്ടതുണ്ട്.

9 വിഭാഗങ്ങളിൽ 23283 കുടുംബങ്ങളിലായി 83865 ആണ് ജില്ലയിലെ പട്ടികവർഗ്ഗ ജന സംഖ്യ. 1621 പട്ടിക വർഗ്ഗ ഊരുകളിലെ വിഭാഗങ്ങളിൽ മറാഠി (41.02 ശതമാനം), മാവില, മലവേട്ടുവ എന്നിവയാണ് ഭൂരിഭാഗവും. പ്രാക്തന ഗോത്ര വിഭാഗമായ കൊറഗ വിഭാഗക്കാർ 1803 പേർ മാത്രമാണ്. ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ വിഭാഗം അധിവസിക്കുന്നത് (60 ശതമാനത്തിലധികം) പരപ്പ ബ്ലോക്കിലാണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ ജനസംഖ്യയുള്ള രണ്ടാമത്തെ ജില്ലയാണ് കാസറഗോഡ്. (മൊത്തം ജനസംഖ്യയുടെ 7 ശതമാനത്തേളം). 40 ശതമാനം പേർ യുവജനങ്ങളും 8.4 ശതമാനം പേർ വയോജനങ്ങളുമാണ്. താരതമ്യേന വികസന പരിമിതി നേരിടുന്ന പ്രദേശങ്ങളിലാണ് പിന്നോക്കാവസ്ഥയുള്ള കൊറഗ, മലവേട്ടുവ വിഭാഗങ്ങൾ അധിവസിക്കുന്നത്. കൊറഗ വിഭാഗത്തെപ്പോലെ തന്നെ സ്പെഷ്യൽ പാക്കേജ് ആവശ്യമായ വിഭാഗമാണ് മലവേട്ടുവ. പട്ടികവർഗ്ഗ മേഖലയിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് വളരെ കൂടുതലാണ്. ഇതിൽ കൂടുതലും മലവേട്ടുവ വിഭാഗമാണ്. സാക്ഷരതയിലും (33.9 ശതമാനം) ഇവർ പിന്നിലാണ്. വേനൽക്കാലത്ത് പട്ടികവർഗ്ഗ ഊരുകളിലെ 42 ശതമാനം ജലസ്രോതസ്സുകളും വറ്റുന്നു. 1509 പട്ടികവർഗ്ഗ കുടുബങ്ങൾക്ക് 5 സെന്റിൽ താഴെ മാത്രമാണ് ഭൂമി. ഇതിൽ തന്നെ ഭൂരിഭാഗം പേർക്കും പട്ടയമില്ല. 62 ശതമാനം പട്ടികവർഗ്ഗ വിഭാഗമുള്ള പരപ്പ ബ്ലോക്കിൽ പട്ടികവർഗ്ഗ വികസന ഓഫീസില്ല. 4077 പട്ടികവർഗ്ഗ കുടുംബം ഭവനമില്ലാത്തതും 835 പേർ ഭൂമിയില്ലാത്തവരുമാണ്. തെയ്യം, മംഗലംകളി, എരുതുകളി, കൊറഗ നൃത്തം തുടങ്ങിയ പരമ്പരാഗത കലകൾ സംരക്ഷിക്കാനുള്ള ശ്രമങ്ങളൊന്നും നിലവിലില്ല. ജീവിത ശൈലീരോഗങ്ങളും സാംക്രമിക രോഗങ്ങളും, ക്ഷയവും, കാൻസറും ഊരുകളിൽ വർദ്ധിച്ചു വരികയും ചെയ്യുന്നു.

പുതിയ ജനസംഖ്യാ മാറ്റങ്ങൾ കൂടി ഉൾക്കൊണ്ട് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര സ്ഥിതി വിവര പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യാധിഷ്ഠിത വികസന സമീപനത്തോടെ 'സമഗ്രം, സുസ്ഥിരം പദ്ധതി' (ഒന്നാംഘട്ടം 100 ഊരുകളിൽ), ആർദ്രം, ഹരിതകേരളം പദ്ധതിയുമായി സംയോജിച്ച് 'ശുചിത്വ ഊര്' തൊഴിൽ നൈപുണി വികസന പദ്ധതികൾ, സ്ത്രീ ശാക്തീകരണ ഇടപെടലുകൾ ഇവയൊക്കെയാണ് പട്ടികവർഗ്ഗ ക്ഷേമ മേഖലയിൽ ശുപാർശ ചെയ്യുന്നത്.

വിവിധമേഖലകളിലെ പ്രധാന പദ്ധതികളും നിർദ്ദേശങ്ങളും

I. ഉല്പാദന മേഖല

1. നീർത്തടാധിഷ്ഠിത വികസനം (കൃഷി, ജലസേചനം, മണ്ണ്-ജലസംരക്ഷണം ഉൾപ്പെടെ)

പ്രധാന പദ്ധതികൾ

ഉറവ : പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനരുജ്ജീവനവും ജൈവവൈവിധ്യങ്ങളുടെ സംരക്ഷണവും

ജൈവം ജീവനം : ജൈവ പുനരുജ്ജീവനം- ജില്ലയിലൊട്ടാകെ നടപ്പിലാക്കൽ. (പ്രാരംഭ ഘട്ടമായി എൻഡോസൾഫാൻ ദുരിത ബാധിതമായ 11 പഞ്ചായത്തുകളിൽ പൈലറ്റ് പ്രോജക്ട് ജൈവ ജില്ല-പാക്കേജ് ഓഫ് പ്രാക്ടീസസ് തയ്യാറാക്കൽ.)

ബ്ലോസ്സം (Blossom) : തരിശുരഹിത ജില്ല. നെൽകൃഷിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കൽ, മറ്റു കൃഷികളുടെ വ്യാപനം.

മഴക്കൊയ്ത്ത്: ജലസുരക്ഷാ പദ്ധതി - ജില്ലയിലെ മുഴുവൻ പ്രദേശങ്ങളും ജലസുരക്ഷിത മേഖലയിലേക്ക്.

നിർദ്ദേശങ്ങൾ

- വാട്ടർഷെഡ് അടിസ്ഥാനത്തിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ വികസനപദ്ധതികൾ എന്നിവ നടപ്പിലാക്കൽ.
- ഗ്രൂപ്പ് ഫാമിംഗ്/കൂട്ടുകൃഷി പ്രോൽസാഹിപ്പിക്കൽ
- ലേബർ ബാങ്കുകൾ രൂപീകരിക്കൽ
- വിപണന കേന്ദ്രങ്ങൾ, ഇക്കോഷോപ്പുകൾ എന്നിവ ശക്തിപ്പെടുത്തലും വ്യാപിപ്പിക്കലും.
- ജൈവ കാർഷിക രീതികൾ പ്രായോഗികമാക്കൽ/ സുരക്ഷിത ഉൽപ്പന്നങ്ങൾ വിപണനം ചെയ്യൽ.
- വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ച് ഗുണമേന്മയുള്ള വിത്ത്, തൈകൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കൽ.
- കൃഷി ഗവേഷണ സ്ഥാപനങ്ങളുടെ ഗവേഷണ ഫലങ്ങൾ ഫലപ്രദമായി കൃഷിയിടങ്ങളിൽ നടപ്പിലാക്കൽ.
- കാർഷിക കർമ്മമേഖലയിൽ തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിനായി കാർഷിക കർമ്മസേന രൂപീകരിക്കൽ. കർഷക തൊഴിലാളികൾക്ക് ആധുനിക കൃഷി സങ്കേതങ്ങളിൽ പരിശീലനം നൽകൽ.
- കാർഷികമേഖലയിൽ ഔഷധ സസ്യകൃഷി വ്യാപിപ്പിക്കൽ.
- തേൻകൃഷി വ്യാപകമാക്കുന്നതിന് തേൻ ഗ്രാമങ്ങൾ സ്ഥാപിക്കൽ.
- കാർഷിക വിഭവങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കൽ.
- നെല്ല്, പച്ചക്കറി, പഴം, തെങ്ങ്, പൂക്കൾ എന്നിവയുടെ കൃഷി അനുയോജ്യമായ പ്രദേശങ്ങളിൽ വ്യാപിപ്പിക്കൽ.
- തരിശു ഭൂമി ഉപയുക്തമാക്കി നെൽകൃഷി വ്യാപിപ്പിക്കൽ.
- പച്ചക്കറി കൃഷി ചെയ്യുന്ന പ്രദേശങ്ങൾ നിലവിലുള്ളതിനേക്കാൾ ഇരട്ടിയാക്കൽ
- ഹരിതകേരളം മിഷന്റെ ഭാഗമായി പച്ചക്കറിയുടെ ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കൽ. ജൈവ പച്ചക്കറിയിൽ ഊന്നിയുള്ള പ്രചാരണം ശക്തമാക്കൽ.
- കിഴങ്ങു വർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള പരമ്പരാഗത ഭക്ഷ്യവിളകളുടെ കൃഷി പരിപോഷിപ്പിക്കൽ.
- പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കാനുള്ള പദ്ധതി.
- സ്കൂളുകൾ കേന്ദ്രീകരിച്ച് പച്ചക്കറി കൃഷി വ്യാപകമാക്കൽ.
- കേരാധിഷ്ഠിത സംയോജിത കൃഷി നടപ്പിലാക്കൽ
- രോഗകീടബാധക്കെതിരെയുള്ള സംയോജിത പ്രവർത്തനങ്ങൾ
- ടിഷ്യൂകൾച്ചർ വാഴ ഉല്പാദന യൂണിറ്റ് സ്ഥാപിക്കൽ.
- താലൂക്ക് തലത്തിൽ കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ.
- ശീതീകരണ സംവിധാനത്തോടെയുള്ള സംഭരണ കേന്ദ്രങ്ങൾ
- ഭൂഗർഭജലം റീച്ചാർജ്ജിംഗ് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കൽ
- പരമാവധി കൃഷി സ്ഥലങ്ങളിൽ ജലസേചന സൗകര്യം ഏർപ്പെടുത്തൽ
- ചെറുകിട ജലസേചനപദ്ധതികളും, ഡ്രിപ്പ് ഫെർട്ടിഗേഷൻ, മൈക്രോ ഇറിഗേഷൻ, പ്രിസിഷൻ ഫാമിംഗ് പോലുള്ള ജലവിനിയോഗക്ഷമത കൂടിയ നവീന ജലസേചന പദ്ധതികളും നടപ്പാക്കൽ..
- നിലവിൽ പ്രവർത്തനക്ഷമമല്ലാതെകിടക്കുന്ന ജലസേചന പദ്ധതികൾ പുനരുജ്ജീവിപ്പിക്കൽ.
- തോടുകളും, ഇടത്തോടുകളും വൃത്തിയാക്കി പരിപാലിച്ച് ജലസുരക്ഷ ഉറപ്പാക്കൽ.
- ജല ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി അനുയോജ്യമായ വിളകൾക്ക് സ്പ്രിംഗ്ലർ ജലസേചനം ഏർപ്പെടുത്തൽ.
- ഉപയോഗിച്ചു കഴിഞ്ഞ വെള്ളം ശുദ്ധീകരിച്ച് പുനരുപയോഗത്തിന് സാധ്യമാക്കൽ.
- പ്രാദേശികമായി നദീതടങ്ങൾ അടിസ്ഥാനമാക്കി സമഗ്ര നീർത്തടപദ്ധതികൾ ആസൂത്രണം ചെയ്യൽ - (കൃഷി, ജലസേചനം, കുടിവെള്ളം, പരിസ്ഥിതി

തുടങ്ങിയ മേഖലകൾ സംയുക്തമായി)

- നിലവിലുള്ള വി.സി.ബി. കളുടെ മെയിന്റനൻസ് നടത്തുകയും ആവശ്യാധിഷ്ഠിതമായി ക്രോസ് ബാറുകളുടെ നിർമ്മാണം നടത്തലും
- മൈക്രോ നീർത്തടങ്ങൾ കണക്കാക്കി ഓരോ പ്രദേശത്തിനും ഡ്രൈനേജ് മാപ്പിംഗും മറ്റും തയ്യാറാക്കി പദ്ധതികൾ ആവിഷ്ക്കരിക്കൽ.
- കുളങ്ങളും കിണറുകളും തോടുകളും സംരക്ഷിക്കലും പുനരുദ്ധാരണവും
- ജലപുനരുജ്ജീവന പ്രവർത്തനങ്ങൾ- ഓരോ ഗ്രാമത്തിലും നീർത്തടാടിസ്ഥാനത്തിൽ നടപ്പാക്കൽ.
- കാർഷികയന്ത്രങ്ങളുടെ റിപ്പയർ, തൊഴിലാളികളുടെ ലഭ്യതക്കുറവിന് ലേബർ ബജറ്റ് കർഷകർക്ക് പരിശീലനം എന്നിവ ലക്ഷ്യമാക്കി സേവന കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തുതലത്തിൽ ആരംഭിക്കൽ.
- കേന്ദ്ര-സംസ്ഥാന സർക്കാറിന്റെയും പ്രാദേശിക ഭരണ സ്ഥാപനങ്ങളുടെയും ഫണ്ട് ഉപയോഗപ്പെടുത്തി കടൽത്തീരം സംരക്ഷിക്കുന്നതിന് പദ്ധതി തയ്യാറാക്കൽ.
- പ്രധാനപ്പെട്ട ജലസേചന നിർമ്മിതികളുടെയും കൃഷിയോജ്യമായ തരിശുകളുടെയും വിവരങ്ങൾ ജില്ലാ പദ്ധതികളുടെ സ്ഥലമാനങ്ങളിൽ രേഖപ്പെടുത്തൽ.
- തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന പ്ലാവ്, മാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കലും സംരക്ഷണവും.
- പിലിക്കോട് ആർ.എ.ആർ.എസ്സിന്റെ സഹകരണത്തോടെ പരമ്പരാഗത കർഷകരെക്കൂടി പ്രയോജനപ്പെടുത്തി വിത്ത് ബാങ്ക് സ്ഥാപിക്കലും കൃഷിക്കാർക്ക് ലഭ്യമാക്കലും.
- ഉപ്പുവെള്ളം കയറി നെൽകൃഷി നശിക്കുന്നത് തടയാൻ ആവശ്യമായ സംവിധാനമൊരുക്കൽ.
- ജൈവ പച്ചക്കറി, ധാന്യങ്ങൾ തുടങ്ങിയവയുടെ ഉല്പാദനത്തിനുള്ള പ്രോത്സാഹനവും സംഭരണത്തിനും വിപണനത്തിനും പ്രത്യേകം കേന്ദ്രങ്ങൾ സ്ഥാപിക്കലും.
- വിവിധയിനം ജലസ്രോതസ്സുകളുടെ സംരക്ഷണം.

2. മൃഗ സംരക്ഷണം, ക്ഷീര വികസനം

പ്രധാന പദ്ധതികൾ

ഹാലു യോജന : ജില്ലയിലെ പാലുല്പാദനം സംസ്ഥാന ശരാശരിക്കു മേലെ എത്തിക്കുക, സ്വാശ്രയ പാലുല്പാദന ജില്ല എന്ന ലക്ഷ്യം കൈവരിക്കുക.

എ ബി സി കേന്ദ്രങ്ങളുടെ വ്യാപനം: ജില്ലയിൽ തെരുവു പട്ടികളുടെ സമഗ്ര നിയന്ത്രണ പരിപാടി

നിർദ്ദേശങ്ങൾ

- കാലിത്തീറ്റ ഉല്പാദനം വ്യാപിപ്പിക്കൽ, തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കൽ.
- കന്നുകുട്ടി പരിപാലന പദ്ധതികൾ നടപ്പാക്കൽ.
- ക്ഷീര സംഘങ്ങളുടെ കീഴിൽ മൊബൈൽ കറവ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കൽ.
- ക്ഷീര സഹകരണ സംഘങ്ങളെ നവീകരിക്കൽ.
- മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കൽ.
- ഇറച്ചി അവശിഷ്ടങ്ങളും മീൻ അവശിഷ്ടങ്ങളും അസംസ്കൃതവസ്തുക്കളായി ഉപയോഗിച്ച് കോഴിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കൽ.
- ഓമനപ്പക്ഷി വളർത്തൽ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ.
- സ്കൂളുകൾ കേന്ദ്രീകരിച്ച് 'പഠനത്തോടൊപ്പം വരുമാനം' എന്ന പദ്ധതിയിലൂടെ കോഴി വളർത്തൽ വ്യാപിപ്പിക്കൽ
- കന്നുകാലി ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കൽ.
- അനുയോജ്യമായ സ്ഥലത്ത് ഹാച്ചറി സ്ഥാപിക്കൽ
- ജില്ലയിൽ കാലിത്തീറ്റ നിർമ്മാണ ഫാക്ടറികൾ സ്ഥാപിക്കൽ
- കാലിത്തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം നൽകൽ
- രജിസ്റ്റേർഡ് വെറ്ററിനറി ഡോക്ടർമാർക്ക് സ്വകാര്യ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകൽ
- താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കൽ.
- ഡയറി ഫാമുകളിൽ ആധുനിക യന്ത്രവൽക്കരണം നടപ്പാക്കൽ.
- ആധുനിക സജ്ജീകരണങ്ങളോടുകൂടിയ അറവുശാല നിർമ്മാണം
- മൊബൈൽ വെറ്ററിനറി സർവ്വീസ്
- എ.ബി.സി. പദ്ധതി എല്ലാ റവന്യൂബ്ലോക്കുകളിലും വ്യാപിപ്പിക്കൽ.
- മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് മിതമായ നിരക്കിൽ വായ്പ അനുവദിക്കൽ.
- വെറ്ററിനറി സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങളും മരുന്നിന്റെ ലഭ്യതയും വർദ്ധിപ്പിക്കൽ.
- കവുങ്ങിൻ പാളകൾ കൊണ്ട് കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കൽ.
- കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സൗകര്യം ബ്ലോക്കു തലത്തിൽ ആരംഭിക്കൽ.
- വളർത്തു നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കൽ
- തരിശ് ഭൂമിയിൽ തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കൽ
- ക്ഷീര കർഷകർക്കുള്ള മിൽക്ക് ഇൻസെന്റീവ് ഉയർത്തൽ

- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഡയറിഫാം ഇൻസ്ട്രക്ടറുടെ തസ്തിക അനുവദിക്കൽ.
- ജില്ലയിൽ വെറ്ററിനറി സബ്സെന്റർ ഇല്ലാത്ത 9 പഞ്ചായത്തുകളിൽ ആയത് സ്ഥാപിക്കൽ.
- ജില്ലയിൽ വെറ്ററിനറി പോളിക്ലിനിക്ക് സ്ഥാപിക്കൽ
- ഡയറി സോൺ ബ്ലോക്കുകളായ നീലേശ്വരം,പരപ്പ, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ ഓരോ ക്ഷീര വികസന യൂണിറ്റുകൾ കൂടി ആരംഭിക്കൽ.
- മൃഗസംരക്ഷണ മേഖലയിലേക്ക് കടന്നു വരുന്ന സംരംഭകർക്ക് വായ്പ അനുവദിക്കുന്നതിന് ഏകജാലക സംവിധാനം ഏർപ്പെടുത്തൽ.
- കാസറഗോഡ് കുള്ളൻ പശുവിനെ അംഗീകൃത ജനുസ്സായി സംരക്ഷിക്കൽ
- കന്നുകാലി വന്ധ്യതാനിവാരണ പദ്ധതി നടപ്പാക്കൽ
- സ്കൂളുകളിൽ അനിമൽ വെൽഫെയർ ക്ലബുകൾ സംഘടിപ്പിക്കൽ
- ആട് വളർത്തൽ യൂണിറ്റ്, ഗോട്ട് ഫാം എന്നിവ ആരംഭിക്കൽ.
- ഗർഭിണി പശുക്കൾക്കുള്ള കാലിത്തീറ്റ വിതരണം
- ഇറച്ചി ആവശ്യത്തിനുള്ള പോത്ത്/കാളക്കുട്ടി വളർത്തൽ
- ജില്ലയിൽ വെറ്ററിനറി കോളേജ് സ്ഥാപിക്കൽ.
- വെറ്ററിനറി പോളി സെന്റർ സ്ഥാപിച്ച് കന്നുകാലി സംരക്ഷണം ഉറപ്പുവരുത്തൽ
- ബ്ലോക്ക് അടിസ്ഥാനത്തിൽ വെറ്ററിനറി പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ
- വെറ്ററിനറി മൊബൈൽ യൂണിറ്റുകൾ ആരംഭിക്കൽ.
- മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പരിശീലന കേന്ദ്രം ആരംഭിക്കൽ.
- പാൽ, മുട്ട, ഇറച്ചി എന്നിവയുടെ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ
- ആധുനിക അറവ് ശാലകളും ടൗൺ കേന്ദ്രീകരിച്ച് വിപണന കേന്ദ്രങ്ങളും സ്ഥാപിക്കൽ

3. മത്സ്യവികസനം

പ്രധാന പദ്ധതികൾ

തീരപഥം: മത്സ്യ ബന്ധനം, സംസ്കരണം, വിപണനം, സുരക്ഷ, അടിസ്ഥാന സൗകര്യ വികസനം- സാധ്യതകൾ

നിർദ്ദേശങ്ങൾ

- തുറന്ന ജലാശയങ്ങളിലെ മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കൽ.
- നൂതന സാങ്കേതികവിദ്യകൾ സ്വീകരിച്ച് ശുദ്ധജല മത്സ്യകൃഷി ഉൽപാദനം വർദ്ധിപ്പിക്കൽ.
- മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റുന്നതിനുള്ള യൂണിറ്റ് ആരംഭിക്കൽ (മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരം സൃഷ്ടിക്കൽ).
- മത്സ്യമേഖലയിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് പാർപ്പിട പദ്ധതികൾ ഏറ്റെടുക്കൽ(ലൈഫ് പദ്ധതിയുമായി ചേർന്ന് സമ്പൂർണ്ണ ഭവന പദ്ധതി- 2020നകം).
- പകർച്ചവ്യാധികൾ തടയുന്നതിന് സാനിറ്ററി, കക്കൂസ് സൗകര്യങ്ങൾ, കുടിവെള്ളം, വൈദ്യുതി, ആരോഗ്യകരമായ പരിസരം എന്നിവ ഉറപ്പുവരുത്തൽ.
- മത്സ്യത്തൊഴിലാളികൾക്ക് തൊഴിലുപകരണങ്ങൾ ലഭ്യമാക്കൽ.
- മത്സ്യമാർക്കറ്റുകൾ നവീകരിക്കലും അവിടെ കുടിവെള്ളം, ശൗചാലയം, ശീതസംഭരണ സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കലും.
- കുളങ്ങൾ, വയലുകൾ എന്നിവയിൽ സംയോജിത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കൽ.
- ഉൾനാടൻ മത്സ്യലഭ്യത അഞ്ചുവർഷം കൊണ്ട് ഇരട്ടിയാക്കൽ.
- 16 മത്സ്യ ഗ്രാമങ്ങളേയും 2022 ഓടെ മാതൃകാ മത്സ്യഗ്രാമങ്ങളാക്കൽ (വൈദ്യുതി, കുടിവെള്ളം, ശുചിത്വ സംവിധാനം ഉൾപ്പെടെ)
- മത്സ്യക്കയറ്റുമതി - ജില്ലയുടെ നില സംബന്ധിച്ച സ്റ്റാറ്റിസ്റ്റിക്സ് തയ്യാറാക്കൽ.
- മത്സ്യഗ്രാമങ്ങളുടെ തത്സ്ഥിതി വിശകലനം- പഠനം നടത്തൽ
- മത്സ്യത്തൊഴിലാളികളുടെ ആരോഗ്യസ്ഥിതി, സാക്ഷരത- മത്സ്യത്തൊഴിലാളികളുടെ സമഗ്ര വിവര ശേഖരണം ലക്ഷ്യമാക്കി വിശദമായ പഠനം നടത്തൽ.
- മത്സ്യമാർക്കറ്റുകളുടെ തത്സ്ഥിതി വിശകലനം ചെയ്യൽ.
- മത്സ്യബന്ധന തുറമുഖങ്ങൾ- തത്സ്ഥിതി - സമഗ്ര വികസന പാക്കേജ് തയ്യാറാക്കൽ
- ഫിഷ് ലാന്റിംഗ് സെന്ററുകളുടെ തത്സ്ഥിതി വിശകലനവും മെച്ചപ്പെടുത്തലും
- തീരപ്രദേശത്തെ വിദ്യാലയങ്ങളിലെ - അടിസ്ഥാന സൗകര്യ വികസനം , കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്താൻ സമഗ്ര പദ്ധതി (പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി സംയോജനം)
- തീരപ്രദേശത്തെ അംഗൻവാടികൾ- തത്സ്ഥിതി പഠനവും മെച്ചപ്പെടുത്തലും
- മത്സ്യസമ്പത്ത് വർദ്ധിപ്പിക്കലും കണ്ടൽക്കാടുകൾ വെച്ചു പിടിപ്പിക്കലടക്കമുള്ള ജൈവ പദ്ധതികൾ

നടപ്പാക്കലും

- മത്സ്യമൂല്യവർദ്ധിത ഉല്പന്ന വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കൽ (തദ്ദേശ സ്വയം ഭരണ തലം).
- മത്സ്യബന്ധനകേന്ദ്രങ്ങളോടനുബന്ധിച്ച് നെറ്റ് മെന്റിംഗ്/റിപ്പയർ യാർഡുകൾ നിർമ്മിക്കൽ
- തുറമുഖങ്ങൾ കേന്ദ്രീകരിച്ച് ഐസ്പ്ലാന്റ് നിർമ്മാണം
- മത്സ്യഗ്രാമങ്ങളിൽ പൊതുയിടങ്ങളിലും ഫിഷ്മാർക്കറ്റുകളിലും സാനിറ്റേഷൻ സൗകര്യം വികസിപ്പിക്കൽ
- മത്സ്യഗ്രാമങ്ങളിൽ സാംസ്കാരിക വിജ്ഞാന-വിനിമയ കേന്ദ്രങ്ങൾ സ്ഥാപിക്കൽ
- തീരദേശ മേഖലയിൽ പബ്ലിക്ക് ഹെൽത്ത് സെന്റർ /കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നവീകരണം
- നിലവിലുള്ള മത്സ്യമാർക്കറ്റുകളുടെ നവീകരണവും ആധുനിവൽക്കരണവും
- വളം നിർമ്മാണ പ്ലാന്റ് (മത്സ്യ സംസ്കരണത്തിന്റെ അവശിഷ്ടങ്ങൾ പ്രയോജനപ്പെടുത്തി) സ്ഥാപിക്കൽ.
- കല്ലുമ്മക്കായ ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനുള്ള യൂണിറ്റ് സ്ഥാപിക്കൽ
- വലിയ പറമ്പിൽ മത്സ്യ ഹാച്ചറി സ്ഥാപിക്കൽ

സംയോജന പ്രവർത്തനങ്ങൾ

- ലൈഫ് മിഷൻ പദ്ധതിയുമായി യോജിച്ച് എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഭവന പദ്ധതികൾ, സാനിറ്റേഷൻ സൗകര്യം, വൈദ്യുതീകരണം എന്നീ പദ്ധതികൾ നടപ്പാക്കൽ.
- ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെടുത്തി സീറോ വെയ്സ്റ്റ് കോസ്റ്റൽ ഏരിയ പദ്ധതി നടപ്പാക്കൽ.

നവകേരളമിഷനുമായുള്ള സംയോജന സാധ്യതകൾ

- പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണം, നവീകരണം (ആർദ്രം പദ്ധതി)
- ഭവനനിർമ്മാണപദ്ധതികൾ (ലൈഫ് പദ്ധതി) നടപ്പാക്കൽ.
- മത്സ്യ ഗ്രാമങ്ങളിൽ ടോയ്‌ലെറ്റ് സൗകര്യങ്ങളുടെ നിർമ്മാണം (ഹരിതകേരളം മിഷൻ)
- മാലിന്യസംസ്കരണ യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കൽ (ഹരിതകേരളം മിഷൻ).
- ജി.ആർ.എഫ്.ടി.എച്ച്.സ് കൂളുകൾ ഭൗതിക സൗകര്യം, മെച്ചപ്പെടുത്തലും അക്കാദമിക മികവ് സൃഷ്ടിക്കലും (പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം).

നൂതന ആശയങ്ങൾ

- ഹൈടെക് മത്സ്യമാർക്കറ്റ് നിർമ്മാണം
- സീറോ വേയ്സ്റ്റ് കോസ്റ്റൽ ഏരിയ പ്രവർത്തനം
- ഡിസാസ്റ്റർ മാനേജ്മെന്റ് റെസ്ക്യൂ സെന്ററുകൾ
- മത്സ്യവിജ്ഞാനകേന്ദ്രങ്ങൾ ആരംഭിക്കൽ
- മത്സ്യമേഖലാ വികസനത്തിന് ടൂറിസം സാധ്യത പ്രയോജനപ്പെടുത്തൽ
- മത്സ്യബന്ധനത്തിന് പോകുന്നവർക്ക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തൽ
- ഭക്ഷ്യസുരക്ഷാ വകുപ്പുമായി സംയോജിപ്പിച്ച് മത്സ്യത്തിൽ പ്രിസർവേറ്റീവിന്റെ സാന്നിധ്യം കണ്ടുപിടിക്കാനുള്ള സ്ഥായിയായ സംവിധാനം ഉണ്ടാക്കൽ (കാഞ്ഞങ്ങാട്, കാസറഗോഡ്).
- മത്സ്യ മാർക്കറ്റിലെ മാലിന്യനിർമ്മാർജ്ജനത്തിന് Sewage/Efficient Treatment Plant നിർമ്മാണം.
- ജില്ലയിലെ യന്ത്രവൽകൃത ബോട്ടുകളിൽ Vessel Track System നടപ്പിലാക്കൽ. (ക്രൂയിസ് ടൂറിസം)
- ഉൾനാടൻ ജലാശയങ്ങളെ ഉപയോഗപ്പെടുത്തി വലിയപറമ്പ ടൂറിസവുമായി ബന്ധപ്പെടുത്തി ടൂറിസം പാക്കേജ് നടപ്പിലാക്കൽ
- സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട് മത്സ്യഗ്രാമങ്ങളിൽ സൂക്ഷ്മ സംരംഭങ്ങൾ നടപ്പിലാക്കൽ.
- പ്രകൃതിദുരന്ത സാഹചര്യം മുന്നിൽ കണ്ട് പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കൽ (പ്രത്യേകിച്ച് കടൽ ക്ഷോഭ സാധ്യത കൂടിയ മുസോടി, പുഞ്ചാവി, വലിയപറമ്പ് പ്രദേശങ്ങൾ).
- കല്ലുമ്മക്കായ, ഓരുജല കടൽജല മത്സ്യങ്ങളുടെ മൾട്ടി സ്പീഷ്യസ് ഹാച്ചറിയും മറൈൻ അക്വേറിയവും സ്ഥാപിക്കൽ. (ജില്ലയിലോ സമീപ ജില്ലകളിലോ മേൽ പറഞ്ഞ മത്സ്യ ഇനങ്ങളുടെയും ജലജീവികളുടെയും വിത്തുൽപാദന കേന്ദ്രങ്ങൾ നിലവിലില്ല. വലിയപറമ്പ ഗ്രാമപഞ്ചായത്തിലെ പുലിമൂട്ടിന് സമീപമുള്ള പ്രദേശം ഹാച്ചറി സ്ഥാപിക്കുന്നതിന് അനുയോജ്യമാണ്. ഇതോടനുബന്ധിച്ച് ഒരു മറൈൻ അക്വേറിയവും ഫിഷ് ബ്രീഡിംഗ് സെന്ററും സ്ഥാപിക്കാവുന്നതാണ്).

3.1 തുറമുഖം

- തുറമുഖ ഭൂമി സർവ്വേ നടത്തി അടയാളപ്പെടുത്തൽ.
- കാസറഗോഡ് തളങ്കരയിലും, ചെറുവത്തൂർ മടക്കരയിലും തുറമുഖ വകുപ്പിനുവേണ്ടി 100 മീറ്റർ വാർഫ് നിർമ്മിക്കൽ.

3.2 ഹാർബർ എഞ്ചിനീയറിംഗ്

- നിർമ്മാണം പൂർത്തീകരിച്ച ചെറുവത്തൂർ ഫിഷ് ഹാർബർ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കൽ.
- നിർമ്മാണം പൂർത്തീകരിച്ച കാസറഗോഡ് ഫിഷ് ഹാർബറിന്റെ നവീകരണം.
- ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്ന അജാനൂർ, ഷിറിയ, ആരിക്കാടി , കോട്ടിക്കുളം, ബേക്കൽ എന്നീ കടലോര പ്രദേശങ്ങളെ ഫിഷ് ഹാർബറുകളായി വികസിപ്പിക്കൽ.

- ഫിഷറീസ് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ച് ശാസ്ത്ര സാങ്കേതികവിദ്യയുടെ വളർച്ചയ്ക്കനുസരിച്ചു മത്സ്യമേഖലയെ പരിപോഷിപ്പിക്കൽ.
- മടക്കര. ഹാർബർ കേന്ദ്രീകരിച്ച് മത്സ്യസംസ്കരണ യൂണിറ്റ് ആരംഭിക്കൽ.
- ജില്ലയിൽ ഫിഷറീസ് കോളേജ് സ്ഥാപിക്കൽ.
- കല്ലുമ്മക്കായ, കാർപ്പ് മത്സ്യ ഹാച്ചറികൾ സ്ഥാപിക്കൽ.

4. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം, വനവികസനം

പ്രധാന പദ്ധതികൾ

വനവ്യാപനം: വനമേഖലയുടെ വ്യാപ്തി ഘട്ടം ഘട്ടമായി സംസ്ഥാന ശരാശിക്കൊപ്പം എത്തിക്കൽ.

നിർദ്ദേശങ്ങൾ

- ജില്ലയിലെ പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തൽ
- പരമ്പരാഗത ജലസ്രോതസ്സുകളുടെ ശാക്തീകരണം (പുനരുജ്ജീവനം, ശുചീകരണം).
- ഭൂഗർഭജലസ്രോതസ്സുകളുടെ ലഭ്യത സംബന്ധിച്ച്:- ബ്ലോക്ക് തിരിച്ചും നദീതടങ്ങൾ തിരിച്ചും റിപ്പോർട്ട് തയ്യാറാക്കൽ

  ഡാർക്ക് ഏരിയയിൽപ്പെടുത്തിയിരിക്കുന്ന കാസറഗോഡ് ബ്ലോക്കിന്റെ നിലവിലെ അവസ്ഥ വിലയിരുത്തൽ.
- ജലസേചന മാർഗ്ഗങ്ങൾ സംബന്ധിച്ച് നിലവിലുള്ള സ്ഥിതി പഠിക്കൽ

  ജലസമ്പത്ത് ഫലപ്രദമായി വിനിയോഗിക്കാനുള്ള സാധ്യതകൾ കണ്ടെത്തൽ
- കൃഷി രീതിയിൽ വന്നിട്ടുള്ള മാറ്റങ്ങൾ പഠന വിധേയമാക്കൽ
- ഭൂപ്രകൃതിയിൽ വന്നിട്ടുള്ള മാറ്റങ്ങൾ വിശകലനം ചെയ്യൽ
- ജില്ലയിലെ റിസർവ്വ് വനങ്ങൾ, സാമൂഹ്യ വനവൽക്കരണം എന്നിവയുടെ നിലവിലുള്ള അവസ്ഥ പഠിക്കൽ.
- മാലിന്യ സംസ്ക്കരണം -നിലവിലുള്ള സ്ഥിതി പഠന വിധേയമാക്കൽ
- ഇടനാടൻ ചെങ്കൽ കുന്നുകൾ-നിലവിലുള്ള അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കൽ.
- ഭൂവിനിയോഗ രീതിയിലെ മാറ്റങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യൽ
- സ്ക്കൂളുകൾ, കോളേജുകൾ, ഗ്രന്ഥശാലകൾ, സന്നദ്ധസംഘടനകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഗ്രാമസഭാ മുതലായവയിലൂടെ പാരിസ്ഥിതിക ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കൽ. (സംയോജിത പദ്ധതിയായി നടപ്പിലാക്കാം).
- വനസംരക്ഷണ സമിതിയുടെ പ്രവർത്തനങ്ങളും വനസംരക്ഷണവും ഊർജ്ജിതമാക്കൽ
- തീരദേശഗ്രാമങ്ങളെ ബന്ധപ്പെടുത്തി സംയോജിത തീരസംരക്ഷണ പദ്ധതികൾ - കടലാക്രമണ പ്രതിരോധപഠനം നടത്തൽ (തദ്ദേശഭരണ സ്ഥാപനങ്ങൾ, ജലസേചന വകുപ്പ്, തുറമുഖ വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ്, കോസ്റ്റൽ സ്റ്റഡീസ് എന്നിവയുടെ സംയുക്തമായ പഠനം).
- കാവുകളുടെ സംരക്ഷണം ഉറപ്പുവരുത്തൽ
- സ്വാഭാവിക ജലസ്രോതസ്സുകളായ സുരംഗം, പള്ളം ഇവയുടെ സംരക്ഷണം.
- നിലവിലുള്ള നെൽവയലുകൾ സംരക്ഷിക്കുകയും, പരിസ്ഥിതി സൗഹൃദമായി നിലനിർത്തുകയും ചെയ്യൽ.
- വ്യവസായസ്ഥാപനങ്ങളിൽ ഫലപ്രദമായ മലിനീകരണനിയന്ത്രണസംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ.
- ശാസ്ത്രീയപഠനങ്ങളുടെ അടിസ്ഥാനത്തിൽ പരിസ്ഥിതി ആഘാതങ്ങൾ പരമാവധി കുറച്ചുകൊണ്ട് പാറ, മണൽ ഖനനം നിജപ്പെടുത്തൽ.
- നദീതട മണലിന്റെ അനധികൃത ഖനനം കർശനമായി തടയുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കൽ.
- ജലസ്രോതസ്സുകളുടെ പരിപാലനവും ജലഗുണനിലവാരപരിശോധനയും ഉറപ്പാക്കൽ.
- മഴവെള്ളക്കൊയ്ത്ത് വ്യാപകമാക്കൽ.
- ജില്ലയിലെ കുളങ്ങൾ, തടാകങ്ങൾ, കനാലുകൾ, അരുവികൾ, പുഴകൾ എന്നിവയുടെ പട്ടിക തയ്യാറാക്കി അവയുടെ വ്യാപ്തി, ആഴം, ജൈവവൈവിധ്യം എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കൽ.
- കണ്ടൽക്കാടുകളുടെ സംരക്ഷണവും, വ്യാപനവും ഉറപ്പാക്കൽ
- ജലഗതാഗതമേഖലയിൽ യാത്രാബോട്ടുകളിലും, ഹൗസ്ബോട്ടുകളിലും, സൗരോർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ജലമലിനീകരണം പരമാവധി കുറയ്ക്കൽ.
- വനനശീകരണം തടയുന്നതിന്റെ ഭാഗമായി കാടുകൾക്ക് പുറത്ത്, തടി ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കാർഷിക വനവൽക്കരണം നടപ്പിലാക്കൽ.
- അമിതശബ്ദത്തോടെ ഓടുന്ന വാഹനങ്ങൾ കർശനമായി തടയുന്നതിനുള്ള നയങ്ങൾ ആവിഷ്കരിക്കൽ.
- പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കത്തിക്കുന്നതിൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തൽ.
- തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലുമുള്ള ജൈവവൈവിധ്യരജിസ്റ്റർ കാലോചിതമായി പരിഷ്കരിച്ച് സ്കൂൾ പഠന പ്രവർത്തനങ്ങളുമായി ഉദ്ഗ്രഥിക്കൽ.

- എൻഡോസൾഫാൻ ദുരിതമേഖലയിൽ പൂക്കളെയും പൂമ്പാറ്റകളെയും തിരിച്ചുകൊണ്ടുവരാനുള്ള പദ്ധതി നടപ്പിലാക്കൽ.
- രാസവളങ്ങളുടെയും, രാസകീടനാശിനികളുടെയും അമിതമായ ഉപയോഗം നിയന്ത്രിച്ച് സമ്മിശ്ര കാർഷിക നയങ്ങൾ ആവിഷ്ക്കരിക്കൽ.
- തരിശുഭൂമി ഫലഭൂയിഷ്ഠമാക്കുന്നതിന് ലഭ്യമായ ജൈവ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തൽ.
- കടലാക്രമണം തടയുന്നതിന് കടൽഭിത്തി നിർമ്മാണവും അനുബന്ധമായി കാറ്റാടി മരങ്ങൾ വെച്ചുപിടിപ്പിക്കലും.
- വിവിധ കേസുകളിലായി പിടിക്കപ്പെട്ട വാഹനങ്ങൾ ജില്ലയിലെ പല ഭാഗങ്ങളിൽ കിടക്കുന്നത് Dispose ചെയ്യുന്നതിന് നടപടിയെടുക്കൽ.
- പരിസ്ഥിതിസംരക്ഷണത്തിന്റെ ഭാഗമായി ജൈവവൈവിധ്യ പാർക്കുകൾ സ്ഥാപിക്കൽ.
- പ്രകൃതിദുരന്തങ്ങൾ നേരിടാനുള്ള സാമൂഹ്യ ബോധവൽക്കരണ പരിപാടികൾ നടപ്പാക്കൽ
- സമഗ്ര ദുരന്ത നിവാരണ പദ്ധതികൾ ആവിഷ്ക്കരിക്കൽ -ജില്ലയിൽ ദുരന്ത നിവാരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
- വാഹനാപകടങ്ങൾ തടയുന്നതിന് ഫലപ്രദമായ ദിശാസൂചകങ്ങളും മുന്നറിയിപ്പ് ഫലകങ്ങളും സ്ഥാപിക്കൽ. അപകടം പറ്റിയവരെ പരിചരിക്കുന്നതിനും ആശുപത്രിയിൽ എത്തിക്കുന്നതിനും ആവശ്യമായ പരിശീലനവും പ്രോത്സാഹന പദ്ധതിയും ആവിഷ്ക്കരിക്കൽ. ജില്ലയിൽ ദേശീയപാതയോരങ്ങളിലെ ആശുപത്രികളിൽ ട്രോമോ കെയർ സംവിധാനം ആവിഷ്ക്കരിക്കൽ.
- നീന്തൽ പരിശീലനം വിദ്യാലയങ്ങളിൽ ലോവർ പ്രൈമറിതലത്തിൽ തന്നെ ആരംഭിക്കാനുള്ള പദ്ധതികൾ.
- ആഭ്യന്തര വകുപ്പ്, ജില്ലയിൽ നിർദ്ദേശിച്ച 'ദുരന്ത നിവാരണ സേന' സംവിധാനം യാഥാർത്ഥ്യമാക്കൽ (NDRF ന്റെ പിന്തുണയോടെ).
- വനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോറിഡോർ നിർമ്മാണം.
- വനമേഖലയിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കൽ
- വനവൽക്കരണത്തിന്റെ ഭാഗമായി ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കൽ.
- ജനാധിവാസ കേന്ദ്രത്തിനും വനത്തിനുമിടയിൽ സോളാർ വേലികൾ സ്ഥാപിക്കൽ
- വന്യമൃഗങ്ങളുടെ സ്വഭാവരീതിയെക്കുറിച്ച് സാമാന്യജനബോധവൽക്കരണം നടത്തൽ
- വനാതിർത്തിയിൽ ദ്രുതകർമ്മസേനയുടെയും വളണ്ടിയർമാരുടെയും സേവനം ഉറപ്പാക്കൽ.
- വനാതിർത്തിയിൽ റേഡിയോ, എസ്.എം.എസ് സംവിധാനങ്ങളിലൂടെ വിവരക്കൈമാറ്റം നടപ്പാക്കൽ.
- കായലുകളിലും പുഴയോരങ്ങളിലും കണ്ടൽവനവൽക്കരണം.
- പരിസ്ഥിതിക്കും ജനജീവിതത്തിനും പ്രകൃതിക്കും കനത്ത ആഘാതമേൽപ്പിച്ച എന്റോസൾഫാൻ ദുരിതബാധിത പ്രദേശം രോഗ വിമുക്തമാക്കാനും ജൈവ പ്രകൃതിയെ വീണ്ടെടുക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആസൂത്രണം ചെയ്യൽ.
- പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ എന്നിവ പരമാവധി കുറയ്ക്കാനും അവയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സ്കൂൾ തലങ്ങളിലും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.
- കുന്നിടിക്കലും വയൽ നികത്തലും തടയാനുള്ള സംവിധാനങ്ങളും പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഊർജ്ജിതമാക്കൽ.
- അമിത ജലചൂഷണം തടയാനും അനധികൃത ധാതു ഖനനം നിയന്ത്രിക്കാനും ജില്ലയിൽ പരിമിതമായ ഉദ്യോഗസ്ഥരുള്ള മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് താലൂക്ക്തലത്തിൽ ഓഫീസ് സംവിധാനം വികസിപ്പിക്കൽ. ജീവനക്കാരുടെ എണ്ണവും ആനുപാതികമായി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കൽ.
- മാലിന്യമുക്തമായ നദികൾ സൃഷ്ടിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കൽ.

4.1 കാലാവസ്ഥാ വ്യതിയാനം

- ആഗോള താപനം വഴി സമുദ്രനിരപ്പ് ഉയരുന്നത് കാസറഗോഡ് ജില്ലയിലെ തീരപ്രദേശങ്ങളെ സാരമായി ബാധിക്കാനിടയുള്ളതിനാൽ കടൽ ക്ഷോഭത്തിന്റെ ആഘാതം കുറയ്ക്കാൻ തീരദേശങ്ങളിൽ 'ഹരിതതീരം' പദ്ധതി നടപ്പിലാക്കൽ.
- തദ്ദേശീയമായ മരങ്ങൾ വെച്ചുപിടിപ്പിക്കൽ (പ്രത്യേകിച്ച് വലിയപറമ്പ്, കാഞ്ഞങ്ങാട് നഗരസഭയിലെ തീരദേശ മേഖല, അജാനൂർ, മംഗൽപാടി, മഞ്ചേശ്വരം, കുമ്പള ഭാഗങ്ങൾ).
- വൈദ്യുതി ഉപയോഗിച്ച് ഓടുന്ന വാഹനങ്ങൾ പ്രോത്സാഹിപ്പിക്കൽ.
- സൗരോർജ്ജം, കാറ്റ് മുതലായ പ്രകൃതിദത്ത ഊർജ്ജ സ്രോതസ്സുകളുടെ പദ്ധതികൾ, അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി സ്ഥാപിക്കൽ.
- ജില്ലയുടെ വനവിസ്തൃതി വർദ്ധിപ്പിക്കാൻ ഉതകുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതികൾ ഊർജ്ജിതപ്പെടുത്തൽ.
- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തരിശുനിലങ്ങൾ കണ്ടെത്തി തനത് വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കലും സംരക്ഷണവും.
- വന്യജീവിശല്യം രൂക്ഷമായ വനഭൂമിയോട് ചേർന്ന

സ്ഥലങ്ങളിൽ (ഉദാ:- ദേലംപാടി, പാണ്ടി പ്രദേശങ്ങൾ) ബന്ധപ്പെട്ട വ്യക്തികൾ വനം വകുപ്പിന് സ്ഥലം വിട്ടുകൊടുക്കാൻ തയ്യാറാകുന്ന പക്ഷം പകരം ഭൂമി കണ്ടെത്തി അവരെ മാറ്റി പാർപ്പിക്കാനുമുള്ള പദ്ധതികൾ നടപ്പാക്കൽ.

5. വ്യവസായം വാണിജ്യം, സ്വയംതൊഴിൽ സംരംഭങ്ങൾ, പ്രവാസി തൊഴിലാളികൾ

പ്രധാന പദ്ധതികൾ

സഫലം : പരമ്പരാഗത തൊഴിൽ മേഖല കേന്ദ്രീകരിച്ച് ചെറുകിട വ്യവസായ സംരംഭങ്ങൾ, മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം, വിപണനം.

ഉജ്ജീവനം : ജില്ലയിൽ ലഭ്യമായ ഭൂമിയിൽ എംഎസ്എംഇയുടെ കീഴിൽ വ്യവസായ പാർക്കുകളും, ടെക്നോളജി സെന്ററും.

ഫലം സമൃദ്ധി : ചക്ക, മാങ്ങ, കശുവണ്ടണ്ടി എന്നിവയെ കേന്ദ്രീകരിച്ച് ബ്രാന്റഡ് ഉല്പന്ന നിർമ്മാണ കേന്ദ്രങ്ങൾ

പ്രവാസ നിധി : പ്രവാസി പണം ക്രിയാത്മകമായി പ്രയോജനപ്പെടുത്താനുള്ള പദ്ധതി.

നിർദ്ദേശങ്ങൾ

മൾട്ടിസ്റ്റോറീഡ് വ്യവസായ എസ്റ്റേറ്റ്

- കാസറഗോഡ് നഗരസഭയിലെ കെ.എസ്.ഐ.ഡി.സി. യുടെ ഉടമസ്ഥതയിലുള്ള രണ്ട് ഏക്കർ സ്ഥലത്ത് സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾക്കായി സൗകര്യമേർപ്പെടുത്തുന്നതിന് ബഹുനില വ്യവസായ എസ്റ്റേറ്റ് നിർമ്മാണം.

നിർദ്ദിഷ്ഠ കാഞ്ഞങ്ങാട് - മടിക്കൈ വ്യവസായ പാർക്ക് (100 ഏക്കർ)

- മടിക്കൈ വില്ലേജിലെ 100 ഏക്കർ ഭൂമിയിൽ വ്യവസായ പാർക്ക്

ചീമേനി വ്യവസായ ഏരിയ (1000 ഏക്കർ)

- ചീമേനിയിലെ സർക്കാർ ഉടമസ്ഥതയിലുള്ള ഏതാണ്ട് 1000 ഏക്കറോളം ഭൂമി. കഞ്ചിക്കോട് മാതൃകയിൽ വ്യവസായ ഏരിയയായി വികസിപ്പിക്കൽ.

പരമ്പരാഗത വ്യവസായമേഖല - കൈത്തറി

- ജില്ലയിലെ കൈത്തറി സംഘങ്ങൾക്ക് പൊതുവായ ഒരു ഡൈയിംഗ് യൂണിറ്റ് സ്ഥാപിക്കൽ.
- നിലവിലുള്ള 7 കൈത്തറി സംഘങ്ങളുടെ കെട്ടിടങ്ങൾ പുതുക്കിപ്പണിയലും അറ്റകുറ്റപ്പണികൾ നടത്തലും.
- കൈത്തറി കേന്ദ്രങ്ങൾ, നിലവിലുള്ള തറികൾ മുതലായവ റിപ്പയറിംഗ് നടത്തി പ്രവർത്തനസജ്ജമാക്കലും, പുതിയവ നിർമ്മിക്കലും.

സ്ഥിരം പ്രദർശന പവലിയൻ/ കെട്ടിടം/ മാർക്കറ്റിംഗ് ഔട്ട്ലെറ്റ്

- ഈറ്റ, ചൂരൽ, തഴ, കളിമൺ, മുതലായവ ഉപയോഗിച്ച് വിവിധ തരത്തിലുള്ള ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്ന പരമ്പരാഗത കുടിൽ സംരംഭങ്ങളുടെ ഉൽപ്പന്നങ്ങളും കയർ, കൈത്തറി ഉൽപ്പന്നങ്ങളും പ്രദർശന-വിപണനം നടത്തുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മാർക്കറ്റിംഗ് ഔട്ട്ലെറ്റ് സ്ഥാപിക്കൽ.

കിൻഫ്ര വ്യവസായ പാർക്ക് കണ്ണൂർ- കോയിപ്പാടി വില്ലേജ് (420 ഏക്കർ)

- സീതാംഗോളിയിലെ നിലവിലെ വ്യവസായ പാർക്കിന് പുറമെ കണ്ണൂർ-കോയിപ്പാടി വില്ലേജുകളിലായി കിടക്കുന്ന 420 ഏക്കർ ഭൂമി വ്യവസായ പാർക്കായി വികസിപ്പിക്കൽ.

നാളികേരാധിഷ്ഠിത വ്യവസായ സംരംഭങ്ങൾക്കായി ഇൻകുബേഷൻ സെന്ററുകൾ

- സാങ്കേതിക സ്ഥാപനമായ സി.പി.സി.ആർ.ഐ. യുടെ ഉപദേശ മേൽനോട്ടത്തോടെ നാളികേരാധിഷ്ഠിതവ്യവസായത്തിന് വ്യവസായ ഇൻകുബേഷൻ സെന്റർ നടപ്പിലാക്കൽ (ചട്ടഞ്ചാൽ വ്യവസായ ഭൂമിയിൽ ജില്ലാ പഞ്ചായത്തിനായി കൈമാറിയ 10 ഏക്കർ ഭൂമിയിൽ ഈ പദ്ധതി നടപ്പാക്കാവുന്നതാണ്).

കാഞ്ഞങ്ങാട് നഗരസഭയിൽ മൾട്ടി സ്റ്റോറീഡ് വ്യവസായ എസ്റ്റേറ്റ്

- കാഞ്ഞങ്ങാട് നഗരസഭയിൽ വ്യവസായ എസ്റ്റേറ്റിനായി ഏറ്റെടുത്ത സ്ഥലത്ത് വ്യവസായ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് മൾട്ടി സ്റ്റോറീഡ് വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കൽ.

ഉദുമ ടെക്സ്റ്റൈൽ മിൽ (സ്പിന്നിംഗ് മിൽ)

ഉദുമ ടെക്സ്റ്റൈൽ മിൽ പൂർണ്ണമായ രീതിയിൽ പ്രവർത്തന സജ്ജമാവുന്നതിന് നടപടികൾ പുരോഗമിച്ച് വരുന്നു. 22 ഏക്കർ വിസ്തൃതിയുള്ള മിൽ സ്ഥിതി ചെയ്യുന്ന സ്ഥലത്തിൻെറ പകുതിയിൽ താഴെ ഭൂമി മാത്രമേ പ്രസ്തുത മില്ലിനായി ആവശ്യമുള്ളൂ. ബാക്കി സ്ഥലത്ത് 100 ലൂമുകൾ ഉള്ള ഒരു പവർലൂം ഫാക്ടറിയും, ഒരു ഡൈഹൗസും, സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കൽ പ്രവർത്തനമൂലധനത്തിൻെറ അഭാവം മൂലം പൂർണ്ണമായ രീതിയിൽ പ്രവർത്തനക്ഷമമാവാത്ത ബി.എച്ച്.ഇ.എൽ. യൂണിറ്റ് പുനരുജ്ജീവിപ്പിച്ച് കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.

പ്ലാസ്റ്റിക്ക് റീ-പ്രൊസസ്സിംഗ് പ്ലാന്റ്

- പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ റീ-പ്രൊസസ്സ് ചെയ്യുന്നതിന് ഒരു റി-പ്രൊസസ്സിംഗ് പ്ലാന്റ് കൊച്ചിയിലെ സി.ബി.പി.എസ്.റ്റി. യുടെ സാങ്കേതിക സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത പദ്ധതിയായി ഓരോ ബ്ലോക്കിലും സ്ഥാപിക്കൽ.

കോമൺഫെസിലിറ്റി സർവ്വീസ് സെന്റർ & ഫങ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഫോർ റബ്ബർ ഇൻഡസ്ട്രീസ് (CFSC & FIE)

- റബ്ബർ മേഖലയിൽ ജില്ലയിലെ വ്യവസായ വളർച്ച ലക്ഷ്യം വെച്ച് റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങൾക്കായി അത്യാധുനീക സജ്ജീകരണങ്ങളോടെയുമുള്ള ഒരു ഫങ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കൽ. (ഇതിനാവശ്യമായ 25 ഏക്കർ ഭൂമി അനന്തപുരം വ്യവസായ ഏരിയയിലോ, അല്ലെങ്കിൽ നിർദ്ദിഷ്ഠ മടിക്കൈ വ്യവസായ പാർക്കിലോ കണ്ടെത്താവുന്നതാണ്).

ഖാദി ഗ്രാമീണവ്യവസായമേഖല

- ജില്ലയിൽ ഖാദി ബോർഡിൻെറ കീഴിൽ 23 വ്യവസായസ്ഥാപനങ്ങളുണ്ട്. അവയുടെ കെട്ടിടങ്ങളിൽ ഭൂരിഭാഗവും പതിറ്റാണ്ടുകൾ പഴക്കമുള്ളവയുമാണ്. കെട്ടിടങ്ങളുടെ റിപ്പയർ, മെയിന്റനൻസ് നടത്തുന്നതിനും ആവശ്യമായ ഇടങ്ങളിൽ പുതിയ കെട്ടിടങ്ങൾ പണിയുന്നതിനുമൊപ്പം കൂടുതൽ ഖാദി അധിഷ്ഠിത പദ്ധതികൾ നടപ്പാക്കൽ.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബ്)

- 'സ്വന്തമായ ഒരു സംരംഭം' എന്ന ആശയം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനും വ്യവസായ മേഖലയിലും സംരംഭകത്വത്തിലും അവബോധം നൽകുന്നതിനുമായി വ്യവസായ വകുപ്പിൻെറ ആഭിമുഖ്യത്തിൽ വിദ്യാലയങ്ങളിൽ സംരംഭകത്വ വികസന ക്ലബുകൾ ആരംഭിക്കലും ശാക്തീകരിക്കലും.

തൊഴിൽരഹിത പട്ടികജാതി, പട്ടികവർഗ്ഗ യുവജനങ്ങൾക്കായി സംരംഭകത്വ പരിശീലനം

- പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവജനങ്ങൾക്ക് സ്വന്തമായ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സംരംഭകത്വ പരിശീലന പരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ മേഖലാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കൽ.

നിലവിലെ വ്യവസായഭൂമിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

- ജില്ലാ വ്യവസായ കേന്ദ്രത്തിൻെറ നിയന്ത്രണത്തിൽ ജില്ലയിൽ അനന്തപുരം, ചട്ടഞ്ചാൽ എന്നിവിടങ്ങളിലായി 3 വ്യവസായ ഭൂമികളാണുള്ളത്. അവിടെ നിലവിലുള്ള 33 കെ.വി. സബ്സ്റ്റേഷനുകൾ 110 കെ.വി.സബ്സ്റ്റേഷനാക്കി ഉയർത്തൽ, ഡി.എ, ഡി.പി. കളിലേക്കുള്ള പഞ്ചായത്ത് റോഡുകൾ വീതി കൂട്ടി ടാർ ചെയ്യുൽ മുതലായവ നിർവഹിക്കൽ
- കാസറഗോഡ് മണ്ഡലത്തിൽ ബഹുനില വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കൽ
- ചെറുകിട വ്യവസായ ഉല്പന്നങ്ങൾക്കു സ്ഥിരം വിപണന കേന്ദ്രം ഉണ്ടാക്കൽ
- അനന്തപുരം സൺഡേ മാർക്കറ്റ് ആരംഭിക്കൽ (അനന്തപുരം വ്യവസായ ഭൂമിക്ക് പുറത്തായി വിശാലമായ സ്ഥലത്ത് - ജില്ലയിലെയും സമീപ ജില്ലകളിലെയും കുടുംബശ്രീ ഉൽപന്നങ്ങൾ, പരമ്പരാഗത ഉൽപന്നങ്ങൾ, ചെറുകിട വ്യവസായ ഉൽപന്നങ്ങൾ എന്നിവയുടെ വാണിജ്യവും പ്രദർശനവും കൾച്ചറൽ പ്രോഗ്രാം, ഫുഡ് ഫെസ്റ്റ് തുടങ്ങിയവയോടൊപ്പം നടത്തൽ).
- കാസറഗോഡ് ഇക്കോ ഇന്റസ്ട്രിയൽ പാർക്ക് ആന്റ് ടൂറിസം ലിമിറ്റഡ് എന്ന കമ്പനിയുടെ ഉടമസ്ഥതയിലുള്ള മധൂർ ഗ്രാമപഞ്ചായത്തിലെ ഉളിയത്തടുക്ക പ്രദേശത്തെ 7 ഏക്കർ ഭൂമി വ്യവസായ അനുബന്ധ മേഖലകളുടെ വികസനത്തിനായി വിട്ടുതരുന്ന പക്ഷം പ്രസ്തുത കമ്പനി ത്രിതല പഞ്ചായത്ത് പദ്ധതിയായി പരിഗണിക്കൽ.
- ജില്ലയിൽ അനുയോജ്യമായ സ്ഥലത്ത് കശുവണ്ടി സംസ്കരണ വ്യവസായം ആരംഭിക്കൽ.
  അടക്ക ഉപയോഗിച്ച് പെയിന്റ് ഉണ്ടാക്കുന്ന വ്യവസായ സംരംഭം ആരംഭിക്കൽ.
  വാഴ നാര് ഉപയോഗിച്ചുള്ള കരകൗശല നിർമ്മാണ കേന്ദ്രം(മടിക്കൈ) ആരംഭിക്കൽ.

II. സേവനമേഖ

1. ആരോഗ്യം, ശുചിത്വം (ഖര-ദ്രാവക മാലിന്യനിർമ്മാർജ്ജനം ഉൾപ്പെടെ)

പ്രധാന പദ്ധതികൾ

ആയുർ ജീവനം : സമഗ്ര അവബോധ- രോഗ പ്രതിരോധ- ചികിത്സാ പദ്ധതി.

സ്പർശം : എൻഡോസൾഫാൻ മേഖലയിൽ സമഗ്ര പുനരധിവാസ പദ്ധതി- പുനരധിവാസ കേന്ദ്രം, വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ.

അതി ജീവനം : സമഗ്ര ക്യാൻസർ പ്രതിരോധ പ്രവർത്തനം. ക്യാൻസർ വിമുക്ത ജില്ല എന്ന ലക്ഷ്യത്തിലേക്ക്.

സ്നേഹ പഥം : സാന്ത്വന സൗഹൃദജില്ല, സമഗ്ര പാലിയേറ്റീവ് പദ്ധതി.

സീറോ വേസ്റ്റ് കാസറഗോഡ് പദ്ധതി : കാസറഗോഡ് ജില്ലയെ സമ്പൂർണ്ണ ശുചിത്വ ജില്ലയാക്കാനുള്ള സമഗ്ര പദ്ധതി.

പുഴയൊഴുകും വഴി : പുഴകളെ ഉറവിടം മുതൽ പതന സ്ഥലം വരെ മാലിന്യ മുക്തമാക്കാനുള്ള പദ്ധതി.

നിർദ്ദേശങ്ങൾ

- പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ- ഫീൽഡ് തല രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.
- ജീവിത ശൈലീ രോഗങ്ങൾ പ്രാരംഭദശയിൽ തന്നെ കണ്ടെത്തുന്ന ക്ലിനിക്കുകൾ ആരംഭിക്കൽ
- ആരോഗ്യ അനുബന്ധ മേഖലകളിലെ ഇടപെടലിലൂടെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ
- താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റൽ.
- ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാനും, ശാസ്ത്രീയ ഖരമാലിന്യ സംസ്കരണം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പാക്കൽ
- ഗുണമേന്മയുള്ള പ്രാഥമികാരോഗ്യ സേവനം, സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനം എന്നിവ ലഭ്യമാക്കൽ.
- സമഗ്ര ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്കുള്ള പരിഗണനയും സഹായവും
- ആരോഗ്യ ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾക്കായി വിവിധവകുപ്പുകളുടെ പ്രവർത്തന ഏകോപനം (ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, കുടിവെള്ളം, വിദ്യാഭ്യാസം).
- ആരോഗ്യസ്ഥാപനങ്ങളിൽ ആവശ്യമായ ജീവനക്കാരുടെയും സേവനങ്ങളുടെയും ഉപകരണങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തൽ.
- ജനറൽ ആശുപത്രിയിലും ജില്ലാ ആശുപത്രിയിലും എല്ലാ സ്പെഷ്യാലിറ്റി സേവനങ്ങളും ഘട്ടം ഘട്ടമായി സൂപ്പർ സ്പെഷ്യാലിററി സേവനങ്ങളും ലഭ്യമാക്കൽ.
- ബ്ലഡ് കമ്പോണന്റ് സാച്ചുറേഷൻ യൂണിറ്റ് സ്ഥാപിക്കൽ.
- സൗജന്യ ആംബുലൻസ് സൗകര്യങ്ങൾ വിപുലീകരിക്കൽ.
- ഡയാലിസിസ് യൂണിറ്റ്, കാത്ത് ലാബ് തുടങ്ങിയവ എല്ലാ സി എച്ച് സി കളിലും സ്ഥാപിക്കൽ
- ക്യാൻസർ പരിചരണ യൂണിറ്റ്, കീമോതെറാപ്പി യൂണിറ്റ്, സ്ട്രോക്ക് മാനേജ്മെന്റ് യൂണിറ്റ് തുടങ്ങിയവ ജില്ലാ ആശുപത്രിയിൽ ഒരുക്കൽ.
- ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കൽ..
- ഇതര സംസ്ഥാന തൊഴിലാളി സ്ക്രീനിംഗിനുവേണ്ടിയുള്ള മൊബൈൽ യൂണിറ്റ്
- ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കാൻ സ്ത്രീകൾക്കും പുരുഷന്മാർക്കും വ്യായാമ കേന്ദ്രങ്ങൾ.
- പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സമഗ്ര ആരോഗ്യ പരിചരണം (എസ്.സി, എസ്.ടി, മത്സ്യ തൊഴിലാളികൾ)
- സമഗ്ര പാലിയേറ്റീവ് കെയർ സംവിധാനം എല്ലാ ബ്ലോക്കുകളിലും വ്യാപിപ്പിക്കൽ.
- ജില്ലയിൽ ശാസ്ത്രീയമായ മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മിക്കൽ. ജൈവമാലിന്യങ്ങൾ ഉപയോഗിച്ച് മൃഗങ്ങൾക്കുള്ള പോഷകാഹാര നിർമ്മാണ കേന്ദ്രം ആരംഭിക്കൽ.

സംയുക്ത പ്രവർത്തനങ്ങൾ

- പകർച്ചവ്യാധി പ്രതിരോധത്തിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ആയുഷ് വകുപ്പും തദ്ദേശസ്ഥാപനങ്ങളും സംയുക്തമായി പ്രവർത്തനങ്ങൾ നടത്തൽ.
- ആർദ്രം പദ്ധതിയിൽ ജില്ലയിലെ ആയുർവ്വേദ ആശുപത്രികളെ ഉൾപ്പെടുത്തൽ. ഡിസ്പെൻസറികളും എൻ.എച്ച്.എം സ്ഥാപനങ്ങളും കാഷ് നിലവാരത്തിലേക്ക് ഉയർത്തൽ.
- ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെ മോഡൽ ജീവിതശൈലി രോഗ നിയന്ത്രണ ആശുപത്രികൾ നിലവിൽ വരുത്തൽ. (പിപിപി മോഡൽ)
- കിഴങ്ങ്- ഇലയറിവ് കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
- എല്ലാ ഗ്രാമ പഞ്ചയത്തുകളിലും ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി മൊബൈൽ യൂണിറ്റ് സ്ഥാപിക്കൽ.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡുകളിലെല്ലാം സ്ത്രീകൾക്കു മാത്രമായി വ്യായാമ യോഗ കേന്ദ്രങ്ങൾ.
- ആശുപത്രികളിൽ കോസ്മറ്റോളജി വിഭാഗം ആരംഭിക്കൽ.
- ആശുപത്രികൾ കേന്ദ്രീകരിച്ച് ഔഷധ സസ്യകൃഷി വ്യാപകമാക്കൽ.
- വയനാട് ജില്ലയിലെ പൂക്കോട് വെറ്ററിനറി മെഡിക്കൽ കോളേജ് മാതൃകയിൽ മൃഗ ചികിത്സയ്ക്ക് ഹോമിയോ ചികിത്സാ രീതി പഠിപ്പിക്കുന്നതിനുള്ള കോഴ്സുകൾ ജില്ലയിൽ ആരംഭിക്കൽ.
- മലപ്പുറം ജില്ലയിലെ വണ്ടൂരിലുള്ള ചേതന ആശുപത്രിയുടെ മാതൃകയിൽ ക്യാൻസർ പരിചരണത്തിനായി പ്രത്യേക ആശുപത്രി സ്ഥാപിക്കൽ.
- ജില്ലാ സ്പോർട്സ് കൗൺസിലിന്റെ അനുബന്ധമായി സ്പോർട്സ് മെഡിസിനു മാത്രമായി ഒരു

പ്രത്യേക ആശുപത്രി/ഡിസ്പെൻസറി ആരംഭിക്കൽ.

- കണ്ണൂർ ജില്ലയിലെ ജനനീ മാതൃകയിൽ വന്ധ്യതാ നിവാരണത്തിന് മാത്രമായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ ഹൈടെക് ആശുപത്രി സ്ഥാപിക്കൽ.
- ജയിലുകളിൽ ഹോമിയോപ്പതി ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കൽ.
- ദുർഘടപ്രദേശങ്ങളിലേക്കായി മൊബൈൽ ഡിസ്പെൻസറികൾ ആരംഭിക്കൽ.
- പാലിയേറ്റീവ് പരിചരണത്തിനായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സജ്ജമാക്കൽ.
- വിനോദസഞ്ചാരകേന്ദ്രങ്ങൾക്കായി പ്രത്യേക ഡിസ്പെൻസറികൾ സ്ഥാപിക്കൽ.
- സൗന്ദര്യസംരക്ഷണവുമായി ബന്ധപ്പെട്ട ചികിത്സകൾക്കും തെറാപ്പിക്കുമായി ആയുർവ്വേദം, യോഗ, പ്രകൃതി ചികിത്സ എന്നിവയെ സംയോജിപ്പിച്ച് പ്രത്യേക ചികിത്സാ കേന്ദ്രം ആരംഭിക്കൽ.
- ഗവ: ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത 15 പഞ്ചായത്തുകളിൽ ആയവ സ്ഥാപിക്കൽ.
- മഞ്ചേശ്വരം, കുമ്പള, പള്ളിക്കര, ബന്തടുക്ക, പനത്തടി, പാലച്ചാൽ, തൃക്കരിപ്പൂർ, മുള്ളേരിയ, കളനാട് എന്നിവിടങ്ങളിൽ പുതിയ ആശുപത്രി സ്ഥാപിക്കുകയോ നിലവിലുള്ള ഡിസ്പെൻസറികൾ ആശുപത്രിയായി ഉയർത്തുകയോ ചെയ്യൽ.
- എല്ലാ സ്ഥാപനങ്ങളിലും ഫ്രണ്ട് ഓഫീസ്, പഞ്ചിംഗ്, പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ച പേപ്പർ രഹിതമായ ഓഫീസ് സംവിധാനം. വർഷത്തിൽ എല്ലാ ദിവസവും പ്രവർത്തിക്കുന്ന ലാബ് സംവിധാനം (ലാബ് ടെക്നീഷ്യന്മാരടക്കം), ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ, സോളാർ വൈദ്യുതോല്പാദന സംവിധാനങ്ങൾ, ബയോ മെഡിക്കൽ മാലിന്യ നിർമ്മാർജ്ജന സംവിധാനം, ക്ലർക്ക് ഉൾപ്പെടെ ആവശ്യമായ ജീവനക്കാർ തുടങ്ങിയവ സജ്ജീകരിക്കൽ.
- ഡിസ്പെൻസറികളെ ബ്ലോക്ക്തല ആശുപത്രികളിലേക്കുള്ള റഫറൽ യൂണിറ്റുകളാക്കൽ.
- ബ്ലോക്ക്തല ആശുപത്രികളിൽ അൾട്രാ സൗണ്ട് സ്കാനിംഗ്, ദ്രുതപരിചരണ സംവിധാനം, ഫിസിയോതെറാപ്പി യൂണിറ്റ്, എക്സ്റേ, ഓട്ടോമേറ്റഡ് ലാബ് ഫെസിലിറ്റി എന്നിവ സജ്ജമാക്കൽ
- ജില്ലാ ആശുപത്രിയിൽ എം.ആർ.ഐ. സ്കാൻ, അൾട്രാസൗണ്ട് സ്കാൻ, ഇ.സി.ജി., എക്സ്റെ, ഓട്ടോമേറ്റഡ് കമ്പ്യൂട്ടറൈസ്ഡ് ലാബ്, ഫിസിയോതെറാപ്പി, പാലിയേറ്റീവ് കെയറിനുള്ള സംവിധാനങ്ങൾ എന്നിവ സജ്ജീകരിക്കൽ.
- മലയോര മേഖലയിലും, തീര പ്രദേശങ്ങളിലും ചുരുങ്ങിയത് 10 കിടക്കകളെങ്കിലുമുള്ള ആശുപത്രി സ്ഥാപിക്കൽ.
- സംഘർഷഭരിത കോളനികളുള്ള പ്രദേശങ്ങളിൽ സീതാലയം, ലഹരി മുക്തി തുടങ്ങിയ പ്രോജക്ടുകൾ ആരംഭിക്കൽ.

നവകേരളമിഷൻ സംയോജനസാധ്യത

- ഹരിതകേരളമിഷൻ പരിപാടികളുടെ ഭാഗമായി സമ്പൂർണ്ണ ജൈവവളാധിഷ്ഠിതമായി പത്തേക്കറിൽ കുറയാത്ത പ്രദേശത്ത് ഔഷധ സസ്യകൃഷി നടത്തൽ. ഇതിനോടനുബന്ധിച്ച് ഹോംകോയുടെ മരുന്ന് നിർമ്മാണ യൂണിറ്റ് ആരംഭിക്കൽ.
- ജി.എച്ച്.ഡികളിലെ തസ്തികകളുടെ ഏകീകരണവും പുതിയ തസ്തിക അനുവദിക്കലും നിലവാരവൽക്കരണവും
- രോഗീസൗഹൃദ അന്തരീക്ഷത്തിനാവശ്യമായ സൗകര്യങ്ങളും സജ്ജീകരണങ്ങളും ഒരുക്കൽ.
- എല്ലാ ഡിസ്പെൻസറികളും ബ്ലോക്ക് തല ആശുപത്രികളിലേക്കുള്ള റഫറൽ യൂണിറ്റുകളായി പ്രവർത്തിക്കൽ.
- എല്ലാ ഡിസ്പെൻസറികളും ബ്ലോക്കുതല ആശുപത്രികളാക്കൽ
- എല്ലാ സ്ഥാപനങ്ങളിലും സ്ഥലലഭ്യതയനുസരിച്ച് ഔഷധ സസ്യോദ്യാനങ്ങൾ ഒരുക്കൽ
- ആശുപത്രികൾ അംഗപരിമിത സൗഹൃദമാക്കൽ
- എല്ലാ മുനിസിപ്പാലിറ്റികളിലും അത്യാധുനിക സൗകര്യങ്ങളുള്ള സർക്കാർ ഹോമിയോ ആശുപത്രി ആരംഭിക്കൽ
- എല്ലാ ബ്ലോക്കുതല ആശുപത്രികളിലും ജീവിതശൈലീ രോഗം/പാലിയേറ്റീവ് കെയർ എന്നിവയ്ക്ക് ആവശ്യമായ സൗകര്യങ്ങളൊരുക്കൽ.
- പേപ്പർലെസ് കമ്പ്യൂട്ടറൈസ്ഡ് ഓഫീസ് സംവിധാനം യാഥാർത്ഥ്യമാക്കൽ.
- തീരപ്രദേശങ്ങൾക്ക് മാത്രമായി പ്രത്യേക ഡിസ്പെൻസറികൾ ആരംഭിക്കൽ.
- ഇതരസംസ്ഥാന തൊഴിലാളികൾ ധാരാളമായി താമസിക്കുന്ന പ്രദേശങ്ങളിൽ സാറ്റലൈറ്റ് ഡിസ്പെൻസറികൾ ആരംഭിക്കൽ.
- ഹോംകോയുടെ ഒരു വടക്കൻ മേഖലാ യൂണിറ്റ് ആരംഭിക്കൽ (ഔഷധ സസ്യോദ്യാനത്തിൽ നിന്നുള്ള വിളവ് ഇവിടെ ഉപയുക്തമാക്കാം).
- ജില്ലയിൽ ഹോമിയോ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ.
- ക്യാൻസർ ചികിത്സയ്ക്കായി അത്യാധുനിക സൗകര്യങ്ങളോട് കൂടി ജില്ലാതലത്തിൽ ആശു പത്രി ആരംഭിക്കൽ (എൻഡോസൾഫാൻ ദുരിത ബാധിത പ്രദേശങ്ങളിൽ).
- ഹോമിയോപ്പതി ഗവേഷണങ്ങൾക്കും പഠനങ്ങൾക്കും ഒരു ഗവേഷണ കേന്ദ്രം ആരംഭിക്കൽ.
- മാനസിക അസ്വാസ്ഥ്യം നേരിടുന്നവർക്കായി പ്രത്യേക വിഭാഗം ആരംഭിക്കൽ (ഹോമിയോ).

- പാലിയേറ്റീവ് പരിചരണത്തിനായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സജ്ജമാക്കൽ.
- സൗന്ദര്യ സംരക്ഷണവുമായി ബന്ധപ്പെട്ട ചികിത്സകൾക്കും തെറാപ്പിക്കുമായി ആയുർവേദം, യോഗ, പ്രകൃതി ചികിത്സ എന്നിവയെ സംയോജിപ്പിച്ച പ്രത്യേക ചികിത്സാ കേന്ദ്രം ആരംഭിക്കൽ.
- പൂർണ്ണമായും ഓട്ടോമാറ്റഡ് ആയതും കമ്പ്യൂട്ടറൈസ് ചെയ്തതും 24 മണിക്കൂറും പ്രവർത്തിക്കുന്നതുമായ ക്ലിനിക്കൽ ലബോറട്ടറി സജ്ജമാക്കൽ.
- ഹോമിയോ ഡിസ്പെൻസറികളിൽ ആധുനിക ചികിത്സയ്ക്ക് പ്രത്യേകിച്ച് മൈനർ ഓപ്പറേഷന് ആവശ്യമായ സൗകര്യമൊരുക്കൽ.
- തൈറോയ്ഡ്/ആസ്ത്മ അലർജി രോഗങ്ങൾക്കായി സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ ആരംഭിക്കൽ.
- ആശുപത്രികളിൽ ആർ എം ഒ ക്വാർട്ടേഴ്സ്, പേ വാർഡ് എന്നിവ നിർമ്മിക്കൽ.

1.1 ശുചിത്വമേഖല നിർദ്ദേശങ്ങൾ

- ഹരിത കർമ്മ സേന രൂപീകരണം, പരിശീലനം, സെമിനാർ മുതലായവ നടത്തൽ
- എല്ലാ ഗ്രാമ പഞ്ചായത്തിലും എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) നിർമ്മാണം.
- എല്ലാ ബ്ലോക്കിലും മുനിസിപ്പാലിറ്റിയിലും ആർ.ആർ.എഫ് സ്ഥാപിക്കൽ
- ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ.
- അനുയോജ്യമായ സ്ഥലങ്ങളിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കൽ.
- പൊതുശുചിത്വ സമുച്ചയങ്ങൾ നിർമ്മിക്കൽ
- മുൻസിപ്പാലിറ്റികളിൽ ആധുനിക ക്രിമിറ്റോറിയങ്ങൾ നിർമ്മിക്കൽ.
- ജൈവ മാലിന്യ സംസ്ക്കരണത്തിന് കേന്ദ്രീകൃതമായ സംവിധാനം ഒരുക്കൽ
- ഉറവിട മാലിന്യസംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി വികേന്ദ്രീകൃത സംസ്ക്കരണ സാങ്കേതിക വിദ്യകൾ വ്യാപകമാക്കൽ (കമ്പോസ്റ്റിംഗ്, ബയോഗ്യാസ് തുടങ്ങിയവ).
- വീടുകളിലെ ജൈവമാലിന്യ പരിപാലനത്തെ അടുക്കളത്തോട്ടവുമായി ബന്ധിപ്പിക്കൽ.
- ഗാർഹിക സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ഹാനികരമായ മാലിന്യങ്ങളുടെയും ഇലക്ട്രോണിക് മാലിന്യങ്ങളുടെയും സുരക്ഷിത നിർമ്മാർജ്ജനത്തിന് പ്രത്യേക പ്രവർത്തനങ്ങൾ .
- പൊതുസ്ഥലങ്ങളിൽ ഉപയോഗക്ഷമവും സ്ത്രീ സൗഹൃദവുമായ പൊതുശൗചാലയങ്ങൾ ഉറപ്പാക്കൽ.
- പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിന് ബദൽ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കൽ.
- 'Zero Waste Kasaragod' പദ്ധതി ഫലപ്രദമായി നടപ്പാക്കൽ
- പ്ലാസ്റ്റിക്ക് സാധനങ്ങൾക്ക് പകരം ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകൽ.
- വിദ്യാലയങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിനു പ്രത്യേക കർമ്മ പരിപാടികൾ
- ജില്ലയിലെ C.D Block, Health Block എന്നിവ ഏകീകരിക്കൽ (നിലവിൽ 6 C.D Block, 7 Health Block എന്നിങ്ങനെയാണ് ഉള്ളത്. ഇത് പദ്ധതി ആസൂത്രണത്തിലും, നിർവഹണത്തിലും പ്രയാസം സൃഷ്ടിക്കുന്നു (അലോപ്പതി)).
- എൻഡോസൾഫാൻ മേഖലയിൽ തെരഞ്ഞെടുത്ത ഒരു സ്ഥലത്ത് ഹോമിയോപ്പതി, അലോപ്പതി, ആയുർവ്വേദം എന്നീ രീതികൾ ഏകോപിപ്പിച്ചു കൊണ്ടുള്ളചികിത്സാ കേന്ദ്രം ആരംഭിക്കൽ.
- ജില്ലയിലെ സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിൽ സ്ഥല സൗകര്യം കണ്ടെത്തി യോഗ, വ്യായാമ കേന്ദ്രങ്ങൾ ആരംഭിക്കൽ.
- സ്ത്രീകളുടെയും, കുട്ടികളുടെയും ചികിത്സയ്ക്കായി ജില്ലയിൽ അനുവദിച്ച പ്രത്യേക ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കൽ
- ആശുപത്രികളിൽ രോഗികൾക്ക് ഹിതകരമായ ഭക്ഷണം നൽകുന്നതിന് കുടുംബശ്രീയുമായി ബന്ധിപ്പിച്ച് സംവിധാനം ഒരുക്കൽ.
- മത്സ്യത്തൊഴിലാളികളുടെ ആരോഗ്യ പരിപാലനത്തിനായി പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ ആരംഭിക്കൽ.
- എസ് ടി മേഖലയിലെ ആരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കൽ.
- വായു മലിനീകരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാര മാർഗ്ഗങ്ങൾ ആവിഷ്കരിക്കൽ.
- സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP) സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലും ഉള്ള ആശുപത്രികളിൽ സ്ഥാപിക്കൽ.
- ആശുപത്രികളിൽ സോളിഡ് വേസ്റ്റ് മാനേജ് ചെയ്യുന്നതിനുള്ള സംവിധാനമൊരുക്കൽ.
- അന്യസംസ്ഥാന തൊഴിലാളികൾ വസിക്കുന്ന സ്ഥലത്ത് പൊതുകക്കൂസ് സൗകര്യം ഏർപ്പെടുത്തൽ.
- നാഷണൽ ഹൈവേയുടെ തീരങ്ങളിൽ കംഫർട്ട് സ്റ്റേഷൻ സജ്ജമാക്കൽ.
- താലൂക്കാശുപത്രികളിൽ 24 മണിക്കൂർ ട്രോമാകെയർ യൂണിറ്റ്, ബ്ലഡ് ബാങ്ക്, ആധുനിക രീതിയിലുള്ള ലബോറട്ടറി, എക്സറേ യൂണിറ്റ്, മരുന്ന് വിതരണ കൗണ്ടർ, ഡയാലിസിസ് യൂണിറ്റ്, ആംബുലൻസ് എന്നിവ ഒരുക്കി അവയെ മാതൃകാ ചികിത്സാ സ്ഥാപനങ്ങളാക്കൽ.
- ജില്ലയിലെ എല്ലാ പി എച്ച് സികളെയും സി എച്ച് സികളാക്കി ഉയർത്തൽ.

- കാസറഗോഡ് മണ്ഡലത്തിൽ വുമൺ & ചൈൽഡ് ആശുപത്രി സ്ഥാപിക്കൽ.
- കാസറഗോഡ് ജനറൽ ആശുപത്രിക്കു മുമ്പിൽ അണ്ടർ പാസേജ് നിർമ്മിക്കൽ
- കാസറഗോഡ് ആയുർവ്വേദ ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനം
- കാസറഗോഡ് ജനറൽ ആശുപത്രിയിൽ കാർഡിയോ കാത്ത്‌ലാബ്, നെഫ്രോളജി, ക്യാൻസർ വാർഡ്, ആക്സിഡന്റ് ആന്റ് ട്രോമാ കെയർ യൂണിറ്റ്, പാലിയേറ്റീവ് കെയർ യൂണിറ്റ് ആന്റ് വാർഡ്, പവർ ലോണ്ട്രി, സ്വീവേജ് പ്ലാന്റ് തുടങ്ങിയവ ആരംഭിക്കൽ.
- കാസറഗോഡ് ജനറൽ ആശുപത്രികളിൽ ഡീ അഡിക്ഷൻ സെന്റർ ആരംഭിക്കൽ

2. പാർപ്പിടം, സഹകരണം, ദാരിദ്ര്യലഘൂകരണം

പ്രധാന പദ്ധതികൾ

തണൽ 2020 : സമ്പൂർണ്ണ ഭവന പദ്ധതി (ലൈഫ്-സംയോജനം)

ലൈഫ് നിധി : സംഭാവന, സന്നദ്ധ പ്രവർത്തനം വഴി 101 ഭവനങ്ങൾ നിർമ്മിക്കൽ.

പടവു പദ്ധതി : യുവാക്കളുടെ വൈവിധ്യമാർന്ന നൈപുണി വികാസത്തിനുള്ള പദ്ധതി

സഹകരണം സമ്പന്നം : സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ നെല്ല് സംഭരിച്ച് സംസ്കരിച്ച് അരി വിപണനം.

നിർദ്ദേശങ്ങൾ

- പണി പൂർത്തീകരിക്കാത്ത 3500 ഓളം വീടുകളുടെ പ്രവൃത്തി പൂർത്തീകരിക്കൽ. (ലൈഫ് പദ്ധതി)
- ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി 8000 ത്തിലധികം ഭവനരഹിതർക്ക് ഭവനനിർമ്മാണം.
- ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി 13000 ത്തിലധികം ഭൂരഹിത ഭവനരഹിതർക്ക് ഭവനസമുച്ചയം നിർമ്മിച്ച് നൽകൽ (2020നകം).
- കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജനയിൽ (നഗരം) ഉൾപ്പെടുത്തി നഗരപ്രദേശങ്ങളിലെ മുഴുവൻ ഭവനരഹിതർക്കും ഭവനം നൽകൽ.
- അന്യ സംസ്ഥാന തൊഴിലാളികൾക്ക് ഭവന സമുച്ചയം നിർമ്മിക്കൽ.
- ഭവനസമുച്ചയത്തിന് ഭൂദാന പരിപാടി സംഘടിപ്പിക്കൽ
- വാസയോഗ്യമായ വീടില്ലാത്ത മുഴുവൻ പേർക്കും ഭവനം ലഭ്യമാക്കൽ.
- ഭവനങ്ങളുടെ മെച്ചപ്പെട്ട വിസ്തൃതിയും ഗുണനിലവാരവും ഉറപ്പുവരുത്തൽ.
- സുരക്ഷിതമായ ഭവനങ്ങൾക്കാവശ്യമായ അനുബന്ധ സൗകര്യങ്ങൾ ഉറപ്പുവരുത്തൽ.
- ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും കുടുംബശ്രീയുടേയും സംയുക്ത സംരംഭമായി ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഒരു റൈസ് മിൽ യൂണിറ്റ് സ്ഥാപിക്കൽ. (ജില്ലയിലെ ജെ.എൽ.ജികളും കർഷകരും ഉദ്പാദിപ്പിക്കുന്ന നെല്ല് സംഭരിച്ച് അരി ബ്രാൻഡ് ചെയ്ത് വിപണനം നടത്തുന്നതിന് ഉള്ള പദ്ധതി).
- മൊബൈൽ വെജിറ്റബിൾ ഔട്ട് ലെറ്റ് സ്ഥാപിക്കൽ- ജൈവ പച്ചക്കറി വിതരണം ചെയ്യുന്നതിനുള്ള ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. വാഹന സൗകര്യവും ഇതിന് ആവശ്യമാണ് (നിലവിൽ 3600 ൽ അധികം ജെ.എൽ.ജികൾ കാർഷികമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്).
- കളക്ട്രേറ്റ് ക്യാമ്പസിൽ കുടുംബശ്രീ ഉൽപന്ന വിപണന കേന്ദ്രം സ്ഥാപിക്കൽ
- നാടൻ വിത്തിനങ്ങൾ സംരംക്ഷിക്കുന്നതിനുള്ള സീഡ് ബാങ്ക് പദ്ധതി
- എല്ലാ കുടുംബങ്ങളും കൃഷിയിടങ്ങളിലേക്ക് എന്ന സന്ദേശം ആസ്പദമാക്കി ക്യാമ്പയിൻ, ഗ്രോബാഗ് വിതരണം, വിത്ത്, വളം, ജൈവ കീടനാശിനി വിതരണം തുടങ്ങിയവ.
- ബ്ലോക്കു തലത്തിൽ മൂല്യവർധിത ഉത്പന്ന നിർമ്മാണ കേന്ദ്രം സ്ഥാപിക്കൽ (ഉദാ: ചക്ക, മാങ്ങ, കശുവണ്ടി അധിഷ്ഠിതമായ ഉല്പന്നങ്ങൾ).
- റൂറൽ മൈക്രോ എന്റർപ്രൈസസ് (ആർ.എം.ഇ.) -അയൽക്കൂട്ടത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കൽ
- യുവശ്രീ പദ്ധതി ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ ആരംഭിക്കൽ

  അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് വ്യക്തിഗതമായോ ഗ്രൂപ്പായോ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായിക്കുന്ന പദ്ധതിയാണ് യുവശ്രീ. കുടുംബശ്രീ, അയൽക്കൂട്ട കുടുംബാംഗങ്ങളിൽ നിന്നുള്ള 18-45 പ്രായ പരിധിയുള്ള ആർക്കും ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ രൂപീകരിക്കാവുന്നതാണ്. ആർ.എം.ഇ പദ്ധതി പ്രകാരമുള്ള നിബന്ധനകളും ആനുകൂല്യങ്ങളുമാണ് ഈ പദ്ധതിക്കും ലഭിക്കുന്നത്. യുവജനങ്ങളെ സ്വയംതൊഴിൽരംഗത്ത് പ്രാപ്തമാക്കുന്നതിന് ഇതിലൂടെ സാധിക്കുന്നു
- ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ തൊഴിൽ മേള സംഘാടനം
- കുടുംബശ്രീ നേതൃത്വത്തിൽ, ജില്ലാ തലത്തിൽ സ്ഥിരം പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കൽ
- സമ്പൂർണ തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ പദ്ധതി
- ഏകീകൃത ഉൽപ്പന്ന വിതരണ ശൃംഖല ആരംഭിക്കൽ
- സഹകരണ സ്ഥാപനങ്ങളിൽ നിന്ന് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കൽ
- പ്രാഥമിക കാർഷിക വിപണന സംസ്കരണ സം

ഘങ്ങളെ പ്രോത്സാഹിപ്പിക്കൽ

- സഹകരണ സംഘങ്ങൾ വഴി കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കാനുള്ള സംവിധാനം ഒരുക്കൽ (ശീതീകരണികൾ മുതലായവ).

നവകേരള മിഷൻ സംയോജന സാധ്യതകൾ

- സമ്പൂർണ ഭവനം-ലൈഫ് മിഷൻ നേതൃത്വം
- ലൈഫ് മിഷൻ മുഖേന വകുപ്പുതല ഏകോപനത്തിലൂടെ ഭവന സമുച്ചയ നിർമ്മാണത്തിന് സ്ഥലം കണ്ടെത്തൽ
- പാർപ്പിട നിർമ്മാണത്തിന് സി.എസ്.ആർ. ഫണ്ട് സമാഹരണം
- കൃഷി വ്യാപനം (തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ പദ്ധതി, പാടശേഖര സമിതി എന്നിവയുടെ ഏകോപനത്തിലൂടെ)
- സാമൂഹ്യ വനവൽക്കരണം(തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെ)
- തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ (വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ)
- മുഴുവൻ വീടുകൾക്കും കമ്പോസ്റ്റിങ്ങ് സംവിധാനമൊരുക്കൽ
- ആർദ്രം പദ്ധതിയുമായി സംയോജിപ്പിച്ച് സഹകരണ മേഖലയിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ, ഡൈഗനോസ്ററിക്ക് സെന്റർ, ലാബുകൾ മുതലായവ സ്ഥാപിക്കൽ
- സഹകരണ സംഘങ്ങൾ മുഖേന വൃക്ഷത്തൈ വിതരണവും നട്ടുപിടിപ്പിക്കലും (ഹരിതകേരളം മിഷൻ).
- വൻകിട അപ്പാരൽ പാർക്ക് സ്ഥാപിക്കൽ
- ബ്രാൻഡഡ്-ഉൽപ്പന്ന നിർമ്മാണ-വിതരണ ശൃംഖല സ്ഥാപിക്കൽ
- സമ്പൂർണ ഭക്ഷ്യ സുരക്ഷാ ജില്ല യാഥാർത്ഥ്യമാക്കൽ
- സഹകരണ കൺസോർഷ്യം മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ.
- നിശ്ചിത അളവിലുള്ള ഭവന നിർമ്മാണം - നിയമ നിർമ്മാണം മുഖേന പ്രാവർത്തികമാക്കൽ
- പാർപ്പിടങ്ങളുടെ അളവ് നിശ്ചിത പരിധി കവിഞ്ഞാൽ നൽകേണ്ട വീട്ടു നികുതിയിൽ ഉയർന്ന നിരക്ക് ഏർപ്പെടുത്തൽ
- കുടുംബത്തിലെ അംഗസംഖ്യക്കനുസരിച്ച് ഭവനത്തിന്റെ വലുപ്പം നിശ്ചയിക്കൽ
- മുഴുവൻ ബി.പി.എൽ കുടുംബങ്ങളേയും കുടുംബശ്രീയ്ക്ക് കീഴിൽ ഏകോപിപ്പിക്കൽ.
- 100 % കുടുംബശ്രീ അംഗങ്ങൾക്കും ഡിജിറ്റൽ സാക്ഷരത പരിശീലനം.
- സ്ത്രീകളുടെ ശാക്തീകരണത്തിനായി കാർഷിക കൺസോർഷ്യം
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ, മെറ്റീരിയൽ ഉപയോഗിച്ചുള്ള പ്രവർത്തികൾ കൂടുതലായി ഏറ്റെടുക്കൽ.
- സഹകരണ സംഘങ്ങൾക്കു കീഴിൽ സ്വയം സഹായ സംഘങ്ങൾ.
- പാർപ്പിടം
- ലൈഫ് മിഷൻ പദ്ധതിയിൽ റേഷൻ കാർഡ് മാനദണ്ഡമാക്കാതെ അർഹതപ്പെട്ട ഗുണഭോക്താക്കൾക്കെല്ലാം ഭവനങ്ങൾ അനുവദിക്കൽ.
- വിഷരഹിതമായ പാലും, പാലുല്പന്നങ്ങളും ജില്ലയിൽ ലഭ്യമാകുന്നതിന് സഹകരണ മേഖലയിൽ ആനന്ദ് മാതൃകയിൽ സഹകരണസംഘം ആരംഭിക്കൽ.
- കില മാതൃകയിൽ ജില്ലയിൽ കുടുംബശ്രീ മുഖേന താമസയോഗ്യമായ പരിശീലന കേന്ദ്രം ആരംഭിക്കുക.

3. വിദ്യാഭ്യാസം, സാക്ഷരത

പ്രധാന പദ്ധതികൾ

മികവ് പദ്ധതി : ഹൈടെക്ക് വിദ്യാഭ്യാസത്തിനുള്ള സമഗ്ര ശാക്തീകരണ പരിപാടി

നൈപുണി വികാസ കേന്ദ്രം : നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ വിദ്യാലയങ്ങളിൽ നൈപുണി വികാസ കേന്ദ്രങ്ങൾ.

ടീച്ചിംഗ് ടാലന്റ് : അധ്യാപക വിദ്യാഭ്യാസം ശാക്തീകരിക്കാനുള്ള പദ്ധതി

ഉദ്ഗ്രഥനം : പഠന നിലവാരത്തിൽ മുന്നേറ്റമുണ്ടാക്കാനുള്ള സമഗ്ര പദ്ധതി.

ഭാഷാ കൈമാറ്റം : കന്നഡ, മലയാളം ഭാഷകൾ അറിയുന്ന പൊതു സമൂഹത്തെ സൃഷ്ടിക്കാൻ ഭാഷാ പഠന പദ്ധതി.

നിർദ്ദേശങ്ങൾ

- ഓരോ ഉപജില്ലയും ബ്ലോക്കടിസ്ഥാനത്തിൽ ക്രമീകരിക്കൽ. ഇന്ന് ജില്ലയിൽ 6 ബ്ലോക്കുകളും 7 ഉപജില്ലകളുമാണുള്ളത്. (നഗരസഭകൾ ഇവയ്ക്ക് പുറമെയും)
- ഒരു ഗ്രാമപഞ്ചായത്തിലെ/നഗരസഭയിലെ വിദ്യാലയങ്ങൾ ഒരേ ഉപജില്ലയുടെ കീഴിൽത്തന്നെ വരും വിധം ഉപജില്ലാ ക്രമീകരണം നടത്തൽ.

  ഹൈസ്കൂളുകൾ, ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാലയങ്ങളുടെ ഭാഗമായി പ്രവർത്തിക്കുന്ന എൽ.പി/യു.പി വിഭാഗങ്ങൾ പ്രത്യേകം വേർതിരിച്ച് ഹെഡമാസ്റ്ററുടെ ചുമതലയിലാക്കൽ.
- പ്രീ-പ്രൈമറി വിദ്യാലയങ്ങൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും തയ്യാറാക്കൽ തദ്ദേശ സ്വയംഭര

ണസ്ഥാപനങ്ങൾക്ക് ചുമതലയുണ്ടെങ്കിലും സമയബന്ധിതമായി ഇവ പൂർത്തീകരി ക്കുന്നതിനാവശ്യമായ സഹായം സംസ്ഥാന സർക്കാരിൽ നിന്നും ലഭ്യമാക്കൽ.

- അങ്കണവാടികൾ, ബാലവാടികൾ, പ്രീ-പ്രൈമറി വിദ്യാലയങ്ങൾ, സ്വകാര്യനേഴ്സറി സ്കൂളുകൾ തുടങ്ങിയവയിലൂടെ നടക്കുന്ന പ്രീസ്കൂൾ വിദ്യാഭ്യാസത്തിന് കൃത്യമായ ഏകോപനം ഉണ്ടാക്കൽ.(കരിക്കുലം, കെട്ടിടം, മീഡിയം, നിയമനം എന്നിവയ്ക്കായി പൊതു നിയമവും മാനദണ്ഡങ്ങളും ഉണ്ടാക്കൽ).
- തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരായ ഹെഡ്മാസ്റ്റർമാർക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിന് സമയം കണ്ടെത്താൻ, വിദ്യാലയത്തിൽ പകരം അദ്ധ്യാപകരെ നിയമിക്കാനുള്ള നടപടികളെടുക്കൽ.
- വിദ്യാലയങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ ഉടൻ തന്നെ നികത്താൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അധികാരം നൽകൽ.
- എൽ.പി. സ്കൂളുകളിൽ ഉൾപ്പെടെ ഓഫീസ് അസിസ്റ്റന്റിന്റെ തസ്തിക അനുവദിക്കൽ.
- ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളെ സഹായിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ റിസോഴ്സ് അദ്ധ്യാപകരെ നിയമിക്കൽ.
- ജില്ലയിൽ 53 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. വികസനത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നത്. ഇവ സർക്കാർ എൽ.പി. സ്കൂളുകളാക്കി മാറ്റി ആവശ്യമായ അദ്ധ്യാപകരെ നിയമിക്കൽ.
- എല്ലാ ഹൈസ്കൂളുകളിലും ഹയർസെക്കണ്ടറി തലത്തിലും ലാബ്, ലൈബ്രറിമേഖലകളുടെ സമഗ്ര ശാക്തീകരണം.
- പിന്നോക്ക പ്രദേശങ്ങളിലുള്ള വിദ്യാലയങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടുപയോഗിച്ച് പ്രഭാത ഭക്ഷണം നൽകാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യൽ.
- സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിനു ആനുപാതികമായി ലാബ്, ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും സ്ഥിരം അദ്ധ്യാപകരെ നിയമിക്കാനും സർക്കാർ തല നടപടികൾ ഉണ്ടാകൽ.
- ഉന്നത വിദ്യാഭ്യാസ മേഖലയിലും പ്രഫഷണൽ വിദ്യാഭ്യാസ മേഖലയിലും ജില്ല പിന്നിലാണ്. പ്രസ്തുത മേഖലകളിൽ ജില്ലയുടെ ആവശ്യകതയ്ക്കനുസരിച്ച് കൂടുതൽ കോഴ്സുകൾ ലഭ്യമാക്കൽ.
- മഞ്ചേശ്വരം, എളേരിത്തട്ട് ഗവ.കോളേജുകളിൽ പുതിയ കോഴ്സുകൾ, ഉദുമ ഗവ.കോളേജിന് കെട്ടിട സൗകര്യം, അടിസ്ഥാന സൗകര്യം, പുതിയ കോഴ്സുകൾ എന്നിവ ലഭ്യമാക്കൽ.
- ഉന്നത വിദ്യാഭ്യാസ മേഖലയിൽ എല്ലാ വിഷയങ്ങളുടെയും ബിരുദ സീറ്റുകൾ വർദ്ധിപ്പിക്കൽ. സയൻസ് വിഷയങ്ങളിൽ 40-50 ആയും ആർട്സ് കോമേഴ്സ് വിഷയങ്ങളിൽ 50-60 ആയും വർദ്ധിപ്പിക്കുകയും എല്ലാ കോളേജുകളിലും പുതിയ കോഴ്സുകൾ ആരംഭിക്കുകയും ചെയ്യൽ.
- ജില്ലയിലെ അധ്യാപക പരിശീലന കേന്ദ്രങ്ങളുടെ (ഡി എഡ്, ബി എഡ്) സമഗ്രമായ ശാക്തീകരണം (അക്കാദമികവും ഭൗതികവും).
- ഡയറ്റിനെ ജില്ല അക്കാദമിക കേന്ദ്രമായി വികസിപ്പിക്കാനുള്ള സമഗ്ര പദ്ധതി.
- പാഠപുസ്തകം, പഠന രീതി, മൂല്യനിർണ്ണയം മുതലായവ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരിഷ്കരിക്കലും ഡിജിറ്റലൈസ് ചെയ്യലും.
- ജില്ലയുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് വിവിധ ഏജൻസികളുടെയും വകുപ്പുകളുടെയും ഏകോപനം.
- പ്രീ-പ്രൈമറി വിദ്യാലയങ്ങൾ, അങ്കണവാടികൾ എന്നിവയ്ക്ക് സർക്കാർ നിർദ്ദേശിച്ച ഭൗതിക സൗകര്യങ്ങൾ സമയബന്ധിതമായി തയ്യാറാക്കൽ (2019-20 വാർഷിക പദ്ധതിയിൽത്തന്നെ ഇവ ഉറപ്പുവരുത്തൽ).
- അങ്കണവാടികൾക്കും പ്രീസ്കൂളുകൾക്കും ചുറ്റുമതിൽ, ചിൽഡ്രൻസ് പാർക്ക്, രക്ഷിതാക്കൾക്ക് വെയിറ്റിംഗ് റൂം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കൽ.
- പ്രീ-പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അംഗൻവാടി വർക്കർമാർക്ക് കൈപ്പുസ്തകം തയ്യാറാക്കി പ്രത്യേകം പരിശീലനം നൽകൽ.
- ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 7 വിദ്യാലയങ്ങൾക്ക് സ്വന്തം കെട്ടിടം ഉണ്ടാക്കാൻ പദ്ധതി തയ്യാറാക്കൽ. (ഇതിനായി എം.പി., എം.എൽ.എ ഫണ്ട്, മറ്റു വിഭവ സ്രോതസ്സുകൾ എന്നിവ പ്രത്യേകമായി കണ്ടെത്തൽ)
- അൺ എക്കണോമിക് എന്ന പേരിൽ അറിയപ്പെടുന്ന വിദ്യാലയങ്ങൾ മെച്ചപ്പെടുത്താൻ പൊതുജന സഹകരണത്തോടെ പദ്ധതികൾ തയ്യാറാക്കൽ. (ജില്ലയിൽ 211 സ്കൂളുകൾ ലിസ്റ്റിൽ ഉണ്ട്).
- ജില്ലയിലെ എല്ലാ വിദ്യാലയങ്ങളിലും പ്രഭാത ഭക്ഷണം നടപ്പാക്കൽ.
- കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കി ജില്ലയെ 'Drop out free' ജില്ലയായി മാറ്റാൻ നടപടി സ്വീകരിക്കൽ.
- ഹൈടെക് പഠനരീതി പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ ഭൗതികസൗകര്യങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ഒരുക്കൽ.

- കമ്പ്യൂട്ടർ, മൾട്ടിമീഡിയ സംവിധാനം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉറപ്പു വരുത്തൽ. സയൻസ് ലാബുകൾ, ലൈബ്രറികൾ, വായനാ മുറികൾ, ചരിത്ര പഠനത്തിന് മ്യൂസിയം, ഗേൾ ഫ്രണ്ട്ലി ടോയ്‌ലറ്റുകൾ എന്നിവയ്ക്ക് പദ്ധതി തയ്യാറാക്കൽ.
- വിദ്യാലയങ്ങളിൽ കലാ-കായിക ടീമുകൾക്ക് പരിശീലനം നൽകാൻ പദ്ധതികൾ തയ്യാറാക്കൽ.
- സ്കൂൾ അന്തരീക്ഷം ശിശുസൗഹൃദവും പരിസ്ഥിതി സൗഹൃദവുമാക്കൽ. ജൈവ പച്ചക്കറി ഉൽപ്പാദനം, മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കൽ എന്നിവ സാമൂഹ്യ പിന്തുണയോടെ നടപ്പിലാക്കൽ.
- ആർദ്രം മിഷനുമായി സംയോജിച്ച് ജില്ലയിലെ മുഴുവൻ കുട്ടികളുടെയും ആരോഗ്യ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യൽ.
- മുഴുവൻ വിദ്യാലയങ്ങളിലെയും കിണറുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട് പദ്ധതികൾ തയ്യാറാക്കൽ
- എല്ലാ ഹൈസ്കൂൾ/ഹയർ സെക്കൻഡറി വിദ്യാലയങ്ങളിലും കബഡി, ഫുട്ബോൾ, വോളിബോൾ, ഹോക്കി, ഖൊ-ഖൊ, ക്രിക്കറ്റ് ടീമുകൾ രൂപീകരിക്കൽ. ഇവർക്കാവശ്യമായ പരിശീലനം, യൂണിഫോം എന്നിവ ലഭ്യമാക്കാനുള്ള പദ്ധതി തയ്യാറാക്കൽ.
- ഗ്രാമ പഞ്ചായത്തുകളിൽ കലാ പഠനകേന്ദ്രം സ്ഥാപിച്ച് വിവിധ വിദ്യാലയങ്ങളിലെ കലാഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് പരിശീലനം നൽകൽ.
- ജില്ലാ സാക്ഷരതാ മിഷനു സ്വന്തമായ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ.
- സ്വന്തം കെട്ടിടമില്ലാത്ത 49 തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഉണ്ട്. അവയ്ക്ക് കെട്ടിടവും മറ്റ് ഭൗതിക സൗകര്യങ്ങളും ഒരുക്കൽ (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ).
- സാക്ഷരതാ രംഗത്ത് പഠിതാക്കളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് തുടർച്ചയായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ എക്സ്റ്റൻഷൻ സെന്ററായി തുടർ വിദ്യാകേന്ദ്രങ്ങളെ മാറ്റൽ. നിലവിൽ അക്ഷയകേന്ദ്രങ്ങൾ വഴി നൽകുന്ന സേവനങ്ങൾകൂടി തുടർ വിദ്യാകേന്ദ്രങ്ങളിൽ നൽകാൻ നടപടികൾ സ്വീകരിക്കൽ.
- ആർ.എം.എസ്.എ പദ്ധതിയുടെ ഭാഗമായി പുതുതായി അപ്ഗ്രേഡ് ചെയ്ത ഹൈസ്ക്കൂളുകൾക്ക് ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കൽ.
- എല്ലാ വിദ്യാലയങ്ങളിലും അസംബ്ലി ഹാൾ, വായനാ മുറികൾ, ഉച്ചഭക്ഷണഹാൾ, ഭിന്നശേഷിയുള്ള കുട്ടികൾക്ക് ടോയ്‌ലറ്റ്, റാമ്പുകൾ എന്നിവ തയ്യാറാക്കൽ.
- എല്ലാ വിദ്യാലയങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ വിപുലമായ ക്യാമ്പയിൻ സംഘടിപ്പിക്കൽ.
- ക്യാംപസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഓരോ ക്യാമ്പസും ജൈവ വൈവിദ്യ ഉദ്യാനമാക്കി മാറ്റുന്നതിന് കൃഷി വകുപ്പ് ഹരിതകേരളം മിഷൻ എന്നിവയുടെ സഹകരണത്തോടെ പദ്ധതികൾ തയ്യാറാക്കൽ.
- ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കൂടുതൽ പ്രാദേശിക കേന്ദ്രങ്ങൾ ജില്ലയിൽ സ്ഥാപിക്കൽ.
- കേന്ദ്ര സർവ്വകലാശാലയിൽ ഉന്നത വിദ്യാഭ്യാസത്തിന് കൂടുതൽ കോഴ്സുകൾ ആരംഭിക്കൽ, ഗവേഷണ കേന്ദ്രങ്ങൾ ആരംഭിക്കൽ.
- സാങ്കേതിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള സ്ഥാപനങ്ങളിൽ ജില്ലയ്ക്കാവശ്യമായ നൈപുണി വികാസ കോഴ്സുകളും പുതിയ സ്ഥാപനങ്ങളും ആരംഭിക്കൽ.
- ജില്ലയിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളെ വിദ്യാഭ്യാസ നവീകരണത്തിനായി ഏകോപിപ്പിക്കലും അനുബന്ധ പ്രവൃത്തികൾ നടപ്പാക്കലും.
- ജില്ലയിൽ മറൈൻ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കൽ.
- ഉറുദു അക്കാദമിക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കൽ.
- വോർക്കാടി കാർഷിക സർവകലാശാലയുടെ ഭൂമി ഉപയോഗപ്പെടുത്തി കാർഷിക കോളേജ് ആരംഭിക്കൽ.
- ജില്ലയിൽ ഫാർമസി കോളേജ്, ലോ കോളേജ് എന്നിവ ആരംഭിക്കൽ.

4. സംസ്കാരം, കല, യുവജനകാര്യം, കായികം

പ്രധാന പദ്ധതികൾ

തുളു ഗ്രാമം: തുളു നാടിന്റെ സാംസ്കാരിക തനിമ സംരക്ഷിക്കാനുള്ള പദ്ധതി.

പാട്ദണ പദ്ധതി : തുളു തെയ്യങ്ങൾ, തോറ്റം പാട്ടുകൾ, കാർഷികാചാരങ്ങൾ തുടങ്ങിയവ സംരക്ഷിക്കുന്നതിനും വിദ്യാഭ്യാസ പരിപാടികളുമായി ഉദ്ഗ്രഥിക്കുന്നതിനുമുള്ള പ്രവർത്തന പദ്ധതി

കലാ ഗ്രാമം : തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ തെയ്യം കലാഗ്രാമം, തുള്ളൽ ഗ്രാമം പ്രവർത്തന പദ്ധതി തയ്യാറാക്കൽ.

യക്ഷഗാന അക്കാദമി : യക്ഷഗാനത്തെ പരിപോഷിപ്പിക്കാനും പഠനം നടത്താനുമുള്ള വേദി.

ഇശൽ ഗ്രാമം : ഒപ്പന, അറബന മുട്ട്, പക്ഷിപ്പാട്ട്, മൊഗ്രാൽ ഇശൽ തുടങ്ങിയ കലാരൂപങ്ങളേയും ഗാന ശാഖയേയും സംരക്ഷിക്കാനുള്ള പദ്ധതി.

തുളുനാട സിരി : തുളു സംസ്കാരത്തിന്റെ സാഹിത്യ സമ്പത്ത് സംരക്ഷിക്കൽ.

മതസൗഹാർദ്ദത്തിന്റെ പ്രതീകങ്ങൾ കണ്ടെത്തി പങ്കുവെക്കൽ (വിദ്യാലയങ്ങളിലും, പൊതു സമൂഹത്തിലും).

കാവ്യ ഗൃഹം : ജില്ലയിലെ കവികളുടേയും, സാഹിത്യകാരൻമാരുടേയും ജൻമ ഗൃഹങ്ങൾ സംരക്ഷിക്കൽ.

ദീപ്തം യൗവനം : യുവജനങ്ങളുടെ പ്രവർത്തനോന്മുഖത ശാക്തീകരിക്കാനുള്ള പദ്ധതി.

ഉണർവ് പദ്ധതി : യുവാക്കളുടെ തൊഴിൽ നൈപുണി വികാസം, സാമൂഹ്യതിൻമകൾ ക്കെതിരെയുള്ള കർമ്മ പരിപാടി, സാമൂഹ്യ സൗഹാർദ്ദം ലക്ഷ്യമാക്കി മുന്നേറ്റം തുടങ്ങിയ കാര്യങ്ങളിലൂന്നിയ പ്രവർത്തന പദ്ധതി.

Sports brings together പദ്ധതി : സമഗ്ര കായിക ശേഷി വികസന പദ്ധതി (വ്യക്തി, കുടുംബം, വനിത, കുട്ടികൾ തുടങ്ങിയ തലത്തിൽ കായിക ശേഷി വികസനം)

കബഡി ഗ്രാമം : കബഡി പരിശീലനത്തിലൂടെ ജില്ലയ്ക്ക് അന്താരാഷ്ട്ര മികവ് നേടിയെടുക്കാനുള്ള പദ്ധതി.

വനിതാ കായികം : പെൺകുട്ടികൾക്കും സ്ത്രീകൾക്കുമായി ആധുനിക സൗകര്യങ്ങളോടു കൂടിയ സ്പോർട്സ് ഹോസ്റ്റലുകളും, കായിക പരിശീലന സൗകര്യങ്ങളും.

മലബാർ സ്പോർട്സ് കോംപ്ലക്സ്: ഗെയിംസ്, അത്ലറ്റിക്സ്, വ്യായാമ പരിശീലനം തുടങ്ങി എല്ലാ വിഭാഗം കായിക പ്രവർത്തനങ്ങൾക്കും ആവശ്യമായ ആധുനിക കോർട്ടുകൾ, ട്രാക്കുകൾ, മറ്റു സംവിധാനങ്ങൾ തുടങ്ങിയവ ഒരു കുടക്കീഴിൽ ഒരുക്കൽ.

നിർദ്ദേശങ്ങൾ

- ജില്ലയുടെ തനതു നാടൻ കലകളെയും (പൂരക്കളി, കോൽക്കളി, അലാമിക്കളി, പക്ഷിപ്പാട്ട് മുതലായവ) ആദിവാസികലകളെയും (മംഗലംകളി, എരുതുകളി, കന്യാപു) സംരക്ഷിക്കുന്നതിന് കലാകേന്ദ്രങ്ങൾ സ്ഥാപിക്കൽ.
- 'തുള്ളൽ ഗ്രാമം' എന്നു പ്രസിദ്ധമായ ചെറുവത്തൂരിൽ തുള്ളൽ കലാകേന്ദ്രം സ്ഥാപിക്കൽ.
- കൊടക്കാട് കലാഗ്രാമത്തിന്റെ സമഗ്ര ഉന്നമനത്തിനുള്ള പദ്ധതി
- യക്ഷഗാനത്തിന്റെ പ്രോത്സാഹനത്തിന് യക്ഷഗാനകലാ അക്കാദമി സ്ഥാപിക്കൽ.
- നാടൻ പാട്ടുകളുടെ സംരക്ഷണത്തിനും വ്യാപനത്തിനും സാങ്കേതിക സൗകര്യമൊരുക്കൽ.
- പുരാവസ്തു സംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലയിലുള്ള സ്മാരകങ്ങളുടെ ഉന്നമനം.
- ചരിത്ര സ്മാരകങ്ങളെയും കോട്ടകളെയും, കൊട്ടാരങ്ങളെയും കാർഷിക ചന്തകളെയും സംരക്ഷിക്കാനുള്ള ഏകോപിത പ്രവർത്തനം
- സാംസ്ക്കാരിക വൈവിധ്യം സംരക്ഷിക്കുന്നതിന് ജില്ലാതലത്തിലും ബ്ലോക്കുതലത്തിലും ഹെറിറ്റേജ് മ്യൂസിയം സ്ഥാപിക്കൽ.
- തുളുഭാഷയുടെ വാമൊഴിയും സാഹിത്യവും സാംസ്ക്കാരിക സംഭാവനകളും നിലനിർത്താനും പ്രചരിപ്പിക്കാനുമുള്ള പദ്ധതികൾ തയ്യാറാക്കൽ.
- ജില്ലയുടെ തനതു സാംസ്ക്കാരിക പ്രത്യേകതകൾ സംരക്ഷിക്കുന്നതിന് ഫോക്ക്ലോർ അക്കാദമിയുടെ പ്രാദേശിക കേന്ദ്രം സ്ഥാപിക്കൽ
- കലകളുടെയും സാംസ്ക്കാരിക ചിഹ്നങ്ങളുടെയും തനിമ ഉറപ്പുവരുത്തിക്കൊണ്ട് ഇക്കോ ടൂറിസത്തിന്റെ സാധ്യതകൾ കണ്ടെത്തൽ
- മതസൗഹാർദ്ദ ചിഹ്നങ്ങളെ കണ്ടെത്തി ശാക്തീകരിക്കുന്നതിനുള്ള ഏകോപിത ശ്രമങ്ങൾ
- ഗ്രന്ഥശാലകളുടെ ശാക്തീകരണത്തിന് ജില്ലാ ബ്ലോക്ക് ഗ്രാമ തലങ്ങളിൽ ഏകോപിത പദ്ധതി ആസൂത്രണം ചെയ്യൽ.
- ജില്ലയിലെ ബഹുഭാഷാ സംസ്കാരത്തെക്കുറിച്ച് പഠനം നടത്താൻ CIIL (Central Institute of Indian Language) ന്റെ പ്രാദേശിക കേന്ദ്രം സ്ഥാപിക്കൽ.
- തുളു ഭാഷാ അക്കാദമി പ്രവർത്തനം വിപുലമാക്കൽ
- വിദ്യാലയങ്ങളിലെ അക്കാദമിക പ്രവർത്തനങ്ങളിൽ ബഹുഭാഷാ രീതിക്കനുയോജ്യമായ പ്രവർത്തനം ചിട്ടപ്പെടുത്തൽ
- ജില്ലാ-ബ്ലോക്ക് തലങ്ങളിൽ റഫറൻസ് സൗകര്യമുള്ള ആധുനിക ഡിജിറ്റൽ മാമ്പൽ ലൈബ്രറി സ്ഥാപിക്കൽ.
- എല്ലാ ഗ്രാമ പഞ്ചായത്തിലും, മുനിസിപ്പാലിറ്റികളിലും റഫറൻസ് ലൈബ്രറിയും, ഹെറിറ്റേജ് മ്യൂസിയവും സ്ഥാപിക്കൽ.
- കാസറഗോഡ് മണ്ഡലത്തിൽ കന്നഡ അക്കാദമി
- തുളുഭാഷയെ ഭരണഘടനയുടെ VIII-ാം ഷെഡ്യൂളിൽ പെടുത്താനുള്ള നടപടി സ്വീകരിക്കൽ (കേന്ദ്ര സർക്കാർ)
- തനതു കലകളെ വളർത്തുന്നതിന് സാംസ്കാരിക വകുപ്പിന്റെ പിന്തുണയും വേദിയും.
- ജില്ലയിലെ മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും പ്രാദേശിക പൈതൃക ചരിത്രം തയ്യാറാക്കൽ
- സാംസ്ക്കാരിക പൈതൃകകൈമാറ്റം നടത്തുന്നതിനുള്ള പദ്ധതി (ബഹുഭാഷാ സ്വഭാവമുള്ള മേഖല, മത സൗഹാർദ്ദ ചിഹ്നങ്ങൾ)
- ഭാഷാ കൈമാറ്റ പ്രവർത്തനം (കന്നഡ മേഖലയിൽ മലയാളവും, മലയാള മേഖലയിൽ കന്നഡയും പഠിക്കൽ) സാക്ഷരതാ മിഷനുമായി സഹകരിച്ച് നടപ്പാക്കൽ

- ജില്ലയുടെ ചരിത്ര പൈതൃകത്തെ വിദ്യാഭ്യാസ പ്രവർത്തനവുമായി ഏകോപിപ്പിക്കൽ.

4.1 കായികം

- കായിക ഇനങ്ങളിൽ വിദ്യാലയങ്ങളിൽ ഡേ ബോർഡ് സ്കീം നടപ്പാക്കൽ.
- ജില്ലയിലെ മുഴുവൻ ഹെൽത്ത് സെന്ററും ജിംനേഷ്യങ്ങളും സ്പോർട്സ് കൗൺസിലിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗ രേഖ തയ്യാറാക്കൽ.
- കായിക- ആരോഗ്യ വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ മുഖ്യധാര വിഷയമാക്കൽ
- സ്വകാര്യ സ്കൂൾ, കോളേജ്, പ്രൊഫഷണൽ സ്ഥാപനങ്ങൾ എന്നിവയിൽ ആധുനിക രീതിയിലുള്ള കളിക്കളം നിർബന്ധമാക്കൽ.
- രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ഒന്നിച്ചിരുത്തി കായികക്ഷമതയുടെ ആവശ്യകത യെക്കുറിച്ച് കൗൺസിലിംഗ് നടത്തൽ.
- ആരോഗ്യ കായിക ക്ഷമതാ കാർഡ് തയ്യാറാക്കി വിതരണം ചെയ്യൽ.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ വാർഡിലും ഒരു കളിസ്ഥലം എന്ന ലക്ഷ്യം കൈവരിക്കൽ
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിപാടിയിൽ വോളിബോൾ, ഖൊ-ഖൊ, കമ്പവലി, കബഡി കോർട്ടുകൾ, മാർഷ്യൽ കളിയിനങ്ങൾ എന്നിവയ്ക്കുള്ള സൗകര്യം ഒരുക്കൽ.
- ഇന്ത്യൻ നേവിയുടെ സഹകരണത്തോടെ വലിയ പറമ്പ് തുഴച്ചിൽ പരിശീലന കേന്ദ്രം സ്ഥാപിക്കൽ.
- കോട്ടഞ്ചേരി- റാണിപുരം ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ നടപ്പാക്കൽ.
- വലിയപറമ്പ്- ഇടയിലക്കാട് കായലിൽ അന്താരാഷ്ട്ര വാട്ടർ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കൽ.
- ജില്ലയിൽ അക്വാറ്റിക് കോംപ്ലക്സ് നിർമ്മാണം.
- അനുയോജ്യമായ സ്ഥലത്ത് ആധുനിക സ്പോർട്സ് കോംപ്ലക്സ് ആരംഭിക്കൽ.
- മലയോര മേഖലയിൽ അമ്പെയ്ത്തു പരിശീലന കേന്ദ്രം ആരംഭിക്കൽ
- കുടക് (കൂർഗ്) ഹോക്കി അസോസിയേഷന്റെ സഹകരണത്തോടെ മുള്ളേരിയയിൽ ഒരു ഹോക്കി ടർഫ് സ്ഥാപിക്കൽ
- ബേക്കലിൽ BEACH GAME CENTRE ആരംഭിക്കൽ
- കോട്ടഞ്ചേരി ട്രക്കിംഗ് ക്ലബ്ബ് സ്ഥാപിക്കൽ
- ഭിന്നശേഷിയുള്ളവരുടെ സ്പോർട്സ് & റിക്രിയേഷൻ ക്ലബ് ആരംഭിക്കൽ
- ഭിന്ന ലിംഗ കായിക അസോസിയേഷൻ രൂപീകരണം
- കാസറഗോഡ് ഗവ: കോളേജിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കൽ
- കാസറഗോഡ് മണ്ഡലത്തിൽ സിന്തറ്റിക്ക് ട്രാക്ക് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ.
- കാസറഗോഡ് മുനിസിപ്പൽ സ്റ്റേഡിയം നവീകരണം
- ഗ്രാമ,ബ്ലോക്ക്, മുൻസിപ്പൽ ജില്ലാതലങ്ങളിൽ കലാകായിക സമന്വയ വേദികൾ രൂപീകരിക്കൽ.

4.2 കല

- ജില്ലയിൽ കന്നട സംസാരിക്കുന്ന പ്രദേശങ്ങളിലെ ഗ്രന്ഥാലയങ്ങളിൽ ഒരു മലയാളം കോർണറും (മലയാളത്തിൽ നിന്നുള്ള വിവർത്തനം ഉൾപ്പെടെ), മലയാളം സംസാരിക്കുന്ന പ്രദേശങ്ങളിലെ ഗ്രന്ഥാലയങ്ങളിൽ ഒരു കന്നട കോർണറും (കന്നടയിൽ നിന്നുള്ള വിവർത്തനം ഉൾപ്പെടെ) ആരംഭിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.
- മലയാളം-കന്നട, കന്നട-മലയാളം വിവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടി.
- ജില്ലയുടെ വിവിധ ഗോത്രവർഗ്ഗ കലാരൂപങ്ങളായ ദുസി, സോദു, യക്ഷഗാനം, കന്യപു, മാദിറ, നാഗസ്വരം, കോലങ്ങൾ, കളംപാട്ട്, കളമെഴുത്ത് പാട്ട്, ദഫ്മുട്ട്, കോൽക്കളി, മാർഗ്ഗം കളി എന്നിവക്ക് സംരക്ഷണവും, പ്രോത്സാഹനവും.
- ജില്ലയിലെ യുവാക്കൾക്കിടയിൽ മതനിരപേക്ഷസ്വഭാവവും ശാസ്ത്രീയബോധവും വളർത്തുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ.
- ഗ്രാമീണഗ്രന്ഥശാലകൾ, വായനശാലകൾ, സാംസ്കാരികസംഘങ്ങൾ, ഫിലിം സൊസൈറ്റികൾ എന്നിവയുടെ ജനപ്രിയ കലാരൂപങ്ങൾ ശക്തിപ്പെടുത്താനുള്ള പരിപാടികൾ.
- മൊഗ്രാൽ പക്ഷിപ്പാട്ട്, വട്ടപ്പാട്ട്, അലാമിക്കളി എന്നിവയുടെ സംരക്ഷണവും, വിപുലീകരണവും.

5. കുടിവെള്ളം

പ്രധാന പദ്ധതികൾ

കുടിനീർ പദ്ധതി: എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കാൻ ജലപുനരുജ്ജീവനം (കാസറഗോഡ്, മഞ്ചേശ്വരം ബ്ലോക്കുകളിൽ)

നിർദ്ദേശങ്ങൾ

- ശുദ്ധീകരണശാലകളോടുകൂടി നിലവിലെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളുടെ ശേഷി വർദ്ധിപ്പിക്കൽ.
- സമഗ്ര കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പുഴ സ്രോതസ്സായി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കൽ (2 നഗരസഭകൾ, 12 ഗ്രാമപഞ്ചായത്തുകൾ)

- പുഴകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ, വെള്ളം തുറന്നു വിടാവുന്ന തടയണകൾ നിർമ്മിക്കൽ.
- ഉയർന്ന സ്ഥലങ്ങളിൽ വെള്ളം എത്തിക്കുന്നതിനു വലിയ പദ്ധതികളുടെ ലൈനിൽ ബൂസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കൽ.
- പുഴകളുടെ വൃഷ്ടി പ്രദേശങ്ങളിലും തീരങ്ങളിലും മരങ്ങൾ വെച്ചു പിടിപ്പിക്കൽ.
- മുഴുവൻ കിണറുകളും റീ ചാർജ് ചെയ്യുന്നതുൾപ്പെടെയുള്ള ജല സംപോഷണ പ്രവർത്തനങ്ങൾ വ്യാപകമാക്കൽ.
- ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും കുടിവെള്ള പരിശോധനാ ലാബുകൾ സ്ഥാപിക്കൽ.

നവകേരളമിഷൻ സംയോജന സാധ്യതകൾ

- നീർത്തടാധിഷ്ഠിതപദ്ധതി പ്രവർത്തനങ്ങളിലൂടെ ഹരിതകേരള മിഷനുമായി ബന്ധപ്പെട്ട് ജല സുരക്ഷ ഉറപ്പുവരുത്തൽ.
- തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും ജലസേചനവകുപ്പിന്റേയും ഭൂജലവകുപ്പിന്റെയും ജലഅതോറിറ്റിയുടെയും ഏകോപനത്തോടെ ഉപയോഗശൂന്യമായ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കൽ.
- ജലസ്രോതസ്സുകൾ മലിനപ്പെടുന്നത് തടയാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിൽ നിരന്തര മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തൽ.
- എല്ലാ ഗ്രാമ പഞ്ചായത്തിലും, മുനിസിപ്പാലിറ്റിയിലും ശാസ്ത്രീയമായ മാലിന്യ സംസ്കരണ ശാലകൾ സ്ഥാപിക്കൽ.
- കിണർ, കുഴൽക്കിണർ എന്നിവയിൽ മഴക്കാല റീ ചാർജിംഗ് നിർബന്ധമായി നടപ്പാക്കൽ.

മേൽത്തട്ട്/കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ജില്ലയിലെ പുഴകൾ, തോടുകൾ, കുളങ്ങൾ മറ്റു ജല സ്രോതസ്സുകൾ മുതലായവ മലിനമാക്കാതെ സംരക്ഷിക്കാനുള്ള നയങ്ങൾ ആവിഷ്ക്കരിക്കൽ
- പുഴകളിലേക്കും തോടുകളിലേക്കും ഗാർഹിക വ്യവസായ മാലിന്യങ്ങൾ ഒഴുക്കി വിടുന്നത് കർശനമായി തടയാനുള്ള പ്രവർത്തനം തദ്ദേശ സ്വയംഭരണ തലത്തിൽ നടപ്പിലാക്കൽ.
- പുഴകളിൽ നിന്ന് മോട്ടോറുകളുപയോഗിച്ച് അനിയന്ത്രിതമായി ജലമൂറ്റുന്നത് നിരോധിക്കുകയും പുഴകളിലെ മണൽ വാരൽ ഗവൺമെന്റ് നിരീക്ഷണത്തിലാക്കുകയും ചെയ്യൽ.
- ജില്ലയിലെ വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ, സ്കൂളുകൾ, കോളേജുകൾ, മറ്റു പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മഴവെള്ള സംഭരണികൾ നിർബന്ധമായും ഏർപ്പെടുത്തൽ

മാതൃകാപരമായ ആശയങ്ങൾ

- ഓരോ സ്ഥലത്തും പ്രയോജനകരമാകുന്ന തരത്തിൽ ബഹുനില കൃഷി രീതി പരീക്ഷിക്കൽ.
- കൃഷിവകുപ്പുമായി സഹകരിച്ച് കാർഷിക മേഖലയിലുള്ള അമിതമായ ജലചൂഷണം നിയന്ത്രണ വിധേയമാക്കൽ
- അനുയോജ്യമായ സ്ഥലങ്ങളിൽ തടയണകൾ, കിടങ്ങുകൾ, നീർക്കുഴികൾ, വരമ്പുകൾ, ഇടത്തോടുകൾ, കല്ല് കയ്യാലകൾ, തട്ട് തിരിക്കൽ, കോണ്ടൂർ കയ്യാലകൾ, കുളങ്ങൾ എന്നിവ നിർമ്മിക്കാനുള്ള സാദ്ധ്യതകൾ പരിശോധിക്കുകയും നടപ്പിലാക്കുകയും ചെയ്യൽ.
- കിണറുകളും കുഴൽക്കിണറുകളുമുള്ള എല്ലാ വീടുകളിലും പുരപ്പുറത്തെ വെള്ളം അരിച്ച് പൈപ്പ് വഴി കിണറുകളിലേക്കും കുഴൽക്കിണറുകളിലേക്കും റീചാർജ്ജ് ചെയ്യൽ.
- വനവൽക്കരണം പരമാവധി പ്രോത്സാഹിപ്പിക്കുകയും ഗവൺമെന്റ് തലത്തിൽ ഏറ്റെടുത്ത് നടത്തുകയും ചെയ്യൽ
- ജില്ലയിലെ 100% ജനങ്ങൾക്കും ശുദ്ധീകരിച്ച കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കൽ.
- ജില്ലയിലെ കുടിവെള്ള ആവശ്യകത 2020 ൽ ദിനംപ്രതി 150 മില്യൺ ലിറ്ററും 2030, 2035, 2050 വർഷങ്ങളിൽ യഥാക്രമം 160,165,188 മില്യൺ ലിറ്ററുമാണ്. ഇതിലേക്ക് ഉയർത്താനുള്ള നടപടികൾ സ്വീകരിക്കൽ.
- ജില്ലയിലെ മുഴുവൻ ജലവിതരണ സംവിധാനവും ഉപയോഗിച്ച് ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, കേരളാ വാട്ടർ അതോറിറ്റി എന്നിവയുടെ നേതൃത്വത്തിൽ പൂർണ്ണമായ തോതിൽ ജല വിതരണത്തിനുള്ള സംവിധാനം നടപ്പിലാക്കൽ.
- ജില്ലയിലെ ഉയർന്ന സ്ഥലങ്ങളിലും ഒറ്റപ്പെട്ട പ്രദേശങ്ങളിലും താമസിക്കുന്നവർക്കും പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുമായി തദ്ദേശീയമായ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തിയും നിലവിലുള്ള പദ്ധതികളിൽ കൂടുതൽ സംഭരണികൾ സ്ഥാപിച്ചുംകൊണ്ട് പ്രത്യേകമായ കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കൽ.
- പുഴ സ്രോതസ്സായ കുടിവെള്ള പദ്ധതികളുടെ ശേഷി വർദ്ധിപ്പിക്കാൻ സ്രോതസ്സിനു സമീപവും മേൽ ഭാഗങ്ങളിലും തടയണകളുടെ ശൃംഖലകൾ സ്ഥാപിക്കുകയും സ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിന് ബോധവൽക്കരണവും നടത്തുകയും ചെയ്യൽ.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കാതെ കിടക്കുന്ന പദ്ധതികൾ സമഗ്ര കുടിവെള്ള പദ്ധതികളുമായി കൂട്ടിയോജിപ്പിക്കൽ.

ജില്ലയിലെ ഭൂഗർഭ ജല വിതരണം ഉയർത്താൻ വേണ്ടി ഭൂജല വകുപ്പ്, കൃഷി വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ മുഴുവൻ ഭാഗങ്ങളിലും മഴക്കാല റീ ചാർജ്ജിംഗ് നടത്താനുള്ള സംവിധാനം ഒരുക്കൽ.

- കുടിവെള്ള ഇതര ആവശ്യത്തിന് കുഴൽക്കിണർ വഴി നടത്തുന്ന ജല ഉപയോഗം നിയന്ത്രിക്കുന്നതിന് ഭൂജലവകുപ്പിന്റെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിക്കൽ.
- സ്വകാര്യ വ്യക്തികളുടെയും സർക്കാരിന്റെയും കീഴിലുള്ള കിണറുകളും കുഴൽക്കിണറുകളും തുടർച്ചയായ വർഷങ്ങളിൽ റീ ചാർജ്ജ് ചെയ്ത് ജില്ലയിലെ ഭൂഗർഭജലനിരപ്പ് ഉയർത്താനുള്ള നടപടികൾ സ്വീകരിക്കൽ.
- ഗ്രാമീണ മേഖലയിലെ കുടിവെള്ള പദ്ധതികൾക്കും പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള കുടിവെള്ള പദ്ധതികൾക്കും ഗാർഹിക നിരക്കിൽ വൈദ്യുതി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കൽ.

6. സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം

പ്രധാന പദ്ധതികൾ

സമഗ്ര മാതൃ ശിശു പരിപാലനം : മാതൃ ശിശു പരിപാലനത്തിന് സഹായകരമായ പ്രവർത്തനങ്ങൾ നടപ്പാക്കൽ.

സുരക്ഷിത ഊര് : പട്ടിക വർഗ്ഗ ഊരുകൾ കേന്ദ്രീകരിച്ച് സാമൂഹ്യ സുരക്ഷയ്ക്ക് ഉദ്ഗ്രഥിത പ്രവർത്തന പാക്കേജ്(നിരക്ഷരത, മദ്യപാനം, മയക്കുമരുന്ന് ഉപയോഗം, അതിക്രമം, പൊതു പിന്നോക്കാവസ്ഥ മുതലായവ ഇല്ലാതാക്കൽ)

ബി-പോസിറ്റീവ് (Be Positive): എച്ച് ഐ വി ബാധിതർ, ട്രാൻസ് ജെന്റർ വിഭാഗക്കാർ, ഇതര സംസ്ഥാന തൊഴിലാളികൾ, വയോജനങ്ങൾ തുടങ്ങിയവർക്ക് സാമൂഹ്യ സുരക്ഷാ പദ്ധതികൾ.

നിർദ്ദേശങ്ങൾ

- ഭാഷാ ന്യൂനപക്ഷങ്ങൾ പാർക്കുന്ന സ്ഥലങ്ങളിലും, മലയോര മേഖലകളിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് മുന്നോടിയായി സാമൂഹ്യനീതി വകുപ്പ് മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങളെപറ്റിയും സേവനങ്ങളെപ്പറ്റിയും ബോധവൽക്കരണം നടത്തൽ.
- അങ്കണവാടികളെ പ്രീ സ്കൂളുകളായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ.
- പൊതു സ്ഥാപനങ്ങളുടെ ഭാഗമായി ക്രഷുകൾ സ്ഥാപിക്കൽ
- ജില്ലയെ ബാല സൗഹൃദ ജില്ലയാക്കി മാറ്റാനുള്ള സമഗ്ര പദ്ധതി നടപ്പാക്കൽ.
- 0-6 വയസ്സിന് ഇടയിലുള്ള പെൺകുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതിന്റെ കാരണങ്ങൾ പഠന വിധേയമാക്കി പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.

വയോജനങ്ങൾ

- വയോജനങ്ങളുടെ ക്ഷേമം, ആരോഗ്യ പരിരക്ഷ, പുനരധിവാസം എന്നീ മേഖലകളിൽ സേവനം ലഭ്യമാക്കുന്നതിനായി സാമൂഹ്യനീതിവകുപ്പിന്റെ വയോമിത്രം പദ്ധതി 3 മുൻസിപ്പാലിറ്റികളിൽ ഇപ്പോൾ നടന്നു വരുന്നു. ഇത് ഗ്രാമ പഞ്ചായത്തുകളിലേക്ക് കൂടി വ്യാപിപ്പിക്കൽ
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വയോജനങ്ങൾക്ക് സർക്കാർ ആശുപത്രികളിൽ പ്രത്യേക ചികിത്സാസംവിധാനം ഏർപ്പെടുത്തൽ.
- മുതിർന്ന പൗരൻമാർക്ക് ആരോഗ്യ ഇൻഷൂറൻസ് പോലുള്ള പദ്ധതികൾ നടപ്പിലാക്കൽ.
- നിരാലംബരായ വയോജനങ്ങൾക്ക്, താമസിക്കുന്നതിനും വിശ്രമിക്കുന്നതിനുമുള്ള കേന്ദ്രങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർമ്മിക്കൽ.
- വയോജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തൽ. സാമൂഹ്യ വിരുദ്ധരിൽ നിന്നോ കുടുംബാംഗങ്ങളിൽ നിന്നോ മറ്റോ ഉണ്ടായേക്കാവുന്ന ശാരീരികവും മാനസികവുമായ പീഡനങ്ങളിൽ നിന്ന് നിയമപരമായ പരിരക്ഷ ഉറപ്പുവരുത്തൽ.
- ആശ്രയഭവൻ പോലെ വയോജനങ്ങൾക്കും, അഗതികൾക്കുമായി ബ്ലോക്ക് തലത്തിൽ പുനരധിവാസ കേന്ദ്രങ്ങളൊരുക്കൽ.
- ഡേ കെയർ സെന്ററിൽ വയോജനങ്ങളെ പരിചരിക്കുന്നതിനായി, കുടുംബശ്രീ മുഖേന പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ.
- കിടപ്പ് രോഗികളായ വയോജനങ്ങൾക്ക് പരിചരണവും ചികിത്സയും ലഭ്യമാക്കാനുള്ള പദ്ധതികൾ തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കൽ.
- വയോജനങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നൽകൽ.

III. പശ്ചാത്തല മേഖല

1. ഊർജ്ജം

പ്രധാന പദ്ധതികൾ

ഊർജ്ജ ശൃംഖല : പാരമ്പര്യ ഊർജ്ജ മേഖലയിൽ- ഉല്പാദന, പ്രസരണ, വിതരണ മേഖലകളിൽ ശാക്തീകരണവും ഏകോപനവും.

സൗരോർജ്ജം (ബദൽ ഊർജ്ജ സ്രോതസ്സുകൾ) : സോളാർ പവർ പ്ലാന്റിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തൽ (വീട്, പൊതു കെട്ടിടങ്ങൾ, കച്ചവട സ്ഥാപനങ്ങൾ, വ്യവസായ സംരംഭങ്ങൾ)

ഊർജ്ജയാനം : സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ ജില്ല എന്ന ലക്ഷ്യം കൈവരിക്കൽ.

നിർദേശങ്ങൾ

- പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് സെൻട്ര ലൈസ്ഡ് സോളാർ പവർ പ്ലാൻറ് സ്ഥാപിക്കൽ.
- പാരമ്പര്യ ഊർജ്ജസ്രോതസ്സുകളെക്കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കൽ.
- DPR തയ്യാറാക്കപ്പെട്ട മിനി ഹൈഡ്രൽ പ്രോജക്ടുകൾ അടിയന്തിരമായി നടപ്പാക്കൽ (മാലോത്ത് 1 & 2, കുതിരച്ചാട്ടം, പ്ലാച്ചിക്കര, താന്നിയടി, കാക്കടവ്)
- മയിലാട്ടി - തവിടുഗോളി Single Circuit വൈദ്യുതി വിതരണ ശൃംഖല Double circuit ലേക്ക് മാറ്റൽ
- ജില്ലയിലെ വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തി പ്രസരണ നഷ്ടം ഒഴിവാക്കൽ.
- മയിലാട്ടി- പുത്തൂർ 110 KV ലൈൻ നിർമ്മാണം പൂർത്തീകരിക്കൽ.
- മലയോരമേഖലയിൽ ആവശ്യമായ 110 KV സബ് സ്റ്റേഷൻ നിർമ്മിക്കൽ
- നഗരസഭാ മേഖലകളിൽ ആവശ്യമായ 33 KV സബ് സ്റ്റേഷനുകൾ നിർമ്മിക്കൽ
- ടൂറിസം മേഖലയായ ബേക്കലിൽ 33 KV സബ്സ്റ്റേഷൻ ആരംഭിക്കൽ
- വൈദ്യുതി വകുപ്പിന്റെ ജില്ലാ കേന്ദ്രമായ വൈദ്യുതി ഭവൻ നിർമ്മിക്കൽ
- ജില്ലയിൽ നിലവിലുള്ള സോളാർ പവർ പ്ലാന്റുകളുടെ വിപുലീകരണവും പുതിയ സ്ഥാപനങ്ങളിൽ പ്ലാന്റ് സ്ഥാപിക്കലും.
- ചൈത്രവാഹിനി പുഴയിൽ വൈദ്യുതി പ്രോജക്ട് (അശോകച്ചാൽ, മരുവച്ചാൽ) നടപ്പാക്കൽ.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ കെട്ടിടങ്ങളുടെ (ഓഫീസ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോളേജ് ഹോസ്റ്റൽ സഹകരണ സ്ഥാപനങ്ങൾ) എന്നിവയുടെ മേൽക്കൂരയിൽ സ്ഥല സൗകര്യം തിട്ടപ്പെടുത്തി സൗര വൈദ്യുത നിലയങ്ങൾ സ്ഥാപിക്കൽ. ഇവ ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റായി പ്രവർത്തിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കൽ.
- സോളാർ പവർ പ്ലാനുകളുടെ സാധ്യതകളെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തൽ.
- വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾ, ലക്ഷ്വറി ടാക്സ് അടക്കുന്ന വീടുകൾ, പുതുതായി പണിയുന്ന 3000 സ്ക്വയർ ഫീറ്റിന് മുകളിലുള്ള വീടുകൾ എന്നിവിടങ്ങളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ (ഇതിനാവശ്യമായ നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഉണ്ടാകണം).
- ജില്ലയിൽ ഉപയോഗശൂന്യമായി കിടക്കുന്ന റവന്യൂ സ്ഥലങ്ങളിൽ സൗകര്യത്തിനനുസരിച്ച് അക്ഷയ ഊർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കൽ.
- വീടുകൾ, സ്ഥാപനങ്ങൾ എന്നിവയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കൽ (അനർട്ടിലൂടെ കേന്ദ്ര സബ്സിഡി ലഭ്യമാക്കൽ).
- പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് പരമാവധി വീടുകളിൽ സർക്കാറിന്റെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും സഹായത്തോടെ സ്ഥാപിക്കൽ.
- വിവിധയിനം ഫാമുകൾ, മത്സ്യമാർക്കറ്റ്, ഹോട്ടൽ, ക്ഷീര കർഷകർ, ഹോസ്റ്റലുകൾ, കാറ്ററിംഗ് സെന്ററുകൾ, വിവാഹ ഓഡിറ്റോറിയങ്ങൾ എന്നിവിടങ്ങളിൽ ഫിക്സഡ് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ (തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കേണ്ടതാണ്).
- ജൈവ മാലിന്യങ്ങൾ ശേഖരിച്ചുകൊണ്ട് താലൂക്ക് അടിസ്ഥനത്തിൽ പവർ ജനറേറ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായപഠനം നടത്തി ആയത് നടപ്പിലാക്കൽ.
- സമ്പൂർണ്ണ ഭവന പദ്ധതി, ലൈഫ് മിഷൻ പദ്ധതി മുഖേന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന വീടുകളിൽ അനർട്ട് വിഭാവനം ചെയ്യുന്ന മെച്ചപ്പെട്ട വിറകടുപ്പ് സ്ഥാപിക്കൽ.
- പട്ടിക ജാതി, പട്ടിക വർഗ്ഗം, ബി പി എൽ എന്നീ വിഭാഗങ്ങളിൽപ്പെടുന്നവരുടെ വീടുകളിൽ അനർട്ട് വിഭാവനം ചെയ്യുന്ന മെച്ചപ്പെട്ട വിറകടുപ്പ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്ഥാപിക്കൽ.
- ആശുപത്രികൾ, ലോഡ്ജുകൾ, ഹോട്ടലുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ വെള്ളം ചൂടാക്കുന്നതിന് സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കൽ.
- ഗാർഹിക ഗുണഭോക്താക്കൾക്ക് സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രോത്സാഹനം നൽകൽ.
- 33 കെ.വി അനന്തപുരം- നിർദ്ദിഷ്ട 110 കെ.വി സീതാംഗോളി സബ്സ്റ്റേഷനുകളെ ബന്ധിപ്പിക്കുന്ന 33 കെ.വി ലൈൻ സ്ഥാപിക്കൽ.
- 110 കെ.വി വിദ്യാനഗർ, 33 കെ.വി ബദിയടുക്ക സബ്സ്റ്റേഷനുകളെ ബന്ധിപ്പിക്കുന്ന 33 കെ.വി ലൈൻ സ്ഥാപിക്കൽ.
- അമ്പലത്തറ സോളാർ പാർക്ക് 220 കെ.വി സബ് സ്റ്റേഷനിൽ നിന്ന് 33 കെ.വി ബേളൂർ സബ്സ്റ്റേഷനിലേക്ക് പുതിയ 33 കെ.വി ലൈൻ സ്ഥാപിക്കൽ
- 220 കെ.വി മൈലാട്ടി സബ്സ്റ്റേഷനും 110 കെ.വി വിദ്യാനഗർ സബ്സ്റ്റേഷനും തമ്മിൽ ബന്ധിപ്പിക്കുന്ന മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈൻ സ്ഥാപിക്കൽ.
- 110 കെ.വി ചെറുവത്തൂർ സബ്സ്റ്റേഷനിൽ നിന്നും 33 കെ.വി നീലേശ്വരം സബ്സ്റ്റേഷനിലേക്ക് 33

കെ.വി ലൈൻ സ്ഥാപിക്കൽ.

- 110 കെ.വി കാഞ്ഞങ്ങാട്-ചെറുവത്തൂർ സബ്സ്റ്റേഷനുകളെ ബന്ധിപ്പിക്കുന്ന 110 കെ.വി ഡബിൾ സർക്യൂട്ട് ലൈൻ (ഇൻ-ലൈൻ ഔട്ട്-ലൈൻ) സ്ഥാപിക്കൽ.

ഹ്രസ്വകാല നിർദ്ദേശങ്ങൾ

- കുറ്റിക്കോൽ 110 കെ വി സബ്സ്റ്റേഷൻ നിർമ്മാണം
- സീതാംഗോളി 110 കെ വി സബ്സ്റ്റേഷൻ നിർമ്മാണം
- പെരിയ 110 കെ വി സബ്സ്റ്റേഷൻ നിർമ്മാണം
- ബോവിക്കാനം 33 കെ വി സബ്സ്റ്റേഷൻ നിർമ്മാണം
- ഉപ്പള ടൗൺ 33 കെ വി സബ്സ്റ്റേഷൻ നിർമ്മാണം

ദീർഘകാല നിർദ്ദേശങ്ങൾ

- ചീമേനിയിൽ 400 കെ വി സബ്സ്റ്റേഷൻ നിർമ്മാണം
- വിദ്യാനഗർ 220 കെ വി സബ്സ്റ്റേഷൻ (ശേഷി വർദ്ധിപ്പിക്കൽ).
- നീലേശ്വരത്ത് 110 കെ വി സബ്സ്റ്റേഷൻ (ശേഷി വർദ്ധിപ്പിക്കൽ)
- നെല്ലിക്കട്ടയിൽ 110 കെ വി സബ്സ്റ്റേഷൻ നിർമ്മാണം
- പടന്നയിൽ 33 കെ വി സബ്സ്റ്റേഷൻ നിർമ്മാണം
- അഡൂർ 33 കെ വി സബ്സ്റ്റേഷൻ നിർമ്മാണം
- ഉദുമ (ബി ആർ ഡി സി) 33 കെ വി സബ്സ്റ്റേഷൻ
- നിർദ്ദിഷ്ട 110 കെ വി സീതാംഗോളി സബ്സ്റ്റേഷനുകളെ അനന്തപുരം 33 കെ വി സബ്സ്റ്റേനുമായി ബന്ധിപ്പിക്കുന്ന 33 കെ വി ലൈൻ.
- 110 കെ വി വിദ്യാനഗർ 33 കെ വി ബദിയടുക്ക സബ്സ്റ്റേഷനുകളെ ബന്ധിപ്പിക്കുന്ന 33 കെ വി ലൈൻ

നവകേരളമിഷൻ- സംയോജന സാധ്യതകൾ

- ഹരിത കേരള മിഷനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ.
- ജൈവമാലിന്യം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന ചെറുകിടനിലയങ്ങൾ മുൻസിപ്പാലിറ്റികൾ കേന്ദ്രീകരിച്ച് നടപ്പാക്കൽ.

മേൽത്തട്ട്-കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- കർണ്ണാടകയിൽ നിന്ന് 400 കെ വി/220 കെ വി ലൈനുകൾ കാസറഗോഡ് ജില്ലയിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ (സംസ്ഥാന തലം)
- കർണ്ണാടകയിൽ നിന്ന് മഞ്ചേശ്വരം സബ്സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുന്ന കർണ്ണാടക 110 കെ വി ലൈനിന്റെ ശോചനീയാവസ്ഥ പരിഹരിക്കാനുള്ള സർക്കാർതല ഇടപെടൽ.
- ജില്ലയിൽ മിനി ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കൽ
- പട്ടണങ്ങളിലും, പ്രധാന കേന്ദ്രങ്ങളിലും പ്രകാശം അധികമുള്ളതും ഊർജ്ജോപയോഗം കുറഞ്ഞതുമായ എൽ ഇ ഡി ലൈറ്റുകൾ വ്യാപകമാക്കൽ.
- വിവിധ കവലകളിൽ സോളാർ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന ലൈറ്റുകൾ സ്ഥാപിക്കൽ
- ജൈവ മാലിന്യങ്ങൾ ശേഖരിച്ചുകൊണ്ട് താലൂക്ക് അടിസ്ഥാനത്തിൽ പവർ ജനറേറ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കൽ.
- സർക്കാർ സ്ഥാപനങ്ങളുടെ മുകളിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ

നൂതനാശയങ്ങൾ

- ജില്ലാ ടൂറിസം വികസന വകുപ്പുമായി സംയോജിച്ച് സോളാർ പാർക്കുകളെ വിനോദ സഞ്ചാര മേഖലയുമായി സംയോജിപ്പിക്കൽ
- ജൈവമാലിന്യം ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കാവുന്ന ചെറുകിട നിലയങ്ങൾ മുനിസിപ്പാലിറ്റികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കൽ.
- ചീമേനിയിൽ നിർദ്ദിഷ്ട താപവൈദ്യുതിനിലയത്തോടനുബന്ധിച്ച് സൗരോർജ്ജ പവർ പ്ലാന്റുകൾ ഉൾപ്പെടുത്തി ഹൈഗ്രിഡ് പവർ ജനറേറ്റിംഗ് സ്റ്റേഷൻ ആരംഭിക്കൽ.
- വൈദ്യുതി പോസ്റ്റുകൾ നിർമ്മിക്കുന്നതിന് മൈലാട്ടി സബ്സ്റ്റേഷൻ ഭൂമിയിൽ ഒരു പോൾ കാസ്റ്റിംഗ് യൂണിറ്റ് ആരംഭിക്കൽ.
- വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ വ്യാപകമാക്കുന്നതിനും വാഹനങ്ങളിലെ ബാറ്ററികൾ ചാർജ്ജ് ചെയ്യുന്നതിനുമുള്ള പോയിന്റുകൾ സ്ഥാപിക്കുന്നതിനും ത്രിതല പഞ്ചായത്തുകൾ പദ്ധതികൾ രൂപീകരിക്കൽ.
- വിവിധ പദ്ധതികളിൽപ്പെടുത്തി ഗുണഭോക്താക്കൾക്ക് വാഹനങ്ങൾ നൽകുമ്പോൾ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾക്ക് മുൻഗണന നൽകൽ.
- 'ഗെയ്ൽ' പ്രകൃതി വാതകക്കുഴൽ നിർമ്മാണം പൂർത്തിയാകുമ്പോൾ ജില്ലയിലെ പ്രധാന നഗരങ്ങളിൽ പ്രകൃതി വാതകം റീഫിൽ ചെയ്യാനുള്ള സൗകര്യമൊരുക്കൽ.
- വൈദ്യുതി മുഖാന്തിരമുണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപടികൾ സ്വീകരിക്കുകയും, അപകട രഹിത ജില്ലയായി കാസറഗോഡിനെ മാറ്റുകയും ചെയ്യൽ.
- സമ്പൂർണ്ണ ഊർജ്ജ സംരക്ഷണ ജില്ലയായി മാറ്റു

ന്നതിന്റെ ഭാഗമായി എല്ലായിടത്തും LED ബൾബുകളും ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളും ഉപയോഗിക്കാനുള്ള ക്യാമ്പയിൻ പ്രവർത്തനം നടത്തൽ.

- എല്ലാ പൊതുമേഖലാസ്ഥാപനങ്ങളിലും ശൂന്യമായ തരിശുഭൂമിയിലും അക്ഷയ ഊർജ്ജ ഉൽപാദന പദ്ധതികൾ (സോളാർ, കാറ്റ്) പ്രാവർത്തികമാക്കൽ.
- പട്ടികജാതി, പട്ടിക വർഗ്ഗ കോളനികളിൽ ഗുണഭോക്താക്കൾക്ക് സൗരോർജ്ജ റാന്തലുകൾ നൽകുന്നതിന് ഗ്രാമ പഞ്ചായത്തുകൾ പദ്ധതികൾ നടപ്പിലാക്കൽ.
- സൗരോർജ്ജവൈദ്യുതി ഉൽപാദനം വ്യാപകമാക്കുന്നതിന് സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കൽ.
- കാർഷിക ഉപയോഗത്തിനുള്ള വൈദ്യുതി സൗജന്യങ്ങൾ പരിമിതപ്പെടുത്തി അമിതമായ ജലചൂഷണം തടയുന്നതിന് നടപടി സ്വീകരിക്കൽ.
- പൊതു സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റിംഗ് നിർബന്ധമാക്കൽ.
- ഗെയിൽ പൈപ്പ് ലൈൻ യാഥാർത്ഥ്യമാകുന്നതോടെ ചീമേനിയിൽ വാതകാധിഷ്ഠിത വൈദ്യുതി നിലയം സ്ഥാപിക്കൽ.
- കാസറഗോഡ് ജില്ലയിലേക്കു കർണ്ണാടകയിലെ പുത്തൂരിൽ നിന്ന് ആൾട്ടർനേറ്റീവ് വൈദ്യുതി വിതരണത്തിന് 220 കെ വി ലൈൻ സ്ഥാപിക്കൽ

2. ഗതാഗതം, വാർത്താ വിനിമയം, വിനോദ സഞ്ചാരം

പ്രധാന പദ്ധതികൾ

റോഡ് കണക്ടിവിറ്റി മാപ്പ് : NATPAC ന്റെ സഹായത്തോടെ സമഗ്ര റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ.

സദ്ഭരണം- ഒരു കുടക്കീഴിൽ : മഞ്ചേശ്വരം, വെള്ളരിക്കുണ്ട്, കാസറഗോഡ് താലൂക്കുകളിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം.

വിവരം വിരൽത്തുമ്പിൽ : വാർത്താ വിനിമയത്തിന്റെ സാധ്യതകൾ പൊതു ജനസൗഹൃദമാക്കൽ.

കാസറ ടൂറിസം : നോർത്ത് മലബാർ ടൂറിസം സർക്യൂട്ട് ആരംഭിക്കലും അനുബന്ധമായി ജില്ലാ ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കലും.

സ്മൈൽ (SMILE) പദ്ധതി : Small & Medium Industries Leveraging Experimental Tourism (സംരംഭകത്വ പ്രോത്സാഹനത്തിനുള്ള BRDC പ്രോഗ്രാം) ജില്ലയിൽ വ്യാപിപ്പിക്കൽ.

നിർദ്ദേശങ്ങൾ

2.1 ഗതാഗതം

- നിലവിൽ പയ്യന്നൂർ കൊറ്റി മുതൽ നീലേശ്വരം കോട്ടപ്പുറം വരെ ജലഗതാഗത സംവിധാനം സുഗമമാക്കാൻ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഡ്രെഡ്ജിംഗ് നടത്തി വാട്ടർവേ മെച്ചപ്പെടുത്തൽ, അതോടൊപ്പം ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തലും.
- കോട്ടപ്പുറം മുതൽ മംഗലാപുരം വരെ ജലപാതകൾ പുനരുദ്ധരിച്ച് ജലഗതാഗത സംവിധാനത്തിനും ചരക്കുഗതാഗതത്തിനും സാധ്യമാക്കൽ. നീലേശ്വരം, ചിത്താരി, ബേക്കൽ, ചന്ദ്രഗിരി, മൊഗ്രാൽ, ഷിറിയ, ഉപ്പള, മഞ്ചേശ്വരം പുഴകളെ ബന്ധിപ്പിച്ച് ജലഗതാഗത കനാലുകൾ നിർമ്മിക്കൽ.
- കാഞ്ഞങ്ങാട്- കാണിയൂർ റെയിൽപ്പാത സമയബന്ധിതമായി പൂർത്തീകരിക്കൽ.
- നാഷണൽ ഹൈവേയിലെ ഏക റെയിൽവെ ലെവൽ ക്രോസായ പള്ളിക്കരയിൽ മേൽപാലം പ്രവർത്തനം ദ്രുതഗതിയിൽ പൂർത്തിയാക്കൽ.
- റെയിൽവെ ലെവൽ ക്രോസുകൾ പൂർണ്ണമായും ഒഴിവാക്കുന്നതിന് ജില്ലയിലെ ബീരിച്ചേരി, വെള്ളാപ്പ്, ഉദിനൂർ, കുശാൽ നഗർ, കാഞ്ഞങ്ങാട്, കോട്ടിക്കുളം, ഉദുമ, മഞ്ചേശ്വരം എന്നിവിടങ്ങളിൽ മേൽപ്പാലം നിർമ്മിക്കൽ.
- ജില്ലയിലെ പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ ഫുട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കൽ.
- ജില്ലയിലെ ആദർശ് റെയിൽവേ സ്റ്റേഷനുകളിൽ റെയിൽവേ നിർദ്ദേശങ്ങൾക്കനുസരിച്ച വികസന പ്രവർത്തനങ്ങൾ (ഭൗതികം, സാങ്കേതികം, മനുഷ്യവിഭവം) ഉറപ്പാക്കൽ.
- രൂക്ഷമായ യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് കണ്ണൂർ-മംഗലാപുരം റൂട്ടിൽ ഹ്രസ്വദൂര ട്രെയിനുകൾ ആരംഭിക്കൽ.
- കാസറഗോഡ് ജില്ലയിലെ യാത്രാ പ്രശ്നം പരിഹരിക്കാൻ മെമു ട്രെയിൻ സർവീസ് ആരംഭിക്കൽ.
- നിലവിൽ കാസറഗോഡ് ജില്ലയിലൂടെ ഓടുന്ന തീവണ്ടികളിൽ ജനറൽ കമ്പാർട്ട്മെന്റുകളുടെ എണ്ണം കൂട്ടൽ.
- കണ്ണൂരിൽ യാത്രയവസാനിപ്പിക്കുന്ന തീവണ്ടികളായ ആലപ്പുഴ- കണ്ണൂർ എക്സ്പ്രസ്, കോയമ്പത്തൂർ - കണ്ണൂർ പാസഞ്ചർ, തിരുവനന്തപുരം-കണ്ണൂർ ജനശതാബ്ദി തുടങ്ങിയവയുടെ സർവീസ് മംഗലാപുരം വരെ നീട്ടൽ. പാതയിരട്ടിപ്പിക്കൽ ഘട്ടത്തിൽ റദ്ദ് ചെയ്ത കണ്ണൂർ- മംഗലാപുരം പാസഞ്ചർ വണ്ടി പുനഃസ്ഥാപിക്കൽ.
- കണ്ണൂർ- ബൈന്ദൂർ പാസഞ്ചർ സമയം പുനഃക്രമീകരിച്ച് പുനഃസ്ഥാപിക്കൽ.
- ജില്ലയിലെ റെയിൽവേ സ്റ്റേഷനുകളിൽ അടിസ്ഥാന സൗകര്യം അഭിവൃദ്ധിപ്പെടുത്തൽ.
- റെയിൽവേ സ്റ്റേഷനുകളിലേക്ക് എത്തിച്ചേരാനുള്ള റോഡ് സൗകര്യം വിപുലമാക്കൽ

- കാസറഗോഡ് റെയിൽവേസ്റ്റേഷൻ- പുതിയ ബസ്സ് റ്റാന്റ് ഫ്ളൈഓവർ നിർമ്മാണം.
- നിർദ്ദിഷ്ട തിരുവനന്തപുരം- കണ്ണൂർ ജനശതാബ്ദി കാസറഗോഡു വരെ ദീർഘിപ്പിക്കൽ
- ജില്ലയിലെ പ്രധാന തീവണ്ടി സ്റ്റേഷനുകളിൽ കൂടുതൽ എക്സ്പ്രസ്സ് ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കൽ.
- റെയിൽവേ സ്റ്റേഷനുകളിൽ നിന്ന് മറ്റു സ്ഥലങ്ങളിലേക്ക് ബസ് സർവ്വീസ് നടപ്പാക്കൽ
- മലയോര ഹൈവേ സൗകര്യപ്രദമായി, സമയബന്ധിതമായി പൂർത്തീകരിക്കൽ.
- തീരദേശ ഹൈവേ സമയബന്ധിതമായി യാഥാർത്ഥ്യമാക്കൽ.
- ജില്ലയിലെ മഞ്ചേശ്വരം കാലിക്കടവ് ഹൈവേ 45 മീറ്റർ വീതിയിൽ പൂർത്തിയാക്കൽ.
- രൂക്ഷമായ ഗതാഗത തടസ്സമുണ്ടാകുന്ന സ്ഥലങ്ങളിൽ ഓവർ ബ്രിഡ്ജ്, അണ്ടർ പാസ്സേജ് തുടങ്ങിയവ നിർമ്മിക്കൽ.
- ജില്ലാതലത്തിൽ റോഡ് നെറ്റ് വർക്ക് തയ്യാറാക്കൽ.
- അപകടങ്ങൾ പരമാവധി ഒഴിവാക്കുന്നതിനുള്ള ജാഗ്രതാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ.
- ജില്ലയിലുള്ള റോഡുകൾ സംയോജിപ്പിച്ച്, മെക്കാഡം, കോൺക്രീറ്റ്, ഇന്റർലോക്ക് തുടങ്ങിയ നൂതന രീതികളിലൂടെ ഭദ്രമാക്കൽ.
- തീരദേശ ഹൈവേ- സ്ഥലമെടുപ്പും നിലവിലുള്ളവയുടെ അലൈൻമെന്റും പൂർത്തിയാക്കൽ.
- നിലവിലുള്ള NH-66 ന്റെയും, നിർദ്ദിഷ്ട കാഞ്ഞങ്ങാട്-പാണത്തൂർ, ചെർക്കള- കല്ലടുക്ക ഹൈവേകളുടെയും നിർമ്മാണപ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കൽ.
- ജില്ലയിൽ നിർമ്മിക്കുന്ന എല്ലാ റോഡുകളുടേയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഗുണനിലവാര പരിശോധനാ സംവിധാനം തയ്യാറാക്കൽ. തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡ് നിർമ്മാണ പരിശോധനയ്ക്ക് ജില്ലാ പഞ്ചായത്തിന്റെ കീഴിൽ ക്വാളിറ്റി കൺട്രോൾ യൂണിറ്റ് ആരംഭിക്കൽ.
- ജില്ലയിലെ കാസറഗോഡ്, കാഞ്ഞങ്ങാട്, നീലേശ്വരം, ചെറുവത്തൂർ തുടങ്ങിയ നഗരങ്ങളിലെ ഗതാഗത നിയന്ത്രണത്തിന് നൂതന സംവിധാനങ്ങൾ ഉണ്ടാക്കാൻ നഗരസഭകളും തദ്ദേശഭരണ സ്ഥാപനങ്ങളും പൊതുമരാമത്ത് വകുപ്പും ഗതാഗത വകുപ്പും സംയുക്തമായ സംവിധാനങ്ങൾ ഉണ്ടാക്കൽ.
- വാഹനാപകടങ്ങൾ കുറക്കാനും അപകടങ്ങൾ സംഭവിച്ചാൽ അടിയന്തിര ചികിത്സയ്ക്കുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തൽ.
- ചെർക്കള- ജാൽസൂർ റോഡ് ദേശീയ പാതയാക്കാനുള്ള നടപടി സ്വീകരിക്കൽ
- പോലീസ് കൺട്രോൾ റൂമുമായി ബന്ധിപ്പിച്ച് വൈഫൈ കണക്ഷനോടുകൂടി പ്രധാന ജംഗ്ഷനുകളിൽ സി സി ടി വി ക്യാമറ സ്ഥാപിക്കൽ.
- ജില്ലയിലെ ദേശീയപാതകൾ, സംസ്ഥാന പാതകൾ മറ്റു റോഡുകൾ എന്നിവ പരസ്പരം ബന്ധപ്പെടുത്തുന്നതിന് ജില്ലാ റോഡ് നെറ്റ്വർക്ക് തയ്യാറാക്കൽ.
- പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലേക്ക് റോഡ് ഗതാഗതം ഉറപ്പുവരുത്തൽ. എല്ലാ കോളനികളുടേയും റോഡ് കണക്ടിവിറ്റി പരിശോധിച്ച് ആവശ്യമായ നിർമ്മാണത്തിന് മുൻഗണന നൽകൽ.
- എല്ലാ റോഡുകൾക്കും ഓവുചാലുകൾ നിർമ്മിക്കാൻ സമഗ്ര പദ്ധതി തയ്യാറാക്കൽ. ഓടകൾ ജല സംരക്ഷണത്തിനുതകുന്ന സംവിധാനങ്ങളുമായി ബന്ധപ്പെടുത്തൽ.
- ഓടകളിലെ മലിനജലം സംസ്കരിക്കാൻ ജില്ലയിലെ പ്രധാന നഗരങ്ങളിൽ സംവിധാനമൊരുക്കൽ.
- ജില്ലയിൽ റോഡുപാലങ്ങൾ ആവശ്യമായ സ്ഥലങ്ങൾ ശാസ്ത്രീയ പഠനത്തിലൂടെ കണ്ടെത്തി അവയുടെ നിർമ്മാണം ഉറപ്പുവരുത്തൽ.
- റോഡ് നിർമ്മാണത്തിന്റെ സാങ്കേതിക വിദ്യയിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഉറപ്പുവരുത്തൽ.
- പുതിയ റോഡുകളുടെ നിർമ്മാണം നിലവിലുള്ള ജലസ്രോതസ്സുകൾ നികത്തിയുണ്ടാക്കുന്നത് ഒഴിവാക്കണം (ഉദാ:- പള്ളങ്ങൾ).
- ജില്ലയിലെ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ റോഡിന്റെ ആവശ്യകത കണ്ടെത്തി പുതിയറോഡുകൾക്ക് മുൻഗണനാ പട്ടിക തയ്യാറാക്കൽ
- നഗരങ്ങളിലെ പ്രധാന റോഡുകളിൽ പാർക്കിംഗ് പ്ലാൻ ഉൾപ്പെടെയുള്ള ഗതാഗത സംവിധാനം ദീർഘകാലാടിസ്ഥാനത്തിൽ ഒരുക്കൽ.
- ആവശ്യമുള്ളിടങ്ങളിൽ ബസ് വേകൾ നിർമ്മിക്കൽ.
- എല്ലാ പ്രധാന റോഡുകളിലും ദിശാസൂചകങ്ങൾ സ്ഥാപിക്കൽ.
- പ്രകൃതിദത്ത നീർച്ചാലുകൾ, പള്ളങ്ങൾ എന്നിവയുടെ പ്രാധാന്യം ഉൾക്കൊണ്ട് റോഡുകൾ രൂപകൽപന ചെയ്യൽ.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- സ്കൂൾ, പൊതു കെട്ടിടങ്ങൾ, ഹോസ്പിറ്റലുകൾ എന്നിവയുടെ നിർമ്മാണത്തോടൊപ്പം അവിടേയ്ക്കുള്ള റോഡുകളുടെ നിർമ്മാണം കൂടി ഉൾപ്പെടുത്തൽ
- കോൺക്രീറ്റ്/ ഇന്റർ ലോക്കിംഗ് റോഡുകൾ ആവശ്യമായ ഇടങ്ങളിൽ നിർമ്മിക്കൽ
- പൊതുവായതും ഏറെ പ്രയോജനപ്രദവുമായ ഗതാഗത പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ജില്ലാതലത്തിൽ അപെക്സ് കമ്മിറ്റി രൂപീകരിക്കൽ
- കോമൺ വാട്ടർ പൂളിംഗ് സിസ്റ്റം സ്ഥാപിക്കൽ.
- ഡ്രെയിനേജ് വാട്ടർ ശേഖരണ കേന്ദ്രങ്ങളും ശുദ്ധീകരണ സംവിധാനങ്ങളും ഏർപ്പെടുത്തൽ.
- പ്രകൃതിദത്തജലം കടലിലേക്ക് ഒഴുക്കിക്കളയാതെ

റീസർക്കുലേഷൻ നടത്തൽ.

- അഞ്ചു വർഷത്തിനകം മൺ റോഡുകൾ ടാർ റോഡുകളാക്കി ഗതാഗത സൗകര്യം മെച്ചപ്പെടുത്തൽ.
- എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളെയും ബന്ധിപ്പിക്കുന്ന കണക്ടിവിറ്റി മാപ്പ് തയ്യാറാക്കലും ജിയോ ടാഗിംഗ് നടപ്പാക്കലും.
- തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്രദമാക്കിക്കൊണ്ട് ഓവുചാലുകൾ വൃത്തിയാക്കൽ
- ഗ്രാമീണ റോഡുകളുടെ സ്റ്റാറ്റസ് വർദ്ധിപ്പിക്കൽ
- ചെറുവത്തൂർ-പാലാവയൽ-ഓടക്കൊല്ലി-ചിറ്റാരിക്കൽ റോഡ് സ്റ്റേറ്റ് ഹൈവേയായി ഉയർത്തൽ
- മഞ്ചേശ്വരം, വെള്ളരിക്കുണ്ട്, കാസറഗോഡ് എന്നിവിടങ്ങളിൽ മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കൽ.
- കാര്യങ്കോട് പാലം, ഏണിച്ചാൽ പാലം, മുണ്ടേമ്മാട് പാലം എന്നിവയുടെയും ജില്ലയിലെ തൂക്കുപാലങ്ങളുടെയും പുനർനിർമ്മാണം.
- ജില്ലയിലെ തൂക്കുപാലങ്ങളെ പരിശോധിച്ചു റോഡു പാലങ്ങളാക്കി മാറ്റൽ.
- കാസറഗോഡ്, ചൗക്കി, ഉളിയത്തടുക്ക, വിദ്യാനഗർ ബൈപാസ് യാഥാർത്ഥ്യമാക്കൽ
- ജില്ലയിൽ അഗ്നിശമനസേനയ്ക്കു വേണ്ടിയുള്ള ഓഫീസ് കെട്ടിടവും ഓഫീസർമാർക്കാവശ്യമായ ക്വാർട്ടേഴ്സ് നിർമ്മാണവും
- കാസറഗോഡ് ബീച്ച് റോഡ് വികസനവും ബീച്ചിലെ അടിസ്ഥാന സൗകര്യ വികസനവും
- കാസറഗോഡ് ജില്ലയിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം
- കാസറഗോഡ് കുടുംബകോടതിക്ക് പുതിയ കെട്ടിടം നിർമ്മിക്കൽ.
- കാസറഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റിയെ കേന്ദ്രീകരിച്ച് സെന്റർ ഓഫ് അഡോക് പ്ലാൻ ഏരിയ വികസിപ്പിക്കൽ.
- കോവളം കോട്ടപ്പുറം ജലപാത ബേക്കൽ തീരം വരെ ദീർഘിപ്പിക്കൽ.

2.2 വിനോദസഞ്ചാരം

- കാഞ്ഞങ്ങാട് - പാണത്തൂർ - കാണിയൂർ റെയിൽ പാത യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ ത്വരിത ഗതിയിൽ നടപ്പിലാക്കൽ.
- കേന്ദ്രസർക്കാറിന്റെ സഹായത്തോടെ സംസ്ഥാന ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന 'മലനാട്' ടൂറിസം പദ്ധതിയിൽ കാസർകോട് ജില്ലയിലെ കൂടുതൽ പ്രദേശങ്ങൾ ഉൾപ്പെടുത്തൽ ജില്ലയുടെ വിനോദസഞ്ചാരമേഖലയ്ക്ക് യോജിക്കുന്ന മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.
- സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് ബി. ആർ.ഡി.സി. തുടക്കം കുറിച്ച പദ്ധതികൾ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കലും വ്യാപിപ്പിക്കലും.
- ജില്ലയിലെ ഓരോ ഗ്രാമത്തിലും ടൂറിസം വികസന സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി പ്രൊജക്ട് തയ്യാറാക്കൽ.
- കാസറഗോഡ് പ്രസ്സ് ക്ലബിൽ ലൈബ്രറിയും ഗവേഷണ കേന്ദ്രവും സ്ഥാപിക്കൽ.
- തളങ്കര കടവത്ത് ചന്ദ്രഗിരി ടൂറിസം പദ്ധതി നടപ്പാക്കൽ
- ടൂർ ഓപ്പറേറ്റർമാരെയും, ഹോട്ടൽ, റിസോർട്ട്, ഹോംസ്റ്റേ, ഹൗസ്ബോട്ട് എന്നീ മേഖലയിലുള്ള സംരംഭകരെയും ഉൾപ്പെടുത്തി ട്രാവൽ മാർട്ടുകൾ സംഘടിപ്പിക്കൽ.
- ജില്ലയുടെ ടൂറിസത്തിന്റെ വളർച്ചയ്ക്കായി പ്രത്യേക മാർക്കറ്റിങ് പാക്കേജുകൾ പ്രഖ്യാപിക്കൽ
- സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ, ജില്ലയിൽ ടൂറിസം വികസനം സംബന്ധിച്ച് സെമിനാർ സംഘടിപ്പിച്ച് ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ
- ജില്ലയിൽ ബേക്കൽ ഉൾപ്പെടെയുള്ള പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കൽ.
- BRDC ആവിഷ്കരിച്ച SMILE പദ്ധതി ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും വ്യാപിപ്പിക്കൽ.
- ഇന്ത്യയ്ക്ക് അകത്തും പുറത്തുമുള്ള ടൂറിസം പ്രസിദ്ധീകരണങ്ങളുടെ പ്രതിനിധികളെ ജില്ലയിലെ വിനോദസഞ്ചാരകേന്ദ്രങ്ങളേയും സൗകര്യങ്ങളേയും പരിചയപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കൽ.
- തേജസ്വിനി പുഴയെ ഉപയോഗപ്പെടുത്തി കയ്യൂരിൽ ചെറു ബോട്ടുകളുടെ യാത്രാടൂറിസം ഒരുക്കൽ. ചെറുവത്തൂർ വീരമലക്കുന്നിൽ വ്യൂ പോയിന്റ് പാർക്ക് സ്ഥാപിക്കൽ.
- കായൽ ടൂറിസത്തിന് പ്രാധാന്യം നൽകി, വലിയ പറമ്പ്-ഇടയിലക്കാട് മുതൽ കോട്ടപ്പുറം വരെയുള്ള പ്രദേശങ്ങളെ കൂട്ടിയോജിപ്പിച്ച് ദ്വീപുകളിൽ ഹോംസ്റ്റേ ഒരുക്കി ഉത്തരവാദിത്വ ടൂറിസം പദ്ധതി ആവിഷ്കരിക്കൽ.
- രാമന്തളി മുതൽ അഴിത്തല വരെയുള്ള കടലോര സാധ്യത ഉപയോഗപ്പെടുത്തി ബീച്ച് പാർക്കുകൾ സ്ഥാപിക്കൽ.
- നിർദ്ദിഷ്ട കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനലിനോടനുബന്ധിച്ച് സഞ്ചാരികൾക്ക് താമസ സൗകര്യം ഏർപ്പെടുത്തൽ.
- നീലേശ്വരം രാജകൊട്ടാരം പൈതൃകപ്പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കൽ മടിയൻ, ഉദിനൂർ ക്ഷേത്രങ്ങളിലെ ദാരുശിൽപങ്ങൾ സംരക്ഷിക്കൽ മുതലായ പ്രവർത്തനങ്ങൾ നടത്തൽ.
- പാലാവയൽ മുതൽ കാക്കടവ് വരെ റാഫ്റ്റിംഗ് സൗകര്യം ഏർപ്പെടുത്തൽ.
- ജില്ലയിൽ അനുയോജ്യമായ ഭാഗത്ത് ഇക്കോ ഹിസ്റ്റോറിക്ക് പാർക്കുകൾ സ്ഥാപിക്കൽ.

- ടൂറിസ്റ്റ് പ്രദേശങ്ങളുടെ മാപ്പിംഗും അവയെ കൂട്ടിയോജിപ്പിക്കും വിധം യാത്രാ സൗകര്യത്തിനും ഗൈഡ് ലൈൻ തയ്യാറാക്കൽ.
- ഹോസ്ദുർഗ് കോട്ട- ആനന്ദാശ്രമം- കടലോര ടൂറിസ്റ്റ് വികസന പദ്ധതി പ്രാവർത്തികമാക്കൽ.
- മംഗൽപാടി അട്ക്ക കോട്ടയിൽ പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള 8 ഏക്കർ സ്ഥലത്ത് ടൂറിസ്റ്റ് വികസനം.

IV. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

1. പട്ടികജാതി വികസനം

പ്രധാന പദ്ധതികൾ

എന്റെ ഊര് പദ്ധതി : പട്ടിക ജാതി കോളനികളുടെ സമഗ്ര സാമൂഹ്യ- സാമ്പത്തിക-വിദ്യാഭ്യാസ- ആരോഗ്യ സ്ഥിതി വിവര രേഖ തയ്യാറാക്കൽ.

പഠന മുറ്റം പദ്ധതി : അക്കാദമിക മികവ് ലക്ഷ്യമിട്ട് കോളനികളിൽ കുട്ടികൾക്ക് പൊതു പഠനകേന്ദ്രം കണ്ടെത്തലും അനുബന്ധ സംവിധാനമൊരുക്കലും.

പഠന മുന്നേറ്റം : ഏറെ പിന്നോക്കം നിൽക്കുന്ന പട്ടിക വർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കൽ.

നിർദ്ദേശങ്ങൾ

- പട്ടികജാതി മേഖലയിൽ പാർപ്പിട നിർമ്മാണത്തിൽ സ്വയം പര്യാപ്തത നേടാൻ ലൈഫ് മിഷൻ പ്രവർത്തനം കാര്യക്ഷമമാക്കൽ.
- കൈവശ ഭൂമിക്ക്, എല്ലാ പട്ടിക ജാതി വിഭാഗക്കാർക്കും പട്ടയം ലഭ്യമാക്കൽ
- പണിതീരാത്ത വീടുകൾ സമയബന്ധിതമായി പൂർത്തിയാക്കൽ
- പട്ടികജാതി വിഭാഗങ്ങളിൽ ഉന്നതവിദ്യാഭ്യാസം നേടിയ വ്യക്തികൾക്ക് പരിശീലനവും തൊഴിലും ഉറപ്പാക്കാനുള്ള സംവിധാനമൊരുക്കൽ.
- പട്ടികജാതി വിഭാഗക്കാരുടെ പരമ്പരാഗത തൊഴിലിന് പ്രോത്സാഹനവും, ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തലും.
- എക്സൈസ് വകുപ്പിന്റെ വിമുക്തി പദ്ധതിയുമായി യോജിച്ച് ലഹരിക്കെതിരെ ബോധവത്കരണ പ്രവർത്തനം നടത്തൽ
- റവന്യൂ ബ്ലോക്കുതലത്തിൽ പട്ടികജാതി വിഭാഗക്കാർക്കായി കരിയർ ഗൈഡൻസ് കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
- മോഡൽ റസിഡെൻഷ്യൽ സ്കൂളും പ്രീമെട്രിക് ഹോസ്റ്റലുകളും ആധുനിക സൗകര്യങ്ങളോടെ വികസിപ്പിക്കൽ.
- പട്ടികജാതി കോളനികളിലെ വീടുകളുടെ വൈദ്യുതീകരണം പൂർണ്ണമാക്കൽ.
- പട്ടികജാതി കോളനികളിലേക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തൽ

നവകേരള മിഷൻ സംയോജനം

- ഭവനനിർമ്മാണം, വീട് റിപ്പയർ ചെയ്യൽ തുടങ്ങിയവ (ലൈഫ് മിഷൻ)
- ചികിത്സാ സൗകര്യങ്ങൾ, ചികിത്സാ സഹായം ലഭ്യമാക്കൽ മുതലായവ (ആർദ്രം പദ്ധതി)
- ശുചിത്വ പൂർണ്ണമായ കോളനികളിലെ ആവാസ വ്യവസ്ഥ സംജാതമാക്കൽ (ഹരിത കേരളം മിഷൻ)

നൂതന ആശയങ്ങൾ

- പട്ടികജാതി കോളനികളിൽ വിജ്ഞാൻവാടി ശാക്തീകരണവും, ആവശ്യമായ ജീവനക്കാരെ നിയമിക്കലും.
- പട്ടികജാതി വികസനസ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കൽ (ഓഫീസുകൾ, ഹോസ്റ്റലുകൾ, വിദ്യാലയം).
- പട്ടികജാതി വിഭാഗക്കാർക്ക് മത്സരപ്പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന കേന്ദ്രങ്ങൾ ബ്ലോക്കു തലത്തിൽ സ്ഥാപിക്കൽ.
- പട്ടികജാതി കുട്ടികൾ പഠിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ മികവിന്റെ കേന്ദ്രമായി മാറ്റൽ.
- പട്ടികജാതി കോളനികളിൽ GIS മാപ്പിംഗ് നടത്തി നിലവിൽ ലഭ്യമായ പശ്ചാത്തല സൗകര്യങ്ങൾ, വീടുകൾ, കുടുംബങ്ങൾ എന്നിവ മാർക്ക് ചെയ്യുകയും പദ്ധതികൾ ആസൂത്രണം നടത്തുകയും ചെയ്യൽ.
- പട്ടികജാതി വികസനവകുപ്പ്, ത്രിതല പഞ്ചായത്തുകൾ എന്നിവ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ സംയോജന ഏകോപന സാധ്യതകൾ ഉറപ്പുവരുത്തൽ.
- സ്വയംതൊഴിൽപദ്ധതികൾക്ക് അനുയോജ്യമായ പരിശീലനപരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കൽ.
- പട്ടികജാതിക്കാരുടെ ഇടയിലുള്ള കുലത്തൊഴിൽ, കല എന്നിവ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കൽ.
- ഉന്നത വിദ്യാഭ്യാസ രംഗത്ത് പട്ടിക ജാതി വിഭാഗക്കാർക്ക് പരമാവധി സാധ്യതകൾ ലഭിക്കുന്നതിന് എൻട്രൻസ് പരിശീലനം, കരിയർ ഗൈഡൻസ് എന്നിവ സംഘടിപ്പിക്കൽ.
- എല്ലാ പട്ടികജാതി കോളനികളിലും സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ.
- പൊതുമേഖലയെ കൂടാതെ സ്വകാര്യമേഖലകയിലും പട്ടികജാതിക്കാർക്കായി തൊഴിൽ സംവരണം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കൽ.

- എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കൽ.
- പട്ടികജാതി വിഭാഗത്തിലെ ഭിന്ന ശേഷിക്കാർക്ക് പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ.
- പഠനരംഗത്ത് മികവ് പ്രകടിപ്പിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് രാജ്യത്തിനകത്ത് നിന്നും വിദേശ രാജ്യത്തുനിന്നും സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പട്ടികജാതിക്കാരായ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ.
- കാർഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിന് പട്ടികജാതിക്കാർക്ക് പ്രത്യേക കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ.
- മുഴുവൻ പട്ടികജാതിക്കാരെയും ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തൽ.
- പട്ടികജാതിക്കാരായ വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പാക്കേജുകൾ ആവിഷ്കരിക്കൽ.
- അസംഘിടിത മേഖലയിൽ ജോലിയെടുക്കുന്ന എല്ലാ പട്ടികജാതി കുടുംബങ്ങളേയും ബി പി എൽ വിഭാഗത്തിൽപ്പെടുത്തി അവർക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കൽ.
- പ്രൊഫഷണൽ കോളേജുകളിൽ പഠനം ഇടയിൽ വെച്ച് നിർത്തേണ്ടി വരുന്ന വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേക ഫിനിഷിംഗ് സെന്ററുകൾ ആരംഭിക്കൽ.
- പട്ടികജാതി വിദ്യാർത്ഥികൾക്കിടയിലുള്ള തോൽവിയും കൊഴിഞ്ഞുപോക്കും തടയുന്നതിന് ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ.
- കലാ കായിക മേഖലകളിൽ കഴിവ് തെളിയിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രസ്തുത മേഖലകളിൽ കൂടുതൽ പരിശീലനം നേടുന്നതിന് സൗകര്യം ഏർപ്പെടുത്തൽ.
- പട്ടികജാതി കോളനികൾക്കകത്ത് മുന്തിയ പാശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
- കോളനിക്കകത്ത് മാലിന്യനിർമ്മാർജ്ജനത്തിനും ഡ്രെയിനേജിനും ആവശ്യമായ പദ്ധതികൾ നടപ്പിലാക്കൽ.
- ഹരിതകേരളം മിഷന്റെ ഭാഗമായി പട്ടികജാതി കോളനികളിലെ മുഴുവൻ കിണറുകളും റീചാർജ്ജിംഗ് നടത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കൽ.
- മുഴുവൻ പട്ടികജാതി കോളനികളിലും ജൈവപച്ചക്കറികൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ.
- എല്ലാ പട്ടികജാതി കോളനികളിലും സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
- കാർഷിക മേഖലയിൽ തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിന് കാർഷിക കർമ്മസേന രൂപീകരിക്കൽ. കർഷകത്തൊഴിലാളികൾക്ക് ആധുനിക കൃഷി സങ്കേതങ്ങളിൽ പരിശീലനം നൽകൽ

മേൽത്തട്ട് നിർദ്ദേശങ്ങൾ

- മിച്ച ഭൂമി ലഭിച്ചവർക്ക് അത് കൃത്യമായി അളന്ന് പട്ടയം നൽകൽ.
- ഭൂമി വാങ്ങൽ പദ്ധതിക്ക് :- പട്ടികജാതി വികസന വകുപ്പും ത്രിതല പഞ്ചായത്തുകളും നൽകുന്ന നിരക്കും അളവും ഏകീകരിക്കൽ.
- പട്ടികജാതി വിഭാഗക്കാർക്കായി Pre Examination Training Centre (PETC) സ്ഥാപിച്ച് മത്സര പരീക്ഷകൾക്ക് പരിശീലനം നൽകൽ.
- ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി ചുരുങ്ങിയത് 5 വർഷമാക്കാനുള്ള നടപടി സ്വീകരിക്കൽ.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- സർക്കാർ ജോലിയ്ക്കായി എസ്.സി ഉദ്യോഗാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിന് 'പ്രബല' പരിശീലന സ്ഥാപനങ്ങളിൽ ആധുനിക രീതിയിലുള്ള പരിശീലന സൗകര്യം ഏർപ്പെടുത്തൽ.
- വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കൽ. (പ്രൊമോട്ടർ സർവ്വേ)
- ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകളെ പുനരധിവസിപ്പിക്കുവാനും അവർക്ക് സംരക്ഷണം നൽകുവാനുമുള്ള പദ്ധതികൾ ആവിഷ്കരിക്കൽ. (പ്രൊമോട്ടർ സർവ്വേ)
- അവിവാഹിതരായ അമ്മമാരെ പുനരധിവസിപ്പിക്കാനും സംരക്ഷിക്കാനുമുള്ള പദ്ധതികൾ നടപ്പിലാക്കൽ.
- കുടുംബശ്രീ പ്രവർത്തനം പട്ടികജാതി കോളനികളിൽ ഫലപ്രദമാക്കൽ.

2. പട്ടികവർഗ്ഗ വികസനം

പ്രധാന പദ്ധതികൾ

ഗോത്ര രേഖ (സ്ഥിതി വിവര പഠനം) : ഊരുകളുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമ്പൂർണ്ണ സാമൂഹ്യ സാമ്പത്തിക- ആരോഗ്യ- സ്ഥിതി വിവര രേഖ തയ്യാറാക്കൽ.

സമഗ്രം- സുസ്ഥിരം : അടിസ്ഥാന രേഖയുടെ വെളിച്ചത്തിൽ ആവശ്യാധിഷ്ഠിത വികസന സമീപനവും ജിയോ ടാഗിംഗും.

ശുചിത്വ ഊര് : ഊരുകളുടെ സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കലും ഹരിതവൽക്കരണവും.

നിർദ്ദേശങ്ങൾ

- പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് സാമ്പത്തിക, സാമൂഹിക വികസനം,

പശ്ചാത്തല സൗകര്യവികസനം എന്നീ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിക്കൽ. (വീട്, കുടിവെള്ളം, വൈദ്യുതി, പൊതുശൗചാലയങ്ങൾ മുതലായവ ഏർപ്പെടുത്തുന്നതിന് ഊന്നൽ നൽകൽ).

- പട്ടികവർഗ്ഗസങ്കേതങ്ങളിൽ റോഡുകൾ, കുടിവെള്ളം, അങ്കണവാടികൾ, വിദ്യാലയങ്ങൾ മറ്റ് അനുബന്ധ പശ്ചാത്തല സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കൽ.
- റേഷൻകാർഡുകൾ ഇല്ലാത്ത പട്ടികവർഗ്ഗ കുടുംബത്തിന് റേഷൻ കാർഡ് അനുവദിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കൽ.
- ഉന്നത വിദ്യാഭ്യാസ രംഗത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് പ്രത്യേക എൻട്രൻസ് പരിശീലനപരിപാടികൾ ആവിഷ്കരിക്കൽ.
- സമഗ്രആരോഗ്യഇൻഷൂറൻസ് പദ്ധതിയിൽ മുഴുവൻ പട്ടികവർഗ്ഗക്കാരേയും ഉൾപ്പെടുത്തൽ.
- സാങ്കേതിക വിദ്യകളുടെ പുതിയ മാനങ്ങളിലേക്ക് കടന്നുചെല്ലുന്നതിനായി ആധുനികരീതിയിലുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ച് പരിശീലനം ലഭ്യമാക്കൽ.
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ മികവിന്റെ കേന്ദ്രങ്ങളായി മാറ്റൽ.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക കോച്ചിംഗ് നൽകി മുൻപന്തിയിലേക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കൽ.
- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിയുള്ള കുട്ടികളെ പ്രത്യേക പരിഗണന നൽകി ഉയർത്തിക്കൊണ്ടുവരുന്നതിന് പദ്ധതികൾ ആവിഷ്കരിക്കൽ.
- ജില്ലയിലെ മുഴുവൻ പട്ടികവർഗ്ഗ കോളനികളിലും സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കൽ. അതുവഴി കരിയർ ഗൈഡൻസ്, തൊഴിൽ പരിശീലനം എന്നിവക്കുള്ള സൗകര്യമൊരുക്കൽ.
- പട്ടികവർഗ്ഗ കോളനികളിൽ ശുചിത്വം, മാലിന്യസംസ്കരണം എന്നിവയ്ക്കായി പ്രത്യേകം സംവിധാനം ഏർപ്പെടുത്തൽ. കുടിവെള്ള സ്രോതസ്സുകളെ ശുചീകരിക്കൽ
- അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളേയും ബി പി എൽ ലിസ്റ്റിൽ ഉൾപ്പെടുത്തി അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കൽ.
- പ്രഫഷണൽ കോളേജുകളിൽ നിന്ന് ഇടയ്ക്ക് പഠനം നിർത്തേണ്ടി വരുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ഫിനിഷിംഗ് സെന്ററുകൾ ആരംഭിക്കൽ.
- പട്ടികവർഗ്ഗ വിഭാഗക്കാരായ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ.
- പട്ടികവർഗ്ഗ വിഭാഗത്തിലെ കലാ കായിക മേഖലയിൽ കഴിവുതെളിയിക്കുന്ന കുട്ടികൾക്ക് ആധുനിക രീതിയിലുള്ള പരിശീലനം സാധ്യമാക്കൽ.
- പട്ടികവർഗ്ഗ വിഭാഗക്കാരുടെ കലാ-കായിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ കോളനിക്കകത്ത് ലഭ്യമാക്കൽ.

മേൽത്തട്ട് കീഴ്ത്തട്ട് നിർദ്ദേശം

- പൊതുമേഖലയെ കൂടാതെ സ്വകാര്യമേഖലയിലും പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ സംവരണം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കൽ.
- ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും അനുയോജ്യമായ മേഖലയിൽ തൊഴിൽ പരിശീലനം നൽകി സ്വന്തമായി തൊഴിൽ ചെയ്ത് ജീവിക്കുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പട്ടികവർഗ്ഗവിഭാഗക്കാരുടെ ഭൂമി അന്യാധീനപ്പെട്ട് പോകാതിരിക്കാൻ പ്രത്യേക ഡാറ്റാ ബാങ്ക് തയ്യാറാക്കി ഭൂമിയുടെ അതിര് അളന്ന് തിട്ടപ്പെടുത്തി മാർക്ക് ചെയ്യൽ.
- ജില്ലയിൽ നിലവിലുള്ള പട്ടികവർഗ്ഗവിഭാഗക്കാരുടെ ജനസംഖ്യക്ക് ആനുപാതികമായി പട്ടികവർഗ്ഗ ഉപപദ്ധതികൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ.
- എല്ലാ പട്ടികവർഗ്ഗ കോളനികളുടെയും GIS മാപ്പിംഗ് തയ്യാറാക്കി നിലവിൽ അവിടെ ലഭ്യമായ പശ്ചാത്തല സൗകര്യങ്ങൾ, വീടുകൾ, കുടുംബങ്ങൾ എന്നിവ മാർക്ക് ചെയ്യൽ.
- പട്ടികവർഗ്ഗക്കാരുടെ തനത് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കൽ.
- പട്ടികവർഗ്ഗ വിഭാഗക്കാരെ ലഹരിവിമുക്തമാക്കുന്നതിന് വ്യാജവാറ്റ് തടയുന്നതിന് കർശന നടപടികൾ ആവിഷ്കരിക്കൽ..
- എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളേയും കുടുംബശ്രീയിൽ അംഗമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ.
- പട്ടികവർഗ്ഗ കുടുംബങ്ങളിലെ ഒരാൾക്കെങ്കിലും നിർബന്ധമായും വാഹന ഡ്രൈവിംഗ് പരിശീലനം നൽകൽ.
- ഗുരുതരമായ രോഗങ്ങൾ ബാധിച്ച പട്ടികവർഗ്ഗവിഭാഗക്കാരെ ചികിത്സിക്കുന്നതിന് പ്രത്യേക ആരോഗ്യ പരിപാടികൾ നടപ്പാക്കൽ.
- പട്ടികവർഗ്ഗ മേഖലയിൽ നിലവിലുള്ള എല്ലാ പി.എച്ച്.സി.കളും സി.എച്ച്.സി. ആയി ഉയർത്തൽ.
- പട്ടികവർഗ്ഗ കോളനികളിലെ പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കുന്നതിന് പ്രത്യേകം കർമ്മസേനകൾ രൂപീകരിക്കൽ..
- പട്ടികവർഗ്ഗ കോളനികളിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാക്കൽ..
- ആരോഗ്യ ക്ഷേമത്തിനുള്ള പദ്ധതികൾക്കായി എ

സ് ടി വിഭാഗത്തിന് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ഹെൽപ്പ് ഡെസ്ക് സംവിധാനമൊരുക്കൽ.

- പട്ടികവർഗ്ഗ വിഭാഗക്കാരുടെ പരമ്പരാഗത ചികിത്സാ സംവിധാനങ്ങൾ, നാട്ടറിവുകൾ, നാടൻ കലകൾ തുടങ്ങിയവ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കൽ
- എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ആറു മാസത്തിലൊരിക്കൽ പട്ടികവർഗ്ഗക്കാർക്കുള്ള ഫയൽ അദാലത്തുകൾ നടത്തൽ.
- ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്കായി മത്സരപരീക്ഷാ പരിശീലന കേന്ദ്രങ്ങൾ അനുവദിക്കൽ.

നവകേരളമിഷൻ സംയോജനം

- ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗത്തിലെ ഭവനരഹിതർക്ക് 2020 നകം ഭവനങ്ങൾ നിർമ്മിക്കൽ
- ആർദ്രം പദ്ധതിയുമായി സംയോജിപ്പിച്ച് പട്ടികവർഗ്ഗ കോളനികളിൽ പ്രത്യേക ക്യാമ്പുകളും തുടർ ചികിത്സാസൗകര്യവും ഒരുക്കൽ.
- ആദിവാസി കുടുംബങ്ങളെ സംബന്ധിച്ച് വിശദമായ ഇ-സർവ്വേ നടത്തൽ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്ന രീതിയിൽ സോഫ്റ്റ് വെയർ തയ്യാറാക്കലും ഇ-സർവേ പൂർത്തിയാക്കലും.
- ഓരോ ആദിവാസി കുടുംബത്തിനുമുള്ള ഭൂമിയുടെ അവകാശത്തിന്റെ സ്വഭാവം കൃത്യമായി മനസ്സിലാക്കി കൈവശ ഭൂമിക്ക് പട്ടയ വിതരണവും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കലും.
- എല്ലാ കുടുംബങ്ങൾക്കും കുടിവെള്ളം ഉറപ്പു വരുത്തൽ
- പട്ടികവർഗ്ഗവിഭാഗക്കാരുടെ താമസ സങ്കേതങ്ങളിലേക്ക് ഗതാഗതം സുഗമമാക്കാൻ റോഡുകളും ഫുട്പാത്തുകളും നിർമ്മിച്ച് യാത്രാ സൗകര്യം മെച്ചപ്പെടുത്തൽ.
- ആരോഗ്യ സേവനത്തിന് സർക്കാർ ആശുപത്രികളെത്തന്നെ ആശ്രയിക്കുന്ന രീതിയിൽ ജനനീ-ജ-രക്ഷ പദ്ധതി, ചികിത്സാ ധനസഹായം എന്നിവ ഗുണഭോക്താക്കൾ കൃത്യമായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തൽ.
- ആവശ്യത്തിന് പോസ്റ്റ്മെട്രിക്, പ്രീമെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കൽ. സ്പോർട്സ് മേഖലയിൽ കഴിവു തെളിയിച്ചവരുടെ വികസനത്തിനായി പരപ്പ ബ്ലോക്ക് പരിധിക്കകത്ത് സ്പോർട്സ് സ്കൂൾ സ്ഥാപിക്കൽ.
- പട്ടിക വർഗ്ഗ വിഭാഗത്തിന്റെ പരമ്പരാഗത തൊഴിൽ മേഖലയ്ക്ക് പരമാവധി പ്രോത്സാഹനം നൽകുന്നതിനും ഉല്പന്ന വിതരണത്തിനുമുള്ള സംവിധാനമൊരുക്കൽ.
- പട്ടികജാതി/ പട്ടിക വർഗ്ഗ കോർപ്പറേഷനുകളിൽ നിന്ന് പട്ടിക വർഗ്ഗക്കാർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ഉദാരമായ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കൽ.
- കൃഷിഭൂമിയുള്ള നിരവധി പട്ടികവർഗ്ഗ കുടുംബങ്ങൾ ഇപ്പോഴും ഉപയോഗിച്ചുവരുന്നത് പഴയ കൃഷി രീതിയാണ്. കാർഷികോൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിലേക്കായി പട്ടികവർഗ്ഗ ക്കാർക്ക് നൂതനരീതിയിലുള്ള കൃഷിപരിശീലനം നൽകലും കൃഷി പ്രോത്സാഹിപ്പിക്കലും.
- ജില്ലയിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഗോത്ര വിഭാഗത്തിൽപ്പെട്ട കൊറഗ, മലവേട്ടുവ വിഭാഗക്കാർക്കായി പ്രത്യേക പാക്കേജ് നടപ്പാക്കൽ.
- പട്ടികവർഗ്ഗ വികസനത്തിനായി ത്രിതല പഞ്ചായത്തുകൾ ഉൾപ്പെടെ വിവിധ ഏജൻസികൾ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഈ വകുപ്പുകളുടെ സംയോജനം ഉറപ്പാക്കൽ.
- പട്ടികവർഗ്ഗ വികസന വകുപ്പും ത്രിതല പഞ്ചായത്തും നടപ്പിലാക്കുന്ന വരുമാനദായക പദ്ധതികളിൽ ആവശ്യമായ മാറ്റം വരുത്തൽ.

  ഉദാ:- മാർക്കറ്റിൽ വിപണന സാധ്യതയുള്ള വൈവിധ്യവൽകൃത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് സംരംഭകർക്ക് ധനസഹായം നൽകൽ. ഇതിലേക്കാവശ്യമായ പരിശീലനം നൽകൽ.
- 2002 ലും 2013 ലും പട്ടികവർഗ്ഗക്കാരുടെ പട്ടികയിൽ കേന്ദ്ര ഗവൺമെന്റ് മാറ്റം വരുത്തുകയുണ്ടായി. 2002ൽ മറാട്ടി വിഭാഗക്കാരെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ പട്ടികയിൽ നിന്നും ഒഴിവാക്കുകയും മാവിലൻ, മലവേട്ടുവൻ എന്നീ സമുദായങ്ങളെ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തുകയും ഉണ്ടായി. 2013 ൽ മുൻപ് ഒഴിവാക്കിയ മറാട്ടി വിഭാഗക്കാരെ വീണ്ടും പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തിയതോടെ ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ 83000 ൽ അധികമായി വർദ്ധിച്ചു. എന്നാൽ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോഴും ടി.എസ്.പി. ഫണ്ട് അനുവദിക്കുന്നത് 2002 ലെ ജനസംഖ്യാ വിന്യാസത്തിന്റെ അടിസ്ഥാനത്തിലാണ്. ഇത് ഭേദഗതി വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരികിക്കേണ്ടതുണ്ട്.
- അർഹതയുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ബി.പി.എൽ. കാർഡ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ.
- ജില്ലയിലെ കൊറഗ മലവേട്ടുവ വിഭാഗക്കാരിൽ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ ജോലിയുള്ളവരും സമൂഹത്തിന്റെ വികസനത്തിന്റെ മുന്നണിയിലെത്തിയവരും വളരെ കുറവാണ്. ആകയാൽ ജില്ലയിൽ കുമ്പളയിൽ കൊറഗ വിഭാഗക്കാരുടെ ഉന്നമനത്തിനും, ഒടയംചാലിൽ മലവേട്ടുവ വിഭാഗക്കാരുടെ ഉന്നമനത്തിനുമായി മത്സരപരീക്ഷാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നത് നന്നാവും. തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ കൊറഗ-മലവേട്ടുവ വിഭാഗക്കാരുടെ രജിസ്റ്റർ സൂ

ക്ഷിച്ച് ജോലി കണ്ടെത്തുന്നതിന് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

- വനാതിർത്തിയിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരിൽ നിന്നും യോഗ്യരായവരെ വനം വകുപ്പിൽ വാച്ചർമാരായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ.
- പട്ടികവർഗ്ഗക്കാരുടെ മൃതദേഹം മറവു ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ ശ്മശാനം നിർമ്മിക്കൽ.
- സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ രജിസ്റ്റർ തയ്യാറാക്കൽ.
- പട്ടികവർഗ്ഗ വിഭാഗത്തിലെ വയോജനങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ.
- പട്ടികവർഗ്ഗ കോളനികളിൽ എക്സൈസ് വകുപ്പിന്റെ വിമുക്തി പദ്ധതി പ്രാവർത്തിക മാക്കൽ.
- അഭ്യസ്ത വിദ്യരായ പട്ടികവർഗ്ഗക്കാർക്ക് മത്സര പരീക്ഷകളിൽ പരിശീലനം നൽകുന്നതിനു ഓരോ ബ്ലോക്കിലും തൊഴിൽ പരിശീലന കേന്ദ്രം (Pre Examination Training Centre) ആരംഭിക്കൽ.
- ജനസംഖ്യാനുപാതികമായി TSP ഫണ്ടുകൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കൽ (47791 ആയിരുന്ന പട്ടിക വർഗ്ഗ ജനസംഖ്യ മറാഠികൾകൂടി വന്നതോടെ 83865 ആയി ഉയർന്നിട്ടുണ്ട്).
- ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനു ധനസഹായം നൽകുകയോ സർക്കാർ ഭൂമി കണ്ടെത്തി നൽകുകയോ ചെയ്യൽ.
- പരപ്പ അടിസ്ഥാനമാക്കി ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് സ്ഥാപിക്കൽ. (ജില്ലയിലെ പട്ടിക വർഗ്ഗ ജനസംഖ്യയുടെ 68% പേർ താമസിക്കുന്നത് പരപ്പ ബ്ലോക്കിലാണ്).

3. വനിതകൾ, കുട്ടികൾ, ഭിന്ന ശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ വിഭാഗം

പ്രധാന പദ്ധതികൾ

She Lounge (സ്ത്രീസൗഹൃദ പൊതു ഇടങ്ങൾ) : She Lounge (സ്ത്രീസൗഹൃദ പൊതു ഇടങ്ങൾ) സ്ത്രീകൾക്ക് വിശ്രമിക്കുന്നതിനും ടോയ്ലെറ്റ് സൗകര്യം ഉപയോഗിക്കുന്നതിനും മുലയൂട്ടുന്നതിനും സുരക്ഷിതവും ആധുനിക സൗകര്യങ്ങൾ ഉള്ളതുമായ പൊതു ഇടങ്ങൾ.

വയോ സൗഖ്യ കേന്ദ്രം : എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും വയോജനങ്ങൾക്ക് ആരോഗ്യ പരിചരണത്തിനും, വിശ്രമത്തിനും വിനോദത്തിനും വ്യായാമത്തിനും സൗകര്യപ്രദമായ കേന്ദ്രം.

അതി ജീവനം (സ്ത്രീകൾക്കുള്ള സവിശേഷ പദ്ധതി): ഗർഭാശയഗള കാൻസർ, സ്തനാർബുദം എന്നിവ കൊണ്ടുള്ള മരണം സംഭവിക്കാത്ത ജില്ല- എന്ന ലക്ഷ്യത്തിലേക്ക് (ആദ്യഘട്ട പ്രവർത്തനം).

സംരക്ഷിത ഊര് : ആദിവാസി വനിതകൾ, കുട്ടികൾ എന്നിവർക്കെതിരെയുള്ള അതിക്രമം തടയൽ, പീഡനം ഇല്ലാതാക്കൽ, സുരക്ഷിതവും സംരക്ഷിതവുമായ അന്തരീക്ഷമൊരുക്കൽ- വിവിധ വകുപ്പുകളുടെ സംയുക്ത സംരംഭം.

വനിതാ ജീവനം : വനിതകളുടെ ജീവനോപാധികൾ ലക്ഷ്യമിട്ട് നൈപുണി വികാസ കേന്ദ്രങ്ങൾ (പരിശീലനം, ഉല്പന്ന നിർമ്മാണം, വിപണനം) (പ്രത്യേകിച്ച് ബഡ്സ് സ്കൂൾ, പൊതു വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് രക്ഷിതാക്കൾക്ക്)

മനോ ബുദ്ധി വികാസ കേന്ദ്രം : കുട്ടികളുടെ ബഹുതല ബുദ്ധിവികാസം ലക്ഷ്യമിട്ടുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ മനോ ബുദ്ധി വികാസ കേന്ദ്രം. (ശിശുസൗഹൃദ ജില്ല എന്ന ലക്ഷ്യത്തിലേക്ക്).

നിർദ്ദേശങ്ങൾ

വനിത

- സമഗ്ര സ്ത്രീപഠന രേഖ 13-ാം പദ്ധതിയുടെ കാലയളവിൽ 2018-19 വർഷത്തിൽ തന്നെ തയ്യാറാക്കൽ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സാമൂഹ്യനീതി, പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ, ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് തുടങ്ങിയവയുടെ സംയുക്ത പദ്ധതിയായി നടപ്പാക്കൽ).
- ജന്റർ ഓഡിറ്റിംഗും ബഡ്ജറ്റിംഗും നടപ്പാക്കൽ (നിശ്ചിത ശതമാനം തുക വനിതാ ശാക്തീകരണത്തിനായി ചെലവഴിക്കുന്നു എന്ന് ഉറപ്പുവരുത്തൽ).
- വിവിധ വകുപ്പുകളിലെയും, സ്ഥാപനങ്ങളിലെയും സ്ത്രീകളെ ഏകോപിപ്പിക്കൽ.
- ജില്ലയുടെ സ്ത്രീ തൊഴിലാളി പങ്കാളിത്ത നിരക്ക് 20.32 ശതമാനത്തിൽ നിന്ന് 25 ശതമാനമായി ഉയർത്തൽ (ഇതിനാവശ്യമായ പരിശീലനങ്ങളും തൊഴിൽ പ്രോത്സാഹനങ്ങളും തുടർച്ചയായ മോണിറ്ററിംഗും ഉറപ്പുവരുത്തൽ. പരമ്പരാഗതമല്ലാത്ത പുതിയ തൊഴിൽ മേഖലകളിലേയ്ക്ക് സ്ത്രീകൾ കടന്നുചെല്ലുന്നതിനുള്ള പദ്ധതികൾ വനിത ഘടകപദ്ധതിയിൽ ഉറപ്പുവരുത്തൽ).
- വിദേശത്ത് ജോലിക്കുപോകുന്ന സ്ത്രീകൾക്ക് രജിസ്ട്രേഷൻ ഉറപ്പുവരുത്തൽ.
- ബാലപീഡന നിരോധന നിയമം (2012), ഗാർഹിക പീഡനിരോധന നിയമം (2005), തൊഴിൽ സ്ഥലത്തെ ലൈംഗിക പീഡനങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള നിയമം (2013) എന്നിവ കർശനമായി നടപ്പിലാക്കി ജില്ലയെ സ്ത്രീ സൗഹൃദമാക്കി മാറ്റൽ.
- താഴെത്തട്ടിലെ സ്ത്രീകളുടെ സമഗ്രവികസനത്തിനും പുരോഗതിക്കുമായി ലഭ്യമാക്കുന്ന സേവനങ്ങൾ പൂർണ്ണമായും അവരിലേക്ക് എത്തിച്ചേരുന്നുവെന്ന് ഉറപ്പ് വരുത്തൽ.
- വിധവകളുടെ പുനരധിവാസ പദ്ധതികൾ ആവി

ഷ്കരിക്കൽ.

- സ്ത്രീ വയോജനങ്ങൾക്ക് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ.
- ഉന്നത വിദ്യാഭ്യാസം നേടിയ സ്ത്രീകൾക്ക് ജോലി ലഭ്യമാകുന്ന പദ്ധതി രൂപീകരിക്കൽ.
- സ്ത്രീ സൗഹാർദപരമായ പുനരധിവാസ കേന്ദ്രങ്ങൾ, Short Stay ഹോമുകൾ എന്നിവ സ്ഥാപിക്കൽ.
- സ്ത്രീ പഠനത്തിനും, ബോധവൽക്കരണത്തിനുമായി ജില്ലാതലത്തിൽ ഒരു കേന്ദ്രം സ്ഥാപിക്കൽ.
- വിധവകളെയും, അഗതികളെയും സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കൽ.
- വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും കടക്കെണിയിലായ വനിതാ തൊഴിൽ സംരംഭങ്ങളെ സഹായിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കൽ.
- കുടുംബശ്രീ ഉൽപന്നങ്ങൾക്ക് വിപണി ഉറപ്പാക്കൽ. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ബ്രാൻഡ് ചെയ്ത ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് കടകൾ സ്ഥാപിക്കൽ.
- അഗതികളായ മുഴുവൻ കുടുംബങ്ങളെയും ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തൽ.
- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നതും ഒറ്റപ്പെട്ടു ജീവിക്കുന്നവരുമായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കൽ.
- ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഉപയോഗിച്ചുകൊണ്ട് വനിതാ റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കൽ (വൈദഗ്ദ്ധ്യ വികസനം, വിദ്യാഭ്യാസ സാംസ്കാരിക പ്രവർത്തനങ്ങൾ മുതലായ കാര്യങ്ങൾ നടത്താനുള്ള സൗകര്യം).
- സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ജാഗ്രതാ സമിതികൾ സജീവമാക്കി വാർഡ് തലത്തിൽ വിപുലമായ നിയമ ബോധവൽക്കരണം, ലീഗൽ സർവ്വീസ് അതോറിറ്റിയുമായി സഹകരിച്ച് നടപ്പിലാക്കൽ.
- മുലയൂട്ടുന്ന അമ്മമാർക്കായി പൊതുയിടങ്ങളിലും, പ്രധാന ടൗണുകളിലും മുലയൂട്ടൽ കേന്ദ്രങ്ങൾ സ്ഥാപിക്കൽ (She Lounge).
- 'അതിജീവന'ത്തിൻെറ ഭാഗമായി Early Cancer Defection Centre (ECDC) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആരംഭിച്ച് ചികിത്സ ഉറപ്പുവരുത്തൽ.
- വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വിദഗ്ദ്ധപരിശീലനം കുടുംബശ്രീ മുഖേന നടത്തൽ.
- വീട്ടമ്മമാർക്ക് കമ്പ്യൂട്ടറിൽ അടിസ്ഥാന പഠനസൗകര്യം ഒരുക്കൽ.
- ഷീ ടാക്സി സംവിധാനവും പ്രധാനപ്പെട്ട ടൗണുകളിൽ ഷീ ലോഡ്ജും സ്ഥാപിക്കുന്നതിന് ബ്ലോക്ക്, ജില്ല പഞ്ചായത്തുകളിൽ പദ്ധതി തയ്യാറാക്കൽ.
- സെക്കണ്ടറി തലം മുതൽ വിദ്യാർത്ഥിനികൾക്ക് കൗൺസിലിംഗും, തൈക്കൊണ്ടോ, ജൂഡോ തുടങ്ങിയവയിൽ പരിശീലനവും നൽകുന്ന പദ്ധതികൾ നടപ്പാക്കൽ.
- നാപ്കിൻ വെന്റിംഗ് മെഷീൻ എല്ലാ ഹൈസ്കൂളുകളിലും, അംഗൻവാടി, പി എച്ച് സി എന്നിവിടങ്ങളിലും സ്ഥാപിക്കൽ.
- കൗമാര പ്രായത്തിലുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പരിസ്ഥിതി, ലൈംഗികത, ആർത്തവ ശുചിത്വം, സാമൂഹിക അവബോധം തുടങ്ങിയവയെക്കുറിച്ചുള്ള അവബോധം നൽകൽ.
- പാർശ്വവൽകരിക്കപ്പെട്ട വിഭാഗങ്ങൾക്കായി പി.എസ്.സി, മത്സര പരീക്ഷാപരിശീലന കേന്ദ്രങ്ങൾ സംഘടിപ്പിക്കൽ (സംയുക്ത പ്രോജക്ട്).
- വനിതാ സ്വയം തൊഴിൽ സംരംഭകരുടെ ഉൽപന്നങ്ങൾ ശേഖരിക്കുന്നതിനും വിറ്റഴിക്കുന്നതിനുമുള്ള വിപണന കേന്ദ്രങ്ങൾ എല്ലാ ഗ്രാമപഞ്ചായത്ത് കേന്ദ്രങ്ങളിലും സ്ഥാപിക്കൽ.
- ജില്ലയിലെ നഗര പരിധിയിലും ഗ്രാമ പഞ്ചായത്തുകളിലും ഗേൾഫ്രണ്ട്ലി ടോയ്ലെറ്റ് കോംപ്ലക്സ് സ്ഥാപിക്കൽ.
- കുടുംബശ്രീ ഉല്പന്നങ്ങളുടെ ഓൺലൈൻ ഷോപ്പിംഗ് സംവിധാനമൊരുക്കൽ.
- കുടുംബശ്രീ മുഖേന മൊബൈൽ ഫുഡ് കോർട്ട് പ്രവർത്തനമാരംഭിക്കൽ.
- വനിതാ സംവരണ ബിൽ പാസ്സാക്കാനുള്ള നടപടികൾ സ്വീകരിക്കൽ (കേന്ദ്ര സർക്കാർ)
- കയർ ഡി ഫൈബറിംഗ് യൂണിറ്റ് - തേങ്ങ തൊണ്ടിൽ നിന്നും ചകിരി നാര് വേർതിരിച്ചെടുക്കുന്ന സംരംഭം ജില്ലയിലാരംഭിക്കൽ (സംസ്ഥാന സർക്കാർ).
- ചകിരി ചോറ് വളമാക്കി മാറ്റുന്ന യൂണിറ്റ് എല്ലാ റവന്യൂബ്ലോക്കിലും ആരംഭിക്കൽ.
- കിയോസ്ക്കുകൾ - (കലക്ട്രേറ്റിൽ കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിൽപ്പന കേന്ദ്രങ്ങൾ) ആരംഭിക്കൽ.
- ഉന്നത വിദ്യാഭ്യാസം നേടിയ സ്ത്രീകളുടെ തൊഴിൽ മേഖലയിലെ പങ്കാളിത്തം കുറവായതതിന്റെ കാരണം പഠന വിധേയമാക്കൽ
- എസ് സി/ എസ് ടി കോളനികളിലെയും തീരദേശ മേഖലകളിലേയും സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പഠന വിധേയമാക്കൽ (പ്രത്യേകിച്ചും 10, 12 ക്ലാസ്സ് കഴിഞ്ഞുള്ള കൊഴിഞ്ഞുപോക്കും തുടർ വിദ്യാഭ്യാസ സഹായ സാധ്യതയും തൊഴിൽ ലഭിക്കുന്നതിനുള്ള സൗകര്യവും പഠനവിധേയമാക്കണം).
- ജില്ലയിലെ ചില ബ്ലോക്കുകളിൽ താരതമ്യേന മാതൃ മരണ നിരക്ക് കൂടുതലായതിനാൽ പി എച്ച് സി കളിൽ ഗർഭകാല ചികിത്സയും പ്രസവാനന്തര ചികിത്സയും കാര്യക്ഷമമാക്കൽ.
- ക്യാൻസർ തുടങ്ങിയ ഗുരുതര രോഗങ്ങൾക്ക് ആർദ്രം പദ്ധതിയുമായി ബന്ധപ്പെടുത്തി സി എച്ച് സികളിൽ റഫറൽ സൗകര്യമൊരുക്കൽ.
- ജില്ലയെ വനിതാ സൗഹൃദ ജില്ലയായി ഉയർത്താ

നുള്ള സമഗ്ര പദ്ധതി ആവിഷ്കരിക്കൽ.

- വനിതകൾക്ക് നിയമ സഹായ കേന്ദ്രങ്ങൾ ബ്ലോക്ക് തലത്തിൽ സ്ഥാപിക്കൽ.
- ജില്ലാ ആസ്ഥാനത്ത് ജില്ലാ റിസോഴ്സ് സെന്ററും ബ്ലോക്കടിസ്ഥാനത്തിൽ ജൻഡർ റിസോഴ്സ് സെന്ററുകളും സ്ഥാപിക്കൽ.

കുട്ടികൾ

- കുട്ടികളുടെ സമഗ്ര വികസനത്തിന് ആവശ്യമായ വിവിധ പദ്ധതികൾ തയ്യാറാക്കുന്നതിന് 6 വയസ്സ് മുതൽ 18 വയസ്സുവരെയുള്ളവരുടെ സമഗ്രമായ കണക്കെടുപ്പ് നടത്തൽ.
- ജില്ലയിലെ സ്ഥലസൗകര്യമില്ലാത്ത അംഗൻവാടികൾക്ക് സ്വകാര്യവ്യക്തികളിൽ നിന്ന് വാങ്ങിയോ റവന്യൂ ഭൂമി കണ്ടെത്തിയോ സ്വന്തം കെട്ടിടം നിർമ്മിക്കൽ.
- 18 വയസ്സ് വരെയുള്ള എല്ലാവർക്കും സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തുകയും അതോടൊപ്പം പൊതുസമൂഹത്തെ ബോധവൽക്കരിക്കുകയും ചെയ്ത് ജില്ലയെ ലഹരിവിരുദ്ധ ജില്ലയായി പ്രഖ്യാപിക്കൽ.
- ക്രഷുകൾ, ഡേ കെയർ സെന്ററുകൾ, പ്രീ-സ്കൂൾ എന്നിവയുടെ ഫലപ്രദമായ ഏകീകരണം നടപ്പിലാക്കൽ.
- ദാരിദ്ര്യം, അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യം, ചൂഷണം എന്നിവകൊണ്ട് അടിസ്ഥാന വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന കുട്ടികളെ സൈക്കോസോഷ്യൽ കൗൺസിലേഴ്സ്, അധ്യാപകർ, പോലീസ് എന്നിവരുടെ സേവനങ്ങൾ ഉപയോഗിച്ച് പഠനകേന്ദ്രങ്ങളിലേക്ക് തിരികെ കൊണ്ടുവരാനുള്ള പദ്ധതി നടപ്പിലാക്കൽ.
- പെൺകുട്ടികളുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകി ജില്ലയിൽ സ്ത്രീ സൗഹൃദ സ്ഥാപനങ്ങൾ ആരംഭിക്കൽ.
- തടവുകാരുടെ മക്കൾ, കുടുംബം തുടങ്ങിയവർക്ക് തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേന പരിരക്ഷ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കൽ.
- ജില്ലയിൽ പോക്സോ കേസുകളുടെ എണ്ണം കുറയ്ക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി ശാക്തീകരിക്കൽ. കൂടാതെ വാഹനങ്ങളിലും, റോഡിലും, സ്ഥാപനങ്ങളിലും, വീടുകളിലും, മറ്റിടങ്ങളിലും കുട്ടികളുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തി ബാലസൗഹൃദ ജില്ലയാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കൽ.
- ജില്ലയിലെ എല്ലാ അങ്കണവാടികളിലും കുടിവെള്ളം, വൈദ്യുതി, ടോയ്‌ലെറ്റ്, ശിശു സൗഹൃദഫർണ്ണിച്ചർ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തൽ. എല്ലാ പഞ്ചായത്തിലും മോഡൽ അങ്കണവാടികൾ സ്ഥാപിക്കൽ. അപകടാവസ്ഥയിലുള്ള എല്ലാ അങ്കണവാടി കെട്ടിടങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തൽ.
- ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കായി ക്രഷുകളും അങ്കണവാടികളും സ്ഥാപിക്കൽ. ഇതിന് പ്രാഥമികമായി ഇത്തരം കുട്ടികളുടെ കണക്കെടുപ്പ് നടത്തൽ.
- ജില്ലയിലെ സർക്കാർ ഉദ്യോഗസ്ഥരുടെ കുട്ടികൾക്കായി സിവിൽ സ്റ്റേഷനോടനുബന്ധിച്ച് ഒരു സ്പെഷ്യൽ അങ്കണവാടി സ്ഥാപിക്കൽ.
- സ്കൂളുകളിലും മറ്റും കലാ-കായികോത്സവങ്ങൾ സംഘടിപ്പിക്കുന്ന മാതൃകയിൽ അങ്കണവാടി കുട്ടികൾക്കായി കലാ-കായികമേളകൾ സംഘടിപ്പിക്കൽ.

ഭിന്നശേഷി വിഭാഗക്കാർ

- ഭിന്നശേഷിയുള്ള കുട്ടികൾക്കായുള്ള ബഡ്സ് സ്ക്കൂളുകൾ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ അനുവദിക്കൽ. സാമൂഹ്യ സുരക്ഷാ മിഷൻ ഇത്തരം സ്കൂളുകൾ ഏറ്റെടുത്ത് നടത്തൽ. ബഡ്സ് സ്കൂളുകളുടെ പ്രവർത്തനവും തുടർച്ചെലവുകളും സംബന്ധിച്ച് കൃത്യമായ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കൽ. 18 വയസ്സ് കഴിഞ്ഞവരെ ബഡ്സ് സ്കൂളുകളിൽ ഉൾക്കൊള്ളാൻ കഴിയാത്ത സാഹചര്യത്തിൽ കൂടുതൽ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കൽ (നിലവിൽ ഇത്തരം സെന്ററുകൾ പെരിയ, നിലേശ്വരം, എൻമകജെ എന്നീ പ്രദേശങ്ങളിൽ മാത്രമേ ഉള്ളൂ).
- നാഷണൽ ട്രസ്റ്റ് മുഖാന്തിരം ഭിന്നശേഷി വിഭാഗക്കാർക്കും അവരെ പരിപാലിക്കുന്ന സ്ഥാപനങ്ങൾക്കുമുള്ള പരിരക്ഷ പ്രകാരം പഠിതാക്കളായവർക്ക് ലഭിക്കുന്ന സ്കോളർഷിപ്പ്/ബത്ത തുടങ്ങിയവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകൽ.
- ഡേ കെയർ സെന്ററുകളിൽ പ്രവേശിക്കപ്പെട്ടവർക്ക് ലഭിക്കുന്ന സ്കോളർഷിപ്പ്/ബത്തയും വിദ്യാലയങ്ങളിലോ ഡേ കെയർ സെന്ററുകളിലോ പോകാത്ത 18 വയസ്സിൽ താഴെയുള്ളവർക്ക് പ്രതിവർഷം ലഭിക്കുന്ന ആനുകൂല്യവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകൽ.
- അംഗപരിമിതർക്ക് പ്രതിവർഷം 2 ലക്ഷം രൂപവരെ ആരോഗ്യപരിരക്ഷ നൽകുന്ന സ്വാവലംബൻ ആരോഗ്യ ഇൻഷൂറൻസ് പദ്ധതി, ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, ബഹുവൈകല്യം എന്നിവ ബാധിച്ചവർക്കുള്ള നിരാമയ ഇൻഷുറൻസ് പദ്ധതി മുതലായവയെക്കുറിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ.
- കുടുംബശ്രീ, പ്രത്യേക അയൽക്കൂട്ട സംവിധാനത്തിലൂടെ ഭിന്നശേഷിയുള്ളവരുടെ പുനരധിവാസ പ്രവർത്തനങ്ങളും തൊഴിൽ പരിശീലനവും നൽകുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളി

ലൂടെ നടപ്പാക്കൽ

- ഗുരുതര വൈകല്യം ബാധിച്ചവർക്ക് സംരക്ഷണ ഭവനങ്ങൾ അല്ലെങ്കിൽ ഡേ കെയർ സെന്ററുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ ആരംഭിക്കൽ.
- സംസ്ഥാന സർക്കാർ സ്ഥാപനങ്ങളുടെയും സാമൂഹ്യ സുരക്ഷാ മിഷൻ പോലുള്ള സ്ഥാപനങ്ങളുടെയും സേവനങ്ങളെപ്പറ്റി ജനകീയ അവബോധം സൃഷ്ടിക്കൽ.
- ഭിന്നശേഷിവിഭാഗക്കാർക്കായുള്ള സഹായ ഉപകരണങ്ങളുടെ റിപ്പയറിംഗ്സെന്റർ നിലവിൽ കാസറഗോഡ് ജില്ലയിലില്ല. അതിനാൽ ജില്ലയിൽ ഒരു റിപ്പെയറിംഗ് സെന്റർ പ്രവർത്തനമാരംഭിക്കാനുള്ള നടപടി സ്വീകരിക്കൽ.
- വികലാംഗമുക്ത സമൂഹം കെട്ടിപ്പടുക്കുന്നതിനായി ഗർഭാവസ്ഥയിൽതന്നെ വൈകല്യങ്ങൾ കണ്ടുപിടിക്കാൻ ഉതകുന്ന സംവിധാനം പ്രധാന ആശുപത്രികളിൽ സജ്ജമാക്കൽ.
- ജില്ലയിലെ എല്ലാ സർക്കാർ ആഫീസുകളും ഭിന്നശേഷി സൗഹൃദ രീതിയിൽ ക്രമീകരിക്കൽ.
- 'ഐക്കോൺസ്' (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേറ്റീവ് ആൻഡ് കൊഗ്നിറ്റി ന്യൂറോ സയൻസ്) മാതൃകയിൽ ജില്ലയിൽ മാനസിക ശാരീരിക വൈകല്യങ്ങൾക്ക് ഒരു ചികിത്സാ കേന്ദ്രം ആരംഭിക്കൽ. കമ്മ്യൂണിക്കേറ്റീവ് ഡിസോർഡർ, പഠന വൈകല്യം, ഡവലപ്മെന്റൽ ലാംഗ്വേജ് ഡിസോർഡർ, സെറിബ്രൽ പാൾസി, മാനസിക വൈകല്യം, ഡിമെൻഷ്യ, ഓട്ടിസം എന്നിവയുൾപ്പെടെയുള്ളവ ബാധിച്ച കുട്ടികളുടെയും മുതിർന്നവരുടെയും ഉന്നമനത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുന്നതാവണം ഈ സ്ഥാപനത്തിന്റെ സ്ഥാപിത ലക്ഷ്യം.
- കേരള സാമൂഹ്യ സുരക്ഷാമിഷൻ, എൻ.പി.ആർ.പി.ഡി, എൻഡോസൾഫാൻ സെൽ ,ഇംഹാൻസ് എന്നിങ്ങനെയുള്ള വിവിധ ഏജൻസികളുടെ സേവനം ഏകോപിപ്പിച്ചുകൊണ്ട് ഒരു യൂണിറ്റായി പ്രവർത്തിക്കാനുള്ള സാധ്യത കണ്ടെത്തൽ
- മുളിയാർ ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന ജില്ലാതല സമഗ്ര പുനരധിവാസ കേന്ദ്രം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കൽ (ഈ കേന്ദ്രത്തിൽ പഠനം, ചികിത്സാ സൗകര്യങ്ങൾ, തൊഴിൽപരിശീലനം, തൊഴിൽശാലകൾ, കൃഷി അനുബന്ധ പ്രവർത്തനങ്ങൾ, മൃഗ സംരക്ഷണം തുടങ്ങിയ മുഴുവൻ ഘടകങ്ങളെയും വകുപ്പുകളെയും സംയോജിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനമാണ് വേണ്ടത്).
- ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് അവരവരുടെ കഴിവിന് അനുസൃതമായ രീതിയിൽ ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനുള്ള സൗകര്യങ്ങളും കൃഷി, വ്യവസായം, മൃഗസംരംക്ഷണം, സ്വയംതൊഴിൽ സംരംഭങ്ങൾ എന്നിവക്ക് ആവശ്യമായ പരിശീലന കേന്ദ്രങ്ങളും ഉൾപ്പെടെയുള്ള എംപവർമെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ജില്ലയിൽ ആരംഭിക്കൽ.

ട്രാൻസ്ജെൻഡർ വിഭാഗം

- ജില്ലയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ട്രാൻസ്ജെൻഡർ വിഭാഗക്കാർക്ക് കൃത്യമായ തിരിച്ചറിയൽ കാർഡ് നൽകൽ.
- ട്രാൻസ്ജെഡർ വിഭാഗക്കാർക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം നൽകൽ.
- ട്രാൻസ്ജെൻഡർ പാർക്ക് പോലെയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കൽ.
- ട്രാൻസ്ജെൻഡർസ് ഡേ, ട്രാൻസ്ജെൻഡർ മേള, ട്രാൻസ്ജെൻഡർ കൂട്ടായ്മ മുതലായവ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.
- ഭിന്നലിംഗ കുടുംബശ്രീ യൂണിറ്റ് അല്ലെങ്കിൽ അയൽക്കൂട്ടം ഗ്രാമ പഞ്ചായത്തടിസ്ഥാനത്തിൽ സാധ്യതയനുസരിച്ച് രൂപീകരിക്കൽ.
- ട്രാൻസ്ജെൻഡർ പെൻഷൻ എന്ന ആശയം നടപ്പിലാക്കൽ.

ജില്ലാ പദ്ധതി കാസറഗോഡ്

മേഖലയുടെ സാധ്യതകൾ, പരിമിതികൾ, ഏറ്റെടുക്കാവുന്ന പദ്ധതികളുടെ പേരും പ്രവർത്തനങ്ങളും സംബന്ധിക്കുന്ന വിവരങ്ങൾ

കാർഷിക മേഖല

ജല ജീവനം പദ്ധതി (നീർത്തടാധിഷ്ഠിത വികസനം(കൃഷി, ജലസേചനം, മണ്ണ് ജല സംരക്ഷണം ഉൾപ്പെടെ)).

ജില്ലയുടെ സാധ്യതകൾ	ജില്ലയുടെ പരിമിതികൾ	ഏറ്റെടുക്കാവുന്ന പദ്ധതിയുടെ പേരും വിശദാംശങ്ങളും	പ്രവർത്തനങ്ങൾ	സംയോജന സാധ്യതകൾ/ ഏജൻസികൾ
• 9 വലിയ നദികളും, 3 ചെറിയ നദികളുമുള്ള ജില്ല. (41 തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെയും കൂടി നദികൾ ഒഴുകുന്നു എന്ന പ്രത്യേകത) • കൂടിയ മഴ ലഭ്യത (ശരാശരി 3000 മി.മീ.) • കുളം, തോട്, മറ്റ് ജലാശയങ്ങൾ (13000 ഹെക്ടർ)- 1953- കുളങ്ങൾ, തോടുകൾ- 549 ഹെക്ടർ. സുരങ്കങ്ങൾ 97 എണ്ണം (ലോക പൈതൃക പട്ടികയിൽ ഇടം നേടിയത്). കാവുകൾ -500 ഏക്കർ. • കൃഷിയോഗ്യമായ തരിശു ഭൂമി 13563 ഹെക്ടർ. • ഭൂവിസ്തൃതിയുടെ 73% കൃഷി ഭൂമി (തെങ്ങ് 41%, കവുങ്ങ് 13%, റബ്ബർ 22%, നെല്ല് < 5%)	• നദികളിൽ നാലെണ്ണം മാത്രമേ ചെറുതായെങ്കിലും ജലസേചനാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നുള്ളൂ. • നദീ സംരക്ഷണത്തിന്റെ അഭാവവും, മാലിന്യനിക്ഷേപവും • തടയണ നിർമ്മാണത്തിലെയും സംരക്ഷണത്തിലെയും അശാസ്ത്രീയത. • സമഗ്ര നീർത്തടാധിഷ്ഠിത പദ്ധതികളുടെ അഭാവം. • ജല സംരക്ഷണമാർഗ്ഗങ്ങളുടെ അപര്യാപ്തത • എൻഡോസൾഫാൻ പ്രകൃതിയിലുണ്ടാക്കിയ അസന്തുലിതാവസ്ഥ. • സമ്പന്നമായ ജലസ്രോതസ്സുകൾ ഫലപ്രദമായി സംരക്ഷിക്കപ്പെടുന്നില്ല. • പാരമ്പര്യ ജലസ്രോതസ്സുകളുടെയും ജൈവവൈവിധ്യത്തിന്റെയും സംരക്ഷണക്കുറവ്. • ജലത്തിന്റെ ദുരുപയോഗം.	• **ഉറവ:-** പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുജ്ജീവനവും, ജൈവവൈവിധ്യങ്ങളുടെ സംരക്ഷണവും. (ഉദാ:- സുരങ്കം, പള്ളം, തോട്, തണ്ണീർത്തടം, കാവ്).	• പരമ്പരാഗത ജലസ്രോതസ്സുകളുടെ തൽസ്ഥിതി പഠനം- ജില്ലാ തലത്തിൽ • ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ • പ്രാദേശിക കുടിവെള്ള/ജലസേചന പദ്ധതികൾ നടപ്പാക്കൽ • കുന്നുകളുടെയും, തണ്ണീർത്തടങ്ങളുടെയും സംരക്ഷണം • വി.സി.ബി.യുടെ തൽസ്ഥിതി പഠനവും ശാസ്ത്രീയമായ പരിപാലനവും, നിർമ്മാണവും. • ബ്ലോക്കുതല നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കലും നടപ്പിലാക്കലും. • പുഴകളുടെ തൽസ്ഥിതി സംരക്ഷണവും പരിപാലനവും • പുഴ മണൽ ഖനനത്തിൽ നിയന്ത്രണം • കണ്ടൽ വനവൽക്കരണം • ഊർജ്ജിത കൃഷിക്കുവേണ്ടിയുള്ള ജലസേചന മാർഗ്ഗങ്ങളേർപ്പെടുത്തൽ • ജൈവപച്ചക്കറികൃഷി 5000 ഹെക്ടറിലേക്ക് വ്യാപിപ്പിക്കുക. (സ്കൂളുകൾ, വീടുകൾ, പൊതു സ്ഥലം, തരിശു നിലങ്ങൾ)	• കൃഷി വകുപ്പ് • ത്രിതല പഞ്ചായത്തുകൾ ബയോ ഡൈവേഴ്സിറ്റി ബോർഡ് • നബാർഡ് • കുടുംബശ്രീ • ശുചിത്വമിഷൻ • ജില്ലാ ഭരണ കൂടം (DPC) • ജലസേചന വകുപ്പ് • സോഷ്യൽ ഫോറസ്ട്രി • കേരള വാട്ടർ അതോറിറ്റി • ഭൂഗർഭ ജല വകുപ്പ് • മലിനീകരണ നിയന്ത്രണ ബോർഡ് • എം.ജി.എൻ.ആർ.ഇ.ജി.എസ് • ഹരിത കേരളം മിഷൻ

• കാർഷിക ആഭ്യന്തര ഉല്പാദനത്തിൽ 63 ശതമാനവും നാണ്യവിളകളിൽ നിന്ന്. • സംസ്ഥാനത്തിന്റെ അടക്ക ഉല്പാദനത്തിൽ 40% ജില്ലയിൽ നിന്ന്. • സംസ്ഥാനത്തിന്റെ 16% കശുവണ്ടി ഉല്പാദനം ജില്ലയിൽ നിന്ന്. • പുകയില കൃഷി ചെയ്യുന്ന സംസ്ഥാനത്തെ ഏക ജില്ല. • 2015 ൽ ജൈവ ജില്ലയായി പ്രഖ്യാപിച്ചു. • എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ പൂവുകളും പൂമ്പാറ്റകളും വിരിയുന്നു.	• ഭക്ഷ്യ വിളകളിൽ നിന്ന് കർഷകരുടെ പിന്മാറ്റം (നെൽ കൃഷി 6030 ഹെക്ടറിൽ നിന്ന് 3843 ഹെക്ടറായി കുറഞ്ഞു). • നെൽകൃഷി രണ്ടാംവിളയുടെ കുറവ്. ജലസേചന സൗകര്യങ്ങളുടെ അഭാവം. • കാഞ്ഞങ്ങാട്, നീലേശ്വരം ബ്ലോക്കുകളിൽ നാളികേര ഉല്പാദനത്തിൽ പിറകിൽ നിൽക്കുന്നു. • കശുമാവ് കൃഷി പകുതിയായി കുറഞ്ഞു. പകരമായി റബ്ബർ കൃഷി പത്തുവർഷം കൊണ്ട് 7000 ഹെക്ടർ വർദ്ധിച്ചു. • നെൽകൃഷി കുറയുമ്പോൾ പകരം കമുക് കൃഷി 5000 ഹെക്ടർ കൂടി. പച്ചക്കറി കൃഷി വളരെ കുറഞ്ഞ അളവിലേ ഉല്പാദിപ്പിക്കപ്പെടുന്നുള്ളൂ 1%. • കവുങ്ങും പുകയിലയും നാർക്കോട്ടിക്സ് ഗണത്തിൽപെടുന്നതിനാൽ വേണ്ടത്ര പ്രോത്സാഹാനം ലഭിക്കുന്നില്ല. • നാണ്യവിളകളായ കശുവണ്ടി, റബ്ബർ, അടക്ക എന്നിവയ്ക്ക് സംസ്ക്കരണ വിപണന കേന്ദ്രങ്ങൾ ഇല്ല.		• നെൽ കൃഷി വ്യാപനം. നെൽകൃഷി സാധ്യമായ എല്ലാ ഭൂപ്രദേശങ്ങളിലും കൃഷിയിറക്കൽ. • സ്വാശ്രയ വിത്തുല്പാദന കേന്ദ്രം, നെൽക്കൃഷിയും ഇടവിളയായി ധാന്യക്കൃഷിയും. • കശുമാവ്, കവുങ്ങ്, തെങ്ങ് കൃഷിക്ക് പരിപോഷണം • നാണ്യവിളയായ നാളികേരം, കശുവണ്ടി, റബ്ബർ, അടക്ക എന്നിവയുടെ സംസ്ക്കരണത്തിനും വിപണനത്തിനുമുള്ള കേന്ദ്രങ്ങളുടെ സ്ഥാപനം. • നീർത്തടപ്രദേശങ്ങളിൽ ജീവനോപാധികളെ ഗുണപരമായി മെച്ചപ്പെടുത്തുകയും സംയോജിത കൃഷിരീതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക. (ഉദാ:- തീറ്റപ്പുൽ കൃഷി, പശുപരിപാലനം, വളം നിർമ്മാണം (ചാണകം), നെൽക്കൃഷി, മത്സ്യക്കൃഷി മുതലായവ).	

	• പശ്ചിമഘട്ടം കാഞ്ഞങ്ങാട് പനത്തടിയിൽ അവസാനിക്കുന്നു എന്നത് കാലാവസ്ഥയിൽ വലിയ അന്തരമുണ്ടാക്കുന്നു.			
		• **ജൈവം- ജീവനം:** ജൈവ ജില്ലയ്ക്കാവശ്യമായ 'Package of practices' നിശ്ചയിക്കൽ - ജൈവ പുനരുജ്ജീവനം- ജില്ലയിലൊട്ടാകെ നടപ്പാക്കൽ പ്രാരംഭഘട്ടമായി എൻഡോസൾഫാൻ ദുരിത ബാധിതമായ 11 പഞ്ചായത്തുകളിൽ- പൈലറ്റ് പ്രോജക്ട്.	• ജൈവ വൈവിധ്യ രജിസ്റ്റർ അപ്ഡേറ്റ് ചെയ്യലും വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഉദ്ഗ്രഥിക്കലും (ഡിജിറ്റലൈസേഷൻ & മാപ്പിംഗ്). • മണ്ണ്-പ്രകൃതി പ്രാഥമിക പഠനം (Status study). • ജൈവ പച്ചക്കറി • നാടൻ മത്സ്യകൃഷി • ജലസ്രോതസ്സുകളുടെ പുനഃസൃഷ്ടി • തേൻ ഉല്പാദനം • ജൈവ നെൽകൃഷി (നാടൻ വിത്തുകൾ) • ഔഷധ സസ്യ കൃഷി • ഐ ഇ സി -പ്രവർത്തനം (പശ്ചാത്തലമൊരുക്കൽ) • ജൈവവളം, കമ്പോസ്റ്റ് • കീടനാശിനി വിതരണവുമായി ബന്ധപ്പെട്ട് നിയമം കർശനമായി നടപ്പിലാക്കൽ (സംസ്ഥാനം, മറ്റു സംസ്ഥാനം) • നാടൻ ഉല്പന്നങ്ങളുടെ കൃഷിയും, വ്യാവസായിക വൈവിധ്യവൽക്കരണവും (കവുങ്ങ് ഉല്പന്നം, ചക്ക ഉല്പന്നങ്ങൾ) • പുനം കൃഷി • കശുമാവ്- ഉല്പന്ന വൈവിധ്യവൽക്കരണം • പ്രകൃതിജന്യമായ മരങ്ങൾ വെച്ചുപിടിപ്പിക്കലും വനവൽക്കരണവും	• കൃഷി വകുപ്പ് • ത്രിതല പഞ്ചായത്തുകൾ • ഗവേഷണ സ്ഥാപനങ്ങൾ • ബയോ ഡൈവേഴ്സിറ്റി ബോർഡ് • നബാർഡ് • ഫിഷറീസ് വകുപ്പ് • കുടുംബശ്രീ • ശുചിത്വ മിഷൻ • TSC • ജില്ലാ ഭരണകൂടം (DPC) • ജലസേചന വകുപ്പ് • ഔഷധി • ഖാദി & വില്ലേജ് ഇന്റസ്ട്രീസ് • പ്ലാന്റേഷൻ കോർപ്പറേഷൻ. • വ്യവസായ വകുപ്പ് • സോഷ്യൽ ഫോറസ്ട്രി • സംസ്ഥാന സർക്കാർ ഹോർട്ടി കൾച്ചർ വകുപ്പ്

			ഓപ്പറേഷൻ ബ്ലോസ്സം സ്പ്രിംഗ് പൂർണ്ണമായി നടപ്പിലാക്കുക (എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ). • എൽ.എസ്.ജി.തല ഹെൽപ്പ് ഡെസ്ക് • മണ്ണു പരിശോധനാ കേന്ദ്രം സ്ഥാപിക്കൽ. • പൂച്ചെടികൃഷി അലങ്കാരച്ചെടി കൃഷി. • സംസ്ഥാന സർക്കാർ	
		• **Blossom – തരിശു രഹിത ജില്ല.**	• നെൽകൃഷിയുടെ ഉല്പാദന ക്ഷമത വർഷം 2500 ടൺ ആയി ഉയർത്തൽ • മുഴുവൻ കൃഷിയോഗ്യമായ നെൽവയലുകളിലും (2200 ഹെക്ടർ) 3 വിളയും മെച്ചപ്പെടുത്തുക. • ഇതിനു പറ്റുന്ന വിധത്തിൽ ലേബർ ബാങ്ക്, ജലസേചന സംവിധാനം തയ്യാറാക്കൽ. • നാടൻ വിത്തു വൈവിധ്യം സംരക്ഷിച്ചുകൊണ്ട് കൃഷി വ്യാപിപ്പിക്കൽ. • നെൽകൃഷി (രീതി, സംസ്കാരം, ഉപകരണങ്ങൾ) പഠനത്തിനുള്ള ശില്പശാല. • കൊടക്കാട് 'കദളി വനം' മാതൃകയിൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും കർഷക കൂട്ടായ്മ. • 5000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിച്ച് ജില്ലയിൽ സ്വയം പര്യാപ്തത നേടൽ. • മരച്ചീനി, മധുരക്കിഴങ്ങ് കൃഷി വ്യാപനം. • ധാന്യ കൃഷി (ഉഴുന്ന്, പയർ, മുത്താറി) വ്യാപനം • കശുമാവ് കൃഷി വ്യാപിപ്പിക്കൽ (ഹൈബ്രീഡ് ചെടികൾ)	• ഗവേഷണ സ്ഥാപനങ്ങൾ (സി പി സി ആർ ഐ, RARS, കാർഷിക സർവ്വകലാശാല) • കൃഷി വകുപ്പ് • തദ്ദേശഭരണസ്ഥാപനങ്ങൾ • നബാർഡ് • കുടുംബശ്രീ • പാടശേഖര സമിതികൾ വെജിറ്റബിൾ ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ • പ്ലാന്റേഷൻ കോർപ്പറേഷൻ • സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ വകുപ്പുകൾ (DPC തല മോണിറ്ററിംഗ്)

		• **മഴക്കൊയ്ത്ത്-** ജലസുരക്ഷാ പദ്ധതി - ജില്ലയിലെ മുഴുവൻ പ്രദേശങ്ങളും ജല സുരക്ഷിത മേഖലയിലേക്ക് എത്തിക്കുകയാണ് ലക്ഷ്യം (Safer Zone) (പൈലറ്റ് പ്രോജക്ടായി കാസറഗോഡ്, മഞ്ചേശ്വരം, കാറഡുക്ക ബ്ലോക്കിൽ നടപ്പാക്കി 2022- ഓടുകൂടി (13-ാം പദ്ധതിക്കാലയളവ്) ജല നിരപ്പ് സേഫർ സോണിലേക്ക് മാറ്റുന്നു.	• അനിയന്ത്രിതമായ ജലചൂഷണം തടയാൻ നിയമം തയ്യാറാക്കുക. • മുഴുവൻ വീടുകളിലും പൊതു സ്ഥാപനങ്ങളിലും റെയിൻ വാട്ടർ ഹാർവെസ്റ്റ് യൂണിറ്റ് നടപ്പാക്കുക. • തുറന്ന കിണറുകളുടെ പുനരുജ്ജീവന യൂണിറ്റുകൾ. • കുളങ്ങൾ, തോടുകൾ, തണ്ണീർത്തടം, സുരങ്കം, പള്ളം തുടങ്ങിയവയിലെ ജലസ്രോതസ്സ് ശക്തിപ്പെടുത്തുക • ജലസ്രോതസ്സുകളുടെ മൈക്രോ ലെവൽ മാപ്പിംഗ് (സാറ്റ്ലൈറ്റ്) നടത്തുക. • മണ്ണും കുന്നും ജൈവ പ്രകൃതിയും സംരക്ഷിക്കുന്നതിനുള്ള നിയമം ഊർജ്ജിതമായി നടപ്പിലാക്കുക. മഴവെള്ള സംഭരണ സംവിധാനങ്ങളുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കലും, കൃത്യമായി ഉപയോഗപ്പെടുത്തലും. • വിവിധ പദ്ധതികൾ വഴി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയ ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ റീചാർജ്ജിംഗും ഉപയോഗവും ഉറപ്പുവരുത്തൽ (ST, തീരദേശ മേഖലകളിൽ പ്രത്യേക പാക്കേജ് തയ്യാറാക്കൽ) പ്രത്യേകിച്ച് പരപ്പ ബ്ലോക്ക് (ST) മേഖല.	• സംസ്ഥാന ഗവൺമെന്റ് • LSGI-ത്രിതലം • ജല നിധി • "CWRDM" • ജലസേചന വകുപ്പ് • വാട്ടർ അതോറിറ്റി • ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് • ജിയോളജി വകുപ്പ് • ലാന്റ് യൂസ് ബോർഡ്

മൃഗസംരക്ഷണം, ക്ഷീര വികസനം

ജില്ലയുടെ സാധ്യതകൾ	ജില്ലയുടെ പരിമിതികൾ	ഏറ്റെടുക്കാവുന്ന പദ്ധതിയുടെ പേരും വിശദാംശങ്ങളും	പ്രവർത്തനങ്ങൾ	സംയോജന സാധ്യതകൾ/ ഏജൻസികൾ
• വിഭവ സ്രോതസ്സിൽ ജില്ലയിൽ കന്നുകാലികൾ 15% ആണ്. • കാർഷിക മേഖലയിൽ മൊത്തം ഉല്പാദനത്തിന്റെ 15%. • മഞ്ചേശ്വരം ബ്ലോക്കിൽ ഏറ്റവും കൂടുതൽ കന്നുകാലികൾ. • സങ്കരയിനം കന്നുകാലികൾ പരപ്പ ബ്ലോക്കിൽ കൂടുതൽ • മഞ്ചേശ്വരം, കാസറഗോഡ്, കാറഡുക്ക ബ്ലോക്കിൽ നാടൻപശു കേന്ദ്രീകരണം. • തനതിനമായ കാസറഗോഡ് കുള്ളൻ 10000 ത്തിൽ അധികമുണ്ട് (ഔഷധ ഗുണമുള്ളതാണ് കാസറഗോഡ് കുള്ളന്റെ പാൽ) • മിൽമ 4000 ലിറ്റർ പാൽ സംഭരിക്കുന്നു. • 136 ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. • പരപ്പ ബ്ലോക്കിൽ ഏറ്റവും കൂടുതൽ ക്ഷീരസഹകരണ സംഘം.	• ജില്ലയിൽ മഞ്ചേശ്വരം ബ്ലോക്കിൽ പാലുല്പാദനം കുറവ്. • കന്നുകാലികളുടെ അപര്യാപ്തത. 6.2% (സംസ്ഥാനം)പാലുല്പാദനം 4.32% (സംസ്ഥാനം) • പ്രതിദിനം 16000 ത്തോളം ലിറ്റർ പാൽ മറ്റു ജില്ലകളിൽ നിന്നോ, മറ്റു സംസ്ഥാനത്തുനിന്നോ ഇറക്കുമതി ചെയ്യുന്നു. • പാലിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനത്തിന്റെ അപര്യാപ്തത • മിൽമ ശരാശരി 57000 ലിറ്റർ പാൽ വിതരണം ചെയ്യുന്നു. • ക്ഷീര സംഘങ്ങൾ കാസറഗോഡ്, മഞ്ചേശ്വരം ബ്ലോക്കിൽ 14 എണ്ണം വീതം മാത്രം (കർഷകർ കുറവാണ്). • ക്ഷീര സംഘങ്ങൾക്ക് 64 എണ്ണത്തിനു മാത്രമേ കെട്ടിടങ്ങളുള്ളൂ. • ഏറ്റവും കൂടുതൽ കന്നു	• **ഹാലു യോജന** പാലുല്പാദനം സംസ്ഥാന ശരാശരിയുടെ മുകളിലെത്തിക്കുക (സ്വാശ്രയ പാലുല്പാദന ജില്ല-2020 നകം)	• വെറ്ററിനറി സബ്സെന്റർ - മഞ്ചേശ്വരം, കാറഡുക്ക, വോർക്കാടി, മംഗൽപാടി, മൊഗ്രാൽ പുത്തൂർ, മധൂർ, എൻമകജെ, കുമ്പടാജെ എന്നീ പഞ്ചായത്തുകളിൽ ആരംഭിക്കുക. • ക്ഷീരസഹകരണസംഘങ്ങൾ മഞ്ചേശ്വരം, കാസറഗോഡ് ബ്ലോക്കിൽ ശാക്തീകരിക്കുക. • ഊർജ്ജിത കന്നുകാലി വളർത്തൽ പരിശീലനം • കുടുംബശ്രീ നേതൃത്വത്തിൽ ചെറുകിട മൃഗപരിപാലന യൂണിറ്റുകൾ സ്ഥാപിക്കുക • പാലുല്പന്ന സംസ്ക്കരണശാല മഞ്ചേശ്വരം മേഖലയിൽ സ്ഥാപിക്കുക • തീറ്റപ്പുൽ കൃഷി വ്യാപനം • കാസറഗോഡ് കുള്ളൻ- പ്രത്യേക ജനുസ്സായി സംരക്ഷിക്കാനുള്ള പ്രവർത്തന പാക്കേജ്. (ലോക പൈതൃക പട്ടികയിൽ സ്ഥാനംപിടിക്കൽ). • ജില്ലയിൽ ആടു പരിപാലനത്തിനു ഗോട്ട് ഫാം സ്ഥാപിക്കുക. • ക്ഷീര സഹകരണ സംഘങ്ങളിലെ സൗകര്യങ്ങൾ ആധുനികവൽക്കരിക്കുക.	

• പാലുല്പാദകരുടെ എണ്ണം 8847. • സഹകരണസംഘങ്ങൾ വഴി ഏകദേശം 60000 ലിറ്റർ പാൽ പ്രതിദിനം ശേഖരിക്കുന്നു. കാസറഗോഡ്, മഞ്ചേശ്വരം 5000 ലിറ്റർ മാത്രമാണ് ശേഖരിക്കുന്നത്. • പ്രതിവർഷം ജില്ലയിൽ സംഭരിക്കുന്ന പാലിന്റെ 60% ത്തിലേറെയും മിൽമ വഴി ശേഖരിക്കുന്നു. • മലയോര മേഖലയിലെ കോടോം ബേളൂർ, ഈസ്റ്റ് എളേരി, ബളാൽ, കയ്യൂർ-ചീമേനി, പനത്തടി, എൻമകജെ എന്നീ പഞ്ചായത്തുകളിലാണ് കൂടുതൽ പാലുല്പാദനം.	കാലികളുള്ള വോർക്കാടി, പൈവളികെ പഞ്ചായത്തുകളിൽ പാലുല്പാദനം തീരെ കുറവാണ്.		• നീലേശ്വരം, പരപ്പ, കാഞ്ഞങ്ങാട്, ബ്ലോക്കുകളിൽ ക്ഷീരവികസന ബ്ലോക്കുകൾ ആരംഭിക്കുക. • ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായം നൽകുക.	• സംസ്ഥാന സർക്കാർ • സഹകരണ വകുപ്പ് • മൃഗസംരക്ഷണ വകുപ്പ് • ക്ഷീരവികസന വകുപ്പ് • എൽ എസ് ജി തലം • ശുചിത്വ മിഷൻ • വെറ്ററിനറി വകുപ്പ് • പൊതു വിദ്യാഭ്യാസ വകുപ്പ്
• ജില്ലയിൽ ഇരുന്നൂറോളം കോഴി വളർത്തൽ ഫാമുകളുണ്ട്.	• ജില്ലയുടെ ആവശ്യത്തിന്റെ 70% ഇറച്ചിക്കോഴി പുറമേ നിന്നു വരുന്നു. • ഗവൺമെന്റ് തലത്തിൽ Paultry Farm, Goat Farm ഇല്ല. • ശാസ്ത്രീയരീതിയിലുള്ള അറവുശാലകൾ ഇല്ല • സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിയുടെ 3.29% മാത്രമാണ് ജില്ലയിൽ നിന്നു ലഭിക്കുന്നത്. • മാംസോല്പാദനം സംസ്ഥാനത്തിന്റെ 4.29% മാത്രമാണ്.		• ഇറച്ചിക്കോഴി, മുട്ടക്കോഴി പരിപാലനത്തിനുള്ള ഹാച്ചറികൾ ആരംഭിക്കുക. • പശുക്കുട്ടി പരിപാലന കേന്ദ്രങ്ങൾ ആരംഭിക്കുക. • കാടക്കോഴി കൃഷി പ്രോത്സാഹിപ്പിക്കൽ • താറാവു വളർത്തൽ കേന്ദ്രം കായലുകളെ കേന്ദ്രീകരിച്ച് നടത്തുക (വലിയ പറമ്പ്, ചെറുവത്തൂർ, കുമ്പള പഞ്ചായത്തുകൾ). • ശാസ്ത്രീയ രീതിയിലുള്ള അറവു കേന്ദ്രം സ്ഥാപിക്കുക.	• ത്രിതല പഞ്ചായത്തുകൾ • പൗൾട്രി ഡെവലപ്മെന്റ് കോർപറേഷൻ • നബാർഡ്

	• ജില്ലയിലെ വോർക്കാടി, മഞ്ചേശ്വരം, മംഗൽപ്പാടി, മൊഗ്രാൽ പുത്തൂർ, മധൂർ, എൻമകജെ, കുമ്പടാജെ, കാറഡുക്ക എന്നിവിടങ്ങളിൽ വെറ്ററിനറി ഉപകേന്ദ്രങ്ങൾ നിലവിലില്ല. • കോഴിക്കുഞ്ഞ് ഹാച്ചറിയും കോൾഡ് സ്റ്റോറേജ് യൂണിറ്റുമില്ല.		• ശാസ്ത്രീയമായ മാലിന്യ സംസ്ക്കരണ പദ്ധതി (മാട്, ആട്, കോഴി- ഇറച്ചി-മാലിന്യം) • വിദ്യാർത്ഥികൾക്ക് മുട്ടക്കോഴി വിതരണം- മുട്ട സ്ക്കൂളിലേക്ക് നൽകൽ. • മുയൽകൃഷി പ്രോത്സാഹിപ്പിക്കുക. • എല്ലാ ഗ്രാമപഞ്ചായത്തുകളും JLG കൾ ആരംഭിക്കുക. • എല്ലാ ബ്ലോക്കിലും വെറ്ററിനറി ഹോസ്പിറ്റൽ ആരംഭിക്കുക. • പന്നി വളർത്തൽ കേന്ദ്രങ്ങൾ ശുചിത്വപൂർണ്ണമായി പരിപാലിക്കുക. • ജില്ലയിൽ വെറ്ററിനറി പോളിക്ലിനിക്ക് ആരംഭിക്കുക. • മൊബൈൽ വെറ്ററിനറി സർവ്വീസ് നടപ്പാക്കുക.	
		• **ABC കേന്ദ്രങ്ങളുടെ വ്യാപനം**	• തെരുവു പട്ടി നിയന്ത്രണത്തിന് ABC മാതൃക എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആരംഭിക്കുക.	

മത്സ്യ വികസനം

ജില്ലയുടെ സാധ്യതകൾ	ജില്ലയുടെ പരിമിതികൾ	ഏറ്റെടുക്കാവുന്ന പദ്ധതിയുടെ പേരും വിശദാംശങ്ങളും	പ്രവർത്തനങ്ങൾ	സംയോജന സാധ്യതകൾ/ ഏജൻസികൾ
• മത്സ്യസമ്പത്ത് ജില്ലയുടെ വിഭവത്തിന്റെ 14%, സംസ്ഥാനത്തെ കടൽ തീരത്തിന്റെ 11.8% ജില്ലയിലാണ് (70 കി.മീ).	• സ്ത്രീ തൊഴിലാളികൾ അനുപാതം 27.5. • 95.6% മത്സ്യത്തൊഴിലാളികൾ ബി.പി.എൽ. വിഭാഗത്തിൽ പെടുന്നവർ	• **തീരപഥം** മത്സ്യ ബന്ധനം, സംസ്ക്കരണം, വിപണനം, സുരക്ഷ, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ സമഗ്ര വികസനം	• സാമൂഹ്യ സാമ്പത്തിക ആരോഗ്യ സ്ഥിതി വിവര റിപ്പോർട്ട്. മത്സ്യ ഗ്രാമങ്ങളെ കേന്ദ്രീകരിച്ച്- തയ്യാറാക്കൽ (പഠനം). • ലൈഫ് പദ്ധതിയുമായി ഏകോപിപ്പിച്ച് സമ്പൂർണ്ണ ഭവന പദ്ധതി.	• ആരോഗ്യവകുപ്പ് • ലൈഫ് മിഷൻ • ഫിഷറീസ് വകുപ്പ് • മത്സ്യബന്ധന വകുപ്പ് • മത്സ്യഫെഡ് കുടുംബശ്രീ

• കായൽ തീരം (3174 ഹെക്ടർ). • ഏഷ്യയിലെ ഏറ്റവും കൂടുതൽ കല്ലുമ്മക്കായ ഉല്പാദനം വലിയപറമ്പ് ഗ്രാമ പഞ്ചായത്തിലാണ്. • 16 കടലോര മത്സ്യഗ്രാമങ്ങളും ഒരു ഉൾനാടൻ മത്സ്യ ഗ്രാമവും. • 10 തീരദേശപഞ്ചായത്തുകൾ. • 3 മുൻസിപ്പാലിറ്റികളും തീരദേശത്തിലുൾപ്പെടുന്നു. • 7000ത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ. • 3 ഹാർബറുകൾ (മഞ്ചേശ്വരം, കാസറഗോഡ്, ചെറുവത്തൂർ) • സമുദ്ര മത്സ്യോല്പാദനം (0.22 ലക്ഷം ടൺ). • ഉൾനാടൻ; (0.07 ലക്ഷം ടൺ) • ഫിഷറീസ് വകുപ്പിന്റെ സ്കൂൾ സംവിധാനം • മത്സ്യ ഫെഡ് ക്ഷേമ അംഗത്വം-23354. • 17 മത്സ്യ സഹകരണ സംഘങ്ങൾ. • യന്ത്രവൽകൃതബോട്ടുകൾ - 162 • എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾ- 1819 • മടക്കര ഹാർബറിനോടടുത്ത് സ്ത്രീ വിശ്രമ കേന്ദ്രങ്ങൾ	• 600 കുടുംബങ്ങൾ ശാരീരിക മാനസിക സംഘർഷം അനുഭവിക്കുന്നവർ (8.9%). • 1979 കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല. (30%). • 300 കുടുംബങ്ങൾക്ക് സ്വന്തമായി കുടിവെള്ള സ്രോതസ്സില്ല. • 200 കുടുംബങ്ങൾക്ക് സാനിറ്റേഷൻ സൗകര്യമില്ല. • 381 വീട്ടിൽ വൈദ്യുതിയില്ല. • 16 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ അഞ്ചിടത്ത് (കാവുഗോളി, ഹോസ്ദുർഗ്ഗ്, പൂഞ്ചാവി, വലിയപറമ്പ്, തൈക്കടപ്പുറം) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളില്ല.		• ആർദ്രം പദ്ധതിയുമായി ചേർന്ന് ആരോഗ്യ കേന്ദ്രങ്ങൾ ഇല്ലാത്ത 6 പഞ്ചായത്തുകളിൽ PHC ആരംഭിക്കുകയും മറ്റു മത്സ്യ ഗ്രാമങ്ങളിൽ സ്പെഷ്യൽ പാക്കേജായി സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി തുടങ്ങുകയും ചെയ്യുക. • ക്ഷേമ പദ്ധതി പൂർണ്ണമാക്കുന്ന വിധത്തിൽ മത്സ്യത്തൊഴിലാളികളുടെ സമ്പൂർണ്ണ രജിസ്ട്രേഷൻ നടത്തുക. • 2022 ഓടുകൂടി എല്ലാ വീടുകളിലും, മത്സ്യവില്പന കേന്ദ്രങ്ങളിലും സ്ത്രീ സൗഹൃദ ടോയ്ലെറ്റുകൾ നിർമ്മിക്കുക. • തീരദേശങ്ങളിലെ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുക • 2020 ഓടുകൂടി എല്ലാ മത്സ്യ ഗ്രാമങ്ങളിലും വൈദ്യുതി എത്തിക്കുക. • ഉൾനാടൻ മത്സ്യ ബന്ധനം ശാക്തീകരിക്കുന്നതിന് നാടൻ മത്സ്യകൃഷി വിപുലമാക്കുക. • മത്സ്യവിപണനകേന്ദ്രങ്ങളെ ശാസ്ത്രീയമായി വികസിപ്പിക്കുക. തദ്ദേശീയവും അന്യസംസ്ഥാനത്തുനിന്നു വരുന്നതുമായ മത്സ്യങ്ങൾ സംസ്കരിച്ച രീതി പരിശോധിക്കാനുള്ള ശാസ്ത്രീയ സംവിധാനം ആരംഭിക്കുക. • Satettle സെന്ററുകളിൽ ജി.പി.എസ് ഡാറ്റാ സംവിധാനവും മത്സ്യ ബന്ധന ബോട്ടുകളിൽ പോകുന്നവരുടെ വിശദാംശം ലഭിക്കുന്ന തരത്തിലുള്ള സംവിധാനങ്ങളുമുണ്ടാക്കുക.	

• ഫിഷ് ലാന്റിംഗ് സെന്റർ- 10 • പുലിമുട്ട് സൗകര്യം-4 • മത്സ്യ കർഷക ക്ലബുകൾ-3 • മത്സ്യ ലേല കേന്ദ്രം- 7 • മത്സ്യഭവനുകൾ- 7 • മത്സ്യ മാർക്കറ്റുകൾ- 28 • മത്സ്യ ബന്ധന തുറമുഖങ്ങൾ-6				
	• കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങൾ (തൃക്കരിപ്പൂർ, വലിയപറമ്പ്, പടന്നക്കടപ്പുറം, കാടങ്കോട്, തൈക്കടപ്പുറം, കാസറഗോഡ് ഉൾനാടൻ തുടങ്ങി 17 സ്ഥലങ്ങൾ).	• **ഹരിത തീരം**	• കടലാക്രമണം ഫലപ്രദമായി തടയുന്നതിനുള്ള ദീർഘകാല പദ്ധതികൾ തയ്യാറാക്കുക. (കണ്ടൽ വനങ്ങൾ, കാറ്റാടികൾ എന്നിവ വെച്ചു പിടിപ്പിക്കുക, മതിൽ കെട്ടുക)	
		• **കായൽ മുത്ത്**	• കല്ലുമ്മക്കായ കൃഷി വിപുലമാക്കുകയും സംസ്ക്കരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക, വൈവിധ്യ വൽക്കരണം നടത്തുക (സ ഫലം മാതൃക). • കല്ലുമ്മക്കായയുടെ ബ്രാൻഡഡ് ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന വ്യവസായ സംരംഭം ആരംഭിക്കുക.	

പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, വനവൽക്കരണം

ജില്ലയുടെ സാധ്യതകൾ	ജില്ലയുടെ പരിമിതികൾ	ഏറ്റെടുക്കാവുന്ന പദ്ധതിയുടെ പേരും വിശദാംശങ്ങളും	പ്രവർത്തനങ്ങൾ	സംയോജന സാധ്യതകൾ/ ഏജൻസികൾ
• ജില്ലയുടെ ഭൂപ്രദേശത്തിന്റെ 6% വനവിസ്തൃതി (119 ച.കി.മീ.) • കാഞ്ഞങ്ങാട് വനമേഖല പശ്ചിമ ഘട്ടത്തോടും കാസറഗോഡു മേഖല നേരിട്ട് കർണ്ണാടക വനത്തോടും ചേർന്നു നിൽക്കുന്നു. • 79.15 ച. കി.മീ. കാർഷികേതര തരിശു ഭൂമി. • ജൈവ വൈവിധ്യം നിറഞ്ഞ കാവുകളുടെ സാന്നിധ്യം. • വിദ്യാഭ്യാസ വകുപ്പ്, വനം വകുപ്പ്, ഹരിതകേരളം മിഷൻ, കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ സാമൂഹ്യ വനവൽക്കരണം. • തീരപ്രദേശത്ത് അപൂർവ്വ ഇനത്തിൽപ്പെട്ട കണ്ടൽ കാടുകൾ.	• കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ വനമേഖല പര്യാപ്തമല്ല. • നിബിഡ വനത്തിന്റെ അഭാവം. • പശ്ചിമ ഘട്ടത്തിന്റെ പൂർണ്ണ സാമീപ്യമില്ലായ്മ. • വനനയം നിഷ്കർഷിക്കുന്ന അളവിലും വളരെക്കുറവാണ് (രക്ഷാവരണമില്ല) ജില്ലയിലെ വനമേഖല. • കാവുകളും ലഘുവനങ്ങളും നാഗങ്ങളും സംരക്ഷിക്കായ്ക. • വന്യജീവികൾ നാട്ടിലിറങ്ങി കൃഷി സ്ഥലം നശിപ്പിക്കുന്നു. • സാമൂഹ്യവനവൽക്കരണ മേഖലയിൽ വേണ്ടത്ര സംരക്ഷണമില്ലായ്മ • വനവിഭവങ്ങളുടെ അഭാവം • വനമേഖല കുറയുന്നത് പരമ്പരാഗത ജനവിഭാഗത്തിന്റെ സമൂഹത്തിന്റെ തൊഴിൽ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നു.	• **വനവ്യാപനം പദ്ധതി** (ജില്ലയിലെ വനമേഖലയെ സംസ്ഥാന ശരാശരിക്കൊപ്പം ഘട്ടം ഘട്ടമായി എത്തിക്കൽ)	• ഗ്രീൻ ഇന്ത്യാ വിഷൻ, ഹരിതകേരളം മിഷൻ ഇവയെ ഏകോപിപ്പിച്ചുകൊണ്ട് ജില്ലയിൽ വനവ്യാപനത്തിനായി പ്രത്യേക പാക്കേജ്. • ഉപയോഗയോഗ്യമല്ലാത്ത തരിശു ഭൂമി വനവൽക്കരണം. • പൊതുസ്ഥാപനങ്ങളിലും പൊതുയിടങ്ങളിലും വനവൽക്കരണം • നിർദ്ദിഷ്ട ഹൈവേകളുടെ പാർശ്വങ്ങളിൽ സാമൂഹ്യവനവൽക്കരണം. • തീരദേശത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കണ്ടൽ വനവൽക്കരണം. • മലയോര ഗ്രാമ പഞ്ചായത്തുകളിൽ മുള വർഗ്ഗത്തിൽപ്പെട്ട വനവൽക്കരണം. • സാധ്യമായ സ്ഥലങ്ങളിൽ വനങ്ങൾ തമ്മിലുള്ള ഇടനാഴി സ്ഥാപിക്കൽ • നിലവിലുള്ള 500 ഏക്കർ കാവുകൾ സംരക്ഷിക്കലും ജൈവ വൈവിധ്യം പുന:സ്ഥാപിക്കലും. • വിദ്യാലയങ്ങളിൽ കുട്ടി വനം, ജൈവവൈവിധ്യ പാർക്ക്, തറവാടുകളിൽ നാഗവനം തുടങ്ങിയവ ശാക്തീകരിക്കാനുള്ള പ്രവർത്തനം. • വനവ്യാപന പദ്ധതിക്കായ് ജില്ലാതല ക്യാമ്പയിനും പിന്തുണാ സംവിധാനം ഉറപ്പാക്കലും.	• വനം വകുപ്പ് • ഗ്രീൻ ഇന്ത്യാ മിഷൻ • ഹരിതകേരളം മിഷൻ • തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ • പൊതുവിദ്യാഭ്യാസ വകുപ്പ് • പട്ടിക വർഗ്ഗ വികസന വകുപ്പ് • പട്ടിക ജാതി വികസന വകുപ്പ് • വനം വകുപ്പ് • സാമൂഹ്യ വനവൽക്കരണ വിഭാഗം • ബാംബൂ കോർപ്പറേഷൻ • കേന്ദ്ര പരിസ്ഥിതി വകുപ്പ് • പ്ലാന്റേഷൻ കോർപ്പറേഷൻ • കാർഷിക സർവ്വകലാശാല • ഹോർട്ടികൾച്ചർ വിഭാഗം (കൃഷി വകുപ്പ്) • കൃഷി വകുപ്പ് • നബാർഡ് • എൻ.ജി.ഒ. കൾ • ഫിഷറീസ് വകുപ്പ് • ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

	• കണ്ടൽ കാടുകളുടെ അളവ് കുറയുന്നതോടെ മണ്ണൊലിപ്പ് വർദ്ധിക്കുകയും മത്സ്യ സമ്പത്ത് കുറയുകയും ചെയ്യുന്നു. • കഴിഞ്ഞ കാലയളവിൽ ജില്ലയിൽ 3 ഡിഗ്രി താപനില കൂടി.		• പരിസ്ഥിതി പുന:സ്ഥാപനത്തിന്റെ ഭാഗമായി എൻഡോസൾഫാൻ ബാധിത ഗ്രാമ പഞ്ചായത്തുകളിൽ (11 എണ്ണം) പരിസ്ഥിതി പുന:സ്ഥാപന ക്യാമ്പയിൻ (പൈലറ്റ് പ്രോജക്ട്) (ജലജീവനം പദ്ധതിയുമായി ഉദ്ഗ്രഥനം). കടലോര വനവൽക്കരണം.	

വ്യവസായം, വാണിജ്യം, സ്വയംതൊഴിൽ സംരംഭങ്ങൾ, പ്രവാസി തൊഴിലാളികൾ

ജില്ലയുടെ സാധ്യതകൾ	ജില്ലയുടെ പരിമിതികൾ	ഏറ്റെടുക്കാവുന്ന പദ്ധതിയുടെ പേരും വിശദാംശങ്ങളും	പ്രവർത്തനങ്ങൾ	സംയോജന സാധ്യതകൾ/ ഏജൻസികൾ
• സംസ്ഥാനത്തിന്റെ വിസ്തൃതിയുടെ 20% സ്ഥലത്ത് ഭക്ഷ്യവിള നടത്തുന്നു. ജില്ലയിൽ അത് 25% • ഭക്ഷ്യ വിളയിലെ ഉല്പാദനക്ഷമത സംസ്ഥാന ശരാശരിക്ക് തുല്യമാണ്. • 12000 ടൺ കശുവണ്ടി പ്രതിവർഷം ഉല്പാദിപ്പിക്കുന്നു. • പ്രതിവർഷം 21000 ടൺ മരച്ചീനി ഉല്പാദനം • പഴ വർഗ്ഗങ്ങൾ (ചക്ക, മാങ്ങ തുടങ്ങിയവ) ഉല്പാദനം 8000 ടൺ. • റബ്ബർ ഉല്പാദനം 31000 ടൺ	• ജില്ലയുടെ GDP യിൽ വ്യവസായത്തിന്റെ പങ്ക് വളരെ കുറവാണ്. • ലഭ്യമായ തരിശു ഭൂമി വ്യവസായത്തിന് പ്രയോജനപ്പെടുത്തിയിട്ടില്ല. • വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്ത സൊസൈറ്റികളിൽ 18 എണ്ണം മാത്രം പ്രവർത്തിക്കുന്നു. • BHEL EML ഉല്പാദനത്തിലും മറ്റും പ്രതിസന്ധികൾ നേരിടുന്നു. • ജില്ലയുടെ സമഗ്ര വികസനത്തിനുതകുന്ന വ്യാവസായ സംരംഭങ്ങളുടെ അഭാവം(ഉദാ:- കശുവണ്ടി, കല്ലുമ്മക്കായ).	• **'സഫലം'** മാതൃക യിലുള്ള പൊതു വ്യവസായ സംരംഭങ്ങൾ ആരംഭിക്കൽ ജില്ലയുടെ സാധ്യത പരിഗണിച്ച് കശുവണ്ടി, അടക്ക തുടങ്ങിയവ കേന്ദ്രീകരിച്ച് ഉല്പന്ന നിർമ്മാണവും വിതരണവും. • **തീരപഥം**	• പരമ്പരാഗത തൊഴിൽ മേഖലയെ കേന്ദ്രീകരിച്ചു ചെറുകിട വ്യവസായ വാണിജ്യ സംരംഭങ്ങൾ • മൺപാത്ര നിർമ്മാണം- വൈവിധ്യവൽക്കരണം. (എരിക്കുളം, കായക്കുളം, പൈക്ക) • ചിരട്ട, അടക്കാത്തോട്, ചിരട്ടാപ്പൊടി കൊണ്ടുള്ള വ്യവസായം- കരകൗശല വസ്തുനിർമ്മാണം • കാട്ടുവള്ളി, ചൂരൽ, മുള= കരകൗശല വസ്തു നിർമ്മാണം (മൂല്യവർദ്ധിത ഉല്പന്നങ്ങൾ) (കൊറഗ മേഖല). • കവുങ്ങിൻ പാളത്തൊപ്പി, പാളപ്പാത്രം, കരകൗശല ഉല്പന്നങ്ങൾ, കാലിത്തീറ്റ നിർമ്മാണം (മഞ്ചേശ്വരം, കാറഡുക്ക, പരപ്പ ബ്ലോക്ക്) (എസ്.ടി മേഖലയ്ക്ക് ഊന്നൽ നൽകി).	• വ്യവസായ വകുപ്പ് • പട്ടിക വർഗ്ഗ വികസന വകുപ്പ് • കുടുംബശ്രീ • തദ്ദേശ സ്വയംഭരണ വകുപ്പ് • സംസ്ഥാന കരകൗശല കോർപ്പറേഷൻ • SC, ST വികസന കോർപ്പറേഷൻ • ഫിഷറീസ് വകുപ്പ് • CMFRI • വ്യവസായ വകുപ്പ് • മത്സ്യ ഫെഡ് • LSG

• ലഭ്യമായ പൊതു ഭൂമി പൊതു ആവശ്യത്തിന് പ്രയോജനപ്പെടുത്താം. • 6000 -ലധികം ചെറുകിട വ്യവസായ സംരംഭങ്ങൾ • എസ്.സി, എസ്.ടി മേഖലയിൽ ചൂരൽ, മുള ഉല്പന്ന നിർമ്മാണ സാധ്യത. • സഹകരണമേഖലയിൽ 74 സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. • HAL, BHEL-EML എന്നീ രണ്ടു വൻകിട പൊതുമേഖലാ കമ്പനികൾ പ്രവർത്തിക്കുന്നു. (HAL 80 ഹെക്ടർ (സീതാംഗോളി) BHEL-EML (ബദ്രഡുക്ക). • അനന്തപുരം- 85 ഹെക്ടർ വികസന മേഖല പ്ലോട്ട് - 42 ഹെക്ടർ • ചട്ടഞ്ചാൽ വികസന പ്ലോട്ട് (11.33 ഹെക്ടർ) ഇതിൽ 4.04 ഹെക്ടർ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണ്. • സഫലം- കുടുംബശ്രീയുടെ നേതൃത്വത്തിൽ കശുവണ്ടി വ്യവസായ യൂനിറ്റ് ഫലപ്രദമായി നടക്കുന്നു (ബേഡകം) (5 വ്യവസായ യൂണിറ്റിൽ 1 എസ്.സി/ എസ്.ടി വിഭാഗം). • SIDCO ന്റെ കീഴിൽ 2 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്.	• ആസ്ട്രൽ വാച്ചു കമ്പനി അടച്ചുപൂട്ടിയിരിക്കുന്നു. • വളരെക്കുറഞ്ഞ വ്യവസായ വളർച്ചാ നിരക്കുള്ള 18 പഞ്ചായത്തുകൾ ജില്ലയിലുണ്ട്. • ജില്ലയുടെ വ്യവസായ വളർച്ച വളരെക്കുറഞ്ഞ തോതിലാണ് (ശരാശരി പ്രതിവർഷം 350 മാത്രം). 1500 തൊഴിലവസരം മാത്രം സൃഷ്ടിക്കപ്പെടുന്നു. • പരമ്പരാഗത വ്യവസായ മേഖലകൾ തകർച്ചയിൽ. • പരമ്പരാഗത തൊഴിൽ മേഖലകളിൽ തൊഴിലാളി ദൗർലഭ്യം.		• കല്ലുമ്മക്കായ കേന്ദ്രീകരിച്ചുള്ള വ്യവസായ സംരംഭങ്ങൾ (ഉല്പാദനം, സംസ്കരണം, വിപണനം) ബ്രാന്റഡ് ഉല്പന്നങ്ങളുടെ നിർമ്മാണം (വലിയപറമ്പ, ചെറുവത്തൂർ, പടന്ന, തൃക്കരിപ്പൂർ പഞ്ചായത്തുകൾ, നീലേശ്വരം മുൻസിപ്പാലിറ്റി) നിലവിലുള്ള സംരംഭങ്ങളുടെ ശാസ്ത്രീയമായ നവീകരണവും, പുതിയ സാധ്യതകൾ കണ്ടെത്തലും. • ജില്ലയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിന് ജില്ലയ്ക്കകത്തും, വിദേശത്തും (ഗൾഫ് രാജ്യങ്ങളിൽ) ഇൻവെസ്റ്റ്മെന്റ് മീറ്റും വ്യവസായ സാധ്യതാ ശിൽപശാലകളും സംഘടിപ്പിക്കൽ	

• KINFRA യുടെ കീഴിൽ സീതാംഗോളിയിൽ വ്യവസായ പാർക്ക് (25 ഹെക്ടർ). • സംരംഭങ്ങളിൽ 98% സൂക്ഷ്മ വിഭാഗത്തിലുള്ളവയാണ് (മൈക്രോ യൂനിറ്റ്). • നാളികേരാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ • കാസറഗോഡ്, കാഞ്ഞങ്ങാട് നഗരസഭകൾ, കിനാനൂർ-കരിന്തളം ഗ്രാമ പഞ്ചായത്ത് എന്നീ തദ്ദേശ ഭരണ സ്ഥാപനങ്ങളിലാണ് കൂടുതൽ വ്യവസായ സംരംഭങ്ങൾ. • ഭക്ഷ്യ കാർഷികാധിഷ്ഠിതം ഒന്നാമത് -785 യൂനിറ്റുകൾ (18%) • Ready made വസ്ത്രങ്ങളാണ് തൊട്ടുപിറകിൽ നിൽക്കുന്നത് (16%). • Engineering വിഭാഗത്തിൽ 13% സംരംഭങ്ങൾ നടക്കുന്നു. • പരമ്പരാഗത വ്യവസായത്തിന് സാധ്യത (കൂട്ട, മൺപാത്രം, തളങ്കര തൊപ്പി, ചൂരൽ, മുള എന്നിവ കൊണ്ടുള്ള ഉല്പന്നങ്ങൾ, വസ്ത്ര നിർമ്മാണം). • ഭൗമ സൂചിക ലഭിച്ച വ്യവസായ സംരംഭം ജില്ലയിലുണ്ട് (കാസറഗോഡ് സാരി).				

• ഉദുമ സ്പിന്നിംഗ് മിൽ ജില്ലയുടെ വ്യവസായ പ്രതീക്ഷയാണ്. • പ്രഖ്യാപിത ഐ.ടി. പാർക്ക് പ്രതീക്ഷ നൽകുന്നു. • ഏഷ്യയിൽ ഏറ്റവും കൂടുതൽ കല്ലുമ്മക്കായ കൃഷി നടത്തുന്നത് ജില്ലയിലാണ്. • ജില്ലയിൽ 34 ഖാദി ഉല്പാദന കേന്ദ്രങ്ങളിലായി 700 ലധികം തൊഴിലാളികളുണ്ട്. • 7 ഹാന്റ്ലൂം കേന്ദ്രങ്ങളും, 7 ബീഡി സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നു. • കഴിഞ്ഞ 5 വർഷത്തിനിടയിൽ PMEGP പ്രകാരം 205 പേർക്ക് തൊഴിൽ സംരംഭ പിന്തുണ നൽകി. • മടിക്കൈ വില്ലേജിലും കണ്ണൂർ വില്ലേജിലും കയ്യൂർ-ചീമേനി വില്ലേജിലും യഥാക്രമം 100, 420, 100, ഏക്കർ സ്ഥലം വ്യവസായ വികസനത്തിനായി കണ്ടെത്തിയിട്ടുണ്ട്. • മംഗലാപുരം വിമാനത്താവളം, തുറമുഖം എന്നിവ കൂടാതെ ജില്ലയിലെ തുറമുഖങ്ങളുടെ സൗകര്യം കൂടി പ്രയോജനപ്പെടുത്തൽ. • മെച്ചപ്പെട്ടുവരുന്ന പശ്ചാത്തലസൗകര്യം(ഊർജ്ജം, ഗതാഗതം മുതലായവ)	• ഉദുമ സ്പിന്നിംഗ് മിൽ പ്രവർത്തനക്ഷമമായിട്ടില്ല. • ഐ.ടി പാർക്ക് പ്രവർത്തനം ആരംഭിച്ചിട്ടില്ല. • കല്ലുമ്മക്കായ സംസ്കരണ വിപണന സംവിധാനം കുറവ്. • അഭ്യസ്തവിദ്യരായ യുവാക്കളുടെ തൊഴിൽ സാധ്യത കുറവ് • ബീഡി വ്യവസായമേഖല തകർച്ചയിലാണ്. • ധനകാര്യ സ്ഥാപനങ്ങളുടെ പിന്തുണക്കുറവും, വേണ്ടത്ര പരിശീലനം നേടിയവരുടെ അഭാവവും. • ആഴ്ച ചന്തകൾ നാമാവശേഷമായിക്കൊണ്ടിരിക്കുന്നു • മംഗലാപുരം വിമാനത്താവളം, തുറമുഖം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുള്ള വൻകിട വ്യവസായങ്ങൾ ജില്ലയിലില്ല. • വാണിജ്യസാധ്യതകൾ വേണ്ടത്ര പ്രയോജനപ്പെടുത്തിയിട്ടില്ല.	• **ഉജ്ജീവനം പദ്ധതി** (സമഗ്ര വ്യവസായ വികസനം) ലഭ്യമായ ഭൂമിയിൽ MSME യുടെ കീഴിൽ വ്യവസായ പാർക്കുകളും ടെക്നോളജി സെന്ററും. വ്യവസായ പുനരുജ്ജീവനം. പരിസ്ഥിതിക്കിണങ്ങിയ വ്യവസായ സംരംഭങ്ങൾ • **ഫലം-സമൃദ്ധി പദ്ധതി** (ജില്ലയിൽ ലഭിക്കുന്ന ഫലങ്ങളും കിഴങ്ങുവർഗ്ഗങ്ങളും കേന്ദ്രീകരിച്ചുള്ള വ്യവസായ സംരംഭങ്ങൾ)	• MSME കേന്ദ്ര പദ്ധതിയായതിനാൽ സംസ്ഥാന വ്യവസായ വകുപ്പ് മുഖാന്തിരം ശുപാർശ സമർപ്പിക്കൽ. • BHEL EML ശാക്തീകരിക്കൽ • ഉദുമ സ്പിന്നിംഗ് മിൽ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കൽ. • ആസ്ട്രൽ വാച്ച്കമ്പനി പുനരുജ്ജീവിപ്പിക്കുകയോ പകരം സംവിധാനം ഉണ്ടാക്കുകയോ ചെയ്യൽ. • HAL ന്റെ സബ്സിഡിയറി യൂണിറ്റുകൾ സ്ഥാപിച്ച് ജില്ലയുടെ തൊഴിൽ സാധ്യത മെച്ചപ്പെടുത്തൽ. • നിലവിലുള്ള മിനി ഇൻഡസ്ട്രിയൽ പാർക്കുകളെ പൂർണ്ണമായും പ്രവർത്തന ക്ഷമമാക്കൽ. • നാഷണൽ സകിൽ പാർക്ക് (കേന്ദ്ര-സംസ്ഥാന സഹായത്തോടെ) സ്ഥാപിക്കൽ. • വ്യവസായ മേഖലയിൽ ലഭ്യമായ സ്ഥലത്ത് തദ്ദേശീയമായ സംരംഭങ്ങൾ ആരംഭിക്കൽ. • ജില്ലയുടെ ഫലസമ്പത്തായ ചക്ക, മാങ്ങ, കശുവണ്ടി എന്നിവയെ കേന്ദ്രീകരിച്ച് ബ്രാന്റഡ് ഉല്പന്ന നിർമ്മാണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ • കശുവണ്ടി സംസ്കരണം, വിപണനം-സംവിധാനമൊരുക്കൽ കശുമാങ്ങ-പഴച്ചാറ് സംസ്കരണം (മൂല്യവർദ്ധിത ഉല്പന്നങ്ങൾ) ചക്ക-വൈവിധ്യമുള്ള ഉല്പന്നങ്ങൾ മാങ്ങ- അച്ചാർ, മറ്റു ഉല്പന്നങ്ങൾ, ഉല്പന്നങ്ങളുടെ സംസ്കരണം, വിപണനം മുതലായവ. • തെങ്ങ്, കവുങ്ങ് കേന്ദ്രീകരിച്ചുള്ള ഉല്പന്ന നിർമ്മാണം, വിപണനം (മൂല്യവർദ്ധിത ഉല്പന്നങ്ങൾ)- സാധ്യത.	• സംസ്ഥാന സർക്കാർ • വ്യവസായ വകുപ്പ് • തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ • KSIDC • KINFRA • MSME • കേന്ദ്ര ഗവൺമെന്റ് • സംസ്ഥാന സർക്കാർ • കാർഷിക കോളേജ് • സി.പി.സി.ആർ.ഐ. • SIDCO • കുടുംബശ്രീ • തദ്ദേശ സ്വയംഭരണ വകുപ്പ് • VFPCK • CPCRI • CAMPCO • ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്

• സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പ്രവാസികളുള്ള നാലു ജില്ലകളിലൊന്ന് • ഒരു ലക്ഷത്തോളം പ്രവാസികൾ • പ്രവാസി കുടുംബങ്ങളുടെ എണ്ണം ആകെ ജനസംഖ്യയുടെ 36%. • ജില്ലയ്ക്കു ലഭിക്കുന്ന മൊത്തം പ്രവാസി പണം 3777 കോടി (പ്രതിവർഷം) • 23% കുടുംബങ്ങളിൽ ഒന്നിലധികം പ്രവാസികൾ • ഭൂരിഭാഗം പ്രവാസികളും തീരദേശത്തുള്ളവരാണ്.	• 47000 ത്തോളം പ്രവാസികൾ തിരിച്ചു വന്നു. • പ്രവാസികളിൽ 75% അവിദഗ്ദ്ധ തൊഴിലാളികളാണ്. • പ്രവാസിപ്പണം വികസനത്തിനായി പ്രയോജനപ്പെടുത്തിയിട്ടില്ല. • പ്രവാസികളുടെ സാമൂഹ്യ- സാമ്പത്തിക പഠന റിപ്പോർട്ടില്ല. • തിരിച്ചുവരുന്നവർക്കുള്ള സംരക്ഷണ പാക്കേജിന്റെ അഭാവം • പ്രവാസികൾക്ക് ജില്ലയിൽ സംരംഭം തുടങ്ങുന്നതിനുള്ള പിന്തുണാ സംവിധാനത്തിന്റെ അപര്യാപ്തത.	• **പ്രവാസി നിധി**	• പ്രവാസികളുടെ സാമൂഹ്യ സാമ്പത്തിക വിവരശേഖരണം- റിപ്പോർട്ട് തയ്യാറാക്കൽ . • പ്രവാസി പണം ക്രിയാത്മകമായി പ്രയോജനപ്പെടുത്താനുള്ള സംരംഭം- പ്രവാസി നിധി. • പ്രവാസി ക്ഷേമത്തിനുള്ള സംവിധാനം പുനരധിവാസം- തൊഴിൽ, താമസം, ക്ഷേമനിധി, സംരംഭങ്ങൾ മുതലായവ. • പ്രവാസികളെ സഹായിക്കുന്ന രീതിയിൽ ഹെൽപ്പ് ഡെസ്ക്. അതിനുള്ള ഔദ്യോഗിക സംവിധാനം (സംരംഭങ്ങൾക്കും ക്ഷേമത്തിനും).	• NORKA ROOTS • വ്യവസായ വകുപ്പ് • സഹകരണ സ്ഥാപനങ്ങൾ • ബാങ്കുകൾ • ധനകാര്യ സ്ഥാപനങ്ങൾ • ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് • സംസ്ഥാന സർക്കാർ • കേന്ദ്ര സർക്കാർ

ആരോഗ്യം, ശുചിത്വം (ഖര-ദ്രാവക മാലിന്യ സംസ്കരണം ഉൾപ്പെടെ)

ജില്ലയുടെ സാധ്യതകൾ	ജില്ലയുടെ പരിമിതികൾ	ഏറ്റെടുക്കാവുന്ന പദ്ധതിയുടെ പേരും വിശദാംശങ്ങളും	പ്രവർത്തനങ്ങൾ	സംയോജന സാധ്യതകൾ/ ഏജൻസികൾ
• ജില്ലയിൽ വിവിധ വിഭാഗങ്ങളിലായി 35651 ഭിന്നശേഷിക്കാരുണ്ട്. • 11 ബഡ്സ് സ്കൂൾ നിലവിലുണ്ട് • ജില്ലയിലെ ജനന നിരക്ക് 15.97 (സംസ്ഥാനം 14.1) മരണ നിരക്ക് - 3.91 (സംസ്ഥാനം 6.9)	• ജീവിത ശൈലീ രോഗങ്ങളുടെ ആധിക്യം • മികച്ച ചികിത്സയ്ക്കുള്ള സ്പെഷ്യാലിറ്റി സംവിധാനം ജില്ലയിലില്ല. മംഗലാപുരത്തെ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നു.	• **ആയുർ ജീവനം** - സമഗ്ര അവബോധ, രോഗപ്രതിരോധ ചികിത്സാ പദ്ധതി	• ആരോഗ്യ പദ്ധതിയെക്കുറിച്ച സമഗ്രമായ അവബോധമുണ്ടാക്കുന്ന രീതിയിൽ ജില്ലാതല ഹെൽത്ത് പ്ലാൻ, തദ്ദേശ ഭരണതല ഹെൽത്ത് പ്ലാൻ എന്നിവ ഉണ്ടാകണം (തദ്ദേശ സ്വയംഭരണ തലത്തിലെ ബോധവൽക്കരണം, വിവിധ ചികിത്സാരീതികളുടെ ഏകോപനം, പാലിയേറ്റീവ് കെയർ, രോഗപ്രതിരോധം (ബദൽ ജീവിത	• സംസ്ഥാന സർക്കാർ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, ആർദ്രം പദ്ധതി, ഹരിത കേരളം മിഷൻ, എൻ.ആർ.എച്ച്.എം. • ആരോഗ്യ വകുപ്പ് (അലോപ്പതി, ആയുർവേദം, ഹോമിയോ, യുനാനി, സിദ്ധ)

• ജില്ലയിൽ 530 പട്ടികജാതി കോളനികളും 1261 പട്ടിക വർഗ്ഗ കോളനികളുമുണ്ട് • എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും ഒരു ആരോഗ്യ കേന്ദ്രമെങ്കിലും നിലവിലുണ്ട്. • ജില്ലയിൽ വിവിധ തലത്തിൽ 303 ആരോഗ്യ സ്ഥാപനങ്ങളുണ്ട്. 20 സ്ഥാപനങ്ങളിലായി 1087 കിടക്കാ സൗകര്യം അലോപ്പതിയിലുണ്ട്	• ജില്ലയുടെ ആവശ്യത്തിനനുസരിച്ച് രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങളില്ല. • എൻഡോസൾഫാൻ ദുരിതബാധിതർ 6000-ഓളം വരുന്നു. • ഡെങ്കിപ്പനി , മലമ്പനി പോലുള്ളവയുടെ സംക്രമണ സ്വഭാവം കൂടിവരുന്നു. • എം.എം. ആർ സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണ്. (0.17 (സംസ്ഥാനം) 0.23 (ജില്ല))		ശൈലിയിലൂന്നിയുള്ള പ്രതിരോധ പ്രവർത്തനം ഉൾപ്പെടെ) • രോഗീ സൗഹൃദ ആതുരാലയങ്ങൾ എന്ന കാഴ്ചപ്പാട് സാക്ഷാത്കരിക്കൽ (ആരോഗ്യദൗത്യം വീടുകളിലേക്ക്) • കാരുണ്യ പദ്ധതിയുടെ സേവനം മംഗലാപുരത്തെ പ്രധാന ആശുപത്രികളിലും കൂടി വ്യാപിപ്പിക്കൽ • കമ്പ്യൂട്ടറൈസ്ഡ് വ്യക്തിഗത ഹെൽത്ത് രജിസ്റ്റർ ഗ്രാമ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി തലത്തിൽ തയ്യാറാക്കൽ. • തദ്ദേശ സ്വയംഭരണ തലത്തിൽ ആയുർവേദ- യോഗ ഹെൽത്ത് ബിൽഡിംഗ് കേന്ദ്രങ്ങൾ	• ആശാ വർക്കർമാർ • കുടുംബശ്രീ • പൊതു വിദ്യാഭ്യാസ വകുപ്പ് • എൻ.ജി.ഒ മാർ • ആർദ്രം പദ്ധതി • ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡ്
• പാലിയേറ്റീവ് കെയർ ആവശ്യമുള്ള രോഗികൾ - 72000 • കാൻസർ രോഗികൾ -26000 (പാലിയേറ്റീവ് കണക്ക്) • ഡയാലിസിസ് ചെയ്യുന്നവർ- 3234 • ജനനം-ആൺ പെൺ അനുപാതം- 1000X906 (X 945) • ആയുർവേദ മേഖലയിൽ 51 സ്ഥാപനങ്ങൾ • ഹോമിയോ മേഖലയിൽ 49 സ്ഥാപനങ്ങൾ. • സ്വകാര്യ സ്ഥാപനങ്ങൾ 184 • കേന്ദ്രസർവ്വകലാശാലയിൽ കേന്ദ്ര മെഡിക്കൽ കോളേജ് പ്രഖ്യാപിച്ചിട്ടുണ്ട്.	• ജില്ലയിൽ മെഡിക്കൽ കോളേജ് ഇല്ല • സമഗ്ര കാൻസർ രോഗ നിയന്ത്രണപരിപാടികളുടെ അഭാവം. • വിദഗ്ദ്ധ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും അംഗബലക്കുറവ്. • സ്പെഷ്യാലിറ്റി പരിശോധനാ സംവിധാനങ്ങൾ അലോപ്പതി, ആയുർവ്വേദം, ഹോമിയോ വിഭാഗങ്ങളിലൊന്നും തന്നെയില്ല. • ആദിവാസികൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം എളുപ്പത്തിൽ ലഭ്യമാക്കനുള്ള സ്ഥാപനങ്ങൾ ജില്ലയിലില്ല. (പരപ്പ ബ്ലോക്കിൽ	• **സ്പർശം പദ്ധതി**	• പുതു തലമുറയെ ഊന്നി പ്രത്യേക ബദൽ രീതി പരിശീലനം • ആദിവാസി- തീരദേശ - എൻഡോസൾഫാൻ മേഖലകളിൽ കിടത്തി ചികിത്സ, സ്പെഷ്യാലിറ്റി ചികിത്സാ കേന്ദ്രങ്ങളുടെ നവീകരണവും ശാക്തീകരണവും • പി.എച്ച്.സി, സി.എച്ച്.സി കൾ ഉയർത്തലും ഡോക്ടർമാരുൾപ്പെടെയുള്ള പാരാമെഡിക്കൽ സംവിധാനം ശാക്തീകരിക്കലും. • ദേശീയപാതയുമായി ബന്ധപ്പെട്ട എല്ലാ ആശുപത്രികളിലും, ട്രോമാകെയർ സംവിധാനം. ഇതിന് സഹായകമായ സന്നദ്ധ സേനാ രൂപീകരണം (ആംബുലൻസ് സേവനം ഉൾപ്പെടെ ഹെൽത്ത് കാർഡിന്റെ തുടർ പ്രവർത്തനമായി വിദ്യാലയങ്ങൾ/ അംഗൻവാടികൾ കേന്ദ്രീകരിച്ച് മാനസി	• പട്ടിക വർഗ്ഗ വികസന വകുപ്പ് • ആരോഗ്യ വകുപ്പ് • ഹരിത കേരളം മിഷൻ • തദ്ദേശ ഭരണ സ്ഥാപനങ്ങൾ • സംസ്ഥാന സർക്കാർ

• എൻഡോസൾഫാൻ ഇരകളുടെ ചികിത്സാ ഏകോപനത്തിനായി പ്രത്യേക സെൽ പ്രവർത്തിച്ചു വരുന്നു. • ആയുഷിന്റെ കീഴിൽ ഉദ്ഗ്രഥിത സംവിധാനം (ആയുർവേദ, സിദ്ധ, യുനാനി, യോഗ ഏകോപനം) കേന്ദ്ര പദ്ധതികൾക്ക് കരിന്തളത്ത് അംഗീകാരമായിട്ടുണ്ട് • മന്തു രോഗ പ്രതിരോധനത്തിനായി ഉദ്ഗ്രഥിത രീതിയിൽ ഐ.എ.ഡി സെന്റർ ഉളിയത്തടുക്കയിൽ പ്രവർത്തിക്കുന്നു. • ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സമഗ്ര പുരനരധിവാസകേന്ദ്രം ശുപാർശ ചെയ്തിട്ടുണ്ട്. • എൻഡോസൾഫാൻ മേഖലയിൽ സംയോജിത ചികിത്സാ സംവിധാനം ഒരു പരിധി വരെ പ്രാവർത്തികമാക്കുന്നുണ്ട്. (മൊബൈൽ മെഡിക്കൽ ടീം) • Dist. Early Intervention Centre ജില്ലാ ആശുപത്രിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.	ജില്ലയിലെ 62% പട്ടികവർഗ്ഗവിഭാഗം ജീവിക്കുന്നു. • ജില്ലാ ജനറൽ ആശുപത്രികളിൽ ഡയാലിസിസ് , എം. ആർ.ഐ പോലുള്ള സംവിധാനങ്ങൾ അപര്യാപ്തം. • ജീവിതശൈലീരോഗനിർണ്ണയനിയന്ത്രണപരിപാടി ഫലപ്രദമല്ല. • കൂടുതൽ ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള ആംബുലൻസ്, മറ്റു സൗകര്യങ്ങൾ തുടങ്ങിയവ ഡി.ഇ. ഐ.സി.ക്ക് ലഭിച്ചിട്ടില്ല. • ഏഴായിരത്തോളം ഇതര സംസ്ഥാന തൊഴിലാളികൾ, 350-ാളം എച്ച്.ഐ.വി ബാധിതർ, 100-ാളം ട്രാൻസ്ജെന്റർമാർ തുടങ്ങിയവരുടെ ആരോഗ്യ പരിപാലനത്തിലെ പ്രശ്നങ്ങൾ.		കവും ശാരീരികവുമായ ആരോഗ്യവുമുള്ള തലമുറയെ സൃഷ്ടിക്കാനുള്ള പ്രത്യേക ആരോഗ്യ പരിപാലന പദ്ധതി. • ജില്ലയിൽ പ്രഖ്യാപിക്കപ്പെട്ട സർക്കാർ മെഡിക്കൽ കോളേജ്, കേന്ദ്ര സർവ്വകലാശാല മെഡിക്കൽ കോളേജ് എന്നിവ പ്രവർത്തനം ആരംഭിക്കൽ • എൻഡോസൾഫാൻ മേഖലയിൽ സമഗ്ര പുനരധിവാസ കേന്ദ്രം (ആരോഗ്യ പരിപാലനം) വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ • പ്രാക്തന ഗോത്ര വിഭാഗങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കും സമഗ്ര ആരോഗ്യ ശുചിത്വ പരിപാടി	

		• **അതിജീവനം** (സമഗ്ര ക്യാൻസർ പ്രതിരോധ ജില്ല)ബോധവൽക്കരണം- പ്രതിരോധ പ്രവർത്തനം- നേരത്തേയുള്ള രോഗ നിർണ്ണയം- ചികിത്സ- പാലിയേറ്റീവ് കെയർ-ബദൽ നിർദ്ദേശങ്ങൾ-	• ജില്ലയിൽ സമഗ്ര കാൻസർ രജിസ്ട്രി തയ്യാറാക്കൽ • തദ്ദേശ സ്വയംഭരണ വാർഡുതലം കേന്ദ്രീകരിച്ച് സമ്പൂർണ്ണ ക്യാമ്പെയ്ൻ (IEC പ്രവർത്തനം). • ജില്ലയിലെ മുഴുവൻ സി.എച്ച്.സി. കളിലും കാൻസർ ചികിത്സയ്ക്ക് Early Detection Centreകൾ സ്ഥാപിക്കൽ • മെഡിക്കൽ ക്യാമ്പുകളും ചികിത്സാ ബോധവൽക്കരണവും ബദൽ ജീവിതരീതി പ്രായോഗികമാക്കലും (ജൈവ കൃഷി രീതി- പ്ലാസ്റ്റിക്ക് വിമുക്ത പ്രവർത്തനം- മാലിന്യമുക്ത പ്രവർത്തനം. • തദ്ദേശ ഭരണ തലത്തിൽ ചികിത്സാ മേഖലയിൽ ഹെൽപ്പ് ഡെസ്കുകൾ. • ഇ-പാലിയേറ്റീവ് സംവിധാനം നടപ്പാക്കൽ • MCC, RCC കളുടെ എക്സ്റ്റൻഷൻ സെന്റർ ജില്ലയിൽ ആരംഭിക്കൽ.	• സംസ്ഥാന സർക്കാർ • DPC • ആർദ്രം • ആരോഗ്യ വകുപ്പ് • എൻ.ആർ.എച്ച്.എം. • തദ്ദേശ ഭരണ സ്ഥാപനങ്ങൾ • MCC (മലബാർ ക്യാൻസർ സെന്റർ) • കുടുംബശ്രീ • സന്നദ്ധ സംഘടനകൾ • ഫിഷറീസ് വകുപ്പ് • CSR Fund • NREGA • MP/MLA Funds
		• **സാന്ത്വന സൗഹൃദജില്ല** സമഗ്ര പാലിയേറ്റീവ് പദ്ധതി- കിടപ്പുരോഗികൾക്കുള്ള സാന്ത്വനവും ചികിത്സയും (ക്യാൻസർ, വൃക്ക രോഗം ഉൾപ്പെടെ)	• നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ പാലിയേറ്റീവ് മാതൃകയിൽ സാന്ത്വന സൗഹൃദ ജില്ലയാക്കി മാറ്റൽ.	

			• സി.എച്ച്.സി.കളെയും, പ്രധാന ആശുപത്രികളെയും പാലിയേറ്റീവി പ്രവർത്തനത്തിന് സജ്ജമാക്കൽ (ഗ്രാമ പഞ്ചായത്ത്/മുൻസിപ്പാലിറ്റി തല പ്രവർത്തനങ്ങളെ പിന്തുണക്കുന്ന രീതിയിൽ സംയോജിത സംവിധാനം) • ജില്ലാ ആശുപത്രിയിലും, ജനറൽ ആശുപത്രിയിലുമുള്ള ഡയാലിസിസ് യൂണിറ്റുകൾ വർദ്ധിപ്പിക്കുകയും, എല്ലാ സി.എച്ച്.സി.കളിലും ഡയാലിസിസ് സേവനം ലഭ്യമാക്കുകയും ചെയ്യൽ. • ആയുഷിന്റെ പിന്തുണയോടെ കരിന്തളത്ത് സംയോജിത ആരോഗ്യ ഗവേഷണ ചികിത്സാ സംവിധാനങ്ങൾ ആരംഭിക്കൽ. • സാന്ത്വന സേന രൂപീകരണവും, പ്രവർത്തനവും. • പാലിയേറ്റീവ് കെയർ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിന് ജില്ലാതല സംവിധാനം ശാക്തീകരിക്കൽ. • മാതൃ ശിശു പരിചരണ കേന്ദ്രം കാഞ്ഞങ്ങാട് സ്ഥാപിക്കുക. • മൊബൈൽ ആംബുലൻസ് സർവീസിൽ ഡോക്ടർ, മിനി ലാബ്, പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പെടെ സൗകര്യങ്ങൾ വിപുലീകരിക്കൽ. • എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ദുരിതാശ്വാസ നിധി.	
		• **സീറോ വേസ്റ്റ് കാസറഗോഡ് പദ്ധതി** • ഗൃഹ ശുചിത്വം • സ്ഥാപന ശുചിത്വം	• സീറോ വേസ്റ്റ് കാസറഗോഡ് പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ	• ഹരിതകേരളം മിഷൻ • പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ • ആരോഗ്യ വകുപ്പ്

		പൊതുയിടങ്ങളിലെ ശുചിത്വം സാമൂഹ്യ ശുചിത്വ ബോധം പരിസ്ഥിതി പരിപാലനം (വായു, വെള്ളം, ഭൂമി)	• തദ്ദേശ സ്വയംഭരണതലത്തിൽ ക്യാമ്പെയിനും കർമ്മ പദ്ധതി തയ്യാറാക്കലും (വാർഡു തലം വരെ) • വാർഡുതല ശുചിത്വ സമിതി/ഹരിതസേനാ രൂപീകരണവും, ശാക്തീകരണവും • ഉറവിട മാലിന്യസംസ്കരണം (കമ്പോസ്റ്റ്, ബയോഗ്യാസ്, റിസോഴ്സ് റിക്കവറി കേന്ദ്രങ്ങൾ ഉൾപ്പെടെ) • മണ്ണ്, ജലം, വായു, ആവാസ വ്യവസ്ഥ എന്നിവയെ മലിന്യമുക്തമാക്കുന്നു. • മാലിന്യം കലരാതിരിക്കാനുള്ള സാമൂഹ്യ ബോധം ഉണ്ടാക്കുന്നു. • എല്ലാ ബ്ലോക്കുകളിലും ജലമാലിന്യ ഘടക പരിശോധനയ്ക്കുള്ള സംവിധാനം ഒരുക്കുന്നു. • എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും Re-source Recovery Centre ഉം റീസൈക്ലിംഗ് യൂണിറ്റും. • ജില്ലയിലെ ഒരു മുൻസിപ്പാലിറ്റിയിൽ മാതൃകാ മാലിന്യസംസ്കരണ പ്ലാന്റ് (മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉല്പാദനം ഉൾപ്പെടെയുള്ള സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതി. • 2020 നകം മുഴുവൻ വിദ്യാലയങ്ങളിലും ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലെറ്റ് • മുഴുവൻ വിദ്യാലയങ്ങളിലും ജൈവോദ്യാനങ്ങൾ. • മാലിന്യരഹിത ക്യാമ്പസുകൾ സംജാതമാക്കൽ.	• എൽ.എസ്.ജി.കൾ • പൊതുവിദ്യാഭ്യാസ വകുപ്പ് • വാട്ടർ അതോറിറ്റി • ജലസേചന വകുപ്പ് • ഗതാഗത വകുപ്പ്
		• **പുഴയൊഴുകും വഴി**	• ജില്ലയിലെ ചെറുതും വലുതുമായ 12 നദികളും അവയുടെ ഉറവിടം മുതൽ പതനസ്ഥലം വരെ 2020 നകം മാലിന്യമുക്തമാക്കുന്നു. (എൽ.എസ്.ജികൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾ, വിവിധ വകുപ്പുകൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ) (ക്യാമ്പെയ്ൻ മാതൃക).	• എൽ.എസ്.ജി.കൾ (ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുൻസിപ്പാലിറ്റികൾ)

			• ബോധവൽക്കരണത്തിലൂടെ മനോഭാവമാറ്റം രൂപപ്പെടുത്തൽ • ഹരിത കേരളം, ആർദ്രം, സമ്പൂർണ്ണ ശുചിത്വം എന്നീ പദ്ധതികൾ ചേർന്നുകൊണ്ടുള്ള ജില്ലാതല പ്രോജക്ട് മാനേജ്മെന്റ് ടീം രൂപീകരിക്കുന്നു.	

പാർപ്പിടം, സഹകരണം, ദാരിദ്ര്യ ലഘൂകരണം

ജില്ലയുടെ സാധ്യതകൾ	ജില്ലയുടെ പരിമിതികൾ	ഏറ്റെടുക്കാവുന്ന പദ്ധതിയുടെ പേരും വിശദാംശങ്ങളും	പ്രവർത്തനങ്ങൾ	സംയോജന സാധ്യതകൾ/ ഏജൻസികൾ
• ജില്ലയിൽ 272986 കുടുംബങ്ങളുണ്ട്, ലൈഫ് പദ്ധതിയിൽ പന്ത്രണ്ടിടങ്ങളിലായി ഭവന സമുച്ചയത്തിന് 7.74 ഏക്കർ കണ്ടെത്തി. • എൻഡോ സൾഫാൻ മേഖലയിൽ 50 വീടുകൾ തണൽ പദ്ധതിയിൻ കീഴിൽ നൽകി. • വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ ഭവനനിർമ്മാണപദ്ധതി നടപ്പാക്കിവരുന്നു. • മത്സ്യ തൊഴിലാളി കുടുംബം- 6710	• ഭൂരഹിത ഭവന രഹിതർ 13001 99830 ബി.പി.എൽ കുടുംബ ങ്ങൾ ഭൂമിയുള്ള ഭവന രഹിതർ-3440 50 സെന്റ് വീതമുള്ള 150-ൽ പരം പ്ലോട്ടുകൾ ഭവന സമുച്ചയ നിർമ്മാണത്തി നായി കണ്ടെത്തണം • ബി.പി.എൽ മത്സ്യത്തൊഴിലാളികൾ 6194 കുടുംബങ്ങൾ.	• **തണൽ 2020** -ഭവന പദ്ധതി	• 2020-ഓടു കൂടി സമ്പൂർണ്ണഭവന ജില്ല എന്ന ലക്ഷ്യം കൈവരിക്കുന്നു. • നിലവിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട 2945 വീടുകൾ ഉടൻ പൂർത്തീകരിക്കും • ഇത് സമയബന്ധിതമായി മോണിറ്റർ ചെയ്യുന്നതിന് ജില്ല, ബ്ലോക്ക്, ഗ്രാമതല സൂപ്പർ വിഷൻ ടീം (എൻജിനീയറിംഗ് വർക്സ് ഉൾപ്പെടെ) രൂപീകരിക്കും. • ഭൂമിയില്ലാത്തവർക്ക് ഫ്ളാറ്റിനായി നിർദ്ദിഷ്ട രീതിയിൽ 150 സ്ഥലത്ത് 50 സെന്റ് പ്ലോട്ടുകൾ കണ്ടെത്തുന്നു • ആദിവാസി കേന്ദ്രങ്ങളിൽ ഭൂരഹിതർക്ക് ഭൂമി കണ്ടെത്തി പാർപ്പിട നിർമ്മാണം • ഭൂമിയുള്ള 8440 കുടുംബങ്ങൾക്ക് വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് പാർപ്പിട നിർമ്മാണം	• റവന്യൂ ആന്റ് ഹൗസിംഗ് വകുപ്പ് • ലൈഫ് മിഷൻ • തദ്ദേശ സ്വയം ഭരണ വകുപ്പ് • എൽ.എസ്.ജി കൾ • പട്ടിക വർഗ്ഗ വികസന വകുപ്പ് • പട്ടിക ജാതി വികസന വകുപ്പ് • ഐ.എ.വൈ (കേന്ദ്രാവിഷ്കൃത പദ്ധതി) • എസ്.സി/എസ്.ടി വകുപ്പ് • പി.എം.എ.വൈ • തണൽ ഭവന പദ്ധതി • എൻ.ആർ.ഇ.ജി.എ • കുടുംബശ്രീ • സഹകരണ വകുപ്പ് • ധനകാര്യ സ്ഥാപനങ്ങൾ • എൻ.ജി.ഒ കൾ

			• 'ലൈഫ് നിധി' സമാഹരണം -101 ഭവനങ്ങൾ ജില്ലയിൽ നിന്നു സംഭാവന/സന്നദ്ധ പ്രവർത്തനം വഴി അധികമായി നിർമ്മിക്കുന്നു. • പൊതുമേഖലാ സ്ഥാപനങ്ങളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും സി.എസ്.ആർ ഫണ്ടൺ ലഭ്യമാക്കാൻ പ്രത്യേക കർമ്മ പദ്ധതി • വിവിധ തലത്തിലുള്ള സന്നദ്ധ പ്രവർത്തനങ്ങളെയും ഏജൻസികളെയും ജില്ലാ തലത്തിൽ ഏകോപിപ്പിക്കൽ	
